STOCK VERIFIED
1995

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ കൌൺസിൽ.

൧൧൪൭-മാണ്ടത്തെ ഒന്നാമത്തെ സെക്ഷൻ.

അഫീഷ്യൽ റിപ്പോർട്ട്.

൧൧൪൭-വൃശ്ചികം ൧൨-നു-ക്കു ൧൯൭൨ ഡിസംബർ
൩-നു- തിങ്കളാഴ്ച.

സഭ ഗ്രിഗോറിയാ ക്ലബിലി ടൌൺഹാളിൽ മണി പതിനൊന്നടിച്ചു മുപ്പത്തിനാലു മിനിട്ട് ആയപ്പോൾ കൂടി. പ്രൈസിഡെണ്ടു എം. ഇ. വാട്സ് എസ്ക്വയർ ബി. എ. ബാരിസ്റ്റർ അട്ടാ അദ്ധ്യക്ഷത്വം വഹിച്ചു.

൧ റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ
൨. മിസ്റ്റർ കെ. മാധവൻ
൩. ,, എച്ച്. ബി. മഹമ്മദ് റാവുത്തർ
൪. ,, വി. ജി. ഉമ്മൻ
൫. ,, എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
൬. ,, മാവതിനാൾ രാമവർമ്മ രാജാ എന്നീ മെംബർമാർ ഹാജരായിരുന്നില്ല.

പുതിയ മെംബർമാർ.

൧. മിസ്റ്റർ എൽ. എ. ബിഷപ്പ്
൨. ,, കെ. ജാർജ്
൩. ,, എൽ. എ. ലാമ്പാർഡ്
൪. റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ

ഇവർ സത്യം ചെയ്തു ചേൎന്നു.

പ്രശ്നങ്ങളും മറുപടികളും.

ആലപ്പുഴ ഇറമുഖം.

൧. മിസ്റ്റർ പി. എസ്. മഹമ്മദ് (ഗവണ്മെണ്ട് നിയമിച്ച മെംബർ): ദിവാൻജിയും ചീഫ് എഞ്ചിനീയരും ചേൎന്നു ആലപ്പുഴ ഇറമുഖം പരിശോധിച്ചതിന്റെ ഫലങ്ങൾ കാണിക്കുന്ന ഒരു പട്ടിക ഗവണ്മെണ്ട് സഭയം മേശപ്പുറത്തു വയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): ആലപ്പുഴത്തുറയിൽ മണലടി കയറിക്കിടന്നതു സംബന്ധിച്ചു ൧൯൭൨ ആഗസ്റ്റ് മാസത്തിലെ ഒടുവിലത്തെ ആഴ്ചവട്ടത്തിനിടയ്ക്കു ചീഫ് എഞ്ചിനീയരും ദിവാൻജിയും കൂടി ആലപ്പുഴ ഇറമുഖം പരിശോധിച്ചു. ഇറമുഖത്തിലെ പ്രവൃത്തിക്കു ഹാനി തട്ടാറില്ലെന്നും എന്നാൽ കൂടുതൽ ഭാരം കയററീട്ടുള്ള വള്ളങ്ങളിൽ കടൽ പാലത്തിന്റെ വശത്തു ചരക്കുകയററിയതിൽ പിന്നീടു കടൽ പാലത്തിന്റെ അഗ്രത്തിനു അപ്പുറമായി അല്പം ദൂരത്തേക്കു കട്ടിയായി അടിഞ്ഞു കിടക്കുന്ന ചെളിയിൽ കൂടി ആ വള്ളങ്ങൾ വേലിയിറക്കകാലത്തു കപ്പലിലേട്ടു ചെല്ലുന്നതിലും മടങ്ങിവരുന്നതിലും അല്പം ഉപദ്രവം അനുഭവിക്കേണ്ടിയിരിക്കുന്നു എന്നും ഈ പരിശോധനയിൽ കണ്ടു. അഗാധജലം തുടങ്ങുന്നടത്തു നിറത്തിയിരിക്കുന്ന ബോയികളിൽ ആലാത്തു കെട്ടി കടൽ പാലത്തിന്മേൽ ഉള്ള യന്ത്രപ്പിടികൾ പ്രയോഗിച്ചു അതിന്റെ സഹായത്തോടുകൂടി ഈ ചരക്കു വള്ളങ്ങൾ കടലിനുള്ളിലേട്ടും കരയ്ക്കും കൊണ്ടു പോകുന്നതിനും പൊർട്ടാഫീസർ ഏർപ്പാടുചെയ്തു ഈ ദുഷ്കടത്തെ ഒരു വിധം വ്യതിക്രമിച്ചിട്ടുണ്ട്. വേലിയിറക്കകാലത്തു മാത്രം ആവശ്യമുള്ളതായ ഈ ഏർപ്പാടു കപ്പലിൽ ചരക്കു കയററിയയക്കുന്നവൎക്കു യാതൊരു അസൌകര്യവും ഉണ്ടാക്കുന്നില്ല. തുറമുഖപ്രവൃത്തികൾ സാധാരണ സ്ഥിതിയിൽ നടന്നുവരുന്നു. തീരത്തുള്ള വെള്ളത്തിന്റെ ഒഴുക്കു ഇപ്പോൾ അടുത്ത ഋതുവിൽ ബലവത്തരമായിത്തീരുമ്പോൾ, കടലിലായതിലും അതിനടുത്തും അടിഞ്ഞു കിടക്കുന്ന ചെളി അദൃശ്യമാകും എന്നുള്ള തിരവ്യക്തമായ ലക്ഷ്യങ്ങൾ ഉണ്ട്. ചെളി മാന്തിയെടുത്തു കളയുന്ന രൂപത്തിൽ ഉള്ള കൃത്രിമപ്പണി ഇപ്പോൾ ആവശ്യമോ അഭിലഷണീയമോ അല്ലാ എന്നും വിചാരിക്കുന്നു. ഇതിനു വളരെ അടുത്ത കാലത്തു തന്നെയും അവിടുത്തെ സ്ഥിതി വളരെ നന്നായിട്ടുണ്ട്. പ്രകൃത്യാ പൂൎവസ്ഥിതിയിൽ ആകുന്നതിനു ഇടയായില്ലാ എന്നു കാണുന്നതായാലും കാണുമ്പോഴും പരിഹാരമാൎഗ്ഗങ്ങൾ ചെയ്യുന്നതായിരിക്കും.

ആലപ്പുഴയിൽ ഉപയോഗിക്കുന്ന ഉപ്പ്.

൨. മി: പി. എസ്. മഹമ്മദ് (ഗവണ്മെണ്ട് നിയമിച്ച മെമ്പർ): ആലപ്പുഴെ ആകപ്പാടെ എത്ര ഉപ്പു ഉപയോഗിച്ചിട്ടുണ്ടെന്നും അതിൽ എത്ര നാടൻ ഉപ്പാണെന്നും പ്രത്യേകിച്ചു കാണുക്കുന്ന ഒരു കണക്കു ഗവണ്മെണ്ട് മേശപ്പുറത്തു വയ്ക്കുമോ?

മി: കെ. ജാർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): ആലപ്പുഴയിൽ മാത്രം എത്ര ഉപ്പു ഉപയോഗപ്പെടുത്തീട്ടുണ്ടെന്നുള്ളതിനു വിവരം കിട്ടുന്നതല്ല. എന്നു വരികിലും ഇത്രത്തോളം പറയാം. ആലപ്പുഴയിലെ പണ്ടകശാലയിൽ നിന്നും ജനോപയോഗത്തിനായി കൊടുത്തിട്ടുള്ള ഉപ്പു ൧൯൭൨-മാണ്ടു ൪൯ ൪, ൪൨ വുമുതൽ ആകെ ൧൭; ഇതിൽ ൧ ൪൩, ൦൭൪ മുതൽ നാട്ടുപ്പു ആണ്.

മുൻസിഫ് ഉദ്യോഗത്തിനു ആളാക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള തത്വം.

൩. മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ച മെമ്പർ): മുനിസിഫ് ഉദ്യോഗത്തിനു ആളാക്കുവാൻ ശിപാൎശ ചെയ്യുന്നതിൽ സമുദായാവകാശങ്ങളെ സംബന്ധിച്ചു വല്ല തത്വവും ഹൈക്കോൎട്ട് അംഗീകരിച്ചിട്ടുണ്ടോ എന്നു ഗവണ്മെണ്ട് പറയുമോ?

G. P. T. 2340. 150. 3-11-1106.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): ഉണ്ട്. വക്കീൽമാരിൽ നിന്നു മുൻസിഫുമാരെ നിയമിക്കുന്ന കാര്യത്തിൽ സമുദായ പ്രാതിനിധ്യത്തേയും കാര്യക്ഷമതയ്ക്കു വിഘാതം കൂടാതെ ആലോചിക്കാറുണ്ട്.

മി: പി. എസ്. മഹമ്മദ് (ഗവണ്മെണ്ട് നിയമിച്ച മെംബർ): കാര്യക്ഷമത നിർണ്ണയിക്കുന്നതിനു വല്ല മാർഗ്ഗവും നിശ്ചയിച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): പരീക്ഷായോഗ്യതയെയാണ് മോതായി സാധാരണമായി ഉപയോഗിക്കാറുള്ളത്.

മി: പി. എസ്. മഹമ്മദ് (ഗവണ്മെണ്ട് നിയമിച്ച മെംബർ): പരീക്ഷായോഗ്യതയ്ക്കും പുറമെ കാര്യക്ഷമത നിർണ്ണയിക്കുന്നതിനു വല്ലതോളം വച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതാണ് സാധാരണമായി ഉപയോഗിച്ചു വരുന്നതോള്.

മി: പി. എസ്. മഹമ്മദ് (ഗവണ്മെണ്ട് നിയമിച്ച മെംബർ): ടെസ്റ്റ് ചെയ്യുന്നതു ആരാണ്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): സംബന്ധപ്പെട്ട മേലുദ്യോഗസ്ഥന്മാർ.

കോട്ടയം സിവിക്കനിലും ദേവികുളം ഡിവിക്കനിലും ഏതാനും സമുദായക്കാരുടെ പേരിൽ പതിച്ചിട്ടുള്ള പുഴുവൽ വസ്തുക്കളുടെ വിസ്തീർണ്ണം.

(ഴ) മി: എ. ജി. മേനോൻ (പറവൂർ): നായർ, ക്രിസ്ത്യാനി, ഈഴവൻ, യൂറോപ്യൻ എന്നീ ഓരോ സമുദായത്തിൽ പെട്ടവരുടെയും പേരിൽ ക്ഷ ഴ ച, ക്ഷ ാ ാ ം, ക്ഷ ാ ം ന ഇത്യാദിയുള്ളിൽ കോട്ടയം ഡിവിക്കനിലും ദേവികുളം ഡിവിക്കനിലും പതിച്ചു കൊടുത്തിട്ടുള്ള പുഴുവൽ വസ്തുക്കളുടെ മൊത്തം വിസ്തീർണ്ണം കാണിക്കുന്ന ഒരു സ്റ്റേറ്റുമെണ്ട് ഗവണ്മെണ്ട് മേശപ്പുറത്തു വയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): വസ്തുക്കൾ പതിച്ചു കൊടുത്തിട്ടുള്ള ആളുകൾ ഏതു സമുദായങ്ങളിൽ ചേർന്നവരാണെന്നു കാണിക്കുന്ന രജിസ്റ്റർ താലൂക്കാഫീസുകളിൽ സൂക്ഷിക്കാത്തതു കൊണ്ടു ഈ വിവരം ലഭ്യം അല്ല.

ആലുവായിൽ പെരിയാറിന്റെ കരയ്ക്കു ഒരു പാലത്തിന്റെ ആവശ്യകത.

(ഇ) മി: എ. ജി. മേനോൻ (പറവൂർ): (എ) പറവൂർ കരയിൽ ആലുവാ യൂണിയൻ കോളേജ് ഇരിക്കുന്നതു കൊണ്ടും പെരിയാറിൽ തെക്കു കരയ്ക്കുള്ള ആലുവായും മററു പ്രദേശങ്ങൾക്കു തമ്മിലും പറവൂർ തമ്മിലും മോട്ടോർ വാഹനങ്ങൾ വർദ്ധിച്ചു വരുന്നതു കൊണ്ടും ഇപ്പോഴത്തെ കടത്തു കടവിനടുത്തു പെരിയാറിന്റെ തെക്കെ കരയിൽ ഒരു പാലം പണിയിക്കേണ്ടതു അത്യാവശ്യമായി തീർന്നിരിക്കുന്നു എന്നു ഗവണ്മെണ്ടിനു അറിയാമോ എന്നും,

(ബി) ഈ പാലത്തിന്റെ കാര്യത്തിൽ ജനങ്ങളിൽ നിന്നു വല്ല ഹർജികളും വല്ലപ്പോളെങ്കിലും ഗവണ്മെന്റിൽ കിട്ടിയിട്ടുണ്ടോ എന്നും ഈ കാര്യത്തിൽ വല്ല നടപടിയും നടത്തിയിട്ടുണ്ടോ എന്നോ അല്ലെങ്കിൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഗവണ്മെണ്ട് സമയം പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): (എ) പാലത്തിന്റെ ആവശ്യകതയെക്കുറിച്ചു ഗവണ്മെന്റിന്റെ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. എന്നാൽ ഇതു അധികവ്യയകരമായ പദ്ധതിയാകയാൽ നിലവിലുള്ള പദ്ധതികൾ പൂർത്തിയായതിനു ശേഷം മാത്രമേ ഇതിന്റെ പണിയെക്കുറിച്ചു ആലോചിക്കുവാൻ നിവൃത്തിയുള്ളു.

പറവൂർ, വടക്കേക്കരയിൽ പാലം

(ന) മി: എ. ജി. മേനോൻ (പറവൂർ): (എ) മുത്തകുന്നത്തിനും വടക്കേക്കരക്കും നടുക്കു തോട്ടിനു കുറുകെ മുത്തകുന്നത്തു ക്ഷേത്രത്തിനു സമീപത്തായി ഒരു പാലം കെട്ടേണ്ട കാര്യത്തിൽ ഗവണ്മെണ്ട് ഏതു നടപടി ചെയ്തിട്ടുണ്ടെന്നും,

(ബി) മുത്തകുന്നത്തു ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉള്ള മലയാളം പള്ളിക്കൂടങ്ങളിലും ഇംഗ്ലീഷ് മിഡിൽ സ്കൂളിലും പഠിക്കുന്ന നാനൂറു അഞ്ചൂറു വിദ്യാർത്ഥികൾക്കു മുത്തകുന്നത്തു നിന്നു ഒരുഫർലാങ്ങ് ദൂരത്തുള്ള അകലയായി കുറിയാപ്പള്ളി കടവിൽ കടത്തു വള്ളം വഴി കടന്നു ദിവസേന അങ്ങോട്ടും ഇങ്ങോട്ടും പോകേണ്ടിയിരിക്കുന്നു എന്നും ഇപ്രകാരം അവിടേക്കും ഇങ്ങോട്ടും പോകുന്നതു മഴക്കാലങ്ങളിൽ പലപ്പോഴും അപകടകരമായി ഇരിക്കുന്നു എന്നും ഗവണ്മെണ്ടിനു അറിയാമോ എന്നും;

(സി) (ബി) ഭാഗത്തിൽ പറഞ്ഞിരിക്കുന്ന വസ്തുതയെക്കുറിച്ചു പാലം വേഗത്തിൽ പണിയിക്കേണ്ട കാര്യത്തെ ഗവണ്മെണ്ട് ആലോചിക്കുമോ എന്നും ഗവണ്മെണ്ട് സമയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): (എ) പാലത്തിനുള്ള എസ്റ്റിമേട് അയയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അറിയാം.

(സി) എസ്റ്റിമേട് കിട്ടിയതിനു ശേഷം അതിനെപ്പററി ആലോചിക്കാമെന്ന്.

പറവൂർ താലൂക്കിൽ മുത്തകുന്നത്തിനും വടക്കേക്കരക്കും നടുക്കു തോട്ടിൽ പാലത്തിന്റെ ആവശ്യകത.

ഒ. എ. ജി. മേനോൻ (പറവൂർ): (എ) പറവൂർ താലൂക്കിൽ വടക്കേക്കര പഞ്ചായത്തിൽ വടക്കേക്കരയിൽ നിന്നു മുത്തകുന്നത്തെ വേർതിരിക്കുന്ന ഗോഡിൽ ഒരു പാലത്തിനുള്ള ആവശ്യകതയെക്കുറിച്ചു മുത്തകുന്നത്തും മററു സ്ഥലങ്ങളിലുമുള്ള ജനങ്ങളിൽ നിന്ന് വല്ല ഹർജിയും ഗവണ്മെന്റിൽ കിട്ടിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി എന്നും;

(ബി) മുത്തകുന്നത്തുള്ള മൂന്നു പള്ളിക്കൂടങ്ങളിലും ആൺകുട്ടികളും പെൺകുട്ടികളും ആയി എണ്ണൂറിൽ പരം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നു ഗവണ്മെന്റിനു അറിയാമോ എന്നും ഇവരിൽ മിക്കവരും നാലു മുതൽ പന്ത്രണ്ടു വരെ വയസ്സുള്ളവരാകയാൽ വടക്കേക്കരയിൽ നിന്നു വരുന്ന വിദ്യാർത്ഥികൾ പ്രത്യേകിച്ചു മഴക്കാലത്തു ഈ തോടുകടക്കുന്നതിൽ വലിയ ഉപദ്രവങ്ങളും ആപത്തുകളും അനുഭവിക്കുന്നുണ്ടോ എന്നും;

(സി) (ബി) ഭാഗത്തു പറഞ്ഞിരിക്കുന്ന വസ്തുതയെ ഗണിച്ചു ഈ പാലം വേഗത്തിൽ പണിയിക്കേണ്ട കാര്യത്തെക്കുറിച്ചു ഗവണ്മെണ്ട് ആലോചിക്കുമോ എന്നും ഗവണ്മെണ്ട് സമയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): എ. ഉണ്ട്. ഗൻവ 3 മേ മാസത്തിൽ അതു ചീഫ് എഞ്ചിനീയർക്ക് തീർപ്പാക്കാനായി അയച്ചു.

(ബി) അറിയാം.

(സി) ഈ പണിക്കു ഒരു എസ്റ്റിമേട് അയക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേട് കിട്ടിയതിൽ പിന്നീടു പരിഗണിച്ചു പണിയെ പററി ആലോചിക്കുന്നതാകുന്നു.

ആലുവായിലേയ്ക്കു കുന്നത്താവിലേക്കു ഒരു വണ്ടിപ്പാത ഉണ്ടാക്കൽ.

(വ) എ. ജി. മേനോൻ (പറവൂർ): (എ) (എ) ആലുവായിൽ നിന്നു കിഴക്കു കടുങ്ങല്ലൂർ പനയിക്കുളം, മേത്താനം മുതലായ സ്ഥലങ്ങളിൽ കൂടി കുന്നത്താവിലേക്കു ഒരു വണ്ടിപ്പാതയുണ്ടാക്കി ആ സ്ഥലത്തു കൂടി പോകുന്ന പറവൂർ വരാപ്പുഴ റോഡിനു യോജിപ്പിക്കേണ്ട ആവശ്യകതയെക്കുറിച്ചു വല്ല ഹർജിയും ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ എന്നും;

(ഒ) അതിന്മേൽ ഗവണ്മെണ്ട് എന്തു നടപടി നടത്തി എന്നും;

(ബി) കിഴക്കു കടുങ്ങല്ലൂർ, പനയിക്കുളം, മുപ്പത്തടം, ചിറയം, എന്നീ ഗ്രാമങ്ങളിലുള്ള ജനങ്ങൾക്കു ആലുവാ ചന്തക്കു പോകുന്നതിനു ശരിയായ വഴി ഇല്ലെന്നു ഗവണ്മെന്റു അറിയാമോ എന്നും ഈ വസ്തുതയെ ഗണിച്ചു ഈ റോഡ് വേഗത്തിൽ പണിയിക്കാമോ എന്നും

ഗവണ്മെണ്ട് പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): എ. (എ)-ം (ഒ)-ം ഇതിനു ഒരു ഹർജി കിട്ടിയിട്ടുണ്ടെന്നും അതിനെ റിപ്പോർട്ടിനായി കോട്ടയം ഡിവിഷൻ ആഫീസിക്കു അയച്ചിരിക്കുന്നു എന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്യുന്നു.

(ബി) വിവരം നോട്ടു ചെയ്തിരിക്കുന്നു.

ഡിവിഷൻ ആഫീസരുടെ റിപ്പോർട്ടു കിട്ടിയതിൽ പിന്നീടു റോഡുണ്ടാക്കേണ്ട കാര്യം ആലോചിക്കുന്നതാണ്.

കയറിനും തൊണ്ടിനും തീരുവ.

(ൻ) മി: എം. ജി. മേനോൻ (പറവൂർ): (എ) ൧൯൨൮-ാമാണ്ടു കയറിനും തൊണ്ടിനും കിട്ടിയിട്ടുള്ള തീരുവയുടെ മൊത്തം തുക എന്തെന്നും;

(ബി) കയറു വ്യവസായം ഈ രാജ്യത്തിലെ കടൽ തീരത്തും കായൽ തീരത്തും ഉള്ള പാവപ്പെട്ട ജനങ്ങളുടെ പ്രധാന വ്യവസായം എന്നല്ലാ മിക്ക സ്ഥലങ്ങളിലും ഏകവ്യവസായം ആണെന്നു ഗവണ്മെന്റിനു അറിയാമോ എന്നും അതിനു തീരുവ ചുമത്തുന്നതു അതിന്റെ വിലയെ സാരമായി ബാധിക്കുകയും ഈ പാവപ്പെട്ട വേലക്കാർക്കു അന്നോടന്നു കിട്ടുന്ന കൂലികൊണ്ടു കാലം കഴിക്കുന്നതിൽ തന്നെയും പലപ്പോഴും അവരെ അത്യന്തം നിസ്സഹായരാക്കുകയും ചെയ്യുന്നില്ലയോ എന്നും;

(സി) ഇപ്പോൾ (൧൯൩൧ കർക്കടകം മുതൽ) കയറിന് ചുമത്തുന്ന തീരുവയും അതിന്റെ വിലയും തമ്മിലുള്ള ആസ്തക്യം പത്തു കൊല്ലത്തിനു മുമ്പിരുന്നതു തന്നെയോ എന്നും അല്ലെന്നു വരികിൽ ജനക്ഷേമത്തെ ഗണിച്ചു അതിലേക്കു ഇപ്പോൾ ചുമത്തുന്ന തീരുവ നിരക്കിനു കുറയ്ക്കേണ്ട വിഷയത്തെ ഗവണ്മെണ്ട് ആലോചിക്കുമോ എന്നും പറയുമോ?

മി: കെ. ജോർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): എ.

കയറു	ബ്രി: ടൺ.	൪,൩൯,൪൯൮
തൊണ്ടു	ബ്രി: ടൺ.	൪,൮൪

(ബി) കയറു പിരിക്കൽ കായൽ വക്കത്തു പാർക്കുന്ന സാധുജനങ്ങളുടെ പ്രധാനപ്പെട്ട കുടിൽ വ്യവസായങ്ങളിൽ ഒന്നാകുന്നു. കയറിനു ചുമത്തുന്ന തീരുവ സാധാരണ ജനങ്ങളുടെ കമ്പോള വിലയ്ക്കു നൂററിനു അഞ്ചു വീതത്തിൽ കവിയുന്നില്ലാ, ഇതിൽ കൂടുതൽ അല്ലാ. തിരുവിതാംകൂട്ടു കയറിനു വെളിയിൽ നല്ല അഭിവൃദ്ധി ഉണ്ട്. നല്ല തരത്തിലുള്ള കയറുകൾ ഈ രാജ്യത്തുള്ളതു മാത്രമെ വെളിസ്ഥലങ്ങളിൽ വിലപോകുന്നുള്ളു. അതു കൊണ്ടു കയറിനു ഇപ്പോഴത്തെ താഴ്ന്ന നിരക്കിൽ തീരുവ ചുമത്തുന്നതു അതിന്റെ വില്പന വിലയെ സാരമായി ബാധിക്കുന്നില്ല.

(സി) പത്തു കൊല്ലത്തിനു മുമ്പു കയറിനുള്ള കമ്പോളവിലയെ സംബന്ധിച്ചുള്ള വിവരം ലഭ്യമല്ലാ. ഇപ്പോഴത്തെ കമ്പോളവില താരിപ്പു വിലയെക്കാൾ സ്വല്പം കൂടുതലാണ്. അതു കൊണ്ടു താരിപ്പു വിലയെ ഇപ്പോൾ കുറയ്ക്കുന്നതു തീരുവയെ സംബന്ധിച്ചു നിയമത്തിന്റെ അംഗീകാരത്വത്തിനു വിരുദ്ധമാകുന്നു. അതു സംസ്കൃത സാധനത്തിനു കയറുമതി തീരുവയിൽ ഉണ്ടാക്കുന്ന നിരാധനം ഇല്ലാതിരുന്നാൽ ഈ രാജ്യത്തിനു പുറമെ കയറു പാർക്കുകൾ ഉണ്ടാക്കി തിരുവിതാംകൂട്ടെ വ്യവസായത്തോടു മത്സരിക്കുന്നതിനു സാധിക്കും. അതു കൊണ്ടു ഈ രാജ്യത്തിൽ കയറുവ്യവസായം നടത്തുന്ന അനേകം വ്യാപാരികൾക്കും കൂലി വേലക്കാർക്കും അവലംബമായിരിക്കുന്ന ഈ വ്യവസായത്തെ കയറിനുള്ള തീരുവ നിരക്കിനെ ഏതെങ്കിലും വിധത്തിൽ കുറയ്ക്കുന്നതു ദോഷകരമായി ബാധിക്കുകയും ചെയ്യും.

പോലീസ് ഡിപ്പാർട്മെണ്ടിന്റെ നിയന്ത്രണം.

൨൦. മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): മിസ്റ്റർ ഡബ്ലിയു. എച്ച്. പിററ്, പോയതിൽ പിന്നീടു പോലീസ് ഡിപ്പാർട്മെണ്ടിന്റെ ഫലവത്തായ ഭരണത്തിനു എന്തു ഏർപ്പാടുചെയ്തിട്ടുണ്ടെന്നു ഗവണ്മെണ്ട് പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ദിവാന്റെ നേരിട്ടുള്ള നിയന്ത്രണഭരണത്തിനു കീഴിൽ പോലീസ് കമ്മീഷണരുടെ നടപ്പു ജോലികൾ നിർവഹിക്കുന്നതിനു തിരുവനന്തപുരത്തെ അഡ്മിംഗ് പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടിനെ ഗവണ്മെന്റു നിയമിച്ചു; ഇപ്പോഴത്തെ കമ്മീഷണർ ൧൯൩൨ ആഗസ്റ്റ് ൧ ഒന്നു രേണം കയ്യേററു.

തൊണ്ടുരോഗം.

൨൧. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഓരോ താലൂക്കിലും തൊണ്ടു രോഗത്തെപ്പററിയുള്ള വല്ല കണക്കും കൃഷി ഡിപ്പാർട്മെണ്ട് തയ്യാറാക്കിയിട്ടുണ്ടോ, അല്ലെങ്കിൽ തയ്യാറാക്കി വരുന്നുണ്ടോ എന്നു ഗവണ്മെണ്ട് പറയുമോ?

(ബി) അങ്ങനെയാണെങ്കിൽ ൧൯൯൩ മുതൽ ൧൯൯൭ വരെ കഴിഞ്ഞ അഞ്ചുകൊല്ലം കാലത്തെ
ക്ക ഉള്ള കണക്കുകൾ ഗവണ്മെണ്ട് മേശപ്പുറത്തു വയ്ക്കുമോ?

(സി) തെങ്ങുരോഗങ്ങളെക്കുറിച്ചു അന്വേഷിക്കുന്നതിനായി ഒരു വിദഗ്ധനെ നിയമിക്കുന്നതിനു
ള്ള അടിയന്തിരസ്ഥിതിയെക്കുറിച്ചു ഗവണ്മെന്റ് ആലോചിക്കുമോ?

(ഡി) ഏതു താലൂക്കുകളിൽ കാർഷികോപപാദനങ്ങൾ ഡിപ്പാർട്ടുമെണ്ട് നടത്തിയിട്ടുണ്ടോ എന്ന്
ഗവണ്മെന്റ് പറയുമോ?

(ഇ) കഴിഞ്ഞ അഞ്ചുകൊല്ലങ്ങളിൽ കുടികളുടെവക പറമ്പുകളിലും നിലങ്ങളിലും ഡിപ്പാർട്ടുമെൻറു
നടത്തിയ കാർഷികോപപാദനങ്ങളുടെ ഒരു ലിസ്റ്റ് ഗവണ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ?

മി: കെ. ജോർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): (എ) തെങ്ങുരോഗത്തെപ്പററിയുള്ള കണക്കുകൾ ഓ
രോ താലൂക്കിലേക്കായി രേഖരിച്ചുവച്ചിട്ടില്ല. രേഖരിച്ചു വയ്ക്കാറുമില്ലാ.

(ബി) (എ) മാരണത്തിലുള്ള മറുപടിയെ ഗണിച്ചതിൽ ഈ പ്രശ്നം ഉത്ഭവിക്കുന്നില്ലാ.

(സി) വിദഗ്ദ്ധന്മാർ ഇപ്പോൾ തെങ്ങുരോഗങ്ങളെ അന്വേഷിച്ചുവരുന്നുണ്ട്.

(ഡി) പിങ്ങുമേട്ട്, മേവികുളം എന്നിവ ഒഴിച്ചു എല്ലാതാലൂക്കുകളിലും പരിഷ്കൃതരീതിയിലുള്ള ഉ
പപാദനങ്ങൾ കൃഷിഡിപ്പാർട്ടുമെണ്ട് നടത്തിയിട്ടുണ്ട്.

(ഡി) ൧൯൯൩, ൧൯൯൪, ൧൯൯൫ ഈ ആണ്ടുകളിൽ കുടിവക ഭൂമികളിൽ നടത്തിയിട്ടുള്ള ഉ
പപാദനങ്ങളുടെ ലിസ്റ്റുകൾ ഡിപ്പാർട്ട്മെൻറുവക വർഷാന്തറിപ്പോർട്ടിൽ അനുബന്ധിച്ചിട്ടുണ്ട്.
൧൯൯൬-ം ൧൯൯൭-ം ആണ്ടുകളിൽ നടത്തിയിട്ടുള്ള ഉപപാദനങ്ങളുടെ വിവരം മേശപ്പുറത്തു വച്ചി
രിക്കുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഓരോവിധരോഗത്തേയും സംബന്ധിച്ചുള്ള കണക്ക
കൾ ഗവണ്മെണ്ട് രേഖരിയ്ക്കുമോ?

മി: കെ. ജോർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ആവാം. കണക്കുകൾ രേഖരിക്കുവാൻ കഴിയുമോ
എന്നു നോക്കുന്നതിനും അപ്രകാരം ചെയ്യുവാൻകഴിയുമെങ്കിൽ കണക്കുകൾ അയക്കുന്നതിനും ഡയറക്ടരോ
ടു അപേക്ഷിക്കുന്നതായിരിക്കും.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): (സി) ഭാഗത്തെസംബന്ധിച്ചാകട്ടെ രോഗങ്ങളെ
ക്കുറിച്ചു ഇപ്പോൾ അന്വേഷണം നടത്തിവരുന്ന വിദഗ്ധന്മാർ ആരെന്നു ഗവണ്മെണ്ട് പറയുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി). എനിക്കു നിശ്ചയമില്ല. അതു കൃഷിഇൻസ്പെ
ക്ടർമാർതന്നെയാണെന്നു തോന്നുന്നു. അവർ സ്വപ്രവൃത്തിയിൽ വിദഗ്ധരാണ്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അവർ ആരെല്ലാം ആണെന്നു പറഞ്ഞുതരുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതു ഗവണ്മെൻറ് മൈക്കോലൊജിസ്റ്റ് (കുമിൾ
ശാസ്ത്രജ്ഞൻ) ആണെന്നു ഡയറക്ടർ എന്നോടു പറയുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അദ്ദേഹം എത്രകാലമായി ഈ രോഗങ്ങളെപ്പററി
അന്വേഷിച്ചുവരുന്നു.

മി: കെ. ജോർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഇതിനെക്കുറിച്ചു അറിയിപ്പുകിട്ടണം, വിവരം
കരസ്ഥം അല്ല.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അന്വേഷണത്തിന്റെ ഫലം പറഞ്ഞുതരുമോ?

മി: കെ. ജോർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): റിപ്പോർട്ട് എന്റെകൈവശം ഇല്ല. അദ്ദേഹം
റിപ്പോർട്ട് ഇപ്പോൾ ഡയറക്ടർക്കു അയക്കുന്നുണ്ട് എന്നു തോന്നുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അന്വേഷണത്തിന്റെ ഫലം ഗവണ്മെൻറ് സഭാസ
മക്ഷം സമർപ്പിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): അങ്ങനെ ചെയ്യാം. അന്വേഷണം പൂർത്തിയാക്കു
മ്പോൾ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനു യാതൊരുക്ഷേപവും ഗവണ്മെൻറിനു ഇല്ല.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഇതുവരെ അന്വേഷണം എത്രത്തോളം ആയിട്ടു
ണ്ടെന്നു പറഞ്ഞുതരുമോ?

മി: കെ. ജോർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഗവണ്മെൻറിനു അതിന്റെ വിവരം അറിഞ്ഞു
കൂടാ.

കരുനാഗപ്പള്ളിതാലൂക്കിൽ ജലദൗർല്ലഭ്യം.

൧൮. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): (എ) കരുനാഗപ്പള്ളിതാലൂക്കിലെ കടൽ
തീരപ്രദേശങ്ങളിൽ ശുദ്ധജലക്ഷാമത്തെസംബന്ധിച്ച് ജനങ്ങൾ ആവർത്തിച്ചു അയച്ചിട്ടുള്ള ഹർജികളുടെകാര്യ
ത്തിൽ ഗവണ്മെണ്ട് എന്തുചെയ്തിട്ടുണ്ടെന്നു പറയുമോ?

(ബി) നല്ല ജലത്തിന്റെ അഭാവം നിമിത്തം ആ പ്രദേശങ്ങളിലെ നിവാസികൾ വലിയസങ്കടം
അനുഭവിക്കുന്നുണ്ടെന്നും തന്നിമിത്തം ഉണ്ടാകുന്ന രോഗങ്ങൾ ഹേതുവായി അവർ പലപ്പോഴും മരണം പ്രാപി
ക്കാറുണ്ടെന്നും ഗവർണ്മെണ്ടിനു അറിഞ്ഞുകൂടയൊ?

(സി) ഈ സങ്കടനിവൃത്തിക്കു എന്തു നടപടിചെയ്യാൻ ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടു എന്നു പറ
യുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): (എ)യും (ബി)യും (സി)യും കാർത്തികപ്പള്ളി
താലൂക്കിൽ തൃക്കുന്നപ്പുഴയിൽ കടൽതീരഗ്രാമത്തിൽ മൂന്നു കിണറുകഴിക്കുന്നതിനു ൪,൫ ൬ ൯ രൂപാ ഗവണ്മെണ്ട്
അനുവദിച്ചിട്ടുണ്ട്. ഇവ കഴിച്ച് ഇവയുടെ ഗുണം നിർണ്ണയിച്ചതിൽപിന്നീടു കരുനാഗപ്പള്ളിതാലൂക്കിലേക്കു
കിണറുകൾ കുഴിപ്പിക്കുന്ന പ്രശ്നം ആലോചിക്കുന്നതാണ്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഈ മൂന്നു കിണറുകഴിക്കുന്നതിനു എസ്റ്റിമേട് അനുവദിച്ചതെപ്പോൾ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): ൧൯൨൫ മെ ൨-നു.

എക്സൈസ്കമ്മിററിയുടെ റിപ്പോർട്.

൧൩. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): (എ) എക്സൈസ്കമ്മിട്ടി അതിന്റെ റിപ്പോർട് എപ്പോൾ ഗവണ്മെണ്ടിനു സമർപ്പിച്ചു എന്ന്.

(ബി) അതിന്മേൽ വല്ല ഉത്തരവും ഗവണ്മെണ്ട് ചെയ്തിട്ടുണ്ടോ എന്നും,

ഗവണ്മെണ്ടു സദയം പറയുമോ?

മി: കെ. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): (എ) ൧൯൨൫ നവമ്പർ ൩-നു

(ബി) റിപ്പോർട്ടിന്മേൽ ആകപ്പാടെ ഉത്തരവുകൾ ചെയ്തിട്ടില്ലാ; എന്നാൽ ഉപദേശങ്ങളിൽ അനേകങ്ങളെ ഗവണ്മെണ്ട് നടപ്പാക്കിട്ടുണ്ട്.

കൊല്ലത്തെ വില്ലേജ്പഞ്ചായത്തുകോർട്ടിലെ പ്രെസിഡണ്ട്.

൧൪. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): (എ) കൊല്ലത്തെ വില്ലേജ്പഞ്ചായത്തുകോർട്ടിലെ പ്രസിഡണ്ടിന്റെയും ജഡ്ജിയുടേയും ഉദ്യോഗങ്ങൾ എത്രകാലമായി ഒഴിവായിരിക്കുന്നു എന്നും,

(ബി) കഴിഞ്ഞ മൂന്നുകൊല്ലങ്ങൾക്കിടയിൽ (൧൯൨൦-൨൧ മുതൽ ൧൯൨൩) ജുഡിക്യൽ ഡിപ്പാർട്ടുമെന്റിൽ എത്രസംഗതികളിൽ ഒഴിവുകൾക്കു ആളാക്കുന്നതിൽ താമസം വരുത്തിട്ടുണ്ടു എന്നും,

ഗവണ്മെണ്ട് പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): (എ) കൊല്ലത്തെ വില്ലേജ്പഞ്ചായത്തുകോടതിയിലെ പ്രെസിഡൻറുദ്യോഗം ഒഴിവായിരിക്കുന്നില്ല.

(ബി) പ്രശ്നം അനിശ്ചിതം ആയിരിക്കുന്നു.

മുൻസിഫ് മിസ്റ്റർ കെ. വേലുപ്പിള്ളയുടെമേൽ ഉള്ള വിചാരണ.

൧൫. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): തിരുവനന്തപുരത്തെ പ്രിൻസിപ്പൽമുൻസിഫ് മിസ്റ്റർ കെ. വേലുപ്പിള്ളയുടെമേൽ മിസ്റ്റർ ജസ്റ്റിസ്ജോസഫ് തളിയത്തു നടത്തിയ വിചാരണയുടെ റിപ്പോർട് ഗവണ്മെൻറു മേശപ്പുറത്തു വയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): റിപ്പോർട് ഗ്രന്ഥമായിട്ടുള്ളതാകയാൽ അതു മേശപ്പുറത്തുവയ്ക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.

കുട്ടനാട്ടിൽ ശുചീകരണം.

൧൬. മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): കുട്ടനാട്ടിലെ പ്രത്യേകസ്ഥിതികൾ പരിശോധിച്ച്

(എ) സകലജാതിമതസ്ഥർക്കും പബ്ളിക്ക്ശ്മശാനങ്ങൾ ഉണ്ടാക്കേണ്ടതും,

(ബി) പൊതുജനസഞ്ചാരത്തിനായി ഉപയോഗിച്ചുവരുന്ന പ്രധാനതോട്ടിൽനിന്നു മലമൂത്രവിസർജ്ജനസ്ഥലങ്ങളെ മാററിക്കേണ്ടതും,

(സി) താരതമ്യേന വലുതും വെള്ളം കെട്ടിക്കിടക്കുന്നതുമായ ഈ പ്രദേശത്തു കൂടുതൽ ശുചീകരണത്തിനുവേണ്ടി വിശേഷാൽ ഹെൽത്താഫീസറെ നിയമിക്കേണ്ടതും,

ആവശ്യമായിരിക്കുന്നു എന്നു ഗവണ്മെണ്ടിനു അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട്സെക്രട്ടറി): (എ) ഈ പ്രശ്നം അന്വേഷിക്കുന്നതാണ്.

(ബി) പ്രധാനപ്പെട്ട തോടുകൾവഴി വല്ല മലമൂത്രവിസർജ്ജനസ്ഥലങ്ങളും ഉള്ളതായി ഗവണ്മെണ്ടിനു അറിഞ്ഞുകൂടാ.

(സി) മേൽപ്പറഞ്ഞ ഈ നിർദ്ദേശത്തെ ഗവണ്മെണ്ട് ആലോചിക്കുന്നതായിരിക്കും.

കുഷ്ഠരോഗശമനം.

൧൭. മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): (എ) ആയുർവേദാശുപത്രികളിൽ വിസ്തൃതരീതിയിൽ ചികിത്സിച്ചാൽ കുഷ്ഠരോഗത്തെ കാര്യക്ഷമമാകുംവണ്ണം ശമിപ്പിക്കാൻ കഴിയും എന്നുള്ളതായ വല്ല രീതിയും ആയുർവ്വേദഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ടോ എന്നും,

(ബി) കുഷ്ഠരോഗചികിത്സയ്ക്കായി വല്ല ആതുരശാലയും ആയുർവേദഡിപ്പാർട്ടുമെണ്ട് ആരംഭിച്ചിട്ടുണ്ടോ എന്നും,

(സി) ആയുർവേദമഹാപാഠശാലയിൽ കുഷ്ഠരോഗചികിത്സ പ്രത്യേകവിഷയമായി അഭ്യസിപ്പിക്കുന്നുണ്ടോ എന്നും,

ഗവണ്മെണ്ട് പറയുമോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): (എ) (ബി), (സി) മറുപടി നിഷേധരൂപം.

പുനലൂർ പേപ്പർമിൽ.

൧൮. മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): (൧) (എ) ൧൯൨൦ മുതൽ ൧൯൨൩ വരെയുള്ള കഴിഞ്ഞ ൩ ആണ്ടുകളിൽ പുനലൂർ പേപ്പർമില്ലിൽനിന്നു ഏതെങ്കിലുംതരത്തിൽഉള്ള കടലാസും ഗവണ്മെണ്ട് വിലയ്ക്കു കൊണ്ടിട്ടുണ്ടോ എന്നും,

(ബി) ഇക്കാലത്തിനുള്ളിൽ വ്യവസായഡയറക്ടർ ആ വ്യവസായശാല സന്ദർശിച്ചിട്ടുണ്ടോ എന്നും

ഗവണ്മെണ്ട് പറയുമോ?

(൨) ഈ വ്യവസായശാലയിൽ ഏതുതരം കടലാസുണ്ടാക്കിവരുന്നുണ്ടെന്നു ഗവണ്മെണ്ട് അന്വേഷിച്ചു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ(ഗവണ്മെന്റ്സെക്രട്ടറി): (എ) (എ) ൨൦൦ റീം ബ്രൗൺ കേസിങ്ങ്പേപ്പറും ൨൫ റീം ബൈഡാമിപേപ്പറും ൧൫ ൧൫ രൂപാമാണ്ടിലും ൫൦ റീം ബ്രൗൺ കേസിങ്ങ്പേപ്പർ ൧൫ ൧൨-രൂപാമാണ്ടിലും വാങ്ങിച്ചു. ൧൫ ൧൮-രൂപാമാണ്ട് യാതൊരുപേപ്പറും വാങ്ങിച്ചില്ല.

(ബി) ഉണ്ട്.

(സി) ഈ വിഷയത്തെക്കുറിച്ചു യാതൊരറിവും ഗവണ്മെന്റിനില്ല. ഈ ശാലയിൽ കടലാസുണ്ടാക്കൽ നിറുത്തിയിരിക്കുന്നു എന്നു ഗവണ്മെണ്ട് അറിയുന്നതുകൊണ്ട് അന്വേഷണം നടത്താൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല.

ചങ്ങനാശേരി ആലപ്പുഴതോട്ട്.

൧൯. മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): (എ) ചങ്ങനാശേരിമുതൽ ആലപ്പുഴവരെയുള്ള തോട്ടുവെട്ടൽ പൂർത്തിയാക്കുന്നതിനു അനുവദിച്ചിട്ടുള്ളതുക എന്തെന്നും,

(ബി) ൧൯൨൫-ൽ -നു-യായനാളുവരെ ചിലവായതുക എന്തെന്നും,

(സി) തോട്ടിന്റെ ആദ്യത്തേയും രണ്ടാമത്തേയും മൂന്നാമത്തേയും അംശങ്ങളെ ഗവണ്മെന്റ് വെട്ടിത്തുറന്നിട്ടുണ്ടോ എന്നു,

(ഡി) അങ്ങനെ ചെയ്തിട്ടില്ലെന്നുവരികിൽ ഇതുവരെ അങ്ങനെ ചെയ്യാതിരുന്നതിനു കാരണം എന്തെന്നും,

ഗവണ്മെണ്ട് സമയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): (എ) ൧൯൨൫-ാമാണ്ടത്തെ ബഡ്ജറ്റിൽ ഈ പണിക്കു ൧൫,൦൦൦ രൂപാ ചിലവാക്കാൻ അനുവദിച്ചിട്ടുണ്ട്.

(ബി) ൪,൨൫൫ രൂപാ

(സി) ആദ്യത്തെ രണ്ടംശങ്ങൾമാത്രമേ കഴിച്ചിട്ടുള്ളു.

(ഡി) മൂന്നാമത്തെഭാഗം വെട്ടുന്നസംഗതി ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

കൊപ്രായ്ക്കും വെളിച്ചെണ്ണയ്ക്കും താരിപ്പുനിരക്ക്.

൨൦. മി: കെ. പത്മനാഭപ്പണിക്കർ (ആലപ്പുഴ): (എ) കൊപ്രായ്ക്കും വെളിച്ചെണ്ണയ്ക്കും ഇപ്പോഴത്തെ താരിപ്പുനിരക്ക് എന്തെന്നും,

(ബി) അവ എപ്പോൾ നിശ്ചയിച്ചതാണെന്നും

(സി) അവയെ പുതുക്കാൻ ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ എന്നും

ഗവണ്മെണ്ട് സമയം പറയുമോ?

മി: ഡി. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): (എ) കൊപ്രായ്ക്ക് ഹൺട്രഡ്വെയിറിന് ൧൫ ബ്രി. രൂപാ വെളിച്ചെണ്ണക്കു ടി ൧൫ ബ്രിരൂപാ

(ബി) ൧൯൨൫-ൽ

(സി) പ്രശ്നം ആലോചിച്ചുവരുന്നു.

തിരുവല്ലായിൽനിന്നു അമ്പലപ്പുഴവരെയുള്ള റോഡ്

൨൧. മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): (എ) തിരുവല്ലാ അമ്പലപ്പുഴറോഡിലേക്കു ൧൯൨൫-ൽ-ഏ-നു- വരെ ചിലവാക്കിയ തുക എന്തെന്നും,

(ബി) അന്നേദിവസം (൧൯൨൫) ഈ റോഡിലേക്കു എന്തുതുക ചിലവാക്കാൻ പോകുന്നു എന്നും

ഗവണ്മെന്റ് സമയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട്സെക്രട്ടറി): (എ) പൊടിയാടിയിൽനിന്നു നീരേറ്റുപുറത്തേക്കും നീരേറ്റുപുറത്തുനിന്നു എടത്തുവായ്ക്കും ആയി ഈ റോഡിലെ രണ്ടംശങ്ങളിൽ ൯,൯൫൫ രൂപാ ചിലവാക്കീട്ടുണ്ട്.

(ബി) ൯,൯൫൫ രൂപാ,

പബ്ളിക്കുവർക്കസ് ഡിപ്പാർട്ട്മെണ്ട്വക വൊർക്ക്ഷാപ്പ്.

൨൨. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): (എ) പബ്ളിക്കുവൊർക്കസ് ഡിപ്പാർട്ടുമെണ്ടുവക വർക്ക്ഷാപ്പ് എപ്പോൾ സ്ഥാപിച്ചു എന്നും,

(ബി) വർക്ക്ഷാപ്പ് സ്ഥാപിച്ചതുനിമിത്തം വല്ല മാർഗ്ഗത്തിലും ഗവണ്മെന്റിനുഗുണം കിട്ടീട്ടുണ്ടോ എന്നും,

ഗവണ്മെണ്ട് സമയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): (എ) വൊർക്ക്ഷാപ്പ് ഇപ്പോൾ ഇരിക്കുന്ന രീതിയിൽ സ്ഥാപിച്ചതു ൧൯൨൫-ൽ ആണ്.

(ബി) ഉണ്ട്.

പബ്ളിക്കുവർക്കസ് വൊർക്ക്ഷാപ്പിനെ നിറുത്തലാക്കൽ.

൨൩. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അതു ഇതുവരെ ഗവണ്മെന്റിനു ആദായകരമായാകട്ടെ ജനങ്ങൾക്കു ഗുണകരമായാകട്ടെ ഇരുന്നിട്ടില്ലെന്നുവരികിൽ പബ്ളിക്കുവൊർക്കസ് ഡിപ്പാർട്ടുമെൻറുവക വൊർക്ക്ഷാപ്പിനെ വളരെ അടുത്ത അവസരത്തിൽ നിറുത്തലാക്കേണ്ടകാര്യം ആലോചിക്കുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): പബ്ളിക്കുവൊർക്കസ് ഡിപ്പാർട്ടുമെണ്ടുവക വൊർക്ക്ഷാപ്പ് ഗവണ്മെണ്ടിനു ആദായകരമായൊ പൊതുജനങ്ങൾക്കു ആദായകരമായൊ ഇരിക്കുന്നില്ല എന്നുള്ള ഊഹത്തിൽ മെംബറുമായി ഗവണ്മെണ്ടു യോജിക്കുന്നില്ല. അതുകൊണ്ടു അതിനെ നിറുത്തലാക്കുന്നവിഷയം ഉത്ഭവിക്കുന്നില്ല.

ലാൻഡ്മാർട്ട്ഗേജ്ബാങ്ക്.

൨൪. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): (എ) തിരുവിതാംകൂറിലെ കർഷകന്മാരെ ദോഷകരമായിതീർന്നിട്ടുള്ളതും കൃഷിവകുപ്പോഷണത്തെ തടഞ്ഞിട്ടുള്ളതും ആയ അവരുടെ ഋണങ്ങളിൽനിന്നു അവരെ മോചിപ്പിച്ചതിൻപിന്നീട് ഹവവത്തായ കൃഷിപ്രവൃത്തികൾ ഉദ്ദീപിക്കാൻ അവരെശക്തമാക്കത്തക്കവണ്ണം മൂലധനം അവർക്കു ഉണ്ടാക്കികൊടുക്കുന്നതിലേക്കുള്ള ആവശ്യകതയെ ഗവണ്മെണ്ട് ആലോചിച്ചിട്ടുണ്ടോ എന്നും,

(ബി) മേൽപറഞ്ഞ ഉദ്ദേശത്തെ ദൃഷ്ടിയിൽ വച്ചുകൊണ്ട് ഗവണ്മെണ്ടുതന്നെ ഇ-ിൽ വേണ്ട പ്രാരംഭപ്രവൃത്തി നടത്തി ലാൻഡ്മാർട്ട്ഗേജ്ബാങ്ക് ആരംഭിക്കണം എന്നു ദീർഘകാലമായി ജനങ്ങൾ ഗവണ്മെണ്ടിനെ നിർബന്ധിച്ചു അറിയിച്ചിട്ടില്ലയൊ എന്നും,

(സി) നിയമസഭയിലും ശ്രീമൂലംപ്രജാസഭയിലും ജനപ്രധിനികൾ ഇക്കാര്യത്തിൽ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളും ചെയ്തിട്ടുള്ള പ്രാർത്ഥനകളും ഗവണ്മെൻറിന്റെ അറിവിൽപെട്ടിട്ടില്ലയൊ എന്നും

ഗവണ്മെണ്ട് സദയം പറയുമൊ?

മി: കെ. ജോർജ് (ഗവണ്മെൻറ്ചീഫ്സെക്രട്ടറി): (എ) (ബി) (സി) ഈ വിഷയം ഗവണ്മെണ്ട് ആലോചിച്ചുവരുന്നു.

ജെനറൽ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാൻ രോഗികളെ ചേർക്കൽ.

൨൫. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്) ഗൌരവപ്പെട്ട രോഗങ്ങൾ ഉള്ളവരെമാത്രമെ ജെനറൽ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാറുള്ളു എന്നു ഗവണ്മെൻറിന് അറിയാമൊ?

മി: കെ ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി) അറിഞ്ഞുകൂടാ. ചേർക്കാൻ യോഗ്യതയുള്ളവരെയെല്ലാം ചേർക്കാറുണ്ട്.

ജെനറൽ ആശുപത്രിയിലെ സംവിധാനങ്ങൾ.

൨൬. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്) (എ) (i) ചികിത്സയ്ക്കു വേണ്ട ഇദാനീന്തനമായ സംവിധാനം കുറവാണെന്നും,

ജെനറൽആശുപത്രിയിൽ അനേകംരോഗികൾ കട്ടിലൊകിടക്കയൊ പുതപ്പോ ഇല്ലാതെ കാലംകഴിച്ചുവരുന്നു എന്നും,

(iii) ജെനറൽ ആശുപത്രിയുടെപ്പോലെയുള്ള ഒരു ശാലയിൽ അത്യന്താവശ്യമായുള്ളതും ഇദാനീന്തനവും പരിഷ്കൃതവും ആയ ശസ്ത്രക്രിയാസാമഗ്രികളും മറ്റു സംവിധാനങ്ങളും അവിടെ ചുരുക്കമായെയുള്ളു എന്നും ഗവണ്മെണ്ടിനു അറിയാമൊ എന്നും,

(ബി) ഈ ന്യൂനതകളെ സംബന്ധിച്ചു ജെനറൽ ആശുപത്രിയിലെ മേൽവിചാരംവഹിക്കുന്ന സർജൻറെ പക്കൽനിന്നും വല്ല റിപ്പോർട്ടുകളും ഗവണ്മെൻറിലൊ മെഡിക്കൽസർവീസിലെ അഡ്മിനിസ്ട്രേറ്റീവ് ബോർഡിലൊ കിട്ടീട്ടുണ്ടൊ എന്നും,

(സി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ ഗവണ്മെണ്ടുകൊടുത്ത എന്തുനടപടി നടത്തി എന്നും ഗവണ്മെണ്ടു സദയം പറയുമൊ?

മി: കെ. ജോർജ് (ഗവണ്മെണ്ട്ചീഫ്സെക്രട്ടറി). (i) ഇല്ല- എന്നാൽ മുതൽ അനുവദിക്കുന്നതു പോലെ ആണ്ടുതോറും രോഗചികിത്സക്കുള്ള ഇദാനീന്തനരീതിയിലുള്ള സംവിധാനങ്ങൾ കൂടുതലായിവരുത്തിക്കൊടുക്കാറുണ്ട്.

(ii) ആശുപത്രിയിൽ ദിവസേനകിടത്തി ചികിത്സിക്കുന്ന രോഗികളുടെ എണ്ണം അവിടെയുള്ള കിടക്കകളുടെ എണ്ണത്തെക്കാൾ വളരെ കൂടുതൽ ആണ്. അതുകൊണ്ട് ഏതുസമയം രോഗികളെ തറയിൽതന്നെ കിടത്തേണ്ടിയിരിക്കുന്നു. ചില രോഗികൾക്കു അങ്ങനെ കിടക്കുന്നതാണ് അധികം പ്രിയവും. ഏതുരോഗികളുടെ അവസ്ഥക്കു പുതപ്പ് ആവശ്യമുണ്ടൊ അവർക്കുമാത്രം അതു കൊടുക്കുന്നുമുണ്ട്.

(എ) (i) നമ്മുടെ മറുപടി മെംബേഴ്സ് നോക്കിക്കൊൾക.

(ബി) ഉണ്ട്. കൂടുതൽ കട്ടിലുകളും കിടക്കകളും വസ്ത്രങ്ങളും വേണ്ടിയിരിക്കുന്നതിനെ സംബന്ധിച്ചു ജെനറൽ ആശുപത്രിയിലെ മേൽവിചാരം വഹിക്കുന്ന സർജൻറെ പക്കൽനിന്നു റിപ്പോർട്ടുകൾ ബോർഡിനു കിട്ടീട്ടുണ്ട്.

(സി) പുതുതായി പണിചെയ്ത രണ്ടു കെട്ടിടങ്ങളിലും സംവിധാനങ്ങൾ ഉണ്ടാക്കുകയും വേഗത്തിൽ അവ രോഗികൾക്കു വാസോചിതമായിത്തീരുകയും ചെയ്യും എന്നുള്ളതുകൊണ്ടു ഈ ന്യൂനതകൾ പരിഹരിക്കപ്പെടും.

ജെനറൽ ആശുപത്രിയിൽ എക്സ്റെയന്ത്രം.

൨൭. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്) (എ) ജെനറൽ ആശുപത്രിയിൽ എപ്പോൾ എക്സ്റെയന്ത്രം ഏർപ്പെടുത്തി എന്നും,

(ബി) ഇപ്പോൾ (ഫ്ലാരു ചിങ്ങം സ്ഥാനം) എക്സ്റെ സാമഗ്രികൾ ഉപയോഗിച്ചു വരുന്നുണ്ടൊ എന്നും,

(സി) എക്സ്റെയന്ത്രം ജെനറൽ ആശുപത്രിയിൽ സ്ഥാപിച്ചതുമുതൽ എത്രതവണ കേടുവന്നിട്ടുണ്ടെന്നും,

(ഡി) ജെനറൽ ആശുപത്രിയിൽ സ്ഥാപിച്ചിരിക്കുന്ന ഈ എക്സ്റെയന്ത്രം വളരെ വില കുറഞ്ഞതരത്തിലും ഗുണം കുറഞ്ഞതരത്തിലും ഉള്ളതാണെന്നുള്ള വസ്തുതകൊണ്ടല്ലയൊ അതിനു പലപ്പോഴും കേടുപററിയിട്ടുള്ളതെന്നും,

(ഇ) ജെനറൽ ആശുപത്രിയിൽ ഇപ്പോൾഉള്ള എക്സ്റെയന്ത്രത്തിന്റെ വില എന്തെന്നും,

(എഫ്) അതു നന്നാക്കുന്നതിനും അററകുററം തീർക്കുന്നതിനും ഇതേവരെ എന്തുതുക ചിലവായിട്ടുണ്ടെന്നും ഗവണ്മെണ്ട് സദയം പറയുമൊ?

മി: കെ. ജോർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി) (എ) ഏ ഏ ൩ കന്നിയിൽ

(ബി) ഉണ്ട്.

(സി) എക്സ്റേയന്ത്രത്തിന് ഒരിക്കൽമാത്രമേ കേടുവന്നിട്ടുള്ളു. യന്ത്രം സ്ഥാപിച്ചുകാലത്തു അതിലെ ശോധകചക്രത്തിൽ സ്വല്പം കരിതട്ടുകയും ആ കരി ചക്രം മുഴുവനും കലുഷിതമാക്കയും ചെയ്തതുനിമിത്തമാണ് ഇപ്രകാരം കേടുവരാൻ ഇടയായതു്.

(ഡി) യന്ത്രം ഏററവും നല്ലതരത്തിലുള്ളതാണ്.

(ഇ) എക്സ്റേയന്ത്രത്തിനുമാത്രം ൧൯,൦൦൦ രൂപാ വിലയുണ്ട്.

(എഫ്) ഒന്നും ഇല്ല.

ജെനറൽ ആശുപത്രിക്കാണ്ടുള്ള ഉപയോഗം.

൨൭. മി: ഇട്ടുപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്) (എ) ജെനറൽ ആശുപത്രിയെന്നതു രോഗചികിൽസയിൽ സകലവിധ സൌകര്യങ്ങളും കിട്ടുമെന്നു ആശിക്കാവുന്നതും അപ്രകാരം ഉള്ളതായി ജനതവിചാരിക്കുന്നതുമായ ഒരു വൈദ്യശാലയാണെന്നും

തിരുവിതാംകോട്ടിൽ അതേരീതിയിൽ ഉള്ള ആശുപത്രിയൊ മററശാലയൊ ഇല്ലെന്നും ഗവണ്മെൻറിനു അറിയാൻ പാടില്ലയൊ എന്നും

(ബി) തിരുവിതാംകോട്ടിലെ ൪൪ ലക്ഷം ജനങ്ങൾക്കു ഏകാശ്രയമായ തിരുവനന്തപുരത്തെ ജെനറൽ ആശുപത്രിയിൽ പരിഷ്കൃതങ്ങളും ഇദാനീന്തനങ്ങളും ആയ ചികിൽസാമാർഗ്ഗങ്ങൾ നടപ്പാക്കി അതിനെ ജനങ്ങൾക്കു അധികം പ്രയോജനവത്താക്കിത്തീർക്കേണ്ടതായ പ്രശ്നത്തെ ഗവണ്മെണ്ട് കഴിയുന്നവേഗത്തിൽ പര്യാലോചിക്കുമോ എന്നും ഗവണ്മെണ്ട് സദയം പറയുമൊ?

മി: കെ. ജോർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി) (എ) അതെ,

ജെനറൽ ആശുപത്രി തിരുവിതാംകൂറിലുള്ള പ്രധാനപ്പെട്ട സർക്കാർ ആശുപത്രിയാകുന്നു.

(ബി) ജെനറൽആശുപത്രി തിരുവിതാംകോട്ടിൽഉള്ള ൪൪ ലക്ഷം ജനങ്ങളുടെ ഏകാശ്രയമാണെന്നും അതിലെ ചികിൽസാരീതി ഇദാനീന്തനം അല്ലെന്നും ഉള്ള പ്രവചനങ്ങളെ ഗവണ്മെണ്ട് അംഗീകരിക്കുന്നില്ല.

സ്ത്രീകൾക്കുള്ള കാളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകന്മാരുടെ ഉദ്യോഗങ്ങൾക്കുള്ള അപേക്ഷകൾ.

൨൮. ഇട്ടുപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്) (എ) സ്ത്രീകൾക്കുള്ള കാളേജിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതായ ഉദ്യോഗങ്ങൾക്ക് ഇപ്പോൾ ജീവനത്തിൽ ഇരിക്കുന്നവരിലും പുറമേയുള്ളവരിലും നിന്നും അപേക്ഷിച്ചിട്ടുള്ളവരുടെ പേരുകളും അവരുടെ പരീക്ഷായോഗ്യതകളും മററുയോഗ്യതകളും എന്തെല്ലാമെന്നും

(ബി) ഉയർന്ന തരം പരീക്ഷകളും മററുയോഗ്യതകളും ഉള്ള അപേക്ഷകന്മാരിൽ നിന്നാണൊ ഇവയ്ക്കു ആൾനിയമിച്ചിട്ടുള്ളതെന്നും നിയമിക്കപ്പെട്ടവരുടെ പേരുകളും അവർ ഏതേതു സമുദായത്തിൽ ചേർന്നവരാണെന്നും

(സി) ഇംഗ്ലീഷിൽ ഉയർന്നതരം പരീക്ഷായോഗ്യതകളും കാളേജ് ക്ലാസിൽ പഠിപ്പിച്ചു പരിചയമുള്ളവരും ആയ മററു അപേക്ഷകന്മാർ ഉണ്ടായിരിക്കെ കുറഞ്ഞപരീക്ഷയും മററു യോഗ്യതകളുമുള്ള വല്ലവരേയും ഗവണ്മെണ്ട് നിയമിച്ചിട്ടുണ്ടൊ എന്നും ഉണ്ടെങ്കിൽ അങ്ങനെ നിയമിക്കുന്നതിനുള്ള കാരണവും അങ്ങനെ നിയമിക്കപ്പെട്ടവരുടെ പേരും അവർ ഏതുസമുദായത്തിൽ ചേർന്നവരാണെന്നും ഗവണ്മെണ്ട് പറയുമൊ?

മി. കെ. ജോർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി) (എ) ൧ ഇപ്പോൾ ജീവനത്തിൽ ഇരിക്കുന്നവരിൽ സ്ത്രീകൾക്കുള്ള കാളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകന്മാർക്കുള്ള ഉദ്യോഗങ്ങൾക്കു അപേക്ഷിച്ചവരുടെ പേരും അവരുടെ പരീക്ഷ മുതലായ യോഗ്യതകളും: —

(൧) മിസ്സ് ആലിവർഗീസ് ബി. എ, (ആണേർസ്) തിരുവനന്തപുരം പെൺകുട്ടികൾക്കുള്ള ഇംഗ്ലീഷ്ഹൈസ്കൂളിൽ അദ്ധ്യാപികാ (൨) മിസ് ജായിസ് വടക്കൻ എം. എ, ടി ആക്കിങ്ങ് അദ്ധ്യാപികാ

൨. സ്ത്രീകൾക്കുള്ള കാളേജിൽ ഇംഗ്ലീഷ് അദ്ധ്യാപികോദ്യോഗത്തിനു പുറമേനിന്നു അപേക്ഷിച്ചവരുടെ പേരും പരീക്ഷ മുതലായ യോഗ്യതകളും.

(൧) മിസ് മാർഗ്ഗരെറ്റ് ജെപരലോസു ബി. എ. (ആണേഴ്സ്); ഇവരെ പകരംനോക്കുന്നതിനു നിയമിച്ചു; എന്നാൽ ജോലിയിൽ ചേർന്നില്ല.

(൨) ശ്രീമതി പി. എസ്. ചെല്ലമ്മ ബി. എ. (ആണേഴ്സ്)

(൩) ശ്രീമതി കെ. ഈശ്വരിഅമ്മ ബി. എ. (ആണേർസ്) എൽ. ടി.; അവധിയെടുത്തിരിക്കുന്ന ഒഴിവിൽ പകരം നോക്കുന്നതിനു നിയമിച്ചു.

(൪) മിസ് ആലി ചാണ്ടി ബി. എ. (ആണേഴ്സ്)

(ബി) ഒന്നാംഭാഗത്തിനുള്ള മറുപടി 'അതെ' എന്നു; രണ്ടാംഭാഗത്തിൽ ചോദിച്ചിരിക്കുന്ന വിവരം താഴെ ചേർക്കുന്നു:—

(൧) മിസ് ഡെയിസിമുത്തുനായകം ബി. എ. (ആണേഴ്സ്) കെംബ്രിഡ്ജ് ഡിപ്ലോമാ, റോമൻ കത്തോലിക്കാ

(൨) ശ്രീമതി കെ. ഈശ്വരിഅമ്മ ബി. എ. (ആണേഴ്സ്) എൽ ടി; കാളേജിൽ പഠിപ്പിച്ചു പരിചയം ഉണ്ട്; നായർ

ഉദ്യോഗങ്ങളിൽ നിയമിക്കപ്പെട്ട മറുള്ളവർക്കു ഡിപ്പാർട്ടുമെൻറിൽ സ്ഥിരം ഉദ്യോഗങ്ങൾ ഉണ്ട്.

(സി) ഈ പ്രശ്നത്തിൻെറ ഒന്നാംഭാഗത്തിനു മറുപടി നിഷേധം. ഈ മറുപടികൊണ്ടു രണ്ടാംഭാഗം ഉൽഭവിക്കുന്നില്ല.

ജെനറൽ ആശുപത്രിയിൽ ദന്തവൈദ്യനെ വീണ്ടും നിയമിക്കൽ.

൯൦. മി: ഇട്ടൂപ്പ് ഇട്ടീക്കൻ (കുന്നത്തുനാട്): (എ) ജെനറൽ ആശുപത്രിയിൽ ദന്തവൈദ്യൻ എന്ന ഉദ്യോഗത്തെ നിറുത്തലാക്കിയതായ ഗവണ്മെന്റാജ്ഞയെ ബോർഡിൽ നടപ്പിൽ വരുത്തുന്നതുകൊണ്ടു ദന്തവൈദ്യത്തിനായി ആശുപത്രിയിൽ വിശേഷാൽ അലവൻസോടുകൂടി നിയമിക്കപ്പെട്ടിരുന്ന അടുത്തുണ്ണിവാര്യിച്ചു ഒരു മെഡിക്കൽ ആഫീസറെ അവിടെ നിശ്ചിതകാലത്തിനു കവിഞ്ഞകാലത്തേക്കു വച്ചിരുന്നു എന്നുള്ളതു വാസ്തവംതന്നെയോ എന്നും,

(ബി) അങ്ങനെയാണെങ്കിൽ അപ്രകാരം ഇടയ്ക്കു ജോലി നോക്കിച്ചിരുന്ന മെഡിക്കൽ ആഫീസറുടെ പേരും ദന്തവൈദ്യനായി നിയതകാലത്തിൽ കൂടുതലായി അദ്ദേഹം ഇടയ്ക്കു ജോലിനോക്കിക്കൊണ്ടിരുന്നകാലവും തന്നിമിത്തം ഗവണ്മെന്റിനു ഉണ്ടായ നഷ്ടവും അതിലേക്കു ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും അക്കാര്യത്തിൽ ഗവണ്മെന്റു നടത്തിയ നടപടിയും തൽഫലവും എന്താണെന്നും ഗവണ്മെന്റു സദയം വിവരിക്കുമോ.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) അതെ.

(ബി) അടുത്തുണ്ണി കൊടുത്തിരിക്കുന്ന ഡെപ്യൂട്ടി സർജൻ എ. എ. മൊറേറാ; അദ്ദേഹം ദന്തചികിത്സാവകുപ്പിൽ കൂടുതലായിരുന്ന കാലം ഒരു കൊല്ലത്തോളം. ഇക്കാലത്തേക്കു അദ്ദേഹത്തിനു മാസമൊന്നുക്കു ൪ രൂപവീതം അലവൻസുകൊടുത്തിരുന്നു. ഏതു് ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ വീഴ്ചയാണെന്നുള്ള സംഗതി അന്വേഷണത്തിൽ ഇരിക്കുന്നു.

പഞ്ചായത്തു ജഡ്ജിയായിരിക്കുന്നതിനുള്ള യോഗ്യത.

൯൧. മി: എച്ച്. ബി. മഹമ്മത്ത്റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): (എ) ഒരാൾ പഞ്ചായത്തു ജഡ്ജിസ്ഥാനം വഹിക്കുന്നതിനു യോഗ്യൻ ആണോ എന്നു നിശ്ചയിക്കുന്നതിനു ഗവണ്മെന്റു് ഏതെങ്കിലും യോഗ്യതാമാനം സ്വീകരിച്ചിട്ടുണ്ടോ എന്നും,

(ബി) ഏതു് യോഗ്യതിനുള്ള മറുപടി അനുസരണത്രുപത്തിൽ ആണെങ്കിൽ ആ യോഗ്യതിനെ ഉൾപ്പെടുത്തി പറയുമോ എന്നും ഗവണ്മെന്റു് സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഏതും ബീയും-ഒരാളെ പഞ്ചായത്തു ജഡ്ജിയായി നിശ്ചയിക്കുന്നതിനെപ്പററി ചിന്തിക്കുമ്പോൾ അതിനെ ക്രമീകരിക്കുന്ന സംഗതികൾ അയൽക്കാരുടെ സ്ഥിതികളെപ്പററിയുള്ള അറിവും ഉത്തരവാദിത്വമുള്ള പൊതുസേവനത്തിനുള്ള യോഗ്യതയും ആവശ്യമുള്ള വിദ്യാഭ്യാസവും ആളിന്റെ വിലയും നിലയും ആകുന്നു.

മുൻസിപ്പൽ അതിർത്തികൾക്കുള്ളിൽ ചാരായവും കള്ളും ഷാപ്പുകൾ.

൯൨. മി: എച്ച്. ബി. മഹമ്മത്ത്റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): (എ) മുൻസിപ്പൽ അതിർത്തികൾക്കുള്ളിൽനിന്നു ചാരായവും കള്ളും ഷാപ്പുകളെ മാററണം എന്നു ഏതെങ്കിലും മുൻസിപ്പാലിററിയിൽനിന്നും നിശ്ചയങ്ങൾ തങ്ങൾക്കു കിട്ടീട്ടുണ്ടോ എന്നും,

(ബി) ഏതു് യോഗത്തിനുള്ള മറുപടി അനുസരണാത്രുപത്തിൽ ആണെങ്കിൽ മുനിസിപ്പൽ അതിർത്തികളിൽനിന്നും അങ്ങനെയുള്ള ഷാപ്പുകളെ ഏതെങ്കിലും മാററുന്നതിനു ഉത്തരവു് ചെയ്തിട്ടുണ്ടോയെന്നും,

(സി) അങ്ങനെയുള്ള ഷാപ്പുകളെ മാററുന്നതിനു ഉത്തരവു് ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ടു അങ്ങനെ ചെയ്തിട്ടില്ലെന്നും, ഗവണ്മെന്റു് സദയം പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ഉണ്ടു്. ബീയും സീയും മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ നിന്നു മദ്യഷാപ്പുകളെ മാററുന്ന മദ്യവർജ്ജനവിഷയത്തിൽ വലിയ ഗുണദോഷങ്ങൾ വരുത്താതെ അബ്കാരി നിയമങ്ങളെ ലംഘിക്കുന്നതിനു ഇടവരുത്തുന്നതിനും തന്നിമിത്തം ഗവണ്മെന്റിനു നഷ്ടത്തിനും ഇടയാകുമെന്നും ഗവണ്മെന്റിനു തോന്നിയതിനാൽ അങ്ങനെ ചെയ്തില്ല.

൯൩. പത്തനാപുരം താലൂക്കിൽ ഉള്ള പാർവത്യകാരന്മാരുടെ ജാതിതിരിച്ചുള്ള പട്ടിക.

മി: എച്ച്. ബി. മഹമ്മത്ത് റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): പത്തനാപുരം താലൂക്കിൽ ഉള്ള പാർവത്യകാരന്മാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക ഗവണ്മെന്റു് മയവ് ചെയ്തു മേശപ്പുറത്തു വയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സിക്രട്ടറി): വിവരം താഴെ കൊടുത്തിരിക്കുന്നു.

ഒന്നാംഗ്രേഡ് പാർവത്യകാർ			നായർ	ഈഴവൻ	വെള്ളാളൻ
൧-ാം	ടി	ടി	൯	,,	,,
൨-ാം	ടി	ടി	൮	,,	,,
			൮	൮	൮
	മൊത്തം		●	൮	൮

അനുബന്ധം എ.

൧൯-ാംനമ്പർ ചോദ്യത്തിനുള്ള മറുപടി നോക്കുക.

൧൯൦൮-ൽ കൃഷി ഡിപ്പാർട്ടുമെന്റ് നടത്തിയ ഉപപാദനങ്ങൾക്കുള്ള പട്ടിക.

നമ്പർ	താലൂക്ക്	ഉപപാദനങ്ങളുടെ എണ്ണം					
		നെല്ല്	തെങ്ങ്	മരച്ചീനി	കുരുമുളക്	ഇഞ്ചി	ഏലത്തൻകാ
൧	തോവാള	൨	...	....	...	...	...
൨	കൽക്കുളം	൨	൨	....	...	...	...
൩	നെയ്യാറ്റിൻകര	൨	൨	൪	...	...	...
൪	തിരുവനന്തപുരം	...	൧	...	...	...	...
൫	ചിറയിൻകീഴ്	൧	൪	...	...	...	...
൬	കൊല്ലം	൧	൩	൨	...	...	...
൭	കുന്നത്തൂർ	...	൨	...	...	...	...
൮	കരുനാഗപ്പള്ളി	...	൧	...	...	...	...
൯	കാർത്തികപ്പള്ളി	...	൨	...	...	...	...
൧൦	മാവേലിക്കര	...	൧	...	...	...	...
൧൧	പത്തനംതിട്ട	....	൧	൧	...	...	....
൧൨	തിരുവല്ല	...	൧	...	൧	...	...
൧൩	അമ്പലപ്പുഴ	...	...	...	...	...	...
൧൪	പത്തനാപുരം	...	൧	...	...	...	...
൧൫	ചെങ്ങന്നൂർ	൧൧	...	...	....	...	...
൧൬	വൈക്കം	...	൧	...	...	...	...
൧൭	കോട്ടയം	...	...	൧	...	൧	...
൧൮	ചങ്ങനാശ്ശേരി	...	...	...	൧	...	...
൧൯	മീനച്ചൽ	൨	൩	...	...	....	...
൨൦	മൂവാറ്റുപുഴ	൩	൧	...	...	...	...
൨൧	തൊടുപുഴ	...	൧	...	...	...	...
൨൨	കുന്നുമ്പുറം	...	...	...	...	...	൨

അനുബന്ധം ബി.

൧൧-ാം നംബർ ചോദ്യത്തിന്നുള്ള മറുപടി നോക്കുക.

൧൧൦൯-ൽ കൃഷി ഡിപ്പാർട്ടുമെന്റു നടത്തിയ പട്ടിക.

നമ്പർ	താലൂക്ക്	പ്രായോഗികപരീക്ഷണങ്ങളുടെ എണ്ണം					
		നെല്ല്	തെങ്ങ്	മരച്ചീനി	കുരുമുളക്	ഇഞ്ചി	ഏലത്തൻകാ
൧	അഗസ്തീശ്വരം	൧	...	...	....	...	...
൨	കുൽക്കളം	...	൩	...	...	...	...
൩	നെയ്യാററിൻകര	...	൨	൧	...	...	...
൪	തിരുവനന്തപുരം	൨	...	...	...	...	...
൫	ചിറയിൻകീഴ്	൧൫	...	...	...	...	...
൬	കൊല്ലം	൨	൫	൨	...	...	...
൭	കരുനാഗപ്പള്ളി	....	൧	...	...	...	....
൮	പത്തനാപുരം	൧	...	...	....	...	...
൯	ചെങ്കോട്ട	൫	...	...	...	...	...
൧൦	മാവേലിക്കര	൨	൪	...	...	...	...
൧൧	തിരുവല്ല	...	൪	...	൧	...	...
൧൨	ചങ്ങനാശ്ശേരി	...	...	൧	൧	...	...
൧൩	കോട്ടയം	൧	൧	...	൧	...	...
൧൪	മീനച്ചിൽ	..	...	൩	...	൧	...
൧൫	തൊടുപുഴ	...	൧	...	...	...	...
൧൬	വയ്ക്കം	൪	൨	...	....	...	...
൧൭	ചേർത്തല	൧	൪	...	...	...	...
൧൮	മൂവാററുപുഴ	൨	൧	൧	...	...	...
൧൯	കുന്നത്തുനാട്ടു	൩	...	൩	...	൧	൧
൨൦	പറവൂർ	...	൧	...	...	...	...

വാക്കുതിവാദം മാററിവയ്ക്കുന്നതിന്നുള്ള ഉപക്ഷേപം.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): സർ, അഭിയന്തിരമായ ചെലവുകൾക്കുള്ള ഒരു കാര്യത്തെപ്പററി വാദം നടത്തുന്നതിനായി സഭയെ മാററിവയ്ക്കണം എന്നു ഞാൻ ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

(മെമ്പർ പ്രെസിഡണ്ടിന്റെ കയ്യിൽ ഒരു ലേഖനം കൊടുത്തു).

പ്രെസിഡെണ്ട്: മിസ്റ്റർ കേശവപിള്ള, നിങ്ങളുടെ ഉപക്ഷേപത്തെ ചട്ടത്തിന്റെ സീമയ്ക്കുള്ളിൽ വരത്തക്കവണ്ണം ഭേദപ്പെടുത്താമെങ്കിൽ അതിനെപ്പററി വാദം നടത്തുന്നതിനു അനുവദിക്കുന്നതിനെപ്പററി ഞാൻ ആലോചിക്കാം. നിങ്ങളുടെ ഉപക്ഷേപത്തിൽ ക്ലിപ്തമായ ഒരു വിഷയത്തെക്കുറിച്ചു പറഞ്ഞിരി

കുന്നു എന്നു ഞാൻ കാണുന്നു. ചട്ടങ്ങൾ അനുസരിച്ചു ഒന്നിൽ അധികം വിഷയത്തെപ്പററി വാദംനടത്താൻ പാടുള്ളതല്ല. നിങ്ങൾ അതിനെ ദോഷമാംവണ്ണം ഭേദപ്പെടുത്തുമെങ്കിൽ അതിനെ സ്വീകരിക്കുന്നതിനു ഞാൻ തയ്യാർ ആണ്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അവ രണ്ടു വിഷയങ്ങളായി കാണപ്പെടുന്നു എങ്കിലും വാസ്തവത്തിൽ അവ കാളറാരോഗവുമായി ഒരു സംഗതിയെ മാത്രം സംബന്ധിക്കുന്നേയുള്ളു.

പ്രൈസിഡെണ്ട്: അല്ല—അവ വ്യക്തമായ രണ്ടു വിഷയങ്ങൾ ആകുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഒന്നു കാളറാ ബാധയുടെ പിന്നീടുള്ള സ്ഥിതികളെപ്പററിയാകുന്നു. അതിനെ ഒന്നു തിരുത്തിയേക്കാം.

(മി: കേശവപിള്ള തന്റെ ഉപക്ഷേപത്തിന്റെ അറിയിപ്പിനെ തിരുത്തി ഒരിക്കൽകൂടി പ്രൈസിഡെണ്ടിന്റെ കയ്യിൽ കൊടുത്തു.)

പ്രൈസിഡെണ്ട്: മി: കേശവപിള്ള ഇപ്പോൾ മാത്രം എനിക്കു അറിവിച്ചു തന്ന ഉപക്ഷേപം എന്തെന്നാൽ സംസ്ഥാനത്തിൽ കാളറാ ബാധിതമായ സ്ഥലങ്ങളിൽ അതിന്റെ മൂലകാരണം, പ്രതിവിധി, രക്ഷനടപടികൾ, തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഇവയെപ്പററി അന്വേഷണം നടത്തുന്നതിനായി സഭയെ മാററി വയ്ക്കുന്നതിനായിട്ടാകുന്നു.

നാലു ഉച്ചതിരിഞ്ഞു ൩ ൩.൦൦ നു നിങ്ങളുടെ ഉപക്ഷേപം അവതരിപ്പിക്കുന്നതിനു അനുമതിതരാൻ ഞാൻ ഒരുക്കമാണ്.

സപ്ലിമെന്ററി ഗ്രാൻറുകൾക്കുള്ള ഡിമാൻഡുകൾ.

ഡിമാൻഡു ൧. ഭൂനികുതി.

മി: എസ്. സി. എച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, നാലു ആവശ്യങ്ങൾക്കായി ഡിമാൻഡു ൧ ഭൂനികുതി എന്ന ഇനത്തിൽ ൪,൪൦൦ രൂപയിൽ കവിയാത്ത ഒരു തുക അനുവദിച്ചുകിട്ടണം എന്നു അപേക്ഷിക്കുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു.

ഒന്നാമത്തെ ആവശ്യം പണ്ടനംതിട്ടതാലൂക്കിലുള്ള കുടിവക റോഡുകളെ വീണ്ടും സർവ്വെചെയ്യുന്നതിനു ഒരുള്ളും വിദഗ്ദ്ധക്കാൽജോലിക്കാരെ വേണ്ടിയാകുന്നു. അതു ൧,൦൦൦ രൂപയാകുന്നു.

രണ്ടാമത്തെതു ചില കൺസർവെൻസി പട്ടണങ്ങളിൽ ഉള്ള ചന്തകളിലെ തുപ്പുവേലക്കാരെ ലാൻഡ് റെവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും സാനിട്ടറി ഡിപ്പാർട്ടുമെന്റിലേക്കു മാററിയതുനിമിത്തം തുക മാററികൊടുക്കുന്നതിനായിട്ടാകുന്നു. അതു സാനിട്ടറി ഡിപ്പാർട്ടുമെന്റു ബഡ്ജററിൽ-ഉൾപ്പെടുത്തീട്ടില്ലാതിരുന്നതിനാൽ അതു കേവലം കണക്കുകളിൽ തുക മാററുന്നതു മാത്രമാകുന്നു. ഒന്നും രൂപ വരുന്ന ഈ ഇനത്തിൽ വാസ്തവത്തിൽ കൂടുതലായ തുക, ഒന്നും അനുവദിക്കേണ്ടതായില്ല.

മൂന്നാമത്തെതു തിരുവിതാംകൂറിലേക്കു ഒരു സർവ്വെ മാനുവൽ എഴുതിയുണ്ടാക്കി പ്രസിദ്ധപ്പെടുത്തിയതിനു മി: എം. രാഘവയ്യങ്കാർക്കു ബഹുമതിവേതനം കൊടുക്കുന്നതിനാകുന്നു. തുക ൧,൦൦൦ രൂപയാകുന്നു.

ഒടുവിലത്തെ ഇനം സർവ്വെ ആഫീസിൽ ഉള്ള ലാൻഡുറെക്കാർഡ്സ് സംരക്ഷണം സംബന്ധിച്ചുള്ള പടങ്ങൾ തെററോ ശരിയോ എന്നു പരിശോധിക്കുന്നതിനായി വേണ്ടിവരുന്ന കൂടുതൽ ജീവനക്കാർക്കു വേണ്ടിയാകുന്നു. തുക ൨,൯൯൦ രൂപയാകുന്നു.

ഒന്നാമത്തെതു, അതായതു പത്തനംതിട്ട താലൂക്കിലുള്ള കർഷകന്മാരുടെ റോഡ്കളെ സംബന്ധിച്ചിടത്തോളം ൪൩ റോഡുകൾ ഉണ്ട്. അവയുടെ മൊത്തം നീളം ൧൭൦ മൈലും ആകുന്നു. ഈ ൪൩ റോഡുകളിൽ ൧൩ മൈൽ ദൂരം വരുന്ന ൪ റോഡുകൾമാത്രമെ ഇതേവരെ സർവ്വെ ചെയ്യപ്പെട്ടിട്ടുള്ളു. ബാക്കിയുള്ള ൩൯ റോഡുകളും സർവ്വെ ചെയ്യേണ്ടതായും ൪൩ റോഡുകളും അതിർത്തി കാണിച്ചു അടയാളപ്പെടുത്തേണ്ടതായും ഇരിക്കുന്നു. സബ്ഡിവിഷനും അതിർത്തികാണിച്ചു അടയാളപ്പെടുത്തലും ആയ ഈ ജോലിയെ ഇനിയും താമസിപ്പിക്കുന്നതായാൽ തങ്ങളുടെ ഭൂമികളെ കാററുതെ തന്നിരിക്കുന്ന വസ്തുഉടമസ്ഥന്മാർ ഈ ഭൂമികളിന്മേൽ ഉള്ള കരം ഇനിയും കൊടുത്തുകൊണ്ടേ ഇരിക്കേണ്ടതായിവരും. ഞങ്ങൾക്കു ഈ ഭൂമികളെ സർവ്വെ ചെയ്തും കരം കണക്കിൽ കുറവു വരുത്തുകയും ചെയ്യേണ്ടതായിരിക്കുന്നു. ഈ ഭൂമികളെ സർവ്വെചെയ്തു കരം കണക്കിൽ കുറവെഴുതേണ്ടതായുണ്ട്. കുടിയാന്മാർ വിട്ടൊഴിഞ്ഞുപോയതായ കുടിവക ഭൂമികളുടെ സർവ്വെയും ഡിമാർക്കേഷനും ഈ റോഡുകൾക്കു എടുത്തിട്ടുള്ള പുറമ്പോക്കുകളുടെ ഡിമാർക്കേഷനും ലാൻഡ് റെക്കാർഡ്സ് ജീവനക്കാർ നടത്തേണ്ടതായുണ്ട്. അവർക്കു ഞാൻ ഇപ്പോൾ പറഞ്ഞതായ രണ്ടിനങ്ങൾ ഉൾപ്പെട്ട വസ്തുക്കളുടെ സ്കെച്ചുകളും തയാറാക്കേണ്ടതുണ്ട്. അവർക്കു ഈ വസ്തുക്കളെ മേൽപറഞ്ഞ ഇനങ്ങളിൽനിന്നു പുറമ്പോക്കിലേക്കു മാററുകയും പിന്നീടു ഈ വസ്തുക്കൾക്കുള്ള അനുരൂപമായ കരം കളക്കുകയും ചെയ്യേണ്ടതുണ്ട്. സ്കെച്ചുകൾ ഉണ്ടാക്കി എഞ്ചിനീയർ ഡിപ്പാർട്ടുമെന്റുകാരുടെ അറിവിലേക്കും മാർഗ്ഗദർശനത്തിനും ആയി അവരെ ഏൽപ്പിക്കേണ്ട ജോലിയും അവർക്കുണ്ട്. ഇപ്പോൾ അംഗീകരിച്ചതായ പുതിയ വസ്തുക്കളിൽ നിൽപുള്ള ഏല്ലാ വൃക്ഷങ്ങളേയും വേലം ചെയ്തോ മററു വിധത്തിലോ വിൽക്കേണ്ടിയിരിക്കുന്നു. ഈ ജോലിയെല്ലാം ഇപ്പോൾ താലൂക്കിൽ ഉള്ള ലാൻഡ്റെക്കാർഡ്സ് ജീവനക്കാരെക്കൊണ്ടു നടത്തിക്കുന്നതു അശക്യം. അതുചെയ്യുന്നതിക്കാൻ അവർ ഗ്രൂമിച്ചു. അതിന്റെ ഫലം കണ്ടതെന്തെന്നാൽ ഇതേവരെ ൧൩ മൈൽ നീളമുള്ള ൪ റോഡുകൾമാത്രമെ തീർന്നിട്ടുള്ളു. ഈ പ്രവൃത്തിയെ ദ്രുതപ്പെടുത്തുന്നതിനായിട്ടാണ് ഇത്രയും വിശേഷാൽ ജീവനക്കാർ വേണം എന്നു ഞങ്ങൾ ആവശ്യപ്പെടുന്നതു്. ഈ റോഡുകൾക്കുള്ള സ്ഥലം ഉടമസ്ഥന്മാർ വിട്ടുകൊടുത്തിട്ട് ഇപ്പോൾ അനേകം കൊല്ലമായിരിക്കുന്നു. ഞാൻ ഇപ്പോൾ പറഞ്ഞതായ പണികൾ ഏല്ലാം ചെയ്തുതീർക്കുന്നതുവരെ എഞ്ചിനീയർ ഡിപ്പാർട്ടുമെന്റുകാർക്കു ഈ റോഡുകൾ സ്വീകരിച്ചു പരിപാലിക്കാൻ കഴിയുന്നതല്ല. ഈ വസ്തുക്കൾ വിലകൊടുത്തു കൊടുത്ത ഉടമസ്ഥർക്കു ഇപ്പോൾ യാതൊരു നിവൃത്തിയും കിട്ടുന്നതല്ല. എന്തുകൊണ്ടെന്നാൽ അവയെ എഞ്ചിനീയർ ഡിപ്പാർട്ടുമെന്റു കയ്യേററു സംരക്ഷിച്ചു വരുന്നില്ല; അവർ അങ്ങനെ ചെയ്യാൻ ഇടയാകാത്തതു. ഈ വസ്തുക്കളുടെ സർവ്വെയും ഡിമാർക്കേഷനും നടത്തിത്തീരുവോളം ഏൽപ്പിച്ചിട്ടില്ലാത്തതുകൊണ്ടാകുന്നു. ഈ സംഗ-

തി പൂർണ്ണമായി ഞാൻ വിവരിച്ചുകഴിഞ്ഞു എന്നു എനിക്കു തോന്നുന്നു. പത്തനംതിട്ട മെംബറും മറ്റെല്ലാ മെംബർമാരും ഈ അപേക്ഷയെ പൂർണ്ണമായി അനുഭാവിക്കും എന്നു എനിക്കു നിശ്ചയം ഉണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ റോഡുകൾ ഏപ്പോൾ പൂർത്തിയാക്കപ്പെട്ടു എന്നു പറഞ്ഞുതരുമോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ്‌റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അതു അനേകം കൊല്ലങ്ങൾ കഴിഞ്ഞാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ഒരു ഇരയ്യാണത്തെ ബഡ്ജറ്റിൽ ചേർക്കാൻ പാടില്ലാത്തതിനുള്ള കാരണം വല്ലതും ഉണ്ടോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ്‌റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ഞങ്ങൾ പതിവു ജോലിക്കാരെക്കൊണ്ടു അതു നടത്തിക്കാൻ ശ്രമിക്കയാണിരുന്നു. വിശേഷിച്ചു ജീവനക്കാർ വേണം എന്നു ഞങ്ങൾ ആവശ്യപ്പെട്ടില്ല. പതിവുജോലിക്കാരെക്കൊണ്ടു ഈ പ്രവൃത്തി നടത്തിക്കുന്നതിനു മിക്കു കാലം വേണ്ടിവരുന്നു. താമസത്തെക്കുറിച്ചു ജനങ്ങൾ പരാതിപ്പെടുവരുന്നു. പതിവു ജോലിക്കാരെ മാത്രം വച്ചുകൊണ്ടു നടത്തിച്ചാൽ വളരെ കാലം വേണ്ടിവരും എന്നു ഞങ്ങൾ കണ്ടു. അതുകൊണ്ടു് ഇക്കാര്യത്തെ ശ്രദ്ധപ്പെടുത്തുന്നതിനായി ഇപ്പോൾ ഈ സഭയിൽ വരാം എന്നു ഞങ്ങൾ നിശ്ചയിച്ചു. പൊതുക്കടങ്ങൾക്കായി സർക്കാരിലേക്കു വിലകൂടാതെ വിട്ടുകൊടുത്തതായ വസ്തുക്കൾക്കു അവയുടെ ഉടമസ്ഥരായ അനേകം കുടിയാന്മാർ ഇപ്പോൾ കരം കൊടുക്കേണ്ടിയിരിക്കുന്നു. ഈ വസ്തുക്കൾക്കു കരം അവർ മേലും കൊടുത്തുകൊണ്ടിരിക്കണം എന്നതുതന്നെ കഷ്ടം അല്ലയോ? താലൂക്കിലുള്ള ലാൻഡ്‌റെക്കാർഡ്സ് ജോലിക്കാർ ചെയ്തുതീർക്കേണ്ടതായ പതിവു ജോലിയെക്കുറിച്ചു വിവരമായ സംഗതികൾ എല്ലാം എന്റെ കൈവശം ഉണ്ട്. അതുപോലെ വിവരമായി വിസ്തരിച്ചു പറഞ്ഞുകേൾപ്പിക്കുന്നതിനു മിക്കുകാലം വേണ്ടിവരും. പതിവുജോലിക്കാരെക്കൊണ്ടു ജോലി നടത്തുന്നതു അസാദ്യംതന്നെ എന്നു ഗവർണ്മെന്റിനു ബോദ്ധ്യം വന്നിരിക്കുന്നു. അങ്ങനെയേ താലൂക്കിൽ ഏകദേശം പുറമ്പോക്കു കേസുകളും ഏ, ഗ ഠ പുതുവൽ കേസുകളും ഫൈൽ ആകുന്നുണ്ട്. ഈ പ്രവൃത്തി ഒഴുവാക്കുന്നതിനു റെവന്യൂ സൂപ്പർവൈസരുടെ കീഴിൽ ഇപ്പോൾ ഉള്ള ജീവനക്കാർ നടത്തേണ്ടിയിരിക്കുന്നു. അവർക്കു ലാൻഡ്‌റെക്കാർഡ്സ് ജോലി മാത്രമല്ല ചെയ്യേണ്ടിയിരിക്കുന്നതു്, വലിയ മൈനർ സർക്കിട്ടുകൾ സർവ്വേ ചെയ്യുന്നതിലും സ്കെച്ചു് തയ്യാറാക്കുന്നതിലും സഹായിക്കേണ്ടതും ഉണ്ട്. സാധാരണജോലിക്കാരെക്കൊണ്ടു ചെയ്യേണ്ട നടത്തിക്കാൻ ഞങ്ങൾ കഴിയുന്നത്രയധികം ശ്രമിച്ചുവരുന്നു; എന്നാൽ ഒരു ജോലി അല്ലെങ്കിൽ മറ്റൊരു വീഴ്ചയായിക്കിടന്നുപോകുന്നുണ്ട്. പതിവുജോലി തിരക്കിലുണ്ടെങ്കിൽ കുടിവക റോഡുകളെ സംബന്ധിച്ചു ജോലി നടന്നുകൊണ്ടിരിക്കും. എന്നാൽ പതിവു ജോലിയിൽ വീഴ്ച വരും. പതിവു ജോലി നടത്തിക്കൊള്ളണം എന്നു ഞങ്ങൾ അപേക്ഷിച്ചു പറഞ്ഞാൽ വില കൂടാതെ വസ്തുക്കൾ വിട്ടുകൊടുത്ത ജനങ്ങൾക്കു, അവയ്ക്കു മേലും കരം കൊടുത്തുകൊണ്ടിരിക്കണം എന്നു നിർബന്ധിക്കപ്പെട്ടുവരുന്നതുകൊണ്ടു്, കഷ്ടം അനുഭവിക്കേണ്ടിവരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ലാൻഡ്‌റെക്കാർഡ്സ് പരിപാലനജോലി അധികം ഇല്ലാത്തതായ ചിറയിൻകീഴ് തൊടുപുഴ എന്നിവപോലെയുള്ള താലൂക്കുകളിൽ ഉള്ള ആ ജോലിക്കാരിൽ ചിലരെ സ്ഥലം മാറ്റുന്നതു സാദ്ധ്യമല്ലയോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ്‌റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ഞങ്ങൾക്കു സാദ്ധ്യമായ സകല മാർഗ്ഗവും പരിശോധിച്ചുകഴിഞ്ഞു. മറ്റു താലൂക്കുകളിലേക്കു് അയക്കാവുന്നതായി മിക്ക സർവ്വേയരും ഒരു ശിപായി പോലുമോ ഇല്ല. മറ്റു താലൂക്കുകളിലെ ജീവനക്കാരെ ഇവിടങ്ങളിലേക്കു് ഞാൻ മാറ്റുന്നതായാൽ ആ താലൂക്കുകളിലേക്കു കൂടുതൽ ജീവനക്കാരെ ആവശ്യപ്പെട്ടുകൊണ്ടു സാല്പംകാലം കഴിയുമ്പോൾ ഈ സഭയിൽ വരേണ്ടിവരും. അങ്ങനെ ചെയ്യണം എന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ലാൻഡ്‌റെക്കാർഡ്സ് പരിപാലനജോലി നടത്തിത്തീർക്കുന്നതോ അല്ലെങ്കിൽ മിക്കുമേറിയ ജോലി ചെയ്യേണ്ടതായില്ലാത്തതോ ആയ ചിറയിൻകീഴ്, തൊടുപുഴ എന്നിവപോലെയുള്ള താലൂക്കുകളിലെ ലാൻഡ്‌റിക്കാർഡ്സ് പരിപാലനജീവനക്കാരെ പത്തനംതിട്ടയിൽ ഇപ്പോൾ ഉള്ള ജീവനക്കാരെ സഹായിക്കുന്നതിലേക്കായി അവിടേക്കു സ്ഥലം മാറ്റാൻ കഴിയുകയില്ലയോ എന്നാകുന്നു എന്റെ പ്രശ്നം.

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റെവന്യൂവും ഇൻകം ടാക്സും കമ്മീഷണർ): പത്തനംതിട്ട താലൂക്കിൽ ഏഴു പകുതികൾ ഉണ്ട്. ഏ ഗ ഠ സെ—മുണ്ടേന്തെ ആദ്യത്തെ അഞ്ചു മാസത്തിനുള്ളിൽ ലാൻഡ് റെക്കാർഡ്സ് സംരക്ഷണജീവനക്കാർ ഏ ഗ ഠ സബ് ഡിവിഷൻ—

മി: എ. താണുപിള്ള (തിരുവനന്തപുരം): ലാൻഡ് റെക്കാർഡ്സ് പരിപാലനപ്രവൃത്തി അധികമല്ലാതിരിക്കുന്നതായ ചിറയിൻകീഴ് തൊടുപുഴ എന്നിവപോലെയുള്ള താലൂക്കുകളെയാണു ഞാൻ പ്രസ്താവിച്ചതു്.

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റെവന്യൂവും ഇൻകം ടാക്സും കമ്മീഷണർ): ആ താലൂക്കുകളിലും അവയ്ക്കു ലാൻഡ് റെക്കാർഡ്സ് പരിപാലനപ്രവൃത്തി മാത്രമല്ല ചെയ്യേണ്ടതിരിക്കുന്നതു്. അവയ്ക്കു സബ്ഡിവിഷൻ ജോലി, മൈനർസർക്കിട്ടുജോലി സ്കെച്ചുകൾ തയ്യാറാക്കൽ മുതലായ പ്രവൃത്തികളിൽ സഹായിക്കേണ്ടതുമുണ്ട്. കൂടുതൽ തുക അനുവദിച്ചുകിട്ടുന്നതിനായി ഈ സഭയിൽ അപേക്ഷിക്കാൻ ഇടയാകാതെ തടുക്കുന്നതു വല്ലവിധത്തിലും ശക്തമായിത്തന്നാൽ ഞാൻ നിശ്ചയമായും അങ്ങനെ ചെയ്തിരിക്കയില്ലായിരുന്നു. സഭയിൽ വരികയും പണം അനുവദിക്കുന്നതിനായി അപേക്ഷിക്കയും പ്രസംഗങ്ങൾ നടത്തുകയും ചെയ്യുന്ന പ്രവൃത്തി ഞാൻ വെറുക്കുന്നു. ഉദ്ദിഷ്ടപ്രവൃത്തി വേഗത്തിൽ ചെയ്തുതീർക്കുന്നതിനു വിശേഷാൽ ജീവനക്കാർ അത്യാവശ്യം ആണെന്നു ഞാൻ കണ്ടതുകൊണ്ടാണ് ഈ പണത്തുകയ്ക്കായി ഞാൻ ഈ സഭയിൽ വരുന്നതു.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): ലാൻഡ് റെക്കാർഡ്സ് പരിപാലനജീവനക്കാരുടെ മൊത്തം ചിലവു എന്തെന്നു പറഞ്ഞുതരുമോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ്റെവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): മെംബർ കഴിഞ്ഞയാണ്ടത്തെ ബഡ്ജറ്റിൽ മുടവുണ്ടായി നോക്കും എന്നാവരിക്കിൽ——

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അതു രണ്ടു ലക്ഷം രൂപയോളം വരുന്നില്ലയോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റെവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ബഡ്ജറ്റിലെ സമ്പൂർണ്ണ-സംഖ്യയും മെംബർ നോക്കുന്നതായാൽ ലാൻഡ് റെക്കാർഡ്സ് പരിപാലനജീവനക്കാരുടെ വകക്കായുള്ള ചിലവു ൧൭,൫൦൦ രൂപയാണെന്നു കാണുന്നതാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ലാൻഡ് റെക്കാർഡ്സ് ജീവനം നിമിത്തം ഉള്ള മൊത്തം ചിലവാണു എനിക്കു വേണ്ടതു്.

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ്റെവന്യൂവും-ഇൻകം ടാക്സും കമ്മീഷണർ): അതു കണക്കുകൂട്ടി പറയേണ്ടിവരിക്കുന്നു.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അതു തുലക്കത്തിൽ പറയാം അല്ലയോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ്റെവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): വെട്ടെന്നു പറയാൻ എനിക്കു കഴിയുകയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സർവ്വേ ഡിപ്പാർട്ടുമെന്റ്—അതിന്ന് ൧൫,൦൦൦ രൂപ ചിലവാകുന്നില്ലയോ.

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റെവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): അതിന്നു ചില കണക്കുകൾ കൂട്ടാനുണ്ട്. മെംബർക്കു അതിനു ബഡ്ജറ്റിൽനിന്നും കണ്ടുപിടിക്കാവുന്നതാണ്. അദ്ദേഹത്തിനു വേണമെങ്കിൽ ബഡ്ജറ്റിന്റെ ഒരു പ്രതി ഞാൻ കൊടുക്കാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഒരുലക്ഷംരൂപ എന്ന ഇക്കസംസ്ഥാനത്തിലെ സർവ്വേ ജോലിക്കു കൂടുതലായ ചിലവല്ലയോ എന്നാണു മിസ്റ്റർ റോബിൻസണോടു ഞാൻ ചോദിക്കുന്നതു്.

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ്റെവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): സർ, ചെയ്തുതീർക്കേണ്ടതായ ജോലിയുടെ പരിമാണത്തെ അപേക്ഷിച്ചു തീരെ അല്ല. വലിയ വിസ്തൃതമായ സർവ്വത്തെ സർവ്വെ ചെയ്യലും പടങ്ങൾ തയ്യാറാക്കുകയും സർവ്വെ ചെയ്തിട്ടുള്ളതും എന്നാൽ ശരിയോ തെററോ എന്നു പരിശോധിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഇതേവരെ പതിച്ചുകൊടുക്കപ്പെട്ടിട്ടില്ലാത്തതും ആയ അനേകം ഭൂമികളുടെ പടങ്ങളെ തെററോ ശരിയോ എന്നു പരിശോധിക്കേണ്ടതും ഞങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

സർവ്വേ സൂപ്രണ്ടിന്റെ ജോലിയും ഗവണ്മെന്റ് പരിശോധിച്ചുവരുന്നു. ഇപ്പോൾ ഡിപ്പാർട്ടുമെന്റു എന്തുമാത്രം ജോലിചെയ്യുന്നുവോ അതിൽ കൂടുതൽ ചെയ്യാൻ നിവൃത്തിയില്ല എന്നു എനിക്കു തോന്നുന്നു. ഈ സമയത്തു സർവ്വെ ആഫീസിൽ ഏകദേശം വുൻ,൦൦൦ പടങ്ങൾ ബാക്കി കിടക്കുന്നു. ഒരു മാസത്തിൽ പുതുതായി താലൂക്കുകളിൽനിന്നും കിട്ടിവരുന്ന പടങ്ങളുടെ ശരാശരി എണ്ണം ൩,൦൦൦ ആകുന്നു. ഇപ്പോൾ തെററോ ശരിയോ എന്നു പരിശോധിക്കേണ്ടതായി സർവ്വെ ആഫീസിൽ ന്യൻ,൭൪൫ പഴയ പടങ്ങൾ ബാക്കിയായി കിടക്കുന്നു. ജനങ്ങൾ റോഡു വെട്ടിട്ടു ഇപ്പോൾ അനേകം കൊല്ലങ്ങൾ ആയിരിക്കുന്നു. എന്നാൽ റോഡുകൾ ആയിരിക്കുന്ന ഭൂമികൾ സർവ്വെ ചെയ്തു അടയാളപ്പെടുത്തപ്പെട്ടിട്ടില്ലാത്തതിനാൽ പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിന്നു അവയെ സംരക്ഷണത്തിനായി കൈ ഏൽക്കാൻ നിവൃത്തിയില്ലാതിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ റോഡു സർവ്വേക്കു നിയമിക്കാൻപോകുന്ന വിശേഷാൽ ജോലിക്കാർ ഏതു രീതിയിൽ ഉള്ളവർ ആണെന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ്റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ൩ മാസം കാലത്തേക്കു മാസം ഒന്നുക്കു ൧൫ രൂപ ശമ്പളത്തിൽ ൩ അക്കൌണ്ടന്റുമാരും ൩ മാസംകാലത്തേക്കു വ രൂപ വീതം ശമ്പളത്തിൽ ൧൫ ചെയ്ന്മാരും, അതായതു ഓരോ അക്കൌണ്ടന്റും ചെയ്ന്മാരുടെ വീതം മാത്രമെ ആവശ്യമുള്ളു. മൊത്തം ചിലവു ൧൦൭ രൂപയാകുന്നു. ഇതിൽ ൪൦൫ രൂപ ജീവനക്കാർക്കും ൪൦൨ രൂപ തണ്ടിലവിനും ആയിട്ടാകുന്നു. അതുകൊണ്ടു കാര്യത്തിന്റെ അത്യാവശ്യനിലയെ ഗണിച്ചും അതു താലൂക്കിലെ ജനങ്ങളുടെ ഗുണത്തിനാണെന്നുള്ള വസ്തുതയെ ഗണിച്ചും സഭ ആവശ്യപ്പെട്ടിരിക്കുന്നതുകയെ യാതൊരു വൈമനസ്യവുംകൂടാതെ അനുവദിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇതുവരെ പണിതിട്ടുള്ളതായ കുടിവക റോഡുകളുടെ ഒരു ലിസ്റ്റ് കമ്മീഷണരുടെ ആഫീസിൽ ഉണ്ടോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ്റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ഒരു ലിസ്റ്റ് വരുത്തി അതിനെ പിന്നീടു മെംബറെ കാണിക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെ ഒരു ലിസ്റ്റ് കമ്മീഷണരുടെ ആഫീസിൽ ഉണ്ടോ എന്നും ഡിപ്പാർട്ടുമെന്റു അപ്പോഴപ്പോൾ സർവ്വേജോലി നടത്തുന്നുണ്ടോ എന്നും എനിക്കറിയേണ്ടിയിരിക്കുന്നു.

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ്റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അതെ. റോഡുകൾ ശരിയായി രക്ഷിക്കപ്പെടാതെ അനാഥസ്ഥിതിയിൽ വിട്ടിരുന്നാൽ അതിനാൽ ജനങ്ങൾക്കു യാതൊരു ഉപയോഗവും വരുന്നതല്ല. അവയെ സംരക്ഷണത്തിനായി പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കുന്നതിനുമുമ്പു ഭൂമിയെ സർവ്വെ ചെയ്യേണ്ടതായിരിക്കുന്നു. പത്തനംതിട്ട താലൂക്കിൽ ഇപ്പോൾ ൪൫ കർഷകന്മാരുടെ റോഡുകൾ ഉണ്ട്. അവയിൽ ഇതുവരെ ൧൫ മൈൽ ദൈർഘ്യംവരുന്ന ൪ റോഡുകൾ സർവ്വെ ചെയ്യപ്പെട്ടിട്ടുണ്ട്. ബാക്കി ൩൯ റോഡുകളേയും സർവ്വെ ചെയ്യേണ്ടതായും ൪൫ റോഡുകളേയും അടയാളപ്പെടുത്തികാണിക്കേണ്ടതായും ഇരിക്കുന്നു. സഭ ആവശ്യപ്പെട്ടിരിക്കുന്ന തുക അനുവദിക്കുമെന്നു ഞാൻ ആശിച്ചുകൊള്ളുന്നു.

രണ്ടാമത്തെ ഇനം ചില ചന്തകൾക്കുള്ള തുപ്പുകാക്കായിട്ടുള്ള തുകയെ റെവന്യൂഡിപ്പാർട്ടുമെന്റിൽനിന്നും സാനിട്ടറി ഡിപ്പാർട്ടുമെന്റിലേക്കു മാററിക്കൊടുക്കുന്നതിനായിട്ടാകുന്നു. ചില ചന്തകൾക്കുള്ള തുപ്പുകൾക്കു ശമ്പളം കൊടുക്കുന്നതിനായി ക്ലാസി. ചന്തകളുടെ പരിഷ്കരണം എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള ൪൪൦൦൦ രൂപയിൽ നിന്നും ഒന്നും രൂപയെ സാനിട്ടറി ഡിപ്പാർട്ടുമെന്റിന്റെ ബഡ്ജററിലേക്കു മാററണം എന്നു ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ തുക ൨൫൦൪-ാമാണ്ടത്തേക്കുള്ള ബഡ്ജററിൽ ഉൾപ്പെടുത്തിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡുറെവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): അതെ.

മി. എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെയാണെങ്കിൽ അതു ഒരു പുതുക്കൻ ഡിമാൻഡു ആയതു എങ്ങനെ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡുറെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ഈ വിഷയം ഇപ്പോൾ എഴുത്തുകുത്തിൽ ഇരിക്കുന്നതിനാൽ ഞാൻ ചെയ്യാൻ ഉദ്ദേശിക്കുന്നതു അതിനെ എന്റെ ബഡ്ജററിൽനിന്നും എടുത്തു സാനിട്ടറിഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കുക എന്നുള്ളതാകുന്നു. ഈ തുക ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ചന്തകളിൽ ശുചീകരണത്തെ നന്നാക്കുന്നതിനും സംരക്ഷിക്കുന്നതിനും സാനിട്ടറി ഡിപ്പാർട്ടുമെന്റു നിയന്ത്രിച്ചുവരുന്ന രീതിയിൽ വൃത്തിയാക്കി മെയ്യുന്നതിനും ആയിട്ടാകുന്നു. സാധാരണ സ്ഥിതികളിൽ ഞങ്ങൾ ചെയ്തുവരുന്ന ചന്തകൾ കൂടുന്നതിനു പുറകെ തുക കൊടുക്കുകയാണ്. ശുചീകരണങ്ങൾ സാനിട്ടറിഡിപ്പാർട്ടുമെന്റുതന്നെ നടത്തേണ്ടതാണ്. ചന്തകളിൽ കുറെകൂടി നല്ലതായ ശുചീകരണം സിദ്ധിക്കുന്നതിനായി കൺസർവൻസി കടന്നുകൂടിയുള്ള ൨൪ ചന്തകളെ അടിച്ചുവാരി വൃത്തിയാക്കുന്നതിനുള്ള ജോലിക്കാരെ റെവന്യൂഡിപ്പാർട്ടുമെന്റിൽനിന്നും സാനിട്ടറിഡിപ്പാർട്ടുമെന്റിലേക്കു മാററുന്നതിനു യോഗമുണ്ടെന്നു അനുവദിച്ചു. മേൽപറഞ്ഞ ജീവനക്കാരുടെ ശമ്പളത്തിനുള്ള തുക സാനിട്ടറി ഡിപ്പാർട്ടുമെന്റു ബഡ്ജററിൽ ഉൾപ്പെടുത്തിട്ടില്ലാത്തതിനാൽ ഈ ഇനത്തെ ആണ്ടോരുംതോറും മാത്രമായിരിക്കുന്ന സ്ഥിതിക്കു സാനിട്ടറി ഡിപ്പാർട്ടുമെന്റിലേക്കു മാററിയേക്കാമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): സാനിട്ടറി ഡിപ്പാർട്ടുമെന്റിലെ ബഡ്ജററിൽ എന്തുകൊണ്ടു ഇതു ചേർത്തില്ല?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡുറവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ആണ്ടോട്ടു തുക ഇപ്പണി റെവന്യൂഡിപ്പാർട്ടുമെന്റു നടത്തിവന്നു; അതുകൊണ്ടു റെവന്യൂബഡ്ജററിൽ ഇതിലേക്കു തുക നിശ്ചയിച്ചിരുന്നു. ഈ പണി സാനിട്ടറിഡിപ്പാർട്ടുമെന്റു നടത്തുന്നതാണെന്നു ഗവർണ്ണമെണ്ടു ഇപ്പോൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ തുക അനുവദിക്കുന്നതുകൊണ്ടു ഈ തുക സാനിട്ടറി ഡിപ്പാർട്ടുമെന്റിലേക്കു മാറേണ്ടതായി ഉദ്ദേശിച്ചിരിക്കുന്നില്ലയോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡു റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അതേ, അങ്ങനെതന്നെയാണ് സംഗതി.

മി: എസ്സ്. പിറവിപെരുമാൾപിള്ള (കുച്ചുവടവും വ്യവസായവും തെക്ക്): ഇതു കേവലം തുകയെ ഒന്നിൽ നിന്നു മറെറാന്നിലേക്കു മാററി എടുക്കൽ അല്ലേ.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അതെ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ചന്തകളുടെ നിയന്ത്രണപരിപാലനം സാനിട്ടറി ഡിപ്പാർട്ടുമെന്റിലേക്കു മാററപ്പെട്ടുണ്ടു എന്നു ലാൻഡ്റെവന്യൂകമ്മീഷണർ പറയുന്നുവോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ശുചീകരണവും പൊതുജനാരോഗ്യവും സംബന്ധിച്ചതായ സകല കാര്യങ്ങളിലും ഒന്നിച്ചു ഉണ്ടായിരിക്കേണ്ടതു സാനിട്ടറിഡിപ്പാർട്ടുമെന്റിന്റെ ധർമ്മം ആകുന്നു. ഈ വിധത്തിൽ ആണു നിയന്ത്രണപരിപാലനം സാനിട്ടറി ഡിപ്പാർട്ടുമെന്റിലേക്കു മാററിയതായി ഞാൻ പറയുന്നതു് സാനിട്ടറികമ്മീഷണരുമായി ആലോചിച്ചു് ലാൻഡ് റെവന്യൂ ഡിപ്പാർട്ടുമെന്റു ചന്തകൾക്കു ആവശ്യമുള്ള കരിങ്കുരമയിൽ കെട്ടിവരുന്നു. ഈ വിധം സാനിട്ടറികമ്മീഷണരും ഞാനും യോജിച്ചു പ്രവർത്തിക്കുന്നു. മററു വല്ല പുരകളും ആവശ്യം ഉണ്ടെന്നു അദ്ദേഹം പറയുമ്പോൾ വേണ്ടതു ചെയ്തുകൊടുക്കാൻ പേഷ്കാർമാരോടു ഞാൻ ആവശ്യപ്പെടുന്നു. ഇതിലേക്കു എസ്റ്റിമെററ്തയ്യാറാക്കി, കെട്ടിടങ്ങൾ പൂർത്തിയായതിൽ പിന്നിട്ടു അവയിൽ നിന്നു കരം പിരിക്കുന്ന ജോലി റെവന്യൂഡിപ്പാർട്ടുമെണ്ടു നടത്തും. ചില വലിയ ചന്തകളിൽ മതിൽകെട്ടുന്നതിനു എഞ്ചിനീയർ ഡിപ്പാർട്ടുമെന്റിന്റെ സഹായം റെവന്യൂഡിപ്പാർട്ടുമെന്റു അപേക്ഷിക്കുന്നു. ചെറുതരം ചന്തകളിൽ ഈ പണികൾ ഡിപ്പാർട്ടുമെൻറുതന്നെ നടത്തുന്നു. നെടുമങ്ങാട്ടു ചന്തയിൽ പണി പൂർത്തിയാകും എന്നു ഞങ്ങൾ ആശംസിക്കുന്നു. സാനിട്ടറികമ്മീഷണരും ഞാനും സ്ഥലം ചെന്നുനോക്കി കൂടുതൽ പുരകൾ ആവശ്യം ഉണ്ടെന്നുകണ്ടു ചന്തകൾ നന്നാക്കുന്നതിലേക്കു ബഡ്ജററിൽ അനുവദിച്ചിട്ടുള്ള തുകകൾ എല്ലാം ഈയ്യാണ്ടിൽ ചിലവാക്കപ്പെടും.

പ്രൈസിഡെണ്ടു: നിങ്ങൾ പ്രസ്തുതവിഷയംവിട്ടു സംസാരിക്കുന്നില്ലയോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അടുത്തകാലത്തു തിരുവിതാംകൂറിലേക്കു സർവ്വേ മാനുവൽ ക്രോഡീകരിച്ചു പ്രസിദ്ധപ്പെടുത്തിയപകർപ്പു മിസ്റ്റർ എം. രാഘവയ്യങ്കാർക്കു വേതനം കൊടുക്കുന്നതിനെ പററിയാകുന്നു. ഇതു മദ്രാസ് സർവ്വേ മാനുവലിന്റെ രീതിയിൽ ഉണ്ടാക്കിട്ടുള്ള നല്ല ഗ്രന്ഥം ആണ്. മദ്രാസിൽ എന്നപോലെ സർവ്വേ ഡിപ്പാർട്ടുമെന്റിലേയും റെവന്യൂ ഡിപ്പാർട്ടുമെന്റിലേയും ഉദ്യോഗസ്ഥന്മാരുടെ മാർഗ്ഗദർശനത്തിനായി ആഫീസിൽ ഇരുന്നു് ജോലിചെയ്യുന്നവരുടെയും ഫീൽഡിൽ ചെന്നു ജോലിചെയ്യേണ്ടവരുടേയും പ്രവൃത്തിയേയും കൃത്യങ്ങളേയും നിർണ്ണയിച്ചു വിവരിക്കുന്നതായ ഒരു മാനുവൽ ഉണ്ടായിരിക്കേണ്ടതു ആവശ്യം ആണെന്നു വിചാരിക്കപ്പെട്ടു. ഈ പ്രവൃത്തിയിൽ

പരിചയം മിസ്റ്റർ രാഘവയ്യങ്കാർക്ക് ഉണ്ടായിരുന്നതുകൊണ്ടു മാനുവൽ ക്രോഡീകരിക്കുന്ന ജോലി അദ്ദേഹത്തിനെ ഏൽപ്പിച്ചിരുന്നു അദ്ദേഹം നിയമപ്രകാരം ഉള്ള തന്റെ ജോലിയോടുകൂടി ഇതു മുഴുവനും നിർവ്വഹിക്കേണ്ടിയിരുന്നു. ഇതു നിമിത്തം വലിയ ചിലവും അദ്ദേഹത്തിനു ഉണ്ടായിരുന്നു. ഈ കഠിനമായ പ്രവൃത്തിയെ ഗണിച്ചു്, ഈ പ്രവൃത്തി പൂർത്തിയാക്കിയതിൽ പിന്നീടു അദ്ദേഹത്തിനു ബഹുമതിവേതനം കൊടുക്കണം കാര്യം ആലോചിക്കുന്നതാണെന്നു അദ്ദേഹത്തിനോടു പറഞ്ഞിരുന്നു. മിസ്റ്റർ രാഘവയ്യങ്കാർ ആ പ്രവൃത്തി ഫെബ്രുവരി മാസം ആരംഭിച്ചു; ഫെബ്രുവരി മാനുവലിന്റെ നകൽ അദ്ദേഹം അയച്ചു. ക്ക ൦ ൦ രൂപാ വേതനമായി കിട്ടണം എന്നു മിസ്റ്റർ രാഘവയ്യങ്കാർ ആവശ്യപ്പെട്ടിരുന്നു എങ്കിലും ഇക്കാര്യത്തിലേക്കു ക ൦ ൦ രൂപാ അദ്ദേഹത്തിനു കൊടുക്കാം എന്നു ഗവണ്മെന്റ് തീർച്ചയായി. മാനുവൽ ഇപ്പോൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകഴിഞ്ഞിരിക്കുന്നു. ഒന്നാംഭാഗത്തിൽ ക ൭ അദ്ധ്യായം ഉണ്ടു് അതിൽ ഫീൽഡിലും ആഫീസിലും വച്ചു ക്യാഡസ്ട്രൽ സർവ്വേ റീസർവ്വേ ടൗൺ സർവ്വേ എന്നി പ്രവൃത്തികൾ നടത്തേണ്ടതിൽ ആവശ്യമുള്ള വിവിധ മാർഗ്ഗങ്ങളെ പ്രതിപാദിച്ചിരിക്കുന്നു. സർവ്വേയ്ക്കും ട്രായിംഗിനും വേണ്ട യന്ത്രങ്ങളുടെ സംഗ്രഹമായ വിവരണവും അതിൽഉണ്ടു്. ക്ക്യ അദ്ധ്യായം ഉള്ള രണ്ടാംഭാഗത്തിൽ ലാൻഡ്‌റെക്കോർഡ്സ് സർവ്വേ, റെവന്യൂ എന്നീ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാർക്കു ഉപയോഗമുള്ളതാണ്.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും മന്ത്രി): അതിനു എത്ര പുറം ഉണ്ടു എന്നു അറിയേണ്ടിയിരിക്കുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റെവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ഒന്നാംഭാഗത്തിൽ വിവരണവാക്യങ്ങൾ അടങ്ങിയതായി ക ൭ ൦ പുറവും രൂപങ്ങൾ അടങ്ങിയ അനേകം വശങ്ങളും ഉണ്ടു്. രണ്ടാംഭാഗത്തിൽ വിവരണവാക്യം ഉള്ളതായി ക്യ്യ പുറം ഉണ്ടു്. സ്റ്റേറ്റുമെൻറുകൾ അടങ്ങിയതായ കൂടുതൽ വശങ്ങളും ഉണ്ടു്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അദ്ദേഹം സ്ഥിരമായ ഉദ്യോഗസ്ഥൻ ആയിരുന്നുവോ?

മി: എസ്. സി. എച്ച് റാബിൻസൺ (ലാൻഡു റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അദ്ദേഹം പെൻഷൻവാങ്ങുന്നതിനു പ്രാരംഭമായി അവധിയിൽ ഇരിക്കുകയാണ്. അദ്ദേഹം ചെയ്തിട്ടുള്ള കൂടുതൽ ജോലിയെ ഗണിച്ചു അദ്ദേഹത്തിനു ഒരു വേതനം കൊടുക്കണം എന്നു ഗവണ്മെന്റു നിശ്ചയിച്ചു. ഒരു മാനുവൽ പ്രസിദ്ധപ്പെടുത്തേണ്ടതു അദ്ദേഹത്തിന്റെ ന്യായമായ ജോലിയിൽ ഉൾപ്പെട്ടതായിരുന്നില്ല.

മി: എ. രാമപിള്ള (തിരുവനന്തപുരം) അതു ഇപ്പോൾ ഉള്ള ചട്ടങ്ങളെ ശേഖരിച്ചു രൂപീകരിച്ചതൊ അതല്ല പുതുതായി ചട്ടങ്ങൾ ഉണ്ടാക്കിയതൊ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡു റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): പുസ്തകം സർവ്വേയും റെവന്യൂവും ഉദ്യോഗസ്ഥന്മാർക്കു കച്ചേരിജോലിയിലും വെളിയിലുള്ള ജോലിയിലും ഉപയോഗമായി രിക്കത്തക്ക വ്യ ഖ്യാനങ്ങളോടുകൂടി ഓരോകാലത്തു ഉണ്ടായിട്ടുള്ള ഡിപ്പാർട്ടുമെൻറൽ ഉത്തരവുകളേയും ചട്ടങ്ങളേയും ശേഖരിച്ചിട്ടുള്ളതാകുന്നു

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇതു കൌൺസിൽ ലൈബ്രറിയിൽ ലഭ്യമാണോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡു റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അതെ.

മി: മുറവേലിൽപാച്ചുപിള്ള (ചേർത്തല): മി: രാഘവയ്യങ്കാരെ സ്പെഷ്യലായി ഈ ജോലിക്കു നിയമിച്ചിരുന്നോ? അതല്ല സ്വന്തജോലിക്കുപുറമെ ഈ ജോലികൂടി ചെയ്യാൻ നിയമിച്ചിരുന്നോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡു റെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അദ്ദേഹത്തിന്റെ സ്വന്തം ജോലിയോടുകൂടി ഈ ജോലികൂടി ചെയ്യാൻ അദ്ദേഹത്തെ ഏൽപ്പിച്ചിരുന്നു.

മി: മുറവേലിൽപാച്ചുപിള്ള (ചേർത്തല): ഈ റിപ്പോർട്ടു എഴുതിത്തീർക്കുന്നതിനു എത്രകാലം വേണ്ടിവന്നു എന്നു ദയവായി പറയുമൊ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡു റെവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ഒരു കൊല്ലത്തിൽ കൂടുതൽ.

മി: മുറവേലിൽപാച്ചുപിള്ള (ചേർത്തല): എൻ. ആർ. എം. കമ്മിററി റിപ്പോർട്ടിൽ ഒരു മിസ്റ്റർ രാഘവയ്യങ്കാരെപ്പററി പറയുന്നതങ്ങനെല്ലോ? ആ രാഘവയ്യങ്കാരും ഈ രാഘവയ്യങ്കാരും ഒന്നുതന്നെയാണോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡുറെവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അതെ-അതുതന്നെയാണു ഈ ഇക സ്ഥ അനുവദിക്കണമെന്നു ഞാൻ വിശ്വസിക്കുന്നു.

നാലാമത്തെ ഇനം സർവ്വേ ആഫീസിൽ ലാൻഡുറിക്കാർഡുമെയിൻറനൻസു പടങ്ങളെ പരിശോധിക്കുന്നതിനു ആവശ്യപ്പെട്ടിരിക്കുന്ന കൂടുതൽ ജീവനക്കാർ ആകുന്നു ഇതിലേക്കു വന്നുചേരുന്ന രൂപ ആവശ്യപ്പെട്ടിരിക്കുന്നു. സംസ്ഥാനം ഒട്ടുക്കു ഉള്ള ഓരോ താലൂക്കിലും നിയമിക്കപ്പെട്ടിരിക്കുന്ന റെവന്യൂസൂപ്പർവൈസർമാർ തന്ത്രച്ചുകളെ സർവ്വേ ആഫീസിലേക്കു പരിശോധനക്കായി അയക്കുന്നു. സർവ്വേ ആഫീസിൽ ഉള്ള സാധാരണ ജോലിക്കാർ ഈ പ്രവൃത്തിയുംകൂടി നടത്തുന്നതിനു അശക്തർ ആയിരിക്കകൊണ്ടു ഗവണ്മെണ്ടു കൂടുതൽ ജീവനക്കാരെ അനുവദിച്ചു ഏതാനും കാലം കഴിഞ്ഞതിൽപിന്നീടു ഈ ജീവനക്കാർ വർദ്ധമാനമായ ഈ പണി ചെയ്തുതീർക്കുന്നതിനു തീരെ പര്യാപ്തമല്ല എന്നു കണ്ടതുകൊണ്ടു ഈ ജീവനക്കാരിൽ കൂടുതൽ എണ്ണം ആളുകളെ നിയമിക്കുന്നതിനായി കൂടുതൽ നിർദ്ദേശങ്ങൾ റെവന്യൂ സെക്രട്ടറി സർക്കുലറായി അയച്ചു. ക്ക ൦ ൭ പ്രാമാണ്യത്തുകകളുടെ പ്രാഥമിക ബജററിൽ ൨ ൦ ക്ക ൨ ൭ രൂപാ ശമ്പളത്തിൽ ൧ ൦ ൨ ൦ രൂപ വീതം ശമ്പളത്തിൽ ക്ക ൦ കമ്പ്യൂട്ടർ ഡ്രാഫ്ട്സുമാൻ ഉള്ളതായ ഒരുകൂട്ടം കൂടുതൽ ജീവനക്കാർക്കു വ്യവസ്ഥചെയ്തു സങ്കേതകം സമർപ്പിച്ചു എന്നുവരികിലും അതിലേക്കുള്ള ഇക അനുവദിക്കപ്പെട്ടില്ല. അതുകൊണ്ടു തൽകാലമായി അനുവദിച്ചിരുന്ന നാലു ഡ്രാഫ്ട്സ്മാൻമാരെ ആയാണ്ടുതൽ പിരിച്ചയക്കേണ്ടിവന്നു. ഒരുകമ്പ്യൂട്ടർഡ്രാഫ്ട്സ്മാൻമാരുടേയും

ശരാശരി ൧൫൦ സ്കെച്ചുവീതം പരിശോധിച്ചു തീർക്കാമെന്നു നിശ്ചയിക്കാം. ഈ ക്രമത്തിനു ഓരോ മാസവും താലൂക്ക ആഫീസിൽനിന്നു കിട്ടുന്നതായ പുതിയ സ്കെച്ചുകൾ പരിശോധിക്കുന്നതിനു വേ പേർ വേണ്ടി വരും. ഇതിനുപുറമെ പുതുക്കിയ ലാൻഡ്സുറിക്കാർഡുമെയിൻറനൻസ് ചട്ടങ്ങൾപ്രകാരം ട്രാവെർസുസ്കെച്ചുകൾമാപ്പുകളും സ്കെലിട്ടൺ ഡിമർക്കേഷൻ സ്കെച്ചുകളും തയ്യാറാക്കുന്ന ജോലിയും, കായൽ, പുഴ മുതലായവ ആയക്കെട്ടു പുറമ്പോക്കുകൾക്കും ഡൈനർ സർക്ക്യൂട്ടുകളിൽ സർവ്വേ ചെയ്തിട്ടുള്ള പുതുക്കൽ സബ്ഡിവിഷനുകൾക്കും പടം ഉണ്ടാക്കുന്ന ജോലിയും ഇവർ ചെയ്തുണ്ടിരിക്കുന്നു. ഈ പ്രവൃത്തി ചെയ്തുതീർത്തില്ലെന്നുവരുകിൽ നമുക്കു കരം നഷ്ടമാകും. വസ്തുക്കൾ ശരിയായി പതിച്ചുകൊടുക്കുന്നതിനു ഇടയാകുകയില്ല. ഓരോ താലൂക്കിൽനിന്നു കിട്ടുന്ന സ്കെച്ചുകളെ ഉടനടി പരിശോധിച്ചു മേൽ നടപടിക്കായി അടക്കി അയക്കാതിരുന്നാൽ റെവന്യൂകേസുകൾ തീർച്ചചെയ്യുന്നതിനു താമസിക്കും. ഈ വിധം മോഷം നേരിടാതെ പരിഹരിക്കേണ്ടതാകുന്നു. അനേകം പഴയ സ്കെച്ചുകൾ പരിശോധിക്കാതെ സർവ്വേ ആഫീസിൽ കിടക്കുന്നുണ്ട്.

മി: ടി. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): എത്ര താലൂക്കുകളിലെ സ്കെച്ചുകൾ സർവ്വേ ആഫീസിൽ പൂർണ്ണമായി പരിശോധിച്ചുതീർന്നിട്ടുണ്ട് എന്ന് അറിയേണ്ടിയിരിക്കുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്സുറവന്യൂവും ഇൻകംടാക്സും കമ്മീഷണർ): മാസംതോറും ൩൦൦൦ എണ്ണത്തോളം സ്കെച്ചുകൾ വരുന്നുണ്ട്. ൧൯൦൩ കുംഭം ൧൩ വ്യ, ൪ വ്യൻ പഴയ സ്കെച്ചുകൾ പരിശോധിക്കാതെകിടക്കുന്നതായും ൧൯൦൩-ാമാണ്ടത്തെ ആദ്യത്തെ ആറുമാസം കാലത്തിനുള്ളിൽ സർവ്വേ ആഫീസിൽ വ്യൻസ്കെച്ചുകൾ കിട്ടിട്ടുള്ളതായും ബോധിപ്പിച്ചിരിക്കുന്നു. പുതിയ സ്കെച്ചുകൾ മാസം ഒന്നുക്കു ശരാശരി ൧൫൦൦ വീതം വരുന്നുണ്ട്. ൧൯൦൩ കുംഭം മുതൽ ൧൯൦൪ കന്നി ൧൩-നു വരെയുള്ള കാലത്തിനിടയ്ക്കു താലൂക്കാഫീസുകളിൽനിന്നു മാസംതോറും ശരാശരി ൩൦൦൦ പുതിയ സ്കെച്ചുകൾ സർവ്വേ ആഫീസിൽ കിട്ടിട്ടുണ്ടു എന്നു കാണുന്നു. ഈ തോതിൽ കണക്കു നോക്കുന്നതായാൽ താലൂക്കാഫീസുകളിൽ നിന്നു കിട്ടുന്ന പുതിയ സ്കെച്ചുകളെ പരിശോധിക്കുന്നതിനു വേ ജീവനക്കാർ വേണ്ടതാണ്. ഈ സംഗതി ഞാൻ വിവരമായി പറഞ്ഞുകഴിഞ്ഞു. ലാൻഡ്സുറിക്കാർഡ്സ് പദ്ധതി ആദ്യമായി നടപ്പാക്കിയപ്പോൾ മലംപ്രദേശം അല്ലാത്ത താലൂക്കുകളിൽ ലാൻഡ്സ് റെക്കാർഡ്സ് സംരക്ഷണജോലി നടത്തുന്നതിനു വേ റെവന്യൂസൂപ്പർവൈസർമാരും വേ ൧ അക്കൗണ്ടൻറുമാരും വേ ൧ ശിപായിമാരും അടങ്ങിയ ഒരുകൂട്ടം ജീവനക്കാർ അനുവദിക്കപ്പെട്ടു. പുതിയ പദ്ധതി മുഖേന പ്രാഥമിക ദശയിൽ ഇരുന്നതുകൊണ്ടു സർവ്വേ ആഫീസിൽ ആഫീസ് കാര്യങ്ങൾക്കായി യാതൊരു കൂടുതൽ ജീവനക്കാരുടേയും ആവശ്യകത നേരിട്ടില്ല. അതുകൊണ്ടു കൂടുതൽ ജീവനക്കാർ വേണമെന്നാവശ്യപ്പെട്ടില്ല. ഈ പ്രവൃത്തി കഴിഞ്ഞ ഉടനുകൊല്ലങ്ങളായി നടന്നുവരുന്നു. പഴയജീവനക്കാർ ചെയ്തുതീർത്തിട്ടില്ലാത്ത കുടിശ്ശികയ്ക്കു പുറമെ അനേകം സ്കെച്ചുകൾ പരിശോധനത്തിനായി സർവ്വേ ആഫീസിൽ കിട്ടിട്ടുണ്ട്. സർവ്വേ ആഫീസിലെ സാധാരണ ജീവനക്കാരെകൊണ്ടു ഈ പ്രവൃത്തിയായ ജോലി ചെയ്തുതീർക്കാൻ മതിയാകുന്നില്ല. മേൽപറഞ്ഞ ജീവനക്കാരുകൊണ്ടു പഴയ കുടിശ്ശികയും ഇപ്പോഴത്തെ സ്കെച്ചുകളും ചെയ്തുതീർപ്പിക്കുന്നതു പ്രകൃത്യാ അശക്തം ആകുന്നു. സ്കെച്ചുകളുടെ പരിശോധനം താമസിപ്പിച്ചാൽ അതു റെവന്യൂകേസുകളുടെ തീർച്ചയെ അധികമായി ബാധിക്കും. ഇപ്പോൾ ഉള്ള സർവ്വയർമാരെ ഡിപ്പാർട്ടുമെൻറിലെ സാധാരണ ഫീൽഡുജോലിക്കു ആവശ്യം ഉള്ളതുകൊണ്ടു അവർക്കു ഈ ജോലിചെയ്യാൻ കഴിയുകയില്ല; കമ്പ്യൂട്ടർ ഡ്രാഫ്ട്സ്മാൻെറ പണിയാകട്ടെ ആഫീസിൽവച്ചു ചെയ്യേണ്ടതും ആണ്. ഇപ്പോൾ ഉള്ള സർവ്വയർമാർതന്നെയും ഫീൽഡ് ജോലിക്കു മതിയാകുന്നില്ല എന്നു കണ്ടതുകൊണ്ടാണ് അതിരേക്ക വിശേഷാൽ ജീവനക്കാരെ നിയമിക്കേണ്ടിവന്നതു്.

ആവശ്യപ്പെട്ടിട്ടുള്ള കൂടുതൽ ജീവനക്കാരെ നിയമിക്കേണ്ടതു അത്യാവശ്യം ആണെന്നു സമ്മതിക്കുന്നു. ഇപ്പോൾ ബോധ്യപ്പെട്ടിരിക്കും എന്നും സഭ ഇതു അനുവദിക്കാം എന്നും ഞാൻ വിശ്വസിക്കുന്നു.

പ്രൈസിംഗ്ഡണ്ട്. സഭ ഈ ഇനം അനുവദിക്കുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

൪,൭൪൦ രൂപാ ചിലവു അനുവദിക്കപ്പെട്ടു.

ഡിമാൻഡ് III. എക്സൈസ് ഡിപ്പാർട്ടുമെണ്ട്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ) ആറു എക്സൈസ് പ്രിവെണ്ടിവ് സ്റ്റേഷൻ പണിയിക്കുന്നതിനു ൩൦൦൦ രൂപയിൽ കവിയാത്ത ഒരു തുക കൂടുതലായി അനുവദിക്കണം എന്നു അപേക്ഷിക്കുന്നതായി ഞാൻ എഴുതിക്കണ്ടു. ഈയാണ്ടു പുതിയ സ്റ്റേഷനുകൾ പണിയിക്കുന്നതിനു നിർദ്ദേശങ്ങൾ കിട്ടിട്ടുണ്ടു; അവയ്ക്കു ചില പിന്നായി തുക അനുവദിക്കുന്നതിനു ഞാൻ സഭയോടു അപേക്ഷിക്കുന്നു. ഡിപ്പാർട്ടുമെൻറ് പണിയിക്കാൻ ഉദ്ദേശിക്കുന്ന ആറു സ്റ്റേഷനുകളിൽ ഒന്നാമത്തെ ഈരാറ്റുപേട്ടയിൽ ഡിവിഷനിൽ പെട്ടിക്കടവിൽ ആണ്. കൊച്ചി അതിർത്തിയെ കാത്തു സൂക്ഷിക്കുന്നതിലേക്കായി ഇവിടെ ഒരു മൂന്നാംക്ലാസ് സ്റ്റേഷൻ പണിയിക്കാൻ ഉദ്ദേശിച്ചിരിക്കുന്നു. ഇതിലേക്കു നിശ്ചയിച്ചിരിക്കുന്ന സ്ഥാനം പൂഞ്ഞാട്ടായിൽനിന്നു ഉദയപെരുക്കുള്ള തോട്ടിൻെറ പടിഞ്ഞാറൻവശത്താണ്. തോട്ടിൻെറ കിഴക്കുള്ളതു കൊച്ചിരാജ്യം ആകുന്നു. ഇതു കാര്യത്തിലേക്കു അഞ്ചു ഏസൻറു സ്ഥലം വിലക്കു വാങ്ങുന്നതിനു നടപടിവരുത്തിക്കഴിഞ്ഞിരിക്കുന്നു

രണ്ടാമത്തെ പിറവം ഡിവിഷനിൽ മുളക്കുളത്താണ്; ഇതു തൊടുപുഴ താലൂക്കിൽ മുളക്കുളം പകുതിയിൽ ആണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം) സർ, ഞാൻ നടപടിക്രമത്തെപ്പറ്റി ഒരു കാര്യം ചോദിക്കുന്നു ഇവിടെ പ്രസംഗങ്ങൾ എഴുതിവായിക്കാമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ) ഞാൻ പ്രസംഗം എഴുതി വായിക്കുന്നില്ല. ശരിയായ അറിവു നല്കുന്നതിലേക്കായി സ്ഥലങ്ങളുടെ പേരുകൾ ഞാൻ വായിക്കുന്നേയുള്ളു. മുളക്കുളം പകുതിയിൽ ഒരു സ്റ്റേഷൻ സ്ഥാപിക്കുന്നതിൻെറ ഉദ്ദേശം പുകയില വ്യാജമായി കടത്തുവരാതെ തടയുന്നതിനായിട്ടാകുന്നു. നിശ്ചയിച്ചിരിക്കുന്ന സ്ഥാനം പകുതിക്കു തെക്കിക്കിടത്താണ്; ഇതു വ്യാജം കണ്ടുപിടിക്കാൻ ഉചിതമായ സ്ഥാനം ആണ്. ഇതിലേക്കു വസ്തു വിലയ്ക്കു വാങ്ങിക്കഴിഞ്ഞു. ൧൦൦൦ രൂപായ്ക്കു മേലുള്ള തുകയ്ക്കു എസ്റ്റിമേറവും അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാനം ഡിപ്പാർട്ട്മെണ്ടിലേക്കു ഏറ്റെടുപ്പിച്ചു കിട്ടിയതേയുള്ളു. പണി വേഗത്തിൽ തുടങ്ങേണ്ടിയിരിക്കുന്നു.

അടുത്തതു തിരുവനന്തപുരം ഡിവിഷനിൽ വിളപ്പിൽശാല താലൂക്കിൽ നൈങ്കരും പകുതിയിൽ പുതുതായി ഒരു സ്റ്റേഷൻ ആണ്. ഇതു അവിടെക്കു നിയമിച്ചിട്ടുള്ള സബ് ഇൻസ്പെക്ടരുടേയും ജീവനക്കാരുടെയും ആഫീസിലെ ഉപയോഗത്തിനായി ഉദ്ദേശിച്ചിട്ടുള്ളതാകുന്നു. ഏതാനും കൊല്ലങ്ങൾക്കു മുൻപു അവിടെ ഒരു പോലീസ് ഔട്ട് സ്റ്റേഷൻ ഉണ്ടായിരുന്നു; അതു നിർത്തലാക്കിയപ്പോൾ അതിനെ ഉപയോഗിച്ചു കൊള്ളുന്നതിനു അനുവാദത്തിനായി ആ അവസരത്തിൽ ഞങ്ങൾ ഗവണ്മെൻറിനോടു അപേക്ഷിച്ചു. അതിൽ പിന്നീടു പോലീസ് ഡിപ്പാർട്ട്മെണ്ടു് അവരുടെ ഉപയോഗത്തിൽ കെട്ടിടം ആവശ്യപ്പെട്ടു; അവരുടെ അപേക്ഷയിന്മേൽ ഞങ്ങൾക്കു ആ പോലീസ് ഡിപ്പാർട്ടുമെണ്ടിലേക്കു വിട്ടുകൊടുക്കേണ്ടിവന്നു എന്നാൽ ഡിപ്പാർട്ടുമെണ്ടിലേക്കു കെട്ടിസെൻറ്സ്ഥലം വിലയ്ക്കു വാങ്ങുന്നതിനായി ഇതിനു മുമ്പിലെ ഗവണ്മെൻറിൽ അറിയിച്ചിട്ടുണ്ട്.

മറെറാരു സ്റ്റേഷൻ ആലുവാ ഡിവിഷനിൽ പറവൂർ താലൂക്കിൽ 'കാട്ടുവള്ളി പകുതിയിൽ ഏണ്ണത്തോടു സ്റ്റേഷൻ ആണ്. ഇവിടെ ആഫീസരുടേയും ശിപായിമാരുടേയും വാസത്തിനുള്ള ഗൃഹങ്ങളോടുകൂടി ഒരു ഗ്രാമാങ്ക്സ് സ്റ്റേഷൻ ഇവിടെ കെട്ടുന്നതിനു ഉദ്ദേശിച്ചിരിക്കുന്നു. ഇതിനു നിശ്ചയിച്ചിരിക്കുന്ന സ്ഥലം ചീങ്കണ്ണിത്തോട്ടിന്റെ മുഖത്താണ്. ഉവിടെനു സകല ജലസഞ്ചാരമാർഗ്ഗങ്ങളിലും കാണാവുന്നതാണ്. ഇക്കാര്യത്തിലേക്കു വസ്തു വിലയ്ക്കു കൊള്ളുവാൻ നടപടി ചെയ്തു കഴിഞ്ഞിരിക്കുന്നു. ഏതാനുമുപയോഗം ഇതിനു എസ്റ്റിമേററും അനുവദിച്ചിട്ടുണ്ട്. പറവൂരിൽ മാട്ടിനത്തുമണ്ണും വരാപ്പുഴ പകുതിയിൽ മറെറാന്നും ആയി രണ്ടു സ്റ്റേഷൻകൂടി കെട്ടാനുണ്ട്. എന്നാൽ അവ ഇപ്പോൾ അത്യാവശ്യമായി ഉപയോഗം ഇല്ലാത്തവയല്ല. മുതലെടുപ്പിനെ പരിരക്ഷിക്കുന്നതിനു മററു സ്റ്റേഷനുകൾ പണിയിക്കേണ്ടതു അത്യന്താവശ്യമായിരിക്കുന്നു.

മി: ജി. താണുപിള്ള (തിരുവനന്തപുരം): പ്രാജം നടക്കാതെ തടയുന്നതിനുള്ള ഈ സ്റ്റേഷനുകളുടെ ആവശ്യകത എപ്പോൾ ഉണ്ടായി എന്നു മെമ്പറിൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി: പി. ഗോമതിനായകം പിള്ള (എക്സൈസ് കമ്മീഷണർ): എക്സൈസ് പ്രിവണ്ടിവ് സ്റ്റേഷനുകൾ പണിയിക്കുന്നവകയ്ക്കു ഒരു നിശ്ചിത ചട്ടം ഉണ്ടായിരിക്കുന്നതു ഡിപ്പാർട്ടുമെണ്ടിനു സാധ്യമല്ല. അസിസ്റ്റണ്ട് എക്സൈസ് കമ്മീഷണർമാരുടെ നിർദ്ദേശങ്ങൾ കിട്ടി വരുന്നു; അവയെ പരിശോധിച്ചതിൽ പിന്നീടു ഈ പദ്ധതികളെ അനുവാദത്തിനായി ഗവണ്മെൻറിലേക്കു അയച്ചു വരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ പ്രിവെണ്ടിവ് സ്റ്റേഷനുകൾ കെട്ടണം എന്നു തീർച്ചപ്പെടുത്തിയതു എപ്പോൾ ആണെന്നു അറിയേണ്ടിയിരിക്കുന്നു

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ) ഏകദേശം രണ്ടു കൊല്ലത്തിനു മുൻപ്; ഇത്രയും കാലം ഈ സംഗതി ആലോചനയിൽ ആയിരുന്നു. ഈ നിർദ്ദേശങ്ങൾ വിവിധദേശങ്ങളിൽ അഭിവൃദ്ധിയെ പ്രാപിച്ചിരുന്നു എന്നു ഞാൻ മെമ്പറിനെ അറിയിക്കാം. മുളകുളത്തിലേക്കു തുക അനുവദിച്ചു; ചീങ്കണ്ണിത്തോട്ടിലേക്കു വസ്തുവിലയ്ക്കു വാങ്ങുവാൻ നടപടി നടന്നുകഴിഞ്ഞു. അതുകൊണ്ടു ആവശ്യകത എപ്പോൾ ഉണ്ടായി എന്നു ഈ പദ്ധതിയിൽ നമുക്കു പറയാൻ വഹ്യം. പറവൂർ താലൂക്കിൽ കൊച്ചി രാജ്യത്തിലെ അതിർത്തിയിൽ ഒരു പ്രിവെണ്ടിവ് സ്റ്റേഷൻകൂടി സ്ഥാപിക്കാൻ ഉണ്ട്. ആകപ്പാടെ നോക്കുന്നതായാൽ പ്രിവെൻറിവ് സ്റ്റേഷനുകൾ പണിയിക്കുന്നവകയ്ക്കു സംഗ്രഹം രൂപാ മാത്രമേ നമുക്കു ചിലവാക്കേണ്ടതുള്ളു. ഈ തുക അനുവദിക്കണം എന്നു ഞാൻ ഈ സഭയിലെ സാമാജികരോടു അപേക്ഷിക്കയും ചെയ്യുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പുതുതായി ജീവനക്കാരും നിങ്ങൾ ആവശ്യപ്പെടുന്നുവോ?

മി: പി ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): പുതുതായി ജീവനക്കാർ ആവശ്യം ഇല്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): കെട്ടിടം വാടകക്കു എടുക്കാൻ പാടില്ലയോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഇല്ല.

പ്രസിഡണ്ടു്: ഈ തുക അനുവദിക്കുന്നതായി ഞാൻ ഗ്രഹിക്കട്ടെയോ?

തുക അനുവദിക്കപ്പെട്ടു.

ഡിമാൻഡ് നമ്പർ ൨൬ വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടു്,

റാവു ബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): സർ, കാര്യപരിപാടിയിൽ വിവരിച്ചിരിക്കുന്ന മൂന്നു ഇനങ്ങൾക്കായി ൪൫൪ രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കുന്നതിനു സഭയ്ക്കു സമ്മതം ഉണ്ടാകണം എന്നു ഞാൻ അപേക്ഷിക്കുന്നു. ആ ഇനങ്ങൾ ആവിതു്,

(i) കുചക്കോട്ടയിലെ പെൺകുട്ടികൾക്കുള്ള പ്രൈമറിസ്കൂളിലെ ഹെഡ്മിസ്ട്രസിനും അസിസ്റ്റൻറുമാർക്കും ലോകൽ അലവൻസ് കൊടുക്കുന്നവകയ്ക്കും,

(ii) വിദ്യാഭ്യാസസമ്പന്ധപ്പെട്ടതു ആഫീസിനോടു ചേർന്നതായ ബുക്ക് ഡെപ്പോവിൽ ശിപായിക്കുള്ള ശമ്പളം പുതുക്കുന്നതിനും ഇതിലെ ഈയ്യുണ്ടെന്നത്തു ബഡ്ജററിൽ തുകയുള്ളതുകൊണ്ടു തന്നാണ്ടത്തേക്കു കൂടുതൽ തുക ആവശ്യം ഇല്ല.

(iii) വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽ ൪൦—൪/൨—൭൦ രൂപാ ശമ്പളത്തിൽ ഒരു ടൈപിസ്റ്റ് സ്റ്റെനോഗ്രാഫറെ നിയമിക്കുന്നവകയ്ക്കും,

എന്നാൽ ബഹുമാന്യനായ സഹസാമാജികൻ അപേക്ഷിച്ച തുകയുടെ താരതമ്യപ്പെടുത്തിനോക്കുമ്പോൾ കൂടുതൽ മിതവും സ്വല്പവും ആയി ഗണിക്കപ്പെടുന്നതായ ഈ തുകകൾ അനുവദിക്കുന്നതിനെ നീതീകരിക്കുന്നതിലേക്കായി ഞാൻ ദീർഘപ്രസംഗം ചെയ്തു സഭയെ മുഷിപ്പിക്കേണ്ട ആവശ്യം ഇല്ല. അദ്ദേഹം ൩൦൦ രൂപാ ചോദിക്കണം എന്നു അപേക്ഷിച്ച മൂന്നു പ്രത്യേകകാര്യങ്ങൾക്കായി അതിൻെറ ഒരംശത്തിനു മാത്രമേ ഞാൻ അപേക്ഷിക്കുന്നുള്ളു.

ചെങ്കോട്ട പെൺപള്ളിക്കൂടത്തിലെ ഹെഡ്മിസ്ട്രസിനും അസിസ്റ്റന്റുമാർക്കും കൊടുക്കേണ്ടതാണെന്നു ശുപാ
ർശചെയ്തിട്ടുള്ള രേഖകൾ അപവൻസുകൾ ന്യായമായിട്ടുള്ളതത്രെ. ഈ മാസത്തിനു മുമ്പു ഞാൻ ചെങ്കോട്ട
സന്ദർശിച്ചു അപസ്മാരത്തിൽ എന്റെ പഴയ സ്നേഹിതൻആയ മിസ്റ്റർ സുബ്രഹ്മണ്യകരയാൾ, കഷ്ടം അല്ലഹം
മരിച്ചുപോയി, ഉടനെ ആ നഗരത്തിലെ പ്രധാനികളിൽ ചിലർ എന്നെ വന്നുകണ്ടു. പ്രായം ചെന്ന പെ
ൺകുട്ടികളെ പഠിപ്പിക്കുന്ന അവകന്നതിൽ ചെങ്കോട്ടയിലെ ജനങ്ങൾക്കു ഏതാണ്ടു ആശങ്കയുണ്ടെന്നു ഈ അവ
സരത്തിൽ അവർ ചൂണ്ടിക്കാണിച്ചു. ഈ ആശങ്ക ആ പള്ളിക്കൂടത്തിലെ അദ്ധ്യാപകന്മാർ പുരുഷന്മാർ ആ
യിരുന്നതു കൊണ്ടായിരുന്നു. നമ്മുടെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഈ മനോഭാവത്തെ
വെറുക്കേണ്ടതുണ്ട്. അതുകൊണ്ടു ഞാൻ ഉടൻ തന്നെ പെൺപള്ളിക്കൂടം ഇൻസ്ട്രക്ടരായ മിസ്ട്രസുമാരെ
പിരിച്ചുവിടാൻ ആലോചിക്കുകയും ഏതാനു അദ്ധ്യാപികമാരെ ചെങ്കോട്ട പെൺപള്ളിക്കൂടത്തിലേക്കു മാറാൻ
പാടില്ലയോ എന്നു അവരോടു ചോദിക്കുകയും ചെയ്തു. നമിഴ് മാതൃഭാഷയായിട്ടുള്ള അദ്ധ്യാപികമാരെ മാതൃഭാ
ഷ അതുതന്നെ സ്ഥലം മാറാൻ പാടുള്ളതു എന്നു അവർ എന്നോടു പറഞ്ഞു. അങ്ങനെ സ്ഥലം മാറുവിക്കാവുന്ന
അദ്ധ്യാപികമാർ നഗരത്തിലെ ഉള്ളവർ മാത്രം ആണ്. ഇവരോടു ഇപ്പോഴത്തെ ശമ്പളത്തിൽ ചെങ്കോട്ട
ക്കു പോകണം എന്നു പറയുന്നതായാൽ അതു ഒരു ശിക്ഷയാണെന്നു അവർ വിചാരിക്കും. ഈ സ്ഥിതിക്കു അ
വർക്കു ഏതാനും ആനുകൂല്യം കൊടുത്താൽ അല്ലാതെ അവരെ ചെങ്കോട്ടയ്ക്കു ചെല്ലുന്നതിനു പ്രോത്സാഹിപ്പിക്കുന്നതു അ
സാധ്യം ആണെന്നു അവർ എന്നോടു പറഞ്ഞു. ഇതു ന്യായമായ നിർദ്ദേശം ആണെന്നു എനിക്കു തോന്നി
യതു; ഞാൻ ആ സംഗതി ഗവർണ്ണരിനെ അറിയിച്ചു. തൽഫലമായി ഹെഡ്മിസ്ട്രസിനു മാസം ഒന്നുക്കു
വീതം; അസിസ്റ്റന്റുമാർക്കു നാലുപണം വീതം ചോക്കൽ അലവൻസ് കൂടുതലായി കൊടുക്കുന്നതിനായി
ഗവർണ്ണരിന്റെ അനുമതിയോടുകൂടി ഈ നിർദ്ദേശം സർക്കാരിക്കു സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഇതു വളരെ
മിതമായുള്ളതാണ്. സ്ത്രീകൾക്കു ഈ സഹായം നല്കി സ്ത്രീവിദ്യാഭ്യാസത്തിനു പുരോഗതി നല്കേണ്ടതാ
ണെന്നു സർക്കാരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

രണ്ടാമതായി എന്റെ ആഫീസിലേക്കു ചേർന്ന ബുക്ക്ഡെപ്പോവിൽ ഉള്ള ശിപായിയുടെ ശമ്പളം പു
തുക്കുന്നതിനായിട്ടുകൂടുന്നു. എല്ലാ ശിപായിമാരുടെയും ഇപ്പോഴത്തെ ശമ്പളം ൯-൪/൫-൪൪ രൂപ ആണെന്നു സ
ർക്കാരിക്കു അറിയാമല്ലോ. ബുക്ക്ഡെപ്പോവിൽ ഉള്ള ശിപായി സർക്കാർ ലാവണത്തിൽ ഉറപ്പെട്ടയാൾ തന്നെ. അ
യാൾക്കു ശമ്പളക്കൂടുതലെ കിട്ടുന്നതിനുള്ള യോഗ്യത ഏതുതരം കൊല്ലങ്ങൾക്കു മുമ്പു സിദ്ധിച്ചു എന്നു വരികിലും
ഈ ഇനത്തിൽ ചിലവിനു വ്യവസ്ഥചെയ്തിരുന്നില്ലാത്തതു കൊണ്ടു കൂടുതൽ അയാൾക്കു കൊടുക്കുന്നതിനു സാധിച്ചി
ല്ല. അതുകൊണ്ടു ഈ ഇനത്തെ അപേക്ഷിക്കുന്നു.

ആദ്യമായി ഒരു സ്റ്റെനോഗ്രാഫർ ടൈപ്പിസ്റ്റിന്റെ നിയമത്തെ കുറിച്ചു പറയാം. ഈ ഇനത്തെ സംബന്ധിക്കാ
നാണു സർക്കാരിക്കു ദീർഘമായി പ്രസംഗിക്കേണ്ടതു ആവശ്യം ആയിരിക്കാവുന്നതിനാൽ അതിനു സമ്മതിക്കാമല്ലോ.
ഇപ്പോൾ ഡയറക്ടരുടെ ആഫീസിൽ മൂന്നു ടൈപ്പിസ്റ്റുമാർ ഉണ്ട്. ഈ മൂന്നു പേരിൽ രണ്ടുപേർക്കു ചുരുക്കെ
ഴുത്തു അറിഞ്ഞുകൂടാ, ഒരാൾക്കു ചുരുക്കെഴുത്തു ഏതാണ്ടറിയാം. എന്നാൽ കൃത്യമായി പറഞ്ഞു കൊടുത്താൽ
അതെഴുതിയെടുക്കാൻ അയാൾക്കു ശക്തിയില്ല. എന്നുതന്നെയുമല്ല ഏതെങ്കിലും സാങ്കേതികവിഷയങ്ങളെപ്പററി
പറയുന്നതായാൽ അതിനു തെററുകൂടാതെ ഉടൻ മനസ്സിലാക്കത്തക്കവണ്ണം അയാളുടെ പൊതുവെയുള്ള വി
ദ്യാഭ്യാസവും മതിയായിരിക്കുന്നില്ല. എന്റെ ആഫീസിൽ ഉള്ള ജോലിയിലെ അധികഭാഗവും ചെയ്യുന്നതി
നു വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ക്ലർക്കിന്റെ സഹായം ആവശ്യമാണ്. ഇതു കൂടാതെ ഈ മൂന്നു ടൈപ്പിസ്റ്റു
മാരിൽ ഒരാൾ പരീക്ഷകൾ സംബന്ധിച്ച ജോലിക്കായി വിട്ടിരിക്കുന്നതിനാൽ അയാൾക്കു കൊല്ലത്തിൽ അ
നേകം മാസങ്ങളിൽ മററു ജോലി ചെയ്യാൻ സാധിക്കുന്നതല്ല. കൊല്ലത്തിൽ ഒരു കാലത്തു് അല്ലെങ്കിൽ
മറെറാന്നിൽ പരീക്ഷകൾ സംബന്ധിച്ചു അവർക്കു ഒരുക്കുന്നതു സംബന്ധിച്ചോ അല്ലെങ്കിൽ അവ നടത്തുന്നതു
സംബന്ധിച്ചോ ഏതെങ്കിലും ചെയ്യേണ്ടതായിരിക്കുന്നു. അയാൾക്കു ഇതിൽ സഹായിക്കേണ്ടതായുണ്ടു. ശേഷം
ഉള്ള രണ്ടു പേരിൽ ഒരാൾ എപ്പോഴും എന്നോടുള്ള സമ്പർക്കത്തിൽ ഇരിക്കേണ്ടിയിരിക്കുന്നതിനാൽ അയാ
ൾക്കു ആഫീസിൽ ജോലിക്കു സാധിക്കുന്നില്ല. ഞാൻ കൂടക്കൂടെ സർക്കിട്ടു പോകുന്നുണ്ടു എന്നും കുറെ എല്ലാ
പരിശോധനകളും ജില്ലകളിൽ നടത്തുന്നുണ്ടെന്നും സർക്കാരിക്കു അറിയാമല്ലോ. എന്റെ പരിശോധനകൾ ജില്ലകളെ ആകെ
ക്കണത്തിനായി ഈ പരിശോധനകൾ നടത്തപ്പെടുന്നവയോ അവക്കു പൊളെന്നു ലക്ഷ്യമാക്കാൻ ഇപ്പോൾ കഴി
യാതിരിക്കുന്നില്ല. ഒരു ടൈപ്പിസ്റ്റിനായി കാത്തിരിക്കേണ്ടിയിരിക്കുന്നതിനാൽ അതിനു സാധാരണമായി
ഒന്നോ ഒന്നരയോ മാസം വേണ്ടിവരുന്നു. ജീവനക്കാരുടെ ഈ കുറവിന്റെ ഫലം എന്റെ ആഫീസിൽ
ഉള്ള സാധാരണയായി ഗുമസ്തന്മാരെ അല്ലാത്ത ചില ഉദ്യോഗസ്ഥന്മാരെ ജോലി നടപ്പിക്കുന്നതിനായി ഏർപ്പെടുത്തുകാർ
ആയി മാറേണ്ടിവരുന്നു. എന്റെ പേർസണൽ അസിസ്റ്റന്റും മാനേജരും ധരോളം പ്രയോജനവു
ചെയ്യുന്നതിനു നിർബന്ധിതരായി തീർന്നു. അങ്ങനെയുള്ള ജോലിയിൽ എനിക്കു എന്റെ പകുതിയായിരുന്നു
എന്റെ സർക്കിട്ടുകളിലും എന്റെ ആഫീസിൽ പലർക്കുമായാലോചനകൾ നടക്കുന്ന കാലങ്ങളിലുമുണ്ടാകുന്ന
ഒഴിവുകൾ ഒന്നുകിലായാലും മറെറാന്നിലായാലും എന്നു കാണാൻ വരികയോ ചെയ്യുമ്പോൾ ~~ആ സമയങ്ങളിൽ~~ കുറിപ്പെഴു
തുക്കണ്ടതായി വരുമ്പോൾ എനിക്കു ഒരു സ്റ്റെനോടൈപ്പിസ്റ്റിന്റെ സഹായം ഉണ്ടായിരുന്നാൽ ഡിപ്പാർട്ട്
മെന്റു മേലധികാരികളുടെ സമയത്തെ കുറെ കൂടി നല്ലപണ്ണം ഉപയോഗപ്പെടുത്താം എന്നും ഡിപ്പാർട്ടുമെന്റു ജോ
ലിക്കു കുറെക്കൂടി വേഗത്തിൽ നടക്കുകയുന്നതാണെന്നും സർക്കാരിക്കു തോന്നുമെന്നു ഞാൻ വിചാരിക്കുന്നു. എന്റെയു
ള്ളിലെ ചെറുതായ ആകുലപ്പെട്ട ഒരു ആഫീസിൽ എപ്പോഴും ഒരു സ്റ്റെനോടൈപ്പിസ്റ്റ് ഉണ്ടായിരിക്കേണ്ടതാ
ണെന്നു; എന്നാൽ നിർഭാഗ്യവശാൽ അതിനു വ്യവസ്ഥചെയ്തിരുന്നില്ല. ഇതിനെപ്പററി ഞാൻ ഗവർണ്ണരിക്കു
കത്തെഴുതി അയച്ചു. ഇപ്പോൾ ഗവർണ്ണരിന്റെ അനുമതിയോടുകൂടി ഇതിനു ആവശ്യമായ പണം ഉ
ൾപ്പെടുത്തണം എന്ന അപേക്ഷയോടു കൂടി ഞാൻ സഭയിൽ വന്നിരിക്കുന്നു. ഈ വിവരണത്തിൽ പിന്നീടു
ഈ ഡിമാൻഡു അനുവദിക്കപ്പെടും എന്നു എനിക്കു വിശ്വാസം തോന്നുന്നതിനാൽ അതിനെ സഭയുടെ മുൻപാ
കെ കൊണ്ടുവന്നിരിക്കുന്നു.

ഞാൻ അവതരിപ്പിക്കേണ്ടതായ ഇനി ഒരു ഡിമാൻഡു കൂടി ഉണ്ടെന്നു എന്റെ സ്നേഹിതനും സഹസാമാജിക നുംആയ ഒരാൾ എന്നെ ഓർമ്മപ്പെടുത്തിയിരിക്കുന്നു. ഈ ഡിമാൻഡു അത്ര കുറഞ്ഞതായ ഒന്നാണെന്നു—ഇതിനെ സംബന്ധിച്ചു പറയാവുന്നതല്ല—എന്നു ഞാൻ ധരിക്കപ്പെടുന്നു. പറഞ്ഞു കഴിഞ്ഞിരിക്കുന്ന ഇനങ്ങൾക്കു എല്ലാം കൂടി ഞാൻ ചോദിച്ചിട്ടുള്ള തുകയ്ക്കാൾ വളരെ വലുതായതുകയാകുന്നു. മുൻപു സൂചിപ്പിച്ച മെമ്പർ ചോദിച്ചതിനെക്കാൾ വളരെ കുറവായ ഒരു തുകയാണു ഞാൻ ചോദിക്കാൻ പോകുന്നതു എന്നു കുറെമുമ്പു ഞാൻ ചൂണ്ടിക്കാണിച്ചു. ഇപ്പോൾ നിർദ്ദേശിക്കാൻ പോകുന്ന ഉപക്ഷേപത്തെ സംബന്ധിച്ചിടത്തോളം രണ്ടു ലക്ഷം രൂപായിൽ കവിയാത്ത ഒരു തുക അനുവദിച്ചു കിട്ടണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇതു ഡിപ്പാർട്ടുമെണ്ടു ജീവനക്കാരിൽ ഉൾപ്പെട്ട മലയാളം പള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാരുടെ ശമ്പളം കൂട്ടുന്നതിനും കടിപ്പുള്ള പള്ളിക്കൂടങ്ങളിൽ അതെ മാതിരിയിൽ ഉള്ള വാദ്ധ്യാന്മാർക്കായി സഹായധനത്തെ കൂട്ടുന്നതിനും ഡിപ്പാർട്ടുമെണ്ടിനെ ചെലവിന്നു ശക്തമാക്കുന്നതിനു ആയിട്ടാകുന്നു. ഞാൻ ചോദിക്കുന്നതു വാസ്തവത്തിൽ വലുതായ ഒരു തുക തന്നെയാണു. അനുവദിച്ചു കിട്ടേണ്ടതുകയെ മാത്രം നിങ്ങൾ കരുതുന്നതായാൽ അതു ഒരു സപ്ലിമെന്ററി ഗ്രാൻറായി ചോദിക്കേണ്ടതിനെക്കാൾ കൂടുതൽ പ്രാധാന്യം ഉള്ളതാണെന്നു കാണപ്പെടുമാറിരിക്കാം.

അതുകൊണ്ടു ഈ തുകയെ നീതികരിക്കുന്നതിനുള്ള വിവരങ്ങൾ പറയാൻ ഞാൻ തുടരുന്നതിനു മുമ്പു വളരെ ആളുകൾ ഉൾപ്പെട്ടതും ഇപ്പോൾ ദാരിദ്ര്യം അനുഭവിക്കുന്നതും എന്നാൽ കൂടുതൽ അർഹിക്കുന്നവരും ആയ സർക്കാർ ജീവനക്കാരുടെ സ്ഥിതിയെ നന്നാക്കാൻ കഴിയുന്നതും വേഗത്തിൽ വേണ്ടതു ചെയ്യുന്നതിനു തിരഞ്ഞെടുക്കപ്പെട്ടതായ ഈ സന്ദർഭം സാധിച്ചു തീരുള്ളതിൽ സന്തോഷം ഞാൻ അനുമോദിച്ചുകൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ തുകമുഴുവനും വാദ്ധ്യാന്മാരുടെ ശമ്പളം കൂട്ടുന്നതിനായി ഉപയോഗിക്കുന്നതാണോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): മെമ്പർ എന്റെ പ്രസംഗം അവസാനിക്കുന്നതുവരെ കാത്തിരിക്കുമെങ്കിൽ അദ്ദേഹത്തിന്റെ സംശയങ്ങളിൽ മിക്കതും തീർന്നിട്ടുള്ളതായി കാണാവുന്നതാണു.

സഭയോടു ഇന്നെദിവസം അനുവദിക്കുന്നതിനായി ആവശ്യപ്പെട്ടിരിക്കുന്ന തുകയുടെ വലിപ്പത്തെമാത്രം ഗണിക്കുന്നതായാൽക്കൂടിയും ഞാൻ സഭയിൽസമർപ്പിക്കുന്ന വിഷയം ഒന്നിലധികം കാരണങ്ങളാൽ പ്രാധാന്യം ഉള്ളതാകുന്നു. ഉദാഹരണമായി സകരുണം ചെയ്യുന്ന ഈ ഏർപ്പാടുകൊണ്ടു എത്രയാളുകൾ ആണു ഗുണപ്പെടുന്നതു പോകുന്നതു എന്നു നിങ്ങൾ ആലോചിച്ചാൽ സഭയുടെ ചരിത്രത്തിൽ ഇത്രയധികം ആളുകളെ സംബന്ധിക്കുന്നതായി ഇതുപൊലെ ഒരു ധനസംബന്ധമായ മറ്റൊരു വിഷയം നിങ്ങൾക്കു ഓർക്കുവാൻ കഴിയുന്നതല്ല. കുറെകാലത്തിനുമുമ്പു ഈ വിഷയത്തെ സംബന്ധിച്ചു എനിക്കു കണക്കുകൾ ശേഖരിക്കേണ്ടതായിവന്നു. എന്റെ ഓർമ്മ ശരിയാണെന്നുവരുകിൽ ഈ പണം അനുവദിക്കുന്നതിനാൽ ഗുണപ്പെടുന്നവരായി സർക്കാർ പള്ളിക്കൂടങ്ങളിൽമാത്രം ൧൪൦ പേർഉണ്ടു. നമ്മുടെ സഹായധനംവാങ്ങിക്കുന്ന സ്ഥാപനങ്ങളിലും ഏകദേശം ഇതിനുസമമായ ഒരു എണ്ണംഉണ്ടു. അതായതു ഈതുക അനുവദിക്കപ്പെടുന്നതായാൽ ഗുണപ്പെടുന്നവരായി പതിനാലായിരത്തനുമേൽ പതിനയ്യായിരത്തിനകം ആളുകൾ ഉണ്ടായിരിക്കും. രണ്ടുലക്ഷംരൂപാ എന്നതരു വലിയതുകഞാൻ ചോദിച്ചിട്ടുണ്ടു്. എന്നാൽ ഈ രണ്ടു ലക്ഷംരൂപ എന്നുപറയുന്നതു കൂടുതൽചിലവിനു സഭയോടു അപേക്ഷിച്ചിട്ടുള്ള ഏററവും കൂടുതൽ തുകയായി കരുതപ്പെടാവുന്ന ഒന്നിനെ കാണിക്കുന്നില്ല. ഇപ്പോൾ ചോദിക്കുന്നതുക ഈ ഔദ്യോഗികപക്ഷത്തിൽ ഈ ആളുകളെ സഹായിക്കുന്നതിനായി ആവശ്യമുള്ളതുകകൾ ഉടനടി നീക്കിവയ്ക്കുന്നതിനുമാത്രം ആയിട്ടാകുന്നു. ഉദ്ദിഷ്ടമായ പരിഷ്കാരത്തിന്റെ ശരാശരി ചിലവുനിങ്ങൾ എടുക്കുന്നതായാൽ അതു ഇപ്പൊൾ ആവശ്യപ്പെട്ടിരിക്കുന്നതുകയിൽ വളരെ കൂടുതൽ ആയിരിക്കും. അവസാനമായ ചിലവ് എന്തായിരിക്കും എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം സഹായധനം വാങ്ങിക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ കൊടുക്കേണ്ടതുക അധിക കൂടുതലായി ഈ ആളുകളെ നിയമിക്കേണ്ടതായി വരുന്നു എന്നുള്ളതിനേയും സഹായധനമായി കൊടുക്കുന്നതുക അതിനനുസരണമായി വ്യത്യാസപ്പെടുത്തേണ്ടിവരും എന്നുള്ളതിനേയും ആശ്രയിച്ചിരിക്കുമെന്നുള്ളതിനാൽ ഇപ്പോൾ കണക്കാക്കുവാൻ സാധിക്കുന്നതല്ല. ഏതായാലും നടപ്പിൽ വരുത്താൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന പരിഷ്കാരം സംബന്ധിക്കുന്ന ആളുകളുടെ എണ്ണത്തെ അപേക്ഷിച്ചും ഏതെല്ലാം ഗുണദോഷങ്ങളെ സംബന്ധിക്കുന്നു എന്നുള്ളതിനെ ഉദ്ദേശിച്ചും വാസ്തവത്തിൽ വലുതായ ഒന്നുതന്നെയാണു. ഡിപ്പാർട്ടുമെണ്ടിൽചെന്ന പള്ളിക്കൂടത്തളിലെ ആളുകൾക്കായി ഏററക്കുറവു ഒരുലക്ഷംരൂപ ചെലവിടുമെന്നും, സഹായധനംവാങ്ങുന്ന സ്ഥാപനങ്ങൾക്കു ഉചിതമായ സഹായധനം കൊടുക്കുന്നതിനു ഏകദേശം തുല്യമായ ഒരുതുകയും വെണ്ടിവരുമെന്നുകണക്കാക്കപ്പെട്ടിരിക്കുന്നു എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. ഈസഭയിലും ഇതിനുവെളിയിലും തുടരെയുള്ള അപേക്ഷകൾ ഉണ്ടായിട്ടുള്ളവരായ ചിലക്കുമാത്രം പെടുന്ന കൂടുതൽ ശമ്പളംകൊടുക്കുന്നതിനായിട്ടല്ല ഈ പരിഷ്കാരത്തിന്റെ ഉദ്ദേശം. നമ്മുടെ ഉദ്ദേശം പ്രധാനമായും വിദ്യാഭ്യാസത്തിൽ കൂടുതൽകാര്യക്ഷമതവിദ്യാഭ്യാസത്തിനുള്ള സംതൃപ്തി കൂടാതെ സിദ്ധമാകുന്നതല്ല എന്നുള്ളതു സുവ്യക്തമല്ലോ. ഈകാരണത്താൽ തന്നെയാണു ഗവർണ്മെൻറുതത്വത്തെസ്വീകരിച്ചിരിക്കുന്നുഎന്നും പുതിയപരിഷ്കാരത്തിനു എങ്ങനെ ചെലവു ഉണ്ടാക്കാമെന്നു ആലോചിക്കുകയും അതിൽ പിന്നീടു തക്കതായവിധം പണംചിലവിനു ഏർപ്പാടു ചെയ്യുന്നതിനുമേൽ പരിഷ്കാരത്തെ ഏതുപ്രകാരത്തിൽ നടപ്പാക്കാമെന്നു ആലോചിക്കയും ചെയ്യുന്ന പ്രധാനജോലിയോടുകൂടിയുള്ള ഒരു സ്പെഷ്യൽ കമ്മിററി ഈവിഷയത്തെപ്പററി അന്വേഷണം നടത്തുന്നതു നിങ്ങൾക്കു സമ്മതമാകുന്നു എന്നും ഗവർണ്മെൻറു പറയുകയാൽ, നാട്ടുകാർപള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാരുടെ ശമ്പളവും ഗ്രേഡുകളിലെ എന്നവിഷയത്തെപ്പററി അന്വേഷണം നടത്തുന്നതിനു ഒരു കമ്മിററിയെ നിയമിക്കണംഎന്നു ഗവർണ്മെന്റു ഏപ്രിൽ ൨൧-നു മി: സി.പി. രാമസ്വാമിഅയ്യർ അവതരിപ്പിച്ച ഒരു പ്രമേയത്തെപിൻവലിക്കാൻ ഈ സഭ അനുവദിച്ചു. കമ്മിററിയെ നിയമിച്ചതായ ഗവർണ്മെന്റുഉത്തരവു മേൽപറഞ്ഞ ഉറപ്പിന്മേൽ താമസമെന്യേ

പിൻഭാഗം പുറപ്പെട്ടു. മി: തരകൻ പ്രമേയത്തെ ഈ സഭയിൽ അവതരിപ്പിച്ചു രണ്ടുമാസത്തിനുള്ളിൽ ഗവൺമെന്റു കമ്മിററിയെ നിയമിക്കുകയും ഞാൻ ഇപ്പോൾ ഇരിക്കുന്ന സ്ഥാനത്തിൽ ഇരുന്നിരുന്ന എന്റെ സ്നേഹിതനും മുൻഗാമിയും ആയ മി: ആർ. കൃഷ്ണസ്വാമിഅയ്യർ അതിലെ പ്രസിഡണ്ടായിരുന്നുകയും ചെയ്തു. ഡയറക്ടർ ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞതിൽ പിന്നീടും അദ്ദേഹം അതിലെ പ്രസിഡണ്ടായി തന്നെ ഇരുന്നിരുന്നു. കമ്മിട്ടി ഇടക്കിടക്കു പ്രധാനമായി ഗൗരവമുള്ള സെപ്ററംബർ ൪-ാം തീയതി മുതൽ ഡിസംബർ ൪-ാം തീയതി വരെ സ്ഥിരതയോടുകൂടി ജോലി ആരംഭിച്ചു. ആകെ കമ്മിററിയുടെ ൧൯ യോഗങ്ങൾ ഉണ്ടായിരുന്നു. റിപ്പോർട്ടു അന്തിമമായി പാസാക്കിയതു കമ്മിററിയോഗത്തിന്റെ തീയതി ൧൯-ാം ജൂൺ ൧൮-ാം ആയിരുന്നു. ഇങ്ങനെ കമ്മിററിനിയമിച്ച തീയതി മുതൽ റിപ്പോർട് സമർപ്പിച്ചതുവരെ ഏകദേശം ഒരു കൊല്ലം വേണ്ടിവന്നു. റിപ്പോർട് കിട്ടിയതിൽ പിന്നെ അതിനെ വിവർത്തനം ചെയ്ത പരിശോധനക്കായി ഡയറക്ടർക്കു അയക്കേണ്ടതായിരുന്നു. പിന്നെയും ഡയറക്ടർ ഉദ്യോഗത്തിനുള്ള ആളുകളിൽ മാററങ്ങൾ വന്നതിനാൽ കുറെ താമസം അനിവാര്യമായിരുന്നു. റിപ്പോർട്ടു പരിശോധിക്കുന്നതിനും കമ്മിററിയുടെ നിർദ്ദേശങ്ങളിന്മേൽ ഗവൺമെന്റിനു ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനും അക്കാലത്തു ആക്ടിംഗ് ഡയറക്ടർ ആയ എന്നിക്കാണു സംഗതിയായതുകൊണ്ടുള്ളതിനെ ഞാൻ വലിയ ഒരു ബഹുമതിയായിക്കരുതുന്നു. അന്നുമുതൽ ഈ റിപ്പോർട് ഗവൺമെന്റിന്റെയും ധനസംബന്ധമായും ഭരണസംബന്ധമായും ഉള്ള അവരുടെ വിഭാഗങ്ങളുടെയും പൊതുജനങ്ങൾക്കു പാത്രീഭവിച്ചിരുന്നിരുന്നു. അഭിപ്രായമായുള്ള വിമർശനം ഉണ്ടാകുന്നതിനുതക്ക അവസരത്തിനുള്ളിൽ ഗവൺമെന്റിനു ആ വിഷയത്തെ പററിയുള്ള പരിശോധനം പൂർത്തിയാക്കാൻ സാധിക്കത്തക്കതിനാൽ അത്രവലുതായ ഒരു ഇടക്കുള്ള ഇന്നു ഇവിടെവന്നു സഭയുടെ ഒരു സപ്ളിമെന്ററിഗ്രാന്റിന് അപേക്ഷിക്കുന്നതിനു ഞാൻ നിർബന്ധിതൻ ആയിരിക്കുന്നു.

ഈ റിപ്പോർട്ടിന്മേൽ ചെയ്യേണ്ടതു ഉടനടി വേണ്ടതായിരിക്കുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ അതു കഴിഞ്ഞകാലങ്ങളെക്കൂടി ഉൾപ്പെടുത്തി നടപ്പാക്കേണ്ടതായിരിക്കുന്നതിനാൽ അതു നാതിശീഘ്രമായ ഒന്നായിരിക്കുന്നു. സഭയിലെ മെമ്പർമാർക്കു റിപ്പോർട്ടിന്റെ ഓരോ പ്രതി കിട്ടീട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. കമ്മിററിയുടെ ശുപാർശകളും കമ്മിററി ഈ ശുപാർശകളെ ഏതേതു കാരണങ്ങളിന്മേൽ അനുകൂലിച്ചു എന്നുള്ളതിനേയും അവർ വേണ്ടതു പോലെ മനസ്സിലാക്കീട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. പ്രത്യക്ഷമായും അവർ അങ്ങനെ ചെയ്തിരിക്കണമെന്നുള്ളതിനാൽ നമ്മുടെ പള്ളിക്കൂടങ്ങളിലെ സ്ഥിതികളെപ്പററി നേരിട്ടറിവുള്ള ഒരുവായ്പ്പാർക്കൂടി ചേർന്നും ഈ സഭയിലെ നാലുതിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ പ്രതിപക്ഷത്തോടുകൂടിയതും എന്റെ സ്നേഹിതൻ ആയ ഗവൺമെന്റു ഫിനാൻഷ്യൽ സെക്രട്ടറി മററാരു മെമ്പരായുള്ളതും ആയ കമ്മിററി അത്രനല്ലവണ്ണവും പൂർണ്ണമായും ചെയ്യാലോചിച്ചു കാര്യങ്ങളെ പററി വീണ്ടും സംസാരിക്കുന്നതിനുള്ള ആവശ്യം ഇല്ലാതാകുന്നു.

കമ്മിററി ഏതു തത്വങ്ങളിന്മേൽ ജോലിയുടന്നുഎന്നുള്ളതിനെയും ഇപ്പോൾ ഏതുതത്വങ്ങളിന്മേൽ പരിഷ്കാരം ചെയ്യാൻ പൊകുന്നുഎന്നുള്ളതിനെയുംപററി ഇനിനോക്കാവുന്നതാണു. കമ്മിററിയെ ആദ്യമായി രൂപീകരിച്ചകാലത്തും സഭയിൽ ഒരുപ്രമേയം അവതരിപ്പിച്ചകാലത്തും ഉള്ളിഷ്ടപരിഷ്കാരങ്ങളിന്റെ വ്യാപ്തിയെ പ്രൈമറി സ്കൂളുകളിലെ വാദ്ധ്യാന്മാർക്കു മാത്രമായി നിയന്ത്രിക്കേണ്ടതാണെന്നായിരുന്നു. എന്നുവരികിലും കമ്മിററിവളരെ ന്യായമായി നിളിഷ്ടവ്യവസ്ഥകളെ കടന്നുപോകയും നാട്ടുഭാഷാമിഡിൽ സ്കൂളുകളിൽ ൪-ാം ൫-ാം ൬-ാം ക്ലാസുകളിൽഉള്ള വാദ്ധ്യാന്മാരുടെ ശമ്പളത്തേയും മേൽഗതിയേയും സംബന്ധിച്ചുള്ള വിഷയത്തെക്കൂടി ചെയ്യാലോചിച്ചുതുടങ്ങുകയുംചെയ്തു എന്നതാണു ഒന്നാമതായി ഞാൻ ബലപ്പെടുത്തി പറയാൻ ഉദ്ദേശിക്കുന്ന കാര്യം. ഇതിനെ നിർദ്ദിഷ്ടവ്യവസ്ഥകളെ കടന്ന പ്രവർത്തിച്ചതായ ഒന്നായി ഗണിക്കയില്ല. കയാ എന്നു പിന്നീടു എന്റെ ആഫീസിൽ ഒരുചാഞ്ചല്യംഉണ്ടായി—രണ്ടിനം ജോലികളും ചെയ്തിരുന്നവർക്കു പല അവസരങ്ങളിലും കാണപ്പെട്ടിരുന്നതുപോലെ ഒരേമാതിരി യോഗ്യതയുള്ളവർ ആയിരിക്കയും ഡിപ്പാർട്ടുമെണ്ടിലെ കയാലി നടത്തിപ്പിനായി അവരെ സമയോചിതമായി ഒന്നിൽനിന്നും ഒന്നിലേക്കു മാററേണ്ടതു ആവശ്യമാണെന്നു കാണുകയും ചെയ്യുന്നസ്ഥിതിക്കു മിഡിൽസ്കൂൾക്ലാസുകളിലും പ്രാഥമിക ക്ലാസുകളിലുംഉള്ള ജോലിയെപ്പററി വിവക്ഷിക്കേണ്ടതിനുള്ള ആവശ്യകതയെപ്പററി കമ്മിററി ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നു ഞാൻകണ്ടു. ഈ സ്ഥിതിക്കു മിഡിൽ സ്കൂളുകളേയും പ്രാഥമിക വിദ്യാലയങ്ങളേയും പിരിക്കാൻ പാടില്ലഎന്നുള്ളതും ഒരുതരത്തിൽഉള്ള വാദ്ധ്യന്മാർക്കു ഗുണത്തിനുള്ള പരിഷ്കാരത്തിൽ മററെല്ലാർക്കു വ്യവസ്ഥചെയ്യേണ്ടതും ശരിയും ന്യായവും ആണെന്നു എനിക്കുതോന്നി. ഈ അഭിപ്രായത്തെ ഗവൺമെന്റു സ്വീകരിച്ചു. സമർപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങളിൽ മിഡിൽ സ്കൂളുകളിൽഉള്ള നാട്ടുഭാഷാ പള്ളിക്കൂടം വാദ്ധ്യന്മാർക്കു ഏതുരൂപമായവ്യവസ്ഥ ഉൾപ്പെട്ടിരിക്കുന്നു. ഒക്ടിയിൽ വച്ചിരുന്ന രണ്ടാമത്തെ സംഗതി സാധാരണസ്ഥിതികളിൽ ഒരേവിധത്തിൽ ഉള്ള ജോലിക്കു ഒരേവിധത്തിൽ ഉള്ള ശമ്പളം നിശ്ചയമായും ഉണ്ടായിരിക്കണം എന്നുള്ളതാകുന്നു. ഇതുകേവലം സർവ്വജനസമതാവാദം ആണെന്നു തോന്നാം. എന്നാൽ അതു അങ്ങനെയുള്ളതല്ല. ഞങ്ങളുടെ ഉദ്ദേശം ഇപ്പോൾ ഉള്ളതായ ഏതാനും വ്യത്യാസങ്ങളേയും ഏതാനും പക്ഷപാതങ്ങളേയും നശിപ്പിക്കണം എന്നാകുന്നു. ആവിധം പക്ഷപാതികൾ ഉണ്ടായിരുന്നതിനു ചരിത്രസംബന്ധമായ കാരണങ്ങൾ ഉണ്ടായിരിക്കാം. ഒരുകാലത്തു അതു നീതീകരിക്കത്തക്കതാകും ഇരുന്നിരിക്കാം. എന്നാൽ ഇപ്പോൾ അതിനു യാതൊരു നീതീകരണവുംഇല്ല. സ്ത്രീകൾ ഇപ്പോൾ പുരുഷന്മാർക്കു തുല്യമായ വർത്തനത്തിൽ കൂടുതലായി യാതൊന്നും ആവശ്യപ്പെടുന്നില്ലാഎന്നും വിദ്യാഭ്യാസയോഗ്യത സിദ്ധിച്ച സ്ത്രീകളുടെ തൊഴിലില്ലായ്മ വിദ്യാഭ്യാസയോഗ്യത സിദ്ധിച്ച പുരുഷന്മാരുടെ തൊഴിലില്ലായ്മയെക്കാൾ അധികം തീക്ഷ്ണമായി അനുഭവമായിരിക്കുന്ന ഈ രാജ്യത്തു പ്രത്യേകിച്ചും അപ്രകാരം ആകുന്നുണ്ടെന്നുള്ള എന്റെ അഭിപ്രായത്തിൽ ഈ സഭയെ അലങ്കരിക്കുന്ന സാമാജികന്മാർ എന്നോടു യോജിക്കും എന്നു എനിക്കു നിശ്ചയംഉണ്ടു. വിദ്യാഭ്യാസയോഗ്യതസിദ്ധിച്ച സ്ത്രീകളെ അപൂർവ്വ ജനങ്ങളായി ഗണിച്ചു തഥാവിധം അവരോടു വർത്തിക്കയും അവർക്കു വിശിഷ്ടാനുകൂല്യങ്ങൾക്കു വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ടു നീതീകരിക്കത്തക്കതല്ലാ എന്നുകാണിക്കുന്നതിനു ഞാൻ അധികമായുക്തിവാദം ചെയ്യേണ്ട ആവശ്യംഇല്ലാ. മററുസ്ഥലങ്ങളിലും ഈ വ്യതിരേകത മാഞ്ഞു വരുന്നുഎന്നുകൂടി ഞാൻ പറയാം.

ഈ പക്ഷപാതത്തെ ദൂരീകരിക്കുന്നതിന്റെ മറ്റൊരു ഉദ്ദേശം ഒരു പ്രധാനപ്പെട്ട പരിഷ്കാരപദ്ധതിയെ സുകരമാക്കാൻ ആകുന്നു. സ്ത്രീകൾക്കുള്ള വിദ്യാശാലകളിൽനിന്നു പുരുഷന്മാരെ നീക്കുകയും യോഗ്യതസിദ്ധി ച്ച സ്ത്രീകളെ തൽസ്ഥാനങ്ങളിൽ നിയമിക്കയും ചെയ്യുന്നപ്രവൃത്തി അതിശീഘ്രം നടത്തണം എന്നു വീണ്ടും വീണ്ടും നിർബന്ധപൂർവ്വം അപേക്ഷക്കപ്പെട്ടിട്ടുണ്ടു. ഈ സഭയിൽക്കൂടിയും ആവാദം നിർബന്ധമായി പറപ്പെടുവിച്ചിട്ടുണ്ടെന്നു തോന്നുന്നു. അദ്ധ്യാപകന്മാർക്കു അദ്ധ്യാപികമാർക്കും ഭിന്നവിധത്തിൽഉള്ള ശമ്പളം ഇപ്പോൾ ഉള്ളതുകൊണ്ട് ഇരുപ്പോൾ ദുഷ്കരമായി തീർന്നിരിക്കുന്നു. അവരുടെ ശമ്പളത്തെ ഒന്നുപോലെയാക്കിയാൽ പെൺപള്ളിക്കൂടങ്ങളിൽഉള്ള അദ്ധ്യാപകന്മാരെ ആൺപള്ളിക്കൂടങ്ങൾക്കു മാറുന്നതു എളുപ്പമായിതീരും. കുഞ്ഞിറ്റി ഇക്കാര്യത്തിൽ നിർബന്ധമായിരുന്നു. ഗവണ്മെണ്ടിൽ സമർപ്പിച്ചതും ഗവണ്മെണ്ടു അനുവദിച്ചതുമായ നിർദ്ദേശങ്ങളിൽ രണ്ടു സംഗതികളിൽ ഒഴികെ ഈ സമീകരണത്തിനുള്ള വ്യവസ്ഥ അടങ്ങിയിരിക്കുന്നു. ഡിപ്പാർട്ടുമെണ്ടാകെ പാഠശാലകളിൽ നിയമിക്കപ്പെട്ടിരിക്കുന്ന ചില സ്ത്രീകൾക്ക് ഏതാദൃശസമീകരണത്തിനു കൊടുത്തതുകൊണ്ടു വിധത്തിൽ ശമ്പളം ഇപ്പോൾ ലഭിച്ചുവരുന്നു. അവരെ എന്തുചെയ്യാം? ഒരു നിയതമായ വരവു ചെലവിക്കുന്നവർക്ക് അതിനെ ഇല്ലാതാക്കാതിരിക്കുന്നതു ധർമ്മാനുരൂപമാകുന്നേയുള്ളു. അതിനെക്കൂടിക്കൊടുക്കാം, കുറയ്ക്കരുതു്. അതുകൊണ്ടു ഒരുതരം ശമ്പളസ്കേയിൽ തങ്ങളുടെ വകയ്ക്കുമാത്രം ഉള്ളതായി ലഭിച്ചുവരുന്ന ഈ സ്ത്രീകൾക്ക വിശേഷാൽ സ്കേലിൽ ശമ്പളം കൊടുത്തുവരുന്നുണ്ടു. അപ്രകാരം ചുരുക്കം സംഗതികൾ മാത്രമേയുള്ളു. മറ്റൊരു പ്രത്യുത്പന്നസംഗതി ഈ വസ്തുതയിൽ നിന്നു ഉത്ഭവിക്കുന്നതെന്തെന്നാൽ, ഡിപ്പാർട്ടുമെൻറ് വക പാഠശാലകളെ സംബന്ധിച്ചിടത്തോളം അവയിൽ ജോലിക്കായി യോഗ്യതയുള്ള സ്ത്രീകളിൽ നിന്നു അപേക്ഷകൾക്ക ഒരർത്ഥമുണ്ടു. എന്നാൽ സഹായധനം വാങ്ങിക്കുന്ന പാഠശാലകളുടെ സ്ഥിതി ഏതാദൃശം ആണെന്നു പറയാൻ പാടില്ല. അതുകൊണ്ടു സഹായധനംവാങ്ങിക്കുന്ന പാഠശാലകളിൽ നിയമിക്കപ്പെടുന്ന സ്ത്രീകൾക്ക അനുകൂലമായി ഏതാനും പക്ഷപാതം മേലാൽ സല്ലുകാലത്തക്കെങ്കിലും ഉണ്ടായിരിക്കണം എന്നുള്ളതു് ആവശ്യം ആകുന്നു. എന്തുതന്നെ പറയുന്നതായാലും സഹായധനംവാങ്ങിക്കുന്ന പാഠശാലകളിൽ നിയമിക്കപ്പെടുന്നവർക്കുവണ്ടെന്നു് സർവ്വീസിൽ ചെന്നവർക്കുള്ളതുപോലെയുള്ള സ്വജീവനസ്ഥൈര്യമോ മേൽഗതിയോ ഇല്ല. അതുകൊണ്ടു കുടിവകതിഡിൽ സ്കൂളുകളിൽ നിയമിക്കപ്പെടുന്നഅദ്ധ്യാപികമാർക്ക അതേതരത്തിൽ ഉള്ള പാഠശാലകളിൽ അദ്ധ്യാപകന്മാർക്ക കൊടുക്കുന്ന സഹായധനത്തിനു പരിയായി മേൽപകുതികൂടി കൊടുക്കണം എന്നുള്ളവ്യവസ്ഥ നിർദ്ദേശത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

ഞങ്ങളുടെ നിർദ്ദേശങ്ങളെ രൂപീകരിക്കുന്നതിൽ-ഒന്ന്യിയിൽ വച്ചിട്ടുണ്ടായിരുന്ന മറ്റൊരു സംഗതി മേലാൽപുതുതായി ആൾ എടുക്കുന്നതിൽ കൂടുതൽ യോഗ്യതയുള്ളവരെ ചേർക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യേണ്ടതിനുള്ള ആവശ്യകതയാണ്. മലയാംപള്ളിക്കൂടങ്ങളിൽ വാദ്ധ്യാർജോലിക്കുകൂടിയേതീരു എന്നു നാം ഇപ്പോൾ നിർബന്ധിച്ചുവരുന്നതായ യോഗ്യതകൾ ഒരുകാലത്തു പര്യാപ്തമായിരുന്നു. ആ വിധം യോഗ്യതയുള്ളവരുടെ സ്ഥാനത്തു അതുശമ്പളത്തിൽ ജോലിചെയ്യാൻ മനസ്സുള്ളവരായി കൂടുതൽ യോഗ്യതയുള്ളവരെ നിയമിക്കാൻ കഴിയും എന്നുള്ള അർത്ഥത്തിൽ മുമ്പിലത്തെയോഗ്യതകൾ വ്യവഹാരമായിരിക്കുന്നു. നാം കൊടുക്കുന്നവിലക്കു നല്ല ചരക്കുവാങ്ങിക്കാം എന്നിരിക്കേ അതിനു താഴെത്തരം ചരക്കുവാങ്ങിക്കുന്നതു ചിന്തക്കുകൂടാത്തതു ആണല്ലൊ. അതുകൊണ്ടു മേലാൽ പുതുതായി ആളാക്കുന്നതിൽ അവർക്ക നിശ്ചയിക്കുന്ന ശമ്പളം വാസ്തവത്തിൽ യോഗ്യതയുള്ളവരെ ആകർഷിക്കത്തക്കതായിരിക്കേണ്ടതു ആവശ്യം ആണ്. എത്രയും കുറഞ്ഞ യോഗ്യത ഇന്നതായിരിക്കണം എന്നു നിശ്ചയിച്ചിരിക്കുന്ന കാര്യങ്ങളിൽപ്പോലും കൂടുതൽ യോഗ്യതയുള്ളവർ ലഭ്യമാണെന്നും അവരെ നിയമിക്കേണ്ടതാണെന്നും സമ്മതിക്കാൻ നാം സന്നദ്ധരായിരിക്കണം. ഉദാഹരണം പറയാം; എത്രയും കുറഞ്ഞ യോഗ്യത മലയാളം മുഖ്യപരീക്ഷയാണെന്നു വച്ചിരിക്കുന്ന കാര്യങ്ങളിൽ ആ പരീക്ഷജയിച്ചിട്ടുള്ളവരെ അപേക്ഷിച്ചു് ഇംഗ്ലീഷ്സ്കൂൾലീവിംഗ്സർട്ടിഫിക്കറ്റ് ഉള്ളവരെ സ്വീകരിക്കേണ്ടതാകുന്നു. മേലാൽ ഒഴിവുവരുമ്പോൾ ഈ തത്വത്തെ ഒന്ന്യിയിൽ വച്ചുകൊണ്ടിരിക്കണം. വെർണാക്യുലർസ്കൂൾലീവിംഗ് പരീക്ഷായോഗ്യതയുള്ളവരെ നിയമിക്കുന്നതിനുള്ള ആഗ്രഹം ഇല്ലാതിരിക്കുന്നതിനായി ആ പരീക്ഷയെത്തന്നെയും തീരെ നിർത്തിക്കളയണം എന്നുകൂടി ഈ ഉദ്ദേശസിദ്ധിക്കായി നിർദ്ദേശിക്കപ്പെട്ടു. എന്നാൽ ഈ പരീക്ഷ, വിദ്യാഭ്യാസവകുപ്പാർട്ടുമെൻറിൽ പുതുതായി ആൾ നിയമിക്കുന്നകാര്യത്തിനു പുറമെ മറ്റുകാര്യങ്ങൾക്കുകൂടി ഉപയോഗപ്പെടുന്നു; ആ സ്ഥിതിക്ക അതിനെ മേലും വച്ചുകൊള്ളേണ്ടിയിരിക്കുന്നു. മേലാൽ മലയാംപള്ളിക്കൂടങ്ങളിൽ ഉദ്യോഗത്തിനു മേൽത്തരം പരീക്ഷായോഗ്യതയുള്ളവർക്ക് പ്രാധാന്യം നൽകേണ്ടതാണെന്നുള്ളതിനു മറ്റൊരു കാരണം കൂടിയുണ്ടു. വിദ്യാഭ്യാസ സംബന്ധമായി ഒരു പരിഷ്കാരപദ്ധതി ദൃഢമായിവരുന്നു. നമ്മുടെ പാഠപുസ്തകങ്ങൾ ഏകദേശം ഒരു ശതാബ്ദത്തിനു മുമ്പു ഉണ്ടാക്കിയവയാണ്. വിദ്യാഭ്യാസവിഷയമായി നമുക്കുള്ള അഭിപ്രായങ്ങളും ശതാബ്ദികമാണ്. അയൽപക്കത്തുള്ള കൊച്ചിരാജ്യത്തിൽ പ്രൈമറിസ്കൂളുകളിലെ അദ്ധ്യയനം ഞാൻ അറിയുകയും അവിടത്തെ വാദ്ധ്യാർമാരിൽ അനേകം പേരും നമ്മുടെ പ്രൈമറിസ്കൂളുകളിൽ ഉള്ള വാദ്ധ്യാർമാരിൽ മിക്കവരേയുംകാൾ കൂടുതൽ കാര്യക്ഷമതയുള്ളവരെന്നു കണ്ടറിയുകയും ചെയ്തപ്പോൾ ഇയ്യിടെ ഞാൻ അവരുതമുഖനായിനിന്നുപ്രവർത്തിച്ചുവരുന്നു. ഇക്കാര്യങ്ങളിൽ എല്ലാം നാം നമ്മുടെ സ്റ്റാൻഡർഡിനെ നന്നാക്കുവാൻ കാലം അതിക്രമിച്ചിരിക്കുന്നു. മേലാൽ നമ്മുടെ നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ ഇംഗ്ലീഷിലും നാട്ടുഭാഷയിലും ഒന്നുപോലെ യോഗ്യതയുള്ള ആളുകളെ നിയമിക്കേണ്ട ആവശ്യം ഉണ്ടു. തന്നിമിത്തം നാട്ടുഭാഷാഹയർ ഇംഗ്ലീഷ്സ്കൂൾവൈവാലും പരീക്ഷായോഗ്യതയുള്ള ആളുകളുടെ നിയമനം ആവശ്യമായി തീർന്നേക്കും. അതുകൊണ്ടു നാം കൊടുക്കുന്ന ശമ്പളം അങ്ങനെ യോഗ്യതയുള്ള ആളുകളെ ആകർഷിക്കുന്നതിനും അവരെ ഉദ്യോഗത്തിൽ വച്ചിരിക്കുന്നതിനും ഉതകുന്നതായിരിക്കണം.

ഒന്ന്യിയിൽ വച്ചിരുന്ന മറ്റൊരു തത്വം സഹായധനം വാങ്ങുന്നപള്ളിക്കൂടങ്ങളേയും ഡിപ്പാർട്ടുമെൻറിലെ പള്ളിക്കൂടങ്ങളെപോലെ ഉദ്യോഗസ്ഥയോടുകൂടി കരുതണം എന്നുള്ളതാകുന്നു. ഡിപ്പാർട്ടുമെൻറിലെ പള്ളിക്കൂടങ്ങൾ ഡിപ്പാർട്ടുമെൻറിന്റെ കുഞ്ഞുങ്ങൾ ആണെന്നും സഹായധനം വാങ്ങുന്നപള്ളിക്കൂടങ്ങൾ അങ്ങനെ അല്ലെന്നും വിചാരപ്പാൾ പറയപ്പെടുന്നു. അങ്ങനെ പറയുന്നതു് വിശേഷിച്ചും തിരുവിതാംകൂറിനു സംബന്ധിച്ചി

ടത്തോളം അനൈരൈക്യപരവും നീതീകരിക്കത്തക്കതല്ലാത്തതുമാകുന്നു. ഒരു മാനേജർക്ക് ഒരു പള്ളിക്കൂടത്തെ പററി അതു അയാളുടെ വകയാണെന്നുള്ളതുപോലെ സംസാരിക്കാവുന്നതാണ്. എന്നാൽ വിദ്യാഭ്യാസഡയറക്ടരെ സംബന്ധിച്ചിടത്തോളം ഓരോ പള്ളിക്കൂടവും ഡിപ്പാർട്ടുമെൻറു വകയാകയാലും സഹായധനം വാങ്ങുന്നതായിരുന്നാലും തന്റെ സ്വന്തം തന്നെയാണു; ഗവണ്മെൻറിന്റെയിലും അതുതന്നെയാണ്. ഡിപ്പാർട്ടുമെന്റിൽ പള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാരുടെ ശമ്പളത്തിലും മേൽഗതിയിലും ഉള്ളപരിഷ്കാരണത്തോടുകൂടിത്തന്നെ സഹായധനം വാങ്ങുന്ന പള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാരുടെ സ്ഥിതിയെയും നന്നാക്കുന്നതിനു വ്യവസ്ഥചെയ്തിരിക്കുന്നു ഈ നിർദ്ദേശങ്ങളിൽനിന്നും ഇതുകാണാം. ഡിപ്പാർട്ടുമെൻറും ഗവണ്മെൻറും സഹായധനം വാങ്ങുന്നപള്ളിക്കൂടങ്ങളെ എങ്ങനെ വീക്ഷിക്കുന്നു എന്നുള്ളതിനുള്ള ഒരു ദൃഷ്ടാന്തമായും ലക്ഷണമായും ഈ നടപടിയെ സഭസ്വീകരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

സഭയിൽ സമർപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്ന അടുത്ത വിഷയം ഞാൻ വിസ്തരിച്ചുപറയാൻ പോകുന്ന ഏർപ്പാടുകൾ ആദ്യമായി ഉദ്ദേശിക്കപ്പെട്ടവയെക്കാൾ കുറെക്കൂടി ഉദാരമായുള്ളവയാണെന്നാകുന്നു. ഉദാഹരണമായി ആദ്യശമ്പളത്തിനു ഞാൻ നിർദ്ദേശിച്ചിട്ടുള്ളതിനുതന്നെ നിങ്ങൾക്കു ഇതു കാണാവുന്നതാണ്. തങ്ങൾക്കു ധനസംബന്ധമായ ഒരു കമ്മിററിയിലും വിദ്യാഭ്യാസകമ്മിററിയിലും തോലിചെയ്യേണ്ടിയിരിക്കുന്നതായി തങ്ങൾക്കു തോന്നിയതിനാൽ അവർക്കു വളരെ സങ്കടങ്ങൾ നേരിട്ടിരുന്നു എന്നു കമ്മിററിയിലുള്ള എന്റെ സ്നേഹിതന്മാർ പറഞ്ഞു ഞാൻകേട്ടു. വിദ്യാഭ്യാസത്തിൽനിന്നും ഉള്ളുവരവിനെ വർദ്ധിപ്പിക്കുന്നതിനു മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ആശയാലും ഒരേ സമയത്തു നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാരുടെ ദാരിദ്ര്യത്തെ കുറയ്ക്കുന്നതിനു മതിയായ ഏർപ്പാടുചെയ്യുകാണണം എന്നു അയ്യപ്പോൾ ബലമായ ഒരാഗ്രഹത്താലും പരസ്പരം എതിരായ വാദങ്ങളിൽനിന്നു വലിക്കപ്പെട്ടതായി അവർക്കു തോന്നിയിരുന്നു. ഫലമായി രണ്ടു വിഷയങ്ങളുടെയും ഒരു സമയത്തു നിവൃത്തിപ്പിക്കാൻ പറഞ്ഞിരുന്നില്ലെന്നുവരുകിൽ ഒരുവേളകൂടുതൽ ഗുണകരമായവിധത്തിൽ കമ്മിററിശിപാർശകൾ ചെയ്യുമായിരുന്നു. വിക്ഷണത്തിൽ ഉള്ള മാററത്തെ സൂചിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾതന്നെ സൂചകവ്യവസ്ഥകൾ അനുസരിച്ചു കമ്മിററി പഴികളും വകകളും കണ്ടുപിടിക്കേണ്ടതിനെപററി ആദ്യവും പിന്നീടുശമ്പളത്തെയും മേൽഗതിയേയും പററിപറയുമ്പോൾ ചേർത്തിരിക്കേണ്ടതായിരിക്കെ ഉടനടി പണം അനുവദിക്കണമെന്നും അതിനുവേണ്ടമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതുവരെ നിർത്താകാമെന്നും സഭയോടു ആവശ്യപ്പെടുന്നു എന്നുള്ള സംഗതിയെ ഞാൻ ചൂണ്ടികാണിച്ചുകൊള്ളട്ടെ.

നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാർക്കു പ്രാരംഭശമ്പളം ൧൪ രൂപയായി കമ്മിററി നിർദ്ദേശിച്ചു. സത്യം ഇപ്പോൾ ഏററവും കുറഞ്ഞശമ്പളത്തെ ൧൫ രൂപയായി നിശ്ചയിച്ചിരിക്കുന്നു. ഇങ്ങനെ ചെയ്യുന്നതിനുയാതൊരു നീതീകരണവും ആവശ്യമില്ല. ഒരു കണക്കനോക്കിയാൽ ഒരു വാദ്ധ്യാർ കാശുകൂടി കുറഞ്ഞ ശമ്പളം വാങ്ങുന്ന ഒരുദ്യോഗസ്ഥൻ ജീവനക്കാരനെക്കാൾ മിടുക്കനാകുന്നു. സ്ത്രീയായാലും പുരുഷൻആയാലും വാദ്ധ്യാർ എന്നു പറഞ്ഞാൽ പാണ്ഡിത്യം വേണ്ടതായ ഒരു ജോലിയിൽ ഏർപ്പെട്ട ആളായിഗണിക്കപ്പെടുന്നു. അയാൾക്കും അവർക്കും ജനങ്ങളുടെഇടയിൽ ഉത്കൃഷ്ടരീതിയിൽ നടക്കേണ്ടിയിരിക്കുന്നു. അയാളുടേയോ അവളുടേയോ കുടുംബത്തിലുള്ളവർക്കു, ഒരു ശിപായിയും അവന്റെ കുടുംബത്തിൽ ഉള്ളവരും ചെയ്യാവുന്ന ചില തരം ജോലികൾ ചെയ്യാൻപാടുള്ളതല്ല. കുടുംബസംരക്ഷണത്തിനുവേണ്ട ആദായ സമ്പാദനത്തെ കരുതുമ്പോൾ വ്യക്തികളുടെ സമ്പാദ്യത്തെ അല്ല കുടുംബത്തിന്റെ സമ്പാദ്യത്തെ ആണു നാം കരുതേണ്ടതു. ആ വഴിക്കു നോക്കുന്നതായാൽ ഒരു വാദ്ധ്യാരുടെ സ്ഥിതി ഒരു താണതരം ജോലിക്കാരന്റെതിനെക്കാൾ കഷ്ടതരമായിട്ടുള്ളതാണ്. ആദ്യശമ്പളത്തെ ൧൫ രൂപയായി നിശ്ചയിച്ചതിനുള്ള ഒരു കാരണം ഇതാകുന്നു.

മി. എസ്. പിരവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): ഈ വാദ്ധ്യാന്മാർ കുട്ടികളെ അവരുടെവീട്ടിൽ ചെന്നുപഠിപ്പിക്കുന്നതിനെ പററി വല്ല നിയന്ത്രണങ്ങളും ഉണ്ടായിരുന്നുവോ?

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (അക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): തത്സംബന്ധമായി വളരെ ഗുണകരമായ നിയന്ത്രണംഉണ്ട്; അതാവിതു സർക്കാർജോലിയെ പ്രഥമമായി ഗണിക്കേണ്ടതും സ്വകാര്യജോലിയെ പിന്നീടു ഗണിക്കേണ്ടതും ആണെന്നുമുള്ള നിയന്ത്രണം; ഇത്രത്തോളമേയുള്ളു. വീടുകളിൽ ചെന്നുപഠിപ്പിക്കുന്നതു സർക്കാർജോലിക്കു ബാധകംആയിത്തീരുന്നുണ്ടെങ്കിൽ അതു ന്യായമായുള്ളതല്ല. എന്നാൽ ഒരുകാര്യം എനിക്കു അറിയിക്കാനുണ്ട്. ഇപ്പോഴത്തെ കാലത്തിൽ സബ്ജക്ടിസ്റ്റുകളുടെ കച്ചേരികളിൽ ആധാരം എഴുതിയോ വിദ്യാഭ്യാസസംബന്ധം അല്ലാത്ത മററു പണികളുംചെയ്തിട്ടുമററു പലമാർഗ്ഗങ്ങളിലൂടെ വാദ്ധ്യാർക്കു തന്റെ ആദായം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പുതുക്കിയ നിർദ്ദേശങ്ങൾ താനുസരിച്ചു വാദ്ധ്യാർമാർക്കു കാലത്തോടു ഉള്ള ശമ്പളത്തുകകൂടുതൽ ചുരുങ്ങിയകാലാവധികളിലായി ലഭിക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. മലയാളംപള്ളിക്കൂടങ്ങളിൽ എത്രയും താണതരത്തിൽ ഉള്ള വാദ്ധ്യാന്മാർക്ക് ൩ ആണ്ടിലൊരിക്കൽ ൧ രൂപാവീതം ശമ്പളത്തുകകൂടുതൽ കൊടുക്കേണ്ടതാണെന്നു കമ്മിററി ശിപാർശചെയ്തിരിക്കെ ഗവണ്മെൻറ് അതിനെ ൨ കൊല്ലത്തിലൊരിക്കൽ ൧ രൂപാവീതമാക്കുന്നതിനു സമ്മതിച്ചു എന്നു തന്നെയുമല്ല ഉചിതമായവിധം യോഗ്യതയുള്ളവർക്കു ഒഴിവുവരുന്നതോടു മേൽതരം സ്കൂളിൽ ഉദ്യോഗക്കയററം ഇപ്പോൾ ലഭിക്കാൻ കഴിയുകയുംചെയ്യും.

ഈ ശമ്പളത്തുകകൂടുതൽ ഗതകാലാപേക്ഷമായി നല്കുന്നതിനു ഞങ്ങൾ സമ്മതിക്കുന്നു എന്നുള്ള വസ്തുതയെ സഭ ശ്രദ്ധിക്കണം എന്നും ഞാൻ ആഗ്രഹിക്കുന്നു. ഈ പരിഷ്കാരം സാധിപ്പിക്കുന്നതിൽ ഏതാനും കാലതാമസം ഉണ്ടായിട്ടുണ്ടു എന്നുള്ള അഭിപ്രായം ഉണ്ടായിരിക്കാം; ഇതിലേക്കു കമ്മിററിയിലെ ഉത്തരവാദിയല്ല. ഞാൻ ഈ കുററം സമ്മതിക്കുന്നു. അതുകൊണ്ടുതന്നെ സഭ ഈ തുക അനുവദിക്കുന്നതായാൽ ൧൯൨-ചിങ്ങം ൧-നു മുതൽ ഇതു നടപ്പിൽ വരുത്തുന്നതാണു എന്നു ഞാൻ നിങ്ങളോടു പറയുന്നു്. ഏതൽഫലം വളരെപ്പേർക്കു കഴിഞ്ഞകാലം മുഴുവനുള്ള ശമ്പളത്തുകകിട്ടും എന്നുള്ളതാണു; ഏതാദൃശപരിഷ്കാരങ്ങൾ ഉണ്ടാക്കുമ്പോൾ ഈ ആനുകൂല്യം സാധാരണമായി നല്കുകപതിവില്ല. പുതിയസ്കൂളിൽ ശമ്പളത്തുകകൂടുതൽ കൊടുക്കുന്ന വകുപ്പു വാദ്ധ്യാന്മാരുടെ പഴയസർവ്വീസിനേയും ഞങ്ങൾ കണക്കാക്കുന്നു. ഒരു വാദ്ധ്യാർ ഇപ്പോഴ സർവ്വീസിൽഇരിക്കയാണെങ്കിൽ അയാളുടെ സേവനകാലത്തിന്റെ ഒരംശത്തെ ശമ്പളത്തുകകൂടുതലിനായി കണക്കാക്കുന്നതാണ്. സ്കൂളിലിന്റെ പ്രഥമസ്ഥാനത്തുനിന്നു ഇടങ്ങുന്നതിനുപകരം ചിലകാര്യങ്ങളിൽ സ്കൂളിലിന്റെ അഗ്രിമസ്ഥാനത്തിലും മററു ചില കാര്യങ്ങളിൽ ഇടയ്ക്കുള്ള സ്ഥാനത്തും വാദ്ധ്യാരെ നിയമിക്കാവുന്നതായിരിക്കും.

ബി. കെ. സി. രാമകൃഷ്ണപിള്ള (കല്ലൂപ്പാറ-വിളവങ്കോട്ടം): മറുഭാഗത്തുള്ള മെംബർമാർക്ക് വല്ലസംഭാവനകൾ ഉണ്ടെന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

പ്രസിഡണ്ട്: മെംബർക്ക് ഒരു സംഗതിയെ വിമർശിച്ചു പറയുകയോ കുറ്റങ്ങൾ വിഷമമുള്ളവയായിരിക്കയും ചെയ്യുന്നതായ ഇതുപോലെയുള്ള കാര്യത്തിൽ അല്പ ആശ്ചര്യമില്ല.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (അക്കിംഗ് വിദ്യാഭ്യാസ ഡയറക്ടർ): എന്റെ പ്രസംഗം സഭയ്ക്കു രസകരമാണെന്നു എനിക്കില്ലെന്നു വരികിൽ ഞാൻ സന്തോഷപൂർവ്വം നിവൃത്തിയേകാം. എനിക്കു തെറ്റെന്നല്ല സുഖമില്ല. ആശ്ചര്യം ചമിക്കുന്നതുനല്ലതുതന്നെ.

ഇതേവരെ ഈ പദ്ധതിയിലെ വിശേഷകാര്യങ്ങളെയും അതിനെ രൂപിപ്പിക്കുന്നതിൽ ഉദ്ദേശിയിൽ വച്ചിരുന്ന തത്ത്വങ്ങളെയും കുറിച്ചു ഞാൻ പറഞ്ഞു. ഇനി ഈ പദ്ധതിയുടെ വിവരണമായ കാര്യങ്ങളെ ചുരുക്കിപ്പറയേണ്ടതു മാത്രമേയുള്ളു. ഇനിമേൽ എത്രയും കുറഞ്ഞ ശമ്പളം ക ഉ രൂപയായിരിക്കും. ഇതുണ്ടു കൊച്ചിയിലും തൈസൂരിലും ഉള്ള എത്രയും കുറഞ്ഞ ശമ്പളം, എന്നാൽ വിദ്യാഭ്യാസകാര്യത്തിൽ ആ രാജ്യങ്ങളുടെ വ്യാപാരങ്ങൾ നമ്മുടെതുപോലെ അത്ര വിശാലമല്ല. നമ്മുടെ മലയാംപള്ളിക്കൂടം വാദ്ധ്യാന്മാർക്കു കൂടുതൽ ശമ്പളം കൊടുക്കുന്നതിനു ഞങ്ങൾ വിമനസ്കരാണെന്നു ഗണിക്കേണ്ട. ഈ സമയത്തു ഇത്തരവാടത്തിന്മേൽ നിശ്ചയിക്കുന്നതായ സാമാന്യനമായി പദ്ധതിക്കു അനുയോജ്യമായി മലയാംപള്ളിക്കൂടം വാദ്ധ്യാന്മാരുടെ ശമ്പളം കൂട്ടുന്നതിനു ഒരു പദ്ധതി സങ്കല്പിച്ചുണ്ടാക്കുന്നതിലേക്കുള്ള ഉർഘാടം നേരിടുന്നതു്. പുതിയ ശമ്പളത്തിൽ എത്രയും താണതരത്തിലുള്ളവരിൽ ഒന്നു ക ഉ ക/വ ക്ക വു രൂപാ ശമ്പളം ആണ്. ഇതു ക മുതൽ ര വരെയുള്ള ക്ലാസുകളിലെ എല്ലാവാദ്ധ്യാന്മാർക്കും അപൂർണ്ണമായ പ്രൈമറിസ്കൂളുകളിലെ ഹെഡ്മാസ്റ്റർക്കും ഉള്ള ശമ്പളം ആയിരിക്കും. മറ്റൊരുവിധം ശമ്പളം ക ഉ ക/വ ക്ക വു രൂപാആണ്. ഇതു മേൽപ്രസ്താവിച്ച ക്ലാസുകളിലെ വാദ്ധ്യാരോളം പരീക്ഷയോഗ്യത ഇല്ലാത്ത എല്ലാവർക്കും കൊടുക്കുന്നതിനായിട്ടുകാണുന്നു. ഈ ഇനത്തിൽ പ്രൈമറിസ്കൂളുകളിൽ ഉള്ള അറബിമുൻഷി, ഭാഗവതർ, തയ്യൽവാദ്ധ്യാർ എന്നവർ ഉൾപ്പെടുന്നു. ഇവരുടെ യോഗ്യത ക്ലാസ് വാദ്ധ്യാരുടെ യോഗ്യതയോളം അത്രനല്ലതല്ലെന്നു ഗണിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു ഇവർക്കു മുന്നു കൊല്ലത്തിശലാരിക്കത്ത ശമ്പളക്കൂടുതൽ നിശ്ചയിച്ചിരിക്കുന്നു. ഇപ്പോൾ നാട്ടുഭാഷാമിഡിൽസ്കൂളുകളിൽ ഏതാനും ഡ്രായിംഗ്മാസ്റ്റർമാരും ഡ്രിൽമാസ്റ്റർമാരും ഉണ്ടു, അവരിൽ എല്ലാവർക്കുതന്നെ നല്ലജോലിയില്ല. ഡ്രായിംഗ് മാസ്റ്റർമാർ ഡ്രില്ലും ഡ്രിൽമാസ്റ്റർമാർ ഡ്രായിങ്ങും പഠിക്കണം എന്നും എർപ്പാടുചെയ്തു ഈ രണ്ടു വിഷയങ്ങളും പഠിപ്പിക്കുന്നതിനു ഒരേവാദ്ധ്യാരേ പുതിയ പദ്ധതി അനുസരിച്ചു നിയമിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. എന്നുവരികിലും ഇതു ഉടൻ തന്നെ ചെയ്യുന്നതു സാദ്ധ്യമല്ല. ഡ്രായിങ്ങും ഡ്രില്ലും പഠിപ്പിക്കാൻ ഒരേ വാദ്ധ്യാരേ കിട്ടുന്നതുവരെ ഇപ്പോൾ ഡ്രായിങ്മാസ്റ്റർമാരേയും ഡ്രിൽമാസ്റ്റർമാരേയും വച്ചുകൊണ്ടിരിക്കുന്നതിനും ഡ്രായിങ്ങ് മാസ്റ്റർക്കു ക വു ക/വ ഉ ഉ രൂപായും ഡ്രിൽമാസ്റ്റർക്കു ക ഉ ക/വ ക്ക വു രൂപയും ശമ്പളംകൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

പൂർണ്ണമായ പ്രൈമറിസ്കൂളുകളിലെ ഹെഡ്മാസ്റ്റർക്കും മലയാളം മിഡിൽ സ്കൂളുകളിലെ ഇ, ന, ഒ ക്ലാസുകളിലെ വാദ്ധ്യാർമാർക്കും ശമ്പളം മേലാൽ ഉ ം ക/വ ഉ ഇ രൂപയായിരിക്കും. എന്നു വരികിലും ഇ, ന, ഒ ഈ ക്ലാസുകളിലെ അദ്ധ്യാപികമാർക്കുള്ള ശമ്പളം ഉ ഇ മുതൽ ന ം രൂപാവരെയുള്ള സ്കേൽ ആയിരിക്കും ഡ്രായിങ്ങും ഡ്രില്ലും പഠിപ്പിക്കുന്നതിനു ഒരേവാദ്ധ്യാരെ നിയമിക്കുന്നതിനുള്ള കാലം വരുമ്പോൾ അവർക്കു ഉ ം ക/വ ഉ ഇ രൂപാശമ്പളം കൊടുക്കുന്നതാണ്.

എനിക്കു ഇപ്പോൾ മറ്റൊരു സംഗതിപറയാനുണ്ട്. ഇപ്പോൾ സംഗീതം പഠിപ്പിക്കുന്നതിനു ഒരുതരം നയം നാം അനുവർത്തിച്ചുവരുന്നു. അതനുസരിച്ചു ചില പ്രൈമറിസ്കൂളുകളിൽ സംഗീതം, ചിലപ്പോൾ തയ്യലും കൂടി ക്ലാസ്ടീച്ചർതന്നെ പഠിപ്പിച്ചുവരുന്നു. ആ വാദ്ധ്യാർ ഈ വിഷയങ്ങൾ പഠിപ്പിക്കുവാൻ യോഗ്യതയുള്ളവരും അല്ല. ഇതു നടപ്പുള്ളതായ ചില പാഠശാലകളെ ഞാൻ തന്നെ ചെന്നു പരിശോധിച്ചതിൽ ഈവിധം പാഠനത്തിന്റെ ഫലം അത്യന്തം അതൃപ്തികരം ആയിരിക്കുന്നു. ഭാഗവതർക്കും തയ്യൽവാദ്ധ്യാർക്കും മതിയായ ജോലി ഉള്ള പാഠശാലകളിൽ സമയംമുഴുവനും ആ വിഷയങ്ങൾമാത്രം പഠിപ്പിക്കുന്ന വാദ്ധ്യാന്മാരെ നിയമിക്കുവാനും മാറുപാഠശാലകളിൽ മാത്രം സംഗീതവും തയ്യലും പഠിപ്പിക്കാൻ യോഗ്യതയുള്ള ക്ലാസുവാദ്ധ്യാർ ഈ വിഷയങ്ങൾ ക്ലാസ് വിഷയങ്ങൾക്കു പുറമെ പഠിപ്പിക്കയും ഈ കൂടുതൽജോലിക്കു ന. രൂപാ വിശേഷാൽ അലവൻസ് അവർക്കു കൊടുക്കുന്നതിനും നിശ്ചയിച്ചിരിക്കുന്നു.

പുതിയപദ്ധതി അനുസരിച്ചു മലയാളം മിഡിൽസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്കു ന ഇ/വ ഴ ം ഇ/ന ഇ ം രൂപാശമ്പളംകിട്ടും. ഇതു ഇംഗ്ലീഷ്സ്കൂളുകളിൽ ഉള്ള അണ്ടർഗ്രാഡുവേട്ട് വാദ്ധ്യാരോടൊപ്പം ആകും.

ഇവയാകുന്നു ഈ പദ്ധതിയുടെ ലക്ഷണങ്ങൾ. സാധാരണ ധനം കൂട്ടിക്കൊടുക്കേണ്ട സംഗതിക്കു നിർദ്ദേശങ്ങൾ ഗവർണ്ണരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കൂടുതലായി ഇപ്പോൾ യാതൊന്നും പറയാൻ എനിക്കു ശക്തി അല്ല. കഴിയുന്നതും കമ്മിട്ടിയുടെ തീർപ്പോടിൽ നിശ്ചയിച്ചിരിക്കുന്ന തത്ത്വങ്ങളെ അനുവർത്തിക്കണം എന്നാണ് വയ്പ്പ്.

ഈ പ്രശ്നത്തിന്റെ ഒരുപക്ഷം മാത്രം ഞാൻ ഇപ്പോൾ പറഞ്ഞുതീർത്തുന്നതായാൽ എന്റെ യത്നത്തിനു തകരാറ്റം ഉണ്ടാകും. മലയാംപള്ളിക്കൂടങ്ങളിൽ ഉള്ള വാദ്ധ്യാർമാർക്കു ഉദാരമായ ശമ്പളം നല്കുന്നതിനായി വോട്ടു ചെയ്യണം എന്നു ഈ സഭയോടു അപേക്ഷിക്കുന്നതിനു സന്തോഷപൂർവ്വം ഈ സഭ ശ്രമിച്ചിരിക്കുന്നു. എന്നാൽ ഈപരിഷ്കാരത്തിനു വേണ്ടുന്ന ധനം ലഭിക്കുന്നതിനു മാർഗ്ഗങ്ങൾ കണ്ടറിയുന്നതിനു സഭ ഗവർണ്ണരിനു സഹായിക്കേണ്ടതാണെന്നും സഭയെ ഓർമ്മിപ്പിക്കേണ്ടിയിരിക്കുന്നു. ഈ മാർഗ്ഗങ്ങളിൽ ചിലതു ഞാൻ ഇപ്പോൾ തന്നെ പ്രസ്താവിക്കാം. ഒന്നു പാഠശാലകളുടെ അതിവ്യാപ്തിയെ നിർത്തലാക്കൽ ആകുന്നു. ഇതു ഡിപ്പാർട്ടുമെണ്ടു് സൂക്ഷ്മമായി പരിശോധിച്ചു ചെയ്യേണ്ടകാര്യം ആണ്. ഈസൂക്ഷ്മപരിശോധനം സശ്രദ്ധം നടത്തപ്പെട്ടുവരുന്നു. ഒരു പ്രദേശത്തിലെ ആവശ്യങ്ങൾക്കു ഒരു പാഠശാല മതിയായിരിക്കെ രണ്ടു പാഠശാലകൾ ഉണ്ടായിരിക്കുന്നു ഇടയാക്കരുതു്. രണ്ടാമതു സഹായധനം ലഭിക്കുന്നതിനുള്ള യോഗ്യതസിദ്ധിക്കുന്നതിനായി ഓരോ-

ക്ലാസിലും കുറഞ്ഞതു ഇത്രവിദ്യാർത്ഥികൾ ഉണ്ടായിരിക്കണം എന്നുള്ള സംഖ്യയെ വർദ്ധിപ്പിക്കുന്ന പ്രശ്നം ആകുന്നു. ഈ വിധം കുറഞ്ഞ എണ്ണം വിദ്യാർത്ഥികൾ ഇല്ലാ എന്നുള്ള കാരണത്താൽ വിദ്യാഭ്യാസത്തിൽ പിന്നോക്കം ആയിരിക്കുന്ന പാഠശാലകൾ നിർത്തലാക്കുന്നതു ഉചിതമല്ലാ എന്നുള്ളതു വ്യക്തം തന്നെ. എന്നാൽ വിദ്യാഭ്യാസത്തിൽ ഉൽഗതി പ്രാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ ഉൽഗതി പ്രാപിച്ചിട്ടുള്ള സമുദായക്കാർക്കു ഉള്ള പാഠശാലകളിൽ ഓരോ ക്ലാസിലും ചേർക്കാവുന്നതായ എത്രയും കൂടുതൽ എണ്ണം വിദ്യാർത്ഥികൾ കുഴിവുള്ളിടത്തോളം ഉണ്ടായിരിക്കേണ്ടതാകുന്നു. അങ്ങനെ ചെയ്യില്ലെന്നു വരുകിൽ സർക്കാരിലേക്കു അനാവശ്യമായി കൂടുതൽ ആയ ചിലവു ഉണ്ടായിരിക്കും. അതുകൊണ്ടു ആവശ്യത്തിലധികം ഉള്ള പാഠശാലകളെ നിർത്തലാക്കുന്നതിനുള്ള സകല പ്രയത്നവും ചെയ്യേണ്ടതും നടത്തിക്കാൻ സമ്മതിക്കപ്പെടുന്ന പാഠശാലകളിലെ ക്ലാസുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധന ഉടൻതന്നെ ഉണ്ടാക്കേണ്ടതും ആകുന്നു. ഇംഗ്ലണ്ടിൽ വിദ്യാഭ്യാസ സമാജം ഇപ്രകാരം ചെയ്തിരിക്കുന്നു. എത്രത്തോളം കൂടുതൽ വിദ്യാർത്ഥികളെ ചേർക്കാമോ അത്രപരമാവധിയെണ്ണം ക്ലാസുകളിൽ ചേർക്കുന്നതു നിമിത്തം കുഴുക്കുമതല്ലാ ആണിവരികയില്ല. അൻപതു വിദ്യാർത്ഥികളോ പതിനഞ്ചു വിദ്യാർത്ഥികൾ മാത്രമോ ഉള്ള ക്ലാസിനെ മാറ്റിക്കൊണ്ടു പോവുക എന്നുള്ളതു ഒരുവദ്ധ്യാരുടെ ദൗർഗ്ഗല്യത്തെ ആശ്രയിച്ചിരിക്കുന്നതുമല്ല. ശരിയായ ദൗർഗ്ഗല്യമുള്ള വദ്ധ്യാർ ഉണ്ടായിരുന്നാൽ ക്ലാസുകളിൽ ചേർക്കാവുന്ന പരമാവധി എണ്ണം വിദ്യാർത്ഥികളെ ചേർത്തുകൂടാ എന്നുള്ളതിനു മറ്റൊരു യുക്തിയും ഇല്ല.

മലയാളം പള്ളിക്കൂടങ്ങളിലുള്ള മിഡിൽ സ്കൂൾ ക്ലാസുകളിൽ ഫീസ് കൂട്ടുന്നകാര്യത്തിനു ഞങ്ങളുടെ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേലാൽ ൪-ാം ൫-ാം ക്ലാസുകളിലെ വിദ്യാർത്ഥികൾക്കു ഫീസ് ൬-ാം ക്ലാസിൽ ഇപ്പോൾ കൊടുത്തുവരുന്ന ഫീസായ മാസം ഒന്നുക്കു കവ ചക്രം വീതം ആയിരിക്കും. ഈ കൂടുതൽ അധികം അല്ല. വദ്ധ്യാന്മാരുടെ ശമ്പളത്തിൽ ഉള്ളിഷ്ടമായ വർദ്ധനയെ ഗണിക്കുമ്പോൾ ഇതിനെ എന്തിനായി വിസമ്മതിക്കണം എന്നുള്ളതിനു യുക്തി ഇല്ല.

ഫീസിൽ ആനുകൂല്യത്തിനുള്ളപരിധിയെ പുതുക്കി കൂടുതൽ ഉണ്ടാക്കാനും കഴിയുന്നതാണ്. ഫീസാനുകൂല്യപരിധിയെ ഓരോ കാലത്തിലും പുതുക്കിട്ടുണ്ട്. ഫീസാനുകൂല്യം അനുഭവിച്ചു വരുന്ന ഏതാനും സമുദായക്കാർക്കു ഇപ്പോൾ സിദ്ധിച്ചിട്ടുള്ള അഭിവൃദ്ധിയെ ഗണിച്ചും മററു രാജ്യങ്ങളിൽ ഫീസാനുകൂല്യകാര്യത്തിൽ ഉള്ള നടപ്പിനെ ഗണിച്ചും ഇതിനെ വീണ്ടും പുതുക്കേണ്ടതു ഇപ്പോൾ ആവശ്യമായി തീർന്നിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. ഒരു പെൺകുട്ടി ധനികന്റെ പുത്രിയായിരുന്നാലും ദരിദ്രന്റെ പുത്രിയായിരുന്നാലും, ധനസ്ഥിതിയെ തിരെ ഗണിക്കാതെ പെൺകുട്ടികൾക്കു പകുതിഫീസേ ചുരുത്താവൂ എന്നുള്ളതു നിർബന്ധമായിരിക്കുന്നു. ഈ വിധം ആനുകൂല്യം അനുചിതം ആണെന്നു വളരെ ബലവത്തായ ജനരോദനം ഉണ്ടായിരിക്കുന്ന വിഷയം ഏതു സംബന്ധമായി ഞാൻ അറിയിക്കാം. "പെൺകുട്ടികൾക്കുള്ള ഫീസിനെ ആൺകുട്ടികൾക്കുള്ളതിനോടൊപ്പം ആക്കണമെന്നതിൽ മുക്കാൽ പങ്കാക്കണമോ എന്നുള്ള കാര്യം വീണ്ടും ആലോചിച്ചു തീർപ്പായിരിക്കേണ്ടതാണ്. എന്നാൽ വിദ്യാഭ്യാസം സിദ്ധിച്ച സ്ത്രീകൾ ഫീസ് കൂട്ടേണ്ടതാണെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു എന്നു ഞാൻ അറിയിക്കാം. ആ വർദ്ധനയും ഏതാനും തുക വരവുണ്ടാക്കും, അടുത്തുകഴിഞ്ഞ യൂനിവേർസിററി ഇൻസ്റ്റിട്യൂഷൻ കമ്മിഷണിൻ ഞാൻ ഉൾപ്പെട്ടിരുന്ന അവസരത്തിൽ അയൽ രാജ്യമായ കൊച്ചിയിലെ വിദ്യാഭ്യാസ ഡൈറക്ടറുമായി ഇക്കാര്യത്തിന്റെ ഗുണദോഷം ആലോചിച്ചു് സകല വിദ്യാർത്ഥിനികൾക്കും പകുതിഫീസ് എന്ന ആനുകൂല്യം ഉണ്ടെന്നുകേട്ടു് അദ്ദേഹം വിസ്മയപ്പെട്ടു. ബ്രിട്ടീഷ് ഇൻഡ്യയിൽ ഫീസാനുകൂല്യചരിത്രത്തെ അടിസ്ഥാനപ്പെടുത്തി നിശ്ചയിച്ചിരിക്കുന്നു. ഇവിടെ വിദ്യാർത്ഥിനികളുടെ കാര്യത്തിൽ ഗാർഹ്യമായ ആലോചനം വിഷയമാക്കീട്ടില്ല. അർഹരായ സകലർക്കും വിദ്യാഭ്യാസം നല്കേണ്ടതാണെന്നുള്ളതുകൊണ്ടു് ഫീസാനുകൂല്യം വാസ്തവത്തിൽ ആവശ്യം ഉള്ള വിദ്യാർത്ഥിനികൾക്കു ഉദാരമായ ആനുകൂല്യം നിങ്ങൾക്കുതന്നെ. കുഗ്രാമങ്ങളിൽ ജനിച്ചുവളരുന്നവരുടെ ബുദ്ധിശക്തിയെ പോഷിപ്പിക്കുവാൻ അവരെ ശക്തരാക്കുന്ന വിദ്യാഭ്യാസം ലഭിക്കുവാനുള്ള അവസരത്തിന്റെ അഭാവം ഹേതുവായി അവർ അജ്ഞതയിൽ കാലം കഴിച്ചു മരിക്കുവാൻ നാം സമ്മതിച്ചുകൂടാ. എന്നാൽ വാസ്തവത്തിൽ സഹായം ഇല്ലാത്തവരായ ആളുകളെ സഹായിച്ചു സർക്കാർ ധനത്തെ മുടിക്കുവാൻ നാം സമ്മതിച്ചുകൂടാ.

അന്ത്യമായി പ്രാവിഡൻഫണ്ട് (രക്ഷാധനം) എന്ന വിഷയത്തെക്കുറിച്ചു ഞാൻ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആ ജീവനാന്ത ജോലിചെയ്തതിൻ പിന്നീടു യാതൊരു സമ്പാദ്യവും ഇല്ലാതെ ഉദ്യോഗത്തിൽ ഇരിക്കുമ്പോഴ മരിക്കുന്നവരുടെ നേർക്കു് നാം ചെയ്യേണ്ടതായ ഒരു ധർമ്മം ഉണ്ട്. ഈ ആലോചനയാകുന്നു രക്ഷാധനപദ്ധതി ആരംഭിക്കുവാൻ പരിഷ്കൃതമനസ്കരായ അനേകം മനേജർമാരെ പ്രേരിപ്പിച്ചിട്ടുള്ളതു്. ഞങ്ങളുടെ നിർദ്ദേശങ്ങളിൽ രക്ഷാധനത്തിനുള്ള വ്യവസ്ഥയും ഉൾപ്പെടുന്നു. അദ്ധ്യാപകനും മാനേജരും ഗവണ്മെണ്ടും തുല്യമായ ഓഹരി കൊടുക്കണം. ഈ പദ്ധതിയനുസരിച്ചു് ഒരു വദ്ധ്യാർ പണിയിൽ നിന്നു പിരിയുമ്പോൾ ഉപജീവനത്തിനു മതിയാകുന്നതല്ല തുക അദ്ദേഹത്തിക്കു കിട്ടും.

സർ, ഞാൻ പറയേണ്ടതെല്ലാം പറഞ്ഞു തീർന്നു. എനിക്കു ഇനി സഭയോടു ഒരു വാക്കു കൂടി പറയേണ്ടതു മാത്രമേയുള്ളു. രഹസ്യഭേദമില്ലാതെ ഈ വിഷയത്തെ സംബന്ധിച്ചുള്ള അനുകൂലമായ നടപടികളിൽ എനിക്കു സഭയോടു പറയാവുന്നവ എന്തെന്നാൽ ആദ്യത്തെ കമ്മിററിയിൽ ഈ വിഷയം ഏതു പ്രകാരത്തിൽ പരീക്ഷിക്കപ്പെട്ടു എന്നുള്ളതും ഈ ഡിപ്പാർട്ടുമെണ്ടിലേയും മററു ഡിപ്പാർട്ടുമെണ്ടുകളിലേയും ഉദ്യോഗസ്ഥന്മാരും ഗവണ്മെണ്ടു ഈ വിഷയത്തെ എങ്ങനെ പര്യാലോചിച്ചു എന്നുള്ളതും ഓരോ ദശയിലും വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളെ മാത്രം ഏതു പ്രകാരത്തിൽ നിവൃത്തിക്കുന്നു പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതും വാദ്ധ്യാന്മാർക്കു ഏററവും കൂടിയ ഗുണം സിദ്ധിക്കത്തക്കവണ്ണം ഗുപചാരങ്ങളെ വിപുലപ്പെടുത്തുന്നതിനും വേണ്ട ശ്രമങ്ങൾ എല്ലാം ചെയ്തിട്ടുണ്ടു എന്നുള്ളതും ആകുന്നു. ഓരോ ഘട്ടത്തിലും ഞങ്ങളുടെ നിർദ്ദേശങ്ങളിൽ ഏതെങ്കിലും പരിഷ്ക്കാരം വരുത്തീട്ടുണ്ട്. ഇതു പതിവില്ലായിരുന്നു എന്നാലും അതു ഭാഗ്യമായിപ്പോയി. ഇന്നു സഭാസമക്ഷം കൊണ്ടുവരാൻ എനിക്കു ഭാഗ്യം ഉണ്ടായ ഈ നിർദ്ദേശങ്ങൾക്കായി വിദ്യാഭ്യാസ പരിഷ്കരണത്തിൽ അടുത്ത നടപടിയെ സഭയിലെ മെംബർമാരിൽ ഓരോരുത്തരുടേയും ഏകോപിച്ചു സമ്മതത്തോടുകൂടി

നടത്തുന്നതിനു മെച്ചമായിരിക്കത്തക്കവണ്ണം ഈ തുക അനുവദിക്കുന്നതിൽ സഭ ഞങ്ങൾ എത്ര ഔദാര്യത്തോടെ വീക്ഷിച്ചുവോ അത്രയും ഔദാര്യം കാണിക്കണമെന്നു എനിക്ക് അപേക്ഷിക്കത്തക്കതാണ്?

തുക അനുവദിക്കപ്പെട്ടു.

ഡിമാണ്ടു XV—ം XVI—ം മെഡിക്കലും സാനിട്ടറിയും

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): സർ, ജനറൽ ആസ്പത്രിയിൽ എക്സ്റേ അട്ടെൻഡിങ്ങിനുള്ള ശമ്പളത്തെ കൂട്ടുന്നതിനുള്ള ഉപക്ഷേപം കൊണ്ടു വരുന്നതിനു അനുമതി ചോദിച്ചുകൊള്ളുന്നു. ഈ സംബന്ധിച്ചു അട്ടെൻഡിങ്ങിനു വരു കൊല്ലത്തെ സർവ്വീസുണ്ടു എന്നു സഭയെ ഞാൻ അറിയിച്ചു കൊള്ളുന്നു. അയാളുടെ ഇപ്പോഴത്തെ ശമ്പളം ൻ രൂപ മുതൽ ൫൦ വരെയുള്ള സ്കെയിലിൽ ൫ം രൂപ മാത്രമാകുന്നു. ഈ ശമ്പളം നിശ്ചയിച്ചപ്പോൾ എക്സ്റേയന്ത്രം മാത്രം ഉണ്ടായിരുന്ന കാലത്തായിരുന്നു. ഇപ്പോൾ ഉള്ളതുപോലെ വൈദ്യുതവൈദ്യശാസ്ത്രം ഞങ്ങൾക്കു പ്രത്യേകമായി ഉണ്ടായിരുന്നില്ല. അതിൽപിന്നീടു എൻജിൻ ഓടിക്കുന്നവന്റെയും ക്ലീനരുടേയും ശമ്പളം പരിഷ്കരിക്കപ്പെട്ടിട്ടുണ്ടു. എൻജിൻഡ്രൈവർക്കു ൨൦ രൂപയും ക്ലീനർക്കു ൫ രൂപയും കിട്ടുന്നു. അട്ടെൻഡിന്റിന്റെ ജോലി വളരെ വർദ്ധിച്ചിട്ടുണ്ടു. മുമ്പു എക്സ്റേ പടങ്ങൾ എടുക്കുന്നതിൽ ചാർജ്ജുവഹിച്ചിരുന്ന അസിസ്റ്റന്റിനെ സഹായിക്കുന്ന ജോലിമാത്രമെ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ പതിവായ എക്സ്റേ ജോലിയെ കൂടാതെ ഡയാതെർമി, എലക്ട്രിക്കു ട്രൈറ്റ്മെന്റ്, അൾട്രാവയൊളെറ്റ് ചികിത്സ, ഫാരഡി സെക്ഷൻ, ഗാൽവാനി സെക്ഷൻ, കാൻസറി മുതലായ മററനേകം ജോലികൾ അയാൾ ചെയ്യേണ്ടതായിരിക്കുന്നു. ഒരു അട്ടെൻഡണ്ടു മാത്രമെ ഉള്ളു എന്നും അയാളെ എല്ലാ സ്ഥലത്തും ആവശ്യപ്പെടുന്നു എന്നും കൂടി ഞാൻ സഭയെ അറിയിച്ചു കൊള്ളട്ടെ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അതു പെൻഷൻകൊടുക്കത്തക്ക ഒരു ഉദ്യോഗം ആണോ?

ഡാക്ടർ. കെ. രാമൻതമ്പി (ഇൻസ്പെക്ടിങ് മെഡിക്കൽ ആഫീസർ): അതേ, പെൻഷൻകിട്ടുന്ന ഉദ്യോഗം തന്നെ. അയാൾക്കു ശിപായിയുടെ ശമ്പളമേയുള്ളു. അയാളുടെ ശമ്പളം കൂട്ടേണ്ടതിനുള്ള ആവശ്യകതയെ വേണ്ടപ്രകാരം ഞാൻചൂണ്ടിക്കാണിച്ചു കഴിഞ്ഞിരിക്കുന്നുവെന്നു വിചാരിക്കുന്നു. ഇതിലേക്കു കൂടുതൽ ധനം അനുവദിക്കാൻ ഞങ്ങൾ ആവശ്യപ്പെടുന്നില്ല. എക്സ്റേയന്ത്രത്തിന്റെ സംരക്ഷണച്ചിലവു എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നു ഇതിലേക്കു വേണ്ട പണം ചെലവിടാം എന്നു ഞങ്ങൾ ആശിക്കുന്നു.

വാക്സിൻ ഡിപ്പോ പിനോട്ടു ചേർത്തു് ഒരു വാക്സിനേഷൻ ക്ലാസ് ആരംഭിക്കുന്നതിനു കുറച്ചു തുക അനുവദിക്കണം എന്നും ഞാൻ അപേക്ഷിക്കുന്നു. ഇതിനു വാക്സിനേഷൻ ക്ലാസ് എന്നു നാമകരണം ചെയ്തിരിക്കുന്നു എന്നു വരികിലും ഞങ്ങളുടെ ഉദ്ദേശം വാക്സിനേഷൻ കാര്യങ്ങൾക്കായി ആളുകളെ അഭ്യസിപ്പിക്കുക മാത്രം അല്ല. ഈ വാക്സിനേട്ടർമാരെ ശരിയായ പരിശീലനം നല്കിയാൽ സാനിട്ടറി ഓവർസീർമാരായും അവർക്കു ജോലിനല്കാം. ശരിയായ നേതൃത്വത്തിൽ അവർ കാര്യക്ഷമമായ വിധം രോഗബീജ സഞ്ചരണ നിരോധന പ്രവൃത്തി നടത്തുകയും മരുന്നുകൾ കൊടുക്കുകയും ചെയ്യാൻ ശക്തരായിരിക്കും എന്നു ഇപ്പോഴത്തെ സാംക്രാമിക രോഗകാലത്തു ഞങ്ങൾ അറിഞ്ഞിട്ടുണ്ടു. ഗ്രാമ ശുചീകരണത്തെ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അവർ വളരെ പ്രയോജനം ഉള്ളവരായിരിക്കും. നമ്മുടെ രാജ്യത്തു അത്യാവശ്യം ആയിരിക്കുന്ന ഗ്രാമ ശുചീകരണത്തെ പോഷിപ്പിക്കുന്ന കാര്യത്തിൽ അവർ വലിയ സഹായികൾ ആയിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അവിടെ പഠിപ്പിക്കുന്ന വിഷയങ്ങൾ ഏവ എന്നു അറിയേണ്ടിയിരിക്കുന്നു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ് മെഡിക്കൽ ആഫീസർ): മുനിസിപ്പൽ ഹെൽത്താഫീസരുടെ കീഴിൽ പൊതു ജനാരോഗ്യവിഷയത്തിൽ കുറെ പാഠങ്ങൾ അവർ പഠിക്കേണ്ടിയിരിക്കും; ഇതിനു പുറമെ മസൂരി കീറിവെക്കുന്നതിനെക്കുറിച്ചു പ്രസംഗങ്ങളും ഉണ്ടായിരിക്കും. രോഗബീജ സഞ്ചാരത്തെ നിരോധിക്കുന്ന പ്രവൃത്തി കാര്യക്ഷമമായി നടത്തേണ്ടവിധം ഏതെന്നു മുനിസിപ്പൽ ഹെൽത്താഫീസർ ഉപന്യാസങ്ങൾ മുഖം കാണിച്ചു പഠിപ്പിക്കയും ചെയ്യും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഇപ്പോൾ ജീവനം ചെയ്തിരിക്കാത്തവരായി യോഗ്യത സിദ്ധിച്ച ആളുകൾ ഉണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ് മെഡിക്കൽ ആഫീസർ): ഒന്നുമില്ല. കഴിഞ്ഞ തവണ പരീക്ഷ ജയിച്ചവരെല്ലാം ഉദ്യോഗങ്ങളിൽ നിയമിച്ചുകഴിഞ്ഞിരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ജീവനത്തിൽ ആക്കാത്തവരായി സ്ത്രീകൾ ഇല്ലയോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ് മെഡിക്കൽ ആഫീസർ): അന്വേഷിച്ചറിയാതെ പെട്ടെന്നു പറയാൻ കഴികയില്ല. ഞാൻ അടുത്തു മെംബറെ അറിയിക്കാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): സ്ത്രീകളെ വാക്സിനേറ്റർമാരായി നിയമിച്ചു കൂടാ എന്നു ചട്ടം ഉള്ളതായി മെംബർക്കു അറിയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ് മെഡിക്കൽ ആഫീസർ): ഘോഷാസ്ത്രീകളുടെ കാര്യത്തിൽ സ്ത്രീകളെക്കൊണ്ടു ഉപയോഗം ഉണ്ടു. ആണുങ്ങളായ വാക്സിനെട്ടർമാർ ചെന്നു മസൂരി കീറിവെക്കുന്നതിനു അനേകമുഹമ്മദീയ സ്ത്രീകൾ സമ്മതിക്കയില്ല. അതുകൊണ്ടു അവർക്കു ഈ പ്രവൃത്തിചെയ്യേണ്ടതായ സ്ഥലം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിത മെംബർ): കുട്ടികളെ വാക്സിനേട്ടു് ചെയ്യുന്നതിനും സ്ത്രീകൾ തന്നെ വേണമെന്നുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ് മെഡിക്കൽ ആഫീസർ): അതുവേണമെന്നില്ല.

കുഞ്ഞുങ്ങളുടെ കാര്യത്തിൽ യാതൊരു വൈഷമ്യവും ഇല്ല. മ്ലോഷാസ്ത്രീകൾഉണ്ട്; അവർ തക്കം പറയും. രോഗബാധയുണ്ടാകാതെ സംരക്ഷിക്കുന്നതിനായി മരുന്നു കുത്തി വെക്കുന്നകാര്യത്തിലും മാന്യരായ മഹമ്മദീയരുടെ ഗൃഹങ്ങളിൽ ഉള്ളവർക്കു കുത്തി വെക്കുന്ന കാര്യത്തിൽ ഞങ്ങൾക്കു ഒരുവേഡി അസിസ്റ്റണ്ടിനെ കൂടി കൊണ്ടു പോകേണ്ടിവന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): സ്ത്രീകളെ നിയമിച്ചു കൂടാഎന്നു ഒരു ചട്ടം ഉള്ളതായി മെംബർക്കു അറിയാമൊ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ് മെഡിക്കൽ ആഫീസർ): അതാണ് ചട്ടം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): എന്നാൽ ഈ ഗവർണ്മെന്റ് ആ ചട്ടത്തെ അനുകൂലിക്കുന്നില്ലയോ?

ഡാക്ടർ കെ. രാമൻതമ്പി ഇൻസ്പെക്ടിങ് മെഡിക്കൽ ആഫീസർ): രാജ്യത്തിലെ ഇപ്പഴത്തെ സ്ഥിതിക്കു പ്രധാനം സ്ത്രീകൾ തന്നെയും നമുക്കു ആവശ്യമുണ്ടായിരിക്കും എന്നു എനിക്കു തോന്നുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): തിരുവിതാങ്കോട്ടിലെ സാനിട്ടറി സ്പ്പാർട്ക്കമെണ്ടുവക പരീക്ഷ ജയിച്ചവരും എന്നാൽ ജീവനത്തിൽ നിയമിക്കപ്പെട്ടിട്ടില്ലാത്തവരും ആയ സ്ത്രീ വാക്സിനേട്ടർമാർ ഉണ്ടെന്നു മെംബർക്കു അറിയാമൊ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ് മെഡിക്കൽ ആഫീസർ): ഞാൻ അതു അന്വേഷിക്കാം എന്നാൽ നമുക്കു ആവശ്യമുള്ളിടത്തോളം സ്ത്രീ വാക്സിനേട്ടർമാർഉള്ളതുകൊണ്ടു ഉദ്ദേശിച്ചിരിക്കുന്ന ക്ലാസിൽ കൂടുതൽ സ്ത്രീകളെ പഠിപ്പിക്കാൻ എടുക്കേണ്ട ആവശ്യം ഞങ്ങൾക്കില്ല. വാക്സിനേട്ടർ പണിയുള്ള പേർക്ക് തൊഴിലാരണ്യമുണ്ടാകുന്നതു ഞാൻ പറഞ്ഞുവല്ലോ. എന്തുകൊണ്ടെന്നാൽ മററു മാർഗ്ഗങ്ങളിൽക്കൂടെ നല്ല പ്രവൃത്തി അവരെ കൊണ്ടു ചെയ്യിപ്പിക്കണം എന്നു ഞങ്ങൾ ആശംസിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): യോഗ്യത സിദ്ധിച്ച സ്ത്രീകളെ ലഭിച്ചാൽ അവരെ ഒഴിവുള്ള ജോലികൾക്കു നിയമിക്കും എന്നു മെംബർ ഉറപ്പുപറയുമോ എന്നു ഞാൻ മെംബറോടു ചോദിക്കട്ടെ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ) ആകാം. എന്നാൽ എല്ലാ ഒഴിവുകൾക്കും ഇപ്പോൾ സ്ത്രീകളെയാണ് അനുകൂലിച്ചുവരുന്നതു്. (ചിരി)

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും) എന്നാൽ അവർ ഗ്രാമീണപ്രദേശങ്ങളിൽ ഉപയോഗപ്പെടുന്നവരായിരിക്കുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ) അതെ, അവർ ഗ്രാമീണപ്രദേശങ്ങളിൽ മ്ലോഷാസ്ത്രീകൾ വസിക്കുന്നേടങ്ങളിൽ ഉപകരിക്കും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) സ്ത്രീകളെ ചേർക്കാതിരിക്കയും തന്നിമിത്തം അവരുടെയിടയിൽ തൊഴിലില്ലായ്മയെ സൃഷ്ടിക്കാതിരിക്കയും ചെയ്യുന്നതു് അധികം നല്ലതായിരിക്കയില്ലയോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ) സ്ത്രീകളുടെ ഇടയിൽ ഒന്നുരണ്ടു പേർ ജോലികിട്ടാത്തവരായിരിക്കുന്നു എന്നുള്ളതു അവരുടെയിടയിൽ തൊഴിലില്ലായ്മ ഉണ്ടു എന്നുള്ളതായി അർത്ഥം ആകുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മയെക്കുറിച്ചു വേണ്ട കണക്കു നമുക്കു ഇല്ല.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ) തൊഴിലില്ലായ്മ എന്ന പ്രശ്നം ആണുങ്ങളുടെ ഇടയിൽ എന്നപോലെ പെണ്ണുങ്ങളുടെ ഇടയിൽ അത്രതീക്ഷ്ണം അല്ലാ എന്നു ഏതുസംബന്ധമായി എനിക്കു പറയാൻ കഴിയും. സ്ത്രീകളുടെ ഇടയിൽ അതു ഏതെങ്കിലും കാലത്തിൽ തീക്ഷ്ണമായി കവിക്കും എന്നു ഞാൻ വിചാരിക്കുന്നില്ല. വാക്സിനേഷൻ ക്ലാസിൽ ആകട്ടെ അതു് ആണുങ്ങൾക്കുമാത്രം ആയുള്ള ക്ലാസ് ആയിരിക്കും. ക്ലാസിൽ 50 വിദ്യാർത്ഥികൾ ഉണ്ടായിരിക്കും—പഠനകാലം നാലുമാസം ആയിരിക്കും—ഇതിലേക്കു വേണ്ട മുഴുവൻചിലവ് 500 രൂപ മാത്രമേ ഉള്ളു. വാക്സൈൻഡെപ്പോവിലെ സൂപ്രണ്ടിനു നാലുമാസത്തേക്കു മാസം ഒന്നുക്കു 10 രൂപാവീതം അലവൻസ് കൊടുക്കണം. പിന്നീടു പരീക്ഷകന്മാർക്കു ചില വിഷയങ്ങളിൽ വേതനമായിരം രൂപാ കൊടുക്കാനുണ്ട്. വാക്സിനേഷൻ പരീക്ഷ നടത്തുന്നതിനു സാനിട്ടറി കമ്മീഷണർക്കും പ്രാണിപ്രകൃതിശാസ്ത്രത്തിൽ പരീക്ഷ നടത്തുന്നതിനു ആയുർവ്വേദവും പ്രാണിപ്രകൃതിശാസ്ത്രവും പഠിപ്പിക്കുന്ന ചെക്ചറന്മാർക്കും വേതനം കൊടുക്കണം. ഇതിനു പുറമെ ആരോഗ്യസംബന്ധമായ വിഷയങ്ങളിൽ പരീക്ഷ നടത്തുന്നതിനു ഹെൽത്താപ്പീസർക്കും വേതനം കൊടുക്കണം. ശരീരസൗഖ്യവും തൽസംബന്ധമായ വിഷയങ്ങളും ഉപപാഠനങ്ങൾ കാണിച്ചുകൊടുത്തു് പഠിപ്പിക്കുന്നവർക്കു് 30 രൂപാ പ്രതിഫലം അദ്ദേഹത്തിനു കൊടുക്കുന്ന പീസിൽ നിന്നു് 100 രൂപാ കിട്ടും എന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. അതു കഴിച്ചു 400 രൂപയെ വേണ്ടിയുള്ളു.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (കുച്ചവടവും വ്യവസായവും തെക്കു) പഠിച്ചതിൽ പിന്നീടു സർക്കാർ ജോലിയിൽചേർന്നുകൊള്ളാം എന്നു വല്ല കരാറും വല്ല വിദ്യാർത്ഥിയും ചെയ്യേണ്ടതുണ്ടോ എന്നു മെംബറിൽനിന്നു അറിയേണ്ടിയിരിക്കുന്നു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ) ഒരു ന്യായമായ കാലത്തിനുള്ളിൽ ഒരു സർക്കാർജോലി അയാൾക്കു കൊടുക്കാമെന്നു പറയുന്നതായാൽ അയാൾ അതിൽ പ്രവേശിക്കതന്നെ വേണം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര) ഈ മാർഗ്ഗത്തിൽ രോഗവിമോചനപ്രവൃത്തിയെ വ്യാപിച്ചിരിക്കുന്നതായി ഗവണ്മെണ്ടിന്റെ ഒഴിവുകളെ അടുത്തകാലത്തു് നടപ്പുണ്ടായിരുന്ന വിഷൂചികാരോഗം ഉറപ്പിച്ചിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ) അതേ, പതിവായി അവക്ക് മസൂരി കീറിവയ്ക്കൽ മാത്രമേ നടത്തേണ്ടതുള്ളു. മറ്റൊന്നും ചെയ്യുന്നില്ല എന്നാൽ നല്ലവിധം പാടങ്ങൾ പഠിച്ചിരിക്കുന്നതുനിമിത്തം മസൂരി കീറിവെയ്ക്കുന്നതിനുപുറമെ മറ്റു ശുചീകരണപ്രവൃത്തികളും അവക്ക് ചെയ്യാൻ കഴിയും.

ചന്തകളിൽ തുപ്പു നടത്തുന്ന വകയ്ക്കു സാനിട്ടറി ബഡ്ജററിലേക്കു മാററിത്തരാമെന്നു കൺഡ് റവന്യൂ കമ്മീഷണർ നിർദ്ദേശിച്ചിരിക്കുന്ന ഒന്നും രൂപ മാററിക്കിട്ടുന്നതിനു അനുവാദവും ഞാൻ അപേക്ഷിക്കുന്നു.

ഈ ഇനം അനുവദിക്കുന്ന വിഷയം വോട്ടിനിട്ടു പാസാക്കപ്പെട്ടു.

ഡിമാൻഡ് നം ൦ പബ്ലിക് വൊർക്സ് ഡിപ്പാർട്ടുമെണ്ട്.

മി: എ. വൈപ്പൻ (ചീഫ് എൻജിനീയർ) സാമിൻ, പുതുതായി മൂന്നു സ്റ്റീംറോളർ വാങ്ങുന്നതിനു ഒന്നു നം ൦ ൦ രൂപായിൽ കവിയാത്ത തുക അനുവദിക്കാൻ അപേക്ഷിക്കുന്നതിനായി ഞാൻ ഇഴുന്നേൽക്കുന്നു. ഈ സഭയുടെ അറിവിനായി ഒരു സ്റ്റേറ്റ്മെണ്ട് ഞാൻ തയ്യാറാക്കിക്കൊണ്ടു വന്നിരിക്കുന്നു. ഈ സർക്കാർ വകയായി ഇപ്പോൾ ൨൨ സ്റ്റീംറോളർ ഉണ്ട്. ഈ രാജ്യത്തിലെ കരിങ്കല്ലിട്ടുറപ്പിച്ച റോഡുകളുടെ നീളം വർദ്ധിച്ചിട്ടുണ്ട് എന്നു എല്ലാവർക്കും അറിയാമല്ലോ. ഈ ൨൨ റോളറുകളിൽ ൩ എണ്ണം എങ്കിലും നിരുപയുക്തങ്ങളാണ്. ഒന്നിനു നാല് കൊല്ലത്തെ പഴക്കം ഉണ്ട്. മറ്റൊന്നും അപ്രകാരം തന്നെ. മൂന്നാമത്തേതിനു മുപ്പതുകൊല്ലത്തെ പഴക്കം ഉണ്ട്. ഈവിധം ആണ്. അടുത്തകാലത്തു വാങ്ങിച്ചതായി രണ്ടു റോളറേ ഉള്ളു. ഈ ഇനത്തിൽ ആവശ്യമുണ്ടെന്നു മുൻകൂട്ടി അറിയാതിരുന്നതിനുള്ള കാരണം ഈ പ്രശ്നത്തെ സൂക്ഷ്മമായി പരിശോധിക്കയും ഇപ്പോൾ ഉള്ള റോളറുകളെ കേടുപാടുതീർക്കാൻ പാടില്ലയോ എന്നു നോക്കയും ചെയ്യണം എന്നു ഞാൻ നിശ്ചയിച്ചതായിരുന്നു. അടങ്കൽ തയ്യാറാക്കിച്ചതിൽ അവയെ കേടുപാടുതീർക്കാൻ ശ്രമിക്കുന്നതു് ഒട്ടു ,യമാകുന്നു കാണപ്പെട്ടു. ഈ റോളറുകൾ മുപ്പത്തിരണ്ടുകൊല്ലം കാലമായി ഉപയോഗിക്കപ്പെട്ടവയാണിരിക്കുന്നു. ഇവയെ നന്നാക്കുന്നതിനു ൪,൦൦൦ രൂപാ വേണ്ടിവരും. ഒരു പുതിയ റോളർ വൊർക്ക്ഷാപ്പിൽ കൊണ്ടുവന്നു തിക്കുന്നതിനുള്ള വില ൧൦൦൦൦ രൂപായെ ആകുന്നുള്ളു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) റോളറുകൾ കേടുപാടു തീർക്കുന്നതിനു എസ്റ്റിമേട് എന്താകും?

മി: എ. വൈപ്പൻ (ചീഫ് എൻജിനീയർ) ൧-ാം നമ്പർ വളരെ ചീത്തയായി കിടക്കുന്നു. അതിനു ൪൦ പൗണ്ട് സമ്പർക്കശക്തിയേ ബായിലർ ഇൻസ്പെക്ടർ അനുവദിക്കുകയുള്ളു. അതു മേട്ടുസ്ഥലങ്ങളിൽ പണിചെയ്യിക്കുന്നതിനു മതിയാവുകയില്ല. അതുകൊണ്ടു ഞാൻ അതിനു ഉത്തരവാദം പറയേണ്ടിവരും എന്നു അദ്ദേഹം പറയുന്നു. അതു ഞാൻ കയ്യേററെടുക്കാൻ തയ്യാറില്ല. വല്ല അപകടമോ ജീവഹാനിയോ വരുന്നകാലത്തു ഞാൻ ജെയിലിൽ പോകേണ്ടിവരും. അതുകൊണ്ടു അതു ഞാൻ കേടുപാടു തീർപ്പിച്ചിട്ടില്ല. മററൊന്നു രണ്ടാം നമ്പർ റോളർ നന്നാക്കുന്നതിന് ൪,൦൦൦ രൂപാ വേണ്ടിവരും. എന്നാൽ പുതിയ റോളറിക്കു വില ൧൦൦൦൦ രൂപയേയുള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം) ഇതിലേക്കു ബഡ്ജററിൽ പണം ചേർക്കാത്തതെന്തുകൊണ്ടു് എന്നു അറിയേണ്ടതായിരിക്കുന്നു.

മി: എ. വൈപ്പൻ (ചീഫ് എഞ്ചിനീയർ) ഈ റോളറുകൾ നിരുപയുക്തങ്ങളാണെന്നു ഞാൻ തീർച്ചപ്പെടുത്തുന്നതുമുൻപു അവയെ കേടുപാടു തീർക്കാൻ പാടില്ലയോ എന്നു വളരെ സൂക്ഷ്മമായി നോക്കണം എന്നു നിശ്ചയിച്ചിരുന്നു എന്നു പറഞ്ഞുവല്ലോ. ഇതിനെക്കുറിച്ചുള്ള വിവരങ്ങൾ ബഡ്ജററിന്റെ വാദപ്രതിവാദം തീർന്നതിൽ പിന്നീടുമാത്രമേ എനിക്കു കിട്ടിയുള്ളു.

പ്രൊസീഡിങ്സ്—

ഡിമാൻഡ് XX.

പബ്ലിക് വൊർക്സ് ഡിപ്പാർട്ടുമെൻറ് എന്ന ഇനത്തിൽ നം ൦,൦൦൦ രൂപാ അനുവദിക്കണമെന്നാകുന്നു പ്രശ്നം,

തുക അനുവദിക്കപ്പെട്ടു.

നിയമനിർമ്മിതി.

കലാൽ റെഗ്ലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ) സർ, കലാൽ റെഗ്ലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ ഈ സഭയിൽനിന്നു തീർച്ചപ്പെടുത്തിട്ടുള്ളതിനെ അനുവദിക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): ഞാൻ അതിനെ അനുകൂലിക്കുന്നു.

ഈ ഉപക്ഷേപം വോട്ടിനിട്ടു അനുവദിക്കപ്പെട്ടു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): സർ, എന്റെ പേരിൽ കാണുന്നതായ അടുത്ത ഉപക്ഷേപം പ്രൊബേറ്റ്ബില്ലിനെ കുറിച്ചാകുന്നു. ഈ ഉപക്ഷേപം ഞാൻ ഇന്നു പ്രയോഗിക്കുന്നില്ല. ഇതു ഞാൻ മേലാൽ ഒരവസരത്തിൽ പ്രയോഗിച്ചുകൊള്ളാം.

തിരുവിതാംകൂട്ടു അഡ്മിനിസ്ട്രേററർ ജനറൽ ബിൽ.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ) സർ, തിരുവിതാംകൂട്ടു അഡ്മിനിസ്ട്രേററർ ജനറൽ ബില്ലിന്മേൽ പ്രത്യേക കമ്മിററിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുകയും റിപ്പോർട്ട് അനുസരിച്ചുള്ള ബില്ലിനെ പര്യാലോചനത്തിനായി സ്വീകരിക്കണം എന്നു അപേക്ഷിക്കയും ചെയ്യുന്നു.

മി: [illegible] (ഗവർണ്ണമെന്റ് ഫിനാൻഷ്യൽ മെമ്പർ): [illegible] ഈ ഭേദഗതി അനുകൂലിക്കുന്നു.

ഈ ഭേദഗതി അംഗീകരിക്കപ്പെട്ടു.

വകുപ്പ് 5.

മി: [illegible] (മാവേലിക്കരയും [illegible]). [illegible] ഭേദഗതി വേണം [illegible] അവതരിപ്പിക്കുന്നു.

മൂന്നാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ "നടപ്പിൽ" എന്നതിനു മുമ്പായി 5 (1) [illegible] ചേർക്കണം.

ഈ ഭേദഗതി പ്രയോഗിക്കുന്നതിൽ എന്റെ ഉദ്ദേശം റെഗുലേഷനെ കടിക്കുന്നതു സംബന്ധിച്ചു [illegible] ഉള്ളിടത്തോളം അനുസരിച്ചു ഇന്ന തീയതിമുതൽ റെഗുലേഷൻ നടപ്പിൽവരുത്തുക എന്നു വിധിച്ചു ഒരു [illegible] പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നു [illegible]. അതുകൊണ്ടു ഇപ്പോൾ ഇരിക്കുന്ന നിലയിൽ റെഗുലേഷനെ [illegible] ആക്കുന്നതിന് ഒരു [illegible] വേണ്ടിയിരിക്കുന്നു. ഏതു തീയതിയിൽ അതു നടപ്പിലാവുക [illegible] അറിവാൻ ഈ സഭയ്ക്കു അടക്കം [illegible] ചുരുക്കം സംഗതികളിൽ ഒഴികെ റെഗുലേഷൻ നടപ്പിൽ വരുന്ന ദിവസം അതിൽ തന്നെ വ്യക്തമായി വിവരിക്കുന്നതു [illegible] ആണ്. ഈ ബില്ലിന്റെ [illegible] ഭേദഗതിയിൽ [illegible] നടപടികൾക്കിടയ്ക്കു വ്യത്യസ്തം വരുത്തുന്നതിനുള്ള [illegible] പറഞ്ഞ് [illegible] ബർ ഈ സഭയെ [illegible]; ആരംഭിക്കുന്ന ദിവസം റെഗുലേഷനിൽതന്നെ നിർദ്ദിഷ്ടമായി പറഞ്ഞിരുന്നാൽ അതിന്റെ പ്രാരംഭത്തെ മാറിവയ്ക്കുന്നതിന് ആവശ്യം ഉണ്ടാകയില്ലല്ലോ. അതു [illegible] ചട്ടങ്ങൾ ഉണ്ടാക്കി പാസ്സാക്കപ്പെടും [illegible] ആവശ്യമുള്ള ചട്ടങ്ങൾ ഉണ്ടാക്കി പാസ്സാക്കപ്പെടും [illegible] ആണ്. [illegible] ഭരണാധികാരപരങ്ങൾ നല്കുന്നതിലേക്കു [illegible] ഉദ്ദേശിച്ചിരിക്കുന്ന ഉദ്ദേശത്തെ പൂർണ്ണത [illegible] നിനായി ഈ ബിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന [illegible] ഉദ്ദേശകാരണവിവരത്തിൽ പറഞ്ഞിരിക്കുന്നു. [illegible] കമ്മിറ്റിയുടെ പര്യാലോചനയും കഴിഞ്ഞിരിക്കുന്നു. ഈ ബിൽ [illegible] ഗവർണ്ണമെന്റിന്റെ ഉദ്ദേശ്യം പ്രൊബേറ്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ ബില്ലിന് പൂർത്തിനല്കുവാൻ ആണെന്നു വരികിൽ ഈ ബില്ലും പ്രൊബേറ്റും അഡ്മിനിസ്ട്രേഷൻ ബില്ലിനേ [illegible] ഏകീകരിക്കുന്ന നിയമം ആയ്ത്തീരണം എന്നാകുന്നു [illegible] പറയുന്നതു്. പ്രൊബേറ്റും അഡ്മിനിസ്ട്രേഷനും ബില്ലിൽ ആകട്ടെ, അതു ഇന്ന തീയതിയിൽ നടപ്പിലാവുന്നതാണെന്നു പറഞ്ഞിരിക്കുന്നു. അതിൽ പ്രാരംഭദിവസം വ്യക്തമായി പറഞ്ഞിരിക്കുന്നു. അതുകൊണ്ടു ഞാൻ നിർദ്ദേശിക്കുന്ന ഭേദഗതിക്കു ഗവർണ്ണമെന്റു അംഗീകരിക്കാവുന്നതാണെന്നു സഭയുടെ പര്യാലോചനത്തിനായി ഞാൻ അറിയിക്കുന്നു.

മി: എൻ. കേശവപിള്ള (ദേവികുളം): [illegible] ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

മി: കുട്ടിക്കൃഷ്ണ പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): ഈ ബിൽ നടപ്പാക്കുന്ന തീയതിയുടെ കാര്യത്തെ സംബന്ധിച്ചു് തീയതി [illegible] പകരപ്പെടുത്തുന്നതാണെന്നും വ്യവസ്ഥചെയ്തിരിക്കുന്നതിനെക്കുറിച്ചു [illegible] ഒഴിച്ചു വിവരണമായി സ്വല്പം എനിക്കു പറയാനുണ്ടു്. പ്രൊബേറ്റ് ബില്ലിന്റെ ഉദ്ദേശത്തിനു പൂർത്തിനല്കാനായിട്ടുള്ള ഈ ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു് എന്നുള്ളതു നിസ്സംശയം തന്നെ. ആ ബില്ലിന്റെ പൂർത്തീകരണം അല്ല, ആ ബില്ല നടപ്പാക്കുന്നതിനു പ്രേരകമായ ഉദ്ദേശത്തിന്റെ പൂർത്തീകരണം ആണു്. ഈ ബിൽ പ്രൊബേറ്റുബില്ലിന്റെ ഉദ്ദേശങ്ങളെ പൂർത്തിയാക്കുന്നു എന്നു ഞാൻ പറയുമ്പോൾ ഈ നിയമം ഉണ്ടാകാതെ പ്രൊബേറ്റ് നിയമം പ്രാവർത്തനത്തിൽ വരുത്തുന്നതു പാടില്ല എന്നു അർത്ഥമാകുന്നില്ല. പ്രൊബേറ്റ് ബില്ലിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്ന സകലതും അഡ്മിനിസ്ട്രേറ്റർ ജനറൽ ബിൽ ഇല്ലാതിരുന്നാലും അഫീഷ്യൽ ട്രസ്റ്റീസ് ബിൽ ഇല്ലാതിരുന്നാലും പ്രവർത്തനത്തിൽ വരുത്തേണ്ടതാണു്. കൊച്ചിയിൽ ആകട്ടെ തിരുവിതാംകൂറിൽ ആകട്ടെ, പ്രൊബേറ്റ് നിയമം ഉണ്ടെന്നു വരികിലും ആ രാജ്യങ്ങളിൽ അഡ്മിനിസ്ട്രേഷൻ ജനറലോ അഫീഷ്യൽ ട്രസ്റ്റിയോ ഇല്ലാ എന്നുള്ള വിവരം [illegible] സഭയെ അറിയിക്കുന്നുണ്ടു്.

മിസ്റ്റർ എ. [illegible] ആശാൻ (മാവേലിക്കരയും കുന്നത്തുനാടും): അങ്ങനെയാണെങ്കിൽ അതു ഇവിടെ നടപ്പാക്കുന്നതിനുള്ള കാരണം എന്തു്? ആ രാജ്യങ്ങൾക്കും നമ്മുടെ രാജ്യത്തിനും തമ്മിൽ ഉള്ള വ്യത്യാസം എന്തു്?

മി: കുട്ടിക്കൃഷ്ണ പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): ഞാൻ അതു വിവരിച്ചുപറയാം. പ്രൊബേറ്റ് നിയമം നടപ്പാക്കുന്നതിൽ ഗവർണ്ണമെന്റിന്റെ ഉദ്ദേശ്യം മരിച്ചുപോയവരുടെ സ്വത്തുക്കളുടെ രക്ഷണത്തിനായിട്ടാകുന്നു. ആ സ്വത്തുക്കളെ ഭരിക്കുന്നതിനായി യാതൊരാളുണ്ടു് സ്വയമേവ വരുന്നതല്ലാത്തതായ കാര്യങ്ങൾ ചിലപ്പോൾ ഉത്ഭവിക്കാം. ആ വിധം അത്യാവശ്യങ്ങൾ ഉണ്ടാകുമ്പോൾ പബ്ലിക്ക് അഡ്മിനിസ്ട്രേട്ടർ കാര്യവിചാരം കയ്യേൽക്കുന്നതിനിടയാകുന്നതിനായി വ്യവസ്ഥചെയ്യുന്നതു ഉചിതമാണെന്നു് ഗവർണ്ണമെന്റ് വിചാരിക്കുന്നു; അക്കാര്യത്തിലേക്കായിട്ടാണു് ഈ ബിൽ ഉണ്ടാക്കപ്പെട്ടതു്. ഈ ബില്ലിന്റെ പ്രയോഗത്തെ കുറേക്കാലത്തേക്കു മാറിവയ്ക്കുന്നതുകൊണ്ടു് പ്രൊബേറ്റ് നിയമത്തെ പ്രവർത്തനത്തിൽ വരുത്താൻ പാടില്ല എന്നു അർത്ഥമാകുന്നില്ല.

ഗവർണ്ണമെന്റു തീർച്ചപ്പെടുത്തുന്ന ഒരു ദിവസമല്ലാ, ഈ സഭ തീർച്ചപ്പെടുത്തുന്ന ഒരു ദിവസം, ഊർജ്ജിതത്തിൽ വരണം എന്നു നിശ്ചയിക്കണമെന്നതാണു് എന്നുള്ള നിർദ്ദേശത്തിനെക്കുറിച്ചു കേട്ടു ആളുകൾക്കു മാർഗ്ഗം ആണ് കൂടുതൽ സുകരമായിട്ടുള്ളതെന്നു ഞാൻ സഭയെ അറിയിക്കുന്നു. ഈ നിയമത്തെ പ്രവർത്തനത്തിൽ വരുത്തുന്നതിനു [illegible] വ്യക്തമായ കടമകൾ ഗവർണ്ണമെന്റു നിർവ്വഹിക്കേണ്ടതുണ്ടു് എന്നു ഈ നിയമത്തിൽ അനുശാസിച്ചിരിക്കുന്നു. അവയിൽ ഒന്നു ഒരു അഡ്മിനിസ്ട്രേറ്റർ ജനറലിനെ നിയമിക്കണം എന്നുള്ളതാണു്. മറ്റൊരു് ഈ നിയമത്തെ പ്രവർത്തനത്തിൽ വരുത്താൻ തുടങ്ങുന്നതിനു മുമ്പു് ഏതാനും ചട്ടങ്ങൾ ഗവർണ്ണമെന്റു് ഉണ്ടാക്കേണം എന്നുള്ളതാണു്. ഇവയ്ക്കു് ഏതാനുംകാലം വേണ്ടിവരും. അതുകൊണ്ടു് ഇന്നതീയതി ഈ ഊർജ്ജിതത്തിൽ വരും എന്നു ഗവർണ്ണമെന്റിനെ ബന്ധിക്കുന്നതിനേക്കാൾ പ്രാരംഭദിവസം ഗവർണ്ണമെന്റു് നിശ്ചയിച്ചുകൊള്ളട്ടെ എന്നു വയ്ക്കുന്നതു അധികം സുകരമായിരിക്കും. ഇക്കാര്യങ്ങൾ എല്ലാം ഒരു നി

ധിതകാലത്തിനകം—ഒരു കൊല്ലമോ മറ്റോ എന്നിരിക്കട്ടെ—ചെയ്തുതീർത്തു എന്നും ആ കാലാവധി എന്തായിരിക്കണം എന്നും ഞാൻ നിർണ്ണയപ്പെടുത്തി അതിലും കൂടുതലായ ഒരു കാലം വച്ചുകൊണ്ട് പ്രവർത്തനമിവസത്തിന് ഒരു തീയതി—ഇത്രമുതൽ രണ്ടുകൊല്ലം കഴിഞ്ഞിരിക്കട്ടെ—ക്ലിപ്തപ്പെടുത്തുകയും ചെയ്യണമെന്നു പറയുന്നതു സാധ്യമായിരിക്കും, എന്നാൽ ഇതു കഴിയുന്ന വേഗത്തിൽ പ്രവർത്തനത്തിൽ വരുത്തുന്നതു കർത്തവ്യമാണെന്നു വിശ്വസിച്ചുകൊള്ളുന്നതു കൂടുതൽ സുകരമായിരിക്കും എന്നു എനിക്കു തോന്നുന്നു.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വില്ലേജ് പഞ്ചായത്തുകളുടെ ഗ്രഹണേക്ഷണം നടപ്പിൽ വന്നിട്ടു എത്ര കൊല്ലമായി?

മി: കയ്യാലേം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സെക്രട്ടറിയിൽ): ഒന്നര കൊല്ലത്തോളമായി.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചട്ടങ്ങൾ നടപ്പാക്കിട്ടുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി വകുപ്പിൽ): ഉണ്ട്. സംഗതി ചട്ടങ്ങൾ ജനങ്ങളുടെ ആക്ഷേപങ്ങൾ അറിയുന്നതിനായി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ട്.

മി: ആർ. കേശവപിള്ള (കോട്ടാരക്കരയും കുന്നത്തൂരും): നിയമത്തിന്റെ പ്രവർത്തനം താമസിപ്പിച്ചു നിർത്തിവെക്കാൻ ഗവർണ്മെന്റിനു കഴിവില്ലായോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി വകുപ്പിൽ): നിയമനിർമ്മിതം തീയതി വിവരിച്ചു നിശ്ചയിച്ചുകഴിഞ്ഞാൽ അതിനെ മാറ്റിവെയ്ക്കുന്നതിനു ഗവർണ്മെന്റിനു അധികാരമില്ല. പ്രസ്തുതകാര്യത്തിൽ ആകട്ടെ ചട്ടങ്ങൾ നടപ്പാക്കണം എന്നു വരികിൽ അവയെക്കുറിച്ചു പൊതുജനങ്ങളുടെ ആക്ഷേപവാദങ്ങൾ അറിയുക്കുന്നതിലേക്കായി നക്കൽ ചട്ടങ്ങൾ ഗവർണ്മെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. ഇവയ്ക്കെല്ലാം ഏതാനുംകാലം വേണ്ടിവരും. ഇതെല്ലാം ചെയ്യുന്നതിനു ഗവർണ്മെന്റിനെ വിശ്വസിച്ചേൽപ്പിക്കാവുന്നതാണ്. ഈ സഭ അതു ആലോചിക്കും എന്നുവരികിൽ അതു കൂടുതൽ സുകരമായിരിക്കും.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്പോൾ തീയതിനിശ്ചയിച്ചില്ലെന്നുവരികിൽ വില്ലേജ് പഞ്ചായത്തു ഗ്രഹണേക്ഷണത്തിന്റെ കാര്യത്തിൽ എന്നപോലെ ഇതിലും ഏതാനും താമസം നേരിടും എന്നു മെമ്പർ വിചാരിക്കുന്നില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി വകുപ്പിൽ): ഇല്ല. ഇതിനെ താമസിപ്പിക്കണം എന്നു ഗവർണ്മെന്റിനു താല്പര്യം ഉണ്ടെന്നുവരികിൽ ഈ നിയമം നടപ്പാക്കേണ്ട ആവശ്യമേ ഇല്ലായിരുന്നു.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങനെതന്നെയാണു. അനിശ്ചിതമായ ഒരു കാലത്തേക്കു അതിനെ മാറ്റിവെക്കുന്നതിനു യാതൊരുകാരണവും ഞാൻ കാണുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി വകുപ്പിൽ): മൂന്നാമത്തെ വായനയ്ക്കായി സഭയിൽ വരുമ്പോൾ ഇത്രമുതൽ രണ്ടോ മൂന്നോ കൊല്ലംകഴിഞ്ഞു ഈ നിയമം നടപ്പാക്കുവരും എന്നു ഒരു വകുപ്പുകൂടി ചേർത്തു് മി: ആശാന്റെ വാദത്തേയും തൃപ്തിപ്പെടുത്തുന്നതിനു കഴിഞ്ഞേക്കാം. എന്നാൽ അങ്ങനെ ചെയ്യുന്നതുകൊണ്ടു് വല്ലവർക്കും ഗുണമുണ്ടോ?

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ന്യായമായതാവാം എന്നാകുമെന്നു ലാമെമ്പർക്കു മുൻകൂട്ടി കണക്കാക്കരുതോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി വകുപ്പിൽ): ആകാം. പക്ഷേ ഞാൻ നേരത്തെ എതിരായിട്ടുള്ള അവസ്ഥയിൽ ചാട്ടകൾ നിയമം നടപ്പിൽ വരുത്തുന്നതിനുമുൻപിൽ ക്ലിപ്തമായ ചില നിർബന്ധവിഷയങ്ങൾ ഗവർണ്മെന്റു ചെയ്യേണ്ടതാകുകകൊണ്ടു വളരെ ദീർഘമായ ഒരു കാലത്തെ കണക്കാക്കേണ്ടതായിവരും.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അവസ്ഥ വരുന്നതിനു കുറഞ്ഞതു ഒന്നു ശ്രമിക്കരുതോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി വകുപ്പിൽ): ചെയ്യാവുന്നതാണ്; എന്നാൽ ഗവർണ്മെന്റിനെ വിശ്വസിക്കരുതോ?

മി: പി. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഭേദഗതിയെ സ്വീകരിക്കുന്നതിൽ സാങ്കേതികമായ യാതൊരു പ്രതിബന്ധവും ഇല്ലെന്നു ഞാൻ മനസ്സിലാക്കികൊള്ളട്ടെ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി വകുപ്പിൽ): എനിക്കു സംഗതി മനസ്സിലാകുന്നുണ്ട്. മി: ആശാന്റെ ഭേദഗതിയിൽ പെട്ടിരിക്കുന്നതുകൂടി പൂർത്തിയാകുന്നതിനെപ്പററിയാണ് അദ്ദേഹം പറയുന്നതു്. മി: ആശാന്റെ ഭേദഗതി സ്വീകരിക്കപ്പെടുകയാണെങ്കിൽ വിട്ടിരിക്കുന്നതുകൂടി മൂന്നാമത്തെ വായനയിൽ പൂർത്തിയാക്കപ്പെടും. ഇപ്പോൾ ആശാൻ പറയുന്ന സംഗതി ഈ നിയമം നടപ്പിൽ വരുന്നകാലം നീട്ടിപ്പിടിക്കുന്നതു ഗവർണ്മെന്റിന് വിട്ടുകൊടുക്കുക എന്നുള്ളതുമാത്രമാകുന്നു. അതിനെ സംബന്ധിച്ചിടത്തോളം സഭ ഗവർണ്മെന്റിനെ വിശ്വസിക്കാവുന്നതാണെന്നു ഞാൻ വിചാരിക്കുന്നു.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ലാമെമ്പറുടെ ഉറപ്പിന്മേൽ ഞാൻ ഭേദഗതിയെ നിർബന്ധിക്കുന്നില്ല.

അനുമതിപ്രകാരം ഭേദഗതി പിൻവലിക്കപ്പെട്ടു.

വകുപ്പ് 11.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, 11-ാം വകുപ്പിൽ 1-ാമത്തെ ഉപവകുപ്പായിട്ടു ചേർത്തിരിക്കുന്നതിനെ ചോദ്യം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഖണ്ഡം ഉപഖണ്ഡത്തിൽ "വക്കീലായിരുന്നാൽ അല്ലാതെ" എന്നതിനുമുമ്പായി "തിരുവിതാംകൂർ സിവിൽ റഗുലേഷൻസ് അനുസരിച്ചു മുൻസിഫുദ്യോഗത്തിനു യോഗ്യനാണെന്നു ചേർക്കുകയും ശേഷമുള്ള ഭാഗത്തെ വിട്ടുകളയുകയും ചെയ്യണം.

അപ്പോൾ ഭേദഗതിപ്പെടുത്തിയ സ്ഥിതിയിൽ ഉള്ള ഈ ഉപഖണ്ഡം ഇപ്രകാരം ആയിരിക്കും.

"തിരുവിതാംകൂർ സിവിൽ റഗുലേഷൻസ് അനുസരിച്ചു മുൻസിഫുദ്യോഗത്തിനു യോഗ്യനായ വക്കീൽ ആയിരുന്നാൽ അല്ലാതെ യാതൊരാളേയും അഡ്മിനിസ്ട്രേറ്റർ ജെനറൽ ആയി നിയമിച്ചുകൂടാ."

ഈ ഭേദഗതി പ്രയോഗിക്കുന്നതിൽ എന്റെ ഉദ്ദേശം ഇപ്പോൾ ഇപ്രകാരം പറഞ്ഞിട്ടുണ്ട് എന്നുള്ളതാകുന്നു. അതായതു് ഈ കൊല്ലത്തിൽ കുറയാത്തകാലത്തേക്കു തിരുവിതാംകൂർ ഹൈക്കോടതിവക്കീൽ ആയിരിക്കയോ ഒരു ഡിസ്ട്രിക്ട് ജഡ്ജിയുടെ സ്ഥാനത്തിനു കുറവില്ലാത്ത സ്ഥാനം ഉള്ള ഒരു ജുഡിഷ്യൽ ഉദ്യോഗം നമ്മുടെ ഗവർണ്മെന്റിന്റെ കീഴിൽ വഹിച്ചിരിക്കയോ ചെയ്തിട്ടില്ലാത്ത യാതൊരാളേയും അഡ്മിനിസ്ട്രേറ്റർ ജെനറലായി നിയമിച്ചുകൂടാ.,,

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): സെക്ഷൻ (ക)-ാം ഉപഖണ്ഡത്തിന്റെ അവസാനത്തിൽ ചില്ലറ ചേർക്കണം എന്നു കാണിച്ചു ഇതിനുമുമ്പായി ഒരു ഭേദഗതി ഈ മെംബറുടെ വകയായുണ്ട്. ആ ഭേദഗതി അദ്ദേഹം പ്രയോഗിക്കുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇല്ല. ഞാൻ അതു പിൻവലിക്കാൻ ആഗ്രഹിക്കുന്നു.

പ്രസിഡണ്ട്:—നിങ്ങൾ രണ്ടാമത്തെ ഭേദഗതിയിൽ പ്രവേശിച്ചുപോയിട്ടുള്ളതുകൊണ്ട് ന്ന് ഒന്നാമത്തെ ഭേദഗതി പ്രയോഗിക്കുന്നില്ല എന്നു ഞാൻ ഊഹിക്കേണ്ടതുതന്നെ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്റെ ഉദ്ദേശം ഒരു ഡിസ്ട്രിക്ട് ജഡ്ജിയുടെ സ്ഥാനത്തിനു കുറവില്ലാത്ത സ്ഥാനം ഉള്ള ഒരു ജുഡിഷ്യൽ ഉദ്യോഗം നമ്മുടെ ഗവർണ്മെന്റിന്റെ കീഴിൽ വഹിച്ചിട്ടില്ലാതിരിക്കയോ" എന്നുള്ള വാക്യത്തെ കൂടുതൽ വിപുലമാക്കുന്നതിനായിട്ടാകുന്നു. ഗവർണ്മെന്റിനുകീഴിൽ ജുഡിഷ്യൽ ഉദ്യോഗം വഹിച്ചിരുന്നിട്ടുള്ളവരും എന്നാൽ ഉദ്യോഗംവിട്ടുപിരിഞ്ഞവരും ആയുള്ളവർക്കുകൂടി അഡ്മിനിസ്ട്രേറ്റർ ജനറൽആയി നിയമിക്കപ്പെടുന്നതിനു യോഗ്യരാണെന്നു ഈ വാക്യത്തിൽനിന്നു ഇപ്പോൾ അർത്ഥമാകുന്നു. അയാൾ ശമ്പളത്തിനു അർഹതയുള്ള ഉന്നതസ്ഥാനത്തുള്ള ഒരാൾ ആയിരിക്കണം എന്നും ആ ശമ്പളം മരിച്ചവന്റെ സ്വത്തിൽനിന്നു നിർവഹിക്കേണ്ടതാണെന്നും ഒരു അനുമാനം ഉണ്ട്. അഡ്മിനിസ്ട്രേറ്റർ ജനറലുടെ ശമ്പളം കൊടുക്കുന്നതിനായി മരിച്ചവന്റെ സ്വത്തിന്റെ ആദായത്തിൽനിന്നു പലതായ ഒരംശം നഷ്ടപ്പെടാതിരിക്കത്തക്കവണ്ണം ഗവർണ്മെന്റ് സദാ മനോരക്ഷണത്തിനുകൂടി എന്നുള്ളതുകൊണ്ട് ആ ഉദ്യോഗസ്ഥനുള്ള പ്രതിഫലം ഇതിലും കൂടുതലായ ഇടയായിരിക്കാനായി ഈ ഭേദഗതി വേണ്ടതാണെന്നു ഞാൻ നിർദ്ദേശിക്കുന്നു. ആ ഉദ്ദേശത്തെ ദൃഷ്ടിയിൽ വച്ചുകൊണ്ട് ഭേദഗതിയെ അംഗീകരിക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: വി. ചെല്ലൻപിള്ള (തൊവാള): ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, മി: ദാമോദരൻ ആശാന്റെ ഭേദഗതിയെ അനുകൂലിക്കുന്നതിൽ ഒരു സംഗതിയിൽ ഈ സഭാസമക്ഷം സമർപ്പിക്കാൻ ഉണ്ട്. അതു ഈ കൊല്ലത്തിൽകുറയാതെ ഹൈക്കോടതിവക്കീൽ ആയിരുന്നു എന്നു അസൽ ബില്ലിൽ കാണുന്നു എന്നുള്ളവസ്തുതയാകുന്നു. തിരുവിതാംകൂർ സിവിൽ റഗുലേഷൻ അനുസരിച്ചു മുൻസിഫുദ്യോഗത്തിനു യോഗ്യനായ ഒരു വക്കീൽ ആയിരുന്നാൽ അല്ലാതെ അഡ്മിനിസ്ട്രേറ്റർ ജനറലായി" നിയമിച്ചുകൂടാ എന്നു ഭേദഗതിയിൽ കാണുന്നു. ആ സ്ഥിതിക്കു ഇവരണ്ടിനും തമ്മിൽ ഉള്ള വ്യത്യാസം ഒരു വക്കീലായിരുന്ന കാലത്തെർഹ്വ: ആകുന്നു. അപ്രകാരം ഹൈക്കോടതിവക്കീൽ ആയിരുന്നാലും ഡിസ്ട്രിക്ട്കോട്ടിലെ വക്കീൽ ആയിരുന്നാലും വേണ്ടുകില്ല. നിയമനിർമ്മിതി സംബന്ധിച്ചിടത്തോളം ഇതു നിയമവ്യാഖ്യാനത്തെ ബാധിക്കുന്നില്ല. അതുകൊണ്ട് ഒരു അഡ്മിനിസ്ട്രേറ്ററായിരിക്കുന്നതിനു വേണ്ടതായ പ്രായം കുറഞ്ഞ യോഗ്യതയാകുന്നു ഇപ്പോൾത്തെ വിവാദവിഷയം. ഇതു മിസ്റ്റർ ആശാന്റെ ഭേദഗതിയിൽ ഒരു പ്രധാനസംഗതിയും ആകുന്നു. ആളിന്റെ യോഗ്യതയെസംബന്ധിച്ചിടത്തോളം മുഴുവൻ പ്രശ്നത്തെക്കുറിച്ചും ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിനോടു ചോദിക്കുന്നതു നല്ലതായിരിക്കും എന്നു എനിക്കു തോന്നുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സെക്രട്ടറി വക്കീൽ): മെംബർ ഈ ഭേദഗതിയെ പിൻതാങ്ങുകയാണോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുകയാകുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി): ആരും അതു പിൻതാങ്ങിയിട്ടില്ല.

പ്രസിഡണ്ട്:—മി: ചെല്ലൻപിള്ള അതു പിൻതാങ്ങിയിട്ടുണ്ട്.

മി: ടി. സി. കേശവപിള്ള (വിളവങ്കോടും കൽക്കുളവും): അതുകൊണ്ട് അഡ്മിനിസ്ട്രേറ്റർ ജനറലുടെ സ്ഥാനം മുൻസിഫായി നിയമിക്കാൻ യോഗ്യതയുള്ളയാളുടേതായിരിക്കണം എന്നുള്ളതിനു നീതിതത്ത്വമനുസരിച്ചു നല്ലതു്. അതുകൊണ്ട് ഭേദഗതിക്കു ഒരു ഭേദഗതിയായി. ആ പ്രത്യേക ഭേദഗതിയിൽ തത്സംബന്ധമായ ഭാഗം അസ്ഥാനത്തിലാകയാൽ അതിനെ വിട്ടുകളയണം എന്നു ഞാൻ മി: ആശാനോടു അപേക്ഷിക്കുന്നു. "മുൻസിഫുദ്യോഗം" എന്ന വാക്കിനെ വിട്ടു മി: ആശാൻതന്റെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതു ഭേദഗതിയെ വിട്ടുകളയണം?

പ്രസിഡണ്ട്:—മിസ്റ്റർ ആശാൻ, ദയവായി ഒന്നുകിൽ നിൽക്കണം അല്ലെങ്കിൽ ഇരിക്കണം.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറി): സർ, ഞാൻ ഈ ഭേദഗതി യഥാരീതി പ്രതിക്കൂലിക്കണം എന്നു വിചാരിക്കുന്നു. ആദ്യം എഴുതിയിരുന്ന സ്ഥിതിയിൽ ബില്ലിനെ മെമ്പർമാർ സമയം നോക്കുന്നതായാൽ അഡ്മിനിസ്ട്രേട്ടർ ജനറലിന്റെ ഉദ്യോഗത്തിനു യാതൊരു യോഗ്യതയും പ്രത്യേകം നിശ്ചയിച്ചിട്ടില്ലായിരുന്നു എന്നു കാണുന്നതാകുന്നു. ആ ഉദ്യോഗത്തിനുള്ള പ്രവൃത്തിയും അതിന്റെ പ്രവർത്തനവും ഗവർണ്മെന്റിൽ സ്ഥാപിതം ആയിരിക്കകൊണ്ട് ഗവർണ്മെന്റ് യോഗ്യതയെന്നതു വിചാരിക്കുന്നു ആളിനെ നിശ്ചയിച്ചുകൊള്ളട്ടെ എന്നായിരുന്നു അക്കാലത്തു എന്റെ ഉദ്ദേശം. അതുകൊണ്ട് ഉദ്യോഗത്തിനുവേണ്ട യോഗ്യതയെക്കുറിച്ചു യാതൊന്നും ബില്ലിലകത്തു നിശ്ചയിക്കുന്നതിനു പല്ല ആവശ്യകതയുണ്ടെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എന്തായാലും കുറഞ്ഞ യോഗ്യത ഇന്നതാണെന്നു റഗുലേഷനിൽതന്നെ നിശ്ചയിക്കേണ്ടതാണെന്നു പ്രത്യേക കമ്മിറ്റി വിചാരിച്ചു. അവർ ചെയ്തതു തെറ്റാണെന്നു ഞാൻ പറയുന്നില്ല. അതനുസരിച്ചു അവർ ബില്ലിൽ ഇപ്രകാരം കാണുന്ന വകുപ്പുചേർത്തു. അതു ഇപ്രകാരം ആകുന്നു. "അങ്ങനെകൊല്ലത്തിൽ കുറയ്ക്കാതെ തിരുവിതാംകൂർ ഹൈക്കോടതിയിലെ പ്രാക്ടീഷണറായിരുന്നു ഒരു ഡിസ്ട്രിക്ട് കോടതിയിലെ ഡ്യൂട്ടിയിൽ കുറഞ്ഞ തല്ലാത്ത സ്ഥാനമുള്ള ഒരു ജുഡീഷ്യൽ ഉദ്യോഗം നമ്മുടെ ഗവർണ്മെന്റിൽ വഹിച്ചിരിക്കയോ ചെയ്തിട്ടുള്ളതോ യാതൊരാളെയും അഡ്മിനിസ്ട്രേട്ടർ ജനറലായി നിയമിച്ചുകൂടാ. ഇപ്രകാരം ഈ ഉദ്യോഗനിയമനത്തിനുള്ള പരിധി നിയന്ത്രിതമാക്കപ്പെട്ടു. മി: ആശാന്റെ ഭേദഗതി ഇതിനേക്കാൾ വിശേഷതരമായ പരിധി ഗവർണ്മെന്റിനു നല്കണം എന്നാകുന്നു. എന്നാൽ തുടർച്ചയായി നോക്കുന്നതായാൽ ഈ ഭേദഗതിക്കു യാതൊരാക്ഷേപവും നിലനില്ല. വേണ്ട യോഗ്യത എന്താണെന്നു റഗുലേഷനിൽതന്നെ പറഞ്ഞിരിക്കേണ്ടതാണെന്നും അഡ്മിനിസ്ട്രേഷൻ ജനറൽ ഡിസ്ട്രിക്ട് ജഡ്ജിയുടെ സ്ഥാനവലിപ്പം ഉള്ള ആളായിരിക്കണം എന്നും പ്രത്യേക കമ്മിറ്റി അഭിപ്രായപ്പെട്ടിരിക്കുന്നതിനെ ആദരിക്കേണ്ടതിനാൽ ഞാൻ ഈ ഭേദഗതിയെ പ്രതിക്കൂലിക്കേണ്ടതുതന്നെ എന്നു തോന്നുന്നു. ഈ ഭേദഗതിയെ ഇവിടെ അംഗീകരിക്കുകയും ഗവർണ്മെന്റിന്റെ വരണപരിധിയെ വിശാലപ്പെടുത്തുകയും ചെയ്യുന്നതായാലും ശരിയായ ആളുകളെ മാത്രമെ ഗവർണ്മെന്റ് നിയമിക്കുകയുള്ളു എന്നു ഞാൻ ആശയോടെ ഇറപ്പുപറയാം. എന്നാൽ എന്തായും കുറഞ്ഞയോഗ്യത ഇന്നതാണെന്നു റഗുലേഷനിൽതന്നെ പറഞ്ഞിരിക്കേണ്ടതാണെന്നു വിചാരിക്കുകയും ആ ആഫീസുകളുടെ സ്ഥാനമാനം ഇന്നതായിരിക്കണം എന്നു നമ്മളാൽ നിർദ്ദേശിക്കയും ചെയ്യുന്നതായാൽ മിസ്റ്റർ ആശാന്റെ ഭേദഗതി പ്രത്യേകകമ്മിറ്റിയുടെ അഭിപ്രായത്തിനു പ്രതിക്കൂലം ആകുന്നു. അതുകൊണ്ട് ഈ അഭിപ്രായത്തെ യഥാവിധി പ്രതിക്കൂലിക്കുന്നതിൽ ഇതാണ്ടെ ഈ സഭയിലെ മെമ്പറന്മാരുടെ തീർച്ചയായി വിട്ടിരിക്കുന്നു എന്നു പറഞ്ഞുകൊള്ളുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടവും വ്യവസായവും മന്ത്രി): അഡ്മിനിസ്ട്രേട്ടർ ജനറൽക്കുവേണ്ട യോഗ്യത ക്ലിട്ടിക്കിൻഡ്യയിൽ എന്താണെന്നു അറിയേണ്ടിയിരിക്കുന്നു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി വക്കീൽ): കുറ്റത്തിൽ ഇതുതന്നെയാണ്. അവിടെ വക്കീലിനു ഇത്രകാലത്തെ പരിചയം വേണം എന്നു നിശ്ചയിച്ചിട്ടില്ല. ഏതു ബാരിസ്റ്ററോ ആഡ്വക്കേട്ടോ ഹൈക്കോർട്ടുവക്കീലോ ആയിരിക്കാം; ഇത്രകാലത്തെ പരിചയം എന്നു വിചാരിച്ചിട്ടില്ല. അഡ്മിനിസ്ട്രേട്ടർ ജനറലുടെ ജോലി ജുഡീഷ്യൽ അല്ലെങ്കിൽ ക്രിസിജുഡീഷ്യൽ സ്വഭാവത്തിൽ ഉള്ളതാണ്. അദ്ദേഹം സത്യവാനും നല്ലനിയമശാസ്ത്രജ്ഞനും അല്ലാതിരുന്നാൽ അദ്ദേഹത്തിന്റെ പ്രവൃത്തി മരിച്ചു ആളുടെ സ്വത്തിനു ദോഷങ്ങൾ വരുത്തിത്തീരാൻ ഇടയുണ്ട്. അതുകൊണ്ടു നിയമിക്കപ്പെടുന്നയാൾ സ്ഥലത്തെ സ്ഥിതി ഭേദങ്ങളുമായി സല്ലും പരിചയവും സല്ലും നിയമശാസ്ത്രപരിജ്ഞാനവും ഉള്ളയാളായിരിക്കണം. ഓരോ സംഗതിയിലും ഗവർണ്മെന്റ് വേണ്ടതു ചെയ്തുകൊള്ളട്ടെ എന്നു വിട്ടേക്കണം എന്നു ഗവർണ്മെന്റും ആഗ്രഹിക്കുന്നതായാൽ ഗവർണ്മെന്റ് വിജ്ഞയമായും ഉചിതമായി പ്രവർത്തിക്കും. യോഗ്യത ഇന്നതായിരിക്കണം എന്നു വിധിക്കുവാൻ സഭ എന്തുതന്നെ ചെയ്യുന്നതായാലും അഡ്മിനിസ്ട്രേട്ടർ ജനറലിന്റെ ഉദ്യോഗം മുൻസിഫിന്റെ സ്ഥാനം ഉള്ളതായിരിക്കണം എന്നുനിർദ്ദേശിച്ചുകൂടാ. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ഭേദഗതിയെ യഥാവിധി എതിർക്കുന്നു.

മി: ടി. താണുപിള്ള (തിരുവനന്തപുരം): സർ, ഞാൻ ഈ ഭേദഗതിയെ പിന്തുണക്കുന്നു. ബിൽ ആദ്യമായി എഴുതിയിരുന്നപ്പോൾ അഡ്മിനിസ്ട്രേട്ടർജനറലിനു ഇന്ന യോഗ്യതവേണം എന്നു നിശ്ചയിച്ചിരുന്നില്ലാതന്നെ. എന്നാൽ അഡ്മിനിസ്ട്രേട്ടർ ജനറലുടെ പ്രവൃത്തികളുടെ സ്വഭാവത്തെഗണിച്ചു ആ ഉദ്യോഗത്തിനു ക്ലിപ്തയോഗ്യതകൾ ഉണ്ടായിരിക്കണം എന്നും ആ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നയാൾക്കു നിയമശാസ്ത്രപരിജ്ഞാനം ഉണ്ടായിരിക്കേണ്ടതാണെന്നും പ്രത്യേകകമ്മിട്ടി വിചാരിച്ചു, ചില സംഗതികളിൽ മരിച്ചയാളിന്റെ സ്വത്തിനെ അഡ്മിനിസ്ട്രേറ്റർജനറലിന്റെ കൈവശം നിബന്ധപൂർവ്വം സ്ഥാപിക്കേണ്ടിവരുന്നു എന്നു കാണുന്നതാണ്. ആ സ്വത്തിന്റെ ഭരണം നടത്തുന്ന പ്രവൃത്തി വിശ്വസ്തമായി ഏല്പിക്കപ്പെട്ടിരിക്കുന്നയാൾ അതു നിർവ്വഹിക്കാൻ യാതൊരു കാരണത്താലും അയുക്തനല്ലാതിരിക്കാൻ കഴിയുന്നതും വേണ്ടുന്ന തത്വങ്ങൾ എല്ലാം ചെയ്യേണ്ടതു നിയമകർത്താക്കളുടെ ധർമ്മം ആകുന്നു. ബില്ലിലെ ഉ, ഖ, ഗ ഖ, ഘ ഗ മുതലായ വകുപ്പുകൾ എന്റെ ഈ അഭിപ്രായത്തെ ദൃഢീകരിക്കുന്നു. ഘ.ഗ.ാം വകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

(ഗ) ഹൈക്കോടതി അപേക്ഷകിട്ടിയാൽ അഡ്മിനിസ്ട്രേട്ടർജനറലിന്റെ അധീനത്തിലുള്ള വല്ല സ്വത്തിനെയോ അങ്ങനെയുള്ള വല്ല സ്വത്തിന്റെയും ഭരണത്തെയോ സംബന്ധിച്ചു പൊതുവായോ പ്രത്യേകമായോ ഉള്ള ഏതന്വേഷണവും അഡ്മിനിസ്ട്രേട്ടർജനറലിനു നൽകാവുന്നതാകുന്നു

(ഘ) ഗ-ാം ഉപവകുപ്പു അനുസരിച്ചു കൊടുക്കുന്ന അപേക്ഷകൾ [അഡ്മിനിസ്ട്രേട്ടർജനറലൊ സ്വത്തിലൊ അതിന്റെ ശരിയായ ഭരണത്തിലൊ താല്പര്യം ഉള്ള വല്ലയാളെ കൊടുക്കാവുന്നതാകുന്നു.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മുനിസിപ്പുദ്യോഗത്തിനു യോഗ്യനായ ഒരാൾ അഡ്മിനിസ്ട്രേട്ടർജനറലിന്റെ പ്രവൃത്തികൾ നിർവ്വഹിക്കാൻ യോഗ്യനല്ലാതിരിക്കും എന്നാണോ മി: താണുപിള്ളയുടെ അഭിപ്രായം?

മി: ജ. താണുപിള്ള (തിരുവനന്തപുരം): അഡ്മിനിസ്ട്രേട്ടർ ജെനറലായിരിക്കുന്നതിനു ഇതിലും കൂടുതൽ യോഗ്യതവേണമെന്നു ഞാൻ കരുതുന്നു. മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ ആകട്ടെ അയാളുടെ പ്രവൃത്തിയെപ്പറ്റി കോടതികൾ പതിവായി പരിശോധിച്ചുവരുന്നുണ്ട്. അഡ്മിനിസ്ട്രേട്ടർജനറലുടെ കാര്യത്തിൽ അയാളുടെ പ്രവൃത്തിയെ അത്ര സൂക്ഷ്മമായി പരിശോധിക്കുവാൻ യാതൊരു ഉയർന്ന അധികാരസ്ഥാനം ഇല്ല എന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

മി: മാത്യുമുതിക്കൻ (വൈക്കം): ഡിസ്ട്രിക്ട്ജഡ്ജിയുടെ പ്രവൃത്തിയെ ഉയർന്നതരം അധികാരസ്ഥൻ പരിശോധിക്കാറില്ലയോ?

പ്രെസിഡണ്ട്: ഒരുചോദ്യം ചോദിക്കുമ്പോൾ ആകട്ടെ ഒരു പ്രസംഗം ചെയ്യുമ്പോൾ ആകട്ടെ നിങ്ങൾ ആസനത്തിൽ ഇരുന്നുകൂടാ. മിസ്റ്റർ മാത്യുമുതിക്കൻ, നിങ്ങൾ എഴുന്നേററുനില്ക്കണം.

മി: എ. താണുപിള്ള (തിരുവനന്തപുരം): നിയമങ്ങൾ നടത്തിക്കുന്നതിൽ അധികപരിചയമില്ലാത്തവരെ മുൻസിഫായിനിയമിക്കാറുണ്ടെന്നു എല്ലാവർക്കും അറിയാവുന്നകാര്യമാണ്. ഡിസ്ട്രിക്ട്ജഡ്ജിമാരുടെ കാര്യങ്ങളതെയല്ല.

മി: എ. എസ്. മാരാരിനാരായണൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇപ്പോൾ മിസ്റ്റർ താണുപിള്ള വായിച്ചുകേൾപ്പിച്ച നിയമവകുപ്പു അനുസരിച്ചു അഡ്മിനിസ്ട്രേട്ടർ ജെനറലുടെ പ്രവൃത്തികളിൽ കാര്യഭാഗത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങളെ മാത്രമേ തനിക്കു ബോധ്യപ്പെടുത്തേണ്ടിയുള്ളു എന്നും നിയമസംബന്ധമായ പ്രശ്നങ്ങളെക്കുറിച്ചു ബോധ്യപ്പെടേണ്ടതില്ലാ എന്നും മിസ്റ്റർ താണുപിള്ളയോടു ഞാൻ ചൂണ്ടിക്കാണിക്കട്ടെയോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ ഇപ്പോൾ പ്രസ്താവിച്ചതായ വകുപ്പിനു പുറമെ മററുവകുപ്പുകളും ഉണ്ട്. ഉദാഹരണത്തിനു ഏഴു-ാം വകുപ്പുനോക്കാം. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:-

(ക) മരിച്ചവന്റെ സ്വത്തിന്നു അവകാശമുള്ള കടംകൊടുത്തിട്ടുള്ളവരും മററുള്ളവരും അവരുടെ അവകാശങ്ങളുടെ വിവരം അറിയിക്കണം എന്നു ചട്ടപ്രകാരം ഉള്ളിനോട്ടീസ് അഡ്മിനിസ്ട്രേട്ടർ ജെനറൽ അവർക്കു കൊടുത്തുവിട്ടാൽ അയാൾ, അവകാശങ്ങൾ അയയ്ക്കുന്നതിനു അതിൽ പറഞ്ഞിരിക്കുന്ന കാലാവധിയുടെ അവസാനത്തിൽ, അയാൾ അറിയിപ്പുകൊടുത്തിട്ടുള്ള പ്രകാരമുള്ള നിയമാനുവൃതമായ അവകാശങ്ങൾ കൊടുത്തുതീർക്കുന്നതിലേക്കായി മരിച്ചവന്റെ മുതലുകളുടെയോ അതിന്റെ അംശത്തിന്റെയോ അയാൾ വിനിയോഗിക്കാവുന്നതാകുന്നു.

ഒരു അവകാശം സാധുവോ അസാധുവോ എന്നു മരിച്ചവന്റെ സ്വത്തിൽനിന്നു പണം എടുത്തു സാധുവായ അവകാശങ്ങൾക്കു കൊടുത്തു തീർക്കേണ്ടതാണോ എന്നും ഈ വകുപ്പു അനുസരിച്ചു അഡ്മിനിസ്ട്രേട്ടർജെനറൽ തീർച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനെല്ലാം നിയമശാസ്ത്രത്തിന്റെ നല്ല ജ്ഞാനവും പരിചയവും ആവശ്യമാണ്.

മി: എ. എസ്. മാരാരിനാരായണൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മെംബർ ഇപ്പോൾ വായിച്ചതായ വകുപ്പു അനുസരിച്ചു അഡ്മിനിസ്ട്രേട്ടർ ജെനറൽ നടത്തുന്ന പ്രവൃത്തി അവസാനത്തീർച്ചയായിരിക്കും എന്നു മെംബർ വിചാരിക്കുന്നുവോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ അവസാനതീർച്ചയായിരിക്കട്ടെ അല്ലാതിരിക്കട്ടെ എന്റെ വാദം ഇതാണ്. അഡ്മിനിസ്ട്രേട്ടർ ജെനറലിന്നു ഈ പ്രവൃത്തികൾ നിർവ്വഹിക്കാനുണ്ട് എന്നുതന്നെയായാലും അയാളുടെ പ്രവൃത്തിയെ വളരെ സൂക്ഷ്മമായി പരിശോധിക്കാവുന്നതും അല്ല. അയാളുടെ നടത്തത്തെക്കുറിച്ചു അഴിമതിയോ അപ്രാപ്തിയോ ചില സംഗതികളിൽ ഗവർണ്മെന്റിനുള്ളതായും നമുക്കു കാണാം.

മി: എ. എസ്. മാരാരിനാരായണൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മുനിസിപ്പുദ്യോഗത്തിനു യോഗ്യതയുള്ള ഒരാൾ നടത്തുന്ന പ്രവൃത്തി സമാധാനമായിരിക്കയുള്ളു എന്നു മിസ്റ്റർ താണുപിള്ള ഊഹിക്കുന്നുവോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്റെ യുക്തിവാദം ആ അനുമാനത്തെ എങ്ങനെ ഉത്തേജിപ്പിക്കുന്നു എന്നു എനിക്കു അറിഞ്ഞുകൂടാ. അഡ്മിനിസ്ട്രേട്ടർ ജെനറലുടെ ഉദ്യോഗത്തിനു നിയമശാസ്ത്രം പ്രയോഗിക്കുന്നതിൽ വാസ്തവത്തിൽ പരിചയവും അതിൽ നല്ലജ്ഞാനവും സമ്പാദിച്ചിട്ടുള്ള ഒരാൾ ഉണ്ടായിരിക്കുന്നതു വളരെ അഭിലഷണീയം ആണ് എന്നാകുന്നു എന്റെ വാദം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ദീർഘകാലത്തെ പരിചയം ഉള്ള ഒരു ഡിസ്ട്രിക്ട്കോർട്ടുവക്കീൽ അഡ്മിനിസ്ട്രേട്ടർ ജെനറലിന്റെ കൃത്യങ്ങൾ നിർവ്വഹിക്കാൻ യോഗ്യതയില്ലാത്തയാൾ ആയിരിക്കും എന്നു മെംബർ വിചാരിക്കുന്നുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇതിനു പറയാൻ കഴിയുകയില്ല. ഹൈക്കോർട്ടിൽ വ്യവഹാരം നടത്തിവരുന്നവക്കീൽമാർ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹാരം നടത്തിവരുന്നവരേക്കാൾ സാധാരണയായി മേൽത്തരക്കാരാണെന്നു സർവ്വവിദിതമായകാര്യം അണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഡിസ്ട്രിക്ട്കോർട്ട്വക്കീലിനെ ഹൈക്കോർട്ട്വക്കീലിൽനിന്നു വ്യത്യാസപ്പെടുത്തുന്നതു നൂറു രൂപാ കാട്ടുകുക എന്നുള്ള കാര്യമേയുള്ളു എന്നു ഞാൻ മെംബരോടു ചൂണ്ടിക്കാണിക്കട്ടെയോ? അതുകൊണ്ടു ഒരു വക്കീൽ നൂറു രൂപാ ഒടുക്കീട്ടില്ലാ എന്നുള്ള മുഖ്യമായ കാരണത്താൽ അയാൾ ഈ ഉദ്യോഗത്തിനു യോഗ്യതയുള്ളവൻ അല്ലാ എന്നാണോ മെംബരുടെ വാദം?

മി: കണ്ണാവം പരമേശ്വരൻപിള്ള (അഡിഷനൽഹൈഡ്സർക്കാർവക്കീൽ): ഹൈക്കോടതിവക്കീലിനു യോഗ്യത ഇല്ലാത്തതും ആ വിധം വക്കീലായിവരാൻ ഇടയില്ലാത്തവരും ആയ ഡിസ്ട്രിക്ട്കോർട്ട്വക്കീൽമാർ ഇല്ലയോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഹൈക്കോർട്ട്വക്കീൽആകുവാൻ യോഗ്യതയുള്ള ഡിസ്ട്രിക്ട്കോർട്ട്വക്കീൽമാർ ഇല്ലയോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഡിസ്ട്രിക്ട് വക്കീൽമാരാണ് സാധാരണമായി ഹൈക്കോർട്ട് വക്കീലായിചേർക്കപ്പെടുന്നത്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അങ്ങനെയിരിക്കെ ഡിസ്ട്രിക്ട് കോർട്ട് വക്കീലന്മാരെ ഈ നിയന്ത്രണം ഏർപ്പെടുത്തുന്നതു വിവേകം ആണോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇന്നയോഗ്യതവേണം എന്നു വിധിക്കുകയും അതിനെ സ്പീഡരിക്കുകയും ചെയ്യേണ്ടതാണ്. ഹൈക്കോർട്ട് വക്കീലായി അഞ്ചുകൊല്ലത്തെ പരിചയം ഉണ്ടായിരിക്കണം എന്നു പ്രത്യേക കമ്മിട്ടി നിശ്ചയിച്ചു. ഈ പ്രവൃത്തി നിർവ്വഹിക്കാൻ ശക്തിയുള്ളവരായി ഡിസ്ട്രിക്ട് കോടതികളിൽ വ്യവഹാരം നടത്തുന്ന വക്കീൽമാർ ഉണ്ടായിരിക്കയില്ല എന്നല്ല. എന്നാൽ അങ്ങനെയുള്ളവർ അധികം ഇല്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അങ്ങനെയുള്ള ഡിസ്ട്രിക്ട് വക്കീൽമാർ അധികം ഉണ്ടായിരിക്കയില്ലെന്നു മിസ്റ്റർ താണുപിള്ള പറയുന്നതു എന്തിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു പറഞ്ഞുതരുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെയുള്ളവർ വളരെ ചുരുക്കം ആയിരിക്കും എന്നു ഞാൻ പറയുന്നില്ല. എന്നാൽ അവരിൽ നിന്നു ശരിയായ ആളിനെ തെരഞ്ഞെടുക്കുന്നതു പ്രയാസം ആയിരിക്കും. നിയമശാസ്ത്രത്തിൽ ഗ്രാഡുവേട്ടുകൾ അല്ലാത്ത ഡിസ്ട്രിക്ട് കോർട്ട് വക്കീൽമാർ ഉണ്ട്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അങ്ങനെയുള്ള വക്കീൽമാർ മുനിസിപ്പുദ്യോഗത്തിനും യോഗ്യരല്ലാ എന്നു ഞാൻ മെംബേഴ്സിനോടു ചൂണ്ടിക്കാണിക്കട്ടയോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അവർ മുൻസിപ്പുദ്യോഗത്തിനു യോഗ്യരാണ്.

മി: മാത്യുമുതിക്കൻ (വൈക്കം): മുനിസിഫ്മാരെ ഹൈക്കോടതിയിലെ ഉദ്യോഗസ്ഥന്മാരിൽനിന്നു തെരഞ്ഞെടുക്കാറില്ലേ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഉണ്ട്.

മി: മാത്യുമുതിക്കൻ (വൈക്കം): ആ സ്ഥിതിക്കു ഹൈക്കോടതിവക്കീൽമാരുടെ സംഗതിയിൽ വിരോധമായിയാതൊന്നും ഇല്ല എന്നു മെംബർവിചാരിക്കുന്നില്ലേ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതല്ലകാര്യം, ഏതെങ്കിലും ഉൽകൃഷ്ടയോഗ്യത നിശ്ചയിക്കേണ്ടതാണെന്നു എനിക്കുതോന്നുന്നു.

ഏതുസംബന്ധമായി ഒരുവസ്തുത ഞാൻ പ്രസ്താവിക്കാം അഫിഷ്യൽറിസീവർമാരുടെ കാര്യത്തിലും അവക്കു കൊടുക്കുന്ന പ്രതിഫലം അവർ ചെയ്യുന്ന പ്രവൃത്തിക്കു അനുരൂപമായിരിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ നിർദ്ദേശം അതല്ല. അഡ്മിനിസ്ട്രേട്ടർ ജെനറിലിനെ ഒരു ഗവർണ്മെൻറുദ്യോഗസ്ഥനായി ഗവർണ്മെണ്ടു നിയമിക്കാൻ പോകുന്നു. അതുകൊണ്ടു അഡ്മിനിസ്ട്രേട്ടർ ജെനറൽ ഉൽകൃഷ്ടസ്ഥാനമാനം ഉള്ള കുറഞ്ഞതു ഡിസ്ട്രിക്ട് ജഡ്ജിയുടെ സ്ഥാനമാനം ഉള്ള—ഉദ്യോഗസ്ഥൻ ആയിരിക്കണം എന്നു പ്രത്യേക കമ്മിട്ടി നിശ്ചയിച്ചു. അതുകൊണ്ടു ഈ ഭേദഗതിയെ ഞാൻ പ്രതിക്ഷേപിക്കുന്നു. ഹൈക്കോർട്ടിൽ അഞ്ചുകൊല്ലം വക്കീൽ ആയിരിക്കുന്നയാളായിരിക്കണം എന്നുള്ളതിലും എനിക്കു നിർബന്ധംഇല്ല എന്നു ഞാൻ പറഞ്ഞേക്കാം എന്നാൽ അവർ ഹൈക്കോടതിയിലൊ ഡിസ്ട്രിക്ട്കോടതിയിലൊ മതിയാകുന്നിടത്തോളം പരിചയം ഉള്ള നിയമശാസ്ത്രഗ്രാഡുവേട് ആയിട്ടെങ്കിലും ഇരിക്കേണ്ടതത്രേ, ഭേദഗതിയിൽ വിധിക്കാൻ നിശ്ചയിക്കുന്ന യോഗ്യതയെ ഞാൻ പ്രതിക്ഷേപിക്കുന്നു.

മി: ടി. സി. കേശവപിള്ള (കല്ലൂക്കുറും-വിളവങ്കോടും): ഇരിൽ പരിചയം എന്തായിരിക്കണം, ഇത്രകാലത്തെ പരിചയം എന്നൊ ഇത്ര എണ്ണം കേസുകൾ ഹാജരായി ആക്കിയിരിക്കണം എന്നൊ?

മി: എ. താണുപിള്ള (തിരുവനന്തപുരം): സാധാരണ ചട്ടങ്ങളെ അനുവർത്തിക്കണം. ഏതാദൃശകാര്യങ്ങളിൽ കാലദൈർഘ്യത്തെയാണ് അടിസ്ഥാനപ്പെടുത്തിവരുന്നതു്.

മിസ്റ്റർ. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) ഉത്കൃഷ്ടയോഗ്യത വല്ലനല്ല നിയമത്തിനു വല്ലദോഷവുംചെയ്തിട്ടുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം) ഞാൻ അറിഞ്ഞിടത്തോളംഇല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഞാനും ഈ ഭേദഗതിയെ പ്രതിക്ഷേപിക്കാൻ ആഗ്രഹിക്കുന്നു. ബിൽപ്രയോഗിക്കപ്പെട്ടകാലത്തു്, അഡ്മിനിസ്ട്രേട്ടർജെനറലായി നിയമിക്കപ്പെടുന്ന ആളിനു വേണ്ടയോഗ്യതയെ പരിക്ഷേപിച്ചു വിധിക്കുന്ന ഒരു വ്യവസ്ഥഇല്ലായ്മനിമിത്തം വലിയ ആക്ഷേപം പറയുകയുണ്ടായി അഡ്മിനിസ്ട്രേട്ടർജെനറൽ ബിൽ, അഫിഷ്യൽട്രസ്റ്റീസ് ബിൽ, എന്നിവണ്ടുബില്ലുകളിലും ശരിയായ ആളുകളെ നിയമിക്കുന്നതാകുന്നു. അത്യന്തംപ്രധാനപ്പെട്ട കാര്യംഎന്നും ബില്ലിൻെറ പണ്ഡിതനായ പ്രയോക്താവ് അതു വിസ്തരിച്ചുപോകരുതുഎന്നും അക്കാലത്തു പ്രബലമായി ചൂണ്ടിക്കാണിക്കപ്പെട്ടു. ഈ നിരൂപണങ്ങളേകൂടിയാകുന്നു ബിൽ പ്രത്യേക കമ്മിററിക്കു അയക്കപ്പെട്ടതു്. അഡ്മിനിസ്ട്രേട്ടർജെനറൽ ആയിനിയമിക്കപ്പെടുന്ന ആൾ ഹൈക്കോടതിയിലെ ബാരിസ്റ്ററൊ ആഡ്വൊക്കേറ്റൊ വക്കീലൊ ആകട്ടെ അല്ലെങ്കിൽ ഈ ആക്ട് ആരംഭിക്കുന്നകാലത്തു ഡെപ്യൂട്ടി അഡ്മിനിസ്ട്രേററർജെനറൽ ഉദ്യോഗംവഹിക്കുന്നആളാകട്ടെ ആയിരിക്കണം എന്നു ഗവർണ്മെണ്ടു ബ്രിട്ടിഷിൻഡ്യൻ നിയമത്തിൽ പരിഛിന്നമായിവിധിച്ചിരിക്കുന്നു. പ്രത്യേക കമ്മിററിയിലെ മെംബർമാരായ ഞങ്ങൾ ആവ്യവസ്ഥയെ ആശ്രയിച്ചാണ് അഡ്മിനിസ്ട്രേററർജെനറൽ ഉദ്യോഗത്തിനും അഫിഷ്യൽട്രസ്റ്റി ഉദ്യോഗത്തിനും വേണ്ടയോഗ്യതയെ പരിഛേദിച്ചു് ഞങ്ങൾ നിശ്ചയിച്ചതു് പ്രത്യേക കമ്മിട്ടിയിലെ മെംബർമാർ ബ്രിട്ടിഷിൻഡ്യൻ നിയമത്തിലെ ഈ പരിഛിന്നമായ വ്യവസ്ഥയാൽ അനുശാസിതമായിരിക്കുന്നു എന്നു പറയേണ്ടതില്ലല്ലോ ഈ ഉദ്യോഗത്തിനു തെരഞ്ഞെടുക്കപ്പെടാവുന്നയാളിൻെറ യോഗ്യതയെകുറിച്ചു പരിഛിന്നമായി പറഞ്ഞിരിക്കണം എന്നുഞങ്ങൾ നിശ്ചയിച്ചു. ഇതാണ് വസ്തുത. മജിസ്ട്രേട്മാരും തഹശീൽദാരും ചോദ്യ ദാനവസ്തു പ്രവൃത്തിയിൽ പരിചയംഉള്ള കാര്യനിർവ്വാഹകോദ്യോഗസ്ഥന്മാരെപ്പോലും അഡ്മിനിസ്ട്രേററർജെനറലുടേയൊ അഫിഷ്യൽട്രസ്റ്റിയുടേയൊ ഉദ്യോഗത്തിനു നിയമിക്കപ്പെടാവുന്നതാണെന്നു പ്രത്യേക കമ്മിട്ടിയുടെ ആലോചനയ്ക്കിടയിൽ പ്രസ്താവിക്കപ്പെട്ടു എന്നതു

ൽ ഇതുവളരെ പ്രധാനപ്പെട്ട വിഷയം. ആകയാലും നിയതനായയാൾ തിരുവിതാംകൂറിൽ വിശാലമായ വസ്തുവകകളുമായി വ്യാപരിക്കേണ്ടിയിരിക്കെ എന്നുള്ളതുകൊണ്ടും നിയമിക്കേണ്ടയാളിന്റെ സ്ഥാനത്തെ നാം കഴിയുന്നിടത്തോളം ഉയർന്നതാക്കേണ്ടതാണെന്നു ഞങ്ങൾ പറഞ്ഞു. ഇപ്പഴത്തെ വകുപ്പ് ചേർക്കണം എന്നും യോഗ്യതയെ ബ്രിട്ടീഷിന്ത്യയിലെ നിയമത്തിലെ വ്യവസ്ഥയ്ക്കുതുല്യമാക്കി സ്ഥിരപ്പെടുത്തണം എന്നും ഞങ്ങൾ നിശ്ചയിച്ചതിനുള്ള കാരണം ഇതാകുന്നു. ബ്രിട്ടീഷിന്ത്യയിൽ ഇതിലേക്കു നിയമിക്കപ്പെടുന്നയാൾ ഹൈക്കോടതിൽ ചേർക്കപ്പെട്ടിരിക്കുന്ന അഡ്വോക്കേറ്റോ വക്കീലോ ആയിരിക്കണം. ഞങ്ങൾ ഇവിടെയും ഇതിനെപ്പറ്റി വ്യവസ്ഥചെയ്തിട്ടുണ്ട്. ഡിസ്ട്രിക്ട് വക്കീൽമാർ ഹൈക്കോർട്ടുവക്കീൽമാർ ആകുന്നതിനെയും അഡ്മിനിസ്ട്രേറ്റർ ജെനറൽ ആയി നിയമിക്കപ്പെടുന്നതിനെയും നിയന്ത്രിക്കുന്നതായ യാതൊന്നുംകമ്മിട്ടിചെയ്തില്ല. അതായിരുന്നു കമ്മിട്ടിയുടെ ഉദ്ദേശ്യം ആ വ്യവസ്ഥയെ ഈ സഭയിലെ അനുദ്യോഗസ്ഥകക്ഷിയിൽനിന്നുള്ള ഒരുനമ്പരായ ആക്ഷേപത്തിനു കഴിയുന്നിടത്തോളം അപ്പുറമാക്കിവെക്കണം എന്നായിരുന്നു ഞങ്ങൾ നിശ്ചയിച്ചതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഭരണാധികാരപത്രം നല്കുന്നതിനുള്ള അധികാരം ബ്രിട്ടീഷിൻഡ്യയിൽ ഹൈക്കോർട്ടിനുമാത്രമേയുള്ളു എന്നു ഒമ്പക്ക് അറിയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു് എനിക്കറിയാം. അതുകൊണ്ടുതന്നെയാണു അഡ്മിനിസ്ട്രേറ്റർജെനറലായി നിയമിക്കപ്പെടേണ്ടയാൾ ഡിസ്ട്രിക്ട് ജഡ്ജിയുടെ സ്ഥാനംഉള്ള ആളായിരിക്കണം എന്നു ഞങ്ങൾ നിശ്ചയിച്ചതു്.

മി: എ. എസ് ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്നാൽ ഇവിടെ ഡിസ്ട്രിക്ട് ജഡ്ജിമാർക്കു ഭരണാധികാരപത്രം നല്കാം.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിലെ ജനങ്ങളുടെ സൗകര്യത്തെക്കരുതി ഭരണാധികാരപത്രം നല്കുന്നതിനുള്ള അധികാരം അസൽ വ്യവഹാരാധികാരംകൂടിയുള്ളതായ ഡിസ്ട്രിക്ട് കോടതികൾക്കു കൊടുത്തിരിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ബ്രിട്ടീഷിൻഡ്യയിൽ ഭരണാധികാരപത്രം നല്കുന്നതിനുള്ള അധികാരം ഹൈക്കോടതിക്കുമാത്രമെന്നുള്ള എന്നുള്ള കാരണത്താൽ ഈ ഉദ്യോഗത്തിനുവേണ്ട എത്രയും കുറഞ്ഞതായ യോഗ്യത ഹൈക്കോടതി വക്കീലായിരിക്കുന്നതാണെന്ന് തീർച്ചപ്പെടുത്തിയിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏജെൻറസ്നഹിതൻ ഒരു തെററിധാരണയിലിരിക്കയാണ്. പഴക്കമില്ലാത്ത ഒരാളിനെ അയാൾ ഹൈക്കോട്ടുവക്കീലായി ചേരുംമുമ്പേ അഡ്മിനിസ്ട്രേറ്റർ ജെനറലായി നിയമിക്കുന്നതായാൽ ഈ ഉദ്ദേശ്യം ഭംഗിക്കപ്പെടേണ്ട വസ്തുവിനു ദോഷകരമായിഭവിക്കും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്നിരുന്നാലും ബ്രിട്ടീഷിൻഡ്യയിൽ ഒരു ഹൈക്കോർട്ട് വക്കീലിനു ഭരണാധികാരപത്രത്തെ സംബന്ധിച്ചു നടപടി കൂടുതൽ അറിയാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ കാരണത്താൽ തന്നെയാണ് ഞങ്ങൾ അതിനു ഉദ്ദിഷ്ടയോഗ്യതയായി നിശ്ചയിച്ചതു്. ഹൈക്കോടതിവക്കീലിനു അധികം നല്ലനിയമശാസ്ത്രപരിജ്ഞാനവും ബില്ലിലെവ്യവസ്ഥകൾ അനുസരിച്ചു നിയമസംബന്ധമായ വിഷയങ്ങളെ സജ്ജീകരിക്കുന്നതിനുള്ള കൂടുതൽ യോഗ്യതയും ഉണ്ടായിരിക്കും ആകപ്പാടെ ചുരുക്കിപ്പറയാം. ഈ വ്യവസ്ഥയുണ്ടാക്കുന്നതിൽ പ്രത്യേകകമ്മിററിയിൽ ഞങ്ങൾ ആലോചിച്ചതായ പ്രധാനപ്പെട്ട സംഗതി അഡ്മിനിസ്ട്രേററർ ജെനറലായി നിയമിക്കപ്പെടുന്നയാൾ സമർത്ഥനും ശങ്കാബഹിഷ്കൃതനും ആയിരിക്കണം എന്നുള്ളതത്രേ. ഈ നിരൂപണങ്ങളോടുകൂടി ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ഭേദഗതി വേണ്ടതാണെന്നു ഞാൻ നിർബന്ധിക്കുന്നു.

പ്രസിഡെണ്ട്: മി: ആശാനെ, ഈ പ്രശ്നത്തിന്റെ ഒരു അവസാനത്തെ നിങ്ങൾ ആലോചിക്കേണ്ടതാണ്. യോഗ്യതയ്ക്കു ഒരു പരിമാണം സ്ഥാപിക്കണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങളുടെ ഭേദഗതിയിൽ ഈ ഉദ്യോഗത്തിനു യോഗ്യനായ ഏതൊ ആളിനെ ഉൾപ്പെടുത്തുന്നതിനു നിങ്ങൾ ശ്രമിക്കുന്നു. നിങ്ങളുടെ ഭേദഗതിയിൽ നിശ്ചയിക്കപ്പെടുന്ന യോഗ്യതഅസ്ഥിരവും ഗവർണ്ണമെണ്ട് ദിവസം തോറും മാററവുന്നതും ആകയാൽ, നിങ്ങളുടെ ഭേദഗതിയെ അനുവദിച്ചാൽ യാതൊരു യോഗ്യതാപരിമാണവും നിയമകർത്താക്കൾ സ്ഥാപിക്കുകയില്ല എന്നുള്ളവസ്തുത ഞങ്ങളുടെ ദൃഷ്ടിയിൽ നിന്നു വിട്ടുപോയിരിക്കുന്നു. നിങ്ങൾ നിയമംഉണ്ടാക്കുന്നതായാൽ അതിനെ കാര്യനിർവ്വാഹകന്മാരോ ഗവർണ്ണരെങ്കിലോ നാളെ ഇല്ലാതാക്കയൊ ഭേദപ്പെടുത്തുകയൊ ചെയ്യാൻ പാടില്ലാത്ത വല്ലതിനും ആയുള്ള നിയമം ആയിരിക്കണം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇതിനു സമാധാനമായ ഒരുവാക്കുപറയാൻ അനുവദിക്കുമോ?

പ്രെസിഡെണ്ട്: ആവാം

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മുൻസിഫ്ദ്യോഗത്തിനുവേണ്ട യോഗ്യതയെ മാറുന്നതായാലും വക്കീൽ ആയി വ്യവഹരിക്കുന്നകാലത്തെർഘ്യവും കാര്യക്ഷമതയും നിശ്ചയമായി ഗണിക്കപ്പെടുന്നതാണല്ലൊ.

പ്രെസിഡെണ്ട്: അങ്ങനെ ചെയ്യേണ്ടതില്ലഎന്നില്ല, ഒരാൾക്കു നിയമശാസ്ത്രജ്ഞാനം ഉണ്ടെങ്കിലും ഇല്ലെന്നു വരികിലും മുൻസിപ്പുദ്യോഗത്തിനു യോഗ്യതയുള്ള വനായി കരുതിച്ചേക്കാം.

മി: എം. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) കാര്യങ്ങൾ ഇപ്പോൾ ഇരിക്കുന്ന സ്ഥിതിയിലും ഗവൺമെണ്ട് ഇപ്പോഴത്തെപോലെ ഭരിക്കപ്പെട്ടുവരുന്ന കാലത്തോളവും കൃതതലപ്പെട്ട ഭാരവാഹങ്ങളായ കൃത്യങ്ങൾ നിർവഹിക്കേണ്ടവരായ ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാർ നിയമതാത്പര്യജ്ഞാനത്തിൽ എത്രയും കുറഞ്ഞതായ ഏതാനും യോഗ്യതയുള്ളവരിൽ നിന്നുമാത്രമേ തെരഞ്ഞെടുക്കപ്പെടുകയുള്ളു എന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. ആസ്ഥാനിക മുനിസിപ്പുദ്യോഗത്തിനു വേണ്ടതായ എത്രയും കുറഞ്ഞ യോഗ്യതയിൽ വല്ലമാററവും വരുത്തുന്നതായാലും അതു അഡ്മിനിസ്ട്രേറ്റർജെനറലുടെ സ്ഥാനത്തെ [illegible] ബാധിക്കുന്നതായിരിക്കയില്ല എന്നു ഞാൻ വിശ്വസിക്കുന്നു. വേണ്ടപോലെ യോഗ്യതയുള്ള [illegible], [illegible] തന്നെ സംബന്ധിച്ചിടത്തോളം മുനിസിപ്പുദ്യോഗങ്ങൾക്കു അർഹരായിരിക്കുന്നുള്ളു എന്നു എനിക്കു നിശ്ചയമുണ്ട്. മററുഗവൺമെണ്ടുദ്യോഗങ്ങൾക്കു എന്നപോലെ മുൻസിപ്പുദ്യോഗത്തിനും ഉചിതമായ എത്രയും കുറഞ്ഞ യോഗ്യത ഏതെന്നു നിശ്ചയിക്കുന്നതിൽ തിരുവിതാംകൂറ്റു ഗവർണ്മെണ്ട് സമർത്ഥരായിരിക്കുന്നു എന്നു ധൃതിക്കാരറിയാം. ഈ ഉദ്ദേശത്തോടുകൂടിയാണ് ഈ ഭേദഗതി ഞാൻ പ്രയോഗിച്ചിട്ടുള്ളത്.

ഈ ഭേദഗതി വേണ്ടതാണെന്നു ഞാൻ നിർബന്ധിക്കാൻ സമ്മതിക്കണം എന്നു അപേക്ഷിക്കുന്നു.

മിസ്റ്റർ. കുട്ടാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ) ഇതിനുമുമ്പു പറഞ്ഞതിൽ കൂടുതലായി യാതൊന്നും എനിക്കു പറയാനില്ല. വളരെ വിശാലമായ പരിധി നിശ്ചയിക്കുന്നതിൽ ഗവൺമെണ്ടിനു ആക്ഷേപം ഒന്നും ഇല്ലാ എന്നുമുമ്പിലെ പറഞ്ഞുകഴിഞ്ഞു. പരിധിയെ വിശാലമാക്കണം എന്നു ഈസഭ വാസ്തവത്തിൽ ആവശ്യപ്പെടുന്നുവെങ്കിൽ ആ പരിധിക്കകത്തു യാതൊരു നിയന്ത്രണവും ഇല്ലാതിരിക്കട്ടെ. ഗവൺമെണ്ടിന്റെ ഇഷ്ടംപോലെ നടത്തുവാനായി വിട്ടേക്കപ്പിൻ; ഗവൺമെണ്ട് ഉചിതരായ ആളുകളെമാത്രമേ നിയമിക്കയുള്ളു എന്നാൽ വല്ലനിയന്ത്രണവും ഇതിൽ ചേർക്കണം എന്നു നിങ്ങൾ വിചാരിക്കുന്നുവെങ്കിൽ അഡ്മിനിസ്ട്രേറ്റർ ജെനറലുടെ സ്ഥാനം മുനിസിഫിന്റെ സ്ഥാനമേയുള്ളുഎന്ന ഊഹത്തിനു ആ നിയന്ത്രണം ഇടയാക്കരുതു്.

ഭേദഗതി വോട്ടിനിട്ടതിൽ തള്ളപ്പെട്ടുപോയി.

ബില്ലിലെ ൧-ാം വകുപ്പുകൾ ബില്ലിന്റെ അംശം ആയിത്തീരണം എന്നുള്ള പ്രശ്നം സഭയുടെ അഭിപ്രായം അറിഞ്ഞു അനുവദിക്കപ്പെട്ടു,

ഈ വകുപ്പുകൾ ബില്ലിൽ ചേർക്കപ്പെട്ടു.

സഭാ ലഘുഭക്ഷണത്തിനായി ഉച്ചയ്ക്കുമേൽ ൨-൦ മിനിട്ടിൽ പിരിയുകയും ഉച്ചയ്ക്കുമേൽ ൩-൦ മിനിട്ടിൽ വീണ്ടുംസമ്മേളിക്കയും ചെയ്തു.

മി: എം. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ബില്ലിനു ഭേദഗതികളിൽ യാതൊന്നും ഞാൻ പ്രയോഗിക്കുന്നില്ല.

താഴെ ചേർത്തിരിക്കുന്ന ഭേദഗതികൾ പ്രയോഗിക്കപ്പെട്ടില്ല.

വകുപ്പു ൪.

മി: എം. എസ്. ദാമോദരൻ ആശാൻ,:.

ഒന്നാംവരിയിൽ ആറാം എന്നുള്ളതിനുപകരം ആയിരിക്കണം എന്നുചേർക്കണം.

രണ്ടാംവരിയിൽ "തിരുവനന്തപുരം ഒഴിച്ചു മറെറല്ലാ" ഡിസ്ട്രിക്ട്കളിലും എന്നും "വല്ല" എന്നതിനുപകരം "എല്ലാ" എന്നും ചേർക്കണം.

വകുപ്പു ൫.

മി: എം. എസ്. ദാമോദരൻ ആശാൻ:—

"൩-ാം വരിയിൽ ജഡ്ജിക്കു ഉചിതം എന്നു തോന്നുന്ന കാലാവധിക്കകം" എന്നുള്ളവാക്യം വിട്ടേക്കണം.

വകുപ്പു ൬.

മി: എം. എസ്. ദാമോദരൻ ആശാൻ :—

ഉപവകുപ്പു (൨)-ൽ "൨-ാം ഉപവകുപ്പിൽവിവരിച്ചിരിക്കുന്ന നടപടികൾ ആരംഭിക്കപ്പെട്ടിട്ടില്ലെങ്കിൽ" എന്നവാക്യം ചേർക്കണം

വകുപ്പു ൭൩.

മി: എം. എസ്. ദാമോദരൻ ആശാൻ

ഉപവകുപ്പു ൨ (എ) ഇതിൽ ൨-ാംവരിയിൽ "വല്ലതും ഉണ്ടെങ്കിൽ" എന്നവാക്യം വിട്ടേക്കണം.

തിരുവിതാംകൂറ്റു അഡ്മിനിസ്ട്രേറ്റർജെനറൽ ബില്ലിലെ ൪ മുതൽ ൪൦ വരെ വകുപ്പുകൾ ബില്ലിലെ ഭാഗം ആയിരിക്കണം എന്നുള്ള പ്രശ്നം പിന്നീടു സഭയുടെ അഭിപ്രായം അറിഞ്ഞു് അനുവദിക്കപ്പെട്ടു.

ഈ വകുപ്പുകൾ ബില്ലിൽ ചേർക്കപ്പെട്ടു.

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഇപ്പോൾ സഭ തീർച്ചപ്പെടുത്തിയതനുസരിച്ചുള്ള ബില്ലിനെ പിന്നീടുള്ള ഒരു ദിവസം സഭ സ്വീകരിച്ചു പാസാക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കെ. എൻ. രാമസ്വാമിയ്യർ (ഗവൺമെണ്ടിന്റെ ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ ഇതു പിൻതാങ്ങുന്നു.

സഭ തീർച്ചപ്പെടുത്തിയതനുസരിച്ചുള്ള ബില്ലിനെ ഭാവിയിൽ ഒരു ദിവസം സഭ സ്വീകരിച്ചുപോരുന്നതാണം എന്നുള്ള പ്രശ്നം അനുവദിക്കപ്പെട്ടു.

തിരുവിതാംകൂർ അഫിഷ്യൽ ട്രസ്റ്റീസ് ബിൽ.

മി: കുട്ടാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): സർ, തിരുവിതാംകൂർ അഫിഷ്യൽ ട്രസ്റ്റീസ് ബില്ലിന്മേൽ പ്രത്യേക കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുകയും കമ്മിറ്റി ഭേദഗതി പ്രസിദ്ധീകരിക്കുന്ന സ്ഥിതിയിൽ ഉള്ള ബില്ലിനെ പരിഗണനത്തിനായി സ്വീകരിക്കണം എന്നു ഞാൻ അഭിപ്രായപ്പെടുകയും ചെയ്യുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെണ്ട് ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ അതു പിൻതാങ്ങുന്നു.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും) ഈ ബില്ലിനു യാതൊരു ഭേദഗതിയും ഞാൻ പ്രയോഗിക്കുന്നില്ല.

താഴെ ചേർത്തിരിക്കുന്ന ഭേദഗതികൾ പ്രയോഗിക്കപ്പെട്ടില്ല.

വകുപ്പു ൨.

മി. എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൧-ാം ഉപവകുപ്പിൽ "൧൯൫ ഒന്നാം തീയതിമുതൽ" എന്നു ചേർക്കണം. ഒടുവിലത്തെ വാക്യം വിട്ടുകളയണം.

വകുപ്പു ൩.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ വകുപ്പിനു ൩-ാം വകുപ്പിലെ (൨)-ാം ഉപവകുപ്പായും 'തിരുവനന്തപുരത്തു ആഫീസോടുകൂടി' എന്നു ചേർക്കയും ചെയ്യണം.

താഴെ ചേർത്തിരിക്കുന്നതിനു (൨)-ാം ഉപവകുപ്പായി ചേർക്കണം.

"തിരുവിതാംകൂർ സർവീസ് റഗ്യുലേഷൻ അനുസരിച്ച് മുനസിപ്പ് ഉദ്യോഗത്തിനു യോഗ്യനായ വക്കീൽ ആയിരുന്നാൽ മെല്ലാതെ യാതൊരാളെയും അഫിഷ്യൽ ട്രസ്റ്റിയായി നിയമിച്ചുകൂടാ."

വകുപ്പു ൪.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒന്നാം വരിയിൽ "ആകാം" എന്നതിനു പകരം 'ആകേണ്ടതാകുന്നു' എന്നും തിരുവനന്തപുരം ഒഴിച്ചു മറ്റെല്ലാ ഡിസ്ട്രിക്ടുകളിലും എന്ന വാക്യം കൂടുതലായും ചേർക്കണം.

'ചില്ല' എന്നതിനു പകരം 'എല്ലാ' എന്നു ചേർക്കണം

വകുപ്പു ൫.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

൫-ാം ഉപവകുപ്പു— 'ഡിസ്ട്രിക്ട്കോട്' എന്ന വകുപ്പിനു മുമ്പിൽ ഉള്ള 'തിരുവനന്തപുരത്തെ' എന്ന പദം വിട്ടുകളയണം, 'ട്രസ്റ്റ്വസ്തു ഏതു ഡിസ്ട്രിക്ടുകോടിയുടെ അധികാരാതിർത്തിയിൽ കിടക്കുന്നുവോ' എന്ന കൂടുതലായി ചേർക്കണം.

വകുപ്പു ൬.

മി: എ. എസ്. മാമോദരൻ ആശാൻ:—

ഉപവകുപ്പു (൨) (എ) "വല്ലതും ഉണ്ടെങ്കിൽ" എന്ന വാക്കു വിട്ടേയ്ക്കണം.

തിരുവിതാംകൂർ അഫിഷ്യൽ ട്രസ്റ്റിബില്ലിന്റെ ൧൫ മുതൽ ൨൫ വരെ വകുപ്പുകൾ ബില്ലിലെ അംശം ആയി തീരണം എന്നുള്ള പ്രശ്നം പിന്നീടു വോട്ടിനിട്ടു പാസ്സാക്കി.

ഈ വകുപ്പുകൾ ബില്ലിൽകൂടി ചേർക്കപ്പെട്ടു.

മി: കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഇപ്പോൾ സഭ തീർച്ചപ്പെടുത്തിയ വിധത്തിൽ ഉള്ള ബില്ലിനെ ഒരു മാവിസമായോഗത്തിൽ സ്വീകരിച്ചു നടപ്പാക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്മെണ്ടിന്റെ ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

സഭ ഇപ്പോൾ തീർച്ചപ്പെടുത്തിയ വിധത്തിൽ ഉള്ള ബില്ലിനെ ഒരു മാവിസമായോഗത്തിൽ സ്വീകരിച്ചു നടപ്പാക്കണം എന്നുള്ള പ്രശ്നം അനുവദിക്കപ്പെട്ടു.

ഹൈക്കോർട്ട് ഉണ്ടാക്കിയ ചട്ടങ്ങൾ.

മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ട് സെക്രട്ടറി): ൧൯൧൦-ാമാണ്ടത്തെ ൫-ാം റഗുലേഷൻ സിവിൽ നടപടി നിയമത്തോടു ചേർത്തിട്ടുള്ള പട്ടികയിൽ ൪൦-ാമത്തെ ആർഡറിൽ ൫൯-ാമത്തെ (൨) ചട്ടത്തെ സിവിൽനടപടിനിയമം ൧൮-ാം വകുപ്പനുസരിച്ചു ഹൈക്കോട്ട് ഭേദപ്പെടുത്തിയിട്ടുണ്ട്. ആ ഭേദപ്പെടുത്തിയ വിധത്തിലുള്ള ചട്ടത്തെ ഞാൻ സഭാസമക്ഷം സമർപ്പിക്കുന്നു:—

"൫൯—(൧) വല്ല അപ്പീൽ പ്രതിയും ഡിക്രിയിലെ വല്ല ഭാഗത്തെയും പററി ഞാൻ അപ്പീൽ ചെയ്തിട്ടില്ലെന്നു വരികിലും അപ്പീൽകേൾക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന തീയതിയെക്കുറിച്ചു നോട്ടീസ് അയാളുടെ പേരിലോ, അയാളുടെ വക്കീലിന്റെ പേരിലോ നടത്തിയ തീയതിമുതൽ ഒരു മാസത്തിനകത്തു ആകട്ടെ അപ്പീൽകോർട്ട് അനുവദിക്കുന്നതു യുക്തമെന്നു കാണുന്നു കൂടുതൽ സമയത്തിനകത്തു ആകട്ടെ, തനിക്കു പ്രതികൂലമായി വിധി കീഴ്ക്കോടതിയിൽ നിശ്ചയിച്ചതിനുള്ള കാരണങ്ങൾക്കൊ, ഡിക്രിക്കൊ ആക്ഷേപം അപ്പീൽ കോടതിൽ അയാൾ ഹർജി ചെയ്തിരുന്നാൽ അയാൾക്കു ആ കാരണങ്ങളിൽ വല്ലതിനേയും അടിസ്ഥാനമായി ഡി

ക്രിയെ അനുകൂലിക്കാം എന്നു മാത്രമല്ല അയാൾ അപ്പീലായി ഏതു എതിരാക്ഷേപം ബോധിപ്പിക്കാമോ ആ എതിരാക്ഷേപവും ബോധിപ്പിക്കാവുന്നതാകുന്നു.

"(2) അങ്ങിനെയുള്ള ആക്ഷേപങ്ങൾ മെമ്മൊറാണ്ടത്തിന്റെ മാതിരിയിൽ ആയിരിക്കേണ്ടതും ഒന്നാം ചട്ടത്തിലെ വ്യവസ്ഥകൾ, അപ്പീൽ മെമ്മൊറാണ്ടത്തിന്റെ മാതിരിക്കും അതിൽ അടങ്ങിയിരിക്കേണ്ട കാര്യങ്ങൾക്കും സംബന്ധിക്കുന്നിടത്തോളം അതിനു സംബന്ധിക്കുന്നതും ആകുന്നു."

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഹൈക്കോടതി ഭേദപ്പെടുത്തിയതനുസരിച്ചുള്ള ചട്ടത്തെ പുനരാലോചനത്തിനായി സ്വീകരിക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർണ്മെണ്ട് സെക്രട്ടറി) ഞാൻ അതു പിൻതാങ്ങുന്നു.

ഈ ഉപക്ഷേപം അനുവദിക്കപ്പെട്ടു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സിവിൽ നടപടിനിയമത്തോടു ചേർത്തിട്ടുള്ള പട്ടികയിൽ ൪ ൧-ാമത്തെ ആർഡറിൽ ൨ ൧-ാമത്തെ ചട്ടത്തിനു നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയിൽ താഴെ ചേർത്തിരിക്കുന്ന ഭേദഗതി ചെയ്യണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു. അതായിതു, "ഡിക്രിയെ അനുകൂലിക്കാം എന്നു മാത്രമല്ല" എന്ന വാക്കുകളെ വിട്ടുകളയും "ആക്ഷേപം പറഞ്ഞു ഡിക്രിയെ അനുകൂലിക്കയും ചെയ്യാം" എന്നു ചേർക്കയും ചെയ്യണം. "എതിരാക്ഷേപം" എന്നുള്ളതിനു പകരം "ആക്ഷേപം" എന്നു ചേർക്കണം.

ഈ ചട്ടം ബ്രിട്ടീഷിന്ത്യയിലെ നിയമം അനുസരിച്ച് രൂപിപ്പിച്ചിട്ടുള്ളതാകുന്നു. എന്നാൽ അവിടെ തീർച്ചകളുള്ള ആക്ഷേപങ്ങൾ നിയത കാലത്തിനുള്ളിൽ ബോധിപ്പിച്ചേ തീരൂ എന്നു നിർബ്ബന്ധം ഇല്ല. അപ്പീൽപ്രതിക്കു അപ്പീൽകാലത്തു അയാൾക്കു പ്രത്യേകമായ തീർച്ചകൾ ആക്ഷേപം ബോധിപ്പിക്കാൻ അവകാശം ഉണ്ട്. എന്നാൽ തിരുവിതാംകൂറിൽ അപ്പീലിനുള്ള നോട്ടിസ് നടത്തുന്ന തീയതിമുതൽ ൧൫ ദിവസത്തിനുള്ളിൽ തീർച്ചകളുള്ള ആക്ഷേപങ്ങൾ ബോധിപ്പിക്കണം എന്നു സിവിൾകോർട്ട് ഫൈഡിലെ ൫ ൧-ാം ചട്ടം അനുസരിച്ച് നിർബ്ബന്ധം ആക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ആലോചിക്കുന്നതായ ഭേദഗതിയിൽ സിവിൽ കോർട്ട്സ് ഫൈഡിലെ ആ ചട്ടത്തെ സിവിൽനടപടിനിയമത്തിൽ ഏകീകരിക്കണം എന്നു ഹൈക്കോടതി ആവശ്യപ്പെടുന്നു. തീർപ്പിന് യാതൊരാക്ഷേപവും ആവശ്യം ഇല്ല എന്നു ഈ ചട്ടത്തിന്റെ ആദ്യത്തെ ഭാഗത്തിൽനിന്നു കാണുന്നു എന്നാണ് എനിക്കു അറിയിക്കേണ്ടിയിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു—

"വല്ല അപ്പീൽപ്രതിയും, ഡിക്രിയുടെ വല്ല ഭാഗത്തെക്കുറിച്ചോ അപ്പീൽ ചെയ്തിട്ടില്ലെന്നുവരികിലും കീഴ്ക്കോടതിയിൽ അയാൾക്ക് വിപരീതമായി തീർച്ചചെയ്തിട്ടുള്ള കാരണങ്ങളിൽ വല്ലതിന്മേലും ഡിക്രിയെ അനുകൂലിക്കാം എന്നുമാത്രമല്ല..."

അപ്പീൽപ്രതി യാതൊരാക്ഷേപവും ചെയ്തിട്ടില്ലെന്നു വരികിലും അയാൾക്കു വിപരീതമായി തീർച്ചചെയ്തതിനുള്ള കാരണങ്ങളിൽ വല്ലതിന്മേലും അയാൾക്ക് ഡിക്രിയെ അനുകൂലിക്കാവുന്നതാണെന്ന് ഇതിൽനിന്നു കാണാം. ഇതിൽ ഉള്ള ക്ലൗസ് ഡിക്രിക്കുള്ള ആക്ഷേപങ്ങളെ സംബന്ധിച്ചുള്ള രണ്ടാമത്തെ ഭാഗത്തെ മാത്രമേ സംബന്ധിക്കുന്നുള്ളു എന്നു തോന്നുന്നു. മേലാൽ കുഴപ്പം ഉണ്ടാകാതെ തടുക്കാനായി വാക്കുകൾ കുറെയെ അധികം വ്യക്തം ആക്കുവാൻ നിർദ്ദേശിക്കണം എന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നാളൂ. തീർപ്പിന് യാതൊരാക്ഷേപവും ബോധിപ്പിക്കണം എന്നു നിർബ്ബന്ധം ഇല്ലാത്തതുകൊണ്ട് ബ്രിട്ടീഷിന്ത്യയിലെ നിയമത്തിൽ യാതൊരു ഭേദഗതിക്കും ആവശ്യം ഇല്ല. എന്നാൽ ഇവിടെ അതു നിർബ്ബന്ധമാക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ഏതിന്റെ ഭേദഗതി പ്രയോഗിച്ചതു്. ഞാൻ ഭേദപ്പെടുത്തിയ സ്ഥിതിക്കു ചട്ടം ഇപ്രകാരം ആയിരിക്കും.

വല്ല അപ്പീൽപ്രതിയും ഡിക്രിയിലെ വല്ല ഭാഗത്തെയും പററി ഞാൻ അപ്പീൽബോധിപ്പിച്ചില്ലെന്നുവരികിലും കീഴ് കോടതിയിൽ തനിക്കു എതിരായി തീർച്ചചെയ്തതിനുള്ള കാരണങ്ങളിൽ വല്ലതിനും ആക്ഷേപം പുറപ്പെടുവിച്ച് ഡിക്രിയെ അനുകൂലിക്കാവുന്നതും, അല്ലെങ്കിൽ ഡിക്രിക്കു വല്ല ആക്ഷേപം പുറപ്പെടുവിക്കാവുന്നതും ആകുന്നു.

മിസ്റ്റർ കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): കാരണങ്ങൾക്കു മാത്രം ആക്ഷേപം പറഞ്ഞിരിക്കുകയും, ഡിക്രിയുടെ വല്ല ഭാഗത്തിനും ആക്ഷേപം പറയാതിരിക്കയും ചെയ്യുമ്പോൾ ആക്ഷേപഹർജ്ജി ബോധിപ്പിച്ചിരിക്കേണ്ടതാണെന്നുള്ളതു വ്യക്തം ആയിട്ടില്ല എന്നുള്ള അർത്ഥത്തിൽ ഹൈക്കോർട്ട് ഇപ്പോൾ ഭേദപ്പെടുത്തിയ വിധത്തിൽ ഉള്ള ചട്ടം സന്ദിഗ്ദ്ധാർത്ഥമായിരിക്കുന്നു എന്നാണോ മിസ്റ്റർ ആശാന്റെ വാദം?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആക്ഷേപമെന്നോ ആവശ്യം ഇല്ല എന്നു ആദ്യത്തെ വാക്യഭാഗത്തിൽ നിന്നു തോന്നുന്നു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അതല്ലാ എന്റെ പ്രശ്നം. ഹൈക്കോടതി ഭേദപ്പെടുത്തിയതനുസരിച്ചുള്ള ചട്ടം വല്ല വിധത്തിലും സന്ദിഗ്ദ്ധാർത്ഥമായിരിക്കുന്നു എന്നാണോ മി: ആശാന്റെ വാദം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നിയമഗ്രന്ഥങ്ങളിൽ നാം വാക്യരചനയെക്കുറിച്ചു് വളരെ ശ്രദ്ധാലുവായിരിക്കേണ്ടതുണ്ട്, അനാവശ്യപദങ്ങൾ ചില ജനങ്ങളെ വഴിതെററിക്കാൻ ഇടയുണ്ട് എന്നുള്ളതുകൊണ്ട് അവ അതിൽ നാം ചേർക്കരുത്. "ഡിക്രിയെ അനുകൂലിക്കാം എന്നുമാത്രമല്ല" എന്നുള്ള പദങ്ങൾ എന്തിന്? അതാണു എന്റെ വാദം, അങ്ങനെയുള്ള കാരണങ്ങൾക്കു ആക്ഷേപം അയാൾ മെഹൽചെയ്തിട്ടില്ലെന്നു വരികിൽ" എന്നുള്ള ക്ലൗസത്തിൽ നാം കാണുമ്പോൾ ഇതിന് ശക്തി തീരുകയില്ല.

എന്നു തന്നെയുമല്ല, പണ്ഡിതന്മാരായ വാദിഭാഗക്കാർ പുറപ്പെടുവിച്ച വാദത്തെ സംബന്ധിച്ചാകട്ടെ "ഡിക്രിയെയോ അയാൾക്കു വിപരീതമായി തീർച്ചചെയ്ത കാരണങ്ങളിൽ വല്ലതിനോടുമോ അനുകൂലിക്കമാത്രമല്ല"

എന്ന വാക്യത്തിൽ "കാരണങ്ങൾ" എന്നതിന് എന്ത് അർത്ഥം നിങ്ങൾ പറയുന്നു. തീർച്ചചെയ്യുന്നതിനുള്ള കാരണങ്ങൾ എന്നോ കക്ഷി പുറപ്പെടുവിച്ച കാരണങ്ങൾ എന്നോ നിങ്ങൾ അർത്ഥമാക്കുന്നത്?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): എന്റെ വാദം വാക്യഭേദിനെ സംബന്ധിക്കുന്നേയില്ല. ഹൈക്കോടതി ഭേദപ്പെടുത്തിയവിധത്തിൽ ഉള്ള ചട്ടം വല്ല വിധത്തിലും സന്ദിഗ്ദ്ധാർത്ഥമായിരിക്കുന്നു എന്നാണോ മെംബറുടെ വാദം.

മി: എ. എസ്. മാരോമരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു സന്ദിഗ്ദ്ധാർത്ഥം എന്നു ഞാൻ പറയുന്നില്ല. അതിനെ വാക്യബന്ധത്തെ കൂടുതൽ നന്നാക്കാനുണ്ട്. എന്തു കൊണ്ടെന്നാൽ "കാരണങ്ങൾ" എന്നതു കക്ഷിബോധിപ്പിച്ച കാരണങ്ങളാണെന്നു ആദ്യത്തെ ഭാഗത്തിൽ നിന്നു അർത്ഥമാകുന്നു; എന്നാൽ രണ്ടാമത്തെ ഭാഗം—അതായിതു 'അങ്ങനെയുള്ള കാരണങ്ങൾക്കു യാതൊരാക്ഷേപവും അയാൾ ഫൈൽ ചെയ്തിട്ടില്ലെന്നു വരികിൽ"— എന്ന ഭാഗം നോക്കുന്നതായാൽ കാരണങ്ങൾ എന്നതു തീർച്ചചെയ്യുന്നതിനുള്ള കാരണങ്ങളെ പരാമർശിക്കുന്നതായി കാണുന്നു.

മി: കുഞ്ഞാലം പരമേശ്വരൻ പിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): കാരണങ്ങൾ എന്നാൽ ജഡ്ജിമെണ്ടിൽ തീർച്ചചെയ്തിരിക്കുന്ന കാരണങ്ങൾ എന്നു അർത്ഥമാകുന്നു.

മി: എ. എസ്. മാരോമരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കാരണങ്ങൾ എന്ന പദത്തിന്റെ അർത്ഥം എന്തു്?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഒരു വാദമുഖമായി ജഡ്ജിമെണ്ടിനാൽ ഒരു കക്ഷിക്കു പ്രതികൂലമായി തീർച്ച ചെയ്യപ്പെട്ട കാരണങ്ങൾ.

മി: എ. എസ്. മാരോമരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതാവിതു കക്ഷി ബോധിപ്പിച്ചതും അയാൾക്കു വിപരീതമായി തീർച്ച ചെയ്തതും ആയ കാരണങ്ങൾ—അതിനു യോജിപ്പിക്കേണ്ടതായ അർത്ഥം അതാണെന്നു വരികിൽ വിവാദകാര്യത്തു അയാൾ ബോധിപ്പിച്ചിരുന്ന കാരണങ്ങൾക്കു വിരുദ്ധമായി ഒരു ആക്ഷേപം എന്തിനായി പുറപ്പെടുവിക്കണം എന്നു എനിക്കു അറിഞ്ഞുകൂടാ. അതു കൊണ്ടു ഉൾപ്പടം നീക്കി വ്യക്തമാക്കുന്നതിലേക്കായി "തീർച്ച ചെയ്തതായ കാരണങ്ങൾ" എന്നതിനു പകരം "തീർച്ചകൾ" എന്നു ആദ്യമായി ചേർക്കണം എന്നും രണ്ടാമതായി "കാരണങ്ങൾ" എന്നതിനു പകരം "തീർച്ചകൾ" എന്നു ചേർക്കണം എന്നും ഞാൻ അധ്യക്ഷന്റെ സമ്മതത്തോടുകൂടി സഭയോടു അപേക്ഷിക്കുന്നു. ഇപ്പോഴത്തെ നിയമത്തിൽ ഒരു ഭേദഗതി നാം ആലോചിക്കുമ്പോൾ ചട്ടങ്ങളെ മാറുന്നതിൽ വളരെ സൂക്ഷ്മവും ശ്രദ്ധയും നാം കാണിക്കേണ്ടതാണെന്നതു ഞാൻ അറിയിക്കുന്നു്. നമുക്കു എല്ലായ്പ്പോഴും അവയെ ഭേദപ്പെടുത്തി നന്നാക്കാൻ കഴിയുകയില്ല അതു കൊണ്ടു പ്രൊസിഡിങ്ങ് സമ്മതിക്കയും ലാ മെമ്പർക്കു ആക്ഷേപം ഇല്ലാതിരിക്കയും ചെയ്യുന്നതായാൽ ആദ്യത്തെ ഭാഗത്തിൽ തീർച്ച ചെയ്ത 'കാരണങ്ങൾ' എന്നതിനു പകരം "തീർച്ചകൾ" എന്നു ചേർക്കണം എന്നും അതേ പക്ഷം തന്നെ രണ്ടാംഭാഗത്തിൽ "കാരണങ്ങൾ" എന്നതിനു പകരം ചേർക്കണം എന്നും ഞാൻ അഭിപ്രായപ്പെടുന്നു. ഈ വാക്കുകളോടു കൂടി സഭയുടെ പര്യാലോചനത്തിനായി ഞാൻ എന്റെ ഭേദഗതി പ്രയോഗിക്കുന്നു.

മി: വി. ചെല്ലപ്പിള്ള (നോവേൾ): ഞാൻ ഇതു പിൻ താങ്ങുന്നു.

മി: കുഞ്ഞാലം പരമേശ്വരൻ പിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഹൈക്കോർട്ടു ഭേദപ്പെടുത്തിയതനുസരിച്ചുള്ള ഇപ്പോൾ ഇരിക്കുന്ന സ്ഥിതിയിൽ ഉള്ള ചട്ടവും യാതൊരു സന്ദിഗ്ദ്ധാർത്ഥത്തിനും ഇടകൊടുക്കുന്നതല്ലാ എന്നു മിസ്റ്റർ ആശാൻ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഒരു ചട്ടത്തിൽ അന്തർഭവിച്ചിരിക്കുന്ന ഉദ്ദേശം മിവിധങ്ങൾ ആണ്. ഒന്നു ഇതാണ്. ഒരു കേസ് ഒരു കക്ഷിക്കു പ്രതികൂലമായി തീർച്ചചെയ്തിരിക്കയും അയാൾ ആ തീർച്ചയിന്മേൽ അപ്പീൽ ബോധിപ്പിച്ചിരിക്കയും അപ്പീൽ പ്രതി ഡിക്രിയെ അവലംബിക്കുന്നതിൽ കീഴ്കോടതി തള്ളിയതായ തന്റെ വാദമുഖങ്ങളിൽ ചിലതിനെ തനിക്കു ഗുണകരമാക്കി സ്വീകരിക്കണം എന്നു ആഗ്രഹിക്കയും ചെയ്യുന്നതായാൽ തനിക്കു ആ വാദമുഖങ്ങളെ ആക്ഷേപിക്കേണ്ടിയിരിക്കുന്നു എന്നു കാണിച്ചു നോട്ടീസ് എന്ന പോലെ ഒരു ഹർജി എഴുതി അപ്പീൽ കോർട്ടിൽ അയാൾ ഫൈൽ ചെയ്യണം. അതിന്റെ സാരം ഇപ്രകാരം ആകുന്നു. താൻ വല്ല വാദങ്ങളും പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നു എന്നു കാണിച്ചു ഒരു മെമ്മോറാണ്ടം എഴുതി അപ്പീൽപ്രതി അപ്പീൽ കോർട്ടിൽ ഫൈൽ ചെയ്യുന്നതായാൽ അതേ വാദത്തെ കീഴ് കോടതി തള്ളിയിരുന്നാലും അതിനെ അപ്പീൽ പ്രതി ഡിക്രിയെ അവലംബിക്കുന്നതിൽ ബോധിപ്പിക്കാവുന്നതാകുന്നു. ഈ ചട്ടത്തിൽ അന്തർഭവിച്ചിരിക്കുന്ന മറെറ ഉദ്ദേശ്യം ആയിതു ഒരു കേസ് ഒരംശം ഒരു കക്ഷിക്കു അനുകൂലമായും മറേറതു മറെറ കക്ഷിക്കു അനുകൂലമായും തീർച്ചചെയ്തിരിക്കയും ഒരു കക്ഷി അപ്പീൽ ചെയ്തിരിക്കയും ചെയ്താൽ അപ്പീൽ പ്രതി തന്നെ ഒരു എതിരാക്ഷേപമെമ്മറാണ്ടം ഫൈൽ ചെയ്തു തനിക്കു പ്രതികൂലമായ ആ ഭാഗത്തെ ആക്ഷേപിക്കാവുന്നതാകുന്നു. ഈ രണ്ടാമത്തെ സംഗതിയിൽ മെമ്മറാണ്ടം ഡിക്രിക്കു അതാവിതു അതിന്റെ ഒരംശത്തിനു വിപരീതമായ ആക്ഷേപം ആയിരിക്കും. ആദ്യത്തെ സംഗതിയിൽ അതു കാരണങ്ങളിൽ ചിലതിനെക്കുറിച്ചു മാത്രം ഉള്ള ആക്ഷേപം ആയിരിക്കും അതിനെ സംബന്ധിച്ചു അർത്ഥത്തിൽ യാതൊരു സന്ദേഹവും ഇല്ല. എന്നാൽ മിസ്റ്റർ ആശാന്റെ ഭേദഗതി ചേർക്കുന്നതായാൽ ചട്ടത്തിനു അർത്ഥവ്യക്തിയുണ്ടാവുകയില്ല എന്നു മാത്രം അല്ല തീരെ തെററായ ഉദ്ദേശം അല്ലെന്നു വരികിൽ ഒരു ദുഷ്ടാർത്ഥം കൂടി സൃഷ്ടിക്കപ്പെടും.

മി: എ. എസ്. മാരോമരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): "എന്നു മാത്രമല്ല" എന്നുള്ളതിന്റെ അർത്ഥം എന്തു്?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): മിസ്റ്റർ ആശാന്റെ വാദം ആ ഭാഗം തെററിലിരിക്കാൻ ഇടയുള്ളതാണ് എന്നുള്ളതല്ല. ആ സ്ഥിതിക്കു ഹൈക്കോടതിയും ഇതിനെ വാക്യരചനയെ അംഗീകരിക്കുമ്പോൾ ഉദ്ദിഷ്ടാർത്ഥങ്ങൾ മതിയാകും വണ്ണം സാധിപ്പിക്കുന്നതായ വാക്യരചനയെ കൂടുതൽ നന്നാക്കാൻ ശ്രമിക്കുന്നതിൽ ഈ സഭ സ്വവിവേചനം ഉപയോഗിക്കേണ്ടതാണോ എന്നു ഞാൻ സംശയിക്കുന്നു. അതിരിക്കട്ടെ: "ഡിക്രിയെ അവലംബിക്കുക മാത്രമല്ല" എന്ന പദങ്ങളുടെ ശ

ക്കി എന്നു എന്നു മിസ്റ്റർ ആശാൻ ചോദിക്കുന്നു. ശക്തി ഇതാണ്. അപ്പീൽ പ്രതിക്കു രണ്ടു കാര്യങ്ങൾ ചെയ്യാൻ കഴിയും ഒന്നാമതു അയാൾ കാരണങ്ങൾക്കു അല്ലെങ്കിൽ തീർപ്പുകൾക്കു ആക്ഷേപം പുറപ്പെടുവിക്കാം, രണ്ടാമതു ഡിക്രിയിലെ ഒരംശത്തെയും അയാൾക്കു ആക്ഷേപിക്കാം. ഈ രണ്ടു കാര്യങ്ങൾ അതിൽ ഉണ്ട്, അതു കൊണ്ടു ഇന്നതു മാത്രമല്ലാ ഇന്നതും എന്നു പ്രയോഗിച്ചിരിക്കുന്നതു ഒരു കക്ഷിക്കു രണ്ടു കാര്യങ്ങളും ചെയ്യാൻ കഴിയും എന്നു കാണിക്കുവാനായിട്ടാകുന്നു. നേരെ മറിച്ചു താം മിസ്റ്റർ ആശാന്റെ വാക്പ്രയോഗം സ്വീകരിക്കുന്നതായാൽ അപ്പീൽ പ്രതിക്കു രണ്ടു കാര്യങ്ങളിൽ ഒന്നു ചെയ്യാൻ കഴിയും എന്നു അർത്ഥമാകും, അതാവിതു ഒന്നുകിൽ അയാൾ ഡിക്രിയെ അവലംബിച്ചു കൊണ്ടു തീർപ്പിനെ ആക്ഷേപിക്കണം, അല്ലെങ്കിൽ അയാൾ ഡിക്രിയിലെ ഒരംശത്തെ ആക്ഷേപിക്കണം. മിസ്റ്റർ ആശാൻ 'അല്ലെങ്കിൽ' എന്ന പദം പ്രയോഗിച്ചിരിക്കുകൊണ്ടു അപ്പീൽ പ്രതി രണ്ടു കാര്യവും ചെയ്യുകൂടാ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ പദം രണ്ടാം ഭാഗത്തിലും പ്രയോഗിച്ചിട്ടില്ലയോ?

മി: കുഞ്ഞാലം പരമേശ്വരൻ പിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): "അല്ലെങ്കിൽ" എന്ന പദമോ, അതു രണ്ടിൽ ഒരു കാര്യമേ അയാൾ ചെയ്യുകയുള്ളു എന്നർത്ഥമാകും. അതാവിതു ഒന്നുകിൽ തീർപ്പു ആക്ഷേപം പറയണം അല്ലെങ്കിൽ ഡിക്രിക്കു ആക്ഷേപം പറയണം. അതു കൊണ്ടു ഇന്നതുമാത്രമല്ല ഇന്നതും എന്നു പ്രയോഗിക്കുന്നതു അധികം നല്ല വാക്പ്രയോഗം അല്ലയോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): രണ്ടാമത്തെ ഭാഗത്തിനു നിങ്ങൾ എന്തു പറയുന്നു? അതു പൂർവ്വാപര വിരുദ്ധമാണൊ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): അങ്ങനെയാണെന്നു എനിക്കു തോന്നുന്നില്ല. ഹൈക്കോർട്ടു നിശ്ചയിച്ച ഭേദഗതി അനുവദിക്കുന്നതായാൽ അപ്പീൽ രണ്ടു കാര്യങ്ങളും ചെയ്യാം എന്നു അർത്ഥമാകും. അതാവിതു തീർപ്പു ആക്ഷേപം പറയാം എന്നു മാത്രമല്ല ഡിക്രിക്കും ആക്ഷേപം പറയാം അതു കൊണ്ടു ഉദ്ദേശ്യമായ പദലാളിത്യഭാവം എന്തു തന്നെയായിരുന്നാലും ഈ ചട്ടം ഇപ്പോൾ പ്രയുക്തമായിരിക്കുന്ന നിലയ്ക്കു മതിയാകുന്നിടത്തോളം അർത്ഥസ്ഫുരകമായിരിക്കുന്നു എന്നു എനിക്കു തോന്നുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരേ വകുപ്പിൽ രണ്ടു ഭാഗങ്ങളിൽ പ്രയോഗിച്ചിരിക്കുന്ന "കാരണങ്ങൾ" എന്ന പദം രണ്ടു വിധം അർത്ഥം ജനിപ്പിക്കാവുന്നതായിരിക്കുന്നു എന്നു എന്റെ സ്നേഹിതൻ വിചാരിക്കുന്നില്ലയോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ഇല്ല. അതു വിവിധാർത്ഥം ജനിക്കാവുന്നവയാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങനെയാണെങ്കിൽ ആദ്യത്തെ ഭാഗത്തിൽ "കാരണങ്ങൾ" എന്ന പദത്തിൻ അർത്ഥം എന്തു്?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): ഒരു കക്ഷിക്കു പ്രതികൂലമായി തീർപ്പുചെയ്ത കാരണങ്ങൾ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അവിടെ "കാരണങ്ങൾ" എന്ന പദം കക്ഷി പുറപ്പെടുവിച്ച "കാരണങ്ങൾ"ക്കു സംബന്ധിക്കുന്നവൊ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ഇല്ല. അതു ജഡ്ജിമെന്റിലെ കാരണങ്ങൾക്കു, ജഡ്ജിമെന്റിൽ അയാൾക്കു പ്രതികൂലമായി തീർപ്പു ചെയ്ത കാരണങ്ങൾക്കു സംബന്ധിക്കുന്നു. അപ്പീൽ പ്രതിക്കു പ്രതികൂലമായി തീർപ്പു ചെയ്ത കാരണങ്ങളിൽ വല്ലതിന്മേലും അയാൾ ആക്ഷേപം ബോധിപ്പിക്കാം. എന്നാൽ അയാൾ ആ ആക്ഷേപം ഹാജി ബോധിപ്പിച്ചിരിക്കണം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അയാൾ ബോധിപ്പിച്ചു എന്നാൽ അയാൾക്കു പ്രതികൂലമായി തീർപ്പു ചെയ്യപ്പെട്ടതായ കാരണങ്ങൾ എന്നു അതു അർത്ഥമാകുന്നില്ലയോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): ഇല്ല. ഒരു കക്ഷിയാതൊരു കാരണവും ബോധിപ്പിച്ചിട്ടില്ലാതിരിക്കാം. എന്നിട്ടും അതു അയാൾക്കു വിപരീതമായി തീർപ്പു ചെയ്യപ്പെട്ടും ഇരിക്കാം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) 'തീർപ്പുചെയ്ത' എന്നുള്ള പദം എന്തിനായിട്ടാണ് അവിടെ ഉപയോഗിക്കുന്നതു്?

മി: കുഞ്ഞാലം പരമേശ്വരൻ പിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ: (അയാൾക്കു പ്രതികൂലമായി തീർപ്പു ചെയ്ത കാരണങ്ങൾ എന്നു കാണിക്കുവാനായി.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങനെയാണെങ്കിൽ ആ പദം രണ്ടിക്കെ ഭാഗത്തിലും കാണേണ്ടതല്ലയോ?

മി: കുഞ്ഞാലം പരമേശ്വരൻ പിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): എന്തിനായിട്ടു? വാക്പ്രയോഗം ഇപ്പോൾ ഇരിക്കുന്ന നിലയിൽ മതിയായിടത്തോളം വ്യക്തമാണെന്നു എനിക്കു തോന്നുന്നു. ഈ വാക്പ്രയോഗത്തെ പുറകത്തിട്ടിയും ഹൈക്കോർട്ടും സമ്മതിച്ചു ഇരിക്കുന്നു. ഈ സഭ ഇതിനെ അംഗീകരിക്കും എന്നു എനിക്കു തോന്നുന്നു.

മി: ടി. താണുപിള്ള (തിരുവനന്തപുരം): സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. സഭാസമക്ഷം ഇപ്പോൾ സ്ഥാപിതമായ നിലയിൽ ഈ ഖണ്ഡികയുടെ വാക്പ്രയോഗം ഇതിലും കൂടുതൽ സുവ്യക്തമായിരിക്കാം. എന്നാൽ ഭേദഗതി അതു പ്രയുക്തമായിരിക്കുന്ന നിലയ്ക്കു ഗൌരവമായ ആക്ഷേപത്തിനു ഇടയുള്ളതാകുന്നു. ലാൻഡ്മെമ്പർ പറഞ്ഞതുപോലെ ഈ വാക്പ്രയോഗത്തിൽനിന്നു ഉദ്ദേശം വ്യക്തമായിരിക്കുന്നു, എ-

ന്നാൽ എന്റെ സ്നേഹിതന്റെ ഭേദഗതി സമർത്ഥിക്കാൻ ഉദ്ദേശിക്കുന്ന അർത്ഥത്തെ സന്ദിഗ്ധമാക്കും എന്നു ഞാൻ ശങ്കിക്കുന്നു. ഈ ഭേദഗതി ഉൾപ്പെടുത്തിയാൽ ഈ ഖണ്ഡം ഇപ്രകാരം ആയിത്തീരും.

"ചില അപ്പീൽപ്രതികൾ അയാൾക്ക് പ്രതികൂലമായി തീർച്ചചെയ്തിട്ടുള്ള കാരണങ്ങളിൽ വല്ലതിന്മേലും ആ ഡിക്രിയെ അവലംബിക്കയോ ഡിക്രിക്കു അപ്പീലായി അയാൾക്ക് പറയാമായിരുന്ന വല്ല ആക്ഷേപം പറയുകയോ ചെയ്യുന്നതുമാകുന്നു."

ഈ രണ്ടുകാര്യങ്ങളും ഏകകാലത്തു നടയ്ക്കേണ്ടതായ സംഗതികൾ ഉണ്ടാകാം. ഖണ്ഡം ഇപ്പോൾ ഇരിക്കുന്നതിലധികം രണ്ടിനും വ്യവസ്ഥചെയ്യുന്നു. കരുവും ആകട്ടെ ഇപ്രകാരം വേറെ വേറെയായി സംബന്ധിക്കുന്നു. അതാവിതു അപ്പീൽ പ്രതിക്കു പ്രതികൂലമായി തീർച്ചചെയ്തിട്ടുള്ള കാരണങ്ങളിലും അതേകേസിൽ അയാൾക്കു പ്രതികൂലമായ ഡിക്രിയുടെ അംശത്തേയും ആക്ഷേപിച്ചുകൂടാ എന്നു അർത്ഥമാകുന്നില്ല. അയാൾക്ക് വിപരീതമായി തീർച്ചചെയ്തിട്ടുള്ള കാരണങ്ങളിന്മേലും അയാൾക്ക് ഡിക്രിയെ അവലംബിക്കേണ്ടിയിരിക്കുമ്പോൾ അയാൾക്ക് തീർച്ചക്കു ആക്ഷേപം ഹൈക്കോർട്ടിൽ ചെയ്യേണ്ടതായുണ്ട് എന്നാകുന്നു കമ്മിഷൻ പറഞ്ഞിരിക്കുന്നതു്. അപ്പീൽപ്രതിക്കു പ്രതികൂലമായ ഡിക്രിഭാഗത്തിനും അയാൾക്ക് ആക്ഷേപം പ്രകടിപ്പിക്കാം. ഖണ്ഡം നിഷ്ക്രിയമായിരിക്കുന്ന നിലയിൽ വ്യക്തമാണെന്നു എനിക്കു തോന്നുന്നു. എന്നാൽ എന്റെ സ്നേഹിതന്റെ ഭേദഗതി കൂടിയെ സന്ദിഗ്ധമാക്കൂ. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

മി: എ. എസ്. ഗോപാലൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ ഈഭേദഗതി പിൻവലിക്കുന്നു.

പ്രൊസിഡണ്ട്: ഈ ഭേദഗതി പിൻവലിക്കുന്നതിനു സഭ സമ്മതിക്കുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

ഭേദഗതി അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു. ഹൈക്കോർട്ടു ഭേദപ്പെടുത്തിയതനുസരിച്ചുള്ള ഖണ്ഡം സമ്മതിക്കപ്പെട്ടു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹൈ കോർട്ടുജഡ്ജി): അനുവദിക്കപ്പെട്ട ചട്ടം ഒരു ഓഫീസുമായോഗത്തിൽ സ്വീകരിച്ച് പാസ്സാക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ഉപദേശപ്രകാരം അനുവദിക്കപ്പെട്ടു.

പ്രൊസിഡണ്ട്: നാം ഇപ്പോൾ യോഗം മാറ്റിവച്ചു നാളെ ഉച്ചക്കുമേൽ രണ്ടരമണിക്കു വീണ്ടും യോഗം കൂടാം.

സഭായോഗം ഉച്ചയ്ക്കുമേൽ മൂന്നരമണിക്കു പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി

അനുബന്ധം എ.

അബ്കാരിറെഗ്ലേഷൻ ഭേദഗതിബിൽ

(നിയമസഭ തീർച്ചചെയ്തതു്)

ചുരുക്കപ്പേരും ആരംഭവും.

1. (1) ഈ റെഗ്ലേഷൻ..... കലാൽ (ഭേദഗതി) റെഗ്ലേഷൻ എന്നു വിളിക്കപ്പെടുന്നതാകുന്നു.

(2) അതു് തിരുവിതാംകൂർ മുഴുവനും വ്യാപിക്കുന്നതും ഉടൻതന്നെ നടപ്പിൽ വരുന്നതുമാകുന്നു.

നമ്പർ 1 മാണ്ടത്തെ 1-ാം റെഗ്ലേഷനിൽ ഭേദപ്പെടുത്തപ്പെട്ട 1 ഗുണ്ടാ നമ്പർ 1 മാണ്ടത്തെ 1-ാം നമ്പരായ കലാൽ റെഗ്ലേഷനിന്റെ (ഇതിനുതാഴെ മേല്പറഞ്ഞ റെഗ്ലേഷൻ എന്നു പറയുന്നതാണ്). നമ്പർ 1 ന്റെ 1 ഖണ്ഡത്തിൽ—

ഭേദഗതി.

(എ) "കഞ്ചാചെടിയിൽ" എന്നതിനുപകരം 'കഞ്ചാവെടിയുടേയോ കോക്കാചെടിയുടേയോ' എന്നും,

(ബി) "1 ഗുണ്ടാ-ക്കെ 1-ാം റെഗ്ലേഷനിൽ" എന്നതിനുപകരം "1 ഗുണ്ടാ 1-ാം റെഗ്ലേഷനിൽ" എന്നും ചേർക്കുക.

(സി) താഴെപറയുന്നതു് ഒരു "വിവരണ"മായി ചേർക്കുക, അതായതു്:—

"വിവരണം—ഈ റെഗ്ലേഷനിലെ സംഗതികൾക്കായി, 'ലഹരിമരുന്നു' എന്ന പദത്തിൽ, നമ്മുടെ ഗവണ്മെന്റു നമ്മുടെ ഗവണ്മെന്റുഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു പരസ്യംമൂലം ഒരു ലഹരിമരുന്നായി വ്യാഖ്യാനംചെയ്യുന്ന മറ്റേതെങ്കിലും സാധനവും അതുകൊണ്ടോ അതു് ചേർത്തിട്ടോ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും പദാർത്ഥവും ഉൾപ്പെടുന്നതാകുന്നു."

2. 1 ഗുണ്ടാ 1-ാം വകുപ്പിന്റെ ഭേദഗതി.

2. മേല്പറഞ്ഞ റെഗ്ലേഷനിലെ 1 ഗുണ്ടാ 1-ാം വകുപ്പിൽ—

(എ) "യാതൊരു കഞ്ചാചെടിയും വച്ചുണ്ടാക്കിക്കൂടാ" എന്നതു വിട്ടുകളയുകയും,

(ബി) ഇപ്രകാരം ഭേദപ്പെടുത്തിയ ആ വകുപ്പിന് 1 ഗുണ്ടാ 1-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പായി നമ്പരിട്ടും, താഴെപറയുന്നതു് (2) ഉപവകുപ്പായി ചേർക്കുകയും ചെയ്യുക, അതായതു്:—

"(2) കഞ്ചാചെടിയുടേയും കോക്കാചെടിയുടേയും കൃഷി പൂർണ്ണമായി നിരോധിച്ചിരിക്കുന്നു."

3. മേല്പറഞ്ഞ റെഗ്ലേഷനിലെ 1 ഗുണ്ടാ 1-ാം വകുപ്പിൽ താഴെപറയുന്നതുകൂടി കൂട്ടിയണം.—

ഭേദഗതി.

"ഒരു ലഹരിമരുന്നുണ്ടാക്കുന്ന വല്ല ചെടിയുടേയും കൃഷിക്കാരനോ, ഉടമസ്ഥനോ ആ ചെടിയിൽ ലഹരിമരുന്ന് ഉണ്ടാക്കുകയാകട്ടെ ഉണ്ടാകുകയാകട്ടെ ചെയ്യുന്ന ഭാഗങ്ങൾ, ലഹരിമരുന്നുകൾ വിൽക്കുകയോ ഉണ്ടാക്കുകയോ കയററി അയയ്ക്കുകയോ ചെയ്യാൻ ഈ റെഗ്ലേഷൻപ്രകാരം ലൈസൻസുള്ള വല്ല ആൾക്കും ഒരു ലൈസൻസുകൂടാതെ വിൽക്കുകയും ചെയ്യാം."

നാലാംവകുപ്പിന്റെ ഭേദഗതി.

൪. മേല്പറഞ്ഞ റെഗുലേഷനിലെ നാലാംവകുപ്പിൽ "ലൈസൻസു കൊടുത്തിട്ടില്ലാത്ത" എന്നതുകഴിഞ്ഞു് "വല്ല കഞ്ചാചെടിയുടേയോ കോക്കാചെടിയുടേയോ കൃഷിയോ" എന്നു ചേർക്കുക.

അഞ്ചാം വകുപ്പിന്റെ ഭേദഗതി.

൫. മേല്പറഞ്ഞ റെഗുലേഷനിലെ അഞ്ചാംവകുപ്പിന്റെ (സി)-ഖണ്ഡത്തിൽ "കഞ്ചാചെടി" എന്നതിനുപകരം "കഞ്ചാചെടിയോ കോക്കാചെടിയോ" എന്നു ചേർക്കണം.

ആറാം വകുപ്പിന്റെ ഭേദഗതി.

൬. മേല്പറഞ്ഞ റെഗുലേഷനിലെ ആറാംവകുപ്പിൽ—

(എ) "ഔഷധമായ വല്ല വസ്തുവും" എന്നതു കഴിഞ്ഞു് "ഉത്തമവിശ്വാസപ്രകാരം" എന്നു ചേർക്കുക.

(ബി) താഴെ പറയുന്ന ഭാഗം വിട്ടുകളയണം:—

"എന്നാൽ ആവക വല്ല വസ്തുവും ഇന്ന വല്ല പ്രദേശത്തിനും ഉള്ളിൽ നമ്മുടെ ഗവർണ്ണർ യുക്തമെന്നു വിചാരിക്കുന്ന പീസുകൾ അടയ്ക്കുകയും കണ്ടിഷനുകൾ അനുസരിക്കുകയും ചെയ്താൽ ഗവർണ്ണർ നൽകുന്ന ഒരു ലൈസൻസുപ്രകാരമല്ലാതെ വിൽക്കരുതെന്നു യാതൊരുസമയത്തും പരസ്യമായി നമ്മുടെ ഗവർണ്ണർ വിളംബരം ചെയ്യുന്നതു ന്യായമായിരിക്കുകയും ചെയ്യും."

(സി) "കൊടുക്കുകയാകട്ടെ ചെയ്യുന്നതിന്" എന്നതിനു പകരം "കൊടുക്കുകയാകട്ടെ ചെയ്യുന്നതിനോ, അവരാൽ നിയമപ്രകാരം കൊടുക്കപ്പെടുന്ന അപ്രകാരമുള്ള വസ്തുക്കൾ വല്ല ആളും കൈവശം വച്ചുകൊണ്ടിരിക്കുന്നതിനോ" എന്നു ചേർക്കണം.

(ഡി) മേല്പറഞ്ഞതുപോലെ ഭേദപ്പെടുത്തിയ ആ വകുപ്പിന് നാലാംവകുപ്പിന്റെ (എ)-ാം ഉപവകുപ്പായി നമ്പരിടുകയും, താഴെപറയുന്ന ഉപവകുപ്പുകൾ കൂടുതലായി ചേർക്കുകയും ചെയ്യേണ്ടതാകുന്നു. അതായതു്:—

(൨) "ഏതെങ്കിലും മദ്യമോ ലഹരിമരുന്നോ (ഔഷധസംബന്ധമായ ആവശ്യങ്ങൾക്കാകട്ടെ മറ്റുവിധത്തിലുള്ള ആവശ്യങ്ങൾക്കാകട്ടെ) ഇറക്കുമതിചെയ്യുകയോ, കയററുമതിചെയ്യുകയോ കടത്തിക്കൊണ്ടുപോകുകയോ, ഉണ്ടാക്കുകയോ കൈവശം വച്ചുകൊണ്ടിരിക്കുകയോ, വിൽക്കുകയോ, കൊടുക്കുകയോ ചെയ്യുന്നതു്, അതിലേക്കായി നമ്മുടെ ഗവർണ്ണർ നിശ്ചയിച്ചിരിക്കുന്ന ചട്ടങ്ങളും നിബന്ധനകളും വല്ലതുമുണ്ടെങ്കിൽ അവയനുസരിച്ചല്ലാതെ മറ്റുവിധത്തിൽ പാടില്ലെന്നു നമ്മുടെ ഗവർണ്ണർ, നമ്മുടെ ഗവർണ്ണർ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യം മൂലം ഏപ്പോഴെങ്കിലും നിരോധിക്കുന്നതു് ന്യായമായിരിക്കുന്നതാകുന്നു."

(൩) "നമ്മുടെ ഗവർണ്ണർ, നമ്മുടെ ഗവർണ്ണർ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യം മൂലം ഏതെങ്കിലും പ്രത്യേകവസ്തുവിനോയോ പ്രത്യേകതരത്തിലുള്ള വസ്തുക്കളേയോ ഏതെങ്കിലും പ്രത്യേക ആളിനോയോ പ്രത്യേകതരത്തിലുള്ള ആളുകളേയോ, നമ്മുടെ ഗവർണ്ണർ നിശ്ചയിക്കുന്ന നിബന്ധനകൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്കുവിധേയപ്പെട്ടു്, ഈ റെഗുലേഷനിലെ എല്ലാ വ്യവസ്ഥകളുടേയോ, ഏതെങ്കിലും വ്യവസ്ഥകളുടേയോ, അതിൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടേയോ, പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നിരോധനങ്ങളുടേയോ പ്രവർത്തനത്തിൽനിന്നു് ഏപ്പോഴെങ്കിലും ഒഴിവാക്കുകയോ, അതുപോലെതന്നെ, അപ്രകാരം ഒഴിവാക്കിയതിനെ റദ്ദാക്കുകയോ ചെയ്യുന്നതു് ന്യായമായിരിക്കുന്നതാകുന്നു."

(൪) "നമ്മുടെ ഗവർണ്ണർ ഓരോ സംഗതിയിലോ, ഓരോരോതരത്തിലുള്ള സംഗതികളിലോ നിശ്ചയിക്കുന്ന കരുതലുകൾക്കും നിബന്ധനകൾക്കും ഉൾപ്പെട്ടു്, വൈദ്യന്മാർക്കു തങ്ങളുടെ തൊഴിൽസംബന്ധമായ ഉപയോഗത്തിനായി മദ്യവും കഞ്ചാവും ഭേദം കൈവശം വച്ചുകൊണ്ടിരിക്കുകയും അവചേർത്തു മരുന്നുകൾ തയ്യാറാക്കുകയും ചെയ്യുന്നതിന് നമ്മുടെ ഗവർണ്ണർ അനുവാദം കൊടുക്കുന്നതും ന്യായമായിരിക്കുന്നതാകുന്നു."

അനുബന്ധം ബി.

തിരുവിതാംകൂട്ട് അഡ്മിനിസ്ട്രേററർ ജനറൽ ബില്ലിനെ സംബന്ധിച്ചുള്ള പ്രത്യേക കമ്മിററിയുടെ റിപ്പോർട്ട്,

തിരുവിതാംകൂട്ട് അഡ്മിനിസ്ട്രേററർ ജനറൽ ബില്ലിനെ സംബന്ധിച്ചുള്ള പ്രത്യേക കമ്മിററിയുടെ താഴെ ചേർത്തിരിക്കുന്ന റിപ്പോർട്ടു ജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഹജൂർക്കച്ചേരി, തിരുവനന്തപുരം, (ഉത്തരവിൻപ്രകാരം)

൧൯൮൨ നവംബർ ൧൩-ാം തീയതി. ടി. പി. രാമസ്വയ്യർ, നിയമസഭാസെക്രട്ടറി.

തിരുവിതാംകൂട്ട് അഡ്മിനിസ്ട്രേററർ ജനറൽ ബില്ലിനെ സംബന്ധിച്ചുള്ള പ്രത്യേക കമ്മിററിയുടെ റിപ്പോർട്ട്.

തിരുവിതാംകൂട്ട് അഡ്മിനിസ്ട്രേററർ ജനറൽബില്ലിനെപ്പററി ആലോചിക്കുന്നതിനു നിയമിക്കപ്പെട്ട പ്രത്യേക കമ്മിററിയിലെ അംഗങ്ങളും താഴെഒപ്പിട്ടിരിക്കുന്നവരും ആയ ഞങ്ങൾ ടി ബില്ലിനെപ്പററിചിന്തിച്ചു ഈ റിപ്പോർട്ടു സമർപ്പിച്ചുകൊള്ളുന്നു. ഞങ്ങൾ ഭേദപ്പെടുത്തിയ രൂപത്തിലുള്ള ബില്ലിനെ ഇതിനോടു് അനുബന്ധിച്ചിട്ടുണ്ടു്.

ഖണ്ഡം ൨.

അഡ്മിനിസ്ട്രേററർ ജനറലിന്റെ ജോലികളുടെ സ്വഭാവം നോക്കുമ്പോൾ അദ്ദേഹത്തിനു നിയമസംബന്ധമായ തൊഴിലിൽ അല്പം പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതാണെന്നാണു ഞങ്ങളുടെ അഭിപ്രായം. അതിനാൽ ഇപ്പോഴത്തെ ൨-ാം ഖണ്ഡത്തിനു ൨-ാം ഖണ്ഡത്തിന്റെ (എ)-ാം ഉപഖണ്ഡമായി നമ്പരിടുകയും താഴെ പറയുന്നതിനെ (ബി)-ാം ഉപഖണ്ഡമായി ചേർക്കുകയും ചെയ്യണമെന്നു ഞങ്ങൾ നിർദ്ദേശിക്കുന്നു:—

"(ബി) താൽക്കാലികമായും നാലുമാസത്തിൽ കവിയാതെയുള്ള ഒരു കാലത്തേക്കായും നിയമനം നടത്തുന്ന സന്ദർഭത്തിലൊഴികെ, തിരുവിതാംകൂർ ഹൈക്കോടതിയിലെ അഞ്ചു കൊല്ലത്തിനു കുറയാത്ത കാലത്തെ പഴക്കമുള്ള ഒരു വക്കീലായിരിക്കുകയോ നമ്മുടെ ഗവർണ്ണർഗുണ്ടിന്റെ കീഴിൽ ഡിസ്ട്രിക്ട്കോടതിയിലെ ഒരു ജഡ്ജിയു

ടെ നിലയിൽ താഴെ അല്ലാതെയുള്ള ഒരു ജുഡിഷ്യൽ ഉദ്യോഗം വഹിച്ചിരിക്കുകയോ ചെയ്തിട്ടില്ലാത്ത യാതൊരാളേയും അഡ്മിനിസ്ട്രേറ്റർ ജനറലായി നിയമിക്കാൻ പാടില്ലാത്തതാകുന്നു.''

ഖണ്ഡം ൪. ൨-ാം വരിയിൽ ''നിയമിക്കേണ്ടതാകുന്നു'' എന്നതിനു പകരം ''നിയമിക്കാവുന്നതാകുന്നു'' എന്നു ചേർക്കണം. അഡ്മിനിസ്ട്രേറ്റർ ജനറലിനെ സഹായിക്കാൻ ഒരു ഡിപ്യൂട്ടി വേണമെന്നു നിർബന്ധമില്ല. അതിനാൽ ഈ ഭേദഗതി ചെയ്തിരിക്കുന്നു.

ഖണ്ഡം ൫. (എ) ൩-ാം വരിയിൽ ''ഇന്നാരാണെന്നു'' എന്നതിനു പകരം ''ഇന്നാരാണെന്നോ മരിച്ചുപോയ ആ ആളിന്റെ സ്വത്തിനെ സംബന്ധിച്ചു ഭരണാധികാരപത്രം കിട്ടാൻ അഡ്മിനിസ്ട്രേറ്റർ ജനറലിനു അവകാശമുണ്ടോ എന്നോ'' എന്നു ചേർക്കണം.

ഇതിന്റെ അർത്ഥം പ്രത്യക്ഷമാണല്ലോ.

ഖണ്ഡം ൬. കൂപ്പത്തിന്റെ ൪-ാം വരിയിൽ ''ഒരു മരണപത്രം'' എന്നു കഴിഞ്ഞു, ''തിരുവിതാംകൂറിൽ'' എന്നു ചേർക്കണം

ഇതു കേവലം പദപ്രയോഗത്തെ സംബന്ധിച്ചു ഭേദഗതിയാണ്.

കൂപ്പത്തിന്റെ ൨-ാം സം ൪-ാം വരികളിൽ ''കൊടുക്കുകയും ആ അപേക്ഷ അയക്കുന്നകാര്യത്തിൽ ന്യായമല്ലാത്ത കാലവിളംബരത്തിനിടയായിട്ടില്ലെന്നു ഡിസ്ട്രിക്ട് ജഡ്ജിക്കു ബോദ്ധ്യമാകുകയും ചെയ്യുന്ന'' എന്നതിനു പകരം ''കൊടുക്കുന്ന'' എന്നു ചേർക്കണം.

ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്ന നിയന്ത്രണം അനാവശ്യമാണ്. അതിനാൽ ഈ ഭേദഗതി ചെയ്തിരിക്കുന്നു.

ഖണ്ഡം ൭. ഇതിലടങ്ങിയിരിക്കുന്ന കാര്യത്തിനു തിരുവിതാംകൂട്ടു മരണപത്രസ്ഥാപന ലക്ഷ്യവും ഭരണാധികാരപത്രവും ബില്ലിന്റെ ൩-ാം ഖണ്ഡത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളതിനാൽ ഈ ഖണ്ഡം വിട്ടുകളയുകയും ശേഷമുള്ളവയ്ക്കു അഴിച്ചു നമ്പരിടുകയും ചെയ്യണം.

ഖണ്ഡം ൮൨. ൫-ാം വരിയിൽ ''സർക്കാരിനാൽ ഏർപ്പെടുത്തപ്പെടാനുള്ള'' എന്നതിനു പകരം ''സർക്കാരിനാൽ ഏർപ്പെടുത്തപ്പെടാനുള്ളതും സ്ഥാപനലക്ഷ്യമോ ഭരണാധികാരപത്രമോ വാങ്ങിയിട്ടുള്ളതും ആയ'' എന്നു ചേർക്കണം.

ഈ ഭേദഗതിയുടെ അർത്ഥം പ്രത്യക്ഷമാണല്ലോ.

ഖണ്ഡം ൮൩. ഉപഖണ്ഡം (൩) ൪-ാം ന്യ-ാം വരികൾ ''വും ആ നടപടികൾ അന്യായമായ കാലവിളംബം കൂടാതെ നടത്തപ്പെടാതിരിക്കുന്നപക്ഷവും,, എന്നതു ആ വാക്കുകൾ സൂചിപ്പിക്കുന്ന നിയന്ത്രണം അനാവശ്യമാകയാൽ എടുത്തു കളഞ്ഞിട്ടു ൪-ാമത്തെ വരിയിൽ ''പക്ഷ'' എന്നതിനുശേഷം ഒരു അനുസ്വാരം ചേർക്കുക.

ഖണ്ഡം ൮൪. തിരുവിതാംകൂർ മരണപത്രസ്ഥാപന ലക്ഷ്യവും ഭരണാധികാരവും ബിൽ വ്യ ൧-ാം ഖണ്ഡത്തിനു ഇണങ്ങാതെ സംഗതിക്കുതകുന്ന വ്യവസ്ഥ ചെയ്തിരിക്കുന്നതുകൊണ്ട് ഈ ഖണ്ഡം വിട്ടുകളയുകയും ശേഷമുള്ളവയ്ക്കു അഴിച്ചു നമ്പരിടുകയും ചെയ്യണം.

ഖണ്ഡം ൮൫. (൨)-ാം ഉപഖണ്ഡത്തിൽ ''അഡ്മിനിസ്ട്രേറ്റർ ജനറലിനു'' എന്ന വാക്കിനു പകരം ''അയാൾക്കു'' എന്ന വാക്കു ചേർക്കണം. ഇതു കേവലം പദപ്രയോഗത്തെ സംബന്ധിച്ചു ഭേദഗതിയാണ്.

ഖണ്ഡം ൮൬. (൨)-ാം ഉപഖണ്ഡം ''ഉദ്യോഗമാകട്ടെ, ഡപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ ഉദ്യോഗമാകട്ടെ വഹിച്ചു കൊണ്ടിരിക്കുന്ന അല്ലെങ്കിൽ വഹിച്ചിട്ടുള്ള ആളിനല്ല'' എന്ന വാക്കുകൾക്കു പകരം ''ഉദ്യോഗം വഹിച്ചുകൊണ്ടിരിക്കുന്ന അല്ലെങ്കിൽ വഹിച്ചിട്ടുള്ള ആളിനെ അല്ലെങ്കിൽ അയാളുടെ ഉദ്യോഗസ്ഥന്മാരിൽ ആരെങ്കിലുമോ ഉള്ള'' എന്ന വാക്കുകൾ ചേർക്കണം.

ഖണ്ഡം ൮൭ ഉപഖണ്ഡം (എ) ൨-ാംവരി ''ഗവർണ്ണമെന്റിന്റെ അനുവാദത്തോടുകൂടി തഹക്കോടതി'' എന്നവാക്കുകൾക്കു പകരം ''ഗവർണ്ണമെന്റ്'' എന്നുചേർക്കണം.

ഫീസു ഗവർണ്ണമെന്റായിരിക്കണം നിർണ്ണയിക്കേണ്ടതെന്നു ഞങ്ങൾ വിചാരിക്കുന്നു.

ഖണ്ഡം ൮൮. ൨-ാം വരിയിൽ ''ഓരോ'' എന്നവാക്കും, ൩-ാംവരിയിൽ ''യും'' എന്ന അക്ഷരവും എടുത്തുകളയുക.

ഈ ഭേദഗതിയുടെ അർത്ഥം പ്രത്യക്ഷമാണല്ലോ.

ഖണ്ഡം ൮൯. ൫-ാം വരിയിൽ ''ആഡിറർമാർ'' എന്നവാക്കിനുപകരം ''ആഡിറർ'' എന്നവാക്കും ൩-ാംവരിയിൽ ''അവർ'' എന്ന വാക്കിനുപകരം ''അയാൾ'' എന്നവാക്കും ചേർക്കണം.

ഖണ്ഡം ൯൦. ൫-ാംവരിയിൽനിന്നു ''എല്ലാ'' എന്നവാക്കും, ൨-ാംവരിയിൽ നിന്നു അനുസ്വാരവും എടുത്തുകളയുക.

(൨)-ാം ഉപഖണ്ഡം ൪-ം, ൫-ം, ൩-ം, ൭-ം വരികൾ.

''തിരുവിതാംകൂട്ടു ശിക്ഷാനിയമം ൮൭ വകുപ്പിന്റെ അർത്ഥത്തിലുൾപ്പെട്ടതും, അതിൻപ്രകാരം ശിക്ഷിക്കപ്പെടാവുന്നതും ആയ ഒരുകുററം ചെയ്തതായി ഗണിക്കപ്പെടേണ്ടതും, അപ്രകാരം വിസമ്മതിക്കുകയോ ഉദാസീനതകാണിക്കുകയോ ചെയ്യുന്ന എല്ലാ സംഗതികളും ആഡിററർ നമ്മുടെ ഗവർണ്ണമെന്റിനു റിപ്പോർട്ടു ചെയ്യേണ്ടതുകൊണ്ടു'' എന്നതിൻപകരം ''ഒരുകുററം ചെയ്തതായി ഗണിക്കപ്പെടേണ്ടതും, ഒരു മജിസ്ട്രേട്ടിന്റെ മുമ്പാകെ കുററം സ്ഥാപിക്കപ്പെട്ടശേഷം ൮൦ ൧ രൂപയിൽ കവിയാത്ത പിഴശിക്ഷക്കുൾപ്പെട്ടവനായിരിക്കുന്നതും ആകുന്നു'' എന്നുചേർക്കുക.

താഴെക്കാണുന്ന (൩)-ാം ഉപഖണ്ഡമായി ചേർക്കണം:—

''(൩) ഗവർണ്ണമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദംകൂടാതെ (൨)-ാം ഉപവകുപ്പിൻപ്രകാരമുള്ള ഒരു കുററത്തിനു, ഒരു പ്രാസിക്യൂഷനും ആരംഭിക്കാൻ പാടുള്ളതല്ല''

നാലാമത്തെവരിയിൽ നിന്നു "നിർണ്ണയിക്കപ്പെട്ട രീതിയിൽ അവ" എന്നഭാഗം

ഖണ്ഡം ൩൨. എടുത്തുകളയുക.

ഖണ്ഡം ൩൩. (ബി) ഉപഖണ്ഡത്തിനുപകരം താഴെക്കാണുന്നതു ചേർക്കണം.

"(ബി) താൻ ഏതെങ്കിലും ഡിസ്ട്രിക്ട് ജഡ്ജിയാൽ നൽകപ്പെട്ട അധികാരത്തിൻപ്രകാരം അങ്ങനെ അധീനത്തിൽ വച്ചിരിക്കുന്നതോ അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടി മതകാര്യങ്ങൾക്കും, ധാർമ്മികവിഷയങ്ങൾക്കും, മററുകാര്യങ്ങൾക്കും, അപ്രകാരമുള്ള വസ്തുവിനെസംബന്ധിച്ചു യുക്തവും ന്യായവുമായ ഭേദഗതികൾക്കു വേണ്ടിയും"

൮-ാംവരി "ഹൈക്കോടതിക്കു" എന്നവാക്കു എടുത്തുകളയുക. "ന്റെ അനുവാദം ൩൪ (൮). വാദത്തോ" എന്നതിനുപകരം "ന്" എന്നുചേർക്കുക.

൯-ാംവരി "ടുകൂടി" എന്നതു എടുത്തുകളയുക.

൧-ാംവരി "നമുള്ള" എന്നതിനുപകരം "നമായി, ഈ റെഗുലേഷന്റെ വ്യവസ്ഥകൾക്കു വിപരീതമല്ലാതുള്ള" എന്നുചേർക്കണം.

താഴെക്കാണുന്നതു (എ) ഖണ്ഡികയായി ചേർക്കുകയും, ശേഷമുള്ളവയ്ക്കു് അഴിച്ചു

ഖണ്ഡം ൩൫ (൨) നമ്പരിടുകയും ചെയ്യണം:—

"(എ) അഡ്മിനിസ്ട്രേററർ ജനറലിന്റെയും, അദ്ദേഹത്തിന്റെ ഡിപ്പുട്ടിമാർ വല്ലവരുമുണ്ടെങ്കിൽ അവരുടേയും, അദ്ദേഹത്തിന്റെ മററുദ്യോഗസ്ഥന്മാരുടേയും നിയമനത്തിനും ജീവനത്തിനും ഉള്ളികരാറുകളേയും നിബന്ധനകളേയും"

(ഇ) ഖണ്ഡികയിൽ ൧-ാംവരിയിൽ "ഹൈക്കോടതിയിലെ" എന്നവാക്കു വിട്ടുകളയുക.

(ജി) ഖണ്ഡികയിൽ ൨-ാംവരിയിൽ "ൻറിന്റെ അനുവാദത്തോടുകൂടി, ഹൈക്കോടതി" എന്നതിനുപകരം "ൻറെ" എന്ന അക്ഷരം ചേർക്കണം.

ഖണ്ഡം ൩൭. ൩-ാംവരിയിൽ "മൊഴി" എന്നവാക്കിനുശേഷം "സത്യത്തിന്മേൽ" എന്നവാക്കുചേർക്കുക.

൨-ാംവരിയിൽ "ളുടെ ഏതെങ്കിലും ഭാഗത്തു" എന്നതിനുപകരം "ളെ,,

ഖണ്ഡം ൩൭ (൧) എന്ന അക്ഷരം ചേർക്കുക

൪-ം, ൫-ം വരികളിൽ "മേൽപ്പറഞ്ഞപ്രകാരം ഗവണ്മെൻറിലേക്കു ചേർത്ത അസൽഗ്രന്ഥമെങ്കിലോ, അല്ലെങ്കിൽ" എന്നഭാഗം വിട്ടുകളയുകയും ൫-ാംവരിയിൽ "തോന്നുന്നതുമുതൽ" എന്നവാക്കിലെ "മേ" എന്ന അക്ഷരത്തിനുപകരം അനുസ്വാരം ചേർക്കുകയും വേണം.

ഇവ കേവലം പദ്ധതിയോഗ്യങ്ങളായ ഭേദഗതികളാണു.

ഖണ്ഡം ൩൭. ഉപഖണ്ഡം (൨)-നുപകരം താഴെക്കാണുന്നതു ചേർക്കണം:—

"നിശ്ചിത അധികാരിക്കു തൃപ്തികരമാംവണ്ണം അവകാശം സ്ഥാപിക്കപ്പെടുന്നില്ലെങ്കിൽ, അപ്രകാരമുള്ള മുതലുകൾ ഇരുമ്പാക്കുന്നതിനു മാറുനടപടികൾ നടത്തുന്നതിനുള്ള അയാളുടെ അധികാരങ്ങൾക്കു ബാധകമാകാത്തവണ്ണം അവകാശപ്പെടുന്നയാൾ നമ്മുടെ ഗവണ്മെൻറിനു എതിരായി, ഏതൊരു ഡിസ്ട്രിക്ട്കോടതിയാൽ നൽകപ്പെട്ട അധികാരപ്രകാരം മുതലുകൾ അഡ്മിനിസ്ട്രേററർ ജനറലിന്റെ കൈവശം ഇരുന്നുവോ ആ കോടതിയിൽ ഹർജ്ജിയും അപേക്ഷിക്കാവുന്നതും, ആ കോടതി അതിനു യുക്തമെന്നുതോന്നുന്ന തെളിവു എടുത്തശേഷം, മേൽപ്പറഞ്ഞ അസൽമുതൽ മുഴുവനുമോ അല്ലെങ്കിൽ ഏതെങ്കിലും ഭാഗമോ ആ കോടതിയുടെ യുക്തംപോലെ കൊടുക്കേണ്ടതിനെ സംബന്ധിച്ചു് ഉത്തരവുചെയ്യേണ്ടതും, ആ ഉത്തരവു ആ നടപ്പിയിലെ എല്ലാ കക്ഷികളേയും ബന്ധിക്കേണ്ടതും ആകുന്നു."

താഴെക്കാണുന്നതു (൪)-ാം ഉപഖണ്ഡമായിചേർക്കുക:—

"(൪) ഈ കൂപ്പിൻപ്രകാരമുള്ള ഏതെങ്കിലും ഉത്തരവനുസരിച്ചു നമ്മുടെ ഗവണ്മെൻറിനാൽ നൽകപ്പെടുന്ന ഏതെങ്കിലും മുതലുകളെ സംബന്ധിച്ചു് ഏതാളിന്റേയും അപേക്ഷയിന്മേൽ നമ്മുടെ ഗവണ്മെൻറിനെതിരായി ഇതിൽ കൂടുതലായ കരവകാശവും ഉണ്ടായിരിക്കുന്നതല്ല

ഈ ഭേദഗതികളുടെ അർത്ഥം പ്രത്യക്ഷമാണെല്ലാം.

ഖണ്ഡം ൩൮. ൧-ം ൨-ം വരികൾ "ഏതെങ്കിലും" എന്നവാക്കു എടുത്തുകളയണം.

൧-ാംവരിയിൽ "ഡിസ്ട്രിക്ട്ജഡ്ജി" എന്നവാക്കിനുപകരം "കോടതി" എന്ന

ഖണ്ഡം ൩൯. വാക്കു ചേർക്കണം.

൨-ാംവരിയിൽ "ഉത്തരവും" എന്നവാക്കിനുശേഷം "൧൯൦൮-ലെ സിവിൽനടപടിനിയമത്തിൽ നിർവ്വചിച്ചിട്ടുള്ള" എന്നു ചേർക്കണം.

സിവിൽനടപടി നിയമപ്രകാരമുള്ള ഡിക്രികളുപോലെ ഈ ഡിക്രിയും നടത്താവുന്നതും അപ്പീലുള്ളതും ആണെന്നു വ്യക്തമാക്കുന്നതിനു വേണ്ടിയാണു് ഇതു ചേർത്തിട്ടുള്ളതു്.

൧൯൨൫ മേ ൨൫-ാംനു-യിലെ ഗവണ്മെൻറു ഗസെററിൽ കരടുബിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഞങ്ങൾ പുതുക്കിയരൂപത്തിലുള്ള ബിൽ വീണ്ടും പ്രസിദ്ധപ്പെടുത്തേണ്ടതില്ലെന്നാണു് ഞങ്ങളുടെ അഭിപ്രായം.

കെ. എ. കൃഷ്ണയ്യർ	(ഒപ്പു)
കെ. പരമേശ്വരൻപിള്ള	(ടി)
കെ. പി. നീലകണ്ഠപ്പിള്ള	(ടി)
കെ. എൻ. രാമസുബയ്യർ	(ടി)
സി. സി. ജോസഫ്	(ടി)
എ. സി. ചാക്കോ	(ടി)
എ. താണുപിള്ള	(ടി)
എസ്. പിറവിപ്പുരമാർപിള്ള	(ടി)
രാമവർമ്മ	(ടി)

അനുബന്ധം സി.

തിരുവിതാംകൂർ അഡ്മിനിസ്ട്രേറ്റർ ജനറൽ ബിൽ.

പ്രത്യേകകക്ഷിയായി ചുമതലയേല്ക്കുന്നതു ചുവടെ വരയിട്ടിട്ടുള്ള വാക്കുകൾ കക്ഷിയായി നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികളെക്കുറിക്കുന്നു.

വിഷയവിവരം.

അദ്ധ്യായം ൧.

പ്രാരംഭം.

ഖണ്ഡങ്ങൾ:—

൧. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.

൨. അർത്ഥവിവരണം.

അദ്ധ്യായം ൨.

അഡ്മിനിസ്ട്രേറ്റർ ജനറൽഉദ്യോഗം.

൩. അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ നിയമനം.

൪. ഡിപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ ജനറൽമാരുടെ നിയമനവും അധികാരങ്ങളും.

൫. അഡ്മിനിസ്ട്രേറ്റർ ജനറൽ ചട്ടപ്രകാരമുള്ള ഒരു ഏകാംഗസംഘമായിരിക്കുന്നതും, അയാൾക്ക് ഉദ്യോഗമുദ്രയും നിരന്തരമായ പിന്തുടർച്ചയും ഉണ്ടായിരിക്കുന്നതും, അയാൾ വ്യവഹാരം കൊടുക്കലോ അയാളുടെപേരിൽ വ്യവഹാരംകൊടുക്കലോ ചെയ്യുന്നതു് ആ സംഘത്തിന്റെ പേരിൽ ആകാവുന്നതുമാണെന്നു്.

അദ്ധ്യായം ൩.

അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ അവകാശങ്ങളും, അധികാരങ്ങളും, ചുമതലകളും, ബാദ്ധ്യതകളും.

൬. കടംകൊടുത്ത ആളിനോടോ, സർവ്വസ്വമില്ലാത്ത മാനാവകാശിയോടോ അല്ലെങ്കിൽ സ്നേഹിതനോ യോകാൾ അഡ്മിനിസ്ട്രേറ്റർ ജനറലിനാണു ഭരണാധികാരപത്രത്തിൽ മുൻഅവകാശം.

൭. ഭരണാധികാരത്തിനപേക്ഷിക്കാൻ അഡ്മിനിസ്ട്രേറ്റർ ജനറലിനെ നിയോഗിക്കാനുള്ള അധികാരം.

൮. പിന്തുടർച്ചാവകാശമോ ഭരണമോ തീരുമാനിക്കപ്പെടുന്നതുവരെ, മുതൽപിരിക്കുകയും വെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതിനു അഡ്മിനിസ്ട്രേറ്റർ ജനറലിനെ നിയോഗിക്കാനുള്ള അധികാരം.

൯. ൭-മതും ൮-മതും വകുപ്പുകൾപ്രകാരം, അഡ്മിനിസ്ട്രേറ്റർ ജനറൽനടപടികൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ ഹാജരാകുന്ന ആളിനു ഭരണപത്രസ്ഥാപനലക്ഷ്യമോ, ഭരണാധികാരപത്രമോ നൽകൽ.

൧൦. ചില വിഷയങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ജനറലിനു ഭരണാധികാരം നൽകൽ.

൧൧. അഡ്മിനിസ്ട്രേറ്റർജനറലിന്റെ ഭരണാധികാരം പിൻവലിക്കുന്നതിനേയും, നടത്തിപ്പുകാരനോ അടുത്ത ചാർച്ചക്കാരനോ മരണപത്രസ്ഥാപനലക്ഷ്യം മുതലായവ നൽകുന്നതിനേയുംപററി.

൧൨. ഭരണാധികാരം വാങ്ങുന്നതിനുണ്ടായ ചെലവ് മുതലായവയെ, അതിനെ റദ്ദ്ചെയ്യുമ്പോൾ, മുതലിൽനിന്നും അഡ്മിനിസ്ട്രേറ്റർ ജനറലിനു കൊടുക്കത്തക്കവണ്ണം ഉത്തരവുചെയ്യാമെന്നു്.

൧൩. അഡ്മിനിസ്ട്രേറ്റർ ജനറലിനു നൽകപ്പെട്ട ഭരണാധികാരപത്രങ്ങൾ റദ്ദ്ചെയ്യപ്പെട്ടതിനുശേഷം, അയാളെ സംബന്ധിച്ചിടത്തോളം അസാധുവാക്കാവുന്നതായി മാത്രം ഗണിക്കപ്പെടാം എന്നു്.

൧൪. റദ്ദ്ചെയ്യപ്പെടുന്നതിനുമുമ്പു് അഡ്മിനിസ്ട്രേറ്റർ ജനറൽ കൊടുത്തുതീർത്തിട്ടുള്ള തുകകൾ.

൧൫. ഭരണാധികാരപത്രം കിട്ടുന്നതിനായുള്ള അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ അപേക്ഷ.

൧൬. അഡ്മിനിസ്ട്രേറ്റർ ജനറലിന് അയാളുടെ ഉദ്യോഗപ്പേരിൽ മരണപത്രസ്ഥാപനലക്ഷ്യങ്ങളും ഭരണാധികാരപത്രങ്ങളും നൽകണമെന്നു്.

൧൭. അഡ്മിനിസ്ട്രേറ്റർ ജനറലിനു നൽകപ്പെട്ട സ്ഥാപനലക്ഷ്യത്തിന്റെ അല്ലെങ്കിൽ ഭരണാധികാരപത്രത്തിന്റെ ഫലം.

൧൮. സ്ഥാപനലക്ഷ്യത്താലോ അല്ലെങ്കിൽ ഭരണാധികാരപത്രത്താലോ ഉണ്ടാകുന്ന ബാദ്ധ്യതയെ സർക്കാരിനാൽ ഏർപ്പെടുത്തപ്പെടാനുള്ള നടത്തിപ്പുകാരനോ അല്ലെങ്കിൽ ഭരണാധികാരിയോ കൈമാററം ചെയ്യുക.

൧൯. മുതൽ വീതിച്ചുകൊടുക്കൽ.

൨൦. ഭരണാധികാരം തീർന്നതിനുശേഷം അഫിഷ്യൽ ട്രസ്റ്റിയെ മുതലിന്റെ ട്രസ്റ്റിയായി നിയമിക്കൽ.

൨൧. സ്വത്തിന്റെ ഭരണത്തെ സംബന്ധിച്ചു നിർദ്ദേശങ്ങൾ നൽകുന്നതിനുകോടതിക്കുള്ള അധികാരം.

൨൨. അഡ്മിനിസ്ട്രേറ്റർ ജനറൽജാമ്യം ചെയ്യണമെന്നോ സത്യം ചെയ്യണമെന്നോ ആവശ്യപ്പെടാൻ പാടില്ലെന്നു്.

൨൩. സത്യത്തിന്മേൽ വിസ്തരിക്കാനുള്ള അധികാരം.

൨൪. ഗവണ്മെന്റിന്റെ ബാദ്ധ്യത.

൨൫. കടം കൊടുത്തവർ അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ പേരിൽ കൊണ്ടുവരുന്ന വ്യവഹാരങ്ങൾ.

൨൬. ചില വിഷയങ്ങളിൽ വ്യവഹാരത്തെക്കുറിച്ചു നോട്ടീസുകൊടുക്കേണ്ട ആവശ്യമില്ലെന്നു്,

അദ്ധ്യായം ൪.

ഫീസ്.

൨൭. ഫീസ്.

൨൮. ഫീസിന്റെ വിനിയോഗം.

അദ്ധ്യായം ൫.

അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ കണക്കുകളുടെ പരിശോധന.

൨൯. അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ കണക്കുകളുടെ പരിശോധന.

൩൦. ആഡിറ്റർമാർ കണക്കുകൾ പരിശോധിച്ചു ഗവണ്മെന്റിലേക്കു റിപ്പോർട്ടുചെയ്യണമെന്ന്.

൩൧. സാക്ഷികളെ സമൻസ് അയച്ചുവരുത്തി വിസ്തരിക്കുന്നതിനും, പ്രമാണങ്ങൾ ഹാജരാക്കാൻ ആജ്ഞാപ്പെടുന്നതിനും ആഡിറ്റർമാർക്കുള്ള അധികാരം.

൩൨. കണക്കുപരിശോധന മുതലായവയുടെ ചെലവ്.

അദ്ധ്യായം ൬.

പലവക.

൩൩. മരണത്തെ സംബന്ധിച്ച പൊതുവായ അധികാരങ്ങൾ.

൩൪. ആദായത്തിനവകാശമുള്ള ആളുകൾക്ക് അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ കണക്കുമുതലായവയെ പരിശോധിക്കുന്നതിനും പകർപ്പുകൾ എടുക്കുന്നതിനും ഉള്ള അധികാരം.

൩൫. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം

൩൬. കള്ളസാക്ഷ്യം.

൩൭. പന്ത്രണ്ടു വർഷംവരെ അവകാശപ്പെടാതുള്ള മുതൽ ഗവണ്മെന്റിലേക്കു കൈമാറ്റം ചെയ്യണമെന്ന്.

൩൮. അപ്രകാരം കൈമാറ്റംചെയ്യപ്പെട്ട മുതൽ വസൂൽചെയ്യുന്നതിനു അവകാശപ്പെടുന്ന ആൾ അന്വേഷിക്കേണ്ട നടപടി.

൩൯. കമ്പനിറജിസ്ട്രേഷൻ അഡ്മിനിസ്ട്രേറ്റർ ജനറലിനു ബാധകമായിരിക്കാൻ പാടില്ലെന്ന്.

൪൦. ഡിസ്ട്രിക്ട് ജഡ്ജിയുടെ ഉത്തരവ് ഡിക്രിക്കു സമമായിരിക്കണമെന്ന്

൪൧. അന്യരാജ്യത്തെ പ്രജകളുടെ വിഷയത്തിൽ മരണത്തെ സംബന്ധിച്ചുള്ള പ്രത്യേകനിബന്ധനകൾ.

൪൨. ഈ വ്യവസ്ഥകൾക്കുള്ളിൽ തിരുവിതാംകൂറിലെ രജിസ്ട്രേഷൻറഗുലേഷനിലെ നിബന്ധനകളെ ഒഴിവാക്കൽ.

തിരുവിതാംകൂറിലെ അഡ്മിനിസ്ട്രേറ്റർ ജനറൽ ബിൽ.

പ്രത്യേകകത്തിന്റെ പുതുക്കിയതു [വുവടെ വരയിട്ടിട്ടുള്ള വാക്കുകൾ കത്തിന്റെ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികളെ കുറിക്കുന്നു.]

ഒരു അഡ്മിനിസ്ട്രേറ്റർ ജനറലിനെ നിയമിക്കുന്നതിനു നിബന്ധനകളുണ്ടാക്കി, അയാളുടെ ഉദ്യോഗത്തെയും ചുമതലകളേയും സംബന്ധിച്ചുള്ള ചട്ടത്തെ ഏർപ്പെടുത്തുന്നതിനുള്ള ഒരു ബിൽ.

തിരുവിതാംകൂറിൽ ഒരു അഡ്മിനിസ്ട്രേറ്റർ ജനറലിനെ നിയമിക്കുന്നതിനു വ്യവസ്ഥചെയ്യുകയും, അയാളുടെ ഉദ്യോഗത്തേയും ചുമതലകളേയും സംബന്ധിച്ചുള്ള ചട്ടം ഏർപ്പെടുത്തുകയും ചെയ്യുന്നതു യുക്തമായിരിക്കകൊണ്ടു ഇതിനു നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

അദ്ധ്യായം ൧.

പ്രാരംഭം.

൧. (൧) ഈ റഗുലേഷനെ തിരുവിതാംകൂറിലെ അഡ്മിനിസ്ട്രേറ്റർ ജനറൽറഗുലേഷൻ എന്നു വിളിക്കാവുന്നതാകുന്നു.

ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.

(൨) ഇതു തിരുവിതാംകൂർ മുഴുവൻ സംബന്ധിക്കുന്നതാണ്.

(൩) ഇതു നമ്മുടെ ഗവണ്മെന്റ്, നമ്മുടെ ഗവണ്മെന്റ് ഗസെറ്റിൽ പരസ്യപ്പെടുത്തുമ്പോൾ, ഈ വിഷയം സംബന്ധിച്ചു നിശ്ചയിക്കുന്ന തീയതിമുതൽ നടപ്പിൽ വരുന്നതാകുന്നു

൨. ഈ റഗുലേഷനിൽ വിഷയത്തിന്നോ സന്ദർഭത്തിന്നോ വിരുദ്ധമായി യതൊന്നും ഇല്ലാത്ത അർത്ഥവിവരണം പക്ഷം:—

(൧) "മുതൽ" എന്നാൽ, മരിച്ചുപോയ ഒരാളിന്റെ കടങ്ങളും മരണശാസനപ്രകാരമുള്ള ദാനങ്ങളും കൊടുത്തുതീർക്കുന്നതിനു ബാധ്യതപ്പെടാവുന്നതൊ വിനിയോഗിക്കാവുന്നതൊ, അല്ലെങ്കിൽ അയാളുടെ അവകാശികൾക്കും അടുത്ത ചാർച്ചക്കാർക്കും പകുത്തുകൊടുക്കാൻ ഉതകുന്നതൊ ആയ ജംഗമവും സ്ഥാവരവുമായ എല്ലാ സ്വത്തും എന്ന് അർത്ഥമാകുന്നു.

(൨) "മരണാധികാരപത്രം" എന്നതിൽ പൊതുവായതൊ അല്ലെങ്കിൽ മരണപത്രത്തിന്റെ ഒരുപകർപ്പുകൂടി ചേർക്കപ്പെട്ടതൊ അല്ലെങ്കിൽ ഇപ്രകാരമുള്ളതൊ അല്ലെങ്കിൽ മറ്റേപ്രകാരത്തിലൊ ഉള്ളതൊ ആയ യാതൊരു മരണാധികാരപത്രവും ഉൾപ്പെടും.

(൩) "അടുത്ത ചാർച്ചക്കാരൻ" എന്നതിൽ മരിച്ചുപോയ ഒരാളിന്റെ ഭർത്താവ് അല്ലെങ്കിൽ ഭാര്യയും, അല്ലെങ്കിൽ മരിച്ചുപോയ ആളിനു കടംകൊടുത്ത ആളിനും അല്ലെങ്കിൽ മരണശാസനപ്രകാരമുള്ള ദാനവകാശികൾക്കും മുൻപായി നിയമപ്രകാരം മരണാധികാരപത്രത്തിന് അവകാശമുള്ള വേറെ ഏതെങ്കിലും ആളും ഉൾപ്പെടും

(ഴ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ റഗുലേഷൻപ്രകാരമുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്ന് അർത്ഥമാകുന്നു.

(ഒ) "ഡിസ്ട്രിക്ട് ജഡ്ജി" എന്നാൽ ഒരു ഡിസ്ട്രിക്ട്കോടതിയിലെ ഏതെങ്കിലും ജഡ്ജ് എന്ന് അർത്ഥമാകുന്നു.

അദ്ധ്യായം ൨.

അഡ്മിനിസ്ട്രേറ്റർ ജനറൽഉദ്യോഗം.

൨. (എ) നമ്മുടെ ഗവണ്മെൻറു തിരുവിതാംകൂറിലേക്കായി ഒരു അഡ്മിനിസ്ട്രേറ്റർ ജനറലിനെ നിയമിക്കേണ്ടതാകുന്നു.

അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ നിയമനം.

(ഒ) താൽക്കാലികമായും നാലുമാസത്തിൽ കവിയാതെയുള്ള ഒരു കാലത്തേക്കായും നിയമനം നടത്തുന്ന സന്ദർഭത്തിലൊഴികെ, തിരുവിതാംകൂർ ഹൈക്കോടതിയിലെ അഞ്ചുകൊല്ലത്തിൽ കുറയാത്തകാലത്തെ പഴക്കമുള്ള ഒരു വക്കീലായിരിക്കാതെ നമ്മുടെ ഗവണ്മെൻറിന്റെകീഴിൽ ഡിസ്ട്രിക്ട്കോടതിയിലെ ഒരു ജഡ്ജിയുടെ നിലയിൽ താഴെഅല്ലാതെയുള്ള ഒരു ജുഡിഷ്യൽ ഉദ്യോഗം വഹിച്ചിരിക്കയോ ചെയ്തിട്ടില്ലാത്തയാതൊരാളേയും അഡ്മിനിസ്ട്രേറ്റർ ജനറലായി നിയമിക്കാൻപാടില്ലാത്തതാകുന്നു.

ഡിപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ ജനറൽമാരുടെ നിയമനവും അധികാരങ്ങളും.

൩. നമ്മുടെ ഗവണ്മെൻറു, അഡ്മിനിസ്ട്രേറ്റർ ജനറലിനെ സഹായിക്കാൻ ഒരു ഡിപ്യൂട്ടിയേയോ അല്ലെങ്കിൽ ഡിപ്യൂട്ടികളേയോ നിയമിക്കാവുന്നതാകുന്നു; അപ്രകാരം നിയമിക്കപ്പെട്ടയാതൊരു ഡിപ്യൂട്ടിക്കും, ഗവണ്മെൻറിന്റെ നിയന്ത്രണത്തിനും അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ പൊതുവായതോ അല്ലെങ്കിൽ പ്രത്യേകമായതോ ആയ ഉത്തരവുകൾക്കും ഉൾപ്പെട്ട് അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ ചുമതലകളിൽ ഏതും നിർവ്വഹിക്കുന്നതിനും അയാളുടെ അധികാരങ്ങളിൽ ഏതും നടത്തുന്നതിനും അധികാരമുണ്ടായിരിക്കുന്നതും അപ്രകാരമുള്ള ചുമതലകൾ നിർവഹിക്കുമ്പോഴും അധികാരങ്ങൾ നടത്തുമ്പോഴും അഡ്മിനിസ്ട്രേറ്റർ ജനറലിനു തന്നെയുള്ള വിശേഷാധികാരങ്ങൾ ഉണ്ടായിരിക്കുന്നതും അയാൾക്കുള്ള ബാദ്ധ്യതകൾക്കു ഉൾപ്പെട്ടിരിക്കുന്നതും ആകുന്നു.

അഡ്മിനിസ്ട്രേറ്റർ ജനറൽ ചട്ടപ്രകാരമുള്ള ഒരു ഏകാംഗസംഘമായിരിക്കുന്നതും അയാൾക്ക് ഉദ്യോഗമുള്ളയും നിരന്തരമായ പിൻതുടർച്ചയും ഉണ്ടായിരിക്കുന്നതും അയാൾ വ്യവഹാരം കൊടുക്കുകയോ അയാളുടെ പേരിൽ വ്യവഹാരം കൊടുക്കുകയോ ചെയ്യുന്നതു് ആ സംഘത്തിന്റെ ആകുകവുന്നതും ആകുന്നു.

൪. അഡ്മിനിസ്ട്രേറ്റർ ജനറൽ, തിരുവിതാംകൂർ അഡ്മിനിസ്ട്രേറ്റർ ജനറൽ എന്ന പേരിൽ ചട്ടപ്രകാരമുള്ള ഒരു ഏകാംഗസംഘമായിരിക്കുന്നതും, അപ്രകാരമുള്ള അഡ്മിനിസ്ട്രേറ്റർ ജനറൽ എന്ന നിലയിൽ അയാൾക്കു ഉദ്യോഗമുള്ളയും നിരന്തരമായ പിൻതുടർച്ചയും ഉണ്ടായിരിക്കുന്നതും, അയാൾ വ്യവഹാരം കൊടുക്കുകയോ അയാളുടെ പേരിൽ വ്യവഹാരം കൊടുക്കുകയോ ചെയ്യുന്നതു് ആ സംഘത്തിന്റെ ആകുകവുന്നതും ആകുന്നു.

അദ്ധ്യായം ൩.

അഡ്മിനിസ്ട്രേറ്റർ- ജനറലിന്റെ അവകാശങ്ങളും അധികാരങ്ങളും, ചുമതലകളും ബാദ്ധ്യതകളും.

൫. വ്യവഹാരം നടന്നുകൊണ്ടിരിക്കുമ്പോൾ കൊടുക്കപ്പെടുന്ന ഭരണാധികാരപത്രങ്ങളല്ലാതുള്ള മററു ഭരണാധികാരപത്രങ്ങൾക്കു അഡ്മിനിസ്ട്രേറ്റർ ജനറലിനാണ്:—

കടംകൊടുത്ത ആളിനേയോ, സ്വസ്വമില്ലാത്ത ദാനാവകാശിയേയോ അല്ലെങ്കിൽ സ്നേഹിതനേയോക്കാൾ അഡ്മിനിസ്ട്രേറ്റർജനറലിനാണ് ഭരണാധികാരപത്രത്തിന്നു മുൻഅവകാശം.

(എ) കടംകൊടുത്ത ഒരാളിനെക്കാളും,

അല്ലെങ്കിൽ,

(ബി) സ്വസ്വമല്ലാത്തദാനാവകാശി അല്ലാതുള്ള ഒരു ദാനാവകാശിയേക്കാളും,

അല്ലെങ്കിൽ,

(സി) മരിച്ച ആളിന്റെ ഒരു സ്നേഹിതനേക്കാളും,

മുൻ അവകാശം ഉള്ളതെന്നു എല്ലാ കോടതികളും ഗണിക്കേണ്ടതാകുന്നു.

ഭരണാധികാരത്തിന് അപേക്ഷിക്കുന്നതിനു അഡ്മിനിസ്ട്രേറ്റർ ജനറലിനെ നിയോഗിക്കാനുള്ള അധികാരം.

൭. ഏതെങ്കിലും ഒരാൾ എപ്പോഴെങ്കിലും മരിക്കുമ്പോൾ അയാളുടെ മുതലുകൾ ഒരു ഡിസ്ട്രിക്ട്കോടതിയുടെ അധികാരാതിർത്തിയിൽ സ്ഥിതിചെയ്യുന്നതായാൽ അയാളുടെ മുതലുകൾക്കു ഭരണാധികാരപത്രം നൽകാതിരുന്നാൽ അവയെസംബന്ധിച്ചു അപഹരണമോ, ക്ഷയമോ അല്ലെങ്കിൽ ഉർവിനിയോഗമോ നേരിടുവാൻ ഇടയുണ്ടെന്നു ഡിസ്ട്രിക്ട് ജഡ്ജിക്കു ബോദ്ധ്യമാകുന്നപക്ഷം, അഡ്മിനിസ്ട്രേറ്റർ ജനറലിന്റെയോ അല്ലെങ്കിൽ ആ മുതലുകളിൽ ബാധ്യതയുള്ളതായി അവകാശപ്പെടുന്ന ഏതെങ്കിലും ആളിന്റെയോ അല്ലെങ്കിൽ അവയെ ഉചിതമായവിധം ഭരിക്കുന്നതിൽ താല്പര്യമുള്ള ഏതെങ്കിലും ആളിന്റെയോ അപേക്ഷപ്രകാരം കോടതിക്കു യുക്തമെന്നുതോന്നുന്നതും പ്രസ്തുതകാര്യത്തിൽ ഉണ്ടാകുന്നതുമായ ചെലവുകളിലും മററു ചെലവുകളിലും നിന്ന് അഡ്മിനിസ്ട്രേറ്റർ ജനറലിനെ വിമുക്തനാക്കുന്നതിനുള്ള വ്യവസ്ഥകളോടുകൂടി അയാളുടെ സ്വത്തിനെ സംബന്ധിച്ചുള്ള ഭരണാധികാരപത്രത്തിനപേക്ഷിക്കുന്നതിന് അഡ്മിനിസ്ട്രേറ്റർ ജനറലിനെ നിയോഗിക്കുന്നതിനു അദ്ദേഹത്തിനു ഒരു ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

എന്നാൽ മുതലുകളുടെ രക്ഷയ്ക്കു അപ്രകാരമുള്ള ഭരണാധികാരപത്രം നൽകേണ്ട ആവശ്യമില്ലെന്നു ജഡ്ജിക്കു ബോദ്ധ്യമാകുന്നപക്ഷം അനുവദിക്കുന്നതിൽ അദ്ദേഹത്തിനു വിസമ്മതിക്കാവുന്നതാണ്. ഇപ്രകാരമുള്ള സംഗതിയിൽ അപേക്ഷയുടെ ചെലവുകളെ സംബന്ധിച്ചു ജഡ്ജി തനിക്കു യുക്തമെന്നുതോന്നുന്ന ഉത്തരവു പുറപ്പെടുവിക്കേണ്ടതാണ്.

പിൻഗുണത്വാവകാശമോ അല്ലെങ്കിൽ ഭരണാവകാശമോ തീരുമാനിക്കപ്പെടുന്നതു വരെ മുതലുകളെ പിടിക്കുകയും വച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതിനു അഡ്മിനിസ്ട്രേറ്റർ ജനറലിനെ നിയോഗിക്കാനുള്ള അധികാരം.

൮. (൧) ഏതെങ്കിലും ഒരാൾ എപ്പോഴെങ്കിലും മരിക്കുമ്പോൾ അയാളുടെ സ്വത്തു ഒരു ഡിസ്ട്രിക്ട് കോടതിയുടെ അധികാരാതിർത്തിക്കകത്തു സ്ഥിതിചെയ്യുകയും നിയമപ്രകാരം ആ സ്വത്തിന്റെ പിൻഗുണത്വാവകാശിയായ യാതൊരുത്തനേയും ഉടൻതന്നെ കണ്ടുകിട്ടുന്നതിനു സാധിക്കയില്ലെന്നു ഡിസ്ട്രിക്ട് ജഡ്ജിക്കു ബോദ്ധ്യമാകുകയും ചെയ്യുമ്പോഴോ അല്ലെങ്കിൽ ആ സ്വത്തിന്റെ നിയമപ്രകാരമുള്ള പിൻഗുണത്വാവകാശി ഇന്നാരാണെന്നൊ മരിച്ചുപോയ ആ ആളിന്റെ സ്വത്തിനെ സംബന്ധിച്ചും ഭരണാധികാരപത്രം കിട്ടാൻ അഡ്മിനിസ്ട്രേറ്റർ ജനറലിനു അവകാശമുണ്ടോ എന്നോ തീരുമാനിക്കപ്പെടുന്നതിനു മുൻപു ആ സ്വത്തിനെസംബന്ധിച്ചു അപഹരണമോ ക്ഷയമോ അല്ലെങ്കിൽ ഉർവിനിയോഗമോ ഉണ്ടാകുവാനിടയുണ്ടെന്നു അദ്ദേഹത്തിനു ബോദ്ധ്യമാകുമ്പോഴോ,

അഡ്മിനിസ്ട്രേറ്റർ ജനറലിന്റെയോ അല്ലെങ്കിൽ ആ മുതലുകളിൽ ബാധ്യതയുള്ളതായി അവകാശപ്പെടുന്ന ഏതെങ്കിലും ആളിന്റെയോ അല്ലെങ്കിൽ അവയെ ഉചിതമായവിധം ഭരിക്കുന്നതിൽ താല്പര്യമുള്ള ഏതെങ്കിലും ആളിന്റെയോ അപേക്ഷപ്രകാരം, ആ മുതലുകൾ പിടിക്കുന്നതിനും, കൈവശപ്പെടുത്തുന്നതിനും, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം അവ വച്ചുകൊണ്ടിരിക്കുന്നതിനൊ, നിക്ഷേപിക്കുന്നതിനൊ, ഈടാക്കുന്നതിനൊ, വിൽക്കുന്നതിനൊ, അല്ലെങ്കിൽ മുടക്കുന്നതിനൊ, അപ്രകാരമുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾ ഇല്ലാതിരിക്കുമ്പോൾ ഈ റഗുലേഷനിലെ വ്യവസ്ഥകൾ ആ മുതലുകളെ സംബന്ധിച്ചു എപ്രകാരം ബാധിക്കുമോ അതുപോലെ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ജഡ്ജി അഡ്മിനിസ്ട്രേറ്റർ ജനറലിന് ഉടൻതന്നെ നൽകാവുന്നതാകുന്നു.

(൨) ഈ ഉപപ്രിലെ വ്യവസ്ഥകൾക്കധീനമായി ഡിസ്ട്രിക്ട് ജഡ്ജിചെയ്യുന്ന ഏതെങ്കിലും ഉത്തരവു,

(എ) അപ്രകാരമുള്ള മുതലുകൾ ഈടാക്കുന്നതിനു ഏതുകേസെങ്കിൽ അല്ലെങ്കിൽ നടപടിയെങ്കിൽ നടത്തുന്നതിനും,

(ബി) തനിക്കു യുക്തമെന്നുതോന്നുന്നപക്ഷം മരിച്ചുപോയ ആളിന്റെ സ്വത്തിനെ സംബന്ധിച്ചു ഭരണാധികാരപത്രത്തിനപേക്ഷിക്കുന്നതിനും,

(സി) ഈറഗുലേഷൻപ്രകാരം നിർമ്മിക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ചു ചുമത്തപ്പെടുന്ന ഏതെങ്കിലും ഫീസു സ്വത്തിന്മേലുള്ള മുദ്രപേപ്പറിൽനിന്നും കൈവശംവച്ചുകൊള്ളുന്നതിനും ആ മുതലുകളെസംബന്ധിച്ചു പരസ്യമായി നിയമിക്കപ്പെടാത്ത ഒരു ഭരണക്കാരനു നിയമാനുസൃതമായി കൊടുക്കാവുന്നതും താൻ അപ്രകാരം കൊടുത്തുതീർത്തിട്ടുള്ളതുമായും തനിക്കു നേരിട്ടിട്ടുള്ളതുമായ നഷ്ടത്തെ പരിഹരിച്ചുകൊള്ളുന്നതിനും,

അഡ്മിനിസ്ട്രേറ്റർജനറലിനെ അധികാരപ്പെടുത്തുന്നതാണ്.

൯-ാമത്തും വ-ാമത്തും വകുപ്പുകൾപ്രകാരം അഡ്മിനിസ്ട്രേറ്റർ ജനറൽ നടപടികൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ ഹാജരാകുന്ന ആളിന് മരണസ്ഥാപനലക്ഷ്യമോ ഭരണാധികാരപത്രമോ നൽകൽ.

൯. ൯-ാമത്തേയോ അല്ലെങ്കിൽ വ-ാമത്തേയോ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഭരണാധികാരപത്രം ലഭിക്കുന്നതിന് നടപടികൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ ആരെങ്കിലും ഹാജരായി—

എ) മരിച്ചുപോയ ആളിന്റെ മരണപത്രത്തിന്റെ സ്ഥാപനലക്ഷ്യത്തിനോ അല്ലെങ്കിൽ,

ബി) മരിച്ചുപോയ ആളിന്റെ അടുത്ത ചാർച്ചക്കാരൻ എന്നനിലയിൽ ഭരണാധികാരപത്രത്തിനോ,

അയാൾക്കുള്ള അവകാശം സ്ഥാപിക്കുകയും നിയമപ്രകാരം അയാളോടാവശ്യപ്പെടാവുന്ന ജാമ്യം അയാൾ കൊടുക്കുകയും ചെയ്യുന്നതായാൽ,

ഡിസ്ട്രിക്ട് ജഡ്ജി മരണപത്രസ്ഥാപനവകുപ്പ്പ്രകാരമോ മരണാധികാരപത്രമോ അയക്കുക അതനുസരിച്ചു നൽകാവുന്നതും മേൽപറഞ്ഞ വകുപ്പുകൾപ്രകാരം അഡ്മിനിസ്ട്രേറ്റർ ജനറൽ ഏതെങ്കിലും നടപടികൾ നടത്തിയതുമൂലം അദ്ദേഹത്തിനു നേരിട്ടിട്ടുള്ള ചെലവുകൾ മരണശാസനത്തിലുള്ളവരുടെയോ അല്ലെങ്കിൽ മരണപത്രമില്ലാതിരുന്നാലുണ്ടാകുന്ന ചെലവുകളുടേയോ അംശംപോലെ സ്വത്തിൽനിന്നും അഡ്മിനിസ്ട്രേറ്റർജനറലിനു കൊടുത്തുതീർത്തുകൊള്ളുന്നതിനു ഡിസ്ട്രിക്ട് ജഡ്ജി അദ്ദേഹത്തിന് അനുവാദം കൊടുക്കാവുന്നതാണ്.

ചില കാര്യങ്ങളിൽ അഡ്മിനിസ്ട്രേറ്റർജനറലിനു ഭരണാധികാരം നൽകൽ

൧൦. ൧-ാമത്തേതോ അല്ലെങ്കിൽ ൨-ാമത്തേതോ വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചു ഭരണാധികാരപത്രം ലഭിക്കുന്നതിന് നടപടികൾ നടത്തുന്നതിനിടയിൽ ജഡ്ജിക്കു യുക്തമെന്നു തോന്നുന്ന കാലത്തിനകം, ഒരു മരണപത്രത്തിന്റെ സ്ഥാപനവകുപ്പ്രത്തിനോ അല്ലെങ്കിൽ മരിച്ചുപോയ ആളിന്റെ അടുത്ത ചാർച്ചക്കാരൻ എന്ന നിലയിൽ ഭരണാധികാരപത്രത്തിനോ യാതൊരുത്തരും ഹാജരായി അയക്കുക്കുള്ള അവകാശത്തെ സ്ഥാപിക്കാതിരിക്കുന്നപക്ഷവും,

അല്ലെങ്കിൽ മരിച്ചുപോയ ആളിന്റെ അടുത്ത ചാർച്ചക്കാരൻ എന്ന നിലയിൽ ഭരണാധികാരപത്രം ലഭിക്കുന്നതിനു തനിക്കുള്ള അവകാശത്തെ സ്ഥാപിച്ചിട്ടുള്ള ഒരാൾ നിയമപ്രകാരം കൊടുക്കേണ്ട ജാമ്യം കൊടുക്കാതിരിക്കുന്നപക്ഷവും,

ജഡ്ജിക്ക് അഡ്മിനിസ്ട്രേറ്റർജനറലിനു ഭരണാധികാരപത്രം നൽകാവുന്നതാണ്.

അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ ഭരണാധികാരം പിൻവലിക്കുന്നതിനേയും നടത്തിപ്പുകാരനോ അടുത്തചാർച്ചക്കാരനോ മരണപത്രസ്ഥാപനവകുപ്പ്രം മുതലായവ നൽകുന്നതിനേയുംപററി.

൧൧. തന്റെ കൈവശം നേരിട്ടുകിട്ടുന്നതിനു അറിയിപ്പു നടത്തിയിട്ടില്ലാത്തതോ അല്ലെങ്കിൽ അതനുസരിച്ചു ഹാജരാകുന്നതിനു അതിനെ സംബന്ധിച്ചു തക്കസമയത്തു നോട്ടീസു കിട്ടിയിട്ടില്ലാത്തതോ ആയ മരിച്ചുപോയ ആളിന്റെ നടത്തിപ്പുകാരനോ അല്ലെങ്കിൽ അടുത്ത ചാർച്ചക്കാരനോ മരണപത്രത്തിന്റെ സ്ഥാപനവകുപ്പ്രമോ അല്ലെങ്കിൽ ഭരണാധികാരപത്രമോ ചോദിക്കുന്നതിനു അഡ്മിനിസ്ട്രേറ്റർജനറലിനേക്കാൾ മുൻ അവകാശമുണ്ടെന്നു ഡിസ്ട്രിക്ട് ജഡ്ജിക്കു ബോദ്ധ്യമാകത്തക്കവിധത്തിൽ സ്ഥാപിക്കുന്നപക്ഷം, ഈ റഗ്യുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു അഡ്മിനിസ്ട്രേറ്റർജനറലിനു നൽകിയിട്ടുള്ള ഏതെങ്കിലു ഭരണാധികാരപത്രം പിൻവലിക്കാവുന്നതും, കാര്യത്തിന്റെ സ്വഭാവംപോലെ, ആ നടത്തിപ്പുകാരനോ അല്ലെങ്കിൽ അടുത്ത ചാർച്ചക്കാരനോ സ്ഥാപനവകുപ്പ്രമോ ഭരണാധികാരപത്രമോ നൽകാവുന്നതുമാകുന്നു.

എന്നാൽ അഡ്മിനിസ്ട്രേറ്റർജനറലിനു നൽകപ്പെട്ടിട്ടുള്ള ഭരണാധികാരം പിൻവലിക്കുന്നതിനുള്ള അപേക്ഷ അദ്ദേഹത്തിനു പ്രസ്തുത അധികാരം നൽകിയിട്ടുള്ളതുമുതൽ ആറുമാസത്തിനകം കൊടുക്കുന്നപക്ഷമല്ലാതെ, മരിച്ചുപോയ ആളിന്റെ ഒരു മരണപത്രം തിരുവിതാംകൂറിൽ തെളിയിക്കുന്ന സംഗതികൾ ഒഴിച്ചു, മുകളിൽപറഞ്ഞ കാരണത്തിന്മേൽ അഡ്മിനിസ്ട്രേറ്റർജനറലിനു നൽകിയിട്ടുള്ള ഭരണാധികാരം പിൻവലിക്കാൻ പാടില്ലാത്തതാകുന്നു.

ഭരണാധികാരം വാങ്ങുന്നതിനുണ്ടായ ചെലവുമുതലായവ അതിനു പിൻവലിക്കുമ്പോൾ സ്വത്തിൽ നിന്നു അഡ്മിനിസ്ട്രേറ്റർ ജനറലിനു കൊടുക്കത്തക്കവണ്ണം ഉത്തരവു ചെയ്യാമെന്നു.

൧൨. ഈ റഗ്യുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു അഡ്മിനിസ്ട്രേറ്റർ ജനറലിനു നൽകിയിട്ടുള്ള ഏതെങ്കിലും ഭരണാധികാരപത്രം പിൻവലിക്കുന്നപക്ഷം ആ ഭരണാധികാരപത്രം ലഭിക്കുന്നതിനുള്ള ചെലവുകളും അങ്ങനെ ചെയ്യാതിരുന്നാൽ ഈ റഗ്യുലേഷൻപ്രകാരം കൊടുക്കേണ്ടതായ ഏതെങ്കിലും ഫീസിന്റെ മുഴുവൻഭാഗവും അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും അംശവുംകൂടാതെ അപ്രകാരമുള്ള പിൻവലിപ്പു ലഭിക്കുന്നതിനു നടത്തിയിട്ടുള്ള ഏതെങ്കിലും നടപടികളിൽ അഡ്മിനിസ്ട്രേറ്റർ ജനറലിനു ഉണ്ടായിട്ടുള്ള ചെലവുകളും സ്വത്തിൽനിന്നും അഡ്മിനിസ്ട്രേറ്റർ ജനറലിനു കൊടുത്തുതീർത്തുകൊള്ളുന്നതിനോ അല്ലെങ്കിൽ അദ്ദേഹം അതു പിടിച്ചുവച്ചുകൊള്ളുന്നതിനോ ഡിസ്ട്രിക്ട് ജഡ്ജിക്ക് ഉത്തരവു ചെയ്യാവുന്നതാണ്.

എന്നാൽ ഈ വകുപ്പിലെ യാതൊന്നുംതന്നെ ൨-ാം വകുപ്പ് (൨)-ാം ഉപവകുപ്പ്, (സി) ഖണ്ഡത്തിലെ വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

അഡ്മിനിസ്ട്രേറ്റർ ജനറലിനു നൽകപ്പെട്ട അധികാരപത്രങ്ങൾ പിൻവലിക്കപ്പെട്ടതിനുശേഷം, അദ്ദേഹത്തിനു സംബന്ധിച്ചിടത്തോളം, അവ അസാധുവാകാവുന്നതായിമാത്രം ഗണിക്കപ്പെടാവുന്നതാണ്.

൧൩. ഈ റഗ്യുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു അഡ്മിനിസ്ട്രേറ്റർജനറലിനു നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും ഭരണാധികാരപത്രങ്ങൾ പിൻവലിക്കുമ്പോൾ, ഒരു മരണപത്രത്തേയോ അല്ലെങ്കിൽ അപ്രകാരമുള്ള അധികാരപത്രങ്ങൾ റദ്ദാക്കുന്ന മാറ്റവില്ല വസ്തുതയേയോ സംബന്ധിച്ചു അറിയിപ്പു ലഭിച്ചതിന്റെശേഷം, അഡ്മിനിസ്ട്രേറ്റർ ജനറലൊ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അധികാരത്തിൻകീഴിൽ പ്രവർത്തിക്കുന്ന മറ്റവല്ല ആളോ ചെയ്തിട്ടുള്ള ഏതെങ്കിലും പ്രവൃത്തിഒഴികെ, ഭരണാധികാരപത്രപ്രകാരം വർത്തിക്കുന്ന അഡ്മിനിസ്ട്രേറ്റർ ജനറലിനേയും അദ്ദേഹത്തിന്റെ അധികാരത്തിൻമേൽ പ്രവർത്തിക്കുന്ന സകല ആളുകളേയും സംബന്ധിച്ചിടത്തോളം ആ അധികാരപത്രം അസാധുവാകാവുന്നതായിമാത്രം ഗണിക്കപ്പെടാവുന്നതാണ്.

എന്നാൽ, അപ്രകാരമുള്ള അറിയിപ്പുകൊടുക്കുന്ന സമയംമുതൽ ഒരു മാസക്കാലത്തിനകം, മരണപത്രത്തെപ്പററി തെളിയിക്കുന്നതിനോ, അല്ലെങ്കിൽ അധികാരപത്രങ്ങൾ റദ്ദാക്കുന്നതിനോ ഉള്ള നടപടികൾ ആരംഭിക്കാതിരിക്കുകയും അപ്രകാരമുള്ള നടപടികൾ ന്യായമല്ലാത്ത കാലവിളംബംകൂടാതെ നടത്താതിരിക്കുകയും ചെയ്യുന്നപക്ഷം ആ അധികാരപത്രമനുസരിച്ചു പ്രവർത്തിക്കുന്ന അഡ്മിനിസ്ട്രേറ്റർ ജനറലിനേയൊ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അധികാരത്തിൻകീഴിൽ വർത്തിക്കുന്ന ഏതെങ്കിലും ആളിനേയോ സംബന്ധിച്ചിടത്തോളം ആ മരണപത്രത്തേയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും വസ്തുതയേയൊ സംബന്ധിച്ചു അപ്രകാരമുള്ള ഏതെങ്കിലും അധികാരപത്രത്തെ റദ്ദാക്കുന്ന അറിയിപ്പു ബാധിക്കുന്നതല്ല.

ക്ര. ഈ റഗുലേഷനിലുള്ള നിബന്ധനകൾപ്രകാരം നൽകപ്പെട്ട ഏതെങ്കിലും ഭരണാധികാരപത്രം, ഒരു മരണപത്രസ്ഥാപനലക്ഷ്യം നൽകപ്പെടുന്നതിനുമുൻപൊ, മരണപത്രത്തിന്റെ പകർപ്പുചേർത്തു ഭരണാധികാരപത്രം നൽകപ്പെടുന്നതിനുമുൻപൊ, റദ്ദുചെയ്യപ്പെട്ടാൽ, അപ്രകാരം റദ്ദുചെയ്യപ്പെടുന്നതിനുമുമ്പു് അപ്രകാരമുള്ള ഭരണാധികാരപത്രത്തെ അനുസരിച്ചു, അഡ്മിനിസ്ട്രേറ്റർ ജനറലിനാലോ അയാളുടെ അധികാരത്തിനുകീഴിലോ കൊടുക്കപ്പെട്ട സകല ഇനങ്ങളും ചെയ്യപ്പെട്ട സകല പ്രവൃത്തികളും,

റദ്ദുചെയ്യപ്പെടുന്നതിനുമുൻപ് അഡ്മിനിസ്ട്രേറ്റർ ജനറൽ കൊടുത്തുതീർത്തിട്ടുള്ള ഇനങ്ങൾ.

അപ്രകാരമുള്ള മരണപത്രത്തിന്റെ പകർപ്പുചേർത്തു, അയാൾക്കു ചട്ടപ്രകാരം നൽകപ്പെട്ട ഏതെങ്കിലും ഭരണാധികാരപത്രപ്രകാരം സാധുവായിരിക്കുമായിരുന്നെങ്കിൽ, മേൽപ്രകാരം റദ്ദുചെയ്യപ്പെട്ടിരുന്നാൽതന്നെയും, സാധുവായി ഗണിക്കപ്പെടേണ്ടതാകുന്നു.

ക്ര. ഈ റഗുലേഷനിലെ നിബന്ധനകൾപ്രകാരം ഒരു അഡ്മിനിസ്ട്രേറ്റർ ജനറൽ ഭരണാധികാരപത്രത്തിനായി അപേക്ഷിക്കുമ്പോഴെല്ലാം, അപ്രകാരമുള്ള ഭരണാധികാരപത്രം നൽകപ്പെടുന്നതിനായി കൊടുക്കേണ്ട അപേക്ഷയിൽ,

ഭരണാധികാരപത്രം കിട്ടുന്നതിനായുള്ള അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ അപേക്ഷ.

(ക) അപേക്ഷക്കാരന്റെ ഉത്തമമായ അറിവിനും വിശ്വാസത്തിനും അനുസരണമായി ഒരാൾ മരിച്ചുപോയകാലവും സ്ഥലവും,

(ഖ) ഒരാൾ മരിച്ചുപോയതിനുശേഷം ജീവിച്ചിരിക്കുന്ന മരിച്ചയാളിന്റെ അടുത്ത ചാർച്ചക്കാരെ അറിയാമെങ്കിൽ, അവരുടെ പേരുകളും മേൽവിലാസങ്ങളും,

(ഗ) അപേക്ഷക്കാരന്റെ കൈയിൽ വന്നുചേരാനിടയുള്ള മുതലിനെപ്പററിയുള്ള വിവരങ്ങളും അതിന്റെ വിലയും,

(ഘ) സ്വത്തിൽനിന്നു കൊടുക്കേണ്ടതായ കടങ്ങളെപ്പററി അറിയാമെങ്കിൽ, ആ കടങ്ങളെപ്പററിയുള്ള വിവരങ്ങളും,

പ്രസ്താവിച്ചിരുന്നാൽ മതിയാകും.

ക്ന. അഡ്മിനിസ്ട്രേറ്റർ ജനറലിനു നൽകപ്പെടുന്ന സകലമരണപത്രസ്ഥാപനലക്ഷ്യങ്ങളും അല്ലെങ്കിൽ ഭരണാധികാരപത്രങ്ങളും അയാൾക്ക് ആ പേരിൽ കൊടുക്കപ്പെടേണ്ടതാകുന്നു.

അഡ്മിനിസ്ട്രേറ്റർ ജനറലിനു അയാളുടെ ഉദ്യോഗപ്പേരിൽ മരണപത്ര സ്ഥാപന ലക്ഷ്യങ്ങളോ ഭരണാധികാരപത്രങ്ങളോ നൽകണമെന്നു്.

ക്ക. (ക) സർക്കാരിനാൽ ഏർപ്പെടുത്തപ്പെടാതുള്ളതും സ്ഥാപനലക്ഷ്യമൊ ഭരണാധികാരപത്രമൊ വാങ്ങിയിട്ടുള്ളതും ആയ ഒരു നടത്തിപ്പുകാരനൊ അല്ലെങ്കിൽ ഭരണാധികാരിയോ, അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ സമ്മതം മുമ്പിനാലെ വാങ്ങിക്കൊണ്ടു്, തന്റെ കൈപ്പടയിലുള്ള ഒരു കാരണം എഴുതി, അതിനെ നമ്മുടെ ഗവണ്മെന്റു ഗസററിൽ പ്രസിദ്ധംചെയ്തു്, അപ്രകാരമുള്ള സ്ഥാപനലക്ഷ്യത്താൽ അല്ലെങ്കിൽ ഭരണാധികാരപത്രത്തിനാൽ നിക്ഷിപ്തമായിരിക്കുന്ന സ്വത്തിൽചേർന്ന മുതലുകളെ അഡ്മിനിസ്ട്രേറ്റർ ജനറലിനു ആ പേരിൽതന്നെയോ അല്ലെങ്കിൽ മതിയായ മറേറതെങ്കിലും വിവരണത്താലോ കൈമാററം ചെയ്യാവുന്നതാകുന്നു.

സ്ഥാപനലക്ഷ്യത്താലോ അല്ലെങ്കിൽ ഭരണാധികാര പത്രത്താലും ഉണ്ടാകുന്ന ബാദ്ധ്യതയെ സർക്കാരിനാൽ ഏർപ്പെടുത്തപ്പെടാനുള്ള നടത്തിപ്പുകാരനൊ അല്ലെങ്കിൽ ഭരണാധികാരിയോ കൈമാററംചെയ്യുക.

(ഖ) അപ്രകാരം കൈമാററം ചെയ്യപ്പെട്ട തീയതിമുതൽ കൈമാററം ചെയ്തയാൾ, അപ്രകാരം കൈമാററം ചെയ്യപ്പെട്ട തീയതിക്കുമുമ്പു ചെയ്യപ്പെട്ട കാര്യങ്ങളുടെ വിഷയത്തിൽ ഒഴിച്ചു, കാര്യത്തിന്റെ സ്വഭാവംപോലെ അപ്രകാരമുള്ള നടത്തിപ്പുകാരൻ അല്ലെങ്കിൽ ഭരണാധികാരി എന്ന നിലയിൽ ഉള്ള എല്ലാ ബാദ്ധ്യതകളിൽ നിന്നും വിമുക്തനായിരിക്കുന്നതും അഡ്മിനിസ്ട്രേറ്റർ ജനറൽ കാര്യത്തിന്റെ സ്വഭാവം പോലെ ആ സ്ഥാപനലക്ഷ്യമോ അല്ലെങ്കിൽ ഭരണാധികാരപത്രങ്ങളൊ മേൽപ്രകാരം കൈമാററം ചെയ്യപ്പെട്ട തീയതിയിൽ ആ പേരിനാൽ അയാൾക്കു നൽകപ്പെട്ടിരുന്നാൽ അയാൾക്കു എന്തവകാശങ്ങൾ ഉണ്ടായിരുന്നിരിക്കുമായിരുന്നൊ ആ അവകാശങ്ങൾ ഉള്ള ആളായിരിക്കുന്നതും അയാൾ എന്തു ബാദ്ധ്യതകൾക്കു കീഴപ്പെട്ടിരിക്കുമായിരുന്നോ ആ ബാദ്ധ്യതകൾക്കു കീഴപ്പെട്ടിരിക്കുന്നതും ആകുന്നു.

ക്ഖ. (ക) അഡ്മിനിസ്ട്രേറ്റർ ജനറൽ കടം കൊടുത്തിരിക്കുന്നവർക്കും മററുള്ളവർക്കും മരിച്ചുപോയ ആളിന്റെ സ്വത്തിന്മേൽ തങ്ങൾക്കുള്ള അവകാശങ്ങളെ തനിക്കു അയച്ചു തരണമെന്നു നിർണ്ണയിക്കപ്പെട്ടപ്രകാരം നോട്ടീസ് കൊടുത്തിരുന്നാൽ അവകാശങ്ങളെ അയക്കുന്നതിനായിട്ടു ആ നോട്ടീസിൽ പറഞ്ഞിട്ടുള്ള കാലം കഴിയുമ്പോൾ തനിക്കു അറിവു കിട്ടിയിട്ടുള്ള ന്യായമായ അവകാശങ്ങളെ തീർക്കുന്നതിനു ആ മുതലിനെയോ അതിന്റെ ഏതെങ്കിലും ഭാഗത്തേയൊ അയാൾ സ്വാതന്ത്ര്യമായി വീതിച്ചു കൊടുക്കാവുന്നതാകുന്നു.

മുതലിനെ വീതിച്ചു കൊടുക്കൽ.

(ഗ) അപ്രകാരം വിതിച്ചു കൊടുക്കപ്പെട്ട മുതലിനെ സംബന്ധിച്ചിടത്തോളം അപ്രകാരം വിതിച്ചു കൊടുത്ത കാലത്തിൽ ആളുടെ അവകാശത്തെപ്പററി അയാൾക്കു അറിവു കിട്ടാതിരുന്നോ ആ ആളിനു അയാൾ ഉത്തരവാദിയായിരിക്കുന്നതല്ല.

(ങ) മുമ്പിനാലെ അയക്കപ്പെട്ടതും അഡ്മിനിസ്ട്രേററർ ജനറലിനാൽ നിരാകരിക്കപ്പെട്ടതൊ അല്ലെങ്കിൽ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചിടത്തോളം തള്ളിക്കളയപ്പെട്ടതൊ ആയ ഏതെങ്കിലും അവകാശത്തെക്കുറിച്ചു കൊടുക്കുന്ന നോട്ടീസ് ആ അവകാശത്തെ നിരാകരിച്ചതിനെക്കുറിച്ചാകട്ടെ തള്ളിക്കളഞ്ഞതിനെക്കുറിച്ചാകട്ടെ നിർണ്ണയിക്കപ്പെട്ടവിധം നോട്ടീസ് കൊടുക്കപ്പെട്ടതിനു ശേഷം ഒരു മാസകാലത്തിനുള്ളിൽ ആ അവകാശം സാധിക്കത്തക്കവണ്ണം നടപടികൾ നടത്താൻ ആരംഭിച്ചിട്ടില്ലാത്തപക്ഷം അയാളെ ബാധിക്കുന്നതല്ല.

(ച) മുതലിനെ ആരെല്ലാം യഥാക്രമം സ്വീകരിച്ചിരിക്കാനൊ ആ ആളുകളുടെ കയ്യിലിരിക്കുന്ന മുതലിനെ ആകട്ടെ അതിന്റെ ഏതെങ്കിലും ഭാഗത്തെ ആകട്ടെ ഉടമസ്ഥതിനു കടം കൊടുത്ത ഏതെങ്കിലും ആളിനു കൂട്ടു വേറെ ഏതെങ്കിലും അവകാശിക്കാകട്ടെ ഉള്ള അവകാശത്തിനു ഈ വകുപ്പിലുള്ള ഒന്നും തന്നെ ബാധകമായിരിക്കുന്നതല്ല.

(ഛ) അതാതു കാലത്തിൽ ഉത്തജിതത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലുള്ള നിബന്ധനകൾ പ്രകാരം ഏതു വ്യവഹാരത്തിനായാലും അപ്പീലിനായാലും അപേക്ഷക്കായാലും കാലഹരണ കാലത്തെ കണക്കാക്കുന്നതിൽ കടം കൊടുത്തിരിക്കുന്ന ഒരാൾ അയാളുടെ അവകാശത്തെ അഡ്മിനിസ്ട്രേററർ ജനറലിനു സമർപ്പിച്ചു തീയതിക്കു ആ അവകാശം സംബന്ധിച്ചു അഡ്മിനിസ്ട്രേററർ ജനറൽ അവസാനതീർപ്പു ചെയ്തു തീയതിക്കും മദ്ധ്യേ ഉള്ള കാലത്തെ വിട്ടുകളയേണ്ടതാകുന്നു.

ട്രസ്റ്റിയെ മുതലിനു ട്രസ്റ്റിയായി നിയമിക്കൽ.

൨൯. (ക) അഡ്മിനിസ്ട്രേററർ ജനറൽ തന്നാൽ ഭരിക്കപ്പെടുന്ന ഒരു സ്വത്തിന്മേലുള്ള സകല ബാദ്ധ്യതകളെയും കഴിവുള്ളിടത്തോളം തീർത്തിരിക്കുമ്പോൾ അയാൾ ആ സംഗതിയെ നമ്മുടെ ഗവർണ്മെന്റു ഗസെററിൽ പ്രസിദ്ധം ചെയ്യേണ്ടതും അഫിഷ്യൽ ട്രസ്റ്റിയുടെ സമ്മതത്തോടും നമ്മുടെ ഗവർണ്മെന്റിനാൽ നിർമ്മിക്കപ്പെടുന്ന ഏതു ചട്ടങ്ങൾക്കും ഉൾപ്പെട്ടും ഏഴുത്തുമൂലമായ ഒരു കരണത്താൽ അപ്പോൾ തന്റെ കൈയിൽ ശേഷിച്ചുള്ള ഏതു മുതലിനും ട്രസ്റ്റിയായിരിക്കത്തക്കവണ്ണം അഫിഷ്യൽ ട്രസ്റ്റിയെ അയാൾക്കു നിയമിക്കാവുന്നതുമാകുന്നു.

(ഖ) അപ്രകാരം നിയമിക്കപ്പെടുമ്പോൾ, അപ്രകാരമുള്ള മുതലുകൾ, അഫിഷ്യൽ ട്രസ്റ്റിയെ തിരുവിതാംകൂർ അഫിഷ്യൽ ട്രസ്റ്റി റെഗുലേഷനിലെ വ്യവസ്ഥകൾ പ്രകാരം ട്രസ്റ്റിയായി നിയമിക്കപ്പെട്ടിരുന്നാൽ ഏതു പ്രകാരമാ അപ്രകാരം അയാളുടെ പക്കൽ സംക്രമിച്ചിരിക്കേണ്ടതും, അപ്രകാരം നിയമിക്കപ്പെടുന്നതിനു തൊട്ടു മുമ്പു അപ്രകാരമുള്ള മുതൽ ഏതു ട്രസ്റ്റികളിൻമേൽ വച്ചു കൊള്ളപ്പെട്ടിരുന്നൊ അതേ ട്രസ്റ്റികളിന്മേൽ അയാൾ അതിനെ വച്ചിരിക്കേണ്ടതും ആകുന്നു.

(ഗ) അഡ്മിനിസ്ട്രേററർ ജനറലിനാ, അല്ലെങ്കിൽ മുതലിന്റെ അതിന്റെ ക്രമമായ ഭരണത്തിലെ ബാദ്ധ്യതയുള്ളതായി അവകാശപ്പെടുന്ന ഏതെങ്കിലും ആളിനൊ ൨-ാം ഉപവകുപ്പിൻപ്രകാരമുള്ള അപേക്ഷകൾ കൊടുക്കാവുന്നതാകുന്നു.

അഡ്മിനിസ്ട്രേററർ ജനറൽ ജാമ്യം വയ്ക്കണമെന്നോ സത്യം ചെയ്യണമെന്നോ ആവശ്യപ്പെടാൻ പാടില്ലെന്നു്.

൨൦. (ക) അഡ്മിനിസ്ട്രേററർ ജനറലിനു, ആ പേരാൽ ഏതെങ്കിലുംസ്ഥാപന ലക്ഷ്യത്തെ ഭരണാധികാരപത്രമൊ നൽകുമ്പോൾ, ഒരു കോടതിയും, അദ്ദേഹം ഭരണസംബന്ധമായി ഏതെങ്കിലും പത്രം എഴുതിക്കൊടുക്കണമെന്നൊ, ആ കോടതിയിൽ മററു ജാമ്യം നൽകണമെന്നൊ അദ്ദേഹത്തിനോടാവശ്യപ്പെടാൻ പാടുള്ളതല്ല.

(ഖ) ഈ റെഗുലേഷനിലെ നിബന്ധനകൾ പ്രകാരം, അഡ്മിനിസ്ട്രേററർ ജനറലിനാലൊ അഡ്പ്പീട്ടി അഡ്മിനിസ്ട്രേററർ ജനറലിനാലൊ കൊടുക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഹർജിയെ, അയാളുടെ കൈയൊപ്പിനാലല്ലാതെ മറെറ പ്രകാരത്തിൽ സത്യബോധപ്പെടുത്താൻ ആവശ്യപ്പെട്ടു കൂടാത്തതും, അപ്രകാരമുള്ള ഏതെങ്കിലുമൊരു ഹർജിയിൽ പ്രസ്താവിച്ചിരിക്കുന്ന സംഗതികൾ അയാൾക്കു നേരിട്ടറിയാൻ പാടില്ലാത്തവയാണെങ്കിൽ, സത്യബോധപ്പെടുത്താൻ പ്രാപ്തനായ ഏതാളിനും, ആ ഹർജിയിൽ അയാളുടെ കൈയെഴുത്തിൽ സത്യബോധപ്പെടുത്താവുന്നതും ആകുന്നു.

(ങ) ഒരു കമ്പനിവക പുസ്തകങ്ങളിൽ അഡ്മിനിസ്ട്രേററർ ജനറൽ എന്ന പേരാൽ അപ്രകാരം പതിച്ചിരിക്കുന്നതു ഒരു ട്രസ്റ്റിനെക്കുറിച്ചു നോട്ടീസ്സായിരിക്കുന്നതല്ല; അഡ്മിനിസ്ട്രേററർ ജനറൽ ചട്ടപ്രകാരം ഏർപ്പെട്ട ഒരു സംഘമാണെന്നുള്ള കാരണത്താൽ മാത്രം ഒരു കമ്പനിവക രജിസ്റ്ററിൽ അഡ്മിനിസ്ട്രേററർ ജനറലിന്റെ പേരു പതിക്കുന്നതിനെ ആക്ഷേപിക്കാൻ ആ കമ്പനിക്കു അവകാശമുണ്ടായിരിക്കുന്നതുമല്ല, മുതലിനെക്കുറിച്ചു വ്യവഹരിക്കുമ്പോൾ, ആരെ സംബന്ധിച്ചു നടപടി നടത്തപ്പെടുന്നൊ ആ ആൾ അഡ്മിനിസ്ട്രേററർ ജനറൽ ആണെന്നുള്ളതു അതു കൊണ്ടു മാത്രം ട്രസ്റ്റിനെക്കുറിച്ചു നോട്ടീസായിരിക്കുന്നതുമല്ല.

സത്യത്തിൻമേൽ വിചാരണചെയ്യാനുള്ള അധികാരം.

൨൧. അഡ്മിനിസ്ട്രേററർ ജനറൽ, ഈ റെഗുലേഷന്റെ ഉദ്ദേശ്യങ്ങൾക്കായി, കാര്യസംബന്ധമായ ഒരു സംഗതിയെപ്പററി തനിക്കു തൃപ്തികരമായി അറിയുന്നതിനുവേണ്ടി, അപ്രകാരമുള്ള സംഗതിയെക്കുറിച്ചു സത്യത്തിൻമേൽ അദ്ദേഹത്താൽ വിചാരണചെയ്യപ്പെടാൻ സന്നദ്ധമുള്ള ഏതൊരാളിനേയും അദ്ദേഹത്തിന് അങ്ങനെ വേണമെന്നു തോന്നുമ്പോൾ, സത്യം ചെയ്യിച്ചു വിചാരണ ചെയ്യാവുന്നതാകുന്നു. (അങ്ങനെ സത്യം ചെയ്യിക്കുന്നതിനു അദ്ദേഹത്തിനു ഇതിനാൽ അധികാരം കൊടുക്കപ്പെട്ടിരിക്കുന്നു.)

ഗവണ്മെൻറിന്റെ ബാദ്ധ്യത.

൨൨. (എ) അഡ്മിനിസ്ട്രേറ്റർ ജനറൽ സർക്കാരിനാൽ ഏർപ്പെടുത്തപ്പെടാത്ത ഒരുണ്ണാധികാരിആയിരുന്നാൽ, അയാൾതന്നെ സ്വയം തീർക്കേണ്ടതിനു ബാദ്ധ്യതപ്പെട്ട ഏതൊരു ബാദ്ധ്യതയേയും തീർക്കുന്നതിനു വേണ്ട സകല തുകകളേയും കൊടുക്കുന്നതിനു, ആ ബാദ്ധ്യതയ്ക്കു അഡ്മിനിസ്ട്രേറ്റർ ജനറലൊ അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരിൽ ആരെങ്കിലുമോ ഏതെങ്കിലും പ്രകാരത്തിൽ ഭാഗഭാക്കാകാതെയിരുന്നിട്ടുള്ള സംഗതിയിലും, അഡ്മിനിസ്ട്രേറ്റർ ജനറലിനോ അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരിൽ ആർക്കെങ്കിലുമോ ന്യായമായ ജാഗ്രത ഉപയോഗിച്ചു തടയാമായിരുന്ന സംഗതിയിലും ഒഴികെ, നമ്മുടെ ഗവണ്മെൻറിനു ബാദ്ധ്യതയുണ്ടായിരിക്കുന്നതാകുന്നു: എന്നാൽ മേൽപറഞ്ഞ രണ്ടു സംഗതികളിലേതിലും അഡ്മിനിസ്ട്രേറ്റർ ജനറലാകട്ടെ നമ്മുടെ ഗവണ്മെൻറാകട്ടെ ഏതെങ്കിലും ബാദ്ധ്യതയ്ക്കുവിധേയപ്പെട്ടിരിക്കുന്നതും അല്ല.

(ഡി) ൧–ാം ഉപവകുപ്പിലെ വ്യവസ്ഥകൾപ്രകാരം കൊടുക്കത്തക്കവണ്ണം നമ്മുടെ ഗവണ്മെൻറിനോടാവശ്യപ്പെട്ടിരിക്കുന്ന ഏതെങ്കിലും പണത്തെ കൊടുത്തു തീർക്കുന്നതിനു നമ്മുടെ ഗവണ്മെൻറിനോടു, അഡ്മിനിസ്ട്രേറ്റർ ജനറൽ ഉദ്യോഗം വഹിച്ചു കൊണ്ടിരിക്കുന്ന അല്ലെങ്കിൽ വഹിച്ചിട്ടുള്ള ആളിനോ അല്ലെങ്കിൽ അയാളുടെ ഉദ്യോഗസ്ഥന്മാരിൽ ആർക്കെങ്കിലുമോ ഉള്ള ബാദ്ധ്യതയെ ഈ ഉപവകുപ്പിലുള്ള ഒന്നും തന്നെ ബാധിക്കുന്നതായി ഗണിക്കാവുന്നതല്ല.

കടം കൊടുത്ത ആളുകൾ അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ പേരിൽകൊണ്ടുവരുന്ന വ്യവഹാരങ്ങൾ.

൨൩. (എ) കടം കൊടുത്ത ഒരാൾ അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ പേരിൽ ഏതെങ്കിലും ഒരു വ്യവഹാരം കൊണ്ടു വന്നാൽ, അയാൾ തന്റെ അവകാശത്തിന്റെ തുകയും അതിനെപ്പററിയുള്ള മററു വിവരങ്ങളും ഉസ്താവിച്ചു കൊണ്ടു, ആ വ്യവഹാരം കൊണ്ടുവരുന്നതിന് ഒരു മാസത്തിൽ കുറയാതെ മുമ്പിനാലെ അഡ്മിനിസ്ട്രേറ്റർ ജനറലിനോടു എഴുത്തുമൂലം അപേക്ഷിച്ചിരുന്നതായും, അതിന് ആധാരമായി വ്യവഹാരസംഗതികളെ സംബന്ധിച്ചു ഈ സംഗതിയുടെ സ്ഥിതിക്കു ഏതു തെളിവ് ചോദിക്കുന്നതിനു അഡ്മിനിസ്ട്രേറ്റർ ജനറലിനു ന്യായമായ അവകാശമുണ്ടായിരുന്നു അപ്രകാരമുള്ള തെളിവ് കൊടുത്തിരുന്നതായും തെളിയിക്കാത്തപക്ഷം, ആ വ്യവഹാരത്തിന്റെ ചെലവ് കൊടുക്കുന്നതിനു ബാദ്ധ്യസ്ഥനായിരിക്കുന്നതാകുന്നു.

(ഡി) അപ്രകാരമുള്ള ഏതെങ്കിലും വ്യവഹാരം കടം കൊടുത്ത ആളിനു ഗുണമായി വിധിക്കപ്പെട്ടിരുന്നാൽ, കിട്ടു, അയാൾ ഈടിൻമേൽ കടം കൊടുത്തയാൾ അല്ലാത്തപക്ഷം, കടം കൊടുത്ത മററാളുകൾക്കു സമമായും, വീതമായും, മരിച്ചുപോയ ആളിന്റെ മുതലിൽ നിന്നു മാത്രമെ തുക കൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുകയുള്ളു.

ചിലവിഷയങ്ങളിൽ വ്യവഹാരത്തെക്കുറിച്ചു നോട്ടീസ് കൊടുക്കേണ്ടതില്ലെന്നു.

൨൪. അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ പേരിൽ കൊണ്ടുവരപ്പെടുന്ന ഏതെങ്കിലും വ്യവഹാരത്തിൽ നേരിട്ട് അയാളിൽനിന്നു പരിഹാരമൊന്നും ആവശ്യപ്പെട്ടിട്ടില്ലെങ്കിൽ അപ്രകാരമുള്ള യാതൊരു വ്യവഹാരത്തെയും ൧൯൦൮–ാമാണ്ടത്തെ സിവിൽ നടപടി നിയമം ൫൪–ാം വകുപ്പിലുള്ള ഒന്നുംതന്നെ ബാധിക്കുന്നതല്ല.

അദ്ധ്യായം ൪.

ഫീസ്.

ഫീസ്.

൨൫. (എ) അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ കൃത്യങ്ങളെ സംബന്ധിച്ചു, ശതമാനപ്രകാരമൊ മററു വിധത്തിലൊ, നമ്മുടെ ഗവണ്മെൻറ് നിർണ്ണയിക്കുന്ന ഫീസുകൾ മതിയായതാകുന്നു.

(ഡി) ഈ വകുപ്പിൻപ്രകാരമുള്ള ഫീസു ഓരോ സ്വത്തുക്കൾക്കോ ഓരോ തരത്തിലുള്ള സ്വത്തുക്കൾക്കോ ഓരോ കൃത്യങ്ങൾക്കോ ഓരോ നിരക്കനുസരിച്ചായിരിക്കാവുന്നതും, (ഈ റഗ്യുലേഷൻപ്രകാരം നമ്മുടെ ഗവണ്മെൻറിനു നഷ്ടമുണ്ടാകാതിരിക്കുന്നതിനു ആവശ്യമുള്ളതായി നമ്മുടെ ഗവണ്മെൻറു നിശ്ചയിക്കാവുന്ന തുക ഉൾപ്പെടെ) ഈ റഗ്യുലേഷന്റെ പ്രവർത്തനത്തിനു അവശ്യം വേണ്ടിവരുന്ന ശമ്പളം മുതലായ സകല ചെലവുകളും വഹിക്കുന്നതിനു മതിയായ ഒരു തുക വരത്തക്കവണ്ണം, കഴിയുന്നിടത്തോളം, അതിനെ സംബന്ധിച്ചു വ്യവസ്ഥ ചെയ്യേണ്ടതുമാകുന്നു.

ഫീസിന്റെ വിനിയോഗം

൨൬ (എ) അഡ്മിനിസ്ട്രേറ്റർ ജനറൽ തന്റെ അധീനത്തിൽ സ്ഥിതിചെയ്യുന്ന സ്വത്തിന്റെ ഒരു പ്രവൃത്തി അഡ്മിനിസ്ട്രേറ്റർ ആയിരുന്നാൽ ആ സ്വത്തിൽനിന്നു കൊടുക്കുകയൊ കൈവശം വച്ചുകൊള്ളുകയൊ ചെയ്യാവുന്ന ഏതെങ്കിലും ചെലവുകൾ അപ്രകാരം കൊടുക്കുകയൊ അല്ലെങ്കിൽ കൈവശം വച്ചുകൊള്ളുകയൊ ചെയ്യേണ്ടതും, അപ്രകാരമുള്ള ചെലവുകൾക്കു പുറമേയും അനേരീതിയിലും ൨൫–ാം വകുപ്പിൻ പ്രകാരം നിർണ്ണയിക്കുന്ന ഫീസ് കൊടുക്കുകയൊ കൈവശം വച്ചുകൊള്ളുകയൊ ചെയ്യേണ്ടതുമാകുന്നു.

(ഡി) ഈ റഗ്യുലേഷൻപ്രകാരം താൻ വാങ്ങിയിട്ടുള്ള സകല ഫീസും, അഡ്മിനിസ്ട്രേറ്റർ ജനറൽ, നമ്മുടെ ഗവണ്മെൻറു നിർണ്ണയിക്കുന്ന രീതിയിലും സമയത്തിലും, നമ്മുടെ ഗവണ്മെൻറു നിർണ്ണയിക്കുന്ന അധികാരിയുടെപേക്കു കൈമാററം ചെയ്യുകയും കൊടുക്കുകയും ചെയ്യേണ്ടതും അതിനെ നമ്മുടെ ഗവണ്മെൻറുവക മുതലിൽ കൊള്ളിക്കേണ്ടതുമാകുന്നു.

അദ്ധ്യായം ൫.

അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ കണക്കുകളുടെ പരിശോധന.

അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ കണക്കുകളുടെ പരിശോധന.

൨൭. കുറഞ്ഞപക്ഷം ആണ്ടിൽ ഒരുതവണവീതവും നമ്മുടെ ഗവണ്മെൻറ് അതിനായി ആജ്ഞാപിക്കുന്നപക്ഷം മറെറാരു സമയത്തും, അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ കണക്കുകൾ, നിർണ്ണയിക്കപ്പെടുന്ന ആളിനാലും നിർണ്ണയിക്കപ്പെടുന്ന രീതിയിലും പരിശോധിക്കപ്പെടേണ്ടതാകുന്നു.

ഗ. വ. ആഡിററർ ആ കണക്കുകൾ പരിശോധിക്കേണ്ടതും, നിർണ്ണയിക്കപ്പെട്ട ഫാറങ്ങളിൽ അതിനെ സംബന്ധിച്ച ഒരു സ്റ്റേറ്റുമെൻറും, അതിന്മേലുള്ള ഒരു റിപ്പോർട്ടും, അദ്ദേഹം ഒപ്പിടുകയും—

ആഡിററർമാർ കണക്കുകൾ പരിശോധിച്ചു ഗവണ്മെൻറിലേക്കു റിപ്പോർട്ടുചെയ്യണമെന്നു്.

(എ) കണക്കുകളിൽ കൊള്ളിക്കേണ്ടതായ സകലവിവരവും പൂർണ്ണവും സത്യവുമായ വിവരം അവയിൽ അടങ്ങിയിട്ടുണ്ടോ എന്നും,

(ബി) ഈ റഗുലേഷൻപ്രകാരം നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിൽ അഡ്മിനിസ്ട്രേററർ ജനറൽ സൂക്ഷിക്കണമെന്നാജ്ഞാപിച്ചിട്ടുള്ള ബുക്കുകൾ മുറപ്രകാരവും ക്രമമായും സൂക്ഷിച്ചിട്ടുണ്ടോ എന്നും,

(സി) തുകകളും ജാമ്യങ്ങളും ഈ റഗുലേഷനോടോ അതിൻപ്രകാരമുള്ള ഏതെങ്കിലും ചട്ടങ്ങളാലോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ മുറപ്രകാരം സൂക്ഷിക്കുകയും മുടക്കുകയും നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ടോ എന്നും, അല്ലെങ്കിൽ (കാര്യങ്ങളുടെ അവസ്ഥപോലെ) സർട്ടിഫിക്കററിൽ പ്രത്യേകം കാണിക്കുവാൻ സംഗതികളിൽ ഈ റഗുലേഷനിലേയും അതിൻപ്രകാരം നിർമ്മിച്ചിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾ അഡ്മിനിസ്ട്രേററർ ജനറൽ നിറവേററിയിട്ടില്ലെന്നും, അല്ലെങ്കിൽ ടി കണക്കുകൾ ന്യൂനതയുള്ളതാണെന്നും,

കാണിക്കുന്നതുമായ ഒരു സർട്ടിഫിക്കററും നമ്മുടെ ഗവണ്മെൻറിലേയ്ക്കു അയക്കുകയും ചെയ്യേണ്ടതാകുന്നു.

ഗ൧. (എ) ക്രി ാ ാ ാ-ലെ സിവിൽ നടപടിനിയമപ്രകാരം ആഡിററർക്കു:—

സാക്ഷികളെ ഹാജരാക്കി വിസ്തരിക്കുന്നതിനും, രേഖകൾ ഹാജരാക്കുന്നതിനു ആവശ്യപ്പെടുന്നതിനും ആഡിററർമാർക്കുള്ള അധികാരം.

(എ) ഹാജരാകേണ്ടതാവശ്യമാണെന്നു തനിക്കു തോന്നുന്ന ഏതെങ്കിലും ആൾ അപ്പോഴപ്പോൾ തന്റെ മുമ്പാകെ ഹാജരാകണമെന്നു് അയാളോടാവശ്യപ്പെടുന്നതിനും,

(ബി) ഏതെങ്കിലും ആളിനെക്കൊണ്ടു സത്യംചെയ്യിച്ചു് അയാളെ വിസ്തരിക്കുന്നതിനും,

(സി) രേഖപ്പെടുത്തിയിട്ടുള്ള ചോദ്യങ്ങൾ അനുസരിച്ചോ മറുപ്രകാരത്തിലോ ഏതെങ്കിലും ആളിനെ വിസ്തരിക്കുന്നതിനു കമ്മിഷൻ അയയ്ക്കുന്നതിനും,

(ഡി) അപ്രകാരം ആഡിററുചെയ്യുന്നതിനോ പരിശോധിക്കുന്നതിനോ ഹാജരാക്കേണ്ടതാവശ്യമാണെന്നു തോന്നുന്ന ഏതെങ്കിലും രേഖയോ പദാർത്ഥമോ ഹാജരാക്കുന്നതിനു ഏതൊരാളിനോടും ആവശ്യപ്പെടുന്നതിനും,

ഒരു സിവിൽകോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണു്.

(ഗ) ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനോ ഏതെങ്കിലും രേഖയോ പദാർത്ഥമോ ഹാജരാക്കുന്നതിനോ വിസമ്മതിക്കുകയോ ന്യായമായ കാരണംകൂടാതെ ഉദാസീനതകാണിക്കുകയോ ചെയ്യുകയാകട്ടെ, ഹാജരായതിനുശേഷം സത്യംചെയ്യുന്നതിനോ വിസ്തരിക്കപ്പെടുന്നതിനോ വിസമ്മതിക്കുകയാകട്ടെ ചെയ്യുന്ന ഏതെങ്കിലും ആൾ ഒരു കുററം ചെയ്തതായി ഗണിക്കപ്പെടേണ്ടതും ഒരു മജിസ്ട്രേട്ടിന്റെ മുൻപാകെ കുററം സ്ഥാപിക്കപ്പെടുമ്പോൾ നൂററുരൂപയിൽ കവിയാത്ത പിഴശിക്ഷക്കുവിധേയനായിരിക്കുന്നതും ആകുന്നു;

(ങ) ഗവണ്മെൻറിന്റെ മുൻകൂട്ടിയുള്ള അനുവാദംകൂടാതെ (ഗ)-ാം ഉപവകുപ്പിൻപ്രകാരമുള്ള ഒരു കുററത്തിനു ഒരു പ്രാസിക്യൂഷനും ആരംഭിക്കാൻ പാടുള്ളതല്ല.

കണക്കു പരിശോധന മുതലായവയ്ക്കുള്ള ചെലവുകൾ.

ഗ൦. അപ്രകാരമുള്ള ആഡിററിനും പരിശോധനയ്ക്കും ഉള്ളതും വേണ്ടിവരുന്നതും ആയ ചെലവുകൾ നമ്മുടെ ഗവണ്മെൻറിൽനിന്നു ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുസരിച്ചുനിശ്ചയിക്കേണ്ടതും കൊടുത്തുതീർക്കേണ്ടതുമാകുന്നു.

അദ്ധ്യായം ൩.

പലവക.

ഗ൧. ചെലവുചെയ്യുന്നതിനു നിയമപ്രകാരം തനിക്കുള്ള മറേറതെങ്കിലും അധികാരങ്ങൾക്കു പുറമേയും, അവയ്ക്കു ലോപംകൂടാതേയും, അഡ്മിനിസ്ട്രേററർ ജനറലിന്—

സാമാന്യഭരണാധികാരങ്ങൾ.

(എ) തന്റെ അധീനത്തിൽ ഇരിക്കുന്ന ഏതെങ്കിലും സ്വത്തിൽ ഉൾപ്പെട്ട ഏതെങ്കിലും വസ്തുവിന്റെ ശരിയായ സൂക്ഷിപ്പിനും ഭരണത്തിനും ആവശ്യപ്പെട്ടേക്കാവുന്ന പ്രവൃത്തികൾ ചെയ്യേണ്ടിയും,

(ബി) താൻ ഏതൊരഡിസ്ട്രിക്ട്ജഡ്ജിയാൽ നൽകപ്പെട്ട അധികാരത്തിൻപ്രകാരം അങ്ങനെ അധീനത്തിൽ വച്ചിരിക്കുന്നതോ അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടി മതകാര്യങ്ങൾക്കും ധർമ്മികവിഷയങ്ങൾക്കും, മററുകാര്യങ്ങൾക്കും അപ്രകാരമുള്ള വസ്തുവിനെ സംബന്ധിച്ചു യുക്തവും ന്യായവും ആയ മേഹണ്ടങ്ങൾ ചെയ്യേണ്ടിയും

ചെലവു ചെയ്യാവുന്നതാകുന്നു.

നാ. അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ അധീനത്തിൽ സ്ഥിതിചെയ്യുന്ന ഏതെങ്കിലും സ്വത്തിന്റെ ഭരണത്തിൽ താല്പര്യമുള്ള ഏതെങ്കിലും ആളിന്, നിർണ്ണയിക്കപ്പെടാവുന്ന ഏതെങ്കിലും നിബന്ധനകളും നിയന്ത്രണങ്ങളും ഉറപ്പെട്ടു, ന്യായമായ എല്ലാ സമയങ്ങളിലും ആ സ്വത്തിനെസംബന്ധിച്ച കണക്കുകളും ആഡിററരുടെ റിപ്പോർട്ടുകളും സർട്ടിഫിക്കററുകളും പരിശോധിക്കുന്നതിനും, നിർണ്ണയിക്കപ്പെടുന്ന ഫീസു കൊടുക്കുന്നപക്ഷം അവയുടെ പകർപ്പുകളും സംക്ഷേപങ്ങളും എടുക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

നാരുള്ളവരുടെ ആളിന് അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ കണക്കുകൾ മുതലായവ പരിശോധിക്കുന്നതിനും പകർപ്പുകൾ എടുക്കുന്നതിനുമുള്ള അധികാരം.

നാ. (1) നമ്മുടെ ഗവർണ്ണർക്ക് ഈ റഗ്യുലേഷന്റെ പ്രവർത്തനത്തിനും അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ നടപടികളെ ക്രമപ്പെടുത്തുന്നതിനുമായി ഈ റഗ്യുലേഷന്റെ വ്യവസ്ഥകൾക്കു വിപരീതമല്ലാത്തതായ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.

(2) (എ) അഡ്മിനിസ്ട്രേറ്റർ ജനറലിന്റെയും അദ്ദേഹത്തിന്റെ ഡിപ്പുട്ടിമാർ വല്ലവരുമുണ്ടെങ്കിൽ അവരുടേയും, അദ്ദേഹത്തിന്റെ ഗുമസ്തന്മാരുടേയും നിയമനത്തിനും ജീവനത്തിനും ഉള്ള തുകകളേയും നിബന്ധനകളേയും പ്രത്യേകിച്ചും മുൻപറഞ്ഞ സാമാന്യ അധികാരത്തിന് ഭംഗംവരാതെ—

(ബി) അഡ്മിനിസ്ട്രേറ്റർ ജനറൽ സൂക്ഷിക്കേണ്ട കണക്കുകളേയും അവ ആഡിററുചെയ്യുകയും പരിശോധിക്കയും ചെയ്യേണ്ടതിനേയും,

(സി) അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ കൈവശം വന്നുചേരുന്ന മുതലുകളേയും ജാമ്യങ്ങളേയും ഭദ്രമായി സൂക്ഷിക്കുന്നതിനേയും നിക്ഷേപിക്കുന്നതിനേയും, മുടക്കുന്നതിനേയും,

(ഡി) അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ കൈവശമുള്ള തുകകൾ അയച്ചുകൊടുക്കേണ്ട ആവശ്യം വന്നിട്ടുമ്പോൾ അപ്രകാരം അയച്ചുകൊടുക്കേണ്ടതിനേയും,

(ഇ) ഈ റഗ്യുലേഷനിലെ വ്യവസ്ഥകൾക്കുവിധേയപ്പെട്ടു, ഈ റഗ്യുലേഷൻപ്രകാരം കൊടുക്കേണ്ടതായ ഫീസുകളേയും അവ പിരിക്കുന്നതിനേയും അവയിൽ ഏതിന്റെയെങ്കിലും കണക്കുകളേയും,

(എഫ്) അഡ്മിനിസ്ട്രേറ്റർ ജനറൽ നമ്മുടെ ഗവർണ്ണർക്കിലോ മറേറതെങ്കിലും അധികാരിയ്ക്കോ മുൻപാകെയോ ബോധിപ്പിക്കേണ്ടതും പ്രസിദ്ധപ്പെടുത്തേണ്ടതുമായ സ്റ്റേറററുമെൻറുകളേയും പട്ടികകളേയും മററുരേഖകളേയും,

(ജി) അപ്രകാരമുള്ള സ്റ്റേറററുമെൻറുകളോ പട്ടികകളോ മററുരേഖകളോ തയ്യാറാക്കുന്നതിലുള്ള ചെലവു ഈടാക്കുന്നതിനേയും,

(എച്ച്) ഉപയോഗശൂന്യമെന്നോ ശാശ്വതമായി സൂക്ഷിക്കേണ്ടയാവശ്യമില്ലെന്നോ, നമ്മുടെ ഗവർണ്ണർ നിശ്ചയിക്കുന്നതും,

അഡ്മിനിസ്ട്രേറ്റർ ജനറലിന്റേതാകട്ടെ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അധീനത്തിൽ ഇരിക്കുന്നതുമായ റിക്കാർഡുകളേയും ബുക്കുകളേയും രേഖകളേയും, നശിപ്പിച്ചോ മറേറതരത്തിലോ വിനിയോഗിക്കുന്നതിനേയും,

(ഐ) ഈ റഗ്യുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ഏതെങ്കിലും കണക്കു പരിശോധനയ്ക്കുള്ളതും അതുസംബന്ധിച്ചു വേണ്ടിവരുന്നതോ ആയ ചെലവുകൾ തീരുമാനിക്കേണ്ടതായ രീതിയേയും കൊടുക്കേണ്ടതായ ആളിനേയും,

(ജെ) നടപടിവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചു അയയ്ക്കുന്ന സമൻസുകൾ നടത്തേണ്ടരീതിയേയും ഈ റഗ്യുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു സമൻസുപ്രകാരം ഹാജരായിട്ടുള്ളതൊ വിസ്തരിക്കപ്പെട്ടിട്ടുള്ളതൊ ആയ വല്ല ആളുകളുടേയും ചെലവുകളും അപ്രകാരം വിസ്തരിക്കുന്നതിനെ സംബന്ധിച്ചുണ്ടാകാവുന്ന ഏതെങ്കിലും ചെലവുകളും നിർവഹിക്കേണ്ടതിനേയും,

(കെ) നിർണ്ണയിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ റഗ്യുലേഷനിലെ ഏതെങ്കിലും സംഗതിയേയും

കുറിച്ചു ഈ ചട്ടങ്ങളിൽ വ്യവസ്ഥചെയ്യാവുന്നതാണ്.

(3) ഈ റഗ്യുലേഷൻപ്രകാരം നിർമ്മിക്കപ്പെടുന്ന എല്ലാചട്ടങ്ങളും ഗവർണ്ണറുടെ ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അപ്രകാരം പ്രസിദ്ധപ്പെടുത്തിയശേഷം ഈ റഗ്യുലേഷനിൽ നിയമപ്പെടുത്തിയതുപോലെ പ്രാബല്യം ഉണ്ടായിരിക്കുന്നതും ആകുന്നു.

നാ. ഈ റഗ്യുലേഷനാൽ അധികാരപ്പെടുത്തിട്ടുള്ള ഏതെങ്കിലും വിചാരണയ്ക്കിടയിൽ കള്ളവായിട്ടുള്ളതും, കള്ളവെന്നു തനിക്കു അറിയാവുന്നതൊ അല്ലെങ്കിൽ താൻ വിശ്വസിക്കുന്നതൊ അല്ലെങ്കിൽ വാസ്തവമെന്നുതാൻ വിശ്വസിക്കാത്തതൊ ആയ ഒരു മൊഴി സത്യത്തിന്മേൽ ആരെങ്കിലും കൊടുത്താൽ അയാൾ നീതിന്യായനടപടിയ്ക്കിടയിൽ കരുതിക്കൂട്ടി കള്ളവായ തെളിവ് കൊടുത്തതായി കരുതേണ്ടതാണ്.

കള്ളസ്സാക്ഷ്യം.

നാ. അഡ്മിനിസ്ട്രേറ്റർജനറലിന്റെ ഭരണത്തിൽ അദ്ദേഹത്തിന്റെ സൂക്ഷിപ്പിൽ പന്ത്രണ്ടു കൊല്ലത്തേക്കോ അതിൽക്കൂടുതലായ ഒരു കാലത്തേയ്ക്കോ തിരിച്ചു കിട്ടണമെന്നു യാതൊരപേക്ഷയും ചെയ്യപ്പെടാതേയും അപ്രകാരമുള്ള യാതൊരപേക്ഷയും അദ്ദേഹത്താൽ അനുവദിക്കപ്പെടാതേയും ഇരിയ്ക്കുന്ന എല്ലാ മുതലുകളും നിശ്ചിതരീതിയിൽ നമ്മുടെ ഗവർണ്ണറിലേക്കു മുതൽചെയ്യുന്നതിന് കൈമാററം ചെയ്യേണ്ടതാകുന്നു.

പന്ത്രണ്ടു വർഷംവരെ അവകാശപ്പെടാത്തുള്ള മുതലിനെ ഗവർണ്ണറിലേയ്ക്കു കൈമാററംചെയ്യണമെന്ന്.

എന്നാൽ ആ മുറിച്ചിനെ സംബന്ധിച്ചു വല്ല കോടതിയിലും ഏതെങ്കിലും വ്യവഹാരമോ നടപടിയോ നടന്നുകൊണ്ടിരിക്കുന്നപക്ഷം മുൻപറഞ്ഞതുപോലെ അപ്രകാരമുള്ള യാതൊരു മുതലുകളും കൈമാററം ചെയ്യുന്നതിനു ഈ വകുപ്പിൻപ്രകാരം അനുവദിക്കാൻ പാടില്ലാത്തതാകുന്നു.

അപ്രകാരം കൈമാററം ചെയ്യപ്പെട്ട അസൽ മുതൽ വസൂൽ ചെയ്യുന്നതിനു അവകാശപ്പെടുന്നതും അനുസരിക്കേണ്ട നടപടിമുറ.

൩൬. (൧) ഈ റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു നമ്മുടെ গവർണ്ണർക്കു മുതൽ വസ്തുക്കളായി കൈമാററം ചെയ്തിട്ടുള്ള മുതലുകളെ സംബന്ധിച്ചു വല്ല അവകാശവും പുറപ്പെടുവിക്കുകയും നിശ്ചയിച്ചിട്ടുള്ള അധികാരിക്കു തൃപ്തികരമാംവണ്ണം ആ അവകാശം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നപക്ഷം നമ്മുടെ গവർണ്ണർക്കു അവകാശപ്പെടുന്ന ആളിനു അതിൽ അയാൾക്കു ചെല്ലേണ്ടതാണെന്നുതോന്നുന്നതത്രയും കൊടുക്കേണ്ടതാകുന്നു.

(൨) നിശ്ചിത അധികാരിക്കു തൃപ്തികരമാംവണ്ണം അവകാശം സ്ഥാപിക്കപ്പെടുന്നില്ലെങ്കിൽ അപ്രകാരമുള്ള മുതലുകൾ ഈടാക്കുന്നതിനു മററു നടപടികൾ നടത്തുന്നതിനുള്ള അയാളുടെ അധികാരങ്ങൾക്കു ബാധകമാകാത്തവണ്ണം അവകാശപ്പെടുന്നയാൾ നമ്മുടെ গവർണ്ണർക്കു എതിരായി ഏതൊരു ഡിസ്ട്രിക്ട്കോടതിയാൽ നൽകപ്പെട്ട അധികാരപ്രകാരം മുതലുകൾ അഡ്മിനിസ്ട്രേററർ ജനറലിന്റെ കൈവശം ഇരുന്നാലോ ആ കോടതിയിൽ ഹജ്ജിമൂലം അപേക്ഷിക്കാവുന്നതും, ആ കോടതി അതിനു യുക്തമെന്നുതോന്നുന്ന തെളിവ് എടുത്തശേഷം, മേൽപറഞ്ഞ അസ്തിത്വമൂലം മുഴുവനോമോ അല്ലെങ്കിൽ ഏതെങ്കിലുംഭാഗമോ ആ കോടതിയുടെയുക്തം പോലെ കൊടുക്കേണ്ടതിനു സംബന്ധിച്ചു ഉത്തരവ് ചെയ്യേണ്ടതും, ആ ഉത്തരവ് ആ നടപടിയിലെ എല്ലാ കക്ഷികളേയും ബന്ധിക്കേണ്ടതുമാകുന്നു.

(൩) ഓരോ കക്ഷിയുടെയും ചിലവിന്റെ മുഴുവൻഭാഗമോ അല്ലെങ്കിൽ ഏതെങ്കിലും ഭാഗമോ ഇന്നാർ വഹിക്കണമെന്നു കോടതിക്കു ആജ്ഞാപിക്കാവുന്നതാകുന്നു.

(൪) ഈ വകുപ്പിൻപ്രകാരമുള്ള ഏതെങ്കിലും ഉത്തരവനുസരിച്ചു നമ്മുടെ গവർണ്ണർക്കിനാൽ നൽകപ്പെടുന്ന ഏതെങ്കിലു മുതലുകളെ സംബന്ധിച്ചു ഏതാരാളിന്റേയും അപേക്ഷയിന്മേൽ നമ്മുടെ গവർണ്ണർക്കെതിരായി ഇനിൽ കൂടുതലായ ഒരവകാശവും ഉണ്ടായിരിക്കുന്നതല്ല.

കമ്പനിറഗുലേഷൻ അഡ്മിനിസ്ട്രേററർ ജനറലിനു ബാധകമായിരിക്കാൻ പാടില്ലെന്നു്.

൩൭. ൧൯൦൮-ലെ തിരുവിതാംകൂർ കമ്പനിറഗുലേഷനിൽ അടങ്ങിയിട്ടുള്ള യാതൊന്നും അഡ്മിനിസ്ട്രേററർ ജനറലിന്റെ അവകാശങ്ങളേയോ, കൃത്യങ്ങളേയോ, പ്രത്യുകാവകാശങ്ങളേയോ ഉൾബലപ്പെടുത്തുകയോ ബാധിക്കുകയോ ചെയ്യുന്നതായി കരുതിക്കൂടാത്തതാകുന്നു.

ഡിസ്ട്രിക്ട്ജഡ്ജിയുടെ ഉത്തരവ് ഡിക്രിക്കു സമമായിരിക്കണമെന്നു്.

൩൮. ഈ റഗുലേഷൻ അനുസരിച്ചു് ഏതെങ്കിലും കോടതി ചെയ്യുന്ന എല്ലാ ഉത്തരവും ൧൯൦൮-ലെ സിവിൽനടപടി നിയമത്തിൽ നിർവ്വഹിച്ചിട്ടുള്ള ഒരു ഡിക്രി എന്നപോലെതന്നെ പ്രാബല്യത്തിൽ ഇരിക്കേണ്ടതാകുന്നു.

വിദേശീയപ്രജകളുടെ വിഷയത്തിൽ മരണത്തെ സംബന്ധിച്ചുള്ള പ്രത്യേകവ്യവസ്ഥകൾ.

൩൯. ഈ റഗുലേഷനിലോ അല്ലെങ്കിൽ അപ്പോഴപ്പോൾ നടപ്പിലിരിക്കുന്ന മററു് ഏതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും അന്യരാജ്യത്തിലെ ഒരുപ്രജ തിരുവിതാംകൂറിൽ വച്ചു മരിക്കുകയും മരിച്ചയാളുടെ സ്വത്തിനുള്ള മരണാധികാരപത്രത്തിനു ഡിസ്ട്രിക്ട്ജഡ്ജിയോടു അപേക്ഷിക്കുന്നതിനു യോഗ്യതയായി തിരുവിതാംകൂറിൽ അഡ്മിനിസ്ട്രേററർജനറലല്ലാതെ മററാരും ഇല്ലെന്നും തോന്നുകയും നിശ്ചയിക്കപ്പെട്ട അപ്രകാരമുള്ള ആൾക്കിടം മരാം ആ ജഡ്ജിയോടു അപേക്ഷിക്കുകയും ചെയ്യുമ്പോൾ നമ്മുടെ গവർണ്ണർക്കു ഇതിലേക്കായി ഉണ്ടാക്കിട്ടുള്ള ഏതെങ്കിലും ചട്ടങ്ങൾ അനുസരിച്ചു ചുമത്തപ്പെടുവാൻ യോഗ്യതമെന്നു ജഡ്ജിക്കുതോന്നുന്ന കരാറുകളും നിബന്ധനകളും അനുസരിച്ചു അപ്രകാരമുള്ള മരാം മരണാധികാരപത്രം കൊടുക്കേണ്ടതാണെന്നു നമ്മുടെ গവർണ്ണർക്കു സാമാന്യമായോ പ്രത്യേകമായൊരുള്ള ഒരുത്തരവിനാൽ ആജ്ഞാപിക്കാവുന്നതാകുന്നു.

൧൯൦൮-ലെ തിരുവിതാംകൂർ രജിസ്ട്രേഷൻ റഗുലേഷനിലെ നിബന്ധനകളെ ഒഴിവാക്കൽ.

൪൦. ഈ റഗുലേഷനിലുള്ള യാതൊന്നും ൧൯൦൮-ലെ തിരുവിതാംകൂർ രജിസ്ട്രേഷൻ റഗുലേഷനിലുള്ള വ്യവസ്ഥകളെ ബാധിക്കുന്നതായി കണിക്കുവാൻ പാടില്ലാത്തതാകുന്നു.

അനുബന്ധം ഡി.

തിരുവിതാംകൂർ അഫിഷ്യൽ ട്രസ്റ്റിബില്ലിനെസംബന്ധിച്ചുള്ള പ്രത്യേകകമ്മിററിയുടെ റിപ്പോർട്ട്:

തിരുവിതാംകൂർ അഫിഷ്യൽ ട്രസ്റ്റിബില്ലിനെസംബന്ധിച്ചു ആലോചിക്കുന്നതിനു നിയമിക്കപ്പെട്ട പ്രത്യേകകമ്മിററിയിലെ അംഗങ്ങളും താഴെ ഒപ്പിട്ടിരിക്കുന്നവരും ആയ ഞങ്ങൾ ആ ബില്ലിനെപ്പററി ചിന്തിച്ചു ഈ റിപ്പോർട്ടു സമർപ്പിച്ചുകൊള്ളുന്നു. ഞങ്ങൾ ഭേദപ്പെടുത്തിയ രൂപത്തിലുള്ള ബില്ലിനെ ഇതിനോടു് അനുബന്ധിച്ചിട്ടുണ്ടു്.

ഖണ്ഡം ൨. ൨-ാംവകുപ്പിൽ "വക" എന്നുള്ളതു വിട്ടുകളയണം.

ഈ ഭേദഗതി കേവലം പദപ്രയോഗത്തെ സംബന്ധിച്ചതാണു്.

ഖണ്ഡം ൩. (൧) ൪-ാംവകുപ്പിൽ "അഫിഷ്യൽട്രസ്റ്റിയുടെ" എന്നതിനു പകരം "അദ്ദേഹത്തിന്റെ" എന്നു ചേർക്കണം.

ഖണ്ഡം ൧൪. (൨) ൨-ാം നാം വരികളിൽ "ഡിപ്ട്ടി അഹിക്ക്യൽ ട്രസ്റ്റിയുദ്യോഗമാകട്ടെ എന്നതിനുപകരം "അദ്ദേഹത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗമാകട്ടെ എന്നു ചേർക്കണം.

ഈ ഭേദഗതിയുടെ അർത്ഥം പ്രത്യക്ഷമാണല്ലോ.

ഖണ്ഡം ൧൫. (൧) ൨-ാം നാം വരികളിൽ "ഗവർണ്ണരിന്റെ അനുവാദത്തോടുകൂടി ഹൈക്കോടതി നിർണ്ണയിക്കുന്ന എന്നതിനു പകരം "ഗവർണ്ണർ നിർണ്ണയിക്കാവുന്ന" എന്നു ചേർക്കണം.

ഖണ്ഡം ൧൬. (൨) "ഏതെങ്കിലും ആൾ., എന്നുകഴിഞ്ഞു "തിരുവിതാംകൂർ ശിക്ഷാനിയമം ൧൮ വകുപ്പിന്റെ അർത്ഥത്തിലുൾപ്പെട്ടതും അതിൻപ്രകാരം ശിക്ഷിക്കപ്പെടാവുന്നതും ആയ ഒരു കുററം ചെയ്തതായി ഗണിക്കപ്പെടേണ്ടതും അപ്രകാരം വിസമ്മതിക്കയോ ഉദാസീനതകാണിക്കയോ ചെയ്യുന്ന എല്ലാ സംഗതികളും ആഡിററർ നമ്മുടെ ഗവർണ്ണർക്കു റിപ്പോർട്ടുചെയ്യേണ്ടതുമാകുന്നു" എന്നതിനുപകരം "ഒരു കുററം ചെയ്തതായി ഗണിക്കപ്പെടേണ്ടതും ഒരു മജിസ്ട്രേട്ടിങ്കൽ നേരിട്ടുമോ കുററം സ്ഥാപിക്കപ്പെടുന്നപക്ഷം അയാൾക്കു ൧൦൦ രൂപയിൽ കവിയാത്ത പിഴശിക്ഷ കല്പിക്കേണ്ടതുമാകുന്നു', എന്നുചേർക്കണം.

താഴെപറയുന്നതിനെ ൧൯-ാംഖണ്ഡത്തിൽ ൩-ാംഉപഖണ്ഡമായി ചേർക്കണം.—

"(൩) നമ്മുടെ ഗവർണ്ണരിന്റെ മുൻകൂട്ടിയുള്ള അനുവാദംകൂടാതെ ഈവകുപ്പിൻപ്രകാരമുള്ളഒരു കുററത്തിനു പ്രാസിക്യൂഷൻനടത്താൻ പാടില്ലാത്തതാകുന്നു"

ഈ ഭേദഗതികളുടെ അർത്ഥം പ്രത്യക്ഷമാണല്ലോ.

ഖണ്ഡം ൨൦. ൩-ാംവരിയിൽ "നിർണ്ണയിക്കപ്പെട്ട" രീതിയിൽ എന്നുള്ളതു വിട്ടുകളയണം.

ഇതു കേവലം പദപ്രയോഗത്തെ സംബന്ധിച്ചതാണ്.

ഖണ്ഡം ൨൧. ഈ ഖണ്ഡത്തിന്റെ തലക്കെട്ടിലും ൧-ം ൪-ം ൬-ം വരികളിലും "പണം" എന്നതിനുപകരം "മുതൽ" എന്നു ചേർക്കണം.

ഈ ഭേദഗതി പദപ്രയോഗത്തെമാത്രം സംബന്ധിച്ചതാണ്.

ഖണ്ഡം ൨൨. ഈ ഖണ്ഡത്തിന്റെ തലക്കെട്ടിൽ "പണം" എന്നതിനുപകരം "മുതൽ" എന്നും, ൧-ാം വരിയിൽ "പണത്തെ" എന്നതിനുപകരം "മുതലിനെ" എന്നും ൩-ാംവരിയിൽ "തുക" എന്നതിനുപകരം "മുതൽ" എന്നും ൩-ം ൪-ം വരികളിൽ "പണം" എന്നതിനു പകരം "മുതൽ" എന്നും ചേർക്കണം.

ഈ ഭേദഗതികൾ കേവലം പദപ്രയോഗത്തെ സംബന്ധിച്ചവയാണ്.

താഴെപറയുന്നതിനെ (൪)-ാംഉപഖണ്ഡമായി ചേർക്കണം:—

"(൪) ഈ വകുപ്പിൻപ്രകാരമുള്ള ഏതെങ്കിലും ഉത്തരവനുസരിച്ചു നമ്മുടെ ഗവർണ്ണർ കൊടുത്തിട്ടുള്ള ഏതെങ്കിലും മുതലിനെ സംബന്ധിച്ചു യാതൊരാളിനും നമ്മുടെ ഗവർണ്ണരിന്റെ പേരിൽ കൂട്ടുതലായിയാതൊരവകാശവും ബോധിപ്പിക്കാൻ പാടില്ലാത്തതാകുന്നു."

ഈ ഭേദഗതികളുടെ അർത്ഥം പ്രത്യക്ഷമാണ്.

ഖണ്ഡം ൨൩. തിരുവനന്തപുരം ഡിസ്ട്രിക്ട്കോടതിക്കു ഏതെങ്കിലും പ്രത്യേകാധികാരം നൽകുന്നതു അനാവശ്യമാകയാൽ ഈ ഖണ്ഡം വിട്ടുകളകയും പിന്നീടുള്ള ഖണ്ഡങ്ങൾക്കു അഴിച്ചു നമ്പരിടുകയും ചെയ്യണം.

ഖണ്ഡം ൨൪. ൧-ാംവരിയിൽ "ഡിസ്ട്രിക്ട്കോടതി", എന്നതിനുപകരം "ഒരു കോടതി" എന്നും "ഉത്തരവിനു" എന്നുകഴിഞ്ഞു "൧൯൦൦-മാണ്ടത്തെ സിവിൽനടപടിനിയമത്തിൽ നിർവചിച്ചിരിക്കുന്നതനുസരിച്ചു" എന്നും ചേർക്കണം.

സിവിൽനടപടി നിയമപ്രകാരമുള്ള ഡിക്രികളെപ്പോലെ ഈ ഡിക്രിയും നടക്കാവുന്നതും അതിന്മേൽ അപ്പീൽ ബോധിപ്പിക്കാവുന്നതും ആണെന്നു വ്യക്തമാക്കാനാണ് ഈ ഭാഗം കൂട്ടുതലായി ചേർത്തിരിക്കുന്നതു്.

ഖണ്ഡം ൨൫. (ബി) ൧-ാംവരിയിൽ "ഹൈക്കോടതിയുടെ" എന്നതിനുപകരം "സ്ഥലത്തെ അധികാരമുള്ള ഡിസ്ട്രിക്ട്കോടതിയുടെ" എന്നു ചേർക്കണം.

ഖണ്ഡം ൨൬. (൧) (സി) "കോടതി" എന്നതിനു മുൻപായി "അധികാരമുള്ള" എന്നുചേർക്കണം.

ഇങ്ങിനെ അർത്ഥം പ്രത്യക്ഷമാണല്ലോ.

ഖണ്ഡം ൨൭. (൧) ൨-ം നാം വരികളിൽ "ഹൈക്കോടതി നമ്മുടെ ഗവർണ്ണരിന്റെ അനുവാദത്തോടുകൂടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു" എന്നതിനുപകരം "നമ്മുടെ ഗവർണ്ണർ ഈ റഗുലേഷനു വിരുദ്ധമല്ലാത്ത ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാകുന്നു" എന്നു ചേർക്കണം.

(൨) താഴെ പറയുന്നതിനെ (എ) ഉണ്ടികയായി ചേർത്തു ശേഷമുള്ളവയ്ക്കു അഴിച്ചു നമ്പരിടണം:—

"(എ) അഹിക്ക്യൽട്രസ്റ്റിയുടെയും അദ്ദേഹത്തിന്റെ ഡിപ്ട്ടിമാർ വല്ലവരുമുണ്ടെങ്കിൽ അവരുടേയും അദ്ദേഹത്തിന്റെ മററുദ്യോഗസ്ഥന്മാരുടേയും നിയമനത്തിനും ജീവനത്തിനുമുള്ള കരാറുകളേയും നിബന്ധനകളേയും സംബന്ധിച്ചും,

(ഡി) ഖണ്ഡികയിൽ "ഹൈക്കോടതിക്കോ" എന്നുള്ളതു പിട്ടുകളയണം.

(എഫ്) ഖണ്ഡികയിൽ "നമ്മുടെ ഗവർണ്ണർ-ന്റെ അനുവാദത്തോടുകൂടി ഹൈക്കോടതി" എന്നതിനുപകരം "നമ്മുടെ ഗവർണ്ണർ" എന്നു ചേർക്കണം.

ഈ ഭേദഗതികളുടെ അർത്ഥം പ്രത്യക്ഷമാണ്.

നടക്കൽബില്ല കൺവെൻഷൻ ഗവർണ്ണർക്കുമുമ്പാകെ പ്രസിഡന്റപ്പെടുത്തിയിട്ടുണ്ട്. ഞങ്ങൾ പുതുക്കിയ രൂപത്തിലുള്ള ബിൽ വീണ്ടും പ്രസിഡന്റപ്പെടുത്തേണ്ടതില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം.

കെ. എ. കൃഷ്ണയ്യങ്കാർ	(ഒപ്പ്)
കെ. പരമേശ്വരൻപിള്ള	(ഒപ്പ്)
എ. ജി. മേനോൻ	(ഒപ്പ്)
കെ. എൻ. രാമസുബ്ബയ്യർ	(ഒപ്പ്)
ഡി. സി. ജോസഫ്	(ഒപ്പ്)
കെ. സി. ചാക്കോ	(ഒപ്പ്)
എ. താണുപിള്ള	(ഒപ്പ്)

കൊച്ചി ഉലാ ഗവർണ്ണർ

അനുബന്ധം ഇ.

തിരുവിതാംകൂർ അഫിഷ്യൽ ട്രസ്റ്റിബിൽ.

പ്രത്യേക കമ്മററി പുതുക്കിയവിൻപ്രകാരം.

വിഷയവിവരം.

അദ്ധ്യായം ക.

പ്രാരംഭം.

ക. ചുരുക്കപ്പേരും, വ്യാപ്തിയും ആരംഭവും.
ഖ. അർത്ഥവിവരണം.

അദ്ധ്യായം ഖ.

അഫിഷ്യൽ ട്രസ്റ്റിയുടെ ഉദ്യോഗം.

ന. അഫിഷ്യൽ ട്രസ്റ്റിയുടെ നിയമനം.
ര. ഡപ്യൂട്ടി അഫിഷ്യൽ ട്രസ്റ്റികളുടെ നിയമനവും അധികാരങ്ങളും.
ഭ. അഫിഷ്യൽട്രസ്റ്റി ഒരു ഏകാംഗസംഘമായിരിക്കുന്നതും അദ്ദേഹത്തിന് ഉദ്യോഗമുദ്രയും സ്ഥിരമായ പിൻഗാമിയും ഉണ്ടായിരിക്കുന്നതും അദ്ദേഹം വ്യവഹാരം കൊടുക്കുകയോ അദ്ദേഹത്തിന്റെ പേരിൽ വ്യവഹാരം കൊടുക്കുകയോ ചെയ്യുന്നതു് ആ സംഘത്തിന്റെ പേരിൽ ആകാവുന്നതുമാണെന്ന്.

അദ്ധ്യായം ന.

അഫിഷ്യൽട്രസ്റ്റിയുടെ അവകാശങ്ങളും അധികാരങ്ങളും കൃത്യങ്ങളും ബാധ്യതകളും.

ന അഫിഷ്യൽട്രസ്റ്റിയുടെ സാമാന്യാധികാരങ്ങളും കൃത്യങ്ങളും.
ഠ. ട്രസ്റ്റ് ഏർപ്പെടുത്തുന്ന ആളിനു, ആ വക സ്വത്തിന്റെ ട്രസ്റ്റിയായി, അഫിഷ്യൽട്രസ്റ്റിയെ അദ്ദേഹത്തിന്റെ സമ്മതത്തോടുകൂടി നിയമിക്കാമെന്നു.
വ. അഫിഷ്യൽട്രസ്റ്റിയെ മരണശാസനപ്രകാരമുള്ള ട്രസ്റ്റിയായി നിയമിക്കുക.
ൻ. അഫിഷ്യൽട്രസ്റ്റിയെ സ്വത്തിന്റെ ട്രസ്റ്റിയായി നിയമിക്കുന്നതിനു ഡിസ്ട്രിക്ട്കോടതിക്കുള്ള അധികാരം.
ക0. അഫിഷ്യൽട്രസ്റ്റിയെ സ്വത്തിന്റെ ട്രസ്റ്റിയായി നിയമിക്കുന്നതിന് മററു ട്രസ്റ്റികൾക്കുള്ള അധികാരം.
ക്ക. ഒരു ശിശുവിനൊ ഭ്രാന്തനൊ ചെല്ലേണ്ടതായ ഓഹരി മരണശാസനപ്രകാരമുള്ള ദാനം മുതലായവയെ, നടത്തിപ്പുകാരനാകട്ടെ, മരണക്കാരനാകട്ടെ അഫിഷ്യൽട്രസ്റ്റിയെ ഏല്പിക്കാമെന്ന്.
ക്ഖ. ജാമ്യപ്പത്രമൊ ജാമ്യമൊ കൊടുക്കാൻ അഫിഷ്യൽട്രസ്റ്റിയോട് ആവശ്യപ്പെടാൻപാടില്ല.
ക്ഗ. അഫിഷ്യൽട്രസ്റ്റിയെന്നു ചേർക്കുന്നതുകൊണ്ടും ഒരു ട്രസ്റ്റിന്റെ നോട്ടീസാകയില്ലെന്ന്.
ക്ഘ. ഗവർണ്ണർക്കിന്റെ ബാധ്യത.
ക്ങ. ചില സംഗതികളിൽ വ്യവഹാരത്തിന്റെ നോട്ടീസ് ആവശ്യമില്ലെന്നു.

അദ്ധ്യായം ര.

ഫീസു.

ക്ന. ഫീസ്.
ക്ച. ഫീസിന്റെ വിനിയോഗം.

അദ്ധ്യായം ഉ.

കണക്കു പരിശോധന.

ക്ഛ. അഫിഷ്യൽട്രസ്റ്റിയുടെ കണക്കു മുതലായവയെ പരിശോധിച്ചു ഗവർണ്ണർക്കു റിപ്പോർട്ടു ചെയ്യുന്നതിന് ആഡിററർമാരെ നിയമിക്കണമെന്ന്.

൧൯. സാക്ഷികൾ ഹാജരാകണമെന്നും രേഖകൾ ഹാജരാക്കണമെന്നും ആവശ്യപ്പെടാൻ ആഡിറ്റർക്കുള്ള അധികാരം.

൨൦. കണക്ക് പരിശോധനയ്ക്കുള്ള ചിലവു മുതലായതു എങ്ങനെ കൊടുക്കണമെന്ന്.

൨൧. ട്രസ്റ്റ് ആക്കുവേണ്ടി ഏൽപ്പെടുത്തിയിരിക്കുന്നതൊ അയാൾക്ക് കണക്കുകൾ പരിശോധിക്കുന്നതിനും അവയുടെ പകർപ്പുകൾ കിട്ടുന്നതിനുമുള്ള അവകാശം.

അദ്ധ്യായം ൩.

പലവക.

൨൨. അഫിഷ്യൽ ട്രസ്റ്റിയുടെ കൈയിൽ കിടന്നുകൂടുന്ന പണം ഗവണ്മെന്റിൽ ഏല്പിക്കണമെന്ന്.

൨൩. അപ്രകാരം ഏല്പിക്കപ്പെടുന്ന പണം വാങ്ങുന്നതിനും അവകാശി നടത്തേണ്ട നടപടിയുടെ രീതി.

൨൪. അഫിഷ്യൽട്രസ്റ്റിയിൽ നിക്ഷിപ്തമായിരിക്കുന്ന സ്വത്തിനെസംബന്ധിച്ചു ഉത്തരവുകൾ ചെയ്യുന്നതിനു തിരുവനന്തപുരം ഡിസ്ട്രിക്ട്കോടതിക്കുള്ള അധികാരം.

൨൫. ഈ റഗുലേഷൻപ്രകാരമുള്ള ഉത്തരവിന് ആക്ക് അപേക്ഷിക്കുകമന്ന്.

൨൬. കോടതിയുടെ ഉത്തരവിനു ഒരു ഡിക്രിയുടെ ഫലമുണ്ടായിരിക്കുമെന്ന്.

൨൭. സാമാന്യചട്ടങ്ങൾ.

൨൮. അഫിഷ്യൽട്രസ്റ്റിക്കു ട്രസ്റ്റവകയ്ക്കു സ്വത്തിനെ ആദ്യത്തെ ട്രസ്റ്റിക്കോ മേററതെങ്കിലും ട്രസ്റ്റിക്കോ കൈമാററം ചെയ്തുകൊടുക്കാമെന്ന്.

൨൯. ചട്ടങ്ങൾ.

൩൦. ൧൦൮൭-ാമാണ്ടത്തെ തിരുവിതാംകൂർ രജിസ്ട്രേഷൻ റഗുലേഷനിലെ വ്യവസ്ഥകളുടെ ഒഴിവാക്കൽ.

തിരുവിതാംകൂട്ട് അഫിഷ്യൽ ട്രസ്റ്റിബിൽ.

പ്രത്യേകകക്ഷിയായി ചുരുക്കിയതിൻപ്രകാരം.

ഒരു അഫിഷ്യൽ ട്രസ്റ്റിയെ നിയമിക്കാൻ വ്യവസ്ഥചെയ്യുന്നതിനും അഫിഷ്യൽട്രസ്റ്റിയുടെ ഉദ്യോഗത്തെയും കൃത്യങ്ങളേയും സംബന്ധിച്ച നിയമത്തെ പരിഷ്കരിക്കുന്നതിനുമുള്ള ഒരു ബിൽ.

തിരുവിതാംകൂറിൽ ഒരു അഫിഷ്യൽ ട്രസ്റ്റിയെ നിയമിക്കുന്നതിനു വ്യവസ്ഥചെയ്യലും അഫിഷ്യൽട്രസ്റ്റിയുടെ ഉദ്യോഗത്തേയും കൃത്യങ്ങളേയും സംബന്ധിച്ച നിയമത്തെ പരിഷ്കരിക്കുകയും ചെയ്യുന്നതു യുക്തമായിരിക്കുകകൊണ്ടു; ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

അദ്ധ്യായം ൧.

പ്രാരംഭം.

൧. (൧) ഈ റഗുലേഷനെ തിരുവിതാംകോട്ട് അഫിഷ്യൽ ട്രസ്റ്റിറഗുലേഷൻ എന്നു വിളിക്കാവുന്നതാകുന്നു.

പ്രാബല്യവും ആരംഭവും.

(൨) ഇതു് തിരുവിതാംകൂർ മുഴുവനും വ്യാപിക്കുന്നതാകുന്നു.

(൩) ഇതു് നമ്മുടെ ഗവണ്മെന്റു നമ്മുടെ ഗവണ്മെന്റുഗസററിൽ പരസ്യംമൂലം ഇതിലേക്കായി നിശ്ചയിക്കാവുന്ന തീയതിയിൽ നടപ്പിൽ വരുന്നതാകുന്നു.

൨. വിഷയത്തിനൊ സന്ദർഭത്തിനൊ വിരുദ്ധമായി യാതൊന്നുമില്ലാത്തപക്ഷം, ഈ റഗുലേഷനിൽ—

അർത്ഥവിവരണം.

(൧) "ഡിസ്ട്രിക്ട്ജഡ്ജി" എന്നാൽ ഒരു ഡിസ്ട്രിക്ട്കോടതിയിലെ ഏതെങ്കിലും ജഡ്ജി എന്നർത്ഥമാകുന്നു.

(൨) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ റഗുലേഷൻപ്രകാരമുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

അദ്ധ്യായം ൨.

അഫിഷ്യൽട്രസ്റ്റിയുടെ ഉദ്യോഗം.

൩. നമ്മുടെ ഗവണ്മെന്റു തിരുവിതാംകൂറിൽ ഒരു അഫിഷ്യൽ ട്രസ്റ്റിയെ നിയമിക്കേണ്ടതാകുന്നു.

അഫിഷ്യൽ ട്രസ്റ്റിയുടെ നിയമനം.

ഡിപ്യൂട്ടിഅഫിഷ്യൽ ട്രസ്റ്റിയുടെനിയമനവും അധികാരങ്ങളും.

൪. നമ്മുടെ ഗവണ്മെന്റിന് അഫിഷ്യൽട്രസ്റ്റിയെ സഹായിക്കാൻ ഡിപ്യൂട്ടിയേയോ ഡിപ്യൂട്ടികളേയോ നിയമിക്കാവുന്നതും; അപ്രകാരം നിയമിക്കപ്പെടുന്ന ഏതെങ്കിലും ഡിപ്യൂട്ടി, നമ്മുടെ ഗവണ്മെന്റിന്റെ നിയന്ത്രണത്തിനും അഫിഷ്യൽട്രസ്റ്റിയുടെ സാമാന്യമൊ പ്രത്യേകമൊ ആയ ഉത്തരവുകൾക്കും ഉൾപ്പെട്ടു്, അഫിഷ്യൽട്രസ്റ്റിയുടെ ഏതെങ്കിലും കൃത്യം നിർവഹിക്കാനും ഏതെങ്കിലും അധികാരം വിനിയോഗിക്കാനും അധികാരമുണ്ടായിരിക്കുന്നതും; അപ്രകാരമുള്ള കൃത്യങ്ങൾ നിർവ്വഹിക്കുകയൊ അധികാരങ്ങൾ വിനിയോഗിക്കുകയൊ ചെയ്യുമ്പോൾ, അഫിഷ്യൽട്രസ്റ്റിയുടേതുപോലെയുള്ള അവകാശങ്ങളും ബാദ്ധ്യതകളുമുണ്ടായിരിക്കുന്നതുമാകുന്നു.

അഫിഷ്യൽട്രസ്റ്റി ഒരു ഏകാംഗസംഘമായിരിക്കുന്നതും അദ്ദേഹത്തിന് ഉദ്യോഗവും സ്ഥിരമായ പിൻഗാമിയും ഉണ്ടായിരിക്കുന്നതും അദ്ദേഹം വ്യവഹാരം കൊടുക്കുകയോ അദ്ദേഹത്തിന്റെ പേരിൽ വ്യവഹാരം കൊടുക്കുകയോ ചെയ്യുന്നത് ആ സംഘത്തിൽ ആകുവാനുമാണെന്ന്.

൪. അഫിഷ്യൽട്രസ്റ്റി, തിരുവിതാംകൂർ അഫിഷ്യൽട്രസ്റ്റി എന്ന പേരോടുകൂടി ഒരു ഏകാംഗസംഘമായിരിക്കേണ്ടതും, അയാൾക്ക് ആ നിലയിൽ സ്ഥിരമായ പിൻഗാമിയും ഒരു ഉദ്യോഗമുദ്രയും ഉണ്ടായിരിക്കേണ്ടതും അദ്ദേഹം വ്യവഹാരം കൊടുക്കുകയോ അദ്ദേഹത്തിന്റെപേരിൽ വ്യവഹാരം കൊടുക്കുകയോ ചെയ്യുന്നത് ആ സംഘത്തിൽ ആയിരിക്കാവുന്നതും ആകുന്നു.

അദ്ധ്യായം ൩.

അഫിഷ്യൽട്രസ്റ്റിയുടെ അവകാശങ്ങളും അധികാരങ്ങളും കൃത്യങ്ങളും ബാദ്ധ്യതകളും.

അഫിഷ്യൽട്രസ്റ്റിയുടെ സാമാന്യാധികാരങ്ങളും കൃത്യങ്ങളും

൫. (൧) ഈ റഗുലേഷനിലേയും ഇതിൻപ്രകാരം ഉണ്ടായിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ചും അവയ്ക്കധീനപ്പെട്ടും അഫിഷ്യൽട്രസ്റ്റി, തനിക്കു യുക്തമെന്നു തോന്നുന്ന പക്ഷം,—

(എ) ഒരു സാധാരണട്രസ്റ്റിയായി ജോലിനോക്കുകയും,

(ബി) തക്കതായ അധികാരമുള്ള ഒരു കോടതിയാൽ ട്രസ്റ്റിയായി നിയമിക്കപ്പെടുകയും ചെയ്യാവുന്നതാകുന്നു.

(൨) ഇതിനുതാഴെ പ്രത്യേകം വ്യവസ്ഥചെയ്തിട്ടുള്ളതൊഴികെ, അഫിഷ്യൽട്രസ്റ്റിക്ക് ആ നിലയിൽ ജോലിനോക്കുന്ന മറ്റേതെങ്കിലും ട്രസ്റ്റിയെപ്പോലെതന്നെ അധികാരങ്ങളും, കൃത്യങ്ങളും, ബാദ്ധ്യതകളും അവകാശങ്ങളുമുണ്ടായിരിക്കുന്നതും അദ്ദേഹം അതുപോലെതന്നെ കോടതിയുടെ നിയന്ത്രണത്തിനും ഉത്തരവുകൾക്കും അധീനനായിരിക്കുന്നതുമാകുന്നു.

(൩) അഫിഷ്യൽട്രസ്റ്റി ഏതെങ്കിലും ട്രസ്റ്റ് സ്വീകരിക്കാൻ ബദ്ധിതരായാകട്ടെ താൻ നിർദ്ദേശിക്കുന്ന നിബന്ധനകൾ അനുസരിച്ചുകൂടെ, വിസമ്മതിക്കാവുന്നതാണ്.

(൪) അഫിഷ്യൽട്രസ്റ്റി, കടക്കാരുടെ ഗുണത്തിനുവേണ്ടിയുള്ള ഏതെങ്കിലും സന്ധിയോ ഏർപ്പാടോ അനുസരിച്ചുള്ളതോ നിർദ്ധനവ്യവസ്ഥയിൽ ഉൾപ്പെട്ടതെന്നു തനിക്കു അറിയാവുന്നതോ വിശ്വാസമുള്ളതോ ആയ ഏതെങ്കിലും സ്വത്തിനെ സംബന്ധിച്ചുള്ളതോ ആയ യാതൊരു ട്രസ്റ്റും സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.

(൫) ഈ റഗുലേഷൻപ്രകാരമുള്ള വല്ല ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, അഫിഷ്യൽട്രസ്റ്റി, മതസംബന്ധമായ ഒരു കാര്യത്തിനുള്ള ഏതെങ്കിലും ട്രസ്റ്റാകട്ടെ വല്ല വ്യാപാരത്തിന്റേയും ഭരണമൊ നടത്തിപ്പൊ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ട്രസ്റ്റാകട്ടെ സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.

(൬) മരിച്ചുപോയ ഒരാളിന്റെ മരണശാസനത്തിന്റെ ഏകനടത്തിപ്പുകാരനായും അതിൻപ്രകാരമുള്ള ഏക ട്രസ്റ്റിയായുംതന്നെ പ്രത്യേകമായി നിയമിച്ചിട്ടുള്ളപക്ഷം അല്ലാതെ, അഫിഷ്യൽട്രസ്റ്റി അപ്രകാരമുള്ള ആളിന്റെ സ്വത്തു ഭരിക്കാൻ പാടില്ലാത്തതാകുന്നു.

(൭) അഫിഷ്യൽട്രസ്റ്റി എല്ലായ്പ്പോഴും ഏകാകിയായ ട്രസ്റ്റി ആയിരിക്കേണ്ടതും മറ്റേതെങ്കിലും ആളിനോടുകൂടി അഫിഷ്യൽട്രസ്റ്റിയെ ഒരു ട്രസ്റ്റിയായി നിയമിക്കുന്നതു നിയമപ്രകാരം സാധുവായിരിക്കുന്നതല്ലാത്തതുമാകുന്നു.

ട്രസ്റ്റ് ഏർപ്പെടുത്തുന്ന ആളിന്, ആ വക സ്വത്തിന്റെ ട്രസ്റ്റിയായി അഫിഷ്യൽട്രസ്റ്റിയെ അദ്ദേഹത്തിന്റെ സമ്മതത്തോടുകൂടി നിയമിക്കാമെന്ന്.

൬. (൧) ഈ റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ച് അഫിഷ്യൽട്രസ്റ്റിസ്വീകരിക്കാൻ പാടില്ലെന്നു നിരോധിച്ചിരിക്കുന്നതല്ലാതെയുള്ള ഒരു ട്രസ്റ്റ് ഏർപ്പെടുത്താനുദ്ദേശിക്കുന്ന ഏതെങ്കിലും ആളിന്, ആ ട്രസ്റ്റ് ഏർപ്പെടുത്തുന്ന കരണപ്രകാരവും അഫിഷ്യൽട്രസ്റ്റിയുടെ സമ്മതത്തോടുകൂടിയും, അദ്ദേഹത്തെ, ആ പേരിലോ മതിയായ മറ്റേതെങ്കിലും വിവരണത്താലോ ആ ട്രസ്റ്റിയുൾപ്പെട്ട സ്വത്തിന്റെ ട്രസ്റ്റിയായി നിയമിക്കാവുന്നതാകുന്നു.

എന്നാൽ അഫിഷ്യൽട്രസ്റ്റിയുടെ സമ്മതം ടി കരണത്തിൽ ചേർത്തിരിക്കേണ്ടതും ആ വക കരണം അഫിഷ്യൽട്രസ്റ്റി മുറപ്രകാരം എഴുതിപ്പിടിക്കേണ്ടതുമാകുന്നു.

(൨) അപ്രകാരം നിയമിച്ചുകഴിഞ്ഞാൽ ആ ട്രസ്റ്റിയുൾപ്പെട്ട സ്വത്തു അഫിഷ്യൽട്രസ്റ്റിക്കുചെല്ലുന്നതും അദ്ദേഹം അതിനെ ആ വക കരണത്തിൽ പ്രസ്താവിച്ചിട്ടുള്ള ട്രസ്റ്റുകൾ അനുസരിച്ചു കൈവശം വച്ചുകൊള്ളേണ്ടതുമാകുന്നു.

അഫിഷ്യൽ ട്രസ്റ്റി മരണശാസനപ്രകാരം ട്രസ്റ്റിയായി നിയമിക്കുക.

വ. എന്തെങ്കിലും മരണശാസനപ്രകാരം അഫിഷ്യൽട്രസ്റ്റിയെ ആ പേരിലൊ മതിയായ മറ്റേതെങ്കിലും വിവരണത്താലൊ ട്രസ്റ്റിയായി നിയമിച്ചിട്ടുള്ളപക്ഷം, ആ മരണശാസനക്കാരന്റെ മരണശാസനത്തിന്റെ നടത്തിപ്പുകാരനാകട്ടെ മരണശാസനക്കാരന്റെ സ്വത്തിന്റെ ഭരണക്കാരനാകട്ടെ മരണശാസനലക്ഷ്യമോ ഭരണാധികാരപത്രമൊ വാങ്ങിയതിനുശേഷം, ആ മരണശാസനത്തിലടങ്ങിയ വിവരങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ അഫിഷ്യൽ ട്രസ്റ്റിയെ തെളിപ്പെടുത്തേണ്ടതാണ്. ട്രസ്റ്റിയെ സ്വീകരിക്കാനെന്നു അഫിഷ്യൽട്രസ്റ്റി സമ്മതിക്കുന്നപക്ഷം, ആ നടത്തിപ്പുകാരനൊ ഭരണക്കാരനൊ ട്രസ്റ്റിലുൾപ്പെട്ട സ്വത്തു, അഫിഷ്യൽട്രസ്റ്റിയുടെപേക്ക കൈമാറ്റംചെയ്യുന്നതായി രേഖാമൂലമായ ഒരു കരണം എഴുതി കൊടുക്കുന്നതായാൽ ആ വക സ്വത്തു, അഫിഷ്യൽട്രസ്റ്റിക്ക ചെല്ലുന്നതും അദ്ദേഹം അതിനെ ടി മരണശാസനത്തിൽ പറഞ്ഞിട്ടുള്ള ട്രസ്റ്റുകൾ അനുസരിച്ചു കൈവശം വച്ചുകൊള്ളേണ്ടതുമാകുന്നു.

എന്നാൽ അഫിഷ്യൽ ട്രസ്റ്റിയുടെ സമ്മതം ടി കരണത്തിൽ പറഞ്ഞിരിക്കേണ്ടതും ആ വക കരണം അഫിഷ്യൽ ട്രസ്റ്റി മുറപ്രകാരം എഴുതിപ്പിടിക്കേണ്ടതുമാകുന്നു.

അഫിഷ്യൽ ട്രസ്റ്റിയെ സ്വത്തിന്റെ ട്രസ്റ്റിയായി നിയമിക്കുന്നതിന ഡിസ്ട്രിക്ട് കോടതിക്കുള്ള അധികാരം.

ൻ. (എ) ഈ റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു അഫിഷ്യൽട്രസ്റ്റി സ്വീകരിക്കാൻപാടില്ലെന്നു നിരോധിച്ചിരിക്കുന്നതല്ലാതെയുള്ള ഒരു ട്രസ്റ്റിൽ വല്ല സ്വത്തും ഉൾപ്പെട്ടിരിക്കയും, ആ വക സ്വത്തൊ അതിന്റെ എന്തെങ്കിലും ഭാഗമൊ സ്ഥിതിചെയ്യുന്ന സ്ഥലത്തെ ഡിസ്ട്രിക്ട്കോടതിയുടെ അധികാരത്തിക്കുള്ളിൽ ട്രസ്റ്റനുസരിച്ചു ജോലിനോക്കാൻ സമ്മതമൊ ശേഷിയൊ ഉള്ള ഒരു ട്രസ്റ്റിയില്ലാതിരിക്കയുംചെയ്യുന്നപക്ഷം, അഫിഷ്യൽ ട്രസ്റ്റിയെ ആ പേരിലും അദ്ദേഹത്തിന്റെ സമ്മതത്തോടുകൂടിയും ആവക സ്വത്തിന്റെ ട്രസ്റ്റിയായി നിയമിക്കാൻ ഡിസ്ട്രിക്ട്കോടതിക്ക് അപേക്ഷപ്രകാരം ഉത്തരവുചെയ്യാവുന്നതാകുന്നു.

(ഒ) അപ്രകാരമുള്ള ഉത്തരവിനുശേഷം, ആവക സ്വത്തു അഫിഷ്യൽട്രസ്റ്റിക്ക ചെല്ലേണ്ടതും, ആ ഉത്തരവിനുമുൻപ് അതിനെ എന്തെല്ലാം ട്രസ്റ്റുകൾ അനുസരിച്ചു കൊടുത്തിരുന്നുവൊ ആ ട്രസ്റ്റുകൾ അനുസരിച്ചു തന്നെ അദ്ദേഹം ആ സ്വത്തു കൈവശം വച്ചുകൊള്ളേണ്ടതും, മുൻട്രസ്റ്റിയൊ ട്രസ്റ്റികളൊ വല്ലവരുമുണ്ടെങ്കിൽ അവർ, ആ ഉത്തരവിന്റെ തീയതിക്കുമുൻപു ചെയ്തിട്ടുള്ള പ്രവൃത്തികളെ സംബന്ധിച്ചുതൊഴികെ, ആ സ്വത്തിന്റെ ട്രസ്റ്റികൾ എന്ന നിലയിലുള്ള ബാദ്ധ്യതയിൽനിന്നു ഒഴിവായിരിക്കേണ്ടതുമാകുന്നു.

അഫിഷ്യൽട്രസ്റ്റിയെ സ്വത്തിന്റെ ട്രസ്റ്റിയായി നിയമിക്കുന്നതിന മററു ട്രസ്റ്റികൾക്കുള്ള അധികാരം.

ഗ. (എ) ഈ റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു അഫിഷ്യൽട്രസ്റ്റി സ്വീകരിക്കാൻ പാടില്ലെന്നു നിരോധിച്ചിരിക്കുന്നതല്ലാതെയുള്ള ഒരു ട്രസ്റ്റിൽ വല്ല സ്വത്തും ഉൾപ്പെട്ടിരിക്കയും ട്രസ്റ്റികൾ എല്ലാവരുമൊ ജീവിച്ചിരിക്കുന്നതൊ ഉടനുജോലിനോക്കിവരുന്നതൊ ആയ ട്രസ്റ്റിയൊ ട്രസ്റ്റികളൊ ഇവർക്കും ട്രസ്റ്റിൽ ആകായസംബന്ധമായ അവകാശമുള്ള എല്ലാ ആളുകൾക്കും അപ്രകാരമുള്ള ട്രസ്റ്റിക്കൊ ട്രസ്റ്റികൾക്കൊ പകരം അഫിഷ്യൽട്രസ്റ്റിയെ നിയമിക്കണമെന്നു ആഗ്രഹമുണ്ടായിരിക്കയും ചെയ്യുന്നപക്ഷം, അപ്രകാരമുള്ള ട്രസ്റ്റിക്കൊ ട്രസ്റ്റികൾക്കൊ രേഖാമൂലമായ ഒരു കരണപ്രകാരം അഫിഷ്യൽട്രസ്റ്റിയെ ആ പേരിലൊ മതിയായ മറ്റേതെങ്കിലും വിവരണത്താലൊ അദ്ദേഹത്തിന്റെ സമ്മതത്തോടുകൂടി ആ വക സ്വത്തിന്റെ ട്രസ്റ്റിയായി നിയമിക്കാവുന്നതാണ്.

എന്നാൽ അഫിഷ്യൽട്രസ്റ്റിയുടെ സമ്മതം ടി കരണത്തിൽ പറഞ്ഞിരിക്കേണ്ടതും ആ കരണം അഫിഷ്യൽട്രസ്റ്റി മുറപ്രകാരം എഴുതിപ്പിടിക്കേണ്ടതുമാകുന്നു.

(ഒ) അപ്രകാരമുള്ള നിയമനത്തിനുശേഷം ആവകസ്വത്തു അഫിഷ്യൽട്രസ്റ്റിക്ക ചെല്ലുന്നതും ആനിയമനത്തിനു മുൻപു അതിനെ എന്തെല്ലാം ട്രസ്റ്റുകൾ അനുസരിച്ചു കൊടുത്തിരുന്നുവൊ ആ ട്രസ്റ്റുകൾ അനുസരിച്ചു തന്നെ അദ്ദേഹം ആ സ്വത്തു കൈവശം വച്ചുകൊള്ളേണ്ടതും മുൻട്രസ്റ്റിയൊ ട്രസ്റ്റികളൊ ആ നിയമനത്തിന്റെ തീയതിക്കുമുൻപു ചെയ്തിട്ടുള്ള പ്രവൃത്തികളെ സംബന്ധിച്ചുതൊഴികെ, ആ സ്വത്തിന്റെ ട്രസ്റ്റികൾ എന്ന നിലയിലുള്ള സകല ബാദ്ധ്യതയിൽനിന്നും ഒഴിവായിരിക്കേണ്ടതുമാകുന്നു.

ഒരുശിശുവിനൊ ഭ്രാന്തനൊ ചെല്ലേണ്ടതായുള്ളാവകാശം, മരണശാസനപ്രകാരമുള്ള ദാനമെന്നതായ വയെ നടത്തിപ്പുകാരനാകട്ടെ ഭരണക്കാരനാകട്ടെ അഫിഷ്യൽട്രസ്റ്റിയെ ഏല്പിക്കാമെന്നു്.

ഗ. (എ) ഒരുശിശുവിനൊ ഭ്രാന്തനൊ ഏതെങ്കിലും ദാനത്തിനൊ, മരണശാസനപ്രകാരമുള്ള ദാനത്തിനൊ മരിച്ചുപോയ ഒരാളിന്റെ മുതലിൽ ഒരോഹരിക്കൊ അവകാശമുണ്ടായിരിക്കുന്നപക്ഷം, അപ്രകാരമുള്ള ദാനമെടുക്കുന്ന ആളിനാകട്ടെ, അപ്രകാരമുള്ള ഓഹരിയെ മരണശാസനപ്രകാരമുള്ള ദാനമൊ കൊടുത്തുതീർക്കയൊ കൈമാറ്റം ചെയ്യുകയൊ ചെയ്യേണ്ടതായ നടത്തിപ്പുകാരനൊ ഭരണക്കാരനൊ ആകട്ടെ, അപ്രകാരമുള്ള ദാനത്തിന്റെയൊ ഓഹരിയുടെയൊ മരണശാസനപ്രകാരമുള്ള ദാനത്തിന്റെയൊ എന്തെങ്കിലും ട്രസ്റ്റിക്കാകട്ടെ, രേഖാമൂലമായ ഒരു കരണപ്രകാരം അഫിഷ്യൽട്രസ്റ്റിയുടെപേക്ക് ആ പേരിലൊ മതിയായ മറ്റേതെങ്കിലും വിവരണത്താലൊ, അദ്ദേഹത്തിന്റെ സമ്മതത്തോടുകൂടി അതിനെ ന്യായമായി കൈമാറ്റംചെയ്തു കൊടുക്കാവുന്നതാകുന്നു.

എന്നാൽ അഫിഷ്യൽട്രസ്റ്റിയുടെ സമ്മതം ടി കരണത്തിൽ പറഞ്ഞിരിക്കേണ്ടതും ആ കരണം അഫിഷ്യൽട്രസ്റ്റി മുറപ്രകാരം എഴുതിപ്പിടിക്കേണ്ടതുമാകുന്നു.

(ഒ) ഇപ്രകാരപ്രകാരം അഫിഷ്യൽട്രസ്റ്റിയുടെപേക്ക കൈമാറ്റം ചെയ്യപ്പെടുന്ന ഏതെങ്കിലും പണമാകട്ടെ സ്വത്താകട്ടെ, അദ്ദേഹത്തിനു ചെല്ലുന്നതും അഫിഷ്യൽട്രസ്റ്റിക്ക ചെല്ലുന്ന മററു സ്വത്തിനെ സംബന്ധിച്ചു ഈ റഗുലേഷനിലുള്ള വ്യവസ്ഥകൾക്കുൾപ്പെട്ടിരിക്കുന്നതുമാകുന്നു.

ജാമ്യപ്പത്രമോ ജാമ്യമോ കൊടുക്കാൻ അഫിഷ്യൽ ട്രസ്റ്റിയോട് ആവശ്യപ്പെടാൻ പാടില്ല.

൧൨. (൧) ഈ റഗ്ലേഷൻപ്രകാരം ഏതെങ്കിലും നിലയിൽ നിയമിക്കുമ്പോൾ ഏതെങ്കിലും ജാമ്യപ്പത്രമോ ജാമ്യമോ എഴുതിക്കൊടുക്കണമെന്ന് യാതൊരു കോടതിക്കും അഫിഷ്യൽ ട്രസ്റ്റിയോടു ആവശ്യപ്പെടാൻ പാടില്ലാത്തതാകുന്നു.

(൨) ഈ റഗ്ലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു അദ്ദേഹം ബോധിപ്പിക്കുന്ന ഏതെങ്കിലും ഹർജി തന്റെ ഒപ്പുമുദ്രമല്ലാതെ മറ്റുപ്രകാരത്തിൽ സത്യബോധപ്പെടുത്തണമെന്ന് അഫിഷ്യൽട്രസ്റ്റിയോടാകട്ടെ ഡിപ്പൂട്ടി അഫിഷ്യൽട്രസ്റ്റിയോടാകട്ടെ ആവശ്യപ്പെടാൻ പാടില്ലാത്തതും, ആ വക ഏതെങ്കിലും ഹർജികളിൽ പറഞ്ഞിട്ടുള്ള വസ്തുതകൾ അദ്ദേഹത്തിന്റെ നേരിട്ടുള്ള അറിവിൽപ്പെട്ടതല്ലാത്തപക്ഷം, സത്യബോധപ്പെടുത്തുന്നതിനു അധികാരമുള്ള ഏതെങ്കിലും ആളിന് ആ ഹർജി സത്യബോധപ്പെടുത്തി ഒപ്പിടുവാനുള്ളതുമാകുന്നു.

അഫിഷ്യൽട്രസ്റ്റിഎന്നു ചേർക്കുന്നതുകൊണ്ടു ഒരു ട്രസ്റ്റിന്റെ നോട്ടീസാകയില്ലെന്നു.

൧൩. ഒരു കമ്പനിയിലെ ബുക്കുകളിൽ അഫിഷ്യൽട്രസ്റ്റിയെ ആ പേരിൽ ചേർക്കുന്നതു ഒരു ട്രസ്റ്റിനെ സംബന്ധിച്ചുള്ള നോട്ടീസാകുന്നതല്ലാത്തതും അഫിഷ്യൽട്രസ്റ്റി ഒരു സംഘമാണെന്നുള്ള കാരണത്താൽ മാത്രം അഫിഷ്യൽട്രസ്റ്റിയുടെ പേരു കമ്പനിവക രജിസ്റ്ററിൽ ചേർക്കാൻ പാടില്ലെന്നു ആക്ഷേപിക്കാൻ ഒരു കമ്പനിക്കു അവകാശമില്ലാത്തതും, സ്വന്തം കൈകാര്യം ചെയ്യുന്നതിൽ ആരുമായി കൈകാര്യംചെയ്യുന്നുവെന്നു ആ ആൾ അഫിഷ്യൽട്രസ്റ്റിയാണെന്നുള്ള വസ്തുതമാത്രം ഒരു ട്രസ്റ്റിനെ സംബന്ധിച്ചു നോട്ടീസ്സാകുന്നതല്ലാത്തതുമാകുന്നു.

ഗവണ്മെന്റിന്റെ ബാദ്ധ്യത.

൧൪. (൧) അഫിഷ്യൽട്രസ്റ്റിയാകട്ടെ അദ്ദേഹത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരാകട്ടെ യാതൊരുവിധത്തിലും പങ്കുകൊണ്ടിട്ടില്ലാത്തതോ അദ്ദേഹത്തിനാകട്ടെ അദ്ദേഹത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്കാകട്ടെ ന്യായമായ ശ്രമംകൊണ്ടു തടയാൻ പാടില്ലാതിരുന്നതോ ആയ ബാദ്ധ്യതയൊഴികെ, അഫിഷ്യൽട്രസ്റ്റി ഒരു പ്രൈവേറ്റുട്രസ്റ്റി ആയിരുന്നെങ്കിൽ തന്നത്താൻ കൊടുത്തുതീർക്കേണ്ടതായ ഏതെങ്കിലും ബാദ്ധ്യത തീർക്കുന്നതിനാവശ്യമുള്ള സകല തുകകളും കൊടുക്കാൻ നമ്മുടെ ഗവണ്മെന്റിനു ബാദ്ധ്യതയുണ്ടായിരിക്കുന്നതും മേല്പറഞ്ഞ രണ്ടു സംഗതികളിലും അഫിഷ്യൽട്രസ്റ്റിക്കാകട്ടെ നമ്മുടെ ഗവണ്മെന്റിനാകട്ടെ യാതൊരുബാദ്ധ്യതയും ഉണ്ടായിരുക്കുന്നതല്ലാത്തതുമാകുന്നു.

(൨) നമ്മുടെഗവണ്മെന്റു (൧)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചുകൊടുക്കേണ്ടതായിവന്നിട്ടുള്ള ഏതെങ്കിലുംതുക അടച്ചുതീർക്കാൻ അഫിഷ്യൽട്രസ്റ്റിയുദ്യോഗമാകട്ടെ അദ്ദേഹത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗമാകട്ടെ വഹിക്കുന്നതോ വഹിച്ചിട്ടുള്ളതോ ആയ ആളിനു നമ്മുടെ ഗവണ്മെന്റിനോടുള്ള ബാദ്ധ്യതയെ പി ഉപവകുപ്പിലുള്ള യാതൊന്നും സംബന്ധിക്കുന്നതായി ഗണിച്ചുകൂടുന്നതല്ല.

ചിലസംഗതികളിൽ വ്യവഹാരത്തിന്റെ മനോട്ടീസ് ആവശ്യമില്ലെന്നു.

൧൫. വ്യക്തിപരമായ നിലയിൽ അഫിഷ്യൽ ട്രസ്റ്റിയിൽനിന്നു പരിഹാരം അവകാശപ്പെടാതെ അദ്ദേഹത്തിന്റെ പേരിലുള്ള ഏതെങ്കിലും വ്യവഹാരത്തെ ൧൯൦൮-ാമാണ്ടത്തെ സിവൽനടപടി നിയമത്തിലെ ൫൩-ാംവകുപ്പിലുള്ള യാതൊന്നും സംബന്ധിക്കുന്നതല്ല.

അധ്യായം ൪.

ഫീസ്.

ഫീസ്.

൧൬. (൧) അഫിഷ്യൽ ട്രസ്റ്റിയുടെ കൃത്യങ്ങളെ സംബന്ധിച്ചു ശരിമാനുസൃതകാരമോ മറ്റുവിധത്തിലോ നമ്മുടെ ഗവണ്മെന്റു നിർണ്ണയിക്കാവുന്ന ഫീസ് ചുമത്തേണ്ടതാകുന്നു.

(൨) ഈ വകുപ്പിൻപ്രകാരമുള്ള ഫീസ് ഓരോ വസ്തുക്കൾക്കൊ ഓരോതരത്തിലുള്ള വസ്തുക്കൾക്കൊ ഓരോ കൃത്യങ്ങൾക്കൊ ഓരോ നിരക്കനുസരിച്ചായിരിക്കാവുന്നതും, ഈ റഗ്ലേഷൻപ്രകാരം നമ്മുടെ ഗവണ്മെന്റിനു നഷ്ടമുണ്ടാകാതിരിക്കുന്നതിന് ആവശ്യമുള്ളതായി നമ്മുടെ ഗവണ്മെന്റ് നിശ്ചയിക്കാവുന്നതുക ഉൾപ്പെടെ ഈ റഗ്ലേഷന്റെ പ്രവർത്തനത്തിന് അവശ്യംവേണ്ടിവരുന്ന ശമ്പളം മുതലായ സകല ചിലവുകളും വഹിക്കുന്നതിനു മതിയായ ഒരുതുക വരത്തക്കവണ്ണം കഴിയുന്നിടത്തോളം അതിനെ സംബന്ധിച്ച് വ്യവസ്ഥചെയ്യേണ്ടതുമാകുന്നു.

ഫീസിന്റെ വിനിയോഗം.

൧൭. (൧) അഫിഷ്യൽട്രസ്റ്റി ഒരു പ്രൈവേറ്റ് ട്രസ്റ്റിയായിരുന്നാൽ ട്രസ്റ്റുവക പണത്തിൽനിന്ന് കൊടുക്കുകയൊ കൈവശംവച്ചുകൊള്ളുകയൊ ചെയ്യാവുന്ന സകല ചിലവുകളും അപ്രകാരം കൊടുക്കുകയൊ കൈവശംവച്ചുകൊള്ളുകയൊ ചെയ്യേണ്ടതും, ഈ റഗ്ലേഷൻപ്രകാരം ഈടാക്കാവുന്ന ഏതെങ്കിലും ഫീസ് അപ്രകാരമുള്ള ചിലവുകൾക്കു പുറമേയും അതേരീതിയിലും കൊടുക്കുകയൊ കൈവശംവച്ചുകൊള്ളുകയൊ ചെയ്യേണ്ടതുമാകുന്നു.

(൨) ഈ റഗ്ലേഷൻപ്രകാരം താൻ വാങ്ങിയിട്ടുള്ള സകല ഫീസും അഫിഷ്യൽട്രസ്റ്റി, നമ്മുടെ ഗവണ്മെന്റു നിർണ്ണയിക്കുന്ന രീതിയിലും സമയങ്ങളിലും നമ്മുടെഗവണ്മെന്റു നിർണ്ണയിക്കുന്നഅധികാരിയുടെപേർക്ക് കൈമാറ്റം ചെയ്യലും കൊടുക്കുകയും ചെയ്യേണ്ടതും, അതിനെ നമ്മുടെ ഗവണ്മെന്റുവക മുതലിൽ കൊള്ളിക്കേണ്ടതുമാകുന്നു.

അദ്ധ്യായം ൪.

കണക്കു പരിശോധന.

൧൯. (൧) കുറഞ്ഞപക്ഷം ആണ്ടിൽ ഒരു തവണ വീതവും നമ്മുടെ ഗവണ്മെൻറ് ആജ്ഞാപിക്കുന്നപക്ഷം മറേറതെങ്കിലും സമയത്തും, അഫിഷ്യൽ ട്രസ്റ്റിയുടെ കണക്കുകൾ, നിർണ്ണയിക്കപ്പെടുന്ന ആളിനാലും നിർണ്ണയിക്കപ്പെടുന്ന രീതിയിലും പരിശോധിക്കപ്പെടേണ്ടതാകുന്നു.

അഫിഷ്യൽ ട്രസ്റ്റിയുടെ കണക്കുകൾ മുതലായവ പരിശോധിക്കുന്നതിന് ഗവണ്മെൻറിലേക്കു റിപ്പോർട്ടു ചെയ്യുന്നതിന് ആഡിററർമാരെ നിയമിക്കണമെന്നു.

(൨) ആഡിററർ ആവക കണക്കുകൾ പരിശോധിക്കേണ്ടതും, നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ അതിനേസംബന്ധിച്ച ഒരു സ്റ്റേറമെൻറും അതിന്മേലുള്ള ഒരു റിപ്പോർട്ടും താൻ ഒപ്പിട്ടതും—

(എ) കണക്കുകളിൽ ഉണ്ടായിരിക്കേണ്ടതായ സകലതിൻെറയും പൂർണ്ണവും സത്യവുമായ വിവരം അവയിൽ അടങ്ങിയിട്ടുണ്ടോ എന്നും,

(ബി) ഈ റഗ്ലേഷൻപ്രകാരമുള്ള ഏതെങ്കിലും ചട്ടങ്ങളിൽ അഫിഷ്യൽ ട്രസ്റ്റി സൂക്ഷിക്കണമെന്നാജ്ഞാപിച്ചിട്ടുള്ള ബുക്കുകൾ മുറപ്രകാരവും ക്രമമായും സൂക്ഷിച്ചിട്ടുണ്ടോയെന്നും,

(സി) ട്രസ്റ്റുവകയ്ക്കുള്ള പണവും ജാമ്യങ്ങളും ഈ റഗ്ലേഷനാലോ അതിൻപ്രകാരമുള്ള ഏതെങ്കിലും ചട്ടങ്ങളാലോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ മുറപ്രകാരം മുടക്കുകയും നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ടോയെന്നും,

അല്ലെങ്കിൽ, (കാര്യത്തിൻെറ അവസ്ഥപോലെ) സർട്ടിഫിക്കററിൽ പ്രത്യേകം കാണിക്കാവുന്ന സംഗതികളിൽ ഈ റഗ്ലേഷനിലേയും അതിൻപ്രകാരമുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾ അഫിഷ്യൽട്രസ്റ്റി നിറവേററിയിട്ടില്ലെന്നോ അല്ലെങ്കിൽ ടി കണക്കുകൾ ന്യൂനതയുള്ളതാണെന്നും,

കാണിക്കുന്നതുമായ ഒരു സർട്ടിഫിക്കററും നമ്മുടെ ഗവണ്മെൻറിലേയ്ക്കു അയക്കുകയും ചെയ്യേണ്ടതാകുന്നു.

൧൦. (൧) എല്ലാ ആഡിററർക്കും—

(എ) ഹാജരാകണമെന്നു തനിക്കു തോന്നുന്ന ഏതെങ്കിലും ആൾ അപ്പോഴപ്പോൾ തൻെറ മുമ്പാകെ ഹാജരാകണമെന്നു് ആവശ്യപ്പെടുന്നതിനും,

(ബി) ഏതെങ്കിലും ആളിനെക്കൊണ്ടു സത്യംചെയ്യിച്ചു അയാളെ വിസ്തരിക്കുന്നതിനും,

(സി) രേഖപ്പെടുത്തിയിട്ടുള്ള ചോദ്യങ്ങൾ അനുസരിച്ചോ മററുപ്രകാരത്തിലോ ഏതെങ്കിലും ആളിനെ വിസ്തരിക്കാൻ ഒരു കമ്മീഷൻ അയക്കുന്നതിനും,

(ഡി) അപ്രകാരമുള്ള ആഡിററിൻേറയോ പരിശോധനയുടേയോ കാര്യങ്ങൾക്കായി ഹാജരാക്കേണ്ടതാവശ്യമെന്നു തോന്നുന്ന ഏതെങ്കിലും രേഖയോ പദാർത്ഥമോ ഹാജരാക്കാൻ ഏതൊരാളിനോടും ആവശ്യപ്പെടുന്നതിനും,

സാക്ഷികൾ ഹാജരാകണമെന്നും രേഖകൾ ഹാജരാക്കണമെന്നും ആവശ്യപ്പെടാൻ ആഡിററർക്കുള്ള അധികാരം.

൧൯൦-ാമത്തെ സിവിൽനടപടിനിയമപ്രകാരം ഒരു സിവിൽകോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാകുന്നു.

(൨) ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനോ ഏതെങ്കിലും രേഖയോ പദാർത്ഥമോ ഹാജരാക്കുന്നതിനോ വിസമ്മതിക്കയോ ന്യായമായ കാരണംകൂടാതെ ഉദാസീനതകാണിക്കയോ ചെയ്തതാകട്ടെ, ഹാജരായതിനുശേഷം സത്യംചെയ്യുന്നതിനോ വിസ്തരിക്കപ്പെടുന്നതിനോ വിസമ്മതിക്കയാകട്ടെ ചെയ്യുന്ന ഏതെങ്കിലും ആൾ ഒരു കുററം ചെയ്തതായി ഗണിക്കപ്പെടേണ്ടതും ഒരു മജിസ്ട്രേട്ടിൻെറ മുൻപാകെ കുററം സ്ഥാപിക്കപ്പെടുന്നപക്ഷം അമ്പതിൽക്കു അനുസൃതമായി കവിയാത്ത പിഴശിക്ഷ കല്പിക്കേണ്ടതുമാകുന്നു.

(൩) നമ്മുടെ ഗവണ്മെൻറിൻെറ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഈ വകുപ്പിൻപ്രകാരമുള്ള ഒരു കുററത്തിനു പ്രോസിക്യൂഷൻ നടത്താൻ പാടില്ലാത്തതാകുന്നു.

൨൦. അപ്രകാരമുള്ള എല്ലാ ആഡിററിനും പരിശോധനയ്ക്കും ഉള്ളതും വെണ്ടിവരുന്നതുമായ ചിലവുകൾക്കു പരിശോധനയ്ക്കുള്ള ചിലവുമുതലായതു് ഏങ്ങനെ കൊടുക്കണമെന്നു.

നമ്മുടെ ഗവണ്മെൻറിൻനിന്നുണ്ടാക്കുന്ന ചട്ടങ്ങൾ അനുസരിച്ചു നിശ്ചയിക്കേണ്ടതും കൊടുത്തുതീർക്കേണ്ടതുമാകുന്നു.

൨൧. അഫിഷ്യൽട്രസ്റ്റി ഭരിക്കുന്ന ഒരു ട്രസ്റ്റ് ആക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതോ അയാൾക്കു കണക്കുകൾ പരിശോധിക്കുന്നതിനും അവയുടെ പകർപ്പുകൾ കിട്ടുന്നതിനുമുള്ള അവകാശം.

ട്രസ്റ്റ് ആക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതിനുള്ള അവകാശം.

അതിനു അവകാശമുണ്ടായിരിക്കുന്നതാകുന്നു.

എല്ലാ സമയത്തും ആവക ട്രസ്റ്റിൻെറ കണക്കുകളും ആഡിററർമാരുടെ റിപ്പോർട്ടും സർട്ടിഫിക്കററും പരിശോധിക്കുന്നതിനും നിർണ്ണയിക്കപ്പെട്ട ഫീസുകൊടുത്താൽ അവയുടെ പകർപ്പുകളും സംക്ഷേപങ്ങളും കിട്ടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാകുന്നു.

അദ്ധ്യായം ൩.

പലവക.

൨൨. ഒരു ട്രസ്റ്റ് ആക്കുവാണ്ടി ഏർപ്പെടുത്തിയിരിക്കുന്നതോ അയാറിക്കുകൊടുക്കേണ്ടതായ ഏതെങ്കിലും മുതൽ അതു വാങ്ങാൻ അവകാശമുള്ള ആളിനെ കണ്ടുപിടിക്കാൻ അഫിഷ്യൽ ട്രസ്റ്റിക്കു നിവൃത്തിയില്ലാതിരുന്നതുകൊണ്ട്, പന്ത്രണ്ടു കൊല്ലമൊ അതിൽ കൂടുതൽകാലമൊ അഫിഷ്യൽട്രസ്റ്റിയുടെ കൈവശത്തിലിരിക്കുന്നതായാൽ, ആവക മുതൽ, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നമ്മുടെ ഗവണ്മെൻറിലേക്കു കൈമാററം ചെയ്യേണ്ടതാകുന്നു.

അഫിഷ്യൽ ട്രസ്റ്റിയുടെ കൈയിൽ കിടന്നു കൂടുന്നമുതൽ ഗവണ്മെൻറിൽ ഏല്പിക്കുന്നമെന്ന്.

എന്നാൽ അതിനെസംബന്ധിച്ച് ഏതെങ്കിലും കോടതിയിൽ ഏതെങ്കിലും വ്യവഹാരമൊ നടപടിമൊ നടക്കുന്നപക്ഷം, ആവക മുതൽ അപ്രകാരം കൈമാററംചെയ്യാൻ പാടില്ലാത്തതാണ്.

൨൩. (൧) അപ്രകാരം കൈമാററംചെയ്യുന്ന മുതലിനെ സംബന്ധിച്ച് ഏതെങ്കിലും അവകാശം ബോധിപ്പിക്കയും നിർണ്ണയിക്കപ്പെട്ട അധികാരിക്ക് ബോധ്യമാകത്തക്കവണ്ണം ആ അവകാശം സ്ഥാപിക്കുകയും ചെയ്യുന്നപക്ഷം, അവകാശം സ്ഥാപിക്കപ്പെട്ട മുതൽ നമ്മുടെ ഗവണ്മെൻറ് അവകാശിക്കുകൊടുക്കേണ്ടതാകുന്നു.

അപ്രകാരം ഏല്പിക്കപ്പെടുന്നമുതൽ വാങ്ങുന്നതിന് അവകാശി നടത്തേണ്ട നടപടിയുടെ രീതി.

(൨) നിർണ്ണയിക്കപ്പെട്ട അധികാരിക്ക് ബോധ്യമാകത്തക്കവണ്ണം ആ അവകാശം സ്ഥാപിക്കപ്പെടാത്തപക്ഷം, ആ വക മുതൽ വാങ്ങുന്നതിന് മററേതെങ്കിലും നടപടിനടത്താൻ തനിക്കുള്ള അവകാശത്തിന് ഹാനിക്കുടാതെ, അവകാശിക്ക് നമ്മുടെ ഗവണ്മെൻറിന്റെ പേരിൽ ഹജ്ജിമൂലം, തിരുവനന്തപുരംഡിസ്ട്രിക്ട് കോടതിയിൽ അപേക്ഷിക്കാവുന്നതും, ആ കോടതിയുക്തമെന്നു തോന്നുന്ന തെളിവു വാങ്ങിയതിനുശേഷം ആ വക മുതൽ കൊടുക്കുന്നതിനെസംബന്ധിച്ച് ഹർജിയിന്മേൽ യുക്തമെന്നു തോന്നുന്ന ഉത്തരവുചെയ്യേണ്ടതും, ആ ഉത്തരവ് ആനടപടിയിലെ എല്ലാകക്ഷികളേയും ബന്ധിക്കുന്നതുമാകുന്നു.

(൩) ആ നടപടിക്കുള്ള ചിലവു മുഴുവനുമൊ അതിന്റെ ഏതെങ്കിലുംഭാഗമൊ ഇന്നാരു കൊടുക്കണമെന്നും കോടതിക്ക് ആജ്ഞാപിക്കാവുന്നതാകുന്നു.

(൪) ഈ വകുപ്പിൻപ്രകാരമുള്ള ഏതെങ്കിലും ഉത്തരവനുസരിച്ചു നമ്മുടെ ഗവണ്മെൻറ് കൊടുത്തിട്ടുള്ള ഏതെങ്കിലും മുതലിനെ സംബന്ധിച്ചു യാതൊരാളിനും നമ്മുടെ ഗവണ്മെൻറിന്റെ പേരിൽ കൂടുതലായിയാതൊരവകാശവും ബോധിപ്പിക്കാൻ പാടില്ലാത്തതാകുന്നു.

ഈ റഗുലേഷൻ പ്രകാരമുള്ള ഉത്തരവിന് അപേക്ഷിക്കാമെന്ന്.

൨൪. ഏതെങ്കിലും ട്രസ്റ്റ് സ്വത്തിൽ ആദായസംബന്ധമായ അവകാശമുള്ള ഏതെങ്കിലും ആളിന്റെയൊ അതിന്റെ ഏതെങ്കിലും ട്രസ്റ്റിയുടേയൊ അപേക്ഷയിന്മേൽ, ഈ റഗുലേഷൻ പ്രകാരമുള്ള ഉത്തരവുകൾ ചെയ്യാവുന്നതാകുന്നു.

കോടതിയുടെ ഉത്തരവിന് ഒരു ഡിക്രിയുടെ ഫലമുണ്ടായിരിക്കുമെന്ന്.

൨൫. ഈ റഗുലേഷൻ പ്രകാരം ഒരു കോടതി ചെയ്തിട്ടുള്ള ഏതെങ്കിലും ഉത്തരവിന് ഫുൾ ഓഫ് ദി ഇംപീരിയൽ സിവിൽ നടപടി നിയമത്തിൽ നിർവചിച്ചിരിക്കുന്നതനുസരിച്ചു ഒരു ഡിക്രിയെപ്പോലെ തന്നെ ഫലമുണ്ടായിരിക്കുന്നതാകുന്നു.

സാമാന്യഭരണാധികാരം.

൨൬. ചിലവുചെയ്യുന്നതിനു നിയമപ്രകാരം തനിക്കുള്ള മറേറതെങ്കിലും അധികാരങ്ങൾക്കു പുറമേയും അവയ്ക്കു ലോപം കൂടാതേയും, അഫിഷ്യൽ ട്രസ്റ്റിക്ക്—

(എ) താൻ ഭരിക്കുന്ന ഏതെങ്കിലും ട്രസ്റ്റ് വകയായ വല്ല സ്വത്തിന്റെയും ശരിയായ സൂക്ഷിപ്പിനും ഭരണത്തിനും ആവശ്യപ്പെട്ടേക്കാവുന്ന പ്രവൃത്തികൾക്കു വേണ്ടിയും,

(ബി) ഫുൾ ഓഫ് ദി ഇംപീരിയൽ അധികാരമുള്ള ഡിസ്ട്രിക്ട് കോടതിയുടെ അനുവാദത്തോടുകൂടി, ആവക സ്വത്തിനെ സംബന്ധിച്ചിടത്തോളം, ന്യായവും യുക്തവുമായ ദേഹണ്ഡങ്ങൾക്കും മത സംബന്ധമായും ധാർമ്മികമായും മററുള്ള കാര്യങ്ങൾക്കും വേണ്ടിയും, ചെലവ് ചെയ്യാവുന്നതാകുന്നു.

അഫിഷ്യൽട്രസ്റ്റിക്ക് ട്രസ്റ്റ്വക സ്വത്തിനെ ആദ്യത്തെ ട്രസ്റ്റിക്കൊ മറേറതെങ്കിലും ട്രസ്റ്റിക്കൊ മാററംചെയ്തുകൊടുക്കാമെന്ന്.

൨൭. (൧) ഈ റഗുലേഷനിലുള്ള യാതൊന്നും, അഫിഷ്യൽ ട്രസ്റ്റി, തന്നിൽ നിക്ഷിപ്തമായിരിക്കുന്ന വല്ല സ്വത്തും—

(എ) ആദ്യത്തെ ട്രസ്റ്റി വരുതെങ്കിലുമുള്ളപക്ഷം അയാൾക്കൊ,

(ബി) നിയമപ്രകാരം നിയമിക്കപ്പെട്ട മറേറതെങ്കിലും ട്രസ്റ്റിക്കൊ,

(സി) അധികാരമുള്ള കോടതി ആജ്ഞാപിക്കുന്നപക്ഷം, മറേറതെങ്കിലും ആളിനൊ,

കൈമാററം ചെയ്തു കൊടുക്കുന്നതിനു തടയുന്നതായി കണ്ടിക്കാൻ പാടില്ലാത്തതാകുന്നു.

(൨) അപ്രകാരമുള്ള കൈമാററത്തിനുശേഷം, ആ വക സ്വത്ത് ആ ട്രസ്റ്റിക്കു ചെല്ലുന്നതും, ആ കൈമാററത്തിനുമുൻപ് അതിനു ഏതെല്ലാം ട്രസ്റ്റുകൾ അനുസരിച്ചു കൊടുത്തിരുന്നുവോ ആ ട്രസ്റ്റുകൾ അനുസരിച്ചു തന്നെ അയാൾ ആ സ്വത്തു കൈവശം വച്ചു കൊള്ളേണ്ടതും, അഫിഷ്യൽ ട്രസ്റ്റി, ടി കൈമാററത്തിനു മുൻപു ചെയ്തിട്ടുള്ള പ്രവൃത്തികളെ സംബന്ധിച്ചതൊഴികെ, ആ സ്വത്തിന്റെ ട്രസ്റ്റി എന്ന നിലയിലുള്ള സകല ബാദ്ധ്യതയിൽ നിന്നു ഒഴിവായിരിക്കേണ്ടതുമാകുന്നു.

എന്നാൽ ഈ വകുപ്പിൻ പ്രകാരമുള്ള ഏതെങ്കിലും കൈമാററത്തിന്റെ സംഗതിയിൽ, ഈ റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു ഈടാക്കാവുന്ന ഏതെങ്കിലും ഫീസ് ആ സ്വത്തിൽ നിന്നു വിട്ടു കൊടുക്കാതിരിക്കാൻ അഫിഷ്യൽ ട്രസ്റ്റിക്കു അവകാശമുണ്ടായിരിക്കുന്നതാകുന്നു.

ചട്ടങ്ങൾ.

൨൮. (൧) ഈ റഗുലേഷന്റെ ഉദ്ദേശങ്ങൾ നടപ്പിൽ കൊണ്ടുവരുന്നതിനും അതിന്റെ കൃത്യങ്ങൾ നിർവഹിക്കുന്നതിൽ അഫിഷ്യൽ ട്രസ്റ്റിയുടെ നടപടികൾ നിയന്ത്രിക്കുന്നതിനും നമ്മുടെ ഗവണ്മെൻറ് ഈ റഗുലേഷനു വിരുദ്ധമല്ലാത്ത ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാകുന്നു.

(൨) പ്രത്യേകമായും മേല്പറഞ്ഞ അധികാരത്തിന്റെ സാമാന്യസ്വഭാവത്തിന് ഹാനി കൂടാതേയും, ആ ചട്ടങ്ങളിൽ:—

(എ) അഫിഷ്യൽ ട്രസ്റ്റിയുടേയും അദ്ദേഹത്തിന്റെ ഡിപ്പ്ദിമാർ വല്ലവരുണ്ടെങ്കിൽ അവരുടെയും അദ്ദേഹത്തിന്റെ മററുദ്യോഗസ്ഥന്മാരുടേയും നിയമനത്തിനും ജീവനത്തിനുമുള്ള കരാറുകളേയും നിബന്ധനകളേയും സംബന്ധിച്ചും,

(ബി) അഫിഷ്യൽ ട്രസ്റ്റി സൂക്ഷിക്കേണ്ടതായ കണക്കുകളേയും അവയുടെ ആഡിററിനേയും പരിശോധനയേയും സംബന്ധിച്ചും,

(സി) അഫിഷ്യൽ ട്രസ്റ്റിയുടെ കൈവശം വന്നു ചേരുന്ന പണത്തിന്റേയും മുതലുകളുടേയും ഭദ്രമായ സൂക്ഷിപ്പിനേയും നിക്ഷേപത്തേയും സംബന്ധിച്ചും,

(ഡി) അഫിഷ്യൽ ട്രസ്റ്റിയുടെ കൈവശമുള്ള പണം ഒടുക്കണമെന്നാവശ്യപ്പെട്ടിട്ടുള്ള സംഗതികളിൽ അപ്രകാരം ഒടുക്കുന്നതിനെ സംബന്ധിച്ചും,

(ഇ) അഫിഷ്യൽ ട്രസ്റ്റി നമ്മുടെ ഗവണ്മെന്റിനോ മററേതെങ്കിലും അധികാരിക്കോ അയച്ചു കൊടുക്കേണ്ടതായ സ്റ്റേററുമെന്റുകൾ, പട്ടികകൾ മുതലായ രേഖകളേയും, ആവക സ്റ്റേററുമെന്റുകൾ പട്ടികകൾ മുതലായ രേഖകളുടെ പ്രസിദ്ധീകരണത്തേയും സംബന്ധിച്ചും,

(എഫ്) ആ വക സ്റ്റേററുമെന്റുകൾ പട്ടികകൾ മുതലായ രേഖകൾ ഏതെങ്കിലും തയ്യാറാക്കാനുള്ള ചിലവ് ഈടാക്കുന്നതിനെ സംബന്ധിച്ചും;

(ജി) അഫിഷ്യൽ ട്രസ്റ്റിയുടെ വകയായിട്ടോ സൂക്ഷിപ്പിലോ ഉള്ളതും ഉപയോഗശൂന്യമെന്നോ സ്ഥിരമായി സൂക്ഷിക്കത്തക്കവണ്ണമുള്ള പ്രാധാന്യമില്ലാത്തതുതന്നോ നമ്മുടെ ഗവണ്മെന്റു നിശ്ചയിക്കുന്നതുമായ രിക്കാർഡുകളും ബുക്കുകളും കടലാസുകളും നശിപ്പിക്കയോ മററു പ്രകാരത്തിൽ വിനിയോഗിക്കയോ ചെയ്യുന്നതിനെ സംബന്ധിച്ചും,

(ഐച്ച്) ഈ റഗ്ലേഷൻപ്രകാരം കൊടുക്കേണ്ടതായ ഫീസിനേയും, അപ്രകാരം നിശ്ചയിക്കുന്നഫീസ് ഈടാക്കുന്നതിനേയും അതിന്റെ കണക്കെഴുതുന്നതിനേയും സംബന്ധിച്ചും,

(കെ) ഈ റെഗ്ലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ഏതെങ്കിലും ആഡിററിനുള്ളതോ വേണ്ടിവരാവുന്നതോ ആയ ചിലവുകൾ തീരുമാനിക്കേണ്ടതായ രീതിയേയും കൊടുക്കേണ്ടതായ ആളിനേയും സംബന്ധിച്ചും,

(കെ) ൧൯-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചു അയക്കുന്ന സമൻകൾ നടത്തേണ്ട രീതിയേയും, ഈ റഗ്ലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു ഹാജരായിട്ടുള്ളതോ വിസ്തരിക്കപ്പെട്ടിട്ടുള്ളതോ ആയ വല്ല ആളുകളുടേയും ചിലവുകളും അപ്രകാരം വിസ്തരിക്കുന്നതിനു വേണ്ടി വരാവുന്ന ഏതെങ്കിലും ചിലവും കൊടുക്കുന്നതിനേയും സംബന്ധിച്ചും,

(കെ) അഫിഷ്യൽട്രസ്റ്റി മതസംബന്ധമായ കാര്യങ്ങൾക്കുള്ള ട്രസ്റ്റുകളും വല്ല വ്യാപാരത്തിന്റേയും ഭരണമൊ നടത്തിപ്പോ ഉൾപ്പെട്ട ട്രസ്റ്റുകളും സ്വീകരിക്കുന്നതിനെ സംബന്ധിച്ചും,

(എൽ) നിർണ്ണയിക്കപ്പെടണമെന്നു ഈ റഗ്ലേഷനിൽ ആജ്ഞാപിച്ചിട്ടുള്ള ഏതെങ്കിലും സംഗതിയെ സംബന്ധിച്ചും വ്യവസ്ഥ ചെയ്യാവുന്നതാകുന്നു.

(സ) ഈ വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ നമ്മുടെ ഗവണ്മെന്റു ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അതിനുശേഷം അവയ്ക്കു ഈ റഗ്ലേഷനിൽ നിയമപ്പെടുത്തിയതുപോലെയുള്ള പ്രാബല്യം ഉണ്ടായിരിക്കുന്നതുമാകുന്നു.

൧൦ വൃ൭-ാമാണ്ടത്തെ തിരുവിതാംകൂട്ടു രജിസ്ട്രേഷൻറഗ്ലേഷനിലെ വ്യവസ്ഥകളുടെ ഒഴിവാക്കൽ.

൨൦. ഈ റഗ്ലേഷനിൽ അടങ്ങിയിട്ടുള്ള യാതൊന്നും ൧൦ വൃ൭-ാമാണ്ടത്തെ തിരുവിതാംകൂട്ടു രെജിസ്ട്രേഷൻ റഗ്ലേഷനിലെ വ്യവസ്ഥകളെ ബാധിക്കുന്നതായി ഗണിക്കാൻ പാടില്ലാത്തതാകുന്നു.

അനുബന്ധം എഫ്.

തിരുവിതാംകൂട്ടു നിയമസഭ.

സ്റ്റാൻഡിങ്ങ് ഫിനാൻസ് കമ്മിട്ടി—൧൯൧൪.

൧൯൧൪ നവംബർ ൨൯-ക്കു ൧൯൧൪ വൃശ്ചികം ൧൪-ാം വ്യാഴാഴ്ച.

൧൯൧൪-മാണ്ടത്തേക്കുള്ള ഫിനാൻസ് കമ്മിട്ടിയുടെ പ്രഥമയോഗം ഹുജൂർ കച്ചേരിയിൽ ദിവാൻ കച്ചേരി ചെയ്യുന്ന മുറിയിൽ ൧൯൧൪ നവംബർ ൨൯-ന്നു ൧൯൧൪ വൃശ്ചികം ൧൪-ാം വ്യാഴാഴ്ച ഉച്ചയ്ക്കു മേൽ ൨ മണിക്കു കൂടി.

താഴെ പേരെഴുതിയിരിക്കുന്ന മെമ്പർമാർ ഹാജരായിരുന്നു.

എം. ഇ. വാട്സ് എസ്ക്വയർ ബി. എ., ബാരിസ്റ്റർ അട്ലാ
ദിവാൻ അദ്ധ്യക്ഷൻ ആയിരുന്നു.

കെ. പി. നീലകണ്ഠപ്പിള്ള എസ്ക്വയർ ബി. എ., ബി. എൽ.

എ. എസ്. ദാമോദരൻ ആശാൻ എസ്ക്വയർ ബി. എ., ബി. എൽ.

മാത്യു മുരിക്കൻ എസ്ക്വയർ ബി. എ., ബി. എൽ.

കെ. ജോർജ്ജ് എസ്ക്വയർ ബി. എ.

കെ. എൻ. രാമസുബ്ബയ്യർ എസ്ക്വയർ ബി. എ. ബി. എൽ.

ടി. പി. രാമസുബ്ബയ്യർ എസ്ക്വയർ ബി. എ. സംഘടകൻ.

പത്തനംതിട്ട താലൂക്കിൽ കുടിവക റോഡുകളെ സർവ്വെ ചെയ്യുന്ന വകയ്ക്കു മാസം ൧-ക്കു ൧൪ രൂപാ വീതം ശമ്പളത്തിൽ ൨ അക്കൌണ്ടന്റുമാരും വ രൂപാ വീതം ശമ്പളത്തിൽ ൧൨ ചങ്ങലക്കാരും നിയമിക്കുന്ന

തിനുള്ള നിർദ്ദേശം കമ്മിററി പരിഗണിച്ചു. റോഡുകൾ സർവ്വേ ചെയ്യുന്നതായാലും റോഡുകളുടെ സംരക്ഷണം ഉടൻതന്നെ പബ്ലിക്‌വർക്‌സ് ഡിപ്പാർട്ടുമെൻറ കയ്യിൽക്കയില്ലാ എന്നു വരാം എന്നൊരു ആശങ്ക മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പ്രസ്താവിച്ചു. സർവ്വേ കഴിഞ്ഞു റവന്യൂ ഡിപ്പാർട്ടുമെണ്ട് വസ്തുക്കൾ ഏറ്റെടുക്കുന്നതോടും കഴിയുന്ന വേഗത്തിൽ ഓരോ റോഡും പരിപാലനത്തിനായി പബ്ലിക്‌വർക്‌സ് ഡിപ്പാർട്ടുമെണ്ട് ഏറ്റു കൊള്ളണം എന്നുള്ള നിബന്ധനയോടുകൂടി ഈ നിർദ്ദേശം അംഗീകരിക്കപ്പെട്ടു. ജീവനക്കാർക്ക് ൪ ൦ ൪ രൂപയും കണ്ടിജെൻസി വകയ്ക്കു ൪ ൦ രൂപയും ആയി മൊത്തം ൫ ൪ ൦ രൂപാ ൫൫ ൪ ൦ രൂപാ ആണ്ടോണ്ടേക്കുള്ള ബഡ്ജററിൽ ഡിമാണ്ഡ് ൫ ലാൻഡ് റെവന്യൂ— എന്ന ഇനത്തിൽ ചിലവാക്കാൻ പണം നീക്കി വക്കുന്നതിനും അനുവദിച്ചു.

൨. ചന്തകളിലുള്ള ജീവനക്കാരുടെ മേൽ ഉള്ള ഭരണം സാനിട്ടറി കമ്മീഷണരിൽ സ്ഥാപിതമായിരിക്കകൊണ്ടു ലാൻഡ് റെവന്യൂ ഡിപ്പാർട്ടുമെൻറ വക ബഡ്ജററിൽ ൫ സി. താലൂക്കു കച്ചേരികൾ എന്ന ഇനത്തിൽ ചന്തകൾ നന്നാക്കുന്ന വകയ്ക്കായി അനുവദിച്ചിട്ടുള്ള ൪ ൪, ൦ ൦ ൦ രൂപയിൽ നിന്നു ൫ ൪ കൺസെർവൻസി സ്റ്റേഷനുകളിൽ ഉള്ള ചന്തകളിൽ ചിലതിനോടു ചേർന്ന തുപ്പുകാക്കും ശുചീകരണജോലിക്കാർക്കും വ മാസം കാലത്തേക്കു ആവശ്യം ഉള്ള തുകയായ ൫ വുരു രൂപാ തന്നാണ്ടത്തേക്കുള്ള വിദ്യാഭ്യാസ ബഡ്ജററിൽ കൂടുതലായി ചേർക്കുന്നതിനുള്ള വ്യവസ്ഥയും കമ്മിററി അടുത്ത സംഗതിയായി ആലോചിച്ചു. ചെങ്കോട്ട താലൂക്കുകാരായ യോഗ്യത സിദ്ധിച്ച സ്ത്രീകൾ ലഭ്യമാകുന്ന ഉടൻ ഈ അലവൻസിനെ നിർത്തിയേയ്ക്കണം എന്നുള്ള കുഷ്ഠത്തിനുൾപ്പെട്ടു. ചെങ്കോട്ടയ്ക്കു പ്രത്യേകമായ ഒരു സംഗതിയായി ഈ നിർദ്ദേശം സമ്മതിക്കപ്പെട്ടു.

൩. തിരുവിതാംകൂറിലേക്കു ഒരു സർവ്വേ മാനുവൽ ക്രോഡീകരിച്ചു പ്രസിദ്ധപ്പെടുത്തുന്ന വകയ്ക്കു ൫ ൦ ൦ ൦ രൂപാ വേതനം മിസ്റ്റർ രാഘവയ്യങ്കാർക്കു കൊടുക്കുന്നതിനുള്ള നിർദ്ദേശവും ൫ ൫ ൪ ൪ മാണ്ടത്തേക്കു സർവ്വേ ഡിപ്പാർട്ടുമെണ്ടിലേക്കുള്ള ബഡ്ജററിൽ ഈ തുകകൂട്ടിച്ചേർക്കുന്നതിനും കമ്മിട്ടി അംഗീകരിച്ചു.

൪. തന്നാണ്ടു വാക്സിൻ ഡിപ്പോവിൽ വാക്സിനേഷൻ ക്ലാസ് ആരംഭിക്കുന്നതിനും ഇക്കാര്യത്തിലേക്കു സാനിട്ടറി ഡിപ്പാർട്ടുമെണ്ടിലെ ബഡ്ജററിൽ ൩ ൪ ൦ രൂപാ ചുന്ന തുക ചേർക്കുന്നതിന്നു കമ്മിട്ടി സമ്മതിച്ചു.

൫. വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിനോടുചേർന്നതായ ബുക്ക്ഡിപ്പോവിൽ ശിപായിക്കു ഇപ്പോൾ മാസം ഒന്നുക്ക് ൯ രൂപാവീതം ശമ്പളം ഉള്ളതിനെ പുതുക്കി ൫ ൫ ൪ ൫ കുക്കടകം ൫-നു- അതിനെ ൯-൫/൩ ൫ ൫ രൂപാവീതം ആക്കുന്നതിനുള്ള നിർദ്ദേശം കമ്മിററി അനുവദിച്ചു.

൬. വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽ ൪ ൦-൩-൬ ൦ രൂപാ ശമ്പളത്തിൽ ഒരു ടൈപ്പിസ്റ്റ്സ്റ്റേനോഗ്രാഫറെ സ്ഥിരമായി നിയമിക്കുന്നതിനുള്ള നിർദ്ദേശം കമ്മിററി പരിഗണിച്ചു. നിർദ്ദേശം അംഗീകരിക്കപ്പെട്ടു. ഈ ഉദ്യോഗത്തിനുള്ള ശമ്പളം ൪ ൦—൩/൨—൬ ൦ രൂപായായി സ്ഥിരപ്പെടുത്തപ്പെട്ടു.

൭. പള്ളിക്കടവു, തുളക്കരം, വേലൻകടവു, മുട്ടിനകം, എണ്ണത്തോട്ടു, പുത്തൻകടവു എന്നീ സ്ഥലങ്ങളിലായി ന്നു എക്സൈസസ് പ്രിവെൻററീവ് സ്റ്റേഷൻ പണിയിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്കു തന്നാണ്ടത്തെ എക്സൈസസ് ബഡ്ജററിൽ ൩ ൦ ൦ ൦ രൂപാ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൮. പബ്ലിക് വൊർക്ക്സ് ഡിപ്പാർട്ടുമെൻറിലേക്കു പുതിതായി ൩ സ്റ്റീംറോഡ് റോളുകൾ വിലകൊടുക്കുന്നതിനുള്ള നിർദ്ദേശവും ആ കാര്യത്തിലേക്കു തന്നാണ്ടത്തെ പബ്ലിക്‌വൊർക്ക്സ് ഡിപ്പാർട്ടുമെണ്ട് ബഡ്ജററിൽ ൩ ൦, ൦ ൦ ൦ രൂപാ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൯. സർവ്വേ ആഫീസിൽ ലാൻഡ് റിക്കാർഡ് മെയിൻറനൻസ്സ്കെച്ചുകളിലെ കണക്കുകൾ പരിശോധിക്കുന്നതിനും ആ ഇനത്തിൽ വർദ്ധിച്ചുകിടക്കുന്ന കുടിശിക കുചയ്യുതിക്കുന്നതിലേക്കും മാസം ഒന്നുക്ക് ൨. ൦-൫-൨. രൂപാ ശമ്പളത്തിൽ ന്നു സ്ഥിരം ഗ്രാഫ്ററ്സുമാൻമാരേയും ൨ ൦ രൂപാവീതം ശമ്പളത്തിൽ ൫ ൪ താത്കാലികഗ്രാഫ്ററ്സുമാൻ മാരേയും നിയമിക്കുന്നതിനുള്ള നിർദ്ദേശവും ൫ ൫ ൪ ൪ ധനു ൫-നു-മുതൽ എട്ടുമാസം കാലത്തിലേക്കു ഇവ ജീവനക്കാരുടെ ചിലവുവകക്കു ൨ന്നു ൦ രൂപാ ലാൻഡ്‌റെവന്യൂ ഡിപ്പാർട്ടുമെൻറിലെ ബഡ്ജററിൽ ചേർക്കുന്നതിനുള്ള നിർദ്ദേശവും കമ്മിററി പരിഗണിക്കുകയും സമ്മതിക്കുകയുംചെയ്തു.

൫൫. തിരുവനന്തപുരത്തു ജനറൽ ആശുപത്രിയോടുചേർന്ന എക്സ്‌റേ അററൻഡന്റുടെ ശമ്പളം മാസം ഒന്നുക്കു ൫ ൦ രൂപായിൽനിന്നു ൫ ൪ രൂപായാക്കി കൂട്ടുന്നതിനുള്ള നിർദ്ദേശവും കമ്മിററി അനുവദിച്ചു.

൫൯-വു ഡിസംബർ ൨-നു- ഞായറാഴ്ച, ഉച്ചക്കുമേൽ ൪ മണിക്കു ദേവിവിലാസത്തിൽ വച്ചു വീണ്ടും കൂടുന്നതിനായി കമ്മിററി പിരിഞ്ഞു.

സ്ഥിരം ഫിനാൻസുകമ്മിററിയുടെ സംയോജകൻ ടി. പി. രാമസുബ്ബയ്യർ.

ഹജൂർ കച്ചേരി,

തിരുവനന്തപുരം.

൫൯-ൻ ഫെബ്രുവരി ൫-നു-.

തിരുവിതാംകൂർ നിയമസഭ.

സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മററി.

൫൯-വു ഡിസംബർ ൨-നു-ക്കു

൫൫൪൪ വൃശ്ചികം ൫൭-നു- ഞായറാഴ്ച.

തിരുവിതാംകൂർ നിയമസഭയിലെ ൧൯൨൮-ാമതു സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിറ്റിയുടെ പ്രതിനിധിയായിരുന്നു ൧൯൨൭ ഡിസംബർ ൨-നു ൧൯൨൮ വൃശ്ചികം ൧൭-നു ഞായറാഴ്ച വൈകുന്നേരം ൪ മണിക്കു കത്തിയിലാസത്തിൽവച്ചു കൂടി.

താഴെ പേരെഴുതിയിരിക്കുന്ന മെംബർമാർ ഹാജരുണ്ടായിരുന്നു.

ദിവാൻ എം. ഈ. വാട്ട്സ് ബി. എ., ബാരിസ്റ്റർ അററ്ലാ അദ്ധ്യക്ഷനായിരുന്നു.

കെ. പി. വിലകണ്ണപ്പിള്ള എസ്ക്വയർ ബി. എ., ബി. എൽ.

എം. എസ്. ഗോമോദരൻ ആശാൻ എസ്ക്വയർ ബി. എ., ബി. എൽ.

കെ. ജാർജ്ജ് എസ്ക്വയർ ബി. എ.

ടി. പി. രാമസുബ്ബയ്യർ എസ്ക്വയർ ബി. എ.

സംയോജകൻ.

ഡിപ്പാർട്ട്മെണ്ടൽ പ്രൈമറിസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവും സഹായധനം നൽകുന്ന സ്കൂളുകൾക്കു സഹായധനവും പുതുക്കുന്നതിനുള്ള പദ്ധതി പുനഃപരിശോധനത്തിനായി സ്വീകരിക്കപ്പെട്ടു.

൧. ഡിപ്പാർട്ട്മെണ്ടൽ പ്രൈമറി സ്കൂളുകൾ

ഡിപ്പാർട്ട്മെണ്ടൽ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകന്മാർ ഈ പുനഃപരിശോധനത്തിനായി നിയമിതമായ കമ്മിററി ൧൫-൧/൧—൧൨ രൂപാ സ്കെയിൽ നിശ്ചയിച്ചിരുന്നു. എന്നാൽ വെർണ്ണാക്യുലർ സ്കൂൾ ലിവിംഗ് സർട്ടിഫിക്കററും, വെർണ്ണാക്യുലർ ഹയർ സർട്ടിഫിക്കററും സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകന്മാർ ശിക്ഷാക്രമപരിശീലനം സമ്പാദിച്ചിരുന്നാൽ അല്ലാതെ ൧൫ രൂപാസ്കെയിൽ ശമ്പളം അവർക്കു കിട്ടുന്നതല്ലെന്നും ഈ കമ്മിററി നിശ്ചയിച്ചിരുന്നു. വിദ്യാഭ്യാസഡയറക്ടർ നിർദ്ദേശിച്ചിരുന്ന സ്കെയിൽ ൧൫-൧/൨-൧൫ രൂപാ ഇടയ്ക്കു യാതൊരു തടസ്സവുംകൂടാതെ കൊടുക്കണം എന്നായിരുന്നു. എന്നാൽ ഫിനാൻസ് കമ്മിട്ടിയുടെ സമക്ഷം സ്വീകരിക്കപ്പെട്ട നിർദ്ദേശം ചേർത്തു സ്കെയിലിനു രണ്ടുകൊല്ലത്തിനു ഒരിക്കൽ എന്നുള്ളതിനു മൂന്നു കൊല്ലത്തിൽ ഒരിക്കൽവീതം എന്നാക്കി അംഗീകരിക്കണം എന്നായിരുന്നു. ഏതാനും വർഷപ്രതിവാരം നടന്നതിൽ പിന്നീടു, രണ്ടാമത്തെ സ്കെയിൽ ആയതിനു ൧൫-൧/൨-൧൫ രൂപാ എന്നുള്ളതിനു അംഗീകരിക്കണമെന്നു കമ്മിററി തീർച്ചപ്പെടുത്തി. ൧൫ രൂപാ ശമ്പളം കിട്ടിയാൽ ശിക്ഷാക്രമം പരിശീലിച്ചിരിക്കണം എന്നുള്ള പ്രതിബന്ധത്തെ ഉപേക്ഷിച്ചിരിക്കുന്നതുകൊണ്ടു പുതിയ പദ്ധതിയെ നടപ്പാക്കിയതിൽ പിന്നീടു പുതിയ സ്കെയിലിൽ ലഭ്യമായ ഒന്നാമത്തെ തവണക്കുള്ള കൂട്ടൽ കൊടുത്തതിന്റെ ശേഷം പിന്നീടുള്ള എല്ലാ തവണ കൂട്ടലും കാര്യക്ഷമതയെ ആശ്രയിച്ചു മാത്രമേ കൊടുക്കാവൂ എന്നും തീർച്ചപ്പെടുത്തി. ഇപ്പോഴെ സർവീസിൽ ഇരിക്കുന്ന അദ്ധ്യാപകന്മാരുടെ കാര്യത്തിൽ പുതിയ സ്കെയിലിന്റെ വല്ല ദശയിലും മുമ്പിലെ ഉള്ള സ്ഥിരശമ്പളം തുടർന്നതോടും ഉള്ള കൂട്ടലിന് യോഗ്യത നിശ്ചിപ്പിക്കുന്നതാകുന്നു. ഒന്നു മുതൽ മൂന്നു വരെ ക്ലാസുകളുള്ള അപൂർണ്ണപ്രൈമറിസ്കൂളുകളിലെ ഹെഡ്മിസ്ട്രസ്സുകൾക്കു ഇപ്പോൾ ൧൫ രൂപാ ശമ്പളം ഉള്ളവർ പുതിയ സ്കെയിലിൽ ഉൾപ്പെടുന്നതും അടിസ്ഥാന ശമ്പളത്തിലെ വ്യത്യാസമായ ഒരു രൂപായെ പെഴ്സനൽ അലവൻസായി ഗണിക്കുന്നതും ആകുന്നു.

൨. പൂർണ്ണമായ പ്രൈമറിസ്കൂളിലെ ഹെഡ്മാസ്ററർമാർ. പൂർണ്ണമായ പ്രൈമറിസ്കൂളുകളുടെ എല്ലാ ഹെഡ്മാസ്ററർമാർക്കും ഒരു വിധത്തിൽ ൨൦-൧/൨-൨൫ രൂപാ ശമ്പളവും എന്നാൽ ൨൨ രൂപാ ശമ്പളം കിട്ടിയതിൽ പിന്നീടു, ശിക്ഷാക്രമം പരിശീലിച്ചിട്ടില്ലാത്ത വെർണ്ണാക്യുലർ സ്കൂൾ ലിവിംഗ് സർട്ടിഫിക്കററോ വെർണ്ണാക്യുലർ ഹയർ പരീക്ഷായോഗ്യതയോ മാത്രം ഉള്ളവരായ ആളുകൾക്കു കൂട്ടൽ സ്കെയിലിനു പ്രതിബന്ധവും ഉണ്ടായിരിക്കണം എന്നുള്ള നിർദ്ദേശത്തെ കമ്മിററി ആലോചിച്ചു. ഇപ്പോൾ ൨൫ രൂപാ ശമ്പളം വാങ്ങിച്ചുവരുന്ന ഹെഡ്മിസ്ട്രസ്സുകൾക്ക് ഇട്ടിട്ടുള്ള സ്കെയിൽതന്നെ ആകട്ടെ, മേലിൽ ആകട്ടെ യാതൊരു ഗുണവും നൽകുന്നതല്ലെന്നു കമ്മിററി ഈ സ്കെയിൽ കാര്യാലോചിക്കുമ്പോൾ ഉടൻ മനസ്സിലാക്കി; അതുകൊണ്ടു ഇപ്പോൾ സ്ഥിരം ഹെഡ്മിസ്ട്രസ്സായിരിക്കുന്നവർക്ക്, അവർക്കു മാത്രം ഉള്ള സ്കെയിലായി ൨൫-൧/൨-൩൫ രൂപാ സ്കെയിൽ ൨൫ രൂപാ ശമ്പളം കിട്ടിയതിൽ പിന്നീടു, ശിക്ഷാക്രമപരിശീലന സംബന്ധമായ പ്രതിബന്ധത്തോടുകൂടി കൊടുക്കണമെന്നും മേലിൽ ഈ സ്ഥാനത്തേക്കു നിയമിക്കപ്പെടുന്നവർക്ക് പുതുതായ സാമാന്യ സ്കെയിൽ അതായതു ൨൦-൧/൨-൨൫ രൂപാ മാത്രം കൊടുത്താൽ മതിയെന്നു ഗവർണ്ണമെന്റു നിർദ്ദേശിച്ചു. ഇവിടെയും ശിക്ഷാക്രമസംബന്ധമായ പ്രതിബന്ധത്തെ വിട്ടേയ്ക്കണം എന്നും പുതിയ സ്കെയിലിൽ ഒന്നാമത്തെ തവണയിലെ ശമ്പളക്കൂട്ടലിൽ പിന്നീടുള്ള എല്ലാ കൂട്ടലുകളും കാര്യക്ഷമതയെ ആശ്രയിച്ചിരിക്കണമെന്നും ഉള്ള നിബന്ധനയ്ക്കു ഉൾപ്പെട്ടുള്ള ഫിനാൻസ്കമ്മിററി സമ്മതിച്ചു.

൩. അറബി മുൻഷിമാർ, ഭാഗവതർ, തയ്യൽ വാദ്ധ്യാർ ഇവർക്കു മാസം ഒന്നുക്ക് ൧൫ രൂപാവീതം ഇപ്പോൾ ശമ്പളം ഉണ്ടായിരിക്കെ ഇതിനെ ൧൫-൧/൨-൨൫ എന്നു സ്കെയിലാക്കണമെന്നു വെർണ്ണാക്യുലർ സ്കൂൾ ടീച്ചേഴ്സ് കമ്മിററി നിർദ്ദേശിച്ചിരുന്നു. വിദ്യാഭ്യാസഡയറക്ടർ ൧൫-൧/൨-൨൫ രൂപാ സ്കെയിൽ നിശ്ചയിച്ചു. അതു ഗവർണ്ണമെന്റു അനുകൂലിച്ചു. അറബിമുൻഷി, ഭാഗവതർ, തയ്യൽ വാദ്ധ്യാർ ഇവർക്ക് ൧൫-൧/൨-൨൫ രൂപാ സ്കെയിൽ കൊടുക്കണമെന്നുള്ള നിർദ്ദേശത്തെ ഫിനാൻസ് കമ്മിററി അംഗീകരിച്ചു. മുഴുവൻ സമയവും ഭാഗവതരായോ തയ്യൽ വാദ്ധ്യാരായോ ഇരിക്കേണ്ട ആവശ്യമില്ലാത്ത പെൺകുട്ടികൾക്കുള്ള പള്ളിക്കൂടങ്ങളുടെ കാര്യത്തിൽ ഭാഗവതരായോ തയ്യൽ വാദ്ധ്യാരായോ തിരഞ്ഞെടുക്കപ്പെടാൻ യോഗ്യതയുള്ള ക്ലാസ്സുവാദ്ധ്യർക്കു മാസം ഒന്നുക്കു ൩ രൂപാവീതം അലവൻസുകൊടുക്കണമെന്നു തീർച്ചപ്പെടുത്തി.

൪. കൊറാൻ അദ്ധ്യാപകന്മാർ— പള്ളിക്കൂടത്തിൽ ഏതാനുംസമയം മാത്രം ജോലി ചെയ്യുന്ന ഏതാനും കൊറാൻ അദ്ധ്യാപകന്മാർക്കു ഇപ്പോൾ കൊടുത്തുവരുന്ന ൧൫ രൂപാ ശമ്പളം മേലും കൊടുക്കണമെന്നുള്ള നിർദ്ദേശത്തെ ഫിനാൻസ് കമ്മിററി സമ്മതിച്ചു. എന്നാൽ സാധാരണ വാദ്ധ്യാരായി നിയമിക്കപ്പെട്ടിരിക്കുന്നവരെക്കാൾ യോഗ്യതയുള്ള മോഹമ്മദന്മാർ കൊറാൻ പഠിപ്പിക്കുന്നതിനു യോഗ്യതയുള്ളവരായിരിക്കട്ടെ ആ ജോലി ചെയ്യാം എന്ന് അവർ ഏൽക്കുകയും ചെയ്യുന്നതായാൽ അവർക്കു മാസം ൧൫ ൩ രൂപാവീതം അലവൻസ് കൊടുക്കുന്നതാണെന്നും നിശ്ചയിച്ചു.

ബി. ഡിപ്പാർട്ടുമെൻറൽ മിഡിൽസ്കൂൾ.

ഉ. ഡിപ്പാർട്ടുമെൻറൽ മിഡ്ൽസ്കൂൾ അദ്ധ്യാപകന്മാർ.—അഞ്ചാം ക്ലാസോ ആറാം ക്ലാസോ ഏഴാംക്ലാസോ പഠിപ്പിക്കുന്നതനുസരിച്ച് ഇപ്പോൾ ൧൫ രൂപായും ൨൦ രൂപായും ശമ്പളം വാങ്ങിക്കുന്ന അദ്ധ്യാപകന്മാരെയും ൨൦ രൂപായും ൧൫ രൂപായും വാങ്ങിക്കുന്ന അദ്ധ്യാപകന്മാരെയും പൂർണ്ണപ്രൈമറി സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ കഡറിൽ ചേർക്കുകയും ൨൦ രൂപാ ശമ്പളം കിട്ടിയതിൽ പിന്നീടു ശിക്ഷാക്രമസംബന്ധമായ പ്രതിബന്ധത്തോടുകൂടി ൨൦-൫-൨൫ എന്നുള്ള ശമ്പളം കൊടുക്കയും ഇപ്പോൾ മാസം ൦൦ക്ക ൨൫ രൂപായിൽകൂടുതൽ ശമ്പളം വാങ്ങിച്ചുവരുന്ന സ്ഥിരം അദ്ധ്യാപികമാർക്ക് ൨൫-൫-൩൦ രൂപാ സ്കെയിൽ കൊടുക്കയും ചെയ്യണമെന്നുള്ള നിർദ്ദേശത്തെ ഫിനാൻസുകമ്മിററി അംഗീകരിച്ചു.

ന. പൂർണ്ണമിഡിൽസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ—ആൺകുട്ടികൾക്കുള്ള പള്ളിക്കൂടങ്ങൾക്കു ൩൫ രൂപായും ൪൦ രൂപായും ശമ്പളമുള്ള ഇപ്പോഴത്തെ ഗ്രേഡിലും പെൺകുട്ടികൾക്കുള്ള പള്ളിക്കൂടങ്ങളിൽ ൪൫ രൂപായും ൪൦ രൂപായും ശമ്പളം ഉള്ള ഇപ്പോഴത്തെ ഗ്രേഡിലും പകരം പൂർണ്ണമായ മിഡിൽസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്ക് ൨൫-൫-൪൦ രൂപാ ശമ്പളസ്കെയിൽ കൊടുക്കണമെന്നുള്ള നിർദ്ദേശത്തെ ഫിനാൻസ് കമ്മിററി പര്യാലോചിച്ചു. ആൺകുട്ടികൾക്കുള്ള പള്ളിക്കൂടങ്ങളിലേയും പെൺകുട്ടികൾക്കുള്ള പള്ളിക്കൂടങ്ങളിലേയും വാദ്ധ്യാന്മാരെ പരസ്പരം മാറുന്നതിനെ സുകരമാക്കുന്നതിനായി ൩൫-൫/൨-൪൦-൫/൩൫ ൦ രൂപാ ശമ്പളസ്കെയിലിൽ നിയമിക്കണമെന്നു സമ്മതിക്കപ്പെട്ടു.

ഒ. സംസ്കൃതപണ്ഡിതന്മാർ.—ഇപ്പോൾ ൧൫ രൂപാ ശമ്പളം വാങ്ങിക്കുന്ന സംസ്കൃതപണ്ഡിതന്മാർക്ക് ക്ലാസ്ടീച്ചർമാരോടൊപ്പം ൨൦-൫-൨൫ രൂപാ ശമ്പളം കൊടുക്കണമെന്നും ൨൨ രൂപാ ശമ്പളം കിട്ടിയതിന്റെ ശേഷം കുറഞ്ഞപക്ഷം ഉപാദ്ധ്യായ പരീക്ഷായോഗ്യതയോ അതിനു തുല്യമായ പരീക്ഷായോഗ്യതയോ ഉള്ളവർക്കുമാത്രം ശമ്പളക്കൂട്ടുതൽ കൊടുക്കണമെന്നുള്ള നിർദ്ദേശം ഫിനാൻസ്കമ്മിററി അംഗീകരിച്ചു.

പ. അറബിമുൻഷി, ഹിബ്രുമുൻഷി, ഡ്രായിംഗ്മാസ്റ്റർ, പെൺപള്ളിക്കൂടങ്ങളിലുള്ള മാറ്റാരും തയ്യൽവാദ്ധ്യാന്മാരും—അറബിമുൻഷിക്കും, ഡ്രായിംഗ്മാസ്റ്റർക്കും ഉള്ള ൧൫ രൂപാ ശമ്പളത്തേയും ഹിബ്രുമുൻഷിക്കുള്ള ൧൫ രൂപാ ശമ്പളത്തേയും പുതുക്കി ൧൫-൫/൩-൨൦ രൂപായാക്കി നിശ്ചയിക്കണമെന്നും പെൺപള്ളിക്കൂടങ്ങളിൽ ഭാഗവതർക്കും തയ്യൽ വാദ്ധ്യാർക്കും ഉള്ള ൧൫ രൂപാശമ്പളത്തെ ൧൫ ൫/൩ ൨൦ രൂപായാക്കി സ്ഥിരപ്പെടുത്തണമെന്നുള്ള നിർദ്ദേശത്തെ ഫിനാൻസ് കമ്മററി അംഗീകരിച്ചു. ഇപ്പോൾ ഉള്ള ഡ്രായിംഗ്മാസ്റ്റർമാരെയും ഡ്രിൽമാസ്റ്റർമാരെയും സൂപ്പർന്യൂമററികളായി ഗണിച്ചുകൊണ്ട് ആൺകുട്ടികൾക്കുള്ള പള്ളിക്കൂടങ്ങളിൽ ഡ്രായിംഗ്, ഡ്രിൽ ഈ രണ്ടു വിഷയങ്ങളും ഒരേ ആൾതന്നെ പഠിപ്പിക്കുന്നതിനു ആൾ നിയമിച്ചു. ആ മാസ്റ്റർക്ക് ൨൦ ൫/൨ ൨൫ രൂപാ ശമ്പളം കൊടുക്കുന്നതിനു ഉള്ള നിർദ്ദേശത്തെ കമ്മിററി സമ്മതിച്ചു. ഇപ്പോൾ ഉള്ള ഡ്രായിംഗ്മാസ്റ്റർക്കും ഡ്രിൽ മാസ്ററർക്കും പകരം ഒഴിവുവരുന്നേരം രണ്ടു വിഷയത്തിലും യോഗ്യതയുള്ള വാദ്ധ്യാന്മാരെ നിയമിക്കുന്നതിനും കമ്മിററി സമ്മതിച്ചു. ഇപ്പോൾ മാസം ൫-ക്കു ൧൫ രൂപാശമ്പളം വാങ്ങിക്കുന്ന ആൺകുട്ടികൾക്കുള്ള പള്ളിക്കൂടങ്ങളിലെ ഡ്രായിംഗ്മാസ്ററർക്ക് ൧൫-൫/൩-൨൦ രൂപാ ശമ്പളം കൊടുക്കുന്നതിനും ഇപ്പോൾ മാസം ൫-ക്കു ൧൫ രൂപാ ശമ്പളമുള്ള ഡ്രിൽമാസ്ററർക്കു ൧൫ ൫/൩-൧൫ രൂപാ ശമ്പളം കൊടുക്കുന്നതിനും കമ്മിററി സമ്മതിച്ചു.

ൻ. ഡിപ്പാർട്ടുമെൻറൽ മിഡിൽസ്കൂളുകളിൽ ഐച്ഛികവിഷയമായ ഇംഗ്ലീഷ്ഭാഷ പഠിപ്പിക്കുന്നതായ ഇംഗ്ലീഷ് അദ്ധ്യാപകന്മാർ ഡിപ്പാർട്ടുമെൻറൽ മിഡിൽസ്കൂളുകളിൽ ഐച്ഛികവിഷയമായി ഇംഗ്ലീഷ്ഭാഷ പഠിപ്പിക്കുന്ന ഇംഗ്ലീഷ് അദ്ധ്യാപകന്മാർക്ക് ൨൦ രൂപാ കിട്ടിയതിൽ പിന്നീടുള്ള പ്രതിബന്ധത്തോടുകൂടി ൨൦-൫/൨-൨൫ രൂപാ കൊടുക്കണമെന്നുള്ള നിർദ്ദേശം ഫിനാൻസുകമ്മിററി സമ്മതിച്ചു. എന്നാൽ ൨൨ രൂപാവരെ ശമ്പളം കിട്ടുന്നതിന് ശിക്ഷാക്രമം അനുഭവിച്ചിരിക്കണം എന്നുള്ളതിന് പകരം കാര്യക്ഷമതയെ അനുസരിച്ച് അതു കൊടുക്കണമെന്ന് നിബന്ധനചെയ്തു.

സി. സഹായധനം.

൧. പ്രൈമറി പാഠശാലകൾ.—ഇപ്പോഴത്തെ തോതു് ആൺകുട്ടികൾക്കുള്ള പള്ളിക്കൂടങ്ങൾക്ക് ൭ രൂപാ മുതൽ ൧൨ രൂപാവരെയും പെൺകുട്ടികൾക്കുള്ള പള്ളിക്കൂടങ്ങൾക്ക് ൭ ൫/൪ രൂപാമുതൽ ൧൫ രൂപാവരെയും വ്യത്യസ്തപ്പെട്ടിരിക്കുന്നു.

ശിക്ഷാക്രമം പരിശീലിച്ചിട്ടില്ലാത്ത അദ്ധ്യാപകന്മാർക്ക് ൨൫ രൂപായും ശിക്ഷാക്രമം പരിശീലിച്ചിട്ടുള്ളവർക്കു കൂടുതൽ ആയി അലവൻസും പൂർണ്ണപ്രൈമറിസ്കൂളിലെ ഒന്നാംവാദ്ധ്യാർ സ്ത്രീയായിരുന്നാലും പുരുഷനായിരുന്നാലും ൨ രൂപാവീതം അലവൻസു കൊടുക്കണം എന്നാകുന്നു സാലറീസ്കമ്മിററിയുടെ നിർദ്ദേശം. പെൺകുട്ടികൾക്കുള്ള പൂർണ്ണ സ്കൂളുകളിലെ ഭാഗവതർക്കും തയ്യൽവാദ്ധ്യാർക്കും അറബിമുൻഷിമാർക്കും ശിക്ഷാക്രമം പരിശീലിച്ചിട്ടില്ലാത്ത വാദ്ധ്യാന്മാരോടൊപ്പം സഹായധനം കൊടുക്കണം എന്നും അപൂർണ്ണമായ സ്കൂളിൽ സംഗീതവും തയ്യലും പഠിപ്പിക്കുന്നതിനു ഒരു ക്ലാസ് വാദ്ധ്യാർക്ക് വിശേഷാൽ ൩ രൂപാ സഹായധനം കൊടുക്കണം എന്നും കമ്മിററി നിർദ്ദേശിച്ചിരിക്കുന്നു. ഫിനാൻസ്കമ്മിററി ഈ നിർദ്ദേശങ്ങളെ അംഗീകരിച്ചു.

൨൧. സഹായധനം വാങ്ങുന്ന മിഡിൽസ്കൂളുകൾ.—സഹായധനം വാങ്ങുന്ന ആൺകുട്ടികൾക്കുള്ള പാഠശാലകളിലെ അദ്ധ്യാപകന്മാർക്ക് ൪ രൂപാമുതൽ ൧൫ രൂപാവരെയും പെൺകുട്ടികൾക്കുള്ള പാഠശാലകളിലെ അദ്ധ്യാപകന്മാർക്ക് ൩ രൂപാമുതൽ ൧൨ രൂപാവരെയും മിന്നമായിരിക്കുന്നു. പെൺപള്ളിക്കൂടത്തിലെ അദ്ധ്യാപകന്മാർക്ക് ആൺപള്ളിക്കൂടങ്ങളിലെ തോതിൽ മുക്കാൽപങ്കു കിട്ടുന്നു. പണ്ഡിതന്മാർ, ഭാഗവതന്മാർ, ഡ്രായിങ്ടീച്ചർ ഇവർ ഉൾപ്പെടെ അദ്ധ്യാപകന്മാർക്കു ൩ രൂപാ എന്ന പ്രഥമ സഹായധനവും ൨ രൂപാവീതം ശിക്ഷാക്രമം പരിശീലിച്ചിട്ടുള്ളവർക്കു അലവൻസും പെൺപള്ളിക്കൂടങ്ങളിലെ എല്ലാ അദ്ധ്യാപകന്മാർക്കും നേർപകുതിവീതം കൂടുതൽ ഗ്രാന്റും പൂർത്തിയായ സ്കൂളിലെ ഒന്നാംവാദ്ധ്യാർക്ക് ൪ രൂപാവീതം കൂടുതൽ ഗ്രാന്റും കൊടുക്കണം എന്നു കമ്മിററി നിർദ്ദേശിച്ചിരിക്കുന്നു. കുറഞ്ഞപക്ഷം ഉപാദ്ധ്യായപരീക്ഷായോഗ്യതയോ തത്തുല്യമായ യോഗ്യതയോ ഉള്ള സംസ്കൃതപണ്ഡിതന്മാർക്കും ഡ്രായിങ്ങും ഡ്രില്ലും ഒരുമിച്ചു പഠിപ്പിക്കുന്നവർക്കും ശിക്ഷാക്രമം പരിശീലിച്ചു വാദ്ധ്യാർക്കുള്ള തോതിൽ സഹായധനം കിട്ടും. ഫിനാൻസ്കമ്മിററി ഈ നിർദ്ദേശങ്ങൾ എല്ലാം സമ്മതിച്ചു.

൨൧ ഈ നിർദ്ദേശങ്ങളെ ൧൧൦൪-ാമാണ്ടു ചിങ്ങമാസം ൧-ാം-തുതൽ നടപ്പിൽ വരുത്തുന്നതിലേക്കായി തന്നാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ ഡിമാൻഡ് XII. വിദ്യാഭ്യാസം എന്ന ഇനത്തിൽ കൂടുതലായി രണ്ടു ലക്ഷം രൂപായിൽ കവിയാത്ത ഒരു തുക ചേർക്കുന്നതിനും ഫിനാൻസ്കമ്മിററി സമ്മതിച്ചു.

കമ്മിററിയുടെ യോഗം വൈകുന്നേരം ൩ മണിക്കു പിരിഞ്ഞു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൨൯ ഫെബ്രുവരി ൧൧.

സ്ഥിരം ഫിനാൻസ്കമ്മിററിയുടെ
സംഘടകൻ,
ടി. പി. രാമസുബ്ബയ്യർ.

തിരുവിതാംകൂർ നിയമസഭ
സ്റ്റാൻഡിംഗ് ഫിനാൻസ്കമ്മിററി—൧൧൦൪
൧൯൨൯ ഡിസംബർ ൨-ാം-തു
൧൧൦൪ വൃശ്ചികം ൨൩-ാം- ശനിയാഴ്ച.

നിയമസഭയിലെ ൧൧൦൪-ാമാണ്ടത്തേക്കുള്ള സ്ഥിരംഫിനാൻസ്കമ്മിററിയുടെ തൃതീയയോഗം ൧൯൨൯ ഡിസംബർ ൨-ാം- ശനിയാഴ്ച ഉച്ചയ്ക്കുശേഷം ൫ മണിക്കു കേന്ദ്രീയവാസത്തു കൂടി.

താഴെപ്പറയുന്നവരിൽ കമ്മിററിയിരിക്കുന്ന മെംബർമാർ ഹാജരായിരുന്നു.

ദിവാൻ എം. ഇ. വാട്സ് ബി. എ. ബാരിസ്റ്റർ. ആററ്-ലാ. അദ്ധ്യക്ഷം വഹിച്ചു.
കെ. പി. നീലകണ്ഠപ്പിള്ള എസ്സ്വയർ ബി. എ., ബി. എൽ.
എ. എസ്. ദാമോദരൻആശാൻ എസ്സ്വയർ ബി. എ., ബി. എൽ.
മാത്യു മുസിക്കൻ എസ്സ്വയർ ബി. എ., ബി. എൽ.
കെ. ജോർജ് എസ്സ്വയർ ബി. എ.
കെ. എൻ. രാമസുബ്ബയ്യർ എസ്സ്വയർ ബി എ., ബി. എൽ.
ടി. പി. രാമസുബ്ബയ്യർ എസ്സ്വയർ ബി. എ., സംഘടകൻ

എക്സൈസ് ഡിപ്പാർട്ടുമെൻറിലെ പൈററിആഫീസർമാരുടേയും ശിപായിമാരുടേയും എണ്ണവും ശമ്പളവും പുതുക്കുന്നതിനുള്ള വിഷയം പര്യാലോചനത്തിനായി സ്വീകരിക്കപ്പെട്ടു.

ഇപ്പോൾഉള്ള പൈററിആഫീസർമാരുടേയും ശിപായിമാരുടേയും ശമ്പളം താഴെ വിവരിക്കുംപോലെ ആകുന്നു:—

പൈററിആഫീസർമാർ സ്ഥിരം.

൧-ാംഗ്രേഡ്	(൨൪)	മാസം ൧-ക്കു	൨൫ രൂപാ
൨-ാം ,,	(൫൨)	,,	൨൪ ,,
൩-ാം ,,	൫൦	,,	൨൩ ,,
൪-ാം ,,	൪൯൨	,,	൪൫ ,,
ആകെ	൨൫൪		

പൈററിആഫീസർമാർ താല്ക്കാലം.

൩-ാം ഗ്രേഡ്	(൪)	മാസം ൧-ക്കു	൨൦ രൂപാ
൪-ാം ,,	(൪)	,,	൧൫
ആകെ	൮		

സ്ഥിരം ശിപായിമാർ.

൧-ാം ഗ്രേഡ്	(൪൭)	മാസം ൧-ക്കു	൩൩ രൂപാ
൨-ാം ,,	(൧൦൪)	,,	൧൨ ,,
൩-ാം ,,	(൧൭൩)	,,	൧൧ ,,
൪-ാം ,,	(൨൭൧)	,,	൦ ,,
൫-ാം ,,	(൩൪൧)	,,	൯ ,,
ആകെ	൩൭൩൪		

താൽകാലിക ശിപായിമാർ.

൧-ാം ഗ്രേഡ്	(൩)	മാസം ൧-ക്കു	൧൨ രൂപാ
൨-ാം ,,	(൧)	,,	൧൧ ,,
൩-ാം ,,	(൨൦)	,,	൧൪ ,,
൪-ാം ,,	(൩൨)	,,	൯ ,,
ആകെ	൫൬		

ഈ ജീവനക്കാരിൽ ൧-ാം ൪-ാം വിഭാഗംപേർ ഒടുവിലത്തെ രണ്ടുഗ്രേഡിലും ഉള്ളവരാക്കുകകൊണ്ടും അവരുടെ ൧൧ രൂപയോ ൧൨ രൂപയോ ശമ്പളം ഉള്ളപ്പോൾ ഉദ്യോഗം വിട്ടു പിരിയേണ്ടിവരും എന്നുള്ളതുകൊണ്ടും ഇപ്പോഴത്തെ ഗ്രേഡുനിലയായിട്ടുള്ളതു ധർമ്മനരൂപം അല്ലാ എന്നുള്ളതുകൊണ്ടും താഴെചേർത്തിരിക്കുന്നവിധം ഗ്രേഡ് നിശ്ചയിക്കണം എന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

പൈററിആഫീസർമാർ (സ്ഥിരം)

ഒന്നാംഗ്രേഡ്	(൨൪)	മാസം ൧-ക്കു	൨൫ രൂപാ
രണ്ടാം ,,	(൪൫)	,,	൨൪ ,,
മൂന്നാം ,,	(൧൭൪)	,,	൨൨ ,,
നാലാം ,,	(൧൯൦)	,,	൧൯ ,,
ആകെ	൨൫൪		

പെററിആഫീസർമാർ (തല്ക്കാലം).

൧-ാം	ഗ്രേഡ്	(൪)	മാസം	൧-ക്ക	൧൧ രൂപാ
൪-ാം	,,	(൪)	,,	൧൮	,,

ശിപായിമാർ സ്ഥിരം.

൧-ാം	ഗ്രേഡ്	(൧ ൦ ൦)	മാസം	൧-ക്ക	൧൩ രൂപ
൨-ാം	,,	(൨ ൪ ൧)	,,	൧൨	,,
൩-ാം	,,	(൪ ൨൩)	,,	൧൧	,,
൪-ാം	,,	(൪ ൨൩)	,,	൧ ൦	,,
൫-ാം	,,	(൧൨൩)	,,	൯	,,
ആകെ		൧൩൨൩			

ശിപായിമാർ തല്ക്കാലം,

൧-ാം	ഗ്രേഡ്	(൩)	മാസം	ഒന്നാക്ക	൧൨ രൂപാ
൩-ാം	,,	(൧)	,,	൧൮	,,
൪-ാം	,,	(൨ ൦)	,,	൧ ൦	,,
൫-ാം	,,	(൩൨)	,,	൯	,,
ആകെ		൪൩			

കമ്മിററി മേല്പറഞ്ഞ നിർദ്ദേശം അനുവദിച്ചു.

പുതുതായി ആളുകൾ ചേക്കുന്നതിനും ജോലി പരിശീലിപ്പിക്കുന്നതിനുംആയി മധ്യഗതസ്ഥാനത്തു റിസർവായ ഏതാനും ആളുകളെ സംഗ്രഹിച്ചു വച്ചിര്ക്കേണ്ടതാണെന്നും നിർദ്ദേശിക്കപ്പെട്ടു. അവധിയെടുത്തുപോകുന്നവക്കുപകരംആയി ആളുകൾ നിത്യേന്നുള്ളതിന്നു ൧ ൦ ൦ പേർ വേണ്ടതാണ്. ഇതിലേക്കു വിശേഷാൽചിലവ് വേണ്ടിവരുന്നതല്ല. റിസർവുകാരുടെ ശമ്പളം പകരം നോക്കുന്നവർ ഈ സ്ഥാനത്തിൽ ഹാജരില്ലാതിരിക്കുന്നതുനിമിത്തം നികത്തപ്പെടുന്നതാണ്. റിസർവിലുള്ള ഓരോരുത്തക്കും ഒടുവിലത്തെ ഗ്രേഡിലുള്ള ശിപായിമാക്കുള്ള ശമ്പളം ആയ മാസം ൧-ക്കു ൯ രൂപാ ശമ്പളം കൊടുക്കുന്നതാണ്.

ഈ പദ്ധതിക്കു വിശേഷാൽചെലവ് മാസം ൧-ക്കു ൨൩൪ ൦ രൂപയായിരിക്കും. ഈ ചിലവ് നിർവഹിക്കുന്നതിനായി തന്നാണ്ടത്തേക്ക് എക്സൈസ്ഡിപ്പാർട്ടുമെൻറിലെ ബഡ്ജററിൽ ൨ ൦ , ൦ ൦ ൦ രൂ, എന്ന തുക അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി മുഴുവനും ൧൯൦൪ മകരം ൧-ാനു-മുതൽ നടപ്പിൽവരത്തക്കവണ്ണം കമ്മിററി ഇതു അനുവദിച്ചു. എന്നാൽ ഈ പദ്ധതിയിൽ അവധി എടുക്കുന്നവക്കു പകരം റിസർവുകാരെ നിയമിക്കുന്നതായ ഭാഗത്തെ സ്ഥിരം ഏർപ്പാടായി സ്വീകരിക്കുന്ന പ്രശ്നം അടുത്ത ബഡ്ജററ് സെഷനിൽ നിയമസഭ ആലോചിച്ചു തീർച്ചപ്പെടുത്തുന്നതുവരെ ഈയ്യാണ്ടത്തേക്കു താല്ക്കാലികമായിക്കണം എന്നും നിശ്ചയിച്ചു.

കമ്മിററിയോഗം ഉച്ചക്കുമേൽ ൨ മണിക്കു പിരിഞ്ഞു.

ഹജൂർകച്ചേരി,
തിരുവനന്തപുരം.
൧൯൨൯ ഹെബ്രുവരി ൧ ൧൩-.

ടി. പി. രാമസുബയ്യർ,
സ്റ്റാൻറിംഗ്ഫിനാൻസുകമ്മിററിയുടെ
സംയോജകൻ.

(A True translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർനിയമസഭ.

മുന്നാമത്തെസഭ.

ഒന്നാമത്തെയോഗം കഴിഞ്ഞു.

ചൊവ്വാഴ്ച, കന്നി ൨൬ ഡിസംബർ ൧൯൩൧
കഴിഞ്ഞ വൃശ്ചികം ൧൧

(അഹിഷ്യൽറിപ്പോർട്ട്).

സഭ വിക്ടോറിയാജൂബിലി ടൗൺഹാളിൽ മണി രണ്ടടിച്ച് മുപ്പത്തൊന്നാളം മിനുട്ടായപ്പോൾകൂടി. ദിവാൻ എം. ഇ. വാട്സ് പ്രസിഡന്റായി ബി. എ., ബാർ-അററ്-ലാ, ആദ്യക്ഷംവഹിച്ചു.

താഴെപറയുന്ന മെമ്പർമാർ ഹാജരില്ലായിരുന്നു:—

൧. റാവു ബഹദൂർ കെ. എ. കൃഷ്ണഅയ്യങ്കാർ,
൨. മി: കെ. സി. കരുണാകരൻ,
൩. മി: കെ. മാധവൻ,
൪. മി: പി. ഗോമതിനായകംപ്പിള്ള,
൫. മി: ദേവതിനാൾ രാമവർമ്മരാജാ

ചോദ്യങ്ങളും മറുപടികളും.

കൃഷിഡയറക്ടർ പത്തനാപുരവും ചെങ്കോട്ടയും സന്ദർശിച്ചതു്.

൩൪. മി: എച്ച്. ബി. മഹമ്മദ്ദാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി ഗവണ്മെന്റു സദയം പറയുമോ?

(എ) കൃഷി ഡയറക്ടർ പത്തനാപുരവും ചെങ്കോട്ടയും സന്ദർശിച്ചിട്ടുണ്ടോ എന്നും,

(ബി) (എ) ഭാഗത്തിനു മറുപടി അനുവാദരൂപത്തിലാണെങ്കിൽ, അദ്ദേഹത്തിന്റെ സന്ദർശനങ്ങൾ ഈ സ്ഥലങ്ങളിലെ കൃഷിക്ക് എത്രത്തോളം അഭിവൃദ്ധികരമായിട്ടുണ്ട്എന്നും,

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) മറുപടി അനുവാദരൂപത്തിലാണ്.

(ബി) പത്തനാപുരത്തും ചെങ്കോട്ടയിലും കൃഷി അഭിവൃദ്ധിക്കുവേണ്ടി ഡയറക്ടർ താഴെ പറയുന്നതു് ചെയ്തിട്ടുണ്ട്:—(൧) ചെങ്കോട്ടതാലൂക്കിൽ പുളിയറ എന്ന സ്ഥലത്തു് ഒരു മാതൃകാകൃഷിത്തോട്ടം ആരംഭിച്ചിട്ടുണ്ട്.

(൨) ചെങ്കോട്ടയിൽ ഒരു മൃഗാസ്പത്രി സ്ഥാപിച്ചിട്ടുണ്ട്.

(൩) ചെങ്കോട്ടയിൽ ഒരു വളം ഡിപ്പോ ആരംഭിച്ചിട്ടുണ്ട്.

(൪) താല്ക്കാലികമായിട്ട് ചെങ്കോട്ടതാലൂക്കിൽ പരിഷ്കൃത കൃഷിസമ്പ്രദായങ്ങളുടെ പരീക്ഷണങ്ങൾ നടത്തുന്നതിലേക്കു ഒരു പരീക്ഷകനെ നിയമിച്ചിട്ടുണ്ട്.

(൫) പത്തനാപുരം താലൂക്കിൽ തലവൂർ എന്ന സ്ഥലത്തു് സഹായധനം വാങ്ങുന്ന ഒരു മൃഗചികിത്സാ ഡിസ്പെൻസറി ആരംഭിച്ചിട്ടുണ്ട്.

(൬) ചെങ്കോട്ടതാലൂക്കിൽ നെല്ല്, തെങ്ങ്, ചോളം മുതലായ വിളവുകളെ പരിഷ്കൃതരീതിയിൽ നടത്തുന്നതിനുള്ള പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

(൭) ചെങ്കോട്ടതാലൂക്കിൽ കരിമ്പും മരച്ചീനിയും കൃഷിയ്ക്കു പ്രോത്സാഹനം നൽകുന്നുണ്ട്.

(൮) ചെങ്കോട്ടതാലൂക്കിൽ പുളിയറ പകുതിയിൽ ബോഗമെഡലോവാ എന്ന ചെടി നെല്ലിനു പച്ചിലവളമായി കൃഷിചെയ്യുന്നതു് പ്രചാരത്തിൽ വരുത്തുന്നുണ്ട്.

(൯) ചെങ്കോട്ടതാലൂക്കിൽ പ്രത്യേകവളങ്ങളും കൃത്രിമവളങ്ങളും പ്രചാരത്തിൽ വരുത്തുന്നുണ്ട്. ഈ വളങ്ങൾക്കുള്ള ആവശ്യത്തെ നിറവേററുന്നതിലേക്ക് പാരി ആൻഡുകമ്പനി, ഇൻഡൊ അഗ്രികൾചറൽ കമ്പനി എന്നിവയെപോലുള്ള കമ്പനിക്കാർ ചെങ്കോട്ടതാലൂക്കിൽ അവരുടെ വളങ്ങളെ വില്ക്കുന്നതിനു തങ്ങളുടെ ഏജൻറുമാരെ നിയോഗിച്ചിട്ടുണ്ട്.

(൧൦) കനക്കുറവുള്ള കലപ്പകളുടെ ഉപയോഗം തെളിയിച്ചുകൊണ്ടിരിക്കുന്നു.

(൧൧) പുളിയറയിലുള്ള കൃഷിത്തോട്ടത്തിൽ ചോളം, നെല്ല് എന്നിവയുടെ വിത്തു തിരഞ്ഞെടുക്കുന്നജോലി നടത്തിക്കൊണ്ടിരിക്കയാണ്. തിരഞ്ഞെടുക്കപ്പെട്ട വിത്തുകളെ കൃഷിക്കാർക്കു വിതരണം ചെയ്തുകൊണ്ടുമിരിക്കുന്നു.

പത്തനാപുരം താലൂക്കിൽ കന്നുകാലികൾക്കു മേച്ചിൽ തകടികൾ.

൩൫. മി: എച്ച്. ബി. മഹമ്മദ്ദാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): താഴെ പറയുന്ന കാര്യങ്ങൾക്കു മറുപടി ഗവണ്മെന്റു സദയം പറയുമൊ?

(എ) പത്തനാപുരം താലൂക്കനിവാസികളിൽനിന്നും തങ്ങളുടെ കന്നുകാലികളെ മേയ്ക്കുന്നതിനുള്ള തകടികളുടെ അടിയന്തിരാവശ്യത്തെപററി വല്ല പരാതിയും അവർക്കു കിട്ടിട്ടുണ്ടോ എന്നും,

G. P. T. 2341. 150. 6-11-106.

(ബി) അങ്ങിനെയുള്ള വല്ല പരാതികളും അവക്ക് കിട്ടിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള സങ്കടങ്ങളെ പരിഹരിക്കുന്നതിലേക്ക് എന്തു നടപടി അവർ എടുത്തിട്ടുണ്ട് എന്നും,

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) മി: നാരായണപിള്ളയും മററുള്ളവരും അയച്ച ഒരു ഹർജി ഭൂനികുതിയും ആദായനികുതിയും കമ്മീഷണർക്ക് കിട്ടിട്ടുണ്ട്.

(ബി) ഹർജി അന്വേഷണത്തിലിരിക്കുന്നു.

ആലപ്പുഴ കൊട്ടാരമൈതാനം.

൯൩. മി: എച്ച്. ബി. മഹമ്മദ്ദീവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): ആലപ്പുഴ പൊതുത്തോട്ടത്തിനു കൊട്ടാരമൈതാനത്തിനുള്ള യോഗ്യതയെപററി ചെയ്തിട്ടുള്ള തീർച്ചയുടെ സ്വഭാവമെന്താണെന്ന് ഗവണ്മെന്റ് സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): പ്രസ്തുത മൈതാനം ആലപ്പുഴയുള്ള കൊട്ടാരത്തിനു ഒഴിച്ചുകൂടാത്ത ഒരു അനുബന്ധമാകയാൽ അതിനെ മുനിസിപ്പാലിററിക്ക് വിട്ടുകൊടുക്കുന്നതു് സാദ്ധ്യമല്ലാ എന്നു ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നു.

തിരുവിതാംകൂറ്റിലെ കയററുമതികൾ.

൯൪. മി: എച്ച്. ബി. മഹമ്മദ്ദീവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): തിരുവിതാംകൂറിലെ പ്രധാന കയററുമതികളും അവ ചെലവാകുന്ന പ്രധാന സ്ഥലങ്ങളും കാണിക്കുന്ന ഒരു സ്റ്റേററുമെന്റ് ഗവണ്മെന്റ് സദയം മേശപ്പുറത്തുവയ്ക്കുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആവശ്യപ്പെട്ട സ്റ്റേററുമെന്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

ആഹാരസാധനങ്ങളുടെ വിഷയത്തിൽ തിരുവിതാംകൂറിന്റെ പരാശ്രയം.

൯൫. മി: എച്ച്. ബി. മഹമ്മദ്ദീവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): നെല്ലും അരിയും കഴിച്ച് തിരുവിതാംകൂറ് അന്യരാജ്യങ്ങൾക്കു കടപ്പെട്ടിരിക്കുന്ന പ്രധാന ആഹാരസാധനങ്ങളെ കാണിക്കുന്ന ഒരു സ്റ്റേററുമെന്റ് ഗവണ്മെന്റ് സദയം മേശപ്പുറത്തുവയ്ക്കുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): തിരുവിതാംകൂറ് കണക്കുകൾ ൧൧൩, ൧൧൪ എന്നീ നമ്പരുകളിലെ സ്റ്റേററുമെന്റുകളും, ൧൧൦൨-ാമാണ്ടത്തേക്കുള്ള എക്സൈസ് ഡിപ്പാർട്ടുമെന്റു ഭരണറിപ്പോർട്ടിൽ ൨൧-ം ൨൩-ം അനുബന്ധങ്ങളെയ്യ് മെമ്പർ നോക്കണം.

പത്തനാപുരം താലൂക്കിൽ പോക്കുവരവുകേസുകൾ.

൯൬. മി: എച്ച്. ബി. മഹമ്മദ്ദീവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): പത്തനാപുരംതാലൂക്കിൽ ൧൧൦൧, ൧൧൦൨, ൧൧൦൩ എന്നീ കൊല്ലങ്ങളിൽ പോക്കുവരവു കുടിശ്ശിക എത്രത്തോളം വരുമെന്നു കാണിക്കുന്ന ഒരു സ്റ്റേററുമെന്റു ഗവണ്മെന്റ് സദയം മേശപ്പുറത്തുവയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): പത്തനാപുരം താലൂക്കിൽ ൧൧൦൧, ൧൧൦൨, ൧൧൦൩ എന്നീ കൊല്ലങ്ങളുടെ അവസാനത്തിൽ തീർച്ചയാകാതെ കിടപ്പുള്ള പോക്കുവരവു കേസുകളെ കാണിക്കുന്ന ഒരു സ്റ്റേററുമെന്റു താഴെ കൊടുത്തിരിക്കുന്നു.

കൊല്ലാവസാനത്തിൽ തീർച്ചയാകാതെ കിടപ്പുള്ള കേസുകൾ.

൧൧൦൧	൧൧൦൨	൧൧൦൩
൧൧൪൭	൩൯൪	൭൨൨ ഇവ ൧൧൦൩-ാമാണ്ടത്തെ അപേക്ഷകളെമാത്രം സംബന്ധിക്കുന്നു.

തെന്മല വനങ്ങളിൽ നിവസിക്കുന്ന പാവങ്ങളായ ജനങ്ങളിൽ നിന്നുള്ള പരാതികൾ.

൯൭. മി: എച്ച്. ബി. മഹമ്മദ്ദീവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): ഗവണ്മെന്റു താഴെപറയുന്ന കാര്യങ്ങൾക്ക് മറുപടി സദയം പറയുമോ?

(എ) തെന്മല വനങ്ങളിൽ നിവസിക്കുന്നവരായ സാധുജനങ്ങളിൽ നിന്നു വല്ല പരാതികളും അവക്ക് കിട്ടീട്ടുണ്ടോ എന്നും,

(ബി) അങ്ങിനെയെങ്കിൽ അവയ്ക്കു കൊടുത്തിട്ടുള്ള മറുപടി എന്താണ് എന്നും,

(സി) അവരുടെ സങ്കടങ്ങളുടെ പരിഹാരത്തിനായി എടുത്തിട്ടുള്ള നടപടി എന്താണ് എന്നും,

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിലാണ് (ബി)യും (സി)-യും (എ) ഭാഗത്തിനു കൊടുത്തിട്ടുള്ള മറുപടികൊണ്ടു ഈ ചോദ്യങ്ങൾ ഉത്ഭവിക്കുന്നില്ല.

കുളത്തൂപ്പുഴ വനങ്ങളിൽ നിവസിക്കുന്ന ജനങ്ങളുടെ വിഷമങ്ങൾ.

൯൮. മി: എച്ച്. ബി. മഹമ്മദ്ദീവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): ഗവണ്മെന്റു താഴെ പറയുന്ന കാര്യങ്ങൾക്കു മറുപടി സദയം പറയുമോ?

(എ) കുളത്തൂപ്പുഴ വനങ്ങളിൽ നിവാസികളായ ജനങ്ങളിൽനിന്നു അവിടത്തെ വന ഉദ്യോഗസ്ഥന്മാരിൽനിന്നു അവർ സഹിച്ചുവരുന്ന ഉപദ്രവങ്ങളെപററി വല്ല പരാതിയും അവക്ക് കിട്ടീട്ടുണ്ടോ എന്നും,

(ബി) അങ്ങിനെയുള്ള വല്ല പരാതിയും അവക്കു കിട്ടീട്ടുണ്ടെങ്കിൽ, അതിന്മേൽ അവർ എടുത്തിട്ടുള്ള നടപടി എന്തു എന്നും,

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിലാണ്. (ബി) (എ) ഭാഗത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യം ഉത്ഭവിക്കുന്നില്ലാ.

ആൺകുട്ടികൾക്കുള്ള പള്ളിക്കൂടങ്ങളിൽ പെൺകുട്ടികളെ സംഗീതവും
തയ്യലും പഠിപ്പിക്കുന്നതു്.

൪൮. മി: എച്ച്. ബി. മഹമ്മദ്രാവുത്തർ (പത്തനാപുരവും-ചെങ്ങോട്ടയും): ആൺ കുട്ടികൾക്കുള്ള പള്ളിക്കൂടങ്ങളിൽ പഠിക്കുന്ന പെൺകുട്ടികൾക്കു സംഗീതത്തിലും തയ്യലിലും പാഠങ്ങൾ കൊടുക്കേണ്ടിയ ആവശ്യത്തെക്കുറിച്ചു് ഗവണ്മെന്റ് സമയം ആലോചിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതു സംഗതി ആലോചിച്ചിട്ടുണ്ടു്. എന്നാൽ മെമ്പർ നിർദ്ദേശിച്ചിട്ടുള്ള വഴിക്കു നടപടി ഒന്നും തല്ക്കാലം സാധിക്കുന്നതല്ല.

പാഠ്യപുസ്തകകമ്മിററിയിൽ സ്ത്രീ മെമ്പർ.

൪൯. മി: എച്ച്. ബി. മഹമ്മദ്രാവുത്തർ (പത്തനാപുരവും ചെങ്ങോട്ടയും): (എ) പാഠ്യപുസ്തകകമ്മിററിയിൽ അനുദ്യോഗസ്ഥ സ്ത്രീ മെമ്പർ ഉണ്ടോ എന്നു ഗവണ്മെന്റു് സമയം പറയുമോ?

(ബി) ഇല്ലെങ്കിൽ, പാഠ്യപുസ്തകകമ്മിററിയിൽ ഒരു അനുദ്യോഗസ്ഥ സ്ത്രീ മെമ്പറെക്കൂടി ചേർക്കുന്നതിന്റെ ആവശ്യകതയെപററി ഗവണ്മെന്റു് സമയം ആലോചിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു് ചീഫ് സെക്രട്ടറി): (എ) ഇപ്പോൾ ഇംഗ്ലീഷ് പാഠ്യപുസ്തകകമ്മിററിയിൽ ഒരു അനുദ്യോഗസ്ഥ സ്ത്രീ മെമ്പർ ഉണ്ടു്. എന്നാൽ വർണാക്യുലർ പാഠ്യപുസ്തകകമ്മിററിയിൽ ഇല്ല.

(ബി) ഇംഗ്ലീഷ് പാഠ്യപുസ്തകകമ്മിററിയെ സംബന്ധിച്ചു് ചോദ്യം ഉത്ഭവിക്കുന്നില്ലാ. വർണാക്യുലർ പാഠ്യപുസ്തകകമ്മിററിയുടെ സംഗതിയിൽ ഈ നിർദ്ദേശം ആലോചിക്കുന്നതായിരിക്കും.

ഹൈക്കോർട്ടിനു പിൻപു ഹൈക്കോർട്ടും ജില്ലാകോർട്ടുകളും മുൻസിഫ്കോർട്ടുകളും
ചെയ്തിട്ടുള്ള ഉദ്യോഗനിയമനങ്ങൾ.

൫൧. മി: എച്ച്. ബി. മഹമ്മദ്രാവുത്തർ (പത്തനാപുരവും-ചെങ്ങോട്ടയും): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റു് സമയം മേശപ്പുറത്തു വയ്ക്കുമോ?

ഹൈക്കോർട്ടിൽനിന്നിട്ടു

(എ) ഹൈക്കോർട്ടു ചെയ്തിട്ടുള്ള നിയമനങ്ങളുടെ എണ്ണവും,

(ബി) ഓരോ ജില്ലാകോർട്ടും ഓരോ മുൻസിഫ്കോർട്ടും ചെയ്തിട്ടുള്ള നിയമനങ്ങളുടെ എണ്ണവും കാണിക്കുന്ന പട്ടികകൾ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (എ)-യും (ബി)-യും കണക്കുകൾ ശേഖരിക്കുന്നതിനുള്ള സമയവും അദ്ധ്വാനവും അവകൊണ്ടുണ്ടാകാവുന്ന പ്രയോജനത്തെക്കാൾ ക്രമാതീതമായിരിക്കുമെന്നുള്ളതിനാൽ അപ്രകാരം കണക്കുകൾ ശേഖരിക്കുന്നതിനു ഗവണ്മെന്റു വിചാരിക്കുന്നില്ല.

കോ ഓപ്പറേററീവ് വകുപ്പിൽ മുസ്ലീമുകൾ.

൫൨. മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): കോഓപ്പറററീവ് ഡിപ്പാർട്ടുമെന്റിൽ വല്ല മുസ്ലീം ഉദ്യോഗസ്ഥനും ഉണ്ടോ എന്നു ഗവണ്മെന്റു സമയം പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു് ചീഫ് സെക്രട്ടറി): മറുപടി നിഷേധരൂപത്തിലാണ്.

മജിസ്ട്രേട്ടുദ്യോഗത്തിനു യോഗ്യത സമ്പാദിച്ചിട്ടുള്ള
മുസ്ലീമുകൾ.

൫൩. മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ), ഹജൂരിലും അക്കൌണ്ടാഫീസിലും മജിസ്ട്രേട്ടുമാരായി നിയമിക്കപ്പെടുന്നതിനു യോഗ്യതയുള്ള മുസ്ലീമുകൾ ഉണ്ടെന്നു് അറിയാമോ എന്നു ഗവണ്മെന്റു സമയം പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): മജിസ്ട്രേട്ടുമാരായി നിയമിക്കപ്പെടുന്നതിനു യോഗ്യതയുള്ള മുസ്ലീമുകൾ ഹജൂരിലും അക്കൌണ്ടാഫീസിലും ഉണ്ടെന്നു് ഗവണ്മെന്റിനറിയാം.

വക്ഫിനെക്കുറിച്ചുള്ള നിയമം.

൫൪. മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): (എ) വക്ഫ് വസ്തുക്കളെ സംബന്ധിക്കുന്ന ഒരു നിയമം വേണമെന്നു സംസ്ഥാനത്തുള്ള മുസ്ലീമുകൾക്കു അഭിപ്രായമുണ്ടു് എന്നറിയാമോ എന്നു ഗവണ്മെന്റു സമയം പറയുമോ,

(ബി) ഞാൻ ഉൾപ്പെട്ട മുസ്ലീംപ്രതിനിധികളിൽനിന്നും ശ്രീമൂലം പ്രജാസഭയിൽ ചില പ്രദേശങ്ങളിലെ മുസ്ലീമുകളുടെ ഇടയിൽ നടപ്പിലിരിക്കുന്ന ഇസ്ലാമീകമല്ലാത്ത മരുമക്കത്തായ നിയമത്തെ മഹമ്മദീയ മക്കത്തായ നിയമമാക്കി മാററുന്നതിലേക്കു് വല്ല നിവേദനങ്ങളും ചെയ്തിട്ടുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടേറിയേറ്റിൽ): (എ) യും, (ബി)-യും ഓരോ സംഗതിയിലും മറുപടി അനുവാദരൂപത്തിലാണ്.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അവയെസംബന്ധിച്ചു് വല്ലതും ചെയ്യണമെന്നു് ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടേറിയേറ്റിൽ): തല്ക്കാലത്തേക്കു് ഇല്ല.

പബ്ലിക്ക് സർവീസിൽ മുസ്ലീമുകൾ.

൫൫. മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): സംസ്ഥാനത്തെ മുസ്ലീമുകളുടെ ഇടയിൽ പബ്ലിക്കുസർവീസിൽ തങ്ങൾ അനുഭവിച്ചുവരുന്ന പ്രോത്സാഹനക്കുറവുനിമിത്തം അസ്വാസ്ഥ്യമുണ്ടെന്നു് അറിയാമോ എന്നു ഗവണ്മെന്റു സമയം പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഇല്ലാ. എന്നാൽ മൂവാററുപുഴയും കുന്നത്തുനാടും, ആലപ്പുഴയും കൂടിട്ടുള്ള ഏതാനും യോഗങ്ങളിൽ ചെയ്ത കൂടുതൽ മുസ്ലീമുകളെ പബ്ലിക്കുസർവീസിൽ നിയമിക്കണമെന്നുള്ള പ്രസ്താവനകൾ അവർക്കു ഈയ്യിടയിൽ കിട്ടുകയുണ്ടായി.

വനംഡിപ്പാർട്ടുമെൻറിൽ മുസ്ലീമുകൾ.

൪൯. മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ക്ലർക്കുമാരായും റെയിഞ്ചർമാരായും, ഫാറസ്റ്റർമാരായും വനം വകുപ്പിൽ ജോലിചെയ്യുന്ന മുസ്ലീമുകൾ എത്ര എന്ന് ഗവണ്മെൻറു സദയം പറയുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന വിവരം കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു.

കൊല്ലത്തു മുസ്ലിംബാലികമാർക്കു ഒരു സ്കൂൾ തുറക്കുന്നതു്.

൫൦. മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഗവണ്മെൻറ് താഴെ പറയുന്ന കാര്യങ്ങൾക്കു മറുപടി സദയം പറയുമൊ?

(എ) കൊല്ലത്തു ഒരു പ്രാഥമിക ബാലികാപാഠശാല വേണമെന്ന് തുടർച്ചയായി കൊല്ലത്തെ മുസ്ലീമുകൾ അഭ്യർത്ഥിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവമാണൊ എന്നും,

(ബി) അതിന്മേൽ അവർ വല്ല നടപടിയും എടുത്തിട്ടുണ്ടൊ എന്നും,

(സി) പള്ളിക്കൂടത്തിനുള്ള സ്ഥാനംകൂടി ജനങ്ങൾ അധികൃതന്മാർക്കു ചൂണ്ടിക്കാണിച്ചിട്ടില്ലായിരുന്നുവൊ എന്നും,

മി: കെ. ജോർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) കൊല്ലത്ത് ഒരു പ്രാഥമികബാലികാപാഠശാല തുറക്കണമെന്ന് അഭ്യർത്ഥിക്കുന്ന ഹർജികൾ സ്ഥലത്തെ മുസ്ലീമുകളിൽനിന്നും കിട്ടീട്ടുണ്ട്. (ബി) അതെ. (സി) ജനങ്ങൾ രണ്ടു സ്ഥാനങ്ങൾ ചൂണ്ടിക്കാണിച്ചു. എങ്കിലും അവയിൽ ഒന്നെങ്കിലും സ്കൂളിനു പറ്റിയതല്ലാ. ഈ സംഗതിയെപ്പററി അന്വേഷിക്കണമെന്ന് ബാലികാപാഠശാല ഇൻസ്പെക്ട്രസ്സിനോടു ആവശ്യപ്പെട്ടിട്ടുണ്ട്.

നീതിന്യായ വകുപ്പിൽ മുസ്ലീമുകളുടെ നിയമനം.

൫൧. മി: പി. എസ്. മഹമ്മദ് (നിയമിത മെംബർ): ജുഡിഷ്യൽ വകുപ്പിലേക്കുള്ള നിയമനങ്ങളെ സംബന്ധിക്കുന്നേടത്തോളം മുസ്ലിം സമുദായത്തിനു വാസ്തവമായ സങ്കടമുണ്ടെന്ന് അറിയാമൊ എന്ന് ഗവണ്മെൻറു സദയം പറയുമൊ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഡിപ്പാർട്ടുമെൻറിൽ കൂടുതൽ ഉദ്യോഗങ്ങൾ മുസ്ലീമുകൾ ആവശ്യപ്പെടുന്നതായ നിവേദനങ്ങൾ ഗവണ്മെൻറിലേക്കു സമർപ്പിക്കയുണ്ടായിട്ടുണ്ട്.

മുൻസിഫ്മാരുടെ ഉദ്യോഗങ്ങൾക്കു വേണ്ടി മുസ്ലീമുകളുടെ അപേക്ഷകൾ.

൫൨. മി: പി. എസ്. മഹമ്മദ് (നിയമിത മെംബർ); യോഗ്യതയുള്ള മുസ്ലീമുകളിൽ ചിലർ മുൻസിഫ് ഉദ്യോഗങ്ങൾക്കായിട്ടു അപേക്ഷിച്ചിട്ടുള്ളതായി അറിയാമൊ എന്നു ഗവണ്മെൻറ് സദയം പറയുമൊ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): മറുപടി അനുവാലത്രൂപത്തിലാണ്.

പബ്ലിക്കു സർവീസിലേക്കുള്ള നിയമനത്തിന്റെ കാര്യത്തിൽ പിന്നോക്കമുള്ള സമുദായങ്ങൾക്കുള്ള അവകാശങ്ങൾ.

൫൩. മി: പി. എസ്. മഹമ്മദ് (നിയമിത മെംബർ): ഗവണ്മെൻറു താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി സദയം പറയുമൊ?

(എ) പബ്ലിക്ക് സർവീസിലേക്കുള്ള നിയമനത്തിന്റെ സംഗതിയിൽ പിന്നോക്കമുള്ള സമുദായങ്ങളുടെ അവകാശങ്ങൾ അവർ പ്രത്യേകമായി കരുതുന്നുണ്ടെന്നുള്ള കേൾവിയിൽ വല്ല വാസ്തവമുണ്ടൊ എന്നും,

(ബി) ആവശ്യപ്പെടുന്നയോഗ്യതകളുള്ള പലഅപേക്ഷകന്മാരിൽ നിന്നും അപേക്ഷകൾ നിയമനത്തിനധികാരമുള്ള ഉദ്യോഗസ്ഥന്റെ മുമ്പാകെ വരുമ്പോൾ പിന്നോക്കമുള്ള സമുദായങ്ങളുടെ കാര്യത്തിൽ കൂടുതൽ ആനുകൂല്യം കാണിക്കേണ്ടതാണെന്നു വല്ല വിജ്ഞാപനവും അവർ ഡിപ്പാർട്ടുമെൻറ് മേധാവികൾക്കു വല്ലപ്പോഴും കൊടുത്തിട്ടുണ്ടൊ എന്നും.

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): (എ) അതെ, എന്നാൽ യോഗ്യതയും കാര്യക്ഷമതയും വേണ്ടുവോളം കരുതീട്ടാണ്.

വിദ്യാലയങ്ങളിൽ അറബി മുൻഷിമാരുടെ ദൌർലഭ്യം.

൫൪. മി: പി. എസ്. മഹമ്മദ് (നിയമിത മെംബർ): മഹമ്മദൻ സ്കൂൾ ഇൻസ്പെക്ടരുടെ ശിപാർശ ഉണ്ടായിട്ടും അറബിമുൻഷിമാരില്ലാത്ത അനേകം സ്കൂളുകളുള്ളതായിട്ടു അറിയാമൊ എന്നു ഗവണ്മെൻറു സദയം പറയുമൊ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അറബി മുൻഷിമാരെ നിയമിച്ചിട്ടില്ലാത്ത ഏതാനും സ്കൂളുകളുണ്ടെന്നു ഗവണ്മെൻറിനറിയാം. ഈ സംഗതിയിൽ ശ്രദ്ധ ചെലുത്തിവരുന്നു എന്നാൽ അറബി മുൻഷിമാരെ നിയമിച്ചിട്ടുള്ള സ്കൂളുകളുടെ സംഖ്യയോടു താരതമ്യപ്പെടുത്തുന്നതായാൽ ഇവയുടെ എണ്ണം കുറവാണ്.

വിദ്യാലയങ്ങളിൽ കൊറാൻ പഠിപ്പിക്കുന്നതു്.

൫൫. മി: പി. എസ്. മഹമ്മദ് (നിയമിത മെംബർ): മുസ്ലീം വിദ്യാർത്ഥികളെ പള്ളിക്കൂടങ്ങളിലേക്ക് ആകർഷിക്കുന്നതിനുള്ള ഉത്തമരീതികളിലൊന്ന് പള്ളിക്കൂടങ്ങളിൽ കൊറാൻ പഠിപ്പിക്കുന്നതു് ആണെന്നു ഗവണ്മെൻറിനറിയാമൊ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): മറുപടി നിഷേധരൂപത്തിലാണ്.

മി: പി. എസ്. മഹമ്മദ് (നിയമിത മെംബർ): ഇപ്പോൾ ഈ പള്ളിക്കൂടങ്ങളിൽ കൊറാൻ അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുള്ളതു് മുസ്ലിം വിദ്യാർത്ഥികളെ അതിലേക്കാകർഷിക്കുന്നതിനല്ലെ?

ഉ൩. സഹായധനം വാങ്ങുന്ന സ്ക്കൂളുകളിലെ വാദ്ധ്യാർമാർക്കുള്ള ശമ്പളം കൊടുക്കുന്നതു്.

മി: എൻ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും-പീരുമേടും): (എ) ഗവണ്മെൻറു താഴെ പറയുന്ന കാര്യങ്ങൾക്കു മറുപടി സദയം പറയുമോ?

(എ) സഹായധനം വാങ്ങുന്ന അനേകം സ്ക്കൂളുകളിൽ വാദ്ധ്യാർമാരുടെ ശമ്പളം ശരിയായും കൃത്യസമയത്തും കൊടുക്കപ്പെടുന്നില്ല എന്നുള്ളതിനപ്പുറം അവരുടെ ഇടയിൽ വളരെ സങ്കടമുണ്ടെന്നുള്ളതു വാസ്തവമാണോ എന്നും,

(ബി) അച്ചുകൂടമുള്ള പല സ്ക്കൂളുകളിലും വാദ്ധ്യാർമാർക്കു വാസ്തവത്തിൽ കൊടുത്തുവരുന്ന ശമ്പളം കണക്കുകളിൽ കാണിച്ചിട്ടുള്ളതിനോടു യോജിക്കുന്നില്ലാ എന്നുള്ളതു വാസ്തവമാണോ എന്നും.

(സി) ഇക്കഴിഞ്ഞ (എൻറു ഒ-എൻറു വു) പാഠശാലാ വർഷാവസാനത്തിൽ സംസ്ഥാനത്തുള്ള ഓരോ സഹായധനം വാങ്ങുന്ന സ്ക്കൂളിലും നിലവുള്ള ശമ്പളക്കുടിശിക കാണിക്കുന്ന ഒരു ലിസ്റ്റ് അവർ സദയം മേശപ്പുറത്തു് വയ്ക്കുമോ?

(ഡി) ഈ പൊതു സ്ഥാപനങ്ങളിലെ എല്ലാ കണക്കുകളും ഗവണ്മെൻറു് ആഡിററന്മാരാൽ കുറഞ്ഞ പക്ഷം കൊല്ലത്തിലൊരിക്കൽ എങ്കിലും പരിശോധിക്കപ്പെടുന്നതിനു ഗവണ്മെൻറു് സദയം ഏർപ്പാടു ചെയ്യുമോ?

(ഇ) എല്ലാവാദ്ധ്യാർമാരുടെയും പ്രതിമാസശമ്പളവും (ചെക്കുകൾ അല്ലെങ്കിൽ ശാശ്വത നിധിയിലേക്കുള്ള അടുക്കളും) നിർവഹിക്കത്തക്കവണ്ണമുള്ള ഒരു തുക ഗവണ്മെൻറിൽ നിക്ഷേപിക്കേണ്ടതാണെന്നു എല്ലാ മാനേജർമാരോടും ആജ്ഞാപിക്കുന്നതിനും, ഗവണ്മെൻറു സ്ക്കൂളുകളിലെ വാദ്ധ്യാർമാർക്കു എന്നപോലെ മാസം തോറും അവരുടെ ശമ്പളം ഗവണ്മെൻറിൽ നിന്നും നേരിട്ടുകൊടുത്തുകൊള്ളുന്നതിനും ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(ഈ) ഭാഗം (എ)-നെക്കുറിച്ചു് ഗവണ്മെൻറിനു അറിവില്ലെങ്കിൽ സംബന്ധിച്ച വാദ്ധ്യാർമാരിൽ നിന്നു നേരിട്ടു തെളിവു ശേഖരിക്കുന്നതിലേക്കു ഇൻസ്പെക്ടിംഗ് ആഫീസർമാരോടു ആജ്ഞാപിച്ചുകൊണ്ടു് ആവശ്യപ്പെടുന്ന വിവരം ശേഖരിക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറു് ചീഫ്സെക്രട്ടറി): എ (എ) യും (ബി) യും. ഈ സംഗതിയെ പററി വിദ്യാഭ്യാസമേലദ്ധ്യക്ഷന്റെ അടുക്കൽ യാതൊരു പരാതിയും വന്നിട്ടില്ലാ.

(സി) ഇതു പ്രായോഗികമല്ലാ.

(ഡി)-ം, (ഈ)-ം. മെംബറുടെ നിർദ്ദേശങ്ങൾ സയുക്തികമൊ പ്രായോഗികമൊ ആയിരിക്കുന്നില്ലാ.

(ഇ) വഞ്ചനകാണിച്ചതിനു സുവ്യക്തമായ ഉപ്പോന്തങ്ങൾ മെംബർ വിദ്യാഭ്യാസമേലദ്ധ്യക്ഷന്റെ മുമ്പാകെ കൊണ്ടുവരുന്നതായാൽ ഒരന്വേഷണം നടത്തുന്നതായിരിക്കും.

൪൭. ആലപ്പുഴയിലെ ജലപരിശോധന.

മി: എച്ച്. ബി. മഹമ്മദ് രാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): ആലപ്പുഴ പ്രചരിക്കുന്ന പലവിധരോഗങ്ങൾക്കു അവിടത്തെ വെള്ളം എത്രത്തോളം നിദാനമായിരിക്കുന്നു എന്നു കണ്ടുപിടിക്കുന്നതിലേക്കു ആലപ്പുഴയിൽ ലഭ്യമാകുന്ന ജലത്തിന്റെ പല മാതിരികളെ പരിശോധിക്കുന്നതിനു സംസ്ഥാനത്തുള്ള വിദഗ്ദ്ധഡൊക്ടർമാരിലൊരാളെ നിയമിക്കേണ്ടതിന്റെ ആശാസ്യതയെ ഗവണ്മെൻറു് സദയം ആലോചിക്കുമൊ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഈ സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിലിരിക്കയാണു്.

൪൮. അറബി മുൻഷിമാരുടെ സ്ഥലം മാററം.

മി: എച്ച്. ബി. മഹമ്മദ് രാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): അറബി മുൻഷിമാരെ സ്ഥലം മാററുന്നതിനു മഹമ്മദൻ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുന്നതിന്റെ അഭിലഷണീയതയെപററി ഗവണ്മെൻറു് സദയം ആലോചിക്കുമൊ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറു് ചീഫ് സെക്രട്ടറി): മറുപടി നിഷേധരൂപത്തിലാണു്.

൪൯. ജനറലാസ്പത്രിയിലെ മെഡിക്കലുദ്യോഗസ്ഥന്മാരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതു്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): (എ) ജനറലാസ്പത്രിയിൽ പ്രവേശിക്കുന്ന രോഗികളുടെ നന്മയെക്കരുതി ഓരോ വാർഡും ഒരു പ്രത്യേക മെഡിക്കലുദ്യോഗസ്ഥന്റെ ചുമതലയിലിരിക്കത്തക്കവണ്ണം ഉടൻതന്നെ മതിയായ എണ്ണം മെഡിക്കലുദ്യോഗസ്ഥന്മാരെ നിയമിക്കുന്ന സംഗതി ഗവണ്മെൻറു് സദയം ആലോചിക്കുമൊ?

(ബി) ഇതു സാദ്ധ്യമല്ലെങ്കിൽ, ഉടൻതന്നെ ജനറലാസ്പത്രിയിൽ കുറെ മെഡിക്കലാഫീസർമാരെ കൂടി നിയമിക്കുന്നതിന്റെയും ആ ഉഴിക്കു അവിടെ ചേരുന്ന രോഗികളുടെ സംഖ്യയ്ക്കും ആവശ്യത്തിനും യോജിച്ചവണ്ണം അവരുടെ സംഖ്യയെ വർദ്ധിപ്പിക്കുന്നതിന്റെയും അഭിലഷണീയതയെ ഗവണ്മെൻറു സദയം ആലോചിക്കുമൊ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറു് ചീഫ് സെക്രട്ടറി): (എ) മെഡിക്കൽ ഡിപ്പാർട്ടുമെൻറു ഭരണ ബോർഡു് റിപ്പോർട്ടു ചെയ്തതു ഓരോ വാർഡിലുമുള്ള കട്ടിലുകളുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ ഓരോവാർഡിലും ഒരു പ്രത്യേക മെഡിക്കലുദ്യോഗസ്ഥനെ നിയമിക്കുന്നകാര്യം പ്രായോഗികമൊ ആവശ്യമൊ ആയിരിക്കുന്നില്ലാ എന്നാണു്.

(ബി) സംസ്ഥാനത്തുള്ള മററു് ആസ്പത്രികളെക്കാൾ ജനറലാസ്പത്രിയിൽ കട്ടിലുകളുടെ കണക്കിനു സരിച്ചു് അധികം തൃപ്തികരമായി ഉദ്യോഗസ്ഥരെ നിയമനം ചെയ്തിട്ടുണ്ടു്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): ഇപ്പോൾ ജനറൽ ആശുപത്രിയിൽ എത്ര രോഗികൾ ചികിത്സയിൽ കിടക്കുന്നുണ്ടു്?

മി: കെ. ജോർജ്ജ് (ഗവണ്മെൻറു് ചീഫ് സെക്രട്ടറി): എത്രയുണ്ടെന്നു നിശ്ചയമില്ലാ.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഇപ്പോൾ രോഗികളെ ചികിത്സിക്കുന്നതു ഏതു ഡോക്ടർമാരാണ്?

മ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആറു ഡോക്ടർമാരുണ്ടെന്നു തോന്നുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): സർജനെയും റസിഡന്റ് മെഡിക്കൽ ഓഫീസറേയും കൂട്ടിയാണോ ആറു പേരുള്ളതു?

മ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സർജനെയും റസിഡന്റ് മെഡിക്കൽ ഓഫീസറേയും കൂട്ടിയാണോ ആറു പേരുള്ളതെന്നു അത്ര നിശ്ചയമായിട്ടു പറയാൻ സാധിക്കയില്ല. ഞാൻ പറഞ്ഞതു എന്റെ ഒരു ഊഹമാണ്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): രോഗികൾ എത്രയാണെന്നു നിശ്ചയമില്ലെങ്കിൽ ഈ ആറു മെഡിക്കൽ ഓഫീസറന്മാരെക്കൊണ്ടു ജനറൽ ആശുപത്രിയിൽ ചികിത്സനടത്തുന്നതു ജനങ്ങൾക്കു പ്രയോജനകരമായിരിക്കും എന്നു ഗവണ്മെന്റിന് അഭിപ്രായമുണ്ടോ?

മ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): രോഗികളുടെ സംഖ്യ വളരെക്കുറവാണെന്ന് ഗവണ്മെന്റു സമ്മതിക്കുന്നില്ല. ആവശ്യത്തിനു തക്കവണ്ണം മെഡിക്കൽ ഓഫീസർമാരുണ്ടെന്നാണ് അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ബോർഡ് ഗവണ്മെന്റിനെ അറിയിച്ചിരിക്കുന്നതു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഇപ്പോൾ ജനറൽ ആശുപത്രി എത്രവാർഡുകളായിട്ടാണ് തിരിച്ചിരിക്കുന്നതു?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആ ചോദ്യത്തിനു നോട്ടീസ് ആവശ്യമുണ്ട്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): വാർഡിനെ സംബന്ധിച്ചും ഞാൻ അയച്ചിട്ടുള്ള ചോദ്യത്തിൽ തന്നെ പറഞ്ഞിട്ടുണ്ടല്ലോ.

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതിനെ സംബന്ധിച്ചു പ്രത്യേകം ഒരു ചോദ്യമുള്ളതായി ഞാൻ ഓർക്കുന്നുണ്ട്.

ന്യ ം. സത്രങ്ങളെ മററു വിധങ്ങളിൽ ഉപയോഗിക്കുന്നതു.

മി: മുകുന്ദവേലിൽ പാച്ചുപിള്ള (ചേർത്തല): ഗവണ്മെന്റു താഴെ പറയുന്ന കാര്യങ്ങൾക്കു മറുപടി സദയം പറയുമോ. (എ) പൊതുജനോപയോഗത്തിനായി പണികഴിപ്പിച്ചിട്ടുള്ള ഏതു സത്രങ്ങൾ സംസ്ഥാനത്തുണ്ടെന്നും,

(ബി) അവയിൽ ഏതു എണ്ണം ആനിലയിൽ തന്നെ ഉപയോഗിച്ചുവരുന്നുണ്ടെന്നും,

(സി) അവയിൽ ഏതു എണ്ണം പള്ളിക്കൂടങ്ങളായും മുൻസിഫ് കോർട്ടുകളായും മററും ഉപയോഗപ്പെടുത്തിവരുന്നുണ്ടെന്നും.

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ഒന്നു. (ബി) രണ്ടു. (സി) നാലു സത്രങ്ങൾ മുൻസിഫ് കോർട്ടുകളായും മൂന്നെണ്ണം പകുതികച്ചേരികളായും, രണ്ടെണ്ണം പള്ളിക്കൂടങ്ങളായും ഒന്നു സ്റ്റേഷനറി രജിസ്ട്രേഷൻ കോർട്ടായും, ഒന്നു സബ്ബ് രജിസ്ട്രാരുടെ ആഫീസായും ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ഒരു സത്രം താല്ക്കാലികമായി കൊട്ടാരമായി രൂപാന്തരപ്പെടുത്തിട്ടുണ്ട്. വേറൊന്നു ഒരു കോ-ഓപ്പറേറ്റീവ് സംഘത്തിനു ഗോഡൗണായി ഉപയോഗപ്പെടുത്തിയും വരുന്നുണ്ട്.

ന്യ ം. താലൂക്ക കച്ചേരികളിൽ പകർപ്പെഴുത്തുകാർ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഗവണ്മെന്റു താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി സദയം പറയുമോ?

(എ) ഒരു താലൂക്ക കച്ചേരിയിൽ നിയമിച്ചിട്ടുള്ള പകർപ്പു ഗുമസ്ഥന്മാരുടെ എണ്ണം ആ ആഫീസിൽ ചെയ്യാനുള്ള ജോലിയുടെ പരിമാണമനുസരിച്ചു ക്രമപ്പെടുത്തുന്നതാണോ എന്നും;

(ബി) ദിവസം പ്രതി ഒരു പകർപ്പു ഗുമസ്ഥൻ ചെയ്തു തീർക്കണമെന്നുദ്ദേശിച്ചിരിക്കുന്ന ജോലിയുടെ പരിമാണമെത്ര എന്നും,

(സി) ഓരോ താലൂക്കുകച്ചേരികളിലും പകർപ്പു ഗുമസ്ഥന്മാരുടെ ജോലിയുടെ പരിമാണം ഒരേ നിലയിലിരുന്നുവോ അതോ മാറിക്കൊണ്ടിരുന്നുവോ എന്നും,

(ഡി) ഈ പകർപ്പു ഗുമസ്ഥന്മാർ മററു ഗവണ്മെന്റുദ്യോഗസ്ഥന്മാരെപോലെ തന്നെ ശമ്പളത്തിനും പെൻഷനും അർഹന്മാരാണോ എന്നും,

(ഇ) (ഡി) ഭാഗത്തിന്റെ മറുപടി നിഷേധരൂപത്തിലാണെങ്കിൽ മററുള്ള ഡിപ്പാർട്ടുമെന്റിലും ശമ്പളവും പെൻഷനും കൂടാതെ പകർപ്പു ഗുമസ്ഥന്മാർ നിയമിപ്പിക്കപ്പെടുന്നുണ്ടോ എന്നും,

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) അതെ. (ബി) ഓരോ പേജിലും ഏഴു വാക്കുകൾ വീതമുള്ള മററു മുദ്രപത്രപേജുകൾ (സി) പകർപ്പുകൾക്കുള്ള തിരക്കുപോലെ ഓരോ ആഫീസിലും ജോലി പരിമാണം വ്യത്യാസപ്പെടുന്നു. (ഡി) ഇല്ല. (ഇ) ഇല്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): (സി) ഭാഗം സംബന്ധിച്ചു്, എന്റെ ചോദ്യം സമയക്കുറവ്യം ആലോചിക്കാതെ ഓരോ താലൂക്കുകച്ചേരികളിലും, പകർപ്പു ഗുമസ്ഥന്മാരുടെ ജോലി ഒരേ നിലയിലായിരുന്നോ, മാറിക്കൊണ്ടിരുന്നോ എന്നായിരുന്നു, എന്നു ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. കൊടുത്തിട്ടുള്ള മറുപടി പകർപ്പുകൾക്കുള്ള തിരക്കുപോലെ ഓരോ ആഫീസിലും ജോലി പരിമാണം വ്യത്യാസപ്പെടുന്നു എന്നായിരുന്നു. ജോലി ഒരേ നിലയിൽ തന്നെ ഇരുന്നുവോ അതോ വ്യത്യാസപ്പെട്ടുകൊണ്ടിരുന്നുവോ എന്നു എന്നോടു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മറുപടിയിൽ അതും ഉൾപ്പെടുന്നു. അതു വ്യത്യാസപ്പെട്ടുകൊണ്ടിരുന്നു. അതു വ്യത്യാസപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. ഇനിയും വ്യത്യാസപ്പെട്ടുകൊണ്ടു തന്നെയിരിക്കും.

മി: എം. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതു വ്യത്യാസപ്പെട്ടുകിടക്കുന്നു എന്നു പറഞ്ഞ് ഞാനോടു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കുസെക്രട്ടറി): അതെ അതു വ്യത്യാസപ്പെട്ടുകിടക്കുന്നതു തന്നെ ഇരുന്നു.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എല്ലാ താലൂക്കുകളിലും അങ്ങിനെയാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കുസെക്രട്ടറി): മിക്ക താലൂക്കുകളിലും ഏതെങ്കിലും രണ്ടു താലൂക്കുകൾ തമ്മിൽ ഐകരൂപ്യമില്ല.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതു വർദ്ധിച്ചുകൊണ്ടിരുന്നു വോ കുറഞ്ഞുകൊണ്ടിരുന്നുവോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കുസെക്രട്ടറി): അതു തീർച്ചയാക്കേണ്ടതുണ്ട്. അതിനാൽ ഞാൻ സമയം ആവശ്യപ്പെടുന്നു.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ അറിയാൻ ആഗ്രഹിക്കുന്നത് അതു വ്യത്യാസപ്പെട്ടുകിടക്കുന്നു എന്നാണ്, ഗവർണ്ണർ ഇതു തീർച്ചപ്പെടുത്തിയതിന്റെ ശേഷം അതു വർദ്ധിച്ചുകൊണ്ടോ കുറഞ്ഞുകൊണ്ടോ ഇരുന്നതുഎന്നു അവർക്കറിയാവുന്നതായിരിക്കും.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കുസെക്രട്ടറി). അതു വ്യത്യാസപ്പെട്ടുകിടക്കുന്നു എന്നുള്ള വസ്തുത തീർച്ചപ്പെടുത്തിട്ടുണ്ട്. വ്യത്യാസത്തിന്റെ അളവിനേയും ഏതേതു താലൂക്കുകളിൽ ജോലി പരിമാണം വ്യത്യാസപ്പെട്ടുകിടക്കുന്നു എന്നുള്ളതിനേയും പററിയാണ് ഞാൻ സമയം ആവശ്യപ്പെട്ടത്.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): (സി) ഭാഗത്തിന്റെ മരപ്പടിസംബന്ധിച്ചു ജുഡിഷ്യൽകോർട്ടുകളിൽ സ്ഥിരശമ്പളവും പെൻഷനും എന്നുള്ള വ്യവസ്ഥയിൻമേലാണോ പകർപ്പുഗുമസ്ഥന്മാരെ നിയമിക്കപ്പെടുന്നത് എന്നു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കുസെക്രട്ടറി): അതെ.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): നീതിന്യായകോർട്ടുകളിലെ ജോലി വ്യത്യാസപ്പെടുന്നതെങ്ങനെ, ഒരേനിലയിലിരിക്കുന്നതാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കുസെക്രട്ടറി): എനിക്കു നോട്ടീസ് ആവശ്യമുണ്ട്.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും); നീതിന്യായകോർട്ടുകളിലും പകർപ്പുകൾക്കുള്ള നിരക്കുപോലെ ജോലി പരിമാണം വ്യത്യാസപ്പെടുന്നതെന്നു ഞങ്ങൾക്ക് അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കുസെക്രട്ടറി): അങ്ങിനെ ആയിരിക്കാം, എന്നാൽ നീതിന്യായവകുപ്പിൽ ഏററവും കുറഞ്ഞ ക്ലിപ്തമായ ഒരു ജോലിപരിമാണം ഉണ്ടായിരിക്കാനിടയുണ്ട്. റവന്യൂകച്ചേരികളിൽ സംഗതി വ്യത്യസ്തനിലയിലാണ്.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): റവന്യൂവകുപ്പിൽ പകർപ്പുഗുമസ്തന്മാർക്കു ഏററവും കുറഞ്ഞ ക്ലിപ്തമായ ഒരു ജോലി പരിമാണമില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കുസെക്രട്ടറി): അതു നിർണ്ണയപ്പെടേണ്ടതോ പരിഷ്കരിക്കപ്പെടേണ്ടതോ ആയ പകർപ്പുഗുമസ്തന്മാരുടെ എണ്ണം ജോലിയുടെ കൂടുതൽ കുറവനുസരിച്ചിരിക്കും, റവന്യൂവകുപ്പിന്റെ സംഗതിയിൽ വല്ലപ്പോഴും മാത്രമേ പകർപ്പുകൾ ആവശ്യപ്പെടുന്നുള്ളു. ജുഡിഷ്യൽവകുപ്പിൽ അങ്ങിനെയല്ല.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സിവിൽക്കോർട്ടു ഓർഡ്ഡറുകൾപ്രകാരം കക്ഷികൾ വസ്തുക്കൾ കൈത്തിൽകൊണ്ടുവരുന്നതിന് ചിലരാപകർപ്പുകൾ സമ്പാദിക്കേണ്ടതായിട്ടുണ്ട് എന്നു മനസ്സിലാക്കാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കുസെക്രട്ടറി): അങ്ങിനെ ആയിരിക്കാം എന്നാൽ ആ സംഖ്യ ഓരോ താലൂക്കുകളിലായി വീതിക്കപ്പെടുന്നതായിട്ടുണ്ട്.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): താലൂക്കുകച്ചേരികളിൽ ജോലിയുടെ പരിമാണം കുറഞ്ഞുകൊണ്ടിരിക്കുന്നതായോ എന്നു ഗവർണ്ണർ അന്വേഷിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കുസെക്രട്ടറി): അതേ, ഞങ്ങൾ അതു അന്വേഷിക്കാം,

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ജോലിയുടെ പരിമാണം കുറഞ്ഞിട്ടുള്ളതായാൽ ഈ ഉദ്യോഗങ്ങൾ സ്ഥിരമാക്കാൻ കഴിയുമോ എന്നു ഗവർണ്ണർ ആലോചിക്കുമോ?

പ്രസിഡണ്ട്: സ്വീകാര്യമല്ലാത്ത ഒരു നടപടിയെക്കുറിച്ചാണു നിങ്ങൾ നിർദ്ദേശിക്കുന്നത്.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതു് അറിയാനുള്ള ഒരു വിവരം മാത്രമാണ്.

പ്രസിഡണ്ട്: ഒരു നടപടിക്കു വേണ്ടിയുള്ള ഒരു നിർദ്ദേശമാണ് അതു്, അതിനാൽ അതു സ്വീകാര്യമല്ല. ന്യൂ. മാവേലിക്കരതാലൂക്കിൽ കരിങ്ങാലിച്ചാലിന്റെ അററകുററപ്പണി.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഗവർണ്ണർക്കു ഒഴിച്ചുകൂടാത്ത കാര്യങ്ങൾക്കു മരപ്പടി സമയം ചെലവാകുമോ?

(എ) മാവേലിക്കരതാലൂക്കിൽ കരിങ്ങാലിച്ചാൽ തോടുകെട്ടുന്നതിനും അററകുററപ്പണി ചെയ്യുന്നതിനുമുള്ള ഒരു എസ്റ്റിമേററു കിട്ടിട്ടുണ്ടോ എന്നും അങ്ങിനെയെങ്കിൽ ആ കിട്ടിയതീയതിയും,

(ബി) (എ) ഭാഗത്തിനു മരപ്പടി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, എസ്റ്റിമേററിനു ഗവർണ്ണർക്കനുവാദം സിദ്ധിച്ചിട്ടുണ്ടോ എന്നും അങ്ങിനെയെങ്കിൽ ആ അനുവാദം സിദ്ധിച്ച തീയതിയും,

(സി) പ്രസ്തുതതോടിന്റെ നീളവും വീതിയും ആഴവും.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണർക്കുസെക്രട്ടറി): (എ) അതെ. ഫിനാൻസ്-മെമ്പറുടെ മാർച്ചു ൧ ൭-ാം (ബി) എസ്റ്റിമേററു ഫിനാൻസ് കമ്പോരി ഫെബ്രുവരി ൧൯-ാം തീയതി ഗവർണ്ണർക്കു നിന്നും അനുവദിച്ചു,

(സി) തിരും വ,സ്ഥ ം അടി, വീതി, അടിയിൽ ഗം അടി, ആഴം സ്ഥലത്തിന്റെ കിടപ്പുപോലെ വ്യത്യാസപ്പെട്ടിരിക്കുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഗ്രൻറ്റ് മാർച്ച് വ ൈ-ാം നു എസ്റ്റിമേറ്റ് കിട്ടി. അതിൽപിന്നെ അതു് അനുവദിക്കുന്നതിന് ഇത്രത്രക്കാലതാമസം വേണ്ടിവന്നതു് എന്തുകൊണ്ട് എന്ന് ഗവർണ്ണമെന്റ് സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): സംഗതി ശ്രദ്ധിക്കുന്ന കമ്മീഷണറുടെ എഴുത്തുകുത്തിൽ കിടക്കയായിരുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ സമയം മുഴുവനുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): അതെ, അദ്ദേഹം ഈ വേല നടത്തുന്നതിനാവശ്യമാകാവുന്ന ഗുണങ്ങളെല്ലാം ഒരു പ്രത്യേകരീതിയിലുമത്തുന്നതിനുള്ള വഴിയും പരിശോധിക്കുകയായിരുന്നു. ഈ വിവരങ്ങളെല്ലാം ശ്രദ്ധിക്കുന്ന കമ്മീഷണറുടെ പരിശോധിക്കപ്പെടേണ്ടിയിരുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): റിപ്പോർട്ട് എന്തായിരുന്നു എന്നു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): അതു കിട്ടീട്ടുണ്ട്. അതിൽപിന്നെയാണ് എസ്റ്റിമേറ്റ് അനുവദിച്ചതു്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): റിപ്പോർട്ടുകിട്ടിയതിൽപിന്നെ ജോലി നടത്തേണ്ടതാണെന്നു ഗവർണ്ണമെന്റിനു ബോധ്യം വന്നിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ(ഗവർണ്ണമെന്റ് സെക്രട്ടറി). അതെ. അതുകൊണ്ടാണ് എസ്റ്റിമേറ്റ് അനുവദിച്ചതു്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആവശ്യമുള്ള തുക ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ലാത്തതു് എന്തുകൊണ്ടാണെന്നു പറയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): അതിലേക്കാവശ്യമുള്ള ഭൂമികൾ കൈവശപ്പെടുത്തീട്ടില്ല. സ്ഥലം മുഴുവനും കവളത്തിനടിയിലാണ്. ഭൂമികൾ സർവ്വെ ചെയ്തു കൈവശപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതു വരുന്ന കുംഭമാസത്തിലെ നടത്താൻകഴിയൂ. സമ്മതപത്രങ്ങൾ വന്നുചേരുകയും ഭൂമികൾ കൈവശപ്പെടുത്തുകയും ചെയ്യുകിൽമാത്രമെ വേല തുടങ്ങാൻ കഴിയൂ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്നാൽ ഇക്കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്നെങ്കിൽ അതു് ഇക്കൊല്ലത്തിൽ ഉപയോഗപ്പെടുത്താമായിരുന്നു എന്നു ഗവർണ്ണമെന്റ് അറിയുന്നില്ലേ?

പ്രസിഡന്റ്: ബഡ്ജറ്റിൽ തുക കൊള്ളിക്കുന്നതു് അനുവാദം ലഭിച്ചു എന്നർത്ഥമാകുന്നില്ല എന്നുഞാൻ മെമ്പറെ ധരിപ്പിക്കട്ടെ. അതു മുൻകരിപ്പായിട്ടുള്ള ഒരു ചെലവു കരുതൽമാത്രമാണ്. അനുവാദം ലഭിക്കുന്നതു പിന്നീടു ഒരു ഘട്ടത്തിലാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ജലസേചനവേലകൾ സംബന്ധിച്ചു് അനുവാദം കൊടുത്ത ഉടൻതന്നെ വേല തുടങ്ങുന്നതിനു യത്നിക്കുമെന്നു വ്യക്തമായി വെളിപ്പെടുത്തിട്ടുണ്ടെന്നു ഗവർണ്ണമെന്റിനറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): അതെ. ഞങ്ങൾ ഇപ്പോൾതന്നെ അങ്ങിനെയാണ് ചെയ്തുവരുന്നതു്. സമ്മതപത്രം തയ്യാറാക്കിവരുന്നു. അതിൻപിന്നെ ഭൂമികൾ സർവ്വേചെയ്യേണ്ടിയിരിക്കുന്നു. ആ ജോലി ഇപ്പോൾതന്നെ ആരംഭിച്ചിട്ടുണ്ട്.

നൂറ്റ. ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ ഹെഡ്മാസ്റ്റർമാരുടെയും ഒന്നാംഗ്രേഡ് അദ്ധ്യാപകന്മാരുടെയും ഉദ്യോഗങ്ങളുടെ ഒഴിവുകൾ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഗവർണ്ണമെന്റ് താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി സദയം പറയുമോ?

(എ) ഗ്രാമ്പ്ലീഷ്ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർ ഉദ്യോഗങ്ങളിൽ സ്ഥിരമായ ഒഴിവുകളുടെ എണ്ണവും അങ്ങിനെയുള്ള ഉദ്യോഗങ്ങൾ ഒഴിവായി തീർന്നതീയതികളും,

(ബി) (ഏ) ഇംഗ്ലീഷ്ഹൈസ്കൂളുകളിൽ ഒന്നാംഗ്രേഡ് അദ്ധ്യാപകന്മാരുടെ ഉദ്യോഗങ്ങളിൽ സ്ഥിരമായ ഒഴിവുകളുടെ എണ്ണവും,

(ഏ) ഇനിയും ആറാനിയമിക്കാനുള്ള ഏററവും കാലപഴക്കമുള്ള ഒഴിവിന്റെ തീയതിയും.

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): (എ) ഗ്രൻറ്റ് ആഗസ്റ്റ് ഗ ൈ-ാം നു- കൂടിയ സഭയുടെ യോഗത്തിൽ മി. എ. താണുപിള്ള ചോദിച്ച ൭ ഗ-ാം ചോദ്യത്തിന്റെ (ബി)യും (സി)യും ഭാഗങ്ങൾക്കു തക്കാളത്തിട്ടുള്ള മറുപടിയിലേക്കു മെമ്പറെ ക്ഷണിക്കുന്നു.

(ബി) (ഗ) ൨ ൪, (ഘ) ഗ ൦ൻ മകരം ൨ ൪.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): (ബി) ഭാഗത്തിൽ ഉപവിഭാഗം (ഘ)ന് കൊടുത്ത മറുപടി സംബന്ധിച്ചു ഗ ൦ൻ മകരം ൨ ൪-ാംനു- ഒഴിവായ ഉദ്യോഗത്തിൽ ഇതേവരെ ആറാനിയമിക്കാത്തതു എന്തുകൊണ്ടാണെന്നു പറയാമോ?

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): ഒന്നാംഗ്രേഡ് ടീച്ചർമാരുടെ സ്ഥാനാനുക്രമണത്തിൽ വ്യത്യാസമുണ്ടായിരുന്നു. ആ പ്രശ്നം തന്നെ വീണ്ടും സ്ഥാനാനുക്രമണം ചെയ്യുന്ന ജോലി ഗവർണ്ണമെന്റു കയ്യേറ്റു അദ്ധ്യാപകന്മാരുടെ സീനിയാറിറിയേ പററി തർക്കമുണ്ടായിരുന്നു. ആ സംഗതി ഗ്രൻറ്റ ൭-ാമത്തെ കക്ഷി തീർച്ചചെയ്യപ്പെട്ടു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സീനിയാറിറി തീർച്ചപ്പെടുത്തിട്ടുള്ളതു് ഏവരെ സ്വീകരിച്ചു തീയതിക്രമമനുസരിച്ചാണോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതു പ്രാമാണികമായ ഒരു സാമാന്യസംഗതിയാണ്. സീനിയാറിററിയെന്ന സംഗതി ഗവണ്മെന്റു തീർച്ചയാക്കി നാം ഇവിടെ വിമർശനംചെയ്യുന്നതു സീനിയാറിററിയുടെ പ്രമാണത്തെയല്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സീനിയാറിററിയെസംബന്ധിച്ചു കഴപ്പം എന്ന സംഗതി തീർച്ചപ്പെടുത്തിയതു എങ്ങിനെയായിരുന്നു. എന്നുള്ളതിനെക്കുറിച്ചുള്ള വിവരമാണ് എനിക്കു കിട്ടേണ്ടതു്.

മി: കെ. ജോർജ്ജ് (ഗവണ്മെന്റുചീഫ്സെക്രട്ടറി): അതു ഇവിടെ ഉൽഭവിക്കുന്നില്ല. അതു വ്യത്യസ്തമായ ഒരു സംഗതിയാണ് (ബി) ഭാഗത്തിൽ ഒഴിവുകളുടെ എണ്ണവും ഏററവും കാലേയുണ്ടായ ഒഴിവിന്റെതീയതിയുമാണ് മെമ്പർ ചോദിക്കുന്നതു്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതേ സ്ഥാനാരോഹണത്തിന്റെ പ്രമാണം ഗവണ്മെന്റ് അംഗീകരിച്ചതു് ഏപ്പോഴാണെന്നു പറയാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റുചീഫ്സെക്രട്ടറി): ഗവണ്മെന്റുമുമ്പുതന്നെ ഏതാനും തത്വങ്ങൾ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അവർ ഈ ഉദ്യോഗസ്ഥന്മാരുടെ സ്ഥാനക്രമം പരിശോധിക്കേണ്ടതുമാത്രമേ ചെയ്യാനുണ്ടായിരുന്നുള്ളു. സ്ഥാനക്രമത്തിന്റെ സംഗതി ഞങ്ങൾ ഫൻവ ഉപമാണ്ടിടക്ക തീർച്ചപ്പെടുത്തുകയുംചെയ്തു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതിൽപിന്നെ ഒഴിവിൽ ആരെനിയമിക്കാത്തതു് എന്തുകൊണ്ടാണെന്നു പറയാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): സംഗതി മുഴുവനായിട്ടു ആലോചിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസാമേധ്യക്ഷൻ ആ സംഗതിയിലേക്കു ദൃഷ്ടി പതിച്ചു തുടങ്ങിയിരിക്കുന്നു.

൩൪. ഗവണ്മെന്റുഭൂമിക്കായുള്ള അപേക്ഷകന്മാരുടെ സ്റ്റേറ്റുമെന്റ്.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): കുന്നത്തുനാടും-മൂവാററുപുഴയും-തൊടുപുഴയും താലൂക്കുകളിൽ കഴിഞ്ഞ അഞ്ചുകൊല്ലങ്ങളിൽ (൧൦൯൯—൧൧൦൩) പുതുവലോ പുറമ്പോക്കോ ഈ ഏക്കറിൽ കൂടുതലായി പതിച്ചുകൊടുക്കണമെന്നു അപേക്ഷിച്ചിട്ടുള്ളവരുടേയും അങ്ങിനെയുള്ള ഭൂമി പേരിൽ പതിച്ചുകൊടുത്തിട്ടുള്ളവരുടേയും പേരുകൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു ഗവണ്മെന്റു സ്വയം മേശപ്പുറത്തുവയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അങ്ങിനെചെയ്യുന്നതിലുണ്ടാകുന്ന സമയനഷ്ടവും പ്രയത്നവും അതിൽനിന്നുണ്ടാകാവുന്ന പ്രയോജനത്തെ സീമാതീതമായി അധികരിക്കുന്നതാകയാൽ ആവശ്യപ്പെട്ടവിവരങ്ങൾ ശേഖരിക്കുന്നതിന് ഗവണ്മെന്റു വിചാരിക്കുന്നില്ല.

൩൫. വാരപ്പെട്ടി പോത്താനിക്കാട്ടുറോഡ്.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വാരപ്പെട്ടി—പോത്താനിക്കാട്ടുറോഡിന്റെ വേലക്കു കഴിഞ്ഞ നാലു കൊല്ലങ്ങൾക്കുള്ള (൧൧൦൧, ൧൧൦൨, ൧൧൦൩) ബഡ്ജററുകളിൽ തുകകൾ അനുവദിച്ചിട്ടുണ്ടെങ്കിലും ഇതുവരെയായി ജോലി നടത്താതെയിരുന്നതിനാൽ ഇപ്പോൾ ജനങ്ങൾതന്നെ മണ്ണു നിരത്തുന്ന ജോലി തീർത്തിരിക്കുന്നതുകൊണ്ടു ശേഷിപ്പുള്ള ജോലി പൂർത്തിയാക്കുന്ന സംഗതിയെപ്പററി ആലോചിക്കുമോ എന്നു ഗവണ്മെന്റു സ്വയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): സംബന്ധിച്ച ആളുകൾ പ്രതിഫലംകൂടാതെ പ്രസ്തുതറോഡിനാവശ്യമുള്ള ഭൂമിയിൽ ഒരു ഭൂരിഭാഗമെങ്കിലും വിട്ടുകൊടുക്കുന്നതിനു സമ്മതിക്കാത്തപക്ഷം ആ വേല കയ്യേറുക്കുന്നതിനു ഗവണ്മെന്റിനു ഒരുക്കമില്ല.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ൧൦൧-ലും ൧൦൨-ലും, ൧൦൩-ലും ൧൦൪-ലും, ബഡ്ജററിൽ പണം അനുവദിച്ചിട്ടും വെട്ടാതെയിരിക്കുന്നവാരപ്പെട്ടി-പോത്താനിക്കാട്ടുറോഡ് ജനങ്ങൾ വെട്ടി, മൺവേലകൾ തീർത്തുകഴിഞ്ഞു. അതുഗവണ്മെന്റിൽനിന്നും ഏറെറടുത്തു പൂർത്തിയാക്കി കലുങ്ക് മുതലായതു തീർത്തു ശരിപ്പെടുത്തിത്തരാമോ എന്നാണ് ചോദ്യം. അതിലേയ്ക്കു ഭൂമി മുക്കാൽഭാഗവും ജനങ്ങൾ തന്നാൽ അങ്ങിനെചെയ്യാമെന്നു മറുപടിപറഞ്ഞിട്ടുണ്ട്. എന്നാൽ ഭൂമി മുക്കാലെ അരയ്ക്കാൽഭാഗവും ജനങ്ങൾ തരാൻ തയ്യാറുണ്ട്. അതുകൊണ്ട് ആ വേല ഗവണ്മെന്റ് ഏറെറടുത്തുനടത്തണമെന്നാണ് ഞാൻ വീണ്ടും പറയുന്നതു്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മറുപടിയിൽ പറഞ്ഞിട്ടുള്ളതുപോലെ അടകൽ തയ്യാറാക്കുന്നതിനുമുൻപ് ആവശ്യമുള്ള ഭൂമി ജനങ്ങൾ വേറുതെ കൊടുക്കാമെന്നു ഏററുകൊണ്ടാണു ആ വേല ഗവണ്മെന്റ് ആലോചനയ്ക്കു എടുക്കയും അതിനു അടകൽ തയ്യാറാക്കുകയും ചെയ്തിട്ടുള്ളതു്.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അടകൽ തയ്യാറാക്കലും പണം ചെക്കലും നടത്തിയശേഷം ഈ ബഡ്ജററിൽ മാത്രമെ ഭൂമികിട്ടണമെന്നു പറഞ്ഞിട്ടുള്ളതു. ഇതിനുമുൻപു ഇങ്ങിനെ ആവശ്യപ്പെട്ടിട്ടില്ല- ഞാൻ ആണ് ആദ്യം ചീഫ്ഇഞ്ചിനീയറെ അവിടെ കൊണ്ടുചെന്നു കാണിച്ചതു്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): മെമ്പർതന്നെ അതിനെപ്പററി പ്രത്യേകം രേഖകൾ എഴുതിട്ടുണ്ട്. ഭൂമി കൊടുക്കാമെന്നു പറഞ്ഞതുകൊണ്ടാണ് അതു അനുവദിച്ചതു്.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഈ മെമ്പർ ഭൂമിതരാമെന്നു പറഞ്ഞിട്ടുള്ള വല്ല രേഖകളും ഉണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മെമ്പർ അല്ല. അവിടത്തെ ജനങ്ങൾ.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഭൂമി മുക്കാലെ അരയ്ക്കാലും തരാൻ തയ്യാറുണ്ട്. ഉടനെതന്നെ ആ വേല ഗവണ്മെന്റിൽനിന്നും നടത്താമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ആലോചിക്കാം.

൯൩. കോതമംഗലം-പെരുവിന്നൂർ റോഡ് വെട്ടിക്കുന്നതു്.

മി: തയ്യുകുഞ്ഞിരാമൻ (മൂവാററുപുഴയും തൊടുപുഴയും): ദിവാൻ മൂവാററുപുഴ സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിനു സമർപ്പിച്ചിട്ടുള്ള തങ്ങളുടെ മെമ്മോറിയലിൽ അഭ്യർത്ഥിച്ചിട്ടുള്ളതുപോലെ കോതമംഗലം-പെരുവിന്നൂർറോഡ് വെട്ടുന്ന സംഗതിയിൽ എന്തു നടപടി ഗവണ്മെൻറ് എടുത്തിട്ടുണ്ടെന്നു സദയം പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): പ്രസ്തുത റോഡിന്റെ സംഗതിയിൽ ചീഫ് എഞ്ചിനിയർ ഒരടങ്കൽ തയ്യാറാക്കിട്ടുണ്ട്; അതിപ്പോൾ ഗവണ്മെൻറാലോചനയിൽ ഇരിക്കുന്നു.

൯൪. തോക്കുകൾക്കു ലൈസൻസുകൾ കൊടുക്കുന്നതു്.

മി: തയ്യുകുഞ്ഞിരാമൻ (മൂവാററുപുഴയും തൊടുപുഴയും): മൂവാററുപുഴ, കോതമംഗലം, തൊടുപുഴ, കുന്നത്തുനാട്ടു്, കുന്നത്തുനാട്ടു് എന്നീ പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും ഇപ്പോൾ (൧൯൩൧-൩൨ ൨ ൦ ൫) ഡിപ്പോസിററിൽ ഇരിക്കുന്ന തോക്കുകളുടെ എണ്ണവും, അപ്രകാരം അവിടെ രണ്ടുമാസങ്ങളിൽ കൂടുതലായി കിടപ്പുള്ള തോക്കുകളുടെ എണ്ണവും കാണിക്കുന്ന ഒരു സ്റ്റേററുമെൻറ് ഗവണ്മെൻറ് സദയം മേശപ്പുറത്തു വയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി). ആവശ്യപ്പെട്ട വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേററുമെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു.

൯൫. അസിസ്റ്റൻറ് ഹെഡ്സക്കാർ വക്കീലന്മാർ.

മി: മുകവേലിൽ പാച്ചുപിള്ള (ചേർത്തല): അസിസ്റ്റൻറ് ഹെഡ്സക്കാർ വക്കീലന്മാരായി പകരം ജോലി നോക്കുന്നതിനു നിയമിക്കപ്പെട്ടവരിൽ വല്ലവർക്കും പിന്നീട് ഒഴിവുകൾ ഉണ്ടായപ്പോൾ ജോലി കിട്ടാതെവന്നിട്ടുണ്ടോ? അങ്ങിനെ എങ്കിൽ അതിനുകാരണങ്ങൾ ഏവ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): ചോദ്യം അവ്യക്തവും അനിശ്ചിതവുമാണ്.

൯൬. റവന്യൂ ഡിപ്പാർട്ടുമെൻറിലെ ക്ലാർക്കുമാർ.

മി: മുകവേലിൽ പാച്ചുപിള്ള (ചേർത്തല): ഗവണ്മെൻറ് താഴെപറയുന്നകാര്യങ്ങൾക്കു മറുപടി സദയം പറയുമോ. (എ) റവന്യൂഡിപ്പാർട്ടുമെൻറിൽ ഡിവിഷനും താലൂക്കും കച്ചേരികളിലുള്ള ക്ലാർക്കുകൾ പ്രമോഷൻ കിട്ടുന്നതിലേക്ക് വല്ല ഡിപ്പാർട്ടുമെൻറ് പരീക്ഷയും ജയിക്കണമെന്നു നിർബന്ധമുണ്ടോ എന്നും,

(ബി) അവരിൽ ചിലർക്കു അവരുടെ സർവീസുകൾക്കു പ്രമോഷൻ കൊടുത്തിട്ടുണ്ടെന്നും മററുചിലർക്കു പരീക്ഷ പാസായിട്ടില്ലെന്നുള്ള കാരണത്താൽ പ്രമോഷൻ കിട്ടുന്നതിൽനിന്നു തടയപ്പെട്ടിരിക്കുന്നു എന്നു അറിയുന്നുവോ എന്നും.

മി: ടി. പി. രാമസുബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) അതെ. താലൂക്കു ഡിവിഷനും കച്ചേരികളിൽ ൨ ൦ രൂപായും കവിഞ്ഞും ശമ്പളമുള്ള ക്ലാർക്കുകൾ റവന്യൂടെസ്റ്റ് എന്ന പരീക്ഷയും ൩൫ രൂപായും കവിഞ്ഞും ശമ്പളമുള്ള ക്ലാർക്കുകൾ അക്കൗണ്ടുടെസ്റ്റ് എന്ന പരീക്ഷയും പാസാകേണ്ടതുണ്ട്. ൨ ൦ രൂപായ്ക്കും ൩൫ രൂപായ്ക്കും താഴെ ശമ്പളമുള്ള ക്ലാർക്കുമാരുടെ സംഗതിയിൽ യഥാക്രമം ഈ പരീക്ഷകൾ നിർബന്ധമല്ലാ.

(ബി) സാധാരണയായി ചട്ടങ്ങൾ അനുകരിക്കപ്പെടുന്നു. ചട്ടങ്ങളിൽനിന്നും വ്യതിയാനത്തിനുവല്ല നിർദ്ദിഷ്ടമായ ഉദാഹരണങ്ങളും ദൃഷ്ടിയിൽ കൊണ്ടുവരുന്നതായാൽ അവയെപ്പററി അന്വേഷിക്കുന്നതായിരിക്കും.

൯൭. ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകന്മാരുടെ സ്ഥലംമാററം.

മി: മുകവേലിൽ പാച്ചുപിള്ള (ചേർത്തല): ഗവണ്മെൻറ് താഴെപറയുന്നകാര്യങ്ങൾക്കു മറുപടി സദയം പറയുമോ. (എ) സമുദ്രതീരതാലൂക്കുകളിൽ ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകന്മാരുടെ സ്ഥലമാററവിഷയത്തിൽ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷനാൽ അനുകരണീയമായ നയത്തെ സംബന്ധിക്കുന്ന വല്ല ഉത്തരവുകളും അവർ പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും,

(ബി) (എ) ഭാഗത്തിന്റെ മറുപടി അനുവാദരൂപത്തിലാണെങ്കിൽ ഇപ്പോൾ അവരെ സ്ഥലംമാററി വരുന്നതു് ആ നയത്തെ അനുകരിച്ചുതന്നെയാണോ എന്നും,

(സി) ആ നയമനുസരിച്ചുള്ള അപേക്ഷകന്മാരിൽ വല്ലവർക്കും സ്ഥലംമാററങ്ങൾ നിഷേധിച്ചിട്ടുണ്ടോ എന്നും,

(ഡി) (സി) ഭാഗത്തിന്റെ മറുപടി അനുവാദരൂപത്തിലാണെങ്കിൽ അതിനുള്ള കാരണങ്ങളെ അവർ അന്വേഷിക്കുമോ എന്നും.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): (എ) ഇല്ലാ. (ബി)യും, (സി)യും, (ഡി)യും, (എ)ഭാഗത്തിനു കൊടുത്തിട്ടുള്ള മറുപടികൊണ്ടു് ഇവയുത്തരവിക്കുന്നില്ലാ.

൯൮. സബ്ബ്രജിസ്റ്റർ കച്ചേരികൾ.

മി: മുകവേലിൽ പാച്ചുപിള്ള (ചേർത്തല): ഗവണ്മെൻറ് താഴെപറയുന്ന കാര്യങ്ങൾക്കു് മറുപടി സദയം പറയുമോ? (എ) ചേർത്തലയും, മാരാരിക്കുളത്തും, അത്തുക്കുററിയിലും, വൈക്കത്തും ഓരോ സബ്ബ്രജിസ്ട്രാഫീസുകളിലും ൧൯൩൧, ൧൯൩൨, ൧൯൩൩ എന്നീ ഓരോരോകൊല്ലങ്ങളിലും രജിസ്ട്രാക്കപ്പെട്ട ആധാരങ്ങളുടെ എണ്ണം എത്ര എന്നും,

(ബി) വൈക്കം സബ്ബ്രജിസ്ട്രാഫീസിന്റെ അധികാരത്തിലുൾപ്പെടുന്ന ചേർത്തല താലൂക്കിന്റെ പകുതികളുടെ പേരുകളും,

(സി) മേല്പറഞ്ഞ ഓരോകൊല്ലത്തിലും, ആ പകുതികളിൽനിന്നും വൈക്കം സബ്രജിസ്ട്രാഫീസിൽ രജിസ്ട്രാക്കപ്പെട്ട ആധാരങ്ങളുടെ എണ്ണവും,

(ഡി) താഴെപറയുന്ന സംഗതികളെപററി അവർ ആലോചിക്കുമോ എന്നും,

(എ) വൈക്കം സബ്രജിസ്ട്രാഫീസിന്റെ അധികാരത്തിൽനിന്നും ചേർത്തല താലൂക്കിന്റെ പകുതികളെ വിടുത്തുമോ എന്നും,

(ബി) ചേർത്തലയും മാരാരിക്കുളത്തും അന്തക്കുററിയിലും ഉള്ള സബ്രജിസ്ട്രാഫീസുകളുടെ അധികാരപരിധികളെ മാററം ചെയ്യുമോ എന്നും,

(സി) എല്ലാ സബ്രജിസ്ട്രാഫീസുകളിലേയും ജോലിതിരക്ക കുറയ്ക്കുന്നതിനും ജനസാമാന്യത്തിനു സൌകര്യം ഉണ്ടാക്കുന്നതിനുമായിട്ടു ചേർത്തല താലൂക്കിൽ പള്ളിപ്പുറത്തോ തൈക്കാട്ടുശേരിയിലൊ പുതുതായി ഒരു സബ്രജിസ്ട്രാഫീസ് ഏർപ്പെടുത്തുമോ എന്നും,

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): (എ) ആവശ്യപ്പെട്ട വിവരമടങ്ങുന്ന ഒരു സ്റ്റേററുമെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) ഇപ്പോൾ വൈക്കം സബ്രജിസ്ട്രാഫീസിന്റെ അധികാരത്തിവുൾപ്പെടുത്തിട്ടുള്ളതു്. ചേർത്തല താലൂക്കിലെ പള്ളിപ്പുറം എന്ന ഒരു പകുതിമാത്രമാണ്.

(സി) ൧൮൦൯-ലും, ൧൮൦൮-ലും, ൧൮൦൭-ലും, യഥാക്രമം ൧൯൯൩-ാ, ൧൯൮൯-ാ, ൧൯൮൮-ാ, ആധാരങ്ങൾ പള്ളിപ്പുറം പകുതിയിൽനിന്നും വൈക്കം സബ്രജിസ്ട്രാഫീസിൽ രജിസ്ട്രാക്കപ്പെട്ടിട്ടുണ്ട്.

(ഡി) (എ)-ാ, (ബി)-ാ, (സി)-ാ, വിഷയം ആലോചനയിലിരിക്കുന്നു.

൧൮. പബ്ലിക്ക്വർക്സ് ഡിപ്പാർട്ടുമെൻറിലെ സൂപ്പർവൈസർമാർ.

മി: മുകുന്ദേലിൽ പാപ്പുപിള്ള (ചേർത്ത): ഗവണ്മെൻറ് താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി സമയം പറയുമോ? (എ) ഇപ്പോൾ (൧൯൮൭-൧൮൦൪) പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെൻറിൽ മുപകരം ജോലിനോക്കുന്ന സൂപ്പർവൈസർമാരുടെ എണ്ണവും,

(ബി) അവരുടെ പേരുകളും ഓരോരുത്തരുടേയും പകരം ജോലിനോക്കിയ കാലാവധിയും,

(സി) അവർ പകരം ജോലിനോക്കിയിരുന്ന സമയത്തു് ഡിപ്പാർട്ടുമെൻറിൽ പുതുതായി നിയമിക്കപ്പെട്ട വല്ലയാളുകളേയും സൂപ്പർവൈസർമാരായിട്ടു സ്ഥിരപ്പെടുത്തിട്ടുണ്ടോ എന്നും,

(ഡി) (സി) ഭാഗത്തിന്റെ മറുപടി അസാധാരണത്വമുള്ളതാണെങ്കിൽ, ഡിപ്പാർട്ടുമെൻറിൽ ഡൻസർവ്സ്സുണ്ടായിരുന്ന പകരം ജോലിക്കാർ ഇരിക്കെ, പ്രസ്തുത പുതിയ ആളുകളെ സ്ഥിരപ്പെടുത്തുന്നതിനുള്ള കാരണങ്ങളും.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്സെക്രട്ടറി): (എ) സബ്പ്രോട്ടവും, പകരം ജോലിക്കാരും, താൽക്കാലികവും ആയ സൂപ്പർവൈസർമാരുൾപ്പെടെ നന്നു.

(ബി) അവരിൽ നമ്പ പേരുടെ പേരുകളും സർവീസും ൧൯൮൭ ചിങ്ങം ൧-ാംതീയ്യതിവരെ തിരുത്തപ്പെട്ട പാമ്പയ്ർഷിക സിവിൾ ലിസ്റ്റിൽനിന്നു കാണാവുന്നതാണ്. ഒരു ഒററ പകരം ജോലിനോക്കുന്ന സൂപ്പർവൈസർ ൧൯൮൭-ചിങ്ങം ൧൮-ാംതീയ്യതിമുതൽ പകരം ജോലിനോക്കിക്കൊണ്ടിരുന്ന മി: പി, ഗംഗാധരൻപിള്ളയെ മാത്രമാണ് അതിൽപിന്നെ നിയമിച്ചിട്ടുള്ളതു്.

(സി) ഇല്ലാ. (ഡി), (സി) ഭാഗത്തിനു കൊടുത്തിട്ടുള്ള മറുപടികൾക്കുണ്ട് ഈ ചോദ്യം ഉത്ഭവിക്കുന്നില്ലാ.

൧൯. ചേർത്തല അർത്തുങ്കൽ റോഡ്.

മി: മുകുന്ദേലിൽ പാപ്പുപിള്ള (ചേർത്ത): ഗവണ്മെൻറ് താഴെപറയുന്നകാര്യങ്ങൾക്കു മറുപടി സമയം പറയുമോ? (എ) ചേർത്തല അർത്തുങ്കൽ റോഡ് അററകുററപ്പണിവകയ്ക്കു ൧൯൮൭-ൽ വല്ല തുകയും കൊള്ളിച്ചിട്ടുണ്ടോ എന്നും,

(ബി) അതിനുകൊല്ല (൧൯൮൭) ത്തിൽ ഈ ആവശ്യത്തിലേക്കു വല്ല തുകയും ചെലവാക്കിട്ടുണ്ടോ എന്നും,

(സി) എക്സിക്യൂട്ടീവ് എഞ്ചിനീയറും, സബ് ഡിവിഷൻ ആഫീസറും, ൧൯൮൭-ൽ ഈ റോഡ് പരിശോധിച്ചുവൊ എന്നും,

(ഡി) ഈ റോഡ് ഗതാഗതത്തിനു കൊള്ളാതിരിക്കത്തക്കവണ്ണം അത്ര ജീർണ്ണിച്ചസ്ഥിതിയിലാണോഎന്ന് അവർ അന്വേഷിക്കുമോ എന്നും,

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) അതെ, ൧൧ രൂ. ൩ചാ. (ബി) അതെ ൧൮ ൧൯൮൭. ൩ചാ. ൧കാ.

(സി) ഈ കൊല്ലത്തിൽ എക്സിക്യൂട്ടീവു എഞ്ചിനീയർ രണ്ടു പ്രാവശ്യവും, സബ്ഡിവിഷൻ ആഫീസർ ഏഴുപ്രാവശ്യവും ഈ റോഡ് സന്ദർശിച്ചിട്ടുണ്ട്.

(ഡി) റോഡ് ഗതാഗതത്തിനുപയോഗയോഗ്യമാണ്. ആവശ്യമുള്ള ചില്ലറ അററകുററപ്പണികൾ മെയിൻറിനൻസുഗ്രാൻറിൽനിന്നു നടത്തിക്കൊണ്ടിരിക്കുന്നു.

അനുബന്ധം ഗ,

൧൯൩൧-ാം ചോദ്യത്തിന്റെ മറുപടി നോക്കുക-

തിരുവിതാംകൂറിലെ കയററുമതികളും അവയുടെ പ്രധാന കമ്പോളങ്ങളും

കാണിക്കുന്ന സ്റ്റേററുമെൻറ്.

(തിരുവിതാംകൂറിലേയും കൊച്ചിയിലേയും കയററുമതികൾ മിക്കതും വിദേശങ്ങളിലേക്കു

കപ്പൽ കയറുന്നതു് കൊച്ചി തുറമുഖത്തുനിന്നാണ്).

അനുക്രമണ നമ്പർ	പ്രധാന കയററുമതികൾ	പ്രധാന കമ്പോളങ്ങൾ
൧	കൊപ്രാ	കൊച്ചി, ബൊംബായി, കറാച്ചി,
൨	തേങ്ങാ	കൊച്ചി, തിരുനൽവേലി,
൩	കയറ്	കൊച്ചി, കല്ക്കത്താ, റംഗൂൺ, ബൊംബായി ഐക്യരാജ്യം, ഹോളണ്ട്, ആൻറ്വർപ്പ്, ഇററലി, ആസ്ട്രിയാ, ജർമനി, ആസ്ട്രേലിയാ, അമേരിക്കയിലെ ഐക്യനാടുകൾ.
൪	വെളിച്ചെണ്ണ	കൊച്ചി, തിരുനൽവേലി,
൫	തേങ്ങാപ്പിണ്ണാക്ക്	കൊച്ചി, ബൊംബായി, ഹാംബുർഗ്.
൬	അടയ്ക്കാ	കൊച്ചി.
൭	ചക്കര	തിരുനൽവേലി, പാളയംകോട്ട.
൮	ചുക്ക്	കൊച്ചി, ബൊംബായി, അമേരിക്കയിലെ ഐക്യനാടുകൾ, ആസ്ട്രേലിയാ,
൯	കൊഞ്ചു്	കൊച്ചി, ബൊംബായി, റംഗൂൺ, കൊളമ്പു്.
൧൦	കുരുമുളക്	കൊച്ചി, ബൊംബായി, കറാച്ചി, കല്ക്കത്താ ഐക്യരാജ്യം, അമേരിക്കയിലെ ഐക്യനാടുകൾ.
൧൧	പുൽതൈലം	കൊച്ചി.
൧൨	തേയില	ലണ്ടൻ, സിലോൺ.
൧൩	കുററിപ്പായ് തടുക്കുകൾ	ബൊംബായി, റംഗൂൺ, സിലോൺ, ഐക്യരാജ്യം, ആസ്ട്രേലിയാ, ന്യൂസീലണ്ട്, അമേരിക്കയിലെ ഐക്യനാടുകൾ, ആഫ്രിക്കാ, ചൈനാ, ഈജിപ്ത്.
൧൪	കയററുപായ്	ബൊംബായി, കല്ക്കത്താ, സിലോൺ, ഐക്യരാജ്യം, ബെൽജിയം, ഹോളണ്ട്, ആസ്ട്രേലിയാ, ന്യൂസീലണ്ട്, അമേരിക്കയിലെ ഐക്യനാടുകൾ, ആഫ്രിക്കാ, ചൈനാ, ഈജിപ്ത്

അനുക്രമണ നമ്പർ	പ്രധാന കയറ്റുമതി കൾ	പ്രധാന കമ്പോളങ്ങൾ.
൧	ഏലം	തിരുനെൽവേലി
൨	റബ്ബർ	കൽക്കത്ത, ഐക്യരാജ്യം, ഫ്രാൻസ്, അമേരിക്കയിലെ ഐക്യനാടുകൾ, ആസ്ട്രേലിയാ, കൊളമ്പു്.
൩	ഓടുകൾ	തിരുനെൽവേലി, സിലോൺ.
൪	തടികൾ	എറണാകുളം, തൃശ്ശൂർ, തിരുനെൽവേലി.

അനുബന്ധം ൨.

൮ സ്ഥാനം ചോദ്യത്തിന്റെ മറുപടി നോക്കുക.

ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ക്ലാർക്കുകളായിട്ടും റേഞ്ചർമാരായിട്ടും ഫാറസ്റ്റർമാരായിട്ടും ജോലിയിൽ ഇരിക്കുന്ന മുസ്ലീമുകളുടെ എണ്ണം കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

അനുക്രമണ നമ്പർ	ഉദ്യോഗപ്പേരു്	പേരു്	ശമ്പളം	റിമാർക്സ്
൧	ക്ലാർക്ക്	ൟ. ഹസ്സയിൻഖാൻ	രൂപാ ൨൦	പകരം ജോലി
൨	റേഞ്ചർ	ഇല്ല.	...	
൩	ഫാറസ്റ്റർ	ഷെയക്ക് ഡാവൂഡ്	൨൫	

അനുബന്ധം ൩.

൯ സ്ഥാനം ചോദ്യത്തിന്റെ മറുപടി നോക്കുക.

പോലീസ് സ്റ്റേഷനുകളിൽ ഡിസ്പോസിറ്റായി വച്ചിരിക്കുന്ന തോക്കുകളെ കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

സ്റ്റേഷന്റെ പേരു്	ഡിസ്പോസിറ്റായി ഇരിക്കുന്ന തോക്കുകളുടെ എണ്ണം	രണ്ടു മാസത്തിനകം അകത്തിടെ കിട്ടുകയുള്ള തോക്കുകളുടെ എണ്ണം.	റിമാർക്സ്
മുവാറ്റുപുഴ.	൧	൧	ഉടമസ്ഥൻ സെൻട്രൽ ജെയിലിൽ ആണ്
കോതമംഗലം	൨	൨	തോക്കുകളിൽ ഒന്നു ഉപയോഗശൂന്യമാണ്. മറ്റെ തോക്കിനു ലൈസൻസിനപേക്ഷിച്ചിട്ടുള്ളതു തള്ളിക്കളഞ്ഞു.
കുന്നത്തുനാടു	൧.൦	൧	ലൈസൻസുകൾ നൽകുന്നതിനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുന്നു.
കൂത്താട്ടുകുളം	൨	൨	ടി
കുന്നത്തുനാടു	൧	൧	ലൈസൻസിനായിട്ടു ഉടമസ്ഥന്റെ അപേക്ഷ ഉള്ളതു കളഞ്ഞു.

അനുബന്ധം ൪.

൬ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൧൦൫, ൧൧൦൬, ൧൧൦൭ എന്നീ കൊല്ലങ്ങളിൽ ചില സബ് രജിസ്ട്രാഫീസുകളിൽ രജിസ്ട്രാക്കപ്പെട്ട ആധാരങ്ങളുടെ എണ്ണം കാണിക്കുന്ന സ്റ്റേററുമെന്റ്.

അനുക്രമണ നമ്പർ	ആഫീസിന്റെ പേര്	രജിസ്ട്രാക്കപ്പെട്ട ആധാരങ്ങളുടെ എണ്ണം.		
		൧൧൦൫	൧൧൦൬	൧൧൦൭
൧	ചേർത്തല	൪൭൪൩	൪൧൪൩	൩൩൮൦
൨	മാരാരിക്കുളം	൩൩൦൩	൨൮൩൨	൩൪൩൩
൩	അരൂക്കുററി	൩൩൩൩	൩൪൪൩	൪൪൮൭
൪	വൈക്കം	൪൩൪൩	൪൧൦൪	൩൭൩൭

പ്രസിഡൻറ്: നാമിപ്പോൾ പിരിഞ്ഞു സമ്മേളനം മണിക്കു വീണ്ടും കൂടുന്നതായിരിക്കും.

ചർച്ചക്ഷണത്തിനായി സഭ ഉച്ചയ്ക്കു മേൽ മണി മൂന്നായപ്പോൾ പിരിഞ്ഞു. സമ്മേളനം മണിയായപ്പോൾ വീണ്ടും കൂടി.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, തെക്കൻ തിരുവിതാംകൂറിൽ ബാധിച്ചിരിക്കുന്ന വിഷൂചിക ദീനത്തെ സംബന്ധിച്ചു ഏതാനും ഗൌരവമായ സംഗതികളെ സഭക്കുമുമ്പാകെ കൊണ്ടുവരുന്നതിനു ഞാൻ നിർബന്ധിതനായിരിക്കുന്നു. വാസ്തവ സംഗതികളെ പ്രസ്താവിക്കുന്നതിനു മുമ്പായി സഭയ്ക്കു എനിക്കു കൊണ്ടുവരേണ്ടിയിരിക്കുന്നതു് കഴിഞ്ഞ ഗസററിൽ മരണങ്ങളുടേയും രോഗബാധിതരുടേയും വാസ്തവമായിട്ടുള്ള സംഖ്യകൾ ൧-ാം നമ്പർ ബുള്ളററിനിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതിൽ പിശകായും വിശ്വാസയോഗ്യമല്ലാത്തവയുമായ പ്രസ്താവനകളുണ്ടെന്നുള്ള സംഗതിയാണ്. പ്രത്യേകിച്ചു വള്ളികൾ ഇപ്പോൾ ഇരിക്കുന്ന നിലയ്ക്കു വാസ്തവമായ ഇടകൾ കിട്ടുന്നതിനു പ്രായോഗികമായ വിഷമങ്ങൾ ഉണ്ടെന്നു എനിക്കറിയാം. ഇതു സംബന്ധിച്ചു്, വിഷൂചികാക്രമണത്തെ അവർ ഇപ്പോൾ കരുതിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ ഒരു നിലയിൽ കരുതേണ്ടതാണെന്നു ഞാൻ ഗവണ്മെൻറിനോടു ശക്തിയായി നിർബന്ധിക്കുന്നു. സർ, ഈ സംസ്ഥാനത്തെ, പ്രത്യേകിച്ചും തെക്കൻ തിരുവിതാംകൂർക്കു സംബന്ധിച്ചിടത്തോളം അതു പ്ലേഗിനേക്കാൾ ആയിരം മടങ്ങു അപായകരവും പരിഭ്രമജനകവുമാണ്. നിങ്ങൾ നല്ലവണ്ണം അറിയുംപോലെ, തെക്കൻതിരുവിതാംകൂറു പലപ്പോഴും കുഷിപ്പിഴയും ജലദൌർലഭ്യവും നേരിടുന്നതാണ്. തന്റെ കഴിഞ്ഞ സർക്കൂട്ടിൽ ചീഫ്എഞ്ചിനീയർ ഒരു കിണറു സന്ദർശിക്കുകയുണ്ടായി. അതിൽ അര തൊട്ടി വെള്ളം പോലുമില്ലാതിരുന്നതിനെ മുന്നാ നാലൊ പെൺകുട്ടികൾ അവിടെ അര മണിക്കൂർ മുതൽ ഒരു മണിക്കൂറോളം സമയം നിന്നു കൊണ്ടു വീതിച്ചെടുക്കയായിരുന്നു. ജലദൌർലഭ്യം; ദാരിദ്ര്യം നിമിത്തം പഥ്യമായ ആഹാരമില്ലായ്മ, വേണ്ടുവോളം ആഹാരം കഴിക്കായ്ക, ഇതെല്ലാം ആണ് ഏററവും ഭയങ്കര സാംക്രമികരോഗമായ വിഷൂചിക ബാധിച്ചിരിക്കുന്ന പ്രദേശത്തു നാം മിക്കപ്പോഴും കണ്ടു വരുന്ന സർവ്വപ്രധാനങ്ങളായ ഹേതുക്കൾ. ഇതു സംബന്ധിച്ചു ഞാൻ പറഞ്ഞതു് വിഷൂചിക പ്ലേഗിനേക്കാൾ അധികം അപായകരമാകകൊണ്ടു മാത്രം അതു ബാധിച്ചിരിക്കുന്ന പ്രദേശത്തു ഗവണ്മെൻറു കൂടുതൽ തൃപ്തികരമായ നിഷ്കർഷ ചെയ്യേണ്ടതാണ് എന്നായിരുന്നു. ഒരു എലിയെ മററോ ഒരു ദുർഗന്ധവസ്തു ചാകുമ്പോൾ ഗവണ്മെൻറു വളരെ പണം ചെലവാക്കുന്നു എന്നു നമുക്കറിയാമല്ലോ. വാസ്തവം തന്നെ, അതു മനുഷ്യർ നശിക്കുന്നതിനേക്കാൾ ആയിരം മടങ്ങു അധികം അപകടകരമാകുന്നു. എങ്കിലും തിരുവിതാംകൂർ സംബന്ധിച്ചിടത്തോളം, നിർഭാഗ്യവശാൽ, നമുക്കു നേരിട്ടിരിക്കുന്നതു് പ്ലേഗ് അല്ല. സങ്കടകരമായ ഈ കൊടും പിശാച് ഈ വിഷൂചിക ബാധയത്രെ. അതിനാൽ ഈ വാസ്തവത്തെ ഗവണ്മെൻറു മുമ്പാകെ കൊണ്ടുവരുന്നതിനു മാത്രമെ ഞാൻ ആവശ്യപ്പെടുന്നൊള്ളു, അധികം വിവരങ്ങളടങ്ങിയ ചട്ടങ്ങൾ രൂപീകരിക്കണം. ഇപ്പോൾ സാനിട്ടറി കമ്മിഷണർക്കു ഉടൻ റിപ്പോർട്ടു ചെയ്യേണ്ട ചുമതല തഹശീൽദാരുടെ മേൽ ആണ് വച്ചിരിക്കുന്നതു്. തഹശീൽദാർക്കു റിപ്പോർട്ടു കിട്ടുന്നതു പാർവ്വത്യകാരികളിൽ നിന്നാണ്. അയാളുടെ താമസം സാംക്രമികരോഗം ബാധിച്ചിട്ടുള്ള പ്രത്യേക പകുതിയിലുമല്ലായിരിക്കും. അതിനാൽ ഈ വിവരങ്ങൾ നിങ്ങളുടെ മുമ്പാകെ കൊണ്ടു വരുന്നതിനുള്ള ആവശ്യം എനിക്കില്ല എന്നു നിങ്ങൾക്കറിയാമല്ലോ. ഞാൻ ഇപ്പോൾ തന്നെ സംഗതിയുടെ ഓരോ വിവരവും പ്രായോഗികമായി നേരിടുന്ന വിഷമവും ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസരോടു വിവരിച്ചു പറഞ്ഞിട്ടുണ്ട്, പൊതുജനങ്ങളെ വാസ്തവമായി സംബന്ധിക്കുന്നിടത്തോളം അവർക്കു വല്ല നന്മയും ചെയ്യുന്നതിനു ഗവണ്മെൻറു ആവശ്യപ്പെട്ടാലും ചെലവാക്കുന്ന പണത്തിനനുസരിച്ചു ഗുണം അവർക്കു ലഭിക്കുന്നില്ല. അതിനാൽ കുഴിവെള്ളെടത്തോളം, ശേഖരിക്കുന്ന കണക്കുകൾ വാസ്തവങ്ങളോടു അധികം അനുരൂപമായിരിക്കയും, മേലാൽ, മരണങ്ങളെല്ലാററിനേയും രേഖപ്പെടുത്തണമെന്നു ഗവണ്മെൻറു നിഷ്കർഷിക്കയും ചെയ്യേണ്ടതാകുന്നു. ൧-ാം നമ്പർ ബുള്ളററിനിൽ നിന്നു കാണാവുന്ന ശരിയായ സംഖ്യ സ്വല്പമാണ്, എങ്കിലും ഞാൻ ഒരു ദൃഷ്ടാന്തം പറയാം. ഒരു മുക്കവ ഗ്രാമത്തിൽ അവിടത്തെ കത്തോലിക്ക പാതിരി ആ പ്രദേശമെല്ലാം സമനിരപ്പാക്കണമെന്നുമാത്രമായിരുന്നു തന്റെ കണക്കനോടു

ആവശ്യപ്പെട്ടതു് അവിടെ ശ്മശാന സ്ഥലം ഏകദേശം ഒരു മരച്ചീനി വിളപോലെ ആയിരുന്നു. അവിടെ മരണങ്ങളുടെ സംഖ്യ വളരെ അധികമായിരുന്നു എന്നാൽ അതു ചരിത്രപരമായ ഒരു കാര്യം മററാളുകൾ കാണുന്നതിനു ആ പാതിരിക്കു അശേഷം ഇഷ്ടമില്ലായിരുന്നു. അതു കൊണ്ടായിരുന്നു മററാൾക്കു സാക്ഷ്യമായ മരണങ്ങളുടെ ഇക തിട്ടപ്പെടുത്താതിരിക്കത്തക്കവണ്ണം ആസ്ഥലം തിരപ്പാക്കിക്കൊള്ളണമെന്നു പാതിരിതന്റെ കണക്കക്കാരനോടു ആജ്ഞാപിച്ചതു്. ഇതു അതിശയോക്തിയല്ല. സർ, താങ്കൾക്കു ഇതെല്ലാം ചെന്നു കാണുന്നതിനുള്ള നിർഭാഗ്യമായ അവസരം ലഭിച്ചിട്ടുണ്ടല്ലോ. ഈ ദിഗ്വാസികളിൽ വളരെ ആളുകൾ നഷ്ടപ്പെട്ടതു കൊണ്ടാകുന്നു. അതു ഒരു നിർഭാഗ്യമായ സംഭവമെന്നു ഞാൻ പറയുന്നതു്. ബുള്ളററിനിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള സംഖ്യയെ ചുരുക്കണമെന്നു എനിക്കാഗ്രഹമില്ല. ഗവണ്മെന്റു കൊടുക്കുന്ന സംഖ്യ ൩൦൦൦ മാത്രവും യഥാർത്ഥത്തിലുണ്ടായ മരണങ്ങളുടെ സംഖ്യ ൯൦൦൦ ത്തോടടുത്തും ആണിരിക്കുന്നതു്. എന്റെ പ്രസ്താവനയെ ഞാൻ തെളിയിക്കാം. എങ്കിലും ഗവണ്മെന്റു പ്രസിദ്ധീകരണത്തിലടങ്ങിയ പ്രസ്താവനയെ എതിർക്കുന്നതിനു വല്ല ആവശ്യവുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. നിരപരാധികളായ അസംഖ്യമാളുകൾക്കു ജീവനാശം നേരിട്ടതു വല്ല യുദ്ധത്തിലുമല്ല എന്നുള്ള വാസ്തവത്തെ നിങ്ങളുടെ മുമ്പിൽ കൊണ്ടു വരണമെന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു. സ്വദേശാഭിമാനമുള്ള ഒരു ദിവാൻ നമുക്കുള്ളതു പ്രത്യേകമായ ചാരിതാർത്ഥ്യത്തിനവകാശമുള്ളതാകുന്നു. അദ്ദേഹം രാമയ്യൻ ഒളുവായെയോ, രാജാ കേശവദാസിനെയോ പോലെ, വല്ല ഉണ്ടയും പിടിച്ചു തന്റെ മേൽക്കൊടുങ്ങലക്കാരനു എന്നുള്ള ഭയം ലവലേശം കൂടാതെ സ്ഥലത്തു പോകയും ഓരോ രോഗിയേയും സന്ദർശിക്കയും ചെയ്തിട്ടുണ്ടു്. നഷ്ടപ്പെട്ടു പോയ ആളുകളെപ്പററി നമുക്കു തീരെ വ്യസനമില്ല. എന്നാൽ നമ്മുടെ ഗവണ്മെന്റുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചു പ്രത്യേക കരുതൽ എടുക്കുന്നതുകൊണ്ടു നാം അതിഭാഗ്യവാന്മാരാണ്.

എങ്കിലും ഈ സംഗതിയെ നിങ്ങളുടെ മുമ്പിൽ കൊണ്ടു വരുന്നു. അവിടെ സ്വീകരിച്ചിരിക്കുന്ന ആരോഗ്യരക്ഷാതത്വങ്ങൾ അത്ര തൃപ്തികരമായിട്ടുള്ളതല്ല. ഞാൻ സാനിട്ടറി കമ്മിഷണറെ കുററക്കാരനാക്കി ചെയ്യുന്നില്ല. അനുഷ്ഠിക്കപ്പെടുന്നതു കാലനിർണ്ണയിച്ചടങ്ങുകൾ മാത്രമാണ്. വിഷൂചികസംബന്ധിച്ചുള്ള വളരെ ഗ്രന്ഥങ്ങൾ വരുത്തിയ ഡീമതിയിൽ പ്രസിദ്ധം ചെയ്തിരുന്നു. അതു ഒരു ചടങ്ങുമാത്രമാണ്. അവിടെ കൊടുത്തിട്ടുള്ള വ്യവസ്ഥകളോളമെങ്കിലും ഇപ്പോഴത്തെ ആരോഗ്യരക്ഷാമാർഗ്ഗങ്ങൾ എത്തുന്നില്ല. അതിനാൽ എനിക്കു ഗവണ്മെന്റിനെ ഒരിക്കൽ കൂടി നിർബന്ധിപ്പിക്കേണ്ടതു് പ്രത്യേകമായി വിഷൂചിക സംക്രമണകാലത്തു അതായതു്, വൃശ്ചികം ധനുമാസങ്ങളിൽ നിഷ്കർഷയായ നടപടികൾ നടത്തേണ്ടതാണെന്നും മററുമത്രെ. വടക്കൻ തിരുവിതാംകൂട്ടുകാർ വളരെ ഭാഗ്യവാന്മാരാണെന്നു ഞാൻ പറഞ്ഞുവരുന്നില്ല. ഈ മാരകരോഗം തിരുവനന്തപുരം പട്ടണത്തിനു വടക്കോട്ടു പ്രചരിക്കണമെന്നു എനിക്കു ആഗ്രഹമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിറയിൻകീഴിലും അവിടവിടെയായി ആക്രമണത്തിനു ദൃഷ്ടാന്തങ്ങളുണ്ടെന്നു മെമ്പർ അറിയുന്നുണ്ടോ?

മി: ടി. സി. കേശവപിള്ള (കല്ലമ്പലവും വിളവങ്കോടും): അതെ, റിപ്പോർട്ടിൽ നിന്നു ഞാൻ അങ്ങിനെ മനസ്സിലാക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താൻ പ്രതിനിധീകരിക്കുന്ന മണ്ഡലത്തിൽ തന്റെ സ്വന്തപരിചയത്തിൽ നിന്നു മരണസംഖ്യകളുടെ തോതു് എന്താണെന്നു മെമ്പർ പറയുമോ?

മി: ടി. സി. കേശവപിള്ള (കല്ലമ്പലവും വിളവങ്കോടും): വിളവങ്കോടു താലൂക്കിനെ സംബന്ധിച്ചിടത്തോളം ദിനം പ്രതി നൂറു മരണങ്ങൾ ഉണ്ടാകുന്നുണ്ടു്. കൽക്കുളത്തിൽ ൩.൭൦, നെയ്യാററിൻകരയിൽ ൩.൭൦, ഇപ്പോൾ അതു കുറഞ്ഞു വരികയാണ് എന്നാണ് ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ എന്നോടു പറഞ്ഞതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പറുടെ സ്വന്തഅഭിപ്രായത്തിൽ അതു വർദ്ധിക്കയോ കുറയുകയോ ആണെന്നു് പറയാമോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ അവിടം വിടുന്ന സമയത്തു് കടൽത്തീരപ്രദേശങ്ങളിൽ സംക്രമണം കുറഞ്ഞു വരികയായിരുന്നു. ഡൈനാമിനുത്തരവനുസരിച്ചു കണക്കു ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസറുടെ അടുക്കൽ കൂടുന്നുണ്ടെങ്കിലും ഈ സംഗതികളെ മറച്ചു വയ്ക്കണമെന്നു അദ്ദേഹത്തിനു ആഗ്രഹമുള്ളതായി ഞാൻ വിചാരിക്കുന്നില്ല. അതിനാൽ ഞാൻ പറയുന്നതു്, സാനിട്ടറി ഡിപ്പാർട്ടുമെന്റിൽ നിന്നും പ്രസിദ്ധപ്പെടുത്തിട്ടുള്ള ബുള്ളററിൻ ഇതു് നൂതനമായിട്ടുണ്ടായിട്ടുള്ളതല്ലെന്നു ധരിപ്പിക്കുന്നു എന്നത്രെ. അതു് ൧൯൧൭-ൽ കുളച്ചിലിൽ നിന്നു ഒരു മൈൽദൂരമുള്ള കൊച്ചിമനത്തുറയിൽ ആരംഭിച്ച സംക്രമണത്തിന്റെ ഒരു പുനരാവർത്തി മാത്രമാണ്. അതിനാൽ സാനിട്ടറി ഡിപ്പാർട്ടുമെന്റിന്റെ പേരിൽ ഉപേക്ഷയുണ്ടെന്നു ഞാൻ പറയുന്നു. ആ സ്ഥലത്തു തന്നെ സംക്രമണം ശമിക്കുന്നതിനു ഒരു മാസക്കാലം വേണ്ടിവന്നു. ൧൯൧൮-ലും, ൧൯൧൯-ലും, സംക്രമണത്തിന്റെ ആരംഭത്തിനും ശമനത്തിനും ഇടയ്ക്കു ഒരു മാസക്കാലമുണ്ടായിരുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ൧൯൧൯-ൽ ഈ മീനം എപ്പോഴാണ് ആടങ്ങിയതു്?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ൧൯൧൯-ന്റെ ആരംഭത്തിങ്കൽ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതു് ൧൯൧൯-ലാണു മുഴുവനും ആടങ്ങി കൊണ്ടിരുന്നതോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതെ. സംസ്ഥാനത്തുടനീളം മരണങ്ങൾ ൧൯൧൯-ലും മരുഗബാധകൾ ൧൯൧൯-ലുമേ വരൂ. എന്നാൽ ൧൯൧൯-ലേക്കുള്ള വാസ്തവമായ കണക്കുകൾ എനിക്കു കിട്ടീട്ടില്ല. ഞാൻ ൧൯൧൮-നെപ്പററിയാണ് ഇപ്പോൾ പറയുന്നതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കമ്പർണ്ണ്-ൽ ഗവർണ്ണർക്ക് ഈ രോഗത്തെ തടയുന്നതിനു മതിയായ കരുതൽ എടുത്തിട്ടുണ്ടെന്ന് അദ്ദേഹം വിചാരിക്കുന്നുവോ എന്നു മെമ്പറിൽനിന്ന് അറിയാമോ?

മി: ടി. സി. കേശവപിള്ള (കല്ലൂളവും വിളവംകോടും): അതാണ് ഞാൻ പറയാൻപോകുന്നത്. കൊച്ചിയിൽപോലെ അധികം ആൾ ഞെരുക്കമുള്ള സ്ഥലങ്ങളിൽ രോഗത്തെ അർക്കശ്ചയ്യാത്തതിൽ സന്തോഷിക്കുന്നു. ഡിപ്പാർട്ടുമന്റിന്റെ പേരിൽ വിളിയുണ്ട്. കൊടിയനൂറയിലാണ് അവർ അതു് ഒടുവിൽ കണ്ടത്. സംക്രമണം സാധാരണയായി ആരംഭിക്കുന്നതു് കടലോരം സംബന്ധിച്ചാണ്. അവിടെ ഈ സാധുക്കളുടെ ഉണക്കുന്ന കുടിലുകളുടെ സ്വഭാവം നാമെല്ലാവരും അറിയുന്നതാണല്ലോ. രോഗബാധ ആദ്യമായി കണ്ടെത്തുന്നതു് പാവപ്പെട്ടവരുടെ ഇടയിലാണ്. മരണം ആദ്യം ഉണ്ടാകുന്നതു് മുക്കുവർ, നാടാർ, പുലയർ, പറയർ മുതലായ എന്നിവർക്കാരുടെ ഇടയിലും സാധാരണയായി പാവപ്പെട്ടവരുടെ ഇടയിലുമാണ്. അതിനാൽ ഇതിൽനിന്ന് അനുമാനിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നതു് ആരോഗ്യരക്ഷാപദ്ധതി ശരിയായി പ്രയോഗത്തിൽ കൊണ്ടുവരുന്നെങ്കിൽ അതു് ഈ ദീനത്തെ തടയുന്നതായിരിക്കും എന്നാണ്. ഈ വിവരമായ സംഗതികൾ വിദഗ്ദ്ധന്മാർ പരിശോധിക്കേണ്ടവയാണ്. ഞാൻ കാര്യങ്ങളുടെ സാക്ഷാൽസ്ഥിതി നിങ്ങളുടെ മുമ്പാകെ കാട്ടുന്നു. ആചാരികൾമാത്രമേ ചെയ്യുന്നുള്ളൂ. ആദ്യം അതു കടലോരംസംബന്ധിച്ചു തുടങ്ങി മുക്കുവർ മത്സ്യവേട്ടയ്ക്കും അവർതന്നെ ഉൾപ്രദേശങ്ങളിലേക്ക് ഓടുന്നതിനാലും രോഗത്തെ പ്രചരിപ്പിച്ചു.

മി. മാത്യു മുരിക്കൻ (വൈക്കം): ഈ രോഗം മത്സ്യത്തിൽക്കൂടി എങ്ങിനെയാണ് പ്രചരിക്കുന്നതു് എന്നു പറയാമോ?

മി: ടി. സി. കേശവപിള്ള (കല്ലൂളവും-വിളവംകോടും): മുക്കുവരുടെ വീടുകൾ നിങ്ങൾ കണ്ടിട്ടില്ലായിരിക്കും. അവ ചെറുകുടിലുകൾ മാത്രമാണ്. എല്ലാ ചന്തകൾ മത്സ്യവും ഒന്നുചേർക്കപ്പെട്ടു കിടക്കും. വിൽക്കുന്നതിനായി മത്സ്യം ചന്തയിൽ കൊണ്ടുപോകും. അതു് അധികമായ അളവിൽ തുണിക്കാരായ ആളുകൾ വാങ്ങുകയും അവരിൽ രോഗം സംക്രമിക്കുകയും ചെയ്യും. ഓർമ്മയിൽവരുന്ന ഒരു ദൃഷ്ടാന്തം ഞാൻ നിങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവരാം. ചാള എന്ന മത്സ്യം വിൽക്കപ്പെടുന്നു. ആളുകൾ ചക്രം വിലയുള്ള മത്സ്യവും ഒരു ചക്രം വിലയുള്ള പച്ചരിയും മരച്ചീനിയും വാങ്ങുന്നു. മസ്സാലയും മററു നല്ലപോലെ ചെക്കപ്പെടുകയില്ല. പാവപ്പെട്ടവർക്ക് വിറകുകിട്ടുകയില്ല. അവർ കരിയിലകൾമാത്രം ഉപയോഗിക്കുന്നു. ആങ്ങിനെ അവർ ആഹാരം കഴിക്കുകയും എളുപ്പത്തിൽ ഈ രോഗത്താൽ ബാധിതരായിത്തീരുകയും ചെയ്യുന്നു.

മി: മാത്യു മുരിക്കൻ (വൈക്കം): മരച്ചീനി അല്ല മത്സ്യമാണ് ദീനത്തിനു കാരണമായിരിക്കുന്നതു് എന്നു മെമ്പർ തീർച്ചപ്പെടുത്തിയതു് എങ്ങിനെയെന്നു ഞാൻ അറിയാമോ?

മി: ടി. സി. കേശവപിള്ള (കല്ലൂളവും വിളവംകോടും): ഞാൻ എന്റെ പരിചയത്തിൽനിന്നു പറയുകയാണ്. ഞാൻ ചില ചന്തകളിൽനിന്നു മത്സ്യം എടുത്തു പരിശോധിച്ചുനോക്കിയതിൽ മത്സ്യമാണ് മററുള്ളവർക്ക് രോഗത്തെ സംക്രമിപ്പിക്കുന്നതു് എന്നെനിക്കുബോദ്ധ്യം വന്നിരിക്കുന്നു. പ്രദേശത്തെ സംബന്ധിച്ച് ഗവണ്മെന്റ് പണം കടംകൊടുക്കുന്നതിനാൽ ആരോഗ്യരക്ഷാനിയമങ്ങളനുസരിച്ചു വീടുകളുണ്ടാക്കുന്നതിൽ പരിഷ്കാരങ്ങൾ വരുത്തേണ്ടതാണ് എന്ന് ഞാൻ നിങ്ങളുടെ ഉത്തിക്ക വിഷയമാക്കുന്നു. അവരുടെ പണ്ടി മുതലുകളിൽനിന്നു വല്ല ജാമ്യവും വാങ്ങിക്കൊണ്ടു ഈ പാവപ്പെട്ട മുക്കവർക്ക് ഗവണ്മെന്റു പണം മുൻകൂറായി കൊടുക്കേണ്ടതാണ്.

രണ്ടാമത്തെ സംഗതി രോഗത്തിന്റെ സ്വഭാവമാണ്. ഇപ്പോഴത്തെ വിഷൂചികാബാധയെ സംബന്ധിച്ചിടത്തോളം വിഷൂചികയുടെ എല്ലാലക്ഷണങ്ങളും കാണപ്പെടുന്നില്ല. അതായതു് വിസർജ്ജനങ്ങളും മററു ചില ലക്ഷണങ്ങളും ഉണ്ടായിരിക്കുന്നതാണ്. ഈ ലക്ഷണങ്ങളെല്ലാറ്റിനെയും നാം കാണുന്നില്ലാ. അതിനാൽ അതിസാരമെന്നു ചിലരും വിഷൂചിക എന്നു മററുചിലരും പറഞ്ഞുവരുന്നു. മററു കൊല്ലങ്ങളിലേപ്പോലെ അല്ലാതെ ഇപ്പോൾ മരണത്തോടു അധികരിച്ചുണ്ടുകാണുന്നതു്, അതു് വ്യ-ഒ. ൻ-ഓ ശരമാണ്. പിന്നെ രോഗചികിത്സയെപ്പററി പറയുകയാണെങ്കിൽ ആസ്ഥലങ്ങളിൽ ഹോമിയോപ്പതിയും അല്ലോപ്പതിയും അതു ഔഷധങ്ങൾ, അതായതു് അതിസാരത്തിനുള്ള ടിമ്സ് കലർപ്പും പൊട്ടാസിയം കലർപ്പും, പിന്നെ കർപ്പൂരതൈലവും, ബ്രാൻറിയൊ ചാരായമൊ പുകയിറയിൽ കർപ്പൂരം ചേർത്തതും, ചില ആളുകൾ മണ്ണെണ്ണയൊ പെട്രോളൊ തന്നെയും സേവിച്ചുവരുന്നു; ജലം ഏന്നതും ഉണ്ട്. ഡേവിഡ് മുഖാന്തിരം ദീനത്തെ തടുക്കാവുന്നതാണെന്നും ക്രിസ്ത്യീയർ സമ്മതിക്കുന്നു. ഒരു ഭൂതം കടന്നുപോകുന്നു എന്നു മുഹമ്മദീയർ പറയുന്നു. പിശാച് കടന്നുപോകുന്നു എന്നു ഹിന്ദുക്കൾ പറയുന്നു. മതപരിവർത്തനത്തിനുശേഷവും ക്രിസ്ത്യീയർ ബലികഴിക്കുന്നു. രോഗം അത്ര കഠിനമായിരിക്കുന്നതിനാൽ അക്കം ഇതിൽ വിശ്വാസമില്ലാ എന്ന് ഗവണ്മെന്റുമുമ്പാകെ ഞാൻ കൊണ്ടുവരുന്നതേയുള്ളൂ. കടകളെല്ലാം പൂട്ടിയിരിക്കുന്നു. രാത്രിസമയത്തു തനിച്ചു ആവഴി പോകുന്നതിനു ഭയമാണ്. അങ്ങിനെയുള്ള പ്രദേശങ്ങളിലേക്കാണ് വാക്സിനേററർമാർ, ഡാക്ടർമാർ മുതലായവരെ നാം അയച്ചിട്ടുള്ളതു്. ഡാക്ടർമാർ വളരെ കരുതൽകാണിച്ചിട്ടും ഇപ്പോഴത്തെ നിലയ്ക്കു് ചികിത്സയുടെ ഗുണം പൊതുജനങ്ങൾക്കു ലഭിക്കുന്നില്ല. അതിനാൽ മേലിൽ കഴിവുള്ളിടത്തോളം പ്രത്യേകാന്തരായങ്ങളിൽ ജനസാമാന്യത്തോടു സഹകരിക്കുന്നതിനും വാളന്റിയർമാരെ എടുക്കുന്നതിനും സൌകര്യപ്പെടുന്നപ്രകാരം ഡാക്ടർമാരെ അയച്ചുകൊടുക്കേണ്ടതാണെന്നുള്ള വസ്തുവസംഗതി ഗവണ്മെന്റുമുമ്പാകെ ഞാൻ സമർപ്പിക്കുന്നു. അല്ലെങ്കിൽ നാം എത്രവളരെ യത്നിച്ചാലും അതിൽനിന്നു ഫലമൊന്നുമുണ്ടാകുന്നതല്ല. മരുന്നുകളുടെ ഫലങ്ങളെപ്പററി പറയുമ്പോൾ, ഹോമിയോപ്പതി-മരുന്നുകൾ സേവിച്ചവരെപ്പോലെ പൊട്ടോൾ കുടിച്ചവരും സുഖപ്പെട്ടിട്ടുണ്ട്. അതിസാരവിനാശിനി എന്ന കലർപ്പ് പ്രാരംഭാവസ്ഥയിൽ ഉപയോഗിക്കുന്നെങ്കിൽ ഗുണം ചെയ്യുന്നുണ്ട്. എന്നാൽ ഡാക്ടർക്ക് അറിവുകിട്ടുന്നതു് മൂന്നുനാലു ദിവസങ്ങൾ കഴിഞ്ഞിട്ടാണ്. അപ്പോഴേക്കു രോഗി അവസ്ഥയിലെത്തിയുമിരിക്കും. അല്ലോപ്പതി സമ്പ്രദായത്തിൽ ഒരു ഘട്ടം കഴിഞ്ഞതിൽപിന്നെ ഈ മരുന്നുകൾ ഗുണം ചെയ്യുന്നില്ല. കളിക്കവിളയിലും മങ്ങാട്ടും മററും ഹോമിയോപ്പതി സമ്പ്രദായമാണ് പ്രയോഗിച്ചുവരുന്നതു്.

അല്ല് അധികം ഗുണപ്രദമാണെന്നു പറയപ്പെടുന്നു. ചികിത്സാസമ്പ്രദായത്തെപ്പററി വിവരമായി ഒന്നും ഞാൻ വിമർശിക്കുന്നില്ല. ഈ ഡാക്ടർമാരേയും വൈദ്യന്മാരേയും മററുള്ളവരേയും എല്ലാം ഒന്നിച്ചു വിളിച്ചു കൂട്ടി ആലോചന നടത്തേണ്ടതാണെന്നുമാത്രം ഞാൻ നിങ്ങളുടെ ഉൾക്കാഴ്ചയിൽ കൊണ്ടുവരുന്നു.

മി: ജി.സ്. പിള്ളപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): മന്ത്രവാദികളെയും വേണ്ടെയോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): ആവശ്യമുണ്ടെങ്കിൽ,

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പല്ല പിശാചോ ഭൂതമോ ഈ മിനത്തിനു കാരണമായിരിക്കുന്നവോ എന്നു പറയുമോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): അതെ, ബലശാലികളും ഉഡഗാത്രന്മാരുമായ ആളുകൾ മൂന്നു നാലു മണിക്കൂറുകൾക്കകത്തിൽ മൃതിഅടയുന്നു എന്ന് എനിക്കറിയാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അല്ല് വിഷൂചികനിമിത്തം മാത്രമാണോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): അല്ല് ഞാൻ പറയുന്നില്ല. അതിനാൽ പറയുന്നതു് ഗവണ്മെൻറു ഒരു ഡിഗ്ദർശനെ നിയമിച്ചു ചുകയിനയുടെപൊടിയുള്ള ഈ ജില്ലാമേലധികാരികളെയും പരിശോധന കഴിപ്പിക്കണമെന്നാകുന്നു. കുറഞ്ഞതു ആ പ്രത്യേക ഔഷധത്തെ തങ്ങളുടെ ജീവരക്ഷയ്ക്കായി വരുത്തി സൂക്ഷിക്കുന്നതിലേക്ക് അവർ തങ്ങളുടെ അന്ത്യതീർച്ചകളെ പ്രസിദ്ധീകരിക്കേണ്ടതുമാണെന്നു ഞാൻ പറയുന്നു. ഈ ഡാക്ടർമാർ എല്ലാവരും ഒന്നിച്ചു ഒരു പരീക്ഷണശാലയിൽ പ്രവർത്തിച്ചു് ഈ ഔഷധങ്ങളെ എല്ലാററിനേയും പരിശോധിക്കണം. കാരണം, ഈ രോഗത്തിൻെറ ഹേതു കണ്ടുപിടിക്കത്തക്കവണ്ണം മൃതശരീരങ്ങളും വിസർജനങ്ങളും മററും കിട്ടുന്നതിനു നടുക്കിപ്പോൾ വേണ്ടുവോളം സൗകര്യങ്ങൾ ഉള്ളതല്ലെ. പരീക്ഷണം നടത്തുന്നതിൽ ഒരു ബോർഡിനെ നിയമിക്കണം ആവശ്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണു ഞാൻ ഈ സംഗതികൾ എല്ലാം പ്രസ്താവിക്കുന്നതു്.

ഭണ്ഡാരത്തെസംബന്ധിയെപ്പററി ജഡ്ജർജിക്ഷം നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണല്ലൊ. അതിനാൽ പാവപ്പെട്ടവർക്കു കുറെ പണം കൊടുക്കുന്നതിനാലോ മററു വല്ല ഏർപ്പാടും ചെയ്യുന്നതിനാലോ ഒരു നിവാരണമാർഗ്ഗം ഉണ്ടാക്കേണ്ടതാണെന്നു ഞാൻ അപേക്ഷിക്കുന്നു. ചിറകൾ പുനരുദ്ധാരണം ചെയ്യുന്നതോ മററു വല്ല ജോലിയോ ഉൾപ്പെടുന്ന ഒരു പദ്ധതി ജനങ്ങൾക്കു ജോലിയുണ്ടാകത്തക്കവണ്ണം ആരംഭിക്കണമെന്നുകൂടി ഞാൻ ഗവണ്മെൻറിനോടു് അപേക്ഷിക്കുന്നു. ഇടച്ചിയായ കൃഷിപ്പിഴനിമിത്തം ജനങ്ങൾ ദാരിദ്ര്യമനുഭവിക്കുന്നതിനിടയായി. അതിനാൽ രോഗം ബാധിച്ചിട്ടുള്ള ഒരുപ്രദേശത്തുനിന്നും ഒരുകൂട്ടം ദാരിദ്ര്യബാധിതരായ ജനങ്ങളുടെ ഒരപേക്ഷയാണിതു്. അങ്ങിനെയുള്ള ഒരപേക്ഷ അനുഭവിക്കേണ്ടതുമാണു്. ഏകദേശം ൧൦൦൦ സ്ഥലങ്ങളായ ഗ്രാമങ്ങൾ നഷ്ടപ്പെട്ടുപോയ ഒരു പ്രദേശത്തു വല്ല ആനുകൂല്യവും ചെയ്തുകൊടുക്കുന്നവിഷയത്തിൽ ഈ വാദത്തിരിക്കുന്ന എൻെറ സ്നേഹിതന്മാർക്കു യാതൊരു വിരോധവുമുണ്ടാകുന്നതല്ലെന്നു ഞാൻ വിചാരിക്കുന്നു. സർ, ഇതുസംബന്ധമായി അച്ഛനും അമ്മയും മരിച്ചിട്ടു ശേഷിച്ച മൂന്നും നാലും കുട്ടികളുള്ള ദൃഷ്ടാന്തങ്ങൾ ഉണ്ടെന്നു ഞാൻ പറയാം. ഒരേകുഴിയിൽ മൂന്നോ നാലോ ശവങ്ങൾ അടക്കംചെയ്തിട്ടുള്ള ദൃഷ്ടാന്തങ്ങൾ എനിക്കറിയാം. ഇതെല്ലാം പ്രധാനങ്ങളല്ലാത്ത വിവരങ്ങളാകയാൽ ഞാൻ അവയെ നിങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാഗ്രഹിക്കുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നതിനായി എഴുന്നേല്ക്കുന്നു. അദ്ദേഹമായി ഭരണാദ്ധ്യക്ഷൻ വളരെ ഉത്സാഹത്തിയോടും ഊർജിതത്തോടും ഈ രോഗശമനത്തിനായി പ്രവർത്തിക്കുന്നതിൽ ഞാൻ അദ്ദേഹത്തോടു കൃതജ്ഞതകാണിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം വിഷൂചികബാധിച്ച പ്രദേശങ്ങളെ സന്ദർശിച്ചിട്ടുണ്ടെന്നും സന്ദർശിക്കുന്നുണ്ടെന്നും സാനിട്ടറിഡിപ്പാർട്ടുമെൻറുദ്യോഗസ്ഥരോടും സഹപ്രവർത്തകന്മാരോടും സമയോചിതമായ ഊർജിതം കാണിക്കേണ്ടതാണെന്നു് ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നും വിശ്വാസയോഗ്യങ്ങളായ സ്ഥാനങ്ങളിൽനിന്നും ഞാൻ കേട്ടിരിക്കുന്നു. എന്നാൽ സാനിട്ടറി ഡിപ്പാർട്ടുമെൻറിൻേറയും മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻേറയും പ്രയത്നങ്ങൾ വിജയപ്രദമായി തെളിഞ്ഞിട്ടില്ലാ. വൃശ്ചികം ൧-ാം തീയതിയോടവസാനിക്കുന്ന ആഴ്ചയിലുള്ള മരണങ്ങൾ ൪൭൩ ആണു്. ഒരു വർത്തമാനപത്രത്തിൽനിന്നും ഞാനറിയുന്നതു്, ഏതാനും ദിവസങ്ങൾക്കുമുമ്പു് അവസാനിച്ച ഈ കൊല്ലത്തിലുണ്ടായ മരണങ്ങൾ ൩,൩൭൫ ആണു എന്നാകുന്നു. കുറച്ചുദിവസങ്ങൾക്കുമുമ്പു പ്രസിദ്ധീകരിച്ചിട്ടുള്ള സംഖ്യയോടു് ഇതു-നെ താരതമ്യപ്പെടുത്തുകയാണെങ്കിൽ അനുമാനിക്കേണ്ടതു് വിഷൂചികയാൽ ഹതരായവർ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നാണു്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): സാനിട്ടറിക്കമ്മീഷണർ പ്രസിദ്ധപ്പെടുത്തിയ ബുള്ളററിനെ ആണോ മെംബർ നിർദ്ദേശിക്കുന്നതു്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതിനെ അല്ല ഞാൻ നിർദ്ദേശിക്കുന്നതു്. സംഖ്യകളെ സംബന്ധിച്ചിടത്തോളം സാനിട്ടറികമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള ബുള്ളററിൻ ശരിയല്ലാ എന്നു് എൻെറ സ്നേഹിതൻ മി: കേശവപിള്ള പറഞ്ഞുവല്ലൊ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അദ്ദേഹത്തിൻെറ സംഖ്യകൾ എവിടെനിന്നു കിട്ടിയതാണു്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): തെക്കൻതിരുവിതാംകൂറു് ദക്ഷിണഭാരതി എന്ന പേരുള്ള ഒരു വർത്താനപത്രത്തിൽനിന്നാണു് എനിക്കു് അതു കിട്ടിയതു്.

അപ്രകാരം ആരോഗ്യരക്ഷാവിഷയമായ ഏതാനും പ്രാഥമികവ്യവസ്ഥകൾ അനുകരണീയമായിരിക്കുന്നു. തെക്കൻ തിരുവിതാംകൂറു് ജലദൌർലഭ്യം വളരെയായ അളവിലുണ്ടെന്നു നമുക്കറിയാം. ഈ സ്ഥലങ്ങളിലെല്ലാം ഉപയോഗിക്കുന്ന ജലം കോതയാർ പ്രോജക്ട് ചാലുകളിൽനിന്നുമാണു കിട്ടുന്നതു്. ഈ ജലം കുളിക്കുന്നതിനും കുടിക്കുന്നതിനും എന്തെല്ലാം ആവശ്യങ്ങൾക്കു വേണ്ടതും ആവശ്യമുണ്ടോ അതിനൊക്കെയും ഉപയോഗിച്ചുവരുന്നു. അതിനാൽ സ്ഥിരമായ ഒരു നിവൃത്തിയുണ്ടാകുന്നതിനുവേണ്ടി കിണറുകൾ കഴിപ്പിക്കണം. എന്നാൽ ജനങ്ങളെ ശുദ്ധജലമുപയോഗിക്കുന്നതിനു കഴിവുള്ളവരാക്കുന്നതിനു തല്ക്കാലം സാധിക്കാത്തതിനാൽ ജലം ശുദ്ധിപരുത്തുന്നതിനു മതിയായ മരുന്നുകൾ അവർക്കു സൌജന്യമായി വിതരണം ചെയ്യണം.

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): ഇപ്പോൾ വിലവർദ്ധിച്ചുകൊണ്ടോണോ കൊടുക്കുന്നത്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്പോൾ വിലവർദ്ധിച്ചുകൊണ്ടല്ല കൊടുക്കുന്നത്. ഇനിമേലിലും അങ്ങനെതന്നെ ചെയ്യണമെന്നാണു പറയുന്നത്.

ഞാൻ പറയുന്നത്, മേലിലും ഗവണ്മെന്റ് ഇപ്പോൾ അനുകരിച്ചുവരുന്ന നയംതന്നെ സ്വീകരിക്കണമെന്നാണ്. മത്സ്യം ഈ രോഗത്തെ വഹിക്കുന്ന ഒരു പകർച്ചവാഹനമാണ് എന്റെ സ്നേഹിതൻ പറഞ്ഞു. അതു ഒരു വാഹനമാണെങ്കിൽ ചന്തയിൽ കൊണ്ടുപോകുന്ന മത്സ്യം പരിശോധിച്ചതിൽ പിന്നെ മാത്രമേ വിലയ്ക്കു വാങ്ങിക്കാവുള്ളതെന്ന് ഏർപ്പാടുചെയ്യണം.

തിരുവനന്തപുരം പട്ടണത്തിലും വിഷൂചികബാധിച്ചു മരിച്ച ആളുകളുണ്ട്. അവ മിക്കവാറും വൃത്തിഹീനമായ സ്ഥലങ്ങളിലും പാവപ്പെട്ട ആളുകൾ നിവസിക്കുന്ന ജനനിബിഡതയുള്ള കേന്ദ്രങ്ങളിലുമാണ് ഉണ്ടായിട്ടുള്ളത്. ഈ പ്രദേശങ്ങളിൽ വിഷൂചികയുത്പാദിക്കുന്നതിനു സഹായിക്കുന്ന കാരണങ്ങൾ അവിടെ കൊണ്ടുവരുന്ന ആളുകളുടെ വൃത്തികളായിരിക്കാം. പാവപ്പെട്ട ജനങ്ങൾ നിവസിക്കുന്ന ഈ സ്ഥലങ്ങളിൽ മലം ശരിയായി നീക്കപ്പെടുന്നില്ല എന്നുള്ളത് എന്റെ അനുഭവമാണ്. അതു അവിടെ കൂടിക്കിടന്ന് ഈ രോഗം പരത്തുന്നതിന് ഒരു ഹേതുവായി പ്രവർത്തിക്കാം. അതിനാൽ ഈ സ്ഥലങ്ങളിൽനിന്നു മലം ഉടനെതന്നെ നീക്കപ്പെടുന്നതിനു ശരിയായ ഏർപ്പാടു ചെയ്യണമെന്നാണ്.

ഗവണ്മെന്റിന് ഈ വിധത്തിൽ പ്രചാരണവേലയും നടത്താം. പാവപ്പെട്ടവർ അറിവില്ലാത്തവരും ധനസ്ഥിതി സംബന്ധിച്ചു വളരെ പിന്നോക്കമുള്ളവരുമാകുന്നു. വിഷൂചിക ബാധിച്ച സ്ഥലങ്ങളിൽ പ്രസംഗങ്ങൾ ചെയ്യുന്നതിന് ഏർപ്പാടുചെയ്യണം. അല്ലാത്തപക്ഷം വേണ്ടുവോളം മഷിലേഖകൾ പ്രസിദ്ധീകരിച്ചു ആ വിധത്തിലും ജനങ്ങൾക്ക് അറിവുണ്ടാക്കണം. തെക്കൻ തിരുവിതാംകൂറിലുള്ള ജനങ്ങൾക്കു പത്ഥ്യവും മതിയാകുന്നിടത്തോളമുള്ളതും ആയ ആഹാരം കിട്ടുന്നില്ലെന്ന് എന്റെ സ്നേഹിതൻ നിരീക്ഷിച്ചു. ഈ ന്യൂനതയ്ക്കു പരിഹാരമുണ്ടാക്കണം.

ആരുമറിഞ്ഞിരുന്നതായ വേറൊരു പ്രധാനവിഷയം ഈ ദീനത്തിന്റെ മൂലകാരണമാകുന്നു. അതു് ഇവിടെ അന്വേഷണം കഴിക്കുന്നതിനു സാധിക്കുകയില്ലെങ്കിൽ ഈ മാരിയുടെ നിവാരണത്തിന് ഉപായങ്ങൾ കിട്ടുന്നതിലേക്ക് അന്വേഷണങ്ങൾ നടത്തുന്നതിനുവേണ്ടി വെളിയിൽനിന്നു ഒരു മരിയായ വിദഗ്ദ്ധനെ കൊണ്ടുവരേണ്ടതാണ് അല്ലെങ്കിൽ മരണങ്ങളുടെ തുക വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കും, നമ്മുടെ ജനസംഖ്യയിൽ വലുതായ കുറവുമുണ്ടാകും. ഈ വാക്കുകളിൽ ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി: പി. എസ് മഹമ്മദ് (നിയമിതമെംബർ): കമ്മീഷൻ തുടങ്ങിട്ടു എത്രദിവസം അല്ലെങ്കിൽ എത്ര ദിവസമായി?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കണക്കുകിട്ടീട്ടില്ല.

മി: ജി. സി. ജോസഫ് (അഗസ്തീശ്വരം): സർ, തെക്കൻതിരുവിതാംകൂറിൽ വിഷൂചിക-സംക്രമിച്ചുകൊണ്ടിരിക്കുന്ന ഈ സമയത്ത് ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ള മി: കേശവപിള്ളയോടു നന്ദി പറയുന്നത് എന്റെ കടമയാണ്. ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള നിവാരണമാർഗ്ഗങ്ങൾ അശേഷം തൃപ്തികരമല്ല. അടുത്ത ഒരു ഗസററിലുണ്ടായിരുന്നതുപോലെ ഗവണ്മെന്റു കൊടുത്തിട്ടുള്ള വിവരത്തിൽനിന്നു സാനിട്ടറികമ്മീഷണർ ഒരു ബുള്ളററിൻ അടുത്ത ഗസററിൽ പരസ്യപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. തിരുവിതാംകൂറിലെ പൊതുജനങ്ങളുടെ ആരോഗ്യരക്ഷയ്ക്കു മെഡിക്കൽവകുപ്പു പ്രധാനമായി ഉത്തരവാദിത്വമുള്ളവരാണിരിക്കെ, ആ ഉദ്യോഗസ്ഥൻ ആ വിവരം തയ്യാറാക്കി പരസ്യം ചെയ്തിരിക്കുന്നതു് എന്തുകൊണ്ടാണെന്നു എനിക്ക് അറിഞ്ഞുകൂടാ. ആ ഗസററിൽ തന്നെകൊടുത്തിരിക്കുന്ന കണക്കുകളിൽനിന്നു പിശകായ സംഖ്യകൾ കാണുന്നു. കൊടുത്തിട്ടുള്ള കണക്കുകളിൻപ്രകാരം കഴിഞ്ഞ മൂന്നു മാസങ്ങളിലുണ്ടായ മരണങ്ങൾ ന,൨൭൮ എന്നും, മി: ചാണ്ടിയുടെ ബുള്ളററിൻപ്രകാരം ന,൫൧൦ൽ വിചാരണത്തുകയും എന്നും കാണുന്നു. അതിനാൽ കണക്കുകൾ വ്യത്യസപ്പെട്ടിരിക്കുന്നു. തൻമൂലം വിവരം ശരിയല്ലാതെയും ഇരിക്കുന്നു. ഏതോ കാരണത്താൽ തെക്കൻതിരുവിതാംകൂറ് വർഷംതോറും ഈ മാരി അധികമായി ബാധിച്ചുകാണുന്നു. വിദഗ്ദ്ധന്മാർ ഈ ഭയങ്കരമാരിക്കു ജലദൌർലഭ്യമാണു കാരണമെന്നു പറയുന്നു. ഏവരും സമ്മതിക്കുംപോലെ അവിടെയുണ്ടാകുന്ന ജലക്ഷാമം പ്രത്യേകിച്ചു വർഷത്തിന്റെ അഭാവംമൂലം കഴിഞ്ഞ പേനൽകാലത്തു ജനങ്ങൾ അനുഭവിക്കയുണ്ടായി. കൃഷിപ്പിഴനിമിത്തവും അവരുടെ ധനസ്ഥിതി നന്നേക്ഷീണിക്കയും മാരിയുടെ ബാധ തീക്ഷ്ണമായി വർദ്ധിച്ചുവരികയും ചെയ്തു. അവിടെയുള്ള ഗ്രാമങ്ങളിലെ കാര്യങ്ങളുടെ ഈ വിധമുള്ള അവസ്ഥയ്ക്കു് ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരെ ഞാൻ കുററപ്പെടുത്തുന്നില്ല, തെക്കൻതിരുവിതാംകൂറ് ഗ്രാമങ്ങളുടെ അപരിഷ്കൃതഘടനയ്ക്കു മി: ചാണ്ടിയോ ഡാക്ടർ രാമൻതമ്പിയോ, ഡാക്ടർ മാധവൻപിള്ളയോ, ഡാക്ടർ സുബ്രഹ്മണ്യയ്യരോ, മി: കൃഷ്ണമൂർത്തിഅയ്യരോ ഉത്തരവാദികളാണെന്നും ഞാൻ പറയുന്നില്ല. എന്നാൽ മുട്ടാതെ ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെ മേൽ ഏറെക്കുറെ ഒരു വിധം ഉത്തരവാദിത്വമിരിക്കുന്നു എന്നു ഞാൻ ശക്തിയായി പറയേണ്ടിയിരിക്കുന്നു. പേഷ്കാർ തന്റെ ഡിവിഷന്റെയോ പ്രത്യേകം ഒരു താലൂക്കിന്റെയോ കുറെ പരിധിക്ക് ഉത്തരവാദിയാണെന്നു പ്രായോഗികമായി വിചാരിച്ചേക്കാം. സാനിട്ടറികമ്മീഷണർ താൻ ഏതാനും ഗ്രാമങ്ങളെ സന്ദർശിച്ചു, അവിടെ കുത്തിവയ്പു നടത്തുന്നുണ്ടോ എന്നു അന്വേഷിച്ചാൽമതി എന്നു വിചാരിക്കാം. എക്സിക്യൂട്ടീവ് എഞ്ചിനീയറോ ചീഫ്എഞ്ചിനീയറോ നിശ്ചിതമായ സമയത്തു ജലം അടച്ചുകൂട്ടുകഴിഞ്ഞാൽ ജനങ്ങളുടെ ക്ഷേമത്തിനു ഹാനിതട്ടുകയില്ലെന്നു വിചാരിച്ചുകൊള്ളും. എന്നാൽ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥനിമിത്തം സാധുക്കളായ ഗ്രാമനിവാസികളുടെ ക്ഷേമത്തെ ഈ എല്ലാ സംഗതികളുംകൂടെ മൊത്തമായി തടയുന്നു. നാമിപ്പോൾ നിവാരണമാർഗ്ഗങ്ങളെ പ്രയോഗിക്കുന്നു. അതു മരിച്ചുപോയ ഒരാൾക്കു മരുന്നോഡയിൻ കൊടുക്കുന്നതുപോലെയാണ്. നിവാരണമാർഗ്ഗംവഴിക്കു ഗവണ്മെന്റു ഭീമമായ തുക ചെലവാക്കുന്നു. അവർ ഡപ്യൂട്ടി-സബ്ജഡ്ജന്മാരെ ഇതിലേക്കു നിയമിച്ചു് അവർക്കു മോട്ടാർകാറുകളും കൊടുത്തിട്ടുണ്ട്.

ഒരു കാലത്ത് അവർ ജനങ്ങളെപ്പററി തീരെ വിചാരമില്ലാത്തവരായി തീരുമെന്നാണ് ഞാൻ ശങ്കിക്കുന്നത്. ഈ മാരി ബാധിച്ചിരിക്കുന്ന കാലത്തു ഗ്രാമങ്ങളിൽ നിവസിക്കുന്നവരും, സാമൂഹ്യകപ്രവർത്തകന്മാരിൽ നിന്നു മാത്രമല്ലാ, ഓരോ ഗവർണ്ണമെന്റുദ്യോഗസ്ഥനിൽനിന്നും ശരിയായ അന്വേഷണം ആവശ്യമായിരിക്കുന്ന വരുമായ പാവപ്പെട്ട ജനങ്ങളുടെ വിഷമങ്ങൾ മനസ്സിലാക്കാൻ കഴിവുള്ള ഉദ്യോഗസ്ഥന്മാരെയാണു നമുക്കാവശ്യം. ഈ സംഗതിയിൽ അവർക്കു മോട്ടാർകാറുകൾ കൊടുത്തിട്ടുള്ളതിനാൽ മാർഗത്തിൽ സഞ്ചരിക്കാൻ കഴിയുമെന്നതിൽ എനിക്കു സന്തോഷമുണ്ട്. എന്നാൽ ഒരു വിഷമമുണ്ട്. അതായതു് ഈ ഗ്രാമങ്ങളിൽ മോട്ടാർകാറുകളിൽ പോകുന്നതിനു സാധിക്കുന്നതല്ലാ എന്നുള്ളതുതന്നെ. അവിടങ്ങളിൽ നല്ല റോഡുകളില്ലാ. ഉദ്യോഗസ്ഥന്മാർ പ്രത്യേകകരുതലെടുത്തു് ഈ ആസന്നമരണന്മാരായ പാവപ്പെട്ട ജനങ്ങളോടു അല്പമെങ്കിലും കരുണ കാണിക്കുന്നില്ലെങ്കിൽ, അവരാൽ തന്നെ യാതൊന്നുംചെയ്യാൻ സാധിക്കുന്നതല്ലാ. ഗവർണ്ണമെന്റു വലുതായ അളവിൽ പണം ചെലവു ചെയ്യുന്നുമെങ്കിലും അതു ശരിയായ വിധത്തിലല്ലായിരിക്കും ചെലവാക്കപ്പെടുന്നതു്. വിഷൂചികയ്ക്കു കുത്തിവയ്ക്കുണ്ടതാണെന്നു് അവർ നിർദ്ദേശിക്കുമായിരിക്കും. അതു് അവർ എങ്ങനെയാണു പ്രയോഗത്തിൽകൊണ്ടുവരുന്നതെന്നു് എനിക്കറിഞ്ഞുകൂടാ, കാരണം ഞാൻ ഒരു വിദഗ്ദ്ധനല്ലാ. അതു് എങ്ങനെ ചെയ്യണമെന്നുപറയാൻ എനിക്കു സാധിക്കുന്നതല്ല.

ഗ്രാമനിവാസികൾക്കു വേണ്ടുന്നതു് ഈ ഉദ്യോഗസ്ഥന്മാർക്കിനിയും ശരിയായ അന്വേഷണമാണു്. നിവാരണം പ്രത്യേക്ഷത്തെക്കാൾ അധികം നന്നാണ്. സമയത്തു അങ്ങോട്ടുചെന്നിരിക്കുന്ന എന്റെ സ്നേഹിതന്മാരെല്ലാവരും ഈ ഗ്രാമങ്ങളെ സന്ദർശിക്കുന്നതിനിടയാകുമ്പോൾ അവർ ആർദ്രചിത്തന്മാരായിത്തീരുന്നതാണ്; കാരണം അവരുടെ സ്ഥിതി അത്രയ്ക്കു പരിതാപജനകമാണ്. അവർ ഇങ്ങനെയുള്ള മാരിയാൽ ആക്രമിക്കപ്പെടുമ്പോൾ അവരുടെ ദാരിദ്ര്യനിമിത്തം മിനത്തിന്റെ ആക്രമണം എതിർക്കാൻ പ്രാപ്തിയുള്ളവരായിരിക്കയില്ല. അതിനാൽ ഞാൻ സമർപ്പിച്ചുകൊള്ളുന്നതു് അവരുടെ പോഷണവിഷയമായി വല്ലതും ചെയ്തുകൊടുക്കണമെന്നാണ്. കടലോരപ്രദേശത്തു വല്ലതും ചെയ്യണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നില്ല എന്നു ഞങ്ങൾ പറയാം. എന്നാൽ ഈ ജനങ്ങളുടെ ക്ഷേമത്തെക്കുറിച്ചു നാം പ്രത്യേകകരുതൽ എടുക്കുന്നില്ലെങ്കിൽ, സംസ്ഥാനത്തുള്ള മററാളുകൾ കൂടി അവർ ഒരുപദ്രവകാരണമായി തീരുന്നതാണ്. ഈ സ്ഥിതി തുടരുന്നതിന് അനുവദിക്കുന്നെങ്കിൽ, തെക്കൻതിരുവിതാംകൂറിലുള്ള ഏതാനും ഗ്രാമങ്ങളുടെ അവസ്ഥ എന്താകുമിതിങ്ങനെ ഞാൻ ചോദിക്കുന്നു. അവ നാമാവശേഷമായി തീരുകതന്നെ ചെയ്യും. ഞാൻ വീണ്ടും ഇവിടെ വരുന്നതിനു ജീവനോടെ ശേഷിക്കുമോ എന്നു് എനിക്കു് അറിഞ്ഞുകൂടാ (ചിരി). അതാകുന്നു അവിടത്തെ അവസ്ഥയുടെ സ്വഭാവം. നാം എല്ലാവരും അതിങ്കൽ ഭയാക്രാന്തരായിരിക്കുന്നു. പാസ്സുവമായി ദിനം പടർന്നുകൊണ്ടിരിക്കയാണ്. സംസ്ഥാനത്തിന്റെ ഇതരഭാഗങ്ങളിലുള്ള നിവാസികളുടെ ക്ഷേമത്തെക്കരുതി, അതിനു വേണ്ടുംവണ്ണം അടച്ചുപരുത്തുന്നതിനു ഗവർണ്ണമെന്റു നിഷ്കർഷയായ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. മേട്ടുപ്രദേശത്തു പ്ലേഗ് ബാധിക്കാനിടയുണ്ടെന്നുള്ള ഭയം നേരിട്ടപ്പോൾ ഗവർണ്ണമെന്റു വേണ്ടതിലധികമെന്നപോലെ പ്രവർത്തിച്ചു. അവരുടെ കഴിയുന്നത്ര പ്രവർത്തിച്ചു. ഈ സ്ഥലങ്ങളിൽ പ്രത്യേക ഉദ്യോഗസ്ഥന്മാരെയും കഴിവുണ്ടായിരുന്നതോളം ഡാക്ടർമാരെയും നിയമിച്ചു. ജനങ്ങൾക്കു പൂർണ്ണതൃപ്തിയുണ്ടായതുകൊണ്ടു മാരി നിശ്ശേഷം ഹനിക്കപ്പെട്ടു എന്നുള്ളതു് അഭിനന്ദനത്തിനർഹമായ ഒരു വിഷയമത്രേ. ഗവർണ്ണമെന്റിനോടു നിർദ്ദേശിക്കുന്നതിനു ഞാൻ തുനിയുന്നതു വെറും മോട്ടാർകാറുകളും മററും കൊടുക്കുന്നതു തീരെതിയാകുന്നില്ലെന്നു, എന്നാൽ ഉടൻ തന്നെ വാസ്തവമായ പ്രചാരണവേല തുടങ്ങണമെന്നുമാകുന്നു. പാവപ്പെട്ട ആളുകൾ വസ്ത്രം കീലായതുകളിൽ താമസിക്കുന്നതല്ലായിരിക്കാം. അതിനാൽ ഏതെങ്കിലുമൊരു സാമൂഹ്യവേല ഉടനെതന്നെ ആരംഭിക്കേണ്ടതാണ്. ഈ പ്രധാനവേലയിൽ ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ മുദ്രാവാക്യം 'ആദ്യം ശരിയായ ഭക്ഷണവും പിന്നെ മരുന്നും' എന്നായിരിക്കണം. മി: കേശവപിള്ള പറഞ്ഞതുപോലെ ഈ വിഷയത്തിൽ ഗവർണ്ണമെന്റു യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു ഞാൻ പറയുന്നില്ല. ദിവാൻ താൻതന്നെ ഗ്രാമങ്ങളിൽ ചെല്ലുകയും ജനങ്ങളുടെ സ്ഥിതി സൂക്ഷ്മമായി കാണുകയുംചെയ്തു. അതു് ഒരു നൂതനസംഗതിയാണ്. നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ പലരും ഗ്രാമങ്ങളിൽ പ്രവേശിക്കുന്നതിനു തുനിയുകയില്ല. അവർ സംസ്ഥാനത്തെ മുതലെടുപ്പു മാത്രമെ കരുതുന്നുള്ളു. എന്നാൽ ദിവാൻ ഒരു നല്ല ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു. ജനസാമാന്യങ്ങളോടു സഹകരിക്കുന്നതിന് ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെയാണു നമുക്കു ആവശ്യമുള്ളതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): തെക്കൻതിരുവിതാംകൂറിലെ ജനങ്ങൾ ഗവർണ്ണമെന്റിനോടു സഹകരിക്കുന്നില്ലേ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അതെ, അവർ ഗവർണ്ണമെന്റിനോടു സഹകരിക്കുന്നുണ്ട്. ഇപ്പോഴും പ്രതിഫലം കൂടാതെ വല്ല വേലയും ചെയ്യുന്നതിനു ഞാൻ ഒരുക്കമാണ്. അവിടത്തെ സ്ഥിതി വളരെ അപകടംതന്നെ. പ്ലേഗുണ്ടായ കാലത്തു മേട്ടുപ്രദേശങ്ങളിൽ സാരമായ ഗുണം ചെയ്യുന്നതിനു ഗവർണ്ണമെന്റിനു സാധിച്ചതുപോലെ ഈ സംഗതിയിലും അവർ അധികമായ ശ്രദ്ധ പതിക്കേണ്ടതാണെന്നു ഞാൻ നിർദ്ദേശിക്കുന്നതിനാഗ്രഹിക്കുന്നു. ഈ വിഷൂചികാസംക്രമണത്തിന് അനതിദൂരമായ ഒരു സമയത്തിനുള്ളിൽ ശക്തിയായ അടച്ചുവരുത്തുന്നതാണെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഇന്നലെ പല ഇനങ്ങളിൽ അഭ്യർത്ഥനകൾ നടന്നപ്പോൾ ഈ പ്രത്യേക ഇനം വിട്ടുകളഞ്ഞതു എന്തുകൊണ്ടായിരുന്നു എന്നു ഞാൻ അതിശയിക്കുകയായിരുന്നു. ഞാൻ വിചാരിച്ചതു്, ഈ ഗർഭാവസ്ഥയുടെ പരിഹാരത്തിനായി മെഡിക്കൽ കൂട്ടിലേക്കു് ഒരു തുക അനുവദിക്കുമെന്നായിരുന്നു. എന്നാൽ എങ്ങനെ എങ്കിലും അഭ്യർത്ഥനകളുടെ കൂട്ടത്തിൽ അതു ഞാൻ കണ്ടില്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഇപ്പോൾ സ്വീകരിച്ചിട്ടുള്ള ഏർപ്പാടുകളെപ്പററി മെംബർ തൃപ്തിപ്പെടുന്നുണ്ടോ എന്നു ഞാൻ അദ്ദേഹത്തിൽനിന്നറിയാമോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അശേഷം തൃപ്തിപ്പെടുന്നില്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): താൻ പ്രതിനിധീകരിക്കുന്ന മണ്ഡലത്തിലുണ്ടായ മരണങ്ങളുടെ ഏകദേശമായ സംഖ്യ മെംബറിൽനിന്നറിയാമോ?

മി: ഡി. സി. ജോസഫ് (ഈസ്റ്റിശ്വരം): ശ്രീ ഠ ൻ അധികം—ഇത്രയും പറഞ്ഞുകൊണ്ടു മി: ടി. സി. കേശവപിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ ഞാൻ ബഹുമാനിച്ചു പിന്താങ്ങുന്നു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): സർ, മി: കേശവപിള്ള ഈ സാംക്രമികരോഗത്തിന്റെ മൂലകാരണം അറിയണമെന്നാവശ്യപ്പെട്ടു. കഴിഞ്ഞ രണ്ടുകൊല്ലങ്ങൾക്കുള്ളിൽ ഉണ്ടായ വിഷൂചികയുടെ ഒരു സംക്ഷിപ്തവൃത്താന്തം മാത്രം ഞാൻ പറയാം. കഴിഞ്ഞകൊല്ലത്തിൽ അതു് ഏകദേശം ഇടവമാസത്തിൽ ആരംഭിച്ചു ഭയങ്കരമായ പരിണാമത്തിൽ വർദ്ധിച്ചുവന്നു. ഗവണ്മെന്റു ഉത്കണ്ഠിതമായ നടപടികൾ നടത്തുകയും രണ്ടുമൂന്നുമാസങ്ങൾക്കുള്ളിൽ രോഗം ശമിക്കുകയുംചെയ്തു. അതിൽപിന്നെ ഏതാനും കേസുകൾ അവിടവിടെയായി ഉണ്ടായിട്ടുണ്ടു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): എന്നാൽ ബുള്ളറിനിൽ കാണുന്നതു മീനമാസാവസാനംവരെ മീനം ഇടൻകെ ഞ്ഞിരുന്നു എന്നാണു്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): അതു ഭയങ്കരപരിണാമത്തിൽ എത്തിയതു ഇടവമാസത്തിലല്ല, വൃശ്ചികമാസാവസാനത്തിൽ മാത്രമായിരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): അതു് അവസാനിച്ചതു് എപ്പോൾ എന്നാണു ചോദ്യം. ബുള്ളറിനിൽ കാണുന്നതു് അതു മീനം അവസാനത്തിൽ മാത്രമേ ശമനാവസ്ഥയിലെത്തിയുള്ളു എന്നാണു്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): എങ്ങിനെഎങ്കിലും മൂന്നുമാസങ്ങൾക്കു ശേഷം അതു തീരെ ഭയജനകമായിരുന്നില്ല എന്നു് എനിക്കറിയാം. അവിടവിടെയായി ഏതാനും കേസുകൾ ഉണ്ടായിരുന്നിരിക്കാം. ഈ കേസ്സുകൾ അതു മുക്കുവക്കുടികളിലാണു് ആരംഭിക്കുന്നതിനു സംഗതിയായതു്. ഈ കേസ്സുകൾ വിഷൂചികാസംക്രമണത്തിന് അനുകൂലമായ പ്രത്യേകമായ ഒന്നത്രെ. ഒന്നാമതായി അതു് ഒരു പഴി വർത്തകൊല്ലം ആയിരിക്കുന്നു. സാധിക്കുന്നതിങ്ങനെയാണു്. ഈ ദിനങ്ങളിൽ മിക്കപ്പോൾ ചില വർഷങ്ങളിൽ സാംക്രമികാവസ്ഥയിൽ എത്തുകയും കാഠിന്യം വർദ്ധിക്കുകയും ചെയ്യും. വിഷൂചിക മററു കാലങ്ങളേക്കാൾ ആറുവർഷത്തിലൊരിക്കൽ അധികമായ കാഠിന്യത്തോടുകൂടിയതുമുണ്ടു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): തെക്കൻ തിരുവിതാംകൂറിലെ അവസ്ഥകളെ ഉദ്ദേശിച്ചു്, അതുമുൻകൂട്ടി അറിഞ്ഞിരുന്നുവോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): അതെ, അതു മുൻകൂട്ടി അറിഞ്ഞിരുന്നു. കഴിഞ്ഞകൊല്ലം കാലവർഷം ഇല്ലായിരുന്നുവെന്നതുതന്നെ പറയാം. വിളവുകളും മോശമായിരുന്നതിനാൽ ആളുകളുടെ ആരോഗ്യത്തിന്റെ കുറവിനുകാരണമായിതീർന്നു. തെക്കൻ തിരുവിതാംകൂറിലെ നിശ്ചയമായിട്ടും ജലസംഭരണം വളരെ മോശമാണു്. പല സ്ഥലങ്ങളിലും ശുദ്ധജലം കിട്ടുന്നതിനു വേണ്ടുവോളം കിണറുകൾ തന്നെയില്ല. അനേകമാളുകൾ കുളിക്കുന്നതിനും കുടിക്കുന്നതിനും കുളത്തിലെ വെള്ളമാണുപയോഗിക്കുന്നതു്, ഇതെല്ലാം സാംക്രമികരോഗം പ്രചരിക്കുന്നതിനു സഹായിക്കുകമാത്രമാണു ചെയ്യുന്നതു്. തിരുവിതാംകൂറിലെ ഈ സാംക്രമികരോഗം സംബന്ധിച്ചു നമുക്കു് ഒരു നൂതനമായ വൃത്തിയാണു മനസ്സിലിരിക്കുന്നതു്. അതായതു്, മുക്കുവഗ്രാമങ്ങളിലെ രോഗസംക്രമണം. കന്യാകുമാരി തുടങ്ങി തിരുവനന്തപുരംവരെയും മുക്കുവഗ്രാമങ്ങളുണ്ടു്. ആരോഗ്യരക്ഷാവിഹീനങ്ങളായ ഈ മുക്കുവക്കുടികളിൽ ദിനം പിടിപെടുന്നു. അവക്കു പിടിപെട്ടദിനംനിമിത്തം അവർ കൂട്ടത്തോടെ ഒരു സ്ഥലം വിട്ടു മറെറാരു സ്ഥലത്തേക്കു ഓടിത്തുടങ്ങി. വാസ്തവത്തിൽ രോഗസംക്രമണം ഉണ്ടായതു മുക്കുവപ്രജകളുടെ ദേശാന്തരഗമനം മൂലമാണു്. മുക്കുവക്കുടികളിലെ ആരോഗ്യരക്ഷാവൃത്തി പരിഷ്കരിക്കേണ്ടതും പരിഷ്കൃതമായ ജലസംഭരണം ഉണ്ടാക്കേണ്ടതും ആകുന്നു. കാലക്രമേണ ഗവണ്മെന്റു് ഈ കാര്യങ്ങൾ നിശ്ചയമായി കയ്യേൽക്കുന്നതുമാണു്:

ഇപ്പോഴത്തെ അവസ്ഥയെ പററി പറഞ്ഞാൽ തീർച്ചയായിട്ടും ഗവണ്മെന്റു ഈ സംക്രമണത്തെ എതിർക്കുന്നതിനു തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുന്നുണ്ടു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും). ജലസംഭരണത്തിലുള്ള പരിഷ്കാരങ്ങളും ചന്തസ്ഥലങ്ങളുടെ ആരോഗ്യരക്ഷ മാർഗ്ഗങ്ങളും ഗവൺമെന്റിൽ ചെയ്തിട്ടുണ്ടോ എന്നു മെംബറിൽനിന്നു അറിയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): എർപ്പാടുകൾ ചെയ്യേണ്ടിയിരിക്കുന്നു. കുലകുക്ഷമായ പരിഷ്കാരങ്ങൾ എർപ്പെടുത്തുവാൻതക്കവണ്ണമുള്ള സ്ഥിതികളാണു് ഉള്ളതു് എന്നു ഞാൻ മുമ്പുതന്നെ പ്രസ്താവിച്ചല്ലോ. വിഷൂചികയുടെ മൂലകാരണം എന്താണു് എന്നു നമുക്കറിയാം. അതിനുഹേതുവായിരിക്കുന്നതു ചില അണുക്കളാണെന്നു നമുക്കറിയാം. അതിനെ അനുകൂലിക്കുന്ന വൃത്തികൾ—

മി: എ.സ്. പിള്ളപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്കു്): മത്സ്യമൊ മരിച്ചിനിയെയോ ഏതാണു രോഗാണുക്കളെ വഹിക്കുന്നതു് എന്നു വിദഗ്ദ്ധനായ ഡാക്ടറിൽനിന്നു് അറിയാമൊ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): ഞാൻ മെംബർക്കു് എളുപ്പത്തിൽ മനസ്സിലാകത്തക്കവിധം പറയാം. രോഗംപിടിപെടുന്നെങ്കിൽ അതു മത്സ്യത്തിൽനിന്നൊ മരച്ചീനിയിൽനിന്നൊ ആയിരിക്കാം, ആഹാരപദാർത്ഥം അണുബാധിതമൊ അല്ലയൊ എന്നുള്ളതിൽ വളരെ അന്തരമുണ്ടു്. മുക്കുവക്കുടികളിൽ വിഷൂചിക ബാധിച്ചു ഒരു വീട്ടിൽ നാം പോകുന്നെങ്കിൽ രോഗിയെ നാം ഒരു മുറിക്കകത്തു ഇരുവശങ്ങളിലും മത്സ്യക്കൂമ്പാരങ്ങൾക്കിടയിൽ കിടക്കുന്നതുകണ്ടാം. ഇവിടെ ആണു രോഗിഛർദ്ദിക്കുന്നതു്, അണുക്കൾ അടുത്തുള്ള മത്സ്യത്തിൽ വീഴും, ആ മത്സ്യമാണു ചന്തയിൽ കൊണ്ടുപോയി വില്ക്കുന്നതു്. അതുപോലെ മത്സ്യക്കൂമ്പാരങ്ങൾ വാസ്തവമായി ഞാൻ കണ്ടിട്ടുണ്ടു്. മരിച്ചീനിയെക്കാൾ മത്സ്യത്തിൽ കൂടിയാണു രോഗം പ്രചരിക്കുന്നതിന് അധികമെളുപ്പമുള്ളതെന്നു ഞാൻ നിഷേധിക്കുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): രോഗബാധിതമായ പ്രദേശങ്ങളിൽനിന്നു രാജ്യത്തിന്റെ ഇതരഭാഗങ്ങളിലേക്കു് ഇപ്പോഴും മത്സ്യം വില്പനയ്ക്കായി കയറ്റുമതി കേൾപ്പെടുന്നില്ലേ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): എനിക്കു പറയാൻ കഴിയുകയില്ല. കുഴിവുള്ളിടത്തോളം രോഗബാധിതമായ വീടുകളിൽ മത്സ്യം കാണപ്പെടുമ്പോൾ അതിനെ നശിപ്പിക്കുന്നതിനു ഞങ്ങൾ ശ്രമിച്ചുവരുന്നു.

മി: എ. രാജപ്പിള്ള (തിരുവനന്തപുരം): ഇപ്പോൾ തിരുവനന്തപുരത്തു വിൽക്കപ്പെടുന്ന മത്സ്യം അണുബാധിതമല്ലെന്നു മെമ്പർക്കു പറയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): എനിക്കു പറയാൻ വഹിയാ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): മത്സ്യം ഒരു ഉജ്ജ്വലകാരണമാണെന്നു തെളിയിക്കപ്പെട്ടിട്ടില്ലെ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): വല്ലതായ അളവുകളിൽ അതു് ഉജ്ജ്വലകാരണമാണ്. ഞാൻ കണ്ടിട്ടുള്ളതു് ഇതാണ്, ഒന്നാമതായി ഈ മത്സ്യവ്യാധനക്കാരുടെ ഇടയിൽ അവർ മീൻപിടിക്കാൻ പോകാത്ത ഒരു സമയമുണ്ട്. വളരെ മീൻ അകപ്പെടുമ്പോൾ വിഷൂചികയും വർദ്ധിക്കും. മുക്കുവഗ്രാമങ്ങളിൽ രോഗബാധയുടെ സംഖ്യ കുറഞ്ഞുവരുന്നു എന്നു കാണുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): ഈ ഗ്രാമങ്ങളിൽനിന്നു ആളുകൾ മററുസ്ഥലങ്ങളിലേക്ക് പോകുന്നതു് തടയേണ്ടതു് ആവശ്യമാണോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): അതെ.

മി: വി. ചെല്ലംപിള്ള (തോവാള): അങ്ങനെ എങ്കിൽ അതിലേക്കു അദ്ദേഹം വല്ലതും പ്രവൃത്തിച്ചിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): അതു വിഷമമുള്ള ഒരുപ്രമേയമാണ്. ഒരു സ്ഥലത്തുനിന്ന് മറെറാരുസ്ഥലത്തേക്ക് ആളുകൾ പോകുന്നതിനെ വാസ്തവത്തിൽ തടയുന്നതായ ഏതാനും വളക്കളെ ഗവർണ്മെൻറു നടപ്പാക്കേണ്ടിയിരിക്കും. ഈ മുക്കുവപ്പുരുഷ സാധാരണ പാതകളിൽ കൂടിയല്ലസഞ്ചരിക്കുന്നതു്. അവർ ഒരു ഗ്രാമത്തിൽനിന്നു മറെറ ഒരു ഗ്രാമത്തിലേക്കു ഓടുകയാണ് ചെയ്യുന്നതു്.

മി: വി. ചെല്ലംപിള്ള (തോവാള): ദേശാന്തരഗമനം അപകടഹേതുകമാണെങ്കിൽ നിഷ്ക്രമണത്തെ നിരോധിക്കുന്നതായ അടിയന്തിര ചട്ടങ്ങളെ ഏർപ്പെടുത്തുന്നതു് ആവശ്യമല്ലെ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): ഗവർണ്മെൻറു ഈ സംഗതി ആലോചിച്ചുവരികയാണ്.

മി: വി. ചെല്ലംപിള്ള (തോവാള): ഗവർണ്മെൻറു് ആ സംഗതി ആലോചിക്കുന്നുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): ദേശാന്തരഗമനം അപകടഹേതുകമാണെന്നു ഗവർണ്മെൻറിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): എന്നാൽ അവർ യാതൊന്നും പ്രവൃത്തിച്ചിട്ടില്ലല്ലോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): അതു ആലോചനയിലിരിക്കയാണ്.

മി: വി. ചെല്ലംപിള്ള (തോവാള): ഞാൻ അറിയാൻ ആഗ്രഹിക്കുന്നതു് അതാണ്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): ഞാൻ അറിയുന്നിടത്തോളം അതു് ഇപ്പോഴും ആലോചനയിൽതന്നെ ഇരിക്കുന്നൊള്ളു.

മി: വി. ചെല്ലംപിള്ള (തോവാള): രോഗം ബാധിച്ചപ്രദേശങ്ങളിൽ ജലസംഭരണം ധാരാളമുണ്ടെന്ന് മെമ്പർ വിചാരിക്കുന്നുവൊ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): ജലസംഭരണം തൃപ്തികരമല്ലെന്ന് ഞാനുതന്നെ ഞാൻ പറഞ്ഞിട്ടുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): അതുസംബന്ധിച്ച് അവർ വല്ലതും പ്രവൃത്തിച്ചിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): അതു ഒരു ഒററദിവസംകൊണ്ടുചെയ്യാൻ സാധിക്കുന്നതല്ല. കാലക്രമത്തിൽ ആവശ്യമുള്ളതു് ഗവർണ്മെൻറു് ചെയ്യുന്നതാണ്,

മി: വി. ചെല്ലംപിള്ള (തോവാള): അനേകവർഷങ്ങൾക്കു ശേഷമായി വല്ലതും ചെയ്യേക്കാം; പക്ഷെ ഈ ഗ്രാമങ്ങളിലെ ജനങ്ങളെല്ലാം യമപുരം പ്രാപിച്ചശേഷമായിരിക്കും.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): നടത്തപ്പെടുന്ന ജോലിയുടെ പുരോഗതികളെ പററി സഭയോടു ഞാൻ കുറഞ്ഞതു പ്രസ്താവിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിഷൂചികയോ പ്ലേഗോ പോലെയുള്ള സാംക്രമികരോഗങ്ങളെ അമർച്ചചെയ്യുന്നതിനു ശരിയായ സാധന സാമഗ്രികളോടുകൂടിയ വല്ല വകുപ്പോ പ്രവൃത്തനസംഘമോ ഇന്ന് തിരുവിതാംകൂറിൽ ഉണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): ഈ സാംക്രമികരോഗങ്ങളെ ഏതുക്കുന്നതിന് ആവശ്യമുള്ളതെല്ലാം മെഡിക്കലും സാനിട്ടറിയും വകുപ്പുകൾ ചെയ്തുപോരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എൻെറ ചോദ്യം വിഷൂചികയോ പ്ലേഗോ പോലെയുള്ള സാംക്രമികരോഗങ്ങളെ അമർച്ച ചെയ്യുന്നതിനു ശരിയായ സാധനസാമഗ്രികളോടുകൂടിയവല്ല വകുപ്പോ പ്രവൃത്തന സംഘമൊ ഇന്ന് തിരുവിതാംകൂറിൽ ഉണ്ടോ എന്നാണ്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): മെഡിക്കലും സാനിട്ടറിയും വകുപ്പുകൾ ഉള്ളിടുസാമഗ്രികളോടുകൂടിയവയാണ്.

ഇതു ഞാൻ പറയാം. അല്പമായി ഞങ്ങൾ നിവാരണമാർഗ്ഗങ്ങളെയാണ് ചിന്തിച്ചതു്. കുത്തിവയ്പ് ഞങ്ങൾ വിസ്തീർണ്ണമായിനടത്തി, കുത്തിവയ്പ് ഒരു നല്ലനിവാരണമാർഗ്ഗമാണെന്ന് പരിചയത്തിലൂടെ ഞങ്ങൾക്കറിയാം. അതിനെ ഞങ്ങൾ പൊതുജനങ്ങൾക്കു തെളിയിച്ചുകൊടുക്കയും ചെയ്തു.

മി: മാത്യുമുരിക്കൻ (വൈക്കം): ഇപ്പോൾ ഉപയോഗിച്ചുവരുന്ന ചലം എങ്ങനെയുള്ളതാണ്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): ഞങ്ങൾ എല്ലാത്തരം ചലങ്ങളും ഉപയോഗിക്കുന്നുണ്ട്. മുഖ്യമായി മൂന്നുതരം ചലങ്ങളാണുള്ളത്. അവയിൽ ഏററവും ഗുണം കൂടിയത് ജർമ്മൻ ചലമാണ്.

മി: മാത്യുമുരിക്കൻ (വൈക്കം): നിങ്ങൾ വേറെ ഏതെങ്കിലും ചലം ഉപയോഗിക്കുന്നുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): ബങ്കാള ചലവും ഉപയോഗിച്ചുവന്നു.

മി: മാത്യുമുരിക്കൻ (വൈക്കം): ഏതാണ് ഏററവും നല്ലചലം?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): എന്റെ പരിചയത്തിൽ ജർമ്മൻ ചലമാണ് ഏററവും നല്ലത്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): രോഗം ബാധിച്ചിട്ടുള്ള ഈ പ്രദേശങ്ങളിൽ ശുദ്ധജലവിതരണത്തിനുപയുക്തമായ വല്ല താൽക്കാലിക ഏർപ്പാടുമുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): കടലോരങ്ങളിലെ തെടുകെ കുഴൽകിണറുകളുടെ ഒരു പരമ്പര ഏററവും നല്ലതും ഏററവും എളുപ്പമുള്ളതുമായിരിക്കും. അതാണ് ഞാൻ വിചാരിക്കുന്നത്. അത് അത്ര പ്രയാസമുള്ള കാര്യമല്ല. ആ കാര്യത്തിൽ സൂക്ഷ്മവിവരങ്ങൾ എനിക്കറിഞ്ഞുകൂടാ. അതു വിസ്തീർണ്ണമായ പ്രദേശങ്ങളിൽ ജലവിതാണം ഉടനെതന്നെ നടത്തുന്നതിന്റെ പ്രായോഗികതയെക്കുറിച്ചു ചീഫ് എഞ്ചിനീയർക്ക് നമ്മോടു കൂടുതലായി പറയാൻ കഴിയുമെന്ന് ഞാൻ വിചാരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): രോഗം ബാധിച്ച പ്രദേശങ്ങളിലെ ഇപ്പോൾ ലഭ്യമായ ജലത്തെ വല്ല മരുന്നുകൾകൊണ്ടും ശുദ്ധിവരുത്താൻ സാധിക്കയില്ലേ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): അത് ഞങ്ങൾ ചെയ്തുവരുന്നു. എന്നാൽ കാര്യം ഇങ്ങനെ കിടക്കുന്നു. ജനങ്ങൾ ആരോഗ്യരക്ഷാവിഷയങ്ങളിൽ അശേഷം അഭ്യസ്തരല്ല. ഞങ്ങൾക്കു ചെയ്യാൻകഴിയുന്നതെല്ലാം ജലത്തിന്റെ അണു ബാധഹനിക്കുക മാത്രമാണ്. ഞങ്ങൾ ആഴ്ചയിൽ രണ്ടുപ്രാവശ്യം ജലത്തിന്റെ അണു ബാധ നീക്കുന്നു. എന്നാൽ നിങ്ങൾ ഗ്രാമങ്ങളിൽക്കൂടി കടന്നു പോകുന്നെങ്കിൽ ജലം-ജലസമ്പാദനത്തിന്റെ മുഖ്യമായ ഉല്പത്തി-ജനങ്ങളാൽതന്നെ ശീഘ്രത്തിൽ കലുഷിതമായി തീരുന്നു എന്നു നിങ്ങൾക്കു ബോധിക്കുന്നതാണ്. ഈ വിഷയത്തിൽ ഒന്നാമത്തെ ആവശ്യം ജനങ്ങളെ അഭ്യസിപ്പിക്കുന്നതാണ്. കുറഞ്ഞപക്ഷം അടിസ്ഥാനങ്ങളായ ആരോഗ്യരക്ഷാതത്വങ്ങളെ ജനങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. അവരെ ആരോഗ്യശാസ്ത്രത്തിലെ പ്രാഥമികോപദേശങ്ങളെ പഠിപ്പിക്കണം. ഈ വിഷയത്തിൽ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുന്നതിനു ഗവണ്മെന്റ് സദാ സന്നദ്ധരാണ് എന്നു സമയോചിതം ഞാൻ ഉറപ്പു പറയുന്നു.

മി: ഇട്ടുപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): മത്സ്യം ഉപയോഗിക്കുന്നതുകൊണ്ടാണോ കാമിറാ ഉണ്ടാകുന്നത്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): മത്സ്യം ഉപയോഗിക്കുന്നതുകൊണ്ടു കാമിറാ ഉണ്ടാകുമെന്ന് പറഞ്ഞില്ല. രോഗബീജങ്ങൾ ഉള്ള മത്സ്യങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ കാമിറാ ഉണ്ടാകും.

മി: ഇട്ടുപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): മററുവല്ല ആഹാരസാധനങ്ങളും ഉപയോഗിക്കുന്നതുകൊണ്ട് കാമിറാ ഉണ്ടാകുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): ആ വകസാധനങ്ങളിലും രോഗബീജങ്ങൾ ഉണ്ടെങ്കിൽ കാമിറാ ഉണ്ടാകും.

മി: ഇട്ടുപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): മത്സ്യം പിടിത്തക്കാർ അവയെ പിടിക്കാതിരിക്കാനും പിടിച്ചുകൊണ്ടുവരുന്നവയെ കഴിച്ചുമൂടുന്നതിനും വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): മീൻമുള്ള വീടുകളിൽ കാണുന്ന മത്സ്യങ്ങളെ കഴിച്ചുമൂടുന്നുണ്ട്. മത്സ്യം പിടിച്ചുകൂടാ എന്നു വരികയാണെങ്കിൽ അത് അസംഖ്യം ജനങ്ങൾക്ക് പട്ടിണിക്ക് കാരണമായിത്തീരും.

മി: ഇട്ടുപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അങ്ങിനെ അവർക്കു പട്ടിണിവരാതിരിപ്പാൻ വല്ല മാർഗ്ഗവും അന്വേഷിച്ചു ചെയ്താൽ കൊള്ളാം.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): ഓരോ ഇറകളിലും ഉദ്ദേശം രണ്ടായിരത്തിലധികം ജനങ്ങൾ അധിവസിക്കുന്നുണ്ട്. അങ്ങിനെയുള്ള അനേകം ഇറകളുണ്ട്. അവിടെയുള്ള എല്ലാജനങ്ങളുടേയും പട്ടിണി ഇല്ലാതാക്കുന്നതിനു ഒരു വഴി കണ്ടുപിടിക്കാൻ പ്രയാസമാണ്.

മി: ഇട്ടുപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): പട്ടിണികിടന്നാലും കാമിറാ ഉണ്ടാകുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): പട്ടിണികിടക്കുന്നതുകൊണ്ടുണ്ടാകയില്ല. അതിനുശേഷം-അമിതമായി ആഹാരംകഴിക്കുമ്പോളാണ് കാമിറാ ഉണ്ടാകുന്നത്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): സർ, ഞങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന നിവാരണോപായങ്ങളെപ്പററി ഞാൻ പറകയായിരുന്നു. കഴിഞ്ഞകാലം ഞങ്ങൾ കുത്തിവയ്പ്പു നടത്തിട്ടുള്ള ചില ഗ്രാമങ്ങളിൽ, ഈ കഠിനമായ സംക്രമണകാലത്തുതന്നെയും വസൂചിക ബാധിച്ചതായ ഒരു മരണം ഉണ്ടായിട്ടില്ല. ആദ്യം ജനങ്ങൾ കുത്തിവയ്പ്പിക്കുന്നതിനു സമ്മതിക്കുന്ന കാര്യത്തിൽ ഞങ്ങൾക്കു വലുതായ വിഷമം ഉണ്ടായിരുന്നു. ഇപ്പോൾ അവർ എളുപ്പത്തിൽ സമ്മതിക്കുന്നു എന്നുള്ളത് ശുഭസൂചകമാണ്.

സർ, തെക്കൻ തിരുവിതാംകൂറിലെ ജനങ്ങളുടെ സഹകരണം തീരെ തൃപ്തികരമല്ലെന്നുള്ളത് ശ്രദ്ധേയമല്ല. ഞങ്ങളുടെ കൂടെ ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു പോകുന്നതിനു തെക്കൻ തിരുവിതാംകൂറിലെ ഗ്രാമങ്ങളിൽനിന്നു പ്രവർത്തകന്മാർ കിട്ടുന്നതിനു എനിയ്ക്കു കഴിഞ്ഞിട്ടില്ല എന്നു വ്യസനസമേതം ഞാൻ പ

റഞ്ഞുകൊള്ളുന്നു. രോഗം ബാധിച്ച സ്ഥലങ്ങളിൽ—കുത്തിവയ്ക്കപ്പെടുന്നതിനും—ഉപയോഗിക്കുന്ന വെള്ളവും ആഹാരസാധനങ്ങളും ചുറ്റുപാടും വൃത്തിയായി സൂക്ഷിക്കുന്നതിനും ജനങ്ങളെ സമ്മതിപ്പിക്കുന്നതിനു വളരെ ചുരുക്കം ആളുകൾ മാത്രമെ ഞങ്ങളോടൊന്നിച്ചുവന്നുള്ളു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): വല്ല സമയത്തും പ്രതിഫലംകൂടാതെ വേലചെയ്യുന്ന പ്രവർത്തകന്മാരെ മെമ്പർ ആവശ്യപ്പെട്ടുവോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): അവർ സ്വമനസ്സാലെ വരേണ്ടതാണ്. ഇങ്ങിനെയുള്ള വൃത്തികളിൽ സ്വമനസ്സാലെ വേലചെയ്യുന്നതിനു ജനങ്ങൾ ഒരുമ്പെടേണ്ടതാണെന്നു പ്രതീക്ഷിക്കപ്പെടുന്നു. വീടുതോറും നടന്നു ഓരോരുത്തരോടും 'ഞങ്ങളെ ഇക്കാര്യത്തിൽ സഹായിപ്പാൻ നിങ്ങൾക്കു മനസ്സുണ്ടോ' എന്നു ഞങ്ങൾ അന്വേഷിക്കേണ്ടതാണെന്നു പ്രതീക്ഷിക്കപ്പെടുന്നില്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): സ്വമേധയായി ജോലിചെയ്യുന്നവരെ ആവശ്യപ്പെടുന്ന ഒരു സ്കൂളറിൽ നിങ്ങൾ പുറപ്പെടുവിച്ചുവോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): അതു് അശേഷം ആവശ്യമില്ലാ.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): സന്ദർശനം വളരെ അപകടകരമാണെന്നു അദ്ദേഹം വിചാരിക്കുന്നില്ലെ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): അതെ. എന്നാൽ ഈ വേലയിൽ ഞങ്ങളെ സഹായിക്കുന്നതിനായി വന്നവർ വളരെ കുറച്ചുപേർമാത്രമായിരുന്നെന്നു് ഞാൻ വ്യസനസമേതം പറഞ്ഞുകൊള്ളുന്നു.

മി. ററി. സി. കേശവപിള്ള (കുഴക്കളവും വിളവംകോട്ടം): ചുമതലക്കാരനും കേവ ഓപ്പറേററീവ് സംഘവും കഴിഞ്ഞു ഗാന്ധി ആസ്പത്രിയും തൃപ്തികരമായ ജോലി ചെയ്തിട്ടുണ്ടെന്നു് ഞാൻ മെമ്പർക്കു് ചൂണ്ടിക്കാണിക്കട്ടെയോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): അതെ അതു ഞാൻ ഒരു നിമിഷത്തേക്കുപോലും നിഷേധിക്കുന്നില്ലാ. എന്നാൽ എന്റെ വാദം ജനങ്ങളുടെ സഹകരണം മതിയാകുന്നില്ലെന്നാണ്. കൂടാതെ, വിളവംകോട്ടു താലൂക്കിൽ ഞങ്ങൾക്കു വേറൊരു വിഷമംകൂടിയുണ്ടായിരുന്നു. മഹാമിയോപ്പതി ഡാക്ടർമാരും പ്രകൃതിചികിത്സയും മററും ചികിത്സാ സമ്പ്രദായങ്ങളേയും ഞങ്ങൾക്കു എതിരേണ്ടിവന്നു. ഈ ചികിത്സകന്മാരുടെ സ്വാധീനശക്തി നിമിത്തം ജനങ്ങൾ ഞങ്ങളുടെ ചികിത്സക്കു വഴിപ്പെടുന്നതിനു തീരെ മനസ്സില്ലായിരുന്നു. ഈ ചികിത്സകന്മാർ കുത്തിവയ്പ്പിനെതിരായി പ്രസംഗിച്ചു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അനേകം കേസുകളിൽ കുത്തിവെയ്പ്പിന്റെ ശേഷം മരണമുണ്ടായതായി മെമ്പർക്കു് അറിയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): മരണം കുത്തിവെയ്പ്പിന്റെ ഫലമല്ലായിരുന്നു എന്നു എനിക്കു നിശ്ചയമുണ്ട്. ഇങ്ങനെയുള്ള ഒട്ടോന്നങ്ങളിൽ രോഗം മന്ദമായ സ്ഥിതിയിലുള്ളപ്പോഴായിരിക്കാം ആ ആളുകളെ കുത്തിവയ്പ്പു് നടത്തിയതു്. അവർ സൂക്ഷ്മക്കേടായി അതിഭക്ഷണം കഴിച്ചിരിക്കാനും ഇടയുണ്ട്. അതിഭക്ഷണം അതിസാരത്തിനും അതു നിമിത്തം മരണത്തിനും കാരണമായിക്കൂടുന്നേക്കാം. മരണം അശേഷം കുത്തിവെയ്പ്പിന്റെ ഫലമല്ലാ. കുത്തിവയ്ക്കപ്പെട്ടയാളുകൾ മതിയായ സൂക്ഷ്മത്തോടിരിക്കുന്നെങ്കിൽ രോഗത്തിൽനിന്നു രക്ഷ പ്രാപിക്കുമെന്നു് യാഥാർത്ഥ്യമായി ഞങ്ങൾക്കറിയാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മരണത്തിനു കാരണമായിത്തീർന്ന എന്നു കാണപ്പെട്ട ഒരൊററ കേസ്സ് ഉണ്ടായിരുന്നു എന്നു് മെമ്പറിൽനിന്നു അറിയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): ഇല്ല. ഒരിക്കലും മരണത്തിനു നേരെ കാരണം കുത്തിവയ്പ്പാണെന്നു് കണ്ടിട്ടില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇപ്പോൾ ഉപയോഗിച്ചുവരുന്ന പഴമാതിരി ചലങ്ങളെ ഗവണ്മെന്റു് അണുശാസ്ത്രവിദഗ്ദ്ധൻ പരിശോധിച്ചിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ്മെഡിക്കൽഓഫീസർ): അതെ, അദ്ദേഹം പറയുന്നതു് തീരെ കുറവായ അളവിൽ ഊറൽ ഉള്ളതിനാൽ ജർമ്മൻചലമാണു് ഏററവും നല്ലതു് എന്നാണ്. ഈ ചലങ്ങളിൽ സാധാരണയായി കുറച്ചു് ഊറൽ കാണും. അതു് കുത്തിവയ്പ്പു് കഴിഞ്ഞാലുടനെ ചൊറിച്ചിലുണ്ടാക്കും. ഈ ചൊറിച്ചിൽ കാരണം കുത്തിവയ്ക്കപ്പെടുന്നതിനു ജനങ്ങൾ സമ്മതിക്കാതിരിക്കുന്നു.

മി: ഇട്ടുപ്പ് ഇട്ടിച്ചൻ (കുന്നത്തുനാടു): കാളറയ്ക്കു വേണ്ട പരിഹാരമാർഗ്ഗം ചെയ്യുന്നതിനു ഇപ്പോൾ ഉള്ള ഉദ്യോഗികൾ ആഫീസറന്മാർ മതിയാകുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): മതിയാകാത്ത സ്ഥലങ്ങളിൽ കൂടുതൽ ആളെ ആക്കീട്ടുണ്ട്. ആവശ്യമുണ്ടെങ്കിൽ ഇനിയും നിയമിക്കാം.

മി: ഇട്ടുപ്പ് ഇട്ടിച്ചൻ (കുന്നത്തുനാടു): ഇനിയും കൂടുതൽ ആളുകളെ നിയമിക്കുന്നതിനു തയ്യാറുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): ആവശ്യം ഉണ്ടാകുമ്പോൾ കൂടുതൽ ആളുകളെ നിയമിക്കാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ ജോലിയിൽ ഇപ്പോൾ വാസ്തവമായി ഏർപ്പെട്ടിരിക്കുന്ന മെഡിക്കലുദ്യോഗസ്ഥന്മാരുടെ സംഖ്യ എത്രയെന്നു പറയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർ): ഇപ്പോൾ വസ്തുവത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ഏഴു ആണ്. മററു ഡാക്ടരന്മാരും ഉണ്ട്. അതായതു്, ഈ രോഗസംക്രാന്തമായ പ്രദേശങ്ങളിലെ ആസ്പത്രികളിൽ ചിലതിന്റെ ചാർജ്ജുവഹിക്കുന്നവർ, ഈ ഉദ്യോഗസ്ഥന്മാരോടും അവരു

ടെ അസിസ്റ്റൻറുമാരോടും കൂടി രോഗംബാധിച്ച പ്രദേശങ്ങളിലെ വിഷൂചികാബാധിതരായ രോഗികളുടെ കാര്യങ്ങളും നോക്കിക്കൊള്ളണമെന്ന് ആജ്ഞാപിച്ചിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ ഉദ്യോഗസ്ഥന്മാരെല്ലാമുൾപ്പെടെ ഇപ്പോൾ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആകെ സംഖ്യഎത്ര?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): തെക്കൻ തിരുവിതാംകൂറിലേയ്ക്കുമാത്രം ചെലവ് അധികം വരും, അതുകൂടാതെ സഹായധനം വാങ്ങുന്ന ആസ്പത്രികളിൽനിന്നു കൂടെ സഹായവും സഹകരണവും ലഭിക്കുന്നുണ്ട്. ഡാക്ടർ സോമർവെല്ലും, ഡാക്ടർ നോബിളും വളരെ നല്ല വേലചെയ്യുന്നുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ ജോലിക്കായി നിയമിതരായ മെഡിക്കലുദ്യോഗസ്ഥന്മാരിൽ എത്ര അസിസ്റ്റൻറ് സർജന്മാരുണ്ട്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): കുറഞ്ഞപക്ഷം ആറു അസിസ്റ്റൻറ് സർജന്മാരുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എന്നാൽ ബുള്ളറിനിൽ ഒരാളെ മാത്രമെ കാണിച്ചിട്ടുള്ളു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): അതു ഒരു താലൂക്കിനെപ്പററിമാത്രമാണ്. എന്നാൽ അവിടെയും മററുദ്യോഗസ്ഥന്മാർ കൂടിയുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ബുള്ളററിനിൽ ഒരു താലൂക്കിനെപ്പററി മാത്രമാണ് പറയുന്നതെന്നു ഞാൻ വിചാരിക്കുന്നില്ല. രോഗസംക്രാന്തമായ മുഴുവൻ പ്രദേശത്തെക്കുറിച്ച് അതിൽ പറകയും, ഒരസിസ്റ്റൻറ് സർജനെമാത്രം ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഞാൻ അർത്ഥമാക്കുന്നതു് ഗസററിൽ ഞാൻ വായിച്ച ബുള്ളററിൻ ഭാഗമാണ്, അതിൽ ഒരസിസ്റ്റൻറ് സർജനെമാത്രമെ കാണിച്ചിട്ടുള്ളു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): ബുള്ളററിൻ പ്രസിദ്ധംചെയ്യുന്നതിൻ പിന്നെയും ഞങ്ങൾ ഏതാനും അസിസ്റ്റൻറ് സർജന്മാരെ അയച്ചിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അപ്പോൾ ബുള്ളററിൻ പ്രചരിപ്പിച്ചപ്പോൾ ഒരസിസ്റ്റൻറ് സർജൻമാത്രമേ ഉണ്ടായിരുന്നുള്ളുവോ?

മി: കെ. ജോർജ്ജ് (ഗവർണ്മെണ്ടു ചീഫ് സെക്രട്ടറി): മെംബർ ശരിയായി ഉദ്ധരിച്ചുപറയുന്നില്ലെന്നു ഞാൻ വിചാരിക്കുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര) വിഷൂചികയ്ക്കു ഹോമിയോപ്പതി ചികിത്സയുടെ ഫലത്തെക്കുറിച്ച് മെംബർ വിചാരിക്കുന്നതു എന്താണെന്ന് പറയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): ഹോമിയോപ്പതി മരുന്നുകളെ കുറിച്ച് എനിക്കു വളരെ അറിഞ്ഞുകൂടാ. അതിനാൽ അവയുടെ ഗുണത്തേയോ ദോഷത്തേയോ കുറിച്ചു യാതൊന്നും പ്രസ്താവിക്കാൻ എനിക്കു സാധിക്കുന്നതല്ലാ. എൻെറ പരിചയത്തിൽ ഒരു രോഗം (കലർപ്പു) വിഷൂചികയ്ക്കു വളരെ ഹാനികരമാണെന്ന് ഞാൻ കണ്ടിട്ടുണ്ട്. ഞങ്ങൾ അതു സംഭരിച്ചിട്ടുണ്ട്. സൌജന്യമായി അതിനെ ധാരാളം വിതരണം ചെയ്യുന്നുമുണ്ട്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): ഡിപ്പാർട്ടുമെൻറിൻെറ ഈ ശ്രമംകൊണ്ട് ഇപ്പോൾ കാമ്പിറാ കുറഞ്ഞുവരുന്നോ കൂടിവരുന്നോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): ഇപ്പോൾ കുറവാണ്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): നാട്ടുവൈദ്യന്മാരുടെ ചികിത്സകൊണ്ട് ഈ കാമ്പിറായ്ക്കു പ്രയോജനം കിട്ടുമോ എന്നു നോക്കിട്ടുണ്ടോ.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): ഇല്ല, സാധിച്ചിട്ടില്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): ഒരു സുഖക്കേടുകാരൻ എങ്കിലും നാട്ടുവൈദ്യന്മാരുടെ ചികിത്സ ഉപയോഗപ്പെടുത്തിയാൽ കൊള്ളാം.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): നാട്ടുവൈദ്യന്മാർ ആരും ഇതുവരെ മധ്യസ്ഥരായി വന്നു സുഖക്കേടു ഭേദമാക്കാമെന്നു പറഞ്ഞിട്ടില്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): കാമ്പിറ ചികിത്സിക്കുന്നതിനു നാട്ടുവൈദ്യന്മാർ ആരെങ്കിലും ഉണ്ടോ എന്നു പരസ്യംചെയ്തുനോക്കുന്നപക്ഷം നൂറോ ആയിരമോ ഉണ്ടാകും. പ്രത്യേകിച്ചും ഇങ്ങിനെയുള്ള കാലങ്ങളിൽ അതു പ്രത്യേകം ചെയ്യേണ്ടതാണ്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): നാട്ടുവൈദ്യന്മാരുടെ കഷായത്തെക്കാൾ ഞങ്ങളുടെ മരുന്നുകളാണ് വിതരണംചെയ്യാൻ എളുപ്പമുള്ളത്. അലോപ്പത്ത് മരുന്നുകൾ എല്ലാപകുതി ക്ഷേത്രികളിലും വാക്സിനേററർമാരുടെ കയ്യിലും മുൻസിപ്പാലിററിയിലും ഏൽപ്പിച്ചിട്ടുണ്ട്.

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): മുൻസിപ്പാലിററിക്ക് ഈ മരുന്നുകൾ കൊടുത്തിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): മുൻസിപ്പാലിററിക്കു കൊടുക്കുന്നുണ്ട് പക്ഷെ അതിനു വിലയും മേടിക്കാറുണ്ട്.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ) അങ്ങിനെ വില തരാമെന്നു പറഞ്ഞിട്ടും കൊടുക്കാതെയിരുന്നിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): അറിഞ്ഞുകൂടാ.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): പത്മനാഭപുരം മുൻസിപ്പാലിററി അപേക്ഷിച്ചിട്ടുണ്ടായിരുന്നോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): പരമനന്തപുരം മുൻസിപ്പാലിറ്റിയെ സംബന്ധിച്ചു ഒരു സ്വകാര്യഅപേക്ഷയാണ് ചെയ്തിരുന്നതു. ആ സമയത്തു ആ ഔഷധം ഞങ്ങൾക്കു കൈവശമിട്ടു ഉണ്ടായിരുന്നുള്ളു. അതിനാൽ മുനിസിപ്പാലിറ്റിക്കു യോഗവിധി അറിയാമെങ്കിൽ എളുപ്പത്തിൽ അതു അവർക്കു വാങ്ങിക്കാവുന്നതാണെന്നു ഞാൻ പറഞ്ഞു. ഞാൻ യോഗവിധി അവർക്കുകൊടുത്തിട്ടുമുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) ആലപ്പുഴ പട്ടണത്തിൽ വിഷൂചിക വ്യാപിച്ചിട്ടുണ്ടായിരുന്നുവോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ്മെഡിക്കലാഫീസർ): അവിടവിടെയായി ഉണ്ടായിരുന്നിരിക്കാം എന്നാൽ അതു ഒട്ടുമേ കഠിനമായതരം അല്ലായിരുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഹോമിയോപ്പതി ചികിത്സകൊണ്ടു പൂർണ്ണമായി രക്ഷപ്പെടുത്തപ്പെട്ട കേസുകൾ ഉണ്ടെന്നു മെമ്പർക്കു അറിയാമോ.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): എനിക്കറിഞ്ഞുകൂടാ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അങ്ങനെയുള്ള അനേകം കേസുകളുണ്ട്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ്മെഡിക്കലാഫീസർ): അങ്ങനെ ആയിരിക്കാം. എന്നാൽ ഞാൻ പറയുന്നതു് കഠിനമായ സാംക്രമികരോഗമുള്ളപ്പോൾ നമുക്കു് ഓരോ സമ്പ്രദായങ്ങളെ പരീക്ഷിച്ചു നോക്കുന്നതിനൊ നമുക്കു വ്യക്തമായി യാതൊന്നും അറിയാൻപാടില്ലാത്ത ഒരു സമ്പ്രദായത്തിന്മേൽ നമ്മുടെ വിശ്വാസത്തെ ഊന്നുന്നതിനൊ പാടില്ലാത്തതാണു എന്നാണ്. എങ്ങിനെഎങ്കിലും എന്റെ അഭിമതപ്രകാരം ഞാൻ ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തെ അനുകൂലിക്കുകയില്ല. വളരെ ഫലം കണ്ടിട്ടുള്ള ഒരു മരുന്നു ഞങ്ങളുടെ കൈവശമുണ്ട്. അതിനാൽ സൌജന്യമായി ധാരാളം വിതരണംചെയ്യുന്നതിനായി ഞങ്ങൾ അതിനെ സംഭരിച്ചിരിക്കയാണ്. എനിക്കു അവയുടെ ഫലങ്ങളെപ്പററി വലുതായ അറിവില്ലാത്തതിനാൽ, ഞാൻ ഹോമിയോപ്പതിയേയൊ, ആയുർവേദത്തെയോ, മററെങ്കിലും ചികിത്സാരീതിയേയൊ ശിപാർശ ചെയ്യുന്നതിനു തയ്യാറില്ല. രാജ്യം ഒരു സാംക്രമികരോഗത്തിന്റെ വായിലകപ്പെട്ടിരിക്കുമ്പോൾ, നമുക്കു് അവയുടെ ഫലത്തെപ്പററി നല്ല നിശ്ചയമില്ലാത്തതായ എല്ലാത്തരം ചികിത്സാസമ്പ്രദായത്തേയും ശിപാർശ ചെയ്യുന്നതു് ഒരു രക്ഷാകരമായ നടപടിയല്ലായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): വിഷൂചികയ്ക്കു അതിസാരവിനാശിനി എന്ന യോഗമല്ലാതെ മറെറന്തെങ്കിലും അല്ലോപതി ഡാക്ടന്മാർ ഉപയോഗിച്ചിട്ടുണ്ടൊ എന്നു പറയാമൊ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ്മെഡിക്കലാഫീസർ): അവർ പൊട്ടാസ്യം പെർമാംഗനേററ ഗുളികകളും മററു യോഗങ്ങളും (കലർപ്പുകളും) കൂടി സേവിക്കുകയായിരുന്നു. എന്നാൽ, ഇപ്പോൾ അതു് വളരെ ഫലമുള്ളതും വിലകുറവുള്ളതും ഇവിടെ ഉണ്ടാക്കുവാൻ സാധിക്കുന്നതുമാകയാൽ, ഞങ്ങൾ അതിസാരവിനാശിനി കലർപ്പു് സംഭരിച്ചുവച്ചു് ഉപയോഗിച്ചുവരുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ദീനത്തിന്റെ എല്ലാ ഘട്ടങ്ങളിലും അതുപയോഗിച്ചു വരുന്നുവൊ.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ). സ്ഥിതിയിൽ എത്തുമ്പോൾ ഞങ്ങൾ വേറെ ചികിത്സകൊണ്ടു് അതിനെ പൂരിപ്പിക്കുന്നതാണിക്കെ, അതു് ദീനത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഉപയോഗിക്കാവുന്നതാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ദീനത്തെ തടുക്കുന്നതിന് നിങ്ങളുടെ വിലകുറവുള്ള സമ്പ്രദായമെന്തുകൊണ്ടു ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): നിവാരണമാർഗ്ഗങ്ങളിലൊന്ന് കഴിവുള്ളതാണ്. ദേഹങ്ങളുടെ ശുചീകരണത്തിനും ഞങ്ങൾ ഏർപ്പാടുചെയ്തിട്ടുണ്ട്. ഇപ്പോൾ ദേഹശുചീകരണത്തിലും അധികം കൂടുതലായ ശ്രദ്ധ ചെലുത്തിവരുന്നു. കൂടുതൽ ആളുകൾ രോഗസംക്രാന്തമായ ഗ്രാമങ്ങളിൽ ഏർപ്പെടുത്തീട്ടുണ്ട്. തങ്ങളുടെ പരിസരങ്ങളെ ശുചിയായി വയ്ക്കുന്നതു് എങ്ങിനെ എന്ന് ജനങ്ങളെ ഉപദേശിച്ചുവരുന്നുമുണ്ട്. രോഗസംക്രാന്തങ്ങളായ വീടുകൾ പൂർണ്ണമായി ശുചീകരിക്കപ്പെടുന്നുണ്ട്.

പ്രസിഡൻറ്: നിങ്ങളുടെ സമയം തീർന്നിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, സഭ മുമ്പാകെയുള്ള പ്രമേയത്തെ പിൻതാങ്ങുന്നതോടുകൂടി അടിയന്തിരമായി ആലോചിക്കുന്നതിനാവശ്യമുള്ള ഏതാനും സംഗതികളെ സഭയുടെ ഉൽക്കണ്ഠയിൽ കൊണ്ടുവരുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. പ്രമേയത്തിന്റെ പ്രയോക്താവിനൊ അതിനെ താങ്ങിപറഞ്ഞ മെംബറിനൊ ഈ ബാധനിമിത്തമുണ്ടായിട്ടുള്ള മരണങ്ങളുടെ സംഖ്യ കാണിക്കുന്ന വ്യക്തമായ കണക്കുകൾ നമുക്കു തരുന്നതിനു കഴിഞ്ഞിട്ടില്ല. അഹിഷ്യൻമെംബർ പ്രസംഗിക്കുമ്പോൾ, ഞാൻ അദ്ദേഹത്തോടു വിഷൂചികയേയൊ, പ്ലേഗിനേയൊ പോലെയുള്ള സാംക്രമികരോഗങ്ങളെ എതിർക്കുന്നതിനു തക്കതായ സജ്ജീകൃതമായ വല്ല പ്രത്യേക വകുപ്പോ പ്രവർത്തനമാർഗ്ഗമൊ ഇപ്പോൾ തിരുവിതാംകൂറിൽ ഉണ്ടൊ എന്ന ഒരു ചോദ്യം ചോദിക്കയുണ്ടായി. മെംബറുടെ മറുപടി അനുവാദരൂപത്തിലായിരുന്നു. സർ, ആ മറുപടിയെ എതിർക്കുന്നതിനു മുമ്പായി, ഞാൻ അറിയാൻ ആഗ്രഹിക്കുന്നതു് അങ്ങിനെയുള്ള സാംക്രമികരോഗങ്ങളെ അമർച്ചയിൽ വയ്ക്കുന്നതിനും, അങ്ങിനെയുള്ള സാംക്രമികരോഗങ്ങളുടെ പകർച്ചയെ തടയുന്നതിനു ഉടൻ ഏർപ്പാടുചെയ്യുന്നതിനും മുൻകൂട്ടി ചുമതല വഹിക്കാവുന്ന വകുപ്പോ, പ്രവർത്തകസംഘമൊ ഗവണ്മെൻറ് ഒഴികെ ഏതാണ് ഉള്ളതു എന്നാകുന്നു. തിരുവിതാംകൂർ ഗവണ്മെൻറ് പ്രസിദ്ധപ്പെടുത്തീട്ടുള്ള വിവിധ ഡിപ്പാർട്ടുമെൻറുകളുടെ റിപ്പോർട്ടുകളിൽനിന്നും എനിക്കു ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ള അറിവിൽനിന്നും ഈ വിഷയത്തിൽ മുഴുവൻ ചുമതല വഹിക്കുന്നതിനുള്ള യാതൊരു ഡിപ്പാർട്ടുമെൻറോ പ്രവർത്തന സംഘമൊ ഇല്ലാ എന്നുള്ള തീർച്ചയിൽ ഞാൻ എത്തി. സർ, സാനിട്ടറിഡിപ്പാർട്ടുമെൻറ് ഭൂതികൃതി ഡിപ്പാർട്ടുമെൻറിനെ കുറിച്ചു പറകയും, മെഡിക്കൽ ഡിപ്പാർട്ടുമെൻറ് സംസ്ഥാനത്തിന്റെ പൊതുവായ ആരോഗ്യരക്ഷയെപററി തങ്ങൾക്കു നേരുള്ള സംബന്ധമില്ലെന്ന് പറകയും ആണ് ഞാൻ കാണുന്നതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇങ്ങിനെയുള്ള സംഗതികളിൽ ഴുവൻ ചുമതല ഏതെങ്കിലും ഒരു പ്രത്യേകഡിപ്പാർട്ടുമെൻറിൽ നിക്ഷേപിക്കാൻ കഴിയുമോ എന്നു പറയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സാധാരണയായി വിവരം ആവശ്യപ്പെടുന്ന സംബന്ധമുള്ള ചോദ്യങ്ങളാണ് മെംബർമാർ ചോദിക്കേണ്ടതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതു് എങ്ങിനെയാണ് സംബന്ധമില്ലാത്തതായിരിക്കുന്നതു് എന്നു മെംബറിൽനിന്നു അറിഞ്ഞാൽകൊള്ളാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പൊതുജനാരോഗ്യത്തിനുള്ള ചുമതല ഒരു പ്രത്യേകഡിപ്പാർട്ടുമെൻറിൽ സ്ഥാപിക്കേണ്ടതാണെന്നു ഞാൻ നിർബന്ധിക്കയാകുന്നു. അതാണ് എൻെറ വാദത്തിൻെറ സ്വഭാവമെന്നു വിചാരബുദ്ധിയുള്ള ഏതു മനുഷ്യനും ഗ്രഹിക്കാവുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ ചുമതല വഹിക്കുന്നതിലേക്ക് സാനിട്ടറിഡിപ്പാർട്ടുമെൻറും മെഡിക്കൽ ഡിപ്പാർട്ടുമെൻറും അർഹങ്ങളല്ലെ എന്നു പറയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെന്തിനു. ആവശ്യപ്പെട്ട സജ്ജീകരണങ്ങൾ ചെയ്യുന്നെങ്കിൽ ഞാൻതന്നെയും അതു വഹിക്കാം. എൻെറവാദം ഈ സംസ്ഥാനത്തു പൊതുജനാരോഗ്യത്തിനു ഒരു ഡിപ്പാർട്ടുമെൻറിനെയും ഉത്തരവാദിയാക്കിട്ടില്ല എന്നതെ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ ചുമതല ഏതെങ്കിലും ഡിപ്പാർട്ടുമെൻറിനെ ഏൽപ്പിക്കുന്നതുനിമിത്തം ഈ ദീനം നിവാരണംചെയ്യപ്പെടുമോ എന്നു മെംബറിൽനിന്നു അറിയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തീർച്ചയായിട്ടും മെഡിക്കൽഡിപ്പാർട്ടുമെൻറോ സാനിട്ടറിഡിപ്പാർട്ടുമെൻറോ ശരിയായിട്ടു സജ്ജീകരിക്കപ്പെടുകയും കാര്യക്ഷമമാംവണ്ണം പ്രവർത്തിക്കപ്പെടുകയും ചെയ്യുന്നെങ്കിൽ, ഇങ്ങിനെയുള്ള സാംക്രമികരോഗങ്ങളെ അമർച്ച വരുത്താവുന്നതാണ്. എന്നാൽ വിഷൂചികയുമായി യാതൊരു സംബന്ധവുമില്ലാത്ത ഭൂനികുതി ഡിപ്പാർട്ടുമെൻറോ സർവെ ഡിപ്പാർട്ടുമെൻറോ അല്ല (ചിരി).

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഭൂനികുതി ഡിപ്പാർട്ടുമെൻറിനേയോ സർവെ ഡിപ്പാർട്ടുമെൻറിനേയോ പററി മററു യാതൊരു മെംബറും സംസാരിച്ചിട്ടില്ലെന്നും സാനിട്ടറി ഡിപ്പാർട്ടുമെൻറും, മെഡിക്കൽഡിപ്പാർട്ടുമെൻറും മാത്രമെ ഇപ്പോഴത്തെ പ്രമേയത്തോടു സംബന്ധപ്പെട്ടിരിക്കുന്നുള്ളു എന്നും, ഞാൻ മെംബറെ ചൂണ്ടിക്കാണിക്കട്ടെയോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, എൻെറ വാദം തുടർന്നുകൊണ്ടു്, സഭയെ സമ്മതിപ്പിക്കുന്നതിലേക്ക് എനിക്കാവശ്യമായിരിക്കുന്നതു് വിഷൂചികയേയോ, പ്ലേഗിനേയൊപോലെയുള്ള സാംക്രമികരോഗങ്ങളെ അമർച്ചചെയ്യുന്നതിനു മെഡിക്കൽ ഡിപ്പാർട്ടുമെൻറോ, സാനിട്ടറിഡിപ്പാർട്ടുമെൻറോ ഇപ്പോൾ ശരിയായി സജ്ജീകൃതമായിരിക്കുന്നുവൊ എന്നുള്ള എൻെറ ചോദ്യത്തിനു ഡാക്ടർ രാമൻതമ്പി കൊടുത്തിട്ടുള്ള മറുപടിയെ വിജയകരമായി ഖണ്ഡിക്കുന്നതിനു ഗവണ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തീട്ടുള്ള റിപ്പോർട്ടുകളിൽനിന്നു ഏതാനുംഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതുമാത്രമാകുന്നു. സാനിട്ടറികമ്മീഷണർ കൊല്ലവർഷം ൧൧൦൮-ലേക്കുള്ള റിപ്പോർട്ടിൽ പറയുന്നതിപ്രകാരമാണ്.

"ഇപ്പോൾ വിഷൂചികയോടു മല്ലിടുന്നതിനു പ്രയോഗിച്ചുവരുന്ന സമ്പ്രദായങ്ങൾ മിക്ക സന്ദർഭങ്ങളിലും അപരിഷ്കൃതവും അശാസ്ത്രീയവും, അതിനാൽ സന്ദർഭത്തിൻെറ ആവശ്യത്തിനു, പ്രത്യേകിച്ചും ഈ ദീനം അമർച്ചവരുത്താൻ കഴിയാത്ത പരിമാണത്തിലെത്തിക്കഴിയുമ്പോൾ, അപര്യാപ്തവുമാണ്. കുതിരമോഷണം പോയതിൽപിന്നെ പായത്തിൻെറ കവാടം ബന്ധിക്കുന്ന നയം അനുകരിക്കുന്നതുകൊണ്ടു് ഈ ദീനത്താൽ വന്നുകൂടുന്ന ഭയങ്കരമായ മരണസംഖ്യയെ അമർത്തുന്നതിനുള്ള യത്നത്തിൽ വമ്പിച്ചരൂപണം ചെലവാക്കുന്നുണ്ടു്. ഇങ്ങിനെയുള്ള സാംക്രമികരോഗങ്ങളുടെ നിവാരണം, രോഗബാധയുടെ മൂലകാരണത്തെ ബഹിഷ്കരിക്കുന്നതിനാൽ അതിൻെറ ആവിർഭാവത്തെ തടയുന്നതിനു യത്നിക്കുന്നതിൽ അടങ്ങുന്നു."

ഈ അറിവിന്മേൽ ഊന്നിക്കൊണ്ടാണ് ഞാൻ ചോദ്യം ചോദിച്ചതു്. ഞാൻ ഇപ്പോൾ സഭമുമ്പാകെ സമർപ്പിക്കുന്ന വിവരം ദീനത്തെ എതിർക്കുന്നതിനു മദ്ധ്യകാലസമ്പ്രദായങ്ങൾ പ്രയോഗിച്ചുവരുന്നു എന്നു കാണിക്കുന്നു. വിഷൂചികയേയൊ പ്ലേഗിനേയൊ വിജയകരമാംവണ്ണം അമർച്ച ചെയ്യുന്നതിന് നമ്മുടെ ഡിപ്പാർട്ടുമെൻറ് യാതൊരു അധുനാതനമായ സമ്പ്രദായങ്ങളും ശരിയായി പ്രയോഗിച്ചുവരുന്നില്ല. സർ, തിരുവിതാംകൂറിൻെറ വടക്കൻപ്രദേശങ്ങളിൽ ഇയ്യിടയിൽ ഉണ്ടായ പ്ലേഗ്ബാധയിൽ എൻെറ ഭൂമിയിൽ കൊണ്ടുവരപ്പെട്ടതു് ഗവണ്മെൻറിനാൽ ഏർപ്പെടുത്തപ്പെട്ട മെഡിക്കൽ ഡിപ്പാർട്ടുമെൻറിനൊ, വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിനൊ മുഖ്യകരണം ശരിയായി നിർവഹിക്കത്തക്കവണ്ണമുള്ള ശരിയായ ഒരു സിറിഞ്ചു് (പിച്ചാംകുഴൽ) ഇല്ലായിരുന്നു എന്നാണ്. ഇതാണ് തിരുവിതാംകൂറിൽ കാണുന്ന കാര്യങ്ങളുടെസ്ഥിതി. ഞാൻ ചോദിക്കുന്നതു് സംസ്ഥാനത്തു് ജനറൽ ആസ്പത്രിയും മററു് അതുപോലെയുള്ള അനേകം സ്ഥാപനങ്ങളും സംഗതികൾ ശരിയായി നിർവഹിക്കുന്നതിനു വിമുഖന്മാരൊ അതിനു ശേഷിയില്ലാത്തവരൊ, ശരിയായ കാര്യനിർവഹണത്തിനാവശ്യമായിരിക്കുന്ന സാമഗ്രികൾ കൊടുക്കപ്പെടാത്തവരുമായ ഡാക്ടർമാരുടെ ഒരു പട്ടാളവും പുലർത്തിക്കൊണ്ടുപോകുന്നതിലേക്കു ഇത്ര വളരെ പണം ചെലവിൻെറ പ്രയോജനമെന്താണ് എന്നാകുന്നു. സർ, പിന്നെയും, സഭമുമ്പാകെ ഭൂമിയുടെ സ്ഥിതി വിവരക്കണക്കുകളിൽനിന്നും, തെക്കൻതിരുവിതാംകൂറിൽ സൂക്ഷ്മമായി നടക്കുന്നതു് ഏതാണെന്നു് യാതൊരുപ്രയത്നം അറിയാൻ സാധിക്കുന്നതല്ല. എൻെറ പക്കൽ കൊണ്ടുവരപ്പെട്ട അറിവിൻനിന്നു സർ, നിർഭാഗ്യവശാൽ അതു് ഞാൻ കൊണ്ടുവന്നിട്ടില്ല. ബുള്ളറിൻകൾ വഴിയായി ഗവണ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തീട്ടുള്ള കാര്യങ്ങളെ എതിർക്കുന്നതിനു് എനിക്കു വളരെ ആഗ്രഹമുണ്ടു്. ആ അറിവുകൾ ഉത്തരവാദിത്വമുള്ള ആളുകൾ തയ്യാറാക്കീട്ടുള്ളവയാണെന്നു സംശയമില്ലാതെ വാസ്തവമാണ്. എന്നാൽ പ്രജാസഭ മെംബർമാർ എന്നെ അറിയിച്ചിട്ടുള്ളതു് ഗസററു പ്രസിദ്ധീകരണങ്ങൾ അവാസ്തവങ്ങളാണെന്നാണ്. ഒരു ഗ്രാമത്തിൽ മരണമൊന്നുമില്ലായിരുന്നുഎന്നു് ഗസററിൽ പ്രസിദ്ധംചെയ്തിരുന്നു. എന്നാൽ

മരിച്ചആളുകളുടെ പേരുകളോടും മരണം നടന്ന വീടുകളോടുംകൂടെ പല ഗ്രാമങ്ങളും എനിക്കു അറിയാം. അതാണ് നിവാരണവും ചികിത്സയും ചെയ്യുന്നതിനു നിയമിതരായ ചുമതലയുള്ള ഉദ്യോഗസ്ഥന്മാർ ചെയ്യുവാനുള്ള വലയുടെ സ്വഭാവം. ഈ രോഗം സംബന്ധിച്ചു സഭ മുമ്പാകെ വിശ്വാസയോഗ്യമായ കണക്കുകളില്ല. വിശ്വാസയോഗ്യമായ കണക്കുകൾ സഭയ്ക്കു കിട്ടേണ്ടതാണെന്ന് വളരെ മുമ്പുതന്നെ ഞാൻകൊണ്ടുവന്നിട്ടുള്ള വിഷയമാണ്. എന്നാൽ തീർച്ചയായ യാതൊന്നും ഇതുവരെയായിട്ടും ചെയ്തിട്ടില്ല എന്നാണു ഞാൻ സമർപ്പിക്കുന്നത്. സർ, കൊല്ലവർഷം ൧൧൦൧-ലേക്കുള്ള കണക്കുകളിൽ വിഷൂചിക നിമിത്തമുണ്ടായ മരണങ്ങളുടെ ആകെ സംഖ്യമാത്രമാണെന്ന് നാം കാണുന്നു. സാനിട്ടറി ഡിപ്പാർട്ടുമെന്റ് തങ്ങളുടെ റിപ്പോർട്ടിൽ പ്രസിദ്ധംചെയ്തത് മരണങ്ങളുടെ ആകെ സംഖ്യ ൨൧ ആയിരുന്നു എന്നാണ്. മരണങ്ങളുടെ ആകെ സംഖ്യ ആറു മാത്രമായിരുന്നു എന്നു മെഡിക്കൽഡിപ്പാർട്ടുമെന്റു പറയുമായിരിക്കും. ഇങ്ങിനെയുള്ള വൃത്തിയിൽ ഞാൻ സമർപ്പിക്കുന്നത് നമ്മുടെ ഗവണ്മെന്റ് പ്രസിദ്ധീകരിക്കുന്ന സ്ഥിതി വിവരക്കണക്കുകൾക്ക് ആരെങ്കിലും വല്ല വിലയും നൽകുമോ എന്നാണ്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ജനനമരണക്കണക്കുകൾ തയ്യാറാക്കുന്നതിനു ചുമതലപ്പെട്ടവരാരെന്നു പറയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ചോദ്യംതന്നെ ഗവണ്മെന്റിനോടു ഞാനും ചോദിക്കുന്നു. അവർ ഇപ്പോൾ അതിനു മറുപടി തരുന്നതിനു നിർബന്ധിതരായും ഇരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മെഡിക്കൽ ഡിപ്പാർട്ടുമെന്റ് തങ്ങളുടെ ആസ്പത്രികൾക്കുപുറമെ നടക്കുന്ന മരണങ്ങളെ കുറിക്കുന്നതിനു ചുമതലപ്പെട്ടവരല്ലെന്ന് മെംബർക്കറിയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവർക്ക് അതിന്റെ ചുമതല ഇല്ലെങ്കിൽ സാനിട്ടറിഡിപ്പാർട്ടുമെന്റിനുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വാസ്തവത്തിൽ ആസ്പത്രികൾക്കുള്ളിൽ നടക്കുന്ന മരണങ്ങളെമാത്രം അവ സംബന്ധിക്കുമ്പോൾ മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കണക്കുകൾ പിശകാണെന്നു മെംബർക്ക് എങ്ങിനെ പറയാം?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവ പിശകായിരിക്കേണ്ടതില്ല. സംഗതി സ്പഷ്ടമാണ്. സാനിട്ടറി ഡിപ്പാർട്ടുമെന്റു കൊടുത്തിട്ടുള്ള കണക്കുകൾ പിശകാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സാനിട്ടറികമ്മീഷണരുടെ റിപ്പോർട്ടിൽ മെഡിക്കൽ ഡിപ്പാർട്ടുമെന്റ് രേഖപ്പെടുത്തിട്ടുള്ള കണക്കുകളും ഉൾപ്പെടുന്നില്ലെന്നു മെംബർക്കു എങ്ങിനെ അറിയാം?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്ഥിതിവിവരക്കണക്കുകൾ കിടക്കുന്ന വാല്യത്തിൽ മരണങ്ങളുടെ ആകെ എത്ര ആണെന്നു രേഖപ്പെടുത്തുന്നു. സാനിട്ടറി കമ്മീഷണർ മരണങ്ങൾ ആകെ ൨൧ ആണെന്നു റിപ്പോർട്ടുചെയ്യുന്നു. ഈ കണക്കുകൾ വിശ്വാസയോഗ്യമല്ലെന്നു കാണിപ്പാൻതക്കവണ്ണം പരസ്പരവിരുദ്ധം ധാരാളമുണ്ടെന്ന് അനുമാനിക്കാൻ കഴിയുന്നതാകുന്നു. നാം കണക്കുകൾക്കുവിട്ട മെഡിക്കൽ ഡിപ്പാർട്ടുമെന്റിലേക്കു പോയിട്ടുവശമില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). എന്നുപറഞ്ഞാൽ, മെഡിക്കൽഡിപ്പാർട്ടുമെന്റ് ആസ്പത്രികളിലുണ്ടാകുന്ന മരണങ്ങൾമാത്രമെ നോക്കേണ്ട ആവശ്യമുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആയിരിക്കാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആ കണക്കുകൾ സാനിട്ടറി കമ്മീഷണക്കു റിപ്പോർട്ടു ചെയ്യുകയും, അദ്ദേഹം അവയെ തന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നില്ലേ? മറ്റു ഒരു റിപ്പോർട്ടു ഉണ്ടെന്നിരിക്കെ, ഒന്നു പിശകാണെന്നു അദ്ദേഹത്തിനു എങ്ങിനെ പറയാം?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എങ്ങിനെ എങ്കിലും, ഞാൻ വായിച്ച രണ്ടു കണക്കുകളിലൊന്ന് പിശകായിരിക്കണം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എന്തു കൊണ്ടു അതു പിശകായിരിക്കണം?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്തു കൊണ്ടു അതു പിശകായിരിക്കരുത്?

സ്ഥിതി വിവരക്കണക്കുകളുടെ വാല്യത്തിൽ മരണത്തുക ൨൧ ആണെന്നും സാനിട്ടറി ഡിപ്പാർട്ടുമെന്റു അതു ൨൧ ആണെന്നു റിപ്പോർട്ടു ചെയ്യുന്നു എന്നും കാണുന്നു. ഇതു തീരെ അബദ്ധമാണ്. നേരെ മറിച്ച്, കണക്കുകളുടെ വാല്യത്തിൽ സാനിട്ടറി കമ്മീഷണർ കൊടുത്ത തുക ൧൧ ആണെങ്കിൽ, അപ്പോൾ അതു കുറച്ചെങ്കിലും അർത്ഥവത്തായിരിക്കും. ആ വൃത്തിയിൽ കണക്കുകളുടെ വാല്യത്തിന്റെ അർത്ഥം എനിക്കു ഗ്രഹിക്കാൻ കഴിയും.

മി: എ. താണുപിള്ള (തിരുവനന്തപുരം): കണക്കുകളുടെ വാല്യത്തിൽ കാണുന്ന സംഖ്യ മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ നിന്നു കിട്ടീട്ടുള്ളതാണെന്നുള്ള പ്രസ്താവനയ്ക്കു വല്ല അടിസ്ഥാനവുമുണ്ടോ എന്നു പറയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെനിക്കറിഞ്ഞുകൂടാ, എന്നാൽ അതു അവിടെയുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കണക്കുകളുടെ വാല്യത്തിൽ രേഖപ്പെടുത്തീട്ടുള്ള മരണങ്ങൾ സംസ്ഥാനത്തു ഒട്ടാകെയുള്ള മരണങ്ങളാണെന്നും മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ഡിപ്പാർട്ടുമെന്റു റിപ്പോർട്ടിൽ രേഖപ്പെടുത്തീട്ടുള്ള തുക ആസ്പത്രികൾക്കുള്ളിൽ ഉണ്ടായ മരണങ്ങളുടെ തുകയാണെന്നും ഉള്ള സംഗതി മെമ്പർക്കു ബോദ്ധ്യംവന്നുവൊ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ സ്നേഹിതൻ വാദമുഖം മുഴുവനും തെററിക്കയാണ് ചെയ്യുന്നത്. എനിക്കു സാനിട്ടറിഡിപ്പാർട്ടുമെന്റിനോടോ, മെഡിക്കൽ ഡിപ്പാർട്ടുമെന്റിനോടൊ, ഗവണ്മെന്റി

നോടൊ യാതൊരു വഴക്കമില്ല. കണക്കുകളുടെ വാല്യത്തിൽ കൊടുത്തിട്ടുള്ള സംഖ്യ സംസ്ഥാനം മുഴുക്കെയുള്ള സംഖ്യയാണെന്നു എടുക്കേണ്ടതാണ്. ആരോഗ്യരക്ഷയ്ക്കു നേരെ ചുമതലപ്പെട്ട സാനിട്ടറി ഡിപ്പാർട്ടുമെന്റു സംസ്ഥാനം മുഴുവനിലുമുണ്ടാകുന്ന എല്ലാ മരണങ്ങളെയും സൂക്ഷ്മമായി രേഖപ്പെടുത്തണം. എന്റെ വാദം ഇതാണ്. ഒന്നാമതു ആ കണക്കുകൾ വിശ്വാസയോഗ്യമല്ല. രണ്ടാമതു, സൂക്ഷ്മമായ കണക്കുകൾ തയ്യാറാക്കുന്നതിനു പ്രവർത്തകന്മാരില്ല. കാര്യങ്ങളുടെ ഇപ്രകാരമുള്ള സ്ഥിതിയെ സാനിട്ടറി കമ്മീഷണർ തന്നെയും അനുശോചിച്ചുകൊണ്ടു ഗവർണ്ണമെന്റിലേക്കുള്ള തന്റെ ഒന്നു റിപ്പോർട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഈ വൃത്തികളിൽ ഇപ്പോഴത്തെ കണക്കുകൾ പൊതുജനാരോഗ്യമുദ്ദേശിച്ചു്, അവ അടിസ്ഥാനമാക്കി വല്ല അനുമാനങ്ങളും ഉണ്ടാക്കുന്നതിലേക്കു നിഷ്പ്രയോജനങ്ങളത്രെ. അവയെ എതിരിടുന്നതിലേക്കുള്ള നടപടികൾ ആരംഭിക്കുന്നതിനു വേണ്ടി വല്ല ദാനത്തിനൊ മരണത്തിനൊ ഹേതുവായിരിക്കുന്ന പ്രത്യേക രോഗത്തെയും അവയെ അനുകൂലിക്കുന്ന പ്രത്യേകസമുദായങ്ങളെയും, അങ്ങിനെ ദീനമുണ്ടാകുന്ന പ്രത്യേകസ്ഥലങ്ങളേയും കുറിച്ചുള്ള അറിവ് ബഹുമായിരിക്കുന്നതു് അത്യാവശ്യമാണെന്നുള്ള വാസ്തവങ്ങളിൽ നിന്നു നിവാരണ ചികിത്സയോടു, സൂക്ഷ്മമായ ജനനമരണക്കണക്കുകൾക്കുള്ള സംബന്ധത്തിന്റെ പ്രാധാന്യം എന്താണെന്നു ഉദ്ബോധിപ്പെടുന്നതായിരിക്കും. അതിനാൽ പൊതുജനാരോഗ്യവിഷയങ്ങളിൽ അഭിവൃദ്ധിയുണ്ടാകണമെന്നുണ്ടെങ്കിൽ, ജനനമരണക്കണക്കുകൾ തയ്യാറാക്കുന്നതിനു ചുമതലപ്പെടുത്തപ്പെട്ട തദ്ദേശയുദ്യോഗസ്ഥന്മാർ രേഖപ്പെടുത്തുന്ന കണക്കുകളിൽ ഒരു ന്യായമായ അളവിലെങ്കിലും കൃത്യതയുണ്ടായിരിക്കത്തക്കവണ്ണം സർവ്വഥാ ജാഗരൂകന്മാരായിരിക്കേണ്ടതാകുന്നു."

ഈ പ്രസ്താവനകളും റിക്കാർട്ടാക്കിയിരിക്കുന്നു. ഇപ്പോൾ ഞാൻ ചോദിക്കുന്നതു് ആ കൊല്ലത്തേക്കുള്ളതന്റെ റിപ്പോർട്ടിൽ സാനിട്ടറി കമ്മീഷണർ ചെയ്തിട്ടുള്ള പ്രസ്താവനകളിന്മേൽ ഗവണ്മെന്റു എന്തു നടപടി എടുത്തിട്ടുണ്ടു് എന്നത്രെ. സംസ്ഥാനത്തെ പൊതുജനാരോഗ്യസ്ഥിതി അറിയുന്നതും സാംക്രമികരോഗങ്ങൾ നമ്മുടെ രാജ്യത്തു കടക്കുന്ന വേളകളിൽ എന്താണ് ചെയ്യേണ്ടതു് എന്നറിയുന്നതും ആവശ്യമാണൊ? സൂക്ഷ്മമായി തയ്യാറാക്കപ്പെട്ടിട്ടുള്ള കണക്കുകളിൽ നിന്നു ശേഖരിക്കാവുന്ന മതിയായ കാര്യങ്ങൾ കൂടാതെ യാതൊരുത്തക്കം ഒന്നും പ്രവർത്തിക്കാൻ കഴിയുന്നതല്ല. സർ, ഈ വൃത്തികളിൽ ഞാൻ സമർപ്പിക്കുന്നതു് സംഗതി ശരിയായി ആലോചിച്ചിട്ടുള്ളതും പല കാര്യങ്ങളേയും വ്യവച്ഛേദിച്ചിട്ടുള്ളതൊ, ഈ രാജ്യത്തിൽ വിഷൂചികയുടെയൊ പ്ലേഗിന്റെയൊ സാംക്രമികത്വത്തെ അന്വേഷിച്ചറിഞ്ഞിട്ടുള്ളതൊ, അന്വേഷണങ്ങൾ നടത്തുകയും, ആദ്യമായി പൊതുജനങ്ങളുടെ ഏവരുടേയും അറിവിനായി തങ്ങളുടെ അന്വേഷണങ്ങളുടെ ഫലങ്ങളെ പ്രസിദ്ധീകരിക്കയും ചെയ്തിട്ടുള്ളതൊ ആയ ഒരു ഡിപ്പാർട്ടുമെന്റും രാജ്യത്തിൽ ഇല്ലാ എന്നാകുന്നു. നമ്മുടെ രാജ്യത്തിൽ വിഷൂചികയുടെ ആക്രമണം ഇദംപ്രഥമമായിട്ടുള്ളതല്ലാ. ആവർത്തിതകാലങ്ങളിൽ കുറെ വർഷങ്ങളോളം ഇതു തവളിപ്പെടുന്നതാണെന്നു എന്റെ സ്നേഹിതന്മാരിൽ പലരും എന്നോടു പറഞ്ഞിട്ടുണ്ടു്. ഗവണ്മെന്റിനും അതു അനുഭവപ്പെട്ടിട്ടുണ്ടായിരിക്കാം എന്നു ഞാൻ വിശ്വസിക്കുന്നു. ഈ സംഗതികളിരിക്കെ, ഞാൻ ചോദിക്കുന്ന ചോദ്യം ഇപ്പോൾ തുടങ്ങി കുറെ വർഷങ്ങൾക്കുശേഷം വരെ എങ്കിലും ഒരു വിഷൂചികാക്രമണം അവർ അനുഭവിക്കേണ്ടിവരും എന്നുള്ള വസ്തുത നല്ലവണ്ണം അറിഞ്ഞിരിക്കെ, കഴിഞ്ഞ പല വർഷങ്ങളായിട്ടു അവർ എന്താണ് ചെയ്തിട്ടുള്ളതു് എന്നാകുന്നു. ഇതുവരെ സൂക്ഷ്മമായ യാതൊന്നും ചെയ്തിട്ടില്ല.

സർ, രണ്ടാമതു് എന്റെ അറിവ് തിരുവിതാംകൂറിലെ വിഷൂചികബാധ ശരിയായി അമർച്ചചെയ്യപ്പെടുകയൊ ശമിക്കപ്പെടുകപോലുമൊ ഉണ്ടായിട്ടില്ല എന്നാണ്. ഇന്നും അതു വർദ്ധിച്ചുകൊണ്ടു തന്നെയാണിരിക്കുന്നു്. അതു് ശരിയായി അമർച്ചവരുത്തപ്പെടുന്നില്ല എന്നു ഏതൊരുവനും കാണാവുന്നതാണ്; തെക്കൻ തിരുവിതാംകൂറിനിന്നും അതു് ഞാൻ പ്രതിനിധീകരിക്കുന്ന മണ്ഡലത്തിൽ എത്തിയിരിക്കുന്നു. കഴിഞ്ഞ ആണ്ടിലും ഈ ആണ്ടിലും എന്റെ മണ്ഡലത്തിൽ വിഷൂചികമൂലം പല മരണങ്ങളുമുണ്ടായിട്ടുണ്ടു്. എന്തുചെയ്യാം? പ്രത്യേകയുദ്യോഗസ്ഥന്മാരെ ആരേയും അയച്ചിട്ടുമില്ല. ചിറയിൻകീഴിൽ ഒരു ഡിസ്പെൻസറി മാത്രമേയുള്ളു. ചിറയിൻകീഴ്നിന്നു പതിന്നാലൊ പതിനഞ്ചൊ നെൽസു അകലത്തുള്ള കിളിമാനൂർ വിഷൂചിക ആക്രമിക്കുമ്പോൾ ഡിസ്പെൻസറി ചാർജ്ജുവഹിക്കുന്ന മെഡിക്കലുദ്യോഗസ്ഥൻ അവിടെപ്പോയി വിഷൂചികബാധിച്ച ആളുകൾക്കു ശരിയായ സഹായം ചെയ്യുന്നതെന്നുള്ളതു് ആശിക്കാൻ വകയുള്ളതല്ല. സർ, ഇതും മറ്റു മാർഗ്ഗങ്ങൾ കണ്ടതായിട്ടില്ലെന്നു കാണിക്കുന്നു. ഭരണാദ്ധ്യക്ഷൻ കീഴുദ്യോഗസ്ഥന്മാർ തങ്ങളുടെ കൃത്യങ്ങൾ ശരിയായി നിർവ്വഹിക്കുന്നുവൊ എന്നു പരിശോധിക്കുന്ന വിഷയത്തിൽ വളരെ ഊർജ്ജിതമായ ജോലി ചെയ്യുവരുന്നു എന്നും അദ്ദേഹത്തിനു ഈ സംക്രമണത്തെ മതിയായ അമർച്ചയിൽ കൊണ്ടുവരുന്ന വിഷയത്തിൽ അതിയായ താല്പര്യമുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. എന്നാൽ അതുകൊണ്ടുമാത്രം ഫലമുണ്ടാകുന്നതല്ല. ഈ എല്ലാകാര്യങ്ങളും ഒരു ഓറ ആളിനു ചെയ്യുന്നതിനു സാധിക്കുകയുമില്ല. ആ പ്രത്യേകയുദ്യോഗസ്ഥനേയും കുററപ്പെടുത്തുന്നതിന് എനിക്കു മനസ്സില്ലാത്തതിനാൽ ഞാൻ ഈ സംഗതികളെഎല്ലാം പൊതുവായവിധത്തിൽ ഈ സഭയുടെ ഒഴുക്കു വിഷയീഭവിപ്പിക്കുന്നതേയുള്ളു. സർ, ഒന്നൊ രണ്ടൊ ഉദ്യോഗസ്ഥന്മാർ തങ്ങളുടെ കൃത്യങ്ങളെ ശരിയായി നിർവ്വഹിക്കുന്നുണ്ടു് എങ്കിലും മററല്ലാവരും ഉറങ്ങുകയത്രെ ചെയ്യുന്നതു് എന്നു് എനിക്കറിയാം. ഭരണാദ്ധ്യക്ഷൻ അവരെ മനസ്സിൽ വാഴ്ത്തുകൊള്ളുമെന്നും അങ്ങേക്കു് പഴിപ്പാൻ യോഗ്യതയില്ലാത്ത ഒരു സ്ഥാനം വഹിക്കുന്നതിന് പ്രത്യേകിച്ചു് രാജ്യം മുഴുവനായി സംഭ്രാന്തചിത്തരായിരിക്കുമ്പോൾ അവരെ അനുവദിക്കുകയില്ല എന്നും ഞാൻ ആശിക്കുന്നു. തിരുവനന്തപുരം മുൻസിപ്പാലിററിയും തെക്കൻതിരുവിതാംകൂറിലുള്ള മററു മുൻസിപ്പാലിററികളും അന്ധിക്കുദ്യോഗസ്ഥന്മാരും ഒഴിഞ്ഞ ആഫീസരും സാനിട്ടറികമ്മിഷണറും ചെയ്തിട്ടുള്ളവേലയെപ്പററി ഏതാനും ചോദ്യങ്ങൾ ഞാൻ നവാബുമന്ത്രിയെ അയച്ചിട്ടുണ്ടു്. ഈ ചോദ്യങ്ങളുടെ മറുപടികൾ ഈ സഭയ്ക്കു ഇന്ന് ലഭ്യമായിരുന്നെങ്കിൽ സർ മെഡിക്കലുദ്യോഗസ്ഥന്മാരെ ആക്ഷേപിക്കുകയും അവരെ ഇന്നു തിരുവിതാംകൂറിൽനിന്നു നാടുകടത്തിവിടുകയും ചെയ്യുമായിരുന്നു എന്നുള്ളതിനു എനിക്കു ലേശവും സംശയമില്ല. സർ ഇത്രയും പറഞ്ഞുകൊണ്ടു് ചെയ്യേണ്ടതെല്ലാം ചെയ്തിട്ടില്ലെന്നും കൂടുതലായി ചെയ്യാനുണ്ടെന്നും ഒഴുക്കോടെ ആരംഭിക്കമാത്രമേ ചെയ്തിട്ടുള്ളു എന്നും അതിനാൽ അതിനെ അമർച്ചയിൽ വയ്ക്കുന്നതിനു കൂടുതൽ ശ്രമ

കരമായിത്തീരുമെന്നും ഉള്ളതുകൊണ്ട് ഉടൻ നടപടികൾ നടത്തേണ്ടതാണെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

മി: മാത്യു മുതിക്കൻ (വെയ്ക്കം): സർ, മി: കേശവപിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ പിന്താങ്ങുന്നതിനു ഞാൻ എഴുന്നേല്ക്കുന്നു. ഞാൻ വടക്കൻ തിരുവിതാംകൂറിൽനിന്നു വരുന്നതിനാൽ ഈ വിഷയത്തിൽ എന്റെ അഭിപ്രായത്തെ ക്ഷോഭവും വാശിയും കൂടാതെ പ്രകടിപ്പിക്കാൻ എനിക്കു കഴിയുമെന്ന് ഞാൻ വിചാരിക്കുന്നു. എന്റെ സ്നേഹിതൻ മി: കേശവപിള്ള പ്രമേയം കൊണ്ടുവന്നപ്പോൾ പ്രസ്താവിച്ചതു്, അല്ലെങ്കിൽ പറഞ്ഞതു്, തെക്കൻതിരുവിതാംകൂറിൽ വിഷൂചികബാധയ്ക്കു രണ്ടു പ്രധാന കാരണങ്ങൾ കേവലമായ മാർദ്ദവവും ജലദുർഭിക്ഷവും ആണ് എന്നതു്. ഈ രണ്ടിന്റെ പ്രവൃത്തിയെപ്പററിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഞാൻ യോജിക്കുന്നില്ല. മി: കേശവപിള്ളയുടെ ആ അഭിപ്രായത്തിൽ എനിക്ക് അശേഷം വിശ്വാസം ഇല്ല. തെക്കൻ തിരുവിതാംകൂറിന്റെ സ്ഥിതിയെപ്പററി പറയുന്നെങ്കിൽ തെക്കൻതിരുവിതാംകൂറിനെ പൊതുവെ ധനപുഷ്ടിയുള്ളതാക്കിത്തീർക്കാൻ സാധിക്കുന്നതല്ല. അതു ദീർഘകാലംകൊണ്ടു് ചെയ്യേണ്ട ഒരു വേലയാണ്. ജലദുർഭിക്ഷം അനുഭവിക്കുമ്പോൾ തെക്കൻതിരുവിതാംകൂറ് വേണ്ട ജലമെല്ലാം പുറത്തുനിന്നു കുഴിമരാമത്തുകളുടെ വിതരണം ചെയ്യുന്നതു് എളുപ്പമല്ല. എങ്ങിനെയെങ്കിലും ആവഴിക്കു വല്ലതും ചെയ്യേണ്ടിയിരിക്കുന്നു. പഴയ കുളങ്ങളെ പൂർവസ്ഥിതിയിൽ കൊണ്ടുവരണം. തെക്കൻതിരുവിതാംകൂറിനെ പൊതുവെ ധനസമൃദ്ധിയായ ഒരു നിവ സമക്കിത്തീർക്കുന്നതിനു ഇതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. എന്നാൽ പഴയ കുളങ്ങളെ പുനരുദ്ധാരണം ചെയ്യുന്നകാര്യം ഉടൻതന്നെ നിർവഹിക്കാവുന്നതും അതിനാൽ കാര്യമായ സഹായം വരിക്കുന്നതുമാകുന്നു.

പിന്നെയും നിവാരണമാർഗ്ഗങ്ങളിൽ ചിലതിനെ, ചുരുങ്ങിയപക്ഷം ഇപ്പോൾ നടത്തിവരുന്ന ഉപശാന്തി വേലയെ ചുണ്ടിക്കാണിച്ചുകൊണ്ടു, എനിക്കു പറയാനുള്ളതിനെ ഞാൻ സമർപ്പിക്കുന്നു. മെഡിക്കലുദ്യോഗസ്ഥൻ പറയുന്നതു വലുതായ അളവിൽകുത്തിവെച്ചു നടത്തിക്കൊണ്ടിരിക്കുന്നു എന്നാകുന്നു. ഫ്ലാനൽ അളുതിരെ കടസ്സമല്ലാതെ ഉപയോഗപ്പെടുത്തുകയുണ്ടായി എന്നാണ് അദ്ദേഹം പറഞ്ഞതു്. ജനസാമാന്യത്തിന്റെ മനസ്സിൽ കുത്തിവയ്പിനുപയോഗിച്ചു വരുന്ന ചലത്തെപ്പററി അല്പമായ ക്ഷോഭമുണ്ട്. ഡാക്ടർമാർ ഇതിനഭിപ്രായക്കാരായിത്തീരുമ്പോൾ എന്താണു പറയേണ്ടതു് എന്നു എനിക്കറിഞ്ഞുകൂടാ. ഉപശാന്തിവേലസംബന്ധിച്ചു നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ തീരെമതിയായതല്ലാ. ചെയ്തിട്ടുള്ള വേലയുടെ കാര്യക്ഷമതയെ സംബന്ധിച്ചു തന്നെയും മെഡിക്കലാഫീസറന്മാർ പരിചയംകുറഞ്ഞ ചെറുപ്പക്കാരാണെന്നു ഞാൻ പറയേണ്ടിവരുന്നു. കുറഞ്ഞപക്ഷം അവരിൽ പലരും പരിചയംചേരാത്ത ചെറുപ്പക്കാർതന്നെ. ഈ ഗൌരവമായ വൈദ്യജോലിചെയ്യുന്നതിലേക്കു ചെറുപ്പക്കാരെ അയക്കാൻ ഗവണ്മെന്റിനു തോന്നുന്നതു് എങ്ങിനെയാണെന്നു് എനിക്ക് അശേഷം മനസ്സിലാകുന്നില്ല. എത്ര സീനിയർമാരായ മെഡിക്കലുദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്എന്നു ഡാക്ടർ മാധവൻപിള്ള ചോദിച്ചു മേലുദ്യോഗത്തിനു കിട്ടിയ മറുപടി ഏഴു സീനിയർ ഡാക്ടറന്മാരെ സംക്രമണമുള്ള പ്രദേശത്തേക്കു അയച്ചിട്ടുണ്ട് എന്നായിരുന്നു അവരുടെ പരിചയത്തെ കാണിക്കുന്ന വർഷങ്ങൾ എത്രയെന്നു അദ്ദേഹം ഒരു ചോദ്യംചോദിച്ചിരുന്നെങ്കിൽ കിട്ടുമായിരുന്ന മറുപടി സത്യത്തിനു തൃപ്തി നൽകുന്നതല്ലായിരുന്നു എന്നു എനിക്കു നിശ്ചയമുണ്ടു. അതിനാൽ പ്രമേയത്തിന്റെ തീർച്ചക്ക് ഈ പ്രാധാന്യമേറിയ സന്ദർഭത്തിൽ ഈ സംഗതിയിൽ ഗവണ്മെന്റിന്റെ ശ്രദ്ധ എത്തുന്നതായിരിക്കുമെന്നു ഞാൻ ആശിക്കുന്നു.

കൂടാതെ ഈ മെഡിക്കലുദ്യോഗസ്ഥന്മാർ മോട്ടോർകാറുകൾ യഥേഷ്ടം ഉപയോഗിക്കുന്നതിന് അനുവദിക്കപ്പെട്ടിരിക്കുന്നു എന്നു ഞാൻ ഗ്രഹിക്കുന്നു. ഈ മെഡിക്കലുദ്യോഗസ്ഥന്മാർ ഏതു എങ്കിലും മോട്ടോർകാറുകളുപയോഗിച്ചാലും ആവശ്യമുള്ളതു ചെയ്യാൻ അവരെ സഹായിക്കുന്നതല്ലാഎന്നു എനിക്കു നിശ്ചയമുണ്ടു. ഈ ഉദ്യോഗസ്ഥന്മാർക്കു വെവ്വേറെ കേന്ദ്രങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രത്യേകാന്തരായങ്ങൾ അവർക്കു ക്ലിപ്തപ്പെടുത്തി അവരുടെ വേല ആ ക്ലിപ്തപരിധികൾക്കുള്ളിലായിരിക്കണം. പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി ഈ മെഡിക്കലുദ്യോഗസ്ഥന്മാർക്കു കാര്യമായ ഉപശാന്തി വേലനടത്തുന്നതിനു കഴിയുന്നതാണു.

പ്രസിഡൻറ്: ആ സംഗതിയെപ്പററി ഞാൻ മെമ്പരുടെ തെററിദ്ധാരണ നീക്കാം. ഓരോ മെഡിക്കലുദ്യോഗസ്ഥനും ക്ലിപ്തമായ കേന്ദ്രമുണ്ടെങ്കിലും ആ കേന്ദ്രത്തിനകത്തിനു നിശ്ചിതാന്തരായങ്ങളിലൂടെ ജോലിചെയ്തു വരുന്നതും ആകുന്നു.

മി: മാത്യു മുതിക്കൻ (വെയ്ക്കം). കേന്ദ്രങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്നു ഞാൻ അധ്യക്ഷനിൽനിന്നു അറിയുന്നു. കേന്ദ്രങ്ങൾ നിശ്ചയിച്ചാലും ഓരോ കേന്ദ്രത്തിലേയും പ്രധാന മെഡിക്കലാഫീസർ തന്റെ തലസ്ഥാനത്തു ചുററുമായിരിക്കത്തക്കവണ്ണം പ്രത്യേകകരുതൽ ചെയ്യേണ്ടതാണ്. ഈ മെഡിക്കലാഫീസർമാർ മോട്ടോർകാറുകളിൽ ദിക്കെല്ലാംചുററി ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു നീങ്ങിക്കൊണ്ടിരിക്കുന്നതുകൊണ്ടു ഒരുപ്രയോജനവുമില്ല. അതിനാൽ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനും പ്രധാനഉദ്യോഗസ്ഥൻതന്റെ തലസ്ഥാനത്തു ചുററുമായിരിക്കുന്നതിനും ഏർപ്പാടുചെയ്യുന്നതിനും ഗവണ്മെന്റു സൂക്ഷിക്കേണ്ടതാണ്. ഈ വാക്കുകളോടുകൂടി മി. കേശവപിള്ളയുടെ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) സഭ മുമ്പാകെയുള്ള പ്രമേയത്തെ പിന്താങ്ങുന്നതോടുകൂടി ഏതാനും വാക്കുകൾ പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. മധ്യതിരുവിതാംകൂറും വടക്കൻ തിരുവിതാംകൂറുകാരുടെ ഭാഗമായിരിക്കാം, ഈ ക്രൂരബാധ അതിന്റെ അത്ഭുതമായ നടനശനം അവിടങ്ങളിൽ നടത്തിട്ടില്ലാത്തതു, പത്രറിപ്പോർട്ടുകൾ എന്നെ നിശ്ശേഷം മോഹപ്പെടുത്തിക്കളഞ്ഞതിനാൽ രോഗം ബാധിച്ചിട്ടുള്ള അന്തർഭാഗങ്ങളെ സന്ദർശിക്കുന്നതിനു എനിക്കു ധൈര്യമുണ്ടായില്ല. അതിനാൽ ഈ നിവേദനത്തെ പിന്താങ്ങുന്നതിനു പ്രത്യേകയോഗ്യത എനിക്കില്ല എന്നു ഞാൻ സമ്മതിക്കുന്നു. പത്രറിപ്പോർട്ടുകളിന്മേലും ചുമതലബോധമുള്ള ആളുകളാലും ആക്ഷേപിക്കപ്പെട്ടിട്ടുള്ള ഗവണ്മെന്റു പ്രസിദ്ധീകരണങ്ങളിന്മേലും

ഞാൻ ആശ്രയിക്കുന്നുമില്ല. എങ്കിലായാലും, ഗവണ്മെൻറിന് അപകടസൂചന നൽകുന്നതിന്നായി ഞാൻ ഈ അവസരത്തെ ഉപയോഗപ്പെടുത്തിക്കൊള്ളുന്നു. പശ്ചിമഘട്ടത്തിനിപ്പുറത്തു കിടക്കുന്ന നമ്മുടെ രാജ്യം ഈ ബാധയിൽനിന്നു ഒഴിവാണ് എന്നായിരുന്നു എന്റെ ധാരണ. തെക്കൻതിരുവിതാംകൂറിന്റെ ഒരു വലിയഭാഗം ഈ ഭയങ്കരവ്യാധിക്കധീനമായിരുന്നു എന്നും അധീനമാകുന്നുവെന്നും ഇപ്പോഴാണു ഞാൻ ഗ്രഹിക്കുന്നതു്. ഈ വ്യാധിയുടെ മൂലകാരണങ്ങൾ നിർണ്ണയിക്കുന്നതിനു ഊർജ്ജിതമായ നടപടികൾ ഗവണ്മെൻറു നടത്തുന്നില്ലെങ്കിൽ എനിക്കുള്ള ഭയം ഇതു രാജ്യത്തിന്റെ മററു ഭാഗങ്ങളിലേക്കു കൂടി അതിന്റെ പ്രവൃത്തികളെ വ്യാപിപ്പിച്ചേക്കുമെന്നതന്നേയാണ്.

സർ, തല്ക്കാലത്തേയ്ക്കുമാത്രം ഈ മാരിയെ നിഷ്കാസനം ചെയ്തുകൊണ്ടു് ഗവണ്മെൻറ് തൃപ്തരായിരിക്കരുതു്. ഈ രോഗത്തിന്റെ മൂലകാരണങ്ങളെ പററി അന്വേഷിക്കുന്നതിന് ഒരു കമ്മിററിയെ ഏർപ്പെടുത്തുകയും ഭാവിയിൽ അതു് നമ്മുടെ രാജ്യത്തുകടക്കാതിരിക്കത്തക്കവണ്ണം പൂർണ്ണമായകരുതൽ എടുക്കയും വേണം. അല്ലെന്നുവരികിൽ, തെക്കൻതിരുവിതാംകൂറിൽ മാത്രം നാശം വരുത്തുകയായിരുന്നതും, ഇപ്പോൾ വടക്കോട്ടു മി. നീലകണ്ഠപ്പിള്ള പ്രതിനിധീകരിക്കുന്നമണ്ഡലം വരെ എത്തിയിരിക്കുന്നതും ആയ ഈ സാംക്രമികരോഗം അതിന്റെ പ്രവൃത്തികളെ മദ്ധ്യതിരുവിതാംകൂറിലും വടക്കൻതിരുവിതാംകൂറിലും വ്യാപിപ്പിക്കുന്നതിനിടയാകും. അപ്പോൾ അതിനു ഇപ്പോഴത്തേക്കാൾ ക്രമത്തിലധികം പ്രാബല്യം ലഭിക്കുന്നതിനുമേൽ, ഗവണ്മെൻറ് അതിനെ എതിർക്കേണ്ടിവരുന്നതുമാണ്. അതുകൊണ്ടു ഏററം സമീപമായ ഒരവസരത്തിൽ തന്നെ ഈ രോഗത്തെ വേരോടെ പറിച്ചുകളയുന്നതിനു തങ്ങളാൽ കഴിയുന്ന എല്ലാപണികളും നോക്കുന്നതിനു ഗവണ്മെൻറ് തയ്യാറാകണമെന്നു കാണിക്കേണ്ടതാണ്. സാധാരണയായി, തെക്കൻതിരുവിതാംകൂറുകാരായ നമ്മുടെ സ്നേഹിതന്മാർ സഞ്ചാരസൗകര്യത്തിനോ ജലസേചനത്തിനോ ആയി കൂടുതൽ പണത്തിനാവശ്യപ്പെടുമ്പോൾ നാം പിറുപിറുക്കുക പതിവാണ്; എന്നാൽ ഈ സംഗതി രാജ്യത്തിന്റെയും ക്ഷേമത്തെ ഒട്ടാകെ സംബന്ധിക്കുന്നതാണ്; മദ്ധ്യതിരുവിതാംകൂറിനും വടക്കൻതിരുവിതാംകൂറിനും വന്നേ ഞങ്ങൾക്കു് ഈ അപായകരമായ രോഗത്തിന്റെ ആവർത്തനത്തെ തടുക്കുന്നതിനുവേണ്ടി എത്രചെലവു ചിലവാക്കുന്നതിനും അശേഷം വിരോധമില്ലെന്നു ഞാൻ സഭയോടു ഉറപ്പുപറയാം. ഈ വാക്കുകളിൽ സഭമുമ്പാകെ ഇരിക്കുന്ന പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): സർ, ഈ അടിയന്തിരപ്രമേയം തെക്കൻതിരുവിതാംകൂറിൽ വിഷൂചിക സംക്രമണത്തിനു അമർച്ചവരുത്തുന്നതുസംബന്ധിച്ചു ഗവണ്മെൻറ് ചെയ്തിട്ടുള്ള വേലയെ സഭയുടെ ശ്രദ്ധിക്കു വിഷയീഭവിപ്പിക്കുന്നതിനു തങ്ങൾക്കു നൽകീട്ടുള്ള അവസരത്തെപററി അവർക്കു സന്തോഷമുണ്ടു്. ഗവണ്മെൻറ് ചെയ്തിട്ടുള്ളതു് എന്താണെന്നു വിവരിക്കുന്നതിനാരംഭിക്കുന്നതിനു മുമ്പായി, എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ളചെയ്ത ഒന്നൊരണ്ടുപ്രസ്താവനകളെ സൂചിപ്പിച്ചു സംസാരിക്കുന്നിതു് ഞാൻ ആഗ്രഹിക്കുന്നു. രാജ്യത്തിലെ പൊതുജനാരോഗ്യത്തിന്റെ നോട്ടവും ചുമതലയും ഭരമേല്പിക്കപ്പെട്ട ഏതെങ്കിലും ഡിപ്പാർട്ടുമെൻറ് ഉണ്ടോ എന്നു അദ്ദേഹം ചോദിക്കയുണ്ടായി. ഇപ്പോൾ ഏർപ്പെടുത്തീട്ടുള്ളപ്രകാരം ശരിയായി പറകയാണെങ്കിൽ സാനിട്ടറി ഡിപ്പാർട്ടുമെൻറ് ഒരു പൊതുജനാരോഗ്യഡിപ്പാർട്ടുമെൻറ് അല്ല. എന്നാൽ സാനിട്ടറി ഡിപ്പാർട്ടുമെൻറും മെഡിക്കൽഡിപ്പാർട്ടുമെൻറും ഏകോപിച്ചു പ്രവർത്തിക്കുമ്പോൾ രാജ്യത്തെ നിവാസികളുടെ ആരോഗ്യം പരിപാലിക്കുന്നതിനു പര്യാപ്തമായ ഒരായുധമായിരിക്കും.

മി: കെ. പി. നീലകണ്ഠപിള്ള സ്ഥിതിവിവരക്കണക്കുകളിൽ ചില പിശകുകളെ പററി പറഞ്ഞു. അദ്ദേഹത്തിനു തെററുവന്നുപോയി എന്നു ഞാൻ ശങ്കിക്കുന്നു. കാരണം അതെ സ്ഥിതിവിവരക്കണക്കുകളുടെ വാല്യത്തിൽനിന്നും ൧൯൦൯-ലെ വിഷൂചിക നിമിത്തമുണ്ടായ മരണങ്ങളുടെ സംഖ്യ ൧൭ അല്ല ൨൫ ആണെന്നു കാണുന്നു. ആ വാല്യത്തിന്റെ ൨൭-ാം പേജിൽ നാം നോക്കുന്നെങ്കിൽ പട്ടണങ്ങളുടെ അന്തരീക്ഷങ്ങളിലേക്കുള്ള ആകെ സംഖ്യ ൪ എന്നും ഗ്രാമീണാന്തരീക്ഷങ്ങളിലേക്കുള്ള ആകെ സംഖ്യ ൧൭ എന്നും രണ്ടുമുറം കൂട്ടിയ ആകെ സംഖ്യ ൨൫ എന്നും നമുക്കു കാണാവുന്നതാണ്. അദ്ദേഹം ൨൭-ാം പേജിലാണ് നോക്കീട്ടുള്ളതെന്നു തോന്നുന്നു. അവിടെ കൊടുത്തിട്ടുള്ള ൧൭ എന്നസംഖ്യ ഗ്രാമീണാന്തരീക്ഷങ്ങളിലേക്കുള്ള ആകെ സംഖ്യമാത്രമാണ്.

കൂടുതലായി എനിക്കു പറയാനുള്ള ഒരു സംഗതി ഈ ജനനമരണക്കണക്കുകൾ തയ്യാറാക്കുന്ന വിഷയത്തിൽ പിശകുകളുണ്ടെന്നു ഗവണ്മെൻറിനു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. കണക്കുകൾ ഇപ്പോൾ തയ്യാറാക്കിവരുന്നതു് റവന്യൂഡിപ്പാർട്ടുമെൻറ് ആണ്. അതു് സംക്ഷേപണം ചെയ്യുന്നതു സാനിട്ടറികമ്മീഷണറുമാണ്. റവന്യൂഡിപ്പാർട്ടുമെൻറിൽ ജോലിചെയ്യുന്നവരുടെ ചുരുക്കവും, അറിവുശേഖരിക്കുന്നതിലേക്ക് ഒരു പൊതുപ്രകാരം സങ്കരിക്കാനുള്ള വിസ്തീർണ്ണമായ അന്തരായങ്ങളും നിമിത്തം കണക്കുകളിൽ പിശകുകളുണ്ടെന്നുള്ളതു അസംഭവ്യമല്ല. എന്നാൽ അവ അവിശ്വാസയോഗ്യങ്ങളാണെന്നു് ഗണിക്കത്തക്കവണ്ണം അത്രയ്ക്കു അവിശ്വാസനീയങ്ങളല്ല.

ഇപ്പോൾ പ്രചരിച്ചുകൊണ്ടിരിക്കുന്ന വിഷൂചികസംക്രമണത്തെക്കുറിച്ചു പറയുന്നതിനു ഞാൻ ആരംഭിക്കുന്നു. കഴിഞ്ഞകൊല്ലം അതായതു്, ൧൯൨൫ ഇലാമാസത്തിൽ ആദ്യമായി ബാധ ആരംഭിച്ചു എന്നു് സഭയോടു് ഡാക്ടർരാമൻനായർ പറഞ്ഞുകഴിഞ്ഞല്ലോ. അതു് കുംഭമാസത്തിന്റെ അവസാനത്തോടുകൂടി ഏറെക്കുറെ ശമിച്ചു. മിഥുനത്തിൽ വീണ്ടും ആവർത്തിച്ചു ഉടൻതന്നെ സാനിട്ടറികമ്മീഷണർ ഗവണ്മെൻറിലേക്ക് ഒരു റിപ്പോർട്ടുസമർപ്പിച്ചു. അതിന്മേൽ കാളറജോലിചെയ്യുന്നതിനായിട്ടു നാലു സബ്ബ്അസിസ്റ്റൻറ് സർജന്മാരെ രോഗബാധയുള്ള പ്രദേശങ്ങളിലേക്കു്, വിശേഷാൽ നിശ്ചമിച്ചുകൊള്ളുന്നതിനു് ഗവണ്മെൻറ് ആജ്ഞാപിച്ചു. അവരിൽ രണ്ടുപേരെ കല്ക്കുളം താലൂക്കിലേക്കും, ഒരാളെ കാളറ ആരംഭിച്ചിട്ടുണ്ടെന്നു അപ്പോൾ റിപ്പോർട്ടുകിട്ടീട്ടുണ്ടായിരുന്ന ചിറയിങ്കീഴ്താലൂക്കിലേക്കും വിശേഷാൽ നിയമിച്ചു. പിന്നീടു സാനിട്ടറികമ്മീഷണർ ഉടൻതന്നെ സ്ഥലത്തുചെന്നു പോകണമെന്നാജ്ഞാപിക്കപ്പെട്ടു. അദ്ദേഹം അപ്രകാരം പോകയും ഏതാനും കൂടുതലായ നടപടികൾ ആവശ്യമാണെന്നു് റിപ്പോർട്ടു സമർപ്പിക്കയുംചെയ്തു. അദ്ദേഹത്തിന്റെ ആവശ്യപ്രകാരം ഒരു കാളറ പ്രവർത്തകസംഘത്തെ പ്രതിഷ്ഠിക്കയും അതിൽ ആൾചേർക്കുന്നതിനും ഇരിക്കുന്നതിനും ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസർമാരിയു

ക്കനാകയും ചെയ്തു. അന്ന് ചിങ്ങമാസത്തിൽ ഒരുവസരത്തിലായിരുന്നു. എന്നിട്ടു അന്നുവരെയായി ഞങ്ങൾക്കു കിട്ടിയ അറിവ് ഗവണ്മെന്റിന്റെ മനസ്സിൽ വലുതായ ആശങ്കയെ ഉണ്ടാക്കാഞ്ഞതിനാൽ സംക്രമണം ശീഘ്രത്തിൽ ശമിക്കുമെന്ന് ഞങ്ങൾ ആശിച്ചുകൊണ്ടിരുന്നു. എന്നാൽ സാനിട്ടറികമ്മീഷണരുടെ റിപ്പോർട്ടുകൾ വഴിയായി ഗവണ്മെന്റിന്റെ അറിവിൽവന്നതു് മീനത്തിനു ശമനമില്ലെന്നും ഒരാഴ്ചയിൽ ശമനമുണ്ടെന്നു കണ്ടെങ്കിൽ പിന്നെ ആഴ്ചയിൽ അഭിവർദ്ധിക്കുന്ന ലക്ഷണം കാണിച്ചു എന്നും ആയിരുന്നു. ഈ പരിതസ്ഥിതിയിൽ ഗവണ്മെന്റ് ഒരാലോചനായോഗം വിളിച്ചുകൂട്ടി, അതിൽ ഇൻസ്പെക്ടിംഗ് മെഡിക്കൽഓഫീസറും സാനിട്ടറികമ്മീഷണറും തിരുവനന്തപുരം മുൻസിപ്പാലിറ്റിയിലെ ഹെൽത്ത്ഓഫീസറും സന്നിഹിതരായിരുന്നു. ഏതാനും നടപടികൾ നടത്തേണ്ടതാണെന്നു തീർച്ചപ്പെടുത്തി. അവിടെ നടന്നസംഗതികളെ ഓർമ്മയിൽനിന്നു പറയുന്നതിന് എനിക്ക് സാധിക്കുകയില്ല. എന്നിരുന്നാലും തീർച്ചയാക്കിയ ഏർപ്പാടുകളുടെ ഒരു സംക്ഷിപ്തവിവരണം കൊടുക്കാം. ൧ കാളറാ പ്രവർത്തകസംഘങ്ങൾ, ഒന്ന് മീനം കുശൽകൂടികൊണ്ടിരുന്ന നെയ്യാറ്റിങ്കരയിലും, വേറൊന്ന് കഴിത്തൂറയിലും, മൂന്നാമത്തേതു് കല്ലുകുത്തും ഉടനെ ആരംഭിക്കണമെന്നാജ്ഞാപിച്ചു. തിരുവനന്തപുരം പട്ടണത്തെരക്ഷിക്കുന്നതിനും, കുത്തിവയ്പും ചികിത്സയും ആയ നടപടികൾ പ്രയോഗിക്കുന്നതിൽ സഹായിക്കുന്നതിനും ആയിട്ട് ഒരു സബ്ബ് അസിസ്റ്റൻറ് സർജനേയും ഹെൽത്ത്ഓഫീസറെ സഹായിക്കുന്നതിനു തിരുവനന്തപുരത്തിന്റെ അന്തർഭാഗങ്ങളിൽ ഒരു സാനിട്ടറി ആഫീസരേയും ഗവണ്മെന്റ് നിയമിച്ചു. നെടുമങ്ങാട്ട് ഒരു സബ്ബ്അസിസ്റ്റൻറ് സർജനേയും ൪ സാനിട്ടറി ആഫീസർമാരേയും നിയമിച്ചു. നെയ്യാറ്റിങ്കരയിൽ ൧ അസിസ്റ്റൻറ് സർജനും, ൨ സബ്ബ്അസിസ്റ്റൻറ് സർജന്മാരും, ൪ കമ്പൌണ്ടർമാരും ൪ ക്ലർക്കുമാരും അടങ്ങിയ ഒരു പ്രവർത്തകസംഘത്തെ ഏർപ്പെടുത്തി.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): നെടുമങ്ങാട്ട് കാളറാകേസുകളുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഇലാമാസത്തിന്റെ ഏതാണ്ട് ആരംഭത്തിൽ അവിടെ കാളറാകേസുകളുണ്ടായിരുന്നു.

വിളവങ്കോട്ടം നെയ്യാറ്റിങ്കരയും ൩ സാനിട്ടറി സർക്കിളാഫീസർമാരേയും ൪൩ വാക്സിനേറ്റർമാരേയും കൂടുതലായി ഉടനെ തന്നെ അയച്ചു. കൽക്കുളത്തു് ആദ്യം രണ്ടു സബ്ബ് അസിസ്റ്റൻറ് സർജന്മാരേയും ഒരു സാനിട്ടറി സർക്കിളാഫീസരേയും, ൪ വാക്സിനേറ്റർമാരേയും പ്രവർത്തക സംഘോദ്യോഗസ്ഥനെ സഹായിക്കുന്നതിനായി അയച്ചു. കൂടാതെ, കന്യാകുമാരിയിൽ ഒരു സബ്ബ് അസിസ്റ്റൻറ് സർജനെ അയച്ചു. ആദ്യം നിയമിച്ച പ്രവർത്തകസംഘം ഇതായിരുന്നു. അതിനെ പിന്നീട് വർദ്ധിപ്പിച്ചിട്ടുമുണ്ട്: ദൃഷ്ടാന്തമായിട്ട് ഇപ്പോൾ ഒരു സർവീസുള്ള ഉദ്യോഗസ്ഥനെ കന്യാകുമാരിക്കയച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥന്മാർ പരിചയമുള്ളവർ തന്നെയൊ എന്ന് ഓരാൾ ചോദിക്കുകയുണ്ടായി. തിരഞ്ഞെടുക്കപ്പെട്ട ആളുകൾ നല്ല പരിചയമുള്ളവരും, അവരിൽ രണ്ടുപേർ മിക്കവാറും സീനിയർ ഉദ്യോഗസ്ഥന്മാരുമാണ്. അവർ ഡെപ്യൂട്ടി സർജന്മാരല്ലാ. എന്നാൽ പരിചയമുള്ള സീനിയർ അസിസ്റ്റൻറ് സർജന്മാരും ഒന്നൊ രണ്ടോ പേർക്ക് പബ്ലിക്ക് ഹെൽത്ത് ജോലിയിൽ പ്രത്യേക തഴക്കം വന്നിട്ടുള്ളവരുമാണ്. പ്രവർത്തക സംഘത്തെ ഏർപ്പെടുത്തുന്ന വിഷയത്തിൽ യോഗ്യതയുള്ള ആളുകളെ മാത്രം നിയമിക്കുന്നതിനു പ്രത്യേക കരുതൽ എടുത്തിട്ടുണ്ടെന്നു സന്തോഷത്തോടെ ഞാൻ ഉറപ്പു പറയാം.

ഇപ്പോൾ രോഗസംക്രമണമുള്ള പ്രദേശങ്ങളിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്ന പ്രവർത്തക സംഘത്തിൽ മുമ്പു നിയമിച്ചിട്ടുള്ളതു കൂടാതെ ൩ അസിസ്റ്റൻറ് സർജന്മാരും ൧൩ സബ്ബ് അസിസ്റ്റൻറ് സർജന്മാരും ൫ കമ്പൌണ്ടർമാരും ൪ സാനിട്ടറി സർക്കിളാഫീസർമാരും ൩ സാനിട്ടറി ഇൻസ്പെക്ടർമാരും ൧൪ വാക്സിനേറ്റർമാരും ഉൾപ്പെട്ടിട്ടുണ്ട്. വാസ്തവത്തിൽ തെക്കൻ തിരുവിതാംകൂറിൽ കാളറാ ജോലിക്കായി സാനിട്ടറി ഡിപ്പാർട്ടുമെൻറിലെ പ്രവർത്തക സംഘത്തിൽ പകുതിയോ, പക്ഷെ, പകുതിയിലധികമൊ, നിയുക്തരായിട്ടുണ്ട്. പ്രവർത്തകസംഘത്തെ പററി ഇത്രയും പറഞ്ഞു കൊള്ളുന്നു. ഇതു സംബന്ധിച്ചു ഗവണ്മെൻറ് ധാരാളം പണവും ചെലവാക്കിക്കൊണ്ടിരിക്കയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ വാക്സിനേറ്റർമാർ ചെയ്യുന്ന ജോലിയുടെ സ്വഭാവമെന്താണെന്നു പറയാമൊ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): സാനിട്ടറി സിൽബന്തികളെല്ലാം സംഘത്തിലെ ഉദ്യോഗസ്ഥന്മാരുടെ കീഴിൽ പ്രവർത്തിക്കയാണെന്ന് എനിക്കറിയാം. വാക്സിനേറ്റർമാർ ഗുളികരണവേലയിലും കിണറുകളും മററു ജലോല്പത്തികളും ക്ലോറിനേററു ചെയ്യുന്നതിലും വഴുലേഖകൾ വിതരണം ചെയ്യുന്നതിലും ഏർപ്പെട്ടിരിക്കുന്നു. മരുന്നുകളുടെ വിതരണം ഈ പ്രവർത്തകസംഘം മുഖം മാത്രമല്ല നടത്തുന്നതു്. എന്നാൽ എല്ലാ പാർശ്വത്യകാരന്മാർ മുഖവും കൂടിയാണ്. രോഗസംക്രമണമുള്ള പ്രദേശങ്ങളിലെ അവരുടെ പ്രവർത്തിക്കുച്ചേരികൾ ഡിസ്പെൻസറികളായി രൂപാന്തരപ്പെടുത്തി അഹോരാത്രം തുറന്നു വച്ചിരിക്കയാണ്.

മി: എൻ. ആർ. കൃഷ്ണൻ (നിയമിത മെമ്പർ): ആയുർവേദ ഡിപ്പാർട്ടുമെൻറിനോടു ഈ സംഗതിയിൽ വല്ലതും പ്രവർത്തിക്കുന്നതിനു ഗവണ്മെൻറ് ആവശ്യപ്പെട്ടിട്ടുണ്ടൊ.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഇതുവരെയായി ആയുർവേദ ഡിപ്പാർട്ടുമെൻറ് ഇതു സംബന്ധമായ യാതൊരേർപ്പാടും ചെയ്യുന്നതിനാജ്ഞാപിക്കപ്പെട്ടിട്ടില്ല.

മി: എൻ. ആർ. കൃഷ്ണൻ (നിയമിത മെമ്പർ): ഈ സംഗതിയിൽ അവർ കൂടി വല്ലതും പ്രവർത്തിക്കുന്നതു് കൊള്ളാമെന്നു ഗവണ്മെൻറ് വിചാരിക്കുന്നുണ്ടൊ,

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഉണ്ട്. ആ സ്ഥലങ്ങളിൽ ഉള്ള ആയുർവേദ വൈദ്യന്മാർ അവരാൽ കഴിവുള്ളേടത്തോളമെല്ലാം ചെയ്യുന്നതിനു, വാസ്തവത്തിൽ യാതൊരു പ്രതിബന്ധവുമില്ല.

പ്രസിഡൻറ്: ഇതുവരെയായി വിഷൂചിക ബാധിച്ച ഒരു രോഗിയും ആയുർവേദ ചികിത്സയ്ക്കായി ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ അലോപ്പതി ചികിത്സയ്ക്കായി ആവശ്യപ്പെട്ടിട്ടുണ്ട്.

മി: കെ. ജോർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഒരു രോഗിയും ആയുർവേദ ചികിത്സയ്ക്കായി ആവശ്യപ്പെട്ടിട്ടില്ലെന്നാണ് പ്രസിഡൻറ എന്നോടു പറയുന്നത്. അതിനാൽ സ്പഷ്ടമാകുന്നത് പ്രവർത്തകസംഘത്തിൻെറ സംഗതിയിലും പണച്ചെലവിലും ഒരുപോലെ സന്ദർഭത്തിൻെറ ആവശ്യങ്ങളെക്കുറിച്ച് ഗവണ്മെൻറ നല്ല ബോധമുള്ളവരായിരുന്നു എന്നാണ്. രണ്ടു ഡിപ്പാർട്ടുമെൻറുകളുടേയും കൂടിയുള്ള ചെലവു ൩,൪൫,൦൦൦ രൂപായോളം വരും. ഈ ചെലവു ചെയ്യുന്നതിലേക്കു ഗവണ്മെൻറ സഭയോടാലോചിക്കാഞ്ഞതു എന്തു കൊണ്ടാണെന്നു നിങ്ങൾ ചോദിക്കുമായിരിക്കാം. ഞങ്ങൾ സഭായെ വിളിച്ചു വരുത്തിയ അവസരത്തിൽ ആകെ ചെലവു എന്തായിരിക്കുമെന്നു ഞങ്ങൾക്കു അറിവില്ലാഞ്ഞതിനാലത്രെ. മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ചെലവു ൨൪,൦൦൦ രൂപായും, സാനിട്ടറി ഡിപ്പാർട്ടുമെൻറിലെ ചെലവു ൯൦൦൦ രൂപായും ആണ്. കാര്യം വളരെ അടിയന്തിരമാകയാലും, നിയമസഭാ റെഗുലേഷൻെറ അടിയന്തിര വകുപ്പനുസരിച്ചു പ്രവർത്തിക്കുന്നതിനു ഗവൺമെൻറു നിശ്ചയിക്കുന്നതിനാലും, ബഡ്ജററിൽ കൊള്ളിക്കുന്നതിനു മുമ്പായിട്ടുതന്നെ ഈ ചെലവു നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ ചെയ്യാൻ കഴിയുന്നതൊക്കയും ഗവൺമെൻറു ചെയ്തിട്ടുണ്ടെന്നു മെമ്പർമാർക്കു ഇപ്പോൾ ബോദ്ധ്യപ്പെട്ടുമെന്നു എനിക്കു നിശ്ചയമുണ്ട്.

എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും): മററുസ്ഥലങ്ങളിൽ ഇതു് പകരാതിരിക്കുന്നതിന് എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഗവൺമെൻറ് ആദ്യത്തിൽ ചെയ്തിട്ടുള്ളതിനെക്കുറിച്ചു മെമ്പർ എന്നെ അനുസ്മരിപ്പിക്കുന്നതിൽ എനിക്കു സന്തോഷമുണ്ട്. രോഗബാധിതങ്ങളായ സ്ഥലങ്ങളിൽനിന്നും ദേശാന്തരഗമനം അശേഷം തടയപ്പെടണമെന്ന് ഒരു മെമ്പർ നിർദ്ദേശിച്ചു.

മി: എസ്. പിള്ളവിപ്പെരുമാൾപിള്ള (വ്യവസായവും- വാണിജ്യവും, തെക്ക്): ആളുകൾ വൈക്കത്തഷ്ടമിക്കു പോകുന്നതിന് അനുവദിക്കപ്പെട്ടിട്ടുണ്ടോ എന്നു മെമ്പറിൽനിന്നും അറിയാമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): മെഡിക്കലാഫീസർമാരിൽനിന്നും കുത്തിവയ്ക്കപ്പെട്ടു എന്നുള്ള സർട്ടിഫിക്കററു കാണിക്കുന്നെങ്കിലല്ലാതെ അവർ പൊയ്ക്കൂടാത്തതാകുന്നു. നാഗർകോവിലിൽ നടന്ന ശവരിയാർ വിശുദ്ധൻെറ തിരുനാളിൻെറ സംഗതിയിലും രോഗബാധിതങ്ങളായ സ്ഥലങ്ങളിൽനിന്നും പെരുന്നാളിൽ സംബന്ധിക്കുന്നതിൽനിന്നു തടയുന്ന ഒരു പരസ്യം പുറപ്പെടുവിക്കയുണ്ടായി. രോഗബാധിതസ്ഥലങ്ങളിൽനിന്നും ദേശാന്തരഗമനം തടയുന്നതിനു ഇങ്ങിനെയുള്ള വഴികളിൽമാത്രമെ ഗവണ്മെൻറിനു സാധിക്കുമുള്ളു. ദേശാന്തരഗമനം അശേഷം നിരോധിക്കുന്നതിനും ഏർപ്പാടുചെയ്യുന്നെങ്കിൽ ജനങ്ങളുടെ മദ്ധ്യേ പരിഭ്രാന്തിയുണ്ടാകുമെന്ന് ഗവണ്മെൻറ് ശങ്കിക്കുന്നതിനാൽ ഇതുവരെ അങ്ങിനെ ഒരു നടപടി എടുത്തിട്ടില്ല. സന്ദർഭംപോലെ അടിയന്തിരനടപടികൾ നടത്തുന്നതിലേക്ക് സാംക്രമികരോഗറഗുലേഷൻസംബന്ധിച്ച് ഏതാനും ചട്ടങ്ങൾ അടുത്തുതന്നെ രൂപീകരിച്ചു വച്ചിട്ടുണ്ട്. അവയെ പരിശോധിച്ചശേഷം തക്കസിയാതെ പുറപ്പെടുവിക്കുന്നതാണ്.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഭക്ഷണസാധനങ്ങൾ രോഗം സംക്രമിച്ചിട്ടുള്ള സ്ഥലങ്ങളിൽനിന്നും മററുസ്ഥലങ്ങളിലേക്ക് കൊണ്ടുപോകാതിരിക്കുന്നതിനു എന്തെങ്കിലും നിയന്ത്രണം ചെയ്തിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): തല്ക്കാലം ആഹാരസാധനങ്ങൾ കൊണ്ടുപോകുന്നതിനെ നിരോധിക്കുന്ന ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല. അതു് ജനങ്ങളുടെ ഉപജീവനത്തെ ബാധിക്കുന്ന ഒരു സംഗതിയാണ്. ഈ ഘട്ടത്തിൽ ആഹാരസാധനങ്ങളെ സ്വാതന്ത്ര്യമായി വില്ക്കുന്നതിനെ നിരോധിക്കുന്നതിന് നടപടികൾ ഗവണ്മെൻറ് നടത്തണമോ എന്നുള്ളതു് ആലോചനയിൽ ഇരിക്കുന്നതേയുള്ളു. വാസ്തവത്തിൽ ഇതുവരെ ഈ വഴിക്കു ഗവണ്മെൻറ് ഒന്നുംതന്നെ ചെയ്തിട്ടില്ല. ചീഞ്ഞ ആഹാരസാധനങ്ങൾ തെരുവുകളിലൊ മുറസ്സായസ്ഥലങ്ങളിലൊ കാണപ്പെടുന്നെങ്കിൽ അവയെ നശിപ്പിക്കണമെന്ന് ഉപദേശങ്ങൾ ഗവണ്മെൻറ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മത്സ്യം ഉണക്കുന്നതുസംബന്ധിക്കുന്നിടത്തോളം അതു് ഗവണ്മെൻറു വക മത്സ്യമുണക്കസ്ഥലങ്ങളിൽ മാത്രം നടത്തത്തക്കവണ്ണം വിലക്കുള്ള ഉപ്പു് തുക്കുവിക്കു കൊടുക്കാതിരിക്കുന്നതിന് ഗവണ്മെൻറ് കൃഷിഡയറക്ടരോട് ചട്ടംകെട്ടിയിട്ടുണ്ട്. ഇവയാണ് തല്ക്കാലം ആവശ്യമെന്നു വിചാരിക്കപ്പെടുന്ന നടപടികൾ എല്ലാം.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരിയും-പീരുമേട്ടും): വേവിക്കാതെ ഭക്ഷിക്കുന്ന ഭക്ഷണസാധനങ്ങളെ അന്യസ്ഥലങ്ങളിൽ കൊണ്ടുപോകാതെ തടയാൻ സാധിക്കുകയില്ലേ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതു് ആലോചിക്കേണ്ട ഒരു വിഷയമാണ്. അതു് പ്രത്യേകമായി പട്ടണാതിർത്തികളിൽനിന്നും ആഹാരസാധനങ്ങൾ ലഭിക്കേണ്ടതായ തിരുവനന്തപുരത്തുള്ള അനേകമാളുകളെ ബാധിച്ചേക്കാം. അതു് നടപ്പിലാക്കുകയാണെങ്കിൽ തിരുവനന്തപുരം മുഴുവനും പട്ടിണിയാകുമെന്നു ഞാൻ ശങ്കിക്കുന്നു.

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഉദാഹരണമായിട്ടു മോരു മുതലായ സാധനങ്ങൾ.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അങ്ങനെയൊന്നു ഞങ്ങൾ അതു് നിഷ്കർഷിച്ചിട്ടില്ല. അതു് ആലോചിക്കപ്പെടട്ടെ. അപ്രകാരം ചെയ്യുന്നതു് യുക്തവും ന്യായവുമാണെങ്കിൽ അങ്ങിനെ ചെയ്യപ്പെടട്ടെ.

മി: എ. ജി. മേനോൻ (പാറവൂർ): ദേഹം പാവപ്പെട്ട ജനങ്ങളുടെ ഇടയിൽ പടർന്നിരിക്കുന്ന എന്നുള്ള വാസ്തവം കരുതി അവർക്ക് ഗവണ്മെൻറിൻെയിന്നും ഗ്രാചിയായ ക്ഷേണം കൊടുക്കുന്നതു് അഭിലഷണീയമായിരിക്കയില്ലേ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): മെമ്പർ വീണ്ടും അതേപ്പററി എന്നെ അനുസ്മരിപ്പിച്ചതിൽ എനിക്കു സന്തോഷമുണ്ട്. മെഡിക്കൽഡിപ്പാർട്ടുമെൻറിനു കൊടുത്തിട്ടുള്ള പണം മുഴുവനായി രോഗികൾക്കൊ പ്രവർത്തക സംഘത്തിനോ മരുന്നുകാർക്കൊ ആയിട്ടല്ല ചെലവുചെയ്യപ്പെടുന്നതു്. അതിൽ

ഒരു നല്ല രോഗം ഔദാര്യമായി ചിലപ്പോൾ വസ്ത്രമായിട്ടും ചിലപ്പോൾ ഭക്ഷണമായിട്ടും ചെലവാക്കപ്പെടുന്നു. അർഹതപ്പെട്ടവരായ കേസുകളിൽ ഇതുകളും ഗവണ്മെന്റ് ചെലവിന്മേൽ കൊടുക്കപ്പെടുന്നു.

അങ്ങിനെ ആ വിഷയത്തിലും ഗവണ്മെന്റിന് ഔദാര്യബുദ്ധി ഇല്ലാതില്ല. ഇതിലും നമ്മുടെ ഉദ്യോഗസ്ഥന്മാർ ഇപ്പോൾ ചെയ്തുവരുന്ന വേലയെ പ്രശംസിച്ചുകൊണ്ട് ഒരു വാക്കുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഉദ്യോഗസ്ഥന്മാരിൽ പലരും രോഗസംക്രാന്തമായ പ്രദേശങ്ങളിൽ വേലചെയ്യുന്നുണ്ടെന്നുള്ളതു് നമുക്കു അറിയാം. ഭയങ്കരവും സ്വാംഗനാശകവുമായ ഒരു രോഗബാധയ്ക്കിടയിലാണ് അവർ ജോലിചെയ്യുന്നതു്. നാമിപ്പോൾ ആ വിഷയത്തെക്കുറിച്ചു വിമർശനം ചെയ്യുന്നതുകൊണ്ടു്, ചെയ്തുകൊണ്ടിരിക്കുന്ന വേലയെ ശ്ലാഘിച്ചു് ഒരു വാക്കു പറയേണ്ടതു് നമ്മുടെ കടമയാണെന്നു് ഞാൻ വിചാരിക്കുന്നു.

മി: മുകുന്ദപുരം വിൽപ്പാക്കുപിള്ള (ചേർത്തല): സമുദ്രതീരത്തുനിന്നും ടൌൺഭാഗത്തുള്ളതിക്കുള്ളിൽ രോഗബാധിച്ചിട്ടുള്ള ആളുകൾ കടക്കുന്നതായി മെഡിക്കൽ ആഫീസർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞുകാണുന്നു. അതിനെ തടയേണ്ടതാവശ്യമല്ലേ? അതിനുവേണ്ടി വല്ലതും ചെയ്തിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): സർ, അതിനു മറുപടി ഞാൻ കൊടുത്തുകഴിഞ്ഞു.

പ്രസിഡന്റ്: അതിനു മറുപടി കൊടുത്തുകഴിഞ്ഞിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) തെക്കൻതിരുവിതാംകൂറിലെ ഗ്രാമങ്ങളുടെ നേരേ അശ്ലീലമായ അവസ്ഥ വിചാരിച്ചു് ഈ ഗ്രാമങ്ങളുടെ പ്രത്യേകചുമതല വഹിക്കുന്നതിലേക്കായി പബ്ളിക്ക ഹെൽത്ത്വിഷയത്തിൽ പ്രത്യേകയോഗ്യതയുള്ള ഒരു മെഡിക്കൽഓഫീസറെ നിയമിക്കുന്നതിന്റെ ആവശ്യത്തെപ്പററി ഗവണ്മെന്റു സദയം ആലോചിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി) ഒരു പബ്ളിക്കുഹെൽത്ത് ഡിപ്പാർട്ടുമെന്റു രൂപീകരിക്കുന്ന വിഷയത്തിൽ റോക്ക്ഫെല്ലർ സ്ഥാപനത്തിലെ ഒരുദ്യോഗസ്ഥൻ അടുത്തുതന്നെ നമ്മെ സഹായിക്കുന്നതിനിടയുണ്ടെന്നുള്ളതു് മി. മാധവൻപിള്ളയ്ക്കു സുവിദിതമാണെന്നു ഞാൻ വിശ്വസിക്കുന്നു. അതു സംബന്ധിച്ചു ഇതും ഇതുപോലെ രാജ്യത്തിലെ പബ്ളിക് ഹെൽത്തിനെ സംബന്ധിക്കുന്ന മററു നടപടികളും റോക്കഫെല്ലർ സ്ഥാപനത്തിലെ ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ചു നടപ്പിൽ വരുത്തുന്നതായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) വിഷൂചിക ബാധിച്ചിട്ടില്ലെങ്കിലും അപ്രകാരം ബാധിക്കപ്പെടുന്നതിന് ആസന്നമായ അപകടനിലയിലിരിക്കുന്ന ഗ്രാമങ്ങളിൽ ഇപ്പോൾ ചെയ്തുവരുന്നതു് എന്താണെന്നു അറിയാമോ?

മി: കെ. ജോർജ് (ഗവണ്മെന്റു് ചീഫ്സെക്രട്ടറി). പണമനുവദിക്കുന്നിടത്തോളം ശുചികരണസ്ഥാനങ്ങൾ രൂപീകരിച്ചുവരുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

സാനിട്ടറിയും മെഡിക്കലും ഡിപ്പാർട്ടുമെന്റുകൾ തൽക്കാലം രോഗം കലശലായി കൂട്ടികൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ അതിനെ എതിർക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കയാകയാൽ രോഗം ബാധിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ഗവണ്മെന്റിനു ചെയ്യാൻ ആഗ്രഹമുള്ളിടത്തോളം ശ്രദ്ധ ചെലുത്തുന്നതു സാദ്ധ്യമല്ലാതിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതു നാം വിഷൂചികയെ ക്ഷണിച്ചുവരുത്തുകയാണെന്നു് അർത്ഥമാകുന്നില്ലേ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി). വിഷൂചികയുണ്ടാകുന്ന ഇടങ്ങളിൽ ഞങ്ങൾ അതിനെ അമർച്ചവരുത്തുകയാണ്. അതിനാൽ അതു് മററുസ്ഥലങ്ങളിലേക്കു പടരുന്ന കാര്യം ഉൽഭവിക്കുന്നില്ല. കൂടാതെ, രോഗം ബാധിക്കാത്ത സ്ഥലങ്ങളിൽ ചില നിവാരണോപായങ്ങൾ പ്രയോഗിക്കപ്പെടുന്നു. ഉദാഹരണമായി സാകല്യമായി കുത്തിവയ്പു നടത്തപ്പെടുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). കഴിഞ്ഞ തുലാമാസത്തിൽ ആരംഭിച്ചു ഈ സാംക്രമികരോഗം കുറച്ചുകാലത്തിനു കഴിഞ്ഞ ഏഴു മാസങ്ങളായി ഉടൻകൊണ്ടിരിക്കയാണ്. അതിനാൽ സാനിട്ടറിഡിപ്പാർട്ടുമെന്റിന്റെ ഘടനയെ ഒരു പബ്ളിക്കുഹെൽത്ത് ഡിപ്പാർട്ടുമെന്റായി പുനഃസംഘടിപ്പിക്കുന്ന സംഗതിയെ സ്പർശിക്കാതെ അപകടം ആസന്നമായിരിക്കുന്ന പ്രദേശങ്ങളിൽ നിവാരണജോലിക്കും ചുമതല വഹിക്കുന്നതിനു പബ്ളിക്കുഹെൽത്ത്വിഷയത്തിൽ പ്രത്യേകയോഗ്യതകളുള്ള ഒരു സ്പെഷ്യൽ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന്റെ അഭികാമ്യതയെപ്പററി ഗവണ്മെന്റു് ആലോചിക്കയില്ലേ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി). ഒരു സ്ഥിരമായ ഏർപ്പാടായിട്ടോ അതോ ഇപ്പോൾ ഉണ്ടാകുന്ന ഒരു താൽക്കാലിക ഏർപ്പാടായിട്ടോ ആണ് മെമ്പർ ഇതിനെ നിർദ്ദേശിക്കുന്നതു്?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). പബ്ളിക്കുഹെൽത്ത് ഡിപ്പാർട്ടുമെന്റു് സംഘടിതമാകുന്നതുവരെ.

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി). ആ സംഗതി ഗവണ്മെന്റു് ആലോചിക്കുന്നതായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). ഏതാനും കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിനും അടിയന്തിരാവശ്യത്തെപ്പററി ഗവണ്മെന്റു് ആലോചിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി). സമയമെടുക്കുന്ന കാര്യമാകയാൽ ഉടൻതന്നെ കുഴൽക്കിണറുകൾ സ്ഥാപിക്കുന്ന സംഗതിയുടെ ആവശ്യം ഗവണ്മെന്റു് ഇതുവരെ ആലോചിച്ചിട്ടില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). ഇനങ്ങൾ വെള്ളമെടുത്തുവരുന്ന കുളങ്ങൾ പൂർണ്ണമായി നികത്തുന്ന ചാലുകളിലെ വെള്ളം ശുചീകരിക്കുന്നതു് അസാദ്ധ്യമാണെന്നു സാനിട്ടറി കമ്മിഷണർ തന്നെയും സമ്മതിച്ചിട്ടുണ്ടെന്നുള്ള സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പതിഞ്ഞിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി). അതെ, ഈ സ്ഥലങ്ങളിൽ കൂടുതൽ കിണറുകൾ ഉണ്ടായിരിക്കുന്നതു് ആവശ്യമാണെന്നു ഗവണ്മെന്റു നിഷേധിക്കുന്നില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എന്നാൽ ഗവണ്മെന്റു് ഉടൻ വല്ലതും ചെയ്യാത്തതു എന്തുകൊണ്ടാണ്?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഗവണ്മെൻറ് സംഗതി ആലോചിച്ചു ഉടൻ തന്നെ വല്ലതും ചെയ്യാൻ സാധിക്കുമോ എന്നു തീർച്ചപ്പെടുത്തുന്നതായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). ഈ സംക്രാമികരോഗത്തോടു മല്ലിടുന്നതിന് ഈ പ്രദേശങ്ങളിലേക്കു പോകാൻ തയ്യാറുള്ള വൈദ്യന്മാർക്ക് ഗവണ്മെൻറ് വല്ല സഹായവും ചെയ്യുന്നതിനു ഒരുക്കമുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതു എനിക്കു പെട്ടന്നു മറുപടി പറയാൻ കഴിയാത്ത ഒരു സംഗതിയാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും: ഈ രോഗ ബാധിതങ്ങളായ പ്രദേശങ്ങളിൽ ജോലിചെയ്യാൻ ഒരു വൈദ്യൻ സമ്മതിച്ചതായ ഒരുദാഹരണം തരാൻ ചീഫ് സെക്രട്ടറിക്കു കഴിയുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ആ സംഗതി എന്റെ അറിവിൽ വന്നിട്ടില്ലാ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): രോഗസംക്രാന്തസ്ഥലങ്ങളിൽ ജോലിചെയ്യുന്ന ഈ ആളുകൾ സഹായമാനത്തിന് അർഹന്മാരല്ലേ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): തീർച്ചയായിട്ടും അതെ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കാളറായോടു മല്ലിടുന്നതിൽ വാസ്തവമായി തങ്ങളുടെ ജീവൻ അപകടത്തിലാക്കുന്നവരോടു ഉത്കണ്ഠത്തെ ഗവണ്മെൻറ് അനുകൂലമായി ആലോചിക്കുമോ എന്നാണ് എനിക്കു അറിയേണ്ടതു്.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതു് ആത്മാർത്ഥമായി ഒരണ്ടബോർഡ് ആലോചിക്കേണ്ടിയ ഒരു പ്രമേയമാണ്. അതു് തങ്ങളുടെ മുമ്പിൽ എത്തുമ്പോൾ ഗവണ്മെൻറ് അതു ആലോചിക്കുന്നതാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അങ്ങിനെ ജോലിചെയ്യുന്നവർക്ക് പ്രോത്സാഹനം നൽകുന്നതു് ന്യായമാണെന്ന് ഗവണ്മെൻറ് വിചാരിക്കുന്നില്ലേ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): എന്നാൽ പ്രതിഫലത്തെപ്പററി ഗവണ്മെൻറ് ആത്മാർത്ഥമായിട്ടു പ്രവർത്തിക്കുകയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ചീഫ്സെക്രട്ടറി വ്യവസ്ഥാപിതമായ നിലയെ മാത്രം പ്രസ്താവിക്കയാണ് ചെയ്യുന്നതു്. എന്നാൽ ഇപ്പോൾ സന്ദർഭം അപകടകരമാണ്. ആ നിലക്ക് ഈ ആളുകൾ പ്രോത്സാഹനത്തിന് അർഹന്മാരല്ലേ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അവർ ആണെന്നു ഞാൻ മുമ്പു പറഞ്ഞിട്ടുണ്ട്. സംഗതി ഗവണ്മെൻറുമുമ്പാകെ എത്തുമ്പോൾ അതു ആലോചനയ്ക്കെടുക്കുന്നതാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പ്രോത്സാഹനം നൽകുമെന്നു പ്രസ്താവിക്കുന്നതായാൽ കൂടുതൽ തൃപ്തികരമായി ജോലിചെയ്യുന്നതിനു അവ ആളുകളെ പ്രോത്സാഹിപ്പിക്കുകയില്ലേ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): തീർച്ചയായിട്ടും ആ സംഗതി ആലോചിക്കപ്പെടും.

സർ, ഇതുസംബന്ധമായി, രോഗത്തോടു മല്ലിടുന്നതിനു ഗവണ്മെൻറും അവരുടെ ഉദ്യോഗസ്ഥന്മാരും ചെയ്തിട്ടുള്ള ഗുണവശങ്ങളെപ്പററി നാം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ സമർപ്പിക്കുന്നതു രോഗബാധിതങ്ങളായ ഈ ഗ്രാമങ്ങളിൽ കത്തോലിക്ക പാദ്രിമാരിൽ ചിലർ ചെയ്തിട്ടുള്ള നല്ലവേലയെ അവിലമതിക്കുന്നതായി രേഖപ്പെടുത്തുന്നില്ലെങ്കിൽ കൃത്യനിർവഹണത്തിൽ കുറവുള്ളവരായിരിക്കുന്നതാണ് എന്നാണ്. ഈ സാംക്രമികരോഗത്തെ എതിർക്കുന്നതിൽ തെക്കൻ തിരുവിതാംകൂറുള്ള ചില സ്വകാര്യമെഡിക്കൽ പ്രവർത്തകസംഘക്കാരിൽ ചിലർ പ്രത്യേകമായി രക്ഷാസൈന്യമെഡിക്കൽഉദ്യോഗസ്ഥന്മാരും ലണ്ടൻ മിഷ്യൻ മെഡിക്കൽഉദ്യോഗസ്ഥന്മാരും ചെയ്തിട്ടുള്ളവേലയും നമുക്കു മറന്നുകളയുവാൻ പാടുള്ളതല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വാക്സിനുപയോഗത്തെ തടയുന്നതായുള്ള വല്ല ലക്ഷണവും ഉണ്ടോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഗവണ്മെൻറിനു അറിവില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അങ്ങിനെ വല്ല ലക്ഷണവും കാണുന്നുണ്ടെങ്കിൽ, അതു നിവൃത്തിക്കുന്നതിനു ഗവണ്മെൻറ് നടപടി എടുക്കുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): നടപടി എടുക്കുന്നതിനു തീർച്ചപ്പെടുത്തുന്നതിനു മുമ്പായിത്തന്നെ ഗവണ്മെൻറിനു അതെപ്പററി അറിയേണ്ടിയിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): നാം വീണ്ടും കൂടുന്നതു വരുന്ന മീനമാസത്തിൽ മാത്രമാണ്. അതിനാൽ ഇടക്കുള്ള സമയത്തു്, ഗവണ്മെൻറിനു അതെപ്പററി അറിയുന്നതിനിടയുണ്ടാകുന്നെങ്കിൽ അതു നിവൃത്തിക്കുന്നതിനുള്ള നടപടികൾ ഗവണ്മെൻറ് എടുക്കുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഡാക്ടർ രാമൻതമ്പിക്കു ഈ വിഷയത്തെപ്പററി സംസാരിപ്പാൻ ഇനിയും ഒരവസരം ലഭിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ഇനിയും ഒരു വാക്കുകൂടി മാത്രമെ സമർപ്പിപ്പാനുള്ളു. അതെന്തെന്നാൽ രോഗത്തെ എതിർക്കുന്നതിനു സ്വമേധാസംഘടനകൾ രൂപികരിക്കുന്നതിനെറ ഒഴിച്ചുകൂടാത്ത അടിയന്തിരാവശ്യമത്രെ. ഗവണ്മെൻറ് ഈ സംഗതിയിൽ തങ്ങളാൽ ആവോളം ചെയ്തുവരുന്നുണ്ട്. പ്രവർത്തകസംഘടപ്പെടുത്തുന്ന സംഗതിയിലും പണക്കൂലുകളിലും അവർ ഒന്നും വിട്ടുകളഞ്ഞിട്ടില്ലാ. എന്നാൽ ഇതു് പൊതുജനങ്ങൾകൂടി വലുതായ അളവിൽ സഹകരിക്കേണ്ട ഒരു കാര്യമാണ്. ഇതുപോലെയുള്ള കാര്യങ്ങളിൽ ഗവണ്മെൻറുമായി സഹകരിക്കുന്ന

തിനു ഉത്തമമായമാർഗ്ഗം രോഗം നടപ്പുള്ള അതതു പട്ടണങ്ങളിലും ഗ്രാമങ്ങളിലും സ്വമേധാസംഘപ്രവർത്തകസംഘങ്ങൾ ഏർപ്പെടുത്തുകയാണെന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെയുള്ള സ്വമേധാസംഘടനകൾക്കു വലുതായ അളവിൽ വേലചെയ്യാൻ കഴിയും. ഈ വേല സാധുജനങ്ങളുടെ ക്ഷേമത്തിൽ താല്പര്യമുള്ള ഏതൊരു മനുഷ്യനും മനസ്സാലെ ചെയ്യാൻ കടപ്പെട്ടിരിക്കുന്ന ഒരു സാമൂഹിക വേലയാണ്. അങ്ങിനെയുള്ള സംഘടനകൾക്കു മെഡിക്കലുദ്യോഗസ്ഥന്മാരെ പലവഴിക്കും സഹായിക്കാൻ കഴിയുന്നതാണ്. ഉദാഹരണമായിട്ടു, ശുചീകരണത്തിലും, കിണറുകൾ ക്ലോറിനേററു ചെയ്യുന്നതിലും ജനസാമാന്യത്തെ ഉപദേശിക്കുന്നതിലും എന്നിങ്ങനെയുള്ള വഴികളിൽ അവർക്കു പണം വരിയിട്ടു ശേഖരിക്കാനും ആ പണത്തെ സാധുജനങ്ങൾക്കു് ആഹാരവും വസ്ത്രവും കിടക്കകളും കൊടുക്കുന്നതിനുപയോഗിപ്പാനും കഴിയുന്നതാണ്. അങ്ങിനെയുള്ള വഴികളിൽ ഗവണ്മെൻറിൽ നിന്നും ചെയ്യാൻ കഴിയുന്ന സഹായം അപര്യാപ്തമല്ലാതിരിക്കാൻ ഇടയില്ല. രോഗം പ്രധാനമായി തെക്കൻ തിരുവിതാംകൂറിലാണ് ഉള്ളതു്. തിരുവിതാംകൂർസർക്കാരിന്റെ ഇതരഭാഗങ്ങളിലുള്ള ആളുകൾക്കു് പണം വസ്ത്രം മുതലായതുകൾ കൊണ്ടു് സാരമായ സഹായം ചെയ്യാൻകഴിയും.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രചരണവേല ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതുവോ എന്നു പറയാമോ?

മി: കെ. ജാർജ്ജ് (ഗവർണ്ണമെൻറ് ചീഫ്സെക്രട്ടറി): പ്രചരണവേല കുറേശ്ശ നടത്തിവരുന്നുണ്ട്. എന്നാൽ അതുമതിയാകുന്നില്ല. കഷ്ടപ്പെടുന്ന സാധുജനങ്ങൾക്കു് അന്നവസ്ത്രാദികൾ നല്കുന്നതിനായി ജനങ്ങളിൽ പണം ശേഖരിക്കണം. ഈ സമയത്തു് ആഹാരവും വസ്ത്രവുമാണ് മുഖ്യമായ ആവശ്യങ്ങൾ. ക്ഷാമം-ചെവള്ളപ്പൊക്കക്കാലത്തു് ഇങ്ങിനെയുള്ള സന്ദർഭം എനിക്കിപ്പോൾ ഓർമ്മവരുന്നുണ്ട്. ആ സമയത്തു് ജനങ്ങൾ പ്രബുദ്ധരായി തീർന്നുടനെ അത്യുത്സാഹത്തോടെ സഹായിപ്പാൻ മുന്നോട്ടു ഇറങ്ങിവന്നു രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും സ്വമേധാസംഘടനകൾ ഉണ്ടായിവന്നു. അങ്ങിനെയുള്ള സംഘടനകൾ ഈ അവസരത്തിൽ രൂപീകരിക്കപ്പെടേണ്ടതാണ്. അതുകൊണ്ടാണ് സഭയോടു ഞാൻ ഈ അപേക്ഷ ചെയ്തതു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അങ്ങിനെയുള്ള സ്വമേധാസംഘടനകൾക്കു് എന്തുപ്രകാരം സഹായം ചെയ്യുന്നതിനു ഗവണ്മെൻറ് തയ്യാറുണ്ട്.

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ജനങ്ങളിൽ നിന്നാണ് പ്രാരംഭോദ്യമങ്ങൾ പുറപ്പെടേണ്ടതു്. മുനിസിപ്പാൽ അന്തരായങ്ങളിൽ നഗരസഭക്കാർ ജോലി ഭരമേല്ക്കണം. ഗ്രാമീണന്തരായങ്ങളിൽ പൊതുജനക്ഷേമപ്രസക്തന്മാരായ ആളുകൾ സ്വമേധാസംഘടനകൾ ഏർപ്പെടുത്തണം. ഇതു്പോലെയുള്ള ഒരു കാര്യത്തിൽ കഷ്ടപ്പെടുന്ന ജനങ്ങൾക്കു് കഴിയുന്നത്ര സഹായം ചെയ്യേണ്ടതു് പൊതുജനങ്ങളുടെ കടമയാണെന്നു് ഞാൻ വിചാരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): രോഗം ശമനത്തിന്റെ ലക്ഷണം കാണിക്കാതിരിക്കുന്ന വാസ്തവം കണക്കിൽ കൂടുതൽ മെഡിക്കലുദ്യോഗസ്ഥന്മാരെ പ്രത്യേക ജോലിയിൽ നിയമിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചു് ഗവണ്മെൻറിനു ബോദ്ധ്യം വന്നിട്ടുണ്ടോ എന്നു അറിയാമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഞാൻ മുമ്പുപ്രസ്താവിച്ചതുപോലെ ഖേദകരമായിടത്തോളം എത്ര കിട്ടുവോ അത്ര മെഡിക്കലുദ്യോഗസ്ഥന്മാരെ വിട്ടുകൊടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറു എപ്പോഴും തെക്കുള്ളവരാണ്. ഞങ്ങൾ ഇതുവരെ ഒട്ടുവളരെ പേരെ നിയോഗിച്ചയച്ചിട്ടുണ്ട്. കൂടുതൽ ആളുകൾ ആവശ്യമുള്ളപക്ഷം ആവശ്യമുള്ളടത്തോളം ആളുകളെ വടക്കൻ തിരുവിതാംകൂറിലുള്ള ആസ്പത്രികളിൽ നിന്നും വിടുത്തി അയക്കുന്നതിനു ഗവണ്മെൻറിനു സമ്മതമാണ്. എന്നാൽ സംക്രമണം ഇപ്പോൾ തന്നെ ശമനത്തിന്റെ ലക്ഷണങ്ങൾ കാണിക്കുന്നുണ്ടെന്നു് ഗവണ്മെൻറിനു അറിവുകിട്ടിയിട്ടുണ്ട്.

പ്രസിഡൻറ്: വാക്പ്രതിവാദം ഇ. സ-ം-ന താനെ അവസാനിക്കുന്നു. എന്നാൽ പ്രമേയത്തിന്മേൽ വോട്ടെടുത്തില്ലല്ലോ എന്നു പ്രയോക്താവിനു ഖേദിക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. കാരണം പ്രത്യേകമായ ഈ വിഷയത്തിൽ ഗവണ്മെൻറും അനുദ്യോഗസ്ഥസാമാജികന്മാരും എല്ലാവരും ഒരേഅഭിപ്രായവും ഒരേ മനസ്ഥിതിയും ഉള്ളവരാണ്. അതായതു് കഷ്ടപ്പാടു കുറക്കുന്നതിനും രോഗത്തിന്റെ മേലുള്ള പിടിത്തത്തെ തടുക്കുന്നതിനും കഴിവുള്ളതെല്ലാം ചെയ്യേണ്ടതാണ് എന്നുള്ളതിനെക്കുറിച്ചുതന്നെ. ചീഫ്സെക്രട്ടറി ഇപ്പോൾ തന്നെ പ്രസ്താവിച്ചപ്രകാരം രോഗത്തിന്റെ ശക്തികുറഞ്ഞു വരുന്നലക്ഷണങ്ങൾ കാണുന്നുണ്ട്.

നാമിപ്പോൾ പിരിഞ്ഞു് കാലത്തു് മ-ി-ന വീണ്ടും കൂടുന്നതാണ്.

സഭ ഉ-ന-ന പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation)
T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാംയോഗം

൧൯൨൪-ലെ പ്രഥമസമ്മേളനം.

അഫീഷ്യൽ റിപ്പോർട്ട്.

൧൯൨൪ വൃശ്ചികം ൨൦-ാം൹ മുതൽ ൧൯൨൫ ഡിസംബർ ൪-ാം൹ ബുധനാഴ്ച.

വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ ൧൯ അടിച്ചു നന്നു മിന്നിട്ടായപ്പോൾ പ്രസിഡണ്ടിന്റെ ആജ്ഞക്ഷ്യത്തിൽ സഭ വീണ്ടും കൂടി.

താഴെക്കാണുന്ന മെമ്പറന്മാരൊഴികെ എല്ലാവരും ഹാജരുണ്ടായിരുന്നു.

മിസ്റ്റർ കെ. സി. കരുണാകരൻ, റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ, മി: കെ. മാധവൻ, മിസ്സസ് എലിസബത്തു കരുവിള.

ചോദ്യങ്ങളും ഉത്തരങ്ങളും.

കൃഷി ഇൻസ്പെക്ടറന്മാരേയും, വെററിനറി ഇൻസ്പെക്ടറന്മാരേയും സംബന്ധിച്ച വിവരങ്ങൾ.

൧൪. മി: എൻ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേട്ടും): (എ) കൃഷി ഇൻസ്പെക്ടറന്മാരുടെ വിദ്യാഭ്യാസയോഗ്യതകൾ, അധികാരാതിർത്തി, ശമ്പളം (ഗ്രേഡ് അല്ലെങ്കിൽ സ്കെയിൽ ഉൾപ്പെടെ), എന്നിവയും, അവരെ ചുമതലപ്പെടുത്തിട്ടുള്ള ജോലിയുടെ സാമാന്യസ്വഭാവവും കാണിക്കുന്ന ഒരു ലിസ്റ്റും,

(ബി) വെററിനറി ഇൻസ്പെക്ടറന്മാരുടെ വിദ്യാഭ്യാസയോഗ്യതകൾ, അധികാരാതിർത്തി, ശമ്പളം (ഗ്രേഡ് അല്ലെങ്കിൽ സ്കെയിൽ ഉൾപ്പെടെ) എന്നിവ കാണിക്കുന്ന ഒരു ലിസ്റ്റും മേശപ്പുറത്തു വയ്ക്കുവാൻ ഗവണ്മെൻറിനു മനസ്സുണ്ടാകുമൊ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ)-യും, (ബി) യും, ആവശ്യപ്പെട്ട ലിസ്റ്റുകൾ മേശപ്പുറത്തു വച്ചിരിക്കുന്നു.

മി: എൻ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേട്ടും): അനുബന്ധം (എ) യിൽ കൃഷി ഇൻസ്പെക്ടർ മി: ജി. എം. ഈപ്പൻ ഉദ്ദേശം ഉത്തരതിരുവിതാംകൂറിലുള്ള മിക്കവാറും താലൂക്കുകളിലെ ചാർജ്ജു വഹിക്കയാണ്, ഈ ജോലി തൃപ്തികരമായിട്ടു നടത്താൻ ഒരാളിനെക്കൊണ്ടു സാധിക്കുമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): കൃഷിസംബന്ധമായ ഡിസ്ട്രിക്ടുകളെ വീണ്ടും വിഭജനം ചെയ്തു ആ ഉദ്യോഗസ്ഥനു സ്വാസ്ഥ്യം നൽകേണ്ടതാണെന്നുള്ള വിഷയം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുന്നുണ്ട്.

മി: എൻ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേട്ടും): ഇതിലേക്കു കൂടുതൽ ആളുകളെ എടുക്കണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അതാണ് ഉദ്ദേശമെന്നു ഞാൻ വിചാരിക്കുന്നു.

ആലപ്പുഴയിലേക്കുള്ള ജലസംഭരണം.

൧൫. മി: പി. എസ്. മഹമ്മദ് (നിമിയത മെമ്പർ): ആലപ്പുഴയ്ക്കുള്ള ജലസംഭരണത്തെ സംബന്ധിച്ചു എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽനിന്നും നൽകിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ്, അതു സംബന്ധിച്ചു റിപ്പോർട്ട് ഗവണ്മെൻറിനു കിട്ടീട്ടുള്ള പക്ഷം മേശപ്പുറത്തു വയ്ക്കുവാൻ ഗവണ്മെണ്ടിനു മനസ്സുണ്ടാകുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ആലപ്പുഴയിലേക്കുള്ള ജലസംഭരണത്തെ സംബന്ധിച്ചു ചീഫ് എൻജിനീയർ താഴെക്കാണുന്ന പക്ഷാന്തരമായ നിർദ്ദേശങ്ങൾ നൽകീട്ടുണ്ട്.

(൧) മെയിൻസെൻട്രൽ റോഡിൽ ൯൦ാമത്തെ കിലോമീററിക്കു സമീപം സ്ഥാപിച്ചിട്ടുള്ള എണ്ണക്കാട്ടു ജലാധാരത്തെ നന്നാക്കി, കോട്ടയം ആലപ്പുഴ റോഡാക്കി മാററുവാൻ ഉദ്ദേശിച്ചിട്ടുള്ള വേമ്പനാട്ടു കായലിനു വിലങ്ങായുള്ള പുനരുദ്ധാരണ അണയിൽ കൂടി ഇടപ്പെട്ടിട്ടുള്ള ഒരു ആകർഷണക്കുഴൽ ശാഖവഴിയായി ജലം കൊണ്ടു പോകേണ്ടതാണ്.

(൨) വേമ്പനാട്ടു കായലിനു വിലങ്ങെയായി കോട്ടയത്തേയും ആലപ്പുഴയേയും തമ്മിൽ യോജിപ്പിക്കുന്ന റോഡിൽ കൂടി ഇടപ്പെട്ടിട്ടുള്ള ഒരു ആകർഷണക്കുഴൽ ശാഖവഴിയായി കോട്ടയത്തുനിന്നും ജലം കൊണ്ടുപോകേണ്ടതാണ്.

സംസ്ഥാനത്തിനു വെളിയിൽ നിന്നും വിലയ്ക്കു വാങ്ങുന്ന കന്നുകാലി സംഗ്രഹണം.

൧൬. മി: എ. ജി. മേനോൻ (പറവൂർ): എ. (൧) കോട്ടയം ഡിവിഷനിലുള്ള വടക്കൻതാലൂക്കുകളിലെ കൃഷിക്കാർ കന്നുകാലികളെ, പ്രധാനമായി കൃഷിക്കാര്യങ്ങൾക്കു ഉപയോഗിച്ചു വരുന്ന കാളകളും പോത്തുകളേയും വിലയ്ക്കു വാങ്ങുന്നതിലേക്കായി സംസ്ഥാനത്തിനു വെളിയിൽ ആണ്ടുതോറും അനേകായിരം രൂപ ചെലവു ചെയ്യുന്നുണ്ടെന്നും,

(൨) ഈ താലൂക്കുകളിൽ വിസ്താരമേറിയ കന്നുകാലിത്തോട്ടങ്ങൾക്കു ആവശ്യമുള്ള മേച്ചിൽ സൌകര്യങ്ങൾ വേണ്ടുവോളം ഉണ്ടെന്നും ഉള്ള വിവരം അറിവുണ്ടോ എന്നു പറയുവാൻ ഗവണ്മെൻറിനു മനസ്സുണ്ടാകുമോ?

(ബി) കുന്നത്തുനാട്ടു താലൂക്കിൽ യോഗ്യമായ ഒരു സ്ഥലത്ത് ഒരു കന്നുകാലിത്തോട്ടം ഏർപ്പെടുത്തുന്നതിന്റെ ആവശ്യത്തെപ്പററി ആലോചിക്കുന്നതിനും ഓരോ താലൂക്കിലേക്കും നല്ല ഇനത്തിലുള്ള വിത്തുകാളകളേയും പോത്തുകളേയും ആവശ്യമുള്ളിടത്തോളം നൽകുന്നതിനും ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) ൧-ം, ൨-ം ഉവ്വ്.

(ബി) കോട്ടയം ഡിവിഷനിലുള്ള എല്ലാ താലൂക്കുകളിലേക്കും ആവശ്യമുള്ളിടത്തോളം നല്ല ഇനത്തിലുള്ള വിത്തുകാളകളേയും പോത്തുകളേയും നൽകത്തക്കവണ്ണം വിപുലമായ ഒരു കന്നുകാലിത്തോട്ടം ദക്ഷിണതിരുവിതാംകൂറിൽ ഏർപ്പെടുത്തുകയെന്നതു പ്രാരംഭത്തിൽ വളരെക്കൂടുതലായും വീണ്ടും ആവർത്തകമായും ഉള്ള ചെലവിന് ഇടയാകുന്ന സംഗതിയാകയാൽ അതിനെ സംബന്ധിച്ച എല്ലാ വിഷയങ്ങളെപ്പററിയും വീണ്ടും സൂക്ഷ്മമായി ആലോചന നടത്താതെ നിർദ്ദിഷ്ടമായ യാതൊരു മറുപടിയും പറയുവാൻ നിവൃത്തിയില്ല.

മി: ജെ. ജെ. ഡാനിയൽ, ആക്ടിംഗ് പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടന്റ്.

൯൧. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): (എ) ആക്ടിംഗ് പോലീസ് ഡിസ്ട്രിക്ട്സൂപ്രണ്ട് ചാർജ്ജിലിരിക്കുന്ന മി: ജെ. ജെ. ഡാനിയലിന്റെ സ്ഥിതിയും, ഉദ്യോഗനിലയും;

(ബി) മററു പോലീസ് ഡിസ്ട്രിക്ട്സൂപ്രണ്ടന്മാർക്ക് ഉത്തരവുകൾ അയയ്ക്കുന്നതിനും അവരുടെ വിധികളിന്മേൽ അപ്പീലുകൾ തീർപ്പുചെയ്യുന്നതിനും അദ്ദേഹത്തെ അനുവദിച്ചിട്ടുണ്ടോ?

(സി) സ്ഥിരപ്രാവണക്കാരൻ ചാർജെടുക്കുന്നതുവരെ പോലീസുകമ്മീഷണർക്കു പകരം ജോലിനോക്കുവാൻ സീനിയർ പോലീസ് ഡിസ്ട്രിക്ട്സൂപ്രണ്ടിനേയോ അല്ലെങ്കിൽ തുല്യമായ ഉദ്യോഗനിലയിലുള്ള മറേറതെങ്കിലും ഉദ്യോഗസ്ഥനേയോ നിയമിക്കാത്തതെന്തുകൊണ്ട്?

(ഡി) ഉയർന്ന ആഫീസുകളിൽ ഇപ്രകാരമുള്ള ഒഴിവുകൾക്കു വളരെക്കാലം ആൾ നിയമിക്കാതെയിരുന്നതിനു ഇതല്ലാതെ വേറെയേതെങ്കിലും ഒഴുക്കുകൾ ഉണ്ടായിട്ടുണ്ടോ എന്നീ വിവരങ്ങൾ പറയുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ)-യും (ബി)-യും "ഡിമാൻഡ് ൨൫—പോലീസ്" എന്ന ഇനത്തിൽ ൨൦ വ-ാം നമ്പർ ഉപക്ഷേപത്തെ സംബന്ധിച്ചു നടന്ന വാഗ്പ്രതിവാദം മെംബർ നോക്കേണ്ടതാണ്. (സഭാനടപടികൾ വാല്യം ൧൩ നമ്പർ ൨ നോക്കുക.)

(സി) മുന്നറിവുതരാതെ പെട്ടെന്നു അവധി ഉപയോഗിക്കണമെന്ന് മി: പിററ് ആവശ്യപ്പെട്ടു. ഡിസ്ട്രിക്ട്സംബന്ധിച്ച ജോലിക്കു വലുതായ ഭേദഗതി വരുത്താതെ സമയത്തിനു അദ്ദേഹത്തെ പിരിച്ചയയ്ക്കുന്നതിലേക്കും അതുനിമിത്തം മറെറ വിധമായ ഏർപ്പാടുകൾ ചെയ്യുന്നതിനും സാധ്യമല്ലായിരുന്നു.

(ഡി) ചോദ്യം സംശയഗ്രസ്തമാണ്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): മറുപടി കിട്ടണമെന്നുദ്ദേശിച്ച് ഈ ചോദ്യം കഴിഞ്ഞാവണ അയച്ചിട്ടുള്ളതിനാലാണ് ഈ സംശയം തോന്നുവാൻ ഇടയായത്.

വ്യാവസായിക വായ്പകൾ.

൯൨. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ൧൯൧൦, ൧൯൧൧, ൧൯൧൨ എന്നീ ആണ്ടുകളിൽ ഓരോ താലൂക്കുകളിൽ നിന്നും വ്യാവസായിക വായ്പകൾ അനുവദിച്ചുകൊടുത്തിട്ടുള്ള ആളുകളുടെ പേരുവിവരം കാണിക്കുന്ന ഒരു സ്റ്റേറുമെന്റ് മേശപ്പുറത്തുവയ്ക്കുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ൧൯൨൭ ജൂലൈമാസം ൩൧-ന്നു നടന്ന സഭായോഗത്തിൽ ഈ വിഷയത്തെ സംബന്ധിച്ചുണ്ടായ ൪൩-ാം നമ്പർ ചോദ്യത്തിനു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള നല്കിയ മറുപടി മെംബർ നോക്കേണ്ടതാകുന്നു. (അച്ചടിച്ച നടപടികൾ വാല്യം ൧൩ നമ്പർ ൨ പുറം ൭.)

പോലീസ് കാൺഫറൻസിൽ പാസ്സായ പ്രമേയങ്ങൾ.

൯൩. മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): (എ) തിരുവനന്തപുരത്തുവച്ച് ഈയിടെക്കൂടിയ പോലീസ് കാൺഫറൻസിൽ പാസ്സാക്കിയ പ്രമേയങ്ങൾ മേശപ്പുറത്തു വയ്ക്കുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

(ബി) പ്രസ്തുത കാൺഫറൻസിലെ പ്രമേയങ്ങൾ ഏതെങ്കിലും പ്രകാരത്തിൽ ഗവണ്മെന്റിന്റെ നയത്തെ ബാധിക്കുന്നതാണോ?

(സി) അവർ കാൺസ്റ്റബിൾമാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നു ശുപാർശ ചെയ്തിട്ടുണ്ടെന്നു പറയുന്നതു വാസ്തവമാണോ?

(ഡി) പോലീസ് അസിസ്റ്റൻറ്സൂപ്രണ്ടന്മാരുടെ ഗ്രേഡ് എടുത്തുകളയേണ്ടതിന്റെ ആവശ്യകതയെപ്പററി അവർ ആലോചിച്ചിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) മുതൽ (ഡി) വരെ, പ്രസംഗവിഷയമായ പോലീസ് കാൺഫറൻസ്, പ്രധാനമായി ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചുള്ള ആഭ്യന്തര ഭരണത്തെപ്പററി ആലോചിക്കുന്നതിനും പ്രാരംഭമായി സർവ്വേ നടത്തുന്നതിനുംവേണ്ടി പുതിയ പോലീസ് കമ്മീഷണർ അദ്ദേഹത്തിന്റെ ഡിസ്ട്രിക്ട്സൂപ്രണ്ടന്മാരുമായി നടത്തിട്ടുള്ള ഒരു കാൺഫ്റൻസുമാത്രമാകുന്നു. കാൺഫറൻസിലെ നടപടികൾ രഹസ്യങ്ങളാകയാൽ മെമ്പർ ആവശ്യപ്പെട്ടതനുസരിച്ച് മേശപ്പുറത്തിടുവാൻ സാധിക്കുന്നതല്ല.

പത്രപ്രതിനിധികൾക്കുള്ള സൌകര്യങ്ങൾ.

൯൪. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): നിയമസഭ, ശ്രീമൂലംപ്രജാസഭ എന്നിവപോലെയുള്ള പ്രതിനിധി സ്ഥാപനങ്ങളിലെ നടപടികളെ റിപ്പോർട്ടു ചെയ്യുന്നതിലേക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള പത്രപ്രതിനിധികൾക്കു ഗ്രാപ്പോർ (൧൫-൫-൧൯൨൭) കൊടുത്തിട്ടുള്ള സൌജന്യങ്ങളും സൌകര്യങ്ങളും എന്തെല്ലാമാണെന്നു പറയുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): നിയമസഭാ മുറിയിലും, പ്രകാസഭാ ഹാളിലും പത്രപ്രതിനിധികൾക്കു പ്രത്യേക ഇരിപ്പിടങ്ങൾ നല്കുവാൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതിനുംപുറമെ അവർക്ക് അച്ചടിച്ച കടലാസുകളും നല്കുന്നുണ്ട്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഉപചോദ്യം ചോദിക്കുന്നതിനുമുമ്പ് രണ്ടു വാക്കു പ്രസിഡണ്ടു അവർകളോടു പറയുന്നതിനു അനുവാദംതരണം.

പ്രസിഡണ്ട്: നിവേദനങ്ങൾക്കുള്ള സമയം ഇതല്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഞാൻ അയച്ച ചോദ്യങ്ങളെ ഹിന്ദുമതസ്ഥരുടെ ക്ഷേത്രങ്ങളിലെ പല സ്ഥാനങ്ങളിലായി മെംബർ ചേർത്തിട്ടുണ്ടോ?

പ്രസിഡണ്ട്. ഈ ചോദ്യത്തിൽനിന്നും അതിനു അവകാശം ഉണ്ടാകുന്നില്ല. നിങ്ങളുടെ ചോദ്യം പരിപൂർണ്ണമായി നടപടിക്കു വിരുദ്ധവുമാണ്.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഇതു ഉപചോദ്യമല്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഉപചോദ്യം ചോദിക്കുന്നതിനു മുമ്പായിട്ടു രണ്ടു വാക്കു പ്രസിഡണ്ടവർകളോടു പറയാൻ അനുവാദം കിട്ടണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രസിഡണ്ട്. നിങ്ങളുടെ അപേക്ഷയെപ്പററി മുൻകൂട്ടി ഉദ്ദേശിക്കുവാൻ എനിക്കു അവിടെ സാധിക്കുന്നതാണ്.

പ്രസിഡണ്ട്: അനുവദിക്കാതിരുന്നാൽ പ്രസിഡണ്ടിൻെറ ആർഡറിനെപ്പററി ചോദ്യംചെയ്യാൻ പാടില്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): പ്രജാസഭയ്ക്കും നിയമസഭയ്ക്കും എല്ലാ പത്രപ്രതിനിധികൾക്കും എന്തെങ്കിലും അലവൻസ് കൊടുത്തിട്ടുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഉണ്ടായിരുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഇപ്പോൾ അതു കൊടുക്കാതിരിക്കുന്നതു എന്തുകൊണ്ടാണ്?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): പ്രധാനചോദ്യത്തിൽനിന്നും ഈ ചോദ്യത്തിനു അവകാശം ഉണ്ടാകുന്നില്ല.

ജനറൽ ആശുപത്രിയിൽ സർജ്ജന്മാരുടെ ഇടയിലുള്ള
വാർഡുകളുടെ വിഭജനം.

൧൮. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): പ്രധാനസർജ്ജൻ ഉൾപ്പെടെയുള്ള ഓരോ മെഡിക്കൽ ഉദ്യോഗസ്ഥൻെറയും ചാർജ്ജിൽ ജനറൽ ആശുപത്രിയിലുള്ള വാർഡുകളുടെ എണ്ണം എത്രയെന്നു ഗവണ്മെൻറ് പറയുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ജനറൽ ആശുപത്രിയിൽ ഇപ്പോൾ പേ വാർഡും, തടവുപുള്ളികൾക്കായുള്ള മുറികളും അതായതു പുരുഷന്മാർക്കുള്ള മെഡിക്കലും സർജ്ജിക്കലും വാർഡുകൾ, സ്ത്രീകൾക്കായുള്ള മെഡിക്കലും സർജ്ജിക്കലും വാർഡുകൾ, സെപ്പ്ടിക്ക് വാർഡുകൾ എന്നിവ കൂടാതെ നാലു വാർഡുകൾ ഉണ്ട്. ആദ്യത്തെ മൂന്നു വാർഡുകളിൽ ഓരോന്നിൻേറയും തൽക്കാല ചാർജ്ജ് വഹിക്കുവാൻ ഒരു അസിസ്റ്റൻറ് സർജ്ജനേയും, സെപ്പ്ടിക്ക് വാർഡിൻെറ ചാർജ്ജിലേക്കു ഒരു സബ് അസിസ്റ്റൻറ് സർജ്ജനേയും നിയമിച്ചിരിക്കുന്നു. പേ വാർഡിലും തടവുപുള്ളികൾക്കായുള്ള മുറികളിലും ഉള്ള രോഗികളെ സർജ്ജിക്കൽ വിർഡുകളിലോ മെഡിക്കൽ വാർഡുകളിലോ അപ്പോൾപ്പോൾ ചാർജ്ജിലിരിക്കുന്ന അസിസ്റ്റൻറ്സർജ്ജന്മാർ ചികിത്സിക്കുന്നതാകുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഒരു മെഡിക്കൽ ആഫീസരുടെ കീഴിൽ ഒന്നിലധികം വാർഡുകളുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഉത്തരത്തിൽതന്നെ അതു പറഞ്ഞിട്ടുണ്ടല്ലോ.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്) : ഒരു ഡാക്ടരുടെ കീഴിൽ ഒരു വാർഡിൽ കൂടുതൽ ഉള്ളതായും കാണിച്ചിട്ടുണ്ടോ.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ചില വാർഡുകളിൽ രോഗികൾ കൂടുതൽ കാണും. ചില വാർഡുകളിൽ കുറവായും കാണും. ആളുകൊണ്ടാണ് ഇങ്ങനെ വച്ചിരിക്കുന്നതു. ആവശ്യമുള്ളിടത്തോളം ആളുകളെ ആക്കീട്ടുണ്ട്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഫീമെയിൽ വാർഡും, സർജ്ജിക്കൽ വാർഡും ഒരാളിൻെറ കീഴിലല്ലേ.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതെ.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അതിൽ എത്ര രോഗികൾ വീതം ഉണ്ടെന്നു മയവായി പ്രസ്താവിക്കുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അതു അത്ര നിശ്ചയമില്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഒരു മെഡിക്കൽഉദ്യോഗസ്ഥനു ഓരേ സമയം എത്രപേരെ പരിശോധിക്കയും എത്രപേർക്ക് മരുന്നുകൊടുക്കയും ചെയ്യാൻ സാധിക്കും.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഒരേ സമയംതന്നെ വേണമെന്നില്ലല്ലോ. ഒരു ദിവസത്തിൽ ധാരാളം രോഗികളെ പരിശോധിക്കാൻ സാധിക്കും.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ധാരാളം രോഗികൾ വന്നാൽ കാലത്തെ മുതൽ വൈകുന്നേരം വരെ പരിശോധിച്ചു് മരുന്നുകൊടുക്കുന്നുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ആവശ്യംപോലെ ചെയ്യുന്നുണ്ട്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഒരാളിനെക്കൊണ്ടു ഈ ജോലി തൃപ്തികരമായിട്ടു ചെയ്യാൻ സാധിക്കുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സാധിക്കും.

ജന്മി കുടിയാൻ കമ്മററിവക ചിലവ്.

വ്യ. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ജന്മി കുടിയാൻ കമ്മററിസംബന്ധിച്ച വേലയ്ക്കായി കമ്മററി തയ്യാറാക്കിയ റിപ്പോർട്ടിന്റെ പ്രതികൾ അടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഉൾപ്പെടെ വേണ്ടിവന്നിട്ടുള്ള മൊത്തം ചിലവ് എന്താണെന്നു പറയുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ചോദ്യം വരുന്നില്ല രൂപ.

കോതമങ്ങലത്തു, കളിക്കുന്നതിനായുള്ള കുളം.

വ്യ. മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും കോട്ടപ്പുഴയും): കോതമംഗലത്ത് കളിക്കുന്നതിനായുള്ള കുളംസംബന്ധിച്ച പണി ഇനിയും പൂർത്തിയാക്കാത്തതിനുള്ള കാരണം എന്താണെന്നു പറയുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അടപ്പു പലകകൾ ചേർത്തുയോജിപ്പിക്കുന്നതും, ഗ്ലാസ്സിൾ പിച്ചിംഗും ഒഴികെയുള്ള ജോലികളെല്ലാം പ്രായോഗികമായി പൂർത്തിയായിട്ടുണ്ട്. ഒടുവിലത്തെ ഈ ഇനങ്ങൾ പൂർത്തിയാക്കുന്നതിൽ നദിയിലെ വെള്ളപ്പൊക്കം പ്രതിബന്ധമായിത്തീർന്നു.

ചന്തകൾ.

വ്യ. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): (എ) കുന്നത്തുനാടുതാലൂക്കിൽ ഇപ്പോൾ (വ-ന-൦ ൪) ഉള്ള ചന്തകളുടെ എണ്ണം എത്ര എന്നും,

(ബി) കുന്നത്തുനാടു താലൂക്കിലെ ഓരോ ചന്തയും ലേലം ചെയ്യുവകയിൽ ൧൯൦വ-ലും, ൧൯൦സ-ലും യഥാക്രമം ഈടായ തുക എത്രയെന്നും,

(സി) ചെറുകച്ചവടക്കാരെ അവരുടെ സാമാനങ്ങൾ ചന്തയിൽകൊണ്ടുപോയി വിൽക്കുന്നതിനു സഹായിക്കുന്നതിലേക്കായി സൌകര്യങ്ങൾ നല്കീട്ടുള്ള ചന്തകളുടെ പേരുകളും, അവ ഓരോന്നിലും നല്കീട്ടുള്ള സൌകര്യങ്ങളുടെ സ്വഭാവവും തോതും എന്തെന്നും,

(ഡി) കുന്നത്തുനാടു താലൂക്കിലുള്ള ചന്തകളിൽ ഓരോന്നിലും പൊതുജനങ്ങളുടെ ഉപയോഗത്തിനായി കഴിപ്പിച്ചിട്ടുള്ള കിണറുകളുടെ എണ്ണം എത്രയെന്നും,

(ഇ) കൊണ്ടുപോകപ്പെട്ട സാമാനങ്ങളെ സൂക്ഷിക്കുന്നതിനും വില്ക്കുന്നതിനുംവേണ്ടി ഷെഡ്ഡുകൾ കെട്ടീട്ടുള്ള ചന്തകളുടെ പേരുകളും അവ ഓരോന്നിലും ഉള്ള ഷെഡ്ഡുകളുടെ എണ്ണവും,

(എഫ്) പെരുമ്പാവൂർ, അങ്കമാലി എന്നിസ്ഥലങ്ങളിലുള്ള ചന്തകളിലും മററുസ്ഥലങ്ങളിലും ആ ചന്തകളിലേക്കു കൊണ്ടുപോകപ്പെടുന്ന സാമാനങ്ങൾ വച്ചുസൂക്ഷിച്ചു വില്ക്കുന്നതിനു ഷെഡ്ഡുകളുടെ അഭാവംനിമിത്തം ജനങ്ങൾക്ക് വളരെ നഷ്ടങ്ങളും സങ്കടങ്ങളും അനുഭവിക്കേണ്ടിവരുന്നുണ്ടെന്നുള്ള വസ്തുത അറിവുണ്ടോ എന്നും,

(ജി) (എഫ്) വകുപ്പിലേക്കുള്ള മരപ്പടി അനുകൂലഭാവത്തിലാണെങ്കിൽ ഇതിന്റെ പരിഹാരമാർഗ്ഗമായി ഇളയവരെ (വ-ന-൧൯൪) ആവശ്യമുള്ള ഷെഡ്ഡുകൾ കെട്ടിയ്ക്കാത്തതിനു കാരണമെന്തെന്നും പറയുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): (എ) കുന്നത്തുനാടുതാലൂക്കിൽ പത്തുചന്തകൾ ഉണ്ട്.

(ബി) കുന്നത്തുനാടുതാലൂക്കിലെ ഓരോചന്തയും ലേലത്തിട്ടുവകയിൽ ൧൯൦വ-ലും, ൧൯൦സ-ലും ഈടായിട്ടുള്ള തുക എത്രയെന്നു കാണിക്കുന്ന ഒരു * സ്റ്റേററുമെന്റ് മേശപ്പുറത്തു ഇട്ടിട്ടുണ്ട്.

(സി) സ്റ്റാളുകളും ഷെഡ്ഡുകളും ഗവണ്മെന്റിൽനിന്നും കെട്ടിച്ചിട്ടില്ല. എന്നാൽ ചില ചന്തകളിൽ കച്ചവടക്കാർതന്നെ അവരുടെ സൌകര്യത്തിനുവേണ്ടി കെട്ടിയിട്ടുള്ള താല്ക്കാലിക ഷെഡ്ഡുകൾ ഉണ്ട്.

(ഡി) നാലുചന്തകളിൽമാത്രമേ കിണറുകൾ ഉള്ളൂ. അവ അങ്കമാലി, കുമ്പളപുരം, പെരുമ്പാവൂർ-രാമവർമ്മപുരം, പുത്തൻകുരിശു-രാമവർമ്മപുരവും എന്നീ അന്തിച്ചന്തകൾ ആകുന്നു.

(ഇ) ഒന്നുമില്ല.

(എഫ്) ഗവണ്മെന്റിന് അറിവില്ല; എന്നാൽ ആ സംഗതിയെപ്പററി അന്വേഷിക്കുന്നതാണ്.

(ജി) (എഫ്) വകുപ്പിനു നല്കീട്ടുള്ള മരപ്പടിനിമിത്തം ഇളയ് ഉത്തരവിക്കുന്നില്ല.

പോക്കുവരവുകൾസംബന്ധിച്ചുള്ള ഹർജികൾ.

വ്യ. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): (എ) ൧൯൦സ-മാണ്ടവസാനത്തിൽ പോക്കുവരവു ചെയ്തു കിട്ടുന്നതിലേക്കായുള്ള എത്ര അപേക്ഷകൾ തീർച്ചചെയ്യാതെ കിടപ്പുണ്ടെന്നു പറയുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

(ബി) അപ്രകാരം തീർച്ചചെയ്യാതെ കിടപ്പുള്ള അപേക്ഷകളുണ്ടെങ്കിൽ അവ ഏതാണ്ടിലുള്ളതാണെന്നും, അപേക്ഷകന്മാർ ഏതുസമുദായത്തിലുള്ളവരാണെന്നും കാണിക്കുന്ന ഒരു സ്റ്റേററുമെന്റ് മേശപ്പുറത്തു വയ്ക്കുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി):

(എ) ൧൯൦സ.

(ബി) എല്ലാ അപേക്ഷകളും ൧൯൦സ-മാണ്ടിലുള്ളതാണ്. ഇപ്പോൾ ലഭ്യമായ റിക്കാർട്ടുകളിൽനിന്നും അപേക്ഷകന്മാർ ഏതുസമുദായത്തിലുൾപ്പെട്ടവരാണെന്നു നിശ്ചയിക്കുന്ന കാര്യം പ്രയാസമാണ്.

ആലുവായിലുള്ള ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതി.

വ്യ. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): (എ) അങ്ങലാഹീസായി ആളും ഉപയോഗിച്ചുവന്നിരുന്ന കെട്ടിടത്തിലാണ് ഇപ്പോൾ ആലുവായിലുള്ള ഒന്നാംക്ലാസ്മജിസ്ട്രേട്ടുകോടതി ഇരിക്കുന്നതെന്നു,

(ബി) ഒന്നാക്ലാസുമജിസ്ട്രേട്ടുകോടതി നടത്തുവരുന്ന കെട്ടിടത്തിനു വളരെ അടുത്താണ് ഒരു പോലീസ്സ്റ്റേഷനും, ഒരു ലാക്കപ്പും, ഒരു വലിയ പൊതുച്ചന്തയും സ്ഥിതിചെയ്യുന്നതെന്നും,

(സി) പൊതുച്ചന്തകൾ ആദിയായ പൊതുസ്ഥാപനങ്ങളുടെ അധികമായ സാമീപ്യത്താലും, കെട്ടിടം ചെറുതായിരിക്കുന്നതുനിമിത്തവും ഉദ്യോഗസ്ഥന്മാർക്കും, വക്കീലന്മാർക്കും, കക്ഷികൾക്കും വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും ഉള്ള വിവരം ഗവണ്മെൻറിനു അറിവുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): (എ) ഇപ്പോൾ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടു കോടതി നടത്തിവരുന്ന കെട്ടിടം ആദ്യം അഞ്ചലാഫീസായും അതിനുശേഷം ആലുവാ സ്റ്റേഷനറി മജിസ്ട്രേട്ടുകോടതിവകയ്ക്കും ഉപയോഗിച്ചുവന്നു.

(ബി) കോടതിനടത്തിവരുന്ന കെട്ടിടത്തോടുചേർന്ന് ലാക്കപ്പോടുകൂടിയ ഒരു പോലീസ് സ്റ്റേഷനുണ്ട്. കോടതി വക കെട്ടിടത്തിൽ നിന്നും ഉദ്ദേശം അരഫർലാങ്ങ് ദൂരത്തിലായി ഒരു പൊതുച്ചന്തയും ഉണ്ട്.

(സി) മറുപടി 'ഇല്ല' എന്നാണ്.

കുന്നത്തുനാടുതാലൂക്കിലുള്ള റോഡുകളുടേയും പാലങ്ങളുടേയും പണി.

വ൧. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): (എ) ൧൯൯൪-ാമാണ്ടത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയിൽനിന്നും കുന്നത്തുനാടു താലൂക്കിലെ പാലങ്ങളുടേയോ അല്ലെങ്കിൽ റോഡുകളുടേയോ പണി പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽനിന്നും ആരംഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവ എന്താണെന്നും,

(ബി) ആരംഭിച്ചിട്ടില്ലെങ്കിൽ, അതു യഥാകാലത്തിൽ തുടങ്ങാത്തതുനിമിത്തമല്ലയോ ആ വകയ്ക്കുള്ള തുക ചിലവാകാതെ തിരിച്ചുപോകുവാനിടയായതെന്നും പറയുവാൻ ഗവണ്മെൻറിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) ൧൯൯൪-ാമാണ്ടിലേയ്ക്കുള്ള പി. ഡബ്ല്യു. ഡി. ബഡ്ജറ്റിലെ ൧-ാം ഭാഗം ൧ാം ഖണ്ഡവും അതായതു അടങ്കൽ തയ്യാറാക്കിവരുന്ന വലുതുൾമുതൽ വെട്ടൂർവരെയുള്ള റോഡിൻെറ പരിഷ്കരണവും, ൧൯൯൪-ാമാണ്ടിലേക്കുള്ള ബഡ്ജറ്റിലെ രണ്ടാം ഭാഗം ൨ാം ഖണ്ഡം ഇനവും അതായതു കോട്ടയം ഡിവിഷൻ ആഫീസറിൽനിന്നും അടങ്കൽ കിട്ടേണ്ടതായിരിക്കുന്ന വെംഗോല റോഡിലെ ഏഴാംമൈൽക്കുററിയിൽ നിന്നും കുഴിക്കണ്ടംവരെയുള്ള വില്ലേജുറോഡിൻെറ പരിഷ്കരണവും ഒഴികെയുള്ള എല്ലാവേലകളും ആരംഭിച്ചിട്ടുണ്ട്.

(ബി) അടങ്കലുകൾ അനുവദിച്ചുകിട്ടിയതിനുശേഷം മാത്രമേ ഈ രണ്ടു വേലകളും ആരംഭിക്കുവാൻ നിവൃത്തിയുള്ളു. അടങ്കലുകൾ തയ്യാറാക്കിവരുന്നുണ്ട്.

കുറിഞ്ഞി—തിരുമാന്തർ റോഡ്.

൨൨. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): (എ) കൃഷിക്കാർ വെട്ടിച്ചിട്ടുള്ള കുറിഞ്ഞി—തിരുമാന്തർ റോഡ് ഇനിയും ഗവണ്മെൻറു ഏറ്റെടുത്തിട്ടില്ല എന്നും,

(ബി) ഈ റോഡ് ഏറ്റെടുത്തു് ഉടനടി സംരക്ഷണം നടത്തേണ്ടതാണെന്നുള്ളതു സംബന്ധിച്ചു അനേകം ഹർജ്ജികൾ ജനങ്ങൾ ബോധിപ്പിക്കുകയും, ൧൯൩-ാമാണ്ടിൽ നടന്ന സഭയുടെ ബഡ്ജറ്റു സമ്മേളനത്തിൽ ഈ സംഗതിയെപ്പററി ബലമായി വാദിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അതിനെപ്പററി ഡിപ്പാർട്ടുമെൻറു അധികാരികൾ വേണ്ട നടപടികൾ നടത്തീട്ടില്ലെന്നും ഉള്ള വിവരം ഗവണ്മെൻറിനു അറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) മറുപടി 'ഉവ്വ്' എന്നാകുന്നു.

(ബി) നടപടി നടത്തീട്ടുണ്ട്. നാമമാത്രമായ അർത്ഥത്തിന്മേൽ റോഡു കടന്നുപോകുന്ന ഭൂമികളെ മുറപ്രകാരം പൊന്നുംവിലയും കൊടുത്തു ഒഴിപ്പിക്കുന്നതിലേക്കു വിസ്തീർണ്ണം കാണിക്കുന്ന ലിസ്റ്റ് പി. ഡബ്ല്യു. ഡിവിഷൻ ആഫീസിൽ തയ്യാർ ചെയ്തുവരുന്നുണ്ട്.

അങ്കമാലിയിലെ കാൻസെർവെൻസി സ്റ്റേഷൻ.

൨൩. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): അങ്കമാലിയിൽ ഒരു ;മൈനർ കാൻസെർവെൻസി സ്റ്റേഷൻ ഏർപ്പെടുത്തീട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനു അറിയാമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഉവ്വ്.

പരസ്പരസഹായഡിപ്പാർട്ടുമെൻറിൽ കത്തോലിക്കരുടേയും ജാക്കബയിററുകളുടേയും നിയമനം.

൨൪. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): (എ) പരസ്പരസഹായഡിപ്പാർട്ടുമെൻറിൽ ൨ ൫ രൂപയും അതിൽ കൂടുതലും ശമ്പളമുള്ള ഉദ്യോഗങ്ങൾക്കു കത്തോലിക്കരേയും ജാക്കബയിററുകളേയും നിയമിക്കാത്തതു ആ സ്ഥാനങ്ങൾക്കുവേണ്ട യോഗ്യതയുള്ള ആളുകൾ ഇല്ലാത്തതുകൊണ്ടാണോ? എന്നും,

(ബി) അപേക്ഷകന്മാരുണ്ടായിരുന്നുവെങ്കിൽ ആ രണ്ടു സമുദായങ്ങളിൽനിന്നും ആ സ്ഥാനങ്ങളിലേക്കു ഒരാളെയെങ്കിലും നിയമിക്കാത്തതിനുള്ള കാരണം എന്തെന്നും പറയുവാൻ ഗവണ്മെൻറിനു മനസ്സുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി):

(എ) മറുപടി പ്രതികൂലരൂപത്തിലാണ്.

(ബി) ഡിൽബന്തികളും, നിയമനങ്ങളുടെ എണ്ണവും സംബന്ധിച്ചിടത്തോളം ഇതു വളരെ ചെറിയ ഒരു ഡിപ്പാർട്ടുമെൻറാകുന്നു. കുറെക്കാലങ്ങൾക്കുമുമ്പു നിയമനം നടത്തപ്പെട്ടപ്പോൾ ഗവണ്മെൻറു വേതനം വാങ്ങുന്ന വിദ്യാർത്ഥികൾക്ക് ഉദ്യോഗം കൊടുക്കേണ്ടിയിരുന്നു. അനുകൂലമായ പരസ്പരസഹായപ്രവർത്തനങ്ങളിൽ വേലചെയ്തുവന്ന ചില അനുദ്യോഗസ്ഥന്മാർക്കു മററുള്ളവരെ അപേക്ഷിച്ചു കൂടുതൽ അവകാശം നൽകേണ്ടതായി വന്നു. ഡിപ്പാർട്ടുമെൻറിൽ ഉണ്ടാകുന്ന ഒഴിവുകൾക്കോ പുതിയ സ്ഥാനങ്ങൾക്കോ ആൾ നിയമിക്കേണ്ടിവരുമ്പോൾ, എല്ലായ്പ്പോഴും കാര്യക്ഷമതയെ പ്രധാനമായി ഗണിച്ചു പ്രാതിനിധ്യമില്ലാത്ത എല്ലാ സമുദായങ്ങളുടേയും അവകാശങ്ങളെപ്പററി വേണ്ടവിധം ആലോചിക്കുന്നതാണിരിക്കും.

൯൧. സംസ്ഥാനത്തിലെ പാർശ്വത്രകാരന്മാരുടെ ജാതി തിരിച്ചുള്ള കണക്ക്.

മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): സംസ്ഥാനത്തിൽ ഇപ്പോഴുള്ള പാർശ്വത്രകാരന്മാരിൽ ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, ജാക്കോബയിററുകൾ, മാർത്തോമ്മാ ക്രിസ്ത്യാനികൾ, പ്രോട്ടസ്റ്റന്റുകൾ, ഈഴവർ, മഹമ്മദീയർ, വെള്ളാളർ, മററു ജാതികളിലുള്ളവർ എന്നിവരുടെ എണ്ണം കാണിക്കുന്ന ഒരു സ്റ്റേററുമെന്റു മേശപ്പുറത്തിടുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): മെമ്പർആവശ്യപ്പെട്ട വിവരങ്ങൾ ൧൯൦൩ മാണ്ടവസാനംവരെയുള്ളതു താഴെ കൊടുത്തിരിക്കുന്നു.

ബ്രാഹ്മണർ	൩.൪
നായന്മാർ	൩൦൧
കത്തോലിക്കർ	൧
ജാക്കോബയിററുസ്	} ൩
മാർത്തോമ്മാക്രിസ്ത്യാനികൾ	
പ്രോട്ടസ്റ്റന്റുസ്	...
ഈഴവർ	൧
മഹമ്മദീയർ	...
വെള്ളാളരും മററുജാതിക്കാരും	൯൦
ആകെ	൪൦൧

നാലു സ്ഥാനങ്ങൾ ഒഴിവുണ്ടായിരുന്നു. പാർശ്വത്രകാരന്മാരുടെ ഇടയിൽ വെള്ളാളർ, ജാക്കോബയിററുസ്, മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നിവരുടെ എണ്ണം എത്രയെന്നു ഗുണികതിയും ആദായനികുതിയും കമ്മീഷണരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ദിവാൻപേഷ്കാരന്മാർ നടത്തിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള സ്റ്റേററുമെന്റു്.

൯൨. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കഴിഞ്ഞ രണ്ടുകൊല്ലങ്ങളിൽ (൧൯൦൨–൧൯൦൩) ഇപ്പോഴുള്ള ഓരോ ദിവാൻപേഷ്കാരന്മാരും നടത്തിട്ടുള്ളതോ അല്ലെങ്കിൽ അവരുടെ ശുപാർശപ്രകാരം നടത്തപ്പെട്ടിട്ടുള്ളതോ ആയ മൂന്നു മാസത്തിൽ കൂടുതൽ കാലത്തേക്കുള്ള സ്ഥിരവും ആക്ടിംഗും ആയ നിയമനങ്ങളെ സംബന്ധിച്ചു, നിയമിച്ചിട്ടുള്ള ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, ജാക്കോബയിററുകൾ, മാർത്തോമ്മാക്രിസ്ത്യാനികൾ, പ്രോട്ടസ്റ്റന്റുകൾ, ഈഴവർ, മഹമ്മദീയർ വെള്ളാളർ, മററുജാതിക്കാർ എന്നിവരുടെ എണ്ണം കാണിക്കുന്ന ഒരു സ്റ്റേററുമെന്റു മേശപ്പുറത്തിടുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ശേഖരിക്കുവാൻ ഗുണികതി ഡിപ്പാർട്ടുമെന്റിൽ ഇപ്പോഴുള്ള സിൽബന്ധികളെക്കൊണ്ടു് അവരുടെ അനേകം ജോലികൾക്കിടയിൽ സാധിക്കുന്നതല്ലെന്നു ഗുണികതിയും ആദായനികുതിയും കമ്മീഷണർ അറിയിച്ചിരിക്കുന്നു. ഈ ക്കണക്കു തയ്യാറുചെയ്യുന്നതിലേക്കുവേണ്ടി വരുന്ന ശ്രമത്തിനോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ അതുനിമിത്തം ഉണ്ടാകാവുന്ന ഉപയോഗം തീരെ വിസ്താരമാണെന്നു ഗവണ്മെന്റു വിചാരിക്കുന്നു.

വെടിയായുധങ്ങൾക്കായുള്ള ലൈസൻസുകൾ നവീകരിക്കുന്നതിനുള്ള അപേക്ഷകൾ.

൯൩. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മൂവാററുപുഴ, തൊടുപുഴ, കുന്നത്തുനാടു് എന്നീ താലൂക്കുകളിൽനിന്നു ൧൯൦൪-മാണ്ടു ആരംഭംമുതൽ ൧൯൦൪ കന്നി ൧-ാംനു-വരെ കോട്ടയംഡിവിഷൻ കച്ചേരിയിൽ വെടിയായുധങ്ങൾ ഉപയോഗിക്കുന്നതിലേക്കായി പുതിയ ലൈസൻസുകൾ വഴിക്കുന്നതിനും പഴയലൈസൻസുകളെ നവീകരിക്കുന്നതിനും വേണ്ടി കിട്ടീട്ടുള്ള അപേക്ഷകളുടെ എണ്ണം പ്രത്യേകമായും ൧൯൦൪ കന്നി ൧-ാംനു-വരെ അപ്രകാരം കൊടുത്തിട്ടുള്ള ലൈസൻസുകളുടെ എണ്ണം എത്രയെന്നും കാണിക്കുന്ന ഒരു സ്റ്റേററുമെന്റു മേശപ്പുറത്തിടുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): ആവശ്യപ്പെട്ട സ്റ്റേററുമെന്റു മേശപ്പുറത്തിട്ടിരിക്കുന്നു.

ഹൈക്കോടതിയിലെ ഗുമസ്തന്മാരുടെ ജാതിതിരിച്ചുള്ള സ്റ്റേററുമെന്റു്.

൯൪. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഹൈക്കോടതിയിലെ ഗുമസ്തന്മാരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേററുമെന്റു് മേശമേൽവയ്ക്കുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി). സ്റ്റേററുമെന്റു മേശമേൽ വച്ചിട്ടുണ്ടു്.

തോക്കുകൾ കൊണ്ടുനടക്കുവാനുള്ള ലൈസൻസുകളുടെ നവീകരണം.

൯൫. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈയാണ്ടിൽ ൧൯൦൪ മൂവാററുപുഴ, തൊടുപുഴ, കുന്നത്തുനാടു് എന്നീ താലൂക്കുകളിലുള്ള കൃഷിക്കാർക്കു തോക്കുകൾ കൊണ്ടുനടക്കുന്നതിലേക്കു പുതുതായി അനുവദിച്ചു കൊടുത്തിട്ടുള്ള ഫ്രീ ലൈസൻസുകളുടെ എണ്ണവും നവീകരിക്കപ്പെട്ടിട്ടുള്ള പഴയ ലൈസൻസുകളുടെ എണ്ണവും പ്രത്യേകം കാണിക്കുന്ന ഒരു സ്റ്റേററുമെന്റു മേശപ്പുറത്തിടുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട സ്റ്റേററുമെന്റു് മേശപ്പുറത്തിട്ടിട്ടുണ്ടു്.

കോതമംഗലം, അസിസ്റ്റൻറു് എഞ്ചിനീയർ.

൯൬. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): ൧൯൦൪ കന്നി ൧-നു-വരെയുള്ള മൂന്നുമാസങ്ങളിൽ കോതമംഗലം അസിസ്റ്റൻറു് എഞ്ചിനീയർ എത്രദിവസം ആഫീസിൽ ഹാജരായിട്ടുണ്ടെന്നു പറയുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു് സെക്രട്ടറി):

പരിശോധന നടത്തിയതും ആഫീസിൽ ഹാജരായതും	൪൩ ദിവസം.
ആഫീസുജോലിമാത്രം	൧൦ ദിവസം.

കൃഷിഡിപ്പാർട്ടുമെൻറിലെ ചെലവ്.

൯൭. തയ്യുതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മലയാളം വർഷം ൧൧൦൩ അവസാനംവരെ കൃഷിഡിപ്പാർട്ടുമെൻറിലേക്കുവേണ്ടി വന്നിട്ടുള്ള മൊത്തം ചെലവ് എന്താണെന്നു പറയുവാൻ ഗവണ്മെൻറിനു മനസ്സുണ്ടാകുമൊ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രിട്ടറി): ൧൧൦൩-ാമാണ്ട് അവസാനംവരെ കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ടുമെൻറുകൾക്കുവേണ്ടിവന്നിട്ടുള്ള മൊത്തം ചെലവ്- ൨,൪൭൧, ൩൪൭ രൂപയാകുന്നു.

കോന്നിയിലെ കന്നുകാലിഫാറം.

൯൮. മി: തയ്യുതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കോന്നിയിലുള്ള കന്നുകാലിത്തോട്ടം ഏറ്റെടുത്തിട്ടു ഇപ്പോൾ എത്രകാലമായിട്ടുണ്ടെന്നും, ഇതുവരെ (൧൯൨൨-൧൧൦൪) അതുസംബന്ധിച്ചുള്ള വരവും ചെലവും എന്തെന്നും പറയുവാൻ ഗവണ്മെൻറിനു മനസ്സുണ്ടാകുമൊ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രിട്ടറി): കോന്നിയിൽ കന്നുകാലിത്തോട്ടം ഇല്ല.

മി: തയ്യുതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കോന്നിയിൽ കന്നുകാലിത്തോട്ടം വകയ്ക്കു എന്തു ചെലവുണ്ടെന്നു ചോദിച്ച ചോദ്യത്തിനു അവിടെ കന്നുകാലിത്തോട്ടം ഇല്ലെന്നു മറുപടി പറഞ്ഞിരിക്കുന്നു. അവിടെ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നു കന്നുകാലികളെ വളർത്തുന്നില്ലേ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രിട്ടറി): കന്നുകാലിത്തോട്ടം വകയ്ക്കു എന്ത് ചിലവുണ്ട് എന്നാണ് ചോദ്യം, അതിനുമറുപടി പറഞ്ഞിട്ടുണ്ട്.

മി: തയ്യുതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കന്നുകാലികളെ പ്രത്യേകരീതിയിൽ തൊഴുത്തുണ്ടാക്കി വളർത്തിക്കൊണ്ടിരിക്കുന്നുണ്ടൊ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രിട്ടറി): കന്നുകാലികളെ വളർത്തുന്നുണ്ടായിരിക്കാം. അതിലേക്കു തോട്ടം ഇല്ല.

മി: തയ്യുതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതിലേക്കു എന്തുചെലവുണ്ട്?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രിട്ടറി): അതറിഞ്ഞുകൂടാ.

മി: തയ്യുതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അപ്പോൾ കോന്നിയിൽ കന്നുകാലിത്തോട്ടം ഇല്ല.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രിട്ടറി): ഇല്ല.

മി: തയ്യുതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കന്നുകാലികളെ വളർത്തുന്നുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രിട്ടറി): ഉണ്ട്.

മി: തയ്യുതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതിലേക്കുള്ള ചെലവ് എന്താണെന്നു നിശ്ചയമില്ല.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രിട്ടറി): ഇല്ല.

അനുബന്ധം എ എ.

൭൯-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

കൃഷിഇൻസ്പെക്ടറന്മാരുടെ ലിസ്റ്റ്.

നമ്പർ	ഉദ്യോഗസ്ഥന്റെ പേര്	വിദ്യാഭ്യാസ യോഗ്യതകൾ	അധികാരാതിർത്തി	ശമ്പളം	ഏല്പിക്കപ്പെട്ട ജോലിയുടെ സ്വഭാവം
൧	ഒന്നാം ഗ്രേഡ് (൧ ൪-൪-൧ ൦-൧ ൦-൧൯ ൪-൭) ജി. ശിവരാമപിള്ള	സെയിഡപ്പെട്ട് അഗ്രികൾച്ചറൽ കാളേജിലെ ഡിപ്ലോമാറവ് അഗ്രികൾച്ചറിസ്റ്റ്	കൊല്ലം, കുന്നത്തൂർ, കരുനാഗപ്പള്ളി, കൊട്ടാരക്കര, പത്തനാപുരം, ചെങ്ങോട്ട—ഈ താലൂക്കുകൾ.	൧൪൦	സബ് ഇൻസ്പെക്ടറന്മാരുടേയും, ഡെമാൻസ്ട്രേട്ടറന്മാരുടേയും ജോലികളുടെ പരിശോധനയും, അവരുടെ അധികാരാതീർത്തിയിലുള്ള എല്ലാ കൃഷിവകുപ്പുകളുടേയും നിയന്ത്രണവും എല്ലാ പരീക്ഷണങ്ങളുടേയും രൂപീകരിക്കപ്പെട്ട സ്കീമുകളുടേയും ചാർജ്ജും.
൨	ജി. എം. ഈപ്പൻ	മററ്റിക്കുലേറവ്, എൽ. എ. ജി. (കോയമ്പത്തൂർ)	കാർത്തികപ്പള്ളി, മാവേലിക്കര, പത്തനംതിട്ട, തിരുവല്ലാ, അമ്പലപ്പുഴ, ചേർത്തല, കുവക്കം, കോട്ടയം, ചങ്ങനാശ്ശേരി, മീനച്ചിൽ ഈ താലൂക്കുകൾ.	൧൪൦	൩
൩	ആർ. അനന്തനാരായണയ്യർ	ഉദ്യാനപാലനം, ഫലവർഗ്ഗങ്ങളുടെ കൃഷി, സാമ്പത്തികമായ ഔഷധിശാസ്ത്രം എന്നിവയിൽ പരിശീലനം (പൂന)	കന്യാകുമാരിയിലുള്ള പ്ലാന്റ്ഫാറത്തിന്റെ ചാർജ്ജ്.	൧൩൦	സംസ്ഥാനത്തിലെ ഫലവർഗ്ഗങ്ങളുടെ സംവർദ്ധനം.
൪	കെ. സുബ്രഹ്മണ്യപിള്ള	മററ്റിക്കുലേറവ് എൽ. എ. ജി. (നാഗപ്പൂർ)	തോവാള, അഗസ്തീശ്വരം, കൽക്കുളം, എന്നീതാലൂക്കുകളുടെ മേലുള്ള അധികാരത്തോടുകൂടി തിരുപ്പതിസാരത്തിലെ നെൽകൃഷി തോട്ടത്തിന്റെ ചാർജ്ജ്	൯൦	ദക്ഷിണ തിരുവിതാംകൂറിലെ നെൽകൃഷിയുടെ സംവർദ്ധനം.

അനുബന്ധം ക ഏ (തുടർച്ച).

നമ്പർ	ഉദ്യോഗസ്ഥന്റെ പേര്	വിദ്യാഭ്യാസ യോഗ്യതകൾ	അധികാരാതിർത്തി	ശമ്പളം	ഏല്പിക്കപ്പെട്ട ജോലിയുടെ സ്വഭാവം
൪	ടി. സി. കൊച്ചുണ്ണിപ്പിള്ള	ഇന്റർമീഡിയേറ്റ് ബി. എജി. (പൂന)	തിരുവനന്തപുരത്തെ കന്നുകാലിഫാറത്തിന്റെ ചാർജ്ജും, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നിതാലൂക്കുകളിന്മേലുള്ള അധികാരത്തോടുകൂടി ഈശ്വരാനിമംഗലത്തെ കന്നുകാലിഫാറത്തിന്റെയും, ബ്രീഡിംഗ് ഫാറത്തിന്റെയും നിയന്ത്രണവും.	വ ൦	മൃഗങ്ങളുടെ സംരക്ഷണം
൫	രണ്ടാംഗ്രേഡ് (൪ ൦–൪/൨.–൭ ൪) ശ്രീ. എം. സി. ജോർജ്ജ്	എൽ. എജി. (കോയമ്പത്തൂർ)	ചേർത്തല, വൈക്കം എന്നിതാലൂക്കുകൾ	൪ ൪	പരീക്ഷണങ്ങളുടേയും രൂപീകരിക്കപ്പെട്ട സ്കീമുകളുടേയും ചാർജ്ജ്
൬	എൻ. നാരായണൻനമ്പി	എൽ. എജി. (നാഗപ്പൂർ)	നെടുമങ്ങാട്ടും ചിറയിൻകീഴും താലൂക്കുകൾ	൪ ൪	പരീക്ഷണങ്ങളുടേയും രൂപീകരിക്കപ്പെട്ട സ്കീമുകളുടേയും ചാർജ്ജ്
൭	വി. സുബ്രഹ്മണ്യപിള്ള	എസ്. എസ്. എൽ. സി എൽ. എജി. (നാഗപ്പൂർ)	കോന്നിയിലെ കുരുമുളക് ഫാറത്തിന്റെ ചാർജ്ജ്	൪ ൪	കുരുമുളക് കൃഷിയുടെ സംരക്ഷണം
൮	ആർ. സുബ്രഹ്മണ്യപിള്ള	തിരുവനന്തപുരം കൃഷിവിദ്യാലയത്തിൽ കൃഷിശാസ്ത്രപഠനം	നാഗർകോവിലിലെ ഉരംഡിപ്പോവിന്റെ ചാർജ്ജ്	൪ ൪	ശാസ്ത്രീയമായ ഉരങ്ങളെ ജനങ്ങളുടെയിടയിൽ പ്രചാരപ്പെടുത്തുക

അനുബന്ധം എ ബി.
൧൪-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.
വെററിനറി ഇൻസ്പെക്ടറന്മാരുടെ ലിസ്റ്റ്.

നമ്പർ	ഉദ്യോഗസ്ഥന്റെ പേര്	വിദ്യാഭ്യാസയോഗ്യതകൾ	അധികാരാതിർത്തി	ശമ്പളം	റിമാർക്ക്
	ഒന്നാംഗ്രേഡ് ഇൻസ്പെക്ടറന്മാർ (൧൯-൯-൧൦-൧൦-൧൯൦ ത്രു)				
എ	ടി. മാധവരാജു	ജി, ബി, വി, സി.	പറവൂർ, കുന്നത്തുനാട്, ആലുവാ താലൂക്കുകളും എലക്കാട്ട്, ഉഴവൂർ, കൂത്താട്ടുമംഗലം എന്നീ പകുതികളൊഴികെയുള്ള മൂവാററുപുഴയിലെ പകുതികളും. പറവൂർ, കുന്നത്തുനാട് എന്നീ താലൂക്കുകളും.	൧൫൦ ത്രു	
ബി	പി. കെ. രാമകൃഷ്ണൻതമ്പി	ടി	കൊല്ലം, കുന്നത്തൂർ, കരുനാഗപ്പള്ളി, തെക്ക, കൊട്ടാരക്കര (ചടയമംഗലം പകുതിയൊഴികെ) എന്നീ താലൂക്കുകൾ.	൧൫൦ ത്രു	
സി	എസ്. ശേഷയ്യങ്കാർ	മെററ്രിക്കുലേഷൻ ജി. എം. വി. സി. യും	തോവാള, അഗസ്തീശ്വരം എന്നീതാലൂക്കുകളും, തിരുവട്ടാർ, തൃപ്പുറപ്പ്, അട്ടൂർ, പൊന്മന, അരുർക്കര, മേക്കോട്ട് എന്നീപകുതികളൊഴികെയുള്ള കൽക്കുളം താലൂക്കും.	൧൫൦ ത്രു	
ഡി	എം. താണ്ഡവേശ്വരയ്യർ	ടി	മീനച്ചിൽ, തൊടുപുഴ എന്നീതാലൂക്കുകളും, മൂവാററുപുഴത്താലൂക്കിലുള്ള എളക്കാട്ട, ഉഴവൂർ, കൂത്താട്ടുമംഗലം എന്നീ പകുതികളും.	൧൫൦ ത്രു	
ഇ	ജി. നാണുപിള്ള	ജി. ബി. വി. സി.	കുളത്തൂർ, കഴക്കൂട്ടം, പള്ളിപ്പുറം, തോന്നക്കൽ എന്നീ പകുതികളൊഴികെയുള്ള തിരുവനന്തപുരം താലൂക്ക്.	൧൫൦ ത്രു	
	രണ്ടാംഗ്രേഡ് ഇൻസ്പെക്ടറന്മാർ. (൧൦-൪/൨-൧ ത്രു)				
എ	എ. കൃഷ്ണപിള്ള	ടി	നെടുമങ്ങാട്, ചിറയിൻകീഴ് എന്നീതാലൂക്കുകളും, തിരുവനന്തപുരം താലൂക്കിലുള്ള കുളത്തൂർ, കഴക്കൂട്ടം, തോന്നക്കൽ, പള്ളിപ്പുറം എന്നീപകുതികളും കൊട്ടാരക്കരതാലൂക്കിലുള്ള ചടയമംഗലം പകുതിയും.	൧ ത്രു പി. എ. ൪ ത്രു.	

അനുബന്ധം ക ബി (തുടർച്ച).

നമ്പർ	ഉദ്യോഗസ്ഥന്റെ പേര്	വിദ്യാഭ്യാസയോഗ്യതകൾ	അധികാരാതിർത്തി	ശമ്പളം	റിമാർക്സ്
൧	വി. താണുവൻ നായർ	ജി. എം. വി. സി.	പത്തനംതിട്ട, തിരുവല്ലാ എന്നീതാലൂക്കുകളും ചങ്ങനാശ്ശേരി റൌണ്ടും	൪ ൪ത്ര.	
൨	ജെ. എം. ജേക്കബ്	ജി. ബി. വി. സി.	കോട്ടയം, പീരുമേട്, ഏററുമാനൂർ, ചങ്ങനാശ്ശേരി (മററൻ ഒഴികെ) എന്നീ താലൂക്കുകൾ	൪ ൪ത്ര.	
൩	പി. കെ. കേശവൻ	ടി	പിളവങ്കോട്, നെയ്യാററിൻകര എന്നീ താലൂക്കുകളും, തിരുവട്ടാർ, തുപ്പക്കുട്ടി, അട്ടൂർ, പൊന്മന, അഞ്ചുമന, മേക്കോട്ട എന്നീ പകുതികളും	൪ ൪ത്ര.	
൪	കെ. രാമൻപിള്ള	ടി	മാവേലിക്കരയും, കാർത്തികപ്പള്ളിയും, കരുനാഗപ്പള്ളി താലൂക്കിൽ കരുനാഗപ്പള്ളിക്കു വടക്കുള്ള എല്ലാ പകുതികളും	൪ ൪ത്ര.	
൫	എസ്. ശങ്കരമുത്തിപ്പിള്ള	മെററ്ട്രിക്കുലേഷനും ജി. എം. വി. സി. യും	അമ്പലപ്പുഴ, ചേർത്തല, വൈക്കം എന്നീ താലൂക്കുകൾ	൪ ൦ത്ര.	
൬	സി. എ. മാധവൻ	എസ്. എസ്. എൽ. സി. യും ജി. എം. വി. സി. യും	എ.ശനിമംഗലത്തുള്ള കുന്നുകാലിഫാറത്തിന്റെ ചാർജ്	൪ ൦ത്ര.	
൭	സൈയദാ മീയാൻ	ടി	പത്തനാപുരവും ചെങ്കോട്ടയും താലൂക്കുകൾ	൩ ൦ത്ര.	
	ബി. ജനാർദ്ദനയ്യർ	ടി	ടി	൪ ൦ത്ര.	റായൽ സ്റ്റേബിളിൽ എസ്. പി. ടി. അസിസ്റ്റൻറ സർജൻ എന്ന പ്രത്യേകജോലിയിൽ ആക്ടിംഗ്

അനുബന്ധം ൧.

൭൯-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൯൦൧, ൧൯൦൨ എന്നീ ആണ്ടുകളിൽ കുന്നത്തുനാട്ടു താലൂക്കിലുള്ള പബ്ലിക്ക ചന്ത കളിൽ നിന്നും ഈടായിട്ടുള്ള തുക കാണിക്കുന്ന സ്റ്റേറ്റുമെൻറ്.

നമ്പർ	ചന്തയുടെ പേരു്	തുക ഈടായവർഷം ൧൯൦൧.			൧൯൦൨.		
		രൂ.	ച.	കാ.	രൂ.	ച.	കാ.
൧	കുമാരപുരം സസ്യച്ചന്ത	൧൪൩	൨൧	൦	൧൩൭	൦	൦
൨	രാമവർമ്മപുരം ടി (പുത്തൻകുരിശ്)	൧൨൦	൦	൦	൧൨൧	൧൪	൦
൩	രാമവർമ്മപുരം മത്സ്യച്ചന്ത ടി	൪൩	൦	൦	൪൩	൩	൨
൪	അങ്കമാലി സസ്യച്ചന്ത	൩൦൪	൦	൭	൧൦൦	൦	൦
൫	അങ്കമാലി മത്സ്യച്ചന്ത	൯൧	൦	൦	൧൦൦	൦	൦
൬	കരുക്കുട്ടി സസ്യച്ചന്ത	൪൨	൨൧	൦	൪൩	൦	൦
൭	കുഴുക്കാട്ടുശ്ശേരി ടി	൨൦	൧൦	൭	൨൧	൦	൦
൮	രാമവർമ്മപുരം ടി (പെരുമാവൂർ)	൧,൧൦൦	൦	൦	൮൦൦	൦	൦
൯	രാമവർമ്മപുരം മത്സ്യച്ചന്ത	൧൨൭	൦	൦	൩൪	൦	൦
൧൦	ചെക്കരനാട്ടു കടമറ്റം സസ്യച്ചന്ത	൪൦	൦	൦	൪൦	൦	൦

അനുബന്ധം ൨.

൯൩-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം.

കോട്ടയം ഡിവിഷനിലുള്ള പാല താലൂക്കുകളിൽ തോക്കുകൾക്കായുള്ള ലൈസൻസുകൾക്കു വേണ്ടി കിട്ടീട്ടുള്ളവയും തീർച്ച ചെയ്തവയും ആയ അപേക്ഷകളുടെ എണ്ണം കാണിക്കുന്ന സ്റ്റേറ്റുമെൻറ്.

താലൂക്ക്	അപേക്ഷകളുടെ എണ്ണം		തീർച്ച ചെയ്തവയുടെ എണ്ണം
മീനച്ചിൽ	ലൈസൻസുകളുടെ നവീകരണത്തിനായുള്ള അപേക്ഷകൾ	൩൧	൨൧
	പുതിയ ലൈസൻസുകൾക്കു വേണ്ടി	൧	൦
തൊടുപുഴ	ലൈസൻസുകളുടെ നവീകരണത്തിനായുള്ളവ	൧൨	൨൭
	പുതിയ ലൈസൻസുകൾക്കു വേണ്ടി	൨	൦
കുന്നത്തുനാട്	ലൈസൻസുകളുടെ നവീകരണത്തിനായുള്ളവ	൪൩	൭
	പുതിയലൈസൻസുകൾക്കു വേണ്ടി	൩	൦

| | | |

അനുബന്ധം ൪.

൯൪-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരംനോക്കുക.

൧൯൯൫-ാമാണ്ടു മുവാററുപുഴ, തൊടുപുഴ, കുന്നത്തുനാട് എന്നീ താലൂക്കുകളിൽ കർഷകന്മാർക്ക് ആയുധ ങ്ങൾകൊണ്ടു നടക്കുന്നതിലേക്കായി പുതുതായി അനുവദിച്ചുകൊടുത്തിട്ടുള്ള ഫ്രീ ലൈസൻസുകളുടെ എണ്ണവും നവീകരിച്ചിട്ടുള്ള പഴയ ലൈസൻസുകളുടെ എണ്ണവും കാണിക്കുന്ന സ്റ്റേററുമെന്റു.

താലൂക്കുകളുടെ എണ്ണം	൧൯൯൫-ൽ പുതുതായി അനുവദിച്ചിട്ടുള്ള ഫ്രീലൈസൻസുകളുടെ എണ്ണം	നവീകരിച്ചിട്ടുള്ള ഫ്രീലൈസൻസുകളുടെ എണ്ണം
ക മുവാററുപുഴ	,,	൧൦
ഖ കുന്നത്തുനാട്	,,	൯
ഗ തൊടുപുഴ	,,	൨

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, മിനഞ്ഞാന്ന് ഞാൻ ആവശ്യപ്പെട്ട ഡിമാൻറിനേസംബന്ധിച്ച് ഒരു വിവരം പ്രസ്താവിച്ചുകൊള്ളട്ടെ. ഭൂനികുതി ഡിപ്പാർട്ടുമെൻറിലേക്കുവേണ്ടി ഞാൻ ചോദിച്ച തുന്ന തുകയുംകൂടി ൪ ൧ ൪ ൦ രൂപ വരുന്നതാണ്. എന്നാൽ സാനിട്ടറിഡിപ്പാർട്ടുമെൻറിലേക്കു വകതിരിച്ചു മാറേണ്ട ൧ ൫ ൦ രൂപ ഉൾപ്പെടുത്തുമ്പോൾ മൊത്തം തുക ൪ ൪ ൦ ൦ ആകുന്നുണ്ട്. അതിനാൽ എന്റെ ഡിപ്പാർട്ടുമെൻറിലേക്കുള്ള തുക ൪,൪൦൦ രൂപയല്ല, ൪ ൧ ൪ ൦ ആയിരിക്കേണ്ടതാകുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തുക്ക്): ഇതു നിയമവിരുദ്ധമാണ്.

പ്രസിഡണ്ട്: ഭൂനികുതികമ്മീഷണർ സ്വന്തം നിലയിൽ ഒരു വിവർണം നൽകുകമാത്രമാണു ചെയ്തതു്.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ). മെമ്പറന്മാർക്കു നൽകീട്ടുള്ള അച്ചടിച്ചകടലാസ്സിൽ ഒരു ചെറിയ തെററുവന്നിട്ടുണ്ട്. തുക ൪,൪൦൦ രൂപയെന്നല്ല ൪ ൧ ൪ ൦ രൂപ എന്നായിരിക്കേണ്ടതാണ്.

കാണപ്പാട്ടുഭൂമി.

മി: എ. ജി. മേനോൻ (പറവൂർ): സർ,—

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഇതു നിയമവിരുദ്ധമാണെന്നു ഞാൻ അറിയുന്നു. ബിൽ അവതരിപ്പിക്കുന്നതിലേയ്ക്കു് അനുവാദം കിട്ടണമെന്നുള്ളതാണു മിസ്റ്റർ മേനോന്റെ ഉപക്ഷേപം. നിയമസഭാചട്ടങ്ങളുടെ ൨൯-ാംനിബന്ധനയിൽ അതു പ്രസിദ്ധപ്പെടുത്തീട്ടുള്ള സ്ഥിതിക്കു പ്രസ്തുതബിൽ സഭയിൽ ഹാജരാക്കിക്കഴിഞ്ഞിട്ടില്ലയോ എന്ന് അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

പ്രസിഡണ്ട്: നിയമസഭാചട്ടങ്ങളിലെ ൨൯-ാംനമ്പർ നിബന്ധനയുടെ ഉദ്ദേശത്തിൽനിന്നും അതിനെ നീക്കംചെയ്യുന്നതായ ഒരു അനന്തരപരസ്യത്താൽ ഉടനടി അതിനു ഭേദഗതിവരുത്തി തരിപ്പെടുത്തീട്ടുണ്ട്.

മി: എ. ജി. മേനോൻ (പറവൂർ). സർ, തിരുവിതാംകൂറിൽ കാണപ്പാട്ടു അവകാശത്തെ സംബന്ധിച്ചു ചട്ടത്തെ ഏകീകരിച്ച് ഭേദപ്പെടുത്തുന്നതിലേക്കായി ഒരു ബിൽ ഹാജരാക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. ഈ ബില്ലിന്റെ ആവശ്യകതയെസംബന്ധിച്ചു ഭിന്നാഭിപ്രായമുണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ വിഷയത്തെ സംബന്ധിച്ചു കഴിഞ്ഞ ൧൫ വർഷത്തിലധികം കാലമായി കമ്മിററിയിൽനിന്നു നടത്തിയ അന്വേഷണത്തിന്റെ ഫലം ഗവർണ്ണമെൻറിന്റെ മുമ്പിൽ ഇരിപ്പുണ്ട്. ഈ അവകാശത്തെ സംബന്ധിച്ചു് ഏതെങ്കിലും ഒരു നടപടി ഈ സമ്പ്രദായത്തെ കൊണ്ടുവരുന്നതിന് അനുഭവജ്ഞാനസ്ഥന്മാർക്കിട്ടു് ഗവർണ്ണമെൻറാകട്ടെ പ്രായോഗികമായി യാതൊന്നും പ്രവർത്തിച്ചിട്ടില്ല. ആ കാരണം കൊണ്ടു തന്നെയാണ് പ്രസ്തുതബിൽ ഞാൻ കൊണ്ടുവന്നിട്ടുള്ളതു്. ബില്ലിലെ ഏതെങ്കിലും നിയമങ്ങളെ സംബന്ധിച്ചോ അല്ലെങ്കിൽ ബില്ലിന്റെ നയത്തെപ്പററിത്തന്നയോ പ്രതിപാദിക്കുവാൻ എനിക്കു സ്വാതന്ത്ര്യമില്ലെന്നു ഞാൻ വിചാരിക്കുന്നു. ഇതുപോലെയുള്ള എല്ലാ അവസരങ്ങളിലും ഏതു് ഉദ്ദേശത്തോടുകൂടിയവരും ഉപക്ഷേപത്തെ എതുക്കാതെ അനുവദിക്കുന്നതാകുന്നു ഇവിടെ നടപ്പ്.

മി: കുഞ്ഞാലൻ പരമേശ്വരൻപിള്ള (അഡീഷനൽ ഹൈക്കോർട്ടുവക്കീൽ): സർ, മിസ്റ്റർ. എ. ജി. മേനോന്റെ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. ഒരു ബിൽ അവതരിപ്പിക്കുവാനുള്ള അനുവാദത്തിനുവേണ്ടി കൊണ്ടുവരുന്ന ഒരു ഉപക്ഷേപത്തെ സാധാരണയായി എതിർക്കാറു പതിവില്ലെന്നു മി: മേനവൻ പറഞ്ഞു. എന്നാൽ ഇപ്പോഴത്തെ ഈ ഉപക്ഷേപം അസാമാന്യസ്ഥിതികളിൽ ഉൾപ്പെടുന്നതാകയാൽ എനിക്ക് അതിനെ എതിർക്കേണ്ടിയിരിക്കുന്നു. റഗുലേഷൻ ഭേദഗതി ആവശ്യമാണെന്നുള്ള സംഗതി എല്ലാവരും സമ്മതിച്ചിട്ടുണ്ട്. ആ സംഗതിയെ സംബന്ധിച്ചു ഗവർണ്ണമെൻറു നടപടി നടത്തുന്നുമുണ്ട്. അവർ ഒരു ബിൽ തയ്യാറാക്കി ധനസ്ഥിതിയിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. അതിനെപ്പററി ഗവർണ്ണമെൻറിന്റെ പുനരാലോചന ഇനിയും നടത്തേണ്ടതായിട്ടുണ്ട്.

മി: എ. തർണ്ണപിള്ള (തിരുവനന്തപുരം). ആ ബില്ല പ്രസിദ്ധപ്പെടുത്തിയതു് എപ്പോളാണെന്ന് എന്നു അറിയിക്കുമൊ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയറ്റ്): ഗസറ്റ് മാർച്ച് ഏ ഉപാംശു-ലിലത്തെ ഗസറ്റിൽ അതു പ്രസിദ്ധം ചെയ്തിട്ടുണ്ട്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അവർ നടപടി നടത്തുവാൻ ആരംഭിച്ചതു് എപ്പോളാണെന്ന് എന്തെന്ന അറിയിക്കുമോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): അതിനും മുമ്പുതന്നെ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): ജന്മികുടിയാൻ കമ്മിറ്റിയുടെ റിപ്പോർട്ടു സമർപ്പിച്ചുകഴിഞ്ഞശേഷമുണ്ടായതാണോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സെക്രട്ടറി): അതെ, അവിടം മുതല്ക്കുതന്നെയാണ് അതു് ആരംഭിച്ചതു്. എന്നാൽ ഇപ്പോൾ ആ പ്രസിഡ്യൻസിയുടെ ബില്ലിനെപ്പററി ആലോചന നടന്നുവരുന്നുണ്ട്. സ്ഥിതിഗതികൾ ഇപ്രകാരമിരിക്കുമ്പോളാണ് ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. ഒരു ബിൽ ഹാജരാക്കുവാൻ അനുവാദം വേണമെന്ന് മുപ്രകാരം ആവശ്യപ്പെടുന്ന സാധാരണരീതിയിലുള്ള ഒരു ഉപക്ഷേപമല്ല അതെന്നു നല്ലപോലെ കാണാവുന്നതുമാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും, കുന്നത്തൂരും): ആ പ്രസിദ്ധീകരണം ഗസറ്റിൽ ചേർത്തിട്ട് ഇപ്പോൾ എത്രകാലമായി?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഗസറ്റ് മാർച്ച് ഏ ഉപാംശുദിയതിയിലെ ഗസറ്റിൽ അതു പ്രസിദ്ധീകരിക്കപ്പെട്ടു.

മി: താമരപ്പള്ളി കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഗസറ്റിൽ പരസ്യംചെയ്തുകഴിഞ്ഞതിൽ പിന്നീട് വല്ല നടപടിയും നടത്തിട്ടുണ്ടോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സെക്രട്ടറി): ഉവ്വ്, ജന്മിമാരിൽനിന്നും കുടിയാന്മാരിൽനിന്നും അനേകം നിവേദനങ്ങൾ ഗവർണ്ണമെന്റിനു കിട്ടിക്കൊണ്ടിരിക്കുന്നുണ്ടെന്നു മാത്രമല്ല അവർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളെ ക്രമപ്പെടുത്തേണ്ടതുണ്ടെന്നു ഗവർണ്ണമെന്റ് ആലോചിക്കുന്നുമുണ്ട്. ഗവർണ്ണമെന്റ് ഇപ്പോഴും അതിനെപ്പററിത്തന്നെ ആലോചിച്ചുവരുന്നു. അതുകൊണ്ടുതന്നെയാകുന്നു ഈ ഉപക്ഷേപം ഹാജരാക്കുന്നതു അസാധാരണ സ്ഥിതിഗതികളിലാണെന്നു ഞാൻ പറയുന്നതു്. ഈ സംഗതിയിൽ ഗവർണ്ണമെന്റ് നിരുത്സാഹമായിട്ടോ, റഗ്യുലേഷനിൽ വരുത്തേണ്ടുന്ന ഭേദഗതിയുടെ ആവശ്യകതയെപ്പററി ഗവർണ്ണമെന്റ് അംഗീകരിക്കാതെയോ ഇരിക്കുന്നില്ല. ജന്മിമാരും കുടിയാന്മാരും റഗ്യുലേഷൻ ഭേദപ്പെടുത്തിക്കിട്ടുവാൻ ആഗ്രഹിക്കുന്നുണ്ടെന്നും അവർ അതിലേക്കു വേണ്ടതു പ്രവർത്തിക്കുന്നുണ്ടെന്നും ഗവർണ്ണമെന്റിനു മനസ്സിലായിട്ടുണ്ട്. അതിനാൽ ഇപ്പോൾ ആലോചനാവിഷയമായിട്ടുള്ളതു് അതു ഗുണകരമോ സാദ്ധ്യമോ ആണോ എന്നും ഈ സന്ദർഭത്തിൽ ബില്ലിന്റെ കുഴപ്പം നേരിടുന്നുക്കവണ്ണം ഒരു ബില്ലിനെ ന്യായവിരുദ്ധമായി പ്രവേശിപ്പിക്കുന്നതു്—ഞാൻ ആ പദം പ്രയോഗിച്ചതിൽ മിസ്റ്റർ മേനോൻ ക്ഷമിക്കണമെന്നു വിശ്വസിക്കുന്നു—ആരുടെയെങ്കിലും ഉദ്ദേശസാദ്ധ്യത്തിനു അനുകൂലമായിത്തീരുമോ എന്നും ആണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഒരു അനുദ്യോഗസ്ഥന്റെ അവകാശത്തെ അതു് കുറയ്ക്കുന്നുണ്ടോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): അപ്രകാരം ഞാൻ പറഞ്ഞിട്ടുമില്ല പറയുകയുമില്ല. എന്നാൽ ഗവർണ്ണമെന്റിൽനിന്നും ഹാജരാക്കുവാനുദ്ദേശിക്കുന്ന ബിൽ ഒരു രഹസ്യബില്ലിയാൽ കുഴപ്പത്തിലിടയാക്കിത്തീർക്കുന്നതു് ഉപപന്നമായിട്ടുള്ളതല്ലെന്നും ജന്മിക്കോ, കുടിയാനോ ആർക്കുതന്നെ അതു് ഉദ്ദേശസാദ്ധ്യത്തിനു ഉപയുക്തമായിത്തീരുന്നതല്ലെന്നും ആകുന്നു ഞാൻ പറയുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഓ മെംബർ പറയുന്നതു് ഗവർണ്ണമെന്റിനു മാത്രമേ ഒരു ബില്ല് അവതരിപ്പിക്കുവാൻ അധികാരമുള്ളു എന്നാണോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): അപ്രകാരമുള്ള ഏതെങ്കിലും ചോദ്യത്തിന്റെ ആവശ്യകതയ്ക്കു അവസരം ഞാൻ കാണുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അനുദ്യോഗസ്ഥമെംബർ ഈ ബില്ല് ഹാജരാക്കുന്നതു നിയമാനുസരണമാണോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): മി. കെ. പി. നീലകണ്ഠപ്പിള്ള അദ്ദേഹമറിഞ്ഞ അറിവില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്ന ഒരു വിവരം അറിയുവാൻ ആവശ്യപ്പെടുന്നതായി ഞാൻ ഊഹിക്കുന്നു. അതുകൊണ്ടു ഒരു ബിൽ ഹാജരാക്കുവാൻ അനുവാദം വേണമെന്ന് ഒരു അനുദ്യോഗസ്ഥമെംബർ അപേക്ഷിക്കുന്നതു് എത്രയും നിയമാനുസരണമായിട്ടുള്ളതാണെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളട്ടെ.

മി: എസ്. പിരമിപ്പെരുമാൾപിള്ള (കുട്ടവടവും വ്യവസായവും, തെക്ക്): പരസ്യം ചെയ്തുകഴിഞ്ഞിട്ടുള്ള ഒരു ബില്ലുണ്ടെന്നാണോ മെംബർ പറയുന്നതു?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): അതെ, ചില ഭേദഗതികളോടുകൂടി അതിനെ ഹാജരാക്കുവാൻ ഗവർണ്ണമെന്റു ആലോചിച്ചുവരുന്നുണ്ട്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): ഈ ക്രമത്തിൽ മുന്നോട്ടുപോകുന്നതായാൽ അതിലേക്കു അവർക്കു എത്രകാലം വേണ്ടിവരുമെന്നു പറയുമോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സെക്രട്ടറി): ആ ചോദ്യത്തിന് എനിക്കിന്നിന്നു ഒന്ന് മറുപടി എന്റെ സ്നേഹിതൻ മി. ആശാൻ ആശിക്കുന്നില്ലെന്നു എനിക്കു നിശ്ചയമുണ്ട്. ഈ ഘട്ടത്തിൽ സഭയിൽനിന്നും പ്രധാനമായി ആലോചിക്കാനുള്ള വിഷയം ഒരു ബിൽ ഗവർണ്ണമെന്റിന്റെ ആലോചനയിലിരിക്കുന്നസ്ഥിതിക്കു സംഗതികളുടെ കുഴപ്പത്തിലേക്കായി ഒരു ബില്ലുകൊണ്ടുവരുന്നതുകൊണ്ടു ആരുടെയെങ്കിലും ഉദ്ദേശത്തിനു പ്രയോജനമുണ്ടാകുമോ എന്നാകുന്നു. കുടിയാന്മാരുടെയും പക്ഷെ ജന്മിമാരുടെയും ഉദ്ദേശ്യത്തെ നന്നാക്കുന്നതിലേക്കായി ശ്രമിക്കണമെന്നുള്ള സദുദ്ദേശത്താൽ പ്രേരിതനാണ് മി. മേനോൻ എന്നു എനിക്കു നിശ്ചയമുണ്ട്. എന്നാൽ ഗവർണ്ണമെന്റിന്റെ കൈയിൽ ഇപ്പോൾ ഇരിപ്പുള്ളതും ഒരു ഗവർണ്ണമെന്റു മെംബർ

ഹാജരാക്കീട്ടുള്ളതും ആയ ഒരു ബില്ലിനെക്കാൾ ഒരു പ്രൈവറ്റ് മെംബർ ഹാജരാക്കുന്നബില്ലിന് വിധിയാവട്ടെ ബിൽക്കൂടി കടന്നുപോകുന്നതിന് കൂടുതൽ സൌകര്യമുണ്ടോ എന്നുള്ള സംഗതിയെപ്പററി ആലോചിക്കണമെന്നു എന്റെ സ്നേഹിതൻ മി. മേനോനോടു എനിക്ക് അപേക്ഷിക്കാതെ നിവൃത്തിയില്ല. ഈ ഉപക്ഷേപത്തെപ്പററി ആലോചിക്കുന്നതിൽ ആ സംഗതിയെ സംബന്ധിച്ചുമാത്രമാണ് ബന്ധപ്പെടുത്തുവാൻ ഞാൻ ആവശ്യപ്പെടുന്നത്. അല്ലാതെ ബില്ലിന്റെ ഗുണദോഷങ്ങളെപ്പററി ഇപ്പോൾ വാദപ്രതിവാദം നടത്തണമെന്നു ഞാൻ പറയുന്നില്ല. ഭേദഗതിചെയ്തു ഒരു ബില്ലിന്റെ ആവശ്യകതയുണ്ടെന്നു വിചാരിക്കുന്നതിൽ ഞാൻ മി. മേനോനോടു യോജിക്കുന്നു. ആ സംഗതിയിൽ ഞങ്ങൾക്കുതമ്മിൽ യാതൊരഭിപ്രായവ്യത്യാസവുമില്ല. ഒരു പ്രൈവറ്റ് ബിൽ ഇപ്പോൾ ഹാജരാക്കുന്നതു ഹിതാവഹമാണോ എന്നു മാത്രമാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഈ സന്ദർഭത്തിൽ മി. മേനോൻ അദ്ദേഹത്തിന്റെ ഉപക്ഷേപത്തെ പിൻവലിക്കുകയും ആ സംഗതിയെ ഗവണ്മെന്റിന്റെ യുക്തംപോലെ ചെയ്യുവാൻ വിട്ടുകൊടുക്കയും ചെയ്യണമെന്നും ഗവണ്മെന്റ് ഏതെങ്കിലും നടപടി നടത്താതിരുന്നാൽ അതിനെ വീണ്ടും ഹാജരാക്കണമെന്നും ഞാൻ അദ്ദേഹത്തോടു അപേക്ഷിക്കുന്നു.

പ്രസിഡണ്ട്: മിസ്റ്റർ ഗോവിന്ദമേനോൻ! മറുപടി പറയുവാനുള്ള അവകാശം നിങ്ങൾക്ക് ഉണ്ട്.

മി. എ. ജി. മേനോൻ (പറവൂർ): ഈ ബില്ലിനെ സംബന്ധിച്ച് ഗവണ്മെണ്ട് സ്വീകരിച്ചിരിക്കുന്ന ഭാവത്തെപ്പററി ഞാൻ ഏററവും ആശ്ചര്യപ്പെടുന്നുണ്ടെന്ന് നിർവ്യാജം സമ്മതിക്കാതെ എനിക്കു നിവർത്തിയില്ല. ഈ വിഷയത്തിലേക്കായി ഒരു കമ്മററി ഏർപ്പെടുത്തുകയും അവർ ഒരു കരടുബിൽ സമർപ്പിക്കുകയും ചെയ്തിട്ട് പതിമൂന്നു സംവത്സരത്തിലധികം കഴിഞ്ഞിരിക്കുന്നു. ബഹുമാന്യരുടെ അഭിപ്രായപ്രകാരം ഒരു ബില്ലിന്റെ ആകൃതിയിൽ ഒന്ന് രൂപപ്പെടുത്തി പ്രസിദ്ധംചെയ്തിട്ട് ഇപ്പോൾ നാലുസംവത്സരം കഴിഞ്ഞിട്ടുണ്ടെന്നാണ്. ഒരു ബില്ലിന്റെ ആകൃതിയിൽ എന്നു ഞാൻ പറഞ്ഞതിനു കാരണം അതു ജന്മിയോ കുടിയാനോ ആവശ്യപ്പെട്ടിട്ടില്ലെന്നുള്ള വിവരം സുവിദിതമായിട്ടുള്ളതാകയാലാകുന്നു. സംഗതിയുടെ ഇപ്പോഴത്തെ നിലനോക്കുന്നതായാൽ ഇതിനെപ്പററി ഏതെങ്കിലും ഒരു നിയമം പാസ്സാക്കുന്നതിൽ ഗവണ്മെണ്ടിനു വലിയ താല്പര്യമില്ലെന്നുള്ള കാര്യം സ്പഷ്ടമാണ്. കുടിയാന്മാർ, ജന്മിമാർ എന്നീ രണ്ടുകൂട്ടക്കാർക്കാണ് അതിന്റെ ആവശ്യം അനുഭവമായിരിക്കുന്നത്. ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു ഈ സംഗതിയെ സംബന്ധിച്ചു ഏതെങ്കിലും ഒരു നിയമം പാസ്സാക്കിച്ചു എന്നുള്ള യശസ്സു നേടുവാനുദ്ദേശിച്ചല്ല. പ്രത്യുത ഇതിലേക്കു വേണ്ടി ഞാൻ ചെയ്തിട്ടുള്ള പ്രയത്നത്തിന്റെ ഫലമായി കഴിഞ്ഞതവണ അതായതു ആറു സംവത്സരത്തിനുമുമ്പ് ഞാൻ ഒരു മെമ്പറായിരുന്നപ്പോൾ ഏറക്കുറെ കമ്മിററിയിൽനിന്നും അയച്ചിട്ടുള്ള കരടുബില്ലിന്റെ രീതിയിൽ ഒരു ബിൽ ഹാജരാക്കുവാൻ നിർബന്ധിതനായിട്ടുള്ളതിനാലാകുന്നു.

മി. കെ. എൻ. കേശവൻ നംപൂതിരിപ്പാട് (ജന്മി): ഫസ്റ്റ് ഇ-ൽ നിയമിക്കപ്പെട്ട കമ്മിററി രൂപപ്പെടുത്തിയ ബില്ലിനെ അടിസ്ഥാനമാക്കീട്ടുള്ളതാണോ ഇപ്പോഴത്തെ ബിൽ എന്ന് എന്നെ അറിയിക്കുമോ.

മി. എ. ജി. മേനോൻ (പറവൂർ): നിശ്ചയമായിട്ടും, ഞാൻ ചില മാററങ്ങൾ വരുത്തീട്ടുമുണ്ട്.

മി. കെ. എൻ. കേശവൻ നംപൂതിരിപ്പാട് (ജന്മി): അതിനെ ഗവണ്മെന്റിൽനിന്നും ഉപേക്ഷിച്ചില്ലയോ.

മി. എ. ജി. മേനോൻ (പറവൂർ): നിശ്ചയമായിട്ടും ഇല്ല.

പ്രസിഡണ്ട്: ആ വിഷയത്തിന്റെ ഗുണദോഷങ്ങളെപ്പററി പരാമർശിക്കുവാൻ നിങ്ങൾക്ക് അർഹതയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എ. ജി. മേനോൻ (പറവൂർ): ഇതു ജനങ്ങളെ സംബന്ധിക്കുന്ന ഒരു സംഗതിയാണ്. കഴിഞ്ഞ പതിമൂന്നു സംവത്സരക്കാലമായി ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള നിലയെപ്പററി ആലോചിക്കുമ്പോൾ ജനങ്ങളിൽ ഒരാൾ അതു ഹാജർക്കുന്നതാണ് അധികം നല്ലതു്. ഗവണ്മെണ്ടിന്റെ നിലയ്ക്കു യാതൊരു വിപരീതഭാവവും കൂടാതെ എനിക്കു അനുവാദം നൽകുന്നതു് അധികം ആനുഗുണ്യമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അവർ അവരുടെ പ്രാതികൂല്യത്തെ പിൻവലിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

പ്രസിഡണ്ട്: ഉപക്ഷേപത്തെ സംബന്ധിച്ച് ഒരു വിഭാഗം വേണമെന്ന് മെമ്പർ നിർബന്ധിക്കുന്നുവോ.

മി. എ. ജി. മേനോൻ (പറവൂർ): സർ, ഉവ്വ്.

വിഭാഗം നടത്തുകയും ഉപക്ഷേപം സ്വീകരിച്ചതായി പ്രസ്താവിക്കപ്പെടുകയും ചെയ്തു.

മി. കെ. ജാർജ്ജ് (ഗവണ്മെണ്ടു ചീഫ്സെക്രട്ടറി): ഞാൻ ഒരു പോൾ ആവശ്യപ്പെടുന്നു.

പോൾ എടുത്തതിൽ ഫലം താഴെ കാണുംവിധമായിരുന്നു.

അനുകൂലിച്ചവർ ൨൭.

൧	മിസ്റ്റർ	വി. ചേല്ലംപിള്ള	൧൧	മിസ്റ്റർ	വി. എസ്. കൃഷ്ണപിള്ള
൨	,,	എ. എസ്. ഓമോരൻ ആശാൻ	൧൨	,,	തയ്യിൽ കുഞ്ഞിരത്നാമ്മൻ
൩	,,	എ. ജി. മേനോൻ	൧൩	,,	എ. സി. കുര്യാക്കോസ്
൪	,,	ഇട്ടൂപ്പ് ഇട്ടീച്ചൻ	൧൪	,,	കെ. മാധവൻപിള്ള
൫	,,	ഡി. സി. ജോസഫ്	൧൫	,,	പി. എസ്. മഹമ്മദ്.
൬	,,	ആർ. കേശവപിള്ള	൧൬	,,	എച്ച്. ബി. മഹമ്മദ് റാവുത്തർ
൭	,,	ടി. സി. കേശവപിള്ള	൧൭	,,	മാത്തു മുതിക്കൻ
൮	,,	താമരപ്പള്ളിൽ കൊച്ചുണ്ണിതാമ്മൻ	൧൮	,,	ജി. പി. നീലകണ്ഠപ്പിള്ള
൯	,,	എൻ. ആർ. കൃഷ്ണൻ	൧൯	,,	കെ. പി. നീലകണ്ഠപ്പിള്ള
൧൦	,,	എൻ. കെ. കൃഷ്ണപിള്ള	൨൦	,,	വി. ജെ. ഉമ്മൻ

൨൧	,,	മുറിവേലിൽ പാച്ചുപിള്ള	൨൪	,,	ആർ. രാമൻപിള്ള
൨൧	,,	കെ. പത്മനാഭപ്പണിക്കർ	൨൫	,,	ശ്രീവരിനാൾ രാമവർമ്മരാജ.
൨൧	,,	കെ. ജി. പരമേശ്വരൻപിള്ള	൨൬	,,	എം. താണുപിള്ള
൨൪	,,	എൻ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ			

പ്രതികൂലിച്ചവർ ൧൬.

൧	മിസ്റ്റർ എൻ. എ. ബിഷപ്പ്		൧൦	മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള	
൨	,,	ഐ. സി. ചാക്കോ	൧൧	,,	ഡാക്ടർ കെ. രാമൻതമ്പി
൩	,,	ആർ. ധനുഷ്കോടിപ്പിള്ള	൧൨	,,	കെ. എൻ. രാമസുബയ്യർ
൪	,,	കെ. ജാർജ്ജ്	൧൩	,,	ടി. പി. രാമസുബ്ബയ്യർ
൫	,,	പി. ഗോമതിനായകം പിള്ള	൧൪	,,	റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൬	,,	കെ. എൻ. കേശവൻനംപൂതിരിപ്പാട്	൧൫	,,	മിസ്. സി. ഫ്. റോബിൻസൺ
൭	,,	പി. എൻ. കൃഷ്ണപിള്ള	൧൬	,,	ആർ. കൈവത്തിലിംഗംപിള്ള
൮	,,	റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള		,,	,, കൊച്ചുപ്പൻ.
൯	,,	എൽ. എ. ലാമ്പാർഡ്			

നിഷ്പക്ഷനിലെ അവലംബിച്ചവർ ൨.

൧. മി: ഡി. ഫ്രാൻസിസ്.
൨. ,, ജിസ്റ്റ്. പിരവിപ്പെരുമാൾപിള്ള

പോൾ എടുത്തതിൽ ൨൭ പേർ അനുകൂലമായും ൧൭ പേർ പ്രതികൂലമായും ൨ പേർ നിഷ്പക്ഷമായും വോട്ടു ചെയ്തതിനാൽ ഉപക്ഷേപം സ്വീകരിക്കപ്പെട്ടു.

പ്രമേയങ്ങൾ.

പ്രസിഡണ്ട്: അടുത്തതു പ്രമേയം മിസ്റ്റർ ടി. സി. കേശവപിള്ളയുടെ പേരിലാണ്.

വില്ലേജു പഞ്ചായത്തു റഗ്ലേഷനെ സംബന്ധിച്ചു പ്രമേയം.

മി: ടി. സി. കേശവപിള്ള (കൽക്കളവും വിളവൻകോടും): സർ, ഞാൻ താഴെക്കാണുന്ന പ്രമേയം അവതരിപ്പിച്ചു കൊള്ളുന്നു.

"കഴിയുന്നതും വേഗത്തിൽ വില്ലേജു പഞ്ചായത്തു റഗ്ലേഷൻ നടപ്പിൽ വരുത്തേണ്ടതാണെന്നു ഈ സഭ ഗവണ്മെൻറിനോടു ശുപാർശ ചെയ്യുന്നു".

൧൯൧൦-ാമാണ്ടത്തെ ൭-ാം റഗ്ലേഷനായി ൧൯൧൦-ൽ പാസാക്കിയ റഗ്ലേഷനും അതനുസരിച്ചുണ്ടായ ചട്ടങ്ങളും ഈയിടെ പൊതുജനങ്ങളുടെ നിരീക്ഷണത്തിനായി കൻവെച്ചു ഇവിടെ പ്രസിദ്ധം ചെയ്തിട്ടുണ്ട്. കഴിയുന്നതും വേഗത്തിൽ ആ റഗ്ലേഷൻ നടപ്പിൽ കൊണ്ടു വരണമെന്നുള്ള ഉദ്ദേശം ഗവണ്മെൻറിനു മിക്കവാറും ഉണ്ടായിരിക്കാം. എന്നിട്ടും ഞാൻ ഈ വിഷയം തിരഞ്ഞെടുത്തു് ശ്രദ്ധിക്കണവും മററു സംഗതികളും സംബന്ധിച്ചിടത്തോളമുള്ള സ്ഥിതിയുടെ ഗൌരവത്തെപ്പററി ഗവണ്മെൻറിനെ അറിയിക്കുന്നതിലേക്കു മാത്രമാണ്. അതിനെ സംബന്ധിച്ചു ൧൩, ൧൪, ൧൫, ൧൬, ൧൭ എന്നീ വകുപ്പുകളിൽ പ്രസ്താവിച്ചിട്ടുമുണ്ട്. തിരുവിതാംകൂർ മാത്രം അല്ല ജനങ്ങളും തിരുവിതാംകൂറിലെ ജനങ്ങൾ മാത്രമല്ല, ബ്രിട്ടീഷ് ഇൻഡ്യയിൽ ആകമാനമുള്ള ജനങ്ങളും ഉത്കണ്ഠയോടെ ആലോചിച്ചു കൊണ്ടിരുന്ന പ്രാദേശിക സ്വയംഭരണത്തിനു വളരെ ഉപയോഗപ്രദമാകേണ്ടതിരുന്ന റഗ്ലേഷനിലെ പ്രധാന വകുപ്പുകളാകുന്നു ഇവ. പ്രാദേശികപുനഃസംഘടനത്തെ സംബന്ധിച്ചിടത്തോളം ആദ്യകാലത്തു പര്യാപ്തമായ വിധാനം ഉണ്ടായിരുന്നു, എന്നാൽ ഒടുവിലായപ്പോൾ അതെല്ലാം കുഴപ്പത്തിലായിരിന്നു. ബ്രിട്ടീഷ് ഇൻഡ്യയിലുള്ള ഗ്രാമസമുദായങ്ങളിലാകട്ടെ ഇപ്പോഴും പണ്ടുണ്ടായിരുന്ന സ്ഥാപനങ്ങളുടെ വ്യാപാരരൂപത്തിലെങ്കിലും ഗ്രാമമുൻസിപ്പന്മാരും ദേശീയസംഘങ്ങളുമുണ്ട്. എന്നാൽ നമ്മുടെ തിരുവിതാംകൂറിൽ റാവുസാഹിബുമാരുടെ മററു ഗവണ്മെൻറു പ്രസിദ്ധീകരണങ്ങളിലും നിന്നു കാണുന്നതു പോലെയും നമ്മുടെ വൃദ്ധജനങ്ങളിൽ നിന്നു അറിയപ്പെടുന്നതു പോലെയും ഇക്കാലത്തു നമുക്കുള്ള വ്യവസ്ഥകൾ കൊല്ലവർഷം ൧൦൮൯-നു മുമ്പുണ്ടായിരുന്നതിൽ നിന്നും നിശ്ശേഷം വ്യത്യാസപ്പെട്ടിട്ടുണ്ട്. കരയോഗങ്ങൾ, ദേശങ്ങൾ തുടങ്ങിയ ചെറിയ സ്ഥാപനങ്ങളോടുകൂടിയ വളരെ നല്ല ഒരു തിരുവിതാംകൂർ ഉണ്ടായിരുന്നു. എന്നാൽ ആ ജനസമുദായഭരണം ആകമാനം നശിപ്പിക്കപ്പെട്ടു. അതു കാരണത്താൽ ഗ്രാമത്രുപീകരണങ്ങൾ എന്നു വിളിക്കപ്പെടുന്ന ഏർപ്പാടുകളും ഇല്ലാതായി. ഇപ്പോൾ പ്രായോഗികമായി ഒരു പ്രത്യേക പകുതിയേയോ അല്ലെങ്കിൽ ഒരു ഗ്രാമത്തേയോ ബലപ്പെടുത്തുന്നതിനു ഒന്നും തന്നെയില്ല. തിരുവിതാംകൂറിൽ നാം ഒരിക്കലും പഴയ മാമൂലുകളെ മുറുകെ പിടിക്കുന്നില്ല, ചിലപ്പോൾ ബ്രിട്ടീഷ് ഇൻഡ്യയിൽ നാം അവയെ കാണുന്നുണ്ടെങ്കിലും മുൻകാലങ്ങളിൽ പ്രചാരത്തിലിരുന്ന മാമൂലുകളെ നാം ഒരിക്കലുംസ്വീകരിക്കുന്നില്ല. അതെല്ലാം പഴങ്കഥകളാണ്. അതിനെപ്പററി ഞാൻ ഒന്നും തന്നെ പറയുന്നില്ല. പ്രാദേശികസംഘടനത്തെ സംബന്ധിച്ചിടത്തോളം ഗ്രാമപഞ്ചായത്തുകൾ ഉടനടി ആരംഭിക്കേണ്ടതാണ്. തൊഴിലില്ലായ്മയെ സംബന്ധിച്ചു ഏർപ്പെടുത്തീട്ടുള്ള കമ്മററികളുടെയും അവരുടെ റിപ്പോർട്ടിൻെറ ൧൦൯-ാം വരത്തു കീഴിയായും. ബലമായും അവരുടെ ശുപാർശകളെ ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ട്.

"... ... .പ്രാദേശിക അനുഗ്രഹങ്ങളുടെ സംഗ്രഹണം, അഭിവൃദ്ധി, വിപണനം എന്നിവയ്ക്കു വേണ്ടിയുള്ള കൃഷി സംബന്ധമായ പരസ്പരസഹായം, പരിഷ്കൃതരീതിയിലുള്ള കൃഷി, പ്രാദേശിക ക്ലബ്ബുകളും, പുസ്തകശാലകളും, അധഃകൃതവർഗ്ഗങ്ങളുടെ ഉന്നമനം, പഞ്ചായത്തുകളുടെ സ്ഥാപനം അല്ലെങ്കിൽ (ഇവിടെ) കരയോഗങ്ങൾ

ളുടെ പുനരധിവാസം എന്നിപ്രകാരം നാട്ടിൻപുറങ്ങളായ പ്രദേശങ്ങളിലുള്ള എല്ലാത്തരം ക്ഷേമകരങ്ങളും അഭിവൃദ്ധികാരണങ്ങളുമായ മേഖലകളും ഈ സ്കീമിൽ ഉൾപ്പെടുന്നതാണ്. അതായതു നാട്ടിൻപുറങ്ങളായ പ്രദേശങ്ങളിലുള്ള ദാരിദ്ര്യം, മാലിന്യം, രോഗം, വിദ്യാഭ്യാസമില്ലായ്മ എന്നിവയെ നശിപ്പിക്കുന്നതിനു ലക്ഷ്യമായ സർവ്വശക്തികളുടേയും സംഘടിതവും സുസംയോജിതവുമായ ഒരുപ്രവൃത്തിപദ്ധതിയാകുന്നു അതു്."

ഞാൻ ബലമായി അഭിപ്രായപ്പെടുന്ന ഏററവും പ്രധാനമായ കൃത്യങ്ങൾ ഇവയാകുന്നു.

വില്ലേജ് പഞ്ചായത്തു റഗുലേഷനെപ്പററി ഒരു വാക്കുപോലും പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ രണ്ടാം വകുപ്പിലെ (ഡി) (ക-ം), (ഖ-ം) ക്ലാസിലേക്കു മാത്രം സഭയുടെ ശ്രദ്ധയെ ക്ഷണിച്ചു കൊള്ളുന്നു. ലൈസൻസു ഫീസുകൾ മുതലായവ ചുമത്തുന്നതിലേക്കുള്ള അധികാരം പഞ്ചായത്തുകൾക്കുണ്ട്. അതുകൊണ്ടു ഇന്നലെ, ധീവരന്മാരുടെ വീടുകൾ പണിചെയ്യിക്കുന്നതിന്റെ ആവശ്യകതയെപ്പററി കാളറയെ സംബന്ധിച്ചു പ്രസ്താവിച്ചപ്പോൾ ഗവൺമെൻറിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുകയുണ്ടായി.

സമുദ്രതീരങ്ങളിൽ ഗ്രാമപഞ്ചായത്തു നടപ്പിലാക്കുന്നതായാൽ, മീൻ പിടിക്കുവാനായി സമുദ്രത്തിലേക്കിറക്കുന്ന ഓരോ വള്ളത്തിനും അവർക്കു ലൈസൻസ് ഫീസ് ചുമത്തി പണം ഈടാക്കാവുന്നതും, അങ്ങനെ ക്രമീകരണ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ രീതിയിൽ അവരുടെ വീടുകൾ പണിയിക്കുന്നതിലേക്കു ആവശ്യമുള്ള മൂലധനം ശേഖരിക്കാവുന്നതും ആകുന്നു.

മി: കുട്ടാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഗസററിൽ പരസ്യപ്പെടുത്തിയ പഞ്ചായത്തു നിയമങ്ങൾ മെമ്പർ വായിച്ചിട്ടുണ്ടോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഉവ്വ്.

മി: കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ആ നിയമങ്ങൾ തൃപ്തികരങ്ങളായിട്ടുള്ളവ തന്നെയെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): രണ്ടാം നമ്പർ നിബന്ധനസംബന്ധിച്ചു ഞാൻ ഇപ്രകാരം അഭിപ്രായപ്പെട്ടു കൊള്ളുന്നു. മുൻസിപ്പാലിററികളുടെ ഭരണം സംബന്ധിച്ചിടത്തോളം പല മുൻസിപ്പാലിററികളിലും വിവിധങ്ങളായ ഉപവ്യവസ്ഥകൾ നടക്കുണ്ട്. ഓരോ പഞ്ചായത്തിനും ഇഷ്ടം പോലെ അനുവദിച്ചു കൊടുക്കുകയാണെങ്കിൽ തുല്യമായ ഫലമേ നടക്കുകയുള്ളു. അതുകൊണ്ടാണ് അഭിപ്രായപ്പെടുന്നതു എല്ലാം രജിസ്ട്രാർക്കു അയച്ചു കൊടുക്കേണ്ടതാണെന്നാകുന്നു.

എന്നാൽ മാതൃകയായി ഒരു ഉപവ്യവസ്ഥ തയ്യാറാക്കിയ്ക്കു ഓരോ വില്ലേജ് പഞ്ചായത്തുകൾക്കും, അതു ത്രൂപീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടെങ്കിൽ, അയച്ചു കൊടുക്കണമെന്നും എനിക്കു അഭിപ്രായമുണ്ടു. എനിക്കു സിദ്ധിക്കുവാൻ ഇടയായിട്ടുള്ള അറിവിൽ നിന്നുമാണ് ഞാൻ ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതു്. ചീഫ്സിക്രട്ടറിക്കു തിരുവിതാംകൂറിലെല്ലാ സ്ഥലങ്ങളിൽ നിന്നും അനവധി നിവേദനങ്ങൾ കിട്ടിയിട്ടുണ്ടായിരിക്കണം. എന്നാൽ എന്റെ അഭിപ്രായം ഇതാണ്. ഇത്രയും പറഞ്ഞു കൊണ്ടു... ...

മി: കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): വില്ലേജ് പഞ്ചായത്തിന്റെ ആവശ്യത്തെ പുരസ്കരിച്ചു തിരുവിതാംകൂറിലുള്ള വില്ലേജുകളെ ഏതു യോഗ്യതയനുസരിച്ചു മെമ്പർ തരം തിരിക്കും?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഓരോ പ്രകൃതിയും ഒരു പഞ്ചായത്തായിട്ടു ഗണിക്കാവുന്നതാണ്, ലൈസൻസ് ഫീസ് മുതലായവ സംബന്ധിച്ചിടത്തോളം... ...

മി: കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): റവന്യൂ പകുതിയെക്കുടെ മെമ്പർ ഉദ്ദേശിക്കുന്നുണ്ടോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഉവ്വ്, എന്നാൽ ലൈസൻസ് ഫീസ് മുതലായവ പകുതിയാകമാനം എല്ലായിടത്തും നടപ്പിലാക്കാൻ പാടില്ലാത്തതാകുന്നു. യോഗ്യമായ ത്രൂപീകരണം ഇല്ലാതെയോ ജനവാസം നിബിഡമായിട്ടുള്ളതോ ആയ സ്ഥലങ്ങളിൽ മാത്രമേ അവ നടപ്പിലാക്കാൻ പാടുള്ളു.

മി: കുട്ടാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): പഞ്ചായത്തു ത്രൂപീകരണം സംബന്ധിച്ചു റവന്യൂ പകുതിയെ ബ്രിട്ടീഷ് ഇൻഡ്യയിലുള്ള ഒരു വില്ലേജിനോടു തുല്യമായി ഗണിക്കാവുന്നതാണോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): വാസ്തവം തന്നെ, സ്ഥിതിഗതികൾ വ്യത്യസ്തങ്ങളാണ്. ത്രൂപീകരണം പഞ്ചായത്തിനു വിട്ടു കൊടുക്കാവുന്നതാണെന്നുള്ള വസ്തുത ഞാൻഗവൺമെൻറിന്റെ ശ്രദ്ധയ്ക്കു വിഷയമാക്കിട്ടുണ്ട്. അതു പോലെ തന്നെ പ്രാധാന്യം കുറഞ്ഞ കൃഷിസേചനം തുടങ്ങിയവയും വില്ലേജ് പഞ്ചായത്തു നിയമങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ സ്വയം ഭരണത്തിന്റെ തോതായി പകുതിയെ, അതു വലുതാണെങ്കിലും, സ്വീകരിക്കാവുന്നതാകുന്നു, അഞ്ചോ ആറോ വർഷങ്ങൾ കഴിയുമ്പോൾ നിങ്ങൾക്കു താലൂക്കു ബോർഡും ഡിസ്ട്രിക്ട് ബോർഡും ഉണ്ടായേക്കാം. ഇപ്പോൾ തന്നെയും ദക്ഷിണതിരുവിതാംകൂറിൽ കൂടുതൽ പണം ചെലവു ചെയ്തു വരുന്നതായി ഉത്തരതിരുവിതാംകൂർകാർ മുറവിളി കൂട്ടുന്നുണ്ടു. പി. ഡബ്ല്യൂ. ഡി വകയ്ക്കു അനുവദിച്ചിട്ടുള്ള പണത്തെ ഓരോ ഡിസ്ട്രിക്ട് ബോർഡിലേക്കും വേണ്ടി നാലോ അഞ്ചോ ഭാഗമായി വീതിക്കുന്നതായാൽ അപ്രകാരമുള്ള നിലവിളിയൊന്നുമുണ്ടാകുകയില്ലെന്നു ഞാൻ വിചാരിക്കുന്നു. ഈ സംഗതിയെ ഞാൻ സഭാമുമ്പാകെ സമർപ്പിക്കുക മാത്രം ചെയ്തു കൊള്ളുന്നു. സാംക്രമിക വ്യാധികൾ എല്ലായിടത്തും വ്യാപിക്കാതെ തടയുന്നതിനും അതു വളരെ സഹായമായിത്തീരുന്നതാണ്. അതിന്റെ വിവരത്തെ സംബന്ധിച്ചിടത്തോളം, റഗുലേഷനിൽ അതിനെപ്പററി സൂക്ഷ്മമായി വിസ്തരിച്ചിട്ടില്ലാത്തതിനാൽ, ആ സംഗതിയെ സഭയുടെ ആലോചനയ്ക്കായി ഞാൻ വിട്ടു കൊള്ളുന്നു.

മി: കെ. എൻ. കൃഷ്ണപിള്ള (നെയ്യാററിൻകര): നിയമവിരുദ്ധമാകുന്നതെന്നു ഞാൻ അറിയിച്ചു കൊള്ളുന്നു. ഈ പ്രമേയത്തിന്റെ ആവശ്യത്തിലേക്കു വില്ലേജ് പഞ്ചായത്തു റഗുലേഷനിലെ നിബന്ധനകളെപ്പററി വാദപ്രതിവാദം ചെയ്യുന്നതു യുക്തമാണോ?

പ്രസിഡണ്ടു: റഗുലേഷനെ ബാധിക്കുന്ന ഏതാനും ഡ്രാഫ്ട് നിബന്ധനകളുടെ സ്വീകരണത്തിനും ഭേദഗതിക്കും വേണ്ടി അദ്ദേഹം പുറപ്പെടുവിക്കുന്ന പ്രാരംഭനിർദ്ദേശങ്ങളോടു കൂടിയ ചില നിയമങ്ങൾ ഉൾപ്പെടു

ന്ന റഗ്ലേഷൻ നടപ്പിലാക്കണമെന്നു സൂചിപ്പിക്കത്തക്കവണ്ണം അത്രമാത്രം നിയമങ്ങളേയും റഗ്ലേഷനുകളേയും പ്പററി മെമ്പർ വാദിക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അത്രത്തോളം അതു യുക്തവുമാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും, കുന്നത്തൂരും): പ്രസ്തുത സ്നേഹിതൻ ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഈ റഗ്ലേഷൻ ക്ക ാ ാ ാ ൽ പാസ്സാക്കപ്പെടുകയും, ക്ക ാ ാ ക്ക ചിങ്ങമാസത്തിൽ നടപ്പിലാക്കണമെന്നു അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്, ഈ റഗ്ലേഷൻ പാസ്സായി ഇപ്പോൾ മൂന്നു സംവത്സരം കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ഇതു നടപ്പിലാക്കപ്പെട്ടിട്ടില്ല. ഇതിനു സദൃശമായ ഒരു റഗ്ലേഷൻ ക്ക൯ വ്വ..ലെ ൨-ാം റഗ്ലേഷനായി മൈസൂറിൽ പാസ്സാക്കപ്പെടുകയും ക്ക൯ ൨ ഫെബ്രുവരി മാസത്തിൽ അതു നടപ്പിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. മൈസൂരിലെ ജനപ്രതിനിധി സഭയിൽ മിവാൻ ചെയ്ത പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി: "ആറുമാസക്കാലത്തിനകം... ...

പ്രസിഡണ്ട്: മററൊരു രാജ്യത്തിൽ നടന്ന സംഭവം പ്രസ്തുത വാദപ്രതിവാദത്തിനു തീരെ ഉചിതമായിട്ടുള്ളതല്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ദൃഷ്ടാന്തമായി ഞാൻ അതിനെ ഇവിടെപ്രസ്താവിച്ചു എന്നേയുള്ളു. തിരുവിതാംകൂർ വിദ്യാഭ്യാസ വിഷയത്തിൽ മുന്നണിയെ പ്രാപിച്ചിട്ടുള്ള ഒരു രാജ്യമാണെന്നു നമുക്കെല്ലാവർക്കും അറിയാം. ഈ സ്ഥിതിക്ക് ഈ രാജ്യത്തിൽ കാലവർത്തിത്തന്നെ വില്ലേജ് പഞ്ചായത്തു നടപ്പിലാക്കുന്നതായാൽ സ്വയംഭരണ വിഷയത്തിൽ ജനങ്ങൾക്കു നല്ല പരിശീലനം സിദ്ധിക്കുന്നതാണ്. ഈ രാജ്യത്തിലും പുറമെയുള്ള രാജ്യങ്ങളിലും ജനങ്ങൾ സ്വയംഭരണത്തിനു വേണ്ടി സമരം നടത്തിപ്പോരുന്നുണ്ടെന്നു നമുക്കെല്ലാവർക്കും അറിവാൻ. വില്ലേജ് പഞ്ചായത്തു നടപ്പിലാക്കുന്നതുകൊണ്ടു അതിന്റെ സാദ്ധ്യതയ്ക്കു വളരെ ആനുകൂല്യം നൽകുന്നതുമാണ്. ഇന്നലെ നാം വിശൂചികയെയും അതിന്റെ നിവാരണമാർഗ്ഗങ്ങളേയുംപ്പററി തീക്ഷ്ണമായി സംഭാഷണം നടത്തിക്കൊണ്ടിരുന്നു. ഈ രാജ്യത്തിൽ നേരത്തേ തന്നെ വില്ലേജ് പഞ്ചായത്തു നടപ്പിലാക്കുകയാണെങ്കിൽ, ശുചീകരണം സംരക്ഷിക്കുന്നതിനും, ശുദ്ധജലം സംഭരിക്കുന്നതിനും, തെരുവുകളെ വേണ്ടപോലെ വൃത്തിയാക്കുന്നതിനും, മുച്ചിൽ സ്ഥലങ്ങൾ പരിപാലിക്കുന്നതിനും മററും യാതൊരു പ്രയാസവും ഉണ്ടായിരിക്കുന്നതല്ല. ഇതിൽ നിന്നെല്ലാം വെളിവാകുന്നതു് ഈ റഗ്ലേഷൻ നടപ്പിലാക്കുന്ന വിഷയത്തിൽ വേണ്ട നടപടി നടത്താതിരിക്കുന്നതിനാൽ ഗവണ്മെന്റിനു ജനങ്ങളോടു ഉത്തരവാദിത്വബോധം ഇല്ലാതിരിക്കുന്നു എന്നാണ്. രാജ്യത്തിലെ ക്രിമിനൽ ഭരണം സംബന്ധിച്ചും ഭാഗഭാക്കാകുവാൻ ഈ റഗ്ലേഷൻ ജനങ്ങളെ ഇടയാക്കുന്നതാകുന്നു. ഗവണ്മെന്റിന്റെ പരാജയം വിചിത്രം കാര്യമുള്ളപ്പോഴും ഇല്ലാത്തപ്പോളും ജനങ്ങളിൽ നിന്നും പണം പിടിച്ചുപറിക്കുന്ന പോലീസ്കാരിൽ നിന്നും ജനങ്ങൾ വളരെ സങ്കടങ്ങൾ അനുഭവിക്കുന്നുണ്ട്, സ്വയം ഭരണവിഷയമായ മററു മാർഗ്ഗങ്ങളിലും ഈ റഗ്ലേഷൻ ജനങ്ങളെ പരിശീലിപ്പിക്കുകയും അതുനിമിത്തം രാജ്യത്തിലെ ഭരണകാര്യങ്ങളിൽ അധികം ഉത്തരവാദിത്വം വഹിക്കുവാൻ അവരെ പ്രാപ്തിയുള്ളവരാക്കുകയും ചെയ്യും. ഇത്രയും പ്രസ്താവിച്ചു കൊണ്ടു ഞാൻ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി: പി. എസ്സ്. മഹമ്മദ് (നിയമിതമെംബർ): വില്ലേജ് പഞ്ചായത്തു് റഗ്ലേഷൻ എന്നതിനെപ്പററി ഈ കൌൺസിലിൽ ഒന്നുംതന്നെ പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതു് ആവശ്യമാണെന്നും അതിനെ നടപ്പിൽ വരുത്തേണ്ടതാണെന്നും ഗവണ്മെന്റു ഉദ്ദേശിച്ചുകൊണ്ടുതന്നെയാണ് ഈ റഗ്ലേഷൻ പാസ്സാക്കിയിട്ടുള്ളതു്. ആയതുകൊണ്ടു് അതിനെ നടപ്പിൽ വരുത്തേണ്ട ആവശ്യത്തെപ്പററി പറഞ്ഞ് ഈ കൌൺസിലിന്റെ സമയം ചിലവഴിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു റഗ്ലേഷൻ പാസ്സാക്കിക്കഴിഞ്ഞാൽ അതു കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തേണ്ടതു് അത്യാവശ്യമാണ്. അപ്രകാരം ചെയ്യുന്നതുതന്നെ ഗവണ്മെന്റിന്റെ നിലയ്ക്കും അന്തസ്സിനും വളരെ യോജിച്ചതുമാണ്. അനേകകാലമായി നടപ്പിൽ വരുത്താതെ അവയെ ദീർഘിപ്പിക്കുന്നപക്ഷം വേണ്ട സംഗതികൾ ജാഗ്രതയായി നടത്തുന്നില്ല എന്നൊരു ന്യൂനത വന്നുചേരുന്നതാണ്. അതിനാൽ കഴിയുന്നതും വേഗത്തിൽ ഈ റഗ്ലേഷൻ നടപ്പിൽ വരുത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): സർ, പ്രമേയത്തെ ഞാൻ അംഗീകരിക്കുന്നു എന്നു പറയുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്.

പ്രസിഡണ്ട്: അടുത്തപ്രമേയം മിസ്റ്റർ എ. എസ്സ്. ദാമോദരൻ ആശാന്റെ പേരിലുള്ളതാണു. കുളത്തടങ്ങൾ മുതലായവയുടെ പതിവിനെ സംബന്ധിച്ച പ്രമേയം.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, താഴെക്കാണുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളട്ടെ.

"കുളങ്ങൾ നദികളുടേയും തോടുകളുടേയും കരകൾ, അവയോടുചേർന്ന് പാടങ്ങളിൽ കിടക്കുന്ന ഭൂമികൾ എന്നിവയുൾപ്പെട്ട പുറംപോക്കു സ്ഥലങ്ങൾ പതിച്ചോ ലേലംചെയ്തോ കൊടുക്കാൻ പാടില്ലെന്നും, അപ്രകാരം പതിച്ചോ ലേലംചെയ്തോ എവിടെയെങ്കിലും കൊടുത്തിട്ടുണ്ടെങ്കിൽ അവ പൊതുജനങ്ങൾക്കു ഹാനികരമെന്നു കാണപ്പെടുന്നതായാൽ പൊന്നുംവില റഗ്ലേഷൻപ്രകാരം അവയെ ഗവണ്മെന്റിൽനിന്നും എടുക്കേണ്ടതാണെന്നും ഈ സഭ ഗവണ്മെന്റിനോടു ശുപാർശ ചെയ്യുന്നു."

സർ, ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് പ്രതിനിധിസ്ഥാപനങ്ങൾ അനുവദിച്ചുകൊടുത്ത കാലമുതൽക്കു വയലുകളിൽ കൃഷിനടത്തുന്ന കർഷകന്മാർക്ക് ജലസേചന സൌകര്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ജനപ്രതിനിധികൾ ഗവണ്മെന്റിനെ കേൾപ്പിച്ചുപോരുന്നുണ്ട്. തിരുവിതാംകൂറിലെ മുഖ്യമായ ആഹാരധാന്യം നെല്ലാണ്. അതിനാൽ നമ്മുടെ ആഹാരത്തിനു ആവശ്യമുള്ള ധാന്യങ്ങൾ നമുക്കു വേണ്ടിടത്തോളമുണ്ടായിരിക്കുന്നകിലേക്കായിട്ടെങ്കിലും നെൽകൃഷി ചെയ്യുന്നവരായ കർഷകന്മാർക്ക് വേണ്ട സൌകര്യങ്ങളെല്ലാം ഗവണ്മെന്റിൽനിന്നും ചെയ്തുകൊടുക്കേണ്ടതു് എന്തായും ആവശ്യമാകുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ഈ സംഗതിയിൽ ഗവണ്മെന്റു യാതൊരു ശ്രമവും ചെയ്തുകാണാത്തതിനാൽ ഞാൻ അത്യന്തം വ്യസനിക്കുന്നു. അഞ്ചുവർഷങ്ങൾക്കുമുമ്പ് ഒരു പ്രമേയത്തിൽ ആറുലക്ഷത്തിൽ കുറയാതേയും, വേറെയൊരു പ്രമേയത്തിൽ മൂന്നുലക്ഷവും ഈ സംസ്ഥാനത്തിലുള്ള ജലസേചന വേലകൾ നടത്തുന്നതിലേക്കായി അനുവദിച്ചു

കിട്ടണമെന്നു ഗവർണ്ണമെന്റിനോടപേക്ഷിക്കുന്ന രണ്ടു പ്രമേയങ്ങൾ ഈ സഭയിൽ പാസ്സാക്കപ്പെട്ടു. ചീഫ് എൻജിനീയർ ഈ പ്രമേയങ്ങളെ അംഗീകരിച്ചു എങ്കിലും ജലസേചന പേപകൾക്കു അനുവദിച്ചിട്ടുള്ള തുകയിൽ മതിയാകത്തക്ക യാതൊരു അഭിവൃദ്ധിയും വരുത്തിട്ടില്ലെന്നു പറയേണ്ടിവന്നതിൽ ഞാൻ വളരെ വ്യസനിക്കുന്നു. നിഷേധരൂപത്തിലുള്ള ഒരു കാര്യം ചെയ്യണമെന്നു ഞാൻ ഗവർണ്ണമെന്റിനോട് അപേക്ഷിക്കുമ്പോൾ എന്നെ ജനങ്ങൾ വിനയാധിക്യത്തിലേക്കായി കുറച്ചെടുത്തുവാനിടയുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അതു നിഷേധരൂപമായ ഒരു കാര്യമാണ് അതായതു കുളങ്ങൾ, നദികളുടേയും കുളങ്ങളുടേയും തടങ്ങൾ, അവയോടുചേർന്ന വയലുകളിൽ കിടക്കുന്ന ഭൂമികൾ എന്നിവയുൾപ്പെട്ട പുറംപോക്കു സ്ഥലങ്ങളെ പതിച്ചുകൊടുക്കരുതെന്നുള്ളതാണ് അതു്. എപ്പോളെങ്കിലും നെൽകൃഷി നടത്തുന്നവർക്ക് കൂട്ടത്തലായി ജലസേചനസൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നുള്ള അപേക്ഷയെ സ്വീകരിക്കുവാൻ ഗവർണ്ണമെന്റു തയ്യാറായിവരുന്നതുകൊണ്ടു—അവർ കുളങ്ങളും, നദികളും, തോടുകളും, പതിച്ചുകൊടുക്കുന്നതിൽ ഇപ്രകാരം ചെയ്തു തുടർന്നുപ്രവർത്തിക്കുന്നതായാൽ—തോടുകളും കുളങ്ങളും നന്നാക്കുന്നതിനോ അല്ലെങ്കിൽ കുഴിപ്പിക്കുന്നതിനോ ആവശ്യമുള്ള ഭൂമികൾ പൊന്നുംവിലകൊടുത്തു് ഒഴിപ്പിക്കുന്നതിനു അവർക്കു വളരെ ബുദ്ധിമുട്ടുണ്ടായിട്ടുന്നതാകുന്നു. അതു് വളരെ പ്രാധാന്യമേറിയ ഒരു സംഗതിയാണ്. ഇപ്പോൾ കുളം, ഒരു തോടിന്റേയോ കുളത്തിന്റേയോ ഏതെങ്കിലും ഒരു ഭാഗം മണ്ണുകേറിനികന്നുപോയതായി കണ്ടാൽ അതിനെ ഉടനടി നന്നാക്കുന്നതിനു പകരം ഗവർണ്ണമെന്റിൽ നിന്നും അതിനെ ഏതെങ്കിലും വ്യക്തികളുടെ പേരിൽ പതിച്ചുകൊടുക്കുകയാകുന്നു ചെയ്തുവരുന്നതു്. അതിന്റെ ഫലം എന്താണെന്നു നാം കാണുന്നുമുണ്ടു്. കൃഷിചെയ്യുന്നവർക്ക് അപ്രകാരമുള്ള തോടുകൾ, കുളങ്ങൾ, നദികൾ എന്നിവയിൽനിന്നും അവരുടെ നിലങ്ങളിലേക്കു വെള്ളം കൊണ്ടുപോകുവാൻ മതിയാകുവാനുള്ള സൌകര്യം ലഭിക്കുന്നില്ല. ചേലം വിട്ടികേട്ടവരോ പതിച്ചുവാങ്ങിയവരോ ആയ ഉടമസ്ഥന്മാർ ഈ ഭൂമിയുടെ നിരപ്പിനെ ഉയർത്തുന്നു. തന്നിമിത്തം ഈ നദികളിലും തോടുകളിലും നിന്നുള്ള ജലപ്രവാഹവും, ഫലപുഷ്ടിയുള്ള എക്കലും നിലങ്ങളിൽ കയറാൻ ഇടയില്ലാതെ തടയപ്പെടുന്നു. അതിന്റെ ഫലമായി ഇപ്രകാരമുള്ള നദികളാലും തോടുകളാലും അനുഗ്രഹിക്കപ്പെട്ടിരുന്ന ഭൂമികളുടെ ഫലപുഷ്ടിയിലുണ്ടായ വളരെ നഷ്ടം സംഭവിക്കുവാനിടയായി, എന്നുമാത്രമല്ല വിലയ്ക്കു വിറകിനു ചെലവു വിളിച്ചതോ, പതിച്ചുകൊടുത്തതോ ആയ ഭൂമികളിൽനിന്നും തൃപ്തിയായി ഇപ്പോൾ ചെലവിച്ചുപോരുന്ന അത്രയായ തുക സംസ്ഥാനത്തിലെ മുതലെടുപ്പിൽ ഗണ്യമായ വർദ്ധനയെ ഉളവാക്കുന്നുമില്ല. സംസ്ഥാനത്തിലെ മുതലെടുപ്പിനു പരമാനന്ദമായ അഭിവൃദ്ധിയുണ്ടാകുന്നുണ്ടെന്നിരുന്നാൽ തന്നെയും ഭാവിയിൽ ഈ നയത്തെത്തുടർന്നുകൊണ്ടുപോകുന്നതിൽനിന്നും വിരമിക്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. അവ്യവസ്ഥിതമായ രീതിയിൽ ഈ ഭൂമികളെ പതിച്ചുകൊടുക്കുന്നതു സംബന്ധിച്ചുണ്ടാകുന്ന ബുദ്ധിമുട്ടുകളുടെ ഉത്ഭവം താഴെപ്പറയുന്ന കാരണങ്ങൾനിമിത്തമാണ്. ഗവർണ്ണമെന്റ് ഈ ജോലി ഭരമേല്പിച്ചിട്ടുള്ളതു പ്രധാനമായി ഭൂനികുതിഡിപ്പാർട്ടുമെന്റിനെയാണ്. എല്ലാവർക്കും കണക്കിൻപ്രകാരമുള്ള നിലയിൽ എത്തണമെന്നു ഈ ഡിപ്പാർട്ടുമെന്റു ആഗ്രഹിക്കുകയും മുൻആണ്ടിലുണ്ടായതിൽ നിന്നും ഈ ഇനത്തിലുള്ള വരവു കുറഞ്ഞിട്ടില്ലെന്നു കാണിക്കുവാനുദ്യോഗിക്കുകയും ചെയ്യുന്നു. തൽഫലമായി ഓരോ തഹശീൽദാരന്മാരും വർഷാവസാനത്തിൽ താൻ അപ്രാപ്തനെന്നുള്ള പേരു സമ്പാദിക്കാനിടവരാതിരിക്കുന്നതിലേക്കായി കഴിവുള്ളിടത്തോളം പതിച്ചുകൊടുക്കാവുന്ന പുറംപോക്കുകൾ കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നു. സംസ്ഥാനത്തിലെ കൃഷിയുടെ അഭിവൃദ്ധിക്ക് അദ്ദേഹം ഒരു പ്രകാരത്തിലും നേരിട്ടു ഉത്തരവാദിത്വമുള്ള ആളല്ല. തോടുകളുടേയോ നദികളുടേയോ ഭാഗങ്ങൾ ഏവിടെയെങ്കിലും പതിച്ചുകൊടുക്കേണ്ടതായിട്ടുണ്ടെങ്കിൽ ഭൂനികുതിഡിപ്പാർട്ടുമെന്റധികാരികൾ പി. ഡബ്ലിയു. ഡി. ഡിപ്പാർട്ടുമെന്റധികാരികളുമായി ആലോചിച്ചുവേണം അതു നടത്തുവാനെന്നു ഗവർണ്ണമെന്റിൽനിന്നും ഒരു സർക്കുലറോ, ഉത്തരവോ അയച്ചിട്ടുണ്ട്. നെൽകൃഷിയുടെ അഭിവൃദ്ധിസംബന്ധിച്ചു് പി. ഡബ്ലിയു. ഡി. അധികാരങ്ങളും വളരെയധികം താല്പര്യപ്പെടുന്നില്ല. അവർ ഗൌരിക്കാനുദ്ദേശിക്കുന്നതു പ്രവാഹജലം, ഉന്നതപ്രദേശങ്ങളിൽ നിന്നും ഒഴുകിവരുന്ന ജലം, നേരെ സമുദ്രത്തിൽ ചെന്നുവീഴണമെന്നാണ്. അതുകൊണ്ടു് അപ്രകാരമുള്ള നദിക്കു ഏവിടെയെങ്കിലും പ്രതിബന്ധം നേരിട്ടാൽ അവർ സ്വഭാവികമായി അതിനു സമ്മതിക്കുന്നില്ല. നെൽക്കണ്ടങ്ങളുടെ കിടപ്പിനെപ്പററിയോ നിർദ്ദിഷ്ടമായ തോടുകളാലും നദികളാലും ഈ ഭൂമികൾക്കു ഗുണമുണ്ടാകുന്നതെങ്ങിനെയെന്നോ അവർ വകവയ്ക്കുന്നില്ല. അതുകൊണ്ടു് ഒരു പ്രത്യേക പുറംപോക്കു സ്ഥലം പതിച്ചുകൊടുക്കുന്നതിനിമിത്തം അടുത്തുകിടക്കുന്ന നിലങ്ങളിലേക്കുള്ള ജലപ്രവാഹത്തിന്റെ സ്വതന്ത്രഗതിക്കു വിഘ്നം നേരിടുന്നില്ലെന്നും, ചിറകൾ ഇടിഞ്ഞുപോകുവാനിടയില്ലെന്നും കണ്ടാൽ അവരതു അതിനു അനുകൂലിക്കുന്നു. ഈ കാരണത്താൽ നമ്മുടെ മുഖ്യവിളവിനെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യത്തിലെ ആവശ്യങ്ങളെ നിർവ്വഹിക്കുന്നതിനു ആവശ്യമായ കൃഷിയെ സുഭദ്രമായ രീതിയിൽ സംരക്ഷിക്കുന്നതിനു കർഷകന്മാർക്ക് അത്യധികമായ ക്ലേശം നേരിടുന്നുണ്ട്. ഈ പ്രമേയത്തിന്റെ പ്രാധാന്യത്തെപ്പററിയും, ജനങ്ങൾ ബഹുമായി പ്രതിഷേധിച്ചിട്ടും അതിനെ വകവയ്ക്കാതെ ഭൂമി പതിച്ചുകൊടുക്കുന്നതിൽ താലൂക്ക് അധികാരികൾക്കുള്ള ഔത്സുക്യത്തെ സംബന്ധിച്ചും ഗവർണ്ണമെന്റിനെ ബോധ്യപ്പെടുത്തുന്നതിലേക്കായി ഞാൻ ഒന്നു രണ്ടു ദൃഷ്ടാന്തങ്ങൾ പറയാം. ഉദ്ദേശം നാലു് കൊല്ലങ്ങൾക്കുമുമ്പു് കാർത്തികപ്പള്ളിതാലൂക്കിൽ വലിയ കുഴിപ്പുകുതിയിലുള്ള ഒരു കുളം പതിച്ചുകൊടുക്കുവാൻ ഒരു നിർദ്ദിഷ്ടവ്യക്തി ആവശ്യപ്പെട്ടു. ജനങ്ങൾ അതിനു വിരുദ്ധമായി താലൂക്ക് അധികാരികളോടും, ദിവാൻപേഷ്കാരോടും, ഗവർണ്ണമെന്റിനോടും, അതുസംബന്ധിച്ചു മററു് അധികാരികളോടും വാദിച്ചു. തഹശീൽദാർ ആദ്യം അതു പതിച്ചുകൊടുക്കാൻ പാടില്ലെന്നു അഭിപ്രായപ്പെട്ടു അതിനുശേഷം അതു ലേലംചെയ്യാവുന്നതാണെന്നു അദ്ദേഹം നിശ്ചയിച്ചു. അദ്ദേഹം തന്റെ അഭിപ്രായത്തെ മാറ്റപ്പെടുത്തിയതിന്റെ കാരണത്തേയോ അല്ലെങ്കിൽ അപ്രകാരം ചെയ്യുന്നതിനു അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്താണെന്നോ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ജനങ്ങൾ അതിനു വിരുദ്ധമായി വാദിച്ചു എന്നുള്ള വാസ്തവം ഉപേക്ഷിക്കത്തക്കതല്ല. എഞ്ചിനീയറിങ്ങ് ഡിപ്പാർട്ടുമെന്റിനു വിരോധമില്ലെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണെന്നു ഒടുവിൽ റവന്യൂ അധികാരികൾ സമ്മതിച്ചു. അതനുസരിച്ചു് അസിസ്റ്റൻറ് എഞ്ചിനീയർ സ്ഥലം പരിശോധിക്കയുണ്ടായി. എക്സിക്യൂട്ടീവ് എഞ്ചിനീയരും സ്ഥലം പരിശോധിച്ചു. ഈയാണ്ടിൽ ആസ്ഥലം പരിശോധിക്കുവാൻ ചീഫ് എഞ്ചിനീയരോടും ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഞാൻ അറിഞ്ഞു.

എന്നാൽ ഇപ്പോൾ അതു പതിച്ചുകൊടുക്കുന്നതിൽ വലിയവിരോധമില്ലെന്നു ചീഫ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നു— എനിക്കു നല്ലനിശ്ചയമില്ല—തോന്നുന്നു. സർ, ഇപ്രകാരമുള്ള ഭൂമി, പതിച്ചുകൊടുക്കുന്നതു സംബന്ധിച്ച്, സ്ഥലത്തുള്ളജനങ്ങൾ ബലമായി പ്രതിഷേധം പ്രകടിപ്പിക്കുമ്പോൾ ഗവർണ്മെന്റ് ഇത്രമാത്രം ഔത്സുക്യം പ്രദർശിപ്പിക്കുന്നതിന്റെ രഹസ്യം എന്താണെന്നു മനസ്സിലാകുന്നില്ല.

പ്രസിഡണ്ട്: മിസ്റ്റർ ദാമോദരനാശാൻ, ജനങ്ങൾ അവരുടെ പേരിൽ ഭൂമികൾ പതിപ്പിക്കണമെന്നു ഒരിക്കലുമുണ്ടെങ്കിലും ഗവർണ്മെന്റ് അവരോട് അപേക്ഷിച്ചിട്ടില്ലെന്നു നിങ്ങളോട് എനിക്കു ഉറപ്പുപറയാവുന്നതാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സമീപസ്ഥരായ വസ്തു ഉടമസ്ഥന്മാരുടെ പ്രതിഷേധമെന്തു വകവയ്ക്കാതെ ഭൂമി പതിച്ചുകൊടുക്കുവാൻ ഗവർണ്മെന്റിനു ആഗ്രഹമുണ്ടെന്നു ഞാൻ പറഞ്ഞു എന്നു മാത്രമേയുള്ളൂ.

പ്രസിഡണ്ട്: അതുകൊണ്ടുതന്നെയാണ് ഗവർണ്മെന്റു ജനങ്ങളോടു ഭൂമി പതിച്ചുവാങ്ങുവാൻ അപേക്ഷിക്കുന്നതായി നിങ്ങൾ വിചാരിക്കുന്നുണ്ടെന്നു തെളിയുന്നത്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അടുത്തുകിടക്കുന്ന നിലങ്ങൾ കൃഷിചെയ്യുന്നവരായ കർഷകന്മാരുടെ പ്രാബല്യമായ പ്രതിഷേധം ഉണ്ടായിരുന്നിട്ടും ആ കുളം മേലംചെയ്യുന്നതിനു ഗവർണ്മെന്റിനു സമ്മതമുണ്ടെന്നാണ് തോന്നുന്നത്. അപ്രകാരം ചെയ്യുവാൻ ഗവർണ്മെന്റിനു താല്പര്യമില്ലെങ്കിൽ ഞാൻ അതിൽ വളരെ സന്തോഷിക്കുന്നു. അത്രമാത്രമേ എനിക്കു പറയുവാൻ സാധിക്കയുള്ളൂ. എന്നാൽ ഈ ഒക്കാന്തത്തിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത് നേരെ വിപരീതമാണെന്നാകുന്നു.

കരുനാഗപ്പള്ളി താലൂക്കിനു വടക്കുവശംകിടക്കുന്നതിക്കവാറും പുഞ്ചപ്പാടങ്ങളെല്ലാം നദികളിൽനിന്നും തോടുകളിൽനിന്നുമുള്ള ജലപ്രവാഹത്തിലെ ഏക്കൽ നിമിത്തം ഫലപുഷ്ടിയുള്ളതായിത്തീരുന്നു. ഇപ്പോളാകട്ടെ അതു പ്രയത്നത്താൽ പരിഹരിക്കാൻ നിവൃത്തിയില്ലാത്തവിധം ആ പാടങ്ങളുടെ ഫലപുഷ്ടിയ്ക്കു കുറവുസംഭവിച്ചിട്ടുണ്ട്. എന്നാൽ ഗവർണ്മെന്റിനു ഇതുമബോധ്യമായിട്ടുണ്ടെന്നു തോന്നുന്നില്ല. കാർത്തികപ്പള്ളിത്താലൂക്കിൽ നദികളോടു ചേർന്നു കിടക്കുന്ന അനേകം സ്ഥലങ്ങൾ പതിച്ചു കൊടുത്തിട്ടുള്ളതായി എനിക്കു അറിയാം. അപ്രകാരമുള്ള പതിവുകൾ ഇപ്പോഴും വ്യക്തികളുടെ പേരിൽ നടത്തിവരുന്നുണ്ടെന്നും എനിക്കു അറിവുണ്ട്. ഈ പതിവുകളിൽ ചിലതു് അധഃകൃതവർഗ്ഗങ്ങളിലുൾപ്പെട്ട അംഗങ്ങളുടെ പേരിലാണ്. അപ്രകാരമുള്ള പതിവുകളെ പ്രതിഷേധിച്ച് ആതാലൂക്കിലുൾപ്പെട്ട ചെറുതന, കരുവാററ എന്നീസ്ഥലങ്ങളിലേയും മററുപകുതികളിലേയും ജനങ്ങൾ അനേകം ഹർജികൾ ഭൂനികുതികമ്മീഷണക്കും, ദിവാൻ പേഷ്കാർക്കും, മററുള്ള എല്ലാറവന്നുഅധികാരികൾക്കും അയച്ചിട്ടുണ്ട്. അതിനുംപുറമെ ആ വിഷയത്തെപ്പററിഞാൻഗവർണ്മെന്റിനോട് വാദിച്ചിട്ടുമുണ്ട്. എന്നിട്ടും ഈ ഭൂമികൾ അധഃകൃതവർഗ്ഗങ്ങളിലുൾപ്പെട്ട അംഗങ്ങളുടെ പേരിൽ പതിച്ചുകൊടുത്തുവരുന്നുണ്ടെന്നു പറയാവുന്നതാണ്. സർ, സംസ്ഥാനത്തിൽ കൊടുക്കത്തക്കതായുള്ള ഭൂമികളെല്ലാം അധഃകൃതവർഗ്ഗക്കാർക്കായി പതിച്ചു കൊടുക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല. എന്നാൽ അപ്രകാരം പതിച്ചുകൊടുക്കുന്നതു നിമിത്തം നെൽക്കണ്ടങ്ങളിൽ കൃഷിനടത്തുന്നവർക്ക് അസൗകര്യകരമായിത്തീരാതിരിക്കണമെന്നുമാത്രമേയുള്ളൂ. വ്യക്തികളുടെ പേരിൽ, വിശേഷിച്ചും താമസത്തിനു ഭൂമികളില്ലാത്ത അധഃകൃതവർഗ്ഗങ്ങളിലെ അംഗങ്ങൾക്കായി നദികളുടേയും തോടുകളുടേയും അടുത്തു കിടക്കുന്ന ഭൂമികൾ ഗവർണ്മെന്റിൽനിന്നും പതിച്ചുകൊടുക്കുമ്പോൾ ആവ്യക്തികൾ ഉടനടി ആ ഭൂമികളുടെ നിരപ്പ് ഉയർത്തുകയാണു ചെയ്യുന്നതു. തന്നിമിത്തം ജലപ്രവാഹത്തിന്റെയും ഫലപുഷ്ടിയുള്ള ഏക്കലുകളുടേയും സ്വതന്ത്രമായ പ്രവേശത്തിന് വേണ്ടുവോളം പ്രതിബന്ധം നേരിടുകയും ചെയ്യുന്നു.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): ഈ പാടങ്ങളുടെ ഉടമസ്ഥന്മാർക്കുതന്നെ പതിച്ചു കൊടുത്തുവോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ ഏർപ്പാടിനേയും ഞാൻ വിരോധിക്കുന്നു, ഒരു പ്രത്യേക വ്യക്തിയുടെ പേരിൽ ഒരു സ്ഥലം പതിച്ചു കൊടുത്തു കഴിഞ്ഞാൽ പതിച്ച വസ്തുവിന്റെ നിരപ്പ് ഉയർത്തുന്നതിനുള്ള അവന്റെ അവകാശത്തെ ഒരു പ്രകാരത്തിലും നിരോധിക്കാവുന്നതല്ല. അതിനാൽ, അവകാശവുണ്ടെന്നുണ്ടെങ്കിൽ അതിനെ തെങ്ങിൻ തൈകളും മററും നടത്തുകവഴി ഒരു വലിയ ചിറയാക്കി ഉയർത്താവുന്നതാകുന്നു.

അവൻ അവന്റെ വയലുകളുടെ ഗുണത്തെപ്പററി ഗൌനിക്കുന്നില്ലെങ്കിലും, അതിനോടുചേർന്നു കിടക്കുന്ന പാടങ്ങൾക്ക് അനുദോഷകരമായിത്തീരുന്നതാണ്, അതിലേക്ക് ഞാൻ രേ ഒക്കാന്തം പറയാം. ഒരു പ്രത്യേക വ്യക്തിക്കുനദീതീരത്തിലായി അഞ്ചുപറനിലവും, മററുള്ളവർക്ക് അതിനോടുചേർന്ന് ആനദിയിലെ ഏക്കലുകൊണ്ടുഫലപുഷ്ടിയുണ്ടാകുന്ന ൪൦൦൦ ഏക്കർ വിസ്താരമുള്ള നിലവും ഉണ്ടായിരിക്കാം. ആ ഒന്നുത്തെ വസ്തുഉടമസ്ഥനു ൪൦൦൦ ഏക്കർ വിസ്താരമുള്ള ഭൂമിഉടമസ്ഥന്മാരെ വളരെ വേഗത്തിൽ നശിപ്പിക്കാൻ സാധിക്കും. അപ്രകാരമുള്ള അധികാരം ഒരുത്തനുക്കും കൊടുക്കാൻ പാടില്ലാത്തതാണ്.

മി: രാമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അററകുകൾ പതിച്ചു കൊടുക്കുന്നതുകൊണ്ട് എന്താണ് ദോഷം?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): ഞാൻ ആ സംഗതിയെപ്പററി വാദിക്കുന്നതു ഇംഗ്ലീഷിലാണ്. മെംബർക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ഞാൻ വ്യസനിക്കുന്നു. സർ, ഞാൻ ബോധിപ്പിക്കുന്നതു് ഈ ഭൂമികൾ വ്യക്തികളുടെ പേരിൽ പതിച്ചു കൊടുക്കുമ്പോൾ, അവർ വിശേഷിച്ചും അധഃകൃതവർഗ്ഗങ്ങളിൽ ഉൾപ്പെട്ടവരായിരുന്നാൽ സ്വാഭാവികമായി നിരപ്പിനെ ഉയർത്തുകയും തൻമൂലം ഫലപുഷ്ടിപ്രദമായ ഏക്കലിന്റെ സ്വതന്ത്രമായ ഗതിയെ നിരോധിക്കുകയും ചെയ്യും. അതുകൊണ്ടു സാധിക്കുമെങ്കിൽ ഭൂമിപതിച്ചുകൊടുക്കുന്ന ഏർപ്പാടുതന്നെ നിറുത്തൽചെയ്യാൻ പര്യാപ്തമായ നടപടി ഗവർണ്മെന്റു നടത്തേണ്ടതാകുന്നു.

രണ്ടാമതായി, എനിക്കു ഗവണ്മെന്റിനോടുള്ള അപേക്ഷപൊതുഗുണത്തിനു ഹാനികരമാകുംവണ്ണം ഏവിടെയെങ്കിലും പുതുവൽ പതിച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അപ്രകാരമുള്ളവയെപ്പററി മാത്രമേ ഞാൻപറയുന്നുള്ളു, ഇതുവരെനടപ്പിൽ വരുത്തിട്ടുള്ള എല്ലാപതിവുകളേയും സംബന്ധിച്ചുഞാൻ പ്രസ്താവിക്കുന്നില്ല—ആ ഭൂമികളെ പൊന്നും വില റഗുലേഷൻ അനുസരിച്ച് ഗവണ്മെന്റവീണ്ടെടുക്കേണ്ടതാകുന്നു എന്നാണ്. അപ്രകാരമുള്ള പ്രദേശങ്ങളിൽ അധിവസിക്കുന്ന ഏവം വിധമായ പതിവുകളെപ്പററി ജനങ്ങൾ വിരോധിക്കുന്നസംതികളിലെല്ലാം ഗവണ്മെന്റുചെയ്യേണ്ടതു് ഭൂമികളെ വീണ്ടെടുക്കുകയാകുന്നു, ഗവണ്മെന്റു അതു ചെയ്തില്ലെങ്കിൽ പൊതുജനങ്ങൾക്കു സാമാന്യമായും സംസ്ഥാനത്തിലുള്ള കർഷകജനങ്ങൾക്ക് ആകമാനം പ്രത്യേകമായും അവർ ഒരു വലിയ ദ്രോഹമാണ് പ്രവർത്തിക്കുന്നതെന്ന് ഞാൻ ഗവണ്മെന്റിനെ ബലമായിഅറിയിച്ചുകൊള്ളട്ടെ. ഭാവികാലത്ത് എപ്പൊഴെങ്കിലും കൃഷിസംബന്ധമായ ഒരുപദ്ധതിനടപ്പാക്കുവാൻ ഗവണ്മെന്റു ഉദ്ദേശിക്കുകയും അതിലേക്കായി ഭൂമികൾ ഒഴിപ്പിക്കേണ്ടിവരികയും ചെയ്താൽ പതിച്ചുവാങ്ങീട്ടുള്ള ഭൂമിഉടമസ്ഥന്മാർ ഈ ഭൂമികളിൽവിലയേറിയ മേഹണ്ഡങ്ങൾ ചെയ്തിട്ടുള്ളതായി അവർക്കു അപ്പോൾ കാണാൻഇടയാകും. അപ്പോൾ അവയ്ക്കെല്ലാം പ്രതിഫലമായി വളരെവലിയതുകകൾഗവണ്മെന്റിൽനിന്നും കൊടുക്കേണ്ടതായുംവരും. അതുകൂടാതെ ഈഭൂമികൾ വീണ്ടും ഗവണ്മെന്റിൽ നിന്നും ഒഴിപ്പിച്ചെടുക്കുന്നതുവരെജനങ്ങൾ സങ്കടമനുഭവിക്കാനിടയാകും. അതിനാൽ ഞാൻ ബോധിപ്പിച്ചു കഴിഞ്ഞപ്രകാരം, എന്റെപ്രമേയത്തിൽ പ്രസ്താവിച്ചു കാണുന്നരീതിയിലുള്ള പുറമ്പോക്കുകളെ പതിച്ചുകൊടുക്കുകയൊ അല്ലെങ്കിൽ വേലം ചെയ്യുകയൊ ചെയ്യുന്നതിൽ നിന്നും ആദ്യമായി ഗവണ്മെന്റു വിരമിപ്പിക്കുകയും, രണ്ടാമതായി, പതിച്ചുകൊടുത്തു കഴിഞ്ഞിട്ടുള്ളവയിൽ പൊതുഗുണത്തിനു ദോഷകരമായിട്ടുള്ളവയുണ്ടെങ്കിൽ അപ്രകാരമുള്ളവയെ ഗവണ്മെന്റിൽ നിന്നും ഒഴിപ്പിച്ചെടുക്കുകയും ചെയ്യേണ്ടതാകുന്നു.

സർ, ഈ സംസ്ഥാനത്തിലെ കർഷകജനങ്ങളുടെ ഗുണത്തിലേക്കായി എനിക്കു കൊണ്ടുവാരാവുന്നതിൽ ഏററവും മിതമായ പ്രമേയമാകുന്നു ഇതു്. കൃഷിസേചനത്തിലേക്കായി ആണ്ടുതോറും ക്ഷ ലക്ഷം രൂപയിൽ കുറയാതെ ചെലവുചെയ്യണമെന്നു ഗവണ്മെന്റിനോടുശുപാർശചെയ്തു് വേറൊരു പ്രമേയംഞാൻ അയച്ചിട്ടുണ്ട്. അതു് ഞാൻ പിന്നീട്അവതരിപ്പിച്ചുകൊള്ളാം. സംസ്ഥാനത്തിലുള്ള കർഷകന്മാരെ ഗുണകരമായ ജലസേചനസൌകര്യങ്ങൾകൊണ്ടു് സഹായിക്കത്തക്ക ഒരു നിധി ഗവണ്മെന്റിന് ഉണ്ടാകുന്നതിലേക്കായി യാതൊരു ഭേദഗതിയും പരിവർജ്ജനവും കൂടാതെ ഈ പ്രമേയത്തെ അംഗീകരിക്കണമെന്നു ഞാൻ ഗവണ്മെന്റിനോടു് അപേക്ഷിച്ചുകൊള്ളുന്നു. അത്യധികമായി വ്യവസായത്തെ ആശ്രയിച്ചും പരിപൂർണ്ണമായി കൃഷിയെ അവലംബിക്കാതെയും ഇരിയ്ക്കുന്ന അന്തേവാസികളുടെയും കൃഷികാര്യങ്ങൾക്കായി ആണ്ടുതോറും വലിയ തുകകൾ ചെലവുചെയ്തുവരുന്നുണ്ട്. കൃഷിസേചനവേലകൾക്കായി ഏതാനം കോടി ഡാളറുകൾ ചെലവുചെയ്യുവാൻ തയ്യാറാണെന്നു് പ്രസിഡണ്ടു് ഹൂവർക്കുടിയും പ്രസ്താവിച്ചിട്ടുണ്ട്, സർ, എന്നാൽ ഇവിടെയാകട്ടെ ആകാര്യത്തിലേക്കായി വലിയതുകയൊന്നുംചെലവുചെയ്യണമെന്നു് ഞാൻ ഗവണ്മെന്റിനോടു് ആവശ്യപ്പെടുന്നില്ല. ഞാൻപറയുന്നതു് ദോഷകരമായ പ്രവൃത്തികളെ നിവൃത്തിക്കുകയും, ഉപയോഗകരമായ പുറമ്പോക്കുകളെ പതിച്ചുകൊടുക്കുന്നതുനിമിത്തം സംഭവിക്കുന്നദോഷഫലങ്ങൾ നിന്നും കർഷകന്മാരെ ത്രാണനംചെയ്യുകയും ചെയ്യണമെന്നുമാത്രമാകുന്നു. ഭൂമികൾ പതിച്ചുകൊടുത്തു കഴിഞ്ഞിട്ടുള്ളവയിൽ നിന്നും എവിടെയെല്ലാം കർഷകന്മാർക്ക് കഷ്ടതനേരിടുന്നുവോ അപ്രകാരമുള്ള പുറമ്പോക്കുകളെ ദയവുചെയ്തു് ഒഴിപ്പിച്ചെടുക്കുകയും വേണം.

ഇത്രയും പ്രസ്താവിച്ചുകൊണ്ടു് സഭയുടെ അംഗീകാരത്തിലേക്കായി ഞാൻ പ്രമേയത്തെ സമർപ്പിച്ചു കൊള്ളുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): മിസ്റ്റർ സ്പീക്കർ ഹാജരാക്കിയ പ്രമേയത്തെ ഞാൻ ബലമായി അനുകൂലിക്കുന്നു. തിരുവിതാംകൂറിന്റെ സാമ്പത്തികസ്ഥിതി തീരെ തൃപ്തികരമല്ല. ഡിപ്പാർട്ടുമെന്റു മേലധികാരികളുടെ ശ്രദ്ധക്കുറവു നിമിത്തം അനവധി ബുദ്ധിമുട്ടുകളും വാചാമഗോചരമായ സങ്കടങ്ങളും ജനങ്ങൾ അനുഭവിക്കാനിടയാകുന്നുണ്ട്. തെക്കിന്നതിരുവിതാംകൂറിനെപ്പററി മാത്രം പറയുന്നതായാൽ ഏതാനം മാസങ്ങൾക്കുമുമ്പു് കന്നുകാലിരോഗം നിമിത്തം അനേകായിരം കന്നുകാലികൾ നശിക്കുവാനിടയായി. ഇപ്പോൾ അവിടെ വിഷൂചിക വ്യാപിച്ചു കൊണ്ടിരിക്കുന്നു ഇതെല്ലാം ഉപയോഗശൂന്യമെന്നു ഗണിക്കപ്പെട്ട കുളത്തടങ്ങളുടെ വിപുലനയ്ക്കു് മുഖ്യമായി ഉത്തരവാദിത്വം വഹിക്കുന്ന ഡിപ്പാർട്ടുമെൻറു മേലധികാരികൾ സ്വീകരിച്ച പ്രവൃത്തി പദ്ധതികളുടെ അവസാന ഫലമാണ്. സർ, ഞാൻ പറയുന്നതു് ഈ കുളത്തടങ്ങൾ മനുഷ്യർക്കുമാത്രമല്ല ബുദ്ധിമുട്ടുകാലങ്ങളിൽ കന്നുകാലികൾക്കു കൂടിയും ഉപയോഗകരമാണെന്നാകുന്നു. ഈ കുളത്തടങ്ങൾ മിണ്ടാപ്രാണികൾക്ക്—ഞാൻ ഉദ്ദേശിക്കുന്നതു കന്നുകാലികളെയാണ്—വളരെ നല്ല സഹായമായിത്തീരുന്നുണ്ട്. ദക്ഷിണ തിരുവിതാംകൂറിൽ ഏകദേശം ൨,൦൦൦, ഏക്കറോളം വരുന്ന സ്ഥലം സർക്കാർ ഉദ്യോഗസ്ഥന്മാർ വിററു കഴിഞ്ഞിട്ടുണ്ട്. ഇതിനെ സാധുകരിക്കുന്നതിലേക്കായി കോതയാർ അണയ്ക്കുവേണ്ടി ഒരു വലിയ തുക ചെലവു ചെയ്തിട്ടുണ്ടെന്നു് ഗവണ്മെന്റു പറയുമായിരിക്കാം. ഭൂമികൾ വിലയ്ക്കു വിററ ഇനത്തിൽ മാത്രമായി ഗവണ്മെന്റിന് ൨ ൦ ലക്ഷത്തിലധികം രൂപാ ഈടായിട്ടുണ്ടെന്നുള്ള വിവരം ഞാൻ ഇവിടെ എടുത്തുപറഞ്ഞു കൊള്ളട്ടെ. ഗവണ്മെന്റിന്റെ നിലയിൽ നോക്കുമ്പോൾ അതു നിശ്ചയമായും സ്തുത്യർഹം തന്നെയാണ്. എന്നാൽ കാലപ്പഴക്കത്തിൽ കർഷകന്മാരുടെ ആകമാനമുള്ള നിർദ്ദേശനാശമായിരിക്കും ഇതിന്റെ ഫലം. അനിഷ്ടമായതു സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. ജനങ്ങൾ ഇപ്പോൾ ഗവണ്മെന്റിന്റെ സഹായത്തിലേക്കായി മുറവിളികൂട്ടിത്തുടങ്ങിയിരിക്കുന്നു. സംഗതികളുടെ ഇപ്പോഴത്തെ നിലയ്ക്കു് തൊഴിലില്ലായ്മ എന്ന വിഷയം നാൾക്കുനാൾ അധികമധികം ശക്തിയെ പ്രാപിച്ചു വരുന്നുണ്ട്. അതിലേക്കു പരിഹാരമാർഗ്ഗം കണ്ടുപിടിക്കുവാൻ ഗവണ്മെന്റിനു സാധിക്കുന്നതില്ല. പക്ഷെ അപരാധം മുഴുവൻ ഗവണ്മെന്റിന്റെ മേൽചുമത്തുവാൻ നമുക്കു സാധിക്കുകയില്ലായിരിക്കാം. ഗവണ്മെന്റിനു നമ്മെ സഹായിക്കുവാൻ കഴിയുന്നതിനും ഒരു അതിരുണ്ട്. എല്ലാവർക്കും ജോലി കൊടുക്കുവാൻ ഗവണ്മെന്റിനു കഴിയുന്നതല്ല. എന്നാൽ കൃഷിക്കാർക്ക് ആവശ്യമുള്ള സൌകര്യങ്ങൾ നല്കി ജനങ്ങൾക്കു ക്ഷേമം വർദ്ധിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ തെളിക്കേണ്ടതു നിശ്ചയമായും

അവരുടെ കൃത്യമാണ്. അതുകൊണ്ട് ഈ കുളത്തടങ്ങളുടെ വില്പന ഗവണ്മെന്റ് നിർത്തൽ ചെയ്യുകയാണെങ്കിൽ അവരുടെ ആപ്രവൃത്തി ഈ നാട്ടിലെ ജനങ്ങൾക്കു വളരെ ഉപയോഗപ്രദമായ ഒരുപകാരമായിരിക്കും. ഇതു സംബന്ധിച്ച് ഒരു കാര്യം ഗൌനിക്കേണ്ടതായിട്ടുണ്ട്. സൂക്ഷ്മമായ അന്വേഷണത്തെ അർഹിക്കുന്ന ഒരു പ്രത്യേക അവസ്ഥയാണ് അതു്. ഗവണ്മെന്റു വിലയ്ക്കു വിററ ഈ കുളത്തടങ്ങളിൽ അനേകം ജോലിയിൽ നിന്നും പിരിഞ്ഞ ഗവണ്മെന്റു ജീവനക്കാരുടെ കൈവശമാണ് ഇപ്പോൾ ഇരിക്കുന്നതു്. അതുകൊണ്ട് അതിൽ എന്തോ കാര്യമുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അന്വേഷണം നടത്തേണ്ടതായ ഒരു സംഗതിയാകുന്നു ഇതു്. ഞാൻ അറിയിച്ചു കഴിഞ്ഞിട്ടുള്ളതു—പ്രകാരം ഇനിമേൽ ഭൂമി പതിച്ചു കൊടുക്കുന്ന ഏർപ്പാടിനെ തടയുവാനാവശ്യമുള്ള—നടപടികൾ ഗവണ്മെന്റു തടത്തേണ്ടതാകുന്നു. അതിനും പുറമെ, നദികളുടെ പാർശ്വങ്ങളിലുള്ള പുറമ്പോക്കു സ്ഥലങ്ങളെ പതിച്ചു കൊടുക്കുന്നതുകൊണ്ട്, പ്രവാഹകാലങ്ങളിൽ അനേകം ഉടവുകൾ ഉണ്ടാകുന്നതുകൊണ്ടും ഈ നദികളിൽ അനേകം വളരെ ഇടുങ്ങിയതായി തീർന്നിട്ടുണ്ട്. വെള്ളപ്പൊക്കം വരുത്തിക്കൂട്ടിയിട്ടുള്ള ഈ നാശങ്ങളെ നന്നാക്കുവാൻ വളരെ പണം ഗവണ്മെന്റിനു ചെലവു ചെയ്യേണ്ടതായി വരുന്നു. ഇപ്രകാരം, ഈ പുറമ്പോക്കുകൾ പതിച്ചു കൊടുക്കുന്നതുകാരണത്താൽ ഗവണ്മെന്റിന് അനാവശ്യമായ നഷ്ടവും സഹിക്കേണ്ടിവരുന്നുണ്ട്. അതുകൊണ്ട് ഈ സംഗതിയിൽ ഗവണ്മെന്റിന്റെ ശ്രദ്ധപതിയേണ്ടതാണെന്നും, കുളത്തടങ്ങളേയും നദികളുടേയും തോടുകളുടേയും അതികിലുള്ള പുറമ്പോക്കുകളേയും വിണ്ടും പതിച്ചു കൊടുക്കുന്ന ഏർപ്പാടിനെ തടയുവാൻ നിവൃത്തിയുള്ള എല്ലാ നടപടിയും നടത്തേണ്ടതാണെന്നും ഞാൻ ബലമായി നിർബന്ധിച്ചു കൊള്ളുന്നു. ഇത്രയും പ്രസ്താവിച്ചുകൊണ്ട് മിസ്റ്റർ ദാമോദരനാശാന്റെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി: എ. ജി. മേനോൻ (പറവൂർ): സർ, ഞാനും പ്രമേയത്തെ അനുകൂലിക്കുവാൻ ആഗ്രഹിക്കുന്നു. പ്രമേയപ്രയോക്താവ് മദ്ധ്യതിരുവിതാംകൂറിൽ നിന്നും പിൻതാങ്ങിയ ആൾ ദക്ഷിണ തിരുവിതാംകൂറിൽ നിന്നും വരുന്നവരാണ്. പ്രസ്തുതമായ ഈ സംഗതിയിൽ ഉത്തര തിരുവിതാംകൂർ മാത്രമേ പ്രാതിനിധ്യം വഹിക്കാതെയുള്ളു എന്നു ഞാൻ വിചാരിക്കുന്നു. (ചിരി).

എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നിടത്തോളം ഈ വിഷയം ഗവണ്മെന്റിനാൽ മാത്രം പൂർണ്ണമായി തീർച്ചപ്പെടുത്തുവാൻ സാധിക്കുന്നതാണെന്നു തോന്നുന്നില്ല. ഈ നാട്ടിൽ കൃഷിചെയ്യത്തക്കതായിട്ടുള്ള ഭൂമിയുടെ വിസ്താരത്തിന്റെ വർദ്ധന ജനസംഖ്യയുടെ അഭിവൃദ്ധിയോടു് പൊരുത്തപ്പെടുകയോ അല്ലെങ്കിൽ താരതമ്യം വഹിക്കുന്നതായി കാണുന്നില്ല. അതുകൊണ്ട് സ്വാഭാവികമായി, പതിച്ചു കിട്ടാനിടയുള്ള ഓരോ ഇഞ്ചു ഭൂമിക്കും ജനങ്ങൾ അപേക്ഷിക്കുന്നതാണ്. അപ്രകാരം പതിപ്പിക്കുന്നതു നിമിത്തം ഭാവിയിൽ ഉണ്ടാകുന്ന ഫലം എന്തുതന്നെയായിരുന്നാലും ജനങ്ങൾ പതിച്ചുവാങ്ങാതിരിക്കുന്നതല്ല. വാസ്തവത്തിൽ എനിക്ക് അറിയാവുന്നിടത്തോളം—ദക്ഷിണ തിരുവിതാംകൂറിനേയോ മദ്ധ്യതിരുവിതാംകൂറിനേയോ പററി എനിക്കു അധികം അറിവില്ലാത്തതിനാൽ ഞാൻ ഉത്തരതിരുവിതാംകൂറിനെ സംബന്ധിച്ചാണു പറയുന്നതു്—കഴിവുള്ളിടത്തോളം പണം ശേഖരിക്കുന്നതിലേക്കായി സ്ഥലത്തുള്ള റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് ഗവണ്മെന്റിൽ നിന്നും ഉണ്ടാകുന്ന നിർബന്ധത്തിന്റെ ഫലമായിട്ടല്ല പുറമ്പോക്കുകൾ പതിച്ചു കൊടുക്കുന്നതു്. എന്നാൽ ... ...

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കുളങ്ങളും ചാനലുകളും സംബന്ധിച്ച പുറമ്പോക്കുകൾ ഉത്തരതിരുവിതാംകൂറിൽ ഉണ്ടോ എന്ന് എന്നെ അറിയിക്കുമോ?

മി: എ. ജി. മേനോൻ (പറവൂർ): നിശ്ചയമായിട്ടും, നദീതടങ്ങളും ഉണ്ട്.

അതുകൊണ്ട് പ്രസ്തുത സംഗതിയിൽ എനിക്കു തോന്നുന്നതു അതു് "നമ്മിൽ നിന്നും നമ്മെ രക്ഷിക്കുക,, എന്ന തത്വം പോലെയുള്ള വിഷയമായിട്ടാണ്. വിശേഷിച്ചും ഈ കുളത്തടങ്ങളുടെ കാര്യത്തിൽ അവയ്ക്കു ചെറുകാലങ്ങളായി ഉപയോഗപ്പെടുത്താതെ കിടക്കുന്നതു കാണുകയാൽ വില്ക്കപ്പെടുവാനിടയായി. വാങ്ങിച്ചവർ അവയെ നിരപ്പു വരുത്തി കൃഷി ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം പതിച്ചു കൊടുക്കുന്ന ഏർപ്പാടിനെ സംബന്ധിച്ച് ചിലർ പ്രതികൂലാഭിപ്രായം പുറപ്പെടുവിക്കുന്നുണ്ടെങ്കിലും ഈ കുളങ്ങളിൽ അധികമെണ്ണവും പ്രായോഗികമായി തോക്കുന്നതായാൽ ഉപയോഗകരമായ യാതൊരു കാര്യത്തിനും പ്രയോജനപ്പെടാതെയും, ജനങ്ങൾക്ക് ഉപയോഗപ്പെടത്തക്കവണ്ണം അവയിൽ യാതൊരു വിധമായ അററകുററപ്പണിയും ചെയ്യുവാൻ ഗവണ്മെന്റിന് ഇക്കൂട്ടിലില്ലാതേയും കിടക്കുന്നതുകണ്ട് ഈ സ്ഥലങ്ങളെ ആവശ്യപ്പെടുന്ന ആളുകൾ വിക്രയം ചെയ്യുന്നതുതന്നെയാണ് ഉത്തമമായ മാർഗ്ഗമെന്നു കരുതി ഗവണ്മെന്റിൽ നിന്നാ അപ്രകാരം ചെയ്ത് മുതലെടുപ്പ് വർദ്ധിപ്പിച്ചു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ കുളങ്ങളെ നന്നാക്കിയാൽ അവ ജനങ്ങൾക്കു ഉപയോഗകരമായിത്തീരുമെന്ന് മെംബർ വിചാരിക്കുന്നുവോ?

മി: എ. ജി. മേനോൻ (പറവൂർ): നിശ്ചയമായിട്ടും: എന്റെ അഭിപ്രായം ജനങ്ങളുടെ പേരിലുള്ളിടത്തോളം കുററം ഗവണ്മെന്റിന്റെ പേരിലുമുണ്ടെന്നാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ ഭൂമികളുടെ അധികാരികൾ ഗവണ്മെന്റാണെന്ന് മെംബർക്ക് അറിയാമോ?

മി: എ. ജി. മേനോൻ (പറവൂർ): നിശ്ചയമായിട്ടും.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പൊതുജനങ്ങൾക്കുകമാനം ദോഷകരമാകുംവണ്ണം ഈ ഭൂമികളെ പരാധീനമാക്കിത്തീർക്കാതെ നോക്കേണ്ടതു ഗവണ്മെന്റിന്റെ കൃത്യമല്ലയോ?

മി: എ. ജി. മേനോൻ (പറവൂർ): ഗവണ്മെന്റു ഉദ്യോഗസ്ഥന്മാരിൽ അനേകം പേർ രാജ്യതന്ത്രജ്ഞന്മാർക്കു ചേർന്ന സൂക്ഷ്മബുദ്ധിയുള്ളവരല്ലെന്നു എന്റെ സ്നേഹിതനെ ഞാൻ അറിയിച്ചു കൊള്ളട്ടെ. ഇപ്രകാരം ഭൂമി പതിച്ചുകൊടുക്കുന്നതിൽ താൽപര്യമുള്ളവരാകുന്നു അവർ. അതിനു കാരണം മേലധികാരികളിൽ നിന്നോ ഗവണ്മെന്റിൽനിന്നോ ഏതെങ്കിലും ചില നല്ല അഭിപ്രായം സിദ്ധിക്കത്തക്കവിധത്തിൽ മുതലെടുപ്പു വർദ്ധിച്ചിട്ടുണ്ടെന്നു കാണിക്കുവാൻ ഇവ അവരെ സഹായിക്കുന്നതാണ്. ഒരുപ്രകാരം നോക്കുന്നതായാൽ, അതായതു 'നമ്മെ നമ്മിൽ നിന്നും രക്ഷപ്പെടുത്തുവാൻ കഴിയാത്തതിനാൽ ഗവണ്മെന്റ് അപരാധിതന്നെയാണ്. നമുക്ക് വസ്തുക്കളില്ലാത്തതുകൊണ്ട് നാം ഭൂമിക്കുവേണ്ടി ലഹളകൂട്ടുന്നു, നമ്മുടെയിടയിൽതന്നെ ചിലർക്ക് ഇത്തരത്തിലുള്ള പദവികളാൽ ഉണ്ടാകാവുന്ന അവസാനമായ ആപകടം എന്താണെന്ന് അറിയാമായിരിക്കാം. എന്നാൽ

എല്ലാവക്കും അറിവില്ല. അതുകൊണ്ട് കുളത്തടങ്ങളേയും അതുപോലെയുള്ള മററു പുറമ്പോക്കുകളേയും കൈ ടുത്തുവരുന്നതിനെ നിരത്തൽ ചെയ്യേണ്ടതു് ഗവണ്മെൻറിന്റെ കൃത്യമാകുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഭൂമികൾ പതിച്ചുകൊടു ക്കുവാൻ ആരംഭിക്കുന്നതിനു മുമ്പുതന്നെ മററെല്ലാവിഭാഗങ്ങളേയും ഗവണ്മെൻറ് ശോഷിപ്പിച്ചു കഴിഞ്ഞിട്ടുള്ളതാ യി മെംബർ വിചാരിക്കുന്നുണ്ടോ?

മി: എ. ജി. മേനോൻ (പറവൂർ): ഭൂമികൾ പതിച്ചുകൊടുക്കുവാനുദ്യോഗപ്പെടുന്നതു് ഗവണ്മെൻറല്ല ന്നാണ് എന്റെ അഭിപ്രായം. ജനങ്ങളാണ് ഈ ഭൂമികൾ അവരുടെ പേരിൽ പതിച്ചു കിട്ടുവാനാഗ്രഹിക്കു ന്നതു്. ഭൂമികൾ പതിച്ചു കിട്ടുന്നതിലേക്കുവേണ്ടി എന്തുജോലിയുണ്ടെങ്കിലും ഉദ്യോഗസ്ഥന്മാക്ക് കയ്ക്കൂലിയാ യി കൊടുക്കുവാൻ അവർ തയ്യാറാണ്. വാസ്തവം പറയുന്നതായാൽ ജനങ്ങൾ ചെലവു ചെയ്യുന്നതെല്ലാം ഗവണ്മെൻറിൽ ചെന്നു ചേരുന്നില്ല. യഥാർത്ഥത്തിൽ ഭൂമി പതിച്ചു കൊടുക്കുന്ന ആൾ പാർത്ഥികനാണ്. തഹശീൽദാർ, പേഷ്കാർ, റവന്യൂകമ്മീഷണർ എന്നിവർ പാർത്ഥികൻ പറയുന്നതിനെ കേവലം ശരിവയ്ക്കു കമാത്രമേ ചെയ്യുന്നുള്ളു. അതാണ് കാര്യത്തിന്റെ യഥാർത്ഥസ്ഥിതി.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ വസ്തുക്കൾ പതിച്ചുകൊടുക്കുന്ന ഏർപ്പാ ടു പൊതുജനങ്ങളുടെ ഗുണത്തിന് നാശകാരണമാണോ എന്ന് എന്നെ അറിയിക്കുമോ?

മി: എ. ജി. മേനോൻ (പറവൂർ): അതു് പൊതുജനങ്ങളുടേ ഗുണത്തിനു ആകപ്പാടെ നാശകാരണമാ ണെന്നും, ഈ വസ്തുക്കളെ പതിപ്പിക്കുവാൻ ഉദ്യോഗസ്ഥന്മാക്കും മററു വ്യക്തികൾക്കും യാതൊരു സന്ദർഭവും ലഭിക്കാതിരിക്കത്തക്കവണ്ണം ഈ ഭൂമിപതിവ് ആകപ്പാടെ ഗവണ്മെൻറു നിരത്തലാക്കേണ്ടതാണെന്നും ആണ്. ഞാൻ ഇതുവരെ പറഞ്ഞുകൊണ്ടിരിക്കുന്നതു്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): മെംബർ പ്രമേയത്തെ അനുകൂലിക്കുകയൊ, പ്രതികൂ ലിക്കുകയോ ചെയ്യുന്നതെന്ന് എന്നെ അറിയിക്കുമോ?

മി: എ. ജി. മേനോൻ (പറവൂർ): നിശ്ചയമായിട്ടും, ഞാൻ പ്രമേയത്തെ അനുകൂലിക്കുകതന്നെയാണു ചെയ്യുന്നതു് കുളങ്ങൾക്കും, നദികൾ, തോടുകൾ എന്നിവസംബന്ധിച്ച പുറമ്പോക്കുകളും പതിച്ചുകൊടു ക്കുന്ന ഏർപ്പാടു് നിശ്ശേഷം നിരത്തലാക്കണമെന്നുള്ളപക്ഷക്കാരനാണ് ഞാൻ. എന്നാൽ ഞാൻ അഭിപ്രായ പ്പെടുന്ന പ്രധാനവിഷയം ഭൂമിപതിച്ചുകൊടുക്കുന്ന ഈ ഏർപ്പാടു് ഗവണ്മെൻറ് നിരത്തലാക്കുന്നതായാൽ അ വർ തന്നെ നമ്മിൽ നിന്നും രക്ഷിക്കുകയായിരിക്കും ചെയ്യുന്നതെന്നാണ്. ചുരുക്കിപ്പറയുന്നതായാൽ എന്റെ അ ഭിപ്രായം അതാകുന്നു.

ഈ തോടുകളേയും കുളത്തടങ്ങളേയും സംബന്ധിച്ച് വേറൊരു ബുദ്ധിമുട്ടു കൂടിയുണ്ട്. ഈ താലൂക്കുക ളിലെങ്കിലും തന്നെ ഇപ്രകാരമുള്ള പുറമ്പോക്കുകളുടെ വിവരം കാണിക്കുന്ന ഏതെങ്കിലും രജിസ്റ്ററുകളുണ്ടോ? കൃഷിസേചനം സംബന്ധിച്ച് യാതൊന്നും പ്രവർത്തിക്കാനുദ്ദേശിക്കായി ജനങ്ങൾ പ്രായോഗികമായി കുററ പ്പെടുത്തുന്ന പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാക്ക് പ്രവൃത്തിതുടർന്നുകൊണ്ടു പോകുന്നതിലേ ക്കു സ്വീകൃതമായ യാതൊന്നും തന്നെയില്ല. ഈ കുളത്തടങ്ങളുടേയും, നദീതടങ്ങളുടേയും, തോടു കളുടേയും വിവരങ്ങളടങ്ങിയ യാതൊരു ലിസ്ററും അവർക്കു നല്കിയിട്ടില്ല. ജലസേചനസൗകര്യങ്ങൾക്കാ യി ഏതെല്ലാം പുറമ്പോക്കുകളാണ് പതിച്ചു കൊടുക്കുവാൻ പാടില്ലാത്തതെന്ന് അവക്ക് അറിയാൻ നിവൃ ത്തിയില്ല. ഇനിമേൽ ഈ പുറമ്പോക്കുകൾ പതിച്ചു കൊടുക്കുന്ന ഏർപ്പാടു് നിശ്ശേഷം നിരത്തലാക്കുന്നതിലേ ക്ക് ഞാൻ അഭിപ്രായപ്പെടുന്നതെന്തെന്നാൽ താലൂക്കിലെ റവന്യൂ അധികാരികൾക്കും, പൊതുമരാമത്തു ഡിപ്പാ ർട്ടുമെൻറിലെ ഡിവിഷൻ ആഫീസർമാക്കും ഈ പുറമ്പോക്കുകളുടെ ഒരു പരിപൂർണ്ണമായ ലിസ്ററ് നല്കേണ്ട താണെന്നാകുന്നു. ആവശ്യമുണ്ടെങ്കിൽ ഇപ്പോഴുള്ള എല്ലാതോടുകളോ, കുളങ്ങളോ, അല്ലെങ്കിൽ അവയുടേ ഏ തെങ്കിലും അംശങ്ങളോ കൃഷി സേചന സൌകര്യങ്ങൾക്ക് ആവശ്യമുണ്ടോഎന്നും, ഈ പുറമ്പോക്കുകളുടെ ഏ തെങ്കിലും ഭാഗങ്ങൾ കൃഷികാര്യത്തിനായി ഉപയോഗിക്കാവുന്നതാണോ എന്നും. ആലോചിക്കുന്നതിനായി ഒരു ചേർന്ന പ്രാദേശിക കമ്മിററി ഏർപ്പെടുത്തുകയുന്നതാകുന്നു. ഇപ്പോൾ പി. ഡബ്ല്യൂ. ഡി. അധികാരികൾ ക്കു പ്രവൃത്തി ചെയ്യുവാൻ ആധാരമായി യാതൊന്നും തന്നെ ഇല്ല. അതാണ് അവരുടെ ഇപ്പോഴത്തെ നില.

മി: എ. എസ്. ദാമോദരൻനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു നിർദ്ദിഷ്ട പുറമ്പോ ക്ക് കൃഷിസേചനോപയോഗത്തിനു അപരിഹാര്യമാണെന്നു നിശ്ചയിക്കുവാനുള്ള ആൾ ആരാണെന്നു എന്നെ അറിയിക്കുമൊ?

മി: എ. ജി. മേനോൻ (പറവൂർ): ഇപ്പോഴത്തെനിലയ്ക്ക് അതു നിശ്ചയിക്കേണ്ടതു് ഗവണ്മെൻറോ അ ല്ലെങ്കിൽ അല്പംമുമ്പു ഞാൻ നിർദ്ദേശിച്ചപ്രകാരം ഉള്ള ഒരു പ്രാദേശിക കമ്മിററിയോ ആണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവണ്മെൻറുതന്നെ നിശ്ച യിക്കണമെന്നു അഭിപ്രായപ്പെടുമ്പോൾ മെംബർ ഉദ്ദേശിക്കുന്നതു് ഏതു ഗവണ്മെൻറു ഉദ്യോഗസ്ഥനെയാണെന്നു പറയുമോ?

മി: എ. ജി. മേനോൻ (പറവൂർ): നിർഭാഗ്യവശാൽ ഇപ്പോൾ സ്ഥലത്തു് യഥോചിതം രൂപീകരി ക്കപ്പെട്ട അധികാരമുള്ളവർ ആരുമില്ല. ആ സ്ഥിതിക്ക് ഇപ്പോൾ തഹശീൽദാരോ പേഷ്കാരോ വേണം നി ശ്ചയിക്കുവാൻ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സ്ഥലത്തുള്ള ഈ ഉദ്യോഗ സ്ഥന്മാർ പലപ്പോഴും കൈക്കൂലിയാൽ സ്വാധീനരാകാറുണ്ടെന്ന് അല്പംമുമ്പ് ഈ സഭയിൽ പ്രസ്താവിക്കുകയുണ്ടാ യില്ലെ?

മി: എ. ജി. മേനോൻ (പറവൂർ): ഈ സംഗതി സംബന്ധിച്ചിടത്തോളം വളരെ ബലമായി അതു പറയാവുന്നതല്ല. ഞാൻ ഇപ്പോൾപറയുന്നതു് പ്രാരംഭമായി നടത്തേണ്ട അന്വേഷണത്തെപ്പററിമാത്രമാകുന്നു. അപ്പോൾ ആർക്കും ഒന്നുംകിട്ടാൻ ഇടയില്ല. അതിലേക്കു നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ കേവലം അന്വേ ഷണംമാത്രം നടത്തി ഇന്നയിന്ന സ്ഥലങ്ങൾ കൃഷിസേചനകാര്യങ്ങൾക്കു ഉപയോഗകരമായിത്തീരുവുന്നതാ

ണെന്നോ അല്ലെങ്കിൽ അവ പതിച്ചുകൊടുക്കത്തക്കതാണെന്നോ പറയേണ്ടതായിട്ടുള്ളതു്. അപ്രകാരമുള്ള തെ ജിമുട്ടുകളെ പരിഹരിക്കുന്നതിലേക്കായിട്ടാണ്, പതിച്ചുകൊടുക്കാതിട്ടിരിക്കേണ്ട ഭൂമികൾ ഏതെല്ലാമെന്നു നിശ്ച യിക്കുന്നതിന്, സ്ഥലത്തു് ഒരു കമ്മിററി വേണമെന്നു ഞാൻ അഭിപ്രായപ്പെട്ടതു്. അപ്രകാരമുള്ള ഒരു ഏജ ൻസിയുടെ സഹായംകൊണ്ടുമാത്രമേ നമുക്കു യഥാർത്ഥമായ ആധാരം ലഭിക്കുകയുള്ളു. അതുകൊണ്ടു് കഴിയുന്ന തുംവേഗത്തിൽ പുറമ്പോക്കുകളുടെ ഒരു ലിസ്റ്റ് തയ്യാറുചെയ്തു് എല്ലാ താലൂക്കു ഉദ്യോഗസ്ഥന്മാർക്കും ഡിവിഷൻ ഉദ്യോഗസ്ഥന്മാർക്കും അയച്ചുകൊടുക്കേണ്ടതാണെന്നും, ഈ പുറമ്പോക്കുകൾ ഒരു കാര്യവശാലും വ്യക്തികൾക്കാ യി പതിച്ചുകൊടുക്കാൻപാടില്ലെന്നു കാണിച്ചു് ഗവണ്മെൻറുനിയമനം നടപ്പാക്കേണ്ടതുമാകുന്നു എന്നു ഞാൻ വീണ്ടും അഭിപ്രായപ്പെട്ടുകൊള്ളുന്നു. നമ്മെക്കൊണ്ടുതന്നെ നമ്മെ രക്ഷിക്കുവാൻ ഗവണ്മെൻറിനു സാധിക്കുന്ന പ്രായോഗികമായ ചുകമാർഗ്ഗം അതുമാത്രമാണ്.

മി: വി. ചെല്ലംപിള്ള (തോവാള): കൃഷിസേചനസൌകര്യങ്ങൾക്കുള്ള ന്യൂനതയെ പരിഹരിക്കണമെ ന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് കോതയാറണ പണിചെയ്യപ്പെട്ടതു്. എന്നാൽ ഭാഗ്യദോഷംനിമിത്തം അതു കഴിഞ്ഞയുടൻതന്നെ നാഞ്ചനാട്ടിലുള്ള അനേകം കുളത്തടങ്ങളെ ലേലംചെയ്യേണ്ടതിനെ സംബന്ധിച്ചു് ഗവണ്മെ ൻറ് ആലോചനയുംതുടങ്ങി. ഈ കുളത്തടങ്ങൾ ആവശ്യമുള്ളകാലങ്ങളിൽ ചെറുതരം ജലാധാരങ്ങളായും വെള്ളപ്പൊക്കകാലങ്ങളിൽ പ്രവാഹനിയന്ത്രണോപകരണമായും ഉപയോഗപ്പെട്ടിരുന്നു. ഈ പുറമ്പോക്കുക ളെ പതിച്ചുകൊടുക്കുകയും ലേലംചെയ്യുകയും ചെയ്യുന്നതുനിമിത്തമാണ് നമുക്കു ഇപ്പോൾ ജലദൌർല്ലഭ്യം നേരി ട്ടിട്ടുള്ളതു് രണ്ടുമൂന്നു മാസങ്ങൾക്കുമുമ്പു് കാലവർഷത്തിൻെറ അഭാവംനിമിത്തം നമുക്കു ജലദൌർല്ലഭ്യം നേ രിടുകയും, വെള്ളമില്ലാത്തതിനാൽ ൧൦,൦൦൦ ഏക്കറിലധികം സ്ഥലത്തെ വിളവു നഷ്ടമാവുകയും ചെയ്തു. ഈ ൧൦,൦൦൦ ഏക്കർ ഭൂമിയിൽ നിന്നും കിട്ടുന്ന നികുതിയും ഗവണ്മെൻറിന് നഷ്ടപ്പെടേണ്ടതായുംവന്നു. വെള്ളപ്പൊക്കകാലങ്ങളിൽ ഈ ഭൂമികളും അവയിലുള്ള വിളവുകളും വെള്ളത്തിനടിയിലാകുകയും അതു ഹേതു വാൽ ഈ വയലുകളുടെ ഉടമസ്ഥന്മാർക്ക് വലുതായ നഷ്ടത്തിനു ഇടയായിത്തീരുകയും ചെയ്യുന്നു. ഇതിനുംപുറ മെ, നദീതടങ്ങളിൽ അനേകം ഉടവുകൾ ഉണ്ടാകുകയും അവയുടെ പുനരുദ്ധാരണത്തിനായി വളരെ വലിയ പണത്തുക ചെലവുചെയ്യുവാൻ ഗവണ്മെൻറു നിർബന്ധിതരാകുകയും ചെയ്യുന്നുണ്ടു്. ഈ ഉടവുകളിൽ അ നേകം എണ്ണം, അവയുടെയായി ഇപ്പോൾ നാലും അഞ്ചും കൊല്ലങ്ങളിലധികംകാലം കഴിഞ്ഞിട്ടും, നന്നാക്കാതെ കിടപ്പുള്ളതായി എനിക്ക് അറിയാം. ഈ വസ്തുതകളിൽനിന്നും, തക്കിണതിരുവിതാംകൂറിലെ കുളത്തടങ്ങളു ടെ വില്പനനിമിത്തം അവിടെ ജനങ്ങൾക്കു വലുതായ നഷ്ടത്തിന് ഇടയായിട്ടുണ്ടെന്നു് ഗവണ്മെൻറിനു നല്ല പോലെ ബോദ്ധ്യമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ വില്പനനിമിത്തം ഉപ്പളങ്ങൾക്കുകൂടിയും വലു തായ നാശത്തിനിടയാക്കിത്തീർത്തിട്ടുള്ള ചില കേസുകളുണ്ടു്. ഈ കുളത്തടങ്ങൾ പതിച്ചുകൊടുത്തു തിരു വിതാംകൂറിനെ ആകമാനം ഭയപ്പെടുത്തുന്നുണ്ടെന്നുള്ളതു് നെല്ലിൻേറയും അരിയുടേയും വിലയിലുള്ള വർദ്ധനയി ൽനിന്നും നമുക്കു എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടു് ഞാൻ മി: ദാമോദരനാശാൻെറ പ്ര മേയത്തെ ബലമായി അനുകൂലിച്ചുകൊള്ളുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടവും, വ്യവസായവും തെക്കു്): സർ, ഈ കുളത്തടങ്ങ ളും, തോട്ടുകളും പതിച്ചുകൊടുക്കുന്നതുകൊണ്ടു ജനങ്ങൾക്കു വളരെകഷ്ടത്തിനു കാരണമായിട്ടുണ്ടെന്നുള്ള വസ്തുവം വിസംവദിക്കാവുന്നതല്ല. എന്നാൽ ഇവിടെ ആലോചിക്കുവാനുള്ളതു് ഈ പ്രമേയം, അതിൻെറ ഇപ്പോഴ ത്തെനിലയിൽ സ്വീകരിക്കാവുന്നതാണോ എന്നാകുന്നു. എൻെറ സ്നേഹിതൻ മിസ്റ്റർ ദാമോദരനാശാൻെറ പ്രമേയത്തിൽ നിർദ്ദിഷ്ടങ്ങളായ രണ്ടു ഗ്രൂപ്പർശകൾ അടങ്ങിയിരിക്കുന്നു. കുളങ്ങൾ, നദികൾ, തോട്ടുകൾ ഇ വയെ തൊട്ടുകിടക്കുന്ന ഭൂമികൾ എന്നിവയുൾപ്പെട്ട പുറമ്പോക്കുസ്ഥലങ്ങൾ പതിച്ചുകൊടുക്കുകയൊ, ലേല ത്തിൽ വില്ക്കുകയോ ചെയ്യുകൂടെന്നുള്ളതാണ് അവയിൽ ഒന്നു്. രണ്ടാമത്തേതു്, അപ്രകാരം ഏവിടെയെങ്കി ലും പതിച്ചുകൊടുക്കുകയോ, ലേലത്തിൽ വില്ക്കുകയോ ചെയ്തു കഴിഞ്ഞിട്ടുണ്ടെങ്കിൽ, അവ സംസ്ഥാനത്തിലെ കൃഷിയുടെ അഭിവൃദ്ധിക്കു പ്രതിരോധകമായി കാണപ്പെടുന്നതായാൽ അപ്രകാരമുള്ള ഭൂമികളെ പൊന്നുംവില റഗ്രേഷൻ പ്രകാരം സർക്കാരിലേക്ക് എടുക്കേണ്ടതാണെന്നാകുന്നു. രണ്ടാമത്തേതിൽനിന്നും, പതിച്ചുകൊടുക്ക ുന്നതുനിമിത്തം കൃഷികാര്യങ്ങൾക്കു ഹാനികരമായിത്തീരാത്തവിധത്തിലുള്ള ഭൂമികൾ ഈ പുറമ്പോക്കുകൾക്കു തൊട്ടുകിടപ്പുണ്ടെന്നും അവയെ അതുകൊണ്ടു പതിച്ചുകൊടുക്കുകയോ ലേലത്തിൽ വില്ക്കുകയോ ചെയ്യാവുന്നതാ ണെന്നും മിസ്ററർ, ആശാൻതന്നെയും സമ്മതിക്കുന്നതായി തെളിയുന്നുണ്ടു്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും); എൻെറ പ്രമേയം അപ്ര കാരം ഏതെങ്കിലും അനുവദിക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (കുച്ചവടവും, വ്യവസായവും, തെക്കു), ഏവിടെ അപ്രകാരം പതിച്ചുകൊടുക്കുന്നതു് കൃഷിയുടെ ഗുണത്തിനു ഹാനികരമായി കാണപ്പെടുന്നുവൊ അവിടെ പൊന്നും വില റഗ്രേഷൻ പ്രകാരം ഗവണ്മെൻറിൽ നിന്നും ഭൂമി സർക്കാരിലേക്ക് എടുക്കേണ്ടതാകുന്നു എന്നു പ്രമേയം വ്യക്ത മായി പറയുന്നുണ്ടു്. ഇതിൽനിന്നും നമുക്കു സ്വാഭാവികമായി ഉണ്ടാകുന്ന അനുമാനം പതിച്ചുകൊടുക്കുന്നതു നിമിത്തം കൃഷിയുടെ ഗുണത്തിനു ഹാനികരമായി കാണാതിരിക്കുന്നതെവിടെയൊ അവിടെ, ഗവണ്മെൻറിൽ നിന്നും ഭൂമി സർക്കാരിലേക്ക് എടുക്കേണ്ട ആവശ്യമില്ലെന്നുള്ളതാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രമേയത്തിൽ പ്രസ്താവി ച്ചിട്ടുള്ളതു് "അതു് ഏവിടെ നാശകരണമായി കാണപ്പെടുന്നുവൊ" എന്നാണ്. ഭൂമി പതിവു പൊതുവെ എല്ലാ ത്തിലും കൃഷിക്കുഹാനികരമൊ അല്ലയോ എന്നു കണ്ടുപിടിക്കുവാൻ സാദ്ധ്യമാകാതേയും വന്നേക്കാം.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (കുച്ചവടവും, വ്യവസായവും, തെക്കു്): ഞാൻ മനസ്സിക്കുന്നതു ശരിയാണെങ്കിൽ, ഇതുവരെ പതിച്ചുകൊടുത്തു കഴിഞ്ഞിട്ടുള്ള എല്ലാഭൂമികളും സർക്കാരിലേക്ക് എടുക്കേണ്ടതാവശ്യ മില്ലെന്നും, കൃഷിയുടെ ഗുണത്തിലേക്കു അപരിഹരണീയമെന്നു കാണപ്പെടുന്നവമാത്രമെ ഗവണ്മെൻറിൽ നി ന്നും ഒഴിപ്പിച്ചെടുക്കേണ്ടതായുള്ളു എന്നും മിസ്ററർ ദാമോദരനാശാൻ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ സൂക്ഷ്മം

യി പ്രസ്താവിച്ചിട്ടുണ്ട്, ഞാൻ പറയുന്നതു മതിയാകുന്നതല്ല, എന്ന് ഞാൻ വിശ്വസിക്കുന്നു. ചുരുക്കത്തിൽ റിപ്പോർട്ടുകൾക്കു കുറിപ്പുകൾ ഉണ്ട്. അതുകൊണ്ട്, ഞാൻ ബോധിപ്പിച്ചുകഴിഞ്ഞതനുസരിച്ച് പ്രമേയം രണ്ടു ഭൂമികകളെ ഉദ്ദേശിക്കുന്നുണ്ട്. അതായതു ഒന്ന് കൃഷിയുടെ അഭിവൃദ്ധിക്കു നാശകരമാകുംവണ്ണം പതിച്ചുകൊടുത്തിട്ടുള്ളവയും, മറ്റൊന്ന് അപ്രകാരം ചെയ്തിട്ടില്ലാത്തവയും ആകുന്നു. അതുകൊണ്ട് പ്രമേയം, ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള രീതിയിൽ, കൃഷിയുടെ അഭിവൃദ്ധിക്കു അത്യാവശ്യമുള്ള ഭൂമികൾ ഏതെല്ലാമെന്നും, ഏതെല്ലാമാണ് ആവശ്യമില്ലാത്തതെന്നും അന്വേഷണം നടത്താതെ, നടപടി നടത്തുവാൻ ഗവർണ്മെന്റിനു ഒരു ആധാരമായിത്തീരാവുന്നതല്ല. ആ ഉദ്ദേശത്തിലേക്കായി മി: കേശവപിള്ള സമർപ്പിച്ചിട്ടുള്ള ഒരു പ്രമേയം താഴെ വാദപ്രതിവാദത്തിനായി അനുവദിച്ചിട്ടുണ്ട്. ആ പ്രമേയം താഴെക്കാണുംപ്രകാരമാകുന്നു:—

"സംസ്ഥാനത്തിൽ കൃഷിസേചനാർത്ഥം ഉപയോഗപ്പെടുത്താവുന്ന കുളത്തടങ്ങൾ, കുളങ്ങൾ, ചാനലുകൾ എന്നിവയുടെ എണ്ണം എത്രയെന്ന് അന്വേഷണം നടത്തി റിപ്പോർട്ടുചെയ്യുവാൻ ഈ സഭ ഗവർണ്മെന്റിനോടു ശുപാർശചെയ്യുന്നു"—

ഈ പ്രമേയം അനുസരിച്ചു നടപടി നടത്തി റിപ്പോർട്ടു ലഭിക്കുന്നതായാൽ ഈ പുറമ്പോക്കുകളിൽ ഏതെല്ലാം പതിച്ചുകൊടുക്കാവുന്നതാണെന്നും അപ്രകാരം പാടില്ലാത്തതേതെല്ലാമെന്നും നിർണ്ണയിക്കുവാൻ നമുക്കു കൂടുതൽ സൌകര്യം ലഭിക്കുന്നതായിരിക്കും. അതുകൊണ്ട് പ്രമേയം പിൻപറ്റിക്കണമെന്നു ഞാൻ മി: ദാമോദരനാശാനോടു വിനയമായി അപേക്ഷിച്ചുകൊള്ളുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും, ആദായനികുതിയും കമ്മീഷണർ): സർ, ഈ വിഷയത്തെപ്പറ്റി അനുഭവസ്ഥരായ മെമ്പറന്മാർ പറഞ്ഞിട്ടുള്ളതിനോടെല്ലാം ഗവർണ്മെന്റിനു പരിപൂർണ്ണമായ അനുകമ്പയുണ്ടെന്നു ഞാൻ ആദ്യമായി പ്രസ്താവിച്ചുകൊള്ളട്ടെ. എന്നാൽ മി: ദാമോദരനാശാനോടു ഞാൻ ആവശ്യപ്പെടുന്നതു അദ്ദേഹത്തിന്റെ പ്രമേയത്തിൽ "നിവൃത്തിയുള്ളിടത്തോളം" എന്ന ഒരു വാചകംകൂടെ ആദ്യമായി ചേർക്കണമെന്നു മാത്രം ഞാൻ അപേക്ഷിക്കുന്നു. അപ്രകാരം ചെയ്യുന്നതായാൽ ഗവർണ്മെന്റിനു പ്രമേയം സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. അപ്രകാരമൊരു ഭേദഗതിയുടെ ആവശ്യമെന്തെന്നുള്ളതിന്റെ കാരണം ഞാൻ വിവരിക്കാം.

പ്രസിഡൻറ്: ഇപ്പോൾ നിങ്ങൾ സംസാരിക്കുന്നതു പ്രമേയത്തിന്റെ ആദ്യഭാഗത്തെ സംബന്ധിച്ചു മാത്രമാണെന്നു ഞാൻ വിചാരിക്കുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, അതെ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്പോഴും നിവൃത്തിയുള്ളിടത്തോളം മാത്രമെ പതിച്ചുകൊടുത്തുവരുന്നുള്ളു എന്നു ഞാൻ വിശ്വസിക്കുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും, ആദായനികുതിയും കമ്മീഷണർ): അതിനെപ്പറ്റിത്തന്നെയാകുന്നു ഞാൻ പറയാൻ ഭാവിക്കുന്നതു്. ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളം മെമ്പർ പുറപ്പെടുവിച്ച അഭിപ്രായത്തോടു ഗവർണ്മെന്റിനു പരിപൂർണ്ണമായ അനുഭാവമുണ്ടെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. കുളത്തടങ്ങളും, നദികളും, തോടുകളും ആദ്യമായി തഹശീൽദാർ പരിശോധിക്കുന്നതിനും അതിനു ശേഷം പതിച്ചുകൊടുക്കുന്നതു സംബന്ധിച്ച നടപടി ആരംഭിക്കുന്നതിനുമുമ്പ് പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം അറിയുന്നതിനും ഇപ്പോൾ നടപ്പിലിരിക്കുന്ന പുതുവൽ നിയമങ്ങൾ വേണ്ടുവോളം അനുവാദം നല്കുന്നുണ്ട്. കോതയാറണയുടെ അധികാരാതിർത്തിക്കകത്തുള്ള കുളത്തടങ്ങളുടെ വിഷയത്തിൽ, സംഭരണം, വിതരണം, പ്രവാഹനിയന്ത്രണം, സേചനം എന്നിവയും സമുദായ സംബന്ധമായ ഉപയോഗവും സംബന്ധിച്ചിടത്തോളം നിഷ്കർഷാപൂർവ്വം പരിശോധന നടത്തിവേണം അപ്രകാരമുള്ള കുളത്തടങ്ങൾ പതിച്ചുകൊടുക്കേണ്ടതെന്നു ഗവർണ്മെന്റ് പ്രത്യേകം ആജ്ഞാപിച്ചിട്ടുണ്ട്. അതിനുംപുറമെ പതിച്ചുകൊടുക്കുന്നതു സംബന്ധിച്ച് ഒരു എക്സിക്യൂട്ടീവ് എൻജിനീയരുടെ സ്ഥാനവലിപ്പത്തിൽ താഴ്ന്നതല്ലാത്ത ഒരു പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥനും, ആ ഡിവിഷനിലെ ഡിവിഷൻപേഷ്കാരും ഓരോന്നിനെ സംബന്ധിച്ചും നേരിട്ടുചെന്നു പരിശോധന നടത്തിയതിനുശേഷം വിരോധമില്ലെന്ന് സാക്ഷിപ്പെടുത്തിയതിനുമേലല്ലാതെ കുളത്തടങ്ങളെന്നുതന്നെ പതിച്ചുകൊടുക്കാവുന്നതല്ലെന്നു പ്രത്യേകം നിർദ്ദേശിച്ചിട്ടുമുണ്ട്. വാസ്തവം പറയുന്നതായാൽ പതിച്ചുകിട്ടണമെന്ന് അപേക്ഷിച്ചിട്ടുള്ള കുളത്തടങ്ങളെല്ലാം ചീഫ് എൻജിനീയർ നേരിട്ടുചെന്നു പരിശോധിക്കുന്നുണ്ട്. നിയമങ്ങളിലും അതനുസരിച്ച് ഭേദഗതി വരുത്തിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സർ, മി: റാബിൻസണിന്റെ സംഭാഷണം ഞങ്ങൾക്കു കേട്ടുകൂടാ.

പ്രസിഡൻറ്: എനിക്കും കേൾക്കാൻവയ്യ.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും, ആദായനികുതിയും കമ്മീഷണർ): അനുഭവസ്ഥന്മാരുടെ അഭിപ്രായങ്ങളോടു ഗവർണ്മെന്റു പരിപൂർണ്ണമായ അനുഭാവം പ്രദർശിപ്പിക്കുകയും, പ്രമേയത്തിന്റെ ആദ്യഭാഗത്തിൽ "നിവൃത്തിയുള്ളിടത്തോളം" എന്ന വാചകം ചേർക്കുവാൻ അനുവദിക്കുന്നുഎങ്കിൽ അതിനെ സ്വീകരിക്കുവാൻ സന്നദ്ധതകാണിക്കുകയും ചെയ്യുന്നു.

ഈ കുളത്തടങ്ങളും, ചാനലുകളും, നദികളും ഒരു എക്സിക്യൂട്ടീവ് എൻജിനീയരുടെ സ്ഥാനത്തിൽ താണതല്ലാത്ത ഒരു പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതായിട്ടുണ്ട്. ഏതെങ്കിലും ഒരു ഭൂമി പതിവു ചെയ്തുകൊടുക്കുന്നതിനു ഹാനികരമെന്നു കാണപ്പെടുന്ന എങ്കിൽ ഗവർണ്മെന്റിൽനിന്നും ആ ഭൂമികൾ ഒഴിപ്പിച്ചെടുക്കേണ്ടതാണെന്നുള്ള മെമ്പറുടെ അഭിപ്രായത്തെ സംബന്ധിച്ചിടത്തോളം എനിക്കു പറയുവാനുള്ളതു് അതു ചെയ്തുവരുന്നതാണെന്നും ആവശ്യംപോലെ ചാനലുകളെ വിസ്താരപ്പെടുത്തുന്നതിനോ അല്ലെങ്കിൽ പുതിയചാനലുകൾ വെട്ടിക്കുന്നതിനോ വേണ്ടി ഭൂമി ഒഴിപ്പിച്ചെടുത്തിട്ടുള്ളതിന് അനേകം ദൃഷ്ടാന്തങ്ങളുണ്ടെന്നും ആകുന്നു.

കുളത്തടങ്ങൾ പതിച്ചുകിട്ടാനുള്ള അപേക്ഷകൾ കാണുന്നു ഞങ്ങൾ ഉപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതു സംബന്ധിച്ചു നിയുക്തസാംഖ്യങ്ങളും എന്നു വന്നുകാണുന്നുണ്ടു. എങ്കിലും അവയെല്ലാം തള്ളപ്പെട്ടുകയാണു ചെയ്യുന്നതു്. വളരെ വളരെ കുറവായിട്ടുമാത്രമെ ഭൂമി പതിച്ചുകൊടുക്കുന്നുള്ളു. അതിനാൽ ഗവണ്മെൻറിനു പ്രമേയത്തോടു പൂർണ്ണമായ അനുഭാവമുള്ള സ്ഥിതിക്കു അതിന്റെ ആദ്യഭാഗത്തിൽ "നിവൃത്തിയുള്ളിടത്തോളം", എന്ന വാചകങ്ങളുടെ ചേർത്തു പ്രമേയത്തെ മെമ്പർ മിതപ്പെടുത്തുമെന്നു ഞാൻ വിചാരിക്കുന്നു.

പ്രസിഡണ്ടു്: മററു ചില ഗവണ്മെന്റുമെമ്പറന്മാരുടെ സംസാരിക്കുവാൻ നിങ്ങൾ അനുവദിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി: എ. വൈപ്പൻ (ചീഫ് എഞ്ചിനീയർ): കൃഷിസേചനമാർഗ്ഗങ്ങളുടെ സംരക്ഷണത്തിലും പുനരുദ്ധാരണത്തിലും പി. ഡബ്ളിയു. ഡി. ഉദ്യോഗസ്ഥന്മാർ യാതൊരു താൽപര്യവും പ്രദർശിപ്പിക്കുന്നില്ലെന്നു പ്രസ്താവിക്കുന്നതു യോഗ്യമാണെന്നു് ഈ പ്രമേയത്തിന്റെ പ്രയോക്താവിനു തോന്നിയതിൽ ഞാനു വ്യസനിക്കുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും), ഞാൻ പറഞ്ഞതു പി. ഡബ്ളിയു. ഡി. ഉദ്യോഗസ്ഥന്മാർ ഈ രാജ്യത്തിലെ കൃഷിസംബന്ധമായ അഭിവൃദ്ധിക്കു നേരിട്ടു് ഉത്തരവാദിത്വം വഹിക്കുന്നില്ലെന്നാകുന്നു.

പ്രസിഡണ്ടു്: നിങ്ങൾ അതിൽനിന്നും വളരെയധികം കടന്നുപോകുകയുണ്ടായി. കർഷകസമുദായത്തിന്റെ ആകമാനമുള്ള ഉൽക്കർഷത്തെ പൊതുമരാമത്തുഡിപ്പാർട്ടുമെൻറ് ഉപേക്ഷിക്കുന്നുണ്ടെന്നു നിങ്ങൾ പറഞ്ഞു. അതു പൊതുമരാമത്തുഡിപ്പാർട്ടുമെൻറിന്റെ നേക്ക് ചുമത്താവുന്നവയിൽ വളരെ ഗൗരവമുള്ളതും നിർദ്ദിഷ്ടവുമായ കുറവുകളാകുന്നു. അവയെ പ്രത്യാഖ്യാനംചെയ്യുവാൻ ചീഫ്എഞ്ചിനീയക്ക് അവകാശവുമുണ്ടു്.

മി: എ. വൈപ്പൻ (ചീഫ്ഇഞ്ചിനീയർ): സംസ്ഥാനത്തിലെ കൃഷിസേചനമാർഗ്ഗങ്ങൾക്കായുള്ള സ്ഥലങ്ങളെ സംബന്ധിച്ചു് ആവശ്യപ്പെട്ടിട്ടുള്ള പരിഷ്കരണങ്ങളെപ്പററി പറയുന്നതായാൽ ഗവണ്മെൻറുതന്നെ അപ്രകാരമുള്ള പരിഷ്കരണം ആവശ്യമാണെന്നു സമ്മതിച്ചിട്ടുണ്ടു്. ഈ വേലകൾ നടത്തിക്കുന്നതിലേക്ക് ഒരു പ്രത്യേക എഞ്ജിൻസിയെ നിയമിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ഗവണ്മെൻറ് ഇപ്പോൾ ആലോചിച്ചുവരുന്നുണ്ടു്. കുളത്തടങ്ങളും ഭൂമികളും പതിച്ചുകൊടുക്കുന്നവിഷയം, എനിക്ക് അപ്രകാരം പറയാമെങ്കിൽ, സാധ്യസാപൂർവ്വമാണ് ഗവണ്മെൻറിൽനിന്നുംവീക്ഷിച്ചുപോരുന്നതു്. മി: റാബിൻസൺ വിവരിച്ചതുപോലെ ഒരു പ്രത്യേകകുളത്തടം പതിച്ചുകൊടുക്കുവാൻ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറിന്റെ സ്ഥാനപലിപ്രത്തിൽ താണതല്ലാത്ത ഒരാൾ പരിപൂർണ്ണമായ പരിശോധനാനന്തരം ശുപാർശചെയ്യേണ്ടതായിട്ടുണ്ടു്. എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ റിപ്പോർട്ടു കിട്ടിയതനുസരിച്ചു ഞാൻതന്നെ ആ കുളത്തടങ്ങൾ പരിശോധിച്ചിട്ടുണ്ടു്. കഴിഞ്ഞ രണ്ടുമാസങ്ങളിൽ നാഞ്ചിനാട്ടിൽ ജലദൌർല്ലഭ്യമുണ്ടായിരുന്നതു കാലവർഷത്തിന്റെ അഭാവത്താലും മഴക്കാലവിനാലും ആയിരുന്നു. ഇപ്പോൾ ഡിപ്പാർട്ടുമെൻറിൽനിന്നും സംരക്ഷിച്ചുപോരുന്ന കുളങ്ങൾക്കുടിയും ഉണങ്ങിപ്പോയി. ഏതാനും ചില കുളത്തടങ്ങൾ പതിച്ചുകൊടുത്തിട്ടുള്ളതായിത്തന്നെ വിചാരിക്കുന്നതായാലും കഴിഞ്ഞ രണ്ടു കാലവർഷങ്ങളിൽ ആ കുളങ്ങൾ ഉണങ്ങിക്കിടന്നിരിക്കാം എന്നു് ഊഹിക്കുന്നതു് ന്യായമായിട്ടു വരികയുള്ളു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുവങ്ങാടും): എന്റെ സ്നേഹിതൻ മി: ആശാൻ കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ അനുകൂലിക്കുവാനായി ഞാനും എഴുന്നേൽക്കുന്നു. പ്രമേയത്തിന്റെ ആന്തരമായ ഉദ്ദേശം പ്രധാനമായി രാജ്യത്തിലെ ആഹാരസംഭരണമാകുന്നു. കൃഷിസേചനത്തിനായുള്ള കുളങ്ങൾ ഇപ്പോഴും മുൻകാലത്തും സംസ്ഥാനത്തിലെ കർഷകസമ്പ്രദായത്തിന്റെ ജീവരക്ഷമായിരുന്നു എന്നുള്ളതു് ആരും സമ്മതിക്കാതിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അവയെ പതിച്ചുകൊടുത്തതുനിമിത്തവും മണ്ണുവീണു നികന്നുപോകുവാൻ അനുവദിച്ചതുകൊണ്ടും രാജ്യത്തിലെ കൃഷിസംബന്ധമായ വ്യവസായത്തിനു വളരെ നഷ്ടം സംഭവിച്ചിട്ടുണ്ടു്, സർ, ഇപ്പോൾ, ഈ രാജ്യത്തിൻ ൪,൦൦൦,൦൦൦ ജനങ്ങൾക്കുവേണ്ടി ഏഴുലക്ഷത്തി പതിനേഴായിരം ഏക്കർ വിസ്താരമുള്ള ഭൂമിയിൽ നെല്ലുകൃഷി നാം ചെയ്യുവരുന്ന സ്ഥിതിക്കു നമ്മുടെ ആഹാരസംഭരണത്തിലേക്കായി നാം മററുള്ളവരുടെ ദയാപാത്രമായി തീരേണ്ട ആവശ്യമെന്താണുള്ളതു്? ഏഴുലക്ഷത്തിപതിനേഴായിരം ഏക്കർവിസ്താരമുള്ള നിലങ്ങൾ ഏകദേശം ഇവലക്ഷം പറ നിലത്തിനുതുല്യമായിരിക്കും. പറയെന്നിനു ഏഴുരൂപമെനി വച്ചു കണക്കാക്കുന്നതായാൽ ഈ രാജ്യത്തിൽ ഉണ്ടാകുന്ന നെല്ലു ൧ കോടി വുറുപ്പതു പറയായിരിക്കും. ജനസംഖ്യയിൽ ആളൊന്നിനു ദിവസംപ്രതി നാഴിയരിവീതം കണക്കാക്കുകയാണെങ്കിൽ നമ്മുടെ രാജ്യത്തിലുള്ള ജനങ്ങൾക്ക് ആഹാരത്തിനു മതിയാവുന്ന അരി കിട്ടത്തക്കവണ്ണമുള്ള നെല്ലു് നമുക്കുസമ്പാദിക്കാവുന്നതാകുന്നു, ജയിലിൽ കൂടിയും ഒത്തപൊക്കവും ഖനവും ഉള്ളവനും നല്ലപോലെ വേലചെയ്യുന്നവനും ആയ ഒരു മനുഷ്യൻ ദിവസമൊന്നിനു രണ്ടര നാഴി അരിമാത്രമെ കൊടുക്കുന്നുള്ളു. എന്റെ കണക്കാകട്ടെ ഇപ്പോൾ ജനിച്ച ഒരു തിരുവിതാംകൂറിയനും കല്ലറയിലേക്കു കാൽനീട്ടിയിരിക്കുന്ന ഒരു വൃദ്ധനേയും ഉൾപ്പെടുത്തിയാകുന്നു, ഇതുസംബന്ധിച്ചു ഞാൻ അനേകം അന്വേഷണങ്ങൾ നടത്തീട്ടുണ്ടു്. അനേകം തരത്തിലുള്ള ആളുകളോടു ചോദിച്ചിട്ടുണ്ടു്, അവരെല്ലാവരും പറയുന്നതു ദിവസമൊന്നിന് ഒരാൾക്കു ശരാശരിപട്ടിണികൂടാതെ കഴിക്കുന്നതിന് നാഴിയരി മതിയാകുന്നതാണെന്നാകുന്നു എന്നു ഞാൻ സമ്മതിക്കുന്നു. ഈ സമയുടെ ശ്രദ്ധയ്ക്കു വിഷയീകരിപ്പിക്കുന്നതെന്നു ഞാൻ വിചാരിക്കുന്ന വേറെയൊരുസംഗതി ഇതിനോടുകൂടെ കൃഷിഡിപ്പാർട്ടുമെൻറിലെ കണക്കുകളിൽനിന്നും ജനസംഖ്യയിൽ ആളൊന്നിന് ഒരു പറവീതം നിരക്കിൽ കൊടുക്കുന്നതിനു മതിയാകുന്ന മരച്ചീനി ഉണ്ടാക്കുന്നുണ്ടെന്നും ആണ്ടിൽ മൂന്നുനാലു മാസത്തേക്ക് ഈ ആഹാരസാധനത്തിനു സഹായമായിത്തീരത്തക്കവണ്ണം ചക്ക കിട്ടുന്നതാണെന്നും സംവത്സരത്തിലെല്ലായ്പ്പോഴും മരച്ചീനി വേണ്ടുവോളമുണ്ടാകുന്നുണ്ടെന്നും കാണുന്നുണ്ടെന്നാകുന്നു. ഇതിനുംപുറമെ അനവധി കടലീഫലങ്ങളും മററാല്ലാത്തരത്തിലുമുള്ള ഭക്ഷണസാധനങ്ങളും നമുക്കു കിട്ടുന്നുണ്ടു്. ഇതിനെല്ലാത്തിനും ഉപരിയായി നമുക്കു നദികളും കുളത്തടങ്ങളും സ്വാധീനത്തിലിരിക്കുന്നുമുണ്ടു്. ഈ സാമഗ്രികളെല്ലാം നമുക്കു സ്വാധീനമായിരിക്കുമ്പോൾ നാം രണ്ടായിരംകോടി മുതൽ മൂവായിരംകോടിവരെ പറവരുന്ന നെല്ലു വാ

ങ്ങിക്കുവാനിടയാകുന്നതു് ആലോചിക്കുവാൻപോലും വഹിയാത്ത ഒരു സ്ഥിതിയായിട്ടാണു് എനിക്കു തോന്നുന്നതു്. മററു ജനങ്ങളുടെ ദയയ്ക്കു് അധീനരായിത്തീരുവാൻ നമ്മെ നിർബന്ധിതരാക്കിത്തീർക്കുന്ന പ്രധാനസംഗതി നമ്മുടെ വയലുകളെ നനയ്ക്കുന്നതിന്നു് ആവശ്യമുള്ള വെള്ളം നമുക്കു കിട്ടുന്നില്ലെന്നുള്ളതാണു്. ഗവർണ്ണമെൻറു കഴിയുന്ന പ്രയത്നങ്ങളെല്ലാം ചെയ്തുവരുന്നുണ്ടു്. കൃഷിവ്യവസായത്തിലേക്കുവേണ്ടി സർവ്വാത്മനാ പ്രയത്നം ചെയ്തുവരുന്ന കൃഷിഡിപ്പാർട്ടുമെൻറും ഗവർണ്ണമെൻറിനുണ്ടു്. ഈ രാജ്യത്തിൽനിന്നും ലഭിക്കാവുന്ന ഉത്തമബുദ്ധിമാന്മാരെ അവർ ഈ വേലയ്ക്കായി നിയോഗിച്ചിട്ടുണ്ടെന്നുള്ളതിനെ ഞാൻ നിഷേധിക്കുന്നില്ല. ആയതും അതു നിഷേധിക്കയില്ലെന്നും എനിക്കു വിശ്വാസമുണ്ടു്. എന്നാൽ ഇതുവരെ കൃഷ്ഡയറക്ടരാകട്ടെ, അദ്ദേഹത്തിൻെറ അസിസ്ററൻറുമാരാകട്ടെ, ജലത്തിൻെറ സ്ഥാനത്തിൽ ഉപയോഗിക്കാവുന്ന യാതൊന്നും കണ്ടുപിടിച്ചിട്ടില്ല. നമുക്കു് ആവശ്യമായിട്ടുള്ളതു് ജലം മാത്രമാണു്. ഇത്രകാലമായിട്ടും ആ ശാസ്ത്രജ്ഞന്മാർക്കു് അതിനുപകരമായി ഒന്നും കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ല. ഈ കാരണംകൊണ്ടുതന്നേയാണു് ഈ രാജ്യത്തിലെ കൃഷിവ്യവസായത്തിനു പ്രതിബന്ധം നേരിടുന്നതു്. അനുഭവത്തിലുള്ള ഒരു് ഉദാഹരണം ഞാൻ പറയാം. അനന്തഴചിറയെ സംബന്ധിച്ചു് ഈ സഭയിൽ പലപ്പോഴും പ്രസ്താവത്തിനിടയായിട്ടുണ്ടു് കഴിഞ്ഞ ൨൪ വർഷങ്ങളായി അല്ലെങ്കിൽ ഇപ്പോൾ പെൻഷൻ പററി ജോലിയിൽനിന്നും പിരിഞ്ഞിരിക്കുന്ന മിസ്റർ ജാൺ കുയ്യിസെറ കാലംമുതൽക്കുതന്നെ എന്നു പറയാം, ഭൂനികുതിഡിപ്പാർട്ടുമെൻറിലുള്ളവരിൽനിന്നും ഈ ആലോചനയെ പ്രതിരോധിച്ചുവന്നിരുന്നു. അദ്ദേഹം അസിസ്റൻറ് എഞ്ചിനീയരായിരുന്നപ്പോൾ, ആ കുളം ൧൦൦ ഏക്കർ വിസ്താരമുള്ള നിലങ്ങളെ നനയ്ക്കുന്നതിനു മാത്രമേ മതിയാകയുള്ളു എന്ന ഉദ്ദേശത്തെ ഭൂനികുതിഡിപ്പാർട്ടുമെൻറുകാർ വിടാതെ നിർബന്ധപൂർവ്വം നിർമ്മിച്ചിട്ടുണ്ടു്. ആ കുളത്തിൻെറ പുനരുദ്ധാരണം ഇപ്പോൾ പൂർത്തിയായിരിക്കുന്നു. അതുനിമിത്തം സ്ഥലനിവാസികളായ അനേകായിരംപേരുടെ കൃഷിക്കു് ഗവർണ്ണമെൻറു പാതീലവിച്ചിട്ടുമുണ്ടു്. ഇതിലേയ്ക്കു് ഇത്ര താമസം നേരിടുവാനുള്ള കാരണം ഒരു പാർവ്വത്യകാരൻ ആ സ്ഥലം ൧൦൦ ഏക്കറിലധികം നനയ്ക്കുവാൻ മതിയാകുന്നതല്ലെന്നു വിചാരിച്ചതാണു്. അതിൻെറ ഫലമായി ആ സ്ഥലത്തുള്ള ആളുകളോടു് അവരും കൃഷിസേചനസൌകര്യങ്ങൾക്കായി വേണ്ടിവരുന്ന ചെലവിൽ പകുതി കൊടുക്കേണ്ടതാണെന്നു് ആവശ്യപ്പെട്ടു. എന്നാൽ ദിവാൻജിയും ചീഫ്എഞ്ചിനീയരും സ്ഥലത്തുചെന്നു പരിശോധന നടത്തിയപ്പോൾ പ്രഥമവീക്ഷണത്തിൽതന്നെ ആ ചിറ ൧൦൦൦ ഏക്കറിലധികം വിസ്താരമുള്ള നിലങ്ങൾ നനയ്ക്കുന്നതിനു മതിയാകുന്നതാണെന്നു് അഭിപ്രായപ്പെടുകയുണ്ടായി, അതുനിമിത്തം ഉണ്ടായ ചാഞ്ചല്യമെന്താണെന്നു നോക്കുക. ഇപ്പോൾ ഈ കുളം ഏകദേശം ൧൦൦൦ ഏക്കർ വിസ്താരമുള്ള വയലുകൾക്കു വെള്ളം വിട്ടുകൊടുക്കുവാൻ മതിയായിത്തീർന്നിരിക്കുന്നു. അതായതു് ഓരോ വിളവിനും ആദായം ൪൦൦൦൦ പറ നെല്ലായിരിക്കും എന്നുവച്ചാൽ ഒരു ചെറിയതുകയായ ൧൫൦൦൦ രൂപ ചെലവുചെയ്തതിനു സ്ഥലത്തുള്ള ജനങ്ങൾക്കു സിദ്ധിച്ചിരിക്കുന്ന ആദായം ഏകദേശം ഒരു കോടി രൂപവരുന്ന ഒരു വമ്പിയ തുകയാണു് കോതയാറണയെ സംബന്ധിച്ചു് ഒരു കാര്യം ഞാൻ പറഞ്ഞുകൊള്ളട്ടെ. അതിലേക്കു ഗവർണ്ണമെൻറിന്നു് ഏകദേശം ഒരു കോടി രൂപ ചിലവായിട്ടുണ്ടു്. ഏകദേശം ൪൦,൦൦൦ ഏക്കർ വിസ്താരമുള്ള വയലുകൾക്കു വെള്ളം വിട്ടുകൊടുക്കുവാൻ അതിനു സാധിക്കുന്നതാണു് എന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു ൧൦൦൦ ഏക്കർ വിസ്താരമുള്ള നിലങ്ങളുടെ വകയ്ക്കായി ഗവർണ്ണമെൻറിനു ചിലവായിട്ടുള്ളതു് ഏകദേശം ൨ ലക്ഷം രൂപവീതമാകുന്നു, എന്നാൽ വേറെയൊരു പ്രദേശത്തുള്ള ൧൦൦൦ ഏക്കർ വിസ്താരമുള്ള വയലുകളിൽ ജലസേചനം ചെയ്യുന്നതിനു ഗവർണ്ണമെൻറിനു ൧൫൦൦൦ രൂപയെ ചിലവായിട്ടുള്ളു. അതുകൊണ്ടു് ഇപ്പോഴുള്ള കുളങ്ങളേയും അവയിൽനിന്നും ഉണ്ടാകാവുന്ന സൌകര്യങ്ങളേയും സംബന്ധിച്ചു വേണ്ടവിധത്തിൽ സൂക്ഷ്മമായി അന്വേഷണം നടത്തി ക്രമപ്പെടുത്തുന്നതായാൽ നമ്മുടെ ഇടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭക്ഷണസാധനസംഭരണവിഷയം സംബന്ധിച്ചു ആലോചനയ്ക്കു മിക്കവാറും പരിഹാരമുണ്ടായതായി വിചാരിക്കാം. ആഹാരസാധനങ്ങൾക്കായി മററുള്ളവരെ ആശ്രയിച്ചിരിക്കുന്നതു് തീരെ രക്ഷാകരമായിട്ടുള്ളതല്ലെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. ഒരു വലിയ ഭരണതന്ത്രജ്ഞനും നീതിശാസ്ത്രവിശാരദനുമായ ഒരു മഹാൻ പറയുന്നതു ഞാൻ പറയിക്കാം.

"മൈനംദിനങ്ങളായ ജീവിതാവശ്യങ്ങൾക്കുവേണ്ടി മററുള്ളവരെ ആശ്രയിച്ചിരിക്കുന്ന ഒരു മനുഷ്യനും ഒരു സമുദായവും അവരുടെ ദയയ്ക്കു് അധീനരാണു്, സ്വന്തമായ ജീവിതാവശ്യങ്ങൾക്കു് ആവശ്യമുള്ള സാധനങ്ങൾ മററുള്ളവർക്കു കൊടുക്കുന്ന ഒരു സമുദായം സാമ്പത്തികമായിട്ടുള്ളതുമാത്രമല്ല പരിപൂർണ്ണമായ സ്വാതന്ത്ര്യത്തെത്തന്നെയും മിക്കവാറും അടിമപ്പെടുത്തുകയാകുന്നു ചെയ്യുന്നതു്. ജീവാവസാനംവരെ ഒരുസമുദായവും സാധാരണങ്ങളായ ജീവിതാവശ്യങ്ങൾക്കായി മററൊന്നിനു് ആശ്രയിച്ചിരിക്കാൻപാടില്ല. യൂറോപ്പുഖണ്ഡത്തിൽക്കൂടിയും, ആദായത്തിൻെറ വിലയെ അടിസ്ഥാനമാക്കിയോ വേലചെയ്യുന്ന ആളുകളുടെ എണ്ണത്തെ കണക്കാക്കിയൊ അല്ലെങ്കിൽ മറേറതെങ്കിലും തോതുകളിനാലോ നിർണ്ണയം ചെയ്യുന്നതായാലും ഏററവും പ്രാധാന്യം കൃഷിയ വ്യവസായം കൃഷിതന്നേയാകുന്നു.

ഏതുകൊണ്ടും ഈ വിഷയത്തെപ്പററി ഞാൻ വളരെ പറയേണ്ട ആവശ്യമില്ല. മൈനർ ഇറിഗേഷൻ സംബന്ധിച്ചു ഈ വിഷയം ഇപ്പോൾ നീതിജ്ഞന്മാരുടെ പ്രത്യക്ഷ വീക്ഷണത്തിൽ പെട്ടിട്ടുണ്ടെന്നുള്ളതിനു പുറമെ സാമ്പത്തികമായ മുതലുകാര്യങ്ങളിൽ മുഖ്യതമായ പ്രാധാന്യം സിദ്ധിച്ചിട്ടുമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഈ പ്രമേയം ഗവർണ്ണമെൻറിൻെറ ബ്രാഹ്മണരെ ബലതരമാക്കുന്നതിനോ അല്ലെങ്കിൽ പുനരുദ്ധാരണവേലയിൽ അവരുടെ ശ്രമങ്ങളെ ഫലതരമാക്കുന്നതിനായി ഗവർണ്ണമെൻറിനോടു ഒന്നുകൂടി പ്രാർത്ഥിക്കുന്നതിനു മാത്രമേ ഉതകിക്കുന്നുള്ളു. ഞങ്ങൾ ആവശ്യപ്പെടുന്നതു് കുളങ്ങൾ ഏവിടെയെല്ലാം അവശേഷിച്ചിട്ടുണ്ടോ അവിടെയെല്ലാം അവയെ പതിച്ചുകൊടുക്കരുതെന്നും കുളങ്ങൾ മററുകാര്യങ്ങൾക്കു ആവശ്യപ്പെട്ടവയല്ലെന്നും ആകുന്നു. ആ കുളങ്ങളെല്ലാം ആദ്യമായി കഴിപ്പിച്ചതു കൃഷിക്കാർതന്നെയാകുന്നു. അവയുടെ നിർമ്മിതിക്കായി ഒററത്തുചയെങ്കിലും ഗവർണ്ണമെൻറിൽനിന്നും ചെലവുചെയ്തിട്ടുള്ളതായി കാണിക്കുവാൻ ചീഫ്സെക്രട്ടറിക്കു സാധിക്കുമോ എന്നു ഞാൻ ആദ്ദേഹത്തോടു ചോദിച്ചുകൊള്ളുന്നു. ഇവയെല്ലാം ജനങ്ങളുടെ വക സ്വത്തുക്കളാണു്. കരണ്ടുത്തുകാലത്തു ജനങ്ങൾ ഇവയെ വിട്ടുകൊടുക്കയും പുറമ്പോക്കുകളായി കിടന്നു ജനങ്ങളെ

ടെ ഗുണത്തിലേക്കായി ഉപയോഗപ്പെടുത്തി വരികയും ചെയ്തു. എന്നാൽ ഇപ്പോൾ ശാന്തമായി, ഗുഢമായി ഒട്ടുന്നതന്നെ പറയാം, ഭൂനികുതി ഡിപ്പാർട്ടുമെൻറുകാർ വേഗത്തിൽ അവയെ പതിച്ചുകൊടുത്തു ഇടങ്ങിയിരിക്കുന്നു. സാമാന്യജനങ്ങൾക്കു അതു ഒരു വിശ്വാസവഞ്ചനയാണെന്നു പറയുവാൻ ഞാൻ ഒട്ടും മടിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ജനങ്ങൾ അവരുടെ വസ്തുക്കളെ ഗവർണ്ണമെൻറിനെ ഏൽപ്പിച്ചിട്ടുള്ളതു് ജനങ്ങൾക്കു പൊതുവെ ഗുണകരമായകാര്യങ്ങൾക്കായി ഗവർണ്ണമെൻറു അവയെ ഉപയോഗപ്പെടുത്തുമെന്നുള്ള ധാരണയോടുകൂടിയാകുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): ഈ കുളങ്ങൾ ഒരുകാലത്തു ജനങ്ങളായിട്ടു ഗവർണ്ണമെൻറിനു വിട്ടുകൊടുത്തതാണെന്നു കാണിക്കുവാൻ ഏതെങ്കിലും റിക്കാർട്ടുകളുണ്ടോ എന്നു് എന്നെ അറിയിക്കുമോ?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): എന്റെ കൈവശം റിക്കാർട്ടുകളൊന്നുമില്ല. എന്നാൽ ഊഹിക്കപ്പെട്ടിരിക്കുന്നതു് അങ്ങനെയാണു്. അതു ശരിയായ ഊഹവുമാണു്.

മി: വി. ചെല്ലംപിള്ള (തോവാള): കുളത്തുവരിയെന്നും ആറുവരിയെന്നും പേരിൽ ജനങ്ങൾ കൂടുതൽകരം കൊടുത്തുവന്നിരുന്നവിവരം മെമ്പർക്കു് അറിവുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ആതരത്തിൽ ഏതെങ്കിലും കൊടുത്തുവന്നിരുന്നവോ എന്നു് എനിക്കു അറിഞ്ഞുകൂടാ. മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനെ ഉചിതമായ നിയന്ത്രണത്തിൽ ആക്കി നിർത്തുവാനും, പ്രത്യേക വ്യക്തികളിൽ ഉത്തരവാദിത്വത്തെ നിക്ഷേപിക്കുവാനും വേണ്ടി ഒരു പദ്ധതിയെപ്പററി ഗവർണ്ണമെൻറു് ആലോചിക്കുന്നിടത്തോളംകാലം, ഈ പ്രമേയം ഗവർണ്ണമെൻറിനു പ്രതികൂലമായരീതിയിൽ ഹാജരാക്കപ്പെട്ടിട്ടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ല. അതു് ഗവർണ്ണമെൻറിനു് ഒരു സഹായം മാത്രമാകുന്നു. "നിവൃത്തിയുള്ളിടത്തോളം" എന്നവാചകം ചേർക്കണമെന്നു മി. റോബിൻസൺ അവശ്യം നിർബന്ധിക്കേണ്ടതാണു്. ഒരു കുളം എവിടെയെങ്കിലും സ്ഥിതിചെയ്താൽ അതു പതിച്ചുകൊടുക്കണമെന്നു പറയുന്നതു സ്വഭാവികമായ ഒരു നയമാണെന്നുഞാൻ വിചാരിക്കുന്നില്ല. നടമുമ്പാകെയിരിക്കുന്ന പ്രമേയം ഒരു നിയമത്തിൻെറ രീതിയിലിരിക്കുന്നില്ലെന്നുള്ളതു വാസ്തവംതന്നെ. ഗവർണ്ണമെൻറിനോടുള്ള ഒരു ശുപാർശമാത്രമാകുന്നു അതു്. ഒരുകുളം തീരെ ഉപയോഗശൂന്യമായി കാണപ്പെട്ടാൽ അതു പതിച്ചുകൊടുക്കപ്പെടേണ്ടതാണു്. എന്നുമല്ലെങ്കിലും "നിവൃത്തിയുള്ളിടത്തോളം" എന്ന വാചകം കൂട്ടിച്ചേർക്കുവാൻ ഞങ്ങൾ സമ്മതിക്കുന്നില്ല. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ പ്രമേയത്തെ ബലമായി അനുകൂലിച്ചുകൊള്ളുന്നു.

മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): സർ, ഞാൻ മി. അശാൻെറ പ്രമേയത്തെ അനുകൂലിക്കുന്നു. കുട്ടനാട്ടിൽ ഇപ്പോഴുള്ള നദികൾ, തോടുകൾ മുതലായ ജലമാർഗ്ഗങ്ങളുടെ പ്രാധാന്യത്തിലേക്കു് എനിക്കു് ഗവർണ്ണമെൻറിൻെറ ശ്രദ്ധയെ ക്ഷണിക്കേണ്ടതായിട്ടുണ്ടു്. ഇപ്പോൾ കുട്ടനാട്ടിലുള്ള അനേകം ജലമാർഗ്ഗങ്ങളും കൃഷിസംബന്ധമായ തോടുകളും കുഴിച്ചു വിസ്താരപ്പെടുത്തേണ്ടതാവശ്യമായിത്തീർന്നിരിക്കുന്നു. കുട്ടനാട്ടിലുള്ള തോടുകൾ വിസ്താരമുള്ളതാക്കുകയും കുഴിപ്പിക്കുകയും ചെയ്യണമെന്നും ചിലതുകൈയ്യേററങ്ങളെ നിരാകരിക്കണമെന്നും കൃഷിഡിപ്പാർട്ടുമെൻറു് ഗവർണ്ണമെൻറിനു ശുപാർശചെയ്തിട്ടുള്ളതനുസരിച്ചു്, മുൻ ഉദ്ദേശസാധ്യത്തിനുവേണ്ടിയായി എല്ലാ കൈയേററങ്ങളേയും കണ്ടുപിടിച്ചു് ഒഴിപ്പിക്കേതാകുന്നു. അതുകൊണ്ടു് ഈ വിഷയത്തിൻെറ പ്രാധാന്യത്തിലേക്കു ഞാൻ ഗവർണ്ണമെൻറിൻെറഗൌരവമായ ശ്രദ്ധയെ ബലമായിക്ഷണിക്കുന്നു. ഇത്രയുംമാത്രം പ്രസ്താവിച്ചുകൊണ്ടു മി. അശാൻെറ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): സർ, പ്രമേയത്തെ അനുകൂലിക്കുന്നതോടുകൂടി താഴെക്കാണുന്ന വസ്തുതകളും എനിക്കു സഭമുമ്പാകെ സമർപ്പിക്കേണ്ടതായുണ്ടു്. നാഞ്ചനാട്ടിലുള്ളകുളങ്ങൾ പതിച്ചുകൊടുക്കുന്നതു സംബന്ധിച്ചു് എനിക്കുപറയാനുള്ളതു് ഞാൻ മൂന്നുവാക്കിൽ ചുരുക്കിപറയാം. അതായതു്, ൧൯൫൪-മുതൽ ൧൯൫൮-വരെയുള്ളകൊല്ലങ്ങളിലായി ഏകദേശം ൧൩൦ ഏക്കറോളം വരുന്ന കുളത്തടങ്ങൾ ൪൩ ലക്ഷം രൂപയ്ക്കു വില്ക്കുകയുണ്ടായിട്ടുണ്ടു്. ആ സ്ഥലങ്ങളിൽ പതിച്ചുകൊടുക്കപ്പെട്ട കുളങ്ങൾ ൧൦,൦൦൦ ഏക്കർ ജലയടിവരുന്ന ഏതാണ്ടു താഴ്ചയുള്ളവയാകുന്നു. അതായതു് ൧൯൦൦-ത്തിൽ ചില്വാനം ഏക്കർ വിസ്തീർണ്ണമുള്ള ആ കുളങ്ങളിൽ വെള്ളം നിറച്ചാൽ നാഞ്ചനാട്ടിൽ പതിനായിരം ഏക്കർ സ്ഥലത്തിൽ കൃഷിസേചനം നടത്തുവാൻ സാധിക്കും. ഭാഗ്യദോഷത്താൽ ആ കുളങ്ങളെ വിലയ്ക്കുകൊടുത്തു് പേച്ചിപ്പാറ ഭാഗത്തുള്ള ഉയർന്ന കൺടോർമയിനിൽനിന്നും വെള്ളം കൊണ്ടുവന്നു് നമ്മുടെ പൂർവികന്മാർ കുളങ്ങളിൽനിന്നും നിറച്ചുവന്നിരുന്ന ഏററവും താണപ്രദേശങ്ങളിലേക്കു കടത്തിക്കൂടുങ്ങിയതു് ഗവർണ്ണമെൻറു ചെയ്ത ഒരു തെററാണു്. ഗവർണ്ണമെൻറു ചെയ്തിട്ടുള്ള ഒരുകുററം ആകുന്നു ഇതു്. എൻെറ സ്നേഹിതനായ ചീഫ് എഞ്ചിനീയർ വളരെ ശ്രദ്ധയെടുക്കുന്നുണ്ടെന്നു പറയുകയുണ്ടായി. എന്നാൽ അതു ഇപ്പോഴത്തേ രേണകാലത്തല്ല, അതുകൊണ്ടു് ഈ കുററംചെയ്തിട്ടുള്ളതു് വളരെക്കാലം മുമ്പാണു്. ഇനിമേലെങ്കിലും വേളിമലയ്ക്കു സമീപപ്രദേശമുള്ള എൽ. ബി. സിയും പി. പി. സിയും ചാലനിനോടുചേർന്നു കിടക്കുന്ന ഭൂമികളെങ്കിലും പതിച്ചുകൊടുക്കാതെ സൂക്ഷിക്കുകയും ഗവർണ്ണമെൻറിൽനിന്നും കുളത്തടങ്ങൾ പകർന്നു ആ സ്ഥലങ്ങളിൽ കുളങ്ങൾ കുഴിപ്പിക്കുകയും ചെയ്യണമെന്നു ഞാൻ ഗവർണ്ണമെൻറിനോടു് വളരെ ബലമായി നിർബന്ധിക്കുന്നു. ഇതുചെയ്താൽ ജലദൌർല്ലഭ്യം ഉണ്ടായിരിക്കുന്നതല്ലെന്നുമാത്രമല്ല, ബാറയും അലവൻസും കൊടുത്തു പേച്ചിപ്പാറയിൽനിന്നും വെള്ളം കൊണ്ടുവരേണ്ട ആവശ്യമുണ്ടാകുന്നതുമല്ല മല്ല.

ആഹാരസാധന സംഭരണത്തെ സംബന്ധിച്ചിടത്തോളം, ൧൯൫൪-ാമാണ്ടത്തെ എക്സൈസ് കമ്മീഷണരുടെ റിപ്പോർട്ടിൽനിന്നും മൂന്നാണ്ടത്തേതിൽനിന്നും ഇറക്കുമതിയിൽ കുറവുണ്ടെന്നും മററും അദ്ദേഹം സ്വയമേവ സന്തോഷിക്കുന്നതായിക്കാണുന്നു. ഒരുകോടിതൊണ്ണൂറുലക്ഷം രൂപ വിലയ്ക്കുള്ളനെല്ലു് അന്യരാജ്യങ്ങളിൽനിന്നും ഇറക്കുമതിചെയ്തിട്ടുണ്ടു്. 'ഇൻവായിസ്' വിലയനുസരിച്ചു് ഒരു ചാക്കുനെല്ലിന് ൪ രൂപ വിലയാകുന്നുണ്ടു്, ൪ ലക്ഷത്തോളം ചാക്കു് നെല്ലു ഇറക്കുമതിചെയ്യുകയും ചെയ്തിരിക്കുന്നു. ഒരു ഏക്കർ ഭൂമിയിൽനിന്നും ൧ ചാക്കുനെല്ലോളം കിട്ടുന്നതാണെങ്കിൽ, തിരുവിതാംകൂറിലെ ജനങ്ങളുടെ ആവശ്യത്തിലേക്കു് ൪ ലക്ഷം ഏക്കർ വിസ്താരമുള്ളവയലുകൾക്കുടെ മതിയാകുന്നതാണു്. അതുകൊണ്ടു് ഈ സംഗതികളെ നല്ലപോലെ ആലോചിച്ചു്, കൃഷിസേചനത്തിനായിട്ടുള്ള ചാനലുകളും, കുളത്തടങ്ങളും പതിച്ചുകൊടുക്കുന്ന വിഷയത്തിൽ ഗവർണ്ണമെൻറു വ

ളരെ സൂക്ഷ്മമായി പ്രവർത്തിക്കേണ്ടതാണ്. ഇവയ്ക്കെല്ലാം പുറമെ, കൃഷിഡിപ്പാർട്ടുമെൻറ്ൽനിന്നും അനിമാത്രമായ കൃഷിനടപ്പിലാക്കുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാകുന്നു. അതുകൊണ്ട് മി. ആശാന്റെ പ്രമേയത്തെ അനുകൂലിക്കുന്നതോടുകൂടി, ഈ വിഷയങ്ങളെ ബലപ്പെടുത്തുകയും ചെയ്യുകൊള്ളുന്നു.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): സർ, മി. ദാമോദരനാശാന്റെ പ്രമേയത്തോടുകൂടി "നിവൃത്തിയുള്ളിടത്തോളം" എന്നു ചേർത്താൽ മി. ആശാൻ ഉദ്ദേശിക്കുന്നവിധം ഉണ്ടാകുമോ എന്ന് എനിക്കു സംശയമുണ്ട്. ഇപ്പോൾ റവന്യൂഡിപ്പാർട്ടുമെൻറിന്റെ കൈവശമിരിക്കുന്ന അവകാശത്തെ അവർക്ക് വിട്ടുകൊടുക്കാൻ മനസ്സില്ല. പ്രമേയത്തിന്റെ തത്വം സമ്മതിക്കുന്നുണ്ടെങ്കിലും ഡിപ്പാർട്ടുമെൻറിന്റെ അവകാശത്തെ ഉപേക്ഷിക്കുന്നതിൽ തൃപ്തിയില്ല. പതിച്ചുകൊടുത്തുകൂടാ എന്നു കൌൺസിൽമെമ്പർമാർ നിർബന്ധിക്കുമ്പോൾ "നിവൃത്തിയുള്ളിടത്തോളം" എന്നു പ്രമേയത്തിന്റെ ഇടയ്ക്കു ഒരു ക്ലാസ്സ് കൊണ്ടിട്ട് പിന്നെയും ഈ അവകാശത്തെ വച്ചുകൊണ്ടിരിക്കണമെന്ന് ആഗ്രഹിക്കുന്നതിന്റെ ഉദ്ദേശമെന്തു്? പുറമ്പോക്കുകൾ ഇപ്പോൾ പതിച്ചുകൊടുത്തു് ഒടുവിൽ നിവൃത്തിയില്ലാത്തതുകൊണ്ട് പതിച്ചുകൊടുത്തു എന്നു സമാധാനം പറയുന്നതിനല്ലയോ ഈ ഭേദഗതി പ്രമേയത്തിൽ വരുത്തണമെന്നു പറയുന്നതെന്ന് എനിക്ക് സംശയമുണ്ട്. അതുകൊണ്ട് പ്രമേയത്തിൽ "നിവൃത്തിയുള്ളിടത്തോളം" എന്നു ചേർക്കാൻ പാടില്ലെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): സർ, മി. റാബ്ബിൻസൺ പറഞ്ഞതിൽനിന്നും ഞാൻ എന്റെ മറുപടി ആരംഭിക്കാം. "നിവൃത്തിയുള്ളിടത്തോളം" എന്ന വാചകം ഉൾപ്പെടുത്തണമെന്ന് എന്റെ സ്നേഹിതൻ ആവശ്യപ്പെടുന്നു. എന്റെ ചോദ്യം ഭൂമിപതിവ് നടപ്പിലാക്കണമോ വേണ്ടയോ എന്നു നിർണ്ണയിക്കുവാനുള്ള അധികാരം ആരുടെയാകുന്നു. ഒരു കാര്യം ചെയ്യുന്നതിൽനിന്നും അതിനെ തടയുന്നതിൽ അസാദ്ധ്യം എവിടെയാണ്? ഭൂമികൾ പതിച്ചുകൊടുക്കുന്നതുമാത്രമേ ഞാൻ ഗവണ്മെൻറിനോടു ആവശ്യപ്പെടുന്നുള്ളു. ആ സ്ഥിതിക്ക് അവർ "നിവൃത്തിയുള്ളിടത്തോളം" എന്ന പദം എന്തിന് ചേർക്കുന്നു. അല്പസമയം മുൻപ് എന്റെ സ്നേഹിതൻ മി. എ. ജി. മേനോൻ ഒരു നർമ്മിക്കുസ്ഥലം പതിച്ചുകൊടുക്കണമോ വേണ്ടയോ എന്നു നിർണ്ണയിക്കുവാൻ നിയോഗിക്കുന്ന അധികം തന്റെ സ്നേഹിതന്മാരിൽ അധികംപേരും കൈയ്ക്കൂലിക്കാരനെന്നു നിന്ദിക്കുന്ന സ്ഥലത്തെ ഉദ്യോഗസ്ഥനായിരിക്കണമെന്നു പറയുകയുണ്ടായി. സ്ഥലത്തെ അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാർക്ക് കാര്യനിർവ്വഹണാധികാരം വിട്ടുകൊടുക്കുന്നതു് ഉചിതമാണോ?

പ്രസിഡണ്ട്: ചീഫ് എഞ്ചിനീയരും, ഭൂനികുതികമ്മീഷണരും അങ്ങനെ അതു നിർവ്വഹിക്കുന്നതെന്ന് അവർ പ്രസ്താവിച്ചു. അവർ പാവപ്പെട്ടവരാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും,): ഞാൻ പറഞ്ഞതു്, തടസ്സമുള്ളപ്പോൾ മാത്രമേ തരാതരംപോലെ കാര്യം എഞ്ചിനീയരുടേയോ ഭൂനികുതി കമ്മീഷണരുടേയോ ശ്രദ്ധയിൽ കൊണ്ടുവരികയുള്ളു എന്നാകുന്നു. എല്ലാത്തരം മൈനർ കേസുകളിലും ചീഫ് എഞ്ചിനീയരുടേയോ ഭൂനികുതികമ്മീഷണരുടേയോ സ്ഥലപരിശോധനയുടെ ഫലം ലഭിക്കണമെന്നു ഞങ്ങൾ അവശ്യപ്പെടുന്നില്ല. ഗവണ്മെൻറിന്റെ നീതിവിരുദ്ധമായ പ്രവൃത്തികൾ തടയുന്നതിന് പ്രാബല്യമുള്ള ജനങ്ങൾ പുറകിലുണ്ടായിരിക്കണം. അങ്ങനെയില്ലെങ്കിൽ കാര്യങ്ങൾ ഭൂനികുതികമ്മീഷണരുടേയോ, ചീഫ് എഞ്ചിനീയരുടേയോ ശ്രദ്ധയിൽ കൊണ്ടുവരുവാൻ സാധിക്കുന്നതല്ല. അതുകൊണ്ട് "നിവൃത്തിയുള്ളിടത്തോളം" എന്നപദം പ്രമേയത്തിൽ പ്രവേശിപ്പിക്കേണ്ട അവശ്യം തീരെയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അതു് എന്റെ ഉദ്ദേശത്തെ പരാജയപ്പെടുത്തുകമാത്രമേ ചെയ്യുകയുള്ളു. ഇപ്പോഴും ഗവണ്മെൻറ് നിവൃത്തിയുള്ളിടത്തോളം മാത്രമേ ഭൂമിപതിച്ചുകൊടുക്കുന്നുള്ളു. അതുകൊണ്ട് എനിക്കു പറയുവാനുള്ളതു് ആ വാക്കുകൾ ഉൾപ്പെടുത്തുവാൻ പാടില്ലെന്നാകുന്നു.

അടുത്തതായി എനിക്കു പറയുവാനുള്ളതു് കാര്യം, പി. ഡബ്ല്യൂ. ഡി-വിന് നേരെ ഞാൻ ഗൌരവതരമായ അപരാധങ്ങൾ ആരോപിച്ചിട്ടുണ്ടെന്നു ചില തെററിദ്ധാരണയുള്ളതായി തോന്നുന്നു എന്നാകുന്നു. ഞാൻ പറഞ്ഞതു് ചീഫ് എഞ്ചിനീയർ തോടുകൾ പരിശോധിക്കുകയും, പ്രവാഹജലം തടവുകൂടാതെ എവിടെ ഒഴുകിപ്പോകുമെന്നു പറയുകയും ചെയ്യുമെന്നാകുന്നു. അതായതു് അദ്ദേഹം ജലനിർഗ്ഗമനത്തെ വേണ്ടതു പ്രവർത്തിക്കുന്നു. അതു് കൃഷിസേചനത്തിൽ ഉൾപ്പെടുന്നതുമുണ്ട്. അദ്ദേഹം അതിൽ ഉപേക്ഷകാണിക്കുന്നുണ്ടെന്നു ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. പിന്നെ ഞാൻ പ്രസ്താവിച്ചിട്ടുള്ളതു് അദ്ദേഹം കർഷകജനങ്ങളുടെ ഉണ്ടാകുന്ന കേടുകൾക്കായി ശ്രദ്ധിക്കുന്നില്ലെന്നാകുന്നു. ഏതെങ്കിലും മെമ്പർ എന്നെ തെററിദ്ധരിച്ചിട്ടുണ്ടെങ്കിൽ ജലനിർഗ്ഗമനം സംബന്ധിച്ചകാര്യത്തിൽ ചീഫ് എഞ്ചിനീയർ ശ്രദ്ധിക്കുന്നില്ലെന്ന് ഞാൻ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ലെന്നു വീണ്ടും പറഞ്ഞുകൊള്ളുന്നു. കർഷകജനങ്ങളുടെ ഗുണകാര്യങ്ങൾക്കായി അദ്ദേഹം ശ്രദ്ധിക്കുന്നില്ലെന്നു മാത്രമെ ഞാൻ പ്രസ്താവിച്ചിട്ടുള്ളു.

പൊതുഗുണത്തിനു വിഘാതമാവാത്തവിധം ചില കുളങ്ങൾ പതിച്ചുകൊടുക്കുവാൻ വിരോധമില്ലെന്നു ഞാൻ സമ്മതിക്കുന്നതായി സ്നേഹിതൻ മിസ്റ്റർ പിറവിപ്പെരുമാൾപിള്ള പിന്നീടു പറയുകയുണ്ടായി, അദ്ദേഹം എന്നിൽ ആ അപരാധം ആരോപിച്ചപ്പോൾ എന്റെ സ്നേഹിതൻ എന്നെ നല്ലപോലെ മനസ്സിലാക്കീട്ടില്ലെന്നു തോന്നുന്നു. പ്രമേയത്തിന്റെ ഭൂരിഭാഗത്തിൽ, അപ്രകാരം പതിച്ചുകൊടുക്കുകയോ വേലം ചെയ്യുകയോ ചെയ്യുകഴിഞ്ഞിട്ടുള്ളതു് പൊതുഗുണത്തിനു ഹാനികരമാണെന്നു കണ്ടെപ്പെട്ടാൽ അവയെ ചെറുന്നംവില റഗുലേഷൻപ്രകാരം ഗവണ്മെൻറിൽനിന്നും ഒഴിപ്പിച്ചെടുക്കേണ്ടതാണെന്ന് സ്പഷ്ടമായി പറയുന്നുണ്ട്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചുവടവും, വ്യവസായവും തെക്ക്): ആരാൽ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സ്ഥലത്തെ അധികാരികളാലാണല്ലെങ്കിൽ പൊതുജനങ്ങളാലാവാം?

മിതമായരീതിയിലുള്ള ഈ പ്രമേയം, കൃഷിസേചനസംബന്ധമായ വിഷയത്തെപ്പററി ആകമാനമായി വേണ്ടപോലെ അന്വേഷണം നടത്തിത്തീരുന്നതുവരെ ഒരു നിശ്ചിതകാലം തടങ്കലിൽ നിർത്തിയിൽ മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒന്നാണെന്നു ഞാൻ അറിയിക്കുന്നു. ഭൂനികുതി കമ്മീഷണർ അല്ലെങ്കിൽ ചീഫ് എഞ്ചിനീയ

രൊ ഏതല്ലാം കുളങ്ങളും, നലികളും, തോടുകളുമാണ് കുഴിപ്പിക്കുകയോ നന്നാക്കുകയോ സംരക്ഷിക്കുകയോ ചെയ്യേണ്ടതെന്നു നിർണ്ണയിക്കുന്നതുകൊണ്ട് ഞാൻ തൃപ്തിപ്പെടുന്നതല്ല. അതിലേക്ക് ഉത്തരവാദിത്വമുള്ള അധികാരിയെയാണ് ഞാൻ ആവശ്യപ്പെടുന്നത്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടവും വ്യവസായവും, തെക്ക്): മെമ്പർ വിചാരിക്കുന്നത് ഭൂനികുതികമ്മീഷണരും ചീഫ് എഞ്ചിനീയരും ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരല്ലെന്നാണോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവർണ്ണറുടെ സംഭാഷണത്തിൽ നിന്നും അപ്രകാരം ധ്വനിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ട് കൃഷിസേചനവിഷയത്തെപ്പററി അന്വേഷിക്കുന്നതിന് ഒരു വിദഗ്ധനെ നിയമിക്കുന്നതുവരെയും ആ വിദഗ്ധൻ അന്വേഷണം നടത്തുന്നതുവരെയും—

പ്രസിഡണ്ട്: അതു് നമ്മുടെ വിഷയത്തെ കവിഞ്ഞതാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): കൃഷിസേചനവിഷയത്തെപ്പററി അന്വേഷണം നടത്തുന്നതുവരെയുള്ള ഗവണ്മെൻറിന്റെ നടപടിയെ ഉദ്ദേശിച്ചുള്ളതുമാത്രമാണ് ഈ പ്രമേയം. കൃഷിസേചനകാര്യങ്ങളിൽ നേരിട്ട ഉത്തരവാദിത്വം വഹിക്കാത്ത ആളുകളുടെ കൈയിൽ ഈ സംഗതിയെ വിട്ടുകൊടുക്കുന്നതു് ഭീതരക്ഷാകരമായിത്തീരുന്നതല്ല. ഇതുകൂടി പ്രസ്താവിച്ചുകൊണ്ട് ഞാൻ ഉപക്ഷേപത്തെ വിഭാഗത്തിനിടണമെന്നു നിർബന്ധിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്: പ്രമേയം വോട്ടിനിടുന്നതിനുമുമ്പ് ഏതാനും ചില വാക്കുകൾ പറഞ്ഞുകൊള്ളാമെന്നു എനിക്കാഗ്രഹമുണ്ട്. ദിവാൻ പ്രസിഡണ്ട് എന്ന നിലയിൽ ഗൌനിക്കാതിരിക്കുവാൻ നിവൃത്തിയില്ലാത്തവിധം മിസ്റ്റർ ആശാന്റെ പ്രസംഗം അപ്രകൃതങ്ങളാലും, അപരിപൂർണ്ണതയാലും അടിസ്ഥാനരഹിതങ്ങളായ അപരാധാരോപണങ്ങളാലും നിറയപ്പെട്ടിരിക്കുന്നു. ചാത്തൻ പാപപ്പെട്ട അധിക്ഷേപിക്കുന്നരീതിയിൽനിന്നും കൂടുതലായി യാതൊന്നും പ്രസംഗം മുഴുവനും നോക്കിയാലും കതളിവാകുന്നില്ലെന്നാണ് എനിക്കതോന്നുന്നത്. ഈ സഭയിലെ തിരഞ്ഞെടുക്കപ്പെട്ട മെമ്പരായ മിസ്റ്റർ ദാമോദരനാശാൻ സംസ്ഥാനത്തിലെ പൊതുജനങ്ങളുടെ പ്രതിനിധ്യം വഹിക്കുന്നുണ്ട്. തിരുവിതാംകൂറിലെ സാധാരണ പൊതുജനങ്ങൾക്ക് കുളത്തടങ്ങളോടു അതിലോലപ്രതയോടുകൂടിയ ഒരു ആസക്തിയുണ്ടെന്നു എനിക്കു പറയാതെനിവൃത്തിയില്ല. കഴിഞ്ഞ മൂന്നുമാസക്കാലം ഞാനും ഭൂനികുതികമ്മീഷണരും ചീഫ് എഞ്ചിനീയരും ഞങ്ങൾക്കു കഴിവുള്ള സർവ്വശക്തികളും ഉപയോഗിച്ച് കുളത്തടങ്ങളുടേയും കൃഷിസേചന ചാനലുകളുടേയും അന്യായമായ കൈവശപ്പെടുത്തലിനെ തടഞ്ഞുകൊണ്ടിരുന്നിട്ടുണ്ട്. എന്നാലും മിസ്റ്റർ ആശാൻ തനിക്കു അവ സ്വന്തമായിക്കിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ടെങ്കിലും, ജനപ്രതിനിധിയെന്നനിലയിൽ സംസാരിക്കുമ്പോൾ ആവക ഭൂമികൾ പതിച്ചുകൊടുക്കാൻ പാടില്ലാത്തതാണെന്ന് ഞങ്ങളോടുപദേശിക്കുകതന്നെ ചെയ്യും. അതുകൊണ്ട് അദ്ദേഹം ഗവണ്മെൻറിന്റെ അടുത്തുവരുമ്പോൾ ഈ ഭൂമികൾ പതിച്ചുകൊടുക്കരുതെന്ന് ഉപദേശിക്കുന്നു. ഈ ഉപദേശം "കൊല്ലക്കടിയിൽ സൂചി വില്ക്കാൻപോകുക" എന്ന പഴഞ്ചൊല്ലുപോലെയാകുന്നു. നിങ്ങൾ നിങ്ങളുടെ പ്രതിനിധിയെന്ന നിലയിൽ തടയുവാൻ യത്നിക്കുന്ന രീതൊ അതിനെത്തന്നെ നിർവ്വഹിക്കുവാൻ ഗവണ്മെൻറു ഇതുപര്യന്തം തീവ്രപ്രയത്നം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഇനിയും അതു ചെയ്യണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുമുണ്ട്. കുളത്തടങ്ങൾ പതിച്ചുകിട്ടണമെന്നുകാണിച്ച് അപേക്ഷകളുംകൊണ്ട് എന്റെ അടുക്കൽവന്നിട്ടുള്ള ഈ സഭയിലെ മെമ്പർമാരെ എനിക്കു അറിയാം. അവരുടെ പേർ ഞാൻ പറയുകയില്ല. എന്തുകൊണ്ടെന്നതൊക്കെപോകട്ടെ, അതു മനുഷ്യസ്വഭാവമാണെന്നേ വിചാരിക്കാനുള്ളു.

ഇപ്പോൾ നിങ്ങൾ എന്നോട് പ്രമേയത്തെ അംഗീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നതെങ്കിൽ, കുളത്തടങ്ങളിലും കൃഷിസേചനമാർഗ്ഗങ്ങളിലും പൊതുജനങ്ങൾ അനുവർത്തിച്ചുപോരുന്ന പതിച്ചുവാങ്ങൽ, കൈവശപ്പെടുത്തൽ, പലപ്പോഴും കൈക്കേറ്റം—ക്ഷന്തവ്യമല്ലാത്ത കൈക്കേററം എന്നിവയെഗവണ്മെൻറിൽനിന്നും അവരുടെ സർവ്വശക്തികളും പ്രയോഗിച്ച് കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങളായി തടഞ്ഞുവന്ന പതിവിനെ അല്ലെങ്കിൽ നയത്തെ അംഗീകരിക്കുവാൻ മാത്രമാണ് നിങ്ങൾ ആവശ്യപ്പെടുന്നത്. നിങ്ങളുടെ പ്രമേയത്തെ അംഗീകരിച്ച് ഞങ്ങൾ ചെയ്തുകൊണ്ടിരുന്നതിനെത്തന്നെ ഉടൻകൊള്ളുവാനാണ് നിങ്ങൾ ആവശ്യപ്പെടുന്നതെങ്കിൽ അപ്രകാരം ചെയ്യുന്നതിന് എനിക്കു പൂർണ്ണസമ്മതമാണ്. ഒരുദ്യോഗസ്ഥനെ വെളിയിലയച്ച് കഴിഞ്ഞ ഇരുപതോ മുപ്പതോ കൊല്ലങ്ങളിൽ ഏതെല്ലാം കുളത്തടങ്ങളാണ് ആൾപാർപ്പുള്ളത്, ഏതിലെല്ലാമാണ് കൃഷിനടത്തിവരുന്നത് എന്നു കണ്ടുപിടിക്കുവാനാണ് നിങ്ങൾ എന്നോടു ആവശ്യപ്പെടുന്നതെങ്കിൽ അതു സാധ്യമല്ലാത്ത ഒരു ജോലിയാണെന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു. ഗവണ്മെൻറിന്റെ പ്രതിപുരുഷനെന്നനിലയിൽ അസാദ്ധ്യമായ ഒരു കാര്യത്തെ ഉപേക്ഷിക്കേണ്ടതു് എന്റെ കടമയും ആകുന്നു.

മിസ്റ്റർ ദാമോദരനാശാന് അദ്ദേഹത്തിന്റെ ഉപക്ഷേപത്തിൽ നിർബന്ധമുണ്ടെങ്കിൽ പ്രമേയത്തെ രണ്ടായി വിഭജിച്ച് പ്രത്യേകം പ്രത്യേകമായി വോട്ടിനിടണമെന്ന്. ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ നിർബന്ധിക്കുകതന്നെചെയ്യുന്നു.

പ്രസിഡണ്ട്: പ്രമേയത്തെ നിങ്ങൾ രണ്ടായി ഭാഗിക്കണം.

നിങ്ങൾ പ്രമേയത്തെ നിർബന്ധിക്കുകയും വിഭാഗത്തിനു കൊണ്ടുവരികയും ചെയ്യുകയാണെങ്കിൽ മൈനർ ഇറിഗേഷൻ സംബന്ധിച്ച് ഞങ്ങൾ നടത്തിത്തുടങ്ങിയിരിക്കുന്ന ചില ആലോചനകളെ ഞാൻ ഉടനടി നിറുത്തിവയ്ക്കുന്നതാണെന്നുകൂടെ പറഞ്ഞുകൊള്ളുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): രണ്ടുഭാഗങ്ങളേയും വോട്ടിനിടണമെന്ന് ഞാൻ നിർബന്ധിക്കുന്നു.

പ്രസിഡണ്ട്: എനിക്ക് പ്രമേയത്തിന്റെ രണ്ടുഭാഗങ്ങളും വോട്ടിനിടേണ്ടതായുണ്ട്. അതിൽ ആദ്യഭാഗം താഴെ കാണുംപ്രകാരമാകുന്നു:—

"കുളങ്ങളും നദീതടങ്ങളും, തോടുകളും, അവയോടുചേർന്ന് വയലുകളിൽകിടക്കുന്ന ഭൂമികളും ഉൾപ്പെ പുറമ്പോക്കുസ്ഥലങ്ങളെ പതിച്ചുകൊടുക്കുകയോ ലേലംചെയ്യുകയോ ചെയ്യുന്നതാത്തതാകുന്നു എന്ന് ഈ സഭ ഗവണ്മെൻറിനോടു ശുപാർശചെയ്യുന്നു"

ഉപക്ഷേപം വോട്ടിനിടുകയും സ്വീകരിക്കപ്പെടുകയുംചെയ്തു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒരു പോൾ വേണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

പോൾ എടുത്തതിൽ കിട്ടിയഫലം താഴെകാണുംപ്രകാരമായിരുന്നു.

അനുകൂലിച്ചവർ ൨൪.

൧. മി: വി. ചെല്ലംപിള്ള
൨. ,, എ. എസ്. ദാമോദരനാശാൻ
൩. ,, ഇ. ജി. മേനോൻ
൪. ,, ഇട്ടൂപ്പ് ഇട്ടീച്ചൻ
൫. ,, കെ. എൻ. കേശവൻനംപൂരിപ്പാട്
൬. ,, ആർ. കേശവപിള്ള
൭. ,, ടി. സി. കേശവപിള്ള
൮. ,, താമരപ്പള്ളിൽ കൊച്ചുകുഞ്ഞൻ
൯. ,, എൻ. കെ. കൃഷ്ണപിള്ള
൧൦. ,, വി. എസ്. കൃഷ്ണപിള്ള
൧൧. ,, തയ്യിൽകുഞ്ഞിതൊമ്മൻ
൧൨. ,, എ. സി. കുര്യാക്കോസ്
൧൩. മി: കെ. മാധവൻപിള്ള
൧൪. ,, മാത്തുമുരിക്കൻ
൧൫. ,, ജി. പി. നീലകണ്ഠപ്പിള്ള
൧൬. ,, കെ. പി. നീലകണ്ഠപ്പിള്ള
൧൭. ,, വി. ജെ. ഉമ്മൻ
൧൮. ,, മുറിവേലിൽ പാച്ചുപിള്ള
൧൯. ,, കെ. പത്മനാഭപണിക്കർ
൨൦. ,, കെ. ജി പരമേശ്വരൻപിള്ള
൨൧. ,, എൽ. ആർ. രാജരാജവർമ്മകോയിൽ തമ്പുരാൻ
൨൨. ,, ആർ. രാമൻപിള്ള
൨൩. ,, രേവതിനാൾ രാമവർമ്മരാജാ
൨൪. ,, എ. താണുപിള്ള

പ്രതികൂലിച്ചവർ ൧൭.

൧. മി: എൽ. എ. ബിഷപ്പ്
൨. ,, എ. സി. ചാക്കോ
൩. ,, ആ. ധനുഷ്കോടിപിള്ള
൪. ,, കെ. ജാർജ്ജ്
൫. ,, പി. ഗോമതിനായകംപിള്ള
൬. ,, പി. എൻ. കൃഷ്ണപിള്ള
൭. റാവുസാഹിബ് ഡാക്ടർ. എൻ. കുഞ്ഞൻ പിള്ള
൮. മി: കയ്യാലം പരമേശ്വരൻപിള്ള
൯. ഡാക്ടർ കെ. രാമൻതമ്പി
൧൦. മി. കെ. എൻ. രാമസുബ്ബയ്യർ
൧൧. ,, ടി. പി. രാമസുബ്ബയ്യർ
൧൨. റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൧൩. മി. എസ്. സി. എച്ച്. റാബിൻസൺ
൧൪. ,, ആർ. വൈത്തിലിംഗംപിള്ള
൧൫. ,, എ. കൈവപ്പൻ
൧൬. ,, എൽ. എ. ലാംപാർഡ്
൧൭. ,, എസ്. പിറവിപ്പെരുമാൾപിള്ള

നിഷ്പക്ഷനില അവലംബിച്ചവർ ൫.

൧. മി. ഫ്രാൻസിസ്
൨. ,, ഡി. സി. ജോസഫ്
൩. ,, എൻ. ആർ. കൃഷ്ണൻ
൪. മി. പി. എസ്. മഹമ്മദ്
൫. ,, എച്ച്. ബി. മുഹമ്മദ് റാവുത്തർ

ഉപക്ഷേപം സ്വീകരിക്കപ്പെട്ടു.

പ്രസിഡണ്ട്: പ്രമേയത്തിൻെറ ദ്വിതീയഭാഗം താഴെകാണുംപ്രകാരമാകുന്നു:—

"അപ്രകാരം പതിച്ചുകൊടുക്കുകയോ ലേലം ചെയ്യുകയോ ചെയ്യുകഴിഞ്ഞിട്ടുള്ളതു് പൊതുഗുണത്തിനു ഹാനികരമെന്നു കാണപ്പെട്ടാൽ ഗവർണ്ണമെൻറിൽനിന്നും അവയെ പൊന്നുംവില റഗുലേഷൻപ്രകാരം ഒഴിപ്പിച്ചെടുക്കുകയും വേണം.

ഉപക്ഷേപം വോട്ടിനിടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ ഒരു പോൾ ആവശ്യപ്പെടുന്നു.

പോൾ എടുത്തതിൽ കിട്ടിയഫലം താഴെകാണുംപ്രകാരമായിരുന്നു:—

അനുകൂലിച്ചവർ ൨൭.

൧. മി. വി. ചെല്ലംപിള്ള
൨. ,, എ. എസ്. ദാമോദരനാശാൻ
൩. ,, എ. ജി. മേനോൻ
൪. ,, ഇട്ടൂപ്പ് ഇട്ടീച്ചൻ
൫. ,, ആർ. കേശവപിള്ള
൬. ,, എൻ. കെ. കൃഷ്ണപിള്ള
൭. ,, വി. എസ്. കൃഷ്ണപിള്ള
൮. ,, തയ്യിൽകുഞ്ഞിതൊമ്മൻ
൯. ,, എ. സി. കുര്യാക്കോസ്
൧൦. മി: കെ. മാധവൻപിള്ള
൧൧. ,, വി. ജെ. ഉമ്മൻ
൧൨. ,, മുറിവേലിൽപാച്ചുപിള്ള
൧൩. ,, കെ. പത്മനാഭപ്പണിക്കർ
൧൪. ,, കെ. ജി. പരമേശ്വരൻപിള്ള
൧൫. ,, എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
൧൬. ,, ആർ. രാമൻപിള്ള
൧൭. ,, എ. താണുപിള്ള

പ്രതികൂലിച്ചവർ ൨൪.

൧.	മി.	എൽ. എ. ബിഷപ്പ്	൧൩.	മി.	എസ്. സി. എച്ച്. റോബിൻസൺ
൨.	,,	ഐ. സി. ചാക്കൊ	൧൪.	,,	ആർ. രാവെത്തിലിംഗംപിള്ള
൩.	,,	ആർ. ധനുക്കോടിപിള്ള	൧൫.	,,	എ. വൈപ്പൻ
൪.	,,	കെ. ജോർജ്ജ്	൧൬.	,,	ഡി. ഫ്രാൻസിസ്
൫.	,,	പി. ഗോമതിനായകംപിള്ള	൧൭.	,,	ഡി. സി. ജോസഫ്
൬.	,,	പി. എൻ. കൃഷ്ണപിള്ള	൧൮.	,,	കെ. എൻ. കേശവൻനമ്പൂതിപ്പാട്
൭.		റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻ പിള്ള	൧൯.	,,	താമരപ്പള്ളിൽ കൊച്ചുതൊമ്മൻ
			൨൦.	,,	എൽ. എ. ലാസ്വാർഡ്
൮.	മി.	കയ്യാലം പരമേശ്വരൻപിള്ള	൨൧.	,,	പി. എസ്. മഹന്തല്
൯.		ഡാക്ടർ കെ. രാമൻതമ്പി	൨൨.	,,	എച്ച്. ബി. മഹലാറാവുത്തർ
൧൦.	മി.	കെ. എൻ. രാമസുബ്ബയ്യർ	൨൩.	,,	എസ്സ്. പിറവിപ്പെരുമാൾപിള്ള
൧൧.	,,	ടി. പി. രാമസുബ്ബയ്യർ	൨൪.	,,	ഭരവതിനാൾ രാമവർമ്മരാജാ
൧൨.		റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ			

നിഷ്പക്ഷനില അവലംബിച്ചവർ ൩.

൧.	മി.	മാത്യുമരിക്കൻ	൩.	മി.	കെ. പി. നീലകണ്ഠപ്പിള്ള
൨.	,,	ജി. പി. നീലകണ്ഠപ്പിള്ള			

ഉപക്ഷേപം തള്ളപ്പെട്ടു.

ചെത്തുവൃക്ഷങ്ങൾക്കു ലൈസൻസു കൊടുക്കുന്നതു സംബന്ധിച്ച പ്രമേയം.

പ്രസിഡണ്ട്: മിസ്റ്റർ പാച്ചുപിള്ളയുടെ പേരിലുള്ളതാകുന്ന അടുത്ത പ്രമേയം.

ചെത്തുന്ന വൃക്ഷങ്ങൾക്കുള്ള ലൈസൻസ്.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഒരു കള്ളുഷാപ്പിൽ ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണം, ലേലത്തുകയിൽ ഓരോ നൂറു രൂപയ്ക്കും ഇത്ര വൃക്ഷങ്ങളെ പാടുള്ളു എന്നു നിശ്ചയിച്ചു ഖണ്ഡിതമായി ക്ലിപ്തപ്പെടുത്തുകയും, കള്ളുഷാപ്പുകളുടെ എണ്ണം കുറവു ചെയ്യുന്നതോടുകൂടി ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണവും കുറയ്ക്കുകയും ചെയ്യേണ്ടതിന്റെ അത്യാവശ്യത്തെപ്പററി ഈ സഭ ഗവണ്മെന്റിനോടു ശുപാർശ ചെയ്യുന്നു.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഞാൻ ഈ പ്രമേയം സഭ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു. പ്രമേയം ഇപ്രകാരമാണ്. ഓരോ കള്ളുഷാപ്പിലും ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണം ഓരോ ഷാപ്പിലേയും ലേലത്തുകയനുസരിച്ച് ഇത്ര വൃക്ഷങ്ങളെ പാടുള്ളു എന്നു ഖണ്ഡിതമായി ക്ലിപ്തം ചെയ്യണം, അതാതു ലേലക്കാലത്തു ഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതോടുകൂടി വൃക്ഷങ്ങളുടെ എണ്ണവും കുറയ്ക്കണമെന്നുള്ളതാണ് എന്റെ പ്രമേയത്തിന്റെ ചുരുക്കം.

സർ, മദ്യവർജ്ജനം ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ള നയമാണെന്നു ഇതിനുമുമ്പുതന്നെ പ്രഖ്യാപനം ചെയ്തിട്ടുണ്ട്. ആയതു പ്രായോഗികമാക്കുന്നതിനുവേണ്ടി ഓരോ ലേലക്കാലത്തും ഷാപ്പുകളുടെ എണ്ണം ഒരു നിശ്ചിതശതമാനംവീതം ഗവണ്മെന്റ് ഇപ്പോൾ കുറച്ചു വരുന്നുമുണ്ട്. എന്നാൽ ഇങ്ങനെ ഷാപ്പുകളുടെ എണ്ണം മാത്രം കുറച്ചുകൊണ്ടു മദ്യവർജ്ജനം ഗവണ്മെന്റു ഉദ്ദേശിക്കുന്നതുപോലെ നടപ്പിൽ കൊണ്ടുവരുന്നതിനു സാധിക്കുകയില്ല, അതിനു ഉദാഹരണമായി ൧൯൧൯—ൽ ൧൯൧൯ കള്ളുഷാപ്പുകൾ ഈ സംസ്ഥാനത്തുണ്ടായിരുന്നു. അതിനെ ൧൯൨൨-ലെ ലേലക്കാലത്തു ൧൨൩൪ ആയി കുറച്ചു. ആതായതു് ൧൯൧൯-ൽ ഉണ്ടായിരുന്നതിൽനിന്നു് ൨൫ ഷാപ്പുകൾ കുറച്ചാണ് ൧൯൨൨, ൧൯൨൩ ഈ ആണ്ടുകളിൽ ഷാപ്പുകൾ ലേലത്തിൽ കൊടുത്തതു്. എന്നാൽ വൃക്ഷങ്ങളുടെ എണ്ണം എങ്ങിനെയിരിക്കുന്നു എന്നു് നോക്കാം. ഷാപ്പുകളുടെ എണ്ണം ൧൯൧൯ ആയിരുന്നകാലത്തു അതായതു ൧൯൧൯-ൽ ചെത്തിവന്നിരുന്ന വൃക്ഷങ്ങളുടെ എണ്ണം തെങ്ങ്, പന, ചൂണ്ടപ്പന ഇവ മൂന്നിനങ്ങളും ഉൾപ്പെടെ ൧,൧൪,൭൨൮ ആയിരുന്നു. ൧൯൨൨-ൽ വ൧ ഷാപ്പുകളെ കുറച്ചു് ഷാപ്പുകളുടെ എണ്ണം ൧൨൩൪ ആക്കിയെങ്കിലും ൧൯൨൨-ൽ ചെത്തിവന്നിരുന്ന വൃക്ഷങ്ങളുടെ എണ്ണം ൧൯൧൯-ൽ ചെത്തിവന്നിരുന്ന വൃക്ഷങ്ങളുടെ എണ്ണത്തേക്കാൾ വളരെ കൂടുതലാണ്. അതായതു് ൧,൨൪,൪൧൯ വൃക്ഷങ്ങൾ ചെത്തിവന്നിരുന്നു. ഇതു് ൧൯൧൯-ൽ ചെത്തിവന്നിരുന്നതിനേക്കാൾ ൨,൭൦൦ വൃക്ഷങ്ങൾ കൂടുതലാണ്. ൧൯൧൯-ൽ ഉണ്ടായിരുന്ന ഷാപ്പുകളുടെ എണ്ണം ൧൯൨൨-ൽ കുറച്ചു എങ്കിലും വൃക്ഷങ്ങളുടെ എണ്ണം ൧൯൧൯-ൽ ചെത്തിവന്നതിനേക്കാൾ ഉദ്ദേശം എണ്ണായിരത്തിഎണ്ണൂറോളം കൂടുതലാണെന്നു കാണുന്നു. ഓരോ വൃക്ഷങ്ങളിലും അല്ലെങ്കിൽ എല്ലാ വൃക്ഷങ്ങളിലുംകൂടി ഒട്ടുക എത്ര കള്ളുകിട്ടി എന്നും ആ കള്ള് എത്രയാളുകൾ കുടിച്ചുവന്നിരുന്നു എന്നും ഗവണ്മെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കണക്കുകൾകൊണ്ടു് അറിയുവാൻ നിവൃത്തിയില്ല. എങ്കിലും ഒരു കാര്യം ഏകദേശമായിട്ടെങ്കിലും ഊഹിക്കാവുന്നതാണ്. അതായതു് ൧൯൧൯-ൽ ചെത്തിവന്നിരുന്ന വൃക്ഷങ്ങളിൽനിന്നും കിട്ടിവന്നിരുന്ന കള്ളിനെക്കാൾ ൧൯൨൨-ൽ കൂടുതൽ വൃക്ഷങ്ങൾ ഉള്ളതുകൊണ്ടു് കള്ളിന്റെ അളവും കൂടുതലുണ്ടായിരിക്കണമെന്നുള്ളതാണ്. ൧൯൨൨-ൽ കിട്ടിയ കള്ളു മുഴുവനും ൧൯൧൯-ൽ ഉണ്ടായിരുന്ന കുടിയന്മാർ മാത്രം കുടിച്ചുതീർത്തതാണോ അതല്ല കുടിയന്മാരുടെ സംഖ്യവർദ്ധിക്കുകയാണോ എന്നുള്ളതു് ആലോചിക്കേണ്ട ഒരു വിഷയമാണ്. വൃക്ഷങ്ങളുടെ എണ്ണവും കള്ളിന്റെ അളവും കൂടിവരികയാണെങ്കിൽ നിശ്ചയമായിട്ടും കുടിയന്മാരുടെ എണ്ണവും വർദ്ധിച്ചുവരുന്നു എന്നാണു വിചാരിക്കേണ്ടതു്. അതിനാൽ ഷാപ്പുകളുടെ എണ്ണം ഓരോ ലേലക്കാലത്തു് കുറയ്ക്കുന്നതുകൊണ്ടുമാത്രം മദ്യവർജ്ജനനയം നടപ്പിൽ

കൊണ്ടുവരാമെന്നുള്ള ഗവണ്മെൻറിന്റെ ഉദ്ദേശം സാധിക്കുന്നതിനു നിവൃത്തിയില്ല. ഇപ്പോൾ ഒരു ഷാപ്പിനു ഇത്ര വൃക്ഷങ്ങൾ മാത്രമേ ചെത്താൻ പാടുള്ളു എന്നൊരു ക്ലിപ്തമായ നിയമമില്ല. ഓരോ ഷാപ്പിലും അനുവദിക്കുന്ന വൃക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഇരിക്കുന്ന നിയമം ട്രീടാക്സ്ക്ടറസ് പസ്-ാംവക്കപ്പാണ്. അതു് ഓരോ ഷാപ്പിലേക്കും ആവശ്യമുള്ള വൃക്ഷങ്ങൾ ആ സക്കിൾ ചാർജ്ജു വഹിക്കുന്ന അസിസ്റ്റൻറ് കമ്മീഷണർ ഗവണ്മെൻറിനു ആദായമായും നഷ്ടം കൂടാത്ത വിധത്തിലും ഷാപ്പുകാരന് ഉപദ്രവം നേരിടാത്ത വിധത്തിലും യുക്തംപോലെ അനുവദിച്ചുകൊടുക്കണമെന്നാണ്. ഇപ്പോൾ വൃക്ഷങ്ങളുടെ എണ്ണം ആണ്ടുതോറും വർദ്ധിച്ചുവരുന്നതു നോക്കിയാൽ സക്കിളാഫീസക്ക് അനുവദിച്ചുകൊടുത്തിട്ടുള്ള ഈ അധികാരം വേണ്ടപോലെ ഉപയോഗിച്ചു വൃക്ഷങ്ങളുടെ എണ്ണം കുറയ്ക്കുന്നതിൽ അശേഷം ശ്രദ്ധിക്കുന്നില്ലെന്നു കാണാം. വൃക്ഷങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനുപകരം അവയുടെ എണ്ണം ഷാപ്പുകാരനു കൂട്ടിക്കൊടുക്കുന്നതിനാണ് അവർ ഇപ്പോൾ ഉത്സാഹിക്കുന്നതു്. ഇങ്ങിനെയുള്ള അനിശ്ചിതമായ അധികാരം സക്കിൾ ചാർജ്ജു വഹിക്കുന്ന ഉദ്യോഗസ്ഥനു കൊടുക്കുന്നതായാൽ ചെത്തുവൃക്ഷങ്ങളുടെ എണ്ണം ഒരിക്കലും കുറയുകയില്ല. എന്നു മാത്രമല്ല ക്രമേണ അവ വർദ്ധിച്ചുവരികയും ചെയ്യും. അതുകൊണ്ട് വൃക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതോടുകൂടി അവയ്ക്കുവേണ്ടി ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണത്തിലും ക്ലിപ്തവും നിശ്ചിതവും ആയ ഒരു വ്യവസ്ഥ ചെയ്യേണ്ടതു് അത്യാവശ്യമാണ്. അതിലേക്ക് ഇപ്പോൾ ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്ന നയമനുസരിച്ചു ഓരോ ലേലക്കാലത്തും ഷാപ്പുകളുടെ എണ്ണം ഒരു ശതമാനം വച്ചു കുറയ്ക്കുന്നതോടുകൂടി വൃക്ഷങ്ങളുടെ എണ്ണവും കുറയ്ക്കേണ്ടതാണ്. ഇങ്ങനെ ഷാപ്പുകളുടെ എണ്ണവും വൃക്ഷങ്ങളുടെ എണ്ണവും ക്രമേണ കുറച്ചു കുറച്ചു കാലക്രമംകൊണ്ട് മദ്യവർജ്ജനനയം നടപ്പിൽ വരുത്താൻ സാധിക്കുന്നതാണ്. ഈ സംഗതി ഞാൻ കഴിഞ്ഞ ബഡ്ജറ്റു സെഷനിൽ ഗവണ്മെൻറിമെൻറിയും ഈ സഭയുടേയും ആലോചനയ്ക്കു കൊണ്ടുവന്നിരുന്നു. അതുകൊണ്ട് അതിൽക്കൂടുതലായി അതിനെപ്പററി പറഞ്ഞു കൌൺസിലിന്റെ വിലയേറിയ സമയത്തെ ചിലവു ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഓരോ ഷാപ്പിലും ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണം എങ്ങിനെ ക്ലിപ്തപ്പെടുത്താമെന്ന് ആലോചിക്കാം. ചില ഷാപ്പുകളുടെ കൺട്രാക്ടറന്മാർ അഞ്ഞൂറു രൂപയും ചിലർ ആയിരം രൂപയും കൊടുക്കുന്നുണ്ട്. ഈ രണ്ടു ഷാപ്പുകളുടേയും ഇകനുടെ ക്രമമനുസരിച്ചു വൃക്ഷങ്ങളുടെ തുകയും നിശ്ചയിക്കേണ്ടതാണ്. ഈ രണ്ടു തരം ഷാപ്പുകളിലും ഒരേ ക്രമത്തിൽ വൃക്ഷങ്ങൾ ചെത്താൻ അനുവദിക്കുന്നതു നന്നായിരിക്കയില്ല. ഓരോ ഷാപ്പിലേയും ലേലത്തുകയിൽ ഓരോ നൂറു രൂപയ്ക്കും ഇത്ര വൃക്ഷങ്ങൾവീതം ചെത്താമെന്നു വയ്ക്കുന്നതു നന്നായിരിക്കും.

അതുകൊണ്ട് ഓരോ ഷാപ്പിലും ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണം ഖണ്ഡിതമായി ക്ലിപ്തപ്പെടുത്തി ലേലക്കാലത്തു ഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതോടുകൂടി വൃക്ഷങ്ങളുടെ എണ്ണവും കുറവുചെയ്യണമെന്നുള്ള ഈ പ്രമേയത്തെ ഈ സഭയുടെ ആലോചനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): എന്റെ സ്നേഹിതൻ മിസ്റ്റർ പാച്ചുപിള്ള അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ ഹൃദയപൂർവ്വം അനുകൂലിക്കുന്നു. മദ്യഷാപ്പുകൾ എത്രത്തോളം കുറയ്ക്കുവാൻ കഴിയുമോ അത്രത്തോളം കുറയ്ക്കണമെന്നാണ് എന്റെ ആഗ്രഹം. ഗവണ്മെൻറിന്റെ ഉദ്ദേശം ഏറെക്കുറേ കഴിയുന്നതും മദ്യവർജ്ജനം നടപ്പിൽ വരുത്തണമെന്നുള്ളതാണെന്നാണ് റിപ്പോർട്ടിൽനിന്നും കാണുന്നതു്. ആയതുകൊണ്ട് യഥാർത്ഥമായ നിലയിൽ മദ്യപാനത്തിനു കുറവു വരണമെങ്കിൽ അതിന്റെ ഉത്ഭവസ്ഥാനത്തിന് എന്തെങ്കിലും വിധത്തിൽ പ്രതിബന്ധം ഉണ്ടാകേണ്ടതു് അത്യാവശ്യമാണ്. ഷാപ്പുകളുടെ സംഖ്യ കുറയ്ക്കുന്നതു കൊണ്ടുമാത്രം വലിയ പ്രയോജനമില്ല. എന്നാൽ കുറയേണ്ടതു് ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണമാണെന്നു നോക്കിയാൽ കാണാവുന്നതാണ്. അങ്ങനെ കണ്ടുകഴിഞ്ഞാൽ ആ വൃക്ഷങ്ങളുടെ സംഖ്യയെ കുറയ്ക്കേണ്ടതു് ഗവണ്മെൻറിന്റേയും, ഈ കൌൺസിലിന്റേയും ചുമതലയാണെന്നാണ് എന്റെ വിശ്വാസം. ആയതുകൊണ്ടു മി: പാച്ചുപിള്ള ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ബഹുമാനിച്ചു പിൻതാങ്ങുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) : സർ: ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. മദ്യവർജ്ജനനയം ഗവണ്മെൻറിൽനിന്നും ഖണ്ഡിതമായി അംഗീകരിച്ചിട്ടുള്ളതാകകൊണ്ട് അതിനെ തുടർന്നു രണ്ടാണ്ടിലൊരിക്കൽ ആകെയുള്ള ഷാപ്പുകളുടെ എണ്ണത്തിൽ ഇ ശതമാനം അവർ കുറവു ചെയ്തുവരുന്നുണ്ട്. എന്നാൽ രാജ്യഭരണറിപ്പോർട്ടിൽനിന്നും ചെലവാകുന്ന മദ്യത്തിന്റെ അളവു മുറയ്ക്കു കൂടിവരുന്നതായിട്ടാണ് ഞങ്ങൾ കാണുന്നതു്. ഈ കൂടുതലിനു കാരണം ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാർ കള്ളുകണ്ടു പിടിക്കുവാൻ സമർത്ഥന്മാരായതുകൊണ്ടാണെന്ന്, അതായതു് വ്യാജവ്യാപാരത്തെ ഗൌരവമാകുംവണ്ണം പ്രതിരോധിക്കുന്നുണ്ടെന്നു കഴിഞ്ഞ യോഗത്തിൽ മിസ്റ്റർ ഗോമതിനായകംപിള്ള സമാധാനം പറയുകയുണ്ടായി. എന്നാൽ മിസ്റ്റർ പാച്ചുപിള്ള ഈ സഭമുമ്പാകെ സമർപ്പിച്ചിട്ടുള്ള കണക്കുകളിൽനിന്നും ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണത്തിലും വർദ്ധനയുണ്ടെന്നു കാണാവുന്നതാണ്. ജനങ്ങളുമായി സദാ ഇടപ്പെട്ടുകൊണ്ടിരിക്കുന്ന ഞങ്ങൾക്കു കുടിയന്മാരുടെ സംഖ്യയിലും വർദ്ധനവുണ്ടെന്ന് അറിയാം. പ്രഖ്യാപനം ചെയ്തിട്ടുള്ള മദ്യവർജ്ജനനയത്തെ നിശ്ചയമായിട്ടും തുടർന്നുകൊണ്ടു പോകണമെന്നു ഗവണ്മെൻറു ഗൌരവമായി ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഈ സഭ ഈ ശുപാർശയെ സ്വീകരിക്കേണ്ടതാകുന്നു.

പ്രസിഡണ്ട്: മദ്യവർജ്ജനം സംബന്ധിച്ചു ഏതെങ്കിലും നയം പ്രഖ്യാപിതമായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഞാൻ മനസ്സിലാക്കിട്ടുള്ളതു അങ്ങനെയാണെന്ന് അറിയിച്ചുകൊള്ളുന്നു. മദ്യവർജ്ജനനയത്തെ ഗവണ്മെൻറു അംഗീകരിച്ചിട്ടുണ്ട്.

പ്രസിഡണ്ട്: മദ്യവർജ്ജനനയത്തെ ഗവണ്മെൻറു ഒരു സന്ദർഭത്തിലും ഒരു സമയത്തും അംഗീകരിച്ചിട്ടുള്ളതായി പ്രഖ്യാപനം ചെയ്തിട്ടില്ലെന്നു സ്പഷ്ടമായും ഖണ്ഡിതമായും എനിക്കു നിങ്ങളോടു പറയുവാൻ കഴിയും.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): മദ്യവർജ്ജനനയത്തെ ഗവണ്മെന്റു അംഗീകരിച്ചിട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

പ്രസിഡണ്ടു്: മദ്യവർജ്ജനനയത്തെ അംഗീകരിക്കുവാൻ സാധിക്കുന്നതല്ലെന്നു ആദ്യകാലംമുതൽക്കേ ഗവണ്മെന്റു ഖണ്ഡിതമായി പറഞ്ഞിട്ടുണ്ടു്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): എന്നാൽ ശ്രീമൂലം പ്രജാസഭയുടെ കഴിഞ്ഞ യോഗത്തിലെ അദ്ധ്യക്ഷപ്രസംഗത്തിൽ മദ്യവർജ്ജനനയത്തെ തുടർന്നു "പ്രാദേശികവികല്പം" എന്ന ഏർപ്പാടു ഗവണ്മെന്റിൽനിന്നും നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു ദിവാൻജിയവർകൾ പ്രസ്താവിച്ചിട്ടുണ്ടു്. ഞാൻ അതിനെ ഗവണ്മെന്റും മദ്യവർജ്ജനനയത്തെ അംഗീകരിക്കുന്നുണ്ടെന്നുള്ള ഒരു പ്രഖ്യാപനമായി ഗണിക്കുന്നു. ഈ മദ്യവർജ്ജനനയം നടപ്പിൽ വരുത്തണമെന്നുണ്ടെങ്കിൽ ചെത്തുവൃക്ഷങ്ങളുടെ എണ്ണത്തിലും കുറവു വരുത്തേണ്ടതായിട്ടുണ്ടു്.

പ്രസിഡണ്ടു്: എന്റെ പ്രജാസഭാ പ്രസംഗത്തിൽനിന്നും നിങ്ങൾ തെററായിട്ടാണു് ചില വരികൾ ഉദ്ധരിച്ചിരിക്കുന്നതു്. എട്ടാമത്തെ ഖണ്ഡികയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"മിതപാനവിഷയത്തിൽ ഒരു പരിക്ഷീണി മുന്നോട്ടു പോകുവാൻ തീരുമാനിച്ചിട്ടുണ്ടു്."

പാരായം, കള്ളു് എന്നിവയുടെ സംസ്ഥാനത്തിലെ ചെലവു സംബന്ധിച്ചു ഗവണ്മെന്റുനയം എന്താണെന്നു രാജ്യഭരണറിപ്പോർട്ടിൽ ചുരുക്കത്തിൽ പറഞ്ഞിട്ടുണ്ടു്. ആ നയത്തെ അനുസരിച്ചു ക്ഷ ഠ ഥ-ൽ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളും അവിടെ പ്രസ്താവിച്ചിട്ടുണ്ടു്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ക്ഷ ഠ ഥ-ലെ ഡിപ്പാർട്ടുമെന്റു സംബന്ധിച്ചു ഭരണറിപ്പോർട്ടിന്റെ ൪-ാം വാല്യത്തു താഴെ കാണുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"മദ്യഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതു മിതപാനത്തെ സഹായിക്കുന്നതിലേക്കായി ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള ഒരു അബ്കാരി നയമാകുന്നു. മദ്യഷാപ്പുകൾ എത്രമാത്രം കുറവായിരിക്കുന്നുവോ അത്രമാത്രം കുറയേണ്ടിരിക്കും മദ്യപാനത്തിനുള്ള സൌകര്യങ്ങളും"

പ്രസിഡണ്ടു്: മദ്യവർജ്ജനനയത്തെപ്പററി അവിടെ യാതൊന്നും സൂചിപ്പിച്ചിട്ടില്ല.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): മിതപാനത്തിന്റെ നയം അങ്ങനെയാണെന്നാണെങ്കിൽ മദ്യവർജ്ജനത്തിന്റെ നയവും അതുതന്നെയെന്നു ഞങ്ങൾ വിചാരിക്കുന്നു.

പ്രസിഡണ്ടു്: അതു തീരെ തെററാണു്. അവ പര്യായപദങ്ങളല്ല.

മി: ജി. പി: നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഒന്നു മറെറാന്നിനു വിരുദ്ധമായിട്ടുള്ളതല്ലെന്നു ഞാൻ വിചാരിക്കുന്നു.

പ്രസിഡണ്ടു്: രണ്ടുപദങ്ങളുടേയും അർത്ഥം നല്ലപോലെ അറിയാവുന്ന ഏതൊരുത്തനും അവ തമ്മിൽ പൂർണ്ണമായ വിരോധമുണ്ടെന്നറിയാം.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഈ നിരീക്ഷണങ്ങളോടുകൂടി മി: പാച്ചുപിള്ള അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ ബലമായി അനുകൂലിച്ചുകൊള്ളുന്നു.

ഉച്ചതിരിഞ്ഞു് ൨-൫വ-ന്നു ലഘുഭക്ഷണത്തിനായി സഭ പിരിയുകയും ൩-൪൫ ന്നു വീണ്ടും കൂടുകയും ചെയ്തു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സർ, മിസ്റ്റർ പാച്ചുപിള്ളയുടെ പ്രമേയത്തെ അനുകൂലിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. ഈ പ്രമേയം കാര്യത്തിൽ ശ്രേയസ്കരമായ ഒരു നയത്തിന്റെ അടിവച്ചലിനെ ഉദ്ദേശിച്ചുള്ളതാകയാൽ—ഞാൻ ഉദ്ദേശിക്കുന്നതു് ഗവണ്മെന്റു കടമപ്പെട്ടിരിക്കുന്ന മിതപാനനയത്തെയാണു്—മര്യാദയ്ക്കുവേണ്ടിയെങ്കിലും അതിനെ സ്വീകരിക്കുന്നതിൽ ഗവണ്മെന്റിനു വമ്പിച്ചതടസ്സം പറയാൻ നിവൃത്തിയില്ലെന്നു ഞാൻ വിചാരിക്കുന്നു. തൽവിഷയമായ അല്ലെങ്കിൽ തടയപ്പെട്ട മദ്യവർജ്ജനപ്രയോഗത്തെപ്പററി ഞാൻ പറയണമെന്നു വിചാരിക്കുന്നില്ല. ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണം ഏതെങ്കിലും നിശ്ചിതമായ ഒരു നയമനുസരിച്ചു ക്ലിപ്തപ്പെടുത്തേണ്ടതാണെന്നും, ഗവണ്മെന്റു അപ്രകാരം ചെയ്യുന്നതു പ്രമേയത്തിന്റെ പ്രയോക്താവു് നിർദ്ദേശിച്ചതുപോലെ ഓരോ ഷാപ്പിന്റേയും വാടകക്രമമനുസരിച്ചായിരുന്നാൽ നന്നായിരിക്കുമെന്നും ഞാൻ വിചാരിക്കുന്നു. തൽഫലമായി ചെലവാകുന്ന കള്ളിന്റെ അളവു കുറയ്ക്കുവാൻ സാധിക്കുന്നതാകുന്നു. വ്യാജച്ചാരായം ഉണ്ടാക്കുന്നതിലും അപ്പോൾ കുറവു വരുന്നതാണു്. ഇപ്പോഴത്തെ സ്ഥിതിയനുസരിച്ചു എക്സൈസ് അധികാരികളുടെ ഇഷ്ടം സമ്പാദിക്കുവാൻ സാധിക്കുന്ന ഒരു ഷാപ്പുടമസ്ഥൻ എത്രവേണമെങ്കിലും വൃക്ഷങ്ങൾ ചെത്തുന്നതിനു കിട്ടുന്നതാകുന്നു. അവൻ അവന്റെ ചെത്തുകാരുമായി ഇഷ്ടംപോലെ കരാറുകളും ഏർപ്പാടുകളും ചെയ്തുകൊള്ളുകയും ചെയ്യും.

അവൻ അവന്റെ ഷാപ്പിലെ ആവശ്യത്തിനുമാത്രമുള്ള കള്ളു് എടുത്തുകൊണ്ടു് ശേഷമുള്ളതെല്ലാം ചെത്തുകാരെ ഏൽപ്പിക്കുന്നു. അവർ അതു് അവരുടെയിടയിൽതന്നെ വിൽക്കുകയും ചെയ്യുന്നു. ഇതിന്റെയെല്ലാം ഫലമായി ഏതിൽനിന്നും ഷാപ്പു് ഉടമസ്ഥനും ചെത്തുകാരും ന്യായരഹിതമായ ലാഭം എടുക്കുകയും വ്യാജച്ചാരായത്തിൽ നീതിവിരുദ്ധമായ വ്യാപാരം നടക്കുകയും ചെയ്യുന്നു. ഈ സ്ഥിതികളെല്ലാം ആലോചിച്ചുനോക്കുമ്പോൾ ലൈസൻസ് എടുത്തിട്ടുള്ള ഏല്ലാവരാലും ചെത്തപ്പെടുന്ന വൃക്ഷങ്ങളുടെ എണ്ണം ക്ലിപ്തപ്പെടുത്തുന്നതു് ഉചിതമായിരിക്കുമെന്നുതന്നെ ഞാൻ വിചാരിക്കുന്നു. ക്ഷ ഠ ഥ-മാണ്ടത്തെ എക്സൈസ് ഡിപ്പാർട്ടുമെന്റു് സംബന്ധിച്ചു ഭരണറിപ്പോർട്ടിൽ ൪-ാം വാല്യത്തു് എക്സൈസ് കമ്മീഷണർ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "വൃക്ഷത്തിനുള്ള കരത്തിന്റെ നിരക്കു വർദ്ധിപ്പിച്ചിട്ടും ലൈസൻസ് എടുത്തിട്ടുള്ള വൃക്ഷങ്ങളുടെ എണ്ണത്തിനു തന്നാണ്ടിൽ കുറവൊന്നും സംഭവിച്ചിട്ടില്ല. വൃക്ഷങ്ങൾക്കുള്ള കരം വർദ്ധിപ്പിക്കുന്നതോടുകൂടി ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണം കുറവുചെയ്യേണ്ടതിനെപ്പററി ആലോചിച്ചു ക്രമപ്പെടുത്തേണ്ടതു് ഗവണ്മെന്റിന്റേയോ അല്ലെങ്കിൽ എക്സൈസ് കമ്മീഷണരുടേയോ കൃത്യമാകയാൽ ഈ പരിവേഷനം അസ്ഥാനത്തിലാണെന്നാണു് എനിക്കു അറിയിക്കുവാനുള്ളതു്. ഗവണ്മെന്റു അതു ചെയ്യുന്നില്ല. നേരെമറിച്ചു് മറെറല്ലാത്തിനേയുംകാൾ കൂടുതൽ മുകളെടുപ്പു കാണിക്കുന്നതിലാണു് ഡിപ്പാർട്ടുമെന്റിനു ഇപ്പോൾ ആഗ്രഹം കാണുന്നതു്. ക്ഷ ഠ ൩-ാമാണ്ടത്തെ

ഭരണറിപ്പോർട്ടിൽ ഇതേനിരീക്ഷണംതന്നെ എക്സൈസ് കമ്മീഷണർ ആവർത്തിക്കുമെന്നു ഞാൻ ഭയപ്പെടുന്നു. എന്നാൽ ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ കാര്യങ്ങൾ ശരിപ്പെടുത്തുന്നതിനു കഴിയുന്നതും യത്നിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): സർ, മി: പാച്ചുപിള്ള ഈ സഭമുമ്പാകെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ അനുകൂലിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഗവണ്മെൻറിന്റെ നയം ജനങ്ങളുടെ മദ്യാസക്തിയെ കുറക്കുന്നതിനാണെന്നു പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അതു് എല്ലാവർക്കും സന്തോഷകരമായ ഒരു സംഗതിയാണ്. എന്നാൽ ഡിപ്പാർട്ടുമെൻറു പ്രവർത്തിച്ചുവരുന്ന നയം അതിലേക്കു യോജിച്ചതാണോ എന്ന് ആലോചിക്കുന്നപക്ഷം ആ ഭാഗത്തോട് എല്ലാവർക്കും അനുകൂലിക്കാൻ സാധിക്കുന്നതല്ല. ഇപ്പോൾ ഷാപ്പുകളുടെ എണ്ണം നിവൃത്തിയുള്ളിടത്തോളം കുറയ്ക്കുന്നുണ്ട്. അതുകൊണ്ട് ഉദ്ദേശിക്കുന്നിടത്തോളമുള്ള ഫലം ഉണ്ടാകുന്നതല്ല. മദ്യപാനാശക്തിയെ കുറയ്ക്കുന്നതിനു അവർ നിത്യം ഉപയോഗിച്ചുകാണിരിക്കുന്ന മദ്യത്തിന്റെ അളവ് കുറയ്ക്കുകയല്ലാതെ, മദ്യം ഏതുപ്രാവശ്യം കഴിയ്ക്കുന്നു എന്നുനോക്കി ആ പ്രാവശ്യത്തെ കുറയ്ക്കുന്നതുകൊണ്ടു മദ്യപാനത്തിനു കുറവുവരുന്നതല്ല. ഇതുകൊണ്ടു ചെത്തുന്നതിനുള്ള തെങ്ങിന്റെ സംഖ്യകുറയ്ക്കാതെ ഷാപ്പുകളുടെ സംഖ്യ കുറയ്ക്കുന്നതുകൊണ്ട് ഉദ്ദേശലാഭം സാധിക്കാവുന്നതല്ല. അതിനാൽ ഷാപ്പുകളുടെ സംഖ്യ കുറയ്ക്കുന്നതോടുകൂടിത്തന്നെ ചെത്തുന്നതിനുള്ള വൃക്ഷങ്ങളുടെ സംഖ്യയും കുറച്ച് കാലാന്തരത്തിൽ ജനങ്ങളുടെ മദ്യപാനാസക്തിയെ കുറയ്ക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): സർ, എന്റെസ്നേഹിതൻ മിസ്റ്റർ പാച്ചുപിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ പരിപൂർണ്ണമായി അനുകൂലിച്ചുകൊള്ളുന്നു. ജനങ്ങൾക്കു മദ്യം ലഭിക്കുന്നതിനുള്ള സൌകര്യങ്ങളെകുറിച്ച് തിരുവിതാംകൂറിലെ ജനങ്ങളുടെയിടയിൽ വർദ്ധിച്ചുവരുന്ന മദ്യപാനാസക്തിയെ ഇല്ലായ്മചെയ്യണം, അല്ലെങ്കിൽ നിവൃത്തിയുള്ളിടത്തോളം അതിനെ നിയന്ത്രിക്കണം. ഈ തത്ത്വം ഗവണ്മെൻറ് അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ഗവണ്മെൻറ് അംഗീകരിച്ചിരിക്കുന്നതത്ത്വം അനുസരിച്ച് ജനങ്ങളുടെ മദ്യാസക്തി കുറയ്ക്കുന്നതിലേക്ക് ധാരാളമായി പ്രവർത്തിച്ചിട്ടുണ്ടെന്നു നാനാമാർഗ്ഗങ്ങളിലും പ്രത്യക്ഷപ്പെടേണ്ടതാണ്. അതിലേക്കു ഇപ്പോൾ ഗവണ്മെൻറു അംഗീകരിക്കുന്ന ഷാപ്പുകളുടെ സംഖ്യ കുറയ്ക്കുക, മദ്യത്തിന്റെ വില കൂട്ടുക, എന്നമാർഗ്ഗങ്ങളെ ജനങ്ങളിൽ പ്രായോഗികമാക്കണം. മദ്യാസക്തിയെ കുറയ്ക്കുന്നതിനു ഷാപ്പുകളുടെ സംഖ്യ ക്രമേണ കുറച്ചു കുറച്ച് ഒടുവിൽ ഷാപ്പുകളെ ഇല്ലാതാക്കിത്തീർക്കുമോ എന്നുപോലും പെൻഷൻ പററിയ എക്സൈസ് കമ്മീഷണർക്ക് അഭിപ്രായമുണ്ടായിരുന്നതായി തോന്നിട്ടുണ്ട്. എന്നാൽ അതേ അവസരത്തിൽ തന്നെ മദ്യത്തിന്റെ വില കൂട്ടുകയും മദ്യത്തിന്റെ അളവ് കൂടുതലായി വർദ്ധിക്കത്തക്കവണ്ണം വൃക്ഷങ്ങൾ ചെത്തുന്നതിനു അനുവദിക്കുകയും ചെയ്യുന്നു. ഈ രണ്ടു അവസ്ഥകളേയും ചേർത്താലോചിക്കുമ്പോൾ മദ്യാസക്തി കുറയ്ക്കുന്നതിനുള്ള സന്ദർഭത്തിൽ മദ്യത്തിന്റെ വില കൂടുതലാകുന്നു എങ്കിലും അതിന്റെ അളവു വർദ്ധിപ്പിക്കുന്നതിനാൽ തിരുവിതാംകൂറിലെ ജനങ്ങൾക്കു ആപൽക്കരമായ ഒരു ഭാവിയാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതെന്നും സംശയിക്കേണ്ടിയിരിക്കുന്നു.

മി: പാച്ചുപിള്ളപറയുന്നതു് ഒരോഷാപ്പുകളുടേയും ആവശ്യത്തിലേക്കുള്ള വൃക്ഷങ്ങളുടെ സംഖ്യ റിക്കാർഡ്ചെയ്തു നിശ്ചയപ്പെടുത്തണമെന്നാണ്. അങ്ങനെപരിഗണിച്ചുസംഖ്യയിലുള്ള വൃക്ഷങ്ങൾ ചെത്തണമെന്നാണ് ഗവണ്മെൻറ് പ്രമാണവും, മദ്യപാനാസക്തി ജനങ്ങളിൽ ചുരുക്കിക്കൊണ്ടുവരേണ്ടതാണ് ധർമ്മം. ഗവണ്മെൻറിന്റെ പ്രഖ്യാപിതനയത്തെ ആസ്പദമാക്കി, ജനങ്ങൾക്ക് കൂടുതലായ സകല പ്രയോജനങ്ങളും സൌകര്യങ്ങളും ഉണ്ടാകുന്നതിനും, ജനങ്ങളിൽ ക്ഷേമവും, നന്മയും വർദ്ധിക്കുന്നതിനും രാജ്യത്തിന്റെ പൊതുക്ഷേമത്തിനും ഇതു് അത്യന്താപേക്ഷിതമാണെന്നു ജനങ്ങൾ വിശ്വസിക്കുന്നു. ഇതിലേക്കായി ജനങ്ങൾ ആവശ്യപ്പെടുകയും നിർബന്ധിക്കുകതന്നെയുംചെയ്യുന്നു. നീതിപൂർവമായമാർഗ്ഗങ്ങളിൽ ജനങ്ങൾക്കു ശരിയായസ്ഥാനം കിട്ടുന്നതിനും, അവരുടെ ന്യായമായ അഭിലാഷങ്ങൾ സാധിതങ്ങളാകുന്നതിനും ഗവണ്മെൻറിന്റെ ശ്രദ്ധ കൂടുതൽ പതിയണം. ഉദ്ദേശത്തോടുമാത്രംഎന്റെ സ്നേഹിതൻ ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നു എന്ന് സ്പഷ്ടമാണ്. അതിനാൽ ശ്രേയസ്കരമായ ഈ പ്രമേയത്തെ ഞാൻ ഹൃദയപൂർവമായി അനുകൂലിച്ചുകൊള്ളുന്നു.

മി: ഇട്ടിപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഞാൻ മിസ്റ്റർ പാച്ചുപിള്ളയുടെ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു. ഇതിനെ സംബന്ധിച്ചു പലരും പലവിധമായ അഭിപ്രായങ്ങളും പറഞ്ഞിട്ടുണ്ട്. എന്നാൽ എക്സൈസ് ഡിപ്പാർട്ടുമെൻറിലെ നയത്തെപ്പററി ആലോചിക്കുന്നപക്ഷം ജനങ്ങളുടെ ഇടയിലുള്ള മദ്യപാനാസക്തി കുറച്ചുകൊണ്ടുവരാൻ സാധിക്കുമെന്നുള്ള വിചാരം എനിക്കില്ല. ഇതിനെപ്പററി ഞാൻ യോഗകാലത്ത് ഒരു കട്മോഷൻ അയച്ചിട്ടുണ്ടായിരുന്നു. എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്ന് ചെത്താനുള്ള വൃക്ഷങ്ങളുടെ സംഖ്യ നിയന്ത്രിച്ചാലും ചെത്തുന്നകാലത്തു അതു കൂടുകതന്നെ ചെയ്യും വ്യാജമായി വല്ല വൃക്ഷവും ചെത്തുന്നുണ്ടോ എന്നു അന്വേഷിച്ച് കണ്ടുപിടിക്കുന്നതിനുള്ള അധികാരത്തോട് പോലീസ് ഡിപ്പാർട്ടുമെൻറിനേക്കൂടി ചുമതലപ്പെടുത്തുന്നപക്ഷം അതു് സാധിച്ചുഎന്നുവരാം. ഇതിനുംപുറമെ ഓരോരുത്തർ എത്രായിരംതുപ്പാക്കു ലേലം വിളിച്ചാലും അവരുടെ ഇഷ്ടംപോലെ കള്ളിനു വില കൂട്ടിവിറക്കുന്നു. ടോംറംഗോറു്, ചന്ത ഇവകളൊക്കെ ലേലംചെയ്താൽ ഓരോസാധനങ്ങൾക്കും ഇന്ന സംഖ്യയെ വാങ്ങിക്കാവൂഎന്ന് ക്ലിപ്തം ചെയ്തിട്ടുണ്ട്. അതുപോലെ കള്ളിനും ഒരളവുനിശ്ചയിച്ചു് അതിൽ കൂടുതലവിലയ്ക്കു കൺട്രാക്ടർമാർ വിൽക്കാതിരിക്കുന്നതിനു വേണ്ട വ്യവസ്ഥചെയ്താൽ ഈ ഉദ്ദേശിച്ചഫലം കിട്ടുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മിസ്റ്റർ പാച്ചുപിള്ളയുടെ പ്രമേയത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സർ, ഇപ്പോഴത്തെ സ്ഥിതിയിൽ പ്രമേയത്തിൽകാണുന്നപ്രകാരം ഞാൻ ആദ്യമായി മുന്നോട്ടു പോകാനാരംഭിക്കട്ടെ. പ്രമേയത്തിൽ കാണുന്നതു് ഇപ്രകാരമാകുന്നു,

"ഓരോ കള്ളുഷാപ്പിലും ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണം ലേലത്തുകയിൽ ഓരോ നൂറുരൂപയ്ക്കും ഇരുവൃക്ഷങ്ങളെ പാടുള്ളു എന്ന് നിശ്ചയിച്ച് ഖണ്ഡിതമായി ക്ലിപ്തപ്പെടുത്തുകയും, കള്ളുഷാപ്പുകളുടെ എണ്ണം കുറവു ചെയ്യുന്നതോടുകൂടി ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണവും കുറയ്ക്കുകയും ചെയ്യേണ്ടതിന്റെ അത്യാവശ്യകതയെപ്പററി ഈ സഭ ഗവൺമെൻറിനോട് ശുപാർശചെയ്യുന്നു."

താഴെക്കാണുന്ന ഈ വാക്കുകൾ പ്രത്യേകം ഗൗനിക്കണമെന്നു ഞാൻ സഭയോട് അപേക്ഷിക്കുന്നു. "ലേലത്തുകയിലുള്ള ഓരോ നൂറുരൂപായ്ക്കും ഓരോഷാപ്പിനും ഇരുവൃക്ഷങ്ങളെ പാടുള്ളു എന്ന് നിശ്ചയിച്ചും, കള്ളുഷാപ്പുകളുടെ എണ്ണം കുറവുചെയ്യുന്നതോടുകൂടി ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണവും കുറയ്ക്കുകയും". ഇപ്രകാരം പ്രമേയത്തിൽ സ്പഷ്ടമായി രണ്ടുകാര്യങ്ങൾ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. അവ ഓരോഷാപ്പിനും വൃക്ഷങ്ങളുടെ എണ്ണം ക്ലിപ്തപ്പെടുത്തുന്നതിനും, രണ്ടാമതായി ഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതോടുകൂടി വൃക്ഷങ്ങളുടെഎണ്ണവും കുറയ്ക്കുന്നതിനും ആകുന്നു. സർ, ഒന്നാമതായി ഈ പ്രമേയം അതിശയനീയമാകുംവണ്ണം അനിശ്ചിതമായിരിക്കുന്നു എന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു. ഓരോഷാപ്പിനും ഇരുവൃക്ഷങ്ങളെന്നു ക്ലിപ്തംചെയ്യണമെന്നു അതിൽപറയുന്നു. ആ ജോലി ഡിപ്പാർട്ടുമെൻറിനോ അല്ലെങ്കിൽ സഭയ്ക്കോ വിട്ടുകൊടുക്കേണ്ടതെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ ഡിപ്പാർട്ടുമെൻറിലേയ്ക്കാണ് വിട്ടുകൊടുക്കുന്നതെങ്കിൽ ഞങ്ങൾ പ്രവൃത്തിനടത്തേണ്ടതു് ഏതു സ്വീകൃതതത്വങ്ങളെ ആധാരമാക്കിയാണ്? ഓരോ ഷാപ്പുംകൊടുത്തുവരുന്ന വാടകയുടെ ഓരോ നൂറ് രൂപയ്ക്ക് ഉദ്ദേശം ഇരുവൃക്ഷമെന്നു നിശ്ചയിക്കണമെന്നു അദ്ദേഹം പറയുന്നു സർ, ഇപ്പോൾ ഓരോഷാപ്പിൽനിന്നു കിട്ടിവരുന്ന വാടക ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണത്തെയല്ല ആശ്രയിച്ചിരിക്കുന്നതു്. അതു് അനേകംകാര്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. വിൽക്കുന്ന കള്ളിന്റെ വിലയെയാണ് അതു് ആശ്രയിക്കുന്നതു്. തിരുവനന്തപുരത്തു് ഒരു കുപ്പി കള്ളിന്റെ വില ആറുമുതൽ ഏഴുചക്രംവരെയുണ്ട്. എന്നാൽ ചേർത്തലയിൽ അതിന് രണ്ടുമുതൽ മൂന്നുവരെ ചക്രമേയുള്ളു. അങ്ങനെകൊണ്ടു്, ഓരോഷാപ്പിനെസംബന്ധിച്ചും ഒരു നിശ്ചിതനയം സ്വീകരിക്കുന്ന കാര്യം അസാദ്ധ്യമെന്നാണ് എനിക്കു അറിയിക്കാനുള്ളതു്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടവും വ്യവസായവും തെക്ക്): മദ്യത്തിന്റെ അളവു ഒരുപോലെതന്നെയാണോ എന്ന് മെമ്പർഎന്നെ അറിയിക്കുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതിലേക്കുതന്നെയാണ് ഞാൻ വരുന്നതു്. ഞാൻ അറിയിക്കുന്നതു് എണ്ണം ഇത്രയെന്നു ക്ലിപ്തം ചെയ്യുന്നകാര്യം പ്രയാസമാണെന്നാകുന്നു. അങ്ങനെകൊണ്ടു് പ്രമേയം തീരെ അനിശ്ചിതമാകുന്നു. ഈ ഏകകാരണംകൊണ്ടുതന്നെ പ്രമേയം തള്ളപ്പെടേണ്ടതാകുന്നു. അതല്ല, അതു് അനുവദിക്കപ്പെട്ടാലും, നിഷ്പ്രയോജനമായിട്ടേ തീരാനിടയുള്ളു എന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു.

സർ, രണ്ടാമത്തെ തടസ്സം, അതു് പ്രായോഗികരീതിയിൽ പ്രവർത്തിക്കത്തക്കതല്ലെന്നുള്ളതാണ്. എല്ലാസ്ഥലങ്ങളിലും കിട്ടുന്ന മദ്യത്തിന്റെ അളവ് ഒരുപോലയല്ല. മലംപ്രദേശങ്ങളിൽ നിൽക്കുന്നവൃക്ഷങ്ങൾ താഴ്ന്ന പ്രദേശങ്ങളിലുള്ള വൃക്ഷങ്ങൾ നൽകുന്നതുപോലെ അത്രമാത്രം മദ്യം നൽകുന്നതല്ലെന്നുള്ള കാര്യം സുവിദിതമാണ്. ഒരേസ്ഥലത്തു് നിൽക്കുന്ന വൃക്ഷങ്ങളെല്ലാംതന്നെയും ആണ്ടിലെല്ലാക്കാലത്തും ഒരേ അളവ് മദ്യംകൊടുത്തുവരുന്നില്ല. വേനൽക്കാലത്തു അതു വളരെ കുറവായും വർഷകാലത്തു് വളരെ കൂടുതലായും മദ്യംനൽകുന്നതുകൊണ്ടു്, ഒരു പ്രത്യേകതോതു് സ്വീകരിക്കുന്നകാര്യം പ്രായോഗികമായി അസാദ്ധ്യംതന്നയാണെന്ന് ഞാൻ അറിയിക്കുന്നു.

പ്രമേയം അനുസരിച്ചു വാടകകൂടുതലാകുംതോറും ചെത്താനനുവദിച്ചുകൊടുക്കുന്ന വൃക്ഷങ്ങളുടെഎണ്ണം കൂടുതലായിരിക്കണമെന്നുള്ളതാണ് എന്റെ അടുത്തതടസ്സം. ഒരേസമയത്തിൽതന്നെ പ്രമേയപ്രയോക്താവുപറയുന്നതു ഷാപ്പുകളുടെഎണ്ണം കുറയ്ക്കുന്നതോടുകൂടി വൃക്ഷങ്ങളുടെ എണ്ണവും കുറയ്ക്കണമെന്നാകുന്നു. സർ, സാധാരണ അനുഭവത്തിൽ, ഷാപ്പുകളുടെ എണ്ണം കുറവുചെയ്യുകയാണെങ്കിൽ വാടകകൂടുകയാണ് ചെയ്യുന്നതു്. അതനുസരിച്ചു്, അദ്ദേഹത്തിന്റെ അനുമാനപ്രകാരം രണ്ടാണ്ടിലൊരിക്കലുള്ള കൺട്രാക്ടുകളോടുകൂടി വൃക്ഷങ്ങളുടെ എണ്ണം കൂടാനല്ലാതെ കുറയുവാൻ നിവൃത്തിയില്ല.

എന്റെ മൂന്നാമത്തെ തടസ്സമാണ് ഏററവും ഗൌരവംകൂടിയതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ ആണ്ടിലും കഴിഞ്ഞയാണ്ടിലും ഉള്ളുകള്ളിന്റെ മൊത്തം അളവിലുള്ളതിൽ വ്യത്യാസമേതങ്കിലുമുണ്ടോ എന്ന് എന്നെ അറിയിക്കുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): വ്യത്യാസം കണ്ടുപിടിക്കുന്നകാര്യം പ്രയാസമാണ്. കള്ളുസംബന്ധിച്ചിടത്തോളം അതു് എത്രമാത്രം കിട്ടിവരുന്നുണ്ടെന്നുള്ളകാര്യം നിശ്ചിതമല്ല.

എന്റെ മൂന്നാമത്തെ പ്രതിബന്ധം പ്രമേയം ഉദ്ദേശിതസ്വീകാര്യമാണെന്നും അതിന്റെ ഫലം നാശകാരണമാണെന്നും ആകുന്നു. മിതപാനമാർഗ്ഗമായിട്ടാണ് അതു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. സർ, ആവശ്യമനുസരിച്ചു് സാധനങ്ങൾ കൊടുക്കുക എന്ന നിയമപ്രകാരമാണ് ഇപ്പോഴത്തെ ഏർപ്പാടു് നടന്നുവരുന്നതു്. ഏതാനംചിലരിലെങ്കിലും മദ്യപാനാസക്തി നിലനിൽക്കുന്നിടത്തോളം കാലം, ആവശ്യവും ഉണ്ടായിരിക്കുന്നതാണ്. ആ ആവശ്യത്തിന് തൃപ്തികരമാകുംവണ്ണം നിവൃത്തി ചെയ്യാതിരുന്നാൽ സംബന്ധപ്പെട്ടആളുകൾ ഏതു വിധേനയും ഏവിടെ നിന്നെങ്കിലും അതു കണ്ടുപിടിക്കും. അതിനാൽ ആവശ്യത്തെ സംബന്ധിച്ചയാതൊന്നും ചെയ്യാതിരിക്കുന്നിടത്തോളം കാലം സംഭരണത്തെ കുറയ്ക്കുവാനായി ചെയ്യുന്നശ്രമം തീരെ നിഷ്ഫലമാകുന്നു. ആവശ്യം കുറയുമ്പോൾ അതിനെതുടർന്ന് സംഭരണവും കുറയുകതന്നെചെയ്യും. അതുകൊണ്ടു് ദോഷത്തിന്റെ അടിസ്ഥാനം കണ്ടുപിടിച്ചുത്ഭവകാരണമായ രാക്ഷസനോട് എതിർക്കുകയാണ് ചെയ്യേണ്ടതെന്ന് എനിക്കുതോന്നുന്നു. അതിനുപകരം, ആവശ്യത്തെപ്പററി യാതൊന്നുംതന്നെ പ്രസ്താവിച്ചുകാണുന്നില്ല. സംഭരണത്തെപ്പററി മാത്രമേ പ്രസ്താവിച്ചിട്ടുള്ളു.

മി: മാത്തുമുരിക്കൻ (വൈക്കം): സംഭരണത്തെ ഇല്ലാതാക്കുന്നതിന് ഫലപ്രദമായ ഒരു ഉപായം മെമ്പർ സഭയെ അറിയിക്കുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): മദ്യവർജ്ജന സമാജങ്ങൾ വഴിയായി ലഘുപത്രികകൾ പുറപ്പെടുവിച്ചും, ജനങ്ങളെ ഉപദേശിച്ചും, അവക്കുവേണ്ടി പ്രസംഗങ്ങൾ നടത്തിയും അതു് നിർവ്വഹിക്കാവുന്നതാണ്. ലോകത്തിലെല്ലായിടത്തും തുടർന്നുവരുന്ന നീതിയും അതുതന്നെയാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന്റെ ഉദ്ദേശം എന്തു്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): കുടി കുറയ്ക്കുന്നതുതന്നെയാണ് ഉദ്ദേശം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതേകാലത്തു മദ്യത്തിന്റെ അളവും കുറഞ്ഞില്ലെങ്കിൽ ഷാപ്പുകൾ കുറവ് ചെയ്യുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല.

മി: ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): തന്നത്താനെ പരിഷ്കരിക്കുവാനുള്ള ഒരു അവസരം ഞങ്ങൾ ജനങ്ങൾക്കു നൽകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സൌകര്യങ്ങൾ കുറയ്ക്കുന്നതിന്റെ ഉദ്ദേശമെന്തെന്ന് എന്നു അറിയിക്കുമോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഉദ്ദേശം അതിരുകൾക്കുള്ളിൽ തന്നെ സ്പഷ്ടമാകുന്നുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): മെമ്പർ പറഞ്ഞതിൽനിന്നും സ്പഷ്ടമാകുന്നതായി തോന്നുന്നില്ല.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതിന്റെ ബാഹ്യരൂപത്തിൽനിന്നുതന്നെ അതു വെളിപ്പെടുന്നുണ്ട്. നിങ്ങൾ ഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നെങ്കിൽ നിങ്ങൾ സൌകര്യങ്ങളും കുറയ്ക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): മദ്യം ലഭിക്കുന്നതിനുള്ള സൌകര്യം കുറയ്ക്കുന്നതുകൊണ്ട് മദ്യപാനദോഷത്തേയും കുറയ്ക്കുവാൻ സാധിക്കുന്നതാണെന്ന് ഞാൻ വിചാരിക്കട്ടെയോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അപ്രകാരമാണെന്നു ഒരു വിധത്തിൽ ഉദ്ദേശിച്ചിട്ടുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ആവശ്യത്തെ ആദ്യമായി പരിഹരിച്ചാൽ സംഭരണം തന്നത്താനെ ശരിപ്പെട്ടുകൊള്ളുമെന്നുള്ള മറുപടി അലോചിച്ചുനോക്കുമ്പോൾ മറുവശത്തെ അഭിപ്രായഗതിയും അതുതന്നെയാണെന്നു എനിക്കു തോന്നുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതെ.

മി. എ. താണുപിള്ള (തിരുവനന്തപുരം): മദ്യം കിട്ടുന്നതിനുള്ള സൌകര്യങ്ങൾ കുറയ്ക്കുന്നതുകൊണ്ട് ജനങ്ങളുടെയിടയിലുള്ള മദ്യപാനാസക്തിയും കുറയുമെന്ന് മെമ്പർ സമ്മതിക്കുന്നുവോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഉവ്വ്, അതാണ് ഡിപ്പാർട്ടുമെന്റിന്റെ ഉദ്ദേശം.

സർ, ഒരു മെമ്പർ ഇതിനുപുറമേ ഇപ്പോഴും വൃക്ഷങ്ങൾ വ്യാജമായി ചെത്തിവരുന്നുണ്ടെന്ന് പ്രത്യേകമായി പരാതിപറയുകയുണ്ടായി. സർ, അതു വളരെ ബലമുള്ളതല്ലാത്ത ഒരു ആരോപണമെന്നു ഞാൻ അറിയിക്കുന്നു. ഡിപ്പാർട്ടുമെന്റിൽ നിന്നും കഴിയുന്ന ശ്രമങ്ങളെല്ലാം പ്രയോഗിച്ചിട്ടും, രാജ്യത്തിൽ പലതരത്തിലുള്ള മുലകളിൽ ഇപ്പോഴും വ്യാജമായി വൃക്ഷങ്ങൾ ചെത്തിവരുന്നുണ്ടെന്ന് ഞാൻ ഭയപ്പെടുന്നു. എന്നാൽ ആ വാദം മെമ്പക്ക് എത്രമാത്രം അനുകൂലമായി തീരുന്നുണ്ടെന്ന് ഞാൻ ചോദിക്കട്ടെയോ? ഇപ്പോഴത്തെ നിയമമനുസരിച്ച് ഉദ്യോഗസ്ഥന്മാർ വ്യാജമായി ചെത്തിവരുന്ന വൃക്ഷങ്ങളെ അന്വേഷിക്കുന്നതിൽ ചുമതലപ്പെട്ടവരാണ്. അപ്രകാരമുള്ള ശ്രദ്ധയുടെ ഫലമാണ് ചെത്തുവൃക്ഷങ്ങളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള അല്പമായ ആധിക്യം. എന്നാൽ വൃക്ഷങ്ങളുടെ എണ്ണം സോഫയുപോലെ ക്ലിപ്തപ്പെടുത്തുകയാണെങ്കിൽ വ്യാജമായി ചെത്തിവരുന്ന വൃക്ഷങ്ങളെ കണ്ടുപിടിക്കുന്നതിനുള്ള ഒരു പ്രലോഭനം ഉദ്യോഗസ്ഥന്മാക്ക് തീരെ ഉണ്ടായിരിക്കുന്നതല്ല. അതിന്റെ ഫലമായി വ്യാജമായ ചെത്തു വർദ്ധിക്കുകയും, വ്യാജമായി ചിലവ് അധികമാകുകയും ചെയ്യും. അതുകൊണ്ടു പ്രമേയത്തിൽ വിവക്ഷിക്കപ്പെട്ടിരിക്കുന്ന പരമമായ ഉദ്ദേശം പ്രയോജനരഹിതമാണെന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു.

മദ്യവർജ്ജനമാർഗ്ഗമായിട്ടാണ് വിചാരിച്ചിട്ടുള്ളതെങ്കിലും അതു് വിഷയത്തെ അശുഭമായ പരിണാമത്തിലേക്കാണ് നയിക്കുന്നതെന്ന് ഞാൻ അറിയിക്കുന്നു. എല്ലാ മദ്യങ്ങളിലും വച്ച് തീരെ ദോഷകരമല്ലാത്തതു കള്ളാണ്. അതിൽ സ്റ്റാർച്ചും, ആൽപ്പുമെനും അടങ്ങിയിരിക്കുന്നു. അതിൽ കാണുന്ന ആൽക്കഹാൾ ശതമാനത്തിൽ കുറവേ ഉള്ളു. ലഹരിക്കായിട്ടല്ലാ അധികവും അതിനെ ഉപയോഗപ്പെടുത്തുന്നതു്. പക്ഷേ ആഹാരപദാർത്ഥമായിട്ടാണ് ഈ സഭയിലുള്ള എല്ലാധിക്കും അറിവുള്ളതുപോലെ, സാധാരണ കൂലിവേലക്കാർ അവരുടെ മദ്യപാനക്ഷീണത്തിലേക്ക് ആശ്രയമായിരിക്കുന്നതു്. കള്ളും, മരച്ചീനിയും, മത്സ്യക്കറിയുമാകുന്നു. അവക്ക് അതു വളരെ ഗുണകരമാണെന്നും തോന്നുന്നുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): കള്ളുകുടിയെ മെമ്പർ പ്രോത്സാഹിപ്പിക്കുന്നുവോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതിലേക്കു തന്നെയാണു ഞാൻ വരുന്നതു്. ഈ സ്ഥിതികളിൽ കള്ളിനേസംബന്ധിക്കുന്ന ഏതു മാർഗ്ഗവും വളരെ ശ്രദ്ധയോടും സൂക്ഷ്മതയോടും ആലോചിക്കേണ്ടതാകുന്നു. കള്ള്, വിശേഷിച്ചും പുതുതായി എടുക്കുന്ന കള്ള് വളരെ സ്വാദുള്ളതും മധുരവും, നല്ലതും ആകുന്നു എന്ന് ഞാൻ അറിയിക്കുന്നു. മദ്യവർജ്ജനപരിഷ്ക്കാരം സംബന്ധിച്ച വിഷയങ്ങളിൽ, ഉള്ളിൽ നിന്നുമാകുന്ന പരിഷ്ക്കാരം ആരംഭിക്കേണ്ടതെന്നാണ് എന്റെ അഭിപ്രായം. മദ്യവർജ്ജനമാർഗ്ഗങ്ങളിൽ ഒന്നുംതന്നെ മനസ്സില്ലാത്ത ആളുകളിൽ ബലമായി പ്രയോഗിക്കുന്നതു ക്ഷേമമായിത്തീരുന്നതല്ല. മദ്യപാനം ചെയ്യരുതെന്നു ആജ്ഞാപിക്കുവാൻ സാധിക്കുന്നതല്ല. ഒരു എക്സിക്യൂട്ടീവ് ആർഡർ മൂലമോ അല്ലെങ്കിൽ ഈ സഭയുടെ ആജ്ഞവഴിയായോ അല്ലെങ്കിൽ ഒരു ഗവണ്മെന്റ് ഉത്തരവിനാലോ മദ്യപാനത്തെ

നിഷേധിക്കുവാൻ സാധിക്കുകയില്ല. ഈ കാരണങ്ങളെല്ലാം കൊണ്ട് പ്രമേയം തള്ളപ്പെടേണ്ടതാണെന്ന് ഞാൻ അറിയിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, കള്ളിന്റെ വില സ്ഥലങ്ങൾതോറും വ്യത്യാസപ്പെട്ടുകാണുന്നതിനു കാരണമെന്തെന്ന് എന്നെ അറിയിക്കുമോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതിനു കാരണം ഷാപ്പുകളിൽ നിന്നും കിട്ടിവരുന്ന വാടകവ്യത്യസ്തമായിരിക്കുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : സർ, ഒരു കള്ളുകുടിയന്റെ നിലയിൽനിന്ന് ആലോചിക്കുമ്പോൾ അവനു നല്ലതും മധുരവും അമല്ലുന്നു തോന്നുന്ന ഏതെങ്കിലും മദ്യം ഉണ്ടോ എന്നു പറയുമോ?

മി. പി. ഗോമതിനായകം പിള്ള (എക്സൈസ് കമ്മീഷണർ); ഞാൻ അപ്രകാരം വിശ്വസിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവശ്യത്തിനു അനുസരിച്ച് കൊടുക്കുക എന്നതു സംബന്ധിച്ച് സർ, ഒരു നിർദ്ദിഷ്ടസ്ഥലത്തുള്ള ആവശ്യത്തെ കൊടുക്കുന്നതുകൊണ്ടും നേരേ മറിച്ചും നിയന്ത്രിക്കുന്നതെങ്ങനെയെന്ന് എന്നെ അറിയിക്കുമോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞങ്ങൾ വൃക്ഷങ്ങൾക്കുള്ള കരം വർദ്ധിപ്പിക്കുകയും ഷാപ്പുകളുടെ എണ്ണം കുറയ്ക്കുകയും ചെയ്യുന്നു. ആവശ്യത്തിനനുസരിച്ച് സാധനങ്ങൾകൊടുക്കുന്നതിനെ നിയന്ത്രിക്കുന്നതിനു ഡിപ്പാർട്ടുമെണ്ട് സ്വീകരിച്ചിട്ടുള്ള മാർഗ്ഗം ഇവയാകുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): കൂടുതൽ ഉക്ക വിളികേൾക്കുന്നവനു ഷാപ്പുകൊടുക്കണമെന്ന് ഏതെങ്കിലും നിയമമുണ്ടോ.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഈ ഡിപ്പാർട്ടുമെൻറുസംബന്ധിച്ചിടത്തോളം ലേലം ഏർപ്പാടാണ് ഏററവും നല്ല ഏർപ്പാടെന്ന് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

മി. മുകുവേലിൽ പാച്ചുപിള്ള (ചേത്തല): ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണം കൂടിവരുന്നുണ്ടെന്നു സമ്മതിക്കുന്നുണ്ടോ?

മി. പി. ഗോമതിനായകം പിള്ള (എക്സൈസ് കമ്മീഷണർ): അതു ഞാൻ സമ്മതിക്കുന്നില്ല. കഴിഞ്ഞയാണ്ടിൽ വലിയ വേനലായിരുന്നിട്ടും അല്പം കുറവുണ്ടായിരുന്നു.

മി. മുകുവേലിൽ പാച്ചുപിള്ള (ചേത്തല): ഈ ആണ്ടിൽ ഇതുവരെ ചെത്തിട്ടുള്ള വൃക്ഷങ്ങൾ കഴിഞ്ഞയാണ്ടിൽ ഈ തീയതിവരെ ചെത്തിട്ടുള്ളവയേക്കാൾ കൂടുതലോ കുറവോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതു പറയുവാൻ വളരെ ബുദ്ധിമുട്ടുണ്ട്.

മി. മുകുവേലിൽ പാച്ചുപിള്ള (ചേത്തല): കഴിഞ്ഞകൊല്ലം ഇതുവരയുള്ള വൃക്ഷങ്ങളിൽ നിന്നും ഈ ആണ്ടിൽ ഇതുവരയുള്ള വൃക്ഷങ്ങളുടെ എണ്ണം കൂടിവരുന്നതിനെപ്പററി ഡിപ്പാർട്ടുമെൻറു കീഴ്ഉദ്യോഗസ്ഥന്മാരോടു സമാധാനം ചോദിച്ചിട്ടുണ്ടോ?

മി. പി. ഗോമതിനായകം പിള്ള (എക്സൈസ് കമ്മീഷണർ): ഇല്ല ഒരിക്കലുമില്ല. യാതൊരു വിധമായ നിർബന്ധവും സഹിക്കുവാൻ ഞങ്ങൾ ഇടയാക്കാറില്ല. ആ ഉദ്ദേശം ഞങ്ങൾക്കു തീരെ ഇല്ലതാനും.

മി. മുകുവേലിൽ പാച്ചുപിള്ള (ചേത്തല): വ്യാജമായി ചെത്തു ധാരാളം നടക്കുന്നതായി അറിയാമോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഏവിടെയെങ്കിലും വ്യാജമായി ചെത്തുനടക്കുന്നുണ്ടോ എന്നു കണ്ടുപിടിക്കുന്നതിലേക്കായി ഞങ്ങൾ അന്വേഷണങ്ങൾ നടത്തിവരുന്നുണ്ട്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): വൃക്ഷങ്ങളുടെ എണ്ണം കൂടിയും ചെയ്യുന്നതു സംബന്ധിച്ച്, വൃക്ഷങ്ങൾ നിൽക്കുന്ന മണ്ണിന്റെ ഗുണം സംബന്ധിച്ച് സ്വീകരിക്കേണ്ടവയെന്തെല്ലാമാണെന്നും യോജിക്കേണ്ടതുണ്ടോ എന്ന് എന്നെ അറിയിക്കുമോ?

മി. പി. ഗോമതിനായകം പിള്ള (എക്സൈസ് കമ്മീഷണർ): ഞാൻ പറഞ്ഞതു അതുതന്നെയാണ്. വളരെ ശ്രമംചെയ്ത് ഒരു അന്വേഷണം നടത്തേണ്ടതുണ്ടായിട്ടുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): സർ, മി. ഗോമതിനായകംപിള്ളയുടെ സംഭാഷണത്തിൽ നിന്നും എക്സൈസ് ഡിപ്പാർട്ടുമെൻറിന്റെ ഇപ്പോഴത്തെ അധികാരിക്ക് മദ്യപാനദോഷത്തെ കുറക്കുന്നതിലേയ്ക്കായി അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെണ്ട് ഇടയ്ക്കുപോന്നുന്ന മാർഗ്ഗങ്ങളുടെ കാര്യക്ഷമതയിൽ തീരെ വിശ്വാസമില്ലെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കള്ളു ദോഷകരമല്ലാത്ത ഒരു സാധനമാണെന്നും തോന്നുന്നുണ്ട്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞാൻ പറഞ്ഞതു താരതമ്യേന അതു ദോഷമല്ലാത്തതാണെന്നാകുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതെ, താരതമ്യേന അതു ദോഷരഹിതമെന്ന് അദ്ദേഹം പറയുന്നു. പക്ഷെ അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ചാരായം കുടിക്കുന്ന സ്വഭാവവും അല്ലെങ്കിൽ കൂടുതൽ ദോഷകരമായ സാധനങ്ങൾ ഉപയോഗിക്കുന്ന സ്വഭാവവും നശിപ്പിക്കുന്നതുവരെ മദ്യപാനം ചെയ്യുന്ന സ്വഭാവം കുറവുചെയ്യേണ്ട ആവശ്യമില്ലെന്നാകുന്നു. എന്റെ ആലോചനയിൽ ആ അഭിപ്രായം തീരെ യുക്തിയുക്തമല്ലെന്നാകുന്നു തോന്നുന്നതു്. കള്ളുകുടിസ്വഭാവമായി തീർന്നിട്ടുള്ള ഒരുവനെ അതിൽനിന്നും വിരമിപ്പിക്കുന്നതിൽനിന്നും എത്രയോ കൂടുതൽ ശ്രമസാധ്യമായിട്ടുള്ളതാകുന്നു കൂടുതൽലഹരിയുള്ള മദ്യങ്ങൾ ഉപയോഗിച്ചു ശീലിച്ചിട്ടുള്ള ഒരുവനെ ആ പരിചയത്തിൽനിന്നും പിൻവലിപ്പിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ഒരുവൻ എത്രത്തോളം ലഹരിപദാർത്ഥങ്ങളിൽ ആസക്തനായിരിക്കുന്നുവോ അത്രത്തോളം അവനെ ആ

പരിചയത്തിൽനിന്നും പിൻതിരിക്കുവാനും പ്രയാസമുണ്ട്. ഇപ്പോൾ കള്ളുകുടി സ്വഭാവമായി സ്വീകരിച്ചിട്ടുള്ളവർ വളരെപ്പേരുണ്ടെങ്കിൽ അവരുടെ എണ്ണം കുറക്കുന്നതിനായി യത്നിച്ചുനോക്കുന്നതിലെന്താണ് ദോഷം വരാനുള്ളത്. ഡിപ്പാർട്ടുമെൻറിൽനിന്നും അതിലേക്കായി ഏതെങ്കിലും ഗൌരവതരമായി നടപടി ആരംഭിക്കുന്നതിനുമുമ്പ് ആ സ്വഭാവത്തെ ഉപേക്ഷിക്കുന്നതിനുള്ള ആഗ്രഹം സ്വയം ഉണ്ടാകണമെന്ന് മിസ്റ്റർ ഗോമതിനായകംപിള്ള പറയുന്നു, എക്സൈസ് ഡിപ്പാർട്ടുമെണ്ടിൻെറ അധികൃതൻ അപ്രകാരമൊരു ആലോചന കൈക്കൊള്ളുന്നതു് വലുതായ തെററാണെന്നാണ് എനിക്കു തോന്നുന്നതു്. ഇപ്പോൾ ഡിപ്പാർട്ടുമെൻറു സ്വീകരിച്ചിരിക്കുന്ന രീതികളിൽ അദ്ദേഹത്തിന് സ്വയമായി വിശ്വാസമില്ലെങ്കിൽ, മദ്യപാനദോഷത്തെ കുറക്കുന്ന വിഷയത്തിൽ ഫലപ്രദമായ പുരോഗമനം ഉണ്ടാകാവുന്നതെങ്ങിനെയെന്നു എനിക്കു മനസിലാകുന്നില്ല.

മി. പി. ഗോമതിനായകം പിള്ള (എക്സൈസ് കമ്മീഷണർ): നടപടിക്രമത്തെപ്പററി എനിക്കൊന്നുകൂടി പറയാനുണ്ട്. ഡിപ്പാർട്ടുമെണ്ടു സ്വീകരിച്ചിട്ടുള്ള പലതികളിൽ എനിക്കു പൂർണ്ണവിശ്വാസമുണ്ട്, ഞാൻ പറഞ്ഞിട്ടുള്ളതിനെ തെററി ഉദ്ധരിക്കുകയാണു ചെയ്യുന്നതു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ അദ്ദേഹത്തിൻെറ പ്രസംഗത്തെ ശ്രദ്ധയോടുകേൾക്കുകയുണ്ടായി. ആവശ്യത്തിനനുസരിച്ചു കൊടുക്കുകയെന്ന നയത്തെ ആധാരമാക്കിട്ടുള്ളതാണ് ഇപ്പോഴത്തെ ഏർപ്പാടെന്നും എവിടേയെങ്കിലും ആവശ്യമുള്ളതായി കാണപ്പെടുന്നതു് അവിടെ അതിനനുസരണമായി കൊടുക്കുകയും ചെയ്യാതിരുന്നാൽ ഏതെങ്കിലും വിധത്തിൽ ആവശ്യം നിർവ്വഹിക്കപ്പെടുമെന്നും ഒന്നിലധികം പ്രാവശ്യം അദ്ദേഹം പറഞ്ഞു. അപ്രകാരമുള്ള ഒരു ഉദ്ദേശമല്ല ഈ മാതിരി സംഗതികളിൽ എക്സൈസ് ഡിപ്പാർട്ടുമെൻറ് അധികൃതന്മാർ സ്വീകരിക്കേണ്ടതു്. കഴിയുന്നിടത്തോളം കൊടുക്കുന്നതു കുറവുചെയ്യുകയും അതോടുകൂടിത്തന്നെ ന്യായരഹിതമായ മാർഗങ്ങളിൽ കൂടി ആവശ്യം നിർവ്വഹിക്കപ്പെടുന്നില്ലെന്നു കാണുന്നതിലേക്ക് ആവശ്യമുള്ള ഏർപ്പാടുകൾ സ്വീകരിക്കയും ചെയ്യേണ്ടതാകുന്നു. അങ്ങിനെയല്ലെങ്കിൽ ഈ ഡിപ്പാർട്ടുമെണ്ടു ഉണ്ടായിരിക്കുന്നതുകൊണ്ടുള്ള പ്രയോജനം എന്താണെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ, രാജ്യത്തിൽനിന്നും ഈ ദോഷത്തെ നിഷ്ക്കാസനം ചെയ്യണമെന്ന് ഡിപ്പാർട്ടുമെണ്ടിന് മനഃപൂർവ്വമായ താല്പര്യമുണ്ടെന്നു വരികിൽ, ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമങ്ങൾ അനുസരിച്ചുതന്നെയും വളരെയൊക്കെ ചെയ്യാൻ കഴിയുന്നതാണ്. ഇപ്പോൾ നമുക്കു എക്സൈസ് ഡിപ്പാർട്ടുമെണ്ടിൽ അനവധി ഉദ്യോഗസ്ഥന്മാരുണ്ട്. അവരുടെയെല്ലാം ജോലി ഡിപ്പാർട്ടുമെണ്ടു ചട്ടങ്ങളെ ആരും അനുസരിക്കാതിരിക്കുന്നില്ലെന്നും, വ്യാജമായി കള്ളും ചാരായവും ഉണ്ടാക്കുകയാകട്ടെ, വിൽക്കുകയാകട്ടെ, രാജ്യത്തിലുപയോഗപ്പെടുത്തുകയാകട്ടെ, ആരും ചെയ്യുന്നില്ലെന്നു നോക്കുകയാകുന്നു, സർ, ആവശ്യമുള്ള സ്ഥലങ്ങളിൽ മതിയാകുവോളം കൊടുക്കത്തക്കവണ്ണം സാധനം ഇല്ലാതിരുന്നാൽ വ്യാജമാർഗ്ഗങ്ങളെ അന്വേഷിക്കാതിരിക്കുകയില്ലെന്നു ഡിപ്പാർട്ടുമെണ്ടു അധികൃതൻ അഭിപ്രായപ്പെടുന്നതു് ഡിപ്പാർട്ടുമെൻറു ജോലിയെപ്പററിയുള്ള എത്രയും പരിതാപകരമായ വ്യാഖ്യാനമാണെന്നുള്ളതിന് സംശയമൊന്നുമില്ല, ഞങ്ങൾ ഡിപ്പാർട്ടുമെണ്ടിൻെറ ബലത്തെ ആശ്രയമായിക്കരുതിക്കൊണ്ടിരിക്കുന്നതു് ഈ സംഗതിയാലാകുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): മിസ്റ്റർ താണുപിള്ള വിചാരിക്കുന്നതു മദ്യവർജ്ജനം ഉടനടി സ്വീകരിക്കുന്നതിനുള്ള പ്രതിബന്ധങ്ങളാകുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ആ സംഗതിസംബന്ധിച്ചു എനിക്ക് മറുപടി പറയാനുള്ള സമയം ഉടനടി മദ്യവർജ്ജനസമയം സ്വീകരിക്കുന്നതിനുള്ള ഏർപ്പാടുകൾ സ്വീകരിക്കുവാൻ പോകുന്ന എന്ന് ഗവർമ്മെൻറു പ്രഖ്യാപനം ചെയ്യുമ്പോളായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. ഏതാനും നിമിഷങ്ങൾക്കുമുമ്പ് മാത്രമാണ് തിരുവിതാംകൂറിൽ മദ്യവർജ്ജനനയം നടപ്പാക്കുവാനുള്ള ഉദ്ദേശം പോലുമില്ലെന്ന് ഉദ്യോഗാധികൃതരിൽനിന്നും നാം കേൾക്കുകയുണ്ടായതു്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): മദ്യവർജ്ജനനയം സ്വീകരിക്കുന്നതിനുള്ള പ്രതിബന്ധങ്ങളിലൊന്ന് വ്യാജമായി മദ്യം ഉണ്ടാക്കുന്നതിനെ തിരുത്തുവാൻ സാധിക്കുന്നതല്ലെന്നുള്ളതാണെന്ന് മി. താണുപിള്ളക്കറിയാമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): മെംബറുടെ ചോദ്യത്തിനു ഉത്തരം പറയുന്നതിനുമുമ്പ് പരിപൂർണ്ണമായ മദ്യവർജ്ജനം സാധ്യമായി വരുന്ന ഒരു ഘട്ടത്തെ പ്രാപിക്കണമെന്നുള്ളതാണോ ഗവർമ്മെൻറിൻെറ നയം എന്നു എനിക്കോട്ടു അദ്ദേഹം പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): ഞാൻ ഒരു ചോദ്യം കൂടെ ചോദിച്ചു കൊള്ളട്ടെ. നമ്മുടെ എക്സൈസ് നയമായി മദ്യവർജ്ജനം സ്വീകരിക്കുന്നതിനുള്ള പ്രതിബന്ധങ്ങളിലൊന്നു വ്യാജമായി ചാരായവും കള്ളും ഏർപ്പെടുത്തുന്നതിനെ തടയുവാൻ സാധിക്കുന്നതല്ലെന്നുള്ളതാണെന്നു സമ്മതിക്കുകയാണെങ്കിൽ, മദ്യത്തിനുള്ള ആവശ്യം തീരെ അതൃപ്തികരമായ രീതിയിൽ ഉപേക്ഷിക്കപ്പെടുന്നതായാൽ വ്യാജമായി കള്ളും ചാരായവും ഉണ്ടാക്കുവാൻ ഇടയായിത്തീരുന്നതാണെന്നു മെമ്പർ സമ്മതിക്കുമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണവും, ഷാപ്പുകളുടെ എണ്ണവും കുറവു ചെയ്യണമെന്നുമാത്രം ആവശ്യപ്പെടുന്ന പ്രസ്തുത പ്രമേയത്തിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതിനും മദ്യവർജ്ജനത്തിനും തമ്മിലുള്ള അന്തരജാന്തരങ്ങൾ അവഗമനം ചെയ്യുവാൻ ലാമെമ്പർക്കു സാധിക്കാത്തതിൽ എനിക്കു വളരെ അതിശയം തോന്നുന്നുണ്ട്. ഉടനടി മദ്യവർജ്ജനനയം നടപ്പിൽ കൊണ്ടുവരുന്ന കാര്യം വളരെ പ്രയാസമായിട്ടുള്ളതാണെന്നു അല്പസ്വല്പത്തിനു മുമ്പു ഈ സഭയെ അറിയിച്ചിട്ടുമുണ്ട്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): ഉവ്വ്, എന്നാൽ അതിലേക്കുള്ള കാരണങ്ങൾ എന്താണെന്നു അദ്ദേഹത്തിനു അറിവുണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെയാണെങ്കിൽ മദ്യവർജ്ജനത്തിനും പ്രസ്തുത പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതിനുമിടയിൽ വളരെയധികം വ്യത്യാസമുണ്ടല്ലോ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): മദ്യവർജ്ജനം നടപ്പിലാക്കുന്നതിനു പ്രയാസമായിത്തീരുന്ന കാരണങ്ങൾ എന്തെല്ലാം?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഉദ്യോഗസ്ഥന്മാർ അതിൽ യഥാർത്ഥമായ താല്പര്യം പ്രദർശിപ്പിക്കുകയും, മനഃപൂർവ്വമായി പ്രയത്നിക്കണമെന്നു മനസ്സിൽ ഉറപ്പായിക്കരുതുകയും ചെയ്യുന്നതായാൽ ഇന്നത

ന്ന വേണമെങ്കിലും പരിപൂർണ്ണമായ മദ്യവർജ്ജനം പ്രായോഗികമായ രീതിയിൽ നടപ്പിലാക്കുവാൻ സാധിക്കുന്നതാണെന്നു ഞാൻ പ്രഖ്യാപനം ചെയ്യുന്നു. (മി. എ. എസ്സ്. ദാമോദരൻ ആശാൻ കേൾക്കുവിൻ, കേൾക്കുവിൻ.) ആവശ്യമെവിടെയുണ്ടോ അവിടെ സാധനം കൊടുക്കുകതന്നെ വേണം. എന്നു ഡിപ്പാർട്ടുമെൻറു അധികൃതൻ തന്നെ പറയുകയാണെങ്കിൽ നിശ്ചയമായിട്ടും മദ്യവർജ്ജനം നടപ്പിലാക്കുവാൻ വളരെ വളരെ ബുദ്ധിമുട്ടുണ്ടാകുകതന്നെ ചെയ്യും. തിരുവിതാംകൂർ മദ്യവർജ്ജനം നടപ്പിലാക്കാതിരിക്കുന്നതിനുള്ള കാരണം ഞാൻകാണുന്നില്ല. നമ്മുടെ മുതലെടുപ്പിൽ അഞ്ചിലൊരംശത്തോളം ചെലവു ചെയ്തു വരുന്ന നമ്മുടെ വിദ്യാഭ്യാസത്തെപ്പററി നാം വളരെയൊക്കെ പ്രശംസിക്കുകയും ചെയ്യുന്നു.

പ്രസിഡണ്ടു്: പ്രമേയത്തിൻെറ ഉദ്ദേശത്തിൽ നിന്നും മെമ്പർ ചംക്രമണം ചെയ്യുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): എൻെറ ഉദ്ദേശത്തിൽ നിന്നും കടന്നു പോകണമെന്നു ഞാൻ ഒരിക്കലും ആവശ്യപ്പെട്ടില്ല. നേരായ മാർഗ്ഗത്തിൽ നിന്നും ഏതെന്നു തെററിച്ചു ദൂരെക്കൊണ്ടു പോയതു് ലാമെമ്പറാണു്.

അതു നിമിത്തം ഇതു പ്രസ്താവിക്കുവാൻ ഞാൻ നിർബന്ധിതനായിത്തീർന്നു. വിശേഷിച്ചും ഏതാനും നിമിഷങ്ങൾക്കു മുമ്പു എക്സൈസ് നയമായി മദ്യവർജ്ജനത്തെ അംഗീകരിക്കുകയെന്നുള്ള ഉദ്ദേശം ഗവണ്മെൻറിനു തീരെ ഇല്ലെന്നു പ്രസിഡണ്ടു പ്രഖ്യാപനം ചെയ്ത സ്ഥിതിയ്ക്കു അദ്ദേഹം ഏതോട്ടു ആ ചോദ്യം ചോദിച്ചതു് തീതിയിരുന്നുവോണെന്നു ഞാൻ വിചാരിക്കുന്നു.

സർ, പ്രമേയത്തിനെ സംബന്ധിച്ചു പറയുന്നതായാൽ, അതിൽ ആവശ്യപ്പെടുന്നതു വളരെ മിതമായ ഒരു ആവശ്യമാണു്. അതിസൂക്ഷ്മമായി വായിക്കുമ്പോൾ ഇപ്പോഴത്തെ രൂപത്തിൽ പദഘടന സംബന്ധിച്ചു പ്രമേയത്തിൽ കാണപ്പെടുന്ന ചില നിസ്സാര ന്യൂനതകളെ ആധാരമാക്കി എക്സൈസ് കമ്മീഷണർ രക്ഷപ്പെടുവാൻ നോക്കുന്നതിൽ ഞാൻ വളരെ അതിശയിക്കുന്നു. കൌൺസിലിൽ മലയാളഭാഷ ഉപയോഗപ്പെടുത്തിവരുന്ന ഒരു മെമ്പരുടെ പേരിലുള്ളതാകുന്നു പ്രമേയം. അതുകൊണ്ടു പ്രമേയത്തിൻെറ വാക്യരചനയ്ക്കു ഉത്തരവാദിത്വം വഹിക്കുന്നതു ആരാണെന്നു എനിക്കു നിശ്ചയമില്ല. അതു ചീത്ത ഇംഗ്ലീഷിൽ രചിച്ചിരിക്കുന്നതായിട്ടാണു് ഞാൻ കാണുന്നതു. (ചിരി) അതിനുത്തരവാദി ആരാണെന്നു എനിക്കു അറിഞ്ഞുകൂടാ. എങ്ങിനെയായാലും ഉദ്ദേശം വ്യക്തമാകുന്നുണ്ടു്, അതിൽ മൂന്നു ഉദ്ദേശങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ഓരോ ഷാപ്പിലേക്കും ചെത്തുന്നതിലേക്കായി വിട്ടു കൊടുക്കുന്ന വൃക്ഷങ്ങളുടെ എണ്ണം ക്ലിപ്തപ്പെടുത്തണം. അതാണു് ഒരു ഉദ്ദേശം. പിന്നെ, വാടക കിട്ടുന്ന ഓരോന്നൂറുരൂപയ്ക്കും ഇത്ര വൃക്ഷം എന്നു ക്ലിപ്തം ചെയ്യണം. മൂന്നാമതായി ഷാപ്പുകളുടെ എണ്ണം കുറയുന്നതോടുകൂടി ചെത്തു വൃക്ഷങ്ങളുടെ എണ്ണവും കുറവു് ചെയ്യണം. പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുള്ള മൂന്നു സംഗതികൾ ഇവയാകുന്നു, എന്നെ സംബന്ധിച്ചിടത്തോളം പ്രമേയത്തിൽ അടങ്ങിട്ടുള്ള ഉദ്ദേശങ്ങളെ നടപ്പിൽ കൊണ്ടു വരുന്നതിനു യാതൊരു ബുദ്ധിമുട്ടുമുള്ളതായി ഞാൻ കാണുന്നില്ല, എക്സൈസ് കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള സാങ്കേതിക പ്രതിബന്ധങ്ങൾ വളരെ നിസ്സാരങ്ങളാകുന്നു. ഡിപ്പാർട്ടുമെൻറിൽ നിന്നും നിശ്ചയിക്കുക മാത്രം ചെയ്യുന്നതാകയാൽ ഈ പ്രമേയത്തെ നടപ്പിലാക്കുന്നതിലേയ്ക്കു യാതൊരു തടസ്സവും തീരെ ഉണ്ടായിരിക്കുന്നതല്ല. ഇത്രയും പറഞ്ഞുകൊണ്ടു സർ, ഞാൻ പ്രമേയത്തെ ബലമായി അനുകൂലിക്കുന്നു.

മി: മാത്യുമുതിക്കൻ (വൈക്കം): മി: പാച്ചുപിള്ള അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു ചില വാക്കുകൾ പറയുവാൻ ഞാനും ആഗ്രഹിക്കുന്നു. ആവശ്യത്തിനനുസരിച്ചു കൊടുക്കുക എന്ന നിയമങ്ങളെ എക്സൈസ് കമ്മീഷണർ ഉദ്ധരണം ചെയ്തു. ആ നിയമത്തെ അദ്ദേഹം സഭയെ ഉപദേശിച്ചതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. അദ്ദേഹത്തിനു അതിലേക്കായി നന്ദിപറയുന്നതോടുകൂടി, ഇതു പോലെയുള്ള സംഗതികളിൽ ആവശ്യത്തിനനുസരിച്ചു കൊടുക്കുകയെന്ന സാധാരണ നിയമങ്ങൾ ഉപയോഗപ്പെടുത്തുവാൻ പാടുള്ളതല്ല. മൂഢനായ ഒരുവൻ മധുരമുള്ള വിഷം വേണമെന്നു അപേക്ഷിക്കുന്നതായി ഒരു നിമിഷനേരം നമുക്കു ആലോചിക്കാം. അവൻ മാധുര്യമുള്ള വിഷം വളരെ വേണമെന്നു അപേക്ഷിച്ചിട്ടുള്ളതു കൊണ്ടു മാത്രം അതു അവനു കൊടുക്കാവുന്നതല്ല. അതിനാൽ ഞാൻ പറഞ്ഞതു പോലെ, ഇതു പോലെയുള്ള സംഗതികളിൽ ആവശ്യത്തിനനുസരിച്ചു കൊടുക്കുക എന്ന സാധാരണ നിയമങ്ങൾ പ്രയോഗിക്കാവുന്നതല്ല. അതു കൊണ്ടു എക്സൈസ് കമ്മീഷണർ ആ നിയമങ്ങളെപ്പററി പ്രതിപാദിച്ചപ്പോൾ അദ്ദേഹത്തിനു അല്പം തെററുവന്നുപോയിട്ടുണ്ടു്. എക്സൈസ് ഡിപ്പാർട്ടുമെൻറിൻെറ നയത്തിനു വിരോധമായി പ്രമേയത്തിൽ യാതൊന്നും തന്നെയില്ല. മദ്യവർജ്ജനത്തെ ഗവണ്മെൻറിൽനിന്നും ഒട്ടും തന്നെ അംഗീകരിച്ചിട്ടില്ലെന്നു ഞങ്ങൾക്കു മനസ്സിലാകുന്നുണ്ടു്. മദ്യവർജ്ജനം ഗവണ്മെൻറിൽ നിന്നും അംഗീകരിച്ചിട്ടില്ലെന്നു സമ്മതിക്കുന്നതായാൽ തന്നെയും, ഡിപ്പാർട്ടുമെൻറു നയത്തിനു വിരോധമായി പ്രമേയത്തിൽ യാതൊന്നും തന്നെയില്ലെന്നു ഞാൻ പറയുന്നു. പ്രമേയത്തിൻെറ ഭാഷ കുഴപ്പമായിട്ടുള്ളതാണെങ്കിലും അർത്ഥം വിശദമായിരിക്കുന്നുണ്ടു്. ഓരോ ഷാപ്പിലേക്കുള്ള ചെത്തു വൃക്ഷങ്ങളുടെ എണ്ണം ക്ലിപ്തം ചെയ്യണമെന്നുമാത്രമേ അതിൽ പറയുന്നുള്ളു. വ്യാജമായി വൃക്ഷങ്ങൾ ചെത്തി വരുന്നുണ്ടെന്നു എക്സൈസ് കമ്മീഷണർ തന്നെയും സമ്മതിക്കുന്നുണ്ടു്. ഈ പ്രമേയം വഴിയായി വ്യാജമായി നടത്തിവരുന്ന ചെത്തുകളെ തടയുന്നതിനുള്ള ചില മാർഗ്ഗങ്ങളെ മാത്രമെ മി: പാച്ചുപിള്ള നിർദ്ദേശിക്കുന്നുള്ളു. വൃക്ഷങ്ങളുടെ എണ്ണം ക്ലിപ്തം ചെയ്യുകയാണെങ്കിൽ, വ്യാജമായി നടത്തി വരുന്ന ചെത്തുകളെ ഡിപ്പാർട്ടുമെൻറിനു എളുപ്പത്തിൽ കണ്ടു പിടിക്കുവാൻ സാധിക്കുന്നതാണു്. ഡിപ്പാർട്ടുമെൻറിൻെറ മനോഭാവങ്ങൾക്കു പ്രമേയം വിപരീതമായിത്തീരുന്നില്ല. എക്സൈസ് കമ്മീഷണർക്കു കുററം പറയത്തക്കവണ്ണം പ്രമേയത്തിൽ യാതൊന്നും തന്നെയില്ല. പ്രമേയം രാജ്യത്തിലെ മുതലെടുപ്പിനെ ബാധിക്കുന്നതല്ല. താൻ വാങ്ങിക്കുവാനുദ്ദേശിക്കുന്ന ഷാപ്പിലേക്കു എത്ര വൃക്ഷങ്ങളുണ്ടെന്നുള്ള വിവരം കൺട്രാക്ടർക്കു മുൻകൂട്ടി അറിയാൻ കഴിയുന്നതാണു്. അതു കൊണ്ടു അയാൾ, അതു വാങ്ങിക്കുന്നതായാൽ എല്ലാ കരാറുകൾക്കും അധീനതായിട്ടാണു് അപ്രകാരം ചെയ്യുന്നതു്. തൻെറ ഷാപ്പിനു വൃക്ഷങ്ങളുടെ ഒരു ക്ലിപ്ത സംഖ്യമാത്രമേ അനുവദിച്ചിട്ടുള്ളു എന്നു അയാൾക്കു അറിയാം. അതുകൊണ്ടു എക്സൈസ് കമ്മീഷണർക്കു വിരോധം പറയത്തക്കവണ്ണം പ്രമേയത്തിൽ യാതൊന്നും തന്നെയില്ല. നേരെ മറിച്ചു, വ്യാജമായി നടത്തിവരുന്ന ചെത്തുകളെ തടയുന്നതിനു പ്രമേയം ഗവണ്മെൻറിനെ സഹായിക്കുകയും ചെയ്യുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ പ്രമേയത്തെ അനുകൂലിച്ചു കൊള്ളുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): എന്റെ സ്നേഹിതൻ മി: പാച്ചുപിള്ളയുടെ പ്രമേയത്തെ അനുകൂലിച്ചു കൊണ്ടു രണ്ടു വാക്കു പറയണമെന്നു ഞാനും വിചാരിക്കുന്നു. മദ്യപാനത്തിൽ ചുമതലക്കാരനായിരിക്കുന്ന ബഹുമാനപ്പെട്ട ഈ മെമ്പർ പറഞ്ഞിരിക്കുന്നതു ആവശ്യത്തിനനുസരിച്ചു സാധനങ്ങൾ നൽകേണ്ടതുണ്ടു് ത്യാവശ്യമാണെന്നാണ്. അതു മിക്കവരും പരമാർത്ഥം തന്നെയാണ്. തിരുവിതാംകൂറിൽ നിന്നുമാത്രം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ആ മാന്യനായ മെമ്പർ പറയുന്നതു ആവശ്യത്തിനനുസരിച്ചു സാധനങ്ങൾ കൊടുക്കണമെന്നാണ്. എന്നാൽ പാശ്ചാത്യദേശങ്ങളിൽ പോയി വിദ്യാഭ്യാസം സമ്പാദിച്ച കൃഷി ഡയറക്ടർ വിചാരിച്ചിട്ടു നമ്മുടെ നാട്ടിനു ആവശ്യമുള്ള ആഹാരസാധനങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കുന്നില്ല. അദ്ദേഹത്തിനു ഈ സംഗതി സാധിച്ചിരുന്നുവെങ്കിൽ തിരുവിതാംകൂറിലെ ജനങ്ങൾ മുഴുവനും ഒന്നാകെ അദ്ദേഹത്തെ സ്തുതിക്കുമായിരുന്നു. വെറും വിഷം വേണമെന്നു ആഗ്രഹിക്കുന്ന ജനങ്ങളുടെ മുമ്പിൽ ധാരാളം വിഷം കൊണ്ടു വച്ചിരിക്കുകയാണ്. സാമാന്യം എത്രത്തോളം ഉണ്ടാക്കുന്നുവോ അത്രത്തോളം ആളുകൾക്കു കൊടുക്കുവാൻ സാധിക്കുന്നതാണ്.

ശീമമദ്യം ഇവിടെ ഇറക്കുമതി ചെയ്യുന്നതിനു മുമ്പു ശീമമദ്യത്തിൽ ജനങ്ങൾക്കു താൽപര്യം ഉണ്ടായിരുന്നു എന്നു ആരും തന്നെ പറയുമെന്നു എനിക്കു തോന്നുന്നില്ല. ഇപ്പോൾ കുറച്ചു വിദ്യാഭ്യാസവും ധനപുഷ്ടിയും ഉള്ള ആളുകൾക്കെല്ലാം തന്നെ ശീമമദ്യത്തിൽ ചാടണമെന്നാണ് ആഗ്രഹം. അതിനെ നമ്മുടെ വിദ്യാഭ്യാസമുള്ള ഗവണ്മെന്റു വരുത്തിവച്ചിരിക്കുന്നു എന്നു വേണം വിചാരിക്കാൻ. എന്നാൽ ശീമമദ്യം വരുത്തുന്നതിനു അനുവാദം കൊടുക്കാതെയിരുന്നാൽ ശീമമദ്യത്തിൽ ആർക്കും താൽപര്യം വരികയില്ലായിരുന്നു.

മി: കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): കള്ളുചെത്താവുന്ന വൃക്ഷങ്ങളുടെ എണ്ണം കുറയ്ക്കുകയാണെങ്കിൽ ശീമമദ്യത്തി (വിദേശമദ്യത്തിന്റെ ആവശ്യം കൂടുമോ, കുറയുമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അതുപോലെ ചെത്തുവൃക്ഷങ്ങളുടെ സംഖ്യ വർദ്ധിപ്പിച്ചു്, മദ്യത്തിനു അളവു വർദ്ധനയുണ്ടാക്കി, ആവശ്യം വരുത്തി, ആ ആവശ്യത്തെ സാധിക്കുന്നു എന്നുള്ള നിലയിൽ മാന്യമെമ്പർ പറഞ്ഞതിനെപ്പററിയാണ് ഞാൻ അഭിപ്രായപ്പെട്ടതു്, ഈ സംഗതിയിൽ ഗവണ്മെന്റു നഷ്ടപ്പെടണമെന്നു എനിക്കു അഭിപ്രായമില്ല. ഇപ്പോൾ ചെത്തുന്നതിനുള്ള വൃക്ഷങ്ങളുടെ എണ്ണം കുറയ്ക്കണമെന്നു ഈ പ്രമേയം കൊണ്ടു ആവശ്യപ്പെടുന്നില്ല, അടുത്ത മലവാവസരത്തിൽ ഒരു ശതമാനമനുസരിച്ചു വൃക്ഷങ്ങളുടെ സംഖ്യ കുറയ്ക്കണമെന്നാണ്. എന്നാൽ ഗവണ്മെന്റിനു നഷ്ടം വരാതിരിക്കുന്നതിനു വേണ്ടി വൃക്ഷക്കരം കൂട്ടുന്നതിൽ ജനങ്ങൾക്കാർക്കും പരാതിയില്ല. അതുകൊണ്ടു് ഗവണ്മെന്റു ഈ പ്രമേയം സമയം സ്വീകരിക്കണമെന്നാകുന്നു എന്റെ അഭിപ്രായം. ഈ അഭിപ്രായത്തോടുകൂടി ഞാൻ മിസ്റ്റർ പാച്ചുപിള്ളയുടെ പ്രമേയത്തെ അനുകൂലിച്ചു കൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഞാനും പ്രമേയത്തെ അനുകൂലിക്കുവാനാഗ്രഹിക്കുന്നു. പ്രമേയത്തെ ഖണ്ഡിക്കുന്നതിലേക്കായി പണ്ഡിതനായ എക്സൈസ് കമ്മീഷണർ നടത്തിയ പ്രസംഗം വ്യക്തമായി പറയുന്നതായാൽ സർ, ആദ്യന്തം, പൌരസ്ത്യരാജ്യങ്ങളിൽ മാത്രമല്ല പാശ്ചാത്യരാജ്യങ്ങളിലും എക്സൈസ് നയത്തെ നിയന്ത്രണം ചെയ്യുന്നതിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ആളുകളാൽ സ്വീകൃതങ്ങളായ അംഗീകൃതനയങ്ങളെ അടിസ്ഥാനമാക്കീട്ടുള്ളതല്ല,

ഓരോ കാര്യങ്ങളായി പറയുമ്പോൾ, സർ, സ്ഥലങ്ങൾതോറും കള്ളിന്റെ വില വ്യത്യാസപ്പെടുന്നുണ്ടെന്നും, ആ വ്യത്യാസത്തിന്റെ കാരണം ആവശ്യത്തിന്നനുസരിച്ചു സാധനങ്ങൾ കൊടുക്കുക എന്ന നിയമമാണെന്നും ഉള്ള അഭിപ്രായക്കാരനാകുന്ന പണ്ഡിതനായ എക്സൈസ് കമ്മീഷണർ, ഈ സഭ മുമ്പാകെ സാമ്പത്തിക സിദ്ധാന്തം സംബന്ധിച്ചു കൊണ്ടുവന്നിട്ടുള്ള ഒരു പുതിയ പ്രമേയമാകുന്നു അതു. ഞങ്ങളിൽ അധികം പേരും ആ സിദ്ധാന്തത്തെ സ്വീകരിക്കുവാൻ തയ്യാറില്ലാത്തവരാകുന്നു. ഞങ്ങളുടെ അറിവിൽ നിന്നും വ്യത്യസ്തമായ ഒരു തീർത്തമാനം ഞങ്ങൾക്കുണ്ടായിട്ടുണ്ട്. അതാണ് ശരിയായിട്ടുള്ളതും, ആവശ്യമനുസരിച്ചു കൊടുക്കുക എന്ന സിദ്ധാന്തത്തിലേക്കു അധികാരികളായി അംഗീകരിക്കാവുന്നവരെയല്ലെങ്കിൽ ചരിശോധിക്കപ്പെട്ടിട്ടുമുണ്ട്. മദ്യങ്ങളെ സംബന്ധിച്ചിടത്തോളം, ഒരു പ്രത്യേക സ്ഥലത്തിലുള്ള മദ്യത്തിന്റെ വിലയെ നിയന്ത്രിക്കുന്നതു് ആവശ്യമനുസരിച്ചു കൊടുക്കുക എന്ന തത്ത്വപ്രകാരമല്ല. പ്രത്യുത, സ്ഥലത്തുള്ള ജനങ്ങളുടെ വിലയ്ക്കു വാങ്ങാനുള്ള ശക്തിക്കുടുതലോ കുറവോ ആയിരിക്കുന്നതനുസരിച്ചാകുന്നു വിലയ്ക്കും വ്യത്യാസമുണ്ടാകുന്നതു്. ആവശ്യമനുസരിച്ചു കൊടുക്കുക എന്ന സാധാരണരീതി നിയമം വിലയെ നിയന്ത്രിക്കുന്നതെവിടെയൊ അവിടെ ഒരു നിശ്ചയം ഉണ്ടാവുന്നതിലേക്കായി പ്രയോഗിക്കുന്ന ഏററവും സൂക്ഷ്മമായ പരിശോധനാരീതി അതുതന്നെയാകുന്നു.

മി: കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): തൃപ്തികരമല്ലാത്ത ആവശ്യം അനീതിയായി മദ്യം ശേഖരിക്കുവാനോ അല്ലെങ്കിൽ അതിലേയ്ക്കു പ്രേരകമായിത്തീരുവാനോ ഇടയാക്കുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വേറെയൊരു സംഗതിയെപ്പറയാൻ തക്കവണ്ണം ചാമെമ്പർ എന്നു ഓർമ്മിപ്പിച്ചതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. സർ, മദ്യം, ജനങ്ങൾക്കു വളരെ ആവശ്യമുള്ള ഒരു സാധാരണ ആഹാരസാധനമാകുന്നു, ഏതു വിലയ്ക്കും അതു അവർക്കു കൊടുക്കേണ്ടതാണെന്നും അപ്രകാരം കൊടുത്തില്ലെങ്കിൽ ന്യായമൊ അന്യായമോ ആയ മാർഗ്ഗങ്ങളിൽക്കൂടി അവർ അതു സമ്പാദിക്കുവാൻ നോക്കുമെന്നും വിചാരിക്കേണ്ടതായിട്ടില്ല. ഈ പ്രത്യേക സംഗതിയിൽ, ഒരുത്തൻ വൈകുന്നേരസമയം മദ്യപാനം ചെയ്യാൻ പോകുന്നതു, അവൻ അതിലേക്കു വകയുണ്ടായിട്ടല്ല. പ്രത്യുത അവനിൽ കുടികൊള്ളുന്ന സ്വഭാവം നിമിത്തം, അവന്റെ പണസ്ഥിതി വൈകുന്നേരം ഷാപ്പിലേക്കു പോകുവാൻ അവനെ അനുവദിക്കുന്നില്ലെങ്കിലും കുടിക്കുവാൻ അവൻ നിർബന്ധിതനായിത്തീരുന്നതിനാലാണ്. വീണ്ടും, ആവശ്യമുള്ളപ്പോൾ അതിനു തക്കവണ്ണം കൊടുക്കുവാനില്ലെങ്കിൽ മദ്യം ലഭിക്കുന്നിടത്തേക്കായി വ്യാജമായ മാർഗ്ഗങ്ങൾ അന്വേഷിച്ചു പോകുന്നതിനു തന്നെയാണ് വഴിയുള്ളതു്. ആ കാരണം കൊണ്ടു തന്നെയാണ് പ്രതിവർഷം ഈ സഭ നീതിന്യായമായ ചെത്തിനും, കുടിയേയും ഇല്ലാതാക്കുന്നതിലേക്കായി വലിയ സംഖ്യ അനുവദിച്ചു കൊണ്ടിരിക്കുന്നതു് ഈ യോഗത്തിനിടയ്ക്കു തന്നെ എക്സൈസ് കമ്മീഷണർ, മദ്യം വ്യാജമായി കൊണ്ടുവരുന്നതിനെ തടയു:

ന്നതിലേക്കായി ആരോ ഏതോ ഡസ്ക്കുകൾ കൂട്ടത്തലായി പണിയിക്കുന്നതുകയ്യ ഒരു ഗ്രാന്റ് വേണമെന്നു അ വശ്യപ്പെടുകയും യാതൊരു വിസമ്മതവും കൂടാതെ ആ തുക നല്കുകയും ചെയ്തു. വ്യാജമായി മദ്യം ഉണ്ടാക്കുന്ന ഏർപ്പാടു ഒരിടത്തും നടക്കാത്തവിധം എക്സൈസ് കമ്മീഷണരും അദ്ദേഹത്തിന്റെ സിൽബന്ധിക ളും അവരുടെ കൃത്യത്തെ ശരിയാകുംവണ്ണം ചെയ്യണമെന്നാകുന്നു ഈ സഭ ആഗ്രഹിക്കുന്നതു്. അതിനെല്ലാ ത്തിനും പകരം വ്യാജച്ചെത്തു മുറയ്ക്കു നടന്നു വരുന്നു. അതു തീരെ തൃപ്തികരമായ ഒരു അവസ്ഥയല്ല. അതി ലേക്കു കമ്മീഷണർ സ്വയം നന്ദിപറയുകയേ നിവൃത്തിയുള്ളു.

കമ്മീഷണർ കൊണ്ടുവന്നിട്ടുള്ള വേറൊരു പ്രമേയം ഒരു പ്രത്യേക ഷാപ്പിന് ചെത്താനുള്ള വൃക്ഷങ്ങളു ടെ എണ്ണം കുറവുചെയ്യുന്നതു് ഒരു നല്ല നയമല്ലെന്നുള്ളതാണ്. മറ്റെല്ലാ അധികാരികളെയുംപോലെ ഞാനും അദ്ദേഹത്തോടും യോജിക്കുന്നില്ല. സർ, നമ്മുടെ ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ള നയം ആകമാനമായുള്ള മദ്യവർജ്ജനമല്ല. എന്നാൽ പരമമായ ഉദ്ദേശം മദ്യവർജ്ജനംതന്നെയാണെന്ന് ആരും സമ്മതിക്കാതിരിക്കയില്ല. മദ്യവർജ്ജനം വേണമെന്ന് അഭിപ്രായപ്പെടുന്ന പാശ്ചാത്യരാജ്യങ്ങൾകൂടിയും, പൊടുന്നനവേ നേരെ മദ്യവർജ്ജ നത്തിലേക്കായി ചാടുന്നില്ല. ഏതാനും വർഷങ്ങൾക്കുശേഷം പരിപൂർണ്ണമായ മദ്യവർജ്ജനം സിദ്ധിക്കുന്നതിനു ക്കായി അവർ അനേകം മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. ഇതുകൊണ്ടു്, ഇവിടെ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രാ യം പരിപൂർണ്ണമായ മദ്യവർജ്ജനം ലഭിക്കുന്നതിനുവേണ്ടി അനേകം മാർഗ്ഗങ്ങൾ നമുക്കും സ്വീകരിക്കേണ്ടതു യിരിക്കുന്നു എന്നാകുന്നു. ഒരു പ്രത്യേക ഷാപ്പിൽനിന്നും ചെത്തപ്പെടുന്ന വൃക്ഷങ്ങളുടെ എണ്ണം ക്ഷീണപ്പെടുത്തുകയെ ന്നുള്ളതു് അതിൽ ഒരു മാർഗ്ഗം മാത്രമാകുന്നു. പാശ്ചാത്യരാജ്യങ്ങൾ നല്ലപോലെ അംഗീകരിച്ചിട്ടുള്ളതും സ്വീ കരിച്ചിട്ടുള്ളതും ആയ ഒരു നയമാകുന്നു അതു്. ആരെങ്കിലും പ്രമാണങ്ങൾ ഉദ്ധരിക്കുവാൻ ആവശ്യപ്പെടുന്ന പക്ഷം അതു സംബന്ധിച്ചു് പ്രാമാണികന്മാരായ ലേഖകന്മാർ എഴുതിട്ടുള്ളതിൽനിന്നും ഉദ്ധരിക്കുവാൻ ഞാൻ തയ്യാറും ആണ്. ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണം കുറയ്ക്കുന്നതായാൽ, ആവശ്യം നിർവ്വഹിക്കുവാൻ ഡിപ്പാർട്ടുമെ ന്റിനു സാധിക്കുന്നതല്ലെന്നും, അതുനിമിത്തം ഡിപ്പാർട്ടുമെന്റിന് ഉപദ്രവമുണ്ടാകുമെന്നും, അവസാനമായി മുതലെടുപ്പിനു കുറവുവരുമെന്നും എക്സൈസ് കമ്മീഷണർ പറയുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഒരു ഷാപ്പ് ഉടമസ്ഥനാൽ ചെത്തപ്പെ ടുന്ന വൃക്ഷങ്ങളുടെ എണ്ണം കുറയ്ക്കുന്ന ഏർപ്പാട് എവിടെയെങ്കിലും നടപ്പിലുണ്ടോ എന്ന് മെംബർ എന്നെ അറിയിക്കുമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ചോദ്യം നീതിവിരുദ്ധമാണെന്ന് ഞാൻ അറിയിക്കുന്നു. മററു രാജ്യങ്ങളിൽ സംഭവിക്കുന്ന കാര്യങ്ങൾ ദൃഷ്ടാന്തമായി ഉദ്ധരിക്കാമോ? ഈയിടെ അതുസംബന്ധിച്ച് ഒരു റൂളിംഗ് ഉണ്ടായിട്ടുണ്ട്.

പ്രസിഡൻറ്: ചില നീതിയിലുള്ള ഏർപ്പാടുകളെപ്പററിയാണ് അദ്ദേഹം പറയുന്നതു്; അല്ലാതെ രാജ്യ ങ്ങളെപ്പററിയല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇംഗ്ലണ്ടിൽ ആ ഏർപ്പാട് അംഗീകരിക്കപ്പെട്ടിട്ടു ണ്ട്. ആ വിവരം അടങ്ങിയ ചില പുസ്തകങ്ങൾ നിയമസഭാ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്; എക്സൈസ് കമ്മീഷണർ അതു വായിച്ചുനോക്കേണ്ടതാകുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഇംഗ്ലണ്ടിൽ വൃക്ഷങ്ങൾ ആകമാനംതന്നെ ചെ ത്തപ്പെടുന്നില്ലെന്ന് വിശ്വാസയോഗ്യമാകുംവണ്ണം പോലീസ് കമ്മീഷണർ എന്നെ അറിയിച്ചിരിക്കുന്നു എന്നുള്ള വിവരം ഞാൻ മെമ്പറെ അറിയിക്കട്ടെയോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇംഗ്ലീഷ് ഗ്രന്ഥകാരന്മാർ ആ സിദ്ധാന്തം ഹാജ രാക്കീട്ടുണ്ട്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): വേറെയെവിടെയെങ്കിലും ഈ ഏർപ്പാ ടു സ്വീകരിച്ചിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അമ്മേരിക്കയിൽ.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഇല്ല. നിശ്ശേഷം ഇല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): മററു സ്ഥലങ്ങളിൽ സ്വീകരിച്ചിട്ടുള്ളതിനെ തന്നെ നാമും അനുകരിക്കണമെന്നുള്ള ആവശ്യമുണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഈ സംഗതികളെല്ലാം, എന്നെ വായിക്കുന്ന തിന്ന് അനുവദിക്കുന്നതായാൽ, ഞാൻ എന്റെ അനുഭവങ്ങളിൽനിന്നും വായിച്ചുകേൾപ്പിക്കാം. ഗവൺമെന്റ്സെ ക്രട്ടറിയും, കൃഷിവ്യവസായങ്ങളുടെ മിനിസ്റ്റരും ആയ മി: ജി. എസ്. ഡട്ട് ചൗധരി ഒരു കുട്ടിമോഷ ണം നടത്തിയ മറുപടിയിൽ ഇപ്രകാരം പ്രസ്താവിച്ചു. ഗവണ്മെന്റിന്റെ അംഗീകൃതനയം—

മി: എസ്. പിറവിപ്പുതുമഠംപിള്ള (കുച്ചുവേലവും, വ്യവസായവും തെക്ക്): മിയവുതച്ചു്, ഏതു സ്ഥലത്താണ്?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബാംഗാളിലെ കൌൺസിലിൽ.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മറെറവിടെയോ സംഭവി ക്കുന്ന സംഗതിയെപ്പററി മെമ്പർ പ്രസ്താവിക്കുന്നതു് ശരിയാണോ?

പ്രസിഡൻറ്: അദ്ദേഹം ഒരു പ്രസംഗം വായിക്കുകയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബഡ്ജററുയോഗത്തിനിടയ്ക്ക് ഒരു കട്ടിമോഷണം അ വതരിപ്പിച്ചപ്പോൾ വ്യാജമായി മദ്യം ഉണ്ടാക്കുന്നതു സംബന്ധിച്ച് പരിപൂർണ്ണമായ മദ്യവർജ്ജന സങ്കേതത്തെ പ്രാപിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെന്തെല്ലാമെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

അതിനാലാണ്, എനിക്കു സിദ്ധിച്ചിട്ടുള്ള അറിവുകളെ ഇതിന്മേൽ ആധാരമാക്കി കൊണ്ടു് ഞാൻ സം സാരിച്ചതു്. ഈ സഭയ്ക്ക് വേണമെന്നുണ്ടെങ്കിൽ ഇതിനെ ഒരു പ്രമാണഭൂതമായ വിജ്ഞാപനമായി സ്വീ കരിക്കുവാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ആദ്യനിലയെ നോക്കേണ്ടാ, സർ, ഇവിടെ നടന്നി

ട്ടുള്ള സംഭാഷണങ്ങളിൽനിന്നെല്ലാം ഈ സഭ മുമ്പാകെ ഹാജരാക്കപ്പെട്ടിട്ടുള്ള പ്രമേയം അസ്ഥാനത്തിലാണെന്നു വെളിവാകുന്നില്ല. നേരെമറിച്ച് എക്സൈസ് കമ്മീഷണരും അദ്ദേഹത്തിന്റെ പൂർവ്വഗാമിയും, അവർ സ്വീകരിച്ചിട്ടുള്ള നയം മദ്യനിരോധനമാണെന്ന് ഈ സഭയെ അറിയിക്കുകയും, ഗവർണ്ണമെന്റിൽനിന്നും ആ നയത്തെ സമ്മതിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഈ പ്രമേയം ഇപ്പോൾ സ്വീകരിക്കുന്നപക്ഷം ഈ രാജ്യത്തിലുള്ള മദ്യപാനത്തെ നിവൃത്തിക്കുന്നതിന് എക്സൈസ് കമ്മീഷണരുടേയും ഗവർണ്ണമെന്റിന്റേയും ഉദ്യമത്തെ ബലപ്പെടുത്തുകയേ ചെയ്യുകയുള്ളു. പാവപ്പെട്ടവരായ പുലയക്കും മററുള്ളവക്കും ആവശ്യമുള്ള കള്ള് കൊടുക്കാതെ കഴിയുകയില്ലെന്നുള്ള തന്റെ അഭിപ്രായത്തെ എക്സൈസ്കമ്മീഷണർ ഇന്നു പറയുകയുണ്ടായി. പ്രാദേശിക ജനങ്ങളുടെ, വിശേഷിച്ചും പാവപ്പെട്ടവരുടെ നിലയിൽ നിന്നും നോക്കുമ്പോൾ സർ, അത് ഒരാലോചനാധീനമായ ഒരു അഭിപ്രായമാണെന്നുവേണം പറയുവാൻ. നിങ്ങൾ അവനു കൂടുതൽ കൂടുതൽമദ്യം കൊടുത്തു കൊള്ളുക. അടുത്തദിവസം പുതിയ ഉന്മേഷത്തോടുകൂടി ജോലിചെയ്യാനാരംഭിക്കുവാൻ അത് അവനെ സഹായിക്കുന്നില്ല. പ്രത്യുത, അല്പാല്പമായി സാവധാനത്തിൽ നിങ്ങൾ അവന്റെ കായികമായ ശക്തിയെ ക്ഷീണിപ്പിക്കുകയാകുന്നു ചെയ്യുന്നത്. നിങ്ങൾ ഉദ്ദേശിച്ചു കാട്ടുന്നതായ ഫലം അവസാനം മറഞ്ഞുപോകുകയും ചെയ്യുന്നു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): കള്ള് പുഷ്ടിപ്രദമാണോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഷാപ്പുകളിൽനിന്നും കൊടുത്തുവരുന്ന സാധാരണ കള്ളല്ല. കള്ളുതന്നെയും, അല്പമായി ഉപയോഗപ്പെടുത്തിയാൽ പുഷ്ടിപ്രദമായിരിക്കും. ഡിപ്പാർട്ടുമെന്റിൽനിന്നും അതിനെ മലിനപ്പെടുത്തി വിഷമാക്കിത്തീർത്തതിനുശേഷം—ഡിപ്പാർട്ടുമെന്റ് അതിനെ പ്രാദേശിക ജനങ്ങൾക്കായി, വിശേഷിച്ചു പുലയക്കായി കൊടുക്കുന്നതായാൽ ആരോഗ്യഹേതുകമായ മദ്യമായി അതിനെ ആരും ആവശ്യപ്പെടുകയില്ല. മധുരമായ കള്ള ശേഖരിക്കുവാൻ ഡിപ്പാർട്ടുമെന്റ് ആവശ്യപ്പെടുന്നില്ല. വ്യാജമായ ഒരു ഉന്മേഷത്തെ കൊടുക്കുന്ന വിഷംമാത്രമേ അത് ആവശ്യപ്പെടുന്നുള്ളു. അതില്ലാതിരുന്നാൽ കള്ളുകുടിക്കുന്നതിനുവേണ്ടി ഷാപ്പിലേക്കു ആരും പോകുന്നതല്ല. അതുകൊണ്ട്, ആ നയം മര്യാദയ്ക്കു ശരിയായിരിക്കുന്നതല്ലെന്നു ഞാൻ തുറന്നു പറയുകയുമാണ്. സാധുക്കളായ വേലക്കാരുടെ ശരീരബലത്തേയും ജോലിചെയ്യാനുള്ള താണിയേയും, ദിവസനയുള്ള വേല തുടർന്നുകൊണ്ടുപോകാൻ സാധിക്കാത്തവിധം അത് നശിപ്പിച്ചുകളയുന്നു. അതുകൊണ്ട്, ഈ അനേകം കാരണങ്ങളാൽ എക്സൈസ് കമ്മീഷണരുടെ പ്രസംഗം മുഴുവനും സ്വീകരിക്കത്തക്കതല്ലാത്തതാകുന്നു. ഈ സ്ഥിതിക്ക്, അല്പമായ ഭേദഗതിപോലും കൂടാതെ പ്രമേയത്തെ സ്വീകരിക്കുവാൻ ഞാൻ സഭയോട് അപേക്ഷിച്ചുകൊള്ളുന്നു.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ പ്രമേയത്തിന് എക്സൈസ്കമ്മീഷണർ പറഞ്ഞ മറുപടി അശേഷം സ്വീകാര്യയോഗ്യമാണെന്നോ യുക്തിയുക്തമാണെന്നോ എനിക്കു തോന്നുന്നില്ല. ഒന്നാമത് എന്റെ പ്രമേയത്തിന് അദ്ദേഹം നല്കിയ വ്യാഖ്യാനംതന്നെ ഒട്ടും ശരിയല്ല. ഞാൻ ഈ പ്രമേയംകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് ഇപ്രകാരമാണ്. അതായത് ഓരോ ഷാപ്പിലേക്കും ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണം ക്ലിപ്തം ചെയ്യുന്നതെന്നും ഓരോ ചേലക്കാരുടെയും ഷാപ്പുകളുടെഎണ്ണം കുറയ്ക്കുന്നതോടുകൂടി വൃക്ഷങ്ങളുടെ എണ്ണവും കുറയ്ക്കണമെന്നും ആകുന്നു. ഇതു ഞാൻ പ്രമേയത്തിൽ വ്യക്തമായി കാണിച്ചിട്ടുണ്ട്. ഈ പ്രമേയം സ്വീകരിക്കുന്നതുകൊണ്ട് യാതൊരുവിധ ന്യൂനതയും ഡിപ്പാർട്ടുമെന്റിന് ഉണ്ടാകുന്നതല്ല. ഗവർണ്ണമെന്റിന് അതുകൊണ്ട് പറയത്തക്കതൊന്നും ഉണ്ടാകയില്ല. ഡിപ്പാർട്ടുമെന്റിനെ കുറെക്കൂടി കാര്യക്ഷമമാക്കി ഡിപ്പാർട്ടുമെന്റിൽനിന്നും പ്രവ്യാപനം ചെയ്തിട്ടുള്ള തത്വങ്ങളെ ക്രമേണ നടപ്പിൽകൊണ്ടുവന്നു മദ്യവർജ്ജനം സാധ്യപ്രായമാക്കിത്തീർക്കുന്നതിനാണ് ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. ഇതു സ്വീകരിച്ചു നടപ്പിൽവരുത്തിയാൽ ഓരോ ഷാപ്പിലും ചെത്തുന്ന വൃക്ഷങ്ങളുടെ കണക്കിന് ഒരു ക്ലിപ്തം ഉണ്ടാകും. ഇപ്പോഴത്തെ രീതി വൃക്ഷങ്ങളുടെഎണ്ണം നിശ്ചയിക്കുന്നതിനുള്ള അധികാരം ആ സർക്കിളിലെ ചാർജ്ജു വഹിക്കുന്ന ഉദ്യോഗസ്ഥനാണ്. അതുകൊണ്ട് ഷാപ്പുകാരും ഡിപ്പാർട്ടുമെന്റിലെ കീഴ്ജീവനക്കാരും യോജിക്കുന്നപക്ഷം വളരെ അഴിമതി നടക്കാവുന്നതാണ് ന്യായാനുസരണമല്ലാതെ ചെത്തു നടത്താൻ ഇപ്പോഴത്തെ രീതിയാണ് അധികം സഹായിക്കുന്നത്. വൃക്ഷങ്ങൾ ചെത്തുന്നതിന് മുമ്പിൽക്കൂട്ടി ഡിപ്പാർട്ടുമെന്റിൽനിന്നും അനുവാദം കൊടുത്തിരിക്കണമെന്നു നിർബന്ധം ഉണ്ട്. എന്നാൽ അപേക്ഷമാത്രം കൊടുത്തിട്ടും ഷാപ്പുകാർ ഇപ്പോൾ തെങ്ങു ചെത്തുന്നുണ്ട്. അങ്ങനെ ചെത്തുന്നതിനെ മേലുദ്യോഗസ്ഥന്മാർ കണ്ടുപിടിക്കാൻ ഇടവരുന്നപക്ഷം അതിനുള്ള പണം അപ്പോൾ അടച്ചുകൊണ്ടാൽമതിയാകും. അങ്ങനെ എത്രതെങ്ങും ചെത്താവുന്നതാണ്. ഓരോ ഷാപ്പിനും ഇത്രതെങ്ങുമാത്രമേ ചെത്താൻപാടുള്ളു എന്ന് ഒരു ക്ലിപ്തം ചെയ്യുന്നതായാൽ ഒരിക്കലും സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാരും ഷാപ്പുകാരും യോജിച്ച് അനീതിയായി ചെത്താൻ സാധിക്കുകയില്ല. മേൽപ്രകാരം അനീതിയായി തെങ്ങു ചെത്തുന്നുണ്ടെന്ന് പരാതികളും ഉണ്ടായിട്ടുണ്ട്. കവക്കം താലൂക്കിൽതന്നെ ഒരിക്കൽ അനേകം തെങ്ങുകൾ ലൈസൻസ്കൂടാതെ ചെത്തുന്നു എന്ന് പരാതി ഉണ്ടായിട്ടുണ്ട്. ആ അവസരത്തിൽ കമ്മീഷണർ മുന്നറിവു കൊടുക്കാതെ സ്ഥലത്തുചെന്നു പരിശോധിച്ചതിൽ അപ്രകാരം പല തെങ്ങുകളും ചെത്തിവരുന്നതായി കാണുകയും ചെയ്തു. ഇപ്രകാരമുള്ള അഴിമതിച്ചെത്ത് ഇപ്പോഴും പല സ്ഥലങ്ങളിലും നടന്നുവരുന്നുണ്ട്. അതു കണ്ടുപിടിക്കാനായിട്ടു ചെല്ലുന്നസമയം അപേക്ഷയും പണവും മുൻകൂട്ടി അനുവാദം വാങ്ങുവാൻ ഷാപ്പുകാർ ശ്രമിക്കുന്നു. അതുകൊണ്ട് ഇപ്പോഴത്തെ ഏർപ്പാട് വ്യാജമായ ചെത്തിന് കൂടുതൽ സൌകര്യം കൊടുക്കുകയാണ് ചെയ്യുന്നത്. ഒരു ഷാപ്പിലേക്കു ചെത്തുന്നതിനുള്ള വൃക്ഷങ്ങളുടെ എണ്ണം ഇത്രയെന്നു ക്ലിപ്തംചെയ്താൽ ഷാപ്പുകാരും ഉദ്യോഗസ്ഥന്മാരും യോജിച്ച് വ്യാജച്ചെത്തു നടത്തുവാൻ സാധിക്കയില്ല. വൃക്ഷങ്ങളുടെ എണ്ണം കുറയ്ക്കുന്നതുകൊണ്ട് ഗവർണ്ണമെന്റിനു നഷ്ടമുണ്ടാകുമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ വൃക്ഷക്കരം കൂട്ടി ഈ നഷ്ടത്തെ പരിഹരിക്കാവുന്നതാണ്. മദ്യത്തിന്റേയും അതു സംബന്ധിച്ചുള്ള മററു സകല സാധനങ്ങളുടേയും വില വർദ്ധിപ്പിച്ച് ക്രമേണ മദ്യനിരോധനം നടപ്പിൽ കൊണ്ടുവരണമെന്നാണല്ലൊ ഗവർണ്ണമെന്റിന്റെ ഉദ്ദേശം. വിദേശീയമദ്യത്തിന് തന്നെ അത് ഇവ്വ . ഇറക്കുമതിചെയ്യുന്നതിനു മുമ്പുണ്ടായിരുന്നതിനെക്കാൾ

ഇപ്പോൾ തീരെ വളരെ വർദ്ധിച്ചിട്ടുണ്ട്. അതുപോലെതന്നെ നാട്ടുമരങ്ങളുടെ വിലയും അതു ലഭിക്കുന്നതിനുള്ള ചിലവും വളരെ വർദ്ധിപ്പിച്ച് ക്രമേണ മരത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരേണ്ടതു് ഗവർണ്ണമെന്റിന്റെ ചുമതലയാണ്.

മേൽപ്രകാരം ക്ലിപ്തം ചെയ്യുന്ന വൃക്ഷങ്ങളിൽനിന്നും എടുക്കുന്ന മരത്തിന്റെ വില കൂട്ടുന്നതിന് ഡിപ്പാർട്ടുമെന്റിന് ഏർപ്പാടുചെയ്യാം. ഇപ്പോൾ മജിസ്ട്രേട്ടുകോർട്ടിൽ നടക്കുന്ന കേസ്സുകൾ പരിശോധിക്കുന്നപക്ഷം തെങ്ങുകൾക്കു നമ്പർവച്ചുകൊടുക്കാതെയും ലൈസൻസു വാങ്ങാതെയും പല സ്ഥലങ്ങളിലും തെങ്ങുകൾ ചെത്തിവരുന്നതായിട്ടു കാണാൻകഴിയും. അങ്ങനെ ചെയ്യുന്നതിന് പലരും ശിക്ഷയനുഭവിക്കുന്നുമുണ്ട്. ഒരു ഷാപ്പിലേക്ക് ചെത്താനുള്ള വൃക്ഷങ്ങളുടെ സംഖ്യ ക്ലിപ്തപ്പെടുത്തുന്നപക്ഷം അങ്ങനെയുള്ള അഴിമതികൾ മേലാൽ ഉണ്ടാകാൻ ഇടയില്ല. അതുകൊണ്ട് ഈ പ്രമേയം ഗവർണ്ണമെന്റു സ്വീകരിക്കുകയോ അല്ലാത്തപക്ഷം ഇതിന്മേൽ വോട്ടിനിടുകയോ ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): എന്റെ നിലയെന്താണെന്ന് ഞാൻ എന്റെ ആദ്യത്തെ പ്രസംഗത്തിൽ വിവരിച്ചു പറഞ്ഞിട്ടുണ്ട്. കൂടുതലായി എനിക്കു ഒന്നും പറയുവാനുമില്ല. ഏതു കൊണ്ടും ഒരു വാസ്തവം കൂടെ ഞാൻ അറിയിക്കാം. ഞാൻ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ വാളങ്ങൾക്കും ക്ഷോഭത്തോടുകൂടിയല്ലാതെ സമാധാനം പറഞ്ഞിട്ടില്ല. ക്ഷോഭം ഒരു വാളമാകുന്നതുമല്ല.

പ്രമേയം വോട്ടിനിടുകയും സ്വീകരിച്ചതായി പ്രഖ്യാപനം ചെയ്യപ്പെടുകയും ചെയ്തു.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): സർ, നിങ്ങളുടെ ഗുമിനായി ഞാൻ ഒരു കാര്യം അറിയിക്കുവാനാഗ്രഹിക്കുന്നു. മററു രാജ്യങ്ങളിൽ നടക്കുന്ന സംഗതികളെ ഒരു മെമ്പർക്ക് പ്രാസംഗികമായി പ്രസ്താവിക്കുവുന്ന സന്ദർഭങ്ങൾ ഏതെല്ലാമെന്ന് അറിവാൻ ഞാൻ ആവശ്യപ്പെടുന്നു.

പ്രസിഡൻറ്: പരിപ്പുമായ പദങ്ങളിൽ നിശ്ചിതമായ ഒരു റൂളിംഗ് നല്കുവാൻ എനിക്കു സാധിക്കുന്ന ഒരു സംഗതിയല്ല അതു്. അതു് ഓരോ സംഗതിയേയും തരാതരംപോലെ ആശ്രയിച്ചിരിക്കുന്നതാണ്.

വിദേശീയർക്ക് ഭൂമി പതിച്ചുകൊടുക്കുന്നതു സംബന്ധിച്ച
പ്രമേയം.

പ്രസിഡൻറ്: അടുത്ത പ്രമേയം മി: കുഞ്ഞിത്തൊമ്മന്റെ പേരിലുള്ളതാകുന്നു.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): സർ, ഞാൻ താഴെ പ്രസ്താവിക്കുന്ന പ്രമേയം ഈ കൌൺസിലിന്റെ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

"അഞ്ചു് ഏക്കറിൽ കൂടുതൽ ഭൂമി യാതൊരു വിദേശികൾക്കും ഈ രാജ്യത്തു പതിച്ചു കൊടുക്കാൻ പാടില്ലെന്നു ഈ കൌൺസിൽ ഗവർണ്ണമെന്റിനോടു ശുപാർശചെയ്യുന്നു".

ഇതാണ് എന്റെ പ്രമേയം, മനുഷ്യവർഗ്ഗത്തിന്റെ വിശ്വവ്യാപകമായ സാഹോദര്യത്തിനു ഭംഗം വരാതെ ഈ രാജ്യത്തിന്റെ ഭാവി ഐശ്വര്യത്തേയും ക്ഷേമത്തേയും പരിരക്ഷിക്കണമെന്നുദ്ദേശിച്ചാണ് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. കൃഷി, കച്ചവടം, കൈത്തൊഴിൽ, ഇവ മൂന്നുമാണല്ലോ ഏതൊരു രാജ്യത്തിന്റെയും ഐശ്വര്യത്തിനു നിദാനമായ തൊഴിലുകൾ. എന്നാൽ ഇവിടെ കച്ചവടവും വ്യവസായവും ജനങ്ങളുടെ ഐശ്വര്യത്തിനു ഉതകത്തക്ക വിധത്തിൽ അഭിവൃദ്ധിപ്പെടാൻ വഴിയില്ലാതാണിരിക്കുന്നതു്. എന്തെന്നാൽ ഇവിടത്തെ കച്ചവടം കൃഷിയെ ആശ്രയിച്ചാണിരിക്കുന്നതു്. വ്യവസായനിർമ്മിതമായ പലാർത്ഥങ്ങളല്ല ഇവിടത്തെ കച്ചവടസാധനങ്ങൾ. പിന്നയോ കൃഷിയിൽ നിന്നുള്ള ഉൽപന്നങ്ങളാണ്. വ്യവസായത്തിനു ഇവിടെ വലിയ അഭിവൃദ്ധിയുണ്ടാകാൻ മാർഗ്ഗമില്ല. വമ്പിച്ച മൂലധനം മുടക്കി വ്യവസായം നടത്തുന്ന വിദേശങ്ങളിൽനിന്നും കപ്പലിൽ കയററി ഇവിടെ കൊണ്ടുവന്നു ചുരുങ്ങിയ വിലയ്ക്കു വിൽക്കപ്പെടുന്ന പകിട്ടുള്ള സാധനങ്ങളോടു കിടനിൽക്കുന്ന സാധനങ്ങൾ ഇവിടെ ഉണ്ടാകണമെങ്കിൽ പുറമേ നിന്നും വന്നു കൊണ്ടിരിക്കുന്ന സാധനങ്ങൾക്കു വലിയ ചുങ്കം ഏർപ്പെടുത്തി കുറെ നാൾ നിയന്ത്രിക്കണം. ജപ്പാൻ രാജ്യത്തിന്റെ ചരിത്രത്തിൽ നിന്നും ഇതു വ്യക്തമാകുന്നുണ്ട്. പൌരസ്ത്യരാജ്യങ്ങളിൽവച്ചു ജപ്പാൻ രാജ്യം വ്യവസായത്തിനു പ്രസിദ്ധിനേടിട്ടുള്ളതിന്റെ പ്രധാനകാരണം അവിടെ ഇറക്കുമതി ചെയ്തു വന്നിരുന്ന വിദേശസാമാനങ്ങളെ നിയന്ത്രിച്ചു സ്വദേശവ്യവസായങ്ങളെ പോഷിപ്പിച്ചതാണ്. അങ്ങനെ ചെയ്യാൻ ഒരു നാട്ടുരാജ്യമായ തിരുവിതാംകൂറിനു ഇപ്പോൾ നിവൃത്തിയില്ല. അതിനാൽ ഈ രാജ്യം വ്യവസായത്തിൽ അഭിവൃദ്ധിപ്പെട്ടു ജനങ്ങൾക്കു ഐശ്വര്യം വർദ്ധിക്കുമെന്നു വിചാരിക്കാൻ ഇപ്പോൾ നിവൃത്തിയില്ല. ഈ രാജ്യത്തിന്റെ അഭിവൃദ്ധി ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ കൃഷിയെ മാത്രം ആശ്രയിച്ചാണിരിക്കുന്നതു്. ഇവിടെ കൃഷി മാത്രമാണ് ഭാവിസന്താനങ്ങൾക്കു ഉതകുന്ന ഏക തൊഴിൽ. ഈ രാജ്യത്തു തൊഴിലില്ലാതെ ആയിരക്കണക്കായി യുവജനങ്ങൾ കഷ്ടപ്പെടുന്നു എന്നും കുമ്മിററി ഏർപ്പെടുത്തി നിവൃത്തി കണ്ടു പിടിക്കണമെന്നും ഈ കൌൺസിലിൽ തന്നെ ഒരു പ്രമേയംകൊണ്ടു വരികയും അതിന്റെ ഫലമായി ഒരു കമ്മിററിയെ ഏർപ്പെടുത്തി അവരുടെ നിർദ്ദേശങ്ങൾ വരുത്തുകയും ചെയ്തു. അതിൽ പ്രധാനമായി നിർദ്ദേശിച്ചിരിക്കുന്നതു് തൊഴിലില്ലാത്തവർക്കു പററിയ തൊഴിൽ കൃഷിയാണെന്നാണ്. കൃഷിയല്ലാതെ തൊഴിലില്ല സ്ഥലമില്ലാതെ കൃഷിയുമില്ലല്ലോ. കൃഷിക്കു സ്ഥലം അത്യാവശ്യമാണ്. ഇവിടെ നോക്കുന്ന പക്ഷം ആളൊന്നിനു ശരാശരി ഒരു സെൻറു സ്ഥലമാണുള്ളതു്. എങ്ങനെ കൃഷി അഭിവൃദ്ധിപ്പെടും? ഏതാനും തലമുറകൂടി കഴിയുമ്പോൾ ഇവിടത്തെ സ്ഥിതി ഇതിലും കഷ്ടമാകും. സ്വന്തം ജനസംഖ്യവർദ്ധിച്ചു വരുന്നതനുസരിച്ചു വിഭജിച്ചു വരുമ്പോൾ വളരെ കാര്യം എല്ലാ വർഗ്ഗക്കാരും ഭാഗം സ്വീകരിച്ചിരിക്കുന്നു: ഒരു കർഷകരാജ്യത്തു കൃഷിക്കു വേണ്ട സ്ഥലം വർദ്ധിപ്പിക്കാതെ ജനസംഖ്യ വർദ്ധിക്കുന്നു എന്നു പറഞ്ഞാൽ ജനങ്ങളുടെ ഐശ്വര്യം ക്ഷയിച്ചു വരുന്നു എന്നല്ലേ അർത്ഥമാക്കേണ്ടതു;

ഈ രാജ്യത്തിലെ മുതലെടുപ്പു വർദ്ധിച്ചുവരുന്നതനുസരിച്ചു ജനങ്ങളുടെ ഐശ്വര്യവും വർദ്ധിച്ചുവരുന്നുണ്ടോ? ഇല്ല. നൂതനമായ നികുതികൾ ഏർപ്പെടുത്തുകയും ഉള്ള നികുതികളുടെ നിരക്കു വർദ്ധിപ്പിക്കുകയും ചെയ്തു

വമ്പിച്ച തുക ഭണ്ഡാരത്തിൽ സംഭരിക്കുന്നുണ്ട്. അടുത്ത കാലത്തു തന്നെ കോർട്ടുഫീസ്, മുദ്രവില, രജിസ്റ്റ്രേഷൻ ഫീസ് മുതലായവ വർദ്ധിപ്പിക്കുകയും, ടോൾഗേറ്റ് ഫീസ് ആദായനികുതി ഇവ ഏർപ്പെടുത്തുകയും ചെയ്തതിന്റെ ഫലമാണ് ഇവിടെ ഭണ്ഡാരത്തിന്റെ പുഷ്ടി. അല്ലാതെ ജനങ്ങളുടെ ഐശ്വര്യം വർദ്ധിക്കുന്നതിന്റെ ഫലമല്ല

ഇവിടത്തെ ജനങ്ങൾക്കു കൃഷിക്കു വേണ്ട സ്ഥലമില്ലെന്നു ഞാൻ മുമ്പെ പറഞ്ഞു. മററു രാജ്യക്കാർക്കെപ്പോലെ നമുക്കു കുടികയറി കൃഷിചെയ്തു പാർക്കുന്നതിനു കേട്ടുകൂടുമില്ല. ഈ പരദേശത്തിൽ ഉള്ള സ്ഥലങ്ങളെ നാം ഭാവിയിലേക്കു കരുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ വിശേഷവ്യാപകമായ സാഹോദര്യത്തെ ഒരിക്കലും നമുക്കു വിസ്മരിക്കാൻ പാടുള്ളതുമല്ല. അതിനു മദ്ധ്യം വരുത്തുന്നതു ധർമ്മരാജ്യമെന്ന പ്രസിദ്ധി നേടീട്ടുള്ള നമ്മുടെ രാജ്യത്തിന്റെ അഭിമാനത്തിനു ഹാനികരമായിത്തീരുന്നതാണ്. അതുകൊണ്ടു ഈ സ്ഥലം ഒട്ടും വിദേശികൾക്കു കൊടുക്കാൻ പാടില്ലെന്നു പറയാതെ അല്പേക്കറിൽ കൂടുതൽ കൊടുക്കാൻ പാടില്ലെന്നു പറഞ്ഞതു് "നിങ്ങളും ഞങ്ങളുടെ ഇടയിൽ വരിക" ഞങ്ങൾക്കു ആളൊന്നിനു ഇ ഒ സെൻറ് സ്ഥലമേയുള്ളു. ഞങ്ങളുടെ പത്തു മടങ്ങു സ്ഥലം നിങ്ങൾക്കു തരാം. ഞങ്ങളുടെ സുഖദുഃഖങ്ങളിൽ പങ്കു കൊണ്ടു നിങ്ങളും ഇവിടെ നിവസിച്ചു നമ്മോടു യോജിച്ചു പ്രവർത്തിക്കാം". ഇതാണ് എന്റെ പ്രമേയം കൊണ്ടു ഞാൻ പറയുന്നതു്. ഇവിടത്തെ ജനങ്ങളുടെ ഐശ്വര്യത്തിനു അത്യാവശ്യമായിട്ടുള്ള കൃഷിസ്ഥലങ്ങളെ സംരക്ഷിക്കേണ്ടതു് നമ്മുടെ സ്വയരക്ഷക്കു അത്യാവശ്യമാണ്. ആസ്ട്രേലിയാ, ക്യാനഡാ മുതലായ രാജ്യങ്ങളേയോ അല്ലെങ്കിൽ മലബാർ ജില്ലയോ മൈസൂരോ പോലെയോ ധാരാളം സ്ഥലങ്ങൾ കൃഷി ചെയ്യാതെ നമുക്കു കിടന്നിരുന്നാൽ ആയിരക്കണക്കിനോ ലക്ഷക്കണക്കിനോ വിദേശികൾക്കു ഭൂമി കൊടുക്കാമായിരുന്നു. എന്നാൽ ഇവിടത്തെ സ്ഥിതി ജനങ്ങൾക്കു അധികവും ഭൂമി കുറവുമായിട്ടാണ്. ഈ സ്ഥിതിക്കു ഉള്ള ഭൂമിയെ സംരക്ഷിക്കാതെയിരിക്കാൻ നമുക്കു നിവൃത്തിയില്ല. ഭൂസ്വത്തു വിഭജിച്ചു വരുന്തോറും ജനങ്ങൾ ദാരിദ്ര്യത്തിൽ ആണ്ടുപോകുന്നു. വമ്പിച്ച തുക മാസപ്പടി യാങ്ങിപ്പട്ടണങ്ങളിൽ വസിക്കുന്ന ആളുകൾക്കു ഈ സംഗതി അറിയാൻ അനുഭവസ്ഥരെപ്പോലെ അത്ര സാധിക്കയില്ല. അതു അവരുടെ തെററല്ല. ആയിരപ്പറ നിലം പത്തംഗങ്ങൾക്കായിട്ടു വിഭജിക്കുമ്പോൾ ഓരോ പറ നിലം ഓരോരുക്കു കിട്ടും. അടുത്ത തലമുറയ്ക്കു ഇതുപോലുള്ള ഭാഗത്തിൽ ഓരോരുക്കു ഓരോ പറ നിലമേ കിട്ടൂ. ഇങ്ങനെ വീതിച്ചു വീതിച്ചു ഒടുവിൽ ആകുമ്പോൾ ആളൊന്നിനു ഭൂസ്വത്തു നശിക്കുന്നു. ഈ നിലയിൽ നികുതി കുറേശ്ശെ ഭാഗത്തുകൂടി വർദ്ധിപ്പിച്ചു ഭണ്ഡാരം പോഷിപ്പിക്കുന്നുണ്ട്. കൃഷിക്കാരുടെ കോശസ്ഥിതി വർദ്ധിക്കുന്നതിന് വിപരീതം അധോഗതിയാണ് കണ്ടു വരുന്നതു്. കൃഷിക്കാരുടെയിടയിൽ സഞ്ചരിച്ചു് അവരുടെ ശോച്യാവസ്ഥ മുല്ലവണ്ണം അറിയാവുന്ന ഏതു ജനപ്രതിനിധിക്കും ഈ സ്ഥിതിയെപ്പററി ഗാഢമായി ചിന്തിക്കാതിരിക്കാൻ നിവൃത്തിയില്ല. കൃഷിക്കുള്ള പരിമിതമായ സ്ഥലത്തു അസാധാരണമായ വിളവുണ്ടാക്കാൻ ഉള്ള ഉപദേശങ്ങൾ നൽകി ഫലിപ്പിക്കുന്നതിന് ഇവിടത്തെ കൃഷിഡയറക്ടരുടെ പരിശ്രമം കൊണ്ടു സാധിച്ചിട്ടില്ല. ഞാൻ കൃഷിഡിപ്പാർട്ടുമെൻറിനെ കുററം പറയുകയല്ല. അവർ പരിശ്രമം ചെയ്യുന്നുണ്ടെങ്കിലും ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നില്ല. ഈ രാജ്യത്തു ഒട്ടു വളരെ റിസർവ് വനങ്ങൾ ഉണ്ട്. അതിൽ ഏതാനും ചില്ലറ അംശമായി ഭാഗിച്ചു ഈ രാജ്യത്തു തൊഴിലില്ലാത്ത യുവാക്കന്മാർക്കു പതിച്ചു കൊടുക്കണം. ഇതിനെ സംബന്ധിച്ചു ഞാൻ ഒരു പ്രമേയം അയച്ചിരുന്നു. അതു ബാലറ്റിൽ കിട്ടിയില്ല.

ഇവിടത്തെസ്ഥിതി ഈ നിലയിൽ ഇരിക്കുന്നതുകൊണ്ട് ഒ ഏക്കറിൽ കൂടുതൽ വിദേശികൾക്കു കൊടുക്കാൻപാടില്ല. ഈ പ്രമേയം രാജ്യത്തിന്റെ ഭാവി ഐശ്വര്യത്തെ ലാക്കാക്കിയുള്ളതും ഇവിടത്തെ ജനങ്ങളുടെ സ്വയരക്ഷയ്ക്കു് അത്യന്താപേക്ഷിതവുമായ മന്നാണ്. അതുകൊണ്ടു് എല്ലാപ്രതിനിധികളും ഇതിനെ സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. ഇവിടത്തെ സ്വദേശിയായ ഒരു രാജ്യസ്നേഹി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "നിങ്ങൾ എന്റെജാതി, എന്റെജാതി എന്നു പറയുന്നതിനെവിട്ടു് എന്റെരാജ്യം എന്റെ രാജ്യം എന്നോർത്തു പ്രവർത്തിപ്പിൻ. ആ ഉപദേശം ഇങ്ങനെയുള്ള കാര്യങ്ങളെ ഉദ്ദേശിച്ചുണ്ട് നൽകിട്ടുള്ളതെന്നോർത്തു് നമ്മുടെ രാജ്യത്തിന്റെ ഭാവി ഐശ്വര്യത്തെ ലാക്കാക്കിയുള്ള ഈ പ്രമേയത്തെ എല്ലാജനപ്രതിനിധികളും അനുകൂലിക്കണമെന്നർത്ഥിച്ചുകൊണ്ടു് വിരമിക്കുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അല്പേക്കറിൽ കൂടുതൽ സ്ഥലം ലേലംവിളിച്ചു് വിദേശികൾക്കു കൊടുക്കുന്നതിൽ വിരോധമുണ്ടോ?

മി: തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും, തൊടുപുഴയും): ലേലം വിളിച്ചാലും പതിച്ചുവേണമല്ലോ കൊടുക്കാൻ.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): വിദേശികൾക്ക് ലേലത്തിൽപിടിക്കരുതോ?

മി: തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും, തൊടുപുഴയും): ലേലത്തിൽ വിളിച്ചാലും ഒടുവിൽ പതിച്ചാണു കൊടുക്കുന്നതു് അല്പേക്കറിൽ കൂടുതൽ ഭൂമി വിദേശികൾക്ക് ഒരുവിധത്തിലും പതിച്ചുകൊടുക്കരുതെന്നാണ് എന്റെ പ്രമേയസാരം.

മി: ജി. പി. നീലകണ്ഠപ്പിള്ള (കുരുനാഗപ്പള്ളി): വിദേശികൾ എന്ന പദം ആരെ ഉദ്ദേശിച്ചാണ് പ്രയോഗിച്ചിരിക്കുന്നതു്.

മി: തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും, തൊടുപുഴയും): ഇംഗ്ലീഷിൽ പറയുന്നവർ മലയാളത്തിൽ ചോദിക്കുന്നതു് പ്രസിഡണ്ടിന്റെ റൂളിംഗ് അനുസരിച്ചു് ശരിയാണോ എന്നു സംശയമാണ്. കൌൺസിൽ ചോദ്യങ്ങളുടെ ഉപചോദ്യങ്ങൾക്കുള്ള മറുപടിമാത്രമേ ഇംഗ്ലീഷിൽ പറയുന്നവർക്ക് മലയാളത്തിൽ പറവാൻ അനുവദിച്ചിട്ടുള്ളു. അതുകൊണ്ടു് ഞാൻ ഈ ചോദ്യത്തിനു ഉത്തരം പറയുന്നതും പ്രസിഡണ്ടിന്റെ റൂളിംഗ് അനുസരിച്ചു് ശരിയായിരിക്കുമോ എന്നു സംശയിക്കുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): വിദേശികൾ എന്നുവച്ചാൽ തിരുവിതാംകൂറിനകത്തുള്ള ആളുകൾ ആണെന്നാണോ മെമ്പർ വിചാരിക്കുന്നതു്

മി: തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും തൊടുപുഴയും): വിദേശികൾ എന്നുള്ളതിനു ഗവണ്മെൻറ് അർത്ഥം കൊടുത്തിട്ടുണ്ട്. മുമ്പു വിദേശികൾക്കു ഉദ്യോഗം കൊടുക്കുന്നതിനെപ്പററി ഇതുപോലെ ഒരു

ചാദംവന്നപ്പോൾ ഗവണ്മെൻറ്തന്നെ അർത്ഥവിവക്ഷ ചെയ്തിട്ടുണ്ട്. വിദേശികൾ എന്നപദത്തിന് എന്തർത്ഥമാണോ ഇപ്പോഴുള്ളത് ആ അർത്ഥംതന്നെയാണ് ഞാൻ ഇവിടെ കൊടുത്തിട്ടുള്ളത്. അതിന് ഇപ്പോൾ ഒരു വ്യാഖ്യാനമൊ വിവരണമോ ആവശ്യമില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): മി: കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. തിരുവിതാംകൂറിലെ ജനങ്ങളിൽ പാർക്കാൻപോലും സ്ഥലമില്ലാതെ വലയുന്നവർ ധാരാളമുണ്ട്. കോട്ടയം താലൂക്കിൽ ഏററവുമാന്തരിച്ച ചില ഭാഗംകൂടി ചേർക്കുന്നതിനുമുമ്പ് ജനങ്ങളുടെ അവസ്ഥയെസംബന്ധിച്ച് ഒരന്വേഷണം ഞാൻ നടത്തിയതിൽ എൻ ശതമാനം ജനങ്ങൾക്കു വർഷത്തിൽനിന്നും സൂര്യാതപത്തിൽനിന്നും അവരുടെ ഉത്തമാംഗത്തെപ്പോലും ആച്ഛാദനംചെയ്യുന്നതിനു സ്ഥലമില്ലാത്തവരായിട്ടുകണ്ടിരുന്നു. ഇന്നത്തെ അവസ്ഥ അതിലും കൂടുതൽ കഷ്ടത്തിലാകാതെയിരിക്കാൻ തരമില്ല. തീയന്മാരുടേയും നായന്മാരുടേയും നിയമങ്ങൾ പ്രചാരത്തിൽവന്നതോടുകൂടി വസ്തുക്കൾ എല്ലാം ഭാഗംചെയ്തു. ആ ഭാഗംചെയ്തുകിട്ടിയ ചെറിയ അംശത്തെ വിററു സൈക്കിളും സിഗാറും സിഗററും വാങ്ങി നശിപ്പിച്ചു, കിടക്കാൻപോലും സ്ഥലമില്ലാതെ കഷ്ടപ്പെടുന്ന ധാരാളം ജനങ്ങൾ ഈ രാജ്യത്തു ഉണ്ടെന്നാണ് എന്റെ അറിവ്. എന്നാൽ തിരുവിതാംകൂറിൽ ഏറിയകൂറ് ഇപ്പോൾ റിസർവ്വനമായി കിടപ്പുണ്ട്. അതെല്ലാം ഗവണ്മെൻറിന്റെ പൂർണ്ണാധികാരത്തിൽ വച്ചിരിക്കയാണ്. ഈ തിരുവിതാംകൂർരാജ്യമാകട്ടെ നമ്മുടെ പൂർവ്വികന്മാരുടെ രക്തം ചൊരിഞ്ഞു സമ്പാദിച്ച് തിരുവിതാംകൂർ ഗവണ്മെൻറിന്റെയിനെ ഒരു ട്രസ്റ്റി എന്നനിലയിൽ ഏൽപ്പിച്ചിരിക്കുന്ന ഒന്നാണ് എന്നു ഞാൻ പറഞ്ഞാൽ അതു ഗവണ്മെൻറ് വകവെച്ചുതരുമെന്നു എനിക്കുതന്നെ വിശ്വാസമില്ല. എങ്കിലും ഒരുകാലത്ത് ഇതു ഗവണ്മെൻറ് വകവെച്ചുതരും എന്നാണ് എന്റെ ഉത്തമവിശ്വാസം. ഇപ്രകാരം ഗവണ്മെൻറ് കൈവശം വച്ചുകൊണ്ടിരിക്കുന്ന വസ്തുക്കളെ ഭാവിസന്തതികളുടെ അനുഭവത്തിനുവേണ്ടി സംരക്ഷിച്ചുകൊണ്ടിരിക്കയല്ലാതെ അതിനെ അന്യായമായി ആവശ്യത്തിലധികം വിദേശികൾക്കുകൊടുക്കുന്നതു യഥാർത്ഥതിരുവിതാംകൂർകാർക്ക് സങ്കടംതന്നെയാണ്. ഇതിൽനിന്നും വിദേശികൾക്ക് ഒട്ടുംതന്നെ സ്ഥലം പരിച്ചുകൊടുക്കരുതെന്ന് എനിക്കോ മിസ്റ്റർ കുഞ്ഞിത്തൊമ്മനോ മററാർക്കുംതന്നെ അഭിപ്രായമുള്ളതായി ആരും തെററിദ്ധരിക്കേണ്ട ആവശ്യമില്ല. സാഹോദര്യം എന്നുള്ള മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമാണം വളരെ ആദരണീയമാണ്. ആരായാലും നമ്മുടെ വീട്ടിൽ വന്നാൽ ഒരുദിവസത്തേ ആഹാരംകൊടുക്കേണ്ടതും ഒരു ദിവസം അവരെ സൽക്കരിക്കേണ്ടതും നമ്മുടെ ചുമതലയാണ്. അപ്രകാരംതന്നെ നമ്മുടെരാജ്യത്തു വരുന്ന ആളുകൾക്കു ഇരിക്കാനുള്ളസ്ഥലം നമ്മൾ കൊടുക്കേണ്ടതുണ്ട്. എന്നാൽ നമ്മേക്കാൾ ശക്തിയുള്ള ആളുകൾ നമ്മുടെരാജ്യത്തുവന്നു നമ്മുടെസന്തതികൾക്കായിട്ടു സൂക്ഷിച്ചിരിക്കുന്ന ഭൂമിയെ ഒന്നാകെ കൈവശപ്പെടുത്തി ആദായം എടുത്തുകൊണ്ടുപോകുന്നതുകൊണ്ട് നമ്മുടെ രാജ്യനിവാസികൾക്കു യാതൊരു പ്രയോജനവുമുണ്ടാകുന്നതല്ല.

ആസ്ട്രേലിയാ ക്യാനഡാ മുതലായ രാജ്യങ്ങളിൽ പലഭാഗവും പലരും പിടിച്ചടക്കി അതു അവരുടെ കാളനിയാക്കിവച്ച് അവരുടേയാളുകളെത്തന്നെ എപ്പോഴും അവിടത്തേക്ക് അയച്ചുവരുന്നുണ്ട്. നമുക്ക് അതിനുമാർഗ്ഗമില്ല. മേലാൽ നമുക്കു അങ്ങനെ സുഖകരവും ലഭിക്കാനുമെന്ന് വിചാരിക്കാനും വഴിയില്ല. അതുകൊണ്ട് ഇവിടെ വരുന്ന വിദേശികൾക്കു നമ്മുടേശക്തിക്കതക്കവണ്ണമേ സഹായംചെയ്യാൻ പാടുള്ളു. ഈ പ്രമേയത്തിൽ വിദേശികൾക്ക് ഇ ഏക്കറിൽ കൂടുതൽഭൂമി കൊടുക്കരുതെന്നു മാത്രമേയുള്ളു. സ്വദേശികൾക്കും ഇ ഏക്കറിൽ കൂടുതൽഭൂമി പതിച്ചുകൊടുക്കരുതെന്നും എനിക്കഭിപ്രായമുണ്ട്. എന്നാൽ ചാമെമ്പർ അതിനു തക്കം പറയുമായിരിക്കും. അതുകൊണ്ട് അദ്ദേഹത്തിന്റെ എതിർപ്പിനേയെന്ന് ഞാൻ അതിനെപ്പററി ഒന്നുംതന്നെ പറയുന്നില്ല. നമ്മുടെ പൂർവികന്മാർ സമ്പാദിച്ച് നമ്മുടെഗവണ്മെൻറിന്റെ കൈവശത്തിലിരിക്കുന്നതായ വസ്തുക്കൾ നമ്മുടെ ഭാവിസന്താനങ്ങളുടെ ഐശ്വര്യത്തെ സംരക്ഷിക്കുന്നതിനായി സൂക്ഷിച്ചുവച്ചുകൊണ്ടിരിക്കണം എന്ന് ആഗ്രഹം എനിക്കുണ്ട്. ഈ ആഗ്രഹത്തേ അറിയിച്ചുകൊണ്ട് ഈ പ്രമേയത്തിന്റെ അന്തർഭാഗത്തു അടിസ്ഥാനമാക്കി ഇ ഏക്കറിനു കൂടുതൽ വിദേശികൾക്കു പതിച്ചുകൊടുക്കരുതെന്നുള്ള എന്റെ അഭിപ്രായത്തെ സംബന്ധം ഈ കൗൺസിലിൽ സമർപ്പിച്ചുകൊള്ളുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുട്ടനാട് പ്രവൃത്തിയും വ്യവസായവും, ഗതാഗതം): സർ, മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ച പ്രമേയത്തിന് ഞാൻ താഴെകാണുന്ന ഭേദഗതി കൊണ്ടുവന്നുകൊള്ളുന്നു.

"ഈ രാജ്യത്തു" എന്നപദങ്ങളെ എടുത്തുകളയുകയും, ഒടുവിലായി "ഇനിമേൽ പതിച്ചുകൊടുക്കുന്ന ഭൂമികളെ തിരുവിതാംകൂർകാർ വിദേശികൾക്ക് വിലയ്ക്കുകൊടുക്കുന്നതിനെ വിരോധിക്കുന്ന ഒരു നിയമം നടപ്പിലാക്കുകയും" ചെയ്യണം.

സർ, ഭേദഗതിയനുസരിച്ചു പ്രമേയം താഴെകാണുംപ്രകാരമായിരിക്കുന്നതാണ്.

"അങ്ങു് ഏക്കറിൽ കൂടുതൽ ഭൂമിയാതൊരു വിദേശികൾക്കും പതിച്ചുകൊടുക്കാൻ പാടില്ലെന്നും ഇനിമേൽ പതിച്ചുകൊടുക്കുന്ന ഭൂമികളെ തിരുവിതാംകൂർകാർ വിദേശികൾക്കു വിൽക്കുന്നതിനെ വിരോധിക്കുന്ന ഒരു നിയമം നടപ്പിലാക്കണമെന്നും ഈ സഭ ഗവണ്മെൻറിനോടു ശുപാർശചെയ്യുന്നു."

ഈ ഭേദഗതി ഹാജരാക്കുന്നതിലുള്ള എന്റെ ഉദ്ദേശം എന്റെ സ്നേഹിതൻ മിസ്റ്റർ. കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിനു പരിപൂർണ്ണതവരുത്തണമെന്നുള്ളതാകുന്നു. ആ പ്രമേയത്തിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രയോജനം സിദ്ധിക്കണമെങ്കിൽ തിരുവിതാംകൂർകാർക്ക് പതിച്ചുകൊടുത്തിട്ടുള്ള ഭൂമികളെ അവർ വിദേശികൾക്ക് വില്ക്കുവാൻ പാടില്ലെന്നു ഒരു നിയമം നടപ്പിൽ വരുത്തേണ്ടതുമാണ്.

ജനങ്ങളുടെ ക്ഷേമത്തിലേക്കായി നമ്മുടെ രാജ്യത്തിലുള്ള പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി മിസ്റ്റർ കുഞ്ഞിത്തൊമ്മനും മിസ്റ്റർ രാമൻപിള്ളയും എത്രയും ശക്തിമത്തായ രീതിയിൽ പ്രതിപാദിക്കുകയുണ്ടായി. ആ പ്രമേയം രൂപീകരിച്ചവരും അതിനെ അംഗീകരിച്ചവരും ആയ മെമ്പർമാരുടെ ആഗ്രഹം അതായിരിക്കെ, എന്റെ അഭിപ്രായം ഒരു നിയമം——

മി: ഗുരുവേലിൽ പാച്ചുപിള്ള (ചേർത്തല): മെമ്പർ ഉദ്ദേശിക്കുന്നത് ഇനിമേൽ പതിക്കുന്ന ഭൂമികളെ സംബന്ധിച്ചാണോ?

മി: എസ് പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും, തൊഴിൽ): മോഷിൽ തന്നെ ഭേദഗതി വളരെ വ്യക്തമാണ്. അപ്രകാരമിരിക്കെ, ഇനിമേൽ തിരുവിതാംകൂർകാർക്കു പതിച്ചുകൊടുക്കുന്ന ഭൂമികളെ വിദേശികൾക്കു വിലയ്ക്കു കൊടുക്കുന്നതിനെ തടയുന്നതിലേക്ക് ഒരു നിയമം ഇല്ലാതിരിക്കുകയാണെങ്കിൽ, ജനങ്ങൾക്കുമാത്രം ഈ സ്വാതന്ത്ര്യം നൽകുന്നതു നിമിത്തം രാജ്യത്തിനു കൂടുതൽ നാശം ഉണ്ടാകുവാനിടയാക്കിത്തീർക്കുന്നതായിരിക്കും. ഈ ഭൂമികളുടെ വില്പനസംബന്ധിച്ചു യാതൊരു നിരോധവും കൂടാതെ ഇഷ്ടംപോലെ ഭൂമി പതിച്ചു കൊടുക്കുകയാണെങ്കിൽ ഒരു 'എസ്റ്റേറ്റ്' 'ഫൈ'യോ ആയിരം ഏക്കർഭൂമി തന്റെ പേരിൽ പതിച്ചു കിട്ടണമെന്ന് അപേക്ഷിച്ചു എന്നുവരാം. അയാൾ തിരുവിതാംകൂർകാരനായതുകൊണ്ട് പതിച്ചുകിട്ടുവാൻ അയാൾക്കു സർവ്വാവകാശവും ഉണ്ട്. ആ "എസ്റ്റേറ്റ്, 'ഫൈ'യൊന്നെ തന്റെ പേരിൽ പതിച്ചുവാങ്ങിയതിനു ശേഷം ഒരു വിദേശീയന് അതിനെ വിറ്റു എന്നുംവരാം. അങ്ങനെയാകുമ്പോൾ സർ, ഈ പ്രമേയത്തിനു മിസ്റ്റർ കുഞ്ഞിരാമൻതാമ്പാൻ ആവശ്യപ്പെടുന്ന പ്രയോജനം ഉണ്ടാകുന്നുണ്ടോ എന്നു ഞാൻ ചോദിക്കുന്നു? വാസ്തവമായ ഉദ്ദേശം നമ്മുടെ ഭൂമികൾ ഈ രാജ്യത്തിലെ ജനങ്ങൾക്കും അവരുടെ സന്തതികൾക്കും വേണ്ടി സംരക്ഷിക്കപ്പെടണമെന്നുള്ളതാണെങ്കിൽ ഭൂമികൾ പതിച്ചുവാങ്ങുന്നവർ ഇനിമേൽ അവയെ വിദേശികൾക്കു വിലയ്ക്കു കൊടുക്കാതിരിക്കത്തക്കവിധത്തിലായിരിക്കേണ്ടതാണ്. അപ്രകാരമുള്ള നിയമം തിരുവിതാംകൂറിനപുതിയതല്ല. പഞ്ചാബിൽ "ഉപരാധീനനിയമം" നടപ്പിലിരിക്കുന്നതായി നമുക്കുകാണാം. ഒരു വർഗ്ഗക്കാർക്കു പതിച്ചു കൊടുത്തിട്ടുള്ള ഭൂമി വേറൊരു വർഗ്ഗക്കാർക്ക് വിലയ്ക്കു കൊടുക്കാൻ പാടില്ലെന്നും അവർ തന്നെ ആ ഭൂമികളെ സ്വന്തമായി കൃഷിചെയ്തു നന്നാക്കേണ്ടതാണെന്നും അതിൽ വ്യക്തമായി പറയുന്നുണ്ട്. അതുപോലെ, തിരുവിതാംകൂർകാർക്കു ഇനിമേൽ പതിച്ചു കൊടുക്കുന്നഭൂമികളെ വിദേശീയർക്ക് വിലയ്ക്കുകൊടുക്കാവുന്നതല്ലെന്ന് ഇവിടെ ഒരു നിയമം നടപ്പാക്കുകയായെങ്കിൽ,—

മി: മാത്യുമുരിക്കൻ (വൈക്കം): ഈ ഭേദഗതിപ്രസ്താവിക്കപ്പെട്ട ഉപരാധീന നിയമത്തിനു സദൃശമായിത്തീരുന്നതിലേക്കാണോ എന്ന് മെംബർ എന്നെ അറിയിക്കുമോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തൊഴിൽ): ഒരു പരാധീനനിയമത്തിനു വേണ്ടിത്തന്നെയാകുന്നു ഞാൻ ഈ ഭേദഗതി ഹാജരാക്കീട്ടുള്ളതു്. മെംബർ എന്റെ ഉദ്ദേശം മനസ്സിലാക്കീട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. സർ, ഞാൻപ്രസ്താവിച്ചതുപോലെ, ഒരു ഉപരാധീനനിയമമില്ലെങ്കിൽ, ഏതു ഭൂമിയുടെസ്ഥാനം ആയിരമോ രണ്ടായിരമോ ഏക്കർസ്ഥലം തന്റെ പേരിൽ പതിച്ചുകിട്ടണമെന്ന് ഗവണ്മെന്റിനോടപേക്ഷിക്കുകയും, ക്യാനഡായിലൊ, ഇംഗ്ലണ്ടിലോളുള്ള ഒരു വിദേശീയനോട് ആയിരമെം രണ്ടായിരമോ ഏക്കർസ്ഥലം വിലയ്ക്കുകൊടുക്കുവാൻ താൻ തയ്യാറാണെന്നും അവ തന്റെ പേരിൽ പതിഞ്ഞിട്ടുള്ളവയാണെന്നും, ഇവിടെ വരുന്നതായാൽ ആവസ്തുക്കളിലുള്ള തന്റെ അവകാശം ഒഴിഞ്ഞു് വിലയാധാരം നൽകുന്നതാണെന്നും നേരിട്ടു എഴുതി ചോദിക്കുകയും ചെയ്യുവാൻ സംഗതിയാകുന്നതാകുന്നു. അപ്രകാരം സംഭവിക്കുകയാണെങ്കിൽ, സർ, ഈ പ്രമേയത്തിന് ആഗ്രഹിക്കപ്പെട്ട പ്രയോജനം സിദ്ധിക്കുന്നതാണോ എന്നു ഞാൻ ചോദിക്കട്ടെ. അതുകൊണ്ട് സർ, ഈഭേദഗതിക്കു ഉറപ്പെടുത്തേണ്ടതാണെന്നു ഞാൻ ആവശ്യപ്പെടുന്നു. ഈ ഭേദഗതിയും, ഈ നിയമവും കൂടാതെ, വിദേശീയർക്ക് ഭൂമിപതിച്ചു കൊടുക്കരുതെന്ന് ഗവണ്മെന്റിനോട് അപേക്ഷിക്കുന്നതിൽ മിസ്റ്റർ കുഞ്ഞിരാമൻതാമ്പാൻ ആഗ്രഹിക്കുന്ന പ്രയോജനം സിദ്ധിക്കുന്നതാണോ എന്നു സംശയിക്കുന്നു എന്നോടുകൂടി മിസ്റ്റർ കുഞ്ഞിരാമൻതാമ്പാനും ഈ സഭയിലെ മെംബർമാരും യോജിക്കുമെന്ന് എനിക്കു നിശ്ചയമുണ്ട്. ഇതിൽ നിന്നും അർത്ഥമാകുന്നതു് ഗവണ്മെന്റു വിചാരിച്ചാൽ വിദേശീയർക്ക് ഭൂമിപതിച്ചു കൊടുക്കാൻ സാധിക്കുന്നതല്ല, എന്നാൽ ഒരു തിരുവിതാംകൂർകാരനുവേണമെങ്കിൽ തന്റെ പേരിൽ പതിച്ചുവാങ്ങിയതിനുശേഷം ഒരു വിദേശീയന് അതിനെ വിലയ്ക്കു കൊടുക്കുവാൻ കഴിയും എന്നാകുന്നു. അതായതു് ഗവണ്മെന്റിനു ചെയ്യാൻ കഴിയാത്തതായും ഒരു തിരുവിതാംകൂർകാരനു കഴിയുന്നതാണ്, അതുകൊണ്ട് തിരുവിതാംകൂർകാർ വിദേശീയർക്ക് ഭൂമി വിൽക്കുന്നതിനെ തടയുന്നതിലേക്കായി ഒരു നിയമമുണ്ടാക്കുന്നതിനു വേണ്ടി ഈ ഭേദഗതിയെ സ്വീകരിക്കണമെന്ന് ഞാൻ മിസ്റ്റർ കുഞ്ഞിരാമൻതാമ്പാനോടും ഈ സഭയിലെ മെംബർമാരോടും ബലമായി അപേക്ഷിച്ചുകൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): മിസ്റ്റർ പിറവിപ്പെരുമാൾപിള്ള ഇവിടെ ഹാജരാക്കീട്ടുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. മിസ്റ്റർ കുഞ്ഞിരാമൻതാമ്പാന്റെ പ്രമേയത്തിൽ ഉദ്ദേശിച്ചിട്ടുള്ള പൂർണ്ണമായ ഫലം ലഭിക്കണമെന്നുവരികിൽ, മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ ഭേദഗതി അത്യാവശ്യമായിട്ടാണിരിക്കുന്നതു്. ധാരാളം പണമുള്ള വിദേശീയർ ഇവിടെവന്നു നൂറും ആയിരവും ഏക്കർസ്ഥലം പതിച്ചു്, മററു തിരുവിതാംകൂറിലെ ആളുകൾക്ക് വേണ്ടിടത്തോളം സ്ഥലം ലഭിക്കാത്ത നിലയിൽ വരാതിരിക്കുന്നതിനാണ് മിസ്റ്റർ കുഞ്ഞിരാമൻതാമ്പാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്. എന്നാൽ എന്റെ സ്നേഹിതൻ മി. രാമൻപിള്ളയുടെ പ്രസംഗത്തിൽനിന്നും മനസ്സിലാകുന്നതു് പൂർവികന്മാർ സമ്പാദിച്ചിട്ടുള്ള വസ്തുക്കൾപോലും വിറ്റു സൈക്കിളും ബീഡിയും വാങ്ങിക്കുന്നതിനു സന്നദ്ധന്മാരായ ആളുകൾ നമ്മുടെ നാട്ടിൽ ധാരാളം ഉണ്ടെന്നാണ്. ഗവണ്മെന്റിൽനിന്നു നാട്ടുകാർക്കു പതിച്ചുകൊടുക്കുന്ന ഭൂമികൾപോലും അന്യദേശീയർവന്നു വലിയ ഇടകൊടുത്തു വാങ്ങിക്കൊണ്ടു പോകാതേയിരിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ഭേദഗതി ഇവിടെ ഹാജരാക്കീട്ടുള്ളതു് തിരുവിതാംകൂറിലുള്ള ജനങ്ങളുടെപേരിൽ പതിയുന്ന ഭൂമികൾ അവരും അവരുടെ സന്താനങ്ങളും അനുഭവിക്കുന്നതിന് ഏതെങ്കിലും ഏർപ്പാടു ചെയ്യേണ്ടതാണ്. അതിലേയ്ക്കുപയുക്തമായ ഈ ഭേദഗതിയെ ഞാൻ ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: തൻ്ജുകുഞ്ഞിരാമൻതാമ്പാൻ (മൂവാററുപുഴയും തൊടുപുഴയും): ഞാൻ ഈ ഭേദഗതിയെ ചില കാരണങ്ങളാൽ സ്വീകരിയ്ക്കുന്നില്ല. ഒന്നാമതു് ഇതു് ഒരു ഭേദഗതിയല്ല. ഒരു പുതിയപ്രമേയമായിട്ടുവേണം ഇതിനെ വിചാരിക്കാൻ. അതു് ഈ കൗൺസിലിൽ പ്രത്യേകമായി അയച്ചു ബാലറ്റിൽ കിട്ടേണ്ടതാണ്.

ഞാൻ ഇവിടേ കൊണ്ടുവന്നിരിക്കുന്ന പ്രമേയം അഞ്ചു് ഏക്കറിൽ കൂടുതൽ ഭൂമി വിദേശിയക്ക് പതിച്ചു കൊടുക്കാൻ പാടില്ല എന്നുകല്പിതാണ്. ഭേദഗതി സ്വദേശികൾ മേലാൽ പതിയ്ക്കുന്ന ഭൂമി വിദേശികൾക്ക് വിൽക്കാൻ പാടില്ല എന്നുമുള്ളതാണ്. അതു ജനങ്ങളുടേ സിവിൾഅവകാശത്തേ ബാധിക്കുന്നതാണ്. എന്റെ പ്രമേയം വെന്നുഅവകാശമാണ്. ഈ ഭേദഗതി കൊണ്ടുവരുന്നതു് ഇനി മേലാൽ പതിക്കുന്ന വസ്തുക്കളുടേ വിദേശികൾക്ക് കൈമാററം ചെയ്തുകൊടുക്കരുതെന്നു മാത്രമാണ്. അതുകൊണ്ടു വിദേശികൾക്കു മുമ്പു പതിച്ചിട്ടു ഭൂമി വാങ്ങുന്നതിനു തടസ്സമില്ല.

മി: എസ്. പിരവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും, തൊഴിൽ): ഒരു ഭേദഗതി ഒരു പ്രമേയത്തോടുകൂടിയേ തന്നെ പ്രയോജനമുള്ളതാണെന്നു മെമ്പർക്കറിയാമോ?

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇതിനുംപുറമേ വിദേശികൾക്കു ഭൂമിവാങ്ങണമെന്നു ആഗ്രഹമുണ്ടായിരുന്നാൽ ഭൂമിയുടമസ്ഥനും ആ വിദേശിയും കൂടി യോജിച്ചു് ഏതെങ്കിലും ഒരു ഇടവാങ്ങിട്ടുണ്ടെന്നുള്ള കാരണം കാണിച്ചു കോർട്ടിൽ കേസുകൊടുത്തു മേലത്തിൽ വാങ്ങാം. ആ ഭാഗത്തേയും ഈ ഭേദഗതി തടയുന്നില്ല. ഇതിനെല്ലാം പ്രതിവിധിയുണ്ടാകണമെങ്കിൽ അതിനു പ്രത്യേകം ഒരു പ്രമേയം കൊണ്ടുവന്നാൽമാത്രമെ സാധിക്കുകയുള്ളു. ഞാൻ തന്നെ സ്വദേശികൾക്കും 5 ഏക്കറിൽക്കൂടുതൽ ഭൂമി പതിച്ചുകൊടുക്കരുതെന്നു കാണിച്ചു് ഒരു പ്രമേയം അയച്ചിരുന്നു. അതു് ബാലട്ടിൽ കിട്ടിയില്ല. വിദേശികൾക്ക് ഒട്ടുംതന്നെ ഭൂമികൊടുക്കാൻ പാടില്ലെന്നു പറയുന്നതു മനുഷ്യയത്നത്തിന്റെ സാഹോദര്യത്തിനും യോജിച്ചതല്ല. ഈ ഏക്കറിൽ കൂടുതൽ ഭൂമി വിദേശികൾക്കു കൊടുക്കാൻ പാടില്ലെന്നു പറഞ്ഞാൽ അതിൽ ന്യായമുണ്ട്.

മി: പി. എസ്. മഹമ്മദ് (നിയമസഭാമെമ്പർ). വിദേശികൾക്ക് ഒട്ടും ഭൂമികൊടുക്കാൻ പാടില്ലെന്നല്ലാതെ സ്വദേശികൾക്കു പതിച്ചുകൊടുക്കാൻ പാടില്ലെന്നു അർത്ഥം വരുന്നുണ്ടോ?

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും). ഭൂമി പതിച്ചുവാങ്ങൽ വിദേശികൾക്കു വിൽക്കാൻ പാടില്ല എന്നല്ലേ ഭേദഗതിയുടെ അർത്ഥം. ഈ ഏക്കർ എന്നു നിയന്ത്രിക്കണമെന്നു ഭേദഗതിയിൽ പറയുന്നില്ല. നാം പട്ടിണികിടന്നാലും മററുള്ളവരെ സൽക്കരിക്കണമെന്നുള്ള കീർത്തി നമുക്കുണ്ട്. നമ്മുടെ രാജ്യം ധർമ്മരാജ്യമെന്നു പേരു നേടീട്ടുള്ളതു് ഇതുകൊണ്ടാണ്. വിദേശികൾക്ക് ഒട്ടും ഭൂമികൊടുക്കാൻ പാടില്ലെന്നുള്ള അഭിപ്രായത്തെ ആദരിക്കാനും എനിക്കു നിവൃത്തിയില്ല. അതിനാൽ ഞാൻ ഈ ഭേദഗതിയെ സ്വീകരിക്കാതെ നിരസിച്ചുകൊള്ളുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): മി. പിരവിപ്പെരുമാൾപിള്ളയുടെ ഭേദഗതി ഒരിഞ്ചുഭൂമിപോലും വിദേശികൾക്കു കൊടുത്തുകൂടാ എന്നാണ്. അതിനു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ സ്വീകരിക്കുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തോടു ഞാനും യോജിച്ചുകൊള്ളുന്നു.

മി: എസ്. സി. എച്ച്. റാവിൻസൺ (ദ്രുനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, നാം ഇപ്പോൾ സംസാരിക്കുന്നതു് ഭേദഗതിയെപ്പററിയാകുന്നു ഞാൻ ഊഹിക്കുന്നു. ഈ പ്രമേയവും ഭേദഗതിയുപ്രായോഗികമായി വിദേശിയക്ക് ഭൂമി പതിച്ചുകൊടുക്കുന്നതു സംബന്ധിച്ചു വിഷയത്തിന്റെ ഒരു പുനരാലോചനയായിട്ടാണു തീരുന്നതു്. ഈ വിഷയം ഗവൺമെന്റ് ഒന്നാമതു് ആഗസ്റ്റുമാസത്തിൽ നടന്ന ഈ സഭയിൽ ഒരു വലിയ വാദപ്രതിവാദത്തിനു കാരണമായിരുന്നിട്ടുണ്ട്. ആ സന്ദർഭത്തിൽ ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്നു വിശദമായി വെളിപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. വിദേശീയരെ അപേക്ഷിച്ചു, തിരുവിതാംകൂറുകാർക്കു തിരുവിതാംകൂറിൽ ഭൂമി പതിച്ചുവാങ്ങുവാൻ വേണ്ട സൗകര്യങ്ങൾ കൂടുതലായി കൊടുത്തു വരുന്നുണ്ടെന്നും എല്ലാപ്പോഴും അപ്രകാരം കൊടുക്കുന്നതാണെന്നും ഗവൺമെന്റ് ഉറപ്പുകൊടുത്തിട്ടുണ്ടായിരുന്നിട്ടും, ആ മീററിംഗിൽ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ തന്നേയും പ്രമേയത്തിനു വിരോധമായി വോട്ടുചെയ്തിരുന്നിട്ടും മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇപ്പോൾ ആവശ്യപ്പെടുന്നതു് ആ വാദത്തെ പുനരാവർത്തിക്കുവാനാണെന്നു സ്പഷ്ടമാകുന്നുണ്ട്. അദ്ദേഹം ഇപ്പോൾ ഇപ്രകാരം തിരിഞ്ഞുകളഞ്ഞതിന്റെ കാര്യം എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ല. മഹാരാജാവുതിരുമനസ്സിലെ പ്രജയല്ലാത്ത ഒരുത്തനും ഗവൺമെന്റിന്റെ അനുവാദംകൂടാതെ ഭൂമിയൊന്നുംതന്നെ പതിച്ചുകൊടുക്കാവുന്നതല്ലെന്നു പുതുവൽനിയമങ്ങളിലുള്ള ൪ ൧-ാംനമ്പർ ചട്ടം സ്പഷ്ടമായി പറയുന്നുണ്ട്. മെമ്പറുടെ പ്രമേയം സ്വീകരിപ്പെടുകയാണെങ്കിൽ, അതു ഞങ്ങളെ ഏററവും ആക്ഷേപകരമായ ഒരു അവസ്ഥയിൽ ആക്കിത്തീർക്കുന്നതാകുന്നു. വളരെ കാലങ്ങൾക്കുമുമ്പു ഞാൻ ദേവികുളത്തു കമ്മീഷണറായിരിക്കുമ്പോൾ സംഭവിച്ച ചില പ്രത്യേകദൃഷ്ടാന്തങ്ങൾ ഞാൻ നിങ്ങൾക്കു നൽകാം.

ഏലകൃഷിക്കായുള്ള ഭൂമികൾക്കുവേണ്ടി ജനങ്ങളുടെയിടയിൽ ഒരു ബഹളം ഉണ്ടായിരുന്നു. അപ്പോൾ ഞങ്ങൾ അഭിപ്രായപ്പെട്ടതു് ഈ ഭൂമികൾ ലഭിക്കുന്നതിൽ തിരുവിതാംകൂർകാർക്ക് മററുള്ളവരെ അപേക്ഷിച്ചു് കൂടുതൽ അവകാശം ഉണ്ടായിരിക്കണമെന്നായിരുന്നു. അപേക്ഷകന്മാർ മിക്കവാറും ബ്രിട്ടീഷ് ഇൻഡ്യയിൽനിന്നും ആയിരുന്നു. അപ്പോൾ ദിവാൻജിയായിരുന്ന സർ. പി. രാജഗോപാലാചാരി തിരുവിതാംകൂർകാർക്ക് കൂടുതൽ ഉണ്ടായിരിക്കുന്നതാണെന്നു പ്രഖ്യാപനം ചെയ്തു. തൽഫലമായി അനേകം ഡിപ്പാർട്ടുമെന്റുകളിലുള്ള കീഴ്ജീവനക്കാർ അപേക്ഷിക്കുകയും, അവരുടെ പേരിൽ ഭൂമിപതിച്ചുവാങ്ങുകയും ചെയ്തു. എന്നാൽ അവർ പണിപ്പിച്ചു് അധികം നാൾ ചെല്ലുന്നതിനു മുമ്പുതന്നെ അവരെ വിദേശിയക്ക് കൈമാററം ചെയ്തുകൊണ്ടു ചെയ്തു്. ഏലകൃഷിക്കായുള്ള ഭൂമികളിൽ നൂറും ഇരുന്നൂറും ഏക്കറിലേക്ക് ദിപായികൾപോലും അപേക്ഷിക്കുകയും പതിച്ചുകിട്ടിയതിനുശേഷം വിദേശിയക്ക് കൈമാററം ചെയ്തുകൊടുക്കുകയും ചെയ്തിട്ടുള്ളതിലേക്ക് ഞങ്ങൾക്കു ദൃഷ്ടാന്തങ്ങൾ ഉണ്ട്. ഇപ്രകാരം ചെയ്യുന്നതിനെ ഭാവിയിൽ തടയുന്നതിലേക്ക് പ്രമേയത്തിൽ യാതൊന്നുമില്ല. അതുകൊണ്ടു് ഈ പ്രമേയം സ്വാഭാവികമായി ഞങ്ങളെ ആക്ഷേപയോഗ്യമായ ഒരു സ്ഥിതിയിലാക്കിത്തീർക്കുകതന്നെചെയ്യും.

അതുകൂടാതെ, തിരുവിതാംകൂർകാർ ബ്രിട്ടീഷ്ഇൻഡ്യയിലും മററുസ്ഥലങ്ങളിലും ഭൂമികൈവശം വച്ചുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ടു് വിദേശിയക്ക് തിരുവിതാംകൂറിൽ ഭൂമി സമ്പാദിക്കുവാൻ പാടില്ലെന്നു ഒരു നിയമമുണ്ടാക്കുന്നതു ബുദ്ധിപൂർവ്വമായ ഒരു പ്രവൃത്തിയായിരിക്കുന്നതല്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ കൊ

ച്ചിയിലും, ബ്രിട്ടീഷ്ഇൻഡ്യയിലും, മററു സ്ഥലങ്ങളിലും വസ്തുക്കളുള്ള തിരുവിതാംകൂർകാരോടു നേരെതിരിഞ്ഞു പകരം ചെയ്യുവാൻ അവർക്കു കഴിയുന്നതാകുന്നു.

വീണ്ടും ഈ രാജ്യത്തിലെ ജനങ്ങൾക്കു ഉപയോഗപ്പെടുത്തുവാൻ സാധിക്കാത്ത വളരെയധികം സ്ഥലങ്ങൾ ഈ രാജ്യത്തിൽ വൃഥാകിടക്കുന്നുണ്ട്. ഇപ്രകാരം യാതൊരു ഉപയോഗവും കൂടാതെ ഈ ഭൂമികളെ ഇട്ടിരിക്കുന്നതു് ബുദ്ധിപൂർവ്വമായ പ്രവൃത്തിയല്ല. ഈ ഭൂമികളെല്ലാം ഉപയോഗപ്പെടുത്തുന്നതായാൽ അനേകം പേർക്ക് വേലലഭിക്കുന്നതാകുന്നു. അതു് എല്ലാപ്രകാരത്തിലും രാജ്യത്തിനും ജനങ്ങൾക്കും ഗുണകരമായിട്ടുള്ളതും ആകുന്നു.

പ്രസിഡണ്ട്: നിങ്ങൾ സംസാരിക്കുന്നതു പ്രമേയത്തെ സംബന്ധിച്ചോ അതോ ഭേദഗതിയെ സംബന്ധിച്ചോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ആരും എടുക്കാനില്ലാത്തപ്പോൾ ഭൂമികൾ കൃഷിചെയ്യപ്പെടേണ്ടതാണെന്ന് ഭേദഗതി പറയുന്നു.

പ്രസിഡണ്ട്: ഭേദഗതി അതല്ല.

മി: എസ്. സി. എച്ച് റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അതു തിരുവിതാംകൂറിനോടു പകരം വീട്ടുവാൻ കാരണമായിത്തീരുന്നതാകയാൽ അപ്രകാരമൊരു നിയമം പാസാക്കുന്നതു ഏററവും ബുദ്ധിഹീനമായിരിക്കും.

ഗവർണ്ണർ ആഗസ്റ്റ് മാസത്തിൽ നടന്ന കൌൺസിലിൽ സകലതും പ്രസ്താവിച്ചു കഴിഞ്ഞിട്ടുള്ളതാകയാൽ ഈ സംഗതിയെപ്പററി കൂടുതലായി പറയുവാൻ യാതൊന്നുമുള്ളതായി ഞാൻ വിചാരിക്കുന്നില്ല. ആ അവസരത്തിൽ കൌൺസിൽ തീരുമാനിച്ചതു് പ്രമേയത്തിനു വിരോധമായിട്ടായിരുന്നു. മി. കുഞ്ഞിത്തൊമ്മൻതരകനും അതിനു വിരോധമായിട്ടാണ് വോട്ടുചെയ്തതു്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും—വ്യവസായവും, തെക്ക്): ഭേദഗതിയനുസരിച്ചു പ്രമേയം വാദപ്രതിവാദത്തിനു അധീനമായിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

മി: മുറിവേലിൽപാച്ചുപിള്ള (ചേർത്തല): സർ, എന്റെ സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഇതിനെ ഞാൻ പിൻതാങ്ങുന്നതു് വിദേശികൾക്കു ഭൂമികൊടുക്കാതിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല. ഈ നാട്ടിലെ പ്രജകളുടെ ഗുണത്തെ ഉദ്ദേശിച്ചു മാത്രമാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): മെംബർ ഭേദഗതിയെ എതിർക്കുന്നുവോ അതോ അനുകൂലിക്കുന്നുവോ എന്ന് അദ്ദേഹത്തിങ്കൽനിന്നും അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

പ്രസിഡണ്ട്: ഇപ്പോൾ വാദപ്രതിവാദത്തിനു വിഷയമായിരിക്കുന്നതു ഭേദഗതിയാണ്.

മി: മുറിവേലിൽപാച്ചുപിള്ള (ചേർത്തല): എന്നാൽ ഞാൻ അനുകൂലിക്കുന്നതു പ്രമേയത്തെയാണ് അല്ലാതെ സഭയുടെ ആലോചനയിലിരിക്കുന്ന ഭേദഗതിയെയല്ല.

ഭേദഗതിയെ എതിർക്കുന്നു. മി. കുഞ്ഞിത്തൊമ്മൻ ഹാജരാക്കീട്ടുള്ള പ്രമേയത്തെ പിൻതാങ്ങുന്നു. ഈ രാജ്യത്തിന്റെ ആകെയുള്ള വിസ്തീർണ്ണം ൯൦൦൦ ചതുരശ്രമൈലാണ്. അതിൽ ജലമായും വനമായും മററും വളരെ ഭാഗം പോകുന്നുണ്ട്. അതു നീക്കിയാൽ പിന്നെ കൃഷിക്കുപയോഗമായിട്ടുള്ള സ്ഥലം വളരെ കുറവാണ്. രാജ്യത്തിലെ ഇപ്പോഴത്തെ ജനസംഖ്യയനുസരിച്ച്—

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): ഗവണ്മെന്റു വിദേശിയർക്കു ഭൂമികൾ പതിച്ചുകൊടുക്കുന്നതിനു പകരം തിരുവിതാംകൂർകാർ ഭൂമിപതിപ്പിച്ചുവാങ്ങി അവയെ പിന്നീട് വിദേശിയർക്കു വിൽക്കണമെന്നാകണോ മെംബറിൽനിന്നും ഞാൻ മനസ്സിലാക്കേണ്ടതു്?

മി: മുറവേലിൽപാച്ചുപിള്ള (ചേർത്തല): അത്രമാത്രം നിയന്ത്രണം ഇപ്പോൾ ആവശ്യമില്ല.

രാജ്യത്തിന്റെ ഗുണത്തെ ബലികഴിച്ചും അവനവന്റെ സ്വാതന്ത്ര്യത്തെ ഉപേക്ഷിച്ചും വിദേശികൾക്കു ഭൂമിവിൽക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തിരുവിതാംകൂർകാർ ഭൂമിപതിപ്പിച്ചുവാങ്ങിക്കണമെന്നു ഇപ്പോൾ വിചാരിച്ചിട്ടാവശ്യമില്ല.

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): കുടുംബത്തെക്കൂടി നശിപ്പിച്ചു പ്രവർത്തിക്കുന്ന എന്നുള്ളസംഗതി അറിയാമോ?

മി: മുറവേലിൽപാച്ചുപിള്ള (ചേർത്തല): എല്ലാമനുഷ്യരിലുംവ്യത്യസ്തം ഉള്ളതുകൊണ്ട് ഈ കാര്യത്തിലും കുറെപ്പേർ കുണ്ടന്മാരായിരിക്കാം. എന്നല്ലാതെ പൊതുവായിട്ട് അങ്ങനെ പ്രവർത്തിക്കുന്നവരേയുള്ളു എന്നു സമ്മതിക്കുവാൻ ഞാൻ തയ്യാറില്ല.

മി: തയ്യിലുകണ്ടിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ ഭേദഗതിപോലെ ഒരു പ്രമേയം അടുത്ത കൌൺസിലിൽ കൊണ്ടുവന്നുകൂടേ?

മി: മുറവേലിൽപാച്ചുപിള്ള (ചേർത്തല); ആവാം. നമുക്ക് ആവശ്യപ്പെടുമ്പോൾ അങ്ങനെ ഒരു നിയമം ഉണ്ടാക്കാം.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഇപ്പോൾ സ്വദേശികൾ വിദേശികൾക്കു ധാരാളം ഭൂമി വില്ക്കുന്നുണ്ടെന്നറിയാമോ?

മി: മുറവേലിൽപാച്ചുപിള്ള (ചേർത്തല): ഉണ്ടായിരിക്കാം. പക്ഷെ വിദേശികൾക്കു വില്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പതിച്ച ഭൂമിയാണോ വില്ക്കുന്നതെന്ന് എനിക്കു സംശയമാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും, തെക്ക്): പിന്നെ ഭേദഗതിയെ സ്വീകരിക്കുന്നതു മുള്ള തടസ്സം എവിടെയാണ്?

മി: മുറവേലിൽപാച്ചുപിള്ള (ചേർത്തല): രാജ്യത്തിന്റെ ഗുണത്തിനുവേണ്ടി വിദേശികൾക്കു ഭൂമി വില്ക്കാൻ പാടില്ലെന്നു ഒരു നിയമം ഉണ്ടാക്കേണ്ട ആവശ്യം ഇപ്പോഴുണ്ടെന്ന് എനിക്കഭിപ്രായമില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും, തെക്ക്): രാജ്യത്തിന്റെ ഗുണത്തിന് അതു തടസ്സമായിരിക്കയില്ലയോ?

മി: മുകുന്ദേലിൽ പാച്ചുപിള്ള (ചേർത്തല): അങ്ങനെ ഒരു നിയന്ത്രണം ചെയ്യേണ്ട ആവശ്യം ഇപ്പോളുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ഇപ്പോൾ ഈ ഏക്കറിൽ കൂടുതൽ ഭൂമി വിദേശികൾക്കു പതിച്ചുകൊടുക്കാൻ പാടില്ല എന്നുള്ള നിർബന്ധം മതിയാകും. അതോടുകൂടി തിരുവിതാംകൂർകാർ പതിച്ചെടുക്കുന്ന വസ്തു ഒരിക്കലും വിദേശികൾക്കു വില്ക്കാനുംപാടില്ല എന്നുകൂടി ഒരു നിയമം വിദേശികളെ സംബന്ധിച്ചിടത്തോളം ഒരേ സമയത്തു പാസ്സാക്കികിട്ടണമെന്നു പറയുന്നതു അനൌചിത്യമാണ്. ഇപ്പോൾ അഞ്ചേക്കറിൽ കൂടുതൽ ഭൂമി പതിച്ചുകൊടുക്കരുതെന്നു നിർബന്ധിക്കയും പിന്നീട് ആവശ്യമെന്നു കണ്ടാൽ വിദേശികൾക്കു ഭൂമി വില്ക്കരുതെന്നുകൂടി ഒരു നിയമം വേണമെന്നു ആവശ്യപ്പെടുകയും ചെയ്യുന്നതു നന്നായിരിക്കും എന്നാണ് എന്റെ അഭിപ്രായം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഇപ്പോൾ വ്യക്തികൾ അവരുടെ പേരിൽ ഭൂമികൾ പതിച്ചുവാങ്ങി വിദേശീയർക്ക് വില്ക്കുന്നുണ്ടെന്നുള്ള വിവരം മെമ്പർക്ക് അറിയാമോ?

മി: മുകുന്ദേലിൽ പാച്ചുപിള്ള (ചേർത്തല): ഇവിടത്തെ വനങ്ങളും മററു ജലവിഭാഗങ്ങളും ഒഴിച്ചാൽ കൃഷിക്കുപയോഗമായ ഭൂമി വളരെ കുറച്ചുമാത്രമേയുള്ളൂ. ഇപ്പോഴത്തെ ജനസംഖ്യയുടെ കണക്കനുസരിച്ച് ഒരാൾക്കു കിട്ടുന്ന കൃഷിസ്ഥലം നാല്പതുസെന്റിനു കൂടുതൽ ഇല്ല. ഈ നിലയ്ക്കു വിദേശികൾക്കു ധാരാളമായിട്ടു സ്ഥലം പതിച്ചുകൊടുക്കാൻ നാം സമ്മതിക്കുന്നതു രാജ്യത്തിനു പൊതുവെ വലിയ ദോഷമാണ്. വിദേശികൾ ഇവിടെ ധാരാളമായി ഭൂമി സമ്പാദിച്ച് റബ്ബർ, ഏലം, തേയില മുതലായ കൃഷികൾ ചെയ്യുന്നുണ്ട്. ഈ രാജ്യക്കാർക്ക് അതുപോലെ ചെയ്യുന്നതിനുതക്ക ത്രാണിയോ മൂലധനമോ ഇല്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും, തെക്ക്): ഈ പ്രമേയത്തിന്റെ മുഖ്യ ഉദ്ദേശം എന്താണെന്നു മെമ്പർ എന്നെ അറിയിക്കുമോ?

മി: മുകുന്ദേലിൽ പാച്ചുപിള്ള (ചേർത്തല): വിദേശികൾക്കു ഒരു നിയന്ത്രണമില്ലാതെ ഭൂമി പതിച്ചുകൊടുക്കരുതെന്നാണെന്ന് ഞാൻ വിചാരിക്കുന്നതു്. കൂടുതലായിട്ടു വല്ലതും എന്റെ സ്നേഹിതനു അറിയാനുണ്ടെങ്കിൽ ഈ പ്രമേയ പ്രയോക്താവു് മറുപടി പറയുന്ന സന്ദർഭത്തിൽ ചോദിച്ചു മനസ്സിലാക്കേണ്ടതാണ്. ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയും ഭേദഗതിയെ എതിർക്കുകയും ചെയ്യുന്നു.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, തെക്ക്): സർ, ഞാൻ മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ ഭേദഗതിയെ എതിർക്കുന്നു. ഒരു പൌരന് അവന്റെ വസ്തുവിന്മേലുള്ള ക്രയവിക്രയാവകാശത്തെ ഒരു റഗുലേഷൻമൂലം തടയണമെന്നാണ് മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ അഭിപ്രായം. ഇതു പൌരന്മാരുടെ അവകാശത്തിനു ഹാനികരമായ ഒരു പ്രവൃത്തിയായിരിക്കും. അതുകൊണ്ട് ഒരിക്കലും അങ്ങനെ ചെയ്യാൻ പാടില്ലെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഞാൻ ഭേദഗതിയെ എതിർക്കുന്നു. തിരുവിതാംകൂറിൽ ഒരു വിദേശീയനു ലഭിക്കുവാനനുവദിക്കാവുന്ന ഭൂമിയുടെ വിസ്തീർണ്ണതയെ ക്ലിപ്തപ്പെടുത്തുന്നതിനു മാത്രമേ പ്രമേയം ആവശ്യപ്പെടുന്നുള്ളൂ. എന്നാൽ ഭേദഗതിമൂലം ഉണ്ടാകുന്നഫലം ഒരു പ്രത്യേകയാളിൽനിന്നും പതിച്ചു വാങ്ങുന്നതുമൂലം ഏതെങ്കിലും സ്ഥലം ലഭിക്കുവാനുള്ള സൌകര്യത്തെപ്പോലും ഇല്ലാതാക്കുകയാകുന്നു. അതു് പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന മുഖ്യ ഉദ്ദേശത്തിനു നേരെ വിപരീതമായിത്തീരുന്നുണ്ടെന്നാണ് എനിക്കു മനഃപൂർവ്വം തോന്നുന്നതു്. ഈ രാജ്യത്തിലെ ജനങ്ങളുടെ ക്ഷേമത്തെ വിദേശീയപ്രവേശം കാര്യമായി ബാധിക്കാതിരിക്കത്തക്കവണ്ണം വിദേശീയരുടെ അവകാശത്തെ ക്ലിപ്തം ചെയ്യുന്നതിനുമാത്രമേ പ്രമേയം ആവശ്യപ്പെടുന്നുള്ളൂ. വസ്തുക്കൾ പരാധീനമാക്കുന്നതിനെ തടയുന്നതു ഇന്ന കാലത്തിലാണെന്നുപോലും ഭേദഗതിയിൽ നിയന്ത്രിച്ചുകാണുന്നില്ല. ഒരു തിരുവിതാംകൂർകാരൻ പതിച്ചുവാങ്ങിച്ചിട്ടുള്ള ഒരു ഭോഗം ഒരു വിദേശീയന് അവൻ വില്ക്കാൻപാടില്ലെന്നുള്ള ഒരു നിയമം പാസ്സാക്കിയാൽ അതു് എല്ലാക്കാലത്തും നടപ്പിലിരിക്കുന്നതാകുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും, തെക്ക്): അവയെല്ലാം സവിസ്തരമായ സംഗതികളാണെന്നും ഒരു നിയമം നടപ്പിൽ വരുത്തുമ്പോൾ അവയെപ്പററി ആലോചിക്കാവുന്നതാണെന്നും മെമ്പർ വിചാരിക്കുന്നില്ലയോ? ഇപ്പോൾ എന്റെ ഭേദഗതി ഒരു നിയമം ഉണ്ടാക്കുന്നതിലേക്കുള്ള പ്രാരംഭശ്രമം മാത്രമാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): വാസ്തവംതന്നെ. അതു് ഒരു ഗ്രൂപാർശമാത്രമേ ആകുന്നുള്ളൂ. എന്നാൽ ഈ സഭ ആ രീതിയിലുള്ള ഒരു പ്രമേയം പാസ്സാക്കുമ്പോൾ അതിൽനിന്നും അർത്ഥമാകുന്നതു വിദേശീയക്ക് വ്യക്തിവർഗ്ഗക്കാരാരും ഭൂമി കൊടുക്കരുതെന്നാകുന്നു. ഈ സഭാകാലത്തെപ്പററി ക്ലിപ്തപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ലെന്നും അതിനെ വ്യാഖ്യാനിക്കാവുന്നതാണ്. ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രമേയത്തിന്റെ ആശയം അതായിരിക്കണം. ഭാഗ്യദോഷത്താൽ ഭേദഗതി യാതൊരുകാലപരിധിയും ഉദ്ദേശിക്കുന്നില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും, തെക്ക്): ഭേദഗതി ഒരു നിയമമല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): എനിക്കു അതു മനസ്സിലാകുന്നുണ്ട്. അപ്രകാരം ഭൂമി പരാധീനം ചെയ്യുന്നതിനെ തടയണമെന്ന് ഇപ്പോൾ ഈ ഭേദഗതി പറയുന്നു. ഒന്നിലധികം കാരണങ്ങളാൽ പ്രതിബന്ധകമായിത്തീരുന്ന നിയമം എല്ലാക്കാലത്തും ഉണ്ടാക്കേണ്ടതാണെന്ന് എന്റെ സ്നേഹിതനു പിന്നീടു പറയുവാൻ സൌകര്യമുണ്ടായിരിക്കണം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും, തെക്ക്) ഒരു നിയമം നിർമ്മിക്കുവാൻ അതു് ഈ സഭയിൽ കൊണ്ടുവരാതെ കഴിയുന്നതല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): സംഗതികളുടെ ഇപ്പോഴത്തെനിലയ്ക്ക്, ഏതെങ്കിലും നിയന്ത്രണം ആവശ്യമെന്നു കാണപ്പെടുന്ന എങ്കിൽ പ്രത്യേകമായോ ഒരു ബിൽ ഹാജരാക്കിയോ അല്ലെങ്കിൽ മററു വല്ല മാർഗ്ഗങ്ങളാലോ ഈ സഭയിൽ ഒരു ഉപക്ഷേപം കൊണ്ടുവരാവുന്നതാകുന്നു. പ്രമേയത്തിന്റെ ഉദ്ദേശത്തെ നിയന്ത്രിക്കുന്നതിനുള്ള അവസരവും ഇതല്ല. ഇതുപോലെയുള്ള ഒരു ഭേദഗതി അതിനോടു ബന്ധിച്ച് അതിന്റെ ശക്തിയെ കുറയ്ക്കുന്നതിനുള്ള അവസരവുമല്ല. തിരുവിതാംകൂറിന്റെ അഭിവൃദ്ധിയെ ഉദ്ദേശിക്കുമ്പോൾ ഭൂമികൾ വിശേഷിച്ച് പുതുവലുകൾ അന്യാധീനംചെയ്യുന്നതിനെ എത്രമാത്രം തടയാവുന്നതാണെന്നുള്ളതു് ആലോചിക്കുവാനുള്ള ഒരു വലിയ വിഷയമാകുന്നു. ആ വിഷയം ശരിയായരൂപത്തിൽ ഈ സഭയിൽ ഹാജരാക്കുമ്പോളായിരിക്കും അതിനെപ്പററി ആലോചിക്കുവാനുള്ള സമയം. ഇപ്പോഴത്തെസ്ഥിതിക്ക് പ്രമേയത്തിന്റെ ഏക ഉദ്ദേശം വിദേശീയർക്ക് പതിച്ചുകൊടുക്കാവുന്ന പുതുവൽ ഭൂമികളുടെ വിസ്തീർണ്ണത്തെ ക്ഷിപ്തം ചെയ്യുകയാകുന്നു. അതുകൊണ്ട് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയേറ്റ്): പുതുവൽ പതിച്ചുകൊടുക്കുന്നതു വാസ്തവത്തിൽ ഗവണ്മെന്റു ചെയ്യുന്ന ഒരേർപ്പാടാണെന്നു മെമ്പർക്ക് അറിഞ്ഞുകൂടേയോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ ആ പദം ഉപയോഗിച്ചതു വ്യാപകമായ അർത്ഥത്തിലാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയേറ്റ്): ഗവണ്മെന്റു വിദേശീയർക്ക് ഭൂമികൾ പതിച്ചുകൊടുക്കുന്നതിന് വിരോധമായി പുറപ്പെടുവിച്ച കാരണങ്ങളെല്ലാം പ്രത്യേകവ്യക്തികൾക്കു വിദേശീയർക്ക് ഭൂമികൾ കൊടുക്കുന്നതിനേയും അതുപോലെതന്നെ സംബന്ധിക്കുന്നില്ലയോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): എല്ലാകാരണങ്ങളും സംബന്ധിക്കുവാൻ നിവർത്തിയില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയേറ്റ്); ഏതെല്ലാം കാരണങ്ങൾ സംബന്ധിക്കുന്നതാണെന്നും ഏതെല്ലാം സംബന്ധിക്കുന്നതല്ലെന്നും മെമ്പർ വിവരിച്ചു പറയുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെന്റ് ചെയ്യുമ്പോൾ സംസ്ഥാനം മുഴുവനുംസംബന്ധിക്കുന്ന നയത്തെപ്പററിയുള്ള ഒരു സംഗതിയാകുന്നു അതു്, എന്നാൽ പ്രത്യേകവ്യക്തികളുടെ വിഷയത്തിൽ ഉദ്ദേശങ്ങളും ആലോചനകളും ഗവണ്മെന്റിനെ പ്രേരിപ്പിക്കുന്നവയിൽനിന്നും ആകപ്പാടെ വ്യത്യസ്തങ്ങളാകുന്നു.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കൊടുക്കാനുദ്ദേശിക്കുകയും വാങ്ങിക്കാനുള്ള വിദേശിയുംകൂടി യോജിച്ചാൽ ഒരു കോർട്ടു ജപ്തിമുഖേന ഭൂമി ലേലത്തിൽ വിളിച്ച് ഒരു വിദേശിക്കു പിടിക്കാൻ സാധിക്കും. അതിനെ തടയുന്നതിനും ഈ ഭേദഗതി കൊണ്ടു സാധിക്കുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ലേലം വിളിക്കുന്നതിൽനിന്നും വിദേശികളെ വിരോധിക്കുന്ന ഒരു നിയമത്തിന്റെ അഭാവത്തിൽ യാതൊരു നിരോധനവും ഉണ്ടായിരിക്കുന്നതല്ല. (മെമ്പർ ആസനസ്ഥനായി).

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ഭൂമി കൈമാററംചെയ്യുകയാണെങ്കിൽ അതിലുള്ള വൃക്ഷങ്ങളും കെട്ടിടവും കൈമാററം ചെയ്യുന്നതിൽ വിരോധമില്ലേ?

പ്രസിഡണ്ട്: വിഷയം ആരോടാണ് ചോദിക്കുന്നതു്? ഒരു ശൂന്യമായ സഭയോടാണ് നിങ്ങൾ സംഭാഷണംചെയ്യുന്നതു്.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും). ഭേദഗതി വോട്ടിനിടണം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടവും, വ്യവസായവും, തെക്ക്): സർ, മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അദ്ദേഹത്തിന്റെ പ്രമേയം അവതരിപ്പിച്ചപ്പോൾ, തിരുവിതാംകൂറിലുള്ള ഭൂമികൾ തിരുവിതാംകൂറിലെ ജനങ്ങളുടെ ഗുണത്തിലേക്കായി സൂക്ഷിക്കണമെന്നും അവയെ പതിച്ചുകൊടുക്കരുതെന്നും, വിദേശിയരുടെകയ്യിൽ അവ ചെന്നുചേരുകയുമെന്നും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതായി ഞാൻ വിചാരിച്ചു. മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ബലപ്പെടുത്തുന്നതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ എന്റെ ഭേദഗതി കൊണ്ടുവന്നതു്. എന്നാൽ ഏതുവിധേനയോ ഈ ഭേദഗതികൊണ്ട് ഭൂമികൾ തിരുവിതാംകൂറുകാരുടെ കയ്യിൽനിന്നും വിദേശിയരുടെ കയ്യിലേക്ക് പോകുന്നതല്ലെന്ന് ഗവണ്മെന്റു വിചാരിക്കുന്നതായി തോന്നുന്നു. ഇപ്പോഴത്തെനിലയ്ക്കു ബുദ്ധിമുട്ടായിരിക്കുന്നതു് ഭൂമികൾ ഗവണ്മെന്റിന്റെ സ്വാധീനത്തിലായിരിക്കുന്നതും അവക്ക് അവയെ പതിച്ചുകൊടുക്കേണ്ടതായിരിക്കുന്നതും ആകുന്നു. ഇഷ്ടംപോലെ അവയെ പതിച്ചുകൊടുക്കുവാൻ അവർക്കു സാധിക്കുന്നതല്ല. പുതുവൽ നിയമങ്ങളേയും മുൻകാലത്തു് ജനപ്രതിനിധികളാൽ പാസ്സാക്കിട്ടുള്ള മററു ചില വിജ്ഞാപനങ്ങളേയും തൃപ്തിപ്പെടുത്തിയതിശേഷം മാത്രമേ അവക്ക് അവയെ പതിച്ചുകൊടുക്കുവാൻ സാധിക്കുകയുള്ളു. ഈ നിബന്ധനകളെയെല്ലാം ഗവണ്മെന്റു് അനുവദിക്കാതിരുന്നാൽ ഗവണ്മെന്റിൽനിന്നും ഭൂമി ലഭിക്കുന്ന ഒരു പ്രത്യേകവ്യക്തിയെപ്പോലെ പൂർണ്ണമായരീതിയിൽ അവക്ക് ഭൂമികൾ പതിച്ചുകൊടുക്കുവാൻ കഴിയുന്നതല്ല. ഭൂമികൾ കൈമാററംചെയ്യുന്നതിൽ വ്യക്തികളേകൂടി തടയുന്ന ഈ നിയമം പാസ്സാക്കിയില്ലെങ്കിൽ പ്രത്യേകവ്യക്തികൾക്ക് വളരെ എളുപ്പത്തിൽ ഭൂമികൾ വിലയ്ക്കുവാൻ കഴിയുന്നതാകുന്നു. ഇപ്പോഴത്തെനിലയിൽ ഏതെങ്കിലും ഒരു വിദേശിയൻ ഗവണ്മെന്റിനോടപേക്ഷിക്കുകയാണെങ്കിൽ ഗവണ്മെന്റിന് അവരുടെ ഇഷ്ടംപോലെ ഭൂമികളെ പതിച്ചുകൊടുക്കുവാൻ സാധിക്കുന്നതല്ല.

മി: പി. എസ്. മഹ്മ്മദ് (നിയമിതമെമ്പർ): ഇപ്പോൾ ഹാജരാക്കിട്ടുള്ള പ്രമേയംകൊണ്ട് വിദേശികൾക്കു മുമ്പിലത്തേപ്പോലെതന്നെ ആദായം സിദ്ധിക്കുന്നതല്ലേ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും, തെക്ക): നിശ്ചയമായിട്ടും.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ ആദായത്തെ തടയത്തക്കവണ്ണം മെമ്പർ ഈ കൌൺസിലിൽ പ്രമേയം വല്ലതും അയച്ചിട്ടുണ്ടോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും, തെക്ക്): അതുതന്നെയാകുന്നു ഞാൻ ചെയ്യുന്നതു്. എന്നാൽ മെമ്പർ അതിനെ എതിർക്കുന്നു.

മി: തയ്യുളുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : ഈ ഭേദഗതി അല്ല, വല്ല പ്രമേയവും അയച്ചിട്ടുണ്ടോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): അതാകുന്നു ഞാൻചെയ്യുന്നത്. എന്റെ ഭേദഗതി എന്റെ സ്വന്തംതന്നെയാണ്.

മി: തയ്യുളു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): എന്റെ ഭേദഗതിവന്നശേഷമല്ലെ മെംബർ ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവന്നത്? അല്ലാതെ ഇതിനുമുമ്പ് വല്ലപ്രമേയവും അയച്ചിട്ടുണ്ടോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): ഒരു സന്ദർഭം ലഭിക്കുമ്പോൾ മാത്രമേ എനിക്ക് അതുചെയ്യാൻ സാധിക്കുകയുള്ളു.

സർ, ഞാൻ പ്രസ്താവിച്ചതുപോലെ, എന്റെ ഭേദഗതി മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ബലപ്പെടുത്തുക മാത്രമേ ചെയ്യുന്നുള്ളു. ഭേദഗതി ഉചിതമാണെന്ന് സഭ വിചാരിക്കുന്നില്ല. എനിക്കു സൂക്ഷ്മമായി മനസ്സിലാകുന്നുമില്ല.

മി: തയ്യുളുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): സ്വന്തം പേരിൽ ഭൂമി പതിച്ചുവാങ്ങി വിദേശികൾക്കു വിററതായി വല്ല ഉദാഹരണവും പറയാമോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): അനേകം ഉദാഹരണങ്ങളുണ്ട്. പേരുകൾ ഇവിടെ പ്രസ്താവിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല.

മി: തയ്യുളുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങനെ സ്വദേശികൾ ഭൂമിപതിപ്പിച്ചു വിദേശികൾക്കു വിററതായിട്ട് ഒന്നു രണ്ട് ഉദാഹരണമെങ്കിലും പറയാമോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): ഭൂമികൾക്കായി അപേക്ഷിക്കുകയും, അവയെ വിദേശികൾക്കായി വില്ക്കുകയും ചെയ്തിട്ടുള്ള അനേകം നിയമസഭാമെംബർമാരുണ്ട്.

മി: തയ്യുളു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഒന്നുരണ്ടെങ്കിലും പറയാമോ?

മി: എസ്, പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): അതു് എനിക്കു ചെയ്യാൻപാടില്ല, ഞാൻ വ്യസനിക്കുന്നു.

മി: പി. എസ്. മഹമ്മദ് (നിയമനിർമ്മാണമെംബർ): ഇപ്പോൾ ആലപ്പുഴയുള്ള സകലവിദേശീയസ്ഥാപനങ്ങളും സ്ഥാപിച്ചിരിക്കുന്ന സ്ഥലം സ്വദേശികളുടെ കൈയിൽനിന്നും വിലയ്ക്കു വാങ്ങിട്ടുള്ളതാണെന്ന് അറിയാമോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): അറിയാം.

മി: തയ്യുളുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇങ്ങനെ വമ്പിച്ച മൂല്യമുള്ള വിദേശികൾക്ക് സ്ഥലം കൊടുക്കരുതെന്നാണോ മെംബരുടെ അഭിപ്രായം?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): മെംബർ പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല.

സർ, മി. താണുപിള്ള ഭേദഗതിയെ എതുത്തപ്പോൾ വിദേശികൾക്കു ഭൂമിപതിച്ചുകൊടുക്കുന്ന കാര്യത്തിൽ തനും പ്രതികൂലിയാണെന്നു പ്രസ്താവിച്ചു. എന്നാൽ ഒരു ഭേദഗതിയല്ല, ബില്ലാണു കൊണ്ടുവരേണ്ടതെന്ന് പറയുന്നതിൽനിന്നും അദ്ദേഹം ഉദ്ദേശിക്കുന്നതെന്താണെന്ന് എനിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. എന്റെഭേദഗതി ഒരു ബിൽകൊണ്ടുവരുന്നതിന് ഗവണ്മെന്റിനോടുള്ള ഒരു ശുപാർശയാണ്. അതിൽ കാലം കിട്ടുംചെയ്യാവുന്നതുമാകുന്നു. ബിൽ ഈ സഭയിൽ കൊണ്ടുവരുമ്പോൾ ഇവിടെവച്ച് അതിനെപ്പററി വാദപ്രതിവാദം നടത്താവുന്നതാകുന്നു. അതു് സിലക്ട്കമ്മിററിയിലേക്കു പോകുമ്പോൾ മി. താണുപിള്ളയ്ക്കും സിലക്ട്കമ്മിററിലെ ഒരു മെംബറായിരിക്കാവുന്നതാണ്. അദ്ദേഹത്തിനു അവിടെ അതിനെ അവതരിപ്പിക്കുകയുംചെയ്യാം. എന്റെ ഭേദഗതികൊണ്ട് ഞാൻ ആവശ്യപ്പെടുന്നതു് ഈ സഭയിൽ നടക്കുന്ന ശുപാർശയോടുകൂടിത്തന്നെ, തിരുവിതാംകൂർകാരിൽനിന്നും വിദേശീയർക്ക് ഭൂമി കൈമാററം ചെയ്യരുതെന്ന് പറയണമെന്നു മാത്രമാണ്. അതുകൂടാതെ ഭൂമികൾ വിദേശിയർക്ക് വില്ക്കുന്നതിലേക്കുവേണ്ടി തിരുവിതാംകൂർകാർക്ക് പതിച്ചുകൊടുക്കരുതെന്നും ഞാൻ ആവശ്യപ്പെടുന്നു. അതുകൊണ്ടാണ് ഞാൻ ഭേദഗതി ആവശ്യപ്പെടുന്നതു്. അതു് ആവശ്യമില്ലെന്നാണ് സഭയുടെ ഉദ്ദേശമെങ്കിൽ, രാജ്യത്തിന്റെ ക്ഷേമത്തിനു വിരോധമായി അതു് പ്രവർത്തിക്കുന്നതെങ്ങിനെയെന്ന് എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ട് ഭേദഗതിക്കു വേണ്ടിവോട്ടു ചെയ്യണമെന്ന് ഞാൻ സഭയോടു് അപേക്ഷിക്കുന്നു. ഞാൻ അതിനെ നിർബന്ധിക്കുന്നു,

മി: തയ്യുളു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഭേദഗതിവോട്ടിനിടണമെന്നു ഞാൻ അപേക്ഷിക്കുന്നു എനിക്കു മറുപടിയായിട്ടൊന്നും പറയാനില്ല.

പ്രസിഡണ്ട്: മററു മെംബറന്മാരും അവരുടെ വോട്ടുനല്കുവാൻ തക്ക ഒരു നിലയിലായിത്തീരുന്നതിനു രണ്ടിനെ സംബന്ധിച്ചും പരിപൂർണ്ണമായി വാദപ്രതിവാദം നടക്കേണ്ടതു് ആവശ്യമാണ്. അത്രമാത്രം അവരണ്ടും പരസ്പരസംബന്ധമുള്ളതായിരിക്കുന്നു. പ്രധാന പ്രമേയത്തെ അപേക്ഷിച്ച് ആദ്യമായി വോട്ടിനിടുന്നതു് നിശ്ചയമായും ഭേദഗതിതന്നെയായിരിക്കും. അതുകൊണ്ട്വോട്ടിനിടുന്നതിന് മുമ്പായി ഇപ്പോൾ നമ്മുടെ മുമ്പിലിരിക്കുന്ന പ്രമേയത്തെ സംബന്ധിച്ചു സാർവ്വത്രികമായി നമുക്ക് വാദപ്രതിവാദം നടത്താം.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സർ, അത്യാചാരങ്ങൾ നിമിത്തം പീഡിതരായ അധഃകൃതരുടേയും മാറുതാണജാതിക്കാരുടെയും ക്ഷേമത്തെ ഉദ്ദേശിച്ചു എനിക്ക് പ്രമേയത്തെ എതുക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിൽ വന്ന് ജനങ്ങളുടെ സാധാരണസ്ഥിതികളുടെ ഉന്നതിക്കായിക്കൊണ്ട് പൊതുവെ വേലചെയ്യുവാൻ മനസ്സുള്ളവരായ വിദേശിയരുമായി നാം സഹകരിക്കേണ്ടതാണ്. നമ്മുടെ രാജ്യത്തിലുള്ള വിദേശിയരുമായി സഹകരിക്കുന്ന വിഷയത്തിൽ നാം തടസ്സംപുറപ്പെടുവിക്കുമ്പോൾ അതുനിമിത്തം നമ്മുടെ രാജ്യത്തിന്പുറത്തു് അശുഭമായ ഫലം ഉണ്ടായിത്തീരുമെന്നു ഞാൻ വിചാരിക്കുന്നു. ഉദാഹരണമായി തിരുവിതാംകൂർകാർ രാജ്യത്തിനുപുറമെ താമസിച്ച് സിലോൺമുതലായ രാജ്യങ്ങളിൽ കൃഷിചെയ്യുന്നതിനായി അനേകം

ഏക്കർ സ്ഥലം സമ്പാദിക്കുന്നുണ്ട്. സിലോണിൽ തിരുവിതാംകൂർകാർ രണ്ടായിരമോ മൂവായിരമോ ഏക്കർ സ്ഥലം പതിപ്പിച്ചു് റബ്ബർ കൃഷിനടത്തിവരുന്നതായി എനിക്കറിയാം. നമ്മുടെ രാജ്യത്ത് ഗവണ്മെന്റിന്റെ പ്രധാനമായ നയം കൃഷിയെ മാത്രം പ്രോത്സാഹിപ്പിക്കണമെന്നാണെങ്കിൽ നാം ഒരു നിയന്ത്രണം ചെയ്യേണ്ടതാണ്. വിദേശീയർപണ്ട് മലംദിക്കുകളിൽ തേയില, കാപ്പി, റബ്ബർ മുതലായ കൃഷികൾ നടത്തിവരുന്നുണ്ട്. ഇവയ്ക്കു മാത്രമെ അവർ വ്യാപാരം കാണുന്നുള്ളു. മലംദിക്കുകളിൽ നടത്തുന്ന കൃഷിവിഷയത്തിൽ അവർക്ക് വളരെ വലുതായ ഒരു പ്രാരംഭചെലവു വേണ്ടിവരുന്നുണ്ട്, ഹൈറേഞ്ചിലുള്ള വണ്ടിപ്പെരിയാർ എന്ന സ്ഥലത്തുപോയി അവിടെ അവർ ചെയ്തുവരുന്ന വേലകളെ നിങ്ങൾ നോക്കുന്നതായാൽ അവിടെ ഏലത്തിന്റെ എസ്റ്റേറ്റുകളുള്ളതായികാണാം. ഈ എസ്റ്റേറ്റുകളിൽ ലക്ഷത്തിലധികം കൂലിക്കാരെ വേലക്കു നിയോഗിച്ചിട്ടുണ്ട്. ഒരു ലക്ഷം ജനങ്ങൾക്കു വേലനൽകുന്നതിലേക്കായി അവർ ചെലവുചെയ്യുന്ന വിഷയമായ മൂലധനത്തെ നിങ്ങൾ കണക്കുകൂട്ടി നോക്കുന്നതായാൽ ആകെ വളരെയധികമായിരിക്കും. അതു് [illegible] ലക്ഷത്തിലധികം രൂപ വരുമെന്ന് ഞാൻ വിചാരിക്കുന്നു. തേയിലത്തോട്ടങ്ങൾ [illegible] ചെയ്തിട്ടുള്ള സിൽബന്ധികൾക്കായും അവർ ചെലവുചെയ്തിട്ടുള്ള പ്രാരംഭചെലവിനെ കണക്കുകൂട്ടുകയാണെങ്കിൽ [illegible] കോടി രൂപയിലധികം വരും. അവർ ഈ മുതലെല്ലാം നമ്മുടെ ഭൂമികളിൽ നിക്ഷേപിച്ചിട്ടുള്ളതു് അവരുടെ ലാഭത്തിനുവേണ്ടി മാത്രമല്ല, നമ്മുടെ രാജ്യത്തിന്റെ ഗുണത്തിനുവേണ്ടിയിട്ടുകൂടിയാണ്. അവർക്ക് ഒരു നല്ല ആദായം കിട്ടുന്നുണ്ടെന്നുള്ളതു് വാസ്തവംതന്നെ. അവസാനഫലമായി നമ്മുടെ രാജ്യത്തിലുള്ള അനേകം ജനങ്ങൾക്ക് ജീവിതവേലക്കാരായിട്ടു മാത്രമല്ല, തേയിലയുണ്ടാക്കുന്നവരായും, ഗുമസ്തന്മാരായും മററസിൽബന്ധികളായും തൊഴിൽ കൊടുത്തുവരുന്നുണ്ട്.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഇവിടത്തെ ജനങ്ങൾ എന്നും കൂലിക്കാരായിട്ടു കഴിയണമെന്നാണോ മെമ്പർക്കുടെ അഭിപ്രായം?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അവർ വന്നിട്ടുള്ളതു് ജനങ്ങളുടെ സാമ്പത്തികസ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനാണ്. രാജ്യത്തിന് ആകമാനമായി അവർ യാതൊരു ഉപദ്രവവും ചെയ്യുന്നില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇവിടത്തെ റിസർവിൽ ഉള്ള കൃഷി ചെയ്യാത്ത സ്ഥലങ്ങളെ വിദേശീയകമ്പനിക്കാർ അപേക്ഷിക്കുകയാണെങ്കിൽ അവർക്ക് മുഴുവൻ പതിച്ചുകൊടുക്കുകയും അതിൽ കൂലിക്കാരെക്കൊണ്ടു കൃഷി ചെയ്യിച്ചു വിദേശീയർക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ട് മെമ്പർക്ക് വിരോധമില്ലേ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഗവണ്മെന്റ് അനുകരിക്കേണ്ട ഒരു നയത്തെപ്പററി ഞാൻ അഭിപ്രായപ്പെടുന്നില്ല. പറയുന്നതു നല്ലപോലെ ആലോചിച്ചതിനുശേഷം മാത്രമേ അവർ ഭൂമികൾ കൊടുക്കാൻ പാടുള്ളു എന്നു മാത്രമാകുന്നു. . . . . .

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): കൃഷിചെയ്യാതെ കിടക്കുന്ന ഭൂമിയിൽ ഇത്രമാത്രമേ കൊടുക്കാവൂ എന്നൊരു വ്യവസ്ഥ ഉണ്ടോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അപ്രകാരം ആത്മനാശഹേതുകമായ ഒരു നയത്തിലേക്ക് ഗവണ്മെന്റ് സ്വയം ഇടയാക്കിത്തീർക്കുകയില്ല.

മി: മുകവേലിൽ പാച്ചുപിള്ള (ചേർത്തല): ഒരാൾക്കു ദിവസം എന്തു കൂലി കിട്ടുമെന്നറിയാമോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ശരാശരി വ അണ

മി: വി. ചെല്ലംപിള്ള (തോവാള): എല്ലാ എസ്റ്റേറ്റ് ഉടമസ്ഥന്മാരും മിഷ്യനറിമാരാണോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അവരെല്ലാവരും മിഷ്യനറിമാരല്ല. അതുകൊണ്ട്, അപ്രകാരമുള്ള ഒരു നിയന്ത്രണത്തിന്റെ ശക്തി രാജ്യത്തിനു വെളിയിലുള്ളവരായിരിക്കുന്നതാണെന്നു മാത്രമല്ല അതു് രാജ്യത്തിലുള്ള ജനങ്ങൾക്കു ഹിതകാരിയായിരിക്കുന്നതുമല്ല. അതിനാലാകുന്നു ഞാൻ പ്രമേയത്തെ എതിർക്കുന്നതു്.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): സർ, ഈ വാദപ്രതിവാദത്തിനിടയിൽ ഒന്നു രണ്ടു വാക്കു സംസാരിക്കുവാൻ ഞാനും ആഗ്രഹിക്കുന്നു. ഇപ്പോൾ നടപ്പിലിരിക്കുന്ന പുതുവൽ നിയമങ്ങളിൽ, ഒരുതരം നിയന്ത്രണം അതായതു് വിദേശീയർക്കു പുതുവൽ പതിച്ചുകൊടുക്കുന്നതിനു വിരോധമായി ഒരു നിരോധനമുണ്ടെന്നു മിസ്റ്റർ റാബിൻസൺ ഈ സഭയെ അറിയിച്ചിട്ടുണ്ട്. റവന്യൂഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥന്മാർക്കോ അല്ലെങ്കിൽ ആ ഡിപ്പാർട്ടുമെന്റിലെ മേലധികാരിക്കോ ഒരു വിദേശിയനുവേണ്ടി ഒരു ഇഞ്ചു സ്ഥലംപോലും പതിച്ചുകൊടുക്കുവാൻ സാധിക്കുന്നതല്ലെന്നു അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഒരു വിദേശിയന് ഭൂമി പതിച്ചുകൊടുക്കണമെന്നുണ്ടെങ്കിൽ മുൻകൂട്ടി ഗവണ്മെന്റനുവാദം സിദ്ധിച്ചതിനുമേൽ മാത്രമേ സാധിക്കുകയുള്ളു. വിദേശീയകോടീശ്വരന്മാർക്ക് അവ്യവസ്ഥിതമായ രീതിയിൽ ഭൂമി പതിച്ചുകൊടുക്കാതിരിക്കുന്നതിലേക്കു അതു മതിയായ രക്ഷാമാർഗ്ഗമല്ലയോ? വിദേശീയരുടെ നേർക്കു വിഭിന്നമായ നയം യാതൊന്നും നാം സ്വീകരിക്കാൻ പാടില്ലെന്നും അവരോടു നാം സൽക്കാരപൂർവ്വം വേണം പ്രവർത്തിക്കേണ്ടതെന്നും ഉള്ള വിഷയത്തിൽ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ സമ്മതിക്കുന്നുണ്ട്. ഇപ്പോൾ അത്രമാത്രം വേണ്ടതെന്നു ഞാൻ അദ്ദേഹത്തോടു ആവശ്യപ്പെടുന്നില്ല. വിദേശീയരോടു നാം സൽക്കാരപൂർവ്വം പെരുമാറിയില്ലെങ്കിലും, അവരോടു നാം ന്യായമായി വർത്തിച്ചാൽ മതിയാകുന്നതാണെന്നു ഞാൻ അദ്ദേഹത്തോടു അപേക്ഷിച്ചുകൊള്ളുന്നു. വിദേശീയരോടു ന്യായമായി വർത്തിക്കണമെന്നു മാത്രം നാം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, സ്വദേശികളുടെ നേർക്കു നടപ്പിലില്ലാത്തതായ യാതൊരു നിയന്ത്രണങ്ങളും, വിദേശീയർക്കു ഭൂമി പതിച്ചുകൊടുക്കുന്നതിലും ഉണ്ടായിക്കൂടുന്നതിൻ പാടില്ലാത്തതാകുന്നു.

ഭൂമി പതിച്ചുകൊടുക്കുന്ന വിഷയത്തിൽ ഗവണ്മെൻറിന്റെ ഉദ്ദേശത്തിലുള്ള നയത്തെ അറിയുന്നതിനോ അനുകരിക്കുന്നതിനോ പ്രാപ്തന്മാരല്ലാത്ത ഉദ്യോഗസ്ഥർ ഭൂമികൾ വിദേശികൾക്കു പതിച്ചുകൊടുക്കാൻ പാടില്ലെന്നുള്ളതു് രാജ്യത്തിന്റെയും ക്ഷേമത്തിനു കാരണമായിരിക്കാം, എന്നാൽ അതിലേക്കു ഗവണ്മെൻറിന്റെ കാലേക്കൂട്ടിയുള്ള അനുവാദത്തിന്മേൽ മാത്രമേ വിദേശീയർക്കു ഭൂമി പതിച്ചുകൊടുക്കാൻ പാടുള്ളു എന്ന നിയമമുണ്ടു്. അതിനാൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഭയത്തിന് മതിയായ രക്ഷയുമുണ്ടെന്നു് എനിക്കു തോന്നുന്നു. വീണ്ടും യാതൊരു ഭൂമിയും ഒരു വിദേശീയന്, അവൻ വിദേശീയനാണെന്നുള്ള കാരണത്താൽ പതിച്ചുകൊടുക്കരുതെന്നാണു മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ ഉദ്ദേശമെങ്കിൽ, അദ്ദേഹത്തിന്റെ പ്രമേയത്തിന്റെ വൈഷ്ണ്യത്തെപ്പററിയല്ലെങ്കിലും, അർത്ഥത്തെപ്പററി എനിക്കു മനസ്സിലാക്കാൻ കഴിയും. ഏതുകൊണ്ടും മിസ്റ്റർ കുഞ്ഞിത്തൊമ്മൻ വിദേശീയരോടു ബഹുമാനപൂർവ്വം വേണം വർത്തിക്കുവാനെന്നു തുറന്നു പ്രസ്താവിച്ചിട്ടുണ്ടു്. അപ്രകാരമാണെങ്കിൽ, എപ്പോൾ, ഏതു് അവസരങ്ങളിൽ, എത്രമാത്രം ഭൂമി വിദേശീയർക്കു പതിച്ചുകൊടുക്കാവുന്നതാണെന്നുള്ള ഒരു തീരുമാനം വരുത്തുന്നതിൽ ഗവണ്മെൻറു കീഴുദ്യോഗസ്ഥന്മാരെയല്ലെങ്കിലും ഗവണ്മെൻറിനെയെങ്കിലും ഈ സഭ വിശ്വസിക്കേണ്ടതു ന്യായമില്ലയോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ സംഗതിയിൽ ഗവണ്മെൻറു അനുവർത്തിച്ചു തീരേണ്ട ഏതെങ്കിലും നിയമങ്ങളുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി: കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് ഡക്കാർ വക്കീൽ): ഇല്ല നിയമങ്ങളൊന്നുമില്ല. ഈ കാര്യത്തിന്റെ സ്വഭാവമനുസരിച്ചു, അതു ശുദ്ധമേ നയത്തെ സംബന്ധിക്കുന്ന ഒരു വിഷയമായതുകൊണ്ടു യാതൊരു നിയമങ്ങളും ഉണ്ടായിരിക്കുവാൻ നിവൃത്തിയില്ല. വിദേശീയ മുതലാളികളുമായി ഇടപെടുവാനിടയാകുന്ന കീഴുദ്യോഗസ്ഥന്മാരോടായോ, പ്രത്യേകം ഉദ്യോഗസ്ഥന്മാരോടായോ വിശ്വസിക്കുവാൻ നിവൃത്തിയില്ലെന്നു സഭ പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാക്കുവാൻ കഴിയും. എന്നാൽ അവർക്കു കാരണസഹിതം ഗവണ്മെൻറിനെ സംബന്ധിച്ചു അങ്ങനെ പറയുവാൻ കഴിയുന്നതല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഗവണ്മെൻറിന്റെ നയത്തെ രൂപീകരിക്കുന്നതിൽ ഈ സഭയ്ക്കു സ്ഥാനമില്ലെന്നാണോ മെമ്പർ അഭിപ്രായപ്പെടുന്നതു്?

മി: കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): ഞാൻ അപ്രകാരം പറയുന്നില്ല. പ്രമേയപ്രയോക്താവു് അദ്ദേഹത്തിന്റെ പ്രമേയത്തിന് അവലംബമായി പ്രസ്താവിച്ച കാരണങ്ങളിലൊന്നു് വിദേശീയരോടു നാം സൽക്കാരപൂർവ്വം വർത്തിക്കണമെന്നാകുന്നു. നാം അത്രമാത്രം പോരാ കണ്ടതില്ലെന്നും വിദേശീയരോടു നാം ന്യായമായി വർത്തിച്ചാൽ മതിയാകുന്നതാണെന്നുമാണു ഞാൻ പറയുന്നതു്. അങ്ങനെയാണെങ്കിൽ അവശ്യമായിട്ടുള്ളതും ആവശ്യപ്പെടാവുന്നതും ഉത്തരവാദിത്വമുള്ള ഒരു സംഘം ഈ വിഷയത്തിൽ പ്രവർത്തിക്കണമെന്നുള്ളതാണെന്നു് ഞാൻ പറയുന്നു. ആ ഉത്തരവാദിത്വമുള്ള സംഘം ഗവണ്മെൻറു തന്നെയാണു്. ആ ഉത്തരവാദിത്വം ഗവണ്മെൻറിൽ നിക്ഷേപിക്കാൻ പാടില്ലെന്നോ അല്ലെങ്കിൽ യാതൊരു കാര്യവശാലും അതു നടത്തുവാൻ പാടില്ലെന്നോ ആണു് ഈ സഭ പറയാൻ ഭാവിക്കുന്നതെങ്കിൽ—

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ സഭയ്ക്കു് ഉത്തരവാദിത്വമൊന്നുമില്ലെന്നു ലാമെമ്പർ ഭംഗ്യന്തരേണ ആക്ഷേപിക്കുകയാണോ ചെയ്യുന്നതു്?

മി: കുട്ടാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്കാർ വക്കീൽ): അല്ല. എന്നാൽ വാസ്തവമായി ഭൂമി പതിച്ചുകൊടുക്കുന്നതിൽ ഈ സഭയ്ക്കു് യാതൊരുവിധമായ ഉത്തരവാദിത്വവുമില്ലെന്നു ഞാൻ വിചാരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ആ നയത്തിൽ ഭാഗഭാക്കാകുന്നതിലും ഈ സഭയ്ക്കു് ഉത്തരവാദിത്വമൊന്നുമില്ലെന്നാണോ ലാമെമ്പർ പറയുന്നതു?

മി: കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): നിശ്ചയമായിട്ടും അല്ല. അപ്രകാരം പറയുന്നവരിൽ ഒടുവിലത്തെ ആളായിരിക്കും ഞാൻ. ഭൂമി പതിച്ചുകൊടുക്കുന്ന ജോലിയിൽ ഈ സഭയ്ക്കു ഉത്തരവാദിത്വമൊന്നുമില്ലെന്നു ഞാൻ പറയുന്നുമില്ല. ഭൂമി പതിച്ചുകൊടുക്കുന്നതിൽ ഉത്തരവാദിത്വമുള്ളവർ തഹശീൽദാർ, പേഷ്ക്കാർ മുതലായവർ മാത്രമാകുന്നു. എന്നാൽ ഭൂമി പതിച്ചുകൊടുക്കുന്നതുസംബന്ധിച്ചനയം ഗവണ്മെൻറിലാണു് നിക്ഷേപിക്കപ്പെട്ടിരിക്കുന്നതു്. നയത്തെ സംബന്ധിച്ചു് ഈ സഭക്കു് എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ അതിനെപ്പററി ഗവണ്മെൻറു ഏററവും ബഹുമാനപൂർവ്വം സ്വീകരിച്ചു വേണ്ടതുപോലെ ആലോചിക്കുന്നതാണു്.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ പ്രമേയത്തിന്റെ ഉദ്ദേശം എന്താണു്.

മി: കുട്ടാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): അഞ്ചു് ഏക്കറിൽ കൂടുതൽ ഭൂമി വിദേശീയർക്കു് പതിച്ചുകൊടുക്കുവാൻ പാടില്ലെന്നു് അതിൽ പറയുന്നു. ഞാൻ പറയുന്നതു് പരിഗണിക്കപ്പെട്ടിട്ടുള്ള നയങ്ങളിലൊന്നു് അതായതു് വിദേശീയരോടു് നാം ബഹുമാനപൂർവ്വം വർത്തിക്കണമെന്നുള്ളതു്—ഞാൻ നിങ്ങളോടു് അവശ്യപ്പെടുന്നതു് ന്യായമായി പെരുമാറണമെന്നാണു്—പ്രമേയവുമായി യോജിപ്പുള്ളതായിരിക്കുന്നില്ല എന്നുകാണുന്നു.

മി: കെ മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇടപാടുകളിൽ സംബന്ധിച്ചിരിക്കുന്ന പരിമാണത്തിലോ അല്ലെങ്കിൽ തത്വത്തിലോ ഏതിലാണു് ന്യായംസ്ഥിതിചെയ്യുന്നതു്?

മി: കുട്ടാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ്സക്കാർ വക്കീൽ) ന്യായം സ്ഥിതിചെയ്യുന്നതു് സമാനമായ ആചരണത്തിലാകുന്നു. ഈ സഭ വിദേശീയരോടും ഈ രീതിയിൽ പ്രത്യേകമായി ആചരിക്കുന്നതെന്തിന്? വിദേശീയരെ സംബന്ധിച്ചു മാത്രം ഇപ്രകാരമൊരു നിയന്ത്രണമെന്തിനു്? സ്വദേശികളെ സംബന്ധിച്ചു് ആ നിയന്ത്രണം വേണ്ടാത്തതിനു കാരണമെന്തു്?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): രാജ്യത്തിന്റെ സാമ്പത്തികമായ അഭിവൃദ്ധിയെ ഉദ്ദേശിച്ചാണു് ഈ നിയന്ത്രണം ആവശ്യപ്പെട്ടിട്ടുള്ളതെന്നു് മെമ്പർ സമ്മതിക്കുന്നുവോ?

മി: കുട്ടാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ്സക്കാർ വക്കീൽ): സർ, എനിക്കു അതിൽ

സന്ദേഹമുണ്ട്. അങ്ങിനെയാണെങ്കിൽ തക്കതായ അതു തിരുവിതാംകൂറിന്റെ നേക്ക് ഉള്ളിപകവും വൈരനിര്യാ തനപരവുമായിട്ടുള്ള മററുഗവൺമെൻറുകളുടെ ആചരണം മാത്രമാകുന്നു. മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ ഉദ്ദേശ സാധുത്വത്തെപ്പററി ഞാൻ ചോദ്യം ചെയ്യുന്നില്ല. സാമ്പത്തികമായ വിചാരണകളാണ് പ്രമേയത്തിന്റെ ഉദ്ദേശമെങ്കിൽ, അതു് സ്പഷ്ടമായും വിശദമായും വെളിപ്പെടുത്താമായിരുന്നു. അങ്ങിനെയാണെങ്കിൽ, മിസ്റ്റർ പിറവിപ്പെരുമാൾ പിള്ളയുടെ ഭേദഗതിയെ വളരെ ബലമായി എതിർത്തതിന്റെ ഉദ്ദേശമെന്താണെന്ന് എനിക്കുമനസ്സിലാകുന്നില്ല. അങ്ങനെയാണ്ട് വിദേശീയർക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനെ തടയുന്ന നീതിപരമായ യാതൊരു നിയമവുമില്ലെന്ന്—ആതിഥ്യദ്രോഹകരമായ നിയമമെന്ന് ഞാൻ പറയുകയില്ല—മിസ്റ്റർ കുഞ്ഞിത്തൊമ്മൻ സമ്മതിക്കുകയും വിചാരിക്കുകയും ചെയ്യുന്നിടത്തോളംകാലം, എന്തുകൊണ്ടും ഇപ്പോഴത്തേക്ക് ഗവണ്മെൻറനുവാദം കൂടാതെ വിദേശീയർക്ക് ഭൂമിപതിച്ചുകൊടുക്കാവുതല്ലെന്നുള്ളതിലേക്കു പുതുവൽ നിയമങ്ങളിൽ നിബന്ധനയുണ്ടെന്നുള്ളതു് അദ്ദേഹത്തെ തൃപ്തിപ്പെടുത്തുവാൻ മതിയാകുന്നതാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തിരുവിതാംകൂർകാർക്ക് ഇരുപതു് ഏക്കറിൽ കൂടുതൽ പതിച്ചുകൊടുക്കുവാൻ പാടില്ലെന്നു കാണിക്കുന്ന വേറെയൊരു പ്രമേയത്തെപ്പററി മിസ്റ്റർ കുഞ്ഞിത്തൊമ്മൻ വിജ്ഞാപനം നൽകീട്ടുണ്ടെന്ന് ബോദ്ധ്യമുണ്ടോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഉണ്ടായിരിക്കാം. മിസ്റ്റർ ആശാൻ ഉറപ്പുപറയുന്നതിനെ ഞാൻ സ്വീകരിച്ചുകൊള്ളാം. ആ സ്ഥിതിക്ക്, ഈ പ്രമേയത്തെ ഇന്നു ഹാജരാക്കാതെ, ആ പ്രമേയവും ബാലട്ടിൽ കിട്ടുന്നതുവരെയോ അല്ലെങ്കിൽ രണ്ടും ഒന്നുചേർത്തുകൊണ്ടുവരാൻ സാധിക്കുന്നതുവരെയോ താമസിക്കുന്നതായിരുന്നു അദ്ദേഹത്തിനു നല്ലതു്. രണ്ടുപ്രമേയവും ഒന്നുചേർത്തിരുന്നുഎങ്കിൽ അതു് നിശ്ചയമായിട്ടും വളരെ ഭംഗിയായിരിക്കുമായിരുന്നു. അദ്ദേഹത്തിന് വിദേശിയരോട് വളരെ അനുഭാവമുണ്ടായിരുന്നെങ്കിൽ, ആ പ്രമേയത്തെ വാർഷികസമയത്തിലൊ വിഭജനാവസരത്തിലൊ വേർപിരിക്കാൻ സാധിക്കാത്തവിധത്തിൽ ഇതിന്റെ ഒരു അവിഭക്തഭാഗമാക്കിത്തീർക്കേണ്ടിയിരുന്നു. ഈ പ്രമേയം പാസ്സാക്കപ്പെട്ടുകയും മറേറപ്രമേയം ഹാജരാക്കപ്പെടാതിരിക്കയും ചെയ്യുന്നു എന്നു വിചാരിക്കുക. അപ്പോൾ ഫലമെന്തായിരിക്കും? ഒരു നിശ്ചിതപരിധിയിൽ കൂടുതലായി ഭൂമികൾ വിദേശിയർക്ക് പതിച്ചുകൊടുക്കുവാൻ പാടില്ലാതേയും, അതേ സമയത്തിൽ ഒരു തിരുവിതാംകൂർകാരന് അനേകായിരം ഏക്കർസ്ഥലം പതിച്ചുകൊടുക്കാവുന്നതായും, ആ തിരുവിതാംകൂർകാരന്, ഗവൺമെൻറിന് സ്വയമായി സാധിക്കാതെയും, പാടില്ലാതേയും ഇരിക്കുന്നു എങ്കിലും ഈ ആയിരക്കണക്കിലുള്ള ഏക്കറുകളെ വിദേശിയർക്ക് വിലകൊടുക്കുവാൻ സാധിക്കുന്നതായും തീരുന്നതരീതിയിൽ അദ്ദേഹം ഈ സഭയെ ഇടയാക്കിത്തീർക്കുന്നതാകുന്നു. ഇതു് ശരിയാണോ? ഏതെങ്കിലും ഒരു തിരുവിതാംകൂർകാരന് ആയിരക്കണക്കിലുള്ള ഏക്കറുകളടങ്ങിയ പുതുവൽ സ്ഥലങ്ങൾ വിദേശിയർക്കു വിററു അതിൽ നിന്നും ആദായം എടുക്കാമെങ്കിൽ ആ ആദായം ഗവണ്മെൻറിന് എടുക്കാൻ പാടില്ലാത്തതെന്തുകൊണ്ട്? പൊതുജനക്ഷേമങ്ങളുടെ സൂക്ഷിപ്പുകാരനാകുന്ന ഗവണ്മെൻറും പൊതുജനങ്ങളുടെ പകയായ പുതുവൽ സ്ഥലങ്ങളെ വിൽക്കുന്നതിൽ നിന്നും കിട്ടുന്ന ആദായവും ഗവണ്മെൻറിനു ചേരേണ്ടതാകുന്നു, പൊതു ജനങ്ങളുടെ ഗുണത്തിലേക്കായിട്ടല്ലാതെ ഒരു വ്യക്തിയുടെ കീശയിൽ ചെന്നു ചേരേണ്ടതല്ല അതു്.

എനിക്കു സ്വീകരിക്കേണ്ട നയമെന്താണെന്നു അറിവാൻ കഴിയും—ആ നയം ആലോചനാതീതമാണെന്നു ഞാൻ പറയുന്നില്ല—എന്നാൽ ഞാൻ പറയുന്നതു് ഒരു ഒററയാളിന്റെ കൈവശത്തിൽ ഭൂമികൂടിക്കിടക്കരുതെന്നുള്ള നയം എനിക്കും അറിയുവാൻ കഴിയുമെന്നാകുന്നു, മിസ്റ്റർ കുഞ്ഞിത്തൊമ്മൻ മിക്കവാറുംപ്രസ്താവിക്കുന്നതും ആ നയം തന്നെയായിരിക്കാം. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ആലോചനയിലിരിക്കുന്ന നയം അതു തന്നെയാണെന്നു വിചാരിച്ചാലും ഒരു വിദേശിയന് മാത്രം അഞ്ചു ഏക്കറിൽ കൂടുതൽ ഭൂമി പതിച്ചു കൊടുക്കരുതെന്നുള്ള ഉദ്ദേശത്തിലേക്കു അതു കരണമായിത്തീരുന്നതെങ്ങനെയെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): വിദേശിയരോട് ന്യായരഹിതമായി പെരുമാറണമെന്നുള്ള ഉദ്ദേശം മിസ്റ്റർ കുഞ്ഞിത്തൊമ്മനില്ലെന്നു ബോദ്ധ്യമെന്നു അറിഞ്ഞു കൂടയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി വക്കീൽ): അദ്ദേഹം പറഞ്ഞതുതാണ്. അതിനെ ഒരു നിർവ്യാജമായ പ്രസ്താവമായി സ്വീകരിക്കുവാൻ ഞാൻ തയ്യാറാണ്. എന്നാൽ അതുപ്രകാരമാണെങ്കിൽ ഇപ്പോഴത്തെ പുതുവൽ നിയമങ്ങളിലുള്ള നിബന്ധനകൾകൊണ്ടു നാം തൃപ്തിപ്പെടണമെന്നാകുന്നു ഞാൻ പറയുന്നതു്.

മി: രേവതിനാൾ രാമവർമ്മരാജാ (ഏടവക): ഗവണ്മെൻറിന്റെ ഇതുവരെയുള്ള നയം കൂടുതൽ ഉദാരമായിപ്പോയി എന്നു വിചാരിച്ചാണ് ഈ പ്രമേയം കൊണ്ടുവന്നതെന്നു വിചാരിക്കരുതേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി വക്കീൽ): അതിനെപ്പററി മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. വാസ്തവത്തിൽ, വ്യവസ്ഥ കൂടാതെ ഭൂമികൾ പതിച്ചു കൊടുക്കാൻ പാടില്ലെന്നു അദ്ദേഹം പറഞ്ഞിട്ടുണ്ടായിരുന്നെങ്കിൽ, ആർക്കും അതു മനസ്സിലാക്കാമായിരുന്നു. നേരേ മറിച്ച് ഈ സഭ വിദേശീയരോടു സൽക്കാരഭാവത്തിൽ വർത്തിക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടതു്. "നമുക്കു ന്യായമായി പ്രവർത്തിക്കാം" എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. നാം ന്യായമായി പ്രവർത്തിക്കുകയാണെങ്കിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമങ്ങൾകൊണ്ടു, അതായതു്, ഗവണ്മെൻറിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ വിദേശീയർക്ക് ഭൂമിപതിച്ചു കൊടുക്കാൻ പാടില്ലെന്നുള്ള നിയമങ്ങൾ കൊണ്ടു, ഈ സഭയ്ക്കു തൃപ്തിപ്പെടാൻ പാടില്ലാത്തതെന്തുകൊണ്ട്?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): ഇപ്പോൾ നൂറും ആയിരവും ഏക്കർ സ്ഥലം വീതം പതിച്ചുകൊടുക്കണമെന്നു ഗവണ്മെൻറിൽ ധാരാളം അപേക്ഷകൾ വന്നു കിടപ്പുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്ക്ക് സക്കാർ വക്കീൽ): മെമ്പർ ഉറപ്പു തരുന്നതിനെ ഞാൻ വിശ്വസിക്കാം. അനേകം അപേക്ഷകൾ തീർച്ചചെയ്യാതെ കിടപ്പുണ്ടെന്നുള്ള വസ്തുത തന്നെ, ആ വിഷയത്തിൽ ഗവണ്മെൻറും ഏററവും കൂടുതലായ നിഷ്കർഷയോടുകൂടി ആലോചിക്കുന്നുണ്ടെന്നും, അവർ ഋജുഗതിയായി പ്രവർത്തിക്കുന്നതല്ലെന്നും കാണിക്കുന്നുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): അതിൽ ഏതാനുമില്ല ചതിച്ച് കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ, അല്ലെങ്കിൽ അങ്ങനെ ചതിച്ചു കൊടുക്കണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്ക്ക് സക്കാർ വക്കീൽ): എനിക്കു പറയുവാൻ സാധിക്കയില്ല. ഒരു തീരുമാനം ഉണ്ടായിട്ടുണ്ടെന്നു മെമ്പർ നിശ്ചയമായി പറയുമെങ്കിൽ, ഈ വാദപ്രതിവാദത്തിലേക്കു വേണ്ടി ഞാൻ അതിനെ സ്വീകരിച്ചുകൊള്ളാം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അതിഥിക്കു ചെയ്യുന്ന ആതിഥ്യം ഗൃഹസ്ഥന്റെ ശക്തിയനുസരിച്ചുള്ളതായിരിക്കണമെന്നു ഞാൻ പണ്ഡിതനായ ലാ മെമ്പറെ അറിയിക്കട്ടെയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്ക്ക് സക്കാർ വക്കീൽ): സംശയമില്ല. എന്നാൽ എല്ലാക്കാലത്തും എല്ലാവരോടും നമുക്കു ന്യായമായി പ്രവർത്തിക്കാൻ കഴിയുന്നതാണ്. ഈ സഭ ചെയ്യണമെന്നു ഞാൻ ആവശ്യപ്പെടുന്നതും അതുമാത്രമാണ്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പുത്തനായിട്ടു തീരുന്ന വള്ളിവാശൽ നേര്യമംഗലം റോഡിന്റെ തീരത്തും ആയിരം ഏക്കർ കണക്കിന് സ്ഥലം പതിച്ചു കിട്ടണമെന്നു കണ്ണൻദേവൻ കമ്പനിക്കാർ അപേക്ഷിച്ചിട്ടുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്ക്ക് സക്കാർ വക്കീൽ): എനിക്കതറിഞ്ഞുകൂടാ. ഏതുകൊണ്ടും ആ ഭൂമികൾ പതിച്ചു കൊടുത്തിട്ടുള്ളതായി മി: കുഞ്ഞിത്തൊമ്മൻ പറയുന്നില്ല. അതിന്റെ അർത്ഥം അപേക്ഷകൾക്കു തീർച്ചചെയ്തിട്ടില്ലെന്നും അവ ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുന്നുണ്ടെന്നും ആകുന്നു. അവ തീർച്ചചെയ്യാതെ കിടക്കുന്നതിന് കാരണമെന്തു? ഭൂമികൾ പതിച്ചുകൊടുക്കണമോ വേണ്ടയോ എന്നുള്ള വിഷയത്തെപ്പററി ഗവണ്മെൻറു ഗാഢമായി ആലോചിക്കുന്നുണ്ടെന്നുള്ളതല്ലയോ അതിന് കാരണം,

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വിദേശികളുടെ അപേക്ഷകളെക്കാൾ സ്വദേശികളുടെ അപേക്ഷയ്ക്കു പ്രാധാന്യം നൽകി ഭൂമി പതിച്ചു കൊടുത്തിട്ടുണ്ടോ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്ക്ക് സക്കാർ വക്കീൽ): എനിക്കു അതിനെപ്പററിയാതൊരറിവുമില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): സ്വദേശികൾ അപേക്ഷിച്ചിട്ടുള്ള സ്ഥലം അവർക്കു കൊടുക്കാതെ വിദേശികൾക്കു പതിച്ചു കൊടുത്തിട്ടുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്ക്ക് സക്കാർ വക്കീൽ): ആ ചോദ്യത്തിന് മറുപടി പറയുവാൻ എനിക്കു സാധിക്കുന്നതല്ല. ഒരു തിരുവിതാംകൂർകാരനും ഒരു വിദേശിയനും തുല്യമായ കരാറുകൾ ചെയ്തിരിക്കെ വിദേശിയനാണ് തിരുവിതാംകൂർകാരനെക്കാൾ പ്രാധാന്യം നൽകിയതെന്നാണ് മെമ്പർ പരാതിപറയുന്നതെങ്കിൽ ആവലായിയെന്താണെന്നു മനസ്സിലാക്കുവാൻ എനിക്കു സാധിക്കും.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): തൊട്ടുകിടക്കുന്ന രണ്ടു ഭൂമികൾ നാട്ടുകാർക്കു കൂടുതൽ തരവിലയ്ക്കും വിദേശികൾക്കു കുറഞ്ഞ തരവിലയ്ക്കും ഗവണ്മെൻറിൽ നിന്നും അടുത്തകാലത്തു പതിച്ചു കൊടുത്തിട്ടുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്ക്ക് സക്കാർ വക്കീൽ): എനിക്കറിഞ്ഞുകൂടാ. ഏതുവിധവും മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അദ്ദേഹത്തിന്റെ പ്രമേയം അവതരിപ്പിച്ചപ്പോൾ അതു് അദ്ദേഹത്തിന്റെ കാരണങ്ങളിൽ ഒന്നായിരുന്നെങ്കിൽ അതിനെപ്പററി അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടായിരുന്നേനെ. ആ അഭിപ്രായം അദ്ദേഹം പുറപ്പെടുവിച്ചിരുന്നെങ്കിൽ മിസ്റ്റർ റാബിൻസൺ അതിനു സമാധാനമോ മറുപടിയോ പറഞ്ഞിരിക്കുമായിരുന്നു.

മി: വി. ചെല്ലംപിള്ള (തേവാള): കഴിഞ്ഞയാണ്ടിൽ വിദേശിയരുടെ പേരുകളിൽ ഏതെങ്കിലും ഭൂമി പതിച്ചു കൊടുത്തിട്ടുണ്ടോ എന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്ക്ക് സക്കാർ വക്കീൽ): എനിക്കു പറയുവാൻ സാധിക്കയില്ല. ഇപ്പോഴത്തെ വാദപ്രതിവാദത്തിലെ വിഷയവും അതല്ല.

തിരുവിതാംകൂർകാരുടെ പേരിൽ പതിപ്പിച്ചിട്ടുള്ള ഭൂമികൾ എപ്പോഴെങ്കിലും വിദേശീയർക്കു കൈമാററം ചെയ്തു കൊടുത്തിട്ടുണ്ടോ എന്നൊരു സംശയം പ്രസ്താവിക്കുകയുണ്ടായി. മിസ്റ്റർ കുഞ്ഞിത്തൊമ്മനും ആ ചോദ്യം ചോദിച്ചു. മിസ്റ്റർ റാബിൻസൺ പറഞ്ഞുകൊണ്ടിരുന്നതു് എന്താണെന്നു് വ്യക്തമായി അദ്ദേഹത്തിന് മനസ്സിലായില്ലെന്നു് ഞാൻ വിചാരിക്കുന്നു. മിസ്റ്റർ റാബിൻസൺ പ്രസ്താവിച്ചതെന്താണെന്നു് മിസ്റ്റർ കുട്ടാകോസോ അല്ലെങ്കിൽ മിസ്റ്റർ കൃഷ്ണപിള്ളയോ ദയവുചെയ്തു് മിസ്റ്റർ കുഞ്ഞിത്തൊമ്മനു വിവരിച്ചു പറഞ്ഞുകൊടുക്കണമെന്നു് ഞാൻ ഊഹിക്കുന്നു. ശിപായിമാർക്കുകൂടിയും അവരുടെ പേരിൽ അനേകം ഏക്കർ സ്ഥലം പതിച്ചു വാങ്ങിയെന്നും പതിച്ചു വാങ്ങിയതിനുശേഷം താമസം കൂടാതെ തന്നെ അവർ അതിനെ വിദേശീയർക്കു കൈമാററം ചെയ്തു എന്നും വിദേശീയർക്കു് ഭൂമികൾ കൈമാററം ചെയ്യുന്നതു് തിരുവിതാംകൂറുകാരിൽ കൂടി വേണമോ എന്നും മിസ്റ്റർ റാബിൻസൺ പ്രസ്താവിച്ചു. അപ്രകാരമുള്ള ഉപായങ്ങൾക്കു തുല്യങ്ങളോ അല്ലെങ്കിൽ അവയെ സഹായിക്കുന്നവയോ ആയ ഏതെങ്കിലും സംഗതിക്കു് ഈ സഭ ഭാഗഭാക്കായിത്തീരാൻ പാടില്ലെന്നു് മിസ്റ്റർ കുഞ്ഞിത്തൊമ്മൻ വിചാരിക്കുന്നില്ലയോ?

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തിരുവിതാംകൂറിൽ ഒരുസെൻറു പോലും സ്ഥലമില്ലാത്തവരായി അനേകായിരം ജനങ്ങളുണ്ടെന്നറിയാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): ഉണ്ടായിരിക്കാം. മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഉറപ്പുപറയുന്നതിനെ ഞാൻ സ്വീകരിക്കുന്നു. ഒരു തിരുവിതാംകൂർകാരന് ഇ മസൻറ സ്ഥലം മാത്രമേ കിട്ടീട്ടുള്ളു എങ്കിൽ അയാൾ വീണ്ടും പതിച്ചു വാങ്ങാത്തതെന്തുകൊണ്ടു? ഭൂമികൾ തിരുവിതാംകൂർകാരുടെ കൈവശമിരിക്കണമെന്നാണ് മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ആവശ്യപ്പെടുന്നതെങ്കിൽ, മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ ഭേദഗതിയെ അദ്ദേഹം എതിർത്തതിൻറെ അർത്ഥം എനിക്കുമനസ്സിലാകുന്നില്ല. അതല്ലാം ഭൂമികൾ ഒരാളിൽ തന്നെക്കൂടിക്കിടക്കുന്നതു് അപായകരമാണെന്നുള്ള കാരണത്താൽ ഒരുത്തന്നു അഞ്ചു് ഏക്കറിൽ കൂടുതൽസ്ഥലം ഉണ്ടായിരിക്കുവാൻ അനുവദിക്കാൻ പാടില്ലെന്നാണ് അദ്ദേഹം ഉദ്ദേശിക്കുന്നതെങ്കിൽ, തിരുവിതാംകൂർകാരെമാത്രം ആ നിയമത്തിൽ നിന്നും ഒഴിവാക്കുകയും, വിദേശീയർക്കു ഭൂമികൈമാററം ചെയ്യുന്നതിനെ നിരോധിക്കുന്നതിനുള്ള നിയമനിർമ്മിതിയെ വിരോധിക്കുകയും ചെയ്യുന്നതെന്തിന്? വാസ്തവത്തിൽ, ഒരു വിദേശീയനാകട്ടെ, അല്ലെങ്കിൽ ഒരുതിരുവിതാംകൂർകാരനാകട്ടെ അഞ്ചു് ഏക്കർ ഭൂമി സ്വാധീനത്തിലുള്ളവനായിരുന്നാൽ അവന് ഭൂമിയൊന്നും പതിച്ചു കൊടുക്കുവാൻ പാടില്ലാത്തതായിരിക്കണം പ്രമേയം. അങ്ങനെയാണെങ്കിൽ പ്രമേയത്തിന് ഒരു അർത്ഥം കല്പിക്കുവാൻ എനിക്കു സാധിക്കും. സർ, എന്നാൽ, ഇപ്പോഴത്തെ ഈ പ്രമേയത്തിനു സഭ വഴിപ്പെടുകയാണെങ്കിൽ, അവർ തെററായ ഒരു പ്രവർത്തനപന്ഥാവിലേക്കാണ് നയിക്കപ്പെടുന്നതെന്ന് എനിക്കു തോന്നുന്നു. അതുകൊണ്ടു് ഈ പ്രമേയത്തെ സ്വീകരിക്കുന്നതായാൽ അതു നിമിത്തം ഉണ്ടാകാവുന്ന അപായകരങ്ങളായ പദ്ധതികളെപ്പററി സഭ സൂക്ഷിക്കേണ്ടതാണെന്നും ഞാൻ അറിയിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്: ഇപ്പോൾ നമുക്കു സഭ പിരിയുകയും വീണ്ടും നാളെ പതിനൊന്നരമണിക്ക് കൂടുകയും ചെയ്യാം.

രണ്ടുകുന്നേരം മണി ഒ അടിച്ചു് ഏഴുമിനിട്ടായപ്പോൾ അടുത്ത ദിവസം ൧൧-൩൦-ന് വീണ്ടും കൂടുന്നതാണെന്നുള്ള നിശ്ചയത്തോടുകൂടി സഭ പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ സഭ.

൧൯൨൪-ലെ ഒന്നാമത്തെയോഗം.

൧൯൨൪ ഡിസംബർ ൩-ാംനു ൧൯൨൪ വൃശ്ചികം ൨൧-ാംനു വ്യാഴാഴ്ച.
(അഹിഷ്യൽ റിപ്പോർട്ട്.)

പകൽ ൧൧-ന്നു മണിക്കു സഭ കൂടി പ്രസിഡെൻറ് അദ്ധ്യാസനാധിപത്യം വഹിച്ചു.

മി: കെ. സി. കരുണാകരൻ, മിസ്സസ് എലിസബെത്ത് കരുവിള, മിസ്റ്റർ എൻ. ആർ. കൃഷ്ണൻ, മിസ്റ്റർ കെ. മാധവൻ എന്നിവർ ഒഴികെയുള്ള മെമ്പർമാർ എല്ലാവരും ഹാജരുണ്ടായിരുന്നു.

ചോദ്യങ്ങളും ഉത്തരങ്ങളും.

കരുനാഗപ്പള്ളി താലൂക്കിലെ പൊതുജനാരോഗ്യം.

൯൯. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) കരുനാഗപ്പള്ളി താലൂക്കിൽ സാധാരണയായി ഉള്ള ആപൽകരമായ രോഗങ്ങൾ എന്തെല്ലാമാണ്?

(ബി) കഴിഞ്ഞമുന്നു കൊല്ലങ്ങളിൽ (൧൯൨൧-൧൯൨൩) രോഗനിവാരണത്തിനും ആരോഗ്യവും ശുചീകരണവും വർദ്ധിപ്പിക്കുന്നതിന്നും, സാനിററിയൊ മെഡിക്കലൊ ഡിപ്പാർട്ടുമെൻറുകൾ ആ താലൂക്കിൽ എന്തെല്ലാം നടപടികൾ നടത്തി എന്നു്.

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ) താലൂക്കിൽ സാധാരണയായിട്ടുള്ള പ്രധാന രോഗങ്ങൾ കൊക്കപ്പുഴുവും കുഷ്ഠരോഗവും ആകുന്നു.

(ബി) കരുനാഗപ്പള്ളിയും ചവറയും ആസ്പത്രികളിൽ കുഷ്ഠരോഗത്തിനു മരുന്നുകുത്തിവയ്പു ചികിത്സ നടത്തിവരുന്നു. ജനങ്ങൾക്കു അസഹ്യമാംവണ്ണം തെണ്ടിനടക്കുന്ന ഭിക്ഷക്കാരായ കുഷ്ഠരോഗികളെ നിർബന്ധപൂർവ്വം തിരുവനന്തപുരം കുഷ്ഠരോഗാസ്പത്രിയിലേക്കു അയച്ചും വരുന്നു. കൊട്ടാരമൺപാകുതിയിൽ കുഷ്ഠരോഗികൾക്ക് ഒരു പാർപ്പുസ്ഥലം ഉണ്ടാക്കികൊടുക്കണമെന്നു 'മെഡിക്കൽ സെർവിസസ് അഡ്മിനിസ്ട്രേററിവ് ബോർഡ്' അയച്ചിട്ടുള്ള ശിപാർശ ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു. കൊക്കപ്പുഴുരോഗത്തിന്റെ കാര്യത്തിൽ റോക്ഫെല്ലർ സ്ഥാപനത്തിലെ ഉദ്യോഗസ്ഥന്റെ ഉപദേശപ്രകാരം വേണ്ടുന്ന നിവാരണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതാണ്. അങ്ങനെയൊരു ഉദ്യോഗസ്ഥനെ അയച്ചുതരുന്നതിന്നു ആ സ്ഥാപനത്തിലേക്കു ഗവണ്മെൻറു ഒരു അപേക്ഷ അയച്ചിട്ടുണ്ട്. ഉത്സവങ്ങളും ചന്തകളും ഉള്ള കാലത്തു താലൂക്കിന്റെ പലഭാഗങ്ങളിലും ഡിപ്പാർട്ടുമെൻറു പ്രത്യേക ശുചീകരണ ഏർപ്പാടുകൾ ചെയ്തുവരുന്നു. താലൂക്കു തലസ്ഥാനത്തു ശുചീകരണ പ്രവൃത്തികളും നടത്തിവരുന്നുണ്ട്.

അമ്പലപ്പുഴ താലൂക്കിലെ പുറമ്പോക്കു കേസുകൾ.

൧൦൦. മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) അമ്പലപ്പുഴതാലൂക്കിൽ ൧൯൨൧-ലും ൧൯൨൩-ലും എടുത്തു അന്വേഷണം നടത്തിയ പുറമ്പോക്കു കേസുകളുടെ എണ്ണം.

(ബി) ഈ പുറമ്പോക്കു കേസുകളിൽ ഗതാഗതത്തിന്നും കൃഷിസേചനത്തിന്നും ഉപയോഗിച്ചുവരുന്ന പുഴകളിലും തോടുകളിലുമുള്ള കയ്യേറങ്ങളുടെ എണ്ണം.

(സി) കയ്യേററം നീക്കം ചെയ്‌വാൻ ഉത്തരവായ കേസുകളുടെ എണ്ണം.

(ഡി) രജിസ്റ്റർ ചെയ്തു കൊടുക്കാൻ ഉത്തരവായ കേസുകളുടെ എണ്ണം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) ൧൯൨൧-ൽ ൩൪൩ കേസുകളും ൧൯൨൩-ൽ ൧൦൪ കേസുകളും.

(ബി) ൨൪൧

(സി) ൧൪൧

(ഡി) ൩൪

ഗവണ്മെൻറു വക പ്രസിദ്ധീകരണങ്ങൾ സൌജന്യമായി കിട്ടുന്നതിനുള്ള യോഗ്യത.

൧൦൧. മി: ഇട്ടിപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ഗവണ്മെൻറു വക പ്രസിദ്ധീകരണങ്ങൾ സൌജന്യമായി ലഭിക്കുന്നതിനു വർത്തമാനപ്പത്രങ്ങൾക്കു ഇന്നയോഗ്യതകൾ വേണമെന്നു ഗവണ്മെൻറു നിശ്ചയിട്ടുണ്ടെങ്കിൽ അവ എന്തെല്ലാമാണെന്നു ദയവായി പറയുമോ?

G. P. T. 2343. 150. 12-7-107.

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഗവണ്മെൻറ് ഉത്തരവിൻെറ ഒരു പകർപ്പ്* മേശപ്പുറത്തു വെച്ചിരിക്കുന്നു.

ഗവണ്മെൻറ് വക പ്രസിദ്ധീകരണങ്ങൾ സൌജന്യമായി വർത്തമാനപ്പത്രങ്ങൾക്കു കൊടുക്കുന്നകാര്യത്തിൽ ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ള നയം.

൧൦൫. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): വർത്തമാനപ്പത്രങ്ങൾക്കു ഗവണ്മെൻറിൻെറ പ്രസിദ്ധീകരണങ്ങൾ വില കൂടാതെ കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് അനുവർത്തിക്കുന്ന തത്വം എന്താണെന്നു ദയവായി പറയുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): മെമ്പർ ൧൦൫-ാം നമ്പർ ചോദ്യത്തിൻെറ മറുപടി മനസ്സിക്കണം.

തിരുവിതാംകൂർ വർത്തമാനപ്പത്രങ്ങൾക്കു ഗവണ്മെൻറ് വക പ്രസിദ്ധീകരണങ്ങളുടെ സൌജന്യദാനം.

൧൦൬. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): താഴെപ്പറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) തിരുവിതാംകൂറിലെ എല്ലാപത്രങ്ങൾക്കും ഗവണ്മെൻറ് വക പ്രസിദ്ധീകരണങ്ങൾ സൌജന്യമായി കൊടുക്കുന്നുണ്ടോ?

(ബി) കൊടുക്കുന്നില്ലെങ്കിൽ വ്യത്യസ്തത്തിനു കാരണമെന്തു?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ) മറുപടി നിഷേധത്തിലാണ്.

(ബി) പത്രങ്ങൾക്കു ഗവണ്മെൻറ് വക പ്രസിദ്ധീകരണങ്ങൾ സൌജന്യമായി കൊടുക്കുന്നതിനെപ്പററിയുള്ള ചട്ടങ്ങൾ ൧൯൫൪ ആഗസ്റ്റ് ൫-ം നു- ത്തെ/൫൪-ൽ ഡിസ് ൫ ൧൯-ാം നമ്പർ ഗവണ്മെൻറുത്തരവിൽ കൊടുത്തിട്ടുണ്ട്. അതിൻെറ ഒരു പകർപ്പ് മേശപ്പുറത്തു വെച്ചിട്ടുമുണ്ട്.

ചെങ്ങോട്ട നഗരത്തിലെ ജലദുർഭിക്ഷം.

൧൦൭. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും—ചെങ്ങോട്ടയും): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) ചെങ്ങോട്ട നഗരത്തിലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങൾ ജലദുർഭിക്ഷം നിമിത്തം അനുഭവിക്കുന്ന സങ്കടങ്ങൾ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ എപ്പോഴെങ്കിലും പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഈ സങ്കടങ്ങളുടെ നിവാരണത്തിനായി എന്തെല്ലാം നടപടികൾ നടത്തിട്ടുണ്ട്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) ഉവ്വ്. എന്നാൽ ജലദുർഭിക്ഷം അനാവൃഷ്ടികാലത്തേയുള്ളു.

(ബി) നഗരത്തിൽ ശുദ്ധജലസംഭരണം ചെയ്യുന്നകാര്യം സഭയുടെ ഗാഢമായ ആലോചനയിൽ ഇരിക്കുന്നു എന്നും ഒരു പൂർണ്ണപദ്ധതി തയ്യാറായാലുടനെ ഗവണ്മെൻറിൻെറ അനുവാദത്തിനായി സമർപ്പിക്കുന്നതാണെന്നും ചെങ്ങോട്ട മുനിസിപ്പൽ സഭാ പ്രെസിഡെൻറ് റിപ്പോർട്ടു ചെയ്തിരിക്കുന്നു.

പത്തനാപുരം താലൂക്കിൽ പതിച്ചു കൊടുക്കേണ്ടുള്ള ഭൂമികൾ.

൧൦൮. മി: എച്ച്. ബി. മുഹമ്മദ് റാവുത്തർ (പത്തനാപുരവും ചെങ്ങോട്ടയും): താഴെ പറയുന്നവിവരങ്ങളടങ്ങിയ ഒരു പട്ടിക ഗവണ്മെൻറ് ദയവായി മേശപ്പുറത്തു വെക്കുമോ?

(എ) പത്തനാപുരം താലൂക്കിൽ പതിച്ചു കൊടുക്കാനായി വനത്തിൽ തിരിച്ചെടുത്തു വിട്ടിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം.

(ബി) അതിൽ ഇതുവരെ പതിച്ചു കൊടുത്തിട്ടുള്ള വിസ്തീർണ്ണം.

(സി) പതിച്ചു കൊടുക്കാൻ ബാക്കിയുള്ള ഭൂമിയുടെ വിസ്തീർണ്ണം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക മേശപ്പുറത്തു* വെച്ചിരിക്കുന്നു.

ആലപ്പുഴയിലെ റോഡുകളുടെ സംരക്ഷണം.

൧൦൯. മി: പി. എസ്സ്. മഹമ്മദ് (ഗവണ്മെൻറ് നിയമനം):

(എ) ആലപ്പുഴയിൽ മോട്ടോർവണ്ടികളുടെ എണ്ണം വർദ്ധിച്ചതിന് പുറമെ മോട്ടോർവാഹനങ്ങളുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ടോ?

(ബി) ആലപ്പുഴയിലെ റോഡുകളുടെ സ്ഥിതി നികൃഷ്ടതരമായിട്ടുണ്ടോ?

(സി) റോഡുകൾ മുനിസിപ്പൽ സഭയുടെ അധികാരത്തിൽ നിന്നു എടുത്തു കളഞ്ഞു കണ്ടാൽ ആലപ്പുഴ നിവാസികൾ ഉൽകണ്ഠയോടിരിക്കുന്നു എന്നു ഗവണ്മെൻറിനറിയാമോ?

(ഡി) മുനിസിപ്പാലിററിയുടെ ഇപ്പോഴത്തെ ആണ്ടുതോറുമുള്ള ആദായം വിചാരിച്ചാൽ ഈ റോഡുകൾ ശരിയായി സംരക്ഷിക്കാൻ മുനിസിപ്പൽ സഭയ്ക്കു സാധിക്കയില്ലെന്നു ഗവണ്മെൻറിനറിയാമോ?

(ഇ) കച്ചവടസംബന്ധമായും ഗതാഗതസംബന്ധമായും ആലപ്പുഴയുടെ പ്രാധാന്യം ആലോചിച്ചാൽ അവിടത്തെ റോഡുകളുടെ സ്ഥിതി എല്ലാവിധത്തിലും നന്നായിരിക്കണമെന്നു ഗവണ്മെൻറ് വിചാരിക്കുന്നില്ലയോ?

(എഫ്) റോഡുകൾ ശരിയായി സംരക്ഷിക്കുന്നതിന് ഗവണ്മെൻറ് വല്ല നടപടിയും നടത്താൻ വിചാരിക്കുന്നുണ്ടോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) (എ) ഉവ്വ്.

(ബി) അല്ല.

(സി) മറുപടി നിഷേധത്തിലാണ്.

---

* അനുബന്ധം ൧ നോക്കുക.

* അനുബന്ധം ൨ നോക്കുക.

(സി) ഇല്ല.

(ഡി) ഉവ്വ്.

(ഇ) കാര്യം ആലോചനയിൽ ഇരിക്കുന്നു.

മി: പി. എസ്സ്. മഹമ്മദ് (ഗവണ്മെൻറു നിയമനം): ആലപ്പുഴ മുൻസിപ്പാലിറ്റിയിൽ നിന്നും റോഡുകൾ തിരിച്ചു എടുത്തു കൊള്ളുണമെന്നു കാണിച്ചു പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഉവ്വ്, അതു ഈയിട കിട്ടിട്ടുണ്ട്.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമനം): അതു അവിടത്തെ ആളുകളുടെ ആഗ്രഹമാണെന്നു ഗവണ്മെൻറിന് മനസ്സിലായിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): മുനിസിപ്പാലിറ്റി അങ്ങനെ ആവശ്യപ്പെടുന്നു എന്നു മാത്രം ഗവണ്മെൻറിന്നറിയാം.

മി: പി. എസ്സ്. മഹമ്മദ് (ഗവണ്മെൻറു നിയമനം): ജനങ്ങൾ പ്രതിനിധികരിക്കുന്ന ഒരു സ്ഥാപനമാണു മുൻസിപ്പാലിറ്റി എന്നറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): പ്രസിഡെൻറു മുനിസിപ്പൽ സഭയുടെ ഒരു പ്രമേയം അയച്ചു തന്നിട്ടുണ്ട്. എന്നാൽ അതു ആലപ്പുഴ നിവാസികളുടെ ആഗ്രഹമാണെന്നു ഗവണ്മെൻറിന് അറിവില്ല.

തൃക്കാരിയൂർ വെററിലപ്പാററോഡു, കോതമംഗലം പാലം മുതലായവയുടെ പണി.

ചോ ൧. മി: തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും തൊടുപുഴയും): തൃക്കാരിയൂർ വെററിലപ്പാററോഡിൻെറയും കോതമംഗലം പാലത്തിൻെറയും പണി നിറുത്തിവച്ചിട്ടു എത്ര മാസമായി എന്നും പണിനിറുത്തി വച്ചതിന് കാരണങ്ങൾ എന്തെന്നും ഗവണ്മെൻറു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): നാലുമാസം നദിയിലെ വെള്ളപ്പൊക്കം നിമിത്തം പാലം പണിയും സ്ഥലം കിട്ടായ്കയാൽ റോഡിൻെറ പണിയും നിറുത്തി വയ്ക്കേണ്ടിവന്നു. ഭൂമി സർക്കാരിലേക്കെടുക്കാനുള്ള നടപടികൾ നടന്നു വരുന്നു.

മുൻസിഫ്മാരുടെ നിയമനം.

ചോ ൨. മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഗവണ്മെൻറു താഴെ പറയുന്ന സംഗതികൾ ദയവായി പറയുമോ,

(എ) മുൻസിഫ്മാരെ നിയമിക്കുന്ന കാര്യത്തിൽ ചില സമുദായങ്ങളിൽ ഉള്ളവരുടെ അവകാശങ്ങൾ പ്രത്യേകമായി ആലോചിക്കാറുണ്ടോ?

(ബി) ഇപ്പോൾ (൧൯൩-൪-൧൦൪) ഈഴവസമുദായത്തിലോ മഹമ്മദീയസമുദായത്തിലോ ഒക്കെ മുൻസിഫ്മാർ ഉണ്ടോ?

(സി) തങ്ങളെ മുൻസിഫ്മാരായി നിയമിക്കണമെന്നുള്ള വല്ല അപേക്ഷകളും ആ സമുദായങ്ങളിൽ പെട്ടവരിൽ നിന്നു ഗവണ്മെൻറിന് കിട്ടീട്ടുണ്ടോ?

(ഡി) (സി) ഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ അവരെ നിയമിക്കാതിരിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) മുൻസിഫ്മാരെ നിയമിക്കുന്ന കാര്യത്തിൽ എല്ലാ സമുദായത്തിലെയും യോഗ്യതയുള്ളവരുടെ അവകാശങ്ങളെ സാധാരണയായി ആലോചിക്കാറുണ്ട്.

(ബി) മറുപടി നിഷേധത്തിലാണ്.

(സി) ഉവ്വ്.

(ഡി) ഒഴിവുകൾ ഉണ്ടാകുമ്പോൾ ഈ അപേക്ഷകൾ ആലോചനയിൽ എടുക്കുന്നതാണ്.

അണ്ടർ ഗ്രാഡ്വേറ്റു അദ്ധ്യാപകന്മാരുടെ പ്രത്യേക ഗ്രേഡ്.

ചോ ൩. മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) അണ്ടർ ഗ്രാഡ്വേറ്റു അദ്ധ്യാപകന്മാരുടെ പ്രത്യേക ഗ്രേഡിൽ ഇപ്പോൾ (൧൯൩-൪-൧൦൪) ഉള്ള ഒഴിവുകളുടെ എണ്ണം.

(ബി) ഈ ഗ്രേഡിലുള്ള ഒഴിവുകൾക്കു ഗ്രാഡ്വേറ്റുമാരെ വല്ലപ്പോഴും നിയമിച്ചിട്ടുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) സ്ഥിരം ഒഴിവുകൾ ൫
തൽക്കാല ഒഴിവുകൾ ൨

(ബി) ഉവ്വ്, മൂന്നു ഗ്രാഡ്വേറ്റുമാരെ തൽക്കാലം അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ട്,

തെങ്ങുകൃഷി.

ചോ ൧. മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപറയുന്നസംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) കഴിഞ്ഞ കണക്കെടുത്തു കണക്കിൻപ്രകാരം ചേർത്തല താലൂക്കിലുള്ള തെങ്ങുകളുടെ എണ്ണം.

(ബി) ഉണ്ണികാലത്തു ഈ തെങ്ങുകൾക്കു വെള്ളം കോരിയില്ലെങ്കിൽ അവ നശിച്ചുപോകുമെന്നു ഗവണ്മെൻറിനറിയാമോ?

(സി) തെങ്ങുകൃഷിക്കു ഇങ്ങനെ കൂടുതൽ അധ്വാനം ആവശ്യമുള്ള ചേർത്തലത്താലൂക്കിലേയും അങ്ങനെ വെള്ളം കോരേണ്ടാത്ത മററു താലൂക്കിലേയും തെങ്ങിൻെറ കരത്തിനു വല്ല വ്യത്യാസവും ഉണ്ടോ?

(ഡി) ചേർത്തല താലൂക്കിൽ തെങ്ങുകൃഷിക്കു വേണ്ടുന്ന കൂടുതൽ അധ്വാനത്തെ ആലോചിച്ചു അവിടെ തെങ്ങിൻെറ കരത്തിൽ വല്ല ആനുകൂല്യവും ചെയ്തുകൊടുപ്പാൻ ഗവണ്മെൻറു ദയവായി ആലോചിക്കുമോ?

(ഇ) കഴിഞ്ഞ കണക്കെടുത്തിൻപ്രകാരം ഈ താലൂക്കിലുള്ള നെൽകൃഷിയുടെ വിസ്തീർണ്ണം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) ൧,൫൭൦,൫൩൯ ഏക്കർ.

(ബി) താലൂക്കിന്റെ മദ്ധ്യഭാഗത്തല്ലാതെ എല്ലാഭാഗത്തും ഉഷ്ണകാലത്ത് തെങ്ങുകൾക്ക് വെള്ളം കോരേണ്ടതില്ല. വെള്ളം കോരിയില്ലെങ്കിൽ തെങ്ങുകൾ ഉണങ്ങിപ്പോകയില്ല, കാഫലം കുറയുമെന്നേയുള്ളൂ.

(സി) കരത്തിന്റെതോതു നിശ്ചയിച്ചതു സംസ്ഥാനത്തിൽ പലസ്ഥലങ്ങളിൽ നിന്നും വിവരങ്ങൾവരുത്തി ഭൂമിയുടെ ഫല പുഷ്ടിയും ആലോചിച്ചുനോക്കി നിരക്ക് തീർച്ചയാക്കിയതിൽനിന്നാകുന്നു. ഇതിനായി പലസ്ഥലങ്ങളിലും പല പരീക്ഷണങ്ങളും നടത്തീട്ടുണ്ട്.

(ഡി) കണക്കെടുത്തിന്റെ അവധികാലത്തു കരത്തിന്റെ തോതു പുനഃശ്ശോധനചെയ്യാൻ പാടില്ലാത്തതാകുന്നു. ഈ സംസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള കരത്തിന്റെ കുറഞ്ഞതോതും കരം നിശ്ചയിച്ചതിന്റെശേഷം തെങ്ങിന്റെ ഉൽപന്നങ്ങൾക്കുണ്ടായിട്ടുള്ള വിലക്കൂടുതലും ആലോചിച്ചാൽ മെംബർ പറഞ്ഞപ്രകാരമുള്ള പുനഃശ്ശോധനയ്ക്കു കാരണമില്ല.

(ഇ) ൨ ൦,൯൪ ൫ ഏക്കർ.

ചേത്തലക്കാരായ ഉദ്യോഗസ്ഥന്മാർ.

൧൮൧. മി: മുരുവേലിയിൽ പാച്ചുപിള്ള (ചേത്തല):

(എ) ഈ സംസ്ഥാനത്തു ചേത്തലക്കാരായി എത്ര ഗവൎണ്മെൻറുദ്യോഗസ്ഥന്മാർ ഉണ്ടെന്നും അവർ ഏതേ ഡിപ്പാർട്ടുമെൻറുകളിൽ ആണെന്നും ഗവൎണ്മെൻറു ദയവായി പറയുമോ?

(ബി) അങ്ങനെയുള്ള ഓരോ ഉദ്യോഗസ്ഥന്റേയും പേരും ഉദ്യോഗവും ശമ്പളവും കാണിക്കുന്ന ഒരു പട്ടിക ദയവായി മേശപ്പുറത്തു വെക്കുമോ?

മി: കെ. ജോൎജ്ജ് (ഗവൎണ്മെൻറു ചീഫ്സെക്രട്ടറി): (എ)-യും (ബി)-യും വിവരം ശേഖരിച്ചുവെച്ചിട്ടില്ല അതു ശേഖരിക്കുന്നതിനുള്ള വലിയ അദ്ധ്വാനവും ബുദ്ധിമുട്ടും പരിഗണിച്ചതിൽ അതു ശേഖരിക്കാൻ ആവശ്യമുണ്ടെന്നു ഗവൎണ്മെൻറു വിചാരിക്കുന്നുമില്ല.

അയിരാപുരത്തെ സരസ്വതിവിലാസം പെൺപള്ളിക്കൂടം.

൧൮൨. മി: ഇട്ടുപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): താഴെപറയുന്ന സംഗതികൾ ഗവൎണ്മെൻറു ദയവായി പറയുമോ?

(എ) അയിരാപുരം സരസ്വതിവിലാസം പെൺപള്ളിക്കൂടം ഗവൎണ്മെൻറിന്റെ അനുവാദത്തോടുകൂടെയല്ലയോ തുടങ്ങിയതു?

(ബി) ഈ പള്ളിക്കൂടം ആരംഭിച്ചിട്ടു ഏകദേശം ഒന്നരവൎഷമായി എന്നു അവൎക്കറിയാമോ?

(സി) ആ പള്ളിക്കൂടം ആരംഭിച്ചശേഷം ഡിപ്പാർട്ടുമെൻറ് മേലധികാരികൾ അതിനെ സന്ദൎശിക്കയും വളരെ തൃപ്തിപ്പെടുകയും ചെയ്തിട്ടുണ്ടോ?

(ഡി), (സി) ഭാഗത്തിന്റെ മറുപടി ഉവ്വ് എന്നാണെങ്കിൽഅതിനെ അംഗീകരിക്കയും ഗ്രാൻറു അനുവദിക്കയും ചെയ്യാത്തതിനു കാരണമെന്തു?

(ഇ) ഇതിനപ്പുറമുള്ള സ്കൂൾ ഭാരവാഹികൾ അനേകം അപേക്ഷകൾ അയച്ചിട്ടും യാതൊരുനടപടിയും നടത്താത്തതിനു കാരണമെന്തു?

മി: കെ. ജാൎജ്ജ് (ഗവൎണ്മെൻറ് ചീഫ്സെക്രട്ടറി: (എ) ഉവ്വ്.

(ബി) ഉവ്വ്.

(സി) ആറാം ഡിസ്ട്രിക്ട് അസിസ്റ്റൻറ് ഇൻസ്പെക്ടർ സ്കൂൾ സന്ദൎശിച്ചിട്ടു അവരുടെ റിപ്പോർട്ടു അനുകൂലമല്ലായിരുന്നു.

(ഡി) സ്കൂൾ അംഗീകരിക്കയും ഗ്രാൻറ് അനുവദിക്കയും ചെയ്തിട്ടുണ്ട്.

(ഇ) (ഡി) ഭാഗത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യത്തിനു കാരണമില്ല.

മലയാളമൊ തമിഴൊ അറിഞ്ഞുകൂടാത്ത ഉദ്യോഗസ്ഥന്മാർ.

൧൮൩. മി: തയ്യിലകുഞ്ഞിക്കുത്താമ്മൻ (മൂവാററുപുഴയും കോട്ടയവും): ഈ നാട്ടിലെ സ്വദേശ്യഭാഷകളായ മലയാളമോ തമിഴോ അറിയാത്തവരായി ഇപ്പോൾ (൧൯-൫-൧൯൨൪) സർവീസിൽ ഉള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം എത്രയാണെന്നും അവർ ആരൊക്കെയാണെന്നും ഗവൎണ്മെൻറു ദയവായി പറയുമോ?

മി: കെ. ജോൎജ്ജ് (ഗവൎണ്മെൻറ് ചീഫ്സെക്രട്ടറി): ഈ വിവരം വരുത്താൻ ഗവൎണ്മെൻറു വിചാരിക്കുന്നില്ല.

കൃഷിഡിപ്പാർട്ടുമെൻറിലെ വളം വിപ്പന.

൧൮൪. മി: തയ്യിലകുഞ്ഞിക്കുത്താമ്മൻ (മൂവാററുപുഴയും കോട്ടയവും:) കഴിഞ്ഞ ആറുവൎഷത്തിൽ (൧൦൯൭മുതൽ ൧൧൦൬വരെ) വളംവിപ്പനനിമിത്തം കൃഷിഡിപ്പാർട്ടുമെൻറിനു ഉണ്ടായിട്ടുള്ള നഷ്ടം കാണിക്കുന്ന ഒരു പട്ടിക ഗവൎണ്മെൻറു ദയവായി മേശപ്പുറത്തു വെക്കുമോ?

മി: കെ. ജാൎജ്ജ് (ഗവൎണ്മെൻറ് ചീഫ്സെക്രട്ടറി:) മെമ്പർ ആവശ്യപ്പെട്ട വിവരം താഴെ ചേൎത്തിരിക്കുന്നു.

അമ്പട്ട്	നഷ്ടസംഖ്യ	റിമാൎക്കുസ്
(എ) ൧൦൯൭	൧൧൫ ൧ ശ്ര. ൯ച. ൧൫ കാ.	൧൧൯-ലെ വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ടുപോയ വളത്തിന്റെവില.
(ബി) ൧൧൦	൧൪-൧൫-൧൧	ഇരുന്നൂറ്റൻപതായ കുറവ്.

ലാൻഡ്മോർട്ട്ഗേജ് (ഭൂസ്വത്തു് ജാമ്യം) ബാങ്കുകളെപ്പററി
മി: ഐ. സി. ചാക്കോയുടെ റിപ്പോർട്ട്.

൧൮൫ ഇട്ടുപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): തെറ്റിലില്ലായ്മ കമ്മിററിയുടെ റിപ്പോർട്ടിൽ അടങ്ങിട്ടുള്ളതും ലാൻഡ്മോർട്ട്ഗേജ്ബാങ്കുകളെപ്പററിയും വ്യവസായഡയറക്ടർ മി: ഐ. സി. ചാക്കോ സമർപ്പിച്ചതുമാ-

യ പ്രത്യേകറിപ്പോർട്ടും അദ്ദേഹം തയ്യാറാക്കി അതോടുചേർത്ത ചാർട്ടർഗോർട്ട്ഗേജ് ബാങ്ക് നക്കൽബില്ലും ആലോചനയ്ക്കെടുത്തോ എന്നു ഗവണ്മെന്റു മയവായി പറയുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): തെഴിലില്ലായ്മ കമ്മിററിയുടെ റിപ്പോർട്ടുഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു. അതോടുള്ളടെ മെമ്പർ പ്രസ്താവിച്ച വ്യവസായവകുപ്പുകൾ മി: ഐ. സി. ചാക്കോയുടെ പ്രത്യേകറിപ്പോർട്ടും ആലോചനയ്ക്കെടുക്കുന്നതാകുന്നു.

പത്തനാപുരത്തു ഒരു തൽക്കാല മുൻസിപ്പുകോടതി.

൧൧൬. എച്ച്. ബി. മഹമ്മദ് രാവുത്തർ (പത്തനാപുരവും ചെങ്ങോട്ടയും). പത്തനാപുരത്തു ഒരു തൽക്കാലമുൻസിപ്പുകോടതി സ്ഥാപിക്കുന്നതിന്റെ അഭിലഷണീയതയെപ്പററി ഗവർമ്മെന്റു മയവായി ആലോചിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): പത്തനാപുരത്തു ഒരു തൽക്കാലമുൻസിപ്പുകോടതി സ്ഥാപിക്കുന്നകാര്യം കോടതികളുടെ അതുത്തി മേൽപ്പെടുത്തുന്ന കാര്യം ഹൈക്കോടതി ആലോചനയ്ക്കെടുക്കുമ്പോൾ പര്യാലോചിക്കുന്നതാണ്.

തിരുവിതാംകൂറിൽ ഒരു കായികാഭ്യാസ ഡയറക്ടരുടെ നിയമനം.

൧൧൭. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ പറയുന്ന സംഗതികൾ ഗവർമ്മെന്റു മയവായി പറയുമോ?

(എ) സംസ്ഥാനം മുഴുവനുമായി ഒരു കായികാഭ്യാസഡയറക്ടരെ നിയമിക്കണമെന്ന് തിരുവിതാംകൂർ വിദ്യാഭ്യാസഡയറക്ടർ റിപ്പോർട്ടുചെയ്തിട്ടുണ്ടോ?

(ബി) സംസ്ഥാനത്തെ അംഗീകൃതകാളേജുകളുടെ കാര്യത്തിലും ഇപ്രകാരം ഒരു കായികാഭ്യാസഡയറക്ടരെ നിയമിക്കണമെന്നു സർവ്വകലാശാലയും അഭിപ്രായപ്പെട്ടിട്ടുണ്ടോ?

(സി) ഇക്കാര്യത്തിൽ എന്തു നടപടി നടത്തി?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ഉവ്വ്.

(ബി) ഇല്ല.

(സി) (എ) ഭാഗത്തിൽ പ്രസ്താവിച്ചകാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

ലാ കോളേജും ഹൈക്കോടതിയും.

൧൧൮. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു മയവായി പറയുമോ?

(എ) ലാക്കോളേജ് ഹൈക്കോടതിയുടെ ഒരു ഭാഗമാണോ അതോ ഒരു സ്വതന്ത്രസ്ഥാപനമോ?

(ബി) ലാ കോളേജിലെ സർവീസ് ഹൈക്കോടതിയിൽ ഉദ്യോഗക്കയറ്റത്തിന് ഒരവകാശമാണോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (എ) ലാക്കോളേജ് ഹൈക്കോടതിയുടെ നിയന്ത്രണത്തിൻ കീഴിൽ ഉള്ള ഒരു സ്ഥാപനമാകുന്നു.

(ബി) ചോദ്യം അവ്യക്തമാകുന്നു.

നീണ്ടകരപ്പാലം.

൧൧൯. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) താഴെപ്പറയുന്ന സംഗതികൾ ഗവണ്മെന്റു മയവായി പറയുമോ?

(എ) നീണ്ടകര അഴിക്കൽ പാലം പണിയുന്നതിനു കൺട്രാക്ടുകൊടുത്തിട്ടുണ്ടോ?

(ബി) പാലംപണി ആരംഭിച്ചിട്ടുണ്ടെങ്കിൽ അതിപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി). (എ) ഇരിമ്പുപണികൾക്കും പാലം പണിയുന്നതിനും കൺട്രാക്ടു കൊടുത്തിട്ടുണ്ട്.

(ബി) കൺട്രാക്ടർമാർ പണി ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഗ്രാമീണ പാഠശാലകൾ

൧൧൦. മി: രേവതിനാൾ രാമവർമ്മരാജാ (എടവക): വിദ്യാഭ്യാസക്കോട്ടു രണ്ടാം അദ്ധ്യായം പതിനെട്ടാംവകുപ്പിൽ വിവരിച്ചപ്രകാരമുള്ള ഏതു ഗ്രാമീണപാഠശാലകൾ ഇപ്പോൾ (൧൯-൧-൧൯൨൮)ഉണ്ടെന്നു ഗവണ്മെന്റു മയവായി പറയുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അങ്ങിനെയുള്ള ഗ്രാമീണപാഠശാലകൾ ഒന്നും വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടു് ഇപ്പോൾ നടത്തുന്നില്ല.

സാധുസംരക്ഷണം.

൧൧൧. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ സംസ്ഥാനത്തെ സാധുക്കളുടെ സംരക്ഷണത്തിനായി ഗവണ്മെന്റു വല്ല നടപടിയും നടത്തീട്ടുണ്ടോ എന്നു മയവായി പറയുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സാധുസംരക്ഷണം എന്നു മെമ്പർ പറയുന്നതിന്റെ അർത്ഥം സംസ്ഥാനത്തെ ദരിദ്രന്മാരെയെല്ലാം ഗവണ്മെന്റിൽനിന്നും സംരക്ഷിക്കുന്ന ഒരു പദ്ധതി എന്നാണെങ്കിൽ മറുപടി നിഷേധത്തിലാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ദരിദ്രന്മാരെ സംരക്ഷിക്കുന്നതിനുള്ള ഏതെങ്കിലും തരത്തിലുള്ള ഒരു പദ്ധതി ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): തിരുവനന്തപുരത്തു ഒരു തരത്തിലുള്ള സാധുസംരക്ഷണം ഉണ്ട്. അവിടെ ഒരു നിക്ഷിപ്തമുതലിൽ നിന്നു സാധുക്കൾക്കു കഞ്ഞി കൊടുത്തുവരുന്നുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ സംസ്ഥാനത്തിൽ സാധുജനസംരക്ഷണത്തിനായി ഒരു പദ്ധതി ഏർപ്പെടുത്താൻ ഗവണ്മെന്റു ആലോചിക്കുന്നുണ്ടോ എന്നു മെമ്പർ പറയുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഇപ്പോഴില്ല.

കൊല്ലം ചെങ്കോട്ടറോഡ് ആറാംമൈലിൽ നിന്നു പൂയപ്പള്ളിക്കുള്ള റോഡ്.

ക്വസ്. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റ് ദയവായി പറയുമോ?

(എ) കൊല്ലം ചെങ്കോട്ടറോഡ് ആറാം മൈലിൽ നിന്നു പൂയപ്പള്ളിക്കു പുതുതായി ഒരു റോഡു വെട്ടുന്നതിനെപ്പററി കൊല്ലവും കൊട്ടാരക്കരയും താലൂക്കിലെ ജനങ്ങൾ മിപാന്ന അയച്ച ഹർജികൾ മുഖാന്തിരം ഗവണ്മെന്റിന്നു വല്ല നിവേദനവും കിട്ടീട്ടുണ്ടോ?

(ബി) അക്കാര്യത്തിൽ വല്ല നടപടിയും നടത്താൻ ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

(സി) ഈ റോഡിന്റെ സ്ഥലംവന്നു പരിശോധിക്കാൻ ചീഫ് എഞ്ചിനീയക്കു സൌകര്യം ഉണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടു സിക്രട്ടറി): (എ) ഉവ്വ്.

(ബി) കാര്യം ആലോചനയിൽ ഇരിക്കുന്നു.

(സി) ഉവ്വ്.

നിയമസഭാ നടപടികളുടെ പ്രസിദ്ധീകരണം.

ക്വസ്. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ പറയുന്ന സംഗതികൾ ഗവണ്മെണ്ടു ദയവായി പറയുമോ?

(എ) ൧൯൩൯-ാമാണ്ടു കർക്കടകത്തിൽ ആരംഭിച്ച നിയമസഭയുടെ ബഡ്ജററസമ്മേളനം എന്നു അവസാനിച്ചു?

(ബി) ൧൯൩൯ ജൂലാം അവസാനംവരെ ആ യോഗത്തിലെ ഏതു ദിവസത്തെ പ്രൊസീഡിംഗ്സ് നിയമസഭാ മെമ്പറന്മാർക്കു കൊടുത്തു.

(സി) നിയമസഭാപ്രൊസീഡിംഗ്സിന്റെ അസ്സൽ പ്രതികൾ മെമ്പർമാർക്കു കൊടുക്കുന്ന കാര്യത്തിൽ സാധാരണയായി ഉണ്ടാകുന്ന ക്രമവിരുദ്ധമായ താമസങ്ങളെപ്പററിയും അതിനാൽ മെമ്പർമാർക്കുണ്ടാകുന്ന അസൗകര്യത്തേപ്പററിയും ഗവണ്മെന്റിന്നു അറിവുണ്ടോ?

(സി) ഈ താമസത്തിന്നുള്ള കാരണം

(ഇ) കഴിഞ്ഞ ൧൯൩൮, ൧൯൩൯, ൧൯൪൦ എന്നീ കൊല്ലങ്ങളിൽ ഹജൂർ സെക്രട്ടറിയററിലെ നിയമവകുപ്പിൽ ഉണ്ടായിട്ടുള്ള ആകെ തൻചിലവു.

(എഫ്) മേലാൽ ഓരോ യോഗവും അവസാനിച്ചു ഒരു മാസത്തിനുള്ളിൽ നിയമസഭാ പ്രൊസീഡിംഗ്സിന്റെ അസ്സൽ പ്രതികൾ മെമ്പർമാർക്കു എത്തിച്ചുകൊടുക്കാൻ വേണ്ടുന്ന ഏർപ്പാടുകൾ ഗവണ്മെന്റു ചെയ്യുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) ൧൯൩൮ ചിങ്ങം ൧-ാംനു.

(ബി) ഒൻപതുദിവസത്തെ പ്രൊസീഡിംഗ്സിന്റെ അസ്സൽ പ്രതികൾ ൧൯൩൮ ജൂലാം ൩൦-ാംനുക്കു മുമ്പായും ബാക്കിരണ്ടു ദിവസത്തെ പ്രൊസീഡിംഗ്സ് ൧൯൩൮ വൃശ്ചികം ൧-ാംനുയും മെമ്പർമാർക്കു അയച്ചുകൊടുത്തു.

(സി) പ്രൊസീഡിംഗ്സ് അയച്ചുകൊടുക്കുന്നകാര്യത്തിൽ കൂടാതെ കഴിക്കാവുന്ന കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) അധികം സമയമെടുക്കുന്നതു പലകാരണങ്ങൾ നിമിത്തമാണ്. പ്രൊസീഡിംഗ്സിന്റെ നകലിൽ പതിപ്പു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമായ ഓരോരാൾ അയച്ചുകൊടുക്കും എന്നാൽ പലപ്പോഴും അവരതു നിശ്ചിതസമയത്തിനുള്ളിൽ പരിശോധിച്ചു തടുക്കി അയക്കയില്ല. ഒരു മെമ്പർമാത്രം അങ്ങനെ താമസിപ്പിച്ചാലും അതു അവസാനമാക്കി അച്ചടിക്കാൻ കഴികയില്ല. തെററുകളെല്ലാം തിരുത്തി ഒന്നിക്കാക്കി അച്ചുക്കൂടത്തിലേക്കയക്കുന്നതിനും പ്രൂഫ് തിരുത്തി അച്ചടിപ്പിക്കുന്നതിനും സെക്രട്ടേറിയററിൽ കുറേസമയം എടുക്കും. നിയമസഭാ പ്രൊസീഡിംഗ്സ് അച്ചടിക്കുന്നതു ഗവണ്മെന്റു അച്ചുക്കൂടത്തിലെ പലജോലികളിൽ ഒന്നുമാത്രമാണു. അച്ചുനിരത്തുന്നതിനും പ്രൂഫ് തിരുത്തുന്നതിനും അവസാനമായി അച്ചടിക്കുന്നതിനും അച്ചുക്കൂടക്കാർക്കും കുറേസമയം വേണം. മെമ്പർമാർ പ്രൊസീഡിംഗ്സ് പരിശോധനയ്ക്കു നല്കിയ സമയത്തിനുള്ളിൽ മടക്കി അയക്കുമെങ്കിൽ അതിന്റെ ഈസ്സൽ പ്രതികൾ അച്ചടിച്ചയക്കുന്നതിനു സെക്രട്ടേറിയററിൽ ഉള്ളവർക്കു വലിയ സഹായമായിരിക്കും.

(ഇ)

	അനു	സംഖ്യ	
൧൯൩൮	൧൯൩൮	൧൯൩൮	രൂപ
൧൯൩൯	൧൯൩൯	൧൯൩൯	,,
൧൯൪൦	൧൯൪൦	൧൯൪൦	,,

ഈ നിയമസഭയും പ്രജാസഭയും സംബന്ധിച്ചു ചെലവുകൾ ഉൾപ്പെടെ നിയമവകുപ്പിലെ ഓരോ കൊല്ലത്തേയും മുഴുവൻ ചെലവാകുന്നു.

(എഫ്) പ്രൊസീഡിംഗ്സിന്റെ അസ്സൽ പകർപ്പു ൧൪ കഴിയുന്നു വേഗത്തിൽ അച്ചടിച്ചു തയ്യാറാക്കുന്നതിനു വേണ്ടയത്നം ചെയ്യുന്നുണ്ടു, മേലാൽ ചെയ്യുകയും ചെയ്യും.

മി: കെ. പി. (നീലകണ്ഠപ്പിള്ള ചിറയിൻകീഴ്): (ഡി) ഖണ്ഡത്തിന്റെ മറുപടിയെ സംബന്ധിച്ചു അതിൽ പറയുന്ന പ്രയാസങ്ങൾ ഈ ഇടെ ഉണ്ടായിട്ടുള്ളതാണോ എന്നു അറിയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഈ ഇടെ ഉണ്ടായിട്ടുള്ളവയല്ല. പ്രയാസങ്ങൾ കുറെക്കാലമായി അനുഭവിച്ചുവരുന്നവയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രൊസീഡിംഗ്സിന്റെ അസ്സൽ പതിപ്പ് ഇപ്പോഴത്തെക്കാൾ കുറഞ്ഞസമയത്തിനുള്ളിൽ കൊടുത്തുവന്നിരുന്നു എന്നു മെമ്പർക്കറിവുണ്ടോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മുൻപറഞ്ഞകാരണങ്ങളിൽ മാററം വരുന്നതുകൊണ്ടാണ്. ആ അവസരങ്ങളിൽ അസ്സൽപതിപ്പുകൾ കാലതാമസം കൂടാതെ തെയ്യാറായിരിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രാരംഭപതിപ്പുകൾ ക്ലിപ്തസമയത്തിനുള്ളിൽ പരിശോധിച്ചയക്കാഞ്ഞാൽ മെമ്പർമാർക്ക് ചോദ്യങ്ങൾ ചോദിക്കുന്നതിന് വേണ്ടവിവരങ്ങൾകിട്ടുകയില്ലെന്നുള്ളതു കൊണ്ടു അസ്സൽപതിപ്പുകൾ വേഗം തെയ്യാറാക്കത്തക്കവണ്ണം ആ ചട്ടത്തെ ഗവണ്മെന്റ് ദയവായി ഉദ്ദേശിത്തിൽ വരുത്തുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): പ്രൊസീഡിംഗ്സ് പൂർണ്ണമായും ശരിയായും ഇരിക്കണമെന്നു വെച്ചാണ് ഗവണ്മെന്റിപ്പോൾ മെമ്പർമാർക്ക് സമയം നീട്ടികൊടുക്കുന്നത്. സമയം നീട്ടി കൊടുക്കരുതെന്നാണ് മെമ്പറിന്റെ ആഗ്രഹമെന്നു കാണുന്നുകൊണ്ടു ഗവണ്മെന്റിന്നു അങ്ങനെ ചെയ്യുന്നതിന്നു വിരോധമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അസ്സൽ പതിപ്പുതാമസിച്ചു പോകുന്നതുകൊണ്ടു ഞങ്ങൾക്കു ഉപചോദ്യങ്ങൾ ചോദിക്കാൻ സാധിക്കാതെവരുന്നു എന്നു ഗവണ്മെന്റിന് അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അസ്സൽപതിപ്പു തെയ്യാറായില്ലെങ്കിലും പ്രാരംഭപതിപ്പ് മെമ്പർമാരുടെ പക്കൽ ഉണ്ടായിരിക്കുമല്ലോ?

മി കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അസ്സൽ പതിപ്പു കിട്ടാതെ മെമ്പർമാർക്ക് പുതിയ ചോദ്യങ്ങൾ ഉണ്ടാക്കാൻ കഴിയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): പ്രാരംഭപതിപ്പുകൾ അവരുടെ കയ്യിൽ ഉണ്ടാകും. പ്രാരംഭപതിപ്പുകൾമടക്കി അയക്കുന്നതിനുള്ള താമസം നിമിത്തം അസ്സൽ പതിപ്പുകൾ വേഗം പ്രസിദ്ധം ചെയ്യാൻ സാധിക്കുന്നില്ല.

വീരശൈവസമുദായവും പബ്ലിക്ക് സെർവിസും

൧൮൪. മി: കെ.പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റ് ദയവായി പറയുമോ?

(എ) തിരുവിതാംകൂറിൽ വീരശൈവസമുദായത്തിൽപെട്ട ബി. എ. ക്കാരുടെ എണ്ണം,

(ബി) അവരിൽ ആരെയെങ്കിലും ഗവണ്മെന്റ് സെർവിസിൽ എടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

(സി) ഈ വിഷയത്തെ സംബന്ധിച്ചു ൧൯൨൭ ഒക്ടോബർ ൧൭-ാം തീയതി തിരുവനന്തപുരം ഡെയിലിന്യൂസ് പത്രത്തിലെ പത്രാധിപപ്രസംഗവും മററു പരിവേദനങ്ങളും ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയമായിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു എന്തുനടപടികൾ നടത്തി?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ)യും (ബി)യും ഗവണ്മെന്റിന്നു അതിനെപ്പററി അറിവില്ല.

(സി)ഉവ്വ്.

(ഡി) അതുചുട്ടുകളയുക.

മെഡിക്കൽബോർഡ് നിറുത്തലാക്കുക

൧൮൫. മി: താമരപ്പള്ളിൽകൊച്ചുതൊമ്മൻ (പത്തനംതിട്ട): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റ് ദയവായി പറയുമോ?

(എ) ഇപ്പോഴത്തെ മെഡിക്കൽ ബോർഡ് നിറുത്തലാക്കണം എന്നു നിയമസഭയിൽ ഒരു പ്രമേയം പാസ്സാക്കിട്ടുണ്ടെന്നുള്ളതു വാസ്തവമോ?

(ബി) ഈ നിശ്ചയം നടപ്പിൽ വരുത്തുന്നതിന്നു ഗവണ്മെന്റ് എന്തുചെയ്തു?

മി: കെ ജോർജ്ജ് (ഗവണ്മെന്റ്ചീഫ് സെക്രട്ടറി): (എ) മെഡിക്കൽബോർഡ് നിറുത്തലാക്കണമെന്നു ഒരു പ്രമേയം നിയമസഭയിൽ പാസ്സാക്കിട്ടില്ല.

(ബി) (എ) ഭാഗത്തിന്റെ മറുപടി കൊണ്ടു ഈ ചോദ്യത്തിന്നു കാരണമില്ല.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കഴിഞ്ഞപ്രാവശ്യത്തെ കൌൺസിൽ പ്രൊസീഡിംഗ്സ് മുഴുവനും വായിച്ചിട്ടുണ്ടോ?

മി: കെ ജോർജ്ജ് (ഗവണ്മെന്റ്ചീഫ് സെക്രട്ടറി): ഉണ്ട്.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): മിസ്റ്റർ താണുപിള്ള ഇങ്ങനെ ഒരു ഉപക്ഷേപം അയച്ചിട്ടുള്ളതായി ഓർക്കുന്നുണ്ടോ?

മി: കെ. ജോർജ് (ഗവർണ്ണർ ചീഫ് സെക്രട്ടറി): മെഡിക്കൽ ബോർഡിനെസംബന്ധിച്ചു ഇങ്ങനെ ഒരു ഉപദേശം ഹാജരാക്കിട്ടില്ല. മെഡിക്കൽ ബോർഡ് എന്നുവച്ചാൽ മെഡിക്കലാഫീസർമാരുടെ ബോർഡു എന്നാണു അർത്ഥം. അങ്ങായതു ആളുകളെ പരിശോധിക്കാനുള്ളതാണ് ബോർഡ്.

കുട്ടികളെ പഠിപ്പിക്കുന്നതിനു മാതാപിതാക്കന്മാർക്കുള്ള ചെലവു.

ക്വസ്റ്റ്. മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): താഴെപറയുന്ന സംഗതികൾ ഗവർണ്ണറുടെ ദയവായി പറയുമോ?

(എ) ഈ സംസ്ഥാനം ഒട്ടുക്കുള്ള കോളേജുകളിലും പള്ളിക്കൂടങ്ങളിലും തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നതിനു മാതാപിതാക്കന്മാരും രക്ഷകർത്താക്കന്മാരും പ്രതിവർഷം എന്തു ചെലവാക്കുന്നു എന്നു ഗവർണ്ണറിനു ഏതെങ്കിലും വിധത്തിൽ നിർണ്ണയിക്കാൻ കഴിയുമോ?

(ബി) (എ) ഭാഗത്തിന്റെ മറുപടി നിഷേധത്തിലാണെങ്കിൽ ഈ വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിനു വല്ല മാർഗ്ഗവും അവർ കണ്ടുപിടിക്കുമോ?

(സി) (എ) ഭാഗത്തിന്റെ മറുപടി കഴിയുമെന്നാണെങ്കിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ (൧൯൩൦ മുതൽ ൧൯൩൫ വരെ) തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസാർത്ഥം മാതാപിതാക്കന്മാരും രക്ഷകർത്താക്കന്മാരും ചെലവുചെയ്തിട്ടുള്ളസംഖ്യ കാണിക്കുന്ന ഒരു പട്ടിക അവർ മേശപ്പുറത്തു വയ്ക്കുമോ?

മി: കെ. ജോർജ് (ഗവർണ്ണർ ചീഫ് സെക്രട്ടറി): (എ) ഇല്ല.

(ബി) മെമ്പർ പ്രസ്താവിച്ചപ്രകാരമുള്ള ഒരുമാർഗ്ഗം കണ്ടുപിടിക്കാൻ ആവശ്യമുണ്ടെന്നു ഗവർണ്ണർ വിചാരിക്കുന്നില്ല.

(സി) (എ) ഭാഗം ചോദ്യത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യത്തിനു കാരണമില്ല.

കർഷകയോഗങ്ങൾ.

ക്വ. ൭. മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): താഴെപറയുന്ന സംഗതികൾ ഗവർണ്ണറുടെ ദയവായി പറയുമോ?

(എ) ബ്രിട്ടീഷ് ഇൻഡ്യയിൽ പ്രധാന കൃഷിസ്ഥലങ്ങളിൽ കർഷകയോഗങ്ങൾ കൂടാറുണ്ടെന്നും അവിടെഗവർണ്ണറിന്റെയും കൃഷിക്കാരുടെയും പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും സന്നിഹിതരാകുന്നുണ്ടെന്നും ഇതിന്റെ ഉദ്ദേശം ഈതാലൂക്കുകളുടെ കൃഷി പോഷിപ്പിക്കുന്നതിനാണെന്നും ഗവർണ്ണറിനു അറിയാമോ?

(ബി) (എ) ഭാഗം ചോദ്യത്തിന്റെ മറുപടി ഉവ്വെന്നാണെങ്കിൽ തിരുവിതാംകൂറിലും അങ്ങനെയുള്ള യോഗങ്ങൾ കൂടുന്നതിന്റെ അഭിലഷണീയതയെപ്പററി ഗവർണ്ണർ ആലോചിക്കുമോ?

മി: കെ. ജോർജ് (ഗവർണ്ണർ ചീഫ് സെക്രട്ടറി): ഗവർണ്ണറിനു അറിവില്ല.

(ബി) ഉദ്യോഗസ്ഥന്മാരുടെയും അനുദ്യോഗസ്ഥന്മാരുടെയും യോഗങ്ങൾ ചിലതാലൂക്കുകളിൽ ക്വ൧൫-ൽ നടത്തുകയുണ്ടായി. അധികം യോഗങ്ങൾ നടത്തുന്നകാര്യം ആലോചിക്കാം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): താലൂക്കുകൾതോറും ഇങ്ങനെ ഒരു കാൻഫറൻസു കൂടുന്നുണ്ടോ?

മി: കെ. ജോർജ് (ഗവർണ്ണർ ചീഫ് സെക്രട്ടറി): കഴിഞ്ഞ ആണ്ടിൽ ഒരു കാൻഫറൻസു ഉണ്ടായിരുന്നു എന്നു കാണുന്നുണ്ട്.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): മേലാൽ ഇങ്ങനെ കാൻഫറൻസുകൂടണം എന്നു ആലോചിക്കുന്നുണ്ടോ?

മി: കെ. ജോർജ് (ഗവർണ്ണർ ചീഫ് സെക്രട്ടറി): അതു ഇപ്പോൾതന്നെ ആലോചനയിൽ ഇരിക്കയാണ്.

മുഴിക്കൽ—ഇല്ലിമലതോട്.

ക്വ. ൮. മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): താഴെപറയുന്ന സംഗതികൾ ഗവർണ്ണറുടെ ദയവായി പറയുമോ?

(എ) തിരുവല്ലാതാലൂക്കിൽ വടക്കേക്കര, പോണ്ടനാട്, ചെങ്ങന്നൂർ എന്നീ പകുതികളിലെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും പമ്പാനദിയിൽ വെള്ളംപൊങ്ങുമ്പോൾ ഗതാഗതസൌകര്യത്തിനുംവേണ്ടി ആ പകുതികളിൽക്കൂടെ പോകുന്ന മുഴിക്കൽ-ഇല്ലിമലതോട് വീതികൂട്ടി കുഴിക്കുന്നതു അത്യാവശ്യംതന്നെയാണെന്നു കിഴക്കൻതിരുവല്ലായിലെ മെമ്പർമാർ പ്രജാസഭയിൽ ചെയ്ത നിവേദനങ്ങൾക്കു മറുപടിയായി ഗവർണ്ണറുടെ പലപ്പോഴും സമ്മതിച്ചു പ്രസ്താവനകൾ ചെയ്തിട്ടുണ്ടെന്നുള്ള സംഗതി ഗവർണ്ണറിനു അറിവുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനെസംബന്ധിച്ചു ഇതുവരെ (൧൯൩-൫ ക്വ൧൫) യാതൊരുനടപടിയും നടത്താത്തതു എന്തുകൊണ്ട്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണറുടെ സെക്രട്ടറി): (എ) ഉവ്വ്.

(ബി) ചീഫ് എഞ്ചിനീയരുടെ ഒരു റിപ്പോർട്ടുകിട്ടുകയും ഇക്കാര്യത്തെസംബന്ധിച്ചു ലാൻഡ് റവന്യൂകമ്മീഷണരോടു ചില വിവരങ്ങൾ ചോദിക്കയുംചെയ്തിട്ടുണ്ട്.

പ്രസിദ്ധംചെയ്യുകത റിസർവ്വനങ്ങളുടെ ചിലവിഭാഗങ്ങൾ പതിച്ചുകൊടുത്തതു.

ക്വ. ൯. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്നസംഗതികൾ ഗവർണ്ണറുടെ ദയവായി പറയുമോ?

(എ) ക്വ൧൫, ക്വ൧൬, ക്വ൧൭ എന്നീകൊല്ലങ്ങളിൽ റിസർവ്വനങ്ങളുടെ ഏതെങ്കിലുംഭാഗങ്ങൾ അവർ പതിച്ചുകൊടുക്കാൻ അനുവദിച്ചോ എന്നും, അങ്ങനെ ചെയ്തെങ്കിൽ ഏതുഭാഗങ്ങളാണെന്നും,

(ബി) ഈ തീർച്ചയെപ്പററി ഗസററിൽ പരസ്യംചെയ്തോ വേറെ വല്ലവിധത്തിലുമോ പൊതുജനങ്ങൾക്കു അറിവുകൊടുത്തോ എന്നും

(സി) അങ്ങനെയുള്ള പരസ്യംകൂടാതെ ആർക്കെങ്കിലും വല്ല ഭൂമിയും പതിച്ചുകൊടുത്തോ എന്നും ഉണ്ടെങ്കിൽ ഏതുഭൂമികളാണെന്നും,

(ഡി) അങ്ങനെ രഹസ്യമായി പതിച്ചുകൊടുത്തതിന്നു വല്ല കാരണവുമുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) മറുപടി നിഷേധത്തിലാണ്.

(ബി), (സി), (ഡി) (എ) ഭാഗം ചോദ്യത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യങ്ങൾക്കു കാരണമില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): മണച്ചിൽതാലൂക്കിൽ കൊണ്ടൂർപകുതിയിൽ കാളകെട്ടി എന്നതു റിസർവുള്ളതായി അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അറിയാം.

മി: ആർ. രാമൻപിള്ള (കോട്ടയം): അതു ഏതാണ്ടിലാണ് പതിച്ചുകൊടുത്തതു് എന്നറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): കാളകെട്ടിറിസർവ്വ് അങ്ങനെ പതിച്ചുകൊടുത്തിട്ടില്ല. അതിൽകുറെഭൂമി റിസർവിൽനിന്നു ഒഴിച്ചു പതിച്ചുകൊടുത്തിട്ടുണ്ട്.

മി: ആർ. രാമൻപിള്ള (കോട്ടയം): അതു മുഴുവനും പതിച്ചുകൊടുത്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ചോദ്യം ഒഴിച്ചിടപ്പെട്ടവനങ്ങളിൽനിന്നും ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ എന്നാണോ?

മി: ആർ. രാമൻപിള്ള (കോട്ടയം): കാളകെട്ടി എന്ന ഒരു വനം ഉണ്ടായിരുന്നോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഉണ്ടായിരുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): അതു മുഴുവനും പതിച്ചുകൊടുക്കാനായിട്ടു ഗവണ്മെൻറു ഗസറ്റിൽ പരസ്യംചെയ്തു കൂടുതൽ ആകയ്ക്കു ലേലത്തിൽ വിളിക്കേറുകന്നതിന്നു സൌകര്യം നൽകീട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഈ ചോദ്യത്തിനുള്ള മറുപടിതയ്യാറാക്കീട്ടില്ല. ഒഴിച്ചിടപ്പെട്ട വനങ്ങളിൽനിന്നും ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ എന്നാണു മെമ്പരുടെ ചോദ്യം. അതിന്നു മറുപടി പറഞ്ഞിട്ടുണ്ട്.

അധഃകൃതവർഗ്ഗക്കാർക്കു ഭൂമി പതിച്ചുകൊടുക്കൽ.

ക്രമം. മി: ആർ. രാമൻപിള്ള (കോട്ടയം): അധഃകൃതവർഗ്ഗങ്ങളിൽപെട്ട ആളുകൾ പുറമ്പോക്കു ഭൂമികൾ പതിച്ചുകൊടുക്കുന്നതിന്നു അനവധി അപേക്ഷകൾ കൊടുക്കയും അങ്ങിനെ തരവിലയായി കൊടുക്കേണ്ടുന്ന സംഖ്യയിലധികം സ്റ്റാമ്പുഫീസായി ഗവണ്മെൻറിലേക്കു കൊടുക്കയും ചെയ്തിട്ടുണ്ടെങ്കിലും അധികാരസ്ഥന്മാർ അക്കാര്യത്തിൽ യാതൊരു നടപടിയും നടത്തുന്നില്ലെന്നു ഒരു പരാതിയുണ്ടെന്നുള്ള സംഗതിയെപ്പററി തങ്ങൾക്കു അറിവുണ്ടോ എന്നു ഗവണ്മെൻറു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അങ്ങനെ പരാതിയുള്ളതായി ഗവണ്മെൻറിനു അറിവില്ല. കൂടാതെയും അധഃകൃതവർഗ്ഗക്കാർ എന്നു പ്രഖ്യാപനം ചെയ്യപ്പെട്ടിട്ടുള്ളവർ പുതുവൽ ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചുകിട്ടാൻ കൊടുക്കുന്ന അപേക്ഷകൾക്കു കോർട്ടുഫീയുള്ള പതിക്കേണ്ടതില്ലെന്നു ഫൻറന്നു ഡിസംബർ ൨-ാംനു-ത്തെ ഫൻറന്നു-ൽ റവന്യൂ ഡിസ്നമ്പർ ൫൭൭ ൧-ാംനമ്പർ പരസ്യത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

കെ. കെ. റോഡ് ൫൪-ാംമൈലിൽ ചുങ്കം പിരിക്കൽ.

ക്രമം ൫. ആർ. രാമൻപിള്ള (കോട്ടയം): കെ. കെ. റോഡ് ൫൪-ാം മൈൽക്കുററികടന്നുപോകുന്ന ഒരു ടൺ ലോറികൾ കടന്നു പോകുന്ന ഓരോ പ്രാവശ്യവും ചുങ്കം കൊടുക്കണമെന്നും എന്നാൽ മോട്ടാർ സിൻഡിക്കേറും റോപ്പുവേയുംവക നാലു ടൺ ലോറികൾ എത്രപ്രാവശ്യം കടന്നുപോയാലും ഒരു ദിവസം ഒരു പ്രാവശ്യം ചുങ്കം കൊടുത്താൽ മതിയെന്നും വല്ല വ്യവസ്ഥയും ഉണ്ടോ എന്നു ഗവണ്മെൻറു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഉവ്വ്. ഘനം കുറഞ്ഞതും ഒരു ടണ്ണും ലോറികളെപ്പോലെ നാലു ടൺ ലോറികൾ അധികം പ്രാവശ്യം ചുങ്കം കടന്നു പോകയില്ല. നാലു ടൺ ലോറികൾ കൊടുക്കുന്ന സംഖ്യയും അതായതു ചുങ്കപ്പാ അധികവുമാണ്.

മി: ആർ. രാമൻപിള്ള (കോട്ടയം): മോട്ടാർ സിൻഡിക്കേറുകാരുടെ ലോറി കിഴക്കോട്ടു പോകുന്ന ദിവസംതന്നെ പടിഞ്ഞാറോട്ടു പോകുന്നുണ്ടെന്നറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): സാധാരണയായിട്ടു മററുള്ള എയിററസീററുകളെപ്പോലെ പോകുകയില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): ഒരു ദിവസം ഒന്നിലധികം പ്രാവശ്യം ടോൾഗേറുകടന്നുപോകുന്നതായി അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ചില ദിവസം അങ്ങിനെയും വരാം.

മി: ആർ. രാമൻപിള്ള (കോട്ടയം): ദിവസേന ഒന്നിലധികം പ്രാവശ്യം ടോൾഗേറു കടന്നു പോകുന്നുണ്ടെന്നറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): എയിററസീററർ ഒരു ദിവസം ടോൾഗേറു കടക്കുന്നതുപോലെ അധികമായിട്ടും ഈ ലോറികൾ കടന്നുപോകുന്നില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): ഒന്നിലധികം പ്രാവശ്യം കടന്നുപോകുന്നുണ്ടെന്നറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഈ വിവരം നോട്ടുചെയ്തിരിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഒരിക്കൽ കടന്നുപോകുന്നതിന്നു സാധാരണ ലോറികൾക്കു ഒരു രൂപാ കൊടുക്കണം. തിരിയെ പോകുന്നതിന്നു ഒരു രൂപാ കൊടുക്കണം. ഇങ്ങനെ ഓരോ സമയവും ടോൾഗേറു കടക്കുമ്പോൾ ഫീസു കൊടുക്കണം. എന്നാൽ ഈ ലോറികൾക്കു ഒരു ദിവസത്തേക്കു രണ്ടുരൂപാകൊടുത്താൽ മതിയാകുമെന്നു വെച്ചിരിക്കുന്നു.

പ്രൈസിഡൻറ്: മെമ്പർ വാദം നടത്തുകയാണെന്നു തോന്നുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഈ സിൻഡിക്കേറുലോറികൾ ഒരുദിവസം ഒന്നിലധികം പ്രാവശ്യം ടോൾഗേറുകടന്നു പോകുന്നുണ്ടെന്നറിയാമോ?

പ്രസിഡൻറ്: ചോദ്യരൂപത്തിലുള്ള യാദം വിസമ്മതിക്കുന്നു.

കാടനാട്ടുപാലം.

ചോദ്യം. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-മേവികളവും): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) പിഴുക മേലുകാവുറോഡിൽ കാടനാട്ട് ഒരു പാലം പണിയിക്കണമെന്നു കാണിച്ചു ജനങ്ങൾ ഹർജികൾ കൊടുക്കാൻ തുടങ്ങീട്ടു ഇരുപതു വർഷമായിരിക്കുന്നു എങ്കിലും ഇപ്പോഴും പണി ആരംഭിച്ചിട്ടില്ലെന്നു ഗവണ്മെൻറിനു അറിയാമോ?

(ബി) ആ പണിക്കു തയ്യാറാക്കീട്ടുള്ള എസ്റ്റിമേററിൻപ്രകാരം ഉടനെതന്നെ പണി ആരംഭിക്കാൻ വേണ്ടുന്ന ഏർപ്പാടുകൾ ഗവണ്മെൻറു ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) ഉവ്വ്.

(ബി) എസ്റ്റിമേററു അലോചനയിൽ ഇരിക്കുന്നു.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-മേവികളവും): ദീർഘകാലമായിട്ടും ഇപ്പോഴും ആലോചനയിലിരിക്കുന്ന എസ്റ്റിമേററിൻെറ അലോചന പൂർത്തിയാക്കി അടുത്ത വർഷത്തിൽ ഈ വേല പൂർത്തിയാക്കാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): എസ്റ്റിമേററു് ആലോചനയിൽ ഇരിക്കുന്നു. അതനുവദിച്ചു ശേഷമല്ലാതെ തീർച്ചപറയാൻ സാധിക്കയില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-മേവികളവും): കഴിയുന്നതും വേഗത്തിൽ തീർക്കുന്നതിനു ഗവണ്മെൻറു വേണ്ട വ്യവസ്ഥ ചെയ്യുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): എസ്റ്റിമേററു വന്നശേഷമേ അതിനെപ്പററി പറയാൻ സാധിക്കയുള്ളു.

യുദ്ധത്തിനുപോയവർക്കു ഭൂമി പതിച്ചുകൊടുക്കൽ.

ചോദ്യം. മി: ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവങ്കോടും): ഈ സംസ്ഥാനത്തിൽനിന്നു യുദ്ധത്തിനു പോയവർക്കു നാളിതുവരെ (൧൯൪൫-൧൯൪൬) പതിച്ചുകൊടുത്ത ഭൂമിയുടെ ആകെ വിസ്തീർണ്ണം എത്രയാണെന്നു ഗവണ്മെൻറു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ൧൯൪൫-ാമാണ്ടു അവസാനംവരെ ൧൦൫ ഏക്കർ സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ട്. ൧൯൪൬-ാമാണ്ടു ആദ്യത്തെ മൂന്നുമാസങ്ങളിൽ രജിസ്റ്റർ ചെയ്തുകൊടുത്തതിനെപ്പററിയുള്ള വിവരണത്തിനു ലാൻറു റെവന്യൂവും ആദായനികുതിയും കമ്മീഷണർക്കു എഴുതി അയച്ചിട്ടുണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ൧൦൫ ഏക്കർ സ്ഥലം പതിച്ചു കൊടുത്തതു എത്ര ആളുകൾക്കായിട്ടാണെന്നു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഇതിനെപ്പററി അന്വേഷിച്ചില്ല, അതുകൊണ്ടു ആ വിവരം എൻെറ പക്കൽ ഇല്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ൧൦൫ ഏക്കർ ഭൂമി പതിച്ചു കൊടുത്തതു ഏതെല്ലാം താലൂക്കുകളിലാണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഈ വിവരങ്ങളെല്ലാം എഴുതി അയച്ചു വരുത്തേണ്ടിയിരിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): മഹാ യുദ്ധത്തിൽ തിരുവിതാംകൂറിൽ നിന്നു പോയവരിൽ എത്രപേർ മരിച്ചു പോയി എന്നും ഭൂമി പതിച്ചു കൊടുക്കാൻ എത്ര അപേക്ഷകന്മാർ ഉണ്ടെന്നും പറയുമോ? എനിക്കു എണ്ണമേ അറിയേണ്ടുള്ളു.

പ്രസിഡൻറ്: ആദ്യത്തെ ചോദ്യത്തിൽ നിന്നു ഈ ചോദ്യത്തിനു കാരണമില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അവരെ പ്രോത്സാഹിപ്പിക്കാൻ ഗവണ്മെൻറിൽനിന്നു ഉത്തരവ്—

പ്രസിഡൻറ്: അതും ചോദിക്കാൻ പാടില്ല. അതൊരു നടപടി സൂചിപ്പിക്കയാകുന്നു.

ഒററശേഖരമംഗലം-പനച്ചമൂട്ടു പാത.

ചോദ്യം. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ഒററശേഖരമംഗലം മുതൽ പനച്ചമൂട്ടു വരെ ഇപ്പോഴുള്ള പാതയെ സംബന്ധിച്ചു അതൊരു വണ്ടി പോകുന്ന റോഡാക്കുന്നതു ഒരു അടിയന്തരാവശ്യമായി ജനങ്ങൾ വിചാരിക്കുന്നു എന്നു ഗവണ്മെൻറിനറിവുണ്ടോ എന്നു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അങ്ങനെ നിവേദനങ്ങൾ ഗവണ്മെൻറിൽ കിട്ടീട്ടുണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ആ നിവേദനങ്ങൾ സംബന്ധിച്ചു ഗവണ്മെൻറു വല്ല നടപടിയും നടത്തിയോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഉവ്വ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ആ നടപടി നടത്തിയതു എന്താണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അവ ചീഫ് എൻജിനീയർക്കു അയച്ചു കൊടുത്തു അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടു റോഡു ഉറപ്പുള്ളതായിട്ടുള്ള സ്ഥലം തപ്പാറമ്പാക്കാണോ അതൊ കൂടുതൽ സ്ഥലം വില കൊടുത്തെടുക്കേണ്ടി വരുമോ എന്നു റിപ്പോർട്ടയക്കാനായി ലാണ്ടു റവന്യൂ കമ്മീഷണർക്കു അയച്ചിരിക്കയാണ്. ആവശ്യപ്പെട്ട വിവരം റിപ്പോർട്ടു ചെയ്യാൻ ലാൻറു റവന്യൂ കമ്മീഷണരോടു ആജ്ഞാപിച്ചിട്ടുണ്ട്.

നെയ്യാററിങ്കര താലൂക്കിൽ കൃഷിസേചന പ്രവൃത്തികൾക്കു പണം.

൧൯൪. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) നെയ്യാററിങ്കര താലൂക്കിൽ കൃഷിസേവന പ്രവൃത്തികൾക്ക് ൧൯൧൮-ാമാണ്ടത്തേക്കു അനുവദിച്ചിട്ടുള്ള പണം മുന്നാണ്ടത്തേക്കു അനുവദിച്ച സംഖ്യയിൽ കുറവാണോ?

(ബി) കുറവാണെങ്കിൽ കുറവെന്തു?

(സി) ഈ കുറവിനു കാരണമെന്തു?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) ഉവ്വ്.

(ബി) ൩,൦൬൫ രൂപാ.

(സി) കുറവിനു കാരണം ൧൯൧൭-൮ാമാണ്ടാരംഭത്തിൽ പൂർത്തിയാക്കാതെ കിടന്നിരുന്ന പണികൾ പൂർത്തിയാക്കുന്നതിനു ൧൯൧൭-ാമാണ്ടത്തേക്കാൾ അധികം വേണ്ടിയിരുന്നതാകുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): (സി) ഭാഗത്തിൻെറ മരപ്പണിയെ സംബന്ധിച്ചു പണം അനുവദിക്കുന്നതു അപൂർണ്ണപ്രവൃത്തികൾ പൂർത്തിയാക്കാൻ മാത്രമാണോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അങ്ങനെയായിരിക്കണമെന്നില്ല. പുതിയ പ്രവൃത്തികൾക്കുമാകാം. ൧൯൧൭-ൽ കൂടുതൽ സംഖ്യ അനുവദിച്ചതിന് കാരണം ഞാൻ പ്രസ്താവിച്ച സംഗതിയാണ്. അന്നു അനേകം പ്രവൃത്തികൾ പൂർത്തിയാകാതെ കിടന്നിരുന്നു. ൧൯൧൮-ാമാണ്ടാരംഭത്തിൽ അങ്ങനെ അധികം അപൂർണ്ണ പ്രവൃത്തികൾ ഇല്ലായിരുന്നു. അതാണു വ്യത്യാസത്തിന് കാരണം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ൧൯൧൭-ൽ ഗവണ്മെൻറിലേക്കു ലാപ്സായ സംഖ്യ എത്രയാണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതിൻെറ വിവരം എൻെറ പക്കൽ ഇല്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ആ സംഖ്യ ഇരയാണ്ടിൽ അനുവദിച്ചിട്ടുള്ള സംഖ്യയേക്കാൾ അധികമാണോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ആ വിവരം എൻെറ പക്കൽ ഇല്ല.

നെയ്യാററിങ്കര ഒരു പാലത്തിൻെറ ആവശ്യകത.

൧൯൨൦. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): നെയ്യാററിങ്കര താലൂക്കിൽ ഓററശേഖരമംഗലം പകുതിയിൽ ഞണ്ടുപത്തു കുഴിവിൽ നെയ്യാറ് കടക്കുന്നതിന് ഒരു പാലം ആവശ്യമുണ്ടെന്നു ഗവണ്മെൻറിന് അറിവുണ്ടോ;

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അങ്ങനെയുള്ള നിവേദനം ഗവണ്മെൻറിൽ കിട്ടീട്ടുണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ആ നിവേദനത്തെ സംബന്ധിച്ചു വല്ല നടപടിയും നടത്തിയോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ആ നിവേദനം പ്രജാസഭയിൽ കൊണ്ടുവന്നതാണ്. അന്വേഷണം കഴിച്ചിട്ടു വണ്ടിപ്പാത ആ കടവിൽ അവസാനിക്കുന്നതിനാൽ അവിടെ ഒരു പാലം ആവശ്യമില്ലെന്നു മെമ്പർക്കു മറുപടി കൊടുത്തു. നദിയുടെ മറെറ ഭാഗത്തു വണ്ടിപ്പാതയോകുന്നില്ല.

തിരുവനന്തപുരം ജലവിതരണ പദ്ധതി.

൧൯൨൧. മി: ഏ. താണുപിള്ള (തിരുവനന്തപുരം): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) തിരുവനന്തപുരം ജലവിതരണ പദ്ധതിയെ സംബന്ധിച്ചുള്ള പല ജോലികൾക്കുള്ള എസ്റ്റിമേററുകൾ പൂർത്തിയാകയോ?

(ബി) ആകയെങ്കിൽ മുഴുവൻ പദ്ധതിക്കുമുള്ള ചെലവെന്തെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) എസ്റ്റിമേററുകൾ തീരാറായിവരുന്നു.

(ബി) എസ്റ്റിമേററുകൾ പൂർത്തിയാകുന്നതുവരെ സംഖ്യ കൃത്യമായി പറവാൻ സാധിക്കയില്ല.

സിക്രട്ടേറിയററിലെ ഉദ്യോഗനിയമനങ്ങൾ.

൧൯൨൨. മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മികൾ): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ (൧൯൧൮-ം ൧൯൧൯-ം) സെക്രട്ടേറിയററിൽ പുതുതായി ചെയ്ത നിയമനങ്ങളുടെ എണ്ണവും മററു ഡിപ്പാർട്ടുമെൻറുകളിൽ നിന്നു ആളുകളെ എടുത്തു നിയമിച്ച നിയമനങ്ങളുടെ എണ്ണവും.

(ബി) മററു ഡിപ്പാർട്ടുമെൻറുകളിൽ നിന്നു ആളെ എടുത്തു നിയമിക്കുന്നതിനു വല്ല പ്രത്യേക കാരണവും ഉണ്ടോ എന്നും സെക്രട്ടേറിയററിൽ ജോലിപകരം നോക്കിയിരുന്നവരുടെ അവകാശങ്ങൾ അവഗണിച്ചാണോ എന്നും.

മി: കെ. ജാങ്ക് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ) ൧൯൧൮-ലും ൧൯൧൯-ലും സെക്രട്ടേറിയററിൽ ഏതു പുതിയ അക്കൗണ്ട് നിയമനങ്ങൾ ഉണ്ടാക്കി. മേററു ഡിപ്പാർട്ടുമെൻറുകളിൽ നിന്നു പുതുതായി ആളുകളെ എടുത്തിട്ടില്ല.

(ബി) (എ) ഭാഗം ചോല്യത്തിന്റെ മരുപടിയുടെ അവസാനഭാഗം കൊണ്ടു ഈ ചോല്യത്തിന്നു കാരണമില്ല.

മൈനർ ഇറിഗേഷൻ പദ്ധതി.

ക്വസ്റ്റ്. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) മൈനർ കൃഷിസേചനപ്രവൃത്തികൾ ഇപ്പോഴത്തെക്കാൾ കാര്യക്ഷമതയുള്ള നിയന്ത്രണത്തിൻകീഴിലാക്കുന്നതിനുള്ള വല്ല വ്യവസ്ഥയും ഗവണ്മെന്റിന്റെ ആലോചനയിൽ ഉണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ വ്യവസ്ഥയുടെ പ്രധാന സ്വഭാവം എന്താണ്?

(സി) ആ വ്യവസ്ഥയുടെ യോഗ്യതായോഗ്യതകളെപ്പററി വിമർശനം ചെയ്യുന്നതിനു നിയമസഭയ്ക്കു അവസരം കൊടുക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) ഉവ്വ്.

(ബി) യും (സി) യും ഇപ്പോഴത്തെ നിലയിൽ വല്ലതും പറയുന്നതുയുക്തമല്ല.

പൂവാററിൽ ഒരു പാലത്തിന്റെ ആവശ്യം.

ക്വ ൦. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) നെയ്യാററിൽ പൂവാർ എന്ന സ്ഥലത്തു വളരെക്കാലമായി ഒരു പാലം ആവശ്യം ഉണ്ടെന്നു ഗവണ്മെന്റിനു അറിയാമോ?

(ബി) ഇക്കാര്യത്തെപ്പററി അവർ ആലോചിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ :(ഗവണ്മെന്റു സെക്രട്ടറി): (എ) ഈ പാലത്തിന്റെ കാര്യം നിയമസഭയിലും ശ്രീമൂലം പ്രജാസഭയിലും നിരവധി വിഷയമാക്കിട്ടുള്ളതാണു.

(ബി) ഒരന്വേഷണം നടത്തിയതിൽ പാലവും അതിന്റെ പരിസരങ്ങളും പണിയുന്നതിനു ൪൦,൦൦൦ രൂപാ വിലധികം വേണ്ടിവരുമെന്നാണു റിപ്പോർട്ടു കിട്ടിട്ടുള്ളതു. ഇപ്പോഴത്തെ വ്യാപാരത്തിനു ഒരു ചങ്ങാടം മതിയാകുന്നുണ്ട്. വ്യാപാരം അഭിവൃദ്ധിപ്പെടുന്നതുവരെ പാലം പണിതിട്ടാവശ്യമില്ലെന്നാണു ചീഫ് എൻജിനീയരുടെ അഭിപ്രായം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): (ബി) ഭാഗം ചോല്യത്തിന്റെ മരുപടിയെ സംബന്ധിച്ചു വ്യാപാരം അഭിവൃദ്ധിപ്പെടാത്തതു പാലത്തിന്റെ അഭാവംനിമിത്തമാണെന്നു ഗവണ്മെന്റിനറിവുണ്ടോ എന്നുപറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഇപ്പോഴുള്ള വ്യാപാരം ഈ ചെലവിനു അനുരൂപമല്ലെന്നാണു ചീഫ് എൻജിനീയരുടെ റിപ്പോർട്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ചീഫ് എൻജിനീയർ റിപ്പോർട്ടു സമർപ്പിച്ചതു എപ്പോഴാണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ൧൯൨൯ നവംബറിന്നുമുമ്പ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ചീഫ് എൻജിനീയർ തന്നെ പോയി സ്ഥലം സന്ദർശിച്ചശേഷമാണോ റിപ്പോർട്ടു സമർപ്പിച്ചതെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അതിപ്പോൾ പറവാൻ സാധിക്കയില്ല. ചോല്യത്തേ സംബന്ധിച്ചു നോട്ടീസു കിട്ടണം.

ആയുർവേദഡയറക്ടർ.

ക്വ ൧. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആയുർവേദ ഡയറക്ടരായി ഏതേങ്കിലും ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോഎന്നും ഉണ്ടെങ്കിൽ എന്നാണു നിയമിച്ചതെന്നും ഗവണ്മെന്റു ദയവായി പറയുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): മി: കെ. ശങ്കരമേനവനെ ആയുർവേദ ഡയറക്ടരായി ൧൯൩൧ ചിങ്ങം ൧-ാംനു- നിയമിച്ചു. അദ്ദേഹം തന്നെയാണു ഇപ്പോഴും ഡയറക്ടർ. അദ്ദേഹം ഇപ്പോൾ നാലുമാസത്തെ അവധിയിൽ ഇരിക്കുന്നു. വൈദ്യശാലാ ഇൻസ്പെക്ടർ സ്വന്തം ജോലിക്കു വിഘ്നം കൂടാതെ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് വഹിക്കയും ചെയ്യുന്നു.

ടോൾഗേററ് കൺട്രാക്ടർമാർ.

ക്വ ൧൧. മി: രേവതിനാൾ രാമവർമ്മരാജാ (എടവക): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) ടോൾ ഗേററുകൾ സ്ഥാപിപ്പാൻ അനുവദിച്ചിട്ടുള്ള മിക്കവരും എല്ലാസ്ഥലങ്ങളിലും ഒന്നിലധികം ഗേററുകൾ സ്ഥാപിച്ചിട്ടുള്ളതു ഗവണ്മെന്റിന്റെ അനുവാദത്തോടുകൂടെയാണോ?

(ബി) ഒരു സ്ഥലത്തു ഒരു ഗേററു തന്നെ താമസത്തിനു കാരണമാകുന്നു എന്നു ജനങ്ങൾ പരാതി പറയുമ്പോൾ അങ്ങനെ അനുവദിച്ചതിനു കാരണമെന്തു?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) ഗവണ്മെന്റു അങ്ങനെ അനുവാദം കൊടുത്തിട്ടില്ല. ഉപചുങ്കസ്ഥലങ്ങൾ ഉള്ളിടത്തല്ലാതെ അങ്ങനെ ഒന്നിലധികം ഗേററുകൾ ഉള്ളതായി ഗവ-

ഞൻറിനു അറിവുമില്ല. ഈ ഗോരുകൾ സ്ഥിരമല്ല വാഹനങ്ങളോ മൃഗങ്ങളോവരുമ്പോൾ അവയെ മാറ്റുകയും ചെയ്യും.

(ബി) (എ) ഭാഗം മറുപടി കൊണ്ടു ഈ ചോദ്യത്തിനു കാരണമില്ല.

സംസ്ഥാനത്തെ റോഡുകളും തോടുകളും.

൧൯൩. മി: തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും-തൊടുപുഴയും): ഈ സംസ്ഥാനത്തിലെ ഓരോ താലൂക്കിലും ഒരോ ചതുരശ്രമൈലിനു വീതപ്രകാരം ഉള്ള റോഡുകളുടെയും തോടുകളുടെയും നീളം കാണിക്കുന്ന ഒരു പട്ടിക ഗവണ്മെൻറു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഓരോ താലൂക്കിൻെറയും വിസ്തീർണ്ണം അറിയുന്നതിനു ൧൯൨൫-ാം ആണ്ടു തിരുവിതാംകൂർ പഞ്ചാംഗത്തിൻെറ ൧൭൭൫-ാം പുറവും ഓരോ താലൂക്കിലെയും റോഡുകളുടെയും തോടുകളുടെയും നീളം അറിയുന്നതിനു ൧൯൨൫-ലെ (൭-ാം പുസ്തകം) തിരുവിതാംകൂർ സ്റ്റാററിസ്റ്റിക്സ് (കണക്കുകൾ) പുസ്തകത്തിൻെറ ൧൭൩-ാം ൧൭൭൫-ാം പുറങ്ങളും മെമ്പർ വായിച്ചു നോക്കണം. പിന്നിട്ടു ഓരോ ചതുരശ്രമൈലിനു വീതപ്രകാരം ഉള്ള തോടുകളുടെയും റോഡുകളുടെയുംനീളം കണക്കുകൂട്ടി എടുപ്പത്തിൽ കണ്ടു പിടിക്കാവുന്നതാണ്.

വനം ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ജാതിവിവരപ്പട്ടിക.

൧൯൪ മി: തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും തൊടുപുഴയും): വനം ഡിപ്പാർട്ടുമെൻറിൽ ഡിപ്പൂട്ടിറേഞ്ചർമാർ, റേഞ്ചർമാർ, അസിസ്റ്റൻറു കൺസർവേററർമാർ, ഡിപ്പൂട്ടികൺസർവേററർമാർ എന്നി ഉദ്യോഗസ്ഥന്മാരിൽ ബ്രാഹ്മണർ, നായന്മാർ, കുത്താലിക്കർ, യാക്കോബായക്കാർ, മാർതോമാക്രിസ്ത്യാനികൾ പ്രൊട്ടസ്റ്റൻറുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളന്മാർ മററുസമുദായത്തിലുള്ളവർ എന്നിവരുടെ എണ്ണം കാണിക്കുന്ന ഒരു പട്ടിക ഗവണ്മെൻറു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ആവശ്യപ്പെട്ട വിവരമടങ്ങിയ ഒരു പട്ടിക† മേശപ്പുറത്തു വച്ചിരിക്കുന്നു.

വനം കൺസർവേററർ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പട്ടിക.

൧൯൫. മി. തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോഴത്തെ വനംകൺസർവേററർ, അദ്ദേഹത്തിൻെറ നിയമനതീയതിമുതൽ ൧൯൩൫ കന്നി ൧൦-ാം നു-വരെ വനംഡിപ്പാർട്ടുമെണ്ടിൽ നിയമിച്ചിട്ടുള്ള ബ്രാഹ്മണർ, നായന്മാർ, കുത്താലിക്കർ, യാക്കോബായക്കാർ, മാർതോമാക്രിസ്ത്യാനികൾ പ്രൊട്ടസ്റ്റൻറുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളന്മാർ, മററുസമുദായത്തിൽപെട്ടവർ എന്നിവരുടെ എണ്ണം കാണിക്കുന്നതായ ഒരു പട്ടിക ഗവണ്മെൻറു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക‡ മേശപ്പുറത്തുവച്ചിരിക്കുന്നു.

സബ്ററജിസ്ട്രാർമാരുടെയും ഡിസ്ട്രിക്ട്ടുജിസ്ട്രാർമാരുടെയുംജാതിവിവരംപട്ടിക.

൧൯൬ മി. തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും തൊടുപുഴയും): രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലുള്ള സബ്ററജിസ്ട്രാർമാർ, ഡിസ്ട്രിക്ട്ടുജിസ്ട്രാർമാർ എന്നി ഉദ്യോഗസ്ഥന്മാരിൽ ബ്രാഹ്മണർ, നായന്മാർ, കുത്താലിക്കർ, യാക്കോബായക്കാർ, മാർതോമാക്രിസ്ത്യാനികൾ, പ്രൊട്ടസ്റ്റൻറുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളന്മാർ, മററുസമുദായക്കാർ എന്നിവരുടെ എണ്ണം കാണിക്കുന്ന ഒരു പട്ടിക ഗവണ്മെൻറു ദയവായി മേശപ്പുറത്തുവയ്ക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): സബ്ററജിസ്ട്രാർമാരുടെയും ഡിസ്ട്രിക്ട്ടുരജിസ്ട്രാർമാരുടെയും ജാതിവിവരം കാണിക്കുന്ന ഒരു പട്ടികയ്ക്കു മേശപ്പുറത്തു വച്ചിരിക്കുന്നു.

സാനിട്ടറി ഉദ്യോഗസ്ഥന്മാരുടെയും ഇൻസ്പെക്ടർമാരുടെയും

ജാതിവിവരം പട്ടിക.

൧൯൭. മി. തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും തൊടുപുഴയും) സാനിട്ടറി ഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടർമാരിലും സർക്കിൾ ഉദ്യോഗസ്ഥന്മാരിലുമുള്ള ബ്രാഹ്മണർ, നായന്മാർ, കുത്താലിക്കർ, യാക്കോബായക്കാർ, മാർതോമാക്രിസ്ത്യാനികൾ, പ്രൊട്ടസ്റ്റൻറുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളന്മാർ എന്നിവരുടെ എണ്ണം കാണിക്കുന്ന ഒരു പട്ടിക ഗവണ്മെൻറു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): സാനിട്ടറി ഡിപ്പാർട്ടുമെൻറിൽ സാനിട്ടറി ഇൻസ്പെക്ടർമാർ എന്നതായുള്ള ഉദ്യോഗസ്ഥന്മാർ ഇല്ല. സാനിട്ടറി സർക്കിൾ ഉദ്യോഗസ്ഥന്മാരുടെ ജാതിയും സമുദായവും കാണിക്കുന്ന ഒരു പട്ടിക§ മേശപ്പുറത്തു വച്ചിരിക്കുന്നു.

സാനിററി കമ്മീഷണർ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ

ജാതിവിവരപ്പട്ടിക.

൧൯൮. മി. തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോഴത്തെ സാനിട്ടറി കമ്മീഷണരുടെ നിയമനം മുതൽ ൧൯൩൫ കന്നി ൧൦-ാം നു വരെ സാനിട്ടറി ഡിപ്പാർട്ടുമെൻറിൽ അദ്ദേഹം നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരിൽ ബ്രാഹ്മണർ, നായന്മാർ, കുത്താലിക്കർ, യാക്കോബായക്കാർ, മാർതോമാക്രിസ്ത്യാനികൾ, പ്രൊട്ടസ്റ്റൻറുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളന്മാർ, മററുസമുദായക്കാർ, എന്നിവരുടെ എണ്ണം കാണിക്കുന്ന ഒരു പട്ടിക ഗവണ്മെണ്ടു ദയവായി മേശപ്പുറത്തു വക്കുമോ?

---

† അനുബന്ധം 3 നോക്കുക.
‡ അനുബന്ധം 4 നോക്കുക.
§ അനുബന്ധം 5 നോക്കുക.
§ അനുബന്ധം 6 നോക്കുക.

മി. കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു.

അഞ്ചൽ സൂപ്രണ്ട് നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ

ജാതിവിവരം പട്ടിക.

ക്ഷ൯ മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും), ഈപ്പോഴത്തെ അഞ്ചൽ സൂപ്രണ്ടിൻെറ നിയമതീയതിമുതൽ ൧൯൮൯ കന്നി ൧൦-ാം-വരെ അഞ്ചൽഡിപ്പാർട്ടുമെണ്ടിലെ നിയമിച്ചിട്ടുള്ളവരിൽ ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, യാക്കോബായക്കാർ, മാർതോമ്മാക്രിസ്ത്യാനികൾ, പ്രോട്ടസ്റ്റന്റുകാർ, ഈഴവർ മഹമ്മദീയർ, പുലയരുമുള്ളവർ, മററുസമുദായത്തിൽപ്പെട്ടവർ, എന്നിവരുടെ എണ്ണം കാണിക്കുന്ന ഒരു പട്ടിക ഗവണ്മെണ്ടു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടു സെക്രട്ടറി). ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക† മേശപ്പുറത്തു വച്ചിരിക്കുന്നു

രാജ്യത്തിൻെറ സാമ്പത്തികാഭിവൃദ്ധിക്കുള്ള

ആലോചനകൾ.

൧൪൦. മിസ്റ്റർ തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ഈ രാജ്യത്തിൻെറ സാമ്പത്തികാഭിവൃദ്ധിക്കായി എന്തെല്ലാം ശിപാർശകളാണു ധനപരിപോഷണബോർഡ് ഗവർണ്മെൻറിലേക്ക് സമർപ്പിച്ചിട്ടുള്ളതെന്നും അവയിൽ ഏതെല്ലാം ഗവണ്മെണ്ടു സ്വീകരിച്ചു നടപ്പിൽവരുത്തിയെന്നും,

(ബി) ധനപരിപോഷണബോർഡിനെ സംബന്ധിച്ചു ൧൯൮൯ കന്നി ൧൦-ാം-വരെ ആരുകൂടിയ ചിലവായ സംഖ്യ എത്രയെന്നും,

മി. കെ. ജോർജ്ജ് (ഗവണ്മെണ്ടു ചീഫ് സിക്രട്ടറി): (എ) ധനപരിപോഷണബോർഡിൻെറ പ്രതിവർഷം പ്രസിദ്ധപ്പെടുത്തുന്ന ഓരോ റിപ്പോർട്ടുകൾ മെമ്പർ വായിച്ചുനോക്കണം.

(ബി) ൧൯൮൯ കന്നി ൧൦-ാം-വരെ ചിലവായ ആകെ സംഖ്യ ൪൮,൯൩൬ രൂപാ ൧൪ ചക്രം ആകുന്നു.

൧൯൮൯ കന്നിയിൽ അവസാനിക്കുന്ന മൂന്നു വർഷങ്ങളിൽ കൈയ്യു തഹശീൽദാരന്മാരുടെയും ഡിവിഷൻ അസിസ്റ്റന്റന്മാരുടേയും നിയമനങ്ങൾ.

൧൪൧. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) ൧൯൮൯ കന്നിയിൽ അവസാനിക്കുന്ന മൂന്നു വർഷങ്ങളിൽ തഹശീൽദാരന്മാരായും ഡിവിഷൻ അസിസ്റ്റന്റായും നിയമിക്കുന്നതിനു ഗവണ്മെണ്ടിലേക്ക് ലാണ്ടു റവന്യൂവും ആദായനികുതിയും കമ്മീഷണർ ശിപാർശചെയ്ത അവർണ്ണഹിന്ദുക്കളുടേയും അഹിന്ദുക്കളുടേയും എണ്ണവും അവരിൽ നിയമിക്കപ്പെട്ടവരുടെ പേരുകളും ഗവണ്മെണ്ടു ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): ഒഴിവുകൾക്കു നിയമനങ്ങൾ ചെയ്യുന്നതിനു സംബന്ധിച്ചു ഡിപ്പാർട്ടുമെൻറ് മേലധികാരികൾ ഗവണ്മെൻറിലേക്കയക്കുന്ന ശിപാർശകൾ സ്വകാര്യങ്ങളാകയാൽ ആവശ്യപ്പെട്ട വിവരംതരാൻ പാടില്ല.

ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ ബന്ധുക്കളുടെ നിയമനം.

൧൪൨. മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ (൧൯൮൧-൧൯൮൩) ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ എത്ര ബന്ധുക്കൾക്കു ഉദ്യോഗം കൊടുത്തു എന്നു ഗവണ്മെൻറു ദയവായി പറയുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഗവണ്മെൻറിനു ഇതിനെപ്പററിയുള്ള വിവരമില്ല. ഉദ്യോഗസ്ഥന്മാർ തങ്ങളുടെ ബന്ധുക്കളെ നിയമിക്കാൻ പാടില്ലെന്നു ൧൯൧൦ കന്നി ൧൦-ാം- ഉണ്ടായിട്ടുള്ള തീരുമാനം ഴുത്തുവിളംബരത്തെ മെമ്പറിൻെറ ശ്രദ്ധയ്ക്കു വിഷയമാക്കിക്കൊള്ളുന്നു. ഈ ചട്ടം ലംഘിക്കാറില്ലെന്നാണു വിചാരിക്കേണ്ടതു്. ഈ ചട്ടം ലംഘിച്ചതായി കാണിക്കുന്ന ദൃഷ്ടാന്തങ്ങൾ പറയുമെങ്കിൽ ഗവണ്മെൻറ് അതിനെപ്പററി അന്വേഷണം നടത്തുന്നതാകുന്നു.

മണിമലയാറിൻെറ തലവടിക്കെവഴി.

൧൪൩. മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): താഴെവിവരിക്കുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) അമ്പലപ്പുഴതാലൂക്കിൽ തലവടിയും കോഴിമുക്കം പ്രകൃതികളിൽക്കൂടി ഒഴുകുന്ന മണിമലയാറിൻെറ ഒരു കൈവഴി മൂന്നുദിവസമായി ഗുരുതരത്താളം നിമ്നസ്ഥലപ്രാപിക്കുന്നു എന്നു് ഗവണ്മെൻറിനു അറിവുണ്ടോ?

(ബി) (എ) ഭാഗം ചോദ്യത്തിൻെറ മറുപടി ഇല്ലെന്നാണെങ്കിൽ ആ ആറു് നികന്നുപോകാതിരിക്കാൻ ഗവണ്മെൻറ് എടുത്തിട്ടുള്ള വഴികൾ എന്തെല്ലാം?

മി: ടി. പി. രാമസുബ്ബയ്യർ. (ഗവണ്മെൻറ് സെക്രട്ടറി): (എ) ഉവ്വ്.

(ബി) ആററിൻെറ ഈഭാഗം നികന്നുപോകാതിരിക്കാൻ വേണ്ടതു ചെയ്യുന്നതിനു ൧൯൩൦-ാമാണ്ടു മുതൽ സംരക്ഷണചെലവു അനുവദിച്ചിട്ടുണ്ടു്. എക്കൽ മണ്ണു ആണ്ടുതോറും നീക്കംചെയ്യുകയും.

---

* അനുബന്ധം 7 നോക്കുക. † അനുബന്ധം 8 നോക്കുക.

ഗവണ്മെൻറ് ഡിപ്പോകളിലെ തടിവില്പന.

൧൭൪ മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): കഴിഞ്ഞ മൂന്നുവർഷങ്ങളായി ഈ സംസ്ഥാനത്തെ തടിഡിപ്പോകളിൽ വിററഴിയാതെ ഇപ്പോൾ (൧൯൮൧-൮൨ ൧൭൪) കിടപ്പുള്ള തടികളുടെ എണ്ണം കണക്കിന്നു ഒരു പട്ടിക ഗവൺമെൻറ് മുമ്പായി മേശപ്പുറത്തു വെക്കുമോ?

(ബി) മേടിക്കാൻ ആളില്ലാതെ വളരെത്തടികൾ വെറുതെ എറിഞ്ഞുകളയുന്ന ഏർപ്പാടുകൾ പരമാർത്ഥമാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ൧൭൪ ൧൯. ഇടവംവരെ കിട്ടിയ തടികൾ മിക്കവാറും വിററുപോയിരിക്കുന്നു. ഇപ്പോൾ ബാക്കികിടക്കുന്നതു അതിനുശേഷം കിട്ടിയ പുതിയ തടികളാകുന്നു.

(ബി) അല്ല. തടികൾ അവശ്യക്കാർ ഉടനടിവന്നു വാങ്ങുന്നുണ്ട്. വിൽക്കാതെ ബാക്കി കിടക്കാറില്ല.

കുട്ടനാട് ഒരു പ്രത്യേക പരസ്പരസഹായ ഡിവിഷൻ ആക്കണം.

൧൭൫ മി: കെ. പി. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): കുട്ടനാട് ഒരു പ്രത്യേക പരസ്പരസഹായസംഘം ഇൻസ്പെക്ടരുടെ കീഴിൽ ഒരു പ്രത്യേക പരസ്പരസഹായ ഡിവിഷൻ ആക്കുന്നതു കൃഷിയുടെ പരിപോഷണത്തിന്നു ആവശ്യമില്ലയോ എന്നു ഗവണ്മെൻറ് ആലോചിച്ചുവോ എന്നു ഗവണ്മെൻറ്മുമ്പായി പറയുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): കുട്ടനാട് ഒരു പ്രത്യേക പരസ്പരസഹായസംഘം ആക്കാൻ ആവശ്യമുണ്ടെന്നു ഗവണ്മെൻറ് വിചാരിക്കുന്നില്ല.

പ്ലേഗുപരിശോധന.

൧൭൬ മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): താഴെപറയുന്നസംഗതികൾ ഗവണ്മെൻറുമുമ്പായിപറയുമോ?

(എ) കൊച്ചിയിൽനിന്നു തിരുവിതാംകൂറിലേക്കു പ്ലേഗുമീനം കടക്കാതിരിക്കാൻ പരിശോധനത്താവളങ്ങൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങൾ.

(ബി) കൊച്ചിയിൽനിന്നു തിരുവിതാംകൂറിലേക്കു ബോട്ടുവഴിയും വള്ളംവഴിയും വരുന്ന യാത്രക്കാരെ പരിശോധിക്കുന്നതിന്നു അത്രക്കററി ഒരു താവളമായി നിശ്ചയിച്ചിട്ടില്ലയോ?

(സി) അത്രക്കററിയിൽ പരിശോധനയ്ക്കു പ്രത്യേകമായി നിയമിച്ചിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ എണ്ണം—

(ഡി) കൊച്ചിയിൽനിന്നു അത്രക്കററിവഴി തിരുവിതാംകൂറിലേക്കു ദിനംപ്രതി വരുന്നബോട്ടുകളുടേയും വള്ളങ്ങളുടേയും ശരാശരിഎണ്ണം—

(ഇ) ഈ വാഹനങ്ങളിൽ വരുന്ന എല്ലാ യാത്രക്കാരേയും വ്യക്തിപരമായി പരിശോധിക്കണമെന്നല്ലയോ ചട്ടം?

(എഫ്) അത്രക്കററി പരിശോധന താവളത്തിൽ ഈ എല്ലാ യാത്രക്കാരേയും വ്യക്തിപരമായി പരിശോധിക്കാറുണ്ടോ?

(ജി) ഇപ്പോൾ അവിടെ നിയമിച്ചിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാർക്കു ഈ യാത്രക്കാരെയെല്ലാം വ്യക്തിപരമായി ശരിയായി പരിശോധിക്കാൻ സാധിക്കുമെന്നു ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

(എച്ച്) ഈ ജോലിക്കു അവിടെ നിയമിച്ചിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ ചുരുക്കംനിമിത്തം യാത്രക്കാരിൽ പലക്കും പല അസൌകര്യങ്ങൾ ഉണ്ടാകുന്നുണ്ടെന്നു ഗവണ്മെൻറിന്നു അറിവുണ്ടോ?

(ഐ) യാത്രക്കാരുടെ സൌകര്യത്തിനും പരിശോധനകൊണ്ടു അധികം ഗുണം സിദ്ധിക്കുന്നതിനും വേണ്ടി അത്രക്കററി പരിശോധന താവളത്തിലേക്കു അധികം മെഡിക്കൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുമോ?

(ജെ) (എ) കൊച്ചിയിൽ നിന്നു ബോട്ടുവഴി വരുന്ന യാത്രക്കാർ പരിശോധനയ്ക്കായി അത്രക്കററിയിൽ കരയ്ക്കിറങ്ങാൻ നിർബന്ധം തരാകുന്നു എന്നും—

(൧.) ഇതു യാത്രക്കാർക്കു, പ്രത്യേകമായി സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും, വളരെ അസൌകര്യമാണെന്നു—

ഗവണ്മെൻറിന്നു അറിവുണ്ടോ?

(൨) ബോട്ടുവഴി വരുന്ന യാത്രക്കാരുടെ രക്ഷയ്ക്കും സൌകര്യത്തിനുംവേണ്ടി പരിശോധനബോട്ടിൽവച്ചുതന്നെ നടപടികളെന്നു അങ്ങനെ ആക്കുമോ?

(എൽ) കൊച്ചിയിൽ നിന്നു അത്രക്കററിവഴി തിരുവിതാംകൂറിലേക്കുവരുന്ന ചരക്കു വള്ളങ്ങൾ പരിശോധനയ്ക്കായി പരിശോധനത്താവളത്തിൽ താമസിക്കാൻ നിർബന്ധിക്കപ്പെടുന്നില്ലയോ?

(എം). ഈ ചരക്കുവള്ളങ്ങളുടെ പരിശോധനയ്ക്കു അവയിലെസാമാനങ്ങൾ മുഴുവനും കരയ്ക്കിറക്കേണ്ടിവരുന്നില്ലയോ?

(എൻ) ചരക്കുകൾ കരയ്ക്കിറക്കിവെയിലും മഴയും കൊള്ളിക്കുന്നതിനാൽ കച്ചവടക്കാർക്കു വലിയനഷ്ടവും ബുദ്ധിമുട്ടും ഉണ്ടെന്നു ഗവണ്മെൻറിന്നു അറിയാമോ?

(ഒ) തക്കതായസൗജന്യം കൊടുത്താൽ ചരക്കുകൾ കരയ്ക്കിറക്കാതെ പരിശോധന നടത്താറുണ്ടെന്നു ഒരു പരാതിയുണ്ടെന്നും ഇങ്ങനെയും കച്ചവടക്കാർക്കു സങ്കടമുണ്ടെന്നും ഗവണ്മെൻറിന്നറിയാമോ?

(പി), (ഒ) ഭാഗം ചോദ്യത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ, ആവശ്യമുള്ള അന്വേഷണങ്ങൾ നടത്തുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): (എ) പ്രത്യേകമെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ കീഴിൽ അത്രക്കററി, വെള്ളത്തൂവൽ, ആലുവാ, അങ്കമാലി, പറവൂർ (ചക്കരക്കടവു,) ഉദയംപേരൂർ എന്നീ സ്ഥലങ്ങളിലും ചുങ്കം ഉദ്യോഗസ്ഥന്മാരുടെ കീഴിൽ കുണ്ടന്നൂരും പരിശോധനത്താവളങ്ങൾ ഏർപ്പെടുത്തിട്ടുണ്ട്.

(ബി) ഉവ്വ്.

(സി) രണ്ടു, ഒരു അസിസ്റ്റൻറ് സർജനും ഒരു സബ്അസിസ്റ്റൻറ് സർജനും.

(ഡി) സ്ററീമർ മോട്ടാറും ബോട്ടുകൾ ഉദ്ദേശം പന്ത്രണ്ടും ചരക്കുവള്ളങ്ങൾ നൂറോളം ആൾക്കാരുമുണ്ടായേക്കും

(ഇ) (എഫ്), (ജി). ഉവ്വ്.

(എച്ച്) ഇല്ല. പരിശോധനയിൽ യാത്രക്കാർക്കു ഒഴിക്കാവുന്ന അസൌകര്യമോ തിരക്കോ ഉണ്ടാകാറില്ലെന്നാണു റിപ്പോർട്ടു കിട്ടിട്ടുള്ളതു.

(ഐ) കൂടുതലായി മെഡിക്കൽ ഉദ്യോഗസ്ഥന്മാരെ വേണമെന്നു സ്പെഷ്യൽ പ്ലേഗ് ആഫീസർ ചെയ്ത ശിപാർശ ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

(ജെ, ഒന്നും രണ്ടും), (കെ) യാത്രക്കാരെ അവരവർ സഞ്ചരിക്കുന്ന ബോട്ടിൽവെച്ചു തന്നെയാണ് പരിശോധിക്കുന്നതു;

(എൽ) ഉവ്വ്.

(എം) ഉവ്വ് പ്ലേഗ്ബീജങ്ങളുണ്ടാകാൻ ഇടയുള്ള ധാന്യങ്ങളും മററുള്ളവയുടെയും എലികൾ ഉണ്ടു കാവുന്ന വലുതുകളുടെയും കാര്യത്തിൽ

(എൻ) ഗവണ്മെൻറിനറിവില്ല. ധാന്യങ്ങളുടെയും മററും കാര്യത്തിൽ പ്ലേഗ്ബീജങ്ങൾ നശിക്കുന്നതിനു അധികം വയിൽ കൊള്ളുന്നതാവശ്യമാണെന്നാകുന്നു സ്പെഷ്യൽ പ്ലേഗ്ഓഫീസരുടെ അഭിപ്രായം

(ഒ) ഇങ്ങനെ ഒരു പദ്ധതി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

(പി) മേൽപറഞ്ഞ ചോദ്യങ്ങളുടെ മറുപടി കൊണ്ടു ഈ ചോദ്യത്തിനുകാരണമില്ല.

വർത്തമാനപ്പത്രങ്ങളും പരസ്യപ്രസിദ്ധീകരണവും.

൧൪൭. മി: ഇട്ടിപ്പ് ഇട്ടിച്ചൻ (കുന്നത്തുനാടു): ഗവണ്മെൻറു വകയും ഡിപ്പാർട്ടുമെൻറു വകയും പരസ്യങ്ങൾ തിരുവിതാംകൂറിലെ വർത്തമാനപ്പത്രങ്ങളിൽ പോലും പ്രസിദ്ധം ചെയ്യുന്നകാര്യത്തിൽ പക്ഷഭേദം കാണുന്നതിനു കാരണമെന്താണെന്നു ഗവണ്മെൻറു മറുപടിയായി പറയുമോ?

മി: കെ. ജി. ജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): തിരുവിതാംകൂറിലെ പത്രങ്ങളിൽ ഗവണ്മെൻറു വക പരസ്യങ്ങളും ഡിപ്പാർട്ടുമെൻറുകൾവക പരസ്യങ്ങളും പ്രസിദ്ധം ചെയ്യുന്ന കാര്യത്തിൽ കാണിക്കുന്നു എന്നുപറയുന്ന പക്ഷഭേദത്തിന്റെ സ്വഭാവം എന്നാണെന്നും അങ്ങനെ കാണിച്ചതു എപ്പോഴാണെന്നും മെമ്പർ പ്രസ്താവിച്ചിട്ടില്ലാത്തതിനാൽ ചോദ്യം അവ്യക്തമാകുന്നു.

അനുബന്ധം ക.

൧൦൧൦-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

തിരുവിതാംകൂർ മഹാരാജാ തിരുമനസ്സിലെ ഗവണ്മെൻറിന്റെ പ്രൊസീഡിങ്ങ്സ്, താഴെപറയുന്നവ വകയിച്ചു:—

(൧) ഗവണ്മെൻറു പ്രൈസ്കമ്മിററിസെക്രട്ടറിക്കു അയച്ച ഗൺറസമ്പൺ ൨൦-ാംനമ്പരത്തെ ആർ. ഒ. സി. നമ്പർ ൧൪൪ എ. നമ്പർ ലെജിസ്ലേററീവ്, എഴുത്തു

ഗവണ്മെൻറു പ്രൈസ് കമ്മിററിസെക്രട്ടറി ഗവണ്മെൻറിലേക്കു ഗൺറസമ്പ ൪൧൧ ആയിരം-ാംനമ്പർ അയച്ച ആർ. ഒ. സി. നമ്പർ ൧൯-ാം നമ്പർ എഴുത്തു.

മേൽപ്രസ്താവിച്ച ഗൺറസമ്പൺ ൨൦-ാംനമ്പരത്തെ ആർ. ഒ. സി ൨൪൪ എ നമ്പർ എഴുത്തിൽ ഗസററ്, നിയമസഭാപ്രൊസീഡിങ്ങ്സ് മുതലായ ഗവണ്മെൻറു പ്രസിദ്ധീകരണങ്ങളെ പത്രാധിപന്മാർക്കു സൌജന്യമായി കൊടുക്കുന്നതിനെ സംബന്ധിച്ചു ആ കമ്മിററിയുടെ അഭിപ്രായം എന്താണെന്നു ഗവണ്മെൻറിനെ അറിയിക്കണമെന്നു ഗവണ്മെൻറു പ്രൈസ്കമ്മിററി സെക്രട്ടറിയോടു ആവശ്യപ്പെട്ടിരുന്നു ഈ വിഷയത്തെ സംബന്ധിച്ചു കമ്മിററിപാസ്സാക്കിയ നിശ്ചയങ്ങൾ ഇപ്പോൾ കിട്ടിയിരിക്കുന്നു. അവ താഴെകാണിച്ചവയാണു.

(൧) ഗവണ്മെൻറു ഗസററ് തിരുവിതാംകൂറിനു പുറത്തുള്ള പത്രങ്ങൾക്കു പകരമായി, അങ്ങനെ അപേക്ഷവരുന്നപക്ഷം കൊടുക്കണം.

(൨) തിരുവിതാംകൂറിൽ പ്രസിദ്ധം ചെയ്യുന്ന മാസികകൾക്കും സാഹിത്യപരമോമതസംബന്ധമോ ആയപത്രങ്ങൾക്കും സൌജന്യമായി കൊടുക്കണമെന്നില്ല.

(൩) മുന്നുവർഷമായി തുടരെ നടന്നുവരുന്നതായ പ്രതിവാരപത്രങ്ങൾക്കും രണ്ടുവർഷമായി തുടരെ നടന്നുവരുന്നതും ആഴ്ചയിൽ രണ്ടോ അതിലധികമോ പ്രാവശ്യം പ്രസിദ്ധംചെയ്തു വരുന്നതും അഞ്ഞൂറിൽ കുറയാതെ വരിക്കാരുള്ളതുമായ പത്രങ്ങൾക്കു ഗവണ്മെൻറു ഗസററ് സൌജന്യമായികൊടുക്കാം.

(൪) ശ്രീമൂലം പ്രജാസഭാ പ്രൊസീഡിങ്ങ്സും ദിവാൻറെ പ്രസംഗവും നിയമസഭാ പ്രൊസീഡിങ്ങ്സും ബഡ്ജററിന്റെ പാസ്സാക്കിയ പതിപ്പും, രാജ്യഭരണ റിപ്പോർട്ടും, സിവിൽലിസ്ററും, പൊതുജനവും ഇപ്പോൾ പത്രങ്ങൾക്കു കൊടുത്തുവരുന്ന മററു പ്രസിദ്ധീകരണങ്ങളും മൂന്നാംഖണ്ഡികയിൽ പ്രസ്താവിച്ച പത്രങ്ങൾക്കു സൌജന്യമായി കൊടുക്കാം,

ഇതിന്മേൽ ഗൺറസമ്പ ആഗസ്റ്റ് ൨൪ -൦൦നു കല്പിച്ച ലെജിസ്ലേററീവ് ഡിസ്. ൨ ൧൯-ാം നമ്പർ ഉത്തരവു.

പത്രാധിപന്മാർക്കു ഗവണ്മെൻറുവക പ്രസിദ്ധീകരണങ്ങൾ സൌജന്യമായി കൊടുക്കുന്നതിനെ സംബന്ധിച്ചു ക്ലേശചിട്ടങ്ങൾ ഉണ്ടാകുന്നകാര്യം കുറെക്കാലമായി മഹാരാജാവുതിരുമനസ്സിലെ ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കയായിരുന്നു. പ്രൈസ്കമ്മിററിയുടെമേൽ പ്രസ്താവിച്ച നിശ്ചയങ്ങളെപററി ഗവണ്മെൻറു ചിന്തിച്ചു. കമ്മിററി പാസ്സാക്കിയ നിയമങ്ങളെ ഗവണ്മെൻറു സ്വീകരിക്കയും ഗൺറസ ചിങ്ങം ൧-ാംനു മുതൽ അവയെ നടപ്പിൽ വരുത്തണമെന്നു ആജ്ഞാപിക്കയും ചെയ്തു.

(൨) സൌജന്യമായി പ്രസിദ്ധീകരണങ്ങൾ കൊടുക്കുന്നതിനു ഇപ്പോഴുള്ള ലിസ്റ്റിൽപെട്ട പത്രങ്ങൾക്കു ഈ ഉത്തരവു ബാധകമല്ല.

ഉത്തരവിൻപ്രകാരം
ആർ. കൃഷ്ണപിള്ള (ഒപ്പ്.)
ഗവണ്മെൻറുചീഫ്സെക്രട്ടറി

ഗസററിലേക്കു
ഗവണ്മെൻറു പ്രൈസ്കമ്മിററിസെക്രട്ടറിക്കു
പ്രൈസ്റൂമിലേക്കു.

അനുബന്ധം ക.

൧ ൪-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

പത്തനാപുരം താലൂക്കിൽ റിസർവ് വനത്തിൽനിന്ന് ഒഴിവാക്കി പതിച്ചുകൊടുത്ത ഭൂമിയുടെ വിസ്തീർണ്ണം കാണിക്കുന്നപട്ടിക.

പതിച്ചുകൊടുക്കാൻ ഒഴിവാക്കിയ വിസ്തീർണ്ണം	പതിച്ചുകൊടുത്ത വിസ്തീർണ്ണം	പതിച്ചുകൊടുക്കാൻ ബാക്കിയുള്ള വിസ്തീർണ്ണം	റിമാർക്ക്
ഏക്കർ ൨൫ ൧൫·൮൫	ഏക്കർ ൩൩൩·൮൮	ഏക്കർ ൧൧൯ ൦·൩൭ *	* ഈ വിസ്തീർണ്ണം വനംഡിപ്പാർട്ടുമെൻറിലേക്കു് റവന്യൂഡിപ്പാർട്ടുമെൻറിൽ ഏല്പിച്ചുകൊടുത്തിട്ടില്ല. ഇതിൽ ൩൩൯·൧൭ ഏക്കർ പൊറമ്പോക്കാക്കി നിലനിർത്തുന്നതിനായി വേറെ സർവ്വെ ചെയ്തിട്ടുണ്ട്.

അനുബന്ധം ങ.

൧൫൫-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

വനംഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ജാതിവിവരം പട്ടിക.

ജാതി	ഡിപ്പോട്ടിക ൺസെർവേററർമാർ	അസിസ്റ്റൻറുകൺ സെർവെററർമാരും പേഴ്സണൽ അസിസ്റ്റൻറും	റെഞ്ചർമാർ	ഡിപ്പോട്ടിറെഞ്ചർമാർ	റിമാർക്ക്
I. ഹിന്ദു					
൧ ബ്രാഹ്മണർ (മലയാളം)	...	...	...	...	ങ. റെഞ്ചർമാരുടെ ഉദ്യോഗങ്ങൾ ഇപ്പോൾ സ്ഥിരമായ ഒഴിവായി കിടക്കുന്നു.
൨ തി (മററു)	൧	൧	൪	൫	
൩ ഈഴവർ	....	...	...	...	
൪ കമ്മാളർ	...	...	...	...	
൫ ക്ഷത്രിയർ (മലയാളം)	...	...	൨	...	
൬ നാടാർ	...	...	...	...	
൭ നായർ	...	൨	൧൧	൭	
൮ പുലയർ	...	...	....	...	
൯ വെള്ളാളർ	....	...	൨	൧	
൧൦ മററു അധഃകൃതർ	...	...	...	...	
൧൧ മററു ഹിന്ദുക്കൾ	...	...	...	൧	
II. മുസൽമാൻ	...	...	...	...	
III. ക്രിസ്ത്യാനികൾ					
൧ പ്രൊട്ടെസ്റ്റൻറ്	൧	...	൨	...	
൨ റോമൻകത്തോലിക്കർ					
(എ) ലാററിൻ	...	൧	൨	൨	
(ബി) സിറിയക്ക്	...	...	...	...	
൩. സിറിയൻ					
(എ) യാക്കോബായ	...	...	൧	൧	
(ബി) മാർത്തോമാ	...	൧	...	൧	
ആകെ	൨	൪	൨൪	൧൭	

അനുബന്ധം ഴ.

൧൯ ൪-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

വനം കൺസെർവേററർ നിയമിച്ച ഉദ്യോഗസ്ഥന്മാരുടെ ജാതി വിവരം പട്ടിക.

I. ഹിന്ദു.

൧	ബ്രാഹ്മണർ (മലയാളി)	...	൭	നായർ	൨
൨	ടി (മററു)	...	൮	പുലയർ	...
൩	ഈഴവർ	...	൯	വെള്ളാളൻ	...
൪	കമ്മാളർ	...	൧൦	മററു അധഃകൃതവർഗ്ഗക്കാർ	...
൫	ക്ഷത്രിയർ (മലയാളി)	൧	൧൧	മററു ഹിന്ദുക്കൾ	...
൬	നാടാർ	...			-

II. മുസൽമാൻ ...

III. ക്രിസ്ത്യാനികൾ

൧	പ്രോട്ടെസ്റ്റൻറുകാർ	...	൩	സിറിയൻ	
൨	റോമൻ കത്തോലിക്കർ			(എ) യാക്കോബായ	...
	(എ) ലത്തീൻ	൧		(ബി) മാർത്തോമാ	൧
	(ബി) സിറിയൻ	...			
	ആകെ				൫

അനുബന്ധം ൫.

൧൪൩-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ രജിസ്ട്രാർമാരുടെയും സബ്-രജിസ്ട്രാർമാരുടെയും ജാതി വിവരം പട്ടിക.

നമ്പർ	ഉദ്യോഗപ്പേരു	I ഹിന്ദു											II മുസൽമാൻ	III ക്രിസ്ത്യാനികൾ				
		ബ്രാഹ്മണർ												പ്രോട്ടെസ്റ്റൻറുകാർ	റോമൻ കത്തോലിക്കർ		സിറിയൻ	
		മലയാളി	മററു	ഈഴവർ	കമ്മാളർ	ക്ഷത്രിയർ (മലയാളി)	നാടാർ	നായർ	പുലയർ	വെള്ളാളർ	മററു അധഃകൃതർ	മററു ഹിന്ദുക്കൾ			ലത്തീൻ	സിറിയൻ	യാക്കോബായ	മാർത്തോമാ
		1	2	3	4	5	6	7	8	9	10	11		1	എ	ബി	എ	ബി
൧	ഡിസ്ട്രിക്ട് രജിസ്ട്രാർ	...	...	...	...	...	...	൧	...	൨	...	...		...	...	...	...	...
൨	(മാനേജർ ഉൾപ്പടെ സ്ഥിരവും തൽക്കാലവും) സബ് രജിസ്ട്രാർമാർ	...	൧൭	൪	...	൨	...	൨൩	...	൧	...	൩	൧	൩	൨	൨	൧൦	൭
൩	ഒസ്ഥിരം ഒഴിവുകളിൽ അക്ട് ചെയ്യുന്ന സബ് രജിസ്ട്രാർമാർ	...	...	...	...	...	...	൨	...	...	...	...	...	...	...	൧	൨	...

അനുബന്ധം ൬.

൧൪൭-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

(സാനിട്ടറി ഡിപ്പാർട്ടുമെൻറിലുള്ള സാനിററി സർക്കിൾ ഓഫീസർമാരുടെ ജാതി വിവരം പട്ടിക

൧	ബ്രാഹ്മണർ	൩	൩	പ്രോട്ടെസ്റ്റൻറുകാർ	൩
൨	നായന്മാർ	൧	൭	ഈഴവർ	...
൩	കത്തോലിക്കർ	...	൨	മഹമ്മദീയർ	...
൪	യാക്കോബായക്കാർ	...	൯	വെള്ളാളന്മാർ	...
൫	മാർത്തോമാ ക്രിസ്ത്യാനികൾ	൧	൧൦	മററു സമുദായക്കാർ	൧

അനുബന്ധം ൧.

൧൯൭൫-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൯൭൫ കന്നി ൧-ാന്നു വരെ ഇപ്പോഴത്തെ സാനിററി കമ്മീഷണർ നിയമിച്ച ഉദ്യോഗസ്ഥന്മാരുടെ ജാതിവിവരം പട്ടിക.

	I ഹിന്ദുക്കൾ											II മുസൽമാൻ	III ക്രിസ്ത്യാനികൾ				
	ബ്രാഹ്മണർ (മലയാളി)	ബ്രാഹ്മണർ (മററു)	ഈഴവർ	കമ്മാളർ	ക്ഷത്രിയർ (മലയാളി)	നാടാർ	നായർ	പുലയർ	വെള്ളാളർ	മററു അധഃകൃതർ	മററു ഹിന്ദുക്കൾ		പ്രൊട്ടസ്റ്റന്റുകാർ	റോമൻ കത്തോലിക്കർ: ലത്തീൻ	റോമൻ കത്തോലിക്കർ: സിറിയൻ	സിറിയൻ: യാക്കോബായക്കാർ	സിറിയൻ: മാർത്തോമാക്കാർ
സാനിററി സർക്കിൾ ഓഫീസർ	...	...	...	...	...	...	...	...	...	...	...	...	...	...	...	...	൧
ഗുമസ്തന്മാർ	...	...	...	...	...	...	൨	...	...	...	൧	...	...	...	...	൨	...
വാക്സിനേട്ടർമാർ	...	...	...	...	...	...	൧൧	...	...	...	൨	൨	൧	...	൨	...	൧
കൺസർവൻസിഓവർസീയർ	...	...	൧	൧	...	...	൩	...	...	...	...	...	...	...	...	...	൨
ശിപായിമാർ	...	...	...	...	...	...	൧	...	...	...	൧	...	...	൧	൩	൩	...
ആകെ	...	...	൧	൧	...	...	൧൭	...	...	...	൪	൨	൨	൧	൧	൭	൪

അനുബന്ധം ൨.

൧൯൭൫-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

ഇപ്പോഴത്തെ അഞ്ചൽസൂപ്രണ്ടു് സൂപ്പിരിയർസർവീസിൽ നിയമിച്ച ആളുകളുടെ ജാതിവിവരം പട്ടിക.

ജാതി	നിയമനങ്ങളുടെ എണ്ണം	ശമ്പളം രൂപാ
I. ഹിന്ദു		
ബ്രാഹ്മണർ (മലയാളി)	,,	
,, (മററു)	൨	(൨ ൦), (൧ ൭)
ഈഴവർ	൧	(൨ ൦)
കമ്മാളർ	,,	
ക്ഷത്രിയർ (മലയാളി)	,,	
നാടാർ	,,	
നായർ	൩	(൨ ൦), (൧ ൭), (൧ ൫)
വെള്ളാളർ	,,	
പുലയർ	,,	
മററു അധഃകൃതർ	,,	
മററു ഹിന്ദുക്കൾ	൧	(൧ ൫)
II. മുസൽമാൻ	,,	
III. ക്രിസ്ത്യാനികൾ		
പ്രൊട്ടസ്റ്റാൻറുകാർ	,,	
റോമൻ കത്തോലിക്കർ		
(എ) ലത്തീൻ	,,	
(ബി) സിറിയൻ	,,	
സിറിയൻ		
യാക്കോബായക്കാർ	൧	(൨ ൦)
മാർത്തോമാക്കാർ	൩	(൨ ൦), (൧ ൭), (൧ ൫)
ആകെ	൧൧	

പൊതുജനഗുണത്തെസംബന്ധിച്ച പ്രമേയങ്ങൾ.

വിദേശീയക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനെപററി ഉള്ളപ്രമേയം (തുടർച്ച).

പ്രൈസിഡൻറ്: നാലാംനമ്പർ പ്രമേയത്തെപ്പററിയുള്ള വാദപ്രതിവാദം തുടരാം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): പ്രധാനപ്രമേയത്തെപ്പററി ഞങ്ങൾക്ക് സംസാരിക്കാൻ കസനകളും ഉണ്ടാകുന്നതിനു ഭേദഗതിപ്രമേയം ഇപ്പോൾ വോട്ടിനിടേണ്ടതാകുന്നു. പ്രധാനപ്രമേയത്തെ സംബന്ധിച്ച ഞാൻ സംസാരിച്ചിട്ടില്ല.

മി: കുട്ടാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): പ്രമേയത്തേയും ഭേദഗതിപ്രമേയത്തെയും സംബന്ധിച്ച വാദപ്രതിവാദങ്ങൾ തുടർന്നിട്ടു വോട്ടിടേണ്ടുന്നസമയം വരുമ്പോൾ ഭേദഗതിപ്രമേയത്തെപ്പററി ആളും വോട്ടിടുന്നതു കൂടുതൽ സൌകര്യമായിരിക്കും.

പ്രസിഡൻറ്: വാദപ്രതിവാദം സാധാരണ പതിവുപോലെ നടത്താൻ അനുവദിക്കാം. ഭേദഗതിപ്രമേയത്തെപ്പററി ഇപ്പോൾ വോട്ടിടാം. നിങ്ങളുടെ ഭേദഗതിയെപ്പററി നിർബന്ധമുണ്ടോ മിസ്റ്റർ പിറവിപ്പെരുമാൾപിള്ളേ.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഉണ്ട്, സർ. ഭേദഗതി പ്രമേയം വോട്ടിട്ടാൽ തള്ളിപ്പോയി.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): വോട്ട് ആളെണ്ണിഎടുക്കണം.

ആളെണ്ണി വോട്ടെടുത്തപ്പോൾ താഴെകാണുന്നപ്രകാരം കണ്ടു.

അനുകൂലം ൩.

൧	മിസ്റ്റർ പി. എസ്. മഹമ്മദ്	൩	മിസ്റ്റർ രേവതിനാൾ രാമവർമ്മരാജാ
൨	,, എസ്. പിറവിപ്പെരുമാൾപിള്ള		

പ്രതികൂലം ൪൮.

൧	മിസ്റ്റർ വി. ചെല്ലംപിള്ള	൨൮	മിസ്റ്റർ മുതുവേലിൽ പാച്ചുപിള്ള
൨	,, എ. എസ്. രാമോദരൻആശാൻ	൨൯	,, കെ. പത്മനാഭപ്പണിക്കർ
൩	,, ഡി. ഫ്രാൻസിസ്	൩൦	,, കെ. ജി. പരമേശ്വരൻപിള്ള
൪	,, എം. ജി. മേനോൻ	൩൧	,, എൻ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ
൫	,, ഇട്ടിപ്പ് ഇട്ടിച്ചൻ	൩൨	,, ആർ. രാമൻപിള്ള
൬	,, ഡി. സി. ജോസഫ്	൩൩	,, എം. താണുപിള്ള
൭	,, കെ. എൻ. കേശവൻനമ്പൂതിരിപ്പാട്	൩൪	,, എൻ. എ. ബിഷപ്പ്
൮	,, ആർ. കേശവപിള്ള	൩൫	,, ഐ. സി. ചാക്കോ
൯	,, ടി. സി. കേശവപിള്ള	൩൬	,, ആർ. ധർമ്മക്കോടിപ്പിള്ള
൧൦	,, തമ്പുരപ്പിള്ളിൽ കൊച്ചുതൊമ്മൻ	൩൭	,, കെ. ജോർജ്
൧൧	,, എൻ. കെ. കൃഷ്ണപിള്ള	൩൮	,, പി. തോമതിനായകംപിള്ള
൧൨	,, വി. എസ്. കൃഷ്ണപിള്ള	൩൯	,, പി. എൻ. കൃഷ്ണപിള്ള
൧൩	,, തയ്യിൽകുഞ്ഞിത്തൊമ്മൻ	൪൦	റാവുസാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള
൧൪	,, എ. സി. കുട്ടാക്കോസ്	൪൧	മിസ്റ്റർ കുട്ടാലം പരമേശ്വരൻപിള്ള
൧൫	,, എൽ. എം. ചാമ്പാർഡ്	൪൨	ഡാക്ടർ കെ. രാമൻതമ്പി
൧൬	,, കെ. മാധവൻപിള്ള	൪൩	മിസ്റ്റർ കെ. എൻ. രാമസുബ്ബയ്യർ
൧൭	,, എച്ച്. ബി. മഹമ്മദ്റാവുത്തർ	൪൪	,, ടി. പി. രാമസുബ്ബയ്യർ
൧൮	,, മാത്യുമുരിക്കൻ	൪൫	റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൧൯	,, ജി. പി. നീലകണ്ഠപ്പിള്ള	൪൬	മിസ്റ്റർ എസ്. സി. എച്ച്. റോബിൻസൺ
൨൦	,, കെ. പി. നീലകണ്ഠപ്പിള്ള	൪൭	,, ആർ. വൈദ്യലിംഗംപിള്ള
൨൧	,, യി. ജെ. ഉത്തൻ	൪൮	,, എ. വൈപ്പൻ

നിഷ്പക്ഷം ൧.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ

ഭേദഗതി തള്ളിപ്പോയതായി പ്രഖ്യാപനംചെയ്യപ്പെട്ടു

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): സമാധാനപ്രമേയത്തെപ്പററി പറയുമ്പോൾ ഈ രാജ്യത്തിൽ വിദേശീയക്ക് ഒരാൾക്ക് അഞ്ചേക്കറിൽ കൂടുതൽ സ്ഥലം പതിച്ചുകൊടുക്കാൻ പാടില്ലെന്നു പ്രമേയം ഹാജരാക്കിയ എൻെറ സ്നേഹിതൻ മിസ്റ്റർ കുഞ്ഞിത്തൊമ്മൻതന്നെ ഭേദഗതിയെ പ്രതികൂലിച്ചതു ആശ്ചര്യമായിരിക്കുന്നു എന്നു പറഞ്ഞുകൊള്ളുന്നു. പ്രമേയത്തിൻെറ അടിസ്ഥാനമായിരിക്കുന്ന തത്വം തിരുവിതാംകൂറിലെ ഭൂമി അന്യർക്ക് കൈവശമായിപോകരുതെന്നും തിരുവിതാംകൂറിലെ പ്രാകൃതധനാഗമമാർഗ്ഗങ്ങൾ തിരുവിതാംകൂറിൻെറ സന്താനങ്ങൾക്കായി സൂക്ഷിക്കേണ്ടതാണെന്നും ആകുന്നു. എൻെറ ഭേദഗതി മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ച പ്രമേയത്തെ ബലപ്പെടുത്തുന്നതിനായിരുന്നു. എൻെറ ഭേദഗതി തള്ളിപ്പോയതുകൊണ്ടു ഞാൻ ഖേദിക്കുന്നില്ല. എന്നാൽ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അദ്ദേഹത്തിൻെറ അനുഗാമികളും പ്രമേയത്തെ നശിപ്പിച്ചതുകൊണ്ടു ഞാൻ വ്യസനിക്കുന്നു. തിരുവിതാംകൂറിലെ ഭൂമികൾ വിദേശിയക്കായി പോകരുതെന്നും തിരുവിതാംകൂറിൻെറ സന്താനങ്ങൾക്കായി സൂക്ഷിക്കേണ്ടതാണെന്നും ഉള്ള അത്യാഗ്രഹത്തിൽ യഥാർത്ഥസ്വരാജ്യസ്നേഹം എന്നേ പ്രേരിപ്പിക്കുകയുണ്ടായതു ഞാൻ എൻെറ ഭേദഗതി കൊണ്ടുവന്നതു്. എൻെറ ഭേദഗതി പ്രമേയത്തെ പ്രതികൂലിച്ചതിനാൽ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അദ്ദേഹത്തിൻെറ അ-

ഗ്രാമികളും അവർ പ്രതിനിധീകരിക്കുന്ന ൪ ൦ ലക്ഷം ജനങ്ങളുടെ ദൃഷ്ടിയിൽ രാജ്യത്തിന്റെ ഗുണം നോക്കാത്ത ദ്രോഹികളായി തീർന്നിരിക്കുന്നു എന്നു ഞാൻ ബഹുമാനപുരസ്സരം പറഞ്ഞുകൊള്ളുന്നു. തിരുവിതാംകൂറിലെ ഭൂമികൾ തിരുവിതാംകൂർകാർക്കായി സൂക്ഷിക്കണമെന്നു ഒരു ഭേദഗതി പ്രമേയം ഞാൻ കൊണ്ടുവന്നതു പരമാർത്ഥസ്വദേശസ്നേഹംകൊണ്ടാണെന്നു ഈ സഭയിലോ മറ്റെവിടെയെങ്കിലുമോ ഉള്ള ആരെങ്കിലും അങ്ങനെയല്ലെന്നു പറഞ്ഞേക്കുമെന്നുള്ള ഭയംകൂടാതെ ഏതു പുരുഷന്മാരിൽനിന്നും എനിക്കു ഭോഷിപ്പാൻ കഴിയും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മെമ്പർ മററു മെമ്പർമാരെ ദ്രോഹികളെന്നു വിളിച്ചതിന്നു കാരണം പറയുമോ?

മി: എസ്. പിറവിപ്പെരുമാൾ പിള്ള (വ്യാപാരവും-വ്യവസായവും തെക്ക്): എന്തെന്നാൽ അവർ രാജ്യത്തോടു വിശ്വസ്തരായുള്ളവരല്ല. തിരുവിതാംകൂർ ഭൂമികൾ തിരുവിതാംകൂറിലെ ജനങ്ങൾക്കും അവരുടെ സന്താനങ്ങൾക്കും പണി സൂക്ഷിക്കേണ്ടതാണെന്നു കൊണ്ടുവന്ന ഭേദഗതി അവർ പ്രതിക്കൂലിക്കയാലും

മി: വി. ചെല്ലംപിള്ള (തോവാള): അതു് അദ്ദേഹത്തിന്റെ അഭിപ്രായമാണോ?

പ്രെസിഡൻറ്: അദ്ദേഹം ഇരുന്നുകഴിഞ്ഞു.

മി: പി. എസ്. മഹമ്മദ് (ശവണ്ണൻറെ നിയമനം): മി: കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തിൽ ഉദ്ദേശിച്ചിട്ടുള്ളതു് ഈ തിരുവിതാംകൂറിൽ പതിയാതെ കിടക്കുന്ന സ്ഥലങ്ങൾ മേലാൽ അന്യന്മാരുടെ കൈവശം പോകരുതെന്നാണ്. അദ്ദേഹത്തിന്റെ പ്രമേയത്തിൽ അപേക്ഷകരിൽ കൂടുതലായിട്ടു അന്യനാട്ടുകാർക്കു പതിച്ചു കൊടുക്കാൻ പാടില്ല എന്നുള്ളതുകൊണ്ടുമാത്രം അദ്ദേഹത്തിന്റെ ഉദ്ദേശം വേണ്ടവിധത്തിൽ സാധിക്കുമെന്നു തോന്നുന്നില്ല. നവണ്ണൻറിൽനിന്നു അന്യനാട്ടുകാർക്കു പതിച്ചുകൊടുക്കാതിരുന്നാൽതന്നെയും നാട്ടുകാർ പതിച്ചിട്ടുള്ള ധാരാളം സ്വത്തുള്ള അന്യനാട്ടുകാർക്കു വിലയ്ക്കു കൊടുക്കുന്നതിന്നു സാധിക്കുന്നു. അതുകൂടി നിർത്തത്തക്കവണ്ണമുള്ള ഒരു വ്യവസ്ഥ ഇല്ലാതിരിക്കുന്നിടത്തോളം ഈ പ്രമേയം തീരെ ഉപയോഗശൂന്യമായിട്ടാണിരിക്കുന്നതു്. എന്നാൽ ഇനി ഒരവസരത്തിൽ അതിനെ സംബന്ധിച്ചു ഏതെങ്കിലും ഒരു പ്രമേയം കൊണ്ടുവന്നു അതിന്നു പരിഹാരം ഉണ്ടാക്കാമെന്നു മി: കുഞ്ഞിത്തൊമ്മൻ വിചാരിക്കുന്നു. പൊതുവിൽ പുഞ്ചവൽ സ്ഥലം അന്യർക്കു പോകാൻ പാടില്ല എന്നു വിചാരിച്ചു കൊണ്ടുവന്നിട്ടുള്ള ഒരു പ്രമേയം ആണ് ഇതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ആയതുകൊണ്ടു് ഈ പ്രമേയത്തിൽ അന്യർക്കു ഭൂമി പതിച്ചുകൊടുക്കാൻ പാടില്ലാ എന്നതുപോലെ ഈനാട്ടിലെ ജനങ്ങൾ പതിച്ചുവാങ്ങുന്ന സ്ഥലം വിദേശികൾക്കു വില്ക്കുവാൻ പാടില്ലാ എന്നു പറഞ്ഞിരുന്നുവെങ്കിൽ ഏറ്റവും ഉത്തമമായിരുന്നേനെ. ഈ കൗൺസിലിലെ ഭൂരിപക്ഷം അനുദ്യോഗസ്ഥമെമ്പർമാരും ഇങ്ങനെയുള്ള ഒരുനിലയിലാണു ആഗ്രഹിക്കുന്നതെങ്കിൽ മി: കുഞ്ഞിത്തൊമ്മന്റെ ഈ പ്രമേയം ഉപയോഗശൂന്യമായിട്ടാണു ഇരിക്കുന്നതു്. അതിനാൽ ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

മി: ടി. സി. കേശവപിള്ള (കല്ലുമ്പുറവും-വിളവങ്കോടും): സഭാമുമ്പാകെയുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കയാൽ തിരുവിതാംകൂറിൽ ഭൂമി പുഞ്ചവൽ പതിച്ചുകൊടുക്കുന്നതിന്റെ പ്രായോഗികമായ വശത്തെപ്പററി അല്പം സംസാരിക്കാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തിലെ സ്വദേശികൾക്കു സാധാരണയായി ചെറിയ ചെറിയ കഷണം ഭൂമികളാണു പതിച്ചുകൊടുക്കുന്നതെന്നും എന്നാൽ വിസ്തീർണ്ണമുള്ള ഭൂമികൾ പതിച്ചുകൊടുക്കാനുള്ളപ്പോൾ അതു സാധാരണയായി യൂറോപ്യന്മാർക്കോ മററു വിദേശീയർക്കോആണു പതിച്ചുകൊടുക്കുന്നതെന്നും ആകുന്നു അറിവു്. എന്നാൽ വിഷയത്തിന്റെ യോഗ്യതായോഗ്യതകളെപ്പററി ചിന്തിച്ചാൽ തൊഴിലില്ലായ്മയുടെ ഇക്കാലത്തു പൊതുജനങ്ങൾക്കു പ്രത്യേകമായി സാധുജനങ്ങൾക്കു, ഭൂമികൾ ധനികന്മാർക്കു പതിച്ചുകൊടുക്കുന്നതിനാലാണു ഗുണമുണ്ടാകുന്നതു്. എന്നാൽ ഇക്കാര്യത്തിൽ ഇപ്പോഴത്തെ ഗുണംമാത്രം നാം ആലോചിച്ചാൽ പോരാ. പഞ്ചസാര തല്ക്കാലം മധുരമുള്ളതാണ്.

മി. എസ്. പിറവിപ്പെരുമാൾ പിള്ള (വ്യാപാരവും-വ്യവസായവും തെക്ക്): പഞ്ചസാര എല്ലായ്പോഴും മധുരമുള്ളതാണ്.

മി: ടി. സി. കേശവപിള്ള (കല്ലുമ്പുറവും-വിളവങ്കോടും): വലിയ കമ്പനികൾ ഇവിടെ വന്നു് അവരുടെ മുതലിറക്കി തരിശായി കിടക്കുന്ന സ്ഥലങ്ങളെ തരിശുനീക്കി കൃഷിചെയ്യുന്നതിന്നു ക്ഷണിക്കുന്നതുപോലും ഗുണകരമായിരിക്കും എന്നാണ് എന്റെ അഭിപ്രായം. ബ്രൂക്ക്ബോണ്ടു് പദ്ധതി വാദത്തിന്നു വന്നപ്പോൾ ഞാൻ നിയമസഭയിൽ ഉണ്ടായിരുന്നെങ്കിൽ അവർക്കു ഭൂമി പതിച്ചുകൊടുക്കുന്നതു് നമ്മുടെ പൂർവ്വികന്മാർ കൊടുത്തിരുന്നതുപോലെ കുറച്ചുകാലത്തേക്കായിരുന്നെങ്കിൽ ഞാൻ അതിന്നനുകൂലമായിരുന്നേനെ. വിദേശമുതലാളികൾ സാധാരണയായി സാധുക്കൾക്കു ജോലികൊടുത്തു് അവരുടെ ഗുണം നോക്കുന്നുണ്ട്. എന്നാൽ ഞാൻ പറയുന്നതിന്റെ അർത്ഥം ഉത്തരതിരുവിതാംകൂറിലുള്ള എസ്റ്റേററു ഉടമസ്ഥന്മാർ ചെയ്യുന്നതെല്ലാം ന്യായമാണെന്നല്ല. അവർ കൂലിക്കാരോടു പെരുമാറുന്നതു് എങ്ങനെയാണെന്നു എനിക്കറിയാം. ഇക്കാര്യത്തിൽ നാട്ടുകാരായ തോട്ടക്കാരും അവരെക്കാൾ നല്ലവരല്ല. മലമ്പനിയുള്ള പ്രദേശങ്ങളിൽ അവരുടെ സ്ഥിതി ദയനീയം തന്നെയാണ്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഹൈറേഞ്ചു, വണ്ടിപ്പെരിയാർ മുതലായ സ്ഥലങ്ങളിലെ തോട്ടങ്ങൾ മെമ്പർ സന്ദർശിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി. ടി. സി. കേശവപിള്ള (കല്ലുമ്പുറവും-വിളവങ്കോടും): ഉവ്വ്.

വേറൊരു കാര്യം പറവാനുള്ളതു് ഇതാണ്. പ്രമേയപ്രകാരം ഓരോ കൂലിക്കാരനോടും അഞ്ചേക്കർ ഭൂമിക്കാവശ്യപ്പെടാനു തോട്ടക്കാർക്കു ആവശ്യപ്പെടാം. ഇങ്ങനെ അഞ്ഞൂറു കൂലിക്കാരുള്ള ഒരു എസ്റ്റേററു ഉടമസ്ഥന്നു എളുപ്പത്തിൽ ൨ ൫ ൦ ൦ ഏക്കർ ഭൂമി കയ്യശമാക്കാൻ കഴിയും. അതിക്കാര്യത്തിലുള്ള ഒരു വലിയ പ്രയാസമാണ്. തിരുവിതാംകൂർകാർക്കു സ്വന്തപേരിൽ ഭൂമികൾ പതിച്ചുവാങ്ങി പിന്നീടു വലിയ കമ്പനികൾക്കു തീറുകൊടുക്കാൻ കഴിയും. ഞാൻ മുമ്പുപറഞ്ഞപ്രകാരം എന്റെ സ്വന്തഅഭിപ്രായത്തിൽ വലിയ പണക്കാരെക്ഷണിച്ചുവരുത്തി അവരുടെ മുതൽ ഇവിടെ ചിലവുചെയ്തു തരിശുഭൂമികൾ തെളിച്ചു കൃഷിചെയ്യുന്നതിന്നു ഞാൻ അനുകൂലമാകുന്നു. എന്നാൽ എന്റെ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയുടെ നിലയിൽ പ്രമേയത്തെ പിൻതാങ്ങുന്നതു എന്റെ ധർമ്മമാകുന്നു. അതുകൊണ്ടു് എന്റെ മനസ്സാക്ഷിക്കു വിപരീതമായിട്ടാണെങ്കിലും ഞാൻ പ്രമേയത്തെ പൂർണ്ണമായി അനുകൂലിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പർ തന്റെ മനസ്സാക്ഷിക്കെതിരായി വോട്ടു ചെയ്യണമെന്നു ആരെങ്കിലും ആവശ്യപ്പെടുന്നുണ്ടോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഞാൻ മുമ്പു പറഞ്ഞ പ്രകാരം പഞ്ചസാര ഇപ്പോൾ മധുരമുള്ളതായിരിക്കാം. എന്നാൽ നാം അതിന്റെ ഫലം അറിയുന്നതു പ്രമേഹമോ മററു രോഗമോ പിടിപെടുമ്പോഴാണ്. ഇതിനെ സംബന്ധിച്ചു, തൊഴിലില്ലായ്മക്കമ്മററിയുടെ റിപ്പോർട്ടിൽ നമ്മുടെ ഭൂമികൾ സംരക്ഷിക്കുന്നതിനെപ്പററി സൂചിപ്പിച്ചിട്ടുള്ള ഭാഗത്തേക്കു എന്റെ സ്നേഹിതൻ മി: കുഞ്ഞിത്തൊമ്മന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): തിരുവിതാംകൂറിൽ ഭൂമിവാങ്ങുന്നതിനു വല്ല വിദേശമുതലാളികളുടെയും ഏജൻറായി മെമ്പർ ഇരുന്നിട്ടുണ്ടോ എന്നു പറയുമോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഇല്ല. ഞാൻ ഒരു കമ്പനിയുടെ വക്കീലായിരുന്നിട്ടുണ്ടു, ഏജൻറായിരുന്നിട്ടില്ല.

വിസ്തീർണ്ണമുള്ള ഭൂമികൾ ഒരു വ്യക്തിയുടെ പേരിൽ പതിച്ചുകൊടുക്കാതിരിക്കാൻ നോക്കണമെന്നു ഞാൻ സഭയുടെ ഈ ഭാഗത്തുള്ള എന്റെ സ്നേഹിതന്മാരോടു അപേക്ഷിച്ചുകൊള്ളുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സക്കാർ വക്കീൽ): തിരുവിതാംകൂർകാരുടെ പേരിൽ പതിച്ചിട്ടുള്ള ചെറിയ ഭൂമികൾ കയ്മാററം ചെയ്യാൻ അനുവദിക്കാമൊ എന്നു പറയുമോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): പാടില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സക്കാർവക്കീൽ): മി. കേശവപിള്ള ഭേദഗതിക്കു പ്രതികൂലിക്കുന്നതു തിരുവിതാംകൂർകാരുടെ പേരിൽ പതിച്ചഭൂമികളുടെ കയ്മാററം വിരോധിച്ചാൽ വസ്തുകയ്മാററാണ് പ്രകാരമോ മറെറാരു നിയമസംബന്ധമായ പ്രയാസങ്ങൾ ഉണ്ടാകുകയുമെന്നുള്ളതുകൊണ്ടാണോ എന്നു അദ്ദേഹം പറയുമോ?

മി: മാത്യുമുരിക്കൻ (തൊടുപുഴ): വസ്തുകയ്മാററത്തിന് തിരുവിതാംകൂറിൽ നിയമമാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സക്കാർവക്കീൽ): ഭൂമികൾ പതിച്ചുകിട്ടിയശേഷം കയ്മാററം ചെയ്യുകളയുമെന്നും അതുകൊണ്ടു കയ്മാററം വിരോധിച്ചു വല്ല വ്യവസ്ഥയും ഉണ്ടാകേണ്ടതാണെന്നുമാകുന്നു മി. കേശവപിള്ളയുടെ വാദം എന്നു അനുമാനിക്കാമോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അതു മാത്രമല്ല. ഭൂമികൾ വിദേശമുതലാളികൾക്കു പതിച്ചുകൊടുക്കുന്നകാര്യത്തിൽ എന്റെ സ്വന്ത അഭിപ്രായം; അനുകൂലമാണെങ്കിലും പൊതുജനാഭിപ്രായം പ്രതികൂലമാണു. ഞാൻ മുമ്പുപറഞ്ഞപ്രകാരം എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ പ്രതിനിധിയെന്നനിലയിൽ ഞാൻ മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ പൂർണ്ണമായി അനുകൂലിക്കുന്നു.

മി: എൽ. എ. ലാമ്പാർഡ് (തോട്ടക്കാർ): സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. പ്രമേയത്തിന്റെ അവതാരകൻ പറഞ്ഞ വാദങ്ങളെല്ലാം ശരിയായി ഗ്രഹിക്കാൻ എനിക്കു കഴിഞ്ഞില്ല. എന്നാൽ വാദസമയം പ്രസ്താവത്തിൽ വന്ന ചില സംഗതികളെപ്പററി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇതു സഭാമുമ്പാകെ പുതുതായിവന്നിട്ടുള്ള ഒരു വിഷയം അല്ല, പല രൂപങ്ങളിലായി ഞാൻ ഇതു ഇവിടെ രണ്ടു മൂന്നു അവസരങ്ങളിൽ കേട്ടിട്ടുണ്ടു്, കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ ഇതിനെപ്പററി പൂർണ്ണമായ വാദപ്രതിവാദം നടത്തുന്നതും അന്നു ഇങ്ങനെയൊരു പ്രമേയം പാസ്സാക്കുന്നതിന്റെ അനഭിലഷണീയത താങ്കൾ പലകാരണങ്ങൾകൊണ്ടു് തെളിയിച്ചിട്ടുള്ളതും ആകുന്നു. ഇതെല്ലാം കൊണ്ടും കാര്യം അവസാനിച്ചിട്ടില്ലെന്നു കാണുന്നതു്.

പ്രമേയത്തിന്റെ ഉദ്ദേശം സ്പഷ്ടമാണ് എന്നാൽ "വിദേശിയർ" എന്ന പദത്തിന്റെ പ്രയോഗം ശരിയാണോ എന്നു ഞാൻ സംശയിക്കുന്നു. തിരുവിതാംകൂർകാരെപ്പോലെതന്നെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അംഗങ്ങളായ യൂറോപ്പൻ തോട്ടക്കാരെയും ബ്രിട്ടീഷിൻഡ്യക്കാരെയും സംബന്ധിച്ചാണു മി: കുഞ്ഞിത്തൊമ്മൻ ആ പദം പ്രയോഗിച്ചിട്ടുള്ളതെന്നുതോന്നുന്നു. ഒരു തിരുവിതാംകൂർകാരനെ ബ്രിട്ടീഷിൻഡ്യനിലൊ, ഗ്രേററ ബ്രിട്ടനിലോ വിദേശിയൻ എന്നു വിളിച്ചാൽ ശരിയായിരിക്കയില്ല. അപ്രകാരംതന്നെ ബ്രിട്ടീഷിൻഡ്യക്കാർ തിരുവിതാംകൂറിൽ വിദേശിയരാണെന്നു പറയുന്നതു ശരിയല്ല. ഏതായാലും യൂറോപ്പ്യൻതോട്ടക്കാരെ ഒരുകാലത്തു തിരുവിതാംകൂറിൽ ക്ഷണിച്ചുവരുത്തിയതാണെന്നുള്ള സംഗതി ഈ വാദത്തിൽ വിസ്മരിച്ചുപോയിരിക്കുന്നു. ഈ തോട്ടക്കാരുടെ പ്രയത്നംകൊണ്ടു രാജ്യത്തിനു ഗുണമുണ്ടായിട്ടില്ലെന്നു ആർക്കെങ്കിലും ന്യായമായി പറവാൻ കഴിയുമെന്നു എനിക്കു തോന്നുന്നില്ല. അശുദ്ധമുമ്പ മുതലായ പ്രദേശങ്ങൾ സന്ദർശിച്ചിട്ടുള്ള ഏവനും ഗ്രഹിക്കാൻ കഴിയുന്നപ്രകാരം അവർ ഇടവിടാതെ ഐശ്വര്യം അനുഭവിച്ചിരുന്നില്ല. അവിടെ കേമമായ കാപ്പിത്തോട്ടങ്ങൾ ഉണ്ടായിരുന്നു. അവയൊന്നും ഇപ്പോളില്ല. ഭൂമി പതിച്ചുകൊടുക്കുന്ന കാര്യത്തിൽ യൂറോപ്പ്യൻ തോട്ടക്കാർക്കോ ബ്രിട്ടീഷിൻഡ്യക്കാർക്കോ പ്രത്യേക ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തിട്ടുള്ളതായി ഒരു റിക്കാർഡും ഇല്ല. അങ്ങനെ ഉണ്ടായിരുന്നു എന്നു തെളിയിക്കാനും കഴികയില്ല. യൂറോപ്പ്യന്മാർക്കു ഗവണ്മെന്റിൽനിന്നു ഭൂമി പതിച്ചുകിട്ടാൻ വളരെ ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെന്നു എനിക്കു തീർച്ചയായിട്ടും അറിയാം. തിരുവിതാംകൂർകാർക്കു ബ്രിട്ടീഷ് ഇൻഡ്യയിലോ മറെറവിടെങ്കിലുമോ ഭൂമി പതിച്ചുവാങ്ങാൻ യാതൊരു പ്രതിബന്ധവും ഉണ്ടായിട്ടില്ല. നല്ല വിലവാങ്ങിക്കൊണ്ടു യൂറോപ്പ്യന്മാർക്കും ബ്രിട്ടീഷിൻഡ്യക്കാർക്കും തങ്ങളുടെ ഭൂമികൾ കയ്മാററം ചെയ്തുകൊടുത്തിട്ടുള്ള പല തിരുവിതാംകൂർകാരെ ഞാനറിയും. ഇതിനുപുറമേ തേയിലയും ഏലവും നട്ടിട്ടുള്ള പ്രദേശങ്ങളിൽ അധികഭാഗവും ധാന്യം കൃഷിചെയ്യാൻ കൊള്ളുകയില്ല. അതാണല്ലോ മി: കുഞ്ഞിത്തൊമ്മൻ പ്രസ്താവിച്ച ഒരു സംഗതി. ഈ ഊന്നു പ്രദേശങ്ങളിൽ നെല്ലോ മരച്ചീനിയോ തുടങ്ങിയവ കൃഷിചെയ്യാൻ സാധിക്കയില്ല, ഏലംപോലും ഉണ്ടാകാത്ത തേയില സ്ഥലങ്ങൾക്കു ഇപ്പോൾ ഗവണ്മെന്റിൽ അപേക്ഷകൾ വന്നിട്ടുള്ളതായി എനിക്കറിയാം. അവിടെ തോട്ടക്കാർ തോട്ടങ്ങൾ ഉണ്ടാക്കിയിരുന്നില്ലെങ്കിൽ അവ ഇപ്പോഴും ഫലമില്ലാതെ തരിശായി കിടന്നേനെ.

വേറൊരുസംഗതി ഈ സ്ഥലങ്ങളിൽ മിക്കതും കമ്പനികളുടെ കയ്വശം ആണെന്നുള്ളതാണ്, ഈ കമ്പനികളിലെ ഓഹരികൾ മററുള്ളവരെപ്പോലെ തിരുവിതാംകൂർകാർക്കും വാങ്ങാവുന്നതാണ്, എന്നാൽ ഒരുമിലകൃഷി ഇപ്പോൾ ഒരു കഷ്ടസ്ഥിതിയിൽക്കൂടെ കടന്നുപോകുകയാകയാലും റബ്ബറിന്റെ സ്ഥിതിയും അധഃപതിച്ചിരിക്കയാലും ഈ കമ്പനികളിൽ ഇപ്പോൾ ഓഹരികളെടുക്കാൻ ഞാൻ തിരുവിതാംകൂർകാരെ ഉപദേശിക്കയില്ല.

പല യൂറോപ്യൻ മാന്യന്മാരും ബ്രിട്ടീഷിൻഡ്യക്കാരായ മാന്യന്മാരും അവരുടെ ജീവിതത്തിൽ അധികഭാഗവും ഈ രാജ്യത്തിൽ കഴിച്ചിരിക്കുന്നു എന്നും അവരുടെ ഗുണവും രാജ്യത്തിന്റെ ഗുണവും ഒന്നുതന്നെ ആയിത്തീർന്നിട്ടുണ്ടെന്നുള്ള സംഗതി എല്ലാവരും പൂർണ്ണമായി ഗ്രഹിച്ചിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു. ഇപ്രകാരംതന്നെ തിരുവിതാംകൂർകാർക്കു ബ്രിട്ടീഷ്ഇൻഡ്യയിലൊ സിലോണിലോ ഗ്രേറ്റ്ബ്രിട്ടനിലൊ അങ്ങനെയുള്ള മററു രാജ്യങ്ങളിലൊ പോയി പാർക്കാവുന്നതും അവിടങ്ങളിൽ അവർക്കു വേണ്ടിടത്തോളം ഭൂസ്വത്തുക്കൾ സമ്പാദിക്കാവുന്നതുമാകുന്നു. തിരുവിതാംകൂർകാർക്കു ആഗ്രഹമുണ്ടായാൽ വിദേശങ്ങളിൽപോയി വ്യാപാരം ചെയ്വാനോ പാർപ്പാക്കാനോ അധികം പ്രയാസമാക്കിത്തീർക്കുന്നതു ബുദ്ധിമോശമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. മററു രാജ്യക്കാർ നമ്മോടു പകരംവീട്ടാൻ അവരെ ക്ഷണിക്കണമെന്നു നാം ഒരിക്കലും ആഗ്രഹിക്കയില്ലല്ലോ.

അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കുരുനാഗപ്പള്ളി): ഞാൻ പ്രമേയത്തെ എതിർക്കുന്നു. ഇതിനെക്കാൾ അധോഗതിക്കു കാരണമാകുന്ന ഒരു വ്യവസ്ഥ സങ്കല്പിപ്പാൻപോലും കഴികയില്ല. ഈ പ്രമേയത്തിന്നു പ്രതികൂലമായി സംസാരിക്കാൻ എനിക്കു മനസ്സില്ലായിരുന്നു. എന്നാൽ മിസ്റ്റർ കേശവപിള്ളയെപ്പോലെ എന്റെ മനസ്സാക്ഷിക്കു വിപരീതമായി പ്രവർത്തിക്കാൻ എനിക്കു സാധിക്കയില്ല (ചിരി) മി: പിറവംപ്പെരുമാൾപിള്ള അദ്ദേഹത്തിന്റെ ഭേദഗതി പ്രമേയം ഹാജരാക്കിയപ്പോൾ അതിന്റെ ഉദ്ദേശം പ്രമേയത്തിന്റെ അബദ്ധം സൂക്ഷ്മമാക്കാനാണെന്നാണു ഞാൻ വിചാരിച്ചതു്. എന്നാൽ താൻ ഭേദഗതിപ്രമേയം അവതരിപ്പിച്ചതു യഥാർത്ഥരാജ്യസ്നേഹംകൊണ്ടാണെന്നു അദ്ദേഹം ഇവിടെ സത്യംചെയ്യുന്നു. അതുകൊണ്ടു അദ്ദേഹത്തിന്നു വിരോധമായി എനിക്കൊന്നും പറവാനില്ല. ഇക്കാലത്തു എല്ലാ രാഷ്ട്രീയ നേതാക്കന്മാരും ഇൻഡ്യയുടെ ഏകീകരണത്തിന്നായി ശ്രമിക്കയും നാട്ടുരാജ്യനിവാസികളായ നാം ഇൻഡ്യൻ സ്വരാജ്യത്തിൽ നമുക്കു സമാവകാശങ്ങളും സമസ്ഥാനവും ലഭിപ്പാൻ ഉത്സാഹപൂർവ്വം വഴിനോക്കയുംചെയ്യുന്നു. തിരുവിതാംകൂർകാർക്കു അന്യരാജ്യങ്ങളിൽ വസ്തു സമ്പാദിക്കുന്നതിന്നു പ്രതിബന്ധമായി ബ്രിട്ടീഷിൻഡ്യയിലാകട്ടെ ഏതെങ്കിലും നാട്ടുരാജ്യത്തിലാകട്ടെ വല്ല നിയമവും ഉള്ളതായി എനിക്കറിവില്ല. ഈ സമയം ഇങ്ങനെ ഒരു പ്രമേയം ഈ സഭ പാസ്സാക്കിയാൽ അന്യന്മാരുടെ പരിഹാസത്തിന്നും നിന്ദയ്ക്കും നാം നമ്മെത്തന്നെ പാത്രമാക്കുകയായിരിക്കും. ഇപ്പോഴുള്ള നിയമപ്രകാരവും ഈ രാജ്യത്തിലെ ജനങ്ങളുടെ ഗുണസംരക്ഷണത്തിന്നു മതിയായ വ്യവസ്ഥകൾഉണ്ട്, അങ്ങനെയിരിക്കെ ഇങ്ങനെയുള്ള ഒരു പ്രമേയം ഇപ്പോൾ ഈ സഭയിൽ ബഹുഭൂരിപക്ഷം പാസ്സാക്കുന്നതു എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു പ്രമേയം പിൻവലിക്കണമെന്നു ഞാൻ മി: കുഞ്ഞിത്തൊമ്മനോടു അപേക്ഷിച്ചുകൊള്ളുന്നു. അങ്ങനെ ചെയ്യുന്നതു അദ്ദേഹത്തിനും ഈ സഭയ്ക്കും ബഹുമാനഹേതുകം ആയിരിക്കും.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമനം ഡിപ്യൂട്ടിപ്രസിഡന്റു): സർ, ഈ പ്രധാന വിഷയത്തെ സംബന്ധിച്ചു ഇന്നുവരെ നടന്ന വാദങ്ങൾ കേൾക്കുന്നതിന്നു എനിക്കിടയായില്ല. അതുകൊണ്ടു ഈ പ്രമേയം സഭ സ്വീകരിക്കുന്നതിന്നു പറഞ്ഞ കാരണങ്ങൾ എന്തെല്ലാമാണെന്നു അറിയാത്തതിന്നാലുള്ള ബുദ്ധിമുട്ടു എനിക്കു വളരെയുണ്ട്. എന്നാൽ വിഷയത്തെപ്പററിയുള്ള ചില പ്രായോഗിക സംഗതികൾ എനിക്കറിയാം. അതിനാൽ ഈ പ്രമേയത്തെ സഭ സ്വീകരിക്കുന്നതിനാൽ രാജ്യത്തിന്നാകട്ടെ ജനങ്ങൾക്കാകട്ടെ യാതൊരുനന്മയും ഉണ്ടാകാനിടയില്ലെന്നു എനിക്കു ബോദ്ധ്യം വരത്തക്കവണ്ണമുള്ള ചില സംഗതികൾ പറയാം. ഈ പ്രമേയത്തിന്റെ ഉദ്ദേശം ഈ നാട്ടിലെ ജനങ്ങൾക്കു ഭൂമികൾ പതിച്ചു കൊടുക്കുന്ന കാര്യത്തിൽ അധികം ന്യായവും നീതിയും ഉണ്ടായിരിക്കണമെന്നാണെങ്കിൽ, അതു ഗ്രഹിക്കാൻ കഴിയുന്ന ഒരു പ്രമേയം ആയിരുന്നേനെ. അനേകായിരം ഏക്കർ ഭൂമികളുടെ ഉടമസ്ഥന്മാരിൽ നിന്നു അവരുടെ ഭൂമികൾ പിടിച്ചെടുത്തു പത്തു സെൻറുപോലും സ്ഥലമില്ലാത്ത അനേകലക്ഷം ജനങ്ങൾക്കു വീതിച്ചു കൊടുക്കാൻ കഴിയും. തന്റെ അയല്ക്കാർക്കു ദോഷം വരത്തക്കവണ്ണം നാട്ടിലുള്ള ഭൂമിയെല്ലാം ഒരു വലിയ മുതലാളിയുടെ സ്വത്തായി തീരുവാൻ അനുവദിക്കരുതെന്നുള്ളതു സത്യം തന്നെ, അതു സാധിക്കണമെങ്കിൽ യാതൊരുത്തനും, തിരുവിതാംകൂർ കാരനായാലും വിദേശിയനായാലും, അഞ്ചേക്കറിലധികം ഭൂമി പേരിൽ പതിക്കാൻ പാടില്ലെന്നു പ്രഖ്യാപനം ചെയ്യണം, അതിനെപ്പററി തർക്കത്തിന്നവകാശമില്ല. ഇക്കാലത്തു വർദ്ധിച്ചുവരുന്നതെന്തു നാം പറഞ്ഞു കൊടുക്കുന്നതൊഴിച്ചില്ലായ്മകളെപ്പററിയും, കുറവില്ലായ്മക്കു ഒരു പരിഹാരമായ്ക്കൊണ്ടു ഉപനിവേശസ്ഥലങ്ങൾ സ്ഥാപിച്ചു നമ്മുടെ വിദ്യാഭ്യാസമുള്ള യുവാക്കന്മാരെ കൃഷിക്കാരും അങ്ങനെയുള്ള മററു ജോലികൾ ചെയ്യുന്നവരും ആക്കുകയാണെന്നു കൊഴിച്ചില്ലായ്മക്കന്മാരുടെ അഭിപ്രായത്തെപ്പററിയും മമമാൽ ഉണ്ടാകാവുന്ന പ്രയാസങ്ങളെപ്പററിയും ആലോചിച്ചാൽ അക്കം അഞ്ചേക്കറിലധികം ഭൂമികൊടുക്കരുതെന്നു പറയുന്നതു ന്യായമായിരിക്കും. ഒരു തിരുവിതാംകൂർകാരനും വിദേശിയനും തമ്മിൽ മത്സരമുണ്ടായാൽ തിരുവിതാംകൂർ കാരനാണു ആനുകൂല്യം ചെയ്തുകൊടുക്കേണ്ടതെന്നു ഇപ്പോഴുള്ള ചട്ടങ്ങളിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്, അതുമതിയായ ഒരു മുൻകരുതലാണു. ഈ അതിരുകടന്നു, വിദേശിയർക്കു അഞ്ചേക്കറിലധികം ഭൂമി സമ്പാദിക്കാൻ പാടില്ലെന്നു പറയുന്നതുകൊണ്ടു ഒരു തിരുവിതാംകൂർകാരനു എത്രയും വിസ്തീർണ്ണമുള്ള ഭൂമികളും രജിസ്റ്റർ ചെയ്തു കിട്ടുവാനും തന്റെ സ്വന്തം ഗുണം മാത്രം നോക്കി അവയെ കയ്മാററം ചെയ്യാനും അവകാശമുണ്ടെന്നു സൂചിപ്പിക്കുന്നു. ഇതിന്റെ അർത്ഥം ആവശ്യമുള്ള പണം കയ്യശമുള്ളപക്ഷം അവരുടെ മുതൽ കൊണ്ടു വിസ്തീർണ്ണമായ ഭൂമികൾ സ്വന്തം പേരിൽ പതിച്ചു വാങ്ങി പിന്നീടു നല്ല വിലയ്ക്കു കൈമാററം ചെയ്തു നല്ലയാദായം എടുക്കാമെന്നാകുന്നു. തിരുവിതാംകൂറിലെ ധനികന്മാർക്കു ഏക്കറൊന്നിന്നു ഒരു രൂപാ നിരക്കിൽ ഭൂമികൾ വാങ്ങി വിദേശകമ്പനികൾക്കോ മററു ധനാഢ്യന്മാർക്കോ എൺപതോ അതിലധികമോ രൂപാ ഏക്കറൊന്നിന്നു വിലവെച്ചു വിററിട്ടു അങ്ങനെ കിട്ടുന്ന വൻപിച്ചലാഭം സ്വന്തം

കീശയിലാക്കാൻ കഴിയും. മഹാറാണി റിജൻറെ തിരുമനസ്സിലെ പ്രജകൾക്ക ഇളകൊണ്ടൊരു ഗുണവും സിദ്ധിക്കുന്നില്ല. ചുരുക്കം ചില വ്യക്തികളെ അവർ യദൃച്ഛയാ ധനികന്മാരായി ജനിച്ചതുകൊണ്ടു മാത്രം ഗവണ്മെൻറിനോ പൊതു ജനങ്ങൾക്കോ യാതൊരു ഗുണവുമില്ലാത്ത ഇങ്ങനെ ധനം സമ്പാദിക്കാൻ അനുവദിക്കുന്നതു എന്തിനാണ്? ഇങ്ങനെയായാൽ വില കൊടുക്കുന്നവർക്ക് ഗവണ്മെൻറ തന്നെ നേരിട്ട അവരുടെ ഭൂമികൾ വിററു ഗവണ്മെൻറിൻെറ കോശം വർദ്ധിപ്പിക്കയും ആ മുതൽ പരിപോഷണ ഡിപ്പാർട്ടുമെൻറുകൾക്കായി വിനിയോഗിക്കയും ചെയ്യുന്നതിനു എന്താ വിരോധം? ഞാൻ ഒന്നും എൻെറ സങ്കല്പനാശക്തികൊണ്ടു പറയുന്നതല്ലാ, സർ ഇത്തരത്തിരുവിതാംകൂറിൽ നടക്കുന്നതു എന്താണെന്നു എനിക്കറിയാം. പല തോട്ടങ്ങളുമായി എനിക്ക ബന്ധമുണ്ട്. തങ്ങളുടെ തോട്ടങ്ങളിൽ ഇപ്പോൾ അനേക ലക്ഷം രൂപാ മുടക്കിട്ടുള്ള പല യൂറോപ്യന്മാരും അവരുടെ ഭൂമികൾ സമ്പാദിച്ചതു ഗവണ്മെൻറിൽ നിന്നു നേരിട്ട പതിച്ചു വാങ്ങിയല്ല, ഗവണ്മെൻറിൽ നിന്നു പതിച്ചു വാങ്ങിയവരോടു വിലയ്ക്കു വാങ്ങിയാണു. ഈ കൂട്ടത്തിൽ തിരുവിതാംകൂർ ഗവണ്മെൻറിനും അതുമൂലം മഹാറാണിറീജൻറ് തിരുമനസ്സിലെ പ്രജകൾക്കും ലഭിക്കുന്നതിനു പകരം റവന്യൂഡിപ്പാർട്ടുമെൻറു മേലധികാരിയുടെയോ ദിവാൻ പേഷ്കാരുടെയോ മഹാജനങ്ങളുടെയോ പ്രീതിസമ്പാദിക്കാൻ ചില ആനുകൂല്യങ്ങൾ ഉണ്ടായിരുന്ന ചില വ്യക്തികൾക്ക കിട്ടുന്നതു എന്തിനാണെന്നു ഞാൻ പലപ്പോഴും എന്നോടുതന്നെ ചോദിക്കാറുണ്ട്. മററുള്ളവർക്കില്ലാത്ത ആനുകൂല്യങ്ങൾ അവർക്ക എളുപ്പത്തിൽ കിട്ടുന്നു. പ്രമേയത്തിനനുകൂലമായ്കൊണ്ടുവന്ന വാദങ്ങളുടെയെല്ലാം ഉദ്ദേശം ഇതാണോ? മി: കുഞ്ഞിത്തൊമ്മൻെറ സത്യസന്ധതയെയോ ഉത്തമവിശ്വാസത്തെയോ ഞാൻ പ്രതിഷേധിക്കുന്നില്ല. ഭൂമിവില്പന ഒരു ലാഭമുള്ള കച്ചവടമായിതീർന്നശേഷം നാം അനുഭവിച്ചു പോരുന്ന ദോഷങ്ങളെപ്പററി അദ്ദേഹത്തിനറിവുണ്ടോ? സർ, തോട്ടവ്യവസായം ഒരു പകട സ്ഥിതിയിൽ ഇരിക്കുന്ന ഇക്കാലത്തു ഇങ്ങനെയുള്ള ഒരു പ്രമേയം, അതിൻെറ വിഷ്യൽഫലങ്ങൾ ആലോചിക്കാതെ കൊണ്ടുവന്നിട്ടുള്ളതു രാജ്യംമുഴുവനും അതിൻെറ ഗുണം അനുഭവിക്കണമെന്നുള്ള ഉദ്ദേശമില്ലാതെയാണെന്നു തോന്നിപോകുന്നു. അതുരാജ്യത്തിലെ പൊതുജനത്തിൻെറ നന്മയ്ക്കായിരുന്നുവെങ്കിൽ ഞാൻ അതിനെ അഭിനന്ദിച്ചേനെ.—എന്നാൽ അതിൻെറ ഉദ്ദേശം ചുരുക്കം ചില (മി: കയ്യാലം പരമേശ്വരൻപിള്ള കള്ളക്കൌശലക്കാരുടെ) എൻെറ സ്നേഹിതൻ അവരെ അങ്ങനെ നാമകരണം ചെയ്യുന്നതിനു സ്വതന്ത്ര്യമുണ്ട് എന്നാൽ ഞാൻ അത്രത്തോളം പറയുന്നില്ല—മററു പൌരന്മാരെ നഷ്ടപ്പെടുത്തിതങ്ങൾക്ക ലാഭമുണ്ടാക്കുവാൻ യത്നിക്കുന്നവരെ ഗുണപ്പെടുത്തുന്നതുമെന്നാണെങ്കിൽ ഞാൻ പ്രമേയത്തെ എതിർക്കതന്നെ ചെയ്യുന്നു.

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ്റെവന്യൂവും ആദായ നികുതിയും കമ്മീഷണർ): സർ, ഈ സംഗതിയെക്കുറിച്ചു എനിക്ക അധികമൊന്നും പറവാനില്ല. മി: ലാമ്പാർഡും, ഡിപ്യൂട്ടി പ്രെസിഡെൻറും മി: നീലകണ്ഠപ്പിള്ളയും സംഗതികൾ വളരെ വിശദമാക്കീട്ടുണ്ട്. മി: കുഞ്ഞിത്തൊമ്മൻെറ പ്രമേയത്തിൻെറ ഉദ്ദേശം സ്പഷ്ടമില്ല. തിരുവിതാംകൂറിലെ ഭൂമികൾ തിരുവിതാംകൂർകാർക്ക മാത്രമായി സൂക്ഷിക്കേണ്ടതാണെന്നും മററാർക്കും കൊടുക്കാൻ പാടില്ലെന്നും കൊണ്ടുവന്ന ഭേദഗതി പ്രമേയത്തെ അദ്ദേഹം പ്രതിഷേധിക്കയാണു ചെയ്തതു. ഡിപ്പാർട്ടുമെൻറിലെ കാര്യവിചാരമുള്ള കീഴുദ്യോഗസ്ഥന്മാർക്കതങ്ങളുടെ പേരിൽ ഭൂമികൾ പതിച്ചു വാങ്ങി വിദേശിയർക്ക വിൽക്കുന്ന അബദ്ധപതിവു നിലനിർത്തികൊണ്ടു പോകുന്നതിനു അദ്ദേഹത്തിനു മനസ്സാണ്. ഏലഭൂമികളുടെ കാര്യത്തിൽ ഇങ്ങനെ സംഭവിക്കാറുള്ളതിനെപ്പററി ഞാൻ ഇന്നലെ പ്രസ്താവിച്ചുവല്ലോ. അദ്ദേഹം ൪ ഏക്കർ ഭൂമിമാത്രം എന്നൊരു അതിരു കല്പിക്കുന്നുണ്ട്. ഇതിൻെറ അർത്ഥം എസ്റ്റേററ് ഉടമസ്ഥന്മാർക്ക അവരുടെ ഓരോ കൂലിക്കാരനെക്കൊണ്ടും അഞ്ചേക്കർ ഭൂമിവീതം പതിച്ചു വാങ്ങിഅവരുടെ തോട്ടങ്ങളോടു ചേർത്തു തോട്ടങ്ങൾ വലുതാക്കാൻ കഴിയുമെന്നാണ്. ഇതല്ലാതെ മററുള്ളവർക്ക വിഡ്ഢിത്തമായിട്ടേ തോന്നാൻ ഇടയുള്ളു. ഇതിനെല്ലാം പുറമെ ഇതിൻെറ വേറൊരുഫലം കാടായി കിടക്കുന്ന ഭൂമികൾ കാടായി തന്നെ കിടക്കുമെന്നുള്ളതാണു. അങ്ങിനെ കിടന്നാൽ കൂലിക്കാർക്ക വേലകിട്ടാതെവരും, ജനസംഖ്യ വേഗം വർദ്ധിക്കുന്നതുകൊണ്ടു ഈ പ്രമേയം പാസ്സാക്കിയാൽ തൊഴിലില്ലായ്മ ഒരു ഭയങ്കരനിലയെ പ്രാപിക്കും, കൂലിക്കാർക്കും വേലക്കാർക്കും ജോലികൊടുക്കാൻ മുതലാളികൾ ഉണ്ടായിരിക്കയില്ലല്ലോ, കാര്യങ്ങളുടെ സ്ഥിതി ഇങ്ങനെയാകയാൽ മി: കുഞ്ഞിത്തൊമ്മൻ പ്രമേയത്തെ പിൻവലിക്കുമെന്നു വിശ്വസിക്കുന്നു. ഞാൻ പ്രമേയത്തെ എതിർക്കുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പ്രമേയം വോട്ടിനിടണമെന്ന് അപേക്ഷിക്കുന്നു.

പ്രെസിഡെൻറ: നിങ്ങൾക്ക് മറുപടി പറവാൻ അവകാശമുണ്ട്, അവസാനവാക്കായി വല്ലതും പറവാൻ നിങ്ങൾക്ക ഇഷ്ടമുണ്ടെങ്കിൽ പറയാം

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ പ്രമേയത്തെ വോട്ടിനു ഇടണമെന്നു അപേക്ഷിക്കുന്നു. ഞാൻ ഈ പ്രമേയം അവതരിപ്പിച്ചു അവസരത്തിൽ ഇങ്ങനെ ഒരു പ്രമേയത്തിൻെറ ആവശ്യത്തെ കാരണങ്ങൾ കൊണ്ടു സ്ഥാപിച്ചിട്ടുണ്ട്. ആ ന്യായങ്ങളെ ഖണ്ഡിക്കുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. അതായതു്, ഈ രാജ്യത്തു പ്രധാനമായ തൊഴിൽ കൃഷിയാണെന്നും കൃഷി ചെയ്യുന്നതിനു സ്ഥലം വളരെ കുറവാണെന്നും, അതിനാൽ ഭാവിയിൽ കർഷകന്മാരായ ജനങ്ങളുടെ ഐശ്വര്യം ക്ഷയിച്ചു ആപത്കരമായ നിലയെ പ്രാപിക്കുമെന്നും, അതിലേക്കുവേണ്ടി ഇപ്പോൾ ചെയ്യേണ്ട ഒരു മുൻകരുതൽ രാജ്യത്തിൽ കൃഷി ചെയ്യാവുന്ന ഭൂമികളെ അധികമായി വിദേശികൾക്ക പതിച്ചു കൊടുക്കാതെ ഭാവിജനതതിക്കായി കരുതുന്നതും സൂക്ഷിച്ചു വയ്ക്കേണ്ടതാണെന്നും കൃഷിയല്ലാതെ കച്ചവടമോ വ്യവസായമോ കൊണ്ടു നമുക്ക ഇവിടെ കഴിഞ്ഞു കൂടുവാൻ പ്രയാസമാണെന്നും ഞാൻ സ്ഥാപിച്ചിട്ടുണ്ട്. അങ്ങനെയല്ല, ഈ രാജ്യത്തു കൃഷിയ്ക്കും കച്ചവടത്തിനും വ്യവസായത്തിനും അധികം സൌകര്യമുണ്ട്, ധാരാളം സ്ഥലമുണ്ട്, കൃഷി കൂടാതെ മററു തൊഴിലുകൾ കൊണ്ടു ഉപജീവനം കഴിക്കാം, ഇവിടത്തെ സ്ഥലങ്ങൾ യാരാളുമായി വിദേശികൾക്ക കൊടുക്കുന്നതുകൊണ്ടു വലിയ ദോഷം ഒന്നും വരാനില്ല, എന്നു കാരണസഹിതം സ്ഥാപിച്ചിരുന്നുവെങ്കിൽ ഞാൻ ഈ പ്രമേയത്തെ പിൻവലിക്കാൻതയ്യാറാകുമായിരുന്നു. എന്നാൽ അങ്ങനെ ചെയ്തിട്ടില്ല, ഇവിടെ ഒരാളിന ശരാശരി അൻപതു സെൻറ ഭൂമി മാത്രമെ ഉള്ളു. ഇതുകൊണ്ടു വേണം ജനങ്ങൾ കാലക്ഷേപം കഴിക്കാൻ, കച്ചവടം ആകട്ടെ, ഇവിടെ അഭിവൃദ്ധിയിൽ വരാൻ ഇടയില്ല. കച്ചവടം തന്നെ കൃഷിയിൽനിന്നു കിട്ടുന്ന

സാധനങ്ങളായ കൊപ്ര, കയർ, മുളക്, ചുക്ക, പാക്ക മുതലായവയാണ്. ആ സ്ഥിതിക്കും കച്ചവടം കൃഷി അഭിവൃദ്ധിപ്പെടാതെ അഭിവൃദ്ധിപ്പെടാൻ ഇടയില്ല. വിദേശത്തു നിന്നുവരുന്ന സാമാനങ്ങൾക്ക നികുതി ചുമത്തി നിയന്ത്രിക്കാതെ സാരമായ അഭിവൃദ്ധി ഇവിടത്തെ വ്യവസായത്തിന ഉണ്ടാക്കാൻ സാധിക്കയില്ല. കൃഷിയെ ആശ്രയിച്ചു മാത്ര. കാലാകാലം കുറിക്കുന്ന ജനതതി കൃഷി സ്ഥലം ഇല്ലാതെ വർദ്ധിച്ചുവരുന്നു. ഉള്ള സ്ഥലങ്ങളെ വിദേശികൾക്ക കൊടുക്കുന്നു. തന്റെ പിടി പട്ടിണിയിലിട്ടിട്ടു ഭരണം നടത്തുന്നതു ശരിയാണോ? നമുക്കുള്ള പങ്കിന നിന്നു ഒരു വീതം കൊടുക്കാതെന്നു സമ്മതിക്കുന്നുണ്ട്. ആ സ്വഭാവം പോലെ നമുക്കുള്ളതാണ്, അതിനാൽ ഒട്ടും കൊടുക്കാൻ പാടില്ല എന്നുള്ള മിസ്റ്റർ. പിറവിപ്പെരുമാൾപിള്ളയുടെ ഭേദഗതിയെ അനുകൂലിക്കുന്നതു ധർമ്മരാജ്യത്തിന്നടിമാത്രമല്ല. അതു മനുഷ്യവർഗ്ഗത്തിന്റെ വിശ്വവ്യാപകമായ സഹോദര്യത്തെ തന്നെ ലംഘിക്കുന്ന ഒരു കൃത്രിമയിരിക്കും. അതു പുറത്തുള്ളവരുടെ കിങ്കര നമ്മേ ന്യായമായി പാത്രമാക്കും. അഞ്ചേക്കറിൽ കൂടുതൽ പതിച്ചു കൊടുക്കരുതെന്നാണ് എന്റെ പ്രമേയം. മേലിൽ പതിക്കുന്ന ഭൂമിയും ഒട്ടും വിദേശികൾക്ക വിൽക്കരുതെന്നു പറയുന്നതു ഈതിന്റെ ഒരു ഭേദഗതിയല്ല. അതൊരു പ്രത്യേക പ്രമേയം തന്നെയാണ്. മാത്രമല്ല ഒട്ടും കൊടുക്കരുതെങ്കിൽ മേലിൽ പതിക്കുന്നവരെയ, എന്നു പറയാതെ കീഴിൽ പതിച്ചവരേയും വാങ്ങിയവരേയും ഉൾപ്പെടുത്തുന്നവിധം യാതൊരു ഭൂമിയും വിദേശികൾക്ക വിൽക്കാൻ പാടില്ലെന്നു പറയേണ്ടതായിരുന്നു. അങ്ങനെ പറയുന്നതു ശരിയുമല്ല.

മി: പി. എസ്സ്. മഹമ്മദ് (ഗവണ്മെന്റ നിയമമന്ത്രി): എത്ര സ്ഥലം വേണമെങ്കിലും അന്യന്ന കിട്ടുന്നതിന്ന തടസ്സമില്ലാത്ത നിലയിലാണ് ഈ പ്രമേയമെന്ന് മെമ്പറിന്ന അറിവുണ്ടോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അഞ്ചേക്കറിൽ കൂടുതൽ സ്ഥലം വിദേശികൾക്ക പതിച്ചു വാങ്ങുവാൻ പാടില്ലെന്നാണ് പ്രമേയം കൊണ്ടു ഉദ്ദേശിക്കുന്നതു്.

മി: പി. എസ്സ്. മഹമ്മദ് (ഗവണ്മെന്റ നിയമമന്ത്രി): ഈ റസല്യൂഷൻ കൊണ്ടു എത്ര സ്ഥലം വേണമെങ്കിലും വിലക്ക കിട്ടാൻ തടസ്സമാകുന്നുണ്ടോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതു ഈ ഭേദഗതി കൊണ്ടും സാധിക്കയില്ല.

മി: വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ല): സ്വദേശിക്ക എത്ര എങ്കിലും ഏക്കർ പതിച്ചു കൊടുക്കുന്നതിന്ന വിരോധമില്ല എന്നു ഈ റസല്യൂഷൻകൊണ്ടു വരുന്നില്ലേ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പാടുണ്ടെന്നും ഇല്ലെന്നും വരുന്നില്ല അതു വേറെ കാര്യമാണ്. എന്നാൽ സ്വദേശിക്കും 10 ഏക്കറിൽ കൂടുതൽ ഭൂമി ഒരാൾക്ക പതിച്ചു കൊടുക്കരുതെന്നു ഒരു പ്രമേയം ഞാൻ ഈ കൗൺസിലിൽ കൊണ്ടു വന്നിട്ടുണ്ട്. എന്നാൽ അതു ബോധനിന്റെ പരിഗണനയ്ക്കു ഇപ്പോൾ വാദത്തിനെടുത്തിട്ടില്ല.

മി: വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ല): സ്വദേശികൾക്ക എത്ര എങ്കിലും ഏക്കർ പതിച്ചു കൊടുത്തതിനെ വിദേശികൾക്ക കൊടുക്കുന്നതിന്ന ബാധകമായിരിക്കത്തക്കവിധം ഈ റസല്യൂഷൻ ഉപകരിക്കുന്നുണ്ടോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ പ്രമേയം കൊണ്ടു സ്വദേശികൾ അഞ്ചേക്കറിൽ കൂടുതൽ പതിപ്പിച്ചു വിദേശികൾക്ക വിറ്റുകൊള്ളണമെന്നോ വിൽക്കരുതെന്നോ അങ്ങനെ വരുന്നില്ല.

മി: വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ല): ഈ പ്രമേയം കൊണ്ടു ഒരു സ്വദേശിക്ക എത്ര എങ്കിലും ഭൂമി പതിക്കുന്നതിന്ന വിരോധമില്ലെന്നു തീർച്ചയാണല്ലോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ പ്രമേയം കൊണ്ടു വിരോധവുമില്ല അനുകൂലവുമില്ല. ഇതിൽ ഒന്നു നിശ്ചയിച്ചിട്ടുണ്ട്. അതു് അഞ്ചേക്കറിൽ കൂടുതൽ വിദേശിക്ക പതിച്ചുകൊടുക്കാൻ പാടില്ല എന്നാണ്.

മി: വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ല): സ്വദേശിക്ക അഞ്ചേക്കറിൽ കൂടുതൽ പതിക്കാൻ പാടില്ല എന്നു പ്രമേയം കൊണ്ടുവന്നിട്ടുണ്ടോ.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇല്ല. അതുപോലെ വേറേ അനേകം കാര്യങ്ങളും ഈ പ്രമേയത്തിൽ കൊണ്ടുവന്നിട്ടില്ല.

മി: വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ല): സ്വദേശിക്ക പതിച്ചു കൊടുക്കുമ്പോൾ അതിനെ വിദേശികൾക്ക കൊടുക്കുന്നതിന്ന വിരോധമില്ലെന്നല്ല വരുന്നതു്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങനെ സാധാരണ ആരുംകൊടുക്കാറില്ല. അങ്ങനെ കൊടുക്കുന്ന എങ്കിലും കൊടുക്കാൻ ഉദ്ദേശിക്കുന്ന ആളും വാങ്ങിക്കാൻ ഉദ്ദേശിക്കുന്ന ആളും യോജിച്ചാൽ ഈ ഭേദഗതികൊണ്ടു യാതൊരു തടസ്സവും അവർക്കില്ല. ജപ്തിമൂലം മേലത്തിൽ സ്ഥലം സ്വാധീനപ്പെടുത്താൻ സാധിക്കുന്നതാണ്. വിൽക്കാൻ പാടില്ല എന്നാണ് പറഞ്ഞിരിക്കുന്നതു എങ്കിലും കോർട്ടിൽ യോജിച്ചാൽ കോർട്ടു മുഖേന ആരുടെ വാങ്ങാ അവർക്കൊക്കെ വാങ്ങിക്കാവുന്നതാണ്. വിദേശികൾക്ക സ്വദേശികൾ വിൽക്കുന്നതിനെ തടയണമെന്നാണ് ഭേദഗതിയുടെ ഉദ്ദേശമെങ്കിൽ അതൊരു പ്രമേയമായി കൊണ്ടുവരാഞ്ഞതെന്തെന്നു മനസ്സിലാകുന്നില്ല. സ്വദേശാഭിമാനി എന്നഭിമാനിക്കുന്ന എന്റെ സ്നേഹിതൻ മി: പിറവിപ്പെരുമാൾപിള്ള യാതൊരു പ്രമേയവും ഈ കൗൺസിലിലേയ്ക്കു കൊണ്ടുവന്നതായി കാണുന്നില്ല. സ്വദേശി, വിദേശിക്ക ഭൂമി വിൽക്കുന്നതു ഒരു, ഇ ഏക്കറിൽ കൂടുതൽ ഭൂമി വിദേശിക്ക പതിക്കുവാൻ പാടില്ലെന്നുള്ള എന്റെ പ്രമേയം ഈ കൗൺസിലിൽ വന്ന ശേഷമേ ഉണ്ടായതുള്ളോ എന്നു ഞാൻ സംശയിക്കുന്നു. ഇ ഏക്കറിൽ കൂടുതൽ ഭൂമി വിദേശികൾക്ക വിൽക്കാനും വാങ്ങാനും പാടില്ലാ എന്നൊരു റസല്യൂഷൻ കൊണ്ടു വന്നാൽ അതിനെ അനുകൂലിക്കാൻ ഞാൻ തയ്യാറാണ്. അതു പ്രത്യേക രീതിയിൽ ഒരു പ്രമേയമായിട്ടു കൊണ്ടുവരണം. വിദേശികൾക്ക വിൽക്കാനും കോർട്ടു മേലത്തിൽ പിടിക്കാനും പാടില്ലെന്നും, അതു മേലാൽ പതിക്കുന്നതിനെ മാത്രമല്ല മുമ്പു കിട്ടിട്ടുള്ളവരേയും കൂടി ബാധിക്കുന്നതാണെന്നും ഉള്ള രൂപത്തിലായിരിക്കണം ആ പ്രമേയം. ആ

രെങ്കിലും മേലിൽ പത്ത്കണ്ടവയെ വിൽക്കാതെ കീഴിൽ പതിച്ചുവയെ വിററാലും ഫലം ഒന്നുതന്നെയാണെന്നു ഭേദഗതിയുടെ പ്രാധാന്യത്തിനു ആനുകൂലികരം ആലോചിച്ചു കാണാത്തതെന്തു മനസ്സിലാകുന്നില്ല.

മി: എസ്സ്. പിറവിപ്പുരമഠംപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): കയ്മാററം ചെയ്യാൻ പാടില്ലാത്തതും ഉടമസ്ഥനു കയ്മാററം ചെയ്യാൻ അധികാരമില്ലാത്തതുമായ ഒരു ഭൂമി—

മി: തയ്യുള കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇംഗ്ലീഷിൽ ചോദിച്ചു വെറുതെ സമയം കളയേണ്ടാ (ഗ്യാലറിയിൽ ചിരി)

പ്രൈസിഡെൻറ: ഗ്യാലറിയിൽ ചിരി കേട്ടാൽ എല്ലാവരേയും അവിടെ നിന്നു ബഹിഷ്കരിക്കും.

മി: തരിയനു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എനിക്കു വിദേശികളിലും പല സ്നേഹിതന്മാരുണ്ടു. വിദേശികളുമായി ഈ രാജ്യത്തിനു പല ഗുണവുമുണ്ടായിട്ടുണ്ടു്. അവരെ ബഹിഷ്കരിക്കണമെന്നുള്ള പ്രമേയമല്ല ഇതു്. നേരെ മറിച്ചു അവക്കു സ്വാഗതം പറയുകയാണു് ചെയ്യുന്നതു് "നിങ്ങൾ വരിക. ഞങ്ങളുടെ സ്ഥിതി അനുസരിച്ചു നിങ്ങൾക്കും തരാം. ഞങ്ങളുടെ സുഖദുഃഖങ്ങളിൽ നിങ്ങളും പങ്കു കൊള്ളുക. എന്നാൽ കൂടുതൽ തരാൻ നിവൃത്തിയില്ല. ഞങ്ങൾക്കു ആളാംപ്രതി ഇ ാ സെൻറയെല്ലുള്ളു. നിങ്ങൾക്കു ഏ ാ മുടങ്ങു തരാം". എന്നാണു് പറയുന്നതു്. ഭേദഗതിയിൽ ഒരു സെൻറം കൊടുക്കാൻ പാടില്ലെന്നാണു് . അതു നമുക്കു അശേഷം യോജിച്ചതല്ല. അങ്ങനെ ഒരു പ്രമേയം തന്നെ കൊണ്ടുവരാൻ പാടില്ല.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറു നിയമനം ഡിപ്യൂട്ടിപ്രസിഡൻറു): തിരുവിതാംകൂറിലെ സ്വദേശികൾ ഗവണ്മെൻറിൽനിന്നും വസ്തു ചുരുങ്ങിയ തുക വിലകൊടുത്തു പതിപ്പിച്ചുവാങ്ങി കമ്പനിക്കാക്കു വിററു വലുതായ ആദായം സമ്പാദിക്കുന്നതായി മിസ്റ്റർ കുഞ്ഞിത്തൊമ്മനു അറിയാമോ?

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, മെമ്പർ മലയാളത്തിൽ ചോദിക്കുന്നതു ക്രമാനുസരണമാണോ?

മി: തയ്യുള കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പ്രസിഡൻറിന്റെ അനുവാദം ഉണ്ടെങ്കിൽ മറുപടി പറയാം. ഒരാൾ ഒരേ ദോഷം തന്നെ സംസാരിക്കണമെന്നാണു് ചട്ടമെന്നും അതിനു വ്യത്യസ്തം ഉപചോദ്യങ്ങളുടെ സമയത്തു പാടുള്ളു എന്നു പ്രസിഡണ്ടിന്റെ വിധിക്കുന്നു. അതിനു വിപരീതമായ ചോദ്യത്തിനു ഉത്തരം പറയുന്നതും വിധിക്കുന്നതിനു വിരോധമല്ലേ എന്നു സംശയിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറു നിയമനം ഡിപ്യൂട്ടിപ്രസിഡൻറു): ഞാൻ തെററു തിരുത്തി ഇംഗ്ലീഷിൽ ചോദിക്കാം.

അനേകം തിരുവിതാംകൂർകാർ ഗവണ്മെൻറിനു നാമമാത്രമായ വില കൊടുത്തു ഇത്തരതിരുവിതാംകൂറിൽ തരിശു ഭൂമികൾ വാങ്ങി പിന്നീടു വിദേശകമ്പനികൾക്കു വിററു തങ്ങൾക്കു തന്നെ വമ്പിച്ച ലാഭം എടുക്കുന്നു എന്നു മെമ്പർക്കറിയാമോ?

മി: തയ്യുള കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എന്നോടു ഇംഗ്ലീഷിൽ ചോദിച്ചാൽ മറുപടി പറയാൻ എനിക്കു നിവൃത്തിയില്ല. ഇംഗ്ലീഷ് എനിക്കറിഞ്ഞുകൂടാ,

മി: എസ്സ്. പിറവിപ്പുരമഠംപിള്ള (വ്യാപാരവും വ്യവസായവും തെക്ക): നടപടി സംബന്ധിച്ചു ചോദിച്ചുകൊള്ളുന്നു. മുമ്പേരിക്കൽ മിസ്റ്റർ തയ്യുള കുഞ്ഞിത്തൊമ്മനു ഒരു ഉദ്ദിഷ്ടിതയ കൊടുക്കണമെന്നു ഞാൻ പറഞ്ഞപ്പോൾ, മിസ്റ്റർ കുഞ്ഞിത്തൊമ്മനെ ഒരു മുലയ്ക്കിരുത്തി ഒരു ഉദ്ദിഷ്ടിതയ കൊടുക്കാമെന്നു ലാ മെമ്പർ പറയുകയുണ്ടായി. അദ്ദേഹത്തെ അങ്ങനെ ഒരു മുലയ്ക്കിരുത്തുകയല്ലയോ നല്ലതു?

പ്രൈസിഡെൻറ: മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഒരുദ്ദേശം മലയാളത്തിൽ ചോദ്യം ചോദിക്കുന്നതിനു വിരോധം പറകയും ചോദ്യം ഇംഗ്ലീഷിൽ ചോദിച്ചപ്പോൾ ചോദ്യം മലയാളത്തിൽ അല്ലാത്തതു കൊണ്ടു മറുപടി പറയാൻ വിസമ്മതിക്കുകയും ചെയ്തതു നമ്മോ സെക്രട്ടറി മനോട്ടു ചെയ്തു കൊള്ളണം.

മി, തയ്യുള കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും). വിദേശകമ്പനികൾക്കു സ്വദേശികൾ പതിച്ചു വിററതായി എനിക്കു യാതൊരറിവുമില്ല.

മി: താമരക്കുളത്തിൽ കൊച്ചുകുഞ്ഞിത്തൊമ്മൻ (പത്തനംതിട്ട). തിരുവിതാംകൂറിനു വെളിയിൽ തിരുവിതാംകൂർകാർക്കു സ്ഥലം വാങ്ങിക്കുന്നതായിട്ടു അറിയാമോ?

മി. തയ്യുള കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും). അവിടെ ധാരാളം സ്ഥലങ്ങൾ ഉണ്ടു്. നമ്മളെപ്പോലെ ദയവുള്ളവരാണു് അവരും, ഇപ്പോൾ നമുക്കു തൊഴിലായി കൃഷിമാത്രമാണു്. കച്ചവടസാധനം കൃഷിസാധനമാണു്. സ്ഥലമില്ലാതെ കൃഷിഇല്ല. അതു കൊണ്ടുവേണം എല്ലാവർക്കും ഉപജീവനം കഴിക്കാൻ സ്ഥലം ഇവിടെ വളരെ കുറവാണു്, ഇപ്പോഴുള്ള സ്ഥലവും കൊടുത്താൽ മേൽക്കുമേൽതൊഴിലില്ലാതെ കഷ്ടപ്പെടേണ്ടിവരുന്ന ജനങ്ങൾ എന്തു ചെയ്യും? മററുള്ളവരെ നാം ഉപചരിക്കണം. എന്നാൽ അതിൽ നമ്മുടെ ഭക്ഷണത്തിനുതാതിരിക്കയുമരുതു്, നാം മര്യാദയോടെയിട്ടും സുഖത്തോടും പ്രവൃത്തിക്കുന്നവരായിരിക്കണം, വിദേശികളോടു നാം മര്യാദയുള്ളവരായിരിക്കണം, എന്നാൽ വിദേശികൾക്കു അങ്ങേക്കുറിൽ കൂടുതൽകൊടുക്കാൻ പാടില്ലെന്നു പറയാം, ഒട്ടും കൊടുക്കാൻ പാടില്ലെന്നു പറയുന്നതു ഒട്ടും സ്വീകാര്യമല്ല, അതിനാൽ രാജ്യത്തിന്റെ നന്മയെ ഉദ്ദേശിച്ചു്, കൃഷിക്കാരായ ഭാവി സന്തതികളോടു കൂടി ഉത്തരവാദം പറയേണ്ടതിനു ചുമതലപ്പെട്ട നിലയിൽ പൊതുജനങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്ന എല്ലാമാന്യന്മാരും രാജ്യത്തിന്റെ ഭാവി ശ്രേയസ്സിനെ കരുതി അവതരിപ്പിച്ചിട്ടുള്ള ഈ പ്രമേയത്തെ അനുകൂലിച്ചു വോട്ടുചെയ്യുമെന്നുള്ള വിശ്വാസത്തോടെ ഈ പ്രമേയത്തെ വോട്ടിനിടണമെന്നു അപേക്ഷിക്കുന്നു.

മി. ഡി. ഫ്രാൻസിസ് (ഗവണ്മെൻറു നിയമനം), പ്രമേയത്തെ പിൻതാങ്ങുന്നതായി ഞാൻ എഴുന്നേൽക്കുന്നു.

പ്രൈസിഡെൻറ: അവതാരകന്റെ മറുപടിക്കു ശേഷം നിങ്ങൾക്കു സംസാരിക്കാൻ പാടില്ല.

മി: തയ്യുള കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): പ്രമേയം വോട്ടിനിടണമെന്നു അപേക്ഷിക്കുന്നു.

പ്രമേയം വോട്ടിനിട്ടതിൽ തള്ളപ്പെട്ടു പോയി.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): പോൾ എടുക്കണം.

പോൾ എടുത്തതിന്റെ ഫലം താഴെകാണും പ്രകാരമായിരുന്നു.

അനുകൂലം ൧൮.

൧.	മിസ്റ്റർ	വി. ചെല്ലംപിള്ള	൧൦.	മിസ്റ്റർ	കെ. മാധവൻപിള്ള
൨.	,,	എ. എസ്. ദാമോദരൻആശാൻ	൧൧.	,,	മത്തു മുരിക്കൻ
൩.	,,	എ. ജി. മേനോൻ	൧൨.	,,	കെ. പി. നീലകണ്ഠപ്പിള്ള
൪.	,,	ഇട്ടൂപ്പ് ഇട്ടീച്ചൻ	൧൩.	,,	വി. കെ. ഉമ്മൻ
൫.	,,	ആർ. കേശവപിള്ള	൧൪.	,,	ഉരുവേലിൽ പാച്ചുപ്പിള്ള
൬.	,,	ടി. സി. കേശവപിള്ള	൧൫.	,,	കെ. പത്മനാഭപ്പണിക്കർ
൭.	,,	താമരപ്പള്ളിൽ കൊച്ചുതൊമ്മൻ	൧൬.	,,	കെ. ജി. പരമേശ്വരൻപിള്ള
൮.	,,	എൻ. കെ. കൃഷ്ണപിള്ള	൧൭.	,,	ആർ. രാമൻപിള്ള
൯.	,,	തയ്യിൽ കുഞ്ഞിത്തൊമ്മൻ	൧൮.	,,	രേവതിനാൾ രാമവർമ്മരാജാ

പ്രതികൂലം ൨൪.

൧.	മിസ്റ്റർ	എൽ. ജി. ബിഷപ്പ്	൧൩.	മിസ്റ്റർ	എസ്. സി. എച്ച്. റോബിൻസൺ
൨.	,,	ഐ. സി. ചാക്കോ	൧൪.	,,	ആർ. വൈദ്യലിംഗംപിള്ള
൩.	,,	ആർ. ധനുക്കോടിപ്പിള്ള	൧൫.	,,	എ. വൈപ്പൻ
൪.	,,	കെ. ജാർജ്	൧൬.	,,	ഡി. ഫ്രാൻസിസ്
൫.	,,	പി. ഗോമതിനായകംപിള്ള	൧൭.	,,	ഡി. സി. ജോസഫ്
൬.	,,	പി. എൻ. കൃഷ്ണപിള്ള	൧൮.	,,	കെ. എൻ. കേശവൻ നംപൂതിരിപ്പാട്
൭.		റാവുസാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള	൧൯.		റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ
൮.	മിസ്റ്റർ	കയ്യാലം പരമേശ്വരൻപിള്ള	൨൦.	മിസ്റ്റർ	എൽ. എ. ഖാമ്പാർഡ്
൯.		ഡോക്ടർ കെ. രാമൻതമ്പി	൨൧.	,,	പി. എസ്. മഹമ്മദ്
൧൦.	മി:	കെ. എൻ. രാമസുബ്ബയ്യർ	൨൨.	,,	എച്ച്. ബി. മഹമ്മദ്റാവുത്തർ
൧൧.	,,	ടി. പി. രാമസുബ്ബയ്യർ	൨൩.	,,	ജി. പി. നീലകണ്ഠപ്പിള്ള
൧൨.	റാവുബഹദൂർ	കെ. വി. ജെസ്യാമി അയ്യങ്കാർ	൨൪.	,,	എസ്. പിറവിപ്പെരുമാൾപിള്ള

നിഷ്പക്ഷം ൪.

൧.	മിസ്റ്റർ	വി. എസ്. കൃഷ്ണപിള്ള
൨.	,,	എ. സി. കയ്യാക്കോസ്
൩.	,,	എൽ. ആർ. രാജരാജവർമ്മകോയിൽ തമ്പുരാൻ
൪.	,,	എ. താണുപിള്ള

പ്രമേയം തള്ളപ്പെട്ടുപോയതായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

താഴെ പറയുന്ന രണ്ടു പ്രമേയങ്ങൾ അവതരിപ്പിച്ചില്ല.

ആക്ടിങ് മജിസ്ട്രേട്ടന്മാരെ സ്ഥിരപ്പെടുത്തുക.

(൧) മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): മൂന്നുവർഷക്കാലം ഇടവിടാതെ ആക്ട് ചെയ്തിട്ടുള്ള എല്ലാ മജിസ്ട്രേട്ടന്മാരേയും അവരവരുടെ ഉദ്യോഗത്തിൽ സ്ഥിരപ്പെടുത്തണമെന്നു ഈ സഭ ഗവർണ്മെന്റ്നോടു ശിപാർശ ചെയ്യുന്നു.

സ്റ്റാഫ്സിലെക്ഷൻബോർഡ്.

(൨) മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തുനാടും): സർക്കാർ ഉദ്യോഗങ്ങൾക്കു ആളെ തിരഞ്ഞെടുക്കുന്നതിനു ഒരു സ്റ്റാഫ്സിലെക്ഷൻ ബോർഡ് രൂപീകരിക്കണമെന്നു ഈ സഭ ഗവർണ്മെന്റിനോടു ശിപാർശ ചെയ്യുന്നു.

രാജ്യഭരണച്ചെലവു സംബന്ധിച്ച് ഒരു കമ്മിററിയുടെ രൂപീകരണം.

പ്രെസിഡെൻറ്: ഇനിയത്തെ പ്രമേയം മിസ്റ്റർ ആർ. രാമൻപിള്ളയുടെ പേരിൽ ഉള്ളതാണ്.

രാജ്യഭരണച്ചെലവു സംബന്ധിച്ച് ഒരു കമ്മിററിയെപ്പററിയുള്ള പ്രമേയം.

മി: ആർ. രാമൻപിള്ള (കോട്ടയം): ഞാൻ എന്റെ പ്രമേയത്തെ അവതരിപ്പിക്കുന്നു.

"രാജ്യഭരണച്ചെലവു കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു തിരഞ്ഞെടുക്കപ്പെട്ട അനുദ്യോഗസ്ഥ ഭൂരിപക്ഷമുള്ള ഒരു കമ്മിററിയെ താമസം കൂടാതെ നിയമിക്കണമെന്നു ഈ സഭ ഗവർണ്മെന്റിനോടു ശിപാർശചെയ്യുന്നു".

പ്രെസിഡെൻറ്: മെംബറിന്റെ സ്വന്തം പ്രസ്താവനപ്രകാരം അദ്ദേഹത്തിനു ഇംഗ്ലീഷറിഞ്ഞു കൂടാ. മെംബറിനു മലയാളത്തിൽ സംസാരിക്കാനും മലയാളത്തിൽ ഉരുപടി പറയാനും കൊടുത്തിട്ടുള്ള അനുവാദം പിൻവലിച്ചിരിക്കുന്നു എന്നു കുറിച്ചു കൊള്ളുക.

മി: ആർ. രാമൻപിള്ള (കോട്ടയം): എന്റെ മുമ്പാകെ വെച്ചിട്ടുള്ള പ്രമേയം ഇംഗ്ലീഷിലാണ്. അതു ഞാൻ വായിച്ചു എന്നേയുള്ളു.

പ്രൈസിഡൻറ്: മലയാളത്തിൽ സംസാരിക്കാൻ അദ്ദേഹത്തിനു കൊടുത്തിട്ടുള്ള അനുവാദം പിൻവലിച്ചിരിക്കുന്നു.

മി: എം. താണുപിള്ള (തിരുവനന്തപുരം): നടപടിക്രമം സംബന്ധിച്ചു ഒന്നു ചോദിച്ചുകൊള്ളുന്നു. മലയാളത്തിൽ സംസാരിക്കുവാൻ അനുവാദമുള്ള മെമ്പറന്മാരുടെ കാര്യത്തിൽ പ്രമേയം ആ ഭാഷയിൽ അവരുടെ മുമ്പാകെ വയ്ക്കേണ്ടുന്നതെജിസ്ലേറ്റീവ് ഡിപ്പാർട്ടുമെൻറിൻെറ ചുമതലയല്ലയോ?

പ്രൈസിഡൻറ്: അല്ല. സഭയിലെ ഭാഷ ഇംഗ്ലീഷാണു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): നടപടിക്രമം സംബന്ധിച്ചു ഒന്നു പറഞ്ഞുകൊള്ളുന്നു. ഒരു മെമ്പറിനു ഇംഗ്ലീഷ് വായിക്കാൻ കഴിയും. എന്നാൽ ഇംഗ്ലീഷിൽ നല്ലപോലെ സംസാരിക്കാൻ കഴികയില്ലെന്നുവരാം.

പ്രസിഡൻറ്: മെംബറിനു ഇംഗ്ലീഷിൽ സംസാരിക്കാൻകഴിയുമെന്നു എനിക്കറിയാം.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, ഈ പ്രമേയത്തെ ഞാൻ സഭയുടെ ആലോചനയ്ക്കും സ്വീകരണത്തിനുമായി അവതരിപ്പിച്ചുകൊള്ളുന്നു. എനിക്കു ഇംഗ്ലീഷിൽ പൂർണ്ണമായി സംസാരിക്കാൻകഴികയില്ല. അനേകം തെററുകളും ഉണ്ടാക്കിയേക്കാവുന്നവരാം. സ്നേഹിതന്മാരും സന്ദർശകന്മാരും ചിരിച്ചു എന്നുവരാം. എന്നാൽ അതിനെ ഞാൻ കാര്യമായി വിചാരിക്കുന്നില്ല. ഗവണ്മെൻറു പ്രമേയത്തെ ഇംഗ്ലീഷ്ഭാഷയിൽ എൻെറമുമ്പാകെ വെച്ചതുനു, അതുകൊണ്ടു ഇംഗ്ലീഷിൽ ഞാൻ വായിക്കുകയുംചെയ്തു. ഞങ്ങളുടെ ക്രമക്കേടാണെന്നു പ്രസിഡൻറു വിചാരിക്കുന്നു. ആ തീർച്ചയെ പ്രതിഷേധിക്കാൻ എനിക്കു കഴികയില്ലല്ലോ.

ഗവണ്മെൻറിൻെറ ചെലവു ഏറെറവും കൂടുതലായിതീർന്നിരിക്കുന്നു എന്നാണു എൻെറ അഭിപ്രായം. പ്രമേയത്തിൽ ഞാൻ ആദ്യം ഉപയോഗിച്ചിരുന്ന പദങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്നില്ല. ചില പദങ്ങൾ പ്രസിഡൻറിൻെറ കല്പനപ്രകാരം എടുത്തുകളഞ്ഞിരിക്കുന്നു. ഭരണച്ചെലവു എങ്ങനെ ഇരുപതധികമായി എന്നു സഭയെ ബോദ്ധ്യപ്പെടുത്തുവാൻ സാമർത്ഥ്യം കുറഞ്ഞ എനിക്കു കഴികയില്ല. പല ഡിപ്പാർട്ടുമെൻറുകളിലും ആവശ്യത്തിലധികം ഉദ്യോഗസ്ഥന്മാരുണ്ടു്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു്): തിരുവിതാംകൂറിലെ ചെലവിൻെറ ശതമാനം പറയുമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ഭരണച്ചെലവു ഏകദേശം വും ലക്ഷംരൂപായും മുതലായിട്ടുള്ള വരവു ലക്ഷം രൂപായും ആകുന്നു എന്നു തോന്നുന്നു. അതുകൊണ്ടു ചെലവു നൂറു ശതമാനം ആയിരിക്കും.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു്): കൊച്ചിയിലെ ചെലവു എത്രയാണു്?

മി: ആർ. രാമൻപിള്ള (കോട്ടയം): ഞാൻ അതു നോക്കിയില്ല. മററുരാജ്യങ്ങളിലെ കാര്യങ്ങൾ ഇവിടെ ഉദ്ധരിക്കാൻ പാടില്ലെന്നു പ്രസിഡൻറു ഉത്തരവിട്ടിട്ടുണ്ടു്. അതുകൊണ്ടു മററുരാജ്യങ്ങളിലെ പുസ്തകങ്ങൾ പരിശോധിച്ചു എൻെറ സമയം നഷ്ടപ്പെടുത്താൻ ആവശ്യമുണ്ടെന്നു ഞാൻ വിചാരിച്ചില്ല.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫൈനാൻഷ്യൽ സെക്രട്ടറി): മെമ്പർ "ഭരണച്ചെലവു" എന്നു പറയുന്ന പദത്തിൻെറ കൃത്യമായ അർത്ഥം എന്താണെന്നു പറയുമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കു കൊടുക്കുന്ന ശമ്പളമെന്നാണു——

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അദ്ധ്യാപകന്മാരും ഡോക്ടർമാരും ഉൾപ്പെടുമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): പ്രാഥമികസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നു വളരെ അപേക്ഷിച്ച ഒരാളാണു ഞാൻ. അതുകൊണ്ടു തിരുവിതാംകൂറിലെ എല്ലാഉദ്യോഗസ്ഥന്മാരുടെയും ശമ്പളംകുറയ്ക്കണമെന്നുള്ള പക്ഷക്കാരനല്ലഞാനെന്നുസഭവിചാരിച്ചാൽന്യായമായിരിക്കും. സാധുക്കളായഅദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചു അവരുടെ സ്ഥിതിനന്നാക്കുന്നതിനു കഴിയുംവണ്ണം ശ്രമിച്ചു ഫൈനാൻസ്കമ്മിററിമെമ്പർമാരോടും ഗവണ്മെൻറിനോടും എനിക്കുള്ള കൃതജ്ഞതയെ പ്രദർശിപ്പിക്കുന്നതിനു ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളുന്നു. ഇൻഡ്യാക്കാരായ ഞങ്ങൾക്കു ബുദ്ധിശക്തി കുറവാണെന്നു പറയുന്നു്. എന്നാൽ ബുദ്ധിശക്തികുറഞ്ഞ ഒരു ഇൻഡ്യൻ വിദ്യാഭ്യാസമേലധികാരിആയി വന്നപ്പോൾ തിരുവിതാംകൂറിലെ വെർണാക്കുലർസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവും സ്ഥിതിയും ഇന്നവിധം നന്നാക്കാമെന്നു അദ്ദേഹത്തിനു ഗവണ്മെൻറിനോടു ഉപദേശിപ്പാൻ കഴിഞ്ഞു.

ഒന്നാമതായി നീതിന്യായവകുപ്പിൻെറ കാര്യം എടുക്കാം. ഞാൻ ഏഴു വർഷത്തിലധികം ജുഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ ഒരുദ്യോഗസ്ഥൻ ആയിരുന്നു. ഞാൻ ജോലിചെയ്തിട്ടുള്ള വകുപ്പുകളിലെല്ലാം ഒരു മണിക്കൂർമാത്രം ജോലിചെയ്തു കടിശിഖകൂടാതെ കഴിച്ചുകൂട്ടാൻ എനിക്കു കഴിഞ്ഞു. എൻെറ വകുപ്പിൽ കടിശിഖഇട്ടു എന്നുപറഞ്ഞു എന്നെ ശാസിക്കാൻ എൻെറ മേലധികാരിമാർക്കു അവസരം കൊടുത്തിട്ടില്ല. ഇപ്പോൾ ആവശ്യത്തിലധികം സിൽബന്തികൾ ഉണ്ടു്. ജുഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ പകർപ്പുഗുമസ്തന്മാർ യാതൊരു ജോലിയും ചെയ്യാതെ അങ്ങുമിങ്ങും അലഞ്ഞുനടക്കയാണു ചെയ്യുന്നു്. പത്തിനഞ്ചോ ഇരുപതോ പകർപ്പുഗുമസ്തന്മാർ ഉള്ള കോടതികളിൽ അവർ ചെയ്യുന്ന ജോലിയുടെ കണക്കു വരുത്തിനോക്കിയാൽ അതു നിത്യപാതിപേക്ക ചെയ്യാവുന്ന ജോലിയെ അവർ എല്ലാവരും കൂടെ ചെയ്യുന്നുള്ളു എന്നു കാണാവുന്നതാണു. ഇപ്രകാരം തന്നെ ശിപായിമാരും ആമീൻമാരും വേണ്ടുവോളം ജോലിചെയ്യാതെ അവരുടെ സമയം നഷ്ടപ്പെടുത്തുകയാണു ചെയ്യുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): പകർപ്പുഗുമസ്തന്മാരുടെ കാര്യത്തിൽ ഓരോ പകർപ്പുഗുമസ്തനും ഇത്രജോലി ചെയ്യണമെന്നു ക്രമപ്പെടുത്തിയിട്ടില്ലയോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അവരുടെ പ്രവൃത്തിവിവരം കണക്കുവരുത്തിനോക്കിയാൽ അവർ ദിനംപ്രതി ശരാശരിക്കു പത്തുപുറംപോലും എഴുതുന്നില്ല എന്നു കാണാവുന്നതാണു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതു ക്രമപ്രകാരമുള്ളതല്ലേ കുറവാണോ?

മി. ആർ. രാമൻപിള്ള (കോട്ടയം): അതേ, ക്ലപ്തസംഖ്യയിൽ കുറവാണ്. ചില പകർപ്പുഗുമസ്തന്മാരുടെ ജോലി ഉദാസീനന്മാരായ ഗുമസ്തന്മാരുള്ള വകുപ്പുകളിൽ വേലചെയ്യുകയാണ്. ഇനി വലിയഉദ്യോഗസ്ഥന്മാരുടെകാര്യം പറഞ്ഞാൽ ജഡ്ജിമാരിൽ അധികംപേരും ൧൦ മണികഴിഞ്ഞു കോടതിയിൽ വരുന്നതായിട്ടാണ ഞാൻ കണ്ടിട്ടുള്ളത്. ഒന്നുമില്ലെങ്കിൽ അവരിൽ പാതിപേർ ൧൦ മണികഴിഞ്ഞാണ വരുന്നതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ശവർണ്ണമെന്റിയമനം ഡിപ്യൂട്ടിപ്രസിഡൻറ്): ജുഡിഷ്യൽഉദ്യോഗസ്ഥന്മാർക്ക ഉദ്യോഗസംബന്ധമായ ചുരുപാടുജോലി വീട്ടിൽവെച്ചു ചെയ്യാനുണ്ടെന്നു മെമ്പർക്കറിവുണ്ടോ?

മി: ആർ. രാമൻപിള്ള (കോട്ടയം): എനിക്കറിയാം. അവരിൽ പലരെയും ഞാൻ സഹായിച്ചിട്ടുണ്ട്. ജഡ്ജിമാരിലും മുൻസിപ്പന്മാരിലും പലരും വേണ്ടുംവണ്ണം ജോലിചെയ്യുന്നില്ല.

മി: കൃഷ്ണപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): അദ്ധ്യാപകന്മാരുടെ എണ്ണംകുറയ്ക്കണമെന്നു മെമ്പർ ശുപാർശചെയ്യുമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അവരുടെ എണ്ണം കുറയ്ക്കാം ശമ്പളമല്ല.

മി: കൃഷ്ണപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഈ സംസ്ഥാനത്തെ ഡോക്ടർമാരുടെ എണ്ണം മെമ്പർ കുറയ്ക്കുമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ഇല്ല.

മി: കൃഷ്ണപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): അവരുടെ ശമ്പളം കുറയ്ക്കണമെന്നു മെമ്പർ വിചാരിക്കുന്നുവോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ഇല്ല, കുറയ്ക്കണം.

മി: കൃഷ്ണപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഈ പ്രമേയത്തിന്റെ വ്യാപ്തിയിൽനിന്നു മെഡിക്കൽഡിപ്പാർട്ടുമെന്റിനെ മെമ്പർ ഒഴിവാക്കുമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ഉവ്വ്. റവന്യൂഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു പറയാം. ദേവസ്വംവക ജോലികൾ തഹസീൽദാരന്മാരിൽനിന്നു എടുത്തുകളഞ്ഞിരിക്കുന്നു. ക്രിമിനൽ ജോലിയും ഇപ്പോൾ എടുത്തുകളഞ്ഞിരിക്കുന്നു. തഹശീൽദാരന്മാരിപ്പോൾ കരംപിരിവു ജോലിയും എൽ. ആർ. എം. ജോലിയും മാത്രം നടത്തിയാൽ മതി. അങ്ങനെയിരിക്കെ താലൂക്കുകച്ചേരികളിൽ ഒരു സൂപ്പർവൈസരുടെയും ഡിപ്യൂട്ടി സൂപ്പർവൈസരുടേയും ആവശ്യം എന്താണെന്നു ഞാൻ കാണുന്നില്ല. പാവപ്പെട്ടകാരന്മാരും അക്കൂട്ടത്തിലുള്ളവരും ആവശ്യം വന്നാൽ കുറെ തൽക്കാലഉദ്യോഗസ്ഥന്മാരും ജോലി നടത്താൻ മതിയാകും.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാണ്ട്റെവന്യൂവും ആദായനികുതിയും കമ്മീഷണർ): തഹസീൽദാർ ഓരോ പുറമ്പോക്കും സന്ദർശിക്കയും ഓരോ പുതുവൽ അപേക്ഷയും പരിശോധിക്കയും ചെയ്യണമെന്നു നിർബന്ധമല്ലയോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അതേ.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാണ്ട്റെവന്യൂവും ആദായനികുതിയും കമ്മീഷണർ): ഒരു താലൂക്കിൽ ഒരു മാസം ശരാശരി എത്ര ഹർജികൾ വരുന്നുണ്ടെന്നു മെമ്പർക്കു അറിയാമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): എത്ര ഹർജികൾ വീതം വരുന്നുണ്ടെന്നു എനിക്കു നിശ്ചയമില്ല. അനേകം ഹർജികൾ വരുന്നുണ്ടെന്ന് എനിക്കറിയാം.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാണ്ട് റെവന്യൂവും ആദായനികുതിയും കമ്മീഷണർ) ൪൦൦൦ത്തോളം ഹർജികൾ വരുന്നുണ്ടെന്നു ഞാൻ പറഞ്ഞാൽ മെമ്പർ സ്വീകരിക്കുമോ. ൫൦൦൦ പുതുവൽ ഹർജികൾ ആണ്.

മി: ആർ. രാമൻപിള്ള (കോട്ടയം): ഡിപ്പാർട്ടുമെന്റുമേലധികാരി പറയുന്നതു വിശ്വസിക്കാതെ തരമില്ല.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാണ്ട് റെവന്യൂവും ആദായനികുതിയും കമ്മീഷണർ): ഇതിനുപുറമേ തഹസീൽദാർ സ്ഥലപരിശോധന നടത്തേണ്ടുന്ന പുറമ്പോക്കുഹർജികളും ഉണ്ടെന്ന് മെമ്പർക്കറിയാമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ഉവ്വ്.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാണ്ട് റെവന്യൂവും ആദായനികുതിയും കമ്മീഷണർ): ഒരു തഹസീൽദാർ ഖജനാവു ചാർജ്ജുംവഹിക്കണമെന്നും മെമ്പർക്കറിവുണ്ടോ?

പ്രെസിഡൻറ്: നിങ്ങൾ അദ്ദേഹത്തെ എതിർവിസ്താരം ചെയ്യുന്നതു കണ്ടിട്ടു ഞാൻ വ്യസനിക്കുന്നു. നിങ്ങളുടെ പ്രസംഗത്തിൽ അതെല്ലാം നിങ്ങൾക്കു പറയാമല്ലോ.

മി: ആർ. രാമൻപിള്ള (കോട്ടയം); തഹസീൽദാരുടെ ക്രിമിനൽജോലി എടുത്തുകളഞ്ഞിരിക്കുന്നു. ഇപ്പോൾ പല തഹസീൽദാരന്മാർക്കും ഖജനാവുചാർജ്ജും ഇല്ല. ചില തഹസീൽദാരന്മാർ ട്രെഷറി ഉദ്യോഗസ്ഥന്മാരാകയാൽ അവർക്കു ഖജനാവു ചാർജ്ജും ഉണ്ടായിരിക്കും. തഹസീൽദാരന്മാർക്കു കുറച്ചെല്ലാം ഉത്തരവാദിത്വം ഉണ്ടെങ്കിലും മുഴുവൻ ഉത്തരവാദിത്വം ട്രെഷറി ഉദ്യോഗസ്ഥന്മാർക്കാണ്.

പോലീസ് ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിൽ പോലീസ് അസിസ്റ്റൻറു സൂപ്രണ്ടന്മാരെക്കൊണ്ടുള്ള ആവശ്യം എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. തഞ്ചാവൂരിൽ എത്ര പോലീസ് സൂപ്രണ്ടന്മാർ ഉണ്ടെന്നു കമ്മീഷണർ പറയട്ടെ. ഞാൻ മററു രാജ്യങ്ങളിലെക്കാര്യം പറയാൻ തുടങ്ങിയാൽ എന്റെ വാദം നിറുത്താൻ പറയും. അതിനാൽ ഞാൻ അതേപ്പററി പറയാൻ വിചാരിക്കുന്നില്ല. തഞ്ചാവൂരു മിക്കവാറും തിരുവിതാംകൂറിനോടു സമവിസ്തീർണ്ണമുള്ള ഒരു ഡിസ്ട്രിക്ടാണ്.

മി: കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ); തഞ്ചാവൂർ തിരുവിതാംകൂറിന്റെ ഏകദേശം പാതിയേ ഉള്ളു എന്നു മെമ്പർക്കറിയാമോ? ഞാൻ ഒരു തഞ്ചാവൂരുകാരനാണ്.

മി: ആർ. രാമൻപിള്ള (കോട്ടയം); പാതിയിലധികം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ); അതു തിരുവിതാംകൂറിനോടു സമമല്ലല്ലോ.

മി: ആർ. രാമൻപിള്ള (കോട്ടയം); ഏകദേശം സമം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ); ഏകദേശം സമം പോരിയല്ല.

മി: ആർ. രാമൻപിള്ള (കോട്ടയം); പോലീസ് ഭരണം സംബന്ധിച്ചേടത്തോളം തഞ്ചാവൂരിന്റെ പിന്തുടർച്ചയ്ക്കു തിരുവിതാംകൂറിനോടു സമമാണ്. തിരുനെൽവേലി തിരുവിതാംകൂറിനേക്കാൾ വലുതാണെന്നു തോന്നുന്നു. എനിക്കറിയാവുന്നിടത്തോളം എ.എസ്. പിമാരുള്ളതു് ജോലിക്കൊരു വിഘ്നമാണ്. ഇൻസ്പെക്ടർമാരിൽ പലരും ബി. ഏക്കാരും ബി. എൽ.കാരും ആകുന്നു. അവർ ഉത്തരവാദിത്വബോധമുള്ള ഉദ്യോഗസ്ഥന്മാരാണ്, അവർ അവരുടെ ധർമ്മം അനുഷ്ഠിക്കാതിരിക്കയില്ല. ആ ഇൻസ്പെക്ടർമാരുടെ മേലന്വേഷണത്തിനു വേണ്ടുവോളം പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർ ഉണ്ട്. എ. എസ്. പി.മാരെ കുറച്ചാൽ ഗവണ്മെന്റിനു വലിയ ലാഭം ഉണ്ടാകും.

ഇങ്ങനെതന്നെ എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിലും. ഈയിടെ ഒരുകൂട്ടം സബ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. അതു മാറിപ്പോയ എക്സൈസ് കമ്മീഷണരുടെ ശിപാർശപ്രകാരം ചെയ്തതാണ്. അതും അനാവശ്യവും വേണ്ടതിലധികവും ആകുന്നു എന്നു ഞാൻ വിചാരിക്കുന്നു. എക്സൈസ് കമ്മീഷണർക്കു പുറമേ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും ഇൻസ്പെക്ടർമാരും ഉണ്ട്. അസിസ്റ്റന്റ് എക്സൈസു കമ്മീഷണർമാരിൽ ചിലരെയും പിരിച്ചുവിടാം. എക്സൈസു കമ്മീഷണർക്കു സംസ്ഥാനം ഒട്ടുക്കുള്ള മേലന്വേഷണം നടത്താൻ കഴിയും. ഇങ്ങനെ ഓരോ ഡിപ്പാർട്ടുമെന്റും എടുത്തുനോക്കിയാൽ ചിലവു കുറയ്ക്കാൻ വഴികാണും, ഒരു കമ്മിററിയെ നിയമിക്കണമെന്നു മാത്രമേ എനിക്കപേക്ഷയുള്ളു. ഞാൻ കാര്യങ്ങളെയോ അന്വേഷണം കഴിച്ചു റിപ്പോർട്ടു ചെയ്യാൻ ഒരു കമ്മിററിയെ നിയമിച്ചാൽ ഉണ്ടാകാവുന്ന ആദായത്തെയോ സംബന്ധിച്ചു വിചാരമായി ഒന്നും പറഞ്ഞില്ല. ഈ ചില പ്രസ്താവനകളോടുകൂടെ ഈ പ്രമേയത്തെ ഞാൻ ആലോചനയ്ക്കും സ്വീകാരത്തിനുമായി സഭാമുമ്പാകെ വെക്കുന്നു.

പ്രെസിഡെന്റ്: ഈ സഭയിലെ വാദങ്ങളിൽ വിദേശങ്ങളിലെ സംഭവങ്ങൾ പ്രസ്താവിപ്പാൻ പാടില്ലെന്നു ഞാൻ ഒരുത്തരവു പാസ്സാക്കിട്ടുണ്ടെന്നു ഈ പ്രസംഗികൻ പറഞ്ഞതു് എന്തോ പ്രമാദം വന്നുപോയിട്ടാണെന്നു എനിക്കു തോന്നുന്നു. അദ്ദേഹം പറഞ്ഞതു കേവലം തെററാണ്. ഞാൻ പറഞ്ഞതു് "ആ പ്രത്യേക സംഗതി എടുത്തു പറഞ്ഞതു് ആ വാദത്തിൽ അസംബന്ധമാണ്" എന്നായിരുന്നു. ഇതിനെപ്പററി ഒരുത്തരവുതന്നെ വേണമെന്നു മെമ്പർ മിസ്റ്റർ ആശാൻ ആവശ്യപ്പെട്ടപ്പോൾ എന്റെ മറുപടി ഇങ്ങനെയായിരുന്നു, "ഇതു ക്ലിപ്തപദങ്ങൾ ഉപയോഗിച്ചു ഒരുത്തരവു പാസ്സാക്കാവുന്ന സംഗതിയല്ല. ഓരോന്നും അതാതു കേസിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും" ഇതാണു സംബന്ധത്തെയും അസംബന്ധത്തെയുംപററി പാസ്സാക്കിയ ഉത്തരവു.

മി: ആർ. രാമൻപിള്ള (കോട്ടയം); മേല്പടി പ്രസ്താവത്തിന്നായി ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

പ്രെസിഡെന്റ്; തെററിദ്ധാരണ നീക്കണമെന്നും എല്ലാ മെമ്പർമാരും അതു മനസ്സിലാക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. വിദേശങ്ങളിലെ സംഭവങ്ങൾ വാദത്തോടു സംബന്ധമുള്ളതോ ഇല്ലാത്തതോ എന്നു ഓരോന്നിന്റെയും സ്വഭാവവും സന്ദർഭവുംനോക്കിതീർച്ചയാക്കേണ്ടതാണ്. അതായതു യുക്തംപോലെ പ്രവർത്തിക്കാൻ എനിക്കവകാശം ഉണ്ട്.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും-ദേവികുളവും): സർ, മി: രാമൻപിള്ള ഇവിടെ ഹാജരാക്കിട്ടുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ പ്രമേയം ഭരണസംബന്ധമായ ചിലവുകളുടെ നിയന്ത്രണത്തെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനു അനുദ്യോഗസ്ഥ ഭൂരിപക്ഷമടങ്ങിയ ഒരു കമ്മിററിയെ കഴിയുന്നതും വേഗത്തിൽ ഏർപ്പെടുത്തണമെന്നു ഈ കൌൺസിൽ ഗവർണ്ണരിനോടു ശുപാർശചെയ്യുന്ന ഒന്നാണ്. ഭരണസംബന്ധമായ ചിലവുകളിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളചിലവു വർദ്ധിച്ചുവരുന്നു എന്നുള്ളതു് നാട്ടിൽ പൊതുവെ അറിയാവുന്നതായ ഒരു വാസ്തവമാണ്. മി: രാമൻപിള്ള പ്രസംഗിച്ചതിൽനിന്നു ഞാൻ മനസ്സിലാക്കിയതു ശരിയാണെങ്കിൽ, ഈ രാജ്യത്തെ വരവിന്റെ നൂറു ശതമാനത്തിൽ അധികം ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന്നായി ചിലവാക്കിവരുന്നതു ന്യായമല്ല; അതിനെ കഴിയുന്നിടത്തോളം നിയന്ത്രിച്ചു, ഈ ശമ്പളച്ചിലവിനെ കുറവാക്കി, ഭരണക്രമത്തിനു ഹാനിവരാതിരിക്കത്തക്കവണ്ണമുള്ള ഒരു ഘടനയുണ്ടാക്കുന്നതിലേക്കു വേണ്ട സംഗതികൾ നിർദ്ദേശിക്കുന്നതിനു, ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മിററിയെ നിയമിക്കണമെന്നാണ് മി: രാമൻപിള്ളയുടെ നിർദ്ദേശത്തിന്റെ പ്രധാനഭാഗമെന്നു ഞാൻ മനസ്സിലാക്കുന്നു. തിരുവിതാംകൂറിലെ ഇപ്പോഴത്തെ സകല പരിഷ്കാരങ്ങൾക്കും ഹേതുഭൂതൻ എന്നു പരിപൂർണ്ണമായി സമ്മതിക്കപ്പെടുന്നതും, ഈ രാജ്യവാസികളുടെ സ്ഥിരമായ സ്മരണയ്ക്കർഹനമായ ശ്രീമൂലം തിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു രാജ്യഭാരം ആരംഭിച്ചപ്പോൾ രാജ്യത്തിൽ ഒട്ടുക്കുണ്ടായിരുന്നവരവിൽ ഇലോം കൂടുതലാണ് ഇപ്പോഴത്തെ ശമ്പളച്ചിലവു. ആ മഹാരാജാവു രാജ്യഭാരം ചെയ്തിരുന്നകാലത്തു നമ്മുടെ രാജ്യത്തു ധാരാളം വരവുണ്ടായിരുന്നു. ആ വരവിൽ, നിസ്സാരമല്ലാത്ത ഒരു തുകയിൽ കൂടുതൽ വരത്തക്കവണ്ണമുള്ള ഒരു ചിലവാണ്, ശമ്പളംവകയ്ക്കു തിരുവിതാംകൂറിൽ അന്നു ചിലവുചെയ്തുകൊണ്ടിരുന്നതെന്നും അറിയാം. ആ രാജർഷിയുടെ ഭരണംതുടങ്ങി ൪൨ സംവത്സരത്തിനിടയിൽ ആരംഭത്തിലുണ്ടായിരുന്നതുകയിൽനിന്നു ഇലോം വലുതായ ഒരു തുക ശമ്പളംവകയ്ക്കു ചിലവാക്കിക്കൊണ്ടിരുന്നതിനുശേഷം, രാജ്യത്തിന്റെ നന്മയ്ക്കും ജനങ്ങളുടെ ക്ഷേമത്തിന്നുമായി, ആ രാജർഷിയുടെ നിരീക്ഷണത്തിന്റെയും പരീക്ഷണത്തിന്റെയും ഫലമായി, അവിടത്തെ കൃഷ്ണാതിരേകത്താൽ ലഭിച്ചിരിക്കുന്ന ഒരു സ്ഥാപനമാണ് ഈ ജനപ്രതിനിധി സഭ, അങ്ങിനെയുള്ള ഒരു ജനപ്രതിനിധി സഭയിൽനിന്നും, ഗവണ്മെന്റു മുതലിനെ സംരക്ഷിച്ചു, ചിലവുകളെ നിയന്ത്രിച്ചു, രാജ്യത്തിന്റെ ക്ഷേമത്തിനുപയുക്തമായവിധത്തിലുള്ള ഏർപ്പാടുകൾ ചെയ്യണമെന്നു നിർദ്ദേശിക്കുന്ന നിർദ്ദേശങ്ങളോടു ഗവണ്മെന്റു പ്രതിപത്തി കാണിക്കണം. ഇതിനെ പുരസ്കരിച്ചു ആലോചിക്കയാണെങ്കിൽ തിരുവിതാംകൂറിൽ ൪൨ വർഷത്തിനുമുമ്പുണ്ടായിരുന്ന ആദായത്തിൽനിന്നും ഇലോം വലുതായതുക

പ്രതിവർഷവും അനുവദിച്ച് ആണ്ടുതോറുമുള്ള ബഡ്ജറ്റിൽ ചേർക്കയും ഉദ്യോഗസ്ഥന്മാരുടെ സംഖ്യ വർദ്ധിപ്പിക്കയും ചെയ്യുന്നതു് ഒട്ടും ആശാസ്യമായിട്ടുള്ളതല്ല.

ഈ ഘട്ടത്തിൽ ചിലവിനു തക്കവണ്ണമുള്ള വരവു വർദ്ധിപ്പിക്കുന്നതിനു ഗവണ്മെൻറു നിർബന്ധിതമാകുന്നു. ജനങ്ങളോടു ആലോചിച്ചു അവർക്കു സങ്കടകരമല്ലാത്തവിധത്തിൽ ഗവണ്മെൻറിൻെറ ആദായം വർദ്ധിപ്പിക്കുന്നതിനു മുടയാകുന്നില്ലെങ്കിൽ രാജ്യത്തിൻെറ ക്ഷേമം ഗുരുതരമല്ലാത്ത ഒരു ഭാവിയിൽ ഏതൊരു നിലയിലേയ്ക്കു നയിക്കപ്പെടുമെന്നുള്ളതും പ്രധാനമായി ആലോചിക്കേണ്ടതായ ഒരു വിഷയമാണ്. ഈ നിലയെ പരിഗണിച്ചു ആലോചിച്ചുനോക്കുമ്പോൾ മിസ്റ്റർ രാമൻപിള്ളയുടെ പ്രമേയം ഈ സഭയുടെ ഗാഢമായ ആലോചനയ്ക്കു യോജിച്ചതാണ്. അതിനാൽ മിസ്റ്റർ രാമൻപിള്ളയുടെ പ്രമേയത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമനം): സർ, മി: രാമൻപിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ എതിർക്കുന്നു. മി: രാമൻപിള്ളയുടെ പ്രസംഗത്തിൽനിന്നും മനസ്സിലാകുന്നതു് ഈ രാജ്യത്തു അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ശമ്പളച്ചിലവുകളെ കുറയ്ക്കണമെന്നുള്ള ഉദ്ദേശത്തിന്മേലാണ് ഈ പ്രമേയം ഇവിടെ ഹാജരാക്കിട്ടുള്ളതെന്നാണ്. എന്നാൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കണമെന്നു അഭിപ്രായപ്പെടാതെ അവരുടെ സംഖ്യ കുറയ്ക്കണമെന്നാണു അദ്ദേഹം ആവശ്യപ്പെടുന്നതു്.

മി: ആർ. രാമൻപിള്ള (കോട്ടയം): പ്രമേയം ഒരു കമ്മിററിയെ നിയമിക്കുന്നതിനാണെന്നറിയാമോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമനം): പ്രമേയം ഒരു കമ്മിററിയെ നിയമിക്കുന്നതിനു ശുപാർശചെയ്യുന്ന ഒന്നാണെന്നറിയാം. എന്നാൽ അദ്ദേഹത്തിൻെറ പ്രസംഗത്തിൽനിന്നും എനിക്കു മനസ്സിലായതു ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുന്നതിനു ഉദ്ദേശിക്കുന്നില്ലെന്നാണ്. ഓരോ ഡിപ്പാർട്ടുമെൻറിലേയും ഉദ്യോഗസ്ഥന്മാരുടെ സംഖ്യ കുറയ്ക്കണമെന്നു എൻെറ മാന്യസ്നേഹിതൻ ആവശ്യപ്പെട്ടു. ആ ഉദ്ദേശത്തെപ്പററിഞ്ഞാലെന്തു ഒന്നു ചിന്തിക്കാം. പോലീസ്ഡിപ്പാർട്ടുമെൻറിൻെറ ഇന്നത്തെ നില നോക്കുന്നപക്ഷം ഇനിയും പോലീസ് സൈന്യത്തിൻെറ സംഖ്യ വർദ്ധിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നതു്. എക്സൈസ് ഡിപ്പാർട്ടുമെൻറിൻെറ സ്ഥിതി ആലോചിച്ചാൽ ന്യായമായ രീതിയിൽ വ്യാജം നടക്കാതെ ഇരിക്കുന്നതിനുവേണ്ടി ആ ഡിപ്പാർട്ടുമെണ്ടിലും കൂടുതൽ ആളുകളെ നിയമിക്കേണ്ടിയിരിക്കുന്നു എന്നു കാണാം. ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽ മുൻസീഫന്മാർ ശരിയായവിധത്തിൽ ജോലി ചെയ്യുന്നില്ല എന്നും അവരുടെ സംഖ്യ ആവശ്യത്തിൽ കൂടുതലാണ് എന്നും എൻെറ മാന്യസ്നേഹിതൻ അഭിപ്രായപ്പെട്ടു. മുൻസീഫന്മാരുടെ ജോലിയെ സംബന്ധിച്ചു എനിക്കു നേരിട്ടു പരിചയമുണ്ടു. ഇന്നു പബ്ലിക്ക് സർവീസിൽ കൂടുതൽ ജോലിചെയ്യുകയും, കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുകയും ചെയ്യുന്ന ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അതു മുൻസീഫന്മാർ മാത്രമാണ്. രാവിലെ ൯ മണിമുതൽ തുടങ്ങി രാത്രി ൧൧ മണിവരെ അവർ ജോലിചെയ്യണം. കച്ചേരിക്കു സാധാരണ ൫ മണിക്കാണവധിക. ആ സമയംവരെ വീട്ടിൽഇരുന്നു ജോലിചെയ്യണം. ആഫീസിൽവന്നാൽ വൈകുന്നേരം ൩ മണിവരെയും ചിലപ്പോൾ—ഇതു് അവർക്കു അനുവദിച്ചുകൊടുത്തിരിക്കുന്ന ഒരു സംഗതിയല്ല—അതിനുശേഷവും ജോലിചെയ്യുന്നുണ്ട്. വീട്ടിൽ ചെന്നാൽ രാത്രി ൧൧ മണിവരെയും ജോലിചെയ്യണം. ഈ അവസ്ഥതന്നെയാണ് ജഡ്ജിമാർക്കും ഉള്ളതു്. ചുരുക്കം ചില സ്ഥലങ്ങളിൽ വല്ല മുൻസീഫന്മാർക്കും ജഡ്ജിമാർക്കും ജോലി കുറവാണോ എന്നുള്ള സംഗതി എനിക്കു നേരിട്ടറിഞ്ഞുകൂടാ. ഏതായാലും ഓരോ ഡിപ്പാർട്ടുമെൻറിലും ഇന്നുള്ള ആളുകൾക്കു വേണ്ടിടത്തോളം ജോലി ഉണ്ടെന്നാണ് എൻെറ വിശ്വാസം.

ഇന്നത്തെ ഈ വമ്പിച്ച ഭരണച്ചിലവിനെ കുറയ്ക്കുന്നതിനു ഒരു മാർഗ്ഗമുണ്ടെങ്കിൽ അതു ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുക എന്നുള്ളതുമാത്രമാണ്. അതുകൊണ്ടു ഇതിലേക്കായി ഒരു കമ്മിററിയെ ഏർപ്പെടുത്തി ആ ചിലവുകൂടി നമ്മുടെ ഗവണ്മെൻറു വഹിക്കേണ്ടതാണെന്നു എനിക്കഭിപ്രായമില്ല. ഇവിടത്തെ ഭരണച്ചിലവുകളെ നിയന്ത്രിക്കുന്നതിനു ഏതെങ്കിലും ഒരു മാർഗ്ഗം നിർദ്ദേശിക്കണമെന്നുണ്ടെങ്കിൽ അതിലേയ്ക്കു ഒരുദ്യോഗസ്ഥനെ സ്പെഷ്യലായി നിയമിച്ചു, ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളിലാണ് ആവശ്യത്തിലധികം ഉദ്യോഗസ്ഥന്മാരുള്ളതു, എവിടെയെല്ലാമാണ് ഉദ്യോഗസ്ഥന്മാരെ കുറയ്ക്കേണ്ടതു്, എന്നു റിപ്പോർട്ടുചെയ്യത്തക്കവണ്ണം വേണ്ട ഏർപ്പാടുചെയ്യുന്നതിനു ശുപാർശചെയ്യുന്ന ഒരു പ്രമേയമായിരുന്നു എങ്കിൽ നന്നായിരിക്കുമായിരുന്നു. ഇങ്ങനെ സുഖമായി സാധിക്കാവുന്ന ഒരു സംഗതിക്കു ഒരു വലിയ സംഖ്യ ഗവണ്മെൻറിനു നിന്നും നഷ്ടപ്പെട്ടു ഒരു കമ്മിററിയെ ഏർപ്പെടുത്തി വേണ്ട അന്വേഷണങ്ങൾ നടത്തണമെന്നുള്ള എൻെറ സ്നേഹിതൻെറ പ്രമേയത്തെ ഞാൻ പ്രതിക്കൂലിച്ചുകൊള്ളുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. രാജ്യത്തിൻെറ പലവിധ പരിപോഷണത്തിനു അധികം പണം വേണമെന്നുള്ളതു സമ്മതിക്കാതെ നിവൃത്തിയില്ല. ഗവണ്മെൻറു വെർണാക്കുലർസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളംകൂട്ടാൻ ആലോചിക്കുന്നുവെന്നു റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ പ്രഖ്യാപനംചെയ്തിട്ടു രണ്ടുദിവസമേ ആയിട്ടുള്ളു. മിഡിൽസ്കൂൾ വിദ്യാർത്ഥികളുടെ സ്കൂൾഫീസു വർദ്ധിപ്പിക്കാനും വിദ്യാർത്ഥിനികളുടെ ശമ്പളം വർദ്ധിപ്പിക്കാനുംകൂടെ ഗവണ്മെൻറിനു ആലോചനയുണ്ടെന്നും അദ്ദേഹം ആ സന്ദർഭത്തിൽ പ്രസ്താവിക്കയുണ്ടായി.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (അക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സ്കൂൾഫീസ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): വിദ്യാർത്ഥിനികളുടെ സ്കൂൾഫീസ് എന്നാണ് ഞാൻ പറയാൻ വിചാരിച്ചതു്. ഈ ആവശ്യങ്ങൾക്കു പണം ഉണ്ടാക്കാൻ ഗവണ്മെൻറിനു ബുദ്ധിമുട്ടില്ലായിരുന്നു എങ്കിൽ കുട്ടികളുടെ സ്കൂൾഫീസ് വർദ്ധിപ്പിക്കാൻ ഗവണ്മെൻറു ആലോചിക്കയില്ലായിരുന്നു എന്നു നിശ്ചയമാണ്. നാട്ടുഭാഷാ മിഡിൽസ്കൂളുകളിൽ കുട്ടികളെ പഠിപ്പിക്കാൻ അയക്കുന്ന കുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി എന്താണെന്നു നമുക്കറിയാമല്ലോ. അങ്ങനെയുള്ള കുട്ടികളുടെ ഫീസു വർദ്ധിപ്പിക്കുന്നതിൻെറ അർത്ഥം ചെലവുകൾ വഹിക്കാൻ പണം ഉണ്ടാക്കുന്നതിനു മാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ ഗവണ്മെൻറു ബദ്ധശ്രദ്ധരായിരിക്കുന്നു എന്നാണ്, നമ്മുടെ സംസ്ഥാനത്തു ഒരു ആരോഗ്യസംരക്ഷണ ഡിപ്പാർട്ടുമെൻറു ഇല്ലെന്നു മിനിഞ്ഞാന്നാണല്ലോ ചീഫ്സെക്രട്ടറി ഈ സഭയിൽ തെളിവായി സമ്മതിച്ചതു. തൃപ്തികരമായ ഒരിടസ്ഥാനത്തുണ്ടെങ്കിൽ ഒരു ആരോ

ര്യസംരക്ഷണഡിപ്പാർട്ടുമെൻറ രൂപീകരിക്കുന്നതിൻെറ ആവശ്യകതയെ നിഷേധിക്കാൻ ഒരിക്കലും കഴികയില്ല. കാര്യക്ഷമതയുള്ള ഒരു ആരോഗ്യസംരക്ഷണഡിപ്പാർട്ടുമെൻറ ഉടനെതന്നെ രൂപീകരിക്കേണ്ടതാകുന്നു. നാം വിദ്യാഭ്യാസസംബന്ധമായി അനവധിപണം ചെലവുചെയ്യുന്നുണ്ട്. എന്നാൽ അല്ല ജനങ്ങളുടെ ആരോഗ്യത്തിൽ ശ്രദ്ധ പതിക്കാതെ അവരുടെ ഒരു വശംമാത്രം പരിപോഷിപ്പിച്ചുകൊണ്ടുപോകയാണെന്നുള്ള സംഗതി പരിതാപകരമാകുന്നു. അങ്ങനെയൊരു ഡിപ്പാർട്ടുമെൻറ ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടിട്ടുകയാകെ അതിൻെറ സംഘടന ഇനി ഒട്ടും താമസിപ്പിക്കാൻപാടില്ല. ഇവിടെ ഒരു ആരോഗ്യസംരക്ഷണഡിപ്പാർട്ടുമെൻറ ഇല്ലാത്തതിനാൽ വിഷൂചിക ഉണ്ടാകുമ്പോൾ ചെയ്യുണ്ടുന്നതായ പല അടിയന്തിരകാര്യങ്ങളും ചെയ്യാനിടവന്നില്ലെന്നു ഇവിടെ പ്രസ്താവിക്കപ്പെടുകയുംചെയ്തുവല്ലോ. വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ തന്നെയും സ്വല്പ ശമ്പളക്കാരായ അദ്ധ്യാപകന്മാർക്ക് ശമ്പളം കൂട്ടിക്കൊടുക്കുന്നകാര്യത്തിനു പുറമേ അനേകം പരിഷ്കാരങ്ങൾ വരുത്താനുണ്ട്. ഉൽകൃഷ്ടവിദ്യാഭ്യാസത്തിൻെറ കാര്യവും ഒരു സർവ്വകലാശാലാ സ്ഥാപനവും ഉണ്ട്. അവയ്ക്കു പണം വേണം. ഈ നാട്ടിലെ കൃഷിയുടെയും വ്യവസായങ്ങളുടെയും പരിപോഷണം അല്ലപോലെതന്നെ പ്രാധാന്യമുള്ള വേറെ സംഗതികളാണ്. തൊഴിലില്ലായ്മ ഒരു വിഷമസ്ഥിതിയെ പ്രാപിച്ചിട്ടുണ്ട്. അതിനുള്ള നിവൃത്തിമാർഗ്ഗത്തെപ്പററി ഗവണ്മെൻറ ഗൌരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു, നമ്മുടെ കൃഷിഡിപ്പാർട്ടുമെൻറ സ്ഥാപിച്ചിട്ടു ഇരുപതു വർഷത്തോളം ആയിരിക്കുന്നു, എന്നാൽ ആകപ്പാടെ നോക്കിയാൽ ആ ഡിപ്പാർട്ടുമെൻറിൻെറ പ്രവൃത്തിമൂലം ഉണ്ടായിട്ടുള്ള ഗുണങ്ങൾ നിസ്സാരമാണ്. നൂക്ക പേരിനൊരു വ്യവസായഡിപ്പാർട്ടുമെൻറുണ്ട്. അതു ആണ്ടുതോറും ഒരു റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തുന്നതല്ലാതെ, രാജ്യത്തിൻെറ ഗുണത്തിന്നായി ഒന്നും ചെയ്യുന്നില്ല. സർ, തങ്ങൾക്കു ആവശ്യമുള്ളേടത്തോളം പണം ഗവണ്മെൻറ അനുവദിച്ചുകൊടുക്കുന്നില്ലെന്നു അവർക്ക് സമാധാനംപറയാം. അതു ഒട്ടൊക്കെ പരമാർത്ഥവുമായിരിക്കും. എന്നായാലും ഈ കാര്യങ്ങൾക്കു ഗവണ്മെൻറ വലിയ വലിയ സംഖ്യകൾ ചെലവുചെയ്യേണ്ടിവരും. കൃഷിസേചനം വേറൊരു പ്രധാനവിഷയമാണ്. കൃഷിസേചനത്തിനുള്ള കുളങ്ങൾ നന്നാക്കുന്നകാര്യത്തെപ്പററി ഈ സഭയിൽ ഒട്ടുവളരെ സംഭാഷണം നടന്നിട്ടുണ്ട്. ഇതു ഗവണ്മെൻറ സമ്മതിച്ചിട്ടുള്ള ഒരു കാര്യവുമാണ്. അതിനെ സംബന്ധിച്ചു ഉടനടി നടപടികൾ നടത്തണം. ഗവണ്മെൻറ നടപ്പിൽ വരുത്തേണ്ട ചില വിഷയങ്ങൾ ഞാൻ ചൂണ്ടിക്കാണിച്ചു എന്നേയുള്ളു. അവയ്ക്കെല്ലാം പണം ഉണ്ടാകേണം.

കാര്യങ്ങളുടെ വേറൊരുവശംകൂടെ നോക്കാനുണ്ട്. എക്സൈസ്ഡിപ്പാർട്ടുമെൻറിലെ മുതലെടുപ്പു കുറഞ്ഞുപോകുന്ന ഒരു കാലം ഉണ്ടെന്നുള്ളതു ഗവണ്മെൻറ കരുതിയിരിക്കണം. മദ്യപാനനിരോധനം തങ്ങളുടെ നയമല്ലെന്നും ഗവണ്മെൻറ പറയുമായിരിക്കും. ജനങ്ങൾ വിദ്യാഭ്യാസത്തിൽ മുന്നേറുകയും അവരുടെ സന്മാർഗ്ഗപ്രതിപത്തി വർദ്ധിക്കയുംചെയ്യുമ്പോൾ എക്സൈസ് മുതലെടുപ്പു കുറഞ്ഞുപോകുമെന്നു പ്രതീക്ഷിക്കേണ്ടതാകുന്നു. എന്നുമാത്രമല്ല മദ്യങ്ങളിലും മററു വഹിപദാർത്ഥങ്ങളിലും നിന്നുള്ള വരവു കുറച്ചുകുറച്ചു കൊണ്ടുവരുവാൻ ഗവണ്മെൻറ കരുതിക്കൂട്ടി ഉദ്യമിക്കേണ്ടതുമാകുന്നു. അതുകൊണ്ടു നമ്മുടെ ചെലവു കഴിയുന്നേടത്തോളം കുറയ്ക്കണം. ഈ കാര്യത്തെപ്പററി കൂലങ്കഷമായ ഒരന്വേഷണം നടത്തി ഭരണസംബന്ധമായ ചെലവു കുറയ്ക്കുവാൻ കഴിയുകയില്ലയോ എന്നുനോക്കാൻ ഒരു കമ്മിററിയെ നിയമിക്കണമെന്നു മാത്രമാണു മിസ്റ്റർ രാമൻപിള്ളയുടെ പ്രമേയത്തിൻെറ ഉദ്ദേശം. ഈ സംഗതിയിൽ കാര്യമായ യാതൊന്നും ചെയ്യാൻ നിവൃത്തിയില്ലങ്കിൽ അങ്ങനെയുള്ള ഒരു കമ്മിററിയെ നിയമിച്ചുകൊണ്ടു യാതൊരു ഗുണവും ഉണ്ടാകയില്ലെന്നു എനിക്കു പൂർണ്ണബോധമുണ്ട് അതുകൊണ്ടു വല്ലവഴിയിലും ചെലവുകുറയ്ക്കാൻ കഴിയുമോ എന്നു നോക്കണം. അങ്ങനെ വലിയകുറവുകൾ വരുത്താമെന്നാണ് എൻെറമതം. ചില സംഗതികൾമാത്രം ഞാൻ എടുത്തുപറയാം. ആദ്യമായി ഈ രാജ്യത്തിലെ ചില വലിയ ഉദ്യോഗങ്ങളെപ്പററി പറയാം. നമ്മുടെരാജ്യം ഒരു ചെറിയ രാജ്യമാണു. ചിലഡിപ്പാർട്ടുമെൻറുകളിൽ ഗവണ്മെൻറുസേവനം ചെയ്യുന്നതിന്നു നാംആണ്ടുതോറും ഇടരെ ഇടരെക്കൂടുതൽ കൂടുതൽ സംഖ്യകൾകൊടുത്തു പുറമെനിന്നു ചില ഉദ്യോഗസ്ഥന്മാരെ വരുത്തിനമ്മുടെ രാജ്യത്തിനുവഹിക്കാൻകഴിയാത്തശമ്പളംകൊടുത്തു വരുത്തുന്ന പോലീസ്, പൊതുമരാമത്തു മുതലായ ഡിപ്പാർട്ടുമെൻറുകളെ രേഖപ്പെടുത്തുന്നതിനു പ്രാപ്തിയുള്ള ആളുകൾ ഇപ്പോൾഈ രാജ്യത്തുള്ളവരുണ്ടെങ്കിലും ഒരു തിരുവിതാംകൂർകാരനോടു കാര്യമായി പറവാൻ കഴിയുകയില്ലെന്നു ഞാൻവിചാരിക്കുന്നില്ല. ഇപ്പോൾ ഈ ഉദ്യോഗങ്ങളിലിരിക്കുന്ന മറ്റുള്ളവരെപ്പററി എനിക്കു യാതൊരാക്ഷേപവുമില്ല. എന്നാൽ അവർ ചെയ്യുന്ന ജോലി തിരുവിതാംകൂറിനു വഹിക്കാൻ കഴിയുന്ന ഒരു ശമ്പളത്തിനു ചെയ്തുകൊടുക്കേണ്ടതാകുന്നു എന്നേ ഞാൻ പറയുന്നുള്ളു. ചില ഉദ്യോഗങ്ങളിലിരിക്കുന്ന ഈ ദേശനിവാസികളായ ഉദ്യോഗസ്ഥന്മാരുടേയും ശമ്പളം കുറയ്ക്കാൻ കഴികയില്ലയോ എന്നു വേറൊരു ചോദ്യവുമുണ്ട്. ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്നവരുടെ ശമ്പളം കുറയ്ക്കണമെന്നു ഞാൻ പറയുന്നില്ല. എന്നാൽ ചില വലിയ ഉദ്യോഗങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള ശമ്പളം കുറയ്ക്കാൻ ധാരാളം കഴിയുണ്ടെന്നാകുന്നു എൻെറ വിശ്വാസം. നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്രമത്തിൽ യാതൊരു അധികപ്രൗഢിയും ഇല്ല.

മ: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): മൈസൂരിലെ ഉദ്യോഗവിവരം പട്ടിക മെമ്പർ വായിച്ചിട്ടുണ്ടോ എന്നുപറയുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ ചെയ്യുന്ന പ്രസ്താവനകളെ സംബന്ധിച്ചേടത്തോളം മൈസൂരിലെ ഉദ്യോഗവിവരം പട്ടിക ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മൈസൂരിലെ സ്ഥിതി എന്തായിരുന്നാലും നാം അതു അനുകരിക്കണമെന്നില്ല. അവർ കൊടുക്കുന്ന ശമ്പളം അധികമായിരിക്കട്ടെ കുറവായിരിക്കട്ടെ നമുക്കിവിടെ ആണ്ടുതോറും ചിലവിടുന്നതിനു ഒരു ക്ലിപ്തസംഖ്യയേ ഉള്ളു. രാജ്യത്തിൻെറ ആവശ്യങ്ങൾ നിറവേററണം. കാര്യക്ഷമതയും പ്രാപ്തിയും ഉള്ളവരും രാജ്യസേവ ചെയ്യാൻ മനസ്സുള്ളവരുമായി ഈ നാട്ടിൽ ജനിച്ചുവളരുന്ന നമ്മുടെ സ്വന്തം ആളുകൾ ഉണ്ട്, അതുകൊണ്ടു മൈസൂരിലോ ബറോഡയിലോ കാശ്മീരിലോ ഉള്ള വ്യവസ്ഥകൾ നാം അറിഞ്ഞിട്ടാവശ്യമില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഇക്കാര്യങ്ങൾ മൈസൂരിലും ബറോഡയിലും കാശ്മീരിലും നടപ്പുണ്ടോ എന്നു പറയുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഉണ്ടായിരിക്കാം, എന്റെ സ്വദേശത്തെ സംബന്ധിച്ചിടത്തോളം ഉള്ള മുതൽകൊണ്ടു രാജ്യത്തിന്റെ നന്മയ്ക്കു വേണ്ടി കാര്യങ്ങൾ കാര്യക്ഷമതയോടെ നടത്തണമെന്നു എനിക്ക് ആഗ്രഹമുള്ളു. അതാണു ഞാൻ ചിന്തിക്കുന്നതു്. തിരുവിതാംകൂറിലെ നടപ്പു വിദേശങ്ങളിലെ നടപ്പിനോടു താരതമ്യപ്പെടുത്തി കാണിക്കേണ്ടതുണ്ടു്. നമ്മുടെ ചില ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ക്രമപ്പെടുത്തി ഐകരൂപ്യവരുത്തിയാൽ കാര്യശേഷിയും കാര്യക്ഷമതയുമുള്ള തിരുവിതാംകൂർകാർ അവരുടെ രാജ്യത്തെ സേവിക്കുന്ന കാര്യത്തിൽ വിമുഖന്മാരായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഗവണ്മെന്റു അവർക്കു അധികം കൊടുത്താൽ അവർക്കു അധികം കിട്ടുമെന്നു തർക്കമില്ല, ഒരു ന്യായമായ ശമ്പളം നിശ്ചയിച്ചാൽ—

മി: കെ. എൻ. രാമസ്വാമ്യയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽസിക്രട്ടറി): ഇതിന്റെ വിപരീതവും സത്യമായിരിക്കുമല്ലോ ഗവണ്മെന്റു അവർക്കു കുറച്ചുകൊടുത്താൽ അവർക്കു കുറച്ചുമാത്രം കിട്ടും.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതെ,

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറുനിയമനം ഡിപ്യൂട്ടിപ്രസിഡണ്ടു്): ഒരു തിരുവിതാംകൂറുകാരനു പശ്ചിമഘട്ടങ്ങളുടെ മറുഭാഗത്തു മൂവായിരത്തോളം ശമ്പളംകിട്ടുമെങ്കിൽ തിരുവിതാംകൂറിൽ ഇന്നുവരുന്ന ശമ്പളത്തിൽ ഉദ്യോഗംചെയ്യാൻ മനസ്സുണ്ടാകുമെന്നാണെന്നു എന്റെ സ്നേഹിതൻ പറയുന്നതു്. തിരുവിതാംകൂറിനു കൊടുക്കാൻ കഴിയാത്ത വലിയശമ്പളത്തിൽ അനേകംതിരുവിതാംകൂർകാർ ബ്രിട്ടീഷിൻഡ്യയിൽ ജോലി ചെയ്യുന്നുണ്ടെന്നു എന്റെ സ്നേഹിതനു നിശ്ചയമായി അറിവുണ്ടായിരിക്കണം.

മി: എ. താണുപിള്ള (തിരുവനന്തപുരം): തിരുവിതാംകൂറിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാരേക്കാൾ കുറഞ്ഞശമ്പളത്തിനു ബ്രിട്ടീഷിൻഡ്യയിൽ ജോലിചെയ്യുന്ന അനേകം തിരുവിതാംകൂർകാരുണ്ടെന്നു എനിക്കും മറുപടിപറയാം, എന്നാൽ ബ്രിട്ടീഷിൻഡ്യയിലെ ചില ഉദ്യോഗസ്ഥന്മാർക്കു വലിയശമ്പളം കൊടുക്കുന്നതുകൊണ്ടു ബ്രിട്ടീഷിൻഡ്യയിലെ ശമ്പളത്തോടനുസരിച്ചു് ഇവിടെയും കൊടുക്കണമെന്നു ആരെങ്കിലും തെറ്റുവരുമായിപറയുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറുനിയമനം ഡിപ്യൂട്ടിപ്രസിഡൻറു്): എന്റെ സ്നേഹിതനെ സൂചിപ്പിച്ചു സ്വരാജ്യസ്നേഹത്തെ അടിസ്ഥാനമാക്കിയാണു വിദേശങ്ങളിൽ കിട്ടുന്ന ശമ്പളത്തേക്കാൾ കുറഞ്ഞശമ്പളത്തിനു തിരുവിതാംകൂർകാർ സ്വരാജ്യസ്നേഹം നിമിത്തം സേവനംചെയ്യുമോ എന്നു ചോദിച്ചതെന്നു മെമ്പർ ഓർക്കുന്നുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): തിരുവിതാംകൂറുകാർ എത്ര സ്വരാജ്യസ്നേഹമുള്ളവരായിരുന്നാലും എല്ലാ തിരുവിതാംകൂർകാർക്കും തിരുവിതാംകൂറിൽതന്നെ ഉദ്യോഗംകിട്ടുകയില്ല. അതും ആലോചിക്കേണ്ടുന്ന ഒരു സംഗതിയാണു. നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഉടനടി കുറയ്ക്കണമെന്നോ വളരെ കുറച്ചുകളയണമെന്നോ ഞാൻ പറയുന്നില്ല. ആ വിഷയത്തെപ്പററി മരുന്വേഷണം നടത്തേണ്ടതാണു. ഒരേമാതിരി ജോലിചെയ്യുന്നവർക്ക് പലേ തോതിലുള്ള ശമ്പളമാണു കൊടുക്കുന്നതു. ഇപ്പോൾ അശേഷം ഐകരൂപ്യംഇല്ല. പ്രായോഗികമായി ഒരേ ജോലിചെയ്യുന്ന പലേ ആളുകൾക്കു പലേമാതിരി ശമ്പളം വാങ്ങുന്നവരുടെ ദൃഷ്ടാന്തങ്ങൾ എനിക്കു പറവാൻകഴിയും. ഐകരൂപ്യംവരുത്തി ലാഭമുണ്ടാക്കാമെന്നുള്ളതിനു സംശയമില്ല.

പ്രസിഡൻറു്: നിങ്ങളുടെ സമയം നിങ്ങൾ അതിക്രമിച്ചിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ചെലവുകുറയ്ക്കാൻ വേറെയും ചില മാർഗ്ഗങ്ങൾ ഉണ്ടു്.

പ്രസിഡൻറു്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ വാക്കുകളോടുകൂടെ ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: ആർ. കേശവപിള്ള (കോട്ടാരക്കരയും കുന്നത്തൂരും): മിസ്റ്റർ രാമൻപിള്ള അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറച്ചിട്ടോ ചില ഉദ്യോഗങ്ങൾ നിറുത്തലാക്കിട്ടോ ഈ രാജ്യത്തിന്റെ ചെലവു് കുറയ്ക്കാവുന്നതാണു്. എന്നാൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കണമെന്നു എനിക്കു അഭിപ്രായം ഇല്ല. ഈ രാജ്യത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെപ്പററി ചിന്തിച്ചാൽ ഇവിടെയുള്ള ചില ഉദ്യോഗങ്ങൾ അനാവശ്യമാണെന്നാകുന്നു എന്റെ അഭിപ്രായം. ഈ സഭയിൽതന്നെ മുമ്പൊരിക്കൽ എ. എസ്. പി. മാരുടെ ഉദ്യോഗം അനാവശ്യമാണെന്നു നിവേദനം ഉണ്ടായിട്ടുണ്ടു്. ഈ സഭയിൽ അതിനെപ്പററി വോട്ടിടുകയും അനാവശ്യമില്ലെന്നു പാസ്സാക്കുകയും ചെയ്തു. പിന്നൊരിക്കൽ അതു് വോട്ടിട്ടു ആവശ്യമാണെന്നു തീർച്ചയാക്കി. വേറൊരവസരത്തിൽ ആലായനികുതി ഇൻസ്പെക്ടർമാരുടെ ഉദ്യോഗത്തെപ്പററി വാദപ്രതിവാദം ഉണ്ടായി. എന്നാൽ അതു് എങ്ങനെ അവസാനിച്ചുഎന്നു നിശ്ചയമില്ല. ഏതായാലും ആലായനികുതി ഉദ്യോഗസ്ഥന്മാർ ആവശ്യമില്ലെന്നു എന്റെ അനുഭവംനിമിത്തം എനിക്കു പറവാൻകഴിയും. ആലായനികുതി ഉദ്യോഗസ്ഥന്മാരുടെ ജോലിചെയ്യാൻ മജിസ്ട്രേട്ടന്മാരും, ഡിവിഷൻ അസിസ്റ്റൻറുമാരും, ഡിസ്ട്രിക്ട്മജിസ്ട്രേട്ടുമാരും ഉണ്ടല്ലോ. തഹശീൽദാരന്മാരും മേലുദ്യോഗസ്ഥന്മാരും മുമ്പുചെയ്തുവന്നിരുന്ന പല ജോലികളും ഇപ്പോൾ അവരിൽനിന്നു എടുത്തുകളഞ്ഞിരിക്കയാൽ അവർ ധാരാളം മതിയാകുന്നതാണ്. എക്സൈസ് ഡിപ്പാർട്ടുമെൻറിൽ സബ്ബ് ഇൻസ്പെക്ടർമാർ അനാവശ്യമാണ്. അതും ഈ സഭയിൽ വരേണ്ട വിഷയമായിട്ടുള്ളതാണ്. പുതിയഡിപ്പാർട്ടുമെൻറുകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ നമ്മുടെ ഗവണ്മെൻറു വളരെ താല്പര്യമുള്ളവരാണെന്നു പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ പ്രാവശ്യം ഔദ്യോഗികഭാഗത്തുനിന്നു ഒരു ട്രാഫിക്ക്ഡിപ്പാർട്ടുമെൻറു ഏർപ്പെടുത്തണമെന്നു ഒരു ആലോചനകാണുകയുണ്ടായി. ഭാഗ്യവശാൽ ആ ആലോചനയെ പിൻവലിക്കയാണു് ചെയ്തതു്. ആലായനികുതികളുടെ ഉദ്യോഗം നിർത്തിച്ചു എങ്കിലും അതു നടപ്പിൽ വരുത്തീട്ടില്ല. അത്രത്തോളം ഭാഗ്യംതന്നെ. പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിന്റെ കാര്യത്തിൽ ചെലവു കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ എനിക്കു കഴിയും. സബ്ഡിവിഷൻ ആഫീസുണ്ടു്. ഇപ്പോഴുള്ളമാതിരിയിൽ അതുകൊണ്ടു പ്രയോജനമെന്നുമില്ല. സൂപ്പർവൈസരുടെ ആപ്പീസും എക്സിക്യൂട്ടീവു് എൻജിനീയരു

ടെ ആഫീസും തമ്മിൽ എഴുത്തുകുത്തുകൾ നടത്തുന്നതല്ല അതൊരു മാർഗ്ഗത്തിലുള്ള ആഫീസുമാത്രമാണ്. അതുകൊണ്ടു ആ ആഫീസ് ഉപേക്ഷിക്കുടാതെ നിർത്തലാക്കാം. ഇനി വൊർക്ക്ഷാപ്പുണ്ട്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്ണർടെ ഫൈനാൻഷ്യൽ സെക്രട്ടറി): സബ്ഡിവിഷൻആഫീസർമാർ ചെക്കൊപ്പിട്ടു മാറുകയും അളവ് ബില്ലുകൾ പരിശോധിക്കയും അളവുകൾ പരിശോധിച്ചശേഷം മാത്രം പണംകൊടുക്കയും ചെയ്യുന്നു എന്നു എന്റെ സ്നേഹിതനു അറിവുണ്ടോ എന്നു പറയുമോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇതെല്ലാം എക്സിക്യൂട്ടീവ് എൻജിനീയരുടെ ആഫീസിൽ ചെയ്യാമെന്നാണ് ഞാൻ ബോധിപ്പിക്കുന്നത്. ആ ജോലികൾ എക്സിക്യൂട്ടീവ്എൻജിനീയരുടെ ആഫീസിൽ ആക്കിയാൽ മതിയാകും. വൊർക്ക്ഷാപ്പ് അതുകൊണ്ടു അനാവശ്യമാണ്. വൊർക്ക്ഷാപ്പിൽ ചെയ്യേണ്ടുന്ന ജോലികളിൽ പലതും മററുഡിപ്പാർട്ടുമെൻറുകൾക്കു കൊടുത്തുപോയിരിക്കുന്നു. അതുകൊണ്ടു ഇനിയും അതു വെച്ചുകൊണ്ടിരിക്കുന്നതിനു യാതൊരാവശ്യവും ഞാൻ കാണുന്നില്ല. ഈ വാക്കുകളോടുകൂടെ ഞാൻ മിസ്റ്റർ രാമൻപിള്ളയുടെ പ്രമേയത്തെ പിൻതാങ്ങുന്നു.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): സർ, മിസ്റ്റർ രാമൻപിള്ളയുടെ പ്രമേയത്തെ ഞാൻ അനുകൂലിക്കയും അതുസംബന്ധമായി ഒന്നു രണ്ടു സംഗതികൾ പ്രസ്താവിച്ചുകൊള്ളുകയും ചെയ്യുന്നു. ബഡ്ജററിനെപ്പററിയുള്ള പൊതുനിരൂപണ സമയത്തെപ്പോലെ ചിലവു കുറയ്ക്കണമെന്നു പല മെമ്പർമാരും പ്രസ്താവിച്ചിട്ടുള്ളതാണ്. എങ്കിലും ഉദ്യോഗസ്ഥരാഗത്തെയോ അനുദ്യോഗസ്ഥരാഗത്തെയോ സ്വാധീന ശക്തിനിമിത്തം—

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തൊക്ക്): മെമ്പർ പ്രമേയത്തെ അനുകൂലിക്കുന്നതു മനസ്സാക്ഷിക്കെതിരായിട്ടാണോ എന്നു പറയുമോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): എന്റെ മനസ്സാക്ഷിപ്രകാരം ചെയ്യുന്നു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): നടപടിസംബന്ധിച്ചു ഒന്നു ചോദിച്ചുകൊള്ളുന്നു. ഒരു മെമ്പറിനോടു ഒരു പ്രമേയത്തെ താൻ അനുകൂലിക്കുന്നതു തന്റെ മനസ്സാക്ഷിക്കു വിപരീതമായിട്ടാണോ എന്നു ചോദിക്കുന്നതു ക്രമാനുസരമാണോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തൊക്ക): മുമ്പാരവസരത്തിൽ താൻ മനസ്സാക്ഷിക്കെതിരായി വോട്ടുചെയ്യാൻ നിർബന്ധിതനായിരിക്കുന്നു എന്നു മെമ്പർ പറയുകയുണ്ടായി എന്നു ഞാൻ സമാധാനം പറഞ്ഞുകൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ചിലപ്പോൾ നിങ്ങളും അങ്ങനെചെയ്യും ഞാനും അങ്ങനെചെയ്യും. അതുകൊണ്ടു ഞാൻ അതിനപ്പററി അധികമൊന്നും പറയുന്നില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തൊക്ക്): ഞാൻ മെമ്പറിനെ തിരുത്തിക്കൊള്ളട്ടെ. ഞാൻ എന്റെ മനസ്സാക്ഷിക്കെതിരായി ഒരിക്കലും പ്രവർത്തിക്കയില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): എന്റെ സ്നേഹിതൻ പുറകിലിരുന്നു എന്തോപിറുപിറുക്കുന്നു. എനിക്കതു കേൾക്കാൻ കഴിയുന്നില്ല. ഒരു സംഗതിമാത്രം ഞാൻ പറഞ്ഞുകൊള്ളുന്നു. ഭാഗ്യവശാൽ നമുക്കു ജോലിപരിചയമുള്ള ഒരു വിദ്യാഭ്യാസവകുപ്പും റെവന്യൂ കാര്യങ്ങളിൽ പരിചയമുള്ള ഉദ്യോഗസ്ഥന്മാരും മററുഡിപ്പാർട്ടുമെൻറുകളിലും കാര്യശേഷിയുള്ള ഉദ്യോഗസ്ഥന്മാരും ഉണ്ടു. എന്നാൽ എല്ലാറ്റിലും ചെലവുകുറയ്ക്കണമെന്നു അനുദ്യോഗസ്ഥരാഗത്തു നിന്നു നിരവധികൾ കേൾക്കാറുണ്ടു. അതിലും കുറെ പരമാർത്ഥമുണ്ടു. ഗ്രാമപഞ്ചായത്തുറഗുലേഷനിലെ വ്യവസ്ഥകൾ നടപ്പിൽ വരുമ്പോൾ അനേകം അനുദ്യോഗസ്ഥ രജിസ്ട്രേട്ടന്മാർ ഉണ്ടാകയും അവർ നിമിത്തം രജിസ്ട്രേട്ടന്മാരുടെ ജോലികുറയുകയും ചെയ്യും. പ്രാഥമിക വിദ്യാഭ്യാസം വിട്ടുകൊടുക്കുന്നതിനാൽ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ ജോലിയും വളരെകുറയും, അതല്ലെങ്കിലും അസിസ്റ്റൻറ് ഇൻസ്പെക്ടർമാരുടെ മേലന്വേഷണപ്രവൃത്തിയും മററും കുറയും.

ഇപ്രകാരമുള്ള ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം വലിയവിദഗ്ദ്ധോപദേശം വേണ്ടാത്ത പണികൾ ഗ്രാമപഞ്ചായത്തുകളെ ഏല്പിക്കാവുന്നതാണ്. ആരോഗ്യവും വൈദ്യവും ഡിപ്പാർട്ടുമെൻറുകളിലും, ഡിപ്പാർട്ടുമെൻറുകാർ ആഗ്രഹിച്ചില്ലെങ്കിലും, ചെലവുകുറയ്ക്കുന്നതിനു വല്ലതും ചെയ്യാൻ കഴിയും. ഉദ്യോഗസ്ഥരാഗത്തുള്ള മെമ്പർമാരുടെ ഒരു കമ്മിററി അനുദ്യോഗസ്ഥ മെമ്പർമാരോടു ആലോചിച്ചു പ്രവൃത്തിച്ചാൽ ചെലവുകുറയ്ക്കുന്ന കാര്യത്തിൽ നല്ലവേലചെയ്യാൻ കഴിയും.

മി: പി. എസ്. മുഹമ്മദ് (ഗവർണ്ണർടെ നിയമനം): വില്ലേജ്-പഞ്ചായത്തു സിസ്റ്റം നടപ്പിൽ വരുത്താൻ ഭാവിക്കുന്നുണ്ടെങ്കിൽ, അതു നടപ്പിൽ വരുന്നതിനു മുമ്പു അതിന്റെ ഗുണം ആലോചിച്ചു ചെയ്യുകയല്ലേ നല്ലതു.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): ഒരു പ്രമേയം പാസ്സാക്കിയാലും അതു ഉടനെ നടപ്പിൽവരികയില്ലല്ലോ.

മി: പി. എസ്. മഹമ്മദ് (ഗവർണ്ണർടെ നിയമനം): നടപ്പിൽ വരുത്താൻ വിചാരിക്കാത്ത ഒരു പ്രമേയം പാസ്സാക്കേണ്ട ആവശ്യമുണ്ടോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): മെമ്പറിന്റെ പ്രയാസം എന്താണെന്നു മനസ്സിലാകുന്നില്ല. മെമ്പർ ചോദ്യം ചോദിക്കയാണോ ചെയ്യുന്നതു? ഞാൻ മി: രാമൻപിള്ളയുടെ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്ണർടെ ഫൈനാൻഷ്യൽ സെക്രട്ടറി): സർ, ഈ വിഷയം അല്പസ്വല്പം മുമ്പു രണ്ടു പ്രാവശ്യം വാളപ്രതിവാളത്തിനു വന്നിട്ടുള്ളതാണ്. ചെലവുകുറയ്ക്കുന്നതിനുള്ള ഏതാലോചനയും എന്റെ ഡിപ്പാർട്ടുമെൻറിൽ സ്വീകാര്യമായിരിക്കുമെന്നു എന്നെ സംബന്ധിച്ചിടത്തോളം ഞാൻ

പറഞ്ഞുകൊള്ളുന്നു. എന്നാൽ ചിലവു കുറയ്ക്കുക, അല്ലെങ്കിൽ ഭരണച്ചിലവിന്റെ പരിമർശനം രണ്ടു തരത്തിലാകാം. ഒന്നു രാജ്യത്തിന്റെ ഭരണത്തിനുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ചെയ്യിക്കേണ്ടതും രണ്ടാമത്തേതു ഏതെങ്കിലും അപകടനിലയിൽ എത്തുമ്പോൾ ഒരു പ്രത്യേക കമ്മിററിയെ നിയമിച്ചു ചെയ്യിക്കേണ്ടതുമാകുന്നു. ഒരു പ്രത്യേകകമ്മിററിയെ നിയമിച്ചു ചെയ്യിക്കുന്നതു ഒരു സാധാരണ നിവൃത്തിമാർഗ്ഗം അല്ല. സന്ദർഭങ്ങൾനോക്കി ന്യായമാണെന്നു കണ്ടാൽമാത്രം സ്വീകരിക്കേണ്ടുന്ന ഒരു അസാധാരണ നിവൃത്തിമാർഗ്ഗം ആകുന്നു അതു. ഇക്കാര്യത്തിൽ ഒരു പ്രത്യേക കമ്മിററിവേണമെന്നുള്ളതിനു പ്രമേയത്തിന്റെ അവതാരകൻ പ്രത്യക്ഷതെളിവു കൊടുക്കേണ്ടതാകുന്നു. ഒരു പ്രത്യേക കമ്മിററിയെ രൂപീകരിക്കുന്നതിനു രാജ്യം പ്രാരംഭച്ചിലവായി ഒരു വലിയ സംഖ്യ വഹിക്കണമെന്നു ഞാൻ ഒന്നാമതായി പറഞ്ഞുകൊള്ളുന്നു. ഈ ജോലിചെയ്യുന്നതിനു ഏർപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥനുദ്യോഗസ്ഥ കമ്മിററി നിരന്തരം ജോലി നടത്തിക്കൊണ്ടിരിക്കണമെന്നുള്ള സംഗതി എന്റെ സ്നേഹിതൻ ഗ്രഹിച്ചിട്ടുണ്ടോ എന്നു എനിക്കറിവില്ല. ആഴ്ചയിലൊ മാസത്തിലൊ ഒന്നോരണ്ടോ പ്രാവശ്യം അവർക്കൂടിയാൽ പോരാ. ഉദ്യോഗസ്ഥന്മാരെ ആ പ്രത്യേക ജോലിയിൽ കവച്ചുകൊണ്ടിരിക്കയും ചെയ്യേണ്ടിവരും.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർണ്ണന്റെ നിയമനം ഡിപ്യൂട്ടിപ്രെസിഡെന്റ്): സാലറീസ് (ശമ്പളം) കമ്മിററിയെപ്പററി എന്താണു പറയുന്നതു? അതിന്റെ പ്രാരംഭച്ചിലവു എന്തായിരുന്നു?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്ണന്റെ ഫൈനാൻഷ്യൽ സെക്രിട്ടറി): അതിനെപ്പററി ചിന്നപറയാം. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും സഞ്ചരിച്ചു ഉൾനാടുകളിലൊക്കെ പോകേണ്ടിവരും. പ്രമേയത്തിന്റെ അവതാരകൻ താൻ ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിൽ ഒരു ഗുമസ്തനായിരുന്നപ്പോൾ ഒരു മണിക്കൂർനേരത്തെ ജോലിയേ ഉണ്ടായിരുന്നുള്ളു എന്നു പറകയുണ്ടായി. തനിക്കു പരിചയമുള്ള ഡിപ്പാർട്ടുമെന്റുകളിൽ എവിടെയാണു നഷ്ടമുള്ളതെന്നു കമ്മിററി മെമ്പറിന്റെ നിലയിൽ അദ്ദേഹത്തിനു പറവാൻ കഴിയും: ഇതിൽ ഓരോതരം ജോലികളെയും പററി കൂക്ഷ്മമായി അന്വേഷിക്കണം. അതിനു കമ്മിററിമെമ്പർമാർ കീർഘസഞ്ചാരം ചെയ്യണം. അപ്പോൾ ഉദ്യോഗസ്ഥന്മാർക്കും അനുദ്യോഗസ്ഥന്മാർക്കും സഞ്ചാരപ്പടിയായി വലിയ സംഖ്യകൾ കൊടുക്കേണ്ടിവരും. ഉദ്യോഗസ്ഥന്മാരേക്കാൾ അനുദ്യോഗസ്ഥന്മാർക്കാണു അധികം ആനുകൂല്യങ്ങൾ ഉള്ളതു. ഓരോ ഡിപ്പാർട്ടുമെന്റും കമ്മിററി അയച്ചുകൊടുക്കുന്ന ചോദ്യങ്ങൾക്കുത്തരം തയ്യാറാക്കുകയും അവർ ആവശ്യപ്പെടുന്നവിവരങ്ങൾ കൊടുക്കുകയും ചെയ്യാതെ ഒരു കമ്മിററി ഉണ്ടായതുകൊണ്ടു പ്രയോജനമൊന്നുമില്ല. അതു പ്രാധാന്യമേറിയ ഒരു ജോലിയാകുന്നു. സാലറീസ് കമ്മിററിയുടെ ചെലവിനെപ്പററി ഡിപ്യൂട്ടി പ്രെസിഡെന്റു ചോദിക്കയുണ്ടായി. ഈ കമ്മിററിയെപ്പററി എനിക്കു പറവാനുള്ളതു അതിനെ സംബന്ധിച്ചു പ്രത്യക്ഷമായിക്കാണുന്നതിലധികം ചെലവുണ്ടായിരിക്കുമെന്നാണു. ആകെച്ചിലവിൽ ഉദ്യോഗസ്ഥമെമ്പർമാരുടെയും അനുദ്യോഗസ്ഥമെമ്പർമാരുടെയും സഞ്ചാരപ്പടിയും മാത്രമല്ല ഓരോഡിപ്പാർട്ടുമെന്റിൽനിന്നും വിവരങ്ങൾ ശേഖരിച്ചുകൊടുക്കാൻ വേണ്ടുന്ന ചെലവും ഉൾപ്പെടും എന്നു ഈ സഭ ഗ്രഹിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. എത്രജാഗ്രതയായി ജോലിചെയ്താലും കമ്മിററിക്കു അവരുടെ ജോലി ഒരു വർഷത്തിനുള്ളിൽ ചെയ്തുതീർക്കാൻ സാധിക്കയില്ല. അങ്ങനെയൊരു കമ്മിററിയുടെ ചിലവു എന്തായിരിക്കുമെന്നു മെമ്പർമാർക്കു സങ്കല്പിക്കാമല്ലോ. തിരുവിതാംകൂറിന്റെ ഇപ്പോഴത്തെ സ്ഥിതിക്കു ഇങ്ങനെയൊരു ചെലവു ന്യായമായിരിക്കുമോ എന്നു മെമ്പറന്മാർ ആലോചിക്കണമെന്നു വെച്ചാണു ഞാൻ ഈ സംഗതികൾ പറയുന്നതു നമ്മുടെ കോശസ്ഥിതിക്കു ഇങ്ങനെയൊരു ചിലവു വഹിപ്പാൻ നാം പ്രാപ്തന്മാരാണോ എന്നല്ല എന്റെ അർത്ഥം. നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്രമം നമ്മുടെ മുതലെടുപ്പിനു കേവലം അനുരൂപമല്ലാത്തതാണോ എന്നാണു എന്റെ ചോദ്യം; ഉദാഹരണമായി കരം വസൂലാക്കുന്നകാര്യത്തിൽ ആകെ ചെലവിൽ ഭരണച്ചെലവിന്റെ തോതു എന്താണു? ഈ സമയത്തു ഇങ്ങനെയൊരു പ്രത്യേക വ്യവസ്ഥ ഏർപ്പെടുത്തുന്നതിനു കാരണമാകത്തക്കവണ്ണം അതത്ര അധികമാണോ? സാലറീസ് കമ്മിററി ചെലവു വളരെ ചെട്ടിക്കുറച്ചു, ക്ഷാമത്തിലധികം ഉദ്യോഗങ്ങൾ അവർ വേണ്ടെന്നു വെച്ചു എന്നാണു തോന്നുന്നതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർണ്ണന്റെ നിയമനം ഡിപ്യൂട്ടിപ്രെസിഡെന്റു): കമ്മിററി ഈ കുറവു ശിപാർശചെയ്തതിനു മുമ്പായി എഫിഷ്യൻസി ആഡിററ് ആഫീസുകളുടെ ഒരു പ്രാരംഭപരിശോധന ഉണ്ടായിരുന്നു എന്നു തോന്നുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്ണന്റെ ഫൈനാൻഷ്യൽ സെക്രിട്ടറി): എല്ലാഡിപ്പാർട്ടുമെന്റുകളിലും അതതു ഡിപ്പാർട്ടുമെന്റിന്റെ ഉള്ളിൽതന്നെ ഒരുതരം പ്രത്യേക അന്വേഷണം നടത്തി ഇതിനായി ചില കണക്കുകൾ സമയിൽ പ്രസ്താവിക്കുന്നതു നന്നായിരിക്കുമെന്നു വിശ്വസിക്കുന്നു. അതു പറഞ്ഞു സഭയെ മുഷിപ്പിക്കാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു സംഗതികൾ വിവരം വിവരമായി പറയുന്നില്ല. പൊതുവേയുള്ള ഫലങ്ങളുമാത്രം പറയാം. മുതലെടുപ്പിന്റെ പ്രധാന ഇനങ്ങൾതന്നെ നോക്കാം. കരംപിരിക്കുന്നതിനു നാം ചെയ്യുന്ന ചെലവു് മദ്രാസിലെ മൈസൂറിലോ കരം പിരിവിനുള്ള ചെലവിൽ കൂടുതലാണോ? നാം കരംപിരിക്കുന്നതു കുറഞ്ഞ ചെലവിനേലാണെന്നു പറഞ്ഞുകൊള്ളുന്നു. ഞാൻ ഉറപ്പായി പറയുന്നതു് സഭ അംഗീകരിക്കുന്നതിനു സംശയംവേണ്ടാ മുമ്പാരിക്കൽ ഒരു ബഡ്ജററിനെപ്പററിയുള്ള പൊതുചർച്ചയിൽ നമ്മുടെ കരം പിരിവിനു നമുക്കുള്ള ചെലവു് അധികമല്ലയോ എന്നു ഒരു മെമ്പർ ചോദിക്കയുണ്ടായി. കുറ്റം നേരെ മറിച്ചാണെന്നു ഞാൻ മറുപടി പറഞ്ഞു. നമ്മുടെ ചെലവു് ബ്രിട്ടീഷിൻഡ്യയിലെതിനേക്കാൾ വളരെ കുറവാണു്. മദ്രാസ് ബഡ്ജററിലെ കണക്കു നമ്മുടെതിൽനിന്നു അല്പവ്യത്യസ്തമാതിരിയിലാണു, ശതമാനം കണക്കാക്കുന്നതിനു ഈ സംഗതിയും ആലോചിക്കണം. ദിവാൻപേഷ്കാരന്മാരുടെയും അസിസ്റ്റന്റന്മാരുടെയും ശമ്പളം നാം ഭൂനികുതി ഇനത്തിലാണു ചേർക്കുന്നതു്. മദ്രാസിൽ അതു പൊതുഭരണച്ചെലവായിട്ടാണു കണക്കാക്കുന്നതു. നമ്മുടെ രാജ്യത്തിനു പലിശ കൊടുക്കേണ്ടാത്തതും ഇല്ലെന്നുള്ള ഒരു ഭാഗ്യം ഉണ്ടു്, മററു പലരാജ്യങ്ങളും പലിശയായിട്ടു വലിയ സംഖ്യകൾ കൊടുക്കുന്നു. നാം നേരെമറിച്ചു പലിശവാങ്ങുകയാണെന്നുള്ളതും നമ്മുടെ കടം നിസ്സാരമാണെന്നും തക്ക സമയം ആ കടം വീട്ടുന്നതിനു നാം മുൻകരുതൽ ചെയ്തിട്ടുണ്ടെന്നുള്ളതും നമുക്കെല്ലാവർക്കും ചാരിതാർത്ഥ്യഹേതുകമായിരിക്കണം.

ഇനി പൊതുഭരണച്ചെലവുകൾ എന്ത ഇനത്തെപ്പററി പറയാം. മദ്രാസിനോടും മൈസൂരിനോടും താരതമ്യപ്പെടുത്തി നോക്കിയാൽ നമ്മുടെ ചെലവു വളരെ കുറവാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇൻഡോറിലെ ഭരണച്ചെലവു എന്തായിരിക്കും?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): ഇൻഡോറിലെ കണക്ക എന്റെ പക്കൽ ഇല്ല. മെമ്പർ ആവശ്യപ്പെടുന്ന പക്ഷം അതു ഞാൻ വരുത്താം. കൊട്ടാരംവക ചെലവും പൊതുഭരണച്ചെലവും കണക്കാക്കിയാൽ ഇൻഡോറിലെ ചെലവു കൂടുതലായിരിക്കുന്നു. നമ്മുടെ രാജ്യത്തിലെ കൊട്ടാരംവക ചെലവു ഉത്തരഇൻഡ്യയിലെ ചെറിയ രാജ്യത്തിലെ ചെലവിനെക്കാളും കുറവാണെന്നാണ് എന്റെ വിശ്വാസം.

പ്രെസിഡെന്റ: അതു പൊതുഭരണച്ചെലവല്ലല്ലോ.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫൈനാൻഷ്യൽസെക്രട്ടറി): അല്ല. കരംപിരിവിന്റെയും പൊതു ഭരണത്തിന്റെയും ചെലവുകളെപ്പററി ഇത്രയും പറഞ്ഞുമതി. സഭ ഇനി ആലോചിക്കേണ്ടുന്ന സംഗതി തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വട്ടിക്കുറയ്ക്കേണ്ടതാവശ്യമാകുന്നതുകൊണ്ടും അധികമാണോ എന്നുള്ളതാണ്. ശമ്പളങ്ങൾ ഉഷ്ണമൊന്നും വരാതെ വെട്ടിക്കുറയ്ക്കാമെന്നു ചില മെമ്പർമാർ പറകയുണ്ടായി. തിരുവിതാംകൂറിലെ ഒരുദ്യോഗസ്ഥൻ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞശേഷം അദ്ദേഹത്തിന്റെ ധനവും കടവും എത്രയുണ്ടെന്നു പെൻഷൻപററിയ ശേഷം എങ്ങനെയാണ് ജീവിക്കുന്നതെന്നും പോയി അന്വേഷിച്ചറിഞ്ഞാൽ ഇവിടെ കൊടുക്കുന്ന ശമ്പളം എത്രകുറവാണെന്നു ഗ്രഹിക്കാമെന്നു തിരുവിതാംകൂറിലും വിദേശങ്ങളിലും എനിക്കുള്ള പരിചയം കൊണ്ടുപറയാം. വേറെ അനുമാനങ്ങളൊന്നും ഉണ്ടാക്കുന്നില്ല. എന്നാൽ സുപ്പീരിയർ (ഉയർന്ന) സർവീസിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം എത്രനിസ്സാരമാണെന്നു ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. അവരുടെ ശമ്പളംകൂട്ടിക്കൊടുക്കുന്ന കാര്യത്തെപ്പററി നിങ്ങളിപ്പോൾ ആലോചിക്കണമെന്നല്ല ഞാൻ പറയുന്നതിന്റെ അർത്ഥം. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയിൽ ശമ്പളം കൂടുതലായിപ്പോയി എന്നുപറയുന്നതു സത്യത്തിനു വിരുദ്ധമാണ്. മെമ്പർമാരുടെ അഭിപ്രായത്തെ ന്യായമായി തോന്നിക്കുന്ന ഒരു സംഗതിയുണ്ട്. നമുക്കു ഒരു സാമാന്യസിവിൽസർവീസ് നിർഭാഗ്യവശാൽ ഇല്ലാത്തതുകൊണ്ടായിരിക്കാം അങ്ങനെ തോന്നുന്നതു. നമ്മുടെ സ്നേഹിതന്മാർ പ്രസ്താവിച്ച ശമ്പളങ്ങളുടെ അസമത്വത്തിനും ഇതായിരിക്കാം കാരണം. ഈ അസമത്വത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധപതിഞ്ഞിട്ടുണ്ട്. അതിനെസംബന്ധിച്ച വിവരങ്ങളെല്ലാം ശേഖരിച്ചിട്ടുണ്ട്. ഗവണ്മെന്റു അക്കാര്യം വിസ്മരിച്ചിട്ടും ഇല്ല. ഈ സംസ്ഥാനത്തു ഒരു സിവിൽ സർവീസ് ഉണ്ടായിരുന്നാലത്തെ അവസ്ഥ എന്തായിരിക്കുമെന്നു ഒരുനിമിഷനേരത്തേക്കുമെമ്പർമാർ ആലോചിച്ചു നോക്കണമെന്നു അപേക്ഷിക്കുന്നു. ഇപ്പോൾ കൊടുക്കുന്ന ശമ്പളം അപ്പോൾ മതിയായിരിക്കുമെന്നു അവർ വിചാരിക്കുന്നുണ്ടോ? അല്ലെങ്കിൽ ഒരു സിവിൽ സർവീസ് ഏർപ്പെടുത്തിയാൽ അവരുടെ ശമ്പളം വളരെക്കൂടിപോകുമെന്നു വിചാരിക്കുന്നുണ്ടോ? ഇപ്പോൾ പതിനഞ്ചോ ഇരുപതോ നാല്പതോ രൂപാ ശമ്പളത്തിൽ ഉദ്യോഗത്തിൽ ഗ്രേഡ്സ്കാരായി പ്രവേശിക്കുന്ന ഒരാൾക്കു അയാൾക്കു സെക്രട്ടേറിയററിലാണു ഭാഗ്യംകൊണ്ടു ഉദ്യോഗം കിട്ടുന്നതെങ്കിൽ നൂററമ്പതു രൂപാ സ്ഥിരംശമ്പളം കിട്ടുന്നതിനു ഇരുപതുവർഷം വേണ്ടിവരും. പിന്നത്തെ പത്തുവർഷത്തിലാണു ഭരണാധികാരമുള്ള വലിയ ഉദ്യോഗത്തിൽ പ്രവേശിച്ചു ജോലി ചെയ്യുന്നതു. യഥാർത്ഥത്തിൽ നമുക്കു സിവിൽസർവീസ്ഉള്ള രാജ്യങ്ങളിലെപ്പോലെ ശമ്പളം കിട്ടുന്നില്ല. അതുകൊണ്ടാണു വളരെ പേർ തങ്ങൾക്കു കിട്ടുന്നശമ്പളംകൊണ്ടു തൃപ്തിപ്പെട്ടിരിക്കുന്നതു. ഒരാൾ ൪ ൦ രൂപാശമ്പളത്തിൽ ആരംഭിച്ചു പെൻഷൻ പററാറാകുമ്പോൾ ൧ ൦ ൦ രൂപാശമ്പളം വാങ്ങുന്നു. തന്റെ ഉദ്യോഗാവസാനത്തിൽ എത്രത്തോളം സാമർത്ഥ്യവും പരിചയവും അയാൾക്കുണ്ടായിരിക്കുമെന്നുള്ള സംഗതിയും നിങ്ങൾ ആലോചിക്കേണ്ടതാകുന്നു. ശമ്പളങ്ങൾകുറയ്ക്കുന്നതിനു യാതൊരു കാരണവും കാണിച്ചിട്ടില്ലെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. പ്രമേയാവതാരകൻമാരുപോലും ശമ്പളങ്ങൾകുറയ്ക്കണമെന്നു തനിക്കു വിചാരമില്ലെന്നു ഒരു മാതിരി ഉറപ്പോടെ പറകയുണ്ടായല്ലോ. എന്നാൽ അദ്ദേഹത്തെ പിൻതാങ്ങിയവരിൽ പലരും അദ്ദേഹത്തെ അനുകരിച്ചില്ല. തിരുവിതാംകൂറിലെ ശമ്പളങ്ങൾ അധികമായി പോയി എന്നു സങ്കല്പിച്ചു വാദിക്കയാണു അവർചെയ്തതു.

ഉദ്യോഗങ്ങളുടെ എണ്ണം കുറയ്ക്കുന്നകാര്യത്തെപ്പററി പറഞ്ഞാൽ എന്റെ ഉദ്യോഗസ്ഥമുൻഗാമി ഈ സഭയിൽ സമ്മതിച്ചു പറഞ്ഞപ്രകാരം അങ്ങുമിങ്ങും ചില ഉദ്യോഗങ്ങൾ വേണ്ടെന്നു വെയ്ക്കാൻ കഴിയുമായിരിക്കും. മെമ്പർ പ്രസ്താവിച്ചപ്രകാരം ഒരു മണിക്കൂർമാത്രം ജോലിചെയ്യുന്നവർ ഉണ്ടായിരിക്കാം. എന്നാൽ അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ വളരെ ചുരുക്കമായിരിക്കുമെന്നു ഞാൻ ബോധിപ്പിക്കുന്നു. അങ്ങനെയുള്ള ദൃഷ്ടാന്തങ്ങൾ എന്റെ ഡിപ്പാർട്ടുമെന്റിന്റെയും ഗവണ്മെന്റിന്റെയും ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതുണ്ട്. എന്നാൽ പൊതുവേയൊരു കുററാരോപണം ചെയ്യുന്നതു ന്യായമല്ല. ഭേദഗതികൾ വരുത്താവുന്ന ചില ഡിപ്പാർട്ടുമെന്റുകളുടെ കാര്യം ശ്രദ്ധയ്ക്കു വിഷയമാക്കപ്പെട്ടിട്ടുണ്ട്. ഇതൊരു റെസല്യൂഷൻ പാസ്സാക്കി സാധിക്കാവുന്ന കാര്യമാണ്. ഒരു ഗ്രേഡ്സ്കാരൻ ഒരു മണിക്കൂർ നേരം ചെയ്യാനുള്ള ജോലിയേ ഉള്ളൂഎന്നുമെമ്പർ. അന്വേഷിക്കുന്നതിനു ഒരു കമ്മിററി ആവശ്യമില്ല സർ, ഞാൻ എന്റെ പരിചയത്തിൽ നിന്നാണു പറയുന്നതു. അങ്ങനെയുള്ള ജോലി ഞാൻതന്നെ ചെയ്തിട്ടുമുണ്ട്. സെക്രട്ടേറിയററിൽ ഇരിക്കുന്ന ഒരു കമ്മിററിക്കു ഈ ജോലി ചെയ്യാൻ സാധിക്കയില്ല. കമ്മിററി സമ്പാദിക്കുന്ന ഒന്നായിരിക്കണം. അസിസ്റ്റന്റു പൊലീസ് സൂപ്രണ്ടന്മാരുടെ ഉദ്യോഗമോ പൊതുമരാമത്തിൽ സബ് ഡിവിഷൻ ആഫീസർമാരുടെ ഉദ്യോഗമോ വേണ്ടെന്നു വെയ്ക്കുന്നകാര്യത്തെപ്പററി ആലോചിപ്പാൻ ഒരു കമ്മിററി ആവശ്യമില്ല. ഇവയെ സംബന്ധിച്ചു ഒരു പ്രമേയം കൊണ്ടുവന്നു വാദപ്രതിവാദം നടത്തി തീർച്ചയാക്കാവുന്നതാണ്. പൊലീസ് കമ്മീഷണരും ചീഫ്എൻജിനീയരും കാര്യങ്ങളുടെ സത്യാവസ്ഥ സഭാമുമ്പാകെവയ്ക്കുമെന്നു നിശ്ചയമാണ്. ഏതെങ്കിലും മെമ്പറിനു ഇതിനപ്പുറം വിവരമായി പറിക്കണമെങ്കിൽ ഞാനും എന്റെ ഡിപ്പാർട്ടുമെന്റും വേണ്ടുന്ന സൌകര്യങ്ങളെല്ലാം ഉണ്ടാക്കിക്കൊടുക്കാൻ തയ്യാറാണ്.

പ്രെസിഡെൻറ : നിങ്ങൾ ഗവണ്മെൻറിൻെറ ഭാഗത്തേക്കാണു സംസാരിക്കുന്നതു്, നിങ്ങളുടെ ഡിപ്പാർട്ടുമെൻറിനു വേണ്ടിയല്ല.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫൈനാൻഷ്യൽ സെക്രട്ടറി): ഇതു ചോദ്യങ്ങളെ സംബന്ധിച്ചു മെമ്പർമാർ ആവശ്യപ്പെടുന്ന ശരിയായ വിവരങ്ങൾ സമ്പാദിക്കുന്നതിനു വേണ്ട സൌകര്യങ്ങൾ ഗവണ്മെൻറ് സന്തോഷത്തോടെ ഉണ്ടാക്കി കൊടുക്കുന്നതാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ സംഗതികളെപ്പററി വാദം നടത്തുന്നതിൽ വല്ലതെററുണ്ടോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫൈനാൻഷ്യൽ സെക്രട്ടറി): ഈ കാര്യങ്ങളെപ്പററി വാദം നടത്തുന്നതിൽ തെററുണ്ടെന്നു ഞാൻ പറയുന്നില്ല. ഈ കാര്യങ്ങളെപ്പററി അന്വേഷിക്കാൻ ഒരു കമ്മിററി ആവശ്യമില്ലെന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

സർ, നമ്മുടെ സ്ഥാപനനിയമത്തിൽ മിക്കകാര്യങ്ങളും ഓഗ്രവശാൽ പൂർണ്ണജ്ഞാനത്തോടെ വാദംചെയ്തു തീർച്ചയാക്കുന്നതിനു വ്യവസ്ഥയുണ്ടു്. ഇരിസംപൂർണ്ണമെ സഭാസമ്പാടക ഹാജരാക്കുന്നതിനു മുമ്പായി ഓരോ പുതിയ ചെലവിനെപ്പററിയും വിമർശനംചെയ്യുന്നതിനു ഫൈനാൻസുകമ്മിററിയുണ്ടു്. എന്നുമല്ല ഫൈനാൻസുകമ്മിററിയുടെ ആലോചനാവിഷയമാക്കുന്നതിനുമുമ്പെ ഒരു ഡിപ്പാർട്ടുമെൻറ് വേണമെന്നു പറയുന്ന ചെലവു ന്യായമോ അല്ലയോ എന്നതിനെപ്പററി ഏറെക്കുറെ കൂലംകഷമായി ഒരന്വേഷണം നടത്തുന്നതിനു ഗവണ്മെൻറിൻെറ ഫൈനാൻസുഡിപ്പാർട്ടുമെൻറും ഉണ്ടു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഓരോ ഡിപ്പാർട്ടുമെൻറിലും ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരുടെ സമ്പളത്തെപ്പററി ഫൈനാൻസുകമ്മിററി ആലോചിക്കാറുണ്ടോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫൈനാൻഷ്യൽ സെക്രട്ടറി): ചില അവസരങ്ങളിൽ വിമർശനം ചെയ്യാറുണ്ടു്. അതിനു വിരോധമായി ഒന്നുമില്ല. മെമ്പർ വിചാരിക്കുന്നതു് എന്താണെന്നു എനിക്കു മനസ്സിലായി. ഈ കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഈ സഭയിൽ വാദവിഷയമാക്കുന്നതിനും ഫൈനാൻഷ്യൽ കമ്മിററിമെമ്പർമാർക്കു പല മാർഗ്ഗങ്ങൾ ഉണ്ടു്.

നമ്മുടെ കോശയന്ത്രത്തിൻെറ ചില വിവരങ്ങൾ കൂടെ പറയാം. ഏതെങ്കിലും ചെലവു അധികമായി പോകുകയോ അധികമായിപോകുമെന്നു ശങ്കിക്കാൻ ഇടയുണ്ടാകുകയൊ ചെയ്താൽ അതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽകൊണ്ടുവരുന്നതിനു ആഡിററുഡിപ്പാർട്ടുമെൻറിനു ബാദ്ധ്യതപ്പെടുത്തിട്ടുണ്ടു്. താൻ കൊടുക്കുന്ന പണത്തിനു തക്കതായ പ്രതിഫലം കിട്ടുന്നുണ്ടോ എന്നു ഓരോകുശിയന്നും ചോദിക്കാൻ അവകാശമുള്ളതുപോലെ ചോദിക്കുന്ന ഈ ആഡിററുഡിപ്പാർട്ടുമെൻറിൻെറ ചുമതലയാക്കി വച്ചിട്ടുണ്ടു്. വീഴ്ചകൾ ഉണ്ടാകാം. എന്നാൽ ആ വിശിഷ്ടോദ്ദേശത്തെസംബന്ധിച്ചാണു ഞങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ഒരു അലങ്കാരം പ്രയോഗിച്ചു പറഞ്ഞാൽ എൻെറ ഔദ്യോഗികപ്രവൃത്തിക്കാലയിൽ ഏതുവിധത്തിൽ ചെലവുകൾ കുറയ്ക്കാം, എവിടെയെല്ലാം ഉള്ള ക്രമം ഏർപ്പെടുത്തണം, ജനങ്ങളുടേയും ഉദ്യോഗങ്ങളിലിരിക്കുന്നവരുടേയും ഗുണം വർദ്ധിപ്പിക്കാൻ മാർഗ്ഗമെന്താണു, എന്നെല്ലാം സദാ പരിശ്രമിച്ചുകൊണ്ടിരിക്കയാണു. ഈ വാക്കുകളോടുകൂടെ പ്രമേയത്തിൻെറ അവതാരകൻ വീണ്ടും ആലോചിച്ചു്, അതിനെപ്പററി ഇപ്പോൾ വോട്ടിടണമെന്നു നിർബന്ധിക്കരുതെന്നു അദ്ദേഹത്തോടു അപേക്ഷിക്കുന്നു.

മി: ആർ. കാർത്തികപിള്ള (കോട്ടയം): സർ, മലയാളത്തിൽമാത്രം സംസാരിക്കാൻ കഴിയുന്ന ഞാൻ ആംഗ്ലേയനായ ഉത്തരവുകേട്ടു ഭ്രമിച്ചുപോയി. അതുകൊണ്ടു എൻെറ മനസ്സിൽ ഉണ്ടായിരുന്നതെല്ലാം പറയാൻ കഴിഞ്ഞില്ല. ഈ സമയം പ്രമേയം വോട്ടിനു വയ്ക്കാൻ നിർബന്ധിക്കുന്നതു ശരിയായിരിക്കയില്ലെന്നു ഞാനും വിചാരിക്കുന്നു. ഫൈനാൻഷ്യൽ സെക്രട്ടറിയുടെ മറുപടിയും എന്നെ ഒരുവിധം തൃപ്തിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു പ്രമേയം ഒരാണ്ടുകഴിഞ്ഞു വീണ്ടും അവതരിപ്പിക്കാനുള്ള ഉദ്ദേശത്തോടുകൂടെ ഇപ്പോൾ പിൻവലിക്കാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രമേയം അനുവാദപ്രകാരം പിൻവലിച്ചു.

ഉപയോഗമുള്ള കുളസ്ഥലങ്ങൾ, കുളങ്ങൾ, ചാലുകൾ എന്നിവയുടെ
പരിശോധനയെപ്പററിയുള്ള പ്രമേയം.

മി: ആർ കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, താഴെകാണുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഈ സംസ്ഥാനത്തിലെ കൃഷിസേചനത്തിനു ഉപയോഗപ്പെടുത്താവുന്ന കുളങ്ങൾ, കുളസ്ഥലങ്ങൾ ചാലുകൾ എന്നിവ എത്രയുണ്ടെന്നു് അന്വേഷിച്ചു റിപ്പോർട്ടുചെയ്യണമെന്നു് ഈ സഭ ഗവണ്മെൻറിനോടു ശിപാർശ ചെയ്യുകകൊള്ളുന്നു.

ഈ രാജ്യത്തിലെ പ്രധാനവ്യവസായം കൃഷിയാണെന്നു നമുക്കെല്ലാവർക്കും അറിയാമല്ലോ. ജനങ്ങളിൽ അറുപതെന്നാണു് എഴുപതു് ശതമാനം കൃഷിചെയ്തു് ഉപജീവിക്കുന്നു. അതുകൊണ്ടു കൃഷിപരിപാലനത്തിൽ ശ്രദ്ധപതിക്കേണ്ടതു ഗവണ്മെൻറിൻേറയും ജനങ്ങളുടേയും ധർമ്മമാകുന്നു. ഈ രാജ്യത്തു മാത്രമല്ല ജനങ്ങളുടെ പ്രധാനതൊഴിൽ കൃഷിയായിട്ടുള്ളതു്. എല്ലാ രാജ്യങ്ങളിലും കൃഷിയുടെ പരിപോഷണത്തിൽ അവർ ശ്രദ്ധപതിക്കുന്നുണ്ടു്. ഈയിടെ ഡൽഹിയിൽവച്ചു സർ ഇബ്രാഹിംഹി ഖുള്ളായുടെ അദ്ധ്യക്ഷസ്ഥാനാധിപത്യത്തിൻകീഴിൽ ഒരു നിയമകർഷകയോഗത്തിൽവച്ചു കൃഷിയിൽ ഉണ്ടാക്കാവുന്ന പരിഷ്കാരങ്ങളെല്ലാം ഉണ്ടാക്കണമെന്നു തീർച്ചയാക്കുകയുണ്ടായി. കൃഷിസംബന്ധിച്ചു പരീക്ഷണങ്ങളിൽ എല്ലാവർക്കു താല്പര്യം ഉണ്ടായിരിക്കണമെന്നും കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു കഴിയുന്ന ശ്രമങ്ങളെല്ലാം ചെയ്യണമെന്നും കൂടെ ആ യോഗത്തിൽ തീർച്ചയാക്കി. അതുകൊണ്ടു കൃഷി വിജയത്തിൽ പരിണമിക്കുന്നതിനു വേണ്ടുന്ന ശ്രമങ്ങളെല്ലാം നാമും ചെയ്യണം. കൃഷിയുടെ അഭിവൃദ്ധിക്കു കൃഷിസേചനപ്രവൃത്തികൾ ആവശ്യമാണെന്നു സർവ്വസമ്മതമാകുന്നു. അതുകൊണ്ടുതന്നെയാണു ബ്രിട്ടീഷിൻഡ്യയിലും മററു രാജ്യങ്ങളിലും ഭീമമായ കൃഷിസേചനപ്രവൃത്തികൾ നടത്തുന്നതു്. ഇൻഡ്യാഗവണ്മെൻറ് ആരംഭിച്ചിരിക്കുന്ന സുക്കൂർബാരാജ് എന്ന കൃഷിസേചനപ്രവൃത്തി ലോകത്തിൽ വെച്ചു ഏറെവും വലിയതും വിസ്തീർണ്ണമേറിയതും ആകുന്നു എന്നു നമുക്കറിയാമല്ലോ. ഇംഗ്ലണ്ടും വെയിൽസും കൂടിയതിൻെറ വിസ്തീർണ്ണ

ഉള്ള ഒരു പ്രദേശം മുഴുവനും വേണ്ടുന്ന കൃഷിസേചനപ്രവൃത്തികൾ നടത്താൻ അതു മതിയാകുമെന്നാണു കണക്കാക്കിട്ടുള്ളതു്. മൈസൂരിൽ ഇർവിൻതോടിന്റെ പണി നടന്നുവരുന്നുഎന്നും മദ്രാസിൽ അവിടത്തെ ഗവണ്മെന്റും വലിയ കൃഷിസേചനപ്രവൃത്തികൾ നടത്തിവരുന്നുഎന്നും നമുക്കറിയാമല്ലോ. ഇതിൽനിന്നു കൃഷിസേചനക്കാര്യം എല്ലായിടങ്ങളിലേയും ഗവണ്മെന്റുകളുടെ ശ്രദ്ധയ്ക്കു വിഷയമായിട്ടുണ്ടെന്നു നമുക്കറിയാം. തിരുവിതാംകൂറിലും കൃഷിസേചനപ്രവൃത്തികൾക്കു വലിയ പ്രാധാന്യം കൊടുത്തിരുന്നു: ഇപ്പോഴും അക്കാര്യത്തിൽ ശ്രദ്ധ പതിയുന്നുണ്ടു്. നമ്മുടെ ഒരു വലിയ സ്മാരകചിഹ്നമായ പ്രവൃത്തി കോതയാർ അണയാകുന്നു. മുൻകാലങ്ങളിൽ കാണിച്ചിരുന്ന താല്പര്യം ഇപ്പോൾ കാണിക്കുന്നില്ലെന്നാണു ഞാൻ ബോധിപ്പിക്കുന്നതു്. ഈ കാര്യത്തിലേക്കു ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഈ രാജ്യത്തിൽ കൃഷിസേചനത്തിനു ഉപയോഗപ്പെടാവുന്ന കുളങ്ങളേയും തോടുകളേയും പററി ഒരന്വേഷണം നടത്തണമെന്നു ഗവണ്മെന്റിനോടു ഞാൻ വളരെ താല്പര്യമായി അപേക്ഷിക്കയുംചെയ്യുന്നു. അങ്ങനെചെയ്താൽ കൃഷിസേചനം എങ്ങനെ നന്നാക്കാൻ കഴിയുമെന്നു ഗവണ്മെന്റിനു ഗ്രഹിക്കാൻ കഴിയും. അങ്ങനെയൊരു അന്വേഷണം നടത്തിയശേഷം ജലസംഭരണം ചെയ്യുന്നതിന് ഈ കുളങ്ങളും തോടുകളും നന്നാക്കുന്ന കാര്യത്തിൽ ഗവണ്മെന്റിനു ശ്രദ്ധപതിപ്പാൻ കഴിയും. ഈ ഉദ്ദേശത്തോടുകൂടെ ഞാൻ ഈ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

മി: താമ്പ്രപ്പള്ളിൽ കൊച്ചുതൊമ്മൻ (പഴയന്നൂർ): ഞാൻ മി. കേശവപിള്ളയുടെ പ്രമേയത്തെ പിന്താങ്ങുന്നു. മദ്ധ്യതിരുവിതാംകൂറിലെ ആവശ്യത്തിന് എപ്പോഴും ശുദ്ധജലത്തെ പ്രദാനം ചെയ്യുന്നതിനു പമ്പ, മണിമല, കളക്കട ഈ ആറുകളാണുള്ളതു്. ഈ ആറുകൾക്കു സമീപമായി ഫലവത്തായ അനേകം നിലങ്ങളുണ്ടു്. ആററിൽനിന്നും നിലങ്ങളിലേക്കു പല തോടുകളും ഉള്ളതു് അതിന്റെ ഇരുവശവുംഉള്ള കൃഷിക്കാർ ആക്രമണംചെയ്തു കൈവശം വച്ചനുഭവിച്ചുവരികയാണു്. തന്നിമിത്തം പല കൃഷിക്കാർക്കും ആററിൽനിന്നു വെള്ളം നിലങ്ങളിലേക്കു കൊണ്ടുപോകുന്നതിനോ, നിലങ്ങളിലുള്ള വെള്ളം ആററിലേക്കു പോകുന്നതിനോ നിവൃത്തിയില്ലതെയാണ് ഇപ്പോൾ ഇരിക്കുന്നതു്. ഈ തോടുകളെ പുറമ്പോക്കായി പതിച്ചുകൊടുത്തതിനെതിരെ എടുക്കുന്നതിനു ചീഫ് എൻജിനീയരും ലാണ്ടുറവന്യൂ കമ്മീഷണരും പ്രത്യേകം ശ്രദ്ധിക്കണം. കൂടാതെ ഇനിയും അനേകം തോടുകളും വെട്ടേണ്ടതായുണ്ടു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

സഭ രണ്ടു മണിക്കു യോഗം പിരിയുകയും 2.30 മണിക്കു വീണ്ടും കൂടുകയും ചെയ്തു. ഡിപ്യൂട്ടി പ്രൈസിഡന്റു അദ്ധ്യക്ഷസ്ഥാനം വഹിച്ചു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, പ്രധാനപ്രമേയത്തിനു താഴെപറയുന്ന ഒരു ഭേദഗതി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു, ഭേദഗതി ഇങ്ങനെയാണു—

"റിപ്പോർട്ടുചെയ്യണമെന്നു് എന്നവാക്കുകൾക്കു പകരം റിപ്പോർട്ടു ചെയ്യുന്നതിനു് അനുദ്യോഗസ്ഥഭൂരിപക്ഷമുള്ള ഒരു കമ്മിററിയെ നിയമിക്കണമെന്നു്" എന്ന വാക്കുകൾ ചേർക്കണം,

ഭേദപ്പെടുത്തിയ പ്രമേയം ഇപ്രകാരമായിരിക്കും.

ഈസംസ്ഥാനത്തിലെ കൃഷിസേചനത്തിനു ഉപയോഗപ്പെടുത്താവുന്ന കുളങ്ങൾ, കുളസ്ഥലങ്ങൾ, ചാലുകൾ എന്നിവ എത്രയുണ്ടെന്നു അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു അനുദ്യോഗസ്ഥഭൂരിപക്ഷമുള്ള ഒരു കമ്മിററിയെ നിയമിക്കണമെന്നു ഈ സഭ ഗവണ്മെന്റിനോടു ശിപാർശചെയ്തുകൊള്ളുന്നു.

ഈ സമാധാനം കൈക്കൊള്ളുന്ന ഈ ഭേദഗതി പ്രധാനപ്രമേയത്തിനു യാതൊരു വിധത്തിലും വിരുദ്ധമല്ലെന്നു ഞാൻബോധിപ്പിച്ചു കൊള്ളുന്നു. ഭേദഗതിയുടെ ഉദ്ദേശം പ്രമേയത്തിൽ പറഞ്ഞവിഷയങ്ങളെപ്പററി അന്വേഷണം നടത്തി റിപ്പോർട്ടുചെയ്യണമെന്നു മാത്രമാണു; ഇപ്പോഴത്തെസ്ഥിതിക്കു ഗവണ്മെന്റിനു തങ്ങൾ അന്വേഷണങ്ങളെന്നും നടത്തിട്ടുണ്ടെന്നു റിപ്പോർട്ടുകൾ കിട്ടിട്ടുണ്ടെന്നും സംസ്ഥാനത്തുള്ള കൃഷിസേചനപ്രവൃത്തികൾ നന്നാക്കുന്നതിനു കഴിയുന്നതെല്ലാം ചെയ്തുവരുന്നുണ്ടെന്നും സഭയൊടുസമാധാനം പറയാൻ കഴിയും. അതുകൊണ്ടു പ്രധാനപ്രമേയം വോട്ടിനിടണമെന്നു നിർബന്ധിക്കേണ്ടിവന്നാലും ഇക്കാര്യത്തിൽ അല്പംകൂടി കൂടുതലായി ചെയ്യുന്നതിനു ഭേദഗതികൊണ്ടു ആവശ്യപ്പെടുന്നതുമല്ല. സംസ്ഥാനം മുഴുവൻറയും ആവശ്യം മനോരിയാൽ നമ്മുടെ ഉദ്ദേശനിവൃത്തിക്കു അതുമതിയാകുകയില്ല. മൈനർ ഇറിഗേഷൻ (ചില്ലറ കൃഷിസേചനം) പണികൾക്കു അനുവദിക്കുന്ന സംഖ്യകൊണ്ടു ജനങ്ങൾ തൃപ്തിപ്പെടുന്നില്ലെന്നു ആണ്ടുതോറും ബഡ്ജററിനെപ്പററിയുള്ള സാമാന്യ നിരൂപണത്തിൽ നിന്നു പൊതുജനങ്ങൾക്കും കൃഷിയും ബഡ്ജററുകളെപ്പററിയുള്ള വാർത്തപ്രതിപാദങ്ങളിൽ നിന്നു മനസ്സിലാക്കാവുന്നതാണു. എന്നുമാത്രമല്ല, തന്റെ നിയോജകമണ്ഡലത്തിലേക്കു അധികം പണം അനുവദിക്കണമെന്നും, തന്റെ നിയോജകമണ്ഡലത്തിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു അധികം കൃഷിസേചനപ്രവൃത്തികൾ നടത്തണമെന്നും ഈ സംസ്ഥാനത്തിലെ ഓരോ നിയോജക മണ്ഡലത്തിലെ പ്രാതിനിദ്ധ്യം വഹിക്കുന്ന ഓരോരാൾക്കും ഈ സഭയിൽ പലപ്പോഴും പരാതിപറയാറും ഉണ്ടല്ലോ. അതുകൊണ്ടു വാദവിഷയത്തെപ്പററി പൂർണ്ണമായ ഒരു അന്വേഷണം നടത്തുകയും ഒരേസമയം രാജ്യം മുഴുവനിലും തൃപ്തിയുണ്ടാകുകയും വേണമെങ്കിൽ ഈ ഭേദഗതി അത്യാവശ്യമാണു. സർ, എന്റെഭേദഗതി പ്രമേയപ്രകാരം ഒരു കമ്മിററിയെനിയമിച്ചാൽ, ഏതെല്ലാം കൃഷിസേചനപ്രവൃത്തികളാണു അടിയന്തിരമായി ചെയ്യേണ്ടതു, പ്രാധാന്യംനോക്കിയാൽ കമ്മിററിയുടെ അഭിപ്രായത്തിൽ ഏതാണു ആദ്യം നടത്തേണ്ടതു എന്നെല്ലാം ആ കമ്മിററി അന്വേഷണം നടത്താൻ കഴിയും. ഗവണ്മെന്റുതന്നെ അന്വേഷണം നടത്തി ഒരു റിപ്പോർട്ടു തയ്യാറാക്കുകയും ഇവിടെ ഒരു പണി നടത്തുകയും അവിടെ ഒരു പണി നടത്തുകയും ചെയ്യുകകൊണ്ടു് ആകപ്പാടെ തൃപ്തി ഉണ്ടാകയില്ല. അതുകൊണ്ടാണു ഈ ഭേദഗതി പ്രമേയം അവതരിപ്പിക്കാൻ ഞാൻ ആവശ്യപ്പെട്ടതു്. ഭേദഗതിപ്രമേയം സ്വീകരിക്കയും അനുദ്യോഗസ്ഥഭൂരിപക്ഷമുള്ള ഒരു കമ്മിററിയെ നിയമിക്കയും ചെയ്താൽ അനുദ്യോഗസ്ഥന്മാർക്കു രാജ്യത്തിന്റെ പല ഭാഗങ്ങളിലായി ഗവണ്മെന്റിൽ നിന്നു അടിയന്തിരമായി ചെയ്യേണ്ടുന്ന പ്രധാനപ്രവൃത്തികൾ ഏതെല്ലാമെന്നു കമ്മിററിയെ അറിയിക്കാൻ കഴിയും. ഗവണ്മെന്റു തനിച്ചു ഈ അന്വേഷണം നടത്തുകയാൽ ഏതെങ്കിലും ഒരു പ്രവൃത്തി പ്രധാനമോ അപ്രധാനമോ എന്നു ചില മെമ്പർമാർക്കോ തൻകാര്യം നോക്കുന്ന ചില കക്ഷികൾക്കോ ഗവണ്മെന്റിനെ ഒരു വിധം ബോദ്ധ്യപ്പെടുത്താൻ കഴിയും. അങ്ങനെ അധികം

പ്രാധാന്യമുള്ളതോ അധികം ഗുണകരമോ ആയ പ്രവൃത്തികളെവിസ്മരിച്ചിട്ടു മേല്പടി ശക്തികൾ ആവശ്യപ്പെടുന്ന പ്രവൃത്തികൾ മാത്രം ചെയ്യാൻ ഇടവരും. എന്നിക്കു ഈ സഭയെ അറിയിക്കാനുള്ള വേറൊരു സംഗതി, അവധി അപേക്ഷകൾ ഉണ്ടാകിട്ടു മൈനർ കൃഷിസേചനത്തിനു ആണ്ടുതോറും അനുവദിക്കുന്ന സംഖ്യ തൃപ്തികരമല്ലെന്നുള്ളതാണു. ഉദാഹരണമായി ഈ വാണ്ടിൽ അനുവദിച്ചിട്ടുള്ള സംഖ്യ കഴിഞ്ഞതവണത്തെ സംഖ്യയെക്കാൾ കുറവാണു. ഇതിൽനിന്നു അനുമാനിക്കേണ്ടതു ഈ സഭയിൽ ഉച്ചത്തിലുള്ള ആക്ഷേപങ്ങൾ നടന്നിട്ടും ഈ സഭയിലും ശ്രീമൂലം പ്രജാസഭയിലും മെമ്പർമാർ ചെയ്യുന്ന നിവേദനങ്ങൾക്കുള്ള പ്രാധാന്യത്തെ ഗവണ്മെന്റു വലിയ കാര്യമായി ഗണിക്കുന്നില്ലെന്നാണു എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. മൈനർഇറിഗേഷൻ റിപ്പോർട്ടാണാക്കിയാൽ (റിപ്പോർട്ടിന്റെ സാരം മാത്രമാണു ഞാൻ പറയുന്നതു) ദക്ഷിണതിരുവിതാംകൂറിലെ ഒരു താലൂക്കിൽ രണ്ടു കുളങ്ങൾ പഴയസ്ഥിതിയിലാക്കുകയും ഒരു കുളം നന്നാക്കുന്നതിനു കുറെ പണം ചെലവാക്കിയതായും മാത്രം കാണുന്നു. ഇതാണു ചെയ്തിട്ടുള്ള പ്രവൃത്തി എങ്കിൽ, മിസ്റ്റർ റോബിൻസൺ അങ്ങനെയല്ലെന്നു തെളിയിച്ചു കാണിക്കുന്നു:—

മി: എസ്. സി. എച്ച്. റോബിൻസൺ (ലാണ്ട്റെവന്യൂവും ആഭ്യന്തരനികുതിയും, കമ്മീഷണർ): മെമ്പർ പ്രസ്താവിച്ച റിപ്പോർട്ടു ഏതാണെന്നെയാണെന്നു പറയുമോ?

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ക്ഷ ൦൧-ാമത്തെ ലാണ്ട്റെവന്യൂ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് ൧൯-൦ പുറം-

മി: എസ്. സി. എച്ച്. റോബിൻസൺ (ലാണ്ട്റെവന്യൂവും ആഭ്യന്തരനികുതിയും, കമ്മീഷണർ): അതു ഉപയോഗിക്കുന്ന കാര്യമാണ്. നമ്മുടെ പക്കൽ ക്ഷ ൦൧-ാമത്തെ റിപ്പോർട്ടുണ്ടല്ലോ.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): പഴയകഥ! ക്ഷ ൦൧-ാമാണ്ടിനെ ക്ഷ ൦൧-ാമാണ്ടോടുതാരതമ്യപ്പെടുത്തി ഈ സഭയിൽ ചെയ്യുന്ന നിവേദനങ്ങളുടെ പ്രാധാന്യം ഗവണ്മെന്റു ഗ്രഹിക്കുന്നില്ലെന്നു ഞാൻ പറഞ്ഞപ്പോൾ മിസ്റ്റർ റോബിൻസൺ എന്റെ പ്രസംഗം കേൾക്കാൻ ജാഗ്രതയുള്ളവനായിരുന്നു. അനന്തരം ഞാൻ ക്ഷ ൦൧-ാമാണ്ടെടുത്തു് പിന്നെക്കൊല്ലം സംഖ്യ കുറച്ചതു ശരിയായില്ലെന്നു പറഞ്ഞു. പണം അനുവദിക്കുന്നതു മതിയാകുന്നില്ലെന്നു. ഇക്കാര്യത്തിൽ അധികം ശ്രദ്ധപതിയണമെന്നും ഉള്ള എന്റെ വാദം പടിപടിയായി സ്ഥാപിച്ചുകൊണ്ടു പോകുകയായിരുന്നു. അതുകൊണ്ടു ഏതെങ്കിലുമൊരുവർഷം അധികം പണം അനുവദിച്ചതുകൊണ്ടു ജനങ്ങൾക്കു ആകപ്പാടെ ഗുണംസിദ്ധിക്കുന്നില്ല. ഏതെങ്കിലും ഒരുവർഷം ഒന്നോരണ്ടോലക്ഷം രൂപാ ചെലവുചെയ്താൽ, അതുകൊണ്ടു കാര്യസാദ്ധ്യം ഉണ്ടാകയില്ല. അതുകൊണ്ടു കമ്മിററി ഈ വിഷയത്തെപ്പററി പൂർണ്ണമായ അന്വേഷണം നടത്തുകയും ഓരോ മൈനർ ഇറിഗേഷൻ പ്രവൃത്തിപരിശോധിക്കയും പ്രാധാന്യം അനുസരിച്ചു നടത്തേണ്ടതെന്നു അവയെ തരംതിരിച്ചു പട്ടിക ഉണ്ടാക്കുകയും ഓരോ താലൂക്കിലേക്കു പണം അനുവദിക്കയും വേണം. അല്ലെങ്കിൽ സംസ്ഥാനമൊട്ടുക്കു ഇച്ഛിയുണ്ടാകയില്ല. പൊതുമരാമത്തും കൃഷിയും ബന്ധുവകുപ്പുകളെപ്പററിയുള്ള വാദത്തിൽ ഒരു മെമ്പർ തന്റെ താലൂക്കിൽ നൂറുപണികൾ നടത്തണമെന്നു ആവശ്യപ്പെട്ടും വേറൊരു മെമ്പർ അയാളുടെ താലൂക്കിൽ വേറൊരു നൂറുപണികൾ നടത്തണമെന്നു ആവശ്യപ്പെട്ടും സഭയുടെ സമയം വൃഥാനഷ്ടപ്പെടുകയും ചെയ്യും. മററുമെമ്പർമാർ പറയുന്ന പണികൾ താൻ പറയുന്ന പണികൾപോലെ പ്രയോജനമുള്ളതല്ലെന്നു ഓരോ മെമ്പറും സടകുടഞ്ഞു വാദിച്ചിട്ടു ഗവണ്മെന്റിനും ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ടു പണികളെ ഓരോന്നിന്റെയും പ്രാധാന്യം അനുസരിച്ചു തരം തിരിക്കാൻ സാധിക്കയില്ല. മൈനർഇറിഗേഷൻ പ്രവൃത്തികൾക്കു ഓരോ താലൂക്കിനും എന്തെങ്കിലുംകിട്ടണം. പ്രധാനപ്രമേയത്തിനു ഭേദഗതി ഞാൻ കൊണ്ടുവന്നതിന്റെ ഉദ്ദേശം അതാകുന്നു. ഭേദഗതി പ്രധാന പ്രമേയത്തിനു വിരുദ്ധമല്ല. എന്റെ സ്നേഹിതൻ എന്റെ ഭേദഗതിയെ സ്വീകരിക്കുമെന്നു വിശ്വസിക്കയും ചെയ്യുന്നു.

മി: എ. ജി. മേനോൻ (പറവൂർ): മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. മുമ്പൊരുദിവസം പാസ്സാക്കിയ പ്രമേയത്തെ അനുപൂർണ്ണമാക്കുന്നതേയുള്ളു. ആ പ്രമേയത്തിലെ നിക്ഷേപം കുളങ്ങളോ നദികളോ തോടുകളോ പതിച്ചു കൊടുക്കാൻ പാടില്ലെന്നാണ്. ആ പ്രമേയത്തെപ്പററിയുള്ള എന്റെ വിമർശനത്തിൽ കൃഷിസേചനത്തിനു ആവശ്യമുള്ള എല്ലാപൊറമ്പോക്കുകളുടേയും ശരിയായ ഒരു പട്ടിക ആവശ്യമാണെന്നു ഞാൻ കാണിച്ചു. അങ്ങിനെയൊരുപട്ടികയുണ്ടെങ്കിൽ ഏതെല്ലാം കുളങ്ങൾ, തോടുകൾ മുതലായവ കൃഷിസേചനത്തിനു പ്രയോജനമില്ലാത്തവയാകയാൽ രജിസ്റ്റർ ചെയ്തുകൊടുക്കുന്നതിനു വിരോധമില്ലെന്നു അറിവാൻകഴിയും. ഇങ്ങനെയുള്ള ശരിയായ പട്ടികയില്ലാതിരിക്കുന്നതും ഈ സഭയിലും പ്രജാസഭയിലുംഉള്ള മെമ്പർമാർക്കു ഒരു വലിയ പ്രയാസമാകുന്നു. അതുകൊണ്ടു പ്രമേയത്തിന്റെ അവതാരകൻ ഈ ഭേദഗതിസ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): ഞാൻ ഭേദഗതിയെ എതിർക്കുന്നു. മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതിക്കുടാതെ തന്നെ ഉദ്ദേശിച്ചിട്ടുള്ള ഫലം ഈ പ്രമേയത്തിൽ നിന്നും ലഭിക്കാൻ ധാരാളം ന്യായമുണ്ടു. ഗവണ്മെന്റു വേണ്ട അന്വേഷണം നടത്തിയതിന്റെ ഫലമായുണ്ടാകുന്ന ഒരു റിപ്പോർട്ടു ഈ കൌൺസിലിൽ കൊണ്ടുവരുമെന്നു വിചാരിക്കാൻ മാർഗ്ഗമില്ല. അതിനും പുറമെ വേറെ പല താൽപര്യമുള്ളഅളുകളും പലവിധത്തിലും ഗവണ്മെന്റിനെ തെററി ധരിപ്പിച്ചു ഒരു റിപ്പോർട്ടു കൊണ്ടുവരുന്നതിനു അത്രഎളുപ്പമുള്ള ഒരു സംഗതിയല്ല. ഈ കൌൺസിലിന്റെ അഭിപ്രായമനുസരിച്ചു കൃഷിസംബന്ധമായി വേണ്ട വിധത്തിൽ പ്രവർത്തിക്കുന്നതിനു ഒരു ഡിപ്പാർട്ടുമെന്റും ആ ഡിപ്പാർട്ടുമെന്റിനെ സ്തുത്യർഹമായ വിധത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന ഒരു മേധാവിയും നമുക്കു ലഭിച്ചിട്ടുണ്ടു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഭേദഗതി പ്രമേയത്തിന്റെ അവതാരകൻ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിനെപ്പററിയോ മെമ്പർ പറയുന്ന പ്രത്യേകഡിപ്പാർട്ടുമെന്റിനെപ്പററിയോ വല്ല ആക്ഷേപവും പറഞ്ഞോ എന്നുപറയുമോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): ഗവണ്മെന്റു ഇടക്കിടെ ആജ്ഞക്കുന്നതായ റിപ്പോർട്ടുകൾ ശരിയായവിധത്തിൽ വരാതിരിക്കാൻ ന്യായമുണ്ടെന്നു എന്റെ സ്നേഹിതൻ പറഞ്ഞു; അതായതു വാസ്തവവിരുദ്ധമായ ഒരു റിപ്പോർട്ടു വരാൻ ഇടയുണ്ടെന്നും പറഞ്ഞു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അങ്ങനെ പറഞ്ഞിട്ടില്ലെന്നു മെമ്പർ ബലമായി പറയുന്നു.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറുനിയമനം) : ഗവണ്മെൻറുമാത്രം അന്വേഷണം നടത്തിയതാൽ ന്യായമായ റിപ്പോർട്ടു കിട്ടുകയില്ലെന്നും, അനുദ്യോഗസ്ഥ അംഗങ്ങൾകൂടി ഉണ്ടായിരുന്നാൽ മാത്രമേ ശരിയായ റിപ്പോർട്ടുവരാൻ സധിക്കയുള്ളു എന്നും എൻെറ സ്നേഹിതൻ അഭിപ്രായപ്പെട്ടു.

മി: മാത്യുമുതിക്കൻ (വൈക്കം) : അനുദ്യോഗസ്ഥന്മാർ കാര്യശേഷിഇല്ലാത്തവരാണെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറുനിയമനം): അനുദ്യോഗസ്ഥന്മാർ അടങ്ങിയ ഒരു കമ്മിററിയെ നിയമിക്കുന്ന പക്ഷം അതിലേക്കു പണച്ചിലവു ധാരാളം ഉണ്ടാകും. അങ്ങിനെ പണംചിലവാക്കേണ്ട ഒരാവശ്യമുണ്ടോ എന്നാണു നോക്കേണ്ടതു. ഇങ്ങനെ പണം ചിലവാക്കുന്നതിനു പകരം ഈ സംഗതി കൃഷിഡിപ്പാർട്ടുമെൻറിനെ ചുമതലപ്പെടുത്തി ഒരു റിപ്പോർട്ടു വരുത്തി അതനുസരിച്ചു പണം ചിലവു ചെയ്യുന്നതു നന്നായിരിക്കുമെന്നാണു എൻെറ അഭിപ്രായം.

മി:എ. ജി. മേനോൻ (പറവൂർ): ഈ തോടുകളും കുളങ്ങളും കൊണ്ടു സേചനം ചെയ്യപ്പെടുന്ന കൃഷിഭൂമിയുടെ വിസ്തീർണ്ണം എത്രയുണ്ടെന്നു മെമ്പർക്കു വല്ലവിവരവുംഉണ്ടോ?

ഡിപ്യൂട്ടിപ്രെസിഡൻറ: ആ ചോദ്യത്തിനു ഈ വിഷയത്തോടു എന്താണു സംബന്ധം? അദ്ദേഹം ഭേദഗതിയെ ആണല്ലോ എതിർക്കുന്നതു്

മി: എ. ജി. മേനോൻ (പറവൂർ) : അദ്ദേഹംകൃഷിസേചനച്ചെലവുകളെപ്പററി പറയുന്നു. അതിനെ സംബന്ധിച്ചു ഭൂമിയുടെ വിസ്തീർണ്ണം അറിയാമോ എന്നാണു ഞാൻ ചോദിക്കുന്നതു.

ഡിപ്യൂട്ടിപ്രെസിഡൻറ: കൃഷിസേചനപ്പണികൾക്കു അധികം പണംചെലവാക്കുന്നതിൻെറ ആവശ്യകതയെ സംബന്ധിച്ചാണു നിങ്ങളുടെ ചോദ്യം. ആ പ്രധാന പ്രമേയത്തിൻെറ സാരമാണു, ഭേദഗതി പ്രമേയം ഒരു കമ്മിററിയെ നിയമിക്കുന്നതിനെ സംബന്ധിച്ചാണു.

മി: എ. ജി. മേനോൻ (പറവൂർ): സേചനം ചെയ്യേണ്ടുന്ന ഭൂമിയുടെ വിസ്തീർണ്ണം മെമ്പർക്കറിയാമോ എന്നാണു എൻെറചോദ്യം.

ഡിപ്യൂട്ടിപ്രെസിഡൻറ: അതിൻെറ സംബന്ധം എന്താണു?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): എനിക്കു—

ഡിപ്യൂട്ടിപ്രെസിഡൻറ: മയവായി ക്ഷമിക്കു അദ്ദേഹം പറഞ്ഞുതീർത്തുകൊള്ളട്ടെ.

മി: എ. ജി. മേനോൻ (പറവൂർ): കൃഷിസേചനത്തിനുള്ള ചെലവിനാണു അദ്ദേഹം വിരോധംപറയുന്നതു്. അതിനെ സംബന്ധിച്ചുവിസ്തീർണ്ണം അറിയാമോ എന്നാണു എൻെറ ചോദ്യം.

മി: പി. എസ്. മുഹമ്മദ് (ഗവണ്മെൻറു നിയമനം): തിരുവിതാംകൂറിലെ കൃഷിക്കു അത്യാവശ്യമായിട്ടുള്ള സംഗതികൾ എന്തെല്ലാം ചെയ്യണം, ഏതെല്ലാം പുറമ്പോക്കു സ്ഥലങ്ങൾ ഒഴിപ്പിച്ചെടുക്കണം, ഈ വക സംഗതികൾ എല്ലാം കമ്മിററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യണമെന്നുള്ളതാണു ഉദ്ദേശമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങിനെ ചെയ്യുന്നതിനു എത്ര സമയം വേണം. അതിലേക്കു പല സ്ഥലങ്ങളും പോയി സന്ദർശിക്കേണ്ടതായിട്ടുണ്ടു്. ഇതിലേക്കു ഒരു വലിയ സംഖ്യ ചിലവാക്കേണ്ടതായിട്ടുവരും. ആ ചെലവു അത്യാവശ്യമായി വലിച്ചുവയ്ക്കേണ്ട ആവശ്യമില്ല. ന്യായമായി നമുക്കു വിശ്വസിക്കാവുന്ന ഒരുദ്യോഗസ്ഥൻ കൃഷിഡിപ്പാർട്ടുമെൻറിൽ ഉണ്ടു്. അദ്ദേഹത്തെക്കൊണ്ടു അന്വേഷിപ്പിച്ചാൽ മതി എന്നാണു എൻെറ അഭിപ്രായം.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഈ കുളങ്ങളും തോടുകളും വളരെക്കാലമായി ഉപയോഗമില്ലാതെ ആയിതീർന്നിട്ടുണ്ടെന്നറിയാമോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമനം): അറിയാം.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതിനെ സംബന്ധിച്ചു യാതൊന്നും ഇതുവരെയായിട്ടും ഗവണ്മെൻറു പ്രവർത്തിച്ചിട്ടില്ലാത്തതുകൊണ്ടാണു ഈ കമ്മിററി വേണമെന്നു ആവശ്യപ്പെടുന്നതു എന്നു അറിയാമോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമനം): ഈ സംഗതി ഇതുവരെ ആവശ്യപ്പെടാതിരുന്നതുകൊണ്ടാണു ഗവണ്മെൻറിൻെറ ശ്രദ്ധ പതിയാതിരുന്നതു്. ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നു. അതുകൊണ്ടു ഗവണ്മെൻറു തീർച്ചയായും ഇതിൽ പ്രവർത്തിക്കും. ആഫീസർമാരെ നിയമിച്ചിട്ടുള്ളതു പല സംഗതികൾക്കുമാണു. അവർ പലതും പ്രവർത്തിക്കുന്നകൂട്ടത്തിൽ ഈ കാര്യവും പ്രവർത്തിക്കുന്നുണ്ടു്. അതുകൊണ്ടു ഈകാര്യം പ്രത്യേകം ചുമതലപ്പെടുത്തുന്നപക്ഷം വേണ്ട അന്വേഷണംനടത്തി വേണ്ടതു ചെയ്യുമെന്നു എനിക്കു പൂർണ്ണവിശ്വാസമുള്ളതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഭേദഗതിയുടെ പ്രാധാന്യം ആലോചിച്ചിട്ടു് ഞാനതു സ്വീകരിക്കുന്നു.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവങ്കോടും): സർ, മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതിപ്രകാരം ഭേദം ചെയ്യപ്പെട്ടപ്രമേയത്തെ ഞാൻ അനുകൂലിക്കയും ചില സംഗതികൾ ആലോചനയ്ക്കായി നിങ്ങളുടെ മുമ്പാകെ വെക്കയും ചെയ്യുകൊള്ളുന്നു. സഭയുടെ ഈ ഭാഗത്തുള്ള മെമ്പർമാരുടെ മിക്കപ്രസംഗങ്ങളിലും കൃഷിസേചനത്തിൻെറ പ്രാധാന്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണു്. നമ്മുടെ രാജ്യത്തിൻെറ ചരിത്രം പാരായണം ചെയ്താൽ തിരുവിതാംകൂർ സംസ്ഥാനംമുമ്പു മാവേലിക്കര, പന്തളം മുതലായ പല രാജ്യങ്ങളോ ഖണ്ഡങ്ങളോ ആയിരുന്നു എന്നു കാണാം. അക്കാലത്തെ മഹാരാജാക്കന്മാരോ പ്രഭുക്കന്മാരോ കൃഷിസേചനത്തിനു എത്ര പ്രാധാന്യം കൊടുത്തിരുന്നു എന്നു നമുക്കു ഏറെക്കുറെ സങ്കല്പിക്കാൻ കഴിയും. മദ്യപാനം, മോട്ടാർവാഹനങ്ങൾ, പിഴകൾ മുതലായ നമ്മുടെ പലവിധകൂട്ടത്തു ചെലവുകൾക്കു സ്ഥിരവരവുകളിൽ നിന്നാണു നമുക്കു പണം കിട്ടുന്നതു. മുക്കുവർക്കു അവർ സമുദ്രത്തിൽ നിന്നു പിടിക്കുന്ന മത്സ്യത്തിൽ നിന്നു വല്ലതും കിട്ടുമായിരിക്കും. ഈ സംസ്ഥാനത്തിലുള്ള മറെറല്ലാവരും എല്ലാററിനും തങ്ങളുടെ നിലങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഒരുപക്ഷേ മോണൊസൈറ്റ് മണലിൽ നിന്നല്ലാതെ നമ്മുടെ ധാതു പദാർത്ഥങ്ങളിൽ

നിന്നു നമുക്കൊന്നും കിട്ടുന്നില്ല. ഇങ്ങനെ തിരുവിതാംകൂറിലെ കുടിയാന്മാർ കൃഷിയെ മാത്രം ആശ്രയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു കൃഷിക്കു സമൃദ്ധിപ്രധാനമായ വെള്ളം കിട്ടുന്നതിനു ഗവണ്മെന്റ് ഏർപ്പാടു ചെയ്യേണ്ടിയിരിക്കുന്നു. ഒരിക്കൽ നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു ഒരു ഓലക്കെട്ടും പിടിച്ചുകൊണ്ടു പുത്തൻ ചിറ സന്ദർശിച്ചു വിവരം നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. അന്നു തിരുമനസ്സിലെ വിചാരം ഒരൊററക്കുഖിക്കാരൻപോലും തന്റെ സമയം വൃഥാകളയരുതെന്നും ആ ചിറയുണ്ടാക്കുന്നതിൽ എല്ലാവരും ബദ്ധശ്രദ്ധരായിരിക്കണമെന്നും ആയിരുന്നു. ൧൮൯൮-ാമാണ്ടു മുതൽ നമ്മുടെ പൂർവ്വികന്മാർ കൃഷി ആവശ്യത്തിന്നായി പല നദികളിലെയും വെള്ളം തിരിച്ചു കൊണ്ടു പോയിരുന്നു എന്നു നിങ്ങൾക്കറിയാൻ പ്രയാസമില്ല. കൃഷിസചനത്തിന്റെ പ്രാധാന്യത്തെപ്പററി ഡോക്ടർ മാധവൻപിള്ള ചെയ്ത പ്രസംഗത്തിൽ നിന്നു തിരുവിതാംകൂറിലെ ജനങ്ങളുടെ ഇക്കാര്യം സംബന്ധിച്ചു ആവശ്യങ്ങൾ എന്തെല്ലാമാണെന്നു ഏറെക്കുറെ മനസ്സിലാക്കാൻ കഴിയും. നമുക്കു പണമില്ല, നമ്മുടെ ഇടയിൽ പ്രമേഹരോഗികൾ ഏറെയില്ല. നാം പ്രധാനഭക്ഷണം ചോറല്ലാത്ത യൂറോപ്യന്മാരല്ല. നാം അധികവും ചോറുണ്ണുന്നവരാണു. നമുക്കു സുഖഭോജനങ്ങൾ വേണ്ടെങ്കിലും ആവശ്യമുള്ള പദാർത്ഥങ്ങൾ വെണ്ടെന്നുവെക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു മേലാൽ ഗവണ്മെന്റു അവരുടെ മുതലെടുപ്പിൽ ഭൂരിഭാഗം ആകെ മുതലെടുപ്പിൽ നാലിലൊരംശമെങ്കിലും കൃഷിസേചനപ്പണികൾക്കായി വിനിയോഗിക്കണമെന്നു ഞാൻ ബലമായി നിർബന്ധിച്ചു കൊള്ളുന്നു. മൈനർ ഇറിഗേഷൻ പ്രവൃത്തികൾകൊണ്ടു എന്റെ സ്നേഹിതൻ മി: കെ. പി. നീലകണ്ഠപ്പിള്ള ഇപ്പിപ്പെട്ടാൽ, എന്നാൽ മൈനർ ഇറിഗേഷന്റെ കാര്യം മാത്രം നോക്കിയാൽ പോരെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രെസിഡെന്റ്: പ്രമേയത്തെപ്പററിയാണു നിങ്ങൾ പ്രസംഗിക്കേണ്ടതു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഉവ്വ്, സർ, ഈ കാര്യത്തെപ്പററി ആലോചിക്കുന്നതിനു ഒരു ഉദ്യോഗസ്ഥാനുദ്യോഗസ്ഥക്കമ്മിററി അത്യാവശ്യമാണു. നമ്മുടെ ഉദ്യോഗസ്ഥന്മാർക്കു ഉദ്ദേശം ഒന്നുമില്ലെങ്കിലും നമ്മുടെ വനങ്ങളുടെ ഉള്ളിൽ കിടക്കുന്ന നിധികളെപ്പററി അവർക്കൊരുവിവരവും ഇല്ല. ഉദാഹരണമായി പരളിയാറിന്റെ മുകൾ ഭാഗത്തു കാലികാസം എന്ന സ്ഥലത്തു വെള്ളം ശേഖരിക്കുന്നതിനു അണകെട്ടാൻ ഒരു ഒന്നാന്തരം സ്ഥലമുണ്ടു. ആ അണ കെട്ടിയാൽ കഠിനവേനൽകാലത്തും എൽ. ബി. തോട്ടിൽ ജലദുർഭിക്ഷം ഉണ്ടാകയില്ല.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): ഇതിനെപ്പററി അന്വേഷിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു നേരിട്ടു അറിവുകൊടുക്കാൻ പാടില്ലേ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഇതിനെ സംബന്ധിച്ചു എനിക്കു പറവാനുള്ളതു സഞ്ചാരപ്പടി കൂടാതെ, ദിവാൻ പേഷ്ക്കാരും വേറെവല്ല ഉദ്യോഗസ്ഥനോ ആഗ്രാസനമായി ഓരോ സ്ഥലത്തു കമ്മിററികൾ സ്ഥാപിക്കണമെന്നും അങ്ങനെയുള്ള കമ്മിററികളിൽ സ്ഥലത്തുള്ള ചില ഉദ്യോഗസ്ഥന്മാരും ചില പ്രധാനഅനുദ്യോഗസ്ഥന്മാരും മെമ്പർ മാരായിരിക്കണമെന്നും ആകുന്നു. എന്നെ സംബന്ധിച്ചേടത്തോളം പറകയാണെങ്കിൽ എന്റെ നിയോജകമണ്ഡലത്തിലെ ആവശ്യങ്ങളെപ്പററി എന്തെല്ലാം വിവരങ്ങൾ ഞാൻ ചീഫ് എൻജിനീയർക്കു കൊടുത്തിട്ടുണ്ടെന്നു അദ്ദേഹത്തോടു ചോദിച്ചാൽ അറിയാവുന്നതാണു. ഞാൻ പറഞ്ഞപ്രകാരം നമുക്കു ഒന്നാന്തരം നദികൾ ഉണ്ടു്. എന്നാൽ അവയിലെ വെള്ളം ഇപ്പോൾ വെറുതെ നഷ്ടമായിപ്പോകുന്നു. ഇത്ര ഉപയോഗമുള്ള ജലാശയമാർഗ്ഗങ്ങൾ ഉണ്ടെന്നുതന്നെ ഈ സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാർ അറിയുന്നില്ല.

ഡിപ്യൂട്ടിപ്രെസിഡെന്റ്: നിങ്ങൾ വിവാദവിഷയത്തിൽ നിന്നു തെററിപ്പോകുന്നില്ലേ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): കൃഷിസേചനപ്പണികളുടെ പ്രാധാന്യത്തെപ്പററിയാണു ഞാൻ പറയുന്നതു്.

ഡിപ്യൂട്ടിപ്രെസിഡെന്റ്: ഇതല്ല അതിനുള്ള അവസരം, പ്രധാനവിഷയത്തെപ്പററി സംസാരിച്ചാൽ മതി.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഇതോടു തൊട്ടുകിടക്കുന്ന ബ്രിട്ടീഷിൻഡ്യൻ ഡിസ്ട്രിക്ടിലെ ഒരു സ്ഥലമായ ശ്രീവൈകുണ്ഠത്തു കൃഷിസേചനത്തിനു വെള്ളം തിരിച്ചു വിടുന്നതിനായി ഗവണ്മെന്റു അതിവിശേഷമായ ഒരു പണി ഉണ്ടാക്കിട്ടുണ്ടു്. അതു നിമിത്തം ജനങ്ങൾക്കു കൃഷിസേചനസൌകര്യങ്ങളും നല്ലഗതാഗതമാർഗ്ഗങ്ങളും ഉണ്ടായിരിക്കുമെന്നു എൻജിനീയർമാർ ബദ്ധശ്രദ്ധരായുള്ളവരായിരുന്നു. അനുദ്യോഗസ്ഥന്മാരായ ഞങ്ങൾക്കു പണികൾ നടത്താൻ വേണ്ടുന്ന വിവരങ്ങൾ കൊടുക്കാൻ എളുപ്പത്തിൽ കഴിയും. ഞങ്ങൾ കൊടുക്കുന്ന വിവരങ്ങൾ കൊണ്ടു പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിനു ജനങ്ങൾക്കു ഗുണകരമാംവണ്ണം പൊതുമുതൽ ചെലവു് ചെയ്യാൻ കഴിയും, അതുകൊണ്ടു ഈ ആവശ്യനിവൃത്തിക്കു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു സംഘം അത്യാവശ്യമാണു് ഞാൻ ഇനി അധികം സമയമെടുക്കാൻ വിചാരിക്കുന്നില്ല. സർ, സഭയുടെ ഈ (അനുദ്യോഗസ്ഥ)ഭാഗത്തുള്ള എന്റെ സ്നേഹിതന്മാർ മാത്രമല്ല ഉദ്യോഗസ്ഥഭാഗത്തുള്ള അംഗങ്ങൾ ഈ പ്രമേയത്തെ അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. എന്തെന്നാൽ അങ്ങനെ ചെയ്യുന്നതിനാൽ വിദ്യാഭ്യാസത്തെയോ മററു പൊതുക്കാര്യങ്ങളെയോപോലെ തന്നെ ഗവണ്മെന്റു പ്രാധാന്യം കല്പിക്കേണ്ടതാകുന്ന കൃഷിസേചനത്തെ സംബന്ധിച്ചു അവർക്കുള്ള ചുമതല നിർവ്വഹിക്കാൻ നാം അവരെ സഹായിക്കുകയായിരിക്കുമല്ലോ. ഈ വാക്കുകളോടുകൂടി മി: കെ. പി. നീലകണ്ഠപ്പിള്ള ഭേദപ്പെടുത്തിയ പ്രകാരമുള്ള പ്രമേയത്തെ ഞാൻ പിന്താങ്ങിക്കൊള്ളുന്നു.

മി: എ. വൈദ്യൻ (ചീഫ് എൻജിനീയർ): സർ, ഈ പ്രമേയത്തിന്റെ അവതാരകൻ മി: രാമൻപിള്ളയുടെ പ്രമേയത്തെപ്പററി പ്രസംഗിച്ചപ്പോൾ, ഡിവിഷൻ ആഫീസർ ഉദ്യോഗങ്ങളെല്ലാം നിറുത്തലാക്കി ഡിപ്പാർട്ടുമെന്റിന്റെ നട്ടെല്ലു എടുത്തു കളയണമെന്നു ഗവണ്മെന്റിനോടു ശിപാർശചെയ്തു. എന്നാൽ ഇപ്പോൾ അദ്ദേഹം പറയുന്നതു ഈ ജോലികളെല്ലാം ഡിപ്പാർട്ടുമെന്റു നിർവ്വഹിക്കണമെന്നാണു-ഞാൻ——

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴത്തെ പ്രമേയം അവതരിപ്പിച്ചതു മി: കേശവപിള്ളയാണു, മി: രാമൻപിള്ളയല്ലെന്നു ചീഫ് എൻജിനീയരോടു പറഞ്ഞുകൊള്ളട്ടെയോ?

മി: എ. വൈപ്പൻ (ചീഫ് എൻജിനീയർ): ഡിപ്പാർട്ടുമെൻറിലെ ശമ്പളച്ചെലവുകൾ താരതമ്യപ്പെടുത്തി കാണിക്കുന്നതിനു തിരുവിതാംകൂറിനു പുറമേയുള്ള രാജ്യങ്ങളെപ്പററി ഞാൻ പറയുന്നതു മി: താണുപിള്ള ക്ഷമിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. മദ്രാസിൽ പൊതുമരാമത്തു വക ശമ്പളച്ചെലവ് ആകെച്ചെലവിന്റെ ൧ ൪ ശതമാനം ആകുന്നു. ഹൈദരബാദിൽ ൩.൫ ശതമാനവും തിരുവിതാംകൂറിൽ ൧.൫ ശതമാനത്തിൽ അല്പംമാത്രം കൂടുതലും ആകുന്നു. ഞാൻ പറയുന്നതിന്റെ സാരം ഇതാണ്. മൈനർ ഇറിഗേഷൻപ്രവൃത്തികൾ ശരിയായി ചെയ്യണമെന്നു പറയുന്നതിൽ അനുദ്യോഗസ്ഥമെമ്പർമാരോടു ഗവണ്മെൻറു പൂർണ്ണമായി യോജിക്കുന്നു. എന്നാൽ ആ ജോലികൾ ചെയ്യുന്നതിനുള്ള സാമഗ്രികൾ തയ്യാറാക്കേണ്ടതായിട്ടുണ്ട്. ആ സംഗതി ഇപ്പോൾ ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള ഹാജരാക്കിയ ഭേദഗതി സംബന്ധിച്ചു, പ്രമേയം അതിന്റെ ഇപ്പോഴത്തെ നിലയിൽ പാസ്സാക്കിയാൽ അതിന്റെ അർത്ഥം ഗവണ്മെൻറു—

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ചീഫ് എൻജിനീയർക്ക് എഴുതികൊണ്ടുവന്നതിൽനിന്നു വായിക്കാമോ എന്നു പറയുമോ?

മി: എ. വൈപ്പൻ (ചീഫ് എൻജിനീയർ): ഞാൻ വായിക്കയല്ല ചെയ്യുന്നതു, സർ.

ഡിപ്യൂട്ടിപ്രെസിഡൻറു: അദ്ദേഹം എഴുതികൊണ്ടു വന്നതു വായിക്കയല്ല ചെയ്യുന്നതു. അദ്ദേഹം തന്റെ കുറിപ്പുകൾ നോക്കുകയാണു, മറെറാന്നുമല്ല.

മി: എ. വൈപ്പൻ (ചീഫ് എൻജിനീയർ): പ്രമേയം പാസ്സാക്കിയാൽ കാര്യം തങ്ങളുടെ ആലോചനയിൽ ഇരിക്കുന്നു എന്നു ഗവണ്മെൻറു സമാധാനം പറയാനേ ഉള്ളു. പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽനിന്നു ഇപ്പോൾതന്നെ ഒരു വലിയ സംഖ്യ ഈ പണികൾക്കായി ചെലവുചെയ്യുന്നുണ്ട്. ഞാൻ മുൻപു പ്രസ്താവിച്ചപ്രകാരം മൈനർ ഇറിഗേഷന്റെ കാര്യത്തിൽ ഒരു പ്രയാസമുള്ളതു ഇതാണ്. ഈ ജോലികൾ ചെയ്യുന്നതിനാവശ്യമുള്ള സാമഗ്രികൾ നമുക്കെവിടെ നിന്നുകിട്ടും? അതു അഞ്ചുനിമിഷംകൊണ്ടു തീർച്ചയാക്കാവുന്ന ഒരു കാര്യമല്ല.

ഒരു കമ്മിററിയെ നിയമിക്കണമെന്നു പറഞ്ഞതിനെപ്പററി എനിക്കുപറവാനുള്ളതു ഇപ്പോഴൊരുകമ്മിററിയില്ലെങ്കിലും ഇക്കാര്യങ്ങളിൽ ഡിപ്പാർട്ടുമെൻറു ഈ സഭയിലെ മെമ്പർമാരോടു ആലോചിക്കാറുണ്ടെന്നു അനുദ്യോഗസ്ഥമെമ്പർമാർ തന്നെ സമ്മതിക്കുമെന്നാണു. ഞാൻ മി: ടി. സി. കേശവപിള്ളയോടുകൂടെ അദ്ദേഹത്തിന്റെ താലൂക്കിന്റെ പല ഭാഗങ്ങളിൽ സഞ്ചരിക്കയും അദ്ദേഹം എനിക്കു പല വിലയേറിയ വിവരങ്ങൾ തരികയും ചെയ്തിട്ടുണ്ടു. ഈ വക സംഗതികളിൽ അദ്ദേഹത്തിന്റെ സഹായം ഞാൻ ഇനിയും അഭ്യർത്ഥിക്കുന്നുണ്ടു. മൈനർ ഇറിഗേഷൻ പ്രവൃത്തികൾക്കു ഈയാണ്ടത്തെ ബഡ്ജററിൽ അനുവദിച്ചിട്ടുള്ള സംഖ്യ മുൻകൊല്ലത്തേതിനെക്കാൾ കുറവാണു. ഇതിനു കാരണം ഇപ്പോഴത്തെ നടപടിപ്രായോഗികമല്ലാത്തതാണു. അതു കാലതാമസം വരുത്തുന്നതും വൈഷമ്യമുള്ളതുമാകയാൽ അധികസംഖ്യ അനുവദിക്കുന്നതു ബുദ്ധിമോശമായിരിക്കും എന്നാൽ ആ അഭ്യർത്ഥന ഞാൻ കൊണ്ടുവന്നപ്പോൾ ഇനിയും ഒരു കൂടുതൽ സംഖ്യക്കു കൂടെ സപ്ലിമെൻററിയായി ഒരു അഭ്യർത്ഥന കൊണ്ടുവന്നാൽ അനുദ്യോഗസ്ഥമെമ്പർമാർ അതനുവദിക്കാതിരിക്കയില്ലെന്നു എനിക്കൊരു വിചാരം ഉണ്ടായിരുന്നു. അതുകൊണ്ടു ഗവണ്മെൻറു ഇപ്പോൾ ചെയ്യുന്നതും മേലാൽ ചെയ്യാൻ ആലോചിക്കുന്നതും വിചാരിച്ചു മെമ്പർ പ്രമേയം പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): നിർമ്മിക്കണമെന്നുപറയുന്ന കമ്മിററി ഒരു സഹായമായിരിക്കുമെന്നു മെമ്പർ വിചാരിക്കുന്നില്ലയോ?

മി: എ. വൈപ്പൻ (ചീഫ് എൻജിനീയർ): ആയിരിക്കാം. മൈനർ ഇറിഗേഷൻപ്രവൃത്തികൾ നടത്തിക്കൊണ്ടു പോകാനുള്ള സാമഗ്രികളെപ്പററി ഗവണ്മെൻറു ഒരു തീർച്ചയുണ്ടാക്കീട്ടില്ല. അതുകൊണ്ടു ഒരു കമ്മിററിയെ നിയമിക്കുന്നതു അകാലത്തായിപോകും.

മി: മാത്യുമുരിക്കൻ (വൈക്കം): എന്തെങ്കിലും ഒരു വ്യവസ്ഥയുടെ നക്കൽ ഗവണ്മെൻറു ഉണ്ടാക്കിട്ടുണ്ടോ എന്നു പറയുമോ?

മി: എ. വൈപ്പൻ (ചീഫ് എൻജിനീയർ): ആലോചനകൾ ഇപ്പോൾ ഗവണ്മെൻറിന്റെ മുമ്പാകെ ഇരിക്കുന്നു.

മി: മാത്യുമുരിക്കൻ (വൈക്കം): ഉത്തരവൊന്നും പാസ്സാക്കീട്ടില്ലേ?

മി: എ. വൈപ്പൻ (ചീഫ് എൻജിനീയർ): എനിക്കറിവില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): കൃഷിസേചനത്തിനുള്ള കുളങ്ങളുടെ എണ്ണം കാണിക്കുന്ന ഒരു പട്ടിക ചീഫ് എൻജിനീയരുടെപക്കൽ ഉണ്ടോ?

മി: എ. വൈപ്പൻ (ചീഫ് എൻജിനീയർ): തയ്യാറാക്കീട്ടുള്ള പട്ടികപൂർണ്ണമല്ല.

മി. എ. എസ്, ദാമോദരൻതൊശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മേപ്പെടുത്തിയ പ്രമേയം ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മിററിയെ നിയമിക്കണമെന്നുണ്ട്. അതുകൊണ്ടു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ സമയം നഷ്ടപ്പെടുന്നതു എങ്ങനെയാണെന്നു പറയുമോ?

മി: എ. വൈപ്പൻ (ചീഫ് എൻജിനീയർ): അവരുടെ സമയം നഷ്ടപ്പെടുമെന്നു ഞാൻ പറഞ്ഞു എന്നു തോന്നുന്നില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): മേപ്പെടുത്തിയപ്രകാരമുള്ള പ്രമേയത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. ഈ സംസ്ഥാനത്തു എത്ര കുളങ്ങളും കൃഷിസേചനത്തിനുള്ള എത്ര ജലാഗമമാർഗ്ഗങ്ങളും ഉണ്ടെന്നറിയണമെന്നു അത്യാവശ്യമാകുന്നു. ഇംഗ്ലണ്ടിൽനിന്നു വന്നയാളായാലും തിരുവിതാംകൂർകാരനായാലും ഒരു ചീഫ് എൻജിനീയർക്കു തിരുവനന്തപുരത്തുതന്നെ അതിരാവിലത്തുള്ള ആലങ്ങാട്ടുതാമൂക്കിൽ എന്തെല്ലാം കൃഷിസേചനസൌകര്യങ്ങൾ ഉണ്ടെന്നു കണ്ടുപിടിക്കാൻ പ്രയാസമാണ്. കൃഷിസേചനപ്രവൃത്തികൾക്കു ഒരു പദ്ധതി നിർണ്ണയിക്കുന്നതിനുമുമ്പായി ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മിററിയെ നിയമിച്ചു പൂർണ്ണമായ ഒരന്വേഷണം നടത്തുന്നതു് ഗവണ്മെൻറിനു ഗുണകരമായിരിക്കും. രാജ്യത്തിലെ കച്ചവടക്കാർക്കു് അതിഷ്ടമല്ലായിരിക്കാം. പണത്തിന്റെ കാര്യമേ അവർ നോക്കുകയുള്ളു. കൃഷിക്കു പണം ചെലവാക്കുന്ന

താണ തിരുവിതാംകൂറിലെ സർവ്വപ്രധാനസംഗതി. തിരുവിതാംകൂർകാരായ ഞങ്ങൾ ചോറും ചോറുമാത്രവും ഭക്ഷിച്ചുപജീവിക്കുന്നു. ചോറിനല്ലാതെ മററു കാര്യങ്ങൾക്കു ചെലവുചെയ്യാൻ ഞങ്ങൾക്കു പണമില്ല. കൃഷിക്കു സൌകര്യങ്ങൾ ഉണ്ടാക്കാൻ പണം ഉണ്ടാക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിലെ ജനങ്ങളുടെ മുഖ്യാധാരം കൃഷിയാകുന്നു. ഇങ്ങനെയുള്ള സന്ദർഭത്തിൽ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയപ്രകാരം ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മിററിയെ നിയമിക്കുന്നതു അത്യാവശ്യമാകുന്നു. ഈ വാക്കുകളോടുകൂടെ ഭേദപ്പെടുത്തിയ പ്രകാരമുള്ള പ്രമേയത്തെ ഞാൻ ഹൃദയപൂർവ്വം പിൻതാങ്ങിക്കൊള്ളുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഞാനും ഭേദപ്പെടുത്തിയ പ്രകാരമുള്ള പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു. ഭേദപ്പെടുത്തിയ രൂപത്തിൽമാത്രമേ പ്രമേയം പൂർണ്ണമായിട്ടുള്ളതു എന്നു എനിക്കു തോന്നുന്നു. പ്രമേയത്തിലെ ഡിപാർശയുടെ പ്രയോജനം പ്രത്യക്ഷമാകയാൽ ഉദ്യോഗസ്ഥരുമെമ്പർമാർക്കുപോലും അതു നിഷേധിക്കാൻ കഴികയില്ലെന്നു ഞാൻ വിചാരിക്കുന്നു. തിരുവിതാംകൂർകാരുടെ മുഖ്യാധാരം കൃഷിയാണെന്നു പറയപ്പെട്ടുവല്ലൊ. നമുക്കതറിയുകയും ചെയ്യാം. അതുകൊണ്ടു് കൃഷിക്കുവേണ്ടുന്ന വെള്ളം ലഭിക്കുന്നതു ഞങ്ങൾക്കു സർവ്വപ്രധാനമായ ഒരു സംഗതിയാണ്. കൃഷി പിഴച്ചുപോയാൽ അനേകലക്ഷം ജനങ്ങൾ പട്ടിണിയാകും; അതിനാൽ ക്ഷാമവും വസന്തയും മുമ്പുണ്ടായിട്ടില്ലാതവണ്ണവും ആശയ്ക്കു വഴിയില്ലാതാകുംവണ്ണവും കഴിഞ്ഞ കൃഷി നഷ്ടപ്പെട്ടുപോയ തെക്കൻതിരുവിതാംകൂറിൽ ഇപ്പോഴുള്ളതുപോലെ വിഷൂചിക മുതലായ പകർച്ചവ്യാധികളും ഉണ്ടാകും. അതുകൊണ്ടു് നമ്മുടെ രാജ്യത്തിൽ കൃഷിക്കുള്ള ആവശ്യങ്ങളേയും ഉദ്ധാരണമാർഗ്ഗങ്ങളേയും പററിയുള്ള അനുദ്യോഗസ്ഥഭൂരിപക്ഷമുള്ള ഒരു കമ്മിററിയെ നിയമിച്ചു് അന്വേഷണം നടത്തുന്നതു അത്യാവശ്യമാകുന്നു.

ഡിപ്യൂട്ടി പ്രെസിഡൻറ്: വേണമെന്നു പറയുന്നതു തിരുവിതാംകൂർ മുഴുവനും ഉള്ള ഒരു കമ്മിററിയാണോ ഓരോ താലൂക്കിനേയും പ്രതിനിധീകരിക്കുന്ന അതതു ദേശക്കമ്മിററികളാണോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): പ്രമേയത്തിൽ ഉദ്ദേശിച്ചിട്ടുള്ളതു തിരുവിതാംകൂർ മുഴുവനുംകൂടെയുള്ള ഒരു കമ്മിററിയാണെന്നു് എനിക്കുതോന്നുന്നു.

ഡിപ്യൂട്ടിപ്രെസിഡൻറ്: ഭേദപ്പെടുത്തിയ പ്രമേയത്തിൽ ഉദ്ദേശിച്ചിട്ടുള്ളതു് തിരുവിതാംകൂർ മുഴുവനുംകൂടെയുള്ള ഒരു കമ്മിററിയാണോ എന്നാണു് എല്ലാവരും അറിവാൻ ആഗ്രഹിക്കുന്നതു്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഭേദപ്പെടുത്തിയ പ്രമേയത്തിന്റെ ഉദ്ദേശം അതാണെന്നു എനിക്കുതോന്നുന്നു. അങ്ങനെയാണെങ്കിൽ മാത്രമേ കമ്മിററിമെമ്പർമാർക്കു് ഓരോ താലൂക്കിന്റെയും ആവശ്യങ്ങളെപ്പററി അറിവാനും തിരുവിതാംകൂർ മുഴുവനെയും സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ചെയ്യുവാനും കഴികയുള്ളു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഓരോ താലൂക്കിൽ നിന്നും മെമ്പർമാരെ എടുക്കുന്നതിനുള്ള അവകാശം കമ്മിററിക്കു കൊടുക്കുന്നതിനു മെമ്പർക്കു വിരോധമുണ്ടോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അശേഷമില്ല. അല്ലെങ്കിൽ നടപടിക്കു വിഘ്നം വരും. ഇപ്പോൾ ഉപയോഗമില്ലാതെ കിടക്കുന്നതും നന്നാക്കിയാൽ വളരെ പ്രയോജനപ്പെടുന്നതും ആയ അനേകം കുളങ്ങളും തോടുകളും തെക്കൻതിരുവിതാംകൂറിൽ ഉണ്ടെന്നു എനിക്കറിയാം. കൃഷിസേചനത്തിനു് അനുവദിക്കുന്ന സംഖ്യ എത്ര കുറവും അനുചിതകരവും ആണെന്നു മി: കെ. പി. നീലകണ്ഠപ്പിള്ള വിവരിച്ചുവല്ലോ. എന്റെ നിയോജകമണ്ഡലത്തിലേക്കു് അനുവദിക്കുന്ന ഉചിതമായ സംഖ്യകളെപ്പററി പ്രസ്താവിപ്പാൻ അനുപാടമുണ്ടെങ്കിൽ അതിന്റെ അനീതി ഗവണ്മെൻറിനു ബോധ്യമാകുന്നതാണു്. എന്റെ നിയോജകമണ്ഡലത്തിലേക്കു് അനുവദിക്കുന്ന സംഖ്യ കേവലം പോരാ എന്നുള്ളതാണു പരമാർത്ഥം. അനുവദിക്കുന്ന സംഖ്യ ആണ്ടുതോറും കുറഞ്ഞുകുറഞ്ഞും വരുന്നുണ്ടു്.

ഡിപ്യൂട്ടിപ്രെസിഡൻറ്: വാദവിഷയത്തെപ്പററിയല്ല നിങ്ങൾ സംസാരിക്കുന്നതു്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): പ്രധാനവിഷയം ഒരു കമ്മിററിയുടെ രൂപീകരണമാകുന്നു. ഇപ്പോഴത്തെ സ്ഥിതിയെപ്പററിയും കൃഷിക്കാര്യങ്ങൾക്കു അനുവദിക്കുന്ന സംഖ്യകളുടെ പോരായ്മയെപ്പററിയും പ്രസ്താവിക്കുന്നതു ഈ വാദത്തിൽ അസംബന്ധമല്ല.

ഡിപ്യൂട്ടിപ്രെസിഡൻറ്: അസംബന്ധമാകുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): എന്റെ നിയോജകമണ്ഡലത്തിൽ കുടിയാന്മാർ കൃഷിസേചനത്തിനു കുളങ്ങളെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. നന്നാക്കുന്നതിനു കുറെ കുളങ്ങൾ തിരഞ്ഞെടുത്തു. എന്നാൽ ഈയാണ്ടിൽ അനുവദിച്ചിട്ടുള്ള സംഖ്യ കഴിഞ്ഞയാണ്ടിൽ പൂർത്തിയാക്കാതെ ഇട്ടിരിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിനുപോലും മതിയാകയില്ല. അതുകൊണ്ടു് കൃഷി അഭിവൃദ്ധിപ്പെടുത്താമോ എന്നു അന്വേഷിക്കുന്നതിനും അതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും ഒരു കമ്മിററിയെ രൂപീകരിക്കുന്നതു അത്യാവശ്യവും പൊതുജനങ്ങൾക്കു് ആശ്വാസകരവും ആയിരിക്കുമെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഗവണ്മെൻറു ജനങ്ങളോടു അധികം അനുകമ്പ കാണിക്കുമെന്നും ഈയാണ്ടിൽതന്നെ കൃഷിക്കു കൂടുതൽ പണത്തിനു അപേക്ഷകൾ കൊണ്ടുവരുമെന്നും വിശ്വസിക്കുന്നു. അല്ലെങ്കിൽ ഒരു ക്ഷാമമുണ്ടാകാൻ സംഗതിയുണ്ടു്. ഈ വാക്കുകളോടുകൂടി ഭേദപ്പെടുത്തിയപ്രകാരമുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): മിസ്റ്റർ കേശവപിള്ളയുടെ പ്രമേയത്തെ ഞാൻ ഹാർദ്ദമായി അനുകൂലിക്കുന്നു. തെക്കൻ തിരുവിതാംകൂറിൽ കൃഷിക്കുപയുക്തമായ തോടുകളും മററു ജലാശയങ്ങളും പ്രകൃതിദത്തമായിട്ടു അധികമില്ലെങ്കിലും ഗവണ്മെൻറിൽനിന്നും ധാരാളം പണം ചിലവാക്കി കൃഷിക്കുപയുക്തമായ തോടുകളും മററു ജലാശയങ്ങളും ധാരാളം ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടു്. എന്നാൽ മദ്ധ്യതിരുവിതാംകൂറിലും അതിനു വടക്കോട്ടും അനേകം തോടുകളും ജലാശയങ്ങളും ഉണ്ടു്. അവയിൽ അധികവും ഇപ്പോൾ ഉപയോഗശൂന്യമായിട്ടാണു് കിടക്കുന്നതു്. ഈ ജലാശയങ്ങളെ പരിരക്ഷിക്കുന്നതിനു ഗവ

ണ്മെന്റ് ചാണ്ടി റവന്യൂ ഡിപ്പാർട്ടുമെന്റ് മുഖാന്തിരവും ഇഞ്ചിനീയർഡിപ്പാർട്ടുമെന്റുമുഖാന്തിരവും ചിലപ്പോൾ ചില അന്വേഷണങ്ങൾ നടത്താറുണ്ട്. എന്നാൽ ഈ അന്വേഷണങ്ങൾകൊണ്ടു ഒരു ഫലവുമില്ലെന്നു മാത്രമല്ല, ഇപ്പോഴും ഈവക ജലാശയങ്ങളും തോടുകളും എവിടെയെല്ലാമാണ് കിടക്കുന്നതെന്നുള്ളതു അറിയാൻപോലുമില്ലാത്ത ഉദ്യോഗസ്ഥന്മാർ ഈ ഡിപ്പാർട്ടുമെന്റുകളിൽ ഉണ്ടെന്നും എനിക്കു നല്ലവണ്ണം അറിയാം. ഈ ജലാശയങ്ങളും തോടുകളും ചിലർ സൂത്രത്തിൽ പതിച്ചുവാങ്ങി അനേകായിരം ജനങ്ങളുടെ ഉപജീവനമാർഗ്ഗത്തെ തടഞ്ഞിട്ടുണ്ട്. ഏകദേശം ൧൦൦, ൨൦൦ ഏക്കർ സ്ഥലത്തുകൃഷിക്കുപയോഗമുള്ള വരട്ടാറിന്റെ രണ്ടുവശങ്ങളും പതിച്ചുകൊടുത്തതുനിമിത്തം ൨൦൦ ഏക്കറോളം നെൽകൃഷിസ്ഥലങ്ങൾ ഇപ്പോൾ ഉപയോഗശൂന്യമായിട്ടു കിടപ്പുണ്ട്. ഈ സംഗതിയെപ്പററി മധ്യതിരുവിതാംകൂറിലെ ചാണ്ടിറവന്യൂ ഉദ്യോഗസ്ഥന്മാരെല്ലാവരുംകൂടി അന്വേഷിച്ചു ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതായിട്ടും എനിക്കറിയാം. ഞാൻ പ്രതിനിധ്യംവഹിക്കുന്ന താലൂക്കിൽതന്നെ അനേകം തോടുകൾ ഉപയോഗശൂന്യമായി കിടക്കുന്നതിനെ ഞാൻകൂടെ പോയികാണിച്ചു ബോദ്ധ്യപ്പെടുത്തി കൊടുത്തിട്ടുണ്ട്. അതിനാൽ ഗവണ്മെന്റുദ്യോഗസ്ഥന്മാർമാത്രം അന്വേഷിക്കുന്നപക്ഷം തൃപ്തികരമായതീരുകയില്ല എന്നു എനിക്കുതന്നെ അനുഭവപ്പെട്ടിട്ടുണ്ട്. ഈ സ്ഥിതിക്കു ഉദ്യോഗസ്ഥന്മാരുദ്യോഗസ്ഥാംഗങ്ങൾ അടങ്ങിയ ഒരു കമ്മിററിതന്നെ വേണമെന്നുള്ളതിനു യാതൊരുസംശയവുമില്ല. ഇഞ്ചിനീയർഡിപ്പാർട്ടുമെന്റു ഒരു സ്ഥലം പതിച്ചു കൊടുക്കുന്നതിനു വിരോധമില്ലെന്നു പറഞ്ഞാൽ ഗവണ്മെന്റു അതിനെ വകവയ്ക്കാറുണ്ട്. നേരേമറിച്ചു സാധുകൃഷിക്കാരുടെ അടുക്കൽനിന്നും അങ്ങിനെ ഒരഭിപ്രായംചെന്നാൽ അതു ശാസ്ത്രീയമല്ലെന്നു പറഞ്ഞു സ്വീകരിക്കാറില്ല. എന്നാൽ ശാസ്ത്രീയമല്ല ഞങ്ങൾക്കാവശ്യമായിട്ടുള്ളതു്, അനുഭവമാണ്. കൃഷിക്കുപയോഗമുള്ള ജലാശയങ്ങൾ എവിടെയെല്ലാമുണ്ടെന്നും, അതിൽ ഏതെല്ലാമാണ് ഉപയോഗശൂന്യമായിട്ടു കിടക്കുന്നതെന്നും, അവയെ ഉപയോഗപ്രദം ആക്കുന്നതിനുഎന്തെല്ലാം ഏർപ്പാടുകളാണു ചെയ്യേണ്ടതെന്നും ഉള്ളതിനെ നല്ലപോലെ അന്വേഷിച്ചറിഞ്ഞു റിപ്പോർട്ടു സമർപ്പിക്കുന്നതിനുള്ള ഉചിതമായ ഈ കമ്മിററി വേണമെന്നുള്ള അഭിപ്രായത്തെ ഇവിടെ രേഖപ്പെടുത്തികൊണ്ട് മിസ്റ്റർ കേശവപിള്ളയുടെ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങികൊള്ളുന്നു.

മി: പി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്കു): സർ, ഈ പ്രമേയത്തിനു മിസ്റ്റർ നീലകണ്ഠപ്പിള്ള കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. ഇവിടത്തെ ൯൦ ശതമാനം ജനങ്ങളും കർഷകവൃത്തികൊണ്ടു ഉപജീവനം കഴിക്കുന്നവരാണ്. കൃഷിയാവശ്യത്തിനു വേണ്ടിടത്തോളം ജലസംഭരണം ജലവിതരണം ഇവകൾ ചെയ്തുകിട്ടുന്നില്ലെന്നും, അതിലേക്കു വേണ്ട നിയാരണമാർഗ്ഗങ്ങൾ കണ്ടുപിടിച്ചു സാധിച്ചുകൊടുക്കുന്നതിനു ഗവണ്മെന്റിനോടു ശുപാർശചെയ്യുന്നതിനു ഉദ്യോഗസ്ഥന്മാരുദ്യോഗസ്ഥന്മാരടങ്ങിയ ഒരു കമ്മിററി ഏർപ്പെടുത്തണമെന്നും അപേക്ഷിച്ചുകൊണ്ടു ഇവിടെ ഹാജരാക്കിയിരിക്കുന്ന ഈ പ്രമേയത്തെ എതുത്തു മിസ്റ്റർ പി. എസ്. മഹമ്മദ് അഭിപ്രായപ്പെട്ടതിൽ ഞാൻ വളരെ വ്യസനിക്കുന്നു.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റുനിയമനം): പ്രമേയത്തിനല്ല, അമെൻഡുമെന്റിനാണ് എതിരഭിപ്രായം ഞാൻ പുറപ്പെടുവിച്ചതെന്നറിയാമോ?

മി: പി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്കു): വ്യാപാരകേന്ദ്രമായ ആലപ്പുഴപട്ടണത്തിൽ താമസിക്കുന്ന മിസ്റ്റർ മഹമ്മദ് ഇങ്ങിനെ ഒരഭിപ്രായം പുറപ്പെടുവിച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നു. (മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ഹിയർ ഹിയർ) പിന്നീടു മിസ്റ്റർ മുഹമ്മദ് പറഞ്ഞ മറെറാരു സംഗതി ഗവണ്മെന്റു ഇതിലേക്കു ധാരാളം പണം ചിലവിടേണ്ടിവരുമെന്നാണ്. രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളുടെ ഉപജീവനമാർഗ്ഗമായ കൃഷിക്കു ഏററവും അത്യാവശ്യമായ ജലസംഭരണം, ജലവിതരണം ഇവയ്ക്കു എത്രപക്ഷം ദ്രവ്യം ചിലവു ചെയ്താലും യാതൊരു തരക്കേടുമില്ല. അതുകൊണ്ടു ജനപ്രതിനിധികളെല്ലാം ഈ പ്രമേയത്തെ അനുകൂലിക്കേണ്ടതു് അത്യാവശ്യമാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ പ്രമേയത്തെ അമെൻഡുമെന്റോടുകൂടി പിൻതാങ്ങുകൊള്ളുന്നു.

മി: ഡബ്ലിയു പാച്ചുപിള്ള (ചേർത്തല): സർ, മിസ്റ്റർ കേശവപിള്ളയുടെ പ്രമേയത്തെ ഞാനും ബലമായി പിൻതാങ്ങുന്നു. ഏതൊരു ഗവണ്മെന്റിന്റെയും പ്രധാനമായ ചുമതല ആ രാജ്യത്തെ ജനങ്ങളുടെ ആഹാരസാധനങ്ങൾ വർദ്ധിപ്പിക്കുന്നതിനു പ്രയോജനകരമായ കൃഷിസൌകര്യങ്ങൾ ഉണ്ടാക്കികൊടുക്കുക എന്നുള്ളതാണ്. ഈ രാജ്യത്തു കൃഷിക്കുപയുക്തമായ ഭൂമികൾ ധാരാളം ഉണ്ടായിരുന്നിട്ടും ജനങ്ങളുടെ ആഹാരത്തിനാവശ്യമുള്ള നെല്ലും അരിയും അനേകംകോടി രൂപയ്ക്കു ഇപ്പോഴും അന്യരാജ്യത്തുനിന്നും ഇറക്കുമതിചെയ്തുകൊണ്ടാണിരിക്കുന്നതു്. എന്നാൽ കൃഷിക്കു സൌകര്യമുള്ള ഭൂമികൾ ഇവിടെ ധാരാളം ഉള്ളസ്ഥിതിക്കു അവയിൽ കൃഷിചെയ്യുന്നതിനു ജനങ്ങൾക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നപക്ഷം ഇപ്പോഴത്തെ ഇറക്കുമതി ഏറിയകൂറും കുറച്ചുകൂടെ കഴിക്കാമെന്നുള്ളതിനു യാതൊരുസംശയവുമില്ല. ഞാൻ പ്രതിനിധീകരിക്കുന്ന ചേർത്തലതാലൂക്കിനെ സംബന്ധിച്ചു ഒരു ചേർച്ചയ്ക്കു ഗവണ്മെന്റിൽനിന്നും തന്ന മറുപടിയിൽ കാണുന്നതു ആ താലൂക്കിൽ നെൽകൃഷിചെയ്യുന്ന ഭൂമി ൨,൯൫ ഏക്കർ ഉണ്ടെന്നാണ്. അതായതു ൨,൫൦൦ ഏക്കറിൽചിലവാനം ഭൂമി ചുരുന്നു പറയുന്നുവെങ്കിൽ ഏക്കറന് ൪½ പറവീതം കണക്കാക്കുന്നപക്ഷം ഏകദേശം ൧,൪൦,൦൦൦ പറ വിത്തുപാടു് നിലം വരുന്നു. അവിടത്തെ ജനസംഖ്യ ൧൫൦,൦൦൦ ആണ് അപ്പോൾ ഒരാൾക്കു ഒരുപറ നിലത്തോളം വരുന്നുണ്ട്. ഇതു വളരെ ആശ്വാസകരമായി തോന്നാം. ഇങ്ങനെയാണെങ്കിൽ ആ താലൂക്കിലെക്കു നെല്ലും അരിയും അന്യരാജ്യത്തുനിന്നും അശേഷം വരുത്തേണ്ട ആവശ്യമില്ല. എന്നാൽ ഈ രാജ്യത്തിലെ എല്ലാ താലൂക്കുകളിലേയും കണക്കെടുക്കുന്നപക്ഷം മററു താലൂക്കുകളെ അപേക്ഷിച്ചു കുട്ടനാട്ടിൽ ചാകരയ്ക്കു നെല്ലും വാങ്ങിക്കുന്നതു ചേർത്തല താലൂക്കുകാരാണെന്നുകാണാം. മേൽപ്രസ്താവിച്ച സംഗതികളിൽനിന്നും ചേർത്തല താലൂക്കിൽ കൃഷിചെയ്യാൻ ഭൂമിയില്ലാതെയില്ല, പിന്നെയോ ആ ഭൂമി കൃഷിചെയ്യുന്നതിനു വേണ്ട സൌകര്യങ്ങൾ ഗവണ്മെന്റിൽനിന്നും ചെയ്തുകൊടുക്കാത്തതുകൊണ്ടാണ് അവിടത്തെ കൃഷി ജനങ്ങളുടെ ആവശ്യത്തിനനുസരിച്ചു അഭിവൃദ്ധിപ്പെടാത്തതെന്നു് സൂക്ഷ്മമായി തെളിയുന്നുണ്ട്. അവിടെ ധാരാളം കരിനിലങ്ങളുണ്ട്. തിരുവിതാംകൂറിലെ മററു നിലങ്ങളെ അപേക്ഷിച്ചു ഏററവും വളം കൂട്ടുവാനുള്ള നിലമാണ് ചേർത്തലതാലൂക്കിലെ തുറവൂർ കരിനിലം. അൻപതും എഴുപതും മേനിനെല്ലു ആ നിലത്തിൽ വിളയുന്നുണ്ട്. ഈ നിലങ്ങളിൽ

ശരിയായിട്ട കൃഷിചെയ്യുന്നപക്ഷം ചേർത്തലതാലൂക്കിലെ ആവശ്യംകഴിച്ചു അന്യതാലൂക്കുകളിലേക്കു കൂടി അയക്കാനുള്ളതെല്ലാ ചേർത്തലതാലൂക്കിൽ ഉണ്ടാക്കാം.

കൃഷിക്കാരുടെ സൌകര്യത്തിനുവേണ്ടി വെള്ളം വാൻസേചനത്തിനും, കുറവന്നതിനും ഉള്ള തോടുകളെല്ലാം മിക്കവാറും അതിനധികിച്ചുള്ള വസ്തു ഉടമസ്ഥന്മാർ കയ്യേററംചെയ്തു തോടുകളുടെ വീതി കുറച്ചു വെള്ളം കെട്ടിനിന്നതിനും ഇറക്കുന്നതിനും ഉപയോഗപ്പെടാത്തവിധത്തിൽ ആക്കിത്തീർത്തിരിക്കയാണ്. ഇതിന്റെ വാസ്തവം അന്വേഷിക്കുന്നപക്ഷം ഗവണ്മെൻറിന്റെ പ്രത്യക്ഷത്തിൽ ബോദ്ധ്യപ്പെടും. ചേർത്തലതാലൂക്കിൽ ഈ വക്കിയ കുററങ്ങൾ കൂടാതെ ഉദ്യോഗങ്ങളിലും വളരെ നിലങ്ങൾക്കുണ്ട്. അവിടെയും ജലസംരക്ഷണത്തിനു മാർഗ്ഗമില്ല. ചേർത്തലതാലൂക്കിൽ അനേകം കുളങ്ങളുണ്ട്. എന്നാൽ ആ കുളങ്ങൾക്കും നിലങ്ങൾക്കും തമ്മിൽ യാതൊരു ബന്ധവുമില്ല. അതിനാൽ ഈ കുളങ്ങളെ നിലങ്ങളുമായിട്ട യോജിപ്പിക്കുന്നപക്ഷം ചേർത്തലതാലൂക്കിലെ കൃഷി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. ജനങ്ങൾക്കു കൃഷിചെയ്യുന്നതിനു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കേണ്ടതു ഗവണ്മെൻറിന്റെ പ്രധാന ചുമതലയാണ്. കൃഷിക്കുണ്ടല്ലോ ഇവിടത്തെ ഭൂരിപക്ഷ ജനങ്ങൾക്കും ഉപജീവനത്തിനു മാർഗ്ഗമില്ല. അതിനാൽ കൃഷിയുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെ ഗവണ്മെൻറ് അംഗീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ മിസ്റ്റർ കേശവപിള്ളയുടെ പ്രമേയത്തെ പിൻതാങ്ങുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ഞാൻ മേപ്പെട്ടതരത്തിലുള്ള പ്രമേയത്തെ അനുകൂലിക്കുന്നു. അതിനെ സംബന്ധിച്ചു ഒരു സംഗതി മാത്രമേ ഞാൻ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നുള്ളു; എന്നാൽ അതു പ്രാധാന്യമേറിയ ഒരു സംഗതിയാണ്. ഈ പ്രമേയത്തോടു ആനുകൂല്യമില്ലാത്ത ചിലർക്കു നിയമിക്കണമെന്നു പറയുന്ന ഈ കമ്മിററിക്കു പ്രയോജനമുള്ള വല്ല ജോലിയും ചെയ്യാൻ കഴിയുമോ എന്നു സംശയമുണ്ടായിരിക്കാം. സർ, നാലഞ്ചു വർഷം മുമ്പു തിരുവനന്തപുരം താലൂക്കിലുള്ള മൈനർ ഇറിഗേഷന്റെ സ്ഥിതിയെപ്പററി അന്വേഷണം നടത്തുന്നതിനു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മിററിയെ ഗവണ്മെൻറിൽനിന്നു നിയമിച്ചു. ആ കമ്മിററി അന്വേഷണം നടത്തി ഭീതിജനകമായ ചില സംഗതികളാണ് കണ്ടുപിടിച്ചു റിപ്പോർട്ടുചെയ്തതു. തിരുവനന്തപുരം താലൂക്കിൽ നെൽകൃഷിചെയ്യുന്ന പന്ത്രീരായിരം ഏക്കർ ഭൂമിയുണ്ടെന്നും ആറായിരം ഏക്കർ നിലങ്ങളിൽ കൃഷിചെയ്‌വാൻ ഒരുകാലത്തു ഉപയോഗിച്ചിരുന്ന കുളങ്ങളെല്ലാം ഇപ്പോൾ കേവലം ഇല്ലാതെയായിപോയെന്നും അവർ കണ്ടുപിടിച്ചു. ബാക്കിയുള്ള ഇരുന്നൂററി അറുപത്തൊമ്പതു കുളങ്ങൾ കേവലം നികന്നുപോകയോ പല തരത്തിൽ കേടുപിടിച്ചുകിടക്കയോ ആയിരുന്നു. അവയൊന്നും ഇപ്പോൾ കൃഷിസേചനത്തിനു ഉപകരിക്കുന്നില്ല. ഇക്കാര്യത്തിൽ അടിയന്തിരമായി ഏതെങ്കിലും ചെയ്യണമെന്നു കമ്മിററി ശിപാർശചെയ്തു. അക്കാര്യത്തിൽ ഗവണ്മെന്റാക്കയോ എന്റെ സ്നേഹിതനായ ചീഫ് എൻജിനീയർ പ്രവർത്തിക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ഇങ്ങനെയുള്ള ഒരു കമ്മിററി ഉപയോഗമുള്ളതായിരിക്കുമെന്നും തിരുവനന്തപുരം താലൂക്കിൽ കണ്ടപ്രകാരമുള്ള സ്ഥിതികൾ മററെല്ലാ താലൂക്കുകളിലും കാണുമെന്നും ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടതുമാത്രമേ എനിക്കാവശ്യം ഉള്ളു. ഇതാണു എന്റെ അഭിപ്രായം. ചിറയിൻകീഴോ, നെയ്യാററിൻകരയോ, നെടുമങ്ങാട്ടോ, മദ്ധ്യതിരുവിതാംകൂറിലോ, തെക്കിണതിരുവിതാംകൂറിലോ ഉള്ള മറേറതെങ്കിലും താലൂക്കിലോ ഒരന്വേഷണം നടത്തിയാൽ തിരുവനന്തപുരം താലൂക്കിൽ കണ്ട പ്രയാസങ്ങളെല്ലാം അവിടങ്ങളിലും പ്രത്യക്ഷപ്പെടുന്നതാണ്. അതുകൊണ്ടു പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മി: ഇട്ടിപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): മിസ്റ്റർ കേശവപിള്ളയുടെ പ്രമേയത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. ഈ തിരുവിതാംകൂറിൽ 80 ശതമാനം ജനങ്ങളും കർഷകന്മാരാകുന്നു എന്നു സംഗതി ഞാൻ പറയാതെതന്നെ ഈ സഭയ്ക്കു ബോദ്ധ്യമായിട്ടുണ്ട്. എന്നാൽ വടക്കൻതിരുവിതാംകൂറിൽ കുന്നത്തുനാട്ടു താലൂക്കിൽ അനേകം കുളങ്ങളും ചാലുകളും കൃഷിക്കാരുടെ ഉപയോഗത്തിന്നായി നന്നാക്കേണ്ടതുണ്ടു. ഈ സംഗതിക്കു പ്രത്യേകം ചുമതലപ്പെട്ട ഡിപ്പാർട്ടുമെൻറ് ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറ് റവന്യൂഡിപ്പാർട്ടുമെൻറുമാണ്. ഏകദേശമാണ്ടുവരെ ആ താലൂക്കിൽ കൃഷിക്കുപയോഗമായ ഒരു കുളമൊ ഒരു തോടോ നന്നാക്കിയതായി എനിക്കറിവില്ല. ഡിപ്പാർട്ടുമെൻറിൽനിന്നു ഈ സംഗതികൾ വഹിച്ചുകൂടുമെന്നു ഇനിയും ഏതുകാലം ആശിച്ചിരിക്കാമെന്നുള്ളതും എനിക്കു നിശ്ചയമില്ല. കൃഷിക്കാർക്കു ശരിയായ ജലസൌകര്യം കിട്ടാത്തതുകൊണ്ടു കൃഷിക്കാർക്കെല്ലാം അധഃപതിച്ചുവരികയാണ്. അതിനാൽ ഈ പ്രമേയം അനുസരിച്ചു ഗവണ്മെൻറു പ്രവർത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): സർ, സഭാമുമ്പാകെയുള്ള മേപ്പെട്ടതരത്തിലുള്ള പ്രമേയത്തെ പിൻതാങ്ങുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഏകദേശം മൂന്നുമാസം മുമ്പു പാഞ്ചിനാട്ടു ജനങ്ങൾ ജലദൌർലഭ്യം നിമിത്തം വളരെ പ്രയാസങ്ങൾ അനുഭവിക്കയും അവിടെ ഒരുമാതിരി ക്ഷാമം ഉണ്ടാകയുംചെയ്തു. ഒരു പകുതിയിൽതന്നെ ഇരുപതു വർഷമായി നികന്നുകിടക്കുന്ന പന്ത്രണ്ടു കുളങ്ങൾ ഇപ്പോഴും നന്നാക്കാതെ കിടക്കുന്നു എന്നു എനിക്കറിവുണ്ട്. പൊതുജനങ്ങൾക്കോ അതിന്റെ കൃഷിശാഖയ്ക്കോ ഉണ്ടായ ഇന്നലെയല്ല. ആ ഡിപ്പാർട്ടുമെൻറുകളായിട്ടു അനേകവർഷങ്ങളായി, കൃഷിശാഖയിലെ ഉദ്യോഗസ്ഥന്മാർ ആ കുളങ്ങൾ സന്ദർശിക്കയും ചെയ്തുവരുന്നുണ്ട്. ഈ കുളങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിനിമിത്തം ഇരുപതു വർഷംമുമ്പു അവയിൽ കൊള്ളുമായിരുന്ന ജലത്തിന്റെ കാലംശംപോലും ഇപ്പോൾ അവയിൽ കൊള്ളുകയില്ല. ഈ കുളങ്ങളിൽ സംരക്ഷിക്കപ്പെടാതെ വളരെ വെള്ളം സമുദ്രത്തിലേക്കു ഒഴുകിപ്പോകുന്നു എന്നും ഞാൻ പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു കൃഷിസേചനത്തിനുള്ള ഈ കുളങ്ങളുടെ സ്ഥിതിയെപ്പററി അന്വേഷണം നടത്തുന്നതിനു ഒരു കമ്മിററിയെ നിയമിക്കുന്നതു ഒരു അകാല പ്രവൃത്തിയായി പോകയില്ല. ഈ കാര്യം വടക്കൻതിരുവിതാംകൂറിലെ പല പകുതികളെയും പല താലൂക്കുകളെയും സംബന്ധിച്ചും പരമാർത്ഥമായിരിക്കും. ഉത്തരതിരുവിതാംകൂറിലെ സ്ഥിതിയും ഇതുതന്നെയാകുന്നു എന്നാണ് ഞാൻ കേട്ടിട്ടുള്ളതു്. അതുകൊണ്ടു സഭാമുമ്പാകെയുള്ള മേപ്പെട്ടത്തായ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ കർഷകരാജ്യത്തെ ജനങ്ങളുടെ ക്ഷേമത്തിന് ഏററവും അത്യാവശ്യമായ ഈ പ്രമേയത്തെയും അതിന്റെ ഫലസിദ്ധിക്കു സാരമായ വിധത്തിൽ പ്രയോജനപ്പെടുന്ന ഭേദഗതിയേയും ഞാൻ ബഹുമാനിച്ചു പിൻതാങ്ങിക്കൊള്ളുന്നു.

മി: മാത്യുമുതിക്കൻ (വൈക്കം): സഭാമുമ്പാകെയുള്ള പ്രമേയത്തെപ്പററി ഞാനും അല്പം സംസാരിക്കാൻ ആഗ്രഹിക്കുന്നു.

ഡിപ്യൂട്ടിപ്രെസിഡൻറ്: നിങ്ങൾ എഴുന്നേററു നിന്നിട്ടല്ലാ.

മി: മാത്യുമുതിക്കൻ (വൈക്കം): മി: കേശവപിള്ള ഇരുന്നുകഴിഞ്ഞു.

ഡിപ്യൂട്ടിപ്രെസിഡൻറ്: അദ്ദേഹം ഇരുന്നതു ശരിയല്ല. അതു് സേച്ഛാനുസാരം പ്രവർത്തിച്ചതാണ്. നടപടിക്രമമനുസരിച്ചല്ലെങ്കിലും നിങ്ങളെ സംസാരിക്കാൻ അനുവദിക്കുന്നു.

മി: മാത്യുമുതിക്കൻ (വൈക്കം): ഭേദപ്പെടുത്തിയ പ്രമേയത്തിലെ ശുപാർശ ഗവണ്മെൻറിനു എതിർക്കാൻ കഴിയാത്ത ഒന്നാണ്. അതു ഗവണ്മെൻറിനെ സഹായിക്കുന്ന ഒരു മാർഗ്ഗമാണെന്നാകുന്നു എനിക്കു തോന്നുന്നതു്. ചീഫ് എഞ്ചിനീയരും ഉദ്യോഗസ്ഥഭാഗത്തുള്ള മററു ചിലരും പറഞ്ഞതിൽനിന്നു ഈ രാജ്യത്തെ കൃഷി അഭിവൃദ്ധിപ്പെടുത്താൻ ഗവണ്മെൻറിനു അത്യാശയുണ്ടെന്നു സ്പഷ്ടമാകുന്നു. രാജ്യത്തിലെ കൃഷി അഭിവൃദ്ധിപ്പെടുത്താൻ ഉദ്യോഗസ്ഥന്മാർക്കു ഇത്ര താല്പര്യം ഉണ്ടായിരിക്കുമ്പോൾ അവർ ഈ പ്രമേയത്തിനു വിരോധം പറവാൻ തരമില്ല. അതുകൊണ്ടു സഭയുടെ ഈ ഭാഗത്തുള്ളവർക്കു ഈ പ്രമേയം പാസ്സാക്കിക്കാൻ പ്രയാസമുണ്ടാകയില്ല. ഈ ഭാഗത്തുള്ള പല മെമ്പർമാരും തിരുവിതാംകൂറിലെ ജനങ്ങളുടെ പ്രധാനതൊഴിൽ കൃഷിയാണെന്നു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു ജനങ്ങളുടെ ക്ഷേമത്തിനു അനുകൂലമായ ഏതു കാര്യവും സുബോധമുള്ള ഏതു തിരുവിതാംകൂർകാരനും പ്രസാദകരമായിരിക്കും. ഭാവിയിൽ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി പല കാര്യങ്ങളും ഗവണ്മെൻറു ചെയ്യേണ്ടതായിവരും. നമ്മുടെ രാജ്യത്തിലെ മുതലെടുപ്പുനാക്കിയാൽ അതു ചെലവിനു മതിയാകുന്നില്ലെന്നു ഫൈനാൻഷ്യൽസെക്രട്ടറി പലപ്പോഴും പരാതിപറയുന്നുണ്ട്. അതുകൊണ്ടു ചെലവിനുള്ള മാർഗ്ഗം കണ്ടുപിടിക്കുന്നതു സഭയുടെ ഈ ഭാഗത്തും ആ ഭാഗത്തും ഉള്ള മെമ്പർമാരുടെ ധർമ്മമാകുന്നു. ബഡ്ജററിനെപ്പററിയുള്ള നിരൂപണത്തിൽ പ്രസ്താവിക്കപ്പെട്ടപ്രകാരം ജനങ്ങൾക്കു കരം കൊടുക്കാനുള്ള കഴിവിന്റെ സമാപ്തി എത്തിയിരിക്കുന്നു. അതുകൊണ്ടു അവരുടെ സമ്പാദിക്കാനുള്ള കഴിവു വർദ്ധിക്കാതെ അവരുടെമേൽ ഇതിലധികം കരം ചുമത്താൻ നിവൃത്തിയില്ല.

മി: ടി. സി. കേശവപിള്ള (കല്ലൂളവും വിളവങ്കോടും): ബഡ്ജററുകൊണ്ടു കടമാണോ കെട്ടിയിരിപ്പാണോ കാണുന്നതു്?

മി: മാത്യു മുതിക്കൻ (വൈക്കം): ബഡ്ജററിന്റെ കാര്യമൊക്കെ കഴിഞ്ഞല്ലോ ഇതു ഗവണ്മെൻറിന്റെ ഗാഢമായ ചിന്തയ്ക്കു വിഷയമായിട്ടുള്ളതാകുന്നു. ചെലവിനെപ്പററി തനിക്കു ഭയമാകുന്നെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ പി. എസ്. മഹമ്മദ് പറകയുണ്ടായി. ഫൈനാൻഷ്യൽസെക്രട്ടറി മിസ്റ്റർ രാമൻപിള്ളയുടെ പ്രമേയത്തെ എതിർത്തപ്പോൾ ഗവണ്മെൻറു കാര്യക്ഷമതയെയാണ് അധികം കാര്യമായി വിചാരിക്കുന്നതെന്നു പറഞ്ഞു. അതുകൊണ്ടു പൊതുജനങ്ങളുടെ ക്ഷേമത്തിനു കുറെ പണം ചെലവാകുന്ന കാര്യത്തിൽ ഗവണ്മെൻറു വൈമനസ്യം കാണിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ചെലവു വിചാരിച്ചു ഗവണ്മെൻറു കാര്യക്ഷമതയെ ബലികഴിക്കുമെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ പി. എസ്. മഹമ്മദ് ഭയപ്പെടേണ്ട. ഗവണ്മെൻറ് ഈ വിഷയത്തെപ്പററി സഹതാപത്തോടുകൂടെ പര്യാലോചിക്കുമെന്നും ഈ പ്രമേയത്തെ സഭയിലെ ഇരുഭാഗക്കാരും സാഹകരിച്ചു പാസ്സാക്കുമെന്നും വിശ്വസിക്കുന്നു. ഇതിനെസംബന്ധിച്ചു പ്രമേയം വോട്ടിനിടുന്നതിനു മുമ്പായി കൃഷിഡയറക്ടരുടെ അഭിപ്രായത്തെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറുനിയമനം): പ്രമേയം ഇപ്പോൾ ഇരിക്കുന്ന നിലയ്ക്കു രണ്ടുവാക്കു പായേണമെന്നു വിചാരിക്കുന്നു.

മി: ടി. സി. കേശവപിള്ള (കല്ലൂളവും വിളവങ്കോടും): നടപടിക്രമം സംബന്ധിച്ചു പറഞ്ഞുകൊള്ളുന്നു. എന്റെ സ്നേഹിതൻ ഒരിക്കൽ സംസാരിച്ചു.

ഡിപ്യൂട്ടിപ്രസിഡൻറ്: അദ്ദേഹം സംസാരിച്ചതു ഭേദഗതിയെപ്പററിയാണ്. ഇപ്പോൾ പ്രമേയത്തെപ്പററി സംസാരിക്കാൻ പോകുന്നു.

നടപടിക്രമത്തിനു വിരുദ്ധമായിട്ടൊന്നുമില്ല.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറുനിയമനം): മിസ്റ്റർ കേശവപിള്ളയുടെ പ്രമേയത്തെ ബഹുമാനപൂർവ്വം പിൻതാങ്ങണമെന്നുള്ള ഉദ്ദേശത്തോടുകൂടിത്തന്നേയാണു ഞാൻ ഇവിടെ വന്നതു്. കൃഷിക്ക് അത്യാവശ്യമായ എല്ലാ സംഗതികളും ചെയ്തുകൊടുക്കണമെന്നുള്ള അഭിപ്രായംതന്നേയാണ് എനിക്കുള്ളതു്. എന്നാൽ ഈ ഭേദഗതികൊണ്ടു വരുന്നതായ ചിലവുകൂടി വഹിക്കാതെ കൃഷിക്കു വേണ്ട സൌകര്യങ്ങൾ തേടിയാൽ കൊള്ളാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഭേദഗതിയെ എതിർത്തു സംസാരിച്ചതു്, കൃഷിക്ക് ഏററവും ഉപയുക്തമായ ഒരു നിശ്ചയമാണിതു് എന്നുള്ളതിൽ യാതൊരാക്ഷേപവുമില്ല. അതിന്റെ മൂലതത്വത്തെ ഞാൻ സ്വീകരിക്കതന്നെ ചെയ്യുന്നു, എന്റെ സ്നേഹിതന്മാർ എത്രപണം ചിലവുവന്നാലും കുറിററി വേണമെന്നുപറയുന്നസ്ഥിതിക്കും പ്രമേയത്തിന്റെ മൂലതത്വം ആദരണീയമായിരിക്കുന്ന സ്ഥിതിക്കും ഭേദഗതി സ്വീകരിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്കും ഞാൻ പ്രമേയത്തെ എപ്പോഴും പിൻതാങ്ങിക്കൊള്ളുന്നു.

റാവ്ബഹദൂർ ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ) സർ, പ്രമേയത്തെപ്പററി ഞാൻ ചില വാക്കുകൾ പറഞ്ഞുകൊള്ളുന്നു. ഈ വാദത്തിൽ പങ്കെടുക്കണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. (ഭയവായി കുറെ ഉറക്കെ) എന്നാൽ എന്റെ സ്നേഹിതൻമിസ്റ്റർ മാത്യുമുതിക്കൻ എന്റെശബ്ദം കേൾക്കാനാഗ്രഹിക്കുന്നു. അതുകൊണ്ട് ഒരു വാക്കു പറയാം. തിരുവിതാംകൂറിലെ പ്രധാനവ്യവസായം കൃഷിയാണെന്നും തിരുവിതാംകൂറിലെ ഭൂരിപക്ഷം ജനങ്ങളും അവരുടെ ഉപജീവനത്തിനു കൃഷിയെ ആശ്രയിച്ചിരിക്കുന്നു എന്നും, എല്ലാവരും, ഗവണ്മെൻറും ജനങ്ങളും സമ്മതിക്കുന്നുണ്ട്. കൃഷിക്കു സൌകര്യങ്ങൾ ഉണ്ടാക്കുന്ന

കാര്യത്തിലും കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിലും അനുഭാവസ്ഥമെമ്പർമാരെപ്പോലെതന്നെ ഗവണ്മെൻറും അത്യാശയുള്ളവരാണ്. കൃഷി നന്നാക്കുന്നതിനു കൃഷിസേചനപ്പണികൾ ഉണ്ടാക്കേണ്ടതാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ നമ്മുടെ നെല്ലിൻെറ വിളവു വർദ്ധിപ്പിച്ചാൽ നമ്മുടെ ഭക്ഷണത്തിനു പരാശ്രയംകൂടാതെ കഴിക്കാമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ഇപ്പോഴുള്ള ജനങ്ങൾക്ക് ആവശ്യമുള്ള നെല്ലു നമുക്കു കൃഷിചെയ്തുണ്ടാക്കുവാൻ കഴിഞ്ഞാലും ജനസംഖ്യയിൽ ഉണ്ടാകുന്ന കൂടുതൽനിമിത്തം ഇവിടെ വിളയുന്ന നെല്ലു ക്ഷണത്തിൽ ഇവിടത്തെ ആവശ്യങ്ങൾക്കു മതിയാകാതെവരും. അതുകൊണ്ടാകുന്നു ഞാൻ—

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുവങ്ങാടും): ജനങ്ങൾക്ക് ഇവിടത്തെ വിളവു മതിയാകാതെ വരുന്നതിന് എത്രകാലം വേണമെന്നാണു മെമ്പർ വിചാരിക്കുന്നതെന്നു പറയുമോ?

റാവുസാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഇപ്പോൾതന്നെ ജനസംഖ്യക്കു മതിയാകുന്ന വിളവില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുവങ്ങാടും): നെല്ലിനെസംബന്ധിച്ചു തിരുവിതാംകൂറിൽ ജനസംഖ്യക്കു മതിയായ വിളവുണ്ടാകുമെന്നു ഡയറക്ടർ പ്രത്യാശിക്കുന്നതിനു കാരണം പറയുമോ?

റാവുസാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എനിക്കതിനെപ്പററി നിരാശയാണുള്ളതെന്നു പറഞ്ഞുകൊള്ളുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുവങ്ങാടും): ക്ഷമിക്കണം. ഞാനതുകേട്ടില്ല.

റാവുസാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എനിക്ക് ആശയില്ലെന്നുപറഞ്ഞുകൊള്ളുന്നു. നാം എന്തു പ്രയത്നിച്ചാലും, എന്തു ആഗ്രഹിച്ചാലും, ഏതുതല്ലാംവിധത്തിൽ കൃഷി പരിഷ്കരിച്ചാലും വിളവിന് ഒരു അതിരുണ്ട്. ജനസംഖ്യ വർദ്ധിക്കും. എന്നാൽ നിലങ്ങളുടെ വിസ്തീർണ്ണം വർദ്ധിക്കയില്ല. പരിഷ്കൃതരീതിയിലുള്ള കൃഷികൊണ്ടു വിളവു വർദ്ധിപ്പിക്കാം. എന്നാൽ ഒരതിരു—

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുവങ്ങാടും): ഒരു സമാധാനം പറഞ്ഞുകൊള്ളട്ടെ. ഞാൻ "പ്രത്യാശ" എന്ന പദം പ്രയോഗിച്ചു എന്നു തോന്നുന്നു. "നിരാശ" എന്നു പറയാനാണു ഞാൻ വിചാരിച്ചതു്. തിരുവിതാംകൂറിലെ നെല്ലിൻെറ വിളവിനെപ്പററി ഡയറക്ടരുടെ നിരാശയ്ക്കു കാരണമെന്താണെന്നറിവാനാണു ഞാനു ആഗ്രഹിച്ചതു്.

റാവുസാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ). നാം ഉദ്ദേശം ൭൦൦,൦൦൦ ഏക്കർ സ്ഥലത്തു നെൽകൃഷി ചെയ്യുന്നുണ്ടെന്നും ഈ സ്ഥലത്തെ വിളവ് ഏഴര മേനി ആയാലും ഓരോ ആളിനു നാഴി അരിവീതം കിട്ടാൻ അതു മതിയാകുമെന്നും ഡോക്ടർ മാധവൻപിള്ള ഇന്നലെ പറകയുണ്ടായി. എന്നാൽ നിലങ്ങളെല്ലാം ഇരുപ്പു നിലങ്ങളാണെന്നു സങ്കല്പിച്ചുകൊണ്ടാണ് അങ്ങനെപറഞ്ഞതു്. എന്നാൽ ഈ വിസ്തീർണ്ണത്തിൽ ആണ്ടിൽ ഒരു പ്രാവശ്യം കൃഷിചെയ്യുന്ന നിലങ്ങളും ഉൾപ്പെടും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുവങ്ങാടും): ഈ നിലങ്ങളിലെ വിളവ് മററു നിലങ്ങളിലെ വിളവിനെക്കാൾ ഇരട്ടിയധികമായിരിക്കയില്ലയോ?

റാവുസാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): വളരെ സംശയമാണ്. ഒരുപ്പു നിലങ്ങളിലെ വിളവ് ശരാശരി പത്തുമേനി ആയേക്കാം. ഒരിക്കലും ഇരട്ടിആയിരിക്കയില്ല.

ഡിപ്യൂട്ടിപ്രസിഡണ്ട്: മിസ്റ്റർ മാധവൻപിള്ളേ, നിങ്ങൾ അദ്ദേഹത്തെ എതിർവിസ്താരം ചെയ്യുന്നതു ശരിയല്ല. അദ്ദേഹം അദ്ദേഹത്തിൻെറ അഭിപ്രായം പറകയാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുവങ്ങാടും): ഞാൻ സംസാരിച്ചുകഴിഞ്ഞുപോയി. അദ്ദേഹം എൻെറ അഭിപ്രായങ്ങളെ എതിർക്കുന്നു. അതുകൊണ്ട് അദ്ദേഹത്തോടു ചോദ്യങ്ങൾ ചോദിക്കാൻ എനിക്കവകാശമുണ്ട്.

ഡിപ്യൂട്ടിപ്രസിഡണ്ട്: എന്നാലും ഏതുവിസ്താരം നടത്താൻ നിങ്ങൾക്ക് അവകാശമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രമേയത്തിൻെറ ഉദ്ദേശം വിശദമാക്കാൻ നാം കഴിയുംവണ്ണം ശ്രമിക്കയല്ലയൊ നല്ലതു്?

റാവുസാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): നാം നമ്മുടെ കൃഷിയെ എത്രതന്നെ അഭിവൃദ്ധിപ്പെടുത്തിയാലും നമ്മുടെ രാജ്യത്തിലേക്കാവശ്യമുള്ള നെല്ലുമുഴുവൻ വിളയിക്കാൻ സാധിക്കുന്ന കാര്യം സംശയത്തിലാണെന്നാകുന്നു ഇവിടത്തെ മണ്ണിൻെറ സ്വഭാവത്തെപ്പററിയും ഇവിടത്തെ കൃഷിരീതികളെപ്പററിയും എനിക്കുള്ള പരിചയംകൊണ്ടു ഞാൻ വിചാരിക്കുന്നതു്. തെങ്ങിൻതോപ്പുകളെല്ലാം നെൽകൃഷിക്കുള്ള നിലങ്ങളാക്കണമെന്നും നിലങ്ങളൊന്നും തെങ്ങിൻതോപ്പുകളാക്കിക്കൂടാഎന്നും നിയമംമൂലം വ്യവസ്ഥചെയ്യാതെ—

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുവങ്ങാടും): നിലങ്ങൾ തെങ്ങിൻതോപ്പുകളാക്കുന്നതിനു കാരണമെന്തായിരിക്കും?

റാവു സാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): തെങ്ങുകൃഷി നെൽകൃഷിയെക്കാൾ അധികം ആദായകരം ആയിട്ടുള്ളതു കൊണ്ടാകുന്നു. വേണ്ടുന്ന പണം ഇല്ലാത്തവർ തെങ്ങുകൃഷി ചെയ്യാവുന്ന സ്ഥലത്തു നെൽകൃഷിചെയ്യുന്നു. പിന്നീടു അവർക്കു പണം ഉണ്ടാകുമ്പോൾ അവരുടെ നിലങ്ങളെ അവർ തെങ്ങിൻതോപ്പുകളാക്കുന്നു.

മി. മാത്യു മുരിക്കൻ (വൈക്കം): തെങ്ങുകൃഷിയെപ്പോലെ നെൽകൃഷി ആദായകരമല്ലാത്തതു എന്തുകൊണ്ടാണു? ജലദൌർലഭ്യമല്ലേ അതിനുകാരണം?

റാവു സാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ജലദൌർലഭ്യവും ഒരു കാരണമാകുന്നു. കൃഷിസേചനപ്രവൃത്തി ശരിയായി നടത്തിയാലും ഒരേക്കർ നിലത്തെ നെൽകൃഷിയിൽനിന്നു ഒരേക്കർ സ്ഥലത്തെ തെങ്ങുകൃഷിയിൽ നിന്നുള്ള ആദായം കിട്ടുകയില്ല

മി: വി. ചെല്ലംപിള്ള (തോവാള): ഒരേക്കർ തെങ്ങിൻതോപ്പിൽനിന്നു ചെലവ് കഴിച്ചു എന്താദായം കിട്ടുമെന്നു ഡയറക്ടർ പറയുമോ?

റാവു സാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഒരേക്കൽനിന്നു ഉദ്ദേശം ൧൫൦ രൂപ കിട്ടുമെന്നുതോന്നുന്നു.

മി: വി. ചെല്ലം പിള്ള (തോവാള): ഒരേക്കർ നിലത്തിൽ നിന്നു കിട്ടുന്ന ആദായം എന്തായിരിക്കും.

റാവു സാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആണ്ടിൽ രണ്ടു വിളവെടുത്താൽ ഏക്കറൊന്നിന്നു ഉദ്ദേശം ൧൫൦ രൂപാ.

ഡിപ്യൂട്ടിപ്രസിഡൻറ്: പ്രധാന വിഷയത്തിൽ നിന്നു നാം അകന്നു പോകുന്നു എന്നു തോന്നുന്നു.

റാവ് സാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ). ഉവ്വ്. സർ. നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന്നു കൃഷിസേചനപ്രവൃത്തികളും വർദ്ധിപ്പിക്കേണ്ടതാണെന്നു നാം എല്ലാവരും സമ്മതിക്കുന്നുണ്ട്.

കൃഷിസേചന പ്രവൃത്തികൾ നന്നാക്കുന്നതിനെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിന്നു ഒരു കമ്മിററിയെ നിയമിക്കണമെന്നാകുന്നു ഭേദപ്പെടുത്തിയ പ്രമേയം ആവശ്യപ്പെടുന്നതു. ഒരു കമ്മിററി രാജ്യത്തിന്റെ ഒരററത്തു നിന്നു മറെറ അററം വരെ സഞ്ചരിച്ചു ഇല്ലാതായി പോയ കുളങ്ങളുടെയും ഉപയോഗമില്ലാതായി പോയകുളങ്ങളുടെയും ഇപ്പോൾ ഉപയോഗമുള്ളതായി കാണുന്ന കുളങ്ങളുടെയും പട്ടികകൾ തെയ്യാറാക്കുന്നകാര്യം പ്രായോഗികമാണോ? ഏകദേശം ൪൦ മെമ്പർമാർ ഉള്ള ഒരു കമ്മിററിയെ രൂപീകരിക്കണമെന്നും ഈ സഭ പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല, ജോലി നിർവ്വഹിക്കുന്നതിന്നു കൂടിയപക്ഷം ൪൦ നോ ൫൦ മെമ്പറന്മാർ ഉള്ള കമ്മിററി ആയിരിക്കണം. ഒരു കമ്മിററിക്കു കന്യാകുമാരിയിൽ നിന്നു പരവൂർവരെ സഞ്ചരിച്ചുഎല്ലാകുളങ്ങളെയും തോടുകളെയും പരിശോധിച്ചു അതാതു സ്ഥലത്തെ സ്ഥിതികളെപ്പററി അറിയുന്നവർക്കു മാത്രം ശരിയായി നിർവ്വഹിക്കാൻ കഴിയുന്ന ഒരു ജോലി ചെയ്യാൻ ഒരു സെൻട്രൽ കമ്മിററിക്കു സാധിക്കുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദേശാവസ്ഥകളെപ്പററി അറിവുള്ളവരുടെ നിവേദനങ്ങൾ വാങ്ങിയാൽ ഈ ന്യൂനത പരിഹരിക്കപ്പെടുകയില്ലയോ എന്നു പറയുമോ?

റാവ് സാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞാൻ അതിനെക്കാൾ നല്ലൊരു മാർഗ്ഗം പറയാം. ഞാൻ എന്റെ സ്വന്തം അഭിപ്രായമാണ് ഗവണ്മെൻറിന്റെ അഭിപ്രായമല്ല പറയുന്നതു, ഓരോ താലൂക്കിലും നിയമസഭയിലെയും പ്രജാസഭയിലെയും മെമ്പറന്മാരടങ്ങിയ ഓരോ ദേശീയ കമ്മിററിയെ നിയമിക്കുന്നതിനെന്താണ്? ഒരു സെൻട്രൽ കമ്മിററിയെക്കാൾ നല്ല ജോലി ചെയ്യാൻകഴിയുന്നതു ചെറിയകമ്മിററികൾക്കായിരിക്കും.

കൃഷിസേചനത്തിനുള്ള കുളങ്ങളെപ്പററിയുള്ള അന്വേഷണങ്ങളിൽ തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ ശ്രീമൂലം പ്രജാസഭയിലെയും നിയമസഭയിലെയും മെമ്പറന്മാരോടു ഏല്പായ്പോയ്ക്കാൾ ആലോചിക്കാറുണ്ടെന്നു ചീഫ് എൻജിനീയർ എന്നോടു പറയുന്നു. ഉത്തരവു മൂലം ക്രമപ്രകാരമുള്ള ഒരു കമ്മിററിയെ സൃഷ്ടിച്ചിട്ടില്ലെങ്കിലും പ്രയോഗത്തിൽ അവർ ഒരു കമ്മിററി തന്നെയാണു. മൈനർ ഇറിഗേഷൻ പണികളെപ്പററി അന്വേഷണം നടത്തുന്നതിന്നു രാജ്യത്തിന്റെ ഒരററത്തു നിന്നു മറെറ അററം വരെ സഞ്ചരിക്കാനുള്ള ഒരു സെൻട്രൽ കമ്മിററിയെക്കാൾ നല്ലതും പ്രായോഗികവും ചെലവ് കുറഞ്ഞതും താലൂക്കുതോറും ചെറിയ കമ്മിററികളെ നിയമിക്കയായിരിക്കുമെന്നാണു എന്റെ സ്വന്തഅഭിപ്രായം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): മെമ്പർമാർ പറഞ്ഞതെല്ലാം കേട്ടിട്ടും കൃഷി അഭിവൃദ്ധിപ്പെടുത്തുകയും അതിനുള്ള സൌകര്യങ്ങൾ ഉണ്ടാക്കി കൊടുക്കേണ്ടതാണെന്നു എനിക്കതന്നെ അറിയാവുന്നതു കൊണ്ടും ഡോക്ടർ കുഞ്ഞൻപിള്ളയുടെ പ്രസംഗം തീരുന്നതുവരെ ഭേദഗതി പ്രമേയത്തെ അനുകൂലിക്കണമെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു. ഡോക്ടർ കുഞ്ഞൻപിള്ളയുടെ പ്രസംഗം കേട്ടശേഷം അദ്ദേഹം പറഞ്ഞപ്രകാരം ചെയ്യുന്നതു, അതായതു താലൂക്കു കമ്മിററികളെ നിയമിക്കുന്നതു മറെറതു പോലെ ഗുണമുള്ളതും നമുക്കു ലാഭകരവും ആയിരിക്കുമെന്നു എനിക്കു തോന്നുന്നു. ഡോക്ടർ കുഞ്ഞൻ പിള്ളയുടെ അഭിപ്രായത്തോടു ഞാൻ അതിനാൽ യോജിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ വിഷയം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു എന്നു ചീഫ് എൻജിനീയർ പറഞ്ഞുവല്ലോ. ഇതുമാതിരി തന്നെ ഒരു വാദം മുമ്പൊരവസരത്തിൽ ഈ സഭയിൽ ഉണ്ടായപ്പോൾ വിഷയം അന്നു ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു എന്നു മാറിപ്പോയ ചീഫ്എൻജിനീയർ മിസ്റ്റർ നാടകശ്ശേരി പറകയുണ്ടായി. എന്നാൽ അതിന്റെ ഫലം ഒന്നും ഉണ്ടായിട്ടില്ല. "ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു" എന്നുള്ളതിനെപ്പററി എനിക്കു വിശ്വാസമില്ല.

ഡിപ്യൂട്ടിപ്രസിഡൻറ്: പ്രസംഗം മുമ്പോട്ടു കൊണ്ടു പോകുന്നതിനുമുമ്പായി നിങ്ങൾ ആവശ്യപ്പെടുന്നതു തിരുവിതാംകൂർ മുഴുവനും കൂടെയുള്ള ഒരു കമ്മിററിയാണോ എന്നു പറയുമോ? അങ്ങനെ അനുകൂലിച്ച ഒരു മെമ്പറിനോടു ഞാൻ ആ ചോദ്യം ചോദിച്ചു. എന്നാൽ നിങ്ങളുടെ അധികാരത്തോടുകൂടിയ ഒരു മറുപടി കിട്ടിയാൽകൊള്ളാം. അതു ഇൻഡ്യാ മുഴുവനും സഞ്ചരിച്ചു രാജകീയ കർഷകക്കമ്മിററിയെപ്പോലെയുള്ള ഒന്നാണോ? അങ്ങനെയുള്ള ഒരു കമ്മിററിയാണോ നിങ്ങൾക്കുവേണ്ടതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): തിരുവിതാംകൂർ മുഴുവനുമായിട്ടുള്ള ഒരു കമ്മിററിയെ അല്ല ഞാൻ ആവശ്യപ്പെടുന്നതു.

മി: വൈപ്പൻ പറഞ്ഞപ്രകാരം "ഗവണ്മെൻറിന്റെ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നതിൽ" എനിക്കധികം വിശ്വാസമില്ല. ജന്മികുടിയാൻബിൽ കുറെ വർഷങ്ങളായി "ഗവണ്മെൻറിന്റെ ശ്രദ്ധയെ ആകർഷിച്ചിരിക്കയാണ്" എന്നു ഇന്നലെ ലാ മെമ്പർ പറകയുണ്ടായല്ലോ. എന്നാൽ അതു ഗവണ്മെൻറിന്റെ ശ്രദ്ധയെ ആകർഷിച്ചു" ദേഷം യാതൊന്നും സംഭവിച്ചിട്ടില്ല. "ഗവണ്മെൻറിന്റെ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നു" എന്നു പറയുന്നതിന്റെ അർത്ഥം കാര്യം മുമ്പോട്ടു പോകുന്നില്ലെന്നാണ്. അതുകൊണ്ടു ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഞാൻ ആശ്രയിക്കുന്നില്ല. അതുകൊണ്ടു പ്രമേയം വോട്ടിനിടണമെന്നു നിർബന്ധമുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ ഭേദഗതി പ്രമേയത്തെപ്പററി സംസാരിക്കുന്നതിനു ഒരവസരം കൂടെ തരുമോ?

ഡിപ്യൂട്ടിപ്രസിഡൻറ്: ഇല്ല.

മി. എ. വൈപ്പൻ (ചീഫ് എൻജിനീയർ): "അതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു" എന്നു പറഞ്ഞതിനെ സംബന്ധിച്ചു മിസ്റ്റർ കേശവപിള്ളയുടെ വാദംഎനിക്കു ഗ്രഹിക്കുവാൻ കഴിയുന്നില്ല. കൃഷിസേചനപ്രവൃത്തികളുടെ കാര്യത്തിൽ ഒന്നും ചെയ്തിട്ടില്ലെന്നാണ് അദ്ദേഹം പറയുന്നതു. അതിനെപ്പററി ഞാൻ ഒന്നും പറയുന്നില്ല. ഗവണ്മെൻറ് ഇക്കാര്യത്തിൽ പ്രവേശിച്ചിട്ടുള്ളതു കൊണ്ടും ഉള്ള ആളുകൾക്കൊണ്ടു തങ്ങളാൽ കഴിവുള്ളടത്തോളം ചെയ്തും ഓരോ താലൂക്കിലെയും പണികളെ നന്നാക്കുന്നതിനു തങ്ങളാൽ കഴിയുന്ന ത്വരിതപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ടും പ്രമേയം മെമ്പർ ദയവായി പിൻവലിക്കണമെന്നു അപേക്ഷിക്കുന്നു.

മി: ആർ. കേശവപിള്ള (കരുളോരക്കരയും—കുന്നത്തൂരും): ഗവണ്മെൻറ് ഇക്കാര്യത്തിൽ ഇത്രത്തോളം എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു പറയുമോ?

മി: എ. വൈപ്പൻ (ചീഫ് എൻജിനീയർ): കുളങ്ങൾ ചെന്നു നോക്കിയാൽ അറിയാം. ഒരു ഡസൻ കുളങ്ങൾ ഞാൻ ചെന്നു നോക്കീട്ടുണ്ട്.

നിയമസഭയിലെയും പ്രജാസഭയിലെയും ജനപ്രതിനിധികളോടു ഞങ്ങൾ ആലോചിക്കാതെ ഇതു ചെയ്തതിനെപ്പററി നല്ല അറിവുള്ള ഡോക്ടർ കുഞ്ഞൻപിള്ള പറഞ്ഞ അഭിപ്രായം അനുസരിച്ചു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയും തന്റെ ഭേദഗതിപ്രമേയം പിൻവലിക്കണമെന്നു അപേക്ഷിക്കുന്നു. ജനപ്രതിനിധികളോടു ആലോചിക്കുന്നതു മേലാലും ചെയ്യുന്നതാകുന്നു.

ഭേദപ്പെടുത്തിയപ്രകാരമുള്ള പ്രമേയം വോട്ടിട്ടതിൽ പാസ്സാക്കപ്പെട്ടു.

മി: എ. എസ്. ദാമോദരനോശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): ആളെണ്ണി വോട്ടെടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

ആളെണ്ണി വോട്ടെടുത്തപ്പോൾ താഴെ കാണിച്ചിരിക്കുന്നപ്രകാരം കാണപ്പെട്ടു:—

അനുകൂലം ൨൫

൧.	മിസ്റ്റർ	വി. ചെല്ലപ്പിള്ള	൧൪.	മിസ്റ്റർ	എ. സി. കുഞ്ഞാക്കോസ്
൨.	,,	എ. എസ്. ദാമോദരൻ ആശാൻ	൧൫.	,,	കെ. മാധവൻപിള്ള
൩.	,,	എം. ജി. മേനോൻ	൧൬.	,,	പി. എസ്. മഹമ്മദ്
൪.	,,	ഇട്ടിപ്പ് ഇട്ടിച്ചൻ	൧൭.	,,	മാത്യുമുതിക്കൻ
൫.	,,	ഡി. സി. ജോസഫ്	൧൮.	,,	ജി. പി. നീലകണ്ഠപ്പിള്ള
൬.	,,	കെ. സി. കരുണാകരൻ	൨൦.	,,	കെ. പി. നീലകണ്ഠപ്പിള്ള
൭.	,,	കെ. എൻ. കേശവൻനമ്പൂതിരിപ്പാട്	൨൧.	,,	വി. കെ. ഉമ്മൻ
൮.	,,	ആർ. കേശവപിള്ള	൨൨.	,,	മുകവലിൽ പാച്ചുപിള്ള
൯.	,,	ടി. സി. കേശവപിള്ള	൨൩.	,,	കെ. പത്മനാഭപ്പണിക്കർ
൧൦.	,,	താമരപ്പള്ളിൽ കൊച്ചുതൊമ്മൻ	൨൪.	,,	കെ. ജി. പരമേശ്വരൻപിള്ള
൧൧.	,,	എൻ. ആർ. കൃഷ്ണൻ	൨൫.	,,	എസ്. പിറവിപ്പെരുമാൾപിള്ള
൧൨.	,,	എൻ. കെ. കൃഷ്ണപിള്ള	൨൬.	,,	ആർ. രാമൻപിള്ള
൧൩.	,,	വി. എസ്. കൃഷ്ണപിള്ള	൨൭.	,,	രേവതിനാൾ രാമവർമ്മരാജാ
൧൪.	,,	തയ്യിൽ കുഞ്ഞിക്കണ്ണാമ്മൻ	൨൮.	,,	എ. താണുപിള്ള

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, നടപടിക്രമം സംബന്ധിച്ചു ഒന്നു പറഞ്ഞുകൊള്ളട്ടെ. ആദ്യം എണ്ണിയപ്പോൾ മിസ്റ്റർ ഫ്രാൻസിസ് എഴുന്നേററു നില്ക്കയോ പ്രതികൂലമായി വോട്ടുചെയ്യുകയോ ചെയ്തില്ല.

ഡിപ്യൂട്ടിപ്രെസിഡൻറ്: ഞാൻ വ്യസനിക്കുന്നു. മനുഷ്യർക്ക് അവരുടെ തെററു തീർക്കാൻ കഴിയും.

പ്രതികൂലം ൧൭.

൧.	മിസ്റ്റർ	എൽ. എ. ബിഷപ്പ്	൯.	മിസ്റ്റർ	കയ്യാലം പരമേശ്വരൻപിള്ള
൨.	,,	ഐ. സി. ചാക്കോ	൧൦.	ഡോക്ടർ	കെ. രാമൻതമ്പി
൩.	,,	ആർ. ധനുഷ്കോടിപ്പിള്ള	൧൧.	മിസ്റ്റർ	കെ. എൻ. രാമസുബ്ബയ്യർ
൪.	,,	കെ. ജോർജ്	൧൨.	,,	ടി. പി. രാമസുബ്ബയ്യർ
൫.	,,	പി. ഗോമതിനായകംപിള്ള	൧൩.	റാവുബഹദൂർ	കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൬.	,,	പി. എൻ. കൃഷ്ണപിള്ള	൧൪.	മിസ്റ്റർ	എസ്. സി. എച്ച്. റോബിൻസൺ
൭.	റാവുസാഹിബ്	ഡോക്ടർ എൻ. കുഞ്ഞൻപിള്ള	൧൫.	,,	ആർ. വൈദ്യലിംഗംപിള്ള
൮.	മിസ്റ്റർ	എൻ. എ. ചാമ്പാർഡ്	൧൬.	,,	എ. വൈപ്പൻ

നിഷ്പക്ഷം.

ആരുമില്ല.

൨൮പേർ അനുകൂലമായും ൧൭പേർ പ്രതികൂലമായും വോട്ടുചെയ്തതിനാലും നിഷ്പക്ഷമായി ആരുമില്ലായ്കയാലും പ്രമേയം പാസ്സായി എന്നു പ്രഖ്യാപനം ചെയ്യപ്പെട്ടു.

തടിയുടെ താരിപ്പുവിലയെപ്പററി

പ്രമേയം.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്); സർ, ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണ്. സർക്കാർ തടികളെ സംബന്ധിച്ചു, ഇപ്പോഴത്തെ കഴിലേലന സമ്പ്രദായത്തിനു നിന്നു ചെലവുകഴിച്ചു ഗവണ്മെന്റിനു കിട്ടിക്കൊണ്ടിരിക്കുന്ന ലാഭം തോതാക്കി താരിപ്പുകൾനിശ്ചയിച്ചു, പഴയപടി കുററിക്കാണം ഏർപ്പാടു നടപ്പിൽ വരുത്തണമെന്നു ഈ സഭ ഗവണ്മെന്റിനോടു ശിപാർശ ചെയ്യുന്നു.

ഈ പ്രമേയം സഭയുടെ ഗാഢമായ പരിഗണനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു. ഇപ്പോൾ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും തടി വാങ്ങിക്കുന്ന വിഷയത്തിൽ ജനങ്ങൾക്കു നേരിടുന്ന നഷ്ടത്തെയും കഷ്ടപ്പാടിനെയും ഈ സഭാമുൻപാകെ അറിയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. ഇവിടത്തെ ഫാറസ്ററു ഡിപ്പാർട്ടുമെൻറ് ഏതെങ്കിലും തരത്തിൽ ഉപദ്രവകരമാണെന്നോ അല്ലെങ്കിൽ ഗവണ്മെന്റിനു ഇതിൽനിന്നു കിട്ടുന്ന ആദായത്തെ നഷ്ടപ്പെടുത്തണമെന്നോ എനിയ്ക്കുദ്ദേശമില്ല. അതിനാൽ ഞാൻ പ്രസ്താവിക്കാൻ പോകുന്ന സംഗതികളെ എന്റെ മാന്യസ്നേഹിതന്മാർ ദയവായിട്ടു കേട്ട് പരിഗണിക്കണമെന്നു ഞാൻ ആദ്യമേ അപേക്ഷിച്ചുകൊള്ളുന്നു.

കുററിയ്ക്കാണമെന്നാരേർപ്പാടു ഈ രാജ്യത്തു ഏറ്റവും മോണ്ടുവരെ നടപ്പിലുണ്ടായിരുന്നു. ഒരു തടിയ്ക്കു ഒരു ക്ലിപ്പവില (ഒരുരൂപ) കൊടുത്താൽ തടി മുറിയ്ക്കുന്നതിനുള്ള പാസ്സ് കിട്ടുകയും സൌകര്യംപോലെ മുറിയ്ക്കുകയുംചെയ്യാം. ഇങ്ങനെകൊണ്ടാണ് കുററിക്കണമെന്നു പേരു സിദ്ധിച്ചതു്. ഒരു കണ്ടിയ്ക്കു് ആദ്യം അരരൂപ ആയിരുന്നു. പിന്നീടു അതു് ഒരു രൂപായാക്കി, ആയിരത്തിഎഴുപത്തേഴിൽ പതിനഞ്ചുമേൽ അടിയ്ക്കു് ക്യൂബിക്ക് അടിയ്ക്കു് ഒരു കണ്ടിക്ക് ഒന്നരരൂപാ ഗവണ്മെന്റു കുററിക്കണം ഏർപ്പെടുത്തി. ഇങ്ങിനെ കുററിക്കാണം ഗവണ്മെന്റിനു കൊടുത്തുകൊണ്ടിരുന്ന കാലത്തു ഫാറസ്ററു ഡിപ്പാർട്ടുമെൻറിലെ അധികാരി ബോർഡിലെ സായിപ്പ് ആയിരുന്നു. അദ്ദേഹം ആ സ്ഥാനത്തുനിന്നും മാറിയതിൽപിന്നീടു് മിസ്റ്റർ പൊന്നമ്പലം പിള്ള ഫാറസ്ററു കൺസർവേററരായിട്ടുവന്നു. ഓരോ കാലത്തും ഉദ്യോഗത്തിൽ ഇരിക്കുന്ന ഓരോരുത്തരുടെയും ഗുണദോഷങ്ങൾപോലെയാണ് നാട്ടിനുണ്ടാകുന്ന ഗുണദോഷങ്ങൾ. അദ്ദേഹം കുററിക്കാണം ഏർപ്പാടിനെ നിറുത്തൽചെയ്തു. അങ്ങനെ നിറുത്തൽ ചെയ്തിരിക്കുന്ന കാലത്തു മലയാററർ ഡിവിഷൻ അസിസ്റ്റൻറു കൺസർവേററർ മിസ്റ്റർ വർണീഡു സായിപ്പു ആയിരുന്നു. അദ്ദേഹത്തിന്റെ മഹാമനസ്കതകൊണ്ടും ജനങ്ങളുടെ മുറവിളികൊണ്ടും കുടികൾക്കു പുരപണിക്കു ആവശ്യത്തിനു ഇരുപതുകണ്ടി തടിവീതം കുററിയ്ക്കാണം അനുസരിച്ചു കൊടുക്കുന്നതിനു അനുവാദംവാങ്ങി തടി ജനങ്ങൾക്കു കൊടുത്തുവന്നിരുന്നു. അക്കാലത്തു ഞാനും ഇരുപതുകണ്ടി തടിക്കു പാസ്സ് വാങ്ങി തടിമുറിച്ചു് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ മിസ്റ്റർ വർണീഡും അതിന്റെശേഷം മിസ്റ്റർ വാട്സും അവിടത്തെ അസിസ്റ്റൻറു കൺസർവേററർ ആയിരുന്നു. അതിനുശേഷമുള്ളവരുടെ പേരു് ഓർമ്മയില്ല.

ഇപ്പോഴത്തെ സമ്പ്രദായം, തടികളെ ക്ലിപ്പുകളായി തിരിച്ചു ഒരേക്കറിൽ നില്ക്കുന്ന തടികളെ ലേലംചെയ്തു. ടെൻഡർപ്രകാരം കൺട്രാക്ടന്മാരെ ഏൽപ്പിക്കയാണു ചെയ്യുന്നതു്. ഈ സംഗതിയെപ്പററി എനിക്കു കുറച്ചു പറയാനുണ്ട്. ഏതെങ്കിലും ഒരു റിസർവിലെ ക്ലിപ്പ പിടിക്കുന്നതു അതിൽ നില്ക്കുന്ന തടികളുടെ എണ്ണം എത്രയുണ്ടെന്നും അതിന്റെ ക്യൂബിക്കടി എത്രയുണ്ടെന്നും ഉള്ള സംഗതികളെ നിശ്ചയിച്ചിട്ടാണ്. ഫാറസ്റ്റിനകത്തു പ്രവേശിച്ചു അതിൽ നില്ക്കുന്ന തടികൾ എത്രകോൽ നീളം എത്ര ഇഞ്ചു വണ്ണം എന്നു ഒരു ഉദ്ദേശം കണക്കാക്കുക മാത്രമാണു ചെയ്യുന്നതു്. അല്ലാതെ അളക്കാൻ സാധിക്കയില്ല. തന്നിമിത്തം നൂറുരൂപാ കിട്ടേണ്ട തടിയ്ക്കു ഇരുപത്തഞ്ചുരൂപാ കിട്ടിയെന്നും വന്നേക്കാം. ഇങ്ങനെ ഗവണ്മെന്റിൽനിന്നും ഒന്നായിട്ടു ക്ലിപ്പു തിരിച്ചു ലേലംചെയ്തു പണം ഈടാക്കണമെന്നു വിചാരിക്കുന്നതു പൊൻമുട്ട ഏടുക്കുന്നതിനു താറാവിനെ കൊന്ന കഥപോലെ ആയിത്തീരും. ഇങ്ങനെ ക്ലിപ്പ പിടിക്കുന്ന തടി കണ്ട്രാക്ടന്മാർ നല്ല വിലയ്ക്കു വിദേശികൾക്കോ, സ്വദേശികൾക്കോ വിററു അവരുടെ ഭണ്ഡാരം പുഷ്ടിപ്പെടുത്തുന്നതിനു അനുയോജ്യമായ രീതിയിലാണ് ഇപ്പോഴത്തെ ക്ലിപ്പു ലേലം. ഇനി ഫാറസ്ററു ഡിപ്പോവിലേയ്ക്കു തടി ഏറിപ്പിക്കുന്നതിലേയ്ക്കായിട്ടു ടെൻഡർപ്രകാരം തടി കൊടുക്കുന്നുണ്ട്. തിരുവിതാംകൂറിലെ വടക്കെ അററംമുതൽ തെക്കെ അററംവരെയുള്ള രീതി എങ്ങനെയാണെന്നു എനിക്കറിഞ്ഞുകൂടാ. കുന്നത്തുനാടു താലൂക്കിൽ മലയാററർ ഡിവിഷനിലുള്ള സ്ഥിതി എനിക്കറിയാം. കുന്നത്തുനാട്ടിനിന്നും പതിനെട്ടോ ഇരുപതോ മൈൽ ദൂരത്താണു ഡിപ്പോ, ഇളന്തിക്കര ഈ ഡിപ്പോകൾ സ്ഥിതി ചെയ്യുന്നതു്. ഈ ഡിപ്പോകളിൽ തടികൾക്കു ഒരു ക്ലിപ്പുമായ താരിപ്പുകൂടാതെ ഇഷ്ടംപോലെയുള്ള വിലയ്ക്കാണു വില്ക്കുന്നതു്. കൺട്രാക്ടർമാരുടെ ലാഭം, ചിലവു, ഇവകഴിച്ചു ഗവണ്മെന്റിനു നൂറുരൂപായ്ക്കു കിട്ടുന്ന ആദായം ഇരുപതോ മുപ്പതോ, ക്ലിപ്പാൽ നാല്പതോ രൂപാ മാത്രമാണു. ഈവക സംഗതികൾകൊണ്ടു ഇവിടത്തെ ജനങ്ങളുടെ ആവശ്യത്തിനു തടി വാങ്ങിക്കാൻ വളരെ ബുദ്ധിമുട്ടും, കഷ്ടപ്പാടും നേരിടുന്നുണ്ട്.

ഇനി ഞാൻ പറഞ്ഞ കുറിക്കാണം നടപ്പിൽവരുത്തിയാൽ ഉള്ള സൌകര്യത്തെപ്പററി പറയാം. ഒരു കണ്ടിതടിക്കു മുമ്പു പറഞ്ഞ അന്നത്തെ— ഇരുപ്പൂറുതടികൾ സംബന്ധിച്ചാണ് പറയുന്നതു്— ഏഴുരൂപായാണ്. ഇങ്ങനെയുള്ള കണ്ടി തടിവാങ്ങിക്കുന്നപക്ഷം ഏഴു രൂപാ കുററിക്കാണം കൊടുക്കണം. ഇത്രയും തടി ഫാറസ്റ്റിൽ നിന്നുംവെട്ടിക്കൊണ്ടുവരാൻ ഒരു രൂപാകൂടി കൂടുതൽ ചിലവാകും. ഇങ്ങനെ മൂന്നുകണ്ടിതടി വാങ്ങിക്കുന്നതിനു ഒരാൾക്കുള്ള ചിലവു ഏഴു രൂപായാണ്. ഇപ്പോഴത്തെക്കണക്കിനു ഒമ്പതു രൂപാവരെ ചിലവാകുന്നുണ്ട്. ഇനിയും വരാപ്പുഴയോ ഇളന്തിക്കരയോളമുള്ള ഡിപ്പോവിൽ ചെന്നുവാങ്ങിക്കണം. ലേലസമയമല്ലെങ്കിൽ മുഴുവൻ താരിപ്പുപ്രകാരമുള്ള പണം കൊടുത്താലെ തടികിട്ടുകയുള്ളു. ലേലസമയമാകണങ്കിൽ ചിലപ്പോൾ മുക്കാൽ താരിപ്പിനും കിട്ടിഎന്നു് വന്നേയ്ക്കാം. എന്നാൽ ഇതിനെന്നും കിട്ടുന്ന ആദായം മുഴുവനും കൺട്രാക്ടർമാർക്കാണ്, ഗവണ്മെന്റിനു മൂന്നോ നാലോ രൂപാമാത്രമേ കുണ്ടിയെന്നുക്കു് കിട്ടുകയുള്ളു. ഇതാണ് ഇപ്പോഴത്തെ നടപടി.

ഡിപ്പോവിൽ നിന്നും തടിവാങ്ങിച്ചു ഉൾനാടുകളിൽ കൊണ്ടുവരുന്നതിനുള്ള വിഷമം വളരെയുണ്ട്. ഡിപ്പോവിൽനിന്നും കൊണ്ടുവരുന്നതിനു ഒരുകണ്ടി തടിക്കു ഒരു രൂപാകൊടുക്കണം. ഈ ഡിപ്പോകൾ എല്ലാം സമുദ്രതീരംകൂടുപ്പിച്ചാണ്. അവിടെനിന്നും തടിവാങ്ങിച്ചു പെരിയാറിന്റെ ശക്തിമത്തായ ഒഴുക്കിൽക്കൂടി മേല്പോട്ടു

ക്കു കൊണ്ടുവരുന്ന ചെലവിലവും കഷ്ടപ്പാടും ആലോചിക്കുമ്പോൾ ധനവാന്മാർക്കു മാത്രമേ ഡിപ്പോവിൽനിന്നും തടി വാങ്ങിക്കാൻ സാധിക്കയുള്ളു ഇങ്ങനെയുള്ള ബുദ്ധിമുട്ടിൽനിന്നു. ജനങ്ങളെ രക്ഷിക്കേണ്ടതു ഗവർണ്മെൻറിൻെറ കടമയാണ്.

മി: പി. എസ്. മഹമ്മദ് (ഗവർണ്മെൻറുനിയമനം): മലയില്ലാത്ത പ്രദേശങ്ങളിലുള്ള ആളുകൾ തടി എവിടെനിന്നു വാങ്ങിക്കണം.

മി: ഇട്ടിപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): മലയില്ലാത്ത പ്രദേശങ്ങളിൽ ഡിപ്പോ ഉണ്ട്. അവിടെനിന്നും മേടിക്കാം.

മി: പി. എസ്. മഹമ്മദ് (ഗവർണ്മെൻറു നിയമനം): ഈ കാൺട്രാക്ട് സിസ്റ്റം നിറുത്തിയാൽ പിന്നെയെങ്ങിനെയാണ്.

മി: ഇട്ടിപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): കൺട്രാക്ട് നിറുത്തിക്കളയണമെന്നു ഞാൻ പറയുന്നില്ല. കുടിച്ചളുടെ ആവശ്യത്തിന്നു തടി കൊടുക്കണമെന്നാണ് ഞാൻപറയുന്നതു്. ഇപ്പോഴത്തെ സമ്പ്രദായംകൊണ്ടു ജനങ്ങൾക്കും ഗവർണ്മെൻറിനും ഖാദമില്ല.

ഇനി എൻെറ അഭിപ്രായമനുസരിച്ചു പ്രവർത്തിച്ചാൽ ഫാറസ്റ്റിനു ഏതെങ്കിലും തരത്തിൽ ദോഷമുണ്ടോ എന്നുള്ളതു ഈ സഭ ആലോചിക്കേണ്ട ഒരു വിഷയം തന്നെയാണ്. കുററിക്കാണപ്രകാരം ജനങ്ങൾ പേടൻക്കാലത്തു മലയിൽ കയറുകയാണെങ്കിൽ റിസർവിനു തീവച്ചു നശിപ്പിച്ചുകളയുമെന്നു ഡിപ്പാർട്ടുമെൻറു പറയുമായിരിക്കാം. സാധാരണ കുംഭം, മീനം, ഈ മാസങ്ങളിലാണ് ഞങ്ങളുടെ പ്രദേശങ്ങളിൽ മലയ്ക്കു തീപിടിക്കുന്നതു്. കുററിക്കാണം അനുവദിച്ചുകൊടുക്കുന്നതുകൊണ്ടു മലയ്ക്കു തീപിടിത്തം ഉണ്ടാകയില്ല. കുററിക്കാണം കൊടുക്കാതിരിക്കുന്ന കാലത്തു തീപിടിത്തം ഇല്ലായ്മയോ ഇന്നു പരിശോധിച്ചു നോക്കുന്നപക്ഷം അടുപ്പിച്ചു മലയ്ക്കു തീപിടിക്കാറുണ്ടെന്നു കാണാം. പല തൊഴിലുകാരും മലയിൽ പ്രവേശിക്കുന്നതുകൊണ്ടു വല്ല മുക്കയിലും തീപ്പൊതിവിണാൽ ചില്ലറ ഉപദ്രവങ്ങൾ ഉണ്ടായി എന്നുവരാം. അതു കുററിക്കാണംകൊടുക്കുന്നതുകൊണ്ടാണ് എന്നു വിചാരിക്കാൻ ഒരു ന്യായവുമില്ല.

കുററിക്കാണം ഏർപ്പെടുത്തിയാൽ സാധാരണ തീപിടിക്കുന്ന കാലമായ കുംഭം, മീനം ഈ മാസങ്ങളിൽ മലയിൽ ആളുകളെ പ്രവേശിപ്പിക്കാതെ ഇരുന്നാൽ മതി

ഇനി കുററിക്കാണപ്രകാരം മോഷണം ഉണ്ടായേക്കാമെന്നു ശങ്കിക്കാം. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനെ പററി എനിക്കു കുറെ പരിചയമുണ്ട്. ഏകദേശം ഒരു മൈൽ രണ്ടുമൈൽ അകലെ ആയിട്ടു ഓരോ ഫാറസ്റ്റ് സ്റ്റേഷൻ വീതമുണ്ട്. ഭരതിൽ നാലും അഞ്ചും ഗാർഡുകളും ഉണ്ട് ഈ നിലയിലാണ് ഫാറസ്റ്റിൻെറ സൂക്ഷിപ്പ്. ഇങ്ങനെ സൂക്ഷ്മത്തോടുകൂടിയിരിക്കുമ്പോൾ തരിമോഷണം നടക്കുമെന്നു ഡിപ്പാർട്ടുമെൻറു പറയുന്നതു ലജ്ജാകരം തന്നെയാണ്, എന്നാൽ കളവ് ഫാറസ്റ്റിൽ അശേഷമില്ലെന്നു പറയാൻ ഞാൻ ഒരുക്കമില്ല. കളവുഎന്നുള്ളതു ഏതു സ്ഥലത്തു്, ഏതുറൌണ്ടിലും സാധാരണ ഉണ്ടാകുന്ന ഒന്നാണ്. റൌണ്ടിൽ ഒരുചില്ലറ കളവുണ്ടാകയാണെങ്കിൽ ആരാറൌണ്ടിൽ ആരാ പ്രവേശിച്ചുകൂടാ; എല്ലാപേരും റൌണ്ടിൽ നിന്നുപിന്മാറണം എന്നു ഗവർണ്മെൻറു പറയുമെന്നുഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു കളവിനെക്കുറിച്ചു കുററിക്കാണം ഏർപ്പാടു നടപ്പിൽ വരുത്തുന്നതു പാടില്ലെന്നു പറയുന്നതുകൊണ്ടുയാതൊരു പ്രയോജനവുമില്ല.

ഇനി ഒരേസമയത്തു അനേകംപേർ കുററിക്കാണത്തിനപേക്ഷിച്ചാൽ എല്ലാപേരുടേയും ആവശ്യം എങ്ങനെയാണ് നിർവ്വഹിക്കുന്നതെന്നൊരു ആലോചനയ്ക്കവകാശമുണ്ട്. ഒരു മാസത്തിൽ ഇത്രകണ്ടു തടിയെ ജനങ്ങളുടെ ഉപയോഗത്തിൻ കൊടുക്കയുള്ളു എന്നൊരു വ്യവസ്ഥ വയ്ക്കുന്നതുകൊണ്ടു ഒരു വിരോധവുമില്ല. ഇപ്പോൾ കിട്ടിയില്ലെങ്കിൽ അടുത്തമാസത്തിലെങ്കിലും കിട്ടുമെല്ലോ എന്നു സമാധാനപ്പെടാം. ഞാൻ എൻെറ ആശയത്തെ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയം വേണ്ടുവിധത്തിൽ പാസ്സാക്കികിട്ടുമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ ഇതിനെ സഭാസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കുലുക്കുളവും വിളവങ്കോടും): ഞാൻ പ്രമേയത്തെ എതിർക്കുന്നു.

ഡിപ്യൂഡിപ്രസിഡൻറു: ആദ്യം പ്രമേയം പിൻതാങ്ങപ്പെടണം.

മി: തയ്യിലുകുഞ്ഞിരാമത്താമ്പൻ (മൂവാററുപുഴയും തൊടുപുഴയും): സർ, ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു. ഗവർണ്മെൻറിനു യാതൊരു ദോഷവുമില്ലാത്ത വിധത്തിൽ ജനങ്ങളുടെ സൌകര്യത്തെ പരിരക്ഷിക്കുന്നതിനു മാത്രമായിട്ടാണ് ഈ പ്രമേയംകൊണ്ടുവന്നിട്ടുള്ളതു്. ഇപ്പോഴത്തെ സമ്പ്രദായം കൊണ്ടു ഗവർണ്മെൻറിനും ജനങ്ങൾക്കും വളരെ നഷ്ടമുണ്ടാകുന്നുണ്ട്. ഈ പ്രമേയത്തിൻെറ തത്വത്തെ സ്വീകരിച്ചു നടപ്പിൽ വരുത്തിയാൽ ജനസാമാന്യത്തിനു ഭവനം പണിക്കു തടി കിട്ടുവാൻ അധികസൌകര്യവും ഗവർണ്മെൻറിനു കൂടുതൽ ആദായവും വരുത്തുന്നതിനു സംശയമില്ല. ഈ രാജ്യത്തിൻെറ കിഴക്കേ ഭാഗം നെടുനീളെ വിസ്തൃതമായ റിസർവ് വനമാണല്ലോ. അവിടെയുള്ള വൃക്ഷങ്ങൾ കൺട്രാക്ടുകൊടുത്തു അധികദൂരത്തുള്ള സമുദ്രതീരത്തെ ഡിപ്പോകളിൽ ആറുവഴി ഒഴുക്കികൊണ്ടുവന്നു ശേഖരിച്ചു വിററുവരുന്നു. ഇടനാടുകളിലും മലയോരങ്ങളിലും നിവസിക്കുന്ന പ്രജകൾ ഭവനംപണിക്കു സമുദ്രതീരത്തെ ഡിപ്പോകളിൽനിന്നും തടികൾവാങ്ങി തിരികെ ആറുവഴി ഒഴുക്കിനെതിരായി കൊണ്ടുപോകയൊ വണ്ടിവഴികൊണ്ടു പോകയൊ ചെയ്യേണ്ടിയിരിക്കുന്നു. ഇങ്ങനെ കൊണ്ടുപോകുന്നതിനുള്ള ചിലവുപലപ്പോഴും തടിവിലയോളംതന്നെ വരുന്നുണ്ട്, ആറുവഴി ഒഴുക്കികൊണ്ടുവന്നു ഡിപ്പോവിൽ ശേഖരിക്കുന്നതിനു കൺട്രാക്ടുക്കാർ ഗവർണ്മെൻറു കണ്ടി കൂലി എടുത്തുകൊടുക്കുന്നുവൊ അതിൽ ഇരട്ടി തിരികെ ഒഴുക്കിനെതിരായി കൊണ്ടുപോകുന്നതിനു തടിവാങ്ങുന്നവർക്കു ചിലവാകും. സാധുജനങ്ങളുടെ ഈ നഷ്ടംകൊണ്ടു ഗവർണ്മെൻറിനു വല്ലലാഭവുമുണ്ടായിരുന്നെങ്കിൽ വിരോധമില്ലായിരുന്നു. നഷ്ടമല്ലാതെ ഗവർണ്മെൻറിനു ലാഭമില്ല. മലയോരത്തെ താലൂക്കുകളിൽ വസിക്കുന്നവർ മിക്കപേരും ഇരുപതോ ഇരുപത്തഞ്ചോ മൈലിനകത്തുള്ള ഡിപ്പോവിൽനിന്നു തടിവാങ്ങി സമുദ്രതീരത്തുനിന്നും മലയോരത്തേക്കു കൊണ്ടുവരുന്നതിനു പ്രാപ്തിയില്ലാത്തവരാണ്. സാധുക്കളായ അവർക്കു ചില്ലറ ഫാറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ സേവകൊണ്ടു റിസർവിൽ നിന്നും തടി സമ്പാദിക്കയൊ ഭവനം പണിയേണ്ട എന്നുവയ്ക്കയൊ ചെയ്യാതെ നിവൃത്തിയൊള്ളു. ഭവനം ഇല്ലാഞ്ഞാൽ അധികം മഴയും വെയിലുമുള്ള ഈ രാജ്യത്തു ജനങ്ങൾ എങ്ങിനെ ജീവിക്കും. ഈ സ്ഥിതിയ്ക്കാണ്ടാരെക്കൂടി മോഷണത്തിനു നിർബന്ധിക്കുന്നു. ഗവർണ്മെൻറിനു നഷ്ടവും വരുത്തുന്നു. യൂറോപ്പിലെ ജർമ്മനി മുതലായ രാജ്യങ്ങളിൽ ഉള്ള റിസർവുകളെ കൃഷിക്കുംപൊതുജനങ്ങളുടെ മററുആവശ്യങ്ങൾക്കും വേണ്ടപോലെ ഉപയോ

യോഗിക്കുന്നതിന്നായി ഗവണ്മെന്റ് സംരക്ഷിച്ചുവരുന്നു എന്നാണ് കേട്ടിട്ടുള്ളതു്. എന്നാൽ ഇവിടത്തെ റിസർവുകളെ ഇവിടത്തെ പൊതുജനങ്ങൾക്കു കഷ്ടനഷ്ടം സങ്കടത്തിനും വിദേശികളുടെ ലാഭത്തിനും സൌകര്യത്തിനും വേണ്ടി സംരക്ഷിച്ചുവരികയാണെന്നു എന്നു തോന്നിപ്പോകും. യൂറോപ്പിലേയും അമേരിക്കയിലേയും വനങ്ങൾ ഓരോ രാജ്യക്കാരുടേയും കണ്ണുകാവികളെ മേയ്ക്കുന്നതിനും, ഉരങ്ങൾ ശേഖരിക്കുന്നതിനും, വിറകുതടി മുതലായവ ജനങ്ങൾക്കു സൌകര്യമായി കിട്ടുന്നതിനും സഞ്ചരിച്ചു പ്രകൃതി വൈശിഷ്ട്യങ്ങളെക്കണ്ടു ഉല്ലസിക്കുതിനും ആനന്ദിക്കുന്നതിനും വേണ്ടി സംരക്ഷിച്ചുവരുന്നതായിട്ടാണ് അറിയുന്നതു. അല്ലാതെ വിദേശികളായ കച്ചവടക്കാരുടെ ലാഭത്തെ പ്രധാനമായി സാധിച്ചുകൊടുക്കുന്ന രീതിയിലല്ല. ഇവിടെ രാജ്യത്തിന്റെ ഒരു വലിയ ഭാഗം മുഴുവൻ, ഒററക്കുതൽ മററഅററംവരെ, ഫാറസ്റ്റ് സൈന്യങ്ങളെവച്ചു ജനങ്ങളാകും ഒരുകാര്യത്തിനും ഇതിൽ കടക്കാൻപാടില്ല എന്നു നിശ്ചയിച്ചിരിക്കയാണ്. എല്ലാവരും കള്ളന്മാർ തന്നെ, നിങ്ങൾക്കു ഇവിടത്തെ വനവിഭവങ്ങൾ വല്ലതും വേണമെങ്കിൽ മുപ്പതൊ മുപ്പത്തഞ്ചൊ മയിൽ ദൂരമുള്ള സമുദ്രതീരത്തുവന്നു വാങ്ങി തിരിച്ചുകൊണ്ടുപോന്നുകൊള്ളുവിൻ എന്നു പ്രഖ്യാപനം ചെയ്യുന്നവിധം ഇട്ടിരിക്കുന്നു. ജനങ്ങൾ കടന്നാൽ മോഷ്ടിക്കുമെന്നാണ് പറയുന്നതു്. എന്നാൽ ഇപ്പോൾ കൺട്രാക്ടറന്മാരുടെ വഴിയാകയോ ഡിപ്പാർട്ടുമെൻറിൽനിന്നു നേരിട്ടോ തടികൾ മുറിക്കുമ്പോൾ ജനങ്ങൾതന്നെയാണ് വേലകൾ നടത്തുന്നതു്, അവക്കു ഇപ്പോൾ മോഷ്ടിക്കുന്നതിനു പാടില്ലെങ്കിൽ അതതു സ്ഥലത്തെ ഫാറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ പാസോടുകൂടിയും അവരുടെ മേൽനോട്ടത്തിലും മുദ്രവെടിച്ചുതരുന്ന തടികൾ പാസിൽ പറയുന്ന ദിവസങ്ങളിൽ ഗാർഡുകളോടുകൂടി പോയി മുറിപ്പിച്ചു ഫാറസ്റ്റ്കാവൽസ്ഥലങ്ങളിൽ എല്ലാം പതിപ്പിച്ചുകൊണ്ടു പോരുമ്പോൾ എങ്ങിനെമോഷ്ടിക്കും? മുൻകാലങ്ങളിൽ ഉൾനാടുകളിലെ പ്രജകൾക്കു ഇതുവിധം പുരപണി ആവശ്യത്തിനു വേണ്ടി തടിവരെ കുററിക്കാണം വാങ്ങികൊടുത്തു വന്നതാണ്. അപ്രകാരം മേലിലും കൊടുത്തുവന്നാൽ ഫാറസ്റ്റിലെ ചില്ലറ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ അവിടവിടെ ഇപ്പോൾ നടക്കുന്ന റിസർവിലെ തടിമോഷണം മിക്കവാറും ഇല്ലാതാകും. പലരും ഗത്യന്തരമില്ലാഞ്ഞിട്ടാണ് മോഷണത്തിനുപോകുന്നതെന്നാണ് ജനങ്ങളുടെ സംസാരം. എന്നാൽ പുരപണിക്കു കുററിക്കാണം വാങ്ങി തടികൊടുക്കാമെന്നുവച്ചാൽ ഫാറസ്റ്റിലെ ചില്ലറ ഉദ്യോഗസ്ഥന്മാരിൽ ചിലരുടെ വരുമാനം കുറഞ്ഞുപോകുമെന്നല്ലാതെ മറെറാരു ദുഷ്ഫലവുമില്ല. മററു ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരെപ്പോലെ ഫാറസ്റ്റ് വകുപ്പിലും പല നല്ല ഉദ്യോഗസ്ഥന്മാരുമുണ്ടെന്നു സമ്മതിക്കാം. എന്നാൽ വളരെപ്പേർ അങ്ങനെയല്ല. കൺസർവേററർ ഉദ്ദേശശുദ്ധിയുള്ള ആളാണെങ്കിലും ഇവരെക്കൊക്കെ ശരിപ്പെടുത്തികൊണ്ടുപോകുവാൻ അദ്ദേഹത്താൽ സാദ്ധ്യമല്ല. പുരപണിക്കു കുററിക്കാണം ഏർപ്പെടുത്തിയാൽ റിസർവിൽ മോഷണം കുറയുന്നതിനു പകരം കൂടുമെന്ന് കീഴിലുള്ളവർ പറയുന്നതു് വിശ്വസിച്ചു കൺസർവേററർ നിർബന്ധിച്ചാലും ഗവണ്മെന്റു ഇതിനെപ്പററി ഗാഢമായി ആലോചിക്കണം. മററു നിവൃത്തിയുണ്ടെങ്കിൽ മിക്കവരും മോഷ്ടിക്കാൻ പോകയൊ മോഷ്ടിച്ചുകൊണ്ടു വരുന്നതിനെ വാങ്ങിക്കാൻ ഒരുങ്ങുകയൊ ചെയ്യുകയില്ല. മലയോരവാസികൾ സമുദ്രതീരത്തെ ഡിപ്പോകളിൽ പോയി പുരപണിക്കുവേണ്ട തടികൾ വാങ്ങിക്കൊണ്ടുപോരണമെന്നുള്ള ഇപ്പോഴത്തെ ഏർപ്പാടു മാററി കുററിക്കാണം ഏർപ്പെടുത്തിയാൽ റിസർവിലെ തടിമോഷണം നാലിലൊന്നാകെങ്കിലും കുറഞ്ഞുപോകുമെന്നു പറയുന്നതിനു ഞാൻ ലേശം മടിക്കുന്നില്ല. സമുദ്രതീരത്തെ ഡിപ്പോവിൽ നിന്നുകൊണ്ടുവരുന്ന ബുദ്ധിമുട്ടു ഞാൻ വ്യക്തപ്പെടുത്താം. ആററുവഴി ഡിപ്പോവിൽ കൊണ്ടുവരുന്നതിനു കണ്ടി ഫ്രക്ക ഒരുപായാണ് കൺട്രാക്ടുക്കൊടുക്കുന്നതെന്നുവയ്ക്കാം. മേലോട്ടുകൊണ്ടുപോകാൻ ഇരട്ടിഅതായു പത്തുരൂപയും വേണം. ഡിപ്പോവിലെ വില പത്തുരൂപയെന്നുവയ്ക്കുക. കൊണ്ടുവരുന്ന ചിലവുകൂടെ ഇരുപതു രൂപാ കൂടിയാകുന്നു. സമുദ്രതീരത്തുള്ളവർക്കു അവിടെ വാങ്ങുവാൻ വരുന്ന വിദേശിക്കു ഫ്ര ൦ രൂപയെയുള്ളു മലയോടടുത്തവർക്കു ഇരുപതു് എന്നാൽ ൯ മാത്രമേ ഗവണ്മെന്റിനു ഇതിൽ കിട്ടുന്നുള്ളു. ൧-൦ ഞങ്ങൾ തരാം, അതായതു ശുദ്ധാദായത്തിൽ ഒരു രൂപാവീതം കൂട്ടിവച്ചാലും വിരോധമില്ല. ഞങ്ങൾക്കു ലേലത്തിലൊരുത്തുതന്നെ തടിതരണം എന്നാണ് ഈ പ്രമേയംവഴി ഞങ്ങൾ പറയുന്നതു. അങ്ങിനെ ചെയ്യാത്തപക്ഷം ഞങ്ങൾക്കു ഈ മലയുടെ സാമീപ്യം കൊണ്ടെന്താണ് പ്രയോജനം? ഈ രാജ്യത്തെ പ്രകൃതിവിഭവങ്ങൾ കൊണ്ടു ഈ രാജ്യക്കാർക്കുവേണ്ട പ്രയോജനമില്ലെങ്കിൽ ദൈവത്തമായ ഈ സൌകര്യംകൊണ്ടു എന്തുഫലം? സ്വദേശികളുടെ രക്ഷയെ അല്ലെ ഗവണ്മെന്റു ന്യായമായ കാര്യമായി നോക്കേണ്ടതു്? എല്ലാഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരും രാജ്യഭരണത്തിനുള്ളതെന്നും സ്വരാജ്യവാസികളുടെ ക്ഷേമത്തെ ലക്ഷ്യമാക്കിയാണ് പ്രവൃത്തിക്കേണ്ടതു്. ഒന്നാമതായിട്ടു ഈ രാജ്യവാസികളുടെ കാര്യമാണ് നോക്കേണ്ടതു്. പിന്നീടവരുടെ വിദേശികളുടെ കാര്യം ഗൌനിക്കാൻ. ഇപ്പോഴത്തെ സ്ഥിതിക്കു ഈ മലകളെക്കൊണ്ടു ഈ രാജ്യവാസികൾക്കു വിദേശികളെക്കാൾ കൂടുതൽ ഒരു പ്രയോജനവുമില്ല, കുററിക്കണം നിർത്തിയകാലത്തു ഭവനംപണിക്കു ൨ ൦ കണ്ടി തടി കൊടുക്കാമെന്നു വ്യവസ്ഥ ഉണ്ടായിരുന്നതു ഇപ്പോഴും കടലാസിൽ ഉണ്ടെങ്കിലും പ്രയോജനമൊന്നുമില്ല. ഈ അവകാശത്തെ വീണ്ടും നടപ്പിൽവരുത്തണമെന്നാണ് ഈ പ്രമേയംകൊണ്ടു ഉദ്ദേശിച്ചിരിക്കുന്നതു. കുററിക്കാണനിരക്കു ഗവണ്മെന്റിന്റെ കഴിഞ്ഞ മുന്നുകൊല്ലത്തെ തടിവരവിന്റെ ശുദ്ധാദായം കണക്കാക്കിവെക്കാം. സ്വല്പംകൂട്ടുന്നതിനും വിരോധമില്ല. ഇതുകൊണ്ടു ഗവണ്മെന്റിനു ഒരു നഷ്ടവുമില്ല നേരെമറിച്ചു ലാഭമെയുള്ളു. ഗവണ്മെന്റിനു കിട്ടാവുള്ള ശുദ്ധാദായത്തിലുംകൂടി കൂടുതൽ നിശ്ചയിച്ചാലും വിരോധമില്ലെന്നു സമ്മതിക്കുന്നു. പുരപണിക്കുമാത്രം ഓരോരുത്തൎക്കു അവരുടെ ആവശ്യംപോലെ അഞ്ചൊ എട്ടൊ ഇരുപതൊ കണ്ടിതടി മതിയാകും. ഈ കുററിക്കാണസമ്പ്രദായം സ്വീകരിക്കുന്നതു മലയോരങ്ങളിലും ഇടനാടുകളിലുംഉള്ളവർക്കു വലിയ ഒരനുഗ്രഹമായിരിക്കും. മനുഷ്യന്നു ആഹാരമില്ലെങ്കിലും ഭവനം അത്യാവശ്യമാണ്. ഒരു കൂരയ്ക്കു കെട്ടണമെങ്കിലും തടിക്കൂടാതെ നിവൃത്തിയില്ല. അനാദ്യോഗസ്ഥാംഗങ്ങൾമാരായ എ.ന്റെ മാന്യസ്നേഹിതന്മാർ എല്ലാവരും ഈ പ്രമേയത്തിന്റെ ആവശ്യത്തെ വേണ്ടുപോലെ മനസ്സിലാക്കി ഇതിനെ അനുകൂലിക്കണമെന്നു പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചലും-ദേവികുളവും): മി. ഇട്ടീച്ചൻ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ അനുകൂലിക്കുന്നതിനു എനിക്കു വളരെ സന്തോഷമുണ്ടു്. തിരുവിതാംകൂറിലെ പ്രകൃതിവിഭവങ്ങളെ തിരുവിതാംകൂർനിവാസികൾക്കു ന്യായമായവിധത്തിൽ ഉപയോഗയോഗ്യമാക്കി തീൎക്കാതിരിക്കുന്നതു ഒരു പ്രകാരത്തിലും രക്ഷാകരം അല്ലെന്നു ഞാനും സമ്മതിക്കുന്നതാണ്, ഈ രാജ്യത്തിലെ ജനങ്ങൾ ഇത്രത്തോളം പരിതാപകരത്തിൽ എത്തുന്നതിനുമുമ്പു, ഗവണ്മെന്റു ജനങ്ങളുടെ അവകാശത്തിനു പ്രതിബന്ധമില്ലാത്ത ഒരു നില

യിൽ ഈ ഡിപ്പാർട്ടുമെൻറു ഭേണം നടത്തിയിരുന്നകാലത്തു ജനങ്ങളുടെ നന്മയ്ക്കുവേണ്ടി ഗവണ്മെൻറിൽനിന്നു ഈഅവകാശം അനുവദിച്ചുകൊടുത്തു. അതു ദീർഘകാലമായി അനുഭവിച്ചുവരുവെ, അവയെ പിൻവലിപ്പിക്കുന്നത് സങ്കടകരമാണ്. രാജകീയ വൃക്ഷങ്ങളെ സംബന്ധിച്ചു പറയുന്നില്ല. ഈ വൃക്ഷങ്ങളുടെ അവകാശം ഗവണ്മെൻറിനു പ്രത്യേകരീതിയിലുള്ളതാണ്. അവരവരുടെ പുരയിടങ്ങളിൽ നില്ക്കുന്ന വൃക്ഷങ്ങളെ അവരവർക്കു സ്വാതന്ത്ര്യമായി വെട്ടി പിടിക്കാൻ പാടില്ല. ഇങ്ങനെയുള്ള വൃക്ഷങ്ങളെ ഗവണ്മെൻറ് അധീനതയിൽ വച്ചിരുന്നാലും അതിൽനിന്നുമുള്ള ആദായം ഗവണ്മെൻറിൽനിന്നു ജനങ്ങൾക്കു ശരിയായികിട്ടുന്നില്ല. ഇതിനു പുറമെ തിരുവിതാംകൂറിലെ മലകളിലും കാടുകളിലും പുതുവൽ പതിച്ചു താമസിച്ചു് വേലചെയ്യുന്നവർക്കു തടി കിട്ടിയില്ലെങ്കിൽ അവർ ഒരു കുടിൽകെട്ടി താമസിക്കുന്നതെങ്ങനെ? ഗവണ്മെൻറിൻെറ സംരക്ഷണത്തിനും രാജ്യത്തിൻെറ നന്മയ്ക്കുംവേണ്ടി അവർ ശ്രമിക്കുന്നു. അവർ വച്ചുപിടിപ്പിക്കുന്നതും അവരുടെ പുരയിടങ്ങളിൽനിന്നു സംരക്ഷണം ചെയ്യുന്നതുമായ രാജകീയ വൃക്ഷങ്ങളെ ഗവണ്മെൻറധീനതയിൽ വച്ചിരിക്കുന്നു. പ്രകൃതിവിഭവങ്ങളെ അന്യരാജ്യങ്ങളിലെ ജനങ്ങൾക്കു്, അന്യായമായിട്ടോ, ന്യായമായിട്ടോ ആദായമായിട്ടോ, നഷ്ടമായിട്ടോ, വിറ്റുപോരുന്നു. പൊതുജനങ്ങൾക്കു് അധിവസിക്കുന്നതിന് പുതിയതായ ഭവനങ്ങൾകെട്ടി ഉണ്ടാക്കുന്നതിന് ആവശ്യമുള്ളിടത്തോളം തടി ഗവണ്മെൻറിൽനിന്നും കൊടുക്കുന്നില്ല. അങ്ങനെ അവർക്കു ഗവണ്മെൻറുവകതടികൾ വേണമെങ്കിൽ അന്യരാജ്യക്കാരോടു അപേക്ഷിച്ചു അന്യായമായ നഷ്ടവും സഹിച്ചുവേണം വാങ്ങിക്കാൻ. അങ്ങനെയിരിക്കുന്ന ഒരേർപ്പാടു കാലാന്തരത്തിൽ ഒരു ഭേദഗതി ചെയ്യണമെന്നു ഗ്രൂപാർശചെയ്യുന്നത് ഒരിക്കലും അന്യായമായിരിക്കുകയില്ല. ഈ നാട്ടിലെ വിഭവങ്ങളെ അനുഭവിക്കുന്നതിനു ഈ നാട്ടുകാർക്കു പരിപൂർണ്ണമായ സ്വാതന്ത്ര്യവും അവകാശവും ഇപ്പോൾ ഇല്ല. ഗവണ്മെൻറിൻെറയും ജനങ്ങളുടെയും രക്ഷയ്ക്കു ഗവണ്മെൻറു മതിയായവിധത്തിലും ശരിയായനിലയിലും സംരക്ഷണം നടത്തുകയാണെങ്കിൽ ജനങ്ങൾക്കു അതിൽ സങ്കടമില്ല. അവരുടെ നിവാസത്തിനായി മന്ദിരങ്ങൾ ഉണ്ടാക്കുന്നതിനു അവരുടെ രാജ്യത്തു ഉണ്ടാകുന്ന വനവിഭവങ്ങളെ ന്യായമായി ഗവണ്മെൻറു മുമ്പു കൊടുത്തിരിക്കുന്നതായ നിലയ്ക്കു്, അവർക്കു അന്യായമായ നഷ്ടത്തിനു ഇട ഉണ്ടാക്കാതെ, വിട്ടുകൊടുക്കണമെന്നുപറയുന്നത് ഒരു പ്രകാരത്തിലും അയുക്തമായിട്ടുള്ളതല്ല.

വിദേശങ്ങളിൽനിന്നു വന്നു പാർക്കുന്നവർക്കു് സ്ഥലം, ഭവനം ഇവ സുഖമായി ഉണ്ടാക്കുവാൻ ഗവണ്മെൻറുസാഹചര്യം നൽകുന്നുണ്ട്, ഇങ്ങനെ ഗവണ്മെൻറിൽനിന്നു സംരക്ഷിക്കത്തക്ക ഒരുനിലയ്ക്കു നമ്മുടെ ജനങ്ങൾക്കു അടുത്തഭാവിയിൽ ഉണ്ടാകുമോ എന്നു സംശയിക്കുന്നതിലേക്കുപോലും മാർഗ്ഗം കാണുന്നില്ല. ഈ നാട്ടിലെ മലനാടുകളിൽ യാതൊരു സഹായവും ഇല്ലാതെ, ഗവണ്മെൻറു നിശ്ചയിച്ചിരിക്കുന്ന നികുതിയും കൊടുത്തു ഭൂമി പതിപ്പിച്ചുവാങ്ങിയാൽ ആവശ്യത്തിനു വൃക്ഷങ്ങളെ മുറിച്ചുകൂട്ടുവാൻ സാധിക്കുകയില്ലെന്നു വരുകിൽ, കഷ്ടപ്പെട്ടു താമസിക്കുന്ന ആളുകൾക്കു അവരുടെ ജീവനെ സംരക്ഷണം ചെയ്യുന്നതിനും കാട്ടുമൃഗങ്ങളിൽനിന്നു ഉണ്ടാകുന്ന ഉപദ്രവങ്ങളെ തടുക്കുന്നതിനും ഒരു ഭവനം പണിയിക്കുന്നതിനു തടി വേണമെന്നുവരുകിൽ, കായവിനു അടുത്തതോ മററുഭാഗങ്ങളിലോ നടത്തപ്പെടുന്ന ഡിപ്പോകളിൽചെന്നു വാങ്ങിക്കണം. ശത്രുക്കളിൽനിന്നും ഒഴുക്കിനുഎതിരായിട്ടുകൊണ്ടുപോകണം. അന്യനാട്ടുകാർക്കു ഈ വക ബുദ്ധിമുട്ടുകളൊന്നും കൂടാതെ കൊണ്ടുപോകാവുന്നതാണ്. അവർക്കുവേണ്ടസഹായവും ചെയ്തുകൊടുക്കുന്നു. തിരുവിതാംകൂറിൽ അധിവസിച്ചുപോരുന്നജനങ്ങൾക്കായാൽ മററു സഹായങ്ങൾഒന്നും ചെയ്യുന്നില്ലെന്നുമാത്രമല്ല തടിവാങ്ങിയാൽ വാങ്ങുന്നവിലയുടെ ഇരട്ടി നഷ്ടം സഹിച്ചു ഒഴുക്കിനു എതിരായി കൊണ്ടുപോകണം. മുമ്പു ഒരാളിനു ഇത്രപാളികണ്ടിരുന്നു നഷ്ടം ഇല്ലാത്തവിധത്തിൽ, അനീതിയും കഷ്ടപ്പാടും ഇല്ലാത്ത ഡിപ്പാർട്ടുമെൻറിൻെറ പ്രത്യേകശ്രദ്ധയിൽ മുളപ്പിച്ചുകൊടുത്തു സംരക്ഷിച്ചിരുന്നതിനാൽ നാട്ടിൻപുറങ്ങളിൽ ഉള്ള അനേകം ആളുകൾക്കു അത്യാവശ്യത്തിനു വേണ്ട തടികൾ കിട്ടിക്കൊണ്ടിരുന്നു. അതിനുശേഷം രാജകീയവൃക്ഷങ്ങളെ സാധാരണവൃക്ഷങ്ങളിൽ നിന്നും തിരിച്ചു അവയെ പ്രത്യേകം വനങ്ങളാക്കി തിരിച്ചിരിക്കുന്നതിനാൽ ജനങ്ങൾക്കു മന്ദിരങ്ങൾ ഉണ്ടാക്കുന്നതിനു തടികൾ ഇല്ലാതെയായി. ഗവണ്മെൻറുവക തടികളെ വനങ്ങളിൽനിന്നും മുറിച്ചു ഉൾനാടുകളിൽ ഡിപ്പോകളിൽ ശേഖരിച്ചാൽ തടി കിട്ടുമായിരുന്നു. ഈ സംഗതി അനേകകാലമായി, പ്രജാസഭായോഗങ്ങളിലും ഈ കൗൺസിലിലും നിവേദനങ്ങൾ മുഖവും ചോദ്യരൂപമായും അപേക്ഷിച്ചിട്ടുണ്ട്. നാട്ടിൻപുറത്തുള്ള ജനങ്ങൾക്കു സൌകര്യമായി തടികൾ കിട്ടത്തക്കവണ്ണമല്ല ഡിപ്പാർട്ടുമെൻറിൽനിന്നും ഡിപ്പോകൾ സ്ഥാപിച്ചിട്ടുള്ളതു്. ഡിപ്പാർട്ടുമെൻറു ഇപ്പോൾ സംരക്ഷിച്ചുകൊണ്ടിരിക്കുന്നനയം നോക്കിയാൽ നാട്ടിനു വളരെ നഷ്ടമാണ്.

മലകളിൽ അവിടവിടെയുള്ള കുപ്പാവില്ലന ഏർപ്പാടു വളരെ ദോഷകരമാണെന്നാണു എൻെറ അഭിപ്രായം. ആ വില്ലനയിലുള്ള ചില ദോഷഭാഗങ്ങളെ ചൂണ്ടികാണിക്കാമെന്നു വിചാരിക്കുന്നു. കൺട്രാക്ടർവേലത്തിൽ പിടിക്കുന്ന ഇക അനുസരിച്ചു അയാൾ പിടിച്ചു തടികളെ വെട്ടിക്കൊണ്ടുപോകുന്നതിനു കീഴിലുള്ള സിൽബന്തികളെ ഏർപ്പാടുചെയ്യുന്നു. ന്യായമായ നിലയിലും നീതിയിലും അവസ്ഥയിലും പ്രേരണയിലും പ്രവർത്തിക്കുന്നതിനുള്ള ചുമതല ബോധംകുറഞ്ഞ ഈ ആളുകൾ എത്രത്തോളം ശരിയായി കാര്യങ്ങൾ നടത്തുമെന്നു ഞാൻ പറയാതേതന്നെ വ്യക്തമാകുന്നതാണ്. ഈ കുപ്പാവില്ലനയുടെ ഇന്നത്തെനിലയിൽ നിർദ്ദിഷ്ടങ്ങളായ തടികളെ മാത്രംമുറിച്ചുകൊണ്ടുപോകുന്നതായാൽ കൺട്രാക്ടർക്കു ആദായം കിട്ടുകയില്ല. അതിനാൽ വാസ്തവത്തിൽ കൺട്രാക്ടർക്കു ബാധ്യതയില്ലാത്ത വൃക്ഷങ്ങളെകൂടി അയാൾ മുറിച്ചുകൊണ്ടുപോകുന്നുണ്ട്. അതിനാൽ കുപ്പാവില്ലനകൊണ്ടു ഗവണ്മെൻറിനു ആദായം കിട്ടുന്നില്ലെന്നു മാത്രമല്ല വളരെ നഷ്ടവുംകൂടി ഉണ്ടാകുന്നു. ഗവണ്മെൻറിൻെറ ആദായം ഇല്ലാതാക്കി ജനങ്ങളുടെ ക്ഷേമത്തേയും സ്വാതന്ത്ര്യത്തേയും നശിപ്പിക്കത്തക്കവണ്ണമുള്ള ഒരു നിലയിൽഎത്തിച്ചിരിക്കുന്നു. അതായുകാലത്തു ഓരോഡിപ്പാർട്ടുമെൻറിലും പ്രത്യേകം ചുമതലവഹിക്കുന്ന ആളുകൾ അവയെ നയിക്കുകയും വഹിക്കുകയും ചെയ്യുന്ന ആളുകൾ അതാത് ഡിപ്പാർട്ടുമെൻറുകൾക്കു ഇപ്പോഴുള്ള ആദായമാർഗ്ഗങ്ങളെ കണ്ടുപിടിച്ചു രേഖാമുഖമായും നിയന്ത്രണത്തോടുകൂടിനടത്തുകയാണെങ്കിൽ ഗവണ്മെൻറിനു കൂടി തൃപ്തികരമായനിലയിൽ വന്നു കൂടുന്നതാണ്. അതേ അവസരത്തിൽ രാജ്യത്തിൻേറയും പൊതുജനങ്ങളുടേയും നന്മയ്ക്കും ഭൂരിപക്ഷം ജനങ്ങളുടെ സൌകര്യത്തിനുമായി ഗവണ്മെൻറു പ്രവർത്തിക്കുന്നതു് ഉത്തരവാദിത്വബോധത്തോടുകൂടി ആയിരിക്കണം. നാട്ടിലെ ജനങ്ങൾക്കധിവസിക്കുന്നതിനു മന്ദിരങ്ങൾ നിർമ്മിക്കുന്നതിനു തടിപോലും കിട്ടാതിരിക്കത്തക്കവണ്ണം, അവർക്കു വളരെ കഷ്ടത വരത്തക്കവണ്ണമുള്ള ഒരു

നിലയിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നതു ശരിക്കലും ശരിയല്ല. അതിനുപരിഹാരമായി വരാവുന്നതായ മിസ്റ്റർ ഇട്ടീച്ചന്റെ പ്രമേയത്തെ ഞാൻ ഹൃദയപൂർവ്വം അനുകൂലിച്ചുകൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): സർ, മിസ്റ്റർ ഇട്ടീച്ചൻ സഭാമുമ്പാകെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ എതിർക്കുന്നു. എന്റെ എതിർപ്പിനുള്ള പ്രധാനകാരണം വനങ്ങളിൽ കുളവുനടക്കുന്നുണ്ടെന്നും ജനങ്ങൾ വനങ്ങൾക്കു തീവെക്കുന്നു എന്നും അവതാരകൻ ഗവണ്മെന്റിന്റെ മുമ്പാകെ ഉറപ്പായി പറഞ്ഞതാണ്. കൺസർവേറ്റർ അജാഗ്രതയായിരിക്കുന്നു എന്നു പരാതിപറകയോ കൺസർവേറ്ററെ പറഞ്ഞയച്ചുകളയണമെന്നു പറകയോ ആണു അനുദ്യോഗസ്ഥമെമ്പർമാർ സ്വീകരിക്കേണ്ടുന്ന മാന്യമായ നടപടി. അതായിരുന്നു ശരിയായ നടപടി. നാം നമ്മുടെ വനങ്ങളെ നശിപ്പിക്കയല്ല, നമ്മുടെ സന്താനങ്ങളുടെ ഗുണത്തിന്നായി അവയെ സംരക്ഷിക്കാൻ ശ്രമിക്കയാണുവേണ്ടതു. മിസ്റ്റർ ഇട്ടീച്ചൻ പ്രസ്താവിച്ചതുപോലെ വനമായി അടയാളപ്പെടുത്താത്ത പ്രദേശങ്ങളിലുള്ള തടികൾപോലും എല്ലായ്പ്പോഴും നശിപ്പിക്കണമെന്നാണ്. വനം ഡിപ്പാർട്ടുമെന്റുകാരാൽ നിയന്ത്രണം ചെയ്യപ്പെടുന്ന ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം അവർ ഒരു സ്ഥലം സർവ്വചെയ്തു കല്ലിട്ടു അടയാളപ്പെടുത്തി, പരിശോധനയ്ക്കുശേഷം ലേലംവിളിക്കുന്നു. കൺട്രാക്ടർക്കും അയാളുടെ ആളുകൾക്കും ആസ്ഥലത്തുപ്രവേശിക്കാനും അവിടെയുള്ള തടികൾ വെട്ടാനുമാത്രമേ അനുവാദമുള്ളു. ഒരു ഉദാഹരണം എനിക്കറിയാം. വേറെ വ്യവസ്ഥപ്രകാരം നടന്നിരുന്ന തോവാളത്താലൂക്കിൽ അസിസ്റ്റൻറുകൺസർവേറ്ററർ മിസ്റ്റർ രാമസുബ്രഹ്മണ്യയ്യരുടെ കാലത്തു അദ്ദേഹത്തിന്റെ അറിവോടുകൂടെ കൺട്രാക്ടർ അനുവദിച്ചിരുന്നതിലധികം സ്ഥലത്തുനിന്നു തടികൾ മുറിച്ചെടുത്തു. ഇതിനെപ്പററി കൺസർവേറ്ററർക്കു ഊരും പേരുമില്ലാത്ത ഹർജികൾകിട്ടി.

മി: മാത്യുമുരിക്കൻ (വൈക്കം): അങ്ങനെയുള്ള ഹർജികളെ ആധാരമാക്കി മെമ്പർക്കു സംസാരിക്കാമോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): യഥാർത്ഥംതെറ്റെങ്കിൽ, കൺട്രാക്ടർക്കുകൂടുതൽ സ്ഥലത്തുകയ്യേററംചെയ്തു എന്നു തെളിഞ്ഞതുകൊണ്ടും ഫലം എന്തായിരുന്നു എന്നു എനിക്കറിയാം. അതുകൊണ്ടു കൺട്രാക്ടർമാർ കയ്യേററം ചെയ്യാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിക്കുന്നു. കോതയാർ ജലസംഭരണസ്ഥലത്തിനു സമീപം ഉത്തരവാദിത്വം ഇല്ലാത്ത ഒരു കൺട്രാക്ടർ തടികൾ മുറിച്ചുകൊള്ളുവാൻ അനുവദിച്ചതുകൊണ്ടു കോയെറിന്റെ ഇരുവശങ്ങളിലുമുള്ള ഉറവകൾ കുറഞ്ഞു പോയിരിക്കുന്നു. ഇങ്ങനത്തെസ്ഥിതിയിൽ മിസ്റ്റർ ഇട്ടീച്ചന്റെ പ്രമേയം പസ്സായാൽ ഇരുന്നൂറോ മുന്നൂറോ രൂപാ കെട്ടിവെക്കാൻ കഴിവുള്ള ഒരാൾക്കു കൺസർവേറ്ററുടെയോ അസിസ്റ്റൻറുകൺസർവേറ്ററുടെയോ അടുക്കൽ ചെന്നു വനത്തിൽ കയറാൻ അനുവാദം മേടിക്കുന്നതിനു പ്രയാസമില്ല. അയാൾക്കു വനത്തിന്റെ ഏററവും ഉൾഭാഗത്തുകയറി ഒന്നാംതരം തടി തിരിഞ്ഞെടുത്തു വെട്ടിമുറിച്ചിടാം. അതെല്ലാം ഉപയോഗമില്ലാത്തതെന്നു കണ്ടാൽ അയാൾ പിന്നെയും വനത്തിൽ പ്രവേശിക്കാൻ ശ്രമിക്കും, ഇങ്ങനെ വനം മുഴുവനും നശിച്ചുപോകും.

മി. മാത്യുമുരിക്കൻ (വൈക്കം): വനത്തിൽ പ്രവേശിക്കുന്നവരെ വനംകൊള്ളചെയ്യാൻ അനുവദിക്കണമെന്നാണോ മെമ്പർ സൂചിപ്പിക്കുന്നതു?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അതേ; നാമെല്ലാവരും നിയമസഭാമെമ്പറന്മാരാണ്. ഒരു നിയമം——

മി: മാത്യുമുരിക്കൻ (വൈക്കം): അതിനെന്താസംശയം?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അതു നിയമസഭാമെമ്പർമാർക്കായിട്ടല്ല, സാധാരണ ജനങ്ങൾക്കാണ്.

മി: മാത്യുമുരിക്കൻ (വൈക്കം): നാം പൊതുജനങ്ങളെ പ്രതിനിധീകരിക്കുന്നു എന്നു മെമ്പർക്കറിയാമോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): എന്നാൽ സാധാരണ ശിക്ഷാനിയമം കൊണ്ടാവശ്യമില്ല.

മി: മാത്യുമുരിക്കൻ (വൈക്കം): നിയമസഭാമെമ്പർമാർ ശിക്ഷാനിയമങ്ങളിൽ നിന്നു ഒഴിവാക്കപ്പെട്ട പ്രാണികളാണെന്നാണോ മെമ്പർ പറയുന്നതു?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അതിരുകടന്നു പോയാൽ അവരെയും ശിക്ഷാനിയമവും ഈ രാജ്യത്തെ മററുനിയമങ്ങളും ബാധിക്കുന്നതാണ്. ജലപ്രളയത്താലുണ്ടായ നഷ്ടപരിഹാരാർത്ഥം നാല്പതോ അമ്പതോ മുളകൾ വെട്ടിക്കൊണ്ടുപോകുവാൻ ഗവണ്മെന്റു എല്ലാവർക്കും അനുവാദം കൊടുത്തു. എന്റെ അഭിപ്രായത്തിൽ ജനങ്ങൾചെന്നു വനങ്ങളെ നശിപ്പിക്കാൻ അനുവദിക്കത്തക്കതാകുന്നു.

മി: എ. എസ്. ദാമോദരനംശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): തങ്ങളുടെ അവകാശങ്ങളെ ഉപയോഗം ചെയ്യാൻ കൺട്രാക്ടറന്മാർക്കും അതേ അവസരം ഉണ്ടെന്നാണോ മെമ്പർപറയുന്നതു?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അധികാരസ്ഥന്മാർ നിശ്ചിതസ്ഥലത്തേ അവരെ പ്രവേശിക്കാൻ അനുവദിക്കയുള്ളു. അവരെ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിടാൻ അധികാരമുള്ളതന്നായ ഒരു ദിവാൻ നമുക്കുണ്ടു (ചിരി).

ഡിപ്യൂട്ടിപ്രെസിഡൻറ്: അദ്ദേഹം ശക്തനെന്നു പറയായാണ് വിചാരിച്ചതെന്നു തോന്നുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): നമുക്കു ശക്തനായ ഒരു ദിവാനുണ്ടെന്നുള്ള ഭാഗ്യമുണ്ട്. അന്യായവും അധർമ്മവും പ്രവർത്തിക്കുന്നവരെ ശിക്ഷിക്കാൻ ജാഗ്രതയുള്ള ഉദ്യോഗസ്ഥന്മാരുമുണ്ട്. മോഷണങ്ങൾ നടക്കുന്നു എന്നു പറയുന്നതു ഉത്തരവാദിത്വബോധമില്ലാഞ്ഞിട്ടാണ്. ഇങ്ങനെയുള്ള കേസുകൾ വിചാരണചെയ്യുന്നതിനു ഉത്തരതിരുവിതാംകൂറിൽ സ്പെഷ്യൽമജിസ്ട്രേട്ടന്മാരെ നിയമിച്ചിട്ടുണ്ടെന്നുള്ളതും നമുക്കറിയാമല്ലൊ. ഈ പ്രസ്താവനകളോടുകൂടെ ഫ്രൻസ്സ്നേഹിതൻ തന്റെ പ്രമേയത്തെ പിൻവലിക്കുമെന്നു ആശിക്കുന്നു.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്ററർ): പ്രമേയത്തിന്റെ ഉദ്ദേശം വളരെക്കാലംമുമ്പു നിർത്തൽചെയ്ത (ദയവായി ഉറക്കെ) കുററിക്കാണം ഏർപ്പാടു വീണ്ടും പുനഃസ്ഥാപിക്കണമെന്നു ഗവണ്മെന്റി

നോട്ട അപേക്ഷിക്കയാണ്. സർ, കുററിക്കാണം ഏർപ്പാട് ഇൻഡ്യയിലെ മററപ്രദേശങ്ങളിൽ എന്നപോലെ (ഭയവായി ഉറക്കെ) തന്നെ നമ്മുടെ വനങ്ങൾക്കും ദോഷകരമായിരുന്നു. ("ഭയവായി ഉറക്കെ, ഞങ്ങൾ കേൾക്കുന്നില്ല" എന്നു പലരും പറയുന്നു). എന്നെ സംബന്ധിച്ചിടത്തോളം, ആ വ്യവസ്ഥയെപ്പററിയുള്ള വിവരങ്ങൾ ഞാൻ പഴയ റിക്കാർഡുകളിൽ നിന്നു ശേഖരിക്കേണ്ടിയിരിക്കുന്നു. അതു നിറുത്തൽചെയ്തിട്ടു വളരെക്കാലമായി. സാധാരണക്കാർക്ക് ഇപ്പോൾ അതിനെപ്പററി ഒരു വിവരവുമില്ല. എനിക്കു മനസ്സിലായപ്രകാരം കുററിക്കാണഏർപ്പാടിൻപ്രകാരം ഒരാൾക്കു പേരിനുമാത്രമുള്ള ഒരു ചെറിയ പണം ഫീസുകൊടുത്താൽ കാട്ടിൽനിന്നു തടിയൊ മററു വനവിഭവമൊ കൊണ്ടുപോകാൻ ഒരു പാസ്സുകിട്ടും. ഈ പാസ്സോടുകൂടെ അയാൾ വനത്തിൽ പ്രവേശിച്ചു തനിക്കാവശ്യമുള്ള മരം മുറിച്ചെടുക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ ഫീസ് നിശ്ചയിച്ചതു തടിയുടെ വില നോക്കിട്ടാണോ

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അതു സ്വേച്ഛാനുസാരം നിശ്ചയിച്ചതാണ് അതാണു എന്റെ അറിവു. കൺട്രാക്ററർ ഒന്നാംതരം തടി തിരഞ്ഞെടുത്തു ആററിലേക്കുവലിച്ചുകൊണ്ടു പോയി—

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഞങ്ങൾ അദ്ദേഹം പറയുന്നതു അശേഷം കേൾക്കുന്നില്ല. അദ്ദേഹം മുമ്പോട്ടുവന്നാൽ കേൾക്കാമായിരിക്കും.

ഡിപ്യൂട്ടിപ്രസിഡൻറ്: മിസ്റ്റർ ധനുക്കോടിപ്പിള്ളേ, നിങ്ങൾക്കു മുമ്പോട്ടുവന്നുനിന്നു സംസാരിക്കാമൊ? അടുത്തുവന്നാൽ മെമ്പർമാർക്കു നിങ്ങൾ പറയുന്നതു കേൾക്കാൻകഴിയും.

മി: ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അയാൾ വനത്തിൽപ്രവേശിച്ച്, ആവശ്യമുള്ള മരം പലപ്പോഴും ആവശ്യമില്ലാത്തതും മുറിക്കുന്നു. തടിക്കു വല്ല ന്യൂനതയും ഒണ്ടെങ്കിൽ അയാൾ വേറെ മരംമുറിക്കും. തനിക്കാവശ്യമുള്ളതു ശേഖരിച്ചശേഷം ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ വന്നു തടികൾ രജിസ്റ്റർ ചെയ്യാൻ അവർക്കു അറിവുകൊടുക്കും.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങനെ മുറിക്കുന്നതു വനം ഡിപ്പാർട്ടുമെൻറിന്റെ അറിവോടുകൂടിയാണോ എന്നു പറയുമോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അല്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ശരിയായമേലന്വേഷണം കൊണ്ടു ഇതു തടുക്കാൻ കഴികയില്ലയോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): പാസ്സുകൊടുക്കുന്നതു ഒരുപ്രത്യേക സ്ഥലത്തേക്കു സംസ്ഥാനം ഒട്ടുക്കാണ്. അതുകൊണ്ടു നിയന്ത്രണം സുസാധ്യമല്ല. സിൽബന്തികളുടെ ചുരുക്കം നിമിത്തം നിയന്ത്രണം പ്രയാസമാണ്.

മി: മാത്യു മുരിക്കൻ (വൈക്കം): ഡിപ്പാർട്ടുമെൻറുവകയായി ഗാർഡുകളുണ്ടോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഞാൻ പണത്തെക്കാർയ്യമാണു പറയുന്നതു്. അധികം ഗാർഡുകളെ നിയമിക്കാൻ സാധിക്കയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഡിപ്പാർട്ടുമെൻറിനു കുറയ്ക്കാമോ

ഡിപ്യൂട്ടിപ്രസിഡൻറ്: നിങ്ങൾ പറയുന്നതു ഞാൻ കേൾക്കുന്നില്ല.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്കു): മിസ്റ്റർ ഇട്ടിച്ചൻറെപ്രമേയത്തിൽ പ്രസ്താവിച്ച ആനുകൂല്യം വനങ്ങളിൽ പ്രവേശിക്കുന്ന എല്ലാആളുകൾക്കും അനുവദിക്കുന്നുണ്ടോ എന്നു മെമ്പർ ദയവായി പറയുമോ?

മി: മുകവേലിൽപാച്ചുപിള്ള (ചേർത്തല): ഞാൻ നടപടിസംബന്ധിച്ചു ഒന്നു പറഞ്ഞുകൊള്ളുന്നു. മെമ്പറിനു രണ്ടു ഭാഷകളിൽ സംസാരിക്കാൻ അനുവാദമില്ല.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): സർ, വീണ്ടും ഏർപ്പെടുത്തണമെന്നു മിസ്റ്റർ ഇട്ടീച്ചൻ ആവശ്യപ്പെടുന്ന കുററിക്കാണം വ്യവസ്ഥ അമ്പതുവർഷംമുമ്പുണ്ടായിരുന്നതും മുപ്പതുവർഷംമുമ്പു കേവലം നിറുത്തലാക്കിയതും ആകുന്നു. ഫ്രീവുഡ്-ൽ നിയമിച്ച ഹാറസ്റ്റ് കമ്മീഷൻറെ റിപ്പോർട്ടു എന്റെപക്കൽ ഉണ്ട്.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്കു): മിസ്റ്റർ ഇട്ടീച്ചൻറെപ്രമേയത്തിൽപറയുന്നതുപോലെ കുററിക്കാണം എന്നു പറയുന്ന സൌജന്യം കുടിയാനവന്മാർക്കു മുമ്പു അനുവദിച്ചുകൊടുത്തിരുന്നുവോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): വനം കമ്മീഷൻറെ ഈ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന ശിപാർശകൾ അനുസരിച്ചായിരുന്നു കുററിക്കാണംവ്യവസ്ഥ നിറുത്തലാക്കിയതു്. വ്യവസ്ഥ ചീത്തയാണെന്നു എല്ലാവരും അഭിപ്രായപ്പെട്ടു. ഇതിൽ ഒപ്പിടുന്ന എല്ലാവരും തടി മോഷ്ടിച്ചുകൊണ്ടു പോകുന്നതു എങ്ങിനെയാണു വിവരിച്ചിട്ടുള്ളതെന്നു നിങ്ങൾക്കു കേൾക്കണമെങ്കിൽ ഞാൻ വായിച്ചു കേൾപ്പിക്കാം.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്കു): അപ്പോഴത്തെക്കാലത്തു തടിമേൽക്കണം ധാരാളം നടന്നുകൊണ്ടിരുന്നോ?

ഡിപ്യൂട്ടിപ്രസിഡൻറ്: നിങ്ങൾ ഒരു പ്രത്യേകചോദ്യം ചോദിച്ചു. അതിന്നദ്ദേഹം മറുപടിയും പറഞ്ഞു. നിങ്ങൾ ചോദിക്കുന്നതു അദ്ദേഹം കുറിച്ചുവെച്ചു അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേ മറുപടിപറയും.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): തടി ശേഖരിച്ചു ആററിൽ കൊണ്ടുവന്നശേഷം വനംഡിപ്പാർട്ടുമെൻറു സിൽബന്തികൾക്കു അറിവുകൊടുക്കും. അവർവന്നു തടിക്കുമുദ്രയുംവെക്കും.

മി: തയ്യിലുകുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും തൊടുപുഴയും): അതിലേയ്ക്കു—

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ). ഞാൻ പറഞ്ഞുതീർത്തുകൊള്ളട്ടെ.

തടി കടത്തിക്കൊണ്ടുപോകുന്നതു എല്ലാദിക്കിലും വെള്ളപ്പൊക്കകാലത്താണു്. നദിയിൽ തടി താഴ്ത്തിക്കൊണ്ടുപോകുമ്പോൾ കാവൽസ്ഥലങ്ങളിൽ പരിശോധിക്കണമെന്നായിരുന്നു ചട്ടം. എല്ലാത്തടിച്ചങ്ങാടങ്ങളും പ

നിശോധനയ്ക്കു കാവൽസ്ഥലങ്ങളിൽ കൊണ്ടുചെല്ലുമെന്നായിരുന്നു പ്രതീക്ഷ. എന്നാൽ പ്രയോഗത്തിൽ അങ്ങനെയല്ല സംഭവിച്ചതു. തടി കടത്തിക്കൊണ്ടുപോകുന്നവർ കാവൽസ്ഥലങ്ങൾക്കു കുറേദൂരം മുകളിലായി ചെങ്ങാടം കെട്ടിയിട്ടു ഉദ്യോഗസ്ഥന്മാരെ താമസിച്ചു പ്രദേശം വേഗത്തിൽ താണ്ടിക്കൊണ്ടുപൊയ്ക്കളയും. കാവൽസ്ഥലങ്ങളിലെ സിൽബന്തി അപ്പോഴേക്കു നല്ല ഉറക്കമായിരിക്കും. ഉണർന്നിരുന്നാൽതന്നെയും വെള്ളത്തിൽകയറിച്ചെല്ലുന്നതിനു മുമ്പായി ചെങ്ങാടം ആററിൽ വളരെദൂരം താണ്ടിക്കൊണ്ടുപോയിരിക്കും. അങ്ങനെ അവർ തടുത്തുനിറുത്താൻ കഴികയില്ല. സ്റ്റേഷൻകാവൽക്കാർ അല്പശമ്പളക്കാരാകയാൽ പലപ്പോഴും കൈക്കൂലിവാങ്ങി ചെങ്ങാടം വിട്ടയച്ചു എന്നുവരാം. ഉത്തരതിരുവിതാംകൂറിൽ അതുത്തിയിലെ കാവൽസ്ഥലം കഴിഞ്ഞാൽ കൊച്ചിവക ജലമാർഗ്ഗത്തിൽ ചെന്നെത്താൻ എളുപ്പമാണ്. അവിടെ ഈ തടിമോഷണക്കാരുടെമേൽ ഡിപ്പാർട്ടുമെൻറിനു അധികാരമില്ലല്ലൊ. ഇങ്ങനെയായിരുന്നു ഉത്തരതിരുവിതാംകൂറിൽ പറവൂർ, മലയാററൂർ, ആലുവാ മുതലായ സ്ഥലങ്ങളിലെ സംഭവങ്ങൾ. ദിവാൻ രാജയ്ക്കാരുടെ കാലത്തു ഫ്രീവുഡ്സ് വനങ്ങളുടെ സംരക്ഷണത്തെപ്പററി അന്വേഷിക്കുന്നതിനും അതോടുകൂടെ ഈ വക കളവിനു പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിച്ചു റിപ്പോർട്ടുചെയ്യുന്നതിനുമായി ഒരു കമ്മീഷനെ നിയമിച്ചു. മററുശിപാർശകളുടെകൂട്ടത്തിൽ രണ്ടു കൺസർവേററർമാർ ചെർമിററുവ്യവസ്ഥ കേവലം അക്ഷമയോഗ്യമാണെന്നുപറകയും ഡിപ്പോവ്യവസ്ഥ ഏർപ്പെടുത്തണമെന്നു ശിപാർശചെയ്യുകയുംചെയ്തു. ഡിപ്പോവ്യവസ്ഥ മരങ്ങൾ ഡിപ്പാർട്ടുമെൻറിൽനിന്നുതന്നെ മുറിപ്പിച്ചു് ജനങ്ങൾക്കു വിൽക്കുകയാകുന്നു. ദൂരസ്ഥലങ്ങളുള്ള സ്ഥലങ്ങളിൽ അനേകം ഡിപ്പോകൾ സ്ഥാപിക്കുന്നതിനും ഓരോതരം തടികൾക്കു ക്ലിപ്തവിലനിശ്ചയിക്കണമെന്നും അവർ ശിപാർശചെയ്തു. ഇതെല്ലാം സംഭവിച്ചതു നമ്മളിൽ ചിലർ ജനിക്കുന്നതിനുമുമ്പു ഫ്രീവുഡ്സ് ആയിരുന്നു. കാറിക്കണ ഏർപ്പാടു നിറുത്തലാക്കിയതു മിസ്റ്റർ പൊന്നമ്പലംപിള്ളയാണെന്നു മിസ്റ്റർ ഇട്ടീച്ചൻ പറകയുണ്ടായി. കുറെക്കാലംകഴിഞ്ഞു തിരുവിതാംകൂറിലെ വനങ്ങളെപ്പററി മിസ്റ്റർബോർഡിലൻറെ റിപ്പോർട്ടു ഏൻറപക്കൽ ഉണ്ടു. അതിൽ ചെർമിററർപ്പാടു നിമിത്തം ഉള്ള വ്യാജങ്ങളെ സവിശേഷം വർണ്ണിച്ചിരിക്കുന്നു. അദ്ദേഹംതന്നെ വനം കമ്മീഷണിൽ ഒരംഗമായിരുന്നു. കമ്മീഷണർമാർ ഫോറസ്ററുദ്യോഗസ്ഥന്മാരല്ലാത്ത ചില മന്ത്രിമാരായിരുന്നതിനാൽ അവർ മുൻവിധിക്കനുസരിച്ചുപ്രവർത്തിച്ചു എന്നു വിചാരിക്കാൻ സംഗതിയില്ല. താഴെ പറയുന്നവരായിരുന്നു കമ്മീഷനിലെ അംഗങ്ങൾ.

മി. വെർണീഡ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ അന്നത്തെ മേലധികാരിആയിരുന്നിരിക്കാം.

മി: ജെ. ഡി. മൺറോ.

മി: ബോർഡിലൻ. അക്കാലത്തെ ഒരു പ്ലാൻറർ ആയിരുന്നു, വനം കൺസർവേററർ അല്ല.

മി: ഡോണാൾഡ്ഗ്രാൻറ്.

മി: മാഡ്ബ. അന്നത്തെ ആലപ്പുഴ കമേർഷ്യൽ ഏജൻറായിരുന്നു എന്നു തോന്നുന്നു.

മി: മുത്തുകരുപ്പപ്പിള്ള. അന്നത്തെ ഗവൺമെൻറു ഫൈനാൻഷ്യൽ സെക്രട്ടറി.

കമ്മീഷൻ വളരെ ആളുകളെ വിസ്തരിക്കയും നേരിട്ടു് തെളിവു ശേഖരിക്കയുംചെയ്തു. അന്നത്തെ ചീഫ് എൻജിനീയർ മിസ്റ്റർ ജേക്കബ്ബ് ഇങ്ങനെ പറഞ്ഞു:—"ഡിപ്പോ വ്യവസ്ഥ വനങ്ങളുടെ സംരക്ഷണത്തെ സംശയംകൂടാതെ സഹായിക്കയും തടി മോഷണത്തെ തടുക്കയുംചെയ്യും."

മി: ശങ്കരസുബ്ബയ്യർ—അന്നു കണക്കെഴുത്തു പേഷ്കാരും പിന്നീടു ദിവാനും ആയ്—ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

"എല്ലാംകൊണ്ടും ഞാൻ ഡിപ്പോ ഏർപ്പാടിനെ അനുകൂലിക്കുന്നു. എന്തെന്നാൽ ജനങ്ങൾക്കു തടി എളുപ്പംകിട്ടും,"—

കമ്മീഷൻ വേറെയും പല മാന്യന്മാരെ വിസ്തരിച്ചു. അവരെല്ലാവരും ഡിപ്പോ ഏർപ്പാടിനെ ഐകകണ്ഠ്യേന അനുകൂലിച്ചുപറഞ്ഞു.

മി: ജേക്കബ്ബ് ഇങ്ങനെയുംകൂടെ പറഞ്ഞിരിക്കുന്നു.

"തടി വാങ്ങുവാൻവരുന്നവർക്കു ഇപ്പോൾ വനങ്ങളിൽ യാതൊരു നിയന്ത്രണവും കൂടാതെയുള്ള പ്രവേശനം അനുവദിച്ചിട്ടുണ്ടു്. അവർ തോന്നിയതുപോലെയെല്ലാംചെയ്യും. അപേക്ഷിക്കപ്പെട്ട ഒരളവുള്ള ഒരു തടിക്കഷണം കിട്ടുന്നതിനു വലിയ മരത്തെ അവർ മുറിച്ചു തള്ളിയിടുകയും അതിൻെറ വലിയഭാഗം വനത്തിൽ ഇട്ടുവെച്ചുപോകയും ചെയ്യും. വലിയവിലയ്ക്കുപോകുന്ന വളരെ തടികൾ ഇങ്ങനെ നഷ്ടപ്പെടുന്നു. അടുത്തുനില്ക്കുന്ന ചെറിയ മരങ്ങൾ ഏതു ജാതിയായാലും വെട്ടിമുറിച്ചിട്ടു അവർ തടിഅറക്കുന്നതിനും ചതുരം ചെത്തുന്നതിനും ഏററം കയററാനും തടി വലിച്ചുകൊണ്ടുപോകാൻ വഴി ശരിപ്പെടുത്തുന്നതിനും ഉപയോഗിക്കുന്നു. പ്രയോജിക്കുന്നവരുടെ സൗകര്യക്കുറവുനിമിത്തം പഴയ മരങ്ങൾക്കു പല കേടുകൾ ഭവിക്കുന്നു. വെള്ളപൊങ്ങും വരമ്പോൾ വെള്ളം എത്താത്ത സ്ഥലത്തു കയററിവെക്കാത്തതിനാൽ തടികൾ ഒഴുകിപ്പോയും നഷ്ടമുണ്ടാകുന്നു. ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം തടി വാങ്ങാൻ വരുന്നവർ അവർക്കു തോന്നിയതുപോലെ പ്രവർത്തിക്കയും വനങ്ങൾക്കു തന്നിമിത്തം വലിയ കേടുകൾ സംഭവിക്കയും ചെയ്യുന്നു."

ഇങ്ങനെ കമ്മീഷൻ അവസാനത്തിൽ ഡിപ്പോ ഏർപ്പാടുതന്നെ നടപ്പിൽ വരുത്തണമെന്നു ശിപാർശ ചെയ്തു. ഇതു മിസ്റ്റർ പൊന്നമ്പലംപിള്ള ഡിപ്പാർട്ടുമെൻറു മേലധികാരിയായി വരുന്നതിനു ഏതാനുമൊരു കാലം മുമ്പായി ഫ്രീവുഡ്സ് ആയിരുന്നു.

ഡിപ്യൂട്ടിപ്രസിഡൻറു: നമുക്കിപ്പോൾ യോഗം നിറുത്തിവെച്ചു നാളെ കാലത്തു പതിനൊന്നരമണിക്കു വീണ്ടും കൂടാം.

സഭ പിരിഞ്ഞു അഞ്ചു മണിക്കു പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ (ഒപ്പ്).
നിയമസഭാസെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ കൌൺസിൽ.

൧൦൪-ാം സെക്ഷൻ.

൧൯൨൯ ഡിസംബർ ൧-ാംനു- വെള്ളിയാഴ്ചക്കു ൧൧൦൪ വൃശ്ചികം ൨൨-ാംനു-,
(ഔദ്യോഗികറിപ്പോർട്ട്).

പ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൻകീഴിൽ വിക്ടോറിയാജുബിലി ടൌൺഹാളിൽവച്ച് ൧൧ അടിച്ചു മുപ്പത്തിയെട്ടു മിനിട്ടായപ്പോൾ സഭ വീണ്ടുംകൂടി.

താഴെപ്പറയുന്ന സാമാജികന്മാർ ഹാജരില്ലായിരുന്നു:—

മി: കെ. സി. കരുണാകരൻ, മി: കെ. മാധവൻ, മിസ്സസ്സ് എലിസബത്ത് കരുവിള, മി: എൻ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ.

ചോദ്യങ്ങളും ഉത്തരങ്ങളും.

ഉദ്യോഗസ്ഥന്മാരുക്കെതിരായി കോട്ടയം ദിവാൻപേഷ്കാരും ഡിസ്ട്രിക്ട് മജിസ്ട്രേട്ടും അയച്ച റിപ്പോർട്ടുകൾ.

൧൪൭. മി: എ. ജി. മേനോൻ (പറവൂർ): താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിനു ഗവണ്മെൻറിന് ദയവുണ്ടാകുമോ?

(എ) കോട്ടയം ദിവാൻപേഷ്കാരുടേയും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറയും കീഴിൽ ജോലിചെയ്യുന്ന ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ സ്വഭാവത്തെസംബന്ധിച്ച് കഴിഞ്ഞ രണ്ടു കൊല്ലങ്ങൾക്കിടയിൽ (൧൧൦൩-ം ൧൧൦൫-ം) അദ്ദേഹത്തിൻെറപക്കൽനിന്നും അവർക്ക് ഏതെങ്കിലും റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടോ?

(ബി) കിട്ടിയിട്ടുണ്ടെങ്കിൽ, അതിനെസംബന്ധിച്ച് ഗവണ്മെൻറ് ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ? അപ്രകാരമുള്ള റിപ്പോർട്ടുകളെ സംബന്ധിച്ച് അവർ യാതൊരു നടപടിയും നടത്തിയിട്ടില്ലാത്തപക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നു പറയുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) റിപ്പോർട്ടുകളെ സംബന്ധിച്ച് നടപടിനടത്തിവരികയാണ്.

വർത്തമാനപ്പത്രറെഗ്യുലേഷൻ.

൧൫൮. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): (എ) ൧൧൦൧-ലെ ൩-ാം നമ്പർ റഗ്യുലേഷനായ വർത്തമാനപ്പത്രറെഗ്യുലേഷൻ അനുസരിച്ച് ലൈസൻസ് നൽകിയിട്ടുള്ള തിരുവിതാംകൂറിലെ വർത്തമാനപ്പത്രങ്ങളുടെ എണ്ണവും, ഓരോ വർത്തമാനപ്പത്രത്തിൻെറ പക്കൽനിന്നും ഈടായിട്ടുള്ള ലൈസൻസ്ഫീസിൻെറ തുകയും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തുവയ്ക്കുന്നതിനു ഗവണ്മെൻറിന് ദയവുണ്ടാകുമോ?

(ബി) താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് സദയം മറുപടി നൽകുമോ?

(എ) ഓരോ വർത്തമാനപ്പത്രത്തിനും ചുമത്തുന്ന ലൈസൻസ്ഫീസ് നിർണ്ണയിക്കുന്നതിൽ ഏതെങ്കിലും തത്വം ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ?

(ബി) ലൈസൻസ് നൽകിയിട്ടുള്ള വർത്തമാനപ്പത്രത്തിൻെറ സ്വരത്തെപ്പററി കൂലങ്കഷമായ വിധത്തിൽ ഗൌനിക്കുന്നതിനും, ഓരോ വർത്തമാനപ്പത്രത്തിനും ഉള്ള ലൈസൻസ്ഫീസ് നിശ്ചയിക്കുന്നതിനും, ആയി ഗവണ്മെൻറ് ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ?

(സി) പുതിയറഗ്യുലേഷനിലെ വ്യവസ്ഥകൾക്ക് വിപരീതമായി പ്രവർത്തിച്ചതിന് ഗവണ്മെൻറ് ഏതെങ്കിലും വർത്തമാനപ്പത്രത്തിൻെറപേരിൽ ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

മി. കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ) മെംബർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) (എ) വർത്തമാനപ്പത്രറഗ്യുലേഷനിലെ ൩ (൨)-ാം വകുപ്പനുസരിച്ച് ഗവണ്മെൻറിൻെറ യുക്താനുസരണം ആണ് ഓരോ സംഗതിയിലും ഫീസ് നിർണ്ണയിക്കുന്നത്.

(ബി) ലൈസൻസ് നൽകിയിട്ടുള്ള വർത്തമാനപ്പത്രങ്ങളുടെ സ്വരത്തെ സംബന്ധിച്ച് കൂലങ്കഷമായി ഗൌനിക്കുന്നതിനു യാതൊരുദ്യോഗസ്ഥനേയും പ്രത്യേകമായി നിയമിച്ചിട്ടില്ല. ഓരോ സംഗതിയിലും ലൈസൻസ്ഫീസ് നിർണ്ണയിക്കുന്നത് ദിവാൻജിയാകുന്നു.

(സി) മറുപടി നിഷേധരൂപത്തിലാണ്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): (സി) ഭാഗത്തിനു നൽകിയ ഉത്തരത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, പുതിയ റഗ്യുലേഷൻ അനുസരിച്ച് വർത്തമാനപ്പത്രങ്ങൾ യാതൊരു കുററവും ചെയ്യാത്തതുകൊണ്ടാണോ ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്നറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഒരു വർത്തമാനപ്പത്രത്തിൻെറ പേരിൽ ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ എന്നുള്ളതാണ് (സി) ഭാഗം ചോദ്യം; അതിൻെറ മറുപടി നിഷേധരൂപത്തിലാണ്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): യാതൊരു കുററവും ചെയ്യാത്തതുകൊണ്ടാണോ അപ്രകാരം സംഭവിച്ചിട്ടുള്ളത്?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഈ സന്ദർഭത്തിൽ പ്രസ്തുത സംഗതിക്ക് കാരണം കാണുന്നില്ല.

---

* അപ്പെൻഡിക്സ് ക നോക്കുക.

നിയമസഭാ ചോദ്യങ്ങളുടെ തർജ്ജിമ.

ചന്ദ്ര. മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(എ) ഹജൂർകച്ചേരിയിലെ തർജ്ജിമ സെക്ഷൻകാർതന്നെയാണോ, നിയമസഭക്ക് മലയാളത്തിലയക്കുന്ന ചോദ്യങ്ങൾ ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്യുവരുന്നത്?

(ബി) ചോദ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് മുൻപ് അവയെ ഗവണ്മെന്റ് ഹെഡ്ട്രാൻസ്ലേറ്റർ വേണ്ടവിധം പരിശോധിച്ചു നോക്കുന്നുണ്ടോ?

(സി) മലയാളത്തിലയക്കുന്ന ചോദ്യങ്ങളെ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തുന്നതിൽ പലപ്പോഴും തെററുകൾ സംഭവിക്കുന്നു എന്നുള്ള വസ്തുത ഗവണ്മെന്റിന് ബോദ്ധ്യമായിട്ടുണ്ടോ?

(ഡി) ബോദ്ധ്യമായിട്ടില്ലെങ്കിൽ, മലയാളത്തിലയക്കുന്ന ചോദ്യങ്ങളും അവയുടെ പരിഭാഷകളും താരതമ്യവിവേചനം ചെയ്യുകയോ ഒത്തുനോക്കുകയോ ചെയ്യുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): (എ)-യും (ബി)-യും ഉണ്ട്.

(സി) ഉത്തരം നിഷേധരൂപത്തിലാണ്.

(ഡി) (സി) ഭാഗത്തിന് നൽകിയിട്ടുള്ള ഉത്തരത്തെ അപേക്ഷിച്ച് ഈ ചോദ്യത്തിന് സന്ദർഭം ഉണ്ടാകുന്നില്ല.

നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി.

ചന്ദ്ര. മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): മലയാളത്തിലയക്കുന്ന ചോദ്യങ്ങളെ ശരിയായി പരിഭാഷപ്പെടുത്താത്തതുമൂലം ശരിയായ ഉത്തരങ്ങൾ ലഭിക്കുന്നതിന് സാമാജികന്മാർക്ക് മിക്ക അവസരങ്ങളിലും സാധിക്കുന്നില്ല എന്നുള്ള വസ്തുത ഗവണ്മെന്റിന് ബോദ്ധ്യമായിട്ടില്ലെ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി). ഉത്തരം നിഷേധരൂപത്തിലാണ്.

നിയമസഭാ ചോദ്യങ്ങളുടെ പരിഭാഷകളെ ഒത്തുനോക്കുക.

ചന്ദ്ര. മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): ഹെഡ്ട്രാൻസ്ലേറ്റർ ശരിയായ് വിധത്തിൽ ഒത്തുനോക്കിയതിന് ശേഷം മാത്രമേ നിയമസഭാ ചോദ്യങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ പാടുള്ളു എന്നുള്ളതിലേക്കു വ്യവസ്ഥചെയ്യുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): നിയമസഭാ ചോദ്യങ്ങളുടെ എല്ലാ പരിഭാഷകളും ഹെഡ്ട്രാൻസ്ലേറ്റർ പാസ്സാക്കേണ്ടതാണ്. അദ്ദേഹം അവയെ പാസ്സാക്കിവരികയുമാകുന്നു.

വർത്തമാനപ്പത്രങ്ങൾ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ ഡിപ്പാർട്ട്മെന്റ് മേലധികാരികളെ അറിയിക്കുന്നതു്.

ചന്ദ്ര. മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(എ) ഭരണസംബന്ധമായകാര്യങ്ങളേയും പൊതുജനാവശ്യങ്ങളേയും സംബന്ധിച്ച് വർത്തമാനപ്പത്രങ്ങൾ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ ഡിപ്പാർട്ട്മെന്റ് മേലധികാരികളെ അറിയിക്കുന്നതിന് ഗവണ്മെന്റ് ഇപ്പോൾ ഏതെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ?

(ബി) അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ, ആ ഏർപ്പാടുകൾ എന്തെല്ലാം?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) യും (ബി) യും ഗവണ്മെന്റിന്റെ അഭിപ്രായത്തിൽ അപ്രകാരമുള്ള പ്രസ്താവനകൾ ഡിപ്പാർട്ട്മെന്റ് മേലധികാരികളെ അറിയിക്കേണ്ടതാണെന്ന് അവർക്ക് തോന്നുന്ന അവസരങ്ങളിൽ ഗവണ്മെന്റ് അപ്രകാരം നിശ്ചയമായും ചെയ്യുന്നതാണ്. ഈ വിധത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നതു. ഏതായാലും, അപ്രകാരം പ്രവർത്തിക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള ഏർപ്പാടുകൾ പുറത്തു പറയുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല.

ഗവണ്മെന്റ് വരിസംഖ്യകൊടുത്തു് വരുത്തുന്ന വിദേശവർത്തമാനപ്പത്രങ്ങൾ.

ചന്ദ്ര. മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(എ) ഗവണ്മെന്റ് വരിസംഖ്യ കൊടുത്തു് വരുത്തിവരുന്ന വിദേശവർത്തമാനപ്പത്രങ്ങളുടെ പേരുകളും, അവയിൽ ഓരോന്നിന്റേയും പ്രതികളുടെ എണ്ണവും ഓരോവർത്തമാനപ്പത്രത്തിനും നൽകിവരുന്നവരിസംഖ്യയുടെ തുകയും പറയുമോ?

(ബി) തിരുവിതാംകൂറിലുള്ള വർത്തമാനപ്പത്രങ്ങളെ അപേക്ഷിച്ച്, വിദേശവർത്തമാനപ്പത്രങ്ങളുടെ വരുമാനം കൂടുതൽ പ്രതികൾ വരിസംഖ്യ കൊടുത്തു വരുത്തുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ, അപ്രകാരം പ്രവർത്തിക്കുന്നതിനുള്ള കാരണമെന്തെന്നും പറയുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു.

(സി) മറുപടി നിഷേധരൂപത്തിലാണ്.

വർത്തമാനപ്പത്രങ്ങൾക്ക് ഗവണ്മെന്റ് പ്രസിദ്ധീകരണങ്ങൾ വില കൂടാതെ നൽകുക.

ചന്ദ്ര. മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): വർത്തമാനപ്പത്രങ്ങൾക്ക് വിലകൂടാതെ നൽകിവരുന്ന ഗവണ്മെന്റ് പ്രസിദ്ധീകരണങ്ങളുടെ പേരുകൾ പറയുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പത്രാധിപാവകാശങ്ങൾ സിദ്ധിക്കുന്നതിന് യോഗ്യതയുള്ള വർത്തമാനപ്പത്രങ്ങൾക്ക് ഇപ്പോൾ വില കൂടാതെ നൽകിവരുന്ന ഗവണ്മെന്റ് പ്രസിദ്ധീകരണങ്ങളുടെ പേരുകൾ താഴെ കൊടുത്തിരിക്കുന്നു:—

---

* അപ്പെൻഡിക്സ് ഡ നോക്കുക. പുറം ൨൪൩.

ക. ഗവണ്മെന്റ് ഗസാറ്റ്.
ഖ. ശ്രീമൂലം പ്രജാസഭാ നടപടികൾ.
ഗ. ശ്രീമൂലം പ്രജാസഭയിൽ ദിവാൻജിയുടെ ഉപക്രമപ്രസംഗം.
ഘ. നിയമസഭാ നടപടികൾ.
ങ. സംസ്ഥാനത്തെ ആയവ്യയക്കണക്ക്.
ച. രാജ്യഭരണ റിപ്പോർട്ട്.
ഛ. സിവിൽലിസ്റ്റ്.
ജ. പഞ്ചാംഗവും ഡയംക്കുറിയും.

സ്ത്രീകൾക്കുള്ള കാളേജിലെ പുതിയനിയമനങ്ങൾ.

ക്കന്നു. മി: ഇട്ടുപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): സ്ത്രീകൾക്കുള്ള കാളേജ് ഒന്നാം ഗ്രേഡാക്കി ഉയർത്തിയ അവസരത്തിൽ സ്ത്രീകൾക്കുള്ള കാളേജിൽ നടത്തിയ പുതിയ നിയമനങ്ങളുടെ എണ്ണവും, അപ്രകാരം പുതുതായി നിയമിക്കപ്പെട്ടവരുടെ പേരും പറയുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പതിനൊന്ന്. അപ്രകാരം നിയമിച്ചിട്ടുള്ള വരുടെ പേരുകൾ താഴെ കൊടുത്തിരിക്കുന്നു.

ക. പ്രിൻസിപ്പൽ മിസ്സ് ഇ. സി. ക്ലാപ്പിറട് എം. ഏ, എൽ. ററി, ഇംഗ്ലണ്ടിൽ നിന്നും പ്രൊഫസ്സർ-പ്രിൻസിപ്പൽ ആയി ഒരാളെ വരുത്തുന്നതുവരെ പ്രിൻസിപ്പലായി തൽക്കാലത്തേക്കു പകരം ജോലിനോക്കുന്നതിനു.

ഖ. ഇംഗ്ലീഷ് പ്രൊഫസ്സർ മിസ്സ്. എം. ഐ. ദോസ് മേയർ ബി. എ., എൽ. ററി, ഇംഗ്ലണ്ടിൽ നിന്നും ഒരുഇംഗ്ലീഷ് പ്രൊഫസ്സറെ വരുത്തി നിയമിക്കുന്നതുവരെ തൽക്കാലത്തേക്ക് പ്രൊഫസ്സർ ജോലിപകരം നോക്കുന്നതിന്.

ഗ. ഇംഗ്ലീഷ് അസിസ്റ്റൻറ് പ്രൊഫെസ്സർ മിസ്സ്. ഇ. ഗോമസ്സ് എം. എ., വിദ്യാഭ്യാസാർത്ഥം അവധിയിൽ ഇപ്പോൾ ഇംഗ്ലണ്ടിൽ താമസിക്കുന്നു.

ഘ. ഇംഗ്ലീഷ് ലെക്ചറർ മിസ്സ്, ഡെയസിമുത്തുനായകം ബി. എ. (ഓണേഴ്സ്)യും, കേംബ്രിഡ്ജ് അദ്ധ്യാപക ഡിപ്ളോമയും,

ങ. ചരിത്രപ്രൊഫെസ്സർ മി: എ, നാരായണൻനമ്പി ബി. എ. (ഓണേഴ്സ്)യും കേംബ്രിഡ്ജ് അദ്ധ്യാപക ഡിപ്ളോമയും,

ച. ചരിത്രം അസിസ്റ്റൻറ് പ്രൊഫെസ്സർ മിസ്സ് അന്നനിധീരി ബി. എ. (ഓണേഴ്സ്).

ഛ. ചരിത്രപ്രാസംഗിക ശ്രീമതി കെ. ശാരദാമ്മ ബി. എ. (ഓണേഴ്സ്).

ജ. പ്രകൃതിശാസ്ത്ര പ്രാസംഗികൻ മി: എ. പി. മാത്യു ബി. എ. (ഓണേഴ്സ്) ആക്ററിംഗ്.

ഞ. മലയാളം പ്രാസംഗിക, ശ്രീമതി കെ. മീനാക്ഷി അമ്മ എം. എ.

ക0. ഫിസിക്സും, കെമിസ്ട്രിയും ഡിമോൺസ്ട്രേററർ മിസ്സ് മേരി ജോൺ ബി. എ.

ക്ക. സംസ്കൃതപണ്ഡിത ശ്രീമതി ടി. ജെ. ചൊന്നമ്മ ബി. എ.

അൻപത്തിയഞ്ചു് വയസ്സ് പൂർത്തിയായ ഒരു മെഡിക്കൽ ഉദ്യോഗസ്ഥനെ സർവീസിൽ വച്ചു കൊണ്ടിരുന്നതു്.

ക്കന്നു0. മി: ഇട്ടുപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): താഴെപ്പറയുന്നചോദ്യങ്ങൾക്ക് മറുപടി പറയുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(എ) അൻപത്തിയഞ്ചു വയസ്സ് പൂർത്തിയായതിൽ പിന്നിട്ട സർവീസിൽ നിന്നും പിരിച്ചു വിടുന്നതിന് ഗവണ്മെന്റ് നാമകിയ ഉത്തരവിനെ മെഡിക്കൽ ഭരണ സമിതി നടപ്പിൽ കൊണ്ടു വരാത്തതു നിമിത്തം, ഒരു മെഡിക്കൽ ഉദ്യോഗസ്ഥന്റെ കാലാവധി തീർന്നതിന്റെ ശേഷം കുറച്ചു കാലത്തേക്ക് കൂടി അദ്ദേഹത്തിനെ സർവീസിൽ വച്ചുകൊണ്ടിരുന്നതു് ശാസ്ത്രീയമാണോ?

(ബി) അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ, ഈവിധത്തിൽ സർവീസിൽ വച്ചുകൊണ്ടിരുന്ന മെഡിക്കൽ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗകാലാവധി തീർന്നതിനുശേഷം സർവീസിൽ അദ്ദേഹം തുടർച്ചയായി ജോലി നോക്കിയകാലവും, ഗവണ്മെന്റിനു ഈ സംഗതിയിൽ ഉണ്ടായിട്ടുള്ള നഷ്ടവും, ഈ സംഗതിയിൽ ഉത്തരവാദിയായിട്ടുള്ള ഉദ്യോഗസ്ഥന്റെ പേരും, പ്രസ്തുതകാര്യത്തിൽ ഗവണ്മെന്റ് നടത്തിയിട്ടുള്ള നടപടിയും അതിന്റെ ഫലവും പറയുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) സർജ്ജൻ ടി. ജെ. മണവാളയ്യാ ഉദ്യോഗകാലാവധി തീർന്നതിനുശേഷം 9 ദിവസത്തേക്ക് അദ്ദേഹം സർവീസിലിരുന്നു. ഈ സംഗതിയിൽ ഗവണ്മെന്റിന് യാതൊരു വിധത്തിലുള്ള നഷ്ടവും ഉണ്ടായിട്ടില്ല. പ്രസ്തുതസംഗതിൽ കാലതാമസംവരുത്തിയതിന് ഉത്തരവാദി ആരാണെന്നുള്ളതിനെ സംബന്ധിച്ച് അന്വേഷണം നടത്തിവരികയാകുന്നു.

കയറിനുള്ള കയറുമതിചുങ്കം.

ക്കന്നുവ. മി: എ. ജി. മേനോൻ (പറവൂർ): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മറുപടി തരുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(എ) എല്ലാത്തരത്തിലുമുള്ള കയറിന്റെ വിലകുറഞ്ഞിട്ടുള്ളതുമൂലം കയറു കച്ചവടത്തിന് ഈയിടെഗണനീയസംഭവിച്ചിട്ടുണ്ടോ എന്ന് പറയുമോ?

(ബി) ഇപ്പോഴത്തെകയറുമതി ചുങ്കംചുമത്തിയഅവസരത്തിൽ പലതരം കയറുകൾക്ക് ഉണ്ടായിരുന്ന വിലയും, അവയുടെ ഇപ്പോഴത്തെ (൯-൩-൧൯൨൯) നടപ്പുവിലയും പറയുമോ?

(സി) വിൽക്കുന്ന കയറിന്റെ ഇനത്തെ അപേക്ഷിച്ച്, വിലവ്യത്യാസപ്പെട്ടും എന്നും, പറവൂരിലും മററു സ്ഥലങ്ങളിലും നിന്ന് കയറുമതി ചെയ്യുന്ന സാധാരണതരം കയറിന്റെ വിലയേക്കാൾ മുപ്പതു മുതൽ മുപ്പത്തിമൂന്നു ശതമാനം വരെ കൂടുതലായി കൂലിയതരത്തിലുള്ള കയറിന്റെ വിലവർദ്ധിക്കുന്നു എന്നും ഉള്ള സംഗതി വാസ്തവമല്ലയൊ എന്നുപറയുമൊ?

(ഡി) കയറു വ്യവസായത്തിൽനിന്നും ലഭിക്കുന്ന ലാഭംകൊണ്ടാണ് തീരപ്രദേശങ്ങളിലുള്ള താലൂക്കുകളിൽ അധിവസിക്കുന്ന അനവധിസാധുക്കളും ഉപജീവനം കഴിച്ചുവരുന്നതു് എന്നുള്ളതു് ഗവണ്മെന്റിന് അറിയാമൊ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): (എ) സാധാരണയായിട്ടുള്ള മാർക്കററു വിലക്കൂടുതൽ കുറവുകളിൽ നിന്നു ഭിന്നിച്ച് കയറുകച്ചവടത്തിനു അടുത്തകാലങ്ങളിൽ ഹാനിതട്ടിയിട്ടില്ല. കയറിന്റെ വിലയിൽ ഗണ്യമായ കുറവും സംഭവിച്ചിട്ടില്ല.

(ബി) ഇപ്പോഴത്തെ കയറുമതി ചുങ്കം ചുമത്തിയ അവസരത്തിൽ പലതരത്തിലുള്ള കയറിനു ഉണ്ടായിരുന്നവില താഴെ കാണിച്ചിരിക്കുന്നു:—

നെയ്യുന്നതിനുള്ള കയറ്	ഹൺട്രഡ്വെയിററിന്		രൂ. ൧ ൦
അഞ്ചുകതങ്ങിനം	,,	,,	൩ ൧൮
അററുതൂക്കിനം	,,	,,	൩ ൧൪
ആലപ്പാട്ട് ഇനം	,,	,,	൩ ൨

നടപ്പുവിലകൾ.

തീരപ്രദേശങ്ങളിലെ കയറ് കണ്ടിക്ക് ൯ ൦ രൂപമുതൽ ൯൯ രൂപവരെ (ഹൺട്രഡ് വെയിററിന് ഉദ്ദേശം ൧ ൦ രൂപ മുതൽ ൧ ൧ രൂപവരെ).

വയ്ക്കം കണ്ടിക്കന്നിന് ൭ ൦ രൂപ മുതൽ ൯ ൦ രൂപവരെ (ഹൺട്രഡ് വെയിററിന്നിന് ഉദ്ദേശം ൧൯ രൂപ മുതൽ ൧ ൩ രൂപ വരെ), പറവൂർ (വടക്ക്) കണ്ടിക്കന്നിന് ൭ ൦ രൂപമുതൽ ൧ ൦ ൦ രൂപവരെ (ഹൺട്രഡ് വെയിററിന്നിന് ഉദ്ദേശം ൧൯ രൂപ മുതൽ ൧ ൭ രൂപവരെ)

മങ്ങാടൻ കണ്ടിക്ക് ൯ ൦ രൂപമുതൽ ൧ ൦ ൦ രൂപ വരെ (ഹൺട്രഡ് വെയിററിന്നിന് ഉദ്ദേശം ൧ ൩ രൂപ മുതൽ ൧ ൭ രൂപവരെ)

അംഗുതെങ്ങു	കണ്ടിക്ക് ൧ ൦ ൦ രൂപമുതൽ ൧൮ ൩ രൂപവരെ (ഹൺട്രഡ് വെയിററിന്നിന് ഉദ്ദേശം ൧ ൭ -രൂപമുതൽ ൮ ൧ രൂപവരെ).
അഷ്ടമുടി	കണ്ടിക്ക് ൧൯ ൦ രൂപമുതൽ ൧൪ ൦ രൂപവരെ. (ഹൺട്രഡ് വെയിററിന്നിന് ഉദ്ദേശം ൮ ൧൫-രൂപമുതൽ ൮൯ രൂപവരെ)
ആലപ്പാട്	

(സി) ഉണ്ട്.

(ഡി) ഉണ്ട്, തീരപ്രദേശങ്ങളിൽഉള്ള താലൂക്കുകളിൽ അധിവസിക്കുന്ന അനവധിസാധുക്കൾ കയറുവ്യവസായം മുകാണ്ട് ഉപജീവനം കഴിച്ചുവരുന്നു.

സെൻട്രൽ കോഓപ്പറേററീവ് ബാങ്കിൽനിന്നും പണം വായ്പവാങ്ങിയ പരസ്പരസഹായ സംഘങ്ങൾ.

൧൯൩. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ൧൧ ൦ ലും ൧൧ ൦ ൯-ലും സെൻട്രൽ കോഓപ്പറേററീവ് ബാങ്കിൽനിന്നും പണം വായ്പയായി ലഭിച്ച സംസ്ഥാനത്തിലെ പരസ്പരസഹായ സംഘങ്ങളുടെപേരുകളും, അവപ്രവൃത്തിചെയ്യുന്ന സ്ഥലങ്ങളുടെ പേരുകളും, ഒരോ സംഘത്തിനും നൽകിയ തുകയും പ്രത്യേകം കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമെ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ളവിവരങ്ങൾ സെൻട്രൽ കൊഓപ്പറേററീവു ബാങ്ക് ക്ലയന്റിൽ നിന്നുംവരുത്തേണ്ടിയിരിക്കുന്നു. പ്രസ്തുതസംഗതിയിൽബാങ്കുമായി എഴുത്തുകുത്തു് നടത്തണമെന്ന് ഗവണ്മെൻറ് വിചാരിക്കുന്നില്ല. ഏതായാലും, കൊഓപ്പറേററീവ് ഡിപ്പാർട്ടുമെൻറ് പ്രസിദ്ധീകരിച്ചിട്ടുള്ള ൧൧ ൦ ൯-ാം റിപ്പോർട്ടിൽനിന്നും ൧൧ ൦ ൯-ൽ ആകെ നൽകിട്ടുള്ള വായ്പകളുടെ എണ്ണവും, പണത്തിന്റെ തുകയും, അറിയാവുന്നതാണ്. ൧൧ ൦ ൯-ാമാണ്ടത്തെ പ്രസ്തുത വിവരങ്ങൾ തയ്യാറാക്കിവരികയാകുന്നു.

അഞ്ചൽമാസ്റ്റർമാരുടെയും ഇൻസ്പെക്ടർമാരുടേയും വർഗ്ഗം തിരിച്ചുള്ളപട്ടിക.

൧൭൦. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അഞ്ചൽഡിപ്പാർട്ടുമെൻറിലെ അഞ്ചൽ മാസ്റ്റർമാരുടേയും, ഇൻസ്പെക്ടർമാരുടേയും ഇടയിൽ എത്ര ബ്രാഹ്മണരും; നായന്മാരും കത്തോലിക്ക് ക്രിസ്ത്യാനികളും, ജാക്കോബയിററ് ക്രിസ്ത്യാനികളും, മാർത്തോമ്മാ ക്രിസ്ത്യാനികളും, പ്രോട്ടസ്റ്റൻറ് ക്രിസ്ത്യാനികളും ഈഴവരും, മഹമ്മദീയരും, വെള്ളാളരും, മററു സമുദായാംഗങ്ങളും ഉണ്ടെന്ന് വിവരിക്കുന്നവർഗ്ഗംതിരിച്ചുള്ള ഒരു പട്ടിക ഗവണ്മെൻറ് ദയവുചെയ്തു മേശമേൽവയ്ക്കുമെ?

മി: ടി. ചി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): മെംബർ ആവശ്യപ്പെട്ടിട്ടുള്ള പട്ടിക മേശമേൽ വച്ചിരിക്കുന്നു.

കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ട് മെൻറിൽ നടത്തിയിട്ടുള്ള നിയമനങ്ങളുടെ വർഗ്ഗം തിരിച്ചുള്ള പട്ടിക.

൧൭൧. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): (എ) കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ട്മെൻറിൽ ൨ ൪ രൂപയും, അതിൽ കൂടുതലും ശമ്പളമുള്ള ഉദ്യോഗങ്ങളിൽ എത്ര ബ്രാഹ്മണരും, നായ

കത്തോലിക്കക്രിസ്ത്യാനികളും, ജാക്കോബയിറ്റ് ക്രിസ്ത്യാനികളും, മാർത്തോമ്മാക്രിസ്ത്യാനികളും, പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യാനികളും, ഈഴവരും, മഹമ്മദീയരും, വെള്ളാളരും, മററു സമുദായാംഗങ്ങളും ഉണ്ടെന്നും,

(ബി) ൧൯൭ കന്നി ൧ -ാംനു- അവസാനിക്കുന്ന കഴിഞ്ഞ ആകൊല്ലങ്ങളിൽ, കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറിൽ എത്രബ്രാഹ്മണരേയും, നായന്മാരേയും, കത്തോലിക്ക്ക്രിസ്ത്യാനികളേയും, ജാക്കോബയിറ്റ്ക്രിസ്ത്യാനികളേയും, മാർത്തോമ്മാക്രിസ്ത്യാനികളേയും, പ്രോട്ടസ്റ്റാൻറ്ക്രിസ്ത്യാനികളേയും ഈഴവരേയും മഹമ്മദീയരേയും, വെള്ളാളരേയും, മററുസമുദായാംഗങ്ങളേയും നിയമിച്ചിട്ടുണ്ടെന്നും, പ്രത്യേകം കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തുവയ്ക്കുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): (എ)-യും (ബി)-യും ആവശ്യപ്പെട്ടിട്ടുള്ള പട്ടികകൾ മേശപ്പുറത്തു വച്ചിരിക്കുന്നു.

നേരിയമംഗലം മറ്റത്തിൽനിന്നും തേക്കുതടികൾ ശേഖരിക്കുകയും വിൽക്കുകയും ചെയ്യുക.

൧൯൬. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമോ?

(എ) നേരിയമങ്ങലം മറ്റത്തിൽ കൃഷിക്കാരുടെ ഭൂമികളിലെനിന്നും കൺട്രാക്ടർമാർ മുഖാന്തിരം വനം ഡിപ്പാർട്ടുമെൻറ് ൧൯൩-ലും ൧൯൩൫-ലും ആകെ എത്ര ക്യൂബിക്കടി തേക്കുതടി ശേഖരിച്ചിട്ടുണ്ട്?

(ബി) ഇവയിൽ ൧൯൩ ചിങ്ങം ൧-നു-വരെ എത്ര ക്യൂബിക്ക് അടി തടി വിററിട്ടുണ്ട്?

(സി) അതിൽനിന്നും ഈടായ വില എന്തു്?

(ഡി) കൺട്രാക്ററർക്കുള്ള ലാഭം നീക്കുന്നപക്ഷം, ചിലവുകഴിച്ച് ക്യൂബിക്ക്അടിക്കുന്നിന് ശരാശരി എത്ര രൂപാ ലാഭം കിട്ടിയിട്ടുണ്ട്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്സെക്രട്ടറി): മെംബർ ആവശ്യപ്പെട്ട സംഗതികളെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ഒരു *പട്ടിക മേശമേൽ വച്ചിരിക്കുന്നു.

ഗവണ്മെൻറ് പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു വർത്തമാനപ്പത്രങ്ങളെ തിരഞ്ഞെടുക്കുന്നതു്.

൧൯൭. മി: ഇട്ടുപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മറുപടിതരുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമോ?

(എ) ഗവണ്മെൻറുകയും ഡിപ്പാർട്ടുമെൻറുകയും ആയിട്ടുള്ള പരസ്യങ്ങൾ പ്രത്യേകമായി നിയമിച്ചിട്ടുള്ള ഈ സംസ്ഥാനത്തെ വർത്തമാനപ്പത്രങ്ങൾക്കുമാത്രമേ പ്രസിദ്ധീകരണത്തിനായി നൽകാൻ പാടുള്ളു എന്നുള്ളതിനെസംബന്ധിച്ച് ഏതെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

(ബി) അങ്ങനെ വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നു പറയുമോ?

(സി) പ്രസ്തുത സംഗതി നിർവ്വഹിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വർത്തമാനപ്പത്രങ്ങളുടെ പേരുകൾ ഏതെല്ലാം?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): (എ) ഉത്തരം നിഷേധരൂപത്തിൽ; എന്നാൽ പ്രചാരത്തിലിരിക്കുന്നതും, കാലപ്പഴക്കമുള്ളതും ആയ വർത്തമാനപ്പത്രങ്ങൾക്കാണ് സാധാരണയായി പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനായി നൽകാറുള്ളതു്.

(ബി)-യും (സി)-യും മുകളിൽ പറഞ്ഞ (എ) ഭാഗം ചോദ്യത്തിൻെറ മറുപടിയെ അപേക്ഷിച്ച്, ഈ ചോദ്യങ്ങൾക്ക് സന്ദർഭം കാണുന്നില്ല.

പുതിയ റോഡുകൾക്കുള്ള ചിലവ്.

൧൯൮. മി: ഇട്ടുപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഗവണ്മെൻറ് സമയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂറിൽ പുതിയറോഡുകൾ വെട്ടുന്നതിനായി ൧൯൩-ലും ൧൯൩൫-ലും ൧൯൩൬-ലും എത്രരൂപാവീതം യഥാക്രമം ചിലവായിട്ടുണ്ടെന്നും ഇതിനായി ൧൯൩-ൽ എത്രരൂപാ വീക്കിവച്ചിട്ടുണ്ടെന്നും പറയുമോ?

(ബി) ൧൯൩-ലും ൧൯൩൫-ലും ൧൯൩൬-ലും പുതിയറോഡുകൾ വെട്ടുന്നതിനായി യഥാക്രമം ഗവണ്മെൻറ് ചിലവാക്കിയിട്ടുള്ള രൂപയിൽ എത്രരൂപ ദേവികുളത്തും പീരുമേട്ടിലും ഹൈറേഞ്ചിൻെറ മററുഭാഗങ്ങളിലും പുതിയറോഡുകൾ വെട്ടുന്നതിനായി വിനിയോഗിച്ചിട്ടുണ്ടെന്നും, ൧൯൩-ലേക്ക് അനുവദിച്ചിട്ടുള്ളതുകയിൽ ഹൈറേഞ്ചുകളിലേക്ക് എത്രരൂപാ പ്രത്യേകം നീക്കിവച്ചിട്ടുണ്ടെന്നും പറയുമോ?

(സി) പുതിയറോഡുകൾ വെട്ടുന്നതിനു ഓരോകൊല്ലവും അനുവദിക്കുന്നതുകയിൽ എറിയഭാഗവും വളരെ ചുരുങ്ങിയവിധത്തിലുള്ള ഗതാഗതം നടന്നുവരുന്ന ഹൈറേഞ്ചുകളിലെ ആവശ്യങ്ങൾക്കു മാത്രമായി ഉപയോഗിച്ചുവരുന്നു എങ്കിൽ, അതിനുള്ള കാരണം എന്താണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്സെക്രട്ടറി): (എ)-യും (ബി)-യും ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക †മേശമേൽ വച്ചിരിക്കുന്നു.

(സി) ജനപ്രവേശനമില്ലാത്തസ്ഥലത്തുള്ള പ്രകൃതിദത്തമായ വിഭവങ്ങളെ പരിപൂർണ്ണമായവിധത്തിൽ ജനങ്ങൾക്ക് പ്രയോജനകരമാക്കിത്തീർക്കേണ്ടതു് ആവശ്യമായിട്ടുള്ളതത്രെ. പ്രസ്തുതസംഗതിയെപ്പററി ഗൌനിക്കുന്നപക്ഷം ഹൈറേഞ്ചുകളിലെ അത്യാവശ്യകാര്യങ്ങൾക്കുമാത്രമെ പണം ചിലവാക്കിവരുന്നുള്ളു എന്നുള്ളതു് ഈ ശരാശരിക്കണക്കിൽനിന്നും കാണാൻ കഴിയുന്നതാണ്.

കാളറാഡ്യൂട്ടിക്കു നിയമിച്ചിട്ടുള്ള സാനിററി ആഫീസറന്മാരുടെ ജോലി.

൧൯൯. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഗവണ്മെൻറ് ദയവുചെയ്തു് മറുപടിപറയുമോ?

---

*അനുബന്ധം IV പുറം ൨൪൩

† ,, ൨൬൩

(എ) ൧൯൩ ഇടവം ൧-ാം-മുതൽ ഇന്നേദിവസംവരെ, (൧൯൩-൩-൧൧൪) തെക്കൻതിരുവിതാംകൂറിൽ ഉണ്ടായ കാളറാ രോഗകാലത്ത് ഡ്യൂട്ടിയിൽ നിയമിക്കപ്പെട്ട സാനിട്ടറി ആഫീസറന്മാരുടേയും ആ സക്കിൾ ചാർജ് വഹിച്ച ഉദ്യോഗസ്ഥന്മാരുടേയും പേരുകൾ പറയുമോ?

(ബി) ഈ ഉദ്യോഗസ്ഥന്മാരുടെ ജോലി പരിശോധിക്കുന്നതിന് സാനിട്ടറികമ്മീഷണക്ക് അവസരമുണ്ടായിട്ടുണ്ടോ?

(സി) അവർ തൃപ്തികരമായവിധത്തിൽ ജോലിചെയ്തിട്ടുണ്ടെന്നുള്ളതു് പരിശോധനയിൽ ബോദ്ധ്യമായോ എന്നും ഇല്ലെങ്കിൽ ഈ സംഗതിയിൽ എന്തു നടപടി നടത്തിയെന്നും പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി): (എ) നാഗർകോവിൽ സക്കിളിലെ സ്ഥിരം സക്കിളാഫീസറുടെ അവധി ഒഴിവിൽ ഒരു ഒന്നാംഗ്രേഡ് വാക്സിനേറ്ററായ മി: പത്മനാഭയ്യങ്കാർ ഈ സക്കിൾ ചാർജ്ജ് വഹിച്ചു. ൧൯൩ ഇടവം ൧-ാം-മുതൽ ൧൯൩ ചിങ്ങം ൧൧-ാം-വരെ അദ്ദേഹം കാളറഡ്യൂട്ടിയിൽ ആയിരുന്നു. അതിനുശേഷം ഒരു ഒന്നാംഗ്രേഡ് വാക്സിനേറ്ററായ മി: എസ്. വാസുദേവയ്യർ ആക്ടിംഗ് സാനിട്ടറി സക്കിൾ ആഫീസറായി ജോലിചെയ്യുകയുംചെയ്തു. കാളറഡ്യൂട്ടിയെസംബന്ധിച്ച് അദ്ദേഹം ഈ സക്കിൾ ചാർജ്ജു വഹിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ൧൯൩ ചിങ്ങത്തിൽ സാനിട്ടറിസക്കിൾആഫീസർനടത്തിയ ഒരു പരിശോധനക്കിടയിൽ ആക്ടിംഗ് സക്കിൾആഫീസർ മിസ്റ്റർ പത്മനാഭയ്യങ്കാക്ക് രോഗനിവാരണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിൽ ഭവണ്ട പൂർണ്ണജ്ഞാനമില്ലെന്നു കാണുകയുണ്ടായി; അദ്ദേഹത്തിനെ തൻെറ സ്ഥിരഉദ്യോഗത്തിലേക്ക് ഉടൻതന്നെ തിരിച്ചയക്കുകയും അദ്ദേഹത്തിൻെറ ഒഴിവിൽ യോഗ്യനായ ഒരാളെ പകരം നിയമിക്കുകയുംചെയ്തു. ഇപ്പോൾ സ്വീകരിക്കപ്പെട്ടിട്ടുള്ള നിവാരണമാർഗ്ഗങ്ങൾ വളരെ തൃപ്തികരംതന്നെയാണ്.

വിഷൂചികയും സാനിട്ടറിഡിപ്പാർട്ടുമെൻറും.

൧൯൩. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിഷൂചികയെ ശരിയായവിധത്തിൽ നിവാരണംചെയ്യുന്നതിന് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളിൽ മിക്കതും ശാസ്ത്രീയപരമല്ലാത്തതും, പൂർവ്വികസമ്പ്രദായമനുസരിച്ചുള്ളവയുമാകുന്നു. അതിനാൽ പ്രത്യേകിച്ചും ഈ പകർച്ചവ്യാധി നിയന്ത്രണപരിധിയെ കടക്കുന്ന അവസരങ്ങളിൽ ആവശ്യാനുസരണം പ്രവർത്തിക്കുന്നതിന് പ്രസ്തുതമാർഗ്ഗങ്ങൾ പര്യാപ്തമാകുന്നില്ല. ഈ വ്യാധിമൂലം സംഭവിക്കുന്ന അനവധി മരണങ്ങളെ നിയന്ത്രണംചെയ്യുന്നവിഷയത്തിൽ വളരെ അധികം പണം ചിലവാക്കിവരുന്നു. എന്നാൽ ഈ നയം കുതിരയെ മോഷ്ടിച്ചുകൊണ്ടുപോയതിനുശേഷം പായത്തിൻെറ വാതൽ പൂട്ടുന്നതിനോടു സാദൃശപ്പെടുത്താവുന്നതാണ്." ൧൯൩-ാമ സാനിട്ടറിഡിപ്പാർട്ടുമെൻറ്ഭരണറിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന മേല്പറഞ്ഞ വാചകങ്ങളെസംബന്ധിച്ച് താഴെപ്പറയുന്നചോദ്യങ്ങൾക്ക് മറുപടിനൽകുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമോ?

(എ) ഈ പകർച്ചവ്യാധിയെ നിവാരണംചെയ്യുന്നതിനും തടയുന്നതിനുമായി നവീനവും ശാസ്ത്രീയപരവുമായ ഏതെങ്കിലും നിർദ്ദേശങ്ങൾ സാനിട്ടറി ഡിപ്പാർട്ടുമെൻറ് രൂപീകരിച്ചതിൻെറശേഷം ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടോ?

(ബി) (എ) ഭാഗം ചോദ്യത്തിന് ഉത്തരം നിഷേധരൂപത്തിലാണെങ്കിൽ, മുകളിൽ ഉദ്ധരിച്ച വാചകങ്ങളെ ആസ്പദമാക്കി നോക്കുമ്പോൾ അതിനുള്ള കാരണം എന്തെന്നുപറയുമോ?

(സി) (എ) ഭാഗം ചോദ്യത്തിനുള്ള ഉത്തരം അനുകൂലഭാവത്തിലാണെങ്കിൽ, പ്രസ്തുതസംഗതിയിൽ നടത്തിയ നടപടിയുടെ സ്വഭാവത്തെ കുറിക്കുന്ന ഒരു പട്ടികസഹിതം പ്രസ്തുത നിർദ്ദേശങ്ങൾ മേശമേൽ വയ്ക്കുന്നതിന് ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): (എ) കാളറാ ഉൾപ്പെടെ ഈ സംസ്ഥാനത്തു വ്യാപിച്ചിരിക്കുന്ന എല്ലാവിധ രോഗങ്ങളേയും തടയുന്നതിന് മയോജിച്ച വ്യവസ്ഥകൾ രൂപീകരിക്കുന്നതിനു റോക്കഫെല്ലർ സ്ഥാപനത്തിൻെറ സഹകരണം ഗവണ്മെൻറ് അഭ്യർത്ഥിച്ചിട്ടുണ്ട്. ആവശ്യാനുസരണം പ്രവർത്തിക്കുന്നതിനു ഈ സ്ഥാപനം താൽക്കാലിക സമ്മതം നൽകിയിട്ടുമുണ്ട്. കൂടാതെ, ഗവണ്മെൻറിൻേറയും ഈ സ്ഥാപനത്തിൻേറയും മയോജിച്ചുള്ള ചിലവിന്മേൽ പരീക്ഷാർത്ഥമായ ഒരു പ്രവൃത്തിപരിപാടി പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിന് അവർ അയച്ചു തന്നിട്ടുമുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ ഉദ്യോഗസ്ഥന്മാർ ഇവിടെ എത്തിയതിനു ശേഷം, ഈ പദ്ധതി യഥാർത്ഥത്തിൽ നടപ്പിൽ കൊണ്ടുവരുന്നതാണ്.

(ബി) യും (സി) യും മുകളിൽ നൽകിയിട്ടുള്ള മറുപടി നോക്കുന്നതായാൽ, ഈ ചോദ്യങ്ങൾക്കു ആവശ്യം കാണുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചോദ്യത്തിലുദ്ധരിച്ചിട്ടുള്ള വാചകങ്ങളെ നോക്കുന്ന പക്ഷം, ഗവണ്മെൻറിൻെറ ശ്രദ്ധയെ വിഷയീഭവിക്കത്തക്കവിധത്തിൽ സാനിട്ടറി കമ്മീഷണർ ഏതെങ്കിലും പദ്ധതിയോ നിർദ്ദേശങ്ങളോ ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): സാനിട്ടറി കമ്മീഷണരുടെ ശുപാർശ അനുസരിച്ചാണ് റോക്കഫെല്ലർ സ്ഥാപനത്തിൻെറ സഹകരണം ഗവണ്മെൻറ് അഭ്യർത്ഥിച്ചിട്ടുള്ളതു്. ഈ സംഗതി മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സാനിട്ടറികമ്മീഷണർ ഗവണ്മെൻറിൽ നിശ്ചിതനിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നോ, അല്ലെങ്കിൽ, പ്രസ്തുത സംഗതിയെപ്പററി ഗൌനിക്കേണ്ടതാണെന്നു മാത്രം അദ്ദേഹം ശുപാർശചെയ്തിട്ടുണ്ടെന്നോ ഉള്ള കാര്യങ്ങൾ മറുപടിയിൽ വ്യക്തമായി കാണിച്ചിട്ടില്ല. സാനിട്ടറി കമ്മീഷണർ ഗവണ്മെൻറിലേക്കയച്ചിട്ടുള്ള ശുപാർശയുടെ സ്വഭാവം അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): ഒരു ആരോഗ്യഡിപ്പാർട്ടുമെൻറ് രൂപീകരിക്കണമെന്നുള്ളതാണ് അദ്ദേഹത്തിൻെറ ശുപാർശ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസ്തുത സംഗതിയെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനു അദ്ദേഹം വ്യവസ്ഥിതമായ യാതൊരു നിർദ്ദേശങ്ങളും ചെയ്തിട്ടില്ലയൊ എന്നു സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ചില പ്രത്യേക കാര്യങ്ങളെ സംബന്ധിച്ചു അദ്ദേഹം അഭിപ്രായങ്ങൾ പറഞ്ഞിരിക്കാം. എന്നാൽ അദ്ദേഹത്തിന്റെ പദ്ധതി ഗവണ്മെന്റു സ്വീകരിച്ചിട്ടില്ല. പ്രയോഗത്തിൽ കൊണ്ടുവരേണ്ട സംഗതികളെ സംബന്ധിച്ചു ഗവണ്മെന്റിനു കൂടുതൽ വിവരങ്ങൾ അറിയേണ്ടതായിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസ്തുത സംഗതിയെ സംബന്ധിച്ച് സാമിട്ടറി കമ്മിഷണരോ റോക്കഫെല്ലർ സ്ഥാപനത്തിലെ ഏതെങ്കിലും മെംബറോ, ഇതേവരെ ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്നറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഈ സ്ഥാപനത്തിലെ രണ്ടുദ്യോഗസ്ഥന്മാർ ഈ സംസ്ഥാനത്തെ ചില സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള ഒരു പ്രവൃത്തിപരിപാടി പ്രസ്തുത സ്ഥാപനം അയച്ചു തന്നിട്ടുണ്ട്. മറുപടിയിൽ പറഞ്ഞിട്ടുള്ളതുപോലെ റോക്കഫെല്ലർ സ്ഥാപനത്തിലെ ഉദ്യോഗസ്ഥന്മാർ ഇവിടെ എത്തിയതിനു ശേഷം, ഈ സംഗതിയെ സംബന്ധിച്ചുകൂടുതൽ നടപടികൾ നടത്തുന്നതാണ്.

വള്ളിക്കാവു—വാവക്കാവു റോഡ്.

൧൭൭. മി: ജി. പി. നീലകണ്ഠപ്പിള്ള (കുരുനാഗപ്പള്ളി): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു മറുപടി തരുന്നതിനു ഗവണ്മെന്റിനു യോഗ്യതയുണ്ടാകുമോ?

(എ) വള്ളിക്കാവ്—വാവക്കാവു റോഡിൽ ചരലിടുന്നതിനു അപേക്ഷിച്ചുകൊണ്ടു കുരുനാഗപ്പള്ളി താലൂക്കിൽ പെട്ട പെരിനാട്ട്, കുലശേഖരപുരം, പകുതികളിൽ അധിവസിക്കുന്ന ജനങ്ങളുടെ ഏതെങ്കിലും ഹർജികൾ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

(ബി) കിട്ടിയിട്ടുണ്ടെങ്കിൽ, പ്രസ്തുത ഹർജിയെ സംബന്ധിച്ചു, ഗവണ്മെന്റു എന്തു നടപടി നടത്തി എന്നുപറയുമോ,

(സി) ശ്രീമൂലം പ്രജാസഭയിൽ ഏതെങ്കിലും നിവേദനം മൂലമോ, നിയമസഭയിൽ ഏതെങ്കിലും ചോദ്യങ്ങൾ മൂലമോ, ഈ സംഗതിയുടെ ആവശ്യകതയെപ്പററി പ്രതിപാദിക്കുകയുണ്ടായിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) ഉണ്ട്.

(ബി) യും (സി) യും ശ്രീമൂലം പ്രജാസഭയുടെ ൧൯൩൦ വൃശ്ചികം സമ്മേളനാവസരങ്ങളിൽ പ്രസ്തുത സംഗതിയെപ്പററി നിവേദനം നടത്തുകയുണ്ടായി. എന്നാൽ ഈ നിർവ്വഹിക്കുന്നതിനുള്ള ചിലവു വളരെ കൂടുതലാകുമെന്നു കാണുകയാൽ ഈ ആലോചന ഉപേക്ഷിച്ചിരിക്കുന്നു എന്നു ഗവണ്മെന്റു ഈ സംഗതിയിൽ താല്പര്യമുള്ളവരായിരുന്ന സാമാജികന്മാരെ അന്നു അറിയിച്ചിട്ടുണ്ട്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കുരുനാഗപ്പള്ളി): (ബി) യും (സി) യും ഭാഗങ്ങൾക്കുള്ള മറുപടിയെ അപേക്ഷിച്ചു, സാരമായ വിധത്തിൽ ഗതാഗതം നടത്തുന്നതിനു ഈ റോഡിൽ ചരലിടേണ്ടതു് ആവശ്യമാണെന്നുള്ള പ്രസ്തുത ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ടോ എന്നുള്ളതു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): റോഡു് നന്നാക്കുന്നതുമൂലം പ്രയോജനം സംഭവിക്കുകയുണ്ടായിട്ടുണ്ടു്. ചരലിടുന്നതിനുള്ള ചിലവു വളരെ കൂടുതലാണ്, ഉടൻതന്നെ ഈ റോഡിനെ സംബന്ധിച്ചു പണി ആരംഭിക്കുന്നതിനു നിവൃത്തിയില്ല. ഈ വേലക്കു ൨൦൦൦ രൂപയുടെ അടങ്കലാണ് തയ്യാറാക്കിയിട്ടുള്ളതു്. കൂടാതെ ഒരു മൈലിനു ൪൦൦ രൂപയിൽ കൂടുതൽ ചിലവു വരുന്നതാണ്. പ്രസ്തുത റോഡിന്റെ ഇപ്പോഴത്തെ സ്ഥിതിയെപ്പററി ചിന്തിക്കുന്നപക്ഷം, ഇക്കാര്യത്തിനു ഇത്ര വളരെ പണം ചിലവു ചെയ്യുന്നതു് ഉചിതമായിരിക്കുകയില്ല.

മി: ജി. പി. നീലകണ്ഠപ്പിള്ള (കുരുനാഗപ്പള്ളി): ഈ റോഡു് ആവശ്യമാണെന്നുള്ളതു് ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അതിനു ഞാൻ മറുപടി നൽകിയിട്ടുണ്ട്.

പെൺകുട്ടികൾക്കായിട്ടുള്ള മാവേലിക്കര ഇംഗ്ലീഷ്സ്കൂൾ കെട്ടിടത്തിന്റെ കൺട്രാക്ട്.

൧൭൮. മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): (എ) പെൺകുട്ടികൾക്കായുള്ള മാവേലിക്കര ഇംഗ്ലീഷ്സ്കൂൾ കെട്ടിടത്തിന്റെ കൺട്രാക്ട് രണ്ടായി വിഭജിച്ചു്, അതായതു് അടിസ്ഥാനവും, അതിനുമുകളിലുള്ള പണികളും, കൊടുത്തതിനെപ്പററി അന്വേഷണം നടത്തുന്നതിനും, അപ്രകാരം ചെയ്യുന്നതിനുള്ള കാരണം എന്താണെന്നു പറയുന്നതിനും ഗവണ്മെന്റിനു യോഗ്യതയുണ്ടാകുമോ?

(ബി) ൧. ഈ രണ്ടു് ഇനം വേലകളും വേർപെടുത്തിയതുമൂലം അടിസ്ഥാനത്തിനു മേലുള്ള പണികൾക്കു കൺട്രാക്ടർമാർ ഇപ്പോൾ കൂടിയ നിരക്കിൽ പണം ആവശ്യപ്പെടുന്നു എന്നുള്ള വസ്തുത ഗവണ്മെന്റിനറിയാമോ?

(൨) അപ്രകാരം വിഭജിച്ചതുകൊണ്ടു് ഗവണ്മെന്റിനു കുറച്ചു നഷ്ടം സംഭവിക്കുന്നു എന്നുള്ളതു അറിയാമോ?

(സി) ഈ നഷ്ടം സംഭവിക്കുന്നതിനു ഉത്തരവാദികളായവരുടെ പേരിൽ ഗവണ്മെന്റു് എന്തുനടപടിയെടുത്താൻ പോകുന്നു എന്നു് ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) ഈ പണിനടത്തുന്നതിനു ഏററവും കുറഞ്ഞ നിരക്കിൽ ടെൻഡർ അയച്ചു ആളിന്റെ സാമ്പത്തികനില നല്ലതാണെങ്കിലും, ഈ ജോലിയെസംബന്ധിച്ചു് അയാൾക്കുള്ള ജ്ഞാനം കുറവാണെന്നു് അന്വേഷണത്തിൽനിന്നും അറിഞ്ഞിരിക്കുന്നു. അതിനാൽ പരീക്ഷണാർത്ഥം അടിസ്ഥാനംവരെയുള്ള പണി നടത്തുന്നതിനു് അയാൾക്കു് അനുവാദം നൽകുകയുണ്ടായി. എന്നാൽ അയാളുടെ പഴയ ടെൻഡർ നിരക്കനുസരിച്ചു് പണി തുടങ്ങുന്നതിനു് അയാൾ സന്നദ്ധനായില്ല. അതിനാൽ മേൽഭാഗത്തുള്ള പണികൾ നിർവ്വഹിക്കുന്നതിനു് പുതിയ ടെൻഡർകാരെ സ്വീകരിക്കേണ്ടിവന്നു.

(ബി) എ. ഉത്തരം നിഷേധരൂപത്തിൽ.

ഡി. ഈ ഏർപ്പാടുമൂലം യാതൊരുനഷ്ടവും സംഭവിക്കുന്നില്ല.

(സി) (ബി) ഡി-ാംഭാഗത്തിന്റെ മറുപടി നോക്കുന്നപക്ഷം, ഈ ചോദ്യത്തിന് അവകാശം കാണുന്നില്ല.

തൊഴിലില്ലായ്മക്കമ്മിററിയുടെ റിപ്പോർട്ട്.

*എ൭൧൯. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): തൊഴിലില്ലായ്മക്കമ്മിററിയുടെ റിപ്പോർട്ട് പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നിട്ടുണ്ടോ എന്നു പറയുന്നതിനു ഗവണ്മെന്റിനു ഭയവുണ്ടാകുമൊ? അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ, അതുമൂലം തൊഴിലില്ലാത്ത ജനങ്ങളുടെഎണ്ണം എത്രമാത്രം കുറഞ്ഞിട്ടുണ്ട്?

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): തൊഴിലില്ലായ്മക്കമ്മിററിയുടെ റിപ്പോർട്ടിനെ സംബന്ധിച്ച്, ഗവണ്മെന്റ് ഇപ്പോൾ പര്യാലോചിച്ചുവരികയാകുന്നു.

കൊട്ടാരക്കരയും ചവറയും സ്റ്റേഷനറി മജിസ്ട്രേട്ടുകോടതികളിലെ കേസ്സുകൾ.

*എ൭൨൦. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എ൭൧൭-ലും എ൭൧൮-ലും എ൭൧൯-ലും, കൊട്ടാരക്കരയും ചവറയും സ്റ്റേഷനറിമജിസ്ട്രേട്ടുകോടതികളിൽ ഫയലാക്കിയിട്ടുള്ള കേസ്സുകളുടെ എണ്ണവും, കൊട്ടാരക്കരയും ചവറയും സ്റ്റേഷനറി മജിസ്ട്രേട്ടുകോടതികളിൽ കുന്നത്തൂർ താലൂക്കിലെ പകുതികളിൽനിന്നും ഫയലാക്കിയകേസുകളുടെ സംഖ്യയും, പറയുന്നതിന് ഗവണ്മെന്റിനു ഭയവുണ്ടാകുമൊ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): മെംബർ ആവശ്യപ്പെടുന്ന വിവരങ്ങളടങ്ങിയ ഒരു പട്ടിക *മേശപ്പുറത്തു വച്ചിരിക്കുന്നു.

കല്ലടആററിൽ ഒരു പാലം.

*എ൭൨൧. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കല്ലടആററിൽ കരിമ്പിൻപുഴ എന്ന സ്ഥലത്ത് ഒരു പാലം പണിയിക്കുന്നതിനായി തുടർച്ചയായി ഇതേവരെ നടത്തിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്നു പറയുന്നതിനു ഗവണ്മെന്റിനു ഭയവുണ്ടാകുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): തൽക്കാര്യാർത്ഥം ഒരു അടങ്കൽ അയക്കുന്നതിന് ചീഫ് എൻജിനീയരോടു ആവശ്യപ്പെട്ടിട്ടുണ്ട്. പാലം കെട്ടേണ്ടസ്ഥലത്തെ ഭൂമിയെസംബന്ധിച്ച് ആവശ്യമായ വേലകൾ പൂർത്തിയായിട്ടുണ്ടെന്നു അദ്ദേഹം പറയുന്നു. കൂടാതെ, ഡിസൈനുകളും അടങ്കലുകളും തയ്യാറാക്കിവരികയാകുന്നു എന്നും അദ്ദേഹം പറയുന്നു.

ഗതാഗതത്തെ നിയന്ത്രിക്കുന്നതിന് സ്റ്റേഷനുകളിൽ മണിസൂക്ഷിക്കുക.

*എ൭൨൨. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (എ) പലസ്റ്റേഷനുകളിലും ഗതാഗതത്തെ നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും ആയി സൂക്ഷിക്കപ്പെട്ടിട്ടുള്ള മണികൾ അന്യോന്യം ഒരേസമയത്തെ കാണിക്കുന്നുണ്ടോ എന്നു ഗവണ്മെന്റ് ഒരുവായിപ്പറയുമൊ?

(ബി) മണി സൂക്ഷിക്കാത്തതായ ഏതെങ്കിലും സ്റ്റേഷനുകൾ ഇപ്പോൾ ഉണ്ടോഎന്നു ഗവണ്മെന്റു ഒരുവ ചെയ്തു പറയുമൊ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): (എ) പരിശോധനക്കുള്ള പല സ്റ്റേഷനുകളിലും വച്ചിരിക്കുന്ന മണിയുടെ നേരത്തെസംബന്ധിച്ച്, ശരിയായവിധത്തിൽ ഐക്യരൂപ്യതവരുത്തുന്നതിനു വേണ്ട യന്ത്രങ്ങൾ ചെയ്തുവരികയാകുന്നു. ആഴ്ചയിലൊരുപ്രാവശ്യം അന്യോന്യം താരതമ്യപ്പെടുത്തി ഒത്തുനോക്കി ശരിയാക്കുന്നതിനു, മുമ്പുവച്ചിട്ടുള്ള ഒരു മണി എല്ലാസ്റ്റേഷനുകളിലും കൊണ്ടുപോയി അതാതുസ്ഥലങ്ങളിലെ മണിയുടെ സമയത്തെ ശരിയാക്കി വരികയാകുന്നു. ഇതു് മേൽപറഞ്ഞകാര്യം നിർവ്വഹിക്കുന്നതിനുള്ള ഒരു സമ്പ്രദായമാകുന്നു.

(ബി) മണി നാട്ടപ്പെട്ടിട്ടില്ലാത്ത ചില പരിശോധനസ്ഥലങ്ങൾ പുതുതായി ഉണ്ടാക്കപ്പെട്ടിട്ടുള്ള മാർഗ്ഗങ്ങളിൽ ഉണ്ട്. എന്നാൽ അവക്ക് മണി നാട്ടുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (ബി) ഭാഗം മറുപടിയെസംബന്ധിച്ചു കൊട്ടാരക്കര റെയിൽവെസ്റ്റേഷനുസമീപത്തിൽ സ്ഥിതിചെയ്യുന്ന പരിശോധനാസ്റ്റേഷനിൽ ഏതെങ്കിലും മണി സൂക്ഷിച്ചുവരുന്നുണ്ടോ എന്നുള്ളതു് അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): പുതിയമാർഗ്ഗങ്ങളിൽ ഉള്ള സ്റ്റേഷനുകളിൽമാത്രംആണ് മണികൾ നൽകാതിരുന്നിട്ടുള്ളതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇതു് ഒരു പഴയവഴിയാണെന്നുള്ളതു് മെംബറിന്നറിയാമൊ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): എല്ലാപഴയവഴികളെസംബന്ധിച്ചും, മണികൾ നൽകപ്പെട്ടിട്ടുണ്ടെന്നു പോലീസുകമ്മീഷണർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കൊട്ടാരക്കര റെയിൽവേസ്റ്റേഷനു സമീപത്തിൽസ്ഥിതിചെയ്യുന്ന പരിശോധനസ്റ്റേഷൻ പഴയവഴിയിൽ പെട്ടതല്ലെ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): എനിക്കു ഇപ്പോൾ അതിനു മറുപടിപറയാൻ നിവൃത്തിയില്ല.

മി: ആർ കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പ്രസ്തുതസ്റ്റേഷനിൽ ഒരു മണി സൂക്ഷിക്കുന്നതാണെന്നുള്ളതിനു മെംബർ ഉറപ്പുപറയുമൊ,

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഇപ്പോൾ ഒരു മണി അവിടെ സൂക്ഷിക്കാത്ത പക്ഷം ഇക്കാര്യത്തെപ്പററി പര്യാലോചിക്കുന്നതായിരിക്കും.

---

* അപ്പൻഡിക്സ് 7 നോക്കുക പുറം.

കൊട്ടാരക്കര പോലീസ് ഇൻസ്പെക്ടരുടെ ജോലി.

൧൭൩. (എ) മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്പോൾ കൊട്ടാരക്കരയുള്ള പോലീസുഇൻസ്പെക്ടരെ ആ സ്ഥലത്തേക്കു സ്ഥലംമാറ്റിയ തീയതി ഏതാണെന്നും;

(ബി) ആ തീയതിമുതൽ കഴിഞ്ഞ കന്നിമാസാവസാനംവരെ അദ്ദേഹത്തിന് ലഭിച്ച പരാതികളുടെ സംഖ്യ എത്രയെന്നും,

(സി) അന്വേഷണം നടത്തുകയും ചാർജ്ജ് ചെയ്യുകയും റഫർ ചെയ്യുകയും ചെയ്ത പരാതികളുടെ സംഖ്യയും, ഇതേവരെ (൧൯൩-൩-൧൧) അന്വേഷണം നടത്തുകയോ കണ്ടുപിടിക്കുകയോ ചെയ്യാത്ത പരാതികളുടെ എണ്ണവും, എത്രയെന്നും,

(ഡി) ഇൻസ്പെക്ടർ നേരിട്ടുചെന്ന് അന്വേഷണം നടത്തിയ കേസുകളുടെ എണ്ണവും, എത്രയെന്നും,

(ഇ) ചാർജ്ജുകൾ ചെയ്യുകയും, അന്വേഷണങ്ങൾ നടത്തുകയും, ചെയ്യുന്നതിന് അദ്ദേഹം വിനിയോഗിച്ചിട്ടുള്ള ഏററവും കൂടിയകാലം എത്രയെന്നും,

(എഫ്) മജിസ്ട്രേട്ടിന്റെ മുമ്പാകെ ചാർജ്ജുചെയ്തതും, സെഷൻസുകളിലേക്കു കമ്മിററ്ചെയ്യപ്പെട്ടതും, പ്രതിഭാഗത്തുനിന്നു തള്ളിച്ചിട്ടുള്ളതും ആയ എത്ര കേസുകളിൽ പ്രതികളെ വിടുകയോ, നിർദ്ദോഷിയാണെന്നു കാണുകയോ ശിക്ഷിക്കുകയോ ചെയ്തിട്ടുണ്ട്, എന്നും ഗവണ്മെന്റു ദയവുചെയ്തു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ടു സെക്രട്ടറി): (എ) ൧൧൭ മേടം ൧൯-ാംനു.

(ബി) വ്യ കേസുകൾ.

(സി) അന്വേഷണം നടത്തിയ വ്യ കേസുകളിൽ ൪൪ എണ്ണത്തിനു കുററപത്രം നൽകുകയും, ൧൭ എണ്ണം റഫർചെയ്യുകയും ചെയ്തു. ൪ എണ്ണം ഇപ്പോൾ അന്വേഷണത്തിൽതന്നെ ഇരിക്കുന്നു. കൂടാതെ ൧൪ എണ്ണം ആത്മഹത്യാ അപേക്ഷിതി മുതലായവമൂലം സംഭവിച്ചതാകുന്നു എന്നുള്ളതിനു റിപ്പോർട്ടു കിട്ടിയിരിക്കുന്നു.

(ഡി) ഇവിടെ പറഞ്ഞ എല്ലാ വ്യ കേസുകളെയും സംബന്ധിച്ച് ഇൻസ്പെക്ടർ നേരിട്ടുതന്നെ അന്വേഷണം നടത്തിയിട്ടുണ്ട്.

(ഇ) ഒരു കേസിൽ കുററക്കാരൻ ഒളിച്ചോടിപ്പോയതിനാൽ അന്വേഷണം നടത്തുന്നതിനും, കുററക്കാരനെ അറസ്റ്റുചെയ്യുന്നതിനും, ആയി മൂന്നു മാസക്കാലം വേണ്ടിവന്നു.

(എഫ്) ചാർജ്ജുചെയ്തിട്ടുള്ള ൪൪ കേസുകളിൽ ൨൨ കേസുകളിൽ ശിക്ഷ നൽകപ്പെട്ടു. ൧൪ കേസുകളിൽ പ്രതികൾ നിർദ്ദോഷികളാകുന്നു കാണുകയും ബാക്കിയുള്ള ൭ കേസുകളെ സംബന്ധിച്ച്, ഇപ്പോൾ വിസ്താരം നടന്നുവരികയും ആകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഡി ഭാഗത്തിലെ സംബന്ധിച്ച് ഇൻസ്പെക്ടർ നേരിട്ട് ഈ കേസിൽ അന്വേഷണം നടത്തിയോ എന്നുള്ളതു് തിരക്കിഅറിയുന്നതിനു പോലീസുകമ്മീഷണർക്കു ദയവുണ്ടാകുമോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ടുസെക്രട്ടറി): ഇപ്രകാരമുള്ള എല്ലാ കേസുകളേയും സംബന്ധിച്ച്, ഇൻസ്പെക്ടർ അന്വേഷണം നടത്തിയിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ളതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇൻസ്പെക്ടരുടെ പേരിൽ എനിക്കു വിശ്വാസമില്ലതന്നെ. അതിനാൽ മേല്പറഞ്ഞ സംഗതിയെ സംബന്ധിച്ചു നേരിട്ട് അന്വേഷണം നടത്തിയിട്ടുണ്ടോ എന്നുള്ളതു പോലീസുകമ്മീഷണർ അന്വേഷിച്ചറിയണമെന്നു ഞാൻ അദ്ദേഹത്തോടപേക്ഷിച്ചുകൊള്ളുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ടു സെക്രട്ടറി): മെമ്പറിന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കുവാനുള്ള ഒരു മാർഗ്ഗം മാത്രമാകുന്നു ഇതു്.

റവന്യൂആഫീസുകളിൽ പകർപ്പുഗുമസ്തന്മാർക്കു പ്രോത്സാഹനം നൽകുക.

൧൭൪. മി: ഡി. ഫ്രാൻസിസ് (നിയമനം): താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) ഈ സംസ്ഥാനത്തെ റവന്യൂആഫീസുകളിൽ പകർപ്പുഗുമസ്തന്മാരെ നിയമിച്ചിട്ടുണ്ടെന്നും; റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നും അവർക്കു നൽകിവരുന്ന ശമ്പളം വളരെ നിസ്സാരമായിട്ടുള്ളതാണെന്നും, ഉള്ള വസ്തുത ഗവണ്മെൻറിനറിയാമെന്നു?

(ബി) (എ) ഭാഗം ചോദ്യത്തിന്റെ മറുപടി അനുകൂലഭാവത്തിലാണെങ്കിൽ, സ്ഥിരലാവണത്തെയും അടിത്തുണ്ണിനേയും സംബന്ധിച്ച സംഗതികളിൽ ജുഡിഷ്യലും മജിസ്ട്രീരിയലും ഡിപ്പാർട്ടുമെൻറുകളിലെ പകർപ്പുഗുമസ്തന്മാരും റവന്യൂഡിപ്പാർട്ടുമെൻറിലെ പകർപ്പുഗുമസ്തന്മാരും തമ്മിൽപക്ഷപാതമായവിധത്തിൽ ഗണിക്കുന്നതിന് ഉള്ള കാരണമെന്തു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) റവന്യൂപകർപ്പുഗുമസ്തന്മാർക്കു സ്ഥിരമായ യാതൊരു ശമ്പളവും നൽകിവരുന്നില്ല. അവർചെയ്യുന്ന ജോലിക്കനുസരണമായ പ്രതിഫലമാണ് അവർക്കു നൽകിവരാറുള്ളതു്.

(ബി) സിവിലും മജിസ്ട്രേട്ടും കോടതികളിലെ പകർപ്പു ഗുമസ്തന്മാർക്കുള്ളപോലെ റവന്യൂഡിപ്പാർട്ടുമെൻറിലെ പകർപ്പുഗുമസ്തന്മാരുടെ ജോലി ക്രമമായവിധത്തിലുള്ളതല്ല. അതിനാൽ റവന്യൂപകർപ്പു ഗുമസ്തന്മാരെ സ്ഥിരലാവണമുള്ള സിബ്ബന്ധികളുടെ കൂട്ടത്തിൽ ഗണിക്കേണ്ട ആവശ്യമില്ലെന്നു ഗവണ്മെണ്ടു തീരുമാനിച്ചിരിക്കുന്നു.

വർത്തമാനപ്പത്രങ്ങൾക്കു ലൈസൻസുകൾ നീക്കുന്നതിനുള്ള അപേക്ഷകളെ സംബന്ധിച്ച വിവരങ്ങൾ.

൧൭൫. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വർത്തമാനപ്പത്രങ്ങൾ തുടങ്ങുന്നതിനായി

ക്ക ൧൩ ചിങ്ങം ൧-൦൩ മുതൽ ഇന്നേദിവസംവരെ (൨൧൯-൩-൧൧ ൧ ൪) ജനങ്ങളുടെ പക്കൽനിന്നും ഗവണ്മെന്റിന കിട്ടിയിട്ടുള്ള അപേക്ഷകളെ സംബന്ധിച്ചു താഴെ കൊടുത്തിട്ടുള്ള സംഗതികളെപ്പററിയുള്ള വിവരങ്ങൾ ഒരു പട്ടികരൂപത്തിൽ നൽകുന്നതിന ഗവണ്മെന്റിന ദയവുണ്ടാകുമോ?

(എ) ലൈസൻസുകൾ കിട്ടുന്നതിന് അപേക്ഷിച്ച ആളുകളുടെ പേരുകൾ;

(ബി) അപേക്ഷകൾ അയച്ച തീയതി;

(സി) അപേക്ഷകൾ തീർപ്പാക്കുന്നതിനെടുത്ത കാലവും അപേക്ഷകളെ സംബന്ധിച്ചു തീരുമാനം ചെയ്ത തീയതിയും അപേക്ഷകൾ തള്ളപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങളും,

(ഡി) അപേക്ഷകൾ തീരുമാനിച്ച തീയതി,

(ഇ) അപേക്ഷകൾ തള്ളിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ;

(എഫ്) ഓരോ സംഗതിയിലും നിശ്ചയിച്ചിട്ടുള്ള ലൈസൻസുതുക;

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) മുതൽ (എഫ്) വരെ മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

പോലീസ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർ.

൨൧൩. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പോലീസ് ഡിപ്പാർട്ടുമെന്റിൽ (ഇന്റലിജൻസ് ബ്രാഞ്ചിലെ ആളുകൾ അല്ലാതെയോ) ഇപ്പോൾ (൨൧൯-൩-൧൧ ൧ ൪) പകരം ജോലിനോക്കിവരുന്ന പോലീസ് ഇൻസ്പെക്ടർമാരുടെ പേരും, യോഗ്യതകളും; സ്റ്റേഷനും, ശമ്പളവും, കാണിക്കുന്ന ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിന ഗവണ്മെന്റിന ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളടങ്ങിയ പട്ടിക മേശമേൽ വച്ചിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഡിപ്പാർട്ടുമെന്റിൽ ഏതെങ്കിലും പരീക്ഷ ഏർപ്പെടുത്തണമെന്നതിന്റെ ആവശ്യകതയെപ്പററി ഗവണ്മെന്റിന ബോദ്ധ്യമായിട്ടുണ്ടോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഉണ്ട്.

പുലിയൂർ—മാന്നാർ റോഡ്.

൨൧൪. മി. ഇ: കരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ബുധനൂർ വഴി പോകുന്ന പുലിയൂർ-മാന്നാർ റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി വണ്ടികളുടെ ഗതാഗതത്തിന ഉപയുക്തമായിട്ടുള്ളതല്ലെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അറിയാം.

മി. കാരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): വണ്ടികൾ പോകുന്നതിന നേരെയുള്ളപ്പെടുത്തത്തക്കവിധത്തിൽ ഗവണ്മെന്റ് ഈ സംഗതിയിൽ ഏതെങ്കിലും നടപടി നടത്തുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഈ ചോദ്യം ന്യായാനുസൃതമായിട്ടുള്ളതല്ലെന്ന് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. വിവരം അറിയണം എന്നുള്ളതല്ലാ ഈ ചോദ്യത്തിന്റെ ഉദ്ദേശം. ഇത് ഒരു നിശ്ചിതപ്രവൃത്തിപദ്ധതിയെ നിർദ്ദേശിക്കുകയാണ് ചെയ്യുന്നത്.

അദ്ധ്യക്ഷൻ: ചോദ്യങ്ങൾ ചോദിക്കുന്ന അവസരത്തിൽ പ്രവൃത്തിപദ്ധതിയെ സംബന്ധിച്ച് തിരുത്തലുകൾ ചെയ്യുന്നത് അനുവദിക്കത്തക്കതല്ല.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ ഗസററഡ് ഉദ്യോഗസ്ഥന്മാർ അല്ലാത്തവരുടെ വർഗ്ഗം തിരിച്ചുള്ള പട്ടിക.

൨൧൫. മി. ആർ. രാമൻപിള്ള (കോട്ടയം): ൧൯ രൂപയും അതിൽക്കൂടുതലും ശമ്പളമുള്ള വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ ഗസററഡ് ഉദ്യോഗസ്ഥന്മാർ അല്ലാത്തവരുടെ വർഗ്ഗം തിരിച്ചുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ വിവരങ്ങൾ ശേഖരിക്കേണ്ട ആവശ്യം ഇല്ലെന്നാണ് ഗവണ്മെന്റ് വിചാരിക്കുന്നത്. അവ ശേഖരിക്കുന്നതിനുള്ള സമയത്തിനേയും ബുദ്ധിമുട്ടിനേയും പററി ചിന്തിക്കുമ്പോൾ, അതിൽ നിന്നുണ്ടാകുന്ന പ്രയോജനം നിസ്സാരമായിട്ടുള്ളതാണ്.

൧ ൧ ൨-ൽ ജുഡിഷ്യൽ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ച് നടത്തിയ പകർപ്പെഴുത്തുവേല.

൨൧൬. മി. ആർ. രാമൻപിള്ള (കോട്ടയം): ൧ ൧ ൨-ൽ ജുഡിഷ്യൽ ഡിപ്പാർട്ടുമെണ്ടിൽ ചെയ്തിട്ടുള്ള പകർപ്പെഴുത്തുവേലയെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള ചിലവും ലഭിച്ചിട്ടുള്ള ആദായവും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിന് ഗവർമ്മെണ്ടിന് ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർണ്മെന്റ് സെക്രട്ടറി):

വർഷം	രൂപാ	൧൯൩൯-൪൦
ചിലവു	,,	൩൧,൭൯൪

വിജയപുരം പകുതിയിൽ ഒരു തോട്ടംവെട്ടുക.

൨൧൭. മി: ആർ. രാമൻപിള്ള (കോട്ടയം): കോട്ടയം താലൂക്കിലെ വിജയപുരം പകുതിയിലെ മടപ്രാതൂർ നിവാസികളിൽ ജലദുർഭിക്ഷത്തെ ദൂരീകരിക്കുന്നതിന് ഒരു തോട്ടംവെട്ടണമെന്നും സ്ഥലത്ത്-

---

൧. അപ്പർ ഡിക്സ് വുമാക്കുക, പുറം

൨. അപ്പർ ഡിക്സ് ൻ നേരെ, പുറം,

വ. ന്ന്യ. ിവ്യ ധിയെ ലാക്കാക്കി ടി. എം. ടെ. ന്ന്. ച്ചിലേയ്ക്ക് ഒരു കടവുകെട്ടണമെന്നും ചൂണ്ടിച്ചു് മടവാപ്പൂർ കുഴിപ്പുരയിടം, വിജയപുരം ഈ സ്ഥലങ്ങളിലേയും മററു പ്രദേശങ്ങളിലേയും ജനങ്ങൾ ഗവർമ്മെണ്ടിൽ അപേക്ഷ ബോധിപ്പിച്ചിട്ടുണ്ടോ എന്ന് പറയുന്നതിന് ദയവുണ്ടാകുമോ?

മി: ടി: പി. രാമസുബ്ബയ്യർ (ഗവർമ്മെൻറുസെക്രട്ടറി); തൊട്ടിയ്ക്കാ ആഴവും വീതിയും വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചു ഒരു ഹർജി കിട്ടിയിട്ടുണ്ട്. എന്നാൽ പാലവുകെട്ടുന്നതിനെ സംബന്ധിച്ചു് അപേക്ഷ കിട്ടിയിട്ടില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): ഒരു കടവു കെട്ടേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചു് അന്വേഷണം നടത്തുന്നതിന് ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): ഒരു പ്രവൃത്തിമാർഗ്ഗത്തെ നിർദ്ദേശിക്കുകയാണ് മെമ്പർ ചെയ്യുന്നതു്. ഉചിതമായ എന്തു തുക നിലയിൽ അതിനു മരാപടി നൽകുന്നതിന് നിവൃത്തിയില്ല.

വൈക്കം മുച്ചൂർ മഠത്തിലുള്ള ആട്ടുപ്പാലം.

ക്വസ്റ്റ്. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു മരാപടിനൽകുന്നതിനു ഗവർമ്മെൻറിന് ദയവുണ്ടാകുമോ?

(എ) വൈക്കം മുച്ചൂർ മഠത്തിലുള്ള ആട്ടുപ്പാലം ചൊട്ടിഞ്ഞുപോയിട്ടു് ഇപ്പോൾ എത്ര വർഷം ആയിരിക്കുന്നു എന്നു പറയുമോ?

(ബി) ഈ കടത്തുസ്ഥലത്തിന്റെ അപകടകരമായ സ്ഥിതിയെപ്പററിയും വൈക്കം ക്ഷേത്രത്തിലേക്കും അവിടെയുള്ള ആഫീസുകളിലേക്കും കോടതികളിലേയ്ക്കും വിദ്യാലയങ്ങളിലേയ്ക്കും ദിനംപ്രതി വെച്ചൂരിലും മററു പ്രദേശങ്ങളിലും നിന്ന് ഈ സ്ഥലംവഴി പോകുന്ന ആബാലവൃദ്ധം ജനങ്ങളുടെ സംഖ്യയെപ്പററിയും, ഗവണ്മെണ്ട് ചിന്തിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): (എ) ക്വസ്റ്റ്. ഇ.ം വർഷത്തിന്റെ ആരംഭത്തിലാണു പാലം പൊളിച്ചുമാററിയിട്ടുള്ളതു്.

(ബി) ഉണ്ട്.

മി. ആർ. രാമൻപിള്ള (കോട്ടയം): (ബി) ഭാഗത്തിനു നൽകിയ മരാപടിയെ സംബന്ധിച്ചു ഈ സംഗതിയിൽ ഗവർമ്മെണ്ടിൽനിന്നും ഏതു നടപടി നടത്തിയിട്ടുണ്ടെന്നുള്ളതു് അറിയുന്നതിന് ഞാൻ ആഗ്രഹിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): പുതുക്കിയ ഒരടങ്കൽ അനുവദിച്ചിട്ടുള്ളതിനു പുറമേ, ഇതിന്റെ പണി ഇപ്പോൾ നടന്നുവരികയുമാകുന്നു.

ചുങ്കക്കടവിൽ ഒരു പാലം.

ക്വസ്റ്റ്. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു മരാപടി നൽകുന്നതിനു ഗവർമ്മെണ്ടിനു ദയവുണ്ടാകുമോ?

(എ) കോട്ടയത്തുള്ള കോടതികളിലും, ആഫീസുകളിലും, വിദ്യാലയങ്ങളിലും കാളേജുകളിലും മററു സ്ഥാപനങ്ങളിലും ഹാജരാകുന്നതിന് അയ്മനം, കുമരകം, കുമാരനല്ലൂർ, തൈക്കുപ്പുഴ ഓണംതുരുത്ത് ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് രാപ്പകൽ ചുങ്കക്കടവ് കടക്കേണ്ടിയിരിക്കുന്നതിനാൽ, ചുങ്കക്കടവിൽ ഒരു പാലം കെട്ടേണ്ടതു് ആവശ്യമാണെന്നുള്ളതു് ഗവണ്മെണ്ടിന് അറിയാമോ?

(ബി) പ്രസ്തുതസംഗതിയെ സംബന്ധിച്ചു്, ഗവണ്മെൻറ് ഏതെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): (എ) ഒരു പാലം ആവശ്യമാണെന്നു് ചീഫ് ഇൻജിനിയർ റിപ്പോർട്ടുചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

മി. ആർ. രാമൻപിള്ള (കോട്ടയം): (ബി) ഭാഗത്തിനു നൽകിയ മരാപടിയെ സംബന്ധിച്ചു് പ്രസ്തുതകാര്യത്തിൽ ഗവണ്മെൻറു ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ എന്നറിയുന്നതിന് ഞാൻ ആഗ്രഹിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): ചീഫ് എഞ്ചിനീയർക്കു ഒരു പ്രാരംഭറിപ്പോർട്ടു കിട്ടിയിട്ടുണ്ട്. ഡിസൈൻ മുതലായവ തയ്യാറാക്കുന്നതിനെ സംബന്ധിച്ചു് അദ്ദേഹം ഇപ്പോൾ ഗൌനിച്ചുവരികയാകുന്നു. ഈ സംഗതിയിൽ ചീഫ് ഇൻജിനീയരുടെ റിപ്പോർട്ടുകിട്ടുന്നതിന് ഗവർമ്മെൻറു കാത്തിരിക്കുകയാകുന്നു.

പരസ്പരസഹായസംഘങ്ങൾക്ക് പുഴുവൽ ഭൂമികൾ പതിച്ചുകൊടുക്കുക.

ക്വസ്റ്റ്. മി. ആർ. രാമൻപിള്ള (കോട്ടയം): (എ) പരസ്പരസഹായസംഘങ്ങൾക്കു പതിച്ചുകൊടുക്കുന്നതിനായി ഏതെങ്കിലും പുഴുവൽ ഭൂമികൾ പ്രത്യേകം ഒഴിപ്പിച്ചിട്ടുണ്ടോ എന്നു പറയുന്നതിന് ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

(ബി) പരസ്പരസഹായസംഘങ്ങളിൽ ധനവാന്മാരായ ആളുകൾ ഓഹരിക്കാരല്ലെന്നുള്ള വിവരം ഗവർമ്മെൻറിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) മരാപടി നിഷേധരൂപത്തിൽ.

(ബി) ഗവണ്മെൻറിന് ഇതിനെസംബന്ധിച്ചു് യാതൊരു വിവരവും അറിയാൻ പാടില്ല.

പോലീസ് ഇൻസ്പെക്ടർമാരായി പകരം ജോലിനോക്കുന്നതിന് നിയമിച്ചിട്ടുള്ള ആളുകളുടെ യോഗ്യതകൾ.

ക്വസ്ച്ചൻ. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമൊ?

(എ) പോലീസ് ഇൻസ്പെക്ടർമാരായി പകരം ജോലിനോക്കുന്നതിനു നിയമിക്കുന്ന ഹെഡ്കാൻസ്റ്റബിൾമാക്കും ക്ലാർക്കന്മാർക്കും ക്രിമിനൽ നിയമത്തെസംബന്ധിച്ചു ഏതെങ്കിലും ജ്ഞാനം ഉണ്ടായിരിക്കണം എന്നുള്ളതു നിർബന്ധിതമാക്കിയിട്ടുണ്ടൊ?

(ബി) നിയമപരമായ അവരുടെ ജ്ഞാനത്തെപ്പററി പരീക്ഷിക്കുന്നതിനു ഡിപ്പാർട്ടുമെന്റിൽനിന്നുംഎ ന്തെങ്കിലും പരീക്ഷ നടത്തിയിട്ടുണ്ടൊ?

(സി) ഡിപ്പാർട്ടുമെന്റിലുള്ള കീഴ്ജീവനക്കാരുടെ ഇടയിൽനിന്നും ആക്ടിംഗ് പോലീസ്ഇൻസ്പെക്ടർമാരെ നിയമിക്കുന്നവിഷയത്തിൽ ഗൌനിച്ചുവരുന്ന പ്രധാന രത്നം ഏതാണ്?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി:) (എ) ഉണ്ട്.

(ബി) ഈ സംഗതി ഇപ്പോൾ പോലീസ്കമ്മീഷണരുടെ ശ്രദ്ധക്ക് വിഷയീഭവിച്ചിരിക്കുകയാകുന്നു.

(സി) കാര്യപ്രാപ്തിയും, സ്വഭാവവൈശിഷ്ട്യവും ജനങ്ങളെ നയിക്കുന്നതിനുള്ള ശേഷിയും ആകുന്നു. ഗുമസ്തന്മാരുടെ ജോലിചെയ്യുന്നതിനു ഹെഡ്കാൻസ്റ്റബിൾമാരേയും കാൻസ്റ്റബിൾമാരേയും നിയമിക്കുന്നത്.

ക്വസ്ച്ചൻ. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു മറുപടിനൽകുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമൊ?

(എ) ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ടന്മാരുടേയും, അസിസ്റ്റന്റ് സൂപ്രണ്ടന്മാരുടേയും ആഫീസുകളിൽ ഗുമസ്തപണിചെയ്യുന്നതിനു ഹെഡ്കാൻസ്റ്റബിൾമാരേയും കാൻസ്റ്റബിൾമാരേയും നിയമിച്ചുവരുന്ന വിവരം ഗവണ്മെന്റിനു അറിയാമൊ?

(ബി) (എ) ഭാഗത്തിനുള്ള മറുപടി അനുകൂലഭാവത്തിലാണെങ്കിൽ, മേൽപറഞ്ഞ ആഫീസുകളിൽ ഉള്ള ഗുമസ്തന്മാരുടെ കുറവ് മൂലമാണോ ഇപ്രകാരമുള്ള സമ്പ്രദായം സ്വീകരിച്ചുവരുന്നത്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറസെക്രട്ടറി): (എ)യും (ബി)യും ഡിസ്ട്രിക്ററും സബ്ഡിവിഷനും ആഫീസുകളിൽ ജോലി കൂടുതലാകുന്ന ചില അവസരങ്ങളിൽ, ന്യായമായ തങ്ങളുടെ കൃത്യനിർവ്വഹണത്തിനു ലോപംവരാതിരിക്കത്തക്കവിധത്തിൽ, ഗുമസ്തപ്പണിചെയ്യുന്നതിനു ഹെഡ്കാൻസ്റ്റബിൾമാരോടും കാൻസ്റ്റബിൾമാരോടും ആജ്ഞതാപിക്കാറുണ്ട്.

കടത്തിപ്പാലം.

ക്വസ്ച്ചൻ. മി: തയ്യിലകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മറുപടിയായി ഗവണ്മെന്റു മറുപടിപറയുമൊ?

(എ) തൃപ്പൂണിത്തുറവഴി, മൂവാററുപുഴനിന്നും എറണാകുളത്തേക്കുപോകുന്ന റോഡിൽഉള്ള കടത്തിപ്പാലം ജീർണ്ണസ്ഥിതിയിൽ ഇരിക്കുന്നതിനാൽ, അതിൽകൂടി വലിയ ഭാരം വഹിച്ചുകൊണ്ടുപോകുന്ന ബസ്സുകളും വണ്ടികളും ഗതാഗതംചെയ്യുന്നതിനു നിരോധിക്കുന്ന ഉത്തരവ് പൊതുമരാമത്തുഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ചിട്ട് ഇപ്പോൾ എന്തുകൊല്ലമായി എന്നു പറയുമൊ?

(ബി) കുരുമുളക്, ചുക്ക്, പാക്ക്, മുതലായ മൂവാററുപുഴയും തൊടുപുഴയും താലൂക്കുകളിലെ കാർഷികവിഭവങ്ങളെ മുഖ്യമായി കയററുമതിചെയ്യുകയും, കച്ചവടക്കാർക്കായി നെല്ലും അരിയും ലോഹസാധനങ്ങളും മററും ഇറക്കുമതി ചെയ്യുകയും ചെയ്യുന്നതു പ്രസ്തുതമാർഗ്ഗത്തിൽകൂടി മാത്രമാണെന്നുള്ള വിവരം ഗവണ്മെന്റിനറിയാമൊ?

(സി) ഇതുവരെ ഈ പാലത്തിന്റെ പണി പൂർത്തിയാക്കാത്തതിനുള്ള കാരണംപറയുമൊ?

(ഡി) ഉടൻതന്നെ ഈ പാലത്തിന്റെപണി പൂർത്തിയാക്കുന്നതിനെ സംബന്ധിച്ച് ഗവണ്മെന്റ് പയ്യാലോചിക്കുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ)ഏകദേശം ഒരുകൊല്ലം (ബി)ഒരു പുതിയ മാർഗ്ഗത്തിൽകൂടി ഒരു റോഡുവെട്ടുകയും, ഗതാഗതസൌകര്യാർത്ഥം, താൽക്കാലികമായ ഒരു പാലം അവിടെ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ക്വസ്ച്ചൻ വർഷം പണിആരംഭിച്ചു; അതു പൂർത്തിയാകുന്നതിൽ ന്യായരഹിതമായ കാലവിളംബം നേരിട്ടിട്ടില്ല.

(ഡി) പണിമുറക്കുനടത്തുന്നതാണ്.

മി: തയ്യിലകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മൂവാററുപുഴ എറണാകുളം റോഡിൽ കടത്തിപ്പാലത്തിൽ ബസ്സും കാറും ഭാരവണ്ടികളും കടത്തികൊണ്ടുപോകാൻ പാടില്ലാതെ തടസ്സംചെയ്യുന്നതു എന്താണ്, ഏതുമാസം, ഏതുതീയതിയിലാണെന്നു പറയാമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ക്വസ്ച്ചൻ-കുംഭം വാർഷം-യാണ് അതിലേക്കുള്ള പരസ്യം പ്രസിദ്ധപ്പെടുത്തിയതു്.

മി: തയ്യിലകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതിനുമുമ്പുതന്നെ തടസ്സം ആരംഭിച്ചിരുന്നോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): വണ്ടി കടത്തികൊണ്ടുപോയിക്കൂടാ എന്നു തടസ്സം ചെയ്തതു് അന്നുമുതൽക്കാണ്.

മി: തയ്യിലകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതിനുമുമ്പുതന്നെ വേലികെട്ടി വണ്ടി കടത്തികൊണ്ടുപോകുവാൻ പാടില്ലാതെ തടസ്സം ചെയ്തതായി അറിയാമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അന്വേഷിച്ചതിനു നോട്ടീസുവേണം.

മി: തയ്യിലകണ്ടത്തിൽതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അവിടെ ഒരു ടെമ്പററിപാലം ഉണ്ടാക്കിയിട്ടുണ്ടെന്നു പറയുന്നു. എന്നാൽ ആ പാലത്തിക്കൂടി സാധാരണ കാറുകളോ, ബസ്സുകളോ, ലോറികളോ, കടത്തിക്കൊണ്ടുപോകുവാൻ പാടില്ലെന്നു തടസ്സം ചെയ്തിരുന്നു എന്നറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ആ വഴി ഉണ്ടികൊണ്ടുപോകാമെന്നു ചീഫ്എൻജിനീയർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

മി: തയ്യിലകണ്ടത്തിൽതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ തടസ്സം ചെയ്തിരിക്കുന്ന ബോർഡിനെ എടുത്തു മാററി ആ പാലം ജനസമുദായത്തിന്നു ഉപയോഗയോഗ്യമായിത്തീർക്കാൻ ചീഫ്എൻജിനീയരോടു ചട്ടംകെട്ടുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ചീഫ് എൻജിനീയക്ക് എഴുതിഅയക്കാം.

വൈക്കത്തുള്ള ചീപ്പ്.

ക്വസ്ച്ചൻ ൭. മി: മാത്തുമുതിക്കൻ (വൈക്കം): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുമോ;

(എ) (ക) വൈക്കം തോടിന്റെ പടിഞ്ഞാറെഭാഗത്തുള്ളചീപ്പ് ഇതുവരെ (ക-൯-ക ക ൦ ൯)പൂർത്തിയാക്കിയിട്ടില്ലെന്നുള്ള വിവരം ഗവണ്മെൻറിനറിവില്ലേ.

(ഖ) ചീപ്പിന്റെ പണി ഉടൻതന്നെ പൂർത്തിയാക്കാത്തപക്ഷം, ലയണ്ണലംകുറി നാലായിരം ഏക്കറിലധികം വരുന്ന പുഞ്ചനിലങ്ങളിലെ കൃഷിക്ക് സാരമായ ഹാനിഉണ്ടാകുമെന്നുള്ള വിവരം ഗവണ്മെൻറിനറിവില്ലേ.

(ബി) കാലതാമസത്തിനുള്ള കാരണം എന്താണെന്നുള്ളതു് ഗവണ്മെൻറ് അന്വേഷിച്ചറിയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ)യും (ബി) യും അറിയാം.

(ഖ) നഷ്ടത്തെപ്പററി ഹരിക്കുന്നതിന് സാധാരണയായി ഒരു ചിറ കെട്ടിവരാറുണ്ട്.

(ബി) ന്യായമല്ലാത്ത കാലതാമസം നേരിട്ടിട്ടില്ലെന്നാണ് വിചാരിക്കേണ്ടിയിരിക്കുന്നത്. എന്നിരുന്നാലും ഈ സംഗതിയെപ്പററി അന്വേഷണം നടത്തിവരികയാണ്.

മി: മാത്തുമുതിക്കൻ (വൈക്കം): (എ) ഉപഭോഗം, വിപണി ഭാഗത്തിനു നൽകിയ മറുപടിയെസംബന്ധിച്ച്, വള്ളങ്ങളിൽ തോട്ടിൽക്കൂടി പുന്നോട്ടുപോകുന്ന ജനങ്ങൾക്കു, ചിറകെട്ടുന്ന ഏർപ്പാടുമൂലം വളരെ ബുദ്ധിമുട്ടും അസൌകര്യവും സംഭവിക്കുന്നു എന്നുള്ളവിവരം ഗവണ്മെൻറിനു അറിയാമോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ഈ വിവരം നോട്ടുചെയ്തിരിക്കുന്നു.

മി: മാത്തുമുതിക്കൻ (വൈക്കം):ഈ ചീപ്പ് ഉണ്ടാക്കുന്നതിനുള്ള കൺട്രാക്ററു ചെയ്തിട്ടുള്ള തീയതി പറയുന്നതിൽ ഗവണ്മെൻറിനു ഭയമുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ഇപ്പോൾ പണി നടന്നുവരികയാകുന്നു.

മി: മാത്തുമുതിക്കൻ (വൈക്കം): കൺട്രാക്ററു സമ്മതിച്ചതീയതി അറിയുന്നതിനാണ് ഞാൻ ആവശ്യപ്പെടുന്നതു്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ഈ ചോദ്യത്തിന് എനിക്കു മുന്നറിവു തരേണ്ടതാണ്.

അന്യരാജ്യങ്ങളിൽ കൃഷിത്തുജാമ്യബാങ്കുകൾ സ്ഥാപിച്ചതുമൂലം ഉണ്ടായിട്ടുള്ള ഫലങ്ങൾ.

ക്വസ്ച്ചൻ ൮. മി: ഇട്ടിപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിൽ ഗവണ്മെൻറിനു ഭയമുണ്ടാകുമോ?

(എ) കൃഷിത്തുജാമ്യബാങ്കുകൾ ഏർപ്പെടുത്തിയിട്ടുള്ളതുമൂലം മുമ്പ് ഉണ്ടായിട്ടില്ലാത്തവിധത്തിൽ പല രാജ്യങ്ങളിലേയും കൃഷി അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടെന്നുള്ളതു് ഗവണ്മെൻറിനറിവില്ലേ

(ബി) കൃഷിത്തുജാമ്യബാങ്കുകൾ സ്ഥാപിച്ചിട്ടുള്ള എല്ലാ രാജ്യങ്ങളിലേയും ഗവണ്മെൻറുകളാണ് ഇ സംഗതിയിൽ മുന്നിട്ടുനിന്നു പ്രവൃത്തിച്ചിട്ടുള്ളതെന്നു ഗവണ്മെൻറിനറിവില്ലേ?

മി: കെ. ജോർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): (എ) കൃഷിത്തുജാമ്യബാങ്കുകൾ സ്ഥാപിച്ചിട്ടുള്ളതുമൂലം പല രാജ്യങ്ങളിലേയും കൃഷി മുമ്പുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചു ഗവണ്മെൻറിനു യാതൊരറിവും ഇല്ല.

(ബി) കൃഷിത്തുജാമ്യബാങ്കുകൾ ആരംഭിച്ചിട്ടുള്ള എല്ലാരാജ്യങ്ങളിലും മുന്നിട്ടുനിന്നു പ്രാരംഭപ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളതു് ആ രാജ്യങ്ങളിലെ ഗവണ്മെൻറുകളാണെന്നുള്ളതിനെപ്പററി ഗവണ്മെൻറിനുയാതൊരറിവും ഇല്ല.

കുട്ടമഞ്ചലം പകുതിയിൽപെട്ട പുയംകുററിയെ ലേലം ചെയ്യുക.

ക്വസ്ച്ചൻ. മി: തയ്യിലകണ്ടത്തിൽതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെൻറു സദയം മറുപടി നൽകുമോ?

(എ) മൂവാററുപുഴ താലൂക്കിൽ കുട്ടമഞ്ചലം പകുതിയിൽ പുയംകുററി എന്നു പറഞ്ഞുവരുന്ന പ്രദേശത്തെ വനത്തിൽനിന്നു് ഒഴിവാക്കി ലേലം ചെയ്തുകൊടുക്കുന്നതിനു ഗവണ്മെൻറു തീരുമാനിച്ചിട്ടു് ഇപ്പോൾ എന്തുകൊല്ലമായിരിക്കുന്നു?

(ബി) ഈ പ്രദേശം ചെറിയ ഖണ്ഡങ്ങളായി വിഭജിച്ചു കൃഷിചെയ്യുന്നതിനു കഴിയുന്നതുംവേഗത്തിൽ സ്ഥലത്തെ കർഷകന്മാർക്കു ലേലത്തിൽ പതിച്ചുകൊടുക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) ഈ ബ്ലോക്കിനെ വനത്തിൽനിന്നും ഒഴിവാക്കുന്നതിനു തീരുമാനിച്ചിട്ടുള്ളതു് ക്വസ്ച്ചൻ ൬ ജൂൺമാസത്തിലാണ്. ഈ പ്രദേശത്തെ വനത്തിൽനിന്നും ഒഴിവാക്കുന്നതിനെ സംബന്ധിച്ചു പരസ്യം പ്രസിദ്ധപ്പെടുത്തിയതു ക്വസ്ച്ചൻ നവംബർ ൨൯-ാംനു-യാണ്. എന്നാൽ ക്വസ്ച്ചൻ ൭ മാർച്ച് ൨൪-ാംനു-യാണ് വനംഡിപ്പാർട്ടുമെൻറ് പ്രസ്തുതഭൂമികളെ ഫോൺഡ്റെവന്യൂഡിപ്പാർട്ടുമെൻറിലേക്കു വിട്ടുകൊടുത്തിരിക്കുന്നതു്.

(സി) പ്രസ്തുതഭൂമി ലാൻഡ്‌റവന്യൂഡിപ്പാർട്ടുമെൻറിന്റെ കൈവശത്തിൽ കിട്ടിയതിനുശേഷം അതിനെ ചെറിയ ഖണ്ഡങ്ങളായി തിരിച്ചു ലേലംചെയ്യുന്നതിനു മുമ്പു സർവ്വെ ചെയ്യേണ്ടതാണ്ടുണ്ടായിരുന്നു. റവന്യൂ സർവ്വേസൂപ്രണ്ടു പരിശോധിച്ചു വിശേഷം പ്ലോട്ടുചെയ്തിട്ടുള്ള സബ്ഡിവിഷൻ സ്കെച്ചുകൾ ഇപ്പോൾ ഫൈനലാക്കി തിരിച്ചു അയച്ചുകൊടുത്തിട്ടുണ്ട്. ലേലവില്പനയെസംബന്ധിച്ചു കൂടുതൽ നടപടികൾ വേഗത്തിൽനടത്തുന്നതാണ്.

ചേർത്തലയിൽ ഒരു സത്രത്തിന്റെ ആവശ്യകത.

൨൦൦. മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ശബരിമലയ്ക്കു പോകുന്ന ചോളന്മാർക്കു മരുപടി പറയുന്നതിനു ഗവർണ്ണമെൻറിനു ഉദ്ദേശമുണ്ടോ?

(എ) കൊല്ലം-ആലപ്പുഴ റോഡും, ആലപ്പുഴ-ചേർത്തല-അരൂർ റോഡും തമ്മിൽ ചേരുന്നതിന്റെ ഉദ്ദേശം ആലപ്പുഴനഗരം ചേർത്തലയ്ക്കു ചുറ്റിലും, ചേർത്തലനഗരം കൊച്ചിക്കും, കൊച്ചിയ്ക്കിന്നു ചേർത്തലവഴി ആലപ്പുഴയ്ക്കും ബോട്ടുമാർഗ്ഗം ഗതാഗതം ചെയ്യുന്നവരുടെ സംഖ്യ ഇപ്പോൾ (൧൯൨-൨-൧൯൨൪) വളരെ വർദ്ധിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവർണ്ണമെൻറിനറിയാമോ?

(ബി) ചേർത്തലയിൽ വിശ്രമിക്കുന്നതിനോ താമസിക്കുന്നതിനോ സൌകര്യപ്രദമായ ഒരു കെട്ടിടമില്ലാത്തതുമൂലം നാനാജാതിമതസ്ഥന്മാരായ അനവധി വഴിയാത്രക്കാർ ഇപ്പോൾ അനവധി ബുദ്ധിമുട്ടുകൾ അനുഭവിച്ചു വരുന്നുണ്ടെന്നുള്ള വിവരം ഗവർണ്ണമെൻറിനറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെൻറ് സെക്രട്ടറി): (എ)യും (ബി)യും മെമ്പർ സൂചിപ്പിച്ചിട്ടുള്ള റോഡുകൾ തെട്ടിയുള്ളിലെ വഴിയാത്രക്കാർക്കു കൂടുതൽ സൌകര്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവർണ്ണമെൻറിന് അറിയാം. ചേർത്തലയിൽ ഒരു സത്രം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത നേരിട്ടുള്ള വിധത്തിൽ കൊച്ചിയിൽനിന്നും ചേർത്തവഴി ആലപ്പുഴക്കു ഗതാഗതം ചെയ്യുന്ന വഴിയാത്രക്കാരുടെ സംഖ്യ കൂടിട്ടുണ്ടെന്നു ഗണിയ്ക്കാൻ തരമില്ല. കൂടാതെ ബോട്ടിൽക്കൂടി യാത്രചെയ്യുന്ന ആളുകളുടെ സൌകര്യാർത്ഥം ചേർത്തയ്ക്കു സമീപമുള്ള തണ്ണീർമുക്കത്ത് ഇപ്പോൾ ഒരു സത്രം നടത്തുന്നുണ്ട്.

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ചേർത്തലനിന്നും തണ്ണീർമുക്കത്തേക്ക് എത്രദൂരമുണ്ടെന്നു അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെൻറ്സെക്രട്ടറി): പൊളിറ്റിക്കൽ പടത്തിൽ ഗ്രേറ്റ് ഇംഗ്ലീഷ്പങ്കാംഗ്ലിൻനിന്നോ ഈ വിവരം ഗ്രഹിക്കാവുന്നതാണ്.

മി. മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ആലപ്പുഴ അരൂർറോഡിൽക്കൂടി യാത്രചെയ്യുന്നവർക്കു തണ്ണീർമുക്കം സത്രംകൊണ്ടു പ്രയോജനം ഇല്ലെന്നറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെൻറ്സെക്രട്ടറി): തണ്ണീർമുക്കത്തു സൌകര്യമായ ഒരു സത്രമുണ്ടെന്നു ഇപ്പോൾ ചേർത്തലയിൽ ഒരു സത്രമുണ്ടാക്കുന്നതു യുക്തമായിരിക്കയില്ലെന്നുമാത്രം അങ്ങേ മുൻമറുപടിയിൽ വിവരിച്ചിട്ടുള്ളതു്.

ഹർജ്ജർ കച്ചേരിയിലെ ഗുമസ്തന്മാരുടെ വർഗ്ഗം തിരിച്ചുള്ള ഒരു പട്ടിക.

൨൦൧. മി: തെയ്യുണ്ണിതരകത്തിത്താഴൻ (മുനിസിപ്പൽ കൌൺസിലർ): ഹർജ്ജർകച്ചേരിയിലെ ഗുമസ്തന്മാരുടെ വർഗ്ഗംതിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തുവയ്ക്കുന്നതിനു ഗവർണ്ണമെൻറിനു ഉദ്ദേശമുണ്ടോ?

മി. കെ. ജോർജ് (ഗവർണ്ണമെൻറ് ചീഫ്സെക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ള പട്ടിക *മേശമേൽ വച്ചിരിക്കുന്നു.

കുട്ടനാട്ടിലെ പുഞ്ചനെൽകൃഷി.

൨൦൨. മി. കെ. പത്മനാഭപ്പണിക്കർ (ആമ്പലപ്പുഴ): കുട്ടനാട്ടിലേക്കു പ്രത്യേകമായി ഒരു കൃഷി ഇൻസ്പെക്ടരെ നിയമിക്കുന്നതിനേയും കൃഷിയെസംബന്ധിച്ചു കുട്ടനാടിനെ ഒരു പ്രത്യേകഡിവിഷനായിരിക്കേണ്ടതിന്റെ ആവശ്യകതയേയും സംബന്ധിച്ചു ഗവർണ്ണമെൻറ് പര്യാലോചിച്ചിട്ടുണ്ടോ എന്നു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെൻറ് സെക്രട്ടറി): കുട്ടനാട്ടിലെ പുഞ്ചനെൽകൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചു ഗവർണ്ണമെൻറിനു ബോധ്യമായിട്ടുണ്ട്. കരിമണ്ണിനെ കൃഷിക്കുപയുക്തമാക്കിത്തീർക്കുന്നതിനെ സംബന്ധിച്ച്, വേണ്ട പരീക്ഷണങ്ങൾ നടത്തുന്നതിനും, സാമാന്യമായി പുഞ്ചനെൽകൃഷിയെ പരീക്ഷണങ്ങൾ മൂലം അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി, ഒരു പ്രത്യേകകൃഷിഇൻസ്പെക്ടരുടെ ഉത്തരവാദിത്വത്തിൻകീഴിൽ, പുറക്കാട്ട് ഒരു പരീക്ഷണത്തോട്ടം ഏർപ്പെടുത്തിയിട്ടുണ്ട്. കാർഷികപരമായ എല്ലാ സംഗതികളേയുംകുറിച്ചു കൃഷിക്കാർക്ക് ഉപദേശം നൽകുന്നതിനും, പ്രസ്തുത തോട്ടത്തിന്റെ ഉത്തരവാദിത്വം വഹിക്കുന്ന ഉദ്യോഗസ്ഥൻ ബദ്ധശ്രദ്ധനായിരിക്കുന്നുമുണ്ട്. കൂടാതെ, കോട്ടയത്തുള്ള കൃഷിഇൻസ്പെക്ടരും കഴിയുന്ന വിധത്തിൽ പലപ്പോഴും കുട്ടനാട് സന്ദർശിക്കുന്നതിനുപുറമെ, അദ്ദേഹം അവിടെ പ്രചാരണമായി നടത്തിവരുന്നുമുണ്ട്. അതിനാൽ മെമ്പറിന്റെ നിർദ്ദേശം അനുസരിച്ച് ഒരു പ്രത്യേകകൃഷിഇൻസ്പെക്ടരെ ഉടനെ നിയമിക്കേണ്ട ആവശ്യം ഇല്ലെന്ന് ഗവർണ്ണമെൻറു വിചാരിക്കുന്നു.

അധഃകൃതവർഗ്ഗക്കാർക്കു ഭൂമി പതിച്ചുകൊടുക്കുക.

൨൦൩. മി: ആർ. രാമൻപിള്ള (കോട്ടയം): താഴപ്പറയുന്ന ചോദ്യങ്ങൾക്ക് ഗവർണ്ണമെൻറു സമയം മറുപടി നൽകുമോ?

(എ) അധഃകൃതസമുദായങ്ങളിൽപെട്ട അംഗങ്ങൾക്കു പുതുവലും പുറമ്പോക്കുഭൂമികൾ സൌജന്യനിരക്കിൽ പതിച്ചുകൊടുക്കുന്നതിനു ഗവർണ്ണമെൻറു ഏതെങ്കിലും വ്യവസ്ഥചെയ്തിട്ടുണ്ടോ?

(ബി) ഫാർസൽ അധഃകൃതവർഗ്ഗാംഗങ്ങളിൽനിന്നും പുതുവൽ ഭൂമികൾ പതിച്ചു കിട്ടുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടേയും മുൻകൊല്ലത്തിലെ അവസാനത്തിൽ തീരുമാനിക്കാതെ കിടക്കുന്ന അപേക്ഷകളുടേയും എണ്ണം എത്ര എന്നു പറയുമോ?

(സി) അധികാരമുള്ള അപേക്ഷകൾ അനുസരിച്ചു അനുവാദം നൽകിയ അപേക്ഷകളുടെ എണ്ണവും പതിച്ചുകൊടുത്ത സ്ഥലത്തിന്റെ വിസ്തീർണ്ണവും പറയുമോ?

---

* അപ്പൻറിക്സ് ൧൦ നോക്കുക, പുറം.

(ഡി) തള്ളിയ അപേക്ഷകളുടെ എണ്ണം എത്ര;

(ഇ) അവ തള്ളുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) ഉണ്ട്, ഗവണ്മെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു; കൻവന്നു ഫെബ്രുവരി ൨൪-ന്നു-ലെ പുഴയൽ ചട്ടങ്ങളിലെ ൨൪-ാമത്തെ ൨൭ വരെയുള്ള ചട്ടങ്ങളിൽ പ്രസ്തുത സംഗതിയെ സംബന്ധിച്ച വ്യവസ്ഥകൾ അടങ്ങിയിരിക്കുന്നു.

(ബി) യഥാക്രമം [illegible] ഉണ്ട്.

(സി) [illegible] വിസ്തീർണ്ണപ്പെടുന്ന ന്യൂനത അപേക്ഷകൾ.

(ഡി) നൂറ്റന്നു ഉണ്ട്.

(ഇ) അപേക്ഷ കൂട്ടിട്ടുള്ള ഭൂമികൾ മുൻപുതന്നെ പതിച്ചുകൊടുക്കപ്പെട്ടതാകകൊണ്ടോ, പൊതുജനോപയോഗത്തെപ്പററി നോക്കി പക്ഷം അപേക്ഷിച്ചിട്ടുള്ള ഭൂമികൾ പതിച്ചുകൊടുക്കുന്നതിന് നിവൃത്തിയില്ലാത്തതുകൊണ്ടോ ആണ് അപേക്ഷകൾ തള്ളുന്നതിനിടയായിട്ടുള്ളത്.

ഒരു സബ് രജിസ്ട്രാർ ഉദ്യോഗത്തിനുവേണ്ട യോഗ്യതകൾ.

൨൦൪. മി: ജി. പി. നീലകണ്ഠപ്പിള്ള (കുന്നത്താറപ്പള്ളി): ഒരു സബ്രജിസ്ട്രാർ ഉദ്യോഗത്തിനു വേണ്ട ഏററവും കുറഞ്ഞ യോഗ്യത എന്തെന്നു പറയുന്നതിന് ഗവണ്മെന്റിന് ഉദ്ദേശമുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): സബ്രജിസ്ട്രാർ ഉദ്യോഗത്തിനുള്ള ഏററവും കുറഞ്ഞ യോഗ്യത, ഇംഗ്ലീഷ് സ്റ്റാൻഡിംഗ് സർട്ടിഫിക്കററ് പരീക്ഷയും, ഹൈയ്യർ ഗ്രേഡ് രജിസ്ട്രേഷൻ പരീക്ഷയും പാസ്സായിരിക്കണമെന്നുള്ളതാണ്.

ബസ്സ് ഉടമസ്ഥന്മാരുടെ സങ്കടങ്ങൾ.

൨൦൫. മി: വി. ചെല്ലപ്പപ്പിള്ള (തോവാള): താഴപ്പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിന് ഗവണ്മെന്റിന് ഉദ്ദേശമുണ്ടാകുമോ?

(എ) യാത്രക്കാരെ വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങൾക്ക് (ജി) പെർമിററുകൾ പോലീസുകമ്മീഷണർ ആഫീസിൽനിന്നും നൽകുന്ന വിഷയത്തിൽ ന്യായമല്ലാത്ത കാലതാമസം നേരിടുന്നു എന്നും, തൽഫലമായി ബസ്സ് ഉടമസ്ഥന്മാർക്ക് ഉപദ്രവം നേരിടുന്നു എന്നും ഉള്ള വിവരം പോലീസുകമ്മീഷണർക്ക് അറിയാമോ?

(ബി) ഈ വിഷയത്തെ സംബന്ധിച്ചു, പോലീസുകമ്മീഷണർക്ക് ഏതെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഈ കുടിശ്ശിക പരിഹരിക്കുന്നതിന് അദ്ദേഹം ഏതെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ എന്നും, ഇപ്രകാരം നടത്തിയിട്ടില്ലാത്ത പക്ഷം, അതിനുള്ള കാരണം എന്തെന്നും പറയുമോ?

(സി) [illegible] ഉണ്ടായിട്ടുള്ളതും 'പെർമിററിനുള്ള പ്രധാന സംഗതികൾ' എന്നതിൻകീഴിൽ, എൻ. ബി (ഗ) ഖണ്ഡം അനുസരിച്ചു കൊള്ളിച്ചിട്ടുള്ളതും, മോട്ടർ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസിനേയും, പെർമിററിനേയും, രജിസ്ട്രേഷനേയും സംബന്ധിച്ച് ഉള്ളതുമായ പോലീസ് കമ്മീഷണറുടെ മെമ്മോ അനുസരിച്ച്, കൊല്ലത്തിൽ നിശ്ചിതകാലത്തിനു ഒരേ മാർഗ്ഗത്തിൽക്കൂടി ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകളുടെ വില്ക്കുകയും വിലയ്ക്കു വാങ്ങുകയും ചെയ്യുന്നതിനെ പരിമിതമാക്കണമെന്ന് അദ്ദേഹം വിചാരിക്കുന്നുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): (എ) ഉത്തരം നിഷേധാത്മകമായി.

(ബി) (ജി) പെർമിററുകൾ നൽകുന്ന വിഷയത്തിൽ ഉള്ള കാലതാമസത്തെ സംബന്ധിച്ച്, ചില പ്രാവശ്യം പോലീസ് കമ്മീഷണർക്ക് പരാതികൾ കിട്ടാറുണ്ട്. എന്നാൽ ശിക്ഷാർഹമായ കാലതാമസത്തിന് യാതൊന്നും ഇടയാക്കിയിട്ടില്ലെന്നു പരിശോധനയിൽനിന്നും അറിഞ്ഞിരിക്കുന്നു.

(സി) അപ്രകാരം ചെയ്യണമെന്നു പോലീസുകമ്മീഷണർ ഉദ്ദേശിക്കുന്നില്ല.

മി: വി. ചെല്ലപ്പപ്പിള്ള (തോവാള): (സി)ഭാഗം, എൻ (ബി) ഖണ്ഡം നൽകിയ മറുപടിയെ സംബന്ധിച്ച്, താഴപ്പറയുന്ന പ്രകാരം പ്രസ്താവിച്ചിരിക്കുന്നു. മററു തൊഴിലുകളിലും വൃത്തികമാസം ഫ്രാങ്കായും, ഇടവം ഫ്രീയായും, പൊതുജനങ്ങളുടെ യാത്രയ്ക്കായി ഉപയോഗിക്കുന്ന മോട്ടാർവാഹനങ്ങളുടെ മാർഗ്ഗമോ സമയവിവരക്കണക്കുകളോ ഭേദപ്പെടുത്തുന്ന സംഗതിയിൽ, പോലീസ് കമ്മീഷണർ അനുവാദം നൽകുന്നതാണ്.

മുകളിൽ കൃത്യമായിപ്പറഞ്ഞ തീയതികൾക്കിടയിൽ പെർമിററുകൾ നൽകുന്നതിന് പോലീസ്കമ്മീഷണർക്ക് സാധിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതു് ഒരാളുടെ അഭിപ്രായത്തെ ആശ്രയിച്ചിരിക്കുന്നതാണ്.

മി: വി. ചെല്ലപ്പപ്പിള്ള (തോവാള): അപേക്ഷ അയക്കേണ്ടതാണെന്ന് പ്രത്യേകം കാണിച്ചിട്ടുണ്ട്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഒരാളുടെ അഭിപ്രായത്തിനനുസരണമായി അതിനെ വ്യാഖ്യാനിക്കാവുന്നതാണ്.

മി: വി. ചെല്ലപ്പപ്പിള്ള (തോവാള): വണ്ടികളെ വാങ്ങുന്ന വിഷയത്തിൽ അതു് ഏതെങ്കിലും വിധത്തിൽ ബാധകമായിത്തീരുകയില്ലയോ എന്നറിയുന്നതിന് ഞാൻ ആഗ്രഹിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അപ്രകാരം യാതൊന്നും പ്രവർത്തിക്കുന്നതിനു ഉദ്ദേശിക്കുന്നില്ലെന്ന് പോലീസ്കമ്മീഷണർ പറഞ്ഞിട്ടുണ്ടല്ലോ.

പാറക്കേ ഗ്രാമം.

൨൦൬. മി. ഡി. സി. ജോസഫ് (അരുവിക്കര): താഴപ്പറയുന്ന ചോദ്യങ്ങൾക്ക് ഗവണ്മെന്റ് സ്വയം മറുപടി പറയുമോ?

(എ) പാറക്കേഗ്രാമത്തിൽ കോതയാറണയിൽനിന്നും ജലം ഊറിവരുന്നതുകൊണ്ട് അതിന്റെ സ്ഥിതി വിഷമാവസ്ഥയിലായിരിക്കുന്നു എന്നുള്ളതിനെ സംബന്ധിച്ച് ഗവണ്മെന്റിൽ ഏതെങ്കിലും റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ?

(ബി) ഒരു ഓട കെട്ടുന്നതിന് ഫാൻവുൾ എന്തെങ്കിലും അടങ്കൽ തയ്യാറാക്കിയിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ, ഇപ്പോൾ (ഫെ-ഗ്ര-വ) പ്രസ്തുതസംഗതി ഏതു നിലയിൽ ഇരിക്കുന്നു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി):

(എ) ഉണ്ട്.

(ബി) ഡിവിഷൻ ആഫീസർ പരടങ്കൽ തയ്യാറാക്കിയിട്ടുണ്ടെന്നും, അതിൽ ആവശ്യമുള്ള എല്ലാ ഇനങ്ങളും ഉൾപ്പെടുത്താതിരുന്നതിനാൽ അതു സ്വീകരിക്കപ്പെടുന്നതിനിടയായിട്ടില്ലെന്നും ചീഫ് എൻജിനീയർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

(സി) പ്രസ്തുതകാര്യത്തിൽ ചീഫ് എൻജിനീയരിൽനിന്നും പുതുക്കിയ നിർദ്ദേശങ്ങൾ ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ഗവണ്മെൻറ് അവയെസംബന്ധിച്ചു പര്യാലോചിച്ചുവരികയാകുന്നു.

മി. ഡി. സി. ജോസഫ് (അരുസ്തീശ്വരം): തെക്കൻ തിരുവിതാംകൂറിലെ ദോഷകരമായ കാലസ്ഥിതിയെപ്പററി പരിഗണിച്ച് മേല്പറഞ്ഞ നിർദ്ദേശങ്ങൾ കഴിയുന്നത്രവേഗത്തിൽ നടപ്പിലാക്കുന്നതിൽ ഗവണ്മെൻറു ചേണ്ടതു ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഒരു നിശ്ചിതപ്രവൃത്തിപദ്ധതിയെ നിർദ്ദേശിക്കത്തക്ക വിധത്തിൽ ഉള്ള ഒരു ചോദ്യമാണ് ഇതു്.

തിരുവിതാംകൂറിലെ പുറമ്പോക്ക ഭൂമികൾ.

*൧൦൭. മി. ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): തിരുവിതാംകൂറിലെ എല്ലാതാലൂക്കുകളിലും ഉള്ള എല്ലാ പുറമ്പോക്കുഭൂമികളുടേയും സ്വഭാവത്തേയും മാതിരിയേയും വിസ്തീർണ്ണത്തേയും പ്രത്യേകം കാണിക്കുന്ന ഒരു പട്ടിക തയ്യാറാക്കി മേശമേൽ വെയ്ക്കുന്നതിനു ഗവണ്മെൻറിന് ഉദ്ദേശമുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഓരോ താലൂക്കുകളിലും ഉള്ള പുറമ്പോക്കുഭൂമികളുടെ വിസ്തീർണ്ണത്തെ കുറിക്കുന്ന പൂർണ്ണമായ റിക്കാർഡ്സ് തവണമുടക്കുകണക്കു മാത്രമാകുന്നു. ഇതു കഴിഞ്ഞ കണക്കെടുത്തിനുശേഷം തയ്യാറാക്കപ്പെട്ടിട്ടുള്ളതാണ്. ഒരു താലൂക്കിലോ പകുതിയിലോ ഉള്ള പലതരത്തിലുള്ള ഭൂമികളുടെ ആകെയുള്ള വിസ്തീർണ്ണത്തെ മാത്രമെ ഇതു കാണിക്കുന്നുള്ളു. മേല്പറഞ്ഞ കണക്കനുസരിച്ച് ഫ്ര. ൧൯൦൦ മാണ്ടുമുതൽ തയ്യാറാക്കിയിട്ടുള്ളതും, ഓരോ താലൂക്കുകളിലും ആകെയുള്ള പുറമ്പോക്കുഭൂമിയുടെ വിസ്തീർണ്ണത്തെ കാണിക്കുന്നതുമായ ഒരു പട്ടിക* മേശമേൽ വച്ചിരിക്കുന്നു. ഈ പുറമ്പോക്കുഭൂമികളുടെസ്വഭാവത്തെപ്പററി പറയുന്നതു് പ്രായോഗികമായിട്ടുള്ളതല്ല. എന്തെന്നാൽ, റോഡുകൾ, കളങ്ങൾ മുതലായ ഓരോ ഇനത്തിലും ഉൾപ്പെടുന്ന പുറമ്പോക്കുഭൂമികളുടെ വിസ്തീർണ്ണത്തെയ കാണിക്കുന്ന യാതൊരു റിക്കാർഡും ഇപ്പോൾ സംരക്ഷിച്ചുവരുന്നില്ല.

ഓരോ താലൂക്കുകളിലും ഉള്ള പല പുറമ്പോക്കുഭൂമികളുടേയും സർവ്വേ നമ്പരുകളെ അന്വേഷിച്ചു തിട്ടപ്പെടുത്തിയതിൻെറ ശേഷം സംസ്ഥാനത്തെ ഓരോ താലൂക്കിലും ഉൾപ്പെട്ട ഓരോ പകുതിയിലേയും കണക്കെടുത്തു രജിസ്റ്ററിലും തയ്യാറാക്കപ്പെട്ടിട്ടുള്ളതും ഓരോ പകുതികളെ സംബന്ധിച്ചുള്ളതും ആയ കണക്കെടുത്തു രജിസ്റ്ററിൻെറ സപ്ലിമെൻറിലും നിന്ന് മേല്പറഞ്ഞ വിവരങ്ങൾ ശേഖരിക്കേണ്ടിയിരിക്കുന്നു. ഇതു വളരെ പണച്ചിലവിനും ബുദ്ധിമുട്ടിനും സമയനഷ്ടത്തിനും കാരണമാക്കുന്നതാണ്. ഇവയോടു താരതമ്യപ്പെടുത്തിനോക്കുന്നപക്ഷം ഈ കണക്കുകൾ ശേഖരിക്കുന്നതിൽനിന്നും ഉണ്ടാകാവുന്ന പ്രയോജനംസാരമായിട്ടുള്ളതല്ല.

മി. ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): "ഈ കണക്കുകൾ ശേഖരിക്കുന്നതിനു നേരിടുന്ന അത്യധികമായ ധനവ്യയങ്ങളേയും സമയനഷ്ടത്തേയും ജോലിയേയും പററി പരിഗണിക്കുന്നപക്ഷം ഈ കണക്കുകൾ ശേഖരിക്കുന്നതിൽ നിന്നുണ്ടാകാവുന്ന പ്രയോജനം സാരമായിട്ടുള്ളതല്ല."

പുറമ്പോക്കുഭൂമിയുടെ സ്വഭാവത്തെപ്പററിയെങ്കിലും ചിന്തിക്കുന്നപക്ഷം അതിനെ വ്യക്തമായവിധത്തിൽ തരംതിരിച്ചിട്ടുണ്ടോ എന്ന് ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഒരു പ്രത്യേകതാലൂക്കിനെ സംബന്ധിച്ച വിവരം അറിയുന്നതിനു മെമ്പർ ആഗ്രഹിക്കുന്നപക്ഷം ഈ സംഗതികളുടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ ഓരോ താലൂക്കിലും സംരക്ഷിച്ചുവരുന്നുണ്ടെന്ന് പ്രസ്താവിച്ചുകൊള്ളുന്നു.

മി. ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): ഈ സംസ്ഥാനത്തെ സംബന്ധിടത്തോളം പുറമ്പോക്കുഭൂമികളുടെ സ്വഭാവത്തെക്കുറിക്കുന്ന വിധത്തിൽ അവയെ പൂർണ്ണമായ നിലയിൽ തരംതിരിക്കുന്നതു് കൂടുതൽ ഗുണകരമായിരിക്കുകയില്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി: മെമ്പർ ഒരു നിശ്ചിതപ്രവൃത്തിപദ്ധതിയെയാണ് നിർദ്ദേശിക്കുന്നതു്. ഈ സംഗതി അഭിപ്രായത്തെ ആശ്രയിച്ചിരിക്കുന്നതാണ്.

ഒററശേഖരമംഗലം—മുകുന്ദറോഡ്.

*൧൦൮. മി. എൻ. കെ. കൃഷ്ണപിള്ള (തെന്മലയററിൻകര): താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെൻറു ദയവുചെയ്തു പറയുമോ?

(എ) ഒററശേഖരമംഗലം മുകുന്ദറോഡ്വെട്ടുന്നതിനു അനുവാദം നൽകിയതു് എപ്പോഴാണ്.

(ബി) പ്രസ്തുതപണി ആരംഭിച്ചതു് എപ്പോഴാണ്?

(സി) ഈ പണിയിൽ ഇപ്പോൾ ഉണ്ടായിട്ടുള്ള അഭിവൃദ്ധി.

(ഡി) പണി ഇപ്പോൾ തുടർന്നു നടന്നുവരികയാണോ എന്നും, ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും പറയുമോ?

L C 1 ൨* അപ്പെൻഡിക്സ് ൧൯ നോക്കുക, പുറം.

(ഇ) പ്രസ്തുതറോഡിൽ ആവശ്യമുള്ള കലുങ്കുകളും പാലങ്ങളും നിർമ്മിക്കുന്നതിനെ സംബന്ധിച്ചു അടങ്കലുകൾ ഗവർണ്മെന്റിലേക്കു അയച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവ അയക്കപ്പെട്ടതെപ്പോൾ എന്നും പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): (ഇ) പ്രസ്തുത പാതനിർമ്മാണത്തിന് യാതൊരടങ്കലും അനുവദിച്ചിട്ടില്ല. എന്നാലും അതിനെ ക്ലാസ്സിഫിക്കേഷനുമുതൽ ചല്ലിയിടാത്തറോഡുകളുടെ കൂട്ടത്തിൽ ഗണിച്ചുവരുന്നു. തൽമൂലം അതിന്റെ സംരക്ഷണത്തിനുള്ള തുക മൈലൊന്നിന്നു ഒരു രൂപയാക്കി കൂട്ടിയിട്ടുണ്ട്. സംരക്ഷണത്തിനുവേണ്ടി അല്ലാതെ ഈ പാതയെ സംബന്ധിച്ച് കൂടുതലായ മറ്റു ചെലവായ പ്രവൃത്തിയും ഇപ്പോൾ നിർവഹിച്ചുവരുന്നില്ല

(സി) ഇല്ല. പ്രസ്തുതറോഡിൽ മൂന്ന് കലുങ്കുകൾ പണിയിക്കുന്നതിന് അടങ്കൽ അയയ്ക്കുന്നതിനു ചീഫ് ഇൻജിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്.

തെക്കിണതിരുവിതാംകൂറിലെ താലൂക്കുകളിൽ നിന്നുള്ള തുനികൾ.

ചോദ്യം. മി: എൻ. കെ. കൃഷ്ണപിള്ള നെയ്യാറ്റിൻകര: താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഗവർണ്മെന്റു സമയം മറുപടി നൽകുമോ?

(എ) നെയ്യാറ്റിൻകര, വിളവംകോട്, കൽക്കുളം, തോവാള, അഗസ്തീശ്വരം ഈ താലൂക്കുകളിൽനിന്നും ആണ്ടുതോറും, യഥാക്രമം, പിരിച്ചുവരുന്ന തുനികൾ എത്രയെന്നു പറയുമോ?

(ബി) ക്ലാസ്സ്-ഒന്നും, ക്ലാസ്സ്-രണ്ടും, ക്ലാസ്സ്-മൂന്നും, ക്ലാസ്സ്-നാലും മേൽപ്പറഞ്ഞ മൂന്നു താലൂക്കുകളിലും സംബന്ധിച്ച് ഇളവുചെയ്തുകൊടുത്ത നികുതിയുടെ തുക എത്ര എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു *പട്ടിക മേശമേൽ വച്ചിരിക്കുന്നു.

തീണ്ടൽകൂപ്പാലം.

ചോ. മി: എ. താണുപിള്ള (തിരുവനന്തപുരം): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഗവർണ്മെന്റ് മറുപടി പറയുമോ?

(എ) തീണ്ടൽകൂപ്പാലം പണിയുന്നതിനെസംബന്ധിച്ചു കണ്ട്രാക്ടറ് കൊടുത്തുകഴിഞ്ഞോ എന്നും, കൊടുത്തുകഴിഞ്ഞെങ്കിൽ, ആർക്കാണ് കണ്ട്രാക്ടറ് കൊടുത്തിട്ടുള്ളതെന്നും പറയുമോ;

(ബി) അതിനായി ടെൻഡറുകൾ അയക്കുന്നതിന് ആവശ്യപ്പെട്ടിരുന്നോ എന്നും, ഇല്ലെങ്കിൽ, അതിനുള്ള കാരണം എന്തെന്നും പറയുമോ;

(സി) അടങ്കലുകൾ തയ്യാറാക്കിട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നും പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): (എ) ഇരുമ്പുസാമാനങ്ങൾ ശേഖരിക്കുന്നതിനെയും അവ യോജിപ്പിച്ചു ഉറപ്പിച്ചു ചേർക്കുന്നതിനേയും സംബന്ധിച്ച കണ്ട്രാക്ടറ് മണ്ഡനിലും, കൽക്കട്ടയിലും ഉള്ള മെസ്സേർസ് ഡ്രെയിത്ത് വെയിറ്റ് കമ്പനി, ഇൻജിനിയേഴ്സ് ക്ലിപ്പക്കാർക്കാണ് നൽകപ്പെട്ടിട്ടുള്ളത്. എബട്ടുമെൻറുകൾ, ഡെക്കിംഗ്, അപ്രോച്ചുകൾ ഇവയ്ക്കു ഇതേവരെ യാതൊരു കണ്ട്രാക്ടറും നൽകപ്പെട്ടിട്ടില്ല.

(ബി) രണ്ടാമത്തെ പറഞ്ഞ ഇനം പണികൾക്ക് ടെൻഡറുകൾ ആവശ്യപ്പെടുകയുണ്ടായി, എന്നാൽ ആദ്യംപറഞ്ഞ പണികൾക്കു ടെൻഡറുകൾ ആവശ്യപ്പെട്ടില്ല

പ്രസ്തുതപണി നിർവഹിക്കുന്നതിൽ മെസ്സേർസ് ഡ്രെയിത്ത് വെയിറ്റ് കമ്പനിക്കു പ്രത്യേകവൈദഗ്ദ്ധ്യം ഉണ്ട്. അതിനാൽ മത്സരമായവിധത്തിൽ ടെൻഡറുകൾ ക്ഷണിക്കേണ്ട ആവശ്യമില്ലെന്നു കരുതിയിരിക്കുന്നു അവരുടെ നിരക്കുകൾ വളരെ ക്ലേശിച്ചു സൂക്ഷ്മമായി പരിശോധിച്ചുനോക്കുകയും, അവ ന്യായകരമായിട്ടുള്ളതാണെന്നു കാണുകയും ചെയ്തിരിക്കുന്നു.

(സി) ക്രമപ്രകാരമുള്ള അടങ്കൽ ഇപ്പോൾ തയ്യാറാക്കിവരികയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): (ബി) ഭാഗത്തിനു നൽകിയ മറുപടിയെസംബന്ധിച്ച്. മെസ്സേർസ് ഡ്രെയിത്ത് വെയിറ്റ് കമ്പനിയെക്കൂടാതെ മറ്റുവിദഗ്ദ്ധന്മാർ ഇല്ലയോ എന്നുമെംബർ ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): അവർ വിദഗ്ദ്ധന്മാരിൽ ചാന്നാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): വൈദഗ്ദ്ധ്യമുള്ള മറ്റു കമ്പനികൾ ഇല്ലയോ എന്നാണ് എന്റെ ചോദ്യം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഈ ലോകത്തിൽ മറ്റുള്ളവർ കാണേയ്ക്കാം

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ലോകത്തിലുള്ള കമ്പനികളെസംബന്ധിച്ചു മാത്രമാണു ഞാൻ ചോദിക്കുന്നത്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി: ഞങ്ങളുടെ പണി നടത്തുന്നതിനു പ്രസ്തുതകമ്പനി യോജിച്ചതാണെന്നു കാണുകയുണ്ടായി.

മി: എ. താണുപിള്ള (തിരുവനന്തപുരം): മെസ്സേർസ് ഡ്രെയിത്ത്വെയിറ്റ് കമ്പനിക്കു നൽകിയ കണ്ട്രാക്ടറിന്റെ തുക നിശ്ചയപ്പെടുത്തിയിട്ടുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): നിരക്കുകൾ നിർണ്ണയിച്ചിട്ടുണ്ട്, ഇതിൽനിന്നും തുക കണക്കുകൂട്ടാവുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതെത്രയ്ക്ക ഇതുവരെ നിർണ്ണയിച്ചിട്ടില്ലെന്നാണോ ഞാൻ ഇതിൽനിന്നും മനസ്സിലാക്കേണ്ടത്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി: ആ വിവരം ഇപ്പോൾ എന്റെപക്കൽ ഇല്ല. അത് കണക്കുകൂട്ടിനിർണ്ണയിക്കുന്നതിനു സാധിക്കുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതെത്രയ്ക്ക അറിയുന്നതിനാണു ഞാൻ ആവശ്യപ്പെട്ടത്

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഈ വിവരം പറയുന്നതിനു എനിക്കു മുന്നറിവ് തരേണ്ടതാണ്.

---

*ൻ അപ്പെണ്ടിക്സ് XII. പുറം.

മി: എ. താണുപിള്ള (നിയമവകുപ്പുമന്ത്രി): കണ്ട്രാക്ടറെ നൽകുന്നതിനെപ്പറ്റി അടുക്കുന്ന വിവരം ഒപ്പിട്ടിട്ടില്ലെന്നാണെന്നു (സി) ഭാഗത്തിലെ മറുപടിയിൽ നിന്നും മനസ്സിലാക്കേണ്ടതാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അടുക്കുന്ന മിനിട്ടുകൾ ഒപ്പിടുന്നതിനു മുമ്പ് നീണ്ടകര അഴിയിൽ ഉള്ള പാലം.

൨൧൫. മി: കുഞ്ഞുകുഞ്ഞിത്തൊമ്മൻ (കുമ്പഴ, പുഴയും റാന്നിപ്പുഴയും): താഴപ്പുറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെന്റ് സമയം നൽകിനൽകുമോ?

(എ) നീണ്ടകര അഴിക്കു കുറുകെ ഒരു പാലം കെട്ടുന്നതിനെസംബന്ധിച്ചു കണ്ട്രാക്ടറെ ഗവണ്മെന്റ് നൽകിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ, ഗസറ്റിൽ വേണ്ടപ്രകാരം ശരിയായി പ്രസിദ്ധപ്പെടുത്തിയതിനുശേഷവും ടെൻഡറുകൾ അനുസരിച്ചും ആണോ അതു നൽകപ്പെട്ടിട്ടുള്ളത്?

(സി) (ബി) ഭാഗം ചോദ്യത്തിനുള്ള മറുപടി അനുകൂലമാവത്തിലാണെങ്കിൽ, പ്രസ്തുത പണിയെസംബന്ധിച്ചു് ലഭിച്ചിട്ടുള്ള ടെൻഡറുകളുടെ എണ്ണവും, അവ അയച്ച ആളുകളുടെ പേരും, ടെൻഡറുകളിലെ നിരക്കുകളും കണ്ട്രാക്ടറെ സ്വീകരിച്ചവരുടെ പേരും, അവരുടെ നിരക്കും, കൂടാതെ, അവർ സ്വദേശികളോ വിദേശികളോ എന്നും പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മി. എ. താണുപിള്ളയുടെ ൨൧൫ നമ്പർ ചോദ്യത്തിനു നൽകിയ മറുപടിയിലേക്ക് അംഗത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

സർവ്വീസ്സുനടത്തുന്ന ബസ്സുകളുടെ ഗതിവേഗം.

൨൧൬. മി: ആർ. കേശവപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഗവണ്മെന്റ് ദയവായി മറുപടി നൽകുമോ?

(എ) ഈ സംസ്ഥാനത്തുള്ള സർവ്വീസ്സ് നടത്തുന്ന ബസ്സുകളുടെ ഗതിവേഗത്തിന്റെ നിരക്ക് കൂട്ടുന്നതായാൽ അതുമൂലം എന്തെല്ലാം വിഷമതകൾ സംഭവിക്കുമെന്നു പറയുമോ?

(ബി) വേഗം കൂട്ടുകയും കൂട്ടൽ നിർദ്ദാരം കുറയ്ക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന കുറവുകളുടെ എണ്ണം എത്ര?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി):

(എ) സർവ്വീസ്സുനടത്തുന്ന ബസ്സുകളുടെ വേഗത്തിന്റെ നിരക്ക് കൂട്ടണമെന്നുള്ള നിങ്ങളുടെ നിർദ്ദേശം ഇപ്പോൾ ഗവണ്മെന്റിന്റെ ചിന്തക്കു വിഷയീഭവിച്ചിരിക്കുകയാണ്.

(ബി) ഒരു നിശ്ചിതകാലത്തെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുകൊണ്ടു ചോദ്യത്തിൽ കൃത്യമായി പറഞ്ഞിട്ടില്ലാത്തതിനാൽ, ചോദ്യം ഖണ്ഡിതമായിട്ടുള്ളതല്ല.

അനുബന്ധം ക.

മുൻപറഞ്ഞിട്ടുള്ള ക്രമനമ്പർ ചോദ്യത്തിന്റെ മറുപടി.

വർത്തമാനപ്പത്രങ്ങളുടെ മേൽ ചുമത്തപ്പെട്ടിട്ടുള്ള ലൈസൻസ് ഫീസിന്റെ കാണിക്കുന്ന പട്ടിക.

ക്രമ നമ്പർ	വർത്തമാനപ്പത്രത്തിന്റെ പേര്	ചുമത്തപ്പെട്ടിട്ടുള്ള ലൈസൻസ് ഫീസിന്റെ തുക രൂപ	റിമാർക്സ്
൧	ഗാർഡ്സ്പ്രിങ്ഫിറ്റിംഗ്	൪	
൨	സമദർശി	൪ ൦ ൦	
൩	ദി ക്രിസ്ത്യൻ	൪	
൪	ക്രൈസ്തവമഹിളാശ്രേണി	൪	
൫	നവഭാരതി	൪	
൬	നസ്രാണിദീപിക	൪	
൭	ദൈവശാസ്ത്രകോശം	൨ ൪	
൮	മലയാളി	൧ ൪ ൦	
൯	അവ്വർ മാഗസിൻ	൪	
൧൦	ദി ഫാമിലി ഫ്രൻഡ്	൪	
൧൧	ദി ട്രഷറി ആഫ് നാളഡ്ജ്	൪	
൧൨	മിഷനറി ഇൻറലിജൻസ്	൪	
൧൩	വ്യവസായമിത്രം	൪	ലൈസൻസ് ഫീസ് തിരിയെകൊടുത്തതിനാൽ പ്രസിദ്ധീകരണം നിറുത്തലാക്കപ്പെട്ടു.
൧൪	ബാലമിത്രം	൪	
൧൫	ഡയോസിസൻ മാഗസിൻ	൪	
൧൬	ചർച്ച് മെൻസ് ഫ്രൻഡ്	൪	
൧൭	പ്രഭാതദൂതൻ	൪	ലൈസൻസ്ഫീസ് മടക്കിക്കൊടുക്കുകയുംപ്രസിദ്ധീകരണം നിറുത്തലാക്കപ്പെടുകയും ചെയ്തു.
൧൮	മാസ്മൂവ്മെൻറുകാർട്ടലി	൪	
൧൯	യൂണിയൻ കാളേജ് മാഗസിൻ	൪	
൨൦	ഗ്രഗോറിയൻ	൪	
൨൧	ഓറൾഡ് ഗോൾസ്നിൽഡ് ക്രോണിക്കൾ	൪	
൨൨	കോട്ടയം കാളേജ് മാസിക	൪	
൨൩	വെള്ളാളമിത്രം	൨ ൪	
൨൪	സ്വരാട്ട്	൨ ൪	
൨൫	ട്രിവാൻഡ്രം എക്സ്പ്രസ്	൨ ൪	
൨൬	ട്രിവാൻഡ്രം ഡെയിലിന്യൂസ്	൨ ൪	
൨൭	മലയാളം ഡെയിലിന്യൂസ്	൨ ൪	
൨൮	നവശക്തി	൨ ൪	
൨൯	ക്രിട്ടിക്ക്	൨ ൪	
൩൦	ദക്ഷിണഭാരതി	൧ ൪ ൦	
൩൧	ദിമെസൻജർ ഫാർദിഎംഗ്	൪	
൩൨	മലയാളമനോരമ	൨ ൪	
൩൩	ഭാഷാപോഷിണി	൪	
൩൪	സർവീസ്	൪	
൩൫	സത്യവാദി	൪	ലൈസൻസ് ഫീസ് മടക്കിക്കൊടുക്കുകയും പ്രസിദ്ധീകരണം നിറുത്തലാക്കുകയും ചെയ്തു.
൩൬	രചനാപ്രഭ	൪ ൦ ൦	
൩൭	അദ്ധ്യാത്മിയം	൨ ൪	
൩൮	പ്രബുദ്ധകേരളം	൪	
൩൯	അരശർക്കുച്ച ആർവാളൻ	൪	
൪൦	സുഭാഷിണി	൪ ൦ ൦	ലൈസൻസ്ഫീസ് മടക്കിക്കൊടുക്കുകയുംപ്രസിദ്ധീകരണം നിറുത്തലാക്കപ്പെടുകയും ചെയ്തു.
൪൧	സതീരത്നം	൪	
൪൨	വഞ്ചികേസരി	൨ ൪	ലൈസൻസ്ഫീസ് മടക്കിക്കൊടുക്കുകയും പ്രസിദ്ധീകരണം നിറുത്തലാക്കുകയുംചെയ്തു.

| ക്രമ നമ്പർ | വർത്തമാനപ്പത്രത്തിന്റെ പേര | ചുമത്തപ്പെട്ടിട്ടുള്ള ലൈസൻസ് ഫീസിന്റെ തുക രൂപ | | |

അനുബന്ധം ഗ (തുടർച്ച).

ക്രമ നമ്പർ	വർത്തമാനപ്പത്രത്തിന്റെ പേര്	പുതുതായി കിട്ടിയ ലൈസൻസുഫീസിന്റെ ഇനത്തുക	റിമാർക്ക്
൯൧	മലംകര കത്തോലിക്കാക്കുടുതൻ (കത്തോലിക്കാ മെസ്സഞ്ചർ)	൪	
൯൨	രാജ്യാഭിമാനി	൨ ൪	
൯൩	ഐ. ബ. ആർ. എ. നോട്ടുസ് (ജനത്തൊക്യവേദപോരായണം)	൪	
൯൪	മലംകര സഹമിത്രം	൪	
൯൫	കേരളധർമ്മം	൪	
൯൬	ഭൂസുരകേസരി	൪	
൯൭	ആത്മബോധിനി	൪	
൯൮	ആത്മോപകാരി	൪	
൯൯	ബീഞ്ഞാനിമാഗസിൻ	൪	
൧൦൦	വിമൻസുകാളേജ്മാഗസിൻ	൪	
൧൦൧	സഹോദരി	൪	
൧൦൨	അൽ ഇ. എമാൻ	൪	
൧൦൩	സാരസ്വതൻ	൪	ലൈസൻസ് ഫീസു തിരിയെ കൊടുക്കയും പ്രസിദ്ധീകരണം നിറുത്തലാക്കുകയും ചെയ്തു.
൧൦൪	പ്രീച്ചർസ്സ്	൨ ൪	
൧൦൫	ആരോഗ്യം	൪	
൧൦൬	സരസകഥാമഞ്ജരി	൪	
൧൦൭	സുജ്ഞാനം	൨ ൪	
൧൦൮	സാഹിത്യരസികൻ	൪	
൧൦൯	ട്രാവൻകൂർ ഖാടൈംസ്	൪	
൧൧൦	വനിതാരത്നം	൪	
൧൧൧	നാഗർകോവിൽ മുനിസിപ്പൽ ഗസററ	൪	
൧൧൨	വിദ്യാർത്ഥിമിത്രം	൪	
൧൧൩	കൃഷ്ണദാസൻ	൪	
൧൧൪	ഇൻഡ്യൻസണ്ഡെസ്കൂൾ ജർണൽ	൪	
൧൧൫	ആയുർകേരളം	൪	
൧൧൬	സുബോധിനി	൨ ൪	
൧൧൭	ജർണൽ ഓഫ് ട്രാവൻകൂർ ടീച്ചേഴ്സ് അസോസിയേഷൻ	൪	
൧൧൮	കഥാമഞ്ജരി	൪	
൧൧൯	മഹിളാമന്ദിരം	൪	
൧൨൦	കേരളീയാഭിമാനി	൨ ൪	
൧൨൧	സ്വരഭജനഹാരം	൪	
൧൨൨	മിതഭാഷി	൨ ൪	ലൈസൻസ് ഫീസു തിരിയെ കൊടുക്കയും പ്രസിദ്ധീകരണം നിറുത്തലാക്കുകയും ചെയ്തു
൧൨൩	സാരസ്വതൻ	൨ ൪	
൧൨൪	മുന്നിട്ടതിരവുകോൾ	൨ ൪	
൧൨൫	സ്വദേശാഭിമാനി	൨ ൪	
൧൨൬	നവകേരളം	൨ ൪	ലൈസൻസ് ഫീസു തിരിയെ കൊടുക്കയും പ്രസിദ്ധീകരണം നിറുത്തലാക്കുകയും ചെയ്തു
൧൨൭	കലാസൌധം	൪	
൧൨൮	ട്രാവൻകൂർ ട്രൈബ്യൂൺ	൨ ൪	
൧൨൯	മലബാർ ചാമ്പ്യൻ	൨ ൪	
൧൩൦	വനിതാകുസുമം	൪	
൧൩൧	ഷാംസുൽ ഇസ്ലാം	൪	
൧൩൨	മുസ്ലിം മിത്രം	൪	

അനുബന്ധം ക (തുടർച്ച).

ക്രമ നമ്പർ	വർത്തമാനപ്പത്രത്തിന്റെ പേര്	ചുമത്തപ്പെട്ടിട്ടുള്ള ലൈസൻസുഫീസിന്റെ തുകരൂപ	റിമാർക്ക്
൧൩൩	ബാലിക	൪	
൧൩൪	ട്രാവൻകൂർ മെയിൽ	൨ ൪	
൧൩൫	കുട്ടനാടൻ	൨ ൪	
൧൩൬	പ്രബുദ്ധസിംഹളൻ	൪	
൧൩൭	ട്രാവൻകൂർ പ്രോഗ്രസ്	൨ ൪	
൧൩൮	ദേശാഭിമാനി	൨ ൪	
൧൩൯	മിത്രദർശം	൪	
൧൪൦	മലയാളപത്രിക	൨ ൪	
൧൪൧	മലയാളക്കര	൪	
൧൪൨	കൺകാർഡ്	൪	
൧൪൩	വന്ദേമാതരം	൨ ൪	ലൈസൻസ് ഫീസ് തിരിയെ കൊടുക്കുകയും പ്രസിദ്ധീകരണം നിർത്തലാക്കുകയും ചെയ്തു.
൧൪൪	ഭിക്ഷുഗുരുപുരം	൪	
൧൪൫	ചങ്ങനാശേരി	൪	
൧൪൬	നിയമമാസിക	൪	
൧൪൭	വിശ്വമഹാമയം	൪	
൧൪൮	ഭാരതതാരക	൨ ൪	
൧൪൯	യുവജനമിത്രം	൪	
൧൫൦	ദ്രാവിഡൻക്ഷേപം	൪	
൧൫൧	ഹിന്ദുമതബോധിനി	൪	
൧൫൨	ജന്മികുടിയാൻ	൨ ൪	
൧൫൩	സുവിശേഷ പ്രഭാഷകൻ	൪	
൧൫൪	കവനപോഷിണി	൪	
൧൫൫	വിവേകോദയം	൪	
൧൫൬	കേരളനന്ദിനി	൪	
൧൫൭	സരസ്വതി	൪	
൧൫൮	അരയർ	൪	
൧൫൯	മലയാളം മെസ്സഞ്ജർ ആഫ് ദി സേക്രഡ് ഹാർട്ട്	൪	
൧൬൦	എക്സൽസിയർ	൪	
൧൬൧	മെമ്പർ	൪	
൧൬൨	ആയുർവേദം	൪	
൧൬൩	ആര്യഭാരതി	൨ ൪	
൧൬൪	കേരളീയകത്തോലിക്കാ വിദ്യാർത്ഥി	൪	
൧൬൫	സഭാകാഹളം	൪	
൧൬൬	ഇൻഡ്യൻ ഗോൾഡ്സ്മിത്ത് ആൻഡ് ജ്വലേഴ്സ്	൪	
൧൬൭	വഞ്ചികേസരി	൨ ൪	
൧൬൮	ഭാരതചന്ദ്രിക	൨ ൪	
൧൬൯	ഹിറാൾഡ്	൨ ൪	
൧൭൦	ഇൻഡസ്ട്രിയൽമിറർ	൪	
൧൭൧	മലയാളവിനോദിനി	൪	
൧൭൨	ലിററിൽഫ്ളവർ ആഫ് ദി ചയിൽഡ് ജീസസ്	൨ ൪	
൧൭൩	ആയുർ	൪	
൧൭൪	ഇൻഡ്യൻനാക്കണൽ മൈബബിറ്റ് റീഡിംഗ് അസോസിയേഷൻ നോട്സ് (തമിഴ്)	൪	
൧൭൫	വൈദ്യരത്നം	൪	
൧൭൬	ജയശക്തി	൪	
൧൭൭	വിശ്വദീപം	൨ ൪	

അനുബന്ധം ക (തുടർച്ച).

ക്രമ നമ്പർ	വർത്തമാനപ്പത്രത്തിന്റെ പേരു	ചുരുക്കത്തിട്ടുള്ള ലൈസൻസുഫീസിന്റെ ഇനത്തുക	റിമാർക്ക്
൧൭൭	ധർമ്മം	൨ ൦	
൧൭൮	കുടിയാൻ	൦	
൧൭൯	മോട്ടാർ	൦	
൧൭൮	മകരളസന്ദേശം	൨ ൦	
൧൭൮	സർവ്വീസ	൨ ൦	
൧൭൩	വേദപ്രചാരമദ്ധ്യസ്ഥൻ	൦	
൧൭൪	നീതിമാൻ	൨ ൦	
൧൭൫	സാഹിത്യസദ്ധം	൦	
൧൭൬	ഔഷധമിത്രം	൦	
൧൭൭	ലിങ്ക്	൨ ൦	
൧൭൭	ശ്രീമതി	൨ ൦	
൧൭൮	മലയാളരാജ്യം	൨ ൦	
൧൮൦	ന്യായവാദി	൨ ൦	
൧൮൧	നവജീവൻ	൦	
൧൮൨	ഹിന്ദു	൦	
൧൮൩	വിജയഭാരതി	൨ ൦	
൧൮൪	കേരളകേസരി	൨ ൦	
൧൮൫	സാധുജനബോധിനി	൨ ൦	
൧൮൬	ചിത്രതാരകാ	൨ ൦	
൧൮൭	തമിഴംഓർഗൻ ആഫ് ഒൺ ബൈഒൺ ബോൻഡ്	൦	
൧൮൮	സാഹിത്യദീപിക	൦	
൧൮൯	ധർമ്മചക്ര	൦	

അനുബന്ധം ഖ.

മുൻപു കൊടുത്തതിട്ടുള്ള ൧൯൮-ാം നമ്പർ ചോദ്യത്തിന്റെ മറുപടി.

ഗവർണ്ണമെന്റു വരി സംഖ്യ കൊടുത്തു വരുത്തിവരുന്ന വിദേശവർത്തമാനപ്പത്രങ്ങളുടെ സംബന്ധിച്ച പട്ടിക.

ക്രമ നമ്പർ	വർത്തമാനപ്പത്രത്തിന്റെ പേര്	പ്രതികളുടെ എണ്ണം	ഒരു പ്രതിക്കുള്ള വരി സംഖ്യയുടെ നിരക്ക്		
			പൌണ്ട്	ഷില്ലിംഗ്	പെൻസ്
൧	എക്സ്ചേറിക്ക് റവ്യൂ	൪	൧	൦	൦
൨	എഡ്യൂക്കേഷനൽ സപ്ളിമെന്റ് ടു ദി ലണ്ടൺടൈംസ്	൨	൦	൧ ൭	൪
൩	ലിറ്റററിസപ്ളിമെന്റ്	൨	൦	൧ ൭	൪
൪	ലണ്ടൻ ടൈംസ് മഡയിലി	൧	൪	൪	൦
൫	ജർണൽ ആഫ് ദി സൊസൈററി ആഫ് കമ്പാരറീവ് ലജിസ്ലേഷൻ	൧	൧	൧	൦
൬	ലണ്ടൻ ഏക്കണാമിക്ക് ജർണൽ	൧	൧	൪	൦
൭	റിപ്പോർട്ടേഴ്സ് ജർണൽ	൧	൦	൭	൬
൮	റിപ്പോർട്ടേഴ്സ് മാഗസിൻ	൧	൦	൬	൬
			രൂപാ	അണ	പൈസാ
൯	റൌണ്ഡ് ടേബിൾ	൧	൧ ൪	൦	൦
൧൦	ഡെയിലി എക്സ്പ്രസ്സ്, മദ്രാസ്	൩	൨ ൨	൦	൦
൧൧	ഹിന്ദു മദ്രാസ്	൪	൨ ൮	൮	൦
൧൨	ഹിന്ദുസ്ഥാൻടൈംസ്, ഡൽഹി	൧	൨ ൨	൮	൦
൧൩	ജസ്റ്റീസ്, മദ്രാസ്	൧	൪ ൦	൮	൦

അനുബന്ധം ൨ (തുടർച്ച).

ക്രമ നമ്പർ	വർത്തമാനപ്പത്രത്തിന്റെ പേര്	പ്രതികളുടെ എണ്ണം	ഒരു പ്രതിക്കുള്ള വരി സംഖ്യയുടെ നിരക്ക്		
			രൂപാ	അണ	പൈസാ
൧൪	മദ്രാസ് മെയിൽ	൩	൪൪	൦	൦
൧൫	പയോനിയർ, അലഹബാദ്	൧	൪൭	൦	൦
൧൬	സ്റ്റേറ്റസ്മാനുവൽ കൽക്കട്ട	൧	൩൨	൦	൦
൧൭	ടൈംസ് ആഫ് ഇൻഡ്യാ, ബാംബെ	൨	൩൦	൦	൦
൧൮	ഇലക്ട്രിസിറ്റി ആഫ് ഇൻഡ്യാ	൨	൧൨	൦	൦
൧൯	ഫെഡറേറ്റഡ് ഇൻഡ്യ	൧	൫	൦	൦
൨൦	ഗസററ ആഫ് ഇൻഡ്യാ	൧	൫൦	൦	൦
൨൧	ഫോർട്ട് സെൻറ് ജോർജ് ഗസററ്	൨	൩൨	൦	൦
൨൨	കൊച്ചിൻ ആർഗസ്സ്	൨	൧൨	൧൩	൦
൨൩	ഹ്യൂഡററി ആൻഡ് സെമിൻഡാറി ഇൻഡ്യാ, മദ്രാസ്	൧	൨൦	൦	൦
൨൪	ഇൻഡ്യൻറെവ്യൂ	൧	൫	൦	൦
൨൫	ഇൻഡ്യൻട്രെയിഡ് ജർണൽ, കൽക്കട്ട	൧	൧൩	൦	൦
൨൬	മലബാർ ഹിറാൾഡ് കൊച്ചിൻ	൧	൪	൧൩	൦
൨൭	മദ്രാസ് വീക്ക്ലിനോട്ട്സ്, മദ്രാസ്	൧	൧൦	൨	൦
൨൮	മൈസൂർ ഡ്രമ്പെക്ക ആൻഡ് പബ്ലിസിററി ജർണൽ, മൈസൂർ	൧	൩	൦	൦
൨൯	പ്രിൻസിലി ഇൻഡ്യാ ഡൽഹി	൧	൭	൦	൦
൩൦	ടയിംസ് ആഫ് ഇൻഡ്യാ ഇലസ്ട്രേറഡ് വീക്ക്ലി ബാംബെ	൧	൨൨	൦	൦
൩൧	യുണൈറഡ് ഇൻഡ്യാ ആൻഡ് ഇൻഡ്യൻ സ്റ്റേറ്റസ്	൨	൨൨	൦	൦
൩൨	ക്യാപ്പിററൽ കൽക്കട്ടാ	൨	൪൪	൦	൦

അനുബന്ധം ൩.

മുൻപു കൊടുത്തിട്ടുള്ള ൧൭൦-ാം നമ്പർ ചോദ്യത്തിന്റെ മറുപടി.

ജാതിക്രമം അനുസരിച്ച് അഞ്ചൽ മാസ്റ്റർമാരുടേയും അഞ്ചൽ ഇൻസ്പെക്ടർമാരുടേയും പട്ടിക.

		ജാതി	നമ്പർ	
			മാസ്റ്റർമാർ	ഇൻസ്പെക്ടർമാർ
൧		ഹിന്ദുക്കൾ:—		
	൧	ബ്രാഹ്മണർ (മലയാളം)	൨	,,
	൨	ടി (മററുള്ളവർ)	൩൩	൭
	൩	ഈഴവർ	൯	,,
	൪	കമ്മാളർ	൧	,,
	൫	ക്ഷത്രിയർ (മലയാളം)	,	,,
	൬	നാടാർ	,,	,,
	൭	നായർ	൪൧	൧
	൮	പുലയർ	,,	,,
	൯	വെള്ളാളർ	൩൩	,,
	൧൦	മററഅധഃകൃതവർഗ്ഗങ്ങൾ	,,	,,
	൧൧	മററഹിന്ദുക്കൾ	൭	,,
൨		മഹമ്മദീയർ:—	൨	,,
൩		ക്രിസ്ത്യാനികൾ:—		
	൧	പ്രോട്ടസ്റ്റൻറസ്	൩	,,
	൨	റോമൻകത്തോലിക്കർ:—		
		(എ) ലാററിൻ റയിററ്	൨	,,
		(ബി) സിറിയൻ റയിററ്	൧	,,
		സിറിയൻസ്:—		
		യാക്കോബാക്കാർ	൧൭	,,
		മാർതോമ്മാ	൧൯	൧

അനുബന്ധം ൪ എ-

മുൻ പുകൊടുത്തിട്ടുള്ള ൧൭൧൦-ാം നംബർ ചോദ്യത്തിന്റെ മറുപടി-

൧൯൯ മുതൽ ൧൯൨൦വരെ കൃഷിമത്സ്യവ്യവസായഡിപ്പാർട്ടുമെന്റിൽ നടത്തി
യിട്ടുള്ള നിയമനങ്ങളുടെ വർഗ്ഗം തിരിച്ചുള്ള പട്ടിക.

| | ക്രിസ്ത്യാനികൾ | | |

അനുബന്ധം ൪.

മുൻപുകൊടുത്തിട്ടുള്ള ൧൭൮-ാം നമ്പർ ചോദ്യത്തിന്റെ മറുപടി.

നെയ്യാറ്റിൻകരയിൽനിന്നും ശേഖരിച്ചു വിററിട്ടുള്ള തേക്കുതടികളുടെ പട്ടിക.

നെയ്യാറ്റിൻകരയിൽ ൧൯൮൮-ലും ൧൯൮൯-ലും ശേഖരിച്ചിട്ടുള്ളതായ കടകളുടെ അളവുകളുള്ള പരിമാണവും എണ്ണവും				൧൯൮൮ ചിങ്ങം മുതൽ ൧൯൮൯ വരെ വിററിട്ടുള്ള തടി കഷണങ്ങൾ എണ്ണവും പരിമാണവും			ഈടായിട്ടുള്ള വില	ചിലവുനീക്കി കിട്ടിക്കഴിഞ്ഞ് അടിക്ക് ഒന്നിന് ശരാശരി ഈടായിട്ടുള്ള വില			റിമാർക്ക്
നമ്പർ	കുറ്റി	നീളം	കുറ്റിയുടെ		ചക്രം	കാശ്	രൂപാ	അണ	പൈ		
൧൭൦	൧൯൮൮-ൽ ൧൦൦	വൃന്ദ	കൃഷ്ണപുരം	൧൯൮൯-ൽ	൨൪	൧൩	,,	൧൩	൪		പല സർവ്വെനമ്പരുകളേയും സംബന്ധിച്ച് തഹശീൽദാരുടെ പക്കൽനിന്നും രജിസ്റ്റർ സർട്ടിഫിക്കററുകൾ ലഭിക്കാത്തതുമൂലം പാലക്കാട്ടുതിട്ടുള്ള ഭൂമികളിൽ നന്നായി പ്രത്യക്ഷമായി രേഖപ്പെടുത്തിട്ടുള്ള തടിക്കുള്ള സൂക്ഷ്മമായ കണക്ക് ഇപ്പോൾ കൃത്യമായി നിർണ്ണയിക്കുന്നതിന് നിവൃത്തിയില്ല.

അനുബന്ധം ൩.

മുൻപുകൊടുത്തിട്ടുള്ള ൧൭൪-ാം നമ്പർ ചോദ്യത്തിന്റെ മറുപടി.

പുതിയറോഡുകൾ വെട്ടുന്നതിനായി വിനിയോഗിച്ചിട്ടുള്ള തുകകൾ കാണിക്കുന്ന പട്ടിക.

(എ) ൧൯൮൮-ൽ പുതിയറോഡുകൾ വെട്ടുന്നതിന് ചിലവായ തുക — ൨,൩൪,൦൪൮ രൂപ
൧൯൮൯-ൽ — ടി — ൨,൩൩,൩൪൨ രൂപ
൧൯൯൦-ൽ — ടി — ൩,൨൨,൪൩൩ രൂപ
൧൯൯൧-ൽ — ടി — ൩,൪൨,൦൩൪ രൂപ

(ബി) മേലിൽ പുതിയ റോഡുകൾ വെട്ടുന്നതിന് ചിലവായപണത്തിന്റെ അനുവാദം

	൧൯൮൮	൧൯൮൯	൧൯൯൦	൧൯൯൧-ലെ ഗ്രാന്റ്
	൨൦.൨%	൧൫.൩%	൪.൨%	൪.൪%
ടി പീരുമേട്	൧൩.൧%	൧൧.൬%	൭.൭%	൩.൨%
ടി ഹൈറേഞ്ചിലെ മററുഭാഗങ്ങളിലേക്ക്				
ടി	൨.൭%	൦.൬%	൨൪.൨%	൩൩.൦%

അനുബന്ധം ൭.

മുൻപുകൊടുത്തിട്ടുള്ള ൧൭൫-ാം നമ്പർ ചോദ്യത്തിന്റെ മറുപടി.

൧൯൮൮, ൧൯൮൯, ൧൯൯൦, ഈ കൊല്ലങ്ങളിൽ കൊട്ടാരക്കരയും ചവറയും സ്റ്റേഷൻ മജിസ്ട്രേട്ടുകോടതികളിൽ ഫയലാക്കിട്ടുള്ള കേസ്സുകളുടെ സംഖ്യയും, കൊട്ടാരക്കര മജിസ്ട്രേട്ടുകോടതിയിലും ചവറ മജിസ്ട്രേട്ടുകോടതിയിലും കുന്നത്തൂർ താലൂക്കിൽപ്പെട്ട പകുതികളിലുംനിന്നു ഫയലായിട്ടുള്ള കേസ്സുകളുടേയും എണ്ണങ്ങളെ കാണിക്കുന്ന പട്ടിക.

കോടതിയുടെ പേരു്	൧൯൮൮	൧൯൮൯	൧൯൯൦	൧൯൮൮	൧൯൮൯	൧൯൯൦
	ഈ ആണ്ടുകളിൽ ആകെ പതിഞ്ഞിട്ടുള്ള കേസ്സുകളുടെ കണക്ക്			ഈ ആണ്ടുകളിൽ കുന്നത്തൂർതാലൂക്കിൽ ഉൾപ്പെട്ട പകുതികളിൽനിന്നും ഫയലാക്കിട്ടുള്ള കേസ്സുകളുടെ കണക്ക്		
കൊട്ടാരക്കര സ്റ്റേഷൻ മജിസ്ട്രേട്ട് കോടതി	വൃന്ദ.൩	൧൫൩	൧൨൫	൨൧൧	൩൪൩	൨൩൩
ടി ചവറ	൫൯൩	൫൫൨	൫൩൯	൩൭	൧൫	൫൨

അനുബന്ധം വ.

മുൻപുകൊടുത്തിട്ടുള്ള ക്രമ ൧-ാംനമ്പർ ചോദ്യത്തിന്റെ മറുപടി.

ആയിരത്തി ഒരുന്നൂററിമൂന്ന് ചിങ്ങം ഒന്നാംതീയതിമുതൽ ആയിരത്തിഒരുന്നൂററിനാലു മീനം ഇരുപത്തെട്ടാം തീയതിവരെ വർത്തമാനപത്രങ്ങൾക്കു ലൈസൻസുകൾ ലഭിക്കുന്നതിന് ബോധിപ്പിച്ചിട്ടുള്ള അപേക്ഷകളെസംബന്ധിച്ച പട്ടിക.

ക്രമ നമ്പർ	അപേക്ഷകന്റെ പേര്	തീയതി		തീരുമാനിക്കപ്പെടാതിരുന്നകാലം	തീരുമാനിച്ച തീയതി	അപേക്ഷകൾ ഏതെങ്കിലും തള്ളിയിട്ടുള്ളപക്ഷം അതിനുള്ള കാരണങ്ങൾ	ലൈസൻസ് ഫീസിന്റെ തുക രൂപാ	റിമാർക്ക്
		അപേക്ഷ	കിട്ടിയ തിയതി					
൧	എൻ. കുഞ്ഞുരാമൻ വൈദ്യൻ	൧-൧-൧൧൦൩	൨-൧-൧൧൦൩	൨ മാസം ൨൦ ദിവസം	൨൨-൩-൧൧൦൩	...	൫	
൨	എം. കെ. ശങ്കർ	൩-൧-൧൧൦൩	൧൪-൧-൧൧൦൩	,,	,,	...	൨൫	ഇതേവരെലൈസൻ
൩	എസ്. കേശവപ്പണിക്കർ	൧൧-൧-൧൧൦൩	൧൯-൧-൧൧൦൩	൨ മാസം ൧൯ ദിവസം	൨൨-൩-൧൧൦൩	...	൨൫	സ്വീസുഅടച്ചിട്ടില്ല
൪	കെ. നാരായണൻ	൧-൧-൧൧൦൩	൧൨-൧-൧൧൦൩	൨ ദിവസം	൨-൨-൧൧൦൩	...	൫	
൫	ജി. കുഞ്ഞപ്പിള്ള	൨൧-൧-൧൧൦൩	൨൧-൧-൧൧൦൩	൫ മാസം ൨൦ ദിവസം	൧൪-൧-൧൧൦൩	...	൨൫	
൬	റവി. വി കുമ്പസ്വാമിമുതലിയാർ	൨൪-൧-൧൧൦൩	൨൭-൧-൧൧൦൩	൧ മാസം ൫ ദിവസം	൨-൩-൧൧൦൩	...	൫	
൭	എസ്സ്. തിരുവിയംപിള്ള	൩൧-൧-൧൧൦൩	൩൧-൧-൧൧൦൩	൨ മാസം ൧൦ ദിവസം	൧൦-൪-൧൧൦൩	...	൨൫	
൮	ആർ. പി. കുളന്തസ്വാമി	൨൪-൧-൧൧൦൩	൩-൨-൧൧൦൩	൧ മാസം ൧൫ ദിവസം	൨൧-൧-൧൧൦൩	...	൫	
൯	ടി	ടി	ടി	ടി	ടി	...	൫	
൧൦	എ. ശങ്കരൻ അരയർ	൪-൨-൧൧൦൩	൧൦-൨-൧൧൦൩	,,	,,	...	൨൫	ഇതേവരെലൈസൻ സ്വീസുഅടച്ചിട്ടില്ല
൧൧	ഫാൽക് ഇ എൻ. ഡോമസ്സ്	൨൦-൨-൧൧൦൩	൨൩-൨-൧൧൦൩	൩ മാസം ൨൦ ദിവസം	൧൩-൩-൧൧൦൩	...	൨൫	
൧൨	സി. പരമേശ്വരമേനോൻ ബി. എ. എൽ. എൽ. ബി.	൨൧-൨-൧൧൦൩	൨൪-൨-൧൧൦൩	൪ മാസം ൪ ദിവസം	൨൪-൩-൧൧൦൩	...	൨൫	
൧൩	മിസ്സ്. സാറാപോത്തൻ	൨൫-൨-൧൧൦൩	൨൭-൨-൧൧൦൩	൧ മാസം ൧൩ ദിവസം	൧൦-൪-൧൧൦൩	...	൫	
൧൪	എൻ. കെ. നമ്പൂതിരി	൧-൩-൧൧൦൩	൭-൩-൧൧൦൩	,,	,,	...	൫	ഇതേവരെലൈസൻ സ്വീസുഅടച്ചിട്ടില്ല
൧൫	കൃഷ്ണപടഞ്ഞാത്തിൽ നാരായണരു പടഞ്ഞാത്തിൽ	൧൪-൩-൧൧൦൩	൧൪-൩-൧൧൦൩	,,	,,	...	൨൫	ടി
൧൬	സി. പരമേശ്വരൻപിള്ള	൧൭-൩-൧൧൦൩	൧൭-൩-൧൧൦൩	,,	,,	...	൫൦൦	ടി
൧൭	എം. എൻ നീലകണ്ഠൻ നമ്പൂതിരി	൧൭-൩-൧൧൦൩	൧൭-൩-൧൧൦൩	൩ മാസം ൧൦ ദിവസം	൨൭-൩-൧൧൦൩	...	൨൫	
൧൮	സി. ജ്ഞാനപ്രകാശംപിള്ള ബി.എ. ബി. എൽ.	൧-൪-൧൧൦൩	൨-൪-൧൧൦൩	൧ മാസം ൧൨ ദിവസം	൧൪-൪-൧൧൦൩	...	൨൫	

അനുബന്ധം വ—(തുടർച്ച).

ക്രമ നമ്പർ	അപേക്ഷകന്റെ പേര്	തീയതി		തീരുമാനിക്കപ്പെടാതിരുന്നകാലം	തീരുമാനിച്ച തീയതി	അപേക്ഷകൾ നിരസിക്കുകയോ തള്ളിയിട്ടുള്ളതുമായ അപേക്ഷകൾ അതിനുള്ള കാരണങ്ങൾ	ലൈസൻസ് ഫീസിന്റെ തുക രൂപ	റിമാർക്ക്
		അപേക്ഷ	കിട്ടിയ തീയതി					
൧൯	പി. ആർ. അച്ചുതൻ	൧൯൩൯-൪-൧൦	൧൯൩൯-൪-൧൦	൧൦ മാസം ൧൨ ദിവസം	൧൯൩൯-൧൦-൪	...	൨൫	
൨൦	സി. കേശവക്കുറുപ്പ്	൧൯൩൯-൪-൧൦	൧൯൩൯-൪-൧൦	...	...	...	൫	ലൈസൻസിഫീസ് ഇതുവരെ അടച്ചിട്ടില്ല
൨൧	എസ്സ്. കുപ്പുസ്വാമിച്ചെട്ടിയാർ	൧൯൩൯-൪-൧൦	൧൯൩൯-൪-൧൦	൨ മാസം	൧൯൩൯-൧൦-൪	...	൫	
൨൨	ജി. എച്ച്. മാർസ്ഡൺ എം. എ.	൧൯-൪-൧൯൩൯	൧൯൩൯-൪-൧൦	൨ മാസം ൨൯ ദിവസം	൧൯-൭-൧൯൩൯	...	൫	
൨൩	മുഹമ്മദ് ഐ. ജേയ്ക്കബ്	൨൫-൫-൧൯൩൯	൧-൭-൧൯൩൯	൨ മാസം ൨൫ ദിവസം	൨൨-൫-൧൯൩൯	...	൫	
൨൪	സി. ജെ. മാത്തൻ	൧൫-൭-൧൯൩൯	൧൫-൭-൧൯൩൯	...	...	...	...	൧൯൩൯-൭-൧ വരെ അപേക്ഷക്ക് അയച്ചു എഴുത്തിന് അയാൾ മറുപടി ബോധിപ്പിച്ചിട്ടില്ല
൨൫	പി. ഗോവിന്ദപ്പിള്ള	൧൯-൭-൧൯൩൯	൧൯൩൯-൭-൧൦	...	...	...	൨൫	ലൈസൻസ്ഫീസ് ഇതുവരെ അടച്ചിട്ടില്ല
൨൬	ആർ. നാരായണപ്പിള്ള	൧൯-൭-൧൯൩൯	൧൯൩൯-൭-൧൦	...	...	...	൨൫	ഡി
൨൭	ജി. കേശവഭട്ടർ	൨൨-൭-൧൯൩൯	൨൪-൭-൧൯൩൯	...	...	...	൨൫	ഡി
൨൮	എൻ. രാമൻ ഉണ്ണിശാസ്ത്രി	൨൫-൭-൧൯൩൯	൨൫-൭-൧൯൩൯	...	...	...	...	൧൯൩൯-൭-൧൭ ൽ അയച്ചു എഴുത്തിന്നു അപേക്ഷകൻ മറുപടി ബോധിപ്പിച്ചിട്ടില്ല
൨൯	ആർ. മാധവൻപിള്ള	൨൭-൭-൧൯൩൯	൨൮-൭-൧൯൩൯	...	...	...	൨൫	ഇതുവരെ ലൈസൻസ് ഫീസ് അടച്ചിട്ടി
൩൦	എം. എൻ. ചന്ദ്രശേഖരൻനായർ	൨൯-൭-൧൯൩൯	൧-൭-൧൯൩൯	...	...	...	൨൫	ഡി
൩൧	എൻ. കെ. നമ്പൂതിരി	൩-൭-൧൯൩൯	൩-൭-൧൯൩൯	...	...	...	൨൫	
൩൨	കെ. ആർ. കൃഷ്ണസ്വാമി	൨൯-൭-൧൯൩൯	൩൦-൭-൧൯൩൯	...	...	...	൨൫	ഡി
൩൩	ഫാദർ മാത്യു ആലാക്കുളം	൧-൮-൧൯൩൯	൪-൮-൧൯൩൯	൩ മാസം ൩ ദിവസം	൭-൧൧-൧൯൩൯	...	൫	
൩൪	എൻ. കൃഷ്ണപിള്ള	൧൦-൮-൧൯൩൯	൧൪-൮-൧൯൩൯	൨ മാസം ൧൭ ദിവസം	൧-൧൧-൧൯൩൯	...	൨൫	
൩൫	എം. കെ. ശങ്കരപിള്ള	൧൨-൮-൧൯൩൯	൧൫-൮-൧൯൩൯	൩ മാസം	൧൩-൨-൧൯൩൯	...	൫	

നമ്പർ	അപേക്ഷകന്റെ പേര്	തീയതി		തീരുമാനിക്കപ്പെടാതിരുന്ന കാലം	തീരുമാനിച്ച തീയതി	അപേക്ഷകൾ ഏതെങ്കിലുമുള്ളിയിൽ ഈ അപേക്ഷം [illegible]	ലൈസൻസ് ഫീസിന്റെ ഇക്ക രൂപാ	റിമാർക്ക്
		അപേക്ഷ	കിട്ടിയതീയതി					
[illegible]	വി. കെ. മുഹമ്മദ്	[illegible]	[illegible]		,,	...	[illegible]	ഇതുവരെ ലൈസൻസ് ഫീസ് അടച്ചിട്ടില്ല.
[illegible]	മത്തായി പത്രോസ്	[illegible]	[illegible]	[illegible] മാസം [illegible]	[illegible]	...	[illegible]	
[illegible]	കെ. രാഘവൻപിള്ള	[illegible]	[illegible]	[illegible] മാസം [illegible]	[illegible]	...	[illegible]	
[illegible]	കെ. രാഘവൻപിള്ള	[illegible]	[illegible]	[illegible] മാസം	[illegible]	...	,,	...
[illegible]	എം. എം. പൌലൂസ്	[illegible]	[illegible]	,,	,,		[illegible]	ഇതുവരെ ലൈസൻസ് ഫീസ് അടച്ചിട്ടില്ല.
[illegible]	തോമസ്പുല്ലി [illegible]	[illegible]	[illegible]	[illegible]	[illegible]	...	[illegible]	...
[illegible]	കെ. [illegible]	[illegible]	[illegible]	,,	,,		,,	[illegible] അപേക്ഷകൻ അയച്ച എഴുത്തിൽ അയാൾ [illegible] ബോധിപ്പിച്ചിട്ടില്ല.
[illegible]	ഇ. ജെ. സി. [illegible]	[illegible]	[illegible]	,,	,,	...	[illegible]	ഇതുവരെ ലൈസൻസ് ഫീസ് അടച്ചിട്ടില്ല.
[illegible]	പി. കെ. [illegible]	[illegible]	[illegible]	[illegible]	[illegible]	...	[illegible]	
[illegible]	ശ്രീനാരായണ [illegible]	[illegible]	[illegible]	[illegible] മാസവും [illegible]	[illegible]	...	[illegible]	[illegible]
[illegible]	സി. [illegible] പിള്ള	[illegible]	[illegible]	,,	,,	...	[illegible]	[illegible]
[illegible]	പി. കെ. [illegible]	[illegible]	[illegible]	,,	,,	...	[illegible]	
[illegible]	എ. [illegible]	[illegible]	[illegible]	,,	,,	...	[illegible]	[illegible]
[illegible]	എം. [illegible] പിള്ള	[illegible]	[illegible]	[illegible] മാസവും [illegible]	[illegible]	...	[illegible]	

നമ്പർ	അപേക്ഷകന്റെ പേര്	തീയതി		തീരുമാനിക്കപ്പെടാതിരുന്ന കാലം	തീരുമാനിച്ച തീയതി	അപേക്ഷകന്റെ എന്തെങ്കിലും തെറ്റുള്ള പക്ഷം അതിനുള്ള കാരണങ്ങൾ	ലൈസൻസ് ഫീസിന്റെ തുക രൂപാ	വിവരം
		അപേക്ഷ	കിട്ടിയതീയതി					
൧൦	എം. ആർ. എസ്. ടി. ജയ്ക്കബ്	൨൯-൧൧-൧൯൦൯	൨൯-൧൧-൧൯൦൯	൧മാസവും ൧൨ ദിവസവും	൧൭-൧-൧൯൧൮	...	൨൫	
൧൧	അമ്പലപ്പുഴ മഹാദേവശർമ്മാ	൯-൧൨-൧൯൦൯	൯-൧൨-൧൯൦൯			...	൨൫	ലൈസൻസ് ഫീ അടച്ചിട്ടില്ല.
൧൨	കുട്ടൻപിള്ള	൧൨-൧൨-൧൯൦൯	൧൨-൧൨-൧൯൧൨	,,	,,	...	൨൫	ടി
൧൩	പി. സി. ചാക്കോ	൧൨-൧൨-൧൯൦൯	൧൫-൧൨-൧൦൦൯		൨-൧-൧൯൧൮	...	൨൫	
൧൪	പി. ടി. കുട്ടിമാളുഅമ്മ	൩-൧-൧൯൧൮	൪-൧-൧൯൧൮	,,	,,	...	൨൫	ലൈസൻസ് ഫീ. അടച്ചിട്ടില്ല
൧൫	കെ. രാഘവൻപിള്ള	൯-൧-൧൯൧൮	൯-൧-൧൯൧൮	൧൪ ദിവസം	൨൧-൧-൧൯൧൮	...	൨൫	
൧൬	കെ. വേലായുധപ്പണിക്കർ	൭-൧-൧൯൧൮	൧൦-൧-൧൯൧൮	൩മാസവും ൧൦ ദിവസവും	,,	...	,,	ലൈസൻസ് ഫീ അടക്കിക്കൊടുത്തു,
൧൭	കെ. രാമൻപിള്ള ബി. എ	൨൪-൧-൧൯൧൮	൨൯-൧-൧൯൧൮	൨ മാസം	൨൯-൩-൧൯൧൮	...	൨൫	
൧൮	ജി. എച്ച്. മാർസ്ഡൻ എം. എ.	൭-൨-൧൯൧൮	൧൦-൨-൧൯൧൮	൧ മാസം ൧൭ ദിവസം	ടി		൫	
൧൯	സി. കെ. ജോസ്	൪-൧൨-൧൯൧൮	൧൩-൨-൧൯൧൮	൨൧ ദിവസം	൪-൩-൧൯൧൮		൨൫	
൩൦	വി. നാണുപിള്ള	൧൨-൨-൧൯൧൮	൧൪-൨-൧൯൧൮	,,	,,	...	൨൫	ലൈസൻസ് ഫീ അടച്ചിട്ടില്ല,
൩൧	ബി. ഗോപാലക്കുറുപ്പ്	൧൪-൨-൧൯൧൮	൧൪-൨-൧൯൧൮	,,		...	൨൫	ടി
൩൨	കെ. പി. ചീൻ	൨൩-൨-൧൯൧൮	൨൭-൨-൧൯൧൮	൪ മാസം ൨ ദിവസം	,,			ലൈസൻസ് ഫീ അടക്കിക്കൊടുത്തു.
൩൩	ഡിക്കൺ പി. ജോസഫ്	൨൭-൨-൧൯൧൮	൩൦-൨-൧൯൧൮	൧ മാസം ൧൨ ദിവസം	൧൩-൪-൧൯൧൮	...	ടി	
൩൪	കെ. പി. നാരായണപണിക്കർ	൪-൩-൧൯൧൮	൪-൩-൧൯൧൮	൧ മാസം ൧൨ ദിവസം	൧൩-൪-൧൯൧൮	...	൫	
൩൫	ആർ. ഗോവിന്ദൻവൈദ്യൻ	൩-൩-൧൯൧൮	൧൪-൩-൧൯൧൮	൧ മാസം ൨ ദിവസം	,,	...	൫	
൩൬	എൻ. പരമുആശാരി	൧൭-൩-൧൯൧൮	൨൦-൩-൧൯൧൮	,,		...	൨൫	ലൈസൻസ് ഫീ അടച്ചിട്ടില്ല.
൩൭	കെ. കുഞ്ഞൻ നായർ	൧൨-൩-൧൯൧൮	൨൦-൩-൧൯൧൮	൨൨ ദിവസം	,,	...	,,	ലൈസൻസ് ഫീ അടക്കിക്കൊടുത്തു.
൩൮	വി. എ. പി. ചന്ദ്രശേഖരൻ പിള്ള	൧൭-൩-൧൯൧൮	൨൦-൩-൧൯൧൮	,,	,,	...	൨൫	ലൈസൻസ് ഫീ അടച്ചിട്ടില്ല.

അനുബന്ധം ൻ.

മുൻ കൊടുത്തിട്ടുള്ള ൧൭൬-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി

൧൧൦൪. ഉദ്യാനവകുപ്പിൽ- സർവ്വീസിൽ ഉണ്ടായിരുന്ന ആക്ടിംഗ് ഫോറസ്റ്റ് ഇൻസ്പെക്ടർ [illegible]

പേരു, യോഗ്യത മുതലായവ കാണിക്കുന്ന പട്ടിക.

ക്രമ നമ്പർ	പേര്		യോഗ്യതകൾ	സർവ്വീസ് (ഗവണ്മെന്റ് തീർക്കീഴിൽ) വർഷം	മാ.	ദി.	ശമ്പളം രൂപാ	൧൧൦൪ ഉദ്യാനവകുപ്പിൽ- സർവ്വീസിൽ ഇരിക്കുമ്പോൾ ഇൻസ്പെക്ടരായുള്ളതോ അതു മുമ്പുള്ളതോ ആയ ആക്ടിംഗ് സർവ്വീസ് വർഷം	മാ.	ദി.
൧	വി. രാമചന്ദ്രരാമൻപിള്ള ഫസ്റ്റ്ക്ലാസ്സ് ഫോർഡ് കാൺസ്റ്റബിൾ		എസ്. എച്ച്. ഒ. ടെസ്റ്റും വെല്ലൂരിൽ നടത്തിയ പരിശീലനവും	(൪-൮-൧൯൧൧)	൩	൮	൮൪	൪	൩	൫
൨	ററി. എൻ. കൃഷ്ണക്കുറുപ്പ്	ടി	എസ്. എച്ച്. ഒ. ടെസ്റ്റ്	(൧-൨-൧൯൪)	൨	൧	൮൭	൨	൫	൧൨
൩	സി. എൻ. രാമസ്വാമിഅയ്യർ	ടി	മട്ടിക്കുളത്തിൽ, ക്രിമിനൽ ഹയർ (മദ്രാസ്)	(൧-൩-൧൯൭൫)	൧൪	൦	൮൭	൮൪	൫	൧൫
൪	പി. ഗോവിന്ദപ്പിള്ള	ടി	മട്ടിക്കുളത്ത്	(൧൩-൭-൧൯൭൩)	൨	൭	൧൪	൮൪	൪	൧
൫	പി. ആറുമുഖംപിള്ള	ടി	എസ്. എച്ച്. ഒ. ടെസ്റ്റ്	(൨൭-൪-൧൯൭൩)	൨	൧൦	൦	൪	൩	൭
൬	കെ. നായർ	ടി	ടി	(൧-൭-൧൯൭൭)	൧൪	൭	൮൭	൫	൧൦	൮൪
൭	കെ. രാമൻമേനോൻ കാട്ടയം		ടി	(൨൪-൧൨-൧൯൭൧)	൨൮	൩	൪൦	൪	൪	൧൩
൮	കെ. ഗോവിന്ദനുണ്ണിത്താൻ ഫസ്റ്റ്ക്ലാസ്സ് ഫോർഡ് കാൺസ്റ്റബിൾ		ബാംഗ്ലൂരിൽ നടത്തിയ പോലീസുപരിശീലനം	(൧-൭-൧൯൭൭)	൧൪	൭	൮൭	൩	൦	൭
൯	കെ. എസ്സ്. മീനാക്ഷിനാഥയ്യർ	ടി	എസ്. എച്ച്. ഒ. ടെസ്റ്റും മജിസ്ട്രേട്ടടെസ്റ്റും	(൧-൧൨-൧൯൭൧)	൩൨	൩	൮൭	൪	൧൦	൮൧
൧൦	കെ. രാമൻപിള്ള	ടി	എസ്. എച്ച്. ഒ. ടെസ്റ്റ്	(൧-൯-൧൯൭൪)	൮൭	൩൩	൮൭	൫	൭	൭
൧൧	കെ. കുഞ്ഞുപിള്ള	ടി	ബാംഗ്ലൂരിൽ നടത്തിയ പോലീസു പരിശീലനത്തിൽ	(൧-൧൧-൧൯൭൪)	൧൭	൫	൮൭	൩	൧൧	൧൫

അനുബന്ധം ക ഠ

മുൻ കൊടുത്തിട്ടുള്ള ൨ ഠ ൧-ാം നമ്പർ ചോദ്യത്തിന്റെ മറുപടി

ഹജൂർകച്ചേരിയിലെ ക്ലാർക്കന്മാരുടെ വർഗ്ഗം തിരിച്ചിട്ടുള്ള

പട്ടിക

	നമ്പർ	ജാതി	സ്ഥിരം	താല്ക്കാലികം
I		ഹിന്ദുക്കൾ —		
		ബ്രാഹ്മണർ (മലയാളം)		
		തി (തമിഴ്)	൨ ൭	൨
		ഇഴവ	൫	൩
		കമ്മാള	"	"
		ക്ഷത്രിയ (മലയാളം)	൪	൪
		തി (തമിഴ്)	൪	"
		നാടാർ	൪	"
		നായർ	൪	"
		പുലയർ	൪	൫
		വെള്ളാള	"	"
		മററു അധഃകൃത വർഗ്ഗങ്ങൾ	൪	൨
		മററു ഹിന്ദുക്കൾ	൪	"
II		മഹമ്മദീയർ	൩	൪
III		ക്രിസ്ത്യാനികൾ		
	൪	പ്രോട്ടസ്റ്റന്റുകാർ:—	൨	൪
	൨	[illegible]		
		(എ) ലാററിൻറൈറസ്	൨	"
		(ബി) സിറിയൻ [illegible]	൪	൨
	൩	സുറിയാനികൾ:—		
		(എ) യാക്കോബാക്കാർ	൪	൪
		(ബി) മാർത്തോമ്മാ	൪	൪
		ആകെ	൪൦൩	൩൦

അനുബന്ധം ക ക.

മുൻപ് കൊടുത്തിട്ടുള്ള ൨ ഠ ൭-ാം നമ്പർ ചോദ്യത്തിന്റെ മറുപടി,

൧൯൦൩ കർക്കടകം അവസാന ദിവസം, ഈ സംസ്ഥാനത്തിലെ പലതാലൂക്കുകളിലും

ഉണ്ടായിരുന്ന പുറം പോക്കു ഭൂമികളുടെ വിസ്തീർണ്ണത്തെ കാണിക്കുന്ന പട്ടിക.

നമ്പർ	താലൂക്കിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം ഏക്കർ കണക്കിൽ
൧	തോവാള	൪൨,൨൯൯
൨	അഗസ്തീശ്വരം	൧൨,൯൫൫
൩	കൽക്കുളം	൭,൪൧൩
൪	വിളവംകോട്	൪,൦൪൪
൫	നെയ്യാററിൻകര	൭,൩൪൦
൬	തിരുവനന്തപുരം	൭,൪൫൫
൭	നെടുമങ്ങാട്	൨,൨൪൩
൮	ചിറയിൻകീഴ്	൭,൯൨൦
൯	കൊല്ലം	൧൭,൭൫൭
൧൦	കുന്നത്തൂർ	൧൦,൦൩൪
൧൧	കാർത്തികപ്പള്ളി	൪,൭൩൪
൧൨	കുന്നത്തൂർ	൧൩,൩൯൨

നമ്പർ	താലൂക്കിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം ഏക്കർകണക്കിൽ
൧൩	കുംഭളങ്ങാട്ടു	൧൧,൭൮൫
൧൪	അമ്പലപ്പുഴ	൧൩,൪൧൩
൧൫	മാവേലിക്കര	൩,൭൩൨
൧൬	തിരുവല്ലാ	൯,൦൪൧
൧൭	ചങ്ങനാശ്ശേരി	൨,൪൭൨
൧൮	ചെങ്ങന്നൂർ	൪,൯൩൮
൧൯	ചങ്ങനാശ്ശേരി	൨൫,൩൨൦
൨൦	കോട്ടയം	൧൪,൭൩൦
൨൧	ചേർത്തല	൧൯,൭൯൭
൨൨	വൈക്കം	൧൨,൪൭൨
൨൩	മീനച്ചിൽ	൭,൪൪൭
൨൪	മൂവാറ്റുപുഴ	൧൦,൭൨൩
൨൫	കുന്നത്തുനാടു	൨൯,൧൭൭
൨൬	തൊടുപുഴ	൨,൩൦൧
൨൭	പീരുമേട്	൭,൪൪൫
൨൮	പീരുമേട്	൧,൦൫,൭൦൦
൨൯	ദേവികുളം	൧,൭൦,൭൪൧

അനുബന്ധം ൧൨.

മുൻപുകൊടുത്തിട്ടുള്ള ൨൦൯-ാം നമ്പർ ചോദ്യത്തിന്റെ മറുപടി
൧൯൦൯-ൽ ചില താലൂക്കുകളിൽ നിന്നും പിരിച്ചിട്ടുള്ള ഭൂനികുതിയുടെ കണക്കും,
൧൯൦൦, ൧൯൦൧, ൧൯൦൨, ൧൯൦൩ ഈ വർഷങ്ങളിൽ അടച്ചിട്ടുള്ള തുകകളും
കാണിക്കുന്ന പട്ടിക.

താലൂക്കിന്റെ പേര്	൧൯൦൯-ൽവസൂൽചെയ്തിട്ടുള്ള ആകെ പത്തിന്റെ തുക	താഴെ പറയുന്ന കൊല്ലങ്ങളിൽ അടച്ച തുക			
		൧൯൦൦	൧൯൦൧	൧൯൦൨	൧൯൦൩
	രൂപാ	രൂപാ	രൂപാ	രൂപാ	രൂപാ
തോവാള	൧,൪൫,൭൩൫	൧,൯൨൫	൪,൦൦൧	൫,൩൪൯	൪,൭൯൩
അഗസ്തീശ്വരം	൧,൯൩,൨൦൯	൨,൭൯൧	൧൦,൧൧൩	൩,൩൨൦	൨൫൦
കൽക്കുളം	൧,൩൪,൩൭൨	൫,൭൫൨		൨,൩൯൨	൧,൪൨൭
വിളവംകോട്	൧,൭൩,൪൧൫	൯൩൧	൧,൦൭൪	൩,൫൨൩	൩,൩൯൫
നെയ്യാറ്റിൻകര	൧,൩൩,൩൭൫	൨,൫൯൦	൨൪൩	൨,൦൧൧	൭൯൦

ജന്മികുടിയാൻ ബിൽ.

യോഗനടപടികൾ നിറുത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): സർ, പൊതുവെ പ്രാധാന്യം വഹിക്കുന്നതും അടിയന്തിരമായിട്ടുള്ളതുമായ ഒരു വിഷയത്തെപ്പററി ചിന്തിക്കുന്നതിന് ഈ യോഗത്തിന്റെ നടപടികൾ നിറുത്തിവയ്ക്കേണ്ടതാണ്; അതിനായി ഞാൻ ഒരു ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

(മെമ്പർ ഒരു കുറിപ്പു അദ്ധ്യക്ഷനെ ഏല്പിക്കുകയുണ്ടായി).

അദ്ധ്യക്ഷൻ: മി: കൃഷ്ണപിള്ളേ, സാധാരണ സ്ഥിതികളനുസരിച്ചു നടത്തി വരുന്ന കരം പിരിവുപൊതുവെ പ്രാധാന്യമുള്ളതും അടിയന്തിരമായിട്ടുള്ളതുമായ ഒരു സംഗതിയാണെന്നു ഗണിക്കാൻ പാടില്ലാത്തതാണ്. ഇപ്പോൾ പകർച്ച വ്യാധിക്കധീനമായിട്ടുള്ള ഒരു പ്രദേശത്തെ കരം പിരിവു എന്നുള്ള പ്രത്യേക സംഗതിയെപ്പററി പരിഗണിക്കുന്നതിനു ഈ യോഗനടപടികൾ ഒരുപക്ഷേപം മൂലം നിറുത്തിവയ്ക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സാധാരണ സ്വീകരിച്ചിട്ടുള്ള സമ്പ്രദായം അനുസരിച്ചാണ് പ്രസ്തുത സ്ഥലത്തെ കരം പിരിച്ചു വരുന്നത്. അതിനാൽ പൊതുജനക്ഷേമത്തെപ്പററി നോക്കുന്ന പക്ഷം പ്രസ്തുത സംഗതിയെപ്പററി ചിന്തിക്കുന്നതിനു ഒരുപക്ഷേപം മൂലം സഭാനടപടികൾ നിറുത്തിവയ്ക്കുന്നത് അനുചിതമായിട്ടുള്ളതത്രെ. ഇക്കാരണങ്ങളാൽ ഈ ഉപക്ഷേപം അനുവദിക്കുന്നതിനു നിവൃത്തി ഇല്ലെന്ന് പ്രസ്താവിച്ചു കൊള്ളുന്നു.

ജന്മികുടിയാൻ ബിൽ.

അദ്ധ്യക്ഷൻ: ഏതിക്ക ഒരു വിഷയത്തെ സംബന്ധിച്ചു പ്രസ്താവിക്കാനുണ്ട് ഇക്കാര്യത്തിൽ ഈ കൌൺസിലിന്റെ സഹായവും ഞാൻ ആവശ്യപ്പെട്ടു കൊള്ളുന്നു. ജന്മികുടിയാൻ ബില്ലിനേയും കാണപ്പാട്ട ബില്ലിനേയും സംബന്ധിച്ചു കാര്യമാണ് ഇതു. ജന്മികളുടേയും കുടിയാനവന്മാരുടേയും അന്യോന്യമുള്ള നിലയെ പുഷ്ടിക്കണമെന്നും, അവരുടെ ബന്ധത്തിന്നു കൂടുതൽ ന്യായപരമായ അവലംബം നൽകണമെന്നും ഉള്ളതാണ് ഈ ബില്ലുകളുടെ ഉദ്ദേശം. യഥാർത്ഥത്തിൽ ഈ രണ്ടു കൂട്ടക്കാരേയും സംബന്ധിച്ച് അന്യോന്യം തമ്മിലുള്ള സംഗതികൾ ഇപ്പോൾ വളരെ കുറവാകുന്നു. സ്നേഹപരമായ വിധത്തിലും അന്യോന്യം വിശ്വാസത്തോടുകൂടിയും നിങ്ങൾ ഒന്നിച്ചു യോഗം കൂടുകയും ഈ സംഗതിയിലുള്ള വിഷമതകളെ ദൂരീകരിക്കുന്നതിന്നു ഉരുതരമായ വിധത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നപക്ഷം, മേൽപറഞ്ഞ കക്ഷികൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഇല്ലാതാക്കുന്നതിന്നു സാധിക്കുന്നതാണ്. പ്രസ്തുത ഉദ്ദേശത്തോടുകൂടി, ജന്മികളേയും കുടിയാന്മാരേയും തുല്യമായി പ്രതിനിധീകരിക്കുന്ന ഒരു റൌണ്ട്ടേബിൾ സമ്മേളനം വിളിച്ചു കൂട്ടണമെന്ന് ഞാൻ ഉദ്ദേശിച്ചിരിക്കുന്നു. ഈ നിയമസഭയിൽ അവതരിപ്പിക്കത്തക്ക വിധത്തിലും ഇരു കക്ഷികളും സ്വീകരിക്കുന്നതുമായ ഒരു ബില്ലിന്നു യോജിച്ച വ്യവസ്ഥകളേയും കരാറുകളേയും സംബന്ധിച്ച്, പ്രസ്തുത സമ്മേളനത്തിൽവച്ചു ഗാഢമായി ചിന്തിക്കുന്നതാണ്. ഈ സമ്മേളനത്തിൽ പ്രവൃത്തി ചെയ്യുന്നതിന്നു രണ്ടു കുടിയാന്മാരേ തിരഞ്ഞെടുക്കുന്നതിന്നു, ഡെപ്യൂട്ടിപ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൻ കീഴിൽ ഈ യോഗം കൂടണമെന്നു ഞാൻ ആവശ്യപ്പെട്ടു കൊള്ളുന്നു. ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നതിന്നു ജന്മികളുടെ നിയോജകമണ്ഡലത്തിൽ നിന്നും ജന്മികളായ രണ്ടംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന്നും ഞാൻ ഒരവസരം ഏർപ്പാടുകൾ ചെയ്യുന്നതാണ്. ഈ സമ്മേളനത്തിൽ പ്രവൃത്തി ചെയ്യുന്നതിന്നു ജന്മികളും കുടിയാന്മാരുമായ രണ്ടു കക്ഷിക്കാരിൽനിന്നും ഒരോ പ്രതിനിധികളെ ഗവണ്മെൻറു നിയമിക്കുന്നതാണ്. സംഗതിയുടെ നിലയെപ്പററി ശരിയായ ബോധമുള്ളവരും, പ്രായോഗികപരിചയം സിദ്ധിച്ചവരും ആയ ഒന്നോ രണ്ടോ മാന്യന്മാരേയും ഈ കക്ഷികൾക്കു പുറമെ നിന്നും ഗവണ്മെൻറു നിയമിക്കുന്നതാണ്. ഉച്ചക്കുള്ള ഭക്ഷണത്തിന്നു ശേഷമോ ഇന്നത്തെ യോഗം പിരിച്ചു വിട്ടതിന്നു ശേഷമോ നിങ്ങൾ രണ്ടു കുടിയാന്മാരെ സ്വയം തിരഞ്ഞെടുക്കുമോ?

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിച്ച ഡെപ്യൂട്ടി പ്രസിഡൻറു): ഇന്നത്തെ നടപടികൾക്കു ശേഷം യോഗം കൂടുന്നതാണ് കൂടുതൽ സൌകര്യപ്രദമെന്നു എനിക്കു തോന്നുന്നു.

അദ്ധ്യക്ഷൻ: നിങ്ങളുടെ സൌകര്യം അനുസരിച്ചു പ്രവർത്തിച്ചു കൊള്ളുക. ഇന്നത്തെ നടപടികൾ തീർന്നതിന്നു ശേഷം അപ്രകാരം ചെയ്യാവുന്നതാണ്.

സാമാന്യമായി പൊതുജനങ്ങളെ സംബന്ധിക്കുന്ന സംഗതികളെക്കുറിച്ചുള്ള പ്രമേയങ്ങൾ.

തരിയുടെ താരിപ്പു വിലയെ സംബന്ധിച്ചു പ്രമേയങ്ങൾ (തുടർച്ച)

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): സർ, കുററിക്കാണം എന്നതു് വളരെ പഴക്കമുള്ള ഒരു സമ്പ്രദായമാകുന്നു. വനത്തിനെ സംബന്ധിച്ചുള്ള കമ്മിഷൻ റിപ്പോർട്ടുകൾ ഈ സമ്പ്രദായത്തെ സംബന്ധിച്ചു ആക്ഷേപിച്ചിട്ടുള്ളതും, റിപ്പോർട്ടിനു ശേഷമുണ്ടായിട്ടുള്ള കൺസർവേററന്മാരും പ്രസ്തുതആക്ഷേപം പുറപ്പെടുവിച്ചിട്ടുള്ളതുമാകുന്നു. നാം കൊല്ലം മുൽപു ഗവണ്മെൻറു അവസാനമായി ഈ സമ്പ്രദായത്തെ ഉപേക്ഷിച്ചു. മേൽപ്പറഞ്ഞ സംഗതികളെ സംബന്ധിച്ചു ഇന്നലത്തെ യോഗത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

മി: എസ്. പിള്ളയിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): ഈ കുററിക്കാണ സമ്പ്രദായം വേറെ വല്ലയിടത്തും നടപ്പിലുണ്ടോ എന്നറിയാൻ ഞാനാഗ്രഹിക്കുന്നു.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): സർ, ഈ സമ്പ്രദായം മറെറാരിടത്തുംഇപ്പോൾ നടപ്പിലിരിക്കുന്നില്ല. അതു വീണ്ടും നടപ്പിലാക്കുന്നതായാൽ അതിന്റെ ഫലങ്ങൾ വളരെ ദോഷകരമായിരിക്കും എന്നുള്ളതു് ഞാൻ പറയേണ്ട ആവശ്യമില്ല. മററു ഭാഗത്തുള്ള മെമ്പന്മാരുടെ പ്രസംഗത്തിൽ നിന്നും ഞാൻ മനസ്സിലാക്കിയതു്, വളരെ ഉള്ളിലുള്ള പ്രദേശങ്ങളിൽനിന്നും തടി കൊണ്ടു വരുന്നതിൽ അവർക്കു വിഷമതകൾ അനുഭവിക്കേണ്ടി വരുന്നു എന്നുള്ളതാണ്. യഥാർത്ഥത്തിലുള്ള ബുദ്ധിമുട്ടു ഇതാണെങ്കിൽ അതിനെ പരിഹരിക്കുന്നതിനുള്ള ഏകമാർഗ്ഗം, പ്രസ്തുത വിഷമതകൾ ഉള്ള സ്ഥലങ്ങളിൽ കൂടുതൽ തടി ഡിപ്പോകൾ സ്ഥാപിക്കണമെന്നുള്ളതാണ്. വനം കമ്മിഷൻ ഇതിനെ സംബന്ധിച്ചു തന്നെ അനുകൂലവാദം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുവരെ ഞങ്ങൾ പ്രവർത്തിച്ചു വന്നിട്ടുള്ളതും ഇപ്രകാരം തന്നെയാണ്. ഉദാഹരണമായി, ആയവ്യയ ഗണനപട്ടികയെ സംബന്ധിച്ചു കഴിഞ്ഞ ദിവസം നടന്ന വാദപ്രതിവാദത്തിൽ അങ്കമാലിയിൽ തടിലഭിക്കുന്നതിനെ സംബന്ധിച്ചു ബുദ്ധിമുട്ടു അനുഭവിക്കേണ്ടിവരുന്നു എന്നുള്ള സംഗതി എന്റെ ശ്രദ്ധിക്കു വിഷയീഭവിപ്പിക്കുകയുണ്ടായി. ഞങ്ങൾ അവിടെ ഒരു തടി ഡിപ്പോ ഇറന്നിട്ടുള്ളതിന്നും പുറമെ, പ്രസ്തുത സ്ഥലത്തു ഇപ്പോൾ തടിക്കച്ചവടം നടന്നു വരികയുമാകുന്നു. മററു ചില സ്ഥലങ്ങളിലും കൂടുതലായി ചില ഡിപ്പോകൾ ഞങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മല്ലപ്പള്ളിയിലും കാഞ്ഞിരപ്പള്ളിയിലും കോതമംഗലത്തും ഓരോ തടി ഡിപ്പോകൾ ഉണ്ടു. തടിക്കു ആവശ്യം നേരിടുന്ന സ്ഥലങ്ങളിലെല്ലാം ഡിപ്പോകൾ ഏർപ്പെടുത്തിവരികയാകുന്നു. പ്രസ്തുത സംഗതിയിലുള്ള വിഷമതയെ പരിഹരിക്കുന്നതിന്നു യോജിച്ച ഏകമാർഗ്ഗം മേൽപ്പറഞ്ഞതുമാത്രമാകുന്നു.

മി: എസ്. പിള്ളയിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): മാസംതോറുമുള്ള വേലം മാസത്തിൽ രണ്ടു തവണയാക്കുന്നതിൽ അദ്ദേഹത്തിന്നു എന്തു വിരോധമാണുള്ളതെന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): തടിക്കാവശ്യമുണ്ടെന്നു തോന്നുന്ന പക്ഷം അപ്രകാരം ചെയ്യുന്നതിന്നു എനിക്കു യാതൊരു വിരോധവും ഇല്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അങ്കമാലിയിലുള്ള ഡിപ്പോ മെമൻ ഡിപ്പോവോ അതല്ല മേജർ ഡിപ്പോവോ.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അതും ഏറക്കുറെ ആവശ്യത്തിനു ആശ്രയിച്ചു സ്ഥിതിചെയ്യുന്ന കൂടുതൽ ആവശ്യം നേരിടുന്നുണ്ടെന്നു കാണുന്നപക്ഷം നമുക്കു ഒരു മേജർ ഡിപ്പോ ഏർപ്പെടുത്താവുന്നതാണ്. തടിയുടെ ആവശ്യം അധികമായിട്ടില്ലെന്നു കാണുന്നപക്ഷം ഒരു മൈനർ ഡിപ്പോ കൊണ്ടു മാത്രം നാം തൃപ്തിപ്പെടേണ്ടതാണ്.

മി: ഇട്ടപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): അവിടെ തടികളാണോ ശേഖരിക്കുന്നതു അതല്ല ചെറിയ ഉത്പന്നങ്ങളാണോ ശേഖരിക്കുന്നത്?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അതെനിക്കു നിശ്ചയമില്ല. ആക്ഷൻ നടത്തിയപ്പോൾ നല്ല വിലകിട്ടി; ഏതു മാതിരി തടിയാണെന്നു എനിക്കറിഞ്ഞുകൂടാ.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും); കോതമംഗലം ഡിപ്പോവിൽ തടി വിററിട്ടും നല്ല ലാഭം കിട്ടിയില്ലേ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ആദ്യം ഒന്നു രണ്ടു ആക്ഷൻ ലിസ്റ്റ് വന്നു; പിന്നീടു വലിയ ലാഭം ഉണ്ടോ എന്നറിഞ്ഞുകൂടാ.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അവിടെ തേക്കു തടി വിൽക്കാൻ പാടില്ലെന്നു വച്ചിട്ടുണ്ടോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഇല്ല.

മി: ഇട്ടപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): അങ്കമാലിയിൽ ഇപ്പോൾ തടി ലേലം നിറുത്തിവച്ചിരിക്കുകയല്ലേ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അറിഞ്ഞുകൂടാ.

മി: വി. ചെല്ലംപിള്ള (തോവാള): ഡിപ്പാർട്ടുമെൻറിൽ നിന്നും അടയാളപ്പെടുത്തിയിട്ടുള്ള വൃക്ഷങ്ങൾ മുറിക്കുന്നതിനു ജനങ്ങൾക്കു അനുവാദം നൽകുന്ന വിഷയത്തിൽ അദ്ദേഹത്തിനു എന്തെങ്കിലും വൈമനസ്യം ഉണ്ടോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): മേൽപ്പറഞ്ഞ ആക്ഷേപം ഈ സംഗതിയിലും നേരിടുന്നുണ്ട്. ഇതിനനുവാദം നൽകുകയാണെങ്കിൽ അതിൻറെ ഫലം വനത്തിൽ പ്രവേശിക്കുന്നതിനു അനുമതി നൽകുക എന്നുള്ളതായിരിക്കും.

മി: വി. ചെല്ലംപിള്ള (തോവാള): വനങ്ങളിൽ പ്രവേശിക്കുന്നതിനു കൺട്രാക്ടർമാർക്കു അദ്ദേഹം അനുവാദം നൽകി വരുന്നില്ലേ.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ചില നിബന്ധനകളാൽ അവരുടെ പ്രവൃത്തിയെ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു, അവർ കരാറുകൾ ചെയ്യുന്നതിനും പുറമെ ചില വ്യവസ്ഥകൾ പ്രകാരം അനുവദിച്ചു വരികയുമുണ്ടു.

മി: വി. ചെല്ലംപിള്ള (തോവാള): നിക്ഷേപങ്ങൾ വയ്ക്കുന്നതിനും, പ്രസ്തുത വ്യവസ്ഥകൾ അനുസരിച്ചു പ്രവർത്തിക്കുന്നതിനും, ഉടമ്പടികൾ എഴുതി ഒപ്പിട്ടു കൊടുക്കുന്നതിനും ജനങ്ങൾ സമ്മതിക്കുന്നു എന്നു വിചാരിക്കുക. ഈ സ്ഥിതിക്കു അവർക്കു അപ്രകാരം അനുവാദം നൽകുന്നതിനു സാധിക്കുമോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഇല്ല. അപ്രകാരം ചെയ്യുന്നതിനു നിവൃത്തി ഇല്ല. കൂടുതലായതാതിൽ ഇതിനനുവദിക്കുന്നതിനു നിവൃത്തിയില്ല. ഒരു കൺട്രാക്ടറെ നിയമിക്കുന്നതു ഗവണ്മെൻറാണ്. ഡിപ്പാർട്ടുമെൻറിൻറെ നിയന്ത്രണത്തിൻ കീഴിലാണ് അദ്ദേഹം ജോലിചെയ്യുന്നത്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തൊടുപുഴയിൽ ഡിപ്പോ ഉണ്ടോ.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഇപ്പോൾ ഇല്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തൊടുപുഴക്കാർ വനം പണിക്കു തടി വാങ്ങിക്കണമെങ്കിൽ വരാപ്പുഴ ഡിപ്പോവിൽ നിന്നുമാകണം?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): തൊടുപുഴക്കാർ അവരുടെ ആവശ്യത്തിനു തടി കിട്ടുന്നില്ലെന്നുള്ള പരാതി ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അവിടെയുള്ള ഒരാൾക്കു വനം പണിയണമെങ്കിൽ തടി എവിടെ നിന്നും വാങ്ങിക്കണമെന്നാണ് ഡിപ്പാർട്ടുമെൻറു പറയുന്നത്?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): പ്രൈവററു ലാൻറുകൾ ഉണ്ട്. അവിടെനിന്നും ആവശ്യംപോലെ തടി എടുക്കാം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോൾ പ്രൈവററു ലാൻറിൽ തടി വിൽപ്പനയുണ്ടോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): മൂന്നു വർഷത്തിനുമുമ്പു ധാരാളം വിൽപ്പനയുണ്ടായിരുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോഴത്തെ സ്ഥിതി എന്താണ്? കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പ്രൈവററു ലാൻറിൽ നിന്നും തടി മുറിച്ചു കൊണ്ടു പോകുന്നതിനു ഫ്രീ പാസു കൊടുത്തിട്ടുണ്ടോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അങ്ങനെ ഫ്രീ പാസു കൊടുത്തിട്ടുണ്ടോ എന്നു ഡിവിഷൻ ആഫീസിൽ ചോദിച്ചുവേണം പറയാൻ.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും). ഇങ്ങനെയുള്ള പ്രൈവററു ലാൻറിൽ തടി ഇല്ലെങ്കിൽ തൊടുപുഴയുള്ളവർ വരാപ്പുഴ ഡിപ്പോവിലോ അല്ലെങ്കിൽ വെട്ടിക്കാട്ടു ഡിപ്പോവിലോ പോയി തടി വാങ്ങി തിയ്യിട്ടു നാട്ടിൻപുറത്തു കൊണ്ടുവരണമെന്നാണോ ഉദ്ദേശിക്കുന്നത്?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ). ആ സമയത്തല്ല അതു ആലോചിക്കേണ്ടതു.

മി: തയ്യുള കുഞ്ഞിരത്താമ്മൻ (മൂവാററുപുഴയും തൊടുപുഴയും). ഇങ്ങനെ ഡിപ്പോയിൽ തടി കിട്ടാതെ വരികയും, കററിക്കാണപ്രകാരം പുരപണിക്കു ഗവണ്മെന്റു തടി കൊടുക്കാതിരിക്കയും, വരാപ്പുഴവരെ പോയി തടി കൊണ്ടുവരാൻ നിവൃത്തിയില്ലാതിരിക്കയും, ചെയ്യുമ്പോൾ തടി മോഷ്ടിക്കണമെന്നു വിചാരമില്ലാത്തവരെക്കൂടി അതിനു പ്രേരിപ്പിക്കയില്ലേ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): തൊടുപുഴയിൽ ഒരു ഡിപ്പോവിന്റെ ആവശ്യമുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ ഡിപ്പോ തുറക്കാം.

മി: തയ്യുള കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അവിടെ ഒരു ഡിപ്പോ ആവശ്യമുണ്ടെന്നു ആ താലൂക്കിലെ മെംബർ ആയ ഞാൻ ഈ കൌൺസിലിൽ ചോദ്യമുന്നയിച്ചപ്പോൾ ഗവണ്മെന്റിനെ അറിയിച്ചപ്പോൾ അവിടെ ഒരു ഡിപ്പോവിന്റെ ആവശ്യം ഇല്ലെന്നു മറുപടി പറഞ്ഞതായിട്ടു മെംബറിനു അറിയാമൊ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അപ്പോൾ ആവശ്യം ഇല്ലായിരുന്നിരിക്കാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആവശ്യമാണെന്നു തോന്നുന്നപക്ഷം കൂടുതൽ ഡിപ്പോകൾ സ്ഥാപിക്കുന്ന കാര്യത്തിൽ ഗവണ്മെന്റിന് എന്തെങ്കിലും വിരോധം ഉണ്ടോ എന്നു പറഞ്ഞാൽകൊള്ളാം?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ശരിയായ ആവശ്യം ഉണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്; എന്തെന്നാൽ അതു് വരുമാനത്തെ വർദ്ധിപ്പിക്കുന്നതിനു കാരണമാക്കുന്നതല്ലേ.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തൂനാട്): ഇപ്പോൾ ഫാരസ്റ്റിൽ വല്ല അഴിമതികളും ഉണ്ടാകുന്നുണ്ടോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): വനം സംബന്ധിച്ചു അനേകം കുററങ്ങൾ ചെയ്യുവരുന്നുണ്ട് എന്നുള്ളതു ഞങ്ങളുടെ റിപ്പോർട്ടിൽ നിന്നും കാണാവുന്നതാണ്. ഒജ്ജനങ്ങൾ അവിടവിടെയായി കണ്ടേക്കാം.

മി: ഇട്ടൂപ്പുഇട്ടിച്ചൻ (കുന്നത്തൂനാട്): രണ്ടു മൂന്നു കൊല്ലംമുമ്പ് മലയാററൂർ ഡിവിഷൻ കൺസർവേററർ കള്ളന്മാർ തടി മോഷ്ടിച്ചു ചുമന്നുകൊണ്ടു പോകുന്നസമയം അതിലൊരാളിനെ വെടിവച്ചു കൊന്നതായിട്ടറിയാമൊ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഡിവിഷൻ കൺസർവേററരല്ല വെടിവച്ചതു്.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തൂനാട്): ഇപ്പോൾ മലയിൽ കളവു നടക്കുന്നതായിട്ട് കൺസർവേററർക്കറിയാമൊ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ); ഇപ്പോൾ വളരെ നിക്കുർക്കയായ നിബന്ധനകൾ എല്ലാം ഉണ്ടാക്കി പോലീസുകാരുടെ സഹായത്തോടുകൂടി ഒരു ഡിപ്പോവും തുറന്നു. തന്നിമിത്തം ഈ കളവു ചെയ്യുന്നവർക്ക് ഉപജീവനമാർഗ്ഗം ലഭിച്ചു. അതുകൊണ്ട് ഇപ്പോൾ കളവു കുറഞ്ഞിട്ടുണ്ട്.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തൂനാട്): ഈ ഡിപ്പോ തുറക്കുന്നതിനുമുൻപ് കളവു ധാരാളമുണ്ടായിരുന്നില്ലേ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഉണ്ടായിരുന്നു.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തൂനാട്): ഇപ്പോൾ ഡിപ്പോ തുറന്നശേഷം കളവില്ല, അല്ലേ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അങ്ങനെവേണം ഊഹിക്കാൻ. ഡിപ്പോവിൽ വേലചെയ്യുന്നവർക്ക് ഉപജീവനമാർഗ്ഗം ഇല്ലാതിരുന്ന കാലത്താണ് മോഷണം ധാരാളം നടന്നുകൊണ്ടിരുന്നതു്. ഇപ്പോളവർക്ക് ഉപജീവനത്തിനുമാർഗ്ഗമായി.

മി: തയ്യുള കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോൾ തടികളും മററു വന വിഭവങ്ങളും മലകളിൽനിന്നും ഡിപ്പാർട്ടുമെന്റു വഴിയായി ക്ലൂപ്പുസിസ്റ്റം പ്രകാരം ശേഖരിക്കുന്നതിന് ജനങ്ങൾ വനത്തിന്റെ അകത്തു പ്രവേശിച്ചാൽ മാത്രമല്ലേ സാധിക്കയുള്ളൂ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ജനങ്ങളല്ല ഇപ്പോൾ പ്രവേശിക്കുന്നതു്, കൺട്രാക്ടർമാരാണ്.

മി: തയ്യുള കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കൺട്രാക്ടർമാരും ജനങ്ങളെക്കൊണ്ടല്ലേ ശേഖരിപ്പിക്കുന്നതു്.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ജനങ്ങളെക്കൊണ്ടു മാത്രമല്ല, ചിലപ്പോൾ ആനയെക്കൊണ്ടും തടി മുതലായവ വലിപ്പിച്ചു ശേഖരിക്കാറുണ്ട്.

മി: തയ്യുള കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതും ഏതായാലും റിസർവ്വിനകത്തു് മനുഷ്യർ പ്രവേശിച്ചല്ലാതെ സാധിക്കയില്ലല്ലൊ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അതേ സാധിക്കയുള്ളൂ.

മി: തയ്യുള കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങിനെ ആണെങ്കിൽ, ഇപ്പോളും തടിമോഷണം നടത്താൻപാടില്ലാത്തതല്ല. വേതനംപണിക്ക് അന്യോ പത്തോ കണ്ടിത്തടി കൊണ്ടുപോകുന്നതിന് വലിയ നിബന്ധനകളില്ലാതെയായിട്ടും, മോഷണം നടക്കുന്നെന്ന് ഡിപ്പാർട്ടുമെന്റു ശങ്കിക്കുന്നുണ്ട്. കൺട്രാക്ടർമാർക്ക് അതൊന്നുമില്ലാത്ത സ്ഥിതിക്ക്, തടി മോഷണത്തിൽ കൂടുതൽ സൌകര്യം ലഭിക്കയല്ലെ ചെയ്യുന്നതു്?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): കൺട്രാക്ടർമാർ ഡിപ്പാർട്ടുമെന്റിലെ ആളുകളാണ്; അവരുടെ പാസ്സുകൊണ്ടുവരുന്നവരെമാത്രമെ വനത്തിനുള്ളിൽ കടത്തിവിടുകയുള്ളൂ.

മി: തയ്യുള കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കൺട്രാക്ടർമാരുടെ കൂലിക്കാരും ഡിപ്പാർട്ടുമെന്റിലുള്ള ആളുകളാണോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): കൺട്രാക്ററർ ഡിസ്പോസിററു വച്ചാണ് കൺട്രാക്ട് പിടിക്കുന്നത്. അവരുടെ കൂലിക്കാർ എന്തെങ്കിലും അക്രമം കാണിച്ചാൽ അതിനു കൺട്രാക്ടരാണ് ഉത്തരവാദി.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അയുപോലെ പാസ്സ് വാങ്ങിക്കുന്ന ആളുകളുടെ കൂലിക്കാർ എന്തെങ്കിലും അക്രമംചെയ്താൽ അതിനു ആ പാസ്സുകാരൻ ഉത്തരവാദിയായിരിക്കും എന്നൊരു നിബന്ധനകൂടി ചെയ്താൽപോരെ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): ഒരു ഫാമ്പിൽ ഒന്നോ രണ്ടോ കൺട്രാക്ടർമാരെ കാണുകയുള്ളു. നേരെമറിച്ച് പലക്കം പാസ്സുകൊടുത്തു എല്ലാവരുംകൂടി വനങ്ങളിൽ കയറുന്നപക്ഷം ഓരോരുത്തരുടേയും ആളുകൾ പല അഴിമതികളും ചെയ്തു എന്നു വരുന്നേക്കാം. ഫാറസ്ററു ഡിപ്പാർട്ടുമെൻറുകാർക്ക് ഇതിനെ തടയാൻ വിഷമമായിട്ടുതീരും. അതുകൊണ്ടാണ് വളരെ പുരാതനമായ കുററിക്കാണ സിസ്റ്റം ഇപ്പോൾ വേണ്ടെന്നുവച്ചത്.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): കുററിക്കാണപ്രകാരം പാസ്സ് വാങ്ങിക്കുന്നവരോ അതല്ല അവരുടെ ആളുകളോ അഴിമതി ചെയ്യുന്നത്?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): കുററിക്കാണപ്രകാരം പാസ്സ് വാങ്ങിയവരും അവരുടെ കൂടെയുള്ള ആളുകളും, രണ്ടു കൂട്ടരും അഴിമതിചെയ്തിട്ടുണ്ടെന്നാണ് പഴയ റിക്കാർഡുകൾകൊണ്ടു കാണുന്നത്. എനിക്കു ഇരുപതു വർഷത്തെ സർവീസുമാത്രമേയുള്ളു. കുററിക്കാണം നിറുത്തിയിട്ടു മുപ്പതു വർഷമായി.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): ഈ കുററിക്കാണപ്രകാരം തടിവെട്ടുകൊണ്ടുപോകുമ്പോൾ പല സ്ഥലങ്ങളിലും പതിച്ചുവരണം കൊണ്ടുപോകാൻ. അപ്പോൾ കളവു വരാൻ എളുപ്പമില്ലെന്നു മെമ്പർക്കറിയാമൊ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): എന്നു മെമ്പർ പറഞ്ഞതിൽ നിന്നും മനസ്സിലായി.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്) ഞാൻ പറഞ്ഞതിൽനിന്നാണ് മനസ്സിലാക്കിയതെങ്കിൽ പ്രസ്തുത എനിക്കു ചോദ്യം ചോദിക്കേണ്ട ആവശ്യമില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വളരെ യോഗ്യന്മാരായ ആളുകൾ മോഷണം നടത്തിയതായി കാണുന്നു എന്നു പറഞ്ഞല്ലോ. മോഷണത്തിലും കൈക്കൂലി നടത്തിയ ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചതായി റിക്കാർഡുകൾ കാണുന്നില്ലേ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): എൻെറ റിക്കാർഡുകളിൽ കാണുന്നില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങനെ ശിക്ഷിച്ചതായിട്ടു അറിയാമൊ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): ഗവണ്മെൻറ് പല സംഗതികളും നടത്തിയിരിക്കാം. അങ്ങനെയുള്ള എൻെറ റിക്കാർഡുകളിൽ കാണുകയില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും മതക്കു), എൻെറ സ്നേഹിതൻ മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ ഹാജരാക്കിയിട്ടുള്ള പ്രമേയം, വളരെ ഗൌരവതരമായ ഒരു തത്ത്വവിഷയത്തിനു കാരണമാകുന്നു. നിയമസഭ അവരുടെ തീരുമാനം പാസ്സാക്കുന്നതിനുമുൻപു ഇതിനെ സംബന്ധിച്ചു സഭ സാകൂതം ചിന്തിക്കേണ്ടതാണ്. ഈ സംസ്ഥാനത്തെ പ്രകൃതിദത്തങ്ങളായ വിഭവങ്ങളെ സംരക്ഷിക്കുകയും സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഇതിനെസംബന്ധിച്ചു വേണ്ടവിധം പ്രവർത്തിച്ചിട്ടില്ലെങ്കിൽ, ഞാൻ എൻെറ കടമകളെ ശരിയായി നിർവ്വഹിക്കുന്നതല്ലെന്നുള്ളതായിരിക്കും അതിൻെറ ഫലം, സർ, തങ്ങളുടെ പ്രകൃതിദത്തങ്ങളായ വിഭവങ്ങൾ സംരക്ഷിക്കുന്നതിനു അമേരിക്കൻ രാഷ്ട്രം ചില തത്ത്വങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. നിങ്ങളുടെ അനുവാദത്തോടുകൂടി, ഞാൻ അതു വായിക്കാം.

"നമ്മുടെ പൂർവികന്മാർ അവരുടെ വാസത്തിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതും, ഈ വൻപിച്ച രാഷ്ട്രത്തിൻെറ അസ്ഥിവാരം സ്ഥാപിക്കുന്നതിന് വിനിയോഗിച്ചിട്ടുള്ളതുമായ നമ്മുടെ ഈ രാജ്യത്തിൻെറ വർദ്ധമാനമായ അഭിവൃദ്ധി പ്രകൃതിദത്തമായ വിഭവ സമൃദ്ധിയെ ആശ്രയിച്ചാണ് സ്ഥിതിചെയ്യുന്നത്; ഈ സംഗതിയിൽ ഞങ്ങൾക്കുള്ള പൂർണ്ണമായ വിശ്വാസത്തെ അമേരിക്കയിലുള്ള ഓരോ സംസ്ഥാനത്തിലേയും സ്ഥലങ്ങളിലേയും ഗവർണ്ണർമാരായ നാം സമ്മേളനംകൂടി ഐകകണ്ഠ്യേന പ്രസ്താവിച്ചുകൊള്ളുന്നു."

"അമേരിക്കക്കാരുടെ സുഖത്തിനും ക്ഷേമത്തിനും അഭിവൃദ്ധിക്കും കാരണമാക്കുന്നതിനും, അവയെ വർദ്ധിപ്പിക്കുന്നതിനും ആയി, പിൻതുടർച്ചപ്രകാരം സിദ്ധിച്ചിട്ടുള്ള പ്രകൃതിദത്തമായ ഈ വിഭവങ്ങളെ നാം ഉപയോഗിക്കേണ്ടതാകുന്നു; എന്നാൽ അവയെ ദുർവിനിയോഗം ചെയ്യുകയോ, കുറക്കുകയോ, അനാവശ്യമായി നശിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു."

"നമ്മുടെ രാജ്യത്തിൻെറ ഭാവി മേൽപ്പറഞ്ഞ സംഗതിയിൽ ലയിച്ചും അതിനെ ആശ്രയിച്ചും സ്ഥിതിചെയ്യുന്നു എന്നുള്ളതിന് നമുക്ക് രണ്ടുപക്ഷമില്ല. ഭാവിയിൽ നമ്മുടെ പരിപ്രാപ്തിക്കു വേണ്ട സാധന സാമഗ്രികൾ തുടർച്ചയായി ലഭിക്കേണ്ടതു്, വൻപിച്ച തോതിലുള്ളതും പ്രകൃതിദത്തങ്ങളുമായ ഈ വിഭവങ്ങളിൽ നിന്നുമാകുന്നു. നമ്മുടെ രാഷ്ട്രത്തിൻെറ അനശ്വരമായ സ്ഥിതിതന്നെയും ഇതിനെ അവലംബിച്ചാണിരിക്കുന്നത്."

"നമ്മുടെ അറിവിൽ കൊണ്ടുവന്നിട്ടുള്ള വിഭവങ്ങളിലും, സംശയഗ്രസ്തമെന്നു വിചാരിക്കാൻപാടില്ലാത്ത മാർഗ്ഗങ്ങളിലും സിദ്ധിച്ചിട്ടുള്ള വിവരങ്ങളിലും നിന്നും, നമുക്ക് ഒരു വസ്തുത അറിയുന്നതിന് ഇടയായിരിക്കുന്നു. അതു് പ്രകൃതിവിഭവങ്ങളുടെ പരിമാണത്തിന് കുറവു സംഭവിക്കുന്നോ എന്നുള്ളതാകുന്നു. ഈ രാഷ്ട്രം ഉണ്ടായകാലംമുതൽ ഈ റിപ്പബ്ലിക്കിൻെറ ശ്രേയസ്സിനും അഭിവൃദ്ധിക്കും കാരണമാക്കുന്നതിന് ഓരോ തലമുറയും അവരുടെ കൃത്യങ്ങളെ

നിർവഹിച്ചിട്ടുണ്ട്. അതുപോലെതന്നെ, നമ്മളും നമ്മുടെ കൃത്യങ്ങൾ നിർവഹിക്കേണ്ടതു് ഈ തലമുറയിൽ ജീവിക്കുന്ന നമ്മുടെ കടമയാകുന്നു എന്നുള്ളതു് അവിതർക്കിതമത്രെ; ഈ രാജ്യത്തിലെ പ്രകൃതിദത്തമായ വിഭവസമൃദ്ധിയെ സംരക്ഷിക്കുകയും, സൂക്ഷിക്കുകയും, ചെയ്യുന്നതിന് യോജിച്ച വ്യവസ്ഥകൾ സ്വീകരിക്കുന്നതിലാണ് പ്രസ്തുത സംഗതിയിൽ നാം ഏറിയഭാഗവും പ്രവർത്തിക്കേണ്ടതു്.''

''മേൽപ്പറഞ്ഞ പ്രകൃതിവിഭവങ്ങളെ ശരിയായി സംരക്ഷിക്കണമെന്നുള്ളതു് വളരെ പ്രാധാന്യം വഹിക്കുന്ന ഒരു സംഗതിയാകുന്നു. ഈ അഭിപ്രായത്തിൽ ഞങ്ങൾ ഐക്യകണ്ഠ്യേന യോജിക്കുന്നു എന്നുള്ളതു് ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. ഈ രാഷ്ട്രത്തിന്റെയും, ഈ രാജ്യത്തിലെ സംസ്ഥാനങ്ങളുടെയും, പൊതുജനങ്ങളുടെയും ശ്രദ്ധ ഇടവിടാതെ ഈ സംഗതിയിൽ പതിയുകയും അവർ പ്രസ്തുതകാര്യനിർവഹണത്തിൽ സഹകരിച്ചു പ്രവർത്തിക്കയും ചെയ്യേണ്ടതാകുന്നു. പ്രകൃതിദത്തങ്ങളായ വിഭവങ്ങളുടെ ഇനത്തിൽ, നാം അധിവസിക്കുന്നതും നമുക്ക് വേണ്ട ആഹാരപദാർത്ഥങ്ങൾ ഉല്പാദിപ്പിക്കുന്നതിന് കാരണമാകുന്നതുമായ ഭൂമിയുമുൾപ്പെടുന്നു; കൂടാതെ മണ്ണിനെ പരിപുഷ്ടിപ്പെടുത്തുന്നതും, ശക്തിനൽകുന്നതും, വലിയ തോതിലുള്ള വാണിജ്യാഭിവൃദ്ധിക്കു നിദാനമാകുന്നതുമായ ജലാശയങ്ങളും ഇതിലുൾപ്പെടുന്നു; ഇവയ്ക്കുപുറമെ, നമ്മുടെ ഗൃഹങ്ങൾ നിർമ്മിക്കുന്നതിനുള്ള സാധനങ്ങൾ നൽകുന്നതും, മണ്ണിടിഞ്ഞുവീഴുന്നതിനെ തടയുന്നതും, നദികളിൽക്കൂടിയുള്ള ഗതാഗതവും മററു കാര്യങ്ങളും നിർവഹിക്കുന്നതിന് സഹായിക്കുന്നതുമായ വനവും, നമ്മുടെ വ്യാവസായിക ജീവിതത്തിന്റെ അസ്തിവാരമായിട്ടുള്ളതും, നമുക്ക് ചൂടും, വെളിച്ചവും ശക്തിയും, നൽകുന്നതുമായ ഖനികളും ഉൾപ്പെടുന്നു.'' ഐക്യസംസ്ഥാനങ്ങളിലെ പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം—അപ്പെൻഡിക്സ് ന പുറം നമ്പർ—ചാർൾസ് ആർ. വാൻഹിസ്.

സർ, അതിനാൽ, വനങ്ങളുൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കുന്നതിന് നമ്മളും യത്നിക്കേണ്ടതാകുന്നു. മി: ഇട്ടൂപ്പ് ഇട്ടിയച്ചന്റെ പ്രമേയം സ്വീകരിക്കുന്നപക്ഷം, അതു് പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിന് ഒരു വലിയ വിഘാതമായിത്തീരുന്നതാണ്. സന്ദർഭത്തിന് ഇതു് എപ്രകാരം അനുയോജ്യമായിട്ടുള്ളതാണെന്നുള്ളതു് ഞാൻ എന്റെ സ്നേഹിതൻ മി: കെ. പി. നീലകണ്ഠപ്പിള്ളയെ ധരിപ്പിച്ചുകൊള്ളുന്നു:—സർ, എന്റെ സ്നേഹിതൻ മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ അനുകൂലിച്ചു വാദിച്ചിട്ടുള്ള പുരാതന സമ്പ്രദായം ഇപ്പോൾ നടപ്പിൽ വരുത്തുന്നപക്ഷം, വൃക്ഷങ്ങൾ മുറിക്കുന്ന വിഷയത്തിൽ ശാസ്ത്രീയപരമായ ജ്ഞാനം സിദ്ധിച്ചിട്ടില്ലാത്ത ജനങ്ങൾക്കു വനങ്ങളിൽ പ്രവേശനം അനുവദിക്കേണ്ടതായിവരും. ശാസ്ത്രീയമല്ലാത്ത വിധത്തിൽ വൃക്ഷങ്ങളെ വെട്ടിമാററുന്നതുമൂലം വനവൃക്ഷങ്ങൾക്ക് ഹാനിയും, നാശവും സംഭവിക്കുന്നതാണ്. വനസംരക്ഷണത്തിന് ഇതൊരു വിഘാതമായിത്തീരുന്നതാണ്. ഞാൻ അറിഞ്ഞിട്ടുള്ളേടത്തോളം, വൃക്ഷങ്ങളെ മുറിക്കുന്നതു്—

മി: മുരുവേലിൽ പാച്ചുപിള്ള (ചേത്തല): ഇപ്പോൾ ഫാറസ്റ്റിൽ കയറി തടി വെട്ടുന്ന കള്ളന്മാരെല്ലാം സമ്പൻറിഹിക്ക് നാളഡ്ജ് ഉള്ളവരാണോ?

മി: എസ്. പിറവിപ്പുരമാറംപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ഈ സംഗതിയെ സംബന്ധിച്ച് എന്റെസ്നേഹിതൻ വനംകൺസർവേററരോടു ചോദിക്കുന്നപക്ഷം, അദ്ദേഹം അതിന് മറുപടി നൽകുന്നതായിരിക്കും. ശാസ്ത്രീയപരമായവിധത്തിൽമാത്രം വൃക്ഷങ്ങൾ മുറിക്കുന്നതിനെ വനംകൺസർവേററർ അനുവാദം നൽകുകയുള്ളുവെന്നാണ് ഞാൻ അനുമാനിക്കുന്നതു്. ശാസ്ത്രീത്യാ ഉള്ള മാർഗ്ഗങ്ങൾ അനുസരിച്ചു പ്രവർത്തിക്കേണ്ടതാകുന്നു. അവ അനുസരിച്ചു പ്രവർത്തിക്കാതിരിക്കുന്നപക്ഷം വനത്തെ സംബന്ധിച്ചു് വളരെ ദുഷിനയോഗവും നഷ്ടവും നേരിടുന്നതാണ്. കൂടാതെ കൺസർവേററർ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഈ പ്രമേയം സ്വീകരിക്കുന്നപക്ഷം, തടിയും മററു വിഭവങ്ങളും വ്യാജമായി കൊണ്ടുപോകുന്നതിനും ഇടവരുന്നതാണ്. എന്റെ അഭിപ്രായം ഇപ്രകാരമാകുന്നു. വിഭവസംരക്ഷണകാര്യത്തിൽ ഞാൻ ശക്തിയായി വാദിച്ചുകൊള്ളുന്നു. എന്നാൽ ഈ പ്രമേയംമൂലം വ്യാജവ്യാപാരം ഉണ്ടാകുന്നതാണ്. ഈ സംഗതിയെസംബന്ധിച്ചും ഉത്കണ്ഠാലുവായി ഞാൻ ഗണിക്കാതിരിക്കുന്നില്ല. ഈ കാരണങ്ങളാൽ പ്രസ്തുത പ്രമേയത്തെ ഞാൻ എതിർക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മുരുവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഈ സഭയുടെ ചിന്തക്ക് ഇപ്പോൾ വിഷയീഭവിച്ചിരിക്കുന്ന ഈ പ്രമേയത്തെ സംബന്ധിച്ചു് കുറഞ്ഞൊന്നു പ്രസ്താവിക്കണമെന്ന് ഞാൻ വിചാരിക്കുന്നു. അതിനായി ഞാൻ എഴുന്നേററുകൊള്ളുന്നു. കുററിക്കാണം എന്നുള്ള ഈ വിഷയം എനിക്ക് പുത്തരിയാണ്. പ്രസ്തുതവിഷയത്തെസംബന്ധിച്ചു് പ്രമേയകർത്താവിന്റെയും ഗവണ്മെന്റു മെമ്പറിന്റെയും വാദങ്ങൾ കേട്ടതിന്റെശേഷം, എനിക്ക് ഇതിനെ സംബന്ധിച്ചു് ഒരു തീരുമാനം കല്പിക്കാൻ സാധിക്കുമെന്ന് ഞാൻ വിചാരിച്ചിരുന്നു. ന്യായമായ ഒരു സങ്കടമുള്ളപ്പോൾ മാത്രമെ ഈ സഭയിൽ മറെറാരു പ്രതിനിധി ഹാജരാകുകയുള്ളു. ഒരു ജനപ്രതിനിധിയെന്നനിലയിലുള്ള സ്വാഭാവികമായ അനുമാനമാകുന്നു ഇതു്, പ്രസ്തുതകാര്യത്തിൽ ഭേദഗതി ചെയ്യാതിരിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തപ്പെടുത്തേണ്ടതു് ഗവണ്മെന്റിന്റെ ചുമതലയാകുന്നു എന്നാണ് ഞാൻ വിചാരിക്കുന്നതു്. ഈ കുററിക്കാണസമ്പ്രദായം വീണ്ടും നടപ്പിൽ വരുത്തുന്നതിന് എതിരായി ഗവണ്മെന്റു മെമ്പർ പുറപ്പെടുവിച്ച വാദങ്ങൾ എന്താണെന്നുള്ളതു് എനിക്ക് ബോദ്ധ്യമായിട്ടില്ല. പൂർവകാലത്തു് കുറഞ്ഞ നിരക്കിനാണ് കുറിക്കാണസമ്പ്രദായം നടപ്പിലിരുന്നതു്. മി: ധനുഷ്കോടിപ്പിള്ള പുറപ്പെടുവിച്ച വാദങ്ങളും ഇതുതന്നെയാണ്. കാൽ ശതാബ്ദത്തിനു മുൻപ് നടപ്പിലിരുന്ന നിരക്കനുസരിച്ചു് വൃക്ഷങ്ങൾ മുറിക്കുന്നതിന് ജനങ്ങൾക്ക് ഇപ്പോൾ അനുവാദം നൽകണമെന്നു മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ അഭിപ്രായപ്പെടുന്നില്ല. കഴിഞ്ഞ മൂന്നു കലാപ്രങ്ങളിൽ ക്ലബ്ബിക്കടി ഒന്നിന് വനം ഡിപ്പാർട്ടുമെന്റിന് ലഭിച്ചുകൊണ്ടിരുന്ന ശരാശരി വരവും, അതിനോടുകൂടി ഒരു ചെറിയലാഭവും കൂട്ടണമെന്നും, ഇതനുസരിച്ചു് നിരക്ക് നിശ്ചയിക്കണമെന്നും മാത്രമെ അദ്ദേഹം ആവശ്യപ്പെടുന്നുള്ളു. ''ഈ വിലക്ക് തടി നു

ൽകണമെന്നും, എന്റെ ഗൃഹത്തിനടുത്തു് വളരുന്ന തടി ഉപയോഗിച്ചുകൊള്ളുന്നതിന് എനിക്കനുവാദം നൽകണമെന്നും, നമ്മ ദേശത്തിൽ അകലെയുള്ള സ്ഥലത്തുചെന്ന് നദിയിലെ ഒഴുക്കിനെതിരായി തടികൊണ്ടു പോകുന്നതിന് എങ്ങനാടു പറയരുതെന്നും" ആണ് മി: ഇട്ടിച്ചൻ അഭിപ്രായപ്പെടുന്നതു്. ഇതു് ഡിപ്പാർട്ടുമെന്റിന് അനാവശ്യമായ ഉപദ്രവത്തിനും, തടി ആവശ്യപ്പെടുന്ന ആളിന് വിഷമത്തിനും, കൂടുതൽ ചിലവിനും, കാരണമാകുന്നതാണ്. ഈ സമ്പ്രദായം അനുവദിക്കാൻപാടില്ലാത്തതെന്തുകൊണ്ടാണെന്നുള്ളതു് പറയുന്നതിന് മി: ധനുഷ്കോടിപ്പിള്ളയ്ക്കു് സാധിച്ചിട്ടില്ല. ഈ അവകാശം ജനങ്ങൾക്ക് നൽകിയപ്പോൾ അവർ അതിനെ ദുർവിനിയോഗം ചെയ്തു എന്നും, അതിനെ ശരിയായ വിധത്തിൽ നിയന്ത്രിക്കുന്നതിനു ഡിപ്പാർട്ടുമെന്റിനു സാധിച്ചില്ലെന്നും, അതിനാൽ ഇപ്പോൾ ഈ സമ്പ്രദായം നടപ്പിലാക്കുന്നപക്ഷം അസത്യവാന്മാർ വനങ്ങളിൽ കയറി ഉപദ്രവങ്ങൾ ചെയ്യുന്നതിനിടയാകുമെന്നും ആണ് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു്.

സർ, വനം ഡിപ്പാർട്ടുമെന്റിനു വേണ്ട കാര്യക്ഷമതയുണ്ടെന്നു ഞാൻ ഊഹിക്കുന്നു. ഇരുപത്തഞ്ചു കൊല്ലങ്ങൾക്കു മുൻപു ഈ കുറിക്കാനു സമ്പ്രദായം നടപ്പിലായിരുന്നു. അന്നത്തെ വനങ്ങളുടെ വിസ്തീർണ്ണം ഇപ്പോൾ ഉള്ളതിൽ വളരെ കൂടുതലായിരുന്നു. എന്നാൽ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുടെ സംഖ്യ ഇപ്പോഴുള്ളതിലും വളരെ കുറവായിരുന്നു. അന്നത്തെക്കാൾ കൂടുതൽ ശമ്പളം വാങ്ങിക്കുന്ന അനവധി ഉദ്യോഗസ്ഥന്മാർ ഇപ്പോൾ നമ്മുടെ അധീനത്തിലുണ്ട്. ദിനംപ്രതി വനങ്ങളുടെ വിസ്തീർണ്ണം കുറഞ്ഞു വരികയാകുന്നു. ഈ സമ്പ്രദായം നടപ്പിൽ വരുന്ന പക്ഷം സംരക്ഷിതവനങ്ങളെ നിയന്ത്രണത്തിൽ വച്ചു കൊള്ളുന്നതു അസാദ്ധ്യമായിത്തീരുമെന്നു വനം കൺസർവേറേറർ പറയുന്നതിനു ഞാനു തീരെ യോജിക്കുന്നില്ല.

ഈ സമ്പ്രദായം ഇപ്പോൾ അനുവദിക്കുന്ന പക്ഷം, അസത്യവാന്മാരായ ആളുകളും ഡിപ്പാർട്ടുമെന്റിലെ സ്വല്പശമ്പളക്കാരായ കീഴ്ജീവനക്കാരും ഉപദ്രവകരമായ പ്രവൃത്തി ചെയ്യുന്നതിനു ഇതു അവരെ പ്രേരിപ്പിക്കുമെന്നാണ് കൺസർവേറേറർ അഭിപ്രായപ്പെടുന്നതു്. മേൽ പറഞ്ഞതിനു ഇതു മറെറാരു കാരണമായി അദ്ദേഹം പറയുന്നു. സർ, കൺസർവേറേറർ ഇപ്രകാരം അഭിപ്രായപ്പെട്ടതിൽ ഞാൻ വളരെ അതിശയിക്കുന്നു. അഴിമതി എവിടെ എങ്കിലും ഉണ്ടെന്നു കാണുന്ന പക്ഷം അതിനെ ഉൻമൂലനം ചെയ്യുന്നതിനു കൺസർവേറേറർ യത്നിക്കേണ്ടതാകുന്നു ഈ സംഗതിയെ സംബന്ധിച്ചു അനുദ്യോഗസ്ഥന്മാരുടെ സഹായം അദ്ദേഹം ആവശ്യപ്പെടുന്നപക്ഷം എല്ലാ വിധത്തിലുമുള്ള ഒത്താശകൾ ചെയ്യുന്നതിൽ അവർ എല്ലായ്പോഴും ബദ്ധശ്രദ്ധരായിരിക്കുമെന്നുള്ളതിൽ രണ്ടു പക്ഷമില്ല. പ്രസ്തുത സംഗതിയെ സംബന്ധിച്ചു ഇത്രമാത്രമെ എനിക്കു പറയുവാനുള്ളു. കുററിക്കാണസമ്പ്രദായം നടപ്പിൽ വരുത്താതിരിക്കുന്നതിനു ഇതൊരു മതിയായ കാരണവുമാകുന്നില്ല. ഞാൻ തിരുവനന്തപുരത്തു താമസിക്കുന്നു എന്നും, എനിക്കു ഒരു ചാക്കു അരി ആവശ്യമുണ്ടെന്നും, ഗവണ്മെന്റിന്റെ അധീനത്തിൽ അതുണ്ടെന്നും വിചാരിക്കുക. തിരുവനന്തപുരത്തു വച്ചു അരി നൽകുന്നതിനു സൌകര്യമില്ലെന്നും കൊല്ലത്തു പോയി ആയതു വാങ്ങിക്കൊള്ളണമെന്നും ഗവണ്മെന്റു എന്നോടു പറയുകയാണെങ്കിൽ അതിന്റെ അർത്ഥമെന്താണെന്നാണ് ഞാൻ ചോദിക്കുന്നതു്? തടി വാങ്ങിക്കൊള്ളുന്നതിനു ചില ആളുകളോടു പറയുന്നതു ഈ സമ്പ്രദായത്തിലാണ്. നമ്മുടെ വനങ്ങളിൽ ഇപ്പോൾ തടിയുണ്ട് അതിനാവശ്യപ്പെടുന്ന ചിലരുടെ വീടുകൾക്കു വളരെ അടുത്തു അതു കിട്ടുകയും ചെയ്യും, കടൽ തീരത്തുള്ള ഡിപ്പോകളിലേക്കു അതിനെ കടത്തിക്കൊണ്ടുപോകുന്നു, അതിന്റെ ശേഷം കൺട്രാക്ടരുടെ ചിലവും, അല്പകാരമുള്ള ഡിപ്പോകളിലേക്കു കൊണ്ടുപോകുന്നതിനു അയാൾക്കു ലഭിക്കേണ്ട ചാർജ്ജും നൽകിയതിന്റെ ശേഷം, തടി വാങ്ങിക്കൊള്ളണമെന്നു ഗവണ്മെന്റു അവരോടു പറയുന്നു. ഈ സമ്പ്രദായം നടപ്പിലാക്കുന്നതിനു ഇതു മതിയായ ഒരു കാരണമാണെന്നാണ് എന്റെ അഭിപ്രായം. സർ, അനുദ്യോഗസ്ഥ മെമ്പറന്മാരായ ഞങ്ങൾ വളരെ ചുമതലയേറിയ കാര്യം നിർവ്വഹിക്കേണ്ടതാണ്. ഈ സംസ്ഥാനത്തെ സംരക്ഷിത വനങ്ങളെ സംബന്ധിച്ചു കാര്യങ്ങളിൽ ജാഗ്രതയോടുകൂടി പ്രവർത്തിക്കയും, വന സംരക്ഷണ കൃത്യം നടത്തുകയും ചെയ്യുന്നതിൽ ഈ സഭയിലെ മററു സാമാജികന്മാർക്കു ഉള്ള ചുമതലകൾ ഇച്ഛ്രമായ ചുമതലകൾ എന്നിക്കുമുണ്ട്. അടിസ്ഥാനമില്ലാത്ത കുററങ്ങൾ എന്നിൽ ആരോപിക്കുന്നവരോ നമ്മളിൽ ചിലരെ രാജദ്രോഹികളെന്നു വിളിക്കുന്നവരോ ആയ അനവധി സാമാജികന്മാരെക്കാൾ കൂടുതൽ ഉത്തരവാദിത്വം ഞാൻ വഹിക്കുന്നു എന്നുള്ളതിനു സംശയമില്ല. എന്റെ കാര്യത്തെ ഉദ്ദേശിച്ചല്ല ഞാൻ പ്രവർത്തിക്കുന്നതു്. നമ്മളിൽ ചിലർ രാജദ്രോഹികളാണെന്നും ഞാൻ പറയുന്നില്ല. ഈ വസ്തുത യഥാർത്ഥമാണെന്നു ഈ സഭയോടു ഞാൻ ഖണ്ഡിച്ചു പറഞ്ഞുകൊള്ളുന്നു. ഞാൻ ഗൌരവതരമായ ഏതെങ്കിലും കുററം ഏതെങ്കിലും ഉദ്യോഗസ്ഥനിൽ ചുമത്തുന്നു എന്നു അദ്ദേഹം വിചാരിക്കുന്നപക്ഷം, അതിന്റെ ഉത്തരവാദിത്വത്തെപ്പററി എനിക്കു പൂർണ്ണമായ ബോധമുണ്ടെന്നു അദ്ദേഹം ധരിച്ചു കൊള്ളട്ടെ. ഈ യോഗത്തിൽവച്ചു ഞാൻ ചെയ്തിട്ടുള്ള പ്രസ്താവനകൾ മുഴുവനും ന്യായോനുസൃതമായിട്ടുള്ളതാണ്. ഇതു ഏതു ഗവണ്മെന്റു ഉദ്യോഗസ്ഥനെയും ബോദ്ധ്യമാക്കുന്നതിനു ഞാൻ സന്നദ്ധനാണ്. സർ, ഈ പ്രസ്താവനകളോടുകൂടി ഈ യോഗത്തിൽ ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി: മാത്യു മുരിക്കൻ (ചൈക്കം): സർ, മി: ഇട്ടിച്ചൻ ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ പിൻതാങ്ങുന്നതിനു ഞാനും എഴുന്നേററു കൊള്ളുന്നു. ഈ വിഷയങ്ങളെ സംബന്ധിച്ചു് മിസ്റ്റർ ഇട്ടിയച്ചന് വൈദഗ്ദ്ധ്യപൂർണ്ണമായ ജ്ഞാനമുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു്. എന്തെന്നാൽ, വനരക്ഷണസമ്പ്രദായത്തെപ്പററിയുള്ള സംഗതികളെക്കണ്ടറിയുന്നതിനു, കൂടുതൽ സൌകര്യം ഉള്ള സ്ഥലത്തെ പ്രതിനിധി എന്നുള്ള നിലയ്ക്കാണ് അദ്ദേഹം ഇവിടെ ഹാജരായിരിക്കുന്നതു്. അദ്ദേഹത്തിന്റെ വാദമുഖത്തെ വ്യക്തമായ വിധത്തിൽ അദ്ദേഹം കാണിച്ചിട്ടുണ്ട്. തന്റെ വാദത്തെ ശരിയായ വിധത്തിൽ പ്രസ്താവിക്കുന്നതിനു വനം കൺസർവേറേറരും വളരെ ബുദ്ധിമുട്ടിയിട്ടുണ്ട്. എന്റെ സ്നേഹിതൻ മിസ്റ്റർ ഇട്ടിയച്ചന്റെ വാദങ്ങളെ തട്ടുന്നതിനു കൺസർവേറേറരുടെ പ്രസ്താവനകൾ ഒട്ടും തന്നെ പര്യാപ്തമാകുന്നില്ല. വ്യാജമായ സാധനങ്ങൾ കൊണ്ടു പോകുന്ന വിഷയത്തെ ഏറെക്കുറെ ആസ്പദമാക്കിയാണ് അദ്ദേഹം വാദിച്ചിട്ടുള്ളതു്. ഈ സംഗതി ഇപ്രകാരമാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. കാര്യക്ഷമമായ വിധത്തിൽ ഭരണം നടത്തുന്നതു മൂലം വ്യാജപ്പേരു മാററത്തെ നിയന്ത്രിക്കാൻ സാധിക്കുമെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ ആശാൻ വ്യക്തമായ വിധത്തിൽ ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നു. കൺസർവേറേറർ കാര്യപ്രാപ്തിയുള്ള ഒരുദ്യോഗസ്ഥനാണെന്നെനിക്കറിയാം, മതിയായ ആജ്ഞകൾ അയക്കുന്നതിനും പുറമെ, തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തിയെ സംബന്ധിച്ചു യോജിച്ച വിധ

ത്തിൽ മേൽ നോട്ടം വഹിക്കുകയും ചെയ്യുന്ന പക്ഷം, വ്യാജവ്യാപാരത്തെ നിയന്ത്രിക്കുന്നതിനു അദ്ദേഹത്തിനു എളുപ്പത്തിൽ സാധിക്കുന്നതാണ്.

എന്റെ സ്നേഹിതൻ നിർദ്ദേശിച്ചിട്ടുള്ള പ്രസ്താവ സമ്പ്രദായം മിക്കവാറും പഴയതായിട്ടുള്ള ഒന്നാണ് എന്നുള്ളതാണ് അടുത്ത വാദവിഷയം. മിസ്റ്റർ ഇട്ടിയച്ചൻ അനുകൂലിച്ചു വാദിച്ചിട്ടുള്ള സമ്പ്രദായത്തിന്റെ പൂർവ്വസ്ഥിതിയെ സംബന്ധിച്ചു മിസ്റ്റർ പിറവിപ്പെരുമാൾപിള്ള ചില സംഗതികൾ പ്രസ്താവിച്ചിട്ടുണ്ട്. പരിഷ്കാരം സിദ്ധിച്ചിട്ടുള്ളതെന്നു പറയപ്പെടുന്ന പല സമ്പ്രദായത്തെക്കാളും മേൽപ്പറഞ്ഞ സമ്പ്രദായമാണ് കൂടുതൽ ഗുണകരമായിട്ടുള്ളതെന്ന് ഞാൻ വിചാരിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): അതു അഭിപ്രായത്തെ ആശ്രയിച്ചിരിക്കുന്നു.

മി: മാത്തു മുതിക്കൻ (വൈക്കം): അതെ, എന്റെ അഭിപ്രായമാണ് ഞാൻ പ്രസ്താവിച്ചിട്ടുള്ളത്. കൂടുതൽ ഗുണകരമായിട്ടുള്ളതാണെന്നു കാണുന്ന അവസരങ്ങളിൽ ചില വിഷയങ്ങളിലും നാം പഴയ ഏർപ്പാടുകൾ ഇപ്പോൾ സ്വീകരിച്ചു വരികയാകുന്നു. അതിനാൽ, എന്റെ സ്നേഹിതൻ മി: ഇട്ടിയച്ചൻ അനുകൂലിച്ചു വാദിച്ചിട്ടുള്ള സമ്പ്രദായം ചില കാരണങ്ങളാലും ഉത്തമമായിട്ടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നു. പക്ഷെ പൂർവ്വകാലത്തു നടപ്പുണ്ടായിരുന്ന ഒരേർപ്പാടു സ്വീകരിക്കുക എന്നുള്ളതാധിരിക്കും അതിന്റെ ഫലം. വ്യാജക്കച്ചവടത്തെ സംബന്ധിച്ച വിഷയം കൺസർവേറ്ററുടെ വാദത്തെ ഒട്ടും തന്നെ ബലപ്പെടുത്തുന്നതല്ലെന്നു ഞാൻ മുൻപു തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഈ സമ്പ്രദായം പുരാതനകാലത്തു നടപ്പുണ്ടായിരുന്നതാണ് എന്നുള്ള വസ്തുതയും മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ വാദത്തെ ഒട്ടും തന്നെ ബലപ്പെടുത്തുന്നതല്ലെന്നും ഞാൻ മുൻപു തന്നെ പ്രസ്താവിച്ചിട്ടുണ്ട്. എന്റെ സ്നേഹിതൻ മിസ്റ്റർ പി. എസ്. മഹമ്മദ് ഈ വിഷയത്തെ സംബന്ധിച്ചു അദ്ദേഹത്തിനുള്ള അഭിപ്രായം ഇന്നലെ പ്രസ്താവിക്കുകയുണ്ടായി. ഈ സമ്പ്രദായം സ്വീകരിക്കുന്നപക്ഷം, കടൽ തീരങ്ങളിൽ അധിവസിക്കുന്ന ആളുകൾക്കു തടി ചരിക്കുന്നതിനു സാധിക്കുകയില്ലെന്നു അദ്ദേഹം ആ അവസരത്തിൽ പ്രസ്താവിക്കുകയുണ്ടായി. തടിവെട്ടിയിറക്കുന്നതിനു ഇപ്പോൾ നടപ്പിലിരിക്കുന്ന കൺട്രാക്റ്റു സമ്പ്രദായത്തോടു പാടെ നിറുത്തണമെന്നു മിസ്റ്റർ ഇട്ടിയച്ചന്റെ പ്രമേയത്തിൽതീരെ വിവക്ഷിച്ചിട്ടില്ല. തടി വെട്ടിയിറക്കുന്നതിനു അനുവാദം നൽകുന്നതിനും പുറമെ, ഇപ്പോൾ നടപ്പിലിരിക്കുന്ന ഡിപ്പോകളിൽ തടി വിൽക്കുന്നതിനു അനുമതി നൽകുന്നതിനും കൺസർവേറ്ററക്കു സ്വാതന്ത്ര്യമുള്ളതാണ്. കഴിയുന്നത്ര സാദ്ധ്യമായിട്ടുള്ള സ്ഥലങ്ങളിൽ, ഗൃഹങ്ങൾ പണിയിക്കുന്നതിനു തടി ചരിക്കുന്ന വിഷയത്തിൽ യഥാർത്ഥത്തിൽ വിഷമത അനുഭവിക്കുന്ന ജനങ്ങൾക്കു സൗകര്യങ്ങൾ നൽകേണ്ടതാണ്. ഇതിനെ സംബന്ധിച്ചാണ് ഈ പ്രമേയം മൂലം ഗവണ്മെന്റിലേക്കു ശിപാർശ ചെയ്തിട്ടുള്ളതു്. എന്റെ സ്നേഹിതൻ മിസ്റ്റർ എസ്. പിറവിപ്പെരുമാൾപിള്ള പറഞ്ഞതു്—

മി: എസ്. പിറവിപ്പെരുമാൾ പിള്ള (കൃഷിവകുപ്പും വ്യവസായവും, തെക്ക്): കൂടുതൽ ഡിപ്പോകൾ ഇടുക്കുന്നപക്ഷം മേൽപ്പറഞ്ഞ ഉദ്ദേശം നിറവേറുകയില്ലയോ?

മി. മാത്തു മുതിക്കൻ (വൈക്കം): മിസ്റ്റർ ഇട്ടിയച്ചൻ ഈ ചോദ്യത്തിനു മുൻപു തന്നെ മറുപടി നൽകിയിട്ടുണ്ടല്ലോ. പ്രസിദ്ധിയുള്ള ചില അമേരിക്കക്കാരുടെ അഭിപ്രായങ്ങൾ എന്റെ സ്നേഹിതൻ മിസ്റ്റർ പിറവിപ്പെരുമാൾപിള്ള ഇവിടെ വായിക്കുകയുണ്ടായി. എല്ലാ രാജ്യക്കാരും അവരവരുടെ പ്രകൃതിവിഭവങ്ങളെ ശരിയായ വിധത്തിൽ സൂക്ഷിക്കേണ്ടതാണ് എന്നുള്ള സംഗതിയെ സംബന്ധിച്ചാണ് അദ്ദേഹം വായിക്കുകയും ശക്തിയായി പ്രതിവാദിക്കുകയും ചെയ്തിട്ടുള്ളതു്. ഇതു പരമാർത്ഥമത്രെ. പ്രകൃതിവിഭവങ്ങളെ നശിപ്പിക്കുന്നതു് ക്ഷേമകരമായിരിക്കുമെന്നു ഈ സഭയിലെ ആരെങ്കിലും വിചാരിക്കുകയില്ല എന്നു ഞാൻ വിശ്വസിക്കുന്നു. ഇതു പ്രസിദ്ധമായ ഒരു തത്വമാകുന്നു. ഈ വിഷയത്തെ സംബന്ധിച്ചുള്ള ജ്ഞാനം പ്രദാനം ചെയ്യുന്നതിൽ മിസ്റ്റർ പിറവിപ്പെരുമാൾ പിള്ളയെ അഭിനന്ദിക്കുന്നില്ല. ഈ ശാസ്ത്രീയ തത്വത്തിനു വിരുദ്ധമായിട്ടല്ല മി: ഇട്ടുപ്പ ഇട്ടിയച്ചന്റെ പ്രമേയത്തിന്റെ നിലവനങ്ങളെ നശിപ്പിക്കണമെന്നു അതിൽ നിർദ്ദേശിച്ചിട്ടില്ല. തടി ആവശ്യമുള്ള ആളുകൾക്കു തടി ചരിക്കുന്നതിനു ചില സൌകര്യങ്ങൾ നൽകണമെന്നുമാത്രമെ അതിൽ ഉദ്ദേശിച്ചിട്ടുള്ളു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും തെക്ക്): ശാസ്ത്രീയപരമല്ലാത്ത വിധത്തിൽ വൃക്ഷങ്ങൾ മുറിക്കുന്നതു മൂലം വനങ്ങൾക്കു നാശം സംഭവിക്കുകയില്ലയോ?

മി: മാത്തു മുതിക്കൻ (വൈക്കം): ഇപ്പോൾ ജോലി ചെയ്യുന്നതിനു നിയമിച്ചിട്ടുള്ള കൂലിക്കാർ ശാസ്ത്രീയരീതിയനുസരിച്ചാണ് ജോലി ചെയ്യുന്നതെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): നമ്മുടെ കൺസർവേറ്റർ വളരെ "കായ്പ്രാപ്തിയുള്ള ഒരു ഉദ്യോഗസ്ഥ"നാണെന്നു എന്റെ സ്നേഹിതൻ സമ്മതിക്കുന്നില്ലേ?

മി. മാത്തു മുതിക്കൻ (വൈക്കം), അദ്ദേഹത്തിനു കായ്പ്രാപ്തി ഉണ്ടെന്നു പറയാത്ത പക്ഷം, അദ്ദേഹത്തിനെ ജോലിയിൽവച്ചു കൊണ്ടിരിക്കാൻ പാടില്ലെന്നു കാണിക്കുന്ന ഒരു ഉപക്ഷേപം ഗവണ്മെന്റിലേക്കു ശിപാർശചെയ്യുന്നതിനു നിങ്ങൾ ഹാജരാകുമായിരുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അദ്ദേഹം കായ്പ്രാപ്തിയുള്ള ഒരുദ്യോഗസ്ഥനായിരിക്കുന്നിടത്തോളം കാലം, അദ്ദേഹത്തിന്റെ വിദഗ്ദ്ധാഭിപ്രായം മെമ്പറിനു സ്വീകരിക്കുന്നതു പാടില്ലയോ?

മി: മാത്തു മുതിക്കൻ (വൈക്കം): എല്ലാ അവസരങ്ങളിലും വിദഗ്ദ്ധാഭിപ്രായത്തിനു ചില അതിരുകൾ ഉണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ശാസ്ത്രീയമായും അല്ലാതെയും ഉള്ള വിധത്തിൽ വൃക്ഷങ്ങൾ മുറിക്കുന്നതിനെ സംബന്ധിച്ചു ഇവിടെ പ്രതിവാദിക്കുകയുണ്ടായി. തടികൾ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ചോ, തടികൾ മുറിച്ചെടുക്കുന്നതിനെപ്പറ്റിയോ, ഏതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈ ഉപക്ഷേപം?

മി: മാത്തു മുതിക്കൻ (വൈക്കം): തടിവെട്ടുന്നതിന് അനുവാദം ചോദിക്കുന്ന ആളുകൾ കൈരളുകാരല്ല. ചില തടികൾ മുറിക്കുന്നതിനു അനുവാദം നൽകണമെന്നു അവർ ഗവണ്മെന്റു ഉദ്യോഗസ്ഥന്മാരോടപേക്ഷിക്കുന്നു. ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർക്ക്, മുറിക്കേണ്ട വൃക്ഷങ്ങളുടെ സംഖ്യ നിശ്ചയിക്കുകയും, അവ-

കയ പ്രത്യേകം അടയാളപ്പെടുത്തുകയും, ചെയ്യാവുന്നതാണ്. ഇക്കാര്യത്തെ സംബന്ധിച്ചു ഇപ്പോൾ ചില നിയമങ്ങളും ചട്ടങ്ങളും ഉണ്ട്. ശാസ്ത്രീയമായ വിധത്തിൽ വൃക്ഷങ്ങൾ മുറിക്കുകയും, ശരിയായ വിധത്തിൽ വനരക്ഷണം നടത്തുകയും ചെയ്യുന്നതിനു അന്യോന്യബന്ധമില്ലെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ മിസ്റ്റർ ഇട്ടിയച്ചന്റെ വാദം സ്വീകാര്യയോഗ്യമാണ്. ഈ വിഷയത്തിനെപ്പററി സൂക്ഷ്മമായി പര്യാലോചിച്ചതിനു ശേഷമുള്ള എന്റെ അഭിപ്രായമാണിതു്. അദ്ദേഹത്തിന്റെ ഗൂഢാർത്ഥക്കു സാരമായ യാതൊരു പ്രതിബന്ധവും നേരിട്ടിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ പ്രസ്താവനയോടുകൂടി, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): സർ, ഈ പ്രമേയത്തെ സംബന്ധിച്ചു സ്വല്പം പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നു. കൺസർവേററർ പറഞ്ഞിട്ടുള്ളതുപോലെ ൧൦൯൩-ാമാണ്ടു അവസാനദിവസം വരെ ഈ സമ്പ്രദായം നടപ്പിലിരുന്നു. അതു വളരെ പഴയതും ദോഷകരവും, അപായകരവുമാണെന്നു കാണുകയുണ്ടായി. അതിനാൽ അതു നിറുത്തേണ്ടിവന്നു. അതിന്റെ ശേഷം ഡിപ്പോ സമ്പ്രദായമാണ് നടപ്പിലിരുന്നതു്. ഈ ഏർപ്പാടനുസരിച്ചു, ശരിയായ രക്ഷാമാർഗ്ഗങ്ങളോടുകൂടി തടി വെട്ടിയിറക്കുന്നതിനു കൺട്രാക്ടർമാരെ നിയമിച്ചുവന്നു. അവർ വനത്തിൽ കയറുന്നതിനും അവരുടെ ആളുകൾക്കുണ്ടു തടി മുറിപ്പിക്കുന്നതിനും അവർക്കു അനുവാദം നൽകിയിരുന്നു. മുറിക്കുന്ന തടി ചില നിശ്ചിത ഡിപ്പോകളിൽ ശേഖരിച്ചിരുന്നു. ക്ലിപ്തകാലങ്ങളിൽ നടത്തുന്ന ലേലത്തിലൂടെ ദിനംപ്രതി നടത്തുന്ന കച്ചവടസമ്പ്രദായത്തിനോടുതാരതമ്യപ്പെടുത്തി നോക്കുന്ന പക്ഷം, ആ സമ്പ്രദായം മൂലം ജനങ്ങൾക്കു കൂടുതൽ ഗുണവും സൌകര്യവും സിദ്ധിക്കുമോ എന്നുള്ളതു തല്ലു ഇപ്പോഴത്തെ ചിന്താവിഷയം. പഴയ സമ്പ്രദായം ജനങ്ങൾക്കു കൂടുതൽ സൌകര്യപ്രദമായിരിക്കും എന്നുള്ളതു് എല്ലാവരും സമ്മതിക്കുന്ന വിഷയമാണ്. എന്നാൽ, ഡിപ്പാർട്ടുമെന്റിന്റെ രക്ഷയെയാക്കാക്കി നോക്കുന്നപക്ഷം, മുപ്പതു കൊല്ലംകാലം കഴിഞ്ഞ ഈ അവസരത്തിൽ ഈ സമ്പ്രദായം വീണ്ടും നടപ്പിൽ വരുത്താമോ എന്നുള്ളതാണ്. ഈ സമ്പ്രദായം മറെറാരു സ്ഥലത്തും നടപ്പിലിരിക്കുന്നില്ല. ഈ സംഗതിയുടെ ഗുണങ്ങളെപ്പററി ചിന്തിക്കുന്നപക്ഷം അതു ക്ഷേമകരമാണെന്നു ആരും സമ്മതിക്കുന്നതല്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കുററിക്കാണ സിസ്റ്റം മേലക്കൂട്ടത്തിയതു ജനങ്ങളോടോ അവരുടെ പ്രതിനിധികളോടോ ചോദിച്ചുശേഷമാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ആ ഏർപ്പാടു വളരെക്കാലത്തെ പരിചയം കൊണ്ടാണ് നിറുത്തിയതു്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഉദ്യോഗസ്ഥന്മാർ സ്വയം ആലോചിച്ചു നിർത്തുകയാണോ ചെയ്തതു്? അതല്ല ജനപ്രതിനിധികളോടു ആലോചിച്ചു നിറുത്തിയോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): വേണ്ട അന്വേഷണങ്ങൾ നടത്തുകയും ഡിപ്പാർട്ടുമെന്റു ഉദ്യോഗസ്ഥന്മാരുടെ പരിചയം അതിനനുകൂലമായിരിക്കുകയും ചെയ്തതുകൊണ്ടു നിറുത്തി.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇതു വേണ്ടെന്നുവെച്ചു ഉദ്യോഗസ്ഥൻ സ്വദേശിയാണോ, വിദേശിയാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഡിപ്പാർട്ടുമെന്റു അദ്ധ്യക്ഷൻ വിദേശിയായിരിക്കാം, മററുള്ള ഉദ്യോഗസ്ഥന്മാർ നാട്ടുകാരാണ്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഭവനം പണിക്കു തടി കിട്ടാതെയുള്ള ജനങ്ങളുടെ സങ്കടത്തെ അറിയുന്നതിനു വനശാസ്ത്രവിദഗ്ദ്ധന്മാരെക്കാൾ അനുഭവസ്ഥന്മാരായ ജനങ്ങൾക്കല്ലെ സാധിക്കയുള്ളു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): കുററിക്കാണം ഏർപ്പാടു ജനങ്ങൾക്കു കുറെ കൂടുതൽ സൌകര്യമുള്ളതായിരിക്കാം എന്നാൽ ഡിപ്പാർട്ടുമെന്റുമേലദ്ധ്യക്ഷന്മാർ ഇതിൽനിന്നും ഉണ്ടാകുന്ന പല ബുദ്ധിമുട്ടുകളും അനുഭവിച്ചറിഞ്ഞ ശേഷമാണു ഇതു വേണ്ടെന്നു വച്ചതു്,

മി: ഇട്ടുപ്പ ഇട്ടിയച്ചൻ (കുന്നത്തുനാടു്): കുററിക്കാണം നിറുത്തിയെന്നു പറയുന്നതു കച്ചവടക്കാർക്കു കുററിക്കാണം കൊടുത്തു കൊണ്ടിരുന്ന കാലത്താണോ, അതോ പുരപണിക്കു ഇരപ്പയ്ക്കു കണ്ടി തടി വിതം കൊടുത്തുകൊണ്ടിരുന്ന കാലത്തോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു് സെക്രട്ടറി): ഈ ഏർപ്പാടു തന്നെ നിറുത്തി ഇന്നാൾക്കുകൊടുക്കാമെന്നോ, അല്ലെങ്കിൽ കൊടുത്തു കൂടാ എന്നോ, നോട്ടിഫിക്കേഷനിൽ കാണുന്നില്ല.

മി: ഇട്ടുപ്പ ഇട്ടിയച്ചൻ (കുന്നത്തുനാടു്): ഇന്ന കാലത്തു ഇന്നാം നമ്പർ സർക്കുലർപ്രകാരം ഇന്ന കാര്യമായതിനാൽ നിറുത്തിയെന്നു പറയാമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): പൊതുവേ കുററിക്കാണപ്രകാരം ബോധിച്ചു ഇപ്പോൾ തടി വെട്ടിക്കൊണ്ടു പോകുന്ന ഏർപ്പാടു നിറുത്തി എന്നു മാത്രമേ നോട്ടിഫിക്കേഷനിൽ കാണുന്നുള്ളു. എപ്പോഴാണ് നിറുത്തിയതെന്നു നോക്കിയാലെ അറിയാവൂ.

മി: ഇട്ടുപ്പ ഇട്ടിയച്ചൻ (കുന്നത്തുനാടു്): ഈ കുററിക്കാണം ഏർപ്പാടു നിറുത്തിയതു് അതായതു കാലത്തു അധ്യക്ഷനായിരുന്ന ഡിപ്പാർട്ടുമെന്റുമേലദ്ധ്യക്ഷൻമാരുടെ ഉപദേശം അനുസരിച്ചാണോ? അതായതു, ഇപ്പോൾ അങ്കമാലിയിൽ ഒരു മൈനർ ഡിപ്പോ ഉണ്ടു ഒരു മാസം കഴിയുന്നതിനുമുൻപെ അതു നിറുത്തണമെന്നു കൺസർവേററർ പറഞ്ഞു. അതു പോലെ ആ കാലത്തുണ്ടായിരുന്ന ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്റെ ഉപദേശം അനുസരിച്ചാണോ ഈ കുററിക്കാണം ഏർപ്പാടു നിറുത്തിയതു്.

മി: ആർ. ധനുഷ്കോടിപ്പിള്ള (പനംകൺസർവേററർ). സർ, ഇതിനെ സംബന്ധിച്ചു എനിക്കു ഒരു വാക്കു പറയുവാനുണ്ടു്. ഇവിടെ പ്രസ്താവിച്ചതു വസ്തുതമായിട്ടുള്ളതല്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി). അതു ഡിപ്പോവിനെ സംബന്ധിച്ചാണ്. അതിനു വ്യത്യാസം വരാം. ഇപ്പോൾ ഈ കുററിക്കാണം ഏർപ്പാടുതന്നെ തീരെ നിറുത്തിയിരിക്കയാണ്.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ടു). മെമ്പർ പറയുന്നതു ശരിയല്ലെന്നാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി), ഞാൻ പരസ്യം നോക്കിപ്പറയുകയാണ്. ൧൯൧൧ ക്ക് ൧ ൯ ൧ ൧ ചിങ്ങമാസം ൧-ാം തീയതി മുതൽ ഈ ഏർപ്പാടു നിറുത്തി, അതിൽ ഒരു വകുപ്പുകൂടി ചേർത്തിട്ടുണ്ട്.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ടു): ഈ ഏർപ്പാടു നിറുത്തിയതു കൺസർവേററരോ ഗവണ്മെന്റോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി). ഗവണ്മെന്റു. ദിവാൻ കൃഷ്ണസ്വാമിരാവു കാണ് പരസ്യത്തിൽ ഒപ്പിട്ടുകാണുന്നതു.

മി: തയ്യിൽ കുഞ്ഞിക്കണ്ണൻതാമ്മൻ (മൂവാററുപുഴയും തൊടുപുഴയും). ഒരു വകുപ്പുകൂടി ഉണ്ടെന്നു പറഞ്ഞല്ലോ, അതെന്താണ്.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ടു): അന്നത്തെ കൺസർവേററർ ആരായിരുന്നു?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): മി: ബോർഡിലൻ ആയിരുന്നു.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ടു): മി: വർനീഡിന്റെകാലത്തു് ഞാൻ തടി കുററിക്കാണപ്രകാരം പാങ്ങിട്ടുണ്ടായതായി പ്രമാണം കാണിക്കാം.

മി: തയ്യിൽകുഞ്ഞിക്കണ്ണൻതാമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഒരു വകുപ്പുകൂടി ഉണ്ടെന്നു പറഞ്ഞല്ലോ അതുകൂടി കേട്ടാൽകൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): സാധാരണയായിട്ട് കുററിക്കാണപ്രകാരം തടി ആക്കം വെട്ടിക്കൊണ്ടുപോകാൻ അനുവാദമില്ല. എന്നാൽ ഡിപ്പോകളിൽ തടികൾ ശേഖരിച്ചു ഡിപ്പാർട്ടുമെന്റ് അവയെ വിററുകൊള്ളണം. ഏതെങ്കിലും ഒരുവക തടി ഡിപ്പോവിൽ കൊടുക്കാൻ സാധിച്ചില്ലെങ്കിൽ അതിലേക്ക് പെർമിററുകൊടുത്തു് വൃക്ഷം വെട്ടികൊണ്ടുപോകുന്നതിനു വിരോധമില്ലാ എന്നൊരുവകുപ്പുണ്ട്. അതാണ് ഞാൻ വായിക്കാൻ ഭാവിച്ചതു്.

"സാധാരണതരത്തിലുള്ള എല്ലാത്തടികളും ഡിപ്പോകളിൽ വിൽക്കുന്നതാണ്; സംബന്ധപ്പെട്ട ഡിവിഷൻ ഫാറസ്റ്റാഫീസർക്ക് മുന്നറിവുകൊടുക്കുന്നപക്ഷം, ഡിപ്പോവിൽ കിട്ടുന്നതിനു സാധിക്കാത്ത ഏതെങ്കിലും പ്രത്യേകതരം തടി ജനങ്ങൾക്കു നൽകുന്നതായിരിക്കും. അപ്രകാരമുള്ള തടികൾ നല്കുന്നതിനു സാധിക്കാത്തപക്ഷം അപ്രകാരമുള്ള തടികൾ വനങ്ങളിൽനിന്നും ക്ഷയപരിമാണത്തിൽ മുറിച്ചെടുത്തുകൊള്ളുന്നതിന് അനുവാദം കൊടുക്കുന്നതാണ്."

അതായതു് ഏതെങ്കിലും തടി അത്യാവശ്യമായിരിക്കുകയും അതു ഡിപ്പാർട്ടുമെന്റിൽനിന്നും ഡിപ്പോവിൽ ശേഖരിച്ചുകൊടുക്കാൻ സൌകര്യം ഇല്ലാതെവരികയും ചെയ്യുമ്പോൾ ഈ രൂപത്തിനു വ്യത്യസ്ഥമായി പെർമിററുകൊടുത്തു് ആ തടി മുറിപ്പിക്കാമെന്നാണ്.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ടു): ഈ വ്യത്യസ്തമായ ഒരു വകുപ്പ് പരസ്യംചെയ്തതിയതിക്കുപിന്നും പൂരപ്പണിക്ക് ഇരുപതുകണ്ടിതടിവീതം കൊടുത്തുകൊണ്ടിരുന്നു എന്നറിയാമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): വളരെ ഉർല്ലഭമാണ്.

മി: ഇട്ടൂപ്പ്ഇട്ടിയച്ചൻ (കുന്നത്തുനാട്ടു). ഉർല്ലഭമാണെന്ന് എനിക്കറിയണമെന്നില്ല. കൊടുത്തുവന്നിരുന്നോ എന്നറിഞ്ഞാൽമതി.

മി: പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

തീർച്ചയായിട്ടും ഈ സമ്പ്രദായം നാശമായിട്ടുള്ള ഫലങ്ങൾക്ക് കാരണമാകുന്നതാണ്. അതിനാൽ അതിനെ പരിത്യജിക്കേണ്ടതാകുന്നു. അതും വീണ്ടും നടപ്പിൽ കൊണ്ടുവരണമെന്ന് ആരുംതന്നെ അഭിപ്രായപ്പെടുകയില്ല. അതിന്റെ ഭാവിഫലങ്ങൾ എന്തായിരിക്കുമെന്നുള്ളതു് ഞാൻ പ്രസ്താവിക്കാൻ ഇനിയുകയായിരുന്നു. ഫ്രീപാസ്സ് നല്കുന്നഏർപ്പാട് ഇപ്പോൾതന്നെ നടപ്പിൽഇരിക്കുന്നു; ഇതിനെസംബന്ധിച്ച് അനവധിഅപേക്ഷകൾ ഇപ്പോൾ കിട്ടിവരുന്നുണ്ട്. ഡിപ്പാർട്ടുമെന്റ് ഇക്കാര്യത്തിൽ ഉത്സാഹപ്രദമായ വ്യവസ്ഥകൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും, പാസ്സുനല്കുന്നതിൽ കാലതാമസം നേരിടുന്നു. ഈ കാലതാമസത്തെപ്പററി അനവധിപരാതിയും ഉണ്ടാകുന്നു. അതുപോലെതന്നെ മേല്പറഞ്ഞ സമ്പ്രദായം നടപ്പിലാക്കുന്നപക്ഷം, തടി വെട്ടിഇറക്കുന്നതിനുള്ള പെർമിററുകൾ ലഭിക്കുന്നതിന് ഈ സംസ്ഥാനത്തെ പലഭാഗങ്ങളിലുമുള്ള അനവധിആളുകൾ മുമ്പോട്ടുവരുന്നതാണ്. പെർമിററുകൾ ആക്കം നൽകാതിരിക്കാൻ പാടില്ലാത്തതാകുന്നു.

മി: തയ്യിൽകുഞ്ഞിക്കണ്ണൻതാമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഒരുകാലത്തു് വളരെ ഭൂമികൾ ഗവണ്മെന്റു പലസ്ഥലത്തും പതിച്ചുകൊടുക്കയും അതിൽനിന്ന് തട്ടിവില ഇനത്തിൽ ഗവണ്മെന്റിന് വലിയലാഭം കിട്ടുകയും ആ തടികൊണ്ടുപോകുന്നതിന് ഫ്രീപാസ്സുകൊടുക്കാതിരിക്കയും ചെയ്തതായിട്ടറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഇപ്പോൾതന്നെയും അപ്രകാരം പ്രവർത്തിക്കുന്നതിന് സാധിക്കുന്നതാണ്. ഒരുവസ്തുതിൽ നല്കുന്ന പെർമിററുകളുടെ സംഖ്യ ഗവണ്മെന്റിന് ക്ഷയപ്പെടുത്താമെന്ന് മി: ഇട്ടിയച്ചൻ പറഞ്ഞിട്ടുണ്ടെന്നുള്ളതു് മെമ്പർക്കറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ആ വീണ്ടും നടപ്പിൽ കൊണ്ടുവരുന്നപക്ഷം ആവശ്യപ്പെടുന്ന എല്ലാആളുകൾക്കും പെർമിററുകൾ നൽകേണ്ടതാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): പ്രാക്ടമേഷൻപ്രകാരം ഈ സിസ്റ്റംതന്നെ നിറുത്തിയില്ലല്ലോ. പിന്നെ റിവൈവ്ചെയ്യണമെന്നു പറയുന്നതിന്റെ അർത്ഥം എന്താണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ആ ഒരു വ്യത്യസ്തത്തിനധീനമായി അതു് നിറുത്തുകയുണ്ടായി.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): എബാളിഷ്ചെയ്ത ആർഡർഉണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഉണ്ട്. അടുത്തഭാഗം വായിച്ചാൽ അറിയാം.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): എക്സംപ്ഷൻ വേണമെന്ന് ആവശ്യപ്പെടുമ്പോൾ ഡിപ്പോവിൽകിട്ടാത്തതടികൊടുക്കാമെന്നു പറയുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഇടക അടയ്ക്കുന്നപക്ഷം തടി വെട്ടുന്നതിന് അനുവാദം നല്കുന്നതല്ല".

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതിന്റെ ക്ലൈമ്പ്സ് കേട്ടാൽകൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): പരസ്യത്തിലെ ആദ്യഭാഗം ഈ സമ്പ്രദായത്തെ പൊതുവെ നിവൃത്തിക്കുന്നതിനെസംബന്ധിച്ചുള്ളതാണ്. എന്നാൽ സൌകര്യത്തിനായി അതിലൊരു വ്യവസ്ഥചെയ്തിട്ടുണ്ട്. ഏതെങ്കിലും പ്രത്യേകതരത്തിലുള്ള തടി ആവശ്യാനുസരണം നല്കുന്നതിന് ഡിപ്പാർട്ടുമെന്റിന സാധിക്കാതെവരുന്ന അസാധാരണ കേട്ടങ്ങളിൽ പെർമിററുകൾ അനുവദിക്കുന്നതാണ്. ഈ സമ്പ്രദായം പൊതുവെ നിർത്തിട്ടില്ലെന്ന് ഇതുകൊണ്ട് അർത്ഥമാകുന്നില്ല. അതു നിർത്തുകതന്നെചെയ്തു. അതിനാൽ എല്ലാജനങ്ങളും അപേക്ഷ അയക്കുന്നപക്ഷം എല്ലാജോലികളേയും നിയന്ത്രിക്കുന്നതിനു യോജിച്ചുസിൽവെന്തികളെ എപ്രകാരം ലഭിക്കാൻകഴിയും? ഇപ്പോൾ അനവധി കൺട്രാക്ടർമാർ ജോലിചെയ്തുവരുന്നുണ്ട്. അവരുടെ ജോലിക്കാരും വ്യക്തിപരമായവിധത്തിൽ പാസ്സുകൾ ലഭിച്ചിട്ടുള്ള ആളുകളും തമ്മിൽ എന്തു വ്യത്യാസമാണുള്ളതെന്ന് ചില സാമാജികന്മാർ ചോദിച്ചുണ്ടായി. കൺട്രാക്ടർമാരെ സംബന്ധിച്ചിടത്തോളം, അവർ ഒരുടമ്പടി എഴുതിവച്ചിട്ടുള്ളതിനുംപുറമെ, അവരുടെ ആളുകൾക്ക് ഡിപ്പാർട്ടുമെന്റിൽനിന്നും നൽകിട്ടുള്ള പാസ്സ് ലഭിച്ചിട്ടുണ്ടെന്നുള്ളതും ഞാൻ പറഞ്ഞുകൊള്ളുന്നു. പ്രത്യേകവും നിശ്ചിതവുമായ പ്രദേശങ്ങളിൽ ഇവർ പ്രവൃത്തിചെയ്യുന്നതിനാൽ അവരെ എളുപ്പത്തിൽ നിയന്ത്രിക്കുന്നതിന് പതനം ഡിപ്പാർട്ടുമെന്റിലെ സിൽവെന്തികൾക്ക് സാധിക്കുന്നതാണ്.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എത്രപെർമിററുവീതമെ ഒരു മാസത്തിൽ കൊടുക്കയുള്ളു എന്നൊരു നിർബന്ധം വയ്ക്കുന്നതോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതു് സാദ്ധ്യമല്ല. കാര്യക്ഷമമായവിധത്തിൽ നിയന്ത്രിക്കുന്നതിന് അനവധിഉദ്യോഗസ്ഥന്മാർ ആവശ്യമാണ്. ഇക്കാര്യത്തിൽ ഗവണ്മെന്റിന് ഈ സഭയുടെ അനുമതി വാങ്ങേണ്ടിവരും.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഒരു മാസത്തിൽ ഇത്ര ആളുകൾക്കേ കൊടുക്കയുള്ളു അല്ലെങ്കിൽ ഇത്രകണ്ടിതടിക്കേ പെർമിററുകൊടുക്കയുള്ളു എന്നൊരു നിബന്ധനവച്ചാൽ ഈമാതിരിയുള്ള വിഷമങ്ങൾക്ക് നിവൃത്തിയുണ്ടാകയില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): വലിയ പരാതിക്ക് അതു കാരണമാകുന്നതാണ്. ഈ കുറിക്കാണസമ്പ്രദായം തന്നെ പരിത്യാജ്യമായിട്ടുള്ളതാകുന്നു. കൂടാതെ അതു വലിയ ദോഷത്തിനും കാരണമാകുന്നതാണ്. അതു നടപ്പിൽ കൊണ്ടുവരുവാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

മി: വി. ചെല്ലംപിള്ള (തോവാള): കൺട്രാക്ടർമാർക്ക് നൽകിയിട്ടുള്ളസ്ഥലങ്ങളിൽനിന്നും വൃക്ഷങ്ങൾ മുറിക്കുന്നതിന് ജനങ്ങൾക്ക് അനുവാദം നല്കുന്നതിൽ ഗവണ്മെന്റിന് എന്തെങ്കിലും വിരോധം ഉണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അങ്ങനെയാണെങ്കിൽ ജനങ്ങൾതന്നെ കൺട്രാക്ടർമാരായിത്തീരും അതിനു യോജിച്ച ഒരു വഴിയാണു ഇതു്.

മി: വി. ചെല്ലംപിള്ള (തോവാള): കുറിക്കാണസമ്പ്രദായം അനുസരിച്ചു് ആളു സാദ്ധ്യമാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഇപ്രകാരമായാൽതന്നെയും ഈ സംസ്ഥാനത്തു്, അനവധി ജനങ്ങളുണ്ട്. ഇപ്രകാരം ഒരു സംഗതിക്കനുവാദം നല്കുന്നപക്ഷം പ്രവേശനം അനുവദിക്കേണ്ടസ്ഥലങ്ങളുടെ സംഖ്യ എന്തായിരിക്കും?

മി: വി. ചെല്ലംപിള്ള (തോവാള): തടിവെട്ടിയിറക്കുന്നതിന് ഇപ്പോൾ ചിലയാളുകൾക്ക് അനുവാദം നല്കുന്നുണ്ട്. ഇപ്രകാരം പ്രവർത്തിക്കുന്നതിന് മററുള്ളവർക്കുകൂടി അനുവാദം നൽകിയാലെന്താണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതു് ഒരു മുഴുവൻ പ്രദേശത്തെസംബന്ധിച്ചുള്ളതാണ്. ഒരാൾക്ക് ഇരുപതുതടി മുറിക്കേണ്ട ആവശ്യമേ ഉണ്ടാകയുള്ളു; എന്നാൽ മറെറാരാളിന് അതിൽ കൂടുതൽ സാദ്ധ്യമുണ്ടെന്നുവരുന്നുക്കാം. ഈ കാര്യത്തിന്റെസ്ഥിതി ഇപ്രകാരമാണ്. ഇതുപോലെയുള്ള ഒരു കാര്യത്തിന് അനുവാദം നല്കുന്നപക്ഷം ബ്ലോക്കുകളുടെസംഖ്യ വർദ്ധിപ്പിക്കേണ്ടതായിവരുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): ഡിപ്പാർട്ടുമെന്റിലെ ആവശ്യത്തിലേക്കാ കച്ചവടത്തിനാ ആയിട്ടാണ് കൺട്രാക്ടർമാർ തടി മുറിക്കുന്നതു്. അതിനാൽ കുറിക്കാണസമ്പ്രദായം അനുസരിച്ചു് ഈ വനങ്ങളിൽനിന്നും തടി വെട്ടിഇറക്കുന്നകാര്യത്തിൽ മെംബർ എന്തിനാണ് പ്രതികൂലഭാവം പ്രദർശിപ്പിക്കുന്നതു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഈ സമ്പ്രദായം വളരെ വ്യത്യാസമുള്ളതാണ്. ഒരു കൺട്രാക്ടർക്ക് ഒരു ക്ലൂപ്പ് വിൽക്കുന്നപക്ഷം അവിടെയുള്ള പൂർണ്ണവളർച്ചയെത്തിയ വൃക്ഷങ്ങൾ അയാൾ വെട്ടിയിറക്കേണ്ടതാണ്. പെർമിററുകൾ അനുസരിച്ചു് അവിടെനിന്നും മററുള്ളവർക്ക് പെർമിററിൻപ്രകാരം തടി വെട്ടിക്കൊണ്ടുപോകുന്നതിന് തടി കിട്ടുകയില്ല. അതിനാൽ അതേപ്പോക്കിൽതന്നെ മററുള്ളവർക്കുപോയി പ്രവർത്തിചെയ്യുന്നതിന് സാധിക്കുകയില്ല. ഈ സംഗതിയുടെ സാമാന്യസ്ഥിതിയെസംബന്ധിച്ചു പരിഗണിക്കുന്നപക്ഷം ഈ സമ്പ്രദായം വീണ്ടും നടപ്പിലാക്കുന്നതായാൽ ആയതു് വളരെ നാശത്തിന് കാരണമാകുന്നതായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളതു്. ജനങ്ങളുടെ സൌകര്യത്തെസംബന്ധിച്ചിടത്തോളം കൂടുതൽ തടിഡിപ്പോകൾ തുറന്ന് ജനങ്ങളുടെ ആവശ്യങ്ങളെ വേണ്ടവിധം നിറവേററുന്നതിന് ഡിപ്പാർട്ടുമെന്റ് കഴിയുന്നത്ര പരിശ്രമിച്ചുവരികയാകുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ഡിപ്പാർട്ടുമെന്റിൽനിന്നും കൂടുതൽ ഡിപ്പോകൾ തുറക്കുന്നതിൽ മെംബറിനു വിപരീതാഭിപ്രായമുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): തടികൾ ലഭിക്കുന്നതിന് ഏതെങ്കിലുംസ്ഥലത്തുനിന്നും വളരെ അപേക്ഷകൾ കിട്ടുന്നപക്ഷം അവിടെ ഒരു ഡിപ്പോ തുറക്കുന്നകാര്യത്തിൽ യിക്ഷയമായും

ഡിപ്പാർട്ടുമെൻറിന് യാതൊരു വൈമനസ്യവും ഉണ്ടാകുന്നതല്ല. അതുപോലെതന്നെ ഏതെങ്കിലും പ്രത്യേകഡിപ്പോയിൽ യാതൊരു വില്പനയും വരുക്കുന്നില്ലെന്നു കാണുന്നപക്ഷം അതു നിർത്തുകയും അതു മററൊരുസ്ഥലത്തു വീണ്ടും തുടങ്ങുകയും ചെയ്യാവുന്നതാണ്. തടി ഉപിക്കുന്നതിന് ജനങ്ങൾ ആവശ്യപ്പെടുന്ന സ്വാഭാവികമായിട്ടുള്ളമാർഗ്ഗം ഇതു മാത്രമാകുന്നു. പെർമിററുകൾ അനുവദിക്കുന്ന ഒരു പഴയസംപ്രദായത്തെ മുഴുവനെ വീണ്ടും നടപ്പിൽവരുത്തണമെന്നു ആവശ്യപ്പെടുന്നതു്, തടസ്ഥമോ വിലകൂടാതെ വനങ്ങളിൽ പ്രവേശിക്കുന്നതിന് ജനങ്ങൾക്ക് അനുമതിനല്കുന്നതിനു തുല്യമായിട്ടുള്ളതാണ്. ഇതു് ഒട്ടുംതന്നെ ആശാസ്യമായിട്ടുള്ളതല്ല. അതിനാൽ ഈ പ്രമേയത്തെ മി: ഇട്ടിയച്ചൻ പിൻവലിക്കണമെന്ന് ഞാൻ വിശ്വസിക്കുന്നു.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): എന്റെ പ്രമേയത്തെസംബന്ധിച്ച് കൺസർവേററർ അവർകളും കൌൺസിൽ സെക്രട്ടറിഅവർകളും പറഞ്ഞസമാധാനംതൃപ്തികരമാണെന്ന് ഞാൻ വിചാരിക്കുന്നില്ല. ഗവണ്മെൻറ് സർക്കുലർ മുഴുവനും വ്യാഖ്യാനിച്ചു പറഞ്ഞതിൽനിന്ന് തടികളെ കുടികൾക്ക് കൊടുക്കുന്ന കാര്യത്തിൽ ഗവർണ്മെൻറ് വിരോധിച്ചിട്ടുണ്ടോ എന്നുള്ള സംഗതി സംശയമാണ്. അതുകൊണ്ട് ആളുകൾക്കു കൊടുത്തിരുന്ന ഒരുതരവ് ഇപ്പോഴും നിലവിലിരിക്കുന്നു എന്നാണ് ഞാൻ വിശ്വസിക്കുന്നതു്. അതിനെ മുൻനിറുത്തി ജനങ്ങൾക്കു സൌകര്യമുണ്ടാക്കുന്നതിനായി അതിനെ വീണ്ടും നടപ്പിൽ കൊണ്ടുവരണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ അവതരിപ്പിച്ച പ്രമേയം കൺസർവേററർ അവർകൾക്കും മററുമെംബർമാർക്കും പൂർണ്ണമായിട്ടു മനസ്സിലായിട്ടുണ്ടോ എന്നു സംശയമാണ്; അതുകൊണ്ടു പ്രമേയത്തെ ഒന്നുകൂടി വായിക്കാം.

"സർക്കാർ തടികളെസംബന്ധിച്ച് ഇപ്പോഴത്തെ ലേലസമ്പ്രദായത്തിൽ ചിലവുകഴിച്ചു കിട്ടിക്കൊണ്ടിരിക്കുന്ന ലാഭം തോതാക്കി താരിപ്പുനിശ്ചയിച്ച് പഴയപടി കുററിക്കാണ്ഏർപ്പാട് നടിപ്പിൽ വരുത്തണമെന്ന് ഈ കൌൺസിൽഗവണ്മെൻറിനോടു ശുപാർശചെയ്യുന്നു".

കൺട്രാക്ടർമാർക്ക് ഡിപ്പോകളിൽ തടിശേഖരിക്കുന്നതിന് ഈ പ്രമേയം കൊണ്ട് നഷ്ടം ഒന്നും ഉണ്ടാകുകയില്ല. കച്ചവടക്കാർക്കോ മററുള്ളവർക്കോ ഈ പ്രമേയംകൊണ്ട് യാതൊരുവിഷമവും നേരിടുന്നതല്ല. മലവാരങ്ങളിൽനിന്നും എട്ടോ പത്തോ മൈൽദൂരത്തിൽകിടക്കുന്ന ആളുകൾക്ക് തടിവാങ്ങിക്കുന്നതിനു മാത്രം സൌകര്യം വരുത്തിത്തന്നു് മി. ബോർഡലൻ ന്യായമായവിധത്തിൽ പെരുമാറിയിരുന്നു. മി: പൊന്നമ്പലം പിള്ള കൺസർവേററരായിരുന്നതിനുശേഷമാണ് ഈ കുഴപ്പങ്ങൾ എല്ലാം ഉണ്ടായതു്. അതിനുശേഷം മലയാറ്റൂർ ഡിവിഷൻ ഫാറസ്റ്റാഫീസരായിവന്ന മി: വർനീഡ് ജനങ്ങൾ കഷ്ടപ്പെടുന്നതുകണ്ട് മഹാരാജാവുതിരുമനസ്സിനെ മുഖംകാണിച്ച് ആളൊന്നിന് ഇരുപതുകണ്ടിത്തടിവീതം കൊടുക്കുന്നതിന് അനുവാദം വാങ്ങിച്ചു.

അക്കാലത്തു് ഇരുപതുകണ്ടിത്തടി ഞാനും വാങ്ങിച്ചിട്ടുണ്ട്, അതു് [illegible] ആണ്. ആ ഏർപ്പാടിനെസംബന്ധിച്ച് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അതിലേക്കു വേണ്ട തെളിവുകൾ ഞാൻ ഇവിടെ ഹാജരാക്കാം. ഗവണ്മെൻറു റിക്കാർഡുകൾതന്നെ ഇതിനെ തെളിയിക്കുന്നതാണ്. അടുത്ത അസിസ്റ്റൻറ് കൺസർവേററരായി വന്നതു് മി. വാട്സണ്. അദ്ദേഹവും ഈ ആനുകൂല്യങ്ങൾഎല്ലാം ചെയ്തിരുന്നു. അതിനുശേഷം അസിസ്റ്റൻറ് കൺസർവേററരായിവന്നതു് മി: വേലുപ്പിള്ളയായിരുന്നു. അദ്ദേഹത്തിന്റെകാലത്തു് യാതൊരുവിധമായ സഹായവും ജനങ്ങൾക്ക് കിട്ടിയിരുന്നില്ല. അതിനുശേഷം വന്ന കൺസർവേററർമാരെക്കൊണ്ടു ജനങ്ങൾക്ക് പ്രയോജനവും ഉണ്ടായിട്ടില്ല. അവരുടെ പേരും മറന്നു.

കൺസർവേററർ അവർകളുടെ പ്രസംഗത്തിൽനിന്നും മനസ്സിലാകുന്നതു് കുററിക്കാണം ഏർപ്പാടുനിമിത്തം ഫാറസ്റ്റിനുള്ളിൽ പല അഴിമതികളും നടക്കാനിടയുണ്ടെന്നാണ്. ഈ അഭിപ്രായം കൺസർവേററർ അവർകൾ ആലോചിച്ചിട്ടാണോ പറഞ്ഞതെന്ന് എനിക്കു വളരെ സംശയമുണ്ട്. ഇങ്ങനെ കൺസർവേററർ അവർകൾ ഒരഭിപ്രായം പുറപ്പെടുവിക്കുന്നതുതന്നെ ഡിപ്പാർട്ടുമെൻറിനും ഗവണ്മെൻറിനും വളരെ ആക്ഷേപകരമായ ഒന്നാണെന്ന് പ്രത്യക്ഷത്തിൽകാണാം. നമ്മുടെ ഗവണ്മെൻറിന് പട്ടാളവും പോലീസും ഫാറസ്ററുസിൽബന്ധികളും ധാരാളമായുള്ളസ്ഥിതിക്ക് തിരുവിതാംകൂറിലെ ജനങ്ങൾ മുഴുവനുംകൂടി വനത്തിൽകയറി അഴിമതിചെയ്യാനും നിറുത്താൻകഴിയത്തക്ക ശക്തിയുണ്ട്. അതു അറിയാതെയാണ് മെംബർ ഇപ്രകാരംപറഞ്ഞതു്. അതുകൊണ്ട് അതിനെപ്പററി കൂടുതലൊന്നും പറയുന്നില്ല.

അഴിമതി എന്നുപറഞ്ഞതിൽ രണ്ടുവിഭാഗമുണ്ട്. സാധാരണ കള്ളന്മാർകയറി തടിമോഷ്ടിക്കുന്നതു് ഒന്ന്. ഫാറസ്റ്റിനുള്ളിൽ കുററിക്കണംകൊടുക്കേണ്ടതായ തടികൾ കൊണ്ടുപോകുന്ന ആളുകളുടെ അഴിമതി വേറെയൊന്ന്. ഈ രണ്ടുതരം അഴിമതികളെയുംപററി ഞാൻ വേർതിരിച്ചുപറയാം. കുററിക്കണപ്രകാരം തടിമുറിച്ചുകൊണ്ടുപോകുന്നതിൽ അഴിമതിചെയ്യാൻ സാധിക്കുമോഎന്നു നോക്കാം. അതിലേക്ക് എന്റെചോദ്യത്തിന് കൺസർവേററർ നൽകിയമറുപടിയിൽ എന്റെ പ്രസംഗത്തിൽനിന്നുമാണ് ഈ അറിവു കൺസർവ്വേററർക്കു കിട്ടിയതെന്നു പറയുകയുണ്ടായി. അതുകൊണ്ട് ഞാൻ പറയുന്നതിനെ ഈ സഭ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സൌകര്യമായ സ്ഥലങ്ങളിൽ തടിഡിപ്പോകൾ തുറക്കുന്നതുകൊണ്ട് അദ്ദേഹം തൃപ്തിപ്പെടുമോ എന്നുള്ളതറിയാൻ ഞാനാഗ്രഹിക്കുന്നു.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): ഈ ചോദ്യത്തിനെ ആരെങ്കിലും മലയാളത്തിൽ പറഞ്ഞുമനസ്സിലാക്കിത്തന്നാൽ ഉത്തരംപറയാം.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): സൌകര്യമുള്ളസ്ഥലങ്ങളിൽഡിപ്പോകൾ ഉണ്ടാക്കിത്തന്നാൽ മെംബർക്കു തൃപ്തിയാകുമോ?

മി: ഇട്ടൂപ്പുഇട്ടിയച്ചൻ (കുന്നത്തുനാട്): ഇപ്പോഴും മെംബർക്ക് എന്റെപ്രമേയത്തിന്റെ അർത്ഥം മനസ്സിലായി എന്നു തോന്നുന്നില്ല. ഡിപ്പോ സ്ഥാപിച്ചുതരുന്നതുകൊണ്ടുമാത്രം കുടികളുടെ നഷ്ടം തീരുകയില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതാണ് സൌകര്യമുള്ളസ്ഥലങ്ങളിൽ എന്നു പറഞ്ഞതു്.

മി: ഇട്ടപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): സൌകര്യമുള്ള സ്ഥലങ്ങളിലായാലും തരി ശരിയായിട്ടുകിട്ടുകയില്ലെന്നു മാത്രമല്ല അനാവശ്യമായ പലനഷ്ടങ്ങളും സഹിക്കണം.

മി: തയ്യിനുകുഞ്ഞിത്താമ്മൻ (മുവാററുപുഴയും തൊടുപുഴയും): ഏററവും സൌകര്യമുള്ള സ്ഥലങ്ങളിലായാലും താലൂക്കുകൾതോറും ഓരോ ഡിപ്പോകിട്ടുമെന്നുവിചാരിക്കുന്നുണ്ടോ?

മി: ഇട്ടപ്പ ഇട്ടിയച്ചൻ (കുന്നത്തുനാട്): സാധിക്കുകയില്ല. എല്ലാതാലൂക്കുകളിലും ഡിപ്പോ സ്ഥാപിക്കണമെങ്കിൽ പത്തോ നാല്പതോ എണ്ണം വേണ്ടിവരും. ഈ വലിയ സംഖ്യ കാണുമ്പോൾ കൺസർവേററർ ഡിപ്പോ വേണ്ടെന്നു പറയും.

ഒരാളിന് അഞ്ചോ പത്തോ കണ്ടി തരിവാങ്ങിക്കാൻ അവശ്യപ്പെട്ടാൽ ഫാറസ്റ്റ് ആഫീസരുടെ അടുക്കൽ ഇന്ന റിസർവിൽ ഇന്നഭാഗത്തു നിന്നും ഇത്രകണ്ടി തരി തരണമെന്നു അപേക്ഷിക്കണം. പഴയ സിസ്റ്റപ്രകാരമുള്ള നടപടിയെപററിയാണ് ഞാൻപറയുന്നതു്. ഇത്രയും തരിയണമെങ്കിൽ ഒരു കണ്ടിതരിക്ക് ഏഴുരൂപാ കുററിക്കാണം കൊടുക്കണം. അങ്ങനെ 5 കണ്ടിതരിക്കു അപേക്ഷിച്ചാൽ 35 സക്കാർ രൂപാകുററിക്കാണം കൊടുക്കണം. ഉടനെ അതിലേക്കു ഒരു പാസ്സുഎഴുതിതരും. ഈ പാസ്സിനെപ്പറ്റി റിസർവിൽനിന്നു തരി ആവശ്യമുണ്ടെന്നു ആ സ്ഥലത്തെ റെയിഞ്ചരെ കൊണ്ടു കാണിക്കണം. അതിൽ റയിഞ്ചർ അടയാളം വച്ച് റെയിഞ്ചരും ആവശ്യക്കാരനും ആ തരിനിൽക്കുന്ന സ്ഥലത്തുചെന്ന് തരിയുടെ അളവ് ഉദ്ദേശം കണക്കാക്കും. മൂന്നുകണ്ടിതരി ഉദ്ദേശം കണക്കാക്കിയാൽ ചിലപ്പോൾ 5 ഏക്കറിയും ആകും അല്ലെങ്കിൽ 2 ഏക്കറിയും ആകും. തരിയിൽ മുദ്ര അടിക്കും. ഈ മുദ്ര അടിച്ചതരിയല്ലാതെ വേറെ ഒരു തരിയും മുറിക്കരുതു. അങ്ങനെ മുറിച്ചാൽ ഉടനെ ശിക്ഷിക്കും. തരിമുറിച്ചു കഴിഞ്ഞാൽ പാസ്സിന്റെ നമ്പരും ആവശ്യക്കാരന്റെ പേരും മലയാളത്തിൽ തന്നെഎഴുതി ശരിപ്പെടുത്തിവയ്ക്കും. പിന്നീടു തരിമുറിച്ചു കഴിഞ്ഞു കടത്തികൊണ്ടുപോകാൻ പാസ്സുവേണമെന്നപേക്ഷിച്ചാൽ റയിഞ്ചരുടെ സൌകര്യപ്പോലെ വന്ന് തരിയുടെ നിളം വണ്ണം ഇതെല്ലാം അളന്ന് തിട്ടപ്പെടുത്തും. അളവുകുറവായാൽ ബാക്കിപണം തിരികെതരികയില്ല. കൂടുതൽ പണംകൊടുക്കുകയും വേണം. പിന്നീടു കടത്തികൊണ്ടു പോകാനുള്ള പാസ്സു കൊടുക്കും.

ഇങ്ങനെ കിട്ടുന്ന പാസ്സുകൂടാതെ തരി അവിടെനിന്നും മാററികൊണ്ടുപോകാൻ പാടില്ല. ഈ തരികൾ കൊണ്ടുപോകുന്ന പോക്കുവരവു സ്ഥലങ്ങളോടു അടുത്തടുത്തു ഫാറസ്ററു സ്റ്റേഷൻഉണ്ട്. ഇങ്ങനെ ഉള്ള സ്ഥലങ്ങളിൽകൂടി ആനയെകൊണ്ട് വലിപ്പിച്ചും വണ്ടിയിൽ കൂട്ടിയും കൊണ്ടുപോകുമ്പോൾ ഓരോ സ്ഥലങ്ങളിലും ഉള്ള ഫാറസ്ററു സ്റ്റേഷനിൽ ഗാർഡിനെ കൊണ്ടു പാസ്സുപതിപ്പിക്കണം. ഒരു സ്റ്റേഷനിൽ പതിക്കാതെ മററു സ്റ്റേഷനിൽ കൊണ്ടുപോയാൽ അതു കുററകരമാണ്. ഇത്രയും കെട്ടുപാടുകൾ ഇരിക്കെ തരി മോഷ്ടിച്ചു കൊണ്ടു പോകാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നതെങ്ങനെയാണ്? മലകളിൽ നിന്നും മേൽ പറഞ്ഞ വിധത്തിലല്ലാതെ മററൊരു വിധത്തിലും തരികൊണ്ടുപോകാൻ സാധിക്കയില്ല.

മററൊരുവിധം കള്ളന്മാർ ഉണ്ടെന്നു പറഞ്ഞതു് സാധാരണമാണ്. അവർ ചന്തകളിലും വീടുകളിലും അമ്പലങ്ങളിലും പള്ളികളിലും മററു പലസ്ഥലങ്ങളിലും മോഷ്ടിക്കുന്നുണ്ട്. അവരേയും മററുള്ളവരേയും ഒരേതരത്തിൽ വിചാരിക്കുന്നതു സംകടകരമാണ്. അങ്ങനെ കൊണ്ടുപോകുന്ന ആളുകളെ തടുക്കുന്നതിന്, ഈ കൺസർവേററർ തന്നെ മലമാററർ സഞ്ചായം ആഫീസിൽ രണ്ടു മൂന്നു കൊല്ലം ഇരുന്ന കാലത്തു തല്ലുകൂടാതെ ശ്രമിക്കയും പെട്ടെന്ന് പോലീസ്കാരേയും മററും വരുത്തി അതിലേക്കു ഉല്ബോധിക്കുകയും മററും ചെയ്തു. തരിമോഷണക്കാരോടു അടുത്തു പെരുമാറാൻ ഭയമ്പ് ഒടുവിൽ പിടികൊടുക്കാതെ ഓടിക്കൊണ്ടിരുന്ന അവരെ വെടിവെയ്ക്കുകയും ഒരാൾ മരിക്കുകയും ചെയ്തു. സാധാരണ തരിമോഷണക്കാർ തലച്ചുമടായിട്ടു തരികൊണ്ടു പോകുകയുള്ളു. അങ്കമാലിയിൽ ഒരു ഡിപ്പോ ഉണ്ടായിരുന്നാൽ അവിടെ തരിമോഷണം ഉണ്ടാകുകയില്ലെന്ന് കൺസർവേററരോടുതന്നെ ഞാൻ പറഞ്ഞുനോക്കി. അദ്ദേഹം അതു സമ്മതിച്ചില്ല. കുഞ്ഞുവെള്ളത്തിൽ ചാടിയപൂച്ച പച്ചവെള്ളം കണ്ടാൽ ഭയപ്പെടും എന്ന പോലെ ആരെങ്കിലും അദ്ദേഹത്തെപററിച്ചിരിക്കും. അതുകൊണ്ടു മററുള്ളവർ പറയുന്നതല്ലാം തടസ്സം പറഞ്ഞു കൂടാനാണെന്നുള്ള വിചാരത്തോടുകൂടിയാണ് ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷൻ പ്രവൃത്തിക്കുന്നതു്. ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് കഴിഞ്ഞ ബഡ്ജററു് യോഗകാലത്തു ഒരു ഉപക്ഷേപം അയച്ചുഞാൻചില സംഗതികൾഎല്ലാം പ്രസ്താവിച്ചു. അങ്കമാലിയിൽ ഒരു ഡിപ്പോ വേണമെന്നു ഞാൻ പറഞ്ഞു. അന്നും അദ്ദേഹം സമ്മതിച്ചില്ല, ഒടുവിൽ കൌൺസിൽ കഴിഞ്ഞിട്ടു ഞാൻ കൺസർവേററരെകണ്ടു, ഇത്രവളരെ അത്യാവശ്യമാണു; ഇല്ലെങ്കിൽ ഗവണ്മെന്റിനും ജനങ്ങൾക്കും വളരെ നഷ്ടമാണു; അതുകൊണ്ടു അങ്കമാലിയിൽ ഒരു ഡിപ്പോ തുറക്കണമെന്നു പറഞ്ഞുഞാനതിരിച്ചെത്തിയപ്പോൾ അങ്കമാലിയിൽ ഒരു ഗ്രൌണ്ട് ഡിപ്പോ തുറക്കുന്നതിനു ഉത്തരവു വന്നിരിക്കുന്നു എന്നറിഞ്ഞു. അസിസ്റ്റൻറ് കൺസർവേററർ ഒരു ബ്രാഹ്മണനാണ്. പേരറിഞ്ഞുകൂടാ; അദ്ദേഹവും റെയിഞ്ചരും കൂടി ആലോചിച്ചു കുളവു നിറത്തുന്നതിന് കള്ളന്മാരുടെ കയ്യിൽ തന്നെ താക്കോലുകൊടുത്തു കളയാമെന്ന് നിശ്ചയിച്ചു. തരിമോഷണക്കാർ സാധാരണ ഉപജീവനത്തിന് മാർഗ്ഗമില്ലാതെയാണ് ഇതിന് ഒരുങ്ങുന്നതു്; ഇപ്പോൾ ആമലകളിൽ നിന്നും കൺട്രാക്ടർമാർക്ക് വേണ്ടി തരിവെട്ടി ഇറക്കി കൊണ്ടുവരികയും അതിൽനിന്നും അവരുടെ ഉപജീവനത്തിന് വേണ്ടപണം ലഭിക്കുകയും ചെയ്യുന്നുണ്ട്. അതിനാൽ ഇപ്പോൾ കുളവുകുറവാണ്. ആദ്യം മന്നുരണ്ടു തവണതരിലേലം ചെയ്തതിൽ ഗവണ്മെന്റിന് ലാഭമുണ്ടായിരുന്നു. ഇപ്പോൾ ഇതുഡിപ്പോ നിറുത്താൻ ഉത്തരവു വന്നിരിക്കുന്നു എന്നുകേട്ടു. ഇതു കലികാലത്തിന്റെ വൈഭവമെന്നു വിചാരിക്കാൻ തരമുള്ളു; ഇങ്ങനെആണ് ഈ സംഗതിയിരിക്കുന്നതു്.

കൺസർവേററർഅവർകളും കൌൺസിൽ സിക്രട്ടറി അവർകളും ഇവിടെ പറഞ്ഞതിൽനിന്നും ഞാൻ പറയുന്നതിൽ നിന്നും ജനങ്ങളുടെ കഷ്ടത എങ്ങനെയാണെന്ന് ഈസഭയ്ക്കു മനസ്സിലായിരിക്കും.

തരിക്കു ഏന്നു രൂപാതാരിപ്പാണെങ്കിൽ ലേലത്തിൽ ഏഴു രൂപായെ കിട്ടുകയുള്ളു. കൺട്രാക്ടരുടെ ചിലവു കഴിച്ചു ബാക്കി ഗവണ്മെന്റിനു കിട്ടുന്ന ആദായത്തിൽ വേണമെങ്കിൽ ഏ രൂപകൂടിക്കൂട്ടി ജനങ്ങൾക്ക് തരിവിൽക്കുന്നതു കൊണ്ട് ഒരു ദോഷവുമില്ല.

ഇതു് ഈരാജ്യത്തെ ൪ ൫ ലക്ഷം ജനങ്ങളുടെആശ്രയമാണ്. ഇതിനെ എന്റെ മാന്യസ്നേഹിതന്മാരെല്ലാം പിൻതാങ്ങുമെന്നു വിശ്വസിക്കുന്നു. അല്ലാതെ ഇതിനെ എതിർക്കുന്നു എങ്കിൽ, അവർ എന്നോടെതിർത്തതായി ഞാൻ വിചാരിക്കുന്നില്ല. അവരവരുടെ നിയോജകമണ്ഡലത്തിലെ സാധുജനങ്ങളുടെ ക്ഷേമത്തെ എതിർക്കുന്നു എന്നേ ഞാൻ വിചാരിക്കുന്നുള്ളു, അതുകൊണ്ടു് പ്രമേയം വോട്ടിനിടണമെന്നു് അപേക്ഷിക്കുന്നു.

മി: ആർ. ധനുക്കോടിപ്പിള്ള (വനംകൺസർവേററർ) : മി: ഇട്ടിപ്പ് ഇട്ടിയച്ചൻ ഇതുവരെ പ്രസ്താവിച്ചിട്ടുള്ള എല്ലാതക്കവിഷയങ്ങളെയും സംബന്ധിച്ചു് മെയ്യരൂപമായവിധത്തിൽ മറുപടി നൽകണമെന്നു് ഞാൻ വിചാരിക്കുന്നില്ല. വിവാദവിഷയത്തിൽ പിന്നെ വളരെ ഭിന്നിച്ച കാര്യങ്ങളെപ്പററിയാണു് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. ഡിപ്പാർട്ടുമെൻറു പ്രവർത്തനത്തെ സംബന്ധിച്ചു് യാസ്തവത്തിൽ അദ്ദേഹം വിമർശനം നടത്തുകയാണു് ചെയ്തിട്ടുള്ളതു്; ഇതിനുദാഹരണമായി അങ്കമാലിസ്റ്റേഷനിൽ ഏതോ ഒരു ബ്രഹ്മണനോ മറെറാ തടിവിൽപന നിരത്തി എന്നു അദ്ദേഹം പറയുകയുണ്ടായി. ആ ബ്രാഹ്മണൻ എന്റെ ഡിവിഷൻ ആഫീസറായ മി: രാമസുബ്രഹ്മണ്യയ്യർ ആണു്. ഒ ദിവസത്തിനു മുൻപുമാത്രമാണു ഈ കാര്യത്തെ സംബന്ധിച്ചു് അദ്ദേഹവുമായി സംസാരിക്കുന്നതിനു് എനിക്കു ഇടയായിട്ടുള്ളതു്. അങ്കമാലിയിൽ ഒരു ലേലം നടത്തിയെന്നും ലേലത്തിനു് വളരെ അധികം ആളുകൾ ഹാജരായിരുന്നു എന്നും അതിൻറെ ഫലം വളരെ തൃപ്തികരമായിരുന്നു എന്നും അദ്ദേഹം എന്നെ ധരിപ്പിക്കുകയുണ്ടായി. യാസ്തവത്തിൽ ലേലം ഇടനു് കൊള്ളുന്നതിനു് ഞാൻ അദ്ദേഹത്തിനു് അനുവാദം നൽകി. അതിനാൽ, മെംബർ ഇവിടെ പ്രസ്താവിച്ചിട്ടുള്ളതു് അടിസ്ഥാനരഹിതമായിട്ടുള്ളതും, അവാസ്തവവുമാകുന്നു. ഇപ്രകാരമുള്ള പ്രസ്താവനകൾ അദ്ദേഹത്തിൻെറ വാദവിഷയത്തിനു ഹാനികരമായുള്ളതാണു്. ഈ പ്രസ്താവനകൾ ഇല്ലായിരുന്നുവെങ്കിൽ കാര്യത്തിനു് ഈ സഭയുടെ ആനുകൂല്യം ലഭിക്കുമായിരുന്നു; കൂടാതെ താരിപ്പുവിലയുടെ ൭ ൪ ശതമാനം തുകയാക്കി ലേലം ആരംഭിക്കുന്നു എന്നും അദ്ദേഹം ഇവിടെ പ്രസ്താവിക്കുകയുണ്ടായി; കൂടുതൽ തുകക്കു് ലേലം വിളികേട്ടതിൻെറ ഫലമായി കൂടിയസംഖ്യകൾ ഒടുക്കുന്നതിനു് ആളുകൾ തയ്യാറുണ്ടു് എന്നു വിചാരിക്കുക; ഏററവും കുറഞ്ഞതുകയിൽ കൂടുതലായി അവർ ഒടുക്കാൻ പാടില്ലെന്നു് പറയാൻ സാധിക്കുമോ? സാധാരണയായി താരിപ്പു നിരക്കിൻെറ ഏതാനും ശതമാനം അനുസരിച്ചാണു് ലേലം ആരംഭിക്കുന്നതു്. ലേലം വിളികേൾക്കുന്നതിനു ആളുകൾ ഇല്ലാത്തപക്ഷം തുക നിശ്ചയമായും കുറക്കുന്നതാണു്. അദ്ദേഹത്തിൻെറ ചില വാദവിഷയങ്ങൾക്കു് നാം എന്തുവില കല്പിക്കണമെന്നുള്ളതു് മേൽപ്പറഞ്ഞ കാര്യങ്ങളിൽനിന്നു നമുക്കു് ഏറെക്കുറെ മനസ്സിലാക്കാവുന്നതാണു്. ഡിപ്പാർട്ടുമെൻറിൻെറപ്രവർത്തനത്തെ സംബന്ധിച്ചു് കാർത്തികപ്പള്ളി താലൂക്കിലെ പ്രതിനിധിയെന്നുള്ള നിലയിൽ ഇവിടെ വന്നിരിക്കുന്ന മി: ആശാനു് ബോധമുണ്ടായിരിക്കുമെന്നു് ഞാൻ വിചാരിച്ചിരുന്നു. ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെ സംബന്ധിച്ച ചില കാര്യങ്ങൾ ഞാൻ വ്യക്തമായി പ്രസ്താവിക്കുകയുണ്ടായില്ല. അതിനുള്ള കാരണം മേൽപ്പറഞ്ഞതു തന്നെയാണു്. നമ്മുടെ എല്ലാ സംരക്ഷിത വനങ്ങളേയും കുറിച്ചു, നിശ്ചിതപ്രവൃത്തിപരിപാടികൾ ഞങ്ങൾ തയ്യാറാക്കുന്ന പതിവുണ്ടു്. വനവിഭവങ്ങളെ ജനങ്ങൾക്കു ഉപയോഗപ്രദമാക്കുന്നതു് പ്രസ്തുത പരിപാടികൾ അനുസരിച്ചുകൊണ്ടു. പെർമിററുസമ്പ്രദായം അനുസരിച്ചു്, ഏതെങ്കിലും ആളിനും എല്ലാവേക്കും വനങ്ങളിൽ കയറിവൃക്ഷങ്ങൾ മുറിക്കുന്നതിനു് അനുവാദം നൽകണമെന്നു് മി: ആശാൻ അഭിപ്രായപ്പെടുകയുണ്ടായി; അപ്രകാരമല്ലെങ്കിൽ ഞാൻധരിച്ചതു് ഏറെക്കുറെ ഈവിധത്തിലാണു്. പ്രവൃത്തി പരിപാടികൾ അനുസരിച്ചു് കൊല്ലം തോറും മുൻകൂട്ടിതന്നെ തടികൾ വെട്ടിയിറക്കേണ്ടസ്ഥലത്തിൻെറ വിസ്തീർണ്ണം നിർണ്ണയപ്പെടുത്തുക പതിവാണു്. യഥാർത്ഥത്തിൽ ഈ പരിപാടി അനുസരിച്ചു മാത്രമാണു് പ്രവൃത്തി ചെയ്യുന്നതു്.

മി: എ. എസ്. ദാമോദരൻ ആശാൻ(മാവേലിക്കരയും കാർത്തികപ്പള്ളിയും): നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏതാനും ആളുകൾക്കു് കൂപ്പുപ്രദേശങ്ങളിൽ നിന്നും പെർമിററു് സിസ്റ്റം അനുസരിച്ചു് വൃക്ഷങ്ങൾ മുറിക്കുന്നതിനു് അനുവാദം നൽകുന്നതിൽ മെംബറിനു് ഏതെങ്കിലും വിരോധമുണ്ടോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനംകൺസർവേററർ) ഈ കാര്യത്തിൽ ജനങ്ങളുടെ സംഖ്യ നിർണ്ണയിക്കുന്നതു് ഏതുവിധത്തിലാണു്?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗുരുതരസ്വഭാവത്തെപ്പററി പരിചിന്തനം ചെയ്യാത്തവിധത്തിൽ അനവധി ആളുകൾക്കു വൃക്ഷങ്ങൾ മുറിക്കുന്നതിനു് അനുവാദം നൽകുന്നകാര്യത്തെ സംബന്ധിച്ചു മാത്രമാണു മെംബർ എതിരഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളതു്.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഈ സംഗതിയിൽ മറെറാരു വിഷമതയുണ്ടു്. പ്രത്യേകസൌജന്യങ്ങൾ ആർക്കാണു് അനുവദിക്കേണ്ടതു് എന്നുള്ളതിനെ സംബന്ധിച്ചാണു് ഇതു്.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കുററിക്കാണസിസ്റ്റപ്രകാരം.

മി: ആർ. ധനുക്കോടിപ്പിള്ള (വനംകൺസർവേററർ) .മുൻചോദ്യത്തിനു് ഞാൻ മറുപടിനൽകിയിട്ടില്ല. അങ്കമാലിക്കാർക്കോ മററുള്ളവർക്കോ മേൽപ്പറഞ്ഞ സൌജന്യങ്ങൾ നൽകേണ്ടതു്;

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കുറഞ്ഞനിലയിൽനിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ നിന്നു് തടികൾ പെർമിററിൻ പ്രകാരം വെട്ടിയിറക്കുന്നതിനുള്ള അപേക്ഷകളെ സംബന്ധിച്ചുള്ള തീരുമാനത്തിൽ മുൻഅപേക്ഷകൾക്കു് പ്രാധാന്യം കല്പിക്കുന്നതിൽ മെംബറിനു് ഏതെങ്കിലും വിരോധം ഉണ്ടോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): എന്നാൽ അപേക്ഷകൾ ആദ്യമായി ലഭിക്കുന്നു എന്നുള്ള സംഗതി എങ്ങനെയാണു് നിർണ്ണയിക്കേണ്ടതു്. ഇതു് അന്യോന്യകാര്യങ്ങളെ ആശ്രയിച്ചിരിക്കുന്ന ഒരു സംഗതിയാകുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): യഥാർത്ഥത്തിൽ അങ്ങനെതന്നെ; അതുകൊണ്ടാണു് ഞാൻ അപ്രകാരം പറഞ്ഞതു്.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഇതു് മററു കാര്യങ്ങളെ അന്യോന്യം ആശ്രയിച്ചിരിക്കുന്നു. ആദ്യമായി ലഭിച്ചിട്ടുള്ള അപേക്ഷകളെ നിർണ്ണയിക്കേണ്ടതു് ആരാണു്? ഇക്കാര്യത്തിൽ പരാ

തികൾ ഉണ്ടാകയില്ലേ? കണ്ട്രാക്ടർമാർക്കായി നിശ്ചയിച്ചിട്ടുള്ള പ്രദേശങ്ങളിൽനിന്നും വൃക്ഷങ്ങൾ മുറിക്കുന്നതിന് അപേക്ഷകന്മാർക്ക് അനുവാദം നൽകാൻപാടില്ലയോ? ഇപ്രകാരമുള്ള സംഗതികളെക്കുറിച്ചു മി: ചെല്ലംപിള്ള പ്രതിപാദിക്കുകയുണ്ടായി. എന്നാൽ കൺട്രാക്ടർ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതിനു വിപരീതമായി, അയാൾ വെട്ടിയിറക്കി ഡിപ്പോവിൽ കൊണ്ടുവന്ന് വിൽക്കേണ്ട തടികൾ വെട്ടുന്നതിന് മററുള്ളവർക്ക് അനുവാദം നൽകുന്നതു മൂലം എന്തു ഗുണമാണ് സിദ്ധിക്കുവാൻ പോകുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. വാസ്തവത്തിൽ അപ്രകാരമുള്ള സംഗതികളിലും, തടികളാവശ്യമുണ്ടെന്ന് പൂർണ്ണമായി തോന്നുന്നപക്ഷവും, സംരക്ഷിതവനങ്ങൾക്കു വെളിയിലും എന്നാൽ വനങ്ങളുടെ സമീപത്തിലുമായി ഡിപ്പോകൾ തുറക്കാവുന്നതാണ്. ഇപ്പോൾ നാം പ്രവർത്തിച്ചുവരുന്നതും, സാമാന്യമായി നടത്തിവരുന്നതും ഈ സമ്പ്രദായം അനുസരിച്ചാകുന്നു. ഉത്തമവിശ്വാസത്തോടുകൂടി ഒരാൾ അപേക്ഷിക്കുന്നപക്ഷം, ചെങ്ങാടമായി തടികൾ കെട്ടുന്നതിനുമുൻപ് പ്രസ്തുത അപേക്ഷകന് തടി വിൽക്കുന്നതിന് ഞങ്ങൾ അനുവാദം നൽകുന്നുണ്ട്. എന്നാൽ ഒരു ഒററ അപേക്ഷകൻ മാത്രമുള്ളപ്പോഴാണ് ഇപ്രകാരം പ്രവർത്തിച്ചുവരുന്നതു്. എന്നാൽ പല അപേക്ഷകന്മാർ ഉള്ള സ്ഥലത്തിനു സമീപപ്രദേശത്തിൽ ഉടൻതന്നെ ഒരു ഡിപ്പോ ഞങ്ങൾക്കു തുറക്കാവുന്നതാണ്.

മി: വി. ചെല്ലംപിള്ള (തോവാള): ഈ വിധം വില്പനകൾ നടത്തുന്നതിൽ നിന്നും കൺസർവേററർക്ക് ഏതെങ്കിലും ലാഭം കിട്ടുന്നില്ലയോ എന്നു പറയുമോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): നിശ്ചയമായും ലാഭം കിട്ടുന്നുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): തടി മുറിക്കുന്നതിന് കൺട്രാക്ടർമാരല്ലാത്തവർക്ക് അനുവാദം നൽകുന്നപക്ഷം മേൽപ്പറഞ്ഞ ലാഭം അയാൾക്കു കിട്ടുന്നതിനിടവരികയില്ല?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): കുടിവകക്കാരായി അപ്രകാരമുള്ള ആളുകൾ ആരാണ്? കസൗജന്യങ്ങൾ എത്ര പേർക്കാണ് നൽകേണ്ടതു്? ഓരോരുത്തർക്കും നൽകേണ്ട തടിയുടെ പരിമാണം എന്താണ്? എന്തായാലും, കുടികൾക്കു ലഭിക്കുന്ന ലാഭം തുച്ഛമായിട്ടുള്ളതാണ്.

മി: വി. ചെല്ലംപിള്ള (തോവാള): കൺട്രാക്ടർക്ക് സിദ്ധിക്കുന്ന ലാഭത്തിന്റെ നിരക്കെന്തായിരിക്കും

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): എന്തിനു ബോധ്യമായിരിക്കുന്നിടത്തോളം കൺട്രാക്ടർമാർക്ക് അധികലാഭം ലഭിക്കുന്നില്ല. പലരും ഞങ്ങളെ ഉപേക്ഷിച്ചിരിക്കുകയാകുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): ലാഭം കിട്ടാത്തവിധത്തിൽ ആണോ അവർ പ്രവർത്തിക്കുന്നതു്?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): അവർ അപ്രകാരം ചെയ്യുന്നിടമില്ല. എന്നാൽ കൂടുതൽ ലാഭം അവർക്കു കിട്ടുന്നില്ല. എന്തായാലും കൺട്രാക്ടർ തടി ഡിപ്പോവിൽ കൊണ്ടുവന്നാലും അയാൾക്കു കിട്ടുന്ന വില വ്യാപാരസ്ഥിതികളെ അനുസരിച്ചു ക്രമീകരിക്കപ്പെടുന്നതാണ്. വെട്ടിയിറക്കുമ്പോൾ ഒരു തടി നല്ലതാണെന്നു തോന്നിയേക്കാം; എന്നാൽ അതിനു കേടുതട്ടിയിട്ടുണ്ടെന്നു കാണുന്നപക്ഷം, താരതമ്യവിലയെങ്കിലുമൊ, അതിനടുത്ത ഏതെങ്കിലും വിലയോ, ഞങ്ങൾക്കു കിട്ടാനിടയില്ല; വ്യാപാരസ്ഥിതികളെമാത്രം അനുസരിച്ചാണ് അതിരിക്കുന്നതു്. ഇപ്രകാരമുള്ള ഒരു കാര്യത്തിൽ തടിയുടെ വില നിർണ്ണയിക്കുന്നതിന് ഞങ്ങൾക്ക് യാതൊരു നിവൃത്തിയുംഇല്ല. പ്രിയംഉള്ളപ്പോൾ തടിയുടെ വില വർദ്ധിക്കുന്നു. ഈ കാര്യങ്ങളിലെല്ലാം ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് ലാഭം കിട്ടുമെന്നു മെമ്പർ പറഞ്ഞതു് വെറും അബദ്ധമാണ്. വ്യാപാരസ്ഥിതികൾ അനുസരിച്ചു് തടിയുടെ വില ക്രമീകരിക്കപ്പെടുന്നു. ഒരു മേഖലത്തിനു തടികൾ ഒരു വിലക്ക് പോയേക്കാം. എന്നാൽ അടുത്തതവണ തടിയുടെ ഗുണം കൂടുതലാണെങ്കിലും വില കുറഞ്ഞുഎന്നു വന്നേക്കാം. മി: ഇട്ടിയച്ചൻ പ്രസ്താവിച്ചതിൽനിന്നും ജനങ്ങളുടെ വിഷമമാണ് പ്രധാനസംഗതി എന്നുള്ളതു് ഞാൻ മനസ്സിലാക്കി. അതുകൊണ്ട് ആവശ്യാനുസരണം ഡിപ്പോകൾ തുറക്കുന്നതിന് ഞാൻ സന്നദ്ധനായിരുന്നു. എന്തുകൊണ്ടെന്നാൽ അതുമൂലം നമുക്ക് ആദായം ലഭിക്കുന്നതും, അതേസമയംതന്നെ ജനങ്ങൾക്ക് സൌകര്യപ്രദമായിട്ടുള്ളതുമാണ്. എന്നാൽ എല്ലായിടത്തും ആക്ഷേപാർഹമെന്ന് കരുതിയിരിക്കുന്ന പഴയ പെർമിററ്സിസ്റ്റം വീണ്ടും നടപ്പിൽ വരുത്തണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നതെന്ന് എനിക്കിപ്പോൾ മനസ്സിലായി. അതുകൊണ്ട് ഈ പ്രമേയത്തെ എതിർക്കാതെയിരിക്കുന്നതിന് എനിക്കു നിവൃത്തിയില്ല.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): പ്രമേയം വോട്ടിനിടണമെന്ന് അപേക്ഷിക്കുന്നു.

ചോദ്യരൂപേണ അവതരിപ്പിച്ചതിൽ പ്രമേയം നഷ്ടപ്പെട്ടതായി തീർച്ചപ്പെടുത്തി.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): പോൾ എടുക്കണമെന്ന് ആവശ്യപ്പെടുന്നു. ഒരു പോൾ എടുത്തതിൽ താഴെ കാണുന്ന ഫലം കാണപ്പെട്ടു.

അനുകൂലപക്ഷക്കാർ—൧൫.

൧.	മി:	എ. എസ്. ദാമോദരൻ ആശാൻ	൧൦.	മി:	മാത്യുമുതിക്കൻ
൨.	,,	എ. ജി. മേനോൻ	൧൧.	,	ജി. പി. നീലകണ്ഠപ്പിള്ള
൩.	,,	ഇട്ടൂപ്പ് ഇട്ടിയച്ചൻ	൧൨.	,,	കെ. പി. നീലകണ്ഠപ്പിള്ള
൪.	,,	ആർ. കേശവപിള്ള	൧൩.	,,	വി. ജെ. ഉമ്മൻ
൫.	,,	എൻ. കെ. കൃഷ്ണപിള്ള	൧൪.	,,	മുറിവേലിൽ പാച്ചുപിള്ള
൬.	,,	വി. എസ് കൃഷ്ണപിള്ള	൧൫.	,,	കെ. പത്മനാഭപ്പണിക്കർ
൭.	,,	തയ്യിൽ കുഞ്ഞിത്തൊമ്മൻ	൧൬.	,,	കെ. ജി. പരമേശ്വരൻപിള്ള
൮.	,,	എ. സി. കുര്യാക്കോസ്	൧൭.	,,	ആർ. രാമൻപിള്ള
൯.	,,	ആർ. മാധവൻപിള്ള	൧൮.	,,	എ. താണുപിള്ള

പ്രതികൂലപക്ഷക്കാർ—൨൨.

൧.	മി:	ഡി. ഫ്രാൻസിസ്	൧൧.	,,	റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ
൨.	,,	ഡി. സി. ജോസഫ്	൧൨.	,,	എൽ. എ. ലംപാർഡ്
൩.	,,	താമരപ്പള്ളിൽ കൊച്ചുതൊമ്മൻ	൧൩.	,,	എസ്. പിരവിയപ്പുമാറംപിള്ള

൯.	മി:	രേവതിനാൾ രാമവർമ്മരാജാ	൧൪.	മി:	കല്ലാവം പരമേശ്വരൻപിള്ള
൮.	,,	എൻ. എ. ബിഷപ്പ്	൧൫.	,,	ഡാക്ടർ കെ. രാമൻതമ്പി
൯.	,,	ടി. സി. ചാക്കോ	൧൬.	,,	കെ. എൻ. രാമസുബ്ബൈഅയ്യർ
൧൦.	,,	ആർ. ധനുഷ്കോടിപ്പിള്ള	൧൭.	,,	ടി. പി. രാമസുബ്ബൈഅയ്യർ
൧൧.	,,	കെ. ജോർജ്ജ്	൧൮.	,,	റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ
൧൨.	,,	പി. ഗോമതിനായകംപിള്ള			
൧൩.	,,	പി. എൻ. കൃഷ്ണപിള്ള	൨൦.	,,	എസ്. സി. എച്ച്. റോബിൻസൻ
൧൪.	,,	റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൨൧.	,,	ആർ. വൈദ്യലിംഗംപിള്ള
			൨൨.	,,	എ. വൈപ്പൻ

നിഷ്പക്ഷകക്ഷികൾ—൩.

൧.	മി:	വി. ചെല്ലംപിള്ള	൩.	മി:	എൻ. ആർ. കൃഷ്ണൻ
൨.	,,	കെ. എൻ. കേശവൻനമ്പൂതിരിപ്പാട്			

അനുകൂലമായി ൧൭-ം പ്രതികൂലമായി ൨൨-ം പേർ വോട്ടുചെയ്യുകയും ൩ പേർ നിഷ്പക്ഷകക്ഷികളായിരിക്കയും ചെയ്തതിനാൽ പ്രമേയം നഷ്ടപ്പെട്ടതായി തീർച്ചചെയ്തു.

അദ്ധ്യക്ഷൻ: അടുത്ത ഉപക്ഷേപം മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ ഹാജരാക്കേണ്ടതാണ്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും). സർ, താഴെ പ്രസ്താവിക്കുന്ന പ്രമേയത്തെ ഞാൻ ഈ കൌൺസിലിന്റെ പര്യാലോചനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

റിസർവിനകത്തുള്ള നിലമായി പ്രതിവർഷം നെൽകൃഷിചെയ്തുവരുന്ന ഭൂമികൾ ൧ ൧ ൦ രൂപായിൽ കുറയാത്തതരവിലയ്ക്കു നിലമായിപതിച്ചു എററുകൊള്ളാമെന്നും, വൃക്ഷങ്ങൾ ഉണ്ടായിരുന്നാൽ ചട്ടപ്രകാരമുള്ള തടിവില കെട്ടികൊള്ളാമെന്നും, മുന്നുവർഷത്തിനുള്ളിൽ നിലമായി കൃഷിചെയ്യാത്തപക്ഷം തരവിലയും തടിവിലയും മടക്കിത്തരാതെ ഗവർണ്ണമെന്റിൽനിന്നും സ്ഥലം തിരിയെ എടുക്കുന്നതു സമ്മതമാണെന്നും കാണിച്ചു അപേക്ഷിക്കുന്ന തിരുവിതാംകൂർ പ്രജകളായ ഓരോ അപേക്ഷകന്മാർക്കും അവരുടെ അപേക്ഷയിൽപെട്ടതും പത്തു ഏക്കറിൽ കൂടാത്തതുമായ സ്ഥലങ്ങൾ റിസർവിൽനിന്നും വിട്ടുത്തി നിലമായി പതിച്ചുകൊടുക്കണമെന്നു ഈ യോഗം ഗവണ്മെന്റിനോടു ശുപാർശചെയ്യുന്നു.

മി: കല്ലാവം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): സർ, പ്രസ്തുതകാര്യത്തിൽ നിയമസ്വാധുതയെപ്പററി ഞാൻ ഒരു ചോദ്യം ചോദിച്ചുകൊള്ളുന്നു. കൃത്യമായ വിധത്തിൽ ഈ ഉപക്ഷേപത്തിന്റെ അർത്ഥത്തിനെപ്പററി ചിന്തിക്കുന്നപക്ഷം അതു ഈ സഭ മുമ്പു തീരുമാനിച്ചിട്ടുള്ള ഒരു സംഗതി വീണ്ടും ആവർത്തിക്കുമാത്രമാകുന്നു. ഭൂമികൾ തിരുവിതാംകൂർകാർക്കു മാത്രമേ പതിച്ചുകൊടുക്കാവു എന്നുള്ളതു ഈ ഉപക്ഷേപത്തിന്റെ പ്രധാന ഭാഗങ്ങളിൽ ഒന്നാകുന്നു. അച്ചടിച്ചിട്ടുള്ള ഉപക്ഷേപത്തിൽനിന്നും ഇതു വെളിവാകുന്നതുണ്ട്. വിദേശികൾക്കു ഭൂമികൾ പതിച്ചുകൊടുക്കാൻപാടില്ലാ എന്നുള്ളതു ഇതിൽ നിശ്ചയമായി ഇതിൽ അന്തർഭവിക്കുന്നുണ്ട്. പ്രസ്തുത തത്വത്തിനു വിപരീതമായിത്തന്നെ ഈ സഭ മുമ്പ് ഈ സംഗതിയെ സംബന്ധിച്ച് ഒരു തീരുമാനം കല്പിച്ചിട്ടുണ്ട്. ഈ ഉപക്ഷേപം അതേ സ്ഥിതിയിൽതന്നെ ഹാജരാക്കുന്നപക്ഷം, വിദേശിയർക്കു ഭൂമി പതിച്ചുകൊടുക്കാമൊ പാടില്ലയോ എന്നുള്ള സംഗതിയെപ്പററി നാം വീണ്ടും വാദപ്രതിവാദം ചെയ്യാൻ ഇടയാകും. അതിനാൽ ഉപക്ഷേപത്തിന്റെ ഇപ്പോഴത്തെ രീതിയ്ക്കു അതു് നിയമത്തിന് അനുയോജ്യമല്ലെന്നാണ് എന്റെ അഭിപ്രായം. "തിരുവിതാംകൂർകാർ ആയിരുന്നാൽ എന്നുള്ളഭാഗം ഈ ഉപക്ഷേപത്തിൽനിന്നും മാററുന്നതിനു മി: കുഞ്ഞിത്തൊമ്മൻ സമ്മതിക്കുന്നപക്ഷം, ഉപക്ഷേപം നിയമാനുസൃതമായിത്തീരുന്നതാണ്.

അദ്ധ്യക്ഷൻ: "അവർ തിരുവിതാംകൂർകാരായിരിക്കുന്നപക്ഷവും" എന്നുള്ള ഭാഗം നിങ്ങൾ മാററുമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ട്രാവൻകൂറിയൻസ് എന്നു പറയുന്നതു കൊണ്ടു മററുള്ളവർക്കു കൊടുക്കാൻപാടില്ലെന്നർത്ഥമില്ല. മററുള്ളവർക്കു കൊടുക്കാൻപാടില്ലെന്നർത്ഥമുണ്ടെങ്കിൽ, അതു പിൻവലിക്കണമെങ്കിൽ ആ ഭാഗം ഞാൻ പിൻവലിക്കുന്നു.

ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതിനുള്ള കാരണങ്ങൾ ഈ രാജ്യത്തെ ജനങ്ങൾക്കു വേണ്ട ആഹാരസാധനങ്ങൾ ഇവിടെ തീരെ മതിയാകാതെവരികയും, വിദേശങ്ങളിൽനിന്നും പ്രതിവത്സരം ഇവിടെ നെല്ലുമരിയും ഇറക്കുമതിചെയ്തുകൊണ്ടിരിക്കുകയും അങ്ങിനെ നമ്മുടെ നാട്ടിലെ പണം അനവധി ഈ വകയ്ക്കായി പുറത്തുപോകയും ചെയ്യുന്നതിനു പരിഹാരമുണ്ടാക്കണമെന്നും, തൊഴിലും ഉപജീവനത്തിനു വകയുമില്ലാത്തവർക്കു അവയുണ്ടാകുവാൻ സൌകര്യം കൊടുക്കണമെന്നും യുദ്ധം മുതലായ ഏതെങ്കിലും കാരണവശാൽ വിദേശങ്ങളിൽനിന്നും ആഹാരസാധനങ്ങൾ ഇവിടെ വരാൻ പ്രയാസമായിവന്നാലും ക്ഷാമം ബാധിക്കാതെ ഈ രാജ്യത്തെ ആവശ്യത്തിനുള്ള ആഹാരസാധനങ്ങൾ ഇവിടെത്തന്നെ നിവൃത്തിയുള്ളിടത്തോളം വിളയിക്കുന്നതിനു ഈ രാജ്യനിവാസികൾക്കു കഴിവുണ്ടാക്കണമെന്നുമുള്ളവയാണ്. ഈ നാട്ടിലെ റിസർവിനകത്തു ഉദ്ദേശം അമ്പതിനായിരമൊ ലക്ഷമൊ ഏക്കർ സ്ഥലം നിലമാക്കി മുൻകാലങ്ങളിൽ കൃഷിചെയ്തിട്ടുള്ളവയും ഇനിയും കൃഷിചെയ്യുന്നതിനു ഭൂവുണ്ട്. സകല സൌകര്യങ്ങളുള്ളവയും ആയി കിടപ്പുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഞാൻ പ്രാതിനിധ്യം വഹിക്കുന്ന താലൂക്കുകളിൽതന്നെ ഏകദേശം ൨ ൦ ൦ ൦-മൊ ൩ ൦ ൦ ൦-മൊ ഏക്കർ സ്ഥലംവീതം നെൽകൃഷിക്കുപയോഗമുള്ളതും മുൻകാലങ്ങളിൽ നെൽകൃഷി ചെയ്തുവന്നതുമായി കിടപ്പുണ്ട്. ഇങ്ങനെയുള്ള സ്ഥലങ്ങൾ റിസർവിൽനിന്നു് വിട്ടുത്തി കൃഷിക്കെടുക്കണമെന്ന് കൌൺസിലിലും പ്രജാസഭയിലും ഞാനും മററു മെമ്പരന്മാരും ഇതിനുമുമ്പും പലതവണ പ്രസ്താവിച്ചിട്ടുള്ളതാണ്. അതിന്റെ ഫലമായിട്ടാണ് സ്വാമി ഏതിരിംകുമ്മററി ചില താലൂക്കുകളിൽ ഏർപ്പെടുത്തിയതു്. എന്നാൽ അതിലേക്കുള്ള മെമ്പരന്മാരെ സ്ഥലം തഹശീൽദാരന്മാർ ശുപാർശ ചെയ്തതനുസരിച്ചു ഗവണ്മെന്റുതന്നെ നിയമിക്കുകയാണ് ചെ

ണ്ടല്ലോ. കമ്മിററിയിൽ അധികവും ഉദ്യോഗസ്ഥന്മാരായിരുന്നു. അനുദ്യോഗസ്ഥന്മാരായി ഗവണ്മെൻറിൽ പലരും കൃഷിപരിചയമോ റിസവ്വിനെപററി അറിവോ ഉള്ളവരായിരുന്നില്ല. കമ്മിററി ഏതാനും ചില റിസവ്വുകളിലേപോയി ഫാറസ്റ്റ്കാർ കാട്ടിയ ചില ചതുപ്പുനിലങ്ങൾ കണ്ടിട്ടുണ്ടെന്നുള്ളതല്ലാതെ നെൽകൃഷിക്കുപയോഗമുള്ള സ്ഥലങ്ങൾ കണ്ടിട്ടില്ല. അനുദ്യോഗസ്ഥമെമ്പർമാർക്ക് ഫാറസ്റ്റിലേയും താലൂക്കിലേയും ഉദ്യോഗസ്ഥമെമ്പർ തീർത്തുപ്പെടുത്തുന്ന സ്ഥലങ്ങൾ സന്ദർശിക്കുന്നതിനു മാത്രമെ നിവൃത്തിയുണ്ടായിരുന്നുള്ളു. ഇതിന് ഞാൻതന്നെ അനുഭവസ്ഥനാണ്. ഞാനും മൂവാററുപുഴയിലെ കമ്മിററിയിൽ ഒരനുദ്യോഗസ്ഥ സാമാജികനായിരുന്നു. എന്നെ കൂടാതെ രണ്ടു വക്കീലന്മാരും ഒരു ഫാറസ്റ്റ് കൺട്രാക്ടരും അനുദ്യോഗസ്ഥന്മാരായി ഉണ്ടായിരുന്നു. ഡിവിഷൻ ഫാറസ്റ്റർ ആഫീസരും ഉദ്യോഗസ്ഥമെമ്പറന്മാരിരൊന്നുമായിരുന്നു. എനിക്കറിവുള്ള പല സ്ഥലങ്ങളിലേപോയി നോക്കുന്നതിന് ഇടവന്നില്ലാ. പല സ്ഥലങ്ങളുടേയും പേരു പറഞ്ഞാവശ്യപ്പെട്ടിട്ടും ഉദ്യോഗസ്ഥമെമ്പറന്മാർ അതൊന്നും പോയിനോക്കാൻ സമ്മതിച്ചില്ലാ. എൻെറ നിർബന്ധംകൊണ്ട് ചുരുക്കം ചില സ്ഥലങ്ങൾ പോയി നോക്കുകയും ആ സ്ഥലങ്ങളെ പതിച്ചുകൊടുക്കണമെന്നു ശിപാർശ ചെയ്യുകയുംചെയ്തു. എന്നാൽ ഉദ്യോഗസ്ഥമെമ്പറന്മാർ അതിൽ അധികം ഭാഗത്തോടും യോജിച്ചില്ലെന്നു മാത്രമല്ല, അവർ സമ്മതിച്ചതിലും ചുരുങ്ങിയ ഒരു അംശം മാത്രമേ പതിച്ചുകൊടുക്കാൻ ഗവണ്മെൻറ് ഉപ്പോൾ അനുവദിച്ചിട്ടുള്ളു. അതു കഴിഞ്ഞു നാലു വർഷമായെങ്കിലും ഒരു സെൻറുപോലും പതിച്ചുകൊടുത്തിട്ടുമില്ല. ഇതുപോലെയാണ് മിക്ക താലൂക്കുകളിലേയുംസ്ഥിതി. സ്വാമി എരിയാകമ്മററിയൊണ്ട് ശരിയായ ഫലമൊന്നും ജനങ്ങൾക്കുണ്ടായിട്ടില്ല. ഫാറസ്റ്റ്കാർ റിസവ്വിലുള്ള സ്ഥലം വിട്ടുനതിൽ വിരോധികളാണ്. നിലങ്ങളായി കൃഷി ചെയ്തുവന്നവയും കൃഷിക്കേറവും വിശേഷഗുണമുള്ളവയുമായ സ്ഥലങ്ങളും നെൽകൃഷിക്കു പററിയവയല്ലെന്ന് അവർ തർക്കിച്ചുകൊണ്ടിരിക്കും. അങ്ങനെ അല്ലാത്ത നിലങ്ങളെ വെളിക്കുകൊണ്ടുവന്ന് മററുള്ളവരെ കാണിച്ച് മനസ്സിലാക്കാൻ നിവൃത്തിയില്ലല്ലോ. ഈ സ്ഥിതിക്ക് എങ്ങനെ ഗവണ്മെൻറിനെ വിശ്വസിച്ചു പ്രസ്തുതസ്ഥലങ്ങളെ കൃഷിക്കായി റിസവ്വിൽനിന്നു വിട്ടുത്തും? അതിന് മാർഗ്ഗം ഒന്നേ ഉള്ളു. ഇന്ന സ്ഥലം ഞാൻ നിലമായി കൃഷിചെയ്തുകൊള്ളാം, നിലത്തിനുള്ളകരം തന്നുകൊള്ളാം, നല്ല തറവിലതരാം, ക്ലിപ്തകാലത്തിനകം നെൽകൃഷി ചെയ്തില്ലെങ്കിൽ കൊടുത്തപണം തിരികെ തരാതെതന്നെ വന്നു ഗവണ്മെൻറ് എടുക്കുന്നതു് സമ്മതമാണ്, എന്നു അപേക്ഷിക്കുന്നവർക്ക് പതിച്ചുകൊടുക്കണം. ഇത്രമാത്രമേ ഒരു മാർഗ്ഗമായിട്ടുള്ളു. ഇങ്ങനെ വരുന്ന അപേക്ഷകന്മാർക്കെങ്കിലും നെൽകൃഷി ചെയ്യാവുന്ന സ്ഥലങ്ങളെ പതിച്ചുകൊടുത്തു പ്രോത്സാഹിപ്പിച്ച് ഈ രാജ്യത്തെ നെൽകൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ എന്തു ദോഷമാണുള്ളതു്? റിസവ്വിനകത്തുള്ള ഭൂമി ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാരുടെ പൂർണ്ണസമ്മതത്തോടുകൂടി പതിച്ചുകൊടുത്തു കൃഷിചെയ്യിക്കാൻ ഗവണ്മെൻറിന് സാധിക്കയില്ല. അവരോടു ചോദിച്ചാൽ ഒന്നും നിലത്തിനുകൊള്ളുന്നതല്ലെന്നു പറഞ്ഞുനില്ക്കും. അല്ലെങ്കിൽ റിസവ്വിൽപാടേ കേട്ടുപിടിക്കുമെന്നു പറയും. ഇതിന് പ്രതിവിധിയായി എൻെറ പ്രമേയത്തിൽ പറയുന്നതു് ക്ലിപ്തകാലത്തിനുള്ളിൽ കൃഷിചെയ്തില്ലെങ്കിൽ ഭൂമി ഗവണ്മെൻറു തിരിച്ചെടുത്തുകൊള്ളുന്നതു് സമ്മതമാണെന്നാണ്. പിന്നെ സ്ഥലം കൊടുക്കുന്നതിൽ എന്താണ് സങ്കടം? ൧൦൦ രൂപായിനു കുറയാത്ത തറവില തരുന്നതിന് സമ്മതമാണ്. ൧൦ ഏക്കറിൽ കവിയാത്ത ഭൂമി തന്നാൽ മതിയെന്നാണ്, ഓരോരുത്തരും അപേക്ഷിക്കുന്നതു്. തറവില ഇനത്തിൽതന്നെ ഗവണ്മെൻറിന് നല്ല ആദായംകിട്ടും. ആണ്ടുതോറും തീരുവ ഇനത്തിലും നല്ല ഒരു തുക വന്നുകൊണ്ടിരിക്കയുംചെയ്യും. ആന കുന്തിരിക്കം, ഏലം, തടി മുതലായ എല്ലാ ഇനങ്ങളിൽനിന്നും ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലേക്കു കിട്ടുന്ന മുതലെടുപ്പു ചിലവുകഴിച്ചു രണ്ടോ രണ്ടരയോ ലക്ഷം രൂപാ മാത്രമെല്ലുള്ളു. രാജ്യത്തിൻെറ മൂന്നിലൊരുഭാഗം സ്ഥലത്തുനിന്നും രണ്ടോ രണ്ടരയോ ലക്ഷം മാത്രം അതും കുടികളിലെ തേക്കു വൃക്ഷങ്ങളിൽനിന്നു കിട്ടുന്ന തുക ആണ്, അവ റിസവ്വിനു പുറത്തുള്ളതാണല്ലോ. നെൽകൃഷിക്കുപയുക്തങ്ങളായ സ്ഥലങ്ങളെ ജനങ്ങൾക്ക് പതിച്ചുകൊടുത്താൽ എത്രയോ ആയിരം രൂപാ ആ ഇനത്തിൽ ഗവണ്മെൻറിനു ലഭിക്കുമായിരുന്നു. ചതുപ്പുനിലങ്ങളെ പതിച്ചുകൊടുക്കുന്നതുകൊണ്ട് കൃഷി വർദ്ധിച്ച് ജനങ്ങളുടെ കഷ്ടതയും, ദാരിദ്ര്യവും, തൊഴിലില്ലായ്മയും അത്രമാത്രം കുറയും.

ഈ രാജ്യത്തെ സ്നേഹിക്കുന്ന ജനങ്ങളും ജനപ്രതിനിധികളും ഒന്നാമതായി നോക്കേണ്ടതു് ആഹാരസാധനങ്ങളെ ധാരാളമായി വിളയിക്കാനാണെല്ലോ. അതിലേക്ക് പ്രധാനമായി വേണ്ടതു് കൃഷിസ്ഥലങ്ങളെ വർദ്ധിപ്പിക്കുകയാകുന്നു. റിസവ്വിനകത്തു നിലങ്ങൾ മുൻകാലത്തു് കൃഷിചെയ്യപ്പെട്ടവയായിരുന്നു. എന്നുള്ളതിനു പലലക്ഷണങ്ങളും ഉണ്ട്. മുൻകാലങ്ങളിൽ അവിടെ ജനാധിവാസം ഉണ്ടായിരുന്നതിൻെറ ലക്ഷ്യങ്ങളായി പല ക്ഷേത്രങ്ങളുടെയും ഗ്രാമങ്ങളുടേയും അവശിഷ്ടങ്ങൾ നിലങ്ങളുടെ സമീപം ഇന്നും കാണുന്നുണ്ട്. കിണറുകളും ഇടിഞ്ഞുവീണുകിടക്കുന്നുകയ്യാലകളും ധാരാളമുണ്ട്. ഈ സ്ഥലങ്ങളെല്ലാംപണ്ട് കൃഷിചെയ്തിരുന്നു എന്നതിന് ഇതിലധികമെന്താണ് ലക്ഷ്യങ്ങൾ വേണ്ടതു്? എന്തോ കാരണവശാൽ ജനങ്ങൾ ഉപേക്ഷിച്ചു പോയിരിക്കണം. അങ്ങനെയുള്ള സ്ഥലങ്ങളിലാണ് ജനസംഖ്യ വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു് നിലമാക്കുന്നതിന് പതിച്ചുകൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നതു്. ജനസംഖ്യവർദ്ധിച്ചു് ഉപജീവനമാർഗ്ഗമില്ലാതെ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തു് ഈ സ്ഥലങ്ങളെ റിസവ്വിൽനിന്നു് ഒഴിപ്പിച്ചു് പതിപ്പിച്ചുകൊടുക്കുന്നതിന് ഡിപ്പാർട്ടുമെൻറു വൈമനസ്യം പ്രദർശിപ്പിക്കുന്നതു് ഏററവും പരിതാപകരമായ ഒരവസ്ഥയാകുന്നു. ജനങ്ങൾക്കുവേണ്ടി റിസവ്വിനും റിസവ്വിനുവേണ്ടി ജനങ്ങളെന്നും പ്രത്യേകം പറയണമോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): ഇങ്ങനെയുള്ള സ്ഥലത്തിൻെറപേരു പറയാമോ?

മി: തരിയമ്പു കുഞ്ഞുപത്താമ്മൻ (മൂവാററുപുഴയും പതാടുപുഴയും): പലതും പറയാം. കാക്കാഞ്ഞിരി, കുളമ്പ്, ചെവിത്താൻമുക്കുകണ്ടം, ഇതുതന്നെ ൪൦൦ ഏക്കർസ്ഥലത്താളം ഉണ്ട്. ചേമ്പിലകണ്ടം, കാട്ടിക്കണ്ടം, മന്നാക്കുണ്ടം, കുകതാട്ടുകണ്ടം, ഇങ്ങനെ പലതും പറയാം. കണ്ടം എന്നുള്ളിടിയാണ് ഇതിൽ പലതിൻേറയും പേരു ഇപ്പോഴും വിളിക്കുന്നതു്. ഇങ്ങനെ അനേകസ്ഥലങ്ങൾ എൻെറ കൺസ്റ്റിററുവൻസിയിൽ ഉണ്ട്. അവയിൽ പലതും സ്വാമിഎരിയാക്കമ്മററിക്കാർ കണ്ടിട്ടേയില്ല. ചിലതു് റിപ്പോർട്ടിൽ കൊള്ളി

ച്ചിട്ടുള്ളതു പതിച്ചുകൊടുക്കാൻ ഫാറസ്റ്റ്കാർ സമ്മതിച്ചിട്ടുമില്ലാ. ആറേഴുദിവസം വനത്തിലെ പുഴുകളിച്ചു ചോരയും മലിച്ച കാലുകളോടെ പലസ്ഥലങ്ങളും കത്തിററിക്കാതമായി നടന്നുകാണിച്ചു. എന്നാൽ ജനങ്ങൾക്ക് ഒരു പ്രയോജനമിതുകൊണ്ടുണ്ടായില്ല.

സർ, രാജ്യത്തിന്റെ നന്മയേയും ജനങ്ങളുടെ ക്ഷേമത്തേയും ഗവണ്മെന്റിന്റെ ആദായത്തേയും ഉദ്ദേശിച്ചിട്ടുള്ള ഒരു പ്രമേയമാണ് ഇതു്. ഈ പ്രമേയത്തെ എല്ലാവരും പൂർണ്ണമായി അനുകൂലിക്കുമെന്നുള്ളവിശ്വാസം എനിക്കുണ്ട്. എന്തെന്നാൽ രാജ്യത്തിന്റെയോ ശ്രേയസ്സിനുകാംക്ഷിക്കുന്ന ജനപ്രതിനിധികൾ കൃഷി മാത്രമാണ് ഇവിടത്തെ പ്രായോഗികമായ ഏകതൊഴിലെന്നും ജനങ്ങൾ അതിലേക്കു വേണ്ടസ്ഥലങ്ങൾ കിട്ടുന്നതിന് പ്രതീക്ഷിച്ചിരിക്കയാണെന്നും മനസ്സിലാക്കീട്ടുണ്ട്. വിദഗ്ദ്ധന്മാരായ തൊഴിലില്ലാകമ്മിററിക്കാർ നമ്മുടെ യുവാക്കന്മാർക്ക് സ്ഥലംകൊടുത്തു കൃഷിചെയ്യിക്കുവാൻ ഉപദേശിക്കുന്നു. ഈ രാജ്യത്തു് കച്ചവടവും വ്യവസായവും ഇപ്പോൾ അഭിവൃദ്ധിപ്പെടാൻ നിവൃത്തിയില്ലെന്ന് ഇതിനുമുൻപു് ഇവിടെ ഞാൻ ഒരു പ്രമേയം ഹാജരാക്കിയ അവസരത്തിൽ കാരണസഹിതം വിവരിച്ചിട്ടുണ്ട്, അതിനെ ആവർത്തിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. എല്ലാ പൌരന്മാരുടേയും പൌരപ്രതിനിധികളുടേയും ഭരണാധികാരികളുടേയും ശ്രദ്ധക്ക് പ്രത്യേകം വിഷയമാകേണ്ടകാര്യം നമ്മുടെരാജ്യത്തെ ജനങ്ങളുടെ ഉപജീവനമാർഗ്ഗത്തെ സംബന്ധിച്ചതാണ്. പുറത്തുനിന്നുവന്ന സാമാനങ്ങൾക്കു വലിയനികുതിചുമത്തി നിയന്ത്രിക്കാതെ വ്യവസായത്തിന് ഉത്തേജനം കൊടുത്തുവാൻ സാധിക്കുന്നതല്ലാ. കച്ചവടത്തിന് ഇവിടെ കൃഷിവിളവുകൾ മാത്രമായാൽ കൃഷിവർദ്ധിക്കാതെ കച്ചവടവും ഉയർച്ചപ്രാപിക്കാൻനിവൃത്തിയില്ലാ. പിന്നെയെന്താണ് ഉള്ളതു്? കൃഷി കൃഷിമാത്രമാണ് വർദ്ധിച്ചുവരുന്ന ജനതതിയുടെ ഏക ആശ്രയം. ജനങ്ങൾ ഏതുവിധത്തിൽ കാലക്ഷേപംകഴിക്കും? അവരുടെ തൊഴിലെന്തു്? സ്ഥിതി എന്തു്? അഭിവൃദ്ധിപ്രാപിക്കുന്നോ? ക്ഷയിക്കുന്നോ? കൃഷിക്കാരുടെ മേൽഗതിയെന്താണ്? ഇവ ഇവിടത്തെ ഭരണവിദഗ്ദ്ധന്മാർ ചിന്തിക്കുന്നുണ്ടോ? ഇവയെപ്പററി ജനപ്രതിനിധികൾ പറയുന്ന അഭിപ്രായങ്ങൾ ഗവണ്മെന്റ്ശ്രദ്ധിച്ചു മനസ്സിലാക്കുന്നുണ്ടോ? സ്വീകരിക്കുന്നുണ്ടോ? ഇവ ഗൌരവമുള്ള ചോദ്യങ്ങളായിഗണിക്കണം.

വനശാസ്ത്രവിദഗ്ദ്ധന്മാർ കർഷകന്മാരുടെ നിലയെപ്പററി അനുഭവജ്ഞാനം അവരാർജ്ജിച്ചിട്ടില്ലെന്ന് സമ്മതിക്കണം. കൃഷിക്കാരുടെ രക്ഷയെ ഉദ്ദേശിച്ച് അവരുടെ പ്രതിനിധികളായ ഞങ്ങളുടെ അഭിപ്രായങ്ങളെയാണ് ഗണിക്കേണ്ടതു്. ഭാവിയെപ്പററി ചിന്ത കൂടാതെ ഏതൊരു രാജ്യാഭിമാനിക്കും വ്യസനംതോന്നും. ധർമ്മരാജ്യവാസികളുടെ ഭാവി വളരെ പരിതാപകരമായി തോന്നുന്നു. വിദ്യാഭ്യാസത്തിലും പരിജ്ഞാനത്തിലുമല്ല പിന്നെയോ ഐശ്വര്യത്തിലുമാണ് പരിതാപകരമായനില ഈ രാജ്യത്തു് വന്നുചേർന്നുകൊണ്ടിരിക്കുന്നതു്. ജനങ്ങൾ-ഉപജീവനമാർഗ്ഗമില്ലാതെ ദാരിദ്ര്യത്തിൽ ആണ്ടുമുടങ്ങിയിരിക്കുന്നു. റിസർവിനകത്തു കിടക്കുന്ന നെൽകൃഷിക്കുപയുക്തങ്ങളായ ഭൂമികളെ റിസർവിൽനിന്നു വിടുത്തി നെൽകൃഷിക്കു കൊടുക്കുന്നപക്ഷം ഒരു വലിയപങ്ക് ജനങ്ങളെ ദാരിദ്ര്യത്തിൽനിന്ന് രക്ഷിക്കാൻകഴിയും. തൊഴിലില്ലായ്മകമ്മിററിയുടെ നിർദ്ദേശങ്ങളിൽ പ്രധാനമായിട്ടുള്ളതു് ഇതാണെന്ന് ഗവണ്മെന്റു ഓർക്കണം. അവരും വിദഗ്ദ്ധന്മാരും ഫാറസ്റ്ററുദ്യോഗസ്ഥന്മാരെപ്പോലെ രാജ്യത്തെ സ്നേഹിക്കുന്നവരുമാണെന്ന് ഗവണ്മെന്റു വിചാരിക്കണം. ഇങ്ങനെ പതിച്ചുകൊടുക്കുന്ന ഭൂമിയുടെ തരവിലകൊണ്ടു് ഇവിടെ പ്രായോഗികമാണെന്ന് നല്ലവണ്ണം ബോദ്ധ്യപ്പെട്ടിട്ടുള്ള വല്ല വ്യവസായങ്ങളും ഗവണ്മെന്റുതന്നെ ചെയ്തുകാണിച്ച് ജനങ്ങളുടെകൊണ്ടു് ചെയ്യിച്ചു വ്യവസായത്തിൽ വല്ല അഭിവൃദ്ധിയും വരുത്താമോ എന്നു പരീക്ഷിക്കണം. ഇങ്ങനെചെയ്താൽ ജനങ്ങളുടെ ദാരിദ്ര്യം കുറയുകയും തൊഴിലില്ലാത്തവരുടെ തൊഴിലില്ലായ്മ നീങ്ങുകയും രാജ്യത്തിന് ശ്രേയസ്സുണ്ടാകുകയും ചെയ്യും. ഏകദേശം ഇത്ര് ഗവണ്മെന്റിൽ പണവും ജനങ്ങൾക്ക് തൊഴിലുമുണ്ടാകുന്നതിനുള്ള ഒരു പ്രമേയമാണിതു്. ഇതിനെ ഈ കർഷകരാജ്യത്തെ സകല ജനപ്രതിനിധികളും അനുകൂലിക്കുമെന്നുള്ള വിശ്വാസത്തോടെ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): പത്തു ഏക്കർവീതം ജനങ്ങളിൽ ഓരോ ആൾക്കും കൊടുക്കത്തക്കവണ്ണം ഇവിടത്തെ റിസർവിൽ ഭൂമിയുണ്ടോ?

മി: തരിയനുകുഞ്ഞിക്കൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഏല്ലാവർക്കും കൊടുക്കേണ്ട. അപേക്ഷകന്മാർക്കു കൊടുത്താൽമതി. അനേകം ആളുകൾ അപേക്ഷിച്ചാൽ മുമ്പെ മുമ്പെ അപേക്ഷിച്ചവർക്ക് കൊടുക്കണം. അല്ലെങ്കിൽ ബാലട്ടു ഇട്ടു കിട്ടുന്നവർക്കു കൊടുത്താലുംമതി. നെൽകൃഷിക്കുതകുന്നവ കൊടുത്താൽമതി ഗവണ്മെന്റിന് നല്ല ആദായം കിട്ടണം. ജനങ്ങൾക്ക് തൊഴിലുണ്ടാകയുംവേണം. ഇതാണ് എന്റെ പ്രമേയംകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്. ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റുകാർ കൃഷിക്കുപററിയ ഭൂമി റിസർവിൽ ഇല്ലെന്നു പറഞ്ഞുകൊണ്ടിരിക്കുകയുമുണ്ടു്. നല്ല വിദഗ്ദ്ധനായ ഡാക്ടർ നിങ്ങൾ മരിച്ചുപോയി എന്നുപറഞ്ഞാൽ അതിൽ ചിലർ ഞങ്ങൾ മരിച്ചിട്ടില്ലെന്നു വിളിച്ചുപറയുന്നപക്ഷം അവരെ സംസ്കരിക്കാതെ രക്ഷിക്കണ്ടേ? അതുപോലെ ഇന്നസ്ഥലത്തു് കൃഷിക്കുപയുക്തമായ ഭൂമിയുണ്ട്. അതു ഞാൻ നല്ലതരവിലക്കു പതിച്ചുകൊള്ളാം. ഒന്നായിട്ടു അധികം വേണ്ട. പത്തേക്കർ മതി. മൂന്നുവർഷത്തിനകം കൃഷിചെയ്തില്ലെങ്കിൽ നഷ്ടപ്പെടുത്തി ഗവണ്മെന്റു എടുത്തുകൊൾക. കൃഷിക്കു പററിയതല്ലെങ്കിൽ നഷ്ടം ഞാൻ സഹിച്ചുകൊള്ളാം. എന്നിങ്ങനെ അപേക്ഷിക്കുന്നവരുടെ അപേക്ഷകൾമാത്രം സ്വീകരിച്ചാൽമതി. ഇതിൽ എന്താണ് ദുഷ്ടതയുള്ളതു്? നെടുനീളെകോയംപത്തൂർ, മധുര ഈ ജില്ലകളുടെ അതിർത്തിവരെ നമ്മുടെരാജ്യത്തിന്റെ ഒരു വലിയഭാഗം റിസർവായിട്ട് ഇവിടത്തെ ജനങ്ങളെ പട്ടിണിക്കിട്ടാൽ അവർ എവിടെപോകും? എന്തുതിന്നും? നമുക്കു കാളനികുതികൂടി കയറിപാർപ്പാനില്ല. റിസർവിൽതന്നെ ചിലഭാഗങ്ങൾ ഒഴിച്ചു കിടപ്പാർത്തു കൃഷിചെയ്യുകയ്ക്കു തരമുള്ളതു്. ജർമ്മനിമുതലായ രാജ്യങ്ങളിൽ റിസർവ്വിൽ ഇടയ്ക്കിടെ ഓരോ ഗ്രാമങ്ങൾ ഉണ്ട്. ഈ ഗ്രാമവാസികൾക്കു ആവശ്യമുള്ളപ്പോൾ വലവും സമ്പാദിക്കുന്നതിനും കന്നുകാലിമേയ്ക്കുന്നതിനും അവർക്കു പ്രകൃതിവിലാസം കണ്ടു് ഉല്ലസിക്കുന്നതിനും ഈ റിസർവ് ഉപയോഗപ്പെടുത്തണമെന്നാണ് കേട്ടിട്ടുള്ളതു്. ഇവിടെ അങ്ങനെ അല്ല. കുന്നത്തുനാടു, മീനച്ചൽ, തൊടുപുഴ, മൂവാററുപുഴ, ചങ്ങനാശ്ശേരി, പത്തനാപുരം, നെടുമങ്ങാട്ട്, ഇരണിയൽ മുതലായ താലൂക്കുകളിലെ ഗ്രാമങ്ങളുടെ അതിർത്തിയിൽനിന്ന് റിസർവാരംഭിച്ചാൽ പിന്നെ നല്ലതോ, അൻപതോ, അറുപതോ മൈൽദൂരം വരെ മധുര, കോയമ്പത്തൂർ ഈ ജില്ലകൾവരെ റിസർവാണ്. ഒററ ആൾപോലുമില്ല. റിസർവിനകത്തു് പത്തൊമ്പതിനഞ്ചും മൈലിനപ്പുറത്തുള്ള തടികളെല്ലാം അവിടത്തന്നെ നശിച്ചുപോകുന്നതല്ലാതെ പുറത്തു കൊണ്ടുവരുന്നതേയില്ലാ. ഇടയ്ക്കിടയ്ക്കു ഗ്രാമങ്ങൾ ഉണ്ടായിരുന്നാൽ ഇവ അവർക്കുപയോഗിക്കാമായിരുന്നു. ജനങ്ങളെ

ക്കൊണ്ട് റിസർവിന് നാശമാണെന്ന് ഫാറസ്റ്റുകാർ പറയുന്നതുകൊണ്ടാൽ ജനങ്ങളെ നശിപ്പിച്ചും റിസർവ്വിനെ രക്ഷിക്കേണ്ടതാണെന്ന് അവർക്ക് അഭിപ്രായമുള്ളതായി തോന്നിപ്പോകും. റിസർവ്വ് മററുരാജ്യങ്ങളിലുണ്ടല്ലോ. അതു ജനങ്ങൾക്കുപയോഗമില്ലാത്തവണ്ണമല്ലാ രക്ഷിക്കുന്നതു്. റിസർവിനകത്തു കടന്ന് മോഷ്ടിക്കുന്നവരെ പിടിച്ചു ശിക്ഷിക്കുന്നതിനു ഗാർഡുകളും പോലീസുകാരും ശരിയായിരുന്നാൽമതി. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഈ പ്രമേയത്തെ കൗൺസിലിന്റെ പരിഗണനക്കായി സമർപ്പിച്ചുകൊള്ളുന്നു.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): മി: കുഞ്ഞിത്തൊമ്മൻ ഇവിടെ ഹാജരാക്കിട്ടുള്ള പ്രമേയത്തോടു ഞാൻ യോജിച്ചുകൊള്ളുന്നു. നെൽകൃഷിക്കുപയുക്തങ്ങളായ സ്ഥലങ്ങൾ റിസർവിനകത്തുള്ളതിനെ ഒഴിപ്പിച്ചു പതിച്ചുകൊടുക്കണമെന്നാണല്ലോ പ്രമേയം. എന്നാൽ ഇവിടത്തെ പ്രജാസഭയിൽ ഉണ്ടായിരുന്ന ഗുരുവിള്ളിയുടെ ഫലമായി ദിവാൻ മിസ്റ്റർ കൃഷ്ണൻനായരുടെകാലത്ത് ഒരു പ്രത്യേക അന്വേഷണംനടത്തി ചുവൻ ഏക്കർ സ്ഥലം റിസർവിൽനിന്ന് ഒഴിപ്പിച്ചു പതിച്ചുകൊടുത്തു. പിന്നീടു മിസ്റ്റർ രാഘവയ്യാ ദിവാൻജിയുടെകാലത്ത് പ്രത്യേക ഒരു കമ്മിററിയെ ഏർപ്പെടുത്തി താലൂക്കുതോറും അന്വേഷണംനടത്തി. ചുവൻ ഏക്കർ ചില്വാനം ഏക്കർ സ്ഥലം റിസർവ്വിൽനിന്ന് വിടുത്തിയതായിട്ടാണ് എന്റെ അറിവ്, അതു് പത്തുതാലൂക്കിലായിട്ടാണ്. അതായതു്,

പീരുമേട്ടുതാലൂക്ക്	൧൫൦	ഏക്കർ
ചങ്ങനാശ്ശേരിതാലൂക്ക്	൨൭	ഏക്കർ
തൊടുപുഴതാലൂക്ക്	൨൫	ഏക്കർ
മൂവാററുപുഴതാലൂക്ക്	൪൫	ഏക്കർ
പത്തനംതിട്ടതാലൂക്ക്	൩൨൪	ഏക്കർ
കുന്നത്തൂർതാലൂക്ക്	൪൦	ഏക്കർ
പത്തനാപുരംതാലൂക്ക്	൧൯൦	ഏക്കർ

ആകെ ൨൭൫ ഏക്കർസ്ഥലം ഒഴിപ്പിച്ചിട്ടുണ്ടെങ്കിലും അതുമുഴുവനും പതിച്ചുകൊടുത്തിട്ടില്ല. പതിച്ച സ്ഥലംതന്നെ കൃഷിചെയ്യാനേയും കിടപ്പുണ്ട്. അതുകൊണ്ട് ഇതിലേയ്ക്ക് ഒരു കമ്മിററിയെ ഏർപ്പെടുത്തി കൂടുതൽസ്ഥലം കൃഷിക്കു പതിച്ചുകൊടുക്കേണ്ട ആവശ്യമുണ്ടോ എന്നന്വേഷിച്ചു വേണ്ടിവന്നാൽ പതിച്ചുകൊടുക്കയുംചെയ്യണം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): പ്രമേയത്തെ അനുകൂലിക്കുന്നോ പ്രതികൂലിക്കുന്നോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അനുകൂലിക്കുന്നു.

മി: തരിയനുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോൾ നാലായിരത്തിൽചില്വാനം സ്ഥലം പതിച്ചുകൊടുക്കുകയും അതിൽ കൃഷിചെയ്യുകയും ചെയ്യുമ്പോൾ ഈതുകൊണ്ടു ദോഷമുണ്ടോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പതിച്ചുകൊടുത്തു തണ്ടുമുന്നുകൊല്ലം കൃഷിചെയ്യാത്തസ്ഥലങ്ങൾ ധാരാളമുണ്ട്.

മി: തരിയനുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): മുഴുവനും പതിച്ചുകൊടുത്തുകഴിഞ്ഞോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പതിച്ചുകൊടുത്തതുമുഴുവനും കൃഷിചെയ്യാതെ ധാരാളം കിടപ്പുണ്ട്.

മി: ഇട്ടുപ്പ ഇട്ടിയച്ചൻ (കുന്നത്തുനാട്): ഏതാനും ആളുകൾ കൃഷിചെയ്തില്ലെങ്കിൽ ബാക്കിസ്ഥലം പതിച്ചുകൊടുക്കുന്നതുകൊണ്ട് വല്ല വിരോധവുമുണ്ടോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതു യുക്തംപോലെയാകാം.

മി: ഗുരുവേലിപ്പാച്ചുപിള്ള (ചേർത്തല): മെമ്പർ ഈ പ്രമേയത്തെ പ്രതികൂലിക്കുന്നോ അനുകൂലിക്കുന്നോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അനുകൂലിക്കയാണെന്നു മുമ്പേ പറഞ്ഞുകഴിഞ്ഞു.

മി: എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): സർ, ഇവിടെ ഹജരാക്കിട്ടുള്ള പ്രമേയത്തിനു താഴെ പറയുന്ന ഭേദഗതി വരുത്തണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

(൧) "നുറുരൂപയിൽ കുറയാത്ത തറവിലയും അതു കൊടുക്കുന്നതിനും" എന്നവസ്തുപകരം "യോജിച്ച തറവില ഒടുക്കി" എന്നതു ചേർക്കുക.

(൨) "മൂന്നുകൊല്ലത്തിനകം നിലങ്ങളാക്കിത്തിരിയ്ക്കുകയും അവയെ കൃഷിചെയ്യാതിരിക്കുകയും ചെയ്യുന്നപക്ഷം തറവിലയും അവയുടെ തടിവിലയും തിരിയെകൊടുക്കാതെ ഭൂമികൾ ഗവർണ്ണമെന്റു പിടിച്ചെടുക്കുന്നതാണ്." എന്നുള്ളഭാഗം എടുത്തുകളയണം.

(൩) എട്ടാംവരിയിൽ "വൃക്ഷങ്ങൾ" കഴിഞ്ഞുള്ള അൽപവിരാമത്തിനുപകരം ഒരു പൂർണ്ണവിരാമം ഇടണം.

ഭേദഗതിയുടെ ഒന്നാംഭാഗത്തെ സംബന്ധിച്ചിടത്തോളം, തന്റെ പ്രമേയത്തിൽ എല്ലാസംഗതികളിലും ഏററവും കുറഞ്ഞ തറവിലയായ നുറുരൂപാക്രമം നിശ്ചിതമായവിധത്തിൽ ഏർപ്പെടുത്തണമെന്നു മി: കുഞ്ഞിത്തൊമ്മൻ ആഗ്രഹിക്കുന്നു. ഈ പ്രമേയത്തിന്റെ നകൽ എഴുതിയുണ്ടാക്കുന്നഅവസരത്തിൽ കൂടുതൽ ഗുണമുള്ള പ്രത്യേകഭൂമിയെ സംബന്ധിച്ചു അദ്ദേഹം ചിന്തിച്ചിട്ടുണ്ടായിരിക്കുമെന്നു ഞാൻ അനുമാനിക്കുന്നു. അല്ലാത്തപക്ഷം അദ്ദേഹത്തിന്റെ പ്രമേയത്തിൽ "നുറുരൂപയിൽ കുറയാതെ" എന്നുള്ളതു അതിൽ ചേർക്കയില്ലായിരുന്നു. ഈ പ്രമേയം മി: കുഞ്ഞിത്തൊമ്മൻ ഉദ്ദേശിച്ചിരിക്കുന്ന ഭൂമിയെമാത്രം ബാധിക്കുന്ന ഒരു സംഗതിയല്ല. ഇതു തിരുവിതാംകൂറിനെ മുഴുവൻ ബാധിക്കുന്ന ഒരു സംഗതിയാകണമെന്നുള്ളതു നാം ചിന്തിക്കേണ്ടതാണ്. അതിനാൽ നുറുരൂപയെന്നുള്ള ഏററവും കുറഞ്ഞ തറവില നിർണ്ണയിക്കുന്നതു യുക്തവും ന്യായവുമല്ലാത്തതും ബുദ്ധിപൂർവകമല്ലാത്തതുമാകുന്നു. അതിനാലാണ് എന്റെ ഭേദഗതിയുടെ ആദ്യഭാഗം ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്.

ചട്ടങ്ങളനുസരിച്ചു തരവില നിശ്ചയിക്കേണ്ട ചുമതല ഗവണ്മെന്റിനു വിട്ടുകൊടുക്കേണ്ടതാണ്. എല്ലാ അവസരങ്ങളിലും ഇക്കാര്യത്തിൽ രക്ഷാപരമായിട്ടുള്ളമാർഗ്ഗം ഇതാണല്ലോ.

എന്റെ ഭേദഗതിയുടെ രണ്ടാംഭാഗത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ മി: കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തിന്റെ ആദ്യഭാഗംമൂലം സിദ്ധിക്കണമെന്നുദ്ദേശിക്കുന്ന ഗുണം അദ്ദേഹത്തിന്റെ പ്രമേയത്തിന്റെ രണ്ടാംഭാഗം ഇല്ലാതാക്കിക്കളയുന്നു. പ്രമേയത്തിന്റെ ആദ്യഭാഗംമൂലം ലഭിക്കണമെന്നുദ്ദേശിക്കപ്പെട്ടിരിക്കുന്ന ഗുണം അതിന്റെ ഒടുവിലത്തെ ഭാഗംകൊണ്ടു പൂർണ്ണമായി നശിപ്പിച്ചുകളയുന്നു. അദ്ദേഹത്തിന്റെ പ്രമേയത്തിൽ ശിക്ഷാപരമായ ഒരു വ്യവസ്ഥയാണു പൊതുവെ അദ്ദേഹം ചേർത്തിരിക്കുന്നത്. അദ്ദേഹം നിർണ്ണയിച്ചിട്ടുള്ള ശിക്ഷ വസ്തു കണ്ടുകെട്ടുന്നതിനു തുല്യമായിട്ടുള്ള ഒന്നുതന്നെയാണ്. രാജദ്രോഹം മുതലായി വളരെ ഗൗരവതരങ്ങളായ കുറ്റങ്ങൾക്കു യിക്കുവിട്ടുള്ളതും വളരെ ക്രൂരിയതരത്തിൽ പെട്ടതുമായ ഒരു ശിക്ഷയാണു മേൽപ്പറഞ്ഞതു്. അപ്രകാരമുള്ള സംഗതികളിൽ ഇപ്രകാരം കഠിനമായ ശിക്ഷകൾക്കു വ്യവസ്ഥയുണ്ടാക്കുന്നതു യുക്തമല്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. ഭൂമി പതിക്കുന്ന ആളിനു നിയന്ത്രിക്കാൻ അസാദ്ധ്യമായവിധത്തിൽ ഉള്ള പരിതസ്ഥിതികൾക്കു അയാൾ വശംവദനാകാറുണ്ടു്. അങ്ങനെവരുന്ന അവസരങ്ങളിൽ മി: കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തിൽ നിർണ്ണയിച്ചിട്ടുള്ള മൂന്നുകൊല്ലക്കാലത്തിനകത്തു പതിച്ചിട്ടുള്ളഭൂമി കൃഷിചെയ്യുന്നതിന് അയാൾക്കു സാധിക്കാതെവന്നേക്കാം. ഇതിനുദാഹരണമായി, ഭൂമി പതിച്ചിട്ടുള്ള ആൾ ഉടർച്ചയായിട്ടുള്ളരോഗത്തിനും മുൻകൂട്ടിക്കണ്ടറിയാൻപാടില്ലാത്ത രോഗങ്ങൾക്കും കുടുംബവിപത്തുകൾക്കും അയാൾ അടിമപ്പെട്ടേക്കാം. ഇപ്രകാരം സംഭവിക്കുന്ന അവസരത്തിൽ മേൽപറഞ്ഞ സംഗതികൾമൂലം നിശ്ചിതകാലത്തിനകത്തു പതിച്ചഭൂമിയിൽ കൃഷിചെയ്യുന്നതിനു അയാൾക്കു സാധിക്കാതെവരുന്നതാണ്. കൂടാതെ ചില സംഗതികളിൽ എളുപ്പത്തിൽ പ്രവേശിക്കുന്നതിനു സാധിക്കാത്തവിധത്തിൽ, പതിച്ചഭൂമി വളരെ വന്യപ്രദേശമായിരിക്കാം. അതിൽ കൃഷിചെയ്യുന്നതിനു മൂന്നുകൊല്ലത്തിൽ കൂടിയകാലം വേണ്ടിവന്നേക്കാം. അല്ലെങ്കിൽ പതിച്ചഭൂമി നിലമാക്കി തരംതിരിക്കുന്നതിനു വേണ്ടപണം സാധാരണ ഒരാൾക്കു നിശ്ചിതകാലത്തിനകത്തു ലഭിക്കുന്നതുസാദ്ധ്യമായി വരുന്നേക്കാം. അതിനാൽ പ്രമേയത്തിൽ ചേർത്തിട്ടുള്ള ശിക്ഷാപരമായ വ്യവസ്ഥ ഉപേക്ഷിക്കുന്നതു ക്ഷേമകരമായിരിക്കും.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നായമനം, ഉപാദ്ധ്യക്ഷൻ): പതിച്ചുഎടുത്തതിന്റെശേഷം സൗകര്യമായവിധത്തിൽലാഭംകിട്ടുന്നതിനായി ഭൂമിവിൽക്കുന്നതെന്നു ഒരാൾ ഉദ്ദേശിക്കുന്നുവെന്നു വിചാരിക്കുക; ഇപ്രകാരമുള്ള ഒരു സംഗതിയിൽ പ്രസ്തുതഉദ്ദേശത്തോടുകൂടി ഭൂമിപതിച്ചെടുത്ത ആൾ അതു കൃഷിചെയ്യാതെ ഇടുന്നതാണ്. ഇപ്രകാരമുള്ളസംഗതികൾ നേരിടാതിരിക്കുന്നതിനാണു മി: കുഞ്ഞിത്തൊമ്മൻ ഒരു കാലാവധി നിർണ്ണയിച്ചിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): പ്രമേയത്തിൽ ഇക്കാര്യത്തെസംബന്ധിച്ചു വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. ഞാൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഗുണവത്തക്കാർ കൂടുതൽ ദോഷമാണ് ഇപ്രമേയംകൊണ്ടു സിദ്ധിക്കുന്നതു്. പ്രമേയത്തിന്റെ മൂലതത്വത്തെപ്പററി ചിന്തിക്കുന്നപക്ഷം പ്രത്യേകിച്ചും എന്റെ ഭേദഗതി യോജിച്ചതാകയാൽ ആയതു മി: കുഞ്ഞിത്തൊമ്മൻ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: തരിയനകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): ഞാൻ ഈ ഭേദഗതിയെ സ്വീകരിച്ചിരിക്കുന്നു.

അദ്ധ്യക്ഷൻ. ഭേദഗതിയെ ആരും പിൻതാങ്ങിട്ടില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): സർ, ഈ പ്രമേയത്തിന്റെ വ്യാപ്തിയെ സംബന്ധിച്ചിടത്തോളം നിശ്ചിതകാലത്തിനകത്തു ഭൂമി കൃഷിചെയ്യണമെന്നുള്ള സംഗതിയെ ബോധിപ്പിക്കുന്ന ഒരു ഭേദഗതിയാണ് ഇതെന്നു വിചാരിക്കാൻ നിവൃത്തിയില്ല. പതിച്ചിട്ടുള്ളഭൂമി മൂന്നുകൊല്ലത്തിനകത്തു കൃഷിചെയ്യണമെന്നുള്ള പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന പ്രധാനസംഗതികളിൽ ഒന്നാണെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. നിശ്ചിതമല്ലാത്ത ഒരു കാലത്തേക്കു ഭൂമി കൃഷിചെയ്യാതെ ഇടുന്നതിനു സാധിക്കത്തക്കവിധത്തിൽ പ്രസ്തുതവ്യവസ്ഥ എടുത്തുകളയണമെന്നു മി: കൃഷ്ണപിള്ള ആഗ്രഹിക്കുന്നു. യഥാർത്ഥത്തിൽ ഇതു് ഈ പ്രമേയത്തിന്റെ തത്വത്തിനു വിപരീതമായിട്ടുള്ളതാണ്. അതിനാൽ ഇതൊരു ഭേദഗതിയാണെന്നു ഗണിക്കാൻ നിവൃത്തിയില്ല.

മി: എൻ. കെ. കൃഷ്ണപ്പിള്ള (നെയ്യാറ്റിൻകര): ഈ പ്രമേയകർത്താവ് ഈ ഭേദഗതി സ്വീകരിച്ചിട്ടുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഇപ്രകാരമുള്ള ഒരു ഭേദഗതി ഹാജരാക്കാതെയോ പാടില്ലയെന്നുള്ള സംഗതി അദ്ധ്യക്ഷനാണു തീരുമാനിക്കേണ്ടതു്. ഭേദഗതി സ്വീകരിച്ചു് പ്രസ്തുതസംഗതിയിൽ തീരുമാനം കല്പിക്കേണ്ടതു് പ്രമേയകർത്താവിന്റെ കൃത്യമല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിശ്ചിതമല്ലാത്ത ഒരുകാലത്തേക്കു പതിച്ചിട്ടുള്ള ഭൂമികൾ കൃഷിചെയ്യേണ്ട ആവശ്യമില്ലെന്നു ഭേദഗതി കൊണ്ടുവന്ന ആൾ അഭിപ്രായപ്പെട്ടിട്ടുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): യഥാർത്ഥത്തിൽ ഭേദഗതിയുടെ അർത്ഥം അതുതന്നെയാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): സർ, പ്രമേയത്തിന്റെ ഇപ്പോഴത്തെ നിലയ്ക്കു്, അതസ്ഥിതിയിൽ തന്നെ അതു സ്വീകരിക്കുന്നപക്ഷം പൊതുജനങ്ങൾക്കു ദുഷ്ഫലം സംഭവിക്കുന്നതാണ്. അതിനാൽ ഞാൻ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ചു അതു് ഭേദപ്പെടുത്തുന്നതു് ആശാസ്യകരമായിട്ടുള്ളതാണെന്നാണ് എന്റെ അഭിപ്രായം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): ഇതു് എന്റെ വാദത്തെ കൂടുതൽ വ്യക്തമാക്കുന്നുണ്ടു്. ക്ലിപ്തകാലത്തിനകത്തു് പതിച്ച ഭൂമി കൃഷിചെയ്യണമെന്നാണു മി. കുഞ്ഞിത്തൊമ്മൻ വാദിക്കുന്നതു്. കാലം മൂന്നു കൊല്ലമെന്നു അദ്ദേഹം നിർണ്ണയിച്ചിട്ടുമുണ്ടു്. മൂന്നുകൊല്ലക്കാലം വളരെ കുറഞ്ഞതാണെങ്കിൽ കാലാവധി അഞ്ചോ ആറോ കൊല്ലമാക്കി നീട്ടിപ്പിക്കാവുന്നതാണ്. ഈ വിധത്തിൽ

മി: കൃഷ്ണപിള്ള നിർദ്ദേശിക്കുന്നപക്ഷം ആയതു പക്ഷേ നിയമാനുസൃതമായേക്കാം. എന്നാൽ ഇപ്പോഴത്തെ ഭേദഗതിയിൽ ശിക്ഷാപരമായ വ്യവസ്ഥ പാടെ എടുത്തുകളയണമെന്നു അദ്ദേഹം ആഗ്രഹിക്കുന്നു. ഇതു പ്രമേയതത്വത്തിനു വിരുദ്ധമായിട്ടുള്ളതാണെന്നാണ് ഞാൻ പറയുന്നതു്. അതിനാൽ ഭേദഗതിയുടെ ഇപ്പോഴത്തെ നിലയ്ക്കു് ആയതു നിയമാനുസൃതമായിട്ടുള്ളതല്ല.

അദ്ധ്യക്ഷൻ: മി. പരമേശ്വരൻപിള്ള, ഭേദഗതി പ്രമേയ തത്വത്തിനു വിപരീതമായിട്ടുള്ളതാണെന്നും, ആയതിനാൽ കൃത്രിമമായിപറയുകയാണെങ്കിൽ, അതു ഒരു ഭേദഗതിയായി ഗണിക്കാൻ പാടില്ലെന്നുള്ളതാണ് നിങ്ങളുടെ അഭിപ്രായം. ഇതു് ശരിയായിട്ടുള്ളതാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇപ്രകാരമാണെങ്കിൽ, കാലാവധി ആറുകൊല്ലമാണെന്നു നിശ്ചയിക്കുന്നപക്ഷം ഇപ്പോഴത്തെ പ്രമേയം സ്വീകരിക്കുന്നതിനു ഞാൻ തയ്യാറാണ്.

അദ്ധ്യക്ഷൻ: കൂടാതെ, ഭേദഗതി ആകെ പിൻതാങ്ങിയിട്ടില്ലെന്നും നിങ്ങൾപറയുന്നു.

മി: എൻ. കെ കൃഷ്ണപിള്ള (നെയ്യാററിൻകര): മി. കേശവപിള്ള അതു പിൻതാങ്ങുകയുണ്ടായി.

മി: ടി. സി. കേശവപിള്ള (കല്ലടിക്കോട്ടം-വിളവങ്കോട്ടം): മി. കൃഷ്ണപിള്ളയുടെ ഭേദഗതിയെ ഞാൻ പിൻതാങ്ങിട്ടുണ്ട്.

അദ്ധ്യക്ഷൻ: നിങ്ങളുടെ സ്ഥാനത്തുനിന്നും എഴുന്നേററു ഭേദഗതി പിൻതാങ്ങിയതു ഞാൻ കണ്ടില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അദ്ദേഹം ഭേദഗതിയെ പിൻതാങ്ങുന്നതു ഞാൻ കണ്ടു.

അദ്ധ്യക്ഷൻ: ഒരു അംഗം ഒരു ഉപക്ഷേപത്തെ പിൻതാങ്ങുമ്പോൾ അദ്ദേഹം അപ്രകാരം ചെയ്യുന്നുവെന്നു പറയേണ്ടതാണ്. ഭേദഗതി ഹാജരാക്കിട്ടു ഇപ്പോൾ ഏകദേശം പത്തുമിനിട്ടു കഴിഞ്ഞിരിക്കുന്നു.

മി: ഉരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ആ ഭേദഗതിയുംഞാൻ സ്വീകരിച്ചിരിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): കൂട്ടത്തലായി കൊണ്ടുവന്ന ഭേദഗതിയും സ്വീകരിച്ചിരിക്കുന്നുവെന്നു മി. കുഞ്ഞിത്തൊമ്മൻ പറയുന്നു.

മി: കുമ്പാലം പരമേശ്വരൻപിള്ള (അഡിഷണൽഫൊഡ്സക്കാർ വക്കീൽ): ഈ ഭേദഗതിയെ സംബന്ധിച്ചു് യാതൊരു മുന്നറിവും തന്നിട്ടില്ല.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്നാൽ അദ്ധ്യക്ഷനതു വരിക്കാവുന്നതാണ്.

അദ്ധ്യക്ഷൻ: അതിനനുവദിക്കുന്നതിന് എനിക്ക് സമ്മതമില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): എന്നാൽ എന്റെ ഭേദഗതിയെ ഞാൻ പിൻവലിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഇന്നു രാവിലെ ഞാൻ പ്രസ്താവിച്ച സംഗതികൂടുതൽ വ്യക്തമാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സഭയ്ക്കുള്ളിൽ കൂടിയാന്മാരുടെ കാര്യങ്ങളെ പ്രതിനിധീകരിക്കുന്നതിനു നിയമസഭാംഗങ്ങളിൽനിന്നോ നിയമസഭയ്ക്കു പുറത്തിയിൽനിന്നോ രണ്ടംഗങ്ങളെ തിരഞ്ഞെടുക്കാവുന്നതാണ്. യോഗം ഇപ്പോൾ പിരിയുന്നതും രണ്ടു് നാല്പത്തിഅഞ്ചു് മണിയ്ക്കു വീണ്ടും കൂടുന്നതുമാണ്.

ഉപാദ്ധ്യക്ഷണത്തിനു യോഗം ഉച്ചയ്ക്കു ഏ-ഇ ൪-ന പിരിയുകയും, ഉപാദ്ധ്യക്ഷന്റെ അദ്ധ്യക്ഷതയിൽ കീഴിൽ ഉച്ചയ്ക്കു രണ്ടു അൻപതിനു വീണ്ടും കൂടുകയും ചെയ്തു.

ഉപാദ്ധ്യക്ഷൻ: മി കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ സംബന്ധിച്ചുള്ള വാദപ്രതിവാദം നമുക്കു തുടർന്നുകൊള്ളാം.

മി: എ. എസ് മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, മി. കുഞ്ഞിത്തൊമ്മൻ ഹാജരാക്കിട്ടുള്ള പ്രമേയത്തെ അനുകൂലിക്കുന്നതിനു ഞാൻ എഴുന്നേററുകൊള്ളുന്നു കൃഷിപരിഷ്കരിക്കുന്ന പക്ഷം തൻമൂലം ഈ സംസ്ഥാനത്തെ സാമ്പത്തിക വിഭവങ്ങൾക്കു കൂടുതൽ അഭിവൃദ്ധി സിദ്ധിക്കുമെന്നുള്ളതിനെ സംബന്ധിച്ചു ഞാൻ വളരെ പ്രസ്താവിക്കേണ്ട ആവശ്യമില്ലല്ലോ. നെൽകൃഷി വളരെ പ്രാധാന്യം വഹിക്കുന്ന ഒന്നാണെന്നുള്ളതും ഞാൻ പറയണമെന്നില്ല. സൗകര്യമുള്ള എല്ലാ സന്ദർഭങ്ങളിലും ഇക്കാര്യങ്ങളെ സംബന്ധിച്ചു ഈ സഭയിൽ വെച്ചുതന്നെ ശക്തിയായി വാദിച്ചിട്ടുള്ളതാണ്. ഈ രാജ്യത്തെ നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു യോജിച്ച മാർഗ്ഗങ്ങളെന്തെല്ലാമാണെന്നുള്ളതു നിർണ്ണയിക്കുകമാത്രമാകുന്നു ഇപ്പോഴത്തെ ചിന്താവിഷയം. കൂടുതലായി കിട്ടത്തക്കവിധത്തിൽ ഒരു സ്ഥലത്തുതന്നെ നെൽകൃഷി ചെയ്യുന്നതു് ഇതിനു യോജിച്ച ഒരു മാർഗ്ഗമാണ്. ഈ മാർഗ്ഗം ഞാൻ ഇന്നലെ ഹാജരാക്കിയിട്ടുള്ള പ്രമേയംമൂലം കാണിച്ചിട്ടുണ്ട്. വിസ്താരമേറിയ സ്ഥലത്തു ഇപ്രകാരം കൃഷിചെയ്യാവുന്നതുമാണ്. അതിനാൽ ഇതു് മുൻപറഞ്ഞതിനെ പൂർണ്ണമാക്കുന്നതേയുള്ളു. പ്രമേയത്തിന്റെ രചനയിൽ മി. കുഞ്ഞിത്തൊമ്മൻ വളരെ സൂക്ഷ്മത പ്രദർശിപ്പിച്ചിട്ടുണ്ട്. മി. എൻ. കെ. കൃഷ്ണപിള്ളക്കു് അദ്ദേഹത്തിന്റെ ഭേദഗതി പിൻവലിക്കേണ്ടി വന്നതിൽ എനിക്കു് സന്തോഷമുണ്ട്. നെൽകൃഷിചെയ്യുന്നതിനു യോജിച്ചതും ലഭിക്കാൻ സാധിക്കുന്നതുമായ ഭൂമികളെല്ലാം തൽക്കാലത്തേക്കു ജനങ്ങൾക്കു ഇറക്കിക്കൊടുക്കണമെന്നു മി. കുഞ്ഞിത്തൊമ്മൻ അഭിപ്രായപ്പെടുന്നു. ഈ രാജ്യത്തിന്റെ ക്ഷേമത്തിനായി ഈ സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കേണ്ടതാണെന്നുള്ളതു് ഞാൻ സമ്മതിക്കുന്നു. എന്നാൽ അവയെ സംരക്ഷിക്കുകയും സംസ്ഥാനത്തിനു അവമൂലം ഗുണം സിദ്ധിക്കുകയും ചെയ്യേണ്ടതാണ്. പ്രവേശിക്കാനു സാധിക്കുന്നതിനു സാദ്ധ്യമായ വിധത്തിൽ വനങ്ങളുടെ അന്തർഭാഗങ്ങളിൽ അവയെവെച്ചു സൂക്ഷിക്കുന്നതുകൊണ്ടു് യാതൊരുഗുണവും ലഭിക്കുവാനില്ല. അവമൂലം മെത്തത്തിൽ പൊതുജനങ്ങൾക്കു പ്രയോജനം സിദ്ധിക്കേണ്ടതാണ്. പ്രസ്തുത ഉദ്ദേശത്തോടുകൂടി ഒരാൾക്കു പത്തേക്കറിൽ കൂടിയ ഭൂമി നൽകാൻ പാടില്ലെന്നു മി. കുഞ്ഞിത്തൊമ്മൻ പറയുന്നു. വിദേശികൾക്കു അഞ്ചേക്കറിൽ കൂടിയ ഭൂമി പതിച്ചുകൊടുക്കാൻ പാടില്ലെന്നു മി. കുഞ്ഞിത്തൊമ്മൻ ക്ലിപ്തപ്പെടുത്തിയിരിക്കുന്നുവെന്നുള്ളതു് ഈ പ്രമേയം ഹാജരാക്കിയ അവസരത്തിൽ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം അപ്രകാരം ആ സന്ദർഭത്തിൽ ക്ലിപ്തപ്പെടുത്തിയിട്ടു

ണെന്നു പറയുന്നതിനു യാതൊരു കാരണവും ന്യായവും കാണുന്നില്ല. ധനവാന്മാരായ അനവധി ആളുകളും വളരെ സമ്പത്തുള്ള കമ്പനികളും തിരുവിതാംകൂറിലെ വനങ്ങളിൽനിന്നും വീണ്ടെടുത്തതായ ഭൂമികൾ പതിക്കുകയും അവയെ കൃഷിചെയ്യാതെ ഇടുകയും ചെയ്യുന്നുവെന്നു വിചാരിക്കുക. ഈ സ്ഥിതിക്കു ഉടമസ്ഥന്മാർ ഗവണ്മെൻറിലേക്കു ഭൂമികൾ തിരിച്ചുകൊടുക്കണമെന്നുള്ളതു ന്യായമായിട്ടുള്ളതു മാത്രമാണ്. നൂറുരൂപാവിൽ കുറഞ്ഞ തറവിലയ്ക്കു് അപ്രകാരമുള്ള ഭൂമികൾ പതിച്ചുകൊടുക്കാൻ പാടില്ലെന്നാണ് മി. കുഞ്ഞിത്തൊമ്മൻ പറയുന്നതു്. സർ, വേറെ ഒരു പ്രമേയംകൊണ്ടും ഇത്രത്തോളം ഗുണം രാജ്യത്തിനു ലഭിക്കുവാനിടയില്ല. നാമമാത്രമായിട്ടുള്ള ഒരു വിലയ്ക്കു കീഴുദ്യോഗസ്ഥന്മാരിവിടെത്തന്നെ ഇപ്രകാരമുള്ള ഭൂമികൾ പതിച്ചുകൊടുക്കുന്നതിനു വസരം നൽകുകതന്നെ് അദ്ദേഹം അഭിപ്രായപ്പെടുന്നു. അതിനാൽ പൊതുവെ ജനങ്ങൾക്കും ഈ സംസ്ഥാനത്തിനും ഈ പ്രമേയം മുഖേന വളരെ ഗുണം സിദ്ധിക്കുന്നതാണ്. യാതൊരു ദോഷവിധിയും കൂടാതെ ഈ പ്രമേയം ഗവണ്മെൻറു സ്വീകരിക്കയാണെങ്കിൽ അതു വളരെ യുക്തമായിട്ടുള്ളതായിരിക്കും. ഇത്രയും പറഞ്ഞുകൊണ്ടു ഇവിടെ ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കല്ലൂളവും-വിളവങ്കോടും): മി. കുഞ്ഞിത്തൊമ്മൻ ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു. സംരക്ഷിതവനങ്ങൾക്കുള്ളിലുള്ള ചതുപ്പുപ്രദേശങ്ങൾ മാറ്റി കൊടുക്കണമെന്നുള്ളതാണു പ്രമേയത്തിന്റെ ഉദ്ദേശം. കൂടാതെ കാലാന്തരത്തിൽ നെൽകൃഷിക്കായി പുരയിടങ്ങളെയും വിനിയോഗിക്കുന്നതിന് ഇടയാകുന്നതാണ്. സംരക്ഷിതവനങ്ങൾക്കുള്ളിൽ അനവധി ദേശവാസികളും അനവധി ഗ്രാമങ്ങളുടെ അവശിഷ്ടങ്ങളും നെൽകൃഷിചെയ്യാവുന്ന നിലങ്ങളുമുണ്ടെന്നുള്ള വിവരങ്ങൾ മി. കുഞ്ഞിത്തൊമ്മന്റെ പ്രസംഗത്തിൽനിന്നും നമുക്കു അറിയുന്നതിനിടയായിട്ടുണ്ട്. സർവ്വേയും റിസർവ് അതിരുകളും ഇടയിടയ്ക്കാണ് ഏർപ്പെടുത്തിട്ടുള്ളതു്. ഇതു് എന്റെ സ്നേഹിതൻ ധരിച്ചിരിക്കുന്നു. ചരിത്രകാലങ്ങൾക്കു മുമ്പും അതിനുശേഷവും തന്നെ, കിഴക്കുതിരുത്തുനിന്നും തിരുവിതാംകൂറിലേക്ക് ആക്രമണങ്ങൾ ഉണ്ടായപ്പോൾ തങ്ങളുടെ രക്ഷയെക്കരുതി രാജാക്കന്മാരും, മഹാരാജാക്കന്മാരും, പർവ്വതങ്ങളുടെ സമീപങ്ങളിൽ പോയി താമസിക്കുന്നതിനിടയായിട്ടുണ്ട്.

രണ്ടാമതായി, ദക്ഷിണതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം, ദക്ഷിണതിരുവിതാംകൂറുകാർ ഉത്തരതിരുവിതാംകൂറിൽ പെട്ട സ്ഥലങ്ങളെ പിടിച്ചടക്കുന്നതിനു മുമ്പ് ജനസംഖ്യ വർദ്ധിച്ചു വന്നിരുന്നു. അതിനാൽ കുടികൾ വിപ്രകർഷിക്കുന്നതിനുവേണ്ടി ഇടയ്ക്കിടയ്ക്കു സ്ഥലങ്ങൾ അവർക്കു ലഭിക്കുന്നില്ല. ഇതുകാരണത്താൽ അവർ വനാന്തരങ്ങളിൽ പ്രവേശിക്കുകയും അവിടെയുള്ള നിലങ്ങൾ കൃഷിചെയ്യുകയും ചെയ്യുന്നതിനിടയായി:

ഉപാദ്ധ്യക്ഷൻ: തെക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം മിക്ക അഭിപ്രായം മാത്രമാണിതു, ഉത്തരതിരുവിതാംകൂറുകാർ നേരെമറിച്ചുള്ള അഭിപ്രായക്കാരായിരിക്കും.

മി: ടി. സി. കേശവപിള്ള (കല്ലൂളവും-വിളവങ്കോടും): ഇതു് വെറും വിവരം മാത്രമാകുന്നു.

അതിന്റെശേഷം വടക്കൻ തിരുവിതാംകൂറിലേക്കു പ്രവേശിക്കുന്നതിന് അവർക്കു പലതരം സൌകര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഏതായാലും നമ്മുടെ പൂർവ്വികന്മാർ യാതൊരു കൃത്യവും നിർവ്വഹിക്കാതെ അലസന്മാരായിരിക്കുക അല്ലായിരുന്നു വെന്നുള്ളതു ചൂണ്ടിക്കാണിക്കുന്നതിനു മാത്രമായിട്ടാണു മേൽപറഞ്ഞ സംഗതികളെ ഞാൻ പറഞ്ഞതു. വരിക്കാൻ സാധിക്കുന്ന എല്ലാ ഭൂമികളും കൃഷിചെയ്യുന്ന കാര്യത്തിൽ അവർ കഴിയുന്നത്ര പ്രവൃത്തിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ തെക്കൻ തിരുവിതാംകൂറിലെ ചില താലൂക്കുകളിലെ സംരക്ഷിതവനങ്ങളിൽ പെട്ട ചതുപ്പുനിലങ്ങൾ വനത്തിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ തെക്കൻതിരുവിതാംകൂറിലെ ചില താലൂക്കുകളുടെ കഥ എന്റെ സ്നേഹിതൻ വിസ്തരിച്ചു കഴിഞ്ഞു. ദക്ഷിണതിരുവിതാംകൂറിലെ സംരക്ഷിത വനങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനു യോജിച്ച ഒട്ടധികമേക്കർ ഭൂമികൾ ഇപ്പോൾ ഉണ്ട്. പേച്ചിപ്പാറ അണയ്ക്കു സമീപത്തു സ്ഥിതിചെയ്യുന്ന വലിയ ഏലാ ഇതുപോലുള്ള ഒരു പ്രദേശമാണ്. ഗവണ്മെൻറു കുറേ ആൾ ചിലവാക്കുന്നപക്ഷം ഏകദേശം ആയിരമേക്കർ വരുന്ന ഭൂമി നെൽകൃഷിക്കു യോജിക്കത്തക്ക വിധത്തിൽ എളുപ്പത്തിൽ തിരിച്ചെടുക്കാവുന്നതാണ്. നെയ്യാറിൻകര താലൂക്കിൽപെട്ട കാനിപ്പട്ടു പ്രദേശത്തിൽ അനവധി താഴ്വരകളും, നെടുമങ്ങാടു താലൂക്കിലുള്ള സംരക്ഷിത വനങ്ങളിൽ നെൽകൃഷിക്കു ഉപയോഗ്യമായ സ്ഥലങ്ങളുമുണ്ട്. അതിനാൽ പ്രസ്തുത കാര്യാർത്ഥം ഒരു കമ്മിററിയെ നിയമിക്കണമെന്നു ഞാൻ ഗവണ്മെൻറിനോടപേക്ഷിച്ചുകൊള്ളുന്നു. ഒരു കമ്മിററിയെ ഇപ്പോൾ നിയമിച്ചിട്ടുള്ളപക്ഷം കമ്മിററി വിളിച്ചു കൂട്ടുന്ന സംഘത്തിനും, കമ്മിററിയിലുൾപ്പെട്ട ദിവാൻപേഷ്കാരന്മാർക്കും, അവരുടെ അധികാരസീമകളിൽ പെട്ട പ്രദേശങ്ങളിൽ നിന്നും കൂടുതൽ ഭൂമികൾ വനങ്ങളിൽ നിന്ന് ഒഴിവാക്കുന്നതിന് ഓർമ്മക്കുത്തുകൾ അയക്കേണ്ടതാണെന്നും ഞാൻ ഗവണ്മെൻറിനോടപേക്ഷിച്ചുകൊള്ളുന്നു.

പത്തേക്കറെന്നും നൂറുരൂപാവെന്നുമുള്ളതു ക്രിയപ്പെടുത്തേണ്ടതാവശ്യമാണ്. ഈ സംഗതിയുടെ ഗൌരവം ഞാൻ നിങ്ങളുടെ ചിന്തയ്ക്കു ഒരിക്കൽ കൂടി വിഷയീകരിച്ചുകൊള്ളുന്നു. കപ്പാത്തുകാര്യങ്ങളുടെയും തിരുവിതാംകൂറിലെ സാമ്പത്തിക സ്ഥിതിയുടെയും സംബന്ധിച്ചിടത്തോളം, വളരെക്കാലം മുതല്ക്കുള്ള മി. കുഞ്ഞിത്തൊമ്മന്റെ പരിചയം ഈ വിധത്തിലാകുന്നു. പലകാര്യങ്ങളുടെയും പ്രായോഗികനിലയെപ്പററി അദ്ദേഹം ചിന്തിച്ചിട്ടുണ്ട്. ഇപ്രകാരം പത്തേക്കർ ഖണ്ഡമെന്നും നൂറുരൂപാവെന്നും ഉള്ള കൂർത്തമായ വ്യവസ്ഥ അദ്ദേഹം കൊണ്ടുവന്നിട്ടുള്ളതു് മേൽപറഞ്ഞ കാരണത്താലാണ്. എന്തെന്നാൽ സംരക്ഷിതവനത്തിൽ കുറേ ചതുപ്പു നിലങ്ങളല്ലാത്ത ഭൂമികളെയും വനത്തിൽ നിന്നും ഒഴിവാക്കുന്നതിന് ഒരാൾക്കു നിവൃത്തിയില്ലാതെ വരുന്നതാണ്. കാലാന്തരത്തിൽ വനങ്ങളിൽനിന്നും ഒഴിവാക്കിയ ഭൂമിയുടെ മൂന്നിലൊരുഭാഗമെങ്കിലും കൃഷിചെയ്യുന്നതിനു ജനങ്ങൾക്കു വിട്ടുകൊടുക്കണമെന്നു നമുക്കു ഗവണ്മെൻറിനോടു അപേക്ഷിക്കാവുന്നതാണ്. അതിനാൽ, മേൽപറഞ്ഞ കാരണങ്ങളാൽ, മി. കുഞ്ഞിത്തൊമ്മൻ ഹാജരാക്കിട്ടുള്ള പ്രമേയത്തെ ശക്തിപൂർവ്വം അനുകൂലിച്ചുകൊള്ളുന്നു.

മി: എൻ. ആർ. കൃഷ്ണൻ (നിയമനം): സർ, മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. റിസർവിൽനിന്നും കൃഷിക്ക് ഉപയോഗമുള്ള ഭൂമി ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ച് ഒരു കമ്മററി ഏർപ്പെടുത്തുകയും, ആ കമ്മററി ഒരു റിപ്പോർട്ടു സമർപ്പിക്കുകയും

ചെയ്തതായിട്ട് നമുക്കറിയാം. ഒരു കാർഷികരാജ്യമായ തിരുവിതാംകൂറിൽ കൃഷിസ്ഥലങ്ങൾ വർദ്ധിപ്പിക്കേണ്ടതു അത്യാവശ്യമാകുന്നു. എന്നാൽ സ്വന്തം ഭൂമികൾ നെൽകൃഷിക്കായി പതിച്ചുകൊടുത്തതുകൊണ്ടു ഒരു പ്രയോജനവുമില്ല. റിസർവിനകത്തുള്ളതും, നെൽകൃഷിചെയ്താൽ ഫലപ്രദമായുണ്ടാകുന്നതുമായ സ്ഥലങ്ങളെ ഒഴിപ്പിച്ചു് പതിച്ചുകൊടുക്കണം. ഇത്രയും പറഞ്ഞുകൊണ്ടു് വളരെ മിതമായതും എന്നാൽ അത്യാവശ്യമായതുമായ ഈ പ്രമേയത്തെ ഞാൻ ബഹുമാനിച്ചു പിൻതാങ്ങിക്കൊള്ളുന്നു.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): മി. കുഞ്ഞിത്തൊമ്മൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ ഹൃദയപൂർവ്വം പിൻതാങ്ങിക്കൊള്ളുന്നു. തിരുവിതാംകൂറിലെ നെൽകൃഷിയെ വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന ഒരു പ്രമേയമാണിതു്. ഈ പ്രമേയത്തോടു ഗവണ്മെന്റ് മുൻപേതന്നെ യോജിച്ചു് പല അന്വേഷണങ്ങളും നടത്തിയതായി കാണപ്പെട്ടു. അല്ലെങ്കിൽ വനത്തിലുള്ള നെൽകൃഷിക്കുപയോഗമുള്ളതായ സ്ഥലങ്ങൾ ഏതാണെന്നു നിർണ്ണയിക്കുന്നതിന് ഒരു കമ്മീഷനെ അന്വേഷണം നടത്തുകയോ ഏർപ്പെടുത്തുകയോ ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. ഗവണ്മെന്റു നാട്ടിനെ നെൽകൃഷിയുടെ അഭിവൃദ്ധിയിൽ ശ്രദ്ധിക്കുന്ന സന്ദർഭത്തിൽ ജനങ്ങൾക്ക് കൃഷിയിൽ വമ്പിച്ചതായ ആഗ്രഹം ഉണ്ടായിരിക്കെ, അതിനുപയോഗമുള്ള ഭൂമി ഗവണ്മെന്റ് വനമാക്കി ഇട്ടിരിക്കുന്ന പ്രദേശത്തിൽ സ്ഥിതിചെയ്യുകയും ചെയ്തിരുന്നാൽ റിസർവിൽ നിന്നു്നീക്കി ഒരു മുക്കു സ്വദേശികളായ ജനങ്ങൾക്ക് കൊടുക്കാമെന്ന് പരസ്യം ചെയ്തു് അതും ഉപയോഗിക്കപ്പെടാതെ നിലയിൽ വരത്തക്കവണ്ണം ചെയ്യാതെ ഗവണ്മെന്റ് അടക്കിവച്ചിരിക്കുന്നതു് ആക്ഷേപകരമാണ്.

ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ളതുപോലെ നാട്ടിലെ ജനങ്ങളുടെ ആഹാരസാധനം വർദ്ധിപ്പിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണെന്നു് ഈ രാജ്യസ്നേഹികൾ പരിപൂർണ്ണമായി സമ്മതിക്കുന്ന ഒരു വസ്തുവാണെന്നു്. എന്നിരിക്കെ ഫലപ്രദമായ ഭൂപ്രദേശം ഗവണ്മെന്റിന്റെ സ്വാധീനത്തിൽ ഉണ്ടായിരിക്കുകയും, അതു് കൃഷിചെയ്യുന്നതിനു സന്നദ്ധരായ ആൾക്കാർ ഉണ്ടായിട്ടുവരികയും, ചെയ്യുന്ന അവസരത്തിൽ ഗവണ്മെന്റിന്റെ നയത്തിന് ഒട്ടും വ്യതിചലനം ഇല്ലാതെ രാജ്യനന്മയ്ക്കായി വനത്തിൽ ഉൾപ്പെട്ടുകിടക്കുന്ന നെൽകൃഷിക്കുപയുക്തമായ ഭൂമിയെ അവരെ ഏൽപ്പിച്ചുകൊടുക്കണമെന്നുള്ള തത്വത്തെ ആരെങ്കിലുമാണ് ഇരിക്കാൻ എന്റെ മന്ത്രിസ്നേഹിതന്മാർക്ക് ആക്ഷേപമുണ്ടാകയില്ല. വനങ്ങളിലുള്ള വിസ്തീർണ്ണമായ പ്രദേശത്തിനിന്നും പത്തേക്കർ വീതമാണിട്ടു ഭൂമി പതിച്ചുകൊടുക്കുകയാണെങ്കിൽ അത്രയും സ്ഥലം നെൽകൃഷിക്ക് ഉപയുക്തമാക്കാൻ കഴിയും. പലരും ചേർന്നു കൂട്ടമായി വനത്തിന്റെ ഉള്ളിൽകടന്നു കൃഷിചെയ്യുന്നതിന് സൌകര്യമുണ്ടാക്കുകയാണെങ്കിൽ അതു് കൃഷിവർദ്ധനവിന് കാരണമായിത്തീരും. അല്ലാതെ ബ്ലോക്കുകളായിട്ടു തിരിച്ചു ധാരാളമാളുകൾ വനത്തിനുള്ളിൽ പ്രവേശിപ്പിക്കുന്നതു് നന്നായിരിക്കും. ഇങ്ങനെ തിരുവിതാംകൂറിലെ വനങ്ങളിൽ നെൽകൃഷിക്കുപയുക്തങ്ങളായ പ്രദേശങ്ങളെ കൃഷിചെയ്യുന്നതിന് സൌകര്യപ്പെടുത്തിക്കൊടുക്കുന്നതായാൽ അതു് ഈ നാട്ടിലെ പലതരത്തിലുള്ള കൃഷികളേയും അഭിവൃദ്ധിപ്പെടുത്തുന്നതിന് വളരെ ഉപകരിക്കുവാനാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തോടു പരിപൂർണ്ണമായി യോജിച്ചുകൊള്ളുന്നു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഞാൻ മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഹാർദ്ദമായി പിൻതാങ്ങുന്നു. ഈ പ്രമേയത്തിന് എത്രയോളം സമ്മതം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു ഇതിനകം സംസാരിച്ചിട്ടുള്ള എന്റെ സ്നേഹിതന്മാരുടെ പ്രസംഗംകൊണ്ടു തന്നെ വെളിവായിട്ടുണ്ടു്. എന്നു മാത്രവുമല്ല, അതിന്റെ ഔചിത്യത്തെ ഒരു പ്രസംഗംമൂലം വെളിവാക്കേണ്ട ആവശ്യമുണ്ടെന്നു ഇനിക്ക് തോന്നുന്നില്ല. നമ്മുടെ നാട്ടിലെ ജനസംഖ്യ വർദ്ധിച്ചും, ആഹാരസാധനങ്ങൾ കുറഞ്ഞും വന്നിരിക്കുക ആണ്. ഇവിടെയുള്ള ആളുകൾക്ക് ആവശ്യമുള്ളിടത്തോളം ആഹാരസാധനങ്ങൾ ഇവിടെത്തന്നെ കൃഷിചെയ്തു ഉണ്ടാക്കുന്നതിന് തരമില്ലാതെ അന്യനാട്ടിൽനിന്നും, ഇറക്കുമതിചെയ്യുന്നുണ്ടു്. ഈ സ്ഥിതിക്ക് ഈ പ്രമേയം ഈ കൌൺസിലിൽ ഐകകണ്ഠ്യേന സ്വീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. യുവാക്കന്മാരുടെ തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നതിനെ പരിഹരിക്കുന്നതിന് ഇതൊരു നല്ല മാർഗ്ഗമാണ്. ഈ നാട്ടിൽ കൃഷിക്കുപയോഗമുള്ള സ്ഥലങ്ങളെ റിസർവ് എന്ന് പറഞ്ഞു് ഉപയോഗശൂന്യമാക്കി അവരതെ ഇട്ടിരിക്കുന്നതു് വളരെ അനൌചിത്യമാണ്; ഇതിനു യാതൊരു സംശയവുമില്ല; കൃഷി സ്ഥലങ്ങളെ എല്ലാം റിസർവിൽ നിന്നും വേർപ്പെടുത്തി മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തിൽ കാണിച്ചിരിക്കുന്ന പ്രകാരം അതാതു് അപേക്ഷകന്മാർക്ക് പതിച്ചു കൊടുക്കുന്നപക്ഷം മാറിയ്ക്കുന്നിവാരണത്തിന് ഇതിൽ കൂടുതലായി ഒരു മാർഗ്ഗം ഇവിടെ ചെയ്യേണ്ടതായിട്ടില്ല. ആ സ്ഥിതിക്ക് ഈ പ്രമേയത്തിന് വലിയ തർക്കമൊന്നും വരാനിടയില്ല. ഗവണ്മെന്റിനും പൊതുജനങ്ങൾക്കും നിരപേക്ഷമായ ഈ പ്രമേയത്തെ ഐകകണ്ഠ്യേന സ്വീകരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി എന്റെ സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, മി: കുഞ്ഞിത്തൊമ്മൻ ഹാജരാക്കിയ പ്രമേയത്തെ അനുകൂലിക്കുന്നതിനു ഞാനും എഴുന്നേറ്റുകൊള്ളുന്നു. ഈ രാജ്യത്തെ നെൽകൃഷി ഇവിടത്തെ ജനങ്ങളുടെ ആവശ്യങ്ങൾക്കു മതിയാകുന്നില്ലെന്നു പൊതുവെ ഒരു പരാതിയുള്ളതാണ്. നെല്ലിന്റെ വിളവിലുള്ള പരിമാണം വർദ്ധിപ്പിക്കുന്നതിനു രണ്ടു മാർഗ്ഗങ്ങൾ ഉണ്ടു്. ഒന്ന് ഒരു സ്ഥലത്തുതന്നെ കൂടുതൽ വിളവു ലഭിക്കത്തക്കവിധത്തിൽ കൃഷിചെയ്യുകയും, മറ്റൊന്നു വിസ്തീർണ്ണമായ പ്രദേശത്തിൽ കൃഷിചെയ്യുകയുമാകുന്നു. ഒരു സ്ഥലത്തുതന്നെ കൂടുതൽ ആദായം ലഭിക്കത്തക്കവിധത്തിൽ കൃഷിചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം, പറയുകയാണെങ്കിൽ, കൂടുതൽ വിളവു ലഭിക്കുന്നതിനു സാധിക്കാതിരിക്കത്തക്കവിധത്തിൽ ഈ സംഗതിയിൽ ഒരു പരിധിയുണ്ടായിരിക്കുന്നതാണ്, വിളവു കുറഞ്ഞുവരുമ്പോഴാണ് ഇപ്രകാരം സംഭവിക്കുന്നതു്. തിരുവിതാംകൂറിലെ നെൽക്കണ്ടങ്ങളെ സംബന്ധിച്ചിടത്തോളം, ഇപ്രകാരം സംഭവിക്കുന്നതിനിടവരുന്നില്ല. എന്തെന്നാൽ നമ്മുടെ ആളുകൾ ഇവിടെയുള്ള ഭൂമികളെ ശാസ്ത്രീയപരമായ വിധത്തിൽ കൃഷിചെയ്യുന്നില്ല. നമ്മുടെ നിലങ്ങളിലെ വിളവുകൾ വർദ്ധിപ്പിക്കുന്ന വിഷയത്തിൽ കൃഷിഡിപ്പാർട്ടുമെന്റു ചെയ്തിട്ടുള്ള എല്ലാപ്രയത്നങ്ങളും ഒട്ടുംതന്നെ വിജയപ്രദമായിട്ടില്ലെന്നു പറയുന്നതിൽ എനിയ്ക്കു് വല്ലായ്മയുണ്ടു്. അതിനാൽ വിളവുകളെ വർദ്ധിപ്പിക്കുന്നതിനുള്ള ഏകമാർഗ്ഗം, വമ്പിച്ച തോതിൽ കൃഷിചെയ്യുകമാത്രമാകുന്നു. ഇതു നിർവ്വഹിക്കുന്നതിനു നമ്മുടെ വനങ്ങളിൽ വിസ്തീർണ്ണമേറിയ അനവധി ചതുപ്പു പ്രദേശങ്ങൾ കിടപ്പുണ്ടു്.

ണ്ടവയെ വനത്തിൽനിന്നും ഒഴിവാക്കി ജനങ്ങൾക്കു വിട്ടുകൊടുക്കേണ്ടതാണ്. അപ്രകാരം പ്രവർത്തിക്കുന്നപക്ഷം വമ്പിച്ചതും ആദായകരമല്ലാത്തതുമായ പ്രദേശങ്ങളെ ഫലഭൂയിഷ്ഠമായ നിലങ്ങളാക്കിത്തീർക്കാമെന്നു മാത്രമല്ല, ഈ സംസ്ഥാനത്തെ വരവും തന്മൂലം വർദ്ധിപ്പിക്കാവുന്നതാണ്. ഈ വിഷയത്തെ സംബന്ധിച്ചു നിയമസഭയിലും പ്രജാസഭയിലും നിവേദനങ്ങൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. സർ, ജനങ്ങളുടെ ആഗ്രഹാനുസരണം പ്രവർത്തിക്കുന്നതിനു അനുമതി നൽകുന്ന വിഷയത്തിൽ ഗവണ്മെന്റിനു യാതൊരു വൈമനസ്യവും ഉണ്ടാകുവാനിടയില്ലെന്നു ഞാൻ വിചാരിക്കുന്നു.

മി: ഡി. സി. ജോസഫ് (അരാസ്തീശ്വരം): മി: കുഞ്ഞിത്തൊമ്മൻ ഹാജരാക്കിട്ടുള്ള പ്രമേയത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു. ഈ സഭയുടെ അനുമതി വേണമെന്ന് ആവശ്യപ്പെട്ടിട്ടില്ല ഈ സംഗതി അത്യാവശ്യമായിട്ടുള്ള ഒന്നുതന്നെ. നമ്മളുടെ ആഹാരസാധനങ്ങളുടെ പരിമാണം ആവശ്യങ്ങൾക്കു പര്യാപ്തമാകുന്നില്ല. നമ്മുടെ യുവാക്കന്മാർക്കു ശരിയായ തൊഴിൽ ലഭിക്കുന്നില്ല. അവർ മിക്കവാറും തൊഴിലില്ലാതെയാണു ജീവിതംകഴിച്ചുകൂട്ടുന്നതു്. പെട്രോൾ, ഡീസൽ, മോട്ടോർവണ്ടികൾ, മററു സാധനങ്ങൾ, ഇവയ്ക്കുവേണ്ടി ഈ സംസ്ഥാനത്തെ മുതലെടുപ്പിൽ ഏതാനും ഭാഗം വെളിയിലേയ്ക്കു പൊയ്ക്കൊണ്ടിരിക്കുന്നു ഉദ്ദേശമായി കണക്കാക്കുന്നപക്ഷം, ഈ ഇനം പ്രതിമാസം രണ്ടരലക്ഷം രൂപയാകുന്നു ഈ വിധത്തിൽ നമ്മുടെ സാമ്പത്തികസ്ഥിതി കൂടുതൽ വിഷമഘട്ടത്തെ പ്രാപിച്ചുവരികയാകുന്നു. സംഗതികളുടെ സ്ഥിതി വളരെ ആശങ്കാജനകമായ നിലയെ പ്രാപിച്ചിരിക്കുന്നു. ഗവണ്മെന്റാ നിയമസഭയോ പ്രസ്തുത കാര്യത്തിൽ നിശ്ചിതമായ ഏതെങ്കിലും മാർഗ്ഗം സ്വീകരിക്കാത്തപക്ഷം ഗൌരവതരമായ ഒരു വിപത്തു് നമുക്ക് അനുഭവിക്കേണ്ടിവരുമെന്നു ഞാൻ വിചാരിക്കുന്നു. എത്രയോ ദിവസങ്ങൾക്കുമുമ്പ് ഞാൻ പ്രസ്താവിച്ചതുപോലെ തങ്ങൾക്കു നിർവഹിക്കാവുന്ന കാര്യങ്ങൾക്കു ഏതാനും അതിരുകളുണ്ടെന്നു ഗവണ്മെന്റും വിചാരിക്കുന്നു. ഉദ്യോഗത്തിനായി യുവാക്കന്മാർ ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ ചെല്ലുമ്പോൾ "മററുള്ളവരിൽ ചിലർക്കു മരണം സംഭവിക്കുകയോ ഞങ്ങൾ അവരെ കൊല്ലുകയോ ചെയ്താലല്ലാതെ" നൽകാൻ സാധിക്കയില്ലെന്നു ചില ഉദ്യോഗസ്ഥന്മാർ പറഞ്ഞുവരുന്നു. ഞങ്ങൾ നിസ്സഹായസ്ഥിതിയെ പ്രാപിച്ചിരിക്കുന്നു. ഞങ്ങൾക്കു എന്തുചെയ്യാൻ കഴിയും? ഈ സംസ്ഥാനത്തു് ജനസംഖ്യയും ക്രമേണ വർദ്ധിച്ചുവരുന്നു. വർദ്ധിച്ചുവരുന്ന ജനസംഖ്യയെ തടയുകയോ അല്ലെങ്കിൽ യുവാക്കന്മാർക്കു തൊഴിൽ നൽകുന്നതിനു യോജിച്ച ഏതെങ്കിലും മാർഗ്ഗം സ്വീകരിക്കയോ ചെയ്യുന്നതു് പിതൃതുല്യമായനിലയിൽ ഭരണം നടത്തിവരുന്ന ഗവണ്മെന്റിന്റെ കർത്തവ്യകർമ്മമാകുന്നു. അല്ലാത്തപക്ഷം, തങ്ങളുടെ മാതാപിതാക്കന്മാർക്കു വളരെ വിഷമത്തിനു കാരണമാക്കിയതിനുശേഷം തങ്ങൾക്കുണ്ടായിരുന്ന സകുചസ്വത്തും വിദ്യാഭ്യാസാർത്ഥം ചെലവാക്കിട്ടുള്ള യുവാക്കന്മാർക്കു അവരുടെ നിത്യവൃത്തിക്കെങ്കിലും കിട്ടുന്നതിനു യോജിച്ച തൊഴിൽ ഉണ്ടാക്കിക്കൊടുക്കാത്തപക്ഷം അവർ വളരെ ശോചനീയമായ നിലയെ പ്രാപിക്കുന്നതാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): യുവാക്കന്മാർക്കു ജോലി നൽകുന്നതായാൽ ജനസംഖ്യയെ നിയന്ത്രിക്കുന്നതു് സാധിക്കുന്നതാണോ?

മി: ഡി. സി. ജോസഫ് (അരാസ്തീശ്വരം): ഈ ചോദ്യത്തിനു മറുപടി നൽകുന്നതിനു ഞാൻ തയ്യാറില്ല

ഉപാദ്ധ്യക്ഷൻ: നിങ്ങൾ അതിനു മറുപടി നൽകണമെന്നില്ല.

മി: ടി. സി. കേശവപിള്ള (കുമ്പളവും-വിഴവങ്കോടും): വിളവിനെ ക്ലിപ്തപ്പെടുത്തീട്ടുണ്ടോ?

മി: ഡി. സി. ജോസഫ് (അരാസ്തീശ്വരം): അതിനും മറുപടി നൽകണമെന്നു് ഞാൻ വിചാരിക്കുന്നില്ല.

ഈ യോഗത്തിൽ ഹാജരാക്കിയിരിക്കുന്ന പ്രമേയം വളരെ പ്രാധാന്യമുള്ള ഒന്നാകുന്നു. നാം ഒരു സംഗതി ആവശ്യപ്പെടുകയും, അതിന്റെ ഫലമായി വരവുകുറയുന്നതിനിടയാകുകയും ചെയ്യുമ്പോൾ ജനങ്ങളുടെ ആഗ്രഹങ്ങളേയും അപേക്ഷകളേയും അനുവദിക്കുന്നതിൽ ഗവണ്മെന്റും ചിലപ്പോൾ വൈമനസ്യം സ്വാഭാവികമായി പ്രദർശിപ്പിക്കുന്നതാണ്. ജനങ്ങളുടെ ആഗ്രഹങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നതിനു മതിയാകുന്ന കാരണങ്ങളുണ്ടാകുന്ന അവസരങ്ങളിൽ ഓരോ സമയങ്ങളിലെ ആവശ്യങ്ങൾക്കനുയോജ്യമായവിധത്തിലും, പൊതുജനങ്ങളുടെ അപേക്ഷ അനുസരിച്ചും പ്രവൃത്തിക്കേണ്ടതു ഗവണ്മെന്റിന്റെ കർത്തവ്യകർമ്മമാകുന്നു. ഈ സംഗതിയിൽ ചില ചതുപ്പുനിലങ്ങളേയൊ, വനാന്തരങ്ങളിൽ ലഭിക്കുന്നതിനു സാദ്ധ്യമായ മററുപ്രദേശങ്ങളേയൊ, വനത്തിൽനിന്നും ഒഴിവാക്കുകയും ജനങ്ങളുടെപേരിൽ പതിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഈ സംഗതിയിൽ ഗവണ്മെന്റു മുന്നിട്ടിറങ്ങി ജനങ്ങളെ സഹായിക്കുകയും, പൊതുജനങ്ങളുടെ സഹകരണത്തെ ഇക്കാര്യത്തിൽ ക്ഷണിക്കുകയും ചെയ്യേണ്ടതാകുന്നു. ഈ വിഷയങ്ങളിൽ ജനങ്ങൾക്കു സഹായം നൽകുന്നതിനു ഗവണ്മെന്റു തയ്യാറാകുന്നപക്ഷം, നിരുപയോഗമായ വിധത്തിൽ ജീവിതവും ശക്തിയും നശിപ്പിച്ചുകളയുന്ന അനവധി യുവാക്കന്മാർക്കു ഇതുമൂലം ഒരു തൊഴിൽ നൽകാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈ യോഗത്തിലെ ഈ പക്ഷത്തിൽപെട്ട ആളുകളുടെ മാത്രമല്ല, മറുപക്ഷത്തിലെ അംഗങ്ങളുടെ ശ്രദ്ധയും പ്രസ്തുത പ്രമേയത്തിൽ പതിയേണ്ടതാണ്. ഗവണ്മെന്റ് ഈ സംഗതിയിൽ കാലെടുത്തു ഒരു തീരുമാനം കല്പിക്കേണ്ടതാണ്. ഈ പ്രമേയത്തെ ഞാൻ ബലമായി പിന്താങ്ങുന്നു.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): സർ, ഏതു ചിലവുവന്നാലും, ഈ സംസ്ഥാനത്തെ നെൽകൃഷിയുടെ വിളവു വർദ്ധിപ്പിക്കേണ്ടതാണെന്നുള്ള വിഷയത്തിൽ എതിർപക്ഷത്തിലെ അംഗങ്ങൾ ഐകകണ്ഠ്യേനയുള്ള അഭിപ്രായക്കാരാണെന്നുള്ളതു അവരുടെ പ്രസ്താവനകളിൽനിന്നും വെളിവാകുന്നുണ്ടു്. ഈ വിഷയത്തെസംബന്ധിച്ചു മെമ്പറന്മാരുടേയും ഗവണ്മെന്റിന്റേയും അഭിപ്രായത്തിൽ യാതൊരു ഭിന്നാഭിപ്രായവും ഉണ്ടായിരിക്കുന്നില്ല. സർ, ചതുപ്പു നിലങ്ങളെ വനങ്ങളിൽനിന്നും ഒഴിവാക്കണമെന്നുള്ള വിഷയം പല അവസരങ്ങളിലും പ്രജാസഭയുടെ ചിന്തയ്ക്കു വിഷയീഭവിച്ചിട്ടുണ്ട്. പ്രജാസഭയുടെ പത്രം സഭമുഖത്തിലാണു ഈ സംഗതി ആദ്യമായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതു്. സംരക്ഷിതവനങ്ങൾക്കുള്ളിൽ നെൽകൃഷിക്കു യോജിച്ചതും, വിസ്തീർണ്ണമുള്ളതുമായ പ്രദേശങ്ങൾ കിടപ്പുണ്ടെന്നുള്ള സംഗതി ആ അവസരത്തിൽ ഒരു സാമാജികൻ ചൂണ്ടിക്കാണിക്കയുണ്ടായി. അതു യുദ്ധകാലത്തിനിടയ്ക്കാണ്. അക്കാ

ചത്തുഅരിയ്ക്കും ക്ഷാമമുണ്ടായിരുന്നു. അന്നത്തെ ഗവണ്മെന്റു ഭരണം നടത്തിവന്നിരുന്ന മി. കൃഷ്ണൻനായർ, പ്രസ്തുത സംഗതിയെ സംബന്ധിച്ചന്വേഷണം നടത്തുന്നതിനു വനം ഡിപ്പാർട്ടുമെന്റിലേയ്ക്കും റവന്യൂഡിപ്പാർട്ടുമെന്റിലേയ്ക്കും, ഉത്തരവുകൾ അയക്കയുണ്ടായി. തൽഫലമായി നെൽകൃഷിക്കായി ഏകദേശം ആയിരത്തിഅഞ്ഞൂറേക്കർ സ്ഥലം വനത്തിൽനിന്നും ഒഴിവാക്കപ്പെട്ടു. അപ്രകാരം പ്രവർത്തിച്ചിട്ടുള്ളതു കൻഫ്ലൈ-ൽ ആണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിന്റെ ഏതു ഭാഗത്തിലാണപ്രകാരം പ്രവർത്തിച്ചിട്ടുള്ളതു്

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഉത്തരതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലുമാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വനത്തിൽനിന്നും ഒഴിവാക്കിയിട്ടുള്ള പ്രദേശത്തിന്റെ ആകെയുള്ള വിസ്തീർണ്ണം എത്രയാണെന്നു പറയുമോ.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഞാൻ ആ വിഷയത്തെപ്പററി പറയാൻ പോകുകയാണ്. അനന്തരം, യുദ്ധം തുടർന്നുകൊണ്ടുപോയതിനാൽ സംഗതികൾ ക്ഷേമമായിരുന്നില്ല. പിന്നീട് ഈ വിഷയം വീണ്ടും ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. മി: രാഘവയ്യായുടെ കാലത്തു ദിവാൻ പേഷ്കാരന്മാരുടേയും ഫാൻഡ്റവന്യൂഉദ്യോഗസ്ഥരുടേയും വനം കൺസർവേററരുടേയും ഒരു സമ്മേളനം കൂടുകയുണ്ടായി. ആ അവസരത്തിൽ ചതുപ്പുനിലങ്ങൾ ഏവിടെയുണ്ടെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഒരേക്കറും അതിൽ കുറഞ്ഞതുമായ ചെറിയ സ്ഥലങ്ങൾ മേൽപറഞ്ഞ ഇനത്തിൽ ഉൾപ്പെടുത്തീട്ടില്ല. പിന്നീട് അപ്രകാരമുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കുകയും, അവയെ വനത്തിൽനിന്നും ഒഴിവാക്കുകയും ചെയ്യുന്നതിനു ഗവണ്മെന്റു വനം ഡിപ്പാർട്ടുമെന്റിലേക്ക് ഉത്തരവയക്കുകയുണ്ടായി. എന്നാൽ ചെറിയ പ്രദേശങ്ങൾ വനത്തിൽനിന്നും ഒഴിവാക്കുന്നതു് വനത്തെ സംബന്ധിച്ച നയത്തിനു വിപരീതമാകയാൽ മേൽപറഞ്ഞ പ്രകാരം പ്രവർത്തിക്കുന്നതിൽ അന്നത്തെ കൺസർവേററർ വൈമനസ്യം പ്രദർശിപ്പിച്ചു. അക്കാലത്തു അപ്രകാരമുള്ള ചില സ്ഥലങ്ങൾ ദിവാൻ മി: രാഘവയ്യാ പരിശോധിക്കയുണ്ടായി. പരിഷ്ക്കാരപ്രവൃത്തികൾ ചെയ്യുന്നതുകളുടെ മധ്യത്തിൽകിടക്കുന്ന ചെറിയ പ്രദേശങ്ങളെ നെൽക്കണ്ടങ്ങളാക്കിത്തീർക്കാവുന്നതാണെന്നു അദ്ദേഹം കണ്ടുപിടിച്ചു. എന്നാൽ വനം ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവാദിത്വം വഹിച്ചിരുന്ന ഉദ്യോഗസ്ഥൻ ഇക്കാര്യത്തിൽ വിസമ്മതം പുറപ്പെടുവിച്ചു. അതിന്റെശേഷം തെക്കെകേരളത്തിൽ അതുപോലുള്ള ഭൂമികൾ വനത്തിൽനിന്നും ഒഴിവാക്കി ജനങ്ങൾക്കു പതിച്ചുകൊടുക്കുന്നുണ്ടോ എന്നുള്ളതു ശരിയായും ഔദ്യോഗികനിലയിലും അറിയുന്നതിനു അദ്ദേഹം മദ്രാസ് ഗവണ്മെണ്ടുമായി എഴുത്തുകുത്തുനടത്തി. ഈ സംഗതിയെപ്പററി പര്യാലോചിക്കുന്നതിനും വനസംരക്ഷണത്തിനു വിഘാതം നേരിടാത്തവിധത്തിൽ പതിച്ചുകൊടുക്കാവുന്ന ഭൂമികളെ തിരഞ്ഞെടുക്കുന്നതിനുമായി താലൂക്കുകമ്മിററികളെ നിയമിക്കുന്നതു് ഏററവും ഉത്തമമായിട്ടുള്ള മാർഗ്ഗമായിരിക്കുമെന്നു പിന്നീടു ഗണിക്കയുണ്ടായി. അപ്രകാരം ഉദ്യോഗാന്തരോദ്യോഗസ്ഥന്മാരടങ്ങിയകമ്മററികളുണ്ടായി ദേവികളും പിന്നീടു ഈ താലൂക്കുകളിൽ നിയമിക്കുകയും പിന്നീടു പത്തനാപുരത്തു നിയമിക്കുകയും ചെയ്തു.

തന്റെ പ്രസംഗത്തിനിടയിൽ ഈ കമ്മിററികളിൽ ഭൂരിപക്ഷം ഉദ്യോഗസ്ഥന്മാരാണെന്നുള്ളതു് മി: കുഞ്ഞിത്തൊമ്മൻ സൂചിപ്പിക്കയുണ്ടായി. സർ ഇതു വാസ്തവമല്ല. കമ്മിററിയിൽ രണ്ടു് ഉദ്യോഗസ്ഥന്മാർ മാത്രമെ ഉണ്ടായിരുന്നുള്ളു: മററുള്ളവരെ നിയമിക്കുന്നതു് ദിവാൻപേഷ്ക്കാരന്മാരാണ്. അവർ അനുദ്യോഗസ്ഥന്മാരാണെന്നു മാത്രമല്ല, താലൂക്കിനെ സംബന്ധിച്ചു വിവരവുള്ളവരാണ്. തിരുവിതാംകൂറിലേക്കു പൊതുവെ ഒരു കമ്മിററിയെ നിയമിക്കണമെന്നു് ഇന്നലെ നിർദ്ദേശിക്കയുണ്ടായി.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ചതുപ്പുനിലങ്ങളെ സംബന്ധിച്ചു ഒരു പട്ടിക അദ്ദേഹത്തിന്റെ പക്കൽ ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഓരോ താലൂക്കിലേക്കും നിയമിച്ചിട്ടുള്ള കമ്മിററിക്കാർ തയ്യാറാക്കിട്ടുള്ള ഒരു ലിസ്റ്റ് ഞങ്ങളുടെ കൈവശമുണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സംരക്ഷിതവനങ്ങളിലുള്ള ചതുപ്പുനിലങ്ങളുടെ ഏകദേശമായ വിസ്തീർണ്ണം എത്രയെന്നു മെമ്പറിനു പറയാൻ സാധിക്കുമോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ദേവികളും താലൂക്കിലേക്കു നിയമിച്ചിട്ടുള്ള കമ്മിററി ഏകദേശം ൦ ഏക്കർ സ്ഥലം വനത്തിൽനിന്നു ഒഴിവാക്കണമെന്നും പിന്നീടു താലൂക്കിലേക്ക് നിയമിച്ചിട്ടുള്ള കമ്മിററി ൧൯൦ ഏക്കർ സ്ഥലം വനത്തിൽനിന്നു ഒഴിവാക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. അതിന്റെശേഷം മററു താലൂക്കുകളിലേക്കു മററു കമ്മിററികളെ നിയമിക്കയുണ്ടായി. ആകപ്പാടെ വനത്തിൽനിന്നും ഒഴിവാക്കുന്നതിനു ശുപാർശ ചെയ്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം ഏകദേശം ൧൭൭൭ ഏക്കറാകുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ കമ്മിററിയിലെ അനുദ്യോഗസ്ഥന്മെമ്പർമാരെ നിശ്ചയിച്ചതു ഉദ്യോഗസ്ഥന്മാർ തന്നെയല്ലേ? അല്ലാതെ ഈ കൌൺസിലിൽനിന്നൊ പ്രജാസഭയിൽനിന്നൊ തിരഞ്ഞെടുത്തതാണൊ?

ഉപാദ്ധ്യക്ഷൻ ദിവാൻപേഷ്ക്കാരൊ തഹശീൽദാരൊ ആണ് അവരെ നിയമിച്ചിട്ടുള്ളതെന്നു അദ്ദേഹം പറഞ്ഞിട്ടുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഉദ്യോഗസ്ഥന്മാർതന്നെ നിശ്ചയിച്ചു അനുദ്യോഗസ്ഥമെമ്പറന്മാരുടെ സ്വന്തമിഷ്ടമുള്ള എവിടെയുണ്ടെന്നും, റിപ്പോർട്ടിൽ ഏതെല്ലാമാണു കൊള്ളിക്കേണ്ടതെന്നു പറയാൻ ജനങ്ങൾ തിരഞ്ഞെടുക്കുന്ന മെമ്പറന്മാരെപ്പോലെ സാധിക്കുമോ?

ഉപാദ്ധ്യക്ഷൻ അതു് ഒരാളുടെ അഭിപ്രായത്തെ ആശ്രയിച്ചിരിക്കുന്നതാണ്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സംരക്ഷിതവനങ്ങൾക്കുള്ളിൽ ആകെയുള്ള ചതുപ്പുനിലങ്ങളുടെ വിസ്തീർണ്ണം എത്രയാണെന്നു പറയുമോ

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): എനിക്ക പറയുന്നതിനു സാധിക്കയില്ല. കമ്മിററിക്കാർ ആകേയുള്ള പ്രദേശങ്ങൾ പരിശോധിച്ചിട്ടുണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): വാസ്തവത്തിലുള്ള പ്രദേശത്തിന്റെ വിസ്തീർണ്ണം എത്രയെന്നു പറയുന്നതിനു വനം കൺസർവേററക്ക് സാധിക്കുമോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അതു ഏകദേശം ആയിരമേക്കരോളം വരുന്നതാണ്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): തിരുവിതാംകൂറിൽ എല്ലാസ്ഥലത്തേയുമാണോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): എനിക്ക കേൾക്കാൻ പാടില്ല.

ഉപാദ്ധ്യക്ഷൻ: തിരുവിതാംകൂറിലെ സംരക്ഷിതവനങ്ങളിൽ ഉള്ള ചതുപ്പുനിലങ്ങളുടെ ആകെയുള്ളവിസ്തീർണ്ണം എത്രയെന്ന ഈ സഭയെ അറിയിക്കുന്നതിനു നിങ്ങൾക്ക സാധിക്കുമോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ചതുപ്പുനിലങ്ങളുടെ ആകെയുള്ള വിസ്തീർണ്ണം എത്രയെന്നുള്ളതു ശരിയായവിധത്തിൽ പറയുന്നതിന് എനിക്ക സാധിക്കയില്ല. എന്നാൽ ചില ക്ലിപ്തങ്ങൾ അനുസരിച്ച് അതിനെ സംബന്ധിച്ചു എനിക്ക പറയാവുന്നതാണ്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഈ സംസ്ഥാനത്തുള്ള ചതുപ്പുപ്രദേശങ്ങളുടെ വിസ്തീർണ്ണമെത്രയെന്നു ശരിയായി പറയുന്നതിനു റവന്യൂകമ്മീഷണക്ക് സാധിക്കുമോ?

ഉപാദ്ധ്യക്ഷൻ: അദ്ദേഹം എഴുന്നേററുനിൽക്കുമ്പോൾ ഈ സംഗതി അദ്ദേഹത്തോടു ചോദിക്കേണ്ടതാണ്. ഇപ്പോൾ നിങ്ങൾ അപ്രകാരം ചോദിക്കയാണെങ്കിൽ നിങ്ങൾ നടപടിക്രമത്തിനു വിരുദ്ധമായി പ്രവർത്തിക്കയായിരിക്കും ചെയ്യുന്നത്.

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): വനത്തിൽനിന്നും ഒഴിവാക്കുന്നതിനായി ഗ്രൂപ്പാരശചെയ്തിട്ടുള്ള ഭൂമിയുടെ ആകെയുള്ള വിസ്തീർണ്ണം എത്രയാണ്.

ഉപാദ്ധ്യക്ഷൻ: ഈ സംസ്ഥാനത്തെ ചതുപ്പുനിലങ്ങളുടെ വിസ്തീർണ്ണം എത്രയെന്നു ഏകദേശമായവിധത്തിൽ പറയുന്നതിനു സാധിക്കുമോ

ഉപാദ്ധ്യക്ഷൻ: ഖരിക്കാൻ സാധിക്കുന്ന ചതുപ്പുപ്രദേശങ്ങളുടെ ഒരു നല്ല വിഭാഗം വനത്തിൽനിന്നും ഒഴിവാക്കിട്ടുണ്ടെന്നാണോ നിങ്ങൾപറയുന്നത്?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ) അതൊ അതുതന്നെയാണ്. അതിന്റെ ശേഷം പല താലൂക്കുകളിലേക്കും പല കമ്മിററികളെ നിയമിച്ചിട്ടുണ്ട്.

മി: തരിയനുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മൂവാററുപുഴ തൊടുപുഴ കുന്നത്തുനാടു ഈ താലൂക്കുകളിലേയ്ക്കുർപ്പെടുത്തിയ സ്വാമ്പിയേറിയകമ്മററിയിലെ അനുല്യോഗസ്ഥന്മാരെന്നു സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള സ്ഥലങ്ങളെല്ലാം പതിച്ചുകൊടുക്കാൻ ഗവണ്മെന്റു അനുവദിച്ചിട്ടുണ്ടോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): സർ, അതെനിക്കറിവില്ല.

മി: തരിയനുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഓരോ താലൂക്കിലേയും കമ്മിററി സമർപ്പിച്ചറിപ്പോർട്ടു കൺസർവേററർ പരിശോധിച്ചിട്ടുണ്ടോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഉണ്ട്. ഞാൻ അതു കൂലങ്കഷമായി പരിശോധിക്കുകയും പക്ഷേ എന്റെ ഗ്രൂപ്പാർശ ഗവണ്മെന്റിലേക്കയക്കുകയും ചെയ്തിട്ടുണ്ടായിരിക്കണം.

മി: തരിയനുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): റിപ്പോർട്ടുകൾ പരിശോധിച്ചു കമ്മിററി പതിച്ചു കൊടുക്കാമെന്നു ഗ്രൂപ്പാർശ ചെയ്തിരുന്നതിൽ വലിയൊരുഭാഗം പതിച്ചു കൊടുക്കാൻ പാടില്ലെന്നു ഗവണ്മെന്റിനോടു മെമ്പർ റെക്കമെന്റു ചെയ്തതും, അതനുസരിച്ചു പതിച്ചു കൊടുക്കാൻ പാടില്ലെന്നു തീരുമാനിക്കയും ചെയ്തിട്ടുണ്ടോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അതെനിയ്ക്കറിയാൻ പാടില്ല.

മി: തരിയനുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ കമ്മിററിയുടെ റിപ്പോർട്ടനുസരിച്ചു സ്ഥലം ജനങ്ങൾക്ക പതിച്ചു കൊടുത്തിട്ടുണ്ടോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അതിനെപ്പററി എനിയ്ക്കു യാതൊരു അറിവുമില്ല.

മി: തരിയനുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മൂവാററുപുഴ, തൊടുപുഴ, കുന്നത്തുനാടു ഈ താലൂക്കുകളിലെ സ്വാമ്പിഏരിയ കമ്മിററിയുടെ റിപ്പോർട്ടനുസരിച്ചു് ഏതെങ്കിലും സ്ഥലങ്ങൾ ജനങ്ങൾക്ക പതിച്ചു കൊടുത്തിട്ടുണ്ടോ?

ഉപാദ്ധ്യക്ഷൻ. അതിനെപ്പററി അദ്ദേഹത്തിനയാതൊരു അറിവുമില്ലെന്നു മുമ്പുതന്നെ നിങ്ങൾക്കു മറുപടി നൽകിയിട്ടുണ്ട്.

മി: തരിയനുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എനിയ്ക്കു കൺസർവേററർ പറഞ്ഞതു മനസ്സിലായില്ല.

ഉപാദ്ധ്യക്ഷൻ: അറിഞ്ഞു കൂടായെന്നു പറയുന്നു.

മി: എം. എസ്സ്. ഓമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്രകാരമുള്ള ചതുപ്പു പ്രദേശങ്ങളിൽ നിന്നും ഏതെങ്കിലുമൊരായം ഡിപ്പാർട്ടുമെന്റിനുലഭിക്കുന്നുണ്ടോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ലഭിക്കുന്നില്ല, അവയെ വനത്തിൽ നിന്നും ഒഴിവാക്കുന്നതിനു ഗ്രൂപ്പാർശ ചെയ്തിട്ടുള്ളതു് ഈ കാരണത്താലാണ്. മററു താലൂക്കുകൾക്കായി ഇത്തരത്തിലുള്ള കമ്മിററികളെ നിയമിച്ചിട്ടുണ്ട്. ആകെപ്പാടെ പത്തു താലൂക്കുകളിൽ പ്രവൃത്തി നടത്തിയിട്ടുണ്ട്. അതിന്റെ ശേഷം ഒരുവൻ ഏക്കർ സ്ഥലം വനത്തിൽ നിന്നും ഒഴിക്കുന്നതിനു ഗ്രൂപ്പാർശ ചെയ്യപ്പെട്ടു. ഇപ്പോൾ ആകെ ഇൻവ്വവ ഏക്കർ സ്ഥലം വനത്തിൽ നിന്നും ഒഴിവാക്കുന്നതിനു ഗ്രൂപ്പാർശ ചെയ്യപ്പെട്ടിരിക്കുന്നു. ഇവയിൽ

ചിലതിന്റെ അതിർത്തി നിർണ്ണയിക്കയും സർവ്വെ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, അവയെ പതിച്ചു കൊടുക്കുന്നതിനുവേണ്ടി ഡിപ്പാർട്ടുമെൻറ് ഇപ്പോൾ നടപടി നടത്തിവരികയുമാകുന്നു. മററു സ്ഥലങ്ങളിൽ നില്ക്കുന്ന വൃക്ഷങ്ങൾ വെട്ടിമാററാത്തതിനാൽ, അവയെ ഇതേവരെ പ്രസ്തുത ഡിപ്പാർട്ടുമെൻറിലേക്കു വിട്ടുകൊടുക്കുന്നതിനിടയായിട്ടില്ല. ഗവർണ്ണമെൻറിന്റെ ഉത്തരവുകൾ അനുസരിച്ചു പ്രവൃത്തിക്കുന്നതിനു കഴിയുന്നത്രയത്തിച്ചു വരികയാണ്. എനിയ്ക്കറിവുള്ളിടത്തോളം കാര്യങ്ങളുടെ നില ഇപ്രകാരമാണു സ്ഥിതിചെയ്യുന്നതു്.

ഉപാദ്ധ്യക്ഷൻ: ഗവർണ്ണമെൻറിനുവേണ്ടി നിങ്ങൾ പ്രമേയത്തെ പ്രതിക്ഷേപിക്കുന്നുഎന്നാണൊ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഞാൻ ആ സംഗതി വ്യക്തമായി പ്രസ്താവിക്കുകയാണ്.

ഉപാദ്ധ്യക്ഷൻ: നിങ്ങൾ ഇതിനെ അനുകൂലിക്കുന്നോ പ്രതിക്ഷേപിക്കുന്നോ എന്നുള്ളതു മാത്രമാണ് എനിയ്ക്കറിയേണ്ടതു്?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഞാൻ ഈ പ്രമേയത്തെ പ്രതിക്ഷേപിക്കയാണു ചെയ്യുന്നതു്. വലിയ ഏലായെ സംബന്ധിച്ചിടത്തോളം, ഗവർണ്ണമെൻറു തന്നെയാണു മുന്നിട്ടു നിന്നു പ്രവർത്തിച്ചിട്ടുള്ളതു്.

ഉപാദ്ധ്യക്ഷൻ: നിങ്ങൾ അപ്രധാനമായിട്ടുള്ളവിവരങ്ങളെ സംബന്ധിച്ചാണു പ്രസ്താവിക്കുന്നതു്, ഇപ്പോഴത്തെ വാദപ്രതിവാദ വിഷയത്തിന് ഇതു യോജിക്കുകയില്ലെന്നു ഞാൻ വിചാരിക്കുന്നില്ല. മി: കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തിൽ പറഞ്ഞപ്രകാരം വരുന്നചതുപ്പു പ്രദേശങ്ങൾ ഒരാൾക്കു പതിച്ചു കൊടുക്കണമെന്നുള്ളതു് അന്തർവിച്ചിരിക്കുന്നു. ഈ പ്രമേയതത്വത്തിനെ മാത്രം സംബന്ധിച്ചാണു നാം ഇവിടെ പ്രതിവാദിക്കുന്നതു്.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): പ്രമേയത്തിന്റെ രണ്ടാംഭാഗത്തെ സംബന്ധിച്ചിടത്തോളം, ഈപ്രദേശങ്ങൾ തിരുവിതാംകൂർ കാർഷിക മാത്രമെ പതിച്ചു കൊടുക്കാൻ പാടുള്ളുവെന്നു് അതിൽ നിർദ്ദേശിച്ചിരിക്കുന്നു.

ഉപാദ്ധ്യക്ഷൻ: അതു് ഉപേക്ഷിച്ചു കളഞ്ഞിരിക്കുന്നു.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): തരവില നിർണ്ണയിക്കുന്നതിനെ സംബന്ധിച്ചിടത്തോളം, ഓരോ സംഗതിയുടേയും യോഗ്യത അനുസരിച്ചു് അതിൽ തീരുമാനം കല്പിക്കേണ്ടതാകുന്നു. ചില സംഗതികളിൽ ഇപ്രകാരമുള്ള ഭൂമികൾ ലേലത്തിൽ വിററപ്പോൾ ഏക്കറൊന്നിനു നൂറു രൂപയിൽ കൂടുതൽ വില കിട്ടുന്നതിനിടയായിട്ടുണ്ട്. ഇതെനിയ്ക്കു ബോദ്ധ്യമായിട്ടുള്ള സംഗതിയാണ്. അതിനാൽ ഇപ്രകാരമുള്ള കാര്യങ്ങളിൽ ഗവർണ്ണമെൻറിന്റെ സ്വാതന്ത്ര്യത്തെ ബന്ധിക്കത്തക്ക വിധത്തിൽ ഒരു പ്രമേയം കൊണ്ടുവരുന്നതു ആരോഗ്യകരമായിട്ടുള്ളതല്ല. ഇക്കാരണത്താൽ പ്രമേയത്തിന്റെ ഈ ഭാഗം ഗണിക്കത്തക്കതല്ല. എന്റെ അഭിപ്രായം ഇപ്രകാരമാണ്. മേൽപ്രസ്താവിച്ചകാരണങ്ങളാൽ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, വളരെ പാടവത്തോടുകൂടി മി: കുഞ്ഞിത്തൊമ്മൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ അനുകൂലിക്കുന്നതിനു ഞാൻ എഴുന്നേററുകൊള്ളുന്നു. പ്രജകൾക്കു നേരിട്ടിട്ടുള്ള എല്ലാ ആവശ്യങ്ങളേയും നിറവേററുന്നതിനു ഗവർണ്ണമെൻറു എല്ലാ അവസരത്തിലും തയ്യാറാണെന്നു വിദ്വാനായ എക്സൈസ് കമ്മിഷണർ ചൂണ്ടിക്കാണിക്കയുണ്ടായി. ചില തരത്തിലുള്ള മദ്യം തിരുവിതാംകൂറിലെ ജനങ്ങൾ ആവശ്യപ്പെടുന്നുവെന്നുള്ളതു് വാസ്തവമായ ഒരു സംഗതിയാണ്. ജനങ്ങൾ ആവശ്യപ്പെടുന്നിടത്തോളം മദ്യം അവർക്കു നൽകുന്നതിനു ഗവർണ്ണമെൻറു തയ്യാറാണ്. മദ്യത്തിനേക്കാൾ കൂടുതൽ ആവശ്യകരമായിട്ടുള്ളതു നെല്ലാണ്. ഇവിടെ ഹാജരായിട്ടുള്ള എല്ലാപേരും വിശേഷിച്ചു് ഗവർണ്ണമെൻറും ഈ സംഗതി സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. തൊഴിലുകൾ ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതും ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാര്യമാണെന്നു ഞാൻ വിചാരിക്കുന്നു. ഈ രണ്ടു സംഗതികളും ഉണ്ടാക്കിക്കൊടുക്കണമെന്നു് ഗവർണ്ണമെൻറിനോടപേക്ഷിക്കുകയാകുന്നു മി: കുഞ്ഞിത്തൊമ്മന്റെ പ്രമേയം കൊണ്ടു സാധിക്കുന്നതു്. നെല്ലുവിളയുന്ന പ്രദേശങ്ങൾ വർദ്ധിക്കുന്നതുമൂലം ഇപ്പോൾ തൊഴിലില്ലാതിരിക്കുന്ന ആളുകൾക്കു തൊഴിൽസിദ്ധിക്കുന്നതാണ്. അതിനാൽ യാതൊരു തർക്കവും കൂടാതെ മി: കുഞ്ഞിത്തൊമ്മന്റെ അപേക്ഷയെ ഗവർണ്ണമെൻറു സ്വീകരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈപക്ഷത്തിലുള്ള സാമാജികന്മാർ കാര്യകാരണസഹിതം ഈ സംഗതിയെപ്പററി പ്രസ്താവിക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. വനത്തിൽ നിന്നും ഒഴിവാക്കണമെന്നു മി: കുഞ്ഞിത്തൊമ്മൻ നിർദ്ദേശിച്ചിട്ടുള്ള ഭൂമികൾ റിസർവ് വനങ്ങൾക്കുള്ളിൽ സ്ഥിതിചെയ്യുന്നു. ഇപ്രകാരമുള്ള സ്ഥലങ്ങളെ വനത്തിൽ നിന്നും ഒഴിവാക്കുക യാതൊരുകാരണവശാൽ, ആയതു് വന സംരക്ഷണത്തിന്റെ പ്രധാനതത്വങ്ങൾക്കു വിപരീതമായിരിക്കുമെന്നു ഗവർണ്ണമെൻറിപ്രായപ്പെടുവാനിടയുണ്ട്.

അതിനായി ഗവർണ്ണമെൻറിനു വനങ്ങളെ സംബന്ധിച്ചിടത്തോളം, സമ്പൂർണ്ണമായ നിയന്ത്രണാധികാരമുണ്ടായിരിക്കണം. കൂടാതെ ജനങ്ങൾ മൂലം വ്യാജമൊ മററു ആപത്കരമായ പ്രവൃത്തിയോ ചെയ്യുന്നതിനിടയാകാൻ പാടില്ലാത്തതുമാണ്. ജനങ്ങളുടെ ആവശ്യങ്ങൾ അനുസരിച്ചു ഗവർണ്ണമെൻറു സന്നദ്ധമായിരിക്കുന്നസ്ഥിതിക്കു, ഈ പ്രമേയത്തെ യാതൊരുതർക്കവും കൂടാതെ സ്വീകരിക്കുന്നതിനു ഞാൻ ഈ സഭയോടപേക്ഷിച്ചുകൊള്ളുന്നു. ഈ അപേക്ഷ ഗവർണ്ണമെൻറു സ്വീകരിച്ചിട്ടുള്ള തത്വത്തിനനുകൂലമായിട്ടുള്ളതാണ്. ഇത്രയും പറഞ്ഞുകൊണ്ടു വളരെ പാടവത്തോടുകൂടി മി: കുഞ്ഞിത്തൊമ്മൻ ഹാജരാക്കീട്ടുള്ള പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മി: മുകുന്ദേഖിൽ പാച്ചുപ്പിള്ള (ചേർത്തല): സർ, മി: കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാനും ബലമായി പിൻതാങ്ങുന്നു. നമ്മുടെ രാജ്യത്തു് നമ്മുടെ ആവശ്യത്തിനുവേണ്ടിടത്തോളം നെല്ലും അരിയും കിട്ടുന്നില്ലെന്നുള്ളതു വളരെ നാളായിട്ടുണ്ടായിട്ടുള്ള ഒരുപരാതിയാണു. നമുക്കു ആവശ്യമുള്ള ആഹാരസാധനങ്ങൾ ഇവിടെത്തന്നെ വിളയിച്ചുണ്ടാക്കുന്നതിനു ഇപ്പോഴുള്ള കൃഷിസ്ഥലങ്ങളെ ശാസ്ത്രീയമായരീതിയിൽ കൃഷിചെയ്യുകയും കൂടുതൽ കൃഷി സ്ഥലങ്ങളുണ്ടാക്കുന്നതിനു ശ്രമിക്കയും ചെയ്യണം, കൂടുതൽ കൃഷി സ്ഥലങ്ങൾ ഈ രാജ്യത്തുണ്ടാകണമെങ്കിൽ റിസർവ്വ് വനങ്ങൾക്കകത്തു കിടക്കുന്ന നെൽകൃഷിക്കുപയുക്തമായ ഭൂമികളെ ജനങ്ങൾക്കു നെൽകൃഷിചെയ്യുന്നതിനു അനുവദിച്ചു കൊടുക്കണം; അല്ലാതെ വേറെ മാർഗ്ഗമില്ല; ഈ സംസ്ഥാനത്തു് ഭൂമിയോ താമ്പ

ക്കകളിലും ധാരാളം പുതുവൽ ഭൂമിയുണ്ട്. അതായതു ൧൮,൦൦൦, ൧൭,൦൦൦, ൮൭,൦൦൦ ഏക്കർ ഭൂമികളിൽ ഓരോതാലൂക്കകളിലും പുറംപോക്കായിട്ടു കിടപ്പുണ്ടെന്നുകാണുന്നു.

ഉപാദ്ധ്യക്ഷൻ: ചതുപ്പുനിലങ്ങളെ സംബന്ധിച്ചിടത്തോളം, നിങ്ങളുടെ പ്രതിപാദ്യവിഷയം എപ്രകാരമാണു യോജിക്കുന്നതു? സംരക്ഷിതവനങ്ങളിലുള്ള ചതുപ്പുനിലങ്ങളെക്കുറിച്ചാണ് നാം ഇവിടെ പ്രതിപാദിക്കുന്നതു്.

മി: മുഹമ്മദ് പാച്ചുപിള്ള (ചേർത്തല): സർ, അതെ അതുപോലെ തന്നെ റിസർവ് വനങ്ങളിലുള്ള ഭൂമികളിൽ ജനങ്ങളെ കൃഷിചെയ്യുന്നതിനനുവദിക്കാതെ അവയെ അടച്ചു സൂക്ഷിച്ചിട്ടിരിക്കുന്നതുകൊണ്ടു ഗവണ്മെൻറിനു യാതൊരുപ്രയോജനവുമില്ല. അതുകൊണ്ടു് എൻെറ സ്നേഹിതൻ മി: ഗഞ്ചിത്തായുടെ പ്രമേയത്തിലെ നിബന്ധനകൾപ്രകാരം പതിച്ചു കൊടുക്കേണ്ടതാണ്. ഈ രാജ്യത്തു തൊഴിലില്ലാത്തവരുടെ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനും ഈ രാജ്യത്തു ആഹാരസാധനങ്ങൾ ഇവിടെത്തന്നെ വിളയിച്ചുണ്ടാക്കുന്നതിനും ഉപയുക്തമായ ഒരു പ്രമേയമാണ് ഈ സഭ മുമ്പാകെ ഇപ്പോൾ സമർപ്പിക്കപ്പെട്ടിരിക്കുന്നതു് ഇങ്ങിനെ ജനപ്രതിധികളും ഗവണ്മെൻറും ഏകോപിച്ചു് അംഗീകരിക്കത്തക്കതെന്നുള്ള ഉദ്ദേശിച്ചു സന്തോഷത്തോടുകൂടി ഞാൻ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: കെ. ജോർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി). സർ, ഈ വിഷയത്തെക്കുറിച്ചു കുറച്ചു പ്രസ്താവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി എനിക്കു പറയാനുള്ളതിതാണ്. ഈ വിധത്തിലുള്ള പ്രമേയങ്ങളെ സംബന്ധിച്ചു നിയമസഭ ഒരുവലിയ ഉത്തരവാദിത്വം വഹിക്കുന്നുണ്ട്. നാം ഇവിടെ പാസ്സാക്കുന്ന പ്രമേയങ്ങൾ ഗവണ്മെൻറിനു സ്വീകരിക്കുന്നതിനു സാധിക്കത്തക്കവിധത്തിൽ ഉള്ളതും അവയെ പ്രയോഗത്തിൽകൊണ്ടുവരുന്നതിനു യോജിച്ചവയും, ആയിരിക്കേണ്ടതാണ്. അതായതു്, വിശാലമായ വിധത്തിൽ ചിന്തിക്കുന്നപക്ഷം തത്വങ്ങളുടെ നിലയ്ക്കുമാത്രം യോജിച്ച പ്രമേയങ്ങൾ നാം പാസ്സാക്കുന്നതുകൊണ്ടു പ്രയോജനമില്ല. ഇതിൽ മറെറകാര്യങ്ങൾകൂടി നിർവ്വഹിക്കേണ്ടതാണ്. ഭാഷയെ സംബന്ധിച്ചിടത്തോളം, അവയെപ്പറ്റിച്ചും, ശരിയായിട്ടുള്ളതുമായിരിക്കണം. അവയെ പ്രയോഗത്തിൽകൊണ്ടുവരുന്ന കാര്യത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരു പരിധിയും ഉണ്ടായിരിക്കേണ്ടതാണ്. ഈ വിധത്തിൽ അവയെ പരിഭാവിക്കുന്നപക്ഷം, ഇപ്പോൾ ഈ സഭയിൽ ഹാജരാക്കിയിരിക്കുന്ന പ്രമേയം, ഞാൻ പ്രസ്താവിച്ചിട്ടുള്ളതും, പ്രധാനമായിട്ടുള്ളതും ആയ സംഗതികൾക്കു അനുരൂപമായിട്ടുള്ളതല്ലെന്നു പറയേണ്ടിയിരിക്കുന്നു. എന്തുകൊണ്ടു ഈ പ്രമേയം പാസ്സാക്കുകയാണെങ്കിൽ, ക്ലിപ്തമായ വിധത്തിൽ അതിനെ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു സാധിക്കയില്ലെന്നു അറിയുന്നതാണ് വനങ്ങളിലുള്ള ചതുപ്പു പ്രദേശങ്ങളെ ഒഴിവാക്കുന്ന കാര്യത്തിനെപ്പറ്റി വളരെ ക്ലിഷ്ടതരമായി വാദപ്രതിവാദം ചെയ്തിട്ടുണ്ടെങ്കിലും, അതു നടപ്പിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ചിടത്തോളം അതിൻെറ വ്യാപ്തിയുടെ വലിപ്പത്തെ സംബന്ധിച്ചതാണ്, എന്നാൽ പ്രമേയം ഹാജരാക്കിട്ടുള്ള ആശയവാസ്തവത്തിൽ ഉദ്ദേശിക്കുന്നതിതല്ല. ചിലങ്ങളായി തരം തിരിക്കുവാൻ സാധിക്കുന്ന ഭൂമികളെ സംബന്ധിച്ചാണ് അദ്ദേഹം പ്രസ്താവിക്കുന്നതു്. അവ ചതുപ്പു നിലങ്ങളായിരിക്കാം. അല്ലെങ്കിൽ നിലങ്ങളായി തരം തിരിക്കുന്നതിനു സാധിക്കത്തക്കവിധത്തിൽ ഉള്ള മററു ഭൂമികളായിരിക്കാം. ഇതു കൂടാതെ തന്നെ, ഇപ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ചു് യാതൊരു ക്ലിപ്തവും നിശ്ചയിച്ചിട്ടില്ല. പത്തേക്കറോളം വരുന്ന ഭൂമി ആവശ്യപ്പെടുന്ന ഏതു തിരുവിതാംകൂർ കുടിയാനും അതുപതിച്ചു കിട്ടുന്നതിനും വെവ്വേറെ അപേക്ഷ കൊടുത്താൽ മതിയാകുന്നതാണെന്നു പ്രമേയത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. മൂന്നു കൊല്ലത്തിനകം അയാൾ അതിൽ കൃഷിയിറക്കുകയും മററു വിധത്തിലുള്ള രൂപത്തിൽ ഒന്നുകൂടി പാടില്ലെന്നും ഉള്ള വ്യവസ്ഥകൾ മാത്രമെ ഈ കാര്യത്തിൽ ഏർപ്പെടുത്തിട്ടുള്ളു. ഇപ്രകാരമുള്ള വിധത്തിൽ നിന്നും ജനങ്ങൾക്കു വിട്ടുകൊടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണത്തിൽ യാതൊരു ക്ലിപ്തവും നിർണ്ണയിച്ചിട്ടില്ല. അപേക്ഷകന്മാരെ അനുസരിച്ചാണ് ഇപ്രകാരമുള്ള സംഗതികൾ സ്ഥിതി ചെയ്യുന്നതു്, നെൽകൃഷിക്കു യോജിച്ച ഇത്ര ആയിരം ഏക്കർ ഭൂമിയുണ്ടെന്നും, അവയെ പ്രത്യേകം തിരിച്ചിടുകയും സർവ്വെ ചെയ്യുകയും ചെറിയ ഖണ്ഡങ്ങളായി വിഭജിക്കുകയും ചെയ്തതിനുശേഷം, അവയെ ജനങ്ങൾക്കായി വിട്ടുകൊടുക്കണമെന്നു മെമ്പർ ഗവണ്മെൻറിനോടപേക്ഷിക്കയാണെങ്കിൽ, ആയതു് വ്യവസ്ഥിതമായ ഒരു അപേക്ഷയായിരിക്കും എന്നാൽ അദ്ദേഹം ആവശ്യപ്പെടുന്ന സംഗതി ഇപ്രകാരമുള്ളതല്ല. ഭൂമി ആവശ്യപ്പെടുന്ന അനേകായിരം അപേക്ഷകന്മാർ ഈ രാജ്യത്തുണ്ടെന്നും ഭൂമിക്കു ധാരാളം പ്രിയമുണ്ടെന്നും, നെൽകൃഷി ചെയ്യുന്ന പ്രദേശങ്ങളെ വർദ്ധിപ്പിക്കേണ്ടതു അത്യാവശ്യമായിട്ടുള്ളതാണെന്നും, അതിനായി നമ്മുടെ സംരക്ഷിതവനങ്ങളെ അപ്രകാരം കൃഷി ചെയ്യുന്നതിനു ജനങ്ങൾക്കു ഇറക്കിക്കൊടുക്കണമെന്നുമാണ് അദ്ദേഹം പറയുന്നതു്. ഗവണ്മെൻറിൽ നിക്ഷിപ്തമായിട്ടുള്ള ഈ അപേക്ഷയ്ക്കു ഒരുക്ലിപ്തം നിർണ്ണയിച്ചിട്ടില്ലെന്നാണ് ഞാൻ പറയുന്നതു്. പ്രമേയങ്ങൾ പാസ്സാക്കുന്ന വിഷയത്തിൽ ഈ നിയമസഭ ഒരു വലിയ ഉത്തരവാദിത്വം വഹിക്കുന്നുണ്ടെന്നുള്ളതു് ഇതു കൊണ്ടാണ് ഞാൻ പറയുന്നതു്. നമുക്കു നെല്ലു വേണമെന്നുള്ള ആഗ്രഹം നല്ലതും, ഉത്തമമായിട്ടുള്ളതുമാണ്. രത്നങ്ങളെപ്പറ്റി വിശാലമായ വിധത്തിൽ ചിന്തിക്കുന്നപക്ഷം, മേൽപ്പറഞ്ഞ സംഗതി അവയ്ക്കു യോജിച്ചതുമായിരിക്കും. എന്നാൽ നമ്മുടെ രാജ്യത്തിലെ വിസ്തീർണ്ണമേറിയ സംരക്ഷിത വനങ്ങളെയെല്ലാം വനത്തിൽ നിന്നു ഒഴിവാക്കുകയും നെൽകൃഷി ചെയ്യുന്നതിനായി ജനങ്ങൾക്കു വിട്ടുകൊടുക്കുകയും ചെയ്യണമെന്നു നാം പറയുന്നതു ശരിയായിട്ടുള്ളതല്ല. പ്രമേയത്തിൻെറ രൂപത്തെയും, ഭാഷയേയും, അതിൻെറ വ്യാപ്തിയേയും, സംബന്ധിച്ചുമാത്രമാണ് ഇതുവരെ ഞാൻ പ്രസ്താവിച്ചിട്ടുള്ളതു്. ഈ പ്രമേയത്തിനു ചില ദുഷ്യങ്ങൾ ഉണ്ട്. അതിനെ ഈ സഭ സ്വീകരിക്കുകയാണെങ്കിൽ ദുഷ്യമുള്ള ഒരു പ്രമേയത്തിനു അവർ അനുമതി നല്കുന്നതായിരിക്കും. അതിൻെറ ഫലം—

വനത്തിൽ നിന്നും ഭൂമി ഒഴിവാക്കുന്ന വിഷയത്തിൽ ഗവണ്മെണ്ടു് ഇതിനു് മുൻപു് തന്നെ ഏതെല്ലാം കാര്യങ്ങളെ നിർദ്ദേശിച്ചിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചു് എൻെറ സ്നേഹിതൻ വനം കൺസർവേറേറർ ഇവിടെ പ്രസ്താവിച്ചിട്ടുണ്ട് ഭൂമി വനത്തിൽ നിന്നും ഒഴിവാക്കണമെന്നുള്ള വിഷയത്തെപ്പറ്റി പ്രക്ഷോഭണം മുൻപുതന്നെ ഉടലെടുത്തിട്ടുള്ളതാണ്; ശ്രീമൂലം പ്രജാസഭയുടെ പത്താം സമ്മേളനത്തിൽ വച്ചു തന്നെ ഇതിനെപ്പറ്റി പ്രതിപാദ്യ

ച്ചിട്ടുണ്ട്. ഇടക്കുള്ള രണ്ടു മൂന്നു സമ്മേളനങ്ങളിൽ ഈ സംഗതി പ്രതിപാദ്യ വിഷയമായിത്തീർന്നിട്ടുമുണ്ട് ആരംഭദശയിൽ ഈ പ്രക്ഷോഭണോദ്ദേശ്യങ്ങളെ സംബന്ധിച്ച്, ഗവണ്മെണ്ട് അനുഭാവം പ്രദർശിപ്പിച്ചിട്ടുണ്ട്. ഇതിനും പുറമെ, ഏകദേശം ൨ ൦ൻ ഏക്കർ ഭൂമി ജനങ്ങൾക്കു പതിച്ചു കൊടുക്കുന്നതിനായി തുറന്നു കൊടുക്കുന്നതിനു തീരുമാനിക്കയും ചെയ്തിട്ടുണ്ട്. തദനന്തരം, എന്റെ സ്നേഹിതൻ മി: ധനുഷ്കോടിപ്പിള്ള ഇവിടെ പ്രസ്താവിച്ചിട്ടുള്ളതുപോലെ കഴിഞ്ഞ മഹായുദ്ധകാലത്തു ഈ വിഷയത്തെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചില താലൂക്കു കമ്മിററികളെ ഗവണ്മെണ്ട് സായുധമേവ നിയമിക്കുകയും ചെയ്തു. ഈ കമ്മിററികൾ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളെപററി ഗാഢമായി പര്യാലോചിച്ചിട്ടുള്ളതാകുന്നു. ഈ രീതിയും കുമ്പളപ്പുഴയും സംരക്ഷിതവനങ്ങളിൽ നിന്നും ൨,൭൦൦ ഏക്കറും ൪,൨൦൦ ഏക്കറും ഭൂമികൾ വീതം പതിച്ചുകൊടുക്കുന്നതിനായി അവയെ വനത്തിൽ നിന്നും ഒഴിവാക്കുന്നതിനു ഗവണ്മെണ്ട് ഉത്തരവായിട്ടുള്ളതുമാകുന്നു.

ഭൂമിയെ വനത്തിൽ നിന്നും ഒഴിവാക്കുന്ന കാര്യത്തിൽ രണ്ടു പ്രധാനതത്വങ്ങളെ സംബന്ധിച്ചു നാം ഇപ്പോൾ പരിയാലോചിക്കേണ്ടതാണെന്നാണ് എനിക്ക് തോന്നുന്നതു്. വനത്തിൽ നിന്നും ഒഴിവാക്കുന്ന ഭൂമികൾ ചതുപ്പു പ്രദേശങ്ങളും നെൽ കൃഷിക്കുപയുക്തമായിട്ടുള്ളവയും ആയിരിക്കണം. ഇതാണ് ആദ്യത്തെ തത്വം. റോഡുകളുടെയോ, വനങ്ങളിലുള്ള തടപ്പാതകളുടേയോ, ജനവാസമുള്ള സ്ഥലങ്ങളുടെയോ, സമീപത്തിൽ ഇപ്രകാരമുള്ള സ്ഥലങ്ങൾ സ്ഥിതി ചെയ്യേണ്ടതാകുന്നു. ഇപ്രകാരമുള്ള ഭൂമികൾ വനത്തിൽ നിന്നുമൊഴിവാക്കുന്നതുമൂലം വനസംരക്ഷണത്തിന് യാതൊരു ഹാനിയും സംഭവിക്കാൻ പിടിച്ചിട്ടുള്ളതാകുന്നു, ഗൌനിക്കാനുള്ള രണ്ടാമത്തെ തത്വം മേൽ പറഞ്ഞതാണ്. മേൽപറഞ്ഞ തത്വങ്ങൾ അനുസരിച്ച് ഏകദേശം ൩,൮൦൦ ഏക്കർ ഭൂമി വനപ്രദേശങ്ങളിൽ നിന്നു ഒഴിവാക്കുന്നതിന് ഗവണ്മെണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സംഗതി ഞാൻ മുൻപു തന്നെ പറഞ്ഞിട്ടുള്ളതാണ്. ഈ വിഷയത്തിൽ എനിക്കുള്ള അഭിപ്രായം താഴെ പറയും പ്രകാരമാണ്. സംരക്ഷിതവനങ്ങളിൽ ഇപ്രകാരം കൂടക്കൂടെ പ്രവേശിക്കുന്നതിന് ഇടയാകുന്നതു് ദോഷകരമത്രെ. തിരുവിതാംകൂറിലെ വനങ്ങൾ നമ്മുടെ അഭിമാനത്തേയും പ്രാഭവത്തേയും സൂചിപ്പിക്കുന്നു. എന്നാൽ അവ അത്രമാത്രമല്ല സൂചിപ്പിക്കുന്നതു. അവസമ്പത്തിന്റെ ഒരു സങ്കേതസ്ഥാനമാകുന്നു. ഭാവിപരമ്പരകളുടെ ക്ഷേമത്തിനായി നാം അതിനെ പരിരക്ഷിക്കേണ്ടതാണ്. ഈ രാജ്യത്തെ മഴയ്ക്കു കാരണമാക്കുന്നതിനും നദികൾക്കു ജലം സംഭരിച്ചു കൊടുക്കുന്നതിനും ഭൂമിയെ ഫലഭൂയിഷ്ഠമാക്കുന്നതിനും, അവ വളരെ സഹായിക്കുന്നു. ഭൂമിയെ വനത്തിൽ നിന്നും ഒഴിവാക്കി വന പ്രദേശങ്ങളെ തകർക്കുന്നപക്ഷം, അതുമൂലം നമുക്ക് ദോഷകരമായ ഫലം നേരിട്ടേക്കാവുന്നതാണ്. പ്രകൃതിക്ക് വിരുദ്ധമായി നാം പ്രവർത്തിക്കുന്നപക്ഷം, അതിൽ നിന്നും ഉളവാകുന്ന ഫലം എന്തായിരിക്കുമെന്നുള്ളതു് അറിയുന്നതിന് നമുക്ക് സാധിക്കാതെവന്നേക്കാം. അനേകതലമുറകൾ കഴിഞ്ഞതിന് ശേഷം മാത്രമെ നമ്മുടെ പ്രവർത്തിയുടെഫലം ഒന്നിന് മോചരിച്ചുവിക്കുകയുള്ളുവെന്നുവന്നേക്കാം; അതുകൊണ്ട് നാം വിഷയത്തിനെപററി പരിഗണിക്കുന്നതു് വളരെ സൂക്ഷിച്ചു വേണ്ടതാണ്. ഈ പ്രമേയം അവതരിപ്പിച്ച സാമാജികൻറയും, അദ്ദേഹത്തിനെയുടൻ പ്രസംഗിച്ച മററു സാമാജികന്മാരുടെയും യുക്തിവാദം ഇതാണ്. നമുക്ക് ഭൂമി ആവശ്യമുണ്ട്. നമ്മുടെ ജനസംഖ്യ വളരെ വേഗത്തിൽ വർദ്ധിച്ചുവരുന്നു. നമ്മുടെ കൈവശമുള്ള ഭൂമിയുടെ പരിമാണം ഏതാനും കുറവാണ്. നമ്മുടെ ഉപയോഗത്തിന് മതിയാകത്തക്ക വിധത്തിൽ ഇവിടെ നെല്ല് വിളയുന്നില്ല. നാം ഭക്ഷണത്തിന് നെല്ല് ഈ രാജ്യത്തിൽ ഇറക്കുമതി ചെയ്യുന്നു. സംരക്ഷിതവനങ്ങളിലുള്ള ചതുപ്പു പ്രദേശങ്ങളെ മററു പ്രദേശങ്ങളെ തുറന്നു കൊടുക്കുന്നപക്ഷം, നമുക്ക്, സ്വാന്ത്രയമായ നിലയിൽ ജീവിക്കാവുന്നതാണ്. നെല്ല് വിളയിക്കുന്ന വിഷയത്തിൽ നാം സ്വാന്ത്രയമായ നിലയിൽ ജീവിക്കണമെന്നുള്ളപ്രമാണം പല അവസരങ്ങളിലും ഇവിടെ വാദവിഷയമായിത്തീർന്നിട്ടുള്ളതാണ്. നാം നമ്മെത്തന്നെ ആശ്രയിച്ച് ജീവിക്കണമെന്നുള്ള അഭിപ്രായം എന്റെ സ്നേഹിതൻ ഡാക്ടർ മാധവൻപിള്ളയും സ്വീകരിച്ചിട്ടുണ്ട്. നേരെ മറിച്ച് ഡാക്ടർ കുഞ്ഞൻപിള്ളയുടെ അഭിപ്രായം ഇതിന് വിപരീതമായിട്ടുള്ളതാണ്. നാം എത്രതന്നെ പ്രയത്നിച്ചാലും സ്വാന്ത്രയമായ നിലയിൽ ജീവിക്കുന്നതിന് സാധിക്കയില്ലെന്നും, അല്ലാത്തപക്ഷം, അതിനുള്ളകാലം നിശ്ചയമായും ഇപ്പോൾ ആയിട്ടില്ലെന്നാണ് അദ്ദേഹം പറയുന്നതു്. സർ, ഈ വിഷയത്തിൽ സാധാരണയുള്ള സാമ്പത്തിക കാര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതിന് നമുക്ക് സാധിക്കുകയില്ലെന്നാണ് എനിക്ക് തോന്നുന്നതു്. ഇതിന് ഒരുദാഹരണം പറയാം. ഒരു വിളവ് മററൊന്നിനെക്കാൾ ഗുണകരമായവിധത്തിൽ കൃഷി ചെയ്യാൻ സാധിക്കുമെങ്കിൽ, കൂടുതൽ ഗുണകരമായ വിളവ് കൃഷി ചെയ്യുന്നതുപേക്ഷിച്ച് നെൽകൃഷി ചെയ്യുന്നതിന് ഒരാളുടെ സ്വരാജ്യ സ്നേഹമൊ സമുദായതത്പരതയോ അയാളെ അനുവദിക്കുന്നതല്ല. തിരുവിതാംകൂറിൽ എല്ലാ സ്ഥലത്തും നെൽക്കണ്ടങ്ങളെ തെങ്ങിൻ തോപ്പുകളാക്കി തരം തിരിച്ചുവരുന്നു. ഇതു യഥാർത്ഥമായ ഒരു സംഗതിയാണെന്നുള്ളതിനും പുറമെ മേൽ പറഞ്ഞതിന് ഒരു തെളിവുമാകുന്നു. രാജ്യത്തിൽ എല്ലാ സ്ഥലത്തും ജനങ്ങൾ ഇപ്രകാരം പ്രവർത്തിച്ചു വരുന്നു. ആഹാരസാധനങ്ങൾ വിളയിക്കുന്നതിൽ സാധാരണക്കാർ അധികം പ്രതിപത്തി പ്രദർശിപ്പിക്കുന്നില്ലെന്നുള്ളതു മേൽ പറഞ്ഞതിൽ നിന്നു തെളിയുന്നു. ധനം സമ്പാദിക്കുന്നതെന്നുള്ളതാണ് അവരുടെ മുഖ്യമായ ഉദ്ദേശം; സാധാരണയുള്ള ജീവിതോദ്ദേശവും അതു തന്നെ ആകുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ദക്ഷിണതിരുവിതാംകൂറിൽ പുരയിടങ്ങൾ നെൽക്കണ്ടങ്ങൾ ആയി തരം തിരിച്ചു വരുന്നുവെന്നുള്ളതു് മെമ്പറിന് അറിയാമൊ?

മി: കെ. ജാർജ്ജ് (ഗവണ്മെണ്ട് ചീഫ് സിക്രട്ടറി): അതു കൂടുതൽ ആദായകരമായിട്ടുള്ളതാകുകൊണ്ടാണ് അവർ അപ്രകാരം പ്രവർത്തിച്ചുവരുന്നതു്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഭൂമിയെ നെൽക്കണ്ടമാക്കി തരം തിരിക്കുന്നതിനു, വില പിടിച്ച വൃക്ഷങ്ങൾ വെട്ടിയിറക്കി വരുന്നുവെന്നറിയാമൊ?

മി: കെ. ജാർജ്ജ് (ഗവണ്മെണ്ട് ചീഫ് സിക്രട്ടറി): തെക്കൻ തിരുവിതാംകൂറിൽ നെൽകൃഷി ചെയ്യുന്നതുകൊണ്ടു കൂടുതൽ ആദായം സിദ്ധിക്കുന്നതാണ്. ഈ കാരണത്താലാണ് അവർ മേൽ പറഞ്ഞപ്രകാരം ചെയ്യുന്നതു് സ്വാന്ത്രലാഭേച്ഛ കൂടാതെ സ്വരാജ്യസ്നേഹത്തെ മുൻ നിറുത്തി പുരയിടങ്ങളെ അവർ നെൽക്കണ്ടങ്ങളാക്കുകയല്ല ചെയ്യുന്നതു്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോട്ടും) : ഉത്തര തിരുവിതാംകൂറിൽ ജലം ലഭിക്കുന്നതിനുള്ള വിഷമതകൊണ്ടല്ലെ അവിടെ നെല്ല കൃഷി ചെയ്യാതിരിക്കുന്നത്?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): അങ്ങിനെ അതുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇതിനുദാഹരണമായി, കുട്ടനാട്ടിൽ ജലദുർഭിക്ഷം ഒട്ടും തന്നെയില്ല എങ്കിലും തെങ്ങിൻതോപ്പുകൾ കൂടുതൽ ആദായ കരമാണെന്ന് കണ്ടിരിക്കുന്നതിനാൽ അവിടെ അധിവസിക്കുന്ന ജനങ്ങൾ തെങ്ങിൻ തോപ്പുകൾ ആക്കിവരുന്നു.

മി: എ. എസ്സ്. ദാമോദരയാശാൻ (മാരുവലികരയും കുത്തികുപ്പുള്ളിയും): വീട് വയ്ക്കുന്നതിനുസ്ഥലങ്ങൾ ഇല്ലാത്തതുകൊണ്ടാണ് കുട്ടനാട്ടിലെ നെൽക്കണ്ടങ്ങളുടെ ഉടമസ്ഥന്മാർ മുകളിൽ പറഞ്ഞതുപോലെ അവയെ തെങ്ങിൻതോപ്പുകളാക്കി വരുന്നതെന്ന മെംബറിന് അറിവുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): നെല്ല് കൃഷി ചെയ്യുന്നതിനെക്കാൾ കൂടുതൽ ആദായകരമായിട്ടുള്ളത് നാളികേരകൃഷി ചെയ്യുകയാണ്. അവർ ഇപ്രകാരം ചെയ്യുന്നത് അതുകൊണ്ടാകണം എന്ന് ഞാൻ വിചാരിക്കുന്നു. എന്റെ അനുഭവവും ഇതു തന്നെയാണ്. ഏറ്റവും കൂടുതൽ ആദായം സിദ്ധിക്കുന്ന കൃഷി സമ്പ്രദായം സ്വാഭാവികമായി ജനങ്ങൾ സ്വീകരിക്കുക പതിവാണല്ലൊ. തേയില കൃഷിക്ക് യോജിച്ച ഭൂമികൾ വനത്തിൽ നിന്നും ഒഴിവാക്കുകയും ജനങ്ങൾക്ക് പതിച്ചു കൊടുക്കുകയും ചെയ്യുന്നപക്ഷം, അവ പതിച്ച് കിട്ടിയിട്ടുള്ള ആളുകൾ അപ്രകാരമുള്ള ഭൂമികളിൽ തേയില കൃഷി ചെയ്യുന്നതു സ്വാഭാവികമാണല്ലൊ. റബ്ബർ കൃഷി ചെയ്യുന്നതിനു പ്രസ്തുതഭൂമിയോജിച്ചതാണെന്നുള്ളപക്ഷം ജനങ്ങൾ അവിടെ റബ്ബർ കൃഷി ചെയ്യുന്നതാണ്. നെല്ലുമാത്രം കൃഷി ചെയ്യണമെന്ന നമുക്ക് ജനങ്ങളെ നിർബന്ധിക്കാൻ പാടില്ല. സ്വാഭാവികമായിട്ടുതന്നെ ലാഭം ലഭിക്കുന്നതിൽ ജനങ്ങൾ ശ്രദ്ധിക്കുന്നതു പതിവാണല്ലൊ. അവർക്ക് ഏറ്റവും കൂടുതൽ ആദായത്തിന് കാരണമാകുന്ന കൃഷി അവർ ചെയ്യുന്നതാണ്.

മി: ആർ. കേശവപിള്ള (കരുനാഗപ്പള്ളി-കുന്നത്തൂർ): അതു രാജ്യത്തിനു ക്ഷേമകരമാണോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി). ഞാൻ പ്രസ്താവിക്കുന്ന സംഗതി പ്രസ്താവിച്ചുകഴിയട്ടെ.

ജനസംഖ്യ വർദ്ധിച്ചുവരുന്നതിനോടുകൂടിത്തന്നെ പൊതുജനങ്ങൾക്കു പതിച്ചുകൊടുക്കുന്നതിനു ലഭിക്കാൻ സാധിക്കുന്ന ഭൂമിയുടെ പരിമാണവും കുറഞ്ഞുവരുന്നു എന്നുള്ള മറ്റൊരു വാദം മിസ്റ്റർ കുഞ്ഞിരാമമേനോൻ ഇവിടെ പുറപ്പെടുവിക്കയുണ്ടായി. തിരുവിതാംകൂറിൽ ലഭിക്കാൻസാധിക്കുന്ന ഭൂമികളെല്ലാംതന്നെയും ജനങ്ങൾക്കു കൃഷിചെയ്യുന്നതിനു തുറന്നുകൊടുക്കുന്നതായാൽ ശരാശരിക്ക് ഓരോ ആളിനും ഏകദേശം ഒരു സെൻറ് ഭൂമിമാത്രമെ ലഭിക്കുന്നതിനു സാധിക്കുകയുള്ളു. ഇതു അദ്ദേഹം ഇന്നലെ ഇവിടെ പ്രസ്താവിച്ചു എന്നു വിചാരിക്കുന്നു. അതിനാൽ ഇക്കാര്യത്തിന്റെ മേൽപറഞ്ഞ നിലയ്ക്കു നേരിട്ടിരിക്കുന്ന ന്യൂനതയെ ഇപ്പോഴത്തെ പ്രമേയംമൂലം പരിഹരിക്കാൻ സാധിക്കുന്നതല്ല. വനങ്ങൾക്കു വെളിയിൽ ഇപ്പോൾതന്നെ വിസ്തീർണ്ണമുള്ള ഭൂമികൾ വളരെ ഉണ്ട്. അവിടെ ഇതുവരെ കൃഷിചെയ്തുതുടങ്ങീട്ടില്ല. സംരക്ഷിതവനങ്ങൾക്കു വെളിയിൽ കുറഞ്ഞപക്ഷം ഒരുലക്ഷം ഏക്കർ ഭൂമികൾ ഉണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു്.

മി: എ. തണുപിള്ള (തിരുവനന്തപുരം). അവ നനവുള്ള നിലങ്ങളാണോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി). മേൽപറഞ്ഞ ഭൂമികളിൽ ഉൾപ്പെടുന്ന നിലങ്ങളുടെ വിസ്തീർണ്ണം എത്രയെന്നോ അല്ലെങ്കിൽ, ഈ ഭൂമി നെൽകൃഷിക്കു അനുയോജ്യമായിട്ടുള്ളതാണെന്നോ പറയുന്നതിന് എനിക്കു സാധിക്കുന്നതല്ല; സംരക്ഷിതവനങ്ങൾക്കുവെളിയിൽ വളരെ വിസ്തീർണ്ണമുള്ളതും കൃഷി ചെയ്യാതെ കിടക്കുന്നതും ആയ അനവധി ഭൂമികൾ നമ്മുടെ അധീനത്തിലുണ്ട്. സംരക്ഷിതവനങ്ങളിൽ നാം പ്രവേശിക്കുന്നതിനുമുമ്പ് നാം മുമ്പുള്ള ഭൂമികളിൽ പ്രവേശിച്ചു കൃഷിചെയ്യേണ്ടതാണ്. ജനസംഖ്യ വർദ്ധിച്ചുവരുന്നതിന് അനുരൂപമായിത്തന്നെ നാം ഈ പറഞ്ഞ സമ്പ്രദായത്തിൽ പ്രവർത്തിക്കേണ്ടതാണ്. ഇതാണ് എനിക്കു പറയുവാനുള്ളത്. ഭൂമികൾ വിദേശികൾക്കു പതിച്ചുകൊടുക്കാൻ പാടില്ലെന്നുള്ള പ്രധാനവിഷയത്തെ സ്ഥാപിക്കുന്നതിനു ജനസംഖ്യയുടെ വർദ്ധന ഒരു കാരണമായി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതുകൊണ്ടാണ് മേൽ സൂചിപ്പിച്ച സംഗതി ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളത്.

മി: എ. തണുപിള്ള (തിരുവനന്തപുരം): അപ്രകാരം പ്രസ്താവിക്കപ്പെട്ടത് ഇന്നലെ ആണ്. ഇന്ന് അപ്രകാരം പറഞ്ഞിട്ടില്ല.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഇവയിൽ ഏതാനും ഭൂമികളിൽ നെല്ലും കൃഷിചെയ്യാവുന്നതാണ്. എന്നാൽ ഈ ഭൂമികളിൽ നെല്ല മുഴുവനോടും കൃഷിചെയ്യാൻ സാധിക്കുകയില്ല. ഈ ഭൂമികളിൽ രണ്ടുമൂന്നു കൊല്ലം കൂടുമ്പോൾ മാത്രമെ നെല്ലുകൃഷി ചെയ്യുന്നതിനു സാധിക്കുകയുള്ളു. അതിനാൽ ജനങ്ങളുടെ സംഖ്യ ദിവസംപ്രതി വർദ്ധിച്ചുവരുന്നു എന്നുള്ളതാണ് നിങ്ങളുടെ വാദവിഷയം എങ്കിൽ സംരക്ഷിതവനങ്ങൾക്കു വെളിയിൽ ആയിരം ഏക്കർ കണക്കിനു ഭൂമികൾ സ്ഥിതിചെയ്യുന്നുണ്ട്, ഈ ഭൂമികളിൽ ഇതുവരെ കൃഷിചെയ്തു തുടങ്ങീട്ടില്ല. ഈ വിഷയത്തിന്റെ മേൽപറഞ്ഞ അവസ്ഥാന്തരത്തിനെ പററി ചെയ്യാലോചിക്കണമെന്നു ഞാൻ ഈ സഭയോടു അപേക്ഷിച്ചുകൊള്ളുന്നു.

ഈ സംസ്ഥാനത്തെ ആഹാരസാധനങ്ങളുടെ പരിമാണം ഇപ്പോൾ ഉള്ളതിൽ കൂടുതലായി വർദ്ധിക്കുന്ന വിഷയത്തിനെ സംബന്ധിച്ചുള്ള ഏതെങ്കിലും സംഗതിയിൽ ഗവണ്മെന്റു പൂർണ്ണമായ അനുഭാവം പ്രദർശിപ്പിക്കുന്നുണ്ട്. ഈ വസ്തുത ആരംഭത്തിൽ തന്നെ ഞാൻ പ്രസ്താവിച്ചിട്ടുണ്ടല്ലൊ; എന്നാൽ മേൽപറഞ്ഞ കാര്യം നിർവഹിച്ചു കിട്ടുന്നതിന് ഈ വിധത്തിൽ എല്ലാത്തിനേയും ബാധിക്കുന്ന ഒരു പ്രമേയത്തിന്റെ ആവശ്യം ഉണ്ടായിരിക്കുന്നില്ല. ഭൂമികൾ പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷകളെപററി ചെയ്യാലോചിക്കുന്നതിനു ഗവർണ്ണമെന്റ് ഈ അവസരത്തിൽതന്നെയും തയ്യാറായിരിക്കുന്നു. പ്രത്യേകഭൂമികൾ സംരക്ഷിതവനങ്ങളിൽനിന്നും ഒഴിവാക്കി എടുക്കുന്നതിനും, അതിന്റെയല്ലെക്കും, അവ പൊതുജനങ്ങളുടെ പേരിൽ പതിച്ചുകൊടുക്കുന്നതിനും ഉള്ള അപേക്ഷകൾ ഇപ്പോൾ തന്നെയും ഗവണ്മെന്റിനു കിട്ടിക്കൊണ്ടിരിക്കുകയാണ്. ഇപ്രകാരമുള്ള എല്ലാ സംഗതികളിലും അന്വേഷണങ്ങൾ നടത്തുന്നതിന് ആയി ഗവണ്മെന്റ് ഈ അപേക്ഷകളെ വനം ഡിപ്പാർ

ട്ടുമെൻറിലുള്ള അധികൃതന്മാർക്ക് അയച്ചുകൊടുത്തുവരികയാണ്. പതിച്ചുകിട്ടുന്നതിനു അപേക്ഷിക്കുന്ന ഭൂമികൾ ഗവണ്മെൻറുവക സംരക്ഷിതവനങ്ങളിൽ ഉൾപ്പെട്ടിരിയ്ക്കുന്നു എന്നുള്ള കാരണത്താൽ ഇപ്രകാരമുള്ള അപേക്ഷകൾ തള്ളിക്കളയുന്നതിന് ഇടയാകുന്നില്ല. ഏതെങ്കിലും ഒരു പ്രത്യേകസ്ഥലത്തു സ്ഥിതിചെയ്യുന്ന ഒരു ഭൂമി ലഭിക്കുന്നതിന് ആരെങ്കിലും അപേക്ഷ ബോധിപ്പിക്കുന്നപക്ഷം, അപേക്ഷിച്ചിട്ടുള്ള ഭൂമി സംരക്ഷിത വനത്തിനുള്ളിൽ സ്ഥിതിചെയ്യുന്നതെന്നും പ്രസ്തുത അപേക്ഷയെപ്പററി അന്വേഷണംനടത്തി തീരുമാനിക്കുന്നതിനു ഗവണ്മെൻറു തയ്യാറായിരിയ്ക്കുന്നു. ഓരോ അപേക്ഷയുടേയും സ്ഥിതിക്കനുസരണമായവിധത്തിൽ അതിനെപ്പററി ചിന്തിച്ചതിൻെറശേഷം, കാര്യത്തിൻെറ അവസ്ഥപോലെ, ഗവണ്മെൻറു തീരുമാനങ്ങൾ കല്പിക്കുന്നു എന്നാൽ ഇപ്പോൾ ഇവിടെ വാദപ്രതിവാദത്തിനു ഇടയായിത്തീർന്നിരിക്കുന്നതും എല്ലാകാര്യങ്ങളേയും പൊതുവെ ബാധിക്കുന്നതുമായ ഈ പ്രമേയത്തെ ഗവണ്മെൻറിനു പ്രതികൂലിക്കാതെ ഇരിക്കാൻ നിവൃത്തിയില്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ സംസ്ഥാനത്തു നെല്ലുകൃഷി ഇപ്പോൾ ഉള്ളതിൽ കൂടുതലായി ചെയ്യേണ്ടതിൻെറ അത്യാവശ്യകത ഉണ്ടെന്നുള്ളതു് മെമ്പറിനു ബോദ്ധ്യമായിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സിക്രട്ടറി): നിങ്ങൾ പറഞ്ഞ ഈ കാര്യം ഞാൻ സമ്മതിക്കുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അതിനാൽ നെൽകൃഷിക്ക് അഭിവൃദ്ധിയുണ്ടാക്കേണ്ടതു് ഗവണ്മെൻറിൻെറ കർത്തവ്യകർമ്മമല്ലയോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സിക്രട്ടറി). ഇതു ഗവണ്മെൻറിൻെറ കർത്തവ്യംതന്നെ; സാദ്ധ്യമാകുന്നതു് ചെയ്യുന്നതിനു മാത്രമെ ഗവണ്മെൻറിനു സാധിക്കുകയുള്ളു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം). നാം നെല്ലും അരിയും ഈ രാജ്യത്തേയ്ക്കു് ഇറക്കുമതി ചെയ്തുവരുന്നില്ലയൊ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സിക്രട്ടറി): ഈ കാര്യം മെമ്പറിനെ വരിപ്പിക്കാതെതന്നെ അദ്ദേഹത്തിന് അറിവുള്ള ഒന്നാണല്ലൊ.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ രാജ്യത്തെ മുതലെടുപ്പു് ചെ ററ ലക്ഷം മാത്രമാണ്

ഡിപ്യൂട്ടിപ്രസിഡണ്ട്: നിങ്ങൾ പറഞ്ഞ കാര്യം ഇപ്പോഴത്തെ വാദവിഷയത്തിന് എപ്രകാരമാണ് യോജിയ്ക്കുന്നതു്?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സിക്രട്ടറി): ഈ സംസ്ഥാനത്തു് ഇറക്കുമതിചെയ്തുവരുന്ന അരിയുടെ പരിമാണത്തിനുള്ള വില മേൽപറഞ്ഞ ചെ ററ ലക്ഷം രൂപയിൽനിന്നും, അതായതു്, ഈ സംസ്ഥാനത്തെ മുതലെടുപ്പിൻിന്നും കൊടുത്തുവരുന്നു എന്നു മെമ്പർ വിചാരിക്കുന്നതായി എനിയ്ക്കു തോന്നുന്നു. ഇറക്കുമതി ചെയ്തുവരുന്ന അരിയ്ക്കുള്ള വില നൽകിവരുന്നതു് ജനങ്ങളാണ്; ഗവണ്മെൻറല്ലാ അതിനു വില കൊടുക്കുന്നതു്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം). ഇത്ര വൻപിച്ച തോതിൽ അരി ഇവിടെ ഇറക്കുമതിചെയ്തുവരുന്നു എന്നുള്ള വസ്തുത ഈ രാജ്യത്തിലുള്ള നിവാസികളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കേണ്ട ആവശ്യത്തെവെളിവാക്കുന്നുണ്ട്.

ഡെപ്യൂട്ടിപ്രെസിഡെണ്ട്: മെമ്പർ പറഞ്ഞതിനുള്ള മറുപടി ചീഫ്സെക്രട്ടറി മുമ്പുതന്നെ നൽകിയിട്ടുണ്ട്; ഗവണ്മെൻറു ജനങ്ങൾക്ക് ഏതുതരത്തിലുള്ള ഭൂമി പതിച്ചുകൊടുത്താലും ഭൂമി പതിച്ചു കിട്ടീട്ടുള്ള ആളിൻെറ അഭിലാഷത്തിന് അനുസരണമായവിധത്തിൽ ഏതുവിളവും അവിടെ കൃഷിചെയ്യുന്നതിന് ഉള്ള അധികാരം അയാൾക്ക് ഉണ്ടായിരിക്കുന്നതാണ്.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എത്രലക്ഷം രൂപായ്ക്കു നെല്ലും അരിയും പ്രതിവർഷം ഈ രാജ്യത്തു് ഏറക്കുമതി ചെയ്യുന്നുണ്ട്.

മി: കെ. ജാർജ് (ഗവണ്മെണ്ടു ചീഫ്സിക്രട്ടറി): അതിൻെറ കണക്ക നമ്മുടെ സ്റ്റാററിസ്റ്റിക്സിൽ ഉണ്ട്.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കഴിഞ്ഞകൊല്ലം എത്രരൂപായ്ക്കു നെല്ലും അരിയും ഇറക്കുമതി ചെയ്തു?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): സ്റ്റാററിസ്റ്റിക്സ് നോക്കിയാൽ അറിയാം.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ ഭാഗത്തുള്ള മെമ്പറന്മാരെക്കാൾ ഗവണ്മെൻറുഭാഗത്തുള്ള മെമ്പറന്മാർക്കാണല്ലോ നോക്കിപറയാൻ അധികം സൌകര്യം; പുസ്തകങ്ങളെല്ലാം കൈവശമുണ്ടല്ലോ.

മി: കെ. ജാർജ് (ഗവണ്മെണ്ടു ചീഫ്സിക്രട്ടറി): മെമ്പർക്കതന്നെ നോക്കാമല്ലോ.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): നോക്കി പറഞ്ഞാൽ കൊള്ളാം. നാട്ടുഭാഷയിൽ സ്റ്റാററിസ്റ്റിക്സ് ഇല്ലല്ലോ.

മി: കെ. ജാർജ് (ഗവണ്മെൻറുചീഫ്സിക്രട്ടറി): ഇങ്ങനെവിധത്തിൽ എല്ലാകാര്യങ്ങളേയും പൊതുവെബാധിക്കുന്നവിധത്തിലുള്ള ഒരു പ്രമേയം പാസ്സാക്കുന്നപക്ഷം ഈ സഭയുടെ പ്രവൃത്തി ന്യായമായിരിക്കയില്ല എന്നുള്ളതു് ഒരു അപേക്ഷരൂപേണ അറിയിച്ചുകൊള്ളുന്നു. ഭൂമികൾ വനത്തിൽനിന്നും ഒഴിവാക്കി, അവയെ പൊതുജനങ്ങളുടെ പേരിൽ പതിച്ചുകൊടുക്കുന്നതിനുള്ള അപേക്ഷകൾ, അതാതു കാര്യങ്ങൾക്ക് ആസ്പദമായിരിയ്ക്കുന്ന വസ്തുതകൾക്ക് അനുസരണമായി, ഗവണ്മെൻറു തീരുമാനിക്കേണ്ടതാണ് എന്നുള്ള വിഷയത്തിൽ ഗവണ്മെൻറിൽനിന്നു ഒരു ഉറപ്പു വാങ്ങുകയാണ് ഇക്കാര്യത്തിൽ യോഗ്യമായിട്ടുള്ള ഒരു മാർഗ്ഗം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): കൂടുതൽ ഭൂമികളിൽ കൃഷിചെയ്യുന്നതുകൊണ്ടു തൊഴിലില്ലായ്മമൂലം നേരിട്ടിരിക്കുന്ന വിഷമതയെ പരിഹരിക്കാൻ സാധിക്കുമോ എന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി: കെ. ജാർജ് ഗവണ്മെൻറു ചീഫ്സിക്രട്ടറി). തൊഴിലില്ലായ്മമൂലം നേരിട്ടിരിക്കുന്ന ന്യൂനതയെ പരിഹരിയ്ക്കുന്നതിന് അതു പര്യാപ്തമായേക്കാം; എന്നാൽ നമ്മുടെ വനങ്ങളിൽ നാം പ്രവേശിച്ചു അധികം

ഭൂമി വെട്ടിത്തെളിക്കുകയും, ഇപ്പോൾ കൃഷിചെയ്യുന്നതിനു അവയെ ഉറപ്പുകൊടുക്കുകയും ചെയ്യുന്നപക്ഷം, ഭാവികാലത്തിൽ നമുക്കുമാത്രമല്ല, ഇനി വരാൻപോകുന്ന തലമുറകൾക്കും ഇതുമൂലം വളരെ ഉപദ്രവം നേരിടുന്നതാണ്.

മി: കെ. പി: നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). തിരുവിതാംകൂറിലെ വനങ്ങളിൽനിന്നും ഒഴിവാക്കുന്നതിന് ഇനി കൂടുതലായി ഭൂമിയില്ലാ എന്നുള്ള തത്വം ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്നതുതന്നെയാണോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സിക്രട്ടറി): ഞാൻ അപ്രകാരം പറഞ്ഞിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ജനസംഖ്യ ഇപ്പോൾ വർദ്ധിച്ചുവരികയാണ്; ഇക്കാര്യത്തെപ്പററി പരിഗണിച്ചു ജനങ്ങളുടെ ആവശ്യത്തിനായി കൂടുതൽ ഭൂമികൾ അവരുടെ പേരിൽ പതിച്ചുകൊടുക്കുന്നതിനു ഗവണ്മെൻറു തയ്യാറായിരിക്കുന്നില്ല. ഈ വിഷയത്തിൽ മററുതരത്തിലും പദ്ധതിയെപ്പററി പഠിച്ചാലോചിക്കുന്നതിൽ ഗവണ്മെൻറു തയ്യാറാണോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സിക്രട്ടറി): സംരക്ഷിതവനങ്ങൾക്കുപുറത്തു ജനങ്ങൾക്കുപ്രവേശിക്കുന്നതിനു സാധിക്കത്തക്കവിധത്തിൽ അനവധിഭൂമികൾ ഇപ്പോളും സ്ഥിതിചെയ്യുന്നുണ്ട് എന്നുള്ള കാര്യം ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. വളരെ വരവു ലഭിക്കുന്ന വനങ്ങളിൽ നാം പ്രവേശിക്കുന്നതിനു തുനിയുന്നതിനുമുമ്പു മേൽപറഞ്ഞ ഭൂമികൾ നാം കൈവശപ്പെടുത്തി കൃഷി ചെയ്യേണ്ടതാണ്. ഇതാണു നാം ആദ്യമായി ചെയ്യേണ്ടതു്. ഭാവിയിലുള്ള തലമുറകൾക്കു ഹാനി സംഭവിക്കത്തക്ക വിധത്തിൽ അന്യായമായ യാതൊരു പ്രവൃത്തിയും നാം ചെയ്യാൻ പാടുള്ളതല്ല. അപ്രകാരം പ്രവർത്തിക്കേണ്ട ആവശ്യം നേരിടുന്ന പക്ഷവും അതിനുള്ള അവസരം ആസന്നമാകുന്ന സന്ദർഭത്തിലും അതിനെപ്പററി പരിഗണിക്കുന്നതായിരിക്കും.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സംരക്ഷിതവനങ്ങൾക്കുപുറത്തു ഭൂമി ലഭിക്കാൻ സാധിക്കുന്നതെന്നു ചീഫ്സിക്രട്ടറി അഭിപ്രായപ്പെടുകയുണ്ടായി. ഇപ്രകാരമുള്ള ഭൂമികൾ ജനങ്ങളുടെ പേരിൽ രജിസ്റ്റർചെയ്തതാ അല്ലാത്തതൊ എന്നുള്ള വിവരം അദ്ദേഹം അറിയിക്കുമൊ?

ഡെപ്യൂട്ടിപ്രസിഡണ്ട്: അവ ഗവണ്മെണ്ടു വകയും ജനങ്ങളുടെപേരിൽ രജിസ്റ്റർചെയ്തുകൊടുത്തിട്ടില്ലാത്തവയും ആയ ഭൂമികൾതന്നെ.

മി: കെ. ജാർജ് (ഗവണ്മെൻറുചീഫ്സിക്രട്ടറി): അവ എല്ലാം തനവുള്ള നിലങ്ങളായിരിക്കാൻ ഇടയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും). നെല്ലുകൃഷി ചെയ്തുവരുന്ന നിലങ്ങളെ തെങ്ങിൻതോപ്പുകളാക്കി തരംതിരിച്ചുവരുന്നതിനെ സംബന്ധിച്ചു ചീഫ്സിക്രട്ടറി ഇവിടെ പ്രസ്താവിക്കയുണ്ടായി. ഇപ്രകാരം പ്രവർത്തിക്കുന്ന വിഷയത്തിൽ ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്ന മനോഭാവം എന്താണെന്നുള്ളതു് എന്നു അറിയിക്കുമൊ? നിഷ്പക്ഷപാതത്തോടുകൂടിയ ഒരു നില സ്വീകരിക്കുകയും, ജനങ്ങളുടെ ആഗ്രഹാനുസരണം നെല്ലുകൃഷി ചെയ്തുവരുന്ന നിലങ്ങൾ തെങ്ങിൻതോപ്പുകളാക്കി തരം തിരിച്ചു വരുന്നതിൽ ഉത്സാഹിക്കുകയും, ആണ് ഗവണ്മെൻറു ചെയ്യുന്നതു്.

മി: കെ. ജാർജ് (നവകുഞ്ഞൻറു ചീഫ്സിക്രട്ടറി). ഈ കാര്യത്തിൽ പൊടുന്നനവെ ഒരു മറുപടി നൽകുന്നതിന് എനിക്കു സാധിക്കുകയില്ല.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും). പ്രസ്തുതവിഷയത്തെപ്പററി ചീഫ്സിക്രട്ടറി പ്രത്യേകം പ്രസ്താവിക്കയുണ്ടായി. ഈ വിഷയത്തിൽ സ്ഥിരമായ ഏതെങ്കിലും ഒരു നയം ഗവണ്മെണ്ടു സ്വീകരിച്ചിട്ടുണ്ടോ എന്നുള്ളതു് അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സിക്രട്ടറി). എനിക്ക് ഇപ്പോൾ അതു പറയാൻ നിവൃത്തിയില്ല.

മി: തയ്യിൽകുഞ്ഞിരാമത്താമ്മൻ (മൂവാററുപുഴയും തൊടുപുഴയും). എൻെറ പ്രമേയത്തെ ജനഭാഗത്തുനിന്നും ആരുംതന്നെ എതിർത്തുകാണാത്തതുകൊണ്ടുതന്നെ ഈ രാജ്യത്തെ ൪ ൦ ലക്ഷം ജനങ്ങൾക്കും ഇതിനോടു് അനുഭാവമുണ്ടെന്നു ഇതിൽനിന്നും വെളിപ്പെടുന്നുണ്ട്. അതിൽ എനിയ്ക്കു വളരെ സന്തോഷമുണ്ട്. ഇംഗ്ലണ്ടിലെ ഒരു പ്രസിദ്ധനായ പ്രധാനമന്ത്രി ഞാൻ ഇംഗ്ലണ്ടിലെ പീപ്പിൾ ആണെന്നു സന്ദർഭവശാൽ പറഞ്ഞിട്ടുള്ളതു് ഞാൻ എവിടെയൊ വായിച്ചിട്ടുണ്ട്. ഇവിടെ കൂടിയിരിക്കുന്ന ജനപ്രതിനിധികൾക്കും, ഞങ്ങൾ തിരുവിതാംകൂറിലെ പീപ്പിൾ ആണെന്നു പറയാൻ കഴിയുമെന്നു് ആണു ഞാൻ വിചാരിക്കുന്നതു്. അങ്ങനെയല്ല, ജനപ്രതിനിധികൾ കേവലം സ്കൂൾകുട്ടികളും തങ്ങൾ ഗുരുക്കന്മാരുമാണെന്നു ചിലപ്പോൾ വിചാരിക്കുന്നവരും ഇതിൽ ഉണ്ടായിരിക്കാം. എന്തായാലും ജനങ്ങൾ പൂർണ്ണമായി അനുകൂലിക്കുന്ന ഒരു പ്രമേയമാണ് ഇതു് എന്നു വ്യക്തമായിരിക്കുന്ന സ്ഥിതിക്കും ഇതാ ഗവണ്മെൻറുഭാഗത്തുനിന്നും ഇതിനെ എതിർത്തിരിക്കുന്നു. ഗവണ്മെൻറു് അതിലേക്കു പറഞ്ഞ ന്യായങ്ങൾ എന്തെല്ലാമാണെന്നു് എനിയ്ക്കു ശരിയായി മനസ്സിലായില്ലെന്നു സമ്മതിക്കാം. ഞാൻ ഈ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളുടെ കൂട്ടത്തിൽ ഉള്ള ഒരു ആൾ ആണ്, അതായതു; ആയിരത്തിനു പത്തുപേർക്കു മാത്രമെ ഇംഗ്ലീഷ് അറിയാൻപാടുള്ളു. നൂററിനു ൯൯ പേർക്കും നാട്ടുഭാഷയെ അറിയാവൂ ഞാൻ അവരിൽ ഒരുത്തനാണ്. ഇവിടെ കൂടിൽതെട്ടു കൊട്ടാരംവരെ അറിയാവുന്ന മലയാളമാണ് എൻെറ ഭാഷ;

ഡെപ്യൂട്ടിപ്രെസിഡണ്ട്: മി: കുഞ്ഞിരാമത്താമ്മൻ. നിങ്ങൾ ഇവിടെ പ്രസ്താവിക്കുന്ന സംഗതി സഭാനടപടിക്ക് അനുയോജ്യമായിട്ടുള്ളതല്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്.

മി: തയ്യിൽകുഞ്ഞിരാമത്താമ്മൻ (മൂവാററുപുഴയും തൊടുപുഴയും). മലയാളം അറിയാമായിരുന്നിട്ടും ഗവണ്മെണ്ടുഭാഗത്തുനിന്നും ഇംഗ്ലീഷിൽ പറയുകയാൽ മറുപടി പറയുവാൻ പൂർണ്ണമായ ബോധത്തോടെ പബ്ലിക്കിനു വേണ്ടി സംസാരിക്കുന്ന ഞാൻ ഇപ്പോഴത്തെ വ്യവസ്ഥ കൊണ്ടുള്ള എൻെറ വിഷമതയെ ഓർത്തു് ഈവിധം പറയുന്നതാണ്. ഇംഗ്ലീഷിൽ പറഞ്ഞതു് എനിക്കു മനസ്സിലായില്ല. എങ്കിലും മറുപടി പറയേണ്ടതു് എൻെറ കടമയാണ്.

അനേകം ആളുകൾ പത്തു പത്ത് ഏക്കർ സ്ഥലംവീതം അപേക്ഷിച്ചാൽ റിസർവ്വനമെല്ലാം അവസാനിച്ചുപോകുമെന്നാണ് ഗവർണ്ണർഗോത്രത്തിനിന്നും പറഞ്ഞ മറുപടി. മുന്നുകൊല്ലത്തിനകത്തു പതിച്ചു വാങ്ങുന്ന ഭൂമി നിലമാക്കി കൃഷിചെയ്യാത്തപക്ഷം, ഭൂമി തിരിച്ചെടുത്തുകൊള്ളുന്നതിന്നു വിരോധമില്ലെന്നു സമ്മതിച്ചിരിക്കുന്നു. നെല്ലുകൃഷി ചെയ്യുന്നതിന് ഉന്നതതടങ്ങൾ പർവ്വതപംക്തികളിൽ ഉപയോഗപ്പെടുന്നതല്ല. അതിപ്രയോജനം താണ സ്ഥലങ്ങൾതന്നെ വേണം. നെൽകൃഷിയ്ക്ക് ഉപയോഗമില്ലാത്ത ഭൂമി നൂറുകൊല്ലത്തിനകം നിലമാക്കി കൃഷിചെയ്യാത്തപക്ഷം, ഭൂമി പഴയ വിധിയെ തരാതെ ഗവർണ്ണർ തിരിയെ എടുക്കുന്നതു സമ്മതമാണെന്നുള്ള വ്യവസ്ഥയോടെ പതിച്ചു ഏൽക്കുവാൻ ആരും അപേക്ഷിക്കാതില്ല. അങ്ങനെ അപേക്ഷിക്കുന്നവരുണ്ടെങ്കിൽ കൊടുത്താൽ ഗവർണ്ണർക്കു ലാഭം അല്ലാതെ നഷ്ടവുമില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). ചുമ്മാ വൃക്ഷങ്ങൾ മുറിക്കേണ്ടതായിട്ടു വരുമോ?

മി: തണ്ടുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും കൊടുപുഴയും). ധാരാളം വരികയില്ല. അഥവാ വൃക്ഷങ്ങൾ മുറിക്കേണ്ടിവന്നാലും താണസ്ഥലത്തുള്ള വൃക്ഷങ്ങൾ മുറിക്കുന്നതുകൊണ്ടു മഴയുടെ കുറവു വന്നേയ്ക്കുമോ എന്നു ഭയപ്പെടാൻ ഇല്ല; ഉന്നതസ്ഥലങ്ങളിൽ ഉള്ള വൃക്ഷങ്ങൾ മുറിച്ചു കുറഞ്ഞ ചെടികളും പുല്ലും വളർത്തുന്ന തേയിലകൃഷിചെയ്യുന്നതിനെസംബന്ധിച്ചു വാസ്തവത്തിൽ വൈമനസ്യവും പ്രകടിപ്പിക്കാതെ അനവധി ഏക്കർ വിദേശികൾക്കു കുറഞ്ഞ തറവിലയ്ക്ക് കൊടുത്തിട്ടുണ്ട് കൊടുക്കുന്നുണ്ട്; ഈ ഗതിക്കു താണസ്ഥലം ക്ക ഒ ഒ രൂപായിൽ കുറയാത്ത തറവിലയും മൂന്നു കൊല്ലത്തിനകം കൃഷി ചെയ്തിട്ടില്ലെങ്കിൽ തിരിയെ എടുത്തുകൊള്ളാവും സമ്മതിച്ചു തിരുവിതാംകൂറിലെ സാധുപ്രജകൾ അപേക്ഷിച്ചാൽ കൊടുക്കാൻ നിവൃത്തിയില്ലെന്നു പറയുന്നതു എന്തുകഷ്ടമാണ്. റിസർവിൽനിന്ന് ഇങ്ങനെ ഉള്ള ഭാഗംമാത്രം ഒഴിച്ചു പതിച്ചുകൊടുക്കുന്നപക്ഷം മഴ ഇല്ലാതാകുകയും, രാജ്യം മുടിയുകയും, എന്നാകട്ടെ ആണ് മറുപടി. അനേകായിരം ഏക്കർ ഉന്നതസ്ഥലങ്ങൾ തേയിലകൃഷിക്ക് (ഇവിടത്തെ ആഹാരസാധനമല്ല. ഒരു വിഷപാനീയമാണെന്നും ചിലർ പറയുന്നു, പതിച്ചു കൊടുക്കുന്നതുകൊണ്ട് മഴയും ഇല്ലാതാകയില്ല. രാജ്യം മുടിയുകയും ഇല്ല. എന്നാൽ ഏററവും അത്യാവശ്യമായ നെല്ലു വിളയിക്കുന്നതിന്നു പത്തു ഏക്കർ സ്ഥലംവീതം താണസ്ഥലങ്ങളിൽ പതിച്ചുകൊടുക്കുന്നതിന്നു മാത്രം വളരെ വൈമനസ്യം; ഇതുകൊണ്ടു മഴക്കുറവൊ, റിസർവിനുദോഷമോ ഉണ്ടാകുന്നതല്ല. റിസർവായിട്ടു സൂക്ഷിക്കേണ്ട ഉയർന്ന പ്രദേശങ്ങൾ വേണമെന്നു അപേക്ഷിച്ചാൽ കൊടുക്കേണ്ടതു; എന്റെ പ്രമേയത്തിന്മേൽ നടത്തേണ്ട സകല സംഗതികളേയും എടുത്തു പറഞ്ഞിട്ടില്ല. പ്രധാനമായ സംഗതികളെമാത്രമാണു ഞാൻ കാണിച്ചിട്ടുള്ളതു. സ്വീകരിച്ചു നടപ്പിൽ വരുത്തുമ്പോൾ അതിന്നു വേണ്ട ചട്ടങ്ങൾ ഉണ്ടാക്കി അതനുസരിച്ചു പതിച്ചുകൊടുക്കണം റിസർവിൽ ജനങ്ങൾ പ്രവേശിക്കുന്നതുകൊണ്ടു ഒരു ദോഷവും വരാനില്ല. പരിഷ്കൃതരീതിയിൽ റിസർവുവനങ്ങൾ സൂക്ഷിക്കണമെന്നുള്ളതാണ് ഗവർണ്ണർ നയമെന്നു ഗവർണ്ണർഗോത്രത്തിനിന്നും പറയുന്നുണ്ട് എന്നാൽ ഇപ്പോൾ ഗവർണ്ണർ റിസർവുവനങ്ങൾ സൂക്ഷിക്കുന്നതിന് അനുവദിക്കുന്ന രീതി പരിഷ്കൃതമായിട്ടുള്ളതല്ല. ഒരു ഭാഗത്തുനിന്നു മറേറഭാഗംവരെ ● ഠ മൈൽ വീതിയിൽ ക്ക ഒ ഒ-ൽ അധികം മൈൽ നീളത്തിൽ മനുഷ്യർക്കു കടക്കാൻ പാടില്ലാത്തവിധം ഒന്നായിട്ട് റിസർവു സൂക്ഷിച്ചിരിക്കുന്നതു ഒരിക്കലും പരിഷ്കൃതരീതിയല്ല.

അമേരിക്ക ജർമ്മനി മുതലായ പരിഷ്കൃതരാജ്യങ്ങളിൽ റിസർവിൽ ഇടയ്ക്കു സ്ഥലം കൃഷിചെയ്യാൻകൊടുക്കുകയും ഇടയ്ക്കിടക്ക് റിസർവായി സൂക്ഷിക്കയും ചെയ്യുന്ന സമ്പ്രദായമാണ് ഇപ്പോൾ നടപ്പിൽ ഇരിക്കുന്നതു; ഇതാണ് പരിഷ്കൃതസമ്പ്രദായം. അതുകൊണ്ടു നിലം കൃഷിചെയ്യുന്നതിന്നു ഇടയ്ക്കു ചിലസ്ഥലങ്ങൾ കൊടുക്കുന്നതുകൊണ്ടു ഒരുദോഷവും വരാനില്ല.

റിസർവിനുവെളിക്കുതന്നെ പതിക്കാത്തതും കൃഷിചെയ്യാത്തതുമായ ധാരാളം സ്ഥലമുണ്ടെന്നും അവ കൃഷിചെയ്തു കഴിയട്ടെ എന്നും പറയുന്നു. എന്നാൽ നെൽകൃഷി ചെയ്യാവുന്ന സ്ഥലങ്ങൾ ഇനി റിസർവിനുപുറത്തു കൃഷിചെയ്യാതെ ഇല്ല. ഒന്നിനും കൊള്ളാത്ത സ്ഥലങ്ങളാണ് റിസർവിനുവെളിയിൽ കൃഷിചെയ്യാതെ കിടക്കുന്നതു. നെൽകൃഷിചെയ്യാവുന്ന സ്ഥലങ്ങളെ മാത്രമെ ഈ പ്രമേയംകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളു. അങ്ങനെയുള്ള സ്ഥലംമാത്രമെ കൊടുക്കേണ്ടതു ആവശ്യമുള്ളു. എന്റെ പ്രമേയത്തെ ആരും തെററിദ്ധരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ചീഫ്സിക്രട്ടറി എന്റെ പ്രമേയത്തിലെ ചില വാക്കുകളുടെ അർത്ഥം തെററി വ്യാഖ്യാനിക്കുന്നതായി തോന്നുന്നു. ഞാൻ പ്രമേയം അയച്ചിട്ടുള്ളതു മലയാളത്തിലാണ്. ട്രാൻസ്ലേഷനിൽ അർത്ഥം വ്യക്തമാക്കിട്ടില്ലാതിരിക്കണം. പ്രമേയം ഞാൻ അയച്ചതുപത്തിൽ ഇവിടേ വീണ്ടും വായിക്കാം. അതു് ഇംഗ്ലീഷിലെ പലപ്രയോഗത്തെ സംബന്ധിച്ചുള്ള തെററിദ്ധാരണയ്ക്കു പരിഹാരമായിരിക്കും.

"റിസർവിനകത്തുള്ളതും, നിലമാക്കി പ്രതിവത്സരം നെൽകൃഷി ചെയ്യാവുന്നതും, ആയ ഭൂമികൾ ക്ക ഒ ഒ രൂപായിൽ കുറയാത്ത തറവിലയ്ക്കു നിലമായി പതിച്ചു് ഏററുകൊള്ളാമെന്നും, വൃക്ഷങ്ങൾ ഉണ്ടായാൽ ചട്ടപ്രകാരമുള്ള തടിവില കെട്ടിക്കൊള്ളാമെന്നും, മൂന്നുവർഷത്തിനുള്ളിൽ നിലമാക്കി കൃഷിചെയ്യാത്തപക്ഷം, തറവിലയും തടിവിലയും മടക്കിത്തരാതെ ഗവർണ്ണർനിൽനിന്നും സ്ഥലം തിരിയെ എടുക്കുന്നതു് സമ്മതമാണെന്നും കാണിച്ചുപേക്ഷിക്കുന്ന തിരുവിതാംകൂർ പ്രജകളായ".

ഡിപ്യൂട്ടിപ്രസിഡണ്ട്: ആ ഭാഗം എടുത്തുകളഞ്ഞിരിക്കുന്നു.

അതു് എടുത്തുകളയാം.

"കാണിച്ചുപേക്ഷിക്കുന്നവർക്ക് ഓരോരുത്തർക്കും അവരുടെ അപേക്ഷയിൽപ്പെട്ടതും പത്തു ഏക്കറിൽ കൂടാത്തതുമായ സ്ഥലങ്ങൾ അവരുടെ അപേക്ഷ അനുസരിച്ചു നിലമായിപതിച്ചുകൊടുക്കേണ്ടതാണെന്നു ഇതുയോഗം ഗവർണ്ണർനിനോടു ശിപാർശചെയ്യുന്നു".

ഇതാണു പ്രമേയം. നിലത്തിൻകീഴ് കരംവച്ചു പതിക്കുന്നതിന്നു സമ്മതം. നിലത്തിനുള്ള തറവില കൊടുക്കുന്നു. നൂറുകൊല്ലത്തിനകം കൃഷിചെയ്തില്ലെങ്കിൽ തിരികെ നഷ്ടപ്പെട്ടു കൊടുക്കുക എന്ന ശിക്ഷ അനുഭവിക്കുന്നതു തയ്യാറാണ്. തറവിലയും തടിവിലയും മടക്കിക്കൊടുക്കാതെ ഭൂമി തിരിയെ എടുക്കാം.

മി: കെ. ജാർജ് (റവന്യൂവകുപ്പിന്റെ ചീഫ് സെക്രട്ടറി): സ്വാമ്പിൽ തടി കാണുമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): നിലമായിട്ടു കൃഷി ചെയ്യുന്ന നാട്ടിലുള്ള സകല സ്ഥലങ്ങളും ഒരു നൂറു കൊല്ലം കൃഷിചെയ്യാതിരുന്നാൽ അതിൽ വല്ല തടിയും കണ്ടേക്കും. വെറും പുൽനിലങ്ങളാണെങ്കിൽ ചിലപ്പോൾ തടി കാണുകയില്ല. വലിയ വേനൽക്കും വെള്ളം വററാത്ത കുളങ്ങളുണ്ടെങ്കിൽ അതിലും തടി കണ്ടുകയില്ല. അവ നെൽകൃഷിക്കു കൊള്ളുകയില്ല. നീർപ്പുല്ലു മുടന്തിയ ചില തരികൾ ചതുപ്പു നിലങ്ങളിൽ കാണാം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇപ്പോൾ നടപ്പിലിരിക്കുന്ന ചട്ടപ്രകാരം, ഇങ്ങനെ ഉള്ള അപേക്ഷകൾ സ്വീകരിക്കാൻ പാടില്ലെന്നുണ്ടോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ചട്ടം ഇപ്പോൾ റിസർവ് വനങ്ങളെ സ്വന്തമായിട്ടുള്ളതാണ്, അപേക്ഷ സ്വീകരിക്കാനോ പതിക്കാനോ പാടില്ലാത്തതാണ്. റിസർവ് വനങ്ങളെ മനുഷ്യർക്കു കാണാനേ പാടില്ലാത്ത വിധം ഘോരവനമായിട്ടു സൂക്ഷിക്കയാണ് ഇപ്പോഴത്തെ ഫോറസ്റ്റ് നയം. പിന്നെ എങ്ങനെ അതിൽനിന്നു പതിച്ചുകൊടുക്കും (ചിരി)

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ പ്ലീഡർ): റിസർവിനകത്തുള്ള സ്ഥലം പതിച്ചുകൊടുക്കുന്നതിനു ചില ഏർപ്പാടുകൾ ഉണ്ടെന്നു കൺസർവേററർ പറഞ്ഞതായി ഓർക്കുന്നുണ്ടോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോൾ റിസർവിലെ യാതൊരു ഭൂമിയും പതിച്ചുകൊടുക്കാൻ ചട്ടമില്ല.

ഈ പ്രമേയത്തെ വോട്ടിനിടണമെന്നു അപേക്ഷിച്ചുകൊണ്ട് വിരമിക്കുന്നു.

മി: ആർ. ധനുഷ്കോടിപിള്ള (വനം കൺസർവേററർ): കൃഷിക്കു യോജിച്ച ചതുപ്പു പ്രദേശങ്ങളിൽ ഏതാനും ഭാഗം വനംഡിപ്പാർട്ടുമെന്റു അവരുടെ സ്വന്ത ആവശ്യത്തിലേക്കായി വച്ചുകൊണ്ടിരിക്കുന്നു എന്നുള്ള തെററായ ഒരു ബോധം ഈ സഭയിലെ മററുകക്ഷികൾക്കു ഉണ്ടായിട്ടുള്ളതായി തോന്നുന്നു. ചതുപ്പുനിലക്കമ്മിററികൾ, കൃഷിക്ക് അനുയോജ്യമായിട്ടുള്ള ചതുപ്പു നിലങ്ങളെല്ലാം തിരഞ്ഞു എടുത്തിട്ടുണ്ട്. ഈ സ്ഥലങ്ങളെ വനപ്രദേശങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനു പ്രസ്തുത കമ്മററി ശിപാർശ ചെയ്തിട്ടുണ്ട്. ഇതു പരമാർത്ഥമാണെന്നുള്ള സംഗതി ഈ സഭയെ ഞാൻ അറിയിച്ചുകൊള്ളുന്നു. കൃഷിക്കു യോജിച്ചതല്ലാത്തതും ചതുപ്പുപ്രദേശങ്ങൾ അല്ലാത്തവയും വനത്തിൽനിന്ന് ഒഴിവാക്കുന്നതിൽ അസാധ്യമായിത്തീർന്നിട്ടുള്ളവയും ആയ പ്രദേശങ്ങളെ വനത്തിൽനിന്നും ഒഴിവാക്കി എടുക്കുന്നതിനു ശിപാർശ ചെയ്യപ്പെട്ടിട്ടില്ല. തരിശുകുന്നുകളെ സംബന്ധിച്ചിടത്തോളം, ആകെയുള്ള ഭൂമിയുടെ വിസ്തീർണ്ണം നൂറു ഏക്കറിൽ കൂടുതൽ വരികയില്ലെന്നുള്ള സംഗതി ഞാൻ ഇവിടെ ഖണ്ഡിച്ചുപറഞ്ഞുകൊള്ളുന്നു. എന്റെ സ്നേഹിതൻ റവന്യൂവകുപ്പിന്റെ ചീഫ് സെക്രട്ടറി ഭൂമികൾ വനത്തിൽനിന്നും ഒഴിവാക്കുന്നതിനെ സംബന്ധിച്ചു, ഇവിടെ പ്രസ്താവിച്ചിട്ടുള്ളതിൽ കൂടുതലായി റവന്യൂവകുപ്പിന്നു എന്തു നിയമിക്കാൻ സാധിക്കുമെന്നുള്ളതു് എനിക്ക് അറിയാൻ പാടില്ല. പള്ളിവാശൽ റോഡിനെ സംബന്ധിച്ചു പണി പൂർത്തിയാക്കുന്ന അവസരത്തിൽ, ആയിരം ഏക്കറോളം വിസ്തീർണ്ണമുള്ള പ്രദേശം, ജനങ്ങൾക്കു പ്രവേശിക്കുന്നതിന് സാദ്ധ്യമായിരിക്കത്തക്കവിധത്തിൽ, തുറന്നുകൊടുക്കുന്നതാണ്. ഈ വിഷയത്തിനെക്കുറിച്ചു മറെറാരു കാര്യവും പറയുവാനുണ്ട്. വനങ്ങൾക്കുള്ളിൽ സ്ഥിതിചെയ്യുന്ന ഭൂമിയിൽ ഏറിയ ഭാഗവും കൃഷിക്കു യോജിച്ചവയല്ല. ഈ വസ്തുത ഈ സഭയിലെ അംഗങ്ങൾ ഗൌനിക്കണമെന്നു മെമ്പർ ആവശ്യപ്പെടുന്നു. ഇപ്രകാരമുള്ള ഭൂമികൾ രണ്ടു ഉയർന്ന നിരകളുടെ മധ്യത്തിൽ സാമാന്യമായ വിധത്തിൽ സ്ഥിതി ചെയ്യുന്നു: അവ നെടുനീളത്തിൽ ആണ് കിടക്കുന്നതു്. മഴക്കാലങ്ങളിൽ ഈ ഭൂമികളുടെ ഭാഗങ്ങളിൽ മണ്ണു വന്നുചേർന്നു മൂടിപ്പോകുന്നു. തൽകാരണത്താൽ അവ കൃഷിക്കു തീരെ പയ്യോപ്പമല്ലാത്തവിധത്തിൽ ആയി തീരുന്നു. മണ്ണുവന്നു നിറയുന്ന ഭാഗങ്ങൾ കൃഷിക്കു തീരെ യോജിച്ചവ ആയിരിക്കയില്ല. ഈ സംഗതി എന്റെ സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മന് തല്ലുമുപോലെ ബോദ്ധ്യമായിട്ടുള്ളതാണ്. കൂത്താട്ടുകുളം പ്രദേശത്തെ സംബന്ധിച്ചിടത്തോളം,.....

മി: എ. താണുപിള്ള (തിരുവനന്തപുരം): സംരക്ഷിതവനങ്ങൾക്കുള്ളിൽ സ്ഥിതിചെയ്യുന്ന ചതുപ്പുപ്രദേശങ്ങൾ കൃഷിഡയറക്ടർ കണ്ടിട്ടുണ്ടോ എന്നുള്ളതു് എന്നെ അറിയിക്കുമോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): ഞാൻ ഇവിടെ നിർദ്ദേശിച്ച പ്രദേശം അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. എല്ലാ പ്രദേശങ്ങളും സന്ദർശിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചിട്ടില്ല. ൪൦൦ ഏക്കർമുതൽ ൯൦൦ ഏക്കർവരെ വിസ്തീർണ്ണമുള്ള വൻപിച്ച പ്രദേശങ്ങൾ ജനങ്ങൾക്കു പതിച്ചുകൊടുക്കുന്നതിനു ഉണ്ടെന്നു മി: കുഞ്ഞിത്തൊമ്മൻ അല്പം മുൻപു പ്രസ്താവിക്കയുണ്ടായി. കൊളുമ്പിൽപ്രദേശത്തെപ്പററി മി: കുഞ്ഞിത്തൊമ്മൻ ഇവിടെ പറകയുണ്ടായി. എന്നാൽ ഈ പ്രദേശത്തിന്റെ വിസ്തീർണ്ണം ൨൫ ഏക്കറിൽ കവിയുകയില്ലെന്നുള്ളതു് ഈ സന്ദർഭത്തിൽ ഞാൻ ഇവിടെ നിർദ്ദേശിച്ചുകൊള്ളുന്നു.

ഡെപ്യൂട്ടി പ്രസിഡൻറ്: പ്രസ്തുത വിഷയങ്ങളെ സംബന്ധിച്ചു കൂടുതൽ വിവരമായ വിധത്തിൽ പയ്യം ചോദിക്കേണ്ട ആവശ്യം ഇല്ല.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): മി: കുഞ്ഞിത്തൊമ്മന്റെ പ്രസംഗംമൂലം നേരിട്ടിരിക്കുന്ന തെററായ ധാരണയെ നീക്കുന്നതിനായിട്ടാണു മേൽപറഞ്ഞ. എല്ലാ സംഗതികളെക്കുറിച്ചും ഞാൻ ഇവിടെ പ്രസ്താവിക്കുന്നതിന് ഇടയായിട്ടുള്ളതു്. നെൽകൃഷി ചെയ്യുന്നതിനു യോജിച്ച യാതൊരു പ്രദേശത്തെയും വനത്തിൽനിന്ന് ഒഴിവാക്കി എടുക്കുന്നതിനു ശിപാർശ ചെയ്യപ്പെടാതിരുന്നിട്ടില്ല. കാര്യത്തിന്റെ യാഥാർത്ഥസ്ഥിതി ഇപ്രകാരം ആണ്. ഇത്രയും പറഞ്ഞതിൽനിന്നു മി: കുഞ്ഞിത്തൊമ്മനു വാലവിഷയത്തിന്റെ യഥാർത്ഥസ്ഥിതി ബോദ്ധ്യമായിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ പ്രമേയത്തെ അനുകൂലിച്ചു കൂടുതലായി അദ്ദേഹം വാദിക്കുകയുമല്ലെന്നു ഞാൻ വിചാരിക്കുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പ്രമേയം വോട്ടിനിടണമെന്നു അപേക്ഷിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡൻറ്: വോട്ടുചെയ്യുവാനുള്ള പ്രമേയം താഴെക്കാണുംപ്രകാരമാണ്.

"റിസർവുകൾക്കകത്തുള്ളതും, തരംതിരിച്ചു പ്രതിവത്സരം മനൽകൃഷി ചെയ്യാവുന്നവയും ആയ ഭൂമികൾ ഏതു രൂപായിൽ കുറയാത്ത തറവിലക്കു നിലമായി പതിച്ചേറ്റുകൊള്ളാമെന്നും, വൃക്ഷങ്ങൾ ഏതെങ്കിലും ഉള്ളപക്ഷം ചട്ടപ്രകാരമുള്ള തടിവിലകൊടുത്തുകൊള്ളാമെന്നും, ന്യായമായ നിലങ്ങളാക്കി തരം തിരിച്ചു കൃഷിചെയ്യാത്തപക്ഷം തറവിലയും തടിവിലയും മടക്കിക്കൊടുക്കാതെ ഭൂമി തിരികെ ഗവണ്മെന്റു എടുത്തുകൊള്ളുന്നതിനു സമ്മതമാണെന്നും കാണിച്ചു് അപേക്ഷകൾ ബോധിപ്പിക്കുന്ന ഓരോരുത്തർക്കും അവരുടെ അപേക്ഷയിൽപെട്ടതും പരത്തക്കറിൽ ഉൾപ്പെടാത്തതുമായ സ്ഥലങ്ങൾ റിസർവിൽനിന്നും വിടുത്തി അവരുടെ അപേക്ഷ അനുസരിച്ചു നിലമായി പതിച്ചുകൊടുക്കേണ്ടതാണെന്നു് ഈ യോഗം ഗവണ്മെന്റിനോടു ശിപാർശ ചെയ്യുന്നു"

പ്രമേയം വോട്ടിനിടുകയും പാസ്സാക്കപ്പെടുകയും ചെയ്തു.

മി: തയ്യിൽ കുഞ്ഞിത്താമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഞാൻ പോരാ ആവശ്യപ്പെടുന്നു.

പോരാ എടുത്തതിൽ സാമാജികന്മാർ താഴെ കാണുംപോലെ അഭിപ്രായം രേഖപ്പെടുത്തി.

അനുകൂലകക്ഷികൾ ൨൯.

൧.	മി: വി. ചെല്ലംപിള്ള	൧൩.	മി: കെ. മാധവൻപിള്ള
൨.	,, എ. എസ്സ്. ദാമോദരൻ ആശാൻ	൧൪.	,, പി. എസ്സ്. മഹമ്മദ്
൩.	,, ഡി. ഫ്രാൻസിസ്	൧൫.	,, എച്ച്. ബി. മഹമ്മദ് റാവുത്തർ
൪.	,, എ. ജി. മേനോൻ	൧൬.	,, മാത്തു മുതിക്കൻ
൫.	,, ഇട്ടൂപ്പ് ഇട്ടീച്ചൻ	൧൭.	,, ജി. പി. നീലകണ്ഠപ്പിള്ള
൬.	,, ഡി. സി. ജോസഫ്	൧൮.	,, കെ. പി. നീലകണ്ഠപ്പിള്ള
൭.	,, കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്	൧൯.	,, വി. ജെ. ഉണ്ണൻ
൮.	,, ആർ. കേശവപിള്ള	൨൦.	,, മുരവേലിൽ പാച്ചുപിള്ള
൯.	,, ടി. സി. കേശവപിള്ള	൨൧.	,, കെ. പത്മനാഭപ്പണിക്കർ
൧൦.	,, തറേപ്പള്ളിൽ കൊച്ചുതൊമ്മൻ	൨൨.	,, കെ. ജി. പരമേശ്വരൻപിള്ള
൧൧.	,, എൻ. ആർ. കൃഷ്ണൻ	൨൩.	,, എസ്സ്. പിറപ്പിപ്പെരുമാൾ പിള്ള
൧൨.	,, എൻ. കെ. കൃഷ്ണപിള്ള	൨൪.	,, ആർ. രാമൻപിള്ള
൧൩.	,, വി. എസ്സ്. കൃഷ്ണപിള്ള	൨൫.	,, രേവതിനാൾ രാമവർമ്മരാജാ
൧൪.	,, തരിയത്തു കുഞ്ഞിത്തൊമ്മൻ	൨൬.	,, എ. താണുപിള്ള
൧൫.	,, എ. സി. കുര്യാക്കോസ്		

പ്രതികൂലകക്ഷികൾ ൧൪.

൧.	മി. എൽ. എ. ബിഷപ്പ്	൭.	മി: കല്ലാലം പരമേശ്വരൻപിള്ള
൨.	,, ഐ. സി. ചാക്കോ	൮.	ഡാക്ടർ കെ. രാമൻതമ്പി
൩.	,, ആർ. ധനുക്കോടിപ്പിള്ള	൧൦.	മി: കെ. എൻ. രാമസുബ്ബയ്യർ
൪.	,, കെ. ജാക്കബ്	൧൧.	,, ടി. പി. രാമസുബ്ബയ്യർ
൫.	,, പി. ഗോമതിനായകംപിള്ള	൧൨.	,, എസ്സ്. സി. എച്ച്. റാബിൻസൺ
൬.	,, പി. എൻ. കൃഷ്ണപിള്ള	൧൩.	,, ആർ. വൈദ്യലിംഗംപിള്ള
൭.	റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൧൪.	,, എ. വൈപ്പൻ

നിഷ്പക്ഷപാതി. ൧

മി: എൽ. എ. ഫ്രാംബാർഡ്

പ്രമേയം വോട്ടിനിട്ടതിൽ പാസ്സാക്കിയതായി ഗണിക്കപ്പെട്ടു.

ചാരായഷാപ്പുകളെ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച പ്രമേയം.

മി: മാത്തുമുതിക്കൻ (തൊടുപുഴ): സർ, ഞാൻ ഹാജരാക്കേണ്ടതായ പ്രമേയം താഴെകാണുംപ്രകാരമുള്ളതാണ്:—

"പൊതുവെ ദേവാരാധനസ്ഥലങ്ങൾ, വിദ്യാലയങ്ങൾ, പൊതുകച്ചേരിസ്ഥലങ്ങൾ ഇവ സ്ഥിതിചെയ്യുന്ന സ്ഥാനങ്ങളിൽനിന്നും രണ്ടു ഫർലാംഗ് എങ്കിലും ദൂരത്തിനകത്തു യാതൊരു കള്ളുഷാപ്പോ, ചാരായഷാപ്പോ, സ്ഥാപിക്കാൻ പാടില്ല എന്നു് ഈ യോഗം ഗവണ്മെന്റിനോടു ശിപാർശ ചെയ്യുന്നു".

സർ, ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്നതും, അപേക്ഷാരൂപത്തിൽ ഇവിടെ ഹാജരാക്കിട്ടുള്ളതും, ആയ സംഗതി ഗവണ്മെന്റു് ഈ അവസരത്തിൽ അനുവർത്തിച്ചുകൊണ്ടുവരുന്ന നയത്തിനു വിരുദ്ധമായിട്ടുള്ളതല്ലെന്നു് ആണ് ഞാൻ വിചാരിക്കുന്നതു്; എന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽതന്നെ എന്റെ വാദവിഷയത്തെ സ്ഥാപിക്കുന്നതിന്നു് ഇപ്പോഴത്തെ എക്സൈസ് കമ്മീഷണരുടെ മുൻഗാമി ആയിരുന്ന കമ്മീഷണരുടെ ഒരു നിർദ്ദേശത്തെപ്പററി ഞാൻ ഇവിടെ പ്രസ്താവിക്കാം. ഇപ്പോഴത്തെ എക്സൈസുകമ്മീഷണരുടെ മുൻഗാമി, എക്സൈസ് കമ്മററിയുടെ പര്യാലോചനയ്ക്കായി പ്രസ്തുത കമ്മററിയിൽ ഏതാനും നിർദ്ദേശങ്ങൾ സമർപ്പിക്കയുണ്ടായി. അവയിൽ അഞ്ചാമത്തെ നിർദ്ദേശം ഇപ്രകാരമാണ്:—പൊതുചന്തകൾ, വിദ്യാലയകെട്ടിടങ്ങൾ മുതലായവയുടേയും പൊതുജനങ്ങൾ ദേവാരാധനയ്ക്കായി ഉപയോഗിക്കുന്ന ഇവരുടേയും, സ്ഥാനങ്ങളിൽനിന്നും രണ്ടു ഫർലാങ്ങ് ദൂരത്തിനുള്ളിൽ യാതൊരു ചാരായഷാപ്പുകളോ, കള്ളുഷാപ്പുകളോ സ്ഥാപിക്കാൻ പാടില്ല. പ്രസ്തുത വിഷയത്തെ ആസ്പദമാക്കി ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ കഴിയുന്നത്ര വേഗത്തിൽ അപ്രകാരമുള്ള ഷാപ്പുകൾക്കു സംബന്ധിക്കത്തക്കവിധത്തിൽ ഉള്ളവയാക്കേണ്ടതാണ്. മേൽപറഞ്ഞ കമ്മിററിയുടെ മുൻപാകെ എക്സൈസ്കമ്മീഷണർ ഹാജരാക്കിട്ടുള്ളതും, അതിന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തി ഗവർണ്മെന്റിലേക്കു ശിപാർശ ചെയ്തിട്ടുള്ളതും ആയ മേൽപറഞ്ഞ നിർദ്ദേശത്തിന്റെ രണ്ടാംഭാഗത്തെക്കുറിച്ചാണ് എനിക്കു ഖണ്ഡിതമായി പറയുവാനുള്ളതു്, എന്നാൽ ഇപ്പോൾ ഈ സംഗതി പ്രയോഗശൂന്യമായവിധത്തിൽ ആയിതീർന്നിരി

ക്കുന്നു. ഇതു് കഷ്ടമായ ഒരു കാര്യമാണ്. ഗവർണ്ണമെന്റ് അംഗീകരിച്ചിട്ടുള്ള നയത്തിന് അനുസരണമായ വിധത്തിലല്ല ൧൦ ശതമാനത്തിൽ കവിഞ്ഞുള്ള ഷാപ്പുകൾ സ്ഥാപിച്ചുവരുന്നത്. ഇപ്രകാരമുള്ളസ്ഥിതികൾ ഈ വിധത്തിൽ നടക്കുന്നതിനു അനുവദിക്കാൻ പാടുള്ളതല്ല. ഇപ്പോൾ ആലോചനയ്ക്കു വിഷയമായിരിക്കുന്ന നിർദ്ദേശത്തിനു ഗവർണ്ണമെന്റ് ഏതെങ്കിലും അഭിപ്രായം പുറപ്പെടുവിക്കുന്നതു്. ഏതു സംഗതിയെ അടിസ്ഥാനമാക്കിയിട്ടാണെന്നു ഏനിക്കു മനസ്സിലാകുന്നില്ല, പ്രധാനമായ ഒരു സ്ഥലത്തു് ഷാപ്പു സ്ഥാപിക്കുന്ന പക്ഷം, ഗവർണ്ണമെന്റിനു ലഭിക്കുന്ന ആദായം കൂടുന്നതിനു ഇടയാകുന്നതാണ്. ഗവർണ്ണമെന്റിനു പുറപ്പെടുവിക്കാവുന്ന അഭിപ്രായപ്രകാരണം ഇതുമാത്രം ആയിരിക്കാനെ തരമുള്ളു. പൊതുജനങ്ങൾ മദ്യോപയോഗം വർദ്ധിക്കുന്നതും, ജനങ്ങൾ കൂട്ടം കൂടുന്നതിനു ഇടമുണ്ടാകുന്നതും ആയ ഏതെങ്കിലും ഒരു സ്ഥലത്തിന്റെ സമീപത്തിൽ ഒരു ഷാപ്പു സ്ഥാപിക്കുന്നപക്ഷം, മദ്യം പതിവായി ഉപയോഗിക്കുന്ന ആളുകൾക്കു ഒരു പ്രോത്സാഹനമായി വരുന്നതാണ്. അവർ അതുമൂലം മദ്യപാനികളായിത്തീരുന്നു. ഗവർണ്ണമെന്റിനു വർദ്ധിച്ചു കൂടുന്ന ആദായം സിദ്ധിക്കുന്നു. മേൽപറഞ്ഞ പ്രകാരത്തിലുള്ള സ്ഥലങ്ങളിൽ ഷാപ്പുകൾ സ്ഥാപിക്കുന്നതിനു ഗവർണ്ണമെന്റിനെ പ്രേരിപ്പിക്കുന്ന ഏകസംഗതി ഇതു മാത്രമേ ആയിരിക്കാൻ തരമുള്ളു. സർ, [illegible] ഏനിക്കു് ഈ അവസരത്തിൽ പ്രസ്താവിക്കാനുള്ളതു് ഇതു മാത്രമാണു. കുറെ ചുമത്തുന്നതിന് ആസ്പദമായിട്ടുള്ളതും ഈ വിധത്തിലുള്ളതുമായ ഒരു സംഗതിയിൽ, ഗവർണ്ണമെന്റു ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നയത്തിൽനിന്നും വ്യത്യസ്തപ്പെട്ട ഒന്നാണ് അനുവർത്തിക്കേണ്ടതു്. മോഷണം ചെയ്യുന്നതുമൂലം കുററക്കാരനായ കള്ളനിൽ ചുമത്തപ്പെടുന്ന പിഴ ഒടുക്കുന്ന മുതലെടുപ്പിനുള്ള ഒരു പ്രധാനമാർഗ്ഗമായി ഗവർണ്ണമെന്റു കരുതുന്നപക്ഷം, മദ്യവില്പനയിൽനിന്നു ലഭിക്കുന്ന ആദായം ഒരു ആദായമാർഗ്ഗമായി കരുതാവുന്നതാണ്. കുററം നിർണ്ണയിച്ചതിന്റെശേഷം മോഷ്ടാവിന്റെ മേൽ ചുമത്തപ്പെടുന്ന പിഴ ഒരു ആദായമാർഗ്ഗമായി കരുതുന്നതിനു നിവൃത്തിയില്ല. മദ്യം ക്രയവിക്രയം ചെയ്യുന്നതിൽനിന്നും ഗവർണ്ണമെന്റിനു മുതലെടുപ്പു് ഉണ്ടാകുന്നുണ്ടു്. മദ്യപാനികളെ സംബന്ധിച്ചിടത്തോളം, മേൽപറഞ്ഞ വാദം ചേരുന്നതാണ്; മദ്യപാനികളിൽനിന്നും ഗവർണ്ണമെന്റിനു വസൂൽ ആയി കിട്ടുന്ന ആദായം, അവരുടെ മേൽ ചുമത്തപ്പെടുന്ന ഒരു ശിക്ഷ എന്നവണ്ണം പരിഗണിക്കാവുന്നതാണ്, ഇൻഡ്യയിലെ ഡ്രഗ്സ് കമ്മീഷന്റെ അഭിപ്രായം ഇതുതന്നെയാണ്; ഈ കാര്യത്തിൽ ഞാൻ പ്രസ്താവിച്ച നയത്തോടു് അവർ അനുകൂലിക്കുന്നു എന്നുള്ളതു് എന്റെ വാദത്തെ ബലപ്പെടുത്തുന്നുണ്ടു്.

ഡെപ്യൂട്ടി പ്രസിഡന്റ്: എക്സൈസിൽനിന്നും ലഭിച്ചുവരുന്ന മുതലെടുപ്പു് ഇല്ലാതാക്കുന്നതിനു ഞങ്ങൾ ആലോചിക്കുന്നില്ല, ആ സ്ഥിതിക്കു് കൂടുതൽ വ്യാപ്തിയുള്ള മേൽ സൂചിപ്പിച്ച വിഷയത്തെപററി എന്തിനാണ് നിങ്ങൾ പ്രതിപാദിക്കുന്നതു്?

മി: മാത്യുമുതിക്കൽ (വൈക്കം): ഇല്ലാ, ഇവിടത്തെ സന്ദർഭത്തിനു യോജിക്കാത്ത ഏതെങ്കിലും വിഷയത്തെപ്പററി ഞാൻ പ്രതിപാദിക്കുന്നില്ല. ഞാൻ വാദവിഷയത്തെപററി പൂർണ്ണമായി പ്രതിപാദിക്കാൻ പോകുകയാണ്. അതിനു സമയവും ഉണ്ടല്ലോ.

ഇൻഡ്യയിലെ ഡ്രഗ്സ് കമ്മീഷൻ പറഞ്ഞിട്ടുള്ളതു് താഴെ പറയുന്നപ്രകാരം ആണ്.

"അപ്രകാരമുള്ള കരം ചുമത്തുന്നതിന്റെ പ്രധാനഉദ്ദേശം മുതലെടുപ്പു് വർദ്ധിപ്പിക്കണമെന്നുള്ളതായിരിക്കാൻ പാടില്ല; എന്നാൽ മദ്യപാനം ചെയ്യുന്ന സ്വഭാവത്തെ നിയന്ത്രിക്കണമെന്നുള്ളതായിരിക്കണം അതിന്റെ ഉദ്ദേശം"

വാദവിഷയത്തെ സംബന്ധിച്ചിടത്തോളം ഞാൻ സ്വീകരിച്ചിട്ടുള്ള നില ഇതാണ്. അതിനാൽ മുതലെടുപ്പു ലഭിക്കുമെന്നുള്ള സംഗതിയെപ്പററി പ്രസ്തുത വിഷയത്തെ സംബന്ധിച്ചു ചിന്തിക്കുന്ന അവസരത്തിൽ തൊടുന്നിക്കാൻ പാടുള്ളതല്ല. ഈ കാര്യം ഗവർണ്ണമെന്റു പ്രതിക്കൂലിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഏതായാലും ഈ വിഷമത നേരിടുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. മി. ചാക്കുപിള്ള ഈ കൗൺസിലിൽഹാജരാക്കിയ പ്രമേയത്തിനു മറുപടിയായി, തിരുവിതാംകൂറിലെ ജനങ്ങൾക്കു അത്യധികമായ മദ്യപാനാസക്തി ഉണ്ടെന്നും, അതിനെ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗം, മദ്യത്തിനു നികുതി ചുമത്തുക ആണെന്നും, കമ്മീഷണർ പ്രസ്താവിച്ചിട്ടുണ്ടു്. ഈ വിഷയത്തെ സംബന്ധിച്ചു, ഡാക്ടർ മത്തായി പറഞ്ഞിരിക്കുന്ന അഭിപ്രായം ഞാൻ ഇവിടെ പ്രസ്താവിക്കാം.

"ലഹരിയുള്ള പാനീയങ്ങൾ ഉപയോഗിക്കുന്നതിനെ തടയുന്ന വിഷയത്തിൽ പൊതുജനങ്ങൾ വൈമുഖ്യം പ്രദർശിപ്പിക്കുന്നപക്ഷം, അവർ സ്വീകരിച്ചിട്ടുള്ള നിലയ്ക്കു അനുയോജ്യമായ വിധത്തിൽ ഈ സംഗതിയിൽ ഒരു പരിഹാരമാർഗ്ഗം സ്വീകരിക്കേണ്ടതു ഗവർണ്ണമെന്റിന്റെ കർത്തവ്യമാകുന്നു".

ഗവർണ്ണമെന്റു നിർവ്വഹിക്കേണ്ട സംഗതികളിൽ ഒന്നു് മുതലെടുപ്പു് ഈടാക്കുക എന്നുള്ളതു മാത്രമല്ല; എന്നാൽ ആവശ്യമെന്നു കാണുന്ന അവസരങ്ങളിൽ പൊതുജനങ്ങളുടെ പ്രവൃത്തികളെ ശരിയായ മാർഗ്ഗത്തിൽ കൂടി നയിച്ചു് അവരുടെ പരിഹരിക്കണമെന്നുള്ളതും ആകുന്നു. അതിനാൽ എക്സൈസ് കമ്മീഷണരുടെ അഭിപ്രായം വളരെ വിജ്ഞാനപരമായിട്ടുള്ളതല്ല. എന്റെ പ്രവൃത്തിയുടെ ആദ്യഭാഗത്തെ സംബന്ധിച്ചിടത്തോളം, കമ്മീഷണരെ ഞാൻ മനസ്സിലാക്കിട്ടുണ്ടു്. ഈ പ്രമേയത്തെ അദ്ദേഹം പ്രതിക്കൂലിക്കയില്ലെന്നു ഞാൻ തീർച്ചയായും വിശ്വസിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫോർഡ് സർക്കാർ വക്കീൽ): സർ, ഒരു ചോദ്യം ഞാൻ ചോദിച്ചുകൊള്ളുന്നു. ഏതെങ്കിലും വിദ്യാലയമോ പൊതുസ്ഥലമോ സ്ഥിതിചെയ്യുന്ന സ്ഥാനത്തുനിന്നും ൫ ഫർലാങ്ങ് ദൂരത്തിലല്ലാത്ത അനവധി സ്ഥലങ്ങൾ തിരുവിതാംകൂറിൽ ഉണ്ടായിരിക്കുന്നതാണോ?

മി: മാത്യുമുതിക്കൽ (വൈക്കം): ഇതിനെ സംബന്ധിച്ചു് കമ്മീഷണർ ഒരു പട്ടികരൂപത്തിൽ വിവരങ്ങൾ ചേർക്കുന്നതിന് ആവശ്യപ്പെടുന്നപക്ഷം, ജനങ്ങൾ അദ്ദേഹത്തിനു സഹായം നൽകുന്നതാണ്. ഈ പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തിന് വിരുദ്ധമല്ലാത്ത വിധത്തിൽ ഷാപ്പുകൾ സ്ഥാപിക്കുന്നതിനു യോജിച്ച ഏതെങ്കിലും മദ്ധ്യസ്ഥാനങ്ങൾ കണ്ടുപിടിക്കുന്നതിനു ഇവിടെ ഉള്ള സാമൂഹികന്മാരിൽ അധികപക്ഷം സാധിക്കുന്നതാണ്. ഈ സംഗതിയെക്കുറിച്ചു് ഇപ്രകാരമാണ് ഞാൻ വിചാരിക്കുന്നതു്.

മി. പി. ഗോമതിനായകം പിള്ള (എക്സൈസ് കമ്മീഷണർ): അപ്രകാരമുള്ള സ്ഥലങ്ങൾ വരിക്കുന്നതിന് സാധിക്കത്തക്കവിധത്തിൽ അവർ പ്രവർത്തിക്കുമോ?

മി: മാത്തു മുതിക്കൻ (വൈക്കം): അപ്രകാരം ചെയ്യും. അദ്ദേഹത്തിന് ഈ കാര്യത്തിൽ സഹായം നൽകുന്നതിന് എനിക്കു സന്തോഷമുണ്ടായിരിക്കുന്നതാണ്. എന്നാൽ എനിക്ക് അതിന് അധികം സമയം കിട്ടുന്നില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): ഇപ്പോൾ ഇവിടെ ഹാജരാക്കിയിരിക്കുന്ന പ്രമേയത്തിൽ നിർദ്ദേശിച്ചിരിക്കുന്ന തത്വത്തിനു വിരുദ്ധമായ വിധത്തിൽ എത്ര ഷാപ്പുകൾ ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ടെന്നുള്ളത് എന്നെ അറിയിക്കുമോ?

മി: മാത്തുമുതിക്കൻ (വൈക്കം). ഇപ്രകാരമുള്ള ഷാപ്പുകൾ ആകെ എത്ര ഉണ്ടെന്നുള്ളത് ഞാൻ സൂക്ഷ്മമായി അറിഞ്ഞിട്ടില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): കുറഞ്ഞ പക്ഷം ഉദ്ദേശമായ കണക്കെങ്കിലും പറയുമോ?

മി: മാത്തുമുതിക്കൻ (വൈക്കം): ഏപ്രാളവെ പറയുന്ന പക്ഷം അതിന്റെ എണ്ണം ൪ ശതമാനത്തിൽ കവിയുന്നതാണ്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഇപ്രകാരമുള്ള ഷാപ്പുകളുടെ എണ്ണം ൫ ശതമാനം ആണെന്നു നിങ്ങൾ പറയുന്നു. എന്നാൽ എനിക്ക് ഇതിനെ എതിർക്കേണ്ടിയിരിക്കുന്നു.

മി. മാത്തു മുതിക്കൻ (വൈക്കം): എന്നാൽ അതു തെററാണെങ്കിൽ അതിനെ പരിഹരിക്കുന്നതിനു നിങ്ങൾക്ക് അർഹതയുള്ളതാണല്ലോ. ഏതായാലും എന്റെ പ്രമേയത്തെ സ്വീകരിക്കുന്നകാര്യത്തിൽ കമ്മീഷണർ അനുകൂലിയാണെന്നുള്ളത് എനിക്കു ബോധ്യമായിരിക്കുന്നു. ആ സ്ഥിതിക്കു എന്റെ പ്രസംഗത്തെ ഞാൻ ചുരുക്കിക്കളയാം. മദ്യനിരോധനനയം ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ടെന്നുള്ളതു ഇന്നലെവരെ ഞാൻ വിശ്വസിച്ചിരുന്നു. എന്നാൽ മദ്യനിരോധനനയം സ്വീകരിക്കുന്നകാര്യത്തിൽ ഗവണ്മെന്റു വൈമുഖ്യം പ്രകടിപ്പിക്കുകയാണെന്നായി. ഈ സംഗതി ദിവാൻ പ്രസിഡന്റ് ഈ സഭയിൽ ഇന്നലെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ വിഷയത്തെ സംബന്ധിച്ചു ഏതെങ്കിലും ഒരു അഭിപ്രായം പറയുന്നതിന് എനിക്കു വാഗ്ദാനമല്ല. ഗവണ്മെന്റു ഇപ്പോൾ സ്വീകരിച്ചിട്ടുള്ള അഭിപ്രായം ഇപ്രകാരം ആയിരിക്കാം. ഏതായാലും ഗവണ്മെന്റിന്റെ നയം മധുവർജ്ജനത്തെ അഭിവൃദ്ധിപ്പെടുത്തുകയാണെന്നുള്ളത് പ്രസിഡന്റ് പ്രസ്താവിക്കുകയുണ്ടായല്ലോ. ഏതായാലും പ്രസിഡന്റിന്റെ ഈ പ്രസ്താവന ആശ്വാസപ്രദമത്രെ. മധുവർജ്ജനകാര്യത്തിൽ സഹായം പ്രദാനംചെയ്യുന്നതിൽ ഗവണ്മെന്റു തയ്യാറായിരിക്കുന്ന സ്ഥിതിക്കു ഈ പ്രമേയത്തെ ഗവണ്മെന്റു സ്വീകരിക്കേണ്ടതാണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം). അതു എങ്ങനെയാണു സാധിക്കുക?

മി. മാത്തു മുതിക്കൻ (വൈക്കം): അതുവളരെ എളുപ്പത്തിൽ സാധിക്കുന്നതാണ്. അതു ഏതുവിധത്തിൽ നിർവ്വഹിക്കാൻ സാധിക്കുമെന്നുള്ളതു എളുപ്പത്തിൽ വിവരിച്ചുപറയുന്നതിന് എനിക്കു കഴിയും. പൊതുസ്ഥലങ്ങളിൽനിന്നു ഇന്ന ദൂരത്തിൽ ഷാപ്പുകൾ സ്ഥാപിക്കണമെന്നുള്ള വിധിയെത്തുടർന്നുമാത്രമെ ഈ പ്രമേയത്തിൽ പ്രതിപാദിച്ചിട്ടുള്ളു. മദ്യപാനത്തിന് എന്താണ് കാരണമാകുന്നതു എന്നുള്ളതു എനിക്കു അറിയാൻ പാടില്ല. ഏതായാലും പ്രേരകശക്തി അതിനു വലുതായ കാരണമായിരിക്കുന്നതാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): പൊതു ചന്തസ്ഥലങ്ങളിൽ ദിനം ഒരു ഫർലാംഗ് അകലത്തിൽ ഷാപ്പുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ സാമാജികനു എന്താണു പറയുവാനുള്ളതു?

മി. മാത്തു മുതിക്കൻ (വൈക്കം): ചില ശിപാർശകളെക്കുറിച്ചുമാത്രമെ എനിക്കു ഇപ്പോൾ ഗൗനിക്കേണ്ട ആവശ്യമുള്ളു. ആ വിഷയത്തിൽ ഞാൻ പൂർണ്ണമായി ഏർപ്പെട്ടിരിക്കുകയാണ്. എന്റെ പ്രമേയത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും കാര്യത്തെ സംബന്ധിച്ചു എനിക്കു ഗൌനിക്കേണ്ട ആവശ്യമില്ലല്ലോ. ഷാപ്പുകൾക്കു നിർദ്ദേശിച്ചിട്ടുള്ള സ്ഥാനങ്ങൾ മധുവർജ്ജനത്തെ ഏതുവിധത്തിൽ സഹായിക്കുമെന്നുള്ളതു അറിയുന്നതിന് എന്റെ സ്നേഹിതൻ ആഗ്രഹിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. അതു ഈവിധത്തിൽ അദ്ദേഹത്തിനു സഹായമായിരിക്കുമെന്നു അദ്ദേഹത്തിനെ ഞാൻ അറിയിച്ചുകൊള്ളുന്നു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും തെക്ക്): വിദേശമദ്യഷാപ്പുകൾ പ്രദേശത്തിൽനിന്നു ഒഴിവാക്കപ്പെട്ടിട്ടുള്ളതു എന്തുകൊണ്ടാണെന്നുള്ളതു എന്നെ അറിയിക്കുമോ?

മി. മാത്തുമുതിക്കൻ (വൈക്കം): ഷാപ്പുകൾ എന്നുള്ള പദത്തിൽ വിദേശമദ്യവും നാടൻമദ്യവും ഉൾപ്പെടുന്നതാണ്; ഇവിടെ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ വളരെ ബുദ്ധിപൂർവ്വകമായ വ്യാഖ്യാനമാണ് എന്റെ സ്നേഹിതൻ കൂട്ടിക്കുന്നതു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും തെക്ക്): "ചാരായഷാപ്പ്"കളും കള്ളുഷാപ്പുകളും കൂടി.

മി. മാത്തുമുതിക്കൻ (വൈക്കം): അതേ, എന്റെ പ്രമേയത്തിൽ പ്രതിപാദിച്ചിട്ടില്ലാത്ത കാര്യങ്ങളെപ്പററി പ്രതിപാദിക്കുന്നതു എന്തുകൊണ്ടാണെന്നുള്ളതു എനിക്കു മനസ്സിലാകുന്നില്ല. എന്റെ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളെക്കുറിച്ചു മാത്രമേ എനിക്ക് പ്രതിപാദിക്കേണ്ട ആവശ്യമുള്ളല്ലോ. അതിൽ കൂട്ടത്തലയോ കുറവോ എനിക്കു യാതൊന്നും ചെയ്യേണ്ടതായിട്ടില്ല. വിദേശമദ്യഷാപ്പുകൾ ഏതെങ്കിലും സ്ഥലത്തു ഗവണ്മെന്റിനു സ്ഥാപിക്കണമെന്നുള്ളപക്ഷം ആ കാര്യത്തിൽ ഈ അവസരത്തിൽ എനിക്കു യാതൊരു ആക്ഷേപവും പുറപ്പെടുവിക്കുവാനില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർ വക്കീൽ): ഷാപ്പുകൾ സ്ഥാപിക്കേണ്ട സ്ഥാനങ്ങളിനെ സംബന്ധിച്ചു ഇപ്പോൾ നടപ്പിലിരിക്കുന്ന ചട്ടം എന്താണെന്നുള്ളതു എന്നെ അറിയിക്കുമോ? ഈ ചട്ടം എക്സൈസസ് കമ്മിററി സ്വീകരിച്ചിട്ടുള്ളതാണ്. ഈ ശിപാർശ ചെയ്തിട്ടുള്ളതു അവരാണ്. ഈ കാര്യത്തിൽ ഇത്രയും സംഗതികൾ മാത്രമെ എനിക്കറിവാൻ പാടുള്ളു. ഇതാണു എനിക്കു പറയുവാനുള്ളതു.

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): ഈ വിഷയത്തിനെസംബന്ധിച്ച് ഇപ്പോൾ നടപ്പിലിരിക്കുന്ന ചട്ടങ്ങൾ ഇവിടെ ഹാജരാക്കിയിരിക്കുന്ന പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തിനു വിരുദ്ധമായിട്ടുള്ളതാണോ എന്നുള്ളതു് അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി. മാത്യുമുരിക്കൻ (വൈക്കം): ചട്ടങ്ങളെ ഇപ്പോൾ പ്രയോഗത്തിൽ കൊണ്ടുവരുന്നില്ല; ആതിനാൽ അവ നിർജ്ജീവമായ നിലയിൽ സ്ഥിതിചെയ്യുന്നു എന്നാണു ഞാൻ പറയുന്നതു. ചട്ടങ്ങൾ അനുസരിച്ചു കാര്യങ്ങൾ നടത്തിവരുന്നില്ല. അതുകൊണ്ടാണ് പ്രക്ഷോഭണം നടത്തുന്നതിനിടയായിട്ടുള്ളതു്. ചട്ടങ്ങൾ നിലവിലിരിക്കുന്നതുകൊണ്ടു ഇക്കാര്യത്തിൽ ഞാൻ സംതൃപ്തിനേടിക്കൊള്ളണമെന്ന് മാന്യമെമ്പർ എന്നോടു പറയുമെന്നു ഞാൻവിചാരിക്കുന്നില്ല. നാം പരമാർത്ഥത്തിൽ പ്രവൃത്തിയിൽ കൊണ്ടുവരേണ്ട ചട്ടങ്ങൾ നിലവിൽ ഉണ്ടിക്കുന്നുണ്ട്, അവ പ്രയോഗത്തിൽ കൊണ്ടുവരുന്നില്ല. അതുകൊണ്ടാണ് ഇപ്പോൾ നടപ്പിലിരിക്കുന്ന സമ്പ്രദായത്തിനു എതിരായി പ്രക്ഷോഭണം തുടങ്ങുന്നതിനു കാരണമായിട്ടുള്ളതു്.

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): ഏതെങ്കിലും പരാതികൾ ഉണ്ടായിട്ടുള്ളതിനെപ്പററി മെമ്പറിന് ബോധ്യമായിട്ടുണ്ടോ?

മി. മാത്യു മുരിക്കൻ (വൈക്കം): അനവധി പരാതികൾ ബോധിപ്പിച്ചിട്ടുണ്ട്.

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): ഈ ചട്ടങ്ങൾക്കു വിരുദ്ധമായവിധത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രത്യേകഷാപ്പിനെ സംബന്ധിച്ച് എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ?

മി. മാത്യു മുരിക്കൻ (വൈക്കം): ഏതെങ്കിലും അവസരത്തിൽ ഒരു പരാതി ഉണ്ടാകുന്നതു് ഒരു പ്രത്യേകഷാപ്പിനെസംബന്ധിച്ച് ആയിരിക്കണമെല്ലോ. സാമാന്യമായ വിധത്തിൽ അപ്രകാരമുള്ള പരാതി ഉണ്ടാകുവാനിടയില്ല. പ്രത്യേകസംഗതികളെ സംബന്ധിച്ചു ഇതിനുമുൻപു പരാതികൾ ഉണ്ടായിട്ടുണ്ട്. ഈ സംഗതി എക്സൈസ് കമ്മീഷണർ നിശ്ചയമായും സമ്മതിക്കുന്നതാണ്.

മി. എസ്സ്. പിറവിപ്പുരമാറം പിള്ള (കച്ചവടവും വ്യവസായവും തെക്ക്): മെമ്പർ ഏതെങ്കിലും പരാതി ബോധിപ്പിച്ചിട്ടുണ്ടോ എന്നുള്ളതു് എന്നെ അദ്ദേഹം അറിയിക്കുമോ?

മി. മാത്യു മുരിക്കൻ (വൈക്കം): ഷാപ്പുലേലത്തിൽ പിടിച്ചിട്ടുള്ള ഒരു കുത്തകക്കാരനല്ലാ ഞാൻ. ഞാൻ ഒരു ഷാപ്പും നടത്തിവരുന്നില്ല. അതിനാൽ നേരിട്ടു പരാതിബോധിപ്പിക്കേണ്ട അവസരം എനിക്കു ഉണ്ടായിട്ടില്ല. എന്നാൽ ജനങ്ങൾ അനവധി പരാതികൾ ഗവർണ്ണമെന്റിൽ ബോധിപ്പിച്ചിട്ടുണ്ട്. അവരിൽനിന്നു ഞാൻ ഈ വസ്തുതഅറിഞ്ഞിട്ടുള്ളതാണ്. ഈ പരാതികളെ സംബന്ധിച്ച് ഗവർണ്ണമെന്റ് നടപടിനടത്താതെ മൌനം ഭജിക്കുകയാണ് ചെയ്യുന്നതു്.

രണ്ടാമത്തെ വിഷയത്തെ സംബന്ധിച്ചിടത്തോളവും, അതു പൊതുജനങ്ങളെ എങ്ങനെ സഹായിക്കുന്നുഎന്നുള്ളതിനെപ്പററി ഇപ്പോൾ ഞാൻ പ്രസ്താവിക്കാം. പൊതുജനങ്ങളുടെ സന്മാർഗ്ഗജീവിതത്തെ ഗുണകരമായവിധത്തിൽ അതു സഹായിക്കുന്നതാണ്. ഈ വിധത്തിൽ അതു ജനങ്ങൾക്കു സഹായം നൽകുമെന്നു വിചാരിക്കുന്നു. മദ്യം എന്നതു നമ്മെ എല്ലാവരേയും സംബന്ധിച്ചിടത്തോളം പാവനപരമായ ഒന്നല്ലല്ലോ. കൂടാതെ പൊതുജനങ്ങൾ ആരാധനക്കായി ഉപയോഗിക്കുന്ന സ്ഥലങ്ങളും പരിശുദ്ധമായിട്ടുള്ളതല്ലെ. ഞാൻ ഈ വസ്തുത ഈ സഭയെ അറിയിക്കേണ്ട ആവശ്യമില്ലല്ലോ. അപ്രകാരം ചെയ്യുന്നതു എന്നെ സംബന്ധിച്ചിടത്തോളം മിക്കവാറും യോഗ്യമായിരിക്കുന്ന ഒരു നടപടിയായിരിക്കുന്നതല്ല. പൊതുജനങ്ങൾ ദേവാരാധന നടത്തിക്കൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ ഒരു ചാരായഷാപ്പോ, കള്ളുഷാപ്പോ സ്ഥാപിക്കുന്നതു് മേൽപ്പറഞ്ഞതിനു തീരെ യോഗ്യമായിരിക്കുന്നതല്ല. അപ്രകാരമുള്ള ഷാപ്പുകൾ അവിടെ സ്ഥാപിക്കുന്നതു് ആശാസ്യമായിരിക്കുന്നതല്ലെന്നുള്ളതു യാതൊരു വിശദതയും കൂടാതെ അറിയുന്നതിനു ഈ സഭയിലെ സാമാജികന്മാർക്ക് സാധിക്കുന്നതാണ്. അതിനാൽ ഈ സഭയിൽ ഈ കക്ഷിയിലും മറുകക്ഷിയിലും ഉള്ള സാമാജികന്മാർ ഈ വസ്തുത മനസ്സിലാക്കുമെന്നു ഞാൻ വിചാരിക്കുന്നു. വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ ഇനി പ്രസ്താവിക്കാം. ഓവിക്കാലത്തിലെ പൌരന്മാരും, രാജ്യതന്ത്രജ്ഞന്മാരും, സാമാജികന്മാരും ആയിത്തീരേണ്ടതു് ഇന്നത്തെ കുട്ടികൾ ആണ്. ഇതു് മിക്കവാറും പല ആവർത്തി പറഞ്ഞുകഴിഞ്ഞിട്ടുള്ള ഒരു കാര്യം ആണ്. ഇന്നത്തെ കുട്ടികളുടെ സന്മാർഗ്ഗസ്ഥിതിയെപ്പററി നാം പ്രത്യേകം പരിഗണിക്കേണ്ടതാണ്. പ്രായാധിക്യമുള്ള ഒരാളെ സംബന്ധിച്ചു ഒരു കുട്ടിക്കു വളരെ ബഹുമാനം ഉണ്ടായേക്കാവുന്നതാണ്. എന്നാൽ ഈ ആൾ മദ്യം സേവിക്കുന്നതിനു ഷാപ്പിൽ ഗൃഹമായി പ്രവേശിക്കുന്നപക്ഷം മേൽ പറഞ്ഞ കുട്ടിയെ സംബന്ധിച്ചിടത്തോളം ആയതു വളരെ ദോഷകരമായി തീരുന്നതാണ്. അതിനുപുറമേ തനിക്കതുകൂടെയും ഷാപ്പിൽ പ്രവേശിച്ചു മദ്യംസേവിക്കാവുന്നതാണെന്നു ആ കുട്ടിയും വിചാരിക്കുന്നതിനിടയുണ്ട്. അതിനാൽ ഇപ്രകാരം നേരിടുന്ന ദുഷ്ഫലത്തേയും അനാശാസ്യമായ നടപടിയേയും ഇല്ലായ്മചെയ്യുന്നതിനാണ് ഞാൻ മേൽപറഞ്ഞ ഏർപ്പാടിനെക്കുറിച്ചു വാദിച്ചിട്ടുള്ളതു്. മദ്യപാനമുഖാ സന്മാർഗ്ഗസ്ഥിതി നശിച്ചുപോകുന്നു. ഞാൻ ഇതിനെപ്പററി പറഞ്ഞിട്ടുണ്ട്. മേൽപറഞ്ഞ വിധത്തിലുള്ള ഷാപ്പുകൾ കൂടുതൽ ദൂരത്തിൽ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുന്നപക്ഷം, അതുമൂലം മററുകാര്യങ്ങളിലും പൊതുജനങ്ങൾക്കു ഗുണം സിദ്ധിക്കുന്നതാണ്. ജീവഹാനി വരുത്തിയതായി പലപ്പോഴും നാം കേൾക്കാറുണ്ടല്ലോ, സർ; നടപടി ചുരുക്കമായിട്ടു മാത്രമേ ഉള്ളുവെങ്കിലും വക്കീൽ പണി ആണു ഞാൻ സ്വീകരിച്ചിട്ടുള്ള തൊഴിൽ. മേൽപറഞ്ഞ ചട്ടം പ്രയോഗത്തിൽകൊണ്ടുവരുന്നപക്ഷം, മേൽപ്രസ്താവിച്ചവിധത്തിൽ നേരിടുന്ന സമാധാനഭംഗങ്ങളിൽ ഏറിയഭാഗവും ഇല്ലാതാക്കാൻ സാധിക്കുന്നതാണ്. ഇതു നിശ്ചയമായുമുള്ള ഒരു ചട്ടമാണ്. കുത്തകക്കാരനോ ഗവർണ്ണമെന്റിനോ യാതൊരു വിധത്തിലുള്ള നഷ്ടവും നേരിടാതിരിക്കത്തക്കവിധത്തിൽ ഈ ചട്ടം പ്രയോഗത്തിൽ വരുത്താവുന്നതാണ്. ഈ കാരണങ്ങളാൽ, ഷാപ്പുകൾ സ്ഥാപിക്കുന്ന അവസരങ്ങളിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന ഈ ചട്ടം അനുസരിച്ചു ഗവർണ്ണമെന്റു പ്രവർത്തിക്കേണ്ടതാണ്. ഈ കാര്യം ഞാൻ ഗവർണ്ണമെന്റിനോടു ബലമായി ശിപാർശചെയ്തുകൊള്ളുന്നു.

മി. പി. എസ്. മുഹമ്മദ് (നിയമനം): മി മുരിക്കൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ സന്തോഷപൂർവ്വം പിൻതാങ്ങിക്കൊള്ളുന്നു. പള്ളിക്കൂടങ്ങൾ, പബ്ലിക്ക് ആഫീസുകൾ, പൊതുജനസേവാ

നാധന സ്ഥലങ്ങൾ ഇവയുടെ സ്ഥാനങ്ങളിൽനിന്നും രണ്ട് ഫർലാംഗ് ദൂരത്തിൽ മാത്രമെ കള്ളുഷാപ്പ് അല്ലെങ്കിൽ ചാരായഷാപ്പ് സ്ഥാപിക്കാൻ പാടുള്ളു എന്നാണ് എന്റെ സ്നേഹിതന്റെ പ്രമേയം. ഇന്നത്തെ വകുപ്പുകളൊ ചട്ടങ്ങളൊ ഏതുവിധത്തിലിരുന്നാലും, മേൽപറഞ്ഞ സ്ഥലങ്ങളോടു സമീപമുള്ള ഷാപ്പുകൾ ധാരാളമുണ്ടെന്നുള്ളതിനു യാതൊരു സംശയവും ഇല്ലാ. ആലപ്പുഴയിൽതന്നെ ഇങ്ങനെയുള്ള ഷാപ്പുകൾ ഉള്ളതായിട്ട് എനിക്കറിയാം. അതിൽ ഒരു ഷാപ്പു ആലപ്പുഴ പെൺപള്ളിക്കൂടത്തിന് സമീപം ഒരു കെട്ടിടം കെട്ടിനടത്തുന്നതിന് അനുവാദംചോദിച്ചു അനുവദിക്കാതെ കൊടുത്തില്ലാ. ഷാപ്പുകാരൻ അതിനെ വകവയ്ക്കാതെ കെട്ടിടംകെട്ടി. മുൻസിപ്പാലിറ്റിയിൽനിന്നും നടപടിസ്വീകരിക്കപ്പെട്ടു. ആ ഷാപ്പു അവിടെ സ്ഥാപിക്കാൻ ലൈസൻസുകൊടുക്കരുതെന്ന് മുൻസിപ്പാലിറ്റിയിൽനിന്നും എഴുതിഅയച്ചു. ഷാപ്പ് ഇന്നും ആ നിലയിൽ അവിടെ തന്നെ ആണു നടന്നുവരുന്നതു്. ആലപ്പുഴയിൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമാണു മുൻസിപ്പൽ മാർക്കറ്റ്. അനേകം ജനങ്ങൾ പുരുഷന്മാരും സ്ത്രീകളും കുട്ടികളും ദിവസേന വളരെത്തിൽകയറി കടത്തിറങ്ങുന്ന ഒരു കടവിനടുത്താണു മുനിസിപ്പൽ മാർക്കറ്റ് സ്ഥിതിചെയ്യുന്നതു്. അവിടെആണ് ഈ മദ്യഷാപ്പു നടക്കുന്നതു്. ഇതിനെസംബന്ധിച്ച് ഞാൻ ഈ കൌൺസിലിൽ ചോദ്യം ചോദിച്ചിരുന്നു. ഒരു പ്രയോജനവും ഉണ്ടായില്ല. ഇപ്രകാരമുള്ള സംഗതികൾ ആലപ്പുഴപോലെ ഒരു പ്രധാനപ്പെട്ട സ്ഥലത്തു് നടക്കുന്നു എന്നുവരുന്നപക്ഷം മററു പല സ്ഥലങ്ങളിലേയും കാര്യം ചോദിക്കാനുണ്ടൊ, ഇങ്ങനെ ഉള്ള സ്ഥലങ്ങളിൽ ഷാപ്പുകൾ ഉണ്ടായിരുന്നാൽ ടെമ്പറൻസിനു വലിയ സഹായമായിത്തീരുകയില്ലെ എന്നുള്ള എന്റെ സ്നേഹിതൻ മി, താണുപിള്ളയുടെ ചോദ്യത്തിനു വലിയ അർത്ഥമുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. ടെമ്പറൻസിന് അനുകൂലമുണ്ടാകണമെങ്കിൽ, അനേകം ജനങ്ങൾ തിങ്ങിക്കൂടുന്ന സ്ഥലങ്ങളിൽനിന്നും വളരെ അകലെ മാത്രമെ മദ്യഷാപ്പുകൾ സ്ഥാപിക്കാൻ പാടുള്ളു എന്നു നിബന്ധന ഉണ്ടായിരിക്കണം.

കള്ളുകുടിയന്മാരുടെ ഉപദ്രവത്തെപ്പററി ഇവിടെ പ്രത്യേകം പറയേണ്ട ആവശ്യമില്ല. ഒരുദിവസം രാത്രിയിൽ ആലപ്പുഴ രണ്ടു സായിപ്പന്മാരെ റിക്ഷാ വണ്ടിയിൽ കയററി വലിച്ചുകൊണ്ടുപോകയായിരുന്നു. അതിൽ ഒരാൾ റിക്ഷാവണ്ടിയിൽ ചവിട്ടിക്കയറുന്നതിനുമുമ്പ് തലവച്ചു് കാലു വണ്ടിവലിക്കുന്നവന്റെ മീതെ ഇട്ടിരിക്കയായിരുന്നു. ആ വണ്ടി വലിക്കുന്നവൻ തന്റെ കൂട്ടുകാരനോടു "ഈ സായിപ്പിനെ ഇവിടെ ഇരുത്തിച്ചില്ലെങ്കിൽ ഞാൻ വണ്ടിയിൽനിന്ന് ഇറക്കിവിട്ടിട്ടുപോകും എന്ന്" മററു സായ്പിനോടു പറയാൻ പറഞ്ഞു.

ഡെപ്യൂട്ടിപ്രസിഡൻറ്: നിങ്ങൾ മേൽ സൂചിപ്പിച്ച സംഗതിയും ചാരായവും കള്ളും തമ്മിൽ എന്തു സംബന്ധമാണ് ഉള്ളതു്.

മി. പി. എസ് മഹമ്മദ് (നിയമനം): ഞാൻ ചെന്ന് അന്വേഷിച്ചപ്പോൾ ആ സായ്പു കള്ളുകുടിച്ചിരിക്കയാണെന്ന് മനസ്സിലായി.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടവും വ്യവസായവും, തെക്ക്): വിദ്യാലയങ്ങളിൽനിന്നും രണ്ടു ഫർലാംഗ് ദൂരത്തിനകത്തുള്ള സ്ഥലങ്ങളിൽ ഷാപ്പുകൾ സ്ഥാപിക്കുന്നതുകൊണ്ടാണൊ ഈ വിധത്തിൽ സംഭവിക്കുന്നതു്?

മി. പി. എസ്. മഹമ്മദ് (നിയമനം): കള്ളുകുടികൊണ്ടുള്ള ഉപദ്രവത്തെപ്പററി പറയുകയാണ്.

ഡെപ്യൂട്ടിപ്രസിഡൻറ്, ഈ വിഷയത്തെപ്പററി നമുക്കിപ്പോൾ പ്രതിവാദിക്കേണ്ട ആവശ്യം നേരിട്ടില്ലാ.

മി. പി. എസ്. മഹമ്മദ് (നിയമനം): അഭിമാനത്തോടും നല്ലനിലയിലും ജീവിക്കുന്ന വെള്ളക്കാരെക്കൂടി മദ്യപാനത്തിൽ ഈ സ്ഥിതിയിൽ ആക്കാൻ കഴിയുന്നുവെങ്കിൽ, സാധുക്കളും മിക്കവാറും മാനാപമാനം തിരിച്ചറിയാൻ പാടില്ലാത്തനിലയിൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവരുമായവർ ഷാപ്പിൽനിന്നും ഇരങ്ങിയാൽ കാട്ടിക്കൂട്ടുന്നതെന്തെല്ലാമാണെന്ന് ഇവിടെ പറയേണ്ട ആവശ്യമില്ല. അതുകൊണ്ട് ഈ ഷാപ്പുകളെ ഇങ്ങനെ ഉള്ള സ്ഥാനങ്ങളിൽനിന്നും ഒഴിക്കേണ്ടതാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഈ പ്രമേയത്തെ പിൻതാങ്ങുകൊള്ളുന്നു.

മി. വി. ജെ. ഉമ്മൻ (കുച്ചവടവും വ്യവസായവും, വടക്ക്). മി. മാത്തുമ്പിക്കന്റെ പ്രമേയത്തെ ഞാനും പിൻതാങ്ങുന്നു. പൊതു ആരാധനസ്ഥലങ്ങൾ, പള്ളിക്കൂടങ്ങൾ, ഇതുകളുടെ സമീപത്തുനിന്നും അല്പം മാററിമാത്രമേ മദ്യഷാപ്പുകൾ സ്ഥാപിക്കാൻപാടുള്ളു എന്നാണ് പ്രമേയസാരം. അതിന് എക്സൈസ്കമ്മീഷണർ എന്തെങ്കിലും തടസ്സം പറയുന്നുണ്ടെങ്കിൽ അതു് ഒരു കാരണത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കും. അതായതു്, ഇപ്രകാരം ചെയ്താൽ ഡിപ്പാർട്ടുമെൻറിലെ വരവു കുറഞ്ഞുപോകുമെന്നുള്ളതാണ്. അതിലേക്കു എനിക്കു പറയാനുള്ള സമാധാനം, ഗവണ്മെൻറിൽനിന്നും മദ്യവർജ്ജനനയം അംഗീകരിച്ചിരിക്കുന്ന സ്ഥിതിക്ക്, അല്ലെങ്കിൽ മദ്യവ്യാപാരം കുറച്ചുകുറച്ചു മദ്യവർജ്ജനം നടപ്പിൽ വരുത്തണമെന്ന് പ്രഖ്യാപനം ചെയ്തിരിക്കുന്ന സ്ഥിതിക്ക്, ഈ കാര്യം പ്രവൃത്തിക്കുന്നതുകൊണ്ട് ഗവണ്മെൻറിന്റെ ആദായം കുറെ കുറഞ്ഞാലും, തരക്കേടില്ലെന്നും ഈ സംഗതിയിൽ ആദായം കുറഞ്ഞതുകൊണ്ട് ഗവണ്മെൻറോ പൊതുജനങ്ങളൊ ആത്മാർത്ഥതയെ കുറ്റിഷണരെ കുററം പറയുകയില്ലെന്നുമാണ് നേരേമറിച്ച് മദ്യവിപ്ലവനയിലുള്ള ആദായം കുറഞ്ഞുവരുന്നു എങ്കിൽ നിയമസഭാ സാമാജികന്മാരൊ പ്രജാസഭാ സാമാജികന്മാരൊ ഗവണ്മെൻറിനെ അഭിനന്ദിക്കുകയല്ലാതെ ഗവണ്മെൻറിന്റെ അശ്രദ്ധകൊണ്ട് വരവു കുറഞ്ഞുപോയതാണെന്ന് ഒരിക്കലും പറയുകയില്ലാ.

മി. മുറുവേലിൽപാച്ചുപിള്ള (ചേർത്തല): മദ്യഷാപ്പുകൾ പരസ്യമായ സ്ഥലത്തിരിക്കുന്നു് ആരും കാണാതെ ഒളിച്ചുപോയി കുടിക്കണമെന്നുള്ളവരെ തടയുന്നതിന് ഉപയോഗപ്പെടുകയില്ലെ?

മി. വി. ജെ. ഉമ്മൻ (കുച്ചവടവും വ്യവസായവും, വടക്ക്): അങ്ങനെ ഉള്ള കാലം കഴിഞ്ഞുപോയി; അതു് പണ്ടായിരുന്നു. ഇപ്പോൾ ഒളിച്ചുകുടിക്കണമെന്ന് വിചാരിക്കുന്നവർ ആരുംതന്നെഇല്ലാ.

മി. മുറുവേലിൽപാച്ചുപിള്ള (ചേർത്തല): സ്കൂൾകുട്ടികൾ പോകുമ്പോൾ കള്ളുകുടിക്കുന്ന ആളുകൾ കണ്ടു ശകാരം ആക്ഷേപിക്കാനും ഇടവരുമെന്ന കരുതി പള്ളിക്കൂടങ്ങൾക്കു സമീപിച്ചിരിക്കുന്ന ഷാപ്പുകളിൽ കള്ളുകുടിക്കാൻ കയറുമൊ എന്നാണ് എന്റെ ചോദ്യം? അതുകൊണ്ട് കള്ളുകുടിക്കാരുടെ സംഖ്യ കുറയ്ക്കുന്നതിന് ഇങ്ങനെ പരസ്യമായ സ്ഥലങ്ങളിൽ ഷാപ്പുകൾ വയ്ക്കുകയല്ലയെന്നല്ലതു്?

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്): ആ വിചാരം കഴിഞ്ഞുകാലത്തായിരുന്നു. ഇപ്പോൾ ആ വിചാരം ഇല്ലാ (ചിരി)

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): രാത്രി വൈകുന്നേരം ഷാപ്പുകളുടെ മുൻവശത്ത് ഗ്ലാസ് കൊണ്ടു ഇട്ടു കൊട്ടിക്കൊണ്ടിരുന്നാൽ കള്ളുകുടിക്കുന്നതിനുള്ള സൌകര്യം കുറയുകയില്ലേ?

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്): കൊട്ടിക്കൊണ്ടു നടന്നാലും കള്ളുകുടിയന്മാരുടെ സംഖ്യ കുറയുകയില്ല.

മി: എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും ദേവികുളവും): ഞാൻ മിസ്റ്റർ മുരിക്കന്റെ പ്രമേയത്തെ ഹൃദയപൂർവമായി അനുകൂലിക്കുന്നു. ന്യായമനുസരിച്ചു പബ്ളിക് സ്ഥലങ്ങളിൽനിന്നും വ. ഹർഷാണ്ട്ളുടെ ഷാപ്പു പൂട്ടി നടത്തണമെന്നാണ് ഇപ്പോഴും ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്.

എന്നാൽ ഇപ്പോൾ നടപ്പിലിരിക്കുന്ന നടപടിയെ നോക്കുമ്പോൾ, നിയമം അങ്ങനെ ഇരുന്നിട്ടും പ്രവൃത്തി മറ്റൊരു തരത്തിലാകുന്നു ഡിപ്പാർട്ടുമെന്റിനു തന്നെ ബോദ്ധ്യം വന്നിട്ടുണ്ട്. അപ്രകാരം ഒരു നിയമം ഇരിക്കെ അതനുസരിച്ചു പ്രവർത്തിക്കാതെയിരിക്കരുത്; നോക്കുമ്പോൾ അതിൽ രഹസ്യമുണ്ടെന്നു ആരുംകാണാതെ തന്നെ കൂതാന്നിപ്പോകുന്നു.

മീനച്ചിൽതാലൂക്കിൽ ആരുവർഷക്കാലമായി ദേവാലയങ്ങളുടേയും പള്ളിക്കൂടങ്ങളുടേയും മററുപൊതുസ്ഥാപനങ്ങളുടേയും സമീപമിരിക്കുന്ന ഒരു ചാരായഷാപ്പ് മാററുന്നതിനുവേണ്ടി എന്റെ മുൻഗാമികളായ ജനപ്രതിനിധികളും ഞാൻ തന്നെയും പ്രത്യക്ഷമായും പരോക്ഷമായും പരിശ്രമിച്ചിട്ടും ഇപ്പോഴുംഷാപ്പു അവിടതന്നെയിരിക്കുന്നുണ്ടെന്നു എനിക്കറിയാം. മീനച്ചിൽതാലൂക്കിൽ മററു പലസ്ഥലത്തും ഇതുപോലുള്ള ഷാപ്പുകൾ ഉണ്ടെന്ന് എനിക്കു നേരിട്ടറിയാവുന്നതാണ്. മണ്ട് മൂന്നുവർഷത്തിനുമുൻപ് മീനച്ചിൽ താലൂക്കിലെ മദ്യവർജ്ജനപരിശ്രമത്തിനിടയിൽ, ഈ മദ്യഷാപ്പിനെ അവിടെനിന്നും മാററിത്തരണമെന്നു എക്സൈസ് കമ്മീഷണരോടു പലതവണയും പറഞ്ഞു. ഇതുകൊണ്ടു ഗവൺമെന്റിന് ഒരു വിധത്തിലും ഉപദ്രവമുണ്ടാകുന്നതല്ല. ഗവൺമെന്റിൽനിന്ന് കൺട്രാക്ററർമാർക്ക് ഷാപ്പ് ലേലംചെയ്തുകൊടുക്കുന്നതിനു അവർക്ക് വളരെ വ്യവസ്ഥകൾ ഉണ്ടാക്കിട്ടുണ്ട്. ആ വ്യവസ്ഥകൾ അനുസരിച്ച് ലേലംചെയ്തുവരുന്നു. ലേലത്തിൽ ഷാപ്പുപിടിക്കുന്നവൻ നിശ്ചിത അതിരിൽ ഷാപ്പു പൂട്ടി നടത്തണം. അതു് അവന്റെ കൃത്യമാണ്. നഷ്ടം വരുത്തണമെന്നു പറയേണ്ടതു് പിന്നീടല്ല. ആരും നിർബന്ധിച്ചിട്ടല്ലല്ലോ. കൺട്രാക്ററർ ലേലത്തിൽ ഷാപ്പുപിടിക്കുവാൻ വരുന്നതു്. ആ സ്ഥിതിക്ക് ദേവാലയങ്ങളുടെ ഇത്ര ദൂരത്തു, അല്ലെങ്കിൽ മററു സ്ഥാപനങ്ങളുടെ ഇത്ര ദൂരത്തെ ഷാപ്പുവയ്ക്കാൻ പാടുള്ളു എന്ന് നിർബന്ധിക്കാൻ അവകാശമുണ്ട്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഒരു പൊതു സ്ഥലത്തിനുസമീപത്തിൽ വളരെക്കാലമായിട്ട് ഒരു ഷാപ്പ് സ്ഥിതിചെയ്യുന്നു എന്ന് മെമ്പർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഈ വസ്തുത അദ്ദേഹം എന്നെ ധരിപ്പിച്ചിട്ടുണ്ടോ എന്നുള്ളതു് എന്നെ അറിയിച്ചാൽകൊള്ളാം?

മി: എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും ദേവികുളവും): എനിക്കു ചോദ്യം പൂർണ്ണമായിട്ടു മനസ്സിലായില്ല. ഈ സംഗതി ഞാൻ ഇപ്പോഴത്തെ കമ്മീഷണരെ മനസ്സിലാക്കിട്ടില്ല. അതിന് രസരഹസ്യമുണ്ടായിട്ടുമില്ലാ. ഞാൻ പറഞ്ഞതു് മിസ്റ്റർ വാൻട്രോസിനോടാണ്.

മി. പാച്ചുപിള്ളയുടെ ചോദ്യത്തിൽനിന്നും മനസ്സിലാകുന്നതു് വിദ്യാർത്ഥികൾ ധാരാളം സഞ്ചരിക്കുന്ന സ്ഥലങ്ങളിൽ മദ്യഷാപ്പുകൾ ഉണ്ടായിരുന്നാൽ പരസ്യമായി അവിടെ പോകുന്നതിന് അവരുടെ കൂർക്കവിളിയും മററും മൂലം പ്രതിബന്ധം ഉണ്ടാകുകയും, തൻമൂലം ഷാപ്പിൽ വരുന്നവരുടെ സംഖ്യ കുറയ്ക്കുകയും ചെയ്യുമെന്നല്ലാ എന്നാണ്. എന്നാൽ നമ്മുടെ വിദ്യാർത്ഥികൾ അത്രമോശമല്ല. മനുഷ്യനിൽനിന്ന് മനുഷ്യത്വംവിട്ടു മൃഗങ്ങളെപ്പോലെ പോകുന്നതുകണ്ടാൽ വിദ്യാർത്ഥികൾ ക്ലാസിയേക്കാൾ വിദ്യാർത്ഥികൾ വഴിക്കുപോകുന്നവരെ ക്ലാസി എന്നു വരുന്നതല്ല. വിദ്യാർത്ഥികളെ വഴിതിരിച്ചുവിട്ടല്ല ഇതിനു പരിഹാരമുണ്ടാക്കേണ്ടതു്, അതു് അവർക്കു തന്നെ ഒരു ഉദാഹരണമായിതീരാൻ ഇടയുണ്ട്. അതിനാൽ മദ്യഷാപ്പു വിദ്യാർത്ഥികൾ സഞ്ചരിക്കുന്നസ്ഥലത്തു് സ്ഥാപിച്ചാൽ അതിൽ അവരെ ചീത്തയാക്കുന്നതിനുതക്കുന്ന ഒരു സാഹചര്യമുണ്ടെന്നു മനസ്സിലാക്കാം. ഗവൺമെന്റിൽ വരുന്ന ആദായത്തെ മാത്രംനോക്കാതെ ജനങ്ങളുടെ ആരോഗ്യവും രക്ഷയും വാക്കാക്കി അതിനനുരൂപമായവിധത്തിൽ ഷാപ്പുവെച്ചുകൊണ്ടിരിക്കണമെന്നുള്ള ചുമതലയുണ്ടെന്നു ഡിപ്പാർട്ടുമെന്റിനും ഗവൺമെന്റിനുമുണ്ടെന്ന് എന്റെ സ്നേഹിതനായ പ്രമേയപ്രസ്താവകൻതന്നെ ഇവിടെ പ്രത്യക്ഷപ്പെടുത്തിട്ടുണ്ട്. ഗവൺമെന്റ് ഓരോരോതരത്തിൽ നിയമങ്ങൾ ഉണ്ടാക്കി അതുകൊണ്ടു ജനങ്ങളെമാത്രം തിരിക്കുകയും, അവയെ ജനങ്ങൾ അനുസരിക്കണമെന്നും ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാർ അനുസരിക്കേണ്ട നിർബന്ധമില്ലെന്നും കണക്കാക്കുന്നതു് ഒരു പ്രകാരത്തിലും ക്ഷേമകരമല്ല. ജനങ്ങളെ ചിത്തരാക്കുന്ന ഈ സാഹചര്യം ഉടൻ മാററിയാലല്ലാതെ ഗവൺമെന്റും ജനങ്ങളും സായത്രികമായി സ്വീകരിച്ചിരിക്കുന്നതും സർവോത്തമമെന്നു ജനങ്ങൾ വിശ്വസിക്കുന്നതും ഗവൺമെന്റ് പ്രഖ്യാപനം ചെയ്തിരിക്കുന്നതുമായ മദ്യവർജ്ജനനയം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനു സാധിക്കുകയില്ല എന്നുള്ളതിനു കൌൺസിലിൽ അവതരിക്കുന്ന ചോദ്യങ്ങൾ ഉത്തരം കിട്ടാത്തവയാണെങ്കിലും പ്രത്യക്ഷമായ തെളിവുകൾ ആണ്. പൊതുസ്ഥാപനങ്ങളുടേയും വിദ്യാലയങ്ങളുടേയും സമീപത്തു് ഇപ്പോഴും സ്ഥാപിച്ചിരിക്കുന്നതായ മദ്യഷാപ്പുകളെ ഉടനെ മാററിസ്ഥാപിക്കാൻ വേണ്ടവ്യവസ്ഥചെയ്യാമെന്നുള്ള സന്തോഷപൂർവകമായ വാഗ്ദാനം ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷൻ നല്കുകയുണ്ടായി എന്നുള്ള വിശ്വാസത്തോടും, ഈ പ്രമേയത്തിന്റെ പര്യവസാനത്തെക്കാണാൻ ആഗ്രഹിച്ചുകൊണ്ടും ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: ഇട്ടുപ്പുഇട്ടിയച്ചൻ (കുന്നത്തുനാട്): മിസ്റ്റർ മുരിക്കൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ ഹൃദയപൂർവം താങ്ങുന്നു. ഈ പ്രമേയത്തിന്റെ പല സംഗതികളേയുംപററി വിസ്തരിക്കണമെന്നുണ്ടെങ്കിലും ആഗ്രഹമുണ്ടെങ്കിൽ അതിന് തൽക്കാലം നല്ല സുഖമില്ലാത്തതിനാൽ ചുരുക്കിപറയാം. ഇതിന്റെ പൂർണ്ണമായ ചരിത്രത്തെപ്പററി ബഹുമാന്യകാലത്തു് വിസ്താരമായി പറഞ്ഞിട്ടുണ്ട്. ദേവാലയങ്ങൾ, പള്ളിക്കൂടം, മാർക്കററുകൾ, മുതലായ പബ്ളിക് സ്ഥലങ്ങളോടു സമീപിച്ചു് അല്ല ഈ ഷാപ്പുകൾ ഇരിക്കുന്നു എന്നാണ്

രികിൽ, ഇന്ന് എക്സൈസിന്റെ വരവു ഇത്ര അധികം വർദ്ധിക്കുമോ എന്ന് സംശയമുണ്ട്. പബ്ളിക്ക്സ്ഥാപനങ്ങൾക്കടുത്തു് ഇപ്രകാരമുള്ള ഷാപ്പുകൾ കൂന്നത്തുനാട്ട് താലൂക്കിൽ എവിടെ ഏല്പാമിക്കുന്നു എന്നുള്ളതു് എക്സൈസ് കമ്മീഷണർ അവർകളുടെ അറിവിൽപെട്ടിട്ടുണ്ടോ എന്ന് അറിഞ്ഞാൽകൊള്ളാം. ഈ മദ്യഷാപ്പുകളെ പബ്ളിക്ക്സ്ഥാപനങ്ങളിൽനിന്നും രണ്ട് ഫർലാഗ്ളെങ്കിലും മാററി സ്ഥാപിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): മിസ്റ്റർ മുരിക്കൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. മനുഷ്യർക്ക് വിരോധം ഉണ്ടാക്കുന്നതായ വിദ്യാലയങ്ങളുടേയും ക്ഷേത്രസ്ഥാപനങ്ങളുടേയും സമീപത്ത് ബോധം കെടുത്തുന്ന ഈ മദ്യഷാപ്പുകളെ വയ്ക്കുന്നതു് തീരെത്തന്നെ ഉചിതമായിരിക്കുമെന്ന് വിശേഷിച്ചു പറയേണ്ടതില്ല. എന്റെ സ്നേഹിതന്മാരിൽ ചിലർ പറഞ്ഞതു് വിദ്യാലയങ്ങളുടെ സമീപം കള്ളുഷാപ്പ് സ്ഥാപിക്കുന്നതായാൽ വിദ്യാർത്ഥികളിൽ അനേകം ആളുകൾ കള്ളുകുടിക്കുന്നതു കണ്ടു അവരും അതിനെ അനുകരിക്കാനും ആക്ഷേപിക്കാനും ഇടവരുമെന്നാണ്. ഈ സംശയം കേവലം എലിമെൻററി പള്ളിക്കൂടങ്ങളുടെ സമീപമായിരുന്നാൽ മാത്രമേ ഇങ്ങനെ ഒരു സംശയത്തിനു ഇടവരികയുള്ളു എന്നാൽ ഹൈസ്ക്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ഒരു പക്ഷെ ഇതിലേക്ക് പ്രേരിപ്പിക്കാൻകൂടി ഈ സമീപത്തുള്ള സ്ഥാപനങ്ങൾകൊണ്ട് ഇടവന്നേക്കും. അതുകൊണ്ട് എല്ലാവിധത്തിലും ഇങ്ങനെയുള്ള പരിശുദ്ധസ്ഥാപനങ്ങളുടെ സമീപത്തിൽ ഈ ആക്ഷേപകരമായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതു് ഒരു കാലത്തും നല്ലതല്ലെന്നുള്ള അഭിപ്രായത്തോടുകൂടി മിസ്റ്റർ മുരിക്കന്റെ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മി: പി. രാമാമതിനായരംപിള്ള (എക്സൈസ്കമ്മീഷണർ): സർ, ഈ സഭയുടെ ചിന്തയ്ക്കു ഇപ്പോൾ വിഷയീഭവിച്ചിരിക്കുന്ന കാര്യം വളരെ ഗൌരവം ഉള്ള ഒന്നുതന്നെയാണ്. കുറച്ചുകൂടി (മി: ആർ. കേശവപിള്ള കുറച്ചുകൂടി, ഉറക്കെ സംസാരിക്കണം.) പൊതുജനങ്ങളുടെ സൌകര്യത്തെപ്പററി പരിഗണിച്ചു് മദ്യഷാപ്പുകൾ യോജിച്ചസ്ഥലങ്ങളിൽ സ്ഥാപിക്കണമെന്നുള്ള സംഗതി കുറച്ചുകാലം മുൻപുതന്നെ അതായതു് ആയിരത്തിതൊള്ളായിരത്തി ഏഴാമാണ്ടുമുതൽ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടുകൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിൽ ഗവണ്മെന്റ് ചട്ടങ്ങൾ ഉണ്ടാക്കിട്ടുണ്ട്. ഈ സഭയിലുള്ള സാമാജികന്മാരുടെ അറിവിനായി അവയിൽ ഏതാനും ചട്ടങ്ങളെ ഞാൻ ഇപ്പോൾ വായിക്കാം.

"ചന്തസ്ഥലങ്ങൾ, അല്ലെങ്കിൽ പൊതു കച്ചേരിസ്ഥലങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, വ്യവസായശാലകൾ, കുളിക്കടവുകൾ, പൊതു ദേവാരാധനസ്ഥലങ്ങൾ, പൊതുഉദ്യാനങ്ങൾ ചെന്നുചേരുന്നസ്ഥലങ്ങൾ, മുതലായിട്ടുള്ള പൊതുസ്ഥലങ്ങളിൽ യാതൊരു ചാരായഷാപ്പോ, കള്ളുഷാപ്പോ, സ്ഥാപിക്കാൻപാടില്ല".

"സർക്കിൾ ആഫീസരുടെ റാങ്കിൽ കുറയാത്ത സംബന്ധപ്പെട്ട ഒരു എക്സൈസ് ആഫീസരുടെ അനുമതിപ്രകാരം ഓരോഷാപ്പുകളും സ്ഥാപിക്കുന്നതിനുള്ള സ്ഥാനങ്ങൾ തിരഞ്ഞെടുക്കേണ്ടതാണ്".

ഈ ചട്ടങ്ങൾ ആയിരത്തിതൊള്ളായിരത്തി ഏഴാമാണ്ട് ഗവണ്മെന്റ് നടപ്പിൽ വരുത്തീട്ടുള്ളതാണ്. സർ, ഈ ചട്ടങ്ങൾപ്രകാരം ആക്ഷേപം പുറപ്പെടുവിക്കാവുന്ന സ്ഥലങ്ങളിൽ ചാരായഷാപ്പുകൾ സ്ഥാപിക്കാതിരിക്കുന്നതിൽ ഗൌനിക്കേണ്ടതു് അസിസ്റ്റൻറ് എക്സൈസ് കമ്മീഷണരുടെ കർത്തവ്യമാണ്. ഇതിനെപ്പററി പരാതികൾ വരിക്കുന്ന അവസരത്തിൽ അവയെസംബന്ധിച്ചു ഞാൻ അന്വേഷണങ്ങൾ നടത്തുകയും, ഓരോ കാര്യത്തിലും ആവശ്യമായിട്ടുള്ളതു പ്രവർത്തിക്കയും ചെയ്യുന്നുണ്ട്. ഇതിന് ഞാൻ ഒരു ഉദാഹരണം പറയാം. തിരുവിതാംകൂട് എന്നുപറയുന്നസ്ഥലം തക്കലയ്ക്കു സമീപത്തിൽ ഉള്ളതും, മഹമ്മദീയർ അധിവസിക്കുന്ന ഒരു ഗ്രാമവും ആകുന്നു. മഹമ്മദീയരുടെ വകയായി തിരുവിതാംകൂട്ടുള്ള ഒരു പള്ളിയുടെ സമീപത്തിൽ ഒരുഷാപ്പ് നടത്തുന്നുണ്ടായിരുന്നു, അതിൽനിന്നും ഗവണ്മെന്റിനു ലഭിച്ചുവന്ന ആദായം ൧൪൦൦-രൂപാആണ് പ്രസ്തുതഷാപ്പ് സ്ഥിതിചെയ്യുന്ന സ്ഥലത്തിനടുക്കാറു ആക്ഷേപം കുറഞ്ഞ മററൊരുസ്ഥലം അവിടെലഭിക്കുന്നതിനു അവിടെ സാധിക്കാതെവന്നു. ആ അവസരത്തിൽ ഈ നിസ്സാരമായ കാരണംമൂലം ഷാപ്പ് നിറുത്തലാക്കേണ്ടിവന്നു. ഇക്കാര്യത്തിൽ മറെറാരുദാഹരണംകൂടി ഞാൻ ഇവിടെ പറയാം.

ആലുവായിലുള്ള കാളേജിനുസമീപമായി ഒരു ഷാപ്പ് നടത്തിവന്നിരുന്നു. ഈ ഷാപ്പിന്റെ കുത്തകത്തുക ൧൫൦൦-രൂപായാണ്. മേൽപറഞ്ഞ കാരണംകൊണ്ടുതന്നെ തന്നാണ്ടിലെ കുത്തക കൊടുത്തകാലത്തു് ഈ ഷാപ്പും നിറുത്തലാക്കേണ്ടിവന്നു. ഇപ്പോഴത്തെ ചിന്താവിഷയത്തെപ്പററി എക്സൈസ്ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാർ സഗൌരവം എല്ലാഅവസരങ്ങളിലും ചിന്തിച്ചുവരികയാണ്. ഈ സംഗതി മേൽപറഞ്ഞ ഉദാഹരണങ്ങളിൽനിന്നും ഈ സഭയിലെ സാമാജികന്മാർക്ക് ബോദ്ധ്യമാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ ഉദ്യോഗം കയ്യേററിട്ട് ഒരുകൊല്ലത്തിൽ അല്പം കൂടുതൽകാലംമാത്രമേ ആയിട്ടുള്ളു. എന്റെ ഈ ഉദ്യോഗകാലത്തിനിടയിലാണ് മേൽ ഉദാഹരണമായി സൂചിപ്പിച്ച രണ്ട് കാര്യങ്ങളും ഉണ്ടായിട്ടുള്ളതു്.

ഇതുകൂടാതെ മറെറാരുകാര്യവും ഇവിടെ പ്രസ്താവിക്കുവാൻ ഉണ്ട്. ഫർലോ-ൽ എക്സൈസ് കമ്മിററിയുടെമുമ്പാകെ അവതരിപ്പിച്ചിട്ടുള്ള വിഷയങ്ങളിൽ ഒന്നാണ് ഇതു്. പ്രമേയകർത്താവുതന്നെ ഈ കാര്യം പറഞ്ഞിട്ടുണ്ട്. എക്സൈസ് കമ്മിററിയുടെ അദ്ധ്യക്ഷസ്ഥാനം വഹിച്ചതു് ഇന്നത്തെ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്ന മഹാൻതന്നെയാണ്. കമ്മിററിയിൽ ൭ സാമാജികന്മാർ ഉണ്ടായിരുന്നു. അവരിൽ ൪ പേർ അനുദ്യോഗസ്ഥന്മാർ ആയിരുന്നു. അവരിൽ ൨ പേർ മധുവർജ്ജനപ്രസ്ഥാനത്തിൽ പ്രവൃത്തിചെയ്തു പേരെടുത്തിട്ടുള്ള ആളുകൾ ആയിരുന്നു. അവർ മെസേർസ് ജി. പരമേശ്വരൻപിള്ളയും മാധവവാര്യരും ആണ്. ഈ വിഷയത്തെപ്പററി എക്സൈസ് കമ്മിററി ഗാഢമായും ക്ലേശകരമായും പര്യാലോചിച്ചിട്ടുണ്ട്. കമ്മിററിയിൽനടന്നവാദപ്രതിവാദങ്ങളെസംബന്ധിച്ചഫലം ഇതാണ്.

"പൊതുചന്തകൾ, വിദ്യാലയങ്ങൾ, പൊതുജനങ്ങൾ ദേവാരാധന നടത്തുന്നസ്ഥലങ്ങൾ, ആശുപത്രികൾ, വ്യവസായശാലകൾ, ഇവയ്ക്കുമുമ്പായി പൊതുജനങ്ങൾ കൂടുന്ന സ്ഥലങ്ങൾ, ഇവയുടെ സ്ഥാനങ്ങളിൽനിന്നും രണ്ട് ഫർലാഗ് ഉള്ളിലായി യാതൊരു പുതിയ കള്ളുഷാപ്പോ, ചാരായഷാപ്പോ, സ്ഥാപിക്കാൻ പാടില്ലെന്നും, ഇപ്പോൾ നടത്തിവരുന്ന ഷാപ്പുകളുടെ കാര്യത്തിൽ ഈ ചട്ടങ്ങൾ സംബന്ധിക്കുന്നതിന് യോഗ്യമായ എല്ലാവിധത്തിലും പ്രവർത്തിക്കേണ്ടതാണെന്നുള്ളതു് എക്സൈസ്കമ്മീഷണരുടെ അടുത്ത നിർദ്ദേശം ആകുന്നു"

എക്സൈസ്കമ്മീഷണർ ചെയ്തിട്ടുള്ള ശിപാർശയാണ് മേൽപറഞ്ഞതു്. എക്സൈസ് കമ്മിററി ചെയ്തിട്ടുള്ള ശിപാർശ താഴെകാണുന്നവിധത്തിലാണ്.

"എക്സൈസ്കമ്മീഷണർ നിർദ്ദേശിച്ചിട്ടുള്ള ചട്ടം സ്വീകരിക്കാവുന്നതാണെന്നുകണ്ടിട്ടു ശിപാർശചെയ്യുകകൊള്ളുന്നു. പട്ടണങ്ങളിൽ ഇപ്പോൾ നടത്തിവരുന്ന ഷാപ്പുകളുടെകാര്യത്തിൽപ്രായോഗികമായി കഴിയുന്നത്ര വേഗത്തിൽ ഈ ചട്ടം സംബന്ധിക്കുന്നതിന് മുമ്പുള്ള പ്രവൃത്തിക്കേണ്ടതാണ് എന്നു ഞങ്ങൾ ബലമായി പറഞ്ഞുകൊള്ളുന്നു.

"പ്രായോഗികമായി കഴിയുന്നത്രവേഗത്തിൽ" എന്നുള്ളപദങ്ങളുടെ അർത്ഥം പ്രത്യേകം ഗൌനിക്കണമെന്ന് ഈ സഭയോട് പ്രത്യേകം ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

"ഗ്രാമീണപ്രദേശങ്ങളിൽ മേൽ പറഞ്ഞ ചട്ടം ഉടൻതന്നെ നടപ്പിൽവരുത്തുന്നതാണെന്നുള്ളത് എക്സൈസ് കമ്മീഷണർ പ്രസ്താവിച്ചിട്ടുണ്ടെന്നു കമ്മിററി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു".

ഡെപ്യൂട്ടിപ്രസിഡൻറ്: ഈ വിഷയത്തെസംബന്ധിച്ച് ഗവണ്മെൻറ് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സ്ഥിരമായവിധത്തിൽ യാതൊരു ഉത്തരവും ഞങ്ങൾക്കു ലഭിച്ചിട്ടില്ല. എന്നാൽ ഈ ചട്ടം ഞങ്ങൾ പ്രയോഗത്തിൽ ആക്കിവരികയാണ്. ഗ്രാമീണപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഈ ചട്ടത്തെ കൃത്യമായവിധത്തിൽ അനുവർത്തിച്ചുവരുന്നു.

മി: തയ്യുകുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മൂവാററുപുഴ, തൊടുപുഴ, ഈ താലൂക്കുകളിൽ ദേവാലയങ്ങൾ, ആശുപത്രികൾ, പള്ളിക്കൂടങ്ങൾ ഇവകളുടെ സമീപത്തിൽനിന്നും രണ്ടുഫർലാംഗിൽ അധികം ദൂരമില്ലാതെ ധാരാളം മദ്യഷാപ്പുകൾ സ്ഥിതിചെയ്യുന്നുണ്ടെന്നു അറിയാമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): അപ്രകാരമുള്ള ഏതെങ്കിലും ഷാപ്പുനടത്തിവരുന്നുണ്ടോ എന്ന് എനിക്കു അറിയാൻ പാടില്ല. ഈ വസ്തുത സാമാജികൻ എന്റെ അറിവിൽ ഇതേവരെ കൊണ്ടുവന്നിട്ടില്ല.

ഗ്രാമീണപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം വളരെ നിഷ്കർഷയോടുകൂടി ഈ ചട്ടങ്ങൾപ്രകാരം കാര്യങ്ങൾ പ്രവർത്തിച്ചുവരികയാണ്. ഈ സംഗതി ഞാൻ ഇതിനുമുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ പട്ടണങ്ങളിലുള്ള ഷാപ്പുകളെ സംബന്ധിച്ചിടത്തോളം എല്ലാ അവസരങ്ങളിലും കുറച്ചു ബുദ്ധിമുട്ടു നേരിടുന്നതാണ്. പട്ടണങ്ങളിൽ ഷാപ്പുകൾ വയ്ക്കുന്നതിനു ലഭിക്കാൻ സാധിക്കുന്നസ്ഥലങ്ങൾ വളരെ കുറച്ചുമാത്രമാണ്. ഈ വസ്തുത ഈ സഭയിലെ സാമാജികന്മാർക്കുതന്നെ ബോദ്ധ്യമായിട്ടുള്ളതുണ്ടല്ലോ. ചട്ടത്തിലുൾപ്പെടുത്തിയിരിക്കുന്നപൊതുസ്ഥാപനങ്ങളുടെ സംഖ്യ വളരെ കൂടിയിട്ടുമുണ്ട്. പട്ടണങ്ങളിൽ ചാരായഷാപ്പ് സ്ഥാപിക്കുന്നതിനു ഉത്തമമായ സ്ഥലങ്ങൾ കണ്ടുപിടിക്കുന്ന കാര്യത്തിൽ എല്ലാഅവസരങ്ങളിലും വളരെബുദ്ധിമുട്ടു നേരിടുന്നതാണ്; ഇതുകൂടാതെ, ഇപ്പോൾ ഷാപ്പുകൾ മുമ്പത്തിൽ വിററ് കൺട്രാക്ററ് നൽകുന്നതു നടുകൊല്ലത്തേക്കാണ്. ഈ ഷാപ്പുകൾ യഥാർത്ഥത്തിൽ ഉറന്ന് വ്യാപാരംനടത്തിവരികയും ആണ്. ഈ കാര്യം ഈ സഭയ്ക്കു അറിവുള്ളതാണല്ലോ.

മി: മാത്യുമുതിക്കൻ (വൈക്കം): എക്സൈസ് കമ്മീഷണർക്ക് അദ്ദേഹത്തിന്റെ അഭിപ്രായാനുസരണം പ്രവർത്തിക്കാനും, ആവശ്യമെന്നുതോന്നുന്ന അവസരത്തിൽ, യോജിച്ചസ്ഥലങ്ങളിലേക്ക് ഷാപ്പുകൾ മാററിസ്ഥാപിക്കുന്നതിനു ഉത്തരവുകൊടുക്കുകയും ചെയ്യുന്നതിന് കൈവൻസിൽ വ്യവസ്ഥചെയ്തിട്ടില്ലയോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതിരുകൾ ഭേദപ്പെടുത്തുന്നതിന് എനിക്കു സാധിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്.

മി: മത്തായിമുതിക്കൻ (വൈക്കം): ഷാപ്പുകൾ സ്ഥിതിചെയ്യുന്ന സ്ഥാനങ്ങളിൽനിന്നും അവയെമാററിസ്ഥാപിക്കുന്നതിന് കമ്മീഷണർക്കു അധികാരമുണ്ടെന്നാണ് മേൽപറഞ്ഞതിന്റെ അർത്ഥം, അതിരുകൾ ഭേദപ്പെടുത്തുന്നതായാൽ ഷാപ്പുകൾ സ്ഥിതിചെയ്യുന്നസ്ഥലങ്ങളും മാറേണ്ടതാണല്ലോ.

മി: പി ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഷാപ്പുകൾക്കു യോജിച്ചസ്ഥലങ്ങൾ ലഭിക്കാൻ സാധിക്കുമെന്നുവരുമ്പോൾ അതിരുകളെ സംബന്ധിച്ചു ഭേദഗതിചെയ്യുന്നതാണ്.

ഈ പ്രമേയം പട്ടണത്തിനുസംബന്ധിച്ചു നടപ്പിൽവരുത്തുന്നപക്ഷം ഇപ്പോൾ നടത്തിവരുന്ന ഏതാനും ഷാപ്പുകൾ അടച്ചിടേണ്ടിവരുന്നതാണ്. അതിൽനിന്നും ഉണ്ടാകുന്ന നഷ്ടങ്ങൾ പരിഹരിച്ചുകിട്ടുന്നതിന് ഷാപ്പുനടത്തിവരുന്ന ആളുകൾ ഗവണ്മെൻറിന്റെമേൽ നടപടിനടത്തുന്നതാണ്.

മി: മാത്യുമുതിക്കൻ (വൈക്കം): ഈ വിഷയത്തെസംബന്ധിച്ചു സാമാജികൻ അഡീഷണൽ ഹെഡുസെക്രട്ടറിയുമായി ആലോചന നടത്തിയിട്ടുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഇക്കാര്യത്തിൽ യാതൊരു ആലോചനയും നടത്തേണ്ട ആവശ്യംനേരിട്ടില്ല.

മി: മാത്യുമുതിക്കൻ (വൈക്കം): ഷാപ്പുനടത്തുന്ന ആളിന് നഷ്ടം കൊടുക്കേണ്ട യാതൊരു ആവശ്യവുമില്ല.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഷാപ്പുകൾ അടച്ചിടുന്നപക്ഷം, ഷാപ്പുകൾ നടത്തിവരുന്ന ആളുകൾ ഗവണ്മെൻറിന്റെമേൽ വ്യവഹാരങ്ങൾ ബോധിപ്പിക്കുന്നതാണ്. ഇപ്രകാരമുള്ള വ്യവഹാരങ്ങൾ നഷ്ടം ഈടായികിട്ടുന്നതിനാണ് കൊടുക്കുന്നത്. ഈ കാര്യത്തിൽ നിശ്ചയമായും ഗവണ്മെൻറിന്—

ഈ കാര്യത്തിൽ ലാ മെമ്പറിന്റെയോ അല്ലെങ്കിൽ മറ്റാരുടേയെങ്കിലുമോ ഉപദേശം ഞാൻ ആവശ്യപ്പെടുന്നില്ല.

മി: ഇട്ടുപ്പുഇട്ടിച്ചൻ (കുന്നത്തുനാട്): ദേവാലയം, പള്ളിക്കൂടം മുതലായ സ്ഥലങ്ങളിൽനിന്നും രണ്ടു ഫർലാംഗ് അകലെയല്ലാതെ ഷാപ്പുകൾക്കു അനുകൂലമാണോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): അങ്ങനെ സംഭവിക്കുന്നതു പട്ടണങ്ങളിലോ അല്ലെങ്കിൽ ഗ്രാമീണപ്രദേശങ്ങളിലോ ആണ്.

മി: ഇട്ടുപ്പുഇട്ടിയച്ചൻ (കുന്നത്തുനാട്): ദേവാലയങ്ങൾ, പള്ളിക്കൂടങ്ങൾ, ഇവയുടെ സമീപത്ത് ഒരു മദ്യഷാപ്പ് കാണുകയാണെങ്കിൽ അതു ശിക്ഷിക്കത്തക്ക ഒന്നാണോ എന്നാണ് ചോദ്യം?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ശിക്ഷിക്കപ്പെടുന്നതാരാണ്? ഡിപ്പാർട്ട്മെന്റോ അല്ലെങ്കിൽ മജിസ്ട്രേട്ടോ?

മി: ഇട്ടപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): ഡിപ്പാർട്ടുമെന്റിൽനിന്നോ അല്ലെങ്കിൽ മജിസ്ട്രേട്ടുകോർട്ടിൽ നിന്നൊ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസുകമ്മീഷണർ): ശിക്ഷനൽകുന്നതിന് ഞങ്ങൾക്കു സാധിക്കുകയില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗ്രാമീണ പ്രദേശങ്ങളിലും പട്ടണങ്ങളിലും നടത്തിവരുന്ന ഷാപ്പുകളുടെ സ്ഥാനങ്ങളെ സംബന്ധിച്ച് ചട്ടങ്ങളിൽ യാതൊരു വ്യത്യാസവുമില്ലയൊ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസു കമ്മീഷണർ): ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള പ്രമേയം ഗ്രാമീണപ്രദേശങ്ങളിൽ നടപ്പിൽ വരുത്തുന്ന കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടും നേരിട്ടിട്ടില്ല. എന്നാൽ പട്ടണങ്ങളിൽ ഈ സംഗതിയിൽ വളരെ ബുദ്ധിമുട്ടുനേരിടുന്നതാണ്. ഗ്രാമീണ പ്രദേശങ്ങളിൽ ഷാപ്പുകളെ സ്ഥാപിക്കുന്നതിന് യോജിച്ച അനവധി സ്ഥലങ്ങൾ ലഭിക്കുന്നതാണ്, എന്നാൽ പട്ടണങ്ങളിൽ അപ്രകാരം സ്ഥലങ്ങൾ ലഭിക്കുന്നതിനു പ്രയാസമാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും മനടുമങ്ങാടും): ഷാപ്പുകൾ ലേലം ചെയ്തു കുത്തകക്കാർക്കു വിറ്റുവന്ന അവസരത്തിൽ എക്സൈസു കമ്മിററിയുടെ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളെപ്പററി നിങ്ങൾ പര്യാലോചിച്ചിട്ടില്ലയൊ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്ക്കമ്മീഷണർ): പട്ടണങ്ങളിൽ നടത്തിവരുന്ന ഷാപ്പുകളുടെ കാര്യത്തിൽ പ്രമേയം നടപ്പിൽവരുത്തുന്നതു പ്രായോഗികമായിട്ടുള്ളതല്ല. സർ, ഉൾനാടുകളിൽ ഷാപ്പുകൾ സ്ഥാപിക്കുന്നകാര്യത്തിൽ അസുഖം ജനങ്ങൾക്കു തോന്നിയിട്ടുണ്ടെന്നുള്ളതു എനിക്കറിയാം, ഈ കാര്യത്തെ സംബന്ധിച്ച് ഗവണ്മെന്റു ഗൗരവത്തോടുകൂടി പര്യാലോചിച്ചുവരികയാണ്. ബ്രിട്ടീഷ് ഇൻഡ്യയിൽ ഉള്ള എക്സൈസ് അഡ്വൈസറികമ്മിററികൾ ഈ വിഷയത്തെപ്പററി ഇപ്പോൾ ചിന്തിച്ചുവരുന്നുണ്ട്. ഈകാര്യത്തെ സംബന്ധിച്ച് തിരുനൽവേലിയിലൊ മധുരയിലൊ പോയി വിവരങ്ങൾ മനസ്സിലാക്കിവരുന്നതിന് എന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരിൽ ഒരാളെ ആജ്ഞാപിക്കണമെന്ന് ഞാൻ വിചാരിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽ ഉള്ളതിന് തുല്യമായി ഒരു അഡ്വൈസറി കമ്മിററിയെ ഉപദ്രവഹീനമായ വിധത്തിൽ ഇവിടെ നിയമിക്കുന്നപക്ഷം, ഞാൻ കഴിയുന്നത്രവേഗത്തിൽ ഈ കമ്മിററിയിലേക്ക് ഗ്രൂപ്പാർശ ഇക്കാര്യത്തിൽ ചെയ്യുന്നതാണ്, അപ്രകാരം ചെയ്യുന്നപക്ഷം, ഇപ്പോൾ നേരിട്ടിട്ടുള്ള ബുദ്ധിമുട്ടുകളിൽ ഏറിയഭാഗവും ഇല്ലാതായിത്തീരുന്നതാണ്. പട്ടണങ്ങളെ സംബന്ധിച്ചിടത്തോളം, ഷാപ്പുകൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ കാര്യത്തിൽ നേരിട്ടിരിക്കുന്ന വിഷമതകൾ പരിഹരിക്കുന്നതിന് അവയുടെ സ്ഥാനങ്ങൾ നിർണ്ണയിക്കണമെന്നു നിശ്ചയിച്ചിട്ടുണ്ട്. പട്ടണങ്ങളിലുള്ള മദ്യ ഷാപ്പുകളെക്കുറിച്ചു ആകട്ടെ, അവ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ മുനിസിപ്പാലിററിയുടെ അനുമതിയോടുകൂടി തിരഞ്ഞെടുക്കുകയും ആവശ്യമെന്നു കാണുന്നപക്ഷം വിലയ്ക്കുവാങ്ങുകയും ചെയ്യാവുന്നതാണ്. ഈ കാര്യങ്ങളെല്ലാം നിർവ്വഹിക്കുന്നതിന് സമയം വേണ്ടിയിരിക്കുന്നു. ഒന്നു പറഞ്ഞ എല്ലാകാര്യങ്ങളെപററിയും പരിഗണിക്കുന്നപക്ഷം, പട്ടണങ്ങളെ സംബന്ധിച്ചിടത്തോളം കഴിയുന്നത്ര പ്രായോഗികമായിരിക്കുന്ന വിധത്തിൽ'' എന്നുള്ളവ്യവസ്ഥയോടുകൂടി ഇവിടെ ഹാജരാക്കിയിരിക്കുന്ന പ്രമേയത്തെ സ്വീകരിക്കുന്നതിനു എനിക്ക് സമ്മതമാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): തിരുവനന്തപുരം നഗരത്തിൽ ആകെ ഉള്ളകള്ളുഷാപ്പുകളുടെ എണ്ണം എത്രയെന്ന് മെംബർ ദയവുചെയ്തു എന്നെ അറിയിക്കുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): മദ്യഷാപ്പുകളുടെ എണ്ണംഎത്രയെന്നു സൂക്ഷ്മമായി പറയുന്നതിനു എനിക്ക് സാധിക്കുകയില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതിന്റെ കണക്ക് ഉദ്ദേശമായിട്ടെങ്കിലും എന്നെ അറിയിക്കുമൊ?

ഡപ്യൂട്ടിപ്രസിഡൻറ്: നിങ്ങൾ ചോദിച്ച ചോദ്യം ഇവിടത്തെ സന്ദർഭത്തിന് എപ്രകാരം യോജിക്കുമെന്ന് ദയവുചെയ്തുപറയുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): നഗരത്തിലുള്ള ഷാപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തി എന്നുവിചാരിക്കുക, അങ്ങനെചെയ്യുന്നപക്ഷം ഈ ചട്ടം നടപ്പിൽകൊണ്ടുവരുന്നകാര്യത്തിൽ ഏതെങ്കിലും വിഷമത നേരിടുന്നതാണോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): വിഷമതനേരിടുമെന്നാണ് ഞാൻ വിചാരിക്കുന്നതു. പൊതുദേവാലയങ്ങൾ, വിദ്യാലയങ്ങൾ മുതലായ അനവധി സ്ഥലങ്ങൾ പട്ടണത്തിൽ ഉണ്ട്.

മി: മുറവേലിൽപാച്ചുപിള്ള (ചേർത്തല): ഇപ്പോൾ മദ്യഷാപ്പുകൾ ഇരിക്കുന്നസ്ഥലങ്ങളും പൊതുസ്ഥാപനങ്ങളും തമ്മിൽ എന്തു ദൂരംഉണ്ടെന്നു കാണിക്കുന്ന വല്ല മാപ്പുകളും ഉണ്ടൊ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഒരു മാപ്പുംഎന്റെ കൈവശംഇപ്പോൾ ഇല്ല. ഒന്ന് തയ്യാറാക്കേണ്ടിരിയിക്കുന്നു. ഈ പ്രമേയത്തോടു എനിക്കു വളരെ അനുകൂലഭാവമാണു ഉള്ളതു; അതു ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചു കൊണ്ടിരിക്കുകയാണ്. ഈ വസ്തുതകളെപ്പററി പരിഗണിച്ചു സാമാജികൻ ഈ പ്രമേയത്തെ പിൻവലിക്കുന്നപക്ഷം, എനിക്കു വളരെ സന്തോഷമുള്ളതായിരിക്കുന്നതാണ്.

മി: മാത്യുമുരിക്കൻ (വൈക്കം): ഈ വിഷയത്തിൽ എക്സൈസ്കമ്മീഷണർ അനുഭാവം പ്രദർശിപ്പിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവം ആണ്; എന്നാൽ ഈ കാര്യത്തിൽ ഒരു വിഷമതനേരിട്ടിരിക്കുന്നു. ഫൻ ൦ ൭-൩

മാർച്ച് മുതൽക്കുതന്നെ ഈ കാര്യംഗവർണ്ണമന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇതേവരെ ഇക്കാര്യത്തിൽ എന്തെങ്കിലും പ്രതിവിധി അവർ കണ്ടുപിടിച്ചിട്ടില്ലാ. ഈ കാലവിളംബത്തെപ്പററി ചിന്തിച്ചുപ്രമേയത്തെ സ്വീകരിക്കണമെന്ന് ഞാൻ ബലമായി അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഡെപ്യൂട്ടി പ്രസിഡൻറ്: ഗ്രാമീണപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം പ്രമേയത്തെ ഗവർണ്ണമെൻറു ഓരത്തുള്ള സാമാജികൻ സ്വീകരിച്ചിരിക്കുന്നു. പട്ടണങ്ങളുടെകാര്യത്തിലാകട്ടെ, "പ്രായോഗികമായിരിക്കുന്ന വിധത്തിൽ" എന്നുള്ള വ്യവസ്ഥയോടുകൂടി അതിനെ സ്വീകരിക്കാവുന്നതാണെന്ന് അദ്ദേഹം പറയുന്നു.

മി: മാത്യുമുരിക്കൻ (വയ്ക്കം): പ്രായോഗികമായിരിക്കുന്ന വിധത്തിൽ എന്നുള്ള പദപ്രയോഗം അവ്യക്തമായിട്ടുള്ള ഒന്നു മാത്രമാണ്; അതിനാൽ പ്രമേയം സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. പ്രമേയം വോട്ടിനിടുകയും, പാസ്സാക്കപ്പെടുകയുംചെയ്തു. ഒരു പോറം എടുക്കണമെന്ന മെസ്സേഴ്സ് എൻ. കെ. കൃഷ്ണപിള്ളയും, തയ്യിലുകണ്ടിത്തോമ്മനും അവശ്യപ്പെട്ടു ഒരു പോറം എടുത്തതിൽ താഴെ കാണുന്ന പ്രകാരം സാമാജികന്മാർ അഭിപ്രായം രേഖപ്പെടുത്തി.

അനുകൂലകക്ഷികൾ ൨൪.

൧. മി: വി. ചെല്ലംപിള്ള
൨. എ. എസ്സ്. ദാമോദരനാശാൻ
൩. എ. ജി. മേനോൻ
൪. ഇട്ടപ്പ് ഇട്ടിയച്ചൻ
൫. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്
൬. ആർ. കേശവപിള്ള
൭. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ
൮. എൻ. ആർ. കൃഷ്ണൻ
൯. എൻ. കെ. കൃഷ്ണപിള്ള
൧൦. വി. എസ്സ് കൃഷ്ണപിള്ള
൧൧. തരിയത് കുഞ്ഞിത്തൊമ്മൻ
൧൨. എ. സി. കുരിയാക്കോസ്
൧൩. കെ. മാധവൻപിള്ള
൧൪. പി. എസ്സ്. മഹമ്മദ്
൧൫. എച്ച്. ബി. മഹമ്മദ്റാവുത്തർ
൧൬. മാത്യുമുരിക്കൻ
൧൭. ജി. പി. നീലകണ്ഠപ്പിള്ള
൧൮. കെ. പി. നീലകണ്ഠപ്പിള്ള
൧൯. വി. ജെ. ഉമ്മൻ
൨൦. മുരവേലിൽ പാച്ചുപിള്ള
൨൧. കെ. പത്മനാഭപണിക്കർ
൨൨. കെ. ജി. പരമേശ്വരൻപിള്ള
൨൩. ആർ. രാമൻപിള്ള
൨൪. രേവതിനാൾ രാമവർമ്മരാജാ
൨൫. എ. താണുപിള്ള

പ്രതികൂലകക്ഷികൾ ൧൭

൧. മി: എൽ. എ. ലാംപാർഡ്
൨. എസ്സ്. പിറവിപ്പെരുമാൾപിള്ള
൩. എൽ. എ. ബിഷപ്പ്
൪. ഐ. സി. ചാക്കോ
൫. ആർ. ധനുക്കോടിപ്പിള്ള
൬. കെ. ജാഫ്ഫ്
൭. പി. ഗോമതിനായകംപിള്ള
൮. പി. എൻ. കൃഷ്ണപിള്ള
൯. രാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൧൦. കയ്യാലം പരമേശ്വരൻപിള്ള
൧൧. ഡാക്ടർ കെ. രാമൻതമ്പി
൧൨. കെ. എൻ. രാമസുബ്ബയ്യർ
൧൩. ടി. പി. രാമസുബ്ബയ്യർ
൧൪. എസ്സ്. സി. എച്ച്. റോബിൻസൺ
൧൫. ആർ രാവെല്ലിംഗംപിള്ള
൧൬. എ. വൈപ്പൻ

നിഷ്പക്ഷകക്ഷികൾ. ൨,

൧. മി: ഡി. ഫ്രാൻസിസ്സ്
൨. ഡി. സി. ജോസഫ്

പ്രമേയം പാസാക്കിയതായി എണ്ണിക്കപ്പെട്ടു.

ഡെപ്യൂട്ടിപ്രസിഡൻറ്: ഇന്നത്തെ സഭാനടപടികൾ അവസാനിപ്പിക്കുകയും ഇപ്പോഴത്തെയോഗം നിർത്തിവയ്ക്കുകയും ചെയ്യാം. ഒരു സംഗതികൂടി നമുക്ക് നിർവ്വഹിക്കേണ്ടതായിട്ടുണ്ട്; അദ്ധ്യക്ഷൻ ഇന്നു രാവിലെ ആജ്ഞാപിച്ചിട്ടുള്ളതുപോലെ ക്ഷേമിയാന്മാരുടെ രണ്ടു പ്രതിനിധികളെ നിയമിക്കണമെന്നുള്ളതാണ് മേൽ പറഞ്ഞസംഗതി.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, സഭയുടെ അടുത്ത സമ്മേളനത്തിനു മുൻപു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ജന്മികുടിയാൻ യോഗം കൂടുകയും അതിന്റെ റിപ്പോർട്ടു നിയമസഭയിൽ സമർപ്പിക്കുകയും ചെയ്യുന്നതിന് ഈ സഭയിൽ നിന്നു ആവശ്യമുള്ള സമാജികന്മാരെ തിരഞ്ഞെടുക്കുന്നതിന് അംഗങ്ങൾക്ക് അനുവാദംനൽകാൻ സാധിക്കുമോ?

ഡെപ്യൂട്ടിപ്രസിഡൻറ്: എനിക്ക് ഈ സംഗതിയെപ്പററി യാതൊരു വിവരവുമില്ല. ഇന്നുരാവിലെ അദ്ധ്യക്ഷൻ ചെയ്തപ്രസ്താവന നിങ്ങൾ കേട്ടിരിക്കുമല്ലോ. ഈ ചോദ്യം നിങ്ങൾക്ക് അദ്ദേഹത്തിനോടു ചോദിക്കാമായിരുന്നു. തിരഞ്ഞെടുപ്പ് നടത്തുന്നതിനാണ് എന്നോടു ആജ്ഞാപിച്ചിട്ടുള്ളതു്.

സഭാനടപടികൾ വൈകിട്ട് ൪ മണിക്ക് അവസാനിപ്പിച്ചു

ടി. പി. രാമസുബ്ബയ്യർ
നിയമസഭാസെക്രട്ടറി.

(A true translation)
T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ കൌൺസിൽ.

൧൯൨൪ ഒന്നാംസെഷൻ

(ഔദ്യോഗിക റിപ്പോർട്ട്).

ബുധനാഴ്ച, ൧൯൨൪ ഏപ്രിൽ ൨൪/൧൧൨൯ മേടം ൧൨.

വിക്ടോറിയാ ജൂബിലി റൌൺഹാളിൽ ൧൧-൩ മണി എം. ഇ. വാട്സ് അവർകൾ ബി. എ., ബാരിസ്റ്റർ അററ്ലായുടെ അദ്ധ്യക്ഷതയിൽ നിയമസഭ കൂടുകയുണ്ടായി.

താഴെക്കാണുന്ന മെമ്പരന്മാർ ഹാജരില്ലായിരുന്നു:—

മി: എൽ. എ. ബിഷപ്പ്, മി: വി. ജെ. ഉമ്മൻ, മി: എൻ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ.

പുതിയ മെമ്പർ.

പുതിയ മെമ്പറായ മി. വി. അരുണാചലയ്യർ സത്യപ്രതിജ്ഞ ചെയ്തു.

ചോദ്യോത്തരങ്ങൾ.

ചവറ പട്ടക്കടവു റോഡ്.

൧൧൩. മി: ജി. പി. നീലകണ്ഠപ്പിള്ള (കുന്നാംപ്പുള്ളി): താഴെ പറയുന്ന സംഗതികൾ ഗവർണ്ണമെന്റിൽ നിന്നും ദയവുണ്ടായി പ്രസ്താവിക്കുമോ

(എ) ചവറപട്ടക്കടവു റോഡിന്റെ സംരക്ഷണത്തിനും അതു നന്നാക്കുന്നതിനും ആയി കഴിഞ്ഞ മൂന്നു വർഷത്തിൽ (൧൧൦൧—൧൧൦൩) ചെലവു ചെയ്തിട്ടുള്ള തുക എത്ര.

(ബി) കടൽ പുറത്തു നിന്നും ശാസ്താംകോട്ടയ്ക്കുള്ള വലിയ ഗതാഗതം നിമിത്തം മുൻപറഞ്ഞ റോഡു എത്ര മിശ്രമായ സ്ഥിതിയിലാണെന്നു ഗവണ്മെന്റിനറിയാമോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ആ റോഡ് നന്നാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കഴിഞ്ഞ മൂന്നു വർഷം ചെലവാക്കിയിട്ടുള്ള തുക താഴെ കൊടുക്കുന്നു.

വർഷം	ചെലവാക്കിയ തുക. നന്നാക്കുന്നതിനു	സംരക്ഷിക്കുന്നതിനു
൧൧൦൧	ക. ൧൧൩-൦-൦	ക. ൩൩൪-൦-൦
൧൧൦൨	ക. ൧൦൩൪-൧൦-൦	ക. ൯൪൧—൧.൯
൧൧൦൩		ക. ൧൧൨—൧൧-൧൦

(ബി) മഴക്കാലത്തു റോഡിന്റെ ഏതാനും ഭാഗങ്ങൾ ചെളി നിറഞ്ഞു കിടക്കുമെന്നും, എത്രയും ചീത്തയായ ഭാഗങ്ങൾ വീണ്ടും ചരലിട്ടുറപ്പിക്കുന്നതിനു ഒരു സ്പെഷ്യൽ എസ്റ്റിമേററയക്കുവാൻ ഡിവിഷൻ ആഫീസരോടാവശ്യപ്പെട്ടിട്ടുണ്ടെന്നും ചീഫ് എൻജിനീയർ റിപ്പോർട്ടു ചെയ്യുന്നു.

ചെങ്ങോട്ട താലൂക്കിലെ ആവശ്യങ്ങൾ.

൧൧൪. മി: എച്ച്. ബി. മുഹമ്മദു രാവുത്തർ (പത്തനാപുരവും ചെങ്ങോട്ടയും): (എ) ചെങ്ങോട്ടത്താലൂക്കിലെ ശ്രീമൂലം പ്രജാസഭാ മെമ്പറിൽനിന്നു ആ താലൂക്കിലെ പ്രധാന ആവശ്യങ്ങളെ സംബന്ധിച്ചു ഏതെങ്കിലും എഴുത്തുകുത്തുകൾ ഗവർണ്ണമെന്റിനു ലഭിച്ചിട്ടുണ്ടോ എന്നു ഗവണ്മെന്റു ദയവുണ്ടായി പറയുമോ?

(ബി) ഈ ആവശ്യങ്ങൾ എത്ര കണ്ടു തൃപ്തികരമായി നിർവ്വഹിച്ചിട്ടുണ്ട്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): (എ) ഉണ്ട്.

(ബി) ശ്രീമൂലം പ്രജാസഭയുടെ ൧൯-ാമത്തെ സെഷനിലെ നിവേദനങ്ങളനുസരിച്ചു ഗവർണ്മെന്റു നടത്തിയിട്ടുള്ള നടപടികളുടെ സ്റ്റേറുമെന്റിലെക്കു മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഈ സ്റ്റേറുമെന്റിന്റെ ഒരു പ്രതി കൌൺസിൽ ലൈബ്രറിയിലുണ്ട്.

ദിവാൻ പേഷ്കാരന്മാർ.

നടത്തിയിട്ടുള്ള നിയമനങ്ങൾ.

൧൧൫. മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ൧൧൦൦ ഇപ്പുറം ഓരോ പേഷ്കാരും അവരവരുടെ ഡിവിഷനിൽ ക്ലാർക്കന്മാരായും പാർവ്വത്യക്കാരന്മാരായും മററും നിയമിച്ചിട്ടുള്ളവരുടെ സംഖ്യ ഇതിതിരിച്ചു ഗവണ്മെന്റിൽനിന്നും ദയവുണ്ടായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറുമെന്റ് * മേശമേൽ വച്ചിരിക്കുന്നു.

൧൧൦൦-നു ശേഷമുള്ള

തഹശീൽദാരന്മാരുടെ നിയമനം.

൧൧൬. മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): (എ) ൧൧൦൦-നു ശേഷം തഹശീൽദാന്മാരായി പുതുതായി നിയമിക്കപ്പെട്ടവരുടെ സംഖ്യ എത്രയെന്നു ഗവർണ്മെന്റു ദയവുണ്ടായി പ്രസ്താവിക്കുമോ?

(ബി) തഹശീൽദാരന്മാരുടെയും അവരുടെ അസിസ്റ്റന്റന്മാരുടെയും ഉദ്യോഗത്തിനു ഏററവും കുറഞ്ഞ യോഗ്യത എന്താണെന്നു ഗവണ്മെന്റിൽ നിന്നും ദയവുണ്ടായി പറയുമോ?

---

* ഒന്നാം അനുബന്ധം നോക്കുക.

G. P. T. 2345. 1 50. 22-4-1107.

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) പത്തു.

(ബി) ഒരു മജിസ്ട്രേട്ടെന്ന നിലയിൽ പരിചയവും, റവന്യൂ, അക്കൌണ്ടു, സർവേ, സ്റ്റ് എന്നിയോഗ്യതകളും ഉള്ള ഒരു ആർട്ട്സ് ഗ്രാഡ്വേറ്റിനെയാണ് സാധാരണയായി തഹശീൽദാർ ഉദ്യോഗത്തിൽ നിയമിക്കുന്നത്.

തഹശീൽദാരുടെ അസിസ്റ്റന്റിനെ സംബന്ധിച്ചിടത്തോളം ഏതു ഉദ്യോഗസ്ഥനെയാണ് അർത്ഥമാക്കുന്നതെന്നു വ്യക്തമാകുന്നില്ല. ഇപ്പോൾ അസിസ്റ്റന്റ് തഹശീൽദാരന്മാർ ഇല്ല.

ക്ലാസ്സ് മുതൽ ക്ലാസ്സ് വരെ പേഷ്കാരന്മാരുടെ
ആഫീസുകളിൽ ഉദ്യോഗത്തിനപേക്ഷിച്ച മുസ്ലിമിങ്ങൾ.

മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട അംഗം): ക്ലാസ്സ് മുതൽ ക്ലാസ്സ് വരെ ഓരോ പേഷ്കാരുടെ മുൻപിലും ഉദ്യോഗത്തിനപേക്ഷിച്ച മുസ്ലിമിങ്ങളുടെ സംഖ്യ എത്രയെന്നു ഗവണ്മെന്റ് ദയവായി പറയുമോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിരിക്കുന്ന വിവരം താഴെ കൊടുത്തിരിക്കുന്നു.

ലഭിച്ച അപേക്ഷകളുടെ സംഖ്യ

തിരുവനന്തപുരം ഡിവിഷൻ പേഷ്കാർ		ക്ലാസ്സ്
കൊല്ലം	...	൭
കോട്ടയം	...	ക്ലാ

സംസ്ഥാനത്തിലെ സിവിലും ക്രിമിനലും കോടതികളിലെ
കേസ്സ് തീർപ്പ്.

൨൮൭. മി: എ. ജി. മേനവൻ (പറവൂർ): (എ) സംസ്ഥാനത്തിലെ സിവിലും ക്രിമിനലും കോടതികളിൽ മുഴുവനും വാദം കേട്ട കേസുകൾ തീർക്കുന്നതിനു ഗണ്യമായ താമസം നേരിടുന്നുണ്ടെന്ന വിവരം ഗവണ്മെന്റിനറിവുണ്ടോ എന്നു ദയവുണ്ടായി പറയുമോ?

(ബി) സംസ്ഥാനത്തെ സിവിലും ക്രിമിനലും കോടതികളിൽ മുഴുവൻ വാദം കേട്ടതിനു ശേഷം ഒരു മാസം കഴിഞ്ഞിട്ടും തീർക്കാതെ ഇട്ടിരിക്കുന്ന കേസുകളുടെ സംഖ്യ കാണിക്കുന്ന ഒരു പട്ടിക മേശമേൽ വയ്ക്കുവാൻ ദയവുണ്ടാകുമോ?

(സി) മുഴുവൻ വാദം കേട്ടിട്ടും തീർക്കാതെ ഇട്ടിരിക്കുന്ന കേസുകളുടെ സംഖ്യയും, വാദം കേട്ടിട്ടു കഴിഞ്ഞ ദിവസങ്ങളും കാണിക്കുന്ന ഒരു പ്രതിമാസ പട്ടിക നൽകേണ്ടതാണെന്ന ഒരു നിയമം സകല കോടതികളേയും ബാധിക്കത്തക്കവിധം ഉണ്ടാക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ഡി) മുൻപറഞ്ഞ പ്രതിമാസ പട്ടികയിൽ കാണിച്ചിരിക്കേണ്ട പ്രത്യേകമായ പരിതസ്ഥിതികളില്ലാതെ, വാദം കേട്ടതിനു ശേഷം വിധി പറയുന്നതിനു പതിനാലു ദിവസത്തിൽ കൂടുതൽ താമസം നേരിട്ടുകൂടെന്നു നിഷ്കർഷിക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): (എ) താമസം നേരിടുന്നസന്ദർഭങ്ങളുണ്ട്. എന്നാൽ അവ അപൂർവ്വമാകുന്നു. ഇപ്പോൾ നിലവിലിരിക്കുന്ന നിയമങ്ങൾ തന്നെ, വിധി പറയുവാൻ നിശ്ചയിക്കുന്ന ദിവസം വിധി പറയേണ്ടതാണെന്നു ആവശ്യപ്പെടുന്നുണ്ട്.

(ബി), ഏതൊരു കാലത്തേക്കുള്ള പട്ടികയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നു പറഞ്ഞു കാണാത്തതിനാൽ ചോദ്യം അവ്യക്തമാകുന്നു.

(സി) യും (ഡി) യും ഇവ പ്രവർത്തന പദ്ധതികളെ സംബന്ധിക്കുകയാണ് ചെയ്യുന്നതു്. ഇവയ്ക്കു മറുപടി നൽകേണ്ടുന്ന ആവശ്യം ഗവണ്മെന്റ് കാണുന്നില്ല.

കാർഷികാധിനിവേശ ചട്ടങ്ങൾ.

൨൮൮. മി: എ. എസ്സ്. ഗോമേദരനാശാൻ (മാരേചിക്കരയും കാർത്തികപ്പള്ളിയും): ൧൯൨൯ നവമ്പർ ൧൮-ാം നു-യിലെ ഗവണ്മെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്ന കാർഷികാധിനിവേശചട്ടങ്ങൾ ഈ ജില്ലയിൽ കൊണ്ടുവരുന്നതിന് ഗവണ്മെന്റ് എന്തെല്ലാം നടപടി നടത്തി എന്നു ദയവുണ്ടായി പ്രസ്താവിക്കുമോ?

(ബി) (൧) പരസ്പരസഹായസംഘങ്ങളിൽ നിന്നും (൨) മുൻപറഞ്ഞ നിയമങ്ങളനുസരിച്ചു ഭൂമി പതിക്കുവാൻ സംഘടിപ്പിച്ചിട്ടുള്ള സിൻഡിക്കേറ്റുകളിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളുടെ സംഖ്യ എത്ര എന്നു ഗവണ്മെന്റ് ദയവുണ്ടായി പറയുമോ?

(സി) ഇതുവരെ എത്രമാത്രം പതിച്ചിട്ടുണ്ടെന്നും

(ഡി) ഇതുവരെ തീർപ്പു കല്പിക്കാതെ കിടക്കുന്ന ഏററവും പഴകിയ അപേക്ഷയുടെ തീയതി ഏതെന്നും ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) ഇപ്പോഴുള്ള കാർഷികാധിനിവേശചട്ടങ്ങൾ ഈ ജില്ലയിൽ കൊണ്ടുവരുവാൻ സാധ്യമല്ല. ഈ നിയമങ്ങളെ ഭേദപ്പെടുത്തുന്നകാര്യം ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുന്നു.

(ബി) (൧) ഒന്നുമില്ല. (൨) നെടുമങ്ങാട്ടു താലൂക്കിൽ ഭൂമി പതിപ്പിക്കുന്നതിനായി, തിരുവിതാംകൂർ ഫാർസ്റ്റ്സ് ഡെൻസ് അസോസിയേഷൻ സെക്രട്ടറിയുടെ അടുക്കൽ നിന്നും, സർവീസ് കൊളണിസിൻഡിക്കേററ് (ക്ലിപ്തം അമരവിള) ൽ നിന്നും ഓരോ അപേക്ഷ ലഭിച്ചിട്ടുണ്ട്. നെടുമങ്ങാട്ടു താലൂക്കിലും നെയ്യാററിൻകര താലൂക്കിലെ ഭൂമി പതിപ്പിക്കുന്നതിനായി ദക്ഷിണതിരുവിതാംകൂർ അഗ്രികൾചറൽ സിൻഡിക്കേററ് (ക്ലിപ്തം) ൽ നിന്നും ഒരപേക്ഷ കിട്ടിയിട്ടുണ്ട്.

(സി) ഒന്നുമില്ല.

(ഡി) (എ) ഭാഗത്തിനുള്ള ഉത്തരംകൊണ്ടു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കാർഷികാദിനിവേശചട്ടങ്ങൾ പ്രായോഗികങ്ങളല്ലെന്നു ഗവണ്മെൻറ് എന്നാണ് കണ്ടുപിടിച്ചതെന്നു ഭയവുണ്ടായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഈയിടയ്ക്കു—

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു പ്രായോഗികമാക്കി നോക്കിയതിനു ശേഷമാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതെ,

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പുതിയ നിയമനങ്ങളുടെ രൂപീകരണം ഇപ്പോൾ ഏതവസ്ഥയിലിരിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): കൃഷി ഡയറക്ടരുടെ അഭിപ്രായത്തിനായി അയച്ചിരിക്കുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അദ്ദേഹത്തിന്റെ അടുക്കൽ അഭിപ്രായത്തിനയച്ചിട്ടു എത്ര മാസമായി.

മി: ടി. പി, രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഒരു മാസം കഴിഞ്ഞിട്ടു അല്പ നാളായി.

അരിപ്പാട്ടു വീയപുരം റോഡ്.

൨൨൦. മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താഴെ പറയുന്ന സംഗതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകുന്നതിനു ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

(എ) ഹരിപ്പാട്ടു വീയപുരം റോഡ് ചരമിട്ടു ഉറപ്പിക്കുന്നതിനുള്ള ഒരു എസ്റ്റിമേറ്റു സമർപ്പിക്കപ്പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെന്നാണ് (എ) ഭാഗത്തിനുള്ള ഉത്തരമെങ്കിൽ അതിനു ഗവണ്മെൻറനുവാദം നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ തീയതി ഏതു്?

(സി) മുൻപറഞ്ഞ റോഡ് കല്ലു ഇട്ടു ഉറപ്പിക്കുന്നതിനുള്ള ദിവാലി താമസം വിനാ ആരംഭിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) ഇല്ലെന്നാണ് ഉത്തരം.

(ബി) (എ) ഭാഗത്തിനുള്ള മറുപടി കൊണ്ടു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

(സി) ഈ സംഗതിയെപ്പററി ആലോചിക്കുന്നതാണ്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും), ഹരിപ്പാട്ടു വീയപുരം റോഡിന്റെ ഒരു എസ്റ്റിമേറ്റു ഗവണ്മെൻറ് ചീഫ് എൻജിനീയരുടെ അടുക്കൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടോ എന്നു ഭയവുണ്ടായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഇല്ല.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സ്ഥലത്തെ ജനങ്ങളിൽനിന്നും അത്തരം ഒരു റോഡിനുള്ള അപേക്ഷയുണ്ടായിട്ടില്ലയോ.

മി. ടി. പി, രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അപേക്ഷ ഉണ്ടായിട്ടില്ല.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ശ്രീമൂലം പ്രജാസഭയുടെ ൨൧-ാമത്തെ സെഷനിൽ ഇക്കാര്യം നിവേദന വിഷയമായ്ക്കഴിഞ്ഞ മെമ്പറിനറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): വിവരം നോട്ടുചെയ്തിരിക്കുന്നു.

പറവൂർ താലൂക്കിൽ പാറക്കടവു പകുതിയിലുള്ള
ഗതാഗത തടസ്സം

൨൨൧. മി: എ. ജി. മേനവൻ (പറവൂർ): താഴെ പറയുന്ന സംഗതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകുന്നതിനു ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

(എ) പറവൂർ താലൂക്കിലെ പാറക്കടവു പകുതിയിൽ ഗതാഗതത്തിന് വലിയ തടസ്സമുണ്ടെന്നു ഗവണ്മെൻറിനറിവുണ്ടോ?

(ബി) ആ പകുതിയിലെ ജനങ്ങളിൽനിന്നും ഇതിനെ സംബന്ധിച്ചു എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ?

(സി) വടക്കൻ താലൂക്കുകളിലെ മററു പല സ്ഥലങ്ങളേയും അപേക്ഷിച്ചു ഈ പകുതിയുടെ കിടപ്പുകൊണ്ടും മണ്ണിന്റെ സ്വഭാവംകൊണ്ടും റോഡുകൾ പ്രയ്യും ചെലവു കുറഞ്ഞും ഏളുപ്പവും നിർമ്മിക്കാമെന്നു ഗവണ്മെൻറിനറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) പാറക്കടവു പകുതിയിൽ ഗതാഗത തടസ്സമുണ്ടെന്നു റിപ്പോർട്ടു ചെയ്തിരിക്കുന്നു.

(ബി) ഉണ്ട്.

(സി) അറിയാം.

അഡിഷണൽ ഡിസ്ട്രിക്ട് ജഡ്ജിമാർ.

൨൨൨. മി: മുറിമവലിൽ പാച്ചുപിള്ള (ചേർത്തല): താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ചുള്ള വിവരം ഗവണ്മെൻറ് ഭയവായി പ്രസ്താവിക്കുമോ?

(എ) സർക്കാർ വക്കീലന്മാരിൽ നിന്നും അഡിഷണൽ ഡിസ്ട്രിക്ട് ജഡ്ജിമാരെ നിയമിക്കുമ്പോൾ അവരുടെ സർവ്വീസിനെപ്പററി ഗവണ്മെൻറ് പരിഗണിക്കുമോ?

(ബി) പരിഗണിക്കുമെന്നാണ് (എ) ഭാഗത്തിനുള്ള ഉത്തരമെങ്കിൽ, ഇപ്പോൾ (൧൯൨-൨-൧൯൩൩) ഡിസ്ട്രിക്ട് ജഡ്ജിമാരായി നിയമിച്ചിട്ടുള്ള സർക്കാർ വക്കീലന്മാരെക്കാൾ കൂടുതൽ സർവ്വീസുള്ള സർക്കാർ വക്കീലന്മാരില്ലയോ എന്നും?

(സി) അവരെ നിയമിക്കാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും,

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) പരിഗണിക്കാം.

(ബി) ഉണ്ടായിരുന്നേക്കാം.

(സി) രണ്ടാംജഡ്ജിമാരെയും ഡിസ്ട്രിക്ട് ജഡ്ജിമാരെയും നിയമിക്കുന്നതിൽ സർവീസിന്റെ ദൈർഘ്യമോ തുമല്ല പരിഗണിക്കപ്പെടുന്നത്. മററു പലതും അതോടുകൂടി തന്നെ പരിഗണിക്കപ്പെടുന്നതാണ്.

ആക്ടിംഗ് പോലീസ് ഇൻസ്പെക്ടറന്മാർ.

൨൨൩. മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ചുള്ള വിവരം ഗവണ്മെന്റിൽനിന്നും ലഭ്യമുണ്ടായി പറയുമോ?

(എ) ഹെഡ്കാസ്റ്റബിളുന്മാരെ ആക്ടിംഗ്പോലീസ് ഇൻസ്പെക്ടറന്മാരായി നിയമിക്കുന്നതിന് സീനിയാററി നിശ്ചയിക്കുന്ന കാര്യത്തിൽ, ആക്ടിംഗ് പോലീസ് ഇൻസ്പെക്ടറന്മാരായി ആദ്യം നിയമിച്ചതീയതിയാണോ അതോ അവരുടെ സർവ്വീസും കൂടുതൽ സമ്പന്നവുമാണോ പരിഗണിക്കപ്പെടുന്നത്?

(ബി) ഇതിനെപ്പററി ഏതെങ്കിലും അവസരത്തിൽ ചോദ്യമുണ്ടായിട്ടുണ്ടോ?

(സി) ഇതു സംബന്ധിച്ചുണ്ടായ തടസ്സങ്ങൾക്കു പരിഹാരം നേടുന്നതിനായി പോലീസ് കമ്മിഷണർ അക്കൌണ്ടാഫീസരുടെ അഭിപ്രായത്തെ ക്ഷണിച്ചിട്ടുണ്ടോ?

(ഡി) (സി) ഭാഗത്തിനുള്ള ഉത്തരം ഉണ്ടെന്നാണെങ്കിൽ, അക്കൌണ്ടാഫീസർ ഈ വിഷയത്തിൽ എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആ മറുപടിയുടെ സാരമെന്തെന്നും,

(ഇ) സീനിയാററിറിക്കായും നിശ്ചയിക്കുന്നതു ഒരാൾ ആദ്യമായി പകരം ജോലി നോക്കിയതീയതി അനുസരിച്ചാണെങ്കിൽ, ൧൯൦൪ മുതൽ ഒരു പോലീസ് ഇൻസ്പെക്ടറായി പകരം ജോലിനോക്കിയിട്ടുള്ള ഏതെങ്കിലും ഹെഡ്കാൺസ്റ്റബിളിനെ ഇപ്പോൾ (൧൯൬൨-൬-൧൦൪) തന്റെ പഴയ മാവേലിക്കര തിരിച്ചയച്ചിട്ടുണ്ടോ എന്നും, ൧൯൦൪ മുതൽ മാത്രം ഇൻസ്പെക്ടറായി പകരം ജോലി നോക്കുന്ന ഏതെങ്കിലും ഹെഡ്കാൺസ്റ്റബിളിനെ ഇപ്പോൾവീണ്ടും ഒരു ആക്ടിംഗ് ഇൻസ്പെക്ടറായി നിയമിച്ചിട്ടുണ്ടോ എന്നും, അങ്ങനെ ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്നും,

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) പ്രഥമമായി സർവ്വീസിന്റെ ദൈർഘ്യം പൊതുവായുള്ള സ്വഭാവവും സാമർത്ഥ്യവും, വിദ്യാഭ്യാസ യോഗ്യതകൾ എന്നിവകളെ അടിസ്ഥാനമാക്കി തിരഞ്ഞെടുക്കപ്പെടുന്ന അർഹതയുള്ള ഹെഡ്കാൺസ്റ്റബിളുന്മാരെ ആക്ടിംഗ് ഇൻസ്പെക്ടറന്മാരായി കയററം ചെയ്യുന്നു. അവരെ തിരഞ്ഞെടുത്ത തീയതി പരിഗണിക്കപ്പെടേണ്ടി വരുന്നതു് സ്ഥിരപ്പെടുത്തുന്നതിന്നുവേണ്ടി അവരുടെ സീനിയാറിട്ടി നിശ്ചയിക്കേണ്ടി വരുമ്പോഴോ, അവരുടെ ആദ്യത്തെ ആക്ടിംഗ് നിയമനത്തിന് ശേഷം അവരെ വീണ്ടും ആക്ടിംഗ് ഇൻസ്പെക്ടറന്മാരായി നിയമിക്കപ്പെടേണ്ടി വരുമ്പോഴോ മാത്രമാകുന്നു.

(ബി) ഇല്ല.

(സി.യും ഡി.യും)! ൧൯൫൫ മേയിൽ അന്നു പോലീസുകമ്മിഷണരുടെ ചുമതലകൾക്കു ചാർജ് വഹിച്ചിരുന്ന ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ട് മി: ജെ. ജെ. ഡാനിയൽ പോലീസ് ഇൻസ്പെക്ടറന്മാരായി ആക്ററു ചെയ്തുകൊണ്ടിരുന്ന രണ്ടു ഹെഡ്കാൺസ്റ്റബിൾമാരുടെ താരതമ്യത്തെയുള്ള സീനിയാറിട്ടിയെപ്പററി അക്കൌണ്ടാഫീസരുടെ അഭിപ്രായം ക്ഷണിച്ചിട്ടുണ്ട്. അക്കൌണ്ടാഫീസർ അദ്ദേഹത്തിനു നൽകിയ *ഉത്തരം മേശപ്പുറത്തു വച്ചിരിക്കുന്നു.

(ഇ) ൧൯൫൫-ലും ൧൯൫൬-ലും ഇൻസ്പെക്ടറന്മാരായി ആക്ററുചെയ്തുതുടങ്ങിട്ടുള്ള ഹെഡ്കാൺസ്റ്റബിളുന്മാരുടെ പട്ടികയാണു താഴെ ചേർക്കുന്നത്.

൧൯൫൫	൧൯൫൬
(൧) കെ. നൈനാൻ	(൧) കെ. ഗോവിന്ദനുണ്ണിത്താൻ
(൨) എൻ. കേശവപിള്ള	(൨) കെ. എസ്. മീനാക്ഷിനാഥയ്യർ
(൩) കെ. രാമറാവു	(൩) ജി. പരമേശ്വരൻപിള്ള

ഇവരിൽ ൧൯൫൫-ലെ ഒന്നാം നമ്പരുകാരനും, ൧൯൫൬-ലെ ഒന്നും, രണ്ടും നമ്പരുകാരനും ൧൯൫൫-കന്നി ൧൯൫-ാം ഇൻസ്പെക്ടറന്മാരായി ആക്ററുചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അവരെ യോഗ്യതയെ അടിസ്ഥാനമാക്കിയാണു അങ്ങനെ വച്ചുകൊണ്ടിരുന്നത്. ചോദിക്കപ്പെട്ടിരിക്കുന്ന തീയതിയിൽ യാതൊരു ആക്ററിംഗ് ഇൻസ്പെക്ടരുടെ നിയമനവും നടത്തപ്പെട്ടിട്ടില്ല.

ആലപ്പുഴനിന്നുള്ള ആദായനികുതിയും ചുങ്കവും വരവ്.

൨൨൪. മി: പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): കഴിഞ്ഞ രണ്ടു വർഷങ്ങളിൽ (൧൯൫൫, ൧൯൫൬) ആലപ്പുഴയിൽനിന്നും ആദായനികുതി, ചുങ്കം എന്നീ ഇനങ്ങളിലുള്ള വരവിനെ പ്രത്യേകം കാണിക്കുന്ന ഒരു സ്റ്റേറുമെന്റു മേശപ്പുറത്തുവയ്ക്കുവാൻ ഗവണ്മെന്റിനു ഭയമുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

വർഷം	ആദായനികുതി			ചുങ്കം		
	രൂ.	ച.	കാ.	രൂ.	ച.	കാ.
൧൯൫൫	൪൭,൪൦൭	൨൨	൩൭	൧൩,൩൩,൭൯൪	൧൩	൩
൧൯൫൬	൩൬,൩൧൬	൧൩	൦	൧൧,൪൪,൪൪൪	൨൨	൧൪

ആദായനികുതി ഇനത്തിലുള്ള വരവിനെ സംബന്ധിച്ചെടത്തോളം ആലപ്പുഴയിൽനിന്നും മാത്രമുള്ള വരവിനെ നിശ്ചയിക്കുക സാധ്യമല്ല. എന്തെന്നാൽ ആലപ്പുഴയിൽനിന്നുള്ള പിരിവിൽ ആലപ്പുഴ നിവാസികളേയും, പ്രധാന വ്യാപാരസ്ഥലം ആലപ്പുഴയാണെന്നും നിശ്ചയിച്ചിട്ടുള്ളവരെയും ഉൾപ്പെടുത്തുകയും, എന്നാൽ ആലപ്പുഴയിൽനിന്നും ആദായം കിട്ടുകയും അതിനുള്ള നികുതി മററു ഡിവിഷനിൽ ചേർത്തു പിരിക്കപ്പെടുക

* രണ്ടാം അനുബന്ധം നോക്കുക.

ഗും ചെയ്യുന്നവരെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്നു. ഇവിടെ നിന്നുള്ള കണക്കുകൾ ആലപ്പുഴയെ പ്രധാന വ്യാപാരസ്ഥലമാക്കിട്ടുള്ളവരിൽനിന്നും ക.ഠ ൧൮-ലും ക.ക ൧൯-ലും പിരിച്ചിട്ടുള്ള ആദായനികുതിയെ കാണിക്കുന്നതാകുന്നു.

ഭൂണകാര്യങ്ങളിൽ വർത്തമാനപ്പത്രങ്ങൾ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ.

൧൮൪. മി: ഇട്ടുപ്പു ഇട്ടീച്ചൻ (കുന്നത്തുനാട്): വർത്തമാനപ്പത്രങ്ങൾ ഇവിടെ ഉണ്ടാകുന്ന ഓരോ ഭരണകാര്യത്തെപ്പററിയും അപ്പോഴപ്പോൾ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളെ ദിവാന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനോ അല്ലെങ്കിൽ അവയെ അദ്ദേഹത്തെ ധരിപ്പിക്കുവാൻ സഹായിക്കുന്നതിനോ ഇപ്പോൾ (ക.ഠ ൧൮ ചിങ്ങം) വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടോ എന്നു ഗവണ്മെൻറിൽനിന്നും ഉത്തരവായി പറയുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഇതിലേക്കായി ഗവണ്മെൻറ ചീഫ് ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അവ എന്തെന്നു വെളിപ്പെടുത്തണമെന്നു ഗവണ്മെൻറ വിചാരിക്കുന്നില്ല.

യുദ്ധത്തിൽ പോയവർക്കു ഭൂമിപതിച്ചു്.

൧൮൫. മി: ഇട്ടുപ്പു ഇട്ടീച്ചൻ (കുന്നത്തുനാട്). താഴെകാണുന്ന വിവരങ്ങൾ നൽകുവാൻ ഗവണ്മെൻറിനു ഉത്തരവുണ്ടാകുമോ?

(എ) ഈ രാജ്യത്തുനിന്നും ഗവണ്മെൻറ ചില ആളുകളെ വർസർവീസിലേക്കു എടുത്തിരുന്നില്ലയൊ?

(ബി) അങ്ങനെ യുദ്ധത്തിൽ പോയവരിൽ ഓരോരുത്തർക്കും പത്തേക്കർ ഭൂമിവീതം സൌജന്യമായി പതിച്ചുകൊടുക്കണമെന്നു ഒരു ഉത്തരവായിട്ടുണ്ടോ?

(സി) ഉണ്ടെന്നാണ് (ബി) വിഭാഗത്തിനുള്ള ഉത്തരമെങ്കിൽ അവരിൽ ഓരോരുത്തർക്കും ഇക്കാര്യത്തിനു മനോട്ടീസയച്ചിട്ടുണ്ടോ?

(ഡി) ഓരോരുത്തർക്കും പത്തേക്കർഭൂമിവീതം പതിച്ചുകൊടുക്കണമെന്നുള്ള ഉത്തരവനുസരിച്ചു ഭൂമി പതിപ്പിക്കുന്നതിനു അവരിൽ ആരിൽനിന്നെങ്കിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

(ഇ) ഉണ്ടെന്നാണ് (ഡി) വിഭാഗത്തിനുള്ള ഉത്തരമെങ്കിൽ ഇതുവരെ (ക.ഠ ൧-ക.ഠ ൧൯) വരെ ലഭിച്ച അപേക്ഷകൾ എത്ര. ഇതുവരെ ഭൂമി പതിച്ചു കിട്ടീട്ടുള്ള അപേക്ഷകന്മാർ എത്ര, ഭൂമി പതിച്ചുകിട്ടാത്തവരെത്ര.

(എഫ്) മുൻപറഞ്ഞ ഉത്തരവയച്ചതേതു വർഷത്തിലാണ്? അതെത്രകാലത്തേക്കു ഊർജ്ജിതത്തിലിരിക്കും.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി). എ. അതേ.

(ബി) അങ്ങനെ ഉത്തരവൊന്നും അയച്ചിട്ടില്ല എന്നാൽ ക.ൻ.വ ജാനുവരി ൧൯-ാംനു അയച്ചിട്ടുള്ളതും ഗവണ്മെൻറഗസററിൽ പ്രസിദ്ധീകരിച്ചിരുന്നതുമായ ഉത്തരവുകളിൽ ഒൻപതാംവകുപ്പിൽ ചില പ്രത്യേകസന്ദർഭങ്ങളിൽമാത്രം ചില പ്രത്യേകകാരണങ്ങളാൽ ഏററവും കൂടുതൽ അഞ്ചേക്കർ നിലവും ക.ം ഏക്കർ പുരയിടവും പതിച്ചുകൊടുക്കാമെന്നു വ്യവസ്ഥചെയ്തിരുന്നു.

(സി) (ബി) വിഭാഗത്തിനുള്ള മറുപടിയെ പരിഗണിച്ചു ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

(ഡി) ക.ൻ.വ ൭ അക്ടോബർ ൧ക.-ാംനു പരിഷ്കരിക്കപ്പെട്ട ചട്ടങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള ക.ൻ.വ-ലെ പഴയ ചട്ടങ്ങൾ അനുസരിച്ചു ഭൂമി പതിപ്പിക്കുന്നതിനുള്ള അപേക്ഷകൾ കിട്ടിയിട്ടുണ്ടു.

(ഇ) ൪൯൦ അപേക്ഷകൾ കിട്ടുകയുണ്ടായി. ൧൪ പേർക്കു പതിച്ചുകൊടുത്തു. ശേഷിച്ച അപേക്ഷകൾ ഓരോ കാരണങ്ങളാൽ നിരസിക്കപ്പെട്ടു.

(എഫ്) തറവില പിരിക്കേണ്ടെന്നു നിശ്ചയിച്ചു പരിഷ്ക്കരിച്ച ഉത്തരവുകൾ ക.ൻ.വ ൭ അക്ടോബർ ൧ക.-ാംനു-യാണു അയച്ചതു്. അവ ക.ൻ.വ നവമ്പർ ൧൪-ാംനു-വരെ ഊർജ്ജിതത്തിലിരുന്നു.

ഗുരശടി ചാർജ്ജിൽ നിന്നുമുള്ള വരവിന്റെ പട്ടിക.

൧൮൬. മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): താഴെപറയുന്ന കാര്യങ്ങൾ കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുവാൻ ഗവണ്മെൻറിനു ഉത്തരവുണ്ടാകുമോ?

(എ) (ക) മുൻസിപ്പുകോടതികളിലും (൨) ഡിസ്ട്രിക്ട്കോടതികളിലും (൩) താലൂക്ക ആഫീസുകളിലും മുരശടിക്കുന്നതിനുള്ള നിശ്ചിതനിരക്ക.

(ബി) ഓരോ താലൂക്കിൽനിന്നും കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ (ക.ഠ ൧-ക.ഠ ൧൩) ഓരോവർഷത്തിലും പിരിച്ചിട്ടുള്ള ആകെ തുക.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി). (എ) (ഒന്നും, രണ്ടും) സിവിൽക്കോടതി ഫൈഡിലെ വ ൭ ൪-ാം വകുപ്പനുസരിച്ചു നാലുചക്രം പിരിക്കുന്നു.

(എ) (൩) തിരുവനന്തപുരം, നാഗർകോവിൽ, കൊല്ലം, കോട്ടയം, പറവൂർ എന്നീ മുൻസിപ്പൽ അതൃത്തികൾക്കുള്ളിലും മലപ്രദേശത്തും ദിവസമൊന്നിനു നിശ്ചയിച്ചിട്ടുള്ള നിരക്കു ക.ഠ ചക്രവും മററു താഴ്ന്നപ്രദേശങ്ങളിൽ ക.ം-ന്നു-ക.ൻ.വ ൪-ലെ ജ. ഉ. ഡിസ്. നമ്പ്ര ൧൯൯/വ ൪/റവന്യൂ അനുസരിച്ചു ദിവസമൊന്നിനു ക.ര ചക്രവും ആകുന്നു.

(ബി) ക.ഠ ൧ഗ, ക.ഠ ൧൨, ക.ഠ ൧൩ എന്നീവർഷങ്ങളിൽ റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നും താലൂക്കുതോറും പിരിച്ചിട്ടുള്ള തുകയെ കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക). സിവിൾകോർട്ട ഫൈഡനുസരിച്ചു മുൻസിപ്പുമോർട്ടിലും ഡിസ്ട്രിക്ട്കോർട്ടിലും മുരശടി ചാർജ്ജു നാലുചക്രമാണെന്നു പറയുന്നു. റെണിൽ ക.ഠ ചക്രവും താലൂക്കുകളിൽ ക.ര ചക്രവും ആണു ചാർജ്ജു എന്നു പറയുന്നുണ്ട്. ഈ വ്യത്യാസത്തിനു കാരണമെന്താണെന്നു പറയുമോ?

---

* മൂന്നാം അനുബന്ധം നോക്കുക.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്സെക്രട്ടറി). ഞാൻ നോട്ടീസ് ആവശ്യപ്പെടുന്നു.

മുൻസിപ്പൽ അതൃത്തികളിലുള്ള പുറമ്പോക്കുസ്ഥലങ്ങൾ.

൨൨൭. മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക), (എ) മുൻസിപ്പൽ അതൃത്തികൾക്കുള്ളിലുള്ള പുറമ്പോക്കുകളിൽ വസ്തുള്ളോ സ്ഥാനങ്ങൾക്കും മുൻസിപ്പാലിററികൾ ഒരുമിച്ചുള്ള നിയന്ത്രണത്തിൻെറ ദൃഷ്ടിയെ സംബന്ധിച്ചു മുൻസിപ്പാലിററികളിലെനിന്നും ഗവണ്മെൻറിനുവല്ല ധിരവേതനവും ലഭിച്ചിട്ടു ണ്ടോ എന്നു ഗവണ്മെൻറിൽനിന്നും ദയവുചെയ്തു പ്രസ്താവിക്കുമോ?

(ബി) അങ്ങനെ കിട്ടിട്ടുണ്ടെങ്കിൽ ഗവണ്മെൻറു അക്കാര്യത്തിൽ എന്താണു ചെയ്യുവാൻ പോകുന്നതെന്നു ദയവുചെയ്തു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി). (എ) ഉണ്ട്.

(ബി) മുൻസിപ്പൽ ചെയർമാൻമാരുമായി ഇതിനെപ്പററി ചർച്ചകൾ നടത്തിവരുന്നു.

സിവിൽകോടതി ഫൈഡ്.

൨൨൮. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) (എ) സിവിൽകോടതി ഫൈഡിലെ ൪ ഉസ്സം, ൪൯ ൦., വട്ടകാൾനിമിത്തം വക്കീലന്മാർക്കുള്ള വിഷമതകൾ അറിവുണ്ടോ എന്നു ഗവണ്മെൻറിൽനിന്നും ദയവുണ്ടായി പറയുമോ?

ബി. വാദിക്കുന്ന അംഗങ്ങളിൽനിന്നും ഹൈക്കോടതിക്കു സങ്കടഹർജ്ജികൾ ലഭിച്ചിട്ടുണ്ടെങ്കിൽ ഗവണ്മെൻറിൽനിന്നും ആ ഹർജ്ജികളുടെ സംഖ്യ എത്രയെന്നും അതിൽ എന്തുനടപടിക്രമത്തിനിട്ടുണ്ടെന്നും അറിയിക്കുവാൻ ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി) (എ) ഉത്തരം ഇല്ലെന്നാണ്. (ബി) (എ) വിഭാഗത്തിനുള്ള ഉത്തരംമൂലം ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

ദക്ഷിണതിരുവിതാംകൂറിലെ ജലദൗർലഭ്യം.

൨൨൯. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) താഴെപറയുന്ന വിവരങ്ങൾ നൽകുവാൻ ഗവണ്മെൻറിൽനിന്നും ദയവുണ്ടാകുമോ (എ) കഴിഞ്ഞകന്നി കൃഷിക്കാലത്തു ദക്ഷിണതിരുവിതാംകൂറിലുണ്ടായിരുന്ന അത്യധികമായ ജലദൗർലഭ്യത്തെ നിവാരണംചെയ്യുന്നതിനു എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

(ബി) കൃഷിഡിപ്പാർട്ടുമെൻറിൽനിന്നോ മറേറതെങ്കിലും ഡിപ്പാർട്ടുമെൻറിൽനിന്നോ കഷ്ടസ്ഥിതിയെപ്പററി ഏതെങ്കിലും റിപ്പോർട്ടു ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്സെക്രട്ടറി) (എ) ൧൯൩൪ കന്നികൃഷിക്കുതക്കതായ തിരുവിതാംകൂറിൽ ജലവിതരണംചെയ്യേണ്ടതിനേയും, ദക്ഷിണതിരുവിതാംകൂറിലെ ജലസേചനസ്ഥിതിയേയുംപററി പര്യാലോചിക്കുവാൻ ൧൯൩൪ കർക്കടകം ൧൪-ാംനു കോട്ടയാർ സെൻട്രൽ ഇറിഗേഷൻബോർഡിൻെറ ഒരുയോഗം അതിൻെറ പ്രസിഡൻറായ ദിവാൻപേഷ്കാരുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. കോട്ടയാർ പ്രോജക്ററിൻ കീഴിലുള്ള എല്ലാസ്ഥലങ്ങളും (നായരായും ന്യായവിരുദ്ധമായും തിരിച്ചിട്ടുള്ളവ) കോട്ടയാർ റിസർവായറിൽനിന്നുമുള്ള വെള്ളത്തിൻെറ ഗുണം കഴിയുന്നത്ര അനുഭവിക്കേണ്ടതാണെന്നു ബോർഡ് പ്രമേയം പാസ്സാക്കുകയുണ്ടായി. നാഗർകോവിൽഡിവിഷനിലെ എക്സിക്യൂട്ടിവ് എൻജിനിയരോടു അതനുസരിച്ചുവേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുന്നതിനു ഡിവിഷൻപേഷ്കാർ അപേക്ഷിക്കുകയും രണ്ടാഴ്ചകളിൽ ഒഴുകുകതിരിച്ചെടുത്തിട്ടുള്ള ശുചികൾ മുഖേന സകലയിടത്തും ലഭിക്കത്തക്കവിധം ജലവിതരണംചെയ്യപ്പെടുകയും ഉണ്ടായി.

(ബി) ഈ വിഷയത്തെപ്പററി കൃഷിഡിപ്പാർട്ടുമെൻറിൽനിന്നോ മറേറതെങ്കിലും ഡിപ്പാർട്ടുമെൻറിൽനിന്നോ യാതൊരു റിപ്പോർട്ടും കിട്ടിയിട്ടില്ല.

കൊട്ടാരക്കരതാലൂക്കിലെ പുളുവൽ കേസ്സുകളുടെതീർപ്പ്.

൨൩൦. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) താഴെപറയുന്ന വിവരങ്ങൾ നൽകുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) ൧൯൩ മിഥുനം ൧-ാംനു-വരെ ഓരോമാസത്തിലും കൊട്ടാരക്കരതാലൂക്കിൽ രജിസ്ട്രാരിൽ ചേർത്തിട്ടുള്ള പുളുവൽ കേസുകൾ എത്രവീതം തീർത്തിട്ടുണ്ട്.

(ബി) ഓരോമാസത്തിലുംഉള്ള സംഖ്യയിൽ വലിയവ്യത്യാസമുണ്ടെങ്കിൽ ആവ്യത്യാസത്തിനുള്ള കാരണമെന്തു?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്സെക്രട്ടറി) (എ) ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ താഴെകൊടുത്തിരിക്കുന്നു.

മാസം	തീർത്തകേസുകളുടെസംഖ്യ
ചിങ്ങം	൩൩
കന്നി	൩൦
തുലാം	൧൪
വൃശ്ചികം	൯൯
ധനു	൧൪൯
മകരം	൩൯
കുംഭം	൪൯
മീനം	൯൭
മേടം	൪൩
ഇടവം	൪൭.

(ബി) റവന്യൂകേസ്സുകളുടെ അവസാനതീർച്ചപലപരിതസ്ഥിതികളെയും ആശ്രയിച്ചിരിക്കുന്നു. ഇതിനെ പരിഗണിക്കുമ്പോൾ ഒരുവർഷത്തിലെപലമാസങ്ങളിലും തീർച്ചചെയ്തകേസ്സുകളുടെസംഖ്യ തുല്യമായിരിക്കുന്നതല്ല. അങ്ങനെസ്വാഭാവികമായിതന്നെ വ്യത്യസ്തമായിരിക്കും.

ഡിസ്ട്രിക്ട്ജഡ്ജിമാരും ഡിസ്ട്രിക്ട് മുൻസിഫന്മാരും തീർത്തകേസ്സുകൾ.

൨൯൨. മി: താമരപ്പള്ളിൽകൊച്ചുതൊമ്മൻ (പത്തനംതിട്ട) (എ) താഴെപറയുന്നവിവരങ്ങൾ നൽകുവാൻ ഗവണ്മെൻറിന്നു ദയവുണ്ടാകുമോ?

(എ) ഹൈക്കോടതിയും ഗവണ്മെൻറും ആവശ്യപ്പെട്ടിട്ടുള്ളതുപോലെ ഏററവും ചുരുങ്ങിയനിശ്ചിതസംഖ്യകേസ്സുകൾ ഡിസ്ട്രിക്ട്ജഡ്ജിമാരും ഡിസ്ട്രിക്ട് മുൻസിഫന്മാരും തീർത്തുകാണിക്കുന്നുണ്ടോ?

(ബി) കോടതിയിൽ ഫയൽചെയ്യുന്നകേസ്സുകൾ അനുസരിച്ച് തീർച്ചചെയ്യുന്നകേസ്സുകളും ഇരിക്കുന്ന ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥൻ എത്രയും കുറഞ്ഞതായിതീർക്കണമെന്നു നിശ്ചയിച്ചിട്ടുള്ളകേസ്സുകളുടെസംഖ്യ അദ്ദേഹത്തിന്റെ കോടതിയിൽ ഫയലാകുന്നകേസ്സുകളുടെ ശരാശരിക്കണക്കിനെ ആധാരമാക്കിയാണോ നിശ്ചയിക്കുന്നത്?

(സി) (ബി)ഭാഗത്തിനുള്ള ഉത്തരം നിഷേധരൂപത്തിലാണെങ്കിൽ ഓരോകോടതികളിലും കഴിച്ചുകൂട്ടുവാൻപാടില്ലാതെഉണ്ടാകുന്ന കുടിശ്ശിഖതീർക്കുന്നതിനു അവർ എന്തുപ്രത്യേകമാർഗ്ഗമാണ് സ്വീകരിക്കുന്നത്.

൨. ഈ സംസ്ഥാനത്തുള്ള ഡിസ്ട്രിക്ട്കോടതികളിലും മുൻസിഫ്കോടതികളിലും കഴിഞ്ഞഅഞ്ചുവർഷങ്ങളിൽ (൧൯൧൯ മുതൽ ൧൯൨൩ വരെ) ഓരോവർഷങ്ങളിലും ഫയലായിട്ടുള്ളകേസ്സുകളുടെ സംഖ്യയും പ്രതിവർഷം തീർത്തിട്ടുള്ളകേസ്സുകളുടെ സംഖ്യയും താരതമ്യപ്പെടുത്തുന്ന ഒരു ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുവാൻ ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി) (൧) (എ) ജഡ്ജിമാരുടെയും മുൻസിഫന്മാരുടെയും ജോലികളെപററി നാലുമാസത്തിലൊരിക്കൽവീതം ഗവണ്മെൻറ് ഗസററിൽ പ്രസിദ്ധീകരിക്കുന്നതിലേക്കു മെമ്പറിന്റെ ശ്രദ്ധയെക്ഷണിച്ചുകൊള്ളുന്നു.

(ബി) ഉത്തരം നിഷേധരൂപത്തിലാകുന്നു.

(സി) നിയമപരിഷ്കാരം ഗവണ്മെൻറിന്റെ ശ്രദ്ധയിലിരിക്കുന്നു.

൨. ഈ സംസ്ഥാനത്തിൽ ൧൯൧൯ മുതൽ ൧൯൨൩വരെ ഡിസ്ട്രിക്ട് കോടതികളിലും മുൻസിഫ കോടതികളിലും ഫയലായിട്ടുള്ളതും തീർച്ചചെയ്തിട്ടുള്ളതുമായ കേസ്സുകളുടെ പട്ടിക *മേശപ്പുറത്തുവച്ചിരിക്കുന്നു.

മലയാളപാഠ്യപുസ്തകങ്ങൾ

൨൯൩. മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട) താഴെപറയുന്നവിവരങ്ങൾ നൽകുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) തിരുവിതാംകൂർപാഠപുസ്തകക്കമ്മിററി തിരഞ്ഞെടുക്കുന്നപുസ്തകങ്ങളുടെകർത്താക്കളിൽ തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലും താമസിക്കുന്നഗ്രന്ഥകാരന്മാരുടെസംഖ്യയും, സംസ്ഥാനത്തിൽ ആകപ്പാടെയുള്ള അത്തരം ഗ്രന്ഥകാരന്മാരുടെസംഖ്യയും തമ്മിലുള്ളയഥാർത്ഥശതമാനക്കണക്കെന്തുമാണ്.

(ബി) അത്തരംഗ്രന്ഥകാരന്മാരുടെസംഖ്യ രാജധാനിയിൽ മററെങ്ങുമുള്ളതിലും സ്ഥലത്തെക്കാൾ കൂടുതലായിട്ടുള്ളതിനു പ്രത്യേകകാരണം വല്ലതുമുണ്ടെങ്കിൽ അതെന്താണ്.

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി) (എ) ഏതുപ്രത്യേകകാലത്തെപററിയുള്ള അറിവാണു ആവശ്യപ്പെട്ടിട്ടുള്ളതെന്നു നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ ഇതിനെപററിയുള്ള അറിവുതരുവാൻ സാധിക്കുന്നതല്ല.

(ബി) (എ) ഭാഗത്തിനുള്ള സമാധാനത്തെ പരിഗണിക്കുമ്പോൾ ഈചോദ്യം ഉൽഭവിക്കുന്നില്ല.

ചിലകീഴ്കോടതികളിലെ വിധിയിന്മേൽ കൊല്ലം കോട്ടയം ഡിസ്ട്രിക്ട്കോടതികളിൽ ഫയൽചെയ്തിട്ടുള്ള അപ്പീൽകേസ്സുകൾ.

൨൯൪. മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട) ചെങ്ങന്നൂർ, അട്ടൂർ, മാവേലിക്കരഎന്നീ മുൻസിഫ്കോടതികളിൽനിന്നും കൊല്ലം ഡിസ്ട്രിക്ട്കോടതിയിലും, തിരുവല്ലയിൽനിന്നും കോട്ടയംഡിസ്ട്രിക്ട് കോടതിയിലും ൧൯൧൯, ൧൯൨൦, ൧൯൨൧, ൧൯൨൨, ൧൯൨൩ എന്നീവർഷങ്ങളിൽ വന്നിട്ടുള്ള അപ്പീൽ കേസ്സുകളുടെ സംഖ്യ കാണിക്കുന്നതരത്തിലുള്ള സ്റ്റേറ്റ്മെൻറ് മേശപ്പുറത്തുവയ്ക്കുവാൻ ഗവണ്മെൻറിനുദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി) ആവശ്യപ്പെട്ടിരിക്കുന്ന സ്റ്റേറ്റ്മെൻറ് †മേശപ്പുറത്തുവച്ചിരിക്കുന്നു.

ചെങ്ങന്നൂർ ആറൻമുള റോഡിലുള്ളപാലങ്ങൾ.

൨൯൫. മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട) താഴെപറയുന്നവിവരങ്ങൾ നൽകുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(i) ചെങ്ങന്നൂർനിന്നും ആറൻമുളക്കുള്ളറോഡ് മോട്ടോർഗതാഗതത്തിനുകൂടി ഉപയോഗിക്കുന്നതിനാൽ അതു ദിവസംചെല്ലുന്തോറും പ്രധാനമായി തീരുന്നുണ്ടെന്നറിയാമോ?

(ii) പാലം ആവശ്യമുള്ളപലതോടുകളും ഈവഴിക്കുള്ളതിനാൽ വർഷകാലത്തു ഇതിലെയുള്ള ഗതാഗതം അസാദ്ധ്യമാണെന്നുള്ളവിവരം അറിവുണ്ടോ?

(iii) ഈ തോടുകളിൽ പാലം പണിയിക്കുന്നതിനു ജനങ്ങൾ ഗവണ്മെൻറിനോടു പലപ്രാവശ്യവും അപേക്ഷിച്ചിട്ടുണ്ടെന്നുള്ള വിവരം അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്സെക്രട്ടറി) ൧. അറിയാം, ൨. അറിയാം. ൩. അയ്യാട്ട്, കോഴിപ്പാലം എന്നീസ്ഥലങ്ങളിൽ പാലം പണിയിക്കുന്നതിനുള്ള അനുവാദം നൽകിയിരിക്കുന്നു.

---

*൯ എ. ൯ബി. അനുബന്ധങ്ങൾനോക്കുക.

† അഞ്ചാം അനുബന്ധംനോക്കുക.

പാണമ്പനാട്ടുകുടിയുള്ള ചെങ്ങന്നൂർ-മാന്നാർറോഡുനന്നാക്കുക.

൨൯൯൬. മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): താഴെപറയുന്ന വിവരങ്ങൾ നൽകുന്നതിന്നു ഗവണ്മെൻറിൽനിന്നും ഉത്തരവുണ്ടാകുമോ? (എ) പാണമ്പനാട്ടുകുടിയുള്ള ചെങ്ങന്നൂർ-മാന്നാർറോഡ് ഇന്നും ഫ്ലാൻൻ-ലെ വെള്ളപ്പൊക്കംകൊണ്ടു നാശപ്പെട്ടസ്ഥിതിയിൽതന്നെയാണു കിടക്കുന്നതെന്നവിവരം അറിയാമോ?

(ബി) ജനസംഖ്യ അധികമുള്ളസ്ഥാനത്തിലെ രണ്ടു കേന്ദ്രങ്ങളിൽക്കൂടിയാണ് ഈ റോഡ് പോകുന്നതെന്ന വിവരം അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) ഫ്ലാൻൻ-ലെ വെള്ളപ്പൊക്കംകൊണ്ടു ആ റോഡിന്നുണ്ടായിട്ടുള്ള നാശങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഫ്ലാൻൻ-ലെ വെള്ളപ്പൊക്കംകൊണ്ടു ചില നാശങ്ങൾ കൂടി സംഭവിച്ചു. ആ നാശങ്ങൾ തീർക്കേണ്ടതു ജനങ്ങൾതന്നെ റിപ്പോർട്ടുചെയ്തിട്ടുള്ളതായി ചീഫ് എഞ്ചിനീയർ റിപ്പോർട്ടുചെയ്യുന്നു.

(ബി) അറിയാം.

കാഞ്ഞിരപ്പള്ളി കോട്ടയം മുൻസിഫ്കോടതികളിലെ ഏതാനും
കീഴുദ്യോഗസ്ഥന്മാരുടെ ഹിൽ അലവൻസ്.

൨൯൯൭. മി: ആർ. രാമൻപിള്ള (കോട്ടയം): (എ) കാഞ്ഞിരപ്പിള്ളി മുൻസിഫ്കോടതിയിലെ ആമീന്മാർക്കും ശിപായിമാർക്കും ഹിൽ അലവൻസു കൊടുക്കുമ്പോൾ ഗുമസ്തന്മാർക്കുമാത്രം അതു കൊടുക്കാത്തതിനുള്ള കാരണമെന്തന്നു ഗവണ്മെൻറിൽനിന്നും ഉത്തരവുണ്ടായി പ്രസ്താവിക്കുമോ?

(ബി) കോട്ടയം ഡിസ്ട്രിക്ട്കോടതിയിലുള്ള ആമീന്മാർക്കും ശിപായിമാർക്കും ഹിൽഅലവൻസു കൊടുക്കാതിരിക്കുവാനുള്ള കാരണം എന്തെന്നും ഗവണ്മെൻറിൽനിന്നും ഉത്തരവുണ്ടായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): (എ) ആമീന്മാരെയും ശിപായിമാരെയും പോലെ ജോലി നിർവ്വഹണത്തിന്നു ഗുമസ്തന്മാർക്കു മലംപ്രദേശങ്ങളിൽ പോകേണ്ടതില്ലാത്തതുകൊണ്ട്.

(ബി) കോട്ടയം ഡിസ്ട്രിക്ട്കോടതിയിലെ ആമീന്മാർക്കും ശിപായിമാർക്കും അപൂർവ്വസന്ദർഭങ്ങളിൽമാത്രം മലംപ്രദേശങ്ങളിൽപോയാൽ മതിയായതുകൊണ്ടു അവർക്കു ഹിൽ അലവൻസ് നൽകുന്നില്ല.

മുലക്കഞ്ചിറതോടിൻെറ പണി.

൨൯൯൮. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന വിവരങ്ങൾ നൽകുന്നതിന്നു ഗവണ്മെൻറിൽനിന്നും ഉത്തരവുണ്ടാകുമോ? (എ) ശരിയായിവെള്ളം വററിക്കുന്നതിന്നു നിവൃത്തിയില്ലാത്തതിനാൽ കോട്ടയം താലൂക്കിലെ പനച്ചിക്കാട്ടുപകുതിയിൽ കുഴിമററം പാടത്തിലും മററു പാടങ്ങളിലും നെൽകൃഷിക്കു വലുതായ നാശം സംഭവിക്കുന്നു എന്നു ഗവണ്മെൻറിനറിവുണ്ടോ?

(ബി) വെള്ളം വററിക്കുന്നതിന്നും, ഗതാഗതം എളുപ്പമാക്കുന്നതിന്നും ആയി മുലക്കഞ്ചിറതോടു തിർക്കണമെന്നു ആ സ്ഥലത്തെ ജനങ്ങൾ ഗവണ്മെൻറിനോടപേക്ഷിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ അതിൽ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) ശരിയായി വെള്ളം വററിക്കുന്നതിന്നു വേണ്ടി ജനങ്ങൾ ഹർജ്ജികൾ അയച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഹർജ്ജികൾ ചീഫ്എൻജിനീയർക്കു അയച്ചുകൊടുത്തിട്ടുണ്ട്.

മി: ആർ. രാമൻപിള്ള (കോട്ടയം): അവസാനത്തെ ഹർജ്ജി ഗവണ്മെൻറിലേക്കു സമർപ്പിച്ചിട്ടുള്ളതു ഏതുവർഷത്തിലാണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): മേലത്തെ കിട്ടിയ ഹർജ്ജി ഏതാണെന്നു പറയുവാൻ എനിക്കു സാദ്ധ്യമല്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): ചീഫ്എൻജിനീയരുടെ അടുക്കൽനിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അദ്ദേഹത്തിൻെറ അവസാനത്തെമറുപടി ഇതുവരെ ലഭിച്ചിട്ടില്ല.

നെട്ടുകം പകുതിയിൽ ഒരു തോടുവെട്ടുക.

൨൯൯൯. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന വിവരങ്ങൾ നൽകുന്നതിന്നു ഗവണ്മെൻറിൽനിന്നും ഉത്തരവുണ്ടാകുമോ? (എ) കോട്ടയംതാലൂക്കിൽ നെട്ടുകം പകുതിയിൽ പള്ളത്തുകുടിയും മുറയപ്പള്ളിയിൽകൂടിയും ഒരു തോടുവെട്ടുന്നതിന്നു അവിടുത്തെ സ്ഥലനിവാസികൾ അപേക്ഷിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്തു നടപടിനടത്തി.

(സി) ആ തോടുവെട്ടുന്നതിന്നു ചെലവുചെയ്യേണ്ടതിൻെറ ആവശ്യകതയെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിന്നു ഏർപ്പാടുചെയ്യുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) ഉണ്ട്.

(ബി) അപേക്ഷ ചീഫ്എൻജിനീയർക്കയച്ചു.

(സി) അക്കാര്യത്തെപ്പററി അന്വേഷിച്ചുവരുന്നു.

പൊതുമരാമത്തുഡിപ്പാർട്ടുമെൻറിലെ മേസ്തിരിമാർ.

൨൯൧൦. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെൻറിൽനിന്നും ഉത്തരവുണ്ടായി പ്രസ്താവിക്കുമോ?

(എ) പൊതുമരാമത്തുഡിപ്പാർട്ടുമെൻറിലെ മേസ്തിരിമാർക്കു വല്ല സാങ്കേതിക പരീക്ഷായോഗ്യതയും ഉണ്ടോ?

(ബി) അവരുടെ നിയമനങ്ങൾ താൽക്കാലികങ്ങളാവുകയാൽ മേസ്തിരിമാരുടെ സംഖ്യ ആവശ്യമുള്ളതിൽ കൂടുതലാണെന്ന വിവരം അറിയാമോ?

(സി) കാര്യക്ഷമതക്കുവേണ്ടി അവരുടെ നിയമനങ്ങളെ സ്ഥിരപ്പെടുത്തേണ്ട ആവശ്യമില്ലയോ എന്നു നോക്കിക്കൂടേ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) അതെ. മിക്കമേസ്ത്രിമാരും സാങ്കേതിക യോഗ്യതകൾ ഉള്ളവരാണ്.

(ബി) മേസ്ത്രിമാരുടെ സംഖ്യ ആവശ്യമുള്ളിടത്തോളം മാത്രമാണ്.

(സി) ഗവണ്മെൻറ് ഇക്കാര്യത്തെപ്പററി പരിഗണിക്കാം.

സംസ്ഥാനത്ത് ഓരോ ആൾക്കും ഉള്ള ശരാശരിഭൂമിയുടെ വിസ്തീർണ്ണം.

൨൮൫. മി: ആർ. രാമൻപിള്ള (കോട്ടയം): കായലുകൾ, വനങ്ങൾ, പുറമ്പോക്കുകൾ തരിശുഭൂമികൾ എന്നിവ കഴിച്ചാൽ തിരുവിതാംകൂറിലെ ജനസംഖ്യയിൽ ഓരോആൾക്കും അനുഭവിക്കുവാൻ കഴിക്കുന്ന ഭൂമിയുടെ ശരാശരി വിസ്തീർണ്ണതകയെന്തെന്നു പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ജനസംഖ്യപ്രകാരം ഓരോ ആൾക്കും ൩.൭൫ സെൻറുവീതം.

കോട്ടയംതാലൂക്കിൽ അധഃകൃതവർഗ്ഗക്കാർക്കുള്ള ഭൂമിപതിവ്

൨൮൬. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെൻറിൽനിന്നു ദയവുണ്ടായി പ്രസ്താവിക്കുമോ?

(എ) ൧൯൩൭-ൽ കോട്ടയംതാലൂക്കിൽനിന്നും ഭൂമി പതിച്ചുകിട്ടുവാൻ അധഃകൃതസമുദായാംഗങ്ങൾ എത്ര അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) അതിൻെറ മുൻപിലത്തെ വർഷത്തിൽ സമർപ്പിച്ചിട്ടുള്ള എത്ര അപേക്ഷകൾ തീർച്ചചെയ്യാതെ കിടപ്പുണ്ട്.

(സി) ൧൯൩൭-ൽ അനുവദിച്ച അപേക്ഷകളുടെ സംഖ്യയും അതനുസരിച്ചു പതിച്ചുകൊടുത്ത ഭൂമിയുടെ വിസ്തീർണ്ണവും എത്ര?

(ഡി) ഉപേക്ഷിച്ച അപേക്ഷകളുടെ സംഖ്യ എത്ര, അവ ഉപേക്ഷിക്കുവാനുള്ള കാരണം എന്തു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി):

(എ) ൧൦.

(ബി) ൨.

(സി) ൩; ൨ ഏക്കറും ൨ രൂട്ടി സെൻറും.

(ഡി) മൂന്നെണ്ണം ഉപേക്ഷിച്ചു. അപേക്ഷിക്കപ്പെട്ടിട്ടുള്ള ഭൂമി പതിച്ചുകൊടുക്കുവാൻ ഖജ്ജാവിലത്തതാണു കാരണം.

വിജയപുരംപകുതിയിലെ പുറമ്പോക്കു ഭൂമിപതിവ്.

൨൮൭. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെൻറിൽനിന്നു ദയവുണ്ടായി പ്രസ്താവിക്കുമോ?

(എ) ൧൯൩൭ മുതൽ വിജയപുരംപകുതിയിൽ ൭ വുറ/൧ സർവ്വേനമ്പരിൽ ഉൾപ്പെട്ട പുറമ്പോക്കുഭൂമി പതിച്ചുകിട്ടുന്നതിന് അധഃകൃതസമുദായങ്ങളിൽപെട്ട അംഗങ്ങൾ ലാൻഡ്ഡ്രിബ്യൂണലുകമ്മീഷണറോടും, കോട്ടയം ഡിവിഷൻപേഷ്കാരോടും തഹശീൽദാരോടും അപേക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നവിവരം അറിവുണ്ടോ?

(ബി) അത്തരം അപേക്ഷകളുടെ സംഖ്യ.

(സി) അതിന്മേൽ നടത്തിയ നടപടിയുടെ സ്വഭാവം.

(ഡി) ഭൂമിയിൽ ഏതെങ്കിലുംഭാഗം പതിച്ചുകൊടുത്തുവോ?

(ഇ) പതിച്ചുകൊടുത്തുവെങ്കിൽ എത്രഏക്കർ.

(എഫ്) മററുള്ളവർക്കു പതിച്ചുകൊടുക്കാത്തതിനുള്ള കാരണം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) കോട്ടയംതാലൂക്കിൽ വിജയപുരം പകുതിയിൽ സർവ്വേനമ്പർ ൭ വുറ/൧-ൽ ഉൾപ്പെടുന്ന (പുറമ്പോക്കുനദി) സ്ഥലം പതിച്ചുകിട്ടുന്നതിനായി അധഃകൃതവർഗ്ഗക്കാരിൽനിന്നും ഏതാനും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അത്തരം പത്തുഅംഗങ്ങൾ പലപ്രാവശ്യങ്ങളിലായി അപേക്ഷിച്ചിട്ടുണ്ട്.

(സീയും എഫും) ആന്വേഷണത്തിൽ ആ സർവ്വേനമ്പരിൽ ൧ ഏക്കർ ൧ രൂ സെൻറു സ്ഥലത്തു അധഃകൃതവർഗ്ഗത്തിൽപെട്ട ഏതാനും അംഗങ്ങൾ അധിവാസമുറപ്പിച്ചിട്ടുള്ളതായി കണ്ടുപിടിക്കുകയും, ആ ഭാഗം അവരുടെ പേരിൽ പതിക്കുന്നതിനു അതനുസരിച്ചു വേണ്ട നടപടികൾ നടത്തുകയുംചെയ്തു. ആ സമയത്താണ്, സക്കാർ പടവറവൂർ ക്ഷേത്രത്തിലെ ശാന്തിക്കാരനു കുളിക്കുന്നതിനും ഉത്സവസമയത്തു ആറാട്ടിനും ആവശ്യമാവുകയാൽ ആ സ്ഥലം പതിച്ചുകൊടുക്കരുതെന്നു ദേവസ്വം ഡിപ്പാർട്ടുമെൻറിലെ അധികാരികൾ എഴുതി അറിയിച്ചു്. അതനുസരിച്ചു അവിടെ അധിവസിച്ചിരുന്നവരുടെ പേരിൽ ഭൂമിസംരക്ഷണറഗുലേഷൻ അനുസരിച്ചു നടപടി നടത്തുകയും, കയ്യേറംചെയ്തിരുന്ന ഭൂമിവിട്ടു ഒഴിയുന്നതിനു ഉത്തരവിടുകയുംചെയ്തു. അവരെ പെട്ടെന്ന് ഒഴിപ്പിക്കേണ്ട ആവശ്യമില്ലെന്നു ദിവാൻപേഷ്കാർ അപ്പീലിൽ തീർച്ചചെയ്തു. അധഃകൃതവർഗ്ഗക്കാരിൽനിന്നും കൂടുതൽ നിവേദനങ്ങൾ ലഭിച്ചപ്പോൾ ഇപ്പോഴത്തെ ദിവാൻപേഷ്കാരും സ്ഥലം പരിശോധിക്കുകയും, ആ ഭൂമിയിൽ ഒരു ഭാഗം അധഃകൃതവർഗ്ഗക്കാർക്കുവേണ്ടി പതിച്ചുകൊടുക്കാമെന്നും, ബാക്കി ഭാഗം മാത്രം പുറമ്പോക്കായി കിടന്നാൽ മതിയെന്നും തീർച്ചചെയ്യുകയും ഉണ്ടായി.

(ഡി) കൊടുത്തു

(ഇ) ൩ രൂ സെൻറ്.

ലൈസൻസ് പുതുക്കുന്നതിനായി തോക്കുകൾ പോലീസ് സ്റ്റേഷനിൽ നിക്ഷേപിക്കുന്നതു്.

൨൮൮. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന വിവരങ്ങൾ നൽകുവാൻ ഗവണ്മെൻറിൽനിന്നു ദയവുണ്ടാകുമോ?

(എ) ലൈസൻസ് പുതുക്കുന്നതിനായി തോക്കുകൾ പോലീസ്സ്റ്റേഷനിൽ നിക്ഷേപിക്കണമെന്നു വല്ല നിയമവുമുണ്ടോ?

(ബി) ഉണ്ടെങ്കിൽ അങ്ങനെ നിക്ഷേപിച്ചാൽ പുതുക്കിയ ലൈസൻസുകളോടുകൂടി തോക്കുകൾ തിരിച്ചു കൊടുക്കുന്നതിനു എത്ര ദിവസം വേണ്ടിവരുമെന്നറിയാമോ?

(സി) പോലീസ്സ്റ്റേഷനിൽ വയ്ക്കുന്ന തോക്കുകൾ തുരുമ്പുപിടിച്ചു ഉപയോഗമില്ലാതെ ആയിത്തീരുന്നുവെന്ന വിവരം അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി):

(എ) മാറ്റുവരുത്തിയ അഞ്ചാം റഗുലേഷനിലെ രണ്ടാംവകുപ്പ് മെമ്പർ തോക്കേണ്ടതാണ്.

(ബി) ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരാണു ഈ ലൈസൻസുപുതുക്കുന്നതു്. ഒരു ലൈസൻസ് പുതുക്കുന്നതിനു എത്ര ദിവസം വേണ്ടിവരുമെന്നു നിശ്ചിതമായി പറയുക സാധ്യമല്ല. അതിനുള്ള കാലതാമസത്തിനു പുതുക്കുന്നതിനായി അയച്ചിട്ടുള്ള ലൈസൻസുകളുടെ സംഖ്യയെ ആശ്രയിച്ചിരിക്കുന്നു.

(സി) തോക്കുകൾ പോലീസ് സ്റ്റേഷനിൽ നിക്ഷേപിച്ചിരിക്കുമ്പോൾ ലൈസൻസുള്ളവർക്കു അവയെ എണ്ണ ഇടുന്നതിനും വൃത്തിയാക്കുന്നതിനും സൗകര്യം നൽകുന്നുണ്ട്. അതിനാൽ ഉടമസ്ഥന്മാർ ശ്രദ്ധിക്കാത്ത തോക്കുകൾ മാത്രമേ തുരുമ്പു പിടിക്കുകയുള്ളു. പോലീസ് സ്റ്റേഷനിൽ നിക്ഷേപിക്കുന്നതിനാൽ തോക്കുകൾ ഉപയോഗശൂന്യങ്ങളാകുന്നില്ല.

പ്ലഷർ മോട്ടാർ കാറുകൾ ബസ്സുകളായി മാറുന്നതു്.

ചോ. ൩. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെന്റിൽനിന്നും ഉണ്ടായിട്ടുണ്ടോ എന്നു പ്രസ്താവിക്കുമോ?

(എ) പ്ലഷർ മോട്ടാർ കാറിന്റെ ബോഡി ബസ്സായി മാറുന്നതിനെ നിരോധിക്കുന്ന വല്ല നിയമവും ഉണ്ടോ?

(ബി) അങ്ങനെയാണെങ്കിൽ ഇതു് ഈ സംസ്ഥാനത്തിലെ സ്വദേശികൾക്കു് അപരിഹാര്യമായ നഷ്ടത്തിനു കാരണമാകുന്നുണ്ടെന്ന വിവരം അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ൧൯൨൭ ഡിസംബർ ൨൪-ാംനു-യിലെ ഗവണ്മെന്റുഗസറ്റിൽ ഏ വ-ാംവകുപ്പു നാലാംഭേദഗതിയിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന പരസ്യം മെമ്പർക്കു കാണേണ്ടതാണ്.

(ബി) ഉത്തരം നിഷേധരൂപത്തിലാകുന്നു.

രജിസ്ട്രേഷൻ ടെസ്റ്റ് പരീക്ഷ പാസ്സായിട്ടുള്ള ഗ്രാഡ്വേറ്റുകൾ.

൨൪൩. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): രജിസ്ട്രേഷൻടെസ്റ്റ് പരീക്ഷ പാസ്സായിട്ടുള്ള ഗ്രാഡ്വേറ്റുകളെ സംബന്ധിച്ചു താഴെ കാണുന്ന സംഗതികൾ കാണിക്കുന്ന ഒരു ലിസ്റ്റു മേശമേൽ വയ്ക്കുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

(എ) അവർ പരീക്ഷ പാസ്സായ തീയതികൾ;

(ബി) സർവ്വീസിൽ അവരെ ആദ്യമായി നിയമിച്ച തീയതികൾ.

(സി) അവരുടെ ഇപ്പോഴത്തെ (൧൯-൧൧-'൩൭) ഉദ്യോഗവും ശമ്പളവും.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): (എ-ബി-സി) മെമ്പർ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ അടങ്ങിയ ഒരു*പട്ടിക മേശമേൽ വച്ചിരിക്കുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഈ ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗക്കയറ്റത്തെ സംബന്ധിച്ചുള്ള തത്വം എന്താണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): പരീക്ഷായോഗ്യതയും സർവ്വീസ് ആണു പരിഗണിക്കപ്പെടുന്ന പൊതുവായ തത്വങ്ങൾ.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): പരീക്ഷായോഗ്യതകൾ തുല്യമായിരിക്കുന്ന സ്ഥിതിക്കു സീനിയാറിറ്റി അനുസരിച്ചാണോ, അതോ ടെസ്റ്റ് പരീക്ഷ പാസ്സായ തീയതി അനുസരിച്ചാണോ ഉദ്യോഗക്കയറ്റം നൽകുന്നതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): രജിസ്ട്രേഷൻടെസ്റ്റ് പരീക്ഷ പാസ്സാകണമെന്നുള്ളതും ഒരു ആവശ്യമായ ഉപാധിയാകുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): പരീക്ഷായോഗ്യത തുല്യമായിരിക്കുമ്പോൾ ഏതു തത്വമാണു അനുസരിക്കുന്നതെന്നാണ് എനിക്കറിയേണ്ടതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): പരീക്ഷായോഗ്യത തുല്യമായിരിക്കുമ്പോൾ സർവ്വീസിലെ സീനിയാറിറ്റിയാണ് പരിഗണിക്കപ്പെടുന്നതു്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ലിസ്റ്റിൽ പേരുകൾ പറയപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ അതു് ഒരുപോലെ പരിഗണിച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അതെനിക്കിപ്പോൾ പറയുവാൻ സാധിക്കുകയില്ല.

അണ്ടർ ഗ്രാഡ്വേറ്റു സബ് രജിസ്ട്രാറന്മാരുടെ ലിസ്റ്റ്.

൨൪൪. മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ൧൯൩൧ ചിങ്ങംമുതൽ സബ്രജിസ്ട്രാറന്മാരായി നിയമിച്ചിട്ടുള്ള അണ്ടർഗ്രാഡ്വേറ്റുകളുടെ ഒരു ലിസ്റ്റ് മേശമേൽ വയ്ക്കുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി). ൧൯൩൧ ചിങ്ങംമുതൽ സബ്രജിസ്ട്രാറന്മാരായി നിയമിച്ചിട്ടുള്ള അണ്ടർഗ്രാഡ്വേറ്റുകളുടെ ഒരു*ലിസ്റ്റ് മേശമേൽ വച്ചിരിക്കുന്നു.

---

*൩-ാം അനുബന്ധം നോക്കുക.

* ൪-ാം അനുബന്ധം നോക്കുക.

കൊല്ലം ഡിവിഷനിലെ സബ്ഡിവിഷൻ ഇറിഗേഷൻ ആഫീസുകൾ പരിശോധനകൾ.

ചോദ്യം. മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): താഴെ പറയുന്ന വിവരങ്ങൾ നൽകുവാൻ ഗവർണ്മെന്റിനു ദയവുണ്ടാകുമോ?

(എ) കൊല്ലംഡിവിഷനിലെ സബ്ഡിവിഷൻ ഇറിഗേഷൻ ആഫീസർ പരിശോധന നടത്തിയിട്ടുള്ള താലൂക്കുകൾ

(ബി) അദ്ദേഹത്തിന്റെ പരിശോധനാഫലമായി ചെയ്തുതീർത്തതോ ആരംഭിച്ചിട്ടുള്ളതോ ആയ ജോലികൾ.

(സി) പരിശോധനയ്ക്കായി മാവേലിക്കര താലൂക്കോ കാർത്തികപ്പള്ളിത്താലൂക്കോ അദ്ദേഹം സന്ദർശിച്ചിട്ടുണ്ടോ,

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): (എ) മാവേലിക്കര, കുന്നത്തൂർ, പത്തനംതിട്ട, തിരുവല്ല.

(ബി) അദ്ദേഹത്തിന്റെ പരിശോധനാഫലമായി യാതൊരു ജോലിയും ചെയ്തുതീർക്കുകയോ ആരംഭിക്കുകയോ ചെയ്തിട്ടില്ല.

(സി) അദ്ദേഹം മാവേലിക്കരതാലൂക്ക സന്ദർശിച്ചിട്ടുണ്ട്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കൊല്ലംഡിവിഷനിലെ സബ്ഡിവിഷൻ ഇറിഗേഷൻ ആഫീസർ അദ്ദേഹത്തിന്റെ പരിശോധനാഫലമായി ഗവർണ്ണമെന്റിലേക്കോ ചീഫ് എഞ്ചിനീയർക്കോ എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): ഓരോ പരിശോധനയും കഴിയുമ്പോൾ അദ്ദേഹം അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥന് റിപ്പോർട്ട് അയക്കുന്നതാണ്.

മി: എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): റിപ്പോർട്ടുകളിന്മേൽ നടപടി നടത്തിവരികയാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇറിഗേഷൻ ജോലിയിൽ എന്തെങ്കിലും അററകുററപ്പണി തീർത്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): ആ ചോദ്യത്തിനു ഞാൻ നോട്ടീസ്സ് ആവശ്യപ്പെടുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): (സി) ഭാഗത്തിനുള്ള ഉത്തരത്തിൽ മാമേലിക്കര താലൂക്കിൽ നടത്തിയ പരിശോധനകൾ എന്തെല്ലാമാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): (എ) കണ്ണമംഗലംപകുതിയിൽ പുത്തൻതോടിന്റേയും പഴയതോടിന്റേയും ആഴവും വിസ്താരവും കൂട്ടുക.

(ഖ) ചെന്നിത്തല പകുതിയിൽ പറയങ്കരതോടിന്റെ മുകൾഭാഗത്തുനിന്നും വേറൊരു തോടു വെട്ടുക.

(ന) തിരുവൻവണ്ടൂർ പകുതിയിൽ വടത്തുംപടിതോടും അതിന്റെ ശാഖയായ നെട്ടിയാടിതോടും നന്നാക്കുക.

(ഴ) മാവേലിക്കരതാലൂക്കിലെ ഇറിഗേഷൻ ആവശ്യങ്ങൾ:—പന്തളത്തുനിന്നും, തെക്കുകടയ്ക്കാട്ടുചാലത്തിൽനിന്നും മാവറപുഞ്ചയിലേക്കും, കടയ്ക്കാട്ടുമുറിയിൽ കല്ലാററുപുഞ്ചയിലേക്കും, തോന്നല്ലൂർ പകുതിയിൽ പുത്തൻ കണ്ടം ചിറയിലേക്ക ഒരു തോട്

(ഒ) പെരുമ്പേലി ചാലിനു അടുത്തുള്ള പുഞ്ചയിലെ വെള്ളംവററിക്കുക. (വെട്ടിയാർതോടിന്റെ ആഴംകൂട്ടുക)

(ന്ന) ചുനക്കര പകുതിയിൽ പുത്തുചിറയിൽ നിന്നും അറാട്ടുകടവിലേക്കുള്ള തൊടിയൂർതോട്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അവസ്ഥ സംബന്ധിച്ച് എന്തുനടപടിനടത്തി എന്നു പറയുമോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): അതു പലേ പത്രങ്ങളിൽ കിടക്കുന്നു.

ഒന്നിൽ ഗവർണ്ണമെന്റിലേക്ക എസ്റ്റിമേട്ട് സമർപ്പിച്ചിരിക്കുന്നു; മറെറാന്നിൽ ഡിവിഷൻ ആഫീസർ എസ്റ്റിമേററു സമർപ്പിച്ചുവെങ്കിലും അതു അദ്ദേഹത്തിന്റെ ആലോചനയിൽ കിടക്കുന്നു. വേറൊന്നിൽ ഗവർണ്ണമെന്റിന്റെ അനുവാദം ലഭിച്ചിരിക്കുന്നു. ഇങ്ങനെ പല പടികളിൽ കിടക്കുന്നു.

താമരക്കുളം-ഓച്ചിറ റോഡ്.

ചോദ്യം. മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): താഴെ പറയുന്ന വിവരങ്ങൾ നൽകുന്നതിനു ഗവർണ്ണമെന്റിനു ദയവുണ്ടാകുമോ?

(എ) താമരക്കുളം ഓച്ചിററോഡിനു ക്ഷാമസ്ഥലെ ബഡ്ജററിൽ അനുവദിച്ചിട്ടുള്ള മുഴുവൻ തുകയും ചെലവുചെയ്തുവോ.

(ബി) ഇപ്പോഴും താമരക്കുളം ഓച്ചിററോഡുവണ്ടികളുടെ ഗതാഗതത്തിനു പററിയതല്ലെന്നും, ഇതുവരെ ചെലവു ചെയ്തപണം പൊതുജനങ്ങൾക്കു ഉപകാരപ്രദമായിരിക്കുന്നതിനു താമരക്കുളം-ഓച്ചിററോഡ്മുഴുവൻ ഒരു പണിപോകത്തക്ക റോഡാക്കേണ്ടതാവശ്യമാണെന്നും അറിയാമോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): (എ) ൪,൦൦൦ രൂപാ അനുവദിച്ചതിൽ ൪,൩൭൫ രൂപാ ചെലവുചെയ്തിരിക്കുന്നു.

(ബി) വിവരം നോട്ടുചെയ്തിരിക്കുന്നു.

കാർത്തികപ്പള്ളി-കായങ്കുളം റോഡ്.

൨൪൩. മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): താഴെ പറയുന്ന വിവരങ്ങൾ നൽകുവാൻ ഗവണ്മെന്റിനിന്നും ദയവുണ്ടാകുമോ?

(എ) കാർത്തികപ്പള്ളി-കായങ്കുളം റോഡ് പുതുക്കി ഉറപ്പിക്കേണ്ടതിന്റെ ആവശ്യകത പല പ്രജാസഭാസമ്മേളനങ്ങളിലും നിവേദന വിഷയമായിരുന്നുവെന്ന വിവരം അറിയാമോ?

(ബി) കായങ്കുളം-നങ്ങ്യാർകുളങ്ങര റോഡിന്റെ ജോലി പൂർത്തിയായോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): (എ) അറിയാം. (ബി) ജോലി മിക്കവാറും തീരാറായി.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ശ്രീമൂലം പ്രജാസഭയുടെ വമ്പിച്ചതെന്ന സമ്മേളനങ്ങളിലെ കാർത്തികപ്പള്ളി മെമ്പർ, ഇതിനെപ്പററി ഒരു എസ്റ്റിമേററ് ആവശ്യപ്പെട്ടിട്ടുണ്ടെന്നു ഗവണ്മെന്റിൽനിന്നും അറിയിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): ഉണ്ടു.

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എസ്റ്റിമേററ് ലഭിച്ചാൽഉടൻതന്നെ ജോലി ഏറ്റെടുക്കാമെന്നു അന്നു ഗവണ്മെന്റ് വാഗ്ദാനം ചെയ്തിട്ടുള്ള വിവരം മെമ്പറിനറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): പ്രഥമകിരിപ്പേർട്ടു കിട്ടിയ ഉടൻതന്നെ എസ്റ്റിമേററ് ആവശ്യപ്പെടുകയും പ്രത്യേക ഇനങ്ങൾ പരിശോധിക്കുകയും ചെയ്തു. ആ പ്രത്യേകഇനങ്ങളെല്ലാം ഇപ്പോൾ പരിശോധനയിൽ ഇരിക്കുകയാണ്. അതുകൊണ്ടാണു റോഡിന്റെ ആവശ്യകത ഇപ്പോഴും പരിശോധനയിൽ ഇരിക്കുകയാണെന്നു ഞാൻ പറഞ്ഞത്.

മോട്ടാർ ചെക്കിംഗ്സ്റ്റേഷനുകൾ.

൨൪൪. മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): (എ) ആലപ്പുഴക്കും കൊല്ലത്തിനും മദ്ധ്യേയും, കൊല്ലത്തിനും തിരുവനന്തപുരത്തിനും മദ്ധ്യേയും, ആലപ്പുഴക്കും കോട്ടയത്തിനും മദ്ധ്യേയും ഓടുന്ന മോട്ടാർകാറുകളും ബസ്സുകളും പരിശോധിക്കുവാനുള്ള പോലീസ് ചെക്കിംഗ്സ്റ്റേഷനുകളുടെ സംഖ്യ കുറിക്കുന്ന ഒരു പട്ടിക മേശമേൽ വയ്ക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റിൽനിന്നും ദയവുണ്ടായി പ്രസ്താവിക്കുമോ?

(i) ചെക്കിംഗ്സ്റ്റേഷനുകളുടെ ചാർജ് വഹിക്കുന്ന പോലീസ്സുകാരെ മോട്ടാർ ജോലിക്കാർ തൃപ്തിപ്പെടുത്തുന്നതുവരെ കാറുകളിലും ബസ്സുകളിലും യാത്രചെയ്യുന്ന വഴിയാത്രക്കാരെ ആ ആഫീസ്സുകളിൽ താമസിപ്പിക്കുന്നതിനാൽ അവർക്കു വിഷമം നേരിടുന്നുണ്ടെന്നുവിവരം അറിയാമോ?

(ii) ഈ ചെക്കിംഗ്സ്റ്റേഷനുകളുടെ ചാർജ്ജു വഹിക്കുവാൻ ഈ പോലീസ്സുകാർക്കു അതിയായ താൽപര്യമുണ്ടെന്നുള്ളതു വാസ്തവമാണോ?

(iii) എല്ലാംകൊണ്ടും സംസ്ഥാനത്തെ ടോൾഗേററുകളേക്കാൾ ഈ ചെക്കിംഗ്സ്റ്റേഷനുകൾ കൂടുതൽ ഉപദ്രവകരമായി തീർന്നിട്ടുണ്ടെന്നു മോട്ടാർ കാറുകൾ ഇടയിൽ പൊതുവായ ഒരു പരാതിയുള്ള വിവരം അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ്സെക്രട്ടറി): (i) മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള * പട്ടിക മേശമേൽവച്ചിരിക്കുന്നു.

(ബി) (i) മുതൽ (iii) വരെ ഉത്തരം നിഷേധരൂപത്തിലാകുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): ആലപ്പുഴ-കൊല്ലം റോഡിൽ ഒൻപതും, കൊല്ലം-തിരുവനന്തപുരം റോഡിൽ നാലും വീതം ചെക്കിംഗ്സ്റ്റേഷനുകൾ ഉള്ളതായി പറയുന്നു. കൊല്ലം-തിരുവനന്തപുരം വയിനിനെക്കാൾ കൂടുതൽ ചെക്കിംഗ്സ്റ്റേഷനുകൾ ആലപ്പുഴ-കൊല്ലം വയിനിൽ ഉണ്ടായിരിക്കുന്നതിനു വല്ല പ്രത്യേകകാരണവുമുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ്സെക്രട്ടറി): ഞാൻ നോട്ടീസ്സു ആവശ്യപ്പെടുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): ഓരോ ചെക്കിംഗ്സ്റ്റേഷനിലും ചുരുങ്ങിയ പക്ഷം എത്രമിനിട്ടുനേരം താമസിക്കണമെന്നു അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ്സെക്രട്ടറി): അതിനെപ്പററിയുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല. അന്വേഷണത്തിലിരിക്കുന്നു.

ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാർ വിധി പ്രസ്താവിക്കുന്നതു്.

൨൪൫. മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): (എ) താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റിൽനിന്നും ദയവുണ്ടായി പ്രസ്താവിക്കുമോ?

(എ) അവസാനവാദം കേട്ടു ഒരു ദീർഘകാലം കഴിഞ്ഞതിനുശേഷം വിധി പ്രസ്താവിക്കുന്ന സംസ്ഥാനത്തിലെ ചില താഴ്ന്ന ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരുടെ പതിവിനെ ഒരു ഗുരുതരമായ കുത്തുവിലോപമായി ഹൈക്കോടതി പരിഗണിച്ചുവരുന്ന വിവരം അറിവുണ്ടോ?

(ബി) അത്തരം വിധികൾ നിയമത്തിൽ വിധികളല്ലെന്നു എപ്പോഴും ഹൈക്കോടതി തീരുമാനിച്ചുവരുന്നതായിട്ടറിയാമോ?

(സി) [illegible] അവസാനവാദം കേട്ടതിനുശേഷം പതിനഞ്ചുദിവസമോ അതിൽ കൂടുതലോ കഴിഞ്ഞിട്ടു പ്രസ്താവിച്ചിട്ടുള്ള വിധികൾ എത്രപുരം വിതമുണ്ടെന്നും, അവയിൽ എത്ര അപ്പീൽ ഉണ്ടായിട്ടുണ്ടെന്നും കാണിക്കുന്ന ഒരു പട്ടിക മേശമേൽ വയ്ക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ്സെക്രട്ടറി): (എ) (എ) അറിവുണ്ടു്.

(ബി) ഉത്തരം നിഷേധരൂപത്തിലാകുന്നു.

---

* പുറം അനുബന്ധം നോക്കുക.

(ഡ) ഈ കണക്കുകൾ ശേഖരിക്കുവാൻ വേണ്ടുന്ന പ്രയത്നവും സമയവും നോക്കുമ്പോൾ അതിൽനിന്നും ലഭിക്കുന്ന ഉപയോഗം അത്രമാത്രമാവുകയാൽ ഈ കണക്കുകൾ ശേഖരിക്കുവാൻ ഗവണ്മെന്റു വിചാരിക്കുന്നില്ല.

സ്റ്റീംബോട്ടുകളിലേയും മോട്ടാർബോട്ടുകളിലേയും ക്ലാസ്സ്‌വിഭജനം

൨൪൩. മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): താഴെപറയുന്ന വിവരങ്ങൾ നൽകുവാൻ ഗവണ്മെന്റിനുദ്ദേശമുണ്ടാകുമോ?

(എ) സംസ്ഥാനത്തെ മിക്കസ്റ്റീംബോട്ടുകളിലും മോട്ടാർബോട്ടുകളിലും സഞ്ചരിക്കാവുന്ന ജനങ്ങളുടെ സംഖ്യനിശ്ചയിക്കുന്ന അവസരത്തിൽ അമിതാവശ്യമുള്ള, ലൈസൻസ്സുകൾ കൊടുക്കുവാൻ നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാർ, ഒരു ബോട്ടിലുള്ള സ്ഥലത്തെ മുൻപിലത്തെ രീതിയിൽ ഒന്നാംക്ലാസ്സ്, രണ്ടാംക്ലാസ്സ്, മൂന്നാംക്ലാസ്സ് എന്നു തിരിക്കുന്നതിനുപകരം മൂന്നാംക്ലാസ്സ് എ, മൂന്നാംക്ലാസ്സ് ബി, മൂന്നാംക്ലാസ്സ് സി എന്നിങ്ങനെയാണ് തിരിക്കുന്നതെന്നുള്ളതു വാസ്തവമോണോ.

(ബി) ഈമാററം കൊണ്ടുയാത്രചെയ്യുന്ന പൊതു ജനങ്ങൾക്കുണ്ടായിട്ടുള്ള സൗകര്യം.

(സി) മൂന്നാംക്ലാസ്സ് എ, മൂന്നാം ക്ലാസ്സ് ബി, മൂന്നാംക്ലാസ്സ് സി എന്നുള്ള കൃത്രിമവിഭജനം ഗവണ്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ള ഗതാഗത നിയമങ്ങളിൽ നിന്നും ഒഴിയുവാനുദ്ദേശിച്ചല്ലയോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): (എ) ബോട്ടുടമസ്ഥന്മാർ തന്നെ മെമ്പർപറഞ്ഞ രീതിയിൽ ബോട്ടിലുള്ള സ്ഥലത്തെ വിഭജിക്കുന്നതായിട്ടറിയിച്ചിട്ടുണ്ടു ചെയ്തിരിക്കുന്നു.

(ബി) അതുയാത്രക്കാർക്കു കുറെ അസൗകര്യത്തിനു കാരണമാകുന്നുണ്ടെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നു.

(സി) അതു ഒരു അഭിപ്രായമാകുന്നു.

കോട്ടയം ഡിസ്ട്രിക്ട് കോടതിയിൽ നിലവിലിരിക്കുന്ന കേസ്സുകളെ സംബന്ധിച്ചവിവരങ്ങൾ.

൨൪൪. മി: ആർ. രാമൻപിള്ള (കോട്ടയം): (എ) ൧൯൧൭, ൧൯൧൮, ൧൯൧൯, എന്നീവർഷങ്ങളിൽ ഫയൽ ചെയ്തിട്ടുള്ളതും ൧൯൨൪ ചിങ്ങം ൧-ാംതീയതി നിലവിലിരിക്കുന്നതുമായ കോട്ടയം ഡിസ്ട്രിക്ട് കോടതിയിലെ അസ്സൽ കേസുകളെ സംബന്ധിച്ചതാഴെ പറയുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടികമേശമേൽവയ്ക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ.

(i) പത്രിക കൊടുക്കുന്നതിനായി മൂന്നും, നാലും, അഞ്ചും, ആറും, ഏഴും, എട്ടും അതിൽക്കൂടുതലും പ്രാവശ്യം അവധി മാററി വച്ചിട്ടുള്ള കേസുകളുടെ സംഖ്യ.

(ii) പത്രിക കൊടുക്കുന്ന അന്നുതന്നെ പായിന്റർപ്പെടുത്തിയിട്ടുള്ള കേസുകളുടെ എണ്ണം.

(iii) പായിന്റർപ്പെടുത്തുന്നതിന് രണ്ടും, മൂന്നും, നാലും അതിൽ കൂടുതലും പ്രാവശ്യം അവധിമാററിയിട്ടുള്ള കേസുകളുടെ എണ്ണം.

(iv) പത്രികകൊടുത്ത് ആറുമാസവും ഒരു കൊല്ലവും അതിൽ കൂടുതലും കാലം കഴിഞ്ഞിട്ട് പായിന്റർപ്പെടുത്താത്ത കേസുകളുടെ എണ്ണം.

(v) തുടർവിചാരണ നടത്തുന്നതിനായി പത്രണ്ടും അതിൽ കൂടുതലും അവധികൾ അനുവദിച്ചിട്ടും അപ്രകാരം ചെയ്യാത്ത കേസുകളുടെ എണ്ണം.

(ബി) അസ്സലും അപ്പീലും വ്യവഹാരങ്ങളെ സംബന്ധിച്ച്;

(i) അവസാനഹിയറിങ്ങിനായി, നാലും, അഞ്ചും, ആറും അതിൽ കൂടുതലുംതവണ അവധിമാററി കൊടുത്തിട്ടുള്ള കേസുകളുടെ എണ്ണവും,

(ii) കേസുകൾ അവസാനമായി വിസ്തരിച്ചു ഒന്നും, രണ്ടും, മൂന്നും, നാലും മാസങ്ങൾകഴിഞ്ഞിട്ടും വിധി പ്രസ്താവിക്കാത്ത കേസുകളുടെ എണ്ണവും ദയവുചെയ്തു പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): (എ) ൧ മുതൽ (ഉ) വരെ (ബി) (൧) മുതൽ (ഡ) വരെ ഈ കണക്കുകൾ ശേഖരിക്കുന്നതിനു വേണ്ടി വരുന്ന സമയവും പ്രയത്നവും നോക്കുമ്പോൾ അതിൽ നിന്നുള്ള ഉപയോഗം അത്രമാവുകയാൽ ഗവണ്മെന്റ് ഈ കണക്കുകൾ ശേഖരിക്കുവാൻ വിചാരിക്കുന്നില്ല.

കോട്ടയം ഡിസ്ട്രിക്ട് കോടതിയിലെ കേസുകളുടെ ഡിക്രികൾ.

൨൪൫. മി: ആർ. രാമൻപിള്ള (കോട്ടയം): വിധിപ്രസ്താവിച്ചു കഴിഞ്ഞു രണ്ടുമാസത്തിനു ശേഷവും ഡിക്രികൾ തയ്യാറാക്കാത്തതിനാൽ ൧൯൨൫-ലും ൧൯൨൬-ലും കോട്ടയം ഡിസ്ട്രിക്ട് കോടതിയിൽ നിലവിലുണ്ടായിരുന്ന കേസുകളുടെ സംഖ്യയും നാലൊ അഞ്ചൊ ആറൊ അതിൽ കൂടുതലൊ മാസം കഴിഞ്ഞിട്ടും ഡിക്രികളുടെയും വിധികളുടേയും പകർപ്പുകൾതയ്യാറാക്കാതിരുന്ന കേസുകളുടെ സംഖ്യയും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റിൽ നിന്നും ദയവുണ്ടായി മേശമേൽ വയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി) ആവശ്യപ്പെട്ട പട്ടിക*മേശമേൽ വച്ചിരിക്കുന്നു.

ഹൈക്കോടതിയിൽ നിലവിലിരിക്കുന്ന കേസുകളെ സംബന്ധിച്ചവിവരങ്ങൾ.

൨൪൬. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടികമേശമേൽ വയ്ക്കുവാൻ ഗവണ്മെന്റിൽ നിന്നും ദയവുണ്ടാകുമോ (എ) ൧൯൨൫-ൽ അവസാനവാദം കേൾക്കുന്നതിനായി ഹൈക്കോടതി ബോർഡുചെയ്തിട്ടുള്ള കേസുകളുടെ സംഖ്യയും അവയിൽ എത്രയെണ്ണം ആദ്യത്തെ അവധിക്കുതന്നെ വാദം കേട്ടുവെന്നും (ഡ) രണ്ടും, മൂന്നും, നാലും പ്രാവശ്യം അവധിമാററിയതിനു ശേഷം കേട്ടിട്ടുള്ള കേസുകളുടെ സംഖ്യ (ന) നാലുവർഷം കഴിഞ്ഞിട്ടും കേട്ടിട്ടില്ലാത്ത കേസുകളുടെ സംഖ്യ.

(ഴ) വിധിപ്രസ്താവിച്ചു രണ്ടും മൂന്നും നാലും അതിൽ കൂടുതലും മാസം കഴിഞ്ഞിട്ടും ഡിക്രികൾ ലഭിച്ചിട്ടില്ലാത്തകേസുകളുടെസംഖ്യ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി) ഈകണക്കുകൾ ശേഖരിക്കുന്നതിനു വേണ്ടതാം

---

* ഒൻപതാംഅനുബന്ധം നോക്കുക.

യ സമയവും ശ്രമവും നോക്കുമ്പോൾ അതിൽനിന്നുള്ള ഉപയോഗം തുച്ഛമാവുകയാൽ ഗവണ്മെൻറ് ഈ കണ്ണക്കുകൾ ശേഖരിക്കണമെന്നു വിചാരിക്കുന്നില്ല. ആവശ്യമുള്ളപ്പോഴല്ലാതെ അധികം ഊറിയിട്ടില്ലെന്നു എല്ലതായാലും മെമ്പറിനു ഉറപ്പുനൽകിക്കൊള്ളുന്നു.

തോക്കുകളുടെ ലൈസൻസ്സിനുള്ള നിയമങ്ങൾ മാറേണ്ട ആവശ്യം.

൨൪൭. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെ പറയുന്ന വിവരങ്ങൾ നൽകുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) തോക്കുകൾവച്ചു കൈവശമിരിക്കുന്നതിനു ഒരു ഡിസ്ട്രിക്ട്മജിസ്ട്രേട്ടുനൽകുന്ന ലൈസൻസിനു അദ്ദേഹത്തിൻെറ ഡിസ്ട്രിക്ടിൽ മാത്രം സാധുവായിരിക്കുന്നു എന്നതിനാൽ സ്ഥലംമാററം, ഉദ്യോഗം കണ്ടു കെട്ടുക തുടങ്ങിയവ ഉണ്ടാകുമ്പോൾ ലൈസൻസ്സികൾക്കു അസൗകര്യവും നഷ്ടവും ഉണ്ടാകുന്നതെന്നവിവരം ഗവണ്മെൻറിറിയാമോ?

(ബി) ഒരു ഡിസ്ട്രിക്ട്മജിസ്ട്രേട്ടുനൽകുന്നലൈസൻസിനു സംസ്ഥാനമൊട്ടുക്കു സാധുവായിരിക്കത്തക്ക വിധത്തിൽ ഇപ്പോഴത്തെ നിയമങ്ങളിൽ വേണ്ടമാററങ്ങൾ ഗവണ്മെൻറിൽ നിന്നും പരിഗണിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി): (എ) ഉത്തരം നിഷേധരൂപത്തിലാകുന്നു.

(ബി) ഈ വിഷയത്തിൻെറ സകലവശങ്ങളേയും ഗവണ്മെൻറ് പരിശോധിക്കുകയും മെമ്പർ നിർദ്ദേശിക്കുന്ന രീതിയിൽ നിയമം മാറേണ്ട ആവശ്യമില്ലെന്നു വിചാരിക്കുകയും ചെയ്യുന്നു.

ഈരാററുപേട്ടനദിയിലെ പാലം.

൨൪൮. മി: എ. സി. കുര്യാക്കോസ്സ് (മീനച്ചിലും മേവികുളവും): ഈരാററുപേട്ടനദിയിൽ ഇലവുംപൂഞ്ഞാർ റോഡിൽ ഒരു പാലം കെട്ടിത്തരണമെന്നു നീണ്ടാളായുള്ള പ്രാർത്ഥനയെ സംബന്ധിച്ചു എന്തുനടപടിയെടുത്തിട്ടുണ്ടെന്നു ഗവണ്മെൻറിൽ നിന്നും ദയവുചെയ്തു പ്രസ്താവിക്കുമോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഇതുവരെ ഒന്നും ചെയ്തിട്ടില്ല. മീനച്ചിലാററിൽ ഇലത്തു പാലം പണി പൂർത്തിയായാൽ ഇതിനെപ്പററി ആലോചിക്കുന്നതാണ്.

അനുബന്ധം ക.

൨ ക ൪-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

ക്ര മ ൦-ാമണ്ടുമുതൽ ദിവാൻപേഷ്കാരന്മാർ നടത്തിയ ക്ലാക്കുകൾ, പ്രവൃത്തികാരന്മാർ മുതലായ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

ക്രമനമ്പർ	നിയമനത്തിന്റെ പേര്	I ഹിന്ദുക്കൾ: ബ്രാഹ്മണർ	ക്ഷത്രിയർ	ഈഴവർ	കണക്കർ	മുക്കുവർ	നാടാർ	നായർ	പുലയർ	വെള്ളാളർ	മറ്റു അവർണ്ണ ഹിന്ദുക്കൾ	മറ്റു ഹിന്ദുക്കൾ	II മുഹമ്മദീയർ	III ക്രിസ്ത്യാനികൾ: പ്രോട്ടസ്റ്റന്റ്സ്	റോമൻകത്തോലിക്കർ: സിറിയൻ	ലത്തീൻ	സിറിയൻസ്: ജാക്കോബൈറ്റ്	മാർത്തോമാ	IV മറ്റുള്ളവർ	നിയമനത്തിന്റെ സ്വഭാവം	രിമാർക്ക്
	തിരുവനന്തപുരം ഡിവിഷൻ.																				
ക	ക്ലാക്കുകൾ	...	൯	ക	ക	...	...	ക ൪	...	...	...	ക	...	...	ക	...	...	..	...	സ്ഥിരം	
൨		...	൪	...	ക	...	ക	ക ൪	...	൨	...	൨		...	ക	...	...	...	...	ആക്ടിംഗ്	
൩	കാപ്പിസ്റ്റന്മാർ	...	൪	൨	...	...	...	ക ൨	...	...	...	൨	ക	...	...	...	...	...	...	ടി	
൪	പ്രവൃത്തികാരന്മാർ	...	൨	...	൨	...	...	ക ൪	...	൩	...	...	...	...	...	...	...	...	...	സ്ഥിരം	
൫	അക്കൗണ്ടന്മാർ	..	...	൨	...	...	ക	ക ൨	...	...	...	...	...	...	...	...	...	...	൨	ടി	നാടാർ ക്രിസ്ത്യാനികൾ
൬	ടൈപ്പിസ്റ്റന്മാർ	...	൨	...	...	..	...	...	...	...	...	...	...	...	...	...	...	...	ക	ആക്ടിംഗ	
൭	പ്യൂൺസ്	...	...	...	...	...	...	൩	...	...	...	...	...	...	...	...	...	...	...	ടി	
		...	...	..	...	...	...	...	ക	...	...	...	...	...	...	...	...	...	...	സ്ഥിരം	
	ആകെ	....	൨ ൪	൪	൪	...	൨	൧ ൩	ക	൪	...	൪	൩	...	൨	...	...	....	൩		
	കൊല്ലം ഡിവിഷൻ.																				
ക	ക്ലാക്കുകൾ	...	൪	൩	...	...	...	൧	....	ക	ക	...	൨	...	ക	ക	൩	൩	...	ആക്ടിംഗ്	
൨	കാപ്പിസ്റ്റന്മാർ	...	...	...	...	...	...	...	...	...	ക	...	...	...	...	...	..	...	...	ടി	
൩		...	...	...	...	...	...	...	...	...	...	...	ക	...	...	...	...	...	...	സ്ഥിരം	
൪	അക്കൗണ്ടന്മാർ	ക	...	൪	ക	...	...	...	...	...	...	...	...	...	ക	ക	൪	ക	...	ആക്ടിംഗ്	
൫	ടൈപ്പിസ്റ്റന്മാർ	...	൨	...	...	...	...	ക	...	...	...	...	...	...	...	...	...	...	...	ടി	
൬	പ്യൂൺസ്	...	ക	...	...	...	...	൩	...	...	...	...	...	...	...	...	ക	...	...	ടി	
൭	ട്രഷററന്മാർ	...	...	...	...	...	...	...	...	...	...	...	...	...	...	...	ക	...	...	ടി	
	ആകെ	ക	൨	൧	ക	...	...	ക ക	..	ക	൨	...	൩	...	൨	൨	ക ൨	൪	....		
	കോട്ടയം ഡിവിഷൻ.																				
ക	ക്ലാക്കുകൾ	...	...	ക	...	...	...	ക	...	...	...	...	...	...	...	...	ക	ക	...	സ്ഥിരം	
൨	അക്കൗണ്ടന്മാർ	...	൧	൩	...	...	...	ക ൦	...	ക	..	൨	൨	...	ക	൩	൩	ക	...	ആക്ടിംഗ്	
		...	...	ക	...	...	...	...	...	...	...	...	...	...	...	...	...	...	...	ടി	
	ആകെ	...	൧	൪	...	...	...	ക ക	...	ക	...	൨	൨	...	ക	൩	൧	൨	...		

അനുബന്ധം III.

വ വ ൪-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരംനോക്കുക.

തമുക്കടി ഇനത്തിൽ ൧൧൦൧-൧൧൦൩-ലെ വരവുകാണിക്കുന്ന പട്ടിക.

നമ്പർ	താലൂക്ക്	൧൧൦൧-ലെ വരവ്			൧൧൦൨-ലെ വരവ്			൧൧൦൩-ലെ വരവ്			റിമാർക്ക്
		ഉ.	ച.	ഖ.	ഉ.	ച.	ഖ.	ഉ.	ച.	ഖ.	
൧	തോവാള	൧൨	൧൪	...	൨൪	...	...	൧൨൪	...	...	
൨	അഗസ്തീശ്വരം	൨൯	൧൪	...	൪൯	...	...	൭൨	൬	...	
൩	കൽക്കുളം	൨൯൬	...	...	൪൩൪	൧൪	...	൪൨൪	൧൪	...	
൪	വിളവംകോട്	൧൨൩	...	...	൩൧൧	...	...	൩൩൯	...	...	
൫	നെയ്യാററിൻകര	൧൧൫	൧൪	...	൩൨൭	൧൪	...	൫൦൧	൧൪	...	
൬	തിരുവനന്തപുരം	൨	൨	...	൧൩൦	൭	...	൨൨൩	൧൪	...	
൭	നെടുമങ്ങാട്	൧	...	...	൭൫	൨൩	...	൩൩൩	൨൨	൨	
൮	ചിറയൻകീഴ്	൨൦	...	...	൩൯	൧൪	...	൧൦൧	൧൪	...	
൯	കൊല്ലം	൯൨	൧	൨	൫൭	൧൨	...	൨൭	...	...	
൧൦	കൊട്ടാരക്കര	൪൩	൧൯	൧൦	൯൧	൨൭	...	൧൪൫	...	...	
൧൧	പത്തനാപുരം	൭൪	൧൪	...	൩൯	...	...	൧൯൧	൧൪	...	
൧൨	ചെങ്കോട്ട	൦	൧൪	...	൧൦	൧൪	...	൫	൧൪	...	
൧൩	പത്തനംതിട്ട	൪൫	൧൪	...	൧൧൯	൧൪	...	൭൦	...	...	
൧൪	കുന്നത്തൂർ	൨൨൦	...	...	൧൨൨	൨൨	...	൨൧൩	൧൪	...	
൧൫	മാവേലിക്കര	൨൪	...	...	൨൧൩	...	...	൧൩൨	...	...	
൧൬	കരുനാഗപ്പള്ളി	൨൩൪	...	...	൧൫൨	...	...	൩൩൭	...	...	
൧൭	തിരുവല്ല	൪൩	൧൪	...	൧൦൯	൧൪	...	൯൩	൧൪	...	
൧൮	അമ്പലപ്പുഴ	൧൩൦	൧൪	...	൧൩൫	൧൪	...	൧൮൧	൧൪	...	
൧൯	കാർത്തികപ്പള്ളി	൧൧൨	൧൪	...	൨൦൧	...	...	൨൫൫	൧൪	...	
൨൦	കോട്ടയം	൧൭൧	൧൩	൨	൧൦൯	൧൪	...	൨൮	...	...	
൨൧	ചങ്ങനാശേരി	൫൮	൧൪	...	൪൩	...	...	൨൪	൧൪	...	
൨൨	മീനച്ചിൽ	൯	...	...	൩	൨൧	...	൧൮	...	...	
൨൩	വൈക്കം	൨൫	൧൪	...	൧൯	൧൪	...	൨൦	...	...	
൨൪	ചേർത്തല	൩൯	...	...	൫൫	...	...	൩൩	...	...	
൨൫	മൂവാററുപുഴ	൭൧	...	൧൦	൨൨	...	...	൪൮	൨	...	
൨൬	തൊടുപുഴ	൧൧	൭	...	൩	൭	...	൩൧	...	...	
൨൭	കുന്നത്തുനാട്	൧	൭	...	൩൮	൨൧	...	൨൫	...	...	
൨൮	പറവൂർ	൪൭	൭	...	൮൯	൭	...	൨൨	൧൪	...	
൨൯	പീരുമേട്	൦	...	...	●൧	...	...	൨൫	൧൪	...	
൩൦	ദേവികുളം	൨൩	൩	...	൧൧	൭	...	൨൭	...	...	

അനുബന്ധം ൪ എ.

൨൦൦൮-൦൯ നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൯൯൯ മുതൽ-൨൦൦൮ വരെ സംസ്ഥാനത്തെ-ഡിസ്ട്രിക്ട്കോടതികളിൽ പതിച്ചതും തീർത്തതാണിച്ചതും ആയ കേസുകളുടെ പട്ടിക,

കോടതിയുടെ പേര്	൧൯൯൯		൧൯൯൯		൧൯൯൯		൧൯൯൯		൧൯൯൯		
	പതിച്ചത്	തീർത്താണിച്ചത്	പതിച്ചത്	തീർത്താണിച്ചത്	പതിച്ചത്	തീർത്താണിച്ചത്	പതിച്ചത്	തീർത്താണിച്ചത്	പതിച്ചത്	തീർത്താണിച്ചത്	
					അസൽ അന്യായം.						
നാഗർകോവിൽ	൧൨൩.	൧൨൧	൧൯൯	൧൨൩	൧൨൦	൧൯൭	൧൩൨	൧൨൭	൧൭൭	൧൭൦	
തിരുവനന്തപുരം.	൧൨൩	൧൯൭	൧൭൦	൧൯൩	൧൩൩	൧൯൦	൧൩൩	൧൩൩	൧൩൧	൧൨൭	
കൊല്ലം	൧൯൪	൧൭൦	൧൩൨	൧൨൧	൧൩൭	൧൩൨	൧൨൨	൧൩൩	൧൨൩	൧൭൭	
ആലപ്പുഴ	൧൨൭	൧൪൩	൧൧൨	൧൩൦	൧൩൪	൧൭൯	൧൯൯	൧൩൩	൧൯൭	൧൪൩	
കോട്ടയം	൧൨൨	൧൯൭	൧൯൨	൩൭	൧൩൧	൧൩൪	൧൩൩	൧൩൩	൧൯൯	൧൯൯	
പറവൂർ	൩൨	൭൦	൭൯	൭൦	൧൦൧	൧൨൧	൩൪	൩൭	൧൦൩	൭൨	
ആകെ	൭൭൦	൩൦൩	൩൦൩	൩൩൧	൩൩൭	൩൩൩	൧൦൩൭	൭൦൩	൧൦൩൦	൧൧൨൩	
					ക്രമത്തപ്പീലുകൾ.						
നാഗർകോവിൽ	൪൩൩	൪൩൩	൩൩൨	൩൩൭	൪൭൭	൪൩൩	൪൩൨	൪൪൨	൩൪൪	൩൭൧	
തിരുവനന്തപുരം	൩൪൩	൩൩൨	൩൩൩	൪൩൦	൪൩൩	൩൩൩	൩൩൩	൩൩൭	൩൭൦	൩൩൪	
കൊല്ലം	൩൭൭	൪൪൨	൩൭൦	൪൩൭	൩൭൭	൪൪൪	൭൭൦	൪൭൩	൪൭൩	൧൨൪	
ആലപ്പുഴ	൪൨൭	൪൩൪	൪൪൩	൩൩൩	൩൪൩	൭൩൩	൩൪൦	൪൪൪	൩൩൨	൧൨൪	
കോട്ടയം	൩൩൩	൪൩൪	൪൩൨	൭൪൭	൪൩൭	൪൩൩	൪൪൪	൪൪൪	൪൪൩	൩൩൦	
പറവൂർ	൭൩൩	൭൨൩	൩൭൩	൭൦൭	൭൩൭	൭൪൩	൩൩൪	൩൪൩	൩൪൩	൭൪൩	
ആകെ	൩൩൩൩	൩൩൦൪	൩൩൩൪	൭൩൭൭	൩൭൩൪	൩൩൪൪	൩൪൪൪	൩൪൪൪	൩൩൩൭	൩൭൩൩	

അനുബന്ധം IV. ബി.

൨൩൨-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൯൯൦-മുതൽ ൧൯൯൫ വരെ ഡിസിഫ്കോടതികളിലെ പതിച്ചതും തീരുമാനിച്ചതും ആയ കേസുകളുടെ പട്ടിക.

കോടതിയുടെ പേര്	൧൯൯൦		൧൯൯൧		൧൯൯൨		൧൯൯൩		൧൯൯൪		റിമാർക്ക്
	പതിച്ചതു്	തീരുമാനിച്ചതു്	പതിച്ചതു്	തീരുമാനിച്ചതു്	പതിച്ചതു്	തീരുമാനിച്ചതു്	പതിച്ചതു്	തീരുമായിച്ചതു്	പതിച്ചതു്	തീരുമാനിച്ചതു്	
നാഗരകോവിൽ പ്രിൻസിപ്പാൽ	൪൧൧൪	൨൭൯൨	൪൧൩൪	൨൭൪൨	൪൦൪൭	൨൭൨൩	൪൭൭൩	൩൭൧൭	൪൩൦൭	൨൪൧൩	
ടി അഡീഷനൽ	...	൨൭൯൧	...	൨൭൭൦൭	...	൨൭൯൪	...	൨൪൪൭	...	൨൪൪൦	
ടി ടെമ്പററി	...	൩൭൭	...	൭൦	...	...	...	...	...	...	
പത്മനാഭപുരം പ്രിൻസിപ്പാൽ	൩൧൧൩	൧൭൭൩	൩൨൦൭	൧൭൩൧	൩൪൦൧	൧൭൦൦	൩൭൭൯	൧൯൦൯	൩൧൩൮	൧൭൭൦	
ടി അഡീഷനൽ	...	൧൩൭൭	...	൧൩൭൦	...	൧൪൯൪	...	൧൯൭൯	...	൧൭൭൭൮	
ടി ടെമ്പററി	...	൩൪൨	...	൩൭൭൭	...	൧൩൭൭	...	...	...	...	
കുഴിത്തുറ	൧൭൭൪	൧൯൧൦	൧൭൦൭	൧൭൪൪	൧൪൨൭	൧൪൨൭	൧൭൪൪	൧൭൩൭	൧൨൧൪	൧൯൧൦	
മണ്ണാറിൻകര പ്രിൻസിപ്പാൽ	൨൩൭൭	൧൨൩൯	൩൦൪൦	൧൪൭൭	൨൩൭൩	൧൨൩൭	൨൪൭൦	൧൪൯൨	൨൩൭൩	൧൪൩൭	
ടി അഡീഷനൽ	...	൧൨൭൭	...	൧൪൪൧	...	൧൨൧൯	...	൧൪൪൭	...	൧൩൭൭൯	
ടി ടെമ്പററി	...	൩൩൪	...	൭൭	...	...	...	൨൭൪	...	൧൯൦	
തിരുവനന്തപുരം പ്രിൻസിപ്പാൽ	൪൩൧൨	൧൪൧൨	൪൪൦൯	൧൭൪൭	൪൩൨൭	൧൪൭൪	൪൪൨൨	൧൪൧൪	൪൨൪൧	൧൭൭൯	
ടി അഡീഷനൽ	...	൧൩൭൩	...	൧൭൦൩	...	൧൪൭൦	...	൧൪൩൦	...	൨൦൪൨	
ടി ടെമ്പററി	....	൧൭൨൭	...	൧൪൭൭	...	൧൪൭൪	...	൧൪൭൭	...	൭൩൧	
നെടുമങ്ങാട്	...	...	...	...	...	...	...	....	൯൨൪	൪൭൦	
ആറ്റിങ്ങൽ പ്രിൻസിപ്പാൽ	൩൭൩൧	൨൧൧൯	൩൭൦൪	൨൦൧൪	൩൪൦൯	൧൭൨൦	൩൪൨൪	൧൯൩൩	൩൪൭൪	൧൯൩൭	
ടി അഡീഷണൽ	...	൨൦൧൨	...	൧൯൩൭	...	൧൭൪൪	...	൧൭൧൨	...	൨൧൧൨	
കൊല്ലം പ്രിൻസിപ്പാൽ	൪൪൪൦	൨൪൭൭	൪൩൯൦	൨൨൭൦	൪൪൧൪	൨൨൭൩	൪൭൪൨	൨൭൭൭	൪൭൩൦	൨൪൭൪	
ടി അഡീഷനൽ	...	൨൪൧൭	...	൨൩൩൪	...	൨൩൭൩	...	൨൪൩൯	...	൨൩൪൭	
ടി ടെമ്പററി	...	....	...	...	...	൨൩൩	...	൪൪	...	..	
കൊട്ടാരക്കര	൨൪൯൩	൨൪൨൪	൨൭൯൩	൨൩൩൩	൨൪൩൨	൨൭൪൯	൨൩൨൦	൨൨൦൨	൨൩൯൨	൨൪൧൨	
ടി ടെമ്പററി	...	...	...	...	...	൩൭൭൭	...	൪൧൪	...	൯൭	
ചങ്ങനാശ്ശേരി	൭൩൯	൭൦൭	൯൦൭	൯൪൭	൯൩൩	൧൦൭൭	൭൯൪	൭൩൧	൭൧൦	൭൩൩	
അടൂർ	൧൪൨൩	൧൧൦	൧൪൭൭	൧൪൯൭	൧൩൭൯	൧൩൭൭	൧൪൭൪	൧൪൯൦	൧൪൪൭	൧൪൭൭	
കരുനാഗപ്പള്ളി	൨൩൧൩	൨൩൪൩	൨൩൭൪	൨൩൩൭	൨൭൨൯	൨൭൨൩	൨൪൨൨	൨൪൩൯	൩൦൦൩	൩൦൭൪	

അനുബന്ധം IV ബി.—(തുടർച്ച).

കോടതിയുടെ പേര്	[illegible]		[illegible]		[illegible]		[illegible]		[illegible]		റിമാർക്സ്
	പതിച്ചതു്	തീരുമാനിച്ചതു്	പതിച്ചതു്	തീരുമാനിച്ചതു്	പതിച്ചതു്	തീരുമാനിച്ചതു്	പതിച്ചതു്	തീരുമാനിച്ചതു്	പതിച്ചതു്	തീരുമാനിച്ചതു്	
കുന്നംകുളം	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
ഓമവേലിക്കര	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
കുഞ്ഞനൂർ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
ഹരിപ്പാട്	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
ടി ടെമ്പററി	...	...	...	...	...	[illegible]	...	[illegible]	...	...	
ആലപ്പുഴ പ്രിൻസിപ്പാൽ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
ടി അഡീഷനാൽ	...	[illegible]	...	[illegible]	...	[illegible]	...	[illegible]	...	[illegible]	
ചേർത്തല	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
ടി ടെമ്പററി	...	[illegible]	...	[illegible]	...	[illegible]	...	...	...	[illegible]	
വൈക്കം	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
ടി ടെമ്പററി	...	...	...	[illegible]	...	[illegible]	[illegible]	[illegible]	..	[illegible]	
തിരുവല്ല	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
ടി ടെമ്പററി	...	...	...	...	...	...	...	...	...	[illegible]	
ചങ്ങനാശ്ശേരി	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
കോട്ടയം	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
ടി ടെമ്പററി	...	...		[illegible]	...	[illegible]	...	...	...	[illegible]	
കാഞ്ഞിരപ്പള്ളി	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
മീനച്ചിൽ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
ടി ടെമ്പററി	...	...	...	...	...	...	...	[illegible]	...	[illegible]	
തൊടുപുഴ	...	...	...	...	...	...	[illegible]	[illegible]	[illegible]	[illegible]	
മൂവാറ്റുപുഴ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
ടി ടെമ്പററി	...	...	...	[illegible]	...	[illegible]	...	[illegible]	...	...	
പെരുമ്പാവൂർ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
ടി ടെമ്പററി	...	[illegible]	...	[illegible]	...	...	...	...	...	...	
ചാവൂർ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
മേവികളും	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
ആകെ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	

അനുബന്ധം V.

പേജ് ൨൦ നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൯൯൫—൧൯൯൬—ലെ ചെങ്ങന്നൂർ, അട്ടർ, മാവേലിക്കര, തിരുവല്ല എന്നീ മുൻസിഫ് കോർട്ടിൽ നിന്നും കൊല്ലം കോട്ടയം ഡിസ്ട്രിക്ട് കോടതികളിൽ പതിച്ചിട്ടുള്ള അപ്പീലുകളുടെ എണ്ണത്തെ കാണിക്കുന്ന പട്ടിക.

കോടതിയുടെ പേര്	൧൯൯൫		൧൯൯൬		൧൯൯൭		൧൯൯൮		൧൯൯൯		ആകെ	റിമാർക്ക്
ചെങ്ങന്നൂർ	൯൫	൭	൫൯	൧൪	൯൫	൧൩	൧൧൩	൯	൧൧൩	൧൪	൪൩൫	കൊല്ലം ഡിസ്ട്രിക്ട് കോടതിയിൽ പതിച്ച അപ്പീലുകൾ
അട്ടർ	൪൭	൧൩	൭൭	൯	൫൪	൫൩	൩൩	൧൭	൯൪	൫൦	൪൩൦	
മാവേലിക്കര	൫൫	൪	൭൩	൭	൩൫	൪	൭൩	൭	൧൦൯	൪	൪൩൦	
ആകെ	൫൫൭	൫൭	൫൧൭	൫൫	൫൭൦	൪൩	൫൭൭	൫൯	൩൧൩	൩൫	൧൪൫൫	
തിരുവല്ല	൯൧	൩൦	൫൧൧	൪൦	൧൭൭	൩൯	൩൯	൩൧	൪൫൪	൫൫	൫൫൫	കോട്ടയം ഡിസ്ട്രിക്ട് കോടതിയിൽ പതിച്ച അപ്പീലുകൾ

അനുബന്ധം VI.

പരസ്യം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

രജിസ്ട്രേഷൻടെസ്റ്റ് ഹയർഗ്രേഡ് പാസ്സായിട്ടുള്ള രജിസ്ട്രേഷൻഡിപ്പാർട്ടുമെന്റിലെ ഗുമസ്തന്മാരുടെ ലിസ്റ്റ്.

നമ്പർ	പേര്	രജിസ്ട്രേഷൻടെസ്റ്റ് ഹയർഗ്രേഡ് പാസ്സായിട്ടുള്ള തീയതി	സർവ്വീസിലെ ആദ്യത്തെ നിയമനതീയതി	ഇപ്പോഴത്തെജോലി (൧൯-൧൧-൨൨		ഇപ്പോഴത്തെ ശമ്പളം (൧൯-൧൧-൨൨) രൂപാ	നിരക്ക്
൧	ററി. പി. സുബ്രഹ്മണ്യഅയ്യർ ബി. എ.	൧൦൯൭	൧-൭-൧൦൯൮	സബ്രജിസ്ട്രാർ,	നെയ്യാററിൻകര	൨൫	
൨	പി. ശിവരാമകൃഷ്ണയ്യർ ബി. എ. ബി. എൽ	ടി	ടി	ടി	അരുക്കുററി	൨൦	
൩	കെ. ഗണപതിഅയ്യർ. ബി. എ.	ടി	൧-൨-൧൦൯൭	ടി	കുന്നത്തുനാട്	൭൦	
൪	കെ. മാധവൻനായർ ബി. എ. ബി.എൽ.	൧൦൯൮	൨൭-൧-൧൦൯൮	ടി	കുന്നത്തൂർ	൭൫	
൫	കെ. കെ. പരമേശ്വരൻപിള്ള ബി. എ. ബി.എൽ	ടി	൧-൩-൧൦൯൨	ടി	മിനച്ചിൽ	ടി	
൬	കെ. സി. കോശി ബി. എ.	ടി	൨-൩-൧൦൯൮	ടി	മാന്നാർ	൭൦	
൭	കെ. ആർ. ഗോവിന്ദപിള്ള ബി. എ. ബി. എൽ	ടി	൧൫-൧൨-൧൦൯൨	ടി	റാന്നി	ടി	ഇളേഹം ൧൦൯൮ മുതൽ ആക്ടിംഗ് ആയിരുന്ന ൧-൧൧-൧൦൯൮ സ്ഥിരപ്പെടുത്തി സസ്പെൻഷനിൽ
൮	എൻ. ഗണപതിഅയ്യർ ബി. എ.	ടി	൧-൧൧-൧൦൯൭	ടി	വക്കല	൩൦	
൯	വി. വി. ചാക്കോ ബി. എ.	൧൧൦൦	൨൨-൧൨-൧൦൯൮	ടി	കോതമംഗലം	൭൦	
൧൦	വി. അച്ചുതമേനോൻ ബി. എ.	ടി	൧൩-൨-൧൦൯൮	ടി	ചവറ	ടി	
൧൧	എ. എം. ചാണ്ടി. ബി. എ.	ടി	൨൭-൭-൧൦൯൩	ടി	മാരാരിക്കുളം	൩൫	
൧൨	സി. കെ. തോമസ് ബി. എ.	ടി	൧൮-൭-൧൧൦൦	ടി	കടുത്തുരുത്തി	ടി	
൧൩	സി. എം. മാത്യു ബി. എ.	ടി	൧-൧൨-൧൧൦൧	ടി	നെയ്യാററിൻകര അഡീഷണൽ	൩൦	അവധിയിൽ
൧൪	പി. സി. എബ്രഹാം ബി. എ.	ടി	൧൨-൭-൧൧൦൦	ടെമ്പറിസബ്രജിസ്ട്രാർ	പത്തനാപുരം	൩.൦ + ൧൩	
൧൫	കെ. ജെ. തോമസ് ബി. എ.	൧൧൦൧	൨-൨-൧൧൦൦	സബ്രജിസ്ട്രാർ	കുഴക്കൂട്ടം	൭൦	
൧൬	എൻ. സി. ഗോദവർമ്മരാജ ബി. എ.	ടി	൧൪-൭-൧൧൦൧	ടി	ചെമ്പാട്	൩൫	
൧൭	സി. വി. ചക്കുണ്ണൻ ബി.എ.	ടി	൪-൩-൧൧൦൧	ടി	നേമം	ടി	

നമ്പർ	പേരു്	രജിസ്ട്രേഷൻടെസ്റ്റ് ഹയർഗ്രേഡ് പാസ്സായിട്ടുള്ള തീയതി	സർവീസിലെ ആദ്യത്തെ നിയമനത്തീയതി	ഇപ്പോഴത്തെ ജോലി (൧൯-൧൧-൨൭)	ഇപ്പോഴത്തെ ശമ്പളം (൧൯-൧൧-൨൭) രൂപാ	റിമാർക്ക്
൧൭	പി. സുബ്രഹ്മണ്യഅയ്യർ ബി. എ., ബി. എൽ.	൧൧൦൨	൧൯-൧൦-൧൧൦൧	സബ്രജിസ്ട്രാർ നെടുമങ്ങാട്	൩൦	
൧൮	എം. രാമവർമ്മരാജാ ബി. എ.	ടി	൧-൯-൧൧൦൨	ടെമ്പററി സബ്രജിസ്ട്രാർ പത്തനംതിട്ട	൩൦ + ൧൩	
൨൦	ടി. ഡി. ദേവസ്യാ ബി. എ.	ടി	൨൪-൭-൧൧൦൧	ടി കൊച്ചുൽ	൨൪ + ൧൩	
൨൧	ജെ. ജെ. നോറോണാ ബി. എ.	ടി	൧൩-൧൧-൧൧൦൨	ടി കാഞ്ഞിരപ്പള്ളി	൨൪ + ൧൩	
൨൨	സി. എസ്. ജോസഫ് ബി. എ., ബി. എൽ	ടി	൭-൧൦-൧൧൦൧	ടി അഗസ്തീശ്വരം അഡീഷണൽ	൨൪ + ൧൩	
൨൩	എ. ജനാനപാവു നാടാർ ബി. എ., ബി. എൽ.	ടി	൧൯-൩-൧൧൦൧	ടി തോവാള	൨൦ + ൧൩	
൨൪	വി. ഗോപാലപിള്ള ബി. എ., ബി. എൽ.	ടി	൧൨-൩-൧൧൦൨	ടി മൂത്താട്ടുകുളം	൨൪ + ൧൩	
൨൫	ചക്കി എം. മാത്യു ബി. എ.	൧൧൦൩	൧൩-൭-൧൧൦൧	ആക്ടിംഗ് സബ്രജിസ്ട്രാർ കൊല്ലം കോട്ട	൨൪ + ൧൩	
൨൩	പി. സി. ജോസഫ് ബി. എ.	ടി	൨-൨-൧൧൦൧	ടി വിളവങ്കോട്	൩൦ + ൧൩	
൨൭	എ. കെ. കേരളവർമ്മരാജാ ബി. എ.	ടി	൧൭-൩-൧൧൦൨	ടി ഇരണിയൽ	൩൦ + ൧൩	
൨൮	ഫിലിപ്പ് ജോർജ്ജ് ബി. എ.	ടി	൨-൧൦-൧൧൦൧	ആക്ടിംഗ് ക്ളാക്ക് ഡിസ്ട്രിക്ട് രജിസ്ട്രാർ ആഫീസ് കൊല്ലം	൨൦ + ൪	
൨൯	കെ. ടി. ജോർജ്ജ് ബി. എ.	ടി	൧൯-൧൦-൧൧൦൦	ടി ടി	൨൦ + ൪	
൩൦	എസ്. ലക്ഷ്മണഅയ്യർ ബി. ബി., ബി. എൽ.	ടി	൩-൧൨-൧൧൦൦	ആക്ടിംഗ്ക്ളാക്ക്, ഡയറക്ടരാഫീസ്	൨൦ + ൪	
൩൧	പി. കൃഷ്ണൻ നായർ ബി. എ.	ടി	൧൯-൭-൧൧൦൨	ടി ടി	൨൦ + ൪	
൩൨	ഒ. സി. എബ്രഹാം ബി. എ.	ടി	൧൩-൭-൧൧൦൨	ആക്ടിംഗ്ഹെഡ്ക്ളാക്ക്, സബ്രജിസ്ട്രാരാഫീസ്, കാഞ്ഞിരപ്പള്ളി	൩൦	
൩൩	കെ. ചെറിയാൻ ബി. എ.	ടി	൧൦-൩-൧൧൦൩	ടി ക്ളാക്ക്, ഡിസ്ട്രിക്ട് രജിസ്ട്രാരാഫീസ് കോട്ടയം	൨൪	
൩൪	എം. ഐ. സാമുവൽ ബി. എ.		൧൩-൨-൧൧൦൨	ടി ക്ളാക്ക് ഡയറക്ടരാഫീസ്	൨൪	
൩൫	എൻ. സുന്ദരമയ്യർ ബി. എ., ബി. എൽ.		൧൨-൩-൧൧൦൩	ആക്ടിംഗ് ഹെഡ്ക്ളാക്ക് സബ്രജിസ്ട്രാരാഫീസ്, മാന്നാർ	൩൦	
൩൬	പി. ജി. ഗോപാലപിള്ള ബി. എ.	ടി	൨൪-൪-൧൧൦൩	ടി ടി, നേമം	൩൦	

അനുബന്ധം VII.

വ ൪ ൭-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൯൨൦ ചിങ്ങം മുതൽ സബ്ബ്രജിസ്ട്രാരന്മാരായി നിയമിച്ചിട്ടുള്ള അണ്ടർ ഗ്രാഡ്യുവേറ്റുകളുടെ ലിസ്റ്റ്.

നമ്പർ	പേരു്	നിയമനത്തിന്റെ സ്വഭാവം
൧	കെ. കേശവൻ	ടെമ്പററി
൨	അയിരപ്പോറാ ജോൺ	ടി
൩	ജോർജ്ജ് പണിക്കർ	ടി
൪	എം. ചാക്കോ	ആക്ടിംഗ്
൫	കെ. ശിവരാമപിള്ള	ടി
൬	കെ. ഒ. വർഗ്ഗീസ്	ടി
൭	കെ. ജി. നീലകണ്ഠപ്പിള്ള	ടി
൮	ആർ. പപ്പുപിള്ള	ടി
൯	പി. എം. പരമേശ്വരൻപിള്ള	ടി
൧൦	കെ. വി. സുബ്രഹ്മണ്യയ്യർ	ടി

അനുബന്ധം VIII.

വ ൪ ൧-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

മോട്ടാർ ചെക്കിംഗ്സ്റ്റേഷനുകളുടെ ലിസ്റ്റ്.

ആലപ്പുഴ—കൊല്ലം പാതയിലുള്ള പോലീസ് ചെക്കിംഗ് സ്റ്റേഷനുകൾ.

കൊല്ലം ചിന്നക്കട കവല
നീണ്ടകര ഔട്ടുപോസ്റ്റ്
ചവറ പോലീസ്സ്റ്റേഷൻ
കരുനാഗപ്പള്ളി പോലീസ്സ്റ്റേഷൻ
കായംകുളം പോലീസ്സ്റ്റേഷൻ
തട്ടാരമ്പലം കവല
ഹരിപ്പാട്ടു പോലീസ്സ്റ്റേഷൻ
അമ്പലപ്പുഴ പോലീസ്സ്റ്റേഷൻ
ആലപ്പുഴ ചെക്കിംഗ്സ്ഥലം

കൊല്ലം—തിരുവനന്തപുരം പാതയിലെ പോലീസ് ചെക്കിംഗ്സ്റ്റേഷനുകൾ.

തിരുവനന്തപുരം തുടങ്ങുന്നസ്ഥലം
കഴക്കൂട്ടം പോലീസ്സ്റ്റേഷൻ
ആറ്റിങ്ങൽ പോലീസ്സ്റ്റേഷൻ
കൊല്ലം ചിന്നക്കട കവല

ആലപ്പുഴ—ചേർത്തല പാതയിലെ പോലീസ് ചെക്കിംഗ്സ്റ്റേഷനുകൾ.

ആലപ്പുഴ മുനിസിപ്പൽചന്തക്കു സമീപമുള്ള ചെക്കിംഗ്സ്ഥലം
കുത്തിക്കുഴി
ചേർത്തല

അനുബന്ധം IX.

വ ൪ ൧-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

ആണ്ടു					റിമാർക്ക്
		നാലു മാസങ്ങൾ	അഞ്ചു മാസങ്ങൾ	ആറും കൂടുതലും മാസങ്ങൾ	
൧൯൨൦	൧൪	൩൭	൩൫	൪൪	
൧൯൨൧	൪൭	൬൬	൭൫	൧൨൨	

അടിയന്തിരപ്രമേയം.

മി: എ. എസ്സ്. ദാമോദരനാശാൻ (മാമ്പലിക്കരയും കാർത്തികപ്പള്ളിയും): സർ, അടിയന്തിരമായ പൊതുജനപ്രാധാന്യമുള്ള ഒരു വിഷയത്തെപ്പററി വാദപ്രതിവാദം ചെയ്യുവാൻ കൌൺസിൽ നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള പ്രമേയം അവതരിപ്പിക്കുവാൻ ഞാൻ അനുവാദം അർത്ഥിക്കുന്നു.

[പ്രമേയത്തിന്റെ ഒരു പകർപ്പ് മെമ്പർ പ്രസിഡൻറിനെ ഏൽപിച്ചിട്ടുണ്ട്]

പ്രസിഡൻറ്. ഈയിടെയുണ്ടായ അതിവർഷംമൂലം മദ്ധ്യതിരുവിതാംകൂറിലെയും, ഉത്തരതിരുവിതാംകൂറിലെയും കർഷകരുടെ 'ദയനീയസ്ഥിതിയെ'പററി ഈ സഭ വാദപ്രതിവാദം ചെയ്യണമെന്നു മി: ദാമോദരനാശാൻ ആഗ്രഹിക്കുന്നു: ഈ സഭയിലെ അപൂർവം ചില മെമ്പറന്മാർക്കുമാത്രം എന്തെങ്കിലും വിവരമറിയാവുന്ന ഈ വിഷയത്തെപ്പററി വാദപ്രതിവാദം ചെയ്യുവാൻ സഭാനടപടികൾ നിർത്തിവയ്ക്കുന്നതുകൊണ്ടു വലിയ പ്രയോജനമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. എനിക്കറിയുവാൻ സാധിച്ചിടത്തോളം അമ്പലപ്പുഴ താലൂക്കിൽ പ്രധാനമായി പുഞ്ചകൃഷിക്കു ഹാനികരമായി കാലംതെററിയിട്ടുള്ള അതിവർഷമുണ്ടായിരുന്നു. ഇപ്പോൾ ഈ സഭയുടെ മുൻപിലിരിക്കുന്ന ഈ വിഷയത്തെപ്പററി ഉപയോഗപ്രദമായ ഒരു വാദപ്രതിവാദത്തിനു ഈ തുഛമായ അറിവു സഹായിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഉപക്ഷേപം നടപടിക്രമത്തിനനുസരണമായിട്ടുള്ളതും, ഈ വിഷയത്തെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനു സഭ ആഗ്രഹിക്കുന്നപക്ഷം സഭാനടപടികൾ നിർത്തിവയ്ക്കുവാൻ എനിക്കു വിരോധവുമില്ലാത്തതും ആകുന്നു. രണ്ടു മൂന്നു ദിവസത്തിനകം നമുക്കു ഏതാനും വിവരങ്ങൾ രേഖപ്പെടുത്താമെന്നും അന്നു ഈ വിഷയത്തെപ്പററി വാദപ്രതിവാദം ചെയ്യുവാൻ വേണ്ട വിവരങ്ങൾ ഉണ്ടായിരിക്കുമെന്നും ഞാൻ നിർദ്ദേശിക്കുന്നു. ഈ വിഷയത്തെപ്പററി ഒരു വാദപ്രതിവാദം അനുവദിക്കുവാൻ എനിക്കു യാതൊരു വിസമ്മതവുമില്ല.

മഹാറാണി റീജൻറു തിരുമനസ്സുകൊണ്ടു അനുവാദം നൽകിയ റഗ്ലേഷൻ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറിയും നിയമസഭാ സെക്രട്ടറിയും): അബ്കാരി റഗ്ലേഷൻ ഭേദഗതി ബില്ലിനു ഫെബ്രുവരി ഏഴാംനു- മഹാറാണി റീജൻറ് തിരുമനസ്സിലെ അനുമതി ലഭിച്ചിരിക്കുന്നുവെന്നു ഞാൻ പ്രഖ്യാപനം ചെയ്തുകൊള്ളുന്നു.

മേശപ്പുറത്തുവച്ച സ്റ്റേറുമെൻറ്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): സർ, ഫറൻഷെലെ രണ്ടാം റഗ്ലേഷനായ നിയമസഭാറഗ്ലേഷൻ ഏന്നു (ൻ)-ാം വകുപ്പനുസരിച്ചു ചെലവിനങ്ങളുടെ സ്റ്റേറുമെൻറിനു കാണിക്കുന്ന പട്ടിക നിയമസഭാ ചട്ടങ്ങളിൽ ഇപ്രകാരത്തെ ചട്ടമനുസരിച്ചു മേശമേൽ വയ്ക്കുവാൻ ഞാൻ അനുവാദത്തിനു അപേക്ഷിക്കുന്നു.

ഡിമാൻഡ് നമ്പർ	തുക രൂപ	വിവരങ്ങൾ
ഏഴു—മെഡിക്കലും സാനിട്ടറിയും—മെഡിക്കൽ എക്സാമിനർ, ആയുർവേദം തുടങ്ങിയവ	൩, ൦൭൦	പ്ലേഗ് നിവാരണങ്ങൾ സംബന്ധിച്ച് കുമളിയിൽ ഒരു ഹാട്ട്എയർചേംബർ പൂർത്തിയാക്കുന്നതിനു
ടി	൩൪, ൦൦൦	കാളറാ പകർച്ചവ്യാധി സംബന്ധിച്ചു ചെലവിന്

കൂടുതൽ ഗ്രാൻറുകൾക്കുള്ള അഭ്യർത്ഥനകൾ.

ഡിമാൻറു ൩. എക്സൈസ്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സർ, പ്രാദേശികേഖര നടപ്പാക്കിയതു സംബന്ധിച്ചു ചങ്ങനാശേരിയിൽ സ്പെഷ്യൽ എക്സൈസ്സ്റ്റാഫ് നിയമിക്കുന്നതിനു ൨,൦൪൮ രൂപായിൽ കൂടാത്ത ഒരു ഗ്രാൻറ് അനുവദിക്കണമെന്നു ഞാൻ ഉപക്ഷേപം കാജരാക്കുന്നു. ഈ സഭക്കു അറിയാവുന്നതുപോലെ പരീക്ഷണാർത്ഥമാണു ചങ്ങനാശേരിയിൽ പ്രാദേശികേഖര നടത്തുവാൻ ഉത്തരവിട്ടതു്. ഇക്കാര്യത്തിനു വേണ്ട ഉത്തരവുകൾ എട്ടുമാസത്തിനുമുൻപാണു ഗവണ്മെൻറ് പാസ്സാക്കിയതു്. ചില സംഗതികൾ നിമിത്തം കഴിഞ്ഞ മീനംവരെ വോട്ടിംഗ് നടന്നില്ല. അതു ചില കാരണങ്ങൾകൊണ്ടു പ്രസിഡൻറ് മാററിവച്ചു എന്നാൽ അവസാനം മീനം എട്ടാംതീയതി വോട്ടിംഗു നടക്കുകയും അതിന്റെ ഫലം പ്രഖ്യാപനം ചെയ്യുകയും ഉണ്ടായിട്ടുണ്ട്. മുൻസിപ്പാലിററിയിലെ വോട്ടറന്മാരിൽ ഭൂരിപക്ഷവും ചാരായഷാപ്പുകൾ നിർത്തുന്നതിനു വോട്ടുചെയ്യുകയും, ഈ വോട്ടിംഗിന്റെ ഫലമായി ചങ്ങനാശേരിയിലെ മുൻസിപ്പൽ അതിർത്തിയിലുള്ള ഷാപ്പുകൾ നിർത്തുന്നതിനു ഗവണ്മെൻറ് ദയവുചെയ്തു ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെന്നു ഈ സഭയെ അറിയിക്കുവാൻ സാധിച്ചതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. അതുകൂടാതെ നാലു ചാരായഷാപ്പും ഒരു വിദേശമദ്യഷാപ്പും അവിടെ ഉണ്ടായിരുന്നു. ചാരായഷാപ്പുകൾ ഈ വർഷത്തിൽ ലേലം ചെയ്തിട്ടില്ലായിരുന്നുവെങ്കിലും, വിദേശമദ്യഷാപ്പിനു ലൈസൻസ് കൊടുത്തിരുന്നു. ഗവണ്മെൻറു ഉത്തരവുകൾ അനുസരിച്ചു ൧൯൩൪ അവസാനംവരെ ചാരായഷാപ്പുകൾ അടച്ചിടുന്നതും വിദേശമദ്യഷാപ്പിനു അനുവദിച്ച ലൈസൻസ് കഴിയുന്നതു വേഗം പിൻവലിക്കുന്നതുമാകുന്നു. ഇനിയും അവിടത്തെ ജനങ്ങൾ വ്യാജവിൽപ്പനയിൽ ഇട

ചെടാതെ നോക്കുകയാണു വേണ്ടതു്. അതിനായി എനിക്കൊരു സ്പെഷ്യൽ സ്റ്റാഫിനെ ആവശ്യമുണ്ടു്. ഒരു ഒന്നാംഗ്രേഡ് പെററിആഫീസ്സരയും നാലു ശിപായിമാരെയും നിയമിക്കണമെന്നുള്ളതാണു് എന്റെ നിർദ്ദേശം. ഈ സ്റ്റാഫിന് മൂന്നുമാസത്തേക്കുള്ള ശമ്പളത്തിനാണ് ഈ ഗ്രാൻറ് ചോദിച്ചിട്ടുള്ളതു്. ഏരാറം കൈവശം വച്ചുകൊണ്ടിരിക്കാവുന്നതിൽ ഏററവും കുറഞ്ഞ പട്ടാചാരായം ആറുഡ്രാമും, ഏററവും കുറഞ്ഞ തെങ്ങിൻചാരായം എട്ടുഡ്രാമും ആകുന്നു. ഇതിനെ രണ്ടു ഡ്രാമായി കുറയ്ക്കണമെന്നു വിചാരിക്കുന്നു. ഈ പരിതസ്ഥിതികളിൽ ഈ ഡിമാൻറ് അനുവദിക്കണമെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്പോഴത്തെ സ്റ്റാഫ് ആ ജോലിക്കു മതിയാകുകയില്ലയോ എന്നു അറിയിക്കുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഇല്ലെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. ഇപ്പോഴത്തെ സ്റ്റാഫ് രണ്ടു സബ്ബ് ഇൻസ്പെക്ടറന്മാരും, രണ്ടു പെററിആഫീസ്സറന്മാരും, കുറച്ചു ശിപായിമാരും അടങ്ങിയതാകുന്നു. അവർക്ക് റേഞ്ചു്മുഴുവനും അധികാരവുമുണ്ടു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഒരു പര ക്ഷണപ്രവൃത്തനത്തിനാണൊ ഒരു സ്പെഷ്യൽസ്റ്റാഫ് ആവശ്യമുള്ളതു്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): അതെ, പരീക്ഷണം നീണ്ടുനിൽക്കുന്ന കാലത്തേക്കു്

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സ്പെഷ്യൽ സ്റ്റാഫ് എന്നതുകൊണ്ടു അർത്ഥമാക്കിയിരിക്കുന്നതു സ്ഥിരം സ്റ്റാഫെന്നാണോ, താൽക്കാലിക സ്റ്റാഫെന്നാണോ.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതു പരീക്ഷണം നീണ്ടുനിൽക്കുന്നകാലത്തേക്കുള്ള ടെമ്പററി മാത്രമാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ടെൺഡർ അതിത്തിയിൽ ഇപ്പോഴുള്ള യഥാർത്ഥ സ്റ്റാഫ് ഏതാണ്?

മി: പി. ഗോമതിനായകം പിള്ള (എക്സൈസ് കമ്മീഷണർ): ചങ്ങനാശേരി റേഞ്ചിനെ സംബന്ധിച്ചുള്ള വിവരമാണോ മെമ്പർ ആവശ്യപ്പെടുന്നതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): സ്പാലേശികേച്ചർ നടപ്പാക്കേണ്ട സ്ഥലത്തു ഇപ്പോഴുള്ള സ്റ്റാഫെന്തെന്നറിയുവാനാണ് ഞാനാഗ്രഹിക്കുന്നതു്.

മി: പി. ഗോമതിനായകം പിള്ള (എക്സൈസ് കമ്മീഷണർ): പരീക്ഷണം നടത്തേണ്ട സ്ഥലത്തു ഇപ്പോൾ ഒന്നുമില്ല.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചോളെടുത്ത ശേഷം അടച്ചിടപ്പെട്ട ഷാപ്പുകളുടെ സംഖ്യ എത്രയെന്നു അറിയിക്കുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഒരു വിശേഷമല്ല ഷാപ്പ്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതിനുശേഷം വ്യാജവ്യാപാരം ഉണ്ടായിരുന്നുവോ?

മി: പി. ഗോമതിനായകം പിള്ള (എക്സൈസ് കമ്മീഷണർ): ഉണ്ടായിരുന്നുവെന്നാണ് എന്റെ അറിവ്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മെമ്പറിന്റെ കിഴ്സിൽ ബന്ധികൾ അവിടുത്തെ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ മതിയാകുന്നില്ലെന്നു പരാതിപ്പെട്ടിട്ടുണ്ടോ?

മി: പി. ഗോമതിനായകം പിള്ള (എക്സൈസ് കമ്മീഷണർ): വോട്ടു ഈയിടെമാത്രമാണു എടുത്തതു്, അതിനാൽ അതുപോലെ പരാതിപ്പെടുവാൻ അവസരമുണ്ടായിട്ടില്ല.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വർഷാരംഭം മുതൽ മൂന്നു ഷാപ്പുകൾ അടച്ചിട്ടുവെന്നു മെമ്പർ പറയുന്നു. ഈ മൂന്നു ഷാപ്പുകൾ അടച്ചതിനാൽ വർഷാരംഭം മുതൽ വ്യാജവ്യാപാരം ഉണ്ടായിരുന്നുവോ എന്നറിയിക്കുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഉണ്ടായിരുന്നു. എന്നാൽ എന്റെ ഉദ്യോഗസ്ഥന്മാർക്കു അതിൽ അധികം ശ്രദ്ധിക്കുവാൻ സാധിച്ചിട്ടില്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആരാണ് അധികം ശ്രദ്ധിക്കാതിരുന്നതു്?

മി: പി. ഗോമതിനായകം പിള്ള (എക്സൈസ് കമ്മീഷണർ): ടെൺഡർ അതിത്തിയിലുള്ള എക്സൈസ് സ്റ്റാഫെന്നാണ് ഞാൻ അർത്ഥമാക്കിയിട്ടുള്ളതു്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്നാൽ പിന്നെ അവരുടെ ജോലി എന്താണ്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): റേഞ്ചു മുഴുവനും വ്യാജവിക്രയങ്ങൾ ഇല്ലാതാക്കുകയും, വൃക്ഷക്കരം പിരിക്കുകയും, ഇതിൽ മാത്രം ഏകാഗ്രമായി ശ്രദ്ധിക്കുവാൻ അവർക്കു സാധിച്ചിട്ടില്ല.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇൻസ്പെക്ഷൻ നോട്ടുകൾ പരിശോധിക്കാതെ നിങ്ങൾക്കു ഈ വിവരം എങ്ങനെ ലഭിച്ചു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞാൻ തന്നെ അവിടെ പോയി അതിനെപ്പററി അന്വേഷണങ്ങൾ നടത്തി.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇതു പോലെയുള്ള സ്പെഷ്യൽജോലിക്കു റിസർവിനു ഇനിയും ആളുമില്ലയോ.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഇതിലേക്കു റിസർവിൽ ഞങ്ങൾക്കു ആളില്ല.

മി: എം. താണുപിള്ള (തിരുവനന്തപുരം): സർ, എക്സൈസ് കമ്മീഷണരുടെ പ്രസംഗം കേട്ടതിനു ശേഷം എനിക്കു ഈ ഡിമാൻറിനെ എതിർക്കേണ്ടി വരുകയാണെന്നു ഞാൻ ഖേദപ്പെടുന്നു. പ്രാദേശികേച്ഛ ഒരു ചെറിയ സ്ഥലത്തു നടപ്പാക്കേണ്ടിയിരിക്കുന്നതിനാൽ ഇപ്പോഴത്തെ സ്റ്റാഫിൽ ഗണ്യമായ കൂടുതൽ വരുത്തേണ്ടതാണെന്നുള്ളേഹം ആവശ്യപ്പെടുന്നു. ഇതുവരെ ചെയ്തിരുന്നതിനെക്കാൾ ജോലി കൂടുതൽ കഠിനമായി ചെയ്യേണ്ടതുണ്ടെന്നും, ഇത്തരം ജോലികൾക്കു ഉദ്യോഗസ്ഥന്മാർക്കു പരിചയമില്ലാത്തതിനാൽ കൂടുതൽ സ്റ്റാഫ് അടിയന്തിരമായി ആവശ്യമാണെന്നും പറയുവാൻ എക്സൈസ് കമ്മീഷണർ സന്നദ്ധനായിരുന്നുവെങ്കിൽ അതു മനസ്സിലാക്കാമായിരുന്നു. കാപ്പുകൾ ആ സ്ഥലത്തു അടച്ചിടുന്ന വിഷയത്തിലും ഈ അഡീഷണൽ സ്റ്റാഫിനെ ഉപയോഗിക്കേണ്ടതാണെന്നാകുന്നു അദ്ദേഹം പറഞ്ഞതിൽ നിന്നും ഞാൻ മനസ്സിലാക്കുന്നതു്. അങ്ങനെയാണെങ്കിൽ ഒരു കാപ്പ അടച്ചിടുകയോ മറ്റൊരു സ്ഥലത്തു സംസ്ഥാനത്തെ കാപ്പുകളെല്ലാം അടച്ചിടുകയോ ചെയ്യുമ്പോൾ ഈ ഡിപ്പാർട്ട്മെന്റിന്റെ ചെലവു വർദ്ധിക്കുന്നതായി എന്തായാലും കാണപ്പെടുകയില്ലെന്നു ഞാൻ കരുതുന്നു. ഈ സ്ഥലത്തു ജോലിചെയ്യുന്നവരുടെ സംഖ്യ എത്രയെന്നു ഈ സഭയോടു പറയുവാൻ എക്സൈസ് കമ്മീഷണർക്കു സാധിച്ചിട്ടില്ല. രേഖകളിൽ ആകെ ജോലി ചെയ്യുന്നവരുടെ സംഖ്യയിൽ ഈ സ്ഥലത്തു ജോലിചെയ്യുന്നവരായി വിചാരിക്കാവുന്നവരുടെ സംഖ്യയെപ്പററിയാണു് ഞാൻ അർത്ഥമാക്കുന്നതു്. ഈ പരിതസ്ഥിതിയിൽ പ്രതീക്ഷിക്കാവുന്ന വ്യാജവ്യാപാരവും, വ്യാജമായി മദ്യം വച്ചുകൊണ്ടിരിക്കുന്നതും ഇപ്പോഴത്തെ സ്റ്റാഫിനെക്കൊണ്ടു തന്നെ നടത്തുവാൻ സാധിക്കുമെന്നാണു് ഞാൻ പ്രതീക്ഷിക്കുന്നതു്. ഇപ്പോഴത്തെ സ്റ്റാഫിനു ഈ ജോലിയിൽ ശ്രദ്ധിക്കുവാൻ സാധിക്കുന്നില്ല എന്നു അദ്ദേഹത്തിന്റെ വാദം എനിക്കു ബോദ്ധ്യമാകുന്നില്ല. ഇതു കൊണ്ടു നിയമലംഘനത്തിനു സൌകര്യമുണ്ടാക്കണമെന്നു ഞാൻ പറയുന്നതായി അർത്ഥമാക്കരുതു്. ഇങ്ങനെ എന്തെങ്കിലും നിർദ്ദേശിക്കണമെന്നു എനിക്കു ഒരിക്കലും ഉദ്ദേശമില്ല. അവിടെ മദ്യനിരോധനം എന്നതു കർശനമായി പരിപാലിക്കേണ്ടതാണ്. എന്നാൽ അതു ഇപ്പോഴത്തെ സ്റ്റാഫിനെക്കൊണ്ടു മതിയാകും.

മി: എ. എസ്സ്. ദാമോദരനാശാൻ (മാരേക്കാട്ടുകരയും ചാത്തിക്കപ്പള്ളിയും): സർ, മി: താണുപിള്ള കൊണ്ടു വന്നിട്ടുള്ള ഉപക്ഷേപത്തെ പിൻതാങ്ങുന്നതിനാണു ഞാൻ എഴുന്നേൽക്കുന്നതു്. ഈ ഗ്രാൻറു പാസ്സാക്കിയ ഫൈനാൻസ് കമ്മിററിയിൽ ഞാനും അംഗമാകുകയാൽ വിശേഷിച്ചു എന്റെ നിലയെ വിശദമാക്കുവാൻ ആഗ്രഹിക്കുന്നു. ഫൈനാൻസ് കമ്മിററിയിൽ ഈ വിഷയം എടുത്തപ്പോൾ തന്നെ എനിക്കു സംശയമുണ്ടായിരുന്നുവെങ്കിലും, എനിക്കു പരസ്യമായ കൌൺസിലിൽ വച്ചു തന്നെ എക്സൈസ് കമ്മീഷണറിൽ നിന്നും വേണ്ടതു സമാധാനം ലഭിക്കണമെന്നു വിചാരിച്ചതിനാൽ, ഫൈനാൻസ് കമ്മിററിയിൽ ഈ ഗ്രാൻറിനെ തള്ളിക്കളയുവാൻ ഞാൻ ആവശ്യപ്പെട്ടില്ല. കൂടാതെ, ചങ്ങനാശേരി മുൻസിപ്പാലിററിയിലെങ്കിലും മദ്യനിരോധനം നടപ്പിലാക്കുന്നതിനെപ്പററിയുള്ള കൌൺസിലിലെ വാദപ്രതിവാദത്തെ അവിടത്തെ എതിർപ്പു തടയുമെന്നും ഞാൻ വിചാരിച്ചു. അതിനാൽ ഇതു ഫൈനാൻസ് കമ്മിററിയിൽ പാസ്സാക്കി. മി: താണുപിള്ള പുറപ്പെടുവിച്ച അഭിപ്രായങ്ങളോടു ഞാൻ പൂർണ്ണമായി യോജിച്ചു കൊള്ളുന്നു. വർഷാരംഭത്തിൽതന്നെ മൂന്നു ഷാപ്പുകൾ അടച്ചുകൊണ്ടും, യോട്ടെടുത്ത ശേഷം ഒരു ഷാപ്പുകൂടി മാത്രമേ അടച്ചിട്ടുള്ളതെന്നും, എക്സൈസ് കമ്മീഷണർ പ്രസ്താവിക്കുകയുണ്ടായി. കണ്ടു പിടിക്കപ്പെട്ടിട്ടുള്ള കുററങ്ങളുടെ സംഖ്യ എത്രയെന്നു ഞാൻ ചോദിച്ചപ്പോൾ ഒരു ഒററ എണ്ണം മാത്രമാണെന്നാണ് അദ്ദേഹം പറഞ്ഞതു്. അദ്ദേഹം അവിടെ ആയിരുന്നപ്പോൾ കീഴുദ്യോഗസ്ഥന്മാർ റിപ്പോർട്ടുചെയ്തതാണ് ആ കേസ്സെന്നും അദ്ദേഹം പറയുകയുണ്ടായി. അതിൽനിന്നും എക്സൈസ് ഭരണം അവരുടെ നിയന്ത്രണം വിട്ടുപോയെന്നോ, അവർക്കു കൂടുതൽ ആളുകൾ ആവശ്യമാണെന്നോ കാണുന്നില്ല. ഇപ്പോൾ ഒരു ഷാപ്പുകൂടി അടച്ചിരിക്കുന്നതിനാൽ മൂന്നു മാസത്തേക്കുകൂടി പരീക്ഷണം നടത്തി ഇപ്പോഴത്തെ സ്റ്റാഫിനെക്കൊണ്ടു വ്യാജവ്യാപാരത്തെ അമർത്തുവാൻ സാധിക്കുമോ എന്നു എക്സൈസ് കമ്മീഷണർ നോക്കുന്നതു നല്ലതാണ്. ഇപ്പോഴത്തെ സ്റ്റാഫിനെക്കൊണ്ടു അവിടത്തെ കാര്യങ്ങൾ നടത്തുവാൻ സാധിക്കുമോ എന്നു അദ്ദേഹത്തിനു കണ്ടുപിടിക്കുവാൻ സാധിക്കും. അല്ലാത്തപക്ഷം ഈ കൌൺസിലിൽ വന്നുപ്രാദേശികേച്ഛയും മദ്യനിരോധന പ്രചാരണ വേലയും നിർദ്ദേശിക്കുവാൻ ഞങ്ങൾക്കു വളരെ വിഷമമായിരിക്കും. എന്തെന്നാൽ അക്കാലത്തു ഡിപ്പാർട്ടുമെന്റിന്റെ ചെലവു വർദ്ധിച്ചും, വരവു കുറഞ്ഞും ഇരിക്കുന്നതാണ്. അതിനാൽ ഈ വിഷയം പാസ്സാക്കുന്നതിനു മുൻപായി തന്നെ ഇപ്പോഴത്തെ സ്റ്റാഫിനെ കൊണ്ടു ചങ്ങനാശേരി മുൻസിപ്പാലിററിയിൽ കാര്യങ്ങൾ നടത്താമോ എന്നു എക്സൈസ് കമ്മീഷണർ പരീക്ഷിക്കേണ്ടതാണ്. അതു അസാദ്ധ്യമെന്നു അദ്ദേഹം കാണുന്ന പക്ഷം ജനറൽ ബഡ്ജററു വാദപ്രതിവാദ സമയത്തു ഈ വിഷയത്തെപ്പററി ആകപ്പാടെ ആലോചിക്കാം.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): എക്സൈസ്കമ്മീഷണരുടെ ഡിമാൻറിനോടനുകൂലിക്കുവാനാണു ഞാൻ എഴുന്നേല്ക്കുന്നതു്. ചങ്ങനാശേരിമുൻസിപ്പാലിററിയിൽ പരീക്ഷണത്തിനായി പ്രാദേശികേച്ഛ നടപ്പാക്കി. ഇതു നടപ്പാക്കിയതുകാരണം അവിടെ വ്യാജവാറു നടക്കുന്നുവെന്നും, അവിടെ ഇപ്പോഴുള്ള സ്റ്റാഫിനെക്കൊണ്ടു വ്യാജവ്യാപാരം തടയുവാൻ നിവൃത്തിയില്ലെന്നും കമ്മീഷണർ പറയുന്നു. അദ്ദേഹത്തിനു ഈ രാജ്യത്തെ മദ്യപാനദുഷ്ടത്തിൽനിന്നും മോചിപ്പിക്കാമെങ്കിൽ ഈ ഡിപ്പാർട്ടുമെന്റിന്റെ ചെലവു എത്രകണ്ടു വർദ്ധിച്ചാലും ഞാൻ നിശ്ചയമായും വകവയ്ക്കുകയില്ല. അതിനാൽ ഏതാനും ഉദ്യോഗസ്ഥന്മാരെയും സ്റ്റാഫിനെയും വർദ്ധിപ്പിച്ചാൽ അദ്ദേഹത്തിനു വ്യാജ വാറിൽനിന്നും മദ്യപാനദുഷ്ടത്തിൽനിന്നും രാജ്യത്തെ രക്ഷിക്കാമെങ്കിൽ അതിനായി അദ്ദേഹം കൊണ്ടുവരുന്ന ഏതു ഡിമാൻറിനേയും ഞാൻ ഹാർദ്ദമായി അനുകൂലിക്കുന്നതാണ്.

മി: ടി. സി. കേശവപ്പിള്ള (കുളക്കടയും-പിള്ളവംകോടും): എക്സൈസ്കമ്മീഷണർ ആവശ്യപ്പെടുന്ന ഈ ഗ്രാൻറിനെ അനുകൂലിക്കുന്നതോടുകൂടി, എക്സൈസ്കമ്മീഷണർ കൌൺസിലിൽ സംസാരിക്കണമെന്നുള്ള ആവശ്യത്തോടു മാത്രം ഫിനാൻസുകമ്മിററിയിലെ മെമ്പറെന്നനിലയിൽ തനിക്കുള്ള ചുമതല വിട്ടുകളഞ്ഞതായി മി. ആശാൻ പ്രസ്താവിച്ചതിനെപ്പററി എനിക്കു ഒരു വാക്കു പറയുവാനുണ്ടു്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എക്സൈസ്കമ്മീഷണർ ഫൈനാൻസ്കമ്മിററിയിലെ ഒരു അംഗമല്ലായിരുന്നുവെന്നും ഞങ്ങൾക്കു പരാതിക്കിടയായ സമാധാനം ലഭിക്കുവാൻ സാധ്യമല്ലായിരുന്നുവെന്നും മെമ്പർക്കറിയാമോ?

മി: ടി. സി. കേശവപിള്ള (കുണ്ടറയും-വിളവംകോടും): ഒരോരുത്തരും അവരവരുടെ ചുമതല അതാതു സമയത്തും സമയത്തും ചെയ്യുന്നിടത്തോളം പിന്നെയുള്ളിടത്തേക്കു മാററുവാൻ പാടില്ലാത്തതും ആകുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എക്സൈസ്കമ്മീഷണർ അളവുനുത്തിന്റെ നിലയെ എന്നാടു വിശദപ്പെടുത്തണമെന്നായിരുന്നു ഞാൻ ആഗ്രഹിച്ചതു്.

മി: ടി. സി. കേശവപിള്ള (കുണ്ടറയും-വിളവംകോടും): [illegible] ഉണ്ടു.

മ: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആ മാറ്റങ്ങൾ ഏവയാണ്.

മി: എസ്സ്. പിറവിത്തൊമ്പരാൻപിള്ള (കുന്നത്തുനാടും-വ്യവസായവും, തെക്ക്): ഫൈനാൻസ്കമ്മിററിക്കു എക്സൈസ് കമ്മീഷണരെ വരുത്താമെന്നു മെമ്പറിന്നറിയാമോ?

മി: ടി. സി. കേശവപിള്ള (കുണ്ടറയും-വിളവംകോടും): അറിയാം.

മി: എം. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കമ്മീഷണരെ കമ്മററിമുൻപാകെ വരുത്തിയ ഏതെങ്കിലും അവസരമുണ്ടായിരുന്നതായി മെമ്പർക്കറിയാമോ?

മി: എസ്. പിറവിത്തൊമ്പരാൻപിള്ള (കുന്നത്തുനാടും-വ്യവസായവും, തെക്ക്): അളവുനുത്തിനുതന്നെ അങ്ങനെ ചെയ്യുകയോ?

മി: ടി. സി. കേശവപിള്ള (കുണ്ടറയും-വിളവംകോടും): മുൻസിപ്പൽഅനുത്തികളിൽ മദ്യപാനം നിരത്തുന്നതിനു ഈ കൗൺസിലുതന്നെ ശക്തിപൂർവ്വം ആവശ്യപ്പെടുകയായിരുന്നു. അതനുസരിച്ചു ഗവണ്മെൻറു മദ്യവായി ഈ പ്രാദേശികേഛ അനുവദിക്കുകയും ഒരു വലിയ ഭൂരിപക്ഷം വോട്ടുകൾ നേടി പൊതുജനങ്ങൾ ഒരുവിധത്തിൽ വിജയം പ്രാപിക്കുകയുംചെയ്തു. പരിഷ്കരണാർത്ഥം ഒരു ചെറിയ ഗ്രാൻറുമാത്രമാണു ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ ചെറിയതുക അനുവദിക്കേണ്ടതു കൗൺസിലിന്റെ കർത്തവ്യമാകുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇതു ഭാവിയിൽ ഇതിലും വലിയ ഗ്രാൻറുകളിലേക്കു വഴി തെളിക്കുമെന്നു മെമ്പറിന്നറിയാമോ?

മി: ടി. സി. കേശവപിള്ള (കുണ്ടറയും-വിളവംകോടും): ആസമയത്തു ഞാൻ അതിനെക്കുറിച്ചു, ഇതു നമ്മുടെ ആഗ്രഹത്തിന്റെ പരോക്ഷ ഫലമാവുകയാൽ നാം ഈ സംഖ്യ അനുവദിക്കേണ്ടതാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ നയം നാം ഇപ്പോൾ സ്വീകരിച്ചുകഴിഞ്ഞാൽ ഒരു വലിയഗ്രാൻറ് ആവശ്യമായിവരുമ്പോൾ അതിനെ എതിർക്കുന്നതു നമ്മുടെ നിലക്കു തന്നെ ഉചിതമായിരിക്കുമോ?

മി: ടി. സി. കേശവപിള്ള (കുണ്ടറയും-വിളവംകോടും): ഫൈനാൻസുകമ്മിററിയിൽ മെമ്പർ കാത്തിരുന്നതുപോലെ നമുക്കും ആ സമയത്തേക്കു കാത്തിരിക്കാം. ഇതു നമ്മുടെ ശ്രമത്തിന്റെതന്നെ ഫലമാണെന്നാകുന്നു ഞാൻ പറയുന്നതു്. ആ പ്രത്യേക മുൻസിപ്പൽ അനുത്തിയെ സംബന്ധിച്ചിടത്തോളം ഒരു ചെറിയ ഗ്രാൻറുമാത്രമേ ചോദിച്ചിട്ടുള്ളു; ആ സ്ഥലം താലൂക്കു അനുത്തിയിൽ വരുന്നതിനാൽ, മുൻസിപ്പൽഅനുത്തിയിൽ കേസ്സുകൾ ഉണ്ടെങ്കിൽ ഇപ്പോഴത്തെ സ്റ്റാഫ്തന്നെ കേസ്സുകളുണ്ടെങ്കിൽ കണ്ടുപിടിക്കണമെന്നു ആരുംതന്നെ പുതുതായുവന്നു പറയുകയില്ല. ന്യൂനതകൾ ഉണ്ടെന്നു കമ്മീഷണർതന്നെ ആജ്ഞവണ്ണമുള്ളയോടെ സമ്മതിച്ചിരിക്കുന്നു. അതിനാൽ ഈ ഗ്രാൻറനുവദിക്കേണ്ടതു നമ്മുടെ കർത്തവ്യമാകുന്നു.

മി: മാത്തുമുരിക്കൻ (വൈക്കം): ഞാൻ എക്സൈസ് കമ്മീഷണരെ അനുകൂലിക്കുവാനാണു എഴുന്നേല്ക്കുന്നതു്. ഞാനും ഫൈനാൻസുകമ്മിററിയിലെ ഒരു മെമ്പറാകുന്നു. അതിനാൽ ഈ ഗ്രാൻറിനെ ഇപ്പോൾ അനുവദിക്കേണ്ടതു എന്റെ കർത്തവ്യമായി വിചാരിക്കുന്നു. ഫൈനാൻസുകമ്മിററിയിൽ ഈ ഡിമാൻറു കൊണ്ടുവന്നപ്പോൾ അവിടെതന്നെ ഗവണ്മെൻറുഭാഗത്തെ മെമ്പറന്മാർ അതിന്റെ ആവശ്യകതയെ പരസ്യമായി വിശദീകരിക്കുകയുണ്ടായി. ഫൈനാൻസുകമ്മിററിയിലെ വാർത്തിവാർത്താവസരത്തിൽ ഇതിനെപ്പററി കിട്ടിയ വിവരങ്ങളെക്കാൾ കൂടുതലായി എക്സൈസ് കമ്മീഷണരുടെ സമാധാനത്തിൽനിന്നും ഞാനും ലഭിച്ചിട്ടില്ല. എന്റെ സ്നേഹിതൻ മി. ദാമോദരനാശാൻ ഈ ഗ്രാൻറു പാസാക്കുവാൻ വിഷമമാണെന്നു പറഞ്ഞു. വർഷാരംഭത്തിൽ ചില ഷാപ്പുകൾ അടച്ചുവെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ എല്ലാഷാപ്പുകളും അടയ്ക്കപ്പെടുമ്പോൾ വ്യാജവാററിനു പ്രേരണ ഉണ്ടാകുന്നതാണ്. അതിന്റെ തോതിനെപ്പററി മാത്രമേ ചോദ്യം ചെയ്യേണ്ടതുള്ളു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ചില ഷാപ്പുകൾ അടയ്ക്കുമ്പോൾ വ്യാജവിക്രയത്തിനു കൂടുതൽ താല്പര്യമുണ്ടാകുമോ?

മി: മാത്തുമുരിക്കൻ (വൈക്കം): ചെറിയതുക്കുകൾക്കു നാം എക്സൈസ്കമ്മീഷണരോടു പിശുക്കുകാണിക്കാതിരിക്കണമെന്നു ഞാൻ എന്റെ സ്നേഹിതനോടു പറയും. അളവുനുത്തിന്റെ ഡിമാൻറു വളരെ ചെറുതാകുന്നു. മദ്യപാനദുഷ്യത്തിൽനിന്നും രാജ്യത്തെ രക്ഷിക്കണമെന്നുള്ള ഉദ്ദേശമാണു-ഇതിനുള്ളതു്. അളവുനുത്തിന്റെ സമാധാനം നമ്മെ ബോദ്ധ്യപ്പെടുത്തുന്നതാകുന്നു. ഷാപ്പുകൾ എല്ലാം അടച്ചാൽ വ്യാജവാററുനടത്തുവാൻ ഒരു മനോരാജ്യം ഉണ്ടാകുന്നതാണ്. ഇതു ഒരു പരീക്ഷണകാര്യം മാത്രമാകുന്നു. പ്രാദേശികേഛ എല്ലാനഗരങ്ങളിലും നടപ്പാക്കുമ്പോൾ ഗവണ്മെൻറിനു വലിയ വിഷമമുണ്ടാകുമെന്നു മി. ആശാൻ വിചാരിക്കുന്നു. നാളെയോ മററന്നാളോ പ്രാദേശികേഛ എല്ലാനഗരങ്ങളിലും നടപ്പാക്കുമെന്നു എന്റെ സ്നേഹിതൻ പ്രതീക്ഷിക്കേണ്ട. എന്നാൽ അതു നടപ്പിലാക്കുമ്പോൾ വ്യാജവാററിനു പ്രേരകമായ ഒരു മനോഭാവമുണ്ടാകുന്നതാണ്. ഇക്കാരണങ്ങളാൽ ഞാൻ എക്സൈസ്കമ്മീഷണരുടെ ഡിമാൻറിനെ പിന്താങ്ങുന്നു.

മി: പി. രാമചന്ദ്രനായകംപിള്ള: (എക്സൈസ് കമ്മിഷണർ) സർ, എഴുവശത്തുനിന്നും ഞാൻ ഒരു എഴുപ്പം പ്രതീക്ഷിച്ചിരുന്നില്ലെന്നു സമ്മതിക്കുന്നു. ഞാൻ ആവശ്യപ്പെട്ടഗ്രാൻറ് അനുവദിക്കരുതെന്നു എനിക്കു മിക്കവാറും നിശ്ചയമുണ്ടായിരുന്നു. മി: താണുപിള്ളപുറപ്പെടുവിച്ചതടസ്സത്തെസംബന്ധിച്ചു ഞാൻ ചിലതു പറയുവാൻ ആഗ്രഹിക്കുന്നു. ആ ഓർഡർ സാമാന്യം വലുതായതാണ്. അവിടെ ഉദ്ദേശം ൪൭ കള്ളുഷാപ്പുകളും ൧൭ ചാരായഷാപ്പുകളുമുണ്ട്: നിരോധകജോലിയിൽ ശ്രദ്ധിക്കുവാൻ ഇവർമാത്രമേയുള്ളൂ. ചങ്ങനാശ്ശേരിയിലെ എക്സൈസ്സ്റ്റാഫ്, അവിടെനടക്കുന്നതോ, അവിടെനടക്കുവാൻ ഇടയുള്ളതോആയ വ്യാജവ്യാപാരത്തെനിറുത്തുവാൻ വേണ്ടത്രസംഖ്യാബലമുള്ളതല്ലെന്നു എനിക്കുബോദ്ധ്യമുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം) ആറേബ്രിഷയും, ടൗണിഷയും ജനസംഖ്യയഥാക്രമം എത്രയെന്നു അറിയിക്കുമോ?

മി: പി. രാമചന്ദ്രനായകംപിള്ള (എക്സൈസ് കമ്മിഷണർ): അതിനെപററിയുള്ളവിവരം എന്റെകയ്യിലില്ലാത്തതിൽ വ്യസനിക്കുന്നു. ഞാൻ ആസ്ഥലങ്ങളിൽ സർക്കിളായിതാമസിച്ചിരുന്നപ്പോൾ, ചങ്ങനാശ്ശേരിയിലെസ്ഥിതിയെപററി സൂക്ഷ്മമായഅന്വേഷണം നടത്തി. രണ്ടുഗ്യാലൺചാരായം അവിടെ ഒരാളിന്റെ വീട്ടിൽ കണ്ടെടുത്തുകസ്റ്റഡിയിലാക്കിയതു് ആസ്ഥലത്തെ ഉദ്യോഗസ്ഥന്മാരായിരുന്നു. തങ്ങൾക്കു സാധിക്കാത്തതിനാൽ മാത്രം അവർക്കു ഈവിഷയത്തിൽവലിയശ്രദ്ധപതിപ്പിക്കുന്നില്ലെന്നു എനിക്കനുഭവമുണ്ട്: വൃക്ഷക്കരംപിരിക്കുക, ഖജാനാവിൽമുഴുവനുംപോയി വ്യാജവിക്രയങ്ങൾ കണ്ടുപിടിക്കുക എന്നിന്യായമായ അവരുടെജോലികൾകൊണ്ട് ഇതിനു അവർക്കു സമയം ലഭിക്കുന്നില്ല. ഈ പരിതസ്ഥിതിയിൽ വ്യാജവിക്രയങ്ങളുടെ പ്രവൃത്തികളെ ദിവാനിശംസൂക്ഷിച്ചു് അതിനെ നിറുത്തുന്നതിനു ഒരു സ്പെഷ്യൽ സ്റ്റാഫ് അത്യാവശ്യമാണെന്നു ഞാൻവിചാരിച്ചു: വ്യാജവിക്രയികളെസൂക്ഷിക്കുന്നതിനു ഒരു സ്റ്റാഫില്ലെങ്കിൽ ഈ പരീക്ഷണം മിക്കവാറും ഒരു പ്രഹസനമായിരിക്കുമെന്നാണു ഞാൻ ഭയപ്പെടുന്നതു്. ഈ ഷാപ്പുകൾ തുറക്കരുതെന്നുള്ള തങ്ങളുടെ ഉദ്ദേശത്തെ ജനങ്ങൾപ്രകാശിപ്പിച്ചുകഴിഞ്ഞു. ഇതിന്റെ ഫലമെന്തായിരിക്കും? ജനങ്ങൾ അവരുടെ വോട്ടിനനുസരിച്ചു മദ്യപാനത്തിൽനിന്നും പിൻവാങ്ങിയാൽ അതു നല്ലതുതന്നെ. എന്നാൽ അവർ അങ്ങനെചെയ്യാതെ വ്യാജചാരായംകൊണ്ടുവന്നാൽ അതു തടയേണ്ടതാണ്. ഈ പരീക്ഷണം വിജയപ്രദമാകണമെങ്കിൽ ഈ സ്റ്റാഫ് അത്യാവശ്യമാണെന്നാകുന്നു ഞാൻ അറിയിക്കുന്നതു. ഈ എഴുപ്പിനെ പിൻവലിക്കണമെന്നു ഞാൻ തന്റെ സ്നേഹിതനോടപേക്ഷിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം) ഞാൻ എന്റെ എഴുപ്പിനെ പിൻവലിക്കുന്നു.

ഉപക്ഷേപം വോട്ടിനിടുകയും ഡിമാൻറ് അനുവദിക്കുകയും ചെയ്തു.

ഡിമാൻറ് ൧൦-ജയിലുകൾ- സെൻട്രൽജയിൽ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി): സർ, ഡിമാൻറ് ൧൦ അനുസരിച്ചു്-ജയിലുകൾ വരുന്നമുറയ്ക്കു അടിയന്തരം സംബന്ധിച്ചു ജമുക്കാളങ്ങൾ ഉണ്ടാക്കുന്നതിനു സെൻട്രൽജയിലിലേക്കു നൂൽവിലകൊടുത്തു വാങ്ങുന്നതിനു ൩,൦൦൦ രൂപയിൽ കൂടാത്ത ഒരു ഗ്രാൻറിനു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ൧൧൦ ഇലാണ്ടു മുറജപം അടിയന്തിരം നടത്തുണ്ടായി. ഇതിലേക്കു ഉദ്ദേശം ൩,൫൧൭ ജമുക്കാളങ്ങൾ ആവശ്യമുണ്ട്. ഈ ജമുക്കാളങ്ങൾ എത്തിച്ചുതരണമെന്നതിനു സെൻട്രൽജയിലിലെ സൂപ്രണ്ടിനോടു അപേക്ഷിക്കുകയുണ്ടായി. ജമുക്കാളങ്ങൾഉണ്ടാക്കുന്നതിനു നൂൽവാങ്ങുവാൻ അദ്ദേഹത്തിനു ഫണ്ടില്ലെന്നു അദ്ദേഹം എഴുതിയിരിക്കുന്നു. ജമുക്കാളങ്ങൾ എത്തിച്ചുതരണമെങ്കിൽ നൂൽവാങ്ങുന്നതിനു ൩,൦൦൦ രൂപാ ആവശ്യമുണ്ടെന്നു അദ്ദേഹം പറയുന്നു. അതിനാൽ നൂൽവാങ്ങുന്നതിനു ൩,൦൦൦ രൂപയുടെ ഒരു ഗ്രാൻറിനായി ഈ സഭയിൽ വന്നിരിക്കുന്നു.

മി: രേ. തിരുനാൾ രാജവർമ്മരാജാ (ഇടവക): ഇതിനാവശ്യമുള്ള ജമുക്കാളം ടെൻഡർകൊടുത്തു കച്ചവടക്കാരിൽനിന്നും വാങ്ങിക്കുകയാണെങ്കിൽ ലാഭംവരുമോ നഷ്ടംവരുമോഎന്നു നോക്കിട്ടുണ്ടോ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി): ഇതുകൂടുതൽ ലാഭകരമായിരിക്കുമെന്നു ഗവണ്മെൻറ് വിചാരിക്കുന്നു. ഇതു അഡ്വാൻസിന്റെരൂപത്തിൽമാത്രമാകുന്നു. ജമുക്കാളത്തിനുകൊടുക്കുന്ന വിലയിൽനിന്നും സെൻട്രൽജയിലിൽനിന്നുമുള്ള വരവിനത്തിൽ അതു തിരിച്ചുകിട്ടുന്നതുമാണ്. എന്തെങ്കിലും ലാഭമുണ്ടെങ്കിൽ അതു ഗവണ്മെൻറിനായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സ്വകാര്യസംരംഭങ്ങളുമായി മത്സരിക്കുവാൻ ഗവണ്മെൻറ് വരുന്നുണ്ടോ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി): ഈ ആർഡർ സെൻട്രൽ ജയിലിനുനൽകുകയാണെങ്കിൽ അതു ജയിലിലെ ആളുകൾക്കു ജോലിനൽകുന്നതും അതേസമയംതന്നെ ഗവണ്മെൻറിനു ലാഭമുണ്ടാക്കുന്നതും ആയിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സെൻട്രൽജയിലിൽ നെയ്ത്തുജോലിയിൽഏർപ്പെടുത്തിയിട്ടുള്ള പുള്ളികളുടെസംഖ്യ എത്രയാണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി): ആവിവരം ലഭിച്ചിട്ടില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) ബഹുമാനപ്പെട്ട കക്ഷികൾകൊള്ളിച്ച അവസരത്തിൽ ജയിലിൽ തൊഴിലാളികളെ ഏർപ്പെടുത്തുന്നതുസംബന്ധിച്ചു മുഴുവൻസംഖ്യയും കൊള്ളിച്ചിട്ടില്ലെന്നാണോ അഭിജ്ഞനായ സെക്രട്ടറി പറയുന്നതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി): അതെ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): എങ്ങനെയാണു അദ്ദേഹം ഈ ജോലി ചെയ്തുതീർപ്പിക്കുവാൻപോകുന്നതു്; ജയിലിൽ കൂടുതൽജനസംഖ്യ അദ്ദേഹം ഉണ്ടാക്കുവാൻ പോകുകയാണോ?.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി): ഈ ഗ്രാൻറ് നൂൽവാങ്ങുന്നതിനുമാത്രമാകുന്നു. തടവുപുള്ളികളുടെ പ്രവർത്തനത്തെ ഈവഴിക്കുതിരിക്കുന്നതുകൊണ്ടു് ആവശ്യമുള്ളതൊഴിലാളികളെഉണ്ടാക്കാവുന്നതാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും,നെടുമങ്ങാടും) ജയിലിലെ പുള്ളികളുടെ എണ്ണം നിശ്ചിതമായിട്ടുള്ളതാണ്. എങ്ങനേയാണ് അവർ കൂടുതൽ ജോലിചെയ്യുതീർക്കുന്നത്. തടവുകാരെക്കൊണ്ടു കൂടുതൽ ജോലിചെയ്യിക്കുവാനാണൊപോകുന്നത്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി): അവർ മററുവല്ലജോലിയും ചെയ്യുകയായിരിക്കാം ജനങ്ങൾക്കുള്ളതിനുണ്ടാക്കേണ്ടപ്പോൾ അവരോടു നെയ്ത്തുജോലിചെയ്യുവാൻ ആവശ്യപ്പെടാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും,നെടുമങ്ങാടും): ലാഭമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നിങ്ങൾ വ്യാവസായങ്ങൾ നടത്തുകയാണെങ്കിൽ നിങ്ങൾ ആജോലിയെ വ്യാപാരപരമാക്കിതീർക്കുന്നു. അങ്ങനെ നിങ്ങൾ സ്വകാര്യസംരംഭങ്ങളുമായി കൂട്ടിമുട്ടുകയും ചെയ്യുന്നു. നിങ്ങൾ ഗസൻടൽജയിലിൽ ജോലിനൽകുന്നതു തടവുപുള്ളികൾക്കു കൂടുതൽ ജോലിഉണ്ടാക്കുന്നതിനുമാത്രമാണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി): അവർക്കു മുഴുവൻ ജോലിയും കൊടുത്തിട്ടില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): അവർ വേണ്ടത്രജോലിചെയ്യുന്നില്ലെന്നുണ്ടോ നിങ്ങൾപറയുന്നത്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): അല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ജയിലിൽ നെയ്യുന്നതിനു ഇപ്പോഴുള്ള ഏർപ്പാടു എന്താണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): ഈ ഉദ്ദേശത്തിനു മിക്കവാറും മതിയാകുന്നതാണ് ഇപ്പോഴത്തെ ഏർപ്പാട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): സർ, ഇതിടൻറ യോഗ്യതയെ ആധാരമാക്കി മാത്രമല്ല, മററു കാരണങ്ങളാലും ഞാൻ ഈ ഡിമാൻറിനെ എതിർക്കണമെന്നു വിചാരിക്കുന്നു. ഡിപ്പാർട്ടുമെൻറിൻെറ യന്ത്രത്തെ സംബന്ധിക്കുന്ന വാഗ്പ്രതിവാദം സപ്ലിമെൻററി ഗ്രാൻറിൽ അനുവദനീയമല്ലെന്നു പ്രസിഡൻറിൻെറ ഒരു തീരുമാനമുണ്ട്. ഈ തീരുമാനം മദ്രാസ് കൌൺസിലിലും അനുസരിച്ചുവരുന്നുണ്ട്, ഈ തീരുമാനം ബുദ്ധിപൂർവ്വകമാണോ എന്നു ഞാൻ ചോദ്യം ചെയ്യുന്നില്ല. നമുക്കെല്ലാവർക്കും അതിനെപ്പററി അറിയാം. ഈ കൌൺസിലിൽ നമുക്കു ഒരു അനുദ്യോഗസ്ഥഭൂരിപക്ഷമുണ്ടെങ്കിലും, നമുക്കു ആകപ്പാടെ ചെയ്യുവാൻ സാധിക്കുന്നതു ചിലപ്പോൾ ഒരു വിഷയം കുരസ്ഥമാക്കുകയോ, മററു ചിലപ്പോൾ ഗവണ്മെൻറിനു ഒരു താൻവി പറിക്കുകയോ മാത്രമാകുന്നു. എന്നാൽ ഈ താൻവികൾ ഗവണ്മെൻറിനെ ഒരു വിധത്തിലും ബാധിക്കുവാൻ കഴിയുന്നില്ല, അതിനാൽ ഞങ്ങൾ ഈ കൌൺസിലിൽ അധികം വില വയ്ക്കുന്നതും, യഥാർത്ഥത്തിൽ ഗവണ്മെൻറിനെ ബാധിക്കുന്നതും, വാഗ്പ്രതിവാദാധികാരമാകുന്നു. വാഗ്പ്രതിവാദത്തിൽ ഒരു നയം, ഒരു ഡിപ്പാർട്ടുമെൻറൽ നയം അന്തർവേചിച്ചിട്ടുണ്ടെങ്കിൽ അദ്ധ്യക്ഷൻെറ തീരുമാനം വാഗ്പ്രതിവാദസ്വാതന്ത്ര്യത്തെ തിരുത്തുവാനാണിവരുക. ഡിപ്പാർട്ടുമെൻറൽ നയത്തെ പററിയുള്ള വാഗ്പ്രതിവാദങ്ങൾ ഒഴിക്കുന്നതിനു, ഡിപ്പാർട്ടുമെൻറു മോധാവികൾ സപ്ളിമെൻററി ഗ്രാൻറു കൊണ്ടു വരുമ്പോൾ ഈ അദ്ധ്യക്ഷതീരുമാനത്തെ മനസ്സിൽ വച്ചിരിക്കേണ്ടതാണ്. ഈ അവസരത്തിൽ ഗവണ്മെൻറു സ്വകാര്യസംരംഭങ്ങളുമായി മത്സരത്തിനു ഇറങ്ങുമോ എന്നു ചോദ്യം വരുന്നുണ്ട്. ജനങ്ങൾ സ്വകാര്യമായി വ്യവസായങ്ങൾ നടത്തിക്കൊണ്ടുപോകുന്നുണ്ടെന്നാണു ഞാൻ മനസ്സിലാക്കുന്നത്. ജയിലിൽ നെയ്ത്തു ഏർപ്പെടുത്തിയതിൻെറ പ്രധാന ഉദ്ദേശം ജയിൽവിട്ടു പോകുമ്പോൾ തടവുകാർക്കു ജീവസന്ധാരണത്തിനു എന്തെങ്കിലും തൊഴിൽ പഠിപ്പിക്കണമെന്നുള്ളതാകുന്നു. അവർക്കു ജോലി നൽകിയും അവരെ പരിഷ്കരിച്ചും ഈ ഉദ്ദേശങ്ങൾ സാധിക്കാമെന്നു ഗവണ്മെൻറു പ്രതീക്ഷിക്കുന്നു. അതാണു പ്രധാനമാദ്ദേശ്യം. ഇപ്പോൾ [illegible] അവിടെയുള്ളിടത്തോളം തടവുപുള്ളികൾക്കു ജോലി കണ്ടു പിടിച്ചു കഴിഞ്ഞു.

മി: എസ്സ്. പീറവിപ്രെയമാൾപിള്ള (കുച്ചുവടവും വ്യവസായവും, തെക്ക്): അതിൽ പിന്നീടു തടവുകാരുടെ സംഖ്യകൂടിയിട്ടില്ലയോ എന്നു പറയാമോ,

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): എനിക്കറിഞ്ഞുകൂടാ. അതുകൂടിയിട്ടില്ല. അതിനാൽ മുറമുപാടിയന്തിരം വരുന്നു. ജയിൽ അധികൃതന്മാർക്കു മാത്രമേ ചില ജോലികൾ ചെയ്യു ലാഭമെടുക്കാവൂ. ഇവിടെയാണു ഗവണ്മെൻറു സ്വകാര്യസംരംഭവുമായി കൂട്ടിമുട്ടുവാൻ വരുന്നതെന്നു ഞാൻ പറയുന്നതു, തടവുകാർക്കു വേണ്ടത്ര ജോലി ഇല്ലെന്നാണു മി: കൃഷ്ണപിള്ള പറയുന്നതെങ്കിൽ ഞാൻ അതിനെ നിഷേധിക്കുന്നു.

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): സർ ഈ ചെറിയ ഗ്രാൻറിനെപ്പററി യാഗ്പ്രതിവാദം ചെയ്യുന്ന അവസരത്തിൽ എൻെറ സ്നേഹിതൻ മി: മാധവൻപിള്ള ഒരു പ്രധാന തത്വമാണു കൊണ്ടുവന്നിട്ടുള്ളതു. ഈ ഗ്രാൻറു ആവശ്യപ്പെട്ടിരിക്കുന്നതിൻെറ ഏകകാരണം ഇതു കൺട്രാക്ടിൽ കൊടുത്താൽ കൺട്രാക്ടുകൾക്കു കിട്ടുന്ന ആദായം നികുതിദായകനു ലഭിക്കണമെന്നുള്ളതാണെന്നു ഞാൻ സമയാടു ഉറപ്പു പറഞ്ഞു കൊള്ളുന്നു.

മി: കെ മാധവൻ പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): കൺട്രാക്ടുരും ഒരു നികുതിദായകനല്ല.

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): എന്നാൽ അയാൾ ഒരാററ നികുതിദായകൻ മാത്രമാണ്,

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): നിങ്ങൾ ആ തത്വം സമ്മതിക്കുന്നുവോ.

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): പുതിയ തത്വത്തെപ്പററി യാതൊരു പ്രശ്നവും ഇവിടെ ഉൽഭവിക്കുന്നില്ല. ഒരു വർഷത്തേക്കു നൂലു വാങ്ങുവാനുള്ള ഗ്രാൻറു നിശ്ചയിക്കുമ്പോൾ തടവുകാർ ചെയ്യേണ്ട മുഴുവൻ ജോലിയും അറിഞ്ഞിട്ടുണ്ടെന്നാണു മി: മാധവൻപിള്ള പറഞ്ഞതു. അങ്ങനെയൊന്നുമില്ല. അതു ഉദ്ദേശമായ ഒരു എസ്റ്റിമേററുമാത്രമാകുന്നു. ഒരു വർഷത്തിൽ ജയിൽ പുള്ളികൾ എത്രമാത്രം ജോലി

ചെയ്യുമെന്നറിയുവാൻ നമുക്കു നിശ്ചയമായ ഒരു മാനദണ്ഡമില്ലെന്നു പല വർഷത്തെ ബഡ്ജറ്റുകൾ പരിശോധിച്ചാൽ തെളിയുന്നതാണ്, തടവുപുള്ളികൾക്കു ജോലികൊടുക്കുക എന്ന തത്വം സ്വീകരിച്ചിട്ടുള്ളതിനാലാണ് ഇതിൽ യാതൊരു പുതിയ തത്വവും അന്തർഭവിച്ചിട്ടില്ലെന്നു ഞാൻ പറഞ്ഞതു്. ഗവണ്മെന്റു അച്ചുക്കൂടം ഒരു വ്യാവസായിക ഡിപ്പാർട്ടുമെന്റാകുന്നു. ഫാർസ്റ്റും ഒരു വ്യാവസായിക ഡിപ്പാർട്ടുമെന്റാകുന്നു. ജനങ്ങളുടെ സ്വകാര്യസംരംഭങ്ങളുമായി കുറെ മത്സരത്തെ ഒഴിക്കാവുന്നതല്ല. പണം നമ്മുടെ നികുതിദായകന്മാരുടെ പ്രയോജനത്തിനു വേണ്ടിയാകണം വിനിയോഗിക്കുവാൻ പോകുന്നതെന്നുള്ളതാണു ചോദ്യം. ഈ ഡിമാൻഡ്സുകളിൽ കണ്ടതുപോലെ ഗവണ്മെന്റിനു കൺട്രാക്ടുകളുടെ അടുക്കൽ പോകുക എന്ന ഏകമാർഗ്ഗമേ ഉള്ളു. മുറജപം ഈ കൌൺസിലിന്റെ അധികാരപരിധിയിലല്ലാത്തതിനാൽ അതു ഈ കൌൺസിലിൽ കൂടുതൽ ധനാഭ്യർത്ഥനയുടെ കാര്യത്തെ കഴിയാം. ഈ ഏർപ്പാടിൽ എന്തെങ്കിലും ലാഭമുണ്ടെങ്കിൽ സാമാന്യ നികുതിദായകനു ഗുണകരമായി അതു ഗവണ്മെന്റിൽ വന്നു ചേരണമെന്ന ആശയമേ ഗവണ്മെന്റിനുള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ലാഭം എത്രകാണും.

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഞങ്ങൾക്കറിഞ്ഞുകൂടാ. നൂൽ വിലയ്ക്കു വാങ്ങേണ്ടതിന്റെ നിരക്കു ഞങ്ങൾക്കറിഞ്ഞുകൂടാ. സെൻട്രൽ ജയിലിൽ ഉണ്ടാക്കുന്ന സാമാനങ്ങൾ മേൽത്തരവും ഈടുള്ളതും ആണെന്നാകുന്നു സാമാന്യാഭിപ്രായം എന്നു കൂടി ഞാൻ പറഞ്ഞു കൊള്ളട്ടെ. അതിനാൽ ഈ ഗ്രാന്റു അനുവദിക്കണമെന്നു ഞാൻ സഭയോടപേക്ഷിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും, നടുവണ്ണാട്ടും): ഞാൻ എന്റെ എതിർപ്പിനെ പിൻവലിക്കുന്നു.

ഉപക്ഷേപം വോട്ടിനിടുകയും ഡിമാൻഡ് അനുവദിക്കുകയും ചെയ്തു.

ഡിമാൻഡ് നമ്പ. വിദ്യാഭ്യാസം.

റാവു ബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): സർ, രാജകീയസയൻസ് കാളേജിലെ കെമിസ്ട്രിറി ലബോർട്ടറിയിലേക്കു സാമാനങ്ങൾ വാങ്ങുവാൻ ക്ര, ൦൦൦ രൂപയിൽ കവിയാത്ത ഒരു ഗ്രാന്റിനു ഞാൻ അപേക്ഷിക്കുന്നു. ഈ സപ്ലിമെന്ററി ഡിമാൻഡ് ആവശ്യപ്പെടുവാൻകാരണമായ പരിതസ്ഥിതികൾ താഴെ പറയുന്നവയാണ്. സയൻസ് കാളേജിൽ പുതുതായി നീട്ടിയ കെമിസ്ട്രിറിലാബോർട്ടറിക്കു ഉപകരണങ്ങൾ സംഭരിക്കുന്നതിനായി ക്ര ൧൦,൦൦൦ രൂപാ അനുവദിച്ചു. എന്നാൽ ആ ഉപകരണങ്ങളുടെ രൂപം നിശ്ചയിക്കുന്നതിനും, പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽ ഓർഡർ കൊടുക്കുന്നതിനും ഒഴിച്ചു കൂടുവാൻ പാടില്ലാത്ത കുറെ കാലതാമസമുണ്ടായി. ഈ ജോലി ഏറ്റെടുക്കുന്നതിലും വർഷാവസാനത്തിനുമുൻപു ചെയ്തു തീർക്കുന്നതിലും വർക്ക്ഷാപ്പിലും ഒഴിച്ചുകൂടുവാൻ പാടില്ലാത്ത കുറെ കാലതാമസമുണ്ടായി. ഇതിന്റെ ഫലമായി ആ തുക ചുഴുവനും ചെലവാക്കാമെന്നു താൻ പ്രതീക്ഷിക്കുന്നില്ലെന്നു വർഷാവസാനത്തിനു കുറെ മുമ്പായി സയൻസ് കാളേജ് പ്രിൻസിപ്പാൾ റിപ്പോർട്ടു ചെയ്തു. അവിടെ ചുരുക്കി സാമാനങ്ങളുടെ വില കൊടുക്കേണ്ടതുണ്ടായിരുന്നതിനാൽ ലാപ്സാകുന്ന തുക അടുത്ത വർഷത്തിൽ അനുവദിക്കണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു. വർഷാവസാനത്തിൽ, ആ സാമാനങ്ങളിൽ ഗണ്യമായ ഒരു ഭാഗം ചെയ്തു തീർക്കുകയും, പൂർണ്ണമാകുവാനുള്ള പല രൂപത്തിൽ സ്ഥിതി ചെയ്യുകയും ചെയ്യുന്നുവെന്നു അദ്ദേഹം റിപ്പോർട്ടു ചെയ്തു. ആദ്യമനുവദിച്ച തുകയിൽ നിന്നും ക്ര ൧൦-ൽ ചെലവഴിച്ചതു നീക്കിബാക്കിയുള്ളതാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന തുക. പൂർവനിശ്ചയം പൂർണ്ണമാക്കുന്നതിനു ഈ ഡിമാൻഡു അനുവദിച്ചു തരണമെന്നു ഞാൻ സഭയോടപേക്ഷിക്കുന്നു.

മി: ഡി. സി. ജോസഫ് (അരുമനൂർപുരം): ഞാൻ രണ്ടു കാരണങ്ങളിൽ ഈ ഡിമാൻഡിനെ എതിർക്കുന്നു. അവ ദുർഭരമായ നികുതിഭാരംവഹിക്കുന്ന നികുതിദായകന്മാരുടെ താൽപര്യവും, വിദ്യാർത്ഥിസമുദായത്തിന്റെ ഭാരിദ്ര്യമനുഭവിക്കുന്ന രക്ഷകർത്താക്കന്മാരെയും, തിരുവിതാംകൂറിലെ നിസ്സഹായരായ യുവജനങ്ങളേയും ഓർത്തിട്ടാകുന്നു. ഈ ഡിമാൻഡ് ഒരു പ്രത്യേകസ്ഥാപനത്തിന്റെ ആവശ്യത്തിലേക്കാണെങ്കിലും, ഏതാനുംതുകയെ പരിഗണിച്ചു ഞാൻ അതിനെ എതിർക്കേണ്ടതു ആവശ്യമായി വന്നിരിക്കുന്നു. ഈ ഡിപ്പാർട്ടുമെന്റിൽ ഹെഡ്മാസ്റ്ററന്മാരുടെ സ്ഥാനങ്ങൾ ഒഴിവാക്കിഇട്ടിരിക്കുന്നതിനെ പരിഗണിച്ചു സിവിൽലിസ്റ്റിൽ നോക്കുന്നപക്ഷം ഈ ഡിപ്പാർട്ടുമെന്റുവിദ്യാർത്ഥികളെപ്പററി തീരെ ഗൌനിക്കുന്നില്ലെന്നു കാണാവുന്നതാണ്. ഡിപ്പാർട്ടുമെന്റിനു എല്ലാമാർഗ്ഗത്തിൽനിന്നും പണംവേണം. എന്നാൽ അതു വിദ്യാർത്ഥിസമൂഹത്തെ തീരെഗൌനിക്കുന്നതല്ല. ഏതാനും ഹെഡ്മാസ്റ്ററന്മാരെ നിയമിക്കുന്നതിലുണ്ടായിട്ടുള്ള ഈ താമസത്തിന്റെ കാരണമെന്താണ്?

മി: ജി. പി. നീലകണ്ഠപ്പിള്ള (കുരുനാഗപ്പള്ളി); ഡിപ്പാർട്ടുമെന്റിന്റെ പൊതുനയം യാഥാപ്രതിവാദംചെയ്യാമെന്നു നടപടിക്രമത്തെ സംബന്ധിച്ചു ഒരു സംഗതി ഞാൻ കൊണ്ടുവരുന്നു.

പ്രസിഡൻറ്: നിങ്ങൾ ഡിമാൻഡിനെസംബന്ധിച്ചു കാര്യത്തിൽമാത്രം ശ്രദ്ധപതിക്കണം.

മി: ഡി. സി. ജോസഫ് (അരുമനൂർപുരം): അതു എത്രയും ആവശ്യമായതുകൊണ്ടാണ് ഞാൻ അതിനെ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതു്. ഇതുവരെ അവർ ഉള്ളതുകൊണ്ടു വേലചെയ്യുകയായിരുന്നു. കൂടുതൽ ഫണ്ടിന്റെ ആവശ്യം എന്തെന്നു എനിക്കറിഞ്ഞുകൂടാ. ഇപ്പോഴുള്ള ഉപകരണങ്ങൾകൊണ്ടുതന്നെ അവർ ഈ വർഷംകഴിക്കട്ടെ. ഈ ഡിമാൻഡ് അഭിലഷണീയമാണെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ ഞാൻ അതിനെ എതിർക്കുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): മി. ഡി. സി. ജോസഫ് പ്രസ്താവിച്ച അഭിപ്രായങ്ങൾക്കു ഉത്തരം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബഡ്ജറ്റിൽ ആദ്യമായി അനുവദിച്ചതുക എന്തെന്നു ഈ സഭയ്ക്കു അറിവുള്ളതാണ്. ഒഴിക്കുവാൻ പാടില്ലാത്ത കാരണങ്ങളാൽ സഭയുടെ ആഗ്രഹങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നതിനു സാധിച്ചില്ല. ഞാൻ ഒരു സപ്ലിമെന്ററി ഗ്രാന്റുമായാണ് കൊണ്ടുവന്നിരിക്കുന്നതു്. അതു സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. അങ്ങനെ സഭയുടെ പൂർവ്വഉദ്ദേശത്തെ സാദ്ധ്യമാക്കുക.

പ്രസിഡൻറ്. നിങ്ങൾ നിങ്ങളുടെ തടസ്സം നിർബന്ധമായി കൊണ്ടുവരുന്നുവോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഞാൻ എൻെറ എതിർപ്പിനെ പിൻവലിക്കുന്നു.

ഉപക്ഷേപം വോട്ടിനിടുകയും പ്രിമാൻറ് അനുവദിക്കുകയും ചെയ്തു.

നിയമനിർമ്മാണം.

സിവിൽ നടപടിനിയമം അനുസരിച്ചുള്ള ചട്ടത്തിൻെറ ഭേദഗതി.

മി: കുഞ്ഞാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്രട്ടറി): സർ, ഇന്നത്തെ കാര്യപരിപാടിയിലുള്ള രണ്ട് ബില്ലുകൾ അവതരിപ്പിക്കുന്നതിനുവേണ്ടിയാണ്, സിവിൽനടപടിനിയമത്തിലെ പട്ടികയിൽ ൪-ാംഉത്തരവിലെ ൨൧-ാം ചട്ടത്തിൻെറ ഭേദഗതിയുടെ അവസാന വായന നടത്തണമെന്നു ആഗ്രഹിക്കുന്നു. അതു ഇന്നത്തെ കാര്യപരിപാടിയിലില്ലാത്തതിനാൽ അതു അവതരിപ്പിക്കുന്നതിനായി സ്റ്റാൻഡിംഗ് ആർഡർ ൭ അനുസരിച്ചു ഞാൻ അങ്ങയുടെ അനുവാദം അർത്ഥിക്കുന്നു.

പ്രസിഡൻറ്: നിങ്ങൾക്ക് അപ്രകാരം ചെയ്യാം.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്രട്ടറി): എന്നിക്കു ഈ ചട്ടത്തിനു യാതൊരു ഭേദഗതിയും നിർദ്ദേശിക്കുവാനില്ല. സിവിൽനടപടിനിയമത്തിലെ പട്ടികയിൽ ൪-ാംഉത്തരവിലെ ൨൧-ാംചട്ടത്തിൽ ഈ കൗൺസിൽ വരുത്തിയിട്ടുള്ള ഭേദഗതി പാസ്സാക്കണമെന്നു അപേക്ഷിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി): ഞാൻ അതിനെ പിൻതാങ്ങുന്നു.

പ്രസിഡൻറ്: സഭ ഈ ഉപക്ഷേപം സ്വീകരിക്കുന്നതായി ഞാൻ വിചാരിക്കുന്നു.

ഉപക്ഷേപം സഭയുടെ അനുമതിയ്ക്കായി സമർപ്പിച്ചു പാസ്സാക്കി.

റവന്യൂസമൺസ് റഗ്യുലേഷൻ ഭേദഗതിബിൽ.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്രട്ടറി): ൧൦൩-ാം വകുപ്പിലെ അഞ്ചാം റഗ്യുലേഷനും, ൧൦൯-ാം വകുപ്പിലെ അഞ്ചാംറഗ്യുലേഷനാൽ ഭേദപ്പെടുത്തിയതുമായ റവന്യൂസമൺസ് റഗ്യുലേഷൻ ഭേദഗതിചെയ്യുന്നതിനു ഒരു ബിൽ അവതരിപ്പിക്കുവാനാണ് ഞാൻ വിചാരിക്കുന്നത്. ഉദ്ദേശങ്ങളും കാരണങ്ങളും കാണിച്ചു ഒരു സ്റ്റേറ്റ്മെൻറോടുകൂടി ബിൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ബിൽ കൗൺസിലിൽവായിക്കണമെന്നു ഞാനപേക്ഷിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സെക്രട്ടറി): ഞാൻ അതിനെ പിൻതാങ്ങുന്നു.

ഉപക്ഷേപംസഭയിൽ സമർപ്പിച്ചു പാസ്സാക്കി.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്രട്ടറി): സർ, ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ഞാൻ ചുരുക്കത്തിൽ വിശദമാക്കാം. റവന്യൂസമൺസ് റഗ്യുലേഷൻ ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറിലെ ചില ഉദ്യോഗസ്ഥന്മാരെ അതായതു ലാൻഡ്റവന്യൂ കമ്മീഷണർ, പേഷ്കാരന്മാർ, തഹശീൽദാരന്മാർ എന്നിവരെ സമൺസ് അയക്കുന്നതിനും, അങ്ങനെ സമൺസ് അയച്ചതിൻെറശേഷം അയാൾ ഹാജരായില്ലെങ്കിൽ ശിക്ഷിക്കുന്നതിനും അധികാരം നൽകുന്നതെന്നു കാണാവുന്നതാണ്. ഇതുറഗ്യുലേഷനിലെ ൧-ാം വകുപ്പാകുന്നു. മറേറതെങ്കിലും ഉദ്യോഗസ്ഥനെ സമൺസ് അയക്കുന്നതിനും, അതിനെവിഗണിച്ചാൽ ശിക്ഷിക്കുന്നതിനും അധികാരപ്പെടുത്തുവാൻ റഗ്യുലേഷനിലെ ൧൦-ാംവകുപ്പനുസരിച്ചു ഗവണ്മെൻറിനധികാരമുണ്ട്. ഈ ശിക്ഷയ്ക്കുള്ള നിയമങ്ങളെ സംബന്ധിച്ചിടത്തോളം അപ്പീലുകൾ ആവശ്യമായിരിക്കും. ഇതിനുവേണ്ട ഉപാധി ഇപ്പോൾ ൪-ാംവകുപ്പിൽ നൽകിയിരിക്കുന്നതു താഴെക്കാണുംവിധമാകുന്നു:—

തൻെറമേൽ നടപ്പാക്കിയിരിക്കുന്ന ഉത്തരവിൽ പരാതിയുള്ളവർക്ക് ആദ്യത്തെപ്രാവശ്യമോ അപ്പീലിലൊ, ഈ ഉത്തരവു പാസ്സാക്കുന്ന ഉദ്യോഗസ്ഥൻെറ അടുത്തമേൽ ഉദ്യോഗസ്ഥനോടു ന്യായം വകുപ്പിൽ നിർദ്ദേശിക്കുന്ന നോട്ടീസുനടത്തി മുപ്പതുദിവസത്തിനകം അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

വിവരണം. ഈ വകുപ്പിനുവേണ്ടി ഒരു തഹശീൽദാർ ഡിവിഷൻപേഷ്ക്കാരുടേയും, ഡിവിഷൻപേഷ്ക്കാർ തുനികുതിയും ആദായനികുതിയും കമ്മീഷണരുടേയും തുനികുതിയും ആദായനികുതിയും കമ്മീഷണർ ദിവാൻറെയും അടുത്തകീഴുദ്യോഗസ്ഥന്മാരാകുന്നു.

ഈ വിശദീകരണം ഒന്നാംവകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന തുനികുതി ഉദ്യോഗസ്ഥന്മാർ നടപ്പാക്കുന്ന ഉത്തരവുകളുടെമേലുള്ള അപ്പീലുകളെ സംബന്ധിച്ചും അപ്പീലിനപ്പുറമുള്ള വകുപ്പിനെ പൊതുവെ പരാമർശിച്ചുംആകുന്നു. എന്നാൽ സമൺസ് അയക്കുന്നതിനും അതിനെ വിഗണിക്കുന്നതിനെ ശിക്ഷിക്കുന്നതിനും ഗവണ്മെൻറ് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം, അങ്ങനെ സമൺസ് അയച്ചിട്ടുള്ളതും ശിക്ഷിച്ചിട്ടുള്ളതുമായ ഉദ്യോഗസ്ഥന്മാരുടെ ഉത്തരവുകളിന്മേൽ അപ്പീലുകൾ കേൾക്കുന്നതിനു ഗവണ്മെൻറ് ഏതെങ്കിലും ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താം എന്നാകുന്നു ഇപ്പോൾ ൪-ാംമത്തെ വകുപ്പുപറയുന്നതു്. ൧-ാംവകുപ്പിലും ൪-ാംവകുപ്പിലും ഉള്ള ഉപാധികളെ പരിഗണിക്കുമ്പോൾ ചില പരസ്പരഭിന്നതസാദ്ധ്യമാണെന്നു വിചാരിക്കുന്നു. ഉത്തരവുപുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥൻെറ അടുത്തമേലുദ്യോഗസ്ഥനാണ് അപ്പീൽഅധികാരം ഉള്ളതെന്ന തത്വമാണ് ൧-ാംവകുപ്പിൽ അംഗീകരിച്ചിട്ടുള്ളതെന്നു കാണാവുന്നതാണ്. എന്നാൽ ൪-ാംവകുപ്പു ഏതുദ്യോഗസ്ഥനും അപ്പീൽഅധികാരം നൽകുവാൻ ഗവണ്മെൻറിനെഅധികാരപ്പെടുത്തുന്നു. അതിനാൽ ഒരു അസിസ്റ്റൻറ് തഹശീൽദാരുടെമേൽ അപ്പീൽഅധികാരംകൊടുത്തു ഒരു ഡിവിഷൻ അസിസ്റ്റൻറിനെ ഗവണ്മെൻറു നിയമിക്കുന്നതായാൽ, അദ്ദേഹമാണോ അസിസ്റ്റൻറ്തഹശീൽദാരുടെ അടുത്തമേലുദ്യോഗസ്ഥൻ എന്നു ചോദിക്കാവുന്നതാണ്. ഇങ്ങനെയുള്ള ഒരു ചോദ്യമുണ്ടാകുമ്പോൾ, എല്ലാവകുപ്പിലെ ഉപാധിഅനുസരിച്ചു് അടുത്തമേലുദ്യോഗസ്ഥനാരാണെന്നു നിശ്ചയിക്കുകയാണൊ വേണ്ടതു്, അതൊ ഏതൊരാൾക്കാണു അപ്പീലധികാരം നൽകുവാനുള്ള ൪-ാംവകുപ്പിലെ ഉപാധിയാണൊ പ്രയോഗിക്കേണ്ടതു് എന്നസംശയമുണ്ടാകുന്നു. അതുപോലെതന്നെ, സമൺസ് അയക്കുന്നതിനും അതനുസരിച്ചു് ഹാജരാകാത്തവരെ ശിക്ഷിക്കുന്നതിനും ഡെപ്യൂട്ടിഹിസക്ക് അധികാരംകൊടുക്കുന്നപക്ഷം അപ്പീൽ കേൾക്കുവാനുള്ള അധികാരിയെ ഗവണ്മെൻറാണ് നിയമിക്കേണ്ടതു്. ഗവണ്മെൻറു അങ്ങനെചെയ്യുന്നപക്ഷം, ൧-ാംവകുപ്പിലെതത്വമാണോ പ്രായോഗികമാക്കേണ്ടതു്?

അതോ ഗവണ്മെന്റ് വിചാരണയാണോ പ്രായോഗികമായിരിക്കേണ്ടതു എന്ന ചോദ്യമുണ്ടാകുന്നതാണ്. ഉദാഹരണമായി പറയുകയാണെങ്കിൽ, പത്താം വകുപ്പനുസരിച്ചു കൺസർവേറ്ററെ റേഞ്ച് ആഫീസറുടെമേൽ അപ്പീൽ ഉന്നയിക്കുവാൻ അധികാരപ്പെടുത്താവുന്നതാണ്. എന്നാൽ ഗവണ്മെന്റിന്റെ പ്രവൃത്തി ശരിയാണോ എന്നും, റേഞ്ച് ആഫീസ്സറന്മാരുടെ അടുത്ത മേലുദ്യോഗസ്ഥൻ ഡി. എഫ്. ഓ. ആവുകയാൽ അദ്ദേഹമല്ലേ നിയമപ്രകാരമുള്ള അപ്പീൽ അധികാരി എന്നും ചോദിക്കാവുന്നതാണ്. അതിനാൽ ഈ രണ്ടു വകുപ്പുകളേയും വിശദമായ രീതിയിൽ പിന്നീടു വ്യവസ്ഥചെയ്യേണ്ടതാണെന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നു. അതിനാൽ അടുത്ത മേലുദ്യോഗസ്ഥനാണ് അപ്പീൽ അധികാരമുള്ളതെന്ന തത്വത്തെ സംരക്ഷിക്കുന്നതിനും, എന്നാൽ അടുത്ത മേലധികാരി ആരാണെന്നു പ്രഖ്യാപനം ചെയ്യുവാനുള്ള അധികാരം ഗവണ്മെന്റു പ്രയോഗിക്കുവാനും ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നു. ൧൦-ാം വകുപ്പനുസരിച്ചു സമൺസ് അയക്കുവാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചും ഏഴാംവകുപ്പിലെ ഉപാധി പ്രായോഗികമാകുമെന്ന വിചാരണയോടുകൂടി ഞാൻ ൧൦-ാംവകുപ്പിനേയും ഭേദഗതിചെയ്തിട്ടുണ്ട്.

ഈ ബില്ലിൽ യാതൊരു പുതിയ തത്വവും അന്തർഭവിച്ചിട്ടില്ല. സഭ ഈ ബിൽ സ്വീകരിക്കുമെന്നു പ്രത്യാശിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ബില്ലിന്റെ തത്വത്തെ സ്വീകരിക്കുന്നതോടുകൂടി, അതിപ്രധാനമെന്നു തോന്നാത്തതാണെങ്കിലും പരിശോധിക്കേണ്ടതായ ഒരു പരിതസ്ഥിതിയെപ്പററി മാത്രം ഞാൻ പരാമർശിക്കുന്നതിനുള്ളതു ക്ഷമിക്കുമെന്നുഗ്രഹിക്കുന്നു. ബഹുമാന്യനായ ലാ മെമ്പർ ഒരു വകുപ്പിൽ അതായതു ൧-ാം വകുപ്പിൽ ഇങ്ങനെ പ്രസ്താവിക്കുന്നു.

"ഈ റഗ്ലേഷനിൽ ൨-ാം വകുപ്പിൽ, "പുനരാലോചിക്കുക" എന്ന വാക്കിനുപകരം "തിരിച്ചയയ്ക്കുക" എന്ന വാക്കു ഉപയോഗിക്കണം."

"പുനരാലോചിക്കുക" എന്ന വാക്കു ഇപ്പോൾ നിലവിലിരിക്കുന്ന റഗ്ലേഷനിലുണ്ടെന്നു അദ്ദേഹം വിചാരിക്കുന്നതിനുള്ളതു പ്രത്യക്ഷമാണ്. എന്നാൽ "തിരിച്ചയയ്ക്കുക" എന്ന വാക്ക് ഇതിനുമുൻപുതന്നെ റഗ്ലേഷനിൽ ഉണ്ടെന്നു ഞാൻ കാണുന്നു. "പുനരാലോചിക്കുക" എന്ന വാക്കു ഈയിടെ പുറപ്പെടുവിച്ച പ്രസിദ്ധീകരണത്തിൽ പ്രയോഗിച്ചിരിക്കുന്നതു ഒരു തെററാണ് നിയമങ്ങളുടെ അധികൃതമായ പ്രസിദ്ധീകരണം ലാമെമ്പറെ വഴിതെററിക്കുവാനും, ദുർവ്യാഖ്യാനമുള്ള ഒരു തെററു അദ്ദേഹത്തെക്കൊണ്ടു ചെയ്യിക്കുവാനും ഉള്ളതു അത്യന്തകരമാകുന്നു. പഴയ അധികൃതമായ പ്രസിദ്ധീകരണത്തിൽ "തിരിച്ചയയ്ക്കുക" എന്നതാണു വാക്ക്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്കാർ വക്കീൽ): അതു തെററായിരുന്നുകൂടെ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു തെററാണെന്നാണോ ലാമെമ്പർ എന്നോടു പറയുന്നതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്കാർ വക്കീൽ): അതെ തെററാണ് മറുപടി പറയാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): അധികൃതമായ പ്രസിദ്ധീകരണത്തിലെ വാക്കു തെററാണെങ്കിൽ, അങ്ങനെയുള്ള തെററുകളിൽ നിന്നും ഉണ്ടാകാവുന്ന ഗൌരവപരമായ ആപത്തിനെ ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരിക മാത്രം ചെയ്യുന്നു. ഈ അഭിപ്രായത്തോടെ ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്കാർ വക്കീൽ): മി: താണുപിള്ള പുറപ്പെടുവിച്ച അഭിപ്രായത്തെപ്പററി പ്രസ്താവിക്കുവാൻ എന്നെ നിർബന്ധിതനാക്കി എന്നു ഞാൻ മി: താണുപിള്ളയോടും ഈ സഭയോടും ഉറപ്പു പറയുന്നു. ഗസററിലെ പ്രസിദ്ധീകരണത്തിലുള്ള വാക്ക് "തിരിച്ചയയ്ക്കുക" എന്നല്ല "പുനരാലോചിക്കുക" എന്നാകുന്നു. മി: താണുപിള്ള പ്രസ്താവിച്ച റഗ്ലേഷൻസിന്റെ ഒടുവിലത്തെ പ്രസിദ്ധീകരണത്തെ സംബന്ധിച്ചിടത്തോളം അതു ഗസററിൽ കണ്ടതിനെതന്നെ ശരിക്കു പകർത്തി "പുനരാലോചിക്കുക" എന്ന വാക്കു ചേർത്തിരിക്കുന്നതു ആ പ്രസിദ്ധീകരണത്തിന്റെ യാഥാർത്ഥ്യത്തെ യഥാർത്ഥത്തിൽ കൂട്ടുകമാത്രമാണു ചെയ്യുന്നതു്.

ഉപക്ഷേപം സഭയിൽ സമർപ്പിക്കുകയും പാസ്സാക്കുകയും ചെയ്തു.

മി: ടി. പി. രാമസുബ്ബയ്യർ (നിയമസഭാസെക്രട്ടറി): ഞാൻ ബില്ലിന്റെ പേരു വായിക്കുവാൻ അനുമതി ചോദിക്കുന്നു. "റവന്യൂ സമൺസു റഗ്ലേഷൻ ഭേദഗതിബില്ലിൽ"

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്കാർ വക്കീൽ): താഴെക്കാണുന്ന മാന്യന്മാരടങ്ങിയ സെലക്ട് കമ്മിററിയുടെ ആലോചനയ്ക്കും, മൂന്നു മാസത്തിനകം റിപ്പോർട്ടു തയ്യാറാക്കുന്നതിനുമായി ബില്ലിൽ സമർപ്പിക്കണമെന്നു ഞാനപേക്ഷിക്കുന്നു.

മി: എ. താണുപിള്ള
,, മാത്യുമുതിക്കൻ
,, ജി. പി. നീലകണ്ഠപ്പിള്ള
,, എൻ. ആർ. കൃഷ്ണൻ
,, ആർ. രാമൻപിള്ള
,, ടി. പി. രാമസുബ്ബയ്യർ
,, എസ്സ്. സി. എച്ച്. റാബിൻസൺ
,, കയ്യാലം പരമേശ്വരൻപിള്ള

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ അതിനെ പിന്താങ്ങുന്നു.

പ്രസിഡന്റ്: ഈ ഉപക്ഷേപം സഭ അംഗീകരിക്കുന്നുവെന്നു ഞാൻ വിചാരിക്കുന്നു. മി: റാബിൻസനെ കമ്മിററിയുടെ പ്രസിഡന്റായി ഞാൻ നിയമിക്കുന്നു.

ഭൂമിസംരക്ഷണറഗുലേഷൻ ഭേദഗതിബിൽ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): സർ, ഭൂമി സംരക്ഷണ റഗുലേഷൻ ഭേദപ്പെടുത്തുന്നതിനു ഒരു ബിൽ ഹാജരാക്കുവാനാണ് ഞാനാരംഭിക്കുന്നത്. അതു നിയമസഭയിൽ പ്രസിദ്ധീകരിക്കുകയും, മെമ്പറന്മാരുടെ ഇടയിൽ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ ബിൽ സഭയിൽ വായിക്കണമെന്നു ഞാനപേക്ഷിക്കുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ അതിനെ പിന്താങ്ങുന്നു.

ഉപക്ഷേപം സമർപ്പിക്കുകയും പാസ്സാക്കുകയും ചെയ്തു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ഞാൻ സംക്ഷിപ്തമായി വിശദമാക്കാം. റഗുലേഷനനുസരിച്ചു പാസ്സാക്കുന്ന ഉത്തരവുകളിന്മേൽ അപ്പീലും, പുനരായി കേൾക്കുന്നതിനും ഉള്ള അധികാരത്തെ സംബന്ധിച്ചുള്ള ഭൂമിസംരക്ഷണ റഗുലേഷൻ ക്ര—ാം വകുപ്പിനുള്ള ഒരു ഭേദഗതി സംബന്ധിച്ചുള്ളതാകുന്നു ഈ ബിൽ. ഈ റഗുലേഷനനുസരിച്ച് ഡിവിഷൻപേഷ്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിന്മേൽ അപ്പീൽ അധികാരം ദിവാനാണെന്നു വകുപ്പിൽനിന്നു കാണാവുന്നതാണ്. അപ്പീൽ അധികാരിയായി അതിനുചേരുന്ന ചാൻസ്റ്ററവന്യൂകമ്മീഷണറെ എർപ്പെടുത്തി ആ റഗുലേഷനെ ഭേദപ്പെടുത്തണമെന്നു ഞാൻ നിർദ്ദേശിക്കുന്നു. ചാൻസ്റ്ററവന്യൂകമ്മീഷണറുടെ കീഴിൽ ചാൻസ്റ്ററവന്യൂഡിപ്പാർട്ടുമെന്റ് സംഘടിപ്പിച്ചിട്ടു ഏതാണ്ടം നാളായി എന്നു സഭയ്ക്കു അറിവുള്ളതാണ്. അതിനാൽ പേഷ്കാരന്മാരുടെ ഉത്തരവുകളെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് മററു കാര്യങ്ങളിലെന്നപോലെ ഇതിലും അപ്പീലധികാരം ഉണ്ടായിരിക്കേണ്ടതാണ്. റവന്യൂ സമൻസ് റഗുലേഷനനുസരിച്ച് പേഷ്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിന്മേലുള്ള അപ്പീലധികാരം ദിവാനല്ല ചാൻസ്റ്ററവന്യൂകമ്മീഷണർക്കാണുള്ളത്. പുതുവൽ നിയമമനുസരിച്ചുള്ള ഉത്തരവുകളെ സംബന്ധിച്ചും ഇതുതന്നെയാണവസ്ഥ. ഒരു പേഷ്കാർ പുതുവൽ നിയമമനുസരിച്ചു തറവില നിശ്ചയിക്കുന്നപക്ഷം ആ ഉത്തരവിന്മേലുള്ള അപ്പീലധികാരം ദിവാനല്ല ചാൻസ്റ്ററവന്യൂകമ്മീഷണർക്കാണുള്ളത്. അതിനാൽ ഈ റവന്യൂകാര്യങ്ങളിലെല്ലാം ദിവാനല്ല കമ്മീഷണറാകുന്നു അപ്പീൽഅധികാരി. ഇവയെല്ലാം സംഘടിപ്പിക്കുന്നതിനും, ക്രമമായ ഒരു വ്യവസ്ഥ ഉണ്ടായിരിക്കുന്നതിനും, പേഷ്കാരുടെ ഉത്തരവുകളിന്മേലുള്ള അപ്പീലധികാരിയായി ചാൻസ്റ്ററവന്യൂകമ്മീഷണറെ എർപ്പെടുത്തേണ്ടതാണെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഉണ്ടെന്നു കണ്ടിരിക്കുന്ന ചില പ്രായോഗികവിഷമതകളെയും ഇതു ദൂരീകരിക്കുന്നതാണ്. ഇവിടെ ഞാൻ ഒരു ഉദാഹരണംമാത്രം ഉദ്ധരിക്കാം, പുതുവൽ നിയമമനുസരിച്ചു ഒരു പുതുവൽ രജിസ്റ്റർ ചെയ്യുന്നതിനു ഒരു പ്രത്യേകതുക തറവിലയായി നിശ്ചയിച്ചു ഉത്തരവിട്ടാൽ, പുതുവലിനു അപേക്ഷിച്ചിട്ടുള്ള ആളിനു അതു വളരെ കൂടുതലാണെന്നു തോന്നുന്നപക്ഷം തറവില കുറയ്ക്കുന്നതിനു അയാൾക്കു കമ്മീഷണരുടെ മുൻപാകെ അപ്പീൽ ഹാജരാക്കാവുന്നതാണ്. അപ്പീൽ തീരുവോളിരിക്കുമ്പോൾ, അയാൾ തറവില കൊടുക്കുന്നില്ലെങ്കിൽ, ഭൂമിസംരക്ഷണ റഗുലേഷനനുസരിച്ചു പേഷ്കാർക്കു അയാളെ ആ സ്ഥലത്തുനിന്നും പുറത്തിറക്കാവുന്നതാണ്. അങ്ങനെ ഒരുകാര്യം ചെയ്താൽ അതിന്മേലുള്ള അപ്പീൽ ദിവാന്റെ മുമ്പിലാണ് ബോധിപ്പിക്കേണ്ടിയിരിക്കുന്നത്. അതായതു തറവിലക്കാര്യം ചാൻസ്റ്ററവന്യൂകമ്മീഷണരുടെ മുൻപിൽ ആലോചനയ്ക്കിരിക്കുമ്പോൾ, ഭൂമിയിൽനിന്നും പുറത്താക്കിയകാര്യം ദിവാന്റെ മുൻപിലാണ് ആലോചനയ്ക്കിരിക്കുന്നത്. ദിവാൻ കമ്മീഷണരെക്കാൾ മുൻപിൽ കാര്യം മനസ്സിലാക്കാതെ നടപടി നിർത്തിവയ്ക്കുവാനുള്ള ഉത്തരവുകൂടി പുറപ്പെടുവിക്കുന്നതല്ലായിരുന്നേക്കാം. ഭൂമിസംരക്ഷണകാര്യങ്ങളിലുള്ള അപ്പീൽ അധികാരവും കമ്മീഷണർക്കു നൽകി എല്ലാ അപ്പീൽ അധികാരവും ഒരു ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാകുന്നപക്ഷം അത്തരം വിഷമതകളും കുഴപ്പങ്ങളും കൂടാതെ കഴിക്കാവുന്നതാണ്. എന്നാൽ ഭൂമിസംരക്ഷണ റഗുലേഷനനുസരിച്ചു നടപ്പാക്കുന്ന ഉത്തരവുകൾ എത്രയും പ്രധാനമുള്ളതാകുന്നു. അതിനാൽ ചില പ്രത്യേക ഉത്തരവുകളെ സംബന്ധിച്ചുമാത്രം പുനരാലോചന നടത്തുവാനുള്ള ചില അധികാരങ്ങൾ ഗവർണ്ണമെന്റിനുണ്ടായിരിക്കണമെന്നുള്ളതു ഈ സഭയുടെയും ഗവർണ്ണമെന്റിന്റെയും ഒരുപോലെയുള്ള ആഗ്രഹമാകുന്നു. കമ്മീഷണരെ അപ്പീലധികാരിയാക്കിയെങ്കിലും പുനരാലോചനയ്ക്കുള്ള അത്തരം അധികാരം ഉണ്ടായിരിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഈ നിയമം സഭയുടെ അഭിനന്ദനത്തിനു പാത്രമാകുമെന്നു ഞാനാശിക്കുന്നു.

ഈ ഉപക്ഷേപം സഭയിൽ സമർപ്പിക്കുകയും ബില്ലിലെ തത്വത്തെ സഭ സ്വീകരിക്കുകയും ചെയ്തു.

മി: ടി. പി. രാമസുബ്ബയ്യർ (നിയമസഭാ സെക്രട്ടറി): സർ, ഞാൻ ഈ ബില്ലിന്റെ പേരു വായിക്കുവാൻ അനുവാദം അർത്ഥിക്കുന്നു. "ഭൂമി സംരക്ഷണ റഗുലേഷൻ ഭേദഗതി ബിൽ",

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): സർ, താഴെക്കാണുന്ന അംഗങ്ങൾ അടങ്ങിയ സെലക്ട് കമ്മിററിയിലേക്കു ബിൽ ആലോചനയ്ക്കും മൂന്നുമാസത്തിനകം റിപ്പോർട്ടു തയ്യാറാക്കുന്നതിനും സമർപ്പിക്കണമെന്നു ഞാനപേക്ഷിക്കുന്നു:—

മി: എ. എസ്സ്. ഓമോദരനാശാൻ
,, ഡി. ഫ്രാൻസിസ്സ്
,, ആർ. കേശവപിള്ള
,, താമരപ്പള്ളിൽ കൊച്ചുതൊമ്മൻ
,, പി. എസ്സ്. മഹമ്മദ്
,, വി. എസ്സ്. കൃഷ്ണപിള്ള

മി ടി. പി. രാമസുബ്ബയ്യർ
,, എസ്സ്. സി. എച്ച്. റോബിൻസൺ
,, കയ്യാലം പരമേശ്വരൻപിള്ള

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ അനുകൂലിക്കുന്നു.

പ്രസിഡന്റ്. ഈ ഉപക്ഷേപം സഭ സ്വീകരിച്ചിരിക്കുന്നതായി ഞാൻ വിചാരിക്കുന്നു. കമ്മിററിയുടെ അദ്ധ്യക്ഷനായി മി. റോബിൻസനെ ഞാൻ നിയമിക്കുന്നു.

കൌൺസിൽ ഉച്ചയ്ക്കു ഒരു മണിക്കു പിരിഞ്ഞു. നാളെ രാവിലെ പത്തു മണിക്കു വീണ്ടും കൂടുന്നതാണ്.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

അനുബന്ധം എ.

സിവിൽ നടപടി നിയമം ൧൯-ാം വകുപ്പനുസരിച്ചു ഹൈക്കോടതി ഭേദപ്പെടുത്തിയ ൧൯൦൦-ലെ ൨-ാം റഗുലേഷനായ സിവിൽ നടപടി നിയമത്തിൽ ചേർത്തിട്ടുള്ള അനുബന്ധത്തിലെ ൪൦-ാം നമ്പർ ഉത്തരവിലെ (൨൧) (൧)-ാം (൨)-ാം ചട്ടം.

"൨൧ (൧). യാതൊരു അപ്പീൽ പ്രതിയും വിധിയുടെ യാതൊരു ഭാഗത്തിന്മേലും താൻ അപ്പീൽബോധിപ്പിച്ചിട്ടില്ലെങ്കിലും, തനിക്കു വിരോധമായി കീഴ്കോർട്ടിൽ തീർപ്പു ചെയ്തു വന്ന സംഗതിയിന്മേലും ആ വിധിയെ താങ്ങി പറയാവുന്നതിനു പുറമെ അയാൾ അപ്പീൽ ചെയ്തിരുന്നാൽ ആകാമായിരുന്നപോലെ ആ വിധിക്കു എതിരായി വല്ല വിരോധാക്ഷേപവും കൂടി അയ്യാൾ ചെയ്യാവുന്നതാകുന്നു. എന്നാൽ അയാൾ അപ്പീൽ വിചാരണയ്ക്കു നിശ്ചയിച്ച ദിവസത്തെപ്പററി അയാളുടെയോ അയാളുടെ വക്കീലിന്റെയോ മേൽ അറിയിപ്പു നടത്തിയ തീയതി മുതൽ ഒരു മാസത്തിനകത്തിലോ അപ്പീൽ കോർട്ടു അനുവദിപ്പാൻ യുക്തമായി വിചാരിക്കുന്ന അധിക സമയത്തിനകത്തിലോ ആ സംഗതിയേയോ ഡിക്രിയേയോ സംബന്ധിച്ചു അപ്പീൽ കോർട്ടിൽ വിരോധാക്ഷേപം ഫലമാക്കിയിരിക്കണം."

"(൨) ആ വക വിരോധാക്ഷേപം ഒരു മെമ്മൊറാണ്ടത്തിന്റെ മാതിരിയിൽ ആയിരിക്കേണ്ടതും, ൧-ാം ചട്ടത്തിലെ വ്യവസ്ഥകളിൽ അപ്പീൽ മെമ്മൊറാണ്ടത്തിന്റെ മാതിരിയേയും അതിൽ അടങ്ങേണ്ടുന്ന വിവരങ്ങളേയും സംബന്ധിച്ചിടത്തോളം ഈ വിരോധാക്ഷേപത്തിനും സംബന്ധിക്കുന്നതും ആകുന്നു."

അനുബന്ധം ബി.

൧൯൨൧ അക്ടോബർ ൨-നു-യിലെ തിരുവിതാംകൂർ നിയമസഭാ ചട്ടങ്ങളിൽ ൨൯-ാം ചട്ടപ്രകാരം താഴെ ചേർത്തിരിക്കുന്നബിൽ ഉദ്ദേശകാരണസഹിതം, ദിവാന്റെ ആജ്ഞയനുസരിച്ചു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു

ഹജൂർക്കച്ചേരി, തിരുവനന്തപുരം,
൧൯൨൧ ഏപ്രിൽ ൧൨-നു.

കെ. ജാർജ്ജ്,
ഗവണ്മെന്റ് ചീഫ് സെക്രട്ടറി.

റവന്യൂ സമൻസ് റഗുലേഷൻ ഭേദഗതിബിൽ.

൧൦൯൯-ലെ ൪-ാം റഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൫-ലെ ൪-ാം നമ്പരായ റവന്യൂ സമൻസ് റഗുലേഷനെ വീണ്ടും ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ.

ചുരുക്കപ്പേരും ആരംഭവും.

൧൦൯൯-ലെ ൪-ാം റഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൫-ലെ ൪-ാം നമ്പരായ റവന്യൂ സമൻസ് റഗുലേഷനെ താഴെ പ്രസ്താവിക്കുന്ന ആവശ്യങ്ങൾക്കായി ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ടു്, ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

൧. (എ) ഈ റഗുലേഷനെ ൧൦൯൫-ലെ റവന്യൂ സമൻസ് (ഭേദഗതി) റഗുലേഷൻ എന്നു വിളിക്കുന്നതും,

(ബി) ഇതു ഉടൻ തന്നെ നടപ്പിൽവരുന്നതും ആകുന്നു,

൨-ാം വകുപ്പിന്റെ ഭേദഗതി.

൨. (എ) ൧൦൯൯-ലെ ൪-ാം റഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൫-ലെ ൪-ാം നമ്പരായ റവന്യൂസമൻസ് റഗുലേഷനിലെ (ഇനിമേൽ മേല്പടി റഗുലേഷൻ എന്നു പറയപ്പെടും) ൨-ാം വകുപ്പിനെ ൨-ാം വകുപ്പിന്റെ (൧)-ാം ഉപവകുപ്പായി വീണ്ടും നമ്പരിടുകയും,

(ബി) ഇപ്പോൾ ഉള്ള വിവരണത്തിനു പകരം താഴെ പറയുന്നതിനെ (൨)-ാം ഉപവകുപ്പായി ചേർക്കുകയും ചെയ്യണം,

അതായതു്:—

"(൨). (൧)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഉത്തരവിട്ട ഉദ്യോഗസ്ഥന്റെ അടുത്ത മേലധികാരി ഇന്നാരാണെന്നു നമ്മുടെ ഗവണ്മെന്റിനു പ്രഖ്യാപനം ചെയ്യാവുന്നതും, അല്ലാകാരം യാതൊരു പ്രഖ്യാപനവും ചെയ്യാത്തപക്ഷം, തഹശീൽദാർ, ഡിവിഷൻ പേഷ്കാർ, ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ എന്നിവരെ സംബന്ധിച്ചിടത്തോളം, തഹശീൽദാർ ഡിവിഷൻ പേഷ്കാരുടെ അടുത്തതു താഴേയും, ഡിവിഷൻപേഷ്കാർ ഭൂനികുതിയും ആദായനികുതിയും കമ്മീഷണരുടെ അടുത്തതു താഴെയും ആയി ഗണിക്കേണ്ടതും ആകുന്നു.

൧൦-ാം വകുപ്പിന്റെ ഭേദഗതി.

൩. (എ) മേല്പടി റഗുലേഷൻ ൧൦-ാം വകുപ്പിലെ ഒടുവിലത്തെ വാചകം വിട്ടു കളയുകയും,

(ബി) താഴെ പറയുന്നതിനെ ഒരു "വിവരണ"മായി ചേർക്കുകയും ചെയ്യണം,

അതായതു്:—

"വിവരണം—അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരുടെ ഉത്തരവുകളിന്മേലുള്ള അപ്പീലുകളെ സംബന്ധിച്ചു അപ്പീൽ മേലധികാരികളുടെ വിഷയത്തിൽ ൧-ാം വകുപ്പിലെ വ്യവസ്ഥകൾ സംബന്ധിക്കുന്നതു."

ഉദ്ദേശകാരണ വിവരം.

ഈ റഗ്ലേഷൻപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകളെ സംബന്ധിച്ചുള്ള അപ്പീൽമേലധികാരിയിടെ വിഷയത്തിൽ, നിലവിലിരിക്കുന്ന ൧-ാം വകുപ്പും ൧൦-ാം വകുപ്പും തമ്മിൽ ഏതു രീതിയിൽ വ്യവഹാരത്തിന്നു വകയുണ്ടെന്നു തോന്നുന്നു, കൂടാതെ, റഗ്ലേഷനിലെ ൧൦-ാം വകുപ്പിൻപ്രകാരം അധികാരങ്ങൾ നൽകിയേക്കാവുന്ന ഡിവിഷൻ അസിസ്റ്റന്റന്മാരുടെ മേലുള്ള അപ്പീൽ മേലധികാരിയുടെ വിഷയത്തിലും സംശയത്തിന്നു വഴിയുണ്ട്, പിന്നും, നിയമത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയ്ക്കു റഗ്ലേഷന്റെ ആവശ്യങ്ങൾക്കായി, ഡിവിഷൻ അസിസ്റ്റന്റന്മാരെ തഹശീൽദാരന്മാരുടെമേലുള്ള അപ്പീൽ മേലധികാരിയായി നിയമിക്കാൻ സാധിക്കുന്നതല്ല. ബില്ലിലെ ൨-ാം ൪-ാം ഖണ്ഡങ്ങൾ മേൽ പ്രസ്താവിച്ചപ്രകാരമുള്ള വൈഷമ്യങ്ങൾ പരിഹരിക്കുന്നതിന്നു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു,

അനുബന്ധം സി.

൧൯൫ അക്ടോബർ ൨-ാം തീയതി അനുവദിച്ചിട്ടുള്ള തിരുവിതാംകൂർ നിയമസഭാ ചട്ടങ്ങളിൽ ൨൯-ാം ചട്ടപ്രകാരം താഴെ ചേർത്തിരിക്കുന്ന ബിൽ ഉദ്ദേശകാരണ വിവരസഹിതം ദിവാൻ ആജ്ഞാപിച്ചിരിക്കുന്നതനുസരിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഹജൂർക്കച്ചേരി, തിരുവനന്തപുരം,
൧൯൫ ൯ ഏപ്രിൽ ൧൯-ാം.

കെ. ജാർജ്ജ്
ഗവണ്മെന്റ് ചീഫ് സെക്രട്ടറി.

ഭൂമിസംരക്ഷണറഗ്ലേഷൻ ഭേദഗതിബിൽ.

൧൦൯൫-ലെ ൪-ാം നമ്പരായ ഭൂമിസംരക്ഷണറഗ്ലേഷൻ ഭേദപ്പെടുത്താനുള്ള ഒരു ബില്ല്.

൧൦൯൫-ലെ ഭൂമി സംരക്ഷണറഗ്ലേഷൻ (൧൦൯൫-ലെ ൪-ാം നമ്പർ) താഴെപറയുന്ന ആവശ്യങ്ങൾക്കായി ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കൊണ്ടു ഇതിനാൽ നിയമപ്പെടുന്നതെന്തെന്നാൽ:—

൧. (൧) ഈ റഗ്ലേഷൻ ൧൦ ലെ ഭൂമി സംരക്ഷണ (ഭേദഗതി) റഗ്ലേഷൻ എന്നു വിളിക്കപ്പെടുന്നതാണ്.

ചുരുക്കപ്പേരും ആരംഭവും.

(൨) ഇതു ൧-ാംനു നടപ്പിൽ വരുന്നതാകുന്നു.

൧൦൯൫-ലെ ഭൂമിസംരക്ഷണറഗ്ലേഷനിൽ (൧൦൯൫-ലെ ൪-ാംനമ്പർ) ൧൪-ാമത്തെ വകുപ്പിന്നു പകരം താഴെ പറയുന്നതു ചേർക്കണം, അതായതു്:—

൧൪-ാമത്തെ വകുപ്പിന്നു പകരം പുതിയവകുപ്പു ചേർക്കുക.

"൧൪. (൧) ഈ റഗ്ലേഷൻ പ്രകാരം ഒരു ഡിവിഷൻ പേഷ്കാർ ചെയ്തിട്ടുള്ള ഏതെങ്കിലും തീരുമാനത്തിന്മേലൊ ഉത്തരവിന്മേലൊ ഭൂനികുതിയും ആദായനികുതിയും കമ്മീഷണരുടെ അപ്പീലും പരിശോധനയും.

മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു.

(൨) ൧൦-ാം വകുപ്പിൻ പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്മേലൊ ഉത്തരവിന്മേലൊ ഉള്ള ഒരു അപ്പീൽ ഡിവിഷൻപേഷ്കാരുടെ മുമ്പാകെ ബോധിപ്പിക്കാവുന്നതാണ്. നമ്മുടെ ഗവണ്മെന്റ്സെക്രട്ടറിൽ പരസ്യംചെയ്തു നമ്മുടെ ഗവണ്മെന്റിന്നു നിർദ്ദേശിക്കാവുന്നതാണ്.

(൩) ഒരു അപ്പീലുത്തരവു ബാധിക്കുന്ന കക്ഷിയെമുൻകൂട്ടി അറിയിക്കാതെ അപ്രകാരമുള്ള യാതൊരുത്തരവും ചെയ്യാൻ പാടുള്ളതല്ല.

(൪) ഭൂനികുതിയും ആദായനികുതിയും കമ്മീഷണരുടേയൊ ഒരു ഡിവിഷൻപേഷ്കാരുടേയൊ അപ്പീൽ തീരുമാനത്തിന്മേലൊ അപ്പീലുത്തരവിന്മേലൊ യാതൊരപ്പീലും ചെയ്യാൻ പാടുള്ളതല്ല.

(൫) ഈ റഗ്ലേഷൻ പ്രകാരം ഏതെങ്കിലുമൊരു കീഴുദ്യോഗസ്ഥൻ ചെയ്തിട്ടുള്ള വല്ല തീരുമാനത്തെയൊ ഉത്തരവിനെയൊ ദിവാനൊ ഭൂനികുതിയും ആദായനികുതിയും കമ്മീഷണരൊ പരിശോധിക്കുന്നതു നിയമാനുസൃതമായിരിക്കുന്നതാണ്.

എന്നാൽ കീഴുദ്യോഗസ്ഥന്റെ തീരുമാനത്തെയൊ ഉത്തരവിനെയൊ നിരാകരിക്കുന്നതൊ ഭേദപ്പെടുത്തുന്നതൊ ആയ യാതൊരുത്തരവും, ആ ഉത്തരവു ബാധിക്കുന്ന കക്ഷിക്കു മുൻകൂട്ടിയുള്ള അറിയിപ്പു കൊടുക്കാതെ ചെയ്യാവുന്നതല്ല.

(൬) ഈ റഗ്ലേഷൻ അനുസരിച്ചുള്ള ഏതെങ്കിലും അപ്പീലൊ പരിശോധനാഹർജിയൊ തീരുമാനിക്കുന്നതു വരെ എതിരായി അപ്പീൽചെയ്യപ്പെട്ടതൊ, ഹർജിഅയക്കപ്പെട്ടതൊ ആയ ഉത്തരവു നടത്തുന്നതിനെ, കാര്യങ്ങളുടെ അവസ്ഥപോലെ, അപ്പീൽ മേലധികാരിക്കൊ പരിശോധനാധികാരിക്കൊ നിരുത്തിവയ്ക്കാവുന്നതാണ്".

ഉദ്ദേശകാരണവിവരം.

ഭൂനികുതിയും ആദായനികുതിയും കമ്മീഷണരുടെ ആഫീസ് ഇപ്പോൾ ഏതാനും കാലമായി നിലവിലിരിക്കയാണ്. ആ ഉദ്യോഗം ഒരിക്കുന്ന ആൾക്ക് തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെ തീരുമാനങ്ങളേയും ഉത്തരവുകളേയും സംബന്ധിച്ചു അപ്പീലധികാരവും പരിശോധനാധികാരവും നൽകുന്നതിന്, ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന, ഭൂനികുതിയും ആദായനികുതിയും ഡിപ്പാർട്ടുമെന്റുകളുടെ മേലധികാരി എന്ന നിലയിൽ ഇതുവളരെ യോജ്യമായുള്ളതും അധികാരങ്ങളെ സംബന്ധിച്ചെടത്തോളം, അദ്ദേഹത്തെ മററു ഡിപ്പാർട്ടുമെ

ൻറെ ഗ്രേഡധികാരികളോടൊപ്പം ആക്കിത്തീർക്കുന്നതും, അതേസമയത്തുതന്നെ ദിവാൻെറ തീരുമാനത്തിനായി ചെല്ലുന്ന അപ്പീലുകളുടേയും പരിശോധനാഹർജികളുടെ എണ്ണം കുറയ്ക്കുന്നതുമാകുന്നു. എന്നിരുന്നാലും, കാര്യങ്ങളുമായി ഇടപെടേണ്ടതു് ആവശ്യമെന്നു കാണുമ്പോൾ അപ്രകാരം ഇടപെടുകയും അവസാനതീരുമാനം നൽകുകയും ചെയ്യുന്നതിനു ദിവാനെ പ്രാപ്തനാക്കത്തക്കവണ്ണം അദ്ദേഹത്തിൻെറ പരിശോധനാധികാരങ്ങൾ വച്ചുകൊള്ളുന്നതിനു നിർദ്ദേശിച്ചിരിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടി റഗുലേഷനിലെ ക്ര ാം വകുപ്പിൻെറ ഭേദഗതികൾ ഈ ബില്ലിൻപ്രകാരം നിർദ്ദേശിക്കുകയും ആ വകുപ്പിൻെറപേരിലെ ഉപവകുപ്പുകളേയും ഖണ്ഡികകളേയും വീണ്ടും ക്രമപ്പെടുത്തുന്നതിനും നമ്പരിടുന്നതിനും ഈ അവസരം വിനിയോഗിക്കയും ചെയ്യുന്നു.

അനുബന്ധം ഡി.

തിരുവിതാംകൂർ നിയമനിർമ്മാണസഭ.

സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിററി ക്ര ാം ര

ശനിയാഴ്ച, ക്ന്വ്ന് ഏപ്രിൽ വ ാം/ക്ര ാം ര മേടം വ

നിയമ സഭയിലെ ക്ര ാം ര-ലെസ്റ്റാൻഡിംഗ്ഫിനാൻസ് കമ്മിററിയുടെ നാലാമത്തെ യോഗം ക്ന്വ്ന് ഏപ്രിൽ വ ാം-ാംനു- ശനിയാഴ്ച ഉച്ചയ്ക്കു ക്ര മണിക്കു ഹജൂർകച്ചേരിയിൽ ദിവാൻെറമുറിയിൽ വച്ചു കൂടുകയുണ്ടായി താഴെക്കാണുന്ന അംഗങ്ങൾ ഹാജരുണ്ടായിരുന്നു:—

എം. ഈ. വാട്സ്, ബി. എ , ബാരിസ്റ്റർ-അററ്ലാ-(ദിവാൻ (പ്രസിഡൻറ്)
കെ. പി. നീലകണ്ഠപ്പിള്ള, അവർകൾ ബി. എ., ബി. എൽ.
എ. എസ്. ദാമോദരനാശാൻ, അവർകൾ, ബി. എ., ബി. എൽ.
മാത്യുമുരിക്കൻ, അവർകൾ, ബി. എ., ബി. എൽ.
കെ. ജാർജ്ജ്. അവർകൾ, ബി. എ.
കെ. എൻ. രാമസുബ്ബയ്യർ, അവർകൾ, ബി. എ., ബി. എൽ.
ടി. പി. രാമസുബ്ബയ്യർ. അവർകൾ, ബി. എ. ബി. എൽ (സംയോജകൻ)

ക്ര വ ാം രൂപ ശമ്പളത്തിൽ ഒരു ഹെഡ്കാൻസ്ററബിളിൻെറയും ര കാൻസ്ററബിൾ മാരുടേയും— ക്ര വ രൂപയിൽ ഒരു ക്ര-ാം ക്ലാസും ക്ര ക്ര രൂപയിൽ രണ്ട് ന-ാംക്ലാസും ക്ര ാ രൂപയിൽ ഒരു ര-ാം ക്ലാസും ചാർജ്ജിൽ നെടുമങ്ങാട്ടു താലൂക്കിൽ ഒരു തസ്തരോ കല്ലറയോ ഒരു പോലീസ് ഔട്ടുപോസ്ററ് ഏർപ്പെടുത്തണമെന്നുള്ള നിർദ്ദേശം കമ്മററി പര്യാലോചിക്കയും ആ നിർദ്ദേശം അടുത്തബഡ്ജററ് യോഗത്തിലേക്ക് മാററി വയ്ക്കാൻ തീരുമാനിക്കയും ചെയ്തു.

ക്ര. ഗുരുന്ന മുറജപം ആലിയന്തിരം സംബന്ധിച്ചു് ജനുക്കാളുകൾക്കു ഉണ്ടാക്കുന്നതിന് തുല്യ് വാങ്ങുവാൻ ഈ വർഷത്തെ സെൻട്രൽ പ്രിസൺ ബഡ്ജററിൽ ന. ാ ാ രൂപനീക്കിവയ്ക്കണമെന്നു നിർദ്ദേശം കമ്മിററിസ്വീകരിച്ചു,

ന. രാജകീയ സയൻസു കാളേജിലെ കെമിക്കൽ ലാബോറേട്ടറിയ്ക്കു വേണ്ടി അക്ക സാമാനം വാങ്ങുന്നവകയ്ക്കു് വിദ്യാഭ്യാസബഡ്ജററിൽ ക്ര. ; ാ വുര രൂപപിക്കിവയ്ക്കണമെന്ന നിർദ്ദേശം കമ്മററി പര്യ . ാലോചിച്ചു അ് ീകരിക്കയും ചെയ്തു.

ഈയാണ്ടവസാനം വരെ കുരമനയുള്ള എക്സ്ചെരിമെൻറൽ ടാനറി നടത്തിക്കൊണ്ടു പോകുന്നതിനു ബഡ്ജററിൽ വ്യവസ്ഥചെയ്തിട്ടുള്ളതിനാൽ ആ കാര്യത്തെപ്പററി കമ്മററി പര്യാലോചിക്കയും അപ്രകാരം ചെയ്യാൻ തീരുമാനിക്കയും ചെയ്തു.

ഇ. ചങ്ങനാശേരിയിൽ പ്രാദേശികവകുപ്പുകൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ചു് മാസം ക വ രൂപശമ്പളത്തിൽ ഒരു ഒന്നാം ഗ്രേഡ്ക്ലെററി ആഫീസരും ക്ര ാ രൂപ ശമ്പളത്തിൽ നാലു ര-ാം ഗ്രേഡ് പ്യൂൺകളും അടങ്ങിയ ഒരു ഫ്ലൈയ്യിംഗ് എക്സൈസ് സ്റ്റാഫ് ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശത്തെപ്പററി കമ്മററി പിന്നിട്ടു ആലോചിക്കയും ഈയാണ്ടിൽ ശേഷമുള്ള കാലത്തെ ചെലവിനായി എക്സൈസ് ബഡ്ജററിൽ ക. ാ ര രൂപ നീക്കിവയ്ക്കുന്നതിന് സമ്മതിക്കയും ചെയ്തു.

ക്ര, ക. ാ നു കമ്മററിവീണ്ടും കൂടുന്നതിനായി പിരിഞ്ഞു.

ഹജൂർകച്ചേരി, തിരുവനന്തപുരം
ക്ന്വ്ന് മെ ഇ ാംനു-

ടി. പി. രാമസുബ്ബയ്യർ സംയോജകൻ
സ്ററാൻഡിംഗ് ഫൈനാൻസ് കമ്മററി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

ഒന്നാമത്തെസഭ.

൧൯൨൯-ൽ ഒന്നാമത്തെയോഗം.

(അഫിഷ്യൽ റിപ്പോർട്ട്).

൧൯൨൯ ഏപ്രിൽ ൨൩-ാംനു൯ ൧൯൨൪ മേടം ൧൩-ാംനു൯ പ്രാഴോള്ള.

പകൽ ൧൧-ന് മണിക്കു സഭ വിക്ടോറിയാജുബിലി ടൌൺഹാളിൽ കൂടി. പ്രൊസിഡെൻറ് എം. ഇ. വാട്ട്സ് എസ്ക്വയർ ബി. എ:, ബാരിസ്റ്റർ ആററ്ലി അദ്ധ്യക്ഷസ്ഥാനാധിപത്യം വഹിച്ചു.

മെസ്സേഴ്സ് എൽ. എ. ബിഷപ്പും എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാനും ഒഴിച്ചുള്ള എല്ലാ മെമ്പർമാരും ഹാജരുണ്ടായിരുന്നു.

ചോദ്യങ്ങളും ഉത്തരങ്ങളും.

മൂലം പൂഞ്ഞാർ റോഡ്.

൧൯൩. മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും ദേവികുളവും): പൂഞ്ഞാർ പീരുമേട്ടു റോഡിന്റെ പ്രാധാന്യം ആലോചിച്ച്, മിക്കവാറും പൂത്തിയായിട്ടുള്ള പൂഞ്ഞാർ പീരുമേട്ടു കുടിയാൻറോഡിന്റെ തുടർച്ചയായി, മൂലം പൂഞ്ഞാർറോഡു പീരുമേട്ടുവരെ നീട്ടുന്നതിനു വേണ്ടുന്ന ഏർപ്പാടുകൾ ഗവണ്മെൻറു ദയവായിചെയ്യുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): പൂത്തിയായി എന്നു പറയുന്ന പൂഞ്ഞാർ പീരുമേട്ടു കുടിയാൻറോഡ് വണ്ടികളുടെ ഗതാഗതത്തിനു യോഗ്യമല്ലെന്നും അകതാരു വണ്ടിപ്പാതയായിട്ടില്ലെന്നും ചീഫ് എൻജിനീയർ റിപ്പോർട്ടാക്കിയിരിക്കുന്നു. അതുകൊണ്ടു അതിനെ പീരുമേട്ടുവരെ നീട്ടുന്നകാര്യം ആലോചിക്കാൻ സമയമായിട്ടില്ല.

പൊറമ്പോക്കും പുഞ്ചവലും കേസുകളുടെ തീർച്ച.

൧൯൪. മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും ദേവികുളവും): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) താലൂക്കുകച്ചേരികളിലെ കീഴുദ്യോഗസ്ഥന്മാർ നിമിത്തം പൊറമ്പോക്കും പുഞ്ചവലും കേസുകൾ സംബന്ധിച്ചു മൂന്നാലുകൊല്ലമായി ജനങ്ങൾ വലിയ സങ്കടങ്ങൾ അനുഭവിക്കുന്നു എന്നു ഗവണ്മെൻറിന്നറിവുണ്ടോ?

(ബി) മീനച്ചൽ താലൂക്കു കച്ചേരിയിൽ തീർച്ചചെയ്യാതെ കിടക്കുന്ന പൊറമ്പോക്കും പുഞ്ചവലും കേസുകളുടെ എണ്ണവും അവ ഫയലായ ആണ്ടുകളും അവ തീർച്ചചെയ്യാത്തതിനുള്ള കാരണങ്ങളും കാണിക്കുന്ന ഒരു പട്ടികയ്ക്കുത്തി മേശപ്പുറത്തുവെക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) ഇല്ല.

(ബി) ആവശ്യപ്പെട്ട വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക * മേശപ്പുറത്തുവെച്ചിരിക്കുന്നു.

മീനച്ചലാറിൽ ഷട്ടറുകൾ ഉണ്ടാക്കുക.

൧൯൫. മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും ദേവികുളവും): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) മീനച്ചിൽ താലൂക്കിന്റെ തലസ്ഥാനവും ഒരു കൺസെർവൻസി പട്ടണവുമായ പാലായിൽ മീനച്ചിൽആററിൽ കുളിക്കാൻ രണ്ടു കടവുകൾ കെട്ടണമെന്നു ജനപ്രതിനിധികൾ ഗവണ്മെൻറിനോടു പലപ്രാവശ്യമായി അപേക്ഷിച്ചിട്ടുണ്ടോ?

(ബി) സ്ഥലത്തുള്ള വളരെയാളുകളും മററു പ്രദേശങ്ങളിൽനിന്നു പാലായിൽ വന്നു താമസിക്കുന്ന പലയാളുകളും ഇങ്ങനെയുള്ള കടവുകളുടെ അഭാവംനിമിത്തം മഴക്കാലത്തു വളരെ സങ്കടം അനുഭവിക്കുന്നുണ്ടെന്നും ഗവണ്മെൻറിന്നറിവുണ്ടോ?

(സി) മേല്പടി കടവുകൾ കെട്ടിയുണ്ടാക്കുന്നതിനു ഇന്നുവരെ (൧൯-൩-൧൯൨൯) ഗവണ്മെൻറു എന്തു നടപടികൾ നടത്തീട്ടുണ്ട്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) ഉണ്ട്. രണ്ടുപ്രാവശ്യം.

(ബി) വിവരംകുറിച്ചു.

(സി) ഷട്ടറുകളെക്കാൾ അധികം ആവശ്യം ഒരു പാലമാണെന്നു ചീഫ് എൻജിനീയർ റിപ്പോർട്ടുചെയ്തു. പാലം പണിഇവരുന്നു. അതു പൂത്തിയായശേഷം അതിന്റെ ഇരുവശത്തും ഷട്ടറുകൾ ഉണ്ടാക്കുന്നതിനെപ്പററി ആലോചിക്കും.

ആധാരങ്ങളുടെ രജിസ്ട്രേഷൻ.

൧൯൬. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): (എ) രജിസ്റ്റർ ചെയ്യുന്ന ഓരോ ആധാരത്തിനും വേണ്ടിവരുന്ന സമയം കുറിച്ചുവെക്കണമെന്നു ഡിപ്പാർട്ടുമെൻറു വകയായി ഒരു ഉത്തരവുണ്ടോ എന്നു ഗവണ്മെൻറു ദയവായിപറയുമോ?

---

* അനുബന്ധം I നോക്കുക.

G. P. T. 2,346. 150 3-5-1107.

(ബി) ജോലിയുള്ള ദിവസങ്ങളിൽ രജിസ്റ്റർചെയ്യാൻ വരുന്ന ആധാരങ്ങളുടെ ശരാശരി എണ്ണവും ഓരോ ആധാരത്തെ സംബന്ധിച്ചും സമ്മതം റിക്കാർട്ടുചെയ്യേണ്ടുന്ന കക്ഷികളുടെ ശരാശരി എണ്ണവും ഓരോ ആധാരവും രജിസ്റ്റർചെയ്യുന്നതിനു സബ്‌രജിസ്ട്രാർക്കുവേണ്ടിവരുന്ന സമയവും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റു ദയവായി മേശപ്പുറത്തുവെക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (ഏ) മറുപടി നിഷേധത്തിലാണ്.

(ബി) ഓരോദിവസം വരുന്ന ആധാരങ്ങളുടെ എണ്ണവും ഓരോ ആധാരത്തിലെ കക്ഷികളുടെ എണ്ണവും ദിനംപ്രതിയും ആധാരംപ്രതിയും ഭേദപ്പെട്ടുകാണുന്നിരിക്കും. അതുകൊണ്ടു മുറ്റു വിവരങ്ങൾ രേഖപ്പെടുത്തുന്നതിനു വേണ്ടിവരുന്ന സമയവും അദ്ധ്വാനവും അതിനു ചിലവാകുന്ന ഉപകരണങ്ങൾക്കിന്നനുരൂപമല്ല.

ദക്ഷിണതിരുവിതാംകൂറിലെ സബ്‌രജിസ്ട്രാഫീസുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള

ആധാരങ്ങളുടെ വിവരം.

൨൯൩. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): ദക്ഷിണതിരുവിതാംകൂറിലെ സബ്‌രജിസ്ട്രാഫീസുകളിൽ ക്ക ം൩-മാണ്ടു രജിസ്റ്റർചെയ്തിട്ടുള്ള നൂറു രൂപായോ അതിലധികമോ സമയുള്ള ആധാരങ്ങളുടെയും ആ സംഖ്യയിൽ കുറഞ്ഞ സമയുള്ള ആധാരങ്ങളുടെയും എണ്ണം പ്രത്യേകമായി കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റു ദയവായി മേശപ്പുറത്തുവെക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട പട്ടിക* മേശപ്പുറത്തു വെച്ചിരിക്കുന്നു.

രജിസ്റ്റർചെയ്ത ആധാരങ്ങളുടെ എണ്ണത്തിൽ

കൂടുതലും കുറവും.

൨൯൪. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായി പറയുമോ?

(ഏ) ക്ക ം ൧-ലും ക്ക ം ൨-ലും രജിസ്റ്ററാക്കപ്പെട്ട ആധാരങ്ങളുടെ ആകെ എണ്ണത്തേക്കാൾ ക്ക ം ൩-ലും ക്ക ം ൪-ലും രജിസ്റ്ററാക്കപ്പെട്ട ആധാരങ്ങളുടെ ആകെ എണ്ണത്തിലുള്ള കൂടുതൽ.

(ബി) ക്ക ം ൪ ചിങ്ങത്തിലെ വരവു ക്ക ം ൩ ചിങ്ങത്തിലെ വരവിനെക്കാൾ കുറഞ്ഞുപോയതിനുള്ള കാരണം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (ഏ) ക്ക ം ൪, ൩ ക്ക.

(ബി) ക്ക ം ൩-ലെയും ക്ക ം ൪-ലെയും ആദ്യത്തെ ആറുമാസങ്ങളിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ മാസംതോറുമുള്ള വരവു കാണിക്കുന്ന ഒരു പട്ടിക† മേശപ്പുറത്തു വെച്ചിരിക്കുന്നു. വരവു അസ്ഥിരമായി കൂടിയും കുറഞ്ഞും കാണുന്നുണ്ട്. അതിനു പ്രത്യേക കാരണമൊന്നും പറവാൻ സാധിക്കയില്ല.

രജിസ്ട്രേഷൻഡിപ്പാർട്ടുമെന്റിൽ ആധാരപ്പകർപ്പുകളും ഇൻഡെക്സുകളും

നശിപ്പിക്കുന്നതിനെപ്പററി.

൨൯൫. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): (ഏ) മി: പരമേശ്വരൻപിള്ള രജിസ്ട്രേഷൻ ഡയറക്ടരായിരുന്നപ്പോൾ ആധാരങ്ങളുടെ പകർപ്പുകളും ഇൻഡെക്സുകളും നശിപ്പിക്കുന്നതിനെപ്പററി തയ്യാറാക്കിയ റിപ്പോർട്ടിന്റെ ഒരു പകർപ്പു ഗവണ്മെന്റു ദയവായി മേശപ്പുറത്തു വെക്കുമോ?

(ബി) അതിൽ പ്രസ്താവിച്ച സംഗതികളുടെ കാര്യത്തിൽ ഇപ്പോഴത്തെ നടപ്പു അതിൽ ശിപാർശചെയ്തിട്ടുള്ളതിൽനിന്നു വ്യത്യസ്തമാണോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (ഏ) റിപ്പോർട്ടു സ്വകാര്യമാണു. അതുകൊണ്ടു മേശപ്പുറത്തു വെക്കാൻപാടില്ല.

(ബി) മി: പരമേശ്വരൻപിള്ളയുടെ ശിപാർശകയ അനുവദിക്കാതെ റിക്കാർട്ടുകൾ നശിപ്പിക്കണമെന്നു ഉത്തരവായി. ഈ ഉത്തരവിപ്പോൾ വലഞ്ഞിരിക്കുന്നു.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുവക പരീക്ഷയിൽനിന്നു

ഒഴിവാക്കൽ.

൨൯൬. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(ഏ) ഭീൽകാലത്തെ സർവീസ് ഗവണ്മെന്റുത്തരവിൻപ്രകാരമുള്ള ഡിപ്പാർട്ടുമെന്റുവക പരീക്ഷയിൽനിന്നു ഒഴിവാക്കുന്നതിനു കാരണമാക്കിട്ടുള്ള ഉദാഹരണങ്ങൾ ഗവണ്മെന്റിങ്ങറിവുണ്ടോ?

(ബി) അങ്ങനെ ഒഴിവാക്കിട്ടുള്ള ആരെയെങ്കിലും പരീക്ഷ സ്ഥാപിച്ചശേഷം സബ്‌രജിസ്ട്രാരായി നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ പേരെന്തു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (ഏ) ഉവ്വ്. അങ്ങനെ ഒരുദാഹരണമേയുള്ളു. അതു ക ം ൻ വ-ൽ ഡിപ്പാർട്ടുമെന്റിന്റെ പുനസ്സംഘടനകാലത്തായിരുന്നു.

(ബി) അങ്ങനെ ഒഴിവാക്കിയ ഒററയാളെ പരീക്ഷ ഏർപ്പെടുത്തിയശേഷം ക ം ൻ വ-ൽ ഒരു സബ്‌രജിസ്ട്രാരായിനിയമിച്ചു. അയാളുടെ പേരു് മി: ഹരിഹരയ്യർ എന്നാകുന്നു.

സബ്‌രജിസ്ട്രാർമാരായി അണ്ടർഗ്രാഡുവെറ്റ്സ്മാരുടെ

നിയമനം.

൨൯൭. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

---

* അനുബന്ധം II നോക്കുക.

† അനുബന്ധം III നോക്കുക.

(എ) ഈയിട സബ്‌രജിസ്ട്രാർമാരായി നിയമിക്കപ്പെട്ടിട്ടുള്ള അണ്ടർഗ്രാഡ്യേറന്മാരുടെ കൂട്ടത്തിൽ ചിലർ എസ്. എസ്. എൽ. സി. പരീക്ഷ പാസ്സാകാതെ ആ സർട്ടിഫിക്കേറന്മാത്രം ഉള്ളവരാണെന്നു ഗവണ്മെൻറിനു അറിവുണ്ടോ?

(ബി) അങ്ങനെയുണ്ടെങ്കിൽ മട്രിക്കുലേഷനും ലോവർ സെക്കണ്ടറിയും പരീക്ഷകളിൽ തോററുപോയവരുടെ അവകാശങ്ങളും ആലോചിക്കാത്തതിനു കാരണമെന്തു"?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): (എ) "എസ്. എസ്. എൽ. സി. പരീക്ഷ പാസ്സാകാതെ" എന്ന പദങ്ങളുടെ അർത്ഥം സ്പഷ്ടമല്ല. എസ്. എസ്. എൽ. സി. പരീക്ഷയിൽ ജയിക്കയെന്നും തോല്ക്കുകയെന്നുമില്ല. കോളേജ് പ്രവേശനാവകാശമുള്ള എസ്. എസ്. എൽ. സി. സർട്ടിഫിക്കേററുകാരെ സംബന്ധിച്ചാണു ആ പദം പ്രയോഗിച്ചിരിക്കുന്നതെങ്കിൽ ഫ്ലാറ്റ്ഫോം ചിങ്ങത്തിനുശേഷം സബ്‌രജിസ്ട്രാർമാരായി നിയമിച്ചിട്ടുള്ള പത്തു അണ്ടർഗ്രാഡ്യേറന്മാരിൽ ഒരാൾ മദ്രാസ്, സർവ്വകലാശാലാ മട്രിക്കുലേഷനും രണ്ടുപേർ ഇൻറർമീഡിയററു പരീക്ഷയും ജയിച്ചിട്ടുള്ളവരാണ്. ശേഷമുള്ള ഏഴുപേരുടെ സർട്ടിഫിക്കേററുകൾപ്രകാരം അവർക്കു കാളേജ് പ്രവേശനത്തിനു വേണ്ടുന്ന യോഗ്യതയില്ല

(ബി) സബ് രജിസ്ട്രാർ ഉദ്യോഗത്തിനുവേണ്ടുന്ന കുറഞ്ഞ യോഗ്യത ഇംഗ്ലീഷ്സ്കൂൾ ഫൈനൽ സർട്ടിഫിക്കേററും രജിസ്ട്രേഷൻ ടെസ്റ്റ് ഹൈയറും ആണെന്നു നിശ്ചയിച്ചിട്ടുള്ളതുകൊണ്ടു ഇംഗ്ലീഷ്സ്കൂൾഫൈനൽ സർട്ടിഫിക്കേററില്ലാത്തവരുടെയും മട്രിക്കുലേഷൻ പാസ്സായിട്ടില്ലാത്തവരുടെയും അവകാശങ്ങളെപ്പററി ആലോചിച്ചില്ല.

ജന്മിയും കുടിയാനും റെഗുലേഷൻ.

ചോദ്യം. മി: മാത്യുമുതിക്കൻ (വൈക്കം): ൧൯൧൫, ൧൯൧൬, ൧൯൧൭ ഈ ആണ്ടുകളിൽ ഈ സംസ്ഥാനത്തെ കോടതികളിൽ ഫയലാക്കപ്പെട്ടുള്ള ജന്മി വ്യവഹാരങ്ങളുടെ എണ്ണം ഗവണ്മെൻറു ദയവായി പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിക്കു): ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ പട്ടികകൾ* മേശപ്പുറത്തു വെച്ചിരിക്കുന്നു.

മി: മാത്യുമുതിക്കൻ (വൈക്കം): കേസുകളുടെ എണ്ണം വർദ്ധിച്ചതിനുള്ള കാരണം അറിവാൻ ഗവണ്മെൻറു വല്ല നടപടിയും നടത്തിയോ എന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): പറവാൻ സാധിക്കയില്ല.

മോണിപ്പള്ളി-പിറവംറോഡ്.

ചോദ്യം. മി: മാത്യുമുതിക്കൻ (വൈക്കം). മോണിപ്പള്ളി-പിറവംറോഡിൻെറ നിർമ്മാണാവസ്ഥയെപ്പററി ഗവണ്മെൻറിനു അറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): ആ റോഡിൻെറ ചില ഭാഗങ്ങൾ വണ്ടികളുടെ ഗതാഗതത്തിനു കൊള്ളുകയില്ലെന്നു ചീഫ് എഞ്ചിനീയർ റിപ്പോർട്ടുചെയ്തിട്ടുണ്ട്. ആ ഭാഗങ്ങളിൽ കലുങ്കുകളും ഒരു പാലവും കെട്ടിനന്നാക്കുന്നതിനു ഒരു എസ്റ്റിമേററ് അനുവദിച്ചിട്ടുണ്ട്.

സയൻസ് കാളേജ് ഇംഗ്ലീഷ് അസിസ്റ്റൻറു പ്രൊഫസർ മി. ഗോപാലകൃഷ്ണയ്യരെപ്പററിയുള്ള റിപ്പോർട്ട്.

ചോ. മി: കെ. എൻ. കേശവൻനംപൂതിരിപ്പാട് (ജന്മികൾ): മഹാരാജാവു തിരുമനസ്സിലെ സയൻസ് കാളേജിലെ ഇംഗ്ലീഷ് അസിസ്റ്റൻറ് പ്രൊഫസർ മി. ഗോപാലകൃഷ്ണയ്യരുടെ മേലുള്ള ചില കേസുകളെപ്പററി വിദ്യാഭ്യാസഡയറക്ടർ അയച്ച റിപ്പോർട്ടിനു എന്തു സംഭവിച്ചു എന്നും എന്തു നടപടി നടത്തിയെന്നും ഗവണ്മെൻറു ദയവായി പറയുമോ?

മി: കെ. ജോർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി). റിപ്പോർട്ടു ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

നക്ഷത്രബംഗ്ളാവിൽ കമ്പിയില്ലാക്കമ്പി.

ചോ ൧൫. മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക്). താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) നക്ഷത്രബംഗ്ളാവിൽ ജ്യോതിശാസ്ത്രജ്ഞൻ ഡോക്ടർ എച്ച്. സുബ്രഹ്മണ്യഅയ്യരുടെ ഉപദേശപ്രകാരം കമ്പിയില്ലാക്കമ്പിക്കുള്ള സാമഗ്രികൾ ഗവണ്മെൻറിൽനിന്നും വാങ്ങിച്ചുവോ?

(ബി) വാങ്ങിച്ച സാമാനങ്ങളുടെ വില.

(സി) സാമാനങ്ങൾ വാങ്ങിച്ചതു മദ്രാസ്പ്രെസിഡെൻസി കാളേജിലെ ഡോക്ടർ എച്ച്. പി. വാരനോടാണോ? അല്ലെങ്കിൽ വാങ്ങിച്ച കമ്പനിയുടെ പേരു.

(ഡി) ആദ്യം രശീതിതന്നതു ഡോക്ടർ വാറൻ ആയിരുന്നോ?

(ഇ) ആ സാമാനങ്ങൾ വിൽക്കുന്ന വല്ല കമ്പനികളിൽനിന്നും രശീതികൾ വേണമെന്നു അക്കൗണ്ടാഫീസുകാർ ആവശ്യപ്പെട്ടുവോ?

(എഫ്) സാമാനങ്ങൾ, അവയെ ഉണ്ടാക്കുന്നവരിൽനിന്നു പുതുതായി കിട്ടിയതാണെന്നു അവർക്കു ബോദ്ധ്യമായോ?

(ജി) ഇവയെ വാങ്ങുന്നതിനു മുമ്പായി ഇവയെ ഉണ്ടാക്കുന്ന വേറെ കമ്പനികളിൽനിന്നു വിലവിവരം വരുത്തിനോക്കിയോ? ഇല്ലെങ്കിൽ എന്തുകൊണ്ടു?

(എച്ച്) സയൻസ്കാളേജിലേക്കു ഈവക സാമാനങ്ങൾതന്നെ വരുത്തിയോഎന്നും അവയുടെവിലയും ഗുണവും സമംതന്നെയോ എന്നും അന്വേഷിക്കുമോ?

(ഐ) നക്ഷത്രബംഗ്ളാവിലേക്കു കമ്പിയില്ലാക്കമ്പി സാമഗ്രികൾ വാങ്ങിച്ചതിനെപ്പററിയുള്ള എല്ലാക്കടലാസുകളും മേശപ്പുറത്തുവയ്ക്കുമോ?

---

* അനുബന്ധം IV എ-യും IV ബി-യും നോക്കുക.

(ജെ) ഡോക്ടർ എച്ച്. പി. വാറൻ പ്രസിദ്ധപ്പെടുത്തിയ ഒരു പുസ്തകത്തിന്റെ ചില പ്രതികൾ വാങ്ങണമെന്നു ജ്യോതിശ്ശാസ്ത്രജ്ഞൻ ഡോക്ടർ എച്ച്. സുബ്രഹ്മണ്യയ്യർ ഗവണ്മെന്റിലേക്കു ശിപാർശചെയ്തിട്ടുണ്ടോ?

(കെ) ഈ പുസ്തകങ്ങൾ അയക്കാൻ എഴുതിക്കൊടുക്കുകയോ വാങ്ങുകയോ ചെയ്തിട്ടുണ്ടോ?

(എൽ) എത്ര പ്രതികൾ വാങ്ങി?

(എം) ഒന്നോ രണ്ടോ പ്രതികളിലധികം വാങ്ങുന്നതിന്റെ ആവശ്യം എന്താണിരുന്നു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി). (എ) ഉവ്വ്.

(ബി) എഗ്മോറിലെ ജനറൽ സെർവീസുകമ്പനി അയച്ച ഒരു യൂനിവർസൽ വയർലെസ് റിസീവിങ്ങ് സെററിന്റെ വില ൪൦൦ രൂപാ ആകുന്നു. അതു സമയം അറിയിക്കുന്നതിനു ഡോക്ടർ പരമേശ്വരന്റെ ഉപദേശപ്രകാരം പ്രത്യേകം ഉണ്ടാക്കിയതും ൨൦-൩൦൦൦ മീററർ നീളം എത്തുന്നതും ൧ വോൾട്ട് മുതലായവയോടുകൂടിയതും ഒരു ഇരുട്ടിപ്പെട്ടിയിൽ അടങ്ങിയതും ആകുന്നു.

ഇംഗ്ലീഷ്ഇലക്ട്രിക്കു കമ്പനിയും മദ്രാസ്ജനറൽസെർവീസ്കമ്പനിയും അയച്ച മററു സാമഗ്രികളുടെ വില ൩൩൦ രൂപ വ്യ അണ ആകുന്നു.

(സി) അല്ല, സാമാനങ്ങൾ വാങ്ങിയതു് ഗവണ്മെന്റനുവാദത്തോടുകൂടെ ഡോക്ടർ എച്ച്. പരമേശ്വരൻ മുഖാന്തരം താഴെ പറയുന്ന കമ്പനികളോടായിരുന്നു,

൧. മദ്രാസ് ഇംഗ്ലീഷ് എലക്ട്രിക് കമ്പനി.

൨. ജനറൽ സെർവീസുകമ്പനി.

(ഡി) അതെ, റിസീവിങ്ങ്സെററിനു മാത്രം ഡാക്ടർ പരമേശ്വരൻ രശീതി അയച്ചു. അതു് അദ്ദേഹം മുഖാന്തരം അയച്ചതും അദ്ദേഹത്തിന്റെ മേലന്വേഷണത്തിൽ ഉണ്ടാക്കിയതും ആകുന്നു. മററു സാമഗ്രികൾക്കു അവശ്യ അയച്ച കമ്പനിക്കാർ രശീതികൾ അയച്ചു.

(ഇ) അക്കൌണ്ടാഫീസർ സെററു വിററ കമ്പനിയുടെ രശീതി ആവശ്യപ്പെടുകയും അവർ അയച്ചുതരികയും ചെയ്തു.

(എഫ്) ഉവ്വ്.

(ജി) ഇല്ല. നക്ഷത്രബംഗ്ളാവിൽ വയർലസ്സെററ് ആവശ്യപ്പെട്ടതു സമയം അറിയിക്കുന്നതിന്നായിരുന്നു; ഇതിന്നായി വരുത്തിക്കൂട്ടിച്ചേർക്കുന്ന വയർലെസ്സെററു ശരിയായി നടക്കുമെന്നു ഉറപ്പുണ്ട്. മററാവശ്യങ്ങൾക്കുണ്ടാക്കുന്നതും കമ്പനികളിൽ സാധാരണയായി കിട്ടുന്നതും മുൻ പരീക്ഷ കൂടാതെ വാങ്ങുന്നതുമായ സെററുകൾക്കു ആ ഉറപ്പു ഉണ്ടാകുകയില്ല. ഇതുകൊണ്ടാണു മററുകമ്പനികളിൽനിന്നു വില വിവരം പട്ടിക വരുത്താത്തതു്.

(എച്ച്) നക്ഷത്രബംഗ്ളാവിലേക്കു വാങ്ങിയ സാമഗ്രികൾ തന്നെയല്ല സയൻസ്കാളേജിലേക്കു വാങ്ങിയതു്.

(ഐ) ഇതിനെപ്പററിയുള്ള എഴുത്തുകുത്തു, പകർപ്പ് *മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ജെ) ഇല്ല.

(കെ), (എൽ), (എം) ജെ ഭാഗത്തിനുള്ള മറുപടികൊണ്ടു ഈ ചോദ്യങ്ങൾക്കു കാരണമില്ല.

ലാണ്ട്റവന്യൂഡിപ്പാർട്ടുമെന്റിലെ പകർപ്പുഗുമസ്തന്മാർ.

൨൭൧. മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ). താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) തങ്ങളെ ലാണ്ട്റവന്യൂഡിപ്പാർട്ടുമെന്റിലെ സ്ഥിരം ഉദ്യോഗസ്ഥന്മാർ ആയി നിയമിക്കാത്തതിനാലുള്ള സങ്കടങ്ങൾ കാണിച്ചു തിരുവല്ലാ താലൂക്കുകച്ചേരിയിലെ പകർപ്പുഗുമസ്തന്മാർ കൊടുത്ത ഹർജി ഗവണ്മെന്റിനു കിട്ടിട്ടുണ്ടോ?

(ബി) പകർപ്പുഗുമസ്തന്മാരെ താലൂക്കുകച്ചേരികളിൽ വേണ്ടെന്നു വെയ്ക്കാൻ നിവൃത്തിയില്ലയോ?

(സി) അവരെ സ്ഥിരമാക്കിയാൽ ഗവണ്മെന്റിനു വല്ല നഷ്ടവും ഉണ്ടാകുമോ?

(ഡി) ഇതിനെപ്പററി ആലോചിച്ചു പകർപ്പുഗുമസ്തന്മാരെ സ്ഥിരം ഉദ്യോഗസ്ഥന്മാരും പെൻഷന്നു അവകാശമുള്ളവരുമാക്കി അവരുടെ സങ്കടനിവൃത്തി വരുത്തുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): (എ) മറുപടി നിഷേധത്തിലാണ്.

(ബി) കക്ഷികൾ ആവശ്യപ്പെടുന്ന റിക്കാർഡുകളുടെ പകർപ്പുകൾ തെയ്യാറാക്കുന്നതിനു താലൂക്കാഫീസുകളിൽ പകർപ്പു ഗുമസ്തന്മാർ ആവശ്യമാണ്.

(സി)-യും (ഡി)-യും ഇതിനെപ്പററി മുമ്പു ഗവണ്മെന്റു ആലോചിക്കയും പകർപ്പുഗുമസ്തന്മാരെ സ്ഥിരം ഉദ്യോഗസ്ഥന്മാരും പെൻഷനു അവകാശമുള്ളവരുമാക്കാൻ ആവശ്യമില്ലെന്നു തീർച്ചയാക്കുകയും ചെയ്തിട്ടുള്ളതാണു.

പൊതുമരാമത്തു മേസ്തിരിമാർ.

൨൭൨. മി: ടി. ഫ്രാൻസിസ് (ഗവണ്മെന്റുനിയമനം): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) മിസ്റ്റർ എം. കെ. ഗോവിന്ദപ്പിള്ളയുടെ അഗ്രാസനാധിപത്യത്തിൻ കീഴിൽ മൻവന്ന മേസ്ത്രിപ്പണം കൂടിയ പൊതുമരാമത്തിലെ ജോലിക്കാരുടെ നാലാമത്തെ യോഗത്തിൽ പാസ്സാക്കി ഗവണ്മെന്റിലേയ്ക്കും ചീഫ് എഞ്ചിനീയർക്കും അയച്ച നിശ്ചയത്തെപ്പററി ഗവണ്മെന്റിനു അറിവുണ്ടോ?

(ബി) ആ ഭാഗത്തിന്റെ മറുപടി ഉവ്വ് എന്നാണെങ്കിൽ ഉദ്യോഗസ്ഥിരതയും പെൻഷനും സംബന്ധിച്ചു ഈ മേസ്തിരിമാരെ അവരുടെ കൂട്ടജോലിക്കാരെപോലെ ആക്കുന്നതിനു അവർ വല്ലവഴിയും എടുത്തിട്ടുണ്ടോ?

---

* അനുബന്ധം ൩ നോക്കുക.

(സി) ഈ മേസ്ത്രിമാർക്ക് പെൻഷൻ അനുവദിക്കാൻ കഴിയാതെവരുകിൽ ഗ്രാറ്റ്യൂട്ടി അവകാശമായി മുതലായവയെങ്കിലും കൊടുക്കാൻ അനുവദിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സിക്രട്ടറി): (എ) ഉവ്വ്.

(ബി) ഇല്ല.

(സി) മേസ്ത്രിമാർക്ക് അവകാശമായവധി അനുവദിക്കാൻ നിവൃത്തിയില്ല. ദീർഘകാലം സർവ്വീസുള്ളവർക്ക് ആനുകൂല്യത്തിനുള്ള പക്ഷം ഗ്രാറ്റ്യൂട്ടി കൊടുക്കാറുണ്ട്.

തൈക്കാട്ടുതായുക്കിൽ നെൽകൃഷി പരിഷ്കാരം.

ചോദ്യം. മി. മാത്യുമുതിക്കൻ (തൈക്കം): താഴെ പറയുന്ന സംഗതികൾ ഗവർണ്ണമെന്റ് മയവായി പറയുമോ?

(എ) തൈക്കാട്ടുതായുക്കിൽ പെരുർ ഉദയംപേരൂർ കണ്ടനാട് എന്നീ സ്ഥലങ്ങൾക്ക് അടുത്തുള്ള നിലങ്ങളിൽ ഉപ്പുവെള്ളം കയറാതിരിക്കാൻ ഒരു ചിറ കെട്ടേണ്ടുന്നതിനുള്ള ആവശ്യകതയെപ്പററി ആ സ്ഥലനിവാസികളുടെ നിവേദനങ്ങൾ ഗവർണ്ണമെന്റിന് കിട്ടീട്ടുണ്ടോ?

(ബി) (എ) യ്ക്കുള്ള മറുപടി ഉവ്വ് എന്നാണെങ്കിൽ ആ കുടിയാന്മാരുടെ സങ്കടനിവൃത്തിക്കു എന്തു നടപടികൾ നടത്തി?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സിക്രട്ടറി): (എ) ഉണ്ട്.

(ബി) ചോദ്യത്തിന്റെ ഒരുഭാഗം പ്രസ്തുതസംസ്ഥാനത്തായതുകൊണ്ടും ചിറകൊണ്ടു കൊച്ചിയ്ക്കു നിലവേലം ഗുണമുണ്ടാകുന്നതാകയാലും കൊച്ചി ഗവർണ്ണമെന്റിന്റെ അഭിപ്രായം അറിയേണ്ടതായിട്ടുണ്ട്. കാര്യമിപ്പോൾ എഴുത്തുകുത്തിലിരിക്കുന്നു.

മി. മാത്യുമുതിക്കൻ (വൈക്കം). (ബി) ഭാഗത്തിന്റെ മരാമത്തിനെ സംബന്ധിച്ചു ഈ കാര്യം എത്രകാലമായി എഴുത്തുകുത്തിൽ കിടക്കുന്നു എന്നുപറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സിക്രട്ടറി): കഴിഞ്ഞ ഡിസംബറുമുതൽ

മി. മാത്യുമുതിക്കൻ (വൈക്കം): കാര്യം വേഗതപ്പെടുത്തുന്നതിനാവശ്യമുണ്ടെന്നു ഗവർണ്ണമെന്റു വിചാരിക്കുന്നില്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സിക്രട്ടറി): ഉവ്വ്. എഴുത്തുകുത്തു ത്വരിതപ്പെടുത്തുന്നുണ്ട്.

പൊതുമരാമത്തിൽ ഒഴിവുകളിൽ ആളെ നിയമിക്കുന്ന താമസം.

ചോ. ൭. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): താഴെ പറയുന്ന സംഗതികൾ ഗവർണ്ണമെന്റ് മയവായി പറയുമോ?

(എ) പൊതുമരാമത്തിൽ അപ്പർ സബ്ഡിവിഷനേററവ്യോഗസ്ഥന്മാരുടെ ഒഴിവുകളിൽ ഈ കൊല്ലത്തിലധികം ആളെ നിയമിക്കാതെ കിടപ്പുണ്ടെന്നു ഗവർണ്ണമെന്റിനറിവുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആളെ നിയമിക്കാൻ താമസിക്കുന്നതിനുള്ള കാരണങ്ങൾ.

മി: കെ. ജാർജ് (ഗവർണ്ണമെന്റ് ചീഫ്സിക്രട്ടറി): (എ) ആളെ നിയമിക്കാതെ ചില ഒഴിവുകൾ ഉണ്ട്.

(ബി) പ്രത്യേകകാരണങ്ങളില്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) ഭാഗത്തിന്റെ മരാമത്തിനെ സംബന്ധിച്ചു ഈ ഒഴിവുകളിൽ എപ്പോഴെങ്കിലും ആളെ നിയമിക്കുമോ എന്നുപറയുമോ?

മി: കെ. ജാർജ് (ഗവർണ്ണമെന്റ് ചീഫ്സിക്രട്ടറി): ഒഴിവുകളിൽ താമസംകൂടാതെ ആളെ നിയമിക്കുന്നതാണ്.

കരം വിട്ടുകൊടുക്കൽ.

ചോ. ൮. മി: വി. ചെല്ലംപിള്ള (തോവാള): കോതയാർഅണയിൽ വെള്ളം ഇല്ലാതെപോയതിനാൽ കോതയാർഅണക്കു കീഴുള്ള നിലങ്ങളിൽ കന്നികൃഷി കേവലം നഷ്ടപ്പെട്ടുപോയതിനു കരം ഇളവുചെയ്തുകൊടുത്ത നിലങ്ങളുടെ ആകെ വിസ്തീർണ്ണം ഗവർണ്ണമെന്റു മയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സിക്രട്ടറി). നഷ്ടം വന്ന നിലങ്ങളുടെ കണക്കുകൾ വന്നുകൊണ്ടിരിക്കയും തീർച്ചയാക്കുകയും ചെയ്തുവരുന്നു. അതുകൊണ്ടു കരമിളവുചെയ്തുകൊടുത്ത ആകെ വിസ്തീർണ്ണം ഇപ്പോൾ പറവാൻ സാധിക്കയില്ല.

തുതപ്പാണ്ടിയിൽ ഒരു മുൻസിപ്പുകോടതിയുടെ ആവശ്യം.

ചോ. ൯. മി വി. ചെല്ലംപിള്ള (തോവാള): താഴെപറയുന്ന സംഗതികൾ ഗവർണ്ണമെന്റു മയവായിപറയുമോ?

(എ) തുതപ്പാണ്ടിയിൽ ഒരു മുൻസിപ്പുകോടതി സ്ഥാപിച്ചുകൊടുക്കണമെന്നുവച്ചു തോവാളതാലൂക്കു നിവാസികളുടെ ഹർജികൾ കിട്ടീട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനെപ്പററി എന്തു നടപടി നടത്തി?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർണ്ണമെന്റ്സിക്രട്ടറി): (എ), (ബി) മറുപടി നിഷേധത്തിലാണ്.

നീതിന്യായഭരണം.

ചോ. ൯൧. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): താഴെ പറയുന്ന സംഗതികൾ ഗവർണ്ണമെന്റു മയവായി പറയുമോ?

(എ) ൧൯൦൦, ൧൯൦൧, ൧൯൦൨, ൧൯൦൩ എന്നീ ആണ്ടുകളിൽ സിവിലും ക്രിമിനലും കോടതികളിൽ ഉപയോഗിക്കുന്ന കോർട്ടുഫീസ്സ് സ്റ്റാമ്പുകളുടെയും പകർപ്പു കടലാസ്സുകളുടെയും വില ഉൾപ്പെടെ നീതിന്യായഭരണം ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള വരവു എത്ര?

(ബി) മേൽ പറഞ്ഞ ആണ്ടുകളിൽ നീതിന്യായഭരണം നിമിത്തമുണ്ടായിട്ടുള്ള ചെലവു എത്ര?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർണ്ണമെന്റ് സെക്രട്ടറി): (എ)-യും (ബി)-യും "൧൯ നീതിന്യായഭരണം" എന്നീ ഇനത്തിൽ ചേർത്തിട്ടുള്ള വരവും "൭ സ്റ്റാമ്പുകൾ" എന്ന ഇനത്തിൽ വരവു വെച്ചിട്ടുള്ള (പക

ർപ്പു കടലാസുകൾപ്പെടെ) കോർട്ടുഫീസ്സ്റ്റാമ്പു വിലയും "ഏതു നീതിന്യായമാകണം" എന്ന ഇനത്തിൽ ചെലവിട്ടുള്ള ചെലവും ഫ്രാം മുതൽ ഫ്രാം വരെ കൊല്ലങ്ങളിലെല്ലാം കാണിക്കുന്ന ഒരു പട്ടിക *മേശപ്പുറത്തു വച്ചിരിക്കുന്നു.

മി: പി. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): മരപ്പടിയുടെ തുകകൾ സംബന്ധിച്ചു, കോർട്ടുഫീസ്സ്റ്റാമ്പിന്റെ വിലയും "നീതിന്യായമേണം" എന്ന ഇനത്തിൽ ചെലവിടുന്നതു അളിലകണ്ടിയതായിരിക്കുമെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ലയോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഇല്ല, അങ്ങനെ ചെയ്യാൻ ആലോചിക്കുന്നില്ല.

കൊല്ലം ദിവാൻ മജിസ്ട്രേട്ടുകളുടെ നിയമനങ്ങൾ.

൨൭൯. മി: പി. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): കൊല്ലം ദിവാൻജഡ്ജി ഫ്രാം സംബന്ധിച്ചു ചെയ്ത ആളിങ്ങൾ സ്ഥാനവും താൽക്കാലികവും നിയമനങ്ങളുടെ തീയതി പറയുന്ന വിവരങ്ങളടങ്ങിയ ഒരു പട്ടിക ഗവണ്മെന്റു മയവാനിമേശപ്പുറത്തു വയ്ക്കുമോ?

(എ) നിയമിച്ച ആളുകളുടെ പേരു,

(ബി) അവരുടെ യോഗ്യത,

(സി) ഏതു സമുദായക്കാരൻ എന്നു,

(ഡി) ആ ഉദ്യോഗങ്ങൾക്കുള്ള അപേക്ഷകന്മാരുടെ പേരുകളും യോഗ്യതയും.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക † മേശപ്പുറത്തു വച്ചിരിക്കുന്നു.

നെയ്യാററിൻകര താലൂക്കിലെ കാണിപ്പുറം നിലങ്ങൾ.

൨൭൦. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): നെയ്യാററിൻകരത്താലൂക്കിലുള്ള കാണിപ്പുറം നിലങ്ങളുടെ ഉദ്ദേശ വിസ്തീർണ്ണം എത്രയാണെന്നു ഗവണ്മെന്റു മയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): സമ്പൂർണ്ണം ഏക്കർ.

കാഞ്ഞിരങ്കുളത്തു ഒരു പോലീസ് സ്റ്റേഷന്റെ ആവശ്യകത.

൨൭൧. മി: പി. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു മയവായി പറയുമോ?

(എ) നെയ്യാററിൻകര താലൂക്കിലെ കരിങ്കുളം, കോട്ടുകാൽ, തിരുപുറം പുന്നി പകുതികളിൽപ്പെട്ട കാഞ്ഞിരങ്കുളം, നെല്ലിക്കാക്കുഴി, മണവേലി, തിരുപുറം, ചാണി, പുല്ലുവിള, കോട്ടുകാൽ, നെല്ലിമൂട്ടു, കുഴവൂർ എന്നീ സ്ഥല നിവാസികൾ കാഞ്ഞിരങ്കുളത്തു ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതു അത്യന്താവശ്യമാണെന്നു കാണിച്ചു ബോധിപ്പിച്ചു ഹർജി ഗവണ്മെന്റിനു കിട്ടീട്ടുണ്ടോ?

(ബി) അതിനെപ്പററി വല്ല നടപടിയും നടന്നിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (എ) യും (ബി) യും. മറുപടി നിഷേധത്തിലാണു.

മലയിൻകീഴു ഒരു ഗ്രാമീണ വൈദ്യശാലയുടെ ആവശ്യം.

൨൭൨. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു മയവായി പറയുമോ?

(എ) മരക്കൽ, പിള്ളച്ചൽ, ചാരനല്ലൂർ, കുമിത്തുമ്പൽ എന്നീ സ്ഥലങ്ങളിലെ ജനങ്ങൾ വൈദ്യസഹായം ലഭ്യമാകാത്തതിനാൽ വളരെ കഷ്ടപ്പെടുന്നുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

(ബി) മേൽപറഞ്ഞ സ്ഥലങ്ങളിലെ ആവശ്യത്തിലേക്കു പ്രാപ്യമാണെങ്കിൽ ഗവണ്മെന്റു സഹായമുള്ള ഒരു ആയുർവേദ വൈദ്യശാല മലയിൻകീഴുണ്ടായിരുന്നോ?

(സി) (ബി) ഭാഗത്തിന്റെ മറുപടി ഇല്ല് എന്നാണെങ്കിൽ, ആ വൈദ്യശാല നിർത്തൽചെയ്യുന്നതിനു കാരണമെന്തു്?

(ഡി) മലയിൻകീഴ് ഒരു ആയുർവേദവൈദ്യശാല സ്ഥാപിക്കുന്നതിന്റെ ആവശ്യം കണിച്ചു ആ സ്ഥലങ്ങളിൽ നിന്നു വല്ല ഹർജിയും കിട്ടീട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (എ) ഗവണ്മെന്റിനറിവില്ല.

(ബി) മലയിൻകീഴ് ഒരു ഗ്രാമീണ വൈദ്യശാല നടന്നിരുന്നു.

(സി) അവിടത്തെ അശാലത്തെ വൈദ്യനെ അകാലത്തിൽ ഗവണ്മെന്റു ആയുർവേദ പാഠശാലയിൽ നിയമിച്ചതുകൊണ്ടു ആ വൈദ്യശാല നിന്നുപോയി.

(ഡി) ഹർജിക്കാരുടെ പേരുകളും ഹർജികളുടെ തീയ്യതിയും അറിയാതെ വിവരം തരാൻ സാധിക്കയില്ല.

മി: പി. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): (സി) ഭാഗം മറുപടിയെ സംബന്ധിച്ചു, ആ വൈദ്യന്റെ നിമിത്തമാണോ അവിടെ വൈദ്യശാല സ്ഥാപിച്ചതെന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അദ്ദേഹം വൈദ്യശാലയ്ക്കു മേൽനോക്കിക്കയും ഗവണ്മെന്റു അനുവദിക്കയും ചെയ്തു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ആ സ്ഥലത്തല്ലയോ വൈദ്യശാല സ്ഥാപിച്ചതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ആരെങ്കിലും മുമ്പോട്ടു വന്നു അപേക്ഷിക്കണമല്ലോ.

---

* അനുബന്ധം ൩ നോക്കുക. † അനുബന്ധം ൪ നോക്കുക.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): (ബി) ഭാഗം മരുപടിയെ സംബന്ധിച്ചു, ഈ വിഷയത്തെപ്പററി മലയിൻകീഴ് ജനങ്ങളുടെ വല്ല ഹർജിയും കിട്ടീട്ടുണ്ടോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർണ്ണമെൻറ് സെക്രട്ടറി): ഹർജി ഏതു അയച്ച സമയമോ അയച്ചവരുടെ പേരുകളൊ അറിയാതെ ആ ഹർജികൾ തിരഞ്ഞെടുക്കാൻ സാധിക്കയില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): കഴിഞ്ഞ മൂന്നു കൊല്ലങ്ങൾക്കുള്ളിൽ അതിനെപ്പററി വല്ല ഹർജിയും കിട്ടീട്ടുണ്ടോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർണ്ണമെൻറ് സെക്രട്ടറി): അപ്പോൾ പറയാൻ സാധിക്കയില്ല.

റവന്യൂ ഡിപ്പാർട്ടുമെൻറിലെ പകർപ്പു ഗുമസ്തന്മാർ.

* റ. വ്യ. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): റവന്യൂ ഡിപ്പാർട്ടുമെൻറിൽ ഓരോ താലൂക്കിലും ക്ലാർക്ക്, ക്ലാർക്ക്, ക്ലാർക്ക്, ക്ലാർക്ക് എന്നിങ്ങനെ കൊല്ലങ്ങളിൽ ജോലി ചെയ്തിരുന്ന പകർപ്പു ഗുമസ്തന്മാരുടെ എണ്ണവും പകർപ്പു ഫീസായി കിട്ടിയ സംഖ്യയും പകർപ്പു ഗുമസ്തന്മാർക്കു കൊടുത്ത സംഖ്യയും കാണിക്കുന്ന ഒരു പട്ടിക ഗവർണ്ണമെൻറ് മുമ്പാകെ മേശപ്പുറത്തു വയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെൻറ് സെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക * മേശപ്പുറത്തു വച്ചിരിക്കുന്നു.

മോട്ടാർ ബസ്സ് ക്ലർക്കിയുടെ ക്രമീകരണം.

* ചോ. ചു. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): താഴെ പറയുന്ന സംഗതികൾ ഗവർണ്ണമെൻറ് മുമ്പാകെ പറയുമോ?

(എ) അഭ്യാസനക്കാരുടെ ഉപയോഗത്തിനു മോട്ടാർ ബസ്സുകളുടെ ഉടമസ്ഥന്മാർ അപ്രകാരം തോന്ന്യാസം പോലെ വലിയ കൂലി യാത്രക്കാരോടു പലപ്പോഴും ആവശ്യപ്പെടുന്നു എന്നു ഗവർണ്ണമെൻറിനറിയാമോ?

(ബി) ബസ്സുടമസ്ഥന്മാർക്കു കൊടുക്കുന്ന അനുവാദപത്രത്തോടുകൂടെ കൂലി ക്ലിപ്തപ്പെടുത്തിയ ഒരു പട്ടികയും കൊടുക്കാറുണ്ടോ?

(സി) (ബി) ഭാഗത്തിന്റെ മറുപടി നിഷേധത്തിലാണെങ്കിൽ പ്രത്യേകമായോ പൊതുവായോ ഉള്ള വല്ല ഉത്തരവിൻപ്രകാരം ഉടമസ്ഥന്മാർ യാത്രക്കാരോടു വസൂലാക്കാവുന്ന കൂലി നിരക്കു ഗവർണ്ണമെൻറ് ക്ലിപ്തപ്പെടുത്തീട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർണ്ണമെൻറ് സെക്രട്ടറി): (എ, ബി, സി) മറുപടി നിഷേധത്തിലാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): (ഡി) ഭാഗം ചോദ്യത്തിന്റെ മറുപടി സംബന്ധിച്ചു, ഈ കാര്യത്തിൽ ഗവർണ്ണമെൻറ് ഒരന്വേഷണം നടത്തുമോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർണ്ണമെൻറ് സെക്രട്ടറി): ഇപ്പോൾ ഒരു പ്രവൃത്തി പലതിയാണു പറയുന്നത്. അതു കൊണ്ടു മറുപടി പറയാൻ സാധിക്കയില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ചോദ്യത്തിന്റെ (എ) ഭാഗത്തെ സംബന്ധിച്ചായിരുന്നു എന്റെ ചോദ്യം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർണ്ണമെൻറ് സെക്രട്ടറി): മറുപടി നിഷേധത്തിലാണെന്നു മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): മറുപടിയുടെ (ഡി) ഭാഗത്തെ സംബന്ധിച്ചു, ഇക്കാര്യത്തിൽ ഗവർണ്ണമെൻറ് ഒരന്വേഷണം നടത്തുമോ എന്നായിരുന്നു എന്റെ ചോദ്യം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർണ്ണമെൻറ് സെക്രട്ടറി), ചോദ്യം ഗവർണ്ണമെൻറിനു അറിവുള്ളതാണ് എന്നായിരുന്നു, അന്വേഷണം നടത്തീട്ടുണ്ടോ എന്നല്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര), അങ്ങനെ ഒരു കാര്യം നടപ്പിലുണ്ടോ എന്നു ഗവർണ്ണമെൻറ് ഒരു അന്വേഷണം നടത്തുമോ എന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർണ്ണമെൻറ് സെക്രട്ടറി): ഗവർണ്ണമെൻറ് ഇന്ന പ്രകാരം പ്രവർത്തിക്കണമെന്നു മെമ്പർക്കു സൂചിപ്പിക്കാൻ പാടില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ചോദ്യത്തിന്റെ (ബി) ഭാഗം മറുപടിയെ സംബന്ധിച്ചു, മേലാവിലത്തേതല്ലെങ്കിലും കൂലി നിരക്കു ക്ലിപ്തപ്പെടുത്തുന്നതിന്റെ അഭിലഷണീയതയെ പററി ഗവർണ്ണമെൻറ് ആലോചിക്കുമോ എന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർണ്ണമെൻറ് സെക്രട്ടറി): ബസ്സുകളുടെ ഉടമസ്ഥന്മാർ തമ്മിൽ മത്സരമുള്ളതുകൊണ്ടു കൂലി നിരക്കു ക്ലിപ്തപ്പെടുത്തുന്നതു അഭിലഷണീയമാണെന്നു ഗവർണ്ണമെൻറ് ഇപ്പോൾ വിചാരിക്കുന്നില്ല. ഈ മത്സരത്തിന്റെ ഫലമായി കൂലി കുറഞ്ഞു വരും.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവാങ്കോടും): പെട്രോളിന്റെ വില പലപ്പോഴും പല വിധമായിരിക്കും എന്നു മെമ്പർക്കറിയാമോ?

പ്രസിഡന്റ്. നിങ്ങൾക്കിപ്പോൾ ചോദ്യം ചോദിക്കാൻ പാടില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര). മത്സരം സുഖപ്രദമല്ലെന്നു കണ്ടാൽ നിരക്കു ക്ലിപ്തപ്പെടുത്തുന്നതു അഭിലഷണീയമായിരിക്കുകയില്ലേ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർണ്ണമെൻറ് സെക്രട്ടറി). അതു ഓഡിയിൽ ആലോചിച്ചാൽ മതിയാകുമല്ലോ.

നെയ്യാററിൻകര താലൂക്കിലെ കൃഷിസേചന പ്രവൃത്തികൾ.

* ചോ. ചു. മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര). താഴെ പറയുന്ന സംഗതികൾ ഗവർണ്ണമെൻറ് മുമ്പാകെ പറയുമോ?

---

* അനുബന്ധം വ നോക്കുക.

(എ) നെയ്യാററിങ്കരത്താലൂക്കിലെ കൃഷിസേചനപ്രവൃത്തികൾക്കായി ക്ഷാമസമയത്തേക്കു അനുവദിച്ച സംഖ്യയും അതിൽ നിന്നു യഥാർത്ഥമായി ചെലവു ചെയ്ത സംഖ്യയും.

(ബി) അനുവദിച്ച സംഖ്യ മുഴുവൻ ചെലവാക്കിയില്ലെങ്കിൽ അതിനുള്ള കാരണം,

(സി) അനുവദിച്ച സംഖ്യകൊണ്ടു തന്നാണ്ടിൽ തന്നെ ചെയ്യാവുന്നിടത്തോളം പ്രവൃത്തി ചെയ്യുവാൻ അതിനെ സംബന്ധിച്ച ഉദ്യോഗസ്ഥന്മാർ ഉത്തരവാദികളല്ലയോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി):

(എ) അനുവദിച്ച സംഖ്യ, ക്ഷ്വ, ൧൮ രൂപാ
യഥാർത്ഥത്തിൽ ചെലവാക്കിയ സംഖ്യ ക്ഷ്വ, ക്ഷ൧൮ രൂപാ

(ബി)യും (സി)യും വ്യക്തമായ നിസ്സാരമാകയാൽ ഈ ചോദ്യങ്ങൾക്കു കാരണമില്ല.

വൈദ്യുതിക്കോട്ട്.

൨൭൩. ശ്രീ. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): നെയ്യാററിങ്കര താലൂക്കിലെ തിരുവല്ലം പകലിതിലെ വൈദ്യുതി കോട്ടിനെ സംബന്ധിച്ചു താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു അംഗീകരിച്ചു പറയുമോ.

(എ) ആ കോട്ടു നന്നാക്കുന്നതിനു ക്ഷ൧ക്ഷ, ക്ഷ൧൨, ക്ഷ൧൩ എന്നീ കൊല്ലങ്ങളിൽ അനുവദിച്ചസംഖ്യകളും ഓരോ കൊല്ലവും യഥാർത്ഥത്തിൽ ചെലവുചെയ്തസംഖ്യകളും

(ബി) കോട്ടു നന്നാക്കുന്നതിനു മുപ്പെടി ഓരോ കൊല്ലത്തിൽ ചെയ്ത പ്രവൃത്തിയുടെ വിവരം.

(സി) കോട്ടു അതിന്റെ ഇപ്പോഴത്തെ സ്ഥിതിയിൽ കൃഷിസേചനത്തിനു ഉപകരിക്കുന്നതാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി):

(എ)	ആണ്ടു	അനുവദിച്ചതു സംഖ്യ	ചെലവു
	ക്ഷ൧ക്ഷ	൩൦൦ രൂപാ	൨൯൯ രൂപാ
	ക്ഷ൧൨	൩൦൦ ,,	൨൨൩ ,,
	ക്ഷ൧൩	൩൦൦ ,,	൯൯ ,,

(ബി) ക്ഷ൧ക്ഷ-ാമാണ്ടു കാലത്തു കോട്ടു നന്നാക്കുന്നതിനു താഴെ കോട്ടിന്റെ ചിറയിൽ ഒരു വലിയ ചുഴി നികത്തുകയും ആ കോട്ടു സംബന്ധിച്ചു മററുമുള്ള ചെലവുകൾ ചെയ്തു തീർക്കുകയും ചെയ്തു.

ക്ഷ൧൨-ൽ കോട്ടിന്റെ കരകൾ ഉറപ്പിക്കുകയും കോട്ടുവീതികുറഞ്ഞിടത്തു വീതികൂട്ടുകയും ചെയ്തു

ക്ഷ൧൩-ൽ വിതിക്കുന്നതിനുള്ള കുഴിച്ചുകളയലും വീതികൂട്ടലും കഴിഞ്ഞു.

(സി) ഉവ്വ്

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): (സി) ഭാഗം മറുപടി "ഉവ്വ്" എന്നു പറഞ്ഞിട്ടുള്ള ഇവല്ലു റിപ്പോർട്ടിനെയും അടിസ്ഥാനമാക്കിയാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതെ, ചീഫ്എൻജിനിയരുടെ റിപ്പോർട്ടു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): റിപ്പോർട്ടിന്റെ തീയ്യതി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ക്ഷ്വ—ക്ഷ-ാമാണ്ടു

കുടിപ്പാർപ്പിനുള്ളവുചെയ്തു

൨൭൪. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): നെയ്യാററിങ്കര താലൂക്കിൽ കൃഷിസേചന പ്രവൃത്തികൾക്കുള്ള ചെലവിൽ ചാതി തങ്ങൾക്കു കൊടുക്കണമെന്നുള്ളതിനെപ്പററി നെയ്യാററിങ്കരയിലെ കുടിയാന്മാരുടെ ഇടയിൽ ഇപ്പോൾ വളരെ അതൃപ്തിയുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): മറുപടി നിഷേധത്തിലാണു.

തെമെനർ ഇറിഗേഷൻ പ്രവൃത്തികൾക്കു കൺട്രാക്ട്കൾ

൨൭൫. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): തെമെനർ ഇറിഗേഷൻ പ്രവൃത്തികൾക്കു നടത്താനുള്ള കൺട്രാക്ട്കൾ സ്ഥലത്തുള്ള പരസ്പരസഹായ സംഘങ്ങൾക്കു, അവർക്കു പണികൾ ഏററു നടത്താൻ ഉത്സാഹമുള്ളപക്ഷം, കൊടുക്കുന്നതു അഭിലഷണീയമായിരിക്കയില്ലയോ എന്നു ഗവണ്മെന്റു ആലോചിച്ചിട്ടുണ്ടോ എന്നു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഉവ്വ് ഡിപ്പാർട്ടുമെന്റുവക ചട്ടങ്ങൾ അനുസരിക്കുന്നിടത്തോളം ചില കൺട്രാക്ടുകൾ അങ്ങനെ കൊടുത്തിട്ടുമുണ്ട്.

രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റു

൨൭൬. മി: എ. താണുപിള്ള (തിരുവനന്തപുരം): രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ ഗുമസ്തന്മാരുടെ തസ്തികപരിഷ്കാരം നടപ്പിൽ വരുത്തിയൊ എന്നും വരുത്തിയെങ്കിൽ എന്നാണെന്നും ഗവണ്മെന്റു ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): പരിഷ്കാരപദ്ധതി തയ്യാറാക്കിവരുന്നു.

തിരുവനന്തപുരം ഡിവിഷനിലെ ചന്തകൾ

൨൭൭. മി: എ. താണുപിള്ള (തിരുവനന്തപുരം): താഴെപറയുന്നസംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) തിരുവനന്തപുരം ഡിവിഷനിലെ പൊതുചന്തകളുടെ പേരുകൾ

(ബി) ക്ഷ൧൭-ൽ അവിടെ ചുങ്കം പിരിക്കാനുള്ള അവകാശത്തിനു കൊടുത്ത സംഖ്യകൾ

(സി) ക്ഷ൧൭ൽ ഓരോ ചന്തയും നന്നാക്കാൻ അനുവദിച്ച സംഖ്യ

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ആവശ്യപ്പെട്ടവിവരം കാണിക്കുന്ന ഒരു പട്ടിക *മേശപ്പുറത്തു വെച്ചിരിക്കുന്നു.

---

*അനുബന്ധം ൯ നോക്കുക.

രജിസ്റ്റർ ചെയ്യാൻ ആധാരസ്വീകരണം.

ചോദ്യം മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റ് ദയവായി പറയുമോ?

(എ) ഓരോ ദിവസവും രജിസ്റ്റർ ചെയ്യാൻ സ്വീകരിക്കുന്ന ആധാരങ്ങളുടെ എണ്ണം ആ ദിവസം തന്നെ പകർത്തി രജിസ്റ്റർ ചെയ്യാൻ കഴിയുന്നതിൽ കൂടിപ്പോകരുതെന്നു രജിസ്ട്രേഷൻ ഡയറക്ടർ രേഖാമൂലമോ വാക്കുമൂലമോ ഉപദേശം കൊടുത്തിട്ടുണ്ടോ?

(ബി) ഉച്ചതിരിഞ്ഞു മൂന്നുമണിക്കുമുമ്പായി ഹാജരാക്കുന്ന ആധാരങ്ങളെല്ലാം സ്വീകരിക്കണമെന്നുള്ള ഗവണ്മെന്റുത്തരവു ഇപ്പോഴും ബലത്തിലിരിക്കുന്നുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): (എ). മറുപടി നിഷേധത്തിലാണ്.

(ബി) ഉവ്വ്—

അവകാശപ്പെടാത്ത രജിസ്ട്രാധാരങ്ങൾ

ചോദ്യം. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) തിരുവനന്തപുരത്തെ രണ്ടു സബ്‌രജിസ്ട്രാഫിസുകളിൽ ൧൯൩൯ കർക്കടകമാസത്തിന്റെ അവസാനദിവസം ഉടസ്ഥന്മാർ അവകാശപ്പെടാതെ കിടന്ന ആധാരങ്ങളുടെ എണ്ണം;

(ബി) തിരുവനന്തപുരത്തെ രണ്ടു സബ്‌രജിസ്ട്രാഫിസുകളിൽ ൧൯൩൮, ൧൯൩൭, ൧൯൩൬ എന്നീ കൊല്ലങ്ങളുടെ അവസാനദിവസത്തിൽ ഉടമസ്ഥന്മാർ അവകാശപ്പെടാതെ കിടന്ന രജിസ്ട്രാധാരങ്ങളുടെ എണ്ണം;

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): (എ) സൻ൧

(ബി) യഥാക്രമം ൧. ൨൩൦, സൻ൧

തിരുവല്ലായിൽ ഒരു മജിസ്ട്രേട്ടുകോടതിയുടെ ആവശ്യം

ചോദ്യം. മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): തിരുവല്ലായിൽ ഒരു മജിസ്ട്രേട്ടുകോടതി അടിയന്തിരാവശ്യമാണെന്നു ബഹുജനങ്ങളുടെഹർജികൾ മൂലവും, ഡെപ്യൂട്ടേഷൻ മൂലവും, ശ്രീമൂലം പ്രജാസഭയിലെ നിവേദനങ്ങൾ മൂലവും ഗവണ്മെന്റു ഗ്രഹിച്ചിട്ടുണ്ടോഎന്നു ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഒരു മജിസ്ട്രേട്ടുകോടതിസ്ഥാപിക്കുന്ന കാര്യം ഹർജികളും ഡെപ്യൂട്ടേഷനും ശ്രീമൂലം പ്രജാസഭയിലെ നിവേദനങ്ങളും മൂലം ഗവണ്മെൻറിന്റെ ശ്രദ്ധയ്ക്കു വിഷയമായിട്ടുള്ളതാണ്. ആ വിഷയം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

കായങ്കുളം തിരുവല്ലാറോഡ്

ചോദ്യം. മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): (എ) ചെന്നിത്തലയും മാന്നാറിലും കൂടിയുള്ള കായങ്കുളം തിരുവല്ലാ റോഡ് കല്ലിട്ടുറപ്പിക്കുന്നതിനെപ്പററി വല്ല നിവേദനവും ഉണ്ടായിട്ടുണ്ടോ എന്നു ഗവണ്മെന്റു ദയവായി പറയുമോ?

(ബി) ചെന്നിത്തലയിനിന്നു മാന്നാറിലെക്കുള്ള അല്പഭാഗം (ഉദ്ദേശം ൪ നാഴികയ്ക്കകം) മാത്രമേ കല്ലിട്ടുറപ്പിക്കാതെ കിടപ്പുള്ളു എന്നുഗവണ്മെൻറിന്നറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): തട്ടാരമ്പലം മുതൽ മാന്നാറു വരെയുള്ള റോഡുകല്ലിട്ടുറപ്പിക്കണമെന്നു ശ്രീമൂലം പ്രജാസഭയിൽ നിവേദനം ഉണ്ടായിട്ടുണ്ടു.

(ബി) ഉവ്വ്

റൊസ്സ്യ ലേലങ്ങൾ.

ചോദ്യം. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) കരം പിരിവുറെഗുലേഷൻ സ്വഭാവം വകുപ്പുപ്രകാരം അഗസ്തീശ്വരം, തോവാള, കല്ക്കുളം എന്നീ താലൂക്കുകളിൽ ൧൯൩൪ാമാണ്ടു നടത്തിട്ടുള്ള റൊസ്സ്യലേലങ്ങളുടെഎണ്ണം.

(ബി) സ്ഥിരപ്പെടുത്തിയലേലങ്ങളുടെ എണ്ണം

(സി) സ്ഥിരപ്പെടുത്താത്ത ലേലങ്ങളുടെ എണ്ണം

(ഡി) സമയം കഴിഞ്ഞു സ്ഥിരപ്പെടുത്തും മുമ്പേ കൃഷിക്കാർക്കു ഉത്തരവു അയച്ചുവോ

(ഇ) കെട്ടിവെച്ച ഡിസ്കൗണ്ടു സംഖ്യ

(എഫ്) കൊടുത്തസംഖ്യ

(ജി) ഗവണ്മെൻറിലേക്കു മുതൽ കൂട്ടിയസംഖ്യയും അതിനു കാരണവും

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): എ മുതൽ ജി വരെ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക*മേശപ്പുറത്തു വെച്ചിരിക്കുന്നു

ചെങ്കോട്ടയിൽ അധഃകൃതരുടെ തെരുവുകൾ

ചോദ്യം. മി: കെ. മാധവൻ (ഗവണ്മെന്റു നിയമനം): ചെങ്കോട്ട മുനിസിപ്പാലിറ്റിയിൽ അധഃകൃതവർഗ്ഗക്കാർ പാർക്കുന്ന തെരുവുകൾ എങ്ങനെ നന്നാക്കിട്ടുണ്ടെന്നു ഗവണ്മെൻറുദയവായി പറയുമോ?

മി: കെ. ജാർജ് (ഗവണ്മെൻറുചീഫ് സെക്രട്ടറി): അധഃകൃതവർഗ്ഗക്കാർ പാർക്കുന്ന തെരുവുകൾ നല്ല വണ്ണം സംരക്ഷിച്ചു വരുന്നു എന്നും ഇപ്പോൾ നന്നാക്കാനൊന്നുമില്ലെന്നും ചെങ്കോട്ട മുനിസിപ്പാൽസഭാപ്രെസിഡൻറു റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഒരു ന്യൂനതയുള്ളതു വിളക്കുകളുടെ കുറവാണെന്നും അതു പരിഹരിക്കാൻ വഴിഎടുത്തിട്ടുണ്ടെന്നും കൂടെ അദ്ദേഹം പറഞ്ഞിട്ടുണ്ടു.

---

* അനുബന്ധം ൧ ൦ നോക്കുക

കുളക്കടയാറുമുഖമുള്ള നഷ്ടം.

൨൯. മി: രേവതിനാഥം രാജവർമ്മരാജാ (ഇടവക): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ്റ് ദയവായി പറയുമോ?

(എ) കുളക്കടയാറിൻെറ കരയിടിഞ്ഞുണ്ടാകുന്ന വലിയ നഷ്ടത്തെ ചൂണ്ടിക്കാണിച്ചും അങ്ങനെ ഇടിഞ്ഞുപോകാതിരിക്കാൻ വേണ്ടുന്നവഴി ഉടൻ ഏർപ്പെടുത്തണമെന്നു അപേക്ഷിച്ചും മാവേലിക്കരയിലെ കടവിന്നു പടിഞ്ഞാറുവശത്തുള്ള നിലങ്ങളുടെ ഉടമസ്ഥന്മാർ സമർപ്പിച്ചഹർജി ഗവണ്മെൻറിന്നു കിട്ടീട്ടുണ്ടോ?

(ബി) അക്കാര്യത്തിൽ എന്തുനടപടി നടത്തി?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്റ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) ഹരജി ചീഫ് എൻജിനീയർ അയച്ചുകൊടുക്കയും അദ്ദേഹത്തിൻെറ റിപ്പോർട്ട് കിട്ടുകയും ചെയ്തിട്ടുണ്ട്. കാര്യം ഇപ്പോൾ ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

അട്ടർറോഡ് ചുങ്കം കണ്ട്രാക്ടർ.

൨൦൧. മി: രേവതിനാഥം രാജവർമ്മരാജാ (ഇടവക): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) പന്തളം വഴി കായംകുളത്തിന്നു തിരിച്ചു പോകുന്ന വണ്ടികൾക്കും അവ. അട്ടർ ചുങ്കം കടന്നു പോകുന്നില്ലെങ്കിലും, ചുങ്കം കൺട്രാക്ടർ ചുങ്കം ചുമത്തി വസൂലാക്കുന്നതു അനുവാദത്തോടു കൂടെയാണോ?

(ബി) (എ) ഭാഗത്തിൻെറ മറുപടി ഉവ്വ് എന്നാണെങ്കിൽ ആ അനുവാദം ഗസററിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ടോ ഉണ്ടെങ്കിൽ ആ ഗസ്റ്റിൻെറ തിയ്യതിയും പുറവും;

മി: ടി. പി. രാമസുബ്ബയ്യർ(ഗവണ്മെൻറ് സെക്രട്ടറി). (എ) അതെ.

(ബി) ഉണ്ട് ൧൯൨൫ ജൂലായി നാലാംനു-ക്ക ൧൧൦൫ മിഥുനം ൨൦-ാംനു-ള്ള ഗവണ്മെൻറ് ഗസ്റ്റിൻെറ മരാമത്തു ഷീററു ൨൯൨൫-ാം പുറം നോക്കുക. അതിൻെറ മുമ്പും പിമ്പുമുള്ള ഗസ്റ്റുകളും നോക്കുക.

കൃഷ്ണപുരത്തു നിന്നു പുതുപ്പള്ളിക്കുള്ള റോഡ്.

൨൦൨. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) കൃഷ്ണപുരത്തുനിന്നു കായംകുളം കായലിൻെറ തീരത്തുള്ള പുതുപ്പള്ളിക്കു ഒരു വണ്ടിപ്പാത ഇല്ലാത്തതിനാൽ തങ്ങൾക്കുള്ള പ്രയാസങ്ങളേയും നഷ്ടങ്ങളേയും വിവരിച്ചു കരുനാഗപ്പള്ളിത്താലൂക്കിലെ പുതുപ്പള്ളിയിലും അടുത്തപകുതികളിലും അടുത്തതാലൂക്കുകളിലും ഉള്ള ജനങ്ങൾ ഈയിടെ ബോധിപ്പിച്ച ഹർജിക്കാര്യത്തിൽ ഗവണ്മെൻറ് എന്തു നടപടി നടത്തി?

(ബി) ൮. ഇപ്പോഴത്തെക്കാൾ കുറഞ്ഞ ചിലവുകൊണ്ടു വളം, ധാന്യം മുതലായവ കൊണ്ടുപോകാൻ ഈ റോഡ് സഹായിക്കുന്നതാകകൊണ്ടു പല പകുതികളിലെയും ജനങ്ങളുടെ സാമ്പത്തികസ്ഥിതി നന്നാകുമെന്നും;

(സി) ഇപ്പോൾ (൧-൮-൧൯൨൫) ചകരി ചീക്കുകയും കയറുപിരിക്കുകയും പ്രധാനവ്യവസായങ്ങളായ കായംകുളം കായലിൻെറ തീരങ്ങളിലേക്കെത്തുന്ന ഒരാററ വണ്ടിപ്പാതയെങ്കിലും ഇല്ലെന്നും ഗവണ്മെൻറിന്നു അറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) റോഡിൻെറ ആവശ്യത്തെപ്പററിയും റോഡിനാവശ്യമുള്ള സ്ഥലം പ്രതിഫലം കൂടാതെ വിട്ടുകിട്ടുമോ എന്നും അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനായി ഹരജി ലാൻഡ്വറവന്യൂവും ആദായനികുതിയും കമ്മീഷണക്കു അയച്ചുകൊടുത്തു.

(ബി) (എ) അങ്ങിനെയാകാം. എന്നാൽ ഈ റോഡിനെപ്പററി സ്ഥലനിവാസികൾക്കു വലിയ മോഹമില്ലെന്നും പ്രതിഫലം കൂടാതെ വേണ്ടുന്ന സ്ഥലം വിട്ടുകൊടുക്കാൻ അവർ ഒരുക്കമില്ലെന്നും അന്വേഷണത്തിൽ ഗവണ്മെൻറിയുന്നു. താമസിയാതെ സ്ഥാപിക്കാൻപോകുന്ന റോഡും തോട്ടം ബോർഡിൻെറ മുമ്പാകെ ജനങ്ങൾക്കു അവരുടെ ആവശ്യം ബോധിപ്പിക്കാവുന്നതാണ്.

(സി) മരുതുകുളങ്ങരനിന്നു കരുനാഗപ്പള്ളിക്കു ഒരു റോഡുണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. മേററൊരു റോഡ് ആലപ്പീടികയിൽ നിന്നു ഓച്ചിറയ്ക്കു ഉണ്ടാക്കിവരുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): (എ) ഭാഗം ചോദ്യത്തിൻെറ മറുപടിയെ സംബന്ധിച്ചു ജനങ്ങൾക്കു ഭൂമി പ്രതിഫലം കൂടാതെ കൊടുക്കാൻ മനസ്സാണെങ്കിൽ ഗവണ്മെൻറ് റോഡ് വെട്ടിക്കുമോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതിനെപ്പററി അപ്പോൾ ആലോചിക്കും.

പുതിയകാവു-കരാട്ടിയൂർ റോഡ്.

൨൦൩. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ടി വിഷയത്തെ സംബന്ധിച്ചു ശ്രീമൂലം പ്രജാസഭയിൽ വല്ല നിവേദനവും ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര പ്രാവശ്യം എന്നു ഗവൺമെണ്ടു് ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടു സെക്രട്ടറി): ഉണ്ട്. ശ്രീമൂലം പ്രജാസഭയുടെ ഒന്നിലധികം യോഗത്തിൽ,

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ശ്രീമൂലം പ്രജാസഭയിൽ വീണ്ടും വീണ്ടും നിവേദനം ഉണ്ടായിട്ടും അതിനെപ്പററി ആലോചിക്കാത്തതു എന്തുകൊണ്ടാണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

കല്ലുകടവാററിൽ പാലം.

നം ക. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) കല്ലുകടവാററിൽ കരുനാഗപ്പള്ളി ശാസ്താംകോട്ട റോഡിൽ ഒരു പാലം പണിയിക്കാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

(ബി) ഈ വിഷയത്തെപ്പററി ശ്രീമൂലം പ്രജാസഭയിൽ വല്ലപ്പോഴും നിവേദനം ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്രപ്രാവശ്യം നിവേദനം ചെയ്തിട്ടുണ്ട്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) ഇപ്പോഴില്ല.

(ബി) ഉവ്വ്. ശ്രീമൂലം പ്രജാസഭയുടെ നിലവിലുള്ള യോഗത്തിൽ.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ചോദ്യത്തിന്റെ (എ) ഭാഗം മറുപടിസംബന്ധിച്ച് പാലം പണിയണമെന്ന് ഗവണ്മെൻറിന് ഇപ്പോൾ ആലോചനയില്ലാത്തതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): സംഗതി ഇപ്പോൾ ചീഫ് എഞ്ചിനീയരുമായി എഴുത്തുകുത്തിൽ ഇരിക്കുന്നു. പാലം ഒരു അപ്രധാന റോഡിലാണ്. അതു പണിയാൻ കാലതാമസം ഉണ്ടാകും.

എറപ്പുകൽ പാലത്തിൽ അണ.

നം ഗ. മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കോതമങ്ങലം തട്ടയാട്ടുറോഡിൽ എറപ്പുകൽ പാലത്തിങ്കൽ തേട്ടിൽ, ജനങ്ങളുടെ കൃഷിസൌകര്യത്തിനുവേണ്ടി ഒരു അണ കെട്ടുന്നകാര്യം ഗവണ്മെൻറ് ആലോചിക്കുമോ എന്നു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): കാര്യം ആലോചിക്കാം.

ഉഴവൂർ നിന്നു മാരങ്ങാട്ടുപള്ളിലേക്കുള്ള റോഡ്.

നം ങ. മി. എ. സി. കുര്യാക്കോസ് (മീനച്ചിലും മേവികുളവും): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) ഉഴവൂർ നിന്നു പാലായിക്കു വണ്ടിവഴിയുള്ള ദൂരം ഇപ്പോൾ ഇരുപത്തു മൈലാണെന്നറിയാമോ?

(ബി) ഉഴവൂർ നിന്നുംകുറിച്ചിത്താനം വഴി മാരങ്ങാട്ടു പള്ളിലേക്കുള്ള ഗ്രാമറോഡ് അവർ ശരിയായി സംരക്ഷിക്കാത്തതിനാൽ ജനങ്ങൾക്കുള്ള അസൌകര്യത്തെപ്പററി അവർക്കറിവുണ്ടോ?

(സി) ഈ റോഡ് പൂർത്തിയാക്കിയാൽ ആ സ്ഥലത്തു നിന്നു ഏകദേശമെൽ മാത്രം ദൂരമുള്ളു. മീനച്ചൽ താലൂക്കുകച്ചേരിയിലെക്കു പോകുന്നതിനു ജനങ്ങൾക്കു വളരെ സൌകര്യമുണ്ടാകും എന്നു അവർക്കറിവാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) ഉഴവൂർനിന്നു പാലായ്ക്കു വണ്ടിവഴിയുള്ള ദൂരം ഏകദേശം ൨൫ മൈലാണെന്നു റിപ്പോർട്ടു കിട്ടീട്ടുണ്ട്.

(ബി) പ്രസ്താവത്തിലെ റോഡ് ഒരു ഗ്രാമറോഡാകയാൽ വാഹനങ്ങളുടെ ഗതാഗതത്തിനു പററിയതല്ല. അതുകൊണ്ടു കാൽ നടയായി പോകത്തക്കവണ്ണമേ നന്നാക്കിയിടാറുള്ളു.

(സി) ഉവ്വ്.

മീനച്ചൽ താലൂക്കിലെ റോഡുകൾ.

നം ൪. മി: എ. സി. കുര്യാക്കോസ് (മീനച്ചലും മേവികുളവും): മീനച്ചൽ താലൂക്കിൽ ഗവണ്മെറിന്റെ അധീനത്തിലുള്ള പല റോഡുകളും ശരിയായി സംരക്ഷിച്ചുവരുന്നില്ലെന്നു ഗവണ്മെൻറിനറിവുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): മറുപടി നിഷേധത്തിലാണ്.

നൂറുരൂപായിൽ കുറഞ്ഞ പ്രതിഫലമുള്ള ആധാരങ്ങളുടെ രജിസ്ട്രേഷൻ.

നം ൫. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): നൂറു രൂപായിൽ കുറഞ്ഞ പ്രതിഫലമുള്ളതും നാട്ടുപുസ്തകത്തിൽ രജിസ്റ്റർ ചെയ്യുന്നതുമായ ആധാരങ്ങളുടെ എണ്ണം എഴുതിക്കൊടുക്കുന്ന ആധാരങ്ങളിൽ നൂററിനു ഒന്നുവീതമുള്ളതു എന്നു ഗവണ്മെൻറിനറിവുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): മൂന്നാം പുസ്തകത്തിൽ ആധാരങ്ങൾ രജിസ്റ്റർചെയ്യുന്നതു ഇഷ്ടംപോലെയാണ്. അതുകൊണ്ടു കക്ഷികൾ തമ്മിൽ കൈമാററംചെയ്യുന്ന അങ്ങനെയുള്ള ആധാരങ്ങളുടെ എണ്ണത്തെപ്പററി ഗവണ്മെൻറിനു യാതൊരു വിവരവുമില്ല. വിവരമുള്ളതു രജിസ്റ്റർ ചെയ്യാൻ ഹാജരാക്കുന്ന ആധാരങ്ങളുടെ എണ്ണത്തെപ്പററി മാത്രമാണ്.

മൂവാററുപുഴയിലെ ഉദ്യോഗസ്ഥന്മാരുടെ ഹിൽഅലവൻസ്.

നം ൬. മി; തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): (എ) മൂവാററുപുഴയിൽ താമസിക്കുന്ന കോതമംഗലം അസിസ്റ്റൻറ് ഇഞ്ചിനീയരേ ഒഴിച്ച് മൂവാററുപുഴയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്കു "ഹിൽ അലവൻസ്" അനുവദിച്ചിട്ടുണ്ടോ എന്നു ഗവണ്മെൻറ് ദയവായി പറയുമോ?

(ബി) (എ) ഭാഗം ചോദ്യത്തിനുള്ള മറുപടി ഇല്ലെന്നാണെങ്കിൽ ഒരു പ്രത്യേക ഉദ്യോഗസ്ഥനുമാത്രം അതനുവദിക്കുന്നതിനുള്ള കാരണമെന്തു്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫൈനാൻഷ്യൽ സെക്രട്ടറി): മൂവാററുപുഴ ഹെഡ് ക്വാർട്ടേഴ്സ് ആയിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കു ഹിൽ അലവൻസ് കൊടുക്കുന്നില്ല. കോതമങ്ങലം അസിസ്റ്റൻറ് എഞ്ചിനീയരുടെ ഹെഡ്ക്വാർട്ടേഴ്സ് കോതമങ്ങലത്താണ്.

കോതമങ്ങലത്തുള്ള ഉദ്യോഗസ്ഥന്മാരുടെ ഹിൽ അലവൻസ്.

നം ൭. മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) ഗവണ്മെന്റ് ഹിൽ അലവൻസ് കൊടുക്കുന്ന സ്ഥലങ്ങളിൽ കോതമംഗലം ഉൾപ്പെടുമോ?

(ബി) (എ) ഭാഗത്തിന്റെ മറുപടി ഉവ്വ് എന്നാണെങ്കിൽ കോതമംഗലത്തുള്ള മററുദ്യോഗസ്ഥന്മാർക്കും സിൽബന്തികൾക്കും ഹിൽ അലവൻസ് അനുവദിക്കേണ്ടതല്ലയോ?

(സി) മൂവാററുപുഴ താമസിക്കുന്ന കോതമംഗലം അസിസ്റ്റന്റ് എൻജിനീയർക്കും അദ്ദേഹത്തിന്റെ ആഫീസിലെ ഗുമസ്തന്മാർക്കും മാത്രം, അങ്ങനെയുള്ള മററുദ്യോഗസ്ഥന്മാർക്കു അനുവദിക്കാതെ ഹിൽഅലവൻസ് അനുവദിക്കുന്നതിന് വല്ല പ്രത്യേക കാരണവുമുണ്ടോ?

(ഡി) ഉണ്ടെങ്കിൽ ആ കാരണമെന്തു്?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): (എ) മറുപടി നിഷേധത്തിലാണ്.

(ബി) ഈ ചോദ്യത്തിനു സംഗതിയില്ല.

(സി)-യും (ഡി)-യും കോതമംഗലം തൽക്കാലഅസിസ്റ്റന്റു എൻജിനീയർക്കും സിൽബന്തികൾക്കും മോക്കൽഅലവൻസ് കിട്ടുന്നുണ്ട്. ഈ തൽക്കാലസബ്ഡിവിഷനിലെ ജോലി പ്രധാനമായി കുന്നുകളുള്ള പ്രദേശങ്ങളിലാണു ചെയ്യാനുള്ളതു്.

സംസ്ഥാനത്തെ ചില ഉദ്യോഗസ്ഥന്മാർക്കുള്ള ഹിൽഅലവൻസ്.

നം ൧൭. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) ഏതെങ്കിലും ഉദ്യോഗസ്ഥന്റെ അധികാരാതൃത്തിയിൽ ഹിൽ അലവൻസ് അനുവദിച്ചിട്ടുള്ള പ്രദേശങ്ങളും ഉൾപ്പെട്ടിരിക്കയും എന്നാൽ തന്റെ ആഫീസും സ്ഥിരതാമസവും ഹിൽ അലവൻസ് അനുവദിച്ചിട്ടില്ലാത്ത ഒരു സ്ഥലത്തായിരിക്കയുംചെയ്താൽ അങ്ങനെയുള്ള ഉദ്യോഗസ്ഥന്നു മേല്പ്രദേശങ്ങളിൽ സഞ്ചരിക്കുമ്പോൾമാത്രം മേല്പ്രദേശത്തെ കൂടുതൽ നിരക്കിൻപ്രകാരമുള്ള സഞ്ചാരപ്പടി കൊടുക്കുന്നതിനുപകരം മാസംപ്രതി സ്ഥിരമായ ഒരു ഹിൽഅലവൻസ് സാധാരണയായി കൊടുക്കാറുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഏതു ഉദ്യോഗസ്ഥന്മാർക്കു ഏതു ആഫീസുകളിലെ ഗുമസ്തന്മാർക്കാണു അങ്ങനെ അലവൻസ് കൊടുക്കുന്നതു്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): (എ) ഒരുദ്യോഗസ്ഥനും "സാധാരണയായി" അങ്ങനെ ഹിൽ അലവൻസ് കൊടുക്കാറില്ല.

(ബി) കോതമംഗലത്തു സ്ഥാപിച്ചിട്ടുള്ള പള്ളിവാസൽ നേരിയമംഗലംറോഡ് സബ്ഡിവിഷനിലെ തല്ക്കാലഅസിസ്റ്റന്റു എൻജിനീയർക്കും സിൽബന്തികൾക്കും ഒരു പ്രത്യേകസംഗതിയായി ഹിൽ അലവൻസ് അനുവദിച്ചിട്ടുണ്ട്.

കോതമംഗലത്തു ആസ്പത്രിയിലേയും സബ് രജിസ്ട്രാർ ആഫീസിലേയും
ഉദ്യോഗസ്ഥന്മാർക്കും സിൽബന്തികൾക്കും ഹിൽഅലവൻസ്

നം ൧൮. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) കോതമംഗലം ആസ്പത്രിയിലേയും സബ്രജിസ്ട്രാഫീസിലേയും ഉദ്യോഗസ്ഥന്മാർക്കോ സിൽബന്തികൾക്കോ ഹിൽഅലവൻസ് കൊടുക്കുന്നുണ്ടോ?

(ബി) അവരുടെ അധികാരാതൃത്തിയിൽ ഹിൽഅലവൻസുള്ള പ്രദേശങ്ങളും ഉൾപ്പെട്ടിട്ടില്ലയോ?

(സി) ഇപ്പോൾ ഹിൽഅലവൻസ് അനുവദിച്ചിട്ടുള്ള സിൽബന്തികൾ ഉള്ള അസിസ്റ്റന്റു എൻജിനീയരുടെ ആഫീസ് മേപ്പടി സ്ഥാപനങ്ങളുടെ സമീപത്താണെന്നു ഗവണ്മെന്റിനറിവുണ്ടോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): മെമ്പർ അദ്ദേഹത്തിന്റെ നം ൧൭-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കണം.

നേരിയമംഗലം മെഡിക്കൽ ഉദ്യോഗസ്ഥന്റെ ഹിൽ അലവൻസ്.

നം ൧൯. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) ദേവികുളം പള്ളിവാസൽറോഡ് പണി സംബന്ധിച്ച ആളുകളുടെ ആവശ്യത്തിന്നായി കോതമംഗലത്തിന്നു പത്തുണ്ടു നാഴിക കിഴക്കുള്ള നേരിയമംഗലത്തു ഈയിടെ ഒരു ഡാക്ടരെ നിയമിച്ചിട്ടുണ്ടോ?

(ബി) (എ) ഭാഗത്തിന്റെ മറുപടി ഉവ്വ് എന്നാണെങ്കിൽ ആ ഡാക്ടർക്കോ അദ്ദേഹത്തിന്റെ സിൽബന്തികൾക്കോ ഹിൽ അലവൻസ് അനുവദിച്ചിട്ടുണ്ടോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): (എ) ഉവ്വ്. (ബി) ഇല്ല.

നിയമസഭയിലെ നിശ്ചയങ്ങൾ.

നം ൧൧. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ (൧൯൩൦ മുതൽ ൧൯൩൩വരെ) നിയമസഭ പാസ്സാക്കീട്ടുള്ള നിശ്ചയങ്ങൾ എത്രത്തോളം നടപ്പിൽവരുത്തീട്ടുണ്ടെന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ചോദ്യം വളരെ അവ്യക്തമാകയാൽ മറുപടി പറവാൻ സാധിക്കയില്ല.

കോതമംഗലം തടിഡിപ്പോവിൽനിന്നു കാട്ടുമരക്കച്ചോടം.

നം ൧൨. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): കോതമംഗലത്തു പുതിയതായി സ്ഥാപിച്ച തടിഡിപ്പോവിൽനിന്നു കാട്ടുമരത്തിന്റെ വില്പനകൊണ്ടു ശേഖരിക്കുന്ന ചെലവുനീക്കി ക്യൂബിക്കടിക്കു എന്തു ശരാശരി ലാഭം കിട്ടുന്നുണ്ടെന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ക്ഷുരിക്കടിക്കു പത്തണ രണ്ടു പൈവീതം ശരാശരി ലാഭം കിട്ടുന്നുണ്ട്.

ചില ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗം.

൩൧൩. മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമനം): താഴെപറയുന്ന മാന്യന്മാർ പല ഡിപ്പാർട്ടുമെൻറുകളിൽ പല ഉദ്യോഗങ്ങളിലിരുന്നിട്ടുള്ള ഒരു പട്ടിക ഗവണ്മെൻറ ദയവായി മേശപ്പുറത്തു വെക്കുമോ?

(൧) മി: പി. ഗോമതിനായകംപിള്ള ബി. എ.
(൨) ,, ആർ. വൈദ്യലിംഗംപിള്ള ബി. എ., ബി. എൽ.
(൩) ,, ആർ. കെ. കൃഷ്ണപിള്ള, റിട്ടയർഡ് ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ട്
(൪) ,, റാവുബഹദൂർ ആർ. കൃഷ്ണപിള്ള (മരിച്ചുപോയ) ദേവസ്വം കമ്മീഷണർ

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ ഫൈനാൻഷ്യൽ സെക്രട്ടറി): ഗസററഡുദ്യോഗസ്ഥന്മാരുടെ ഉദ്യോഗചരിത്രപുസ്തകം മെമ്പർ വായിച്ചുനോക്കണം, അതു കൌൺസിൽ ലൈബ്രറിയിൽ കിട്ടും.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറനിയമനം): ഇതിനെസംബന്ധിച്ചു പൊതുവായിട്ടു യാതൊരു നയവും ഗവണ്മെൻറ സ്വീകരിച്ചിട്ടില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ ഫൈനാൻഷ്യൽ സെക്രട്ടറി): ചോദ്യം ഇങ്ങനെയാണ്. "താഴെ പറയുന്ന മാന്യന്മാർ പല ഡിപ്പാർട്ടുമെൻറുകളിൽ പലഉദ്യോഗങ്ങളിലിരുന്നിട്ടുള്ള വിവരംകാണിക്കുന്ന ഒരു പട്ടിക ഗവണ്മെൻറ ദയവായി മേശപ്പുറത്തു വെക്കുമോ?

(൧) മി: പി. ഗോമതിനായകംപിള്ള ബി. എ.
(൨) ,, ആർ. വൈദ്യലിംഗംപിള്ള, ബി. എ., ബി. എൽ.
(൩) ,, ആർ. കെ. കൃഷ്ണപിള്ള, റിട്ടയർഡ് ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ട്
(൪) റാവുബഹദൂർ ആർ. കൃഷ്ണപിള്ള, (മരിച്ചുപോയ) ദേവസ്വം കമ്മീഷണർ

ഇതിൽനിന്നു ഈ ഉപചോദ്യം ഉണ്ടാകുന്നതെങ്ങിനെയെന്നു മനസ്സിലാകുന്നില്ല.

ഉദ്യോഗസ്ഥന്മാരുടെ സ്ഥാനനിർണ്ണയം.

൩൧൪. മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറനിയമനം): ഒരു ഉദ്യോഗസ്ഥനെ ഒരു ഡിപ്പാർട്ടുമെൻറിൽനിന്നു വേറൊന്നിലേക്കു മാററിയശേഷം വീണ്ടും പഴയതിലേക്കു മാററിയാൽ പഴയതിൽ അയാളുടെ സ്ഥാനംനിർണ്ണയിക്കുന്നതു സാധാരണയായി എന്തു തത്വം അനുസരിച്ചാണെന്നു ഗവണ്മെൻറ ദയവായി പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ ഫൈനാൻഷ്യൽ സെക്രട്ടറി): ഓരോ കേസിൻേറയും യോഗ്യത അനുസരിച്ചായിരിക്കും.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമനം): ഇതിനെ സംബന്ധിച്ചു പൊതുവായ ഒരു നയവും ഗവണ്മെൻറ സ്വീകരിച്ചിട്ടില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ ഫൈനാൻഷ്യൽസെക്രട്ടറി): പല സംഗതികൾ ആലോചിക്കാനുണ്ടാകും—രണ്ടു കേസുകൾ സമമായിരിക്കയില്ല. എല്ലാ കേസുകളേയും സംബന്ധിക്കുന്ന ഒരു മറുപടി പറവാൻ സാധിക്കയില്ല. ഒരു പ്രത്യേകകേസിനെപ്പററി ചോദിച്ചാൽ മറുപടി പറയാമായിരുന്നു.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറനിയമനം): സാധാരണയായിട്ടു എന്തെങ്കിലും നയം സ്വീകരിച്ചിട്ടുണ്ടോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ ഫൈനാൻഷ്യൽസെക്രട്ടറി): ഇതിനെപ്പററി വാദിച്ചിട്ടു പ്രയോജനമില്ല. അതൊരു സങ്കല്പിതവിഷയമാണ്.

മി. പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമനം): ഒരു ഡിപ്പാർട്ടുമെൻറിൽ നിന്ന് ഒരു ഉദ്യോഗസ്ഥനെമറെറാരു ഡിപ്പാർട്ടുമെൻറിലേക്കു മാററി വീണ്ടും പഴയ സ്ഥാനത്തേക്കു മാററുമ്പോൾ ആ ആളിൻെറ കാര്യങ്ങളെസംബന്ധിച്ചു എങ്ങിനെയാണു തീർച്ചപ്പെടുത്തേണ്ടതെന്നുള്ളതിനെപ്പററി വല്ലനയവും സ്വീകരിച്ചിട്ടുണ്ടോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ ഫൈനാൻഷ്യൽസെക്രട്ടറി), എന്തു കാര്യത്തിൽ?

മി. പി. എസ്. മഹമ്മദ് (ഗവണ്മെൻറനിയമനം): റാങ്കിനെസംബന്ധിച്ച്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറഫൈനാൻഷ്യൽ സെക്രട്ടറി): അങ്ങനെ പല കേസുകൾ ഉണ്ടായിട്ടുണ്ട്. ഓരോരാ കേസും കഴിവുള്ളേടത്തോളം പൂർണ്ണമായി ഗ്രഹിക്കാവുന്ന തത്വങ്ങളനുസരിച്ചു തീർച്ചപ്പെടുത്തി.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറനിയമനം): അപ്പോൾ പൊതുവായിട്ടു ഒരു നയവുമില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ ഫൈനാൻഷ്യൽ സെക്രട്ടറി): ആ ചോദ്യത്തിന് മറുപടി പറഞ്ഞു.

പ്രസിഡൻറ: എല്ലാ കേസുകൾക്കും സംബന്ധിക്കുന്ന വല്ല സാധാരണ തത്വവും ഉണ്ടോ എന്നറിവാനാണ് അദ്ദേഹം ചോദിക്കുന്നതു്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ ഫൈനാൻഷ്യൽ സെക്രട്ടറി): എല്ലാ കേസുകൾക്കും സംബന്ധിക്കുന്ന ഒരു സാധാരണ തത്വം ഇല്ല.

സർക്കാർ രൂപായിലും ബ്രിട്ടീഷ്രൂപായിലും ശമ്പളം.

൩൧൫. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ചില ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ബ്രിട്ടീഷ്രൂപായിലും മററുചിലരുടെ ശമ്പളം സർക്കാർ രൂപായിലും കൊടുക്കുന്നതു വല്ല ചട്ടമോ തത്വമോ ഉടമ്പടിയോ മാമൂലോ അനുസരിച്ചാണോ എന്നു ഗവണ്മെൻറ ദയവായി പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): ബ്രിട്ടീഷ് ഇൻഡ്യയിൽ നിന്നു കടം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടേയും യൂറോപ്യൻ ഉദ്യോഗസ്ഥന്മാരുടേയും ശമ്പളം ബ്രിട്ടീഷ് രൂപായിൽ കൊടുക്കുകയാണു പതിവ്.

മഹമ്മദൻ ഉദ്യോഗസ്ഥന്മാർ.

നമ്പർ ൩. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): താഴെപറയുന്ന വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

(1) നൂറും അതിലധികവും രൂപാ ശമ്പളം വാങ്ങുന്ന മഹമ്മദൻ ഉദ്യോഗസ്ഥന്മാരുടെ എണ്ണം.

(2) ഡിപ്പാർട്ടുമെന്റു മേലധികാരിമാരായ മഹമ്മദൻ ഉദ്യോഗസ്ഥന്മാരുടെ പേരുകൾ,

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): (1)-ം (2)-ം മെമ്പർ സിവിൽലിസ്റ്റ് എന്ന പുസ്തകം നോക്കണം, അതിന്റെ പ്രതി കൌൺസിൽ ലൈബ്രറിയിൽ കിട്ടും.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ സംസ്ഥാനത്തിലെ യാതൊരു ഡിപ്പാർട്ടുമെന്റിന്റെയും മേലധികാരിയായിട്ടു ഒരു മഹമ്മദീയൻ ഇല്ലെന്നു ഗവണ്മെന്റിനറിവുണ്ടോ എന്നു പറയുമോ?

പ്രസിഡൻറ്: അതൊരു വിവരം പറകയാണു, ചോദിക്കയല്ല.

ലോക്കൽ അലവൻസ്.

നമ്പർ ൪. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) വെർണാക്യുലർഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്കും വെർണാക്യുലർ ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും ലോക്കൽ അലവൻസ് കൊടുക്കുന്നുണ്ടോ?

(ബി) രണ്ടുതരം ഹെഡ്മാസ്റ്റർമാരുംതമ്മിൽ ഇക്കാര്യത്തിൽ വല്ല വ്യത്യാസവും ഉണ്ടെങ്കിൽ അതിന്നു കാരണം,

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി):

(എ) ഇംഗ്ലീഷ് ഹൈസ്കൂൾ ഗ്രേഡുവററ് അദ്ധ്യാപകന്മാരുടെ ലിസ്റ്റിൽപെട്ട വെർണാക്യുലർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ചട്ടപ്രകാരം ലോക്കൽ അലവൻസ് കൊടുക്കുന്നുണ്ട്. വെർണാക്യുലർ ട്രെയിനിങ്ങ്സ്കൂൾ ഹെഡ്മാസ്റ്റർമാർക്കു കൊടുക്കുന്നില്ല.

(ബി) ലോക്കൽ അലവൻസ് കൊടുക്കുന്നതു് അവരുടെ ജോലിയുടെ സ്വഭാവം നോക്കിയാണ്; ജോലി രണ്ടും രണ്ടുതരത്തിലാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ചോദ്യത്തിന്റെ (എ) ഭാഗത്തിന്റെ മറുപടിയെ സംബന്ധിച്ചു, വെർണാക്യുലർ ട്രെയിനിങ്ങ്സ്കൂൾ ഹെഡ്മാസ്റ്റർമാരായി ഗ്രേഡുവററുകൾ ഉണ്ടോ എന്നു പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ഉണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അവരെ വെർണാക്യുലർ ഹൈസ്കൂൾഹെഡ്മാസ്റ്റർമാരോടു സമന്മാരായി ഗണിക്കാത്തതുഎന്തുകൊണ്ടാണെന്നു പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ലോക്കൽ അലവൻസിനെ സംബന്ധിച്ചാണോ മെമ്പർ ചോദിക്കുന്നതു്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അതേ.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു് ഫൈനാൻഷ്യൽ സെക്രട്ടറി): ലോക്കൽ അലവൻസ് കൊടുക്കുന്നതിനു പലസംഗതികൾ ഉണ്ട്. ചില ഉദ്യോഗങ്ങൾക്കു ലോക്കൽഅലവൻസ് അനുവദിക്കണമെന്നും മററുചില ഉദ്യോഗങ്ങൾക്കു വേണ്ടാഎന്നും ഗവണ്മെന്റു നിശ്ചയിച്ചു. സമ ഉദ്യോഗത്തിൽരണ്ടുപേരുണ്ടെങ്കിൽ രണ്ടുപേർക്കും സമമായ അലവൻസ്സ് കിട്ടണമെന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (ബി)ഭാഗം മറുപടിയെ സംബന്ധിച്ച്, ഇരുപക്ഷക്കാരും ചെയ്യേണ്ടുന്ന ജോലിക്കു വല്ല വ്യത്യാസവും ഉണ്ടോഎന്നു പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ഉത്തരവാദിത്വത്തിന്റെ സ്വഭാവംനോക്കിയാൽ ഉണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): രണ്ടുതരം ഹെഡ്മാസ്റ്റർമാരുടേയും ജോലിയുടെഭാരം സമമല്ലയോ എന്നുപറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): ആ ചോദ്യത്തിനു മുമ്പുതന്നെ ഞാൻ മറുപടിപറഞ്ഞിട്ടുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): വെർണാക്യുലർ ട്രെയിനിംഗ്സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് വെർണാക്യുലർസ്കൂൾ ഹെഡ്മാസ്റ്റർമാരുടെപ്പോലെതന്നെ ഉത്തരവാദിത്വമില്ലയോ എന്നുപറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): അതിനുതന്നെയാണ് മറുപടിഞാൻപറഞ്ഞതു്.

തിരുവനന്തപുരത്തുള്ള പ്രൈമറിസ്കൂളുകൾ.

നമ്പർ ൫. മി: എ. താണുപിള്ള (തിരുവനന്തപുരം): തിരുവനന്തപുരംപട്ടണത്തിലുള്ള ഡിപ്പാർട്ടുമെന്റുവക പ്രൈമറിസ്കൂളുകളുടെ ആകെഎണ്ണവും ഡിപ്പാർട്ടുമെന്റുവക മിഡ്ൾപ്രൈമറിസ്കൂളുകളുടെ എണ്ണവും ഗവണ്മെന്റു ദയവായി പറയുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഡിപ്പാർട്ടുമെൻറുവക പ്രൊമറിസ്കൂളുകൾ ൧൦; ഡിപ്പാർട്ടുമെൻറുവക തമിഴ് പ്രൈമറിസ്കൂളുകൾ ഇല്ല.

നെടുമങ്ങാട് താലൂക്കിൽ മേച്ചിൽസ്ഥലങ്ങളുടെ പുതുവൽ പതിപ്പ്.

൩൮൯. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെപ്പറയുന്നസംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) നെടുമങ്ങാടുതാലൂക്കിൽ വല്ല മേച്ചിൽസ്ഥലങ്ങളും പതിച്ചുകൊടുക്കുന്നതിനു ഗവണ്മെൻറിന്റെ മുമ്പാകെ വല്ല ആലോചനകളും വന്നിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ, അതനുവദിക്കുന്നതിനുമുമ്പായി കൃഷിഡയറക്ടരുടെ അഭിപ്രായം വരുത്തുമോ?

(സി) ഈ ആലോചനകളെപ്പററി വല്ല നടപടിയും നടത്തുന്നതിനുമുമ്പായി ഒരഭിപ്രായം പറയുന്നതിനു നിയമസഭയ്ക്കു അവസരംകൊടുക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) മറുപടി നിഷേധത്തിലാണ്.

(ബി)യും (സി)യും (എ)ഭാഗം മറുപടികൊണ്ടു ഈ ചോദ്യങ്ങൾക്കു കാരണമില്ല.

സംസ്ഥാനത്തെ സിവിലും ക്രിമിനലും കോടതികളിൽ കക്ഷികൾക്കു ഇരിക്കാൻ സ്ഥലം.

൩൮൦. മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികൾ): താഴെപ്പറയുന്നസംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) ഈ സംസ്ഥാനത്തെ സിവിലും ക്രിമിനലും കോടതികളിൽ കാര്യവശാൽ പോകുന്നകക്ഷികൾക്കും സാക്ഷികൾക്കും ഇരിക്കാൻ മുറികളോ പുരകളോ ഉള്ള കോടതികളുടെ എണ്ണം.

(ബി) അങ്ങനെയുള്ള മുറികളോ പുരകളോ ഇല്ലാത്തതിനാൽ പൊതുജനങ്ങളുടെ സങ്കടങ്ങളും അസൌകര്യങ്ങളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): (എ) ൨൯ സിവിൽകോടതികൾ.

പുരകൾ ആവശ്യമുള്ള ക്രിമിനൽകോടതികളുടെ ഒരു പട്ടികയ്ക്കു ഹൈക്കോടതിയോടു ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മികൾ): (ബി) ഭാഗംചോദ്യത്തിന്റെ മറുപടിസംബന്ധിച്ച്, ശേഷംക്രിമിനൽകോടതികളിൽ സാക്ഷിപ്പുരകൾ കെട്ടാൻ ഗവണ്മെൻറ് ഉത്തരവുകൾ അയച്ചിട്ടുണ്ടോ എന്നുപറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): ചോദ്യത്തിനു മറുപടി പറഞ്ഞിട്ടുണ്ടല്ലോ. ക്രിമിനൽകോടതികളെസംബന്ധിച്ചു സാക്ഷിപ്പുരകൾ ആവശ്യമുള്ള കോടതികളുടെ ഒരു ലിസ്റ്റിന് ഹൈക്കോടതിയോടു ചോദിച്ചിട്ടുണ്ട്. ഗവണ്മെൻറ് ഉത്തരവാനും പാസ്സാക്കിട്ടില്ല.

പാലായിരപ്പാ ഈരാട്ടുപേട്ടയിലെ ഒരു തടിഡിപ്പോയുടെ ആവശ്യം.

൩൮൧. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): താഴെപ്പറയുന്നസംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) പാറമുഴ തടിഡിപ്പോയിൽ ശേഖരിച്ചിട്ടുള്ള തടികളിൽ എത്രശതമാനം മീനച്ചിൽതാലൂക്കിൽനിന്നുവെട്ടിയിട്ടുള്ളതായിരിക്കും?

(ബി) മീനച്ചിൽ താലൂക്കിൽനിന്നുതന്നെ വെട്ടിയെടുത്തിട്ടുള്ള തടികളിൽ എത്രശതമാനം പാലയ്ക്കുകിഴക്കുള്ള പ്രദേശങ്ങളിൽനിന്നു വെട്ടിയതായിരിക്കും?

(സി) ഈ താലൂക്കിലെ ജനങ്ങൾ ഗവണ്മെൻറിൽനിന്നു വളരെയധികം തടികൾ വാങ്ങുന്നുണ്ടെന്നുംപാറമുഴഡിപ്പോവിൽനിന്നു താന്താങ്ങളുടെ സ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്നതിനു അവർക്കു വളരെ നഷ്ടവും അസൌകര്യവും ഉണ്ടെന്നും ഗവണ്മെൻറിനു അറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) പാറമുഴഡിപ്പോവിൽ ശേഖരിച്ചിട്ടുള്ള തേക്കുതടികളിൽ അറുപത്തുമുതൽ ൭൦ ശതമാനംവരെ മീനച്ചിൽതാലൂക്കിൽനിന്നുതന്നെ ശേഖരിച്ചിട്ടുള്ളതാകുന്നു.

(ബി) ഏകദേശം ൩൫ മുതൽ ൪൦ ശതമാനംവരെ.

(സി) മീനച്ചിൽതാലൂക്കിൽനിന്നു ചുരുക്കമായിട്ടെ ആളുകൾ പാറമുഴ ഡിപ്പോവിൽ തടി ലേലത്തിനു വിളിക്കാൻപോകാറുള്ളു.

അധഃകൃതരിലെ സാധുവിദ്യാർത്ഥികൾക്കു ഉച്ചഭക്ഷണം.

൩൮൨. മി: കെ. മാധവൻ (ഗവണ്മെൻറ് നിയമനം): അധഃകൃതവർഗ്ഗങ്ങളിൽപ്പെട്ട സാധുവിദ്യാർത്ഥികൾക്കു ഉച്ചഭക്ഷണം കൊടുക്കണമെന്നുള്ള വിഷയം ആലോചനയ്ക്കെടുക്കാൻ ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ എന്നു ദയവായി പറയുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): വിഷയത്തെപ്പററി ഗവണ്മെൻറ് പര്യാലോചനചെയ്തു കോശസംബന്ധമായ കാരണങ്ങളാൽ അതു സാധ്യമല്ലെന്നു തീർച്ചയാക്കി.

നമ്പൂതിരിമാരും പബ്ലിക്കുസെർവീസും.

൩൮൩. മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികൾ): ൧൯൨൯-മീനം ൧൦-ന്നു അവസാനിക്കുന്ന കഴിഞ്ഞയൊരാണ്ടിൽ സംസ്ഥാനത്തിലെ പല ഡിപ്പാർട്ടുമെൻറുകളിലായി ഉദ്യോഗങ്ങൾക്കു അപേക്ഷിച്ചിട്ടുള്ളതും വേണ്ട യോഗ്യതകളുള്ള നമ്പൂതിരിമാരുടെ എണ്ണവും അവരിൽ ഉദ്യോഗങ്ങളിൽ നിയമിക്കപ്പെട്ടവരുടെ എണ്ണവും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെൻറ് ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): വിവരം ശേഖരിക്കാനുള്ള സമയവും അദ്ധ്വാനവും അതുകൊണ്ടുണ്ടാകാവുന്ന പ്രയോജനത്തിനു അനുരൂപമല്ലായ്കയാൽ ആ വിവരം വരുത്താൻ ഗവണ്മെൻറ് വിചാരിക്കുന്നില്ല.

ചുരുക്കെഴുത്ത് റിപ്പോർട്ടർമാരുടെജോലി.

നമ്പർ ൪, മി: കെ. എൻ. കേശവൻനംപൂതിരിപ്പാട് (ജന്മികൾ): ചുരുക്കെഴുത്ത് (ഇംഗ്ലീഷും മലയാളവും) റിപ്പോർട്ടർമാക്ക് നിയമസഭാസംബന്ധമായ ജോലികൾ ഇല്ലാത്തപ്പോൾ അവക്ക് വേറെ എന്തുജോലിയാണുകൊടുത്തിട്ടുള്ളതെന്നു ഗവണ്മെൻറ് ദയവായി പറയുമൊ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ചുരുക്കെഴുത്തുറിപ്പോർട്ടർമാർ സെക്രട്ടേറിയറ്റുദ്യോഗസ്ഥന്മാരാണ്. മാറാള്ള ഗുമസ്തന്മാരെപ്പോലെ അവക്കും ജോലികൾ കൊടുത്തിട്ടുണ്ട്. നിയമസഭായോഗങ്ങളിൽ ജോലിയുണ്ടാകുമ്പോൾ അവരെ ആ ജോലികളിൽനിന്നു പിരിച്ചുവിടും.

ചോദ്യങ്ങൾക്ക മറുപടിതയ്യാറാക്കാനുള്ള ചെലവ്.

നമ്പർ ൫, മി: കെ. എൻ. കേശവൻനംപൂതിരിപ്പാട് (ജന്മികൾ): നിയമസഭയിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക ഉത്തരങ്ങൾ തയ്യാറാക്കുന്നതിനു ഗവണ്മെൻറിനു വല്ല കൂടുതൽചെലവും ഉണ്ടോ എന്നു ഗവണ്മെൻറ് ദയവായി പറയുമൊ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): മറുപടിഉണ്ടെന്നാണ്.

മി: കെ. എൻ. കേശവൻനംപൂതിരിപ്പാട് (ജന്മികൾ): ഓരോസമയവും ചെലവാക്കുന്ന കൃത്യമായ സംഖ്യപറയുമൊ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ആ വിവരം കൊടുക്കാൻ സാധിക്കയില്ല.

നിയമസഭയുടെ ൧൯൫-ലെ ബഡ്ജറ്റ്യോഗത്തിൽ പാസ്സാക്കിയ ഉപക്ഷേപങ്ങൾ.

നമ്പർ ൬, മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമൊ?

(എ) ഇപ്പോഴത്തെ നിയമസഭയുടെ കഴിഞ്ഞ ബഡ്ജറ്റുയോഗത്തിൽ പാസ്സാക്കിയ ഉപക്ഷേപങ്ങളുടെ എണ്ണം.

(ബി) ആ ഉപക്ഷേപങ്ങളെ സംബന്ധിച്ചു ഗവണ്മെൻറ് വല്ല നടപടിയും നടത്തിയോ?

(സി) ബി ഭാഗത്തിനുള്ള മറുപടി നിഷേധത്തിലാണെങ്കിൽ അതിനുള്ള കാരണം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): എയും ബിയും മെമ്പർ പറയുന്നതു ഗ്രാൻറുവിട്ടുകളുവാനൊ കുറയ്ക്കാനൊ ഉള്ള ഉപക്ഷേപങ്ങളെപ്പററിയാണെന്നു വിചാരിക്കുന്നു. ൧൯൫-ലക്കുള്ള ബഡ്ജറ്റ് പാസ്സാക്കിയ ൧൯൫-ആഗസ്റ്റ് ൧൩-ാംനു-ത്തെ ൧൫൪-ാം നമ്പർ ഗവണ്മെൻറുത്തരവു മെമ്പർവായിച്ചുനോക്കണം. അതിൻെറ പ്രതികൾ (പാസ്സാക്കിയ ബഡ്ജറ്റിൻെറ പ്രതികളോടുകൂടെ) മെമ്പർമാക്ക അയച്ചുകൊടുത്തിട്ടുണ്ട്. ഗ്രാൻറുകൾ കുറയ്ക്കണമെന്ന സഭ പാസ്സാക്കിയ ഉപക്ഷേപങ്ങളെല്ലാം ഗവണ്മെൻറു സമ്മതിച്ചിട്ടുണ്ടെന്നു അതിൽനിന്നു കാണാവുന്നതാണ്.

സ്റ്റേഷൻ അധികാരനിർണ്ണയ ഉദ്യോഗസ്ഥൻ.

നമ്പർ ൭, മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമൊ?

(എ) തിരുവിതാംകൂറിലെ പോലീസ്സ്റ്റേഷനുകളുടെ അധികാരത്തുത്തികളെപ്പററി അന്വേഷണം നടത്തുന്നതിനു നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥൻെറ റിപ്പോർട്ടു ഗവണ്മെൻറിനു കിട്ടിയോ?

(ബി) ഇപ്പോഴുള്ള (൧൯-വു-൧൧൫) പോലീസ്സ്റ്റേഷനുകളിൽ ഏതെങ്കിലും എടുത്തുകളയുന്നതിനോ പുതുതായിവല്ലസ്റ്റേഷനും സ്ഥാപിക്കുന്നതിനോ ആ റിപ്പോർട്ടിൽ ശിപാർശചെയ്തിട്ടുണ്ടോ?

(സി) ബി ഭാഗത്തിൻെറ മറുപടി ഉണ്ടെന്നാണെങ്കിൽ അവ ഏതെല്ലാം.

(ഡി) റിപ്പോർട്ടിൻെറ ഒരു പകർപ്പു മേശപ്പുറത്തു വെക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): (എ) റിപ്പോർട്ടു ഗവണ്മെൻറിനു കിട്ടീട്ടില്ല. (ബി)യും (സി)യും (ഡി)യും (എ) ഭാഗത്തിൻെറ മറുപടികൊണ്ടു ഈ ചോദ്യങ്ങൾക്ക കാരണമില്ല.

പട്ടണക്കാട്ടു ഒരു പുതിയ സബ്ബ്രജിസ്ട്രാർ ആഫീസ് സ്ഥാപനകാര്യം.

നമ്പർ ൮. മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ചേർത്തലതാലൂക്കിൽ പട്ടണക്കാട്ടു എന്നസ്ഥലത്തു ഒരു പുതിയ സബ്ബ്രജിസ്ട്രാർആഫീസ് സ്ഥാപിക്കുന്നകാര്യത്തെപ്പററി രജിസ്ട്രേഷൻ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഗവണ്മെൻറു വല്ല ഉത്തരവും പാസ്സാക്കിയോ എന്നു ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): ആ കാര്യം ഗവണ്മെൻറിൻെറ പരിശോധനയിൽ ഇരിക്കുന്നു.

രജിസ്ട്രേഷൻ പ്രവേശനപരീക്ഷ.

നമ്പർ ൯. മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപ്പറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) രജിസ്ട്രേഷൻ പ്രവേശനപ്പരീക്ഷ ഇപ്പോൾ (൧൯-വു-൧൧൫) നടത്താറുണ്ടോ?

(ബി) (എ) ഭാഗത്തിൻെറ മറുപടി നിഷേധത്തിലാണെങ്കിൽ ആ പരീക്ഷ നിറുത്തീട്ടു എത്രവർഷമായി എന്നും അതിനുള്ള കാരണവും.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): (എ)യും (ബി)യും. രണ്ടുവർഷം ൧൯൫-ലും ൧൯൬-ലും മാത്രമെ ആ പരീക്ഷ നടത്തിയുള്ളു. ആയാണ്ടുകളിൽ വളരെപേർ പാസ്സായി. അവക്കെല്ലാം ഡിപ്പാർട്ടുമെൻറിൽ പ്രവേശനം കൊടുത്തുതീർന്നിട്ടില്ലാത്തതുകൊണ്ടു അതിൽ പിന്നെ പരീക്ഷ നടത്തീട്ടില്ല.

എ. എസ്. പി. യുടെ ആഫീസ്സ് കൊല്ലത്തുനിന്ന് ആലപ്പുഴയ്ക്ക് മാററുന്നകാര്യം.

നമ്പർ ൧൦. മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറുനിയമനം): താഴെപ്പറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ). പൊലീസ് അസിസ്റ്റൻറ് സൂപ്രണ്ടിൻെറആഫീസ് കൊല്ലത്തുനിന്നുആലപ്പുഴയ്ക്കു മാററുന്നതിൻെറആവശ്യകതയെപ്പററി ശ്രീമൂലംപ്രജാസഭയിൽ മെമ്പർമാർചെയ്തനിവേദനങ്ങളെപ്പററിഗവണ്മെൻറിനു അറിവുണ്ടോ?

(ബി). അതിനെസംബന്ധിച്ചു വല്ല നടപടിയുംനടത്തിയോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): (എ) ഉവ്വ്.

(ബി) ആലപ്പുഴ കൊല്ലം ഡിവിഷന്റെ ഒരററത്താണെന്നും പോലീസ് അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ആഫീസ് കൊല്ലത്തായിരിക്കുന്നതിനാൽ സബ്ഡിവിഷനിലെ സ്റ്റേഷൻസിന്റെ മേലന്വേഷണത്തിനു കസാകയ്യുകൾ ഉണ്ടെന്നും അടിയന്തിരക്കാര്യങ്ങൾ ഉണ്ടായാൽ നടപടിനടത്തുന്നതിനു ഡിവിഷൻ തലസ്ഥാനത്തു ഒരു ഉയർന്ന തരം പോലീസുദ്യോഗസ്ഥൻ ഡിസ്ട്രിക്ട്സൂപ്രണ്ടോ അസിസ്റ്റന്റ്സൂപ്രണ്ടോ സാധാരണയായി ഉണ്ടായിരിക്കുന്നതാണെന്നും ശ്രീമൂലം പ്രജാസഭയുടെ ഇരുപത്തിനാലാം യോഗത്തിൽ അംഗമായിരുന്ന മി: കെ. എ. പിച്ചബാവാസാഹിബിനെ അറിയിച്ചിട്ടുണ്ട്.

കുത്തകട്ടം ഭരണം.

നമ്പ. മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): സ്റ്റാമ്പുകളുണ്ടാക്കുന്ന ആഫീസിന്റെ ഭരണത്തിൽ ഇപ്പോൾ (൧൯൨൭ ൧ ൮) അക്കൌണ്ടാഫീസക്ക് വല്ലകൈകാര്യവും ഉണ്ടോഎന്നും ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം എന്താണെന്നും ഗവണ്മെന്റ് ദയവായി പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെഫനാൻഷ്യൽ സെക്രട്ടറി): സ്റ്റാമ്പ് റഗുലേഷൻ ൧ വ്യ. ൧ൻ. വകുപ്പുകൾപ്രകാരം ൧ൻ ൦ ൪ ൪ലായി ൫ ൦ -ാംനു- പ്രസിദ്ധപ്പെടുത്തിട്ടുള്ള ചട്ടങ്ങളിൽ ഒന്നുമുതൽ മൂന്നുവരെ ചട്ടങ്ങൾ നമ്പർ നോക്കണം. അതിന്റെ ഒരു പ്രതി നിയമസഭാ ലൈബ്രറിയിൽ കിട്ടുന്നതാണ്.

വ്യവഹാരങ്ങളുടെ താമസവും-കോടതികളുടെ അധികാരത്തിനിർണ്ണയവും.

നമ്പ. മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റ് ദയവായി പറയുമോ?

(എ) വ്യവഹാരങ്ങളിലുണ്ടാകുന്ന താമസത്തെപ്പററിയും കോടതികളുടെ അധികാരാധിക്യത്തെ പരിശോധിച്ചു ക്രമീകരിക്കുന്നതിനെപ്പററിയും അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനു വല്ല ആളെയും നിയമിക്കാൻ ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ?

ബി (എ). ഭാഗത്തിന്റെ മറുപടി ഉവ്വ് എന്നാണെങ്കിൽ ആ നിയമനത്തെപ്പററിയും അന്വേഷണത്തെപ്പററിയും ഉള്ള വ്യവസ്ഥകൾ എന്തെല്ലാം?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ്സെക്രട്ടറി): (എ) വ്യവഹാരങ്ങളിലെ താമസത്തെപ്പററിഅന്വേഷണംനടത്തുന്നതിനും അതുസംബന്ധിച്ചു ഈ സംസ്ഥാനത്തിലെ സിവിൽകോടതികളുടെ അധികാരാധിക്യത്തിനു ഭേദപ്പെടുത്തണമൊ എന്നാലോചിക്കുന്നതിനും ഹൈക്കോടതിയിലെ ഒരു ജഡ്ജിയെ നിയമിക്കണമെന്നു ഹൈക്കോടതിയിൽ നിന്നു ഒരു ശിപാർശ കിട്ടീട്ടുണ്ട്. അതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു.

(ബി). (എ) ഭാഗത്തിന്റെ മറുപടികൊണ്ടും ഈ ചോദ്യത്തിനുകാരണമില്ല.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ചോദ്യത്തിന്റെ (എ) ഭാഗത്തിന്റെ മറുപടിയെസംബന്ധിച്ച്. ഹൈക്കോടതിയുടെ ശിപാർശ ഗവണ്മെന്റിൽ കിട്ടിയതു ഏതു തീയ്യതിയാണെന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): തീയ്യതി തിട്ടപ്പെടുത്തുവാൻ സാധിക്കയില്ല. എട്ടൊമ്പതുമാസം മുമ്പായിരിക്കാം.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): നിയമിക്കേണ്ടുന്നസ്ഥാപനം എങ്ങനെ വേണമെന്നെങ്കിലും ഗവണ്മെന്റ് ആലോചിച്ചുവോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): റിപ്പോർട്ടു ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

വ്യവഹാരങ്ങളിലുള്ള താമസം.

നമ്പ. മി: എ. താണുപിള്ള (തിരുവനന്തപുരം): വ്യവഹാരങ്ങളിലുള്ള താമസം കുറയ്ക്കുന്നതിനു ഗവണ്മെന്റിനു വല്ല മാർഗ്ഗവും ആലോചനയിൽ ഉണ്ടോ, ഉണ്ടെങ്കിൽ എന്തു എന്നു ഗവണ്മെന്റ് ദയവായിപറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): മിസ്റ്റർ ദാമോദരൻആശാന്റെ നമ്പ. ൨൦ നമ്പർ ചോദ്യം (ഏ) ഭാഗത്തിന്റെ മറുപടി മെമ്പർ വായിച്ചുനോക്കണം.

കോടതികളുടെ സ്ഥലാധികാരാധിക്യത്തി ഭേദപ്പെടുത്തുന്നകാര്യം.

നമ്പ. മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): നിയമസഭയുടെ കഴിഞ്ഞ ബഡ്ജററുയോഗത്തിൽ ഞാൻ അവതരിപ്പിച്ച ഒരു ഉപക്ഷേപത്തിനു മറുപടിയായി ലാമെമ്പർസിവിൽകോടതികളുടെ സ്ഥലാധികാരാധിക്യത്തി ഭേദപ്പെടുത്തുന്നതിനു ഒരു പദ്ധതി ഹൈക്കോടതിയുടെ ആലോചനയിൽ ഇരിക്കുന്നു എന്നുപറഞ്ഞതിനുസംബന്ധിച്ചു താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെന്റ് ദയവായി പറയുമോ?

(എ) ഹൈക്കോടതിയുടെ ആലോചനയിൽ ഇരിക്കുന്ന പദ്ധതി എത്രത്തോളം പൂർത്തിയായിട്ടുണ്ട്?

(ബി) വല്ല പദ്ധതിയും ഹൈക്കോടതി ഗവണ്മെന്റിലേക്കു സമർപ്പിച്ചിട്ടുണ്ടോ?

(സി) (ബി) ഭാഗത്തിന്റെ മറുപടി ഉവ്വ് എന്നാണെങ്കിൽ അതിനെസംബന്ധിച്ചു ഗവണ്മെന്റ് എടുത്തിട്ടുള്ള നടപടി എന്തു്?

(ഡി) അവർ ഒരു പദ്ധതി തയ്യാറാക്കീട്ടില്ലെങ്കിൽ, ഒരു പദ്ധതി വരുത്തി അതിന്മേൽ നടപടി നടത്തുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): (എ, ബി, സി) വ്യവഹാരത്തിലുള്ള താമസങ്ങളെപ്പററി അന്വേഷിക്കുന്നതിനും അതിനുസംബന്ധിച്ചു ഈ സംസ്ഥാനത്തെ സിവിൽകോടതികളുടെ അധികാരാധിക്യത്തിയെ ഭേദപ്പെടുത്തുന്ന കാര്യത്തെപ്പററി ആലോചിക്കുന്നതിനും ഒരു ഹൈക്കോടതിജഡ്ജിയെ നിയമിച്ചയയ്ക്കണമെന്നു ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്, ഇങ്ങനെ നിയമിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

(ഡി) എ, ബി, സി ഭാഗങ്ങളുടെ മറുപടിനിമിത്തം ഈ ചോദ്യത്തിനു കാരണമില്ല.

തിരുവനന്തപുരം മുനിസിപ്പൽ സഭയുടെ പ്രവൃത്തി.

൩൩൭. മി: രേവതിനാഥ രാമവർമ്മരാജാ (ഇടവക): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) തിരുവനന്തപുരം മുനിസിപ്പൽസഭയുടെ കണക്കുകൾ ൧൯൨൦-ൽ പരിശോധിച്ചുവോ?

(ബി) (എ) ഭാഗം ചോദ്യത്തിന്റെ മറുപടി ഉവ്വെന്നാണെങ്കിൽ ഉൾനാട്ടു മുനിസിപ്പൽസഭകളുടെ കാര്യത്തിലെപ്പോലെ അതിന്റെ നടപടിയെപ്പററി അക്കൌണ്ടാഫീസർ ഒരു റിപ്പോർട്ടു പ്രസിദ്ധപ്പെടുത്താത്തതു് എന്തുകൊണ്ടു്?

(സി) പൊതുജനത്തിന്റെ അറിവിന്നായി അതിന്റെ പ്രവൃത്തിയെപ്പററി അങ്ങനെയൊരു റിപ്പോർട്ടു പ്രസിദ്ധപ്പെടുത്താൻ ആ ഉദ്യോഗസ്ഥനോടു ഗവണ്മെൻറ് ആജ്ഞാപിക്കുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) മറുപടി ഉവ്വെന്നാണ്.

(ബി)-യും (സി) യും ഒരു പ്രത്യേകറിപ്പോർട്ടു താമസിയാതെ പ്രസിദ്ധംചെയ്യും.

അനുബന്ധം ൧.

൨൯൭-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൯൨൦-ാമാണ്ടവസാനത്തിൽ തീർപ്പുകൽപ്പിക്കുകയുണ്ടായിരിയിൽ തീർച്ചയാകാതെ കിടന്ന പുതുവലും പുറമ്പോക്കും കേസുകളുടെ പട്ടിക.

കേസുകളുടെ തരം	ബാക്കികിടന്ന കേസുകളുടെ എണ്ണം	ഏതു ആണ്ടത്തേതു എന്നു്	തീർച്ചയാകാതെ കിടക്കുന്നതിനു കാരണം
പുതുവൽ	൩൪	൧൯൨൦	൧൯൩ കേസിൽ പകുതികളിൽ മഹസർ തയ്യാറാക്കാൻ ബാക്കിയാണ്. ൧൪ കേസുകളിൽ ൧൦-ാംചട്ടപ്രകാരം നോട്ടീസുകൊടുത്തിട്ടു ൩൦ ദിവസം കഴിഞ്ഞിട്ടില്ല. ൨൪ കേസിൽ തറവില കെട്ടിവയ്ക്കാൻ കക്ഷിക്കു നോട്ടീസുകൊടുത്തു. ൪ കേസിൽ പരസ്യങ്ങൾ ഗസററിൽ പ്രസിദ്ധപ്പെടുത്താൻ ഗവണ്മെൻറച്ചുരുട്ടത്തിലേക്കയച്ചു. ൨ കേസുകൾ ഉത്തരവിന്നായി ഡിവിഷനിലേക്കു റിപ്പോർട്ടയച്ചു. (മേല്പടി ൩൪ കേസുകളിൽ ൪൪ കേസുകൾ ൧൯൪൧-ൽ തീർച്ചചെയ്തു)
പുറമ്പോക്ക്	൪൩	൧൯൨൦	൧൯ കേസുകൾ ഉത്തരവിന്നായി ഡിവിഷനിലേക്കു റിപ്പോർട്ടാക്കി. ൨൩ കേസുകൾ താലൂക്കിൽ അന്വേഷണത്തിലിരുന്നു. ൧൯ കേസിൽ സ്കെച്ചും മഹസറും തയ്യാറാക്കാൻ പകുതികളിലേക്കയച്ചു. ഒരു കേസു പൊതുമരാമത്തിൽ ബാക്കിയായിരുന്നു. (ഈ ൪൩ കേസുകളിൽ ൪൭ എണ്ണം ൧൯൪൧-ൽ തീർച്ചചെയ്തു)

അനുബന്ധം ൨.

൨൯൩-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക

ദക്ഷിണതിരുവിതാംകൂറിലെ സബ്രജിസ്ട്രാരാഫീസുകളിൽ ൧൯൩-ാമാണ്ടു രജിസ്റ്റർചെയ്ത നൂറും അതിലധികവും രൂപാ പ്രതിഫലമുള്ളതും നൂററിൽ കുറച്ചുരൂപാ പ്രതിഫലമുള്ളതുമായ ആധാരങ്ങളുടെ എണ്ണം കാണിക്കുന്ന പട്ടിക.

ആഫീസിന്റെ പേരു	നൂറോ അധികമോ രൂപാ പ്രതിഫലമുള്ള ആധാരങ്ങൾ	നൂറുരൂപായിൽ താഴെ പ്രതിഫലമുള്ള ആധാരങ്ങൾ
തോവാള	൨൩൩൯	൩൪൯
അഗസ്തീശ്വരം	൨൯൭൧	൪൭൧
ടി അഡീഷണൽ	൨൪൩൩	൧൦൨൦
നാഗരുകോവിൽ	൪൦൧൧	൯൭൯
ആമൂർ	൨൩൩൪	൯൭൭
ഇരണിയൽ	൩൦൩൩	൧൪൪൪
കുളച്ചൽ	൨൭൭൪	൧൭൭൦
കുഴിത്തുറ	൩൩൩൩	൧൩൩൧
ടി അഡീഷണൽ	൩൩൩൩	൧൩൩൧
തിരുവട്ടാർ	൨൦൪൪	൧൭൭൯
മുഞ്ചിറ	൨൭൭൭	൧൭൩൩
വിളവങ്കോടു	൩൦൩൩	൨൭൩൪
ആകെ	൩൪,൪൯൩	൧൭,൩൭൦

അനുബന്ധം ന

വനുര-ാംനമ്പർ ചോല്ത്തിന്റെ മറുപടിനോക്കുക

ക്ക ാനു-ുമാണ്ടും ക്ക ാര-ാമാണ്ടും ആല്ത്തെ ആറുമാസങ്ങളിൽ

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ മാസംപ്രതിയുള്ളവരവുകാണിക്കുന്ന പട്ടിക

നമ്പർ	മാസം	വരവു						ക്ക ാനു-ലും ക്ക ാര-ലും വരവിലുള്ളവ്യത്യാസം					
		ക്ക ാനു			ക്ക ാര			കൂടുതൽ			കുറവു		
		രൂപ	ച.	ക.	രൂപ	ച.	ക.	രൂപ	ച.	ക.	രൂപ	ച.	ക.
ക	ചിങ്ങം	൪ക,വ്ക൩	൦	വ	൪ന്ന൪ ൭ ൭	വ൪	വ	൦	൦	൦	൪൩,ന൪	ന	൦
വ	കന്നി	ന്ന൯,൦ ൦ ൪	ന	ക	൭വ,ന൭ ൪	൯	ക്ക വ	൯,ന്നന്ന൯	ന	ക്ക ക	൦	൦	൦
ന	തുലാം	വ്ന വ,വ ൪ ൪	വ ൪	വ	൭ വ, ൪ ൪ ൪	൦	വ	൦	൦	൦	൯,ന്ന൯ ൦	വ ൪	൦
ര	വൃശ്ചികം	വ്ന ,ര വ വ	ക്ക ൯	വ	൭ന്ന,ന ക്ക ര	ക്ക ൯	൦	൦	൦	൦	ര,ക്ക ൦ വ	൦	വ
●	ധനു	൪ ര,ക്ക വ ൭	ക്ക ൪	൦	ന്നവ, ൦ ൦ ന	ര	൦	൭,വ ൭ ൪	ക്ക ൭	൦	൦	൦	൦
ന്ന	മകരം	൭ന്ന,൯വ ൭	ക്ക ൦	൦	൭ ക്ക,൭ന്ന വ	വ ക്ക	൦	൦	൦	൦	൪,ക്കന്ന ര	ക്ക ൭	൦

അനുബന്ധം ൪ എ.

൨൯൫൭-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൯൦൧, ൧൯൦൨, ൧൯൦൩ എന്നീ ആണ്ടുകളിൽ മുൻസിപ്പുകോടതികളിൽ ഹയർചെയ്ത ജന്മിവ്യവഹാരങ്ങളുടെ എണ്ണം കാണിക്കുന്ന പട്ടിക.

കോടതിയുടെ പേര്	വ്യവഹാരങ്ങളുടെ എണ്ണം		
	൧൯൦൧	൧൯൦൨.	൧൯൦൩
നാഗരുകോവിൽ പ്രിൻസിപ്പൽ	൨. ൪	,,	,,
ടി അഡിഷണൽ	,,	,,	,,
പത്മനാഭപുരം പ്രിൻസിപ്പൽ	൩ ൦	൧൯ ൪	൩൭
ടി അഡിഷണൽ	,,	,,	,,
ടി ടെമ്പററി	,,	,,	,,
കുഴിത്തുറ	൪ ൭	൨ ൦	൩൯
നെയ്യാററിങ്കര പ്രിൻസിപ്പൽ	൩൨	൧൨൨	൨൧൩
ടി അഡിഷണൽ	,,	,,	,,
തിരുവനന്തപുരം പ്രിൻസിപ്പൽ	൩൩	൧൨൩	൧൩൩
ടി അഡിഷണൽ	,,	,,	,,
നെടുമങ്ങാട്ട	,,	,,	൧൨
അടൂർ	൨൧൪	൧൪൨	൨ ൦
കൊല്ലം പ്രിൻസിപ്പൽ	,,	,,	,,
ടി അഡിഷണൽ	൧൨൩	൧൩ ൦	൧൨൨.
കൊട്ടാക്കര	,,	,,	,,
ചെങ്ങോട്ട	൧ ൭൩	൧ ൭ ൪	൧൨൩
അട്ടൂർ	,,	,,	,,
കരുനാഗപ്പള്ളി	൩൩	൪ ൪	൩൧
കൃഷ്ണപുരം	൩ ൦	൧ ൭	൨ ൦
മാവേലിക്കര	൧൧	൩	൧൩
ചെങ്ങന്നൂർ	൧	൧ ൦	൧൨
ഹരിപ്പാട്ട	൩൩൩	൩൩	൪ ൨
ആലപ്പുഴ പ്രിൻസിപ്പൽ	൩൩	൪ ൨	൧൨
ടി അഡിഷണൽ	൩	൨	൨
ചേർത്തല	,,	,,	,,
ടി ടെമ്പോററി	൩	൭ ൧	൭ ൭
വൈക്കം	,,	,,	,,
തിരുവല്ലാ	൩൩൩	൧൨൩	൧൪ ൧
ടി ടെമ്പോററി	൩	൩	൩൩
ചങ്ങനാശ്ശേരി	,,	,,	,,
കോട്ടയം	൩൧	൧ ൩	൨ ൩
ടി ടെമ്പോററി	൧ ൦ ൩	൩൨൨	൧ ൦ ൨
കാഞ്ഞിരപ്പള്ളി	,,	,,	,,
മീനച്ചൽ	൨ ൪	൩	൨
തൊടുപുഴ	൩൩	൭ ൩	൪ ൩
മൂവാററുപുഴ	,,	൩ ൨	൧ ൭
പെരുമ്പാവൂർ	൧ ൦ ൭	൧൧൩	൧൪ ൨
പറൂർ	൧൩ ൭	൨ ൭ ൨	൨ ൪ ൩
ദേവികുളം	൩	൨	൧൩
	,,	,,	,,
ആകെ	൧ ൭ ൩ ൩	൧൩൩൩	൨ ൨ ൧൩

അനുബന്ധം ൪ ബി.

൨൯൭൫-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

൧൯൭൪, ൧൯൭൫, ൧൯൭൬ എന്നീ ആണ്ടുകളിൽ ഡിസ്ട്രിക്ട്കോടതികളിൽ ഫയൽചെയ്ത ജന്മിവ്യവഹാരങ്ങളുടെ എണ്ണം കാണിക്കുന്നപട്ടിക.

കോടതിയുടെ പേരു	വ്യവഹാരങ്ങളുടെ എണ്ണം		
	൧൯൭൪	൧൯൭൫	൧൯൭൬
നാഗരുകോവിൽ	,,	൧൪	൯
തിരുവനന്തപുരം	൨൫	൧൩	൪
കൊല്ലം	൧൩	൨൨	൧൨
ആലപ്പുഴ	,,	൨	൧
കോട്ടയം	൪	൪	൧൧
പത്തൂർ	൧൩	൨	൨
ആകെ	൪൩	൯൪	൩൭

അനുബന്ധം ൫.

൨൯൭൫-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

തിരുവനന്തപുരം ഗവണ്മെന്റ് ജ്യോതിശ്ശാസ്ത്രജ്ഞൻ ഗവണ്മെന്റ് ചീഫ് സെക്രട്ടറിക്കയച്ച ൧൯൭൫ ജനുവരി ൧൯-ാംതിയതിയിലത്തെ ന൦/൧൯൭൫-ാംനമ്പർ എഴുത്തിന്റെ പകർപ്പ്.

ഈയാണ്ടത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള ൪,൦൦൦ രൂപായിൽനിന്നു നക്ഷത്രബംഗ്ലാവിലേക്കു വാങ്ങേണ്ടുന്ന ജ്യോതിശ്ശാസ്ത്ര സാമഗ്രികളുടെ ഒരു ലിസ്റ്റ് ഇതുസഹിതം അയച്ചുകൊള്ളുന്നു. ലിസ്റ്റിൽ പറയുന്ന കമ്പനിക്കാരോടു അവയെ അയയ്ക്കാൻ കഴിയുന്നവേഗത്തിൽ ആവശ്യപ്പെടണമെന്നു അപേക്ഷിക്കുന്നു.

സമയം കൃത്യമായി അറിയിക്കുന്നതിനു കമ്പിയില്ലാക്കമ്പി സാമഗ്രികളുടെ കാര്യത്തിൽ അവയെ ഒന്നായിചേർത്തതിന്റെ വില ഭാഗങ്ങൾ വേറെ വേറെ വാങ്ങിച്ചു ഒന്നായി കൂട്ടിച്ചേർക്കുന്നതിന്റെ ചെലവിനേക്കാൾ അധികമായിരിക്കുമെന്നു കാണുന്നു. ഈ ഭാഗങ്ങൾ മദ്രാസിൽ പല കമ്പനികളിലായിരിക്കും. തന്റെ മുഖാന്തിരം വാങ്ങുകയാണെങ്കിൽ അവയെ മദ്രാസിൽനിന്നു അയയ്ക്കുന്നതിനു മുമ്പായി ഓരോ ഭാഗത്തിന്റെയും ഗുണം താൻ പരിശോധിച്ചുകൊള്ളാമെന്നു മദ്രാസ് പ്രെസിഡൻസികാളെജിലെ പ്രകൃതിശാസ്ത്രപണ്ഡിതൻ സമ്മതിച്ചിരിക്കുന്നു. അതുകൊണ്ടു കമ്പിയില്ലാക്കമ്പി സാമഗ്രികൾ പ്രെസിഡെൻസികാളെജ് പ്രകൃതിശാസ്ത്രപണ്ഡിതൻ മുഖാന്തരം വാങ്ങാൻ ഉത്തരവാകണമെന്നു ഗവണ്മെന്റിനോടു അപേക്ഷിച്ചുകൊള്ളുന്നു.

ലിസ്റ്റിൽ പറയുന്ന സാമാനങ്ങളുടെ വില ഉദ്ദേശം ൪,൩൦൦ രൂപായാണ്. കേവുകുഴിമുതലായവ എത്രയായിരിക്കുമെന്ന് ഇപ്പോൾ നിശ്ചയമില്ലാത്തതിനാൽ ഈ സാമാനങ്ങൾക്കായി ചെലവാകേണ്ടിവരുന്ന കൃത്യമായ സംഖ്യ ഇപ്പോൾ പറവാൻ സാധിക്കയില്ല. അനുവദിച്ചിട്ടുള്ള ൪,൦൦൦ രൂപായിൽ ബാക്കിസംഖ്യ എങ്ങനെ ഉപയോഗിക്കാമെന്നു ഞാൻ പിന്നാലെ എഴുതി അയച്ചുകൊള്ളാം.

ഉള്ളടക്കം.

തിരുവനന്തപുരം മഹാരാജാവുതിരുമനസ്സിലെ നക്ഷത്രഗ്ലോബിലേക്കു വരുത്തേണ്ടുന്ന ജ്യോതിശ്ശാസ്ത്രസാമാനങ്ങളുടേയും സാമഗ്രികളുടേയും ലിസ്റ്റ്

സാമഗ്രിവിവരം	കമ്പനി	ഉദ്ദേശവില രൂപാ	അണ	പൈ
൧. മൂന്നിഞ്ചുഇക്വേറ്റോറിയൽ ഗ്ലോബ്. (ഇ-൧. ൧൩)	ഓടെപകമ്പനി, ക്ലബ്ബം ഈലിങ്ങ് ലണ്ടൻ			
മെസ്സ്രീക്കു കുഴൽകണ്ണാടി ഇ ൨ ൧ ൫ ദൂരക്കണ്ണാടിയോടും ഇരട്ടനക്ഷത്രംവേർതിരിക്കാനിക്കുന്നതിനുള്ള കണ്ണാടിയും ഉഷ്ണനിവാരണകണ്ണാടിയും (കിട്ടുന്നതെങ്കിൽ)	കക്ക്, ടെലസ്കോപ്പ്സ് കമ്പനിഎൻജിനീയർമാർ, ക്ലിങ്ങ്ഹാം വൊക്ക്സ്, യോർക്ക്	൪ ൭ ൦	൦	൦
൨. നാലിഞ്ചുനക്ഷത്രക്യാമറാ ൨ ൪ ൩ (എ) നമ്പർ കണ്ണാടിയോടുകൂടെ നക്ഷത്രഗ്ലോബിലെ ൩-൩ ഇഞ്ചുറിപ്ലാക്കുകളോടുചേർക്കുന്നതിനു.		൧൮ ൦ ൦	൦	൦
൩. കമ്പിയില്ലാക്കമ്പിസാമഗ്രികൾ	ഇവഭാഗങ്ങളായി മദ്രാ			
(൧) വയർലെസ്റിസീവിങ്ങ് സെറ്റ് എസിൽ കിട്ടും മദ്രാസ് പ്രൈസിഡൻസികാമളക്ക് പ്ലാട്ടുഫോത്തിനുമുള്ളതു	സിൽ കിട്ടും മദ്രാസ് പ്രൈ സിഡൻസികാമളക്ക് പ്ലാ ട്ടുഫോത്തിശാസ്ത്രപണ്ഡിതരുടെ മേലന്വേഷണത്തിൽ അദ്ദേഹം മുഖാന്തരം വരുത്തേണ്ടതു്.	൪ ൦ ൦	൦	൦
(൨) രണ്ടുബാറ്ററി ന്യൂവോൾട്ട്		൨. ൦ ൦	൦	൦
(൩) രണ്ടു ഡ്രൈബാറ്ററി ൪ ൦ വോൾട്ട്		൪ ൦ ൦	൦	൦
(൪) രണ്ടു ഗ്രിഡ്ബാറ്ററി ൧ ൦ വോൾട്ട്		൧ ൦	൦	൦
(൫) വയുസാമഗ്രികൾ		൧ ൪	൦	൦
(൬) പലവകസാമാനങ്ങൾ (കമ്പി, ആണി മുതലായവ)		൨ ൪	൦	൦
(൭) ഒരുവോൾട്ട് മീറ്റർപൂജ്യം മുതൽ ൧ ൦ വോൾട്ടുവരെ)		൧ ൪	൦	൦
(൮) ഒരുമില്ലി യമ്പീയർ മീറ്റർ		൧ ൪	൦	൦
(൯) ഒരു എമീറ്റർ		൧ ൪	൦	൦
(൧൦) സ്നാപ്പ്ഹാഫ് സൂചികൾ ൨		൩ ൦	൦	൦
൪. പണിശാലാസാമഗ്രികൾ				
(൧) കടച്ചൽ ചക്രം (സ്ക്രൂഅടി)	പാറിക്കമ്പനി, പൊസ്റ്റ് ബ്ലാക്ക് ൧൨-മദ്രാസ്	൪ ൦ ൦	൦	൦
(൨) ടിക്കസ്റ്റാണ്ട്	ടി	൧ ൪	൦	൦
(൩) ചവട്ടുപടി	ടി	൨ ൪	൦	൦
(൪) ഉളികൾ	ടി	൧ ൪	൧൨	൦
(൫) നാലിഞ്ചുചക്ക്	ടി	൧ ൪	൦	൦
(൬) ഒരുസെറ്റ് ടാപ്പും ഡൈസും	ടി	൨ ൩	൩	൪
(൭) സ്റ്റാൻഡിമുറുക്കുവാർ	മാസികമ്പനി, റായപുരം മദ്രാസ്	൧ ൩	൦	൦
(൮) ടിക്കപലതരം ബിറ്റുകൾ	ടി	൧	൦	൦
(൯) ഉരുക്കുളികൾ ൫, ൪, ൩, ൨, ൧ ഇഞ്ചു മുതൽ	ടി	൧ ൦	൦	൪
(൧൦) ചുറ്റിക (൫-ാംനമ്പർ)	ടി	൨	൨	൦
(൧൧) കൊടിൽ, ഏഴിഞ്ചു	ടി	൨	൫	൦
(൧൨) കൊട്ടടി	ടി	൨	൨	൦
(൧൩) ചതുരം ൪ ഇഞ്ചു	ടി	൩	൦	൦
(൧൪) വലിച്ചിന്തേരു ൧൫ × ൨ ഇഞ്ചു	ടി	൧ ൦	൨	൦
(൧൫) മിനുസച്ചിന്തേരു ൪ × ൨ ഇഞ്ചു	ടി	൨	൦	൦
(൧൬) ഗ്രൂ, സ്ക്രിറ്റ്ഡ്രൈവർവോടുകൂടെ	ടി	൪	൨	൦
(൧൭) സ്ക്രൂഡ്രൈവർ (൫, ൩, ൨, ൧൨ ഇഞ്ചു	ടി	൨	൦	൦
(൧൮) കൈവാൾ	ടി	൫	൨	൦
(൧൯) നയാഗരാഗ്രൈണ്ടർ ൩-ാംനമ്പർ	ടി	൫ ൪	൦	൦
(൨൦) ആണിഉരുമ്പുനയന്ത്രം	ടി	൧ ൨	൨	൦
(൨൧) ഇരുമ്പുവിളക്കുളി ൩-ാംനമ്പർ	ടി	൨	൫	൦
(൨൨) ടി ൧൩-ാംനമ്പർ	ടി	൪	൫	൦
(൨൩) ൧ ൦ ഇഞ്ചുടിൻമാൻ സ്ലിപ്സ്	ടി	൪	൦	൦
(൨൪) ഫ്ലട്ട് ഉക്കിയൽ (ചെറിയതരം)	ടി	൩	൦	൦
(൨൫) ധാതുലേപം (റാഞ്ചൽ ൧)	ടി	൦	൧൨	൦
(൨൬) കൊടിലു (നാലിഞ്ചു)	ടി	൧	൧൨	൪
		൨ ൪	൦	൦

ഉള്ളടക്കം.

തിരുവനന്തപുരം മഹാരാജാവു തിരുമനസ്സിലെ നക്ഷത്രബംഗ്ലാവിലേക്കു വരുത്തേണ്ടുന്ന ജ്യോതിശ്ശാസ്ത്രസാമാനങ്ങളുടെയും സാമഗ്രികളുടേയും ലിസ്റ്റ് (തുടർച്ച.)

സാമാനവിവരം	കമ്പനി	ഉദ്ദേശവില		
		രൂപാ	അണ	പൈ
(൨൭) കാമ്പിനേഷൻ പ്ലയർ	മസിക്കസ്നി, റോയപ്പുരം, മദ്രാസ്	൩	൨	൦
(൨൮) നോസ്പ്ലയർ	ടി	൨	൧൨	൦
(൨൯) ഗാസ്പ്ലയർ	ടി	൩	൨	൦
(൩൦) ടൈക്കുബർൻസ്പാന്നർ ൫ഇഞ്ച്	ടി	൪	൨	൦
(൩൧) ടി ൧൨ഇഞ്ച്	ടി	൯	൧൨	൦
(൩൨) ടിസ്റ്റ്ട്രില്ലുകൾ	ടി	൩൦	൦	൦
(൩൩) ബ്രേസ്റ്റ്ട്രിൽ	ടി	൨൦	൦	൦
(൩൪) അരം (മൊരടു)	ടി	൨	൦	൧
(൩൫) ടി (രണ്ടാംതരം)	ടി	൨	൧	൦
(൩൬) ടി (മിനുസം)	ടി	൨	൦	൦
(൩൭) ഒരുസെററ്നിക്കൾസൺഅരം	ടി	൩	൪	൦
(൩൮) വാൾചട്ടം	ടി	൩	൪	൦
(൩൯) സ്ക്രാപ്പർ കത്തികൾ	ടി	൨	൧	൦
(൪൦) വൈരം ഗ്ലാസ്കട്ടർ	ടി	൧	൧	൦
൪. മിനിട്ട് റെക്കാർഡ്സ് സെക്കുവർ ക്ലാളിററി, നിക്കൽ വെള്ളി	വെസ്റ്റ്എൻഡ് വാച്ച് കമ്പനി ൪൯ എസ്സ്ക്സ് സ്ട്രീറ്റ് റോഡ്, ബോംബേ	൩൦	൦	൦
ആകെ		൪൩൦൩	൧൦	൦

ഗവണ്മെൻറ് ചീഫ്എഞ്ചിനീയർ തിരുവനന്തപുരം ഗവണ്മെൻറ് ജ്യോതിശ്ശാസ്ത്രിക്കു ൧൯൨൧ മാർച്ച് ൭-ാംനു ആർ. ഒ. സി. നമ്പർ/൨൭ ജി. എ. നമ്പരായി അയച്ച എഴുത്തിൻെറ പകർപ്പ്.

നക്ഷത്രബംഗ്ലാവിലേക്കു ജ്യോതിശ്ശാസ്ത്രസാമാനങ്ങളും സാമഗ്രികളും വാങ്ങുന്നതിനെപ്പററി ൧൯൨൧ മുതൽ വരി ൧൯-ാംനു ൩൦, ൧൯൨൧-ാംനമ്പരായി അയച്ച എഴുത്തുകിട്ടി. യിങ്ങനെ അയച്ച ലിസ്റ്റിൽ പറഞ്ഞ ൧-ം ൨-ം ഇനം സാമാനങ്ങൾ വിദേശങ്ങളിൽനിന്നു വാങ്ങേണ്ടുന്നതാകയാൽ അതിനുള്ള ആർഡർ ഡ്യൂപ്ലിക്കേററായി ഇംഗ്ലണ്ടിലെ കമ്പനികൾക്കു അയച്ചു കൊടുക്കുന്നതിനു ഗവണ്മെൻറിനു അയച്ചു തരുവാൻ അപേക്ഷിക്കുന്നു.

൨. മൂന്നാംഇനമായ കമ്പിയില്ലാക്കമ്പി സാമാനങ്ങൾ ഭാഗങ്ങളായി മദ്രാസ് പ്രസിഡൻസി കാളേജ് പ്രകൃതിശാസ്ത്രപണ്ഡിതൻമുഖാന്തരം മദ്രാസിൽനിന്നു വാങ്ങാൻ അനുവദിച്ചിരിക്കുന്നു. അയയ്ക്കുന്നതിനുമുമ്പു അവയെ പരിശോധിച്ചുകൊള്ളാമെന്നു അദ്ദേഹം സമ്മതിച്ചിട്ടുണ്ടല്ലോ.

൩. ലിസ്റ്റിലെ ൪-ം ൫-ം ഇനം സാമാനങ്ങൾ മദ്രാസിലേയും ബോംബെയിലെയും കമ്പനികളോടു വാങ്ങാമെന്നു നിങ്ങൾ പറഞ്ഞിട്ടുള്ളതും ഗവണ്മെൻറ് സമ്മതിച്ചിരിക്കുന്നു.

൪. സാമാനങ്ങളുടെയും സാമഗ്രികളുടേയും ഉദ്ദേശവില ൪,൩൦൩ രൂപാ ൧൦ അണ ആയിരിക്കുമെന്നതും ഇവിടെ നോട്ടുചെയ്തിരിക്കുന്നു.

അനുബന്ധം ൩

൨൭ വ൨ നമ്പർ ചോദ്യത്തിൻെറ മറുപടി നോക്കുക,

൧൯൦൦ മുതൽ ൧൯൦൩വരെ "നീതിന്യായഭരണം" എന്ന ഇനത്തിലും

പകർപ്പുകടലാസ്സുൾപ്പെടെ കോർട്ടുഫീസ്സാമ്പു വില്പന" എന്ന ഇനത്തിലുമുള്ള വരവും "നീതിന്യായ ഭരണം എന്ന ഇനത്തിൽ ചെലവും കാണിക്കുന്ന പട്ടിക.

ആണ്ടു	൧൯-നീതിന്യായഭരണം എന്ന ഇനത്തിൽ വരവ്	"൧. കോട്ടുഫീസ്സാമ്പുവില്പന" എന്നഇനത്തിൽ വരവു (പകർപ്പുകടലാസ്സുവിലയും ഉൾപ്പെടും)	"൧൩. നീതിന്യായഭരണം" എന്ന ഇനത്തിൽ ചെലവ്
	രൂപാ	രൂപാ	രൂപാ
൧൯൦൦	൧,൦൨,൩൭൪	൧൩,൭൨,൭൨൩	൧൦,൪൨,൩൩൪
൧൯൦൧	൧,൦൭,൯൪൭	൧൭,൧൦,൭൪൪	൧൦,൭൩,൪൪൭
൧൯൦൨	൧,൨൩,൯൩൭	൧൭,൦൩,൧൩൭	൧൦,൯൨,൨൪൯
൧൯൦൩	൧,൩൦,൪൩൭	൧൭,൩൩,൩൪൪	൧൧,൨൪,൭൩൩

അനുബന്ധം ൯.

൨ ൯-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൯൩൮-ാമാണ്ടു കൊല്ലം ദിവാൻപേഷ്കാർ ചെയ്തിട്ടുള്ള ആക്ടിംഗും സ്ഥിരവും താല്ക്കാലികവും നിയമനങ്ങൾ കാണിക്കുന്ന പട്ടിക.

നമ്പർ	നിയമിക്കപ്പെട്ട ആളിന്റെ പേര്	പരീക്ഷായോഗ്യത	ജാതി	ഉദ്യോഗത്തിന്റെ സ്വഭാവം	ഉദ്യോഗത്തിന്റെ പേര്	ശമ്പളം രൂപാ	ഓരോ ഉദ്യോഗത്തിന്നും ഒഴിവിലേക്കോ ഉള്ള അപേക്ഷകന്മാരുടെ പേരും യോഗ്യതയും
൧	മി: വി. സുബ്രഹ്മണ്യയ്യർ	ബി. എ., റെവന്യൂവും അക്കൗണ്ടും പരീക്ഷകൾ	തമിഴ് ബ്രാഹ്മണൻ	ആക്ടിങ്	ഗുമസ്തൻ	൨൦	[illegible]
൨	,, എസ്. രാമനാഥയ്യർ	ഈ. എസ്., എൽ. സി.	ടി	ടി	ടി	൨൦	
൩	,, കെ. ജി. ആദിവരാഹയ്യർ	ടി	ടി	ടി	ടി	൨൦	
൪	,, പി. സുബ്രഹ്മണ്യയ്യർ	ടി അക്കൗണ്ടുപരീക്ഷയും	ടി	ടി	ടി	൨൦	
൫	,, സുന്ദരരാജഅയ്യങ്കാർ	ഇൻറർമീഡിയറ്	വൈഷ്ണവ ടി	ടി	ടി	൨൦	
൬	,, ശങ്കരനാരായണയ്യർ	ഈ. എസ്. എൽ. സി. യും ടൈപ്പ്റൈറ്റിങ്ങ് ലോവറും	തമിഴ് ടി	ടി	റൈപ്പിസ്റ്റ്	൨൦	
൭	,, രങ്കറാവു	ടി	തെലുങ്കു ടി	ടി	ടി	൨൦	
൮	,, കെ. നീലകണ്ഠൻ	ബി. എ.	ഈഴവൻ	ടി	ഗുമസ്തൻ	൨൦	
൯	,, എം. കെ. നാരായണൻ ചന്നാർ	ഈ. എസ്. എൽ. സി.	ടി	ടി	ടി	൨൦	
൧൦	,, പി. കെ. ശേഖരൻ	ടി	ടി	ടി	ടി	൨൦	
൧൧	,, എ. ആർ. നീലകണ്ഠൻ	വി. എസ്. എൽ. സി. സൈവില്ലേജ് ആഫീസർ പരീക്ഷ	ടി	പരീക്ഷാർത്ഥം	അക്കൗണ്ടൻറ്	൧൫	
൧൨	,, കുഞ്ഞുപിള്ള	...	ടി	ആക്ടിങ്	ശിപായി	൯	
൧൩	മി: കെ. പരമേശ്വരൻപിള്ള	ബി. എ., റെവന്യൂടെസ്റ്റ്	നായർ	സ്ഥിരം	ഗുമസ്തൻ	൨൦ ൩൦	
൧൪	,, ഗോവിന്ദപ്പിള്ള	ബി. എ.	ടി	ആക്ടിങ്	ടി	൨൦	
൧൫	,, കെ. പി. പരമുപിള്ള	ഈ. എസ്. എൽ. സി.	ടി	ടി	ടി	൨൦	
൧൬	,, കെ. പരമുപിള്ള	എസ്. എസ്. എൽ. സി.	ടി	ടി	ടി	൨൦	
൧൭	,, സുകുമാരപിള്ള	ടി	ടി	ടി	ടി	൨൦	
൧൮	,, ഗോവിന്ദരാജനോൻ	ടി	ടി	ടി	ടി	൨൦	
൧൯	,, ശ്രീധരപ്പണിക്കർ	ടി	ടി	ടി	ടി	൨൦	
൨൦	ഗോപാലപിള്ള	...	ടി	ടി	ശിപായി	൯	
൨൧	മി: പി. ഗോപാലപിള്ള	എസ്. എസ്. എൽ. സി.	വെള്ളാളൻ	ടി	ഗുമസ്തൻ	൨൦	
൨൨	,, വി. എസ്. നാരായണപിള്ള	എസ്. എസ്. എൽ. സി. റെവന്യൂവും അക്കൗണ്ടുടെസ്റ്റ്	ടി	ടി	ടി	൨൦	
൨൩	,, പി. സി. ചെല്ലപ്പൻ	ഈ. എസ്. എൽ. സി.	കാക്കാലൻ	ടി	ടി	൨൦	

അനുബന്ധം ൭ (തുടർച്ച).

൨. ൭൯-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

കൊല്ലം കൊല്ലം ദിവാൻപേഷ്ക്കാർ ചെയ്തിട്ടുള്ള ആക്ടിംഗും സ്ഥിരവും താൽക്കാലികവും നിയമനങ്ങൾ കാണിക്കുന്ന പട്ടിക.

നമ്പർ	നിയമിക്കപ്പെട്ട ആളിന്റെ പേര്	പരീക്ഷായോഗ്യത	ജാതി	ഉദ്യോഗത്തിന്റെ സ്വഭാവം	ഉദ്യോഗത്തിന്റെ പേര്	ശമ്പളം രൂപാ	ഓരോ ഉദ്യോഗത്തിനോ ഒഴിവിലേക്കോ ഉള്ള അപേക്ഷകന്മാരുടെ പേരും യോഗ്യതയും
൨൪	മി: എസ്. ബാബ്ജാൻ	എസ്. എസ്. എൽ. സി.	മഹമ്മദൻ	ആക്ടിങ്ങ്	ഗുമസ്തൻ	൨ ൦	
൨൫	,, കെ. ഇസ്മായിൽബാവ	ടി	ടി	ടി	ടി	൨ ൦	
൨൬	,, പി. അസ്സൻ റാവുത്തർ	വി. എസ്. എൽ. സി സർവ്വെ ഗ്രാമഉദ്യോഗസ്ഥൻ പരീക്ഷ	ടി	പരീക്ഷാർത്ഥം	അക്കൌണ്ടന്റ	൧൪	
൨൭	,, പി. സി. വറുഗീസ്	ഇ. എസ്. എൽ. സി.	യാക്കോബായ സിറിയൻ	ആക്ടിങ്ങ്	ഗുമസ്തൻ	൨ ൦	
൨൮	,, എ. ജെ. വറുഗീസ്	ടി	ടി	ടി	ടി	൨ ൦	
൨൯	,, പി. സി. ഏബ്രഹാം	ടി	ടി	ടി	ടി	൨ ൦	
൩൦	,, എം. വി. ഇട്ടിക്കുള	വി. എസ്. എൽ. സി. സർവ്വെ ഗ്രാമഉദ്യോഗസ്ഥൻ പരീക്ഷ	ടി	പരീക്ഷാർത്ഥം	അക്കൌണ്ടന്റ	൧൪	
൩൧	,, ചാക്കോ	ടി	ടി	ആക്ടിങ്ങ്	ശിപായ	൯	
൩൨	മി: കെ. എം. തോമസ്	ഇ. എസ്. എൽ. സി	മാർത്തോമ	ടി	ഗുമസ്തൻ	൨ ൦	
൩൩	,, ടി. എം. കോശി	ബി. എ.	ടി	ടി	ടി	൨ ൦	
൩൪	,, പി. സി. യോഹന്നാൻ	എസ്. എസ്. എൽ. സി.	ടി	ടി	ടി	൨ ൦	
൩൫	,, എ. ജെ. ഏബ്രാഹാം	ടി	ടി	ടി	ടി	൨ ൦	
൩൬	,, കെ. കെ. മത്തായി	,, ബി. എ.	ടി	ടി	ടി	൨ ൦	
൩൭	,, എ. വറുഗീസ്	ഇ. എസ്. എൽ. സി.	ടി	ടി	ടി	൨ ൦	
൩൮	,, പി. ററി. ജോസഫ്	യുദ്ധസെർവീസ്	റോമൻകത്തോലിക്ക സിറിയൻ	ടി	ടി	൨ ൦	
൩൯	,, സെബാസ്റ്റ്യൻ ഡിക്രൂസ്	വി. എസ് എൽ. സി. സർവ്വെ ഗ്രാമഉദ്യോഗസ്ഥൻ പരീക്ഷ	ടി ലത്തിൻ	ടി	അക്കൌണ്ടന്റ	൧൪	

അനുബന്ധം വ.

വ. വുന്ന-ാംനമ്പർ ചോദ്യത്തിന്റെ മറുപടി.

൧൯൦൦, ൧൯൦൧, ൧൯൦൨, ൧൯൦൩ എന്നീ കൊല്ലങ്ങളിൽ താലൂക്കുകളിൽ ജോലി ചെയ്തിരുന്ന മറവന്യൂപകർപ്പു ഗുമസ്തന്മാരുടെ എണ്ണവും വസ്തുവായ പകർപ്പുഫീസും കൊടുത്തഫീസും കാണിക്കുന്ന പട്ടിക

നമ്പർ	താലൂക്ക്	ആണ്ട്	പകർപ്പുഗുമസ്തന്മാരുടെ എണ്ണം	സ്ഥലസ്വകാര്യവിലയായും പണമായും വരവ്	പകർപ്പുഗുമസ്തന്മാർക്കു കൊടുത്തതു തുകയിൽ	റിമാർക്ക്
				രൂപാ	രൂപാ	
൧	തോവാള	൧൯൦൦	൧	൧൫൨	൧൦൫	
		൧൯൦൧	൧	൧൩൬	൯൫	
		൧൯൦൨	൧	൨൧൫	൧൩൨	
		൧൯൦൩	൧	൧൭൫	൧൧൯	
൨	അഗസ്തീശ്വരം	൧൯൦൦	൨	൫൧൩	൩൦൩	
		൧൯൦൧	൨	൫൩൯	൨൩൨	
		൧൯൦൨	൩	൫൨൯	൨൭൯	
		൧൯൦൩	൫	൭൨൨	൩൩൨	
൩	കല്ലൂക്കം	൧൯൦൦	൫	൯൩൦	൫൨൯	
		൧൯൦൧	൫	൧,൧൫൫	൩൨൫	
		൧൯൦൨	൫	൧,൧൨൯	൭൧൯	
		൧൯൦൩	൫	൧,൦൨൨	൩൫൨	
൪	വിളവങ്കോട്	൧൯൦൦	൫	൯൯൯	൫൭൧	
		൧൯൦൧	൫	൭൭൯	൫൫൫	
		൧൯൦൨	൫	൨൭൯	൫൧൭	
		൧൯൦൩	൫	൯൩൩	൫൩൭	
൫	നെയ്യാറിൻകര	൧൯൦൦	൩	൪൯൩	൩൦൦	
		൧൯൦൧	൩	൪൨൨	൫൯൩	
		൧൯൦൨	൩	൪൫൪	൫൩൩	
		൧൯൦൩	൩	൫൪൨	൩൩൫	
൬	തിരുവനന്തപുരം	൧൯൦൦	൩	൯൩൦	൫൩൧	
		൧൯൦൧	൩	൨൫൩	൫൦൨	
		൧൯൦൨	൩	൨൫൭	൫൦൯	
		൧൯൦൩	൩	൨൩൫	൪൯൪	
൭	നെടുമങ്ങാട്	൧൯൦൦	൩	൭൦൯	൩൩൧	
		൧൯൦൧	൩	൯൨൩	൩൩൭	
		൧൯൦൨	൩	൨൨൨	൫൨൧	
		൧൯൦൩	൩	൭൩൩	൫൪൯	
൮	ചിറയിൻകീഴ്	൧൯൦൦	൩	൭൩൨	൪൪൫	
		൧൯൦൧	൩	൩൯൨	൩൯൪	
		൧൯൦൨	൩	൭൦൩	൪൦൧	
		൧൯൦൩	൩	൨൦൪	൪൨൫	
൯	കൊല്ലം	൧൯൦൦	൩	൨൨൨	൫൩൭	
		൧൯൦൧	൩	൯൭൨	൩൨൫	
		൧൯൦൨	൩	൯൨൩	൫൩൧	
		൧൯൦൩	൩	൧,൧൩൩	൩൩൦	

അനുബന്ധം വ. (തുടർച്ച).

നമ്പർ	താലൂക്ക്	ആണ്ട്	ഗ്രാമങ്ങൾ എണ്ണം	ഗ്രാമങ്ങൾ കടലാസ് വിലയായും വരവ്	ചെലവ്	റിമാർക്ക്
				രൂപാ	രൂപാ	
൧൦	* കൊട്ടാരക്കര	൧൯൦൦	൩	൨,൮൪	൧,൮൩.	* ഇങ്ങനെ അടയാളപ്പെടുത്തിട്ടുള്ള താലൂക്കുകളിൽ ൧൯൦൦-ലും ൧൯൦൧-ലും പണമായിവസൂലാക്കിട്ടുള്ള ഫീസിന്റെ സംഖ്യ യെപ്പററി വിവരമില്ലാ അതിനാൽ ആ സംഖ്യ ഇതിൽ ഉൾപ്പെടുത്തിട്ടില്ല.
		൧൯൦൧	൩	൩൩൨	൨,൨൨	
		൧൯൦൨	൩	൪,൩൩	൨,൮൩	
		൧൯൦൩	൩	൩൩൨	൨,൨൪	
൧൧	പത്തനാപുരം	൧൯൦൦	൨	൨,൪൨	൧൩൯	
		൧൯൦൧	൨	൩,൧൪	൨,൧൦	
		൧൯൦൨	൨	൩,൭൨	൨,൩൪	
		൧൯൦൩	൨	൨,൯൨	൨,൦൨	
൧൨	ചെങ്ങോട്ട	൧൯൦൦	൧	൧,൪൩	൯൭	
		൧൯൦൧	൧	൩,൪൭	൨,൩൬	
		൧൯൦൨	൧	൧,൩൪	൧,൧൨	
		൧൯൦൩	൧	൪,൨൦	൨,൭൪	
൧൩	കുന്നത്തൂർ	൧൯൦൦	൨	൩,൨൩	൨,൧൪	
		൧൯൦൧	൨	൪,൧൭	൩,൪൨	
		൧൯൦൨	൨	൩,൩൩	൨,൪൨	
		൧൯൦൩	൨	൪,൧൪	൨,൭൩	
൧൪	കരുനാഗപ്പള്ളി	൧൯൦൦	൩	൭,൪൦	൪,൭൪	
		൧൯൦൧	൩	൧,൧൨,൪	൩,൪൩	
		൧൯൦൨	൩	൧,൦൪൩	൩,൦൪	
		൧൯൦൩	൩	൧,൭൦൦	൪,൭൩	
൧൫	കാർത്തികപ്പള്ളി	൧൯൦൦	൩	൪,൩൧	൨,൯൪	
		൧൯൦൧	൩	൩,൩൨	൪,൪൧	
		൧൯൦൨	൪	൧,൦൦൦	൩,൪൭	
		൧൯൦൩	൪	൭,൮൨	൪,൪൪	
൧൬	മാവേലിക്കര	൧൯൦൦	൪	൭,൩൪	൪,൨൭	
		൧൯൦൧	൪	൭,൨൪	൪,൭൩	
		൧൯൦൨	൪	൪,൩൩	൩,൩൭	
		൧൯൦൩	൪	൭,൧൪	൪,൩൯	
൧൭	തിരുവല്ലാ	൧൯൦൦	൪	൧,൩൩,൩	൭,൯൪	
		൧൯൦൧	൭	൧,൩,൪	൧,൦൭൪	
		൧൯൦൨	൭	൧,൪,൩	൯,൭൩	
		൧൯൦൩	൭	൧,൪,൦൧	൯,൪൪	
൧൮	അമ്പലപ്പുഴ	൧൯൦൦	൨	൨,൭൨	൨,൦൪	
		൧൯൦൧	൨	൨,൭൨	൨,൧൪	
		൧൯൦൨	൨	൨,൦൭	൧,൩൪	
		൧൯൦൩	൨	൨,൧൯	൧,൭൪	

അന്ന ബന്ധപ്പെട്ടവ (തുടർച്ച).

നമ്പർ	താലൂക്ക്	ആണ്ട്	പ്രകൃതിദുരന്തങ്ങൾ കൊണ്ടുള്ള നഷ്ടം	സ്വകാര്യ വ്യക്തികൾക്കുള്ള നഷ്ടപരിഹാരം	പ്രകൃതിദുരന്തങ്ങൾക്കെതിരായ കരുതൽ	റിമാർക്ക്
൧൯	പത്തനംതിട്ട	൧൯൦൦	൨	൪൫൩	൩൧൨	
		൧൯൦൧	൨	൪൩൫	൩൦൧	
		൧൯൦൨	൨	൪൩൨	൩൦൨	
		൧൯൦൩	൨	൪൭൭	൩൪൦	
൨൦	ചങ്ങനാശ്ശേരി	൧൯൦൦	൩	൭൦൨	൪൦൦	
		൧൯൦൧	൩	൭൪൯	൪൧൩	
		൧൯൦൨	൩	൭൧൭	൪൯൧	
		൧൯൦൩	൩	൭൫൩	൪൦൨	
൨൧	കോട്ടയം	൧൯൦൦	൪	൧,൩൦൩	൭൭൫	
		൧൯൦൧	൪	൧,൦൭൧	൩൪൪	
		൧൯൦൨	൪	൧,൦൨൩	൩൧൩	
		൧൯൦൩	൪	൧,൦൫൫	൩൨൫	
൨൨	ചേർത്തല	൧൯൦൦	൪	൪൨൦	൨൪൦	
		൧൯൦൧	൪	൧,൨൯൫	൭൧൩	
		൧൯൦൨	൪	൧,൧൩൨	൩൪൦	
		൧൯൦൩	൪	൩൪൫	൩൩൨	
൨൩	കുവൈക്കം	൧൯൦൦	൪	൩൩൧	൪൦൨	
		൧൯൦൧	൪	൩൩൭	൩൯൭	
		൧൯൦൨	൪	൭൦൦	൪൨൩	
		൧൯൦൩	൪	൭൩൩	൪൯൭	
൨൪	മീനച്ചിൽ	൧൯൦൦	൨	൨൩൭	൧൩൪	
		൧൯൦൧	൨	൨൪൫	൧൨൨	
		൧൯൦൨	൨	൨൯൩	൧൪൭	
		൧൯൦൩	൨	൩൪൨	൧൭൧	
൨൫	* മൂവാറ്റുപുഴ	൧൯൦൦	൨	൫൫൧	൩൧൫	
		൧൯൦൧	൨	൯൦൩	൩൧൭	
		൧൯൦൨	൨	൯൦൭	൩൩൦	
		൧൯൦൩	൨	൭൩൩	൫൧൪	
൨൩	കുന്നത്തുനാട്	൧൯൦൦	൨	൫൪൩	൩൫൧	
		൧൯൦൧	൨	൫൯൩	൩൭൧	
		൧൯൦൨	൨	൫൩൭	൩൭൩	
		൧൯൦൩	൨	൩൭൪	൪൭൧	
൨൭	തൊടുപുഴ	൧൯൦൦	൧	൨൯൨	൨൩൧	
		൧൯൦൧	൧	൨൩൭	൨൧൪	
		൧൯൦൨	൧	൨൫൪	൧൯൯	
		൧൯൦൩	൧	൩൩൭	൨൭൯	
൨൭	പീരുമേട്	൧൯൦൦	൨	൪൯൫	൩൧൭	
		൧൯൦൧	൨	൪൪൩	൨൭൫	
		൧൯൦൨	൨	൫൩൪	൩൪൭	
		൧൯൦൩	൨	൩൦൦	൪൦൪	
൨൮	ദേവികുളം					

ഈ താലൂക്കുകളിൽ റവന്യൂ പകർപ്പുഗുമസ്തന്മാരെ നിയമിച്ചിട്ടില്ല. അവിടത്തെ ജോലി യഥാക്രമം പീരുമേട് മജിസ്ട്രേട്ടുകോടതിയിലേയും ദേവികുളം കമ്മീഷണറാഫീസിലേയും പകർപ്പുഗുമസ്തന്മാർ നിർവഹിച്ചു വരുന്നു.

അനുബന്ധം ൯.

൨൯൧൦-ാംനമ്പർ ചോട്ടുത്തിരൻന്റെ മരപ്പടിയനുസരിച്ചു,

൧൯൧൫-ാം മാണ്ടു് തിരുവനന്തപുരം ഡിവിഷനിലെ ചന്തകളും
അവയ്ക്കു ചാർത്തിനകൊടുത്ത സംഖ്യകളും ഇ. ഡി. ദാസനാ
ണെന്നു അനുവദിച്ചുസംഖ്യകളും കാണിച്ചു പട്ടിക.

താലൂക്ക്	ചന്തയുടെ പേരു്	൧൯൧൫-ാമാണ്ടു് ചുങ്കം പിരിവിനു അപേക്ഷ കൊടുത്തതിനുള്ള സംഖ്യ			൧൯൧൫-ാമാണ്ടു് ചന്ത കയ്യിലെടുക്കാൻ അനുവദിച്ച സംഖ്യ
		രൂപ.	ണ.	പൈ.	രൂപ.
തോവാള	തിട്ടുവിള	൧൦	൦	൦	
അഗസ്തീശ്വരം	൧ നടമലടി	൧,൧൩൪	൧൨	൨	
	൨ ആശാരിപ്പള്ളം	൨൩൩	൧൬	൦	൧,൪൪൨
	൩ കാട്ടുക്കാൽമഠം	൩൪൯	൧൨	൦	
കല്ക്കുളം	൧ മേക്കമണ്ഡപം	൩൦൪	൧൬	൨	
	൨ മണപ്പിക്കര	൪൩൯	൧൩	൧	
	൩ കൊറവിക്കോട്ട്	൪൦	൨൦	൦	൩,൦൩൨
	൪ കോശാപുരം	൧,൩൯൬	൩	൨	
	൫ തുപ്പുരപ്പു	൨൬൬	൨൪	൨	
	൬ കടമ്പമൂട്	൩൩	൪	൨	
	൭ പുളിമൂട്	൧൪൪	൨൦	൦	
	൮ പൊന്മന	൪൦	൨൪	൦	
	൯ തിങ്കളാഴ്ചന്ത	൪,൩൨൬	൨൨	൧	
	൧൦ മാവിള	൯	൧൨	൧൨	
	൧൧ ശവമുഖിയാഴ്ചന്ത	൩൩൨	൩	൩	
	൧൨ കുറമ്പന	൨൨൪	൦	൦	
	൧൩ തിക്കാനങ്കോട്ട്	൨൦൨	൧൨	൨	
വിളവങ്കോട്	൧ കളിയിക്കവിള	൪,൯൨൨	൧൩	൦	
	൨ കരിങ്കൽ	൩,൧൪൨	൧൪	൦	൧,൪൩൪
	൩ പടന്നാലുമൂട്	൨൪൧	൦	൦	

അനുബന്ധം ൻ. (തുടർച്ച.)

താലൂക്ക്	ചന്തയുടെ പേര്	ക്ഷാരം-ാമാണ്ട് ചുങ്കം പിരിക്കാൻ അവകാശം കൊടുത്തതിനുള്ള സംഖ്യ			ക്ഷാരം-ാമാണ്ട് ചന്തകൾ നന്നാക്കാൻ അനുവദിച്ച സംഖ്യ
		രൂപ.	ച.	കാ.	
നെയ്യാറ്റിങ്കര	ക സേലക്കീപുരം	൩,൦൦൦	൦	൦	൧൯൫
	ഖ പനച്ചമൂട	൧,൩൫൧	൧	൦	
	ഗ ബാലരാമപുരം	൩,൦൩	൭	൦	
	ഘ പാറശാല	൧൫൦	൦	൦	
നെടുമങ്ങാട്	ക കാരിച്ചാൽ	൧൯൧	൧൫	൦	൧,൩൫൧
	ഖ ഇരുഞ്ഞിയിൽ	൫൧൩	൦	൦	
	ഗ നെടുമങ്ങാട്	൨,൦൩൫	൨.൩	൧൨	
	ഘ വെഞ്ഞാറമൂട്	൨,൦൯൦	൮	൦	
	ങ കുന്നുകുളങ്ങര	൨ ൦ ൯	൦	൦	
	ച കാട്ടാക്കട	൩,൫൭൧	൧൫	൮	
	ഛ വെള്ളനാട്	൧൩൫	൦	൦	
	ജ നന്നിമ്പാട്	൩൦൩	൧൫	൮	
തിരുവനന്തപുരം	ക മംഗലപുരം	൧,൦൧൮	൨൫	൮	൨൩൩
	ഖ ചിറയാറം	൧,൫൨൩	൦	൦	
	ഗ പോത്തൻകോട്	൫൦൮	൩൩	൦	
	ഘ പേരൂക്കട	൧,൮൦൦	൦	൦	
ചിറയിൻകീഴ്	ക കിളിമാനൂർ	൨,൦൧൦	൦	൦	൨,൨൫൦
	ഖ നിലമേൽ	൧,൩൯൭	൦	൭	

അനുബന്ധം ൧ ൦

൨൯-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

൧൯൯൪-ാമാണ്ടുമുതലുള്ള അഗസ്തീശ്വരം, കല്ലുമം എന്നിതാലൂക്കുകളിൽ നടത്തിയ റൈവന്യൂവേലകളുടെ വിവരം കാണിക്കുന്ന പട്ടിക.

താലൂക്കിന്റെ പേരു	൧൯൯൪-ാമാണ്ടുനടത്തിയ റൈവന്യൂവേലകളുടെഎണ്ണം	സ്ഥിരപ്പെടുത്തിയ	സ്ഥിരപ്പെടുത്താത്തതു	മേലധികാരിയ്ക്കു അപ്പീലിനു കൊടുത്തതു	ഡിസ്ട്രിക്ടുകളിന്നു അപ്പീലിച്ചു കൊടുത്ത കേസുകളുടെ സംഖ്യ			ഗവണ്മെന്റു മുതൽക്കൂട്ടിയ സംഖ്യ			ഗവണ്മെന്റു മുതൽക്കൂട്ടിയ സംഖ്യയും അതിന്നു കാരണവും
					രൂപാ	ച.	കാ.	രൂപാ	ച.	കാ.	
തോവാളെ അഗസ്തീശ്വരം	ഒന്നുമില്ല ൧൫	... ൭	... ൮	... ഇല്ല.	... ൧൮	... ൨൭	... ൧൫	... ൦	... ൧൯	... ൧൨	ഒരുസംഖ്യയും ഗവണ്മെന്റു മുതൽകൂട്ടിയില്ല.
കല്ലുമം	൯	൪	൫	൪	൦	൨൪	൧൦	൦	൪	൧൦	

മി: എ. എസ്. രാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സഭയുടെ യോഗം രണ്ടുദിവസംകൂടിമാത്രമുള്ളതുകൊണ്ടു ഞാൻ ഇന്നലെ നോട്ടീസുകൊടുത്തയോഗനടപടികൾ നിറുത്തിവെക്കാനുള്ള പ്രമേയത്തിനെപ്പററിയുള്ള വാദത്തിന്നു ഒരു സമയം നിശ്ചയിക്കുന്നതിന്നു അപേക്ഷിച്ചുകൊള്ളുന്നു.

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): വിവരങ്ങളറിവാൻ ദിവാൻപേഷ്കാർക്കു കമ്പിയടിച്ചിട്ടുണ്ടു. അദ്ദേഹത്തിന്റെ മറുപടികിട്ടീട്ടില്ല.

പ്രസിഡൻറു: വിവരമറിയിക്കാൻ ദിവാൻപേഷ്കാർക്കു കമ്പികൊടുത്തിട്ടുണ്ടു. അദ്ദേഹത്തിന്റെ മറുപടിനാളെകിട്ടുമെന്നു പ്രതീക്ഷിക്കുന്നു. മറുപടികിട്ടിയശേഷമെ സമയംനിശ്ചയിക്കൂ.

നിയമനിർമ്മാണം.

തിരുവിതാംകൂർ നമ്പൂതിരിബില്ല്.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട (ജന്മികൾ): രണ്ടാമത്തെ സഭയിൽ മി: ഇപ്പൻനമ്പൂതിരിപ്പാട ഹാജരാക്കിയതും സിലക്ട് കമ്മിററിയെ ഏല്പിച്ചതുമായ തിരുവിതാംകൂർ നമ്പൂതിരിബില്ലിന്റെ ഭാരം ഏററെടുക്കാൻ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

മി: ടി. ജി. മേനോൻ (പെരുർ): ഞാൻ പിൻതാങ്ങുന്നു.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട (ജന്മികൾ): ഇതിനെസംബന്ധിച്ചു നമ്പൂതിരിബില്ലിനെപ്പററിയുള്ള ചിലസംഗതികൾ സഭാമുമ്പാകെ പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നു.

എന്റെ സംസാരം തുടരാമോ, സർ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഗവർണ്മെന്റ്സെക്രട്ടറി): പ്രസംഗം പറയാൻ മി: നമ്പൂതിരിപ്പാട്ടിയ്ക്കു അവകാശം ഉണ്ടു. എന്നാൽ അതാവശ്യമാണെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ പ്രമേയത്തെ ആരും പ്രതിക്ഷേപിക്കുന്നില്ലല്ലോ.

മി: എ. എസ്. രാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ബില്ലിനു പ്രതിക്ഷേപമായി ഒരു പ്രമേയം ഇല്ലാത്തസ്ഥിതിക്കു മി: കേശവൻ നമ്പൂതിരിപ്പാടിന്നു സമാധാനമായി വല്ലതും പറയാൻ അവകാശമുണ്ടോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഗവർണ്മെന്റ് സെക്രട്ടറി): മി: നമ്പൂതിരിപ്പാടിന്നു ഒരു പ്രസംഗം ചെയ്യാൻ അവകാശമുണ്ടു.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട (ജന്മികൾ): നമ്പൂതിരിബില്ലിനെപ്പററി ചിലസംഗതികൾ ഈ സഭാമുമ്പാകെ പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ സഭയിൽ- ലജിസ്ലേററീവു അസംബ്ലിയിൽ സമുദായം മുഴുവനിലും ആഗ്രഹപ്രകാരം കൊണ്ടുവന്നതാണു. ഈ വലിയഭാരം അദ്ദേഹം കയ്യേററതു കേരളത്തിലെ നമ്പൂതിരിമാരുടെ പ്രതിനിധ്യം വഹിക്കുന്ന നമ്പൂതിരിയോഗക്ഷേമസഭയുടെ അപേക്ഷപ്രകാരമായിരുന്നു. ബിൽ ഈ സഭയിലെ എല്ലാഅംഗങ്ങളുടെയും മിക്കവാറും കക്ഷികളുടെയുമുള്ള അഭിപ്രായപ്രകാരം സ്വീകരിക്കയും സിലക്ട് കമ്മിററിക്കു ഏല്പിച്ചുകൊടുക്കയും ചെയ്തു. സിലക്ട് കമ്മിററി ഈ ബില്ലിന്റെ കാര്യത്തിൽ വളരെ ശ്രദ്ധയും കാണിക്കയും അവരുടെ റിപ്പോർട്ടു ഗവണ്മെന്റിലേക്കു സമർപ്പിക്കയും ചെയ്തു.

ഈ സമയംകൊണ്ടു രണ്ടാമത്തെ സഭപിരിച്ചുവിടപ്പെട്ടു. ബിൽ അനൌദ്യോഗികമാകയാൽ അതും നിയമപ്രകാരം ഉർബ്ബലപ്പെട്ടുപോയി. ബിൽ അവതരിപ്പിക്കാൻ മി: ഇപ്പൻനമ്പൂതിരിപ്പാടിനെ അധികാരപ്പെടുത്തിയ യോഗക്ഷേമസഭ മാവേലിക്കരവെച്ചുകൂടിയ അതിന്റെ കഴിഞ്ഞയോഗത്തിങ്കൽ ആ ബിൽ നിയമമാക്കുന്നകാര്യം ഞാൻ ശരമേല്ക്കുണമെന്നു എന്നോടാവശ്യപ്പെട്ടു. ഈ ബില്ലിന്റെകാര്യത്തിൽ ഞാൻ കൂട്ടായി ചേർക്കപ്പെട്ട മെമ്പർമാരിൽ ഒരാൾ ആയിരുന്നു എന്നും സിലക്ടുകമ്മിററിയിലും ഞാനൊരു മെമ്പറായിരുന്നു എന്നും ഉള്ളതും ഈ സന്ദർഭത്തിൽ പ്രസ്താവയോഗ്യമാണു.

മെസ്സേഴ്സ് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, പി. കെ. നാരായണപിള്ള, എസ് സുബ്രഹ്മണ്യയ്യർ മുതലായ വിദ്വാന്മാരായ ശാസ്ത്രിമാർ അംഗങ്ങളായുള്ള ആ സിലക്ട് കമ്മിററി ബില്ലിലെ സംഗതികൾ പര

[illegible] സൂക്ഷ്മദൃഷ്ടിയോടെ പരിശോധിച്ചും എല്ലാവർക്കും സ്വീകാര്യമായവിധത്തിൽ അതിനെ രൂപപ്പെടുത്തിട്ടുള്ളതു, [illegible] ഈ [illegible] ചർച്ചയ്ക്കു [illegible] ഹാജരാകുന്നതു ന്യായമായിരിക്കും, [illegible] സ്ഥാനമാനങ്ങളുടെയും [illegible] ഹാർദ്ദമായ [illegible] [illegible] ചെയ്യുന്നു.

മി: [illegible] എസ്. ഒ. [illegible] (ചാവക്കാട്, [illegible] കാർത്തികപ്പള്ളി): സർ, ഞാൻപറയുന്ന ഇഷ്ടാനുഭവങ്ങൾ [illegible] [illegible] [illegible]

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): അതു നിയമനിർമ്മാണം സംബന്ധിച്ചു ജോലിയാണ്. അതുകൊണ്ടു താൽക്കാലിക ലിസ്റ്റിൽ ഉൾപ്പെടണം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): തന്റെ പ്രമേയത്തിനു നോട്ടീസ് വേണമെന്നാണു മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ അഭിപ്രായമെന്നു അനുമാനിക്കാമോ.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഇതിനെപ്പററി നോട്ടീസ് വേണം; എന്നാൽ തൽക്കാലികലിസ്റ്റിൽ ഉൾപ്പെടുത്തീട്ടില്ല എന്നാണ് എന്റെവാദം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബിൽ ഗസററിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടെന്നു അറിയാമോ എന്നു മെമ്പർ പറയുമോ?

മി: എസ് പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): വാദവിഷയത്തോടു അതു യാതൊരു സംബന്ധവുമില്ല.

മി: എ. ജി. മേനോൻ (പറവൂർ): നടപടിക്രമത്തെപ്പററി വാദം പുറപ്പെടുവിച്ചു ആറുതന്നെ നടപടിക്രമവിരുദ്ധമായി പ്രവർത്തിക്കുന്നു എന്നു പറഞ്ഞുകൊള്ളുന്നു. എന്തെന്നാൽ എന്റെ പേരുവിളിക്കയും ഞാൻ എഴുന്നേൽക്കയുംചെയ്ത ശേഷമാണ് അദ്ദേഹം ഈ വാദംകൊണ്ടുവന്നതു്. ഇങ്ങനെ ആയാൽ സഭയിലെ യാതൊരു ജോലിയും നടക്കയില്ല. എന്റെ പേരുവിളിച്ചു ഞാൻ എഴുന്നേററപ്പോൾ എന്റെ പ്രസംഗം ആരംഭിച്ചുപ്പോൾ എന്നു വിലക്കപ്പെടുത്തി.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): മിസ്റ്റർ മേനോൻ 2 ന 2)-ാം നമ്പർ ചട്ടം വായിച്ചുനോക്കണമെന്നു അപേക്ഷിക്കുന്നു. ഒരു മെമ്പർക്കു പ്രെസിഡന്റിന്റെ തീർച്ചപ്പെടുത്തിയ ഏപ്പോഴെങ്കിലും ഒരു നടപടിക്രമം ചൂണ്ടിക്കാണിക്കാമെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്.

പ്രസിഡന്റ്: നടപടിയെപ്പററിയുള്ള ഒരു വാദം ഏതുസമയത്തും കൊണ്ടുവരാം.

മി: എ. ജി. മേനോൻ (പറവൂർ): ബില്ലിനെപ്പററി ഞാൻ മുമ്പുതന്നെ നോട്ടീസ് കൊടുത്തിട്ടുണ്ട്. ബിൽ അവതരിപ്പിക്കുന്നതിനെപ്പററിയുള്ള ചട്ടത്തിൽ നോട്ടീസ് വേണമെന്നു വ്യവസ്ഥയില്ല. ഒരു ബിൽ അവതരിപ്പിക്കുന്നതിനു അനുവാദം ചോദിക്കുന്നതിനെ സംബന്ധിച്ചുള്ള വകുപ്പിൽ മാത്രമേ നോട്ടീസ് വേണമെന്നുള്ളു. എന്നുമാത്രമല്ല പ്രസ്താവത്തിലെ മററു നോട്ടീസ് താൽക്കാലിക ലിസ്റ്റാണ്. താൽക്കാലികലിസ്റ്റ് ഒരു അവസാനലിസ്റ്റല്ല.

പ്രസിഡന്റ്: നിങ്ങളുടെ ഇപ്പോഴത്തെ പ്രമേയം സഭയുടെ നിയമനിർമ്മാണകോലിയിൽപെട്ടതാണോ അല്ലയോ എന്നാണു വാദം.

മി: എ. ജി. മേനോൻ (പറവൂർ): നിശ്ചയമായി അതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, എന്റെ സ്നേഹിതൻ മിസ്റ്റർ പിറവിപ്പെരുമാൾപിള്ള നടപടിയെ സംബന്ധിച്ചു കൊണ്ടുവന്ന വാദത്തിനു ഇപ്പോൾ സഭയുടെ ആലോചനാവിഷയമാകേണ്ടുന്ന സംഗതിയോടു യാതൊരു സംബന്ധവുമില്ലെന്നു പറഞ്ഞുകൊള്ളുന്നു. നമ്പർ നമ്പർ സ്റ്റാൻറിംഗ് ഓർഡർപ്രകാരം ഒരു ബിൽ ഗസററിൽ പ്രസിദ്ധപ്പെടുത്തിയശേഷം അതിന്റെ അവതാരകനു അതിനെ ഏപ്പോഴെങ്കിലും ഹാജർക്കാം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): ദിവസത്തെക്കാര്യപരിപാടിയിൽ ഉൾപ്പെടുത്തീട്ടില്ലെങ്കിലും അതിനെ അവതരിപ്പിക്കാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതേ, അതുതന്നെയാണു ഞാനും പറയുന്നതു്. അതുകൊണ്ടാണു ബിൽ ഗസററിൽ പ്രസിദ്ധപ്പെടുത്തീട്ടില്ലയോ എന്നു ഞാൻ മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയോടു ചോദിച്ചതു്. അതു അസംബന്ധമാണെന്നു അദ്ദേഹം പറഞ്ഞു; എന്നാൽ അദ്ദേഹം കൊണ്ടുവന്ന വാദത്തോടു അതു വളരെ സംബന്ധപ്പെട്ടതാകുന്നു. ഈ ബിൽ ഗസററിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഇതു നോട്ടീസ് വേണ്ടതായ ഒരു ബിൽ ആണോ എന്നു മെമ്പർ പറയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ പറയുന്നതു മെമ്പർ ക്ഷമയോടെ കേട്ടാൽ നന്നായിരിക്കും. പിന്നീടു അദ്ദേഹത്തിനു വല്ല സംശയവുമുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കു ഞാൻ മറുപടി പറയാം.

സർ, ബിൽ ഗസററിൽ പ്രസിദ്ധംചെയ്തിട്ടുള്ളതുകൊണ്ടു അതിന്റെ പ്രയോജകൻ അതിനെ സഭയിൽ ഹാജരാക്കാൻ കഴിഞ്ഞപ്രാവശ്യം അനുവാദംചോദിച്ചു. സഭ അതനുവദിക്കയുംചെയ്തു. അതുകൊണ്ടു ഇപ്പോഴത്തെ നിലയിൽ ബില്ലിന്റെ കർത്താവു് അതിനെ ഈ സഭയുടെ ആലോചനയ്ക്കായി അവതരിപ്പിക്കുന്നതിനു നോട്ടീസ് കൊടുത്തിട്ടുവശ്യമില്ല. അങ്ങനെ നോട്ടീസ് കൊടുക്കണമെന്നു ഒരു വ്യവസ്ഥയും ഇല്ല. ഇപ്പോഴുള്ള വ്യവസ്ഥകൾപ്രകാരം നോട്ടീസ് കൊടുക്കാതെ ബിൽ അവതരിപ്പിക്കാൻ മെമ്പറിനു സ്വാതന്ത്ര്യമുണ്ടു്. നിയമസഭാസെക്രട്ടറി ബില്ലിനെപ്പററി നോട്ടീസ്കൊടുത്തിട്ടുണ്ട്. പതിന്നാലു ദിവസത്തെ നോട്ടീസോ ചിലദിവസത്തെ നോട്ടീസോ, നോട്ടീസ്കൊടുത്തിട്ടുണ്ട്. അതുകൊണ്ടു സ്റ്റാൻഡിംഗ് ആർഡർകളിലെ വ്യവസ്ഥകൾക്കനുസരിച്ചു നോട്ടീസ് കൊടുത്തതിൽ നിയമസഭാസെക്രട്ടറി പ്രവർത്തിച്ചിരിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്കു): ചട്ടങ്ങൾപ്രകാരം പതിന്നാലുദിവസത്തെ നോട്ടീസുവേണമെന്നു പറഞ്ഞുകൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ബില്ലുകളെ സംബന്ധിക്കുന്നവയല്ല. അതു ഈ സഭയിൽ ചെയ്യാനുള്ള സാധാരണ ജോലിയെ സംബന്ധിച്ചാണ്.

മി: എ. എസ്. ദാമോദരൻ അയ്യൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സ്റ്റാൻഡിംഗ് ആർഡർ നമ്പർ ബിയിൽ ഇങ്ങനെയേ പറഞ്ഞിട്ടുള്ളു.

"ഓരോ യോഗത്തിനും നിശ്ചയിക്കുന്ന തീയ്യതിക്കു, കുറഞ്ഞപക്ഷം, പതിന്നാലു ദിവസങ്ങൾക്കുമുമ്പായി ആ യോഗത്തിൽ ചെയ്യാനുള്ള നിയമസംബന്ധമായ ജോലിയുടെ ഒരു താൽക്കാലിക ലിസ്റ്റ് ഓരോ മെമ്പർക്കും സെക്രട്ടറി അയച്ചുകൊടുക്കണം."

ഈ ബിൽ അവതരിപ്പിക്കുന്നതിനെപ്പററി പതിന്നാലു ദിവസത്തിന്നുമുമ്പായി എനിക്കു നോട്ടീസ് കിട്ടീട്ടുണ്ട്. സെക്രട്ടറി മററുള്ള മെമ്പർമാക്കും അങ്ങനെ നോട്ടീസയച്ചിട്ടുണ്ടെന്നു വിചാരിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): എനിക്കു കിട്ടിയതു ഒരു സൈക്ലോസ്റ്റൈൽ നോട്ടീസാണ്. മിസ്റ്റർ ആശാനും ഇതുതന്നെയാണു കിട്ടിയതെന്നു വിചാരിക്കുന്നു. അതുകൊണ്ടു അങ്ങനെയൊരു നോട്ടീസ്സു പതിന്നാലു ദിവസത്തിനുമുമ്പു അദ്ദേഹത്തിന്നയച്ചതു എങ്ങനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എനിക്കു കിട്ടിയതു എന്തു നോട്ടീസ്സാണെന്നു എന്റെ സ്നേഹിതനു പറയാൻ കഴിയുന്നില്ല. എനിക്കുകിട്ടിയതു പതിന്നാലു ദിവസം മുമ്പു ഇവിടെനിന്നയച്ച ഒരു ടൈപ്പുചെയ്ത പകർപ്പാണ്. അതുപോലെയുള്ള പകർപ്പുകൾ മററു മെമ്പർമാക്കും സെക്രട്ടറി അയച്ചിട്ടുണ്ടെന്നു വിചാരിക്കുന്നു. സെക്രട്ടറി അങ്ങനെയൊരു നോട്ടീസയച്ചിട്ടുണ്ടെങ്കിൽ അതു തനിക്കു കിട്ടീട്ടില്ലെന്നു യാതൊരു മെമ്പറിനും പറവാൻപാടില്ല. പറഞ്ഞാൽ നടപടിക്രമത്തിനു വിരുദ്ധമായിതീരുമല്ലോ. ഞാൻ സമ്മതിക്കുന്നില്ലെങ്കിലും, മി: പിറവിപ്പെരുമാൾപിള്ളയുടെ വാദം ശരിയാണെങ്കിൽ തന്നെയും ഈ ബിൽ അവതരിപ്പിക്കുന്നതിനെപ്പററി, മതിയായ നോട്ടീസ് കൊടുത്തിട്ടുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): നിയമനിർമ്മാണസംബന്ധമായ ഒരു ജോലി താൽക്കാലിക ലിസ്റ്റിൽ ഉൾപ്പെടുത്തീട്ടില്ലെങ്കിലും അതും ഈ സഭയിൽ ചെയ്യാമെന്നാണോ മിസ്റ്റർ ആശാന്റെ വാദം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): രണ്ടു ലിസ്റ്റുകൾ താൽക്കാലികവും അവസാനവും, ഉണ്ടെന്നാണ് എനിക്കു ബോധിപ്പിക്കാനുള്ളതു്. ഇങ്ങനെ രണ്ടു ലിസ്റ്റുകളുടെ ഉള്ളാം താൽക്കാലികലിസ്റ്റിൽ വല്ലതും തിരുത്താനുണ്ടെങ്കിൽ അതു അവസാന ലിസ്റ്റിൽ ശരിപ്പെടുത്താമെന്നുള്ളതാണ്. താൽക്കാലികലിസ്റ്റിൽ വല്ല ന്യൂനതയും ഉണ്ടായിരുന്നെങ്കിൽ അതു സെക്രട്ടറിയുടെ ഭാഗത്തു നോട്ടീസുകൊണ്ടു പരിഹരിക്കപ്പെട്ടുപോയി. അവസാനലിസ്റ്റ് ഇപ്പോൾ മതിയാനും, താൽക്കാലികലിസ്റ്റിൽപോലും ന്യൂനതയാണുമില്ലായിരുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): ഒരു നിയമനിർമ്മാണസംബന്ധമായ ജോലി താൽക്കാലിക ലിസ്റ്റിൽ ഉൾപ്പെടുത്തിട്ടില്ലെങ്കിലും ആലോചനയ്ക്കെടുക്കാമെന്നാണോ മിസ്റ്റർ ആശാന്റെ നില?

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു ഞാൻ സമ്മതിക്കുന്നില്ല. അതു താൽക്കാലിക ലിസ്റ്റിൽ ഉൾപ്പെടുത്താതിരിക്കയും ആ ലിസ്റ്റ് മതിയായ സമയത്തിന്നുള്ളിൽ തിരുത്താതിരിക്കയുംചെയ്താൽ അതു അവസാനലിസ്റ്റിൽ ഉൾപ്പെടുത്താമെന്നു ഞാൻ പറയുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): താൽക്കാലിക ലിസ്റ്റിൽ തെററുണ്ടെങ്കിൽ അതു എന്തു സമയത്തിന്നുള്ളിൽ തിരുത്തണമെന്നാണ് മിസ്റ്റർ ആശാന്റെ അഭിപ്രായം?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ന്യായമായ സമയം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും): സ്റ്റാൻഡിംഗ് ആർഡേഴ്സിൽ വിവരിച്ചപ്രകാരമല്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയു കാർത്തികപ്പള്ളിയും): ഇങ്ങനെയുള്ള കാര്യങ്ങളിൽ നോട്ടീസു വേണ്ടെന്നുവയ്ക്കാൻ പ്രസിഡന്റിന്നു അധികാരമുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): ഒരു മണിക്കൂറു ന്യായമായ സമയമായിട്ടു മെമ്പർ സ്വീകരിക്കുമോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രസിഡന്റിന്റെ യുക്തംപോലെ ചെയ്യട്ടെ.

മി: എ. ജി. മേനോൻ (പറവൂർ): ചട്ടപ്രകാരം ഒരു ബിൽ അവതരിപ്പിക്കാൻ അനുവാദത്തിന്നായി കൊണ്ടുവരുന്ന പ്രമേയങ്ങളെ സംബന്ധിച്ചേ മെമ്പർമാക്കു നോട്ടീസ് കൊടുക്കേണ്ടുള്ളു. ബിൽ അവതരിപ്പിക്കുമ്പോൾ നോട്ടീസിന്റെ ആവശ്യം സെക്രട്ടറി അതു കാര്യപരിപാടിയിൽ ചേർക്കുന്നതിനാണ്. ബിൽ ഗസെററിൽ പ്രസിദ്ധംചെയ്തിട്ടുണ്ടെങ്കിൽ മെമ്പർമാക്കു നോട്ടീസ്സു കൊടുക്കാൻ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഒരു ബിൽ അവതരിപ്പിക്കാൻ ഒരു മെമ്പർ ഭാവിക്കുന്നുണ്ടോ ഇല്ലയോ എന്നു സെക്രട്ടറിക്കാണ് അറിയാൻ ആവശ്യമുള്ളതു്. അതിനാൽ കാര്യപരിപാടിയിൽ അതു ചേർക്കുന്നതിനു നോട്ടീസ് ആവശ്യമുണ്ട്. അതുകൊണ്ടു ഈ ബിൽ അവതരിപ്പിക്കുന്നതിന്റെ ന്യായത്തെപ്പററി ആർക്കും വാദിപ്പാൻപാടില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): സർ, ഈ നടപടി സംബന്ധമായ ഈ തർക്കത്തിൽ തന്റെ അഭിപ്രായം എന്താണെന്നു ഡിപ്യൂട്ടിപ്രസിഡന്റു സഭയെ അറിയിക്കതാണെന്നു എനിക്കു തോന്നുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റുനിയമനം-ഡിപ്യൂട്ടിപ്രസിഡണ്ട്): ഇതുവരെ ദീർഘമായി ആലോചിക്കാൻ ഇടയുണ്ടായിട്ടില്ലാത്ത ഒരു വിഷയത്തെപ്പററി ഒരഭിപ്രായം പറയാൻ എന്റെസ്നേഹിതൻ എന്നോടാവശ്യപ്പെട്ടതു കുറെ കഷ്ടമായിപോയി എന്നു ഞാൻ വിചാരിക്കുന്നു. സഭാമുമ്പാകെയുള്ള ജോലി നിയമനിർമ്മാണസംബന്ധമായ ജോലിയാണെന്നുള്ളതിനു തർക്കമില്ല. സഭയുടെ ആലോചനയ്ക്കു കൊണ്ടുവരുവാൻ വിചാരിക്കുന്ന ജോലിയും നിയമനിർമ്മാണസ്വഭാവമുള്ളതാണെന്നുള്ളതിനെപ്പററിയും വാദമുണ്ടാവാൻപാടില്ല. സഭയുടെ യോഗത്തിനു കുറഞ്ഞപക്ഷം ഏഴു ദിവസത്തിനുമുമ്പായി ഒരു താൽക്കാലിക കാര്യപരിപാടി എല്ലാ മെമ്പർമാക്കും അയച്ചുകൊടുക്കണമെന്നു സ്റ്റാണ്ടിങ്ങ് ആർഡർകളിൽ പ്രസ്താവിച്ചിരിക്കുന്നു. അതു നിരർത്ഥകമാണെന്നു ഗണിക്കാൻ പാടില്ല. അതുകൊണ്ടു ഇപ്പോൾഎന്റെ അഭിപ്രായം എല്ലാമെമ്പർമാ

ക്കാ നോട്ടീസ് അയയ്ക്കാതിരിക്കയും ആ നോട്ടീസു കിട്ടാൻ തങ്ങൾക്കവകാശമുണ്ടെന്നു മെമ്പർമാർ വാദിക്കയും ചെയ്താൽ മി: പിറവിപെരുമാൾപിള്ള കൊണ്ടുവന്നിട്ടുള്ള ആക്ഷേപം ന്യായമായിട്ടുള്ളതാണെന്നു എനിക്കു തോന്നുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഡിപ്യൂട്ടിപ്രെസിഡന്റു സ്റ്റാണ്ടിങ്ങ് ആർഡർ നമ്പ-ം സ്റ്റാൻഡിങ്ങ് ആർഡർ നമ്പറിയും തമ്മൽ യോജിപ്പിക്കുന്നതെങ്ങനെയാണ്?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറുനിയമനം-ഡിപ്യൂട്ടിപ്രസിഡണ്ട്): യഥാർത്ഥത്തിൽ അവ തമ്മിൽ വൈപരീത്യം ഇല്ല. വ്യവസ്ഥകൾ മുഴുവനും ഒന്നായി വായിക്കണം. നിയമവും ചട്ടങ്ങളും സ്റ്റാൻഡിങ്ങ് ആർഡേഴ്സും ഒന്നായി വായിച്ചു വ്യാഖ്യാനിച്ചാൽ വൈപരീത്യം കാണുകയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കാര്യപരിപാടിയിൽ ഒരു ബിൽ അവതരിപ്പിക്കുന്ന കാര്യം ഒരു ജോലിയായി കേട്ടു കഴിഞ്ഞാൽ ഏഴു ദിവസത്തെ നോട്ടീസ് ആവശ്യമുണ്ടോ എന്നു ഡിപ്യൂട്ടി പ്രസിഡന്റു പറയുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറുനിയമനം-ഡിപ്യൂട്ടിപ്രസിഡണ്ട്): കാര്യപരിപാടിയിൽ ഒരു ജോലി ചേർത്തുപോയി എന്നുള്ള സംഗതി അതു സ്റ്റാണ്ടിങ്ങ് ആർഡർകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണെങ്കിൽ അതിന്റെ ന്യൂനതയെ പരിഹരിക്കയില്ല. അങ്ങനെ ചെയ്യാതെകിലും മെമ്പർമാർക്കു ആക്ഷേപിക്കുന്നതിനും അവകാശം സ്ഥാപിക്കുന്നതിനും ഉള്ള സ്വാതന്ത്ര്യവും ഇല്ലാതായിപോകയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അങ്ങനെയായിരുന്നാലും പതിന്നാലുദിവസത്തെ നോട്ടീസ് കണക്കാക്കുന്നതു നോട്ടീസയക്കുന്ന തീയതിമുതൽ ജോലി നടത്താനുള്ള തീയതിവരെയാണോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറുനിയമനം-ഡിപ്യൂട്ടിപ്രസിഡണ്ട്): സ്റ്റാൻഡിങ്ങ് ആർഡറിലെ ഭാഷ സ്പഷ്ടമാണെന്നു ഞാൻ വിചാരിക്കുന്നു.

മി: എസ്. പിറ്പിരപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): ദിവസങ്ങളുടെ വിവരം സ്പഷ്ടമായി പറഞ്ഞിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറുനിയമനം-ഡിപ്യൂട്ടിപ്രസിഡണ്ട്): അതെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): നോട്ടീസയച്ചതു എന്നാണെന്നു നിയമസഭാസിക്രട്ടറി പറയുമോ?

പ്രെസിഡെണ്ട്: നടപടിക്രമത്തെ സംബന്ധിച്ചുള്ള വാദം തീർച്ചയാക്കിയശേഷമാണ് ആ ചോദ്യം ചോദിക്കേണ്ടതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): സർ, ഞാനാദ്യ പ്രയാസമുള്ള സ്ഥാനത്തിരിക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു. എന്റെ സ്വന്ത അഭിലാഷം ഈ ജോലി തുടർന്നുകൊണ്ടു പോകണമെന്നാണു. ഒന്നാമതായി അതുറപ്പുപ്പെടുത്തിട്ടില്ലാത്ത ലിസ്റ്റ് താൽക്കാലിക ലിസ്റ്റാകയാലും അവസാനലിസ്റ്റല്ലായ്കയാലും രണ്ടാമതായി അതു് ഇന്നത്തെ ജോലിയുടെ കാര്യപരിപാടിയിലും ഉള്ളതുകൊണ്ടും ഈ സംഗതി സഭയിലെ മെമ്പർമാരുടെ അവകാശങ്ങളെ ബാധിക്കുന്നതായി കാണുവാനിട്ടുള്ളതാകയാൽ പല അവസരങ്ങളിൽ താങ്കളുടെ സ്ഥാനത്തിലിരിക്കേണ്ടുന്ന ഡിപ്യൂട്ടിപ്രസിഡെണ്ടിന്റെ അഭിപ്രായത്തിനു വളരെ വില കല്പിക്കേണ്ടിയിരിക്കുന്നു. ഗവണ്മെൻറ് അദ്ദേഹത്തിന്റെ അഭിപ്രായം സ്വീകരിച്ചുമതിയാകെ എന്നു ഞാൻ പറയുന്നില്ലെങ്കിലും ആ അഭിപ്രായത്തെ വിചാരിക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു.

മി: എ. ജി. മേനോൻ (പറവൂർ): ചില മെമ്പർമാർക്കു നോട്ടീസ് സമയത്തിനു കിട്ടീട്ടുണ്ടെന്നുള്ള സംഗതി വാദം തീർച്ചയാക്കുന്നതിന് ആലോചിക്കേണ്ടതല്ലയോ?

പ്രെസിഡെണ്ട്: അതു കാര്യസംബന്ധമായ സംഗതിയാണു. അതിനുമുമ്പു നിയമസംബന്ധമായ തർക്കം തീർക്കണം.

മി: എ. ജി. മേനോൻ (പറവൂർ): ഏതായാലും സ്റ്റാൻഡിങ്ങ് ആർഡർ നമ്പ (ഴ) ഒന്നു വായിച്ചുനോക്കണമെന്നു ഞാൻ പ്രെസിഡെണ്ടിനോടു് അപേക്ഷിച്ചുകൊള്ളുന്നു. അതു ഒരു ബിൽ അവതരിപ്പിക്കാനുള്ള അനുവാദത്തെ സംബന്ധിച്ചുള്ള നോട്ടീസിന്റെ കാലാവധിയെ സംബന്ധിച്ചാകുന്നു. ബിൽ അവതരിപ്പിക്കുന്നതിനെ സംബന്ധിച്ചു മെമ്പർ നോട്ടീസുകൊടുക്കണമെന്നു് ആ വകുപ്പിൽ യാതൊന്നുമില്ല. ബിൽ ഗസാറ്റിൽ പ്രസിദ്ധപ്പെടുത്തി കഴിഞ്ഞിരിക്കുന്നു. അവതാരകൻ സഭാ സെക്രട്ടറിക്കു് അതിനെപ്പററി ഒരു നോട്ടീസു കൊടുത്തിട്ടുണ്ടെങ്കിൽ കാര്യപരിപാടിയിൽ അതു ചേർക്കേണ്ടതു്. അദ്ദേഹത്തിന്റെ പ്രവൃത്തിയാണു. ഈ ബിൽ അവതരിപ്പിക്കുന്നതിനു മെമ്പർമാർക്കു നോട്ടീസ് കൊടുക്കാൻ ആവശ്യമില്ലന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. അങ്ങനെ ചെയ്യണമെന്നു വ്യവസ്ഥയില്ല. അല്ലെങ്കിൽ ബിൽ അവതരിപ്പിക്കുന്നതിനെ സംബന്ധിച്ചു നടപടിയുടെ വിവരണത്തിൽ അതിനേക്കുറിച്ചും എന്തെങ്കിലും പ്രസ്താവിക്കമായിരുന്നു. ബിൽ അവതരിപ്പിക്കുന്നതിനെ സംബന്ധിച്ചു യാതൊരു വ്യവസ്ഥയും ഉണ്ടാക്കീട്ടില്ല. അതുകൊണ്ടു മെമ്പർക്കു് അതിനെ എപ്പോഴെങ്കിലും അവതരിപ്പിക്കാം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): സർ, താങ്കളുടെ അനുവാദത്തോടുകൂടി അതിനെപ്പററി ഒരു വാക്കുപറവാൻ ഞാൻ ആഗ്രഹിക്കുന്നു. വാദത്തിൽപെട്ട സ്റ്റാൻഡിങ്ങ് ഓർഡർ ഈ ജോലിക്കു ബാധകമാണെന്നു വിചാരിക്കുന്നപക്ഷം ചട്ടങ്ങൾക്കും സ്റ്റാൻഡിങ്ങ് ആർഡർകൾക്കും അനുസാരമായിട്ടില്ലാത്ത ജോലി പ്രെസിഡെണ്ടിനു വിസമ്മതിക്കാമെന്നു സ്റ്റാൻഡിങ്ങ് ഓർഡർ നമ്പ-ൽ പ്രത്യേകമായി പറഞ്ഞിട്ടുണ്ടു. സ്റ്റാണ്ടിങ്ങ് ആർഡർകൾപ്രകാരം ഈ ജോലി താൽക്കാലികലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു എന്നുള്ള ഡിപ്യൂട്ടിപ്രെസിഡെണ്ടിന്റെ അഭിപ്രായം നാം സ്വീകരിക്കുന്നപക്ഷം സ്റ്റാണ്ടിങ്ങ് ആർഡർ നമ്പ-ം ബാധകമായിരിക്കും.

മി: എ. ജി. മേനോൻ (പറവൂർ): മുമ്പെപ്പോഴെങ്കിലും ഇങ്ങനെ ഒരു കേസ് ഉണ്ടായിട്ടുള്ളതായി എനിക്കറിവില്ല. ഞാൻ പ്രാവശ്യം ഈസഭയിൽ മെമ്പറായിരുന്നിട്ടുണ്ടു്, നോട്ടീസ് കൊടുത്തതിന്റെ കാലം

ഇതിലും ചുരുക്കമായി കഴിഞ്ഞിട്ടും ഇങ്ങനെയൊരു തർക്കം പുറപ്പെട്ടിട്ടില്ല. നടപടിപ്രകാരം ഈ തർക്കം ഉന്നയിക്കാൻ പാടില്ലെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

പ്രസിഡന്റ്: തർക്കവിഷയം വളരെ പ്രധാന്യവും കുറെ പ്രയാസവും ഉള്ളതാകുന്നു. അതുകൊണ്ടു ഞാൻ ആലോചനയ്ക്കു കുറെ സമയം എടുത്തു തീർച്ചയാക്കി കഴിയുന്ന വേഗത്തിൽ അറിയിക്കാം. ഇപ്പോൾ മറ്റു ജോലിയിൽ പ്രവേശിക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): താൽക്കാലികലിസ്റ്റിനെപ്പററിയുള്ള നോട്ടീസ് താൻ എപ്പോഴാണയച്ചതെന്നു നിയമസഭാസെക്രട്ടറി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (നിയമസഭാസെക്രട്ടറി): താൽക്കാലികകാര്യപരിപാടി ഫർവർ ഏപ്രിൽ വ്യാഴം അയച്ചു. അതിന്റെ ശേഷമാണ് ഈ ബിൽ അവതരിപ്പിക്കാൻ താൻ ഉദ്ദേശിക്കുന്നു എന്നു സെക്രട്ടറിക്ക് മി: എ. ജി. മേനോൻ അയച്ച നോട്ടീസ് സെക്രട്ടറിക്കു കിട്ടിയത്. മി: എ. ജി. മേനോന്റെ അഭിപ്രായത്തെ അറിയിക്കുന്ന ഒരു എഴുത്തു എല്ലാ മെമ്പർമാർക്കും ഏപ്രിൽ ൧൦-ാംനു- വീണ്ടും അയച്ചു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിസ്റ്റർ മേനോന്റെ എഴുത്തു കിട്ടിയതിയതി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (നിയമസഭാസെക്രട്ടറി): അദ്ദേഹത്തിന്റെ എഴുത്തു ഏപ്രിൽ ൧-ാംനു-ക്കു കിട്ടി.

മി: ജി. ജി. മേനോൻ (പറവൂർ): കഴിഞ്ഞമാസം ൨൪-ാംനു-യൊ ൨൫-ാംനു-യൊ ആണൊ? ഞാൻ നോട്ടീസയച്ചത് ൨൪-ാം-നു-ക്കു ആണ്?

മി: ടി. പി. രാമസുബ്ബയ്യർ (നിയമസഭാസെക്രട്ടറി): ഏപ്രിൽ ൧-ാംനു- അതു പറവൂർ നിന്നയച്ചു. ഏപ്രിൽ ൨-ാം നു- കിട്ടി. അതു കഴിഞ്ഞ മലയാളമാസം ൨൫-ാംനു-യാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതുപോരയൊ?

മി: ടി. പി. രാമസുബ്ബയ്യർ (നിയമസഭാസെക്രട്ടറി): അതു കിട്ടിയ ഉടനെ മിസ്റ്റർ മേനോൻ ബിൽ അവതരിപ്പിക്കാൻ വിചാരിക്കുന്നു എന്നു കാണിച്ചു വീണ്ടും ഒരെഴുത്തു മെമ്പർമാർക്കെല്ലാവർക്കും അയച്ചു. അയച്ചതു ൧൦-ാംനു-യാണ്. മെമ്പർമാരെ അറിയിക്കുന്നതിനുമുമ്പായി അതിനെപ്പററി ആലോചിക്കാനുണ്ടായിരുന്നതുകൊണ്ട് അത്നുമുമ്പു ചെയ്യാൻ സാധിച്ചില്ല.

മി: എ. ജി. മേനോൻ (പറവൂർ): അങ്ങനെയായാലും ൧൫ ദിവസത്തെ നോട്ടീസ് ഉണ്ടായിരുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (നിയമസഭാസെക്രട്ടറി): ഓരോ മെമ്പർക്കും ൧൫ ദിവസം തികച്ചുമുള്ള നോട്ടീസ് കിട്ടിയില്ലായിരിക്കാം.

മി: എസ്. പിറവിപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഏപ്രിൽ ൧-ാംനു-ക്കു കിട്ടി കണക്കാക്കിയാലും ൧൫ ദിവസം തികച്ചു കിട്ടുകയില്ല.

മി: എ. ജി. മേനോൻ (പറവൂർ): സാധാരണയായി തിരുവിതാംകൂറിന്റെ എല്ലാഭാഗത്തേക്കും ഒരു ദിവസത്തെ താമസമെ ഉണ്ടാകാറുള്ളു. ഇന്നുരാത്രി ൧൨ മണിക്ക് ഇവിടെ അഞ്ചലിലിടുന്ന എഴുത്തു നാളെ ഉച്ച മണിക്കുമുമ്പായി പറവൂർ കിട്ടും. ഈ സംസ്ഥാനത്തു പറവൂരേക്കാൾ ഒരുമുക്കു സ്ഥലം ഉണ്ടെന്നു തോന്നുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതൊന്നും കണക്കാക്കാതെ നോട്ടീസില്ലാത്തതുനിമിത്തം സഭയ്ക്കെന്താണു ദോഷംതട്ടുന്നതെന്നു പ്രൈസിഡെണ്ടു ആലോചിക്കണം.

മി: എസ്. പിറവിപെരുമാൾ പിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഇതനുവദിച്ചാൽ ഗവർണ്ണമെന്റാ വേറെ വല്ലതുമെന്നാരൊ ഒരു മണിക്കൂറുമുമ്പേ നോട്ടീസ്സയച്ചു ഒരു ബിൽ അവതരിപ്പിച്ചു എന്നുവരാം എന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഒരു ബില്ലിനെപ്പററി ശനിയാഴ്ച നോട്ടീസ് തന്നിട്ടു തിങ്കളാഴ്ച അതിനെ അവതരിപ്പിച്ചു എന്നുവരാം. ഈ സഭയുടെ അവകാശങ്ങളും സ്വാതന്ത്ര്യവും സംരക്ഷിക്കുന്ന കാര്യത്തിൽ എനിക്കു വളരെ താല്പര്യം ഉണ്ട്.

മി: എ. ജി. മേനോൻ (പറവൂർ): താൽക്കാലിക ലിസ്റ്റിലെ ഒരു ന്യൂനത സഭയുടെ ജോലിക്കു വിഘ്നം വരുത്തുമെങ്കിൽ ഒരു താൽക്കാലി ലിസ്റ്റും പിന്നീടൊരു അവസാനലിസ്റ്റും ഉണ്ടായിരിക്കുന്നതിന്റെ അർത്ഥമെന്താണ്?

പ്രസിഡന്റ്: ഞാൻ പറഞ്ഞ പ്രകാരം ഒരു തീർച്ച പറയുന്നതിനു മുമ്പായി കാര്യത്തെപ്പററി ആലോചിക്കേണ്ടിയിരിക്കുന്നു. അതു വരെ നിങ്ങളുടെ പ്രമേയം നിർത്തിവയ്ക്കണം.

മി: എ. ജി. മേനോൻ (പറവൂർ): അതു ഈ പ്രമേയം ഇപ്പോൾ ആലോചനയ്ക്കെടുക്കണോ എന്നോ ആ പ്രമേയത്തിനു പ്രാധ്യമുള്ളതാണ്.

പ്രസിഡന്റ്: അല്ല. എന്റെ തീർച്ച താമസംകൂടാതെ പറയാം.

മി: എ. ജി. മേനോൻ (പറവൂർ): ഈ യോഗം അവസാനിക്കുന്നതിനു മുമ്പായി തീർച്ചയാകുമോ എന്നു പറയുമോ?

പ്രസിഡന്റ്: അങ്ങനെയാണ് എന്റെ പ്രത്യാശ. മുമ്പിങ്ങനെ എവിടെയെങ്കിലും സംഭവിച്ചിട്ടു ഇങ്ങനെയൊരുവാദം ഉണ്ടായിട്ടുണ്ടോ എന്നു നോക്കണം.

മി: എ. ജി. മേനോൻ (പറവൂർ): ഞാൻ സമയത്തിനുള്ളിൽ സെക്രട്ടറിക്കു നോട്ടീസ് കൊടുത്തു എന്നും അതു സമയത്തിനുള്ളിൽ കിട്ടി എന്നും രണ്ടു ദിവസത്തെ താമസമുണ്ടായതു എന്റെ കുററമല്ലെന്നും ആ താമസം തന്നെ ഗണ്യമായ താമസമല്ലെന്നും പ്രസിഡെന്റു അറിഞ്ഞിരിക്കണമെന്നു അപേക്ഷിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇതൊരു പ്രാധാന്യമുള്ള സംഗതിയാണ്. സ്റ്റാണ്ടിങ്ങ് ആർഡർ ൩൫ പ്രകാരം പ്രസിഡെന്റിനു യുക്തം പോലെ ൧൫ ദിവസത്തെ നോട്ടീസ് വേണമെന്നു വച്ചു പ്രമേയം ആലോചനയ്ക്കെടുക്കാൻ അനുവദിക്കാവുന്നതാണ്.

പ്രസിഡൻറ്: സ്റ്റാണ്ടിങ് ആർഡർ ൨൦ പ്രകാരം പ്രസിഡൻറിനു വിസമ്മതിക്കയും ചെയ്യാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): സ്റ്റാണ്ടിങ്ങ് ആർഡർ ൨൯-ൽ ഇങ്ങനെ പറഞ്ഞിരിക്കുന്നതുപ്പ സിഡൻറിൻെറ ഉഷ്ടിയിൽ പെടുത്തിക്കൊള്ളുന്നു. "പ്രസിഡൻറിനു തൻെറ യുക്തം പോലെ ഏതെങ്കിലും പ്രമേയത്തെ ഏതെങ്കിലും ആർഡറിൽ ക്ഷപ്പെടുത്തിട്ടുള്ളതിൽ ചുരുങ്ങിയ കാലത്തേ നോട്ടീസോടുകൂടെയോ നോട്ടീസ് കൂടാതെയോ സ്വീകരിക്കാവുന്നതാകുന്നു".

പ്രസിഡൻറ്: ൨൦-ാം നമ്പർ സ്റ്റാണ്ടിങ്ങ് ആർഡറിലേക്കു മെമ്പറിൻെറ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): തൻെറ അഭിപ്രായത്തിൽ ഒരു പ്രമേയം ചട്ടങ്ങൾക്കും സ്റ്റാണ്ടിങ്ങ് ആർഡർകൾക്കും അനുസരിച്ചല്ലെങ്കിലും അതിനെ പ്രസിഡൻറിൻെറ യുക്തം പോലെ വിസമ്മതിക്കാമെന്നാണു അതിൽ പറഞ്ഞിട്ടുള്ളതു. അതു കൊണ്ടാണു ഒരു പ്രമേയം സമ്മതിക്കണമോ വിസമ്മതിക്കണമോ എന്നുള്ളതു പ്രസിഡൻറിൻെറ യുക്തം പോലെ ചേയ്യാവുന്നതാകകൊണ്ടും ഇപ്പോൾ ഈ വിഷയത്തിൻെറ പ്രാധാന്യത്തെ ആലോചിച്ചു പ്രസിഡെൻറു തൻെറ യുക്തം പോലെ തൻെറ അധികാരം ഉപയോഗിക്കണമെന്നു ഞാൻ പറഞ്ഞതു.

പ്രസിഡൻറ്: ഈ കാര്യം അതിൻെറ എല്ലാ വശങ്ങളും നോക്കി ആലോചിക്കാം.

കൊച്ചിക്കോടതി റഗ്യുലേഷൻ ഭേദഗതി ബിൽ ഹാജരാക്കാൻ അനുവാദത്തിനുള്ള പ്രമേയം.

പ്രസിഡൻറ്: മിസ്റ്റർ പാച്ചുപിള്ള, നിങ്ങളുടെ പ്രമേയം ഹാജരാക്കാം.

മി: ടി. പി. പാച്ചുപിള്ള (ചേർത്തല): ഞാൻ എൻെറ മോഷൻ അവതരിപ്പിക്കുന്നില്ല.

തിരുവിതാംകൂർ കുടിയാൻ ദേഹണ്ഡവില ബിൽ ഹാജരാക്കാൻ അനുവാദത്തിനുള്ള പ്രമേയം.

മി: എൻ. ആർ. കൃഷ്ണൻ (ഗവണ്മെൻറു നിയമനം): ഈ രാജ്യം ഒരു കർഷക രാജ്യമാകുന്നു. എന്നാൽ ഇവിടെയുള്ള കൃഷിക്കാരല്ലാം വസ്തു ഉടമസ്ഥന്മാരല്ല. അധികംപേരും ജന്മികളുടെ വസ്തുക്കളെ പണയമായും പാട്ടമായും മററു പ്രകാരത്തിലും അനുഭവിക്കുന്നവരാകുന്നു. എന്നാൽ ഈ വസ്തു ഉടമസ്ഥന്മാർ വസ്തു ഒഴിപ്പിക്കുന്ന അവസരങ്ങളിൽ അനുഭവക്കാരുടെ ദേഹണ്ഡം കൊടുക്കണം. അങ്ങനെയുള്ള ദേഹണ്ഡം നിശ്ചയിക്കുന്നതിനെ സംബന്ധിച്ചു രാജ്യത്തു ക്ഷപ്തമായ ഒരു നിയമവുമില്ല. ഇതിലേയ്ക്കു ഒരു നിയമമില്ലാതിരിക്കുന്നിടത്തോളം കാലം കുടിയാൻ ദേഹണ്ഡം കിട്ടണമെന്നു കുടിയാനവനും ഏററവും കുറച്ചു കൊടുക്കണമെന്നു ജന്മിയും വാദിക്കാറുണ്ടു. ഇപ്പോൾ അങ്ങിനെ ചെയ്തു വരുന്നുണ്ട്. ഇങ്ങനെ വരുമ്പോൾ വിധികർത്താക്കൾ ചെയ്യുന്നതെന്താണ്? ഓരോ നടപ്പനുസരിച്ചു വിധിക്കുന്നു. ഓരോരുത്തർ പ്രത്യേകം പ്രത്യേകം നടപ്പുകളെ തെളിയിക്കാൻ ശ്രമിക്കുന്നു. ആ തെളിവുകളെ അടിസ്ഥാനപ്പെടുത്തി ഒരു വിധി പറയാൻ വിധികർത്താവും നിർബന്ധിതനാകുന്നു. ഓരോ കേസിലും ഓരോ മാതിരിനടപ്പിനെപ്പററി തെളിവു കൊടുക്കയും ഓരോ കേസുകൾ ഓരോ മാതിരി വിധിക്കയും ചെയ്യുന്നു. ഇതിനെ പരിഹരിക്കുന്നതിനായിട്ടു ക്ഷപ്തമായ ഒരു നിയമം ഉണ്ടാക്കേണ്ടതു എത്രയും അത്യന്താപേക്ഷിതമാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തൻെറ പ്രമേയത്തിനു എതിരില്ലാത്ത സ്ഥിതിക്കു ചട്ടങ്ങൾ പ്രകാരം മിസ്റ്റർ. എൻ. ആർ. കൃഷ്ണനു അനുവാദമുണ്ടോ എന്നു പ്രസിഡൻറു പറയുമോ?

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡിഷണൽ ഗവൺമെൻറ് സക്കാർ വക്കീൽ): മിസ്റ്റർ. എൻ. ആർ. കൃഷ്ണനു പ്രസംഗം ചെയ്യാൻ അവകാശമില്ല.

മി: എൻ. ആർ. കൃഷ്ണൻ (ഗവണ്മെൻറു നിയമനം): എന്തു കാരണത്തിന്മേൽ ഈ ബില്ലു കൊണ്ടു വരുന്നു എന്നുള്ളതിനെപ്പററി പറയുകയാണ് ചെയ്യുന്നതു്.

പ്രസിഡൻറ്: മിസ്റ്റർ. കൃഷ്ണൻ, നിങ്ങളുടെ പ്രമേയത്തെ ആരും എതിർക്കാത്ത സ്ഥിതിക്കു അതിനെപ്പററി ഒരു പ്രസംഗം ചെയ്യാൻ നിങ്ങൾക്കു അവകാശമില്ല.

മി: എൻ. ആർ. കൃഷ്ണൻ (ഗവണ്മെൻറു നിയമനം): അതു കൊണ്ടു കുടിയാനവന്മാരുടെ ദേഹണ്ഡംതിട്ടപ്പെടുത്താനുള്ള ഈ ബില്ലിനെ ഈ കൌൺസിലിൽ അവതരിപ്പിക്കുന്നതിനു അനുവാദം ഉണ്ടാകണമെന്നു അപേക്ഷിക്കുന്നു.

പ്രസിഡൻറ്: തിരുവിതാംകൂർ കുടിയാനവൻ ദേഹണ്ഡവില ബിൽ അവതരിപ്പിക്കുന്നതിനു സഭ അനുവാദം നൽകുന്നു എന്നു സങ്കൽപിക്കാമോ?

പ്രമേയം പാസാക്കി.

പൊതുഗുണം ഉദ്ദേശിച്ചുള്ള കാര്യങ്ങളെ സംബന്ധിച്ചു നിശ്ചയങ്ങൾ.

താഴെ പറയുന്ന നിശ്ചയം അവതരിപ്പിച്ചില്ല.

ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പററി അന്വേഷണം നടത്തുന്നതിനുള്ള കമ്മിററി.

"മി: തയ്യിൽ കുഞ്ഞുപണിക്കർ (മൂവാററുപുഴയും തൊടുപുഴയും): "ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയേയും സ്വന്തമായ പ്രതിപത്തിയേയും പററി അന്വേഷണം നടത്താനും തൻമൂലം ജനങ്ങൾക്കുള്ള സങ്കടങ്ങൾക്കു നിവാരണമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും അനുദ്യോഗസ്ഥ ഭൂരിപക്ഷമുള്ള ഒരു കമ്മിററിയെ നിയമിക്കണമെന്നു ഈ സഭ ഗവണ്മെൻറിനോടു ശിപാർശ ചെയ്യുന്നു."

പബ്ലിക്ക് സർവീസിൽ സ്ത്രീകളുടെ നിയമനം.

മി: എ. ജി. മേനോൻ (പറവൂർ): സർ. താഴെ പറയുന്ന നിശ്ചയം ഞാൻ അവതരിപ്പിച്ചു കൊള്ളുന്നു:—

"ഗവണ്മെൻറിൻെറ എല്ലാ തരം ഡിപ്പാർട്ടുമെൻറുകളിലും സ്ത്രീകൾക്കു, വേണ്ട യോഗ്യതയുള്ള പക്ഷം, പുരുഷന്മാരെപ്പോലെ ഉദ്യോഗങ്ങൾ കൊടുക്കണമെന്നും എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഉള്ള ഉദ്യോഗങ്ങളിൽ ന്യായമായ ഒരംശം അവർക്കു പ്രത്യേകമായി ഒഴിച്ചുവയ്ക്കണമെന്നും ഈ സഭ ഗവണ്മെൻറിനോടു ശിപാർശചെയ്യുന്നു."

മി: ഡി. ഫ്രാൻസിസ് (ഗവൺമെൻറു നിയമനം): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. പബ്ലിക്കു സർവീസിലെ നിയമനങ്ങളുടെ കാര്യത്തിൽ പുരുഷനെന്നും സ്ത്രീയെന്നും വ്യത്യാസം ഉണ്ടായിരിക്കരുതെന്നു ഞാൻ പറഞ്ഞു കൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): മിസ്റ്റർ. എ. ജി. മേനോൻ ഈ സഭയിൽ അവതരിപ്പിക്കയും മിസ്റ്റർ ഫ്രാൻസിസ് പിൻതാങ്ങുകയും ചെയ്ത പ്രമേയത്തെ ഞാൻ എതിർക്കുന്നു. മിസ്റ്റർ മേനോൻെറ പ്രമേയം ഇൻഡ്യൻ ശിക്ഷാനിയമത്തിൽ നിന്നു എടുത്തതോ ഉദ്ദേശിക്കുന്നതോ ആകുന്നു. അവയിൽ സ്ത്രീപുരുഷഭേദം വച്ചിട്ടില്ലല്ലോ.

മി: എ. ജി. മേനോൻ (പറവൂർ): എൻെറ സ്നേഹിതൻ രണ്ടും കൂടി കുഴപ്പിക്കുന്നു. തിരുവിതാംകൂർ ശിക്ഷാ നിയമപ്രകാരം സ്ത്രീകളെ തൂക്കിക്കൊല്ലാൻ വിധിക്കാറില്ല.

മി: ടി. സി. കേശവപിള്ള (കുൽക്കുളവും വിളവങ്കോടും). ഞാൻ വിവരണത്തെപ്പററി മാത്രമാണ് പറയുന്നതു. സ്ത്രീകൾക്കു ആകപ്പാടെ ചില അവകാശങ്ങൾ കൊടുക്കേണ്ടതാണെന്നു ഞാൻ സമ്മതിക്കുന്നു. അത്രത്തോളം ഗവണ്മെൻറു അവരെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകളെയും കരുതേണ്ടതാണെന്നു മിസ്റ്റർ മേനോൻ പൊതുവായി പറയുന്നതു ന്യായമല്ല, പ്രമേയത്തിൻെറ യോഗ്യതായോഗ്യതകളെ ആലോചിക്കാതെ തന്നെ അതിന്നു ഭേദഗതി ഒന്നും ഇല്ലാത്തിടത്തോളം എനിക്കു പറയാനുള്ളതു—

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ഒരു ഭേദഗതി പ്രമേയം ഉണ്ടു.

മി: ടി. സി. കേശവപിള്ള (കുൽക്കുളവും വിളവങ്കോടും): ആ ഭേദഗതി പ്രമേയത്തെപ്പററി ശരിയായ നോട്ടീസില്ലാത്തതിനാൽ അതു ആലോചനയ്ക്കെടുത്തിട്ടാവശ്യം ഇല്ല. പ്രമേയത്തെപ്പററി അതിപ്പോഴുള്ള മാതിരിയിൽ ആലോചിക്കണം. മിസ്റ്റർ മേനോൻ പ്രസ്താവിച്ച പ്രകാരമുള്ള പ്രമാണത്തെ ഞാൻ ഏററവും ബലമായി എതിർക്കുന്നു.

മിസ്സസ് എലിസബത്ത് കുരുവിള (ഗവണ്മെൻറു നിയമനം): സർ, മിസ്റ്റർ മേനോൻ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നതു ഈ സഭയിലെ പുരുഷമെമ്പർമാരിൽ അധികം പേരും ഈ പ്രമേയത്തോടു അനുകമ്പയില്ലാത്തവരായി കാണുന്നതിനാലുള്ള പരിഭ്രമത്തോടുകൂടെയാണ്. ഈ പ്രമേയത്തെ സംബന്ധിച്ചു കൊണ്ടു വരാവുന്ന പ്രധാന ആക്ഷേപങ്ങളെപ്പററി എനിക്കറിവുണ്ടു. സ്ത്രീകളുടെ സ്ഥാനം അവരുടെ വേതനത്തിലാണെന്നുള്ള ആക്ഷേപം എന്നോടു തന്നെ പറയുക ഉണ്ടായിട്ടുണ്ടു. ഇങ്ങനെയൊരാക്ഷേപം ഗവണ്മെൻറിനുമുണ്ടായിരുന്നെങ്കിൽ തിരുവിതാംകൂറിലെ സ്ത്രീകളുടെ പ്രതിനിധിയായി ഞാൻ ഇന്നിവിടെ വരികയില്ലായിരുന്നു. വേറൊരു ആക്ഷേപം സ്ത്രീകൾക്കു ഉദ്യോഗം കൊടുത്താൽ പുരുഷന്മാരുടെ ഇടയിലുള്ള തൊഴിലില്ലായ്മ വർദ്ധിക്കുമെന്നുള്ളതാണ്. ഇതു ന്യായവും ഗൌരവമുള്ള ഒരാക്ഷേപം ആകുന്നു: എന്നാൽ സ്ത്രീകളുടെ പ്രവൃത്തി പരിധി വിശാലമാക്കാൻ ആവശ്യവും അപേക്ഷയും അധികമധികമായി വരുന്നു എന്നു ഈ സഭ അറിയേണ്ടതാകുന്നു. വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ എണ്ണം വേഗത്തിൽ വർദ്ധിച്ചു വരുന്നു, തങ്ങളുടെ സ്ഥിതി കഷ്ടതരമാകുന്നു എന്നും അതുകൊണ്ടു തങ്ങൾക്കു പുരുഷന്മാരോടൊപ്പം ഉദ്യോഗങ്ങൾ കിട്ടണമെന്നുംവിദ്യാഭ്യാസമുള്ള സ്ത്രീകൾ മിക്കാന്നു പല നിവേദനങ്ങൾ കൊടുത്തിട്ടുണ്ടു. പബ്ലിക്കു സർവീസിൽ സ്ത്രീകൾക്കു സൌകര്യങ്ങൾ കൊടുക്കണമെന്നും അവരുടെ പ്രവൃത്തിപരിധി വിശാലമാക്കണമെന്നും പ്രത്യക്ഷമായികാണാം. സാമൂഹ്യജീവിതത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങൾ നിമിത്തം ഇന്നല്ലെങ്കിൽ നാളെ ഇങ്ങനെ ചെയ്യാതെ നിവൃത്തിയില്ലെന്നു പൊതുജനങ്ങൾക്കു ബോദ്ധ്യമാകും. വിദ്യാഭ്യാസം ഉള്ള സ്ത്രീകളുടെ എണ്ണം അധികമധികമായി കാണുമ്പോൾ അവരിൽ ചിലരെങ്കിലും ചിലഉദ്യോഗങ്ങളിൽ നിയമിക്കേണ്ടതു തീരെ എന്നവരും, ഈ സംഗതിയും ഓർക്കേണ്ടതാണ്.

മൂന്നാമതായി പൊതുജീവിതത്തിൽ സ്ത്രീകൾക്കുള്ള ഓഹരിയും മനസ്സിലാക്കി ആദരപൂർവ്വം അംഗീകരിക്കേണ്ടതാകുന്നു. രാജ്യത്തിലെ സമുദായാഭിവൃദ്ധിക്കുള്ള ഭാരം പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകളും വഹിക്കുന്നുണ്ടെന്നും അവരുടെ ആ ഭാരത്തെ വിജയകരമാംവണ്ണം വഹിക്കുന്നതിനു പുരുഷന്മാർക്കുള്ള അനുകൂല്യങ്ങൾ സ്ത്രീകൾക്കും ഉണ്ടായിരിക്കേണ്ടതാണെന്നും ഈ സഭയ്ക്കും പൊതുജനങ്ങൾക്കും അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സ്ത്രീകളെ പോലീസിലും പട്ടാളത്തിലും ചേർക്കുന്നതിനും ലേഡീമെമ്പർക്കു ആഗ്രഹമുണ്ടോ എന്നു പറയുമോ?

മിസ്സസ്. എലിസബത്ത് കുരുവിള (ഗവണ്മെൻറു നിയമനം): അതല്ല വാദവിഷയം. പൊതുജീവിതത്തിൽ തങ്ങൾക്കുള്ള ഓഹരി വഹിക്കുന്നതിനു പുരുഷന്മാർക്കുള്ള സൌകര്യങ്ങൾ സ്ത്രീകൾക്കുമുണ്ടായിരിക്കണമെന്നാണു ഞാൻ പറയുന്നതു. എക്സൈസും പോലീസും വനവും വകുപ്പുകളിൽ ഉദ്യോഗങ്ങൾക്കായി സ്ത്രീകൾ സാധാരണയായി അപേക്ഷിക്കാറില്ല.

മി: എ. എസ്സ്. മാരോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വല്ല ഡിപ്പാർട്ടുമെൻറിലും ആ ഡിപ്പാർട്ടുമെൻറിലേക്കു വേണ്ടുന്ന യോഗ്യതയുള്ള പക്ഷം, സ്ത്രീകൾക്കു ഉദ്യോഗംകിട്ടുന്നതിനു ഇപ്പോൾ വല്ല നിയമവിരോധവും ഉണ്ടോ?

മിസ്സസ്. എലിസബത്ത് കുരുവിള (ഗവണ്മെൻറുനിയമനം): അങ്ങനെ വല്ലതും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോഴുള്ള സ്ഥിതിയിൽ, ഒരാൾ സ്ത്രീയാണെന്നുള്ള സംഗതി അവർക്കൊരുദ്യോഗം ലഭിക്കുന്നതിനു തടസ്സമായിരിക്കരുതു്. ഗ്രേസ്സൻപണിതന്നെ നോക്കുക. ആ ഉദ്യോഗത്തിനുള്ള ജോലികൾ പുരുഷന്മാരെപ്പോലെതന്നെ കാര്യക്ഷമതയോടെ ചെയ്യാൻ സ്ത്രീകളും പ്രാപ്തരാണെന്നുള്ളതിനു സംശയമില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ചില പാശ്ചാത്യരാജ്യങ്ങളിൽ സ്ത്രീകളെ കാൺസ്റ്റബിൾമാരായിട്ടുപോലും നിയമിക്കാറുണ്ടെന്നു കമ്പർബക്കറിയാമോ?

മിസ്സസ്. എലിസബത്ത് കുരുവിള (ഗവണ്മെൻറുനിയമനം): ഉവ്വ്. നാം ഇവിടെ അത്രത്തോളം എത്തിട്ടില്ല. അവരുടെ യോഗ്യതനിമിത്തം അവരെ മജിസ്ട്രേട്ടന്മാരായി നിയമിക്കയും ചില മിക്കകളിൽ അവരെ വക്കീലന്മാരായി അംഗീകരിക്കയും ചെയ്തിട്ടുണ്ട്. അതാകുന്നു നാം ആലോചിക്കേണ്ട ഒരു സംഗതി. ഒരു ഉദ്യോഗത്തിന്നു അവക്ക് യോഗ്യതയും പ്രാപ്തിയും ഉണ്ടെങ്കിൽ അവക്ക് ആ ഉദ്യോഗം കൊടുക്കതന്നെവേണം. ഒരു രാജ്യത്തിലെ പൊതുജീവിതത്തിൻെറ ക്രമീകരണത്തിൽ സ്ത്രീകൾക്ക ഒരു പ്രധാനഭാഗം ഉണ്ടെന്നു നമുക്കെല്ലാവക്കും അറിയാമെല്ലോ. ഈപ്രമേയം ഇപ്പോൾ തള്ളപ്പെട്ടുപോയാലും ഈ വാദം വീണ്ടും വീണ്ടും ഉണ്ടാകും, സ്ത്രീകൾക്ക ന്യായമായി കിട്ടേണ്ടുന്ന സ്ഥാനം കിട്ടുന്നതുവരെ ഈ വാദം അവസാനിക്കയില്ല. അതുവരെ രാജ്യത്തിൻെറ ഐശ്വര്യം കുറഞ്ഞുമിരിക്കും. ഇക്കാരണങ്ങളാൽ ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്കാർവക്കീൽ): സ്ത്രീകൾക്ക തൊഴിലിനുള്ള മാർഗ്ഗം വിശാലമാകുമെന്നുള്ളതു മാത്രമാണോ മെംബർ ഈ പ്രമേയത്തെ പിൻതാങ്ങുന്നതിനുള്ള കാരണം.

മിസ്സസ്. എലിശബത്ത് കുരുവിള (ഗവണ്മെൻറുനിയമനം): അതു കാരണങ്ങളിൽ ഒന്നാണ്.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്കാർവക്കീൽ): വേറെ കാരണങ്ങൾ ഉണ്ടോ?

മിസ്സസ്. എലിസബത്ത് കുരുവിള (ഗവണ്മെൻറുനിയമനം): അവയെ എൻെറ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സർ, മിസ്സസ് കുരുവിളയുടെ പ്രസംഗം ഞാൻ അതിസന്തോഷത്തോടെ കേട്ടു. എന്നാൽ ഈ പ്രമേയത്തെ എതിർക്കേണ്ടിവന്നാൽ ഞാൻ വ്യസനിക്കുന്നു, അവരുടെ അവകാശങ്ങൾ നാം ഗൗനിക്കേണ്ടതും ബഹുമാനിക്കേണ്ടതും ആകുന്നു. എന്നാൽ അതിന്നൊരു അതിരുണ്ട്. തിരുവിതാംകൂറിൻെറ ഗുണംആലോചിച്ചാൽ, പുരുഷന്മാരുടെകാര്യത്തിൽ തൊഴിലില്ലായ്മവർദ്ധിച്ചു വർദ്ധിച്ചുവരുന്ന ഇക്കാലത്തു, സ്ത്രീകളുടെ അവകാശവാദത്തെ തൃപ്തിപ്പെടുത്താൻ വേണ്ടി അതു വിസ്തരിക്കുന്നതു ന്യായമല്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. നാം ഗവണ്മെൻറിനെ ഒരു വിഷമാവസ്ഥയിൽ കൊണ്ടാക്കുകയായിരിക്കും. സ്ത്രീകൾക്ക പുരുഷന്മാരുടെ സമംതന്നെ ഉദ്യോഗസൌകര്യങ്ങൾ കൊടുത്താൽ കാലക്രമേണ സ്ത്രീകളുടെഇടയിലും തൊഴിലില്ലായ്മ അധികമാകും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സ്ത്രീകളുടെകാര്യത്തിൽ ഇപ്പോൾതന്നെ തൊഴിലില്ലായ്മ ഉണ്ടെന്നു മെമ്പക്കറിയാമോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഉവ്വ്.

മി: ഏ. ജി. മേനോൻ (പറവൂർ): കുഞ്ഞുങ്ങൾ ആരോഗ്യവാന്മാരായിരിക്കണമെങ്കിൽ പിതാവും ആരോഗ്യമുള്ളവനായിരിക്കണമെന്നു മെംബക്കറിയാമോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഉവ്വ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്കാർവക്കീൽ): സ്ത്രീകൾക്ക ഉദ്യോഗംകൊടുക്കുന്നതിന്നു വല്ല വിരോധവുമുണ്ടോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): വിരോധമില്ല. ഇങ്ങനെയൊരു പ്രമേയം ആവശ്യമില്ലെന്നാണു ഞാൻ പറയുന്നതു്. തിരുവിതാംകൂറിലെ വിദ്യാഭ്യാസമുള്ളസ്ത്രീകളുടെ ഉൽകർഷത്തിനായി വേണ്ടുന്നസഹായമെല്ലാം ഗവണ്മെൻറു ചെയ്യുന്നുണ്ട്. സ്ത്രീകൾക്ക ഉദ്യോഗംകൊടുക്കുന്നതിന്നു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു വകയായി പെൺപള്ളിക്കൂടങ്ങളും കാലേജുകളും ഉണ്ട്. പുരുഷന്മാരെപ്പോലെ സ്ത്രീകളും ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെഅടുക്കൽ ഉദ്യോഗമന്വേഷിച്ചുപോകുന്നതു എനിക്കിഷ്ടമില്ല. ജോലികിട്ടുന്നില്ലെങ്കിൽ സ്ത്രീകൾ വീട്ടിൽ പാർത്തു മെഴുകുകാര്യങ്ങൾ നോക്കുകയും കുഞ്ഞുങ്ങളെ ശരിയായി പരിപാലിക്കുകയും ചെയ്യട്ടെ. അതാണു ഉത്തമം. സംസ്ഥാനത്തിലെ ജനങ്ങൾ തൃപ്തരായിരിക്കയുംചെയ്യും. അതുകൊണ്ടു മിസ്റ്റർ മേനോൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ ബലമായി എതിർക്കുന്നു.

മി: പി. എസ്. മുഹമ്മദ് (ഗവണ്മെൻറ് നിയമനം): ഈ പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന ദുഷ്ഭാഗങ്ങളെ ഒരു അമൻറ്മെൻറ്കൊണ്ടു പരിഹരിക്കാമെന്നു ഞാൻ വിചാരിച്ചിരുന്നു. എന്നാൽ ഒരു അമൻറുമെൻറുകൊണ്ടു അതിൽ അന്തർഭവിച്ചിരിക്കുന്ന ദോഷഭാഗങ്ങളെ പരിഹരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു ആ അമൻറുമെൻറിനെ അവതരിപ്പിക്കുന്നതിന്നു പുറപ്പെടാതെ പ്രമേയത്തെതന്നെ എതിർക്കേണ്ടിവന്നതിൽ എനിക്കു വളരെ മനസ്താപമുണ്ട്. എങ്കിലും അതിനെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ലെന്ന് ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. എൻെറ സ്നേഹിതന്മാരുടെ പ്രസംഗങ്ങളിൽ "പുരുഷന്മാരുടെയിടയിൽ തൊഴിലില്ലായ്മ ധാരാളം വർദ്ധിച്ചിട്ടുണ്ട്" എന്നു പറയുന്നു. ആയതുകൊണ്ടു സ്ത്രീകൾ പുരുഷന്മാരോടുകൂടി മത്സരിക്കുന്നിതുപുറപ്പെടുകയാണെങ്കിൽ തൊഴിലില്ലായ്മ പുരുഷന്മാരുടെയിടയിൽ കൂടുതൽ വർദ്ധിക്കുന്നതിന്നു ഇടയാക്കുന്നതാണ്. ഇപ്രകാരം സ്ത്രീകളെ കൂടുതലായി പ്രോത്സാഹിപ്പിക്കുന്നതാകുമ്പോൾ പുരുഷന്മാരുടേയും സ്ത്രീകളുടേയും ഇടയിൽ തൊഴിലില്ലായ്മ ധാരാളമായി വർദ്ധിക്കുന്നതിനിടയാകയില്ലയോ എന്നു സംശയിക്കുന്നു. പുരുഷന്മാർ ജോലി ചെയ്യുന്നപക്ഷം തൊഴിലില്ലായ്മയ്ക്കു കുറവുവരുമായിരുന്നു. ഈ രാജ്യത്തെ പുരുഷന്മാരെ കൃഷിചെയ്യാതെ മടിയന്മാരാക്കി ഉദ്യോഗസ്ഥന്മാരുടെ വീട്ടുതോറും അലഞ്ഞുനടക്കത്തക്കസ്ഥിതിയിൽ ആക്കിത്തീർത്തതു ഇന്നത്തെ വിദ്യാഭ്യാസരീതിയാണെന്നു പറയാതെനിവൃത്തിയില്ല. ഈ വിദ്യാഭ്യാസരീതി നമ്മുടെ സ്ത്രീകളുടെയിടയിലും ഉള്ളതാണ്. പൊതുവെ പബ്ലിക്കായുള്ള സ്ഥാപനങ്ങളിൽ പ്രവേശിക്കാൻ സ്ത്രീകൾക്ക വേണ്ടുവോളം സൗകര്യമുണ്ടെന്നുള്ള ബോധം അവക്കുണ്ടായാൽ ഇന്നു മനസ്സായിട്ടുള്ളതിലധികമായിട്ടും മടിയില്ലാത്തവിധത്തിലും അവരുടെ വീട്ടുജോലികളോ അല്ലെങ്കിൽ അവരുടെ കുട്ടികളെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുകയോ ചെയ്യേണ്ടതായ സ്വയത്തൊഴിലുകൾ ക്രമേണ അവക്ക് വേണ്ട ഉദ്യോഗങ്ങൾ കിട്ടണമെന്നുള്ള ആഗ്രഹംനിമിത്തം എല്ലാസ്ത്രീകളും ഓരോ ഡിപ്ലോ

ർട്ടുമെൻറിൽ പ്രവേശിക്കുന്നതിനു ശ്രമിക്കുകയും തന്നിമിത്തം പൊതുവെ രാജ്യത്തിൽ അസമാധാനവും തൊഴിലില്ലാ ്മയും വർദ്ധിക്കുന്നതിനു ഇടയാവുകയും ചെയ്യുന്നതാണ്, അതിനാൽ പൊതുവെ എല്ലാഡിപ്പാർട്ടുമെൻറിലും സ്ത്രീകൾക്കു പ്രവേശനം അനുവദിക്കണം എന്നും കുറെഉദ്യോഗങ്ങൾ ഒഴിച്ചിടണമെന്നും ഉള്ള എൻെറ സ്നേഹിതൻെറ അഭിപ്രായത്തെ ഒരു വിധത്തിലും അനുകൂലിക്കാൻ നിവൃത്തിയില്ല ലേഡിമെമ്പർ അഭിപ്രായപ്പെട്ടതനുസരിച്ചു സ്ത്രീകളുടെ സംഖ്യ കൂടുതായി വർദ്ധിച്ചു കൂടുതലായിപ്രയത്നിക്കുന്നതു് ഈ കൌൺസിലിൽ എല്ലാവർക്കും സന്തോഷമാണ്. അതിലേക്ക് ഒരു പ്രമേയം കൊണ്ടുവന്ന ഗവണ്മെൻറിൻെറ കൈകളെ കൂട്ടിബന്ധിക്കേണ്ടആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, സഭാമുമ്പാകെയുള്ള പ്രമേയത്തെപ്പററി ചില വാക്കുകൾ പറവാനായി ഞാൻ എഴുന്നേററുകൊള്ളുന്നു. പ്രമേയം ഇപ്പോൾ ശ്രീകരിച്ചിരിക്കുന്നമാതിരിയിൽ ഈ സഭയിൽ അംഗീകരിക്കപ്പെടുവാൻ പാടില്ലാതവണ്ണം അതിവിശാലമാകുന്നു. പ്രമേയത്തിൻെറ അവതാരകൻെറ വാദങ്ങൾകേട്ടു അവ സ്വീകാര്യമാണോ എന്ന് തീർച്ചയാക്കാൻ ഞാൻ നോക്കിയിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ പ്രസംഗം വളരെവളരെ സങ്കുചിതമായിരുന്നതു ഞാൻ വ്യസനിക്കുന്നു.

പ്രസിഡൻറ്: സങ്കുചിതമോ സാഹസികമോ? (ചിരി).

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ലേഡിമെംബറിൻെറ പ്രസംഗവും പ്രമേയത്തിന്നനുകൂലമായി ന്യായമായി പറയാവുന്ന സംഗതികളെല്ലാം വിപരീതാത്തതാതിരുന്നതിനാൽ അവയെ ഖണ്ഡിക്കാൻ പ്രയാസമായിരിക്കുന്നു. മിസ്റ്റർ മേനോൻെറ പ്രമേയം "ഗവണ്മെൻറിൻെറ എല്ലാതരം ഡിപ്പാർട്ടുമെൻറുകളിലും സ്ത്രീകൾക്ക്, വേണ്ടയോഗ്യതയുള്ളപക്ഷം, പുരുഷന്മാരെപ്പോലെ ഉദ്യോഗങ്ങൾ കൊടുക്കണമെന്നും എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഉള്ള ഉദ്യോഗങ്ങളിൽ ന്യായമായ ഒരംശം അവർക്ക് പ്രത്യേകമായി ഒഴിച്ചുവയ്ക്കണമെന്നും" ആകുന്നു. ഈ പ്രമേയം യഥാർത്ഥത്തിൽ രണ്ടായിവിഭജനം ചെയ്യാം. ഒന്നാമതു എല്ലാഡിപ്പാർട്ടുമെൻറുകളിലും സ്ത്രീകൾക്ക്, യോഗ്യതയുള്ള പക്ഷം പുരുഷന്മാരെപ്പോലെ ഉദ്യോഗങ്ങൾ കൊടുക്കണമെന്നും രണ്ടാമതു എല്ലാഡിപ്പാർട്ട്മെൻറുകളിലേയും ഉദ്യോഗങ്ങളിൽ ന്യായമായ ഒരംശം സ്ത്രീകൾക്കു പ്രത്യേകമായി ഒഴിച്ചുവെക്കണമെന്നും. ഒരു ഡിപ്പാർട്ടുമെൻറിൽ ജോലിക്കു വേണ്ട യോഗ്യതയുള്ളപക്ഷം ആ ഡിപ്പാർട്ടുമെൻറിൽ പ്രവേശനം ലഭിക്കുന്നതിനു സ്ത്രീകൾക്കു ഇപ്പോൾ പലതടസ്സവും ഉണ്ടൊ എന്നു എൻെറ ഒന്നാമത്തെ സംശയം മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ആസ്പത്രികളിലെ രോഗികളുടെശുശ്രൂഷയ്ക്കു കഴിവുള്ളടത്തോളം അധികം സ്ത്രീകളെ ഗവണ്മെൻറിന്നാവശ്യമുണ്ടെന്നും വേണ്ടിടത്തോളം സ്ത്രീകളെ ലഭിക്കാൻ അവർക്കു പ്രയാസമായിരിക്കുന്നു എന്നും നമുക്കറിയാമല്ലോ. അങ്ങനെയാണ് എനിക്കു കിട്ടിട്ടുള്ള അറിവു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു നോക്കിയാലും എല്ലാപെൺപള്ളിക്കൂടങ്ങളിലും സ്ത്രീകളുടെകാളേജിലും സ്ത്രീകളെ അദ്ധ്യാപികമാരായി നിയമിക്കാൻ ഗവണ്മെൻറു ഒരുക്കമാണെന്നും അവിടെയും വേണ്ടപോലെ ആളെക്കിട്ടാത്ത ഗവണ്മെൻറു ബുദ്ധിമുട്ടുകയാണെന്നും കാണുന്നു. പെൺപള്ളിക്കൂടങ്ങളിലും കാളേജിലും അദ്ധ്യാപകമാരെ നിയമിക്കയാണു തങ്ങളുടെ നയമെന്നു ഗവണ്മെൻറു പ്രഖ്യാപനം ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കു പററിയതായിക്കണ്ടിട്ടുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളിലും എല്ലാവിധത്തിലും സ്ത്രീകളുടെ അവകാശം ഗവണ്മെൻറു പ്രത്യേകം നോക്കുന്നുണ്ട്. സ്ത്രീകൾക്കു ഉദ്യോഗം ലഭിക്കുന്ന കാര്യത്തിൽ ഇപ്പോഴെന്താണിനിയമതടസ്സം ഉള്ളതെന്നു പ്രമേയത്തെ അനുകൂലിച്ചു സംസാരിച്ച എൻെറ സ്നേഹിതന്മാർ പറയേണ്ടതായിരുന്നു. അതിനെപ്പററി അറിയിക്കണമെന്നു ഞാൻ ലേഡിമെമ്പരോടു അപേക്ഷിക്കുന്നു. അങ്ങനെയൊരു നിയമതടസ്സം ഇല്ലെങ്കിൽ ഇങ്ങനെ ഒരു പ്രമേയം ഇവിടെ പാസ്സാക്കുന്നതെന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. സ്ത്രീകളെ ഉദ്യോഗങ്ങളിൽ നിയമിക്കുന്നതിനു വിരോധമുണ്ടെന്നു ഞങ്ങൾ പറയുന്നില്ല.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ്സക്കാർവക്കീൽ): ഗവണ്മെൻറിനും ഈ പ്രമേയം സ്വീകരിക്കാൻ മനസ്സുണ്ടായാലും പൊതുജനങ്ങളുടെ അഭിപ്രായം എന്താണെന്നു ഗവണ്മെൻറു അറിയേണ്ടതല്ലേയോ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഗവണ്മെൻറു ഏതെങ്കിലും ഒരു പ്രത്യേകനയം സ്വീകരിച്ചു പ്രവർത്തിക്കുമ്പോൾ പൊതുജനങ്ങൾ ഈ സഭയിലൊ ശ്രീമൂലം പ്രജാസഭയിലൊ പത്രങ്ങൾ മുഖാന്തരമോ തങ്ങളുടെ അഭിപ്രായം സ്പഷ്ടമായി പ്രദർശിപ്പിക്കും. അതിനാൽ അക്കാര്യത്തിൽ പ്രയാസമില്ല.

മി: എ. ജി. മേനോൻ (പറവൂർ): പുരുഷനും സ്ത്രീക്കും സ്ഥാനസമത്വം കൊടുക്കാൻ എൻെറ സ്നേഹിതൻ തയ്യാറാണോ എന്നു പറയുമോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): യോഗ്യതയുള്ള സ്ത്രീകൾക്കു എല്ലാ ഡിപ്പാർട്ടുമെൻറുകളിലും പുരുഷന്മാരോടൊപ്പം ഉദ്യോഗങ്ങൾ കൊടുക്കണമോ എന്നു മാത്രമാണു ഇവിടത്തെ വാദവിഷയം യോഗ്യതയുള്ള സ്ത്രീകൾക്കു ചില ഡിപ്പാർട്ടുമെൻറുകളിൽ ഉദ്യോഗം കൊടുക്കാമെന്നല്ലാതെ എല്ലാഡിപ്പാർട്ടു മെൻറിലും കൊടുക്കാൻ പാടില്ല എന്നാണു എൻെറ അഭിപ്രായം.

മി: എ. ജി. മേനോൻ (പറവൂർ): ചില ഡിപ്പാർട്ടുമെൻറുകളിൽ സ്ത്രീകളെ പ്രവേശിപ്പിക്കുന്നതു അത്യാവശ്യമാണെന്നുള്ളതിനു മെമ്പർക്കു ആക്ഷേപമുണ്ടോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): ആ വിഷയം വാദത്തിനുവരുമ്പോൾ മറുപടിപറയാം.

മി: എ. ജി. മേനോൻ (പറവൂർ): സ്ത്രീകൾക്കു പ്രവേശനം അനുവദിക്കാൻ പാടില്ലാത്ത വല്ല ഡിപ്പാർട്ടുമെൻറും ഉണ്ടോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): എല്ലാ ഡിപ്പാർട്ടുമെൻറുകളിലും സ്ത്രീകൾക്കു പ്രവേശനത്തിനു അവകാശം ഉണ്ടെന്നാകുന്നു ഞാൻ ബോധിപ്പിക്കുന്നതു. അതു തെ

ളിയിക്കാനുള്ള മാർഗം എന്റെ പ്രേഹിതൻ എന്റെ മുമ്പിൽ വച്ചതായുള്ള സ്ത്രീകൾക്കു പ്രത്യേക അവകാശം കൊടുക്കണമെന്നുള്ള അഭിപ്രായത്തെ ഞാൻ വാദം. സ്ത്രീകൾക്കു ഇപ്പോൾ നിയമപരമായ അവകാശങ്ങൾ ഉണ്ടെന്നു തെളിയിക്കപ്പെട്ടു അഭിപ്രായമാകുന്നു. അതിന്റെ എതിരായി ഞാൻ ഏതോടു പറയുന്നു

മി: എ. ജി. മേനോൻ (പയ്യന്നൂർ): യോഗ്യത എന്നു പറഞ്ഞാൽ വിദ്യാഭ്യാസം, ആരോഗ്യം, സമയം, ബുദ്ധിശക്തി എന്നിവ സംബന്ധിച്ചു യോഗ്യത എന്നല്ലയോ അർത്ഥം?

മി: എ. എസ്. മുഹമ്മദുസുൽത്താൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഏതായാലും പ്രേഹിതൻ അതിനപ്പുറം വിദ്യാഭ്യാസ ഡിഗ്രിയെടു ചോദിക്കുന്നു.

"തുല്യാവകാശപ്രകാരമുള്ള ഉദ്യോഗങ്ങളിൽ ന്യായമായ ഒരു ഭാഗം സ്ത്രീകൾക്കായി ഒഴിച്ചു വെക്കണം" എന്നുള്ള പ്രമേയത്തിന്റെ ഭാഗം ഞാൻ സംബന്ധിച്ചാണു എനിക്കു അധികം ആക്ഷേപമുള്ളതു. മെമ്പർ സ്ഥാനം സമുദായങ്ങൾക്കു ജാതികൾക്കു പ്രത്യേകം പ്രത്യേകം വേണമെന്നുള്ള വാദം തീരുമതിയായി. ഇനി അതു സ്ത്രീപുരുഷന്മാർതമ്മിലും ഉണ്ടാകുന്നതു നന്നല്ല. നമ്മുടെ കുടുംബജീവിതത്തിൽ ഇങ്ങനെ ഒരു കലഹത്തിനു കൊണ്ടിടുന്നു എന്റെ സ്നേഹിതന്റെ നാവു അടിസ്ഥാനമാക്കുന്നില്ല. ഉദ്യോഗങ്ങളിൽ ഒരംശം ഒഴിച്ചു വെക്കണമെന്നു വാദം പുറപ്പെട്ടുമ്പോൾ കുടുംബത്തിൽ കലഹമുണ്ടാകാൻ ഇടയുണ്ടു. സ്ത്രീപുരുഷന്മാർക്കു ഉദ്യോഗങ്ങൾ പങ്കിടണമെന്നു എന്റെ സ്നേഹിതൻ ആഗ്രഹിക്കുന്നു. ഈ സഭയിൽതന്നെ ജാതിഭേദം നോക്കി ഉദ്യോഗം കൊടുക്കുന്നതിനെപ്പറ്റി ചോദിക്കുന്ന ചോദ്യങ്ങൾ അനവധിയാണല്ലോ. മേലാൽ സ്ത്രീപുരുഷഭേദം നോക്കി ഉദ്യോഗങ്ങൾ കൊടുക്കുന്നതിനെപ്പറ്റിയും അനവധി ചോദ്യങ്ങൾ ഉണ്ടാകും. ഒരു മെമ്പർ ആ വക ചോദ്യങ്ങൾ മുമ്പിൽ ഉപക്ഷം തൻ ആഗ്രഹം പ്രതീക്ഷിച്ചുകൂടുന്നതല്ലെന്നു കുറെയധികമാണെന്നു കാണാതിരിക്കുന്നില്ല (ചിരി) ഗവർണ്ണമെന്റു പാർട്ടിക്ഷമതയാണു നോക്കുന്നതെന്നു ഈ സഭ പലപ്പോഴും അഭിപ്രായം പറഞ്ഞിട്ടുണ്ടു. കാര്യക്ഷമതയുള്ള ഹാനിക്കുടാതെ സ്ത്രീകളുടെ അവകാശങ്ങൾ നിർവ്വഹിച്ചു കൊടുക്കാൻ ഗവർണ്ണമെന്റിനു കഴിയുമെങ്കിൽ ഈ സഭയ്ക്കു അതൊരാക്ഷേപവുമില്ല. സ്ത്രീകൾക്കായി ഒരു വക്കിലിശതമാനം ഉദ്യോഗങ്ങൾ ഒഴിച്ചുവെക്കണമെന്നു പറയുന്നതു ന്യായമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ പറയുന്നതു വേഡിഗെമ്പർമാരോ ഈ പ്രമേയത്തിൽ താല്പര്യമുള്ള മാറ മെമ്പർമാരോ തെറ്റിദ്ധരിക്കരുതു. തങ്ങളുടെ കാര്യത്തിൽ സ്ത്രീകൾക്കുതന്നെയുള്ളതിലധികം താല്പര്യം പുരുഷന്മാർക്കു അവരുടെ കാര്യത്തിലുണ്ടെന്നു ഞാൻ സൂക്ഷ്മമായി അവരോടു പറഞ്ഞുകൊള്ളുന്നു (ചിരി). പുരുഷന്മാർക്കു ലഭിക്കുന്ന ഗുണം സ്ത്രീകൾക്കുണ്ടു പോകുന്നതു. എന്നാൽ അവർക്കു ജോലികൊടുക്കണമെന്നും അങ്ങനെ ജോലിവേണമെന്നും ഞാൻ പറഞ്ഞുകൊള്ളുന്നു. എന്നാൽ മാത്രമേ ജീവിതത്തിൽ യോഗ്യം അനുഭവിക്കുന്നതിനു സാധിക്കയുള്ളു. ഭർത്താവും ഭാര്യയും പുത്രനും പുത്രിയും തമ്മിൽ സമാധാനമുണ്ടായിരിക്കണമെന്നു ഈ വക കാര്യങ്ങൾ ഗവർണ്ണമെന്റിന്റെ തീർച്ചയ്ക്കു വിട്ടുകൊടുക്കയാണു ഉത്തമം.

പ്രെസിഡന്റു: ഈ കാര്യത്തെ സംബന്ധിച്ചു ചില പ്രത്യേക സംഗതികൾ നിങ്ങൾ പറഞ്ഞപ്പോൾ ഈ വിഷയത്തെ സംബന്ധിച്ചുള്ള നടപടികൾ പ്രസിദ്ധം ചെയ്യരുതെന്നു ഒരു മെമ്പറിന്റെ അപേക്ഷ എനിക്കുകിട്ടി. അങ്ങനെ തീർച്ചപ്പെടുത്തുന്നതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല. ഈ വാദപ്രതിവാദം പ്രസിദ്ധപ്പെടുത്തുകയും നടപടികളിൽ ഉൾപ്പെടുത്തുകയും ചെയ്യണം.

മി: എ. എസ്. മുഹമ്മദുസുൽത്താൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇതു പ്രൊസീഡിംഗ്സിൽ ഉൾപ്പെടുത്തുമെന്നാണു എന്റെയും പ്രതീക്ഷ. ഇപ്പോൾ തന്നെ ഉദ്യോഗങ്ങൾക്കു പുരുഷന്മാരെക്കിട്ടുമെങ്കിലും സ്ത്രീകളെ നിയമിക്കാറുണ്ടെന്നു എല്ലാവർക്കും അറിയാമല്ലോ. പുരുഷന്മാരുടെ പ്രോത്സാഹനം നിമിത്തം ഇപ്പോൾ സ്ത്രീകൾ അപേക്ഷിക്കയും നിയമിക്കപ്പെടുന്നവയുടെ ഗുണം അനുഭവിക്കയും ചെയ്യുന്നുണ്ടു. ഈ പ്രമേയത്തിനു അനുകൂലിക്കുന്നവർ എന്നെ തെറ്റിദ്ധരിക്കരുതെന്നും ജാതിവിചാരം കാണിച്ചും സ്ത്രീപുരുഷഭേദം കാണിച്ചും മറവുള്ളി പട്ടികകൾക്കു ചോദിക്കരുതെന്നും ഉള്ള അപേക്ഷയോടുകൂടെ ഞാൻ ഇരുന്നുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, എന്റെ സ്നേഹിതൻ മിസ്റ്റർ മേനോൻ അവതരിപ്പിച്ച പ്രമേയത്തെപ്പറ്റി എനിക്കു സമഗ്രവിചാരമുണ്ടെങ്കിലുമുണ്ടു, ഈ സഭയോടു ഞാൻ അനുമോദിക്കുന്നു. ഇങ്ങനെയുള്ള പ്രമേയത്തെപ്പറ്റി സംസാരിക്കുന്നതിനു ഇവിടെയുള്ള മററാളുകളെക്കാൾ എനിക്കാണു അധികം പരിചയമുള്ളതെന്നു ഞാൻ വിചാരിക്കുന്നു. ഈ വിഷയത്തെപ്പറ്റിയുള്ള വാദപ്രതിവാദങ്ങൾ പ്രസിദ്ധം ചെയ്യരുതെന്നു ആവശ്യപ്പെട്ട മെമ്പറോടു എനിക്കു വലിയ സഹതാപം ഉണ്ടു. സർ, ഞങ്ങളിൽ പലരും വിവാഹസ്ഥന്മാരാണു. വർഗ്ഗീയ മത്സരം പൊതുജീവിതത്തെ വിഷമതരമാക്കിത്തീർത്തിട്ടുള്ള ഈ രാജ്യത്തു കുടുംബജീവിതത്തിൽ സമാധാനമില്ലാതാക്കിത്തീർക്കുന്ന കുറെക്കൂടെ കാഠിന്യമുള്ള ഒരു മത്സരം കൂടെ വേണോ? ഇങ്ങനെയുള്ള ഒരു ചായ്വു ഗവർണ്ണമെന്റിന്റെ ബുദ്ധിക്കു വിട്ടുകൊടുക്കയും സ്ത്രീകൾക്കു ഗവർണ്ണമെന്റു സർവ്വീസിൽ പ്രവേശനത്തിനുള്ള അവസരങ്ങൾ കൊടുക്കുന്നതു ഗവർണ്ണമെന്റിന്റെയുക്തംപോലെ ചെയ്യാൻ അനുവദിക്കയും ചെയ്യുന്നതാകുന്നു ഉത്തമം. ശാസ്ത്രീയമായ ഈ വിഷയത്തെപ്പറ്റി വാദം നടത്തിട്ടു പ്രയോജനമില്ലെന്നു എനിക്കറിയാം. സ്ത്രീകൾക്കായിത്തങ്ങളുടെ സ്ഥാനം ഒഴിഞ്ഞുകൊടുക്കാൻ മനസ്സുള്ള പുരുഷന്മാർ പലരുണ്ടെന്നു എനിക്കു തോന്നുന്നു. വേതനക്കൂലികൾ നടത്തുന്ന ജോലി വേതനമായി കരയ്ക്കു ഏല്പിച്ചാൽ പുരുഷന്മാരെക്കാൾ ഉത്തമമായും കുടുംബത്തിനു ഗുണകരമായും നടത്തുമെന്നു എല്ലാവർക്കും അറിയാം. ഗവർണ്ണമെന്റു ഡിപ്പാർട്ടുമെന്റുകളുടെ കാര്യത്തിലും ഇതു സത്യമാണു. ഗവർണ്ണമെന്റു ഡിപ്പാർട്ടുമെന്റുകളിൽ സ്ത്രീകൾക്കു പ്രവേശനം നൽകുന്നതിനു എന്റെ സ്വന്തനിലയിൽ എനിക്കു യാതൊരു വിരോധവും കാണുന്നില്ല. അനേകം സ്ത്രീകൾ ഉള്ള ഒരു വലിയ ഡിപ്പാർട്ടുമെന്റിനെ നിയന്ത്രണം ചെയ്യാനുള്ള ഭാഗ്യമോ നിർഭാഗ്യമോ ഉള്ള എനിക്കു ആ ഡിപ്പാർട്ടുമെന്റിൽ സ്ത്രീകൾക്കു പ്രവേശിക്കാനുള്ള ന്യായമായ സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ ആവശ്യം നേരിട്ടിട്ടുണ്ടു. ഈ വിഷയം ഇങ്ങനെയായ പ്രമേയരൂപത്തിൽക്കൊണ്ടുവന്ന മെമ്പർമാർ അവർ ഉദ്ദേശിക്കുന്നതിനപ്പുറം പറവാൻ അവസരം ഉണ്ടാക്കിക്കൊടുത്തതിനെപ്പറ്റി

നോൻ വ്യസനിക്കുന്നു. സ്ത്രീകളോടു കാണിക്കേണ്ടുന്ന ബഹുമാനത്തിനും ആദരവിനും ഒരു അതിരുണ്ടെന്നു മിസ്റ്റർ ജോസഫ് പറഞ്ഞതു കേട്ടപ്പോൾ എനിക്കു വലിയ ആശ്ചര്യമുണ്ടായി. ഉദ്യോഗസ്ഥന്മാരായ ഞങ്ങളും ജോസഫിനെ ഒഴിച്ചു അനുദ്യോഗസ്ഥന്മാരായ മെമ്പർമാരും സ്ത്രീകളോടു കാണിക്കാൻ തെയ്യാറുള്ള ബഹുമാനത്തിനും ആദരവിനും അതിരില്ല. അനാവശ്യകാര്യങ്ങളിൽ ശ്രദ്ധചെലുത്തി തങ്ങളുടെ ശക്തികൾ നഷ്ടപ്പെടുത്താതെ മഹനങ്ങളിലെ പ്രധാനകാര്യങ്ങളെ അന്വേഷിക്കണമെന്നു സ്ത്രീകളോടു അപേക്ഷിച്ചു ഞങ്ങൾക്കു അവരോടുള്ള അതിരില്ലാത്ത ബഹുമാനത്തെയും ആദരവിനെയും പ്രദർശിപ്പിച്ചുകൊള്ളുന്നു. ഗൌരവമായി ചിന്തിച്ചാൽ ഇങ്ങനെയുള്ള ഒരു വാദം ഈ സമയം പുറപ്പെടുവിക്കത്തക്കതായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു. സ്ത്രീകൾക്കു എല്ലാ ഡിപ്പാർട്ടുമെന്റുകളിലും പ്രവേശനം നൽകിവരുന്നു. വളരെക്കാലം അങ്ങനെ പ്രവേശനം നൽകിയാൽ വരും. ഏതെങ്കിലും ബന്ധുക്കളുള്ള വിദ്യാഭ്യാസവിപ്രകർക്കല്ലെങ്കിൽ എല്ലായ്പോഴും അവർക്കു ഉദ്യോഗങ്ങൾ കൊടുക്കാൻ തെയ്യാറായിട്ടാണു ഇരുന്നതു്. സർക്കാരാപീസുകളിലും കാര്യാലയങ്ങളിലും പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും ഉദ്യോഗങ്ങൾ കൊടുത്തുവരുന്നു. ഡിസ്പെന്സറികളിലെ ചില ലേഡി ഡോക്ടർമാർ (സ്ത്രീവൈദ്യന്മാർ) സ്ത്രീകളാണെന്നു തോന്നുന്നു: ചില ഉദ്യോഗങ്ങൾക്കു സ്ത്രീകൾ തങ്ങളുടെ യോഗ്യത പ്രദർശിപ്പിച്ചിട്ടുണ്ടു്. കാര്യക്ഷമതക്കു കുറവുവരാതെയും പലപ്പോഴും ചെലവിന്റെ കുറവു ഉദ്ദേശിച്ചും മേലാൽ അവരെ അധികമധികം നിയമിക്കാനിടയുണ്ടു്. ഇങ്ങനെയുള്ള ഒരു പ്രമേയം അവതരിപ്പിച്ചതിനെപ്പറ്റി ഞാൻ വ്യസനിക്കുന്നു. എന്തെന്നാൽ അതു ചിലർക്കൊരു വഴിപിഴച്ചതായി തോന്നുന്നുണ്ടു്. ഇപ്പോൾ ഇരുപതു വർഷം മുമ്പു സ്ത്രീകളുടെ വേട്ടവകാശത്തെപ്പറ്റിയായിരുന്നു വാദം. പത്തു പതിനഞ്ചു വർഷത്തിനകം സ്ത്രീകളെ മുൻസിപ്പൽ സഭകളിൽ അംഗങ്ങളായിരിക്കാൻ കൊള്ളുകയില്ലെന്നു പ്രസ്താവം ഉണ്ടായപ്പോൾ അവരെ ജ്ഞാനന്മാരുടെ കൂട്ടത്തിൽ കൂട്ടരുതെന്നു ഞാൻ ഒരു വിപരീതാഭിപ്രായം എഴുതി. ഇങ്ങനെയൊരു സ്വകാര്യകുറിപ്പുമൂലം ഞാൻ ഒരു വലിയ സാമൂഹിക വിപത്തിനു കാരണമുണ്ടാക്കുകയാണെന്നു അന്നു പലരും പറഞ്ഞു. ഇതു പതിനഞ്ചു വർഷത്തിനു മുമ്പാണു്. അതിൽ പിന്നെ കാലം കുറെ കഴിഞ്ഞുപോയിട്ടുണ്ടു്: പല സ്ത്രീകളും അതിൽപിന്നെ ഓരോ ജോലികളിൽ പ്രവേശിച്ചു നടത്തിവരുന്നു. നമ്മുടെ രാജ്യം ഭരിക്കുന്നതു ഒരു സ്ത്രീതന്നെയല്ലേ? ഒരു സ്ത്രീതന്നെയാകുന്നു. സ്ത്രീകളുടെ പദവിക്കു ഒരു കുറവുമില്ല. എന്തെങ്കിലും പ്രദർശിക്കാൻ ഉപദേശിച്ചു നടക്കുന്ന ഇക്കാലത്തും ഈ വിഷയത്തെപ്പറ്റി വാദിക്കേണ്ടുന്ന കാലം അല്ലെന്നു എനിക്കു തോന്നുന്നു. അവർക്കു ഏതിടത്തു പ്രവേശിക്കാൻ യോഗ്യതയുണ്ടോ അവിടെ അവർ പ്രവേശിച്ചുകൊള്ളും. അവരുടെ ഗതി ഒരുവിധത്തിലെങ്കിലോ മറ്റൊരുവിധത്തിലോ ആയിരിക്കണമെന്നു വിധിക്കുന്നതും ഈ സഭയുടെ ധർമ്മമല്ല. ഈ പ്രമേയത്തെ പിൻവലിച്ചിട്ടു ഗവണ്മെന്റിന്റെ യുക്തംപോലെ ചെയ്യാൻ വിട്ടുകൊടുക്കണമെന്നു ഞാൻ മിസ്റ്റർ മേനോനോടു അപേക്ഷിക്കുന്നു. ആണ്പെൺകുട്ടികളെ ഒരുമിച്ചു പഠിപ്പിക്കയും അവരെ പഠിപ്പിക്കുന്നതിനു അദ്ധ്യാപകന്മാരായി സ്ത്രീകളെയും പുരുഷന്മാരെയും ഭേദമെന്യേ നിയമിക്കയും ചെയ്യാവുന്ന കാലം ആസന്നമായിട്ടുണ്ടെന്നു എന്റെ കഴിഞ്ഞ റിപ്പോർട്ടിൽ സ്പഷ്ടമായി പറഞ്ഞിട്ടുള്ള സംഗതി സഭയുടെ ഒരു പ്രതിനിധിയെന്ന നിലയിൽ ഞാനിവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അദ്ധ്യാപകവൃന്ദത്തിൽ സ്ത്രീകളും പുരുഷന്മാരും ഉണ്ടായിരിക്കുന്നതുകൊണ്ടോ അമേരിക്കയിലെപോലെ അദ്ധ്യാപകരെല്ലാം സ്ത്രീകളായിരിക്കുന്നതുകൊണ്ടോ വിദ്യാഭ്യാസം സംബന്ധിച്ചോ മറ്റുവിധത്തിലോ ദോഷമൊന്നുമില്ലായിരിക്കാം. സ്ത്രീകൾ "പഞ്ചു്" പത്രം വളരെക്കാലം വായിച്ചിട്ടില്ലാത്തതുകൊണ്ടു എന്റെ ഡിപ്പാർട്ടുമെന്റിലുള്ള സ്ത്രീകൾ പുരുഷന്മാരെപ്പോലെ രസം അനുഭവിക്കാൻ കഴിവില്ലാത്തവരായിട്ടാണു കാണുന്നതു്. അവർ ഇപ്പോൾ കുറെ പിന്നാക്കമാണെങ്കിൽ അവസരം കിട്ടിയാൽ അവർ മുന്നേറുവതാണു. അതുകൊണ്ടു മിസ്റ്റർ മേനോനോടു വളരെ സഹതാപത്തോടും സ്ത്രീകളോടു ബഹുമാനവും ആദരവും ഇല്ലാത്ത ഒരു നയം സ്വീകരിച്ചിരിക്കുന്ന മിസ്റ്റർ ജോസഫിനോടു അപേക്ഷാ സഹതാപമില്ലാതെയും ഈ കാര്യം ഗവണ്മെന്റിന്റെ ആലോചനയ്ക്കു വിട്ടുകൊടുക്കണമെന്നും സഭ ഇപ്പോഴത്തെ കാര്യത്തിലായ കാര്യങ്ങളിൽ പ്രവേശിക്കണമെന്നും ഞാൻ എന്റെ അഭിപ്രായം പ്രസ്താവിച്ചുകൊള്ളുന്നു.

മി: മാത്യുമരിക്കൻ (വൈക്കം): ഈ പ്രമേയത്തെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ പ്രസിദ്ധംചെയ്യരുതെന്നു പ്രസിഡന്റിനോടു അപേക്ഷിച്ചു ആ മാന്യനോടു ഞാൻ അശേഷം സഹതപിക്കുന്നില്ല. നമ്മുടെ അമ്മമാരും സഹോദരിമാരും വിദ്യാലോകത്തിൽ ഇരുന്നുകൊള്ളട്ടെയെന്നു എനിക്കു മോഹമില്ല. ഇക്കാര്യത്തിൽ നമ്മുടെ അഭിപ്രായം എന്താണെന്നു അവരും അറിയണം. അതുകൊണ്ടു അദ്ദേഹത്തോടു എനിക്കു സഹതാപമില്ല.

വാദവിഷയമായ പ്രമേയത്തിന്റെ ആദ്യഭാഗം നോക്കിയാൽ പ്രമേയത്തിന്റെ ഉദ്ദേശം സ്പഷ്ടമാണു്. നമ്മുടെ പല സ്നേഹിതന്മാരും പ്രസ്താവിച്ചപ്രകാരം യോഗ്യതയുള്ള സ്ത്രീകൾക്കു ഉദ്യോഗങ്ങളിൽ പ്രവേശിക്കുന്നതിനു ഇപ്പോൾ യാതൊരു തടസ്ഥവും ഇല്ല. മെഡിക്കൽ ഉദ്യോഗങ്ങൾ വഹിക്കാൻ യോഗ്യതയുള്ള സ്ത്രീകൾ ഉണ്ടെങ്കിൽ അവരെ ധാരാളം നിയമിക്കുന്നുണ്ടു്. യോഗ്യതയുള്ള സ്ത്രീകൾ ഉള്ളപ്പോൾ അവരെ വിദ്യാഭ്യാസവകുപ്പിലും നിയമിക്കുന്നുണ്ടു്. അവർക്കു വേണ്ടതുണ്ടെങ്കിൽ പട്ടാളത്തിലും അവരെ നിയമിക്കാം. അതുകൊണ്ടു തടസ്സം യാതൊന്നുമില്ല. പ്രമേയത്തിന്റെ ആദ്യഭാഗം വ്യർത്ഥമാണു്.

രണ്ടാംഭാഗം അസംഭവ്യമാണു്. ഒരു കക്ഷിക്കു ഉദ്യോഗങ്ങൾ സ്ത്രീകൾക്കായി ഒഴിച്ചുവെക്കണം എന്നാകുന്നു പ്രമേയത്തിന്റെ ഉദ്ദേശം. അതു കഴിയുന്ന കാര്യമല്ല.

അതുകൊണ്ടു പ്രമേയത്തെപ്പറ്റി പൊതുവായി ആലോചിച്ചാൽ; പ്രത്യേകമായി സ്ത്രീകളുടെ കാര്യത്തിൽ നമ്മുടെ ഗവണ്മെന്റു വളരെ ദയയോടെ പെരുമാറുന്നതിനാൽ പ്രമേയം കേവലം അസ്ഥാനത്താണെന്നു എനിക്കു തോന്നുന്നു. നമ്മുടെ ഗവണ്മെന്റിനു സ്ത്രീകളോടു വളരെ ആദരവാണു്. നമ്മുടെ ഇടയിൽ ഒരു ലേഡി മെമ്പർ ഉണ്ടു്. എല്ലാം ആലോചിച്ചാൽ നമ്മുടെ ഗവണ്മെന്റിനു അഭിനന്ദിക്കലാണു വേണ്ടതു്. കാലക്രമേണ ഗവണ്മെന്റു് ഈ വിഷയത്തെപ്പറ്റി ഒരു സ്ഥായി ആലോചിക്കും. സ്ത്രീകളുടെ ഇടയിലും അല്പംതൊഴിലില്ലായ്മ ഉണ്ടെന്നു ലേഡി മെമ്പർ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. അവരുടെ കൂട്ടത്തിൽ പെരുമാറുന്നവരെ വളർത്തിക്കൊണ്ടുവരുന്ന വിശുദ്ധജോലി

യാണ്. നമുക്ക കാര്യക്ഷമതയും രാജ്യതന്ത്രിയും സുശീലവും ഉള്ള പൌരന്മാരെവേണം. അതുകൊണ്ടു തിരുവിതാംകൂറിൽ നമുക്ക റോമൻ പ്രീകളെപ്പോലെയുള്ള അനേകം ആത്മമാരെ വേണം. ആ ഉദ്ദിഷ്ടഫലത്തിങ്കലേക്ക മനോഭിയൽ സ്ത്രീകൾക്ക തൊഴിലില്ലായ്മ ഇല്ല. അതുകൊണ്ടു പ്രമേയത്തെ അനുകൂലിക്കാൻ ഞാൻ മാർഗ്ഗം കാണുന്നില്ല. ഇക്കാരണങ്ങളാൽ മിസ്റ്റർ എ. ജി. മേനോൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പ്രതിഷേധിക്കുന്നു.

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റ ചീഫ് സെക്രട്ടറി): ഈ സഭയിൽ പ്രമേയത്തിന്റെ പോക്കുനോക്കിട്ട് മിസ്റ്റർ മേനവൻന്റെ പ്രമേയം വിസ്മൃതിപ്രാപിക്കുമെന്നു എനിക്കു തോന്നുന്നു. പ്രമേയത്തെ അവതരിപ്പിച്ച മെമ്പറോ ചിൻതാഭേദിയായ പ്രസംഗം നടത്തിയ മറ്റു മെമ്പറന്മാരോ പ്രമേയത്തിനു അനുകൂലിച്ചു വോട്ടുചെയ്യുകയോ സംസാരിച്ചുമില്ല. ഒരു ഗുണമായിട്ടു പ്രമേയത്തിനു അനുകൂലിച്ചു വോട്ടുചെയ്തവർ മാത്രമാ സംസാരിച്ചുള്ളൂ. [illegible] ഈ പ്രമേയത്തിന്റെ ഏതിനെയാണു സംസാരിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല.

മൂന്നു സംസാരിച്ച പ്രമുഖ പ്രമേയം, അതിന്റെ ഉദ്ദേശ്യകാരം അവ [illegible] അതുകൊണ്ടു സ്പഷ്ടമായി തെളിയിച്ചിട്ടുണ്ട്. [illegible] മിസ്റ്റർ മേനോൻ അവതരിപ്പിച്ചതിന്റെ കാരണം എനിക്കു ഗ്രഹിക്കാൻ കഴിയുന്നുണ്ട്. നമ്മുടെ ഇടയിൽ [illegible] അനേകം സ്ത്രീകളെ കാണുന്നുണ്ട്. ഗവർണ്ണമെന്റ് [illegible] ഗൗരവമായി [illegible] അതുകൊണ്ടു [illegible] അദ്ദേഹത്തിനു തോന്നി. ഞാൻ അദ്ദേഹത്തോടു പൂർണ്ണമായി സഹകരിക്കുന്നു. ഉദ്ദേശം പ്രശംസനീയമാണ്. ഈ വിഷയത്തെപ്പറ്റി വിസ്തരിച്ചു [illegible] ആവശ്യമില്ല. [illegible] നോക്കി വാലിച്ചാൽ മാത്രം മതി. [illegible] പ്രധാനം ചെയ്യുന്ന [illegible] ഇൻഷ്വറൻസിൽ [illegible] പ്രത്യേകമായുള്ള ഒരു അപൂർവ്വസ്ഥിതി ചെയ്യേണ്ടതു ഉളവാക്കുന്നു. ഇവിടെ [illegible] സ്ത്രീകൾ [illegible] സത്തിനു പോകുന്നു. ഇതിന്റെ ഫലമായി [illegible] ജീവനക്കാർക്കുണ്ടായ [illegible] ഉണ്ടാകുന്നു. ചെറുതായ സ്ത്രീകൾ ഉത്കൃഷ്ടവിദ്യാഭ്യാസത്തിനു പോയിരുന്നില്ല. അതുകൊണ്ടു അക്കാലത്തു അവർക്ക് ജോലിചെയ്യേണ്ടുന്ന ബുദ്ധിമുട്ടും ഇല്ലായിരുന്നു. പതിവായി അവർ ഒന്നുകാര്യങ്ങൾ നോക്കുന്നതിൽ ചെയ്തുപോയി. ഇപ്പോൾ അവർ അങ്ങനെതന്നെ ചെയ്തുകൊള്ളട്ടെന്നു പറയാൻ വിഷമമുണ്ട്. എന്നാൽ അതു അസാധ്യമാണെന്നു എല്ലാവർക്കും അറിയാം. അങ്ങനെ വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ തൊഴിലില്ലായ്മ നമുക്കൊരു വിഷമസ്ഥിതിയെ ഉണ്ടാക്കിത്തീർത്തിട്ടുണ്ട്. ഇപ്പോൾ കണ്ണടച്ചുകൊണ്ടിരിക്കാൻ കഴിയില്ല. പ്രമേയത്തിന്റെ വാചകരചന ശരിയായിട്ടില്ലെന്നു ഞാൻ സമ്മതിക്കുന്നു. ഇപ്പോഴത്തെ നിലയിൽ അതു [illegible] സ്വീകരിക്കാൻ സാധിക്കയില്ല. എല്ലാ ഡിപ്പാർട്ടുമെന്റുകളിലും യോഗ്യതയുള്ള സ്ത്രീകൾക്കു പുരുഷന്മാരോടു സമത്വം കല്പിക്കണമെന്നാണ് മെമ്പർ പറയുന്നത്. ഈ സമത്വവാദം പുറപ്പെടുവിച്ചിട്ടേ ആവശ്യമില്ലായിരുന്നു. രണ്ടാമതായി സ്ത്രീകൾക്കായി ഉദ്യോഗങ്ങൾ ഒഴിച്ചുവെയ്ക്കണമെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നു. അതു ഞാൻ മുൻപു പറഞ്ഞപ്രകാരം അസാധ്യമാണ്. ഈ സംസ്ഥാനത്തിലെ ഏതു ഡിപ്പാർട്ടുമെന്റിലെങ്കിലും സ്ത്രീകൾക്കു ഉദ്യോഗം കൊടുക്കാൻ പാടില്ലെന്നു ഇപ്പോൾ യാതൊരുത്തരും പറയുന്നില്ലെന്നുള്ള ഒരു സംഗതി ഞാൻ സഭയുടെ ശ്രദ്ധയ്ക്കു വിഷയമാക്കിക്കൊള്ളട്ടെ. എന്നാൽ എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും മിക്ക ഉദ്യോഗങ്ങളും പുരുഷന്മാരാണ് വഹിക്കുന്നതെന്നുള്ളതു, സത്യമാണ് ചില ഡിപ്പാർട്ടുമെന്റുകളിൽ സ്ത്രീകളെ നിയമിക്കുന്നതു പ്രായോഗികമല്ല. പട്ടാളം, എക്സൈസ്, പൊലീസ്, ഒരു പക്ഷെ ദേവസ്വവും അങ്ങനെയുള്ള ഡിപ്പാർട്ടുമെന്റുകളാണ് എങ്കിലും സ്ത്രീകളെ നിയമിക്കാവുന്ന പല ഉദ്യോഗങ്ങൾ ഉണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും ആഫീസ് ജോലികൾ സംബന്ധിച്ചു ഉദ്യോഗങ്ങളാണ് അവ. ഇങ്ങനെയുള്ള ഉദ്യോഗങ്ങൾക്കു സ്ത്രീകളുടെ നിയമനം ത്വരിതഗതിയിൽ നടന്നു വരുന്നു. എന്റെ അടുത്തുള്ള അക്കൌണ്ടാഫീസിലെ രണ്ടു സ്ത്രീകൾ ജോലിഎടുക്കുന്നതായി തോന്നുന്നു. പല ഡിപ്പാർട്ടുമെന്റുകളിലുമുള്ള ആഫീസ്ജോലികൾ അധികം സ്ത്രീകളെ നിയമിക്കുന്നതിനുള്ള ഒരു പദ്ധതി ഞങ്ങൾ ആലോചനയിൽ ഇരിക്കുന്നു എന്നുള്ള സംഗതിയേയും സഭയെ അറിയിച്ചുകൊള്ളുന്നു. എന്നാലും പ്രമേയത്തിന്റെ ഇപ്പോഴത്തെ രൂപത്തിൽ സ്വീകരിക്കാൻ നിവൃത്തിയില്ല. പ്രമേയത്തിലെ അന്തർഭവിച്ചിട്ടുള്ള ഉദ്ദേശത്തോടു ഗവർണ്ണമെന്റിന്റെ സഹതാപം പ്രസ്താവിച്ചുകൊള്ളുന്നു. തൊഴിലില്ലാത്ത സ്ത്രീകൾക്കു തക്ക ഉദ്യോഗങ്ങൾ കുറച്ചെങ്കിലും ഗവർണ്ണമെന്റു ഇതിനു മുമ്പുതന്നെ കൊടുത്തിട്ടുണ്ടെന്നും ആ ന്യായം മേലാലും തുടരുന്നതാണെന്നും കൂടെത്താനു സഭയോടു ഉറപ്പുകൂടി പറഞ്ഞുകൊള്ളുന്നു.

മി: എ. ജി. മേനോൻ (പറവൂർ): സർ, പ്രമേയം അവതരിപ്പിച്ചപ്പോൾ ഞാൻ ഒന്നുതന്നെ പറഞ്ഞില്ല. എന്റെ സ്നേഹിതന്മാരിൽ ചിലരുടെ അഭിപ്രായം എന്താണെന്ന് എനിക്കു മുമ്പുതന്നെ അറിയാമായിരുന്നു. ഇങ്ങനെയുള്ള ഒരു സഭയിൽ അവരെയ പ്രസ്താവിക്കാൻ അവർക്കു കഴിയുമോ എന്നു എനിക്കറിഞ്ഞുകൂടെന്നുണ്ടായിരുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നിങ്ങളുടെ വാദങ്ങൾ എന്താണെന്നറിവാൻ അവർക്ക് അവസരം കിട്ടേണ്ടതല്ലയോ?

മി: എ. ജി. മേനോൻ (പറവൂർ): പ്രമേയം സ്പഷ്ടമാണ്. സ്ത്രീകളുടെ കാര്യത്തിനു രങ്ങൾക്കാണ് ക്ഷേമം എന്നു മാവുള്ള ആളുകളുടെ ആസ്ഥാനം ന്യായം ലഭിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഞാനോടെ അങ്ങനെയുള്ള വർഗ്ഗക്കാരെ കുറച്ചെടുത്തതിനു പാടില്ല. സ്ത്രീകളുടെ ഉന്നതിപ്രാപ്തി ഇക്കാലത്തു ലോകമെമ്പാടുള്ള ഒരു കാര്യമാണെന്നു നാം ചിന്തിക്കണം. ഇക്കാലത്തു അങ്ങുമിങ്ങും ചില ചില്ലറ ഉദ്യോഗങ്ങൾ സ്ത്രീകൾക്കു കൊടുക്കുന്നതല്ലാതെ ഈ സംസ്ഥാനത്തെ ഭൂരിപക്ഷം ഉദ്യോഗങ്ങളും പുരുഷന്മാരാണ് വഹിക്കുന്നത്. ഇവിടെ യോഗ്യതയുള്ള സ്ത്രീകൾ ചുരുക്കമായിരുന്ന ഒരുകാലം ഉണ്ടായിരുന്നു. ആ കാലം കഴിഞ്ഞുപോയിട്ടു അധികം നാളായി. ഇപ്പോൾ ബി. എ. ക്കാർ തന്നെ ഉദ്യോഗത്തിനായി കിട്ടുക്കാൻ പാടുന്നു. സ്ത്രീകൾക്കു ഉദ്യോഗം കൊടുക്കുന്നതിനു യാതൊരു തടസ്സവും ഇല്ലെന്നു ഏതുരോഗത്തുള്ള എന്റെ സ്നേഹിതന്മാർ പറയുകയുണ്ടായി. തടസ്സമില്ലെങ്കിലും സ്ത്രീകൾക്കു ഉദ്യോഗം കൊടുക്കാറില്ലെന്നേയുള്ളു. ആ വല്ലതടസ്സവും ഉള്ളതു

കൊണ്ടുപോണം അല്ലെങ്കിൽ ഏന്ന എനിക്കു പറവാൻ സാധിക്കുകയില്ല. അക്കൗണ്ടാഫീസിൽ രണ്ടു വിശേഷ യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനു രണ്ടു സ്ത്രീകളെ നിയമിച്ചിട്ടുള്ളതല്ലാതെ സെക്രട്ടറിയേറ്റിൽ ഒരാളെപോലുമില്ല, അക്കൗണ്ടപ്പീൽ ഒരാളെപോലുമില്ല, റെജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലും ഒരാളുപോലുമില്ല. പിന്നെ പട്ടാളത്തിലും പോലീസിലും പറഞ്ഞിട്ടു കാര്യമെന്തു? ആഫീസുജോലി സംബന്ധിച്ചുള്ള ഉദ്യോഗങ്ങൾ അവർക്കു കൊടുക്കാൻ പാടില്ലാത്തതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇംഗ്ലണ്ടിലെ സ്റ്റേറ്റ്സെക്രട്ടറി പാർലിമെന്റിനു നിങ്ങൾക്കു വല്ല അറിവുകൂടുതലുണ്ടെങ്കിൽ രഹസ്യപോലീസ്ജോലിക്കു പുരുഷന്മാരെക്കാൾ സ്ത്രീകൾ നല്ലതെന്നു നിങ്ങൾക്കറിയാവുന്നതാണെന്നു—അതാണു അവിടെ അവരുടെ അനുഭവം—അത്രത്തോളം വേണമെന്നു ഞാൻ പറയുന്നില്ല. ഗവർണ്മെന്റുദ്യോഗത്തെ സംബന്ധിച്ചു നിങ്ങളുടെ സഹോദരിമാരോടും പുത്രിമാരോടും നിങ്ങൾ ന്യായമായി പെരുമാറുന്നില്ലെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഇതുവരെ അവർക്കുണ്ടായിരുന്ന അടിമത്തനാതിൽ അവരെ അടുക്കളജോലിക്കും കുഞ്ഞുങ്ങളെ വളർത്തുന്നതിനുമായി വിട്ടേക്കുക, അല്ലെങ്കിൽ ചിലപ്പോൾ വിദ്യാഭ്യാസവും കൊടുക്കുക. പെൺകുട്ടികൾക്കു കൂടുതൽ കാലം വിദ്യാഭ്യാസം കൊടുത്തിട്ട് അവർ ബി. എ. യോ, എം. എ. യോ ജയിച്ചശേഷം അവരോടു അടുക്കളയിൽപോയി പണിചെയ്യാൻ പറയുന്നതു നീതികരിക്കാൻപാടില്ല. അവരിൽ വിലവിചാരങ്ങളും മോഹങ്ങളും അഭിപ്രായങ്ങളും ജനിപ്പിച്ചതു നിങ്ങൾതന്നെയാണു്.

മി: താമരശ്ശേരിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർക്കാർ ഉദ്യോഗങ്ങളിലേക്കുമാത്രമായിട്ടാണോ സ്ത്രീകളെ പഠിപ്പിക്കുന്നതു? വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള സ്ത്രീകൾക്കു സർക്കാർ ഉദ്യോഗംതന്നെ വേണോ, അല്ലെങ്കിൽ മറ്റു വല്ല ജോലികളും കിട്ടിയാൽ മതിയോ?

മി: എ. ജി. മേനോൻ (പറവൂർ): സർക്കാർ ഉദ്യോഗത്തിനുമാത്രമായിട്ടാണു പുരുഷന്മാരെയും വിദ്യാഭ്യാസം ചെയ്യിക്കുന്നതു്.

മി: എ. എസ്. ലക്ഷ്മണൻ ആശാൻ (മാമ്പുഴക്കരയും കാന്തിക്കുളിയും): സ്ത്രീകൾ ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടു അവർ സ്ത്രീകളാണെന്നുള്ളകാരണത്താൽ അവർക്കു ഉദ്യോഗം കൊടുക്കാത്തതിനു ഒരുദാഹരണം പൊതുജനം പറയുമോ?

മി: എ. ജി. മേനോൻ (പറവൂർ). ഏതായാലും അവർക്കു ഉദ്യോഗം കൊടുത്തിട്ടില്ല. ഹുജൂരാഫീസിൽ അവരുടെ അനേകം ഹർജികൾ ചെന്നുകിടപ്പുണ്ടു് എങ്കിലും ഇതുവരെ ആർക്കെങ്കിലും ഒരുദ്യോഗം കൊടുത്തിട്ടില്ല. സ്ത്രീകളായതുകൊണ്ടാണോ വേറെവല്ലകാരണത്താലാണോ എന്നും എനിക്കറിവില്ല. അവർക്കു ഉദ്യോഗം ചെയ്തിട്ടില്ലെന്നുള്ളതു നിശ്ചയമാണു്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സ്ത്രീകൾക്കു വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ മതിയായ പ്രാതിനിധ്യം ഉണ്ടെന്നു മെമ്പർക്കറിയാമോ? ആ ഡിപ്പാർട്ടുമെന്റിൽ അവരുടെ സ്ഥിതി നന്നാക്കാൻ ആവശ്യമില്ലെന്നു അതിനാൽ പ്രത്യക്ഷമാകുന്നില്ലയോ?

മി. എ. ജി. മേനോൻ (പറവൂർ): അവർക്കു വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ മാത്രമേ ഉദ്യോഗം പാടുള്ളു എന്നു പറയുന്നതെന്തിനാണു്? നിങ്ങളെപ്പോലെ തന്നെ അവരെയും പഠിപ്പിക്കയും അവരുടെ അഭിപ്രായങ്ങളും മോഹങ്ങളും നിങ്ങളുടേതുതന്നെയായിരിക്കയും ഇതിനുള്ള കാരണം നിങ്ങളായിരിക്കയും ചെയ്യുമ്പോൾ നിങ്ങൾക്കുള്ള ആനുകൂല്യങ്ങളും അവർക്കു കൊടുക്കാത്തതെന്തുകൊണ്ടാണു്?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അവർക്കു കൊടുത്തിട്ടില്ലാത്ത ഏതെങ്കിലും ജോലിവിവരം പറയാമോ?

മി: എ. ജി. മേനോൻ (പറവൂർ): സ്ത്രീപുരുഷന്മാർ തമ്മിൽ ശാരീരികമായിട്ടല്ലാതെ വേറൊരു വ്യത്യാസവും ഞാൻ കാണുന്നില്ല. ആ വ്യത്യാസം മിക്ക ഡിപ്പാർട്ടുമെന്റുകളിലും അവരെ നിയമിക്കുന്നതിനു തടസ്സമായിവരുമെന്നു ഞാൻ വിചാരിക്കുന്നുമില്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അവരിൽ അധികമാളുകളെ മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ വേണമെന്നു മെമ്പർക്കറിയാമോ?

മി: എ. ജി. മേനോൻ (പറവൂർ): ബി. എയും എം. എയും ജയിച്ച സ്ത്രീകൾ രോഗപരിചാരികകളായിപോകണമെന്നാണോ തങ്ങൾ പറയുന്നതു്? അവരൊടു അങ്ങനെ ആവശ്യപ്പെടാൻ പാടില്ല. ആ സ്ഥിതിയിലുള്ള ഒരു പുരുഷൻ അപ്രകാരമുള്ള ജോലി സ്വീകരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഒരു പുരുഷൻ ആ ഉദ്യോഗത്തിനു പോകുമെന്നാണോ മെമ്പർ പറയുന്നതു?

മി: എ. ജി. മേനോൻ (പറവൂർ): നിശ്ചയമായിട്ടും പോകയില്ല. ഉദ്യോഗത്തിനു നടക്കുന്ന എത്രയോ സ്ത്രീകളുണ്ടു് ഒരുദ്യോഗത്തിനുവേണ്ടി ഒരു സ്ത്രീക്കു ആ ഉദ്യോഗം കൊടുക്കുന്നതിനെന്തുണ്ടു് വിരോധം? ഒരു ബി. എ. യോ, എം. എ. യോ ഒരുദ്യോഗത്തിനു ചോദിച്ചാൽ അതു കൊടുക്കാതെ ഒരു രോഗപരിചാരികയാകാൻ അവളോടു പറയുന്നതെന്തിനു? ഇതിനെല്ലാം കാരണം തങ്ങൾ കേമന്മാരാണെന്നു പുരുഷന്മാർക്കുള്ള ഗർവ്വമാണു. നമ്മെ കുറ്റംപറഞ്ഞിട്ടാവശ്യം ഇല്ല. നമ്മുടെ ഗർവ്വമാകുന്ന മനോരോഗം കളഞ്ഞു സ്ത്രീകൾക്കു സമത്വം——

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഒരു സ്ത്രീ ഉദ്യോഗസ്ഥൻ അവരുടെ ആഫീസിൽ സ്ത്രീഗുമസ്തന്മാരെ നിയമിക്കുന്നതിനു ചുപ്പോഴും വിരോധം പറയുന്നതെന്തെന്നു മെമ്പർക്കറിയാമോ?

മി: എ. ജി. മേനോൻ (പറവൂർ): ധ്രുവങ്ങളെ പോലെ സ്ത്രീകൾ സ്ത്രീകളെ ആകർഷിക്കാറില്ലെന്നുള്ള പ്രാകൃതകാരണമായിരിക്കാം.

മി. കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): തന്റെ പ്രമേയത്തിന്റെ രചനാരീതി കൊണ്ടു തിരുവിതാംകൂറിലെ സ്ത്രീകൾക്കു താനൊരു ദോഷമാണു ചെയ്തിട്ടുള്ളതെന്നു മിസ്റ്റർ മേനോൻ വിചാരിക്കുന്നില്ലയോ?

മി: എ. ജി. മേനോൻ (പറവൂർ): ഞാനങ്ങനെ വിചാരിക്കുന്നില്ല. ഞാൻ അവർക്കായി ഗുണമാണു ചെയ്യുന്നതെന്നു എനിക്കു നിശ്ചയമാണു. ഇതു നിങ്ങൾക്കു കിട്ടാൻ പോകുന്നതിന്റെ അല്ലെങ്കിൽ അനുഭവമാകാൻ പോകുന്നതിന്റെ ആരംഭമാണു. ഇപ്പോൾ അവരുടെ അപേക്ഷകളെല്ലാം നിങ്ങൾക്കു തിരസ്കരിക്കാം. എന്നാൽ ഈ സഭതന്നെ അവരുടെ വോട്ടിനെ ആശ്രയിക്കേണ്ടിവരുന്ന ഒരു കാലം വരും. ഈ പ്രമേയത്തെ സംബന്ധിച്ചു പറകയാണെങ്കിൽ, എന്റെ ഉദ്ദേശം ഈ കാര്യത്തിലേക്കു ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിക്കണമെന്നായിരുന്നു. എല്ലാഡിപ്പാർട്ടുമെന്റുകളിലും പുരുഷന്മാർക്കു കിട്ടാവുന്ന ഉദ്യോഗങ്ങളെല്ലാം സ്ത്രീകൾക്കും കിട്ടാവുന്നതാണെന്നു പറയാൻ എളുപ്പമാണു്. എന്നാൽ അവർ അപേക്ഷിച്ചാൽ ഇവരെ നിയമിക്കയില്ലെന്നുള്ളതാണു് ഇക്കാര്യത്തിലുള്ള സങ്കടം. ഇങ്ങനെയുള്ള സ്ഥിതിക്കു ഒരു പരിഹാരമുണ്ടാക്കണമെന്നാണു ഞാൻ ആവശ്യപ്പെടുന്നതു്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പുരുഷന്മാരുടെ അപേക്ഷകളെക്കാൾ സ്ത്രീകളുടെ അപേക്ഷകളിൽ അധികം ശതമാനം ഉപേക്ഷിച്ചുകളയുന്നു എന്നു തെളിയിക്കാൻ മെമ്പരുടെ കയ്യിലുള്ള വല്ലകണക്കും ഉണ്ടോ?

മി: എ. ജി. മേനോൻ (പറവൂർ): ഹജൂർ കച്ചേരിയിലും അസ്സൽ ഡിപ്പാർട്ടുമെന്റിലും ഉദ്യോഗങ്ങൾക്കായി അനവധി അപേക്ഷകൾ കിട്ടിട്ടുണ്ടെന്നും ഇതുവരെ ഒരാളെപോലും നിയമിച്ചിട്ടില്ലെന്നും എനിക്കറിയാം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു തെളിയിക്കുന്നതിനു വല്ല കണക്കും ഉണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു.

മി: എ. ജി. മേനോൻ (പറവൂർ): കേവലമില്ല. കാര്യപ്രത്യക്ഷമായിരിക്കുന്ന സ്ഥിതിക്കു കണക്കെടുക്കാൻ ബുദ്ധിമുട്ടിട്ടാവശ്യമില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇതു കണക്കുകൊണ്ടു തെളിയിക്കേണ്ടതല്ലയോ?

മി: എ. ജി. മേനോൻ (പറവൂർ) കണക്കുശേഖരിക്കുന്നതിൽ എനിക്കരസമില്ല. അതുകൊണ്ടുതന്നെ യുമില്ല. എന്റെ ഉദ്ദേശം ഇക്കാര്യത്തിലേക്കു ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിക്കണമെന്നായിരുന്നു. ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധപതിഞ്ഞിട്ടുണ്ടെന്നു ഗവണ്മെന്റു ചീഫ്സെക്രട്ടറി ഉറപ്പുപറയുന്നതിനാൽ പ്രമേയം പിൻവലിക്കാൻ അനുവാദംചോദിച്ചുകൊള്ളുന്നു.

പ്രമേയം അനുവാദപ്രകാരം പിൻവലിച്ചു.

രണ്ടാംഗ്രേഡ് വക്കീലന്മാർ.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം) സർ, താഴെപറയുന്നപ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. "തിരുവിതാംകൂറിലെ രണ്ടാംഗ്രേഡുവക്കീലന്മാരെ മഹാക്കോടതിയിൽനിന്നുണ്ടാക്കുന്ന ചട്ടങ്ങൾക്കനുസരിച്ചു അയർപതുടെ ഡിസ്ട്രിക്ട്കോടതിയിൽ വ്യവഹാരങ്ങൾനടത്താൻ അനുവദിക്കേണ്ടതാകുന്നു എന്നു ഈ സഭ ഗവണ്മെന്റിനോടു ശിപാർശചെയ്യുന്നു."

സർ, രണ്ടാമത്തെ സഭയിൽ ദീർഘമായും വേണ്ടുവോളവും വാദപ്രതിവാദത്തിനു വിഷയമായ ഈ പ്രമേയത്തെ വീണ്ടും ഞാൻ അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം തിരുവിതാംകൂറിലെ രണ്ടാംഗ്രേഡു വക്കീലന്മാർ യോഗ്യമാംവണ്ണവും കാര്യക്ഷമതയോടും ചെയ്യുന്നജോലിയെ ഈ സഭയുടെ ശ്രദ്ധയ്ക്കു വിഷയമാക്കണമെന്നാണു. ഈ പ്രമേയത്തിനു നമുക്കാവശ്യമുള്ള ബി. എൽ. കാരെ കിട്ടുന്നില്ലെന്നു അർത്ഥമില്ല. മാന്ദ്യവശാൽ നമുക്കിവിടെ നല്ലതു ലാക്കോളേജുണ്ടു. തിരുവിതാംകൂറിലെ നിതിഭരണത്തിനു യോഗ്യന്മാരും സമർത്ഥന്മാരുമായ അനേകായിരം യുവജനങ്ങൾ അവിടെനിന്നു ഇറങ്ങിവരുന്നുമുണ്ടു. രണ്ടാംഗ്രേഡും ബി. എൽ. കാരുമായ വക്കീലന്മാരെകൊണ്ടു നമ്മുടെകോടതികൾ ഇപ്പോൾതന്നെ നിറഞ്ഞിരിക്കുന്നു. ഇപ്പോൾതന്നെ വക്കീലന്മാരാൽ നിബിഡമായിരിക്കുന്ന മുൻസിപ്പുകോടതികളിലും ഡിസ്ട്രിക്ട്കോടതികളിലും ഉള്ളവക്കീലന്മാരുടെ എണ്ണത്തെ ഈ പ്രമേയം വർദ്ധിപ്പിക്കുമെന്നു സഭയുടെ ഈഭാഗത്തുള്ള എന്റെ സ്നേഹിതന്മാർപറയുമായിരിക്കും. എന്നാൽ ഈവക്കീൽചെയ്യുന്നജോലിയുടെവലിപ്പത്തെപ്പററി ആലോചിച്ചാൽ ഈ സഭ അവരെ അനുമോദിക്കേണ്ടതാണെന്നു നാം സമ്മതിക്കാതിരിക്കയില്ല. ഈവക്കീൽചെയ്യുന്നജോലിയെ മനസ്സിലാക്കിഅനുമോദിക്കുന്നിതുമാകുന്നു വക്കീൽ പരീക്ഷയിൽ ഒരു ശതമാനം മാർക്കുകിട്ടുന്നവരെ ഡിസ്ട്രിക്ട്കോടതിവക്കീലന്മാരായി സ്വീകരിക്കാമെന്നു ഒരുകാലത്തു മഹാകോടതി ഒരുചട്ടമുണ്ടാക്കിയിരുന്നതു. കാലക്രമേണ ബി. എൽ. കാർ അധികമായപ്പോൾ ആചട്ടം മേലേപ്പെടുത്തി. ഇപ്പോൾ ബി. എൽ. ജയിച്ചവരെമാത്രമേ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കുന്നുള്ളു. ഈ രണ്ടാംഗ്രേഡുവക്കീലന്മാർ കക്ഷികൾക്കു യഥാർത്ഥഗുണമാണു ചെയ്യുന്നതെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. പണത്തിന്റെ കാര്യംനോക്കിയാലും അവരുടെ സഹായംകിട്ടുന്നതിനാണു എപ്പോഴും എളുപ്പമുള്ളതു. ഒടുവിൽ കിട്ടിയകണക്കുനോക്കിയാൽ ൧൫,൦൩,൫൫,൦൦൦ രൂപാ മുതൽസംബന്ധിച്ചു ൧൩,൩൩൩ വ്യവഹാരങ്ങൾ അവർ നടത്തിയതായികാണുന്നു. എന്നുമാത്രമല്ല ഈ ൧൩,൩൩൩ കേസുകളിൽ ൩,൬൫൩ കേസുകളിൽമാത്രമേ അപ്പീലുണ്ടായിരുന്നുള്ളു. ഇങ്ങനെ ൫,൪൩,൩൩,൦൦൦ രൂപാസമ്പത്തുള്ള ൩൩൩ കേസുകളിൽ അപ്പീലുണ്ടായില്ല. ഇതിൽനിന്നു പ്രാരംഭജോലികൾ ചെയ്യുന്നതും രൂപീകരിക്കുന്നതും ഈ വക്കീലന്മാരാണെന്നു നാം സമ്മതിക്കേണ്ടിയിരിക്കുന്നു. ഈ കേസുകളിൽ ഭൂരിപക്ഷവും മുൻസിപ്പുകോടതികളിൽതന്നെ തീരുകയും അപ്പീലുണ്ടെങ്കിൽ ചുരുക്കംകേസുകളിൽമാത്രം അപ്പീലുണ്ടാകുകയും ചെയ്യുന്നു. അതുകൊണ്ടു ഈ ജോലിയെല്ലാം ചെയ്യുന്ന രണ്ടാംഗ്രേഡുവക്കീലന്മാരെ പ്രോത്സാഹിപ്പിക്കേണ്ടതാണു. രണ്ടാംഗ്രേഡ്വക്കീലന്മാരെ ഡിസ്ട്രിക്ട്കോടതികളിലും വക്കീലന്മാരായിരിക്കാൻ അനുവദിക്കണമെന്നു ഫർഫർ മദ്രാസ്ഗവണ്മെന്റു ഉത്തരവിട്ടു. മദ്രാസ്സംസ്ഥാനത്തെസ്ഥിതിഗതികളെ നാം പകർത്തെടുക്കുമ്പോൾ അവിടെയനുവദിച്ചിട്ടുള്ള ഈ തത്വവും സ്വീകരിക്കുന്നതിനെന്താണു വിരോധം? ഇങ്ങനെചെയ്യുന്നതിനാൽ ഇപ്പോൾ നമ്മുടെ ബി. എൽ. കാരെ ഏല്പിക്കുന്നകേസുകളുടെഎണ്ണം കുറഞ്ഞുപോകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ജനങ്ങൾ കാര്യവിവരമുള്ളവരാണു. അവരുടെകേസുകൾ ഏല്പിക്കുന്നതിനു അവർ ലാഭനഷ്ടങ്ങൾ നോക്കാതെ ശരിയായ

ആളുകളുതന്നെ തിരഞ്ഞെടുത്തുകൊള്ളും. ഇപ്പോഴുള്ളനിലയിൽ ഈ രാജ്യത്തെ വക്കീലന്മാരുടെ ഇടയിൽ കുഴപ്പമോ സ്വരച്ചേർച്ചയില്ലായ്മയോ കാണുന്നില്ല. ഈ രണ്ടാംഗ്രേഡ് വക്കീലന്മാരോടു ഞങ്ങൾക്കു അശേഷം അസൂയ ഇല്ല, നീതിനിർണ്ണയത്തിൽ അവർ അവരുടെ ജോലികൾ വിശേഷാൽ ശ്രദ്ധയോടെ നിർവഹിക്കുന്നുണ്ടു. എന്നുമാത്രമല്ല രാജ്യത്തിനുപുറമെനിന്നു ഒരാൾ ബാരിസ്റ്റർ. അററ്. ലാ. എന്നസ്ഥാനത്തോടുകൂടെ വന്നാൽ അയാൾക്കു ഈ രാജ്യത്തിലെ നിയമങ്ങളുടെയും റെഗ്ലുലേഷൻ.വിന്റെയും ഗന്ധമില്ലെങ്കിലും അയാൾക്കു ഇവിടത്തെ ഏററവും ഉയർന്നകോടതിയിൽ പ്രവേശനം നല്കുന്നുണ്ടു. അങ്ങനെയിരിക്കെ ഈനാട്ടിലെ ജനങ്ങളുടെ സമാധാനത്തിനും സ്വരച്ചേർച്ചയ്ക്കും മുഖ്യഉത്തരവാദികളായ നമ്മുടെ ആളുകൾക്കും സെർവീസിൽ പ്രവേശിക്കുന്നതിനു അവസരം കൊടുക്കുന്നതിനെന്താവിരോധമെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഈ വാക്കുകളോടുകൂടെ, ലാമെമ്പറും സഭയുടെ ഈഭാഗത്തുള്ള മെമ്പർമാർ പ്രത്യേകമായും ഈ പ്രമേയത്തെപ്പററി സഹതാപത്തോടും സൂക്ഷ്മതയോടും ആലോചിച്ചു അനുപാസ്സാക്കണമെന്നു അപേക്ഷിക്കുന്നു. ഈ വാക്കുകളോടുകൂടെ പ്രമേയം ഞാൻ ഈ സഭാമുമ്പാകെ വെച്ചുകൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കല്ലുളവും വിളവങ്കോടും), മി: ഡി. സി. ജോസഫ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. രണ്ടാംഗ്രേഡ്വക്കീലന്മാർക്കു ഡിസ്ട്രിക്ട്കോടതിവക്കീലന്മാരായി കയററംകൊടുക്കണമെന്നുള്ള പ്രമേയത്തെ ഒരു രണ്ടാംഗ്രേഡ്വക്കീൽ പിൻതാങ്ങുന്നതിൽ കുറെപ്പോരായ്മയുണ്ടു. തിരുവിതാംകൂറിലെ വക്കീലന്മാരെസംബന്ധിച്ചെടത്തോളം അവർതമ്മിൽ വ്യത്യാസമൊന്നും അങ്ങനെന്നു ഞാൻ പറയുന്നില്ല. ബി. എൽകാരുടെയും എം. എൽകാരുടെയും ഒന്നാംഗ്രേഡ്വക്കീലന്മാരുടെയും രണ്ടാംഗ്രേഡ് വക്കീലന്മാരുടെയും ക്രിമിനൽവക്കീലന്മാരുടെയും പട്ടികൾ പട്ടിണി കാത്തുകിടക്കുന്നു. യോഗ്യതയുള്ളവർ രക്ഷപ്രാപിക്കും.

മി: മാത്യുമുരിക്കൻ (വൈക്കം) മെമ്പർപറയുന്നതു എന്തിനെ ആധാരമാക്കിയാണെന്നു പറയുമോ?

മി. ടി. സി. കേശവപിള്ള (കല്ലുളവും വിളവങ്കോടും) അതന്റെ അനുഭവംകൊണ്ടു അറിഞ്ഞിട്ടുള്ളതാണു. ആരെങ്കിലും ഒരു വക്കീലിനോടു ചോദിച്ചാൽ തന്റെ സ്ഥിതി എന്താണെന്നു പറയുന്നതു ആ വക്കീലിന്റെ ഒരു തത്ത്വബുദ്ധിപോശവും തന്റെ ഭാവിയ്ക്കു ചേരാത്തതും ആയിരിക്കും. പല സ്ഥിതികളിലിരിക്കുന്ന വക്കീലന്മാരുടെ വസ്തുതകൾ ജപ്തിചെയ്തിട്ടുള്ളതായും അവർക്കു വിധിക്കടങ്ങളുള്ളതായും എനിക്കറിയാം. അല്പം കാര്യംവിട്ടാണെങ്കിലും ഈ സംഗതികൾ ഞാൻ വിവരമായി പറയുന്നതു ഞാനും ഒരു പ്രമേയം അയച്ചിട്ടുള്ളതുകൊണ്ടാണ്, അതിനു ചീട്ടുവന്നിട്ടില്ലെന്നേയുള്ളു. ഈ വക്കീലന്മാരുടെ ഗുണത്തെ കാത്തുകൊള്ളുന്നതു ഗവണ്മെന്റിന്റെ ധർമ്മമാണെന്നു ഈ സഭയുടെ ദൃഷ്ടിയിൽ പെടുത്തിക്കൊള്ളുന്നു. അവർ ഗവണ്മെൻറിനും പൊതുജനങ്ങൾക്കും ഒരലങ്കാരംപോലെയാണു. അവർ ഗവണ്മെൻറിന്റെയും പൌരന്മാരുടെയും മദ്ധ്യസ്ഥന്മാരാണ്. അതുകൊണ്ടു അവരുടെ സ്വയാഭിമാനത്തിനും സ്ഥാനത്തിനും ഹാനിവരാതെ സൂക്ഷിക്കേണ്ടതു ഗവണ്മെൻറിന്റെയും പൌരന്മാരുടെയും ധർമ്മമാകുന്നു. ചീട്ടു പിണതിനാൽ താമസിയാതെ വാദപ്രതിവാദത്തിനു വരാൻ മജിസ്ട്രേട്ടന്മാരുടെ നിയമനങ്ങളിൽ മിക്കതമാനം വക്കീലന്മാരിൽനിന്നായിരിക്കണം എന്നൊരു പ്രമേയവും ഉണ്ടെന്നു എനിക്കറിയാം. അതിന്റെ അർത്ഥം നല്ല വിദ്യാഭ്യാസവും സ്ഥാനവും ഉള്ള വക്കീലന്മാർക്കു ഗവണ്മെൻറ്സെർവീസിൽ പ്രവേശനം നല്കണമെന്നാണു. ഈ സംഗതികളെല്ലാം വക്കീലന്മാരുടെ ഇടയിലും തൊഴിലില്ലായ്മ ഉണ്ടെന്നു ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തുന്നവയാണ്. തൊഴിലില്ലായ്മകമ്മിററിയും അവരുടെ റിപ്പോർട്ടിൽ ഇതിനെ പ്രസ്താവിക്കയും ചില പരിഷ്കാരങ്ങൾ ശിപാർശചെയ്കയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടിൽ ഇതിനെ സംബന്ധിച്ചു ചില കണക്കുകളും കൊടുത്തിട്ടുണ്ട്. രണ്ടാംഗ്രേഡുവക്കീലന്മാരുടെ സ്ഥിതി ഉയർത്തുവാൻ ഇതാണു അടിസ്ഥാനം എന്നു ഞാൻ പറയുന്നില്ല. തിരുവിതാംകൂറിലെ ബി. എൽ-കാരിൽ പലരും ഹൈക്കോടതിയിൽ വ്യവഹരിക്കാൻ സന്നദ്ധവഴിച്ചിട്ടുള്ളവരാണ്. അതുകൊണ്ടു അവർക്കു മുൻസിഫന്മാരാകാൻ വഴിയുണ്ട്. ഇപ്പോഴിതാ മജിസ്ട്രേട്ടന്മാരിൽ പാതി വക്കീലന്മാരിൽനിന്നു നിയമിച്ചവരായിരിക്കണമെന്നു പ്രമേയരൂപത്തിൽ കരപേക്ഷയും വന്നുണ്ട്. ഉദ്യോഗം ചമിക്കാൻ ഇടയുള്ളതു ബി-എൽ-കാർക്കാണെന്നു നിശ്ചയംപറയാം. സബ്രജിസ്ട്രാർമാരുടെയും എക്സൈസ് ഇൻസ്പെക്ടർമാരുടെയും പോലീസ് ഇൻസ്പെക്ടർമാരുടെയും മററും ഉദ്യോഗങ്ങളും ഉൾപ്പെടുത്തിയിരുന്നു എങ്കിൽ ആ പ്രമേയത്തെ ഞാൻ ബഹുമാനിക്കുമായിരുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മെമ്പർ പ്രമേയത്തെ സംബന്ധിച്ചാണോ സംസാരിക്കുന്നതു.

മി: ടി. സി. കേശവപിള്ള (കല്ലുളവും വിളവങ്കോടും): ഇക്കാരണങ്ങളാലാകുന്നു ഈ പ്രമേയത്തെ പിൻതാങ്ങുകയും എല്ലാവരും അനുകൂലിക്കയും ചെയ്യണമെന്നു ഞാൻ പറയുന്നതു്. ബി-എൽക്കാരിൽ കുറേപ്പേരെ മുൻസിഫന്മാരായും മജിസ്ട്രേട്ടന്മാരായും നിയമിച്ചാൽ ഡിസ്ട്രിക്ട്കോടതികളിൽ ഒഴിവുകൾ ഉണ്ടാകും. ബി-എൽക്കാരുടെയും എം. എൽ-ക്കാരുടെയും സ്ഥിതിയെപ്പററി എനിക്കറിവുണ്ടോ എന്നു എന്റെ സ്നേഹിതൻ മിസ്റ്റർ മുരിക്കൻ ചോദിക്കയുണ്ടായി. മേൽഗതിക്കിടയുള്ള വക്കീലന്മാർ മജിസ്ട്രേട്ടിന്റെയോ മുൻസിഫിന്റെയോ ഉദ്യോഗത്തിനു പോകയില്ലെന്നു നിശ്ചയമാണ്. അവർ ഉദ്യോഗത്തിനു പോകുമെന്നുള്ള ഏകസംഗതി—

മി: മാത്യു മുരിക്കൻ (വൈക്കം): മെമ്പർ എന്റെ ചോദ്യത്തിനു മറുപടി പറഞ്ഞു എന്നു വിചാരിക്കുന്നുണ്ടോ?

മി: ടി. സി. കേശവപിള്ള (കല്ലുളവും വിളവങ്കോടും): സിവിൽകോടതികളിൽ സാധാരണ ബി. എൽ ക്കാർക്കു ഒരു അന്യായഹർജിയൊ പ്രതിപത്രികയോ തയ്യാറാക്കാൻ സാധിക്കയില്ല ഇവയെല്ലാം തയ്യാറാക്കുന്നതു ഈ മുൻസിഫ്കോടതിവക്കീലന്മാരാണ്. പത്രികകളും അന്യായങ്ങളും തയ്യാറാക്കാൻ പരിചയംകൊണ്ടുമാത്രമെ വക്കീലന്മാർക്കു സാധിക്കയുള്ളു എന്നു ഹൈക്കോടതിജഡ്ജിമാർപോലും സാക്ഷികരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും തെടുമങ്ങാടും): വക്കീലന്മാരിൽ ഒരാൾ ആദ്യവ്യവഹാരങ്ങൾ നടത്തുന്നതിൽ വിദഗ്ദ്ധനാകാൻ അനുവദിച്ചാലെന്താ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): അയ്യം ആലോചിക്കേണ്ടസംഗതിയാണ്, പത്രികകൾ, ആധാരങ്ങൾ മുതലായവ എഴുതുന്നതുകൊണ്ടു അതിൽ വൈദഗ്ധ്യം പ്രാപിക്കത്തക്കവണ്ണം ഇവക്ക് വിട്ടുകൊടുക്കുന്നതു അഭിലഷണീയമായിരിക്കും. ഈ വാക്കുകളോടുകൂടി ഈ രണ്ടാംഗ്രേഡുവക്കീലന്മാരെ പ്രോത്സാഹിപ്പിക്കണമെന്നു സഭയുടെ ഈ ഭാഗത്തുള്ളവരോടു ഞാൻ താല്പര്യമായി അപേക്ഷിക്കുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): ഡിസ്ട്രിക്ട്കോടതിയിൽ വ്യവഹാരം നടത്തുന്നതിനു വല്ല പ്രത്യേക പരിശീലനവും ആവശ്യമുണ്ടോ എന്നു മെമ്പർ പറയുമോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): തിരുവിതാംകൂറിലെ വക്കീലന്മാരെന്നു പറയപ്പെടുന്നവർ ഈ സഭ പാസാക്കിട്ടുള്ള നിയമങ്ങളെന്തെന്നു എല്ലാം കണ്ടിട്ടില്ലായിരിക്കാം എന്നാണ് ഞാൻ പറയുന്നത്.

മ: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): "വക്കീലന്മാർ എന്നു പറയപ്പെടുന്നവർ" എന്നതിന്റെ അർത്ഥം മെമ്പർ വ്യാഖ്യാനിച്ചുതരുമോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): വ്യാഖ്യാനമാണോ ചോദ്യത്തിനു മറുപടിയാണോ മെമ്പർക്കു വേണ്ടതു?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): സമാധാനം.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): തിരുവിതാംകൂറിലെ വക്കീലന്മാർ ഈ സഭയിൽ പാസ്സാക്കുന്ന എല്ലാ നിയമങ്ങളും നല്ലവണ്ണം അറിഞ്ഞിരിക്കേണ്ടതാണ്. എന്നാൽ ഇപ്പോഴത്തെ ഹൈക്കോടതിവക്കീലന്മാർ എന്നു പറയപ്പെടുന്നവർക്കു ജന്മികുടിയാൻ റഗുലേഷനും അങ്ങനെയുള്ള മററു റഗുലേഷനുകളും മാത്രമേ അറിയാവൂ; ആദായനികുതിമുതലായ അനേകം റഗുലേഷനുകളെപ്പററി അവർക്കൊന്നുമറിവും ഇല്ല. ഓരോവക്കീലും ഈ സംസ്ഥാനത്തെ എല്ലാറഗുലേഷനുകളും അറിഞ്ഞിരിക്കണമെന്നും എപ്പോഴെങ്കിലും ആവശ്യപ്പെടുമ്പോൾ ഏതെങ്കിലും പ്രത്യേക റഗുലേഷനിലെ ഏതെങ്കിലും പ്രത്യേകവകുപ്പു കണ്ടുപിടിക്കാൻ കഴിവുള്ളവരായിരിക്കണമെന്നും നിർബന്ധമാക്കണമെന്നുപോലും ഞാൻ ഹൈക്കോടതിയുടെ ശ്രദ്ധയ്ക്കു വിഷയമാക്കിക്കൊള്ളുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ കൃഷ്ണപിള്ളയോടുതന്നെ ഏതെങ്കിലും പ്രത്യേകറഗുലേഷന്റെ പ്രത്യേകവകുപ്പു ചൂണ്ടികാണിക്കാൻ ആവശ്യപ്പെട്ടാൽ അദ്ദേഹത്തിനും കാണിക്കാൻ കഴികയില്ലെന്നു എനിക്കറിയുമുണ്ട്. അതുകൊണ്ടു എല്ലാവക്കീലന്മാരും ഈ സഭ പാസ്സാക്കിട്ടുള്ള ഏതുറഗുലേഷന്റെയും ഏതുവകുപ്പും അറിയുന്നവരായിരിക്കണം എന്നാണു ഞാൻ ബോധിപ്പിക്കുന്നത്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ, ഈ പ്രമേയത്തെ എതിർക്കുന്നതു എന്റെ അനേകം സ്നേഹിതന്മാരുടെ കോപം സമ്പാദിക്കുകയാണെന്നു എനിക്കറിയാം. എന്നാൽ എന്റെ സ്ഥാനം ഓർത്തിട്ടും വ്യവഹാരികളായ ജനങ്ങളോടു ന്യായം പ്രവർത്തിക്കണമെന്നു വിചാരിച്ചും പ്രമേയത്തെ പ്രതികൂലിക്കാതെ നിവൃത്തിയില്ല. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ എനിക്കു വളരെ സഹായം ചെയ്ത ഈ മുൻസിപ്പുകോടതിവക്കീലന്മാരുടെ അനിഷ്ടം സമ്പാദിക്കാൻ എനിക്കു കഴികയില്ലെന്നും അവർക്കെതിരായി ഒരു വാക്കു പറഞ്ഞുപോയാൽ ഇനിയത്തെ തിരഞ്ഞെടുപ്പിൽ ജയിക്കുകയില്ലെന്നു തീർച്ചയാണെന്നും ഈ സഭാമെമ്പറായ എന്റെ ഒരു സ്നേഹിതൻ പറയുന്നു.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): അദ്ദേഹം ഒരു ഭീരുവാണെന്നാണോ മെമ്പർ പറയുന്നതു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): മെമ്പറിനു ഏറെക്കുറയ അനുമാനിക്കാമല്ലോ.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): വിജയികളായ മുൻസിപ്പുകോടതിവക്കീലന്മാരുണ്ടെന്നു മെമ്പർ സമ്മതിക്കുന്നുണ്ടോ?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഉണ്ട്. ലംഘനങ്ങൾ നോക്കി ഒരു സാധാരണ പ്രമാണം ഉണ്ടാക്കാൻ പാടില്ല. പ്രാധാന്യമുള്ള കാര്യങ്ങളുടെ ആലോചനയിൽ നമ്മുടെനില ഇതായിരിക്കുന്നതെന്നു ഞാൻ ബോധിപ്പിക്കുന്നു. കാര്യക്ഷമതയ്ക്കു ഹാനിവരുത്തുന്ന കാര്യം. വക്കീലന്മാരുടെ സഹായം വേണ്ടിവരുന്ന കക്ഷികൾക്കു കാര്യക്ഷമതയുള്ള വക്കീലന്മാരെതന്നെ കൊടുക്കണം.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഒരു രണ്ടാംഗ്രേഡുവക്കീലിനെ മുൻസിപ്പായി നിയമിച്ചിട്ടുണ്ടെന്നു മെമ്പർക്കറിയാമോ?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അറിയാം. അവ സൂത്രവാക്യങ്ങളാണ്. അതുകൊണ്ടു ഇങ്ങനെയുള്ള കാര്യങ്ങളെപ്പററി ആലോചിക്കുമ്പോൾ കാര്യക്ഷമത മുന്നിട്ടിരിക്കേണ്ടതാകുന്നു.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും) കാര്യക്ഷമതയുടെ പ്രമാണം എന്താണെന്നു എന്റെ സ്നേഹിതൻ പറഞ്ഞുതരുമോ?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): എന്റെപ്രസംഗം ഞാൻ അവസാനിപ്പിക്കുന്നതുവരെ മെമ്പർ ക്ഷമയോടിരിക്കുമെങ്കിൽ അദ്ദേഹത്തിന്റെ പ്രയാസങ്ങൾ നീങ്ങിപ്പോകുമെന്നു ഞാൻ വിചാരിക്കുന്നു.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും) എന്നു സംബന്ധിച്ചു ഒരു കാര്യമല്ല ഞാൻ ചോദിക്കുന്നതു. "കാര്യക്ഷമത"യുടെ ഒരു വ്യാഖ്യാനമാണു വേണ്ടതു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): മെമ്പർ ഒരു നിഘണ്ടുവിൽ നോക്കണം.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): വക്കീൽ നടത്തിയ വ്യവഹാരങ്ങളുടെ എണ്ണം നോക്കിട്ടാണോ തീർച്ചയാക്കേണ്ടതു?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): രണ്ടാംഗ്രേഡുവക്കീലന്മാർക്കു ഡിസ്ട്രിക്ട്കോടതികളിൽ കേസുകൾ നടത്താൻ വേണ്ടുന്ന യോഗ്യതകൾ ഇല്ലെന്നാണു സാധാരണ സങ്കല്പം.

മി: എസ്. പിറവിപ്പുരുഷോത്തമപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്) പഠിക്കേണ്ടുന്ന വിഷയങ്ങൾ ആലോചിച്ചാൽ പോരായോ എന്നു മെമ്പർ പറയുമോ?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അതേ, അതു നോക്കിയാൽപോരാ.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ബി. എൽ-ക്കാരെക്കാൾ കാര്യക്ഷമതയുള്ള ഡിസ്ട്രിക്ട്കോടതിവക്കീലന്മാരുണ്ടെന്നു മെമ്പർക്കറിവുണ്ടോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഉവ്വ്; ഡിസ്ട്രിക്ട്കോടതിയിൽ വളരെക്കാലം വ്യവഹരിച്ചുള്ള പരിചയംകൊണ്ടും പരീക്ഷക്കു അവർ പഠിക്കേണ്ടിയിരുന്ന വിഷയകാഠിന്യംകൊണ്ടും ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹാരം നടത്താനുള്ള യോഗ്യത അവർക്കുണ്ടായിരുന്നു. ഇക്കാലത്തെ പുതിയ വക്കീലന്മാരുടെ കാര്യം അങ്ങനെയല്ല.

മി. വി. ചെല്ലംപിള്ള (തോവാള): അങ്ങനെയുള്ള ഒരു പരീക്ഷയ്ക്കു ചേരാൻ അവരെ ഇപ്പോൾ അനുവദിച്ചാലോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അങ്ങനെയൊരു പരീക്ഷയ്ക്കു അവർ ചേരുന്നതിനു എനിക്കു വിരോധമില്ല. അതാണു ബി. എൽ. പരീക്ഷ.

മി. വി. ചെല്ലംപിള്ള (തോവാള) പണ്ടത്തേപോലെയൊ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കുന്ന വക്കീലന്മാർക്കു ഒരു പരീക്ഷജയിക്കേണ്ടതായിരുന്നു എന്നു ഞാൻ അല്പം മുമ്പു പറഞ്ഞിട്ടുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള) കാളേജുകളിൽ പഠിച്ചിട്ടില്ലാത്ത വക്കീലന്മാരെ ഹൈക്കോടതിയിൽ വ്യവഹരിക്കാൻ അനുവദിച്ചിരുന്നു എന്നു മെമ്പർക്കറിയാമോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) വ്യവഹാരങ്ങൾ ഇത്ര പകുപ്പാകാതെയും നിയമങ്ങളുടെ പ്രയോഗം ഇത്ര പ്രയാസമില്ലാതെയും അക്കാലത്തെ നിയമങ്ങളുടെ സ്വല്പജ്ഞാനം മതിയായും ഇരുന്ന ഒരു കാലം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അങ്ങനെയല്ല.

മ. വി. ചെല്ലംപിള്ള (തോവാള): അക്കാലത്തെ വക്കീലന്മാർ ഇക്കാലത്തെ വക്കീലന്മാരേക്കാൾ കാര്യപ്രാപ്തിയുള്ളവരായിരുന്നു എന്നാണോ മെമ്പരുടെ അഭിപ്രായം.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അക്കാലത്തേയും അക്കാലത്തെ നിയമങ്ങൾ നടത്തിക്കുന്നതിനും അവർ പ്രാപ്തിയുള്ളവരായിരുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) ഈ കാര്യക്ഷമത പരീക്ഷിക്കുന്നതെങ്ങനെയാണ്.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) സാധാരണ പരീക്ഷതന്നെയുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പരീക്ഷ മാത്രമാണോ കാര്യക്ഷമതയെ അളക്കുന്നതിനുള്ള പ്രമാണം.

മി: ജി. പി. നീലകണ്ഠപിള്ള (കരുനാഗപ്പള്ളി): അതാണു പ്രധാനമായി സങ്കല്പിച്ചിട്ടുള്ളതു.

മി: എസ്. പിരവിപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഇപ്പോഴത്തെ പഠിത്തം പോരാത്തതാണോ മനസ്സിലാക്കേണ്ടതു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഇപ്പോഴത്തെ പ്ലീഡർഷിപ്പുപരീക്ഷ ജയിച്ചിട്ടുള്ളവർക്കു ഡിസ്ട്രിക്ട്കോടതിയിൽ വ്യവഹരിപ്പാൻ സന്നദ്കൊടുക്കാൻ വേണ്ടും പഠിത്തം പോരാ.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറുനിയമനം): മുൻസിപ്പുകോർട്ടിലും ഡിസ്ട്രിക്ററുകോർട്ടിലും ഹാജരാകുന്നതു പ്രത്യേകം പ്രത്യേകമാണോ?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി); മുൻസിപ്പുകോടതികളിൽ മാത്രം വ്യവഹാരം നടത്താൻ യോഗ്യത സമ്പാദിച്ചിട്ടുള്ള എന്റെ സ്നേഹിതന്മാരുടെ വേഷം ഞാൻ സമ്പാദിക്കയാണെന്നു ഞാൻ പറഞ്ഞിട്ടുണ്ട്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): തിരുവിതാംകൂറിലെ നിയമകർത്താക്കളെപ്പററി മെമ്പർക്ക് എന്തെങ്കിലും പറയാനുണ്ടോ?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അതു ഇക്കാര്യത്തിൽ അസംബന്ധമാണു. നിയമകർത്താക്കളെപ്പററി നാം ഒന്നുംപറയാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു കക്ഷികളോടു നീതിയായി പെരുമാറുകയാണെങ്കിൽ ഈ മാന്യന്മാർക്കു ഡിസ്ട്രിക്ററുകോടതികളിൽ വ്യവഹരിക്കാൻ അനുവാദം കൊടുക്കരുതു്. ജീവിതപന്ധാവിൽ അവരവർക്കു അതതു സ്ഥാനം ഉണ്ടു്. ഒരു മുൻസിപ്പുകോർട്ടുവക്കീലിനു മുൻസിപ്പുകോർട്ടിൽ വ്യവഹരിക്കാനെ യോഗ്യതയുള്ളു. എന്തെന്നാൽ ആ കോടതിയിൽ വ്യവഹാരം കൊണ്ടുചെല്ലുന്ന ആൾ അദ്ദേഹത്തോടു ആവശ്യപ്പെടാൻ ഇടയുള്ള കാര്യങ്ങൾമാത്രമെ അദ്ദേഹത്തിന്റെ പക്കൽ ഉള്ളു. ബി. എൽ ക്കാരും ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കുന്നവരുമായ വക്കീലന്മാരുടെ കാര്യം അങ്ങനെയല്ല. ഇവർക്കു ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കാൻ സന്നദ്കൊടുക്കുന്നതായാൽ നാം അയോഗ്യതയെ പ്രോത്സാഹിപ്പിക്കയായിരിക്കും. വ്യവഹാരികൾ കുറഞ്ഞ ഫീസുചോദിക്കുന്നവരുടെ അടുക്കൽ ഓടിക്കൂടുമായിരിക്കും. ഓരോ വക്കീലിന്റേയും പടിക്കൽ പട്ടിണി കാത്തുകിടക്കുന്നു എന്നുഎന്റെ സ്നേഹിതൻ പറയുന്നതുകൊണ്ടു ഇപ്പോൾ തന്നെ വക്കീലന്മാർ അധികമായിപ്പോയിട്ടുള്ള ഡിസ്ട്രിക്ട്കോടതികളിൽ ഇവരെയും വ്യവഹരിക്കാൻ അനുവദിച്ചാൽ നാം വക്കീൽപണി തന്നെ വക്കളാക്കുകയായിരിക്കും.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ഡിസ്ട്രിക്ട്കോടതികളിലെ പ്രമാണപ്പെട്ട വക്കീലന്മാരിൽ പലരും ബി. എൽക്കാരല്ലാ, ഡിസ്ട്രിക്ട്കോടതിവക്കീലന്മാരാണ് എന്നു എന്റെ സ്നേഹിതനോടു പറഞ്ഞുകൊള്ളട്ടയോ?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): എനിക്കതറിഞ്ഞിട്ടു കാര്യമില്ല. ഇപ്പോൾ മുൻസിപ്പുകോടതികളിൽ ജോലി ഒന്നും കിട്ടാത്ത അനേകം ബി. എൽക്കാരുണ്ടു്. നമ്മുടെ കാളേജിൽനിന്നു ആണ്ടുതോറും ഇറങ്ങിവരുന്ന ബി. എൽക്കാരുടെ വലിയ എണ്ണം നിമിത്തം പ്ലീഡർഷിപ്പുപരീക്ഷ നിറുത്തിക്കളവാൻ ആലോചനയുണ്ടെന്നു തോന്നുന്നു. ഇപ്പോൾ ആവശ്യത്തിലധികം ആളുകൾ ഉണ്ടു്. അങ്ങനെഇരിക്കെ മുൻസി

ല്ലുകോടതി വക്കീലന്മാക്ക് ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിപ്പാൻ അനുവാദംകൊടുക്കാൻ യാതൊരാവശ്യവുമില്ല. പ്രമേയത്തിൽ ഒരു കാലാവധിപോലും പറഞ്ഞിട്ടില്ല. മുൻസിപ്പുകോടതികളിൽ ഇത്രകൊല്ലംവ്യവഹാരങ്ങൾ നടത്തി പരിചയം സിദ്ധിച്ചിട്ടുള്ള ഒരു വക്കീലിന്നു ഈ അവകാശം അനുവദിക്കണമെന്നായിരുന്നു പ്രമേയമെങ്കിൽ, അതിന്നു ഏതുണ്ടു അർത്ഥമെങ്കിലും ഉണ്ടായിരുന്നേനേ. എന്നാൽ കാളേജിൽനിന്നു ഇറങ്ങി വരുന്ന ഒരു വക്കീലിനെ ഡിസ്ട്രിക്ട്കോടതിയിൽ വ്യവഹരിക്കാൻ അനുവദിക്കണമെന്നു പറയുന്നതു കക്ഷികളോടു അനീതി കാണിക്കയാണു. അതിനാൽ പ്രമേയത്തെ ഞാൻ ബലമായി എതിൎക്കുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): രണ്ടാംഗ്രേഡ് വക്കീലന്മാരല്ലയോ മുൻസിപ്പുകോടതികളിലെ കേസുകളിൽ ഭൂരിപക്ഷം നടത്തുന്നതു?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അവിടെ കേസുകൾ നടത്തുന്നതിന്നു അവർ ധാരാളം മതി.

സഭ ഉച്ചതിരിഞ്ഞു ൨ മണിക്കു ചൎച്ചയ്ക്കുവേണ്ടി പിരിയുകയും ൨-൪ ന്നു വീണ്ടും കൂടുകയും ചെയ്തു ഡിപ്യൂട്ടിപ്രെസിഡെണ്ടു അദ്ധ്യക്ഷസ്ഥാനാധിപത്യം വഹിച്ചു.

മി: ആർ. രാമൻപിള്ള (കോട്ടയം): മി: ഡി. സി. ജോസഫ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ വ്യക്തിത്തോടുകൂടിയാണു എതിൎക്കുന്നതു്. അനേകം രണ്ടാംഗ്രേഡു വക്കീലന്മാരെ ഞാൻ നേരിട്ടറിയുമെന്നും എന്റെ അനുഭവം പ്രമേയകൎത്താവിന്റെ അഭിപ്രായത്തിന്നെതിരാണെന്നും ഞാൻ ആദ്യമേ പറഞ്ഞുകൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഒരു ഉദ്യോഗസ്ഥന്റെ നിലയിലോ ഒരുവെറുംപൌരന്റെ നിലയിലോ മെമ്പർ സംസാരിക്കുന്നതു്?

മി: ആർ. രാമൻപിള്ള (കോട്ടയം): ഒരു കക്ഷിയുടെ നിലയിലാണു വക്കീലിന്റെ നിലയിലല്ല സംസാരിക്കുന്നതു. രണ്ടാംഗ്രേഡുവക്കീലന്മാരിൽ അധികംപേരും എന്റെ അഭിപ്രായത്തിൽ മുൻസിപ്പുകോടതിവക്കീലന്മാരായിരിക്കാൻപോലും യോഗ്യതയുള്ളവരല്ല. അവരിൽ ൨. ൦ ശതമാനം കാൎയ്യശേഷിയുള്ള വക്കീലന്മാരാണു മുൻസിപ്പുകോടതികളിൽ നിയമസംബന്ധമായി കുഴപ്പമുള്ള കേസുകൾ തീൎക്കുചെയ്യാൻ ഉണ്ടാകയില്ല. എന്നാൽ ഡിസ്ട്രിക്ട്കോടതിയിൽ കൂടുതൽ ഫീസ് കൊടുത്ത വലിയ വലിയ സിവിൽവ്യവഹാരങ്ങൾ വിചാരണയ്ക്കുണ്ടാകും. അങ്ങനെയുള്ള കേസുകളിൽ കക്ഷിയെ കൂടാതെ അന്യായം തയ്യാറാക്കാൻ രണ്ടാംഗ്രേഡുവക്കീലന്മാരോടാവശ്യപ്പെട്ടാൽ ആ അന്യായത്തിൽ ഒപ്പിടുന്ന കക്ഷികൾ വളരെ സൂക്ഷിക്കേണ്ടതാണു. ഇതിന്നുള്ളകാരണം രണ്ടാംഗ്രേഡു വക്കീലന്മാർ ലാക്ലാസ്സ് വിട്ടശേഷം വ്യവഹാരങ്ങൾ നടത്തുമെങ്കിലും നിയമപുസ്തകങ്ങൾ വായിക്കാത്തതാണു. രണ്ടാംഗ്രേഡുവക്കീലന്മാരിൽ പലരുടേയും പുസ്തക അലമാരികൾ പിഞ്ഞപ്പെട്ടികളാണു. അവർ നോക്കാൻ സമ്പാദിച്ചുവയ്ക്കുന്ന പുസ്തകങ്ങൾ എന്തുയോ ചുരുക്കമാണു. തിരുവിതാംകൂർ ലാറിപ്പോർട്ടുകൾപോലും അവർ മേടിച്ചു സൂക്ഷിക്കാറില്ല. രണ്ടാംഗ്രേഡുവക്കീലന്മാരുടെ ആഫീസുകളിൽ റദ്ദാക്കാത്ത റെഗുലേഷനുകൾ പോലും കാണുകയില്ല. പല ബി. എൽക്കാരേക്കാളും വക്കീലന്മാരായിരിക്കാൻ യോഗ്യതയുള്ളവരും വക്കീൽപണിക്കു അലങ്കാരങ്ങളുമായ പല കാൎയ്യശേഷിയുള്ള വക്കീലന്മാരുമുണ്ടെന്നു എനിക്കറിയാം. പുത്തൻ ബി. എൽക്കാരെ ആദ്യവ്യവഹാരങ്ങളിൽ അന്യായം തയ്യാറാക്കാൻപോലും കൊള്ളുകയില്ലെന്നു എന്റെ ഒരു സ്നേഹിതൻ പറകയുണ്ടായി ആ വാദത്തെപ്പറ്റി എന്താണു പറയേണ്ടതെന്നു എനിക്കറിഞ്ഞുകൂടാ എന്നാൽ അനേകം രണ്ടാംഗ്രേഡ്വക്കീലന്മാർ അവരുടെ ഗുമസ്തന്മാരെ ആശ്രയിച്ചാണു കാലം കഴിക്കുന്നതെന്നു എനിക്കു എന്റെ സ്വന്ത അനുഭവംകൊണ്ടു പറയാം.

ഇനിയും ഈ ബി. എൽക്കാർ ആ ബിരുദം സമ്പാദിക്കുന്നതിന്നു ഒട്ടേറെ പണം ചിലവുചെയ്യണം. അവർ ഈ രണ്ടാംഗ്രേഡുവക്കീലന്മാരെക്കാൾ കുറഞ്ഞപക്ഷം ൪ ൦ ൦ ൦ രൂപാ കൂടുതലായി ചിലവുചെയ്യണം. ഈ രണ്ടാംഗ്രേഡുവക്കീലന്മാരെ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കാൻ അനുവദിച്ചാൽ ബി. എൽക്കാർ പിന്നെ യെവിടേയാണു പോകേണ്ടതു?

വീണ്ടും മിക്ക മുൻസിപ്പുകോടതികളിലും ക്രിമിനൽകേസുകൾ വിചാരണ ചെയ്യാറില്ല, മുൻസിപ്പുജിസ്ട്രേട്ടുകോടതികളിൽ മാത്രമെ ക്രിമിനൽകേസുകൾ ഉള്ളു. ഡിസ്ട്രിക്റ്റ്മജിസ്ട്രേട്ടുമാർ സെഷൻ ജഡ്ജിമാരും ആകയാൽ ഡിസ്ട്രിക്റ്റുകോടതിയിൽ ക്രിമിനൽകേസുകളും ഉണ്ടാകും. രണ്ടാംഗ്രേഡുവക്കീലന്മാരെ ഡിസ്ട്രിക്റ്റുകോടതികളിൽ വ്യവഹരിപ്പാൻ അനുവദിച്ചാൽ അവർ കുറഞ്ഞ ഫീസിന്നു കേസുകൾ ഏടുക്കും. അവരെ കേസുകൾ ഏല്പിക്കുന്ന കക്ഷികൾക്കു അവരുടെ കേസുകൾ നഷ്ടമാകയും ചെയ്യും.

ഞാൻ മുമ്പു പ്രസ്താവിച്ചപ്രകാരം വക്കീലന്മാരിൽ പലൎക്കും റെഫറൻസ്പുസ്തകങ്ങൾപോലും ഇല്ല. നിയമസംബന്ധമായ പല പ്രധാനസംഗതികളും തീൎച്ചയാക്കേണ്ടുള്ള വലിയ വ്യവഹാരങ്ങൾ പിന്നെങ്ങനെയാണു അവൎക്കു നടത്താൻ കഴിയുന്നതു്? അങ്ങനെയുള്ള കേസുകൾ നടത്താൻ അവരെ അനുവദിച്ചാൽ സാധുക്കളായ കക്ഷികളുടെ വിധി എന്തായിരിക്കുമെന്നു എനിക്കറിഞ്ഞുകൂടാ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ബി. എൽക്കാരായ എല്ലാ വക്കീലന്മാൎക്കും നിയമസംബന്ധമായ എല്ലാ റെഫറൻസ്പുസ്തകങ്ങളും ഉണ്ടെന്നാണോ മെമ്പർ പറയുന്നതു്?

മി: ആർ. രാമൻപിള്ള (കോട്ടയം): ഞാൻ അങ്ങനെ പറയുന്നില്ല. പ്രസിദ്ധംചെയ്യുന്ന എല്ലാ നിയമപുസ്തകങ്ങളും വാങ്ങിച്ചു സൂക്ഷിക്കാൻ ആൎക്കും സാധിക്കുകയില്ല. അതു് അപ്രായോഗികവും അസാദ്ധ്യവുമാകുന്നു. എന്നാൽ ബി. എൽക്കാരുടെ പക്കൽ രണ്ടാംഗ്രേഡ് വക്കീലന്മാരേക്കാൾ അധികം പുസ്തകങ്ങൾ ഉണ്ടായിരിക്കുമെന്നാണു പ്രതീക്ഷ. റെഫറൻസിനാവശ്യമുള്ള അനേകം പുസ്തകങ്ങൾ ഉള്ളവരും നിയമത്തിൽ നല്ലപരിജ്ഞാനമുള്ളവരുമായ ചില രണ്ടാംഗ്രേഡ് വക്കീലന്മാർ ഉണ്ടെന്നുള്ളതു സത്യം തന്നെ.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും); അങ്ങനെയുള്ള വക്കീലന്മാരെ ഡിസ്ട്രിക്റ്റുകോടതികളിൽ വ്യവഹരിക്കുന്നതിന്നനുവദിക്കുന്നതിന്നു എന്റെ സ്നേഹിതൻ മിസ്റ്റർ രാമൻപിള്ളക്കു വല്ല വിരോധവും ഉണ്ടോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങനെയുള്ള വക്കീലന്മാരെ ഡിസ്ട്രിക്റ്റുകോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കുന്നതിനു എനിയ്ക്കു യാതൊരുവിരോധവുമില്ല. എന്നാൽ പ്രമേയം ഇപ്പോഴുള്ളപ്രകാരം എല്ലാ രണ്ടാംഗ്രേഡ് വക്കീലന്മാരേയും ഡിസ്ട്രിക്റ്റുകോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കണമെന്നാണു. അതിനെ അനുവദിക്കാൻ ഒരിക്കലും പാടില്ല.

രണ്ടാംഗ്രേഡ് വക്കീലന്മാരെ ഡിസ്ട്രിക്റ്റുകോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കാതിരിക്കുന്നതിനു വേറൊരു കാരണവും പറയാം. ബി. എൽക്കാരേക്കാൾ സമർത്ഥന്മാരായി വക്കീലന്മാരല്ലാത്ത ചില മാന്യന്മാർ ഉണ്ടായിരിക്കാം. ഉദാഹരണമായി എന്നെ, ഹൈക്കോടതിയിൽ വാദിയായി എൻറെ മാതൃഭാഷയിൽ സംസാരിപ്പാൻ അനുവദിച്ചാൽ പല ബി. എൽക്കാരെക്കാളും വിശേഷമായി കേസുകൾ നടത്താൻ എനിക്കു സാധിക്കും. കേസുകൾ നടത്താൻ കഴിവുള്ള കക്ഷികളെ ഹൈക്കോടതിയിൽ തങ്ങളുടെ കേസുകൾ വാദിക്കാൻ അനുവദിക്കാതെങ്കിൽ രണ്ടാംഗ്രേഡ് വക്കീലന്മാരെ ഡിസ്ട്രിക്റ്റുകോടതികളിലും വാദങ്ങൾ നടത്താൻ അനുവദിക്കാം. പണ്ട് ഈ രാജ്യത്തു വളരെ ബി. എൽക്കാർ ഉണ്ടായിരുന്നില്ല. ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം ഇല്ലാതെ എല്ലാ കോടതികളിലും വ്യവഹരിച്ചുവന്നിരുന്ന പല വക്കീലന്മാരെ ഞാൻ അറിയും. അവരും അവരുടെ കേസുകൾ നടത്തിയിരുന്നു, എന്നാൽ ഡിസ്ട്രിക്റ്റുകോടതികളിലെ വലിയ കേസുകൾ നടത്താൻ രണ്ടാംഗ്രേഡ് വക്കീലന്മാർ പ്രാപ്തന്മാരാണെന്നു ഞാൻ വാദിക്കുന്നില്ല. പതിവായി അങ്ങനെ അനുവദിക്കാൻ പാടില്ലെന്നു ഞാൻ പറയുന്നുള്ളു. ഇതനുവദിക്കാതെങ്കിൽ വക്കീലന്മാരെ ഹൈക്കോടതി ജഡ്ജിമാരായി നിയമിച്ചാലെന്താണു? അവർക്കു നിയമപരിജ്ഞാനം ഉണ്ടെന്നു പറയാമല്ലോ, ഹൈക്കോടതിയിൽ വാദമേ ഉള്ളല്ലോ. ഇങ്ങനെയുള്ള വാദങ്ങൾ നിലനിൽക്കുന്നവയല്ല. ഡിസ്ട്രിക്റ്റുകോടതികളിലാണു വ്യവഹാരങ്ങളുടെ അടിസ്ഥാനമിടുന്നതു്. ഉറപ്പില്ലാത്ത അടിസ്ഥാനമിട്ടാൽ കെട്ടിടം നിലനിൽക്കയില്ല. ഏകദേശം എന്നു വർഷത്തെ പരിചയവും ഒരു മുൻസിപ്പുകോടതിയിൽ വളരെ കേസുകളും ഉള്ള ഒരു വക്കീലിനെ ഒരന്യായം എഴുതിയുണ്ടാക്കാൻ ഏല്പിച്ചിരുന്നു. കക്ഷി തൻെറ സ്വന്തംകാറിൽമുണ്ടക്കയത്തേക്കു പോകുന്ന വഴിക്കു അയാളുടെ നിർഭാഗ്യത്തിനു അന്യായഹർജി ഒപ്പിടാൻ കൊണ്ടുവരാൻ വക്കീലിൻെറ ഗുമസ്തനോടു പറഞ്ഞു. അതിൻെറ ഫലമായി വ്യവഹാരം തള്ളി വിധിക്കയുണ്ടായി.

ഡിപ്യൂട്ടിപ്രസിഡൻറു: നിങ്ങളുടെസമയം കഴിഞ്ഞിരിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഈ പ്രസ്താവനകളോടുകൂടെ മി: ഡി. സി. ജോസഫ് അവതരിപ്പിച്ചപ്രമേയത്തെ ഞാൻ ബലമായി എതിർക്കുന്നു.

മി: മുറവേലിൽ പാച്ചുപ്പിള്ള (ചേർത്തല): സർ, മി: ഡി. സി. ജോസഫ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാനും പ്രതിഷേധിക്കതന്നെചെയ്യുന്നു. ജില്ലാക്കോടതിയിൽ വ്യവഹരിക്കുന്നതിനു തക്കപ്രാപ്തിയും സാമർത്ഥ്യവുമുള്ള മുൻസീഫ്കോടതിവക്കീലന്മാർ ധാരാളം ഉണ്ടായിരിക്കാം. എന്നാൽ ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളരീതിയിൽ അതായതു മുൻസീഫ്കോടതിയിൽ ഇപ്പോൾ പ്രാക്ടീസ്ചെയ്തുവരുന്നവക്കീലന്മാരെ ജില്ലാക്കോടതിയിൽകൂടി പ്രാക്ടീസ്ചെയ്യുന്നതിനു അനുവദിക്കണമെന്നുള്ളതിനെ പിൻതാങ്ങാൻ ഞാൻ യാതൊരുമാർഗ്ഗവും കാണുന്നില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): പ്രമേയത്തിൻെറ അന്ത്യഭാഗം മെമ്പർ ഒയവായി വായിക്കുമോ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): അപ്പോഴപ്പോൾ ഹൈക്കോടതിപ്രെയിംചെയ്യുന്ന റൂൾ അനുസരിച്ചു എന്നുപറഞ്ഞിട്ടുണ്ടു. എന്നാൽ മുമ്പു സെക്കൻഡ്ഗ്രേഡ് പ്ലീഡറായിട്ടു അഞ്ചുകൊല്ലത്തെ പഴക്കമുണ്ടായിരുന്നാൽ ഫസ്റ്റ്ഗ്രേഡ് പ്ലീഡർ പരീക്ഷയ്ക്കു ചേരാമെന്നുണ്ടായിരുന്നു. അതനുസരിച്ചു മുൻസീഫ്കോടതിയിൽ വ്യവഹരിക്കുന്ന സെക്കൻഡ്ഗ്രേഡ് പ്ലീഡർമാർഫർസ്റ്റ്ഗ്രേഡ്പ്ലീഡർഷിപ്പ് എക്സാമിനേഷനു ചേരുകയും അതിൽ പാസ്സാകുന്നആളുകൾക്കു ജില്ലാക്കോടതിയിൽ വ്യവഹരിക്കാനുള്ള അനുവാദംകൊടുക്കയും ചെയ്തിരുന്നു. ഇപ്പോൾ അതുനിർത്തൽ ചെയ്തിരിക്കയാണു. ഇങ്ങനെ നിർത്തൽചെയ്തതിൽ സെക്കൻഡ്ഗ്രേഡ് പ്ലീഡർമാർക്കു സങ്കടമുണ്ടായിരുന്നെങ്കിൽ അതിനുസംബന്ധിച്ചു വേണ്ടുന്നപ്രക്ഷോഭനം നടത്താനുള്ള ഒരു സന്ദർഭം അവർക്കുണ്ടായിരുന്നു. അതുകഴിഞ്ഞു ഇപ്പോൾ ഈ കൌൺസിലിൽ ഏതാനും മുൻസീഫ്കോർട്ടുവക്കീലന്മാർകൂടി പ്രാതിനിധ്യം വഹിക്കുന്നതിനു ഇടവന്നതുകൊണ്ടു അതിൽ ചിലർ ഇതിനെ പിൻതാങ്ങിയതാണു.

മി: ടി. സി. കേശവപിള്ള (കല്ലൂളവും യിളവങ്കോടും): മെമ്പർതന്നെപ്പററിത്തെന്നയാണോ പറയുന്നതു?

ഡിപ്യൂട്ടിപ്രസിഡൻറു. നിങ്ങൾക്കുപറയാനുള്ളതു എന്നോടു പറയണം, മെമ്പറിനോടല്ല.

മി: മുറവേലിൽപാച്ചുപിള്ള (ചേർത്തല): ഇതു ഒരവസരമായിട്ടു ഉപയോഗിക്കുന്നതു അനുവദിക്കത്തക്കതല്ല.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറുനിയമനം): കഴിഞ്ഞതവണ ഈ കൌൺസിലിൽ ഇങ്ങനെ ഒരു പ്രമേയം ഉണ്ടായിരുന്നതായിട്ടറിയാമോ?

മി: മുറവേലിൽപാച്ചുപിള്ള (ചേർത്തല): അറിയാം. അതിനു വളരെമുമ്പാണു് ഈ പരീക്ഷ നിർത്തൽ ചെയ്തതു. കഴിഞ്ഞതവണ ആപ്രമേയം അവതരിപ്പിച്ചതുതന്നെ ഒരു മുൻസീഫ്കോർട്ടുവക്കീലാണെന്നു തോന്നുന്നു.

മുൻസീഫ്കോടതിവക്കീലന്മാർക്കു ജില്ലാക്കോടതിയിൽ വ്യവഹരിക്കുന്നതിനനുവാദം കൊടുക്കുന്നതിൽ എനിക്കൊരുതടസ്ഥവുമില്ല, എന്നാൽ ഈ ടെക്നിക്കൽ ക്വാളിഫിക്കേഷൻ മാത്രംപോരാ. കുറെക്കൂടെ ജനറൽ നാളേജും ഉണ്ടായിരിക്കണം. അതിലേക്കു കാളേജ് എഡ്യുക്കേഷൻ ഇല്ലാതെ സാധിക്കയില്ല. സ്കൂൾഫൈനലോ ഇൻറർമീഡിയേറ്റോ പാസ്സായിട്ടു പിന്നീടു പ്ലീഡർഷിപ്പുപാസ്സായിവരുന്നവരെക്കാൾ ബി. എ. പാസ്സായി ബി. എൽ. പാസ്സായിവ്യവഹരിക്കാൻ വരുന്നവർക്കാണു നിയമസംബന്ധമായ വാദപ്രതിവാദത്തിനു സാമർത്ഥ്യമുള്ളതു്. ഈ ചുരുക്കാനുഗ്രഹംകൊണ്ടു അങ്ങിനെയുള്ള ആളുകൾ ജില്ലാക്കോടതിയിൽ പ്രാക്ടീസ്ചെയ്യാൻ ഇപ്പോൾ ധാരാളമുണ്ടു. ആണ്ടുതോറും അവരുടെസംഖ്യ സീമാതീതമായിട്ടു വർദ്ധിച്ചുംവരുന്നുണ്ടു ഈസ്ഥിതിക്കു് മുൻസീഫ്കോടതിയിൽ വ്യവഹരിക്കുന്ന സെക്കൻഡ് ഗ്രേഡ് പ്ലീഡേർസിനു ജില്ലാക്കോടതിയിൽ വ്യവഹരിക്കുന്നതിനു അനുവാദം കൊടുക്കേണ്ടആവശ്യമില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പ്ലീഡർഷിപ്പ് പരീക്ഷ പാസ്സാകുന്ന ഒരു ബി. എ. യെ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കാമോഎന്നു പറയുമോ?

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ഞാൻ ഇരുന്നുകഴിഞ്ഞു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): നിങ്ങൾ ഇരിക്കുന്നതിനുമുമ്പായാണു ഞാൻ ചോദിച്ചതു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഞാൻ മി: ജോസഫിന്റെ പ്രമേയത്തെ പ്രതിക്ഷേപിക്കുന്നു. ഇപ്പോൾ മുൻസീഫ്കോടതിയിൽ ഒരു കേസുകൊടുക്കുന്നു. ഒന്നുകിൽ വാദിക്കാം ജയിക്കാം ഇല്ലെങ്കിൽ പ്രതിക്കാം ജയിക്കാം. അങ്ങിനെയിരുന്നാൽ ഈ വക്കീലന്മാർ ഓരോ തർക്കങ്ങൾപറഞ്ഞു അതുതന്നെ വീണ്ടും ജില്ലാക്കോടതിയിൽ വ്യവഹരിക്കാൻ ഇടവരുത്തും. അതുനിമിത്തം കക്ഷികൾക്കു സാരമായനഷ്ടത്തിനു കാരണമായിതീർന്നേയ്ക്കാം. അതുകൊണ്ടു ഈ പ്രമേയത്തെ ഒരുവിധത്തിലും അനുകൂലിക്കാൻ നിവൃത്തിയില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര) സർ, ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. ഒരുവർഷത്തിനുമുമ്പു ഈവിഷയത്തെ സംബന്ധിച്ചുതന്നെ ഒരു പ്രമേയം ഈ സഭയ്ക്കുവാക്കെ പാടത്തിനുവന്നു. അന്നു ഞാൻ ആപ്രമേയത്തെ അനുകൂലിക്കയാണുചെയ്തതു. അന്നു ഞാൻ പ്രസ്താവിച്ച അഭിപ്രായങ്ങൾ ഭേദപ്പെടുത്തുന്നതിനു ഇപ്പോഴും ഞാൻ കാരണം കാണുന്നില്ല. പ്രമേയത്തെ നടപ്പിൽവരുത്തുന്നതിനുള്ള വിവരമായ പദ്ധതി ഹൈക്കോടതിക്കു വിട്ടുകൊടുക്കയും ഹൈക്കോടതിഉണ്ടാക്കുന്ന ചട്ടങ്ങളെ അനുസരിക്കയും ചെയ്യാമെങ്കിൽ പ്രമേയത്തെ അനുകൂലിക്കാൻ ഗവണ്മെൻറിനു പക്ഷേ കഴിയുമായിരിക്കുമെന്നു അക്കാലം ചാർജ്ജുണ്ടായിരുന്ന മി: സുബ്ബയ്യർ ഒരഭിപ്രായം പറഞ്ഞതായിരുന്നുവെന്നു. ആ അഭിപ്രായത്തെ ബഹുമാനിച്ചാണു മി: ജോസഫ് ഈ പ്രമേയം രചിച്ചിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. ഡിസ്ട്രിക്ട് കോടതികളിൽ വ്യവഹരിക്കുന്നതിനു വേണ്ടുന്ന യോഗ്യതയുണ്ടാകത്തക്കവണ്ണം കാഠിന്യം രണ്ടാംഗ്രേഡ് വക്കീൽപരീക്ഷയ്ക്കു ഇല്ലെന്നാണു മി: ജി. പി. നീലകണ്ഠപ്പിള്ളയുടെ ശങ്ക എന്നു തോന്നുന്നു. ഹൈക്കോടതിയുണ്ടാക്കേണ്ടതായ ചട്ടങ്ങളെപ്പററിയുള്ള പ്രമേയത്തിന്റെ അന്ത്യഭാഗം ഇങ്ങനെയുള്ള സംഗതികൾ ഉൾപ്പെടത്തക്കവണ്ണം വിശാലമാക്കുന്നു എന്നാണു ഞാൻ ബോധിപ്പിച്ചതു. മി: ജി. പി. നീലകണ്ഠപ്പിള്ള ആഗ്രഹിക്കുന്നതിലധികം പരീക്ഷ കഠിനമാക്കാൻ ഹൈക്കോടതിക്കു കഴിയുമല്ലോ. രണ്ടാംഗ്രേഡു വക്കീലന്മാരെ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കുന്നതിനു യോഗ്യന്മാരാക്കാൻ വേറൊരുപരീക്ഷ ഏർപ്പെടുത്താവുന്നതാണെന്നു എന്റെ സ്നേഹിതൻ മി. പാച്ചുപിള്ള അഭിപ്രായംപറഞ്ഞു. അതെല്ലാം ഇതുനടപ്പിൽവരുത്തുമ്പോൾ ആലോചിക്കേണ്ടുന്ന സംഗതികളാണു. അതിനുള്ള വ്യവസ്ഥകളും പ്രത്യേകപരീക്ഷവേണോമാഎന്നുള്ളതും ഹൈക്കോടതിക്കു നിശ്ചയിക്കാം. ഇക്കാര്യങ്ങളെല്ലാം ഹൈക്കോടതിക്കു വിട്ടുകൊടുത്തിരിക്കയാണെന്നു പ്രമേയത്തിന്റെ അന്ത്യഭാഗത്തു ഹൈക്കോടതിയുടെ ചട്ടങ്ങളെപ്പററിപ്പറയുന്നതു കൊണ്ടറിയാം. ഇതും യോഗ്യതയുള്ളവർ ജീവിതസമരത്തിൽ ജയിക്കും എന്നുള്ള ഒരുകാര്യമാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

മി: കായ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയൽ): ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ അഭിപ്രായം എന്തായിരുന്നാലും അതുസ്വീകരിക്കാൻ മെമ്പർ തയ്യാറാണോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): അതേ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടേറിയൽ): ഹൈക്കോടതിയുടെ അഭിപ്രായം എന്തായിരുന്നാലും അതു സ്വീകരിക്കണമെന്നു ഈ സഭയോടു ഉപദേശിപ്പാൻ മെമ്പർ തയ്യാറാണോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): നിശ്ചയമായിട്ടും പ്രമേയത്തിന്റെ ഉദ്ദേശവും അതുതന്നെയാണു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴത്തെ ചട്ടങ്ങൾപ്രകാരം പത്തുവർഷം വക്കീലായിരുന്നിട്ടുള്ള ആരാളെ ഹൈക്കോടതി ജഡ്ജിയായി നിയമിക്കാവുന്നതാണെന്നു മെമ്പർക്കറിയാമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): എനിക്കു നിശ്ചയമില്ല. അനുസരിക്കേണ്ടുന്ന വേറെനിയമങ്ങളും ഉണ്ടെന്നാണു തോന്നുന്നതു്. അങ്ങിനെയുള്ള പക്ഷത്തിൽ ബി. എൽ. പരീക്ഷയും ജയിച്ചയാളായിരിക്കണമെന്നു തോന്നുന്നു.

ഇങ്ങനെയൊരവകാശം രണ്ടാംഗ്രേഡ് വക്കീലന്മാർക്കു കൊടുത്താലും അവരെല്ലാവരും അതു പ്രയോഗിക്കയില്ലെന്നു ഞാൻ ബോധിപ്പിക്കുന്നു. ഉൾനാടു മുൻസിപ്പ കോടതികളിൽ ധാരാളം കേസുകളുള്ള ഒരു വക്കീൽ, അയാൾക്കുള്ള അവകാശം കിട്ടിയാലും ഡിസ്ട്രിക്ട്കോടതികളിൽ പോകാൻ തയ്യാറാകുകയില്ല. ഡിസ്ട്രിക്ട്കോടതിയുള്ള സ്ഥലത്തെ മുൻസിപ്പുകോടതികളിൽ വ്യവഹരിക്കുന്ന വക്കീലന്മാർക്കുമാത്രമേ ഇതുകൊണ്ടു ഗുണമുണ്ടാകയുള്ളു. അതുകൊണ്ടു ഈ പ്രമേയം നിർദ്ദോഷമാകയാൽ അതിനെ സഭ സ്വീകരിക്കണമെന്നു ബോധിപ്പിക്കയും പ്രമേയത്തെ ഞാൻ പിൻതാങ്ങുകയും ചെയ്യുന്നു.

മി: കെ. മാധവൻ (ഗവണ്മെൻറു നിയമനം): സർ, മിസ്റ്റർ ഡി. സി. ജോസഫിന്റെ പ്രമേയത്തെ ഞാനും പിൻതാങ്ങി സംസാരിച്ചുകൊള്ളുന്നു. ഈ രണ്ടാംഗ്രേഡു പ്ലീഡർഷിപ്പുക്ലാസ്സിൽ പഠിക്കുന്നവർ അവരുടെ ബുദ്ധിസാമർത്ഥ്യക്കുറവിനാലല്ല, രണ്ടാംഗ്രേഡ് വക്കീലന്മാരായി പോകുന്നതു്. അതവരുടെ പണക്കുറവിനാലാണെന്നു പറയേണ്ടിയിരിക്കുന്നു. ഒരു നല്ല നിലയെ പ്രാപിക്കുന്നതിനു ഇവർക്കു ശക്തിയില്ലെന്നു ഒരു മെമ്പർ പറയുകയുണ്ടായി. എനിക്കതറിവില്ല. രണ്ടാംഗ്രേഡ് വക്കീലന്മാരിൽ ക ാ ാ ാ രൂപായ്ക്കു പുസ്തകങ്ങൾവാങ്ങി തങ്ങളുടെ പ്രാക്ടീസ് അഭിവൃദ്ധിപ്പെടുത്തുന്ന പലർ ഉണ്ടു്. എന്നാൽ ചിലരേ ഇങ്ങനെ ചെയ്യുന്നുള്ളു. കുറേക്കാലംമുമ്പു വിദ്യാഭ്യാസം ചിപ്പാർട്ടുമെണ്ടിൽ വേല ചെയ്തിരുന്ന ചിലരെ കണക്കദ്ധ്യാപകന്മാരായും ഹെഡ്മാസ്റ്റർമാരായും മററു അദ്ധ്യാപകന്മാരായും നിയമിക്കയുണ്ടായിട്ടുണ്ടു്. അപ്രകാരം ഇവരെയും മുമ്പോട്ടുകൊണ്ടുവന്നുകൂടെയോ? ഇങ്ങനെ രണ്ടാംഗ്രേഡ് വക്കീലന്മാരുടെ കാര്യം കഷ്ടമായിരിക്കുന്നതിനാൽ അതിനു കാരണക്കാരായവരുടെ മനസ്സിനെ ഖേദപ്പെടുത്തുന്നതു നമ്മുടെ ധർമ്മമാണെന്നാകുന്നു എന്റെ അഭിപ്രായം. ആതിനാൽ ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാനും മി: ഡി. സി. ജോസഫ് അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങാൻ ആഗ്രഹിക്കുന്നു. വക്കീലന്മാർ ഡിസ്ട്രിക്ട്കോടതികളിലും മുൻസിപ്പുകോടതികളിലും വ്യവഹരിക്കാൻ അർഹതയുള്ളവരായിത്തീരുന്നതു നിശ്ചയിക്കപ്പെട്ടിട്ടുള്ള പരീക്ഷകൾ പാസ്സാകുന്നതിനാലാകുന്നു. പഠിക്കാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളും പുസ്തകങ്ങളും നോക്കിയാൽ ബി. എൽ. ക്കാർ പഠിക്കുന്ന പുസ്തകങ്ങളേക്കാൾ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കാൻ യോഗ്യന്മാരാക്കിത്തീർക്കുന്ന വക്കീൽ പരീക്ഷക്കു പഠിക്കാനുള്ള പുസ്തകങ്ങളാണെന്നു കാണാം. ക്രിമിനൽ നടപടിനിയമം സിവിൽ നടപടിനിയമം, മരുമക്കത്തായനിയമം, ഈഴവാദ്യുലേഷൻ മുതലായവ പ്രീ. എൽ-ം ബി എൽ-ം ക്ലാസ്കളിൽ പഠിപ്പിക്കുന്നില്ലെന്നും പ്ലീഡർ ഷിപ്പ്ക്ലാസ്സുകളിൽ പഠിപ്പിക്കുന്നുണ്ടെന്നും നമുക്കറിയാമല്ലോ. തിരുവിതാംകൂറിലെ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കുന്നവർ ഈ നിയമങ്ങൾ ഉപയോഗിക്കേണ്ടവരാണ്. എന്റെ സ്നേഹിതൻ മി: ജി. പി. നീലകണ്ഠപ്പിള്ള പറഞ്ഞപ്രകാരം പരീക്ഷജയിക്കുന്നതുമാത്രമാണു യോഗ്യതയെങ്കിൽ ഡിസ്ട്രിക്ട് കോടതികളിലെ വ്യവഹരിക്കുന്നതിനു ബി. എൽ കാരേക്കാൾ അധികംഅവകാശം പ്ലീഡർഷിപ്പ് പരീക്ഷ ജയിക്കുന്നവർക്കാണ്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഈ മെമ്പറിന്റെ വ്യസനകരമായഅനുഭവമാണോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അങ്ങനെയല്ല, എന്റെ സ്നേഹിതൻ പറഞ്ഞപ്രകാരം പരീക്ഷ ജയിക്കുന്നതുമാത്രമാണ് യോഗ്യതയെങ്കിൽ ബി. എൽ. കാരേക്കാൾ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കുന്നതിനു അവർക്കാണു കൂടുതൽ യോഗ്യത. ഈ നാട്ടിലെ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കാൻ അവകാശമില്ലാത്തവർ വിദേശങ്ങളിൽ പോയി ഡിസ്ട്രിക്ട്കോടതികളിലും ഹൈക്കോടതിയിലും വക്കീലാകാനുള്ള യോഗ്യത സമ്പാദിച്ചുവരാറുണ്ട്, അങ്ങിനെ വിദേശങ്ങളിൽ പോയി യോഗ്യത സമ്പാദിച്ചുകൊണ്ടു മടങ്ങിവന്നു ഇവിടെ ഹൈക്കോടതിയിൽ പോലും വക്കീലന്മാരായിട്ടുള്ള അനേകരുണ്ടെന്നു മെമ്പറന്മാരിൽ പലർക്കും അറിവുണ്ടല്ലോ. അതുകൊണ്ടു പരീക്ഷമാത്രമാണ് യോഗ്യതാപ്രമാണമെന്നു വിചാരിക്കാൻ പാടില്ല.

വക്കീലന്മാരെ ഡിസ്ട്രിക്ട്കോടതിയിലും ഹൈക്കോടതിയിലും വ്യവഹരിക്കാൻ അനുവദിക്കുന്ന കാര്യത്തിൽ ആലോചിക്കേണ്ടുന്ന വേറൊരു പ്രധാനസംഗതി കാര്യക്ഷമതയാണ്. എന്നാൽ കാര്യക്ഷമത നോക്കിയാൽ അതിസാമർത്ഥ്യത്തോടെ കേസുകൾ നടത്താൻ കഴിവുള്ള അനേകം മുൻസിപ്പുകോടതിവക്കീലന്മാർ ഉണ്ട്. കാര്യക്ഷമതയുള്ള ഈ വക്കീലന്മാരെ ഡിസ്ട്രിക്ട് കോടതികളിൽ ഹാജരായി വ്യവഹരിക്കുന്നതിൽ തടസ്ഥപ്പെടുത്തുന്നതിനു ഞാൻ യാതൊരു കാരണവും കാണുന്നില്ല. ഈ രാജ്യത്തും വിദേശങ്ങളിലും പ്രസിദ്ധപ്പെടുത്തുന്ന നിയമപുസ്തകങ്ങൾ അവരും വായിക്കുന്നുണ്ട്. അവർക്ക് അവരുടെ ഉദ്യോഗത്തിനു വേണ്ടുന്ന സാമഗ്രികൾ എല്ലാം ഉണ്ടെങ്കിൽ അവർക്ക് തടസ്ഥമുണ്ടാക്കാൻ കാരണമില്ല. ഈ വാക്കുകളോടുകൂടെ ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഞാൻ മിസ്റ്റർ ജോസഫ്ഇവിടെ അവതരിപ്പിച്ചിട്ടുള്ളപ്രമേയത്തെ പിൻതാങ്ങുന്നു. മുമ്പു ഇംഗ്ലീഷ് വിദ്യാഭ്യാസമില്ലാത്ത വക്കീലന്മാർ ധാരാളമുണ്ടായിരിക്കയും അവർ ധാരാളംപണം സമ്പാദിക്കയും ചെയ്തിട്ടുണ്ട്. ഒരു വക്കീലിനെയോ ഒരു ഡാക്ടരെയോ തിരഞ്ഞെടുക്കേണ്ട ചുമതല ഒരു കക്ഷിക്കുള്ളതാണ്. നിയമജ്ഞന്മാരായ മുൻസിപ്പ്കോർട്ടു വക്കീലന്മാർക്കു ജില്ലാക്കോടതിയിൽക്കൂടി പ്രാക്ടീസ് ചെയ്യുന്നതിനു അനുവാദംകൊടുക്കുന്നതുകൊണ്ടു യാതൊരുവിരോധവുമില്ല. അതുകൊണ്ടു ഇതിനെ സംബന്ധിച്ചു ഹൈക്കോടതി തക്കതായ റൂൾസ്ണ്ടാക്കുന്നപക്ഷം അനുവാദം കൊടുക്കാമെന്നാണ് എന്റെ അഭിപ്രായം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. പ്രമേയം ആദ്യം അവതരിപ്പിച്ചപ്പോൾ അതിനെക്കുറിച്ചു സംസാരിക്കണമെന്നു ഞാൻ വിചാരിച്ചില്ല എന്നാൽ ചില മെമ്പർമാരുടെ പ്രസംഗങ്ങൾ കേട്ടശേഷം എന്റെ നിഗൂഢവിചാരമാക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഡിസ്ട്രിക്ട്കോടതികളിലെ ബി. എൽ. ക്കാർ പ്രമേയത്തെ എതിർത്തേക്കുമെന്നു മി: ജോസഫിന് ശങ്കയുണ്ട്. വരുന്നപ്രാവശ്യത്തെ നിയമസഭാ തിരഞ്ഞെടുപ്പിനെ കരുതി ബി. എൽ-ക്കാർ പ്രമേയത്തെ അനുകൂലിച്ചേക്കുമെന്നു വേറൊരു മെമ്പരും ശങ്കിക്കുന്നു. ഇങ്ങനെ അന്യോന്യം വിരുദ്ധമായ രണ്ടു അഭിപ്രായങ്ങൾ ഉള്ളതുകൊണ്ട് ഇക്കാര്യത്തിൽ എന്റെ അഭിപ്രായവും സ്പഷ്ടമാക്കണമെന്ന് ഞാൻ വിചാരിക്കുന്നു. ഹൈക്കോടതിയിൽ നിന്നുണ്ടാകുന്ന ചട്ടങ്ങൾ അനുസരിച്ചു തിരുവിതാംകൂറിലെ രണ്ടാംഗ്രേഡ് വക്കീലന്മാരെ അവരവരുടെ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കുന്നതിനും മററു പ്രവൃത്തികൾ നടത്തുന്നതിനും അധികാരപ്പെടുത്തണമോ എന്നാകുന്നു സഭാമുമ്പാകെ ഉള്ള വാദവിഷയം. പ്രമേയത്തിലെ പദപ്രയോഗത്തെ സംബന്ധിച്ച് ഞാൻ ചില പ്രയാസങ്ങൾ കാണുന്നു. രണ്ടാംഗ്രേഡ്വക്കീലന്മാരെ അവരവരുടെ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കണമെന്നാണു പ്രമേയം. എന്നാൽ രണ്ടാംഗ്രേഡ് വക്കീലന്മാർക്ക് സനദ്കൊടുക്കുന്നതു മുൻസിപ്പ്കോടതികളിൽ മാത്രം വ്യവഹരിക്കുന്നതിനാകുമ്പോൾ മുൻസിപ്പുകോടതിവക്കീലന്മാർക്ക് അവരവരുടെ ഡിസ്ട്രിക്ട്കോടതികൾ ഏതേതാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഡിസ്ട്രിക്ട്കോടതികളുടെ അധികാരസീമയിൽ പെട്ട മുൻസിപ്പ്കോടതിവക്കീലന്മാരെ, ആ കോടതികളിൽ പുതിയ സനദെടുക്കാതെ വ്യവഹരിക്കാൻ അനുവദിക്കുന്നതെന്നാണോ അവതാരകന്റെ ഉദ്ദേശം എന്നു എനിക്കു അറിഞ്ഞുകൂടാ. അതെനിക്കു വ്യക്തമാകുന്നില്ല. എന്നാൽ ഒരാൾക്കു ചാപ്പുപരീക്ഷകൾ ജയിക്കാൻ അവസരം കൊടുക്കുകയും അനന്തരം മുൻസിപ്പുകോടതികളിൽ നിയമസംബന്ധമായ കുഴപ്പങ്ങൾ ഉള്ള വ്യവഹാരങ്ങൾ നടത്താൻ അയാളെ അനുവദിക്കയും ചെയ്തിട്ട് ഡിസ്ട്രിക്ട്കോടതികളിൽ അയാൾ വ്യവഹരിക്കുന്നതിനെ വിരോധിക്കുന്നതെന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. മുൻസിപ്പുകോടതിയുടെ അധികാരത്തിൽ പെടാത്ത കേസുകൾ (നിർദ്ധനത്വ)ഇൻസ്വാൾവൻസി റെഗുലേഷനും (രക്ഷകർത്താക്കളും രക്ഷിതരും) ഗാർഡിയൻസും വാർഡുംറഗുലേഷനും പ്രകാരമുള്ള കേസുകൾ മാത്രമാണ്. ഡിസ്ട്രിക്ട് കോടതികളിലെ അസ്സൽ വ്യവഹാരങ്ങൾ വലിയ സമ്പത്തുള്ളവയാണ്. അതിനാൽ പ്ലീഡർഷിപ്പുപരീക്ഷ പാസായ ഒരാൾ നിയമപരിജ്ഞാനമില്ലാത്തവനാണെങ്കിൽ മുൻസിപ്പുകോടതികളിലുള്ള സാധുക്കളുടെകേസുകൾ അമാന്തത്തിലാക്കാൻ അയാളെ അനുവദിക്കുന്നതെന്തിനാണെന്നു അറിയുന്നില്ല.

പ്ലീഡർഷിപ്പു പരീക്ഷ ജയിച്ചു സർട്ടിഫിക്കററു വാങ്ങീട്ടുള്ളവരാൾക്ക് നിയമപരിജ്ഞാനം ഇല്ലെന്നും നിയമസംബന്ധമായ കേസുകൾ നടത്താൻ അയാളെ അനുവദിക്കുന്നതു യുക്തമല്ലെന്നുമാണ് ഗവണ്മെൻറിന്റെ വിചാരമെങ്കിൽ സാധുകക്ഷികൾ നിയമജ്ഞാനമില്ലാത്ത വക്കീലന്മാരുടെ സഹായം ചോദിച്ചു നഷ്ടപ്പെടാതെയിരിക്കുന്നതിനു ആ പരീക്ഷതന്നെ വേണ്ടെന്നുവെയ്ക്കുകയാണു നന്നാകുക.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): പ്ലീഡർഷിപ്പുക്ലാസ്സുകൾ നിറുത്തിക്കളയുന്നതിനു മെമ്പർ അനുകൂലിക്കുമോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): ആ വിഷയം ആലോചനയ്ക്കു വരുമ്പോൾ ഞാൻ അതിനെപ്പററി സംസാരിക്കാം. ഇപ്പോൾ അതു ആലോചനയ്ക്കു വന്നിട്ടില്ല. അതുകൊണ്ടതിനെപ്പററി ഞാൻ ഇപ്പോൾ എന്റെ അഭിപ്രായം പറയുന്നില്ല.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): മുൻസിപ്പുകോടതിവക്കീലന്മാർ വല്ല അബദ്ധവും കാണിച്ചുപോയാൽ അതിനെ തിരുത്തുന്നതിനു മുകളിൽ രണ്ടു കോടതികളില്ലേ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും); മെമ്പറിന്റെ ചോദ്യം മനസ്സിലായില്ല.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): മുൻസിപ്പ്കോടതിവക്കീലന്മാർ കേസു നടത്തുന്നതിൽ വല്ല തെററും കാണിച്ചുപോയാൽ അതിനെ തിരുത്തുന്നതിനു രണ്ടു കോടതികളില്ലേ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): ഇല്ല. ആയിരം രൂപായിൽ കൂടുതൽ സലയുള്ള കേസ്സുകളിൽ ഒരു അപ്പീൽകോടതിയേയുള്ളു. സല ആയിരം രൂപായിൽ കുറഞ്ഞതായിരുന്നാൽ രണ്ടു കോടതികൾ ഉണ്ട്.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): മുൻസിഫ് കോർട്ടിൽ വല്ല തെററും വന്നാൽ അതിനെതിരുത്താൻ രണ്ടു അപ്പീൽകോടതികളില്ലേ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): ഉണ്ട്.

മി: പി. എസ്. ഗ്വഹമ്മദ് (ഗവണ്മെൻറുനിയമനം): ജില്ലാകോടതിയിൽ അബദ്ധം വന്നാലും തിരുത്താൻ അപ്പീൽ കോടതിയില്ലേ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): ഉണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും—വിളവങ്കോടും): അബദ്ധം വക്കീലിന്റെയോ കോടതിയുടേതോ?

ഡിപ്യൂട്ടിപ്രസിഡൻറു: ജഡ്ജിമാർ തെററുണ്ടാക്കുകയില്ലെന്നാണു സങ്കല്പം.

മി: ആർ. രാമൻപിള്ള (കോട്ടയം): ഒരുവക്കീൽ മുഖാന്തിരം ഉണ്ടാകുന്ന തെററിനെ തിരുത്താൻ അപ്പീൽകോടതിക്കു അധികാരമുണ്ടോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഒരു മുൻസിപ്പുകോടതിവക്കീൽ തന്റെ കേസു വക്കാലാക്കിയാൽ അപ്പീൽകോടതിയിൽനിന്നു വിധി മേൽപ്പെടുത്തിവാങ്ങാം.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): മുൻസിഫ്കോർട്ടിൽ വരുന്ന തെററു വക്കീലിന്റെ തെററാകക്ഷിയുടെതെററോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കോടതിയുടെ വിധി തെററാണെങ്കിൽ ആ വിധിയെ അപ്പീൽ കോടതിക്കു ഗർബലപ്പെടുത്താം.

മി: കെ. എൻ. രാമസുബ്ബയ്യൻ (ഗവണ്മെൻറു ഫൈനാൻഷ്യൽ സെക്രട്ടറി): പ്ലീഡർഷിപ്പുക്ലാസ്സുകൾ നിറുത്തലാക്കി അങ്ങനെ രണ്ടാംഗ്രേഡു വക്കീലന്മാർ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കുന്നതിനെ വിസമ്മതിക്കുന്നതിനു മെമ്പർ അനുകൂലമാണെങ്കിൽ ഹോസ്പിററൽ അസിസ്റ്റൻറുമാരെയും സബ്അസിസ്റ്റൻറു സർജ്ജൻമാരേയും വേണ്ടെന്നുവെക്കുന്നതിനും അദ്ദേഹം അനുകൂലമാണോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഒന്നാമതായി ആ വിഷയം ഇപ്പോൾ സഭമുമ്പാകെ ഇല്ല. രണ്ടാമതായി നമ്മുടെ ഗവണ്മെൻറു മെഡിക്കൽ (വൈദ്യ) പരീക്ഷകൾ ഒന്നും നടത്തുന്നില്ല. അതുകൊണ്ടു സങ്കല്പിതവിഷയങ്ങളെപ്പററി നാം ചിന്തിച്ചിട്ടാവശ്യം ഇല്ല. വൈദ്യപരിശീലനം ഇല്ലാത്ത ഒരു ഡാക്ടർക്കു ധനികന്മാരെക്കാൾ അധികം ദരിദ്രന്മാരെ ചികിത്സിക്കാൻ ഗവണ്മെൻറു അധികം സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നില്ലെന്നു ഈ സഭയ്ക്കു നല്ലവണ്ണം അറിയാമെന്നു എനിക്കു നിശ്ചയമുണ്ട്. ഇക്കാര്യത്തെപ്പററി ചട്ടങ്ങളുണ്ടാക്കാൻ വളരെ പ്രയാസമാണെന്നു ഹൈക്കോടതി അഭിപ്രായപ്പെടുകയും ഗവണ്മെൻറു അവരോടു യോജിക്കയും ചെയ്തുവെങ്കിൽ കാര്യം ഹൈക്കോടതിയുടെ സൽബുദ്ധിക്കു വിട്ടുകൊടുക്കയാണുത്തമം. ഈ സംസ്ഥാനത്തിലെ നീതിന്യായങ്ങൾ നടത്തുന്ന ഉന്നതകോടതിയിൽ നമുക്കു പൂർണ്ണമായ വിശ്വാസം ഉണ്ടായിരിക്കണമെന്നുമാത്രമല്ല കാലം വക്കീൽ സമൂഹത്തിന്റെ കാര്യക്ഷമതയ്ക്കു ഹാനി തട്ടാതവണ്ണം ഈ സംഗതിയെപ്പററി ചട്ടങ്ങൾ ഉണ്ടാക്കുന്നകാര്യം ആ ഹൈക്കോടതിക്കു വിട്ടുകൊടുക്കുന്നതിനാൽ വല്ല ആപത്തുമുണ്ടായേക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): അങ്ങനെയുള്ള ചട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കയില്ലെന്നും ഈ പ്രമേയം നിരാകരിക്കാൻ പാടില്ലെന്നുമാണു ഹൈക്കോടതിയുടെ അഭിപ്രായമെങ്കിൽ മെമ്പർ അതിനെ അനുകൂലിക്കുമോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഹൈക്കോടതിയുടെ തീർച്ചയെ ആദരിക്കാൻ ഞാൻ ഒരുക്കമാണ്.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): സർ, മിസ്റ്റർ ഡി. സി. ജോസഫ് ഇവിടെ ഹാജരാക്കീട്ടുള്ള പ്രമേയത്തെ പ്രതിഷേധിക്കേണ്ടിവന്നതിൽ എനിക്കതിയായ മനസ്താപമുണ്ട്. വക്കീലന്മാരുടെ സാമർത്ഥ്യത്തെയോ ബുദ്ധിയെയോ ആശ്രയിച്ചല്ല ഇങ്ങനെ മരേർപ്പാടു വച്ചിട്ടുള്ളതു്. ചില തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു ഇന്നയിന്ന യോഗ്യതയുള്ളവർ ഇന്നയിന്ന കോടതിയിൽ വ്യവഹരിക്കാൻപാടുള്ളതു എന്നു വ്യവസ്ഥചെയ്തിട്ടുള്ളതു്. ബി. എൽ. പരീക്ഷപാസ്സായി ഹൈക്കോടതിവക്കീലന്മാരുടെ കൂട്ടത്തിലും സാമ

ത്ഥ്യക്കുറവും, ബുദ്ധിക്കുറവും കേസ് പിശകായിട്ടു നടത്തുന്നവരും കണ്ടെയ്ക്കാം. അതുപോലെതന്നെ മുൻസിഫ്കോടതിവക്കീലന്മാരുടെ കൂട്ടത്തിലും നല്ലസാമർത്ഥ്യവും നിയമപാണ്ഡിത്യമുള്ളവരും ധാരാളം ഉണ്ട്. അതുകൊണ്ടു അവരെക്കൂടി ഹൈക്കോടതിവക്കീലന്മാരെപ്പോലെ എല്ലാകോടതിയിലും വ്യവഹരിക്കുന്നതിനു അനുവാദം കൊടുക്കണമെന്നു ഈ കൌൺസിലിൽ ഒരു പ്രമേയം പാസ്സാക്കണമെന്നു പറയുന്നതിൽ ഒരർത്ഥവുമില്ല. ഏതൊരു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണോ ഈ വ്യത്യാസം സങ്കല്പിക്കപ്പെട്ടിട്ടുള്ളതു ആ തത്വത്തിനുവിപരീതമായ ഈ പ്രമേയത്തെ ഞാൻ പ്രതിക്കൂലിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും, വ്യവസായവും, തെക്ക്): സർ, സമാനമായുള്ള പ്രമേയത്തെപ്പററി ചില വാക്കുകൾ പറയാൻ ഞാനും ആഗ്രഹിക്കുന്നു. വക്കീലന്മാർ—

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മെമ്പർ പ്രമേയത്തെ അനുകൂലിക്കുന്നോ പ്രതികൂലിക്കുന്നോ എന്നു പറയുമൊ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും, വ്യവസായവും, തെക്ക്): ആദ്ദേഹം ഞാൻ പറയുന്നതു ക്ഷമയോടു കേട്ടാൽ, അറിയാം.

ഒരുവക്കീൽ ചെയ്യേണ്ട കാര്യങ്ങൾ തൻെറകക്ഷിയുടെ രക്ഷയെ നോക്കുക, വാദവിഷയത്തിൽ മനസ്സുറപ്പിപ്പാൻ കഴിവുള്ളവനായിരിക്കുക, പ്രധാനമായതും അപ്രധാനമായതും തമ്മിൽ തിരിച്ചറിക, അന്യായം തയ്യാറാക്കുക എന്നിവ മാത്രമാണ്. ഇവിടെ ചെയ്തപ്രസംഗങ്ങളിൽനിന്നും മിസ്റ്റർ ആർ. രാമൻപിള്ളയുടെ പ്രസംഗത്തിൽനിന്നും ഇവയെല്ലാം ചെയ്യാൻ കഴിവുള്ള വക്കീലന്മാർ രണ്ടാംഗ്രേഡുവക്കീലന്മാരിൽ ഉണ്ടെന്നാണ്' ഞാൻ മനസ്സിലാക്കുന്നതു്. അങ്ങനെയുണ്ടെങ്കിൽ ഈ പ്രമേയം പാസ്സാക്കിയാൽ അവരുടെ കാര്യം എന്തായിരിക്കും? ബി. എൽ. ജയിച്ചവരെക്കാൾ വിശേഷമായി അപ്രധാനമായതിൽനിന്നു പ്രധാനമായതിനെ വേർതിരിക്കുന്നതിനും അന്യായങ്ങൾ തയ്യാറാക്കുന്നതിനും കഴിവും സാമർത്ഥ്യവുമുള്ള വക്കീലന്മാരുണ്ടെങ്കിൽ, അവരെ ഡിസ്ട്രിക്ട്കോടതിയിൽ വ്യവഹരിക്കാൻ അനുവദിക്കുന്നതിനു എന്താണു വിരോധം?

മി. ആർ. രാമൻപിള്ള (കോട്ടയം): ഇക്കാര്യങ്ങൾ വക്കീലന്മാരെക്കാൾ വിശേഷമായി ചെയ്യാൻ കഴിവും സാമർത്ഥ്യവുമുള്ള വക്കീൽ ഗുമസ്തന്മാർ ഉണ്ട്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും, വ്യവസായവും, തെക്ക്): എന്നാൽ പരീക്ഷ എന്നൊരു കാര്യമുണ്ടല്ലോ. വക്കീൽ ഗുമസ്തന്മാർ പരീക്ഷ പാസ്സായാൽ അവരും വക്കീലന്മാരായിരിക്കട്ടെ—

മി. ആർ. രാമൻപിള്ള (കോട്ടയം). എന്നാൽ ഡിസ്ട്രിക്ട്കോടതി വക്കീൽ ആകുന്നതിനുള്ള പരീക്ഷ എടുത്തുകളഞ്ഞു വരട്ടെ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും, വ്യവസായവും, തെക്ക്): അതെടുത്തു കളഞ്ഞിട്ടില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): അതെടുത്തു കളഞ്ഞിരിക്കുന്നു. ഗ്രാഡ്വേററ്അല്ലെങ്കിൽ അവരെ വ്യവഹരിപ്പാൻ അനുവദിക്കയില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും, വ്യവസായവും, തെക്ക്): ഹൈക്കോടതി ഉണ്ടാക്കുന്ന ചട്ടങ്ങളനുസരിച്ചു തിരുവിതാംകൂറിലെ രണ്ടാംഗ്രേഡു വക്കീലന്മാരെ അവരവരുടെ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിപ്പാൻ അധികാരപ്പെടുത്തണമെന്നുമാത്രമേ പ്രമേയത്തിൽ ഇപ്പോൾ പറഞ്ഞിട്ടുള്ളു. അതു എല്ലാവക്കീലന്മാരേയും ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കാൻ ഗവണ്മെൻറു അനുവദിക്കണമെന്നുള്ള വിശാലമായ ഒരു ശിപാർശയല്ല. ചട്ടങ്ങൾ കൊണ്ടു ഹൈക്കോടതി നിബന്ധനചെയ്യുന്നവരെ മാത്രമേ വ്യവഹരിക്കാൻ അനുവദിക്കാവു എന്നാണു പ്രമേയം. അതുകൊണ്ടു ഹൈക്കോടതി നിശ്ചയിക്കുന്ന നിബന്ധനകൾപ്രകാരം ഈ രണ്ടാംഗ്രേഡുവക്കീലന്മാരെ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കേണ്ടതാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രസിഡൻറു: അവസാനഫലമെന്താണ്? നിങ്ങൾ അനുകൂലിക്കുന്നോ പ്രതികൂലിക്കുന്നോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും, വ്യവസായവും, തെക്ക്): ഞാൻ വോട്ടുചെയ്യുകൊള്ളാം.

ഡിപ്യൂട്ടിപ്രസിഡൻറു: വോട്ടുചെയ്യുന്ന സമയം നിങ്ങളുടെ അഭിപ്രായം എന്താണെന്നു സഭയെ അറിയിക്കുമായിരിക്കുമല്ലോ.

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്കാർവക്കീൽ): സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. വിഷയത്തിൻെറ ഇരുവശവും പറവാനുള്ളതു ഇപ്പോൾ തന്നെ മിക്കവാറും പൂർത്തിയായി പറഞ്ഞുകഴിഞ്ഞിരിക്കുന്നതിനാൽ എൻെറ ഭാരം വളരെ ലഘുവായിട്ടുണ്ടെന്നു ഞാൻ പ്രാരംഭമായി പ്രസ്താവിച്ചുകൊള്ളുന്നു. പ്രമേയത്തിൻെറ യോഗ്യതായോഗ്യതകളെ വിമർശനം ചെയ്യുന്നതിനു മുമ്പായി, ഈ പ്രമേയത്തെ അനുകൂലിച്ചവർ പോലും ഈ കാര്യം ഹൈക്കോടതിക്കു വിട്ടുകൊടുക്കേണ്ടതാണെന്നും ഹൈക്കോടതിയുടെ തീർച്ചയെ അതന്തായിരുന്നാലും തങ്ങൾ ആദരിക്കാൻ തയ്യാറാണെന്നും, ഹൈക്കോടതിയുടെ തീർച്ചയെ സ്വീകരിക്കണമെന്നു ഈ സഭയെ തങ്ങൾ ഉപദേശിക്കുന്നു എന്നും ആകുന്നു പറഞ്ഞതെന്നു ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അതു ന്യായമായ ഒരു നയമാണെന്നു ഞാൻ വിചാരിക്കുന്നു. സർ, കഴിഞ്ഞയോഗത്തിനു മുമ്പു മിസ്റ്റർ ജോസഫ് ഈ പ്രമേയത്തെപ്പററി നോട്ടീസു കൊടുത്തശേഷം കാര്യത്തെപ്പററി ഹൈക്കോടതിയുടെ അഭിപ്രായം ചോദിച്ചു. എൻെറ അഭിപ്രായത്തിന്നനുകൂലമായി അവരുടെ അഭിപ്രായവും ഈ പ്രമേയം സ്വീകരിക്കാൻ പാടില്ലെന്നാണ്. ഈ പ്രമേയം രചിച്ചിട്ടുള്ളതു മുമ്പിലത്തെ വാദപ്രതിവാദത്തിൽ മിസ്റ്റർ സബ്ബയ്യർ അഭിപ്രായപ്പെട്ടപ്രകാരമാണെന്നു മിസ്റ്റർ എൻ. കെ. കൃഷ്ണപിള്ള പ്രത്യേകമായി ചൂണ്ടിക്കാണിച്ചു. പ്രമേയത്തിലെ പദപ്രയോഗം കൊണ്ടു ഈ കാര്യം ചട്ടങ്ങൾ ഉണ്ടാക്കാമെങ്കിൽ ഉണ്ടാക്കി ഹൈക്കോടതി തീർച്ചചെയ്തുകൊള്ളട്ടെ എന്നവിധത്തിൽ അവക്കു വിട്ടുകൊടുക്കുന്നതിനായി മിസ്റ്റർ ജോസഫും സൂക്ഷ്മമാക്കീട്ടുണ്ട്. ഈ കാര്യത്തെപ്പററി ഹൈക്കോടതി ആലോചിച്ചിട്ടു പ്രമേയം സ്വീകരിക്കാൻ പാടില്ലെന്നാണു അവരുടെ തീർച്ച. ഈ മറുപടി ചുരുക്കമാണെങ്കിലും പ്രമേയത്തെ അനുകൂലിക്കുന്നവർക്കു അതു മതിയെന്നു ഞാൻ വിചാരിക്കുന്നു.

പ്രമേയത്തിന്റെ ഔചിത്യത്തെപ്പററി എനിക്കു കുറച്ചേ പറവാനുള്ളു. ഒരു വക്കീലിന്റെ ജോലി ഒരാളിന്റെ ഉപജീവനമാർഗ്ഗമാണെന്നു കരുതരുതാത്തതാകുന്നു, അതൊരു തെററായ അഭിപ്രായമാണു. അതു ഒരു ഉപജീവനമാർഗ്ഗമാണെന്നുള്ളതു സത്യംതന്നെ. എന്നാൽ വക്കീലുദ്യോഗം സ്വീകരിച്ചതു കുറെ ആളുകൾക്കു ഉപജീവനത്തിനൊരു വഴി ഉണ്ടാക്കാനാണെന്നു വിചാരിക്കുന്നതു കേവലം തെററാണു. വക്കീലുദ്യോഗം നീതിന്യായഭരണയന്ത്രത്തിന്റെ ഒരു പ്രധാനഭാഗമാണു. ഈ സ്ഥാപനത്തിന്റെ സഹായംമൂലമാണു കോടതികൾ കാര്യക്ഷമതയോടും കാലതാമസം കൂടാതെയും അവയുടെ ജോലിചെയ്യുന്നതു. കഴിഞ്ഞയോഗത്തിൽ ഈ വിഷയത്തെ സംബന്ധിച്ചുണ്ടായ വാദപ്രതിവാദം അതിൽ താല്പര്യമുള്ളവരെല്ലാവരും വായിച്ചിരിക്കാൻ ഇടയുള്ളതുകൊണ്ടു ഞാൻ ഇവിടെ സവിസ്തരം പ്രസ്താവിക്കാൻ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇതിനെപ്പററി എനിക്കു പറവാനുള്ളതെല്ലാം ഞാൻ ഇന്നിവിടെ പറയാണെങ്കിൽ അന്നു ഞാൻ പറഞ്ഞതെല്ലാം ആവർത്തിക്കുകയായിരിക്കും. ഒരു പ്രധാന സംഗതി പ്രസ്താവിക്കാനുള്ളതു വക്കീലന്മാരിലുള്ള വിശ്വാസംമൂലം പൊതുജനങ്ങൾ അവരുടെ ജീവനേയും വസ്തുക്കളേയും കോടതികളിൽ അവയെപ്പററി തർക്കമുണ്ടാകുമ്പോൾ അവരെ ഭരമേല്പിച്ചു വരുന്നു. ഇങ്ങനെ അവരുടെ ജോലി ഭാരമേറിയതും വളരെ ഉത്തരവാദിത്വമുള്ളതും വിശ്വസ്തതവേണ്ടിയതും ആകുന്നു. അവരുടെ ഉത്തരവാദിത്വവും ഭാരവാഹിത്വവും ആലോചിച്ചു അവർ നീതിന്യായഭരണയന്ത്രത്തിന്റെ ഒരു പ്രധാന ഭാഗമാണെന്നുള്ളതുകൊണ്ടും ലോകത്തിലെല്ലായിടത്തും അവരുടെ ജോലിക്കു നിയമംകൊണ്ടു ക്രമീകരിച്ചിട്ടുണ്ടു്. അതു ഇഷ്ടമുള്ളവർക്കെല്ലാവർക്കും തടസ്സം കൂടാതെ പ്രവേശിച്ചു ചെയ്യാവുന്ന കച്ചവടക്കാരന്റെയും കൃഷിക്കാരന്റെയും വ്യവസായിയുടെയും ജോലികൾക്കു സമമല്ല. വക്കീലുദ്യോഗത്തിന്നാവശ്യമുള്ള ഉത്തരവാദിത്വബോധവും വിശ്വസ്തതയും നിമിത്തം അതിനെ കാര്യക്ഷമതയ്ക്കും വിശുദ്ധിക്കും ഭംഗംവരാതെ സൂക്ഷിക്കുന്നതിനായി എല്ലായിടത്തും അതിനെ സംബന്ധിച്ചു നിയമങ്ങൾ ഉണ്ടാക്കീട്ടുണ്ടു്. വക്കീലുദ്യോഗത്തിൽ പ്രവേശിക്കുന്നതിനെ നിയന്ത്രണം ചെയ്യുന്നതിനു ഗ്രാജുവേറ്റുമാണ്ടവരെ തിരുവിതാംകൂറിൽ നിയമമൊന്നും ഉണ്ടായിരുന്നില്ല. അന്നുമുതൽ യോഗ്യതയുള്ളവർക്കു മാത്രമേ വക്കീലുദ്യോഗത്തിൽ പ്രവേശിക്കാൻ പാടുള്ളു എന്ന നിയമംകൊണ്ടു നിബന്ധനചെയ്തിട്ടുണ്ടു. ഇംഗ്ലണ്ടിലും യൂറോപ്പിലും എന്നുവേണ്ട എല്ലായിടത്തും ഇങ്ങനെ നിയമമുണ്ടു. വക്കീലുദ്യോഗം നീതിന്യായഭരണയന്ത്രത്തിന്റെ ഒരു പ്രധാന ഭാഗമാകയാൽ ആരെയെല്ലാം വക്കീലാകാൻ അനുവദിക്കാം ആരെയെല്ലാം അനുവദിക്കാൻ പാടില്ല എന്നു അവസാനമായി തീർച്ചയാക്കാനുള്ള അധികാരം തിരുവിതാംകൂറിൽ നിയമംകൊണ്ടു ഹൈക്കോടതിക്കാണുള്ളതു്. ആർക്കെല്ലാം വക്കീലായിരിക്കാം ആർക്കെല്ലാം വക്കീലാകാൻ പാടില്ല എന്നു കല്പിപ്പാൻ ഗവണ്മെന്റിന്നധികാരമില്ല. ഈ രാജ്യത്തു് നീതിന്യായഭരണം മുഴുവനും ഹൈക്കോടതിയെയാണു ഭരമേല്പിച്ചിരിക്കുന്നതു്. നീതിന്യായഭരണ യന്ത്രത്തിന്റെ ഓരോഭാഗവും ശരിയായിട്ടോ തെററായിട്ടോ ചെയ്യുന്നുണ്ടോ എന്നുനോക്കേണ്ടുന്ന ചുമതലയും അവർക്കാണ്. അതുകൊണ്ടു വക്കീലന്മാരുടെ ഉദ്യോഗ പ്രവേശനത്തെപ്പററിയുള്ള ചട്ടവും ഹൈക്കോടതിക്കു വിട്ടുകൊടുക്കയല്ലാതെ ഗവണ്മെന്റിന്നു ഒന്നും ചെയ്യാൻ പാടില്ല. ഗവണ്മെന്റിന്റെ ഇപ്പോഴത്തെ സ്ഥിതിക്കു ഈ പ്രമേയത്തെ സ്വീകരിക്കാൻ അവർക്കു മനസ്സുണ്ടായിരുന്നാലും സ്വീകരിക്കാൻ അവർക്കു നിവൃത്തിയില്ല. പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം ഒരു ചട്ടമുണ്ടാക്കാൻ ഹൈക്കോടതിയോടു ആജ്ഞാപിക്കാൻ പോലും ഗവണ്മെന്റിന്നു പാടില്ല. ഇതാണു് നിയമപ്രകാരമുള്ള ഇപ്പോഴത്തെ സ്ഥിതി. ഇപ്പോൾ പ്രാബല്യത്തിലുള്ള ചട്ടം—മാണ്ടത്തെ വക്കീൽ റഗ്യുലേഷനാണു്, ആ റഗ്യുലേഷന്റെ നടപ്പാക്കൽ വകുപ്പിൽ ഇങ്ങനെയാണു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്.

"നമ്മുടെ അനുവാദത്തോടു കൂടെ, ഈ റഗ്യുലേഷനനുസരണമായി, താഴെ പറയുന്ന സംഗതികളെപ്പററി ഹൈക്കോടതിക്കു അതാതു സമയം ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു,

അതായതു്:—

(എ) ഹൈക്കോടതിയിലും കീഴ്ക്കോടതികളിലും വക്കീലന്മാരാകുവാനുള്ളവരുടെ യോഗ്യത, സ്വീകരണം, സർട്ടിഫിക്കേററ്"

ചട്ടങ്ങൾ ഉണ്ടാക്കേണ്ടതു ഹൈക്കോടതിയാണെന്നും രാജാവു അവയെ അനുവദിക്കുന്നതേയുള്ളു എന്നും ഇതിൽ നിന്നു കാണാമല്ലോ. ഏതെങ്കിലും ചട്ടങ്ങൾ ഉണ്ടാക്കാൻ ആജ്ഞാപിക്കാൻ പോലും ഗവണ്മെന്റിന്നു അവകാശമില്ല. ഗവണ്മെന്റു ഒരു അഭിപ്രായം അറിയിച്ചാൽ ഹൈക്കോടതിക്കു അതു സ്വീകരിക്കയോ സ്വീകരിക്കാതിരിക്കയോ ചെയ്യാം. ഈ പ്രമേയം സ്വീകരിച്ചാൽപിന്നെയെന്താണു് ഗവണ്മെന്റു ചെയ്യേണ്ടതു്? അവർക്കു ഹൈക്കോടതിയോടു ചട്ടമുണ്ടാക്കാൻ ആജ്ഞാപിക്കാമോ? അങ്ങനെ ചെയ്താൽ വക്കീൽ റഗ്യുലേഷൻ പ്രകാരം ഈ സഭ കൊടുത്ത അധികാരത്തിന്നു എതിരായി പ്രവർത്തിക്കയായിരിക്കും. ഹൈക്കോടതിയോടു ആലോചിക്കാൻ പാടില്ലയോ എന്നു ചോദിക്കാമായിരിക്കും. അതു ചെയ്യലും ഈ പ്രമേയം സ്വീകരിക്കാൻ പാടില്ലെന്നു അവർ പറകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. അവരുടെ തീർച്ച ബുദ്ധിപൂർവ്വകമാണെന്നു എനിക്കു തോന്നുകയും ചെയ്യുന്നു. ചട്ടങ്ങൾ ഭേദപ്പെടുത്തണമെന്നു സഭ ഗവണ്മെന്റിനോടാവശ്യപ്പെടുകയാണെങ്കിൽ അതു അവരുടെ മുൻ തീർച്ചയ്ക്കു് വിപരീതമാണ്. ഈ ദൃഷ്ടിപഥത്തിൽ നിന്നുനോക്കിയാൽ ഈ പ്രമേയം ഉടനെ തന്നെ പിൻവലിക്കേണ്ടതാണ്. എന്നാൽ കാര്യം അങ്ങനെ അവസാനിപ്പിക്കാൻ ഞാൻ വിചാരിക്കുന്നില്ല. ഹൈക്കോടതിയുടെ തീർച്ചയെ സാധുകരിക്കാൻ ഞാൻ തെയ്യാറാണ്. ഞാൻ ആരംഭത്തിൽ പറഞ്ഞ പ്രകാരം വക്കീൽ ഉദ്യോഗം നീതിന്യായഭരണയന്ത്രത്തിന്റെ ഒരു പ്രധാനഭാഗമാണ്. അങ്ങനെ നോക്കിയാൽ പ്രമേയത്തെപ്പററി സഭയുടെ അഭിപ്രായം എന്തായിരിക്കണം? ഒരു യന്ത്രത്തിന്നാണ് ഈ പ്രമേയത്തെ വിധിക്കേണ്ടതു്. വക്കീലുദ്യോഗം നീതിന്യായഭരണയന്ത്രത്തിന്റെ ഒരു ഭാഗമായിട്ടാണ് കുറെ ആളുകൾക്കു ഉപജീവനമാർഗ്ഗമായിട്ടല്ല ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അങ്ങനെ ചെയ്താൽ ഈ വാദപ്രതിവാദത്തിൽ ഉത്ഭവിച്ചിട്ടുള്ള എല്ലാ ചോദ്യങ്ങൾക്കും മറുപടി ഉണ്ടാകും. ഈ സഭ ചോദിക്കേണ്ടുന്ന ഒന്നാമത്തെ ചോദ്യം രണ്ടാം ഗ്രേഡ് വക്കീലന്മാരെ ഡിസ്ട്രിക്ട്കോടതികളിൽ പ്രവേശിപ്പിച്ചിട്ടു വല്ല ആവശ്യവുമുണ്ടോ എന്നാണ്. ഒന്നാംഗ്രേഡ് വക്കീലന്മാരോടു സമന്മാരായ രണ്ടാം ഗ്രേഡ് വക്കീലന്മാരുണ്ടെന്നു വാദത്തിന്നു വേണ്ടി ഞാൻ സമ്മതിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം). ഇങ്ങനെയുള്ളവരെ നീതിന്യായഭരണത്തിൽ ഭാഗമാക്കുകയാക്കുന്നതിനു എന്താണ് വിരോധം?

മി: കുട്ടാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): അതിനു തന്നെയാണ് ഞാൻ മറുപടി പറയാൻ പോകുന്നത്. ഒന്നാമത്തെ ചോദ്യം, ഞാൻ പറഞ്ഞ പ്രകാരം, ഇതിനാവശ്യമുണ്ടോ എന്നാണ്. വക്കീലുദ്യോഗം നീതിന്യായഭരണയന്ത്രത്തിന്റെ ഒരു ഭാഗമാണെന്നു ഓർക്കണം. ആ അഭിപ്രായത്തോടു കൂടെ, രണ്ടാം ഗ്രേഡ് വക്കീലന്മാരെ ഡിസ്ട്രിക്ട് കോടതികളിൽ പ്രവേശിപ്പിച്ചിട്ടാവശ്യമുണ്ടോ എന്നാലോചിക്കുക. ഉയർന്ന അധികം ജോലി വേണമെന്നു ആഗ്രഹിക്കുന്ന രണ്ടാം ഗ്രേഡ് വക്കീലന്മാരുടെ ഒഴിപ്പിടത്തിൽ നിന്നു നോക്കരുത്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അധികം സമത്വം ഉണ്ടായിരിക്കയില്ലേ?

മി: കുട്ടാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): സമത്വത്തെപ്പററിയല്ല ചോദ്യം. അതാവശ്യമാണോ എന്നാണ് ചോദ്യം.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): കഴിയുംവണ്ണം എല്ലാംസമമായിരിക്കണമെന്നല്ലേ ഇപ്പോഴത്തെ വാസന?

മി: കുട്ടാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): അതിനു പ്ലീഡർ ക്ലിപ്പു പരീക്ഷ കാലക്രമേണ കേവലം നിവൃത്തിക്കുകയാണെന്നാണ് ഞാൻ പറയുന്നത്. ഇപ്പോഴുള്ള രണ്ടാം ഗ്രേഡ് വക്കീലന്മാരെ വേണ്ടെന്നു വെക്കാൻ സാധിക്കയില്ല. അവരെ ഉദ്യോഗത്തിൽ നിന്നു പിരിച്ചു വിടാൻ പാടില്ല. ഇപ്പോൾ വ്യവഹരിക്കുന്നവർക്കു ചില സ്ഥിരാവകാശങ്ങൾ ഉണ്ട്. ആ അവകാശങ്ങളെ എടുത്തു കളവാൻ പാടില്ല. ഇപ്പോൾ മുൻസിപ്പു കോടതികളെല്ലാം ബി. എൽ. കാരെക്കൊണ്ടു നിറയ്ക്കാനും സാധിക്കയില്ല. അടുത്ത ഭാവിയിൽ അതു സാധിക്കും. സമത്വത്തെപ്പററി ഇപ്പോൾ വാദമില്ല. അതാവശ്യമാണോ എന്നാണ് ഇപ്പോൾ ചോദ്യം. ഡിസ്ട്രിക്ട് കോടതികളിലെ വക്കീലന്മാരുടെ എണ്ണം പോരാ എന്നും അതിനാൽ ജനങ്ങൾക്കു അസൌകര്യങ്ങൾ ഉണ്ടെന്നും പറകയാണെങ്കിൽ ആ കോടതികളിൽ അധികം വക്കീലന്മാർക്കു പ്രവേശനം നൽകാൻ ആവശ്യം ഉണ്ടെന്നു ഗ്രഹിപ്പാൻ ഏതു നിക്കു കഴിയും. അങ്ങനെയൊരു പരാതി ഇല്ലാത്ത സ്ഥിതിക്കു രണ്ടാംഗ്രേഡ് വക്കീലന്മാരെ ഒന്നാം ഗ്രേഡാക്കുന്നതിനുള്ള ആവശ്യം കാണുന്നില്ല. ഇക്കാര്യം വിചാരിക്കേണ്ടതു രണ്ടാം ഗ്രേഡ് വക്കീലന്മാർക്കു അതു നിമിത്തം ജോലി ഉണ്ടാകുമോ എന്നുള്ള ഒഴിപ്പിടത്തിൽ നിന്നല്ല നീതിഭരണം ശരിയായി നടക്കുമോ എന്നുള്ള ഒഴിപ്പിടത്തിൽ നിന്നാകുന്നു എന്നു വീണ്ടും ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. തിരുവിതാംകൂർ കോടതികളിൽ വ്യവഹരിക്കാനുള്ള ബി. എൽ. കാരുടെ എണ്ണത്തെ സംബന്ധിച്ചു ചില കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. ആണ്ടുതോറും ശരാശരി ഏന്നു ബി. എൽ. ക്കാർ ജയിച്ചിറങ്ങുന്നുണ്ടെന്നു ലാ കാളേജ് പ്രിൻസിപ്പാൽ അഭിപ്രായപ്പെട്ടിരിക്കുന്നു. മിക്കവാറും അവരെല്ലാവരും വക്കീലന്മാരാകുകയാണ് ചെയ്യുന്നത്. ഇവരെ എല്ലാവരെയും കൂട്ടിയാൽ ഒരു വലിയ എണ്ണം വക്കീലന്മാരുണ്ടാകും. ഇനി ഒരിക്കൽ കൂടെ രണ്ടാം ഗ്രേഡ് വക്കീലന്മാരുടെ നിലയിൽ നിന്നല്ലാതെ നീതിന്യായഭരണ നിലയിൽ നിന്നു നോക്കുക, എന്താണാവശ്യം എന്നു ഞാൻ ചോദിച്ചു കൊള്ളുന്നു. ബി. എൽ വക്കീലന്മാരെ ധാരാളം കിട്ടും. ഈ സംഗതി കൈഴിലില്ലായ്മ കമ്മിററിയുടെ ശ്രദ്ധയ്ക്കു വിഷയമായി, അവരുടെ റിപ്പോർട്ടിൽ ഈ ബി. എൽ ക്കാരെയും വക്കീലന്മാരെയും പററി പറയുന്ന ഭാഗം സഭയെ വായിച്ചു കേൾപ്പിക്കാൻ അനുവാദം ചോദിച്ചുകൊള്ളുന്നു. പൻ-ം നം ൦-ം വകുപ്പുകളിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"ഈ സംസ്ഥാനത്തിലെ കോടതികളിൽ വ്യവഹരിച്ചുവരുന്ന ബി. എൽ. ക്കാരുടെയും വക്കീലന്മാരുടെയും എണ്ണം ൧൯൨൧-ൽ ൧൧൫ ആയിരുന്നതു ൧൯൨൭-ൽ ൧൩൫ ആയി, അല്ലെങ്കിൽ ഏകദേശം ൩൦ ശതമാനം വർദ്ധിച്ചു. ബി. എൽ. കാരുടെയും ഒന്നാംഗ്രേഡു വക്കീലന്മാരുടെയും എണ്ണം കഴിഞ്ഞ ആറു വർഷം കൊണ്ടു ൪൩൩-ൽ നിന്നു ൭൦൦ ആയും രണ്ടാംഗ്രേഡു വക്കീലന്മാരുടെ എണ്ണം ൩൭൩-ൽ നിന്നു ൯൪൦ ആയും വർദ്ധിച്ചു. ൧൯൦൧-ലെയും ൧൯൧൧-ലെയും ൧൯൨൧-ലെയും ജനസംഖ്യകണക്കുനോക്കിയാൽ ഒന്നാമത്തെ ദശവർഷത്തിൽ വക്കീലന്മാരുടെ എണ്ണം ൩൩ ശതമാനവും രണ്ടാമത്തെ ദശവർഷത്തിൽ ൭ ൪ ശതമാനവും വർദ്ധിച്ചു എന്നു കാണാം. ൧൯൧൧-൧൯൨൧ എന്ന ദശവർഷത്തിൽ മദ്രാസ് സംസ്ഥാനത്തിൽ ഈ വർദ്ധനവു ൩൪ ശതമാനം ആയിരുന്നു. തിരുവിതാംകൂറിലെ സ്റ്റാററിസ്റ്റിക്സ് കണക്കുകൾപ്രകാരം ൧൯൦൧/൧൯൨൧-ാമാണ്ടിനു ശേഷം വ്യവഹാരങ്ങളുടെയും അപ്പീലുകളുടെയും എണ്ണം ൧൨ ശതമാനം മാത്രമേ വർദ്ധിച്ചിട്ടുള്ളു. വ്യവഹാരങ്ങളുടെ വർദ്ധനവു വക്കീലന്മാരുടെ എണ്ണത്തിലുള്ള വർദ്ധനവിനു കേവലം അനുരൂപമല്ല എന്നുമാത്രമല്ല ൧൯൦൧/൧൯൨൧-ാമാണ്ടിനു ശേഷം വ്യവഹാരങ്ങളുടെ എണ്ണം കുറഞ്ഞു കുറഞ്ഞാണുവരുന്നതു.

ഈ സംഖ്യകളിൽ നിന്നും സാക്ഷികളുടെ ഐകകണ്ഠ്യേനയുള്ള മൊഴികളിൽ നിന്നും മൂന്നാലു വർഷത്തെ പഴക്കമുള്ള ബി. എൽ കാർ മാസം ഇരുപത്തഞ്ചോ മുപ്പതോ രൂപാ മാത്രം ശമ്പളമുള്ള ഗുമസ്തൻ ജോലി സ്വീകരിച്ചു കാണുന്നതിൽ നിന്നും വക്കീലുദ്യോഗത്തിന്നു ആളധികമായിപ്പോയി എന്നു അനുമാനിക്കാതെ നിവൃത്തിയില്ല. ജോലിയില്ലായ്മയും തന്മൂലം പ്രതിഫലക്കുറവും വളരെ അധികമാണെന്നു സ്പഷ്ടമാണു. ജൂനിയർ വക്കീലന്മാരുടെ കഷ്ടപ്പാടു് ഓരോ വർഷത്തെ അവരുടെ ശരാശരി വരവു അറിഞ്ഞാൽ തെളിവാകും. എന്നാൽ ഈ വിവരം കിട്ടാൻ പ്രയാസമാകയാൽ അതെത്രയാണെന്നു ഞങ്ങൾ അനുമാനിക്കുന്നില്ല."

൧൯-ാം വകുപ്പിൽ അവർ വീണ്ടും ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു.

"സാമാന്യ വിദ്യാഭ്യാസ പരിഷ്കാരത്തെപ്പററി പരിചിന്തനം ചെയ്യുന്നതിനു മുമ്പായി സാങ്കേതിക വിദ്യാഭ്യാസസംബന്ധമായ ചില കാര്യങ്ങളെപ്പററി ചിന്തിച്ചു തീർച്ചയാക്കാം. നിയമ സംബന്ധമായ വിദ്യാഭ്യാസത്തിന് ഈ രാജ്യത്തുള്ള സൌകര്യങ്ങൾ അധികമായിപോയിരിക്കുന്നു. അതുനിമിത്തം വക്കീലന്മാരുടെ എണ്ണം ആവശ്യത്തിലധികമാകുന്നു. ഇതിന്റെ ഫലം ആലോചനയുള്ളവർക്കെല്ലാം ഖേദകരമാകുന്നു. വക്കീലുദ്യോഗം ഒരു ഉപജീവനമാർഗ്ഗമായി സാധാരണ കരുതിപ്പോരുന്നതും സമൂഹത്തിന്റെ പ്രതിനിധിയുടെ നിലയിൽ ഗവർണ്മെന്റു വക്കീ

ചന്മാരുടെ എണ്ണം വർദ്ധിക്കാതിരിക്കാൻ ചെയ്യുന്ന ഉദ്യമത്തെപ്പററി ക്ഷോഭിക്കുന്നതും ഞങ്ങൾ അനുശോചിക്കുന്നു. വക്കീലന്മാരുടെ എണ്ണം ജനങ്ങൾക്കു ആവശ്യമുള്ളതിലധികം ആയിപോയിരിക്കുന്നു. അതുകൊണ്ടു സമുദായഗുണത്തിനുവേണ്ടി ഇതിനുനിവാരണമുണ്ടാക്കാൻ വഴി കൂട്ടുക്കുന്നതു വക്കീലന്മാരെ സൃഷ്ടിക്കുന്ന ഗവർണ്ണമെന്റിന്റെ ധർമ്മമാകുന്നു."

രണ്ടാംഗ്രേഡ് വക്കീലന്മാരെ ഡിസ്ട്രിക്ട് കോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കുന്നതു പൊതുജനങ്ങളുടെ ഗുണത്തിനു ആവശ്യമാണോ എന്നാകുന്നു ഞാൻ ചോദിച്ചതു്. അങ്ങനെ അനുവദിക്കുന്നതു കേവലം അനാവശ്യമാണെന്നതോന്നുന്നു. ഇതിനു പുറമെ വേറൊരു ചോദ്യവും ഉണ്ടു്. അതു പൊതുജനത്തിനു ഗുണകരമായിരിക്കുമോ? പൊതുവായി നോക്കിയാൽ രണ്ടാംഗ്രേഡ് വക്കീലന്മാരെക്കാൾ ഗ്രാഡ്വേററ് വക്കീലന്മാരാണു നല്ലതെന്നു എല്ലാവരും സമ്മതിക്കുന്നതുണ്ടു. ഇതിനു വ്യത്യസ്തങ്ങൾ ഉണ്ടാകാം എന്നാൽ സാധാരണ പ്രമാണമാണു മാർഗ്ഗദർശിയായിരിക്കേണ്ടതു. രണ്ടാംഗ്രേഡ് വക്കീലന്മാരെക്കാൾ ഗ്രാഡ്വേററ് വക്കീലന്മാരാണു നല്ലതെന്നു സമ്മതിക്കുന്നപക്ഷം രണ്ടാംഗ്രേഡ് വക്കീലന്മാരെ ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കുന്നതു പൊതുജനങ്ങൾക്കു ഗുണകരമായിരിക്കുമോ എന്നാണു ചോദ്യം. കൈസൂകയ്യത്തിനു വേണ്ടി ബി. എൽ. പാസ്സായിട്ടുള്ളവരെ ഒന്നാംക്ലാസ്സു വക്കീലന്മാരെന്നും ഗ്രാഡ്വേററല്ലാത്ത വക്കീലന്മാരെ രണ്ടാംക്ലാസ്സ് വക്കീലന്മാരെന്നും പറയാം. അവരെ രണ്ടാംക്ലാസ്സു വക്കീലന്മാരെന്നു ഞാൻ പറയുന്നതു് നിന്ദാസൂചകമായിട്ടല്ല. ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കുന്നതിനു ഒന്നാംക്ലാസ്സു വക്കീലന്മാരെ ധാരാളം കിട്ടുമെങ്കിൽ രണ്ടാംക്ലാസ്സുകാരെ അന്വേഷിച്ചു പോകുന്നതെന്തിനാണു്? അങ്ങനെ ചെയ്യുന്നതു ഗുണകരമായിക്കുമോ എന്നു ചോദിച്ചുകൊള്ളുന്നു. ഈ സംഗതിയെപ്പററി അധികം ജോലികിട്ടണമെന്നാഗ്രഹിക്കുന്ന രണ്ടാംഗ്രേഡ് വക്കീലന്മാരുടെ നടുവിൽ നിന്നുകൊണ്ടല്ല ആലോചിക്കേണ്ടതു. പൊതുജനങ്ങൾക്കും നീതിന്യായ ഭരണത്തിനും ഗുണകരമായിരിക്കുമോ എന്നാണു നോക്കേണ്ടതു്. രണ്ടാംഗ്രേഡ് വക്കീലന്മാരെ ഡിസ്ട്രിക്ട് കോടതിയിൽ പ്രവേശിപ്പിക്കുന്നതു പൊതുജനഗുണത്തിനു അശേഷം അനുകൂലമല്ലെന്നു എനിക്കു തോന്നുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഫ്ലീഡർഷിപ്പ് ക്ലാസ്സു നിർത്തലാക്കുന്ന കാര്യം ആലോചനയ്ക്കെടുക്കാൻ സമയമായിട്ടില്ലയോ എന്നു മെമ്പർ പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അടുത്തഭാവിയിൽ തന്നെ അക്കാര്യത്തെപ്പററി ആലോചിക്കേണ്ടിവരുമെന്നു ഞാൻ വിചാരിക്കുന്നു. മുൻസിഫ്കോടതികളിൽ നാം പ്രവേശിപ്പിക്കുന്നതു രണ്ടാംക്ലാസ്സ് വക്കീലന്മാരെയാണെന്നുള്ളതു സത്യം തന്നെ. മുൻസിഫ്കോടതികൾക്കും ഒന്നാംക്ലാസ്സ് വക്കീലന്മാരെ കൊടുക്കാൻ നമുക്കു കഴിവുണ്ടാകുന്ന ഒരുകാലം വരും. അന്നു് ഐകരൂപ്യവും ഉണ്ടാകും. ഇംഗ്ലണ്ടിലിപ്പോൾ ഒരുക്ലാസ്സു വക്കീലന്മാരെയുള്ളു. അവിടെ വക്കീലുദ്യോഗം ഏർപ്പെടുത്തീട്ടു വളരെക്കാലം ആയല്ലോ. ഇവിടെ വക്കീലുദ്യോഗം ഏർപ്പെടുത്തിയതു ഏതാനുമാണ്ടുകളായിരുന്നു. അന്നു ഹൈക്കോടതിയിൽ പോലും ബി. എൽ. വക്കീലന്മാരില്ലായിരുന്നു. അന്നു കാര്യനടപ്പിനു വേണ്ടി ഹൈക്കോടതിയിൽ പോലും രാമായണവും മഹാഭാരതവും വക്കീലന്മാരെ വ്യവഹരിപ്പാൻ അനുവദിക്കേണ്ടിവന്നു. ഒന്നാംക്ലാസ്സ്വക്കീലന്മാരെ ധാരാളം കിട്ടുന്ന ഇക്കാലത്തു താഴ്ന്നതരക്കാരെ അനുവദിക്കുന്നതെന്തിനു? നാം ക്രമേണ മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. ഒരിക്കൽ ബി. എൽ. ക്കാരെമാത്രമെ ഹൈക്കോടതിയിൽ വ്യവഹരിക്കാൻ അനുവദിക്കയുള്ളു എന്നു നിബന്ധനയുണ്ടായി പിന്നീടു ഡിസ്ട്രിക്ട് കോടതികളിലും ബി. എൽ. കാരെക്കു വ്യവഹരിപ്പാൻ പാടുള്ളു എന്നു നടപ്പായി. ഇരുപതു വർഷം മുമ്പുവരെ അഞ്ചുവർഷം ഒരു സിവിൽ കോടതിയിൽ വ്യവഹരിച്ചിട്ടുള്ള ബി. എൽ. പാസ്സായിട്ടില്ലാത്ത വക്കീലിനും നീതിന്യായവകുപ്പിൽ അഞ്ചുവർഷം ഉദ്യോഗം ഭരിച്ചിട്ടുള്ള ഒരാളിനും ഡിസ്ട്രിക്ട് കോടതി വക്കീലാകാൻ അനുവാദം ഉണ്ടായിരുന്നു. ഇരുപതു വർഷം മുമ്പു ഡിസ്ട്രിക്ട് കോടതികളിൽ വ്യവഹരിപ്പാൻ ഒന്നാംക്ലാസ്സ് വക്കീലന്മാരെ കിട്ടുമെന്നു കണ്ടപ്പോൾ ആ ചട്ടം ഒബ്സലീറ്റായി. ഇപ്പോൾ ഈപ്രമേയം കൊണ്ടാവശ്യപ്പെടുന്നതു നാം പിന്നോക്കം പോകണമെന്നാണു്, അതാണു മിസ്റ്റർ ജോസഫ് അവതരിപ്പിച്ച പ്രമേയത്തിന്റെ വിഷയം.

ഈ ഇരുപതു വർഷമായി ഇക്കാര്യത്തിൽ പൊതുജനങ്ങളുടെ പരാതി ഒന്നും ഉണ്ടായിട്ടില്ല. ഇപ്പോഴും പരാതിക്കാർ രണ്ടാംഗ്രേഡ് വക്കീലന്മാർ മാത്രമാണു്. മൂന്നു വർഷം മുമ്പു രണ്ടാംഗ്രേഡ് വക്കീലന്മാർ യോഗം കൂടി തങ്ങളെയും ഡിസ്ട്രിക്ട കോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കണമെന്നു, അതായതു തങ്ങൾക്കു കൂടുതൽ ഉയർന്ന ജോലിക്കു മാർഗ്ഗം ഉണ്ടാക്കി കിട്ടണമെന്നു, ഒരു നിശ്ചയം പാസ്സാക്കി. അതിൽ പിന്നെ ഇങ്ങനെയൊരഭിപ്രായം നിയമസഭയിലും പ്രജാസഭയിലും കേൾക്കാൻ തുടങ്ങിയതു. ഇങ്ങനെ പരാതി ഉന്നയിച്ചതു പൊതു ജനങ്ങളിൽ നിന്നല്ല നീതിന്യായ ഭരണത്തിൽ ഒരുയർന്നജോലി കിട്ടണമെന്നു ആഗ്രഹിക്കുന്നവരിൽ നിന്നാണു്. ഈ പ്രമേയം സ്വീകരിച്ചാൽ പൊതു ജനങ്ങൾക്കു നന്മയും അല്ലാതെ ഗുണം ഉണ്ടാകയില്ലെന്നു ഈ സഭയുടെ മനസ്സിൽ ഉണ്ടായിരിക്കണം. അങ്ങനെ ചെയ്താൽ പ്രമേയം സ്വീകാര്യമല്ലെന്നു കാണാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഹൈക്കോടതി വല്ലകാരണങ്ങളും പറഞ്ഞിട്ടുണ്ടോ എന്നു മെമ്പർ പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അവർ കാരണങ്ങളൊന്നും പറഞ്ഞിട്ടില്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സർ, സഭാ മുമ്പാകെയുള്ള പ്രമേയത്തെ സംബന്ധിച്ചു അനുകൂലിച്ചും പ്രതികൂലിച്ചും പലവാദങ്ങൾ പറഞ്ഞു കഴിഞ്ഞു. സാധുക്കളായ രണ്ടാംഗ്രേഡ് വക്കീലന്മാർക്കെതിരായി അനേക സംഗതികൾ പ്രസ്താവിക്കയും ചെയ്തുകഴിഞ്ഞു. അവരെക്കൊണ്ടുള്ള ഗുണങ്ങളെയും വിവരിച്ചു. ലാ മെമ്പറിന്റെ പ്രസംഗം കേൾക്കുന്നതിനു മുമ്പായി തന്നെ ഗവർണ്ണമെന്റു പ്രമേയത്തെ എതിർക്കുമെന്നും എനിക്കറിയാമായിരുന്നു. ഗവർണ്ണമെന്റിനു ഹൈക്കോടതിയുടെ തീർച്ചയ്ക്കെതിരായി പ്രവർത്തിക്കാൻ പാടില്ലെന്നും ഇക്കാര്യത്തിൽ തങ്ങൾക്കു നിർവ്വാഹമാണുമില്ലെന്നും ലാ മെമ്പർ തന്നെ ഏററു പറയുന്നു. ഇതിന്റെ ഒരു ഫലം കാണുമാറുണ്ടു്. കഴിഞ്ഞ കുറെ വർഷങ്ങളായി ഹൈക്കോടതിയെ നിയന്ത്രണം ചെയ്യാൻ ഗവർണ്ണമെന്റിനു അധി

കുറഞ്ഞിട്ടുള്ളതിനാൽ ജുഡീഷ്യൽ വകുപ്പിലെ വേല തൃപ്തികരമല്ലാതായിട്ടുണ്ട്. സാധു രണ്ടാംഗ്രേഡ് വക്കീലന്മാരുടെ കാര്യത്തിൽ വളരെ എതിർപ്പുണ്ടെന്നും ഗവണ്മെന്റിന്റെ സർവീസിലുള്ള ന്യായശാസ്ത്ര നിപുണന്മാരെന്നു പറയുന്ന ശ്രേഷ്ഠന്മാരെപ്പററി മതിപ്പില്ലെന്നും കാണുന്നു. പ്രമേയത്തിന്റെ പ്രാതിനിധ്യം വളരെ ഉള്ളതുകൊണ്ട് ഞാൻ അതിനെ പിൻവലിച്ചു കൊള്ളുന്നു.

പ്രമേയം അനുവാദപ്രകാരം പിൻ വലിക്കപ്പെട്ടു.

സാംപത്തിക സർവ്വേ.

ശ്രീ: എ. എസ്. ദാമോദരൻ ആശാൻ (മാടായിക്കരയും കാർത്തികപ്പള്ളിയും): സർ, താഴെ പറയുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

"ഈ സംസ്ഥാനത്തിന്റെ ഒരു സാംപത്തികസർവ്വേ നടത്തുന്നതിനു വേണ്ടുവഴി എടുക്കണമെന്നു ഈ സഭ ഗവണ്മെന്റിനോടു ശിപാർശ ചെയ്തു കൊള്ളുന്നു"

സർ, ഈ രാജ്യത്തിന്റെ സാംപത്തിക പുനരുദ്ധാരണത്തിനു വേണ്ടിമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനായി ഒരു സാംപത്തികസർവ്വേ നടത്തുന്നതിന്റെ അത്യാവശ്യകതയെ ഗവണ്മെന്റിന്റെയും ഈ സഭയുടെയും ശ്രദ്ധയിൽ പരിപ്പിക്കയാണു ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം. "സാംപത്തിക സർവ്വേ" എന്താണെന്നു വിവരിക്കുന്നതിനു മുമ്പായി ("ഭയവായി ഉനക്കെ") പ്രമേയം അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചതെന്താണെന്നു ഞാൻ പറയാം. സാംപത്തികാഭിവൃദ്ധിയും സാംപത്തിക സ്വയംപ്രയത്നശക്തിയും ഇല്ലാതെ രാഷ്ട്രീയ സ്വാതന്ത്ര്യം അസാധ്യമാണെന്നു കഴിഞ്ഞ ലോകമഹായുദ്ധം എല്ലാരാജ്യക്കാരെയും പഠിപ്പിച്ചിട്ടുണ്ട്. ലോകത്തിൽ അഭിവൃദ്ധിപ്രാപിച്ചു വരുന്ന എല്ലാ രാജ്യക്കാരും ഇപ്പോൾ താൻതാൻ മുമ്പിൽ കയറണമെന്നുള്ള പാഞ്ചരയോടുകൂടി ഒരു സാംപത്തിക പന്തയ ഓട്ടം ഓടുകയാണെന്നു പറയാം. യുദ്ധരംഗത്തിൽ നിന്നു ആറായിരത്തിൽ പരം നാഴിക ദൂരത്തുള്ളതും പ്രകൃതിദത്തമായ ഉപജീവനമാർഗ്ഗങ്ങൾ ധാരാളമുണ്ടെന്നു സങ്കല്പിക്കപ്പെട്ടിരുന്നതും ആയുദ്ധത്തിൽ എത്രയോ നിസ്സാരമായിമാത്രം സഹായിച്ചിട്ടുള്ളതുമായ തിരുവിതാംകൂറിനുപോലും സാംപത്തികമായ പിന്മാറ്റം നേരിടുകയും അതിൽ നിന്നു ഉദ്ധാരണം പ്രാപിക്കുന്നതിനു അനേക വർഷങ്ങൾ വേണ്ടിവരികയും ചെയ്തു. ആ കാലത്തു തുണിച്ചരക്കുകൾ, റംകൂണിലെ നെല്ലും അരിയും മുതലായ ഇറക്കുമതിച്ചരക്കുകളുടെ വിലകൂടി ഇരട്ടിയാകയും തേങ്ങാ മുതലായ കയററുമതിച്ചരക്കുകളുടെ വിലകുറഞ്ഞു പാതിയാകയും ചെയ്തതു നമുക്കിപ്പോഴും അറിയാമല്ലോ. നമ്മുടെ ഭാഗ്യം നിമിത്തം ആ മഹച്ഛക്തികൾ തമ്മിൽ സമരാനന്തരപ്പെടുകയും നമ്മുടെ സ്ഥിതി നന്നാകുകയും ചെയ്തു. ഈ സംഗതികൾ ആലോചിച്ചും ഭാവിയിൽ രണ്ടു രാജ്യങ്ങൾ തമ്മിൽ യുദ്ധമുണ്ടായാൽ നമുക്കിങ്ങനെയുള്ള സങ്കടങ്ങൾ നേരിടാതിരിക്കുന്നതിനും നമ്മുടെ രാജ്യത്തെ സ്വയംപ്രയത്നശക്തി ഉത്തേജിപ്പിച്ചു തീർക്കയാണ് ഉത്തമമായ മാർഗ്ഗം എന്നു ഞാൻ ബോധിപ്പിച്ചു കൊള്ളുന്നു. അതിനു പ്രാരംഭമായി ചെയ്യുന്നു എന്ന പ്രവൃത്തി ഒരു സാംപത്തിക സർവ്വേ നടത്തുകയാകുന്നു. ഒരു സാംപത്തിക സർവ്വേ നടത്തിയതിനു ശേഷമേ നമ്മുടെ സാമുദായിക സമ്പത്തു എത്രയുണ്ടെന്നും ഈ രാജ്യത്തിലെ ആദായവും സമ്പാദ്യവും ഉപജീവനത്തിനുള്ള ചെലവും കൃഷിക്കാരുടെ കടവും കണക്കാക്കി അതിനു വേണ്ടുന്ന പണം അനുവദിക്കാൻ കഴിയും. ഈ സംഗതികളാണ് സർക്കാരുടെ ആലോചനയ്ക്കായി ഈ പ്രമേയം ഹാജരാക്കാൻ എന്നെ പ്രേരിപ്പിച്ചതു.

"സാംപത്തിക സർവ്വേ" എന്നു പറഞ്ഞാൽ ഈ രാജ്യത്തിനു ആകപ്പാടെയുള്ള ധനവും സമ്പാദ്യവും ആദായവും വ്യക്തികളുടെ ശരാശരി ആദായവും നിർണ്ണയിക്കലാകുന്നു. ഇതിനോടു സംബന്ധിച്ചു തന്നെ മാരാരാജ്യത്തിയുടെയും ചെലവും ഉപജീവനചെലവും, കൂലി, കൃഷി സംബന്ധമായ കടം മുതലായവയും നിർണ്ണയിക്കണം. ഇതിൽ നിന്നു (ക) മററു രാജ്യങ്ങളോടു താരതമ്യപ്പെടുത്തി നോക്കിയാൽ നമ്മുടെ സാംപത്തിക നില എന്ത് (ഖ) നമുക്കു ആണ്ടു തോറും കടം ഉണ്ടാകുന്നുണ്ടോ (ഗ) നമ്മുടെ സ്ഥിതി ഇങ്ങനെയായാൽ നമുക്കു വല്ലതും സാധിക്കുമോ അതോ ഭാവിതലമുറകളുടെ സ്ഥിതിയെ നാം അപകടത്തിലാക്കുകയാണോ എന്നു കണ്ടുപിടിക്കാൻ ശ്രമിക്കണം. ഈ രാജ്യത്തിൽ വിചാരമുള്ള എല്ലാവരുടെയും ശ്രദ്ധയെ ആകർഷിക്കേണ്ടുന്ന ഗൌരവമായ ഒരു കാര്യമാകുന്നു ഇതു. ഇതു നിർണ്ണയിച്ചാൽ രാജ്യത്തിന്റെ സാംപത്തികനിലയും ചെലവും ആളുകളുടെ ഉപജീവനച്ചെലവും കണ്ടുപിടിക്കാൻ കഴിയും. അനന്തരം ആലോചനാവിഷയമാകേണ്ടതു (എ) ഓരോ ഗ്രാമത്തിലും ഇണ്ടാകുന്ന സാധനങ്ങൾ അവിടത്തെ ചെലവിനു മതിയാകുമോ (ഖ) ഒരു ഗ്രാമത്തിൽ അധികം വല്ലതും വേണമെങ്കിൽ അവിടെയുണ്ടാകുന്ന സാധനങ്ങൾ മററു ദിക്കുകളിൽ അയച്ചു വേണ്ടുന്ന പണം സമ്പാദിക്കാൻ കഴിയുമോ (ഗ) അവിടെയുണ്ടാകുന്ന സാധനങ്ങൾ പുറമേ വിൽക്കാനുണ്ടെങ്കിൽ എവിടെയാണതു ശരിയായ വിലയ്ക്കു വിൽക്കാൻ കഴിയുന്നതു എന്നീ സംഗതികളാണ്. ഈ കാര്യങ്ങളെല്ലാം നിർണ്ണയിക്കുന്നതിനു രാജ്യത്തിന്റെ ഒരു സാംപത്തിക സർവ്വേ ആവശ്യമാകുന്നു.

ഇതൊന്നു പുതിയ വിഷയം അല്ല. ഇതു ലോകത്തിലെ അഭിവൃദ്ധി പ്രാപിച്ചു വരുന്ന എല്ലാ രാജ്യക്കാരുടെയും ശ്രദ്ധയ്ക്കു വിഷയമായിട്ടുള്ളതാണ്. ജനങ്ങളുടെ ആദായം, ധനം, കടം, ഐശ്വര്യം എന്നിവയെ കാണിക്കുന്ന കണക്കുകൾ ഗ്രേറ്റുബ്രിട്ടനിൽ തെയ്യാറാക്കി വെച്ചിട്ടുണ്ട്. അമേരിക്കയിലെ ഐക്യനാട്ടിലും നികുതി ചുമത്തുന്നതു ഓരോ വ്യക്തിയുടെയും ആദായം നോക്കിയാണ്. കാനഡാ, ആസ്ട്രേലിയാ, ന്യൂ സീലണ്ട് എന്നീ രാജ്യങ്ങളിലും ഈ കണക്കുകൾ ഉണ്ട്. മററു രാജ്യങ്ങളുടെ പിന്നിൽ കിടക്കുന്നു എന്നു വിചാരിച്ചു വരുന്ന ഇൻഡ്യയിൽ പോലും ഈ വിഷയം രാജനീതിനിപുണന്മാരുടെയും നീതിജ്ഞന്മാരുടെയും ഗവണ്മെന്റുകളുടെയും ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതാണ്. എത്രയോ വർഷംമുമ്പു, അതായതു [illegible] ഹ്യൂമിൻ [illegible] ക്ഷാമനിവാരണക്കമ്മിററി ഇങ്ങനെ അഭിപ്രായപ്പെട്ടു.

"രാജ്യത്തിന്റെ യഥാർത്ഥസ്ഥിതിയെയും, ജനങ്ങളെയും അവരുടെ ധനാഗമ മാർഗ്ഗങ്ങളെയും പററി അതിയായ അറിവു ഗവണ്മെന്റിനും ഉദ്യോഗസ്ഥന്മാർക്കും എല്ലപ്പത്തിൽ മതിക്കത്തക്കവണ്ണം കൃഷിയെയും സാംപത്തികസ്ഥിതിയെയും സംബന്ധിച്ചുള്ള പ്രധാന വിവരങ്ങൾ ക്രമത്തിലും പൂർണ്ണമായും ശേഖരിക്കുന്നതിനു ഒരു സംഘം നിർമ്മിക്കേണ്ടതു അത്യാവശ്യമാകുന്നു".

ഗോപാലകൃഷ്ണഗോഖലയെയും ദാദാഭായി നവറോജിയെയും പോലെയുള്ള രാജനീതി നിപുണന്മാർ ഈ വിഷയം അടിയന്തിരമായി ആലോചനയ്ക്കെടുക്കേണ്ടതാണെന്നു ബലമായി പറഞ്ഞിട്ടുണ്ട്.

ഇൻഡ്യാ സാമ്രാജ്യം ഒട്ടുക്കു ഒരു സാംപത്തിക സർവ്വെ നടത്തുന്ന കാര്യം ഫെബ്രുവരി-ൽ നിയമസഭയിലും സ്റ്റേറ്റു കൌൺസിലിലും വാദവിഷയമാക്കുകയും ഗവർണ്ണമാർ ആ അഭിപ്രായത്തോടു യോജിക്കയും ചെയ്തു. സാംപത്തിക സർവ്വെ നിർണ്ണയിച്ചു മുന്നോട്ടുള്ള കാര്യത്തെപ്പററിയുള്ള അന്വേഷണത്തിന്നു-മുമ്പു നടത്തണമോ പിന്നീടു നടത്തണമോ എന്നൊരു തർക്കം മാത്രമേ ഉണ്ടായിരുന്നുള്ളു. ഇൻഡ്യാ ഗവർണ്ണമാർക്കു ഫൈനാൻസ് മെമ്പറായ സർ ബാസിൽ ബ്ലാക്കററു ഇങ്ങനെ പറഞ്ഞു:—

"ഇൻഡ്യാ സാമ്രാജ്യം മുഴുവനും ഉൾക്കൊള്ളത്തക്കവിധം ഒരു സാംപത്തിക സർവ്വെ ചെയ്യുന്നതു വളരെ പ്രയാസമുള്ളതും അനേക വർഷം നീണ്ടു നിൽക്കുന്നതുമായ ഒരു ജോലിയാകുന്നു. അതുകൊണ്ടു ആ ജോലി ഓരോ സംസ്ഥാന ഗവർണ്ണമാർക്കും വിട്ടേക്കുകയാണുത്തമം"

തിരുവിതാംകൂറിനെക്കാൾ ഇരുന്നൂറിരട്ടി വലിപ്പമുള്ള ഇൻഡ്യാ സാമ്രാജ്യം ഒട്ടുക്കു ഒരു സാംപത്തിക സർവ്വെ നടത്തുന്ന കാര്യം അസാദ്ധ്യമാണെന്നും സംസ്ഥാന ഗവർണ്ണമാർക്കാണു ആ ജോലി ശരിയായ നിലയ്ക്കു നിർവ്വഹിക്കാൻ സാധിക്കുന്നതെന്നും മാത്രം ആയിരുന്നു ആക്ഷേപം. നിയമസഭയിൽ സർ. പി. എസ്സ്. ശിവസ്വാമി അയ്യർ ഇങ്ങനെ പറഞ്ഞു:—

"ഈ അന്വേഷണം (സർവ്വെ) ദീർഘകാലത്തേക്കു നീണ്ടു നിൽക്കുന്നതാണെങ്കിലും അതിൽനിന്നു വിരമിക്കാൻ ഗവർണ്ണമാർക്കു സാധിക്കയില്ല"

സർബാസ്സിൽ ബ്ലാക്കററു ഇങ്ങനെ പറയുന്നു:—

"എന്റെ സ്വന്തം അഭിപ്രായം പറകയാണെങ്കിൽ ഇൻഡ്യയിലെ സാംപത്തിക സ്ഥിതിയെപ്പററി ഗവർണ്ണർഗണത്തോടു കൂടെ നടത്തപ്പെടുന്ന ഒരന്വേഷണം അത്യാവശ്യകാര്യങ്ങളിൽ ഒന്നാണ്. അതിൽ നിന്നു വമിയ ഗുണങ്ങൾ ഉണ്ടാകാനുണ്ട്"

ഗവർണ്ണമാർ ഒരു വിധമൊക്കെ അന്വേഷണം കഴിച്ചിട്ടുള്ള നിലയ്ക്കു ചുമത്തുന്നതിനെപ്പററിയുള്ള അന്വേഷണം പൂർത്തിയാക്കുന്നതിനുമുമ്പു സാംപത്തികസർവ്വെ ആരംഭിക്കുന്നതു യുക്തമല്ലെന്നുള്ള ഏക കാരണത്തിന്മേൽ സാംപത്തിക വിഷയങ്ങളിൽ വിദഗ്ദ്ധനായ സർ ബാസ്സിൽബ്ലാക്കററു് പ്രമേയത്തെ എതിർത്തു എങ്കിലും ഒരു സാംപത്തികസർവ്വെ ആവശ്യമാണെന്നു അദ്ദേഹം സമ്മതിക്കയാണുണ്ടായതു്.

മി: എസ്സ്. പിറമിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): സാംപത്തിക സർവ്വെ നടത്തുന്നതിന്റെ ആവശ്യകതയെപ്പററി പുരുഷോത്തമദാസ് താക്കൂർദാസ് എന്താണ് പറഞ്ഞിട്ടുള്ളതു?

മി: എ. എസ്സ് ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നിയമസഭാ പ്രൊസീഡിങ്ങ്സ്സ് മെമ്പർ വായിച്ചു നോക്കിയാൽ മിസ്റ്റർ പുരുഷോത്തമദാസ്സ് താക്കൂർദാസിന്റെ അഭിപ്രായങ്ങൾ അറിവാൻ കഴിയും. എല്ലാ വിവരങ്ങളും പറഞ്ഞു കൊടുക്കാൻ എനിക്കു സാധിക്കയില്ല.

ഗോദാവരി ഡിസ്ട്രിക്ടിനെ സംബന്ധിച്ചു ഇങ്ങനെ ഒരു സർവ്വെ നടത്തുന്ന കാര്യം മദ്രാസ്സ് നിയമസഭയിൽ ആലോചനയ്ക്കു വരികയും നടപ്പുകഴിഞ്ഞ ജനുവരി യോഗത്തിൽ അങ്ങനെയൊരു സർവ്വെ നടത്താനെന്നു ഗവർണ്ണർ വാഗ്ദാനം ചെയ്കയും ചെയ്തിട്ടുണ്ട്. സർ, അല്ലി ഡോക്ടർ, ഗിൽബെർട്ട്സ്സ്ലാററിയേയും ജെ. സി. ജാക്കിനെപ്പോലെയുമുള്ള അർത്ഥശാസ്ത്രവിദഗ്ദ്ധന്മാ——

റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആട്ടിങ്ങ്വിദ്യാഭ്യാസമന്ത്രി): ഡോക്ടർ ഗ്ലാസ്സ്ലാററിക്കു "സർ" സ്ഥാനം കൊടുത്തതുതന്നാണെന്നു പറയുമോ?

അദ്ദേഹം എന്റെ ഒരു പഴയ സ്നേഹിതനാണ്. അദ്ദേഹത്തെ അനുമോദിക്കാൻ ആഗ്രഹമുണ്ട്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നാവിൽനിന്നു തെററായി ഒരു വാക്കു വീണുപോയതു മെമ്പർ കാര്യമായി എടുക്കരുതു്. ഉടനെതന്നെ ഞാൻ തിരുത്തി ഡോക്ടർ ഗിൽബെർട്ട്സ്ലാററർ എന്നു പറകയും ചെയ്തുവല്ലോ. തന്റെ ക്രമം വരുമ്പോൾ മെമ്പറിന്നു ദീർഘമായി വാദിക്കാമല്ലോ.

ഗിൽബെർട്ട്സ്ലാററിനെയും ജെ. സി. ജാക്കിനേയും പോലെയുള്ളവരുടെ മേൽനോട്ടം സാമ്പത്തികപ്രശ്നങ്ങൾ നടത്തിട്ടുണ്ട്. ഡോക്ടർ ഹാരോൾഡ്മാനും ചില ഗ്രാമങ്ങളിൽ സാംപത്തികസർവ്വെ നടത്തിട്ടുണ്ട്.

തിരുവിതാംകൂറിനെ സംബന്ധിച്ചും ഇതൊരു പുതിയവിഷയമല്ല. ഫിനാൻസ്-ൽ തിരുവിതാംകൂർഗവർണ്ണമാർ ഒരു സാമ്പത്തികസർവ്വെ നടത്തണമെന്നു വിചാരിച്ചു; നിർഭാഗ്യവശാൽ എന്തൊ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടു കടലാസ്സുകൾ റിക്കാർഡാക്കിക്കളഞ്ഞു. ആ ജോലി ചെയ്യാൻ സൌകര്യവും സമയവും ഇല്ലാത്തവരായതു കൊണ്ടുമായിരിക്കണം അങ്ങനെ സംഭവിച്ചതു. രണ്ടാഴ്ചത്തെ സമയത്തിലും സാമ്പത്തികവും വ്യവസായികവുമായ ഒരു സർവ്വെ നടത്തുന്നകാര്യം ആലോചനയ്ക്കു കൊണ്ടുവരപ്പെട്ടു എന്നാൽ എന്റെ ആസ്ഥാനഹിതൻ മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ എന്തൊ നിസ്സാരസംഗതിയിന്മേൽ അതു എതിർത്തു. അദ്ദേഹത്തെ പ്രീതിപ്പെടുത്തുന്നതിനും ചില്ലറസംഗതികളെപ്പററി തർക്കമുണ്ടായിട്ടു പ്രധാനതത്വം തള്ളിക്കളയപ്പെടാതിരിക്കുന്നതിനുമായി ഞാൻ പ്രമേയത്തെ ഇപ്പോൾ മേടിപ്പെടുത്തിട്ടുണ്ട്.

ഇനി ആലോചിക്കാനുള്ളതു ഇതു നിറുത്തിവക്കാവുന്ന ഒരു കാര്യമാണോ, കുറെക്കാലത്തിന്നു ക്ഷമിച്ചിരുന്നിട്ടു സാമ്പത്തികസർവ്വെ ഇനിയൊരുകാലം നടത്തിയാൽപോരെ എന്നാകുന്നു. ഇതു നിറുത്തിവയ്ക്കാൻ പാടില്ലാത്ത ഒരു സർവ്വപ്രധാനസംഗതിയാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി ഇവിടത്തെ കൃഷി, വ്യവസായങ്ങൾ, കച്ചവടം എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

കൃഷിയുടെകാര്യം ആലോചിച്ചാൽ നമ്മുടെ ക്ഷേണത്തിന്നു വേണ്ടുന്നിടത്തോളം സാധനം, അതായതു അരി ഇവിടെ വിളയുന്നില്ലെന്നും ഗവർണ്ണിൽനിന്നു ഇറക്കുമതിചെയ്യുന്ന നെല്ലിനെ നാം ആശ്രയിക്കേണ്ടിവന്നിരിക്കുന്നു എന്നും കാണാം. ഈ വർഷം നെല്ലിന്റെ വില കുറഞ്ഞതിനെപ്പററി ആരെങ്കിലും ആത്മപ്രശംസചെയ്യുന്നുണ്ടെങ്കിൽ അതു തിരുവിതാംകൂറിന്റെ കൃഷിയും വർദ്ധിക്കുകൊണ്ടോ നമ്മുടെ കൃഷിയിലുള്ള അഭിവൃദ്ധിക്കു

ണ്ടോ അല്ലെന്നും ഏതോ യൂറോപ്യൻരാജ്യം പരാശ്രയംകൂടാതെ കഴിക്കാൻ തങ്ങൾതന്നെ നെല്ലുകൃഷിചെയ്യാൻ തീർച്ചയാക്കുകകൊണ്ടാണെന്നും ഞാൻ അവരോടു പറഞ്ഞുകൊള്ളുന്നു.

ബി: എസ്സ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും-വ്യവസായവും, തെക്ക): മരച്ചീനിയുടെ വിലകുറഞ്ഞതിനെപ്പററി മെമ്പർക്കറിവുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി: എ. എസ്. മാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ പറയാം. നെല്ല്, മരച്ചീനിയെക്കാൾ നല്ല ഭക്ഷണസാധനമാണ്. നെല്ലിപ്പോൾ കുറഞ്ഞവിലയ്ക്കുകിട്ടുകയും ചെയ്യും. അതുകൊണ്ടു സാധാരണക്കാരും മരച്ചീനിമേടിക്കാതെ നെല്ലുമേടിക്കും. അതുകൊണ്ടു മരച്ചീനിയുടെ വിലയും കുറഞ്ഞുപോയി. വിലകുറഞ്ഞതു തിരുവിതാംകൂറിൽ അധികം മരച്ചീനി വിളയുകകൊണ്ടല്ല, സഹായവിലയ്ക്കു നെല്ലുകിട്ടുമെന്നുള്ളതുകൊണ്ടാണ്.

മി: വി. ചെല്ലപ്പിള്ള (തോവാള): മുൻകൊല്ലങ്ങളിലെപ്പോലെ ഇപ്പോൾ അധികം മരച്ചീനികയററുമതിചെയ്യാറുണ്ടോ എന്നു പറയുമോ?

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതു കയററുമതിചെയ്യുന്നുണ്ടായിരിക്കാം. എനിക്കതിന്റെ കണക്കു നിശ്ചയമില്ല. മെമ്പർക്കറിയാമെങ്കിൽ സഭയെ അറിയിച്ചാൽ കൊള്ളാം.

മി: മാത്യുമുതിക്കൻ (വൈക്കം): തിരുവിതാംകൂറിൽ എത്ര മരച്ചീനി വിളയുന്നുണ്ടെന്നു മെമ്പർക്കറിയാമോ എന്നു പറയുമോ?

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മെമ്പർ കൃഷിഡിപ്പാർട്ടുമെൻറുവക റിപ്പോർട്ടു വായിച്ചുനോക്കണം.

തിരുവിതാംകൂറിൽ ശരാശരി നോക്കിയാൽ ഓരോ വ്യക്തിക്കും ശരാശരി ഒരേസെൻറുസ്ഥലമേയുള്ളു. ഇവിടത്തെ ഭൂമി വഹിക്കുന്നുള്ള ജനസംഖ്യാഭാരം വളരെ കൂടുതലാണെന്നാകുന്നു അനുമാനിക്കേണ്ടതു്. ഒരു ചതുരശ്രമൈൽ വിസ്തീർണ്ണം ഭൂമിക്കു ഇത്ര ജനങ്ങൾവീതം ഉണ്ടു്. സംസ്ഥാനങ്ങളുടേയോ രാജ്യങ്ങളുടേയോ അതുകൊണ്ടു വിസ്തീർണ്ണവും ജനസംഖ്യയും കണക്കാക്കിയാൽ ലോകത്തിൽ ഇവിടത്തെക്കാൾ അധികം ജനസംഖ്യയുള്ള സംസ്ഥാനങ്ങളോ രാജ്യങ്ങളോ ഒന്നോരണ്ടോ മാത്രമേയുള്ളു. സാധാരണയായി ജനങ്ങൾ നിബിഡമായിവസിക്കുന്ന നഗരങ്ങളെയും പട്ടണങ്ങളെയും ഞാൻ ഇതിൽ ഉൾപ്പെടുത്തുന്നില്ല. രാജ്യങ്ങളെയും സംസ്ഥാനങ്ങളെയും മുഴുവനെയാണു ഞാൻ കണക്കാക്കീട്ടുള്ളതു്. നമ്മുടെ പ്രധാനതൊഴിൽ കൃഷിയാണ്. എന്നാൽ വിളവിന്റെ കണക്കെടുക്കിയാൽ മററുരാജ്യങ്ങളിലേതിൽ കുറച്ചുമേനിയേ നമുക്കിവിടെ കിട്ടുന്നുള്ളു. അമേരിക്കയിലെ ഐക്യനാടുകളിലെയും ഇംഗ്ലണ്ടു, ജർമ്മനി മുതലായ മററുരാജ്യങ്ങളിലെയും വിളവിന്റെ കണക്കുനോക്കിയാൽ ഒരേ വിസ്തീർണ്ണം സ്ഥലത്തുനിന്നു കിട്ടുന്ന വിളവു പലടത്തും പലവിധമാണെന്നും തിരുവിതാംകൂറിലേതു വളരെ കുറവാണെന്നും കാണാം. ഭൂമിക്കു വഹിക്കാനുള്ള ജനസംഖ്യാഭാരം ഇവിടെ അധികമാണെന്നും ഓരോവ്യക്തിക്കുമുള്ള സ്ഥലം ഒരേസെൻറാണെന്നും മററുപ്രദേശങ്ങളോടു തുലനംനോക്കിയാൽ ഇവിടത്തെ വിളവു തുച്ഛമാണെന്നും കാണുന്നു. ഇതിനുംപുറമേ ഇൻഡ്യയിലെ മററുപ്രദേശങ്ങളോടുകൂടെത്തുലനംനോക്കിയാൽ ഇവിടത്തെ ജനസംഖ്യയുടെ വർദ്ധനവു വളരെ അധികമാകുന്നു. നമ്മുടെ കൃഷിയിൽ അഭിവൃദ്ധിയില്ലെന്നുമാത്രമല്ല അതു അധോഗതിയല്ലെ പ്രാപിക്കുന്നതെന്നു സംശയിക്കേണ്ടിയുമിരിക്കുന്നു. ഈ രാജ്യത്തിലെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു അടിയന്തിരമായി വല്ല വഴിയും എടുക്കാതെ ഈ വിഷമസ്ഥിതിയിൽനിന്നുള്ള നിവൃത്തിമാർഗ്ഗം എന്തുണ്ടെന്നു എനിക്കറിഞ്ഞുകൂടാ. ഈ വിഷയത്തെസംബന്ധിച്ചു ഈ സഭ അതിന്റെ താല്പര്യം പല അവസരങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടു പ്രമേയത്തിന്റെ ആ ഭാഗത്തെപ്പററി വിസ്താരമായിസംസാരിക്കാൻ വിചാരിക്കുന്നില്ല. എന്നിരുന്നാലും കൃഷിയെ പരിഷ്കരിക്കുന്നതിനും ഇന്നസ്ഥലങ്ങളിൽ ഇന്നതരംകൃഷിയാണു ഫലപ്രദമാകുന്നതെന്നു നിർണ്ണയിക്കുന്നതിനും ഇന്നവിധത്തിലാണു വളങ്ങൾ ഉപയോഗിക്കേണ്ടതെന്നു നിശ്ചയിക്കുന്നതിനും ഒരു സാമ്പത്തികസർവ്വെ വലിയ സഹായമായിരിക്കും.

വീണ്ടും റബ്ബർ മുതലായ കൃഷിയിൽ അല്പകാലംകൊണ്ടു ഈ രാജ്യം വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നും ഇവിടത്തെ കയററുമതി വർദ്ധിച്ചിട്ടുണ്ടെന്നു ഇവിടത്തുകാർ ആത്മപ്രശംസ ചെയ്യാറുണ്ട്. ഇതെല്ലാം ഒരാശ്വാസകാരണമായി നാം സമാധാനപ്പെടാറുണ്ടെങ്കിലും ഒരു ഫെസ്റ്റിഫോർഡ് നാല്പതുകോടി ഏക്കർസ്ഥലം റബ്ബർകൃഷിക്കായി ബ്രൈസിൽരാജ്യത്തു വാങ്ങാൻ വിചാരിക്കുന്നെന്നൊ ഒരു എഡിസൺ കൃത്രിമറബ്ബർ മിക്കവാറും കണ്ടുപിടിച്ചിരിക്കുന്നെന്നോ കേൾക്കുമ്പോൾ നമ്മുടെ റബ്ബർ പ്രമാണികൾ വിറയ്ക്കുന്നു. ഇതിനുകാരണം നമ്മുടെ കൃഷി അസുരക്ഷിതമായിരിക്കുന്നതാണ്. അതുകൊണ്ടു നമ്മുടെരാജ്യത്തെ പരാശ്രയം വേണ്ടാത്തതാക്കുന്നതിനും ഇവിടെ കൃഷിചെയ്യുണ്ടാക്കുന്ന വിഭവങ്ങൾ വ്യവസായങ്ങൾക്കുപയോഗിക്കുന്നതിനും എന്തെല്ലാം വിഭവങ്ങളാണു ഇവിടെ കിട്ടുന്നതു, അവയെ എങ്ങനെയാണു ഇവിടെ ഉപയോഗമുള്ളപദാർത്ഥങ്ങളാക്കുന്നതു, ഇവിടത്തെ ഉപയോഗം കഴിഞ്ഞു അധികം വരുമോ, വരുമെങ്കിൽ ഏതിടത്തെക്കാണു അതു കയററുമതിചെയ്യേണ്ടതു എന്നെല്ലാം അറിയണം. നമ്മുടെ റബ്ബർകൃഷി ക്ഷണത്തിൽ വർദ്ധിച്ചു എന്നാൽ കൃഷിചുരുക്കണമെന്നുള്ള നിബന്ധന ഭേദപ്പെടുത്തിയതിനാലോമററെന്തോ കാരണത്താലൊ റബ്ബറിന്റെ വിലപെട്ടെന്നു ഇടിഞ്ഞുപോയി. അതുനിമിത്തം നാം റബ്ബർവളരെക്കുറഞ്ഞവിലയ്ക്കു വില്ക്കുകയും മോട്ടാർകാർമുതലായി വിദേശങ്ങളിൽ ഉണ്ടാക്കുന്നസാമാനങ്ങൾ ഇംഗ്ലണ്ടിലൊ അമേരിക്കയിലൊഉള്ളവർ നിശ്ചയിക്കുന്ന വലിയവിലയ്ക്കു വാങ്ങുകയും ചെയ്യുന്നു. നമ്മുടെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നമ്മുടെ അസംസ്കൃതസാധനങ്ങളെ ഓരോ ഉപയോഗമുള്ള പദാർത്ഥങ്ങളാക്കുന്നതിനും ആസാധനങ്ങൾ നമ്മുടെനാട്ടിൽ എത്രത്തോളം കിട്ടുമെന്നു അറിയണം. ഈ സാംപത്തികസർവ്വെ നടത്തിചാൽ തൊഴിലില്ലായ്മ ഒരുവിധം കുറയാൻ സംഗതിയുണ്ടു. കൃഷിയും വ്യവസായവും വർദ്ധിക്കുമ്പോൾ കച്ചോടവും വർദ്ധിക്കും.

നമ്മുടെ കയററുമതി ഇറക്കുമതിയെക്കാൾ അധികമാകുകകൊണ്ടു നാം ഒരു ഹെപ്പിസ്ഥിതിയിലാണിരിക്കുന്നതെന്നു ചിലർ വിചാരിക്കുന്നുണ്ടു. ഇതുകണക്കാക്കുന്നതിൽപോലും നാം ചില പ്രധാനസംഗതികൾ വിസ്മ

രിച്ചുകളയുന്നു. കയററുമതിചരക്കുകളുടെ അളവും വിലയും ഇറക്കുമതിച്ചരക്കുകളുടെ വിലയുംമാത്രമേ നാം നോക്കാറുള്ളു. ഒരുവലിയസംഖ്യ വിദേശകമ്പനികളുടെ ലാഭമായി ഈ രാജ്യത്തിനുപുറത്തുപോകുന്നുണ്ടു. ഇതു കണക്കിൽ-കൂട്ടാറില്ല. രണ്ടോ മൂന്നോ ലക്ഷംരൂപായ്ക്കു തേയില നമ്മുടെ രാജ്യത്തുനിന്നു വിററിട്ടുണ്ടെന്നു നാം പ്രശംസിച്ചിട്ടാവശ്യമില്ല. എന്തുകൊണ്ടെന്നാൽ തേയിലവിററുകിട്ടുന്ന പണമെല്ലാം വിദേശകമ്പനികളുടെ ലാഭമായിപോകുന്നു. അതിനാൽ നമുക്കു അസൂയവേണ്ടാ മുതലിറക്കിയതു അവരാകയാൽ അതിന്നവർക്കു വകാശം ഉണ്ടു. ഒരുതററിധാരണനിമിത്തം നമ്മുടെ സാമ്പത്തികസ്ഥിതി ഉത്തമമാണെന്നു വിചാരിക്കരുതെന്നു ഞാൻ പറയുന്നുള്ളു. വിദ്യാർത്ഥികൾ വിദേശങ്ങളിൽ പൊയിപഠിക്കുന്നതിനുള്ള ചെലവാലോചിച്ചാലും എത്രവലിയ ഒരുസംഖ്യ തിരുവിതാംകൂറിൽനിന്നു പുറത്തുപോകുന്നുണ്ടെന്നു ഗ്രഹിക്കാം. എന്നാൽ അതൊന്നും തിരുവിതാംകൂറിൽനിന്നു പുറത്തുപോകുന്നതായി ഗവൎണ്മെൻറു കണക്കാക്കുന്നില്ല.

ഡിപ്യൂട്ടിപ്രസിഡൻറ്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു, മി: ആശാൻ

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്പോൾ അധോഗതി പ്രാപിച്ചുവരുന്ന നമ്മുടെ കൃഷിയെയും വ്യവസായങ്ങളെയും കച്ചോടത്തേയും പോഷിപ്പിക്കുന്നതിനു ശരിയായ വഴികൾ ഏടുക്കേണ്ടതു അത്യാവശ്യമാകുന്നു. അതിൻെറ പ്രാരംഭപ്രവൃത്തി രാജ്യത്തിൻെറ സാമ്പത്തിക സ്വയംപൂൎണ്ണതയാകുന്നു. സമയംകഴിഞ്ഞുപോയതിനാൽ ഇനി എനിക്കപറവാനുള്ളതു എൻെറ മുൻപേടിയിൽ പറഞ്ഞുകൊള്ളാം.

മി: വി. എസ് കൃഷ്ണപിള്ള (തിരുവല്ലാ): മി: ദാമോദരൻ ആശാൻെറ ഈ പ്രമേയത്തെ ഞാൻ ഹൃദയപൂർവം പിൻതാങ്ങിക്കൊള്ളുന്നു. രാജ്യത്തിലെ മുതലെടുപ്പു നാൾക്കുനാൾ വൎദ്ധിച്ചുവരുന്നു. എന്തുകണക്കു കാണാമെങ്കിലും ഒരു സാമാന്യപരിരക്ഷണംകൊണ്ടു നമ്മുടെ സാമ്പത്തികനിലക്കുയൎച്ചവരുന്നു എന്നുകാണാവുന്നതാണ്. നമുക്കു അത്യാവശ്യമായ രക്ഷണസാധനങ്ങൾപോലും അന്യരാജ്യത്തുനിന്നും ഇറക്കുമതിചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. ഇവിടെ കൃഷിചെയ്യുണ്ടാക്കുന്നസാധനങ്ങൾ മുഴുവനും വിദേശങ്ങളിൽപോയി സംസ്കരിക്കപ്പെട്ടു തിരിച്ചുവന്നിട്ട്, അതിനെ വലിയവിലകൊടുത്തുവാങ്ങി നാം ഉപയോഗിച്ചുവരുന്നു. നമ്മുടെരാജ്യത്തെ കൃഷി പരിഷ്കൃതരീതിയിൽ നടത്തിവരുന്നുണ്ടെങ്കിലും ആശാസ്യമായനില കാർഷികാഭിവൃദ്ധിക്കു ഇനിയും ഉണ്ടായിട്ടില്ലെന്നു മുൻപറഞ്ഞകാരണങ്ങൾകൊണ്ടു വെളിവാകുന്നുണ്ടു. നമ്മുടെരാജ്യത്തു് എവിടെയെല്ലാം എന്തെല്ലാം കൃഷിചെയ്യാൻ സൌകൎയ്യമുണ്ടോ ആസ്ഥലങ്ങളെ ഉപയോഗശൂന്യമായി ഉപേക്ഷിക്കാതെ കഴിയുന്നിടത്തോളം കൃഷിചെയ്യുകയും ആവക സാധനങ്ങളെ സംസ്കരിക്കുന്നതിനു ആവശ്യമുള്ള വ്യവസായം ഏർപ്പെടുത്തുകയുംചെയ്യണം. ഈവകസംഗതികളെപ്പററി നല്ലപോലെ പരീക്ഷണംചെയ്തു പ്രായോഗികമാക്കുന്നതിനു ഒരു സർവ്വെനടത്തണമെന്നുള്ള ഈ പ്രമേയം ഏററവും ഉത്തമമാണെന്നും അതിനെ പ്രതികൂലിക്കാൻ ആരും ഉണ്ടാകയില്ലെന്നും ആണു എൻെറ വിശ്വാസം. ഞാൻ ഈ പ്രമേയത്തെ ഹൃദയപൂർവം പിൻതാങ്ങിക്കൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): സർ, ഇതൊരുവിശാലമായ വിഷയമാണു. ഇതിനെപ്പററി അനേകദിവസം സാമൎത്ഥ്യത്തോടെ വാദപ്രതിവാദം ചെയ്യാൻ കഴിവുള്ള മെമ്പർമാർ ഈസഭയിലുണ്ടെന്നു എനിക്കറിയാം. സാമ്പത്തികശാസ്ത്രംപഠിച്ചിട്ടുള്ളവരുടെ വാദപ്രതിവാദങ്ങൾ ഗ്രഹിപ്പാൻപോലും അതുപഠിച്ചിട്ടില്ലാത്ത എനിക്കു കഴികയില്ല. എന്നാൽ ഇക്കാൎയ്യത്തിൽ അടിയന്തിരമായി ശ്രദ്ധപതിക്കേണ്ടതാണെന്നുള്ളതിനെപ്പററി മന്നരണ്ടുസംഗതികൾ പ്രസ്താവിക്കാം. സാധാരണ കൂലിക്കാൎക്കുപോലും ഉപജീവനച്ചെലവു വളരെ വൎദ്ധിച്ചിരിക്കുന്നു. അവൎക്കു മൊട്ടാർകാറിൽ സഞ്ചരിക്കണമെങ്കിൽ നടക്കുമ്പോഴത്തേതിലധികം സമ്പാദിക്കണം. ചകരിമുതലായ അസംസ്കൃതസാധനങ്ങൾ ഇപ്പോൾ വിദേശങ്ങളിലേക്കു കയററിഅയക്കുന്നതു വ്യവസായഡിപ്പാർട്ടുമെൻറ് ഈ രാജ്യത്തിലെ ജനങ്ങൾക്കു പ്രയോജനമുള്ള മററു സാധനങ്ങളായി രൂപാന്തരപ്പെടുത്തണം. ഇവയ്ക്കെല്ലാം ഗവൎണ്മെൻറിൻെറ ഗൌരവമായ ചിന്ത ആവശ്യമാണ്. അതുകൊണ്ടു മിസ്റ്റർ ആശാൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുകയും മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരുടെയും മററുള്ളോഗസ്ഥന്മാരുടെയും പ്രസംഗങ്ങളെ ഞാൻ പ്രതീക്ഷിച്ചുകൊള്ളുകയും ചെയ്യുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എൻെറ സ്നേഹിതൻ മിസ്റ്റർ ദാമോദരൻ ആശാൻെറയും അദ്ദേഹത്തിൻെറ അനുജൻ മിസ്റ്റർ വി. എസ്. കൃഷ്ണപിള്ളയുടെയും പ്രസംഗങ്ങൾ സമ്പിശ്രവിചാരങ്ങളോടുകൂടെയാണ് ഞാൻ കേട്ടതു്. ഈ രാജ്യത്തിൻെറ ഒരു സാമ്പത്തികസൎവ്വേ ഈരാജ്യത്തിൻ സസ്യങ്ങളെപ്പോലെ ഈ സഭയിൽ കൂടക്കൂടെ മുളച്ചുവരുന്ന ഒരു വിഷയം ആകുന്നു. ഗവൎണ്മെൻറ് ആഗസ്റ്റ് മാസത്തിൽ രാജ്യംമുഴുവനും ഒരു സാമ്പത്തികവും വ്യവസായികവും സൎവ്വേ നടത്തുന്നതിനു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മിററിയെ നിയമിക്കണമെന്നു ഒരു പ്രമേയം കൊണ്ടുവന്നിരുന്നു. അന്നു വിശാലവും ബഹുവിസ്തീൎണ്ണവും അസാധ്യവുമായ ഒരു അന്വേഷണത്തിൻെറ അപ്രായോഗികത്വം ചൂണ്ടിക്കാണിക്കുന്നതിനുള്ള നിർഭാഗ്യം എനിക്കുണ്ടായി. പ്രമേയം സ്വീകരിക്കാൻപാടില്ലെന്നു അന്നു സഭ തീൎച്ചപ്പെടുത്തുകയും അതു തള്ളപ്പെട്ടുപോകുകയും ചെയ്തു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതു ഈ പ്രമേയം തന്നെ ആയിരുന്നുവോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): എനിക്കു സമ്മതിക്കാൻകഴിയാത്തതരത്തിലുള്ളതും എളുപ്പത്തിൽ വിഴുങ്ങാത്തതരത്തിലുള്ളതും ആയ്തത്തെ പ്രമേയത്തെ പുനഃപരിശോധനചെയ്തു പരിഷ്കരിച്ചിട്ടുണ്ടെന്നു മിസ്റ്റർ ദാമോദരൻ ആശാൻ ചാമൎത്തുമായി പ്രസ്താവിച്ചതു ആ കഴിഞ്ഞ സംഭവത്തെ സൂചിപ്പിച്ചായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സാമ്പത്തിക സൎവ്വേയുടെ പരിമാണം എന്താണെന്നു പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അന്ന സർവ്വേയുടെ വിശാലതയ്ക്കു പുറമെ ഞാൻ പറഞ്ഞ പ്രധാന ആക്ഷേപം ഇതായിരുന്നു. അങ്ങനെയൊരു സർവ്വേ വിലയുള്ളതായിരിക്കണമെങ്കിൽ, അതിനായി ചെലവു ചെയ്യുന്ന ഭീമമായ സംഖ്യയ്ക്കനുരൂപമായിരിക്കണമെങ്കിൽ, ശാസ്ത്രീയമായിതന്നെ നടത്തണം. നമുക്കിടയിലുള്ള ഒരു വലിയ പ്രയാസം വിദഗ്ദ്ധാഭിപ്രായപ്രകാരം ചെയ്യേണ്ടുന്ന കാര്യങ്ങളിൽ ഉപദേശം തരുന്നവരുടെ, പ്രത്യേകമായി തങ്ങളെ ബന്ധിക്കാത്ത കാര്യങ്ങളിൽ ഉപദേശം തരുന്നവരുടെ, ബാഹുല്യം ആകുന്നു. വൈദ്യന്മാരെ ഒഴിക്കെ, പ്രതിഫലം കൂടാതെ ചികിത്സാസംഗതികളിൽ നമ്മെ ഉപദേശിപ്പാൻ ആളുകൾ എപ്പോഴും തെയ്യാറുണ്ടാകും. നിയമസംബന്ധമായ കാര്യങ്ങളിൽ വക്കീലന്മാരുടെ അടുക്കൽ ചെല്ലാതെതന്നെ നമുക്ക് ധാരാളം ഉപദേശം കിട്ടും. എന്നാൽ വൈദ്യസംബന്ധമായും നിയമസംബന്ധമായും നമുക്കു പ്രതിഫലം കൊടുക്കാതെ കിട്ടുന്ന ഉപദേശത്തിന്റെ അളവു സാംപത്തികസംഗതികളിൽ നമുക്കു ചോദിക്കാതെ കിട്ടുന്ന ഉപദേശത്തിന്റെ അളവോടു ഒത്തുനോക്കുമ്പോൾ എത്രയോ അല്പമാണ്. ചെലവൊന്നുംകൂടാതെ ഇങ്ങനെയൊരന്വേഷണം നടത്തികിട്ടുമെങ്കിൽ നന്നുതന്നെ. ഒട്ടുവളരെ പണം ചെലവു ചെയ്യാതെ ശരിയായ ഒരു സാംപത്തികസർവ്വെ നടത്താൻ സാധിക്കയില്ല. അപരിഷ്കൃതരീതിയിൽ ആരംഭിച്ചു അപരിഷ്കൃതരീതിയിൽ ചെയ്തു പൂർത്തിയാക്കുന്ന ഒരു സാമ്പത്തികസർവ്വെ ന്യായമായിരിക്കയില്ലെന്നു മാത്രമല്ല അതു ദോഷകരവുമായിരിക്കും. നമുക്കാവശ്യമുള്ള ശാസ്ത്രീയരീതിയിൽ നടത്തുന്ന ഒരു സാംപത്തികസർവ്വെയാണ്. അങ്ങനെയുള്ള ഒരു സർവ്വെക്കു അനവധിപണം ചെലവുണ്ട്. അനേകം ആളുകൾ ചേർന്നു അങ്ങനെയൊരു സർവ്വെ നടത്താൻ സാധിക്കുകയില്ലെന്നും ഞാൻ അന്നു പ്രസ്താവിച്ചു. അങ്ങനെ ശാസ്ത്രീയവും പൂർണ്ണവുമായ ഒരു സർവ്വെ നടത്താതെ അത്രത്തോളം ശാസ്ത്രീയവും പൂർണ്ണവും അല്ലാത്തതും എന്നാൽ നമ്മുടെ ആവശ്യങ്ങൾക്കു മതിയായതുമായ ഒരു സർവ്വെ നടത്താൻ സാധിക്കയില്ലയൊ എന്നു പിന്നെയും പിന്നെയും ചോദിക്കുണ്ടായിട്ടുണ്ട്. അങ്ങനെ അടിസ്ഥാനാരഹിതമായ ഒരു സർവ്വെ നടത്തുന്നതിന്റെ ദോഷം അങ്ങിനെയുള്ള ഒരു സർവ്വെയിൽ നിന്നുണ്ടാകുന്ന അനുമാനങ്ങൾ ആരും സമ്മതിക്കയില്ലെന്നുള്ളതാണു. മിസ്റ്റർ ദാമോദരൻ ആശാന്റെ ഇന്നത്തെ പ്രസംഗം ഞാൻ വിസ്മയത്തോടെയാണു കേട്ടതു. എന്തെന്നാൽ തനിക്കു സഹജമായുള്ള ജാഗ്രതയോടുകൂടെ ഇതിനെ സംബന്ധിച്ചുള്ള സാഹിത്യം അദ്ദേഹം അധികം വായിച്ചിട്ടുണ്ടും വിദ്യാതല്പരന്മാരുടെ ഒരു തരം സാംപത്തിക സർവ്വെ അദ്ദേഹം തന്നെ നടത്തിയെന്നും അദ്ദേഹത്തിന്റെ പ്രസംഗം കൊണ്ടു സ്പഷ്ടമാകുന്നുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ഈ സർവ്വെയെ അടിസ്ഥാനമാക്കി കരം കൂട്ടണമെന്നോ കരം കുറക്കണമെന്നോ ചില സാധനങ്ങൾക്കു കയറ്റുമതി ചുങ്കം ചുമത്തണമെന്നോ ചിലതിന്നു സൌജന്യം ചെയ്തുകൊടുക്കണമെന്നോ മറ്റൊരു ഒരു പ്രമേയം അദ്ദേഹം അവതരിപ്പിച്ചാൽ അദ്ദേഹത്തിന്റെ പ്രാണസ്നേഹിതന്മാർ പോലു അദ്ദേഹത്തെ അനുകൂലിക്കാൻ ശങ്കിക്കും എന്നു ഞാൻ വിചാരിക്കുന്നു. അതിനെക്കാൾ കൃത്യവും ശ്രമവും ചെയ്തു സമ്പാദിച്ചതായ വിവരങ്ങൾ, അതിന്നായി പഠിക്കയും പരീക്ഷണങ്ങൾ നടത്തുകയും ചെയ്തു സർവ്വെ ചെയ്തു ശേഖരിച്ച വിവരങ്ങൾ, അവർ ആവശ്യപ്പെടാതിരിക്കയില്ല. ട്രസ്റ്റികളുടെ നിലയിൽ അവരുടെ അധീനത്തിലുള്ള പണത്തെ ചെലവു ചെയ്യാൻ നിയോഗിക്കുന്നതിന്നു മുമ്പെ അപ്രകാരമുള്ള വിവരങ്ങൾതന്നെ വേണമെന്നു അവർ പറയാതിരിക്കയില്ല.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): ഈ പ്രമേയം വളരെ പ്രാധാന്യമുള്ളതാണെന്നും ആവശ്യമുള്ളതാണെന്നും അംഗങ്ങൾ സമ്മതിക്കുന്നുണ്ടോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): അതിനെപ്പററി ഉടനെ പറയാം. ഇങ്ങനെയുള്ള ഉത്തമപ്രമേയങ്ങൾ ഇങ്ങനെ പരിപാകതയില്ലാത്ത വിധത്തിൽ അവതരിപ്പിക്കുന്നതു വ്യസനകരമാണെന്നും ഇങ്ങനെയുള്ള പ്രമേയത്തെ പ്രതികൂലിക്കുന്നതായി ഈ സഭയിൽ ആരും ഉണ്ടാകയില്ലെന്നുള്ള മിസ്റ്റർ വി. എസ്. കൃഷ്ണപിള്ളയുടെ പ്രത്യാശയ്ക്കു ഭംഗം വരുത്തുന്നതു എനിക്കു അതിചുമധികം വ്യസനകരമാണെന്നും ഞാൻ ആരംഭത്തിൽ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. മിസ്റ്റർ കൃഷ്ണപിള്ളയുടെ പ്രത്യാശയ്ക്കു ഭംഗം വരുത്താതെ നിവൃത്തിയില്ലെന്നും അതിന്റെ ഇപ്പോഴത്തെ രൂപത്തിൽ പ്രമേയത്തെ ഞാൻ എതിർക്കാനാണു ഭാവിക്കുന്നതെന്നും ഞാൻ വീണ്ടും വ്യസനസമേതം പറഞ്ഞുകൊള്ളുന്നു. ഈ സഭയിലെ അംഗങ്ങൾ, ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും, ഉത്തരവാദിത്വബോധമുള്ളവരാണ്. അതു കൊണ്ടു വളരെ ആശങ്കയോടുകൂടെയാണു ഞാൻ ഇന്നു സമ്പൂർണ്ണമായ സംസാരിക്കുന്നതു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): കൂടുതൽ ധനവ്യയം വേണ്ടിവരുമെന്നുള്ളതുകൊണ്ടാണോ ഈ പ്രമേയത്തെ പ്രതികൂലിക്കുന്നതു?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ പറഞ്ഞുതീരുന്നതുവരെ ക്ഷമിക്കണമെന്നു ഞാൻ മി: കൃഷ്ണപിള്ളയോടു അപേക്ഷിച്ചുകൊള്ളുന്നു. സഭയുടെ തന്നെ വേണ്ടുന്ന പണം അനുവദിക്കയും മി: ദാമോദരനാശാനും മിസ്റ്റർ വി. എസ്. കൃഷ്ണപിള്ളയും പറയുന്നപ്രകാരമുള്ള സാംപത്തികസർവ്വെ അവസാനിക്കുന്നതുവരെ ക്ഷമയോടു കാത്തിരിക്കയും നാം അനുഷ്ഠിപ്പാനോടിരിക്കയും അനുവദിച്ച സംഖ്യ അന്നത്തേക്കു മാത്രം അവസാനിക്കയും ചെയ്താൽ അതിനെക്കുറിച്ചു എനിക്കു യാതൊരാക്ഷേപവുമില്ല. ചുരുക്കത്തിൽ പറഞ്ഞാൽ മിസ്റ്റർ ആശാൻ വിചാരിച്ച പ്രകാരവും മിസ്റ്റർ വി. എസ്. കൃഷ്ണപിള്ള അനുകൂലിച്ചപ്രകാരവും ഉള്ള ഒരു സർവ്വെ ആരംഭിച്ചാൽ ഇരുപത്തഞ്ചുവർഷംകൊണ്ടു അവസാനിക്കുമായിരിക്കും. ഒരു പക്ഷേ അമ്പതുലക്ഷം രൂപാ ചെലവുമാകുമായിരിക്കും. അങ്ങനെ സർവ്വെ പൂർത്തിയാക്കി അവസാനിപ്പിച്ചാർട്ടു പ്രസിദ്ധംചെയ്യുമ്പോഴേക്കു അതിന്നു പുരാതനചരിത്രമായിട്ടല്ലാതെ പ്രായോഗികമായ ഗുണമാന്നുമുണ്ടാകയില്ല. ഇങ്ങനെയാണ് കാര്യത്തിന്റെസ്ഥിതി. ഞാനും മിസ്റ്റർ ആശാനും തമ്മിൽ ഇന്നൊരു സ്വകാര്യസംഭാഷണമുണ്ടായപ്പോൾ അദ്ദേഹത്തെ ഇതു ധരിപ്പിക്കാൻ ഞാൻ ശ്രമിച്ചു. കാര്യങ്ങളെ അതിരുകടത്തി ഉള്ള ഗുണംപോലും ഇല്ലാതാക്കുന്നതു സങ്കടമാണ്. ഈ സംഗതിയിൽ പ്രത്യേകമായി എന്നെ ബോദ്ധ്യപ്പെടുത്തി എനിക്കു സമ്മതിക്കാവുന്നവിധത്തിൽ ആദ്യത്തെപ്രമേയം പുനരുദ്ധാരണംചെയ്തു ഭേദപ്പെടുത്തിയെന്ന് മിസ്റ്റർ ആശാൻപറകയുണ്ടായി. അല്പമായ ഒരു ഭേദമാണ് ഞാൻ മിസ്റ്റർ ആശാനോടു ഉണ്ടാക്കണമെന്നു പറഞ്ഞതു്. ഒരു ഉപസർഗ്ഗത്തിനുപകരം മറെറാരു ഉപസർഗ്ഗം ചേർക്കണമെന്നുമാത്രമേ ഞാൻ ആവശ്യപ്പെട്ടുള്ളു. രണ്ടക്ഷരങ്ങൾ മാററി വേറെ

രണ്ടക്ഷരങ്ങൾ ചേർക്കണമെന്നു അദ്ദേഹത്തിന്റെ ഒരു പഴയസ്നേഹിതൻചെയ്ത അപേക്ഷയെ മിസ്റ്റർ ആശാൻ ഉപേക്ഷിച്ചതു ന്യായമാണോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഈ രാജ്യത്തിൽ ഒരു സാംപത്തികസർവ്വെ നടത്തണമെന്നുവേണം എന്നു മാത്രമെ ഞാൻ മിസ്റ്റർ ആശാനോടാവശ്യപ്പെട്ടുള്ളു. അദ്ദേഹം സമ്മതിച്ചാൽ ഒരു പ്രായോഗികപദ്ധതിയിൽ എത്തി എന്നുപറയാം. രാജ്യം മുഴുവനായും ഒരു സാംപത്തികസർവ്വെ നടത്തണമെന്നാണ് അദ്ദേഹം ആവശ്യപ്പെടുന്നതെങ്കിൽ അതു അസാദ്ധ്യമായ ഒരു മനസ്സുപദ്ധതിയാണ്. അങ്ങനെയൊരു സർവ്വെ നടത്താൻ സാധിക്കയില്ല. ഇൻ ഷ്യാനിയസഭയിലെ പ്രസംഗങ്ങളിൽ നിന്നു മിസ്റ്റർ ആശാൻ പലഭാഗങ്ങൾ ഉദ്ധരിച്ചു കേൾപ്പിച്ചുവല്ലോ. അദ്ദേഹം ഉദ്ധരിച്ച പ്രസംഗങ്ങൾചെയ്ത മന്ത്രിമാരുടെ അഭിപ്രായങ്ങൾ ഞാൻ അറിയുന്നിടത്തോളം അവർ പറഞ്ഞതിനു മിസ്റ്റർ ആശാൻ കൊടുത്ത വ്യാഖ്യാനം ശരിയാണോ എന്നെനിക്കു സംശയമുണ്ട്. ഇൻഡ്യാസാമ്രാജ്യം മുഴുവനുമുള്ള ഒരു സാംപത്തികസർവ്വെ നടത്താൻ ഇൻഡ്യാഗവണ്മെൻറു കാണിച്ച വൈമനസ്യം ആ സർവ്വെ അതാതുസംസ്ഥാനങ്ങൾ നടത്തണമെന്നു അവർ ആഗ്രഹിച്ചതുകൊണ്ടാകുന്നു എന്നാണ് മിസ്റ്റർ ആശാൻ വിചാരിക്കുന്നതെന്നു എനിക്കു തോന്നുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മി: ആശാൻ പറഞ്ഞ അപൂർണ്ണഭിപ്രായം മെമ്പർ ദയവായി പൂർണ്ണമാക്കിത്തരുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇൻഡ്യാഗവണ്മെൻറു പ്രദർശിപ്പിച്ച വൈമനസ്യം ആ ജോലി അതാതുദേശ ഗവർണ്മെൻറിനു വിട്ടുകൊടുക്കണമെന്നു അവർക്കുള്ള ആഗ്രഹംനിമിത്തമാണെന്നു നാം വിശ്വസിക്കണമെന്നാണ് മി: ആശാന്റെ ഉദ്ദേശമെന്നു ഞാൻ ഊഹിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മെമ്പർ ഈ വാദപ്രതിവാദങ്ങൾ വായിച്ചു ഞാൻ ഉദ്ധരിച്ച ഭാഗങ്ങളുടെ സംബന്ധത്തെപ്പററി പൂർണ്ണമായി ആലോചിച്ചശേഷമാണോ ഇങ്ങനെ പ്രസ്താവിക്കുന്നതെന്നു വളരെ ആശങ്കയോടുകൂടെ ചോദിച്ചുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അല്ല. ഈ വാദപ്രതിവാദങ്ങൾ പാരായണം ചെയ്യാനുള്ള അവസരം ഉണ്ടായിട്ടില്ലെന്നു ഞാൻ കുറച്ചുമുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. മി: ആശാൻ ഉദ്ധരിച്ചവരിൽ ചിലരുടെ അഭിപ്രായങ്ങൾ എന്താണെന്നു എനിക്കറിവുണ്ട്. ഉദ്ധരിച്ചഭാഗങ്ങൾ അവരുടെ അഭിപ്രായങ്ങൾക്കു അനുയോജ്യമല്ല. അതുകൊണ്ടു അവയ്ക്കു മി: ആശാൻകൊടുത്ത വ്യാഖ്യാനം ശരിയാണോ എന്നു എനിക്കു സംശയംഉണ്ടെന്നാണ് ഞാൻ പറഞ്ഞതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇങ്ങനെയുള്ള പ്രസ്താവങ്ങൾ ചെയ്യുന്നതിനുമുമ്പായി മെമ്പർ ദയവായി ആ വാദപ്രതിവാദങ്ങളുടെ റിപ്പോർട്ടു വായിച്ചു നോക്കുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): പിന്നീടു വായിച്ചുനോക്കിക്കൊള്ളാം. ഇപ്പോൾ ചെയ്യാൻ സാധിക്കയില്ല. ആ പ്രസംഗങ്ങൾ പാരായണംചെയ്തു ഞാൻ പറയുന്നതു തെററാണെന്നുകണ്ടാൽ മി: ആശാനോടു ന്യായമായവിധത്തിൽ മാപ്പുചോദിച്ചുകൊള്ളാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു മെമ്പറിന്റെ പ്രസംഗത്തെ മറെറാരുമെമ്പർക്കു ആക്ഷേപിക്കുവാൻ അവകാശമുണ്ടോ എന്നും സഭാമുമ്പാകെയുള്ള പ്രമേയത്തെസംബന്ധിച്ചുമാത്രമേ സംസാരിക്കയുള്ളു എന്നല്ലേ പ്രതീക്ഷഎന്നും പറയുമോ?

ഡിപ്യൂട്ടിപ്രസിഡൻറ്: പ്രമേയം അവതരിപ്പിക്കാനുള്ള കാരണങ്ങൾ പറഞ്ഞതിനെ അദ്ദേഹം ശോധനചെയ്തുയാകുന്നു ചെയ്യുന്നതു്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഇതിനെ സംബന്ധിച്ചു ഇനിഅധികം ഞാൻ പറഞ്ഞിട്ടാവശ്യമില്ല. മിസ്റ്റർ ആശാൻ അവതരിപ്പിച്ചിട്ടുള്ള ഈ നിർദ്ദേശം ഗുണമാണെന്നു തോന്നുന്ന പ്രമേയംകൊണ്ടു എന്തുവലിയ ഭാരമാണു സഭവഹിക്കണമെന്നാവശ്യപ്പെടുന്നതെന്നു സഭയെ ഗ്രഹിപ്പിക്കണമെന്നു മാത്രമേ എനിക്കുദ്ദേശമുള്ളു. ഇവിടെ നടത്തണമെന്നു സാംപത്തികസർവ്വെയുടെ ചില ഭാഗങ്ങൾ അദ്ദേഹം തന്നെ പറയുന്നുണ്ട്. അവ കുറച്ചല്ലാനും. ശരിയായി ചെയ്യണമെങ്കിൽ ഓരോ വിഭാഗത്തിനും വിദഗ്ദ്ധനായ ഒരു മേലധികാരിയും അനേകം സിൽബന്തികളും വേണം. സർവ്വെ പൂർത്തിയാകുന്നതിനു അനേകം വർഷങ്ങളും വേണം. സാംപത്തികസർവ്വെയെ സംബന്ധിച്ചു ഇവയെപോലെ പ്രാധാന്യമുള്ള വേറെ പല സംഗതികളും ഉണ്ട്. അവയെപ്പററി മിസ്റ്റർ ആശാൻ വിചാരിച്ചിട്ടില്ലെങ്കിലും സർവ്വെയ്ക്കു നിയമിക്കുന്ന വിദഗ്ദ്ധന്മാർ അവരെ നിയമിച്ചുകഴിഞ്ഞാൽ അവ വേണമെന്നു നിർബന്ധമായി ആവശ്യപ്പെടാതിരിക്കയില്ല. സർവ്വെ നടത്തണമെന്നു തീർച്ചയാക്കുകയാണെങ്കിൽ അതു നന്നായിട്ടും എല്ലാവിധങ്ങളും ഉൾപ്പെടുത്തിയുംചെയ്യണം. മഹാമഹത്തുല്യോഗസ്ഥന്മാരോടു ഒരു റോഡുപണി അളന്നിട്ടു വരാൻ പറഞ്ഞാൽ റോഡിനു ഉപയോഗിച്ചിട്ടുള്ള ചാൽ മുതലായവ മുഴുവൻ അളക്കയില്ല, ചില സ്ഥലങ്ങളിലുള്ളവമാത്രം അളക്കും. അപ്രകാരംതന്നെ സർവ്വേജോലി പ്രായോഗികമാക്കുന്നതിനു ചിലപ്രത്യേകസംഗതികളെ സംബന്ധിച്ചും പരീക്ഷണസർവ്വെകൾ നടത്തിയശേഷം ചില പ്രദേശങ്ങൾ തിരഞ്ഞെടുത്തു അവിടെ സാംപത്തികസർവ്വെനടത്താം. അങ്ങനെ ചെയ്താൽ സാംപത്തികാന്വേഷണങ്ങളുടെ ഉദാഹരണങ്ങൾഉണ്ടാകും. അവയെ ഭേണകൾക്കാക്കാനും രാജനീതിപ്രവീണന്മാർക്കു ഉപയോഗപ്രദമായിരിക്കും. ഡാക്ടർ ഗിൽബെർട്ട്സ്ലേററിന്റെ "ദക്ഷിണൻഡ്യൻഗ്രാമാന്വേഷണങ്ങളെ" പററി പറകയുണ്ടായി. പ്രത്യേകസ്ഥലങ്ങൾ തിരഞ്ഞെടുത്തു അന്വേഷണം നടത്തുകയാണു ഡാക്ടർസ്ലേററർചെയ്തതെന്നു മിസ്റ്റർ ആശാൻ മറന്നുപോയതുപോലെ തോന്നുന്നു. ക്രോസ്സംസ്ഥാനം മുഴുവനുമുൾപ്പെടുത്തി ഒരന്വേഷണംനടത്താൻ ഡാക്ടർസ്ലേററർ ഇനിഞ്ഞില്ല. ഏതെങ്കിലും രാജ്യത്തിന്റെയൊ ഒരുവലിയ സംസ്ഥാനത്തിന്റെയൊ മുഴുവൻ സാംപത്തികസർവ്വെ എവിടെയെങ്കിലും നടത്തിയിട്ടുള്ളതായി എനിക്കറിവില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): മിസ്റ്റർ ദാമോദരൻആശാൻ ആവശ്യപ്പെടുന്നതു ഈ രാജ്യം മുഴുവന്റെയും വിശാലവും പൂർണ്ണവുമായ ഒരു സാംപത്തികസർവ്വേയാണെങ്കിൽ അദ്ദേഹം തന്റെ ആധാരമായി ഉദ്ധരിച്ച പ്രസംഗാംശം തന്റെ അഭിപ്രായത്തിന്നനുകൂലമല്ലെന്ന് അദ്ദേഹം മനസ്സിലാക്കേണ്ടതായിരുന്നു. ഒരു രാജ്യത്തിന്റെ സാംപത്തിക സർവ്വ് എന്നുപറഞ്ഞാൽ ആ രാജ്യത്തിൽ പ്രകൃത്യാ ഉള്ള ധനാഗമമാർഗ്ഗങ്ങളുടെ സർവ്വ് മാത്രമല്ല ആ രാജ്യത്തിലെ മനുഷ്യരുടെ സ്ഥിതിഗതികളുടെ സർവ്വേയും കൂടെ ആകുന്നു. ഒരു രാജ്യത്തിന്റെ സാംപത്തികസർവ്വ് നടത്തുമ്പോൾ ആ രാജ്യത്തുള്ള സംഗതികളെമാത്രം അന്വേഷിച്ചാൽ പോരാ, മററു രാജ്യങ്ങളോടുള്ള സംബന്ധത്തെപ്പററിയും അന്വേഷണം നടത്തണം. മിസ്റ്റർ ആശാൻ പറഞ്ഞ നല്ല ഉദാഹരണങ്ങൾ കൊണ്ടു അദ്ദേഹം ഈ സംഗതി ഗ്രഹിച്ചിട്ടുണ്ടെന്നു തോന്നുന്നു ഈ രാജ്യത്തെ മാത്രം സംബന്ധിക്കുന്ന ഒരു സാംപത്തിക സർവ്വ് അദ്ദേഹത്തിനു വെറും ഇച്ഛാഭംഗത്തിൽ കലാശിക്കും. ലോകമഹായുദ്ധം നിമിത്തമുണ്ടായ പുരോഗതിയും ഈ രാജ്യത്തെ ഉൽപന്നങ്ങളുടെയും സംപൽവിതരണത്തിന്റെയും സംഗതിയിൽ ആയുദ്ധത്തിന്റെ അനന്തരഫലങ്ങളും അങ്ങനെയുള്ള മററു സംഗതികളും ആലൊചിക്കാതെ സർവ്വ് നടത്തിയാൽ ആ സർവ്വ് ഫലപ്രദമോ പൂർണ്ണമോ ആയിരിക്കയില്ല. ഈ വക വിഷയങ്ങൾ സാംപത്തിക സർവ്വ് നടത്തുന്നയാളെ ദൂരദിക്കുകളിൽ പോലും പോയി അന്വേഷണങ്ങൾ നടത്താൻ നിർബന്ധിതനാക്കും. തിരുവിതാംകൂറിന്റെ അതുത്തികൾക്കുള്ളിൽമാത്രം അന്വേഷണങ്ങൾ നടത്തിയാൽ പോരാ. ഞാൻ മുമ്പുപ്രസ്താവിച്ച പ്രകാരം ഇതിനെല്ലാം അധികം ധനവ്യയവും സമയവ്യയവും വേണം. ആ ജോലിപരിശീലിക്കുന്നവരെപ്പോലെ ചെയ്യാൻ മതിയാകയില്ല. തങ്ങളുടെ സമയം മുഴുവൻ ആതിന്നായി വിനിയോഗിക്കുന്ന വിദഗ്ദ്ധന്മാരാൽ മാത്രമെ ആ സർവ്വ് നടത്താൻ സാധിക്കയുള്ളു. വിദഗ്ദ്ധന്മാരെ നിയമിക്കുന്നതു വലിയ ചെലവാണു. സർവ്വ് ഗുണമുള്ളതാണെങ്കിൽ അതിനുവേണ്ടുന്നപണം ചെലവാക്കാൻ മടിക്കയില്ലെന്നു മിസ്റ്റർ ആശാൻ പറഞ്ഞു. അങ്ങനെയായിരിക്കാം. നമുക്കു വേണ്ടതു വിശാലവും ശാസ്ത്രീയവുമായ ഒരു സർവ്വേയാണു. നികുതിനിരക്കിനെ സംബന്ധിച്ചുള്ള അന്വേഷണം വളരെ പ്രയാസമുള്ളതാണു. അങ്ങനെയുള്ള ഒരു സർവ്വ് നടത്തുന്നതിന്നു ഞാൻ അനുകൂലനാണോ എന്നു മിസ്റ്റർ കൃഷ്ണപിള്ള ചോദിക്കുന്നു. സാംപത്തികശാസ്ത്രം പഠിപ്പിച്ചു വളരെക്കാലമായി ഉപജീവനം കഴിക്കുന്ന ഒരാളോടു ഇതു ചോദിക്കാൻ എന്തു ചോദ്യമാണതു? ഇങ്ങനെ വിശാലമായ ഒരു സർവ്വ്നടത്തിയാൽ എന്റെ സഹകാരികളിൽ ചിലർക്കും എന്റെ പഴയശിഷ്യന്മാരിൽ പലർക്കും അവരുടെ സാമർത്ഥ്യത്തിനുതക്ക ജോലിയും ഒരു പക്ഷെ അല്പം ശമ്പളക്കൂടുതലും കിട്ടും. ഒരു വിശാലമായ സാംപത്തികസർവ്വ് നടത്താൻ ഗവണ്മെന്റു നിശ്ചയിച്ചാൽ വളരെക്കാലം എനിക്കുബന്ധമുണ്ടായിരുന്ന ആർട്സ്കാളേജിന്റെ അർത്ഥശാസ്ത്രവകുപ്പിന്റെ ചരിത്രത്തിൽ അതൊരു സുദിനമായിരിക്കും. കണക്കില്ലാതെ പണം ചെലവിടാനുള്ള അനുവാദത്തോടു കൂടെ വിശാലവും ദീർഘകാലം നിലനില്ക്കുന്നതുമായ ഒരു അന്വേഷണം നടത്താൻ ആരംഭിക്കുന്നതുപോലെ പുറത്തുകാത്തുനില്ക്കുന്ന എന്റെ പഴയ ശിഷ്യന്മാർക്കു എല്ലാമായ വേറൊരു സംഗതി ഉണ്ടാകയില്ല. എന്നാൽ അത് ദൂരത്തെത്തുന്നതും ദീർഘകാലം നിലനില്ക്കുന്നതുമായ ഒരു അന്വേഷണത്തിനു കണക്കില്ലാതെ പണംചെലവുചെയ്യുകകൊള്ളാൻ എളുപ്പത്തിൽ ബോദ്ധ്യപ്പെടുത്തിയോ ഉപായത്താലോ സമ്മതിപ്പിക്കാൻ കഴിയുന്ന ഒരുസമയെ സാംപത്തിക സർവ്വിദഗ്ദ്ധന്മാർ ഇവിടെ കാണുകയില്ലെന്നുള്ളതാണു ഇവിടെ ഒരു പ്രയാസം ഉള്ളതു. ശാസ്ത്രീയ പ്രകാരം അന്വേഷണം നടത്തി ഉണ്ടാക്കുന്ന റിപ്പോർട്ടുകൾ വളരെ വിലയുള്ളതുതന്നെ. എന്നാൽ ആവശ്യപ്പെടുന്ന പ്രകാരമുള്ള സർവ്വേയുടെ അവസാനം കാണാൻ ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്നവരിൽ ചുരുക്കംപേരെ ഉണ്ടായിരിക്കുന്നുള്ളു, അങ്ങനെയാണു കാര്യത്തിന്റെ സ്ഥിതി. എന്നാൽ ഞാൻ ആവശ്യപ്പെട്ട ഭേദഗതി ഇത്രമാത്രമേയുള്ളു. "ഒൻ" എന്ന പകരം "ൽ" (രാജ്യത്തിന്റെ എന്ന വാക്കിനുപകരം രാജ്യത്തിൽ എന്ന വാക്കു) ചേർക്കണം എന്നു മാത്രമേയുള്ളു. നമുക്കു ശാസ്ത്രീയമായ ഒരു സർവ്വേയാണു വേണ്ടതു്. അതിന്നു പ്രയാസവുമില്ല. ആർട്സ്കാളേജിലെ പ്രൊഫസർമാർ, വിദ്യാർത്ഥികളുടെ സഹകരണത്തോടുകൂടി കാളേജവധിക്കാലത്തു ഇങ്ങനെയൊരു സർവ്വ് നടത്തണമെന്നു അല്പകാലം മുമ്പു ഈ രാജ്യത്തു ഒരു ഉത്തരവാദിത്വമുള്ള അന്വേഷണോദ്യോഗികസംഘം ഒരു റിപ്പോർട്ടയക്കുകയുണ്ടായി. അതനുസരിച്ചു അയച്ചതന്നു. ഞാൻ അമ്പരന്നുപോയി. അതിനെപ്പററി ഞാൻ എഴുതിയ ഒരു ദീർഘലേഖനം ഇതാ ഇവിടെ ഉണ്ടു്. സാംപത്തികസർവ്വ് എന്താണെന്നും അതിന്റെ ഉദ്ദേശമെന്താണെന്നും അതെങ്ങനെയാണു നടത്തേണ്ടതെന്നും യാതൊരു ഗന്ധവുമില്ലാതെ യാണു ആ റിപ്പോർട്ടയച്ചിട്ടുള്ളതെന്നു ഞാൻ പ്രസ്താവിക്കേണ്ടി വന്നു. അവർ ശിപാർശചെയ്തപ്രകാരമുള്ള ഒരു സർവ്വ് ഒരു വിദ്യാർത്ഥിസർവ്വ് ആയിപോകുമെന്നു ഞാൻ പറഞ്ഞു. ഗവണ്മെന്റും എന്റെ അഭിപ്രായത്തോടു യോജിച്ചു് അതു വിദ്യാർത്ഥികളുടെ ചെലവുള്ള ഒരു അഭ്യാസം മാത്രമായിരിക്കുമെന്നും അതുകൊണ്ടു അങ്ങനെയൊരു സർവ്വ് ചെയ്യിട്ടാവശ്യമില്ലെന്നും കല്പിച്ചു. അന്നു ഞാൻ മൂന്നു കാര്യങ്ങളാണു ഗവണ്മെന്റിനെ ബോധിപ്പിച്ചതു. ഒന്നാമതു ഇങ്ങനെയുള്ള ഒരു സർവ്വ് അതിസൂക്ഷ്മതയോടെ ചെയ്യുകിൽ മാത്രമേ വിലയുള്ളതാതിരിക്കു, രണ്ടാമതു, ഒരു വിദഗ്ദ്ധന്റെ സമയം മുഴുവനും അതിന്നായി വിനിയോഗിക്കണം; മൂന്നാമതു, ഇങ്ങനെയുള്ള ഒരു സർവ്വ് ഈ രാജ്യത്തെ എല്ലാധിപ്പർട്ടമെന്റുകളുടെയും സഹകരണം കൂടാതെ ഏതു വിദഗ്ദ്ധൻ ചെയ്താലും അതിന്റെ ഫലം ആപൽകരമായിരിക്കും. ഇങ്ങനെയുള്ള ഒരുജോലി ഭരമേല്പിക്കേണ്ടതു വിദഗ്ദ്ധന്മാരുടെ ഒരു ഉദ്യോഗസ്ഥ സർവ്വസംഘത്തെ വേണമെന്നും ഞാൻ പറഞ്ഞു. സർവ്വനടത്തുന്നവർക്കു കുറെ ചക്രം സൌജന്യം കൊടുത്തും ഒരു പ്രൊഫസർക്കു കുറെയുപകാരങ്ങൾക്കും അങ്ങുമിങ്ങും ഡിഡ്ഡിവേഷം കളിനടന്നു ചില അബദ്ധാനുമാനങ്ങൾ ഉണ്ടാക്കുന്നതിനു സമ്മാരപ്പടിയും താമസ്വത്തും കൊടുത്തും അവധിക്കാലത്തു ചെയ്യിക്കാവുന്ന ജോലിയല്ല ഇതെന്നും അവരുടെ അനുമാനങ്ങളെ അടിസ്ഥാനമാക്കി നിയമങ്ങളുണ്ടാക്കിയാൽ ഭാവിയിലെ മുറകൾക്കു വലിയ ദോഷമായിരിക്കുമെന്നും ഞാൻ പ്രസ്താവിച്ചിരുന്നു. ഇങ്ങനെയായിരുന്നു എന്റെ അന്നത്തെ ആക്ഷേപങ്ങൾ. അവ ഇപ്പോഴും പ്രബലതയിൽതന്നെ ഇരിക്കുന്നു. ഒരു സാംപത്തിക സർവ്വ് നടത്തണമെന്നുണ്ടായിരുന്നാൽ

അതൊരു നേരംപോക്കായിരിക്കാതെ യഥാർത്ഥവും ഗൌരവവും ആയിരിക്കണം. കുറേക്കൂടി മൈസൂരിൽ നിലനി ച്ചുമത്തുന്നതിനെപ്പററി ഒരന്വേഷണം ആരംഭിച്ചു. അങ്ങനെ ഒരന്വേഷണം ഞാനും അനുമോദിക്കും. വിദഗ്ദ്ധ ന്മാർ നടത്തുന്ന അന്വേഷണമാണു നമുക്കുവേണ്ടതു. അതിസൂക്ഷ്മതയോടുകൂടിയ സ്ഥലാന്വേഷണം വേണം. അതി സൂക്ഷ്മതയോടുകൂടിയ സ്ഥലാന്വേഷണത്തിനു ദീർഘകാലം വേണം; അധികം ധനവ്യയവും ഉണ്ടാകും. ഇങ്ങനെ പ്രത്യേകസ്ഥലം തിരഞ്ഞെടുത്തുള്ള ഒരന്വേഷണം ബോംബേപ്രസിഡെൻസിയിൽ ഒരു കൃഷിപ്പാൻ ചെയ്യുടെ പ്രി ൻസിപ്പാലും പിന്നീടവിടെകൃഷിയധികൃതമായ ഒരു മാന്യൻ നടത്തിയതു ഉത്തമമായിരുന്നു. അദ്ദേഹത്തിന്റെ അന്വേഷണം പൂർത്തിയാകുന്നതിനു രണ്ടുവർഷം വേണ്ടിവന്നു. അദ്ദേഹത്തെ സഹായിക്കുന്നതിനു അനേകം കൃഷി യും അർത്ഥശാസ്ത്രവും ബിരുദധാരികളും ഉണ്ടായിരുന്നു. അതിന്റെ റിപ്പോർട്ടു രണ്ടുവാല്യംഉണ്ടു. അർത്ഥശാസ്ത്ര ജ്ഞന്മാർ ആ പുസ്തകങ്ങളെ ആധാരവാക്യങ്ങളായി സ്വീകരിക്കുന്നുണ്ടു്. ഭരണാധികാരിമാരുടെ അനുമോദ നവും അവയ്ക്കുലഭിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള പരിശ്രമങ്ങളാണു നമുക്കു വേണ്ടതു. അതു അനേകവർഷം തുട ർന്നുചെയ്യണം കുറെ ഉദ്യോഗസ്ഥന്മാർവേണം: അവർ വളരെക്കാലം അന്വേഷണം നടത്തുകയും വേണം. അനേകവിവരങ്ങളടങ്ങിയ കണക്കുകൾ പൊട്ടന്നു സൃഷ്ടിക്കണമെന്നാണു മിസ്റ്റർ ആശാൻ പറയുന്നതു്. കണ ക്കു ശേഖരിക്കലും സാംപത്തിക സർവ്വേയും തമ്മിൽ അദ്ദേഹം കുഴപ്പുകയാണെന്നു എനിക്കു അപ്പോൾ തന്നെതോ ന്നി. മിസ്റ്റർ ആശാന്റെ പ്രമേയം സ്വീകരിച്ചാൽ നാം ഉടൻതന്നെ എവിടെയെങ്കിലും ജോലി ആരംഭിക്ക ണം. തല്ക്കാലം കിട്ടുന്നവരല്ല അർത്ഥശാസ്ത്രജ്ഞന്മാരെയും നിയമിക്കണം. അവരെ കുറെനാൾ സൂക്ഷിച്ചിട്ടു രാജ്യം ഒട്ടുക്കു സഞ്ചരിക്കാൻ, ആരെയും ഉപദ്രവിക്കാതിരിക്കാനുള്ള കരുതലുകളോടുകൂടി അയച്ചുവിടണം. പിന്നീ ടു ഏതെങ്കിലും പട്ടണമൊ ഗ്രാമമോ തിരഞ്ഞെടുത്തു് അവിടത്തെ സാംപത്തിക സ്ഥിതിയെപ്പററി ഗാഢമായി അന്വേഷണങ്ങൾ നടത്തി, അവരുടെ ശാസ്ത്രീയമായ അനുമാനങ്ങളെ സഭയുടെ ആ ഭാഗത്തുള്ള മാന്യന്മാർക്കു ആ ധാരമാക്കി പ്രവർത്തിക്കത്തക്കവണ്ണമുള്ള ഒരു ഒന്നാന്തരം റിപ്പോർട്ടു സമർപ്പിക്കാനും പറയണം. ഇങ്ങനെയുള്ള ഒരുപ്രമേയം ഞാൻ സ്വീകരിക്കുമായിരുന്നു. എനിക്കു അധികാരമുണ്ടായിരുന്നെങ്കിൽ മിസ്റ്റർ ആശാനെയും മിസ്റ്റർ കൃഷ്ണപിള്ളയേയും മററും അനുകൂലിച്ചു ഇങ്ങനെയൊരു അന്വേഷണം വേണ്ട മുൻകരുതലുകളോടുകൂടി നട ത്താൻ അനുവദിക്കയും തൃപ്തികരമായ ഫലം കണ്ടാലെങ്കിൽ അന്വേഷണം സീമക്കുമേണ വർദ്ധിപ്പിച്ചു പൂർണ്ണ മാക്കുകയും ചെയ്യുമായിരുന്നു.

ഡിപ്യൂട്ടിപ്രസിഡെൻറ്: പ്രമേയം ഇന്ന പ്രത്യേകരൂപത്തിലായിരിക്കണമെന്നു നിങ്ങൾക്കു പറയാൻ ക ഴിയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): പ്രമേയത്തിനു ഭേദഗതി വരുത്താതെ, അതിനെ കേവലം ഒരിക്കൽ നശിപ്പിക്കാതെ, അതിലൊരു ചെറിയ മാററം വരുത്തണമെ ന്നു മാത്രമേ എനിക്കിപ്പോൾ പറവാൻ സാധിക്കയുള്ളു. എന്നാൽ ആമാററത്തിനു എന്റെ സ്നേഹിതൻ മിസ്റ്റർ കൃഷ്ണപിള്ള അനുകൂലിക്കുമെങ്കിലും മിസ്റ്റർ ആശാൻ സമ്മതിക്കയില്ല. പ്രമേയത്തിൽ "രാജ്യത്തിന്റെ" എന്നതിനു പകരം "രാജ്യത്തിൽ" എന്നാക്കണമെന്നാണു ഞാൻ പറയുന്നതു. ഈ ഭേദഗതി ഉണ്ടാക്കിയാൽ പ്രമേയ പ്രകാരം വേണ്ടതു അതിവിശാലമോ രാജ്യമൊട്ടുക്കു നടത്തേണ്ടതൊ ആയ സാംപത്തിക സർവ്വേയാണെന്നു വ രികയില്ല.

ഒരിക്കൽ കൂടി പറയാം. ഭേദപ്പെടുത്താത്തപ്രമേയ പ്രകാരമുള്ള അന്വേഷണത്തിൽ, ഈ നാട്ടിലുള്ള ഒ രോ പുരുഷനെയും സ്ത്രീയെയും ശിശുവിനെയും ഉൾപ്പെടുത്തേണ്ടിവരും. ഇങ്ങനെയുള്ള ഒരു സർവ്വെ നടത്തുന്ന തിനു വേണ്ടുന്ന പ്രാപ്തിയും പരിചയവും ക്ഷമയും ഉള്ള ഒരു സർവ്വേയരെ കിട്ടുന്നകാര്യം സുസാദ്ധ്യമല്ല. എന്റെ ഭേദഗതി പ്രമേയത്തെ പ്രായോഗികമായ ഫലം കാണിക്കുന്നവല്ലതും ചെയ്യാൻ സാധിക്കയും ചെയ്യും. അതി വിശാലമായ ഒരു അന്വേഷണം നടത്തണമെന്നു നാം അതിവിസ്തീർണ്ണമായ ഒരു ആജ്ഞകൊടുത്താൽ യാതൊന്നും സാധിക്കയില്ല. പൊതുസ്ഥാപനങ്ങളോടും ജനസ്വാതന്ത്ര്യത്തോടുമുള്ള ആദരവിന്റെ ഒരു ലക്ഷ്യമായി ഇങ്ങ നെയൊരു സർവ്വെ നടത്തണമെന്നു ഗവർണ്ണർക്കിനെ നിർബന്ധിക്കുന്നതു അസാദ്ധ്യമായ ഒരു കാര്യം ചെയ്യാൻ അ വരോടു ആവശ്യപ്പെടുകയാണു്. ജീവകാലം മുഴുവനും അർത്ഥശാസ്ത്രപഠനത്തിൽ കഴിക്കുന്ന എന്നെപ്പോലെത ന്നെ എന്റെ സഹകാരികളും ഇങ്ങനെയൊരു ഭേദഗതി ആവശ്യമാണെന്നു പറയാതിരിക്കയില്ല. മിസ്റ്റർ ആശാൻ അതുസ്വീകരിച്ചാൽ നമ്മാൽ കഴിവുള്ളേടത്തോളം ചെയ്യാം. അല്ലെങ്കിൽ നമ്മാൽ എന്തുകഴിയും? ഇങ്ങനെയാണു കാര്യത്തിന്റെ സ്ഥിതി. പ്രായോഗികവും വിലയുള്ളതുമായ ഒരന്വേഷണം നടത്താമെന്നു ഗവർണ്ണർക്കു ഒരേമ ററാൻ പ്രമേയം ഞാൻ പറഞ്ഞപ്രകാരം ഭേദപ്പെടുത്തുകയൊ പ്രമേയത്തെ പിൻവലിക്കയൊ ചെയ്യാൻ മിസ്റ്റർ ആശാനെക്കൊണ്ടു സമ്മതിപ്പിക്കയൊ ഈ സഭനിർത്തുകയൊ ചെയ്യാൽ അങ്ങനെയൊരു അന്വേഷണം നട ത്തുന്ന കാര്യം ഗവർണ്ണർക്കു സൂക്ഷ്മതയോടും സാവകാശത്തോടും ആലോചിക്കുന്നതായിരിക്കും. ഇതിനപ്പുറം എ നിക്കു പറവാൻ സാധിക്കയില്ല. കഴിവുള്ളിടത്തോളം പ്രായോഗികവും പ്രയോജനവും ഉള്ള ഒരന്വേഷണം നടത്തുമെന്നു പ്രതിജ്ഞ ചെയ്യാൻ മാത്രമേ എനിക്കിപ്പോൾ നിവൃത്തിയുള്ളു. ഇതിലധികം ഏതൊരു ഗവ ർണ്ണർക്കും ചെയ്യാൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതിനെ സംബന്ധിച്ചു പത്തു വർഷത്തിലൊ രിക്കലുള്ള ജനസംഖ്യ എടുക്കുന്നകാലവും ആസന്നമായിരിക്കുന്നു എന്നുള്ള സംഗതിയും ഞാൻ ഇവിടെ പ്രസ്താ വിച്ചു കൊള്ളുന്നു. ആപ്രവൃത്തി ആരംഭിക്കുമ്പോൾ സാംപത്തികമായ ചില അന്വേഷണങ്ങളും നടത്താൻ ശ്രമിക്കാതിരിക്കയില്ലെന്നു നിശ്ചയമാണു്. എന്നാൽ, ഒരു പ്രയാസമേയുള്ളു. അതിന്നായി നിയമിക്കുന്ന ആ ളുകൾ ആളുകളെ എണ്ണാതല്ലാതെ പ്രയാസവും അസാദ്ധ്യവും ആയസംഗതികളെപ്പററി അന്വേഷണം നടത്താൻ തക്ക യോഗ്യതയുള്ളവരായിരിക്കയില്ല. ജനസംഖ്യക്കണക്കു സംബന്ധിച്ചു നിയമിക്കപ്പെടുന്ന അനവധിയാളുക ളും കാര്യങ്ങളുടെ ഉള്ളിൽ കടന്നു സാംപത്തിക സ്ഥിതിയെപ്പററി ന്യായമായ അനുമാനങ്ങൾ ഉണ്ടാക്കുന്നതിനു കഴിവുള്ളവരായിരിക്കയില്ല. ജനസംഖ്യ എടുക്കാൻ നിയമിക്കുന്ന ആളുകളെ സാംപത്തികസർവ്വെ ജോലിയും ഏല്പിച്ചാൽ ഉണ്ടാകുന്ന ആപത്തു അതാകുന്നു. ജനസംഖ്യക്കണക്കിൽനിന്നു നമുക്കു ലഭിക്കാനിടയുള്ള വിവര ങ്ങൾ ഓരോവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം, വ്യവസായങ്ങളുടെ സാമാന്യസ്ഥിതി എന്നി

ത്യാദിപ്രത്യക്ഷ സംഗതികൾ മാത്രമായിരിക്കും. അങ്ങനെയുള്ള വിവരങ്ങൾ ശേഖരിക്കാൻ കഴിയും. ഓരോ സ്ഥിതിക്കും സംഗതിക്കുമുള്ള ആന്തരമായ കാരണങ്ങൾ എന്താണെന്നറിവാൻ സാധിക്കയില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ഒരു സാംപത്തിക സർവ്വേ നടത്തണമെന്നു നമ്മുടെ എക്കോണമിക്ക് ഡെവലപ്പ്മെൻറ് ബോർഡ് അഭിപ്രായപ്പെട്ടിട്ടുള്ള സംഗതി ഡയറക്ടരോടു പറഞ്ഞുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിങ് വിദ്യാഭ്യാസ ഡയറക്ടർ): അതല്ലാം (തൻറെ മുമ്പാകെയുള്ള കടലാസു കെട്ടുകാണിച്ചുകൊണ്ട്) ഇവിടെയുണ്ട്. ഒരുദ്യോഗസ്ഥമെംബർ സഭയിൽവന്നു ഒരു വിഷയത്തെപ്പററി സംസാരിക്കാൻ ഭാവിക്കുമ്പോൾ ആ വിഷയത്തെ സംബന്ധിച്ചുള്ള എല്ലാകടലാസുകളും വായിച്ചുകൊണ്ടു വരുന്നതു അദ്ദേഹത്തിൻെറ ജോലിയിൽ പെട്ടതാകുന്നു.

ഇതാണു കാര്യത്തിൻെറ സ്ഥിതി. ഞാൻ പ്രസ്താവിച്ച പ്രകാരമുള്ള പ്രതിജ്ഞകൊണ്ടു തൃപ്തിപ്പെടുത്തുമെങ്കിൽ നമ്മുടെ ജോലിമുടങ്ങാതെ പോകാം. അല്ലാത്തപക്ഷം മിസ്റ്റർ ആശാൻ അവതരിപ്പിച്ചിട്ടുള്ളതുപോലെ അവ്യക്തവും അതിവിശാലവും കേവലം അപ്രായോഗികവും ആയ ഒരു പ്രമേയത്തെ സ്വീകരിക്കണമെന്നു ഈ സഭയോടോ ഗവർണ്മെൻറിനോടോ ശിപാർശ ചെയ്യാൻ എനിക്കു അസാധ്യമാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇത്രമാത്രമേ എനിക്കു പറവാനുള്ളു. ആർക്കെങ്കിലും വല്ല ചോദ്യവും ചോദിക്കാനുണ്ടെങ്കിൽ ഞാൻ മറുപടി പറയാം.

അനേകം പ്രായോഗികമായ വിഷയങ്ങൾ നമ്മുടെ ആലോചനയ്ക്കു ബാക്കിയുണ്ട്. സഭ ഇപ്രകാരം ചെയ്യുമെങ്കിൽ ഭരണകാര്യത്തെപ്പററി ആലോചിക്കാൻ സൌകര്യം കിട്ടും.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്നെ സംബന്ധിച്ചു ഒരു സമാധാനം പറവാൻ ആഗ്രഹിക്കുന്നു.

ഡിപ്യൂട്ടി പ്രസിഡൻറ്: ഇവിടെ പ്രസ്താവിക്കപ്പെട്ട പ്രകാരമുള്ള ഭേദഗതി സ്വീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോ?

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതു ഞാൻ പറവാൻ ആഗ്രഹിക്കുന്ന സമാധാനത്തിൽ വരും.

ഡിപ്യൂട്ടി പ്രസിഡൻറ്: അങ്ങനെയാകട്ടെ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): പ്രമേയം അദ്ദേഹം പറഞ്ഞ പ്രകാരം ഭേദപ്പെടുത്തണമെന്നു മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ പറഞ്ഞപ്പോൾ, എനിക്കു അദ്ദേഹത്തോടു അതിയായ ബഹുമാനമുണ്ടെങ്കിലും പ്രമേയം ഞാൻ വളരെ ആലോചിച്ചു രചിച്ചതാകയാൽ അതിനെ ഭേദപ്പെടുത്താൻ സാധിക്കയില്ലെന്നു പറയേണ്ടിവന്നു. എങ്കിലും മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ പറഞ്ഞപ്രകാരം പ്രമേയം ഭേദപ്പെടുത്തണമൊ വേണ്ടായൊ എന്നുള്ളകാര്യം സഭയുടെ അഭിപ്രായം പൂർണ്ണമായികേട്ടിട്ടു എൻെറ അഭിപ്രായമോ അദ്ദേഹത്തിൻെറ അഭിപ്രായമോ അധികം പ്രാബല്യമുള്ളതെന്നറിഞ്ഞ ശേഷമേ ആലോചിക്കാൻ നിവൃത്തിയുള്ളു. അതുകൊണ്ടു മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരുടെ ഭേദഗതി ഞാൻ സ്വീകരിക്കുമൊ എന്നു എനിക്കിപ്പോൾ പറവാൻ സാധിക്കയില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിങ് വിദ്യാഭ്യാസ ഡയറക്ടർ): കാര്യത്തിൻെറ സ്ഥിതി ഞാൻ സൂക്ഷ്മമായി കാണുന്നുണ്ട്. വിഷയത്തിൻെറ യോഗ്യതായോഗ്യതകളെപ്പററി സംസാരിച്ചിട്ടാവശ്യം ഇല്ലെന്നു ഞാൻ വിചാരിച്ചു. അതിനെ സംബന്ധിച്ചു പ്രയാസമൊന്നുമില്ല. ഇങ്ങനെയുള്ള ഒരു സാംപത്തിക സർവ്വേയുടെ വ്യാപ്തിയെപ്പററി മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ഒരു ചോദ്യം ചോദിക്കയുണ്ടായി. അതിനെപ്പററി പൂർണ്ണമായ വിചാരിക്കുന്നതു ഈ കാര്യത്തിൻെറ തീർച്ചയ്ക്കു സഹായമായിരിക്കും. അതെല്ലാം വിവരിച്ചു സഭയെ മുഷിപ്പിക്കാതെ കഴിക്കാം എന്നു ഞാൻ വിചാരിച്ചു. ആലോചനയ്ക്കു വേറെയും പല പ്രമേയങ്ങൾ ഉണ്ടല്ലോ.

ഡിപ്യൂട്ടി പ്രസിഡൻറ്: നിങ്ങൾക്കു പത്തു മിനിട്ടു കൂടെ അനുവദിക്കാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): എപ്പോഴെങ്കിലും നിറുത്തുന്നതിനു എനിക്കു സമ്മതമാണ്. അമേരിക്കക്കാർ പറയുന്നപോലെ "ഇതു എൻെറ അന്ത്യക്രിയ അല്ലല്ലോ."

ഒരു ചരിത്ര രൂപത്തിൽ ഏഴുഗ്രാമങ്ങളുടെ സാംപത്തിക സർവ്വേ നടത്തണമെന്നും മഹാരാജാസ് കാളേജിൻെറ അദ്ധ്യാപകാദ്ധ്യാപികമാരെക്കൊണ്ടു ആ ജോലി ചെയ്യിക്കണമെന്നും എക്കോണാമിക്ക് ഡെവലപ്പ്മെൻറ് ബോർഡ് ചെയ്ത അപേക്ഷയെപ്പററി തന്നെ പറയാം. അങ്ങനെയുള്ള ഒരു സർവ്വേയുടെ പ്രയാസങ്ങളെപ്പററി ഞാനിപ്രകാരം പ്രസ്താവിച്ചു:—

"രാജ്യത്തിൻെറ പല ഭാഗങ്ങളിലുള്ള ഏഴുഗ്രാമങ്ങളിൽ ഒരു സാംപത്തിക സർവ്വേ നടത്താൻ വേണ്ടുന്ന ഏർപ്പാടുകൾ അടിയന്തിരമായി ചെയ്യണമെന്നു എക്കോണാമിക്ക് ഡെവെലപ്പ്മെൻറ് ബോർഡ് ആഗ്രഹിക്കുന്നു എന്നു കാണുന്നു. ഈ ഗ്രാമങ്ങൾ മാതൃകാഗ്രാമങ്ങളായി ബോർഡ് വിചാരിക്കുന്നു. എന്നാൽ ഗ്രാമങ്ങൾ മാതൃകാഗ്രാമങ്ങളാണോ എന്നുള്ള കാര്യം തീർച്ചയാക്കേണ്ടതു, രാജ്യമൊട്ടുക്കു സഞ്ചരിച്ചു സാംപത്തിക സ്ഥിതിയെ സംബന്ധിച്ചു രാജ്യത്തെ എങ്ങനെ വിഭജനം ചെയ്യാമെന്നു ആലോചിച്ചുറച്ചശേഷം സർവ്വേ നടത്തുന്നതിനായി നിയമിക്കപ്പെടുന്ന വിദഗ്ദ്ധൻെറ ജോലിയാകുന്നു. ഇങ്ങനെയുള്ള ഒരു സർവ്വേ നടത്തുന്നകാര്യത്തിൽ സംഭവിക്കാവുന്ന ഒരു വലിയ ന്യൂനത ചില സ്ഥിരാഭിപ്രായങ്ങളോടുകൂടെ ജോലി ആരംഭിക്കയാകുന്നു."

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഏഴു ഗ്രാമങ്ങളുടെ സർവ്വേയെപ്പററി എക്കോണാമിക്ക് ഡെവലപ്പ്മെൻറ് ബോർഡ് ചെയ്ത ശിപാർശയല്ല നമ്മുടെ ആലോചനാവിഷയം എന്നു ഞാൻ സഭയെ ഓർമ്മിപ്പിച്ചു കൊള്ളുന്നു. മെംബർ എൻെറ ചോദ്യത്തിനു മറുപടി പറയുകയാണെങ്കിൽ മിസ്റ്റർ ആശാൻ

അവതരിപ്പിച്ച പ്രമേയത്തിന്റെ വ്യാപ്തി എന്താകണമെന്നാകുന്നു എനിക്കാരു മറുപടി കിട്ടേണ്ടതു്, അദ്ദേഹം ഇപ്പോൾ കൊണ്ടുവരുന്ന വാദത്തിന് ആ വിഷയത്തോടു സംബന്ധമില്ല. ഏഴു ഗ്രാമങ്ങളുടെ സർവ്വേ ഞങ്ങൾക്കാവശ്യമില്ല.

ഡിപ്യൂട്ടി പ്രസിഡന്റ്: എക്കോണാമിക്ക് ഡെവലപ്പുമെന്റ ബോർഡിന്റെ ശിപാർശയെപ്പററി ഡയറക്ടർക്കറിവുണ്ടോ എന്നു ആരോ ചോദിച്ചു. അദ്ദേഹം അതിന്നു മറുപടി പറയുകയാണു ചെയ്യുന്നതു്.

മി. കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിങ് വിദ്യാഭ്യാസ ഡയറക്ടർ): ഞാൻ പറയുന്നതിന്റെ സാരം ഇതാണ്. ഡെവലപ്പ്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന ചെറിയ കാര്യത്തിന്നു ഇത്ര വലിയ പ്രയാസങ്ങളുണ്ടെങ്കിൽ, ബോർഡിലുള്ള വിദഗ്ദ്ധന്മാർക്കുപോലും നിർവ്വഹിക്കാൻ കഴിയാത്തതാണെങ്കിൽ അതിവിശാലമായ ഒരു സർവ്വയുടെ കാര്യം എന്തായിരിക്കുമെന്നു ഞാൻ സഭയുടെ സങ്കല്പനാശക്തിക്കു വിട്ടു കൊള്ളുന്നു. രാജ്യം മുഴുവനും സർവ്വ ചെയ്യുകയാണെങ്കിലും അല്ലെങ്കിലും ചെറിയ അംശങ്ങൾകൊണ്ടു ആരംഭിക്കണം. ആരുവാരമൊഴിയിൽ നിന്നു മോട്ടാർകാറിൽ പുറപ്പെട്ട ദിവസം അറുപതു നാഴിക ദൂരം സഞ്ചരിക്കുന്ന ഒരാൾക്കു രാജ്യം സർവ്വെ ചെയ്യാൻ അശേഷം സാധിക്കയില്ല. ഒരു സാംപത്തിക സർവ്വ ഏററവും ചെറിയ രാജ്യാംശം തിരഞ്ഞെടുത്തു ആരംഭിക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മോട്ടാർകാറിൽ ഏഴു ഗ്രാമങ്ങളിൽ കൂടി ഓടിച്ചുള്ള ഒരു സാംപത്തിക സർവ്വ യാണോ പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതു്?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിങ് വിദ്യാഭ്യാസ ഡയറക്ടർ): ഏഴുഗ്രാമങ്ങളിൽ പോകാമെന്നു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ഗ്രഹിച്ചുകാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഏഴു ഗ്രാമങ്ങൾ തന്നെ തിരഞ്ഞെടുത്തുതുടങ്ങാം. ഈ ഏഴു ഗ്രാമങ്ങളുടേ സാംപത്തിക സർവ്വ ആരംഭിക്കാമോ എന്നതിനു യാക്കുന്നതിനു ഒരു പ്രാരംഭ അന്വേഷണം നടത്തണം. മി: കെ. പി. നീലകണ്ഠപിള്ള നിയമനിർമ്മാണത്തിൽ സമർത്ഥനായിരിക്കാം. എന്നാൽ അർത്ഥശാസ്ത്ര വിദഗ്ദ്ധനായി ഞാൻ അദ്ദേഹത്തെ സ്വീകരിക്കയില്ല. ഞാൻ പ്രസംഗം തുടർന്നുകൊള്ളുന്നു.

"ആദ്യമേതന്നെ ശാസ്ത്രീയമായ ഒരന്വേഷണം കൂടാതെ ചില സ്ഥലങ്ങൾ സാംപത്തിക സ്ഥിതിയിൽ മാതൃകകളാണെന്നു നിശ്ചയിക്കുന്നതു അശാസ്ത്രീയമായ അനുമാനങ്ങളിൽ പരിണമിക്കും, എക്കോണാമിക്ക് ഡെവലപ്പ്മെൻറ് ബോർഡ് ആഗ്രഹിക്കുന്ന പ്രകാരമുള്ള രണ്ടു സർവ്വെയുടെ റിപ്പോർട്ടുകളുടെ അച്ചടിച്ച പ്രതികൾ ഇപ്പോൾഉണ്ട്. ഒന്നിൽ ഡോക്ടർ ഗിൽ ബോർട്ടു സ്ലോററർ പഠനത്തിന്നായി തിരഞ്ഞെടുത്ത ചില ദക്ഷിണേൻഡ്യൻ ഗ്രാമങ്ങളിൽ നടത്തിയ അന്വേഷണങ്ങളുടെ ഫലം കൊടുത്തിരിക്കുന്നു. ഡോക്ടർ സ്ലോററും അദ്ദേഹത്തിന്റെ അർത്ഥശാസ്ത്രവിദ്യാർത്ഥികളും അവിടത്തെ സാംപത്തിക സ്ഥിതികളെപ്പററി അന്വേഷണം നടത്തി, അദ്ദേഹത്തിന്റെ ശിഷ്യന്മാർ നടത്തിയ അന്വേഷണങ്ങൾ പൂർത്തിയാകുന്നതിനു ചില വർഷങ്ങൾ വേണ്ടിവന്നു. അതിന്റെ മേല്പന്വേഷണത്തിനു തന്റെ സമയം മുഴുവനും വിനിയോഗിക്കാൻ ഡോക്ടർ സ്ലോററക്കു സ്വാതന്ത്ര്യം ഉണ്ടായിരുന്നു. എങ്കിലുംഗ്രാമങ്ങൾ തിരഞ്ഞെടുത്തതു പ്രാരംഭമായി നടത്തേണ്ടുന്ന അന്വേഷണം കൂടാതെ യാണെന്നും ന്യായമായ അനുമാനങ്ങൾ ഉണ്ടാകുന്നതിനു അവർ ചെയ്ത ജോലി കൃത്യമായിട്ടില്ലെന്നും ഡോക്ടർ സ്ലോററും അദ്ദേഹത്തിന്റെ ശിഷ്യന്മാരും രേഖരിച്ച വിവരങ്ങളെപ്പററിയും അവരുടെ അനുമാനങ്ങളെപ്പററി സാധുവായി സ്വീകരിക്കപ്പെട്ട ആക്ഷേപങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അന്വേഷണം നടത്തിയ ഒന്നാമത്തെ ഗ്രാമം അദ്ദേഹം തന്നെയാണോ തിരഞ്ഞെടുത്തതു?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിങ് വിദ്യാഭ്യാസ ഡയറക്ടർ): അവിടെ ചെന്നത്താനുള്ള സൌകര്യം നിമിത്തം അദ്ദേഹം അതു തിരഞ്ഞെടുത്തു. അദ്ദേഹം തന്റെ സ്വന്ത ഇഷ്ട പ്രകാരവും സ്വന്ത ആവശ്യം പ്രമാണിച്ചുമാണു തിരഞ്ഞെടുത്തതു, ഗവണ്മെൻറിന്റെ അനുവാദത്തോടുകൂടെയല്ല

ആവശ്യമുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനു അസിസ്റ്റൻറന്മാർ (സഹായികൾ) വേണം. അവർ കൊടുക്കേണ്ടതു വിദഗ്ദ്ധസംഗ്രഹവും ആയിരിക്കണം. കലാശാലകളിൽ അർത്ഥശാസ്ത്രം പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ സഹായം ശാസ്ത്രീയ ദൃഷ്ടി വിഷയമുള്ളതായിരിക്കയില്ല. ഇങ്ങനെയുള്ള സാംപത്തികസർവ്വെയിൽ പങ്കെടുത്തു പ്രയോഗിച്ചു പരിശീലനം വരിക്കുന്നതിനു പുസ്തകങ്ങൾ വായിച്ചും പ്രസംഗങ്ങൾകേട്ടും അർത്ഥശാസ്ത്രം പഠിക്കുന്ന വിദ്യാർത്ഥികൾക്കു അവസരം ഉണ്ടാക്കികൊടുക്കുന്നതു ഒരു കാര്യം. മുമ്പിൽക്കൂട്ടി തന്നെ പരിശീലനം ആവശ്യമുള്ള ഒരു ശാസ്ത്രീയാന്വേഷണത്തിൽ സഹായിക്കാൻ അങ്ങനെയുള്ള വിദ്യാർത്ഥികൾ മതി എന്നു വിചാരിക്കുന്നതു എന്തുകൊണ്ടോ വ്യത്യസ്തമായ വേറൊരു കാര്യം. അങ്ങനെ നടത്തുന്ന സർവ്വെയുടെ വില അതിന്റെ ബുദ്ധിമുട്ടിന്നനുരൂപമായിരിക്കയില്ല. അതിന്റെ അനുമാനങ്ങൾ കഠിനമായ ആക്ഷേപത്തിന്നു പാത്രമായിരിക്കയും ചെയ്യും.

ഒരു ഗ്രാമസർവ്വെയിൽ ചെയ്യേണ്ടുന്ന കാര്യങ്ങളിൽ ചിലതു ഇവയാണ്. എന്നാൽ നമുക്കു ഗ്രാമസർവ്വെപോരായല്ലോ. നമുക്കു നഗര സർവ്വെയും വേണമല്ലോ. ബോംബേ ഗവണ്മെൻറിന്റെ ആവശ്യപ്രകാരം മിസ്റ്റർ ഫിഞ്ച്ഹെഷിറാസ് ആ സംസ്ഥാനത്തിൽ ഒരു ചെറിയ സംഘം നഗരങ്ങളുടെ സർവ്വെ നടത്തി. അതിന്നു അനേകായിരം രൂപാ ചെലവായി എങ്കിലും അതിനെ സംബന്ധിച്ച റിപ്പോർട്ടു റിക്കാടാക്കുകമാത്രമാണു ചെയ്തതു. ഇപ്പോൾ ആവശ്യപ്പെടുന്ന പ്രകാരമുള്ള ഒരു സർവ്വെ ഗവണ്മെൻറു നടത്തുകയാണെങ്കിൽ ആ സർവ്വെ സ്ഥിരവും അതിൽ നിന്നുണ്ടാകാവുന്ന അനുമാനങ്ങൾ തക്കവില്ലാത്തതും ആയിരിക്കണം. വിദ്യാർത്ഥികളുടെ അന്വേഷണം പോലെയുള്ള ഗവേഷണം നടത്തീട്ടു പ്രയോജനമില്ല. വിദ്യാർത്ഥികളുടെ സർവ്വെയെപ്പോലെയല്ലാതെ മഠങ്ങളിൽ നടത്തിയതും റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തീട്ടുള്ളതുമായ സർവ്വെകൾ തന്നെ സ്വീകരിക്കപ്പെടുകയുണ്ടായിട്ടില്ല. അങ്ങനെയുള്ള ഒരു സർവ്വെ നടത്തുന്നതിനുപോലും വളരെ പണം ചെലവാക്കുകയും പരിചയമുള്ള ആളുകളെ നിയമിക്കുകയും വേണം. നാല്പത്തഞ്ചു ലക്ഷം ജനങ്ങളുള്ള ഈ സംസ്ഥാനം മുഴുവന്റെ സാംപത്തിക

സർവ്വേ എന്തായിരിക്കും എന്നു നിങ്ങൾതന്നെ സങ്കല്പിച്ചു കൊള്ളണം. നമ്മുടെ രാജ്യം സമുദ്രതീരത്തുള്ളതും അതിന്റെ സാംപത്തികസ്ഥിതി അതിവേഗത്തിൽ ഭേദപ്പെടുന്നതും ആകുന്നു. ഇതിനെപ്പററി ശാസ്ത്രജ്ഞാനം ഇല്ലാത്തവരോടു ഇങ്ങനെയുള്ള ഒരു സർവ്വേ നടത്തുന്നതാരം കുയ്യേല്ക്കാമോ എന്നു ചോദിച്ചാൽ അവരുടെ മറുപടി എന്തായിരിക്കുമെന്നു പറവാൻ എനിക്കു നിവൃത്തിയില്ല. എന്നാൽ സുബോധമുള്ളവനും തന്റെ സൽകീർത്തിക്കു ഹാനിവരരുതെന്നു ആഗ്രഹിക്കുന്നവനും ആയ ഒരു അർത്ഥശാസ്ത്രജ്ഞനെ ഇങ്ങനെയുള്ള ഒരു ജോലി ഭാരമേല്ക്കുവാൻ നിർബ്ബന്ധിച്ചാൽ അദ്ദേഹം ഒളിച്ചോട്ടകയൊ തൂങ്ങിച്ചാകയൊ ചെയ്യുമെന്നാണു ഞാൻ വിചാരിക്കുന്നതു.

സദ്ദൈവകിട്ടു ഇംഗ്ലീഷ് മണിക്കു പിരിഞ്ഞു.

ടി. പി. രാമസുബയ്യർ, (ഒപ്പ്)
നിയമസഭാസെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർനിയമസഭ

മൂന്നാമദ്ധ്യായം

൧൯൧൮-മാണ്ടത്തെ ഒന്നാമത്തെയോഗം.

(അഫിഷ്യൽ റിപ്പോർട്ട്)

ചിങ്ങം ൧ മുതൽ ൧൯-ാം നു- വെള്ളിയാഴ്ച

൧൯൧൮ മേടം ൧൯-ാം നു-

അദ്ധ്യക്ഷൻ എം. ഇ. വാട്ട്സ് ഏസ്ക്വയർ ബി. എ. ബാരിസ്റ്റർ അററ്ചായുടെ അദ്ധ്യക്ഷതയിൽ ൧൯-ാം ൦-ന വിക്ടോറിയാ ജൂബിലിടൌൺഹാളിൽ സഭകൂടി.

മിസ്റ്റർ എൽ. എ. ബിഷപ്പ് ഒഴിച്ചു മററെല്ലാ മെമ്പന്മാരും ഹാജരുണ്ടായിരുന്നു.

ചോദ്യോത്തരങ്ങൾ.

സ്ത്രീകൾക്കുള്ള കാളേജിലെ സ്റ്റാഫ്സംബന്ധിച്ചുള്ള വിവരങ്ങൾ.

൩൩൩. മി: ഇട്ടുപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്ട്): (എ) കഴിഞ്ഞ മദ്ധ്യവേനൽ ഒഴിവുപ്രമാണിച്ചു (൧൯൧൭) സ്ത്രീകൾക്കുള്ള കാളേജ് പൂട്ടിയപ്പോൾ അതിൽ ജോലി ചെയ്തുകൊണ്ടിരുന്ന സ്റ്റാഫിൽ ഏതു, ആളുകളുണ്ടായിരുന്നു എന്നു കാണിക്കുന്ന ജാതിതിരിച്ചുള്ള ഒരു പട്ടികയും;

(ബി) സ്ത്രീകൾക്കുള്ള കാളേജിൽ ഇപ്പോൾ, അതായതു ൧൯൧൭ സെപ്ററംബർമാസത്തിൽ ജോലിയിൽ ഇരിക്കുന്ന സിൽബന്തികളുടെ എണ്ണം ഏതുയാണെന്നു കാണിക്കുന്ന ജാതിതിരിച്ചുള്ള ഒരു പട്ടികയും മേശമേൽ വയ്ക്കുന്നതിനു ഗവർണ്ണമെൻറിനു ഭയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവർണ്ണമെൻറു ചീഫ്സിക്രട്ടറി): ഏയും ബീയും പട്ടികകൾ*മേശമേൽ വച്ചിട്ടുണ്ട്.

കുടിയാന്മാരെ സംബന്ധിച്ചു മററുള്ള രാജ്യങ്ങളിലെ നിയമം.

൩൩൪. മി: ഇട്ടുപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്ട്): കുടിയാന്മാരെ സംബന്ധിച്ചിടത്തോളം ആവശ്യമുള്ള നിയമം ഉണ്ടാക്കുന്നതിലേക്കു ബംഗാളിലേയും മദ്രാസിലേയും കൊച്ചിയിലേയും മററുപ്രാവിൻസ്കളിലേയും ഗവർണ്ണമെൻറുകളും ജന്മിമാരും ഊർജ്ജിതമായ നടപടികൾ നടത്തിക്കൊണ്ടിരിക്കുന്ന വിവരം ഗവർണ്ണമെൻറിനു അറിവുണ്ടോ എന്നു ഭയവുണ്ടായി പ്രസ്താവിക്കുമോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി). കുടിയാന്മാരെ സംബന്ധിച്ചിടത്തോളം നിയമം നടപ്പിൽ വരുത്തുന്നതിലേക്കു മററു സ്ഥലങ്ങളിൽ നടപടികൾ നടത്തിയിട്ടുണ്ടെന്നും നടത്തിവരുന്നു എന്നും ഗവർണ്ണമെൻറിനു അറിയാം.

നടപ്പിലിരിക്കുന്ന ജന്മികുടിയാൻ റഗ്യുലേഷനിലെ ന്യൂനതകൾ.

൩൩൫. മി. ഇട്ടുപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്ട്). (എ) നടപ്പിലിരിക്കുന്ന ഇപ്പോഴത്തെ ജന്മികുടിയാൻറഗ്യുലേഷൻ ജന്മികൾക്കും കുടിയാന്മാർക്കും ഒന്നുപോലെ അനുഷ്ഠിക്കുവാനും ആപൽക്കരവും വളരെ ബുദ്ധിമുട്ടിനു ഇടയാക്കുന്നതും ആണെന്നുള്ള വിവരം ഗവർണ്മെൻറിനു അറിവുണ്ടോ എന്നും,

(ബി) ഇപ്പോഴത്തെ ജന്മികുടിയാൻ റഗ്യുലേഷനെ ആസ്പദമാക്കി ജന്മികളിൽനിന്നും എപ്പോഴെങ്കിലും വല്ല ആക്ഷേപങ്ങളും ഗവർണ്ണമെൻറിലേക്കു അയച്ചിട്ടുണ്ടോ എന്നും, അയച്ചിട്ടുണ്ടെങ്കിൽ ഓരോ ആക്ഷേപവും എപ്പോൾ അയച്ചു എന്നും, അതിൻെറ സ്വഭാവം എന്താണെന്നും,

(സി) ഇപ്പോഴത്തെ ജന്മികുടിയാൻ റഗ്യുലേഷനെ ആസ്പദമാക്കി കുടിയാന്മാരിൽനിന്നും എപ്പോഴെങ്കിലും വല്ല ആക്ഷേപങ്ങളും ഗവർണ്ണമെൻറിലേക്കു അയച്ചിട്ടുണ്ടോ എന്നും, അയച്ചിട്ടുണ്ടെങ്കിൽ ഓരോ ആക്ഷേപവും എപ്പോൾ അയച്ചു എന്നും, അതിൻെറ സ്വഭാവം എന്താണെന്നും,

(ഡി) ഇപ്പോഴത്തെ ജന്മികുടിയാൻറഗ്യുലേഷനെ സംബന്ധിച്ചിടത്തോളം ഹൈക്കോടതിയോ മററു നീതിന്യായകോടതിയോ എപ്പോഴെങ്കിലും ന്യൂനതകൾ ചൂണ്ടിക്കാണിക്കയോ ചെയ്തിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അപ്രകാരം ചെയ്തിട്ടുള്ളതു് എപ്പോഴാണെന്നും അതിൻെറ സ്വഭാവം എന്താണെന്നും ഗവർണ്ണമെണ്ടു ഭയവുണ്ടായി പ്രസ്താവിക്കുമോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): എ) റഗ്യുലേഷനിൽ ഭേദഗതിവരുത്തേണ്ട ആവശ്യമുണ്ടെന്നു ഗവർണ്ണമെൻറിനു അറിയാം.

(ബി)യും (സി)യും ൧൯൧൭ ജനുവരി ൩-ാം നു-യിലെ ജെ. ഡി. ൭-ാം നമ്പർ ഗവർണ്ണമെൻറു ഉത്തരവു മെമ്പർ നോക്കേണ്ടതാണു്.

(ഡി) മെമ്പർ ക്ലിപ്തമായ വിവരങ്ങൾ തന്നിട്ടില്ലാത്തതിനാൽ ചോദ്യത്തിനു മറുപടി നൽകാൻ സാധിക്കുന്നതല്ല.

കുളക്കടആററിൻെറ കരകളിലുള്ള നിലങ്ങൾക്കുണ്ടായ നഷ്ടങ്ങൾ.

൩൩൬. മി: എ. എസ്. ഗോപാലൻ ആശാൻ (ചാർവ്വിക്കരയും കുന്നിക്കപ്പള്ളിയും): (എ) കുളക്കടനദിമൂലം കടവിൻെറ പടിഞ്ഞാറുവശം കിടക്കുന്ന നിലങ്ങൾക്കു സംഭവിക്കാവുള്ള നഷ്ടത്തെപ്പററി മാവേലിക്കര തെക്കു പ്രധാനപ്പെട്ട ഏതാനും കർഷകന്മാരുടെ പക്കലുള്ളതിനും ഒരു ഹർജി ഗവർണ്ണമെണ്ടിലേക്കു കൊടുത്തിട്ടുണ്ടോ എന്നു;

---

*. ഏ, ഏയും ബീയും അനുബന്ധങ്ങൾ നോക്കുക. വാ... ൩.

G.P. T. 2347. 300. 28-6-1107.

(ബി) (എ) ഗോതമ്പിനുള്ള മറുപടി കിട്ടിയിട്ടുണ്ടെന്നാണെങ്കിൽ ഹർജിക്കാരുടെ സങ്കടങ്ങൾ പരിഹരിക്കപ്പെടുന്നതിനു ആവശ്യമുള്ളനടപടികൾ ഗവണ്മെൻറു നടത്തുമോ എന്നും ഗവണ്മെൻറു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): (എ) ഉവ്വെന്നാണു മറുപടി.

(ബി) പ്രസ്തുതവിഷയം ആലോചനയിൽ ഇരിക്കയാണ്.

കരിപ്പുഴ കായംകുളം തോടിലുള്ള താൽക്കാലികചിപ്പിൻെറ സംരക്ഷണം.

നമ്പർ ൦. മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) കരിപ്പുഴ കായംകുളം തോട്ടിൽ പത്തിയൂർ എന്ന സ്ഥലത്തു താൽക്കാലികമായിട്ടുള്ള ഒരു ചിപ്പു പണികഴിപ്പിച്ചതിനും സംരക്ഷിക്കപ്പെടുന്നതിനും ആണ്ടുതോറും എന്തു തുക മാററി വയ്ക്കുന്നുണ്ടെന്നും.

(ബി) അങ്ങനെ ഒരു ചിപ്പുള്ളതുകൊണ്ടു ഉപ്പുവെള്ളത്തിൽനിന്നു എന്തു പുഞ്ചനിലങ്ങളെ രക്ഷിച്ചുപോരുന്നു എന്നും.

(സി) ഉപ്പുവെള്ളം കയറുന്നതിനെ പ്രസ്തുതചിപ്പു തൃപ്തികരമാകുംവണ്ണം തടുക്കുന്നില്ലാത്തതുകൊണ്ടു പ്രസ്തുതസ്ഥലത്തോ അതിൻെറ സമീപത്തോയോ സ്ഥിരമായിട്ടൊരു ചിപ്പു വേണ്ടതാണെന്നുള്ളതിനെപ്പററി ഗവണ്മെൻറിനു അറിവുണ്ടോ എന്നും ഗവണ്മെൻറു ദയവായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) ൨൦൦ രൂപാ.

(ബി) പത്തിയൂർ കരിപ്പുഴത്തോട്ടിൻെറ ഇരുവശങ്ങളിലും ഏകദേശം മുക്കാൽനാഴിക അകലത്തോളംകിടക്കുന്നതും കാർത്തികപ്പള്ളി താലൂക്കിലെ പത്തിയൂർ, ചേപ്പാട്ട്, വലിയകുഴി എന്നീ പകുതികളിലും മാവേലിക്കരതാലൂക്കിലെ കുണ്ടറ പകുതിയിലും സ്ഥിതിചെയ്യുന്നതുമായ ഏകദേശം ൧,൮൦൦ ഏക്കർവിസ്തീർണ്ണമുള്ള പുഞ്ചനിലങ്ങൾ.

(സി) ഇതിനുസംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടത്തുന്നതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കരിപ്പുഴ തോട്ടിൽ സ്ഥിരമായിട്ടൊരു ചിപ്പു പണികഴിപ്പിക്കണമെന്നു കാണിച്ചു പൊതുജനങ്ങളിൽനിന്നും ഏതെങ്കിലും അപേക്ഷ കിട്ടീട്ടുണ്ടോ എന്നു മെമ്പർ ദയവായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടു സിക്രട്ടറി): അതുസംബന്ധമായ വിവരങ്ങൾ എൻെറ പക്കൽ ഇപ്പോൾ ഇല്ലാത്തതുകൊണ്ടു ഈ ചോദ്യത്തിനു മറുപടി നൽകാൻ ഇപ്പോൾ എനിക്കു സാധിക്കുന്നതല്ല.

മാവേലിക്കരയിൽ പബ്ലിക്കുകച്ചേരികൾക്കുള്ള സ്ഥലം.

നമ്പർ ൧. മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) മാവേലിക്കരയിൽ പബ്ലിക്കുകച്ചേരികൾ സ്ഥാപിക്കുന്നതിലേക്കുള്ള സ്ഥലം എപ്പോൾ എടുത്തു എന്നും,

(ബി) ആ സ്ഥലത്തിനു എന്തുവിലകൊടുത്തു എന്നും അതിൽനിന്നു ആണ്ടുതോറും എന്തു് ആദായം കിട്ടിക്കൊണ്ടിരിക്കുന്നുഎന്നും,

(സി) മാവേലിക്കരയിലുള്ള പലതു കോടതികളും ആപ്പീസുകളും ഇട്ടിരിക്കുന്ന കെട്ടിടങ്ങൾക്കു ആണ്ടുതോറും എന്തുവാടക ഗവണ്മെണ്ടു കൊടുത്തുവരുന്നു എന്നും,

(ഡി) ഇപ്പോഴത്തെ താലൂക്കുകച്ചേരിക്കകത്തു എല്ലാജനങ്ങൾക്കും പ്രവേശനം അനുവദിക്കപ്പെടുന്നുണ്ടോ എന്നും,

(ഇ) പ്രസ്തുതസ്ഥലം ഏതുവിധത്തിൽ ഉപയോഗപ്പെടുത്തണമെന്നുള്ളതിലേക്കു നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാവേലിക്കര നഗരസഭയോടു് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും ഗവണ്മെണ്ടു ദയവായി പ്രസ്താവിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): (എ) കൊല്ലവർഷം ൧൦൭൬-ൽ

(ബി) സ്ഥലം വാങ്ങുന്നതിലേയ്ക്കു രൂപാ ൩,൪൫൭-൮൮ കൊടുത്തു. കുത്തകപ്പാട്ടം ഇനത്തിൽ ആണ്ടുതോറും രൂപ ൩൦-൧-൦ ആദായം കിട്ടുന്നുണ്ടു്.

(സി) ൧,൩൫൦ രൂപ.

(ഡി) ഉണ്ടു്.

(ഇ) ഉണ്ടു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പൊന്നുംവിലകൊടുത്തു വാങ്ങിയിട്ടുള്ള സ്ഥലത്തു ഒരു കെട്ടിടം പണികഴിപ്പിക്കുന്ന കാര്യം ഗവണ്മെൻറു ആലോചിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): ഉണ്ടു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു സംബന്ധമായി എന്തെങ്കിലും തീരുമാനമുണ്ടായിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): അവിടെ ഒരു പുതിയ കെട്ടിടം പണി കഴിപ്പിച്ചു വളരെ പണം ചിലവാക്കുന്നതിനെക്കാൾ നല്ലതു കെട്ടിടങ്ങൾ വാടകകൊടുക്കുന്നതായിരിക്കും കുറേക്കൂടി നല്ലതും ആദായകരവും എന്നാണു തീർച്ചചെയ്തിരിക്കുന്നതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അടങ്കൽപ്രകാരമുള്ള ചിലവെന്താണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): മുക്കാൽ ലക്ഷം രൂപായിൽ കവിയും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൧൫,൦൦൦ രൂപായ്ക്കു ചിലവാക്കി പണികഴിപ്പിക്കാൻ നിശ്ചയിച്ചിരുന്ന കെട്ടിടത്തിൽ ഏതെല്ലാം ആഫീസ്കളാണ് ഇടുന്നതിലേക്കു ഉദ്ദേശിക്കുന്നതു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അവിടെയുള്ള എല്ലാ ആഫീസുകളേയും ഒരുപോലെ ഇസ്ഥലത്തു സ്ഥാപിക്കണമെന്നാണ് ഉദ്ദേശിച്ചിരുന്നത്.

മി: എ. എസ്. മോഹനൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു ഏതെല്ലാം ആഫീസുകളാണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): വാടകക്കെട്ടിടങ്ങളിൽ ഇപ്പോൾ ഇട്ടിരിക്കുന്ന എല്ലാ ആഫീസുകളും, മുൻസിപ്പുകോടതി, അസിസ്റ്റന്റ് ഇഞ്ചിനീയരുടെ ആഫീസ്, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണരുടെ ആഫീസ്, അഞ്ചൽ ഇൻസ്പെക്ടരുടെ ആഫീസ്, അസിസ്റ്റന്റ് സ്കൂൾ ഇൻസ്പെക്ടരുടെ ആഫീസ്, മരാമത്തു സെക്ഷൻ ആഫീസ്, പൊതുമരാമത്തു ഡിപ്പാർട്ടുമെന്റ് സെക്ഷൻ ആഫീസ്, മൃഗആശുപത്രി, എക്സൈസ് ഇൻസ്പെക്ടരുടെ ആഫീസ്, കൃഷി ഇൻസ്പെക്ടരുടെ ആഫീസ്, പരസ്പരസഹായസംഘം ഇൻസ്പെക്ടരുടെ ആഫീസ്, പഞ്ചായത്തുകോടതി എന്നീ ആഫീസുകളാണ്.

മി: എ. എസ്. മോഹനൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കുടിവക കെട്ടിടങ്ങളിൽ കിട്ടുന്ന സ്ഥലസൗകര്യത്തെ ആശ്രയിക്കുന്നതു ഗവണ്മെന്റിന്റെ സ്ഥിതിക്കു പോരായ്മയല്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അപ്രകാരം ഗവണ്മെന്റ് വിചാരിക്കുന്നില്ല. എന്തെന്നാൽ ആ കെട്ടിടങ്ങൾക്കു ഗവണ്മെന്റിൽനിന്നും വാടകകൊടുക്കുന്നുണ്ട്.

മി: എ. എസ്. മോഹനൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). അപ്രകാരം ചെയ്യുന്നതുകൊണ്ടു ഗവണ്മെന്റ് സ്ഥിരതയില്ലാത്ത ഒരു ഏർപ്പാടിനെയല്ലേ ആശ്രയിച്ചിരിക്കുന്നത്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ദീർഘകാലത്തേക്കുള്ള പാട്ടത്തിനോ വാടകക്കോ കെട്ടിടങ്ങൾ എടുക്കുന്ന കാര്യം ആലോചിക്കപ്പെടുന്നതാണ്.

മി: എ. എസ്. മോഹനൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കുറഞ്ഞ വാടകക്കെട്ടിടങ്ങൾ കിട്ടുന്ന സന്ദർഭങ്ങളിലൊക്കെ പുതിയകെട്ടിടങ്ങൾ പണികഴിപ്പിക്കേണ്ട കാര്യം വേണ്ടെന്നു വയ്ക്കുകയാണോ ഗവണ്മെന്റ് ചെയ്യുന്നത്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മാവേലിക്കരയെ സംബന്ധിച്ചിടത്തോളം അപ്രകാരംതന്നെയാണ്.

മി: എ. എസ്. മോഹനൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും), ഇക്കൂട്ടത്തിൽ മാവേലിക്കരയെ പ്രത്യേകം ഉൾപ്പെടുത്തുന്നതിലേക്കു പ്രത്യേകിച്ചു വല്ല കാരണവുമുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അധികരിച്ചിട്ടുള്ള ചിലവു, കുറഞ്ഞ വാടകക്കെട്ടിടങ്ങൾ കിട്ടുമെന്നുള്ളതു്, പൊതുവെ ഒരു കെട്ടിടത്തിൽ ചിതറിക്കിടക്കുന്ന പലതു ആഫീസുകളും ഇടേണ്ടകാര്യം, ഇവയാകുന്നു കാരണങ്ങൾ.

മി: എ. എസ്. മോഹനൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മറുപടി നല്ലതിനല്ലെന്നു എനിക്കു മനസ്സിലാകുന്നില്ല.

അധ്യക്ഷൻ: നിങ്ങളുടെ ചോദ്യം പൊതുവായിട്ടുള്ള ഒരു നയത്തെ സംബന്ധിച്ചതായതുകൊണ്ടു അതു അനുവദിക്കപ്പെടാൻ പാടുള്ളതല്ല.

കോതമംഗലം, മൂവാററുപുഴ, ആലുവാ എന്നീ സബ്ഡിവിഷനുകളിലെ ഉദ്യോഗസ്ഥന്മാരുടെയും ക്ലാർക്കന്മാരുടെയും ജാതിതിരിച്ചുള്ള പട്ടിക.

൯൪൨. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആലുവാ പൊതുമരാമത്തുഡിപ്പാർട്ടുമെന്റ് ഡിവിഷനിൽ ഉൾപ്പെട്ട കോതമംഗലം, മൂവാററുപുഴ, ആലുവാ എന്നീ സബ്ഡിവിഷനുകളിൽ ഓരോ സബ്ഡിവിഷനിലും ഉള്ള ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാരിലും ക്ലാർക്കന്മാരിലും എത്ര ബ്രാഹ്മണരും, നായന്മാരും, കത്തോലിക്കാന്മാരും, ജേക്കോബയിററന്മാരും, പ്രോട്ടസ്റ്റന്റന്മാരും, മാർതോമ്മാക്രിസ്ത്യാനികളും, ഈഴവരും, മഹമ്മദീയരും, വെള്ളാളന്മാരും മററുസമുദായങ്ങളിൽ ഉൾപ്പെട്ട അംഗങ്ങളും ഉണ്ടെന്നും അവരിൽ അതതു സബ്ഡിവിഷനിൽ ഉൾപ്പെട്ട സ്വദേശികളായി എത്രപേർ ഉണ്ടെന്നും കാണിക്കുന്നതായ ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ആവശ്യമുള്ള വിവരങ്ങൾ കാണിക്കുന്നതായ പട്ടിക * മേശമേൽ വച്ചിട്ടുണ്ട്.

പെരുമ്പാവൂരിലുള്ള ഡിസ്പെൻസറി.

൯൪൩. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): പെരുമ്പാവൂരിൽ സ്ഥാപിച്ചിട്ടുള്ള ഡിസ്പെൻസറിയിൽനിന്നും മവണ്ടുവോളം വൈദ്യസഹായം അവിടത്തെ ജനങ്ങൾക്കു സിദ്ധിക്കുന്നില്ലെന്നുള്ള സംഗതി ഗവണ്മെന്റിനു അറിവുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഗവണ്മെന്റിന് അറിവില്ല.

എക്സൈസ് കമ്മീഷണർ നടത്തിയിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ച് ജാതിതിരിച്ചുള്ള പട്ടിക.

൯൪൪. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ അദ്ദേഹം ഉദ്യോഗം കയ്യേററ തിയതിമുതൽ ൧൯൪൪ കന്നി ൧൦-ാംതിയതിവരെ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ നടത്തിയിട്ടുള്ള സ്ഥിരമായ നിയമനങ്ങളും മൂന്നുമാസത്തിൽകൂടുതൽ കാലത്തേക്കുള്ള താൽക്കാലികനിയമനങ്ങളും എത്രയാണെന്നു ജാതിതിരിച്ചുകാണിക്കത്തക്കവണ്ണം ഒരു പട്ടിക തയ്യാറാക്കി മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ആവശ്യമുള്ള വിവരം കാണിക്കുന്ന പട്ടിക* മേശമേൽ വച്ചിട്ടുണ്ട്.

---

* ൨-ാം അനുബന്ധം നോക്കുക. —വർത്തമാനം

എക്സൈസസ് ഡിപ്പാർട്ടുമെൻറിലെ അസിസ്റ്റൻറ് എക്സൈസ് കമ്മീഷണറന്മാരുടെയും ഇൻസ്പെക്ടറന്മാരുടെയും ജാതിതിരിച്ചുള്ള പട്ടിക.

നമ്പർ ൭. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ഇൻസ്പെക്ടറന്മാരുടെയും, അസിസ്റ്റൻറ് കമ്മീഷണന്മാരുടെ കൂട്ടത്തിൽ ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, യാക്കോബായിററന്മാർ, മാർത്തോമ്മാ കുസ്സ്യാനികൾ, പ്രോട്ടസ്റ്റൻറന്മാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളർ, എന്നീ ഓരോ ജാതിക്കാരിലും മററുജാതിക്കാരിലും ഉൾപ്പെട്ടവരായി എത്രപേരുണ്ടെന്നു കാണിക്കുന്ന ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ കാണിക്കുന്ന ഒരു * പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

നാട്ടുഭാഷാവിദ്യാലയങ്ങളിലെ ഇൻസ്പെക്ടർ നടത്തിയിട്ടുള്ള നിയമനങ്ങൾ.

നമ്പർ ൮. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): നാട്ടുഭാഷാ വിദ്യാലയങ്ങളിലെ ഇപ്പോഴത്തെ ഇൻസ്പെക്ടർ തൻറെ ഉദ്യോഗത്തിൽ പ്രവേശിച്ചതിനുശേഷം ൧൯൧൮ കന്നി ൧൦-നു വരെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻറെ നാട്ടുഭാഷാശാഖയിൽ സ്ഥിരമായിട്ടും ആറുമാസത്തിൽ കവിഞ്ഞും താൽക്കാലികമായിട്ടും നടത്തിയിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ചിടത്തോളം അപ്രകാരം നിയമിക്കപ്പെട്ടവരിൽ ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, യാക്കോബായിററന്മാർ, മാർത്തോമ്മാ കുസ്സ്യാനികൾ, പ്രോട്ടസ്റ്റൻറന്മാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളന്മാർ, എന്നീ ജാതിക്കാരിലും, മററു ജാതിക്കാരിലും നിന്ന് എത്രപേരെ നിയമിച്ചിട്ടുണ്ടെന്നു കാണിക്കുന്നതായ ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള † പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

തൊടുപുഴതാലൂക്കിലെ പുതുവൽകേസ്സുകൾ.

നമ്പർ ൯. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കഴിഞ്ഞകൊല്ലത്തിൽ, അതായതു ൧൯൧൮-ൽ തൊടുപുഴതാലൂക്കിൽ പണ്ടാരിക്കായി ലേലംനടത്തിയോ ദേഹണ്ഡങ്ങൾ തിട്ടപ്പെടുത്തി ഒഴുക തയ്യാറാക്കിയോ തഹശീൽദാർ തറവില കൂട്ടപ്പെടുത്തി പുതുവൽഭൂമികളെ പതിച്ചുകൊടുത്തിട്ടുള്ള കേസ്സുകളെ സംബന്ധിച്ചിടത്തോളം നായർ, കുസ്സ്യാൻ, ഈഴവർ, മഹമ്മദീയർ എന്നീ ഓരോ വർഗ്ഗത്തിനുമുള്ള ശരാശരി തറവില പ്രത്യേകം പ്രത്യേകം കാണിക്കുന്ന ഒരു പട്ടിക മേശമേൽവയ്ക്കുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന ‡ പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

കൃഷിഡിപ്പാർട്ടുമെൻറ് ആവശ്യത്തിലേക്കു വിലയ്ക്കു വാങ്ങിയിട്ടുള്ള കന്നുകാലികൾ.

നമ്പർ ൧൦. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വിദേശസ്ഥലങ്ങളിൽനിന്ന് കന്നുകാലികളെ വിലയ്ക്കു വാങ്ങുന്നതിലേക്കു നാളിതുവരെ, അതായതു ൧൯൧൮ കന്നിമാസം ൧൦-നു വരെ കൃഷിഡിപ്പാർട്ടുമെൻറ് എന്തു ചിലവാക്കിയിട്ടുണ്ടെന്നു ഗവണ്മെൻറ് ദയവായി പ്രസ്താവിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അന്യദിക്കുകളിൽനിന്നും കന്നുകാലികളെ വിലയ്ക്കു വാങ്ങുന്നതിലേക്കു കൃഷിഡിപ്പാർട്ടുമെണ്ട് ൧൯൧൮ കന്നിമാസം ൧൦-നു-വരെ രൂപ ൧൭,൩൦൦ കന്നു-൧൦ ചിലവാക്കിയിട്ടുണ്ട്.

തിരുവനന്തപുരം കന്നുകാലിത്തൊട്ടം.

നമ്പർ ൧൧. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തിരുവനന്തപുരത്തു കന്നുകാലിത്തൊട്ടം എന്നു ആരംഭിക്കപ്പെട്ടു എന്നും, നാളിതുവരെ അതായതു ൧൯൧൮ കന്നിമാസം ൧൦-നു-വരെ അതിലേക്കു എന്തു ചിലവായിട്ടുണ്ടെന്നും, അതിൽനിന്നുമുണ്ടായിട്ടുള്ള വരവെന്താണെന്നും ഗവണ്മെൻറ് ദയവായി പ്രസ്താവിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ൧൯൧൭ ധനുമാസത്തിലാണ് തിരുവനന്തപുരത്തുള്ള കന്നുകാലിത്തൊട്ടം ആരംഭിച്ചത്. ൧൯൧൮ കന്നിമാസം ൧൦-നു-വരെ പ്രസ്തുത തൊട്ടത്തിന് ചിലവാക്കിയിട്ടുള്ള തുകയും അതിൽനിന്നും സിദ്ധിച്ചിട്ടുള്ള വരവിൻറെ തുകയും യഥാക്രമം രൂപ ൧,൭൯൯,൩൦൦ ൧൦-ഉം രൂപ ൪൭,൭൯൪-ന്നും ആകുന്നു.

കന്യാകുമാരിയിലുള്ള പഴത്തോട്ടം (ബ്രൂട്ട്ഫാറം,)

നമ്പർ ൧൨. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): (എ) കന്യാകുമാരിയിലുള്ള പഴത്തോട്ടം എന്നാണ് ആരംഭിച്ചതെന്നും,

(ബി) അതിലേക്കു നാളിതുവരെ, അതായതു ൧൯൧൮ കന്നിമാസം ൧൦-നു-വരെ എന്തു ചിലവായിട്ടുണ്ടെന്നും,

(സി) പഴങ്ങൾ മുതലായവ വിററവകയിൽ അതിൽനിന്നും എന്തു കിട്ടിയിട്ടുണ്ടെന്നും ഗവണ്മെൻറ് ദയവായി പ്രസ്താവിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): (എ) ൧൯൧൭ ധനുമാസം ൧൦-നു.

(ബി)-യും (സി)-യും മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയിട്ടുള്ള ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

---

* നമ്പർ ൪൦ അനുബന്ധം നോക്കണം — വശം,൩൨.

† നമ്പർ ൪൧ അനുബന്ധം നോക്കണം. — വശം,൩൨.

‡ നമ്പർ ൪൨ അനുബന്ധം നോക്കണം — വശം,൩൨.

ആലുവാ സ്കൂളുകളിലെ അസിസ്റ്റന്റ് ഇൻസ്പെക്ട്രസ്.

നമ്പർ ൧. മി: തരിയത്ത് കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആലുവാസ്കൂളുകളിലെ അസിസ്റ്റന്റ് ഇൻസ്പെക്ട്രസ്സ് മൂവാററുപുഴ മുതലായ വടക്കൻതാലൂക്കുകളിൽ ജോലിചെയ്തു തുടങ്ങിയിട്ടു വളരെ കാലമായി എന്നു ഗവണ്മെന്റിൽനിന്നും ഉത്തരവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): നാലാം ഡിസ്ട്രിക്ടായ ആലുവാ പെൺപള്ളിക്കൂടങ്ങളിലെ അസിസ്റ്റന്റു ഇൻസ്പെക്ട്രസ് ൧൯൨൭ മീനം ൧൯-ാം തുതൽ മൂവാററുപുഴ മുതലായ വടക്കൻ താലൂക്കുകളിൽ ജോലിചെയ്തുവരുന്നു.

മൂന്നു കൊല്ലത്തിൽ കൂടുതലായി സ്ഥലംമാററം നൽകപ്പെടാത്ത അസിസ്റ്റന്റു ഇൻസ്പെക്ടറന്മാരും ഇൻസ്പെക്ട്രസ്സന്മാരും.

നമ്പർ ൨. മി: തരിയത്ത് കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): (എ) മൂന്നുകൊല്ലങ്ങളിൽ കൂടുതലായി തങ്ങളുടെ ഉദ്യോഗസ്ഥലങ്ങളിൽനിന്നും മാററപ്പെടാത്തതായി അസിസ്റ്റന്റു ഇൻസ്പെക്ടറന്മാരും ഇൻസ്പെക്ട്രസ്സുകളും സംസ്ഥാനത്തിൽ ഇപ്പോൾ (൧൯൩൧-൩൨ ൦ ൫) ഉണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണെന്നും അവരുടെ ജോലിസ്ഥലങ്ങൾ ഏതെല്ലാമാണെന്നും ഗവണ്മെന്റിൽനിന്നും ഉത്തരവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി):

(എ) ഉണ്ട്.

(ബി) മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക * മേശമേൽ വച്ചിരിക്കുന്നു.

മെഡിക്കൽസർവ്വീസ് അഡ്മിനിസ്ട്രേററിവ്ബോർഡിൽനിന്നും ഇറക്കപ്പെട്ട ഡിസ്പെൻസറികൾ.

നമ്പർ ൩. മി: തരിയത്ത് കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മെഡിക്കൽസർവീസസ് അഡ്മിനിസ്ട്രേററിവ്ബോർഡ് രൂപീകരിക്കപ്പെട്ടതിനുശേഷം നൂതനമായി എത്ര ഡിസ്പെൻസറികൾ ഇറക്കപ്പെട്ടു എന്നും, അപ്രകാരമുള്ള ഡിസ്പെൻസറികൾ ഇപ്പോൾ (൧൯-൩-൧൯൩൧) ജോലിനോക്കിവരുന്ന മെഡിക്കൽ ഉദ്യോഗസ്ഥന്മാർ ഏതു സമയങ്ങളിൽ ഉൾപ്പെട്ടവരാണെന്നും ഗവണ്മെന്റിൽനിന്നു ഉത്തരവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ കാണിക്കുന്നതായ † ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

പറവൂർ താലൂക്കിലും കുന്നത്തുനാടു താലൂക്കിലും കൃഷിസേചനത്തിനുള്ള ജലമാർഗ്ഗങ്ങളുടെ ലിസ്റ്റ്.

നമ്പർ ൪. മി: എ. ജി. മേനോൻ (പറവൂർ):

(എ) പറവൂരും കുന്നത്തുനാടും താലൂക്കുകളിൽ പെരിയാറും അതിന്റെ ശാഖകളും ഒഴികെ കൃഷിസേചനസംഗതികൾക്കായി ഉപയോഗപ്പെടുത്തുന്ന തോടുകളുടെയും കുളങ്ങളുടെയും ഒരു ലിസ്ററു വച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ അതിനെ മേശമേൽ വയ്ക്കുമോ എന്നും,

(സി) അപ്രകാരമൊരു ലിസ്ററു ഇല്ലാത്തപക്ഷം അതു തയ്യാറാക്കപ്പെടുന്നതിലേക്കു അധികാരസ്ഥന്മാരെ ആജ്ഞാപിച്ചു ആകുന്നിടത്തോളം വേഗത്തിൽ മേശമേൽ വയ്ക്കുമോ എന്നും,

(ഡി) അപ്രകാരമുള്ള ജലമാർഗ്ഗങ്ങളുടെ ലിസ്റ്റിൽ, കയ്യേററംമൂലവും കുടികളുടെ പേർ പതിച്ചുകൊടുക്കുന്നതുമൂലവും ക്രമേണ കുറഞ്ഞുവരുന്ന എന്നുള്ള വിവരം ഗവണ്മെന്റിനു അറിവുണ്ടോ എന്നും,

(ഇ) ഡി-വിഭാഗത്തിൽ പ്രസ്താവിച്ചിട്ടുള്ള കാരണങ്ങൾ മൂലവും പ്രസ്താവകൃഷിസേചനമാർഗ്ഗങ്ങളുടെ അററകുററപ്പണികൾ കാലാകാലങ്ങളിൽ നടത്താത്തതുകൊണ്ടും ഈ ജലമാർഗ്ഗങ്ങൾ മുതലായവയുടെ ഉപയോഗം ഇലോം കുറഞ്ഞുപോയിട്ടുണ്ടെന്നുള്ള സംഗതി ഗവണ്മെന്റിനു അറിവുണ്ടോ എന്നും, ഗവണ്മെന്റു ഉത്തരവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി):

(എ) ജലമാർഗ്ഗങ്ങളുടെയും, തോടുകളുടേയും, കുളങ്ങളുടേയും ഒരു ലിസ്ററു പറവൂർതാലൂക്കിൽ വച്ചിട്ടുള്ളതും, കുന്നത്തുനാടുതാലൂക്കു സംബന്ധിച്ചിടത്തോളം അപ്രകാരമുള്ള ഒരു ലിസ്ററു തയ്യാറാക്കിവരുന്നതും ആകുന്നു.

(ബി)-പറവൂർ താലൂക്കിൽ വച്ചിട്ടുള്ള ലിസ്ററു മേശമേൽ വച്ചിട്ടുണ്ട്.

(സി) (എ)യും (ബി)യും വിഭാഗങ്ങൾക്കു നൽകിയിട്ടുള്ള മറുപടികൊണ്ടു ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

(ഡി) കുടിയേറിപാർക്കുന്നതു് ആക്ഷേപാർഹമല്ലെന്നു് കാണുന്നില്ലെങ്കിൽ പ്രസ്തുതജലമാർഗ്ഗങ്ങളിൽ യാതൊരുഭാഗവും പതിച്ചുകൊടുക്കുന്നതല്ല. കയ്യേററം ചെയ്കയും അങ്ങിനെയുള്ള കയ്യേററം ആക്ഷേപാർഹമാണെന്നു കാണുകയും ചെയ്യുന്നപക്ഷം ഭൂമിസംരക്ഷണറഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു കയ്യേററക്കാരെ പുറത്താക്കുന്നതാകുന്നു.

(ഇ) ഇതിനെപ്പററി ഗവണ്മെന്റിനു അറിവില്ല. പ്രസ്തുത ജലമാർഗ്ഗങ്ങൾ മുതലായവയുടെ അററകുററപ്പണികൾ ആവശ്യമുണ്ടെന്നു കാണുന്ന സന്ദർഭങ്ങളിലൊക്കെ ചെയ്തുവരുന്നുണ്ട്.

മി: എ. ജി. മേനോൻ (പറവൂർ): ജലമാർഗ്ഗങ്ങൾ മുതലായവയുടെ അററകുററപ്പണികൾ ചെയ്യുന്നതിനു ആരുടെ അധികാരികൾ ആരാണ്?

---

† നാലാം അനുബന്ധം നോക്കണം—വാല്യം ൩൪

* ൫-ാം അനുബന്ധം നോക്കണം—വാല്യം ൩൪

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): പൊതുമരാമത്തു ഡിപ്പാർട്ട്മെൻറിന്റെ ചാർജിൽ ഇരിക്കുന്ന പൊതുജലമാർഗ്ഗങ്ങളുടെ അറ്റകുറ്റപ്പണികൾ ആ ഡിപ്പാർട്ട്മെൻറാണ് ചെയ്തുതീർക്കുന്നത്. എന്നാൽ ഡിപ്പാർട്ട്മെൻറിന്റെ ചുമതലയിൽ ഇരിക്കുന്ന ഏതാനും ചെറിയതരം തോടുകൾ ഉള്ളതാണ്.

മി: എ. ജി. മേനോൻ (പറവൂർ): പ്രസ്തുതതോടുകൾ മുതലായവയുടെ ഒരു ലിസ്റ്റ് പൊതുമരാമത്തുഡിപ്പാർട്ട്മെൻറ് നൽകിയിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതിലേക്കുള്ള മറുപടി ഞാൻ മുൻപുതന്നെ നൽകിയിട്ടുള്ളതാകുന്നു. പൊതുമരാമത്തു ഡിപ്പാർട്ട്മെൻറിന്റെ അധീനതയിൽ ഇരിക്കുന്ന തോടുകളുടെ ലിസ്റ്റ് അവരുടെ പക്കൽ ഉള്ളതാകുന്നു.

കരുങ്കുറിയിലെ മദ്യശാലകളുടെ വില്പന.

നമ്പർ. മി. ഇട്ടൂപ്പ് ഈപ്പിച്ചൻ (കുന്നത്തുനാട്):

(എ) അങ്കമാലിക്കു അടുത്തു കരുങ്കുറ്റിയിൽ ഏതാനും മദ്യശാലകൾ ഈ കൊല്ലത്തിൽ (൧൧൦൪) ലേലത്തിൽ വിററിട്ടില്ലാത്ത വിവരം ഗവണ്മെൻറിനു അറിവുണ്ടോ എന്നും,

(ബി) പ്രസ്തുതശാലകൾ നടത്തപ്പെടുന്നതിലേക്കു എക്സൈസ് ഉദ്യോഗസ്ഥന്മാർ ദൂരസ്ഥലങ്ങളിലുള്ള ആളുകളെ ഏർപ്പാടു ചെയ്തിട്ടുണ്ടോ എന്നും,

(സി) കരുങ്കുറ്റിയിലുള്ള മദ്യശാലകൾ നടത്തുന്നതിലേക്കു എക്സൈസ് ഉദ്യോഗസ്ഥന്മാർ ഇപ്രകാരം മററിടങ്ങളിലെ ആളുകളെ ഏർപ്പെടുത്തിക്കാണിക്കുന്നതു ഗവണ്മെൻറിന്റെയോ എക്സൈസ് കമ്മീഷണരുടേയോ അറിവോടുകൂടിയാണോ എന്നും,

(ഡി) മേൽപ്രസ്താവിച്ച ഏർപ്പാടു അനുസരിച്ചുകിലും എല്ലാ സ്ഥലങ്ങളിലും മദ്യശാലകൾ ഏർപ്പെടുത്തേണ്ടതാണെന്നു എക്സൈസ് ഡിപ്പാർട്ടുമെണ്ടിൽ ഏതെങ്കിലും പട്ടങ്ങൾ ഉണ്ടോ എന്നും ഗവണ്മെൻറ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): (എ) അറിയാം. ൧൧൦൫-ാമാണ്ടു നടത്തപ്പെട്ട ലേലത്തിൽ കരുങ്കുറ്റിയിലെ മദ്യശാലകൾ വിൽക്കപ്പെട്ടില്ല.

(ബി) അങ്കമാലിയിൽ ഒരു ഔട്ടസ്റ്റ് ഔട്ടേസ്റ്റാണ് ശാലകളെ ലേലത്തിൽ വിളിച്ചുകൊള്ളുന്നത്. അങ്കമാലിയും കരുങ്കുറ്റിയും അടുത്തടുത്തുള്ള ഗ്രാമങ്ങളാണ്.

(സി) മേൽപ്രസ്താവിച്ച ശാലകളുടെ ലേലസംബന്ധമായ വ്യവസ്ഥകൾ സാധാരണ ജോലിക്രമം അനുസരിച്ച് സ്വീകരിക്കപ്പെട്ടു.

(ഡി) (സി) വിഭാഗത്തിലുള്ള മറുപടിയെ അടിസ്ഥാനപ്പെടുത്തി ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

ഒരു പുതിയ ജന്മികുടിയാൻ ബിൽ തയ്യാറാക്കുന്നതിനെ സംബന്ധിച്ച്.

നമ്പർ. മി. ഇട്ടൂപ്പ് ഈപ്പിച്ചൻ (കുന്നത്തുനാട്): (എ) ജന്മികുടിയാൻ കമ്മിററിക്കാരാൽ തയ്യാറാക്കപ്പെട്ട കരടുബില്ലിനു വ്യത്യസ്തമായി മറെറാരു കരടുബിൽ ഗവണ്മെൻറിൽനിന്നും തയ്യാറാക്കിയിട്ടുള്ളതു വാസ്തവമാണോ എന്നും,

(ബി) തങ്ങളുടെ കരടു ജന്മികുടിയാൻ ബിൽ ആരാണു തയ്യാറാക്കിയിട്ടുള്ളതെന്നും, കമ്മിററിക്കാരാൽ തയ്യാറാക്കപ്പെട്ട ബില്ലിനെ തൃപ്തിപ്പെടുത്തി വേറൊരു ബിൽ തയ്യാറാക്കിയതിന്റെ കാരണങ്ങൾ എന്താണെന്നും,

(സി) (i) അവർ ഏതു ആണ്ടിൽ ഏതു തീയതിയിലാണ് മേൽ പ്രസ്താവിച്ച കരടുബിൽ തയ്യാറാക്കിയിട്ടുള്ളതെന്നും;

(ii) പൊതുജനങ്ങളുടെ അഭിപ്രായം അറിയുന്നതിലേക്കു അതിനെ പ്രസിദ്ധം ചെയ്തിട്ടുണ്ടോ എന്നും;

(iii) ഉണ്ടെങ്കിൽ, അപ്രകാരം പ്രസിദ്ധപ്പെടുത്തിയ ആണ്ടും തീയതിയും ഏതാണെന്നും, തക്കൽ ബില്ലിനെ സംബന്ധിച്ചിടത്തോളം ജന്മിമാരുടേയോ കുടിയാന്മാരുടേയോ എന്തെങ്കിലും അഭിപ്രായം കിട്ടിയിട്ടുണ്ടോ എന്നും;

(iv) ഉണ്ടെങ്കിൽ, അതിന്റെ സ്വഭാവം എന്താണെന്നും;

(ഡി) (i) ഇപ്പോഴത്തെ ജന്മി കുടിയാൻ റഗുലേഷൻ ഏതാണ്ടിലാണ് നടപ്പിൽ വരുത്തിയിട്ടുള്ളതു എന്നും;

(ii) അതിനുശേഷം ഗവണ്മെൻറിൽനിന്നും അതിൽ ഏതെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ എന്നും;

(iii) ഉണ്ടെങ്കിൽ, അവ എന്തെല്ലാമാണെന്നും, ഓരോ ഭേദഗതിയും വരുത്തിയിട്ടുള്ളതു ഏതു തീയതിയിലാണെന്നും ഗവണ്മെൻറിൽ നിന്നും ഭയവുണ്ടായി പ്രസ്താവിക്കുമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹൈഡ് സർക്കാർ വക്കീൽ): (എ)യും (സി)യും. ജന്മികുടിയാൻ റഗുലേഷനു ഭേദപ്പെടുത്തുന്നതിലേക്കു ഗവണ്മെൻറിന്റെ ഉത്തരവനുസരിച്ചു ഒരു നമ്പർ ബിൽ തയ്യാറാക്കപ്പെട്ടു. അതു ൧൯൨൮ മാർച്ചു ൨൨-നു ഗവണ്മെൻറിനാൽ അംഗീകരിക്കപ്പെട്ടു. എല്ലാബില്ലുകളും പ്രസിദ്ധപ്പെടുത്തുന്നതുപോലെ പ്രസ്തുത ബില്ലും ഗവണ്മെൻറ് ഗസററിൽ പ്രസിദ്ധപ്പെടുത്തി (൧൯൨൮)

---

* വ-ാം അനുബന്ധം നോക്കണം—വാല്യം ൩൮.

‡ ൯-ാം അനുബന്ധം നോക്കണം—വാല്യം ൩൬.

൧൦-ാം അനുബന്ധം നോക്കണം—വാല്യം ൩൩.

മാർച്ചു ൨൪-ന്നുയിലെ ഗവർണ്ണമെന്റ് ഗസററ് നോക്കണം.) പ്രസ്തുതബില്ലിനെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ ജന്മിമാരുടേയും കുടിയാന്മാരുടേയും പക്കൽ നിന്നു കിട്ടിയിട്ടുണ്ടായിരുന്നു. ബില്ലിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങളെ സംബന്ധിച്ചിടത്തോളം അവ അതൃപ്തികരമായിട്ടുള്ളവയാണെന്നാണ് ഇരുകക്ഷികളുടേയും അഭിപ്രായം,

(ബി) ഗവർണ്ണമെന്റിന്റെ ചില ഉദ്യോഗസ്ഥന്മാരാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. മെംബറിന്റെ ചോദ്യത്തിലെ ശേഷംഭാഗത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഫിൻറം ഏപ്രിൽ ൧-ന്നുയിലെ ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൬൩. ൪൭൭-ാം നമ്പർ ഗവർണ്ണമെന്റുത്തരവു നോക്കേണ്ടതാകുന്നു.

(ഡി) (i) ഇപ്പോഴത്തെ റഗ്ലേഷൻ ൮൬൭ മകരം ൧-ന്നുവാണ് നടപ്പിൽ വന്നിട്ടുള്ളത്.

(ii) ഇല്ലെന്നാണ് മറുപടി.

(iii) ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

ജന്മികുടിയാൻ റഗ്ലേഷൻ ഭേദപ്പെടുത്തൽ.

൩൪൭. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): നടപ്പിലിരിക്കുന്ന ഇപ്പോഴത്തെ ജന്മികുടിയാൻ റഗ്ലേഷനെ ഭേദപ്പെടുത്തേണ്ട ആവശ്യകതയെപ്പററി ഉടനടി ആലോചിക്കുന്നതിന് ഗവർണ്ണമെന്റിന് മനസ്സുണ്ടാകുമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫസ്റ്റ് സക്കാർ വക്കീൽ): റഗ്ലേഷനെ ഭേദപ്പെടുത്തേണ്ട വിഷയം ഇപ്പോൾതന്നെ ഗവർണ്ണമെന്റിന്റെ ആലോചനയിൽ ഇരിക്കയാണ്.

ജന്മികുടിയാൻ വിഷയത്തെ സംബന്ധിച്ചിടത്തോളം ഗവർണ്ണമെന്റിനുള്ള അഭിപ്രായങ്ങൾ.

൩൪൮. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ജന്മികുടിയാൻ വിഷയത്തെ സംബന്ധിച്ചിടത്തോളം ഗവർണ്ണമെന്റിൽനിന്നും ഇതുവരെ എന്തുചെയ്തിട്ടുണ്ടെന്നും ഭാവിയിൽ അവർ എന്തുചെയ്യാൻ ഉദ്ദേശിക്കുന്നു എന്നും കാണിച്ചു ഒരു സ്റ്റേററുമെന്റു ഉടനടി പ്രസിദ്ധപ്പെടുത്തുന്നതിലേക്കു ഗവർണ്ണമെന്റിന് മനസ്സുണ്ടാകുമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫസ്റ്റ് സക്കാർവക്കീൽ): ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഗവർണ്ണമെന്റിന്റെ നടപടികളും ഉദ്ദേശങ്ങളും എന്തെല്ലാമാണെന്നു ഗവർണ്ണമെന്റുവക പ്രസിദ്ധീകരണങ്ങൾ മുഖാന്തിരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുകൊണ്ട് മെംബർ ആവശ്യപ്പെടുന്ന സ്റ്റേററുമെന്റു പുറപ്പെടുവിക്കേണ്ട ആവശ്യമുണ്ടെന്നു ഗവർണ്ണമെന്റു വിചാരിക്കുന്നില്ല.

ജന്മികുടിയാൻ റഗ്ലേഷൻ ഭേദപ്പെടുത്തുന്നതിലേക്ക് പൊതുജനങ്ങളുടെയിടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അപേക്ഷ.

൩൪൯. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്):

(എ) ഇപ്പോഴത്തെ ജന്മികുടിയാൻ റഗ്ലേഷനെ കാലത്തിന് അനുയോജ്യമാകത്തക്കവണ്ണവും ജനങ്ങളുടെ സങ്കടങ്ങളെ പരിഹരിക്കുന്നതിലേക്കു ഭേദപ്പെടുത്തേണ്ട വലുതായ ആവശ്യകതയെ സംബന്ധിച്ചിടത്തോളം പൊതുയോഗങ്ങൾ മുഖേനയും, പ്രതിനിധിസംഘങ്ങൾ മുഖേനയും, വർത്തമാനപ്പത്രങ്ങൾ മുഖേനയും ജനങ്ങൾ എത്രകാലമായി ഗവർണ്ണമെന്റിനോടു അപേക്ഷിച്ചുവരുന്നുണ്ടെന്നും;

(ബി) ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഗവർണ്ണമെന്റിന്റെ ഒക്കി ഉടനടി പതിയേണ്ടതാണെന്നുള്ള പലേ പ്രസ്താവനകളും ഗവർണ്ണമെന്റിന് അറിവുണ്ടോ എന്നും;

(സി) ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഗവർണ്ണമെന്റിന്റെ ഒക്കി ഉടനടി പതിയേണ്ടതാണെന്നു അപേക്ഷിച്ചുകൊണ്ടുള്ള, പൊതുയോഗങ്ങളുടെ പലേ പ്രമേയങ്ങളും ഗവർണ്ണമെന്റിന് കിട്ടിയിട്ടില്ലെ എന്നും;

(ഡി) ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഗവർണ്ണമെന്റിന്റെ ഒക്കി ഉടനടി പതിയേണ്ടതാണെന്നു അപേക്ഷിച്ചുകൊണ്ടു ശ്രീമൂലം പ്രജാസഭയിലെ പലേ യോഗങ്ങളിലും പലേ നിവേദനങ്ങളും ഉണ്ടായിട്ടുള്ളതായി അവർക്ക് അറിവില്ലെ എന്നും;

(ഇ) ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഗവർണ്ണമെന്റിന്റെ ഒക്കി ഉടനടി പതിയേണ്ടതാണെന്നു പ്രസ്താവിച്ചുകൊണ്ടുള്ള പലവ ചോദ്യങ്ങളും പ്രസംഗങ്ങളും നിയമസഭയുടെ പലവ യോഗങ്ങളിലും നടത്തിയിട്ടുള്ള വിവരം ഗവർണ്ണമെന്റിന്റെ ഒക്കിയിൽ കൊണ്ടുവരപ്പെട്ടിട്ടില്ലെന്നോ എന്നും ഗവർണ്ണമെന്റിൽ നിന്നും ഉത്തരവുണ്ടായി പ്രസ്താവിക്കുമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫസ്റ്റ് സക്കാർ വക്കീൽ): (എ) നിവേദനങ്ങൾ എപ്പോഴാണ് ആദ്യമായി ഉണ്ടായിട്ടുള്ളതെന്നു കണ്ടുപിടിക്കുന്നതിലേക്കു വലുതായ ശ്രമവും സമയനഷ്ടവും ഉണ്ടാകുമെന്നും, അപ്രകാരം വ്യയം ചെയ്യുന്നതു അതിന്റെ ഉദ്ദേശത്തിന് ഒട്ടും യോജിച്ചതല്ലെന്നും ഗവർണ്ണമെന്റു വിചാരിക്കുന്നു. എന്നാൽ ൧൯ കൊല്ലത്തിനു മുൻപു നടന്ന ശ്രീമൂലം പ്രജാസഭയുടെ രണ്ടാമത്തെ യോഗത്തിൽ ഒരു നിവേദനം ഉണ്ടായിട്ടുള്ളതായി പ്രസ്താവിച്ചുകൊള്ളുന്നു.

(ബി) മുതൽ (ഇ) വരെ ഉണ്ടെന്നാണ് മറുപടി.

വ്യവസായവായ്പകൾ നൽകുന്നതിനെ സംബന്ധിച്ചു.

൩൫൦. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൯൦൦-ാ മാണ്ടുമുതൽ ൧൯൩൦-ാ മാണ്ടുവരെ എത്ര വ്യവസായ വായ്പകൾ നൽകിയിട്ടുണ്ടെന്നും, ഓരോരാവായ്പയും എന്തുദ്ദേശത്തോടുകൂടിയാണ് അനുവദിക്കപ്പെട്ടതെന്നും ഗവർണ്ണമെന്റിങ്കനിന്ന് മനസ്സുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): മെംബർ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടികമേശമേൽ വച്ചിട്ടുണ്ട്.

ഭൂമിറിക്കാർഡ് സൂപ്രണ്ടിന്റെ ആഫീസിൽ നിന്നും പിരിച്ചുവിട്ടിട്ടുള്ള ആളുകളെ സംബന്ധിച്ചുള്ളവിവരങ്ങൾ.

നമ്പർ. മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): (എ) ൧൯൧൯ വൃശ്ചികം ൧-ാം തീയതി ലാൻഡ്റിക്കാർഡ് സൂപ്രണ്ടിന്റെ ആഫീസിൽനിന്നു പിരിച്ചുവിട്ടിട്ടുള്ള സിൽബന്ധികളുടെ പേരുകൾ, യോഗ്യതകൾ, സർവീസ്, ശമ്പളം ഇവയെകാണിക്കുന്നതും;

(ബി) ലാൻഡ്റവന്യൂഡിപ്പാർട്ടുമെന്റിലെ ഓരോഡിവിഷനിലും ൨൦ രൂപാമുതൽ ൩൦ രൂപാവരെ ഗ്രേഡിൽ ൧൯൧൯ വൃശ്ചികമാസം മുതൽ നാളതുവരെ, അതായതു ൧൯൨൪ തുലാമാസം ൨൫-ാം തീയതിവരെ നടത്തിയിട്ടുള്ള സ്ഥിരം ഉദ്യോഗങ്ങൾ കാണിക്കുന്നതുമായ ഒരു പട്ടിക മെശമേൽവയ്ക്കുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): ൧൯൧൯ വൃശ്ചികമാസം ൧-ാം തീയതി ലാൻഡ് റിക്കാർഡ സൂപ്രണ്ടിന്റെ ആഫീസിൽ നിന്നും പിരിച്ചുവിട്ടിട്ടുള്ള സിൽബന്ധികളുടെ പേരുകൾ, യോഗ്യതകൾ സർവീസ്, ശമ്പളം ഇവയെകാണിക്കുന്ന ഒരു †പട്ടികമേശമേൽ വച്ചിരിക്കുന്നു,

(ബി)	തിരുവനന്തപുരം ഡിവിഷൻ.		൧വ
	കൊല്ലം	,,	൭
	കോട്ടയം	,,	൧
	ദേവികുളം	,,	൩

ഉപ്പളങ്ങളിലെസിൽബന്ധികൾ.

നമ്പർ. മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): സംസ്ഥാനത്തിലുള്ള പലേഉപ്പളങ്ങളിലും എക്സൈസുഡിപ്പാർട്ടുമെന്റിൽ നിന്നും നിയമിക്കപ്പെട്ടിട്ടുള്ള സിൽബന്ധികളുടെ ഒരു ലിസ്റ്റു മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന *പട്ടിക മേശമേൽ വച്ചിരിക്കുന്നു.

കുളനടചന്ത മുതൽ ഓമല്ലൂർവരെയുള്ള റോഡിൽ സ്ഥിതിചെയ്യുന്ന കലുങ്കുകൾ.

നമ്പർ. മി: തോമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): (എ) എം. സി. റോഡിൽ ൧൯൨൦-ാമത്തെ മയിൽകുററി മുതൽ ൧൯൨൧-ാമതു മയിൽകുററിവരെ കുളനടചന്ത തുടങ്ങി ഓമല്ലൂർ വരെയുള്ള കർഷകന്മാരുടെ റോഡ് സംരക്ഷിക്കപ്പെടുന്ന ജോലി പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽ നിന്നും കയ്യേററിട്ടുണ്ടോ എന്നും;

(ബി) മേൽപ്രസ്താവിച്ച റോഡിൽ കർഷകന്മാർ പണികഴിപ്പിച്ചിട്ടുള്ള മൂന്നു കലുങ്കുകൾക്കും നേരിട്ടിട്ടുള്ള അററകുററങ്ങൾ നിമിത്തം അതിലൂടെയുള്ള ഗതാഗതം തൽക്കാലം നിറുത്തിവച്ചിരിക്കുന്ന വിവരം ഗവണ്മെന്റു അറിവുണ്ടോ എന്നും ഗവണ്മെന്റിൽ നിന്നും മനസ്സുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) ഉണ്ടെന്നേണ്ടു മറുപടി.

(ബി) പ്രസ്തുത റോഡിൽ മോട്ടാർ ഗതാഗതം മാത്രമെ നിറുത്തിവച്ചിട്ടുള്ളു. എന്നാൽ കടകാട്ടു കൈപ്പുത്തൂർ റോഡു മോട്ടാർ വാഹനങ്ങൾക്കു ഉപയോഗപ്പെടുത്താവുന്നതാണ്.

മി: തോമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കുളനാട്ടു ഓമല്ലൂർ റോഡിൽ ഒരു കലുങ്കു കെട്ടാൻ ഗവണ്മെന്റു വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യൻ (ഗവണ്മെന്റു സെക്രട്ടറി): അതിനടുത്തുതന്നെ സൌകര്യമായ വേറെ ഒരു റോഡുള്ളതുകൊണ്ടു ഇതിലേക്കു പണം ചിലവുചെയ്യണമെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല.

സഹായധനം സിദ്ധിക്കുന്ന വിദ്യാലയങ്ങൾ.

നമ്പർ. മി: ആർ. രാമൻപിള്ള (കോട്ടയം): സഹായധനം സിദ്ധിക്കുന്ന വിദ്യാലയങ്ങളിലെ മാനേജന്മാർ അവരുടെ കീഴിലുള്ള അദ്ധ്യാപകന്മാരെ യാതൊരു കാരണവും കൂടാതെ വേണ്ടെന്നുവയ്ക്കുന്നുള്ള വിവരം ഗവണ്മെന്റിനു അറിവുണ്ടോ എന്നു ഗവണ്മെന്റിൽ നിന്നും മനസ്സുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അറിവില്ല.

പെൺപള്ളിക്കൂടങ്ങളിലെ ഇപ്പോഴത്തെ ഇൻസ്പെക്ട്രസ്സു നിയമിച്ചിട്ടുള്ള അദ്ധ്യാപകരുടെ സംബന്ധിച്ചുള്ള വിവരങ്ങൾ.

നമ്പർ. മി: ആർ. രാമൻപിള്ള (കോട്ടയം): ഇപ്പോഴത്തെ ഇൻസ്പെക്ടസ്സ് അവരുടെ ഉദ്യോഗത്തിൽ പ്രവേശിച്ചതിനു ശേഷം ഓരോ ഡിസ്ട്രിക്ടിലും താൽക്കാലികരായും സ്ഥിരമായും നിയമിച്ചിട്ടുള്ള അദ്ധ്യാപകകളുടെ പേരു്, മുൻപിലത്തെ ആക്ററിങ്ങ് സർവീസ്, അവർ ഏതുകൊല്ലത്തിലാണ് പരീക്ഷ ജയിച്ചിട്ടുള്ളതു് എന്നീ വിവരങ്ങൾ കാണിക്കുന്നതായ ഒരു പട്ടികമേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ രേഖരിക്കുന്നതിലേക്കു വലുതായ പ്രയത്നം വേണ്ടിവരുമെന്നും അതിൽനിന്നും സിദ്ധിക്കാവുന്ന ഗുണം ഇല്ലേശം കുറവായിരിക്കുമെന്നും ഗവണ്മെന്റു വിചാരിക്കുന്നു.

---

* ൧൯൨൦ അനുബന്ധം നോക്കണം—വാല്യം ൩൯.

† ൧൯൨൦ അനുബന്ധം നോക്കണം—വാല്യം ൪൧.

V-ാം ഡിസ്ട്രിക്ടിലെ പെൺകുട്ടികൾക്കുള്ള വിദ്യാലയങ്ങളിൽ നിന്നും നാട്ടുഭാഷാ സ്കൂൾലീവിംഗ് സർട്ടിഫിക്കറ്റ് പരീക്ഷ ജയിച്ചിട്ടുള്ളവരെ സംബന്ധിച്ച സ്റ്റേറ്റുമെന്റ്.

നമ്പർ. മി: ആർ. രാമൻപിള്ള (കോട്ടയം):

(എ) V-ാം ഡിസ്ട്രിക്ടിൽ പെൺപള്ളിക്കൂടങ്ങളിൽ നിന്നും ൧൯൮൫, ൧൯൮൬, ൧൯൮൭ എന്നീ ആണ്ടുകളിൽ നാട്ടുഭാഷാ സ്കൂൾലീവിംഗ് പരീക്ഷജയിച്ചവരുടെ സംഖ്യയും, താൽക്കാലികമായോ സ്ഥിരമായോ നിയമിക്കപ്പെട്ടിട്ടുള്ള പെൺവാദ്ധ്യാന്മാരുടെ പേരുകൾ, മുൻപിലത്തെ ആക്ടിംഗ് സർവീസ്, പരീക്ഷജയിച്ച കൊല്ലം എന്നിവയും കാണിക്കുന്ന ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) മേൽപ്രസ്താവിച്ചതിനുണ്ണം നിയമിക്കപ്പെട്ടവർക്കു മുൻപായി പരീക്ഷകൾ ജയിച്ചു താൽക്കാലിക ഉദ്യോഗങ്ങൾ സിദ്ധിച്ചവരിൽ ആരെങ്കിലും ഇപ്പോൾ, അതായതു ൧൯൮൭ തുലാം ൧൫-നു സ്ഥിരമായിട്ടോ താൽക്കാലികമായിട്ടോ ഉദ്യോഗമില്ലാതിരിക്കുന്നെങ്കിൽ അവർ ആരെല്ലാമാണെന്നും ഗവണ്മെന്റിൽ നിന്നും ദയവുണ്ടായി പ്രസ്താവിക്കുമോ?

(സി) അപ്രകാരം ഉദ്യോഗമില്ലാത്തവരുണ്ടെങ്കിൽ അവരുടെ ജാതിതിരിച്ചുള്ള പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) യും, (ബി) യും, (സി) യും മെംബർ ആവശ്യപ്പെടുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് വ്യയം ചെയ്യേണ്ടതായ സമയത്തേയും യത്നത്തേയും ആസ്പദമാക്കി നോക്കുമ്പോൾ അതിൽനിന്നും പൊതുജനങ്ങൾക്കു സിദ്ധിക്കാവുന്ന ഗുണം തുലോം തുച്ഛമാകുകകൊണ്ടു അപ്രകാരം പ്രവൃത്തിക്കുന്നതിന് ഗവണ്മെന്റു ഉദ്ദേശിക്കുന്നില്ല.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ സ്ത്രീകൾക്കുള്ള ശാഖയിലെ നിയമനങ്ങൾ.

നമ്പർ. മി: ആർ. രാമൻപിള്ള (കോട്ടയം):

(എ) പരീക്ഷ ജയിക്കുന്നതു ഏതു ആണ്ടിലാണോ ആ ക്രമം അനുസരിച്ചു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ സ്ത്രീകൾക്കുള്ള ശാഖയിൽ അദ്ധ്യാപികകളായി നിയമിക്കയുള്ള എന്നു ഏതെങ്കിലും വ്യവസ്ഥയുണ്ടോ എന്നും;

(ബി) ഉണ്ടെങ്കിൽ, ആ വ്യവസ്ഥക്കു വിപരീതമായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ എന്നും ഗവണ്മെന്റിൽ നിന്നും ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി):

(എ) ഇല്ലെന്നാണു മറുപടി.

(ബി). (എ) വിഭാഗത്തിനുള്ള മറുപടികൊണ്ടു ഈ ചോദ്യം ഉൽപ്പേക്ഷിക്കുന്നില്ല.

നാട്ടുഭാഷാ മിഡിൽ സ്കൂളുകളിലെ ഹെഡ്മാസ്റ്ററന്മാരുടെ ശമ്പളവും ൧-ാം ക്ലാസ്സു അദ്ധ്യാപകന്മാരുടെ ശമ്പളവും തമ്മിലുള്ള വ്യത്യാസം.

നമ്പർ. മി: ആർ. രാമൻപിള്ള (കോട്ടയം), നാട്ടുഭാഷാ മിഡിൽസ്കൂളുകളിലെ ഹെഡ്മാസ്റ്ററന്മാരുടെയും ൧-ാം ക്ലാസ്സു അദ്ധ്യാപകന്മാരുടെയും പരീക്ഷ യോഗ്യതകൾ ഒന്നുതന്നെയാണെന്നു വരികിലും അവരുടെ ശമ്പളത്തിൽ വലിയ വ്യത്യാസമുള്ള വിവരം ഗവണ്മെന്റിനു അറിവുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): നാട്ടുഭാഷാ മിഡിൽസ്കൂളുകളിലെ ഹെഡ്മാസ്റ്ററന്മാരുടെയും ൧-ാ ക്ലാസ്സു അദ്ധ്യാപകന്മാരുടെയും ശമ്പളത്തിൽ വ്യത്യാസമുള്ളതായി ഗവണ്മെന്റിനു അറിവുണ്ട്; എന്നാൽ അവരുടെ ജോലികളെ സംബന്ധിച്ചിടത്തോളം അതിലുള്ള വ്യത്യാസത്തിൽ കൂടുതലായ വ്യത്യാസമില്ലാത്തതാകുന്നു.

വൃക്ഷങ്ങളെ മാർക്കുചെയ്തു നമ്പർ ചെയ്യുന്നതിനു മുമ്പായിട്ടു അവയെ നിയമവിരുദ്ധമായി ചെത്തുന്നതിനെ സംബന്ധിച്ചു്.

നമ്പർ. മി: ആർ. രാമൻപിള്ള (കോട്ടയം):

(എ) കൺട്രാക്ടറന്മാരുടെ അപേക്ഷപ്രകാരം ചെത്തപ്പെടേണ്ടതായ വൃക്ഷങ്ങളിൽ അവയെ മാർക്കുചെയ്തു നമ്പർ കൊടുക്കുന്നതിനു മുൻപു ചെത്തുന്നതിലേക്കുള്ള ക്ലമ്പോലകൾ തയ്യാറാക്കുന്നതിനു അവർക്കു അനുവദിച്ചുവരുന്ന വിവരവും;

(ബി) അപ്രകാരം അനുവദിച്ചുവരുന്നതുകൊണ്ടു മാർക്കുചെയ്തു നമ്പർ അടിക്കാത്തതായ വൃക്ഷങ്ങളെ നിയമവിരുദ്ധമായി ചെത്തുന്നു എന്നുള്ള ആപവാതികൾ ഫയൽചെയ്യപ്പെടുമ്പോൾ അപ്രകാരം പ്രവൃത്തിക്കുന്നവരെ ചാർജ്ജുചെയ്യുന്നതിനുപകരം കൺട്രാക്ടന്മാരുടെ പക്കൽനിന്നും അപേക്ഷകൾ സ്വീകരിച്ചു കുത്തകക്കാരെ പ്രാസിക്യൂഷനിൻനിന്നും എക്സൈസ് സിൽബന്തികൾ രക്ഷപ്പെടുത്തുന്നവിവരവും ഗവണ്മെന്റിനു അറിവുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി):

(എ) വൃക്ഷങ്ങൾ ചട്ടങ്ങളിലെ നമ്പർ ചട്ടംഅനുസരിച്ചു ഏതു വൃക്ഷങ്ങളാണോ ആവശ്യമുള്ളതു അവ സംബന്ധിച്ചുള്ള അപേക്ഷകൾ കിട്ടി. അവയ്ക്കുള്ള നികുതി കൊടുത്തതിനുശേഷം മാത്രമാണ് കള്ളെടുക്കുന്നതിനുള്ള ക്ലമ്പുകൾ തയ്യാറാക്കുന്നതിനു അനുവദിക്കയാകുന്നു.

(ബി) വൃക്ഷങ്ങൾ കൊടുത്തിട്ടില്ലെങ്കിൽ എക്സൈസ് സിൽബന്തികൾ അപേക്ഷകൾ സ്വീകരിച്ചുകൊണ്ടുമാത്രം കള്ളെടുക്കുന്നതിലേക്കു ക്ലമ്പോലകൾ തയ്യാറാക്കുന്നവരെ പ്രാസിക്യൂഷനിൽ നിന്നു മോചിപ്പിക്കുന്നതിനു സാധിക്കുന്നതല്ല.

എക്സൈസ് ഉദ്യോഗസ്ഥന്മാർ വൃക്ഷക്കരം ഈടാക്കുന്നതിനെസംബന്ധിച്ച്.

൩൭൦. മി: ആർ. രാമൻപിള്ള (കോട്ടയം): (എ) ഓരോഅൽവർഷത്തിലും തലെഅൽവർഷത്തിൽ ഈടാക്കിയിട്ടുള്ള വൃക്ഷക്കരത്തിൽനിന്നും കൂടുതലായ വൃക്ഷക്കരം ഈടാക്കണമെന്നു കീഴുദ്യോഗസ്ഥന്മാരെ ആജ്ഞാപിച്ചുകൊണ്ടുള്ള സ്വകുലർ സർക്കുലറുകളും ഉത്തരവുകളും ഡിപ്പാർട്ടുമെൻറു മേലധികാരി അയച്ചുവരുന്നുണ്ടെന്നും, ഏതുസ്ഥലത്തുനിന്നാണൊ അപ്രകാരം പിരിച്ചെടുക്കപ്പെടുന്ന വൃക്ഷക്കരം കുറയുന്നുവൊ അവിടെയുള്ള കീഴുദ്യോഗസ്ഥന്മാരെ ശിക്ഷിച്ചുവരുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനു അറിവുണ്ടൊ എന്നും;

(ബി) ഗവണ്മെൻറിനു അറിവില്ലാത്തപക്ഷം അപ്രകാരമുള്ള ഒരു ഏർപ്പാടുണ്ടെന്നു അവർ അന്വേഷിക്കുമൊഎന്നും ഗവണ്മെൻറിൽനിന്ന് ഉത്തരവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറുചീഫ്സെക്രട്ടറി): (എ) അപ്രകാരമുള്ള ഉത്തരവുകളൊ സർക്കുലറുകളൊ അയച്ചിട്ടില്ല. എന്നാൽ, നേരെമറിച്ച് കർഷകന്മാർക്കു വാസ്തവത്തിൽ ആവശ്യമുള്ള വൃക്ഷങ്ങളിൽ കൂടുതലായി വൃക്ഷങ്ങൾക്കു ഏതൊരുകാരണവശാലും ലൈസൻസുവേണമെന്ന് അപേക്ഷിക്കുന്നതിലേക്കു കള്ളുഷാപ്പു ലൈസൻസുടമസ്ഥന്മാരെ ഉദ്യോഗസ്ഥന്മാർ പ്രോത്സാഹിപ്പിക്കാൻ പാടില്ലെന്നുള്ള ഒരു നിഷേധനഉത്തരവു ഡിപ്പാർട്ടുമെൻറിൽനിന്നു അയച്ചിട്ടുള്ളതാകുന്നു. ന്യായരഹിതമായ ചെയ്തുമൂലം വൃക്ഷക്കരത്തിൽ കുറവുണ്ടാകുന്നുവെങ്കിൽമാത്രമെ കീഴുദ്യോഗസ്ഥന്മാരെ ശിക്ഷിക്കാറുള്ളു.

(ബി) (എ) വിഭാഗത്തിനുള്ള മറുപടികൊണ്ടു ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലെ ആക്ടിംഗ് ഉദ്യോഗസ്ഥന്മാർ.

൩൭൧. മി: ആർ. രാമൻപിള്ള (കോട്ടയം): (എ) പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ, അതായതു ൧൯൯൪ തുലാം ൧൫-ാംനു- ഗസററഡ് ആയും നസററഡ് അല്ലാത്തവയായും എത്ര ആക്ടിംഗ് ഉദ്യോഗങ്ങൾ ഉണ്ടെന്നു ഗവണ്മെൻറിൽനിന്നും ഉത്തരവുണ്ടായി പ്രസ്താവിക്കുമൊ?

(ബി) തങ്ങളുടെ ഉദ്യോഗങ്ങൾ സ്ഥിരമല്ലാത്തവയായതുകൊണ്ടു ശമ്പളംകിട്ടാതെ വിഷമിക്കുന്നഅനേകം സിൽബന്തികൾ പ്രസ്തുതഡിപ്പാർട്ടുമെൻറിൽ ഉണ്ടെന്നുള്ള വിവരം ഗവണ്മെൻറിനു അറിവുണ്ടൊ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): (എ) മൂന്ന് ഗസററഡ് ഉദ്യോഗസ്ഥന്മാരും എൺപത്തിരണ്ടു ഗസററഡ് അല്ലാത്ത ഉദ്യോഗസ്ഥന്മാരും.

(ബി) ഗവണ്മെൻറിനു അറിവില്ല.

ഈശാന്തിമംഗലം കന്നുകാലിത്തോട്ടം.

൩൭൨. മി: വി. ചെല്ലപ്പപിള്ള (തൊടുപുഴ): (എ) ഈശാന്തിമംഗലം കൃഷിത്തോട്ടം ഏർപ്പെടുത്തിയ തീയതിമുതൽ ൧൯൩൮വരെ ഓരോകൊല്ലത്തിലും അതിൽ എടുത്തിട്ടുള്ള കന്നുകാലികളുടെ സംഖ്യ എത്രയാണെന്നും

(ബി) (i) ജനനങ്ങളുടെയും മരണങ്ങളുടെയും സംഖ്യ എത്രയാണെന്നും

(ii) വാങ്ങുന്നതാലൊ ഉപയോഗശൂന്യത്താലൊ ആണ്ടുതോറും വിൽക്കപ്പെട്ടിട്ടുള്ള കന്നുകാലികളുടെ സംഖ്യ എത്രയാണെന്നും

(iii) ഓരോകൊല്ലത്തിലും ചെറുപ്രായത്തിലുള്ള എത്രകന്നുകാലികളെ വിലയ്ക്കുകൊടുത്തിട്ടുണ്ടെന്നും, അവയ്ക്കുള്ള ഓരോന്നിൻെറയും പ്രായം എന്താണെന്നും, ഓരോന്നിനേയും എന്തുവിലയ്ക്കാണു കൊടുത്തിട്ടുള്ളതെന്നും

(സി) ഓരോകൊല്ലത്തിലും മേൽപ്രസ്താവിച്ചതോട്ടത്തിൽനിന്ന് എത്രപാൽ വിലയ്ക്കുകൊടുത്തിട്ടുണ്ടെന്നും, അതിനുള്ള വില എന്താണെന്നും,

(ഡി) പ്രസ്തുതതോട്ടത്തിലെ കന്നുകാലികളുടെ മേച്ചിലിനായി ഈശാന്തിമംഗലം തോട്ടത്തിനു പടിഞ്ഞാറുവശം സ്ഥിതിചെയ്യുന്ന മലകളിൽ എത്രഏക്കർ ഭൂമി ഒഴിച്ചിടപ്പെട്ടിട്ടുണ്ടെന്നും,

(ഇ) നാഞ്ചിനാട്ടുമലകളിലെ മുകളിൽ വിദേശകന്നുകാലികൾ മേയുന്നതിന് അനുവദിക്കപ്പെടുന്നുണ്ടൊ എന്നും, ഉണ്ടെങ്കിൽ അപ്രകാരം കൊല്ലംതോറും മേയുന്ന കന്നുകാലികളുടെ സംഖ്യ എന്താണെന്നും,

(എഫ്) മേച്ചിലിനുള്ള സാധനങ്ങൾ മലകളുടെ മുകളിൽ ധാരാളമായിട്ടുണ്ടൊഎന്നും

(ജി) ഈശാന്തിമംഗലം തോട്ടത്തിനുപടിഞ്ഞാറുവശമുള്ള മലകളുടെ മുകളിൽ തൊഴുത്തുകൾ കെട്ടുന്നതിലേക്കു ഡിപ്പാർട്ടുമെൻറുദ്ദേശിക്കുന്നുണ്ടൊ എന്നും,

(എഫ്) ഈശാന്തിമംഗലം കൃഷിത്തോട്ടം ഏതുദ്ദേശത്തോടുകൂടിയാണു സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്നും, ആ ഉദ്ദേശം എത്രത്തോളം സഫലമായിട്ടുണ്ടെന്നും,

(ഐ) സാംക്രമികവ്യാധികളുണ്ടാകുന്നസമയങ്ങളിൽ ഭിഷഗ്വചികിത്സാസഹായം നാഞ്ചിനാട്ടുകാർക്കു നൽകാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടൊ എന്നും ഗവണ്മെൻറിൽനിന്നു ഉത്തരവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറുചീഫ് സെക്രട്ടറി):

(എ)

കൊല്ലം	തോട്ടത്തിൽ എടുത്തിട്ടുള്ള കന്നുകാലികളുടെസംഖ്യ.
൧൦൫൪	൩൪
൧൦൫൫	൨൨
൧൦൫൬	൨൬
൧൦൫൭	൨

(ബി) (i)

കൊല്ലം	ജനനം.	മരണം.
൧൦൫൫	൬	൧൧
൧൦൫൬	൧൧	൨
൧൦൫൭	൨൫	൩
൧൦൫൮	൫	൪
൧൧൦൦	൧൦	൪
൧൧൦൧	൫	൩
൧൧൦൨	൧൧	൨
൧൧൦൩	൧൩	൧൪

(ബി) (ii)

കൊല്ലം	വാങ്ങുകയോ ഉപയോഗപ്പെടുത്തുകയോ വിലയ്ക്കുകൊടുത്തിട്ടുള്ള ഗുണങ്ങളുടെസംഖ്യ.
൧൦൯൯	൧
൧൦൯൭	൧൨
൧൦൯൮	൨൩
൧൦൯൯	൧൯
൧൧൦൦	൩൪
൧൧൦൧	൪
൧൧൦൨	൧൪
൧൧൦൩	൧൨

ബി (iii)

ആണ്ട്.		പ്രായം.		കിട്ടിയവില രൂപ.	ച.	കാ.
൧൧൦൦	൧	കൊല്ലം.	൧൨	൯൯	൦	
	൨		൭	൩	൮	
	൩		൭	൩	൮	
	൪		൧൯	൮	൦	
	൫		൭	൧൭	൧൨	
൧൧൦൧	൬		൩൭	൮	൦	
	൭		൩൯	൦	൦	
	൮		൭	൦	൦	
൧൧൦൨	൯		൧൯	൧൪	൦	
	൧൦		൭	൦	൦	
	൧൧		൧൦	൭	൦	
	൧൨		൧൩	൦	൦	
	൧൩		൮	൧൪	൦	
	൧൪		൯	൦	൦	
	൧൫		൧൦	൧൪	൦	
	൧൬		൧൮	൧൪	൦	
൧൧൦൩	൧൭	മാസം	൩	൧൪	൦	
	൧൮	കൊല്ലം	൧൧	൮	൦	
	൧൯		൧൦	൦	൦	
	൨൦		൩൭	൦	൦	
	൨൧		൧൯	൦	൦	
	൨൨		൭	൧൪	൦	

(സി)

കൊല്ലം.	വിലയ്ക്കുകൊടുത്തപോൾ, കുപ്പികൾ	ഔൺസ്.	വസൂലാക്കപ്പെട്ടവില രൂപ.	ച.	കാ.
൧൦൯൯	൧൦൯൯	൧൨	൪൭	൨൩	൭
൧൧൦൦	൨൨൩൭	൧൪	൪൭൩	൩	൨
൧൧൦൧	൨൨൯൧	൧൨	൩൭൩	൧൭	൦
൧൧൦൨	൩൦൪൩	൧൩	൩൭൪	൦	൦
൧൧൦൩	൩൦൭൯	൭	൩൭൯	൧൨	൦

(ഡി) തോട്ടത്തിലുള്ള കന്നുകാലികൾക്കു മേച്ചിലിനായി പ്രത്യേകം ഭൂമി ഒഴിച്ചിടപ്പെട്ടിട്ടില്ല. തോട്ടത്തിന്റെ പടിഞ്ഞാറുവശം സ്ഥിതിചെയ്യുന്ന മലകളിലാണ് അവയെ മേച്ചുവരുന്നത്,

(ഇ) ഈവിവരം കിട്ടിയിട്ടില്ല.

(എഫ്) മഴക്കാലത്തു മലകളിൽ പുല്ലുധാരാളമായിട്ടുണ്ടാകുന്നുണ്ട്. എന്നാൽ ഉഷ്ണകാലത്തു അപ്രകാരം ഉണ്ടാകുന്നതല്ല.

(ജി) അപ്രകാരമുള്ള യാതൊരുദ്ദേശവും ഇപ്പോഴില്ല.

(എച്ച്) നല്ലഇനം കന്നുകാലികളെ അന്യരാജ്യങ്ങളിൽനിന്നും ഇറക്കുമതിചെയ്തു നാടൻകന്നുകാലികളുമായി ചേർത്തു അവയെ പരിഷ്കരിക്കുന്നതിന്. ഈഉദ്ദേശങ്ങൾ ഫലവത്തായിവരുന്നുണ്ട്,

(ഐ) ഇതിനെ സംബന്ധിച്ചിടത്തോളം കഴിവുള്ളതെല്ലാം ഡിപ്പാർട്ടുമെൻറിങ്കനിന്നും ഇപ്പോൾ ചെയ്തുവരുന്നുണ്ട്.

കുടിയകവിദ്യാലയങ്ങളിലെ ഫീസുസൌജന്യങ്ങൾ.

൩൧൩. മി: ഡി. ഫ്രാൻസിസ് (നിയമിക്കപ്പെട്ട മെംബർ): വിദ്യാർത്ഥികൾക്കു അനുവദിച്ചിട്ടുള്ള ഫീസു സൌജന്യത്തിൽ ഇരുപത്തിഅഞ്ചു ശതമാനവും കുടിയകവിദ്യാലയങ്ങളിലെ മാനേജരന്മാരിൽനിന്നും ഈടാക്കിവരുന്നവിവരം ഗവണ്മെൻറിനു അറിവുണ്ടോ എന്നു ഗവൺമെൻറിൽനിന്നും ഒരുവുണ്ടായി പ്രസ്താവിക്കാമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഫീസ് സൌജന്യങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന ഫീസ് ആദായത്തിന്റെ ഇരുപത്തിഅഞ്ചുശതമാനം കുടിവകവിദ്യാലയങ്ങളിലെ മാനേജന്മാർ ഉപേക്ഷിച്ചുവരുന്നുണ്ടെന്നും അപ്രകാരമുള്ള ആദായത്തിൽ ബാക്കിയുള്ള എഴുപത്തിഅഞ്ചു ശതമാനം ഗവണ്മെന്റിൽനിന്നു മാനേജന്മാർക്കു നല്കിവരുന്നുണ്ടെന്നും ഗവണ്മെന്റിനറിവുണ്ട്.

കൽക്കട്ടായിലുള്ള ബോസ് ഇൻസ്റ്റിട്ട്യൂട്ടിൽ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനെ സംബന്ധിച്ച്.

നമ്പർ ൪. മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട):

(എ) കൽക്കട്ടായിലുള്ള ബോസ് ഇൻസ്റ്റിട്ട്യൂട്ടിൽ നടത്തപ്പെടുന്ന പരീക്ഷണങ്ങൾ കൃഷിവ്യവസായത്തെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിന് ഉപയോഗപ്പെടുമെന്നുള്ളതുകൊണ്ടു ഈ ദിക്കിലുള്ള ഏതാനും കുട്ടികളെ അവിടെ അയയ്ക്കുന്നതിലേക്കു ഗ്രൂജിച്ചിലെ കൃഷിവ്യവസായമേലദ്ധ്യക്ഷൻ തന്റെ അനുവാദം ആവശ്യപ്പെട്ടിട്ടുള്ളതായി ഇൻഡ്യായിലെ മിക്കപ്രതിദിനപത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഇൻഡ്യയിലെ സുപ്രസിദ്ധ ശാസ്ത്രജ്ഞൻ സർ ജെ.സി. ബോസ് അടുത്തകാലത്തു ബാംബയിൽവച്ചു ചെയ്ത പ്രസംഗത്തിൻററിപ്പോർട്ടു ഗവണ്മെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ടോ എന്നും,

(ബി) പിങ്കുവിദ്യാർത്ഥികൾ സംസ്ഥാനം മിക്കവാറും കൃഷിവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു രാജ്യമാണെന്നു ഗവണ്മെന്റിന് അറിവുണ്ടോ എന്നും

(സി) (എ) യും (ബി) യും വിഭാഗങ്ങൾക്കുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ നമ്മുടെ നാട്ടിലുള്ള ഏതാനും നല്ലബോട്ടണിയും കെമിസ്ട്രിയും ഗ്രാഡ്യുവേററന്മാരെ പ്രസ്തുതഇൻഡ്യൻ ശാസ്ത്രജ്ഞന്റെ കീഴിൽ പരിശീലിപ്പിക്കുന്നതിലേക്കു ഗവണ്മെന്റ് ശ്രമിക്കുമോ എന്നും പ്രസ്തുതപരീക്ഷണജോലി ചെയ്യുന്നതിനു കൽക്കട്ടാബോസ് ഇൻസ്റ്റിട്ട്യൂട്ടിൽ അയക്കുന്നതു ഗുണകരമായിരിക്കുമോ എന്നുള്ളകാര്യം ഗവണ്മെന്റിൽനിന്നും ചിന്തിക്കുമോ എന്നും ഗവണ്മെന്റിന്റെ ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) ഇല്ല

(ബി) ഉണ്ട്.

(സി) (എ) വിഭാഗത്തിനു നൽകിയിട്ടുള്ള മറുപടികൊണ്ട് ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

കുത്തകക്കാർക്കു കരപ്പും കഞ്ഞാവും കൊടുക്കുന്നതിനെ സംബന്ധിച്ച്.

നമ്പർ ൫. മി: ആർ. രാമൻപിള്ള (കോട്ടയം)

(എ) ഡിപ്പാർട്ടുമെന്റിൽനിന്നു കരപ്പും കഞ്ഞാവും ഷാപ്പുകുത്തകക്കാർക്കു പ്രതിമാസം കൊടുക്കേണ്ടതായ കരപ്പും കഞ്ഞാവും എത്രയാണെന്നു നിർണ്ണയിച്ചിട്ടുണ്ടോ എന്നും

(ബി) ഉണ്ടെങ്കിൽ, എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് അപ്രകാരം ചെയ്തിട്ടുള്ളതെന്നും,

(സി) ഷാപ്പുകുത്തകക്കാർക്കു ആവശ്യമുള്ളടത്തോളം കരപ്പും കഞ്ഞാവും കൊടുക്കാത്തതിന്റെ കാരണം എന്താണെന്നും ഗവണ്മെന്റ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) യും (ബി) യും. ഇതു ഇത്രയാണെന്നു അവസാനമായി കൂട്ടിപ്പിടുത്തിയിട്ടില്ല, എന്നാൽ മുൻപിലത്തെ രണ്ടുകൊല്ലങ്ങളിൽ അതേമാസങ്ങളിൽ ഷാപ്പുകാർക്കു കൊടുത്തിട്ടുള്ള ശരാശരിതുകയാണ് സാധാരണയായി കൊടുക്കാറുള്ളതു്.

(സി) കരപ്പുപയോഗപ്പെടുത്തുന്നതിനെ തടയണമെന്നുള്ളതാണു ഗവണ്മെന്റിന്റെ നയം

കോട്ടയം കുമരകം റോഡ്.

നമ്പർ ൬. മി: ആർ രാമൻപിള്ള (കോട്ടയം):

(എ) കോട്ടയം കുമരകം റോഡിന്റെ അത്യാവശ്യകതയെപ്പററി ഗവണ്മെന്റിനു ബോദ്ധ്യം വന്നിട്ടുണ്ടോ എന്നും,

(ബി) കുമരകത്തുള്ള ജനങ്ങൾക്കു കോട്ടയം ചന്ത, കാളേജ്, പബ്ളിക് കച്ചേരികൾ എന്നീസ്ഥലങ്ങളിൽ പോകുന്നതിലേക്കു ഏതെങ്കിലുംറോഡുള്ളവിവരം ഗവണ്മെന്റിനു അറിവുണ്ടോ എന്നും,

(സി) (ബി) വിഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ അപ്രകാരമുള്ള റോഡുകളുതാണെന്നും ഗവണ്മെന്റ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) കോട്ടയത്തുനിന്നു കുമരകത്തേക്കു ഇപ്പോൾ ഒരു റോഡുണ്ട്. തൽക്കാലത്തേക്കു ജനങ്ങൾ അതുകൊണ്ടു തൃപ്തിപ്പെടേണ്ടതാണ്. കുറെക്കൂടി നല്ലതായ ഒരുറോഡിന്റെ അടങ്കൽ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. അതു ചീഫ് ഇഞ്ചിനീയരുടെ പരിശോധനയിൽ ഇരിക്കുകയാണ്.

(ബി) ഉണ്ട്.

(സി) താഴത്തങ്ങാടി, ഇല്ലിക്കൽ, ചെങ്ങളം എന്നീസ്ഥലങ്ങളിൽക്കൂടി കൊട്ടയത്തുനിന്നു കുമരകത്തേക്കുള്ള റോഡ്.

മനക്കടിയം ചാല്.

നമ്പർ ൭. മി: ഡി. സി. ജോസഫ് (അരുവിക്കുറ): മനക്കടിയംചാലിൽ ഗ്രാമത്തിലെ അശുദ്ധജലം ചെന്നുചേരുന്നുണ്ടെന്നും കുറിച്ചിരുതായസ്ഥലങ്ങളിലെ ജനങ്ങൾ അതിലുള്ള ജലത്തെയാണ് കുടിക്കാൻ ഉപയോഗിച്ചുവരുന്നതെന്നും ഗവണ്മെന്റിനു അറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഉണ്ട്.

മി: ഡി. സി. ജോസഫ് (അരുവിക്കുറ): അശുദ്ധജലം ആരോഗ്യത്തിനു നല്ലതാണോ എന്നു മെംബർ ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതൊരുപൊതുവിഷയമായതുകൊണ്ടു ചട്ടങ്ങൾ അനുസരിച്ചു മറുപടിനൽകാൻ സാധിക്കുന്നതല്ല.

മി: ഡി. സി. ജോസഫ് (അരുവിക്കുറ): വിഷൂചികജലത്തിൽനിന്നുമുണ്ടാകുന്ന ഒരു വ്യാധിയല്ലേ എന്നു മെംബർ ദയവുണ്ടായി പ്രസ്താവിക്കുമോ

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതിലേക്കു വിദഗ്ദ്ധന്മാരുടെ അഭിപ്രായം പുറപ്പെടുവിക്കാൻ സാധിക്കയുള്ളു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അഗസ്തീശ്വരം താലൂക്ക് മുഴുവനും കുറിച്ചു മുതലായസ്ഥലങ്ങളിൽ വിഷൂചിക പലപ്പോഴും ഉണ്ടാകാറുണ്ടോ എന്ന മെംബർ ഒരവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അവിടെ ചിലസമയങ്ങളിൽ വിഷൂചിക ഉണ്ടാകാറുണ്ട്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം). പ്രസ്തുത ഗ്രാമങ്ങളിലെ ജലസംഭരണമുണ്ടാക്കിയ പരിഷ്കരിക്കുന്നതിലേക്കു എന്തെങ്കിലും ഏർപ്പാടുകൾ ചെയ്യുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി). ഈ സംഗതി ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കയാണ്.

അച്ചട്ടറയാററിനെ പുലിയൂർക്കുറിച്ചിയിൽനിന്നും മരുതാമലവരെ നീട്ടുന്നതിലേക്കുള്ള നിർദ്ദേശം.

നമ്പ്. മി: വി. ചെല്ലപ്പിള്ള (തോവാള): (എ) തെക്കൻതിരുവിതാംകൂർ അച്ചട്ടറയാററിനെ പുലിയൂർക്കുറിച്ചുകുളംമുതൽ മരുതാമലവരെ നീട്ടുന്നതിലേക്കു എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ എന്നും;

(ബി) (എ) വിഭാഗത്തിനുള്ള മറുപടി ഉവ്വെന്നാണെങ്കിൽ അതിന്റെ ഇപ്പോഴത്തെ (നവമ്പർ) സ്ഥിതി എന്താണെന്നും;

(സി) പ്രസ്തുത പദ്ധതിയെ ഉടനുന്നതിനു ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ എന്നും;

(ഡി) മുകളിലെ ചോദ്യത്തെ സംബന്ധിച്ചിടത്തോളം ചർച്ചകൾക്കിടയിൽനിന്നും ചീഫ്എഞ്ചിനീയർക്കു എന്തു ഹർജി കിട്ടിട്ടുണ്ടെന്നു അവയെ സംബന്ധിച്ചുള്ള തീരുമാനം എന്താണെന്നും;

(ഇ) കോതയാർ അണയിൽനിന്നുള്ള ജലസംഭരണത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ പുതുതായിതിരിക്കപ്പെട്ടിട്ടുള്ള നിലങ്ങൾക്കു കഴിഞ്ഞ പലേ കൊല്ലങ്ങളിൽ ധാരാളം വെള്ളം കിട്ടുന്നില്ലെന്നുള്ള സംഗതി ഗവണ്മെൻറിനു അറിവുണ്ടോ എന്നും;

(എഫ്) കോതയാർ അണയിൽനിന്നുള്ള ജലസംഭരണത്തിൽ ഉൾപ്പെട്ട എല്ലാ നിലങ്ങൾക്കും തൃപ്തികരമാകുംവണ്ണം ജലം വിതരണംചെയ്യുന്നതിലേക്കു അതിനുസാധിക്കുന്നില്ലെന്നുള്ള സംഗതിയെ പരിഗണിച്ചും അതുമൂലം അതിനു വളരെ അകലെ സ്ഥിതിചെയ്യുന്ന നിലങ്ങളിൽ കൃഷിക്കുറവുണ്ടാകുന്നുണ്ടെന്നുള്ള സംഗതി ആലോചിച്ചും ഏകദേശം മുപ്പത്തിഞ്ചുകൊല്ലങ്ങൾക്കുമുമ്പു മിസ്റ്റർ ഹോർസിലി എന്ന പ്രസിദ്ധഇഞ്ചിനീയർ നിർദ്ദേശിച്ചിട്ടുള്ളതിനെ പിന്നെയും ആലോചിച്ചു ഒന്നോ രണ്ടോ ചെറുതരം അണകളെ അടുത്തകാലത്തു പണികഴിപ്പിക്കുന്നതിലേക്കു അവർ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഗവണ്മെൻറു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) ഉണ്ട്.

(ബി) ദോഷാളുതോട്ടുമാത്രം മതിയാകുന്നതാണെന്നു കണ്ടതുകൊണ്ടു പ്രസ്തുത നിർദ്ദേശം വേണ്ടെന്നു വച്ചു.

(സി) (ബി) വിഭാഗത്തിനുള്ള മറുപടികൊണ്ടു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

(ഡി) ചീഫ്ഇഞ്ചിനീയർക്കു ഏതാനും ഹർജികൾ കിട്ടി; അവയെക്കുറിച്ചു ആലോചിച്ചതിനുശേഷം ഗവണ്മെൻറിലേക്കു അദ്ദേഹം റിപ്പോർട്ടു അയച്ചിട്ടുണ്ട്.

(ഇ) ഇല്ല; കാലവർഷം ഇല്ലാതിരിക്കുമ്പോൾ മാത്രമെ വെള്ളത്തിനു ദൌർല്ലഭ്യമുള്ളു.

(എഫ്) അണകളിൽ എത്രത്തോളം വെള്ളം നില്ക്കുമെന്നു പരിശോധിക്കപ്പെട്ടുവരുന്നു; അവയിൽ ചോർച്ചയില്ലാതിരിക്കുമ്പോൾ കൂടുതരം അണകളുടെ ആവശ്യം ഉത്ഭവിക്കുന്നതല്ല.

ആലപ്പുഴയിൽ അവിചാരിതമായി തീപിടിക്കുന്നതിനെ തടുക്കുന്നതിലേക്കുള്ള മാർഗ്ഗങ്ങൾ.

നമ്പ്. മി: കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട മെംബർ): ആലപ്പുഴപട്ടണത്തിന്റെ മുനിസിപ്പൽ അതിർത്തിക്കകത്തു ഓലകൊണ്ടു മേഞ്ഞിട്ടുള്ള അനേകം കുടിലുകളും, ചെറിയകടകളും, കെട്ടിടങ്ങളും സാമാനങ്ങൾ ശേഖരിച്ചിട്ടുന്നതിലേക്കുള്ള കെട്ടിടങ്ങളും, തൊഴിൽശാലകളും ഇപ്പോഴുമുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിവുണ്ടോ എന്നു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി: ഉണ്ട്.

അധഃകൃതവർഗ്ഗക്കാരും റോഡുകളുടെ പണികഴിപ്പിക്കലും.

നമ്പ്. മി: കെ. മാധവൻ (നിയമിക്കപ്പെട്ടമെംബർ): അധഃകൃതവർഗ്ഗക്കാരല്ലാത്ത മററുജാതിക്കാരുടെ ഉപയോഗത്തിനായി ഗവണ്മെൻറിൽതന്നെ ചിലവുചെയ്തു റോഡുകൾ പണികഴിപ്പിക്കുന്നസ്ഥിതിക്കു റോഡുകളും കിണറുകളും പണികഴിപ്പിക്കുന്നതിനു അധഃകൃതവർഗ്ഗക്കാർ ധനസഹായം ചെയ്യണമെന്നു ഗവണ്മെൻറു ശാഠ്യംപിടിക്കുന്നതിന്റെ കാരണമെന്താണെന്നു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): സമുദായങ്ങളുടെ അടിസ്ഥാനപ്പെടുത്തി ഗവണ്മെൻറുറോഡുകളും കിണറുകളും പണികഴിപ്പിച്ചുവരുന്നില്ല; അതിനാൽ മെമ്പർ പ്രസ്താവിക്കുന്ന താരതമ്യം വഹിക്കത്തക്കതല്ല.

കോഴി, മുട്ട എന്നിവയെ കയററുമതിചെയ്യുന്നതിനെസംബന്ധിച്ചു്.

നമ്പ്. മി: വി ചെല്ലപ്പിള്ള (തോവാള): തിരുവിതാംകൂർസംസ്ഥാനത്തുനിന്നു കൊല്ലംതോറും എത്ര കോഴികളും (പൂവൻകോഴികളും പിടക്കോഴികളും) എത്ര മുട്ടകളും കയററുമതിചെയ്യുന്നുണ്ടെന്നു ഗവണ്മെൻറിൽനിന്നും ദയവുണ്ടായിപ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): തിരുവിതാംകൂറിൽനിന്നു കയററുമതിചെയ്യുന്ന കോഴികളുടേയും മുട്ടയുടേയും പ്രത്യേകം കണക്കുകൾ വച്ചിട്ടില്ലാത്തതുകൊണ്ടു മെംബർ ആവശ്യപ്പെടുന്ന വിവരങ്ങൾ അറിയിക്കാൻ സാധിക്കുന്നതല്ല.

പുന്നയ്ക്കു ഇറക്കുമതിയും കയററുമതിയും ചെയ്യുന്നതിനെസംബന്ധിച്ചു്.

നമ്പ്. മി: വി. ചെല്ലപ്പിള്ള (തോവാള): (എ) കഴിഞ്ഞ അഞ്ചുസാമ്പത്തിക വർഷം കൊല്ലത്തെ

ളിൽ ആണ്ടുതോറും തിരുവിതാംകൂറിൽ എത്ര പുന്നയ്ക്കാ ഇറക്കുമതിചെയ്തിട്ടുണ്ടെന്നും;

(ബി) ൧൯൦൫ അവസാനിച്ചതിൻ പത്തുകൊല്ലങ്ങളിൽ ആണ്ടുതോറും തിരുവിതാംകൂറിൽനിന്നു എത്ര പുന്നക്കാ എണ്ണയും പുണ്ണാക്കും ഇറക്കുമതിചെയ്തിട്ടുണ്ടെന്നും;

(സി) കഴിഞ്ഞ പത്തുകൊല്ലങ്ങൾക്കിടയിൽ പുന്നയ്ക്കാ എണ്ണയ്ക്കുള്ള കയററുമതിച്ചുങ്കം വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നും;

(ഡി) ഉണ്ടെങ്കിൽ എത്രത്തോളം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും, അതു എത്രത്തോളം സംബന്ധപ്പെട്ട കയററുമതിയേയും വ്യവസായത്തേയും ബാധിച്ചിട്ടുണ്ടെന്നും ഗവണ്മെൻറിൽനിന്നു ഉത്തരവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ, ജോർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി):

(എ)

ആണ്ടു്	ഹൻട്രഡ്വെയിററ്
൧൯൦൯	൧൫൯൫
൧൯൦൧	*
൧൯൦൨	൭൯൯
൧൯൦൩	,,
൧൯൦൪	൯,൪൭൧
൧൯൦൫	൯,൦൧൧
൧൧൦൦	൨,൯൫
൧൧൦൧	൨൨൨൪
൧൧൦൨	൨,൭൨
൧൧൦൩	൩൭

* തുക അറിയാൻ നിവൃത്തിയില്ല. ഇറക്കുമതിചെയ്യപ്പെട്ട പുന്നക്കായുടെ വില ൭൩൫ രൂപയാണ്.

(ബി)

ആണ്ടു്	പുന്നക്കാഎണ്ണ ഹൻട്രഡ്വെയിററ്	പുണ്ണാക്ക് ഹൻട്രഡ്വെയിററ്
൧൯൦൯	൨൯,൨൯൫	൨,൦൯൨
൧൯൦൧	൨൫,൫൫൦	൨൦
൧൯൦൨	൩൦,൩൦൫	൨,൫൧൦
൧൯൦൩	൨൩൭,൨൫൭	൨,൭൨൫
൧൯൦൪	൨൭,൯൨൨	൨,൩൨.൫
൧൯൦൫	൧൯,൭൫൦	൧,൩൩.൭
൧൧൦൦	൩൭,൯൨൧	൫,൦൭൭
൧൧൦൧	൨൩,൧൫൧	൩,൭൨.൧
൧൧൦൨	൩൦,൩൨൨	൫,൯൨ വ
൧൧൦൩	൩൩,൫൩.൭	൩,൩൫ വ

(ഡി) ൧൯൭൭ കർക്കടകം ൧-ാം-മുതൽ താരിപ്പുവില ഹൻട്രഡ്വെയിററ് ഒന്നുക്കു വ ബ്രിട്ടീഷ്രൂപയിൽനിന്നു ൨ രൂപയായി വർദ്ധിപ്പിച്ചു. പ്രസ്തുതഭേദഗതി കയററുമതിയെ ഒരുവിധത്തിലും ബാധിച്ചിട്ടില്ല; അതുകൊണ്ടുതന്നെ സംബന്ധപ്പെട്ട വ്യവസായത്തെ യാതൊരുവിധത്തിലും ബാധിച്ചിട്ടില്ലെന്നു പ്രത്യക്ഷമാകുന്നുണ്ടല്ലോ.

തോട്ടകളുടെ കരകളുടെ വീതി വർദ്ധിപ്പിക്കുന്നതിനെസംബന്ധിച്ചു്.

൩൭൩. മി: വി. ചെല്ലംപിള്ള (തോവാള): തോട്ടകളുടെ ഇരുകരകളും വണ്ടികൾപോകത്തക്കവണ്ണം വീതിക്കൂട്ടേണ്ടസംഗതി ആകുന്നിടത്തോളം വേഗത്തിൽ ആലോചിക്കപ്പെടുമോ എന്നു ഗവണ്മെൻറിൽനിന്നും ഉത്തരവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): പ്രസ്തുത വിഷയം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കയാണ്.

തടിക്കാരൻകോണത്തുനിന്നു ഒരു ക്രാസ്സുറോഡിന്റെ ആവശ്യകത.

൩൭൪. മി: വി. ചെല്ലംപിള്ള (തോവാള): (എ) തടിക്കാരൻകോണത്തുനിന്നും തെക്കൻതിരുവിതാംകൂറിലുള്ള അരുമനല്ലൂക്കും വിരവനല്ലൂക്കും തമ്മിൽ ഏററവും കുറഞ്ഞദൂരം എന്താണെന്നും;

(ബി) കിഴക്കുഭാഗത്തുകൂടി പടിഞ്ഞാറോട്ടു മേൽപ്രസ്താവിച്ചസ്ഥലത്തുനിന്നും മേൽപ്രസ്താവിച്ചഗ്രാമങ്ങളിലേക്കു റോഡിൻകൂടി പോകുന്നതായാൽ ഏററവും കുറഞ്ഞ അകലം എന്താണെന്നും ഗവണ്മെൻറു ഉത്തരവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) തടിക്കാരൻകോണത്തുനിന്നും അരുമനല്ലൂക്കു ഏററവും കുറഞ്ഞ ദൂരം മുക്കാൽ നാഴികയാണ്, തടിക്കാരൻകോണത്തുനിന്നും വിരവനല്ലൂക്കുള്ള ഏററവും കുറഞ്ഞ അകലം ഒരു നാഴികയാണ്.

(ബി) തടിക്കാരൻകോണത്തുനിന്നും കിഴക്കുഭാഗത്തുകൂടി റോഡുവഴി വിരവനല്ലൂക്കുള്ള ഏററവും കുറഞ്ഞ അകലം നൂറ്റി നാഴികയും അരുമനല്ലൂക്കു ഒന്നര നാഴികയും പടിഞ്ഞാറുഭാഗത്തുകൂടി പ്രസ്തുത അകലം യഥാക്രമം ൭ നാഴികയും ൩ നാഴികയും ആകുന്നു.

വയ്ക്കത്തുള്ള തെങ്ങിൻതോട്ടം.

൩൭൫. മി: മാത്തു മുരിക്കൻ (വയ്ക്കം): (എ) വയ്ക്കത്തുള്ള തെങ്ങിൻതോട്ടം പരീക്ഷണത്തോട്ടമോ ഉപവാടനത്തോട്ടമോ എന്നും;

(ബി) പരീക്ഷണത്തോട്ടമാണെങ്കിൽ ഏതെല്ലാം പരീക്ഷണങ്ങൾ നടത്തിവരുന്നുണ്ടെന്നും;

(സി) ഉപവാടനത്തോട്ടമാണെങ്കിൽ തെങ്ങിൻകൃഷിസംബന്ധിച്ചിടത്തോളം ഏതെല്ലാംവിധത്തിലുള്ള ഉപവാടനങ്ങൾ നടത്തുന്നുണ്ടെന്നും;

(ഡി) പ്രസ്തുതതോട്ടത്തിലുള്ള വൃക്ഷങ്ങളുടെ പ്രായം എന്താണെന്നും;

(ഇ) പ്രസ്തുത തോട്ടം സംരക്ഷിക്കപ്പെടുന്നതിനു ആണ്ടുതോറും ഗവൺമെൻറ് എന്തു ചിലവാക്കുന്നുണ്ടെന്നും ഗവൺമെൻറ് മറുപടിയായി പ്രസ്താവിക്കുമോ

മി: കെ. ജോർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): (എ) വയ്യത്തുള്ള തെങ്ങിൻതോട്ടം ഒരു ഉപവാതനത്തോട്ടമാണ്.

(ബി) (എ) വിഭാഗത്തിനുള്ള മറുപടികൊണ്ടു ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

(സി) പ്രായംകൂടിയ വൃക്ഷങ്ങളേയും ചെറിയ വൃക്ഷങ്ങളേയും ശാസ്ത്രീയമായ വളങ്ങളിട്ടും മററു ശുശ്രൂഷകൾകൊണ്ടും പരിപുഷ്ടിക്കപ്പെടേണ്ട സമ്പ്രദായങ്ങളെയാണ് അവിടെ കാണിച്ചുകൊടുക്കുന്നതു്.

(ഡി) മൂന്നുകൊല്ലങ്ങൾമുതൽ എഴുപതുകൊല്ലങ്ങൾവരെ പ്രായമുള്ള വൃക്ഷങ്ങൾ അവിടെയുണ്ട്.

(ഇ) മെംബർ ആവശ്യപ്പെടുന്ന വിവരം ചുവടെ ചേർക്കുന്നു.

ആണ്ടു്	തുക രൂപ
൧൦൯൫	൯൩൭൫
൧൦൯൬	൪൭൯
൧൧൦൦	൫൨൪
൧൧൦൧	൪൩൩
൧൧൦൨	൪൭൭
൧൧൦൩	൪൮൭
ആകെ	൩,൫൯൩

മി: മാത്യു മുരിക്കൻ (വയ്യം): എഴുപതുകൊല്ലം പ്രായമുള്ള വൃക്ഷങ്ങളെസംബന്ധിച്ചിടത്തോളം ശാസ്ത്രീയവളംകൊണ്ടു എന്തെങ്കിലും പ്രയോജനമുണ്ടോ?

മി: കെ. ജോർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): അതൊരു വിദഗ്ധൻ അഭിപ്രായപ്പെടേണ്ടതാണ്, അതിനാൽ ഈ ചോദ്യത്തിനു മറുപടിനല്കാൻ എനിക്കു സാധിക്കയില്ല.

മി: മാത്യു മുരിക്കൻ (വയ്യം). വിദഗ്ധന്റെ അഭിപ്രായം മെംബർ ചോദിച്ചറിഞ്ഞിട്ടില്ലേ?

മി: കെ. ജോർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): ഇപ്പോൾ മെംബർ പ്രസ്താവിക്കുന്നവിഷയത്തെ സംബന്ധിച്ചിടത്തോളം, അതായതു എഴുപതുകൊല്ലം പ്രായമുള്ള വൃക്ഷങ്ങൾക്കു ശാസ്ത്രീയമായിട്ടുള്ള വളം ഉപകാരപ്രദമായിരിക്കുമോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം അന്വേഷിച്ചറിഞ്ഞിട്ടില്ല.

മ: മാത്യു മുരിക്കൻ (വയ്യം): വയ്യം തെങ്ങിൻതോട്ടത്തിലുള്ള എഴുപതുകൊല്ലം പ്രായംവരുന്ന തെങ്ങുകളെ സംബന്ധിച്ചിടത്തോളവും പ്രസ്തുത വളം ഉപയോഗപ്പെടുത്തിവരുന്നു എന്നു മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നു.

മി: കെ. ജോർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): അപ്രകാരം അതിൽ പ്രസ്താവിച്ചിട്ടില്ല. തെങ്ങിൻതോട്ടത്തിൽ എഴുപതുകൊല്ലം പ്രായമുള്ള തെങ്ങുകളുമുണ്ടെന്നുമാത്രമേ പറഞ്ഞിട്ടുള്ളു. എന്നാൽ അവയെസംബന്ധിച്ചിടത്തോളം പ്രസ്തുത വളം ഉപയോഗപ്പെടുത്തിവരുന്നുണ്ടോ എന്ന് അതിൽ പറഞ്ഞിട്ടില്ല

മി: മാത്യു മുരിക്കൻ (വയ്യം): ആറുകൊല്ലത്തിൽകുറഞ്ഞു പ്രായമുള്ളതായി എത്ര വൃക്ഷങ്ങൾഉണ്ട്?

മി: കെ. ജോർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): എനിക്കറിവില്ല.

പുകയില വില്ക്കുന്നതിലേക്കുള്ള ലൈസൻസ്.

൩൭൩. മി: മാത്യു മുരിക്കൻ (വയ്യം): (എ) പുകയില വില്ക്കുന്നതിലേക്കു ലൈസൻസു ആവശ്യപ്പെട്ടു എക്സൈസ് അധികാരസ്ഥന്മാർക്കു ൧൯൩൫-ലും ൧൯൩൬-ലും എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നും;

(ബി) നിരാകരിക്കപ്പെട്ട അപേക്ഷകൾ എത്രയാണെന്നും അതിലേക്കുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും ഗവൺമെൻറ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): (എ)-യും (ബി)-യും.

കൊല്ലം.	കിട്ടിയ അപേക്ഷകൾ.	നിരാകരിക്കപ്പെട്ട അപേക്ഷകൾ.
൧൯൩൫	൧൫,൫൭൯	൭൩൪
൧൯൩൬	൧൦,൪൨൦	൫൯൩

സംബന്ധപ്പെട്ട പ്രദേശങ്ങളുടെ ആവശ്യങ്ങളിൽ കൂടുതലായിട്ടുള്ള അപേക്ഷകളും അനർഹന്മാരുടെ പക്കൽനിന്നു കിട്ടിയിട്ടുള്ള അപേക്ഷകളും പുകയില ചട്ടങ്ങളിലെ ൪ ൧-ം ൪൫-ം ചട്ടങ്ങൾ അനുസരിച്ചു നിരാകരിക്കപ്പെട്ടിട്ടുണ്ട്.

മി: മാത്യുമുരിക്കൻ (വൈക്കം): പുകയിലലൈസൻസിനു അപേക്ഷിക്കുന്ന ആൾക്കു ആവശ്യമുള്ള യോഗ്യതയുടെ പരിമാണം എന്താണെന്നു മെമ്പർ ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): അതു പുകയില ചട്ടങ്ങളിലെ ൪ ൧-ം ൪൫-ം ചട്ടങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. ൪൫-ാം ചട്ടം താഴെ പറയുംപ്രകാരമാണ്:—

"(എ) തിരുവിതാംകൂർ ശിക്ഷാനിയമപ്രകാരം തൻെറ നടത്തയെ സ്പർശിക്കുന്ന ഏതെങ്കിലും കുററത്തിനു ശിക്ഷിക്കപ്പെട്ടവനോ;

(ബി) ൧൯൭൪-ലെ ൧-ാം റഗുലേഷനായ പുകയിലറഗുലേഷൻപ്രകാരമുള്ള ഏതെങ്കിലും കുററത്തിനൊ സെപ്പററേററ റവന്യൂസംബന്ധമായുള്ള മററു ഏതെങ്കിലും നിയമം അനുസരിച്ചു ഗൌരവതരമായ ഏതെങ്കിലും കുററത്തിനൊ, ശിക്ഷിക്കപ്പെട്ടവനോ;

(സി) അബ്ക്കാരിയോ കുടിപ്പാ കുത്തകസംബന്ധമായോ, സെപ്പററേററ റവന്യൂഇനത്തിൽ ഗവൺമെൻറിലേക്കു ചെല്ലേണ്ടതായ ഏതെങ്കിലും തുക സംബന്ധമായൊ വീഴ്ച വരുത്തിയിട്ടുള്ളവനോ;

(ഡി) ഗവൺമെൻറ് സർവീസിൽ ഇരിക്കുന്ന ഒരു ഉദ്യോഗസ്ഥനൊ മുഖ്യമായൊ ചില്ലറയായൊ കച്ചവടം ചെയ്യുന്നതിലേക്കുള്ള യാതൊരു ലൈസൻസും കൊടുക്കാൻപാടില്ലാത്തതാകുന്നു."

മി: മാത്യുമുതലിക്കൻ (വൈക്കം): മേൽ പ്രസ്താവിച്ചിട്ടുള്ള വ്യവസ്ഥകളിൽ ഉൾപ്പെടുന്ന അപേക്ഷകളിൽ നിരാകരിക്കപ്പെട്ടതെന്നാണോ മെമ്പർ പ്രസ്താവിക്കുന്നത്?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അല്ല സംബന്ധപ്പെട്ട സ്ഥലത്തിൽ ആവശ്യമുള്ളിടത്തോളം അപേക്ഷകൾ മാത്രമെ അനുവദിക്കാറുള്ളു എന്നാണ് മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളത്.

മി: മാത്യുമുതലിക്കൻ (വൈക്കം): നിരാകരിക്കപ്പെട്ട അപേക്ഷകൾ എത്രയാണെന്നും അതിലേക്കുള്ള കാരണങ്ങൾ എന്താണെന്നും എന്റെ പ്രശ്നത്തിന്റെ ഭാഗത്തിൽ ചോദിച്ചിട്ടുണ്ട്. ആവശ്യമില്ലാത്തതുകൊണ്ടും അയോഗ്യരുള്ളവരും അപേക്ഷകൾ നിരാകരിക്കപ്പെട്ടു എന്നാണ് പ്രസ്താവിച്ചിരിക്കുന്നത്.

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അവയിൽ ചിലത് അപ്രകാരമുള്ളവയായിരിക്കാം.

മി: മാത്യുമുതലിക്കൻ (വൈക്കം): ആവശ്യത്തെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ ആവശ്യത്തെ അടിസ്ഥാനപ്പെടുത്തിയാണ് ആവശ്യങ്ങളെ നാം കണക്കാക്കുന്നതെന്നു മെമ്പർ വിചാരിക്കുന്നില്ലേ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): കുത്തകക്കാരന്റെ ആവശ്യം അടിസ്ഥാനപ്പെടുത്തിയല്ല, ജനങ്ങളുടെ ആവശ്യത്തെ അടിസ്ഥാനപ്പെടുത്തിയാണ്.

മി: മാത്യുമുതലിക്കൻ (വൈക്കം): എന്നാൽ കുത്തകക്കാരൻ ഗവണ്മെന്റിനു പണം കൊടുക്കേണ്ടതായിട്ടുണ്ട്.

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): എന്നാൽ എല്ലാ ചട്ടങ്ങളും കുത്തകക്കാരൻ അനുസരിക്കുന്നുണ്ടോ എന്നു ഡിപ്പാർട്ടുമെന്റു നോക്കേണ്ടതായിട്ടുണ്ട്.

മി: മാത്യുമുതലിക്കൻ (വൈക്കം): അപേക്ഷകൾ നിരാകരിക്കപ്പെടുന്നതുമൂലം ഗവണ്മെന്റിനു ദ്രവ്യനഷ്ടമുണ്ടാകുന്നില്ലേ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇല്ല. പുകയില ഉപയോഗപ്പെടുത്തുന്ന എല്ലാജനങ്ങൾക്കും അവർക്കു ആവശ്യമുള്ള പുകയില മുഴുവനും ലൈസൻസ് ഉടമസ്ഥന്മാരിൽനിന്നും ലഭിക്കുന്നുണ്ട്.

മി: മാത്യുമുതലിക്കൻ (വൈക്കം): എന്നാൽ ഓരോ അപേക്ഷയും നിരാകരിക്കപ്പെടുന്നതുമൂലം അഞ്ചുരൂപാവീതം ഗവണ്മെന്റിനു നഷ്ടമുണ്ടാകുന്നില്ലേ?

അദ്ധ്യക്ഷൻ: നിങ്ങൾ വാദിക്കയാണ് ചെയ്യുന്നത്.

ചാരായഷാപ്പുകൾ.

നവ്വ൧. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) അരുട, ഫെയർഹിൽഡ്, വണ്ടിപ്പെരിയാർ എന്നി സ്ഥലങ്ങളിൽ ഉള്ള ചാരായഷാപ്പുകളിൽ നിന്ന് ൧൯൩൯-ാമാണ്ടിൽ മൊത്തത്തിൽ കിട്ടിയ കുത്തകത്തുക എന്താണെന്നും;

(ബി) പ്രസ്തുത മൂന്നു ഷാപ്പുകൾമൂലം എത്ര ജനങ്ങൾക്കു ഗുണം സിദ്ധിക്കുന്നു എന്നും;

(സി) പീരിമേട്ടു താലൂക്കിൽ ഓരോ ആളും അബ്കാരി ഇനത്തിൽ ശരാശരി എന്തു ചുങ്കം കൊടുത്തുവരുന്നു എന്നും ഗവണ്മെന്റു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): (എ) ഫെയർഹിൽഡ്, അരുട എന്നീ സ്ഥലങ്ങളിലുള്ള ഷാപ്പുകളിൽനിന്നും ൧൯൩൯-ാമാണ്ടു ആകെ ൩,൦൫൦ രൂപ കുത്തക ഇനത്തിൽ കിട്ടിയിട്ടുണ്ട്; വണ്ടിപ്പെരിയാറിൽ ചാരായഷാപ്പില്ല.

(ബി) മെമ്പർ ആവശ്യപ്പെടുന്ന വിവരം കിട്ടിയിട്ടില്ല.

(സി) പീരിമേട്ടു താലൂക്കിലുള്ള ജനസംഖ്യയിൽ ഓരോരുത്തനും കൊടുക്കേണ്ടതായ നികുതിയെപ്പറ്റിയാണ് മെമ്പർ ചോദിക്കുന്നതെങ്കിൽ അതു സംബന്ധമായി ൧൯൩൯-ാമാണ്ടത്തേക്കുള്ള ഉക ൨ രൂപ ൪ ചക്രം ൨ കാശു ആകുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആവശ്യപ്പെട്ടിരിക്കുന്ന വിവരം അറിയുന്നതിലേക്കു ഗവണ്മെന്റു എപ്പോഴെങ്കിലും ശ്രമിച്ചിട്ടുണ്ടെന്നു മെമ്പർ ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): എന്തു വിവരമാണെന്നു മെമ്പർ ദയവുണ്ടായി പറയുമോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം). (ബി) വിഭാഗത്തെസംബന്ധിച്ചു, അതായതു മൂന്നു ഷാപ്പുകൾക്കുള്ളിലുള്ള കുത്തകത്തുക.

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഗവണ്മെന്റു ശ്രമിച്ചിട്ടില്ല.

മി: ഡി. സി. ജോസഫ (അഗസ്തീശ്വരം): ദിവസേനയുള്ള വില്പനക്കു മേൽപ്രസ്താവിച്ച ഷാപ്പുകൾ എന്തെങ്കിലും റിക്കാർഡുകൾ വയ്ക്കാറുണ്ടോ എന്നു മെമ്പർ ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എനിക്കറിവില്ല.

തിരുവിതാംകൂർ ഷുഗേഴ്സ് ക്ലിപ്പം.

നവ്വ൧. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): തിരുവിതാംകൂർ ഷുഗേഴ്സ് ക്ലിപ്പം കമ്പനിയെ സംബന്ധിച്ചിടത്തോളം താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങിയിട്ടുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ;—

(i) കമ്പനിക്കുള്ളതൊത്തം മൂലധനം.

(ii) പൊതുജനങ്ങളുടെ ഓഹരി ഇനത്തിൽ പിരിച്ചെടുക്കപ്പെട്ടമൂലധനം

(iii) ഓഹരിമൂലധനം ഇനത്തിൽ തിരുവിതാംകൂർ ഗവണ്മെന്റു കൊടുത്തിട്ടുള്ളതുക.

(iv) യന്ത്രങ്ങൾ മുതലായവയ്ക്കും കെട്ടിടങ്ങൾക്കുമായി വിനിയോഗിച്ചിട്ടുള്ളതുക.

(v) പ്രസ്തുത കമ്പനി ആരംഭിക്കപ്പെട്ട തീയതിമുതൽ ആഫീസ് എസ്റ്റാബ്ലിഷ്മെന്റിനു ചിലവാക്കിയിട്ടുള്ളതുക.

(vi) ഏതു പങ്കുസാരം ഉണ്ടാക്കിയിട്ടുണ്ടെന്നും കയറ്റുമതി ചെയ്യപ്പെട്ടതും ഈ സംസ്ഥാനത്തിൽതന്നെ വിൽക്കപ്പെട്ടതും ആയ തുക എന്താണെന്നും;

(vii) ഓഹരി ഉടമസ്ഥന്മാർക്കു കൊടുത്തിട്ടുള്ള ഡിവിഡന്റ്;

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (i), (ii), (iv) മുതൽ (vii) വരെ വിഭാഗങ്ങൾ സംബന്ധിച്ചിടത്തോളമുള്ള വിവരം കമ്പനിയിൽനിന്നോ അതിന്റെ മാനേജിംഗ് ഏജന്റിന്മാരിൽനിന്നോ ലഭിക്കാവുന്നതാണ്. അതൊരു ഗവണ്മെന്റു സ്ഥാപനമല്ല.

(iii) ഫ, ഴ ൻ, ൻ ൻ ൦ രൂപ.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (i) വിഭാഗത്തെ സംബന്ധിച്ചിടത്തോളം പ്രസ്തുത കമ്പനിയിലെ ബോർഡ് ഓഫ് ഡയറക്ടറന്മാരിൽ ഏതെങ്കിലു ഗവണ്മെന്റു ഉദ്യോഗസ്ഥന്മാരുണ്ടോ എന്ന് മെമ്പർ മയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഉണ്ട്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അവർക്കു അവിടെയുള്ള ജോലികൾ എന്തെല്ലാമാണെന്നു മെമ്പർ മയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഇതു മെമ്പറുടെ ചോദ്യത്തിൽ നിന്നും ഉൾക്കൊള്ളുവിക്കുന്നതാണോ എന്നുള്ളതിനെപ്പററി അദ്ധ്യക്ഷന്റെ ഒരു വിധിവേണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ. മിസ്റ്റർ ജോസഫ് നിങ്ങളുടെ ചോദ്യവും ഡയറക്ടറന്മാരുടെ ജോലികളും തമ്മിൽ യാതൊരു സംബന്ധവുമില്ല.

സംസ്ഥാനത്തിലെ കൂലിക്കു ലഭിക്കുന്ന ശരാശരി കൂലി

നമ്പർ. മി, കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട മെമ്പർ), (എ) തിരുവിതാംകൂറിലുള്ള പ്രധാന വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കൂലിക്കാർക്ക് കിട്ടുന്ന ശരാശരി കൂലി എന്താണെന്നും;

(ബി) പുരുഷന്മാർക്കും, സ്ത്രീകൾക്കും, കുട്ടികൾക്കും പ്രത്യേകമായി ലഭിക്കുന്ന ശരാശരി കൂലി എന്താണെന്നും ഗവണ്മെന്റു മയവുണ്ടായി പ്രസ്താവിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി), തിരുവിതാംകൂർ സ്റ്റാററിക്സ് (ഒൻപതാമത്തെ പതിപ്പ്), ൧൯൨൯ മുതൽ ൧൯൩൦ വരെ വർഷങ്ങളിൽ കൊടുത്തിട്ടുള്ള വ്യത്യസ്ത പട്ടികകൾ മെമ്പർ നോക്കേണ്ടതാണ്.

സംസ്ഥാനത്തിലെ പ്രധാന വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജോലിക്കാർ.

൩൦൦. മി: കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട മെമ്പർ): (എ) സംസ്ഥാനത്തിലെ പ്രധാന വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജോലിക്കാരുടെ മൊത്തം സംഖ്യ എന്താണെന്നും;

(ബി) അവരിൽ പുരുഷന്മാർ എത്രയെന്നും, സ്ത്രീകൾ എത്രയെന്നും, കുട്ടികൾ എത്രയെന്നും ഗവണ്മെന്റു മയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി). (എ)-യും (ബി)-യും ൧൯൨൯-ാമാണ്ടത്തേക്കുള്ള കരണറിപ്പോർട്ടു ൧൯൩൦-ാം വർഷം മെമ്പർ നോക്കേണ്ടതാണ്.

പുതുവൽഭൂമികൾ പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച്.

൩൦൧. മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര). പത്താനാപുരം, കുന്നത്തൂർ, കൊട്ടാരക്കര, പത്തനാപുരം എന്നീ താലൂക്കുകളിലുള്ള പുതുവൽ ഭൂമികളെ ൧൯൨൮-ാം ൧൯൩൦-ാം ആണ്ടുകളിൽ സിറിയൻക്രിസ്ത്യാനികളുടെ പേക്കു പേരംകൊണ്ടു പതിച്ചുകൊടുത്തതിനെ സംബന്ധിച്ചിടത്തോളം,

(എ) ആ ഭൂമികളുടെ സർവ്വേനമ്പരും വിസ്തീർണ്ണവും;

(ബി) അവയുടെ വിസ്തീർണ്ണം.

(സി) സംബന്ധപ്പെട്ട ഭൂമികളെ ആരുടെ പേക്കാണോ പതിച്ചുകൊടുക്കുകയോ വേലം ചെയ്തുകൊടുക്കുകയോ ചെയ്തിട്ടുള്ളതു അവരുടെ പേരുകൾ എന്താണെന്നും;

(ഡി) ഒരോ വിഭാഗത്തിനും നിശ്ചയിച്ചിട്ടുള്ള തറവിലയുടെ നിരക്കു എന്താണെന്നും;

(ഇ) പ്രസ്തുത ഭൂമികളിൽ ഓരോന്നും ആരുടെയെങ്കിലും കൈവശത്തിൽ ഇരുന്നിരുന്നോ എന്നും, ഉണ്ടെങ്കിൽ അവരുടെ പേരുകൾ എന്താണെന്നും;

(എഫ്) പ്രസ്തുത പ്ലാട്ടുകളിൽ ഒരോന്നിലും വല്ല കോണ്ടണ്ടങ്ങളും ചെയ്തിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ കോണ്ടണ്ടങ്ങൾ ചെയ്തിട്ടുള്ള ആളുകളുടെ പേരുകൾ എന്താണെന്നും;

(ജി) അപ്രകാരം പതിച്ചുകൊടുത്തതിനെ സംബന്ധിച്ചു എന്തെങ്കിലും പരാതികൾ ഏതെങ്കിലും ആളുകളോ സംഘങ്ങളോ ഗവണ്മെന്റു ചേക്കു അയച്ചിട്ടുണ്ടോ എന്നും;

(എച്ച്) (ജി) വിഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ;

(i) പരാതിക്കാരന്റെയോ പരാതിക്കാരുടെയോ പേരുകൾ എന്താണെന്നും, അപ്രകാരമുള്ള പരാതികൾ ഏതു പ്ലാട്ടുകളെ സംബന്ധിച്ചാണോ ആ പ്ലാട്ടുകൾ ഏതെല്ലാമാണെന്നും;

(ii) അതിൽ അടങ്ങിയിട്ടുള്ള പരാതികളുടെ യും. ക്കളുടെയും സാരവസ്തുതകൾ എന്താണെന്നും;

(ഐ) പ്രസ്തുത ഹർജികളെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും നടപടികൾ ഗവണ്മെന്റു നടത്തിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അവയുടെ സ്വഭാവമെന്താണെന്നും;

(ജെ) മേൽപ്രസ്താവിച്ച പുതുവത്ത പതിവുകൾ പുതുവൽ സബ്ഡിവിഷൻ ചട്ടങ്ങൾ അനുസരിച്ചാണോ നടത്തിയിട്ടുള്ളതെന്നും ഗവണ്മെന്റ് ഒരവുണ്ടാകി പ്രസ്താവിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി). മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയിട്ടുള്ള പട്ടികകൾ മെമ്പർക്ക് വായിച്ചുനോക്കുന്നതിലേക്ക് നിയമസഭ സെക്രട്ടറിയുടെ ആഫീസിൽ വച്ചിട്ടുള്ളതാകുന്നു. അവയെ അച്ചടിച്ചു മേശമേൽ വയ്ക്കുന്നതിന് ഏർപ്പെടുത്തുന്നതല്ല; എന്തെന്നാൽ അവ വളരെ വലിപ്പമുള്ളവയാകുന്നു.

വിഷംതീണ്ടുന്നതിനെ പരിഹരിക്കുന്നതിലേക്ക് നെയ്യാററിൻകര താലൂക്കിൽ ചെയ്തിട്ടുള്ള ഏർപ്പാടുകൾ.

നമ്പർ. മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര). വിഷം തീണ്ടുന്നതിനെ തടുക്കുന്നതിലേക്ക് നെയ്യാററിൻകര താലൂക്കിൽ ചെയ്തിട്ടുള്ള പരിഹാരങ്ങളെ സംബന്ധിച്ചിടത്തോളം,

(എ) അവ എന്തെല്ലാമാണെന്നും;

(ബി) അതിലേക്ക് പ്രത്യേകയോഗ്യതകൾ സിദ്ധിച്ചിട്ടുള്ള ആളുകളെ വൈദ്യന്മാരായി ധനസഹായം നൽകി നിയമിച്ചിട്ടുണ്ടോ എന്നു;

(സി) (ബി) വിഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ ആ വൈദ്യന്മാരുടെ പേരുകൾ എന്താണെന്നും, അവർക്ക് ഇത്ര പ്രത്യേക യോഗ്യതകൾ എന്താണെന്നും, അവരെ നിയമിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമാണെന്നും;

(ഡി) ഒററശേഖരമംഗലത്തും മറെറങ്ങുകടവിളയിലും വിഷം തീണ്ടൽമൂലം പലപ്പോഴും മരണങ്ങളുണ്ടാകുന്ന വിവരം ഗവണ്മെന്റിനു അറിവുണ്ടോ എന്നും;

(ഇ) മേൽപ്രസ്താവിച്ച സ്ഥലങ്ങളിലുള്ള ജനങ്ങൾ ഇതിനെ സംബന്ധിച്ച് ആവലാധിപ്പെട്ടിട്ടുണ്ടോ എന്നും അതിലേക്ക് ആവശ്യമുള്ള സഹായം ചെയ്തുകൊടുക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ടോ എന്നും ഗവണ്മെന്റ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർണ്ണമെന്റ് സെക്രട്ടറി): (എ) പ്രസ്തുത താലൂക്കിൽ സംസ്ഥാനത്തിങ്കലിനും അംഗീകരിച്ചിട്ടുള്ള രണ്ടു വിഷവൈദ്യശാലകളുണ്ട്; ഒന്നു പാറശ്ശാലയും വേറൊന്നു പെരുങ്കടവിളയിലുമാണ്. നെയ്യാററിൻകര പട്ടണത്തിലുള്ള ധനസഹായം സിദ്ധിച്ചുവരുന്ന വൈദ്യൻ പാമ്പുകടിഏററ രോഗികളെ ചികിത്സിക്കുമെന്നും ഗവണ്മെന്റ് ആശിക്കുന്നുണ്ട്,

(ബി) ഇല്ല.

(സി) (ബി) വിഭാഗത്തിനുള്ള മറുപടി കൊണ്ട് ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

(ഡി) ഗവണ്മെന്റിനു അറിവില്ല.

(ഇ) . ഒററശേഖരമംഗലത്തുള്ള വിഷവൈദ്യൻ വി. പരമേശ്വരൻനായർക്ക് ധനസഹായം ചെയ്യണമെന്നുകാണിച്ച് ഒരു ഹർജി കിട്ടിയിട്ടുണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): (ഇ) വിഭാഗത്തിനുള്ള മറുപടി സംബന്ധിച്ചിടത്തോളം ഹർജിക്ക് എന്തു നടപ്പടി നടത്തി?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അത് ആയുർവേദഡയറക്ടർക്ക് അയയ്ക്കപ്പെട്ടു; അപേക്ഷകൻ വേണ്ട യോഗ്യത സിദ്ധിച്ചിട്ടുള്ള ആളല്ലെന്നാണ് അദ്ദേഹം റിപ്പോർട്ടുചെയ്തിരിക്കുന്നത്.

ഹോമിയോപ്പതിചികിത്സ.

നമ്പർ. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഹോമിയോപ്പതി ചികിത്സാസമ്പ്രദായത്തെ ഗവണ്മെന്റ് പ്രോത്സാഹിപ്പിക്കേണ്ടതാണെന്നുള്ളതിനെ സംബന്ധിച്ച് കഴിഞ്ഞ സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട പ്രമേയത്തെ സംബന്ധിച്ചിടത്തോളം എന്തു നടപടി നടത്തിയിട്ടുണ്ടെന്നും, നടപടി നടത്തിയിട്ടില്ലാത്തപക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും ഗവണ്മെന്റ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റ് ചീഫ് സെക്രട്ടറി): ആ വിഷയം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കയാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഏതു രീതിയിലുള്ള നടപടിയെ സംബന്ധിച്ചാണോ അതല്ല എന്തെങ്കിലും നടപടി നടത്തണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ചാണോ ആലോചിച്ചുവരുന്നത്?

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): ഈ വിഷയം മുഴുവനും മെഡിക്കൽ സർവീസ് അഡ്മിനിസ്ട്രേററീവ് ബോർഡിന്റെ അഭിപ്രായത്തിനു അയച്ചുകൊടുത്തിരിക്കയാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം നടപടി നടത്തണമെന്നുള്ളതിനെപ്പററി ഇതുവരെ ഗവണ്മെന്റ് യാതൊന്നും തീരുമാനിച്ചിട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു ?

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി): അല്ല; ഇപ്പോൾതന്നെ ഗവർണ്ണമെന്റിൽനിന്നും നടപടി നടത്തിയിരിക്കയാണ്.

കിളിമാനൂരുള്ള ദേവേശ്വരം കുളം.

നമ്പർ. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ചിറയിൻകീഴ്താലൂക്കിൽ കിളിമാനൂരുള്ള ദേവേശ്വരം കുളത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും;

(ബി) പ്രസ്തുത കുളം ശരിയാകുവാൻ വേണ്ടുന്നവിധത്തിൽ കിടക്കപ്പെടുന്നപക്ഷം ഏതു പററ നിലങ്ങൾക്കു അതിൽനിന്നും വെള്ളം സിദ്ധിക്കുമെന്നും;

(സി) പ്രസ്തുത കുളത്തിങ്കലിനിന്നും വെള്ളം കിട്ടാത്തതുകൊണ്ട് ഏകദേശം ആയിരം പററ നിലങ്ങളിലെ വിളവു നശിച്ചുപോയിട്ടുള്ളതു വാസ്തവമാണോ എന്നും ഗവർണ്ണമെന്റ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): (എ) ഉദ്ദേശിക്കപ്പെടുന്ന പ്രസ്തുത കുളം അററകുററപ്പെട്ടിരിക്കയാണ്. മഴവെള്ളം വേണ്ടുന്നപ്രകാരം വിടുന്നതിലേക്കു ചീപ്പോ അധികം വെള്ളം മുണ്ടാകുന്ന കാലത്തു പായുന്നതിലേക്കുള്ള സ്ഥിരമായ ഒരു ചീപ്പോ അതിനില്ല. അതിന്റെ തെക്കുഭാഗത്തു ഒരു വലുതായ ചിറ മാത്രമേയുള്ളു; അതിൽ ആളുകൾ പ്രവേശിച്ചു മരച്ചീനിയും വെററിലക്കൊടിയും കൃഷിചെയ്തുവരുന്നു. മററുള്ള മൂന്നുവശങ്ങളും വളരെ പൊക്കമുള്ള ഭൂമിയാണ്.

(ബി) ഏകദേശം ൪ ൦ ഏക്കർ.

(സി) ഗവർണ്ണമെന്റിനു അറിവില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, പ്രസ്തുത ഭൂമികളെ ഈ കുളംമൂലം കൃഷിസേചനം ചെയ്യപ്പെടുന്നതിലേക്കു കയ്യേററങ്ങളെ മാററി കുളത്തിന്റെ തെക്കെ ഭാഗത്തു ഒരു ചീപ്പു പണികഴിപ്പിക്കുന്നതു ഗവർണ്ണമെന്റിന്റെ അധികാരത്തിൽ ഉൾപ്പെട്ടതാണോ എന്നു ദയവുണ്ടായി പ്രസ്താവിക്കാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റ് സെക്രട്ടറി): കിഴക്കിമാന്തൂർ പകുതിയിലാണു ഈ കുളം സ്ഥിതിചെയ്യുന്നതു; ഈ വിഷയത്തിൽ വൈഷമ്യമില്ലെന്നില്ല. മെംബറിന്റെ നിർദ്ദേശം പ്രായോഗികമല്ല.

മുണ്ടാടിചിറ.

൩൯൪. മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല):

(എ) (എ) തിരുവല്ലാതാലൂക്കിലെ തിരുവമ്പൻകുന്ന് പകുതിയിലുള്ള വട്ടാർ നദിയിൽ സ്ഥിതിചെയ്യുന്ന മുണ്ടാടിചിറയെ ഇറക്കുവിടേണ്ട ആവശ്യകതയേയും അതിൽനിന്നുണ്ടാകുന്ന ഗുണങ്ങളെയും കാണിച്ചു ഗവർണ്ണമെന്റിലേക്കു അയച്ചിട്ടുള്ള ഹർജികളേയും അപേക്ഷകളേയും പററി ഗവർണ്ണമെന്റിന് അറിവുണ്ടോ എന്നും;

(ബി) അതിനെ സംബന്ധിച്ചു എന്തെങ്കിലും അന്വേഷണം ഗവർണ്ണമെന്റ് നടത്തിയിട്ടുണ്ടോ എന്നും ഗവർണ്ണമെന്റു ദയവുണ്ടായി പ്രസ്താവിക്കുമോ?

(സി) ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും എഴുത്തുകുത്തുണ്ടായിട്ടുണ്ടെങ്കിൽ അതു മേശമേൽ വയ്ക്കുന്നതിനു ഗവർണ്ണമെന്റിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): (എ) (എ) മുണ്ടാടിചിറ ഇറക്കണമെന്നും തുറക്കാൻ പാടില്ലെന്നും കാണിച്ചു ഹർജികൾ കിട്ടിയിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തിനകത്തു കലമാറ്റം സഞ്ചരിക്കേണ്ടതിനെ സംബന്ധിച്ചു് എഴുതിയിട്ടുള്ള റാവുബഹദൂർ ജാൺകുട്ടിയുടെ റിപ്പോർട്ടിലെ ൪ വ—ം ൪ ൦—ം ഖണ്ഡികകൾ മെമ്പർ വായിച്ചുനോക്കേണ്ടതാണ്.

(സി) മേൽപ്രസ്താവിച്ച റിപ്പോർട്ട് വേറൊരു ഖണ്ഡത്തിൽ നിയമസഭാമെമ്പറന്മാർക്കു കൊടുത്തിട്ടുള്ളതാകുന്നു; അതിന്റെ പകർപ്പുകൾ നിയമസഭ ലൈബ്രറിയിൽ ഉണ്ട്; അതിനു എല്ലാ വിവരങ്ങളും അടങ്ങിയിട്ടുണ്ട്.

തോവാളയിലുള്ള ആസ്പത്രികൾ.

൩൯൫. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): തോവാളതാലൂക്കിലേക്കു അനുവദിക്കപ്പെട്ടിട്ടുള്ള രണ്ടു ആസ്പത്രികൾ സ്ഥാപിക്കുന്നതിനുവേണ്ടിവന്ന പ്രാരംഭചിലവു എന്തൊക്കെയാണെന്നും, ആ സ്ഥാപനങ്ങളിമേലക്കു അനുവദിക്കപ്പെട്ടിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും ചോദ്യകളും എന്തൊക്കെയാണെന്നും ഗവർണ്ണമെന്റു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): തോവാളതാലൂക്കിൽ ആരുവാമൊഴി എന്ന സ്ഥലത്തു ഈയ്യിടെ ഒരു ആസ്പത്രി അനുവദിച്ചിട്ടുണ്ട്; ഇതുവരെ അതു ആരംഭിച്ചിട്ടില്ല; ആ വിഷയത്തെപ്പററി ഗവർണ്ണമെന്റു വീണ്ടും ആലോചിക്കയാണ്. ഇക്കാരണത്താൽ ഇതു സംബന്ധമായി യാതൊന്നും ചിലവായിട്ടില്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആരുവാമൊഴിയിൽ അനുവദിച്ചിട്ടുള്ള ആസ്പത്രിയെ സംബന്ധിച്ചിടത്തോളം വീണ്ടും ആലോചനയ്ക്കുണ്ടായ കാരണങ്ങൾ എന്താണെന്നു മെമ്പർ ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): തോവാളയിൽ രക്ഷാകർതൃസമ്പന്നക്കാർ ഒരു ഡിസ്പെൻസറി സ്ഥാപിച്ചിരിക്കുന്നതുകൊണ്ടു് അവിടെ ഇപ്പോൾ ഒരു ഡിസ്പെൻസറിയുടെ ആവശ്യകതയില്ലെന്നു മെഡിക്കൽ സർവ്വീസസ്സ് അഡ്മിനിസ്ട്രേററീവ് ബോർഡ് റിപ്പോർട്ടു ചെയ്തിരിക്കുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആ ആസ്പത്രി ഏതു സ്ഥലത്താണു സ്ഥാപിച്ചിരിക്കുന്നതു്?

മി: കെ. ജോർജ്ജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): അതേ സ്ഥലത്തുതന്നെയാണു, അതായതു് ആരുവാമൊഴിയിൽ.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആ ആസ്പത്രി എപ്പോഴാണു ആരംഭിച്ചതെന്നു മെമ്പർ പറയുമോ? പുതിയ ആസ്പത്രി സ്ഥാപിക്കുന്നതിനു അനുവദിക്കപ്പെട്ടതിനുമുൻപാണോ?

മി: കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): ഏതു തീയതിയാണെന്നു അറിയുന്നതിലേക്കു് ഇപ്പോൾ സാധിക്കയില്ല.

പാലുകൊണ്ടുണ്ടാക്കപ്പെടുന്ന സാധനങ്ങളുടെ ഇറക്കുമതി ചെയ്യുന്നതിനെ സംബന്ധിച്ചു്.

൩൯൬. മി: വി. ചെല്ലപ്പപിള്ള (തോവാള): ൧൦൯൭ മുതൽ ൧൦൯൮ വരെ ആണ്ടുതോറും തിരുവിതാംകൂറിൽ ഇറക്കുമതിചെയ്യപ്പെടുന്ന പാലുകൊണ്ടുണ്ടാക്കപ്പെടുന്ന സാധനങ്ങളുടെ വില എന്താണെന്നു ഗവർണ്ണമെന്റു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): തിരുവിതാംകൂറിൽ ഇറക്കുമതി ചെയ്യുന്ന പാലു കൊണ്ടുണ്ടാക്കപ്പെടുന്ന സാധനങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകകണക്കുകൾ വയ്ക്കുന്നില്ലാത്തതുകൊണ്ട് മെമ്പർ ആവശ്യപ്പെടുന്ന വിവരം ഇല്ലാത്തതാകുന്നു.

നാഞ്ചിനാട്ടിലുള്ള കാർഷികറോഡുകൾ.

നൻവ. മി: വി. ചെല്ലംപിള്ള (തോവാള):

(എ) ൧൯൩-ാമാണ്ടു അവസാനിക്കുന്നതായ പത്തു കൊല്ലങ്ങളായി നാഞ്ചിനാട്ടിലേക്കു എത്ര കാർഷികറോഡുകൾ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നു;

(ബി) അതിൽ പണികഴിപ്പിക്കപ്പെട്ടവയും നടന്നുവരുന്ന റോഡുകൾ എത്രയെന്നും, ഇതുവരെ പണികഴിപ്പിച്ചിട്ടുള്ള റോഡുകൾ എത്രയെന്നും പണികഴിപ്പിക്കാൻ ഇതുവരെ ആരംഭിക്കാത്തതായ റോഡുകൾ എത്രയെന്നും ഗവണ്മെൻറ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ) എട്ട്.

(ബി) മെമ്പർ പ്രസ്താവിക്കുന്നകാലത്തു അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ റോഡുകളും വെട്ടിക്കഴിഞ്ഞു.

പറയ്ക്കാ—താമരക്കുളം റോഡ്.

മി: വി. ചെല്ലംപിള്ള (തോവാള):

(എ) പറയ്ക്കാ-താമരക്കുളം റോഡ് പൂർത്തിയാക്കാതെ ആയിട്ടു എത്ര കാലമായി എന്നും;

(ബി) അതിലേക്കു ഇതുവരെ എന്തു ചിലവാക്കിയിട്ടുണ്ടെന്നും ഗവണ്മെൻറ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) പ്രസ്തുത റോഡു പൂർത്തിയാക്കാതെയല്ല ഇട്ടിരിക്കുന്നത്. കാർഷികാവശ്യങ്ങൾക്കായി അതു ഒരു ഗ്രാമറോഡായി പരിഗണിക്കപ്പെട്ടു.

(ബി) ൧൯൩൧, ൧൯൩൨

ഞാവൽക്കാട്ടുമുതൽ അനന്തനാർവരെയുള്ള റോഡ്.

൯൦൦. മി: വി. ചെല്ലംപിള്ള (തോവാള): ഞാവൽക്കാട്ടുമുതൽ അനന്തനാർവരെയുള്ള റോഡു ഇക്കൊല്ലത്തിൽ തന്നെ, അതായതു ൧൯൩൯-ൽ പൂർത്തിയാകുമോ എന്നു ഗവണ്മെൻറ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഇക്കൊല്ലത്തിൽ അതിനെ പൂർത്തിയാക്കാമെന്നാണു ചീഫ് ഇഞ്ചിനീയർ പ്രതീക്ഷിക്കുന്നതു്.

ബാലമോർ റോഡ്.

൯൦൧. മി: വി. ചെല്ലംപിള്ള (തോവാള): ബാലമോർറോഡിൽ അധികം ഗതാഗതമുള്ള വിവരം ഗവണ്മെൻറിനു അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി) അറിയാം.

പഴയാററിങ്കരകളിലുള്ള പൊട്ടലുകൾ.

൯൦൨. മി: വി. ചെല്ലംപിള്ള (തോവാള):

(എ) ഒഴുകിണശേരി പാലത്തിന്റെ മേക്കായി അടയ്ക്കപ്പെടാത്തതായ പഴയാററിലെ പൊട്ടലുകൾ എത്രയാണെന്നും;

(ബി) പ്രസ്താവപൊട്ടലുകൾ ഏതു തീയതിമുതലാണു സംഭവിച്ചിട്ടുള്ളതെന്നും;

(സി) പ്രസ്തുത പൊട്ടലുകൾമൂലം ഉണ്ടായിട്ടുള്ള വെള്ളപ്പൊക്കംനിമിത്തം എത്രത്തോളം നിലങ്ങൾക്കു ഹാനി സംഭവിച്ചിട്ടുണ്ടെന്നും ഗവണ്മെൻറ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി):

(എ) നാലു്

(ബി) ൧൯൧-ം ൧൯൨-ം ആണ്ടുകളിൽ തുലാമാസത്തിൽ.

(സി) പ്രസ്തുതപൊട്ടലുകൾനിമിത്തം നിലങ്ങൾക്കു ഹാനി സംഭവിച്ചിട്ടില്ല.

മി: വി. ചെല്ലംപിള്ള (തോവാള): (സി)വിഭാഗത്തെ സംബന്ധിച്ചിടത്തോളം പൊട്ടലുകൾക്കു സമീപമായി സ്ഥിതിചെയ്യുന്ന നിലങ്ങളുണ്ടോ എന്നു മെമ്പർ പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): നിലങ്ങളുണ്ടായിരിക്കാം. അവയെ ബാധിച്ചിട്ടില്ലെന്നാണു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു്.

മി: വി. ചെല്ലംപിള്ള (തോവാള): അവിടെ നിലങ്ങളുണ്ടു്. പ്രസ്തുത പൊട്ടലുകൾ ഉള്ളതുകൊണ്ടു് വെള്ളപ്പൊക്കമുണ്ടാകുമ്പോൾ കാലങ്ങളിൽ ആ നിലങ്ങളിൽ വെള്ളം പിടിക്കുകയില്ലയോ എന്നു മെമ്പർ പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): പൊട്ടലുകൾനിമിത്തം എത്രനിലങ്ങൾക്കു് ഹാനി സംഭവിച്ചിട്ടുണ്ടെന്നതാണു് പ്രധാനചോദ്യം; ഏതൊരു നിലങ്ങൾക്കും ഹാനി സംഭവിച്ചിട്ടില്ലെന്നാണ് മറുപടി. ചീഫ് ഇഞ്ചിനീയരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനപ്പെടുത്തിയുള്ള മറുപടി നൽകിയിട്ടുള്ളതു്.

മി: വി. ചെല്ലംപിള്ള (തോവാള): ആ സ്ഥലങ്ങളിലുള്ള നിലങ്ങൾക്കു ഹാനി സംഭവിച്ചിട്ടുണ്ടെന്നു കാണിച്ചു ഗവണ്മെൻറിനു എന്തെങ്കിലും ഹർജി കൊടുത്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതിലേക്കു മറുപടി നൽകാൻ എനിക്കു സാധിക്കയില്ല.

കാലാകാലങ്ങളിൽ പാഠപുസ്തകങ്ങൾ കിട്ടുന്നതിലേക്കുള്ള ബുദ്ധിമുട്ടുകൾ.

൪൦൩. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ഭേവികുളവും): വിദ്യാഭ്യാസവർഷം ആരംഭിച്ചതിനു രണ്ടും മൂന്നും മാസങ്ങൾ കഴിഞ്ഞാലും ഗവണ്മെന്റുവകയും മററു പാഠപുസ്തകങ്ങളും കിട്ടാഴികയാൽ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും വലുതായ ബുദ്ധിമുട്ടുകൾ നേരിടുന്നു എന്നുള്ള വിവരം ഗവണ്മെന്റിന് അറിവുണ്ടോ?

മി: ജെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഗവണ്മെന്റുവക മലയാളം പാഠപുസ്തകങ്ങൾ സംഭരിക്കുന്നതിലും വിതരണംചെയ്യുന്നതിലും അല്പം താമസമുണ്ടായിട്ടുള്ള വിവരം ഗവണ്മെന്റിനു അറിവുണ്ട്.

ധർമ്മപുരവും ഇരുളപ്പപുരം ഗ്രാമവും
തമ്മിൽ സംഘടിപ്പിക്കുന്നതിലേക്ക് ഒരു റോഡു ഉറക്കേണ്ടതിനെ
സംബന്ധിച്ച്.

൪൦൪. മി: ഡി. ഫ്രാൻസിസ് (നിയമിക്കപ്പെട്ട മെമ്പർ):

(എ) ധർമ്മപുരം റോഡിനു ഒന്നാമതു മൈലിൽ എല്ലാമത്തെ ഹർലാംഗ് മുതൽ തുടങ്ങി ഇരുളപ്പപുരം ഗ്രാമം വരെ ഒരു റോഡു വെട്ടണമെന്നു കാണിച്ചു അഗസ്തീശ്വരം താലൂക്കിൽ വടിവീശ്വരം പകുതിയിൽ ഇരുളപ്പപുരത്തുള്ള ജനങ്ങൾ ഫർവരി മാർച്ച് മാസം അവസാനിച്ചു കഴിഞ്ഞ പന്ത്രണ്ടു കൊല്ലങ്ങളായി ഗവണ്മെന്റിലേക്കും പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിലേക്കും ഹർജികൾ അയച്ചിട്ടുള്ള വിവരം ഗവണ്മെന്റിനു അറിവുണ്ടോ എന്നും,

(ബി) മേൽപ്രസ്താവിച്ച റോഡിനുള്ള അടങ്കലും ലാൻഡു പ്ലാനും ഫർവരി മാർച്ച് ഫിനാൻഷ്യൽ ഡിവിഷൻ ആഫീസർ അനുവാദത്തിനായി ചീഫ് ഇഞ്ചിനീയർ അയച്ചിട്ടുള്ളതു വാസ്തവമാണോ എന്നും,

(സി) (എ) യും (ബി)യും വിഭാഗങ്ങൾക്കുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ മേൽ പ്രസ്താവിച്ച റോഡു ആകുന്നിടത്തോളം വേഗത്തിൽ പണി കഴിപ്പിച്ചുപൊതുജനങ്ങളുടെ ഇപ്പോഴത്തെ ബുദ്ധിമുട്ടുകളെ പരിഹരിക്കുന്നതിനു സംബന്ധപ്പെട്ട അധികാരസ്ഥന്മാർക്കു ഉത്തരവുകൾ അയക്കുന്നതിന്റെ ആശാസ്യതയെപ്പററി ഗവണ്മെന്റു ആലോചിക്കുമോ എന്നും ഗവണ്മെന്റു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) പ്രസ്തുത റോഡു സംബന്ധിച്ചു ഫർവരി കഴിഞ്ഞിട്ടുള്ള ഒന്നാം ഫർവരി മാസത്തിൽ വേറാന്നും ഇങ്ങിനെ രണ്ടു ഹർജികൾ ചീഫ് ഇഞ്ചിനീയർക്കു കിട്ടിയിട്ടുള്ളതാകുന്നു.

(ബി) അതെ.

(സി) ഇതിനെപ്പററി ചിന്തിക്കുന്നതാണ്.

മി: ഡി. ഫ്രാൻസിസ്സ് (നിയമിക്കപ്പെട്ട മെംബർ): (ബി) വിഭാഗത്തിനുള്ള മറുപടി സംബന്ധിച്ചിടത്തോളം അടങ്കൽ ഗവണ്മെന്റു അനുവാദത്തിനായി അയക്കപ്പെട്ടിട്ടുണ്ടോ എന്നു മെമ്പർ പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഉണ്ട്.

മി: ഡി. ഫ്രാൻസിസ്സ് (നിയമിക്കപ്പെട്ടമെമ്പർ): ഇതിനുണ്ടായിട്ടുള്ള വലുതായ താമസത്തിന്റെ കാരണമെന്താണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അടങ്കൽ പരിശോധിക്കപ്പെട്ടു വരികയാണ്.

സംസ്ഥാനത്തിൽ പുതുതായി സബ്രജിസ്ട്രാർ ആഫീസുകൾ സ്ഥാപിക്കുന്നതിനെ
സംബന്ധിച്ച്.

൪൦൫. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (എ) ഈവർഷത്തിൽ, അതായതു ഫർവരി മാസത്തിൽ സംസ്ഥാനത്തിൽ പുതുതായി സബ്രജിസ്ട്രാർ ആഫീസുകൾ സ്ഥാപിക്കേണ്ടതാണെന്നു കാണിച്ചു രജിസ്ട്രേഷൻ ഡയറക്ടർ ശുപാർശ ചെയ്യുന്നതായ എന്തെങ്കിലും റിപ്പോർട്ടു ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ എന്നും,

(ബി) ആ റിപ്പോർട്ടിനെപ്പററി ഗവണ്മെന്റു ചിന്തിച്ചിട്ടുണ്ടോ എന്നും,

(സി) രജിസ്ട്രേഷൻ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടു ഗവണ്മെന്റു അംഗീകരിച്ചിട്ടുണ്ടോ എന്നും ഗവണ്മെന്റു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (എ) മുതൽ (സി) വരെ, ഫർവരി മാസത്തിൽ താൽക്കാലികമായി ഇടത്തിൽ അഞ്ചു സബ് രജിസ്ട്രാർ ആഫീസുകൾ സ്ഥാപിക്കപ്പെടണമെന്നു കാണിച്ചു രജിസ്ട്രേഷൻ ഡയറക്ടർ ശുപാർശചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ഗവണ്മെന്റിന്റെ പരിശോധനയിൽ ഇരിക്കയാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഏതു സമയത്താണ് രജിസ്ട്രേഷൻ ഡയറക്ടരുടെ ശുപാർശ ഗവണ്മെന്റിലേക്കു സമർപ്പിക്കപ്പെട്ടതു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ശരിയായ തീയതി ഇന്നതാണെന്നു പറയാൻ എനിക്കു സാധിക്കയില്ല. ഏകദേശം രണ്ടു മാസങ്ങൾക്കു മുൻപാണ് ഗവണ്മെന്റിനു കിട്ടിയതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ശുപാർശ ഇന്ന തീയതിയാണ് സമർപ്പിച്ചിട്ടുള്ളതെന്നു അതിൽ കാണിച്ചിട്ടില്ലേ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഉണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ വിഷയത്തെപ്പററി ഒരു തീരുമാനമുണ്ടാക്കുന്നതിനു ഗവണ്മെന്റിനു എന്തു സമയം ആവശ്യമുണ്ട്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഇപ്പോൾ പ്രസ്താവിക്കാൻ സാധിക്കുന്നതല്ല.

മാവേലിക്കരയിൽ ഒരു സാങ്കേതിക വിദ്യാലയം സ്ഥാപിക്കേണ്ടതിനെ സംബന്ധിച്ച്.

൪൦൩. മി: എ. എസ്സ്. മാരോമരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) മാവേലിക്കരയിൽ ഒരു സാങ്കേതിക വിദ്യാലയം സ്ഥാപിക്കണമെന്നു ഗവർണ്ണമെന്റിനോടു അപേക്ഷിച്ചു കൊണ്ടു കാണാട്ടുകര കൃഷിവ്യവസായ വാണിജ്യമഹായോഗത്തിന്റെ പതിനാറാമത്തെ വാർഷിക യോഗത്തിൽ പാസ്സാക്കപ്പെട്ട പ്രമേയത്തിന്റെ ഒരു പകർപ്പു ഗവർണ്മെന്റിനു കിട്ടിയിട്ടുണ്ടോ എന്നും,

(ബി) (എ) വിഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ മെമ്മോറിയലിനെ സംബന്ധിച്ചു എന്തു നടപടി നടത്തപ്പെട്ടു എന്നും ഗവർണ്മെന്റു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): (എ) ഉണ്ടെന്നാണ് മറുപടി.

(ബി) അതു വ്യവസായ ഡയറക്ടർക്കു അയക്കപ്പെട്ടിട്ടുണ്ട്.

പൊതുമരാമത്തുവകുപ്പിൽ ചിലവാക്കുന്ന സംഖ്യയും അതിൽനിന്നു കിട്ടുന്ന ആദായവും.

൪൦൪. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): പൊതുമരാമത്തുവകുപ്പിനു കൊല്ലം തോറും ചിലവാക്കപ്പെടുന്ന സംഖ്യ എന്താണെന്നും അതിൽ നന്നു കിട്ടുന്ന ആദായം എന്താണെന്നും കാണിക്കുന്ന ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവർണ്മെന്റിനു ദയവുണ്ടാകുമോ,

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): "ആദായവും നഷ്ടവും കാണിക്കുന്നകണക്ക് വകുപ്പിനെ സംബന്ധിച്ചിടത്തോളം ൧൯൨൯-ാമാണ്ടു ഏർപ്പെടുത്തപ്പെട്ടതിനു മുൻപു ആണ്ടുതോറുമുണ്ടായിക്കൊണ്ടിരിക്കുന്ന ചിലവും ആദായവും കാണിക്കുന്ന കണക്കുകൾ വേർപ്പെടുത്തപ്പെട്ടിരുന്നില്ല. ൧൯൨൦-൨൧ ൧൯൨൧-ാം ആണ്ടുകളിലെ വരവും ചിലവും ചുവടെ ചേർത്തിരിക്കുന്നു.

ആണ്ടു		വരവ്		ചിലവ്
൧൯൨൦	രൂപ	൧,൪൭,൩൨,൦-൧൯.൦	രൂപ	൧,൪൫,൭൭,൭൭൦-൧൩-൩
൧൯൨൧	രൂപ	൧,൪൬,൪൦,൦-൨൩-൧൪	രൂപ	൧,൩൯,൭൪൯-൧൪-൧൧

ഏററമാന്തരമുള്ള ട്രെയിനിംഗ് സ്കൂൾ.

൪൦൫. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): (എ) കോട്ടയം ഡിവിഷനിൽ എത്ര ട്രെയിനിംഗ് സ്കൂളുകൾ ഉണ്ടെന്നും,

(ബി) ഇപ്പോൾ, അതായതു് ൧൯൨൯-ൽ കോട്ടയത്തും ഏററമാന്തരം ഓരോ ട്രെയിനിംഗ് സ്കൂൾവീതം ഇല്ലയോ എന്നും,

(സി) പ്രസ്തുത വിദ്യാലയങ്ങൾ തമ്മിൽ അധികം ദൂരമില്ലാത്ത വിവരം ഗവർണ്മെന്റിനു അറിവുണ്ടോ എന്നും,

(ഡി) ഏററമാന്തരമുള്ള ട്രെയിനിംഗ്സ്കൂൾ അവിടത്തെ ഒരു മലയാളം സ്കൂളിലല്ലെ നടത്തപ്പെടുന്നു എന്നും,

(ഇ) പ്രസ്തുത വിദ്യാലയത്തിൽ പരിശീലനം സിദ്ധിച്ചു വരുന്ന ൧൦ വിദ്യാർത്ഥികളിൽ ൧൪-ം വകുപ്പുകാരല്ലെ എന്നും ഗവർണ്മെന്റു ദയവുണ്ടായി പ്രസ്താവിക്കുമോ,

മി: കെ. ജോർജ്ജ് (ഗവർണ്മെന്റു ചീഫ് സെക്രട്ടറി): (എ) രണ്ടു്.

(ബി) അതെ.

(സി) അതെ. രണ്ടു വിദ്യാലയങ്ങൾ തമ്മിലുള്ള ദൂരം ഏഴുനാഴികയാണ്.

(ഡി) അതെ.

(ഇ) അതെ.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അടുത്തടുത്തായി കോട്ടയം ഏററമാന്തർ ഈ രണ്ടു സ്ഥലങ്ങളിലും ഓരോ ട്രെയിനിംഗ് സ്കൂൾ ഇരിക്കുന്നുണ്ട്. എന്നാൽ ട്രെയിനിംഗ് സ്കൂൾ അടുത്തെങ്ങുമില്ലാത്ത വടക്കൻ പ്രദേശങ്ങളിൽ അതായതു കുന്നത്തുനാട്, പാവൂർ മുതലായ പ്രദേശങ്ങളിൽ എവിടെയെങ്കിലും ഒരു ട്രെയിനിംഗ്സ്കൂൾ സ്ഥാപിക്കുന്നതു സൌകര്യമായിരിക്കുമെന്നു ഗവർണ്മെന്റു വിചാരിക്കുന്നുണ്ടോ?

മി: കെ. ജോർജ്ജ് (ഗവർണ്മെന്റു ചീഫ് സെക്രട്ടറി): സൌകര്യമുണ്ടായിരിക്കാം. അതൊരു അഭിപ്രായമാണ്.

ആലുവാ പി. ഡബ്ലിയു. ഡി. ഡിവിഷൻ ആഫീസരും ഹിൽ അലവൻസും.

൪൦൬. മി. തരിയത്തു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴയും തൊടുപുഴയും). (എ) ആലുവാ പി. ഡബ്ലിയു. ഡി. ഡിവിഷൻ ആഫീസരുടെ അധികാരാന്തർഗ്ഗതിയിൽ ഹിൽഅലവൻസുപ്രദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ എന്നും,

(ബി) അദ്ദേഹത്തിന്റെ ആഫീസുസിൽബന്ധികൾക്കു പ്രതിമാസം സ്ഥിരമായി ഹിൽഅലവൻസു നൽകിവരുന്നുണ്ടോ എന്നും,

(സി) (ബി) വിഭാഗത്തിനുള്ള മറുപടി ഇല്ലെന്നാണെങ്കിൽ അതിനുള്ള കാരണമെന്താണെന്നും ഗവർണ്മെന്റു ദയവുണ്ടായി പ്രസ്താവിക്കുമോ,

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി).

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇതിലേക്കു മറുപടി നൽകേണ്ട ആവശ്യമില്ല.

അക്കൌണ്ടു ആഫീസർ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

൪൦൭. മി: തരിയത്തു കുഞ്ഞിക്കുഞ്ഞാമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോഴത്തെ അക്കൌണ്ടു ആഫീസർ തസ്തികയിൽ ഉദ്യോഗത്തിൽ പ്രവേശിച്ചതിനു ശേഷം ൧൯൨ കന്നിമാസം ൧൦-നു വരെ അദ്ദേഹം നടത്തി

യിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ചിടത്തോളം അപ്രകാരം നിയമിക്കപ്പെട്ട ബ്രാഹ്മണർ, നായന്മാർ, കണക്കപിള്ളമാർ, ജേക്കാബൈററന്മാർ, മാർതോമ്മ കൃസ്ത്യാനികൾ, പ്രോട്ടസ്റ്റന്റന്മാർ, ഈഴവർ, മഹമ്മദീയന്മാർ, വെള്ളാളർ, മററു ജാതിക്കാർ എന്നിവയെന്നു കാണിക്കുന്ന ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവർമ്മെന്റിനു ഭയവുണ്ടാകുമോ?

മി: കെ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): ൧൯൨൭ ഡിസംബർ ന്യ-ാനു- ൻന്യ-ാമതു ചോദ്യത്തിനു നൽകിയിട്ടുള്ള മറുപടി മെമ്പർ നോക്കേണ്ടതാകുന്നു. (നിയമസഭാ നടപടി ൧൯-ാമതു വാല്യം, നമ്പർ-ാം വശം നോക്കണം.) സ്ഥിരമായ നിയമനങ്ങളുടെ ലിസ്റ്റിൽ യാതൊരു ഭേദഗതിയും ഇല്ലാത്തതാകുന്നു. താൽക്കാലിക ഉദ്യോഗങ്ങളുടെ ലിസ്റ്റിൽ രണ്ടു നായന്മാരും ഒരു നാടാരെയും ഉൾപ്പെടുത്തേണ്ടതാണ്.

ജനറൽ ആസ്പത്രിയിലെ പുതിയ കെട്ടിടം.

൪൧൧. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ജനറൽ ആസ്പത്രിയോടു ചേർന്നു പണികഴിപ്പിച്ചിട്ടുള്ള പുതിയ കെട്ടിടത്തെ സംബന്ധിച്ചിടത്തോളം,

(എ) പുതിയ കെട്ടിടം പൂർത്തിയാക്കിയിട്ടു എത്ര കാലമായി എന്നും,

(ബി) പുതിയ കെട്ടിടത്തിനു എന്തു ചിലവായിട്ടുണ്ടെന്നും, അതിലേക്കുള്ള ഉദ്ദേശം എന്താണെന്നും,

(സി) ഇതുവരെ (൧-൧൧-൧൯൨൭) പ്രസ്തുത കെട്ടിടം ഇറക്കപ്പെടാത്തതിന്റെ കാരണമെന്താണെന്നും ഗവർമ്മെന്റു ഭയവുണ്ടായി പ്രസ്താവിക്കുമോ,

മി: കെ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) ഏകദേശം മൂന്നു കൊല്ലം.

(ബി) ൧൯൨൭ ധനുമാസം അവസാനംവരെ ചിലവായിട്ടുള്ളതു ൧,൦൪,൭൯൯ രൂപയാണ്. അകരോഗികൾക്കു കൂടുതൽ സ്ഥലസൗകര്യമുണ്ടാക്കിക്കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് പ്രസ്തുത കെട്ടിടം പണികഴിപ്പിച്ചിട്ടുള്ളതു്.

(സി) പ്രസ്തുത കെട്ടിടം ൧൯൨൯ ഫെബ്രുവരി ൪-ാം ഇറക്കപ്പെട്ടു. പമ്പു, ജലനിർഗ്ഗമനമാർഗ്ഗങ്ങൾ, കുടിവെള്ളം എന്നിവ്വിടുകൾ വിളക്കുകൾ മുതലായ വേലകൾ പ്രസ്തുത കെട്ടിടം ഇറക്കുന്നതിനു മുൻപായി ചെയ്തു തീർക്കേണ്ടതായിട്ടുള്ളവയായിരുന്നതു കൊണ്ടാണ് അല്പം താമസം നേരിട്ടതു്. കെട്ടിടത്തിനു ആവശ്യമുള്ള ചില അക സാമാനങ്ങൾ അന്യദേശങ്ങളിൽനിന്നു വരുത്തേണ്ടി വന്നതും അതിലേക്കുള്ള വേറൊരു കാരണമാണ്.

അധഃകൃതവർഗ്ഗക്കാരും ഫീസു സൗജന്യവർഗ്ഗപ്പാടും.

൪൧൨. മി: ആർ. രാമൻപിള്ള (കോട്ടയം): (എ) വേളാൻ, പാണൻ, വാലൻ, ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ, കല്ലാശാരി, കോമരം എന്നീ വർഗ്ഗക്കാർ അധഃകൃതവർഗ്ഗക്കാരിൽ ഉൾപ്പെടുന്നുണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ അവർക്കു ഫീസും സൗജന്യങ്ങളും ലഭിക്കുന്നുണ്ടോ എന്നും ഗവണ്മെന്റു ഭയവുണ്ടായി പ്രസ്താവിക്കുമൊ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) ഇല്ല.

(ബി) ഇംഗ്ലീഷും നാട്ടുഭാഷയും വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം വേളാന്മാർ, പാണന്മാർ, വാലന്മാർ എന്നിവരെ പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരായി ഗണിക്കപ്പെട്ടു പോരുന്നതും, ഈ വർഗ്ഗക്കാരിൽ ഉൾപ്പെട്ട സാധുക്കളായ വിദ്യാർത്ഥികൾക്കു ഇംഗ്ലീഷു വിദ്യാലയങ്ങളിലും നാട്ടുഭാഷാ വിദ്യാലയങ്ങളിലും മററു ചോലെ പകുതിഫീസ്സ് സൌജന്യം അനുവദിക്കപ്പെട്ടുവരുന്നുണ്ട്. എന്നാൽ ആശാരിമാർ, കൊല്ലന്മാർ, തട്ടന്മാർ, കല്ലാശാരിമാർ, എന്നിവരെ ഇംഗ്ലീഷ് വിദ്യാഭ്യാസം സംബന്ധിച്ചിടത്തോളം മാത്രം പിന്നോക്കം നിൽക്കുന്നതായി കരുതി വരുന്നതും, ആ വർഗ്ഗക്കാരിൽ ഉൾപ്പെട്ട സാധുക്കളായ വിദ്യാർത്ഥികൾക്കു ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ പകുതി ഫീസ് സൌജന്യം നൽകി വരുന്നതും ആകുന്നു. മൂശാരിമാർക്കും കോമരങ്ങൾക്കും ഫീസ്സ് സൌജന്യം ഇപ്പോൾ അനുവദിക്കപ്പെടുന്നില്ല.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പു സംബന്ധിച്ചു ഏതാനും ഉദ്യോഗസ്ഥന്മാരെപ്പററിയുള്ള ആവലാതികൾ.

൪൧൩. മി: ആർ. രാമൻപിള്ള (കോട്ടയം) (എ) ൧൯൨൭-ാമാണ്ടു കോട്ടയം നിയോജകമണ്ഡലത്തിൽനിന്നും നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെടുന്നതിലേക്കു നിന്നിരുന്ന സ്ഥാനാർത്ഥികളിൽ ഒരാളുടെ പക്കൽനിന്നു കാഞ്ഞിരപ്പള്ളി മുൻസിഫ് മജിസ്ട്രേട്ടു മിസ്റ്റർ എം. പി. ജോസഫും ഏററുമാനൂർ പോലീസ് ഇൻസ്പെക്ടർ മിസ്റ്റർ വി. ജോസഫും തിരഞ്ഞെടുക്കപ്പെടുന്നതിനു നിന്നിരുന്ന വേറൊരു സ്ഥാനാർത്ഥിയെ സഹായിച്ചുഎന്നു ആവലാധിപ്പെട്ടുകൊണ്ടുള്ള ഏതെങ്കിലും ഹർജി ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ എന്നും;

(ബി) (എ) വിഭാഗത്തിനുള്ള മറുപടിയുണ്ടെന്നാണെങ്കിൽ അതുസംബന്ധിച്ചു് എന്തെങ്കിലും നടപടിനടത്തിയിട്ടുണ്ടോ എന്നും, അതിനെസംബന്ധിച്ചു തെളിവെടുക്കുന്നതിലേക്കു ഗവണ്മെന്റു തയ്യാറാണോ എന്നും ഗവണ്മെന്റു ഭയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) ഉണ്ടു്.

(ബി) മി: എം. പി. ജോസഫിനു പ്രതികൂലമായ തന്റെ ഹർജിസംബന്ധിച്ചു തെളിവുകൊടുക്കുന്നതിലേക്കു ഹർജിക്കാരനോടു ആവശ്യപ്പെട്ടപ്പോൾ മി: എം. പി. ജോസഫ് കാഞ്ഞിരപ്പള്ളി മുൻസിഫ് മജിസ്ട്രേട്ടായിരിക്കുന്നിടത്തോളം കാലം അപ്രകാരം പ്രവൃത്തിക്കാൻ തനിക്കു നിവൃത്തിയില്ലെന്നു ഹർജിക്കാരൻ മറുപടി കൊടുത്തതായി കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേട്ടു റിപ്പോർട്ടു ചെയ്തു. പ്രസ്തുതസംഗതിയെപ്പററി ഡിസ്ട്രിക്ട് മജിസ്ട്രേട്ടുകൂടുതൽ അന്വേഷണങ്ങൾ നടത്തി: ആവലാധിയ്ക്കു യാതൊരു അടിസ്ഥാനവുമുള്ളതായി കാണപ്പെട്ടില്ല. പോലീസ് ഇൻസ്പെക്ടർ മി: വി. ജോസഫിനെസംബന്ധിച്ചുള്ള ഹർജിസംബന്ധിച്ചിടത്തോളം പോലീസ്കമ്മീഷണർ അതുടെ അന്വേഷണത്തിന്റെഫലം എന്തെന്നു അറിയുന്നതിലേക്കു ഗവണ്മെന്റു കാത്തിരിക്കയാണ്.

പുത്തൻതോടിന്റെയും പഴയതോടിന്റെയും അററകുററപണികളും കരം ചുമത്തലും.

ര ഫ ഴ. മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) കണ്ണമംഗലത്തുള്ള പുത്തൻതോടും പഴയതോടും നന്നാക്കപ്പെടുന്നതുമൂലം ഗുണം സിദ്ധിക്കുന്നതായ ഭൂമികളുടെ ഉടമസ്ഥന്മാർ, അപ്രകാരമുള്ള അററകുററപണികൾക്കായി ചിലവാക്കപ്പെടുന്ന സംഖ്യയിൽ ആണ്ടൊന്നുക്കു നാലരശതമാനംവീതം നികുതികൊടുക്കുന്നതിനും മേൽപ്രസ്താവിച്ച തോടുകളുടെ സംരക്ഷണക്കായി ആണ്ടൊന്നുക്കു ഫവ്വാശ്രപ്രകാരം കൊടുക്കുന്നതിനും തയ്യാറാണോ എന്നു അന്വേഷിച്ചറിയുന്നതിലേക്കു മാവേലിക്കര തഹശീൽദാർക്കു ഗവർണ്ണമെന്റു ഏതിതിഅയച്ചിട്ടുണ്ടോ എന്നും;

(ബി) അപ്രകാരം ആവശ്യപ്പെടുന്നതിലേക്കു എന്തെങ്കിലും നിയമമുണ്ടോ എന്നും;

(സി) അപ്രകാരമുള്ള വ്യവസ്ഥകൾ ഉണ്ടാക്കുന്നതെന്തുകൊണ്ടു ഫ ഫ ഠ ര യുടെ ഫൻ-നടന്ന ഒരു യോഗത്തിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങളുടെ പകർപ്പു ഗവർണ്ണമെന്റിനു കിട്ടിയിട്ടുണ്ടോ എന്നും;

(ഡി) അപ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന നികുതി കൊടുക്കുന്നതിലേക്കു ജനങ്ങൾ തയ്യാറില്ലാത്തപക്ഷം ആയവായക്കണക്കിൻപ്രകാരമുള്ള തുക ചിലവാക്കുന്നതിലേക്കു ഗവർണ്ണമെന്റിനു വൈമനസ്യമുണ്ടോ എന്നും;

(ഇ) കഴിഞ്ഞ ബഡ്ജററുയോഗത്തിൽ പ്രസ്തുതനയത്തെ സംബന്ധിച്ചുള്ള എഴുന്നർ വിമർശനങ്ങളെ (തിരുവിതാംകൂർ നിയമസഭാനടപടികളുടെ ഫ ന-ാം വാല്യം, ൧൯-ം ൧൧-ം വരങ്ങൾ നോക്കുക) ഗവർണ്ണമെന്റു ആലോചിച്ചിട്ടുണ്ടോ എന്നും ഗവർണ്ണമെന്റു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): (എ) ഉണ്ട്.

(ബി) ഫ ഠ ൧ ഫ-ലെ ന-ാംറഗുലേഷനായ കൃഷിസേചന റഗുലേഷൻ ഫ വ-ാംവകുപ്പിൻ പ്രകാരം.

(സി) വ-ന-ഫ ഫ ഠ ര-ൽ (ഫ ഠ-ന-ഫ ഫ ഠ ര-ൽ അല്ല) നടത്തപ്പെട്ട ഒരു യോഗത്തിലെ ഒരു പ്രമേയത്തിന്റെ പകർപ്പു കിട്ടി. നികുതി ചുമത്തപ്പെടാതിരിക്കയോ, അല്ലാത്തപക്ഷം കുറഞ്ഞപക്ഷം ആറുകൊല്ലത്തേക്കെങ്കിലും അപ്രകാരമുള്ള ഒരു നയത്തിൽനിന്നുണ്ടാകാവുന്ന ഗുണങ്ങളെപ്പററി അറിഞ്ഞതിനുശേഷം മാത്രം നികുതി ചുമത്തുകയൊ ചെയ്യണമെന്നുള്ള ഈ അപേക്ഷയായിരുന്നു പ്രസ്തുത പ്രമേയത്തിൽ അടങ്ങിയിരുന്നതു്.

(ഡി) പ്രസ്താവിക്കപ്പെട്ട ജോലിക്കു ആവശ്യമുള്ള അടങ്കൽ അനുവദിക്കുന്നതിനും വെള്ളത്തിനുള്ള കരം ചുമത്തുന്നതിനും ഗവർണ്ണമെന്റു തീരുമാനിച്ചു. നികുതിചുമത്തുന്നതിനെസംബന്ധിച്ചിടത്തോളം കൃഷിസേചന ജോലിമൂലം ഗുണംസിദ്ധിക്കുന്ന ജനങ്ങളുടെ അനുവാദം കൃഷിസേചനറഗുലേഷൻപ്രകാരം ആവശ്യമില്ലാത്തതാകുന്നു.

(ഇ) ഉണ്ട്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) വിഭാഗത്തെസംബന്ധിച്ചിടത്തോളം മേൽ പ്രസ്താവിച്ച തോടുകൾക്കു അടങ്കൽ അനുസരിച്ചുള്ള ചിലവു് എന്താണെന്നു ഗവർണ്ണമെന്റു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): മെംബർ ആവശ്യപ്പെടുന്നവിവരം ഇപ്പോൾ നൽകുന്നതിനു എനിക്കു സാധിക്കയില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വലുതായ തുക ആവശ്യമുള്ളതുകൊണ്ടോ പ്രസ്തുതജോലി അസാധാരണമായിട്ടുള്ളതുകൊണ്ടോ ഫ വ-ാംവകുപ്പിൻപ്രകാരം കൃഷിസേചന നികുതിചുമത്തുന്നതിനു ഗവർണ്ണമെന്റിനെ പ്രേരിപ്പിച്ചിട്ടുള്ളതു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): പ്രസ്തുതജോലി ഒരു മേജർജോലിയാണു; റഗുലേഷൻ ഫ വ-ാംവകുപ്പുംപ്രകാരം ഒരു നികുതിചുമത്തപ്പെടാവുന്നതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രസ്തുതവകുപ്പു ഫൻറന്നു രേയ്മാസം ന-ാം-ാം നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ, "ഈ വിഷയത്തെസംബന്ധിച്ചിടത്തോളം ഗവർണ്ണമെന്റിന്റെ അധികാരം തൽക്കാലത്തേതാണ്; എന്നാൽ ഒരു പ്രത്യേകം റഗുലേഷനിൽ ഇക്കാര്യത്തെപ്പററി യാതൊന്നും പറയാതിരിക്കുന്നതു നിയമസംബന്ധമായ ബുദ്ധിമുട്ടുകൾക്കു ഇടയായിതീർന്നേക്കാനിടയുള്ളതും അതു കാലക്രമത്തിൽ അറിഞ്ഞിരിക്കേണ്ടതും ആകുന്നു. ഈ വ്യവസ്ഥകൊണ്ടു യാതൊരു ഭേദത്തിനും ഇടവരുന്നതല്ലെന്നുകൂടി ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. എന്തെന്നാൽ ഈ അധികാരത്തെ ഗുൺരീതി അനുസരിച്ചു് നിർവ്വഹിക്കുന്നതിനു ഗവർണ്ണമെന്റു മാത്രവും കർഷകന്മാർക്കു യാതൊരുബുദ്ധിമുട്ടിനും ഇടയാക്കിത്തീർക്കാതിരിക്കത്തക്ക വണ്ണവും ഉപയോഗപ്പെടുത്തുകയുള്ളു എന്നു എനിക്കുതീർച്ചയുണ്ട്. എന്നു് ഗവർണ്ണമെന്റു മെംബർ പ്രസ്താവിച്ചിട്ടുള്ള വിവരം ഗവർണ്ണമെന്റിനു അറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): അതുകൊണ്ടാണു് ഒരു നികുതി ചുമത്തപ്പെടാമെന്നു ഞാൻപ്രസ്താവിച്ചതു്. ഓരോ വിഷയത്തിലും കാലക്രമത്തിൽ അന്വേഷണം നടത്തപ്പെടുന്നുണ്ട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈതോടുസംബന്ധിച്ചിടത്തോളം പ്രസ്തുതവ്യവസ്ഥ ഉപയോഗപ്പെടുത്തുന്നതിലേക്കു ഗവർണ്ണമെന്റിനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തെല്ലാമാണു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): അതു കർഷകന്മാർക്കു ന്യൂനതമായി ചുമത്തിട്ടുള്ള ഒരു ഗുണമാണ്, അതിനാൽ നികുതിചുമത്തുന്നതു ന്യായീകരിക്കത്തക്കതാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അസാധാരണചിലവുകളിൽമാത്രമെ ഫ വ-ാമത്തുവകുപ്പു് ഉപയോഗപ്പെടുത്തു എന്നു് ഗവർണ്ണമെന്റു മെംബർ പ്രസ്താവിച്ചിട്ടില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): ഫ വ-ാമത്തുവകുപ്പു എല്ലാസന്ദർഭങ്ങളിലും ഉപയോഗപ്പെടുത്തുന്നില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതെങ്കിലും കാർഷികസംഗതിക്കായി ചിലവാക്കുന്ന പണത്തിന്റെ പലിശ ഈടാക്കുന്നതിലേക്കുമാത്രമെ ഫ വ-ാമത്തു വകുപ്പു ഉപ-

യോഗപ്പെടുത്തി കൃഷിസേചനനികുതിചുമത്താൻ ഗവണ്മെൻറിന അർഹതയുള്ള എന്ന വിചാരം ഗവണ്മെൻറിന അറിവില്ലെ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): അതിനെപ്പററി എനിക്ക തിട്ടമില്ല.

മി: എ. എസ്. ഓമോഹൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രസ്തുതതോടുകളുടെ സംരക്ഷണക്ക ആണ്ടുതോറും ഗവ്വം രൂപാ ആവശ്യമുണ്ടെന്ന (എ) വിഭാഗത്തിലുള്ള മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നു.

ഗവ്വ-ാവേകപ്പിൻപ്രകാരം അപ്രകാരമുള്ള ഒരു തുക ആവശ്യപ്പെടുന്നതിലേക്ക ഗവണ്മെൻറിന അവകാശമില്ലെന്നുള്ളവിവരം ഗവണ്മെൻറിന അറിവുണ്ടോ എന്നാണ് എൻെറ ചോദ്യം.

അദ്ധ്യക്ഷൻ: നിങ്ങളുടെ ചോദ്യം തെററിപ്പോയി എന്നാണ ഞാൻ വിചാരിക്കുന്നത്. ഏതെങ്കിലും ഒരു നിയമം അനുസരിച്ചു ഒരു നികുതിചുമത്തുന്നതിലേക്ക ഗവണ്മെൻറിനെ അധികാരപ്പെടുത്തുന്നപക്ഷം ആ അധികാരം അനുസരിച്ചു വസൂലാക്കപ്പെടുന്ന പണത്തെ ഗവണ്മെൻറിൻെറയുക്തംപോലെ വിനിയോഗിക്കുന്നതിന ഗവണ്മെൻറിന തടസ്സമില്ലാത്തതാകുന്നു.

മി: എ. എസ്. ഓമോഹൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ ഭാഗത്തെസംബന്ധിച്ചിടത്തോളം "ഒരു കൃഷിസേചനജോലിനടത്തുന്നതിൻ ഒരു നികുതി ചുമത്തുമ്പോൾ ആ ജോലിസംബന്ധമായ മുഴുവൻ ചെലവും ഗവണ്മെൻറിൻതന്നെ സ്ഥിതി ചെയ്യേണ്ടതു ഏററവും യുക്തമായിട്ടുള്ളതും ഭാവിയിലുള്ള എല്ലാ ബാധ്യതകളിൽനിന്നും കർഷകന്മാരെ ഒഴിവാക്കേണ്ടതും ആണ്" എന്ന ഗവ്വൻസ്സ നവംബർമാസം ഗ്ര-ാംനമ്പറവന്ന്യമെമ്പർ പ്രസ്താവിച്ചിട്ടുള്ളവിവരം ഗവണ്മെൻറിന അറിവുണ്ടോ എന്ന അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): നികുതിചുമത്തുന്നതിലേക്ക ഗവ്വ-ാമേവകപ്പ ഉപയോഗപ്പെടുത്തുന്നതിനുമുമ്പായി അതിനെപ്പററി ഗവണ്മെൻറ പൂർണ്ണമായി ചിന്തിച്ചിട്ടുള്ളതാകുന്നു.

കടുത്തുരുത്തി-നെല്ലൂർറോഡ്.

൪൯. മി: മാത്യുമുതിയ്യൻ (വൈക്കം): കടുത്തുരുത്തി നെല്ലൂർറോഡുസംബന്ധിച്ചു കിട്ടിയിട്ടുള്ള ഹർജ്ജികളെപ്പററി അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് ഗവണ്മെൻറ ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): നടത്തിയിട്ടുണ്ട്. പ്രസ്തുതറോഡ് പരിശോധനയിൽ ഇരിക്കയാണ്.

അസിസ്റ്റൻറ്സർജ്ജന്മാരുടേയും സബ് അസിസ്റ്റൻറ്സർജ്ജന്മാരുടേയും
സ്ഥിരപ്പെടുത്തൽ സംബന്ധിച്ച്.

൫൦. മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വകുപ്പ്). (എ) ഇതുവരെ സ്ഥിരപ്പെടുത്താത്തതും എന്നാൽ വാളൻറിയർ ചെയ്യുന്നവരുമായ അസിസ്റ്റൻറ് സർജ്ജന്മാരുടേയും സബ്അസിസ്റ്റൻറ് സർജ്ജന്മാരുടേയുഅപ്രകാരം അവർ വാളൻറിയർചെയ്തകാലവും അവരുടെ ആക്ടിംഗ് ഉദ്യോഗങ്ങളും കാണിച്ചുള്ള ഒരുലിസ്റ്റ് മേശമേൽ വയ്ക്കുന്നതിന ഗവണ്മെൻറിന ദയവുണ്ടാകുമോ?

(ബി) അവരുടെ ഉദ്യോഗങ്ങളിൽ അവരെ സ്ഥിരപ്പെടുത്തുന്നതിലേക്ക എന്തു തത്വമാണ് ഉപയോഗപ്പെടുത്തിവരുന്നതെന്നു ഗവണ്മെൻറ ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) ഇപ്പോൾ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ വാളൻറിയർ അസിസ്റ്റൻറ് സർജ്ജന്മാരോ സബ് അസിസ്റ്റൻറ് സർജ്ജന്മാരോ ഇല്ലാത്തതാകുന്നു.

(ബി) (എ) വിഭാഗത്തിനുള്ള മറുപടികൊണ്ട് ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

അഡ്മിനിസ്ട്രേററിവ് ബോർഡ്: മെഡിക്കൽ സർവ്വീസസ്.

൫൧. മി: മാത്യുമുതിയ്യൻ (വൈക്കം): മെഡിക്കൽ സർവ്വീസസ് അഡ്മിനിസ്ട്രേററിവ്ബോർഡിനെസംബന്ധിച്ചിടത്തോളം,

(എ) രണ്ടുദ്യോഗസ്ഥന്മാരിൽ ആരാണ് സീനിയറെന്നും;

(ബി) മിസസ്സ് എം. പുന്നൻ പൂക്കോസ്സ് അവധിയിലിരിക്കുന്നകാലത്തു അവർക്കുപകരം ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ എന്നും;

(സി) ഇല്ലെങ്കിൽ, അതിനുള്ള കാരണമെന്താകുന്നതും,

(ഡി) സ്ഥലമാററങ്ങളും പ്രത്യേകജോലി സംബന്ധമായ ഏർപ്പാടുകളും നടത്തുന്നതു ഇൻസ്പെക്ടിംഗ്മെഡിക്കൽ ഉദ്യോഗസ്ഥൻ തനിച്ചാണോ അല്ല മററു മെമ്പറന്മാരുമായി ആലോചിച്ചാണോ ചെയ്യുന്നതെന്നും ഗവണ്മെൻറ ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) രണ്ടുദ്യോഗസ്ഥന്മാർക്കും അവരുടെ സ്ഥിരമായ ഉദ്യോഗങ്ങളിൽ പ്രത്യേകലാവണങ്ങൾ ഉള്ളതാണ്. പട്ടാളം മെഡിക്കൽ ആഫീസർ എന്നതാണ് ഡാക്ടർ രാമൻതമ്പിയുടെ സ്ഥിരമായ ഉദ്യോഗം, എന്നാൽ മിസ്സ് എം. പുന്നൻപൂക്കോസ് മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ഒരു സർജ്ജൻ ആകുന്നു. മെഡിക്കൽ സർവ്വീസ്, അഡ്മിനിസ്ട്രേററിവ് ബോർഡിൽ ഓരോ ഉദ്യോഗസ്ഥനും സ്വതന്ത്രഉദ്യോഗസ്ഥനാകയാൽ അവർക്ക ഒരോരുത്തർക്കുള്ള നില ഉൽഭവിച്ചിട്ടില്ലാത്തതും അതിനെപ്പററി ആലോചിക്കപ്പെട്ടിരുന്നില്ലാത്തതും ആകുന്നു.

(ബി) ഇല്ലെന്നാണുമറുപടി.

(സി) ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

(ഡി) സ്ഥലംമാററങ്ങളും പ്രത്യേകജോലിസംബന്ധമായ ഏർപ്പാടുകളും ബോർഡു ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസറും അവരവർക്കുള്ള അധികാരങ്ങൾ അനുസരിച്ചു നടത്തുന്നു.

മി: മാത്യുമുതിയ്യൻ (വൈക്കം): എൻെറ ചോദ്യത്തിന്റെ (സി) ഭാഗത്തെസംബന്ധിച്ചിടത്തോളം ആരാളം ജോലിയില്ലാത്തതുമൂലമാണോ ബോർഡിൽ ഒരു സ്ത്രീ മെമ്പറെ നിയമിക്കാത്തതു്

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): കുറഞ്ഞകാലത്തേക്കുമാത്രമെ ഒഴിവുണ്ടായിരുന്നുള്ളു. പകരം ആൾ നിയമിക്കപ്പെടാതെതന്നെ ജോലി നടത്തണമെന്നു ഗവണ്മെൻറ് വിചാരിച്ചു.

മി: മാത്യുമുരിക്കൻ (വൈക്കം): (ഡി) വിഭാഗത്തെ സംബന്ധിച്ചിടത്തോളം ബോർഡു മെംബറന്മാരോടു് ആലോചിക്കാതെ മെഡിക്കൽ ഉദ്യോഗസ്ഥന്മാരെ ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസക്കു സ്ഥലംമാററാമോ എന്നാണു് എൻറെ ചോദ്യം. അതിലേക്കു മറുപടിനൽകി-ിട്ടില്ല.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി: അതിനു മറുപടി നൽകിയിട്ടുണ്ട്.

മി: മാത്യുമുരിക്കൻ (വൈക്കം): ഇല്ല. മറുപടി കൃത്യമല്ലാത്തതാണ്, ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസക്കും ബോർഡു മെംബറന്മാക്കും സ്ഥലംമാററുന്നതിനു അധികാരമുണ്ടെന്നു അതിൽ പ്രസ്താവിച്ചിരിക്കുന്നു.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഇല്ല, ബോർഡുമെംബറന്മാരല്ല, ബോർഡാണ്.

മി: മാത്യുമുരിക്കൻ (വൈക്കം): അദ്ദേഹത്തിൻെറ ഇഷ്ടപ്രകാരമെ മെഡിക്കൽ ഉദ്യോഗസ്ഥന്മാരെ സ്ഥലംമാററാമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഏതുദ്യോഗസ്ഥന്മാരെയാണെം ബോർഡിനുമാത്രം സ്ഥലംമാററാമോ അവരെ അദ്ദേഹത്തിനു സ്ഥലംമാററൻ അധികാരമില്ലാത്തതാകുന്നു.

മി: മാത്യുമുരിക്കൻ (വൈക്കം): ഏതാനുംഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം സ്ഥലംമാററുന്നതിനുള്ള അധികാരം ബോർഡിനു ഇല്ലാത്തതല്ലേ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി: അതെ, നാം രൂപായിൽ കുറവുള്ളശമ്പളക്കാരെ സ്ഥലംമാററുന്നതിനുള്ള അധികാരം ബോർഡിനു ഇല്ലാത്തതാകുന്നു.

നീണ്ടകരപകുതിയിലുള്ള കുളങ്ങളുടെ ലേലം ചെയ്യുതിനെസംബന്ധിച്ച്.

൪൭൭. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) അഗസ്തീശ്വരം താലൂക്കിൽ നീണ്ടകരപകുതിയിലുള്ള ൪൪ ഏക്കർ വിസ്തീർണ്ണം കുളങ്ങളുടെ ൧൯൭൫-ാമാണ്ടു് ആരംഭത്തിൽ ൪ ൧,൦൦൦ രൂപായ്ക്കു വിൽക്കുന്നതിനുണ്ടായ കാരണങ്ങൾ എന്താണെന്നും;

(ബി) ലേലത്തിൽ വിളികേട്ടആളിൻെറപേക്ഷ ലേലം സ്ഥിരപ്പെടുത്താത്തതിനുള്ള കാരണങ്ങളെന്താണെന്നും ഗവണ്മെൻറ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി,: (എ) മെംബർ പ്രസ്താവിച്ചതിനുണ്ണം നീണ്ടകരപകുതിയിൽ ൪൪ ഏക്കർ കുളം വിലയ്ക്കുകൊടുത്തിട്ടില്ല. ൧൯൭൫-ാമാണ്ടു് അവസാനത്തിൽ ഗവണ്മെൻറ് ഉത്തരവനുസരിച്ചു നീണ്ടകര എ ഡിവിഷൻപകുതിയിൽ ൨൭ ഏക്കർ നനയ്ക്കു സെറു കുളം പുറംപോക്കതിരുവനന്തപുരം ദിവാൻ പേഷ്ക്കാർ ലേലം ചെയ്തു.

(ബി) പ്രസ്തുതലേലംസംബന്ധിച്ചുണ്ടായ ചില പ്രധാനന്യൂനതകൾമൂലം അതിനെ ചാൻറ്റവന്യൂവും ആദായനികുതിയും കമ്മീഷണർ അസ്ഥിരപ്പെടുത്തി. ഈ വിഷയം ഇപ്പോൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ ഇരിക്കയാണ്.

ഏതാനും വനങ്ങളിൽനിന്നും മററുപട്ടണ തരിയിൽനിന്നുമുള്ള മുതലെടുപ്പ്.

൪൭൮. മി: വി. ചെല്ലംപിള്ള (തോവാള): കഴിഞ്ഞ പന്ത്രണ്ടുകൊല്ലങ്ങൾക്കിടയിൽ (൧൯൩൮ മുതൽ ൧൯൪൩ വരെ) അഴകിയപാണ്ടിപുരംമുതൽ കന്യാകുമാരിവരെയുള്ള വനങ്ങളിൽനിന്നും കൊല്ലംതോറും എത്ര തടി മുറിച്ചുമാററിയിട്ടുണ്ടെന്നും അതിൽനിന്നു ലഭിച്ചിട്ടുള്ള മുതലെടുപ്പ് എന്താണെന്നും ഗവണ്മെൻറ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അഴകിയപാണ്ടിപുരം മുതൽ കന്യാകുമാരിവരെ വനങ്ങളൊ ഒഴിച്ചിടപ്പെട്ട സ്ഥലങ്ങളൊ ഇല്ലാത്തതാകുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): കൽക്കുളം താലൂക്കിൽ ഏതെങ്കിലും ഭാഗം അഴകിയപാണ്ടിപുരവും കന്യാകുമാരിക്കും ഇടയ്ക്കുള്ള സ്ഥലത്തു ഉൾപ്പെട്ടിട്ടുണ്ടോ എന്നു മെമ്പർ പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസെക്രട്ടറി): കൺസർവേററരുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് മറുപടി നൽകിയിട്ടുള്ളതു. അതിൻപ്രകാരം പ്രസ്തുതപ്രദേശത്തു യാതൊരു വനങ്ങളും ഇല്ലാത്തതാകുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): പ്രസ്തുതറെയിഞ്ചിലുള്ള ഏതെങ്കിലുംഭാഗം അഴകിയപാണ്ടിപുരവും കന്യാകുമാരിയ്ക്കും ഇടയ്ക്കുള്ള സ്ഥലത്തു ഉൾപ്പെട്ടിട്ടുണ്ടോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി). ആ ചോദ്യത്തിനു എനിക്കു നോട്ടീസ് കിട്ടേണ്ടതാണ്. ഇതുസംബന്ധിച്ചു കൺസർവേററരോടു ചോദിക്കേണ്ടതായിട്ടുണ്ട്.

വിദ്യാഭ്യാസവകുപ്പിലെ നാട്ടുഭാഷാശാഖയിലുള്ള അദ്ധ്യാപകന്മാർ.

൪൭൯. മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും); വിദ്യാഭ്യാസവകുപ്പിലെ നാട്ടുഭാഷാ ശാഖയിലുള്ള അദ്ധ്യാപകന്മാരുടെ ദാക്ഷിണ്യമാനിച്ചു വിദ്യാഭ്യാസഡയറക്ടർ അവസാനമായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്നു ഗവണ്മെൻറ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഇല്ലെന്നാണ് മറുപടി.

ആർട്ട്സ് കാളേജിൽ ഓറിയൻറൽ ഭാഷകൾക്കുള്ള സിൽബന്തികളുടെ സ്ഥാനം.

൪൮൦. മി: എ. താണുപിള്ള (തിരുവനന്തപുരം): രാജകീയആർട്ട്സ് കാളേജിൽ ഓറിയൻറൽഭാഷകൾ പഠിപ്പിക്കുന്ന സിൽബന്തികളുടെ ഉദ്യോഗപ്പേരു, ശമ്പളം, സ്ഥാനം എന്നിവയെ സംബന്ധിച്ചിടത്തോളം മററു പഠനവിഷയങ്ങളിൽനിന്നും വ്യത്യസ്ഥമായി കരുതിപ്പെടുന്നതിൻെറ കാരണം എന്താണെന്നു ഗവണ്മെൻറ് ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഒരു പ്രൊഫസറുടെ ഉദ്യോഗത്തെ രണ്ടായിട്ടു വിഭാഗിക്കേണ്ടതായി വന്നതുകൊണ്ടാണ്. വിഭാഗിക്കപ്പെട്ട ഉദ്യോഗസംബന്ധമായ ജോലികൾ ചെയ്തുവരുന്ന ഉദ്യോഗസ്ഥന്മാർക്ക് വേറെ രൂപാ ശമ്പളം മതിയാകുന്നതാണെന്നു വിചാരിക്കപ്പെട്ടു.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രൊഫസർ ഉദ്യോഗം രണ്ടായി വിഭാഗിക്കപ്പെട്ടതിന്റെ കാരണം എന്താണ്?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി). എന്തെന്നാൽ അപ്രകാരം ചെയ്ത കാലത്തു പ്രസ്തുത പ്രൊഫസർ ഉദ്യോഗം വഹിക്കുന്നതിനു തക്കതായ ആളില്ലായിരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രൊഫസർ ഉദ്യോഗം വഹിക്കുന്നതിനു തക്കതായ ആൾ ഇല്ലായിരുന്നു എന്നാകുന്നു ഞാൻ മനസ്സിലാക്കേണ്ടതു്.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി), അതെ, അക്കാലത്തു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ അതിലേക്കു യോഗ്യതയുള്ളതായി ആരെങ്കിലുമുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): വിദ്യാഭ്യാസ ഡയറക്ടർ അന്വേഷിക്കേണ്ടതായിട്ടുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം). പ്രൊഫസർ ഉദ്യോഗം നിർത്തലാക്കപ്പെടുന്നതിനു മുമ്പായി അപ്പോൾ യോഗ്യതയുള്ള ആളുകളുടെ പക്കൽനിന്നും അപേക്ഷകൾ ആവശ്യപ്പെട്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി: ഇല്ല. അപേക്ഷകൾക്കു ഗവണ്മെന്റു ആവശ്യപ്പെട്ടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം). പ്രസ്തുതപ്രൊഫസർ ഉദ്യോഗം വഹിക്കുന്നതിനു ഒരാൾക്കു എന്തെല്ലാം യോഗ്യതകൾവേണം?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി), അതെങ്ങിനെയാണു ഒരുപദേശിക്കുന്നതെന്ന് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം). ഒരു പ്രൊഫസർ ഉദ്യോഗത്തെ രണ്ടായി വിഭാഗിച്ചു എന്നു എന്റെ ചോദ്യത്തിനു മറുപടി നൽകി, അപ്രകാരം പ്രവർത്തിക്കുന്നതെന്താണെന്നു എനിക്കറിയണം,

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി), അതിലേക്കു മറുപടി നൽകിയല്ലോ?

മി. എ. താണുപിള്ള (തിരുവനന്തപുരം). യാതൊരാളും ഇല്ലെന്നായിരുന്നു മറുപടി, അതിനാൽ അയാളുടെ യോഗ്യതകൾ എന്തെല്ലാമായിരിക്കണമെന്ന് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു,

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി). പ്രസ്തുതപ്രൊഫസർ ഉദ്യോഗം സംസ്കൃതവും ഓറിയന്റൽഭാഷകളും സംബന്ധിച്ചതാണ്. അപ്രകാരമുള്ള പ്രൊഫസർ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സംസ്കൃതത്തിലും ഓറിയന്റൽ ഭാഷകളിലും പ്രസിദ്ധി നേടിയിട്ടുള്ളവനായിരിക്കണം.

മി: എ. താണുപിള്ള (തിരുവനന്തപുരം). സംസ്കൃതത്തിലും ഓറിയന്റൽ ഭാഷകളിലും പാണ്ഡിത്യമുള്ള യാതൊരാളും അപ്പോഴുണ്ടായിരുന്നില്ലെന്നാണൊ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പാണ്ഡിത്യമുള്ള ആളുകളെന്നല്ല ഞാൻ പറയുന്നതു്, എന്നാൽ പ്രസിദ്ധി നേടിട്ടുള്ള ആളുകളെന്നാണ് ഞാൻ പ്രസ്താവിച്ചതു്. ഭാഷകളിലും ഒരുപോലെ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള ആളുണ്ടായിരുന്നതായി ഞാൻ വിചാരിക്കുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രസ്തുതഉദ്യോഗത്തിനു ആവശ്യമുള്ള യോഗ്യതകൾ സിദ്ധിച്ചിട്ടുള്ള ആരെങ്കിലുമുണ്ടായിരുന്നോ എന്നു ഗവണ്മെന്റിൽനിന്നും അന്വേഷണം നടത്തിട്ടുണ്ടോ എന്നു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി). ഈ വ്യവസ്ഥ ചെയ്തകാലത്തു കാളേജിൽ ഇപ്പോൾ ലക്ചറന്മാരായിരിക്കുന്നവരും അപ്പോൾ ട്യൂട്ടറന്മാരുമായിരുന്നവരോടു ആലോചിക്കപ്പെടുകയുണ്ടായി.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രസ്തുതവിഷയങ്ങൾ പഠിപ്പിക്കുന്നതിനു ട്യൂട്ടറന്മാരെമാത്രം ഉപയോഗിച്ചാൽ മതിയാകുന്നതാണെന്നു വിചാരിക്കപ്പെട്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി), ഈ വ്യവസ്ഥ തൃപ്തികരമായിരിക്കുമെന്നു വിചാരിക്കപ്പെട്ടു.

മി: എ. താണുപിള്ള (തിരുവനന്തപുരം). പ്രസ്തുതഉദ്യോഗത്തിനു ആളില്ലായിരുന്നതുകൊണ്ടല്ല ഒരുപ്രൊഫസറെ നിയമിക്കപ്പെടാത്തതെന്നാണോ അവർ പറയുന്നതു്?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ബുദ്ധിസാമർത്ഥ്യത്തെ സംബന്ധിച്ചേടത്തോളം പ്രസിദ്ധിയുള്ള ആളുണ്ടായിരുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം) കാളേജ് സിൽബന്തികളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ യോഗ്യതയുള്ളവരായി ആരുമില്ലായിരുന്നോ എന്നല്ല എന്റെ ചോദ്യം,

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പഴയ റിക്കാർഡുകളെല്ലാം പരിശോധിച്ചു പത്തോ പതിനഞ്ചോ കൊല്ലങ്ങൾക്കുമുമ്പു എന്തുസംഭവിച്ചുഎന്നു എനിക്കു പ്രസ്താവിക്കാൻ സാധിക്കയില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): വിഭജിക്കപ്പെട്ട ഉദ്യോഗത്തിന്റെ ജോലികൾ ഏർപ്പെടുത്തിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു വേറെ രൂപ ശമ്പളം നൽകിയാൽ മതിയാകുന്നതാണെന്നു വിചാരിച്ചുഎന്നു മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുതഉദ്യോഗസ്ഥന്മാർക്കു മേൽ പ്രസ്താവിച്ച ശമ്പളം മതിയാകുന്നതാണെന്നുവിചാരിക്കാൻ കാരണമെന്താണെന്നു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എനിക്കു പറയാൻ സാധിക്കയില്ല, എനിക്കു നോട്ടീസുകിട്ടണം.

അദ്ധ്യക്ഷൻ: അതൊരു അഭിപ്രായം മാത്രമാണു; അതിനേപ്പററി ചോദ്യം ചെയ്യാൻ നിങ്ങൾക്കു അവകാശമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം). "വിഭാഗിക്കപ്പെട്ട ഉദ്യോഗസംബന്ധമായ ജോലികൾ ചെയ്തുവരുന്നതായ ഉദ്യോഗസ്ഥന്മാർക്ക് ൨൫൦ രൂപാ ശമ്പളം മതിയാകുന്നതാണെന്ന് വിചാരിക്കപ്പെട്ടു" എന്ന മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നു.

മി: കെ. ജോർജ്ജ് (ഗവണ്മെൻറ്ചീഫ് സെക്രട്ടറി): അതാണ് വാസ്തവമായിട്ടുള്ള സംഗതി.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതിനുള്ള കാരണമെന്താണെന്നു അറിയേണ്ടിയിരിക്കുന്നു.

അദ്ധ്യക്ഷൻ: അതൊരു അഭിപ്രായമാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു, വീണ്ടും പ്രസംഗിച്ചിട്ടുകാര്യമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രസ്തുതഉദ്യോഗസ്ഥന്മാർ ചെയ്യേണ്ടതായ ജോലിയുടെ തരത്തിലും സ്വഭാവത്തിലും പരിഗണിച്ചു ൨൫൦ രൂപ ശമ്പളം മതിയാകുമെന്നു വിചാരിക്കുന്നുണ്ടോ എന്ന് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: കെ ജോർജ്ജ് (ഗവണ്മെൻറ്ചീഫ് സെക്രട്ടറി): അദ്ധ്യക്ഷൻ നൽകിയിട്ടുള്ള വിധിയെ അടിസ്ഥാനപ്പെടുത്തി മറുപടി നൽകുക ൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നില്ല.

അദ്ധ്യക്ഷൻ: വീണ്ടും നിങ്ങൾ ഒരു അഭിപ്രായമാണ് ആവശ്യപ്പെടുന്നത്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതൊരു അഭിപ്രായവിഷയമല്ല.

അദ്ധ്യക്ഷൻ. ആ ചോദ്യത്തിനു നിങ്ങൾ മറുപടി നൽകണം.

മെഡിക്കൽ ഡിപാർട്ടുമെൻറ പരീക്ഷ.

൪൨൨. മി: വി. കെ. ഉമ്മൻ (കുന്നുവടവും വ്യവസായവും, വടക്കു).(എ) എൽ. ആർ. സി. പി. ആൻറ് എസ്സും, എൽ. എം. പിയും സർട്ടിഫിക്കററുകളുള്ള ആളുകൾ സ്ഥിരപ്പെടുത്തപ്പെടുന്നതിനു മുമ്പായി അവർ ഡിപ്പാർട്ടുമെൻറുപരീക്ഷ ജയിച്ചിരിക്കേണ്ടതാണെന്ന് ഒരു ഗവണ്മെൻറുത്തരവുണ്ടോ എന്നും,

(ബി) (എ) വിഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ മേൽ പ്രസ്താവിച്ച സർട്ടിഫിക്കററുകൾ വിപരീതമായി നിയമനങ്ങൾ നടത്തപ്പെട്ടിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും ഗവണ്മെന്റുദ്യോഗസ്ഥന്മാരായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): (എ) ഇല്ലെന്നാണ് മറുപടി.

(ബി) (എ) വിഭാഗത്തിനുള്ള മറുപടിയെ ആസ്പദമാക്കി ഈ ചോദ്യം ഉൽഭവിക്കുന്നില്ല

ഉദയം-കടത്തുരുത്തി റോഡ്.

൪൨൩. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും മേവികളുവും): ഉദയം-കടത്തുരുത്തി റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി ആശാസ്യകരമല്ലെന്നുള്ള വിവരം ഗവണ്മെൻറിനു അറിവുണ്ടോ എന്നു ഗവണ്മെൻറ ഉദ്യോഗസ്ഥന്മാരായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): പ്രസ്തുതറോഡ് മെററൽ ചെയ്തിട്ടുള്ളതല്ലെന്നും മഴക്കാലങ്ങളിൽ അതിന്റെ ഏതാനും ഭാഗങ്ങളിൽ ചെളികെട്ടി നിൽക്കുന്നുണ്ടെന്നും റിപ്പോർട്ടു ചെയ്തിരിക്കുന്നു.

ഉദയം ആശുപത്രി.

൪൨൪. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും മേവികളുവും): (എ) ഉദയം ആശുപത്രിയിൽ അകുരോഗികളെ ചികിത്സിക്കുന്നതിലേക്കുള്ള സ്ഥലസൌകര്യങ്ങൾ മുതലായവ ഒട്ടുംതന്നെ മതിയാകുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിനു അറിവുണ്ടോ എന്നും,

(ബി) പ്രസ്തുത ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്കുള്ള ഒരു മുറി പണികഴിപ്പിക്കണമെന്നു കാണിച്ചു ജനപ്രതിനിധികൾ നടത്തിട്ടുള്ള നിവേദനങ്ങളെപ്പററി എന്തെങ്കിലും തീരുമാനിച്ചിട്ടുണ്ടോ എന്നും,

(സി) (ബി) ഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ തീരുമാനം എന്താണെന്നും,

(ഡി) ഉദയം ആശുപത്രിയിൽ ഒരു ലേഡി അസിസ്റ്റൻറ മെഡിക്കൽ ആഫീസറെ നിയമിക്കണമെന്നുള്ള ജനങ്ങളുടെ അപേക്ഷയെ അനുവദിക്കാത്തതിനാൽ അവർ വളരെ സങ്കടപ്പെടുന്നു എന്നുള്ള വിവരം ഗവണ്മെൻറിനു അറിവില്ലായോ എന്നും ഗവണ്മെൻറ ഉദ്യോഗസ്ഥന്മാരായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): (എ) ഇല്ല.

(ബി)യും (സി)യും ശസ്ത്രക്രിയകൾ നടത്തുന്നതിലേക്കു ഒരു മുറി ഇപ്പോൾതന്നെ ഉണ്ട്, മേൽ നടപടി യാതൊന്നും ഇപ്പോൾ ആലോചിക്കുന്നില്ലെന്നാണ് വിചാരിക്കുന്നത്.

(ഡി) യോഗ്യത സമ്പാദിച്ചിട്ടുള്ള കുട്ടികൾ സ്ത്രീ ഡാക്ടറന്മാരും പരിശീലനം സിദ്ധിച്ചിട്ടുള്ള നഴ്സുകളും ഉണ്ടാകുമ്പോൾ ഈ വിഷയം ആലോചിക്കപ്പെടുന്നതാണ്.

കൊല്ലംമുതൽ മുഖത്തലവരെ ഒരു റോഡു പണികഴിപ്പിക്കുന്നതിനെ സംബന്ധിച്ചു.

൪൨൫. മി: കെ ജി. പരമേശ്വരൻപിള്ള (കൊല്ലം) കൊല്ലംമുതൽ മുഖത്തലവരെ ഒരു റോഡു പണികഴിപ്പിക്കുന്നതുള്ള ജോലി പട്ടത്താനത്തിനു സമീപം ഏതാനും തീർത്തതിനുശേഷം ഇപ്പോൾ (൧൯൩൯-൪൦ ൭) നിറുത്തിവച്ചിരിക്കുന്നതിന്റെ കാരണം എന്താണെന്നു ഗവണ്മെൻറ ഉദ്യോഗസ്ഥന്മാരായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): പ്രസ്തുതറോഡു നു സെക്ഷനുകളായി ചെയ്യുന്നതിലേക്കു നിർദ്ദേശിച്ചിരിക്കുന്നു. ഒന്നാമത്തെ സെക്ഷനുള്ള അടങ്കൽമാത്രമെ ഗവണ്മെൻറ അനുവദിച്ചിരുന്നുള്ളൂ. കൻസൾ ഇന്ത്യരിമാസത്തിൻ പ്രകാരം രണ്ടു സെക്ഷനുകളുടേയും ഭരണത്തിനുള്ള അനുവാദം നൽകപ്പെട്ടു. പട്ടത്താനം മുൽ മുഖത്തലവരയുള്ള റോഡിന്റെ അടങ്കൽ ഡിവിഷൻ ആഫീസിൽ തയ്യാറാക്കിവരികയാണ്. പ്രസ്തുത അടങ്കൽ അനുവദിക്കപ്പെട്ടു അതിലേക്കുള്ള പണം നീക്കിവച്ചതിനുശേഷമേ പണി ആരംഭിക്കുന്നതാണ്.

അങ്കമാലിയിലുള്ള കൺസർവെൻസി സ്റ്റേഷൻ.

൪൨൬. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (പന്തളനാട്ടു). (എ) അങ്കമാലിയിലുള്ള ഇപ്പോഴത്തെ കൺസർവെൻസി സ്റ്റേഷൻ ഒരു മേജർ സ്റ്റേഷനാക്കപ്പെടണമെന്നു ആഗ്രഹമുണ്ടെങ്കിലും ഗവണ്മെൻറിനോടൊ സെൻട്രൽ കമ്മീഷണറോടോ നിർദ്ദേശിച്ചിട്ടുണ്ടോ എന്നും,

(ബി) (എ) വിഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ അതു സംബന്ധമായി എന്തു നടപടി നടത്തിട്ടുണ്ടെന്നും ഗവണ്മെന്റു ദയവായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) അങ്കമാലിയിലുള്ള ഗൂഡ്സ് ഷെഡ് സർവ്വീസ് സ്റ്റേഷനെ ഒരു മേജർ സ്റ്റേഷനാക്കണമെന്നു കാണിച്ചു അങ്കമാലിയിലുള്ള ജനങ്ങളുടെ പക്കൽ നിന്നും ഒരു റിജി കിട്ടിയിട്ടുള്ളതായി സാനിട്ടറി കമ്മീഷണർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

(ബി) ഈ വിഷയത്തെ സംബന്ധിച്ചെടത്തോളം സാനിട്ടറി കമ്മീഷണരുടെ പക്കൽനിന്നു കിട്ടിട്ടുള്ള ശുപാർശ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കയാണ്.

ക്വാമ്പുഷെഡുകൾ ഉപയോഗിക്കുന്നതിനുള്ള വാടക.

൪൨൭. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): പൊതുമരാമത്തു ഡിപ്പാർട്ടുമെന്റ് ഒഴികെ മററു ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാർ തിരുവിതാംകൂറിലുള്ള ക്വാമ്പുഷെഡുകൾ ഉപയോഗപ്പെടുത്തുന്നതിന്നു വാടകകൊടുക്കണമെന്നു വ്യവസ്ഥചെയ്തിരിക്കെ പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു ഉദ്യോഗസ്ഥന്മാർ അവയെ ഉപയോഗപ്പെടുത്തുമ്പോൾ അവർ വാടക നൽകേണ്ടതില്ലെന്ന് നിശ്ചയം ചെയ്തിരിക്കുന്നതു എന്തു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നു ഗവണ്മെന്റു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): സംസ്ഥാനത്തിലുള്ള ക്വാമ്പുഷെഡ്കൾ ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ചുള്ള ചട്ടങ്ങൾ ഗസറ്റ്പ്രസിദ്ധമാണെന്നു തിരുവിതാംകൂർ പഞ്ചാംഗവുംഡയറക്ടറിയും ൪൨൭-ാംവശത്തു കൊടുത്തിട്ടുണ്ട്. അതു മെമ്പർ നോക്കേണ്ടതാണ്. പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ ക്വാമ്പുഷെഡ്കൾ ഉപയോഗപ്പെടുത്തിയാൽ വാടക കൊടുക്കേണ്ടതായിട്ടില്ലെന്നുള്ള ധാരണ തെററാണ്.

അധഃകൃതവർഗ്ഗക്കാരുടെ ഉപയോഗത്തിനായിട്ടുള്ള പൊതുമരാമത്തുജോലികൾ.

൪൨൮. മി: കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): (എ) റോഡുകൾ പണികഴിപ്പിക്കുന്നതും കിണറുകൾ കുഴിപ്പിക്കുന്നതും സംബന്ധിച്ചുള്ള ജോലികളിൽ അധികം ഭാഗവും അധഃകൃതവർഗ്ഗക്കാരിൽ ഉൾപ്പെട്ടവരെക്കൊണ്ടു ചെയ്യിപ്പിക്കുന്നതുമൂലം ആ സമുദായങ്ങളിൽപെട്ടവർ അനുഭവിച്ചുപോരുന്ന ബുദ്ധിമുട്ടുകളെപ്പററി ഗവണ്മെന്റിനു അറിവുണ്ടോ എന്നും,

(ബി) മേൽപറഞ്ഞ നയംമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും കഷ്ടതകളും ഗവണ്മെന്റിനു അറിവുണ്ടോ എന്നു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) റോഡുകൾ പണികഴിപ്പിക്കുന്നതു സംബന്ധിച്ചിടത്തോളം ചേരി ജനങ്ങളെക്കൊണ്ടു മണ്ണു ജോലി മാത്രമെ ചെയ്യിപ്പിക്കുന്നുള്ളു. കിണറുകൾ കുഴിപ്പിക്കുന്നതു സംബന്ധിച്ചിടത്തോളം ഓരോ കിണറിന്നും പരമാവധി ഇരുപതു രൂപ ഗ്രാന്റുകൊടുത്തു അതിലേക്കുള്ള ചിലവിൽ ഏതാനും ഭാഗമെ അവർ കൊടുക്കേണ്ടതായിട്ടുള്ളു; അതിന്റെ ചിലവിൽ ൭൫ ശതമാനവും ഗവണ്മെന്റുതന്നെ നൽകുന്നുണ്ട്.

(ബി) ഇല്ലെന്നാണ് മറുപടി.

മി: കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): അധഃകൃതവർഗ്ഗക്കാരല്ലാത്ത മററു വർഗ്ഗക്കാർക്കും റോഡുണ്ടാക്കേണ്ടതായിവന്നാൽ അവർ തന്നെ അതു ചെയ്യണമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): സമുദായങ്ങളാണെന്നു പരിഗണിച്ചു് പലെ സമുദായങ്ങൾക്കും പ്രത്യേകിച്ചു റോഡുകൾ പണികഴിപ്പിക്കപ്പെടുന്നില്ല; പൊതുജനങ്ങൾക്കാണ് റോഡുകളുണ്ടാക്കപ്പെടുന്നതു്.

മി: കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): അധഃകൃതവർഗ്ഗക്കാരല്ലാതെ മററുവർഗ്ഗക്കാർ കിണറുകൾ വെട്ടുന്നതിലേക്കു എഴുപത്തഞ്ചു് ശതമാനമാണോ കൊടുത്തു വരുന്നതു്?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അധഃകൃതവർഗ്ഗക്കാർക്കല്ലാതെ മറെറന്തെങ്കിലും പ്രത്യേക സമുദായത്തിനു കിണറുകൾ കുഴിപ്പിക്കലോ റോഡുകൾ പണികഴിപ്പിക്കലോ ചെയ്യുന്നില്ല.

മി: കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): നിലങ്ങൾക്കു സമീപം താമസിക്കുന്ന കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന പ്രത്യേകസമുദായങ്ങൾക്കു വേണ്ടി പണികഴിപ്പിച്ചു കൊടുത്തിട്ടുള്ളതിന്നും മേൽ പ്രസ്താവിച്ചതിന്നുള്ള എഴുപത്തിഅഞ്ചു ശതമാനമാണോ കൊടുത്തിട്ടുള്ളതു്?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു സെക്രട്ടറി: എനിക്കു അതിനെപ്പററി യാതൊരു വിവരവുമില്ലാത്തതുകൊണ്ടു് എനിയ്ക്കു നോട്ടീസ് കിട്ടേണ്ടതാണ്.

അധഃകൃതവർഗ്ഗക്കാരുടെ ഗ്രാമങ്ങളുടെ ആവശ്യങ്ങൾക്കായി പെൺ ഹെൽത്തു് ആഫീസന്മാർ.

൪൨൯. മി: കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): അധഃകൃതവർഗ്ഗക്കാരുടെ ഗ്രാമങ്ങളിൽ ഉണ്ടാകുന്ന പ്രസവക്കേസ്സുകൾ നടത്തുന്നതിലേക്കു പെൺ ഹെൽത്തു് ആഫീസറന്മാരെ നിയമിച്ചിട്ടുണ്ടോ എന്നു ഗവണ്മെന്റു ദയവുണ്ടായി പ്രസ്താവിക്കുമെ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഇല്ലെന്നാണ് മറുപടി.

ഡിപ്പാർട്ടുമെന്റു മേലധികാരികളാൽ നടത്തപ്പെട്ട നിയമനങ്ങളുടെ ജാതി തിരിച്ചുള്ള സ്റ്റേററുമെന്റു്.

൪൩൦. മി: ഡി. സി. ജോസഫ് (അമ്പലപ്പുഴ): കഴിഞ്ഞ അഞ്ചുകാലങ്ങൾക്കിടയിൽ, ഈ തായ്യ് ക്ലാർക്കുമുതൽ ക്ലാർക്കു വരെ എല്ലാ ഡിപ്പാർട്ടുമെന്റു മേലധികാരികളും നടത്തപ്പെട്ട ജാതിതിരിച്ചുള്ള ഒരു സ്റ്റേററുമെന്റു മേശമേൽ വയ്ക്കുന്നതു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന വിവരം ശേഖരിക്കുന്നതിനു ഒരു പണവരുന്നസമയവും പ്രയത്നവും അതിനു നിന്നുമുണ്ടാകുന്ന ഉപയോഗത്തിന് അനുരൂപമല്ലായ്കകൊണ്ടു് അപ്രകാരം പ്രവൃത്തിക്കാൻ ഗവണ്മെന്റു ഉദ്ദേശിക്കുന്നില്ല.

ഡെപ്യൂട്ടി സർജന്മാരുടെ സ്ഥലം മാററം.

൧൯൫. മി: ഇട്ടപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ഡെപ്യൂട്ടി സർജന്മാരെ ഗവണ്മെൻറ അനുവാദപ്രകാരം മാത്രമെ സ്ഥലം മാററാൻ പാടൊള്ളു എന്ന് ഏതെങ്കിലും വ്യവസ്ഥയുണ്ടോ എന്ന് ഗവണ്മെൻറ ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഉണ്ട്. മെഡിക്കൽ സർവീസസ്, അഡ്മിനിസ്ട്രേറിവ് ബോർഡിന് നൽകിയിട്ടുള്ള അധികാരങ്ങൾ അനുസരിച്ച് സർജന്മാരേയും ഡെപ്യൂട്ടി സർജന്മാരേയും ഗവണ്മെൻറ് അനുവദിക്കുകാരം മാത്രമെ സ്ഥലം മാററാൻ പാടുള്ളു.

മി: ഇട്ടപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ഗവണ്മെൻറിന്റെ അനുവാദം കൂടാതെ വല്ല ഡെപ്യൂട്ടി സർജനേയും സ്ഥലം മാററിയിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഗവണ്മെൻറിന്റെ അനുവാദം കൂടാതെ വല്ല ഡെപ്യൂട്ടി സർജനേയും സ്ഥലം മാററിയിട്ടുണ്ടോ എന്നാണ് ചോദിക്കുന്നത്.

മി: ഇട്ടപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ഗവണ്മെൻറ അനുവാദം വേണമെന്നു പറയുന്നുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഗവണ്മെൻറ അനുവാദം ഉണ്ടോ ഇല്ലയോ എന്നാണ് ചോദിക്കുന്നത്.

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി: ഗവണ്മെൻറ ഉണ്ട്.

മി: ഇട്ടപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): അടുത്തകാലത്ത് ആരെയെങ്കിലും ഗവണ്മെൻറ അനുവാദം കൂടാതെ സ്ഥലം മാററിയിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതു ചോദിച്ചറിഞ്ഞു വേണം മറുപടി പറയാൻ

ഇരണിയൽ ഒരു മുനിസിപ്പൽ പട്ടണം ആക്കപ്പെടേണ്ടതിനെ സംബന്ധിച്ച്.

൧൯൬. മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): (എ) ഇരണിയൽ ഒരു മുനിസിപ്പൽ പട്ടണമായി പ്രഖ്യാപനം ചെയ്യപ്പെടേണ്ട ആത്യാവശ്യത്തെപ്പററി സാനിട്ടറി കമ്മീഷണർ ഗവണ്മെൻറ ലേക്ക് ശുപാർശ ചെയ്തിട്ടുണ്ടോ എന്നും;

(ബി) (എ) വിഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ ഇരണിയലിനെ ഒരു മുനിസിപ്പൽ പട്ടണം ആക്കുന്നതിലേക്ക് ഏതെങ്കിലും നടപടി നടപ്പിയിട്ടുണ്ടോ എന്നും ഗവണ്മെൻറിന ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ) ഇരണിയലിനെ ഒരു മുനിസിപ്പൽ പട്ടണം ആക്കേണ്ട ആവശ്യകതയെ സംബന്ധിച്ച് സാനിട്ടറി കമ്മീഷണരുടെ പക്കൽ നിന്നും ഒരു റിപ്പോർട്ട് കിട്ടിയിട്ടുള്ളതാകുന്നു.

(ബി) ഈ വിഷയം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കയാണ്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഏതു തീയതിയിലാണ് സാനിട്ടറി കമ്മീഷണർ റിപ്പോർട്ട് അയച്ചിട്ടുള്ളതു?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഏതു റിപ്പോർട്ടാണ്?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഇരണിയലിനെ ഒരു മുനിസിപ്പൽ പട്ടണം ആക്കണമെന്ന് ശുപാർശ ചെയ്യുന്നതായ റിപ്പോർട്ട്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഏപ്രിൽ ജൂലായി മാസത്തിലാണ് ആദ്യമായിട്ടു റിപ്പോർട്ട് അയച്ചിട്ടുള്ളതു്. അതിന്മേൽ യാതൊരു നടപടിയും നടത്താതെ കിടന്നിരുന്നു; അതിനുശേഷം ഏപ്രിൽ വ്യ അക്ടോബർ മാസത്തിൽ അപ്രകാരം വീണ്ടും നിർദ്ദേശം അയച്ചു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതേ സാനിട്ടറി കമ്മീഷണരോ വേറൊരു സാനിട്ടറി കമ്മീഷണരോ അപ്രകാരം ചെയ്തതു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഒരേ ആളുതന്നെയാണ്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം മുൻപിലത്തെ സാനിട്ടറി കമ്മീഷണർ അതിനു മുൻപായി വേറൊരു റിപ്പോർട്ട് അയച്ചിട്ടില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): എനിക്കു നോട്ടീസ്സ് കിട്ടേണ്ടതാണ്.

ഇവിടത്തെ വർത്തമാനപ്പത്രങ്ങളുടെ വിതരണത്തെ സംബന്ധിച്ചിടത്തോളം.

൧൯൭. മി: ടി. പി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഇവിടത്തെ വർത്തമാനപ്പത്രങ്ങളുടെ വിതരണം ഗവണ്മെൻറ ഗസററിന്റെ ഇവിടത്തെ വിതരണത്തെക്കാൾ കൂടുതലാണോ അല്ലയോ എന്ന് ഗവണ്മെൻറ ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന യാതൊരു വിവരവുമില്ല.

നിയമസഭയിൽ നിന്നും പാസ്സാക്കിയിട്ടുള്ള പ്രമേയങ്ങളെ സംബന്ധിച്ചിടത്തോളം നടത്തപ്പെട്ടിട്ടുള്ള നടപടികൾ.

൧൯൮. മി: എ. ജി. മേനോൻ (പറവൂർ): (എ) ഫെബ്രുവരി കഴിഞ്ഞ സമ്മേളനത്തിനുശേഷം നിയമസഭയിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ നടപ്പിൽ വരുത്തുന്നതിലേക്ക് ഗവണ്മെൻറ എന്തു നടപടി നടത്തിയിട്ടുണ്ടെന്നും, അല്ലാത്തപക്ഷം എന്തു നടപടി നടത്താൻ ഉദ്ദേശിക്കുന്നു എന്നും;

(ബി) ഇജ്ജാതി (൨൯-൩-൧൯൪൦) യാതൊരു നടപടിയും നടത്തിയിട്ടില്ലെങ്കിൽ അതിലേക്കുള്ള കാരണങ്ങൾ എന്താണെന്നും ഗവണ്മെൻറ ദയവുണ്ടായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ) നിയമസഭയിൽ നിന്നും പാസ്സാക്കപ്പെട്ടിട്ടുള്ള പ്രമേയങ്ങളെ സംബന്ധിച്ചിടത്തോളം ഓരോ അവയുടെ ഗുണദോഷങ്ങളെപ്പററി ഗവണ്മെൻറ ചിന്തിച്ചിട്ടുള്ളതും, ഗവണ്മെൻറിന്റെ അഭിപ്രായത്തിൽ സ്വീകരിക്കപ്പെടാവുന്നതായ പ്രമേയങ്ങളെ നടപ്പിൽ വരുത്തിയിട്ടുള്ളതും ആകുന്നു.

(ബി) (എ) വിഭാഗത്തിനുള്ള മറുപടിയെ ആസ്പദമാക്കി ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

ആർട്ട്സ് കാളേജിൽ ഉള്ള സംസ്കൃത പ്രൊഫസ്സർ ഉദ്യോഗം.

൪൩൪. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്): (എ) കഴിഞ്ഞുപോയ പ്രിന്സിപ്പൽ. എ. ആർ. രാജരാജവർമ്മയുടെ പിൻഗാമിയായി തിരുവനന്തപുരം ആർട്ട്സ് കാളേജിൽ സംസ്കൃതവും ദ്രാവിഡ ഭാഷകളും പ്രൊഫസ്സറായി ഇളയരെ (ഫ ഫ ൦ ശ മീനം ൨ ശ-ാനു) ആരേയും നിയമിക്കാത്തതിനുള്ള കാരണം എന്താണെന്നും;

(ബി) ഒരു പ്രൊഫസ്സറുടെ നിലയിൽ സംസ്കൃതവും മലയാളവും അദ്ധ്യാപകനായി ആളില്ലാത്തതുകൊണ്ട് സംസ്ഥാനത്തിലുള്ള പ്രസ്തുതപഠന വിഷയത്തിന്റെ മഹിമയ്ക്കു ന്യൂനത സംഭവിക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെന്റിനു അറിവുണ്ടോ എന്നും;

(സി) സംസ്കൃതത്തിലും ദ്രാവിഡ ഭാഷകളിലുള്ള പ്രൊഫസ്സർ സ്ഥാനം വീണ്ടും ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പററി ഈയ്യിടെ വന്നിരുന്ന സർവ്വകലാശാല കമ്മീഷൻകാർ എന്തെങ്കിലും അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും ഗവണ്മെന്റിനു ഒരു പുണ്ടായി പ്രസ്താവിക്കാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റിന്റെ ചീഫ്സെക്രട്ടറി): (എ) എന്തെന്നാൽ അതിന്റെ ആവശ്യകത ഉൽഭവിച്ചിട്ടില്ല.

(ബി) ഗവണ്മെന്റിന് അറിവില്ല.

(സി) അങ്ങനെയൊരു സർവ്വകലാശാല പരിശോധന കമ്മീഷന്റെ റിപ്പോർട്ട് ഇതുവരെ കിട്ടിയിട്ടില്ല.

അനുബന്ധം എ. എ.

നമ്പർ ൧-ാമത്തെ ചോദ്യത്തിന്റെ മറുപടി നോക്കണം.

സ്ത്രീകൾക്കുള്ള കാളേജു ഫൻവു മജ്യുവേനൽ ഒഴിവു സംബന്ധിച്ചു പൂട്ടിയപ്പോൾ അവിടെ ഉണ്ടായിരുന്ന സ്റ്റാഫിന്റെ ജാതി തിരിച്ചുള്ള പട്ടിക.

I. ഹിന്ദുക്കൾ.		
	എ. ബ്രാഹ്മണൻ (മററുള്ളവർ)	൧
	൨. നായന്മാർ	൪
	൩. വെള്ളാളൻ	൧
II. ക്രിസ്ത്യാനികൾ.		
	എ. പ്രോട്ടസ്റ്റന്റ്	൧
	൨. റോമൻ കത്തോലിക്കർ	
	(എ) ലാററിൻറയിററ്	൪
	(ബി) സുറിയാനി	൧
	൩. ജേക്കോബൈററ് സുറിയാനി	൨
	ആകെ	൧൪

അനുബന്ധം എ. ബി.

നമ്പർ ൧-ാമത്തെ ചോദ്യത്തിനുള്ള മറുപടി നോക്കണം.

ഫൻവു സെപ്ററമ്പർ മാസത്തിൽ സ്ത്രീകൾക്കുള്ള കാളേജിൽ ഉണ്ടായിരുന്ന സ്റ്റാഫിന്റെ ജാതി തിരിച്ചുള്ള പട്ടിക.

I. ഹിന്ദുക്കൾ.		
	എ. ബ്രാഹ്മണൻ (മററുള്ളവർ)	൧
	൨. നായന്മാർ	൨
	൩. വെള്ളാളർ	൧
II. ക്രിസ്ത്യാനികൾ.		
	എ. പ്രോട്ടസ്റ്റന്റ്	൩
	൨. റോമൻ കത്തോലിക്കർ	
	(എ) ലാററിൻറൈററ്	൪
	(ബി) സുറിയാനി	൧
	൩. ജേക്കോബൈററ് സുറിയാനി	൩
	ആകെ	൧൨

അനുബന്ധം ൨

൧൯൨൨-ാമതു ചോദ്യത്തിനുള്ള മറുപടിനോക്കണം.

കോതമംഗലം, മൂവാററുപുഴ, ആലുവാ എന്നീ സബ്ഡിവിഷനുകളിലുള്ള ഉദ്യോഗസ്ഥന്മാരുടേയും ക്ലാർക്കന്മാരുടേയും ജാതിതിരിച്ചുള്ള പട്ടിക.

ഈ ഡിവിഷനുകളുടെ പേരുവിവരം	ഹിന്ദുക്കൾ													ക്രിസ്ത്യാനികൾ				
	മലയാളബ്രാഹ്മണർ	മററു ബ്രാഹ്മണർ	ഈഴവർ	കണക്കാളർ	മലയാള ക്ഷത്രിയർ	നാടാന്മാർ	നായന്മാർ	പുലയർ	വെള്ളാളർ	മററു അധഃകൃതവർഗ്ഗക്കാർ	മററു ഹിന്ദുക്കൾ	മഹമ്മദീയർ	പ്രോട്ടസ്റ്റന്റുകാർ	റോമൻകത്തോലിക്കർ		സിറിയനികൾ		ആകെ
														ലാററിനുകാർ	സിറിയാനികൾ	ജേക്കോബൈററുകൾ	മാർത്തോമ്മ	
കോതമംഗലം	...	൩	...	...	...	...	൩	...	൧	...	...	...	...	...	...	൨	...	൧൧
മൂവാററുപുഴ	...	൪	...	...	...	...	൩	...	...	...	...	...	൧	...	...	...	...	൧൧
ആലുവാ	...	൪	...	...	൨	...	൩	...	...	...	...	...	൧	...	൧	൧	൧	൧൩
മൊത്തം	...	൧൪	...	...	൨	...	൧൭	...	൧	...	...	...	൨	...	൧	൩	൧	൩൭

അനുബന്ധം ൩.

൧൯൨൨-ാമതുചോദ്യത്തിനുള്ള മറുപടിനോക്കുക

ഇപ്പോഴത്തെ എക്സൈസ്കമ്മീഷണർ തന്റെ ഉദ്യോഗം കയ്യേററതുമുതൽ ൧൯൨൨ കന്നിമാസം ൧൦-ാംനു വരെ അദ്ദേഹം നടത്തിട്ടുള്ള നിയമനങ്ങളുടെ ജാതി തിരിച്ചുള്ള പട്ടിക.

	സ്ഥിരവും താല്ക്കാലികവും	ആക്ടിംഗ്
I ഹിന്ദുക്കൾ		
(൧) ബ്രാഹ്മണർ (മലയാള)	...	...
(൨) ടി (മററുള്ളവർ)	...	...
(൩) ഈഴവർ	൧	...
(൪) കണക്കാളർ	...	...
(൫) ക്ഷത്രിയർ (മലയാള)	...	...
(൬) നാടാന്മാർ	൧	...
(൭) നായന്മാർ	൫	൩
(൮) പുലയർ	...	...
(൯) വെള്ളാളർ	൧	൨
(൧൦) മററു അധഃകൃതവർഗ്ഗക്കാർ	...	...
(൧൧) മററു ഹിന്ദുക്കൾ	൨	...
II മഹമ്മദീയർ	...	൧
III ക്രിസ്ത്യാനികൾ		
(൧) പ്രോട്ടസ്റ്റന്റുകാർ	൧	...
(൨) റോമൻ കത്തോലിക്കർ	...	...
(എ) ലാററിനുകാർ	...	...
(ബി) സിറിയാനികൾ	...	...
(൩) സിറിയാനികൾ		
(എ) ജേക്കോബൈററുകൾ	൧	...
(ബി) മാർത്തോമ്മ	...	൧
	൧൨	൭

അനുബന്ധം, ൪

൯൯൪-ാമതു ചോദ്യത്തിന്റെ മറുപടി നോക്കുക. എക്സൈസ് ഡിപ്പാർട്ടുമെൻറിലെ അസിസ്റ്റൻറു കമ്മീഷണന്മാരുടെയും ഇൻസ്പെക്ടറന്മാരുടെയും ജാതിതിരിച്ചുള്ള പട്ടിക

നമ്പർ	സമുദായം.	അസിസ്റ്റൻറുഎക്സൈസ് കമ്മീഷണന്മാർ	ഇൻസ്പെക്ടറന്മാർ.
	I ഹിന്ദുക്കൾ		
ക	മലയാള ബ്രാഹ്മണർ	...	...
൨	മററുബ്രാഹ്മണർ	൨	൧൨
൩	ഈഴവർ	...	൩
൪	കമ്മാളർ	...	...
൫	മലയാളക്ഷത്രിയർ	൧	....
൬	നാടാന്മാർ	...	...
൭	നായന്മാർ	൪	൨൪
൮	പുലയർ	...	...
൯	വെള്ളാളർ	൧	൫
൧൦	മററുഅധഃകൃതവർഗ്ഗക്കാർ	...	...
൧൧	മററുഹിന്ദുക്കൾ	൧	൩
	II മഹമ്മദീയർ	...	൩
	III ക്രിസ്ത്യാനികൾ		
൧൨	പ്രോടസ്റ്റൻറന്മാർ	൧	൪
൧൩	റോമൻ കത്തോലിക്കർ		
	(എ) ചാററിൻ	...	൧
	(ബി) സിറിയാക്ക്	...	...
൧൪	സിറിയാനികൾ		
	(എ) ജേക്കാബൈററ്	൧	...
	(ബി) മാർതൊമ്മ	...	൧
		൧൧	൪൭

അനുബന്ധം ൫,

൯൯൫-ാമതു ചോദ്യത്തിനുള്ള മറുപടി നോക്കുക. നാട്ടുഭാഷാ വിദ്യാലയങ്ങളുടെ ചീഫ് ഇൻസ്പെക്ടർ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

I. ഹിന്ദുക്കൾ

ക. മലയാളബ്രാഹ്മണർ	൧൧
൨. മററുബ്രാഹ്മണർ	൩൨
൩. നാടാന്മാർ	൭
൪. ഈഴവർ	൩൪
൫. കമ്മാളർ	൭
൬. ക്ഷത്രിയന്മാർ	൧
൭. നായന്മാർ	൧൯൩
൮. പുലയർ	൫
൯. മററുഅധഃകൃതവർഗ്ഗക്കാർ	൪
൧൦. വെള്ളാളർ	൩൧
൧൧. മററുഹിന്ദുക്കൾ	൫൩
II. മഹമ്മദീയർ	൩൨
III. ക്രിസ്ത്യാനികൾ	
റോമൻ കത്തോലിക്കർ	൨൩
കത്തോലിക്കരല്ലാത്തവർ	൭൪
ക്രിസ്ത്യാപ്പട്ടത്തമപ്പെടാത്ത ക്രിസ്ത്യാനികൾ	൩൨
V മററുള്ളവർ	
ആകെ.	൫൩൩

അനുബന്ധം ന.

൧൯൯൫-ാമത്തെ ചോദ്യത്തിനുള്ള മറുപടി നോക്കുക.

കോട്ടയം താലൂക്കിൽനിന്നും നായന്മാർ, ഈഴവർ, ക്രിസ്ത്യാനികൾ, മഹമ്മദീയർ എന്നീ വർഗ്ഗക്കാർക്കു പതിച്ചു കൊടുത്തിട്ടുള്ള ഭൂമികളുടെ തരവില കാണിക്കുന്നപട്ടിക.

സമുദായത്തിന്റെ പേരു്	പതിച്ചുകൊടുക്കപ്പെട്ട വിസ്തീർണ്ണം (ഏക്കർ)	തരവിലയുടെ ആകെ രൂപാ	ഓരോഏക്കറിനുള്ള തരവിലയുടെ ശരാശരിനിരക്കു രൂപാ
നായർ	൯	൪൩൮	൪൯
ക്രിസ്ത്യാനികൾ	൪൩൩	൨൩,൦൯൦	൪൯
ഈഴവർ	൫൩	൨.,൮൪൨	൫൦
മഹമ്മദീയർ	൨൮	൧,൩൨൯	൪൯

അനുബന്ധം ൧.

൩൫൦-ാമത്തെ ചോദ്യത്തിനുള്ള മറുപടി നോക്കുക.

കന്യാകുമാരിയിലുള്ള പഴയേടത്തട്ടം ഫ്ലർപ്പട്ടത്തപ്പട്ട തീയതി മുതൽ ൧൮൪൪ കന്നി അവസാനംവരെ അതിനു ചിലവാക്കിയിട്ടുള്ളതും അതിൽ നിന്നും കിട്ടിയിട്ടുള്ള വരവും കാണിക്കുന്ന കണക്ക്.

ആണ്ടു	ചിലവു്			വരവു്		
	രൂപ	ച.	കാ.	രൂപ.	ച.	കാ.
൧൮൯൫	൪൩൨൦	൧൩	൧	...	...	...
൧൮൯൬	൪൭൨൪	൧൨	൧൩	൯൨	൨൪	൧൪
൧൮൯൭	൭൩൯൪	൧൦.	൩	൭൩	൧൪	൪
൧൮൯൮	൩൯൩൫	൨	൩	൧൩	൨൪	൪
൧൮൯൯	൪൩൩൨	൨	൧൩	൧൦൪	൧൭	൩൩
൧൮൯൦	൧൩൯൭	൧൧	൧൧	൨൩	൪	൫
൧൮൯൧ കന്നി മാസം അവസാനംവരെ	൧൪൪൦	൧൪	൩	൩	൧൯	൫

അനുബന്ധം ൫.

൩൫൨-ാമത്തെ ചോദ്യത്തിനുള്ള മറുപടി നോക്കുക.

തങ്ങളുടെ ജോലിസ്ഥലങ്ങളിൽനിന്നും മൂന്നുകൊല്ലങ്ങളിൽ കൂടുതലായി സ്ഥലം മാറപ്പെടാത്ത ഇൻസ്പെക്ടറന്മാരുടേയും പേരുവിവരം കാണിക്കുന്ന പട്ടിക.

(i) നാട്ടുഭാഷാവിദ്യാലയങ്ങളിലെ അസിസ്റ്റൻറ ഇൻസ്പെക്ടറന്മാർ.

	പേരു.	ജോലിസ്ഥലം.
൧.	മി: കെ. എസ്. ശങ്കരരാമയ്യൻ എം. എ; എൽ. ടി.	നാഗരകോവിൽ, ൧-ാം ഡിസ്ട്രിക്ട്.
൨.	മി: എസ്. നാരായണയ്യർ, ബി. എ; എൽ. ടി.	കുഴിത്തുറ, ൩-ാംഡിസ്ട്രിക്ട്.
൩.	മി: എ. രാമവാര്യർ, ബി. ബി; എൽ. ടി.	ആറാറങ്ങൽ, ൩-ാംഡിസ്ട്രിക്ട്.
൪.	മി: പി. ററി. ഇടിക്കുള, ബി. എ; എൽ. ടി.	ചങ്ങനാശ്ശേരി, ൧൫-ാംഡിസ്ട്രിക്ട്.

(ii) പെൺപള്ളിക്കൂടങ്ങളിലെ അസിസ്റ്റൻറ ഇൻസ്പെക്ട്രസ്സുന്മാർ,

൧.	മിസ്സ്: പി. തോസസ്സ്,	ഇരണിയൽ, ൧-ാംഡിസ്ട്രിക്ട്.
൨.	ശ്രീമതി. കെ. ലക്ഷ്മിഅമ്മ	തിരുവനന്തപുരം, ൨-ാംഡിസ്ട്രിക്ട.
൩.	ശ്രീമതി. കെ. ഭാഗീരഥിഅമ്മ	ആലുവാ, ൩-ാംഡിസ്ട്രിക്ട്,

(iii) ഇംഗ്ലീഷ്വിദ്യാലയങ്ങളിലെ അസിസ്റ്റൻറ ഇൻസ്പെക്ടറന്മാർ

൧.	മി: ഐപ്പു മത്തായി, ബി. എ; എൽ. ടി.	കോട്ടയം,
൨.	മി: കെ. വി. ചാണ്ടി, ബി. എ; എൽ. ടി	തിരുവനന്തപുരം,

അനുബന്ധം ൻ.

൩൯൩-ാമതു ചോദ്യത്തിന്നുള്ള മറുപടി നോക്കുക.

മെഡിക്കൽ സർവ്വീസസ് അഡ്മിനിസ്ട്രേറ്റിവ് ബോർഡ് രൂപീകരിക്കപ്പെട്ടതിന്നുശേഷം തുറക്കപ്പെട്ടിട്ടുള്ള ഡിസ്പെൻസറികളുടെ ലിസ്റ്റ്—

നമ്പ	സ്ഥാപനത്തിന്റെ പേര്	ചാർജ്ജുവഹിക്കുന്നമെഡിക്കൽ ആഫീസരുടെ പേര്	സമുദായം
൧	തുമ്പമൺ	സബ്അസിസ്റ്റൻറുസർജ്ജൻ റി. തോമസ്	സിറിയൻക്രിസ്ത്യൻ
൨	കുമ്പളി	ടി പി. ഒ വർഗ്ഗീസ്	ടി
൩	പുളിൻകുന്ന്	ടി ആർ. മാധവൻപിള്ള	നായർ
൪	കൊപ്പരുകുടവിള	ടി കെ. എം. ജാൺ	സിറിയൻക്രിസ്ത്യൻ
൫	പിറവം	ടി എൻ. നീലകണ്ഠപ്പിള്ള	നായർ
൬	വലിയഊറ	ടി സി. വി. പത്മനാഭപിള്ള	ടി
൭	രാമപുരം	ടി കെ. ജി. ലൂക്ക്	സിറിയൻക്രിസ്ത്യൻ
൮	കുറവിളങ്ങാട്	ടി സ്വാമിനാഥപിള്ള	റോമൻക
൯	പാമ്പാടി	ടി പരമേശ്വരകയ്യർ	മററ് ഹിന്ദു
൧൦	കളത്തൂർ	ടി സി. കേശവപിള്ള	നായർ
൧൧	വിഴിഞ്ഞം	ടി വി. എ. നീലകണ്ഠപിള്ള	വെള്ളാളൻ
൧൨	വക്കല	ടി എൻ. കെ. കുറുപ്പ്	നായർ
൧൩	അയിക്കടി	ടി എൻ. ശേഷയ്യർ	ബ്രാഹ്മണൻ
൧൪	കുറുപ്പമ്പാടി (രണ്ടെണ്ണത്തിന്നുള്ളതു ഡിസ്പെൻസറി)	അസിസ്റ്റൻറുസർജ്ജൻ മിസ്റ്റർ ഈപ്പൻ, മെഡിക്കൽ ആഫീസർ, പെരുമ്പാവൂർ	സിറിയൻക്രിസ്ത്യൻ
൧൫	കൊടനാട്	ടി ടി ടി	ടി
൧൬	ഇടത്വാ	സബ്അസിസ്റ്റൻറു സർജ്ജൻ കെ. റി. തോമസ്സ്	ടി

അനുബന്ധം ക ൦.

നമ്പർ ൨൮ ചോദ്യത്തിനുള്ള മറുപടി നോക്കണം.

പറവൂർ താലൂക്കിലുള്ള മൈനർ കൃഷിസേചനജോലികളുടെ ലിസ്റ്റ്.

ക്രമ നമ്പർ	പകുതിയുടെ പേര്	സർവ്വേ നമ്പർ	സർവ്വേ ബ്ലോക്ക്	വിസ്തീർണ്ണം ഏക്കർ	വിസ്തീർണ്ണം സെൻറ	കൃഷിസേചനത്തിന്റെ സ്വഭാവം
ക	പുത്തൻപള്ളി	൧൯/൨	ബി	...	൩൩	കുളം
൨			...	...	൨൪	ടി
൩		൨൩൫ ൦	എ	...	൫൫	ടി
൪		൯൦/൫	...	...	൨൦	ടി
൫		൯൫/൫	എ	...	൨൦	ടി
൬		൫൦൦/൪	...	...	൩൪	ടി
൭		൫൫൩/൩	...	...	൩൪	ടി
൮		൫൩൭/൫൫	...	...	൪൩	ടി
൯		൫൭൩/൫	...	...	൨൯	ടി
൧൦		൫൭൪/൩	സി	...	൩൪	ടി
൧൧		൫൭൦/൪	...	...	൩൭	ടി
൧൨		൨൦൪/൫	സി	...	൧൨	ടി
൧൩		൨൫൭/൫	ബി	...	൨൯	ടി
൧൪		൨൩൭/൨	...	൨	൫൨	ടി
൧൫		൨൪൪/൪	എ	...	൫൨	ടി
൧൬		൨൪൩/൪	...	...	൧൩	ടി
൧൭		൨൭൭/൩	ബി	...	൨൭	ടി
൧൮		൨൭൭/൪	...	...	൧	ടി
൧൯		൨൭൭/൫	...	...	൩	ടി
൨൦		൨൭൭/൬	...	...	൨	ടി
൨൧		൨൭൭/൭	...	...	൨	ടി
൨൨		൨൭൭/൮	...	...	൨	ടി
൨൩		൨൭൭/൯	...	...	൨	ടി
൨൪		൨൭൭/൧൦	...	...	൨	ടി
൨൫		൨൭൭/൧൧	...	...	൨	ടി
൨൬		൨൭൭/൧൨	...	...	൨	ടി
൨൭		൨൭൭/൧൩	...	...	൨	ടി
൨൮		൨൭൭/൧൪	...	...	൨	ടി
൨൯		൨൭൭/൧൫	...	...	൨	ടി
൩൦		൨൭൭/൧൬	...	...	൨	ടി
൩൧		൨൭൭/൧൭	...	...	൨	ടി
൩൨		൨൭൭/൧൮	...	...	൨	ടി
൩൩		൨൭൭/൧൯	...	...	൨	ടി
൩൪		൨൭൭/൨൦	...	...	൨	ടി
൩൫		൨൭൭/൨൧	...	...	൨	ടി
൩൬		൨൭൭/൨൨	...	...	൨	ടി
൩൭		൨൭൭/൨൩	...	...	൨	ടി
൩൮		൨൭൭/൨൪	...	...	൨	ടി
൩൯		൨൭൭/൨൫	...	...	൨	ടി
൪൦		൨൭൭/൨൬	...	...	൨	ടി
൪൧		൨൭൭/൨൭	...	...	൨	ടി
൪൨		൨൭൭/൨൮	...	...	൨	ടി
൪൩		൨൭൭/൨൯	...	...	൨	ടി
൪൪		൨൭൭/൩൦	...	...	൨	ടി
൪൫		൨൭൭/൩൧	...	...	൨	ടി
൪൬		൨൭൭/൩൨	...	...	൨	ടി
൪൭		൨൭൭/൩൩	...	...	൨	ടി
൪൮		൨൭൭/൩൪	...	...	൨	ടി
൪൯		൨൭൭/൩൫	...	...	൨	ടി
൫൦		൨൭൭/൩൬	...	...	൨	ടി
൫൧		൨൭൭/൩൭	...	...	൨	ടി
൫൨		൨൭൭/൩൮	...	...	൨	ടി
൫൩		൨൭൭/൩൯	...	...	൨	ടി
൫൪		൨൭൭/൪൦	...	...	൨	ടി
൫൫		൨൭൭/൪൧	...	...	൨	ടി
൫൬		൨൭൭/൪൨	...	...	൨	ടി
൫൭		൨൭൭/൪൩	...	...	൨	ടി
൫൮		൨൭൭/൪൪	...	...	൨	ടി
൫൯		൨൭൭/൪൫	...	...	൨	ടി
൬൦		൨൭൭/൪൬	...	...	൨	ടി
൬൧		൨൭൭/൪൭	...	...	൨	ടി
൬൨		൨൭൭/൪൮	...	...	൨	ടി
൬൩		൨൭൭/൪൯	...	...	൨	ടി
൬൪		൨൭൭/൫൦	...	...	൨	ടി
൬൫		൨൭൭/൫൧	...	...	൨	ടി
൬൬		൨൭൭/൫൨	...	...	൨	ടി
൬൭		൨൭൭/൫൩	...	...	൨	ടി
൬൮		൨൭൭/൫൪	...	...	൨	ടി
൬൯		൨൭൭/൫൫	...	...	൨	ടി
൭൦		൨൭൭/൫൬	...	...	൨	ടി
൭൧		൨൭൭/൫൭	...	...	൨	ടി
൭൨		൨൭൭/൫൮	...	...	൨	ടി
൭൩		൨൭൭/൫൯	...	...	൨	ടി
൭൪		൨൭൭/൬൦	...	...	൨	ടി
൭൫		൨൭൭/൬൧	...	...	൨	ടി
൭൬		൨൭൭/൬൨	...	...	൨	ടി
൭൭		൨൭൭/൬൩	...	...	൨	ടി
൭൮		൨൭൭/൬൪	...	...	൨	ടി
൭൯		൨൭൭/൬൫	...	...	൨	ടി
൮൦		൨൭൭/൬൬	...	...	൨	ടി

അനുബന്ധം ക ം (തുടർച്ച).

ക്രമ നമ്പർ	പകുതിയുടെ പേരു്	സർവ്വെ		വിസ്തീർണ്ണം		കൃഷിസേചനത്തിന്റെ സ്വഭാവം
		നമ്പർ	ലററർ	ഏക്കർ	ഡസൻ	
൪ക	പുന്നയൂർക്കുളം	൩൫ ൪ ക ം	ബി	...	൨ ൪	തോട്
൪൨		൩൫ ൪/ക൨	...	...	ക൩	ടി
൪൩		൫ന്നു൫/ക	എ	...	൫൩	ടി
൪൫		൫ ൻ/൨	...	...	൩൫	ടി
൪ ൪		൪൩/൫	...	...	ക ക	ടി
൪ന		൪ന്നു/൨	...	...	ക൨	ടി
൪ ൭		൫ ം/൨	ബി	...	൪	ടി
൪ വ		ക വ ൪/ക	...	൨	൭ ം	ചിറ
൪ൻ		൨ ക ൻ/ക	...	൩	൨ വ	ടി
ന ം		൩ ക ം/൫	...	...	൫ ൨	കുളം
ന ക		൫ ക ം/൪	...	...	ക ൨	ടി
ന ൨		൩൭൩/ക൩	എ	...	൭ ൫	ചിറ
ന൩		൫ ക ം/വ	...	...	ക൩	കുളം
ന൫		൫ ക ം/ക൩	...	...	ക൩	തുറ
ന ൪		൫ ക ൨/ക൩	...	...	൨ ക	കുളം
ന ന		൫ ക വ/ക ക	ബി	...	൨ ൫	ടി
ന ൭		൫ വ ൨/ക	എ	ക൩	വ ം	ചാലു്
ന വ		൪ന്നു/൫	...	...	൨	കുളം
ന ൻ		ന്ന൨ ൪	...	...	൨ ൪	ടി
൭ ം		ൻ ക/൫	...	...	൩൩	
൭ ക		ക൨ ൫/ക ം	ബി	...	ക ൫	
൭൨		ക ൫ ം/ന	...	...	൩൩	ടി
൭൩		ക ൫ ൪/ക	...	൨	വ ം	ടി
൭ ൫		ക ന്നൻ/ക	...	ന	ക ൻ	ടി
൭ ൪		ക ൻ൨/൭	...	...	൩ന്നു	ടി
൭ ന		൨ ന്നു ൪/ക ൫	...	ക	൨ ൨	ടി
൭ ൭		൨ ൭ ൻ/൫	...	൪	ന്നു ൭	ടി
൭ വ		൨ ൭ ക/൨	...	...	വ്വന്നു	ടി
൭ ൻ		൨ ൭ ന/൨	...	ക	൪	ടി
വ ം	പാറക്കടവ്	൨ ൻ ക/൫	...	...	൫ ന്നു	ടി
വ ക		ന്ന൨/ക	...	ക	വ ൫	ടി
വ൨		ന ൫ ൪/ക ം	...	...	ന്നു	ടി
വ൩		൫ ം ം/൭	...	...	വ ക	ടി
വ ൫		൫ ക വ/൪	...	...	ക്കന്നു	ടി
വ ൪		൫ ൨ ൪/ൻ	...	...	ൻ ൪	ടി
വ ന		൫ ന്നവ/ക വ	...	...	൨ ൪	ടി
വ ൭		൫ വ ക/ക	...	...	൨ ൨	ടി
വ വ		൫ ൻന്നു/വ	...	...	ന ൭	ടി
വ ൻ		൪ ം ന്നു/ക	...	...	ന ക	ടി
ൻ ം		൪ ക ൨/ക ന്നു	...	ക	ക ൨	ടി
ൻ ക	കൊടുങ്ങല്ലൂർ	൨ ന്നു ന്നു/ന	എ	൫	൨	ചാലു്
ൻ ൨		൨ ന്നു ൭/ക	സി	൭	൭ ന	വെള്ളച്ചാൽ
ൻ ന		൨ ൻ/ന	...	ക ം	വ ം	നദി
ൻ ൫		൨ ൻ/൫	...	ക വ	ന്നവ	ടി
ൻ ൪		ക ന ൭/ക	...	ന	ക ൭	ടി
ൻ ന		൨ വ ൫/ക	...	൫	ന്നു ൭	തോട്
ൻ ൭		൨ വ ൪/ക	...	ന	ന ന്നു	ടി
ൻ വ		൨ ൻ ൪/ക	...	൭	ക ൭	ചിറ
ൻ ൻ		ന ന ൨/ക	...	൫	ന ൭	തോട്
ക ം ം		ന ൭ ക(ക	...	ക ക	൨ ൪	ടി
ക ക ക		൫ ൨ ൪)ക	...	൫	വ ന	ടി
ക ം ൨		൫ ന ൫(ക	...	...	ന്നക	ടി

അനുബന്ധം ൧ ൦ (തുടർച്ച).

ക്ര നമ്പർ	പകുതിയുടെ പേരു്	സർവ്വേ നമ്പർ	ലററർ	വിസ്തീർണ്ണം ഏക്കർ	സെസൻറ്	കൃഷിസേചനത്തിന്റെ സ്വഭാവം
൧൦൩	ചെങ്ങമനാട്ടു്	൪൪൫/൩	...	...	൩൩	കുളം
൧൦൪		൩൭൦/൧	...	...	൨൧	ടി
൧൦൫		൧൧൭/൧	...	൩	൧൩	തോട്ടു്
൧൦൬		൧൪൧/൧	×	൧൧	൩൪	ചിറ
൧൦൭		൧൫൧/൧	...	...	×	കുളം
൧൦൮		൧൩൯/൧	...	൩	൫൪	തോട്ടു്
൧൦൯		൧൧൩/൧	...	൪	൫൧	കുളം
൧൧൦		൧൭൫/൧	...	൪	൭	ചാലു്
൧൧൧		൧൯൫/൧൦	...	...	൧൩	ടി
൧൧൨		൭൨൭/൧	...	൩	൪൭	തോട്ടു്
൧൧൩		൭൩൩/൧	...	...	൭൧	കുളം
൧൧൪		൭൩൩/൧	...	...	...	ടി
൧൧൫		൭൫൦/൨	...	൨	൧൨	ടി
൧൧൬	അയിരൂർ	൨൯൧/൧	...	൧൨	൨൧	ചിറ
൧൧൭		൩൪൩/൧	...	൨	൧൪	തോട്ടു്
൧൧൮		൪൩൭/൧൧	...	൧	൩൭	ടി
൧൧൯		൩൪൧/൪	...	൨	൩	ടി
൧൨൦		൪൩൪/൧൧	...	...	൨൪	ടി
൧൨൧		൪൭൨/൩	...	...	൨൨	ടി
൧൨൨		൪൫൧/൧	...	൩	൩൩	നവമ്മുചാൽ
൧൨൩		൧൨൪/൧	...	൧	൨൨	തോട്ടു്
൧൨൪		൧൧൩/൪	...	൧	൩൧	ടി
൧൨൫		൧൦൩/൪	...	...	൩൯	ടി
൧൨൬		൩൭൩/൧	...	൩൧	...	ടി

അനുബന്ധം ക.

൧൯൦൦-ാമതു ചോദ്യത്തിനുള്ള മറുപടി നോക്കുക.

൧൯൦൦-ാമാണ്ടു മുതൽ ൧൯൩൦-ാമാണ്ടുവരെ വ്യവസായവായ്പകൾ കൊടുത്തതിന്റെ ലിസ്റ്റ്.

നമ്പർ	ആളിന്റെ പേരു്	തുക	ഉദ്ദേശം
	൧൯൦൦		
൧	ചെറിയാൻ ജോസഫ്	രൂപ ൧,൦൦൦	റബ്ബറുംതേയിലയും പെട്ടികൾ ഉണ്ടാക്കുന്നതിനു
൨	തോമസ്സ് ഫേബിയൻ	൧,൦൦൦	ടി
൩	റവറൻറ പോത്തൻയോഹന്നാൻ	൩൩൫	നെയ്ത്തു്
൪	കുഞ്ഞൻ ജോസഫ്	൨൦൦	ടി
൫	കെ. ചിന്നമ്മ	൨,൫൦൦	നെയ്ത്തു്, തലകണ ഉണ്ടാക്കൽ, കസവുണ്ടാക്കൽ, തയ്യൽ
൬	ജാൺ ക്രൂസ്സ്	൨൭൫	ഒപ്പട്ടി ഉണ്ടാക്കൽ
൭	എൻ. വേലുആശാരി	വ്യ൦൩-൨-വ	മന്തപ്പണി
൮	കുഞ്ഞുതൊമ്മൻ തോമസ്സ്	൨,൦൦൦	കാട്ടൻബെൽട്ടിംഗ്
൯	എൻ. രാമൻപിള്ള	൫വ്യ൩	നെയ്ത്തു്
൧൦	പത്മനാഭൻവേലായുധൻപിള്ള	൧,൫൦൦	ടി
൧൧	രാമൻപിള്ള നാരായണപിള്ള	൫൦	കോഴിവളർത്തൽ
൧൨	ജോസഫ് മുത്തായി	൨൦൦	പഞ്ഞിനെയ്ത്തു്
൧൩	സി. കുഞ്ഞൻ	൧,൨൫൦	ടി
൧൪	കൊല്ലപ്പള്ളിയിൽ ദേവസ്യാ	൧,൨൦൦	ഓട്ടുണ്ടാക്കൽ
൧൫	ആറുമുഖപ്പെരുമാൾ അടവിയാർ	൫൩൫	പഞ്ഞിനെയ്ത്തു്
൧൬	കൊച്ചുകുഞ്ഞു നാരായണൻ	൨൦൦	ടി
൧൭	കെ. സി. കുഞ്ഞുരാമൻ	൧,൦൦൦	ടി
	൧൯൦൧		
൧൮	എം. ററി. ബെനഡിക്ററ	൫൦൦	ടി
൧൯	വക്കച്ചിപിള്ള കാത്ത്യായനിപ്പിള്ള	൧,൧൫൦	ടി
൨൦	ചാക്കൊ തൊമ്മൻ	൨,൦൦൦	വ്യവസായവർക്ക്ഷാപ്പ്
൨൧	സി. എ. ജോസഫ്	൨,൦൦൦	കയർവ്യവസായം
൨൨	നാരായണപിള്ള പത്മനാഭപിള്ള	൭൫	പഞ്ഞിനെയ്ത്തു്
൨൩	രാമസ്വാമി ശിവനാണ്ടി	൧,൫൦൦	ടി
൨൪	നാരായണപിള്ള കൃഷ്ണപിള്ള	൫൦൦	ടി
൨൫	കൃഷ്ണൻ നാരായണൻ	൩൦൦	ടി
൨൬	ഗീവർഗ്ഗീസ്സ് മാത്തൻ	൧൫൦	ടി
൨൭	മിസ്സസ്സ് ദേവസഹായം	൧,൫൦൦	കസവും എംബ്രോയിഡറിയും
൨൮	ഡി. ഫ്റാൻസിസ്സ്	൨,൫൦൦	ഓട്ടുണ്ടാക്കൽ
൨൯	ശിവരാമലിംഗംഅടവിയാർ	൧,൫൦൦	പഞ്ഞിനെയ്ത്തു്
	൧൯൦൨		
൩൦	ഔസേഫ്തൊമ്മൻ	൩൦൦	ടി
൩൧	കുഞ്ഞേറിയാ ചാക്കൊ	൨,൫൦൦	നെല്ലുകുത്തു്
൩൨	മിസ്സസ്സ് ബി. എ. വീയറാ	൨,൫൦൦	റൊട്ടിമുതലായവ ഉണ്ടാക്കൽ
൩൩	എൻ. വേലുആശാരി	൧,൫൦൦	മന്തപ്പണി
൩൪	നാരായണപിള്ളപത്മനാഭപിള്ള	൨൦൦	പഞ്ഞിനെയ്ത്തു്
൩൫	ടി. ഇ. ഗോവിന്ദൻ	൧,൦൦൦	ടി
൩൬	ചൂക്കമത്താമി	൫൦൦	ടി
൩൭	ഔസേപ്പ് ദേവസ്സ്യാ	൫൦൦	ടി
൩൮	ഗീവർഗ്ഗീസ്സ് നയനാൻ	൫൦൦	ടി
൩൯	ശിവരാമലിംഗം അടവിയാർ	൭൫൦	ടി
൪൦	കാപ്പിൽവക്കി ജോസപ്പ്	൨,൫൦൦	നെല്ലുകുത്തു
൪൧	ജെ. പത്മനാഭക്കുറുപ്പ്	൫൦൦	സോപ്പുവ്യവസായം

അനുബന്ധം ക്ക (തുടർച്ച).

നമ്പർ	ആളിന്റെപേര്	തുക	ഉദ്ദേശം
	ക്ക ം ന	രൂപ	
൪൨	പി. പീററർ ആൻഡ് സൺസ്സ്, ആലപ്പുഴ	ക്ക,൩ ൦ ൦	തീപ്പെട്ടി വ്യവസായം
൪൩	കൃഷ്ണൻമാധവൻ, കണ്ണമംഗലം, മാവേലിക്കര	൩ ൦ ൦	പഞ്ഞിനെയ്ത്തു
൪൪	പരസ്പരസഹായസംഘം, നമ്പർ ൧ ൦ ക്ക, പത്തനംതിട്ട	ക്ക, ൦ ൨ ൦	ബെൽമെററൽ
൪൫	പൈലിവക്കി, മുളവൂർ	൩ ൦ ൦	പഞ്ഞിനെയ്ത്ത്
൪൬	ഒസേപ്പ്ഐസക്ക, കൈനാട്ടി	൨, ൦ ൦ ൦	തി
൪൭	ഇബ്രായ്മീറാക്കുട്ടി, മുളവൂർ	൪ ൫ ൦	സോപ്പുവ്യവസായം
൪൮	എം. താണുപിള്ള, മോട്ടാർ ഇഞ്ചിനിയർ, തിരുവനന്തപുരം	൨, ൫ ൦ ൦	മോട്ടാർവർക്ക്ഷാപ്പ്
൪൯	ജാഞ്ച്ക്രൂസ്സ്, തിരുവനന്തപുരം	ക ൫ ൦	കാർപ്പൻററിവർക്ക്ഷാപ്പ്

അനുബന്ധം ൧൨.

൧൯൯൧-ാമതു ചോദ്യത്തിനുള്ള മറുപടി നോക്കുക.

ശ്രീ റിക്കാർഡു സംരക്ഷണ സൂപ്പണ്ടിന്റെ ആഫീസിൽ നിന്നും ൧൯൧൧ വൃശ്ചികമാസം ൧-ാനു പിരിച്ചു വിടപ്പെട്ട സിൽബന്തികളുടെ പേരുകളും, യോഗ്യതകളും, സർവീസും ശമ്പളവും കാണിക്കുന്ന പട്ടിക.

നമ്പർ	പേരു്	ഉദ്യോഗം	യോഗ്യതകൾ		സർവീസ്			ശമ്പളം രൂപ	റിമാർക്ക്
			സാമാന്യം	പ്രത്യേകയോഗ്യത	ആണ്ടു്	മാസം	തീയതി		
൧	എൻ. അനന്തകൃഷ്ണപിള്ള	ആക്കിംഗ് കമ്പ്യൂട്ടർ ഡ്രാഫ്റ്റസ്മാൻ	...	...	൧൩	...	...	൨൫	
൨	എ. അജ്ജനൻചെട്ടിയാർ	ടി	...	ഫ്രീഹാൻഡ് ഡ്രായിംഗ്, ഇൻറർമീഡിയററ്, മദ്രാസ് ഗവർണ്മെൻറ് സാങ്കേതികപരീക്ഷ	൯	൧	...	൨൫	
൩	ജി. വേലുപ്പിള്ള	ടി	...	...	൧൩	൩	...	൨൫	
൪	ടി. വി. രാമസ്വാമിഅയ്യർ	ടൈപ്പിസ്റ്റ്	...	എലിമെൻറി ടൈപ്പുറൈറിംഗ്, മദ്രാസ് ഗവർണ്മെൻറും ഇൻറർമീഡിയററ് ഓഫ് ഇൻസ്റ്റിട്യൂട്ട് ഓഫ് കാമേഴ്സ്, ബർമിംഗ്ഹാം	൪	൧	...	൨൫	
൫	വില്യം ഫ്ളോറി	കമ്പ്യൂട്ടർ	...	...	൩	൩	...	൨൦	
൬	കെ. കൃഷ്ണപിള്ള	ഡ്രാഫ്റ്റസ്മാൻ ടി	...	... മദ്രാസ് ഗവർണ്മെൻറ് സാങ്കേതിക പരീക്ഷ, സർവ്വേയിംഗ്, ലെവലിംഗ് മുതലായവ, ലോവർഗ്രേഡ്, ഫ്രീഹാൻറ് ഔട്ടുലയിൻആൻറ് മാഡൽ ഡ്രായിംഗ്, ഇൻറർമീഡിയററ്	൧	൧൧	൨൩	൨൦	
൭	മാർട്ടിൻ ഡിക്രൂസ്	ടി	...	...	...	൩	...	൨൦	
൮	ജി. ശിവശങ്കരപ്പിള്ള	ടി	...	ഫ്രീഹാൻഡും മാഡൽ ഡ്രായിംഗും, ലോവർഗ്രേഡ്	...	൨	൨൩	൧൫	

നമ്പർ	പേര്	ഉദ്യോഗം	യോഗ്യതകൾ		സർവീസ്			ശമ്പളം
			സാമാന്യം	പ്രത്യേകയോഗ്യത	ആണ്ട്	മാസം	ദിവസം	രൂപാ
൯	കെ. പി. നാരായണപിള്ള	ദി	...	ഫീൽഡുസർവേയുടെ ടെസ്റ്റ്, മദ്രാസ്	൧	൨	൨൩	൨൦
൧൦	രാജഗോപാലൻനായർ	ദി	...	...	൧	൩	൨൩	൧൫
൧൧	എൻ. ആർ. കുട്ടൻപിള്ള	ദി	...	ഹ്രീഹാൻഡ് ഔട്ടുലൈൻ, ടൈപ്പിൻറിംഗ്, ഇൻറർമീഡിയറ്റ്	൧	൩	...	൧൫
൧൨	എൻ. കെ. രാമചന്ദ്രമേനോൻ	അക്കൗണ്ടന്റ്	മദ്രാസ് ഇൻറർമീഡിയറ്റ് പരീക്ഷ	...	൩	൫	൨൨	൨൫
൧൩	വി. കൃഷ്ണയ്യർ	ദി	...	...	൯	൨	...	൨൫
൧൪	വി. ടി. ഉമ്മൻ	ദി	ഇ. എസ്. എൽ. സി. പരീക്ഷ ബി. എ.	...	൧	൩	൩	൨൫
൧൫	പി. ഗണപതിഅയ്യർ	ദി	...	...	൨	...	൯	൨൫
൧൬	കെ. ദാമോദരൻപിള്ള	ദി	ഇ. എസ്. എൽ. സി. പരീക്ഷ ദി	...	൧	൨	൨൩	൨൦
൧൭	കെ. എൻ. ഗോപാലകൃഷ്ണമേനോൻ	ദി	ദി	...	...	൧൧	൨൦	൨൦
൧൮	കെ. എസ്. നാരായണപിള്ള	ക്ലാർക്ക്	ബി. എ., ബി. എൽ.	...	൩	൫	...	൩൫
൧൯	മി. എസ്. നാരായണപിള്ള	ദി	ഇ. എസ്. എൽ. സി.	...	....	൯	൧൧	൨൦
൨൦	മഹമ്മദ് റഹിമാത്തുള്ള	ദി	ദി	...	...	൩	൨൨	൨൦
൨൧	പി. വി. വർഗ്ഗീസ്	ഡ്രാഫ്റ്റ്സ്മാൻ	വി. എസ്. എൽ. സി.	ടൈപ്പിൻസമയ ടെസ്റ്റ്	൨	൩	...	൨൦
൨൨	ജി. ആർ. സുബ്രഹ്മണ്യയ്യർ	ദി	ഇ. എസ്. എൽ. സി.	...	൩	൩	...	൨൦
൨൩	എൻ. സോമസുന്ദരംപിള്ള	ദി	ദി	ടൈപ്പുറൈറ്റിംഗ് ഇൻഡർമീഡിയറ്റ് ലണ്ടൻ	൩	൩	...	൨൦

അനുബന്ധം ക്ക.

സന്നദ്ധസേവകരുടെ ചാല്യത്തിനുള്ള മറുപടിയോക്കെ.

സംസ്ഥാനത്തുള്ള ഉപ്പളങ്ങളിലെ സിൽബന്തികളുടെ പട്ടിക.

(ക)	താമരക്കുളത്തുള്ള പഴയ അളം		
	ഇൻസ്പെക്ടർ	... ...	ക
	പെററിഓഫീസറന്മാർ	....	വ
	ശിപായിമാർ	... ...	ഖ൯
(ഖ)	താമരക്കുളം എക്സ്റ്റൻഷൻ		
	ഇൻസ്പെക്ടർ	... ...	ക
	പെററിഓഫീസറന്മാർ	... ...	ഉ
	ശിപായിമാർ	... ...	ഖ
(ന)	പുത്തളം ഫാക്ററി		
	ഇൻസ്പെക്ടർ	... ...	ക
	പെററിഓഫീസറന്മാർ	... ...	ര
	ശിപായിമാർ	... ...	ക്ക
(ര)	ശ്രീമൂലഗോപാലവാന്തൻ അളം		
	ഇൻസ്പെക്ടർ	... ...	ക
	പെററിഓഫീസറന്മാർ	... ...	ന്ന
	ശിപായിമാർ	... ...	ക്ക
(ഭ)	ശ്രീമൂലകൃഷ്ണമണിഅളവും ശ്രീശംകരഅളവും		
	ഇൻസ്പെക്ടർ	... ...	ക
	പെററിഓഫീസറന്മാർ	... ...	ന
	ശിപായിമാർ	... ...	ക൯
(ന)	രാജാക്കമംഗലം അളം		
	ഇൻസ്പെക്ടർ	... ...	ക
	പെററിഓഫീസറന്മാർ	....	ര
	ശിപായിമാർ	... ...	ക്ക
(ഠ)	ശ്രീരാഘവ അളം		
	ഇൻസ്പെക്ടർ	... ...	ക
	പെററിഓഫീസറന്മാർ	....	ഖ
	ശിപായിമാർ	... ...	ന
(വ)	കുളച്ചൽ അളം		
	ഇൻസ്പെക്ടർ	... ...	ക
	പെററിഓഫീസറന്മാർ	... ...	ന
	ശിപായിമാർ	... ...	ക ം

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടി പ്രസിഡൻറ്): സർ ഇന്നലെവാദപ്രതിവാദത്തിന് ഇടയായ നടപടിക്രമത്തെ സംബന്ധിച്ചിടത്തോളം ക്ലിപ്തമായ ഒരു വിധിയു ണ്ടാകുന്നതിനു മുൻപായി എൻെറ അഭിപ്രായം പ്രസ്താവിക്കുന്നതിന് അനുവദിക്കണമെന്നു ഞാൻ അപേക്ഷി ച്ചുകൊള്ളുന്നു. എന്തെന്നാൽ, വാദത്തിനു ഹേതുവായിരിക്കുന്ന ഈ വിഷയം തന്നെ മുൻപൊരുഅവസരത്തിൽ വാദപ്രതിവാദത്തിന് ഇടയായിത്തീർന്നിട്ടുണ്ടെന്നുള്ള വിവരം ഞാൻ സഭയിൽ വന്നതിനുശേഷം ഖാമെം ബർ എൻെറ ഒർജ്ജിയിൽ കൊണ്ടുവന്നിരിക്കുന്നു. ഒരു സപ്ലിമെൻറിഗ്രാൻറു സംബന്ധിച്ചുണ്ടായ വാദപ്ര തിവാദത്തിനിടയിൽ മിസ്റ്റർ മാധവവാര്യർ താഴെപറയുംപ്രകാരം പ്രസ്താവിക്കയുണ്ടായി.

"സർ, നടപടിക്രമത്തെ സംബന്ധിച്ചിടത്തോളം എനിക്കു അല്പം പ്രസ്താവിക്കേണ്ടതായുണ്ട്. ഈ സഭ സംബന്ധിച്ചിടത്തോളം ആവശ്യമുള്ള എല്ലാ കടലാസ്സുകളും ഏതാനും മെംബറന്മാർക്കു നൽകിയിട്ടില്ലാത്തതാ കുന്നു. സ്ഥിരം ഉത്തരവ് (ന)-ാം ഖണ്ഡത്തിൽ താഴെപറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

'ഓരോ യോഗത്തിനും നിശ്ചയിക്കപ്പെട്ടിട്ടുള്ള തീയതിക്കു കുറഞ്ഞപക്ഷം പതിന്നാലു ദിവസങ്ങൾക്കു മുൻപായി ഒരു മീററിംഗിൽ നടത്തപ്പെടേണ്ടതായ നിയമവിഷയങ്ങളുടെ ഒരു താൽക്കാലിക ലിസ്ററു ഓരോ മെംബർക്കും സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാകുന്നു. അപ്രകാരമുള്ള ഒരു താൽക്കാലിക ലിസ്ററു അയച്ചു തിനുശേഷം ഓരോ യോഗത്തിനും നിശ്ചയിച്ചിട്ടുള്ള തീയതിക്കു കുറഞ്ഞപക്ഷം മൂന്നുദിവസത്തിനു മുൻപായി കിട്ടത്തക്കവണ്ണം ഓരോ മീററിംഗിലും നടത്തപ്പെടേണ്ടതായ ജോലിയുടെ ഒരുസ്റ്റേററുമെൻറു ഓരോ മെംബർക്കും അദ്ദേഹത്തിൻെറ സ്ഥിരമായിട്ടുള്ളതോ തിരുവനന്തപുരത്തുള്ളതോ ആയ മേൽവിലാസത്തിൽ സെക്രട്ടറി അയ ച്ചുകൊടുക്കേണ്ടതാകുന്നു."

'ഇപ്പോൾ ഈ യോഗത്തിൽ നടത്തപ്പെടേണ്ടതായ ജോലിയുടെ പൂർണ്ണവിവരങ്ങൾ കാലേകൂട്ടി ഞങ്ങൾ ക്കു സിദ്ധിച്ചിട്ടില്ലാത്തതാകുന്നു.'

'അദ്ധ്യക്ഷൻ: മിസ്റ്റർ മാധവവാര്യർ, അദ്ദേഹം ഈ ഘട്ടത്തിൽ ഉൽഭവിക്കുന്നതായ ഒരു നടപടിക്രമമാണെ ന്നു ഞാൻ വിചാരിക്കുന്നില്ല. സ്ഥിരം ഉത്തരവുകളെ ആദരിക്കാത്തപക്ഷം അസംഗതി രേഖാമൂലമായിട്ടോ വാക്കാലോ എൻെറ ഒർജ്ജിയിൽ കൊണ്ടുവരപ്പെടാവുന്നതും അതിനെപ്പററി ഞാൻ അന്വേഷണം നടത്തുന്നതും ആകുന്നു."

ബാരമംബ്ലേറോട്ടു ന്യായമായി പെരുമാറുന്നതിനു ഞാൻ ഏതാനും വിമർശനങ്ങൾ നടത്തേണ്ടതായിരിക്കുന്നു. എന്തെന്നാൽ ഇതു വളരെപ്രാധാന്യമുള്ള ഒരു വിഷയവും, ഇതുപോലെയുള്ള സംഗതികൾ ഭാവിയിൽ വാദപ്രതിവാദത്തിന് ഇടയാക്കിത്തീരുമെന്നുമുള്ളതും, അവയെപ്പററി അദ്ധ്യക്ഷൻ ആലോചിക്കേണ്ടതായി വരാവുന്നതും ആകുന്നു. മിസ്ററർ മാധവവാര്യർ കൊണ്ടുവന്നിട്ടുള്ള നടപടിക്രമത്തെ സംബന്ധിച്ചിടത്തോളം മുൻപിലത്തെ അദ്ധ്യക്ഷൻ തീരുമാനിച്ചിട്ടുണ്ടോ എന്നുള്ളതാണ് ഇപ്പോൾ ആലോചിക്കപ്പെടേണ്ടതായിട്ടുള്ള വാദവിഷയം. അപ്രകാരം തീരുമാനിച്ചിട്ടുള്ളപക്ഷം അതൊരവസാന തീർച്ചയായി എണ്ണിക്കപ്പെടേണ്ടതും അതിനെ വീണ്ടും ആലോചിക്കാൻ നമുക്ക് പാടില്ലാത്തതും ആകുന്നു. അതു സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ടതു് ഏതു സന്ദർഭത്തിലായിരുന്നു എന്ന് നാം മനസ്സിലാക്കേണ്ടതാകുന്നു. അപ്പോൾ യാതൊരു നിയമവും ഏർപ്പെടുത്തുന്നതിലേക്ക് ഉദ്യമിച്ചിട്ടില്ലായിരുന്നു, ഗ്രാൻറുകൾ വോട്ടുചെയ്കമാത്രമെ ഉണ്ടായിരുന്നുള്ളു. സ്ഥിരം ഉത്തരവുകൾ അനുരിക്കപ്പെടുന്നില്ലെന്ന് അദ്ദേഹം ആവലാധിപ്പെടുകയാണുണ്ടായതു്, ആ ഘട്ടത്തിൽ ഉൾക്കൊവിക്കുന്നതായ ഒരു നടപടിക്രമമല്ലെന്നാണ് അദ്ധ്യക്ഷൻ മറുപടിപറഞ്ഞതു്. അത്രമാത്രമെ അദ്ദേഹം പ്രസ്താവിച്ചുള്ളു. അതിൽയാതൊരു നടപടിക്രമവും അന്തർഭവിച്ചിട്ടില്ലെന്ന് അദ്ദേഹം ഒരിക്കലും പ്രസ്താവിച്ചിട്ടില്ല. അതു് യാതൊരു സന്ദർഭത്തിലും വാദവിഷയമായിത്തീരുന്നതല്ലെന്ന് അദ്ദേഹം പ്രസ്താവിച്ചിട്ടില്ല. ഗ്രാൻറുകൾ വോട്ടുചെയ്യപ്പെടുന്ന സമയത്തു് ആലോചിക്കേണ്ടതായ ഒരു നടപടിക്രമം അല്ലെന്നും, അദ്ദേഹത്തിനെ രേഖാമൂലമായിട്ടോ വാക്കാലൊ അറിയിച്ചിരുന്നു എങ്കിൽ അതിനെപ്പററി അദ്ദേഹം ആലോചിക്കുമായിരുന്നു എന്നും മാത്രമാണ് അദ്ധ്യക്ഷൻ പ്രസ്താവിച്ചിട്ടുള്ളതു്. മിസ്ററർ പിറവിപെരുമാൾപിള്ള കൊണ്ടുവന്നിരിക്കുന്ന പ്രധാനവിഷയത്തെ സംബന്ധിച്ചിടത്തോളം ഒരു അവസാനതീരുമാനമെന്നു കരുതപ്പെടാവുന്നയാതൊരു വിധിയും ഉണ്ടായിട്ടില്ലെന്നാണ് എൻെറതാഴ്മയായ അഭിപ്രായം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്ഥിരം ഉത്തരവുകളുടെ ഊർജ്ജിതവും റഗ്ലേഷനിലെ വ്യവസ്ഥകളുടെ ഊർജ്ജിതവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?

റവന്യൂമെമ്പർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ടമെംബർ, ഡെപ്യൂട്ടിപ്രസിഡൻറ്): റഗ്ലേഷനെയാതൊരു ഘട്ടത്തിലും അദ്ധ്യക്ഷനുപോലും ആരിക്കാതിരിക്കാൻ പാടില്ലെങ്കിലും നിയമത്താലും ചട്ടങ്ങളാലും സ്ഥിരം ഉത്തരവുകളാലും അദ്ധ്യക്ഷനു നൽകപ്പെട്ടിട്ടുള്ള അധികാരത്തിനുധീനപ്പെട്ട ചില അവസരങ്ങളിൽ സ്ഥിരംഉത്തരവുകളുടെ ഊർജ്ജിതത്തെ അദ്ദേഹത്തിനു തൽക്കാലം നിവൃത്തിവയ്ക്കാവുന്നതാകുന്നു.

നിയമസഭാചട്ടങ്ങളിലെ ൧-൩-൭ചട്ടത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഇപ്പോഴത്തെ നടപടിക്രമത്തെപ്പററി വാദപ്രതിവാദം നടത്തുന്നതു്. ആചട്ടത്തിൽ ഇപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നു.

"൧. എല്ലാനടപടിക്രമങ്ങളെ സംബന്ധിച്ചിടത്തോളം അദ്ധ്യക്ഷൻ തീർച്ചചെയ്യേണ്ടതും അദ്ദേഹത്തിൻെറ തീരുമാനം അവസാനതീർച്ചയായിരിക്കുന്നതും ആകുന്നു.

"൨. ഏതൊരുമെംബർക്കും ഏതുഘട്ടത്തിലും ഒരു നടപടിക്രമത്തെപ്പററി അദ്ധ്യക്ഷൻ തീരുമാനിക്കണമെന്ന് ആവശ്യപ്പെടാവുന്നതാകുന്നു, എന്നാൽ, അപ്രകാരം ആവശ്യപ്പെടുമ്പോൾ വാദമുഖത്തെപ്പററി മാത്രമെ അദ്ദേഹത്തിനു പ്രതിവാദിക്കാൻ പാടുള്ളു.

സർ, ഈ സഭസംബന്ധിച്ചിടത്തോളം ഈ വിഷയത്തെപ്പററി യാതൊരുതീരുമാനവും ഉണ്ടായിട്ടില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്. മുൻപിലത്തെ അദ്ധ്യക്ഷൻെറ വിമർശനങ്ങൾ ഈവിഷയം സംബന്ധിച്ചിടത്തോളം ഒരു തീരുമാനമായി കരുതുന്നതു ന്യായരഹിതമായിട്ടുള്ളതാണ്. പ്രഥമദൃഷ്ടിയിൽ പരസ്പരവിരുദ്ധമായികാണപ്പെടുന്ന രണ്ടു വ്യവസ്ഥകളുണ്ട്. ൩.(ബി) സ്ഥിരം ഉത്തരവ് താഴെപറയുംപ്രകാരമാണ്:

"ഓരോ യോഗത്തിനും നിശ്ചയിക്കപ്പെട്ടിട്ടുള്ള തീയതിക്കു കുറഞ്ഞപക്ഷം പതിന്നാലുദിവസങ്ങൾക്കു മുൻപായി ഒരു മീററിംഗിൽ നടത്തപ്പെടേണ്ടതായ നിയമവിഷയങ്ങളുടെ ഒരു താൽക്കാലികലിസ്റ്റ് ഓരോമെംബർക്കും സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാകുന്നു. അപ്രകാരമുള്ള ഒരു താൽക്കാലികലിസ്ററു അയച്ചതിനുശേഷം ഓരോയോഗത്തിനും നിശ്ചയിച്ചിട്ടുള്ള തീയതിക്കു കുറഞ്ഞപക്ഷം മൂന്നുദിവസത്തിനു മുൻപായി കിട്ടത്തക്കവണ്ണം ഓരോമീററിംഗിലും നടത്തപ്പെടേണ്ടതായ ജോലിയുടെ ഒരു സ്ററേറ്റ്മെൻറു ഓരോമെംബർക്കും അദ്ദേഹത്തിൻെറ സ്ഥിരമായിട്ടുള്ളതൊ തിരുവനന്തപുരത്തുള്ളതൊ ആയ മേൽവിലാസത്തിൽ സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാകുന്നു."

മേൽ പ്രസ്താവിച്ച സ്ഥിരം ഉത്തരവിനെ ഗണ്യമാക്കിയിട്ടില്ലെന്നുള്ള കാരണത്തിന്മേൽ വാദവിഷയമായ നടപടിക്രമത്തെപ്പററി അദ്ധ്യക്ഷൻ ആലോചിക്കേണ്ടതാണെന്നാണ് മിസ്റ്റർ പിറവിപ്പെരുമാൾപിള്ള ആവശ്യപ്പെടുന്നതു്. ൩-൨-൭മതുസ്ഥിരം ഉത്തരവിനെ താൻപ്രമാണമാക്കിയെന്നാണ് മിസ്റ്റർ എ. ജി. മേനോൻ അദ്ദേഹത്തിൻെറ മറുപടിയിൽ പ്രധാനമായി പ്രസ്താവിച്ചിരിക്കുന്നതു്. അതു് താഴെ പറയും പ്രകാരമാണ്.

"(൨) ഒരുബിൽ ഗസററിൽ പ്രസിദ്ധപ്പെടുത്തിയതിനു ശേഷം എപ്പോഴെങ്കിലും ബില്ലിൻെറ ചാർജ്ജു വഹിക്കുന്ന മെംബർക്കു അതിനെ ഹാജരാക്കാമെന്നുള്ളതാണ്,"

ഒരു താൽകാലികലിസ്റ്റിൻെറ രൂപത്തിൽ ൨൪ ദിവസത്തെ നോട്ടീസ് വേണമെന്നുള്ള വ്യവസ്ഥ ൩-൨-൭മതു സ്ഥിരം ഉത്തരവ് അനുസരിച്ച് വേണമെന്നില്ലെന്നാണ് മി: മേനോൻ അഭിപ്രായപ്പെടുന്നതെന്നു തോന്നുന്നു. ചട്ടങ്ങൾ എല്ലാം മൊത്തത്തിൽ ഒരുമിച്ചു വായിച്ച് അസംബന്ധം വരാതിരിക്കത്തക്കവണ്ണം നിയമങ്ങൾ വ്യാഖ്യാനിക്കപ്പെടണമെന്നാണ് അവയെ വ്യാഖ്യാനിക്കുന്നതു സംബന്ധിച്ച് അംഗീകരിക്കപ്പെട്ടുവരുന്ന തത്വങ്ങളിൽ ഒന്ന്. മേൽ പ്രസ്താവിച്ചസ്ഥിരം ഉത്തരവിൻെറ അതായതു് ൩-൨-൭മതു സ്ഥിരം ഉത്തരവിൻെറ ഉദ്ദേശം ൩.(ബി) സ്ഥിരം ഉത്തരവിൻെറ ആജ്ഞയെ ഇല്ലാതാക്കണമെന്നാണെങ്കിൽ ൩.(ബി) സ്ഥിരം ഉത്തരവ് വച്ചു കൊണ്ടിരിക്കുന്നതു് ആവശ്യമില്ലാത്തതാകുന്നു. മററെല്ലാവ്യവസ്ഥകളും തൃപ്തികരമാകുംവണ്ണം അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ബിൽ ഗസററിൽ പ്രസിദ്ധപ്പെടുത്തിയതിനുശേഷം എപ്പോഴെങ്കിലും ബില്ലിനെ അദ്ദേഹത്തിനു

ഹാജരാക്കാമെന്നുള്ളതാണു ശരിയായിട്ടുള്ള വ്യാഖ്യാനം. ഒരു ബിൽ ഗവർണ്ണരുടെ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിന്റെ ഒരു പ്രത്യേകഗുണം അതിനെ ഹാജരാക്കുന്നതിലേക്കുള്ള അനുവാദത്തിന്റെ ആവശ്യകതയെ വേണ്ടെന്നുവയ്ക്കുന്നു എന്നുള്ളതാണ്. അത്രമാത്രമേയുള്ളു. നിയമവ്യവസ്ഥയുടെ സംബന്ധിച്ചിടത്തോളം, തിരുവിതാംകൂർ നിയമസഭാചട്ടങ്ങളിലെ ൨൯-ാമത്തെ ചട്ടമനുസരിച്ചു ഒരു ബിൽ പ്രസിദ്ധം ചെയ്തതിനുശേഷം ആ ബില്ലിന്റെയും അതിന്റെ ഉദ്ദേശങ്ങളുടേയും കാരണങ്ങളുടേയും ഒരു പകർപ്പ് ഓരോ മെംബർക്കും അയച്ചു കൊടുക്കേണ്ടതാകുന്നു'' എന്ന് ൨൮-ാമത്തെ സ്ഥിരം ഉത്തരവിൽ കല്പിച്ചായിട്ടുള്ളതാകുന്നു. അതായതു് സഭയുടെ അനുവാദം വേണമെന്ന് നിർബന്ധിക്കുന്നില്ല. അപ്രകാരം പ്രസിദ്ധം ചെയ്യപ്പെടാത്ത ഒരു ബില്ലിന്റെ വിഷയത്തിൽ സഭയുടെ അനുവാദം അത്യാവശ്യമായിട്ടുള്ള ഒരു പ്രാരംഭചടങ്ങാണ്; ഒരു ബില്ലിന്റെ ചാർജ്ജു വഹിക്കുന്ന മെംബറെ അതു ഗസററിൽ പ്രസിദ്ധപ്പെടുത്തപ്പെട്ടതിനു ശേഷം അതിനെ ഹാജരാക്കുന്നതിനു പ്രസ്തുതസ്ഥിരം ഉത്തരവിന്റെ വ്യവസ്ഥി അല്ലേഹത്തെ അനുവദിക്കയാണു ചെയ്യുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "ഒരു ബിൽ ഹാജരാക്കപ്പെട്ടതിനുശേഷം ഏതു സന്ദർഭത്തോളം വേഗത്തിൽ അതിനു മുൻപുതന്നെ അതിനെ പ്രസിദ്ധപ്പെടുത്തിയില്ലാത്തപക്ഷം ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു'' എന്ന് ൩൯-ാമത്തെ ചട്ടത്തിൽ പറഞ്ഞിട്ടുണ്ട്. അതിനെ ഡെപ്യൂട്ടിപ്രസിഡന്റിന്റെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ ഡെപ്യൂട്ടിപ്രസിഡന്റ്): അനുവാദം ലഭിച്ചതിനുശേഷം—

മി: എ. ജി. മേനോൻ (പറവൂർ): സഭയുടെ അനുവാദം ചോദിക്കുന്നതും വാസ്തവത്തിൽ ബില്ലിനെ ഹാജരാക്കുന്നതും തമ്മിലുള്ള വ്യത്യാസം മെംബർ മനസ്സിലാക്കുന്നുണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡന്റ്): ഇതു സംഗതികൾ സാധിച്ചതിനു മാത്രമെ ഒരു ബിൽ ഹാജരാക്കപ്പെടാൻ പാടുള്ളു. സഭയുടെ അനുവാദം മുൻപുതന്നെ ലഭിച്ചിരിക്കയും ബില്ലിനെ ഗസററിൽ പ്രസിദ്ധപ്പെടുത്തിയിരിക്കയും ചെയ്യണം. സഭയുടെ അനുവാദം കൂടാതെ തന്നെ ഗസററിൽ പ്രസിദ്ധം ചെയ്യാവുന്നതാണ്. അനുവാദം ലഭിച്ചിരിക്കയാകട്ടെ ലഭിക്കാതിരിക്കയാകട്ടെ അതിനെഗസററിൽ പ്രസിദ്ധം ചെയ്തു പോയിട്ടുണ്ടെങ്കിൽ ബില്ലിനെ ഹാജരാക്കാൻ പാടില്ലെന്ന് ആ ക്ഷേപം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കാലേക്കൂട്ടി സഭയുടെ അനുവാദം ലഭിക്കാതേയൊ ഗസററിൽ പ്രസിദ്ധം ചെയ്യാതേയൊ ഒരു ബിൽ ഹാജരാക്കപ്പെടാമൊ എന്ന് ഡെപ്യൂട്ടി പ്രസിഡന്റിനു ദയവുണ്ടായി പ്രസ്താവിക്കാമൊ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡന്റ്): ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതു ഹാജരാക്കപ്പെടാവുന്നതാണ്.

മി: എ. ജി. മേനോൻ (പറവൂർ): ൨൮-ാംചട്ടം അനുസരിച്ചു മാത്രം അതു പ്രസിദ്ധപ്പെടുത്തപ്പെട്ടാൽ

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡന്റ്): ഒരു ബിൽ ൨൮-ാമത്തെ ചട്ടം അനുസരിച്ചു പ്രസിദ്ധം ചെയ്യുകയും അതിന്റെ പകർപ്പു മെംബറന്മാർക്കയക്കുകയും ചെയ്താൽ ബില്ലിന്റെ ചാർജ്ജ് വഹിക്കുന്നമെംബർക്ക് അതിനെ ഹാജരാക്കേണ്ട ആവശ്യപ്പെടാവുന്നതാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരുബില്ല ഹാജരാക്കപ്പെടുന്നതിനു മുൻപായി ഗസററിൽ പ്രസിദ്ധം ചെയ്യേണ്ട ആവശ്യമില്ലെന്നുള്ള സംഗതി ഡെപ്യൂട്ടി പ്രസിഡന്റിനെ ഞാൻ ഓർമ്മിപ്പിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ടമെംബർ, ഡെപ്യൂട്ടി പ്രസിഡന്റ്): അനുവാദം ലഭിച്ചിട്ടില്ലാത്ത സംഗതികളിൽ അതു് അത്യാവശ്യമായിട്ടുള്ളതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു ബിൽ സഭയിൽ ഹാജരാക്കപ്പെട്ടതിനു ശേഷവും അതിനെ പ്രസിദ്ധപ്പെടുത്താവുന്നതാണെന്ന് ൩൯-ാമത്തെ ചട്ടത്തിൽ വ്യവസ്ഥചെയ്തിട്ടില്ലെ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടി പ്രസിഡന്റ്): ഒരു ബിൽ ഗസററിൽ പ്രസിദ്ധപ്പെടുത്തിയതിനുശേഷം അതിന്റെ ചാർജ്ജുവഹിക്കുന്നമെംബർക്ക് അതിനെ ഹാജരാക്കാമെന്നാണ് ൩൯-ാമത്തെസ്ഥിരം ഉത്തരവിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്.

മി: എ. ജി. മേനോൻ (പറവൂർ): ഡെപ്യൂട്ടിപ്രസിഡന്റു ദയവുചെയ്തു ൨൯-ാമത്തെ ചട്ടം വായിച്ചുനോക്കരുതോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ടമെംബർ, ഡെപ്യൂട്ടി പ്രസിഡന്റ്): "ഏതെങ്കിലും ഒരു ബില്ലിനെ ഹാജരാക്കുന്നതിന് അനുവാദം ലഭിച്ചിട്ടില്ലെന്നു വരികിലും അതിന്റെ ഉദ്ദേശകാർണ്ണങ്ങൾ സഹിതം അതിനെ ഗസററിൽ പ്രസിദ്ധം ചെയ്യുന്നതിനു മിവാണ് ആജ്ഞാപിക്കാവുന്നതാകുന്നു'' എന്നാണ് അതിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്.

മി: എ. ജി. മേനോൻ (പറവൂർ): അതുതന്നെയാണു ഞാനും പ്രസ്താവിച്ചതു്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ടമെംബർ, ഡെപ്യൂട്ടി പ്രസിഡന്റ്): ഒരു ബിൽ ഗസററിൽ ഒരിക്കൽ പ്രസിദ്ധം ചെയ്യപ്പെടുകയാണെങ്കിൽ മേൽ പ്രസ്താവിച്ച സ്ഥിരം ഉത്തരവിന്റെ സഹായം നമുക്കു ലഭിക്കുന്നു. അതു് ൩-ാമത്തെ സ്ഥിരം ഉത്തരവാണ്.

മി: എസ്. പിറവിപെരുമാൾപ്പിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ൨-ാമത്തെ ചട്ടത്തിലും അപ്രകാരമാണ് വ്യവസ്ഥചെയ്തിരിക്കുന്നതു്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡിപ്യൂട്ടി പ്രസിഡന്റ്): "ഒരു ബിൽ ഗസററിൽ പ്രസിദ്ധപ്പെടുത്തിയതിനുശേഷം അതിന്റെ ചാർജ്ജ് വഹിക്കുന്ന മെമ്പർക്ക് ആ ബില്ലിനെ എപ്പോഴെങ്കിലും ഹാജരാക്കാവുന്നതാകുന്നു'' എന്ന് ൩-ാമത്തെ സ്ഥിരം ഉത്തരവിൽ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. ഏതെങ്കിലും ഒരു ബില്ലിനെ ഗവർണ്ണരുടെ ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ സഭയുടെ അനുവാദം ആവശ്യമില്ലെന്നു മാത്രമേ ൩-ാമത്തെ സ്ഥിരം ഉത്തരവിൽ വിവക്ഷ ചെയ്തിട്ടുള്ളു എന്നാണ് എന്റെ

അഭിപ്രായം. അതിനെ പ്രസിദ്ധം ചെയ്തതിനുശേഷം ഏപ്പോഴെങ്കിലും അതു ഹാജരാക്കപ്പെടാം. സർ, ന (ബി) സ്ഥിരം ഉത്തരവ് അനാവശ്യമാണെന്നോ ഉദ്ദേശിതമല്ലാത്തതോ എന്നു വ്യാഖ്യാനിക്കപ്പെടണമെന്നാണ് എന്റെ സ്നേഹിതൻ അദ്ധ്യക്ഷനോടു ആവശ്യപ്പെടുന്നത്. ആ അർത്ഥമാണു നിയമകർത്താക്കൾ ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ ന (ബി) സ്ഥിരം ഉത്തരവിനെ നിയമത്തിൽ ചേർക്കുകയില്ലായിരുന്നു. അതു വളരെ പ്രാധാന്യമുള്ള ഒരു വ്യവസ്ഥയായിട്ടാണു കരുതപ്പെട്ടിരിക്കുന്നത്. നിയമസഭാറഗുലേഷൻ പാസ്സാക്കപ്പെടുകതന്നെ ആദ്യത്തെ ന (ബി) സ്ഥിരം ഉത്തരവു പാസ്സാക്കപ്പെട്ട എന്നതിൽനിന്നുതന്നെ അപ്രകാരം അനുമാനിക്കപ്പെടാവുന്നതാണ്. "ഓരോ യോഗത്തിനും നിശ്ചയിച്ചിട്ടുള്ള തീയതിക്കു ഏഴു ദിവസത്തിനുമുൻപായി ഒരു യോഗത്തിൽ കൊണ്ടുവരപ്പെടണമെന്നുദ്ദേശിച്ചിരിക്കുന്ന ജോലിയുടെ ഒരു താൽക്കാലികലിസ്റ്റ് ഓരോ മെമ്പർക്കും സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാകുന്നു" എന്നാണ് അതിൽ വ്യവസ്ഥചെയ്തിരിക്കുന്നത്.

മി. എസ്. പിള്ളപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): "യോഗം" എന്ന പദത്തിനുപകരം "മീററിംഗ്" എന്ന പദംചേർത്തു സ്ഥിരംഉത്തരവു ഭേദപ്പെടുത്തപ്പെട്ടിട്ടുള്ള വിവരം മെമ്പറിന്റെ ഒക്കിയിൽ ഞാൻ കൊണ്ടുവരുന്നു.

മി. എ. ജി. മേനോൻ (പാവൂർ): ന (ബി) സ്ഥിരം ഉത്തരവു മുഴുവനും വായിക്കണമെന്നു ഞാൻ മെമ്പറോട് ആവശ്യപ്പെടുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണസ്വാമിഗാർ (നിയമിക്കപ്പെട്ട മെമ്പർ, ഡിപ്യൂട്ടിപ്രസിഡന്റ്): സർ, ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം സഭയുടെ അവകാശങ്ങളെ രക്ഷിക്കണമെന്നല്ലാതെ എനിക്കു പ്രത്യേകിച്ചു യാതൊരു ഉദ്ദേശവുമില്ലാത്തതാകുന്നു. ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു ബിൽ ന (ബി) സ്ഥിരം ഉത്തരവിൽ വ്യവസ്ഥചെയ്തിട്ടുള്ളതിനുണ്ണം മെമ്പർമാർക്കു നോട്ടീസുകൊടുക്കാതെയോ, അല്ലാത്തപക്ഷം അരമണിക്കൂർ നേരം നോട്ടീസ്മാത്രം നൽകിയോ ഭാരമെമ്പർക്കു കൊണ്ടുവരപ്പെടാൻ സ്വാതന്ത്ര്യമുള്ളതാകുന്നു. എപ്പോഴെങ്കിലും അതിനെ ഹാജരാക്കുന്നതിനു അദ്ദേഹത്തിനു സ്വാതന്ത്ര്യമുണ്ടെങ്കിൽ അതു നിയമത്തിൽ ഉദ്ദേശിച്ചിട്ടില്ലാത്ത അതൃപ്തികരമായ ഒരു ഘട്ടം ഉണ്ടാക്കിത്തീർക്കാൻ ഇടയാകുമെന്നാണ് ഞാൻ താഴ്മയായി അഭിപ്രായപ്പെടുന്നത്. "ഓരോ മീററിങ്ങിനും നിശ്ചയിച്ചിട്ടുള്ള തീയതിക്കു പതിന്നാലുദിവസത്തിനുമുൻപായി ഒരു മീററിങ്ങിൽ കൊണ്ടുവരപ്പെടണമെന്നു ഉദ്ദേശിച്ചിരിക്കുന്ന ജോലിയുടെ ഒരു താൽക്കാലിക ലിസ്റ്റ് ഓരോ മെമ്പർക്കും സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാകുന്നു" എന്നാണ് ഇപ്പോഴത്തെ ന (ബി)സ്ഥിരംഉത്തരവിൽ വ്യവസ്ഥചെയ്തിരിക്കുന്നത്. അതിലെ ഭാഷ അതൃപ്തികരവും സംശയജനകവും ആണെന്നു കണ്ടിട്ടു അതിനെ ഭേദപ്പെടുത്തുകയാണു ചെയ്തിട്ടുള്ളത്.

ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് ഇൻഡ്യയിലെ ലെജിസ്ലേററിവ് അസംബ്ലികൾ ആയതു വാദപ്രതിവാദത്തിനു വിഷയീഭവിക്കുകയോ തീരുമാനിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്നാണ് എന്റെ സ്നേഹിതൻ മിസ്റ്റർ പരമേശ്വരൻപിള്ളയുടെ പക്ഷത്തിനും ഞാൻ മനസ്സിലാക്കുന്നത്. ഒരുപക്ഷേ പ്രസ്തുത സ്ഥിരംഉത്തരവിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ശരിയായി ആദരിക്കപ്പെട്ടുവരികയായിരിക്കാം. അതുകൂടാതെ പ്രസ്തുത നടപടിക്രമത്തെ സംബന്ധിച്ചിടത്തോളം അതു് അദ്ധ്യക്ഷന്റെ തീരുമാനത്തിനു യാതൊരുത്തരവും അദ്ദേഹത്തിന്റെ തീരുമാനത്തിനു കൊണ്ടുവന്നിട്ടില്ലായിരിക്കും. നടപ്പിലിരിക്കുന്ന ചട്ടങ്ങളും സ്ഥിരം ഉത്തരവുകളും അനുസരിച്ചു സ്ഥിരം ഉത്തരവുകളെ തൽക്കാലം നിറുത്തിവയ്ക്കുന്നതിനോ താത്കാലം മാറ്റുകയ്യുന്നതിനോ ധാരാളം അധികാരങ്ങൾ അദ്ധ്യക്ഷനു നൽകിയിട്ടുള്ളതാകുന്നു. എന്നാൽ പ്രസ്തുത ചട്ടത്തെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രവർത്തനത്തെ തൽക്കാലം നിറുത്തിവയ്ക്കുന്നതിനുള്ള അധികാരം നിയമത്തിൽ അദ്ധ്യക്ഷനു നൽകിയിട്ടില്ലാത്തതാകുന്നു. ഇതിലേക്ക് ഉദാഹരണമായി ഗ്രൂപ്പ്-ഡി സ്ഥിരം ഉത്തരവിനെ സഭയുടെ ഒക്കിയിൽ ഞാൻ കൊണ്ടുവരുന്നു.

"(ക) സഭയുടെ തീരുമാനം ആവശ്യമുള്ള ഒരു വിഷയം ഒരു മെമ്പറുടെ ഉപക്ഷേപപ്രകാരം ഒരു ചോദ്യരൂപേണ അദ്ധ്യക്ഷൻ സഭയിൽ ഹാജരാക്കുന്നു.

"എന്നാൽ ഏതെങ്കിലും ഉത്തരവിൽ ക്ലിപ്തപ്പെടുത്തിയിട്ടുള്ള സമയത്തിൽ കുറഞ്ഞതായ സമയം നൽകി എപ്പോഴെങ്കിലും ഏതു ഉപക്ഷേപവും ഹാജരാക്കുന്നതിനോ, അല്ലെങ്കിൽ നോട്ടീസുകൂടാതെതന്നെ ഒരു ഉപക്ഷേപം ഹാജരാക്കുന്നതിനോ അദ്ധ്യക്ഷന്റെ യുക്തംപോലെ അനുവദിക്കാവുന്നതാകുന്നു."

പിന്നീടു ഗ്രൂപ്പ്-ഡി സ്ഥിരം ഉത്തരവിൽ താഴെ പറയുംപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു.

"മുൻപിലത്തെ സ്ഥിരം ഉത്തരവിലെ (ഗ)-ാമതു ഖണ്ഡം അനുസരിച്ചു ബില്ലിനെ ഒരു പ്രത്യേകകമ്മിററിയെ ഏൽപ്പിക്കണമെന്നു് ഉപക്ഷേപിക്കയോ, അല്ലാത്തപക്ഷം ഉപക്ഷേപം ഹാജരാക്കപ്പെട്ടിട്ടും അതു് അനുവദിക്കാതിരിക്കപ്പെടുകയോ ചെയ്യുന്ന സംഗതിയിൽ മുൻപിലത്തെ സ്ഥിരം ഉത്തരവിലെ (ഛ)-ാമതു ഖണ്ഡം അനുസരിച്ചു ബില്ല വായിക്കപ്പെട്ട തീയതിമുതൽ പതിനഞ്ചുദിവസിക്കു മുൻപായി ബില്ലിനെപ്പററി ആലോചിക്കേണ്ടതാണെന്നു് അതിന്റെ ചാർജ്ജു വഹിക്കുന്ന മെമ്പർക്കു് ആവശ്യപ്പെടാൻ പാടുള്ളതല്ല.

"എന്നാൽ അദ്ധ്യക്ഷന്റെ യുക്തംപോലെ സ്ഥിരം ഉത്തരവിന്റെ പ്രവർത്തനം തൽക്കാലം നിറുത്തിവച്ചു് ഉടൻതന്നെയോ അല്ലെങ്കിൽ പതിനഞ്ചു ദിവസം കഴിയുന്നതിനുമുൻപോ ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നതിനു അനുവദിക്കാവുന്നതാകുന്നു."

പ്രസ്തുത സ്ഥിരം ഉത്തരവിനെ സംബന്ധിച്ചിടത്തോളം "സ്ഥിരം ഉത്തരവിന്റെ പ്രവർത്തനം തൽക്കാലം നിറുത്തിവച്ചു് ഉടൻതന്നെയോ അല്ലെങ്കിൽ പതിനഞ്ചു ദിവസം കഴിയുന്നതിനുമുൻപോ ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നതിനു അദ്ധ്യക്ഷന്റെ യുക്തംപോലെ അനുവദിക്കാവുന്നതാകുന്നു" എന്നൊരു ക്ലിപ്തമുണ്ട്.

ഇതിനുപുറമേ ന്യ-ാമതു സ്ഥിരം ഉത്തരവു നോക്കാം. അതിൽ താഴെ പറയുംപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നു:—

"(ക) വിപരീതമായി അദ്ധ്യക്ഷൻ ആജ്ഞാപിക്കാത്തപക്ഷം, സ്ഥിരം ഉത്തരവുകളെ ഭേദപ്പെടുത്തുന്നതിനുള്ള അനുവാദം ആവശ്യപ്പെടുന്ന ഒരു ഉപക്ഷേപം ഹാജരാക്കുന്നതിന് ഏഴുദിവസത്തെ നോട്ടീസ്സാ

കൊടുക്കേണ്ടതും ഗസറ്റിസിനോടുകൂടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള മേഖലകളുടെ ഒരു നക്കൽകൂടി ഉണ്ടായിരിക്കേണ്ടതും ആകുന്നു.

"(ഗ) ഉപക്ഷേപം ആലോചിക്കപ്പെടേണ്ട ദിവസം അദ്ധ്യക്ഷൻ ആജ്ഞാപിക്കുന്നതുപോലെ നിശ്ചയിക്കേണ്ടതാകുന്നു."

മേൽപ്രസ്താവിച്ച എല്ലാ സംഗതികളിലും അദ്ധ്യക്ഷന്റെ ഹിതംപോലെ ചെയ്യാവുന്നതും അതിലേക്കു ക്ലിപ്തമായ വ്യവസ്ഥകൾ ഉള്ളതും ആകുന്നു. നിർഭാഗ്യവശാൽ വാദവിഷയമായ സ്ഥിരം ഉത്തരവിനെ സംബന്ധിച്ചിടത്തോളം അതിലേക്കു വ്യവസ്ഥകൾ ആദരിക്കപ്പെടാത്തപക്ഷം എന്തു നടപടിയാണ് അനുസരിക്കേണ്ടതെന്നു ക്ലിപ്തമായ വ്യവസ്ഥയില്ലാത്തതാകുന്നു. സർ, സ്ഥിരം ഉത്തരവുകൾ വായിച്ചു നോക്കിയതിൽ അദ്ധ്യക്ഷൻ ആലോചിക്കേണ്ടതായ ഒരു വ്യവസ്ഥമാത്രമേ ഞാൻ കാണുന്നൊള്ളു. അതു് ഏ-ാമത്തെ സ്ഥിരം ഉത്തരവാണ് അതു താഴെപറയുംപ്രകാരമാണ്:—

"റഗുലേഷനിലൊ, ചട്ടങ്ങളിലൊ, സ്ഥിരം ഉത്തരവുകളിലൊ വ്യവസ്ഥചെയ്തിട്ടില്ലാത്ത എല്ലാ സംഗതികളിലും സഭാനടപടികളെ നിയന്ത്രിക്കുന്നതിനെ സംബന്ധിച്ചിടത്തോളം അദ്ധ്യക്ഷന് അധികാരമുള്ളതാകുന്നു."

സർ, (ന) സ്ഥിരം ഉത്തരവിലുള്ള വ്യവസ്ഥ അത്ര പ്രാധാന്യമുള്ളതല്ലെന്നും, ഏ-ാമത്തെ സ്ഥിരം ഉത്തരവിലെ താല്പര്യമനുസരിച്ചു അദ്ധ്യക്ഷന് ആവശ്യമുള്ള നടപടി നടത്താമെന്നും അദ്ധ്യക്ഷൻ തീരുമാനിക്കുന്നപക്ഷം എന്റെ സ്നേഹിതന്റെ ഉപക്ഷേപം അനുവദിക്കുന്നതിനും സാധിക്കുന്നതാണ്. അപ്രകാരമായിരുന്നാലും, അദ്ധ്യക്ഷന്റെ അധികാരം ഉപയോഗിച്ചു തൽക്കാലം നിവൃത്തിവരുത്തുന്ന സ്ഥിരം ഉത്തരവുകൾ ഏതെല്ലാമാണെന്നു നിയമകർത്താക്കൾ പ്രത്യേകം ക്ലിപ്തപ്പെടുത്തിയിരിക്കുന്ന സ്ഥിതിക്ക് ഒരു പ്രത്യേകസ്ഥിരം ഉത്തരവിനെ ആദരിക്കാതിരിക്കാമെന്നു ഏ-ാമത്തെ സ്ഥിരം ഉത്തരവിനെ അടിസ്ഥാനപ്പെടുത്തി നമുക്ക് ഊഹിക്കാമോഎന്ന് ഞാൻ വളരെ സംശയിക്കുന്നുണ്ട്. സർ, അദ്ധ്യക്ഷന്റെ ആലോചനയ്ക്കു വിഷയീഭവിക്കേണ്ടതായ വൈഷമ്യങ്ങൾ മേല്പറഞ്ഞവയാണെന്നാണ് എനിക്കു തോന്നുന്നതു്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ). താൽക്കാലികലിസ്റ്റിൽ ഏതെങ്കിലും ജോലി ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ആജോലി നടത്തപ്പെടാൻ പാടില്ലെന്നു ചട്ടങ്ങളിലൊ സ്ഥിരംഉത്തരവുകളിലൊ പ്രസ്താവിച്ചിട്ടില്ലെന്നുള്ളവിവരം ഡെപ്യൂട്ടിപ്രസിഡണ്ടു മാക്കുന്നുണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ടമെംബർ, ഡെപ്യൂട്ടിപ്രസിഡണ്ട്): ആ ചട്ടം ആദരിക്കാതിരിക്കുമ്പോൾ എന്താണു പ്രവർത്തിക്കേണ്ടതെന്നു സ്ഥിരം ഉത്തരവുകളിൽ വ്യവസ്ഥചെയ്തിട്ടില്ല. സഭയുടെ ആലോചനയ്ക്കു ഞാനൊരുനിർദ്ദേശം നൽകിയതേയുള്ളു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): താൽക്കാലികലിസ്റ്റിനെപ്പററി പ്രതിവാദിക്കുന്ന സ്ഥിരം ഉത്തരവിൽ "സഭയുടെ യോഗങ്ങൾ" എന്നാണു പറഞ്ഞിട്ടുള്ളതു്, "സഭയുടെ യോഗങ്ങളും അതിന്റെ നടപടികളുടെ ക്രമീകരണവും" എന്നാണു പറഞ്ഞിരിക്കുന്നതു്. രണ്ടാമതുപറഞ്ഞതുകൊണ്ടിതു സംബന്ധിച്ചിടത്തോളം ഏ-ാമത്തെ സ്ഥിരം ഉത്തരവ് ഉള്ളതാകുന്നു, ഏതെങ്കിലും ഒരു ജോലി ഒരു ദിവസത്തെ സഭാനടപടികളിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അതു് പ്രതിവാദിക്കപ്പെടാൻ പാടില്ലെന്നു ആ സ്ഥിരംഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ടമെംബർ, ഡെപ്യൂട്ടിപ്രസിഡണ്ട്): യാതൊരുവ്യവസ്ഥയും ലംഘിച്ചിട്ടില്ലെന്നു നമുക്കു അനുമാനിക്കാം. മേൽപ്രസ്താവിച്ച രണ്ടു വ്യവസ്ഥകളും അടങ്ങിയിരിക്കുന്ന അദ്ധ്യായത്തിന്റെ തലക്കെട്ടുകളെ സംബന്ധിച്ചിടത്തോളം അവയിൽ പ്രഥമദൃഷ്ടിയിൽ അല്പം വ്യത്യാസമുള്ളസംഗതി മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള എന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിരിക്കുന്നു. അതിൽ അധികം സാരമുണ്ടെന്നു തോന്നുന്നില്ല. അതുമാത്രമെ ബാദ്ധ്യതയായിട്ടുള്ളു എന്നും, അതുമാത്രമെ പ്രാരംഭചടങ്ങായിട്ടുള്ളു എന്നും വിചാരിക്കുന്നപക്ഷം ഏഴു ദിവസത്തെ നോട്ടീസുനൽകേണ്ടതാണെന്ന് വ്യവസ്ഥചെയ്യുന്നതിലേക്കുള്ള കാരണമെന്താണ് ആലോചനയില്ലാതെ ചേർത്തിട്ടുള്ള വ്യവസ്ഥയെന്നാ, അനാവശ്യമായിട്ടുള്ള ഒരു വ്യവസ്ഥയാണെന്നാ അതല്ല ആർക്കെങ്കിലും ലംഘിക്കാവുന്നതായ ഒരു വ്യവസ്ഥയാണെന്നൊ നമുക്കു അനുമാനിക്കാൻ മാർഗ്ഗമുണ്ടോ? ന-ാമത്തെ സ്ഥിരം ഉത്തരവിനെ ആധാരമാക്കുന്നതായാൽ ഉപക്ഷേപം ഹജാരാക്കുന്നതിലേക്കു ഉപക്ഷേപകന് അദ്ധ്യക്ഷന്റെ അനുവാദംകൂടി അതിൻപ്രകാരം ആവശ്യമില്ലാത്തതാകുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): (ക) സ്ഥിരം ഉത്തരവിലെ വ്യവസ്ഥ ലംഘിക്കുന്നപക്ഷം സംബന്ധപ്പെട്ടജോലി നടത്തപ്പെടാൻ പാടില്ലെന്നു ക്ലിപ്തമായ ഒരു നിരോധന വ്യവസ്ഥ ഏ(ക) സ്ഥിരംഉത്തരവിൽഉള്ളതുകൊണ്ടും ന(ബി) സ്ഥിരംഉത്തരവുലംഘിക്കപ്പെട്ടാൽഉള്ളതുകൊണ്ടു സ്ഥിരംഉത്തരവുലംഘിക്കപ്പെട്ടാൽ അപ്രകാരമുള്ളഒരു നിരോധനവ്യവസ്ഥഇല്ലാത്തതുകൊണ്ടുവാദപ്രതിവാദം പാടില്ലെന്നാണൊസെപ്യൂട്ടിപ്രസിഡന്റു വിചാരിക്കുന്നതു്?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡന്റ്): ഏതാനുംവകുപ്പുകളിൽ ഉദ്ദേശിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതിലും ന-ാമത്തെ സ്ഥിരം ഉത്തരവിൻപ്രകാരമുള്ള ഒരു പരിഹാരം ഇല്ലെന്നുള്ളതിലും നിന്ന് നിയമകർത്താക്കന്മാരുടെ ഉദ്ദേശം എന്താണെന്ന് നിങ്ങളെ നല്ലതിന്മണ്ണം മനസ്സിലാക്കുന്നുണ്ട്. ഏതാനും ചട്ടങ്ങളെ യാതൊരു ആക്ഷേപവും കൂടാതെ നിങ്ങൾക്കു ലംഘിക്കാവുന്നതാകുന്നു.

അദ്ധ്യക്ഷൻ: നിങ്ങൾ വാദപ്രതിവാദം തുടരുന്നതിനു മുൻപായി മൂന്നു സംഗതികളിൽ നിങ്ങളുടെ അഭിപ്രായം എന്താണെന്ന് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി, നിങ്ങളുടെ അഭിപ്രായത്തിൽ ന-ാമത്തെ സ്ഥിരം ഉത്തരവും ന-ാമത്തെ സ്ഥിരം ഉത്തരവും ഒരേ ആളുകളെ തന്നെയാണോ ബാധിക്കുന്നതു്? രണ്ടാമതായി, രണ്ടുസ്ഥിരം ഉത്തരവുകളും ഒരു ചുമതലവഹിക്കണമെന്നു ക്ലിപ്തപ്പെടുത്തുകയൊ, രണ്ടു സ്ഥിരം ഉത്തരവുകളും അവകാശങ്ങൾ നൽകുകയൊ, അതല്ല ഒരു സ്ഥിരം ഉത്തരവിൽ നിന്നും അവകാശങ്ങൾ ഉൾവെക്കുകയും ചു

ഭേദഗതികൾ മാത്രം മറ്റൊരു സ്ഥിരം ഉത്തരവിൽ നിന്നും ഉൾവലിക്കയും ചെയ്യുകയോ ചെയ്യുന്നത്? ഇനി മൂന്നാമതായി നിങ്ങളുടെ അഭിപ്രായം അറിയേണ്ടതായിട്ടുള്ള സംഗതി എന്തെന്നാൽ, നമ്മുടെ സ്ഥിരം ഉത്തരവിൽ ഒരു പ്രത്യേക ഉദ്ദേശമുണ്ടെന്നു വിചാരിക്കുന്നപക്ഷം നോട്ടീസിനെ സംബന്ധിച്ചിടത്തോളം ഒരു ക്ലിപ്തസമയം അതിൽ നിശ്ചയിച്ചിട്ടുള്ളതിന്റെ ഉദ്ദേശം എന്താണെന്നുള്ളതാകുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): സർ, യാതൊരു നിയമസഭയും അതിന്റെ വർച്ചയ്ക്കു പ്രതിബന്ധമായി യാതൊന്നും പ്രവൃത്തിക്കയില്ലെന്നാണു നിയമതത്വങ്ങളെ പഠനം ചെയ്യുന്നവന്റെ നിശ്ചയം. ഞാൻ അഭിപ്രായപ്പെടുന്നത്, അതിസമുചിതമായിട്ടോ അനാവശ്യമായിട്ടോ ഉള്ള വ്യവസ്ഥകളെ അത് ഒരിക്കലും കൂട്ടിചേർക്കുന്നില്ല. വാസ്തവത്തിൽ ഏതൊരു ആജ്ഞാജനകമായ വ്യവസ്ഥയാണ്; അതിനാൽ ആജ്ഞാജനകമായ എല്ലാ വ്യവസ്ഥകളെന്നപോലെ അത് അനുസരിക്കപ്പെടേണ്ടതാകുന്നു. അതാണ് അദ്ധ്യക്ഷൻ ആലോചിക്കേണ്ട എന്റെ താഴ്മയായ അഭിപ്രായം. അതിന്റെ ഉദ്ദേശം എന്താണെന്ന് അദ്ധ്യക്ഷൻ ഞങ്ങളോടു ചോദിക്കുകയുണ്ടായി. അത് സഭയുടെ വിലയേറിയ അവകാശങ്ങളിൽ ഒന്നാണെന്നാണു ഞാൻ പറയുന്നത്. മറ്റുപക്ഷപാതങ്ങളെ സംബന്ധിച്ചിടത്തോളം പതിനാലുദിവസത്തെ നോട്ടീസ് അവശ്യമില്ലാത്തതാകുന്നു, എന്നാൽ, പ്രാധാന്യമേറിയ നിയമനിർമ്മാണ ജോലിയെ സംബന്ധിച്ചിടത്തോളം അത് ആലോചിക്കപ്പെടുന്നതിലേക്ക് കുറഞ്ഞപക്ഷം പതിനാലുദിവസത്തെ നോട്ടീസു നൽകേണ്ടതാണെന്ന് നിയമത്തിൽതന്നെ വ്യവസ്ഥചെയ്തിരിക്കെ ഈ സഭയിലെ ഓരോ മെമ്പർക്കും അത് അവകാശപ്പെടുന്നതിന് അർഹതയുള്ളതാകുന്നു.

നിയമനിർമ്മാണത്തിനു വേണ്ടുവോളം പഠനം അത്യാവശ്യമാണ്. നമ്മളിൽ ഏതാനും ആളുകൾക്കു അതിചുരുക്കിയ സമയത്തിനുള്ളിൽ പ്രസ്തുതജോലി നിർവഹിക്കാൻ പാടില്ലയെന്നുള്ളത് ആലോചിക്കേണ്ടതായിട്ടില്ല. നിയമസംബന്ധമായ ഒരു വിഷയത്തെ സംബന്ധിച്ചിടത്തോളം മുൻകൂട്ടി ഏഴു ദിവസത്തെ നോട്ടീസു നൽകേണ്ടതാണെന്നു നിയമസിദ്ധാന്തമുണ്ട്. അതേയോഗത്തിൽതന്നെ അതു പ്രതിവാദിക്കപ്പെടുന്നോ ഇല്ലയോ എന്നുള്ള സംഗതി ആലോചിക്കേണ്ടതായിട്ടില്ല. ഗവണ്മെന്റിനുള്ള ജോലിത്തിരക്കിനെ ആസ്പദമാക്കി ജോലി നടപടിയെ ക്രമീകരിക്കുന്നതു ഗവണ്മെന്റിന്റെ യുക്തമാണ്. പ്രസ്തുത സ്ഥിരം ഉത്തരവിന്റെ ഉദ്ദേശം പ്രാധാന്യമുള്ളതല്ലെന്നോ തുച്ഛമാണെന്നോ ഒരുകാലത്തും വിചാരിക്കാൻ പാടുള്ളതല്ല. അതൊരു അതിപ്രാധാന്യമുള്ള സംഗതിയാണ്. മുമ്പാരിക്കൽ ഇപ്പോഴത്തെ അദ്ധ്യക്ഷന്റെ മുൻഗാമിയുടെ കാലത്തു പ്രസ്തുത നടപടിക്രമം ആലോചിക്കപ്പെടേണ്ടതായിട്ടില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടതുകൊണ്ട് അതിലേക്കൊരു വിധിയുണ്ടായിട്ടില്ലെന്നുള്ള കാര്യം സമ്മതിക്കേണ്ടതായിരിക്കുന്നു. സെക്രട്ടേറിയറ്റിൽ ഉണ്ടാകുന്ന വീഴ്ചകളെ സംബന്ധിച്ചിടത്തോളം പൊതുവായിട്ടുള്ള ഒരു ആവലാധിയുടെ രൂപത്തിലാണ് ഈ വിഷയം അപ്പോൾ ഉൾക്കൊണ്ടിട്ടുള്ളത്. ജോലിനടത്തുന്നതിൽ അമാന്തം കാണിക്കുമ്പോൾ ഒരു മെമ്പർ ദിവാനോട് ആവലാധിപറയുന്നതിനു ഉദ്ദേശമാണുള്ളത്. എന്നാൽ ഇപ്പോഴത്തെ നില മറ്റൊന്നാണ്. പ്രസ്തുതവ്യവസ്ഥ ലംഘിക്കപ്പെടാവുന്നതായ വ്യവസ്ഥകളിൽ ഉൾപ്പെടുന്ന ഒന്നാണൊ എന്നാണ് ഇപ്പോൾ അദ്ധ്യക്ഷൻ തീരുമാനിക്കേണ്ടിയിരിക്കുന്നത്. അതു ലംഘിക്കപ്പെടാവുന്ന ഒന്നാണെങ്കിൽ പ്രസ്തുത സ്ഥിരം ഉത്തരവിനെ ആകുന്നിടത്തോളം വേഗത്തിൽ നിയമപുസ്തകത്തിൽ നിന്നും എടുത്തുകളയണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു. അതു വച്ചുകൊണ്ടിരിക്കണമെങ്കിൽ താമസം ഒഴിവുചെയ്യുന്നതിനോ അസാധാരണമായ ഘട്ടങ്ങളിൽ പ്രസ്തുതസ്ഥിരം ഉത്തരവിന്റെ പ്രവർത്തനത്തെ തൽക്കാലം നിർത്തിവയ്ക്കുന്നതിനോ ഉള്ള അധികാരം അദ്ധ്യക്ഷനു നൽകുന്നതിന് ആവശ്യമുള്ള നിശ്ചയം ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ അപ്രകാരം വ്യവസ്ഥ ചെയ്യുന്നതുവരെ നടപ്പിലിരിക്കുന്ന സ്ഥിരം ഉത്തരവിലെ വ്യവസ്ഥയനുസരിച്ചു നാം പ്രവർത്തിക്കേണ്ടതാകുന്നു.

സർ, എന്റെ അഭിപ്രായം അറിയേണ്ടതായിട്ടുള്ള ഇനിയത്തെ വിഷയം——

അദ്ധ്യക്ഷൻ: മറ്റു ചോദ്യങ്ങളെപ്പററി നിങ്ങൾ പ്രതിവാദിക്കുന്നതിനു മുമ്പായി ഒന്നു രണ്ടു വാദമുഖങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ അഭിപ്രായം അറിയാൻ ആഗ്രഹിക്കുന്നു. അതായതു ഏഴു ദിവസത്തെ നോട്ടീസുവേണമെന്ന വ്യവസ്ഥചെയ്തിരിക്കുന്നതു ഉചിതമായിട്ടോ, നല്ലതിനല്ലെന്നു ആലോചിക്കപ്പെടാത്തതോ അതല്ല അല്പം ആലോചിക്കപ്പെട്ടതൊന്നായ നിയമനിർമ്മാണത്തെ തടുക്കുന്നതിലേക്കു സഭായുക്തിയുടെ നിയന്ത്രണത്തിനുള്ള കരുതലുകളായിട്ടാണൊ നിങ്ങൾ വിചാരിക്കുന്നത്?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): അതിന്റെ ഉദ്ദേശം അതായിരിക്കണം. എന്നാൽ ഏതെങ്കിലും ഒരു പ്രത്യേകസംഗതിയിൽ വേണ്ടതെല്ലാം പ്രവൃത്തിച്ചിട്ടുണ്ടോ എന്നു തീരുമാനിക്കുന്നതിനുള്ള അധികാരം അദ്ധ്യക്ഷനു നൽകുന്നില്ല. അതു അനേകമനേകം കൊള്ളങ്ങളായി പൊതുജനങ്ങളുടേയും സഭയുടേയും ചിന്താവിഷയമായിരുന്നിരിക്കാം. ആ ഉത്തരവ് ആദരിക്കപ്പെടാത്തതുകൊണ്ടു ആർക്കും സാരമായ നഷ്ടം സംഭവിക്കയില്ലായിരിക്കാം. ഒരിക്കൽ ഒരു നിയമം രൂപീകരിക്കപ്പെട്ടാൽ അത് എല്ലാസംഗതികളേയും ബാധിക്കുന്നു. ഉത്തരവിനെ ആദരിക്കേണ്ടതാകുന്നു, ഏതെങ്കിലും അസാധാരണസംഗതികളിൽ അതു സങ്കടകരമായി ബാധിച്ചേക്കാമെന്നു ഞാൻതന്നെ ഭയപ്പെടുന്നുണ്ട്. അതിനാൽ മററു സംഗതികളിൽ നാം പ്രവൃത്തിച്ചിട്ടുള്ളതിനുണ്ടം ജോലി നടത്തിപ്പിനെ ഉദ്ദേശിച്ച് ആ ചട്ടത്തിന്റെ പ്രവർത്തനത്തെ തൽക്കാലം നിർത്തിവയ്ക്കുന്നതിലേക്കുള്ള അധികാരം അദ്ധ്യക്ഷനുണ്ടായിരിക്കേണ്ടതാകുന്നു. പ്രസ്തുതസ്ഥിരം ഉത്തരവിന്റെ പ്രവർത്തനത്തെ തൽക്കാലം നിർത്തിവയ്ക്കുന്നതിനുള്ള അധികാരം അദ്ധ്യക്ഷന് നൽകുന്നതുമൂലം പൊതുജനങ്ങളുടെ നന്മയ്ക്കു സാർമ്മാദ്യവിധത്തിൽ ഹാനി സംഭവിക്കുമെന്നു സംശയിക്കാൻ യാതൊരുകാരണവും ഇല്ലാത്തതാണ്. അദ്ധ്യക്ഷൻ പ്രസ്താവിച്ചതുപോലെ അതായിരിക്കണം നിയമകർത്താക്കന്മാരുടെ ഉദ്ദേശം. ഏതായാലും അതവിടെ ഉണ്ടെന്നുള്ള സംഗതി വിസ്മരിക്കാൻ പാടുള്ളതല്ല. ഏററവും കുറഞ്ഞ ഒരു സമയം നിയമത്താൽ ഏർപ്പെടുത്തപ്പെട്ടിരിക്കയും അതിനെ നാം അനുസരിക്കാതിരിക്കയും ചെയ്യുമ്പോൾ ഒന്നുകൂടെ സങ്കടത്തിനു വഴിയുണ്ടെന്ന് ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. പ്രസ്തുതവാദമുഖത്തെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് ഇൻഡ്യയിൽ യാതൊരു തീരുമാനവും ഉണ്ടായിട്ടില്ലെന്നു ലാമെമ്പർ എനിക്കറിയുന്നുണ്ട്.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്). ഒരു തിരുത്തലുണ്ട്. അതു ഡെപ്യൂട്ടിപ്രെസിഡൻറിനെ ഞാൻ അറിയിക്കട്ടെയോ?

റാവുബഹദൂർ കെ. വി. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രെസിഡൻറ്): നിങ്ങൾക്ക് എന്നെ സഹായിക്കാമെങ്കിൽ ഞാൻ നിങ്ങളോട് നന്ദിയുള്ളവനായിരിക്കും. മി: കുഞ്ഞാലം പരമേശ്വരൻപിള്ള പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ പ്രസ്താവിച്ചത്.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഈ സഭയിൽ ഇപ്പോൾ വാഗ്പ്രതിവാദത്തിനു ഇടയായി തീർന്നിരിക്കുന്ന നടപടിക്രമത്തെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് ഇൻഡ്യയിലുള്ള യാതൊരു നിയമസഭകളിലും അതു വാഗ്പ്രതിവാദത്തിനു ഇടയായി തീർന്നിട്ടില്ലെന്നാണ് ലാ മെമ്പർ പറയുന്നത്. ഇതു മാതിരിയിലുള്ള നടപടിക്രമം ഉണ്ടായിട്ടില്ല. എന്നാൽ സഭയുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംബന്ധിക്കുന്നതായ നടപടിക്രമത്തെപ്പററി വാഗ്പ്രതിവാദമുണ്ടായി. പൊതുജനരക്ഷാബിൽ ലെജിസ്ലേററിവ് അസംബ്ലിയിൽ ഹാജരാക്കപ്പെട്ടപ്പോഴാണ് അപ്രകാരമുണ്ടായത്. അതു ഗസററിൽ പ്രസിദ്ധം ചെയ്യപ്പെട്ടു. എന്നാൽ ബില്ലിൻെറ അച്ചടിച്ച പകർപ്പുകൾ സഭാ മെമ്പറന്മാർക്ക് സെക്രട്ടറി അയച്ചു കൊടുത്തില്ല. ബില്ലിൻെറ ഒരു പകർപ്പു വഴിക്കുന്നതിനു ഓരോ മെമ്പർക്കും അവകാശമുണ്ടെന്നും അല്പകാലം ബില്ലിൻെറ പകർപ്പു മെമ്പറന്മാർക്ക് അയച്ചു കൊടുക്കുന്നതിനു മുൻപായി ബിൽ ഹാജരാക്കപ്പെടാൻ പാടില്ലെന്നുള്ള ഒരു നടപടിക്രമം പണ്ഡിത മോട്ടിലാൽ നെഹറു സഭയിൽ കൊണ്ടുവന്നു. ബില്ല് ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നും, എല്ലാ മെമ്പറന്മാർക്കും ഗസററു വിതരണം ചെയ്തിട്ടുണ്ടെന്നും, ബില്ലു വിതരണം ചെയ്യപ്പെടുന്നതിൻെറ ഉദ്ദേശം അല്പകാലം സാധിച്ചിട്ടുണ്ടെന്നുള്ള വാദം ഇൻഡ്യാ ഗവർണ്ണൻറിനെ ലാ മെമ്പർ പുറപ്പെടുവിച്ചു. ബിൽ ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നു വരികിലും അതിൻെറ ഒരു പകർപ്പു വഴിക്കുന്നതിനുള്ള അവകാശം ഓരോ മെമ്പർക്കുമുണ്ടെന്നു പണ്ഡിത മോട്ടിലാൽനെഹറു വാദിച്ചു. മിസ്റ്റർ നെഹറുവിൻെറ വാദം അസംബ്ലി അദ്ധ്യക്ഷൻ ഓണറബിൾ പട്ടേൽ സ്വീകരിച്ചു ബിൽ ഹാജരാക്കുന്നതിനു അദ്ദേഹം അനുവദിച്ചില്ല.

മി: ടി. എസ്സ്. മോമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കാണപ്പെട്ടതു ബില്ലിൻെറ പകർപ്പു മെമ്പർക്കു കിട്ടിയില്ലെന്നാണോ അദ്ദേഹം തർക്കിക്കുന്നത്.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): നിയമസഭയുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംബന്ധിച്ചുള്ള നടപടിക്രമം ബ്രിട്ടീഷ് ഇൻഡ്യയിലും ഇതുപോലെ വാഗ്പ്രതിവാദത്തിനിടയാകാതെ എന്നുള്ളതാണ് എൻെറ വാദമുഖം.

മി: എ. എസ്സ്. മോമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇവിടെ ഉത്ഭവിച്ചിരിക്കുന്ന വിഷയവുമായി എന്തു താരതമ്യമുണ്ടെന്നാണ് ഞാൻ ചോദിക്കുന്നത്.

അദ്ധ്യക്ഷൻ: മററു വിഷയങ്ങളെ സംബന്ധിച്ചിടത്തോളം മിസ്റ്റർ കൃഷ്ണയ്യങ്കാരുടെ അഭിപ്രായം അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രെസിഡൻറ്) പ്രസ്തുത ചട്ടത്തിൻെറ ഉദ്ദേശത്തെപ്പററി ഞാൻ നല്ലതിനല്ലാം പ്രതിവാദിച്ചു എന്നാണ് ഞാൻ വിചാരിക്കുന്നത്.

അദ്ധ്യക്ഷൻ: അതെ, നല്ലതിനല്ലാം പ്രതിവാദിച്ചു. അതിലേക്കു ഞാൻ നന്ദിപറയുന്നു. എന്നാൽ മററു സംഗതികളെപ്പററി നിങ്ങൾ പ്രതിവാദിച്ചില്ല. സ്ഥിരം ഉത്തരവുകൾ ഒരേ ആളുകളെ തന്നെ ബാധിക്കുന്നുണ്ടോ, രണ്ടു സ്ഥിരം ഉത്തരവുകളിലും ചുമതലകളും, അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും അന്തർഭവിച്ചിട്ടുണ്ടോ, അതല്ലെങ്കിൽ ഒന്നിൽ ചുമതലമാത്രം അന്തർഭവിച്ചിരിക്കയും മറെറാന്നിൽ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും മാത്രം അന്തർഭവിച്ചിരിക്കയുമാണോ ചെയ്തിരിക്കുന്നത്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രെസിഡൻറ്): (സ) (ബി) സ്ഥിരം ഉത്തരവ് സഭയിലെ മെമ്പറന്മാരെ സംബന്ധിച്ചിടത്തോളം ഒരു അവകാശത്തെയാണ് അവക്കു നല്കുന്നത്, സ്ഥിരം ഉത്തരവിനെ സംബന്ധിച്ചിടത്തോളം യാതൊരു അവകാശവും അന്തർഭവിച്ചിട്ടില്ലാത്തതാകുന്നു, ബില്ലിൻെറ ചാർജ് വഹിക്കുന്ന മെമ്പർക്ക് അതിനെ ഹാജരാക്കാമെന്നാണ് അതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

സ്ഥിരം ഉത്തരവിനെ നടപ്പിൽ വരുത്തുന്നതിനു മുൻപായി അതിനു മുൻപുള്ള സ്ഥിരം ഉത്തരവുകളിലെ അത്യാവശ്യമായ ചടങ്ങുകൾ ഏതെല്ലാമാണെന്നു അദ്ധ്യക്ഷൻ പരിശോധിക്കേണ്ടതായിട്ടുണ്ട്. ആ ചടങ്ങുകൾക്കു ശേഷം മാത്രമെ സ്ഥിരം ഉത്തരവിലേക്കു പ്രവേശിക്കാൻ പാടുള്ളൂ. ബില്ലിൻെറ ചാർജ് വഹിക്കുന്ന മെമ്പർക്ക് അതിനെ ഹാജരാക്കാമെന്നു സ്ഥിരം ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

മി: പിറവിപ്പെരുമാൾപിള്ള പ്രസ്താവിച്ച സംഭവം എൻെറ ഓർമ്മയിൽവന്നില്ല. ആ ബില്ലിൻെറ അച്ചടിച്ചപ്രതി മെമ്പറന്മാരുടെ ഇടയിൽ വിതരണം ചെയ്യപ്പെട്ടു. അതു ഗസററിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു എന്നും ഗസററു ഓരോരോമെമ്പർക്കും അയച്ചുകൊടുക്കുന്നുണ്ടെന്നും ഇൻഡ്യാഗവർണ്ണൻറിൻെറ പ്രതിനിധിയ്ക്കു നിലയിൽ ലാ മെമ്പർ വാദിച്ചു. പ്രത്യേകമായിട്ടുള്ള കടലാസ്സ് എല്ലാമെമ്പറന്മാർക്കും അയച്ചിട്ടെന്തൊരു ആവശ്യമാണ്? പ്രത്യേകമായിട്ടുള്ള കടലാസ്സ് മെമ്പർക്ക് അയക്കാതിരുന്നതുകൊണ്ടു അവർക്ക് ബുദ്ധിമുട്ടു നേരിട്ടു എന്ന് എങ്ങിനെയാണ് വിചാരിക്കുന്നത്? താൽക്കാലികലിസ്ററു അയക്കപ്പെടാത്തതുമൂലം അവർക്ക് അസൗകര്യം നേരിട്ടുന്നു എങ്കിൽ അതിനു കൂട്ടുത്തലായി ഒരു അസൗകര്യംകൂടി ഒരു പ്രത്യേകകടലാസ്സ് അയക്കാത്തതുകൊണ്ടു അവർക്കു നേരിടാനില്ല. അപ്രകാരമിരുന്നാലും അതൊരു അവകാശമാണെങ്കിൽ അതു എടുത്തുകളയുന്നതിനു പ്രത്യേക അധികാരം അദ്ധ്യക്ഷനു നൽകിയിട്ടില്ലാത്തപക്ഷം ആയതു ഒരിക്കലും നിസ്സാരമായി കരുതാതിരിപ്പാൻ പാടുള്ളതല്ല. അദ്ധ്യക്ഷൻ ചോദിച്ചിട്ടുള്ള ചോദ്യങ്ങൾക്കു ഒക്കെ സമാധാനം പറഞ്ഞുകഴിഞ്ഞു എന്നാണ് ഞാൻ വിചാരിക്കുന്നു.

അദ്ധ്യക്ഷൻ: ന (ബി) സ്ഥിരം ഉത്തരവ് നിയമസഭാ സെക്രട്ടറി ഒരു ചുമതല വഹിക്കണമെന്നു വ്യവസ്ഥചെയ്യുന്നതല്ലാതെ മററാരേയും അതു ബാധിക്കുന്നതല്ലെന്നു വിചാരിക്കുന്നത് ശരിയായിട്ടുള്ളതാണോ എന്ന് നിങ്ങൾ അഭിപ്രായപ്പെടുന്നുണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണസ്വാമി (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രെസിഡൻറ്): സെക്രട്ടറി ബാദ്ധ്യസ്ഥനാണെന്ന് ഇവിടെപ്പറഞ്ഞുകേട്ടു. അതു് സഭയുടെ അവകാശങ്ങൾ ഉന്നതമാണെന്ന് പ്രഖ്യാപനം ചെയ്യുന്നു. അതു് ആരെങ്കിലും ചെയ്യേണ്ടതായിട്ടുണ്ട്. സെക്രട്ടറി അതു് ചെയ്യുന്നു. സെക്രട്ടറി അപ്രകാരം പ്രവർത്തിക്കാതിരിക്കത്തക്കവണ്ണം അതൊരു നിസ്സാരമായ അവകാശമല്ല. ഏതെങ്കിലുമൊരു അണ്ടർ സെക്രട്ടറിയോ, അല്ലാത്തപക്ഷം ചീഫ്സെക്രട്ടറിയോ നിയമസഭാ അംഗങ്ങൾക്ക് എഴുതി അയക്കുന്നപക്ഷം അതു ന-ാം സ്ഥിരം ഉത്തരവിൽ വ്യവസ്ഥചെയ്തിരിക്കുന്നതിനുണ്ടുള്ള ഒരു നോട്ടീസായി ഗണിക്കാൻ പാടുള്ളതല്ല. അതിനു നിയമസഭാസെക്രട്ടറിതന്നെ ഒപ്പിട്ടിരിക്കണം. ഗൌരവമായ വാദപ്രതിവാദങ്ങൾക്ക് ഇടയാക്കുന്നതായി ഒരു അവകാശമാണ് അതു്. പ്രസ്തുത അവകാശത്തെ എടുത്തു കളയുന്നതുമൂലം സാരമായ ഏതെങ്കിലും അസൌകര്യം നേരിടുന്നതാണോ അല്ലയോ എന്നേ വാദിക്കുന്നുള്ളൂ.

അദ്ധ്യക്ഷൻ: ഞാൻ നിങ്ങളോടു ചോദിച്ച ചോദ്യത്തെ സംബന്ധിച്ചിടത്തോളം ന-ാമത്തെ സ്ഥിരം ഉത്തരവുമൂലം ആർക്കെങ്കിലും പ്രത്യേകിച്ച് ഏതെങ്കിലും അവകാശങ്ങൾ സിദ്ധിക്കുന്നുണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണസ്വാമി (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രെസിഡൻറ്): അതൊരു അവകാശമല്ല. അതൊരു നടപടിക്രമമാണ്. നടപടിയുടെ പ്രവർത്തനത്തെ തടസ്സം നിവൃത്തിവരുത്തുന്നതിനുള്ള അധികാരം അദ്ധ്യക്ഷന് നൽകുന്നതായ ന-ാമത്തെ സ്ഥിരം ഉത്തരവിൽ പ്രതിപാദിക്കുന്നതുവരെ നാം ആഗീകരിക്കേണ്ടതായ നടപടിക്രമത്തെപ്പററിയാണ് അതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്റെ അഭിപ്രായം ശരിയായിട്ടുള്ളതാണെന്ന് ഞാൻ കാർക്കശ്യമായി പറയുന്നില്ല. സർ, ഏതായാലും ഈ സംഗതികളെപ്പററി അദ്ധ്യക്ഷൻ ആലോചിക്കേണ്ടതായിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സഭയിൽ അനുകരിക്കപ്പെടേണ്ടതായ നടപടിക്രമം മുഴുവനും "നിയമനിർമ്മാണം" എന്നിങ്ങനെ പല പ്രത്യേകതലക്കെട്ടുകളിൽ പ്രതിപാദിക്കപ്പെട്ടിരിക്കയും, പൊതുവായിട്ടൊരു വ്യവസ്ഥയുണ്ടായിരിക്കയും ചെയ്യുമ്പോൾ പ്രത്യേകതലക്കെട്ടിനു ഉൾപ്പെട്ട പ്രത്യേകവ്യവസ്ഥ അതിനടിയിൽ പ്രതിപാദിക്കുന്ന വിഷയത്തെ നിയന്ത്രിക്കുകയോ പൊതുവേയുള്ള വ്യവസ്ഥ ആ വിഷയത്തെ നിയന്ത്രിക്കുകയോ ചെയ്യുന്നതെന്ന് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണസ്വാമി (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രെസിഡൻറ്): ന-ാമത്തെ സ്ഥിരം ഉത്തരവും ന (ബി) സ്ഥിരം ഉത്തരവും നിയമനിർമ്മാണത്തെപ്പററിയാണ് പ്രതിപാദിക്കുന്നത്.

മി: എം. ജി. മേനോൻ (പറവൂർ): സർ, ന(ബി) സ്ഥിരം ഉത്തരവിൽ സെക്രട്ടറി ഏതാനും കാര്യങ്ങൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതല്ലാതെ അതിൽ യാതൊരു അവകാശവും അന്തർഭവിച്ചിട്ടില്ലെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു. വാസ്തവത്തിൽ മെമ്പർക്ക് അവകാശം നൽകുന്നതായ ഒരു വകുപ്പ് ന-ാമത്തെസ്ഥിരം ഉത്തരവാണ്; നിയമസഭയുടെ അനുവാദം ലഭിച്ചുടനെതന്നെ ഒരുബില്ല ഹാജരാക്കുന്നതിനുള്ള അവകാശം ഒരു മെമ്പർക്ക് അതുമൂലം ലഭിക്കുന്നു. മറേറതു് ഒരു ഉദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതായ സാധാരണ കർത്തവ്യങ്ങൾ എന്തെല്ലാമാണെന്ന് ക്ലിപ്തപ്പെടുത്തുകയാണ് ചെയ്യുന്നത്. ആ ഉദ്യോഗസ്ഥൻ തന്റെ കർത്തവ്യം നിർവ്വഹിക്കാത്തപക്ഷം അയാളെ ശിക്ഷിക്കയാണ് സഭ ശരിയായി ചെയ്യേണ്ടതു്. എന്നാൽ സെക്രട്ടറിയുടെമേലോ സെക്രട്ടറിയററിന്റെമേലോ ഞങ്ങൾക്കു യാതൊരു നിയന്ത്രണാധികാരവുമില്ലാത്തതാകുന്നു. എന്നാൽ ഈ നിയമസഭയുടെയോ മെമ്പറന്മാരുടേയോ അവകാശവും തമ്മിൽ യാതൊരു ബന്ധവുമില്ലാത്തതാകുന്നു. എന്നാൽ യഥാർത്ഥത്തിൽ അവകാശം നൽകുന്നതു് ന-ാമത്തെസ്ഥിരം ഉത്തരവാണ്. എന്നാൽ എനിക്കൊരു വലിയ സങ്കടമുണ്ട്, അതായതു റാവുബഹദൂർ കൃഷ്ണസ്വാമിയെപോലെയുള്ള ഒരു പഴയ മെമ്പർ—

റാവുബഹദൂർ കെ. എ. കൃഷ്ണസ്വാമി (നിയമിക്കപ്പെട്ടമെമ്പർ, ഡെപ്യൂട്ടിപ്രസിഡൻറ്): സർ, ഞാൻ എന്റെ കർത്തവ്യം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

മി: എം. ജി. മേനോൻ (പറവൂർ): റാവുബഹദൂർ കൃഷ്ണസ്വാമിയെപോലെയുള്ള ഒരു പഴയ മെമ്പർ ഒരു സ്ഥിരം ഉത്തരവിനെ സംബന്ധിച്ചിടത്തോളം ഇവിടെ സന്നിഹിതനായി ഒരു വക്കീലിനെപോലെ വാദിക്കുന്നതിൻവച്ച് എനിക്കു വലുതായ സങ്കടമുണ്ട്; അതു് ഒരു മിനിസ്റ്റീരിയിൽ ഉദ്യോഗസ്ഥന്റെ നടപടികളെ നിയന്ത്രിക്കുന്നു എന്നും ഒരു ഗവർണ്മെൻറ് ഉദ്യോഗസ്ഥന്റെ കർത്തവ്യത്തെപ്പററി അതിൽ പ്രതിപാദിക്കയാണ് ചെയ്യുന്നതെന്നും സാധാരണ ഒരാൾക്കുപോലും മനസ്സിലാകുന്നതാണ്. മറെറ സ്ഥിരം ഉത്തരവ് ഒരു മെമ്പർക്കുള്ള അവകാശത്തെപ്പററി പ്രതിപാദിക്കുന്നു.

അദ്ധ്യക്ഷൻ. വാദപ്രതിവാദത്തിനു വിഷയീഭവിച്ചിരിക്കുന്ന സംഗതി പ്രാധാന്യമുള്ളതും വൈഷമ്യമുള്ളതും ആണെന്ന് കൂടുതൽ തെളിവു ആവശ്യമുണ്ടെങ്കിൽ ഇന്നത്തെ വാദപ്രതിവാദം തെളിയിച്ചിട്ടുണ്ട്. എന്നാൽ നിർഭാഗ്യവശാൽ ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം യാതൊരു തീരുമാനവും മുൻപുണ്ടായിട്ടില്ല. അതിനാൽ ഈ വിഷയത്തെപ്പററി ഒരു തീരുമാനമുണ്ടാക്കുന്നതു് ഒരു പുതിയ തീരുമാനമായിരിക്കുമെന്നുള്ളതിനു തർക്കമില്ല. ഈ സഭയിലെ അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും യാതൊരു ഹാനിയും സംഭവിക്കാതെ അവ സംരക്ഷിക്കപ്പെടണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടി പ്രസ്തുത നടപടിക്രമം ഒരു അനുദ്യോഗസ്ഥ സാമാജികൻ വാദപ്രതിവാദത്തിനു ഇടയാക്കിയിരിക്കുന്നതുകൊണ്ട് അവധാനപൂർവ്വം ചിന്തിച്ചതിനുശേഷം മാത്രമേ എനിയ്ക്കു തീരുമാനിക്കാൻ പാടുള്ളൂ. ഈ സഭയുടെ അവകാശങ്ങളാണ് ഇതിൽ അന്തർഭവിച്ചിരിക്കുന്നതു്; അതിനെപ്പററി വളരെ സൂക്ഷ്മമായി ചിന്തിക്കേണ്ടതായിരിക്കുന്നു; അതിനാൽ അതിലേക്കു കുറച്ചുകൂടി സമയം ആവശ്യമുണ്ട്. അപ്രകാരം സമയം ആവശ്യപ്പെടുന്നതു പ്രസ്തുതബില്ല ഹാജരാക്കുന്നതിന് തടസ്സകരമായി പ്രവൃത്തിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലെന്ന് ബില്ലിന്റെ ചാർജ് വഹിക്കുന്ന മെമ്പർ മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

വടക്കൻ തിരുവിതാംകൂറിലുള്ള വെള്ളപ്പൊക്കത്തെസംബന്ധിച്ച് വാദപ്രതിവാദം നടത്തുന്നതിലേക്കു സഭാനടപടികൾ തൽക്കാലം നിറുത്തിവയ്ക്കുന്നതിലേക്കുള്ള ഒരു ഉപക്ഷേപം മിസ്റ്റർ ദാമോദരൻ ആശാൻ കൊണ്ടുവന്നിട്ടുണ്ട്, അതുസംബന്ധമായ വിവരങ്ങൾ സംബന്ധപ്പെട്ട ദിവാൻപെഷ്കാരന്മാർ കമ്പിഅടിച്ചു വരുത്തിക്കൊടുക്കാമെന്നു അദ്ദേഹത്തിനോടു ഞാൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. കോട്ടയം ദിവാൻപേഷ്കാർ താഴെപറയുംപ്രകാരം കമ്പി അടിച്ചിരിക്കുന്നു:—

"പറവൂർ, കുന്നത്തുനാട്, തൊടുപുഴ, മൂവാറ്റുപുഴ, ചേർത്തല, മീനച്ചൽ എന്നീ താലൂക്കുകളിൽ വെള്ളപ്പൊക്കം മുതലായവ ഇല്ല. അകാലമായിട്ടുള്ള മഴകൊണ്ട് കോട്ടയം താലൂക്കിൽ പുഞ്ചകൃഷിക്കു അല്പം ദോഷം നേരിട്ടിട്ടുണ്ട്."

കൊല്ലം ദിവാൻപേഷ്കാർ താഴെപറയുംപ്രകാരം കമ്പിഅടിച്ചിരിക്കുന്നു,—

"വെള്ളപ്പൊക്കം സംബന്ധിച്ചിടത്തോളം ഇതുവരെ കിട്ടിയിട്ടുള്ള വിവരങ്ങളിൽനിന്നും മാവേലിക്കര താലൂക്കിൽ കൃഷിക്കു വലുതായ നഷ്ടം സംഭവിച്ചിരിക്കുന്നു. തിരുവല്ലായിൽ അല്പം നഷ്ടം നേരിട്ടിട്ടുണ്ട്. ജീവനാശമോ വസ്തുനഷ്ടമോ ഉണ്ടായിട്ടില്ല."

മേൽപ്രസ്താവിച്ചതുമാത്രമാണ് ഇപ്പോൾ നമുക്കു കിട്ടിയിട്ടുള്ള അറിവ്. ഈ വിവരത്തെ അടിസ്ഥാനപ്പെടുത്തി ഉപയോഗപ്രദമായ വാദപ്രതിവാദം നടത്താമെന്ന് നിങ്ങൾ വിചാരിക്കുന്നുങ്കിൽ അപ്രകാരം പ്രവൃത്തിക്കുന്നതിനു നിങ്ങളെ അനുവദിക്കാൻ ഞാൻ തയ്യാറാണ്; വാദപ്രതിവാദം നടത്തുന്നതിലേക്കു ഞാനിപ്പോൾ നിശ്ചയിച്ചിരിക്കുന്നു.

മി. എ. എസ്സ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). അപ്രകാരമായും സമ്മതിയായും ഉണ്ടായിട്ടുള്ള അതിപ്രധാനത്തെപ്പററിയാണ് ഞാൻ ഉപക്ഷേപം ഹാജരാക്കിയിരിക്കുന്നത്. അല്ലാ വെള്ളപ്പൊക്കം സംബന്ധിച്ചല്ല.

അദ്ധ്യക്ഷൻ. അതെല്ലാം ഒന്നുതന്നെയാണ്. ഉപക്ഷേപം പ്രതിവാദിക്കപ്പെടണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?

മി. എ. എസ്സ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). അതെ.

മി. കുഞ്ഞുപിള്ള പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സെക്രട്ടേറിയൽ). സഭയിൽനിന്നും അനുവാദം നൽകിയിട്ടില്ല.

മി. എ. എസ്സ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). ആരുംതന്നെ അതിനെ എതിർത്തിട്ടില്ല. അതിനെ എതിർത്തിട്ടില്ലാത്തസ്ഥിതിയ്ക്കു സഭയുടെ ആഗ്രഹം അറിയേണ്ട ആവശ്യമില്ലാത്തതാണെല്ലോ.

അദ്ധ്യക്ഷൻ. ഏതായാലും എനിയ്ക്കു ലഭിച്ചിട്ടുള്ളവിവരം, അതായതു ദിവാൻപേഷ്കാരന്മാരുടെ റിപ്പോർട്ടുകൾ സഭയെ അറിയിക്കേണ്ടതായിട്ടുണ്ട്. അതിനാൽ ഞാൻ അതിനെ വീണ്ടും വായിക്കാം.

കോട്ടയം ദിവാൻപേഷ്കാരുടെപക്കൽനിന്നും കിട്ടിയിട്ടുള്ള

ദ. ഉ-ര-വ-ൻ-ലെ കമ്പിവാർത്ത.

പറവൂർ, കുന്നത്തുനാട്, തൊടുപുഴ, മൂവാറ്റുപുഴ, ചേർത്തല, മീനച്ചൽ എന്നീ താലൂക്കുകളിൽ വെള്ളപ്പൊക്കം മുതലായതില്ല; അകാലമായിട്ടുള്ള വർഷംമൂലം കോട്ടയം താലൂക്കിൽ പുഞ്ചകൃഷിക്കു അല്പം ദോഷം നേരിട്ടിട്ടുണ്ട്. ചങ്ങനാശേരി, വയ്ക്കം എന്നീ താലൂക്കുകളെ സംബന്ധിച്ചിടത്തോളമുള്ള വിവരങ്ങൾ കമ്പിമുഖം അറിയിച്ചുകൊള്ളാം.

കൊല്ലം ദിവാൻപേഷ്കാരുടെ പക്കൽനിന്നും കിട്ടിയിട്ടുള്ള

വ-ന-ര-വ-ൻ-ലെ കമ്പിവാർത്ത.

വെള്ളപ്പൊക്കം സംബന്ധിച്ചിടത്തോളം ഇതുവരെ കിട്ടിയിട്ടുള്ള വിവരങ്ങളിൽ നിന്നും മാവേലിക്കരയിൽ കൃഷിക്കു വലുതായ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും തിരുവല്ലായിൽ അല്പം നഷ്ടം നേരിട്ടിട്ടുണ്ടെന്നും ജീവനാശമോ വസ്തുനാശമോ ഉണ്ടായിട്ടില്ലെന്നും അറിയുന്നു. മററു തഹശീൽദാരന്മാരുടെ റിപ്പോർട്ടുകൾ പ്രതീക്ഷിച്ചിരിക്കയാണ്.

മി. എ. എസ്സ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നുള്ള എന്റെ ഉപക്ഷേപത്തിൽ അവിടുള്ളപ്പൊക്കത്തെപ്പററി പ്രസ്താവിച്ചിട്ടില്ലെന്നാണ് ഞാൻ പറയുന്നത്. അകാലമായ വർഷത്തെപ്പററി മാത്രമെ അതിൽ പ്രസ്താവിക്കുന്നുള്ളു.

അദ്ധ്യക്ഷൻ. അകാലമായിട്ടുള്ള വർഷത്തെപ്പററി പ്രതിവാദിക്കുന്ന കമ്പിവാർത്തകളും ഇവതന്നെയാണ്. മേൽകൊടുത്തിട്ടുള്ളതും സഭയ്ക്കു ഇപ്പോൾ സിദ്ധിച്ചിട്ടുള്ളതുമായ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിമാത്രമെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ പ്രതിവാദിക്കാൻപാടുള്ളു.

മി. കെ. ജാർജ്ജ് (ഗവർണ്ണരുടെ ചീഫ്സെക്രട്ടറി). സർ, പ്രസ്തുത ഉപക്ഷേപം പ്രതിവാദിക്കുന്നതിൽ എനിയ്ക്കു ആക്ഷേപമുണ്ട്. ഉപകാരപ്രദമായ ഒരു വാദപ്രതിവാദം നടത്തുന്നതിലേക്കു ആവശ്യമുള്ള വിവരങ്ങൾ കിട്ടിയിട്ടില്ലെന്നാണ് എന്റെ ആക്ഷേപം.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). ഇന്നലെ ഹാജരാക്കപ്പെട്ട എന്റെ അഡ്ജോൺമെന്റു ഉപക്ഷേപത്തിന്റെ ഫലം എന്താകണമെന്ന് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ. ഉപക്ഷേപത്തെ പിൻതാങ്ങണമെന്ന് ആഗ്രഹിക്കുന്ന മെംബറന്മാർ ദയവുചെയ്തു കൈ പൊക്കണമെന്നു അപേക്ഷിക്കുന്നു.

പിൻതാങ്ങുന്നതിന് ഇരുപതു മെംബറന്മാർ ഇല്ലായിരുന്നതുകൊണ്ട് ഉപക്ഷേപം തള്ളപ്പെട്ടു.

ഇനി നമുക്ക് കാര്യപരിപാടിയിലുള്ള ഗ്രാമത്തു പ്രമേയത്തെപ്പററിയുള്ള വാദപ്രതിവാദത്തിന് ആരംഭിക്കാം

മി. കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട മെംബർ). സർ, എന്റെ സ്നേഹിതൻ മിസ്റ്റർ ആശാൻ ഇന്നലെ വളരെ സാമർത്ഥ്യത്തോടുകൂടി ഹാജരാക്കിയതും, എന്നാൽ നമ്മുടെ പ്രൊഫെസ്സർ റാവുബഹദൂർ രംഗസ്വാമി അയ്യങ്കാർ അവാസ്തവവും, അനിഷ്ടിയുള്ളതും അസാദ്ധ്യമായിട്ടുള്ളതും എന്ന് നാമകരണം ചെയ്തിട്ടുള്ളതും ആയ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. സർ, സംസ്ഥാനത്തിലെ സാമ്പത്തികാവസ്ഥയെപ്പററി അറിവുള്ളവർ വളരെക്കാലമായിട്ട് സംസ്ഥാനത്തിലെ ഒരു സാമ്പത്തിക സർവ്വെ നടത്തണമെന്നാണെന്ന് മുറവിളി കൂട്ടിക്കൊണ്ടിരിക്കയാണ്. ഈ മുറവിളിയുടെ ഫലമായി ഏതാനും കൊല്ലങ്ങൾക്കുമുൻപ് ഡാക്ടർ ബാക്കർ വ്യാവസായികമായിട്ടുള്ള ഒരു സർവ്വെ നടത്തുന്നതിന് ഉദ്യമിക്കയുണ്ടായി; എന്നാൽ അതു പൂർത്തിയായില്ലെന്നുവരികിലും അതുമൂലം വ്യാവസായികമായി ഏതാണ്ടൊരു ഉണർച്ച സംസ്ഥാനത്തിൽ ഉണ്ടായി. ആ റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള സംഗതികളെ സംബന്ധിച്ചിടത്തോളം ദീർഘമായൊരു വാദപ്രതിവാദം നടത്തണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ നമ്മുടെ സംസ്ഥാനത്തുള്ള ഏതാനും അസംസ്കൃതസാധനങ്ങളുടെ പോഷണത്തെ സംബന്ധിച്ചിടത്തോളം അതുമൂലം തിരുവിതാംകൂർകാർക്ക് വലുതായ ഗുണം സിദ്ധിച്ചിട്ടുള്ളതാകുന്നു. അദ്ദേഹം നിർദ്ദേശിച്ചിട്ടുള്ള ഏതാനും വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ശ്രദ്ധയോടുകൂടി പരിശോധിച്ചിട്ടുള്ളതുകൊണ്ടും ആ വ്യവസായങ്ങളെ പോഷിപ്പിക്കുന്നതിലേക്ക് ഞാൻതന്നെ ശ്രമിച്ചിട്ടുള്ളതുകൊണ്ടുമാണ് ഇക്കാര്യത്തെപ്പററി ഞാൻ ഇത്രത്തോളം പ്രസ്താവിക്കുന്നത്. ഡാക്ടർ ബാക്കരുടെ അപൂർണ്ണ റിപ്പോർട്ടുമൂലം രാജ്യത്തിന് ഇത്രത്തോളം ഗുണം സിദ്ധിക്കാമെന്നുവരികിൽ സംസ്ഥാനത്തിന്റെ സാമ്പത്തികമായ ഒരു സർവ്വെ കാര്യത്തിന് പൊതുവായി പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തിലെ സാമ്പത്തികപരിപോഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് വലുതായ ഗുണം സിദ്ധിക്കുന്നതാണെന്ന് എനിക്ക് തീർച്ചയുണ്ട്.

പ്രൊഫെസ്സർ രംഗസ്വാമിഅയ്യങ്കാരപ്പോലെതന്നെ സാമ്പത്തികരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ശാസ്ത്രീയമായ ചിന്തനങ്ങളിൽ മാത്രം ഞാൻ ഏതാനും കാലം ഏർപ്പെട്ടിരുന്നു. ആ വിധമുള്ള ഒഴിവുസമയത്ത് ഒരു ധനശാസ്ത്രപ്രൊഫസ്സറോ ഒരു ധനശാസ്ത്രനേതാവിനോ എന്തു സിദ്ധിക്കാൻകഴിയുന്നതാണെന്നും എനിക്കറിവുള്ളതാണ്. നിക്കോൾസൺന്റേയും മാർഷലിന്റേയും പുസ്തകങ്ങളെത്രമാത്രം പാരായണം ചെയ്യുന്നുവോ ആ ധനശാസ്ത്രജ്ഞന്മാരും പ്രായോഗികമായിട്ടുള്ള വിഷമതകളെ അകററുന്നതിനു പരിശ്രമിച്ചുകൊണ്ടിരിക്കുന്ന പ്രായോഗിക ധനശാസ്ത്രജ്ഞന്മാരും തമ്മിൽ വലുതായിട്ടുള്ള വ്യത്യാസമുള്ളതായി ഞാൻ കാണുന്നുണ്ട്. സാമ്പത്തികമായ വിഷയങ്ങളെ സംബന്ധിച്ചിടത്തോളം യഥാർത്ഥമായി നാം കണ്ടുവരുന്ന സംഗതികളെ പരിശോധിച്ച് ആ വിഷമതകൾക്കുള്ള ഒരു പരിഹാരം നാം കണ്ടുപിടിക്കേണ്ടതാകുന്നു. മിസ്റ്റർ രംഗസ്വാമിഅയ്യങ്കാരുടെ അഭിപ്രായത്തിൽ സംസ്ഥാനത്തിന്റെ ഒരു സാമ്പത്തികസർവ്വെ പൂർത്തിയാക്കുന്നതിലേക്കു ഇരുപത്തിഅഞ്ചു കൊല്ലത്തോളം വേണ്ടിവരുന്നു. ഇക്കാരണത്തെമാത്രം അടിസ്ഥാനപ്പെടുത്തി ഈ വിഷയം ത്യജിക്കുന്നതു ഒട്ടും ആശാസ്യകരമല്ല. ഇരുപത്തിഅഞ്ചുകൊല്ലം വേണ്ടിവരുമെങ്കിൽ അതു സമ്മതിക്കുന്നതാണ് ഞാൻ വാദിക്കുന്നത്. ആ കാലം മുഴുവനും നാം ഉപയോഗിച്ച് ഓരോരോകൊല്ലത്തിലും എന്തെങ്കിലും ചെയ്യാൻ നാം ശ്രമിക്കണമെന്നും, ഒരു കൊല്ലത്തെ പ്രവൃത്തികൊണ്ട് പൊതുജനങ്ങൾക്കു എന്തെങ്കിലും ഗുണം സിദ്ധിക്കുന്നതായി പ്രത്യക്ഷപ്പെടുന്നപക്ഷം ആ പ്രവൃത്തി നാം തുടരേണ്ടതും ആകുന്നു. നവീനമെന്നും സാമ്പത്തികസർവ്വെയിൽ ഏർപ്പെട്ടിരിക്കുന്നവരും ഇപ്പോഴത്തെ ജനങ്ങൾക്കു മാത്രമല്ല ഭാവിസന്താനങ്ങൾക്കും വലുതായിട്ടുള്ള ഗുണം ചെയ്യുന്നു എന്നുള്ളതിലേക്കു യാതൊരു തർക്കവുമില്ല. നമ്മുടെ സംസ്ഥാനത്തിൽ സമഗ്രമായ സാമ്പത്തികസ്ഥിതിയെസംബന്ധിച്ചിടത്തോളം പൊതുവായിട്ടുള്ള ഒരു സർവ്വെ നടത്തുന്നതിനെപ്പററി ഗൌരവമായ വാദപ്രതിവാദം ഈ സഭ നടത്തേണ്ട ആവശ്യമുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. "സംസ്ഥാനത്തിന്റെ സാമ്പത്തികസർവ്വെ"യും "സംസ്ഥാനത്തിൽ സാമ്പത്തികസർവ്വെ"യും തമ്മിൽ വലുതായ വ്യത്യാസമുള്ളതായി ഞാൻ വിചാരിക്കുന്നില്ല.

സർ, സംസ്ഥാനത്തിന്റെ "വെളിയിൽ" ഒരു സാമ്പത്തികസർവ്വെ നടത്തുന്നതിലേക്ക് നാം ഉദ്ദേശിക്കുന്നില്ലെന്ന് നമുക്കു തീർച്ചയുണ്ട്. സംസ്ഥാനത്തിന്റെ "അകത്തു" ഒരു സാമ്പത്തികസർവ്വെ നടത്തുന്നതിനാണ് നാം ഉദ്ദേശിക്കുന്നതെന്ന് നമുക്കു തീർച്ചയായി അറിവുള്ളതാണ്. സംസ്ഥാനത്തിനുള്ളിൽ ഒരു സാമ്പത്തികസർവ്വെ നടത്തണമെന്നുള്ള നമ്മുടെ പ്രമേയത്തെ ഭേദപ്പെടുത്തുന്നപക്ഷം ഏഴോ എട്ടോ അല്ലെങ്കിൽ പത്തുഗ്രാമങ്ങളുടെ സർവ്വെ മിസ്റ്റർ രംഗസ്വാമിഅയ്യങ്കാർ നടത്തുന്നുവെന്നാകാമെന്നായിരിക്കാം ഒരു പക്ഷേ അദ്ദേഹം വിചാരിക്കുന്നത്. സംസ്ഥാനത്തിന്റെ ഒരു സാമ്പത്തികസർവ്വെ നടത്തുന്നു എന്നതിൽനിന്ന് സംസ്ഥാനത്തിൽ മുഴുവനും സർവ്വെ നടത്തപ്പെടുന്നു എന്നാണ് വ്യാഖ്യാനിക്കേണ്ടത്. സംസ്ഥാനത്തിൽ ഒരു സർവ്വെ നടത്തപ്പെടുന്നപക്ഷം അതിലേക്കു അനേകകോടി പവൻ ചിലവാക്കേണ്ടിവരുമെന്നും അതു പൂർത്തിയാക്കപ്പെടുന്നതിനു അനേകകൊല്ലങ്ങൾ വേണ്ടിവരുമെന്നും മിസ്റ്റർ രംഗസ്വാമിഅയ്യങ്കാർ നമ്മെ ധരിപ്പെടുത്തിക്കഴിഞ്ഞു. പ്രായോഗികമായ മനസ്ഥിതിയുള്ള ഒരാളിന്റെനിലയിൽ അദ്ദേഹത്തിന്റെ അഭിപ്രായം തെററാണെന്നുന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. അദ്ദേഹം പ്രായോഗികമായിട്ടൊന്നുംതന്നെ പറയുന്നില്ല, ഇതിലൊക്കയും വിസ്മയമായിട്ടുള്ളത് ഇപ്രകാരമൊരു സാമ്പത്തികസർവ്വെ പോകട്ടെന്നുവെച്ചു നടത്തിയിട്ടുള്ളതായി അദ്ദേഹം കേട്ടിട്ടില്ലെന്നുള്ളതാണ്. സാമ്പത്തികസംബന്ധമായുള്ള ജർമ്മനിയിലെ ചരിത്രം അദ്ദേഹം നോക്കേണ്ടതാണെന്ന് ഞാൻ അദ്ദേഹത്തോടു അപേക്ഷിക്കുന്നു. പത്തുകൊല്ലത്തിൽ ഒരിക്കൽ ജർമ്മനിയിൽ ഉണ്ടാക്കപ്പെടുന്ന സാധനങ്ങളുടെ പൂർണ്ണമായിട്ടുള്ള ഒരു കണക്കിന്റെ സർവ്വെ ആ രാജ്യത്തു തയ്യാറാക്കപ്പെട്ടുവരുന്നു എന്നുള്ള വിവരം ഒരുപക്ഷേ അദ്ദേഹത്തിന് അറിവില്ലായിരിക്കും.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അങ്ങിനെയാണെങ്കിൽ ധൈര്യം ശാസ്ത്രീയധനശാസ്ത്രജ്ഞന്മാർ നടത്തപ്പെടുന്ന സാമ്പത്തികസർവ്വെയെ മെംബർ ആക്ഷേപിക്കുന്നത് എന്തുകൊണ്ടാണ്? ഉണ്ടാക്കപ്പെടുന്നതായ സാധനങ്ങളുടെ സെൻസസ് പൂർണ്ണമായിട്ടുള്ള ഒരു സാമ്പത്തികസർവ്വെ ആയിക്കൂടുന്നതാണോ എന്ന് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ടമെംബർ): ഞാൻ അർത്ഥമാക്കിയിട്ടുള്ളത് താഴെപറയും പ്രകാരമാണ്. ജർമ്മൻ സംസ്ഥാനത്തിന്റെ വിസ്തീർണ്ണവുമായി താരതമ്യപ്പെടുത്തിനോക്കുന്നതായാൽ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ സ്ഥിതി എന്താണ്. ഉണ്ടാക്കപ്പെടുന്നതായ സാധനങ്ങളുടെ ഒരു സെൻസസ് നട

ത്തപ്പെടുന്നതിന് ജർമ്മനിക്കു സാധിക്കുമെങ്കിൽ പത്തുകൊല്ലത്തിനകത്തിക്കൽ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ സാമ്പത്തികമായ ഒരു സർവ്വെ നടത്തുന്നതിലേക്കു സാധിക്കുമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഉണ്ടാക്കപ്പെടുന്നതായ സാധനങ്ങളുടെ ഒരു സെൻസസ് പൂർണ്ണമായിട്ടുള്ള ഒരു സാമ്പത്തികസർവ്വെ ആകുന്നതാണോ എന്നാണ് എനിക്കു അറിയേണ്ടിയിരിക്കുന്നത്.

മി: കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ടമെംബർ): പ്രസ്തുത പ്രമേയം പാസ്സാക്കപ്പെടുന്നതിലേക്കു ഞങ്ങളോടുകൂടി ഗവർണ്മെന്റും പോട്ടുചെയ്യുണ്ടത് ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. നമുക്കുള്ള പ്രായോഗികമായ ബുദ്ധിമുട്ടുകൾ സംബന്ധിച്ചിടത്തോളം പ്രതിപാദിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. മിസ്റ്റർ ചോംബേർഡിനും നല്ലതിമണ്ണും അറിവുള്ളതായ ഒരുദാഹരണം ഞാൻ പ്രസ്താവിക്കാം. എല്ലാത്തരം ചക്കരിസാമാനങ്ങളിലും കച്ചവടം നടത്തുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ചണ്ഡൻചട്ടണത്തിലെ ഒരു വലിയ കച്ചവടസംഘം ഏതാനും ആഴ്ചകൾക്കുമുൻപ് ആലപ്പുഴമുതൽ കൊല്ലംവരെ സഞ്ചരിച്ചുകൊണ്ടിരിക്കയായിരുന്നു. കായംകുളത്തുകൂടി പോകുമ്പോൾ വഴിമദ്ധ്യേ മിസ്റ്റർ ബെത്തൽ ചണനൂലുകൊണ്ടുണ്ടാക്കപ്പെട്ട ഒരു പായ് കാണാൻ ഇടയായി; അപ്പോൾതന്നെ അദ്ദേഹം സഞ്ചരിച്ചുകൊണ്ടിരുന്ന കാർ നിറുത്തി അദ്ദേഹം അതിനെ എന്നെ കാണിക്കുകയും അതിന്റെ സകല വിവരങ്ങളെപ്പററി എന്നോടു ചോദിച്ചു മനസ്സിലാക്കുകയുംചെയ്തു. ഞങ്ങൾ തമ്മിലുണ്ടായ സംഭാഷണത്തിന്റെ ഫലമായി ചണനൂലുകൊണ്ടുണ്ടാക്കപ്പെടുന്നതായ മുന്തിയ പായ്കൾക്കായി ഏകദേശം ആയിരം പവനോളം വിലയുള്ളതായഒരു ഓർഡർ എനിയ്ക്കു തരുകയുംചെയ്തു. വാസ്തവംപറയുന്നപക്ഷം ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം എനിയ്ക്കു യാതൊരു വിവരവും മുൻപുണ്ടായിരുന്നില്ല. ചണനൂപായ് ഉണ്ടാക്കപ്പെടുന്നതായ സ്ഥലം ഏവിടെയാണെന്ന് അറിയാൻവേണ്ടി ഞാൻ ശ്രമിച്ചുകൊണ്ടിരിക്കയായിരുന്നു.

ഏതാനും ദിവസങ്ങൾക്കുമുൻപു ഒരു വിദഗ്ദ്ധനായ നെയ്ത്തുകാരനെ കിട്ടുമെന്ന് അറിയുന്നതിലേക്കായി ഞാൻ വ്യവസായഡയറക്ടരോടു ചോദിക്കാൻ ഇടയായി. മേൽപറഞ്ഞ പ്രായോഗികമായിട്ടുള്ള വിഷമതകൾ സാമ്പത്തികപ്രവൃത്തികളിൽ എന്നും ഏർപ്പെട്ടിരിക്കുന്ന എന്നെപ്പോലുള്ളവർക്കു കണ്ടറിയുന്നതിന് ഇടയാകുന്നുണ്ട്. സാധാരണയുള്ള ആളുകൾക്കു ഇതൊക്കെ മനസ്സിലാക്കുന്നതിനു സാധിക്കുന്നതല്ല. ഈ സംഗതികളെ ഉദ്ദേശിച്ചാണു സാമ്പത്തികസംബന്ധമായുള്ള ഒരു സർവ്വെ ആവശ്യമുണ്ടെന്നു ഞങ്ങൾ പറയുന്നത്. പ്രസ്തുതസർവ്വെ പൂർത്തിയാക്കപ്പെടുന്നതിനു ഇരുപത്തിഅഞ്ചുകൊല്ലം വേണ്ടിവരുമെന്നു ഞാൻ ഒരിക്കലും വിചാരിക്കുന്നില്ല. സംസ്ഥാനത്തിൽനിന്നും എന്തെല്ലാം സ്വാഭാവികമായി ലഭിക്കുമെന്നും, അവയെ എങ്ങിനെ പോഷിപ്പിക്കാമെന്നും, അവയെ എങ്ങിനെ കച്ചവടംചെയ്യാമെന്നും നമുക്കറിയേണ്ടിയിരിക്കുന്നു. സർ, ഇതുവരെ കുരുമുളകു കയററുമതിചെയ്യുന്ന കച്ചവടത്തിൽ യാതൊരു നാട്ടുകാരനും ഏർപ്പെട്ടിട്ടില്ല. കുരുമുളക് ഒരു വലിയ കച്ചവടസാധനമായതുകൊണ്ട് അടുത്തകൊല്ലത്തിൽ അതു് എത്രമാത്രം കൃഷിചെയ്യപ്പെടാമെന്നുള്ള സംഗതി നാം അറിഞ്ഞിരിക്കേണ്ടതാകുന്നു. ഇതു് എങ്ങിനെയാണു ചെയ്തുവരുന്നു എന്നു നിങ്ങൾ എന്നോടു ചോദിച്ചേക്കാം. കുടിവക ഏജൻസികളാണു പ്രസ്തുത ജോലിചെയ്തുവരുന്നത്. ആണ്ടുതോറും യൂറോപ്യൻ ഏജൻസികൾ ഇതിലേക്കായി അനേകായിരം രൂപ ചിലവാക്കുന്നുണ്ട്. കുരുമുളകുണ്ടാകുന്ന കാലത്തു രണ്ടോ മൂന്നോ ആളുകൾ ചുററിസഞ്ചരിച്ചു പ്രസ്തുത കൃഷിയിൽനിന്നും എന്തുമാത്രം കുരുമുളക് ലഭിക്കുന്നതാണെന്ന് അന്വേഷിച്ചറിയുന്നു. ഇപ്രകാരമുള്ള ഒരു അന്വേഷണം നടത്തുന്നതിലേക്കു സ്വല്പം മൂലധനമുള്ള ഒരാൾക്കു സാധിക്കുമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്? ഒരിക്കലും സാധിക്കുന്നതല്ല. അതുകൊണ്ടാണ് സാമ്പത്തികസർവ്വെ നടത്തുന്ന ജോലി ഗവർണ്മെന്റുതന്നെ കയ്യേറ്റുക്കണമെന്നു നാം ഗവർണ്മെന്റിനോടു ആവശ്യപ്പെടുന്നത്. പ്രസ്തുത ജോലി ഹാരിസൺ ആൻറ് ക്രാസ്സ്ഹീൽഡുകമ്പനിക്കാരെപോലെ അനേകായിരം പണത്തിന് അധിപന്മാരായ കമ്പനിക്കാരെ ഗവർണ്മെന്റു ഏറ്റുപ്പിക്കുന്നപക്ഷം അതിലേക്കു അവർ സന്നദ്ധരാകുമെന്നാണ് ഞാൻ തീർച്ചയായും വിചാരിക്കുന്നത്.

പ്രസ്തുത വിഷയത്തിന്റെ ആലോചന ധനപരിപോഷണബോർഡ് എടുത്തിരിക്കയാണെന്നും വിദഗ്ദ്ധന്മാരുടെ അഭിപ്രായം അറിയുന്നതിനായി ബോർഡുകാർ ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടെന്നും മിസ്റ്റർ രംഗസ്വാമിഅയ്യങ്കാർ പ്രസ്താവിക്കയും റിപ്പോർട്ടിൽനിന്നും ഏതാനംഭാഗം അദ്ദേഹം വായിക്കയുംചെയ്തു. ബോർഡിൽനിന്നും അദ്ദേഹത്തിനു കിട്ടിയിട്ടുള്ള മറുപടി മനഃപൂർവ്വമായി അദ്ദേഹം സഭയെ വായിച്ചു കേൾപ്പിച്ചിട്ടില്ല. ആ മറുപടി എന്താണെന്നു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എന്നെ സംബന്ധിച്ചിടത്തോളം ഒരു സമാധാനം നൽകേണ്ടതായി വന്നതുകൊണ്ട് ഈ വിഷയത്തെപ്പററി ഗവർണ്മെന്റു ആലോചിച്ചിട്ടുണ്ടെന്നും, ബോർഡിന്റെ ശുപാർശകൾ സാരമായിട്ടുള്ളവയല്ലെന്നു ഗവർണ്മെന്റു അഭിപ്രായപ്പെട്ടെന്നും അപ്രകാരമുള്ള നിസ്സാരമായ അന്വേഷണങ്ങൾകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നു ഗവർണ്മെന്റു തീരുമാനിച്ചു എന്നും ഞാൻ ഇന്നലെ പ്രസ്താവിക്കയുണ്ടായി. അതിനാലാണു ഗവർണ്മെന്റു പ്രസ്തുത ശുപാർശയെ നിരാകരിച്ചത്.

മി: കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട മെമ്പർ): ഇതിനുംപുറമെ കൂലി, ജോലി ചെയ്യേണ്ടതായ സമയം, മുതലാളിമാരും തൊഴിലാളിമാരും തമ്മിലുള്ള ബന്ധം മുതലായ പലേ ഗൌരവതരങ്ങളായ സംഗതികൾ നമ്മുടെ ചിന്തനയ്ക്കു ദിവസേന ഉണ്ടായിക്കൊണ്ടിരിക്കയാണ്. ഈ സംഗതികളെക്കൊണ്ടു ശരിയായ വിധത്തിൽ തീരുമാനിക്കുന്നതിനു സംസ്ഥാനത്തുള്ള തൊഴിലാളിവർഗ്ഗക്കാരുടെ വാസ്തവസ്ഥിതി എന്താണെന്നു നമുക്കറിയേണ്ടിയിരിക്കുന്നു. ഗവർണ്മെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തുന്ന കണക്കുകളിൽനിന്നോ വ്യവസായഡിപ്പാർട്ടുമെന്റിലെ റിപ്പോർട്ടുകളിൽനിന്നോ അവരുടെ സ്ഥിതി എന്താണെന്നു നമുക്കറിയാൻ നിവൃത്തിയില്ല. ഇതിനുംപുറമെ കമ്പനികളിൽ തൊഴിൽമുടക്കങ്ങളും ഉണ്ടാകാറുണ്ട്. ഏകദേശം രണ്ടു ആഴ്ചകൾക്കുമുൻപ് ടെക്സ്റ്റൈൽസ് ഗ്രേഡേക്കർ ആൻറ് സൺസ് കമ്പനിയിൽ തൊഴിൽമുടക്കമുണ്ടായി. കൂലിക്കാര്യം കമ്പനി

ക്കം ഒരുപോലെ അനേകായിരം രൂപ നഷ്ടമുണ്ടായി; പ്രസ്തുത തൊഴിൽമുടക്കം ഇടരുന്നതായാൽ ഇനി എത്ര രൂപകൂടി നഷ്ടം സംഭവിക്കുമെന്നു എനിക്ക് അനുമാനിക്കാൻ തരമില്ല. ഈ സംഗതികളുടെ പരിഗണിക്കപ്പെടുന്നപക്ഷം സംസ്ഥാനത്തിന്റെ ഒരു സാമ്പത്തികസർവ്വേ ആവശ്യമുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്.

ഇനി വേറൊരു പ്രധാനസംഗതികൂടിയുണ്ട്. ഓരോ കൃഷിയിലും മത്സരബുദ്ധി വർദ്ധിച്ചുവരികയാണ്; അതുമൂലം വളർന്ന കക്ഷുതയുമുണ്ടാകുന്നു. അതിന്റെ ഫലമായി പുതിയ വ്യവസായങ്ങൾ ആരംഭിക്കേണ്ടതുമിരിക്കുന്നു. അസംസ്കൃതസാധനങ്ങൾ ലഭിക്കപ്പെടുന്നപക്ഷം ഇവിടെ അനേകവ്യവസായങ്ങൾ ഏർപ്പെടുത്താവുന്നതാണെന്ന് എനിക്കു നിശ്ചയമുണ്ട്. എന്റെ സ്നേഹിതൻ മിസ്റ്റർ ബെത്തൽ ഏതോട്ടു പറഞ്ഞതുപോലെ ക്ഷാമസൂചനകൾകൊണ്ടുള്ള പരേ്കാൾ ഉണ്ടാകുന്നതിലേക്കുള്ള അസംസ്കൃതസാധനങ്ങളെ ധാരാളമുണ്ടാക്കുന്നതിനു നമുക്കു സാധിക്കുമെങ്കിൽ നല്ല സംസ്കൃതസാധനങ്ങൾ ഉണ്ടാക്കുന്നതിലേക്കു അവയെ ഹാങ്കാംഗിനു നമുക്ക് അയക്കാവുന്നതാണ്.

മേൽപ്രസ്താവിച്ച സാമ്പത്തികസർവ്വേമൂലം നമ്മുടെ അസംസ്കൃതസാധനങ്ങളെപ്പററിയും അവയെ ഏതു വിധത്തിൽ ഉപയോഗപ്പെടുത്താമെന്നുള്ളതിനെക്കുറിച്ചും അവയെ എങ്ങിനെ വിൽക്കാമെന്നുള്ളതിനെപ്പററിയും നമുക്കു നല്ല അറിവു സിദ്ധിക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. ഇതിനുപുറമെ സംസ്ഥാനത്തിലുള്ള പ്രധാന വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുള്ള വ്യവസായസംഘടനകളിൽ ഏർപ്പെട്ടിരിക്കുന്ന പലേ സമുദായങ്ങളുടെ സാമ്പത്തികസ്വഭാവത്തെപ്പററിയും വേണ്ട വിവരങ്ങൾ നമുക്കു ലഭിക്കുന്നതാണ്. മേൽപ്രസ്താവിച്ച സാമ്പത്തിക അന്വേഷണത്തിൽ തിരുവിതാംകൂറിലുള്ള ഓരോ ഇഞ്ചു സ്ഥലവും ഉൾപ്പെടുത്തണമെന്ന് എന്റെ സ്നേഹിതൻ മിസ്റ്റർ ആശാൻ ഉദ്ദേശിക്കുന്നതായി ഒരിക്കലും ഞാൻ വിചാരിക്കുന്നില്ല. മാതൃകാഗ്രാമങ്ങളും മാതൃകാവ്യവസായങ്ങളും പരിശോധിച്ച് മൊത്തത്തിൽ കണക്കെടുക്കുന്നപക്ഷം കൃത്യമായ ഒരു അറിവു നമുക്കു സിദ്ധിക്കുന്നതും അതിനെ അടിസ്ഥാനപ്പെടുത്തി നമ്മുടെ സാമ്പത്തികസ്ഥിതിയെപ്പററി നല്ലതായിട്ടുള്ള ഒരറിവു നമുക്കു ലഭിക്കുന്നതും ആകുന്നു. അപ്രകാരം പ്രവൃത്തിക്കുന്നപക്ഷം അവയെ എങ്ങിനെ പോഷിപ്പിക്കാമെന്നും ഗവർണ്മെന്റിനു ജനങ്ങളെ ഏതുവിധേന സഹായിക്കാമെന്നും നമുക്ക് അറിവു സിദ്ധിക്കും. ഈ സന്ദർഭത്തിൽ പ്രസ്തുത വിഷയത്തെ സംബന്ധിച്ചിടത്തോളം മിസ്റ്റർ ചാമ്പേഡിന്റെയും ഡാക്ടർ കുഞ്ഞൻപിള്ള മിസ്റ്റർ ചാക്കോ, മിസ്റ്റർ വൈദ്യലിംഗംപിള്ള മുതലായ വിദഗ്ദ്ധന്മാരുടെയും അഭിപ്രായങ്ങൾ എന്താണെന്ന് അറിയുന്നതിന് അനുദ്യോഗസ്ഥമെമ്പറന്മാർ ആഗ്രഹിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): സർ വളരെ ഭയം ഇല്ലാതെ മിസ്റ്റർ ആശാന്റെ പ്രമേയത്തെ പിൻതാങ്ങുന്നതിലേക്കു ഞാൻ സന്നദ്ധനാകുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തികസർവ്വേയെ സംബന്ധിച്ചിടത്തോളം അതിൽ അടങ്ങിയിട്ടുള്ള പലേ സംഗതികളെപ്പററി പ്രത്യേകിച്ചൊരു അറിവും എനിക്കില്ലെന്നുള്ള കുറ്റം അത്ര്യമായിത്തന്നെ ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളുന്നു. മിസ്റ്റർ കരുണാകരൻ ഏതെല്ലാം വിദഗ്ദ്ധന്മാരുടെ ഗുണദോഷം അപേക്ഷിച്ചിട്ടുണ്ടോ അവരുടെ കൂട്ടത്തിൽ എന്റെ പേരുകൂടി ഉൾപ്പെടുത്താത്തതു് നന്നായി എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ജനങ്ങൾക്കുവേണ്ടി അനേകകൊല്ലമായി ഈ വിഷയത്തെപ്പററി പ്രതിവാദിച്ചുവരുന്നതായി നമുക്കറിയാവുന്നതാണ്; ഇതിന്റെ ചുമതല വഹിക്കുന്നതിന് യോഗ്യതയുള്ള ഒരു ആളുമില്ലെന്നാണ് സാധാരണയായി നമുക്കു സിദ്ധിച്ചുവരുന്ന ഒരഭിപ്രായം. തന്റെ വളരെ പാണ്ഡിത്യമേറിയതും നിഷ്പ്രയാസം ഗ്രഹിക്കത്തക്കതും ആയ കാര്യകാരണസഹിതമുള്ള പ്രസംഗമൂലം മിസ്റ്റർ രംഗസ്വാമിഅയ്യങ്കാർ ഗവർണ്മെന്റിനുവേണ്ടി പ്രമേയത്തെ എതിർത്തു എങ്കിലും അതിൽ ഒരിടത്തും പ്രസ്തുത സർവ്വേ ആവശ്യമില്ലെന്ന് അദ്ദേഹം വാദിച്ചിട്ടില്ല. അപ്രകാരമുള്ള ഒരു സർവ്വേ ആശാസ്യകരമല്ലെന്ന് അദ്ദേഹം നിർദ്ദേശിക്കയുണ്ടായി. നമ്മുടെ രാജ്യത്തിന്റെ ധനസ്ഥിതി പോഷിപ്പിക്കുന്നതിലേക്ക് ഇപ്രകാരമുള്ള ഒരു സർവ്വേ വാസ്തവത്തിൽ സഹായിക്കയില്ലെന്നും അദ്ദേഹം ഒരിക്കലും നിർദ്ദേശിക്കയോ ചെയ്തിട്ടില്ല. എന്തുതന്നെ വിഷമതകളെപ്പററി അദ്ദേഹം പ്രതിവാദിക്കുകയുണ്ടായി; അദ്ദേഹത്തിന്റെ വാദത്തിൽ അല്പം അർത്ഥമുണ്ടെന്നും സമ്മതിക്കാൻ ഞാൻ തയ്യാറാണ്. പ്രസ്തുത ജോലി നടത്തപ്പെടുന്നതിനു തക്കതായ വിദഗ്ദ്ധന്മാരില്ലെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ള ഒന്നാമത്തെ തടസ്സം. അതിലേക്കു ആളില്ലെന്നുവരികിൽ ആളെ വരുത്തണം. അദ്ദേഹം പ്രസ്താവിച്ച രണ്ടാമത്തെ തടസ്സം അതിലേക്കു വളരെ പണച്ചിലവുണ്ടാകുമെന്നുള്ളതാണ്; പണത്തിന് ഗവർണ്മെന്റ് ആവശ്യപ്പെട്ടപോലെ നല്കുവാൻ അനുവദിക്കുകയില്ലെന്നുകൂടി അദ്ദേഹം ശങ്കിക്കുന്നു. ഏതായാലും ഗവർണ്മെന്റിന്റെ ആലോചനക്കായി ഈ സഭയിൽനിന്നും ഗുണകരമായ ഒരു പ്രമേയത്തെ അടിസ്ഥാനപ്പെടുത്തി ഒരു സാമ്പത്തികസർവ്വേ ഗവർണ്മെന്റു ആരംഭിക്കുന്നപക്ഷം അതിലേക്ക് ആവശ്യമുള്ള ചിലവ് അനുവദിക്കപ്പെടേണ്ട സംഗതി സംബന്ധിച്ചിടത്തോളം സഭയുടെ മനസ്ഥിതി എന്തായിരിക്കുമെന്നുള്ളതിനെപ്പററി വലിയ സംശയമാണും ഉണ്ടായിട്ടാവശ്യമില്ലെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ചെറിയ സിൽബന്തികളെ സംബന്ധിച്ചിടത്തോളം വാസ്തവസ്ഥിതി അപ്രകാരമാണ്.

റാവുബഹദൂർ കെ. എം. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): ഇപ്പോഴുള്ള സിൽബന്തികളെക്കൊണ്ട് പ്രസ്തുതപദ്ധതി നടത്തപ്പെടുന്നതിനു സാധിക്കുമോ എന്ന് അറിയുന്നതിലേക്ക് വിവരങ്ങൾ കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി മെമ്പറന്മാരിൽ ഒരാൾ ആക്ഷേപിച്ചതിനെ രൂക്ഷമാക്കുന്നതിനുപകരം അവസ്ഥാനഫലത്തെപ്പററി അദ്ദേഹം ചിന്തിച്ചിരുന്നുവെങ്കിൽ അതു ന്യായമായിരുന്നേനെ എന്നാണ് ഞാൻ വിചാരിക്കുന്നത്. (മി: കെ. പി. നീലകണ്ഠപ്പിള്ള കേരളക്കവിൻ, കേരളക്കവിൽ,) വാദപ്രതിവാദത്തിന്റെ ഫലമായി അത് പിൻവലിക്കപ്പെട്ടു. എക്സൈസുകമ്മീഷണർ ആവശ്യപ്പെട്ട ഡിമാന്റിനെ അനുകൂലിക്കുന്നതായ പൊതുജനാഭിപ്രായം വളരെ ശക്തിയുള്ള ഒന്നാണ്; അതുസംബന്ധമായ വാദം വളരെ ഗൗരവമായി ആലോചിക്കപ്പെടേണ്ടതായിട്ടില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. ഈ സഭ രൂപാർശചെയ്യുന്നതായ

നിർദ്ദേശങ്ങളിൽ ഒന്നിനെ നടപ്പിൽവരുത്തുന്നതിലേക്കു ആവശ്യമുള്ള പണം ഈ സഭ നൽകാതിരിക്കയില്ലെന്ന് എന്റെ സ്നേഹിതന് ഞാൻ ഉറപ്പുതരുന്നു.

ഇതിനുംപുറമെ സംസ്ഥാനത്തിന്റെ ഒരു സാമ്പത്തികസഭയെ ശാസ്ത്രീയരീതിയിൽ നടത്തപ്പെടണമെങ്കിൽ വളരെക്കാലം വേണ്ടിവരുമെന്നും, അതുസംബന്ധമായ അഭിപ്രായങ്ങളെ രൂപീകരിക്കുന്നതിനുള്ള സമയമാകുമ്പോൾ അപൂർവമുള്ള സകല ശാസ്ത്രീയ അനുമാനങ്ങളും കാലത്തിനു യോജിച്ചതല്ലാത്തതായി പരിണമിക്കുമെന്നും, നമ്മുടെ ജോലിവീണ്ടും ആരംഭിക്കേണ്ടതായിവരുമെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. പണ്ഡിതനായ എന്റെ സ്നേഹിതനെപ്പററി എനിക്കു വളരെ ബഹുമാനമുണ്ട്; നമ്മുടെ പ്രസിഡൻസിയിൽ ധനശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ അഭിപ്രായത്തിന് വിലയുണ്ടെന്നും സമ്മതിക്കാൻ ഞാൻ തയ്യാറാണ്; ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും അഭിപ്രായം പുറപ്പെടുവിക്കുന്നതിനുള്ള എന്റെ യോഗ്യത രാജ്യത്തിന്റെ സ്ഥിതികളെപ്പററിയും സാധാരണ ജനങ്ങളുടെ സ്ഥിതികളെപ്പററിയും എനിക്കുള്ള പരിചയമാണെന്നുംകൂടി സമ്മതിക്കേണ്ടിയിരിക്കുന്നു. സർ, മേൽപ്രസ്താവിച്ച വാക്കുകൾ ഉച്ചിച്ചതാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. അതു് നല്ലതാണ്, അതു് ആശാസ്യകരമായിട്ടുള്ളതുതന്നെ, അതു ആവശ്യമായിട്ടുള്ളതാണ് എന്നു അദ്ദേഹം പറയുന്നു. എന്നാൽ അതൊരു പരീക്ഷണം മാത്രമെ ആകുന്നുള്ളു എന്നും, അതിന്റെ അവസാനത്തിൽ സിദ്ധിക്കുന്ന ഫലങ്ങൾ കാലാനുസൃതങ്ങളായിട്ടുള്ളവയായിരിക്കണമെന്നില്ലെന്നുമാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. ഈ വിദഗ്ദ്ധന്മാരുടെ അഭിപ്രായങ്ങൾ മുഴുവൻ ന്യൂനതകളില്ലാത്തവയാണോ, എല്ലാ വിദഗ്ദ്ധന്മാരുടേയും അഭിപ്രായങ്ങളും യോജിക്കുന്നുണ്ടോ, രണ്ടു ഡാക്ടറന്മാർ യോജിക്കുന്നുണ്ടോ? എല്ലാ നിയമപണ്ഡിതന്മാരും യോജിക്കുന്നുണ്ടോ, ശാസ്ത്രീയപരിജ്ഞാനത്തിൽ മററു ശാഖകളിൽ എന്നപോലെ ധനശാസ്ത്രവിദഗ്ദ്ധന്മാരെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചോ വൈശിഷ്ട്യവുമില്ലാത്തതാകുന്നു. എന്തെങ്കിലും പ്രവൃത്തിക്കേണ്ടതായിട്ടുണ്ട്. മൊത്തത്തിൽ നമ്മുടെ രാജ്യത്തിൽനിന്നും ഏതു് ആദായം ലഭിക്കുന്നുണ്ടെന്നുള്ള സംഗതിയാണ് നാം അറിയേണ്ടിയിരിക്കുന്നതു്. ജനങ്ങൾക്കു എത്ര നികുതി കൊടുക്കാൻസാധിക്കും? ജനസംഖ്യയെ സംബന്ധിച്ചിടത്തോളം ഓരോരുത്തരും എത്ര നികുതിവീതം കൊടുക്കുന്നുണ്ട്? ആർക്കാണോ വാസ്തവത്തിൽ നികുതികൊടുക്കാൻ സാധിക്കുന്നതു് അയാളാണോ വാസ്തവത്തിൽ നികുതികൊടുക്കുന്നതു്? അതല്ല, നികുതികൊടുക്കാൻ സാധിക്കാത്തവനാണോ നികുതി ചുമത്തപ്പെടുന്നതു്? രാജ്യത്തിന്റെ കാർഷികഖ്യാതിയുടെ ഇടയെന്താണ്? വ്യവസായത്തെ സംബന്ധിച്ചിടത്തോളം എന്തെല്ലാം പരിഷ്കാരങ്ങളാണ് ഏർപ്പെടുത്തേണ്ടതു്? സാധാരണയായി എന്തെല്ലാം സാമാന്യങ്ങളെ സംബന്ധിച്ചാണ് രാജ്യത്തിൽ കച്ചവടം നടത്തപ്പെടുന്നതു്? മററാളുകളുമായി മത്സരം നടത്തുന്നതിലേക്ക് നമുക്കു ബാധകമായിരിക്കുന്ന വിഷമതകൾ എന്തെല്ലാമാണ്? നമ്മുടെ ശക്തിക്കനുസരണമായി എന്തെല്ലാം പരിഹാരങ്ങളാണ് നാം നിർദ്ദേശിക്കേണ്ടിയിരിക്കുന്നതു്? സർ, മേൽ പ്രസ്താവിച്ച വിഷയങ്ങളെപ്പററി അന്വേഷണം നടത്തപ്പെടാവുന്നതാകുന്നു. വിദഗ്ദ്ധന്മാർ അല്പം കരുണയോടും മഹാമനസ്കതയോടുംകൂടി മേൽപ്രസ്താവിച്ച പരിശോധന നടത്തുമെന്ന് അനുമാനിക്കാം. മിസ്റ്റർ ഡാഡാബായി നവറോജി ബാംബേയിൽവച്ചു നടത്തപ്പെട്ട അന്വേഷണങ്ങളുടെ ഫലമായി ഒരു സാധാരണ ഇൻഡ്യാക്കാരന്റെ ശരാശരി വരവു് ൨൭ രൂപയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തിട്ടുണ്ട്. അതു് തെററാണെന്നും, സാക്ഷാലുള്ള വരവു് ൩ ൦ രൂപയാണെന്നും ഡാർഡ് കേഴ്സൺ തിട്ടപ്പെടുത്തി മദ്രാസ് സർവ്വകലാശാലയിലെ ഒന്നാമത്തെ ധനശാസ്ത്രപ്രൊഫസ്സറായിരുന്ന ഡാക്ടർ നിൽബർട്ടസ്സേട്ടർ ൨ ൪ രൂപയാണെന്നു തിട്ടപ്പെടുത്തി. മേൽപ്പറഞ്ഞ സംഖ്യകളുടെ ഏററവും കുറഞ്ഞതുകയും ഏററവും കൂടിയതുകയും കാണിക്കുന്നു. നമുക്ക് ഇതിനെപ്പററി ഏതാണൊരു അറിവുണ്ട്. ഈ വിഷയങ്ങളിൽ ഒന്നിലെങ്കിലും സൂക്ഷ്മമായിട്ടുള്ള അറിവു ലഭിക്കാൻ സാധിക്കുന്നതാണെന്ന് ഞാൻ അഭിപ്രായപ്പെടുന്നില്ല. മനുഷ്യസ്വഭാവത്തിനും മനുഷ്യബുദ്ധിക്കും ഏതാണൊരു പ്രത്യേകതയുള്ളതാകുന്നു; തൻമൂലം ഈ സഭയുടെ ആലോചനാവിഷയങ്ങളെ സംബന്ധിച്ചിടത്തോളം നമുക്കെല്ലാവർക്കും ഒരേ അഭിപ്രായം ഉണ്ടാകുന്നതിനു സാധിക്കുന്നില്ല. ഭാഗ്യവശാൽ മനുഷ്യസ്വഭാവത്തിനും മനുഷ്യബുദ്ധിക്കും വളരെ വ്യത്യാസമുള്ളതാകുന്നു, തൻമൂലം വാദപ്രതിവാദത്തിനും യോജിപ്പിനും ധാരാളം വഴിയുണ്ട്. അപ്രകാരമായിരിക്കെ ഓരോ വിഷയത്തിലും ശാസ്ത്രീയമായി അതിസൂക്ഷ്മതക്കു സാദ്ധ്യമല്ലെങ്കിൽ ധനശാസ്ത്രവിദഗ്ദ്ധന്മാർക്കു സൂക്ഷ്മമായി അഭിപ്രായം പുറപ്പെടുവിക്കാൻ സാധിക്കാതെവന്നാൽ അവരെ നാം ഒരിക്കലും കുററം പറയുന്നതല്ല. ഇവരെല്ലാം മൃഗങ്ങളുടേയും പക്ഷിവർഗ്ഗങ്ങളുടേയും നിയമങ്ങൾപോലെ പരമാർത്ഥതത്ത്വങ്ങളും, എല്ലാക്കാലത്തും നിലനിൽക്കുന്നവയും, യാതൊരു സന്ദർഭവശാലും അവയ്ക്കു ഭേദഗതിവരാത്തവയും ആകുന്നു. അപ്രകാരമാണ് പരമാർത്ഥസ്ഥിതിയെങ്കിൽ അതിൽ ഭേദഗതിവരുന്നതു് നമ്മുടെ പിഴകൊണ്ടുമാത്രമാണ്. നാം നിരപരാധികളാണ്, സർ, ഗവണ്മെന്റിനും നിയമസഭാംഗങ്ങൾക്കും ഒരു പോലെ ഉപയോഗപ്രദമായിത്തീരാവുന്ന ഏതെങ്കിലും നിർദ്ദേശം നൽകാൻ ഞങ്ങൾക്കു സാധിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. സർ, എളുപ്പത്തിൽ തൃപ്തനാകുന്നവരിൽ ഒരുത്തനാണ് ഞാൻ. രൂപയിൽ ഒന്നു അണയാണ് എനിക്കു ന്യായമായി കിട്ടേണ്ടതെങ്കിൽ ൪ അണ തരുന്നപക്ഷം ഞാൻ തൃപ്തനാകുന്നതാണ്; ബാക്കി ൧൬ അണ എളുപ്പമായ വിധത്തിൽ പലേ തവണകളിലായി എനിക്കു കിട്ടിയാൽ മതിയാകുന്നതാണ്. മിസ്റ്റർ ആശാൻ അല്പമൊരു ഭേദഗതിചെയ്തു "യുടെ" എന്നതിനുപകരം "ന്" എന്നു ചേർക്കുന്നതായാൽ അതു സ്വീകരിക്കാൻ താൻ തയ്യാറാണെന്ന് മിസ്റ്റർ രംഗസ്വാമിഅയ്യങ്കാർ പ്രസ്താവിക്കയുണ്ടായി. ഏതന്നു സംബന്ധിച്ചിടത്തോളം അതിലേക്കു എനിക്കൊരു ആക്ഷേപവുമില്ലാത്തതാണ്. ഞാൻ പ്രസ്താവിച്ചതുപോലെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭേദഗതിയെ സ്വീകരിക്കുന്നതായാൽ ഏതാനും ചില സാമ്പത്തിക വിഷമതകളെ പരിഹരിക്കപ്പെടുന്നതിന് ഗവണ്മെന്റു ഉദ്യമിക്കുന്നതായാൽ എനിക്കു വളരെ സന്തോഷമുണ്ടാകുന്നതാണ്. ഇനിയും കാലതാമസത്തിന് ഇടവരുത്താതെ അതു് ആരംഭിക്കുന്നതു് ഏററവും ആശാസ്യകരമായിട്ടുള്ളതാകുന്നു. അൻപതുകൊല്ലം നാം കാത്തിരുന്നപക്ഷം നമ്മുടെ തീരുമാനങ്ങൾക്കും അഭിപ്രായങ്ങൾക്കും വലുതായ വ്യത്യാസമുണ്ടാകുന്നതാണ്. മററു ശാസ്ത്രങ്ങളെപോലെ ധനശാസ്ത്രവും വളർച്ചയുള്ള ഒരു ശാസ്ത്രമാണ്. യാതൊന്നിലും മാററം സംഭവിക്കാതിരിക്കുന്നില്ല. അതിൽ വ്യത്യാസം വരാവുന്നതും വ്യത്യാസം വരുന്നതും ആകുന്നു. അതൊരു പരീക്ഷണം, അതായതു് വളരെ പണച്ചിലവിന് ഇടവരുന്ന പരീക്ഷണം ആയിരിക്കാം. അപ്രകാരമാണ് ജനങ്ങളുടെ

ഉപയോഗത്തിന് വിലയേറിയ അറിവ് സമ്പാദിക്കപ്പെട്ടുവരുന്നു. ഓരോ പരീക്ഷണവും ഫലവത്താകുമെന്നു വിചാരിക്കാൻപാടില്ല. അതിൽ തോൽവി നേരിട്ടേക്കാം; പിന്നും നല്ലതിന്മണ്ണം പരീക്ഷണം നടത്തണം; പിന്നും തോൽവിയിൽ പരിണമിക്കുന്നതായാൽ പിന്നീടും പരീക്ഷണം നടത്തണം. അപ്രകാരം പണം ചിലവിടുന്നതായാൽ പ്രസ്തുതവിഷയങ്ങളിൽ വിദഗ്ദ്ധ അറിവു സമ്പാദിക്കപ്പെടണമെന്ന് ആശയുള്ള ഞാനും ആക്ഷേപിക്കുന്നതല്ല. സർ, അപ്രകാരമിരിക്കെ മിസ്റ്റർ രംഗസ്വാമിഅയ്യങ്കാരുടെ വാദത്തിന്റെ ഗുണദോഷങ്ങളെപ്പററി ഞാൻ ആക്ഷേപിക്കുന്നതേയില്ല. എന്നാൽ ഇപ്പോഴത്തെ ഉദ്യമം അസാദ്ധ്യമാണെന്ന് നമ്മെ പറഞ്ഞുകേൾപ്പിക്കുന്നതിനുപകരം നമ്മുടെ സാദ്ധ്യശക്തിക്ക് അനുസരണമായും നമുക്കുള്ള സാമ്പത്തിക സിദ്ധന്തികളുടെ സംഖ്യക്ക അനുസരണമായും എന്തെങ്കിലും നടപടികൾ ആകുന്നിടത്തോളം വേഗത്തിൽ നടത്തുന്നതായാൽ ഞാൻ തൃപ്തനാകുന്നതാണ്. സഭയിൽ ഹാജരാക്കിയിരിക്കുന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, മിസ്റ്റർ ആശാൻ ഹാജരാക്കീട്ടുള്ള പ്രമേയത്തെ ഞാനും പിന്താങ്ങുന്നു. സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നതോടുകൂടി പ്രസ്തുത പ്രമേയം ഹാജരാക്കിയിട്ടുള്ള മന്ത്രിയുടെ നല്ല മനസ്ഥിതിയേയും അതിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തേയുംപററി നമ്മുടെ ഡെപ്യൂട്ടിപ്രസിഡന്റും ഇന്ന് ശ്ലാഘിച്ചു പ്രസംഗിച്ചതിൽവച്ചു എനിക്കുണ്ടായിട്ടുള്ള സന്തോഷത്തേയുംകൂടി ഞാൻ പ്രദർശിപ്പിച്ചുകൊള്ളുന്നു. സർ, പ്രസ്തുത പ്രമേയത്തെ എഴുതിയ പണ്ഡിതനായ മാന്യൻ ഈ സഭയിലെ അനുദ്യോഗസ്ഥമെംബറന്മാർക്ക് നല്ല കാര്യങ്ങളെ പ്രായോഗികമല്ലാത്തതാണെന്നു കാണിക്കാൻ ഒരു പ്രത്യേക വാസനയുണ്ടെന്ന് ഇന്നലെ പ്രസ്താവിച്ചു എന്നുവരികിലും വാദമുഖങ്ങളെ ഉദ്ദേശമായവിധത്തിൽ കുഴപ്പമാക്കുന്നതിനും എല്ലാക്കാര്യങ്ങളിലും ആലോചിക്കാൻകൂടി പാടില്ലാത്തതായ വിഷമതകളുണ്ടെന്ന് ധരിപ്പിക്കുന്നതിനും ഈ സഭയിലെ ഉദ്യോഗസ്ഥ സാമാജികന്മാർക്ക് ഒരു പ്രത്യേക വാസനയുണ്ടെന്നു എനിക്കഭിപ്രായപ്പെടാതിരിക്കാൻ നിവൃത്തിയില്ല (കേൾക്കുവിൻ, കേൾക്കുവിൻ,) സർ, പ്രസ്തുത പ്രമേയത്തെ ഇന്നലെ എഴുതിയ പണ്ഡിതന്റെ പ്രസംഗം കേട്ടതിൽ എനിക്ക വളരെ ആശ്ചര്യമാണുണ്ടായത്. വലിയ സാഹിത്യരീതിയിലുള്ള ഒരു പ്രസംഗംമൂലമാണ് അദ്ദേഹം മിസ്റ്റർ ആശാന്റെ പ്രമേയത്തെ എഴുതിയത്. അദ്ദേഹത്തിന്റെ പ്രസംഗം വളരെ സാഹിത്യരീതിയിലുള്ളതുതന്നെമാത്രമല്ല ഇവിടെ പ്രതിവാദിക്കപ്പെടുന്നതായ വിഷയവുമായി യാതൊരു സംബന്ധവുമില്ലാത്ത പല വിവരങ്ങളും സംഗതികളും അതിൽ ഉൾപ്പെട്ടിരുന്നു എന്നുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു (കേൾക്കുവിൻ, കേൾക്കുവിൻ,) സർ, ഡാക്ടർ ഗിൽബർട്ട്സ്ലേട്ടർ തെക്കേഇന്ത്യയിലെ ഒരു സാമ്പത്തിക സർവ്വേ നടത്തിയിട്ടുണ്ട്. എന്നാണ് ഡാക്ടർ ഗിൽബർട്ട് സ്ലേട്ടർ പ്രസിദ്ധനായതിന്നതെന്ന് നമുക്ക് അന്വേഷിച്ചിട്ട് ആവശ്യമില്ല; എന്നാൽ, ഏതാനും കൊല്ലങ്ങൾക്കുമുൻപു ഞാൻ തൃശ്ശിവപ്പേരൂരിൽ ആയിരുന്നപ്പോൾ ധനശാസ്ത്രവിഷയം സംബന്ധിച്ചിടത്തോളം സർവ്വജ്ഞന്മാരായിരിക്കുന്നതിന് പ്രൊഫസ്സർ രംഗസ്വാമിഅയ്യങ്കാർക്കും ഡാക്ടർകാർട്ടിക്കും വേണ്ട യോഗ്യതയുണ്ടെന്നുപറഞ്ഞു കേട്ടിട്ടുള്ള വിവരം ഇപ്പോൾ ഞാൻ ഓർക്കുന്നതും ഈ സഭയിൽ പ്രസ്താവയോഗ്യമാണെന്നും പറഞ്ഞുകൊള്ളട്ടെ. സർ, താൻ ഒരു പ്രൊഫസറാണെന്നും ധനശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം താൻ ഒരു പണ്ഡിതനാണെന്നുമുള്ള അദ്ദേഹത്തിന്റെ പ്രസ്താവനയെ ഞാൻ സ്വീകരിക്കുമെന്ന് നമ്മുടെ പ്രൊഫസ്സർ ഉദ്ദേശിച്ചിരുന്നു. അതിനാൽ പ്രസ്തുതപ്രമേയം പ്രായോഗികമല്ലെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായം ഒരു അവസാനതീർപ്പായി നാം കരുതണമെന്നാണ് അദ്ദേഹത്തിന്റെ ഉദ്ദേശം. സർ, അതു ദുർബ്ബലമായ ഒരു വാദമാണ്. ധനശാസ്ത്രം സംബന്ധിച്ചിടത്തോളം തെക്കേഇന്ത്യയിലുള്ള സർവ്വജ്ഞന്മാരിൽ ആദ്യംതന്നെ ഈ സഭയിൽപെട്ട് "ധനശാസ്ത്രത്തിൽ എന്നെ ഒരു പണ്ഡിതനായി കരുതിയിരിക്കുന്ന സ്ഥിതിക്ക ഒരു സർവ്വേ നടത്തപ്പെടുന്നതിനു സാദ്ധ്യമല്ലെന്നുള്ള എന്റെ അഭിപ്രായത്തെ നിങ്ങൾ സ്വീകരിക്കേണ്ടതാണ്" എന്നു പറയുമെന്ന് ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. സാധാരണയായി ഉണ്ടാകാറുള്ളതുപോലെ അദ്ദേഹം ഒരു ദീർഘമായ പ്രസംഗം നടത്തി. എന്നാൽ അതു് പരിശോധിക്കപ്പെടുന്നതായാൽ അതിൽ രണ്ടു വാദമുഖങ്ങൾമാത്രമെ അടങ്ങിയിട്ടുള്ളു എന്ന് ഈ സഭയിലെ മെംബറന്മാർക്ക് മനസ്സിലാകുന്നതാണ്; അതായതു് പ്രമേയത്തെ നടപ്പിൽ കൊണ്ടുവരുന്നതിന് വിഷമതകളുണ്ടെന്നും, അപ്രകാരം പ്രവൃത്തിക്കുന്നതിൽവച്ചുണ്ടാകുന്ന ചിലവു് എന്തായിരിക്കുമെന്ന് അദ്ദേഹത്തിന് യാതൊരു നിശ്ചയവുമില്ലെന്നാണ്. മേൽപ്രസ്താവിച്ചുവയല്ലാതെ ഈ സഭയിലെ അനുദ്യോഗസ്ഥമെംബറന്മാരാൽ വാദപ്രതിവാദം നടത്തപ്പെടേണ്ടതായ പ്രസ്തുത പ്രമേയത്തിനു വിപരീതമായി അദ്ദേഹം യാതൊരു വാദവും പുറപ്പെടുവിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. സർ, മേൽപ്രസ്താവിച്ച അദ്ദേഹത്തിന്റെ രണ്ടു വാദങ്ങളും പരസ്പരവിരുദ്ധമായിട്ടുള്ളവയാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. ആദ്യമായി തെക്കെഇന്ത്യായിലുള്ള ഏതാനും പ്രത്യേക ഗ്രാമങ്ങൾ തിരഞ്ഞെടുത്തു് ഒരു സാമ്പത്തികസർവ്വേ നടത്തപ്പെട്ടുഎന്നും, വിദഗ്ദ്ധന്മാരാണ് പ്രസ്തുതഗ്രാമങ്ങളെ തിരഞ്ഞെടുത്തതെന്നും അദ്ദേഹം പ്രസ്താവിച്ചു. അതുകൊണ്ട് ഈ ജോലി കയ്യേൾക്കുന്നതിന് അനേകം വിദഗ്ദ്ധന്മാരെ നിയമിക്കേണ്ടതായിവരുമെന്നും, അതിലേക്ക വളരെപണം ചിലവിടേണ്ടതായിവരുമെന്നുമാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. സർ, ഏതാണൊരു ചോദ്യത്തിന്റെ ഫലമായി... ... ...

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ): സർ, അപ്രകാരം ഞാൻ പറഞ്ഞിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഏതാണൊരു ചോദ്യത്തിന്റെ ഫലമായി വിദഗ്ദ്ധന്മാരാണ് മാതൃകാഗ്രാമങ്ങളെ തിരഞ്ഞെടുത്തതെന്നു മനസ്സിലായി. പ്രസ്തുതഗ്രാമങ്ങൾ ശരിയായിട്ടുള്ള ഗ്രാമങ്ങൾ അല്ലെന്ന് അവസാനഫലംകൊണ്ടു തീർച്ചപ്പെട്ടു. അതുകൊണ്ട് ഗിൽബർട്ട്സ്ലേട്ടറിന്റെ അഭിപ്രായം എന്തായിരുന്നു എന്നാൽ... ... ...

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): എന്നെ സംബന്ധിച്ചിടത്തോളം അല്പം സമാധാനം പറയേണ്ടതായിരിക്കുന്നു. എന്റെ ഓർമ്മയിൽ താഴെ പറയുംപ്രകാരമാണ് ഞാൻ പ്രസ്താവിച്ചിട്ടുള്ളതു്; അതായതു്, ഏതാനും ഗ്രാമങ്ങൾ തിരഞ്ഞെടുക്കപ്പെട്ടു എന്നുവരികിലും ഗിൽബർട്ട്സ്ലേട്ടറിന്റെ പിന്നീടുണ്ടായ അന്വേഷണത്തിൽ ആ ഗ്രാമങ്ങൾ ശരിയായിട്ടുള്ള ഗ്രാമങ്ങൾ അല്ലായിരുന്നു എന്ന് ഗവണ്മെന്റിനു മനസ്സിലായി എന്നാണ് ഞാൻ പ്രസ്താവിച്ചിട്ടുള്ളതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). അതുതന്നെയാണ് ഞാനും പ്രസ്താവിച്ചത്. ഇതുതന്നെയാണ് ഗവണ്മെന്റിനു നേരിട്ടിരിക്കുന്ന ബുദ്ധിമുട്ട്. വിദഗ്ധന്മാരുടെ അഭിപ്രായങ്ങളെ നാം ഉപയോഗപ്പെടുത്തേണ്ടതായി വന്നിരിക്കുന്നുഎങ്കിലും നമ്മുടെ സംസ്ഥാനത്തിലുള്ള വിദഗ്ധന്മാരുടെ മനസ്സിന്റെ വികാസം അല്പം കുറവാണ്. ഇൻഡ്യായിലെ മററു സ്ഥലങ്ങളിൽ അവിടത്തെ പ്രാദേശികസ്ഥിതികളെപ്പററി അന്വേഷണം നടത്തുന്നതിലേക്കുനിയമിക്കപ്പെട്ടിട്ടുള്ള വിദഗ്ധന്മാർ എന്താണോ പ്രവൃത്തിക്കുന്നതു അപ്രകാരംതന്നെ ഈ സംസ്ഥാനത്തിന്റെ പ്രത്യേകസ്ഥിതികളെപ്പററി ചിന്തിക്കാതെ നമ്മുടെ വിദഗ്ധന്മാരും പ്രവൃത്തിക്കുന്നു. പ്രസ്തുതപ്രമേയത്തെ എതിർക്കുന്ന മാന്യൻ നിർദ്ദേശിച്ചതിൻപണ്ണം "യുടെ" എന്നതിന് പകരം "സംസ്ഥാനത്തിന്റെ" എന്നു ചേർത്തിട്ടുള്ളതായാൽ പോലും അതുകൊണ്ടു എന്തെങ്കിലും ഗുണം സിദ്ധിക്കുന്നതാണോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. സർ, തിരുവിതാംകൂറിന്റെ പ്രാദേശികസ്ഥിതികളെപ്പററി ആലോചിച്ചു നോക്കുന്നപക്ഷം മാതൃകാഗ്രാമങ്ങളായി ഏതാനും ഗ്രാമങ്ങളെ തിരഞ്ഞെടുക്കുന്നതിന് സാധിക്കുന്നതാണോ? തിരുവിതാംകൂർ സംസ്ഥാനത്തിൽ ഏവിടെയാണു ഗ്രാമസമ്പ്രദായങ്ങൾ നടന്നു വരുന്നത്? തിരുവിതാംകൂറിന്റെ തെക്കെ അററത്തെ സ്ഥലങ്ങളിലൊഴികെ തിരുവിതാംകൂറിന്റെ മറേറതെങ്കിലും ഭാഗത്തു ഗ്രാമസമ്പ്രദായങ്ങൾ ആരെങ്കിലും ഏർപ്പെടുത്തിട്ടുണ്ടോ? ഗ്രാമജീവിതം ഏർപ്പെടുത്തുന്നതിലേക്കു ഏതു ഉദ്യോഗസ്ഥന്മാരാണ് ശ്രമിച്ചുവരുന്നതു് സർവ്വെ നടത്തപ്പെടുമ്പോൾ അതു സംബന്ധമായ ബുദ്ധിമുട്ടുകളെ ലഘൂകരിക്കുന്നതിന് വിദഗ്ധൻ പ്രത്യേകഗ്രാമങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്ക് ഉദ്ദേശിക്കുന്ന പക്ഷം അപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഗ്രാമങ്ങൾ ഏവിടെ സ്ഥിതിചെയ്യുന്നു. ഇതിനുപുറമെ ഒരു തെററിദ്ധാരണയെ അടിസ്ഥാനപ്പെടുത്തിയാണു അയാൾ പ്രവർത്തിക്കുന്നത്. ഏതാനും മാതൃകാഗ്രാമങ്ങൾ തിരഞ്ഞെടുക്കപ്പെടാൻ സാധിച്ചു എന്നുവന്നാൽ പോലും സംസ്ഥാനമൊട്ടുക്കു ഉപയോഗപ്പെടത്തക്കവിധത്തിൽ യാതൊരുഫലവും സിദ്ധിക്കുന്നതിന് സാധ്യമല്ല ഇനിയുള്ള വിഷയം ഇതിലേക്കു നേരിടുന്ന ചിലവാണ്. നമ്മുടെ രാജ്യത്തിന് ഇതു ആവശ്യമാണെന്നുകാണുകയും നമ്മുടെ ഖജനാവുകളിൽ ധാരാളം പണം ഉണ്ടായിരിക്കയും ചെയ്യുന്നപക്ഷം പ്രസ്തുതഉദ്യമത്തിന്റെ ഫലങ്ങൾ ഇപ്പോഴത്തേയെന്നല്ല ഭാവി ജനങ്ങൾക്കും ഉപയോഗപ്രദമായിരിക്കുന്നപക്ഷം നാം പണം ചിലവാക്കുന്നതിൽ എന്താണ് ആക്ഷേപമുള്ളത്? സർ, എന്തെങ്കിലും പ്രവൃത്തിക്കുന്നതിലേക്കു വിശ്വാസയോഗ്യമായ കണക്കുകൾ ഇല്ലാത്തതാകുന്നു. തിരുവിതാംകൂറിൽ ദൈവത്തല്ലാതെ മറെറ യാതൊന്നും കാണാനില്ലെന്നാണ് തിരുവിതാംകൂറിലെ ഭരണകർത്താക്കൾ ഘോഷിക്കുന്നതു്, എന്നാൽ ഭാഗ്യഹീനന്മാരായ അനുദ്യോഗസ്ഥസാമാജികന്മാരായ ഞങ്ങൾ തിരുവിതാംകൂറിൽ അഭിവൃദ്ധി ഒട്ടുംതന്നെയില്ലെന്നു അഭിപ്രായപ്പെടുകയാണ് ചെയ്യുന്നതു്. ഇതു തെററാണെന്നു പ്രസ്താവിക്കാൻ ആരാണ് സാധിക്കും. ഇതിനുള്ള കണക്കുകൾ എവിടെ? അതുകൊണ്ടു ദീർഘമായി പ്രസംഗിക്കാൻ സാധിക്കുന്ന ഓരോരുത്തരും തിരുവിതാംകൂറിൽ അഭിവൃദ്ധിയുണ്ടെന്നു പ്രസ്താവിക്കാൻ കഴിയും. ഏതു പ്രസ്താവനയാണ് ശരിയായിട്ടുള്ളതെന്നു കാണിക്കാൻ യാതൊരു മാർഗ്ഗവുമില്ല. അതിനാൽ പ്രസ്തുതപ്രമേയം നടപ്പിൽ വരുത്തുന്നതിലേക്കു എന്തുതന്നെ ചിലവാകുമെന്നുവരികിലും അതുമൂലം ഏതെങ്കിലും ഉദ്ദേശം സാധിക്കുന്നതാണെന്നും അതു രാജ്യത്തിന് ഇപ്പോഴത്തേയല്ല മേലാവും ഉപകാരപ്രദമായിരിക്കുന്നതാണെന്നും ഈ സഭ അഭിപ്രായപ്പെടുന്നപക്ഷം ഈ പ്രമേയത്തെ എതിർക്കുന്നതായ മാന്യൻ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികളെ ഗണ്യമാക്കാതെ നാം അതിലേക്കു വേണ്ടുവോളം ചിലവ് ചെയ്യണമെന്നാണ് എനിക്കു ഈ സഭയെ മനസ്സിലാക്കേണ്ടതായിട്ടുള്ളത്. സർ, ഇനി വേറൊരുസംഗതികൂടി ആലോചിക്കേണ്ടതായിട്ടുണ്ട്. തിരുവിതാംകൂറിൻ പ്രാദേശികസ്ഥലങ്ങളിലുള്ള ജനങ്ങളുടെയഥാർത്ഥസ്ഥിതി എന്താണെന്നു മനസിലാക്കണം. തിരുവിതാംകൂറിലുള്ള സാധാരണ ജനങ്ങൾ ഏതുമാതിരി ജീവിതമാണ് നയിച്ചുവരുന്നതെന്നു വാസ്തവത്തിൽ ആർക്കു പറയാൻ സാധിക്കും. ആണ്ടൊന്നുക്കൊ പ്രതിമാസമോ അയാൾക്കുള്ള വരവെന്താണ്, സംസ്ഥാനത്തുള്ള കച്ചവടവും വ്യവസായവുംശരിയായവിധത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടോ? ഇവയ്ക്കു ശരിയായ സംഘടന ആവശ്യമുണ്ടോ, ഇറക്കുമതിക്കും കയററുമതിക്കും നിയന്ത്രണം ആവശ്യമുണ്ടോ, ജനങ്ങൾ വാസ്തവത്തിൽ ബുദ്ധിമുട്ടുന്നുണ്ടോ, ജനങ്ങൾ വളരെ നിർദ്ധനന്മാരാണെങ്കിൽ അതിലേയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമാണ്, സംസ്ഥാനത്തിൽ സ്വാഭാവികമായിട്ടുള്ള ധനാഗമമാർഗ്ഗങ്ങളെ ശരിയായവിധത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ? മേൽ പ്രസ്താവിച്ച സംഗതികളെപ്പററി വേണ്ട വിവരങ്ങൾ ഒരു സാമ്പത്തിക സർവ്വെമൂലം സിദ്ധിക്കുന്നതാണ്. പ്രസ്തുതപ്രമേയത്തെ ഹാജരാക്കിയിട്ടുള്ള മാന്യനും നിർദ്ദേശിച്ചിരിക്കുന്നതും ഇവതന്നെയാണ്. ഇവയെ സംബന്ധിച്ചിടത്തോളം ആർക്കെങ്കിലും വിപരീതഅഭിപ്രായമുണ്ടായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. നമ്മുടെ വരവ് രണ്ടുകോടിയിൽ കൂടുതലായതുകൊണ്ടു സംസ്ഥാനത്തിൽ അഭിവൃദ്ധിയുണ്ടെന്നോ വരവ് കുറയുമ്പോൾ രാജ്യത്തിൽ അഭിവൃദ്ധിയില്ലെന്നോ പറയാൻ ആർക്കും സാധിക്കുന്നതാണ്. അഭിവൃദ്ധിയൊ അഭിവൃദ്ധിയില്ലായ്മയൊ അവിചാരിതമായൊ യാദൃച്ഛികമായൊ സംഭവിക്കുന്ന ഒരു സംഗതിയല്ല. ഒരു പ്രത്യേകകാലത്തോയൊ ഒരു പ്രത്യേകകാലത്തേയൊ നാം ഗണിച്ചിട്ടുള്ള ആവശ്യമില്ലാത്തതാകുന്നു. എന്നാൽ നമ്മുടെ ധനസ്ഥിതി എന്താണെന്നു നമുക്കറിയേണ്ടിയിരിക്കുന്നു. രാജ്യത്തിൽ ജനസംഖ്യ വർദ്ധിച്ചുവരുന്നു എന്നും, അപ്രകാരമുള്ള വർദ്ധന അസാധാരണമായിട്ടുള്ളതാണെന്നും, മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ തന്നെ പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടു ഭാവി സന്താനങ്ങളെ കരുതി ജനസംഖ്യയുടെ വർദ്ധനയെയൊ കൂടുതൽ ജനങ്ങൾ വന്നു ചേരുന്നതിനെയൊ നാം തടുക്കേണ്ടതു ആവശ്യമായിട്ടുള്ളതല്ലെ?

രാവബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ) സർ, എന്റെ സ്വന്ത നിലയിൽ അല്പം സമാധാനം പറയേണ്ടതായിരിക്കുന്നു. ജനസംഖ്യയുടെ വർദ്ധനയെ സംബന്ധിച്ചിടത്തോളം യാതൊന്നും പ്രസ്താവിച്ചതായി ഞാൻ ഓർക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപ്രകാരം അംഗങ്ങൾ പ്രസ്താവിച്ചിട്ടില്ലെങ്കിൽ തിരുവിതാംകൂറിൽ ജനസംഖ്യ അസാധാരണമായി വർദ്ധിച്ചിട്ടുണ്ടെന്നു അപ്രകാരമുള്ള വർദ്ധന തിരുവിതാംകൂർ സംസ്ഥാനമൊട്ടുക്കു മുൻപൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധത്തിൽ അതു കൂടുതലാകുന്നു ഞാൻതന്നെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ പ്രസ്താവനയുടെ ചുമതല ഞാൻ വഹിച്ചുകൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഞാൻ പറയാത്തസ്ഥിതികളെ ഞാൻ പ്രസ്താവിച്ചതായി മെമ്പർ പറയുന്നതു ന്യായമാണോ?

അദ്ധ്യക്ഷൻ: അപ്രകാരം അദ്ദേഹം പറയുന്നില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): എന്നാൽ ആ പ്രസ്താവന അദ്ദേഹം പിൻവലിച്ചിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇന്നലെ ഈ സഭയിൽവച്ചു മെമ്പർ പ്രസ്താവിച്ചിട്ടില്ലെന്നു പറയുന്ന ഏതൊരു പ്രസ്താവനയും പിൻവലിക്കുന്നതിന് ഞാൻ തയ്യാറാണ്. പ്രസ്തുതപ്രസ്താവനയെ മെമ്പർ പറഞ്ഞിട്ടില്ലെന്നു അദ്ദേഹം ശഠിക്കുന്നതുകൊണ്ടു അതിനെ ഞാൻ പിൻവലിച്ചുകൊള്ളുന്നു. അപ്രകാരമാണെന്നു എന്റെ പ്രമേയത്തിന്മേൽ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

അതിനാൽ എന്തെല്ലാമാണ് വിഷമതകളുന്നു പ്രമേയത്തെ എതിർക്കുന്ന മെമ്പർ പറഞ്ഞിട്ടില്ല. എല്ലാ കാര്യങ്ങളിലും വിഷമതകളുണ്ടെന്നു മാത്രമെ അദ്ദേഹം പറയുന്നുള്ളു. സർ, വിഷമതകൾ എന്തെല്ലാമാണെന്നു വരികിലും, അതിലെക്കു നേരിടുന്ന ചിലവിന്റെ സ്വഭാവം എന്തുതന്നെ ആയിരുന്നാലും അതുമൂലം തിരുവിതാംകൂറിലെ ജനങ്ങൾക്കു അഭിവൃദ്ധിയുണ്ടാകുമെന്നുള്ളപക്ഷം അപ്രകാരം പ്രവർത്തിക്കാൻ നാം ശ്രമിക്കേണ്ടതാണെന്നു മാത്രമെ ഈ സന്ദർഭത്തിൽ സഭയോടു അപേക്ഷിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നുള്ളു. തിരുവിതാംകൂറിൽ വിദഗ്ധന്മാരില്ലാത്തപക്ഷം പുറമെനിന്നു വിദഗ്ധന്മാരെ ഇറക്കുമതി ചെയ്യാമെന്നുള്ളതാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു മിസ്റ്റർ ആശാന്റെ പ്രമേയത്തെ ഞാൻ പിന്താങ്ങിക്കൊള്ളുന്നു.

ഹൗസ് ലഘുഭക്ഷണത്തിനായി സഭ പിരിയുകയും ഡെപ്യൂട്ടിപ്രെസിഡൻറിന്റെ അദ്ധ്യക്ഷതയിൽ സഭ മണിക്കു സഭ വീണ്ടും കൂടുകയും ചെയ്തു.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രമേയത്തിന് പ്രതികൂലമായി ഇതുവരെ റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ മാത്രമെ പ്രസംഗിച്ചിട്ടുള്ളു. ഗവണ്മെൻറിന് വേണ്ടിയാണ് അദ്ദേഹം പ്രസംഗിച്ചതു്. ഒരു സാമ്പത്തികസർവ്വെ നടത്തപ്പെടുന്നപക്ഷം അതു പരിപൂർണ്ണമായി നടത്തേണ്ടതാണെന്നു അദ്ദേഹത്തിന്റെ ആക്ഷേപം, അപ്രകാരമാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. ശാസ്ത്രീയ അർത്ഥത്തിലാണ് അദ്ദേഹം പ്രസ്തുതപദങ്ങളെ ഉപയോഗിച്ചിരിക്കുന്നതു്. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം പരിപൂർണ്ണത അസാദ്ധ്യമാണെന്നും അതിനാൽ അതു സ്വീകാര്യമല്ലെന്നുമാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളം മേൽ പ്രസ്താവിച്ച ആക്ഷേപം മാത്രമെ പുറപ്പെടുവിച്ചിട്ടുള്ളു രണ്ടു സംഗതികളെ അടിസ്ഥാനപ്പെടുത്തിയാണ് പരിപൂർണ്ണത സിദ്ധിക്കാൻ അസാധ്യമെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നതു്. ഒന്നാമത്തെ വിഷമത ആവശ്യമുള്ള പണം ഇല്ലെന്നാണ്, രണ്ടാമത്തേത് വിദഗ്ധന്മാരുടെ ഔർലഭ്യമാണ്. പണം സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ അതിശയോക്തിയായ എസ്റ്റിമേറവു പോലും—

റാവു ബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഒരു പൂർണ്ണമായിട്ടുള്ള സർവ്വെ ആവശ്യമുണ്ടെന്നോ ഇല്ലെന്നോ ഞാൻ അഭിപ്രായപ്പെട്ടതെന്നു മിസ്റ്റർ താണുപിള്ള പ്രസ്താവിക്കുമോ?

ഡെപ്യൂട്ടിപ്രെസിഡെൻറ്: നിങ്ങൾക്കു സംസാരിക്കാനുള്ള സന്ദർഭമുണ്ടാകുമ്പോൾ നിങ്ങൾതന്നെ അതിനെ വ്യാഖ്യാനിച്ചുകൊള്ളണം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): അപ്രകാരമാണ് അദ്ദേഹം പ്രസ്താവിക്കുന്നതെങ്കിൽ എന്റെ സ്വന്തനിലയിൽ ഞാൻ സമാധാനം പറയേണ്ടതായിട്ടുണ്ട് അപ്രകാരം ഞാൻ പ്രസ്താവിച്ചിട്ടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം വേണ്ടിവരുമെന്നു പറയുന്ന ചിലവ് അതിശയോക്തിയായിട്ടുള്ളതാകുന്നു എന്നാണ് ഞാൻ വിചാരിക്കുന്നത്. അദ്ദേഹം വാദിച്ച രീതിയെ അടിസ്ഥാനപ്പെടുത്തിയാണ് ഇപ്രകാരം ഞാൻ പ്രസ്താവിക്കുന്നതു്. അദ്ദേഹത്തിന്റെ അടങ്കൽനിരൂപണം അനുസരിച്ചു അൻപതുലക്ഷംരൂപാ ചിലവാക്കേണ്ടിയിരിക്കുന്നു, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു കൊല്ലം കൊണ്ടാണ് ആ തുക ചിലവാക്കേണ്ടിയിരിക്കുന്നതു്. മേൽ പ്രസ്താവിച്ചതാണ് ചിലവിന്റെതുകയും. അതിന്റെ ഫലം അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതിനുണ്ണമായിരിക്കയും ചെയ്താൽപോലും ഇരുലക്ഷംരൂപാ ഒരു നിസ്സാരമായ തുകയാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്, ഒരു കൊല്ലം വേണ്ടിവരുമെന്നുണ്ടെങ്കിൽ അതുകൊണ്ടു എന്തു ന്യൂനതയാണ് ഉണ്ടാകുന്നതു്. അതു പൂർത്തിയാക്കപ്പെടുണതിലേയ്ക്കു ഒരു കൊല്ലം വേണ്ടിവരുമെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. ഇക്കാലത്തിനിടയിൽ നാം നടത്തുന്ന പ്രവൃത്തിമൂലം നമുക്കു വേണ്ട വിവരങ്ങളും അറിവും സിദ്ധിക്കുന്നു, അത്രത്തോളം ഗുണം സംസ്ഥാനത്തിന് സിദ്ധിക്കുന്നു: പ്രസ്തുതസർവ്വെ സംബന്ധമായ ആദ്യത്തെ ഘട്ടത്തിൽ നമുക്കു സിദ്ധിക്കുന്ന കണക്കുകൾ അതു പൂർത്തിയാക്കുമ്പോൾ കാലാനുസരണമായിട്ടുള്ളവയായിരിക്കയില്ലെന്നാണ് അദ്ദേഹത്തിനുള്ള വേറൊരാക്ഷേപം. അപ്രകാരംതന്നെ സർ, തിരുവിതാംകൂർ ഗവണ്മെൻറിനു ഒരു ലാൻഡ്റവന്യൂസെററിൽമെൻറു നടത്തിയിട്ടില്ലെ? അതിലേക്കു എത്രകാലം വേണ്ടിവന്നു അതിന്റെ ചരിത്രം നമുക്കെല്ലാവർക്കും അറിവുള്ളതാണ്, താമസംകൂടാതെ നടത്തുമെന്നുള്ള കാരണത്താൽ സെററിൽമെൻറു നടത്തണമെന്നുള്ള ഉദ്യമം ഗവണ്മെൻറുവേണ്ടെന്നു വച്ചില്ല,

മി: മാത്യുമുരിക്കൻ (വയ്ക്കം): റവന്യൂസെററിൽമെൻറും സാമ്പത്തികസർവ്വെയും ഏകദേശം ഒരുപോലെയുള്ളവയാണെന്ന് മെമ്പർ വിചാരിക്കുന്നുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതിശയോക്തിയായി പറഞ്ഞിട്ടുള്ള മി: രംഗസ്വാമിഅയ്യങ്കാരുടെ പ്രസ്താവനകളെ ഞാൻ സ്വീകരിച്ചിട്ടുള്ളതായി എന്റെ സ്നേഹിതൻ മനസ്സിലാക്കരുതു്. അവയെല്ലാം വാസ്തവമായിട്ടുള്ളവയാണെന്നും സർവ്വെ പൂർത്തിയാക്കുന്നതിലേക്കു ഇരുപതുകൊല്ലം വേണ്ടിവരുമെന്നും അതിലേക്കു അൻപതുലക്ഷംരൂപാ ചിലവിടേണ്ടിവരുമെന്നും നമുക്കനുമാനിക്കാം, അപ്രകാരമിരുന്നാൽതന്നെയും

നമുക്ക് ഈ നടത്താമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. എന്നാൽ മുൻപു ഞാൻ പ്രസ്താവിച്ചതു പോലെ അവയെല്ലാം അതിശയോക്തിയായ തുകകളാണ്. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം വലിയ വിദഗ്ധന്മാർക്കുമാത്രമേ അതു നടത്തുന്നതിനു സാധിക്കയുള്ളു എന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. പ്രത്യേക അറിവൊന്നുമില്ലാത്ത ആളുകൾ ഈ വിഷയത്തെപ്പററി ഗുണദോഷം നൽകുന്നതിൽവച്ച് അദ്ദേഹം മനസ്സാപിക്കയാണ് ചെയ്യുന്നത്. സംസ്ഥാനത്തിലെ സാമ്പത്തികമായ ഐശ്വര്യത്തെ വർദ്ധിപ്പിക്കുന്നതിന് തിരുവിതാംകൂർ ഗവണ്മെൻറിൽനിന്നും നിയോഗിക്കപ്പെട്ടിട്ടുള്ള മാന്യന്മാരും ധനപരിപോഷണബോർഡിൽ അംഗങ്ങളിട്ടുണ്ട്. അപ്രകാരമുള്ള ധനപരിപോഷണക്കമ്മിററിക്കാർ തിരഞ്ഞെടുത്തിട്ടുള്ള ഏഴുഗ്രാമങ്ങളിൽ സർവേനടത്തേണ്ടതാണെന്ന് അവർ ഗവണ്മെൻറിലേക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളതാകുന്നു. അപ്രകാരമുള്ള തിരഞ്ഞെടുപ്പ് യാതൊന്നുകൊണ്ടും ഉപയോഗപ്രദമായിരിക്കയില്ലെന്നാണ് റാവുബഹദൂർ രംഗസ്വാമിഅയ്യങ്കാർ അഭിപ്രായപ്പെടുന്നത്; എന്തെന്നാൽ വിദഗ്ധന്മാർക്കു മാത്രമെ ഗ്രാമങ്ങളെ തിരഞ്ഞെടുക്കുന്നതിനു സാധിക്കയുള്ളു എന്നാണ് അദ്ദേഹം പറയുന്നത്. സംസ്ഥാനത്തിലെ സാമ്പത്തികമായ ഗ്രാമങ്ങളെ നിയന്ത്രിക്കുന്നതിലേക്കുള്ള ജോലി നിർവ്വഹിക്കപ്പെടുന്നതിലേക്കു അരഡസൻ മാതൃകാഗ്രാമങ്ങളെ തിരഞ്ഞെടുക്കുന്നതിനു സാമർത്ഥ്യമില്ലാത്ത ആളുകളെ തിരുവിതാംകൂർ ഗവണ്മെൻറു നിയമിക്കുമെന്ന് വിചാരിക്കത്തക്കവണ്ണം അവർ അത്ര ചുമതലയില്ലാത്തവരാണോ? അപ്രകാരമാണെങ്കിൽ വ്യവസായഡിപ്പാർട്ടുമെൻറും, കൃഷിഡിപ്പാർട്ടുമെൻറും, പരസ്പരസഹായസംഘഡിപ്പാർട്ടുമെൻറും വനംഡിപ്പാർട്ടുമെൻറും ഉടനടി നിരത്തുചെയ്യപ്പെടേണ്ടതാണെന്നു ഞാൻ ഭയപ്പെടുന്നു. രാജ്യത്തിൻെറ സ്ഥിതികളെപ്പററി നല്ലതിനുണ്ണം അറിവുള്ള ആളുകൾക്കുപോലും കണ്ടുപിടിക്കാൻ സാദ്ധ്യമല്ലാതിരിക്കെ സംസ്ഥാനത്തോട്ടക്ക് ഒന്നു ചുററിസഞ്ചരിച്ചാൽ അപ്രകാരമുള്ള മാതൃകാഗ്രാമങ്ങളെ തിരഞ്ഞെടുക്കാൻ സാദ്ധ്യമാകത്തക്കവിധത്തിൽ യോഗ്യതയുള്ള അമാനുഷന്മാരാണോ വിദഗ്ധന്മാർ? വിദഗ്ധന്മാരുടെ വാദങ്ങൾപോലും അതിരുകവിഞ്ഞുള്ളവയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. വിദഗ്ധന്മാരുടെ അറിവിനും അഭിപ്രായത്തിനുംതന്നെ ന്യൂനതയുള്ളതാകുന്നു. അതിസമർത്ഥനായ വിദഗ്ധനാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ഗ്രാമത്തെ ത്യജിച്ച് വേറൊരുഗ്രാമം തിരഞ്ഞെടുക്കപ്പെടേണ്ടതായി വന്നു എന്ന് റാവുബഹദൂർ രംഗസ്വാമിഅയ്യങ്കാർ പ്രസ്താവിച്ച ഉദാഹരണത്തിൽതന്നെ അദ്ദേഹം സമ്മതിച്ചിരിക്കുന്നു അതുകൊണ്ട് രാജ്യത്തിൻെറ സ്ഥിതികളെപ്പററിനല്ലതിനുണ്ണം പരിചയമുള്ളവനും അപ്രകാരമുള്ള സ്ഥിതികളെപ്പററി മനസ്സിലാക്കാൻയോഗ്യതയും വിദ്യാഭ്യാസമുള്ളവനും ആയ ഒരാളാൽ ഒരു ഗ്രാമം തിരഞ്ഞെടുക്കപ്പെടുന്നപക്ഷം അതൊരു മാതൃകാഗ്രാമമായിരിക്കാനർഹതയുള്ളതെന്നാണ് എനിക്കു ഈ സഭയെ അറിയിക്കേണ്ടതായിട്ടുള്ളത്. ധനശാസ്ത്രവിഷയത്തിൽ അതിസമർത്ഥനും നിപുണനുമായ ധനശാസ്ത്രപ്രൊഫസ്സർതൻെറ ശാഖയിൽ ഉൾപ്പെട്ട പഠനവിഷയത്തെ നിർദ്ദേശിക്കപ്പെട്ടമാതിരിയിൽ ഉപയോഗപ്പെടുത്താൻ നിർവ്വാഹമില്ലെന്ന് പ്രസ്താവിച്ചിരിക്കുന്നതിൽ ഞാൻ അതിശയിക്കുന്നു. ഏതാനും മാതൃകാഗ്രാമങ്ങളിൽപോലും സർവ്വേ നടത്തപ്പെടുന്നതിന് സാധിക്കയില്ലെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നത്; സമർത്ഥന്മാരായ വിദഗ്ധന്മാർക്കു മാത്രമെ ഗ്രാമങ്ങളെ തിരഞ്ഞെടുക്കുന്നതിനു സാധിക്കയുള്ളു.

ഡെപ്യൂട്ടിപ്രെസിഡൻറ്: ഗ്രാമങ്ങളെ തിരഞ്ഞെടുക്കപ്പെടുന്ന സംഗതി ഒരു വിഷയം മാത്രമെ ആകുന്നൊള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം): വാസ്തവത്തിൽ അതൊരു ഉപവിഷയംതന്നെയാണ്. എന്നാൽ ഈ വിഷയത്തെസംബന്ധിച്ചുണ്ടാകുന്ന വിഷമതകൾക്ക് അദ്ദേഹം അതിശയകരമാകംവണ്ണം പ്രാധാന്യം നൽകിയിരിക്കുന്നു.

റാവുബഹദൂർ: കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എൻെറ സ്വന്തനിലയിൽ അല്പം സമാധാനം പറയേണ്ടതായിട്ടുണ്ട്. ധനശാസ്ത്രപഠനം ആരംഭിച്ചിട്ടുള്ള വിദ്യാർത്ഥികളെ ഈ വിഷയം പരിശോധിക്കുന്നതിന് ഉപയോഗപ്പെടുത്തേണ്ടതാണെന്നുള്ള നിർദ്ദേശത്തെപ്പററി ഞാൻ ഇന്നലെ പ്രസ്താവിക്കയുണ്ടായി. അതു സാദ്ധ്യമല്ലെന്ന് ഞാൻ അഭിപ്രായപ്പെട്ടു.

മി: എ. താണുപിള്ള (തിരുവനന്തപുരം): മററുള്ള കാരണങ്ങൾക്കുപുറമെ ഇക്കാര്യത്തെ അടിസ്ഥാനപ്പെടുത്തിയും ധനപരിപോഷണക്കമ്മിററിക്കാരുടെ ഗ്രൂപ്പാർശയെ സ്വീകരിക്കാൻ പാടില്ലെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്.

ഡെപ്യൂട്ടിപ്രെസിഡൻറ്: ധനപരിപോഷണക്കമ്മിററിക്കാരുടെ ഗ്രൂപ്പാർശകളുടെ ഗുണഗണങ്ങളെ താരതമ്യപ്പെടുത്തി പരിശോധിക്കുന്നതിനായിട്ടല്ല നമ്മുടെ ഇപ്പോഴത്തെ ഉദ്യമം. ഒരു സാമ്പത്തികസർവ്വേ ആശാസ്യകരമായിട്ടുള്ളതാണൊ അല്ലയൊ എന്നുള്ളതിനെപ്പററി മാത്രം നമുക്കിപ്പോൾ ആലോചിച്ചാൽ മതിയാകുന്നതാണ്. ധനപരിപോഷണക്കമ്മിററിക്കാരുടെ ഒരു ഗ്രൂപ്പാർശയെ അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ കൊണ്ടുവന്ന മട്ടിലായെ അടിസ്ഥാനപ്പെടുത്തിമാത്രം അതിനെപ്പററി അദ്ദേഹം പ്രതിവാദിച്ചു. ആ വിഷയസംബന്ധിച്ച് നിങ്ങൾ സമയം വ്യയംചെയ്തിട്ടാവശ്യമില്ല. അതൊരു നിസ്സാരമായ സംഗതിയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു് പ്രസ്തുത പ്രമേയം സംബന്ധിച്ചിടത്തോളം അനുകൂലിക്കുന്നതായ ഒരു സംഗതിയാണെന്നാണ് ഞാൻ വിചാരിച്ചത്. ഗവണ്മെൻറിൻെറ പ്രതിനിധിയെന്നനിലയിൽ റാവുബഹദൂർ രംഗസ്വാമിഅയ്യങ്കാർ പ്രമേയത്തെ എതിർത്തു. മുൻപു ഞാൻ പ്രസ്താവിച്ചതിനുണ്ണം സംസ്ഥാനത്തിൻെറ സാമ്പത്തികസ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ചുമതലപ്പെട്ടവരായ ഡിപ്പാർട്ടുമെൻറുമേലധികാരികളും ഉൾപ്പെട്ട ധനപരിപോഷണക്കമ്മിററി ചുരുങ്ങിയരീതിയിൽ ഒരു സാമ്പത്തികസർവ്വേ നടത്തേണ്ടതാണെന്ന് ഗ്രൂപ്പാർശചെയ്തിട്ടുള്ളതായി മിസ്റ്റർ അയ്യങ്കാർ തൻെറ പ്രസംഗത്തിനിടയിൽ പ്രസ്താവിക്കയുണ്ടായി. പ്രസ്തുത ഡിപ്പാർട്ടുമെൻറു മേലധികാരികൾ ഗവണ്മെൻറിൻെറ പ്രതിനിധികളെന്നനിലയിൽ അവരുടെ അഭിപ്രായങ്ങൾ എന്താണെന്ന് പ്രസ്താവിക്കണമെന്ന് അനുദ്യോഗസ്ഥമെംബറന്മാർക്ക് ആശിക്കാൻ അവകാശമുണ്ട്.

ഡെപ്യൂട്ടിപ്രെസിഡൻറ്: അവർ അപ്രകാരം പ്രവൃത്തിക്കുമായിരിക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): അപ്രകാരം അവർ ചെയ്യുമായിരിക്കാം. എന്നാൽ ഇതുവരെ അവർ അങ്ങിനെ ചെയ്തിട്ടില്ല. സംസ്ഥാനത്തിന്റെ യഥാർത്ഥസ്ഥിതിയെപ്പററി അവർക്ക് അറിയാമെന്നാണ് വിശ്വസിച്ചുപോരുന്നത്. രാജ്യത്തിലെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ചിടത്തോളം അനുദ്യോഗസ്ഥമാന്യന്മാരുടെ അഭിപ്രായം അവർ പ്രദർശിപ്പിച്ചുകഴിഞ്ഞു. ഈ വിഷയം സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറുമേലധികാരികളുടെ അഭിപ്രായം എന്താണെന്നും ഒരു സർവ്വേ ആവശ്യമുള്ളതായി അവർ വിചാരിക്കുന്നുണ്ടോ എന്നും അനുദ്യോഗസ്ഥമെംബറന്മാർക്ക് അറിയുന്നതിലേക്ക് അവകാശമുള്ളതാകുന്നു. മിസ്റ്റർ കരുണാകരൻ പ്രസ്താവിച്ചതുപോലെ തിരുവിതാംകൂർരാജ്യം സംബന്ധിച്ചിടത്തോളം സാമ്പത്തികവിഷയത്തിൽ മിസ്റ്റർ രംഗസ്വാമിഅയ്യങ്കാർക്കുള്ള അറിവ് നിർദ്ദോഷവശാൽ പുസ്തകങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതു മാത്രമാണ്. ധനപരിപോഷണബോർഡിങ്കനിന്നും ഗ്രൂപ്പർശചെയ്തിട്ടുള്ളതിനെ ആസ്പദമാക്കിയിട്ടാണ് ഞാൻ വാദിക്കുന്നത്. ധനപരിപോഷണബോർഡിലെ അംഗങ്ങളായ ഡിപ്പാർട്ടുമെൻറു മേലധികാരികൾ ഇതിലേക്ക് അനുകൂലികളാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. ഇതിലേക്ക് നേരിടാവുന്ന ചിലവ് അതിലേക്കുള്ള സാമസം പലതിയുടെ വലിപ്പം അതിന്റെ ശാസ്ത്രീയസമ്പ്രദായം എന്നിങ്ങനെയുള്ള ബുദ്ധിമുട്ടുകളല്ലാതെ പ്രസ്തുതപ്രമേയം സ്വീകരിക്കപ്പെടുന്നതിന് വേറൊരു ആക്ഷേപവും പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുതജോലിയുടെ ശാസ്ത്രീയസമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം ധനശാസ്ത്രം കണക്കശാസ്ത്രത്തെപോലെ അത്ര ശരിയായിട്ടുള്ളതല്ല. സംഖ്യകളെസംബന്ധിച്ചും അതിൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്തിലെ ജനങ്ങളുടെ സ്ഥിതിയെസംബന്ധിച്ചിടത്തോളമുള്ള വിവരങ്ങൾ ശേഖരിയ്ക്കുന്നതിനാണ് അതു ഏർപ്പെടുത്തിയിരിക്കുന്നത്.

ഡെപ്യൂട്ടിപ്രെസിഡൻറ്: നിങ്ങൾക്കുള്ള സമയം കഴിഞ്ഞു.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം) സർ, മിസ്റ്റർ ഓമനാമാരൻ ആശാന്റെ പ്രമേയത്തെ പിൻതാങ്ങുന്നതോടുകൂടി അല്പം സംസാരിക്കണമെന്നു ഞാനും ആഗ്രഹിക്കുന്നു. ഗവണ്മെൻറിന്റെ പ്രതിനിധിയെന്നനിലയിൽ റാവുബഹദൂർ രംഗസ്വാമി അയ്യങ്കാർ അതിനെ വളരെ ഗംഭീരമായി എതിർത്തിരിക്കുന്നു. അതിലേയ്ക്കുവേണ്ടി വരുന്ന ചിലവും സമയവും സംബന്ധമായ അദ്ദേഹത്തിന്റെ അതിശയോക്തിയായ അടങ്കൽ കൊണ്ടു നമ്മെ ഭയപ്പെടുത്താൻ അദ്ദേഹം ശ്രമിക്കുന്നു എന്നു വരികിലും ഒരു സർവ്വേയുടെ ആവശ്യകതയുണ്ടെന്നു അദ്ദേഹം സമ്മതിച്ചിരിക്കുന്നതായിട്ടാണ് ഞാൻ വിചാരിക്കുന്നത്. അതു കൊണ്ടു, റാവുബഹദൂർ രംഗസ്വാമി അയ്യങ്കാരുടെ പ്രസംഗം കൊണ്ടു ഭയത്തിലുള്ള എന്റെ സഹോദരന്മാർ ഭയപ്പെടരുതെന്നു ഞാൻ അവരോടു അപേക്ഷിച്ചു കൊള്ളുന്നു. നെല്ലുള്ളതൊ അയൽക്കാർക്കുള്ളതൊ ആയ തെററുകൾ എന്തെല്ലാമാണെന്നു അറിയുന്നതിനു മുൻപു തന്നെത്താൻ തിരുത്തുന്നതിനൊ അയൽക്കാരെ തിരുത്തുന്നതിനൊ സാധിക്കുന്നതല്ല. അതിനാൽ ഗവണ്മെൻറിന്റെ ഇപ്പോഴത്തെ നില എന്താണെന്നു അറിയുന്നതിന് മുൻപായി ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ സാമ്പത്തിക സ്ഥിതി പരിഷ്കരിക്കപ്പെടുന്നതിനു അവർക്ക് സാധിക്കുന്നതല്ല. അതെന്താണെന്നു മനസ്സിലാക്കുന്നതിന് ഒരു സാമ്പത്തിക സർവ്വേ നടത്തേണ്ടതു് അത്യാവശ്യമായിട്ടുള്ളതാണ്. അതിലേക്കു വളരെ വളരെ പണവും സമയവും വ്യയം ചെയ്യേണ്ടതായിട്ടുണ്ടെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം പ്രായോഗികമായി അറിവുള്ള മിസ്റ്റർ കരുണാകരന്റെ അഭിപ്രായവും മിസ്റ്റർ രംഗസ്വാമി അയ്യങ്കാരുടെ അഭിപ്രായവും പരസ്പരവിരുദ്ധമായിട്ടാണിരിക്കുന്നത്. സർ വിശ്വേശ്വരയ്യായുടെ പ്രായോഗികമായിട്ടുള്ള അറിവും സാമർത്ഥ്യവും സംബന്ധിച്ചു യാതൊരാൾക്കും യാതൊരുവിധമായ സംശയവും ഇല്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. ബ്രിട്ടീഷ് ഗവണ്മെൻറിൽ നിന്നും നിയമിക്കപ്പെട്ട കമ്മിററിയിൽ അദ്ദേഹം ഒരു മെമ്പറായിരുന്നു, ജനസംഖ്യയിൽ ഓരോ ആയിരം ജനങ്ങൾക്കും ഇരുപത്തി അഞ്ചു രൂപാ വീതമെ ചിലവാകയുള്ളു എന്നു ഒരു റിപ്പോർട്ടിൽ അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. എന്റെ ഓർമ്മ തെററിയിട്ടുള്ളതാണെങ്കിൽ അപ്രകാരം ഒരു വർത്തമാനപത്രത്തിൽ ഞാൻ വായിച്ചതായി ഓർക്കുന്നു. ഇതിലേക്കു ഏകദേശം ഒരു ലക്ഷത്തിപന്തീരായിരം രൂപ മാത്രമേ നാം ചിലവാക്കേണ്ടതായിട്ടുള്ളു എന്നാണ് ഞാൻ വിചാരിക്കുന്നത്. അതിൽ പത്തിരട്ടി തന്നെ ചിലവാകട്ടെ എന്നിരുന്നാലും അതു അനുവദിക്കുന്നതിൽ ഈ സഭ ആക്ഷേപം പുറപ്പെടുവിക്കയില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. അതിനാൽ നമ്മുടെ വിദ്യാഭ്യാസവകുപ്പുകളുടെ അഭിപ്രായം കൊണ്ടു നാം ഭയപ്പെട്ടിട്ടു ആവശ്യമില്ല. ഭാവി സന്താനങ്ങൾ വിദ്യാഭ്യാസത്തിൽ അഭിവൃദ്ധിയെ പ്രാപിക്കത്തക്കവണ്ണം നമ്മുടെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനെ നിയന്ത്രിക്കുന്നതിലേക്കു വേണ്ട ശക്തി അദ്ദേഹത്തിന് നൽകണമെന്നു ദൈവത്തോടു പ്രാർത്ഥിക്കാം. പ്രായോഗികമായ പരിചയവും യോഗ്യതയുമുള്ള മിസ്റ്റർ കരുണാകരൻ, സർ വിശ്വേശ്വരയ്യാ എന്നിവരെപ്പോലെയുള്ള മാന്യന്മാരുടെ ഗുണദോഷമനുസരിച്ചു നമുക്കു പ്രവർത്തിക്കാം. "ഉണ്ണാക്കി വരുന്നു, കുഞ്ഞു മിണ്ടരുതേ, ഉറങ്ങിക്കോ" എന്നു നമ്മുടെ കിഴവികൾ അവരുടെ കുഞ്ഞുങ്ങളോടു പദേശിക്കുന്നതായി ഞാൻ കേട്ടിട്ടുണ്ട്.

മേൽ പ്രസ്താവിച്ചതു പോലെ ഇതിലേക്കു വളരെ പണം ആവശ്യമുണ്ടെന്നും വളരെ സമയം വ്യയം ചെയ്യേണ്ടതായി വരുമെന്നും പറഞ്ഞു മിസ്റ്റർ രംഗസ്വാമി അയ്യങ്കാർ നമ്മെ ഭയപ്പെടുത്തുന്നു. സൂക്ഷിച്ചു കൊള്ളണം, അതിശയോക്തിയായ ഇപ്രകാരമുള്ള അഭിപ്രായങ്ങൾകൊണ്ടു തെററി പോകരുത്. പ്രസ്തുത പ്രമേയത്തെ ബലമായി പിൻതാങ്ങണമെന്നു അനുദ്യോഗസ്ഥസാമാജികന്മാരായ എന്റെ സ്നേഹിതന്മാരോടു ഞാൻ ഗുണദോഷിക്കുന്നു. മിസ്റ്റർ ആശാൻ ഹാജരാക്കിയിരിക്കുന്ന ഈ പ്രമേയത്തെ അനുകൂലിച്ചു വോട്ടു ചെയ്യണമെന്നു എന്റെ സഹോദരന്മാരോടു ഞാൻ അപേക്ഷിക്കുന്നു. ഇത്രയും പ്രസ്താവിച്ചു കൊണ്ടു ഈ പ്രമേയത്തെ സഭ സ്വീകരിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. എന്റെ സഹോദരിയെപ്പററി ഒരു വാക്കുപറയാൻ ഞാൻ മറന്നു പോയി. നമ്മുടെ അനുകൂലിച്ചു അവരും വോട്ടു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര); സർ, മിസ്റ്റർ ആശാൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാനും പിൻതാങ്ങുന്നു. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം മിസ്റ്റർ ആശാനു നല്ലതിനുണ്ടും പ്രതിവാദിച്ചിട്ടുള്ളസ്ഥിതിയ്ക്കു പ്രമേയത്തെ പിൻതാങ്ങണമെന്നുദ്ദേശിക്കണമെന്നു ഞാൻ പ്രതിവാദിയ്ക്കേണ്ട ആവശ്യമില്ലാത്തതാകുന്നു. അതിനെ ശാസ്ത്രീയസമ്പ്രദായത്തിലുള്ള ഒരു ധനശാസ്ത്രവിദഗ്ധൻ എതുക്കുകയും

പ്രായോഗിക പരിചയമുള്ള ഒരു ധനശാസ്ത്രവിദഗ്ധൻ അനുകൂലിക്കുകയുണ്ടായി. വേറൊരു വിദഗ്ധനും അദ്ദേഹത്തിനു പിൻതാങ്ങിയിരിക്കുന്നു; മേൽ പ്രസ്താവിച്ച ധനശാസ്ത്രവിദഗ്ധന്മാരിലെ ഒരാൾ ആ മേഖലയിലെ ഒരു നിയമനിർമ്മാണവിദഗ്ധനെന്ന് നാമകരണം ചെയ്യപ്പെടാവുന്നതാണ്. ഇതിനുപുറമെ ഒരു പക്ഷെ വിദഗ്ധന്മാരാണെന്നു നടിക്കുന്നതിൽ ആഗ്രഹമില്ലാത്തവരായ മറ്റുമന്ത്രിമാരും പ്രമേയത്തെ പിൻതാങ്ങിയിരിക്കുന്നു. ഡോക്ടർ കുഞ്ഞൻപിള്ള, മിസ്റ്റർ ചാക്കോ, മിസ്റ്റർ വൈദ്യലിംഗവേലുപിള്ള മുതലായ മറ്റുവിദഗ്ധന്മാരുടെ അഭിപ്രായങ്ങൾ മാത്രമേ പ്രകടിപ്പിച്ചു ഈ ഘട്ടത്തിൽ രസകരമായി തീർക്കേണ്ടതായിട്ടുള്ളൂ. എന്റെ സ്നേഹിതൻ മിസ്റ്റർ കരുണാകരൻ അഭിപ്രായപ്പെട്ടതുപോലെ പ്രസ്തുതവിഷയം സംബന്ധിച്ചിടത്തോളം ഈ വിദഗ്ധന്മാരുടെ അഭിപ്രായങ്ങൾ എന്താണെന്ന് സഭയെ അറിയിക്കണമെന്ന് ഞാൻ അവരോടു അപേക്ഷിച്ചുകൊള്ളുന്നു.

സർ, രാഷ്ട്രീയമായ ഒരു മറ്റുവിധത്തിലോ ഒരു സംസ്ഥാനത്തിൽ അഭിവൃദ്ധിയുണ്ടാകണമെങ്കിൽ സാമ്പത്തികമായിട്ടുള്ള അഭിവൃദ്ധിയുണ്ടാകണമെന്നുള്ള തത്വം സർവ്വസാധാരണമായിട്ടുള്ളതാണ്; സാമ്പത്തികവിഷമതകളാണ് നമ്മുടെ സംസ്ഥാനം ഏററവും പിന്നാക്കം നില്ക്കുന്നത്. ഈ ഉദ്ദേശം സാധിക്കണമെങ്കിൽ ഒരു സാമ്പത്തികസർവ്വേ നിശ്ചയമായും നടത്തേണ്ടതാകുന്നു. മിസ്റ്റർ രംഗസ്വാമിഅയ്യങ്കാരുടെ രസകരമായ പ്രസംഗം നാം ഇന്നലെ ശ്രദ്ധിച്ചുകേട്ടു, എന്നാൽ നമ്മുടെ ഡെപ്യൂട്ടിപ്രൈസഡന്റ് പ്രസ്താവിച്ചതുപോലെ ഈ നിർദ്ദേശം അനാവശ്യമാണെന്ന് മിസ്റ്റർ അയ്യങ്കാർഅഭിപ്രായപ്പെട്ടില്ല. അതു പ്രായോഗികമല്ലെന്നുമാത്രമേ അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളൂ, എന്നാൽ ഈ സഭയിലെ അനുദ്യോഗസ്ഥരുമെമ്പറന്മാരിൽ ഭൂരിപക്ഷവും അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിക്കയില്ലെന്നാണ് തോന്നിക്കുന്നത്. പ്രസ്തുത പദ്ധതി പൂർത്തിയാക്കപ്പെടുന്നതിനു വേണ്ടിവരുന്ന സമയവും പണവും സംബന്ധിച്ചിടത്തോളം നമ്മളിൽ ഏതാണ്ടാരേ മിസ്റ്റർ രംഗസ്വാമി അയ്യങ്കാരുടെ പ്രസംഗം ഭയപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പ്രമേയത്തെ അനുകൂലിച്ചു പ്രസംഗിച്ച പലരെ മാന്യന്മാരും പ്രസ്താവിച്ചതുപോലെ രാജ്യത്തിന്റെ നന്മയെ ഉദ്ദേശിച്ചും ഈ വിഷയത്തിന്റെ പ്രാധാന്യത്തെ ഉദ്ദേശിച്ചും ഇതിലേക്ക് എത്രതന്നെ ധനവ്യയം വേണ്ടിവന്നാലും ആ ചുമതലവഹിക്കുന്നതിന് നമ്മുടെ സംസ്ഥാനം തയ്യാറാണെന്നാണ് ഞാൻ താഴ്മയായി അഭിപ്രായപ്പെടുന്നത്. ഈ നിർദ്ദേശം പ്രായോഗികരൂപത്തിൽ കൊണ്ടുവരപ്പെടുന്നതിന് വിദഗ്ധന്മാരുടെ ഒരു വലിയ സമൂഹം ആവശ്യമല്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. കണക്കുകൾശേഖരിക്കുന്നതിനായി പലേസ്ഥലങ്ങളിലും ചുററിസഞ്ചരിക്കുന്നതിലേക്കു അനേകം വിദഗ്ധന്മാർ ആവശ്യമില്ലാത്തതാകുന്നു. മിസ്റ്റർ രംഗസ്വാമിഅയ്യങ്കാരെപോലുള്ള വിദഗ്ധന്മാരും മററും അടങ്ങിയ ഒരു ചെറിയ സെൻട്രൽ കമ്മിററിയുടെ നിയന്ത്രണത്തിനും ഉപദേശത്തിനും ഉൾപ്പെട്ടു ജോലിചെയ്യുന്നതായ ഒരു പ്രാദേശിക കമ്മിററിയുടെ ആവശ്യകത മാത്രമേയുള്ളൂ എന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. അതിനാൽ ഈ വിഷയത്തിന്റെ പ്രാധാന്യത്തെ ഉദ്ദേശിച്ചും, ഇപ്രകാരമുള്ള ഒരു നിർദ്ദേശത്തെ സംബന്ധിച്ചിടത്തോളം ധനപരിപോഷണബോർഡുകാർ പ്രത്യുകൂലപരാർശം ചെയ്തിട്ടുണ്ടെന്നുള്ളതിനെ പരിഗണിച്ചും മിസ്റ്റർ ആശാന്റെ പ്രമേയം സഭ സ്വീകരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

മി: മാത്യു മുരിയ്ക്കൻ (വൈക്കം): സഭയിലെ അനുദ്യോഗസ്ഥിസാമാജികന്മാരിൽ ഉൾപ്പെട്ട ധനശാസ്ത്രത്തിൽ പ്രായോഗികമായി പരിചയമുള്ള ഉദ്യോഗസ്ഥസാമാജികന്മാരിൽ ചിലരുടെ അഭിപ്രായം എന്താണെന്ന് അറിയുന്നതിലേക്ക അപേക്ഷിച്ചിരുന്നു എങ്കിലും അവരിൽ യാതൊരാളും അവരുടെ അഭിപ്രായം വെളിപ്പെടുന്നതിനുദ്യമിച്ചിട്ടില്ല. ഏതായാലും ഇനിയും കാത്തിരിക്കാൻ സാധിക്കാത്തവിധത്തിൽ അവർ അത്ര ഭീരുക്കളായി മൌനം ഭജിക്കുന്നു. ഈ വിഷയം സംബന്ധിച്ചിടത്തോളം അതിന്റെ എല്ലാകുഴപ്പങ്ങളെയും പററി പ്രമേയകർത്താവ് വളരെ ഭംഗിയായും വളരെ സാമർത്ഥ്യത്തോടുകൂടിയും പ്രസംഗിച്ചിട്ടുണ്ട്. സംസ്ഥാനത്തിൽ ഒരു സാമ്പത്തികസർവ്വേയുടെ ആവശ്യകതയെപ്പററി അദ്ദേഹം പ്രതിപാദിച്ചുകഴിഞ്ഞു. അനുദ്യോഗസ്ഥസാമാജികന്മാരിൽ അധികംപേരും പ്രസ്താവിച്ചതുപോലെ പ്രസ്തുതപ്രമേയത്താൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന സാമ്പത്തികസർവ്വേ നടത്തുന്നതിലേക്കുള്ള വിഷമതകളെപ്പററി നമ്മുടെ പ്രൊഫസ്സറും പ്രതിപാദിച്ചുകഴിഞ്ഞിരിക്കുന്നു. പ്രസ്തുത ബുദ്ധിമുട്ടുകളെപ്പററി പ്രതിവാദിച്ചതോടുകൂടി പ്രായോഗികമായ എന്തെങ്കിലും നിർദ്ദേശം നമ്മുടെ പ്രൊഫസ്സർ നമുക്കു നൽകിയിരുന്നു എങ്കിൽ ഞാൻ അദ്ദേഹത്തോടു യോജിക്കുമായിരുന്നു. അപ്രകാരം അദ്ദേഹം പ്രവൃത്തിച്ചിട്ടില്ല. അതുമാത്രമല്ല അദ്ദേഹം തന്റെ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചു. എന്റെ മാന്ദ്യശക്തി ശരിയായിട്ടുള്ളതാണെങ്കിൽ — ഇന്നലെയാണ് അദ്ദേഹം പ്രസംഗിച്ചത് — അദ്ദേഹത്തിന്റെ മണ്ഡൂക അഭിപ്രായങ്ങളും എന്താണെന്ന് ചുരുക്കി പ്രസ്താവിക്കാം. പ്രമേയത്തിൽ അടങ്ങിയിട്ടുള്ള ഗ്രൂപ്പാർശ പ്രായോഗികമായിട്ടുള്ളതല്ലെന്നും പ്രമേയത്തിൽ ഉദ്ദേശിച്ചിരിക്കുന്നതുപോലെയുള്ള ഒരു സർവ്വേ നടത്തപ്പെടുന്നതിലേക്കുള്ള ബുദ്ധിമുട്ടുകൾ അസഹനീയങ്ങളാണെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ. മിസ്റ്റർ രാമൻപിള്ള പ്രസ്താവിച്ചതുപോലെ അവ നമ്മെ ഒട്ടുംതന്നെ ഭയപ്പെടുത്തുന്നില്ല. പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന ഗ്രൂപ്പാർശ പ്രായോഗികമല്ലെന്ന് ഞാൻ ഒരിക്കലും വിചാരിക്കുന്നില്ല. പ്രമേയത്തിനു പ്രതികൂലമായി പ്രസ്താവിച്ച സംഗതി വാസ്തവത്തിൽ നമ്മുടെ പ്രൊഫസ്സർക്കു പ്രതികൂലമായിട്ടാണിരിക്കുന്നത്. ഒരു ആദർശം മാത്രമായിട്ടു അതിനെ അദ്ദേഹം ഗണിച്ചിട്ടുള്ളതല്ല. ഒരു മാതൃകാസർവ്വേയാണ് അദ്ദേഹം ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രായോഗികമായിട്ടുള്ള വിഷയങ്ങളെപ്പററിയാണ് നാം ആലോചിക്കേണ്ടത്. നമ്മുടെ പ്രായോഗിക ധനശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടതിനുള്ളതും ആദർശനിലോകത്തിലല്ല എന്നാൽ പ്രായോഗികലോകത്തിലാണ് നാം അധിവസിക്കുന്നത്. ഒരു മാതൃകാസർവ്വേ വേണമെന്ന് നമ്മുടെ പ്രൊഫസർ ഉദ്ദേശിച്ചിരിക്കുന്നതുകൊണ്ടാണ് പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന ഗ്രൂപ്പാർശ പ്രായോഗികമല്ലെന്ന് അദ്ദേഹം വിചാരിക്കുന്നത്.

പ്രസ്തുത സർവ്വേ നടത്തപ്പെടുന്നതിന് അസാധാരണമായ പ്രയത്നങ്ങൾ ആവശ്യമുണ്ടെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം നമ്മുടെ പ്രൊഫസ്സർ ഉദ്ദേശിച്ചിരിക്കുന്ന മാതിരിയിലുള്ള സർവ്വേയ്ക്കു ചെലവിടുന്ന ബുദ്ധിമുട്ടുകളെയാണ് അദ്ദേഹം പർണ്ണിച്ചിരിക്കുന്നത്. ഏതേതു അടിസ്ഥാനപ്പെടുത്തി നോക്കുന്നതാണെങ്കിൽപോലും പ്രായോഗികമായ ഒരു പരിപാടി അദ്ദേഹം നിർദ്ദേശിച്ചിട്ടില്ല. ഉദാഹരണമായിട്ടെങ്കിലും അദ്ദേഹമൊരു ദൃഷ്ടാന്തം പറഞ്ഞിരുന്നു എങ്കിൽ അദ്ദേഹവുമായി നാം വഴക്കുപിടിക്കുകയില്ലായിരുന്നു. ഡെക്കാണിൽ ഒരു പ്രത്യേകഗ്രാമത്തെ സംബന്ധിച്ചിടത്തോളം ഡാക്ടർ മാൻ ഒരു അന്വേഷണം നടത്തി എന്നും അല്പകാലം കഴിഞ്ഞു

പ്പോൾ അദ്ദേഹം തെററായിട്ടുള്ള ഒരു ഗ്രാമത്തെയാണ് തിരഞ്ഞെടുത്തതെന്ന് കാണപ്പെട്ടു എന്നും, പ്രസ്തുതഗ്രാമത്തെ തിരഞ്ഞെടുത്തതു അബദ്ധമായിപ്പോയി എന്ന് അദ്ദേഹംതന്നെ സമ്മതിക്കേണ്ടതായി വന്നു എന്നും മാത്രമേ അദ്ദേഹം പ്രസ്താവിച്ചുള്ളു. എന്നാൽ നമ്മുടെ രാജ്യത്തിന്റെ സ്ഥിതി വ്യത്യസ്തപ്പെട്ടു ഒന്നാണ്. യാതൊരുഗ്രാമവും മേൽ പ്രസ്താവിച്ചതിനുണ്ടുള്ള ഒരു വിദഗ്ധന്മാർ തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല. അപ്രകാരമുള്ള ഒരു അന്വേഷണം ഏഴുഗ്രാമങ്ങളിൽ നടത്തപ്പെടേണ്ടതാണെന്ന് കാണിച്ച് ധനപരിപോഷണബോർഡുകാർ ശുപാർശചെയ്തിട്ടുണ്ട്. ഒരു ഗ്രാമം മാത്രം മതിയാകുന്നതാണെന്ന് നമ്മുടെ പ്രൊഫസ്സർ അഭിപ്രായപ്പെടുന്നു. ഒരു ഗ്രാമം ഏതാണെന്ന് എനിയ്ക്കു് അറിഞ്ഞുകൂടാ. അദ്ദേഹത്തിന്റെ അഭിപ്രായം അനുസരിച്ചുള്ള ഒരു സർവ്വേ സംബന്ധിച്ചെങ്കിലും പ്രായോഗികമായ ഒരു പദ്ധതി നിർദ്ദേശിക്കുന്നതിനപ്പോലും അദ്ദേഹത്തിനു സാധിക്കുന്നില്ല. ഒരു സർവ്വേ ആശാസ്യകരമാണെന്നും അതു ആവശ്യമാണെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. എന്നാൽ നാം അംഗീകരിക്കേണ്ടതായ നടപടിക്രമത്തിന്റെ സ്വഭാവത്തെ സംബന്ധിച്ചിടത്തോളം മാത്രമേ അഭിപ്രായവ്യത്യാസമുള്ളു.

സംസ്ഥാനത്തിന്റെയും സംസ്ഥാനത്തിലും ഉള്ള സാമ്പത്തിക സർവ്വേ സംബന്ധിച്ചിടത്തോളം "സെന്റ്" എന്നതിനുപകരം "ൽ" എന്നു ചേർക്കപ്പെടുന്നപക്ഷം തനിയ്ക്കു യാതൊരു ആക്ഷേപവുമില്ലെന്നും "സംസ്ഥാനത്തിന്റെ" എന്ന പേരുകളെ സംബന്ധിച്ചിടത്തോളം മാത്രമേ തനിയ്ക്കു അഭിപ്രായവ്യത്യാസമുള്ളു എന്നും നമ്മുടെ പ്രൊഫസ്സർ ഇന്നലെ പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം നിർദ്ദേശിക്കുന്ന മാററം കൊണ്ട് യാതൊരു ഫലവുമില്ലെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. സംസ്ഥാനത്തിൽ ഒരോസ്ഥലത്തും യാതൊരു പ്രദേശവുംവിടാതെ സർവ്വേ നടത്തപ്പെടേണ്ടതാണെന്ന് മിസ്റ്റർ ആശാൻ ആഗ്രഹിക്കുന്നില്ല. അപ്രകാരമുള്ള ഒരു ശരിയായിട്ടുള്ള സർവ്വേ ചെയ്യേണ്ടതാണ് എനിയ്ക്കു തോന്നുന്നതു്. ഏതാനും പ്രദേശങ്ങൾ തിരഞ്ഞെടുക്കപ്പെട്ട് നമ്മുടെ പ്രാഥമിക ധനശാസ്ത്രജ്ഞന്മാർ നിർദ്ദേശിച്ചതിനുണ്ടും ആ സ്ഥലങ്ങളിലെ സ്ഥിതിയെപ്പററിയും ഉല്പാദന ശക്തിയെക്കുറിച്ചും ജനങ്ങളുടെ ബാഹ്യജീവിതസ്ഥിതി, അതിന്റെ കൂടുതൽ കുറവിന്റെ സ്വഭാവം, പദാർത്ഥങ്ങളുടെ വിലവർദ്ധനവു മുതലായവയെ സംബന്ധിച്ചും മേലെ വിവരങ്ങൾ നാം അന്വേഷിച്ചറിയേണ്ടതാണ്. സംസ്ഥാനത്തിലെ യഥാർത്ഥമായ ധനസ്ഥിതിയെപ്പററി നമുക്ക് അറിവു ലഭിക്കണം. അപ്രകാരമുള്ള വിവരങ്ങൾ ലഭിച്ചതിനുശേഷം മാത്രമെ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെടുന്നതിനു മാർഗ്ഗമുള്ളു. ഉദാഹരണമായി ധനാഗമമാർഗ്ഗങ്ങളെ വർദ്ധിപ്പിക്കുന്നതിനും കൃഷി വ്യവസായങ്ങൾ കീർത്തിയിൽ രൂപീകരിക്കപ്പെടുന്നതിനും, വ്യവസായത്തെ പോഷിപ്പിക്കുന്നതിനും, ഭൂമിയുടെ ഫലപുഷ്ടിയെ ആസ്പദമാക്കി ജനബാഹുല്യത്തെ വിഭജനം ചെയ്യുന്നതിനും കൂലിക്കാരുടെയും മുഖ്യധനത്തിന്റെയും സ്ഥിതി പരിഷ്കരിക്കുന്നതിനും വേണ്ട മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു നാം നടപ്പിൽ വരുത്തേണ്ടതായിട്ടുണ്ട്. നമ്മുടെ യഥാർത്ഥസ്ഥിതിയെപ്പററി അറിവുലഭിക്കാത്തപക്ഷം ഞാൻ പറഞ്ഞവ അസാദ്ധ്യങ്ങളാണ്. വിദഗ്ദ്ധന്മാർ ആശ്രയിക്കുന്നവരായിരിക്കയും അവർ നമ്മുടെനാട്ടിൽ ഇല്ലാതിരിക്കയും ചെയ്യുന്നപക്ഷം അവരെ മററുസ്ഥലങ്ങളിൽനിന്നും നാം ഇറക്കുമതിചെയ്യണം. കൃഷിവ്യവസായവിദഗ്ദ്ധർ, വ്യവസായവിദഗ്ദ്ധർ, നമ്മുടെ പ്രൊഫസ്സർ ഇവരെല്ലാം ഇപ്പോൾ നമുക്ക് മതിയാകുന്നതാണ്. ഇവർ മൂന്നുപേരും സർവ്വേജോലി നടത്തുന്നതാകുന്നു. ഇവരെ സഹായിക്കുന്നതായിട്ട് തന്റേടമുള്ള സിൽക്കന്തികളെ നിയമിക്കണം. അവർക്ക് ശമ്പളം കൊടുക്കണം. സഭയിലെ അനുഭാവിസ്ഥാനസാമാജികന്മാരിൽ ഏതാനും അളുകൾ പ്രസ്താവിച്ചതിനുണ്ടും പണം കൊടുക്കുന്നതിൽ ഞങ്ങൾക്കു യാതൊരു ആക്ഷേപവും ഇല്ലാത്തതാകുന്നു. നീണ്ടകരപാലം പണികഴിപ്പിക്കുന്നതിന് വേണ്ട പണം അനുവദിക്കുന്നതിൽ ഞങ്ങൾക്കയാതൊരു ആക്ഷേപവും പുറപ്പെടുവിച്ചില്ല. വിദ്യുച്ഛക്തി ദീപത്തിനും കുഴൽകിണർ ജലസേചനത്തിനും വേണ്ടപണം ഞങ്ങൾ അനുവദിച്ചു. അപ്രകാരമിരിക്കെ വളരെ പ്രധാനമായ ഇതാവശ്യത്തിന് പണം ചിലവുചെയ്യുന്നതിൽ ഞങ്ങൾക്കു എന്താക്ഷേപമാണുള്ളതു്. അതിനാൽ മേൽപ്രസ്താവിച്ച കാര്യങ്ങൾക്കു വേണ്ട പണം ഞങ്ങൾ അനുവദിച്ചിട്ടുള്ളതിനെ പരിഗണിച്ച് പ്രസ്തുത സാമ്പത്തിക സർവ്വെ നടത്തുന്നതിനുവേണ്ട പണം അനുവദിക്കുന്നതിൽ ഞങ്ങൾക്കെന്തുകൊണ്ടു മുഖ്യം കാണിക്കുകയില്ലെന്ന് ഗവർണ്ണമെന്റു ഭയപ്പെടേണ്ട.

ചിലവിനെ സംബന്ധിച്ചിടത്തോളം അളവുകളെ അധികരിച്ചിരിക്കുമെന്നും ഏകദേശം അൻപതു ലക്ഷം രൂപയോളം വേണ്ടിവരുമെന്നും അദ്ദേഹം പ്രസ്താവിച്ചു. മാതൃകാരൂപത്തിലുള്ള ഒരു സർവ്വേയാണ് അദ്ദേഹം ഉദ്ദേശിച്ചിരിക്കുന്നതു്; അതിനാൽ വാസ്തവത്തിൽ വേണ്ടിവരുന്ന ചിലവിനെപ്പററി അദ്ദേഹത്തിനു യാതൊരു വിവരവുമില്ല. അദ്ദേഹത്തിന്റെ സ്വതസിദ്ധമായ അഭിപ്രായങ്ങളുടെ പ്രബലതകൊണ്ടു് പ്രസ്തുത സർവ്വേയ്ക്കു വേണ്ടിവരുന്ന യഥാർത്ഥമായ ചിലവിനെപ്പററി യാതൊരു വിവരവും അദ്ദേഹത്തിനുണ്ടാകാൻ സാധിക്കുന്നതല്ല. അതിനാൽ അതിലേക്കു അൻപതു ലക്ഷം രൂപ ചിലവാകുന്നതാണെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തെ സ്വീകരിക്കുന്നതിന് ഞാൻ തയ്യാറില്ല.

മേൽപ്രസ്താവിച്ച സർവ്വേയ്ക്കു വേണ്ടിവരുന്ന സമയത്തെ സംബന്ധിച്ചിടത്തോളം ഏതാനും കൊല്ലങ്ങൾ അതിലേക്കു വേണ്ടിവന്നാലും തരക്കേടില്ല. എന്നാൽ സൂക്ഷ്മസ്ഥിതി അറിയുന്നതിലേക്കു നമുക്കു ശ്രമിക്കാം. തിരുവിതാംകൂർ സംസ്ഥാനത്തിൽ സാമ്പത്തികമായിട്ടുള്ള അഭിവൃദ്ധി ഉണ്ടാകുന്നതിലേക്കു നമ്മെ സഹായിക്കത്തക്കവണ്ണം പ്രസ്തുത വിഷയത്തെ നമുക്കു പ്രതിവാദിക്കാം. അതിലേക്കധികാലം സമയം വേണ്ടിവരുമെന്നുള്ളതു തീർച്ചതന്നെ. നമുക്കു പണം ചിലവുചെയ്യാം. പ്രസ്തുതസർവ്വേ അവസാനിക്കുന്നതോടുകൂടി അതുസംബന്ധമായ വിവരങ്ങളും കണക്കുകളും ഉപയോഗശൂന്യമായിത്തീരുമെന്ന് നമ്മുടെ പ്രൊഫസ്സർ പ്രസ്താവിക്കയുണ്ടായി. അതുസംബന്ധിച്ചും ഒരു മാതൃകസ്ഥിതിയെ ആണ് നമ്മുടെ പ്രൊഫസ്സർ ഉദ്ദേശിച്ചിരിക്കുന്നതു്. പ്രായോഗികമായിട്ടുള്ള ഒരു പദ്ധതിയല്ല അദ്ദേഹം ഉദ്ദേശിക്കുന്നതു്. ഏതായാലും ഒരു സാമ്പത്തിക സർവ്വേയുടെ ആവശ്യകതയെ സംബന്ധിച്ചിടത്തോളം യാതൊരു അഭിപ്രായവ്യത്യാസവുമില്ലാത്തതാകുന്നു. അതുസംബന്ധമായ വിശദതകളെ സംബന്ധിച്ചുമാത്രമെ അഭിപ്രായവ്യത്യാസമുള്ളു. ഒരു സാമ്പത്തികസർവ്വെ ആവശ്യമാണെന്നുള്ളതു തീർച്ചതന്നെ; അതിനാൽ പ്രസ്തുതശുപാർശയിൽ അടങ്ങിയിരിക്കുന്ന അപേക്ഷ സ്വീകരിക്കപ്പെടേണ്ടതാണെന്നു് ഞങ്ങൾ ഗവർണ്ണറിനോടു അപേക്ഷിക്കുന്നു. നമ്മുടെ ശുപാർശയെ ഗവർണ്ണമെന്റു നടപ്പിൽ വരുത്തുമെന്ന് എനിക്കു തീർച്ചയുണ്ട്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സർ, സഭയുടെ ആലോചനയിലിരിക്കുന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. തിരുവിതാംകൂറിൽ ഒരു സാമ്പത്തിക സർവ്വെ നടത്തേണ്ടതിന്റെ അത്യാവശ്യകതയേയും പ്രാധാന്യത്തേയും പററി ഈ സഭയിലെ അനുദ്യോഗസ്ഥ സാമാജികന്മാരായ എന്റെ സ്നേഹിതന്മാർ നല്ലതിനുണ്ണം പ്രതിവാദിച്ചു കഴിഞ്ഞിരിക്കുന്നു. അതിനാൽ പ്രധാന്യമേറിയ പ്രസ്തുതവിഷയത്തെ സംബന്ധിച്ചിടത്തോളം ഇനിയും ആവർത്തിച്ചു പ്രസംഗിക്കേണ്ട ആവശ്യകതയില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. ദാരിദ്ര്യദുഃഖം അനുഭവിക്കുന്നവരാണ് തിരുവിതാംകൂർകാർ. വിദ്യുച്ഛക്തി പങ്കുകളും സ്ഥലസംബന്ധമായിട്ടുള്ള സുഖകരങ്ങളായ ഈ സഭയിലെ ഘർഷപ്പാടുകളും—

മി: എസ്സ്. പിറവിപ്പുരമഠംപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): നമ്മുടെ ഇരുപ്പിടങ്ങൾ ഒട്ടും സൗഖ്യമായിട്ടുള്ളവയല്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഗ്രാമങ്ങളിലെ സ്ഥിതിയുമായി താരതമ്യപ്പെടുത്തിനോക്കുന്നതായാൽ അവസുഖകരങ്ങളാണ്. തിരുവിതാംകൂറിലെ ഗ്രാമവാസികളുടെ യഥാർത്ഥമായ സ്ഥിതി ഇവ ഒരു തരത്താകുന്നില്ല. പുറത്തുകാണുന്നതാകട്ടെ അടിസ്ഥാനരഹിതമായ അഭിവൃദ്ധിമാത്രമാണ്. മോട്ടാർ വാഹനങ്ങൾക്കും മോട്ടാർ സാമഗ്രികൾക്കും പെട്രോൾഇനത്തിൽ തിരുവിതാംകൂർ സംസ്ഥാനത്തിൽനിന്നും ദിവസേന പുറത്തുപോയ്ക്കൊണ്ടിരിക്കുന്ന പണത്തിന്റെ തുക കണക്കാക്കിനോക്കുന്നപക്ഷം രാജ്യത്തെ യഥാർത്ഥമായി സ്നേഹിക്കുന്ന ഓരോരുത്തനും തിരുവിതാംകൂറിലെ വാസ്തവസ്ഥിതിയെപ്പററി ചിന്ത ഉദിക്കുന്നതാകുന്നു. നമുക്കുള്ള ധനം നമ്മുടെ സംസ്ഥാനത്തിനു പുറത്തുപോകുന്നതിന് അനുവദിക്കയാണ് ചെയ്യുന്നത്. നമ്മുടെ തൊഴിൽ സംബന്ധമായ സംഗതി നമ്മെ ബുദ്ധിമുട്ടിക്കുന്നു. ഇനിപ്പറയുന്ന വിഷയംകൂടിയുണ്ട്. നമ്മുടെ ഉദ്യോഗങ്ങളിൽ ഭൂരിഭാഗം ഭാഗം സ്വീകരിക്കായി മാററിവയ്ക്കേണ്ടതായിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിലെ സമാധാനത്തിന്റെയും സൗഖ്യത്തിന്റെയും ചുമതല വഹിക്കുന്നവരാക്കെ മേൽപ്രസ്താവിച്ച വിഷയങ്ങളെപ്പററി ഗാഢമായി ആലോചിക്കേണ്ടതാണ്. നമ്മുടെ പ്രൊഫസ്സറെപ്പോലെ ഞാൻ ധനശാസ്ത്രത്തിൽ ഒരു വിദഗ്ദ്ധനല്ല. എന്നാൽ തിരുവിതാംകൂറിലെ വാസ്തവസ്ഥിതിയെപ്പററിയാണ് ഞാൻ പ്രസ്താവിക്കുന്നത്. ലോകമൊട്ടുക്കും ആർത്തിഷ്ഇൻഡ്യായിലും വലുതായ മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ പ്രതിദിനം ഒരു നേരത്തെ ആഹാരം കൂടി സിദ്ധിക്കാത്ത സാധുക്കളായ ജനങ്ങളുടെകാര്യം നാം ആലോചിക്കേണ്ടതല്ലേ? അതിനാൽ ഈ ഘട്ടത്തിൽ ഒരു സാമ്പത്തിക സർവ്വെ അത്യാവശ്യമാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. പ്രാധാന്യമേറിയ ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ആദ്യമായിട്ടല്ല നാം ചിന്തിക്കുന്നത്. ശ്രീമൂലം പ്രജാസഭയുടെ പലമേ സമ്മേളനങ്ങളിലും ഈ വിഷയം ഗവണ്മെന്റിന്റെ ഒർമ്മയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ട്. അതിനാൽ പ്രസ്തുത സർവ്വെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്കു ഏതാണ്ടൊക്കെ തോന്നിയിട്ടുണ്ട്, അവരുടെ ധനസ്ഥിതി ശരിപ്പെടുത്തുന്നതിനും അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനും അതിനെ സംരക്ഷിക്കുന്നതിനും അവർ സൗകര്യം നോക്കിക്കൊണ്ടിരിക്കയാണ്. ജനങ്ങളുടെ ആഗ്രഹം അപ്രകാരമിരിക്കെ പ്രസ്തുതവിഷയത്തെസംബന്ധിച്ചിടത്തോളം ഗവണ്മെന്റും ശ്രദ്ധിക്കാത്തതെന്താണ്? അതാണ് ഇപ്പോഴത്തെ അവസ്ഥ, പ്രമേയത്തെ സംബന്ധിച്ചിടത്തോളം ഉദ്യോഗസ്ഥസാമാജികന്മാരെ ഏതെങ്കിലും വിധത്തിൽ അനുകൂലിക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഗവണ്മെന്റിന്റെ പ്രതിനിധിയെന്നുള്ള നിലയിൽ തന്റെ മേധാവിത്വമുള്ള പദങ്ങൾകൊണ്ടും ഭാഷകൾകൊണ്ടുള്ള തന്റെ സാമർത്ഥ്യംകൊണ്ടും മിസ്റ്റർ രംഗസ്വാമി അയ്യങ്കാർ പ്രമേയത്തെ ആക്ഷേപിച്ചു; ഈ സഭ കാമ്പേളുള്ളക്ലാസ്സുപോലെയുള്ള ഒന്നാണെന്നായിരിക്കാം അദ്ദേഹം ഒരുപക്ഷേ വിചാരിച്ചത്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഗവണ്മെന്റുവിഭാഗത്തെ മുഴുവനും മിസ്റ്റർ രംഗസ്വാമി അയ്യങ്കാർ പ്രതിനിധീകരിക്കുന്നുണ്ടോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അന്നു ദിവസം ഗവണ്മെന്റു വിഭാഗം മുഴുവനും അദ്ദേഹം പ്രതിനിധീകരിച്ചു എന്ന് ഞാൻ പറയുന്നില്ല. ഈ സഭ ഒരു കാമ്പേളുക്ലാസ്സെന്നാണ് അദ്ദേഹം വിചാരിച്ചത്, ഏകദേശം ഒരു മണിക്കൂറോളം അദ്ദേഹം പ്രസംഗിച്ചു, എന്നാൽ യാതൊരു ഫലവുമുണ്ടായില്ല. അദ്ദേഹത്തിന്റെ വിലമേറിയ പ്രസംഗത്തിൽനിന്ന് നമുക്കെന്താണ് സിദ്ധിച്ചത്? തിരുവിതാംകൂറിലെ ഓരോ ദുഃഖവും കഷ്ടതയും അനുഭവിക്കുന്ന ജനങ്ങളുടെ ഭാഗ്യശ്രേയസ്സിനുതകുന്നതായ യാതൊരു സംഗതിയും അതിൽ അടങ്ങിയിട്ടുണ്ടായിരുന്നില്ല. ശക്തിമത്തായ അദ്ദേഹത്തിന്റെ പ്രസംഗത്തിലൊ ഗവണ്മെന്റിനെ അനുകൂലിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ സമാധാനത്തിലൊ കാര്യഭാഗമായി യാതൊന്നുംതന്നെ അടങ്ങിയിരുന്നില്ല. ഒരു സാമ്പത്തിക സർവ്വെ നടത്തുന്നതിലേക്കു അനേകലക്ഷം പണം വ്യയംചെയ്യേണ്ടിവരുമെന്നും അതിലേക്കു ദീർഘകാലം ആവശ്യമുണ്ടെന്നും പറഞ്ഞു ഈ സഭയെ ഭയപ്പെടുത്താൻ അദ്ദേഹം ശ്രമിക്കയുണ്ടായി. അതിലേക്കു വളരെ ദ്രവ്യം ആവശ്യം നേരിട്ടുകയോ പൂർത്തിയാക്കുന്നതിന് ദീർഘകാലം വേണ്ടിവരികയൊ ചെയ്യുന്നതിൽ യാതൊരു വിരോധവുമില്ല. ജനങ്ങളുടെ ധനസ്ഥിതിയിൽ അഭിവൃദ്ധിയുണ്ടാകണമെന്നുമാത്രമെ ഞങ്ങൾ ആഗ്രഹിക്കുന്നുള്ളു. ഒരു ഹൈസ്കൂൾ പണിപൂർത്തിക്കുന്നതിന് രണ്ടോ മൂന്നോ ലക്ഷം രൂപയും അകസാമാനങ്ങൾക്കായി പതിനാറായിരം രൂപയും ചിലവാക്കുന്നതിന് ഒരുപക്ഷം ഗവണ്മെന്റു തയ്യാറാണെന്നു വരേക്കാം. എന്നാൽ തിരുവിതാംകൂർ ചെറുതരമാരെ പൊതുവിൽ ബാധിക്കുന്ന പ്രാധാന്യമുള്ള ഏതെങ്കിലുമൊരു വിഷയത്തിൽ വാഗ്വിതർക്കത്തിനിടയാകുമ്പോൾ അതിലേക്ക് വളരെ പണം ചിലവാക്കുമെന്നുള്ള ആക്ഷേപം പുറപ്പെടുവിക്കുന്നു. ആ വിധമുള്ള ആക്ഷേപങ്ങളൊന്നും അനുവദിക്കരുതെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം സഭയിലെ അനുദ്യോഗസാമാജികന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. ഇതു് വിദ്യാർത്ഥികൾ പങ്കുകൊള്ളുന്ന ഒരു സഭയാണെന്നാണ് ഉദ്യോഗസ്ഥമെമ്പർമാർ വിചാരിക്കുന്നത്. എന്നാൽ ഈ സഭയിലെ അനുദ്യോഗസ്ഥമെമ്പർമാർ തിരുവിതാംകൂർജനങ്ങളുടെ പ്രതിനിധികളാണ്. അവർ തിരുവിതാംകൂർ സംസ്ഥാനത്തിലെ ഉൾനാടുകളിലും മററും അധിവസിക്കുന്നവരാണ്, സംസ്ഥാനത്തിന്റെ ശരിയായിട്ടുള്ള ഭരണത്തിന് ഉത്തരവാദികളായ പ്രസ്തുത ഉദ്യോഗസ്ഥന്മാർക്കു ജനങ്ങളുടെ യഥാർത്ഥമായ ആവശ്യങ്ങളേയും അവരുടെ കഷ്ടതകളേയും ബുദ്ധിമുട്ടുകളേയുംപ്പററി ഏകദേശത്തിൽ മനസ്സിലാകുന്നില്ല. ഉദ്യോഗസ്ഥന്മാർ ജനങ്ങൾക്കു വേണ്ടിയല്ല, എന്നാൽ ഉദ്യോഗസ്ഥന്മാർക്കുവേണ്ടിയാണ് ജനങ്ങൾ ജീവിക്കുന്നു എന്നാണ് അവർ വിചാരിച്ചുപോരുന്നത്. ഡാക്ടർ കുഞ്ഞൻപിള്ളയെ പോലുള്ള ചുമതലയേറിയ ഉദ്യോഗസ്ഥന്മാർക്കുംഈ വിഷയത്തെപ്പററി പ്രത്യേകത്തിയുള്ളവർക്കും തൊഴിൽസംബന്ധമായ വിഷയത്തെപ്പററി അഭിരുചി

യുള്ള മിസ്റ്റർ ലാംബോർഡിനും ഈ സംബന്ധമായി എന്തഭിപ്രായമാണ്ള്ളതെന്ന് അറിയാം. നമ്മുടെ ആഗ്രഹിക്കുന്നതുകൊണ്ട് സഭയുടെ വിലയേറിയ സമയം വ്യയം ചെയ്യണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. അതിനാൽ ഇപ്പോൾ സഭയുടെ ആലോചനയിലിരിക്കുന്ന പ്രമേയത്തെ ബലമായി പിന്താങ്ങിക്കൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): സാമ്പത്തികസർവ്വേ നടത്തണമെന്നുള്ള മിസ്റ്റർ ആശാന്റെ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങിക്കൊള്ളുന്നു. ജനങ്ങളുടെ സാമ്പത്തികമായ യഥാർത്ഥസ്ഥിതി മനസ്സിലാക്കണം; അവിടെ നന്നാക്കുന്നുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം; ഇതാണ് ഈ പ്രമേയംകൊണ്ടുദ്ദേശിക്കുന്നത്. ജനങ്ങളുടെ സാമ്പത്തികസ്ഥിതി വളരെ ഉൽകൃഷ്ടമെന്നാണ് ഗവർണ്മെന്റ് ധരിച്ചിട്ടുള്ളതെന്നുതോന്നുന്നു. ഗവർണ്മെന്റും ജനങ്ങളും യഥാർത്ഥം മനസ്സിലാക്കുന്നതുകൊണ്ടു വളരെ ഗുണമുണ്ടാകുന്നുണ്ട്. പ്രതിപക്ഷം ഗവർണ്മെന്റിന്റെ സാമ്പത്തികനയം വർദ്ധനമാകണമെന്ന് ഗവർണ്മെന്റിൽനിന്നും ബഹുമര്യാദയോടെ പ്രസ്താവിക്കാറുണ്ട്. അതുകേട്ടാൽ രാജ്യത്തെ പൊതു സാമ്പത്തികാവസ്ഥ ആശാസ്യമാണെന്നും ജനങ്ങളുടെ സ്ഥിതി സാമ്പത്തികമായി നാൾക്കുനാൾ ഉയർന്നുകൊണ്ടിരിക്കുന്നു എന്നും തോന്നും. എന്നാൽ ജനങ്ങളുടെ അവസ്ഥ അവരുടെ പ്രതിനിധികളായ ഞങ്ങൾക്കു നല്ലവണ്ണം അറിയാം. പൊതുവിൽ ജനങ്ങളുടെ ഐശ്വര്യം ക്ഷയിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ ഐശ്വര്യത്തിൽ അധോഗതിയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളുടെ പെടലിയിൽ പുതിയ പുതിയ നികുതികൾ ചുമത്തിയും പഴയ നികുതികളുടെ നിരക്ക് വർദ്ധിപ്പിച്ചും ഗവർണ്മെന്റ് കേശം പേക്ഷിപ്പിക്കുന്നുണ്ട്. അതുകൊണ്ടാണ് ആണ്ടുതോറും വമ്പിച്ചതുക ബഡ്ജറ്റിൽ പുരവുകാണിക്കുവാൻ കഴിയുന്നത്.

ഇവിടത്തെ ജനങ്ങളുടെ പ്രധാനതൊഴിൽ കൃഷിയാണല്ലോ. കൃഷിമാത്രംകൊണ്ട് ഉപജീവനം കഴിച്ചുവരുന്ന ഈ രാജ്യത്തു ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ചു കൃഷിസ്ഥലം വർദ്ധിപ്പിക്കുന്നതിന് മാർഗ്ഗമില്ലാത്തതിനാൽ നാൾക്കുനാൾ ജനങ്ങൾ ദാരിദ്ര്യത്തിൽ ആണ്ടുപോകുന്നു. ഈ സ്ഥിതിയെപ്പററി ആവർത്തിച്ചു പറയുകയും നിവൃത്തിമാർഗ്ഗം ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടും ഗവർണ്മെന്റ് അതിൽ ശ്രദ്ധിക്കുന്നില്ല. ആദായനികുതി മുൻപുണ്ടായിരുന്നില്ല; അതേർപ്പെടുത്തി. ആദായനികുതി ഒരുവിധം ധനവാന്മാരെമാത്രമെ ബാധിക്കുകയുള്ളു എന്നു സമാധാനപ്പെടാം. എന്നാൽ ഓർത്തുമാക്കാ ഫാറം അയച്ചും കുണക്കപിരുത്തിയും ബുദ്ധിമുട്ടുണ്ടാകുന്നു. രജിസ്റ്റർഫീസ്, മുദ്രവില, കോർട്ടുഫീസ് ഇവകളും അടുത്തകാലത്തു വർദ്ധിപ്പിച്ചിരിക്കുന്നു. ഇങ്ങനെയുള്ള വമ്പിച്ച നികുതികൊടുക്കുന്നതിന് ജനങ്ങൾ അശക്തരാണ്.

അദ്ദേഹ്യോഗസ്ഥഭാഗം ഇതെല്ലാം മനസ്സിലാക്കീട്ടാണ് പറയുന്നത്. യഥാർത്ഥമറിയുവാൻ ഉദ്യോഗസ്ഥന്മാർ പ്രാപ്തന്മാരല്ല. അതുകൊണ്ടു കാർഷികമായ സങ്കടങ്ങളെപ്പററിയുള്ള രോദനം കേവലം വനരോദനം ആയിത്തീരുന്നു. ജനങ്ങളുടെ യഥാർത്ഥസ്ഥിതി മനസ്സിലാക്കാൻ ഒരു എക്കണാമിക്ക് സർവ്വേകൊണ്ടുകഴിയും. ജനങ്ങൾ സാമ്പത്തികാവസ്ഥയിൽ എന്തുമാത്രം അധഃപതിച്ചിരിക്കുന്നു, അവരുടെ കഷ്ടതകളെ പരിഹരിക്കാൻ ഉള്ള മാർഗ്ഗങ്ങൾ എന്തെല്ലാം എന്നും മററും അറിയുന്നതിനു ഇതു ശരിയായ മാർഗ്ഗമാണ്. ഞങ്ങൾ ഓരോന്നു പറയുമ്പോൾ ഞങ്ങൾക്കു ശാസ്ത്രവൈദഗ്ദ്ധ്യം പോരാ എന്നും ഞങ്ങൾപറയുന്നതു് സ്വീകരിക്കുന്നതു് ആപത്കരമാണെന്നും ഉദ്യോഗസ്ഥഭാഗത്തുനിന്നും പറയാറുണ്ട്. എന്നാൽ ഞങ്ങൾക്കു ശാസ്ത്രീയജ്ഞാനം കുറവായാലും പ്രായോഗികജ്ഞാനമുണ്ട്. അതു സമ്മതിച്ചേ കഴിയൂ. കൃഷിയിൽ ഞങ്ങൾക്കുള്ള അനുഭവം ഉദ്യോഗസ്ഥന്മാർക്കാർക്കുതന്നെയില്ല. കൃഷിക്കു ജലവിതരണസൌകര്യം കൂടുതലായി ഉണ്ടാക്കണം. കൃഷിചെയ്യുന്നതിന് സ്ഥലം വർദ്ധിപ്പിക്കണ്ടിരിക്കുന്നതിനാൽ റിസർവിലെ ചതുപ്പുനിലങ്ങൾ കൃഷിക്കായി വിട്ടുതരണം. ഉൾനാട്ടിലെ കൃഷിസ്ഥലങ്ങളിലേക്കു മോട്ടോർവണ്ടി കൃഷിക്കാരുടെ ബുദ്ധിമുട്ടിനെ കുറച്ചുതരണം. ഇപ്രകാരം ഞങ്ങൾ പറയുന്ന അത്യാവശ്യമായ സംഗതികളെ വിസ്മരിച്ചുകളയുന്നു. ആഹാരംകഴിച്ചുവക്ക എലക്ട്രിക്ക്വിളക്കിനും ജലവിതരണത്തിനും റെയിൽവേക്കുംവേണ്ടി അനാവശ്യപണം ചിലവാക്കുന്നു. അതു വേണ്ടാ എന്നു പറയുന്നില്ല, അവരോടൊപ്പം കർഷകന്മാരുടെ ആവശ്യങ്ങളും നിർവ്വഹിക്കണം.

ഇവിടെ കൃഷിയല്ലാതെ മററൊരുതൊഴിലും സാരമായ അഭിവൃദ്ധിവരുത്താൻ സാധിക്കയില്ല. വ്യവസായം അഭിവൃദ്ധിപ്പെടുകയില്ല കച്ചവടം അഭിവൃദ്ധിപ്പെടുകയില്ല വിദേശങ്ങളിൽനിന്നും ധാരാളം മൂലധനം മുടക്കീട്ടുള്ള കമ്പനിക്കാരാൽ ഉണ്ടാക്കപ്പെടുന്ന പകിട്ടുള്ള സാധനങ്ങൾ ഇവിടെ ചുരുങ്ങിയവിലക്കു കിട്ടിക്കൊണ്ടിരിക്കുമ്പോൾ ഇവിടത്തെ വാണിജ്യവും വ്യവസായവും എങ്ങിനെ അഭിവൃദ്ധിപ്പെടും. പുറത്തുനിന്നു വരുന്ന സാധനങ്ങളെ പലിയനികുതി ചുമത്തി നിയന്ത്രിക്കണം. ജപ്പാൻ മുതലായ രാജ്യങ്ങൾ ഇങ്ങനെയാണ് അഭിവൃദ്ധിപ്പെട്ടിട്ടുള്ളതു്. അതിവിടെ സാധിക്കയില്ല. ഇവിടത്തെ പ്രധാന വ്യവസായം കൃഷിയാണ്. കൃഷിയിൽനിന്നും ഉണ്ടാകുന്ന ഉത്പന്നങ്ങൾ മാത്രമാണ് ഇവിടത്തെ കയററുമതി കൃഷിക്കാരുടെ സങ്കടങ്ങളെ എത്രകയല്ലാം ആവർത്തിച്ചു പറഞ്ഞാലും ഗവർണ്മെന്റു വകവയ്ക്കുന്നില്ല. ഇവിടത്തെ ഉദ്യോഗസ്ഥമണ്ഡലം പ്രായേണ കൃഷിക്കാരുടെ ഇടയിൽനിന്നുള്ളതല്ല. അവർ സമർത്ഥന്മാർതന്നെ. എന്നാൽ കാർഷികമായ പരിതസ്ഥിതിയിലൊ വാസനയിലൊ ജനിച്ചവർ അവരിൽ കുറവാണ്. ഇതു് ശ്രീവാഴുകോടാണ്, പണ്ടു് ഐശ്വര്യമുള്ള ഒരു രാജ്യമായിരുന്നതുകൊണ്ടാണ് ശ്രീവാഴുകോട്ട എന്ന് നാമകരണം ചെയ്യപ്പെട്ടിട്ടുള്ളതു്, എന്നാൽ ഇപ്പോൾ അതു് ശരിയല്ല. വാസ്തവത്തിൽ കൃഷിചെയ്യുന്നവർക്ക് വസ്ത്രങ്ങളില്ലാതെ എത്രയെത്ര ആളുകളാണ് ഈ രാജ്യത്തുള്ളതു്? കൃഷി ചെയ്യാത്ത എത്ര യുവക്കന്മാരാണ് കഷ്ടതയും ദാരിദ്ര്യവും അനുഭവിച്ചുകഴിഞ്ഞുകൂടുന്നതു്? നാട്ടിൻപുറങ്ങളിൽ എത്ര പേർ പട്ടിണികൊണ്ടും പാർപ്പാൻ വീടില്ലാതെയും കഴിച്ചുകൂട്ടുന്നു. ഇതു് സുഖമായി കഴിയുന്ന ഉദ്യോഗസ്ഥന്മാർക്കു അറിയാൻസാധിക്കയില്ല. അതവരുടെ തെററല്ല. പരിതസ്ഥിതിഭേദമാണ്. അതുകൊണ്ട് ഇങ്ങിനെ ഒരു സർവ്വേ നടത്തി ആളുകളുടെ സാമ്പത്തികസ്ഥിതി അറിഞ്ഞു് അതിനെ അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ട മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു് പ്രവർത്തിക്കണം. ഈ അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ ശക്തിയായി പിൻതാങ്ങിക്കൊള്ളുന്നു.

രാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സർ, ഈ പ്രമേയം സംബന്ധമായ വാഗ്പ്രതിവാദത്തിൽ പങ്കുകൊള്ളണമെന്ന് ഞാൻ ഉദ്ദേശിച്ചിരുന്നില്ല. എന്നാൽ എന്റെ

അസ്സഹിതന്മാരായ അനുദ്യോഗസ്ഥസാമാജികന്മാരിൽ ഏതാനുംപേർക്ക് ഈ വിഷയത്തെപ്പററിയുള്ള എന്റെ അഭിപ്രായം എന്താണെന്ന് അറിയുന്നതിന് ആഗ്രഹമുണ്ട്; അതിനാൽ എന്റെ അഭിപ്രായമെന്താണെന്ന് പ്രസ്താവിക്കാതിരിക്കുന്നതു് ന്യായമല്ലെന്നു ഞാൻ വിചാരിക്കുന്നു.

സർ, സംസ്ഥാനത്തിന്റെ ഒരു സാമ്പത്തിക സർവ്വേ നടത്തേണ്ടതു് ആശാസ്യകരമാണെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം യാതൊരാൾക്കും അഭിപ്രായവ്യത്യാസമില്ല. ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരായ ഈ സഭയിലെ എല്ലാ മെമ്പറന്മാർക്കും——ഇതിനെപ്പററി മിസ്റ്റർ രംഗസ്വാമി അയ്യങ്കാർ വ്യക്തമായി പ്രസ്താവിച്ചു എന്നാണ് ഞാൻ വിചാരിക്കുന്നതു്——പ്രസ്തുത സർവ്വേയുടെ പ്രാധാന്യത്തെക്കുറിച്ചു അറിവുള്ളതാകുന്നു. ഗവണ്മെന്റിനും——ഗവണ്മെന്റിന് വേണ്ടിയല്ല ഞാൻ സംസാരിക്കുന്നതെങ്കിലും ഗവണ്മെന്റും എന്നു പ്രസ്താവിക്കുന്നതിൽ തെററില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്—സംസ്ഥാനത്തിന്റെ ഒരു സാമ്പത്തിക സർവ്വേ നടത്തേണ്ടതിന്റെ പ്രാധാന്യത്തേയും ആവശ്യകതയേയും കുറിച്ചു അറിവുള്ളതാകുന്നു. സംസ്ഥാനത്തിൽ കാർഷികമായും വ്യാവസായികമായും ഒരു സർവ്വേ നടത്തുന്നതിന് ഗ്ലൻ ഒ ലൊ മററാ ആണ് സംസ്ഥാനത്തിലെ ഉദ്യോഗസ്ഥന്മാരെ അധികാരപ്പെടുത്തി ഗവണ്മെന്റ് ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു്. വാസ്തവത്തിൽ ഗവണ്മെന്റ് ഉദ്ദേശിച്ചിരുന്നതു് ഒരു സാമ്പത്തിക സർവ്വേയാണ്. അതിലേക്കനിയമിതരായ ഉദ്യോഗസ്ഥന്മാർ സമയക്കുറവ് കൊണ്ടു യാതൊന്നും പ്രവൃത്തിച്ചില്ല.

ഡെപ്യൂട്ടി പ്രസിഡൻറ്: അതു ഡാക്ടർ ബ്ലക്കുടെ സർവ്വേയാണോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അല്ല. സർ, ഗ്ലൻ ഒ.ലാണ് ആദ്യത്തെ ഗവണ്മെന്റുത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതു്, അതു സംബന്ധമായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ ഒരാൾ മിസ്റ്റർ രംഗസ്വാമി അയ്യങ്കാരായിരുന്നു എന്നാണ് ഞാൻ ഓർമ്മിക്കുന്നതു്.

റാവു ബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): അതു സംബന്ധമായി ഞാൻ അല്പം പ്രസ്താവിച്ചു കൊള്ളട്ടെ. മൂന്നുമാസത്തിനകം ആ സർവ്വേ നടത്തിക്കൊള്ളണമെന്നു ഗവണ്മെന്റു ഞങ്ങളെ ആജ്ഞാപിച്ചു.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): സർ, ഇതു സംബന്ധമായി ഗ്ലൻ ഒ-ൽ തന്നെ ഗവണ്മെന്റിൽ നിന്നും ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു എന്നു മാത്രമേ ഞാൻ പ്രസ്താവിച്ചൊള്ളു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): അപ്പോൾ പ്രജാസഭയിൽ ദിവാൻ വാഗ്ദാനം ചെയ്തതിനുണ്ടായ സർവ്വേയുടെ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തിയോ എന്നു മെമ്പർ പ്രസ്താവിക്കുമോ?

റാവുസാഹിബ് ഡാക്ടർ എൻ, കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): എനിക്കറിവില്ല. റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തിക്കൊള്ളാമെന്നു ദിവാൻ വാഗ്ദാനം ചെയ്തിരുന്നോ എന്നു എനിക്കറിവില്ല.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്). പ്രജാസഭ നടപടികളെ മെമ്പർ വായിച്ചു നോക്കുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ). അപ്രകാരം ഞാൻ പ്രവർത്തിക്കാം. അപ്രകാരം അതിൽ പറഞ്ഞിരിക്കാം.

ഒരു സാമ്പത്തിക സർവ്വേ നടത്തപ്പെടേണ്ട പ്രാധാന്യത്തെപ്പററി ഗവണ്മെന്റിന് തന്നെ അറിയാമെന്നും അതിലേക്ക് ഗ്ലൻ ഒ-ൽ തന്നെ ഗവണ്മെന്റു വേണ്ട നടപടി നടത്തിയിട്ടുണ്ടായിരുന്നു എന്നുമാണ് ഏവർക്കു പ്രസ്താവിക്കാനുള്ളതു്. ഒരു സാമ്പത്തിക സർവ്വേ നടത്തേണ്ടതു് ആവശ്യമാണെന്നു്, അല്ലെങ്കിൽ ആശാസ്യകരമാണെന്നു ഈ സഭയിലെ അനുദ്യോഗസ്ഥമെമ്പറന്മാർ വിചാരിക്കുന്നതു പോലെ ഗവണ്മെന്റും വിചാരിക്കുന്നുണ്ടെന്നും ഗവൺമെൻറിന്റെ ആഗ്രഹത്തെ അടിസ്ഥാനപ്പെടുത്തിയാണ് പ്രമേയത്തിൽ അല്പമായ ഭേദഗതി ഞാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും മിസ്റ്റർ രംഗസ്വാമി അയ്യങ്കാരുടെ ഇന്നത്തെ പ്രസംഗത്തിൽ നിന്നും നിങ്ങൾക്കു മനസ്സിലാക്കിയിരിക്കാവുന്നതല്ലോ, ധനപരിപോഷണബോർഡിൽ നിന്നും ചെയ്ത ശുപാർശയെ സംബന്ധിച്ചിടത്തോളം വളരെ കാര്യങ്ങൾ പ്രസ്താവിച്ചു കഴിഞ്ഞു. നിർഭാഗ്യവശാൽ ഞാനാണ് ബോർഡിന്റെ അദ്ധ്യക്ഷൻ. ഏഴു പ്രത്യേക ഗ്രാമങ്ങളിൽ ഒരു സാമ്പത്തിക സർവ്വേ നടത്തപ്പെടേണ്ട ആശാസ്യകതയെ ഗവൺമെന്റിനെ അറിയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ബോർഡിൽ നിന്നും ശുപാർശ ചെയ്തിട്ടുള്ളതു മാത്രമേ ഉണ്ടായിരുന്നുള്ളൂ.

മി: മാത്തുമുരിയ്ക്കൻ (വൈക്കം): "പ്രത്യേക" ഗ്രാമങ്ങൾ എന്നാൽ എന്താണെന്ന് മെമ്പർ ദയവുണ്ടായി പ്രസ്താവിക്കുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അതിലേക്ക് ഞാൻ നൽകുന്ന അർത്ഥം എന്താണെന്ന് ഉടൻഞാൻ പ്രസ്താവിക്കാം. മിസ്റ്റർ രംഗസ്വാമിഅയ്യങ്കാരുടെ ഭേദഗതിയെപ്പററിയാണ് ഞാനിപ്പോൾ സംസാരിക്കുന്നതു്. അദ്ദേഹത്തിന്റെ ഭേദഗതിയും ബോർഡിന്റെ ശുപാർശയും ഏകദേശം ഒന്നുതന്നെയാണ്. സംസ്ഥാനത്തിലുള്ള ഏഴു പ്രത്യേകഗ്രാമങ്ങളിൽ സർവ്വെനടത്തണമെന്ന് ബോർഡിൽ നിന്നും നിർദ്ദേശിച്ചു. "ഒരു" എന്നപദത്തിനുപകരം "ൽ" എന്നു ഭേദപ്പെടുത്തുന്നതായാൽ പ്രമേയം സ്വീകരിക്കുന്നതിനു ഗവണ്മെന്റു തയ്യാറാകുന്നു് മിസ്റ്റർ രംഗസ്വാമി അയ്യങ്കാർ പ്രസ്താവിച്ചു. സംസ്ഥാനത്തിലെ ഏതാനും ഗ്രാമങ്ങളിൽ ഒരു സാമ്പത്തിക സർവ്വേ നടത്തുന്നതിന് ഗവണ്മെന്റു തയ്യാറാണെന്നുള്ള സംഗതിയാണ് ഭേദഗതിയിൽ അടങ്ങിയിരിക്കുന്നതു്. "സംസ്ഥാനത്തിന്റെ" എന്നപദം ഉപയോഗിക്കുന്നതായാൽ സംസ്ഥാനം മുഴുവനും ഒരു സർവ്വെനടത്തിക്കൊള്ളാമെന്നുള്ള കരാറിൽ ഗവണ്മെന്റു ഉൾപ്പെട്ടുപോകുന്നതാണ്. അതിപ്പോൾ പ്രയോഗികമല്ല; എന്നാൽ ഏതാനും ഗ്രാമങ്ങളിൽ സർവ്വെനടത്തുന്നതിന് ഗവണ്മെന്റു തയ്യാറാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു് എപ്പോഴെങ്കിലും സ്വീകാര്യമാണോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മെംബർ പറയുന്നതു കേൾക്കാൻ സാധിക്കുന്നില്ല.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തൽക്കാലം അതു് അസാദ്ധ്യമാണെന്ന് കൃഷിമത്സ്യവ്യവസായ ഡയറക്ടർ ഇപ്പോൾ പ്രസ്താവിച്ചു. അതു് എപ്പോഴെങ്കിലും സാദ്ധ്യമാകണോ എന്നാണ് ഞാൻ ചോദിക്കുന്നതു്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ധനപരിപോഷണബോർഡിൽ നിന്നും ചെയ്ത ഗ്രൂപ്പാർശയും മിസ്റ്റർ രംഗസ്വാമിഅയ്യങ്കാർ നിർദ്ദേശിക്കുന്ന ഭേദഗതിയും തമ്മിൽ പരസ്പരവിരുദ്ധമല്ലെന്നു തെളിയിക്കുന്നതിനാണ് ഞാൻ ശ്രമിക്കുന്നതു്.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എപ്പോഴെങ്കിലും സർവ്വെ നടത്തുന്നതിനു സാധിക്കുന്നതാണൊ എന്നാണ് ഞാൻ ചോദിക്കുന്നതു്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ആ വിഷയത്തെപ്പററി പിന്നീടു ഞാൻ പ്രതിപാദിക്കാം.

ബോർഡിൽ നിന്നും അയച്ചിട്ടുള്ള ഗ്രൂപ്പാർശയും മിസ്റ്റർ രംഗസ്വാമി അയ്യങ്കാർ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നാണ് എനിക്കിപ്പോൾ പ്രസ്താവിക്കേണ്ടതായിട്ടുള്ളതു്. പ്രസ്തുത ഭേദഗതി സ്വീകരിക്കപ്പെടുന്ന പക്ഷം ബോർഡിന്റെ ഗ്രൂപ്പാർശയെ സംസ്വീകരിക്കയാണ് ചെയ്യുന്നതു് ഇതാണ് ഉന്നാമതായി എനിക്കു പ്രസ്താവിക്കാനുള്ളതു്.

ബോർഡിൽ നിന്നും സമർപ്പിച്ച ഗ്രൂപ്പാർശയ്ക്കു കിട്ടിയമറുപടി എഴുത്തു് മിസ്റ്റർ രംഗസ്വാമി അയ്യങ്കാർ വായിക്കയുണ്ടായി. പ്രസ്തുത മറുപടിയെപ്പററി ബോർഡു ചിന്തിച്ചു; ഇതിനും പുറമെ മിസ്ററർ രംഗസ്വാമി അയ്യങ്കാർ പുറപ്പെടുവിച്ചിട്ടുള്ള വാദങ്ങളെ സംബന്ധിച്ചിടത്തോളം അവ തൃപ്തികരമായി ബോർഡിനു തോന്നിയിട്ടില്ലെന്നും, അതിനാൽ ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഒരു അവസാന തീർച്ചയുണ്ടാക്കുന്നതിനു മുൻപായി മററു ധനശാസ്ത്ര വിദഗ്ദ്ധന്മാരുടെ അഭിപ്രായം കൂടി അറിയുന്നതു് നന്നായിരിക്കുമെന്നും വേറൊരു പ്രമേയവും പാസ്സാക്കി അയച്ചിരുന്നു. ഇതിനെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിന്റെ അവസാന ഉത്തരവുകൾ ബോർഡിനു ലഭിച്ചിട്ടുള്ളതാകുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സംസ്ഥാനമൊട്ടുക്ക് ഒരു സാമ്പത്തികസർവ്വെ നടത്തിയാൽ അതുകൊണ്ടു സിദ്ധിക്കാവുന്ന ഗുണങ്ങളെല്ലാം അപ്രകാരമുള്ള ഒരു സർവ്വെ ഏതു പ്രത്യേകഗ്രാമങ്ങളിൽ നടത്തപ്പെടുന്നതിൽ നിന്ന് സിദ്ധിക്കുന്നതാണൊ?

റാവുബഹദൂർ ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഞങ്ങൾ തിരഞ്ഞെടുത്തിട്ടുള്ള ഗ്രാമങ്ങൾ മാതൃഗ്രാമങ്ങളാണ്. ഒന്നു തെക്കൻ തിരുവിതാംകൂറിലും, വേറൊന്ന് തിരുവനന്തപുരത്തും, മൂന്നാമത്തേതു് കുട്ടനാട്ടിലും ഇങ്ങിനെ പല സ്ഥലങ്ങളിലുമാണ് അവ സ്ഥിതിചെയ്യുന്നതു്. ഓരോ ഗ്രാമത്തിലും ധാരാളം വീടുകളുള്ള ഒന്നോ രണ്ടോ കരകൾ പരിശോധിക്കപ്പെടണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നതു്.

മി: മാത്യുമുരിയ്ക്കൻ (വൈക്കം) "ഗ്രാമം" എന്നപദം സംബന്ധിച്ചല്ല എന്നാൽ "മാതൃക" എന്നപദത്തെ സംബന്ധിച്ചാണ് വൈഷമ്യമുണ്ടായിട്ടിരിക്കുന്നതു്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ) താലൂക്കുസ്ഥിതികളെ ഒക്കാന്തീകരിക്കുന്നഗ്രാമങ്ങൾ തിരഞ്ഞെടുക്കപ്പെടുന്നപക്ഷം മേൽപ്രസ്താവിച്ച ബുദ്ധിമുട്ട് ഉണ്ടാവുകയില്ല. ഇപ്രകാരം തിരുവിതാംകൂറിലെ പലഭാഗങ്ങളിൽനിന്ന് ഏതാനും ഗ്രാമങ്ങൾ തിരഞ്ഞെടുത്തു പരിശോധിക്കപ്പെടുന്ന പക്ഷം സംസ്ഥാനത്തിലുള്ള ജനങ്ങളുടെ സാമ്പത്തികസ്ഥിതിയെപ്പററി ഏതാണ്ടൊരു അറിവ് നമുക്കുലഭിക്കുന്നതാണ്. അതിനുശേഷം മററുഗ്രാമങ്ങളേയും നമുക്ക് പരിശോധിക്കാവുന്നതാണ്. ഇങ്ങിനെകുറെ ഗ്രാമങ്ങളെ സംബന്ധിച്ചിടത്തോളം വേണ്ടവിവരങ്ങൾ അന്വേഷിച്ചറിഞ്ഞതിനുശേഷം നമുക്ക് അഭിപ്രായങ്ങൾ പുറപ്പെടുവിക്കാമെന്നുള്ളതാണ്. ഇപ്പോൾ നമുക്ക് എന്തെങ്കിലും ആരംഭിക്കാം. ബോർഡു് തിരഞ്ഞെടുത്തിട്ടുള്ള ഗ്രാമങ്ങളുടെ മാതൃകാഗ്രാമങ്ങളായിവിദഗ്ദ്ധന്മാർ കരുതുന്നതാ ഇല്ലയൊ എന്ന് എനിക്കറിയാൻ നിവൃത്തിയില്ല. എന്നാൽ ഈ മാതൃകയുമായിട്ടുള്ള എന്റെ പരിചയത്തെ അടിസ്ഥാനപ്പെടുത്തിനോക്കുമ്പോൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗ്രാമങ്ങൾ മാതൃകഗ്രാമങ്ങളാണെന്ന് എനിക്കുതോന്നുന്നു.

മി: മാത്യു മുരിയ്ക്കൻ (വൈക്കം): ഗ്രാമങ്ങൾ ഏതെല്ലാമാണെന്ന് മെംബർ പ്രസ്താവിക്കുമൊ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അവയുടെ പേരുകൾ ഞാൻ ഓർക്കുന്നില്ല.

റാവു ബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (അ: വിദ്യുദ്യോഗസ്ഥഡയറക്ടർ): അവയുടെ പേരുവിവരം ഞാൻ പ്രസ്താവിക്കാം.

ഡെപ്യൂട്ടിപ്രസിഡണ്ടു: പ്രസ്തുതഗ്രാമങ്ങൾ മാതൃകാഗ്രാമങ്ങളാണോ എന്നുള്ളതിനെപ്പററി ഒരു അഭിപ്രായം പുറപ്പെടുവിക്കുന്നതല്ലെല്ലാ നമ്മുടെ ഇപ്പോഴത്തെ ജോലി.

മി. മാത്യുമുരിയ്ക്കൻ (വൈക്കം): സർ, അതുസംബന്ധമായ അറിവ് സഭയ്ക്കു കിട്ടുന്നതാണല്ലോ.

ഡെപ്യൂട്ടിപ്രസിഡണ്ടു: വാദമുഖവുമായി യാതൊരു സംബന്ധവുമില്ലെന്നാണ് ഞാൻ പറയുന്നതു്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ബോർഡിൽ പന്ത്രണ്ടു അംഗങ്ങളുണ്ട്. ഞങ്ങൾ തിരഞ്ഞെടുത്തിട്ടുള്ള ഗ്രാമങ്ങളെല്ലാം ആ പ്രദേശങ്ങളിലെ സ്ഥിതികളെ ഒക്കാന്തീകരിക്കുന്ന മാതൃകാഗ്രാമങ്ങളായിട്ടാണ് ഞങ്ങൾക്കു തോന്നിട്ടുള്ളതു്. പ്രസ്തുതഗ്രാമങ്ങൾ മാതൃകാഗ്രാമങ്ങളായാലും ഇല്ലെങ്കിലും അവിടെ ഇപ്പോൾ ഒരു സർവ്വെനടത്തുന്നപക്ഷം പിന്നീടു കൂടുതൽ ഗ്രാമങ്ങൾ പരിശോധിക്കപ്പെടാവുന്നതും അപ്രകാരം കാലക്രമേണ സംസ്ഥാനമൊട്ടുക്ക് സാമ്പത്തികസർവ്വെനടത്താവുന്നതും ആകുന്നു. ആലോചനാവിഷയമായിരിക്കുന്ന ഇപ്പോഴത്തെ പ്രമേയത്തിൽ "ഗൻറ" എന്നതിനു പകരം "ങ" എന്നു ചേർക്കണമെന്നാണ് മി: രംഗസ്വാമിഅയ്യങ്കാർ നിർദ്ദേശിക്കുന്നതു്, ഏതാനം ഗ്രാമങ്ങളിൽ ഒരു സർവ്വേ വകുപ്പിന്റെ നടത്തുമെന്നും

പ്രമേയത്തിൽ ഭേദഗതിവരുത്താതെ അതേമാതിരിതന്നെ അതുസ്വീകരിക്കപ്പെടുന്നപക്ഷം സംസ്ഥാനമൊട്ടുക്കു സർവ്വേനടത്തുന്നതിലേക്കുള്ള ബാദ്ധ്യത ഗവർണ്ണർക്കു വഹിക്കേണ്ടിവരുന്നതാണെന്നുമാണു പ്രസ്തുത ഭേദഗതിയിൽ അന്തർഭവിച്ചിരിക്കുന്ന തത്വം. അപ്രകാരം പ്രവൃത്തിക്കുന്നതിന് ഇപ്പോൾ സാധ്യമല്ലാത്ത പക്ഷം. ഇവയെല്ലാമാണ് ഏതാനും പ്രായോഗികമായ ബുദ്ധിമുട്ടുകൾ.

പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുന്നതിലേക്കുള്ള വിഷമതകൾ എന്തെല്ലാമാണെന്നു പ്രസ്താവിക്കാം. ഈ മാതിരിയുള്ള ഒരു സർവ്വേ ബ്രിട്ടീഷ്ഇൻഡ്യയിൽ നടത്തപ്പെട്ടിട്ടില്ല. ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ഒരു പ്രമേയം ഹാജരാക്കപ്പെടുകയും, ആ അവസരത്തിൽ ഇൻഡ്യാ ഒട്ടുക്ക് ഒരു സാമ്പത്തികസർവ്വേ നടത്തപ്പെടേണ്ടതാവശ്യകതയെപ്പററി അനുഭ്യോഗസ്ഥസാമാജികന്മാർ ബലമായി വാദിക്കയുംചെയ്തു. അതു പ്രായോഗികമല്ലെന്ന് തദവസരത്തിൽ ഗവർണ്ണർക്കു അഭിപ്രായപ്പെടുകയും സർ എം. വിശ്വേശ്വരയ്യായുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മററിയെ നിയമിച്ചു. ഒരു സാമ്പത്തികസർവ്വേ നടത്തപ്പെടുന്നതിനല്ല എന്നാൽ അതുപ്പോഴുണ്ടായിരുന്ന വിവരങ്ങളെയും റിക്കാർഡുകളേയും പരിശോധിക്കുന്നതിനും ആവശ്യമുണ്ടെന്നു കാണുന്നപക്ഷം ഒരു സാമ്പത്തികസർവ്വേ നടത്തുന്നതിലേക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമാണ് പ്രസ്തുത കമ്മററി നിയമിക്കപ്പെട്ടത്. ആ കമ്മററിയുടെ അഭിപ്രായങ്ങൾ എന്തെല്ലാമാണെന്നു നമുക്കറിവുള്ളതാണല്ലോ.

മി: എ. എസ്സ്. മാരോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇൻഡ്യാ ഒട്ടുക്ക് ഒരു സാമ്പത്തികസർവ്വേ നടത്തേണ്ടതാണെന്ന് കമ്മററിക്കാർ ശുപാർശ ചെയ്തിട്ടുണ്ടോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതിനെപ്പററി ഞാൻ പ്രസ്താവിക്കാൻ പോകയാണു.

കമ്മററിക്കാരുടെ റിപ്പോർട്ടു ഞാൻ വായിച്ചുനോക്കിയിട്ടുണ്ട്. ബ്രിട്ടീഷ്ഇൻഡ്യയെ സംബന്ധിച്ചിടത്തോളം രണ്ടുതരം കണക്കുകൾ ശേഖരിക്കേണ്ടതായിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. കൃഷിചെയ്യപ്പെടുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, പലതരം കൃഷികളിലുനിന്നും കിട്ടുന്ന വിളവ്, സാമാനങ്ങളുടെ വിലമുതലായ സാധാരണ സംഗതികളാണ് ഇവയ്ക്കുള്ള ഉദ്ദാഹരണങ്ങൾ. ഇക്കാര്യങ്ങളെ സംബന്ധിച്ചുള്ള കണക്കുകൾ ബ്രിട്ടീഷ്ഇൻഡ്യയിൽ റവന്യൂ സിൽബന്ധികളാൽ ഇപ്പോഴും ശേഖരിക്കപ്പെട്ടുവരുന്നുണ്ട്. ഇവയ്ക്കുപുറമേ, ഗ്രാമങ്ങളിലെ സാമ്പത്തിക സ്ഥിതികളെപ്പററി അന്വേഷണം നടത്തേണ്ടതാണെന്നു കമ്മിററിക്കാർ പ്രസ്താവിച്ചിരിക്കയും, അതിലേയ്ക്കായി ഒരു സ്ഥിരസ്ഥാപനമായ പഞ്ചാബിലെ സാമ്പത്തിക അന്വേഷണബോർഡുപോലെ ഒരു സാമ്പത്തികഅന്വേഷണബോർഡുമായിസംഘടിപ്പിക്കപ്പെട്ട പ്രത്യേക അന്വേഷണഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതാണെന്ന് അവർ ശുപാർശചെയ്യുകയുംചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ പ്രസ്താവിക്കുന്നപക്ഷം പഞ്ചാബിൽ പ്രവൃത്തിച്ചിരിക്കുന്നതിനുള്ളതും മററു പ്രാവിൻസുകളിലും പ്രവൃത്തികൊണ്ടു താണെന്നാണ് കമ്മിററി നിർദ്ദേശിച്ചിരിക്കുന്നത്.

മേൽപ്രസ്താവിച്ച നിർദ്ദേശത്തെ പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുന്നതിനു വേണ്ടിവരുന്ന ചിലവിനെ സംബന്ധിച്ചും വിശ്വേശ്വരയ്യാകമ്മററി പ്രതിപാദിച്ചിട്ടുണ്ട്. ശരിയായ വിധത്തിൽ ഒരു സാമ്പത്തികസർവ്വേ നടത്തപ്പെടണമെങ്കിൽ ജനസംഖ്യയിൽ ആയിരത്തിന് ഇരുപത്തിഅഞ്ചു രൂപാവീതം കൊള്ളുന്നതോതിൽ ആവശ്യമുള്ള ചിലവുണ്ടാകുമെന്നാണ് കമ്മിററി അഭിപ്രായപ്പെട്ടിരിക്കുന്നത്. ഈ നിരക്കനുസരിച്ച് തിരുവിതാംകൂറിൽ ആണ്ടുതോറും ഏകദേശം ഒരു പക്ഷംരൂപ ചിലവാകുന്നതാണ്. സാമ്പത്തികസർവ്വേമൂലം എന്തെങ്കിലും ഫലമുണ്ടാകുന്നതെന്നുണ്ടെങ്കിൽ സംസ്ഥാനത്തിലുള്ള സാമ്പത്തികസ്ഥിതിയെപ്പററി പരിശോധന നടത്തുന്നതിലേക്ക് ഒരു സ്ഥിരമായ സ്ഥാപനം രൂപീകരിക്കപ്പെടേണ്ടതാകുന്നു.

ഞാൻ മുൻപ്രസ്താവിച്ച പ്രായോഗികസംബന്ധമായ ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്ന് ഞാൻ വീണ്ടും പ്രസ്താവിക്കാം. ഒന്നാമതായി ആവശ്യമുള്ള വിവരങ്ങൾ ശേഖരിക്കുന്നതിലേക്കു ഒരു ഏജൻസി നാം രൂപീകരിക്കണം. ബ്രിട്ടീഷ്ഇൻഡ്യയിൽ റവന്യൂഡിപ്പാർട്ടുമെന്റാണ് സാധാരണ കണക്കുകൾ ശേഖരിച്ചുവരുന്നത്. തിരുവിതാംകൂറിൽ ആ ജോലി റവന്യൂഡിപ്പാർട്ടുമെന്റിൽനിന്നും നിർവ്വഹിക്കുന്നില്ല; റവന്യൂസിൽബന്ധികളെക്കൊണ്ട് ഈ കൂടുതൽ ജോലി ചെയ്യിപ്പിക്കുന്നതിന് മിസ്റ്റർ റാബിൻസൺ സമ്മതിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. പ്രസ്താവിച്ചജോലികൂടി നിർവ്വഹിക്കണമെന്ന് റവന്യൂഡിപ്പാർട്ടുമെന്റോടു നാം ആവശ്യപ്പെടുന്നപക്ഷം കൂടുതൽ ഉദ്യോഗസ്ഥന്മാർ വേണമെന്ന് മിസ്റ്റർ റാബിൻസൺ ഉടനെതന്നെ അപേക്ഷിക്കും. ഇതിനുപുറമേ വിശ്വേശ്വരയ്യാകമ്മററിക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനുള്ളതും ജനങ്ങളുടെ സാമ്പത്തികസ്ഥിതിയെ നല്ലതിനുള്ളതും പരിശോധിച്ചറിയുന്നതിലേക്ക് നാം പ്രത്യേകഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതായിട്ടുണ്ട്. ഇതിനെല്ലാം അനേകപക്ഷംരൂപ ചിലവാകുകയും അതിലേക്കുള്ള സിൽബന്ധികളെ കുറെ കൊള്ളക്കൂലിക്കു വച്ചുകൊടുക്കേണ്ടതായും ചെയ്യുന്നതാണ്. വാസ്തവത്തിൽ അതൊരു സ്ഥിരസ്ഥാപനമായ്ത്തീരുന്നതാണ്. ആവശ്യമുള്ള പണം സമ്പാദിക്കുന്നപക്ഷം ഈ വിഷയത്തെപ്പററി ആലോചിക്കുന്നതിനും പ്രത്യേകപരിശീലനം ഉള്ളോഗസ്ഥന്മാരെ നിയമിക്കുന്നതിനും ഗവർണ്ണർക്കു തയ്യാറായേക്കാം. സമ്പാദിക്കുന്നപക്ഷം ഒരു സാമ്പത്തികസർവ്വേ നടത്തപ്പെടേണ്ട വിഷയത്തെപ്പററി ഗവർണ്ണർക്കു ചിന്തിക്കുമായിരിക്കാമെന്നുമാത്രമേ ഞാൻ പ്രസ്താവിക്കുന്നുള്ളൂ.

ഇനിയും വേറൊരു ബുദ്ധിമുട്ടുണ്ട്. വിശ്വസിക്കത്തക്കതായ വിവരങ്ങൾ ലഭിക്കണമെന്നുണ്ടെങ്കിൽ അവയെ നൽകാൻ ജനങ്ങളെ നിർബന്ധിക്കണം. കണക്കുകൾ ശേഖരിക്കുന്നതു സംബന്ധിച്ച് അല്പം അനുഭവപ്പെട്ട ഒരാളാണ് ഞാൻ. മുക്കുവന്മാരുടെ ഒരു ഗ്രാമത്തിൽ ഒരിക്കൽ ഞാൻ പോകയും അവരുടെ ആദായത്തെപ്പററി അന്വേഷിക്കയുംചെയ്തുകൂടുണ്ടായി. നികുതിചുമത്തപ്പെടുമെന്ന ഭയത്തിനു യഥാർത്ഥമായ കണക്കുകൾ അവർ എനിക്കു നൽകിയില്ല. അതിനാൽ യഥാർത്ഥമായ കണക്കുകൾ നൽകുന്നതിന് ജനങ്ങളെ നിർബന്ധിക്കുന്നതായ നിയമം ഇല്ലെങ്കിൽ വാസ്തവവിവരങ്ങൾ ശേഖരിക്കുന്നതിനു സാധ്യമല്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ: വിദ്യാഭ്യാസഡയറക്ടർ): നിയമമുണ്ടായിരുന്നാൽപോലും വാസ്തവവിവരങ്ങൾ നൽകുന്നതിനു ജനങ്ങൾ ബാദ്ധ്യസ്ഥന്മാരാകുന്നുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതിലേക്കു നിയമമില്ലെങ്കിൽ ശരിയായ കണക്കുകൾ അവർ നൽകുന്നതല്ലെന്ന് എനിക്കു തീർച്ചയുണ്ട്. നിയമമുള്ളപക്ഷം അ

വരുടെ പക്കൽനിന്നും ശരിയായ വിവരം അറിയുന്നതിലേക്ക് നമുക്ക് ശ്രമിക്കാമെന്നുള്ളതാണ് ഇവയെല്ലാം മാണ് വിപുലമായ ഒരു സാമ്പത്തികസർവ്വേ നടത്തുന്നതു സംബന്ധിച്ചുള്ള പ്രായോഗികമായ വിഷമതകൾ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഡാക്ടർ കുഞ്ഞൻപിള്ളയുടെ അഭിപ്രായത്തിൽ ഒരു സാമ്പത്തികസർവ്വേ നടത്തി പൂർത്തിയാക്കുന്നതിന് എത്ര കൊല്ലം വേണ്ടിവരും?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഒരു സ്ഥിരസ്ഥാപനമുണ്ടായിരിക്കണം. ഇപ്പോഴുള്ള സർവ്വേ ആരംഭിച്ച് എന്നന്നത്തേക്കും തുടർന്നുകൊണ്ടിരിക്കണം ശേഖരിക്കപ്പെടുന്നതായ വിവരങ്ങളെ കാലോചിതമായി പുതുക്കിക്കൊണ്ടിരിക്കണം.

മി: മാത്യുമുതിക്കൻ (വൈക്കം): അതൊരിക്കലും അവസാനിക്കയില്ലെന്നാണോ മെമ്പർ പ്രസ്താവിക്കുന്നത്?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അല്പകാലത്തിനകം അത് അവസാനിപ്പിക്കുന്നതുകൊണ്ട് യാതൊരു ഫലവും സിദ്ധിക്കുന്നതല്ല. ബ്രിട്ടീഷ് ഇൻഡ്യയിൽ ഒരു സ്റ്റാററിസ്റ്റിക്കൽ ഡിപ്പാർട്ടുമെൻറുണ്ട്; കണക്കുകൾ ശേഖരിച്ച് അവയെ ഡിപ്പാർട്ടുമെൻറു റിപ്പോർട്ടുകളായി പ്രസിദ്ധപ്പെടുത്തുന്നതാണ് അതിൻെറ ജോലി. ഏതാനും പ്രത്യേകമാതൃകാഗ്രാമങ്ങളെ തിരഞ്ഞെടുത്ത് സംസ്ഥാനത്തിലൊരു സാമ്പത്തികസർവ്വേ നടത്തുന്നതിലേക്ക് ഗവർണ്മെൻറു തയ്യാറാണ്. ഇപ്പോൾ ഹാജരാക്കിയിരിക്കുന്ന പ്രമേയത്തെ അതിനുള്ളതെന്നെ സ്വീകരിക്കുന്നതിലേക്കു ഗവർണ്മെൻറിനെ നിർബന്ധിക്കാതെ മിസ്റ്റർ രങ്ങസ്വാമി അയ്യങ്കാർ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയെ സ്വീകരിക്കണമെന്നാണ് പ്രമേയം ഹാജരാക്കിയിരിക്കുന്ന മന്ത്രിയോടു ഞാൻ ഗുണദോഷിക്കുന്നത്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): നെയ്യാററിൻകര താലൂക്കിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗ്രാമങ്ങളുടെ വിസ്തീർണ്ണം എന്താണെന്ന് ഡാക്ടർ കുഞ്ഞൻപിള്ളയുടെ പക്കൽനിന്നും അറിയുന്നതിനു ഞാൻ ഉത്സുകനാകുന്നു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ധനപരിപോഷണ ബോർഡിൻെറ പ്രൊസീഡിംഗ്സിൻെറ പകർപ്പുകൾ മെമ്പർക്കു ഞാൻ നൽകാം. ഉടൻതന്നെ ഒരു മറുപടി നൽകുന്നതിന് അതു സംബന്ധമായ റിക്കാർഡുകൾ എൻെറ പക്കലില്ല.

മി: എൻ. എ. ചാമ്പാർഡ് (തോട്ടക്കാർ): സർ, ഡാക്ടർ കുഞ്ഞൻപിള്ള പ്രസ്താവിച്ചതുപോലെ വാദപ്രതിവാദത്തിലിരിക്കുന്ന വിഷയത്തെപ്പററി സംസാരിക്കണമെന്ന് എനിക്കുദ്ദേശമുണ്ടായിരുന്നില്ല. എന്നാൽ എൻെറ പേരെടുത്തു പ്രസ്താവിച്ചിരിക്കുന്നതുകൊണ്ട് അല്പം സംസാരിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. ഞാൻ സാധാരണയായി പ്രസംഗിക്കാറില്ല. അതിനാൽ കുച്ചുവടസമ്പ്രദായത്തിൽ പ്രസംഗിക്കുന്നതിനു മാത്രമേ എനിക്കു സാധിക്കയുള്ളു; കുതാഴിൽസമ്പ്രദായമെന്നോ മറേറതു സമ്പ്രദായമെന്നോ നിങ്ങൾ നാമകരണം ചെയ്യുന്നതിന് എനിയ്ക്കു വിരോധമില്ല. കൂടുതൽ സഹായവും കൂടുതൽ ഗുണദോഷവും നൽകേണ്ടതാണെന്ന് തിരുവിതാംകൂറിലെ ജനങ്ങളുടെ ഇടയിൽ ഒരു ധാരണയുള്ളതാകുന്നു. വലിയ വ്യവസായശാലകളെ സംബന്ധിച്ചിടത്തോളം അവയ്ക്കു വേണ്ടിവരുന്ന സർവ്വേ നടത്തുന്നതിന് സാധ്യമാണ്. ഓരോ കൊല്ലത്തിലും പല വ്യവസായശാലകളും അപ്രകാരം പ്രവൃത്തിക്കുന്നുണ്ട്. എന്നാൽ അത്രത്തോളം ധനവാന്മാരല്ലാത്ത തിരുവിതാംകൂർകാർക്ക് ഗുണദോഷമോ വേണ്ട വിവരങ്ങളോ ലഭിക്കുന്നില്ല. എൻെറ സ്വന്തപരിചയത്തിൽനിന്നുതന്നെ എനിക്കറിവുള്ളതാണ്. ഓട്ടുവ്യവസായമോ, തടിക്കച്ചവടമോ, കപ്പലിൽ കയററി അയക്കപ്പെടാവുന്ന സാധനങ്ങളുണ്ടാക്കപ്പെടുന്ന വ്യവസായമോ ആരംഭിക്കണമെന്നാഗ്രഹിക്കുന്ന പല മാന്യന്മാരും ഗുണദോഷത്തിനും വേണ്ട അറിവു ലഭിക്കുന്നതിനുമായി എൻെറ അടുക്കൽ പലപ്പോഴും വരാറുണ്ട്. മിക്കവാറും കൃഷിവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു രാജ്യമാണ് തിരുവിതാംകൂർ. എന്നാൽ ഇപ്പോൾ വ്യാവസായങ്ങളും ഇങ്ങിയിട്ടുണ്ട്. എൻെറ അഭിപ്രായത്തിൽ ഒരു സർവ്വേ ആരംഭിക്കണമെന്നുണ്ടെങ്കിൽ ദീർഘകാലം താമസിച്ചിരിക്കാതെ അതിൻെറ ആരംഭഘട്ടത്തിൽതന്നെ അതു നടത്തേണ്ടതാണെന്നാണ് ഞാൻ വിചാരിക്കുന്നത്. യൂറോപ്പിലെ രാജ്യങ്ങളിൽ നടക്കുന്നതുപോലെ നാം അഭിവൃദ്ധിയെ പ്രാപിക്കേണ്ടതാണ് മറ്റുള്ളത്.

ഡെപ്യൂട്ടി പ്രസിഡൻറ്: മിസ്റ്റർ ചാംബോർഡ്, നിങ്ങൾ അല്പം കൂടി ഉറക്കെ സംസാരിക്കാത്തതിൽ ഈ ഭാഗത്തിരിക്കുന്ന സ്നേഹിതന്മാർക്കു കൂടി കേൾക്കാമായിരുന്നേനെ.

മി: എൻ. എ. ചാമ്പാർഡ് (തോട്ടക്കാർ): പബ്ലിക്കു സ്ഥലങ്ങളിൽ ഞാൻ പ്രസംഗിച്ചിട്ടില്ല.

ഡെപ്യൂട്ടി പ്രസിഡൻറ്: കുഴിയുടെ മുകളിൽ മാത്രം അപ്രകാരം ചെയ്യുന്നതിനു അനുമതിയുണ്ടായിരുന്നു.

മി: എൻ. എ. ചാമ്പാർഡ് (തോട്ടക്കാർ): മിസ്റ്റർ രംഗസ്വാമി അയ്യങ്കാർ ഇന്നലെ രസകരമായി പ്രസംഗിക്കയുണ്ടായി. ഏതാനും മെമ്പറന്മാർ അദ്ദേഹത്തെ ആക്ഷേപിച്ചതിനെപ്പററി ഞാൻ ആക്ഷേപിക്കാൻ വിചാരിക്കുന്നില്ല; എന്തെന്നാൽ അദ്ദേഹം പഠിച്ചിട്ടുള്ളതുപോലെ ഞാൻ ധനശാസ്ത്രം പഠിച്ചിട്ടില്ല. ശാസ്ത്രജ്ഞന്മാരുടേയോ മനശാസ്ത്രവിദഗ്ദ്ധന്മാരുടേയോ സഹായം കൂടാതെ നമുക്കു പ്രവൃത്തിക്കാൻ സാധിക്കയില്ലെന്നു നാം സമ്മതിക്കേണ്ടിയിരിക്കുന്നു. നാം അവരുമായി സഹകരിക്കയും നമ്മുടെ ശ്രമങ്ങളുടെ മേലധികാരിയും അവർ വഹിക്കയും ചെയ്യേണ്ടതാകുന്നു. അവരുടെ പക്കൽ നിന്നും കണക്കുകൾ ലഭിക്കുന്നപക്ഷം അവ നമുക്കൊരു സഹായമായിതീരുന്നതാണ്. അവരോടു അല്പമായി കൃതജ്ഞതയുള്ളവർ നാം തന്നെയായിരിക്കണമെന്നുള്ളതിനു തർക്കമില്ല. വ്യവസായ സംഗതികളിൽ കണക്കുകൾ വളരെ പ്രധാനമാണ്. എനിയ്ക്കു രണ്ടു ദൃഷ്ടാന്തങ്ങൾ ഓർക്കുവാനുണ്ട്. ഏതാനും കൊല്ലങ്ങൾക്കു മുൻപു് ഒരു ആട്ടുന്ന ഒരു വലിയ മില്ല് ഈരാജ്യത്തു സ്ഥാപിക്കപ്പെട്ടു. തിരുവിതാംകൂറിൽ ഉണ്ടാകുന്ന കൊപ്രയെ അടിസ്ഥാനപ്പെടുത്തിയായിരുന്നു മില്ലിൻെറ വരിപ്പം തീർച്ചയാക്കിയിരുന്നതു്. പ്രസ്തുതമില്ലിൽ ആറുലക്ഷം ടൺ അളവു്നെന്നാണ് കണക്കാക്കിയിരുന്നതു്. എന്നാൽ തിരുവിതാംകൂറിൽ രണ്ടുലക്ഷം കൊപ്രായിൽ കൂടുതൽ ഉണ്ടാകുന്നതല്ല. അതിൻെറ നാശത്തിനുള്ള കാരണം ധനശാസ്ത്രമാണ്. വേറൊരു ദൃഷ്ടാന്തവും ഞാൻ ഓർക്കുന്നു. യുദ്ധകാലത്ത് യൂറോപ്പിലും അമേരിക്കായിലും മതയിലയും റബ്ബറും കയററുമതിചെയ്യുന്നതിന് വളരെ ഡിമാണ്ടുണ്ടായിരുന്നു. കയററുമതിചെയ്യുന്ന വിഷയങ്ങളിൽ കൂടുതലായ

രസൗകര്യങ്ങളുണ്ടാക്കിത്തരണമെന്ന് അപേക്ഷിച്ചുകൊണ്ട് തോട്ടക്കൃഷിക്കാർ ഗവർണ്ണമെന്റിലേക്ക് അനേകം ഹർജ്ജികൾ അയച്ചിരുന്നു. ഒരു കമ്പനിയ്ക്കേൽപ്പിക്കുന്നതിനെ സ്വീകരിക്കുമെന്ന് ഒടുവിൽ ഗവർണ്ണമെന്റ് സമ്മതിച്ചു. മദ്രാസ്സ് ഗവർണ്ണമെന്റുമായി ഒരു അഭിമുഖസംഭാഷണം നടത്തുന്നതിലേക്ക് ഒരു തോട്ടക്കൃഷിക്കാരനെ മദ്രാസിൽ അയച്ചു. അതു സംബന്ധമായ കണക്കുകൾ മദ്രാസ് ഗവർണ്ണമെന്റിന്റെ പക്കലുണ്ടായിരുന്നു. എന്നാൽ തോട്ടക്കൃഷിക്കാരുടെ പക്കൽ കണക്കുകളുണ്ടായിരുന്നില്ല. ഒരു മാസത്തിനകം ഒരു കപ്പലിൽ കയറി അയക്കാവുന്നതായ റബ്ബർ തോട്ടക്കൃഷിക്കാർ തരുകയാണെങ്കിൽ അവർക്കാവശ്യമുള്ള കപ്പൽ നൽകാമെന്നു ഗവർണ്ണമെന്റു പറഞ്ഞു. എന്നാൽ ഇൻഡ്യയിൽ അപ്പോൾ ഒരു കൊല്ലം കൊണ്ടുണ്ടാകുന്ന റബ്ബർ മുഴുവനും ഒരു കപ്പൽ നിറയാൻ മതിയായിരുന്നില്ല. ധനശാസ്ത്രത്തിന്റെ ഇപ്രകാരമുള്ള ഗതിയ്ക്ക് ഇതൊരു ദൃഷ്ടാന്തമാണ്.

പ്രസ്തുത വിഷയം സംബന്ധിച്ചിടത്തോളം വേറൊരു സംഗതികൂടി മിസ്റ്റർ കരുണാകരൻ പ്രസ്താവിക്കയുണ്ടായി. അത് പണിമുടക്കങ്ങളെ സംബന്ധിച്ചാണ്. നിർഗ്ഗുണത്തിൽ പണിമുടക്കങ്ങളെപ്പററി എനിയ്ക്കും പരിചയമുണ്ട്. മുതലാളികൾ പണിമുടക്കങ്ങളെ വെറുക്കുന്നു, തൊഴിലാളികളെക്കാൾ കൂടുതൽ വെറുപ്പാണ് അവർക്കുള്ളത്. എങ്കിൽ അഭിപ്രായത്തിൽ തിരുവിതാംകൂർ രാജ്യത്ത് പണിമുടക്കങ്ങളുണ്ടാകുന്നത് ധനശാസ്ത്രതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. കൃഷിവർദ്ധിപ്പിക്കുന്നതിനോ ജോലി കുറയ്ക്കുന്നതിനോ മുതലാളികൾക്കു എപ്പോഴും സാധിക്കാത്തതും തൊഴിലാളികൾ പണി മുടക്കം ചെയ്യുന്നത് അകാരണമായിട്ടുള്ളതാണെന്ന് അവർ വിചാരിക്കയും ചെയ്യുന്നു. ഇതിൽ വേറൊരു സംഗതികൂടി അന്തർഭവിച്ചിരിക്കുന്നു; തങ്ങൾക്കു ലഭിക്കുന്ന കൂലികൊണ്ട് ഉപജീവിക്കാൻ നിർവ്വാഹമില്ലെന്നാണ് പണിമുടക്കക്കാർ പറയുന്നത്. രണ്ടുകൂട്ടരും ധനസ്ഥിതിയെ അടിസ്ഥാനപ്പെടുത്തിയാണ് പ്രവൃത്തിക്കുന്നത്. കണക്കുകൾ ബോധ്യപ്പെടുത്തി തങ്ങളുടെ യാഥാർത്ഥസ്ഥിതിയെ തെളിയിക്കുന്നതിന് മുതലാളികൾക്കു സാധിക്കുന്നു. എന്നാൽ സാധുക്കളായ പണിമുടക്കക്കാരെ സംബന്ധിച്ചിടത്തോളം അവർക്കു ലഭിച്ചുവരുന്ന നിരക്കുകൂലി മതിയാകുന്നോ ഇല്ലയോ എന്ന് തെളിയിക്കുന്നതിനു അവർക്കു സാധിക്കുന്നില്ല; ഈ രാജ്യത്തിൽ ജനങ്ങൾക്കു ഉപജീവനത്തിനുമാത്രം ഓരോരുത്തർക്കും എത്രത്തോളം ധനം ആവശ്യമുണ്ടെന്നു മനസ്സിലാക്കുന്നതിന് ഇപ്പോൾ യാതൊരു നിവൃത്തിയുമില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. ഇംഗ്ലണ്ടിൽ ജനങ്ങൾ ഒന്നുചേർന്ന് അവരുടെ പക്കലുള്ള കണക്കുകൾ താരതമ്യപ്പെടുത്തി നോക്കുന്നുണ്ട്; എന്നാൽ തങ്ങൾക്കുള്ള സങ്കടങ്ങളെ ഫലവത്തായി അറിയിച്ച് അവയ്ക്കു പരിഹാരം നേടുന്നതിന് കൂലിക്കാരിൽ ഭൂരിപക്ഷക്കാർക്കും സാധിക്കുന്നില്ല. സർ, ധനശാസ്ത്രതത്വങ്ങളെപ്പററി എനിയ്ക്കു നല്ലതിനുണ്ടും പരിജ്ഞാനമില്ലാത്തതിനാൽ അവയെപ്പററി പ്രതിവാദിക്കുന്നതിന് എനിയ്ക്കു സാധിക്കുന്നതല്ല. മേൽ പ്രസ്താവിച്ചതെല്ലാം ദിവാൻജി സാധാരണ ധനശാസ്ത്രജ്ഞന്മാരുടെ അറിവിൽപ്പെടുന്നവയാണ്. ഈ പ്രമേയം മൂലം നമ്മുടെ അഭിപ്രായങ്ങളെന്തല്ലാമാണെന്ന് ഗവർണ്ണമെന്റിനെ അറിയിക്കുന്നതിനു സാധിക്കുന്നു. ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നുണ്ടെങ്കിലും ഗവർണ്ണമെന്റു നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതിയെയാണ് കൂടുതൽ അനുകൂലിക്കുന്നത്.

മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെംബർ): സർ, ഉദ്യോഗസ്ഥഭാഗത്തു നിന്നും സംസാരിച്ച രണ്ടു മെംബർമാരുടെയും പ്രസംഗം കേൾക്കുന്നതിന് എനിക്കു ഭാഗ്യമുണ്ടായി. എന്നാൽ അനുദ്യോഗസ്ഥഭാഗത്തു നിന്നും പ്രസംഗിച്ച പല സ്നേഹിതന്മാരുടേയും സാരമേറിയ പ്രസംഗം കേൾക്കാനുള്ള ഭാഗ്യം ഇന്നു കവളിയാഴ്ചയായതുകൊണ്ട് എനിക്കു ഉണ്ടായിട്ടില്ല. എങ്കിലും ഞാൻ വന്നതിനു ശേഷം ആഭാഗത്തു നിന്നു കേട്ടിട്ടുള്ള പ്രസംഗങ്ങളെ ആകമാനം നോക്കിയതിൽ രണ്ടുഭാഗക്കാരുടേയും അഭിപ്രായത്തിനു വലിയവ്യത്യാസമില്ല. രണ്ടുകൂട്ടരും ഒരു എക്കണാമിക്ക സർവ്വെ നടത്തേണ്ടതിന്റെ ആവശ്യത്തെ സമ്മതിക്കുന്നുണ്ട്. അനുദ്യോഗസ്ഥഭാഗത്തുനിന്നും പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം എനിക്കു കേൾക്കാനു സാധിച്ചിട്ടുള്ളിടത്തോളം ഇഞ്ചു് ഇഞ്ചായിട്ട് അളന്നു അളന്നതിരിക്കണമെന്നു ഉദ്ദേശമില്ലെന്നു മനസ്സിലായി. എകദേശം താരതമ്യേന ഒരു സർവ്വെ നടത്തണമെന്നു ആവശ്യപ്പെടുന്നുള്ളു. ഫലംകിട്ടത്തക്കവണ്ണം രാജ്യത്തിന്റെ പലഭാഗങ്ങളെയും പരിശോധിച്ചു മാതൃകയായസ്ഥലങ്ങളെ നോക്കിസർവ്വെ നടത്താമെന്നു ഉദ്യോഗസ്ഥഭാഗത്തു നിന്നും സമ്മതിച്ചിരിക്കുന്നു. മിസ്റ്റർ രംഗസ്വാമിഅയ്യങ്കാർക്കും പ്രമേയപ്രയോക്താവിനും തമ്മിലുള്ള വ്യത്യാസം ഒരു സംഗതിയാണ്, "സംസ്ഥാനത്തിന്റെ" എന്നു പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു് മിസ്റ്റർ രംഗസ്വാമിഅയ്യങ്കാരെ ഭയപ്പെടുത്തിയതുകൊണ്ടായിരിക്കാം അദ്ദേഹം നമ്മെയും ഭയപ്പെടുത്തിയതു്. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം "സംസ്ഥാനത്തിൽ" എന്നാക്കിയാൽ കാര്യനടപ്പിനു സൌകര്യമുണ്ട്. ഏതായാലും ഈ കാര്യം നടക്കണമെന്നുമാത്രമെ ഉദ്ദേശമുള്ളു. ഈ രാജ്യനിവാസികളുടെ നന്മയെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആവശ്യമില്ലത്തതായ സംഗതികളിൽ പോയി ചാടാതെ നമ്മുടെ കാര്യങ്ങൾ സാധിച്ചുകൊണ്ടു പോകേണ്ടതു് ഈ സഭയുടെ കടമയാകുന്നു. നാമെല്ലാവരും ഉത്തരവാദിത്വബോധമുള്ളവരാണ്. ഏതുനിലയിലായാലും മിസ്റ്റർ രംഗസ്വാമിഅയ്യങ്കാർ പ്രസ്താവിച്ചതുപോലെ "സംസ്ഥാനത്തിൽ" എന്നു ചേർത്തു പ്രമേയം പാസ്സാക്കണമെന്ന് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: മുകവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു. ഈ രാജ്യത്തെ ജനങ്ങളുടെ സാമ്പത്തിക നിലയെ അറിയുന്നതിന് ഒരു സർവ്വെ നടത്തണമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇവിടെ ഉണ്ടാകുന്ന കൃഷി സാധനങ്ങൾ എന്തെല്ലാം? ഇവിടെ ഉണ്ടാകുന്നതു കഴിച്ചു ആഹാരസാധനങ്ങൾ എത്രത്തോളം അന്യരാജ്യത്തു നിന്നു വരുത്തേണ്ടിവരുന്നു? ഇവിടെ ഉണ്ടാകുന്ന അസംസ്കൃതസാധനങ്ങളെന്തെല്ലാമാണ്? അവയെ അന്യരാജ്യങ്ങളിലേക്കു എത്രത്തോളം നാം അയക്കുന്നുണ്ട്? അന്യരാജ്യത്തിൽപോയ ശേഷം രൂപാന്തരപ്പെട്ടു വരുന്ന അവയെ എത്ര മാത്രം നാം ഇറക്കുമതി ചെയ്യുന്നുണ്ട്? ജനങ്ങളുടെ ഓരോരുത്തരുടേയും ധനസ്ഥിതി എന്താണ്? അതിനെ വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം ഈ രാജ്യത്തുള്ളവരുടെ വരവിനും അന്യഭൂഖണ്ഡങ്ങളിലുള്ള ജനങ്ങളുടെ വരവിനും എത്രമാത്രം അന്തരമുണ്ട്? അതു അഭിവൃദ്ധിപ്പെടാൻ നാം ചെയ്യേണ്ടുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്? ഈ കാര്യങ്ങളെ എല്ലാം പററി ഒരു സർവ്വെ നടത്തേണ്ടതു് അത്യാവശ്യമാണ്. ഉദ്യോഗസ്ഥമെംബർ പറഞ്ഞ മറുപടി ഇങ്ങനെ ഒരു അന്വേഷണം നടത്തേണ്ട ആവശ്യമുണ്ടെന്നു തന്നെയാണ്. അതു എങ്ങിനെയാണ് നടത്തേണ്ടതു് എന്നുള്ളതിൽ മാത്രമേ

അഭിപ്രായ വ്യത്യാസമൊന്നുമില്ല. ഇവിടെ ഒരു സാമ്പത്തിക സർവ്വെ നടത്തുക എന്നുള്ളതു് ഇപ്രകാരമാണ്. സാമ്പത്തിക സർവ്വെ എന്നു പറയുന്നതിൽ തന്നെ എന്തെല്ലാം സംഗതികൾ അടങ്ങിയിരിക്കും? ഏതു രീതിയിൽ നടത്താം? അതിലേക്കു വിദഗ്ദ്ധന്മാരുടെ സർവ്വീസു വേണോ? എന്നുള്ള സംഗതികളെപ്പററി പൂർണ്ണമായ അറിവു കൊടുക്കേണ്ടതു് ഉദ്യോഗസ്ഥ മെമ്പറന്മാരുടെ ചുമതലയാണ്. ആ സംഗതി പൂർണ്ണമായി അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്. അതിലേയ്ക്കു അദ്ദേഹം കൂടുതൽ സമയം വിനിയോഗിച്ചു പോയി എന്നുള്ളതിൽ ആർക്കുതന്നെ നിരാശയോന്നുമില്ല എന്നാണ് എന്റെ അഭിപ്രായം. ഇതു ഒരു വലിയ ഗൌരവമേറിയ വിഷയമാണ്, ഇതു പോലെ ഒരു സംഗതി വരുമ്പോൾ അതിന്റെ പൂർണ്ണവിവരങ്ങളെ പററി വാഗ്പ്രതിവാദം നടത്തി അതിന്റെ എല്ലാ വശങ്ങളേയും പരിശോധിക്കേണ്ടതു് അത്യാവശ്യമാണ്. അതിലേക്കു വേണ്ടി ചെയ്യുന്ന ശ്രമം ഒരിക്കലും പാഴാവുകയില്ല. ഒന്നേ മറിച്ചു വളരെ പ്രയോജനമുണ്ടെന്നാണ് എന്റെ പൂർണ്ണവിശ്വാസം. ഒരു സാമ്പത്തിക സർവ്വെയുടെ പ്രയോജനം, അതിനു ആവശ്യമുള്ള വിദഗ്ദ്ധന്മാരുടെ സർവ്വീസ്, അതു ചെയ്തു തീർക്കുന്നതിനു ആവശ്യമുള്ള സമയം, അതിലേക്കു ആവശ്യമുള്ള ചിലവ് ഈ സംഗതികളെല്ലാം ആലോചിക്കേണ്ടവയാണ്, എന്തായിരുന്നാലും ഇരുഭാഗക്കാരുടേയും അഭിപ്രായത്തിൽ വലിയ വ്യത്യാസമില്ല. സർവ്വെ ആവശ്യമാണെന്നു സമ്മതിക്കുന്നു. ആദ്യമായിട്ടു ആരംഭിക്കുന്ന സർവ്വെ ഏതാനും ചില വില്ലേജുകളിൽ മാത്രമായിട്ടു ഒതുങ്ങിക്കഴിയട്ടെ. "സംസ്ഥാനത്തിന്റെ" എന്ന പദത്തിനു പകരം "സംസ്ഥാനത്തിൽ" എന്നു ചേർക്കണമെന്നു മാത്രമേ ഗവണ്മെന്റു ഭാഗത്തു നിന്നും പറയുന്നുള്ളു. അങ്ങിനെ ചെയ്യുന്നതിൽ യാതൊരു വിരോധവുമില്ല, പ്രമേയ കർത്താവു അതിനെ സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. (മി: പി. എസ്സ്. മഹത്തദ് ഹീയർ, ഹീയർ): തൽക്കാലം ഏതാനും വില്ലേജ്കളിൽ ആദ്യം ആരംഭിക്കാം. അപ്പോൾ നമുക്കു അതിന്റെ സ്വരൂപമെന്താണെന്നു അറിയാം. അതിനു ശേഷം വലിയ ചിലവു കൂടാതെ നിഷ്പ്രയാസം ചെയ്യുത്തക്കതാണെങ്കിൽ ഈ സ്റ്റേറിനു മുഴുവനും സർവ്വെ ചെയ്യണമെന്നു ഇപ്പോൾ ചെയ്യുന്ന ഒരു പ്രമേയം ഈ കൌൺസിലിൽ തന്നെ ഹാജരാക്കുകയും അങ്ങനെ രാജ്യമൊട്ടുക്കു വ്യാപിപ്പിക്കുകയും ചെയ്യാം. അല്ലാതെ ആരംഭത്തിൽതന്നെ രാജ്യം ഒട്ടുക്കു വേണമെന്നു ആവശ്യപ്പെടുന്നതു് ന്യായമല്ല. അതു കൊണ്ടു എന്റെ അഭിപ്രായം പ്രമേയകർത്താവും ഈ അഭിപ്രായം സ്വീകരിക്കയും അതിലേയ്ക്കു അനുകൂലനവർക്കും അനുവദിക്കയും ചെയ്യണമെന്നുള്ളതാണ്. ഈ അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തിൽ അടങ്ങിട്ടുള്ള തത്വത്തെ അനുകൂലിച്ചു കൊള്ളുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ, പ്രമേയം ഏതു രീതിയിൽ ഇരിക്കുന്നുവോ അതേ മാതിരി അതിനെ പിൻതാങ്ങുന്നതിനാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ഡാക്ടർ കുഞ്ഞൻപിള്ള സ. സാരിക്കുന്നതുവരെ ഭേദഗതി സ്വീകരിക്കപ്പെടണമോ വേണ്ടയോ എന്നു ഞാൻ സംശയിച്ചിരിക്കയായിരുന്നു.

ഡെപ്യൂട്ടി പ്രസിഡൻറ്: ആദ്യത്തെ പ്രമേയത്തെ സംബന്ധിച്ചാണോ നിങ്ങൾ സംസാരിക്കുന്നതു്?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഞാൻ ആദ്യത്തെ പ്രമേയത്തെയാണ് പിൻ താങ്ങുന്നതു്.

ഡെപ്യൂട്ടി പ്രസിഡൻറ്: ഭേദഗതി സഭയിൽ ഹാജരാക്കപ്പെടുന്നതുവരെ അതിനെ പിൻതാങ്ങുന്നതായി നിങ്ങൾക്കു പ്രസ്താവിക്കാൻ പാടില്ല.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഭേദഗതിയെ ഉദ്യോഗസ്ഥ മെമ്പറന്മാർ പിൻതാങ്ങിക്കഴിഞ്ഞിരിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡൻറ്: എന്നാൽ മിസ്റ്റർ ആശാൻ അതിനെ സ്വീകരിച്ചിട്ടില്ല.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അതു സ്വീകരിക്കപ്പെട്ടു എന്നു ഞാൻ പറയുന്നില്ല. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം പ്രസംഗിച്ച അനുദ്യോഗസ്ഥ മെമ്പറന്മാരിൽ മിക്കവരും പ്രമേയത്തെ അതേ മാതിരിയിൽ തന്നെ പിൻ താങ്ങാൻ ഉദ്ദേശിക്കുന്നു എന്നും അവർ ഭേദഗതിയോടു അനുകൂലിക്കുന്നില്ലെന്നു മിസ്റ്റർ ആശാനെ മനസ്സിലാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡൻറ്: എനിയ്ക്കു അതറിയാൻ പാടില്ല.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഡാക്ടർ കുഞ്ഞൻപിള്ളയും മിസ്റ്റർ രംഗസ്വാമി അയ്യങ്കാരും നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയെ മിസ്റ്റർ ആശാൻ സ്വീകരിക്കേണ്ടതാണെന്നു് മിസ്റ്റർ പാച്ചുപിള്ള പ്രസ്താവിച്ചതിനുണ്ടു്——

ഡെപ്യൂട്ടി പ്രസിഡൻറ്: മിസ്റ്റർ ആശാനെ വേറേ വിധത്തിൽ ഗുണദോഷിക്കണമെന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നതു്?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതിയെ മിസ്റ്റർ ആശാൻ സ്വീകരിച്ചിട്ടുള്ളതായി ഞാൻ വിചാരിക്കുന്നില്ല.

ഡെപ്യൂട്ടി പ്രസിഡൻറ്: പ്രസ്തുത ഭേദഗതിയെ മിസ്റ്റർ ആശാൻ സ്വീകരിക്കേണ്ടതാണെന്നു അദ്ദേഹത്തെ ഗുണദോഷിക്കണമെന്നു നിങ്ങൾ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അപ്രകാരം പ്രവർത്തിക്കുന്നതിന് അദ്ദേഹത്തെ നിങ്ങൾക്കു അനുവദിക്കാമെന്നുള്ളതാണ്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ആ ഭേദഗതി സ്വീകരിക്കാൻ പാടുള്ളതല്ലാ എന്നുമാത്രമെ എനിക്കറിയിക്കേണ്ടതായിട്ടുള്ളു.

ഡെപ്യൂട്ടി പ്രസിഡൻറ്: ആ നിർദ്ദേശം സ്വീകരിക്കപ്പെടാൻ പാടുള്ളതല്ലെന്നാണ് നിങ്ങൾ ഉദ്ദേശിക്കുന്നതു്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സഭയുടെ ആലോചനയ്ക്കായി യാതൊരു ഭേദഗതിയും ഹാജരാക്കിയിട്ടില്ല. ആ നിർദ്ദേശത്തെ മിസ്റ്റർ ആശാൻ സ്വീകരിക്കാൻ പാടില്ല. എന്തെന്നാൽ പ്രസ്തുതപദ്ധതിയുടെ പ്രവർത്തനം മൂലം ആണ്ടുതോറും ഏകദേശം ഒരുലക്ഷം രൂപായോളം ആവർത്തിച്ചുണ്ടാകുന്ന ചിലവുവേണ്ടിവരുമെന്നു് ഡാക്ടർ കുഞ്ഞൻപിള്ള പ്രസ്താവിക്കുകയുണ്ടായി. എന്നാൽ ഈ പദ്ധതിക്കുവേണ്ടി അൻപതിനായിരം രൂപായോളം ചിലവാകേണ്ടിയതുമെന്നാണ് മി. രംഗസ്വാമിഅയ്യങ്കാരുടെ പ്രസ്താവനയിലടിയിനും ഞങ്ങൾ അനു

മാനിച്ചു്. അതു ഭയങ്കരമായൊരു തുകയാണ്. അതിനാൽ പ്രമേയത്തിനനുകൂലമായി ഞാൻ വോട്ടുചെയ്യണമോ എന്നും, പ്രസ്തുത തുക ചിലവാക്കുന്നതിനു നമുക്കു സാധിക്കുമോ എന്നും ഞാൻ സംശയിച്ചുകൊണ്ടിരിക്കയായിരുന്നു. എന്നാൽ ഡാക്ടർ കുഞ്ഞൻപിള്ളയുടെ പ്രസംഗത്തിനുശേഷം പ്രസ്തുതപദ്ധതിക്കുവേണ്ടിവരുന്ന തുക ചിലവാക്കാൻ നമുക്കു സാധിക്കുന്നതാണെന്നും ഗവണ്മെന്റു നിർദ്ദേശിക്കാവുന്ന ഗ്രാന്റു അനുവദിക്കുന്നതിൽ ഈ സഭ ആക്ഷേപം പുറപ്പെടുവിക്കുന്നതല്ലെന്നും ഞാൻ വിചാരിക്കുന്നു.

മി: എൻ. ടി. കൃഷ്ണപിള്ള (ട്രഷ്യാററിൻകൂറ): മുഖ്യനും ഇനംതിരിച്ചുള്ള മുതലെടുപ്പിൽ നിന്നും പ്രസ്തുത തുക ചിലവാക്കുന്നതിന് മെംബർക്ക് എന്തെങ്കിലും ആക്ഷേപമുണ്ടോ?

മി: ജി. പി. നീലകണ്ഠപ്പിള്ള (കുന്നാഗപ്പള്ളി): അതു് സഭയുടെ വാഗ്പ്രതിവാദത്തിനു വിഷയീഭവിക്കുമ്പോൾ നമുക്കാലോചിക്കാവുന്നതാണ്. പ്രമേയത്തെ തള്ളപ്പെടുത്തണമെന്നുള്ള നിർദ്ദേശത്തെ സ്വീകരിക്കുന്നപക്ഷം പ്രായോഗികമായി രാജ്യത്തിനു യാതൊരു ഗുണവും സിദ്ധിക്കുന്നതല്ല. തിരഞ്ഞെടുക്കപ്പെടുന്ന ഗ്രാമങ്ങൾ മാതൃകാഗ്രാമങ്ങളാകുമോ എന്ന് നിശ്ചയപ്പെടുത്താൻ പാടില്ല. സംസ്ഥാനത്തിന്റെ ധനസ്ഥിതിയെപ്പററി ശരിയായവിധത്തിൽ പരിശോധിച്ചിട്ടുണ്ടോ എന്നും ആലോചിക്കേണ്ടതായിവരും. ഒരുലക്ഷം രൂപയോളം ആവശ്യപ്പെട്ടുള്ള ചിലവു മുമ്പെ ഇതിലേക്കു വേണ്ടിവരുമെന്ന് ഒരു വിദഗ്ദ്ധനായ ഡാക്ടർ കുഞ്ഞൻപിള്ള പ്രസ്താവിച്ചിരിക്കുന്നു. ആ തുക അനുവദിക്കുന്നതിനു നാം യാതൊരാക്ഷേപവും പുറപ്പെടുവിക്കാൻ പാടുള്ളതല്ലെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു്. പ്രമേയത്തെ ഇപ്പോൾ ഇരിക്കുന്ന രീതിയിൽ തന്നെ വോട്ടിനിടണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): സർ, പ്രമേയത്തെ വോട്ടിനിടണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ക്ലോക്കിനുള്ള ഉപക്ഷേപം വോട്ടിനിടുകയും അതു് പാസ്സാക്കുകയും ചെയ്തു.

ഡിപ്യൂട്ടി പ്രസിഡന്റ്: മിസ്റ്റർ ആശാൻ, ചട്ടങ്ങൾ അനുസരിച്ചു നിങ്ങൾക്കു ഇരുപതുമിനിട്ടു നേരത്തേക്കുമാത്രമേ സംസാരിക്കാൻ പാടുള്ളൂ. അല്പം സൌജന്യം ഞാൻ അനുവദിക്കാമെങ്കിലും ഞാൻ അവസാനാധികാരിയായിരിക്കാൻ നിങ്ങൾ അനുവദിക്കണം. ഇന്നു വൈകുന്നേരത്തിനകം പ്രമേയത്തെ വോട്ടിനിടണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്.

മി: എ. എസ്. മാരമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു് മിസ്റ്റർ രംഗസ്വാമിഅയ്യങ്കാർ തീർച്ചയാക്കേണ്ടതാണ്.

ഡെപ്യൂട്ടി പ്രസിഡന്റ്: എന്നാൽ നിങ്ങളും ഏന്നോടുകൂടി സഹകരിക്കണം.

മി: എ. എസ്. മാരമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മിസ്റ്റർ രംഗസ്വാമിഅയ്യങ്കാരുടെ പ്രസംഗത്തിനു മറുപടിയായി എനിക്കു പറയേണ്ടതിൽ കൂടുതലായി ഞാൻ യാതൊന്നും പ്രസ്താവിക്കുന്നതല്ല.

ഡെപ്യൂട്ടിപ്രസിഡന്റ്: പ്രാധാന്യമുള്ള വാദമുഖങ്ങളെപ്പററിമാത്രം നിങ്ങൾ പ്രസംഗിച്ചാൽ മതിയാകുന്നതാണ്.

മി: എ. എസ്. മാരമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഞാൻ ശ്രദ്ധിച്ചുകേട്ട ദീർഘമായ പ്രസംഗം നിരാശക്കു പാത്രീഭവിക്കയും എനിക്കു വളരെ മനസ്സമാധാനത്തിനു കാരണമായിത്തീരുകയും ചെയ്തു. പ്രമേയം എതുക്കാൻ എന്റെ സ്നേഹിതൻ ഉദ്ദേശിച്ചപ്പോൾ പ്രമേയത്തിനു എതിരായി ഏതെങ്കിലും വാദങ്ങൾ അദ്ദേഹം പുറപ്പെടുവിക്കുമെന്നായിരുന്നു ഞാൻ ഉദ്ദേശിച്ചിരുന്നതു്. അപ്രകാരമുണ്ടാകാത്തതുകൊണ്ടാണ് നിരാശക്കു പാത്രീഭവിച്ചു എന്ന് ഞാൻ പറഞ്ഞതു്. എന്റെ വാദത്തെ ഫലപ്രദമായിഎതുക്കുന്നതിനു വേണ്ടുവോളം വാദങ്ങൾ മിസ്റ്റർ രംഗസ്വാമിഅയ്യങ്കാരെപ്പോലെയുള്ള ഒരു പണ്ഡിതനു സാധിക്കാത്തതുകൊണ്ടു്, പ്രസ്തുതസർവ്വേക്കു വളരെപണം ചിലവാകുമെന്നും അതിലേക്കു വളരെക്കാലം വേണ്ടിവരുമെന്നും മററുമുള്ള നിസ്സാരസംഗതികളുമാത്രം അദ്ദേഹത്തിനു ആശ്രയിക്കേണ്ടിവന്നതുകൊണ്ടും ആണ് എനിക്കു മനസ്സമാധാനമുണ്ടായി എന്നു ഞാൻ പ്രസ്താവിച്ചതു്. ഈ പ്രമേയം അവ്യവസ്ഥിതമാണെന്നും, വിപുലമായിട്ടുള്ളതാണെന്നും, അവാസ്തവമായിട്ടുള്ളതാണെന്നും മററും ആക്ഷേപിച്ചതിനുപുറമെ അന്യശാസ്ത്രരങ്ങളായ മററു പദങ്ങളും മിസ്റ്റർ രംഗസ്വാമിഅയ്യങ്കാർ അതുസംബന്ധിച്ചു് ഉപയോഗിക്കയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗം നിരാശക്കു ഇടയാക്കിത്തീർക്കത്തക്കവണ്ണം അതു അവ്യവസ്ഥിതവും അവാസ്തവവും, അതിവിപുലവും, അനാവശ്യകരവും ആണെന്നു ഈ സഭയെ മനസ്സിലാക്കാൻ ഞാൻ ശ്രമിക്കാം. സർ, ഒരു സാമ്പത്തികസർവ്വെ ആവശ്യമില്ലെന്നോ, സാമ്പത്തികാഭിവൃദ്ധി നമുക്കുണ്ടെന്നോ, പ്രസ്തുതസർവ്വെ നടത്തുന്നതിലേക്കു് ഇനിയും കാത്തിരിക്കാമെന്നോ അദ്ദേഹം പ്രസ്താവിച്ചിട്ടില്ല. അതിലേക്കു അനവധി ദ്രവ്യം ചിലവാക്കേണ്ടിവരുമെന്നുമാത്രമേ അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളൂ.

എന്റെ പ്രമേയം അവ്യവസ്ഥിതമാണെന്നു പ്രസ്താവിച്ചു മിസ്റ്റർ രംഗസ്വാമിഅയ്യങ്കാരോടു അതിലേക്കുള്ള ചിലവുസംബന്ധമായ അദ്ദേഹത്തിന്റെ അടങ്കൽ അവ്യവസ്ഥിതമല്ലയോ എന്നു ഞാൻ അദ്ദേഹത്തോടുചോദിച്ചുകൊള്ളുന്നു. തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ഒരു സാമ്പത്തികസർവ്വെ നടത്തുന്നതിലേക്കു അൻപതിലക്ഷം രൂപയോളം ചിലവാകുമെന്നു് അദ്ദേഹം പ്രസ്താവിച്ചതു് എന്തിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. സർ വിശ്വേശ്വരയ്യായെപ്പോലെയുള്ള സമർത്ഥന്മാർ അദ്ധ്യക്ഷം വഹിക്കപ്പെട്ടസാമ്പത്തിക അന്വേഷണക്കമ്മററിക്കാരുടെ റിപ്പോർട്ടു എന്റെ സ്നേഹിതൻ വായിച്ചിട്ടുണ്ടോ എന്നു് എനിക്കറിവില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): അറിവില്ലായ്മ ലോകമൊട്ടുക്കുള്ളതാണെന്നു് ഔദ്ധത്യമൂലം മിസ്റ്റർ ആശാൻ വിശ്വസിച്ചുപോരുന്നതു് എന്തുകൊണ്ടാണ്.

മി: എ. എസ്. മാരമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു് അല്പകാലത്തെന്നയാണ്. ആ ന്യൂനത എന്റെ സ്നേഹിതനേയും ബാധിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ പ്രസംഗത്തിലുള്ള ന്യൂനതകളെ ചൂണ്ടിക്കാണിക്കുന്നതിലേക്കു എന്നെ അദ്ദേഹം അനുവദിക്കേണ്ടതാണെന്നും അദ്ദേഹത്തെ ഞാൻ താഴ്മയോടെ അറിയിച്ചുകൊള്ളുന്നു.

റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): ഒരു വലുതായ തെററി: ധാരണയ്ക്ക് മിസ്റ്റർ ആശാൻ അധീനനായിരിക്കുന്നു എന്ന് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: ദയവുചെയ്തു അദ്ദേഹത്തിൻെറ പ്രസംഗം അവസാനിപ്പിക്കുന്നതിന് അനുവദിക്കണം.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രൊഫസ്സർ സഭയിൽ പ്രവേശിച്ചപ്പോൾ മര്യാദയെ ആസ്പദമാക്കി അദ്ദേഹത്തിൻെറ പ്രസംഗത്തെ ഞാൻ തടുത്തില്ല; എന്നാൽ ഇപ്പോൾ എൻെറ പ്രസംഗത്തെ പലപ്പോഴും തടക്കുന്നതിനു അദ്ദേഹം ഉദ്ദേശിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: മിസ്റ്റർ ആശാൻ ദയവുചെയ്തു പ്രസംഗം തുടരണം.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തിരുവിതാംകൂറിൽ ഒരു സാമ്പത്തികസർവ്വെ നടത്തുന്നതിന് ഏകദേശം അൻപതുലക്ഷം രൂപയോളം ചിലവാക്കേണ്ടിവരുമെന്ന് പ്രൊഫസ്സർ പ്രസ്താവിച്ചുകൊണ്ടാണ് സാമ്പത്തികഅന്വേഷണക്കമ്മററിയുടെ റിപ്പോർട്ട് അദ്ദേഹം വായിച്ചിരിക്കാൻ ഇടയില്ലെന്ന് ഞാൻ പ്രസ്താവിച്ചത്. ആയിരം ആളുകൾക്ക് കൊല്ലംതോറും ൨൫ രൂപ ശരാശരി ചിലവാക്കേണ്ടി വരുമെന്ന് റിപ്പോർട്ടിൽ ന്യ ാംവശത്ത് ൮൨ ാം ഖണ്ഡികയിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): എല്ലായ്പോഴും തുടർന്നു നടന്നുകൊണ്ടിരിക്കേണ്ടതായ സർവ്വെ സംബന്ധിച്ചല്ല അപ്രകാരം പ്രസ്താവിച്ചിരിക്കുന്നതെന്ന് ഞാൻ മെമ്പറോടു ചോദിക്കുന്നു.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എൻെറ പ്രസംഗത്തെ തടുക്കുന്നതിന് എൻെറ സ്നേഹിതന് പ്രത്യേകവാസനയുള്ളതുകൊണ്ട് ആവശ്യപ്പെടുന്ന ഘട്ടങ്ങളിൽ മറുപടി നൽകാനുള്ളതാണ്. ചിലവുസംബന്ധിച്ചിടത്തോളം ൧൦൯-ാം ഖണ്ഡികയിൽ മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരുടെ ശ്രദ്ധ ചതിയേണ്ടതാകുന്നു; അതിൻെറ ഒരു പുരുക്കം റിപ്പോർട്ടിലെ ന്യ ൧-ാമത്തു വശത്തു കൊടുത്തിരിക്കുന്നു:—

"കമ്മേഴ്സിയൽ ഇൻറലിജൻസ് ആഫീസിലെ സ്റ്റാററിസ്റ്റിക്കൽ വകുപ്പിന് ഇപ്പോൾ ചിലവാകുന്നതിൽപുറമേ സെൻട്രൽ ബ്യൂറോവിന് കൊല്ലംതോറും ൭൫,൦൦൦ രൂപ ചിലവാകുന്നതാണ്. സാമഗ്രികൾക്കായി ആദ്യം ൧,൫൦,൦൦൦ രൂപയും അഞ്ചുകൊല്ലത്തിലൊരിക്കൽ പരിശോധന നടത്തുന്നതിന് ൨൫,൫൦൦ രൂപയും ആവശ്യമുണ്ട്. ആണ്ടുതോറും ചിലവാകുന്നത് ൭൫,൦൦൦ രൂപയും ആദ്യത്തെ രണ്ടു കൊല്ലങ്ങളിൽ പ്രത്യേകം ചിലവാക്കേണ്ടത് ൧,൨൫,൦൦൦ രൂപയും ആയിരിക്കുന്നതാണ്.

"പഞ്ചാബിനെപോലെ (ജനസംഖ്യ ൨൦,൭൫,൭൯,൦൦൦) വലിപ്പമുള്ള ഒരു പ്രാവിൻസു സ്ഥാപിക്കേണ്ടതായ ഒരു പ്രൊവിഷ്യൽ ബ്യൂറോയ്ക്ക് ൪,൭൫,൦൦൦ രൂപ ആണ്ടുതോറും ആവർത്തിച്ചുണ്ടാകുന്ന ചിലവു വേണ്ടിവരുന്നതും, അതിനുംപുറമേ സാമഗ്രികൾ മുതലായവയ്ക്കു ആദ്യമായി ൨,൫൫,൭൫൦ രൂപ ചിലവാക്കേണ്ടതും ആകുന്നു; രണ്ടാമതു പ്രസ്താവിച്ച തുക ആദ്യത്തെ രണ്ടുകൊല്ലത്തിൽ ചിലവാക്കേണ്ടതാകുന്നു."

"ബ്രിട്ടീഷ് ഇൻഡ്യായിലെ എല്ലാ പ്രാവിൻസുകൾക്കുംകൂടി ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തി ആദ്യത്തെ രണ്ടുകൊല്ലങ്ങളിൽ വേണ്ടിവരുന്ന ആവർത്തിച്ചുണ്ടാകുന്ന മൊത്തം ചിലവ് ൫൭,൭൫,൦൦൦ രൂപയും, സാമഗ്രികൾ മുതലായവയ്ക്കു ആദ്യമായി ചിലവാക്കേണ്ടത് ൩൭,൭൫,൦൦൦ രൂപയും ആകുന്നു. ഇതു മേൽപ്രസ്താവിച്ച സെൻട്രൽ ബ്യൂറോവിനു ആവശ്യമുള്ള ചിലവിനു പുറമേയാണ്."

ഇരുപതുകോടി ജനങ്ങളിൽകൂടുതലുള്ള ഇൻഡ്യാ മുഴുവനും നടത്തപ്പെടണമെന്നുദ്ദേശിക്കുന്ന ഒരു സാമ്പത്തികസർവ്വെക്കു വേണ്ടിവരുന്ന ചിലവാണ് മേൽപ്രസ്താവിച്ച തുക. നമ്മുടെ സംസ്ഥാനത്തിൽ ൪ ലക്ഷം ജനങ്ങളേയൊള്ളു. അതുകൊണ്ട് എൻെറ സ്നേഹിതൻ പ്രസ്താവിച്ചിട്ടുള്ള വലുതായ തുക യാതൊരുവിധത്തിലും ന്യായീകരിക്കത്തതാണെന്ന് ഞാൻ വിചാരിക്കുന്നില്ല. ൨൦ കോടി ജനങ്ങൾക്കാണെന്നാണ് ഞാൻ പ്രസ്താവിച്ചത്; നാട്ടുരാജ്യങ്ങളിലെ ജനസംഖ്യ കണക്കിൽ ചേർത്തിട്ടില്ലായിരിക്കാമെന്നു വിചാരിച്ചാണു ഞാൻ അപ്രകാരം പറഞ്ഞത്. സർ, പ്രസ്തുത സർവ്വെമൂലം വളരെ പണം ചിലവാകുന്നതാണെന്ന് സമ്മതിക്കുന്നതായാൽപോലും അതു് രാജ്യത്തിന്നൊരു ദ്രവ്യനഷ്ടമാകുന്നതാണോ? ഒരു വിദഗ്ദ്ധനെ ഇറക്കുമതിചെയ്യണമെന്ന് എൻെറ സ്നേഹിതൻ ശഠിക്കുന്നുവെങ്കിൽ രാജ്യത്തിൻെറ മുതലെടുപ്പിൽനിന്നുതന്നെ അയാളുടെ ശമ്പളം നൽകണം. ഒരു സാമ്പത്തികസർവ്വെ നടത്തുന്നതിനാവശ്യമുള്ള മററെല്ലാ സിൽബന്ധികളെയും സംസ്ഥാനത്തിൽ തൊഴിലില്ലാതെ ഇപ്പോൾ ബുദ്ധിമുട്ടുന്ന വിദ്യാഭ്യാസം സിദ്ധിച്ച ആളുകളിൽനിന്നു ലഭിക്കുന്നതാണ്; ഈ വിഷയത്തിൽ അല്പം പരിശീലനം സിദ്ധിച്ചാൽ അവർക്കുവേണ്ട യോഗ്യത ലഭിക്കുന്നതാണ്. അതു നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ദ്രവ്യനഷ്ടമാകുന്നതാണോ? സംസ്ഥാനത്തിലുള്ള ജനങ്ങളെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ ഒരു സാമ്പത്തികസർവ്വെ ആവശ്യമുണ്ടെന്നു അഭിപ്രായപ്പെടുകയും അതിലേക്ക് ആവശ്യമുള്ള ചിലവ് എന്തുതന്നെ ആയിരുന്നാലും സഹിക്കുന്നതിന് അവർ തയ്യാറായിരിക്കയും ചെയ്തശേഷം ചിലവുസംബന്ധിച്ചു എൻെറ സ്നേഹിതൻ പരിഭ്രമിക്കയും വിദ്യാഭ്യാസഡയറക്ടരായ അദ്ദേഹം ഗവർണ്ണൻറിന്റെ പ്രതിനിധിയെന്ന നിലയിൽ അതിനെ എതുക്കുകയും ചെയ്യുന്നതിൻെറ അർത്ഥമെന്തു്? ആണ്ടുതോറും ഒരുലക്ഷം രൂപമാത്രമേ ചിലവാക്കേണ്ടതായിട്ടൊള്ളു എന്നു ഡാക്ടർ കുഞ്ഞൻപിള്ളപോലും പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ അൻപതുലക്ഷം രൂപ വേണ്ടിവരുമെന്ന് എൻെറ സ്നേഹിതൻ അഭിപ്രായപ്പെട്ടിരിക്കുന്നു. അതൊരിക്കലും ക്ലിപ്തമായിട്ടുള്ളതല്ല; എൻെറ അഭിപ്രായം ക്ലിപ്തമായിട്ടുള്ളതാണ്.

സർ, പ്രസ്തുത പദ്ധതിയുടെ വലിപ്പത്തെ സംബന്ധിച്ചിടത്തോളം ഇതുപോലെയുള്ള വേറൊരു സംഗതി ൧൯൨൫ ആഗസ്റ്റ് ൧൪-ാംനു ഈ സഭയുടെ ആലോചനയ്ക്കു വിധേയീകരിച്ചപ്പോൾ പണ്ഡിതനായ നമ്മുടെ പ്രൊഫസ്സർ ചെയ്ത ഒരു പ്രസംഗം സഭയുടെ ഒഫീഷ്യൽ കൊണ്ടുവരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പണ്ഡിതനായ പ്രൊഫസ്സർ ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു. "അതൊരു ബുദ്ധിമുട്ടുള്ള അന്വേഷണമാണെങ്കിലും അല്പ.

കാരം പ്രവൃത്തിക്കേണ്ടതു് ആശാസ്യകരമായിരിക്കുന്നതും ഏതെങ്കിലുമൊരു കാലത്തു് അപ്രകാരം നാം പ്രവൃത്തിക്കുന്നതുമാകുന്നു.'' അങ്ങിനെയാണ് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നതു്. ഈ വിഷയം മാററിവയ്ക്കണമെന്നു അദ്ദേഹം ഇപ്പോൾ ആവശ്യപ്പെടുന്നതിന്റെ കാരണമെന്താണെന്ന് അദ്ദേഹത്തോടു ഞാൻ ചോദിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ഗ്ര: വിദ്യാഭ്യാസഡയറക്ടർ): സർ, മാററിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ടില്ല. ഇതുസംബന്ധമായി എന്റെ സ്വന്തനിലയിൽ അല്പം സമാധാനം പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു; ആശാസ്യകരങ്ങളായ പദ്ധതികളെ പ്രവൃത്തിരൂപത്തിൽ കൊണ്ടുവരാതെ മാററിവയ്ക്കുന്നതു് അനാശാസ്യകരങ്ങളായ പദ്ധതികളാണെന്നാണ് ഞാൻ പ്രസ്താവിച്ചിട്ടുള്ളതു്. യാതൊരു ഗവർമെന്റും അനാദരിക്കാതിരിക്കുന്ന പ്രായോഗ്യമുള്ളവിഷയങ്ങളിലൊന്നാണ് സാമ്പത്തികസർവ്വേ എന്നുകൂടി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

മി: എ. എസ്സ്. മോമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സാമ്പത്തികസർവ്വേ വളരെ പ്രാധാന്യമുള്ള വിഷയമാണെന്ന് എന്റെ സ്നേഹിതൻ സമ്മതിക്കുന്നു. അതിന്റെ വിശദതയെ ആസ്പദമാക്കിയോ അതിലേക്കുവേണ്ടി വരുന്ന വലുതായ ചിലവിനെ അടിസ്ഥാനപ്പെടുത്തിയോ അതു നടത്താൻ സാധിക്കയില്ലെന്നു അദ്ദേഹം ഇപ്പോൾ പറയുന്നു. അതിനാൽ അതു മാററിവയ്ക്കപ്പെടണമെന്നുള്ള ഉദ്ദേശമല്ലാതെ വേറെ എന്തുദ്ദേശത്തോടുകൂടിയാണ് എന്റെ പ്രമേയത്തെ എതിർക്കുന്നതു്?

ഡെപ്യൂട്ടിപ്രസിഡന്റ്: അതിലേയ്ക്കുള്ള കാലമായിട്ടില്ല.

മി: എ. എസ്. മോമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മാററിവയ്ക്കണമെന്ന് എന്റെ സ്നേഹിതനു അപേക്ഷയില്ലെന്നാണ് അദ്ദേഹം പ്രസ്താവിക്കുന്നതു്. ഇതിനുപുറമെ സർവ്വേനടത്തുന്നതിനു ഇരുപതോ ഇരുപത്തിഅഞ്ചോ കൊല്ലങ്ങൾ വേണ്ടിവരുമെന്ന് എന്റെ സ്നേഹിതൻ പറയുന്നു. അതും ക്രമപ്രകാരമല്ലാത്തതായ ഒരു പ്രസ്താവനയാണ്. അദ്ദേഹമൊരു ധനശാസ്ത്രപ്രൊഫസ്സറായതുകൊണ്ടു് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ സ്വീകരിക്കപ്പെടുമെന്ന് അദ്ദേഹം വിശ്വസിച്ചു.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആ: വിദ്യാഭ്യാസഡയറക്ടർ): സർ, ഇതിലേക്കു നമ്മാധാനം പറയേണ്ടതായിരിക്കുന്നു. പ്രമേയത്തെപ്പററി നല്ലതിന്മണ്ണം ആലോചിക്കാതെ മെംബർ അതിനെ അനുകൂലിച്ചു വോട്ടുചെയ്യരുതെന്നും എന്തെന്നാൽ ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം പൂർണ്ണമായി പഠിച്ചു മനസ്സിലാക്കുന്നതിന് മിസ്റ്റർ ആശാൻ ശ്രമിച്ചിട്ടുണ്ടെന്നുമാണ് ഞാൻ പ്രസ്താവിച്ചതു്.

മി: എ. എസ്സ്. മോമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, പണ്ഡിതനായപ്രൊഫസ്സറുടെ പ്രസ്താവനകളെല്ലാം ഉന്നതസ്ഥാനത്തുനിന്നു പുറപ്പെടുകയും ആ സ്ഥിതിക്കു അവയെ നാം എല്ലാവരും സമ്മതിക്കയും ചെയ്യണമെന്നുള്ള മനസ്ഥിതിയോടുകൂടിയാണ് അദ്ദേഹം കഴിഞ്ഞദിവസം പ്രസംഗിച്ചിട്ടുള്ളതെന്ന് അതിന്റെ സ്വഭാവംകൊണ്ടു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ധനശാസ്ത്രവിഷയത്തിൽ അദ്ദേഹത്തിന്റെ ശിഷ്യനായിരിക്കുന്നതിന് ഭാഗ്യവശാലോ നിർഭാഗ്യവശാലോ എനിക്കിടവന്നിട്ടില്ല അതുകൊണ്ടു് ആ വിഷയം സംബന്ധിച്ചിടത്തോളം ഞങ്ങൾ തമ്മിൽ അല്പം അഭിപ്രായവ്യത്യാസമുണ്ടായേക്കാം.

ശാസ്ത്രീയരീതിയിൽ ഒരു അന്വേഷണം നടത്തുന്നതിനു വളരെ പ്രയാസമുണ്ടെന്ന് എന്റെ സ്നേഹിതൻ പ്രസ്താവിച്ചു. പ്രായോഗികമല്ലാത്ത ആശയങ്ങൾ പണ്ഡിതനായ പ്രൊഫസ്സർക്കല്ലാതെ എനിക്കില്ലെന്ന് മിസ്റ്റർ മാത്യു മുരിക്കൻ പറയുകയുണ്ടായി. അപ്രകാരമൊരു അഭിപ്രായം മിസ്റ്റർ മുരിക്കൻ പ്രസ്താവിച്ചതിന് അദ്ദേഹത്തോടുള്ള നന്ദി പ്രദർശിപ്പിച്ചുകൊള്ളുന്നു. സാമ്പത്തികസർവ്വേയുടെ ശാസ്ത്രീയസ്വഭാവത്തെപ്പററി പണ്ഡിതനായ പ്രൊഫസ്സർക്കു അറിയണമെന്നുണ്ടെങ്കിൽ സാമ്പത്തിക അന്വേഷണകമ്മററിയുടെ റിപ്പോർട്ടു അദ്ദേഹം വായിച്ചുനോക്കേണ്ടതാണ്. അതിൽ ഒന്നാമദ്ധ്യായത്തു ഫാ ഗ്ര ഗ്രാഫുകൾ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

''സാമ്പത്തികസർവ്വേ ആകുന്നിടത്തോളം വോട്ടത്തിൽ തുടങ്ങേണ്ടതു ആവശ്യമായിട്ടുള്ളതാണെന്നാണ് ഞങ്ങൾ അഭിപ്രായപ്പെടുന്നതു്. അപ്രകാരമുള്ള അന്വേഷണങ്ങൾ മൂലം ക്രമപ്രകാരമായിട്ടുള്ള ഫലങ്ങൾ സിദ്ധിക്കുമെന്ന് ആശിച്ചിട്ടു കാര്യമില്ലെന്നും താരതമ്യേന സിദ്ധിക്കാവുന്നഗുണങ്ങളല്ലാതെ പ്രാഥമികമായിട്ടുള്ള ഗുണം കണക്കുകളിൽനിന്നു ലഭിക്കാമെന്ന് ആശിച്ചിട്ടു വസ്തുമില്ലെന്നും ധനശാസ്ത്രജ്ഞന്മാർതന്നെ സമ്മതിച്ചിട്ടുണ്ട്. ഏററവും യഥാർത്ഥമായ കണക്കുകൾ ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നാം പ്രവൃത്തിക്കേണ്ടതാണെങ്കിലും പ്രസ്തുത സർവ്വേയുടെ പ്രാരംഭദശയിൽ യഥാർത്ഥമായ കണക്കു ലഭിക്കുന്നതിനു സാധ്യമല്ലാത്ത എല്ലാസംഗതികളിലും ഏകദേശമുള്ള കണക്കുകൾകൊണ്ടു് നാം തൃപ്തിപ്പെടേണ്ടതാകുന്നു. അപ്രകാരമിരിക്കെ, അല്പകാലങ്ങളിൽ നമുക്കു ലഭിക്കുന്ന വിവരങ്ങൾ അല്പം തെററിയേക്കാം. എന്നാൽ കാലക്രമേണ അതുസംബന്ധമായ സന്ദേഹങ്ങൾ സംബന്ധിച്ചിടത്തോളം പൊതുജനങ്ങൾക്കു അറിവുലഭിക്കുന്നതും, പരിശോധനകളിൽ അവർക്കു അഭിരുചിയുണ്ടാകുന്നതും, പൊതുജനാഭിപ്രായത്തിന്റെ വളർച്ചയോടുകൂടി അതിൽ അഭിവൃദ്ധിയുണ്ടാകുന്നതും, അപ്രകാരം സംഭവിക്കുമ്പോൾ നമുക്കു ലഭിക്കുന്ന വിവരങ്ങൾ കുറേക്കൂടി കൃത്യമുള്ളവയായിത്തീരുന്നതും ആകുന്നു.''

ഈ ജോലിയുടെ വലിപ്പത്തെപ്പററി പണ്ഡിതനായ പ്രൊഫസർ പ്രസ്താവിക്കുകയുണ്ടായി. ജെ. ഐ. സ്റ്റെണ്ടർ ''ഇന്നതെന്തു അന്വേഷിക്കാ'' എന്ന പുസ്തകത്തിൽ എല്ലാ പ്രവൃത്തിയിലും ''അതിനു കഴിയുമെന്നു വിചാരിക്കുന്നെങ്കിൽ അതിനെന്തും പ്രവൃത്തിക്കാൻ സാധിക്കും, സംശയിച്ചാൽ യാതൊന്നും പ്രവൃത്തിക്കാൻ അതിനു സാധിക്കയില്ല'' എന്നുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തിവേണം നാം പ്രവൃത്തിക്കേണ്ടതെന്ന് അദ്ദേഹം ഗുണദോഷിക്കുന്നു; അദ്ദേഹത്തിന്റെ ഗുണദോഷത്തെ പണ്ഡിതനായ പ്രൊഫസ്സർ സ്വീകരിക്കേണ്ടതാണെന്ന് അദ്ദേഹത്തെ ഗുണദോഷിക്കാൻ എനിക്കു അർഹതയുള്ളപക്ഷം അപ്രകാരം അദ്ദേഹത്തെ ഞാൻ ഗുണദോഷിക്കുന്നു. അതുകൊണ്ടു ശരിയായവിധത്തിൽ ഒരു സാമ്പത്തികസർവ്വേ നടത്തപ്പെടുമെന്ന് എന്റെ സ്നേഹിതൻ മിസ്റ്റർ രംഗസ്വാമിഅയ്യങ്കാർ വിശ്വസിക്കയും മേൽ പ്രസ്താവിച്ചപ്രകാരമുള്ള സമാധാനങ്ങൾ കൊണ്ടുവരാതെയും, അതിനെ അദ്ദേഹം എതിർക്കാതിരിക്കയും ചെയ്യുകയാണെങ്കിൽ—

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആ: വിദ്യാഭ്യാസഡയറക്ടർ): സർ, ധനശാസ്ത്രവുമായി എനിക്കു യാതൊരു സംബന്ധവുമില്ലാത്തതാകുന്നു.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, അതിനെ അദ്ദേഹം എതിർത്തിരിക്കുന്നു.

ഡെപ്യൂട്ടിപ്രെസിഡണ്ട്: ഗവണ്മെന്റിന്റെ പ്രതിനിധിയെന്നനിലയിൽ.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അദ്ദേഹത്തിന്റെ സ്വന്തനിലയിൽ ഈ പ്രമേയം സ്വീകരിക്കുന്നതാണൊ എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (അ: വിദ്യാഭ്യാസഡയറക്ടർ): ഒരിക്കലുമില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്: അപ്രകാരം പ്രവൃത്തിക്കുന്നതിന് അദ്ദേഹത്തിനു നിവ്വാഹമില്ല.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു സാമ്പത്തികസർവ്വെ നടത്തപ്പെടേണ്ടതിന്റെ ആവശ്യകതയെപ്പററി മുൻപുണ്ടായിരുന്നതിനെക്കാൾ കൂടുതൽ ഇന്നുണ്ട് എന്നിയ്ക്കു ബോദ്ധ്യം വന്നിട്ടുള്ളതു്. അകാലമായും കൂടുതലും ഉയ്യിടയ്ക്കുണ്ടായ അതിവർഷംമൂലം എന്റെ താലൂക്കിൽ കൃഷിക്കു നഷ്ടംസംഭവിച്ചതുകൊണ്ടു പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള ഒരു വിഷയത്തെപ്പററി വാദപ്രതിവാദം നടത്തുന്നതിലേക്കു സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നു് ഞാൻ ആവശ്യപ്പെട്ടു; മാവേലിക്കരതാലൂക്കിൽ വളരെ വരൾച്ച സംഭവിച്ചിട്ടുള്ളതായി കൊല്ലം ദിവാൻപേഷ്കാരുടെ പക്കൽ നിന്നും ഗവണ്മെന്റിനു റിപ്പോർട്ടും കിട്ടിയിരിക്കുന്നു. ഇപ്രകാരമിരുന്നിട്ടും രാജ്യത്തിന്റെ ശ്രേയസ്സിനെ കാക്കേണ്ടതായ ഒരു ഗവണ്മെന്റു ഉദ്യോഗസ്ഥൻ അതിനെ എതിർത്തിരിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡന്റ്: നിങ്ങൾ നടപടിക്രമം അനുസരിക്കുന്നില്ല. അതിനു നിങ്ങൾക്കു ഭൂരിപക്ഷം ലഭിച്ചിട്ടില്ല.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സഭാനടപടികൾ നിറുത്തിവയ്ക്കപ്പെടണമെന്നുള്ള ഉപക്ഷേപത്തെ സംബന്ധിച്ചല്ല ഞാൻ പ്രസംഗിക്കുന്നതു്. ഞാൻ പ്രസ്താവിക്കുന്നതെന്തെന്നാൽ, ഒരു സാമ്പത്തിക സർവ്വെ നടത്തപ്പെടുന്നപക്ഷം—

ഡെപ്യൂട്ടിപ്രസിഡന്റ്: അതു സംബന്ധമായി യാതൊരു അത്യാവശ്യവുമില്ലാതിരുന്നതിനാൽ സഭയുടെ അനുമതി നിങ്ങൾക്കു ലഭിച്ചില്ല.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സാമ്പത്തികസർവ്വേയുടെ പ്രാധാന്യത്തെ സംബന്ധിച്ചിടത്തോളം സഭയ്ക്കു ബോദ്ധ്യം വരുന്നതിനു് മററു മാന്യന്മാരുടെ ഒന്നാം തരങ്ങൾ അഭിപ്രായങ്ങൾ പ്രസ്താവിക്കാം. ടൈംസിൽ ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു:—"ചരിത്രങ്ങളിൽ നിന്നും ബോധ്യപ്പെടുന്നതായ സംഭവങ്ങളുടെ ഗതിയെ പഠനം ചെയ്തു മനസ്സിലാക്കുന്ന സാമ്രാജ്യക്കാർക്കു പരിചയത്തെ മാത്രം അടിസ്ഥാനപ്പെടുത്തി പ്രവൃത്തിക്കുന്ന സാമ്രാജ്യക്കാരെക്കാൾ കൂടുതൽ ശക്തിയോടു അവരുടെ ശത്രുക്കളെ തോൽപ്പിക്കാവുന്നതാകുന്നു".

നമ്മുടെ സംസ്ഥാനത്തിന്റെ ഒരു സാമ്പത്തിക സർവ്വെ നടത്തുന്നതു് സാധ്യമല്ലെന്നു എന്റെ സ്നേഹിതൻ പ്രസ്താവിക്കയും അതിനെ അടിസ്ഥാനപ്പെടുത്തി ഞാനൊരു പ്രായോഗിക മനുഷ്യനല്ലെന്നു അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. ഐറിഷ് ഫ്രീസ്റ്റേററിന്റെ സാമ്പത്തികമായ ഒരു സർവ്വെ നടത്താമെന്നു് ഐറിഷ് പ്ര. സ്റ്റേററുകാർ സമ്മതിച്ചിട്ടുള്ള വിവരം പണ്ഡിതനായ പ്രൊഫസ്സറുടേയും സഭയുടേയും ദൃഷ്ടിയിൽ ഞാൻ കൊണ്ടുവരുന്നു. ഗാർഡിയൻ ഡിസംബർ ൨൧-ാംനു-യിലെ "മാൻചെസ്റ്റർ ഗാർഡിയനിൽ" ഇപ്രകാരം പ്രസ്താവിച്ചിരുന്നു:—'ഫന്നാഹെയിൽ ഇപ്പോൾ അഭിനന്ദനീയമായ വിധത്തിൽ ശാന്തമായ മനസ്ഥിതി പ്രദർശിപ്പിച്ചു വരികയും അപ്രകാരം തന്നെ പ്രസിഡന്റു കോസ്ഗ്രേവ് ധൈര്യവും രസകരവുമായ ഒരു പരീക്ഷണം നടത്തുന്നതിനു ശ്രമിച്ചുവരികയും ചെയ്തുവരുന്നു: അദ്ദേഹം മിസ്റ്റർ ഡി വലീറയുടെ ഒരു നിർദ്ദേശത്തെ ലക്ഷ്യമാക്കി ഫ്രീ സ്റ്റേററിന്റെ സാമ്പത്തികസ്ഥിതിയെപ്പററി അന്വേഷിച്ചറിഞ്ഞു അതു പരിഷ്കരിക്കപ്പെടുന്നതിലേയ്ക്കു വേണ്ട നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുന്നതിനു എല്ലാകക്ഷികളും അടങ്ങിയ ഒരു കമ്മിററിയെ നിയമിച്ചിരിക്കുന്നു". മേൽപ്രസ്താവിച്ചവാക്കുകളിൽ നിന്നു്—

റാവു ബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (അ. വിദ്യാഭ്യാസ ഡയറക്ടർ): അതാണൊ ഒരു സാമ്പത്തികസർവ്വെയെന്നു് മിസ്റ്റർ ആശാൻ മനസ്സിലാക്കിയിരിക്കുന്നതു്?

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്റെ സ്നേഹിതന്റെ മറുപടിയിൽ അതു സംബന്ധമായ എല്ലാ വിവരങ്ങളും വ്യക്തമായി പറഞ്ഞു ഞങ്ങളെ മനസ്സിലാക്കാവുന്നതാണല്ലോ. അദ്ദേഹത്തിനു മറുപടി നൽകണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്റെ സ്നേഹിതൻ സരസമായി പ്രസംഗിക്കാൻ ശ്രമിച്ചു; എന്നാൽ അതു് ഞങ്ങൾക്കു ബോദ്ധ്യം വരത്തക്കവണ്ണമുള്ള ഒരു പ്രസംഗമല്ലായിരുന്നു.

ഡെപ്യൂട്ടി പ്രസിഡന്റ്: അവതമ്മിൽ വളരെ വ്യത്യാസമുണ്ടു്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അല്പം വ്യത്യാസമുണ്ടു്. പ്രമേയത്തിൽ അല്പമൊരുഭേദഗതി വരുത്തണമെന്നു് എന്റെ സ്നേഹിതൻ ആവശ്യപ്പെടുന്നു. "ന്റെ" എന്നതിനു പകരം "ൽ" എന്നു മാത്രം ചേർക്കണമെന്നാണു് അദ്ദേഹം ആവശ്യപ്പെടുന്നതു്.

ഡെപ്യൂട്ടി പ്രസിഡന്റ്: അതൊരു നിർദ്ദേശം മാത്രമേയുള്ളു; നിങ്ങൾക്കു അതു സ്വീകരിക്കയൊ നിരാകരിക്കയൊ ചെയ്യാവുന്നതാണു്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഭേദഗതി നിസ്സാരമായിട്ടുള്ളതാണെങ്കിൽ എന്റെ പ്രമേയത്തെത്തന്നെ അദ്ദേഹം സ്വീകരിക്കട്ടെ. "സംസ്ഥാനത്തിൽ ഒരു സാമ്പത്തിക സർവ്വെ" എന്നു ചേർത്തു അതു ഭേദപ്പെടുത്തണമെന്നാണു് അദ്ദേഹം നിർദ്ദേശിക്കുന്നതു്. സർ, സംസ്ഥാനത്തിൽ ഒരു സാമ്പത്തിക സർവ്വെ നടത്തുകയെന്നാൽ സംസ്ഥാനത്തിൽ ഏതെങ്കിലുമൊരു ഭാഗത്തോ ഏതെങ്കിലുമൊരു കരയിലോ സർവ്വെ നടത്തുകയെന്നു് അർത്ഥമാകുന്നതാണു്. അപ്രകാരം നടത്തപ്പെടുന്ന പക്ഷം അതിനു ധാരാളം വ്യാപ്തിയുണ്ടാകുന്നതല്ല. സംസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം ഗ്രാമങ്ങളിൽ ഒരു സാമ്പത്തിക സർവ്വെ നടത്തപ്പെടുന്ന പക്ഷം പ്രമേയം മുഖം ഉദ്ദേശിച്ചിരിക്കുന്നതൊക്കെ സാധിക്കുന്നതല്ലെന്നു് ഈ പ്രമേയം ഹാജരാക്കിയ ഘട്ടത്തിൽ ഞാൻ നടത്തിയ പ്രസംഗം ശ്രദ്ധിച്ചിട്ടുള്ളവർക്കൊക്കെ മനസ്സിലായിട്ടുള്ളതാണു്.

മി: ഗുരുവലിപാച്ചുപിള്ള (ചേർത്തല): ഈ പ്രമേയം പാസ്സായാലും രാജ്യം മുഴുവനും ഒന്നായിട്ടു സർവ്വെ ചെയ്യണമെന്നാണൊ അങ്ങിയുടെ അഭിപ്രായം?

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ പ്രമേയം മുഖേന എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് ഞാൻ വ്യക്തമായി പ്രസ്താവിച്ചു കഴിഞ്ഞു.

സർ, ഏതാനും മാതൃകാ ഗ്രാമങ്ങളിൽ സർവ്വേ നടത്തപ്പെടേണ്ട ജോലി എന്റെ സ്നേഹിതൻ നിർവഹിക്കാൻ തയ്യാറാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. അദ്ദേഹത്തിനോടും ഡിപ്പാർട്ടുമെന്റു മേലധികാരികളോടും (സന്ദർശകന്മാർ ഇരിക്കുന്ന ഗാലറിയിൽ നിന്നും ശബ്ദം പുറപ്പെടുന്നു.

ഡെപ്യൂട്ടി പ്രസിഡന്റ്: ഓർഡർ, ഓർഡർ, ദയവുചെയ്തു ശബ്ദമുണ്ടാക്കരുത്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അദ്ദേഹത്തോടും, ലാൻറ് റവന്യൂ കമ്മീഷണർ, കൃഷിവ്യവസായ ഡയറക്ടർ, വ്യവസായഡയറക്ടർ, എക്സൈസുകമ്മീഷണർ മുതലായ ഡിപ്പാർട്ടുമെന്റു മേലധികാരികളോടും തമ്മിൽ ചർച്ചചെയ്തു ഏഴു മാതൃകാഗ്രാമങ്ങളെ തിരഞ്ഞെടുക്കണമെന്ന് എനിയ്ക്കു അപേക്ഷയുള്ളതാകുന്നു. അപ്രകാരം പ്രവൃത്തിക്കുന്നപക്ഷം മുതലെടുപ്പു അടിസ്ഥാനപ്പെടുത്തി ലാൻറ്റവന്യൂ കമ്മീഷണരും ചഹരി പദാർത്ഥങ്ങൾ ഉപയോഗപ്പെടുത്തുന്നതിനെ ആസ്പദമാക്കി എക്സൈസു കമ്മീഷണരും ഒരു പക്ഷം വിദ്യാഭ്യാസ സമ്പ്രദായത്തെയും വിദ്യാഭ്യാസ രീതിയേയും അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസ ഡയറക്ടറും മാതൃകാഗ്രാമങ്ങൾ തിരഞ്ഞെടുക്കുന്നതായി നമുക്കു സ്പഷ്ടമാകും. വളരെ ഉപയോഗപ്പെടുത്തുന്ന സമ്പ്രദായം, കൃഷിസംബന്ധമായ പരിഷ്കാരങ്ങൾ മുതലായ സംഗതികൾ കൃഷിവ്യവസായ ഡയറക്ടർ ആലോചിക്കുന്നതായിരിക്കും.

ഡെപ്യൂട്ടിപ്രസിഡന്റ്: യാതൊരു വിഷയത്തിലും പ്രത്യേക പരിചയമില്ലാത്ത ആളുകളാൽ പ്രസ്തുത ഗ്രാമങ്ങൾ തിരഞ്ഞെടുക്കപ്പെടണമെന്നാണോ നിങ്ങൾ അഭിപ്രായപ്പെടുന്നത്?

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇവരെല്ലാം രാജ്യത്തെക്കുറിച്ചു സഞ്ചരിച്ചിട്ടുള്ളതും രാജ്യത്തിന്റെ സ്ഥിതിയെ സംബന്ധിച്ചു അവർക്കു നല്ല അറിവുള്ളതും ആകുന്നു. സംസ്ഥാനത്തിന്റെ നന്മയെ ഉദ്ദേശിച്ചു അവർ പ്രവൃത്തിക്കുന്നതുമാകുന്നു. രാജ്യത്തിന്റെ സ്ഥിതിഭേദങ്ങളെപ്പററി നല്ല അറിവു അവർക്കുണ്ടെന്നുവരികിലും തമ്മിൽ ആലോചനനടത്താതെ അവർക്കു ഏകാഭിപ്രായമുണ്ടാകാൻ നിവൃത്തിമില്ലെന്നാണ് ഞാൻ പ്രസ്താവിക്കുന്നത്.

ബ്രിട്ടീഷ് ഇൻഡ്യയിൽ റവന്യൂഡിപ്പാർട്ടുമെൻറുകാർ നിർവഹിക്കുന്ന എല്ലാജോലികളും ഇവിടത്തെ റവന്യൂസിൽബന്ധികളെ കൊണ്ടു നിർവഹിക്കുന്നതിനു സാദ്ധ്യമല്ലെന്നു ഡാക്ടർ കുഞ്ഞൻ പിള്ള പ്രസ്താവിച്ചു. ഇതിലേക്കാവശ്യമുള്ള കണക്കുകൾ ലഭിക്കുന്നതിനു അല്പം പ്രയാസമുള്ളതുകൊണ്ട്——

ഡെപ്യൂട്ടിപ്രസിഡന്റ്: കൂടുതൽ സിൽബന്ധികൾ ആവശ്യപ്പെട്ടേക്കുമെന്നാണ് അദ്ദേഹം പ്രസ്താവിച്ചതു്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൂടുതൽ സിൽബന്ധികൾ ആവശ്യമുണ്ടെന്നു മിസ്റ്റർ റാബിസൺ വിചാരിക്കുകയും ഇപ്പോഴുള്ള സിൽബന്ധികളെക്കൊണ്ടു ആജോലികൾ നടത്തപ്പെടുന്നതിനു അസാദ്ധ്യമാണെന്നു അദ്ദേഹം സഭയെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നതായാൽ കൂടുതൽ സിൽബന്ധികളെ സഭ അനുവദിക്കുന്നതാണെല്ലൊ.

മി: എസ്സ്. സി. എക്സ്. റാബിൻസൺ (ലാൻറ് റവന്യൂവും ആദായനികുതിയും കമ്മീഷണർ): ഇതു് സഭയുടെ ഓർമ്മയിൽ ഇരിക്കട്ടെന്നു ഞാൻ വിശ്വസിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്: ഇതു് സഭയുടെ ഒഫിഷ്യൽ റിപ്പോർട്ടിൽ ചേർത്തിരിക്കുന്നതാണെല്ലൊ.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഡാക്ടർ കുഞ്ഞൻപിള്ളയുടെ അഭിപ്രായത്തിൽ ഇതിലേക്കു നിയമം ആവശ്യമുണ്ടെന്നു പ്രസ്താവിച്ചു; സംസ്ഥാനത്തിലെങ്ങും സാമ്പത്തികസർവ്വെ നടത്തപ്പെടുന്നതിനു ആവശ്യമുള്ള നിയമം ഈ സഭയിൽ പാസ്സാക്കുന്നതിന് അവർക്കു അധികം വൈഷമ്യം നേരിടുന്നതല്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്. സർ, എനിക്കനുവദിച്ചിട്ടുള്ള സമയം തീർന്നിരിക്കുന്നതിനാൽ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആ: വിദ്യാഭ്യാസഡയറക്ടർ): അമ്പു മിനിട്ടിനുള്ളിൽ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിന് എനിക്കു വിരോധമില്ല. എന്നാൽ അനേകം മെംബറാരുടെ വിമർശനങ്ങളെ സംബന്ധിച്ചു ഞാൻ മറുപടി പറയേണ്ടതായിട്ടുണ്ട്.

ഡെപ്യൂട്ടിപ്രസിഡന്റ്: എന്നെ തെററിധരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. സാമാന്യം ധാരാളം സമയം അനുവദിക്കുന്നതിന് ഞാൻ തയ്യാറാണ്.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആ: വിദ്യാഭ്യാസഡയറക്ടർ): അപ്രധാനമായ വാദമുഖങ്ങളെ ഖണ്ഡിക്കുന്നതിന് ഞാൻ ശ്രമിക്കാം.

ഡെപ്യൂട്ടിപ്രസിഡന്റ്: ഇപ്പോൾ 8.00 ആയി. 8.00 മിനുട്ടു അനുവദിക്കപ്പെടുന്നു എന്നു വിചാരിക്കുക. അതു മതിയാകുന്നതാണോ?

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആ: വിദ്യാഭ്യാസഡയറക്ടർ): ആ സമയത്തിനുള്ളിൽ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിന് ശ്രമിക്കാം.

സർ, എന്റെ പ്രസംഗം കേട്ടപ്പോൾ മിസ്റ്റർ ദാമോദരൻ ആശാന് ആശ്ചര്യവും മനസ്സമാധാനവുമാണുണ്ടായതെന്ന് അദ്ദേഹം പ്രസ്താവിക്കയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ എനിയ്ക്കു വിസ്മയമുണ്ടായെങ്കിലും മനസ്സമാധാനമുണ്ടായില്ല. അദ്ദേഹത്തിന്റെ വിമർശനങ്ങൾക്കിടയിൽ എന്റെ ശാസ്ത്രജ്ഞനെന്നനിലയിൽ ധനശാസ്ത്രം പഠിച്ചിട്ടില്ലെന്ന് അഭിനന്ദനസൂചകമായി അദ്ദേഹം പ്രസ്താവിച്ചു. ഈ നിർഭാഗ്യം അനേകാന്യമായിട്ടുള്ളതാണെന്ന് ഞാൻ താഴ്മയായി പ്രസ്താവിച്ചുകൊള്ളട്ടെ. ഞങ്ങൾ ഒരുമിച്ചു് ധനശാസ്ത്രവിഷയം പഠിച്ചിരുന്നുവെങ്കിൽ മിസ്റ്റർ ആശാൻ ഇന്നു പ്രസ്താവിച്ച പല അഭിപ്രായങ്ങളും അദ്ദേഹം പ്രസ്താവിക്കാൻ ഇട വരികയില്ലായിരുന്നു; എന്നാൽ അപ്രകാരം സംഭവിച്ചിരുന്നുവെങ്കിൽ ധനശാസ്ത്ര സംബന്ധമായ പല പ്രധാനതത്വങ്ങളും അദ്ദേഹം മനസ്സിലാക്കിയിരുന്നേനെ. ഇതിനും പുറമെ, അദ്ദേഹത്തിന്റെ ഇന്നത്തെ അഭിപ്രായങ്ങൾക്കു ഈ സഭയുടെ ഒഫിഷ്യൽ റിപ്പോർട്ടിൽ സ്ഥിരമായ സ്ഥാനം ലഭിക്കുന്നതിനുള്ള നിർ

ഭാഗ്യവും ഉണ്ടാകയില്ലായിരുന്നു. സാമ്പത്തിക അന്വേഷണം മുതലായവയെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ വ്യക്തമായ വ്യാഖ്യാനങ്ങൾ ഭാവി സന്താനങ്ങൾതന്നെ മനസ്സിലാക്കിക്കൊള്ളട്ടെ; അതുകൊണ്ടു മാത്രം ഞാൻ തൃപ്തനാകുന്നു.

ഇനി വേറൊരു സംഗതികൂടി എനിക്കു പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. ധനശാസ്ത്രവിഷയത്തിൽ എനിക്കുള്ളവലുതായ അജ്ഞാനത്തെ അടിസ്ഥാനപ്പെടുത്തി ഇന്നത്തെ വാദപ്രതിവാദത്തിനിടയിൽ പല മാന്യന്മാരും എന്നോടു സഹതാപിക്കയുണ്ടായി. പ്രായോഗിക ധനശാസ്ത്രജ്ഞനായ ഒരു മാന്യന്റെ ദീർഘപ്രസംഗവും നാം ശ്രദ്ധിച്ചു കേട്ടു; ഒരുകാലത്തു എന്നെപ്പോലെ അദ്ദേഹവും ഒരു ശാസ്ത്രീയ ധനശാസ്ത്രജ്ഞനായിരുന്നു എന്നും, പക്ഷെ അതിനുശേഷം അദ്ദേഹം ഒരു പ്രായോഗികധനശാസ്ത്രജ്ഞനായി തീർന്നിട്ടുണ്ടെന്നും തെറ്റിൽ വിഷയത്തിൽ ഏർപ്പെട്ടുതുടങ്ങിയിരിക്കുന്ന എന്നു അദ്ദേഹം പ്രസ്താവിച്ചു. (ചിരി.) വേറൊരു സന്ദർഭത്തിൽ മറ്റൊരു സ്ഥലത്തു വച്ച് ശാസ്ത്രവും അഭ്യാസവും തമ്മിൽ വ്യത്യാസമുണ്ടെന്നുള്ള അഭിപ്രായം അടിസ്ഥാനരഹിതമാണെന്ന് പറഞ്ഞു മനസ്സിലാക്കിയിട്ടുള്ളതും, അപ്രകാരമുള്ള തെററായ അഭിപ്രായം ശാസ്ത്രസംബന്ധമായി വിദഗ്ദ്ധന്മാരല്ലാത്തവർക്കു പ്രായോഗികമായ മനസ്ഥിതിയില്ലാത്തതുകൊണ്ടുള്ളതെന്ന് കാണിച്ചു കൊടുത്തിട്ടുള്ളതും ആകുന്നു, ഗാഢമായി ആലോചിക്കുന്നവർക്കൊക്കെ ഈ പരമാർത്ഥം മനസ്സിലാകുന്നതാണ്. ഏതെങ്കിലുമൊരു പ്രവർത്തനപദ്ധതി ശരിയായതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ലെങ്കിൽ ഉപയോഗമുള്ളതായിരിക്കാൻ മാർഗ്ഗമില്ലാത്തതാകുന്നു. സാമൂഹിക പരമാർത്ഥങ്ങളെ പരിഗണിക്കാത്തതും തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടില്ലാത്തതുമായ ഒരു ശാസ്ത്രം ശാസ്ത്രീയമായിരിക്കാൻ മാർഗ്ഗമില്ലാത്തതും പ്രത്യേകിച്ചും ഒരു സാമൂഹിക ശാസ്ത്രമായ ധനശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം അതു ഗുണമായിരിക്കാൻ കാരണമില്ലാത്തതും ആകുന്നു, മനുഷ്യജീവിതത്തിലെ പരമാർത്ഥങ്ങളെ അടിസ്ഥാനമാക്കാത്തതായതായ ശാസ്ത്രീയ അന്വേഷണമോ പരിശോധനയോ ഉപകാരശൂന്യമായി പരിണമിക്കാതെ നിവൃത്തിയൊക്കുകയില്ല.

ഇതിനു പുറമെ, ധനശാസ്ത്രവിഷയത്തിൽ വ്യവസ്ഥിതമായ ഫലങ്ങൾ ലഭിക്കണമെന്നുള്ള എന്റെ അതിമോഹത്തെ സംബന്ധിച്ചിടത്തോളം എന്റെ സ്നേഹിതൻ മി. താണുപിള്ള പരിതപിക്കയുണ്ടായി. ഫലങ്ങൾ എത്രത്തോളം വ്യവസ്ഥിതമായിട്ടുള്ളവയല്ലെങ്കിൽ അതുമൂലം എന്തുന്യൂനതയാണു ഉണ്ടാകുന്നതെന്ന് അദ്ദേഹം ചോദിക്കയുണ്ടായി. അന്യന്മാർ പ്രസ്താവിച്ചിട്ടുള്ളവയെ തെററായി പ്രസ്താവിക്കാനും അവയെ തെററായി വ്യാഖ്യാനിക്കാനും അതിസമർത്ഥനായ മിസ്റ്റർ ആശാൻ പണ്ഡിതനായ ഏതൊ ഒരു പ്രൊഫസർ മേൽ പ്രസ്താവിച്ച നിർവ്വണ്ണം അഭിപ്രായപ്പെട്ടിട്ടുള്ളതായി പറഞ്ഞു, മിസ്റ്റർ താണുപിള്ളയും മിസ്റ്റർ ആശാന്റെ അഭിപ്രായത്തോടു യോജിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) പണ്ഡിതനായ പ്രൊഫസർ തന്റെ പ്രസ്താവനയെ ന്യായീകരിക്കട്ടെ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ: വില്ലുപുരം സൗത്ത് ആർക്കോട്ട്) ന്യായീകരിക്കത്തക്ക ആവശ്യമൊന്നുമില്ല. പ്രൊഫസറുടെ അഭിപ്രായം അച്ചടിച്ചിട്ടുണ്ട്. അതുസംബന്ധമായ മിസ്റ്റർ ആശാന്റെ വ്യാഖ്യാനവും അതിനുണ്ടും അച്ചടിക്കട്ടെന്നുള്ളതാകുന്നു. അതു വീണ്ടും വായിച്ചു മനസ്സിലാക്കുന്നവർക്ക് ഏതു അഭിപ്രായവും തോന്നട്ടെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): വിവരങ്ങൾ ക്ലിപ്തമായിരിക്കണമെന്നു ആവശ്യമില്ലെന്നു ഞാൻ പറഞ്ഞില്ല പ്രസ്തുതപരിശോധന ശാസ്ത്രീയമായിട്ടുള്ളതാണെന്നും, അതുകൊണ്ട് ആ ജോലി വളരെ വിഷമതയുള്ളതാണെന്നും മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ ഭയപ്പെടുന്നുവെന്നാണ് ഞാൻ പ്രസ്താവിച്ചതു്. അതു് ഏതുവിധമിരുന്നാലും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പ്രസ്തുതജോലിക്ക് അൻപതു ലക്ഷം രൂപാ ചിലവാകുന്നതാണെന്നും, അതു പൂർത്തിയാകുന്നതിന് ഇരുപതുകൊല്ലത്തോളം വേണ്ടിവരുമെന്നും അദ്ദേഹം പ്രസ്താവിച്ചു. ഈ പ്രസ്താവന വാസ്തവമായിട്ടുള്ളതാണെന്നു ഞാൻ മനസ്സിലാക്കി. ഈ അഭിപ്രായം വാസ്തവമായിട്ടുള്ളതാണെന്നു കരുതിയാൽ തന്നെയും അതു നടത്തുന്നതു് ആശാസ്യകരമായിട്ടുള്ളതാണെന്നു ഞാൻ അഭിപ്രായപ്പെട്ടു. കണക്കശാസ്ത്രംപോലെ അത്ര ക്ലിപ്തമല്ലാത്ത ധനശാസ്ത്രവിഷയത്തിൽ ക്ലിപ്തമായ കണക്കുകൾ ലഭിക്കുന്നതിനു പ്രയാസമുണ്ടെന്നും ഞാൻ പ്രസ്താവിച്ചു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ: വില്ലുപുരം): മിസ്റ്റർ താണുപിള്ളയുടെ സമാധാനം കേട്ടതിൽ ഞാൻ സന്തോഷിക്കുന്നു. ഞാനും മററുള്ളവരും മിസ്റ്റർ താണുപിള്ള പ്രസ്താവിച്ചതു ശരിയായി മനസ്സിലാക്കിയിട്ടുണ്ടായിരിക്കാം. മററു ചിലശാസ്ത്രങ്ങളെപ്പോലെ ധനശാസ്ത്രം അത്ര ക്ലിപ്തമായിട്ടുള്ളതല്ലെന്നും, അതുകൊണ്ടാണ് വിവരങ്ങൾ ശേഖരിക്കുന്നതിൽ വലുതായ സൂക്ഷ്മത കാണിക്കയും നമ്മുടെ പരിശോധനകളും അഭിപ്രായങ്ങളും ശരിയായിരിക്കുന്നതിനു വേണ്ട മുൻകരുതൽ ചെയ്യുകയും ചെയ്യാതിരുന്നാൽ നമ്മുടെ തീരുമാനങ്ങൾക്കു യാതൊരുവിലയുമുണ്ടാകുന്നതല്ലെന്നും ആണ് ഈ ഘട്ടത്തിൽ സഭയെ അറിയിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നതു്. ഇതാണു സമുദായസംബന്ധമായ പരിശോധനകളിൽ പ്രഥമദൃഷ്ടിയിൽ ഉൽഭവിക്കുന്ന അഭിപ്രായങ്ങളെ ത്യജിച്ചു പരമാർത്ഥമായ കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി അഭിപ്രായങ്ങൾ രൂപീകരിക്കപ്പെടണമെന്നു പറയുന്നതിനുള്ള പ്രധാനകാരണം. സാമ്പത്തികസർവ്വെ സംബന്ധമായുള്ള ഉത്തമദൃഷ്ടാന്തങ്ങൾ ഈ സഭയിലെ മെമ്പറന്മാർക്കും മററുള്ളവർക്കും അറിയാമായിരുന്നുവെങ്കിൽ ഇന്നത്തെ വിമർശനങ്ങളിൽ പലതും ഉണ്ടാകയില്ലായിരുന്നുഎന്ന് ഇന്നുണ്ടായവാദപ്രതിവാദത്തിനിന്നും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ഒരു സാമ്പത്തികസർവ്വെ നടത്തുന്നതിനു ഏതെങ്കിലുമൊരുസ്ഥലത്തിരുന്നു പൊതുവായിട്ടുപയോഗപ്പെടുത്താവുന്ന ചില തത്വങ്ങളെ രേഖപ്പെടുത്തുകയും പ്രായോഗികമായി പ്രവൃത്തിക്കണമെന്നുദ്ദേശിക്കുന്ന ഒരാൾക്ക് ആ തത്വങ്ങൾ ഉപയോഗപ്രദമായിരിക്കയും ചെയ്യുമെന്നാണ് മനസ്സിലാക്കിയിരിക്കുന്നതു്. അപ്രകാരമുള്ള പൊതുതത്വങ്ങൾ പ്രതിവിരോധമല്ല-തേയും ശാസ്ത്രീയമായുമുള്ള സമ്പ്രദായത്തിൽ രൂപീകരിക്കപ്പെടുകമാത്രമേ സാമ്പത്തികസർവ്വെയിൽ അന്തർഭവിച്ചിട്ടുള്ളുഎന്നുംകൂടി മനസ്സിലാക്കിയിരിക്കുന്നു. അപ്രകാരമുള്ള ഒരു സർവ്വെയുടെ ഫലമായി അടിസ്ഥാനരഹിതമായ ജനമാനങ്ങൾ പുറപ്പെടുവിക്കുന്നതിനു നിലയുള്ള യാതൊരു ധനശാസ്ത്രജ്ഞനും സാധാരണയായി തുനിയുന്നതല്ല, എന്തെന്നാൽ ജീവിതത്തിലുള്ള പല ഘട്ടങ്ങളും എപ്രകാരമാണെന്നു

പരസ്പരസംബന്ധമായിരിക്കുന്നതു് അപ്രകാരംതന്നെ ധനസംബന്ധമായ എല്ലാസംഗതികളും പരസ്പരസംബന്ധിമായിട്ടുള്ളവയാണ്. ഈ സംഗതികൾ പലതും പ്രത്യേകം പ്രത്യേകമായിട്ടും മറ്റുവിഷയങ്ങളുമായി സംബന്ധക്കാരേയും പരിശുദ്ധിക്കപ്പെട്ട ഈ പരിശോധനയെ സ്പഷ്ടമാക്കിയുള്ള അനുമാനങ്ങൾ അബലമായിട്ടുള്ളവയായിരിക്കുമെന്നു പരിചയംകൊണ്ടു നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. സാക്ഷാൽ വിദ്യാർത്ഥികളും കണക്കശാസ്ത്രജ്ഞന്മാരും ഒഴികെ മറ്റെല്ലാവർക്കും സ്വന്തിക്കസർവ്വേ സംബന്ധമായ വിഷയങ്ങൾ രസകരമല്ലാതിരിക്കുന്നതിന്റെ കാരണങ്ങളിലൊന്നു മേൽപ്രസ്താവിച്ചതുതന്നെയാണ്. ഒരു ഭൂമികത്താറിനോ ഒരു ഫൈനാൻസിയക്കോ മറ്റുപല വിദഗ്ധന്മാർക്കോ പ്രസ്താവിപ്പാർട്ടതും ഉപകാരപ്രദമായിത്തീർന്നേക്കാം. എന്നാൽ സാധാരണ ആളുകൾക്കു അവ ഒട്ടുംതന്നെ രസകരമല്ല.

എന്നാൽ, ഈ സഭയിൽ ഇന്നു നടന്ന പ്രസംഗങ്ങൾ ശ്രദ്ധിച്ചുകേട്ടപ്പോൾ രണ്ടു കാരണങ്ങൾകൊണ്ടു് എനിക്കല്പം മനസ്താപമുണ്ടായി. ഒന്നാമതായി സാമ്പത്തികസർവ്വേയിൽ അടങ്ങിയിരിക്കുന്ന സംഗതികൾ എന്തെല്ലാമാണെന്നുള്ളതിനെപ്പററി മെമ്പറന്മാർ തെററിദ്ധരിച്ചു, രണ്ടാമതായി എന്നതുതന്നെ തെററിദ്ധാരണയുണ്ടായി.

സാമ്പത്തികസർവ്വേയുടെ പ്രധാനോദ്ദേശത്തെപ്പററി അടുത്തകാലത്തുമാത്രം അറിഞ്ഞിട്ടുള്ളവർ അല്ല നടത്തണമെന്നു ആഗ്രഹിക്കുന്നതിനു പകരം ധനശാസ്ത്രം ഗ്രന്ഥിതി പഠിക്കുകയോ ചെയ്യുന്ന ആളുകളുടെ നിലയിൽ കൂടുതൽ ആഗ്രഹം ഉന്നിക്കുണ്ടെന്നു ബോദ്ധ്യപ്പെടുവാൻ ശ്രമിച്ചു ഈ സഭയെ മുഷിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഈ വിഷയത്തെ സംബന്ധിച്ചെടത്തോളം എനിക്കു അഭിരുചിയില്ലെന്നു പ്രസ്താവിച്ചതുകൊണ്ടു നടന്ന പ്രസംഗങ്ങളിൽ സൂചിപ്പിച്ചിട്ടില്ല യിരുന്നുവെങ്കിൽ എന്റെ [illegible] ആവശ്യമില്ലാതിരുന്നേനെ. [illegible] കൊള്ളുന്നതിനു മുമ്പു അതായതു [illegible] ഒരു സാമ്പത്തികസർവ്വേ നടത്തപ്പെടണമെന്നുള്ള വിഷയം നിർഭാഗ്യത്തിലാണെപ്പോഴും കലാശിച്ചു വന്നിരുന്നതു് ഖേദകരമായിത്തന്നെ ഞാൻ സങ്കല്പിക്കുന്നു. [illegible] ഗവർണ്മെന്റ് ഇതു അനുഭവിച്ചു്. വ്യവസായികവും കാർഷികവുമായ സർവ്വേ എന്നു [illegible] അതിനു നാമകരണം ചെയ്തിരുന്നതു്. ഞാൻ ഉൾപ്പെടെ രണ്ടുദ്യോഗസ്ഥന്മാരെ അവരുടെ സാധാരണജോലിക്കു പുറമെ പ്രസ്തുതജോലിക്കു നിർവ്വഹിക്കണമെന്നു ആജ്ഞാപിച്ചിരുന്നു. ഞങ്ങൾക്കു മററുജോലികൾ ധാരാളമായുണ്ടായിരുന്നതുകൊണ്ടു് പ്രസ്തുതജോലി നിർവ്വഹിക്കുന്നതിനു ശനിയാഴ്ചദിവസങ്ങൾ ഞങ്ങൾക്കു മററുള്ളതിൽ കണ്ടിരുന്നുള്ളു. അപ്രകാരമിരുന്നിട്ടും മൂന്നുമാസത്തിനകം സർവ്വേ പൂർത്തിയാക്കി ഞങ്ങളുടെ അവസാനറിപ്പോർട്ടു സമർപ്പിക്കണമെന്നായിരുന്നു ആശിച്ചിരുന്നതു്. അപ്രകാരമുള്ള ഒരു സർവ്വേ നടത്തപ്പെടുന്നതിലേക്കു ഗവർണ്മെന്റിനു ആകെ ചെലവാകുന്ന തുക ചുരുക്കുന്നതിനു പകരം എനിക്കു വേറൊരാൾക്കൊപ്പം മേൽ പറഞ്ഞ കാലാവധി മതിയാകുന്നതല്ല. അതുകൊണ്ടു ഞാൻ ചെറുപ്പമായിരുന്നതുകൊണ്ടു ഏല്പിച്ചതിൽ ഞാൻ തൃപ്തനാകുന്നതും കാലാവധിക്കുള്ളിൽ ജോലി പൂർത്തിയാക്കാമെന്നു ആശിക്കാൻ ഇടയുള്ളതുമായ കൂട്ടത്തിൽ എന്നിരുന്നാലും അപൂർണ്ണമായ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി ഏതു വിധത്തിലുള്ള ഒരു സർവ്വേ ക്ലിപ്തസമയത്തിനുള്ളിൽ നടത്തുന്നതിനല്ലുമിക്കുന്നതു അസാദ്ധ്യമാണെന്നു അക്കാലത്തുതന്നെ എനിക്കു ബോദ്ധ്യമുണ്ടായിരുന്നു. മൂന്നുമാസത്തെ കാലാവധിക്കുള്ളിലുന്നതിനുമുമ്പു ദിവാൻജിക്കു കയ്യൊററ സർ പി. രാജഗോപാലാചാര്യർ സർവ്വേ സംബന്ധമായി എന്തെല്ലാം നടത്തിക്കഴിഞ്ഞുവെന്നു മനസ്സിലാക്കുന്നതിനു എന്നോടു ചോദിച്ചു. യാതൊന്നുംതന്നെ ചെയ്യാൻ സാധിച്ചിട്ടില്ലെന്നും പ്രസ്തുതജോലിയുടെ ഗൌരവത്തെപ്പററി ഗവർണ്മെന്റു അറിയുണ്ടായിരുന്നു എന്നെയും എന്റെ സഹചാരിയെയും ഈ ചുമതലയിൽനിന്നു വിടുത്തണമെന്നും ഞാൻ അദ്ദേഹത്തെ അറിയിച്ചു. അപ്രകാരമുള്ള ഒരു സർവ്വേയിൽ അന്തർഭവിച്ചിരിക്കുന്ന പ്രായോഗികസംഗതികളെപ്പററി നല്ല അറിവുള്ള ഒരാളായിരുന്നു സർ പി. രാജഗോപാലാചാര്യർ. അദ്ദേഹത്തിന്റെ സ്വന്തസിദ്ധമായ സമ്പ്രദായത്തിൽ പറയുന്നപക്ഷം "ക്ഷണിക്കുന്നതിനു പ്രയാസമുള്ള" ആഹാരപദാർത്ഥം ത്യജിക്കപ്പെടുന്നതിനുമുമ്പു അദ്ദേഹം ആ വിഷയത്തെ ത്യജിച്ചു. അപ്പോൾ അക്കാര്യം അവിടെ അവസാനിച്ചു. അതിനുശേഷം മിസ്റ്റർ കൃഷ്ണസ്വാമി ദീവാനായപ്പോൾ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ഭൂമിയുടെ അതിർത്തിയിൽ ഇരുഭാഗങ്ങളിലും താമസിച്ചുവരുന്ന ആചാരക്ഷപാർശ്വങ്ങൾ ഉഭയകക്ഷികൾ സംബന്ധിച്ചു താരതമ്യത്തിനുള്ള പരിശോധന എന്റെ സഹചാരന്മാരുടെ സഹായത്തോടുകൂടി നടത്തുന്നതിലേക്കു എനിക്കനുവാദം ലഭിച്ചു. അപ്രകാരംതന്നെ ട്രിട്ടിഷ് അധികാരസ്ഥന്മാരിൽ നിന്നും അനുവാദം കിട്ടി. നിർഭാഗ്യത്താൽ ഈ പദ്ധതിയുംഫലവത്തായില്ല. എന്തുകൊണ്ടെന്നാൽ ധാരാളം ജോലിയുണ്ടായിരുന്ന എന്റെ അസിസ്റ്റൻറന്മാരിൽ യാതൊരുത്തനും പ്രസ്തുതസർവ്വേ നടത്തുന്നതിലേക്കു ഒഴിവുകാലം ഉപയോഗപ്പെടുത്തുന്നതിനു തയ്യാറുണ്ടായിരുന്നില്ല. പ്രത്യേകിച്ചും ആ ജോലിക്കു യാതൊരു അലവൻസോ മററോ നൽകി അവരെ ഉത്സാഹിപ്പിച്ചിരുന്നുമില്ല. അക്കാര്യം അവിടെ അവസാനിപ്പിച്ചു. എന്റെ മേൽ ഈ സഭയിൽ ഹാജരാക്കപ്പെട്ട ഒരു പ്രമേയത്തെ ആസ്പദമാക്കി പ്രസ്തുതസംഗതി വീണ്ടും ചിന്താവിഷയമായിത്തീർന്നു. അതു പ്രായോഗികമായ ഒരു നിർദ്ദേശമല്ലെന്നു ചുരുക്കത്തിൽ നമ്മെ മനസ്സിലാക്കുകയും പൂർണ്ണമായ വാദപ്രതിവാദത്തിനുശേഷം പ്രമേയം തള്ളപ്പെടുകയും ചെയ്തു. ഇന്നത്തെ മിസ്റ്റർ മാക്കാരൻ ആശാൻ ഈ നിർദ്ദേശം ഹാജരാക്കിയതോടുകൂടി പ്രസ്തുതസംഗതി നാലാമതൊരപ്രാവശ്യം നമ്മുടെ ചിന്താവിഷയമായി തീർന്നിരിക്കുന്നു.

ഈ സംഗതി നൂതനമായ ഒന്നല്ലെന്നും അതുസംബന്ധമായൊരു തീരുമാനമുണ്ടാക്കുന്നതു് അത്ര എളുപ്പമായ കാര്യമല്ലെന്നും സഭയെ അറിയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഇതിന്റെ ഒരു ചുരുക്കമായ ചരിത്രം സഭയെ മനസ്സിലാക്കിയിട്ടുള്ളതു്. ഈ വിഷയം സംബന്ധിച്ചിടത്തോളം എനിക്കു വലുതായ അനുഭവമാണെന്നുള്ളതെന്നും മനസ്സിലാക്കിയിട്ടുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. മിസ്റ്റർ ആശാന്റെ പ്രമേയം തള്ളപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി അദ്ദേഹവുമായി ഞാൻ സംഭാഷണം നടത്തിയെന്നും പ്രസ്താവിക്കയുണ്ടായി. അപ്രകാരം ഞാൻ പ്രവൃത്തിച്ചതിന്റെ ഉദ്ദേശം എന്താണെന്നു പ്രസ്താവിക്കാം. ഇപ്രകാരമുള്ള ഒരു വിഷയം സംബന്ധിച്ചിടത്തോളം യാതൊരു പ്രതികൂലവും ഉണ്ടാകരുതെന്നും മിസ്റ്റർ ആശാന്റെ പ്രമേയത്തി

ഒരു വാചകരീതിയിലുള്ള ന്യൂനതമൂലമൊ സാമ്പത്തികസർവ്വേയുടെ സ്വഭാവം അറിയാതെയൊ രാജ്യത്തിന്റെ നന്മയ്ക്കൊ തിന്മയ്ക്കൊ അതു ഏതുവിധം നടത്തപ്പെടണമെന്നു മനസ്സിലാക്കാതെയൊ സാമ്പത്തികസർവ്വേ നടത്തുന്ന വിഷയം കാലാവധിക്കുടാതെ ഇനിയും മാററിവയ്ക്കപ്പെടരുതെന്നും എനിയ്ക്കു പ്രത്യേകഉദ്ദേശമുണ്ടായിരുന്നതുകൊണ്ടാണ് ഞാൻ അപ്രകാരം പ്രവൃത്തിക്കാൻ ഇടയായതു്. മേൽപ്രസ്താവിച്ച കാരണത്താലാണ് ഈ വിഷയത്തെപ്പററി ഒരു സംഭാഷണം നടത്തണമെന്ന് ഞാൻ മിസ്റ്റർ ആശാനോടപേക്ഷിച്ചതു്; അഭിമുഖസംഭാഷണത്തിൽ അദ്ദേഹത്തിന്റെ പ്രമേയത്തിൽ ഭേദഗതിവരുത്തേണ്ട ആവശ്യകതയെ അദ്ദേഹത്തെ മനസ്സിലാക്കുന്നതിനും ഞാൻ ശ്രമിച്ചിട്ടുണ്ട്. മിസ്റ്റർ ആശാനുമായി സംഭാഷണം നടത്തിയതിനുശേഷം ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ആദ്യമായി ഏതുനിലപാടാണൊ ഗവർണ്ണർക്കു എടുക്കാൻ തീർച്ചയാക്കിയിരുന്നതു് ആ നിലയിൽ ഒരു ഭേദഗതി വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരുണ്ടമേലധികാരിയെ ഇന്നലെ ഞാൻ കാണുകയും ചെയ്തിരുന്നു. ഈ വിഷയം സംബന്ധിച്ചിടത്തോളം സഭയിൽ നടന്ന വാദപ്രതിവാദമദ്ധ്യേ ഉണ്ടായ വിമർശനങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് മേൽപ്പറഞ്ഞവയെല്ലാം ഇന്നു പ്രസ്താവിക്കാൻ ഇടയായതു് പ്രസ്തുത സർവ്വേ നടത്തപ്പെടുന്നതിന് എല്ലാവർക്കും ആഗ്രഹമുണ്ടായിരുന്നതായി എനിക്കു അല്ലാത്തപക്ഷം ഉണ്ടായിരിക്കുന്നതായിഎന്നും, പക്ഷെ അതു സഭ അനുവദിക്കാതിരിക്കുന്നതിനു ഞാൻമാത്രം ശ്രമിച്ചവരുന്നു എന്നും അർത്ഥമാകത്തക്കവിധത്തിൽ ഏതാനും പ്രസ്താവനകളുണ്ടായിരുന്നില്ലാ എങ്കിൽ മേൽപ്പറഞ്ഞ സമാധാനങ്ങളൊക്കെ ആവശ്യമില്ലായിരുന്നു. ഒരു സാമ്പത്തികസർവ്വേ തുടങ്ങണമെന്നുള്ള ശ്രമം തടുക്കുന്നതിനൊ തടുക്കുന്നതിനു സഭയെ പ്രേരിപ്പിക്കുന്നതിനൊ എനിയ്ക്കു ആഗ്രഹമില്ലെന്നുള്ള വിവരം ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. നേരെമറിച്ചു പ്രസ്തുതജോലി നിർവ്വഹിക്കപ്പെടുന്നപക്ഷം എനിയ്ക്കു വളരെ സന്തോഷമുണ്ടാകുമെന്ന് വീണ്ടും ഞാൻ പ്രസ്താവിക്കുന്നു. അമേരിക്കമാതൃകയിലെ ആളുകൾ സാധാരണ പറയുന്നതുപോലെ അതു് "എന്റെ ഉടയത്തിര" അല്ല. ഈ സംബന്ധമായി പൊതുജനങ്ങളുടെ നന്മയല്ലാതെ വേറൊരുദ്ദേശവും എനിക്കില്ലാത്തതാകുന്നു. സർവ്വെ നടത്തപ്പെടേണ്ട ജോലി എന്നെ ഏല്പിച്ചേക്കരുതെന്നുള്ള ഭയംമൂലമല്ല അതു സംബന്ധമായ വിഷമതകളെ നല്ലതിനണ്ണം അറിഞ്ഞിരിക്കേണ്ടതാണെന്നു ഞാൻ പ്രസ്താവിച്ചതു്. സർവ്വെ ഇപ്പോൾ ആരംഭിക്കണമെന്നുദ്ദേശമുണ്ടെങ്കിൽ അതുമായി എനിക്കു യാതൊരു സംബന്ധവുമുണ്ടായിരിക്കുന്നതല്ല സാമ്പത്തികസർവ്വെയുടെ സ്വഭാവത്തെപ്പററി എനിക്കല്പം അറിയാവുന്നതുകൊണ്ടും ഈ വിഷയവുമായി എനിക്കല്പം ബന്ധമുള്ളതുകൊണ്ടുമായിരിക്കാം ഗവർണ്ണരിന്റെ അഭിപ്രായമെന്താണെന്ന് പ്രസ്താവിക്കേണ്ട ജോലി എന്നെ ഏല്പിച്ചതു്. മിസ്റ്റർ ഭാമോദരൻ കുശാന്റെ അഭിപ്രായം ഏതുതന്നെആയിരുന്നാലും, ശാസ്ത്രീയധനശാസ്ത്രജ്ഞന്മാരെ പരിഹസിക്കുന്ന മിസ്റ്റർ കരുണാകരനെപ്പോലെയുള്ള പ്രായോഗികധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം ഏതുവിധമായിരുന്നാലും, സാമ്പത്തികസർവ്വെയുടെ ശാസ്ത്രീയവും പ്രായോഗികമായുമുള്ള തത്വങ്ങളെപ്പററി എനിക്കല്പം അറിവില്ലെന്നില്ല എന്ന് പ്രസ്താവിക്കാൻ എന്നെ അനുവദിക്കണമെന്ന് വിശ്വസിക്കുന്നു. ജർമ്മൻസാമ്പത്തിക സംബന്ധമായ സകലപുസ്തകങ്ങളും മിസ്റ്റർ കരുണാകരന്റെ കൈവശം മാത്രമെയുള്ളു എന്നാണ് ധാരണ; അവയെല്ലാം ഞാൻ വായിച്ചുനോക്കിട്ടില്ലെങ്കിലും സാമ്പത്തിക സംബന്ധമായി ഞാൻ ചെയ്തിട്ടുള്ള പരിശോധനകൾ എന്നെപ്പോലുള്ള ഇൻഡ്യായിലെ മററു സ്ഥലങ്ങളിലുള്ള ശാസ്ത്രീയധനശാസ്ത്രജ്ഞന്മാർക്കു അറിവുള്ളതും രാഷ്ട്രീയകാര്യങ്ങളിൽ ഏർപ്പെടുന്നതു് ഒരു തൊഴിലായിഗണിക്കപ്പെടാതെ അതൊരു വിനോദമായി വിചാരിച്ചു പ്രവൃത്തിക്കുന്ന പ്രായോഗിക ധനശാസ്ത്രജ്ഞന്മാർക്കും കൂടി അറിയാവുന്നതും ആകുന്നു ഇപ്രകാരം പ്രസ്താവിച്ചതിനു മെമ്പറന്മാർക്കു മിക്കരുതെന്ന് വിശ്വസിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഇന്നും കഴിഞ്ഞദിവസവും നടന്ന വാചാലമായ അസംബന്ധപ്രസംഗങ്ങൾ മൂലമാണ് ഇപ്രകാരം പ്രസ്താവിക്കുന്നതിനിടയായതു്. സർ, ഇതുവരെ ഈവിഷയം സംബന്ധിച്ചിടത്തോളം നടത്തപ്പെട്ട വാദപ്രതിവാദസമ്പ്രദായം ജനങ്ങളുടെ ഇടയിൽ സാധാരണ പ്രസ്താവിച്ചുവരാറുള്ള ഒരു പഴമൊഴി എന്റെഓർമ്മയിലെത്തുകൊണ്ടുവന്നു; അതായതു ഒരു പ്രത്യേകതരം അഭിഭാഷകൻ ന്യായമില്ലാത്ത ഒരു കെസ്സു കോടതിയിൽ വ്യവഹരിക്കേണ്ടിവരുമ്പോൾ അയാൾ ഏതുഭാഗത്തുള്ള വക്കീലിനെ ശകാരിച്ചുതന്റെ കേസ്സു ബലപ്പെടുത്താൻ ശ്രമിക്കുന്നു എന്നുള്ളതാണ്.

ഡെപ്യൂട്ടിപ്രസിഡൻറ്: അപ്രകാരം പ്രവൃത്തിക്കുമ്പോൾ അയാൾ അതു ബലഹീനമാക്കിത്തീർക്കയാണു ചെയ്യുന്നതു്.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആദ്യ. വിദ്യാഭ്യാസവകുപ്പുമന്ത്രി): സർ, അപ്രകാരം പരിണമിക്കുകയൊ പരിണമിക്കാതിരിക്കുകയൊ ചെയ്യാം. അതു് ഏതു ജഡ്ജിയുടേയും ജൂറിയുടേയും മുൻപാകെയാണ് നടത്തപ്പെടുന്നതു് ആ ജഡ്ജിയുടേയും ജൂറിയുടേയും മനസ്ഥിതിപോലെയിരിക്കുന്നതാണ്. മനുഷ്യസ്വഭാവത്തെപ്പററി കുറെക്കൂടി നല്ലതിനണ്ണം അറിവുണ്ടായിരുന്നു എങ്കിൽ അപ്രകാരമുള്ള ഉപായങ്ങൾ ഇത്രവളരെ ഉപയോഗപ്പെടുത്തുകയില്ലായിരുന്നു. ഏതായാലും അനുദ്യോഗസ്ഥസാമാജികന്മാരിൽ ഏതാനും മാന്യന്മാർ ഈ പ്രമേയത്തെ ഖണ്ഡിക്കുന്നതിനായി പറയത്തക്കതായ യാതൊരു വാദവും ഞാൻ പുറപ്പെടുവിച്ചിട്ടില്ലെന്നും അനുദ്യോഗസ്ഥമെമ്പറന്മാരുടെ വാദങ്ങൾ മനസ്സിലാക്കുന്നതിനുപോലും എനിക്കു ത്രാണിയുണ്ടായില്ലെന്നും വാദപ്രതിവാദമദ്ധ്യേ പ്രസ്താവിച്ചതു കൊണ്ടാണ് മേൽപറഞ്ഞ പഴമൊഴി എനിക്കു ഓർമ്മവരാൻ ഇടയായതു്. സാമ്പത്തിക സർവ്വെ എന്നതു് മനസ്സിലാക്കാൻ എനിക്കു ശക്തിയില്ലെന്നും, ഈ വാദപ്രതിവാദത്തിൽ ഞാൻ പ്രതിനിധീകരിക്കുന്ന ഗവർണ്ണർക്കു ഒരു സാമ്പത്തികസർവ്വെ നടത്തുന്നതിനുള്ള പദ്ധതിയോടു യാതൊരു അനുകമ്പയുമില്ലെന്നും കൂടി പ്രസ്താവിക്കയുണ്ടായി. അനുദ്യോഗസ്ഥസാമാജികന്മാർ — അവരിൽ ഏതാനും പേരെങ്കിലും — ഗവർണ്ണർക്കു സിദ്ധിച്ചിട്ടില്ലാത്ത സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തിവരുന്നതായി കാണുന്നു. തങ്ങൾ പ്രസ്താവിച്ചതൊന്നെന്നും എന്നാൽ അർത്ഥമാക്കിയതു വേറൊന്നാണെന്നും മററും അങ്ങനെയുള്ള മെമ്പറന്മാർക്കു വാദിക്കാൻ സാധിക്കുന്നതാണ്. സംസ്ഥാനം മുഴുവനും ഉടനടി ഒരു സാമ്പത്തിക സർവ്വെ നടത്തപ്പെടണമെന്നുള്ള ഉദ്ദേശം പ്രഥമദൃഷ്ടിയിൽ തന്നെ പ്രസ്തുത പ്രമേയത്തിൽനിന്ന് ഏതൊരാൾക്കും മനസ്സിലാക്കാമെന്നുള്ള പരമാർത്ഥം മറച്ചുവച്ച് ഏതാനും സംഗതികൾപ്പററിയൊ സംസ്ഥാനത്തിന്റെ ഏതാനും ഭാഗത്തെ സംബന്ധിച്ചൊ മാത്രമേ സർവ്വെ നടത്തപ്പെടേണ്ടതായിട്ടുള്ളു എന്നു മാത്രമല്ലാതെ ഈ പ്രമേയത്തിൽ വേറെയൊന്നും അന്തർഭവിച്ചിട്ടില്ലെന്നുള്ള കാരണത്തിന്മേൽ.

മിസ്റ്റർ ആശാന്റെ പ്രമേയം ഉടനടി നടപ്പിൽ വരുത്തേണ്ടതാണെന്ന് ഇന്നു വാദിച്ചിരിക്കുന്നതിനുള്ളം അവർക്കു വാദിക്കാവുന്നതാണ്. അവർ ആ സമ്പ്രദായം ഉപയോഗപ്പെടുത്തുന്നപക്ഷം പ്രസ്തുത പ്രമേയം സ്വീകരിക്കപ്പെടുന്നതിനു ഗവണ്മെന്റു തയ്യാറില്ല; എന്തെന്നാൽ അതിന്റെ വാചക രീതി ഒരു വിധത്തിലായിരിക്കെ അതു് വേറൊരു അർത്ഥത്തിൽ വ്യാഖ്യാനിക്കപ്പെടുകയും അവർ എന്തു വ്യവസ്ഥകൾപ്പെട്ടാണ് പ്രമേയം സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു മററാളുകൾ ഭാവിയിൽ വ്യാഖ്യാനിക്കേണ്ടി വരികയും ചെയ്യേണ്ടിവരുന്നതാണ്. ഇംഗ്ലീഷ്ഭാഷ സഭയുടെയോ സഭയിലെ ഏതെങ്കിലുമൊരു മെമ്പറിന്റെയോ പ്രത്യേക സ്വത്തല്ല. ഗവണ്മെന്റു പ്രതിനിധികളായ ഉദ്യോഗസ്ഥാംഗങ്ങളായ ഞങ്ങൾക്കു പ്രമേയങ്ങളിൽ അന്തർഭവിച്ചിട്ടുള്ള യഥാർത്ഥ ഉദ്ദേശം മനസ്സിലാക്കുന്നതിനും ഇംഗ്ലീഷ് പദങ്ങളുടെ സാധാരണ അർത്ഥം മനസ്സിലാക്കുന്നതിനും മാത്രമേ സാധിക്കയുള്ളൂ.

എന്റെ നിസ്സാരമായ ഭേദഗതി അതായതു് അദ്ദേഹത്തിന്റെ പ്രമേയത്തിലെ "ന്റെ" എന്ന പദത്തിനുപകരം "ൽ" എന്നു ചേർക്കണമെന്നുള്ള ഭേദഗതി സംബന്ധിച്ചു മിസ്റ്റർ ദാമോദരൻ ആശാൻ വളരെ വിനോദമായി പ്രസ്താവിച്ചു.

മി: എ. ഡിസ്. ദാമോദരൻ ആശാൻ (മാവേലിക്കര ഹം-കാർത്തികപ്പള്ളിയും): രണ്ടു പദങ്ങൾ ഭേദപ്പെടുത്തുന്നതു കൊണ്ടുണ്ടാകുന്ന മാററത്തെ സംബന്ധിച്ചു ഞാൻ പ്രസംഗിച്ചതിൽ കൂട്ടത്തലായി എന്റെ സ്നേഹിതൻ പ്രസംഗിച്ചിരിക്കുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): അതു പരമാർത്ഥമാണ്. അതുഞാൻ സമ്മതിക്കുന്നു. സർ, വാക്കുമുഖം സംബന്ധിച്ചിടത്തോളം മിസ്റ്റർ ആശാന് അബദ്ധം സംഭവിട്ടതുകൊണ്ടാണ് ഞാൻ അതു ചെയ്തതു്. തന്റെ പ്രമേയം ഫൈനൽ പാസ്സാക്കപ്പെടാത്തതായ പ്രമേയത്തെ പരിഷ്കരിച്ചു ഭേദപ്പെടുത്തിട്ടുള്ള ഒരു പ്രമേയമാണെന്നും ഞാനുമായി വളരെ യോജിക്കുന്നുണ്ടെന്നും മററും പ്രസ്താവിച്ചു എന്നേയും സഭയേയും തന്റെ വശത്താക്കുന്നതിനു ഉദ്യമിച്ചുകൊണ്ടാണ് അദ്ദേഹം പ്രമേയത്തെപ്പററി പ്രസംഗിക്കാൻ ആരംഭിച്ചതു്. മേൽ പ്രസ്താവിച്ച സന്ധിയാലോചനയ്ക്കുള്ള മനസ്ഥിതി പ്രദർശിപ്പിച്ചതിനുശേഷം അദ്ദേഹത്തിന്റെ പ്രമേയം ഗവണ്മെന്റിനു വേണ്ടി ഞാൻ സ്വീകരിക്കണമെന്നുള്ള ഘട്ടമായി, തന്റെ പ്രമേയം പ്രായോഗികമാക്കണമെന്നുള്ള കരുതലോടുകൂടി ഫൈനൽ ഘട്ടത്തിലെ പ്രമേയത്തിൽ അന്തർഭവിച്ചിരുന്ന ഉദ്ദേശത്തിൽ കൂട്ടത്തലായ ഉദ്ദേശങ്ങൾ പ്രസ്തുതപ്രമേയത്തിൽ അന്തർഭവിച്ചിട്ടുണ്ടെന്നും മററും അദ്ദേഹം വാദിച്ചു. ഞാൻ എന്താണ് ആവശ്യപ്പെട്ടതു്? അദ്ദേഹത്തിന്റെ സന്ധിആലോചന അല്പംകൂടി ബലപ്പെടുത്തി "ന്റെ" എന്നതിനു പകരം "ൽ" എന്നുള്ള നിസ്സാരമായ ഭേദഗതി സ്വീകരിക്കണമെന്ന് അദ്ദേഹത്തോടാവശ്യപ്പെട്ടു. അദ്ദേഹം പ്രവൃത്തിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ ഉദ്ദേശം ഞാനും അനുഭവിച്ചു എന്നേയുള്ളൂ. പ്രസ്തുത ഭേദഗതി നിസ്സാരമായിട്ടുള്ളതാണെന്നുള്ള എന്റെ പ്രസ്താവനയാണ് തെററിധാരണയ്ക്കിടയായിട്ടുള്ളതെങ്കിൽ ഈ ഭേദഗതിമുഖം മിസ്റ്റർ ദാമോദരൻ ആശാന്റെ പ്രമേയത്തിൽ വലുതായ മാററം സംഭവിക്കുന്നു എന്നു, അജ്ഞാതമായി പ്രായോഗികമല്ലാത്ത ഒരു നിർദ്ദേശത്തെ പ്രായോഗികമാക്കിത്തീർക്കുന്നു എന്നും എനിക്കറിയാമായിരുന്നു എന്നുള്ള പരമാർത്ഥം ഞാൻ സഭയെഅറിയിച്ചുകൊള്ളുന്നു. പ്രസ്തുത ഭേദഗതി നിസ്സാരമായിട്ടുള്ളതാണെന്നുഞാൻ പ്രസ്താവിച്ചതു് ആ രണ്ടു പദങ്ങളെ സംബന്ധിച്ചല്ലാതെ അതിലടങ്ങിയിരിക്കുന്ന ഉദ്ദേശത്തെ സംബന്ധിച്ചല്ല. ഒരു നിസ്സാരമായ കാര്യമാണ് മിസ്റ്റർ ദാമോദരൻ ആശാൻ ഗവണ്മെന്റിനോടപേക്ഷിട്ടുള്ളതെന്ന് അദ്ദേഹം പ്രസ്താവിച്ചപ്പോൾ വിനോദരസത്തിൽ അദ്ദേഹം പ്രസ്താവിച്ചു എന്നാണ് ഞാൻ മനസ്സിലാക്കിയതു്.

സർ, ഇതു സംബന്ധമായ വാദപ്രതിവാദം അവസാനിപ്പിക്കാം. ഇതിൽ അന്തർഭവിച്ചിരിക്കുന്നതു് ആർക്കും മനസ്സിലാക്കാൻകഴിയും; അതെന്തെന്നു പ്രസ്താവിക്കാം. സാമ്പത്തിക സർവ്വേ നടത്തേണ്ടതു് ഏററവും അത്യാവശ്യമാകണമെന്നും അപ്രകാരം പ്രവൃത്തിക്കേണ്ടതാകണമെന്നു. ഗവണ്മെന്റിന്റെ പ്രതിനിധിയെന്നുള്ള നിലയിൽ അഭിപ്രായപ്പെടാൻ എനിക്കധികാരമുണ്ട്. എന്റെ സ്വന്തനിലയിൽ പ്രസ്താവിക്കുന്നതായാൽ എന്റെ ഉദ്യോഗകാലാവധി അവസാനിക്കാറായിരിക്കുന്നതുകൊണ്ട് ഇപ്രകാരമുള്ള ഒരു ഉപക്രമത്തെ തടുക്കുന്നതിനോ പാസ്സാക്കുന്നതിനു സഹായിക്കുന്നതിനോ എനിക്കുദ്ദേശമില്ല; എന്തെന്നാൽ എന്റെ ഈ പ്രായത്തിലും എന്റെ സർവീസിന്റെ ഈ ഘട്ടത്തിലും ഇപ്രകാരമുള്ള ഒരു സർവ്വേ നടത്തപ്പെടേണ്ട ചുമതലവഹിക്കാൻ എനിക്കു താണിയില്ലാത്തതാകുന്നു. ഇപ്രകാരമിരുന്നാലും നടപ്പിൽ വരുത്തപ്പെടാവുന്നതായ ഒരു ഭേദഗതിസ്വീകരിക്കുന്നതിനേ ഗവണ്മെന്റിനു നിർവ്വാഹമുള്ളൂ. പ്രമേയം രൂപീകരിക്കപ്പെട്ടിരിക്കുന്നതിനുള്ളം സ്വീകരിക്കപ്പെടുന്നതായാൽ അതുമൂലമുണ്ടാകാവുന്ന പ്രായോഗിക വിഷമതകളെന്തെല്ലാമാണെന്നു ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. ബുദ്ധിമുട്ടുകളെന്തെല്ലാമാണെന്ന് ദൃഷ്ടാന്തസഹിതം ഞാൻ പ്രസ്താവിച്ചു. ഈ വിഷയത്തിലും എന്നെത്തററിധരിച്ചിരിക്കുന്നു. സർ, പ്രസ്തുതജോലി വഹിക്കുന്നതിലേക്കു ത്രാണിയോ യോഗ്യതയോ ഉള്ള ആളുകൾ ഈ രാജ്യത്തില്ലെന്നു കരുതി സർവ്വെ നടത്തുന്നതിനു ബുദ്ധിമുട്ടുണ്ടാകുമെന്ന് ഞാൻ എന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചു എന്ന് അദ്ധ്യക്ഷൻ ഇന്നുരാവിലെ പറകയുണ്ടായി; അപ്രകാരം അഭിപ്രായപ്പെട്ടതു് ന്യായരഹിതമായിപ്പോയി എന്ന് വളരെ വിനയത്തോടുകൂടി പ്രസ്താവിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഇതിനു നേരെവിപരീതമായിട്ടാണ് ഞാൻ പ്രസ്താവിച്ചിട്ടുള്ളതു്. ഈ വിധത്തിലുള്ള ഒരു സർവ്വെ എനിക്കും എന്റെ മുൻപിലത്തെ ശിഷ്യന്മാർക്കും ഒന്നുപോലെ സന്തോഷപ്രദമായിരിക്കുമെന്നാണ് ഞാൻ കഴിഞ്ഞദിവസം പ്രസ്താവിച്ചിട്ടുള്ളതു്; എന്തെന്നാൽ അതു നടത്തപ്പെടുന്നതിലേക്കു എന്റെ ശിഷ്യന്മാരെ ഉപയോഗപ്പെടുത്താവുന്നതാണ്. ഇപ്രകാരമുള്ള ഒരു ജോലികളേറെക്കുന്നതിനും അതു തൃപ്തികരമായി പൂർത്തിയാക്കപ്പെടുന്നതിനും ധാരാളമാളുകളുണ്ടെന്നും അവർ ഇപ്പോൾ സംസ്ഥാനത്തിലുണ്ടെന്നും വീണ്ടും ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: മിസ്റ്റർ രംഗസ്വാമി അയ്യങ്കാർ. എനിക്കു മാപ്പുതരണം. ഇതിലേക്കു ആവശ്യമുള്ള സിൽ ബന്ധികൾ ഈ രാജ്യത്തില്ലെന്നുള്ള തർക്കമാണ് പുറപ്പെടുവിക്കുന്നതെങ്കിൽ അന്യരാജ്യത്തു നിന്ന് അവർ ഇറക്കുമതിചെയ്യപ്പെടണമെന്നാണ്, ഞാൻ പ്രസ്താവിച്ചിട്ടുള്ളതു്.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): സർ, അപ്രകാരം ഇറക്കുമതി ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. പ്രസ്തുതജോലി ചെയ്യുന്നതിലേക്കു സാമർത്ഥ്യ

മുള്ള ആളുകൾ വിദ്യാഭ്യാസ സർവീസിലും മററു സർവീസിലും ധാരാളമുള്ളതാകുന്നു. അപൂർണ്ണമായുള്ളതോ പൂർണ്ണമായുള്ളതോ ആയ സർവെ നടത്തുന്നതിനു യോഗ്യതയുള്ള ആളുകളുണ്ട്. എന്നിക്കു സഭയെ പറഞ്ഞു മനസ്സിലാക്കേണ്ടതാണ്. പ്രസ്തുതജോലി ഒന്നുകിൽ നല്ലതിനുവേണ്ടി ചെയ്യുന്നതിക്കാം; അല്ലാത്തപക്ഷം ഉപയോഗശൂന്യമായിനടത്തപ്പെടാം. പ്രമേയത്തിൽ അടങ്ങിയിരിക്കുന്നതിനുവേണ്ടി സർവെ ഉപയോഗപ്രദമായി നടത്തപ്പെടണമെങ്കിൽ അതിലേക്കു വളരെ ചിലവുചെയ്യേണ്ടിവരുന്നതും വളരെ ബുദ്ധിമുട്ടുള്ളതും ആകുന്നു. ഇപ്രകാരം ഞാൻ അഭിപ്രായപ്പെട്ടപ്പോൾ സർവേയുടെ ഉപയോഗത്തെപ്പററിയോ എൻറെ ചുമതലകളെന്തെല്ലാമാണെന്നുള്ളതിനെപ്പററിയോ എനിക്കറിവില്ലായിരുന്നു എന്നാണ് മെമ്പറന്മാർ ധരിച്ചത്. നികുതിദായകന്മാരാണെന്നുള്ള നിലയിൽ അനുദ്യോഗസ്ഥസാമാജികന്മാരിൽ ഏതാനും മാന്യന്മാർ അവരുടെ ചുമതലകളെന്തെല്ലാമാണെന്നു പ്രസ്താവിച്ചു. അവക്കു മാത്രമെ ചുമതലകളുള്ളു എന്നാണ് ആ മാന്യന്മാർ വിചാരിക്കുന്നത്. സർ, മനുഷ്യരോടുള്ള ചുമതലസംബന്ധിച്ചിടത്തോളം ഈ നാടുകളുടെ അനുദ്യോഗസ്ഥമെമ്പറന്മാരും ഉദ്യോഗസ്ഥമെമ്പറന്മാരും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. അതും മററുള്ളവർക്കുള്ളതിനേക്കാൾ കൂടുതൽ ചുമതലകൾ ഗവണ്മെൻറിനുള്ളതും ആകുന്നു. ഇപ്രകാരമുള്ള സർവെ നടത്തുന്നതു സംബന്ധിച്ചുള്ള വിഷയങ്ങളെപ്പററി എനിക്കു അല്പമിന്നുണ്ടു അറിവുള്ളതുകൊണ്ട് ശീഘ്രഗതിയായ നടപടികൾ നടത്തപ്പെടുന്നപക്ഷം അതുമൂലമുണ്ടാകുന്നഫലം എന്തായിരിക്കുമെന്ന് ഗവണ്മെൻറുദ്യോഗസ്ഥനെന്ന നിലയിലും ഈ സഭയിലെ ഒരു പഴയ മെമ്പർ എന്നനിലയിലും സഭയെ അറിയിക്കേണ്ട ചുമതല എനിക്കുണ്ട്.

ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം അനുഭവമോ ന്യായവിദ്യയോ ആയ ഏതു യോഗ്യതയാണ് പ്രസ്താവിക്കപ്പെട്ടുള്ളത്? പ്രമേയത്തിൽ അടങ്ങിയിരിക്കുന്നതിനുവേണ്ടുന്ന ഒരു സർവ്വെ നടത്തി പൂർത്തിയാക്കുന്നതിലേക്കു വളരെക്കാലം മതിയായതല്ലെന്നു പിന്നീടു ഞാൻ അഭിപ്രായപ്പെടുന്ന അനുദ്യോഗസ്ഥ മെമ്പറന്മാരും ഈ പരമാർത്ഥം മനസ്സിലാക്കിട്ടുള്ളതാണ്. ഗ്രാമത്തോളം വ്യാപിച്ചുള്ള ഒരു സർവ്വെ ഒരു ചുരുങ്ങിയ കാലാവധിയ്ക്കകത്തിൽ പൂർത്തിയാക്കപ്പെട്ടിട്ടുള്ള ഏതാനും ദൃഷ്ടാന്തവും സഭയുടെ ഉള്ളിയിൽ കൊണ്ടുവരുന്നതിനു ആർക്കും തന്നെ സാധിച്ചിട്ടില്ല. ഫർവ്വർ-ൽ ഈ സഭയിലുണ്ടായ ഏൻറെ പ്രസംഗത്തിൽ ഏതാനുംഭാഗം മിസ്റ്റർ ഗാഡ് ഗരൻ ആശാൻ ഉദ്ധരിച്ചു പറഞ്ഞു. എന്നാൽ സഭയോടു ന്യായമായ വിധത്തിൽ അനുവർത്തിക്കണമെന്നു അദ്ദേഹത്തിനുദ്ദേശമുണ്ടായിരുന്നു എങ്കിൽ ആ പ്രസംഗത്തിൽനിന്നു കുറെക്കൂടി എടുത്തു പറകയൊ അതുമുഴുവൻ വായിക്കുകയൊ ചെയ്യാമായിരുന്നു. ഒരു സർവ്വെ നടത്തുന്നതു ആശാസ്യകരമായിരിക്കുമെന്ന് ഫർവ്വർ-ൽ ഞാനുപന്യസിച്ചപ്പോൾ പ്രായോഗികവുംനടത്തപ്പെടാവുന്നതുമായ ഒരു സർവ്വേയാണ് ഞാൻ ഉദ്ദേശിച്ചിരുന്നതു. യൂറോപ്പിലും മററു ഭാഗങ്ങളിലും നടത്തപ്പെട്ടിട്ടുള്ള ഏതാനും സർവ്വെപ്പററിയും ആ ഘട്ടത്തിൽ ഞാൻ വ്യക്തമായി പറഞ്ഞിട്ടുണ്ടായിരുന്നു. ഒരു മാതൃകാഗ്രന്ഥമായ ലേപ്ളയുടെ പുസ്തകത്തെപ്പററി ആ ഘട്ടത്തിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. അതു പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു തലമുറയോളം വേണ്ടിവന്നു. അതുപ്രസിദ്ധപ്പെടുത്തുന്നതിനു വളരെ ചിലവുവേണ്ടിവന്നു. അക്കാരണത്താലാണ് ഇൻഡ്യയിലെ യാതൊരു ഗ്രന്ഥശാലയിലും അതിൻെറ ഒരുപ്രതിയുള്ളതായി കാണുന്നതു്. പണ്ടു നമ്മുടെ ജനങ്ങളുടെ ജീവിത സമ്പ്രദായത്തെയും മററും അറിയുന്നതിലേക്കുള്ള ചാർട്ടസ് ഡ്യൂട്ടിൻെറ പ്രസിദ്ധ അറേബ്യാനന്ദത്തെക്കുറിച്ചു ആ അവസരത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്. അക്കാലത്തുണ്ടായിരുന്ന കണക്കു ശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനായിരുന്ന ബ്ലൂണിൻെറ മേൽനോട്ടത്തിൽ ഗവണ്മെൻറു ധനസഹായത്തോടുകൂടി ഒരു സംഘം കണക്കു ശാസ്ത്രവിദഗ്ദ്ധന്മാരാലാണ് പ്രസ്തുതജോലി നടത്തപ്പെട്ടതെന്നും ആ ഘട്ടത്തിൽ ഞാൻ പ്രസ്താവിച്ചിരുന്നു. പ്രസ്തുത സർവ്വെ നടത്തപ്പെടുന്നതിന് പതിനെട്ടുകൊല്ലം വേണ്ടിവന്നു എന്നും സർവ്വെ സംബന്ധമായ നിർവ്വഹണങ്ങളെന്തെല്ലാമാണെന്ന് വിവരിക്കുന്ന അവസാനഭാഗം പ്രസിദ്ധപ്പെടുത്തിയ സമയം ഗർവിചക്രവർത്തിയുടെ വാഴ്ചക്കാലത്തിൽ അടങ്ങിയിരുന്ന വിവരങ്ങളിൽ പലതും കാലഗതി മൂലം പ്രാചീനമായിപ്പോയി എന്നും അപ്പോൾ ഞാൻ പ്രസ്താവിച്ചിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു് അവസാനമായിട്ടുള്ള സർവ്വെ നടത്തുന്നതിനും അതിലേക്കു വളരെയധികം ചെലവുചെയ്യുന്നതിനും നിങ്ങൾ ആഗ്രഹിക്കുന്നപക്ഷം അപ്രകാരം പ്രവൃത്തിക്കുന്നതു് അബദ്ധമാണെന്നും അതുമൂലം സിദ്ധിക്കുന്ന വിവരങ്ങൾ സർവ്വെ പൂർത്തിയാക്കുന്നതോടുകൂടി പ്രാചീനമായിപ്പോകുന്നതാണെന്നുമുള്ള ഏൻറെ അഭിപ്രായത്തെ കുറിച്ചുസഹിതം നിങ്ങളെ മനസ്സിലാക്കുന്നതിന് മേൽ പ്രസ്താവിച്ച സംഗതികളൊക്കെ ആവശ്യമല്ലെ? ഈ വിഷയം സംബന്ധിച്ചിടത്തോളം അധികാരത്തോടുകൂടി അഭിപ്രായം പുറപ്പെടുവിക്കാൻ അവകാശമുള്ള ഡാക്ടർ കുഞ്ഞൻപിള്ള ഏൻറെ കൂടെയാജിച്ചിരിക്കുന്നതും ഞാൻ പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങളൊക്കെയാണ്സ്വയമായിട്ടുള്ളവയാണെന്നും എന്നെക്കാളധികം ഉപയോഗപ്രദമായിരിക്കുന്ന ഒരു സർവ്വെ പൂർത്തിയാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നാം പ്രവൃത്തിക്കുന്നപക്ഷം സർവ്വെ മൂലം സിദ്ധിക്കുന്ന ഫലങ്ങൾ ഏതുകാലത്താണോ സർവ്വെ പൂർത്തിയാക്കപ്പെടുന്നതു് അക്കാലത്തുണ്ടായിരിക്കുന്ന ജനങ്ങൾക്കു യാതൊരു ഉപയോഗവും നൽകുന്നതല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നതും ആകുന്നു ഇക്കാരണത്താലാണ് മിസ്റ്റർ ആശാൻെറ പ്രമേയത്തിൽ ഉദ്ദേശിച്ചിരിക്കുന്നതിനുവേണ്ടി ഏകപരിശോധന കൊണ്ടുവസാനിക്കപ്പെടേണ്ടതായ സർവ്വെ ആവശ്യമല്ലെന്നും എല്ലാക്കാലത്തും തുടർന്നുകൊണ്ടിരിക്കുന്നതായ പരിശോധനയാണ് വേണ്ടതെന്നും സർ വിശ്വേശ്വരയ്യാ കമ്മിററിക്കാർ നിർദ്ദേശിച്ചിരിക്കുന്നതെന്ന് അദ്ദേഹം പ്രസ്താവിച്ചു.

മേൽ പ്രകാരം തുടർന്നുകൊണ്ടിരിക്കുന്ന ഒരു സർവ്വ് വേണമെന്നാണ് സഭയും മിസ്റ്റർ ആശാനും ആഗ്രഹിക്കുന്നതെന്ന് നമുക്കനുമാനിക്കാം. അപ്രകാരമാണെങ്കിൽ ഡാക്ടർ കുഞ്ഞൻപിള്ള പ്രസ്താവിച്ചതിനുവേണ്ടി, സർവ്വെ സംബന്ധമായി വേണ്ടിവരുന്ന ചിലവു സംസ്ഥാനത്തിലെ ചിലവിൽ സ്ഥിരമായിട്ടുള്ള ഒരു ഇനമായിത്തീരുന്നതാണ്. എന്നാൽ ആ വിധമുള്ള സർവ്വിനു വേണ്ടിവരുന്ന ചിലവു ഞാൻ മനഃപൂർവ്വമായി കണക്കിലധികം കൂട്ടിപ്പറഞ്ഞു എന്ന് ഇവിടെ പ്രസ്താവിക്കയുണ്ടായി. ഉടനടി ആരംഭിക്കേണ്ടതായ ഒരു സർവ്വേയാണെങ്കിൽ അതിലേക്കുവേണ്ടിവരുന്ന ചിലവു എന്തായിരിക്കുമെന്നു പ്രത്യക്ഷത്തിൽ തന്നെ അറിയാവുന്നതാണ്. അപ്രകാരം ആവർത്തിച്ചുനടത്തപ്പെടേണ്ട സർവ്വേക്കു ആളൊന്നുക്കു എന്തു ചിലവാകേണ്ടിവരുമെന്നുള്ളതിനെ സംബന്ധിച്ചു സർ വിശ്വേശ്വരയ്യായുടെ കണക്കുകളെന്താണെന്ന് ഇവിടെ പ്രസ്താവിക്കയുണ്ടായി. ഡാക്ടർ കുഞ്ഞൻപിള്ള അഭിപ്രായപ്പെട്ടതിനുവേണ്ടി ആവർത്തിച്ചുള്ള ഒരു സർവ്വേയ്ക്കു ആണ്ടുതോറും ഒരുലക്ഷമൊ ഒന്നെകാൽ ലക്ഷമൊ രൂപാ ചിലവാകുമായിരിക്കും. ഇപ്രകാരം ആവർത്തിച്ചു നടത്തപ്പെടേണ്ടതായ ഒരു

സർവ്വേയ്ക്കുവേണ്ടിവരുന്ന പണച്ചിലവ് എന്തായിരിക്കുമെന്നു അറിയണമെങ്കിൽ ആവർത്തിച്ചുണ്ടാകുന്ന ഈ ചിലവിന്റെ മൊത്തം തുകകണക്കാക്കേണ്ടിയിരിക്കുന്നു. അപ്രകാരം മൊത്തം തുക കണക്കാക്കപ്പെടുന്ന പക്ഷം ആ തുകയും അവസാനമായി നടത്തണമെന്നു വിചാരിക്കുന്ന സർവ്വേയ്ക്കു വേണ്ടി വരുമെന്നു ഞാൻ അഭിപ്രായപ്പെട്ടതായി പ്രസ്താവിച്ച തുകയും തമ്മിൽ അധികം വ്യത്യാസമുണ്ടെന്നുവിചാരിക്കുന്നുണ്ടോ? സർ, ആവർത്തിച്ചു നടത്തപ്പെടാത്തതായ സർവ്വെ സംബന്ധിച്ചടത്തോളം എന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു, സംസ്ഥാനത്തിൽ ആകെ നാം താലൂക്കുകളുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ഒരേസമയത്തുതന്നെ പ്രസ്തുത ജോലിനടത്തപ്പെടണമെന്നുള്ള പക്ഷം അനേകം ആളുകൾ അതിലേക്ക് എർപ്പെടേണ്ടതായിരിക്കുന്നു. ഇരുവളരെ ജോലിക്കാരെ ഒരാളിന്റെ മേൽ നോട്ടത്തിൽ ഒരു സമയത്തു തന്നെ ഏർപ്പെടുത്തുകയാണെങ്കിൽ പ്രായോഗികമായിട്ടുള്ള പല വിഷമതകളും നേരിടുന്നതായിരിക്കും. സംഘമായി ചെയ്യപ്പെടേണ്ടതായ ജോലി തൃപ്തികരമായിരിക്കണമെന്നുണ്ടെങ്കിൽ ഓരോ സംഘത്തിലും ഉൾപ്പെട്ടിരിക്കേണ്ട ആളുകളുടെ സംഖ്യ എത്രയായിരിക്കണമെന്ന് കൃത്യപ്പെടുത്തേണ്ടതാകുന്നു. ഏകദേശം ഒരുപോലെ ആളുകൾ കൂട്ടത്തലായി ഒരുസംഘത്തിൽ അടങ്ങിയിരിക്കുന്നപക്ഷം ശാസ്ത്രീയമായ ജോലി തൃപ്തികരമാകുംവണ്ണം ചെയ്യപ്പെടുന്നതിനു സാധാരണ സാധിക്കുന്നതല്ല. കൂടുതൽ ജോലിക്കാരേ നിയമിക്കുന്നപക്ഷം അവരെ നിയന്ത്രിക്കുന്നതിനു സാധിക്കുകയില്ല. പ്രസ്തുതജോലിചെയ്യപ്പെടുന്ന തിരക്കു നിയമിക്കുന്ന സംഘത്തിൽ ഉൾപ്പെടുന്ന ജോലിക്കാരുടെ സംഖ്യ കൂട്ടപ്പെടുത്തുന്നതായാൽ ഒരു താലൂക്കിലുള്ള ജോലി ഒരുകാലത്തിനകം ചെയ്തുതീർക്കുന്നു എങ്കിൽ അതു് മഹാത്ഭുതമായിരിക്കും. അപ്രകാരമാകണമെങ്കിൽ സംസ്ഥാനം മുഴുവനും സർവ്വെ ചെയ്യുന്നതിലേക്കു മുപ്പതു കൊല്ലത്തോളം വേണ്ടിവരുന്നു. ലാൻഡ് റവന്യൂസെററിൽമെന്റു സംബന്ധിച്ചുള്ള നമ്മുടെ അനുഭവം എന്തായിരുന്നുവെന്ന് ഈ ഘട്ടത്തിൽ ആരാപ്രസ്താവിക്കയുണ്ടായി. സെററിൽമെന്റു സംബന്ധമായ പരിശോധനകൾ സാമ്പത്തിക സർവ്വെ സംബന്ധിച്ചുള്ള പരിശോധനയെപ്പോലെ അത്രവിപുലമായിട്ടുള്ളതല്ല. അപ്രകാരമായിരുന്നിട്ടും സെററിൽമെന്റുജോലി ഏകദേശം മുപ്പതു കൊല്ലത്തോളം തുടർന്നു കൊണ്ടിരുന്നു എന്നും, സെററിൽമെന്റിന്റെ ആദ്യകാലത്തു കണക്കാക്കപ്പെട്ടിരുന്ന സംഖ്യകൾ ഉപയോഗശൂന്യമായിരിക്കത്തക്ക വിധത്തിൽ അത്രപഴക്കം ചെന്നവയായിപ്പോയി എന്നു ഒരു ദിവാൻ അഭിപ്രായപ്പെട്ടതുകൊണ്ട് ആ ജോലി ഗ്രാമതിയായിട്ടവസാനിപ്പിക്കേണ്ടിവന്നു എന്നും നമുക്കെല്ലാവർക്കും അറിവുള്ള സംഗതിതന്നെ. ഇപ്രകാരം ദീർഘമായിട്ടുള്ള ഒരു സെററിൽമെന്റു ജോലി വീണ്ടും കയ്യേറുക്കുന്ന വിഷയത്തിൽ ഗവണ്മെന്റിനും ജനങ്ങൾക്കും ഒന്നുപോലെ ഭയമുണ്ടെന്നുള്ള സംഗതി അതിനു ശേഷം ഞാൻ മനസ്സിലാക്കിട്ടുണ്ട്. മേൽ പ്രസ്താവിച്ചതിനെല്ലാം അതിദീർഘമായ ഒരു സാമ്പത്തിക സർവ്വെ നടക്കാവശ്യമുണ്ടോ? മുപ്പതു കൊല്ലം നടക്കേണ്ടതാണെന്നും കൊല്ലം തോറും ഒരുലക്ഷം രൂപായേക്കും ചിലവാകുന്നതുമായ ഒരു സാമ്പത്തിക സർവ്വെ നടത്തുന്നതിനു നാം ഉദ്യമിക്കണമോ? ജനസംഖ്യയിൽ കൂടുതൽ കുറവുണ്ടാകയില്ലെന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തിയാണ് ആ പദ്ധതിക്കുള്ള സർവ്വെ ആളൊന്നുക്കു ഇരുപത്തഞ്ചുരൂപാനിരക്കിൽ ഒന്നേകാൽ ലക്ഷം രൂപായോളം ചിലവാകുമെന്നു അടങ്ങൽ കണക്കാക്കപ്പെട്ടിരിക്കുന്നതു്. പത്തുവർഷത്തിനകത്തു നമ്മുടെ ജനസംഖ്യയിൽ ആറിലൊരു ഭാഗം വർദ്ധിച്ചുവരികയാണുചെയ്യുന്നതു്. മേൽ പ്രസ്താവിച്ചതിനെല്ലാം സർവ്വെ പൂർത്തിയാക്കപ്പെടണമെങ്കിൽ മുപ്പതു കൊല്ലം വേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള ജനസംഖ്യ വർദ്ധനയെ അപ്രധാനമാക്കിയും സർ വിശ്വേശ്വരയ്യായുടെ അഭിപ്രായത്തിനു ആളൊന്നുക്കു വേണ്ടിവരുന്ന ചിലവിനെ പരിഗണിച്ചും പ്രസ്തുത സർവ്വെ അൻപതുലക്ഷം രൂപ ചിലവാക്കേണ്ടിവരുമെന്നുള്ള എന്റെ അഭിപ്രായം അടിസ്ഥാനരഹിതമാകുന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

സർ, ഈ വിഷയം സംബന്ധിച്ചു കൂടുതലായിട്ടു യാതൊന്നും പ്രസ്താവിക്കണമെന്ന് വിചാരിക്കുന്നില്ല. ഇടനടി തയ്യാറാക്കപ്പെട്ട എന്റെ നാടകൾ തെററായിട്ടുള്ളതല്ലെന്നു ഞാൻ വാദിക്കുന്നില്ലെങ്കിലും സർവ്വേയെ മിസ്റ്റർ ആശാനേയോ മുടക്കപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി മനഃപൂർവ്വമായി തെററായതു കണക്കു നൽകിയിരിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നതു അനീതിയാകുന്നു മാത്രമെ ഞാൻ പ്രസ്താവിക്കുന്നുള്ളു. തന്റെ അഭിപ്രായങ്ങളെ നിർഭയം പ്രസ്താവിക്കുന്നതിനുള്ള ധൈര്യം മിസ്റ്റർ ആശാനുണ്ടെന്നുള്ള സംഗതി ഏവർക്കറിയാം; അദ്ദേഹത്തെ എളുപ്പത്തിൽ മയപ്പെടുത്താൻ സാധിക്കുന്നതല്ല; പ്രത്യേകിച്ചും മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയെ ഉപയോഗിച്ചിട്ടുള്ള പക്ഷം ഉപയോഗിക്കുന്നതായാൽ വഴിമദ്ധ്യേ സിംഹങ്ങളുള്ളതും, ആ സിംഹം മിസ്റ്റർ ആശാന്റെ സ്വന്തപ്രൊഫസ്സർ അല്ലെന്നുള്ള വസ്തുതകൾക്കുണ്ടെന്നുമാണ്. പൊതുജനത്തിനു നിന്നും ചിലവിടേണ്ടതായ വരുന്നഏതുതുകയിലും ഒരു പ്രമേയം ഈ സഭസ്വീകരിക്കുമ്പോൾ അതു സംബന്ധിച്ചു ഉടനടി എന്തു ചിലവാകുമെന്നും ഭാവിയിൽ എന്തുചിലവുകൾ വരുമെന്നും സഭക്കു അറിയേണ്ട അവകാശമുണ്ട്. ഒന്നേകാൽ ലക്ഷം രൂപ ചെലവുതായ ഒരു തുകയാണെന്നും സാമ്പത്തികസർവ്വെ ആവശ്യത്തിലേക്കു പ്രസ്തുതതുകസഭ അനുവദിക്കുന്നതാണെന്നും വീണ്ടും വീണ്ടും ഇവിടെ പ്രസ്താവിക്കയുണ്ടായി. ഈ ഉറപ്പുനൽകിയതുകൊണ്ടു എനിക്കു വളരെസന്തോഷമുണ്ട്. ഒന്നേകാൽ ലക്ഷം രൂപാതുച്ഛമായ ഒരു തുകയാണെന്ന് മെംബറന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതിനാൽ ഞാൻവളരെ സന്തോഷിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം അതൊരു വലിയ തുകയുണ്ട്. എന്തായാലും ചെലവുതരം ഡിപ്പാർട്ടുമെന്റുകൾക്കു അനുവദിക്കുന്നപക്ഷം അവക്കു അതിസന്തോഷമാണുണ്ടാകാൻ ന്യായമുള്ളതു്. അപ്രകാരമുള്ള സംഖ്യ മിസ്റ്റർ ചാക്കോയ്ക്കോ ഡാക്ടർ കുഞ്ഞൻ പിള്ളയ്ക്കോ ലഭിക്കുന്നതായാൽ ഉടനടിഫലം സിദ്ധിക്കുന്നതായ വ്യവസായകവും കാർഷികവുമായ പല പരീക്ഷണങ്ങളും നടപ്പിൽ വരുത്തുന്നതിലേക്കു അവക്കു സാധിക്കുന്നതാണ്.

മിസ്റ്റർ ആശാന്റെ പ്രമേയം സ്വീകരിക്കുന്നപക്ഷം അതിന്റെ ഫലമെന്തായിരിക്കുമെന്ന് സഭ അറിഞ്ഞിരിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതു്. അതുകൊണ്ടാണ് എന്റെ അഭിപ്രായമെന്താണെന്ന് ഞാൻ പ്രസ്താവിച്ചതു്. എന്റെ മനഃപൂർവ്വമായ അഭിപ്രായം ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. പ്രസ്തുത ജോലി കയ്യേറുക്കണമെന്ന് എന്നോടാവശ്യപ്പെടുന്ന പക്ഷം അതിവിപുലമായിട്ടുള്ള ഒരു സർവ്വെ തടസ്സപ്പെടുന്നതിനും അതു് ഹേതുവായി എന്റെ മതിപ്പിനെ ബലികഴിക്കുന്നതിനോ ഞാൻ തയ്യാറല്ല.

ഉപസംഹരിക്കുന്നതിനു മുൻപായി ഒരു നിസ്സാരസംഗതി സംബന്ധിച്ചിടത്തോളം ഒന്നു രണ്ടു വാക്കുകൾ പ്രസ്താവിക്കുന്നതിലേക്കു എന്റെ അനുവദിക്കണം. ഈ വിഷയം സംബന്ധിച്ചിടത്തോളം ധനപരിപോഷണ ബോർഡും ഞാനും തമ്മിൽ എന്തോ അഭിപ്രായവ്യത്യാസമുണ്ടെന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തി ഇന്നത്തെ വാദപ്രതിവാദമല്ലോ അനുദ്യോഗസ്ഥസാമാജികന്മാർ ഏതാണ്ടൊക്കെ പ്രസ്താവിക്കുകയുണ്ടായി. ഈ വിഷയത്തെ പ്ലവറി ഡാക്ടർ കുഞ്ഞൻപിള്ളത്തന്നെ വ്യക്തമായി പ്രസ്താവിച്ചുകഴിഞ്ഞു. ധനശാസ്ത്രഅദ്ധ്യാപകൻ എന്നനിലയിലല്ല എന്നാൽ ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ എന്ന നിലയിലാണ് ആ വിഷയത്തിൽ എന്റെ അഭിപ്രായമെന്താണെന്നു ഗവണ്മെന്റു എന്നോടു ആവശ്യപ്പെട്ടതെന്നു മാത്രമെ ഈ ഘട്ടത്തിൽ പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നുള്ളു. കൂടുതൽ സിൽബന്തികൾ നിയമിക്കപ്പെടാതേയും കൂടുതൽ ചെലവു നേരിടാതേയും നടത്തപ്പെടാവുന്നതായ ഒരു സാമ്പത്തിക സർവെ നടത്തണമെന്നായിരുന്നു ധനപരിപോഷണ ബോർഡുകാർ ആഗ്രഹിച്ചിരുന്നതു്. ഞാൻ പ്രിൻസിപ്പാൾആയിരുന്ന ആർട്ട്സുകാളേജിൽ ധനശാസ്ത്രവിഷയം പഠിപ്പിക്കുന്നതിൽ ഏർപ്പെട്ടിരുന്ന അദ്ധ്യാപകന്മാരെ പ്രസ്തുതസർവെ നടത്തുന്നതിലേക്കു നിയോഗിക്കണമെന്നും, കമ്പനി ഡിസേഷൻ അലവിയും സഞ്ചാരപ്പടിയും അല്ലാതെ വേറെയൊരു പ്രതിഫലവും അവർക്കു നൽകാൻ പാടില്ലെന്നും, പ്രസ്തു ജോലി ഒഴിവുകാലങ്ങളിൽ നടത്തപ്പെടണമെന്നും ആയിരുന്നു അവർ നിർദ്ദേശിച്ചിരുന്നതു്. രണ്ടു കാരണങ്ങൾ അടിസ്ഥാനപ്പെടുത്തി അവരുടെ ശുപാർശയെ ഞാൻ സ്വീകരിച്ചില്ല. സർവെ വേണ്ടവിധത്തിൽ നടത്തപ്പെടണമെങ്കിൽ ഒട്ടധികം ജോലിയുള്ള പ്രൊഫസ്സറന്മാരും വിദ്യാർത്ഥികളും അടങ്ങിയ സ്റ്റാഫിനെക്കൊണ്ടു് ഏതാനം സമയത്തേക്കു മാത്രം ജോലിചെയ്യിപ്പിച്ചാൽ മതിയാകുന്നതല്ലെന്നും, മുഴുവൻ സമയവും ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതാണെന്നും ഞാൻ അഭിപ്രായപ്പെട്ടു. ഇപ്രകാരമുള്ള ഒരു പരിശോധനക്കു പരിശീലനമൊ പരിചയമൊ സിദ്ധിച്ചിട്ടില്ലാത്തതായ വിദ്യാർത്ഥികളെക്കൂടി സംഘടിപ്പിക്കുന്നതു ശാസ്ത്രീയമായ അന്വേഷണത്തിൽ ഹാനിസംഭവിക്കുന്നതാണെന്നുള്ള കാരണം അടിസ്ഥാനപ്പെടുത്തി വിദ്യാർത്ഥികളുടെ സഹകരണംകൂടിവേണമെന്നുള്ള അവരുടെ നിർദ്ദേശം ഞാൻസ്വീകരിച്ചില്ല. വിദ്യാർത്ഥികളുടെ സഹായത്തോടുകൂടി ഒരു കാലത്തു ഞാൻ തന്നെ ഒരു പരിശോധന നടത്തുകയും അതു അഭിനന്ദിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും വിദ്യാർത്ഥികളുടെ സഹകരണത്തോടുകൂടി നടത്തപ്പെടുന്ന പരിശോധനക്കു ന്യൂനതയുണ്ടെന്നു അനുഭവത്തിൽ എനിക്കറിയാമായിരുന്നതുകൊണ്ടു് അവരുടെ സഹകരണം ആവശ്യപ്പെടരുതെന്നു് ഞാൻ അഭിപ്രായപ്പെട്ടു. മുൻകാലങ്ങളിൽ നാർമൽ സ്കൂളുകളിൽ നടന്നു വന്നിരുന്നതും, എന്നാൽ ഇപ്പോൾ നിർത്തലാക്കപ്പെട്ടിരിക്കുന്നതും അദ്ധ്യാപകന്മാർക്കും അദ്ധ്യാപകർക്കും ഒന്നു പോലെ ഹാനികരമായിരുന്നതുമായ വിദ്യാർത്ഥി അദ്ധ്യാപക ഏർപ്പാടുമായി ഈ നിർദ്ദേശത്തിനു വളരെ സാദൃശ്യമുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. ധനശാസ്ത്ര വിഷയത്തിൽ ഇപ്രകാരമുള്ള ഒരു വിദ്യാർത്ഥി അദ്ധ്യാപക ഏർപ്പാടു നിലനിർത്തണമെന്നു് എനിക്കഭിപ്രായമില്ല. ബോർഡുകാർ ശുപാർശ ചെയ്തിരുന്ന സമ്പ്രദായത്തിലുള്ള സർവ്വെ ആവശ്യമില്ലെന്നു ഞാൻ ഗവണ്മെന്റിനെ അറിയിച്ചിട്ടില്ല. സർവ്വെയും മുഴുവൻ സമയവും ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സർവ്വെ പാർട്ടിയും ആവശ്യമുണ്ടെന്നായിരുന്നു ഞാനു അപ്പോൾ പറഞ്ഞിട്ടുള്ളതു്. എന്റെ ആധീനത്തിൽ ഉൾപ്പെട്ട ഏതാനം പ്രൊഫസ്സറന്മാരെ പ്രസ്തുതസംഗതിക്കു പ്രത്യേകജോലിയിൽ നിയമിക്കണമെന്നു് ഗവർണ്ണമെന്റു ധനപരിപോഷണ ബോർഡോടു ഞാനു ആവശ്യപ്പെട്ടിരുന്നു എങ്കിൽ ഞാൻ സന്തോഷത്തോടുകൂടി അനുവദിക്കുമായിരുന്നു. ക്രമത്തിലധികം ജോലിയുള്ളവരായിരുന്ന പ്രൊഫസ്സറന്മാരെക്കൊണ്ടു് കൂടുതൽ ജോലി ചെയ്യിക്കുന്നതു ന്യായമല്ലെന്നായിരുന്നു ഞാൻ അഭിപ്രായപ്പെട്ടതു്. ഇതായിരുന്നു എന്റെ അഭിപ്രായം. എന്റെ ഇപ്പോഴത്തെ അഭിപ്രായവും ഇതുതന്നയാണു്. സാമ്പത്തികസർവ്വെയുടെ ആവശ്യകതയെ സംബന്ധിച്ചിടത്തോളം ഞാനും ബോർഡും തമ്മിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ലെന്നു തോന്നുകുന്നു. സാമ്പത്തിക വിഷയങ്ങൾ സംബന്ധിച്ചു ഞങ്ങളുടെ അഭിപ്രായവ്യത്യാസങ്ങൾ, സർവ്വെനടത്തപ്പെടേണ്ടതായ വിധത്തെ സംബന്ധിച്ചുമാണു് അഭിപ്രായവ്യത്യാസങ്ങൾ, ധനശാസ്ത്രജ്ഞന്മാരുടെ നിലയിലല്ല എന്നാൽ ഭരണകർത്താക്കന്മാരുടെ നിലയിലാണു് ഞങ്ങൾ വിഭിന്നാഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതു്; പ്രമേയവും എന്റെ അഭിപ്രായങ്ങളും സംബന്ധിച്ചു മററാളുകളുടെ അഭിപ്രായമെന്താണെന്നു് അറിയണമെന്നുള്ള ബോർഡിന്റെ ശുപാർശ ഗവണ്മെന്റു നിരാകരിച്ചതു ഭിന്നസംഗതികളെ ആസ്പദമാക്കിയിട്ടാണെന്നാണു് ഞാൻ വിചാരിച്ചിരിക്കുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതു ഗ്രാമങ്ങളാണു് ധനപരിപോഷണ കമ്മററിക്കാർ തിരഞ്ഞെടുത്തിട്ടുള്ളതു്?

ഡെപ്യൂട്ടി പ്രസിഡന്റു: വാദവിഷയവുമായി അതിനുനേരിട്ടു സംബന്ധവുമില്ലാത്തതാണു്.

റാവു ബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആ: വിദ്യാഭ്യാസഡയറക്ടർ): ലിസ്റ്റു അതു സംബന്ധമായ ഫയലിൽ ഉണ്ടു്. ഏഴുഗ്രാമങ്ങളെ ബോർഡു തിരഞ്ഞെടുത്തിട്ടുള്ളതു് തക്കതായ കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണെന്നുള്ളതിനു എനിക്കയാതൊരു സംശയവുമില്ലാത്തതാകുന്നു. യാതൊന്നും അടിസ്ഥാനപ്പെടുത്താതെ അവ തിരഞ്ഞെടുക്കപ്പെട്ടവയല്ലെന്നും, സർവ്വെ നടത്തേണ്ട ആറു വകുപ്പുകളുടെ പ്രാരംഭ പരിശോധനയുടെ ഫലമായി താൻ ഏതുഗ്രാമങ്ങളാണോ മാതൃകയായി വിചാരിക്കുന്ന ആ ഗ്രാമങ്ങൾ തിരഞ്ഞെടുക്കപ്പെടാൻ അദ്ദേഹത്തെ ആജ്ഞാപിക്കണമെന്നുമാണു് ഞാൻ പ്രസ്താവിച്ചതു്. ഒരു ആൾക്കു ചെരുപ്പുണ്ടാക്കണമെങ്കിൽ അയാളുടെ കാൽഅളന്നുനോക്കണം. ചെരിപ്പിട്ടുനടക്കുന്നവരുടെ മാത്രമല്ല അതുമുഖമുണ്ടാകുന്ന വേദന എവിടെയാണെന്നു അറിയാൻ സാധിക്കയുള്ളു. ഏതു ഗ്രാമങ്ങളിലാണു് ആദ്യമായി സർവ്വെനടത്തപ്പെടേണ്ടതെന്നുള്ള തീരുമാനിക്കേണ്ടതുമതല്ല സർവ്വെനടത്തുന്നതിലേക്കു നിയമിതനാകുന്ന ആളുതന്നെവഹിക്കണമെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്. ഏഴിപ്രാതിനിധ്യഗ്രാമങ്ങളിൽ സർവ്വെ ആരംഭിക്കണമെന്നു് ധനപരിപോഷണ ബോർഡു അഭിപ്രായപ്പെട്ടു, ബോർഡിന്റെ അഭിപ്രായം ഒരു വിദഗ്ദ്ധൻ പരിശോധിക്കേണ്ടതാണെന്നു് ഞാൻ അഭിപ്രായപ്പെട്ടു. ഇന്നസമയത്തു് ആലോചനാവിഷയമായിരിക്കുന്ന പ്രമേയത്തെ സംബന്ധിച്ചിടത്തോളം ഇത്രമാത്രമെ പറയേണ്ടതായിട്ടുള്ളു.

സർ, ഗവണ്മെന്റു സംബന്ധിച്ചിടത്തോളം സാമ്പത്തികസർവ്വെസംഗതി അവർ വളരെ അനുകമ്പയോടുകൂടിയാണു് ആലോചിക്കുന്നതെന്നു ഞാൻ മുഖാന്തിരം അറിയിച്ചിട്ടുണ്ടെന്നു എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുൻപു പ്രസ്താവിച്ചുകൊള്ളട്ടെ. മേൽ പ്രസ്താവിച്ച ഗവണ്മെന്റിന്റെ അനുകമ്പയെ അടിസ്ഥാ

അപ്പട്ടണിയും അനാവശ്യ വാദപ്രതിവാദത്തിനിടയാക്കാതിരിക്കുന്നതിനും പ്രസ്തുതവിഷയവുമായി സംബന്ധമില്ലാത്ത വാദമുഖങ്ങളുണ്ടാകാതിരിക്കാനും ആണ് മിസ്റ്റർ ആശാന്റെ പ്രമേയത്തെ ഭേദഗതിവരുത്തണമെന്ന് ഞാൻ നിർദ്ദേശിച്ചത്.

സാമ്പത്തിക സർവ്വേയുടേയും സംസ്ഥാനത്തിന്റേയും നന്മയെ അടിസ്ഥാനപ്പെടുത്തിയാണ് അപ്രകാരം ഞാൻ പ്രസ്താവിച്ചത്. പ്രായോഗികമല്ലാത്ത ഒരു പ്രമേയം ഗവണ്മെന്റിന്റെ ആലോചനാ വിഷയമാകുകയും അതു സ്വീകരിക്കപ്പെടുന്നതിനു അവകാശം സാധിക്കാതിരിക്കുകയും ചെയ്യുന്ന പക്ഷം ഗവണ്മെന്റിനെ കുററം പറഞ്ഞിട്ടാവശ്യമില്ല. ഞാൻ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി ഗവണ്മെന്റു സ്വീകരിക്കുന്ന പക്ഷം സഭയുടെ അഭിപ്രായത്തെ പ്രായോഗികമാക്കുന്നതിനു ഗവണ്മെന്റു ആകുന്നിടത്തോളം ശ്രമിക്കുന്നതാണ്. സർ, ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ ഉൾപ്പടെയുള്ള അനുദ്യോഗസ്ഥസാമാജികന്മാർ ഈ പ്രമേയത്തെ പിൻതാങ്ങിയിരിക്കെ ഞാൻ പ്രതിഷേധിക്കയാണു ചെയ്തിരിക്കുന്നതു. ഇക്കാരണത്താലാണ് അപ്രകാരം പ്രവൃത്തിക്കണമെന്നു ഞാൻ വിചാരിച്ചത്. ഉദ്യോഗസ്ഥന്മാരാകട്ടെ അനുദ്യോഗസ്ഥന്മാരാകട്ടെ നാം ഓരോരുത്തരും ഒരുപോലെ ഈ സഭയുടെ അഭിമാനം കാത്തു രക്ഷിക്കേണ്ടതാണ്. ഈ സഭയിൽ സംഭവിച്ചതെല്ലാം ഗവണ്മെന്റിന്റെ അവധാനമായ ചിന്തയ്ക്കു പാത്രീഭവിക്കുന്നതാണ്. ന്യൂനതയുള്ള ഒരു പ്രമേയം പാസ്സാക്കപ്പെട്ടു അതിനെ ഗവണ്മെന്റിനു അംഗീകരിക്കുന്നതിൽ വന്നുകൂടുന്ന സഭയുടെ വിഷമത്തിനെ പരിഹരിക്കണമെന്നുള്ളതാണ് എന്റെ ഉദ്ദേശം. മിസ്റ്റർ ദാമോദരൻ ആശാന്റെ ഉദ്ദേശത്തിൽ എനിയ്ക്കു അനുകമ്പയുണ്ട്. അദ്ദേഹത്തിന്റെ പ്രമേയം സഭ സ്വീകരിച്ചതുകൊണ്ടു ഭേദപ്പെടുത്തണമെന്നു ഞാൻ ആവശ്യപ്പെട്ടു. പ്രമേയത്തെ ആക്ഷേപിക്കണമെന്നുള്ള ഉദ്ദേശം എനിയ്ക്കു ഒരു കാലത്തും ഉണ്ടായിരുന്നില്ല. അതിനെ ആക്ഷേപിക്കണമെന്നു എനിയ്ക്കാഗ്രഹമുണ്ടായിരുന്നെങ്കിൽ മററു വാദങ്ങൾ പുറപ്പെടുവിച്ചു പ്രമേയം ആക്ഷേപാർഹമാക്കാൻ ശ്രമിക്കുമായിരുന്നു. അപ്രകാരം ഞാൻ പ്രവൃത്തിച്ചിട്ടില്ല. വളരെക്കാലമായി ഈ സഭയിലെ ഒരു മെമ്പറാണ് ഞാൻ, അതിലെ മെമ്പറെന്നുള്ള നിലയിൽ എനിക്കുള്ള സർവ്വീസ്പോലെ മററാർക്കുമില്ലാത്തതാകുന്നു. അപ്രകാരമിരിക്കെ പ്രസ്തുത ജോലി ഞാൻ നിർവ്വഹിച്ചില്ലെങ്കിൽ എന്റെ ചുമതല ഞാൻ വഹിച്ചില്ലെന്നു വന്നേക്കും. മററുള്ളവർക്ക് എത്രതന്നെ നീരസമുണ്ടാക്കുമെന്നുണ്ടെങ്കിലും പ്രസ്തുത ജോലി ഞാൻ നിർവ്വഹിച്ചില്ലെങ്കിൽ രാജ്യത്തോടുള്ള എന്റെ ചുമതല ഞാൻ വഹിച്ചില്ലെന്നു വന്നേക്കുമെന്നു ഭയപ്പെട്ടിട്ടാണ് ഇപ്രകാരം പ്രവൃത്തിച്ചിട്ടുള്ളതു്. ഇത്രമാത്രമെ ഞാൻ പ്രവൃത്തിച്ചിട്ടുള്ളു. അപ്രകാരം പ്രവൃത്തിച്ചതിനെയാണ് പ്രസ്തുത പ്രമേയത്തെ കഠിനമായി എതിർത്തിരിക്കുന്നതിനായി ഇവിടെ പ്രസ്താവിച്ചിരിക്കുന്നതു്. സഭയുടെ അഭിപ്രായമെന്താണെന്നു നമുക്കിപ്പോൾ അറിയാവുന്നതാണ്. ഞാൻ ഈ രാജ്യത്തിൽ വന്നിട്ടു ഇരുപത്തി ഏഴു കൊല്ലങ്ങളിൽ കൂടുതലായി, അതിനെ ഞാൻ സ്നേഹിക്കുന്നു. ഈ രാജ്യവുമായി മിസ്റ്റർ ദാമോദരൻ ആശാന്റെ സ്നേഹം എനിക്കുള്ള സ്നേഹത്തെക്കാൾ കൂടുതലായിട്ടുള്ളതാണെന്നുകൂടി അഭിപ്രായപ്പെടാൻ ഞാൻ ഭാഗ്യമതത്തെ അനുവദിക്കുന്നുമില്ല. മിസ്റ്റർ ആശാൻ അഭിപ്രായപ്പെട്ടിരിക്കുന്നതിനെണ്ണം ഞാൻ മുഗ്ദ്ധനായിരുന്നാൽ പോലും എനിക്കു കൂടുതൽ പ്രാധാന്യമുണ്ടെന്നുള്ള സംഗതി വിസ്മരിക്കത്തക്കതല്ല. ഭൂതഗതിയായിട്ടുള്ള തീരുമാനങ്ങൾ അനാശാസ്യകരങ്ങളാണെന്നും ആശാസ്യകരങ്ങളായ ഗുണനടപടികളേയും ദൃഷ്ടാന്തങ്ങളേയും അടിസ്ഥാനപ്പെടുത്തിവേണം അഭിപ്രായങ്ങൾ പുറപ്പെടുവിക്കണമെന്നും എനിക്കു തോന്നിയിട്ടുണ്ട്, പ്രായോഗികമായ വിഷയങ്ങളെ സംബന്ധിച്ചിടത്തോളം അവയുമായി യാതൊരു സംബന്ധവുമില്ലാത്ത പ്രേരണ സൂചകമായ അഭിപ്രായങ്ങൾ ഈ സഭയെ ബാധിക്കരുതെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. മേൽപ്പറഞ്ഞ കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ആകുന്നിടത്തോളം താഴ്മയോടുകൂടി എന്റെ അഭിപ്രായം സഭയെത്തന്നെ പ്രസ്താവിച്ചതു്. ഇതിലേക്കുള്ള തീരുമാനം സഭ തന്നെ വരുത്തേണ്ടതാകുന്നു. ആ തീരുമാനം കൊണ്ടു സഭയുടെ മാഹാത്മ്യം എന്താണെന്നു തീർച്ചയാക്കാവുന്നതാണെന്നു മാത്രമെ ഞാൻ ഈ സന്ദർഭത്തിൽ പ്രസ്താവിക്കുന്നുള്ളു. ആ തീരുമാനം കൊണ്ടു ഏതു സഫലമാകട്ടെ അതു തന്നെ അയാൾ സഫലമാക്കുന്നതാണ്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രമേയം വോട്ടിനിടണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

ഇതിനു ശേഷം പ്രമേയം വോട്ടിനിടുകയും അതു പാസ്സാക്കപ്പെടുകയും ചെയ്തു.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പോൾ വേണമെന്നു ആവശ്യപ്പെടുന്നു.

പോൾ എടുത്തപ്പോൾ ഫലം താഴെപ്പറയും പ്രകാരമായിരുന്നു.

അനുകൂലികൾ ൫൮

൧.	മി: വി. ചെല്ലംപിള്ള	൪൭.	മി: മുറമ്പേലി പാച്ചുപിള്ള
൨.	,, എ. എസ്സ്. ദാമോദരൻആശാൻ	൪൮.	,, കെ. പത്മനാഭപ്പണിക്കർ
൩.	,, ഡി. ഫ്രാൻസിസ്സ്	൪൯.	,, കെ. ജി. പരമേശ്വരൻപിള്ള
൪.	,, എ. ജി. തോമാൻ	൫൦.	,, എസ്സ്. പിറവിപ്പെരുമാൾപിള്ള
൫.	,, ഇട്ടൂപ്പ് ഇട്ടീച്ചൻ	൫൧.	,, എൻ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ
൬.	,, ഡി. സി. ജോസഫ്	൫൨.	,, ആർ. രാമൻപിള്ള
൭.	,, കെ. സി. കരുണാകരൻ	൫൩.	,, രേവതിനാൾ രാമവർമ്മരാജ
൮.	,, കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്	൫൪.	,, എ. താണുപിള്ള
൯.	,, ആർ. കേശവപിള്ള	൫൫.	മിസ്സസ്സ്. എലിസാബത്തു കുരുവിള
൧൦.	,, ടി. സി. കേശവപിള്ള	൫൬.	മി: കെ. മാധവൻപിള്ള
൧൧.	,, താമരപ്പള്ളിയിൽകൊച്ചുതരമ്മൻ	൫൭.	,, കെ. മാധവൻ
൧൨.	,, എൻ. കെ. കൃഷ്ണപിള്ള	൫൮.	,, എച്ച്. ബി. മഹമ്മദ്റാവുത്തർ
൧൩.	,, മാത്തു മുതിയ്യൻ	൫൯.	,, വി. എസ്സ്. കൃഷ്ണപിള്ള
൧൪.	,, ജി. പി. നീലകണ്ഠപ്പിള്ള	൬൦.	,, തരിയത്തു കുഞ്ഞിറത്താമ്മൻ
൧൫.	,, കെ. പി. നീലകണ്ഠപ്പിള്ള	൬൧.	,, എ. സി. കുര്യാക്കോസ്
൧൬.	,, വി. ജെ. ഉമ്മൻ	൬൨.	എൽ. എ. ലോംബോർഡ്,

പ്രതിപ്രവർത്തകരുടെ പേരുകൾ.

൧.	മി: കയ്യാലത്ത പരമീശ്വരൻപിള്ള	൯.	മി: ആർ. ധനരാജകോട്ടിപ്പിള്ള
൨.	,, കെ. എൻ. രാമസുബ്ബയ്യർ	൧൦.	,, എസ്സ്. സി. എച്ച്. റാബിൻസൺ
൩.	,, പി. എൻ. കൃഷ്ണപിള്ള	൧൧.	,, ആർ. കൈവല്യവിംഗം പിള്ള
൪.	,, കെ. ജോർജ്	൧൨.	റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപി
൫.	,, ടി. പി. രാമസുബ്ബയ്യർ	൧൩.	മി: വി. അരുണാചലമയ്യർ
൬.	റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ	൧൪.	,, പി. ഗോമതിനായകംപിള്ള
൭.	മി: ഇ.എം.സി. ചാക്കോ	൧൫.	,, ഡാക്ടർ കെ. രാമൻതമ്പി,

നിസ്പക്ഷവാദി ൧.

മി: പി. എസ്സ്. മഹാദേവ്
പ്രമേയം പാസ്സാക്കപ്പെട്ടു എന്നു പ്രസ്താവിച്ചു.
൪.൧.൧ന് സഭ പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation)
T. RAMALINGOM PILLAI.
Head Translator to Government.

തിരുവിതാംകൂർ നിയമസഭ

മൂന്നാമത്തെയോഗം

൧൯൧൪-ാം ൟ ഒന്നാമത്തെസമ്മേളനം

(ഔദ്യോഗിക റിപ്പോർട്ട്)

൧൯൧൯ ഏപ്രിൽ ൨൪-ാംനു- ശനിയാഴ്ച

൧൯൧൯ മേടം ൧൧-ാംനു-

മണി പതിനൊന്നടിച്ചു് മുപ്പതുമിന്നിട്ടായപ്പോൾ ഡെപ്യൂട്ടി പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിക്ടോറിയ ജൂബിലിടൌൺഹാളിൽ വച്ചു് നിയമസഭ വീണ്ടും കൂടി.

മിസ്റ്റർ എൻ. എ. ബിഷപ്പും മി: എൻ. ആർ. കൃഷ്ണനും ഒഴികെ എല്ലാ അംഗങ്ങളും ഹാജരുണ്ടായിരുന്നു.

ചോദ്യങ്ങളും ഉത്തരങ്ങളും.

എല്ലാജാതിക്കാർക്കും പ്രവേശനം അനുവദിച്ചിട്ടില്ലാത്ത പള്ളിക്കൂടങ്ങൾ.

൪൩൭. മിസ്റ്റർ. എൻ. ആർ. രാജ രാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): പ്രവേശനം അനുവദിച്ചിട്ടില്ലാത്തതിന്റെ കാരണവും അവയ്ക്ക് സഹായധനം നൽകിവരുന്നുണ്ടോ എന്നും കാണിച്ചു്, സർക്കാർ സ്പെഷ്യൽ സ്കൂളുകളെ ഒഴിച്ചു് സംസ്ഥാനത്തുള്ള എല്ലാജാതിക്കാർക്കും ഇനിയും പ്രവേശനം അനുവദിച്ചിട്ടില്ലാത്ത പള്ളിക്കൂടങ്ങളുടെ ഒരു ലിസ്റ്റ് മേശപ്പുറത്തു് വയ്ക്കുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട പള്ളിക്കൂടങ്ങളുടെ ഒരു ലിസ്റ്റ് * മേശപ്പുറത്തു് വച്ചിരിക്കുന്നു. എല്ലാജാതിക്കാരുടേയും കുട്ടികൾക്ക് പ്രവേശനം അനുവദിച്ചിട്ടില്ലാത്ത യാതൊരു അംഗീകൃത പാഠശാലയും കുടിവക ഭരണത്തിൻ കീഴിൽ ഇല്ലെന്നു് റിപ്പോർട്ടു കിട്ടിയിരിക്കുന്നു. അതിനാൽ സഹായധനത്തെപ്പററിയുള്ള ചോദ്യം ഉത്ഭവിക്കുന്നില്ല.

മി: എൻ. ആർ. രാജ രാജ വർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): ഡിപ്പാർട്ടുമെന്റിൽ നിന്നു നടത്തുന്ന സ്കൂളുകൾ ഇറന്നു കൊടുക്കുന്നതിന് പ്രയാസമുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതിന് വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ട്.

നാട്ടുഭാഷാപള്ളിക്കൂടം അദ്ധ്യാപകരുടെ ശമ്പള പരിഷ്കാരത്തിന് നിയമിച്ച കമ്മിററിയുടെ റിപ്പോർട്ട്.

൪൩൮. മി: ജി. പി. നീലകണ്ഠപ്പിള്ള (കുരുനാഗപ്പള്ളി): നാട്ടുഭാഷാപള്ളിക്കൂടം അദ്ധ്യാപകരുടെ ശമ്പള പരിഷ്കാരത്തിന് നിയമിച്ച കമ്മിററിയുടെ റിപ്പോർട്ട്, ഗവണ്മെന്റു അതിന്മേൽ ഉത്തരവു് ചെയ്തിട്ടുണ്ടെങ്കിൽ ആയതു് സഹിതം മേശപ്പുറത്തു വയ്ക്കുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആയവ്യയങ്ങൾ സംബന്ധിച്ചു് ൧൯൧൪ കർക്കടകമാസത്തിൽ കൂടിയ നിയമസഭാ സമ്മേളനാവസരം നാട്ടുഭാഷാപള്ളിക്കൂടം അദ്ധ്യാപകരുടെ ശമ്പളപരിഷ്കാരത്തിന് നിയമിച്ച കമ്മിററിക്കാരുടെ റിപ്പോർട്ട് മേശപ്പുറത്തു് വച്ചിരുന്നു.

റിപ്പോർട്ടിന്മേൽ ചെയ്ത ഗവണ്മെന്റുത്തരവു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സ്ത്രീകൾക്കുള്ള കാളേജിലെ നിയമനങ്ങൾ.

൪൩൯. മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാടു): (എ) സ്ത്രീകൾക്കുള്ള കാളേജിൽ പുറമെ നിന്നു പുതുതായി നിയമിക്കപ്പെട്ടവരുടെയും അവിടെ ഉദ്യോഗത്തിനു അപേക്ഷിച്ചവരുടെയും ജാതിതിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തുവയ്ക്കുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(ബി) താഴെ ആവശ്യപ്പെട്ടിരിക്കുന്ന സംഗതികൾ പറയുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(൧) സ്ത്രീകൾക്കുള്ള കാളേജിൽ ഏതെല്ലാം വിഷയങ്ങൾ പഠിപ്പിക്കുന്നതിനാണ് പുറമെ നിന്നു് പുതുതായി ആളുകളെ നിയമിച്ചതു്?

(൨) അങ്ങിനെയുള്ള ഓരോ ഉദ്യോഗത്തിനും അപേക്ഷകരായിരുന്നവരുടെ പേരും പരീക്ഷാസംബന്ധമായും മററുവിധത്തിലും ഉള്ള യോഗ്യതകളും.

(൩) ചില വിഷയങ്ങൾ പഠിപ്പിക്കുന്നതിന്, വിദ്യാഭ്യാസസംബന്ധമായും മററുവിധത്തിലും കൂടുതൽ യോഗ്യതയുള്ള അപേക്ഷകളെ നിരസിച്ചു് കുറഞ്ഞയോഗ്യതയുള്ള ആളുകളെ ഗവണ്മെന്റിൽ നിന്നു് നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരുടെ പുല്ലുമാണ് അപേക്ഷകൾ നിരസിച്ചതു്? ആരെഎല്ലാവരാണ് നിയമിച്ചതു്? കാര്യക്ഷമതയെ അപേക്ഷിച്ചു് അപ്രകാരമുള്ള നിയമനങ്ങൾ നടത്തിയതിനുള്ള കാരണങ്ങൾ എന്തെല്ലാം?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട സ്റ്റേറാറുമെന്റു മേശപ്പുറത്തു വച്ചിരിക്കുന്നു.

---

* ൧-ാംഅനുബന്ധം നോക്കുക.

G. P. T. 2348 150. 14-7-1107.

(ബി) (എ) ഇംഗ്ലീഷ് പ്രൊഫസർ എ.
ലക്ചറർ എ.
ചരിത്രം പ്രൊഫസർ എ.
ലക്ചറർ എ.
പ്രകൃതിശാസ്ത്രം ലക്ചറർ എ.
മലയാളം ലക്ചറർ എ.
ഫിസിക്സും കെമിസ്ട്രിയും ഡിമാൻസ്ട്രേറ്റർ എ.
സംസ്കൃതം പണ്ഡിറ്റ് എ.

(ഡി) ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

(ഇ) പ്രസ്തുത ചോദ്യത്തിന്റെ എ-ാം ഭാഗത്തിനുള്ള ഉത്തരം നിഷേധരൂപത്തിലാണ്. ബി-ാം ഭാഗത്തിനുള്ള ഉത്തരത്തിൽനിന്ന് ചോദ്യത്തിലെ ഡി-ാം ഭാഗം ഉത്ഭവിക്കുന്നില്ല.

സിവിൽ ആജ്ഞാവ്യവഹാരങ്ങളിൽ സർക്കാരിനു വിപരീതമായിട്ടുള്ള ഡിക്രികൾ.

*൯൩൯. മിസ്റ്റർ എ. എസ്സ്. മാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): താഴെ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ മേശപ്പുറത്തു വയ്ക്കുന്നതിനു ഗവർണ്ണമെന്റിനു മനസ്സുണ്ടാകുമോ?

(എ) ൧൯൧൯-ൽ കൊല്ലം ഡിസ്ട്രിക്ട്കോടതിയിൽ ആജ്ഞാവ്യവഹാരത്തിലും രൂപാന്തരവിച്ഛേദ സംബന്ധിച്ച കേസ്സുകളിലും സർക്കാരിനു വിപരീതമായി ഉണ്ടായിട്ടുള്ള ഡിക്രികളുടെ ഒരു ലിസ്റ്റ്.

(ബി) മേൽ വിവരിക്കപ്പെട്ട കോടതിയിൽ, ൧൯൧൯-ൽ സർക്കാരിനു വിപരീതമായി പതിച്ചിട്ടുള്ള വിധിനടത്തു ഹർജികളുടെ ഒരു ലിസ്റ്റ്.

മിസ്റ്റർ പി. എൻ. കൃഷ്ണപിള്ള (ഗവർണ്ണമെന്റു സെക്രട്ടറി): (എ)-ം (ബി)-ം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റു † മേശപ്പുറത്തു വച്ചിരിക്കുന്നു.

പെരുമ്പാവൂർ മുൻസിഫ്കോടതി.

*൯൯൦. മിസ്റ്റർ ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): താഴെ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ പറയുന്നതിനു ഗവർണ്ണമെന്റിനു മനസ്സുണ്ടാകുമോ?

(എ) പെരുമ്പാവൂർ മുൻസിഫ്കോടതി ഒരു ചെറിയ സത്രത്തിലാണ് ഇട്ടിരിക്കുന്നതെന്നു ഗവർണ്ണമെന്റിനറിവുണ്ടോ?

(ബി) മേൽ പറയപ്പെട്ട ചെറിയ കെട്ടിടത്തിൽ പ്രസ്തുതകോടതി ഇട്ടിരിക്കുന്നതുനിമിത്തം ഉദ്യോഗസ്ഥന്മാരും, വക്കീലന്മാരും, കക്ഷികളും വളരെ ബുദ്ധിമുട്ടു അനുഭവിക്കുന്നുണ്ടെന്നുള്ള വിവരം ഗവർണ്ണമെന്റിനറിയാമോ?

(സി) സത്രത്തിൽനിന്നു പ്രസ്തുത കോടതി മാറിപ്പിടുന്നതിനു ആവശ്യമുള്ള കെട്ടിടം പണി കഴിപ്പിക്കുന്നതിലേക്കുവേണ്ടി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടില്ലയോ?

(ഡി) (സി)-ക്കുള്ള ഉത്തരവു അനുകൂലരൂപത്തിലാണെങ്കിൽ ഇതേവരെ കെട്ടിടം പണികഴിപ്പിക്കാതിരിക്കുന്നതിനുള്ള കാരണം?

മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു സെക്രട്ടറി): (എ) ഉണ്ട്.

(ബി) കുറെ ബുദ്ധിമുട്ടുണ്ട്.

(സി) ഡിവിഷൻ അസിസ്റ്റന്റിന്റെ ആഫീസ്സ് ആലുവാക്കു മാറിയതോടുകൂടി, അതിനും മുൻസിഫ് കോടതിക്കും ആയി ഒരു കെട്ടിടം പണി കഴിപ്പിക്കണമെന്നുണ്ടായിരുന്ന ആദ്യ ആലോചന ഉപേക്ഷിക്കേണ്ടതായി വന്നു. ഇപ്പോൾ വാടകകെട്ടിടങ്ങളിൽ ഇട്ടു നടത്തിവരുന്ന സ്ഥലത്തുള്ള പബ്ലിക് ആഫീസ്സുകളിൽ, കഴിയുന്നിടത്തോളം ആഫീസ്സുകൾ ഒന്നിച്ച് ഒരു കെട്ടിടത്തിൽ ഇട്ടു നടത്തത്തക്കവണ്ണം ഒരു കെട്ടിടം പണി കഴിപ്പിക്കുന്നതിനു ആലോചിച്ചുവരികയാണ്.

(ഡി) മുകളിൽ (സി)-ക്ക് നൽകിയിരിക്കുന്ന ഉത്തരത്തിൽനിന്ന് ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

മെഡിക്കൽബോർഡ് മരണസമിതി സ്ഥാപിച്ചതിൽ പിന്നീട് നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള സ്റ്റേറ്റുമെന്റ്.

*൯൯൧. മി: തരിയൻ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): മെഡിക്കൽസർവ്വീസ്സിൽ മരണസമിതി സ്ഥാപിതമായതിനുശേഷം ൧൯൧൮ കന്നി ൧൦-ാംനു വരെ ബ്രാഹ്മണർ, നായന്മാർ, കുഞ്ഞോലിക്കർ, ജാക്കോബൈറ്റ്സ്, മാർത്തോമാ ക്രിസ്ത്യാനിസ്, പ്രൊട്ടസ്റ്റന്റ്സ്, ഈഴവർ, മഹമ്മദീയർ, വെള്ളാളർ, മറ്റുജാതിയിൽപെട്ട അംഗങ്ങൾ എന്നിവരിൽനിന്ന് എത്രപേരെവീതം നിയമിച്ചിട്ടുണ്ടെന്നു കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുവാൻ ഗവർണ്ണമെന്റിനു മനസ്സുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക § മേശപ്പുറത്തു വച്ചിരിക്കുന്നു.

---

*൨ ബി. അനുബന്ധം നോക്കുക. †൩ എ, ൩ ബി, ൩ സി അനുബന്ധങ്ങൾ നോക്കുക.
§൯-ാം അനുബന്ധം നോക്കുക.

സംസ്ഥാനത്തുള്ള സർക്കാർ വക്കീലന്മാർ.

൪൪൮. മി: തരിയൻ കുഞ്ഞിക്കണ്ണൻ (മുവാറമ്പുഴ—തൊടുപുഴ): ഇപ്പോൾ (൧൯൩—൧൯൪) സർവ്വീസ്സിലിരിക്കുന്ന സർക്കാർ വക്കീലന്മാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ആവശ്യപ്പെട്ട സ്റ്റേറ്റുമെന്റ് * മേശപ്പുറത്തു വച്ചിരിക്കുന്നു.

കൊട്ടാരക്കര, കുന്നത്തൂർ ഈ താലൂക്കുകളിലെ ഭൂമി പതിച്ചു കൊടുക്കൽ.

൪൪൯. മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): (എ) ൧൯൩൯, ൧൯൪൦, ൧൯൪൧ ഈ കൊല്ലങ്ങളിൽ കൊട്ടാരക്കരയും കുന്നത്തൂരും താലൂക്കുകളിൽ അൻപതോ അതിൽ കൂടുതലോ ഏക്കർപ്രകാരം സ്ഥലങ്ങൾ തനി പേരിലായി പതിച്ചുകൊടുത്തിട്ടുള്ള വിവരം അടങ്ങിയ ഒരു ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(ബി) അപ്രകാരം പതിച്ചുകിട്ടുന്നതിന് കാണിച്ച് കിട്ടിയിട്ടുള്ള അപേക്ഷകളുടെ എണ്ണവും സ്വീകരിച്ചതും നിഷേധിച്ചതും ആയ അപേക്ഷകളുടെ എണ്ണവും അപേക്ഷകളുടെ പേരും കൂടി പറയുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) മെമ്പർ ആവശ്യപ്പെട്ട ലിസ്റ്റ് † മേശപ്പുറത്തുവച്ചിരിക്കുന്നു.

(ബി) മെമ്പർ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക ‡ മേശപ്പുറത്തു വച്ചിരിക്കുന്നു.

പ്രവർത്തികാരന്മാരുടെയും പകുതിഅക്കൌണ്ടന്റന്മാരുടെയും നിയമനം.

൪൪൧. മി: ഡി. ഫ്രാൻസിസ് (നിയമിച്ചു) (എ) താഴെ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ പറയുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(എ) താഴെവിവരിക്കുന്നവരുടെ ആകെയുള്ള എണ്ണം

(൧) ഹിന്ദുക്കളും ക്രിസ്ത്യാനികളും ആയുള്ള നാടാന്മാർ

(൨) ലാറ്റിൻ ക്രിസ്ത്യാനികൾ

(൩) സാംബവർ

(ബി) സംസ്ഥാനത്തുള്ള പ്രവർത്തികാരന്മാരുടെയും പകുതിഅക്കൌണ്ടന്റന്മാരുടെയും ആകെ എണ്ണം? §

(൨) താഴെവിവരിക്കുന്ന ജാതിക്കാരിൽ നിന്ന് പ്രവർത്തികാരന്മാരായും പകുതി അക്കൌണ്ടന്റന്മാരായും നിയമിച്ചിട്ടുള്ളവരുടെ എണ്ണവും, പേരും, ഏതു സ്ഥലത്തു നിയമിച്ചു എന്നും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തുവയ്ക്കുവാൻ ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(൧) ഹിന്ദുക്കളും ക്രിസ്ത്യാനികളും ആയുള്ള നാടാന്മാർ

(൨) ലാറ്റിൻ ക്രിസ്ത്യാനികൾ

(൩) സാംബവർ

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) (൧) മെമ്പർ ആവശ്യപ്പെട്ടിരിക്കുന്നവിധം ജാതി തിരിച്ചുള്ള ജനസംഖ്യക്കണക്ക് എടുക്കത്തക്കവിധത്തിൽ ഇല്ല. ചാന്നാന്മാർ (നാടാന്മാരെന്നുകൂടി വിളിക്കുന്നു) ഇൻഡ്യൻ ക്രിസ്ത്യാനികൾ എന്ന വിഭാഗങ്ങളിലെ ജനസംഖ്യക്കണക്ക് ൧൯൨൧-ലെ സെൻസസ്സ് റിപ്പോർട്ടിൽ നിന്ന് എടുക്കാവുന്നതാണ്. അവരുടെ ജനസംഖ്യ യഥാക്രമം ൨,൦൦,൭൩൭, ൧-൧, ൧൩൭, ൭൨൪ ആണ്. (൧൯൨൧-ലെ സെൻസസ്സ് റിപ്പോർട്ട് ൨-ാം ഭാഗം ൪൩-ാം, ൪൭-ാം പേജുകൾ)

(൧) (ബി) ൪.൦ ൪ പ്രവർത്തികാരന്മാരും ൪.൦ വ്യ അക്കൌണ്ടന്റന്മാരും

(൨) ഹിന്ദുക്കളും ക്രിസ്ത്യാനികളും ആയുള്ള നാടാന്മാരിൽനിന്ന് ൧൩ പകുതി അക്കൌണ്ടന്റന്മാരുണ്ട്. അവരുടെപേരും അവരെ നിയമിച്ചിരിക്കുന്നസ്ഥലവും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ് ¶ മേശപ്പുറത്തു വച്ചിരിക്കുന്നു. പ്രവർത്തികാരന്മാരായിട്ടോ അക്കൌണ്ടന്മാരായിട്ടോ ആരേയും ലാറ്റിൻ ക്രിസ്ത്യാനികളിൽ നിന്നും സാംബവരിൽ നിന്നും നിയമിച്ചിട്ടില്ല.

൪-ാം ഡിസ്ട്രിക്ടിലുള്ള വി. എം. ഗേൾസ്സ്കൂളുകളിലെ ഒന്നാം അസിസ്റ്റന്റന്മാർ.

൪൪൨. മി: ആർ. രാമൻപിള്ള (കോട്ടയം): ൧൯൩൯ ചിങ്ങം ഒന്നാം തീയ്യതിയും അതിനുശേഷവും അഞ്ചാം ഡിസ്ട്രിക്ടിൽ ഉൾപ്പെട്ട വി. എം. ഗേൾസ്സ്കൂളുകളിലെ ഒന്നാം അസിസ്റ്റന്റന്മാരായി നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ പേരും ആസ്ഥാനത്തു നിയമിക്കപ്പെട്ട ആണ്ടുമാസം തീയ്യതിയും, അവരിൽനിന്ന് പിന്നീട് ഹെഡ്മാസ്റ്റന്മാരായോ ഹെഡ്മിസ്ട്രസ്സുകളായോ നിയമിക്കപ്പെട്ടിട്ടുള്ളവരുടെ പേരുകളും നിയമിക്കപ്പെട്ട ആണ്ടുമാസംതീയ്യതിയും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കുവാൻ ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ് ‖ മേശപ്പുറത്തു വച്ചിരിക്കുന്നു.

---

* ൪-ാം അനുബന്ധം നോക്കുക. † ൩ ബി അനുബന്ധം നോക്കുക ‡ ൩ എ അനുബന്ധം നോക്കുക § ൨-ാം അനുബന്ധം നോക്കുക ‖ ൭-ാം അനുബന്ധം നോക്കുക

ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപ്പടി

൯൪൩. മി: പി. എസ്. മഹമ്മദ് (നിയമിച്ചു): താഴെവിവരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും സഞ്ചാരപ്പടിയുടെ നിരക്കും കാണിക്കുന്ന ഒരു പട്ടികമേശപ്പുറത്തു വയ്ക്കുവാൻ ഗവണ്മെന്റിനു ഒരുക്കമാകുമോ?

(എ) പോലീസ്കമ്മീഷണർ;
(ബി) എക്സൈസ്സ് കമ്മീഷണർ;
(സി) ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ടന്മാർ;
(ഡി) പോലീസ് അസിസ്റ്റന്റ്സൂപ്രണ്ടന്മാർ;
(ഇ) അസിസ്റ്റന്റ് എക്സൈസ്സ് കമ്മീഷണറന്മാർ.

(൨) അസിസ്റ്റന്റ് എക്സൈസ്സ് കമ്മീഷണറന്മാർക്ക് താഴ്ന്ന നിരക്കിലുള്ള സഞ്ചാരപ്പടി അനുവദിച്ചു നിശ്ചയിക്കുവാൻ വല്ലകാരണവുമുണ്ടെങ്കിൽ അതുകൂടി ദയവുണ്ടായിപറയുമോ?

മി: ടെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി):

	ശമ്പളം	ദിവസപ്പടി		തിരുവിതാംകൂറിൽ
	രൂ	രൂ	ച	
(൧) (എ) പോലീസ് കമ്മീഷണർ.	൧,൦൦൦	൪	൧൫	ഒന്നാംക്ലാസ്സിന്റെ ഇരട്ടി

(ഇപ്പോഴത്തെ പോലീസ്കമ്മീഷണർ ഈ സംസ്ഥാനത്തേക്ക് കടമായി നിയമിക്കപ്പെട്ടിട്ടുള്ള ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനാണ്. അദ്ദേഹം ഇപ്പോൾ ശമ്പളമായി ൧൧൪൪ ബ്രിട്ടീഷ്രൂപായും ഓവർസീസ്സ് അലവൻസായി ൩൦ പവനും വാങ്ങിവരുന്നു. അദ്ദേഹം ഒരു ബ്രിട്ടീഷ്ക്രമത്തിന് ദിവസപ്പടിയും, ൧൦ അണ ക്രമത്തിന് മൈലേജും ഒന്നാംക്ലാസ്സിന്റെ ഒന്നും അഞ്ചിൽമൂന്ന് ഭാഗം ദിവസപ്പടിയും വാങ്ങിവരുന്നു.)

		ശമ്പളം	സഞ്ചിപ്പടി	ദിവസപ്പടി	
		രൂപാ.	രൂപാ.	ച.	
(ബി)	എക്സൈസ്സ് കമ്മീഷണർ	൩൦൦ ൧൦൦/൩ ൬൦൦	൩	൧൫	ഒന്നാംക്ലാസിന്റെ ഇരട്ടി
(സി)	ഡിസ്ട്രിക്ട്പോലീസ് സൂപ്രണ്ടന്മാർ	൩൦൦ ൩൦/൨ ൪൩൦	൪	൧൧	രണ്ടാംക്ലാസ്സിന്റെഇരട്ടി
(ഡി)	പോലീസ് അസിസ്റ്റന്റ്സൂപ്രണ്ടന്മാർ	൨൦൦-൧൦-൨൩൦	൨½	൬	രണ്ടാംക്ലാസ്സിന്റെഇരട്ടി

വൃദ്ധിയിൽ അകമ്പടിപോകുന്ന അവസരം ഒഴികെ, പോലീസ്സ് ഡിസ്ട്രിക്ട്ം അസിസ്റ്റന്റും സൂപ്രണ്ടന്മാർക്ക് അവരുടെ അധികാരാതിർത്തിയിൽ സഞ്ചരിക്കുന്നതിന് അവർക്കനുവദിച്ചിട്ടുള്ള സ്ഥിരസഞ്ചാരപ്പടിക്കു പുറമെ ദിനപ്പടിക്ക് മാത്രമെ അവകാശമുള്ളു.

(ഇ) അസിസ്റ്റന്റ് എക്സൈസ്സ് കമ്മീഷണറന്മാർ

	ശമ്പളം	സഞ്ചിപ്പടി	ദിവസപ്പടി	
	രൂപാ.	രൂപ.	ച.	
ഒന്നാം ഗ്രേഡ്	൩൪൫ ൨൫/൨ ൪൦൦	൪	൧൧	രണ്ടാം ക്ലാസിന്റെ ഇരട്ടി
രണ്ടാംഗ്രേഡ്	൨൫൦ ൨൫/൨ ൩൦൦	൩	൧൧	രണ്ടാം ക്ലാസ്സിന്റെ ഇരട്ടി
മൂന്നാംഗ്രേഡ്	൧൭൫ ൧൦ ൨൨൫	൨½	൬	രണ്ടാംക്ലാസ്സിന്റെ ഇരട്ടി

(൨) ഉദ്യോഗസ്ഥന്റെ ശമ്പളമോ ഉദ്യോഗത്തിനുള്ള ശമ്പളത്തിന്റെ കൂടുതൽ തുകയോ അടിസ്ഥാനപ്പെടുത്തിയാണ് സഞ്ചാരപ്പടിയുടെ തോതു നിശ്ചയിച്ചിരിക്കുന്നത്.

മറ്റുള്ള ഉദ്യോഗസ്ഥന്മാരുടേതുപോലെ, ഓരോരുത്തരെ സംബന്ധിച്ചും അവരുടെ ശമ്പളത്തിന്റെ കൂടുതൽ തുകയെ അടിസ്ഥാനപ്പെടുത്തി അവരുടെ സഞ്ചാരപ്പടിയുടെ നിരക്ക് നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് അസിസ്റ്റന്റ് എക്സൈസ്സ് കമ്മീഷണറന്മാർക്ക് വിശേഷാലായി താരതമ്യസങ്കടത്തിനും വഴിയില്ല.

മീനച്ചൽ താലൂക്കിലുള്ള പുറമ്പോക്ക് സ്ഥലങ്ങളിൽ നില്ക്കുന്ന വൃക്ഷങ്ങളുടെ വില്പന.

൯൪൪. മിസ്റ്റർ. എ. സി. കുര്യാക്കോസ് (മീനച്ചൽ മേലുകാവു): ൧൯൨൨, ൧൯൨൩, ൧൯൨൪ എന്നീകാലങ്ങളിൽ പുറമ്പോക്കുറോഡുകളിൽ നിന്നും മററുപുറമ്പോക്ക് സ്ഥലങ്ങളിൽ നിന്നും മീനച്ചൽ താലൂക്കിലെ അധികൃതന്മാർ വെട്ടിമുറിച്ചതും വിററതും ആയവൃക്ഷങ്ങളുടെ എണ്ണം, അവയുടെ ഇനം (ആഞ്ഞിലി, പ്ലാവ്, തേമ്പാവ്, മുതലായവ) തടിയിൽനിന്ന് ഓരോരുകാല്വവും ഈടായതുക ഇവ കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വയ്ക്കുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മിസ്റ്റർ. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): ആവശ്യപ്പെട്ട സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

തിരുവനന്തപുരംജനറൽ ആശുപത്രി

൯൪൫. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): താഴെ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ തരുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

---

*൯൩ -ാം അനുബന്ധം നോക്കുക

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ താമസിച്ച് ചികിത്സ നടത്തിവന്നവരുടെ ഭക്ഷണത്തിന് ചെലവു കുറിയും ഇനത്തിൽ, ൧൯൦൧, ൧൯൦൨, ൧൯൦൩. എന്നീകാലങ്ങളിൽ യഥാക്രമം ചെലവാക്കിയിട്ടുള്ള രൂപയുടെ തുകത്തുക.

(ബി) പ്രസ്തുത കാലങ്ങളിൽ ആഹാരം നൽകപ്പെട്ടിട്ടുള്ള ദിനക്കാരുടെ തുക എണ്ണവും ആ ഓരോകൊല്ലവും തുകചെലവായ അരിയുടെ തൂക്കവും.

(സി) പ്രസ്തുത ദിനക്കാർക്ക് നൽകിവരുന്ന ആഹാരം അവർക്കു മതിയാകുന്നില്ലെന്നും അസുഖകരമാണെന്നും ഒരു പരാതി ഉള്ളതായി ഗവണ്മെൻറിനറിയാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) (ബി) മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരുപട്ടിക* മേശപ്പുറത്ത് വച്ചിരിക്കുന്നു.

(സി) ഇല്ല.

മാന്നാറിൽ ഒരു ഡിസ്പെൻസറിയുടെ ആവശ്യം

൪൪൯. മി: വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ല): താഴെ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകുന്നതിന് ഗവണ്മെൻറിന് ഒഴിവുണ്ടാകുമോ?

(എ) (൧) മാന്നാറിൽ ഒരു ഡിസ്പെൻസറി സ്ഥാപിച്ച് കിട്ടണമെന്ന് കാണിച്ച് മന്നാറും അതിനു സമീപവും താമസിക്കുന്ന ജനങ്ങൾ ഗവണ്മെൻറിനും മെഡിക്കൽ വകുപ്പിലെ മേലദ്ധ്യക്ഷനും ഹർജികളും മററു വിധത്തിലുള്ള അപേക്ഷകളും അയച്ചിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ?

(൨) അതിനെസംബന്ധിച്ച് ഗവണ്മെൻറ വല്ലനടപടിയും നടത്തിയോ?

(ബി) എൻെറ ചോദ്യം (ഡി)യുടെ ഉത്തരം അനുകൂലരൂപത്തിലാണെങ്കിൽ അതുസംബന്ധിച്ചുള്ള എഴുത്തുകുത്തുകൾ മേശപ്പുറത്തുവയ്ക്കുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) (൧) അറിയാം.

(൨) നടത്തി.

(ബി) അതിനെ സംബന്ധിച്ചുള്ള മെഡിക്കൽ സർവീസ് പബ്ലിക്കുസമിതിയുടെ ൧൯൨൭ ഫെബ്രുവരി ൭-ാം തീയതിയിലെ ൧൭-ാമത്തേതും ൧൯൨൭ ഡിസംബർ ൩-ാം തീയതിയിലെ ൨-ാമത്തേതും നിയമങ്ങളുടെ ചുരുക്കം† മേശപ്പുറത്തുവച്ചിരിക്കുന്നു.

മീനച്ചൽതാലൂക്കിലുള്ള സംരക്ഷിതവനങ്ങൾ.

൪൫൦. മി: എ. സി. കുര്യാക്കോസ്സ് (മീനച്ചൽ-ദേവികുളം): മീനച്ചൽതാലൂക്കിലുള്ള സംരക്ഷിതവനങ്ങളുടെ ഒരു ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): മീനച്ചൽതാലൂക്കിലുള്ള സംരക്ഷിത വനങ്ങളെ സംബന്ധിച്ച ഒരുപട്ടിക‡ മേശപ്പുറത്തു വച്ചിരിക്കുന്നു.

വിദ്യാഭ്യാസമേലദ്ധ്യക്ഷൻെറ ആഫീസിലുള്ള ജീവനക്കാർ

൪൫൧. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): വിദ്യാഭ്യാസമേലദ്ധ്യക്ഷനെക്കൂടി ഉൾപ്പെടുത്തി ഇപ്പോൾ (൧൯൩-൪-൧൯൩൫) വിദ്യാഭ്യാസമേലദ്ധ്യക്ഷൻെറ ആഫീസ്സിലുള്ള ജീവനക്കാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടികമേശപ്പുറത്തു വയ്ക്കുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): രണ്ട് ക്ലാർക്കുമാർ ഒഴിച്ച് സ്ഥിരസിൽബന്ധിതികളേയുമെന്നാണ് പകരക്കാരേയും സംബന്ധിച്ചേടത്തോളം, മേശപ്പുറത്ത് വച്ചിരിക്കുന്നു.

ചിലമെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ നിയമനം.

൪൫൨. മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ പറയുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമോ?

(എ) ഡാക്ടർ പീററർ ഏൺ, ലക്ഷ്മണൻ ഡർബാർ ഹിസിഷ്യർട്ട്സ് ആയിരുന്നകാലത്ത് പരീക്ഷയോ ഗ്രൂതക്കുറവ് കൊണ്ടോ, ത്രാണിക്കുറവുകൊണ്ടോ, ഔദ്യോഗിക നടപടി പിശകുകൊണ്ടോ, മററുവല്ലകാരണങ്ങളാലോ ഉദ്യോഗത്തിൽ നിന്ന് പിരിച്ചു വിടപ്പെട്ടിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ പേരും ഓരോരുത്തരേയും പിരിച്ചുവിടാനുള്ള കാരണവും.

(ബി) ഇപ്രകാരം പിരിച്ചു വിട്ടിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാരിൽ ആരെങ്കിലും പിന്നീടു ഉദ്യോഗത്തിൽ നിയമിച്ചിട്ടുണ്ടോ?

(സി) ഉപചോദ്യം (ബി) യുടെ ഉത്തരം അനുകൂലരൂപത്തിലാണെങ്കിൽ, അവരുടെ പേരു, അവരെ തിരഞ്ഞെടുക്കാനുള്ള കാരണം, തിരഞ്ഞെടുക്കാനുള്ള പ്രമേയം തീയതി.

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): (എ) ആരുമില്ല. (ബി) യും (സി)യും (എ) വകുപ്പുചോദ്യത്തിൻെറ ഉത്തരത്തിൽനിന്ന് ഈ ചോദ്യങ്ങൾ ഉത്ഭവിക്കുന്നില്ല.

അനന്തപ്പുരി-കൊട്ടാരക്കര റോഡ്.

൪൫൩. മി: എ. എസ്സ്. ഓമനാദരൻആശാൻ (മാവേലിക്കര യും കാർത്തികപ്പള്ളിയും) താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ പറയുന്നതിന് ഗവണ്മെൻറിനു ദയവുണ്ടാകുമോ?

---

* ൧൦-ാം അനുബന്ധം നോക്കുക

† ൧൧-ാം അനുബന്ധം നോക്കുക

‡ ൧൨-ാം അനുബന്ധം നോക്കുക

(എ) തട്ടുഴി അനന്തപ്പള്ളിയിൽനിന്ന് കൈപ്പട്ടൂരേക്കുള്ള റോഡ് നന്നാക്കുന്നതിന്, ഇമ്പമൻ തട്ടു സർവ്വേ നമ്പർ പബ്ലിക്കുസഹായ ധനസംഘം പ്രസിഡണ്ട് ഫെബ്രുവരി നവംബർ ൧൦-൧- അയച്ചിട്ടുള്ള ഒരു മെമ്മോറിയൽ ചീഫ് എഞ്ചിനീയർക്കു കിട്ടീട്ടുണ്ടോ?

(ബി) പ്രസ്തുത സ്ഥലത്ത് ഏപ്പോയി ചീഫ്എഞ്ചിനീയർ പരിശോധന നടത്തിയിട്ടുണ്ടോ?

(സി) (ബി) ഉപചോദ്യത്തിനുള്ള ഉത്തരം അനുകൂലമല്ലെങ്കിലാണെങ്കിൽ പ്രസ്തുത മെമ്മോറിയൽ സംബന്ധിച്ച് നടത്തിയതുമേൽനടപടി എന്ത്?

മി: ററി. പി. രാമസുബ്ബയ്യർ (ഗവർണ്ണമെന്റുസെക്രട്ടറി): (എ) ഉണ്ട്

(ബി) ഉണ്ട്; മെമ്പറുമോന്നിച്ചു ഫെബ്രുവരി നവംബർ മാസം ൧൦-ാം തീയതിയാണ് ഏപ്പോയത്.

(സി) ഈവഴിയുള്ള സ്ഥലമാർജ്ജനം വിലയും കൂടാതെ വിട്ടുതരുന്നതിന് സമ്മതമാണെന്ന് കാണിച്ചുവസ്തു ഉടമസ്ഥന്മാരുടെ പക്കൽനിന്ന് രേഖാമൂലം എഴുതിവാങ്ങിക്കുന്നതിന് പി. ഡബ്ലിയു. ഡിവിഷൻ ആഫീസ്സരോട് ആജ്ഞാപിച്ചിട്ടുണ്ട്.

സർക്കാർ സർവ്വീസ്സിൽ അധഃകൃത സമുദായത്തിൽ പെട്ടവരുടെ നിയമനം.

ശ്രീ. മ്: കെ. മാധവൻ (നിയമനം): ഭാഷ വിവരിക്കുന്നവ പറയുന്നതിന് ഗവർണ്ണമെന്റിന് മനസ്സുണ്ടാകുമോ?

(എ) സർക്കാർ സർവ്വീസിൽ ഉദ്യോഗത്തിനുവേണ്ടി ക്ലാസ്സ് ൧-ലും ക്ലാസ്സ് ൨-ലും അധഃകൃതസമുദായത്തിലെ എത്ര അംഗങ്ങൾ അപേക്ഷ അയച്ചിട്ടുണ്ട്.

(ബി) അവരിൽ എത്രപേരെ ക്ലാസ്സ് ൧-ലും ക്ലാസ്സ് ൨-ലും സംസ്ഥാനത്തുള്ളവിവിധവകുപ്പുകളിലായി നിയമിച്ചിട്ടുണ്ട്?

മി: കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): (എ) ൟ (ബി)യും പ്രസ്തുത വിവരം ശേഖരിക്കുന്നതിൽഉള്ള ശ്രമവും തന്നിമിത്തമുണ്ടാകാവുന്നഫലവും തമ്മിൽ വളരെ അന്തരമുള്ളതിനാൽ പ്രസ്തുത വിവരം ശേഖരിക്കുന്നതിന് ഗവർണ്ണമെന്റു ഉദ്ദേശിക്കുന്നില്ല.

അധഃകൃതസമുദായോദ്ധാരണത്തിനുവേണ്ടിയുള്ള നടപടികൾ

ശ്രീ ഇ. മ്: കെ. മാധവൻ (നിയമനം) അധഃകൃതസമുദായോദ്ധാരണത്തിന്വേണ്ടി പ്രസ്തുത സമുദായത്തിലെ അംഗങ്ങൾ പ്രജാസഭയിൽ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾക്ക് ഗവർണ്ണമെന്റു എന്തുനടപടിയെടുത്തു എന്നു മനസ്സുണ്ടായി പറയുമോ?

മി: കെ. ജോർജ് (ഗവർണ്ണമെന്റു ചീഫ് സെക്രട്ടറി): അധഃകൃതസമുദായത്തിലെ അംഗങ്ങൾ പ്രസ്തുത വിഷയത്തെപ്പററി സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾക്ക്, അതുസംബന്ധിച്ച് ഗവർണ്ണമെന്റു തടത്തിയിട്ടുള്ള നടപടികൾ എന്തെല്ലാമെന്നു അപ്പോഴപ്പോൾ അവരെ തെളിപ്പെടുത്തിട്ടുണ്ട്.

ചില ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ബ്രിട്ടീഷ് ഇൻഡ്യൻ നാണയമായി നിശ്ചയിച്ചതു്.

ശ്രീ ഇ. മ്: ഡി. സി. ജോസഫ് (അഗസ്തീശ്വരം) : ചിലഉദ്യോഗസ്ഥന്മാരുടെ ശമ്പളം ബ്രിട്ടീഷ് രൂപയായി വാങ്ങുന്നതിന് അനുവദിച്ചിരിക്കുന്നതു് ഏതു ചട്ടത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നു പറയുവാൻ ഗവർണ്ണമെന്റിന് മനസ്സുണ്ടാകുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു ഫിനാൻഷ്യൽ സെക്രട്ടറി): വിദേശീയസർവ്വീസ്സ് വ്യവസ്ഥയിൽ ഈ സംസ്ഥാനത്തു ജോലിക്ക് നിയമിച്ചിട്ടുള്ള ബ്രിട്ടീഷ് ഗവർണ്ണമെന്റു ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവരുടെശമ്പളം ബ്രിട്ടീഷ് രൂപയായി നിശ്ചയിക്കേണ്ടിയിരിക്കുന്നു. മററുള്ളവരെ സംബന്ധിച്ചിടത്തോളം അതാതു സംഗതികളുടെ യോഗ്യതപോലെ ബ്രിട്ടീഷ് രൂപയായി ശമ്പളം കൊടുക്കണമെന്നുള്ള ഏതെങ്കിലും തീരുമാനമാകുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം) : 'മററുള്ളവരെ സംബന്ധിച്ചിടത്തോളം അതാതു സംഗതികളുടെ യോഗ്യതപോലെ ബ്രിട്ടീഷ് രൂപയായി ശമ്പളം കൊടുക്കണമെന്നുള്ള ഏതെങ്കിലും തീരുമാനമാകുന്നു' എന്ന ഉത്തരത്തിന്റെ രണ്ടാം ഭാഗത്തെ സംബന്ധിച്ച്, ഒരു ഉദ്യോഗസ്ഥന്റെ ശമ്പളം ബ്രിട്ടീഷ് രൂപയായി നിശ്ചയിക്കുന്ന ഒരുദ്യോഗസ്ഥന് ഉണ്ടായിരിക്കേണ്ടയോഗ്യതകൾ എന്തെല്ലാമെന്ന് മനസ്സുണ്ടായി ഗവർണ്ണമെന്റു പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു ഫിനാൻഷ്യൽ സെക്രട്ടറി): തനിക്ക് അറിയാൻ കഴിയും എന്നു മെമ്പർ പറയുന്നു. മറുപടിയിൽ അതു ഉൾപ്പെട്ടിട്ടില്ലാതിരുന്നതുകൊണ്ട് ഞാൻ പുതിയ അറിവ് നൽകുകയാണെന്നാണ് വിചാരിച്ചതു്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): "വിദേശീയ സർവ്വീസ്സ് വ്യവസ്ഥയിൽ ഈ സംസ്ഥാനത്തെ ഉദ്യോഗത്തിന് വന്നിട്ടുള്ള ബ്രിട്ടീഷു ഗവർണ്ണമെന്റു ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ സാലറി ബ്രിട്ടീഷു രൂപായായി നിശ്ചയിക്കേണ്ടിയിരിക്കുന്നു" എന്ന നൽകിയിട്ടുള്ള ഉത്തരത്തിന്റെ ആദ്യഭാഗത്തിൽ പറഞ്ഞു കാണുന്നു.

---

*അനുബന്ധം എസ്-എയും എസ്-ബിയും നോക്കുക

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) ബ്രിട്ടീഷ് സർവ്വീസ്സിൽ നിന്ന് കടം വാങ്ങിക്കാതെയുള്ള യൂറോപ്പ്യൻ ഉദ്യോഗസ്ഥന്മാരും ഇവിടത്തെ സർവ്വീസ്സിൽ ഉണ്ട്. അവരുടെ ശമ്പളവും കൂടി ബ്രിട്ടീഷ് രൂപയായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം) എന്നാൽ ഞാൻ ചോദിക്കുന്നത് ഏതു പ്രത്യേക വ്യവസ്ഥയിലാണ് ചില നാട്ടുദ്യോഗസ്ഥന്മാരുടെ ശമ്പളം ബ്രിട്ടീഷു രൂപയായി വാങ്ങിക്കുന്നതെന്നാണ്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) മെമ്പർ ഏതെങ്കിലും ഉദാഹരണം ചൂണ്ടിക്കാണിക്കുന്നപക്ഷം ഞാനിക്കു മറുപടി പറയുവാൻ സന്തോഷമുണ്ട്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം) മി: രങ്കസ്വാമി അയ്യങ്കാരും മി: ചന്ദ്രശേഖരനും- അവരുടെ ശമ്പളം ബ്രിട്ടീഷ് രൂപയായി വാങ്ങുന്നതെന്തെന്നു പറയുമോ? ഈ ഉദ്യോഗസ്ഥന്മാർക്ക് അവരുടെ ശമ്പളം ബ്രിട്ടീഷ്രൂപായായി വാങ്ങുവാനുള്ള അധികാരം എങ്ങിനെ നല്കപ്പെട്ടിരിക്കുന്നു എന്നാണ് ഞാൻ മെംബറിനോടു ചോദിക്കുന്നത്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) സർ, മെമ്പർ വ്യക്തിപരമായി ചോദിക്കുന്നതുകൊണ്ട് മറുപടി പറയുവാൻ തയാറായിട്ടില്ല. ചില ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ മാത്രം അവരുടെ ശമ്പളം ബ്രിട്ടീഷ് രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം) അതെനിക്കറിയാം. എനിക്കറിയേണ്ടത് ഏതാനും ചില നാട്ടുദ്യോഗസ്ഥന്മാർ അവരുടെ ശമ്പളം ബ്രിട്ടീഷു രൂപയായി വാങ്ങുന്നതെന്തുകൊണ്ടെന്നാണ് ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) എന്റെ ഓർമ്മയിൽപ്പെട്ടിടത്തോളം വിവരിച്ചു പറയുവാൻ ശ്രമിക്കാം. കാളേജിൽ പ്രൊഫസ്സറന്മാരായി യൂറോപ്പ്യന്മാരെ തന്നെ നിയമിക്കപ്പെട്ടിരുന്നപ്പോൾ അവരുടെ ശമ്പളവും ബ്രിട്ടീഷ് രൂപയായിത്തന്നെ നിശ്ചയിക്കപ്പെട്ടിരുന്നു. അതിനുശേഷം ആ സ്ഥാനങ്ങളിൽ നിയമിക്കപ്പെടുന്ന യൂറോപ്പ്യൻ ഉദ്യോഗസ്ഥന്മാരുടെയോ നാട്ടുദ്യോഗസ്ഥന്മാരുടെയോ ശമ്പളത്തിൽ വ്യത്യാസം വരുത്തേണ്ടതില്ലെന്ന് ഗവണ്മെന്റു തീരുമാനിക്കുകയും അങ്ങിനെ അവരുടെ ശമ്പളം ബ്രിട്ടീഷുരൂപയായി ക്രിയപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആ വ്യവസ്ഥ ഇപ്പോഴും തുടർന്നു വരുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം) ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ—

ഡെപ്യൂട്ടി പ്രസിഡന്റ്. മി: രാമസുബ്ബയ്യർ ചോദ്യത്തിനു മറുപടി പറഞ്ഞു കഴിഞ്ഞു എന്നു ഞാൻ വിചാരിക്കുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ചില ഉദ്യോഗസ്ഥന്മാർക്ക് ചില പ്രത്യേകാനുകൂല്യമായി അവരുടെ ശമ്പളം ബ്രിട്ടീഷ് രൂപയായി നൽകിവരുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം) മി: ഒ. എസ്സ്. രാമസ്വാമി അയ്യർക്ക് ബ്രിട്ടീഷ് രൂപയായി ശമ്പളം നല്കപ്പെടുന്നതെന്തുകൊണ്ടെന്ന് ദയവുചെയ്തു പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ആ ചോദ്യത്തിന് ഉത്തരം പറയുവാൻ നിവൃത്തിയില്ല.

ഡെപ്യൂട്ടി പ്രസിഡന്റ്: നിങ്ങൾക്കതു കഴിയുകയില്ലെങ്കിൽ നിർബന്ധമില്ല.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) അതു് ദേവസ്വം ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച ഒരു കാര്യമാണ്.

ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരുടെ മെമ്പേജ്.

൪൩൭. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം) താഴെ വിവരിക്കുന്ന സംഗതികളടങ്ങിയ ഒരു സ്റ്റേറ്റുമെന്റ് മേശമേൽ വയ്ക്കുവാൻ ഗവണ്മെന്റിന് ദയവുണ്ടാകുമോ?

എ. ഓരോ ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷനും ക്ലാസ്സിൽ വാങ്ങിയ മെമ്പേജ്.

ബി. അവർ പരിശോധിച്ച സ്ഥലങ്ങളും ഓരോസ്ഥലത്തും അവർ താമസിച്ച ദിവസങ്ങളും.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) എ.യും ബി.യും. ഇപ്രകാരം ഒരു സ്റ്റേറ്റുമെന്റുകൊണ്ടുള്ള ഉപയോഗത്തേക്കാൾ അതിനുള്ള ബുദ്ധിമുട്ടു കൂടുതലാണെന്ന് ഗവണ്മെന്റു വിചാരിക്കുന്നു.

തിരുവല്ല വർണാക്യുലർ സ്കൂളിൽ മലയാളം ചുരുക്കെഴുത്തു പഠിപ്പിക്കുന്നതിനെപ്പററി.

൪൩൮. മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട് (ജന്മി). തിരുവല്ലാ മലയാളം സ്കൂളിൽ എല്ലാ സാങ്കേതികവിഷയങ്ങളും പഠിപ്പിച്ചുകൊണ്ടിരിക്കെ മലയാളം ചുരുക്കെഴുത്തുമാത്രം പഠിപ്പിക്കാതിരിക്കുന്നതിനുള്ള കാരണമെന്തെന്ന് ഗവണ്മെന്റു ദയവായി പറയുമോ?

മി: കെ. ജങ്ക് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി) ഇപ്പോൾ നടപ്പിലിരിക്കുന്ന പാഠ്യപദ്ധതി അനുസരിച്ച് മലയാളം ചുരുക്കെഴുത്തു പഠിപ്പിക്കുന്നതിനുള്ള വ്യവസ്ഥയില്ലാത്തതുകൊണ്ടാണ് അതു് തിരുവല്ല മലയാളം ഹൈസ്കൂളിൽ പഠിപ്പിക്കാതിരിക്കുന്നത്.

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മി) പാഠ്യപദ്ധതിയിൽ മലയാളം ചുരുക്കെഴുത്തുകൂടി ഉൾപ്പെടുത്തുന്നതു നന്നായിരിക്കുമെന്ന് ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

മി: കെ. ജങ്ക് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇപ്പോഴത്തെ പാഠ്യപദ്ധതിതന്നെ ക്രമത്തിലധികം സമ്പൂർണ്ണമായിരിക്കുകയാണെന്ന് വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ റിപ്പോർട്ടു ചെയ്തിരിക്കുന്നതുകൊണ്ട് അപ്രകാരം ചെയ്യുന്നതു സാദ്ധ്യമല്ല.

ആർട്ട്സ്കാളേജിലെ പ്രാചീന ഭാഷാദ്ധ്യാപകന്മാരുടെ നില.

൪൩൯. മി: കെ. പത്മനാഭപണിക്കർ (അമ്പലപ്പുഴ): താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ തരുന്നതിന് ഗവണ്മെന്റിനു ദയവുണ്ടാകുമോ:—

(എ) തിരുവനന്തപുരം ഇംഗ്ലീഷ് മഹാപാഠശാലയിൽ സംസ്കൃതം മുതലായ മററു പ്രാചീനഭാഷകൾ പഠിപ്പിക്കുന്നതിന് നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകന്മാർക്ക് അവിടത്തെ ഇംഗ്ലീഷ്, തത്വശാസ്ത്രം, ചരിത്രം മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്കുള്ളതുപോലെ തന്നെ കയ്യാററവും ശമ്പളവും മററും നൽകുന്നുണ്ടോ.

(ബി) 'ഏ'ക്കുള്ള ഉത്തരം നിഷേധരൂപത്തിലാണെങ്കിൽ പ്രാചീന ഭാഷാവല്ലഭരായ മുൻനിവൃത്തി അത്തരം അദ്ധ്യാപകന്മാർക്കും അതേവിധത്തിലുള്ള സ്ഥാനവും ശമ്പളവുമെങ്കിലും നൽകേണ്ടതാണെന്ന് വിചാരിക്കുന്നുവൊ?

മി: കെ. ജോർജ്ജ് (ഗവർണ്ണമെൻറ് ചീഫ്സെക്രട്ടറി): (എ) ഇല്ല.

(ബി) തല്ക്കാലം അപ്രകാരം ചെയ്യണമെന്ന് ഗവണ്മെൻറു വിചാരിക്കുന്നില്ല.

സർവ്വകലാശാലയുടേയും നിയമ പാഠശാല കമ്മീഷൻറേയും റിപ്പോർട്ടുകൾ.

൪൬൦. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അടുത്തുതന്നെ നിയമിക്കപ്പെട്ട നിയമ പാഠശാല കമ്മീഷൻറേയും സർവ്വകലാശാലയുടേയും റിപ്പോർട്ടുകൾ ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ എന്ന് ദയവു ചെയ്തു പറയുമൊ. കിട്ടിയിട്ടുണ്ടെങ്കിൽ അവയുടെ ഒരോപ്രതി മേശമേൽ വയ്ക്കുവാൻ ദയവുണ്ടാകുമോ?

മി: കെ. ജോർജ്ജ് (ഗവർണ്ണമെൻറു ചീഫ്സെക്രട്ടറി): ചോദ്യത്തിൻെറ ആദ്യഭാഗത്തിലുള്ള ഉത്തരം നിഷേധരൂപത്തിലാണ്. ഈ ഉത്തരത്തിൽനിന്ന് രണ്ടാമത്തെ ഉപചോദ്യം ഉത്ഭവിക്കുന്നില്ല.

'വിദ്വാൻ' പരീക്ഷായോഗ്യതയുള്ള സ്ത്രീകളെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ നിയമിക്കുന്നതു സംബന്ധിച്ചു.

൪൬൧. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമോ:—

(എ) 'വിദ്വാൻ' പരീക്ഷാവിജയികളായിട്ടുള്ള ഏതെങ്കിലും സ്ത്രീകളെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ നിയമിക്കപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ മററു പരീക്ഷായോഗ്യതകൾ, ഇപ്പോഴത്തെ ശമ്പളം (വ. വു—വു-ക്ക ൦ ൪) സ്ഥിതിമുതലായവ എന്തെല്ലാം.

(ബി) വിദ്വാൻ പരീക്ഷയിൽ ജയിച്ചിട്ടുള്ള ഒരു സ്ത്രീക്ക് സ്ത്രീകൾക്കുള്ള കാളേജിൽ മലയാളം പണ്ഡിതർ സ്ഥാനത്തിന് യോഗ്യതയുണ്ടോ.

(സി) ഒരു കാളേജ് പണ്ഡിതക്ക് ഏതെങ്കിലും സർവ്വകലാശാലാ യോഗ്യതയുണ്ടായിരിക്കണമെന്ന് നിർബന്ധമുണ്ടോ.

(ഡി) ശരിയായ പരീക്ഷായോഗ്യതയുള്ള സ്ത്രീകളെ കിട്ടുമെങ്കിൽ സ്ത്രീകൾക്കുള്ള കാളേജിൽ സ്ത്രീകളെത്തന്നെ നിയമിക്കണമെന്നുള്ളതു് ഗവണ്മെൻറ് പൂർണ്ണമായി അംഗീകരിച്ചിട്ടുള്ള നയമാണോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി) (എ) ഉണ്ട്. വിദ്വാൻപരീക്ഷയിൽ ജയിച്ചിട്ടുള്ള ഒരു സ്ത്രീയെ പേട്ടയിൽ സ്ത്രീകൾക്കുള്ള മലയാളം ഹൈസ്കൂളിൽ ഒരു മുൻഷിയായി (വ. ൪. ൪/വ—ശ ൦. ൪/൩ ശ ൪) എന്ന ശമ്പള സ്കെയിലിൽ നിയമിച്ചിട്ടുണ്ട്. തിരുവിതാംകൂർ മലയാളംഹയർ പരീക്ഷയും മദ്രാസ് സർവ്വകലാശാലാ വിദ്വാൻ പരീക്ഷയുമാണ് അവരുടെ സാമാന്യമായ പരീക്ഷായോഗ്യതകൾ.

(ബി) ഇല്ല.

(സി) ഉണ്ട്. ഒരു പണ്ഡിതന് ഭാഷാന്തരീകരണത്തിലും ഏർപ്പെടേണ്ടിവരും. ആ ജോലി സർവ്വകലാശാലബിരുദധാരികളാൽ നടത്തപ്പെടണമെന്ന് സർവ്വകലാശാലക്കാർ നിർദ്ദേശിച്ചിട്ടുമുണ്ട്.

(ഡി) അതെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബി ഭാഗം ഉപചോദ്യത്തിൻെറ ഉത്തരത്തെ ആസ്പദമാക്കി ഒരു പുരുഷൻ വിദ്വാൻപരീക്ഷയിൽ ജയിച്ചിട്ടുണ്ടെങ്കിൽ കാളേജിൽ ഒരു പണ്ഡിതർസ്ഥാനത്തിന് അർഹനാണോ എന്നു പറയുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഏതു കാളേജിൽ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഏതെങ്കിലും കാളേജിൽ. സ്ത്രീകളുടെയോ പുരുഷന്മാരുടെയോ കാളേജിൽ.

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): വിദ്വാൻ പരീക്ഷമാത്രം ജയിച്ചിട്ടുള്ള ഒരു പുരുഷനെപ്പററിയാണോ നിങ്ങൾ പറയുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) അതെ. ആരെങ്കിലും ജയിച്ചിട്ടുള്ള നിസ്സാര പരീക്ഷകളെ ഞാൻ ഗൌനിക്കുന്നില്ല. വിദ്വാൻ പരീക്ഷാ വിജയിയായിട്ടുള്ള ഒരു സ്ത്രീക്ക് സ്ത്രീകൾക്കുള്ള കാളേജിൽ പണ്ഡിതർ സ്ഥാനം നൽകപ്പെടുവാൻ പാടില്ലെന്നുള്ള ഉത്തരത്തെ അടിസ്ഥാനപ്പെടുത്തി വിദ്വാൻ പരീക്ഷാ വിജയിയായ ഒരു പുരുഷൻ പുരുഷന്മാർക്കുള്ള കാളേജിലെ പണ്ഡിതർസ്ഥാനത്തിന് അർഹനാണോ എന്ന് അറിയേണ്ടിയിരിക്കുന്നു.

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി) അയാൾ വിദ്വാൻപരീക്ഷയിൽ മാത്രമെ ജയിച്ചിട്ടുള്ളു എങ്കിൽ അർഹനല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതെങ്കിലും കാളേജുകളിൽ ഒരു പണ്ഡിതർ സ്ഥാനത്തിന് ഏററവും ഉയർന്ന പരീക്ഷായോഗ്യത ഏതാണ് ഉണ്ടായിരിക്കേണ്ടതെന്ന് പറയുമോ.

കെ. ജോർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി) അതിൻെറ ഉത്തരം അവിടെയുണ്ടല്ലൊ. പണ്ഡിതക്ക് ഭാഷാന്തരീകരണം സംബന്ധിച്ചു ജോലികളുണ്ട്. ആ ജോലികൾ സർവ്വകലാശാലാ ബിരുദധാരികളെക്കൊണ്ടു നടത്തേണ്ടതാണെന്ന് സർവ്വകലാശാല നിർദ്ദേശിച്ചിട്ടുമുണ്ട്.

ഗവണ്മെന്റ്സ്ഥലങ്ങൾ കൈവശക്കാരിൽനിന്നും ഒഴിപ്പിക്കുക.

ശ്രീമാൻ, മി: എ. ജി. മേനോൻ (പറവൂർ): താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിന് ഗവണ്മെന്റിനു ദയവുണ്ടാകുമോ:—

(എ) ശിക്ഷാനിയമപ്രകാരം ഇപ്പോൾ (൧൯൩൭-൩൮ ൧൯) കൈവശം വച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങൾ കൈവശക്കാരിൽനിന്നും ഒഴിപ്പിക്കുന്നതിനും യാതൊരു കാരണവശാലും ആവക സ്ഥലങ്ങൾ അപ്രകാരമുള്ള കൈവശക്കാരുടെപേരിൽ രജിസ്റ്റർ ചെയ്യുകയൊ അവർക്ക് ലേലത്തിൽ വിൽക്കുകയൊ ചെയ്യുകയുണ്ടെന്നും റവന്യൂ അധികാരികൾക്ക് ഗവണ്മെന്റിൽനിന്നും എന്തെങ്കിലും ഉത്തരവു കൊടുത്തിട്ടുണ്ടോ?

(ബി) 'എ' ഭാഗത്തിനുള്ള ഉത്തരം അനുകൂലമായിട്ടാണെങ്കിൽ അപ്രകാരം ഒരു ഉത്തരവായതിനുള്ള കാരണം,

(സി) ഗവണ്മെന്റുവക സ്ഥലങ്ങൾ കയ്യേററിട്ടുള്ളവരുടെപേരിൽ, ശരിയായ തരവില കെട്ടിവയ്ക്കുമ്പോൾ ആ സ്ഥലങ്ങൾ രജിസ്റ്റർചെയ്തുകൊടുക്കുന്നതിന് അനുവദിക്കാതിരിക്കുന്നുണ്ടോ?

(ഡി) വളരെകാലമായി കൈവശാവകാശത്തിൽ വച്ചുകൊണ്ടിരിക്കുന്നതും നിരന്തരമായ പരിശ്രമംകൊണ്ട് നന്നാക്കിയെടുത്തു് അനുഭവിച്ചുവരുന്നതുമായ സ്ഥലങ്ങൾ കൈവശക്കാരിൽനിന്ന് ഒഴിപ്പിച്ചെടുക്കുന്നതുകൊണ്ട് അവർക്ക് വലുതായ കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ള വസ്തുത ഗവണ്മെന്റിനറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): (എ) അപ്രകാരമുള്ള ഒരുത്തരവ് ഗവണ്മെന്റു പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഈ ചോദ്യം (ii) വിഭാഗത്തിന്റെ ഉത്തരത്തിൽനിന്നും ഉത്ഭവിക്കുന്നില്ല.

(സി) ഉത്തമവിശ്വാസത്തിന്മേൽ കൈവശം വച്ചുകൊണ്ടിരിക്കുന്നതും വിലമതിക്കത്തക്ക മേഹണ്ഡങ്ങളുള്ളതുമായ സ്ഥലങ്ങൾ ചേലാചെയ്യാതെ മതിയായ തരവില ഈടാക്കിക്കൊണ്ടു കൈവശക്കാർക്ക് തീറുകൊടുക്കാവുന്നതാണ്. എന്നാൽ അപ്രകാരം മേഹണ്ഡങ്ങളോടുകൂടിയ സ്ഥലങ്ങളും അതിനോടുകൂടിചേർക്കുന്നതുകൊണ്ടു കൂടുതൽ സൌകര്യവും പ്രയോജനവും ഉണ്ടാകുമെന്ന് തോന്നുന്നതും ആയ അത്യാവശ്യമുള്ള ചെറിയഭാഗങ്ങളും മാത്രമെ ഈ തീർപ്പിനു സംബന്ധിക്കുകയുള്ളു. കൈവശാവകാശം വിശ്വാസയോഗ്യമായി തോന്നാതിരിക്കുമ്പോഴൊ വിലമതിക്കത്തക്ക മേഹണ്ഡങ്ങൾ ഇല്ലാതെവരുമ്പോഴൊ അല്ലെങ്കിൽ രണ്ടുപ്രകാരേണയോ വരുന്ന സംഗതികളിൽ ഭൂമിസംരക്ഷണ റഗ്യുലേഷൻ അനുസരിച്ച് പ്രവേശക്കാരെ ഒഴിപ്പിച്ച് സ്ഥലം പേയത്തിൽ വച്ചുന്നതുമാകുന്നു. (പുതുവൽ ചട്ടം ൨൭, ൨൮, ൨൯ എന്നീ ചട്ടങ്ങൾ)

(ഡി) ഗവണ്മെന്റുസ്ഥലങ്ങളിന്മേൽ വളരെകാലമായി ഉത്തമവിശ്വാസത്തോടുകൂടി കൈവശാവകാശം സിദ്ധിച്ചിട്ടുള്ളവരും അവയിൽ മേഹണ്ഡങ്ങൾ ചെയ്ത് ഭാവനകൊണ്ടു ഉപജീവിച്ചുവന്നവരും ആയ ആളുകളെ യഥാർത്ഥത്തിൽ ആ സ്ഥലങ്ങളിൽനിന്നു കുടിയിറക്കി കളയുന്നതായി ഗവണ്മെന്ററിഞ്ഞിട്ടില്ല.

തിരുവനന്തപുരം സിവിൽകോടതികൾക്കുള്ള കെട്ടിടങ്ങൾ.

ശ്രീമാൻ: മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിന് ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) തിരുവനന്തപുരം ജില്ലാക്കോടതി മുൻസിഫ്കോടതി എന്നിവകൾക്ക് ഒരു പുതിയ കെട്ടിടം ഉണ്ടാക്കേണ്ടകാര്യത്തിൽ ഇതേവരെ ഗവണ്മെന്റു നടത്തിയ നടപടികൾ എന്തെല്ലാം.

(ബി) ഇപ്പോഴത്തെ ജില്ലാക്കോടതി കെട്ടിടങ്ങളുടെ ദയനീയനിലകൊണ്ട് എന്തെല്ലാംവിധത്തിലുള്ള അസൌകര്യങ്ങളും അപായങ്ങളുമുണ്ടാകുന്നുണ്ടെന്ന് ഗവണ്മെന്റ് അറിഞ്ഞിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): (എ) തിരുവനന്തപുരത്തെ നിയമകോടതികളെല്ലാം ഒരുമിച്ചിടത്തക്കവണ്ണം തരപ്പെടുത്തുന്നതിനുയോജ്യമായ ഒരു സ്ഥാനത്ത് പുതിയതായി കെട്ടിടം പണിയിക്കേണ്ടതാണെന്നുള്ള സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുകയാണ്.

(ബി) ചില അസൌകര്യങ്ങൾ ഉണ്ടായിരിക്കാം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): (എ) ഉപചോദ്യങ്ങളുടെ ഉത്തരത്തിൽനിന്നും ഈ സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ട് എത്രനാളായിട്ടുണ്ടെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): എത്രനാളായി എന്ന് എനിക്ക് സൂക്ഷ്മമായി പറയുവാൻ നിവൃത്തിയില്ല. ഏകദേശം രണ്ടുകൊല്ലമായിരിക്കും.

മി: എൻ കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇതിനൊരു തീർച്ചയുണ്ടാകുന്നതിന് എത്രനാൾ വേണ്ടിവരുമെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഈ സംഗതി എഴുത്തുകുത്തിലിരിക്കയാണ്. അത് എപ്പോൾ അവസാനിക്കുമെന്നു എനിക്കു പറയുവാൻ നിവൃത്തിയില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അതുവരെ ഇപ്പോഴത്തെ കെട്ടിടം ഈ നിലയിൽതന്നെ കിടക്കണമെന്നാണോ ഇതിൽനിന്ന് ഞാൻ മനസ്സിലാക്കേണ്ടത്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഈ സംഗതിയിൽ ഹൈക്കോടതിയുമായി ആലോചിച്ചതിൽ സ്ഥിരമായ ഒരു കെട്ടിടമാണ് ആവശ്യമെന്ന് അഭിപ്രായപ്പെട്ടു. അതുകൊണ്ട് ഇപ്പോഴത്തെ കെട്ടിടം അതേനിലയിൽതന്നെ ഇരിക്കേണ്ടിവരും.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സിവിൽകോടതി പൂജപ്പുരക്കുമാററണമെന്ന് ഒരാലോചനയുണ്ടായിരുന്നോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ശരിയാണ്. അങ്ങിനെ ഒരാലോചനയുണ്ടായിട്ടുണ്ട്.

മി: എൻ കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ആ ആലോചന എങ്ങിനെ ആയി എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതു വേണ്ടെന്നുവച്ചു.

തിരുവനന്തപുരം ജില്ലാകോടതികെട്ടിടങ്ങൾ.

൪൯൪. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): താഴെപറയുന്ന വിവരങ്ങൾ നൽകുന്നതിന് ഗവണ്മെന്റിനു മയവുണ്ടാകുമോ?—

(എ) തിരുവനന്തപുരം ജില്ലാകോടതി കെട്ടിടങ്ങളുടെ മോശമായ സ്ഥിതികളെപ്പററി പലതവണയായി പൊതുജനങ്ങളിൽനിന്ന് ശക്തിയായ പരാതികൾ പുറപ്പെട്ടുകൊണ്ടിരിക്കുന്ന സംഗതി ഗവണ്മെന്റിനറിയാമോ?

(ബി) അതിനെസംബന്ധിച്ച് ഇതുവരെ (൧൯൫-൬-൨൦ വരെ) എന്തു നടപടി നടത്തി?

മി: ടി. പി. രാമസ്വാമിയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ)-യും (ബി)-യും ചോദ്യത്തിന്റെ ൪൯൫-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരത്തിൽ കാണാവുന്നതാണ്.

നാടാന്മാരുടെ പബ്ലിക്ക്സർവീസ്.

൪൯൬. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു ലിസ്റ്റു മേശമേൽ വയ്ക്കുവാൻ ഗവണ്മെന്റിനു മയവുണ്ടാകുമോ:—

(എ) രാജ്യത്തെ പല ഡിപ്പാർട്ടുമെന്റുകളിലുമായി ഹിന്ദു നാടാന്മാർ വഹിക്കുന്ന ഗവണ്മെന്റുദ്യോഗങ്ങളുടെ എണ്ണം.

(ബി) ഓരോ ഡിപ്പാർട്ടുമെന്റിലും അവർ വഹിക്കുന്ന ഉദ്യോഗങ്ങളുടെ എണ്ണവും ആ ഉദ്യോഗങ്ങൾ എന്തെല്ലാമെന്നും,

(സി) ൧൯൦൧, ൧൯൦൫, ൧൯൦൯ എന്നീ കൊല്ലങ്ങളിൽ (൧൯൫-൬-൧൯൫ വരെ) ഓരോ ഡിപ്പാർട്ടുമെന്റിലും ഉദ്യോഗത്തിന് അപേക്ഷകന്മാരായ ഹിന്ദു നാടാന്മാരുടെ എണ്ണവും അവരുടെ പരീക്ഷായോഗ്യതയും.

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ)-യും (ബി)-യും (സി)-യും പ്രസ്തുത വിവരം രേഖപ്പെടുത്തുന്നതിലുള്ള ശ്രമവും തന്നിമിത്തമുണ്ടാകാവുന്ന ഫലവും തമ്മിൽ വളരെ അന്തരമുള്ളതിനാൽ പ്രസ്തുത വിവരം രേഖപ്പെടുത്തുന്നതിന് ഗവണ്മെന്റു ഉദ്ദേശിക്കുന്നില്ല.

പ്രാഥമികപാഠശാലകളിൽ ഉപകരണങ്ങൾ നൽകുക.

൪൯൭. മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): എഡ്യൂക്കേഷൻ കോഡിലെ ൪൪-ാം ചട്ടം അനുസരിച്ച് ഉൾനാട്ടുകളിലുള്ള മിക്ക പ്രാഥമികപാഠശാലകളിലും വേണ്ടത്ര ഉപകരണങ്ങൾ നൽകപ്പെട്ടിട്ടില്ലെന്നും ബഞ്ചുകളും ഡെസ്കുകളും ഇല്ലാത്തതുകൊണ്ട് മാഷ്മാരുടെയും അദ്ധ്യാപകന്മാരുടെയും ശരിയായ വൃത്തിയാക്കിയിട്ടുപോലുമില്ലാത്ത തറയിൽതന്നെ ഇരിക്കേണ്ടിവരുന്നു എന്നുമുള്ള വസ്തുത ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ എന്നു മയവുചെയ്തു പറയുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഇതിന്റെ ഉത്തരം നിഷേധരൂപത്തിലാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): എന്റെ ചോദ്യം കിട്ടിയതിനുശേഷം നടത്തിയ അന്വേഷണത്തിന്റെ ഫലമായിട്ടാണോ ഈ ഉത്തരം നൽകിയിരിക്കുന്നത്.

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതെ. ഡയറക്ടർ അന്വേഷണം നടത്തി.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഡയറക്ടരുടെ ഉത്തരവും ഇതാണോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഒരുപ്രകാരത്തിലും അത് ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപെട്ടിട്ടില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഏതെങ്കിലും ചില സ്കൂളുകളിൽ ബഞ്ച് ഇല്ലെന്നറിയാമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതു നിഷേധിക്കുന്നു, എന്നാൽ ഉൾനാട്ടുകളിലുള്ള മിക്ക സ്കൂളുകളിലും ഏതാണെല്ലാം ചോദ്യത്തിൽകാണുന്നത്. അപ്രകാരം അടക്കി പറയുമ്പോൾ സ്കൂളുകൾ ആ സ്ഥിതിയിലാണെന്നു പറയുവാൻ ഗവണ്മെന്റിനു നിവൃത്തിയില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഏതെങ്കിലും സ്കൂളുകളിൽ ശരിയായ അകസാമാനങ്ങൾ ഇല്ലെന്നറിയാമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഏതെങ്കിലും പ്രത്യേക സ്കൂളുകളെപ്പററി ഗവണ്മെന്റിന് സൂക്ഷ്മമായ അറിവില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതിനെപ്പററി അന്വേഷിക്കുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അന്വേഷിക്കാം.

അക്കൌണ്ടാഫീസിലെ നിയമനങ്ങളും പ്രമോഷനും.

൪൯൮. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): (എ) അക്കൌണ്ടാഫീസിൽ ൧൯൫-൬-൨൦ വരെ സ്ഥിരമായും അല്ലാതെയും ഉദ്യോഗം വഹിക്കുന്നവരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റ് താഴെ കാണുന്ന വിവരങ്ങളോടുകൂടി മേശമേൽ വയ്ക്കുവാൻ ഗവണ്മെന്റിനു മയവുണ്ടാകുമോ:—

(൧) അവരുടെ പേര്.

(൨) ഉദ്യോഗപ്പേര്

(൩) ൧൯-൬-൧൯൫-ൽ അവരുടെ സ്ഥിരശമ്പളവും തല്ക്കാലശമ്പളവും.

(൪) അവരുടെ ജനനസ്ഥലം.

(ബി) അക്കൌണ്ടാഫീസിൽ അസിസ്റ്റൻറ് അക്കൌണ്ടാഫീസന്മാരായി പ്രമോഷൻ കിട്ടുവാൻ അർഹതയുള്ള നാട്ടുകാരുടെ അപേക്ഷകളെപ്പററി പരിഗണിക്കുവാൻ ഗവണ്മെന്റിനു മയവുണ്ടാകുമോ?

മി: കെ. എൻ. രാമസ്വാമിയ്യർ (ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): (എ) (൧)-ം (൨)-ം (൩)-ം കൌൺസിൽ ലൈബ്രറിയിലുള്ള കഴിഞ്ഞ സിവിൾലിസ്റ്റിൽ നോക്കിയാൽ വിവരം അറിയാവുന്നതാണ്.

(൪) ഉദ്യോഗസ്ഥന്മാരുടെ ജനനസ്ഥലങ്ങളെപ്പററിയുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല.

(ബി) വരാൻപോകുന്ന സംഗതിയെ സൂചിപ്പിക്കുന്ന ചോദ്യമാണ് മെംബർ ചോദിക്കുന്നത്.

മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): ഉദ്യോഗസ്ഥന്മാരോടുള്ളി ചോദിച്ചിട്ടാണോ ഈ ഉത്തരം തയാറാക്കിയിരിക്കുന്നത്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): അല്ല

മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): പിന്നെ എങ്ങിനെയാണ് ഈ മറുപടി പറഞ്ഞിട്ടുള്ളത്? അവർ ജനിച്ച സ്ഥലം അറിഞ്ഞുകൂടെ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): സർ, ഞാൻ അതിനെപ്പററിയുള്ള വിവരം ലഭിച്ചിട്ടില്ലെന്നു പറഞ്ഞു; അത്രയുള്ളൂ. അതിൽനിന്നും അവരുടെ ജനനസ്ഥലം അറിഞ്ഞുകൂടാനുള്ളതുമല്ല.

മ: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): അതിനെപ്പററി എന്താണ് അന്വേഷണം നടത്താത്തത്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): അതിനുള്ള സമയമില്ലാതിരുന്നതുകൊണ്ടാണ് അന്വേഷണം നടത്താതിരുന്നത്. അവർ എല്ലാവരും ഇവിടെയുണ്ടായിരുന്നുമില്ല.

അക്കൌണ്ടാഫീസ്സിൽ ഉണ്ടായിരുന്ന ഒഴിവുകളിൽ നടത്തിയ നിയമനം.

൪൩൭. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): താഴെ ആവശ്യപ്പെടുന്നവിവരങ്ങൾ നൽകുന്നതിന് ഗവണ്മെന്റിന് മടിയുണ്ടാകുമോ? (എ) ആലപ്പുഴ ഗവണ്മെന്റ് ധനസഹായബാങ്ക് മാനേജരായി നിയമിക്കപ്പെട്ട മി: ആർ. നീലകണ്ഠപ്പിള്ളയുടെ ഒഴിവിൽ സീനിയർ അസിസ്റ്റന്റ് അക്കൌണ്ടാഫീസറായി മി: സി. എസ്. കൃഷ്ണസ്വാമിഅയ്യരെ കയറ്റം ചെയ്യുവാനുണ്ടായ ആവശ്യം.

(ബി) അക്കൌണ്ടാഫീസിൽ സീനിയർ സൂപ്രണ്ടിന്റെ ഉദ്യോഗം സൃഷ്ടിച്ചുകൂടാവുന്നതും പ്രസ്തുത ഉദ്യോഗം സൃഷ്ടിക്കുവാനുള്ള കാരണവും.

(സി) പ്രസ്തുത ഉദ്യോഗത്തിൽ ആൾ നിയമിച്ചോ? നിയമിച്ചു എങ്കിൽ എപ്പോൾ, എങ്ങനെ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): (എ) അവകാശമുള്ളതുപോലെ, ചട്ടത്തിലെ സാധാരണ നിശ്ചയപ്രകാരം നടക്കുന്നതിനുള്ള ഒരു ഗ്രേഡ് പ്രൊമോഷനാണ് ഇതു്.

(ബി) മുൻസിപ്പാലിററി ആഡിററുകൾക്കായി ഇക്കൊല്ലം ചിങ്ങം ഒന്നാംതീയതി മുതൽ പ്രസ്തുതഉദ്യോഗം സൃഷ്ടിച്ചു.

(സി) പ്രസ്തുതഉദ്യോഗം ഡിവിഷനൽ കണക്കുകൾ ആഫീസറന്മാരുടെ ഗ്രേഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു. താഴെ വിവരിക്കുന്നവിധത്തിലാണ് ആ ഉദ്യോഗത്തിൽ ആൾ നിയമിക്കപ്പെട്ടിരുന്നത്.

൧൯൨൪- ചിങ്ങം ഒന്നാംതീയതി മുതൽ ൧൯൨൫-വരെ മി: ടി. എസ്. പഞ്ചാപകേശറാവു

൧൯൨൫-ാം- മുതൽ ൧൯൨൬-ാം-വരെ മി: പി. വി. പൌലോസ്സ്

൧൯൨൬-ാം-മുതൽ ൧൯൨൭ മുലാം ൧൯-ാം-വരെ മി: ടി. എസ്സ്. പഞ്ചാപകേശറാവു

൧൯൨൭ വൃശ്ചികം ൧-ാം-മുതൽ മി: ടി. ജോസഫ്.

പുരാതനതത്വശാസ്ത്രവകുപ്പ് പരിശോധന.

൪൩൮. മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല) താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിനു ഗവണ്മെന്റിനു യോഗ്യതയുണ്ടാകുമോ?

(എ) കൂടുതൽ ഉപയോഗപ്രദവും പ്രാധാന്യമുള്ളതും ആക്കിത്തീർക്കുന്നതിലേക്കു പ്രസ്തുതഡിപ്പാർട്ടുമെന്റു പരിഷ്കരിക്കുന്നതിനുവേണ്ടി ഇപ്പോഴത്തെ പുരാതനതത്വശാസ്ത്രവകുപ്പ് സൂപ്രണ്ട് മി: ആർ. വാസുദേവപൂജവാരം ബി. എ. ഏതെങ്കിലും പദ്ധതി തയാറാക്കി ഗവണ്മെന്റിൽ അയച്ചിട്ടുണ്ടോ?

(ബി) പ്രസ്തുതചോദ്യത്തിന്റെ ഉത്തരം അനുകൂലമാണെങ്കിൽ അതുസംബന്ധിച്ചു ഗവണ്മെന്റു എന്തെങ്കിലും നടപടിനടത്തിയൊ, അല്ലെങ്കിൽ എന്തെങ്കിലും നടപടിനടത്തുന്നതിനു ഉത്തരവുകൊടുത്തിട്ടുണ്ടോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): (എ) ഉത്തരം നിഷേധരൂപത്തിലാണ്.

(ബി) ചോദ്യം (എ) ഭാഗത്തിന്റെ ഉത്തരംകൊണ്ട് പ്രസ്തുതചോദ്യം ഉത്ഭവിക്കുന്നില്ല:

തിരുപ്പുവാരംകൊടുക്കുന്നതുസംബന്ധിച്ച് റവന്യൂഉദ്യോഗസ്ഥന്മാരുടെ പേരിലുള്ള പരാതി.

൪൩൯. മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിന് ഗവണ്മെന്റിന് മടിയുണ്ടാകുമോ?

(എ) തിരുപ്പുവാരം സംബന്ധിച്ചു നെയ്യാററിൻകര താലൂക്കിലുള്ള ഏതെങ്കിലും റവന്യൂഉദ്യോഗസ്ഥന്റെ പേരിൽ വല്ലപരാതിയും ഉണ്ടായിട്ടുണ്ടോ?

(ബി) ഉണ്ടായിട്ടുണ്ടെങ്കിൽ പരാതിയുടെ സ്വഭാവവും ആയതു സംബന്ധിച്ചു് എടുത്തിട്ടുള്ള നടപടികളും.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): പ്രസ്തുതസംഗതി ഇപ്പോഴും അന്വേഷണത്തിൽ ഇരിക്കുന്നതുകൊണ്ടും ഒരുപക്ഷേ കോടതിയിൽ പോകേണ്ടിവന്നേക്കാമെന്നുള്ളതിനാലും ഈ അവസരത്തിൽ അതിനെസംബന്ധിച്ചു് ഗവണ്മെന്റിന് യാതൊന്നും പറയുവാൻ നിവൃത്തിയില്ല.

തിരുപ്പുവാരം സംബന്ധിച്ചു കൂടുതൽ കൊടുത്തപ്പണം.

൪൪൦. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): തിരുപ്പുവാരം സംബന്ധിച്ചു് നെയ്യാററിൻകര താലൂക്കച്ചേരി മേധാവികൾ കൂടുതൽ കൊടുത്തിട്ടുള്ളതും ഇപ്പോൾ അന്വേഷണത്തിൽ ഇരിക്കുന്നതും ആയ പണത്തെസംബന്ധിച്ചു് താഴെ ആവശ്യപ്പെടുന്നവിവരങ്ങൾ തരുന്നതിന് ഗവണ്മെന്റിനു യോഗ്യതയുണ്ടാകുമൊ?

(എ) തെററായികൊടുത്ത തുകകളും അവകൊടുത്തതീയതിയും

(ബി) അവ ഈക്കൊടുത്തു എന്നു്

(സി) നാളിതുവരെ (൧൯൨-വ. ൧൯൨൯) നടത്തിയിട്ടുള്ള അന്വേഷണത്തിന്റെ സ്വഭാവം.

(ഡി) അന്വേഷണം ഏതുനിലവരെ എത്തി എന്നു്

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) മുതൽ (ഡി) വരെ,

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ ൪൩൦ നമ്പർ ചോദ്യത്തിന് നൽകിയിട്ടുള്ള മറുപടിയിലേക്ക് മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ഒരു ഡെപ്യൂട്ടി സർജനെ ദേഹോപദ്രവം ഏല്പിക്കുന്നതിനുള്ള ശ്രമം.

ശ്രീ ഇ. മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): താഴെ പറയുന്ന വിവരങ്ങൾ നൽകുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(എ) കുറെക്കാലത്തിന് മുൻപ് ചേർത്തലയിൽ ജോലി ചെയ്തു കൊണ്ടിരുന്ന ഒരു സബ് അസിസ്റ്റന്റ് സർജൻ ആശുപത്രിയിൽ വച്ച് ഇപ്പോഴത്തെ (ക-ഇ-ക്ക ൦ ൯) ഡെപ്യൂട്ടി സർജനെ ദേഹോപദ്രവം ഏല്പിക്കുന്നതിന് ശ്രമിച്ചതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ? ഗവണ്മെന്റിനോ മെഡിക്കൽ സർവീസ്സ് ഭരണസമിതിക്കോ പ്രസ്തുത ഡെപ്യൂട്ടി സർജനിൽനിന്നു ഇതിനെ സംബന്ധിച്ച് വല്ലപരാതി കിട്ടിയിട്ടുണ്ടോ?

(ബി) ചോദ്യം (എ) ഭാഗത്തിന്റെ ഉത്തരം അനുകൂലരൂപത്തിലാണെങ്കിൽ ഇതിനെ സംബന്ധിച്ച് ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസ്സർ സ്ഥലത്തുപോയി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ ഫലം?

(സി) ദേഹോപദ്രവം ചെയ്യുന്നതിന് ശ്രമിച്ചതായി പറയുന്ന സബ് അസിസ്റ്റന്റ് സർജനെ പ്രസ്തുത പരാതി ഉണ്ടായി എത്രകാലം കഴിഞ്ഞതിന് ശേഷമാണ് അവിടെ നിന്നു സ്ഥലം മാറിയത്? ഏതു സ്ഥലത്തേക്കാണു മാറിയത്? മുൻപ് ഉണ്ടായിരുന്നതിനേക്കാൾ ഏകദേശം കുറെ ഉയർന്നതും ഉത്തരവാദിത്വമുള്ളതും ആയ ഒരു ജോലികൊടുത്താണോ മാറിയത്?

(ഡി) ഇതേവരെ (വ്യ-ഒ-ക്ക ൦ ൯) ഇത് സംബന്ധിച്ച് ഗവണ്മെന്റിനു യാതൊരുവിവരവും ലഭിച്ചിട്ടില്ലെങ്കിൽ ഉടനെ വേണ്ടുന്ന അന്വേഷണം നടത്തുമോ?

(ഇ) ഈ സംഗതിയിൽ ഉൾപ്പെട്ടതായി പറയപ്പെടുന്ന ഡെപ്യൂട്ടി സർജന്റെയും സബ് അസിസ്റ്റന്റ് സർജന്റെയും പേരും അവർ ഏതു ജാതിയിൽ പെട്ടവരെന്നും പറയുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ക-ഇ-ക്ക ൦ ൯-ൽ ചേർത്തല ഡിസ്പെന്സറി ആശുപത്രി ചാർജ്ജ് വഹിച്ചിരുന്നത് ഒരു ഡെപ്യൂട്ടി സർജൻ അല്ലായിരുന്നു. എന്നാൽ ഒരു അസിസ്റ്റന്റ് സർജനായിരുന്നു. എന്നാൽ ഇപ്രകാരം ഒരു പരാതി അദ്ദേഹത്തിൽനിന്നു ഗവണ്മെന്റിനോ ഭരണസമിതിക്കോ കിട്ടിയിട്ടില്ല.

(ബി), (സി), (ഡി), (ഇ), ചോദ്യം (എ) ഭാഗത്തിനുള്ള ഉത്തരത്തിൽനിന്ന് പ്രസ്തുതചോദ്യങ്ങൾ ഉണ്ടാകുന്നില്ല

കുഴിത്തുറ മുൻസിഫ് കോടതിമെയിൻറോഡ് ഭാഗത്തേക്കു മാറുന്നത്.

ശ്രീ ടി. സി. കേശവപിള്ള (കൽക്കുളം വിളവംകോട്): താഴെ പറയുന്ന വിവരങ്ങൾ നൽകുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(എ) കുഴിത്തുറ മുൻസിഫ് കോടതി ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തുനിന്ന് മെയിൻറോഡ് ഭാഗത്തേക്കു മാറുന്നതിനെ സംബന്ധിച്ച് വിളവംകോട് താലൂക്കിൽനിന്നും മുൻസിപ്പാലിറ്റി മെംബറന്മാരിൽനിന്നും ശ്രീമൂലം പ്രജാസഭയുടെ യോഗങ്ങളിൽ ഇടച്ചിയായി നിവേദനങ്ങളും പ്രസ്തുത കോടതിയും വിളവംകോട് വി. എം. സ്കൂളും തമ്മിൽ പരസ്പരം മാറിസ്ഥാപിക്കണമെന്നുള്ള കുഴിത്തുറ മുൻസിപ്പൽ പ്രസിഡണ്ടിന്റെ അഭിപ്രായങ്ങളും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ?

(ബി) അതിന് അനുകൂലമായോ പ്രതികൂലമായോ മററു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

(സി) ചോദ്യം (ബി) ഭാഗത്തിന്റെ ഉത്തരം അനുകൂലമാണെങ്കിൽ അതു സംബന്ധിച്ച് പാസ്സാക്കപ്പെട്ട ഉത്തരവ്.

(ഡി) ഇതിനെ സംബന്ധിച്ചു ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിലെ റിപ്പോർട്ടിൽ വിപരീതമായി അതിനെ ആക്ഷേപിച്ചു കൊണ്ട് ഈയ്യിടെ ഏതെങ്കിലും നിവേദനങ്ങൾ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആപരാതി എന്താണ്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): (എ) യും (ബി)യും ഉണ്ട്.

(സി) പ്രസ്തുത നിവേദനങ്ങൾ ഹൈക്കോടതിയുടെ അഭിപ്രായത്തിനായി അയച്ചു.

(ഡി) താലൂക്ക് കച്ചേരി കാംപൌണ്ടിന് സമീപം മുൻസിഫ് കോടതി മാററി കിട്ടുന്നതിലേക്കു അതിൽ ഉത്സാഹികളായ ചില മർ ഹൈക്കോടതിയിലെ ചില ജഡ്ജിമാരെ സമീപിച്ചു എന്നും പ്രസ്തുത സ്ഥലം ഏതെങ്കിലും ഒരു ജഡ്ജി പരിശോധിക്കേണ്ടതാണെന്നുംകാണിച്ച് വിളവംകോട് താലൂക്കിലെ ചിലർ ചേർന്നു തീയതി കൂടാതെ അയച്ചിട്ടുള്ള ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ദിവാൻജി പരിശോധിക്കുകയും സ്ഥലം തീരുമാനിക്കുകയും ചെയ്യേണ്ടതാണെന്നുകൂടി പ്രസ്തുത നിവേദനത്തിൽ ഉണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവംകോട്): ദിവാൻജി പ്രസ്തുത സ്ഥലം പരിശോധിച്ചോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ദിവാൻ പ്രസ്തുത സ്ഥലം പരിശോധിക്കണമെന്നുള്ളതായിരുന്നു പ്രാർത്ഥന. ദിവാൻ പ്രസ്തുത സ്ഥലം പരിശോധിച്ചില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവംകോട്): ഗവണ്മെന്റ് ഇതിനെ സംബന്ധിച്ച് ഒരു അന്വേഷണം നടത്തുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): കടപ്പിയുടെ ഒരു ഭാഗമാണ് മെമ്പർ അഭിപ്രായപ്പെട്ടത്.

ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഉള്ള യോഗ്യതയില്ലാത്ത വൈദ്യന്മാർ.

൪൭൮. മി: കെ. മാധവൻ (നിയമനം) : ഗ്രാമങ്ങളിലും പട്ടണങ്ങളിലും ചികിത്സകൾ നടത്തുന്നതിന് പരീക്ഷായോഗ്യതയില്ലാത്ത വൈദ്യന്മാർക്ക് അനുവാദം കൊടുത്തിട്ടുണ്ടോ എന്ന് ഗവണ്മെന്റ് ദയവുണ്ടായി പറയുമോ ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഉത്തരം നിഷേധരൂപത്തിലാണ്. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെന്റനുവാദം വേണമെന്നുള്ളതിന് ഇപ്പോൾ പ്രാബല്യത്തിലുള്ള ചട്ടവും ഇല്ല.

പ്രവൃത്തികാരന്മാരുടെ നിയമനം.

൪൭൯. മി: തയ്യുകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഡിപ്പാർട്ടുമെന്റിന് പുറമെനിന്ന് പ്രവൃത്തികാരന്മാരെ നിയമിക്കുന്നതു സംബന്ധിച്ച് ജനപ്രതിനിധികൾ സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്റെ അവസ്ഥനിർണ്ണയമാനം എന്താണെന്ന് പറയുവാൻ ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): പ്രസ്തുതസംഗതി ആലോചനയിൽ ഇരിക്കുന്നു.

ദിവാൻജിയുടെ പ്രകാശനപ്രസംഗം പത്രങ്ങൾക്ക് അയച്ചുകൊടുത്തത്.

൪൭൭. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): താഴെപറയുന്ന വിവരങ്ങൾ നൽകുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(എ) ഈ രാജ്യത്തിന് പുറത്തുള്ള പത്രങ്ങൾക്കും ഈ രാജ്യത്തുള്ള പത്രങ്ങൾക്കും കഴിഞ്ഞപ്രജാസഭയിലെ ദിവാൻജിയുടെ പ്രസംഗം അയച്ചുകൊടുത്ത തീയതി.

(ബി) ഈ രാജ്യത്തിന് പുറത്തുള്ളപത്രങ്ങൾക്ക് മുൻകൂട്ടി അയച്ചുകൊടുത്തു എങ്കിൽ ഈ രാജ്യത്തിന് പുറമേയുള്ള പത്രങ്ങൾക്ക് പ്രാധാന്യം കൊടുക്കുവാനുള്ള കാരണം എന്ത് ?

(സി) ഗവണ്മെന്റ് പ്രസിദ്ധീകരണങ്ങൾ പത്രങ്ങൾക്ക് അയച്ചുകൊടുത്തതിലേക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്.

(ഡി) സ്ഥലത്തുള്ള പത്രാധിപന്മാരിൽ ഒരാളിൽനിന്ന് ഇതിനെ സംബന്ധിച്ച് ഗവണ്മെന്റിന് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

(ഇ) ചോദ്യം (ഡി) ഭാഗത്തിന്റെ ഉത്തരം പ്രതികൂലരൂപത്തിലാണെങ്കിൽ അതിനെ സംബന്ധിച്ച് ഗവണ്മെന്റ് വല്ല നടപടിയും നടത്തിയോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): (എ) ഫെബ്രുവരി ൨൧-ാംനു രാത്രി തിരുവിതാംകൂറിനുവെളിയിലുള്ള ഏതാനും പത്രങ്ങൾക്കും ഫെബ്രുവരി ൨൧-ാംനു ഉച്ചക്കുമേൽ തിരുവനന്തപുരത്തുള്ള ഏതാനും പത്രങ്ങൾക്കും അതിന്റെ പ്രതികൾ അയച്ചുകൊടുത്തു. പ്രജാസഭസമ്മേളന ദിവസം അതായത് ഫെബ്രുവരി ൨൧-ാംനു, പ്രജാസഭക്ക് പ്രതിനിധികളെ അയച്ചിരുന്ന എല്ലാപത്രങ്ങൾക്കും അതിന്റെ പ്രതികൾ കൊടുത്തു. ബാക്കിയുള്ളവക്ക് പിന്നീടുള്ള തീയതികളിൽ അതിന്റെപ്രതികൾ അയച്ചുകൊടുത്തു.

(ബി) ഫെബ്രുവരി ൨൧-ാംനു തിരുവനന്തപുരത്തു വിതരണം ചെയ്യുമ്പോൾ അതേ സമയത്തുതന്നെ കിട്ടത്തക്കവിധത്തിൽ പുറമെയുള്ള പത്രങ്ങൾക്ക് അതിന്റെ പ്രതികൾ ഫെബ്രുവരി ൨൧-ാംനു അയച്ചു കൊടുത്തു.

(സി) സ്റ്റേറ്റ്സ് ആഫീസ്സുകളുടെ മെൽനോട്ടത്തിൽ ഡിസ്പാച്ചിംഗ് ക്ലാർക്ക്.

(ഡി) ഇല്ല.

(ഇ) ചോദ്യം (ഡി)ഭാഗത്തിന്റെ ഉത്തരത്തിൽനിന്ന് പ്രസ്തുതചോദ്യം ഉത്ഭവിക്കുന്നില്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): പുറമേയുള്ള പത്രങ്ങൾക്ക് പ്രസ്തുത പ്രതികൾ ഫെബ്രുവരി ൨൧-ാംനു അയക്കുന്നതിന് ഗവണ്മെന്റിനെ പ്രേരിപ്പിച്ച പ്രത്യേകകാരണങ്ങൾ ഏവ എന്നു പറയുവാൻ ദയവുണ്ടാകുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതു ആദ്യമേതന്നെ പറഞ്ഞു കഴിഞ്ഞു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): തിരുവിതാംകൂറിനു വെളിയിലുള്ള ഏതെല്ലാം പത്രങ്ങൾക്കാണ് പ്രസ്തുതപ്രതികൾ അയച്ചുകൊടുത്തതെന്ന് മെമ്പറിൽനിന്ന് ഞാനറിയട്ടെയോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): മദ്രാസിലും മററു സ്ഥലങ്ങളിലും ഉള്ള ചിലപ്രധാനപ്പെട്ട പത്രങ്ങൾക്ക്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഒന്നോ രണ്ടോ പത്രങ്ങളുടെ പേരു പറയുവാൻ ദയവുണ്ടാകുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): മദ്രാസ്മെയിൽ, സ്റ്റേറ്റ്സ്മെൻ, മററു പത്രങ്ങൾ മുതലായവക്ക് അയച്ചുകൊടുത്തു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പർ പ്രസ്തുതചോദ്യം ചോദിക്കുകയും "മെമ്പറിന് ഉത്തരം അറിയാം" എന്നു മറുപടികൊടുക്കുകയും ചെയ്തു. സർ, ഇത് ഒരു ഉത്തരമാണോ? ഉത്തരം അറിയാമായിരുന്നാലും ഇല്ലെങ്കിലും തന്റെ ചോദ്യത്തിന് ഉത്തരം ചോദിക്കേണ്ടകടമ ഈ സഭയിലെ ഓരോ അംഗത്തിനുമുണ്ട്.

ഡെപ്യൂട്ടിപ്രസിഡണ്ട്: ഇപ്പോഴത്തെ സ്റ്റാൻഡിംഗ് ആർഡർ അനുസരിച്ച് ഈ അവസ്ഥയിൽ നിങ്ങൾക്ക് ചോദ്യം ചോദിക്കുവാൻ പാടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഒരു നടപടി ക്രമത്തെ സംബന്ധിച്ച ഒരു കാര്യത്തിനായി എഴുന്നേല്ക്കുന്നു.

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): മെംബർ പറയുന്നതു് ഏതു ചോദ്യത്തെ സംബന്ധിച്ചാണ്?

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ൪൭൭-ാം നമ്പർ.

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): നാം ഇതുവരെ ഈ ചോദ്യത്തിലേക്ക് എത്തിയിട്ടില്ല.

ശ്രീമൂലം പ്രജാസഭയുടെ ൨൪-ാമതു യോഗത്തിലെ ആക്ടിംഗ് പ്രസിഡണ്ട്

൪൭൭. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ തരുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

(എ) ശ്രീമൂലം പ്രജാസഭയുടെ ൨൪-ാമതു യോഗത്തിലെ ആക്ടിംഗ് പ്രസിഡണ്ട് ആരായിരുന്നു?

(ബി) അദ്ദേഹത്തിന് സാധാരണ ഭരണവുമായി (ജനറൽ അഡ്മിനിസ്ട്രേഷനുമായി) വല്ല ബന്ധവുമുണ്ടോ?

(സി) ദേവസ്വം കമ്മീഷണർ ആകുന്നതുവരെ ഏതെല്ലാം ഉദ്യോഗങ്ങളാണ് അദ്ദേഹം വഹിച്ചിരുന്നതു?

(ഡി) റവന്യൂവും ജുഡിഷ്യലും സംബന്ധിച്ച കാര്യങ്ങളിൽ അദ്ദേഹത്തിന് വല്ല പരിചയവും ഉണ്ടോ?

(ഇ) ആക്ററിങ്ങ് പ്രസിഡണ്ടായി അദ്ദേഹത്തെ നിയമിച്ചതു് രാജകീയ കല്പന മൂലമാണോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): മെമ്പറിന്റെ ഉത്തരം അറിയാവുന്നതുകൊണ്ട് ഈ ചോദ്യം ഉത്തരം അറിയുന്നതിനുവേണ്ടി ചോദിച്ചിട്ടുള്ളതല്ല.

(ബി) ഇല്ല.

(സി) മരാമത്തു ഇഞ്ചിനീയർ ആയിരുന്നു.

(ഡി) പ്രസ്തുത രണ്ടു് ഡിപ്പാർട്ടുമെന്റുകളിലും അദ്ദേഹം ഉദ്യോഗത്തിൽ ഇരുന്നിട്ടില്ല.

(ഇ) അതെ.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ചോദ്യം (എ) ഭാഗത്തിന്റെ ഉത്തരം അനുസരിച്ച്, കഴിഞ്ഞ പ്രജാസഭാ സമ്മേളനത്തിന്റെ ആക്ററിംഗ് പ്രസിഡണ്ട് ആരായിരുന്നു എന്ന് പറയുവാൻ ദയവുണ്ടാകുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): മെമ്പറിന്റെ ചോദ്യം (സി) ഭാഗം നോക്കുക. ആ ഉദ്യോഗസ്ഥൻ ആരായിരുന്നു എന്നു മെമ്പർ തന്നെ തെളിയിക്കുന്നുണ്ട്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): മരാമത്തു എഞ്ചിനീയർ ആയിരുന്നു എന്നു എന്നോടു പറയുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): മെമ്പർ ചോദിച്ച ചോദ്യത്തിലെ (സി) ഭാഗം ദേവസ്വം കമ്മീഷണർ ആകുന്നതുവരെ അദ്ദേഹം ഏതുദ്യോഗമാണ് വഹിച്ചിരുന്നതു്" എന്നാണ്. അതു ആവശ്യപ്പെട്ട അറിവു് നല്കുന്നുണ്ട്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം) പ്രസിഡണ്ട് ആയിരുന്നു എന്ന് എനിക്ക് മെമ്പറിൽ നിന്നറിയണം.

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ചോദ്യം (സി) ഭാഗത്തു പ്രസ്തുത ചോദ്യത്തിന്റെ ഉത്തരം മെമ്പർതന്നെ നല്കിയിട്ടുണ്ടെന്ന് ഞാൻ ആദ്യമേതന്നെ പറഞ്ഞുകഴിഞ്ഞു.

ഡെപ്യൂട്ടിപ്രസിഡണ്ട്:—ശ്രീമൂലം പ്രജാസഭയുടെ മുഴുവൻ ദിവസവും ഒരു പ്രത്യേക ഉദ്യോഗസ്ഥൻ പ്രസിഡണ്ടായിട്ടു പകരം നോക്കുകയായിരുന്നു എന്നാണൊ നിങ്ങളുടെ അഭിപ്രായം?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ശ്രീമൂലം പ്രജാസഭയുടെ ൨൪-ാമതു സമ്മേളനത്തിലെ ആക്ററിംഗ് പ്രസിഡണ്ട് ആരായിരുന്നു എന്നറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ട്:—എല്ലാഅവസരങ്ങളിലും ഒരു പ്രത്യേക ഉദ്യോഗസ്ഥൻ പ്രസിഡണ്ടായി പകരം ജോലിനോക്കുകയായിരുന്നു എന്നാണോ നിങ്ങൾ അഭിപ്രായപ്പെടുന്നതു്?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) സർ, എക്സർസൈസ് ഇതാണ്. അതേ ചോദ്യത്തിൽതന്നെ വേറൊരു ഭാഗവുംകൂടി അടങ്ങിയിരിക്കുന്നു. അതായതു് (സി) ഭാഗം. അതിപ്രകാരമാണ്.

"ദേവസ്വം കമ്മീഷണർ ആകുന്നതുവരെ അദ്ദേഹത്തിനുണ്ടായിരുന്ന ജോലി എന്തു്?" അതുകൊണ്ടു് മെമ്പറിന് ഉത്തരം അറിയാമെന്ന് ഞാൻ പറയുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അതങ്ങിനെ വരുമോ, സർ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഉത്തരം അവിടത്തന്നെയുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇതിന് അനുമതിയുമായി ബന്ധമില്ല. അതുകൊണ്ടാണ് ഞാൻ ചോദ്യം ചോദിച്ചതു.

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അദ്ദേഹം ആരായിരുന്നു എന്നുള്ളതാണ് ചോദ്യം.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ചോദ്യം ചോദ്യിക്കുന്നതിരിയിക്കുന്നതിന് പ്രജാസഭയിൽ ആദ്ധ്യക്ഷ്യം വഹിച്ചതു് ദേവസ്വം കമ്മീഷണരായിരുന്നു എന്ന് വരുത്തരുതോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഉണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദേവസ്വം കമ്മീഷണർ ആയതിനുശേഷം അദ്ദേഹം മററുജോലികൾ വഹിച്ചിരിക്കാം. അതുകൊണ്ട് വ്യാജസഭക്ക് അദ്ധ്യക്ഷം വഹിച്ചതു് ദേവസ്വംകമ്മീഷണർ ആയിരിക്കണമെന്ന് അർത്ഥംവരുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഏതുദ്യോഗം അദ്ദേഹം വഹിച്ചിരുന്നുവെന്ന് ചോദ്യം ചുണ്ടിക്കാണിക്കുന്നു.

കോട്ടയം—കുമരകംറോഡ്

൪൭൬. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെആവശ്യപ്പെടുന്ന വിവരങ്ങൾ അറിയിക്കുന്നതിന് ഗവണ്മെൻറിന് മനസ്സുണ്ടാകുമോ?

(എ) കോട്ടയം— കുമരകംറോഡ് പണികഴിപ്പിക്കുന്നതു സംബന്ധിച്ച് ഗവണ്മെൻറ് എടുത്തിട്ടുള്ള നടപടികളുടെ സ്വഭാവം.

(ബി) ഇതേവരെ (൧൯൩൯-ജൂൺ) യാതൊരു നടപടിയും നടത്തിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) ചീഫ് എഞ്ചിനീയറുടെ അടുക്കൽ നിന്ന് ഒരു അടങ്കൽ തയാറാക്കി അയക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

(ബി) ചോദ്യം (എ) ഭാഗത്തിന്റെ ഉത്തരം മുകളിൽ കൊടുത്തിരിക്കുന്നതിൽനിന്ന് പ്രസ്തുത ചോദ്യം ഉത്ഭവിക്കുന്നില്ല.

ചുങ്കംപിരിവ്.

൪൭൭. മി: ആർ. രാമൻപിള്ള (കോട്ടയം): കോട്ടയം പട്ടണത്തിന്റെ ഹദിത്തിലുള്ള ചുങ്കം പിരിവ് പണി കഴിപ്പിക്കുന്നതു സംബന്ധിച്ച് എന്തു നടപടി നടത്തി എന്നു പറയുവാൻ ഗവണ്മെൻറിന് മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): പ്രസ്തുത സംഗതി ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

നിയമവിളംബം.

൪൭൮. മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് ഗവണ്മെൻറിന് മനസ്സുണ്ടാകുമോ?

(എ) നിയമവിളംബാന്വേഷണത്തെ സംബന്ധിച്ച് ഹൈക്കോർട്ടിൽനിന്ന് ഗവണ്മെൻറിലേക്ക് എത്ര തങ്കിലും ഗ്രൂപ്പാർശകൾ അയച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എപ്പോൾ, അതുസംബന്ധിച്ച് എന്തു നടപടി നടത്തി?

(സി) ഇതേവരെ (൧൯-൭-൧൯) യാതൊരു നടപടിയും നടത്തിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): (എ) ഉണ്ട്. (ബി) ൧൯൩൭ ഏപ്രിൽ മാസത്തിൽ. പ്രസ്തുത സംഗതി ഗവണ്മെൻറ് ആലോചിച്ചുവരുന്നു.

(സി) ചോദ്യം (ബി) ഭാഗത്തിന്റെ ഉത്തരത്തിൽനിന്ന് ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അലവൻസും.

൪൭൯. മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പ്രതിമാസം ൪ രൂപായും അതിനു മേലും ശമ്പളമുള്ള വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് ൧൯൩-ൽ ഗവണ്മെൻറിൽനിന്നും ശമ്പളമായും അലവൻസായും കൊടുത്തിട്ടുള്ള പണത്തുകയെ കാണിക്കുന്നതും, ബ്രാഹ്മണർ, നായന്മാർ, കത്തോലിക്ക് ക്രിസ്ത്യാനികൾ കത്തോലിക്കരല്ലാത്ത ക്രിസ്ത്യാനികൾ, ഈഴവർ, മഹമ്മദീയർ എന്നിങ്ങനെ ജാതിതിരിച്ചു തയ്യാറാക്കപ്പെട്ടിട്ടുള്ളതും ആയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വയ്ക്കുന്നതിനു ഗവണ്മെൻറിനു മനസ്സുണ്ടാകുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഗവണ്മെൻറിന്റെ അഭിപ്രായത്തിനു പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നതിനു ചിലവാകുന്ന സമയവും ബുദ്ധിമുട്ടും അതുകൊണ്ടുണ്ടാകാവുന്ന പ്രയോജനവുമായിട്ടു കൂട്ടുംതന്നെ യോജിപ്പില്ലെന്നു കാണുന്നതിനാൽ പ്രസ്തുത വിവരങ്ങൾ ശേഖരിക്കണമെന്നു ഗവണ്മെൻറ് വിചാരിക്കുന്നില്ല.

ആയുർവേദ വകുപ്പ്.

൪൭൭. മി: ടി. സി. കേശവപിള്ള (കുട്ടനാടും-വിളവങ്കോടും): താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ നല്കുന്നതിന് ഗവണ്മെൻറിനു മനസ്സുണ്ടാകുമോ?

(എ) ആയുർവേദ വകുപ്പ് പരിഷ്കരിക്കുന്നതിനെ സംബന്ധിച്ച് ശ്രീമൂലം പ്രജാസഭയുടെ ൧൯-ാമതു യോഗത്തിലെ പ്രതിനിധികൾ സമർപ്പിച്ച പ്രമേയത്തിന്മേൽ ഗവണ്മെൻറ് എന്തു നടപടി നടത്തി;

(ബി) ആയുർവേദ ഡിപ്പാർട്ടുമെന്റു പരിഷ്കരിക്കുന്നതിനു വേണ്ട നടപടി നടത്താമെന്നു സമ്മതിക്കുന്നുവോ? എങ്കിൽ എപ്പോൾ?

(സി) തിരുവനന്തപുരത്തുവച്ചു കൂടിയ, തിരുവിതാംകൂർ ആയുർവേദ കാൺഫറൻസിന്റെ ഇരുപതാമതു സമ്മേളനത്തിൽ പാസ്സാക്കപ്പെട്ടതും ഗവണ്മെൻറിലേക്കയച്ചതും ആയ നിർദ്ദേശങ്ങളെ സംബന്ധിച്ചു എടുത്തിട്ടുള്ള നടപടിയുടെ സ്വഭാവം;

(ഡി) തിരുവിതാംകൂറിൽ ഒരു ആയുർവേദ പരീക്ഷണശാല സ്ഥാപിക്കുന്നതിനു ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): (എ)യും (ബി)യും ആയുർവേദ വകുപ്പ് പരിഷ്കരിക്കുന്നതിന് ആയുർവേദ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പദ്ധതി ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

(സി)യും (ഡി)യും ഗവണ്മെന്റ് അവയെപ്പററി ആലോചിച്ചുവരുന്നു.

രജിസ്ട്രേഷനും അണ്ടയും വകുപ്പുകളിലെ പരിഷ്കാരം.

൪൭൩. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ നല്കുന്നതിനു ഗവണ്മെന്റിനു മയവുണ്ടാകുമോ?

(എ) രജിസ്ട്രേഷനും അണ്ടയും വകുപ്പുകൾ പരിഷ്കരിക്കുന്നതിനുള്ള പദ്ധതി ഇതേവരെ (൧൯-൭-൧൯൪൭) നടപ്പിൽ വരുത്താത്തതിനുള്ള കാരണം.

(ബി) പ്രസ്തുത ഡിപ്പാർട്ടുമെന്റുകളിലെ മേധാവികൾ നല്കുന്ന പദ്ധതികൾ തയാറാക്കുകയും ഗവണ്മെന്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ഒരു ഡിപ്പാർട്ടുമെന്റിനെ പൊതുവെ പരിഷ്കരിക്കുന്നതിനുള്ള പദ്ധതി പണസംബന്ധമായും ഭരണവിഷയമായും ഉള്ള നിയമങ്ങളിൽ വളരെ സൂക്ഷ്മതയോടുകൂടി പരിശോധിക്കേണ്ടതാകുന്നു. അവസാനഉത്തരവ് വേഗം അയക്കാമെന്ന് ആശിക്കുന്നു.

(ബി) ഉണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ പരിഷ്കാരപദ്ധതികൾ ഗവണ്മെന്റിലേയ്ക്ക് അയച്ച തീയതികൾ മെമ്പർ മയവുണ്ടായി എന്തെന്ന അറിയിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പ്രസ്തുതപദ്ധതികൾ ആദ്യമായി അയച്ച തീയതികളാണോ മെമ്പറിനറിയേണ്ടത്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതെ.

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഏകദേശം അഞ്ചാറുമാസത്തിനുമുൻപ്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ പദ്ധതി എന്ന നടപ്പിൽവരുത്തുമെന്നുള്ള ശരിയായ തീയതി എന്നാണ് അറിയേണ്ടിയിരിക്കുന്നത്.

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അണ്ടൽഡിപ്പാർട്ടുമെന്റ് പരിഷ്കാരം സംബന്ധിച്ചപദ്ധതി ഏകദേശം രണ്ടു മാസം താമസിയാതെ തയാറാകും.

അണ്ടൽഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുടെ ശമ്പളപരിഷ്കാരം.

൪൭൪. മി. ഏ. ജി. മേനോൻ (പറവൂർ): അണ്ടൽ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുടെ ശമ്പളപരിഷ്കാരത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക ഇതേവരെ (൧൯-൭-൧൯൪൭) ആ വകക്കായി വിനിയോഗിക്കാത്തതിനുള്ള കാരണം ഗവണ്മെന്റ് മയവുണ്ടായി പറയുമോ? ഈ കൊല്ലത്തിൽ പ്രസ്തുത തുക ചിലവാക്കുന്നതിനു ഗവണ്മെന്റ് നടപടി നടത്തുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മി: ആർ. കേശവപിള്ളയുടെ ൪൭൭-ാം നമ്പർ ചോദ്യത്തിലെ (എ) ഭാഗത്തിന് നല്കുകയിട്ടുള്ള ഉത്തരത്തിലേക്ക് മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

അണ്ടൽഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുടെ ശമ്പളപരിഷ്കാരം.

൪൭൫. മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഗവണ്മെന്റിനു മയവുണ്ടായി താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ നല്കുമോ?

(എ) അണ്ടൽഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന തുക ഉപയോഗപ്പെടുത്തി ഇതേവരെ (൧൯-൭-൧൯൪൭) അവരുടെ ശമ്പളം പരിഷ്കരിച്ചോ?

(ബി) ചോദ്യം (എ) ഭാഗത്തിന്റെ ഉത്തരം നിഷേധരൂപത്തിലാണെങ്കിൽ അതിലേക്കുള്ള താമസത്തിനു കാരണം.

(സി) ഈ പരിഷ്കാരം സംബന്ധിച്ച് അക്കൌണ്ടാഫീസർക്ക് എന്തെങ്കിലും ഉത്തരവാദിത്വമോ അധികാരമോ ഉണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്?

(ഡി) ഈ പരിഷ്കാരം സംബന്ധിച്ച് അക്കൌണ്ടാഫീസർ എന്തെങ്കിലും അഭിപ്രായങ്ങൾ ഗവണ്മെന്റിലേക്ക് എഴുതി അയച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവ എന്താണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) മുതൽ (ഡി) വരെ മി. ആർ. കേശവപിള്ളയുടെ ൪൭൭-ാംനമ്പർ ചോദ്യത്തിലെ (എ) ഭാഗത്തിന് നല്കിയ ഉത്തരം നോക്കുക.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): എന്റെ ചോദ്യത്തിന്റെ ഉത്തരം മി. കേശവപിള്ളയുടെ ചോദ്യത്തിന്റെ മറുപടിയിൽ നിന്നും കിട്ടുന്നില്ല. എന്റെ ചോദ്യത്തിലുള്ള സി. ഡി. ഈ രണ്ടു ഭാഗങ്ങളും മി. കേശവപിള്ള ചോദിച്ചിട്ടില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മെമ്പർ പറഞ്ഞതു ശരിയാണ്. (സി) യും (ഡി) യും ഭാഗങ്ങൾക്ക് വ്യക്തമായ ഉത്തരങ്ങൾ ഇല്ല. ഞാൻ ഇപ്പോൾ മറുപടി പറയാം. രണ്ടു ഭാഗങ്ങൾക്കും ഉള്ള മറുപടി അനുകൂലരൂപത്തിലാണ്.

ആലപ്പുഴ ഉപ്പുഡിപ്പോ.

൪൭൬. മി. പി. എസ്സ്. മഹമ്മദ് (നിലമ്പൂർ): ഗവണ്മെന്റിനു മയവുണ്ടായി താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ നല്കുമോ?

(എ) ആലപ്പുഴയിൽ ഇറക്കുമതി ചെയ്യുന്ന വിദേശ ഉപ്പിൽ ധാരാളം മണൽ ഉണ്ടെന്നു കച്ചവടക്കാരുടെ ഇടയിൽ ഒരു വലിയ പരാതി ഉള്ള വിവരം ഗവണ്മെന്റിനറിയാമോ?

(ബി) ആലപ്പുഴ ഉപ്പുഡിപ്പോവിൽ ഇപ്പോൾ കിടക്കുന്ന ഉപ്പു പരിശോധിക്കുന്നതിന് ഗവണ്മെന്റ് വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

(സി) എല്ലാ കച്ചവടക്കാർക്കും ഉപ്പുസപ്ലൈ ഡിപ്പോവിൽനിന്നു ഉപ്പു വാങ്ങിക്കുവാൻ കഴിയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി) (എ) ഡിപ്പോവിൽനിന്ന് വിൽക്കുന്ന വിലകുറഞ്ഞ ഉപ്പിൽ മണൽ ഉണ്ടെന്നു ഉപ്പുകച്ചവടക്കാരുടെ ചങ്ങലകൾക്കിന്ന് പരാതി ഉണ്ടായിട്ടില്ല.

(ബി) ചോദ്യം (എ) ഭാഗത്തിന്റെ ഉത്തരത്തിൽനിന്നു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

(സി) എല്ലാ വാസ്തവത്തിലുള്ള ഉപ്പുകച്ചവടക്കാർക്കും ഡിപ്പോവിൽനിന്ന് ഉപ്പുവാങ്ങാം.

കയറ്റുമതിയും കയറ്റുമതിത്തീരുവയും.

൪൫൭. മി. പി. എസ്സ്. മഹമ്മദ് (നിയമനം): താഴെ വിവരിക്കുന്ന സംഗതികൾ ഗവണ്മെന്റിന് അറിവുണ്ടോ എന്നു ദയവായി പറയാമോ?

(എ) ഇവിടെ ഉണ്ടാക്കുന്ന കയറുകൾക്കും കയറുമെത്തയും വിദേശരാജ്യങ്ങളിൽ ചെലവാകുന്നു.

(ബി) ചില വിദേശരാജ്യങ്ങളിൽ കയറുകൾക്കും കയറുമെത്തയും ഉണ്ടാക്കുവാൻ തുടങ്ങിയതു നിമിത്തം ഇവിടെയുള്ള കയറുകൾക്കും കയറുമെത്തയും വ്യവസായത്തിന് വിദേശരാജ്യങ്ങളിൽ വലിയ മത്സരത്തിനു ഇടയാകുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) യും (ബി) യും. തിരുവിതാംകൂറിൽ ഉണ്ടാക്കുന്ന കയറുകൾക്കും കയറുമെത്തയും ഏകദേശം മുഴുവൻ കയറ്റുമതി ചെയ്യുകയാണ്. യൂറോപ്പിലേയും അമേരിക്കയിലേയും ചില സ്ഥലങ്ങളിൽ കയറുകൾക്കും കയറുമെത്തയും ഉണ്ടാക്കിവരുന്നതായി അറിയുന്നു.

സംസ്ഥാനത്തെ വ്യവസായത്തെ സംബന്ധിച്ച വിവരങ്ങൾ.

൪൫൮. മി: പി. എസ്സ്. മഹമ്മദ് (നിയമനം): താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിന് ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) ഇപ്പോൾ (൧൯-൧൧-൧൯൨൫) സംസ്ഥാനത്ത് നടപ്പിലിരിക്കുന്ന പ്രധാനപ്പെട്ട വ്യവസായങ്ങളുടെ പേരു്;

(ബി) അവയിൽ ഓരോ വ്യവസായവും നടത്തിവരുന്ന ഫാക്ടറികളുടേയോ സ്ഥലങ്ങളുടേയോ എണ്ണം.

(സി) ഈ ഓരോ വ്യവസായത്തിലും ജോലിചെയ്തുവരുന്ന കൂലിക്കാരുടേയും മറ്റു ജീവനക്കാരുടേയും എണ്ണം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ)യും, (ബി)യും, (സി)യും) തിരുവിതാംകൂറിലെ സ്റ്റാറ്റിസ്റ്റിക്കിലെ (൯-ാം ലക്കം) ൧൯൨൪ മുതൽ ൧൯൨൭ വരെ വരങ്ങൾ നോക്കുക.

സംസ്ഥാനത്തുള്ള ഓയിൽമില്ല വ്യവസായം.

൪൫൯. മി: പി. എസ്സ്. മഹമ്മദ് (നിയമനം): താഴെ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകുന്നതിന് ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) ഇവിടെയുള്ള ഓയിൽമിൽ വ്യവസായം ദിനംപ്രതി ക്ഷയിച്ചുവരികയാണെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

(ബി) ഈവിധം ക്ഷയിച്ചുവരുന്നതിനുള്ള കാരണം എന്താണെന്നു ഗവണ്മെന്റ് എപ്പോഴെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ അപ്രകാരം ക്ഷയിച്ചുവരുവാനുള്ള കാരണങ്ങൾ ഏവ?

(ഡി) സംസ്ഥാനത്തു ഓയിൽമിൽ വ്യവസായം സംരക്ഷിക്കുന്നതിനുള്ള ഉപായം ഗവണ്മെന്റ് കണ്ടുപിടിക്കുമോ?

(ഇ) ഇതേവരെ (൧൯൨൫ നവംബർ) യാതൊരന്വേഷണവും നടത്തിയിട്ടില്ലെങ്കിൽ ക്ഷയിച്ചുവരുന്നതിനുള്ള കാരണവും അതിന്റെ നിവാരണമാർഗ്ഗവും കണ്ടുപിടിക്കുന്നതിന് ഒരന്വേഷണം നടത്തുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ)മുതൽ (ഇ)വരെ കയറുമതിചെയ്യുന്ന വെള്ളിച്ചെണ്ണയുടെ കഴിഞ്ഞ നാലുകൊല്ലത്തെ കണക്കുകളിൽനിന്ന് ഓയിൽമിൽവ്യവസായം ക്ഷയിച്ചുവരികയല്ലെന്നു കാണുന്നു. ഒരു സംരക്ഷണനിരക്കുകൊണ്ട് വളരെ കാലത്തിനുമുൻപു മുതൽ പ്രസ്തുത വ്യവസായത്തെ ഗവണ്മെന്റ് സഹായിച്ചുവരികയാണ്; എന്നാൽ ഈയ്യിടെ നടത്തിയ അന്വേഷണങ്ങളിൽനിന്ന് ഇപ്പോൾ നൽകിയിട്ടുള്ള സംരക്ഷണം മറ്റു സ്ഥലങ്ങളിൽ ഉണ്ടാകുന്ന വെളിച്ചെണ്ണയുമായി ഋജുകത്തക്കവിധത്തിൽ മത്സരിക്കുന്നതിന് മതിയാകുന്നില്ലെന്നു മനസ്സിലായി; തന്നിമിത്തം കൂടുതൽ സംരക്ഷണം നൽകുന്നതിനെപ്പററി ഗവണ്മെന്റ് ആലോചിച്ചുവരികയാണ്.

മോട്ടാർകാറുകൾ പുറപ്പെടുന്ന സ്ഥലം വ്യത്യാസപ്പെടുത്തുന്നതിനെപ്പററിയുള്ള ആലോചന.

൪൬൦. മി: പി. എസ്സ്. മഹമ്മദ് (നിയമനം): ഗവണ്മെന്റു ദയവുണ്ടായി താഴെ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകുമോ?

(എ) മോട്ടാർകാറുകളും ബസ്സുകളും പുറപ്പെടുന്ന സ്ഥലം ജനസമ്പോലത്തിനു സമീപം മാററുന്നതിനെപ്പററി ആലോചിക്കുവാൻ പോലീസ്കമ്മീഷണരെ പ്രേരിപ്പിച്ചതിനുള്ള കാരണങ്ങൾ

(ബി) ഈ ആലോചനയ്ക്കു വിപരീതമായി ആലപ്പുഴ നിവാസികളുടെ മെമ്മോറിയലോ ഹർജിയോ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): (എ) മോട്ടാർ വാഹനങ്ങളുടെ കൂടുതലായ ഗതാഗതംനിമിത്തം മോട്ടാർകാറുകളുടേയും ബസ്സുകളുടേയും ഇപ്പോഴത്തെ സ്റ്റാർട്ടിംഗ്സ്ഥലം അതിലേക്ക് മാറ്റുന്നതെന്ന യോജിച്ചതല്ല. ഗതാഗതത്തിന് തടസ്സവും പൊതുജനങ്ങൾക്കു അപകടവും ഉണ്ടാകാതെ ഇരിക്കുന്നതിലേക്ക് ഒരു മാററം വേണമെന്നു തീർച്ചയായിട്ടുള്ളതാണ്.

(ബി) ഉണ്ട്.

അനുബന്ധം ക

൪ സന്യാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

എല്ലാ ജാതിക്കാർക്കും പ്രവേശനം അനുവദിച്ചിട്ടില്ലാത്ത പള്ളിക്കൂടങ്ങളുടെ ലിസ്റ്റ്.

ക്രമനമ്പർ	പള്ളിക്കൂടത്തിന്റെ പേര്	എല്ലാ ജാതിക്കാർക്കും പ്രവേശനം അനുവദിക്കാത്തതിന്റെ കാരണം
	ക. ആൺപള്ളിക്കൂടങ്ങൾ	
ക	പുതുവയിൽ പ്രൈമറി സ്കൂൾ	ക്ഷേത്രസാമീപ്യം
ഖ	പുണ്ണക്കാട് ടി	ക്ഷേത്രത്തിന്റെയും കൊട്ടാരത്തിന്റെയും സാമീപ്യം
ന	മരങ്ങാട്ട് ടി	ക്ഷേത്രസാമീപ്യം
ഘ	വെച്ചൂർ ടി	ക്ഷേത്രത്തിന്റെയും ബ്രാഹ്മണഗൃഹത്തിന്റെയും സാമീപ്യം
ങ	തലവടി വർണ്ണാക്യുലർ മിഡിൽസ്കൂൾ	ക്ഷേത്രസാമീപ്യം
	ഖ. പെൺപള്ളിക്കൂടങ്ങൾ	
ക	ഗുരുചിന്തം പ്രൈമറിസ്കൂൾ	ക്ഷേത്രസാമീപ്യം മുതലായവയ്ക്ക്
ഖ	നെയ്യാറ്റിൻകര വർണ്ണാക്യുലർ മിഡിൽ സ്കൂൾ	ടി
ന	മാവേലിക്കര വർണ്ണാക്യുലർ മിഡിൽ സ്കൂൾ	ടി
ഘ	തിരുവല്ല ടി	ടി
ങ	പാല ടി	ടി
ന്ന	കുളക്കർകോട്ട് പ്രൈമറിസ്കൂൾ	ടി
ഛ	ചെങ്ങമനാട്ട് ടി	ടി

സ്കൂൾകെട്ടിടംസ്ഥലത്തെ പള്ളിവകയാണ്. അതു പള്ളിപുരയിടത്തിലാണ് സ്ഥിതിചെയ്യുന്നതു്. പുലയരേയും പറയരേയും പ്രവേശിപ്പിക്കുന്നതിൽ പള്ളിയിലെ അധികാരികൾ വിപരീതമാണ്.

അനുബന്ധം ഖ.എ.

൪ ഖ-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

(ക) സ്ത്രീകളുടെ മഹാപാഠശാലയിൽ പുറമേനിന്ന് പുതുതായി നിയമിക്കപ്പെട്ട ആളുകളുടെ ജാതി തിരിച്ചുള്ള പട്ടിക.

ക. ഹിന്ദുക്കൾ
നായന്മാർ ൪
ഖ. ക്രിസ്ത്യാനികൾ
ക. പ്രോട്ടസ്റ്റന്റ് ക
ഖ. റോമൻ കത്തോലിക്ക്
ലാറ്റിൻ റൈറ്റ് ഖ
ന. സിറിയൻസ്
ജാക്കോബൈറ്റ്സ് ക
സിറിയൻ ബ്രദറൻ ക
ആകെ ൻ

(ഖ) സ്ത്രീകളുടെ മഹാപാഠശാലയിൽ ജോലികിട്ടണമെന്നു കാണിച്ചു അപേക്ഷിച്ചിട്ടുള്ളവരുടെ ജാതി തിരിച്ചുള്ള പട്ടിക.

നായന്മാർ	൭
വെള്ളാളർ	ഖ
റോമൻകത്തോലിക്ക്	ക*
ഇൻഡ്യൻ ക്രിസ്ത്യൻ	ക
സിറിയൻ ക്രിസ്ത്യൻ	ക ൭
ബ്രാഹ്മണൻ	ക
ആകെ	ഖ൩

* കാമ്പേജ് ഒന്നാംഗ്രേഡായി ഉയർത്തുന്നതിനു മുൻപ് ആക്ടിംഗ് ജോലി ഇണ്ടായിരുന്ന മിസ്സ് ഡഡയിസ്സി മുത്തുനായകം ഒഴികെ.

അനുബന്ധം ൨ ബി.

൪൩-വ൧ നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക,

സ്ത്രീകളുടെ മഹാപാഠശാലയിൽ ഉദ്യോഗത്തിനുള്ള അപേക്ഷക്കാരുടെ പേരു കാണിക്കുന്ന പട്ടിക.

വിഷയം	പേരു്	യോഗ്യത	റിമാർക്സ്
ഇംഗ്ലീഷ്	൧. മിസ്സ്. മാർഗ്ഗററ് പൌലോസ്	ബി. എ. (ആണേഴ്സ്)	ആക്ടിംഗ് ലക്ചറർ ആയി നിയമിച്ചു എങ്കിലും ജോലിക്കു ഹാജരായില്ല.
	൨. ശ്രീമതി പി. എസ്സ്. ചെല്ലമ്മ	ബി. എ. (ആണേഴ്സ്)	
	൩. മക. ഈശ്വരിഅമ്മ	ബി. എ. (ആണേഴ്സ്)	അവധിഒഴിവിൽ ലക്ചറർ ആയി പകരം ജോലി നോക്കുന്നതിനു നിയമിച്ചു.
	൪. മിസ്സ്. ഏലിചാണ്ടി	ബി. എ. (ആണേഴ്സ്)	
	൫. മിസ്സ്. ജായിസ്സ് വേളക്കൻ	എം. എ.	
	൬. മിസ്സസ്സ്. ഏലി വറുഗീസ്	ബി. എ. (ആണേഴ്സ്)	
	൭. മിസ്സ്. ഡെയിസ്സി മുത്തുനായകം (മുൻപ് ട്യൂട്ടറായി പകരം ജോലി നോക്കിയിരുന്നു.)	ബി. എ. (ആണേഴ്സ്)	ലക്ചറർ ആയി നിയമിച്ചു.
ചരിത്രം	൧. ശ്രീമതി സി. കെ കുഞ്ഞിക്കുട്ടിഅമ്മ	ബി. എ. (ആണേഴ്സ്) എൽ. ടി	
	൨. മിസ്സ് ആനി മാസ്ക്രീൻ	എം. എ.	
	൩. ,, സാറ ഇട്ടിയേറ	ബി. എ. (ആണേഴ്സ്)	
	൪. ,, അന്നകുട്ടൻ	ബി. എ. (ആണേഴ്സ്)	
	൫. ,, സിസിലിയാ അബ്രഹാം	ബി. എ. (ആണേഴ്സ്)	
	൬. ,, എം. ഉമ്മച്ചൻ	എം. എ.	
	൭. ശ്രീമതി പി. സി. പൊന്നമ്മ	ബി. എ. (ആണേഴ്സ്)	
	൮. ശ്രീമതി കെ. ശാരദഅമ്മ	ബി. എ. (ആണേഴ്സ്)	ലക്ചറർ ആയി നിയമിച്ചു.
നാച്ചുറൽസയൻസ്	൧. മിസ്സ്. അന്ന ജോഷ്വാ	ബി. എ. (ആണേഴ്സ്)	നിയമിച്ചു എങ്കിലും ജോലിക്കു ഹാജരായില്ല.
	൨. ,, സൂസാന്ന ഇട്ടിയേറ	ബി. എ.	
	൩. ,, ജോശാ പി. ജാൺ	ബി. എ.	
	൪. മിസ്റ്റർ ജി. പി. ജാർജ്ജ്	ബി. എ. (ആണേഴ്സ്)	
	൫. ശ്രീമതി എൽ. കാന്തിമതി അമ്മ	ബി. എ.	
	൬. മി. എ. പി. മാത്യു	ബി. എ. (ആണേഴ്സ്) (അദ്ധ്യാപകജോലിയിൽ പരിചയമുണ്ട്)	ആക്ടിംഗ് ലക്ചറർ ആയി നിയമിച്ചു.
	൭. മി. സി. ജാൺ	എം. എ.	
മലയാളം	൧. ശ്രീമതി കെ. മീനാക്ഷിഅമ്മ	എം. എ.	നിയമിച്ചു.
സംസ്കൃതം	൧. ശ്രീമതി ടി. ജെ പൊന്നമ്മ	ബി. എ.	ക
ഫിസിക്സും കെമിസ്ട്രിയും	൧. മിസ്സ്. മേരിജാൺ	ബി. എ. (ഫിസിക്സ്) ഒന്നാംക്ലാസ്	നിയമിച്ചു.
	൨. മി: ടി. ജെ. ജോസഫ്	ബി. എ.	
	൩. മി: കെ. കൃഷ്ണൻതമ്പി	ബി. എ.	
	൪. മി: എൻ. കുമാരപിള്ള	ബി. എ. (ആണേഴ്സ്)	
	൫. മിസ്സ് ഏലിയാമ്മ പി. ചാക്കോ	ബി. എ.	
	൬. ,, മേരിക്കോശി	ബി. എ.	
	൭. മിസ്റ്റർ ഇ. എസ്സ്. കുഞ്ഞുമത്തി	ബി. എ. (ആണേഴ്സ്)	

അനുബന്ധം ൨ എ.

൪ നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൯൯൫-ൽ കൊല്ലം ഡിസ്ട്രിക്ട്കോടതിയിൽ അസ്സൽ അന്യായങ്ങൾ മേലണ്ടന്റിന് വിപരീതമായി വിധിക്കപ്പെട്ടിട്ടുള്ളതിനെ കാണിക്കുന്ന പട്ടിക.

ക്രമനമ്പർ	അന്യായത്തിന്റെ നമ്പർ	അന്യായം പതിഞ്ഞ കൊല്ലം	ഡിക്രി തീയതി
൧	൭൪	൧൦൯൫	൨൭-൫-൧൧൩൫
൨	൧൨൭	൧൦൯൯	൨൭-൧൧-൧൦൩൫
൩	൧൫൨	൧൧൦൦	ടി
൪	൭	൧൧൦൨	൯-൩-൧൧൦൩
൫	൧൪	൧൧൦൧	൨൪-൩-൧൧൦൩
൬	൧൭൫	൧൧൦൧	൧൨-൫-൧൧൦൩
൭	൧൪൪	൧൧൦൧	൨൦-൫-൧൧൦൩
൮	൧൭൩	൧൧൦൧	൩-൪-൧൧൦൩
൯	൧൭൭	൧൧൦൧	൧൭-൫-൧൧൦൩
൧൦	൩൦	൧൧൦൨	൧-൪-൧൧൦൩
൧൧	൫൪	൧൧൦൨	൪-൩-൧൧൦൩
൧൨	൧൦൨	൧൧൦൨	൨൧-൨-൧൧൦൩
൧൩	൧൪൫	൧൧൦൨	൨-൭-൧ ൧൦
൧൫	൧൫൫	൧൧൦൦	൫-൪-൧൧൦൩

അനുബന്ധം ൩ ബി.

൫ നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൯൯൫-ൽ കൊല്ലം ഡിസ്ട്രിക്ട്കോടതിയിൽ സർക്കാരിന് വിപരീതമായി വിധിച്ചിട്ടുള്ള പൊതു അംവിധകസ്സുകളെ കാണിക്കുന്ന പട്ടിക.

ക്രമനമ്പർ	എണ്ണവും കേസ്സിന്റെ കൊല്ലവും		ഡിക്രി തീയതി
	നമ്പർ	കൊല്ലം	
൧	൧	൧൦൯൯	൨൭-൫-൧൧൦൩
൨	൨	൧൦൯൯	൨൯-൫-൧൧൦൩
൩	൯	൧൦൯൯	ടി
൫	൧൧	൧൧൦൦	൨൪-൩-൧൧൦൩
൬	൧൧	൧൧൦൦	൩-൪-൧൧൦൩
൭	൧൪	൧൧൦൦	൯-൩-൧൧൦൩
൮	൧൩	൧൧൦൦	ടി
൯	൧൭	൧൧൦൦	ടി
൧൦	൨൦	൧൧൦൦	ടി
൧൧	൨൧	൧൧൦൦	ടി
൧൨	൨൨	൧൧൦൦	ടി
൧൩	൨൩	൧൧൦൦	ടി
൧൫	൨൫	൧൧൦൦	ടി
൧൬	൨൬	൧൧൦൦	൨൭-൫-൧൧൦൩
൧൭	൨൭	൧൧൦൦	ടി
൧൮	൨൮	൧൧൦൦	ടി
൧൯	൨൯	൧൧൦൦	ടി
൨൦	൩൦	൧൧൦൦	ടി
൨൧	൩൧	൧൧൦൦	ടി
൨൨	൩൨	൧൧൦൦	൨൮-൩-൧൧൦൩
൨൩	൩൩	൧൧൦൦	ടി
൨൫	൩൫	൧൧൦൦	ടി
൨൬	൩൬	൧൧൦൦	ടി
൨൭	൩൭	൧൧൦൦	൨൮-൩-൧൧൦൩
൨൮	൩൮	൧൧൦൦	൪-൧൧-൧൧൦൩
൨൯	൩൯	൧൧൦൦	൨൯-൧൨-൧൧൦൩
൩൦	൪൦	൧൧൦൦	൨൯-൧൨-൧൧൦൩
൩൧	൪൧	൧൧൦൦	ടി
൩൨	൪൨	൧൧൦൦	൩൧-൧-൧൧൦൩
൩൩	൪൩	൧൧൦൨	൩.൦-൯-൧൧൦൩
൩൫	൪൫	൧൧൦൨	൨൯-൩-൧൧൦൩
൩൬	൪൬	൧൧൦൨	൪-൧൨-൧൧൦൩
൩൭	൪൭	൧൧൦൨	൨൯-൫-൧൧൦൩

അനുബന്ധം ന സി

൪ ൩൯-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക

൧൯൦൩-ാം കൊല്ലം ഡിസ്ട്രിക്ട് കോടതിയിൽ സർക്കാരിനു വിപരീതമായി പതിച്ചിട്ടുള്ള വിധി നടത്തൽ ഹർജികളെ കാണിക്കുന്ന സ്റ്റേറ്റുമെന്റു

ക്രമനമ്പർ	കേസിന്റെ നമ്പരും കൊല്ലവും	
	നമ്പർ	കൊല്ലം
	അസ്സൽകേസുകൾ	
൧	൧൭൪	൧൯൦൧
൨	൧൭൫	൧൯൦൧
൩	൧൭൬	൧൯൦൧
൪	൧൭൭	൧൯൦൧
൫	൩൬	൧൯൦൧
൬	൪൩	൧൯൦൦
൭	൧൩൨	൧൮൯൨
	പൊതുവിധി കേസുകൾ	
൧	൧	൧൦൯൯
൨	൧൫	൧൦൯൩
൩	൧൦	൧൦൯൯
൪	൧൫	൧൯൦൦
൫	൭	൧൯൦൧
൬	൧൧	൧൦൯൪
൭	൧൩	൧൯൦൦
൮	൧൪	൧൯൦൦
൯	൧൫	൧൯൦൦
൧൦	൧൬	൧൯൦൪
൧൧	൧൭	൧൯൦൩
൧൨	൧൮	൧൯൦൦
൧൩	൧൯	൧൯൦൦
൧൪	൨൦	൧൯൦൦
൧൫	൨൧	൧൯൦൦
൧൬	൨൨	൧൯൦൦

അനുബന്ധം ഒ

൪ ൪-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക

മെഡിക്കൽ സർവ്വീസിലെ ഭരണസമിതി സ്ഥാപിച്ചതിന് ശേഷം മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ ഉള്ളതിന് നിയമിച്ചിട്ടുള്ളവരുടെ ജാതിതിരിച്ചുള്ള സ്റ്റേറ്റുമെന്റു:

൧- ഹിന്ദുക്കൾ

൧.	മലയാളബ്രാഹ്മണർ	,,
൨.	മററു ബ്രാഹ്മണർ	൭
൩.	തമിഴബ്രാഹ്മണർ	൨
൪.	ഈഴവർ	൨
൫.	കമ്മാളർ	,,
൬.	ക്ഷത്രിയർ (മലയാളം)	,,
൭.	നാടാന്മാർ	,,
൮.	നായന്മാർ	൧൭
൯.	പുലയർ	,,
൧൦.	വെള്ളാളർ	൩
൧൧.	മററു അധഃകൃതന്മാർ	,,

൧൨- മററുഹിന്ദുക്കൾ

൧.	മുസ്ലീംമാർമാർ	,,
൨.	കൃസ്ത്യാനികൾ	,,
൩.	പ്രൊട്ടസ്റ്റന്റു	൫
	൧. റോമൻകത്തോലിക്ക	
	(എ) ലാററിൻകാററ്	൧
	(ബി) സിറിയാക്കാരൻ	൧
	൨. സിറിയൻസ്	
	(എ) ജാക്കോബൈറ്റു	
	(ബി) മാർത്തോമ	

അനുബന്ധം ൩.

൪൪൨-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൨. ൧-൨-൧൯൪൯-ൽ സർവ്വീസ്സിലിരിക്കുന്ന സർക്കാർ വക്കീലന്മാരുടെ ജാതി തിരിച്ചുള്ള സ്റ്റേറ്റുമെന്റ്.

ഹിന്ദുക്കൾ											ക്രിസ്ത്യാനികൾ						
ബ്രാഹ്മണർ (മലയാളി)	ബ്രാഹ്മണർ (മറ്റുള്ളവർ)	നായർ	ഈഴവർ	കമ്മാളർ	ക്ഷത്രിയർ (മലയാളി)	വാര്യരായർ	പൂജാരി	മറ്റു അധഃകൃത വർഗ്ഗക്കാർ	വെള്ളാളർ	മറ്റുവിഭാഗക്കാർ	മുസൽമാൻമാർ	പ്രൊട്ടസ്റ്റന്റ്സ്	റോമൻകത്തോലിക്കർ: മലയാളി	റോമൻകത്തോലിക്കർ: സിറിയാക്കാർ	സിറിയൻസ്: ജാക്കോബൈറ്റ്	സിറിയൻസ്: മാർത്തോമാസ്	റിമാർക്ക്
...	●	...	...	...	●	●	...	...	●	...	...	...	...	●	●	...	ഈ സ്റ്റേറ്റുമെന്റിൽ ഫിരമായിട്ടുള്ളതും ടെംപ്രറിയും ആക്ടിംഗും ആയിട്ടുള്ളതും ആയ സർക്കാർ വക്കീലന്മാരും ഹെഡ് സർക്കാർ വക്കീൽ, അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ, അസിസ്റ്റന്റ് ഹെഡ്സർക്കാർ വക്കീലന്മാർ, അഡീഷനൽ ഹെഡ് സർക്കാർ വക്കീലിന്റെ അസിസ്റ്റന്റുമാരുമാണ് ഉൾപ്പെടുന്നത്.

അനുബന്ധം ൩. എ.

൪൪൩-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൯൧൯—൧൯൨൦ ഈ കൊല്ലങ്ങൾക്കിടയിൽ കൊട്ടാരക്കരയും കുന്നത്തൂരും താലൂക്കുകളിൽ നിന്ന് വ്യക്തികളുടെ പേരിൽ ● ൦ ഏക്കറോ അതിൽ കൂടുതലോ പുറമ്പോക്ക് ഭൂമികൾ പതിച്ചു കൊടുത്തിട്ടുള്ളതിന്റെ പട്ടിക.

കൊല്ലം	പതിച്ചു കൊടുത്ത സ്ഥലത്തിന്റെ വിസ്തീർണ്ണം: ഏക്കർ	പതിച്ചു കൊടുത്ത സ്ഥലത്തിന്റെ വിസ്തീർണ്ണം: സെന്റ്	താലൂക്ക്	ആളിന്റെ പേര്	റിമാർക്ക്
൧൯൧൯	...	...	...	...	
൧൯൨൦	...	...	...	...	
൧൯൨൧	൪൫	൨൭	കൊട്ടാരക്കര	ആർ. അനന്തറാവു	

അനുബന്ധം ന്യ ബി.

൪൪ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക

൧൯൦൧-൧൯൧൩ കൊല്ലങ്ങൾക്കിടയിൽ കൊട്ടാരക്കരയും കുന്നത്തൂരും താലൂക്കുകളിൽ പുതുവൽ സ്ഥലം പതിച്ചുകിട്ടുന്നതിന് അയച്ചിട്ടുള്ള അപേക്ഷകളുടെ വിവരം കാണിക്കുന്ന പട്ടിക.

ക്രമ നമ്പർ	കൊല്ലം	താലൂക്ക്	അപേക്ഷകന്റെ പേര്	അപേക്ഷകളുടെ എണ്ണം	അനുവദിക്കുകയോ നിരസിക്കുകയോ ചെയ്തത്	റെമാർക്സ്
൧	൧൯൦൧	കൊട്ടാരക്കര	[illegible]	൧	൧ ഏക്കർസ്ഥലത്തെ സംബന്ധിച്ചിടത്തോളം അനുവദിച്ചു. ബാക്കി അനുവദിച്ചില്ല.	അനുവദിക്കാതിരിക്കുവാനുള്ള കാരണം അപേക്ഷിച്ചിരിക്കുന്ന സ്ഥലം രജിസ്റ്റർ ചെയ്തുപോയിരുന്നതു കൊണ്ടാണ്.
൨	൧൯൦൧	ടി	മത്തായി സഫ്	൧	ടി	ടി
൩	൧൯൦൨	കുന്നത്തൂർ	എ. കെ. പിള്ള	൧	...	രജിസ്റ്റർ ചെയ്യുന്നതിനു സംബന്ധിച്ചുള്ള കാര്യങ്ങൾ ഗവണ്മെന്റു തള്ളികളഞ്ഞു.
൪	൧൯൦൩	ടി	പി. ഗോവിന്ദ പിള്ള	൨	...	രണ്ടപേക്ഷയും ഒരു സ്ഥലത്തു സംബന്ധിച്ചതാണ്. അതുകൊണ്ട് രണ്ടപേക്ഷയും ഒന്നിച്ച് ചേർത്തു. അതു കുടിശിഖയായി കിടക്കുന്നു.
൫	൧൯൦൩	കൊട്ടാരക്കര	ആദിച്ചൻ ശങ്കരൻ	൧	൧ ഏക്കർ സ്ഥലത്തു സംബന്ധിച്ചിടത്തോളം അനുവദിച്ചു. ബാക്കി നിരസിച്ചു.	നിരസിക്കാനുള്ള കാരണം അപേക്ഷിച്ചസ്ഥലം മുൻകൂട്ടി രജിസ്റ്റർ ചെയ്തുപോയതാണ്.

അനുബന്ധം ൟ.

൪൪൪-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക

സംസ്ഥാനത്തുള്ള പകുതി അക്കൌണ്ടന്റുമാരായി നിയമിക്കപ്പെട്ട ഹിന്ദു നാടാന്മാരുടേയും ക്രിസ്ത്യാനിനാടാന്മാരുടേയും ലിസ്റ്റ്

താലൂക്ക്	നിയമിക്കപ്പെട്ട ആളിന്റെ പേര്	എവിടെ നിയമിച്ചു എന്ന്
തോവാള കുൽക്കളം	൧. ടി. പത്രോസ്	ദേവനംകാവ്പകുതി അക്കൌണ്ടന്റു
	൨. വി. കെ. അപ്പാവു	കുൽക്കളത്താലൂക്ക് എൻ. ആർ. എം. അക്കൌണ്ടന്റ്
	൩. പി. മരുതനായകം	മണവാളക്കുറിച്ചി പകുതി അക്കൌണ്ടന്റ്
വിളവൻകോട്	൪. സ്വാമിനാഥൻ നാടാർ	മെളകുമ്പേൽപകുതി
	൫. നീലകണ്ഠൻ നാടാർ	വിളവംകോട് എൻ. ആർ. എം. അക്കൌണ്ടന്റ്
	൬. വേലായുധൻ നാടാർ	ടി ടി
	൭. പൊന്നയ്യൻ നാടാർ	ടി ടി
	൮. കൈലാസനാഥ നാടാർ	ടി ടി (ആക്ടിംഗ്)
	൯. പച്ചു നാടാർ	ടി ടി
നെയ്യാറിൻകര	൧൦. വി. കെ. അപ്പാവു	ചെങ്കൽപകുതി ആക്ടിംഗ് അക്കൌണ്ടന്റ്
തിരുവനന്തപുരം	൧൧. മാധവൻ നാടാർ	ചെങ്ങഴശ്ശേരി പകുതി അക്കൌണ്ടന്റ്
നെടുമങ്ങാട്	൧൨. പി. പൊന്നപ്പൻ നാടാർ	ഉഴമലക്കൽ പകുതി അക്കൌണ്ടന്റ്
	൧൩. എൻ. മനുവേൽ	നെടുമങ്ങാട്താലൂക്ക് എൻ. ആർ. എം. അക്കൌണ്ടന്റ്

അനുബന്ധം ഡി.

൪൪ നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧-ാം ഡിസ്ട്രിക്ടിലുള്ള വി. എം. സ്കൂളുകളിൽ ഒന്നാമസിസ്റ്റന്റായി നിയമിച്ചിട്ടുള്ളവരെ സംബന്ധിച്ച സ്റ്റേറ്റുമെന്റ്.

നമ്പർ	൧൯൯൩ ചിങ്ങമാസം ൧-ാം അദ്ധ്യാപഡിസ്ട്രിക്ടിലുള്ള വി. എം. സ്കൂളുകളിലെ ഒന്നാം അസിസ്റ്റന്റന്മാരുടെ പേരും അവരെ നിയമിച്ച തീയതിയും		അദ്ധ്യാപഡിസ്ട്രിക്ടിലുള്ള വി. എം. സ്കൂളുകളിൽ ൧൯൯൩ ചിങ്ങത്തിനുശേഷം നിയമിച്ചിട്ടുള്ള ഒന്നാമസിസ്റ്റന്റുകളുടെ പേരും നിയമിച്ച തീയതിയും		അതിനുശേഷം അവരിൽനിന്ന് ഹെഡ്മാസ്റ്റന്മാരായോ ഹെഡിമിസ്ട്രസ്സുകളായോ നിയമിക്കപ്പെട്ടവരുടെ പേരും നിയമിച്ച തീയതിയും
	പേര്	നിയമിച്ചതീയതി	പേര്	നിയമിച്ചതീയതി	
൧	കോട്ടയം വി. എം. ഗവൺമെന്റ്സ്കൂൾ വി. കെ. പി. കുട്ടൻ	൧൯-൧൧-൯൪	൧. ഡി. പത്മനാഭപിള്ള	൧൯-൪-൯൫	൧. ഡി. പത്മനാഭപിള്ളയെ ദേവത്തല വി. എം. സ്കൂൾ ആക്ടിംഗ്ഹെഡ്മാസ്റ്ററായി നിയമിച്ചു (൩-൧-൧൯൬)
			൨. പി. സേവ്യർ	൧൯-൧-൯൬	൨. പി. സേവിയർ പരിഞ്ഞാറെക്കുടി വി. എം. സ്കൂൾ എസ്. പി. ടി. ഹെഡ്മാസ്റ്ററായി നിയമിച്ചു (൩.൧-൩-൧൯൭)
			൩. ആർ. കുമാരപിള്ള	൯-൬-൯൭	൩. മറിയം മാണിയെ മണർകാട്ടു വി. എം. സ്കൂൾഹെഡ്മിസ്ട്രസ്സായി നിയമിച്ചു. (൧൯-൧-൧൧൩)
			൪. മറിയം മാണി.	൧൯-൧-൧൧	
൨	തലവടി വി. എം. ഗവൺമെന്റ്സ്കൂൾ എ. ജേക്കബ്	൧൯൩-൧൧-൯൪	൧. ആർ. രാമസ്വാമിഅയ്യർ	൧൩-൪-൯൩	ഇല്ല.
			൨. കെ. പരമേശ്വരയ്യർ	൯-൫-൯൫	
			൩. കെ. ഗോവിന്ദപ്പിള്ള	൪-൩-൧൯൫	
			൪. പി. സി. ദേവസ്സ്	൧൯-൧-൧൯൫	
൩	അമ്പലപ്പുഴ വി. എം. ഗവൺമെന്റ്സ്കൂൾ എ. രാമകൃഷ്ണയ്യർ	൧-൧-൧൯൫	൧. കെ. പരമേശ്വരക്കയ്മൾ	൧൩-൫-൯൩	ഇല്ല.
			൨. എ. കെ. കേശവപിള്ള	൯-൧-൯൩	
			൩. ടി. കെ. കുഞ്ഞുപ്പാറുഅമ്മ	൧-൩-൪൫	
			൪. എ. നീലകണ്ഠക്കയ്മൾ	൫-൪-൧൩	
			൫. കെ. ഭാരതിഅമ്മ	൫-൩-൧൪	

അനുബന്ധം വ (തുടർച്ച)

നമ്പർ	കൊല്ലവർഷം ചിങ്ങമാസം ഒന്നാംതീയതിയിലുള്ള വി. എം. സ്കൂളിലെ ഒന്നാം അസിസ്റ്റന്റന്മാരുടെ പേരും അവരെ നിയമിച്ച തീയതിയും		അഞ്ചാം ഡിസ്ട്രിക്ടിലുള്ള വി. എം. സ്കൂളിൽ കൊല്ലവർഷത്തിനു ശേഷം നിയമിച്ചിട്ടുള്ള ഒന്നാമസിസ്റ്റന്റുകളുടെ പേരും നിയമിച്ച തീയതിയും		അതിനുശേഷം അപരിൽനിന്ന് ഹെഡ്മാസ്റ്റന്മാരായോ ഹെഡ്മിസ്ട്രസ്സുകളായോ നിയമിക്കപ്പെട്ടവരുടെ പേരും നിയമിച്ച തീയതിയും
	പേര്	നിയമിച്ച തീയതി	പേര്	നിയമിച്ച തീയതി	
൪	ചേത്തല വി. എം. ഗവൺമെന്റ് എസ്. ക്ഷേത്രപാലപിള്ള	൨൩-൩-൯൪	൧. മറിയം മാണി ൨. കെ. പി. കൃഷ്ണപിള്ള ൩. ആർ. ഗോവിന്ദപ്പിള്ള ൪. ആർ. രാമസ്വാമിഅയ്യർ ൫. ബി. എ. അമ്മുക്കുട്ടിഅമ്മ	൧൯൧൯-൧൦-൧ ൧൯൨൧-൧-൧ ൧൯൨൩-൧൦-൨ ൧൯൨൪-൧൦-൨ ൧൯൨൫-൧-൧	ഇല്ല.
൫	വയ്ക്കം വി. എം. ഗവൺമെന്റ് എൻ. ശങ്കരപ്പിള്ള	൧൯-൧൨-൯൨	൧. ആർ. പി. ശങ്കരപ്പിള്ള ൨. എൻ. ശങ്കരപ്പിള്ള ൩. പി. അമ്മുക്കുട്ടിഅമ്മ	൧൯൨൦-൧-൧ ൧൯൨൧-൧-൧ ൧൯൨൩-൧-൧	അമ്മുക്കുട്ടിഅമ്മയായ ചേത്തല വി. എം. ഗവൺമെന്റ്സ്കൂളിലെ ടെംപ്രറി ഹെഡ്മിസ്ട്രസ്സായി നിയമിച്ചു (൧൯-൫-൧൩)
൬	പുളപ്പള്ളി വി. എം. ഗവൺമെന്റ് എം. കെ. പരമേശ്വരൻപിള്ള	൧൯-൧൨-൯൫	൧. പി. വി. കൃഷ്ണപിള്ള ൨. കെ. ഗോവിന്ദപ്പിള്ള ൩. കെ. പി. കുഞ്ഞാണ്ട	൧-൫-൯൯ ൧-൫-൧൯൨ ൧൯൨-൧-൧൯൫	ഇല്ല.
൭	മണർകാട് വി. എം. ഗവൺമെന്റ് എൻ. ചെറിയാൻ മറിയം	൯-൧൨-൯൫	൧. എ. ഇ. നാരായണപിള്ള ൨. പി. സി. റോസ് ൩. ആർ. ഗോവിന്ദപ്പിള്ള ൪. പി. എൻ. ശിവകുഞ്ഞപ്പിള്ള ൫. എ. ഏലി ൬. ജി. എം. ഈശോ ൭. എം. ഏലി	൧൯൨൧-൧൦-൯൭ ൧൯൨൩-൯-൯൭ ൧൯൨൩-൧-൧ ൧൯൨൦-൧൧-൯ ൧൯-൧-൧൦൨ ൧൯-൧-൧൦൩ ൧൯-൧-൧൦൩	

അനുബന്ധം ൻ.

൪൪ ൭-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൯൭൨-ം ൧൯൭൩-ം ൧൯൭൪-ം കൊല്ലങ്ങളിൽ മീനച്ചിൽ താലൂക്കിൽനിന്നു വനസ്വത്തുഅധികാരികൾ ലേലത്തിൽ വിററ പലവിധത്തിലുള്ള തടികളെ കാണിക്കുന്ന സ്റ്റേററുമെന്റ്.

കൊല്ലം	വൃക്ഷങ്ങളുടെ ഇനവിവരം													ഈടായ തുക			റിമാർക്സ്
	ആഞ്ഞിലി	പ്ലാവ്	തേക്ക്	വീട്ടി	ഇലവ്	മരുതി	വാകമരം	അടക്കാമരം	തൈക്കാട്ടി	റബ്ബർ	കുമ്പിൾ	പനസ്പതി	മറ്റു	രൂ.	ച.	കാ.	
൧൯൭൨	൯	൯	൯	൨	൯	൯	൯	൧൪	൪	...	...	...	...	൩൯൯	൨൩൨	൨	വൃക്ഷങ്ങളിൽ ൯൪ ശതമാനവും ഇവിച്ചതും താഴെവീണതും ആണെന്നു റിപ്പോർട്ടു ചെയ്തിട്ടുണ്ട്.
൧൯൭൩	൧൯	൧൨	...	൧൩	...	൨	...	൩൩	൨൪	൯	൨	൯	൪	൧൯൭	൧൪	൪	
൧൯൭൪	...	൨	...	...	...	...	...	...	൯	...	...	...	...	൯	൨	...	

അനുബന്ധം ൧൦.

൪൪ ൨-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൯൭൦-൧൯൭൧ ഈ കൊല്ലങ്ങൾക്കിടയിൽ ജനാൽ ആശുപത്രിയിൽ ആഹാരം കൊടുത്തിട്ടുള്ള രോഗികളുടെ എണ്ണവും, ആ വകയ്ക്കു് ചിലവായിട്ടുള്ള തുകയും മുതലായതു കാണിക്കുന്ന സ്റ്റേററുമെന്റ്.

കൊല്ലം	ആഹാരച്ചിലവ്			ഏതുരോഗികൾക്കു ആഹാരം കൊടുത്തു എന്നു്	അരിയുടെ അളവ്		പൊടിയരിയുടെ അളവ്		റിമാർക്സ്
	രൂ.	ച.	കാ.		പറ	നാഴി	പറ	നാഴി	
൧൯൭൦	൯,൪ ൩൭	൦	൭	൭൧,൧൭൪	൧,൧൨൭	൨൨	൨൯൭	൩	ആഹാരച്ചെലവിൽ അരിയും സാമാനങ്ങൾക്കും പുറമെ ഉപ്പ്, ഇറച്ചി, കൊട്ടി, കട്ട, നാരങ്ങ, ബാർച്ചി മുതലായ മററു സാമാനങ്ങളുടെ വിലകൂടി ഉൾപ്പെടുന്നു.
൧൯൭൧	൧൧,൭൯൯	൧	൧	൭൨,൪ ൩൪	൧,൭൭൨	൭½	൭൯൯	൭൪½	
൧൯൭൨	൧൦,൪൭൩	൧൩	൧൪	൭൨,൪ ൩൪	൧,൭൭൭	൭	൨൯൯	൦	
൧൯൭൩	൧൧,൭൭൦	൧൪	൧൩	൭൪:൨൪൦	൧,൪൭൧	൨	൨൯൯	൧൧½	

അനുബന്ധം ക

൪൪ൻ-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

മെഡിക്കൽ സർവ്വീസ് ഭരണസമിതിയുടെ ക്രമം ഫെബ്രുവരി ൧-ാംനു യിലെ ക്രമ-ാം നമ്പർ നിശ്ചയത്തിൽ ചിലഭാഗം.

മാന്നാർ മാവേലിക്കരക്കു സമീപമായുള്ള കൊണ്ടും മാവേലിക്കരയിൽ എല്ലാ ഉപകരണങ്ങളോടും കൂടിയ ഒരു ആശുപത്രി ഉള്ളതിനാലും ഇപ്പോൾ മാന്നാർ ഒരു ഡിസ്പെൻസറിയുടെ ആവശ്യം ഇല്ല.

മെഡിക്കൽ സർവ്വീസ് ഭരണസമിതിയുടെ ക്രമം വ ഡിസംബർ ൩-ാംനു യിലെ

൨-ാംനമ്പർ നിശ്ചയത്തിലെ ഏതാനും ഭാഗം

മാന്നാർ മാവേലിക്കരക്കു സമീപമായുള്ള കാണ്ടും മാവേലിക്കരയിൽ എല്ലാ ഉപകരണങ്ങളോടുംകൂടിയ ഒരു ആശുപത്രി ഉള്ളതിനാലും ഇപ്പോൾ മാന്നാർ ഒരു ഡിസ്പെൻസറിയുടെ ആവശ്യം ഇല്ല. (ശ്രീമൂലം പ്രജാസഭയുടെ ൧൯-ാമതുയോഗത്തിൽ മി. കെ. കെ. നാരായണൻ നായരുടെ ൩-ാംനമ്പർ നിവേദനത്തിന്നു നൽകിയ മറുപടി നോക്കുക. ൧-൯-൧ ൧ ൽമെഡിക്കൽ സർവ്വീസ് ഭരണസമിതിയുടെ ക്രമ-ാം നമ്പർ നിശ്ചയവും നോക്കുക.)

അനുബന്ധം ക.

൪൫-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

മീനച്ചൽ താലൂക്കിലെ റിസർവ് വനങ്ങളുടെ ലിസ്റ്റ്

ക. കുട്ടൻ കുന്നു റിസർവിലെ ഭൂരിഭാഗം

൨. നല്ല പ്ലാറ റിസർവിലെ ഒരു ചെറിയഭാഗം

൩. രാമപുരം റിസർവ്

൪. രാമപുരം വിറക് റിസർവ്.

അനുബന്ധം ക൩ എ.

൪൬ ക-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

ഡയറക്ടറാകട്ടെ ഉദ്യോഗസ്ഥന്മാരുടെ വില്ലേജാസമേലദ്ധ്യക്ഷന്റെ ആഫീസിലെ സ്ഥിര ജീവനക്കാരുടെ ജാതിതിരിച്ചുള്ള പട്ടിക.

	ബ്രാഹ്മണർ	നായന്മാർ	നാണ്യാംവെള്ളാളർ	വെള്ളാളർ	മേനോന്മാർ	ക്രസ്ത്യാനികൾ			ആകെ
						പ്രോട്ടസ്റ്റന്റ്	ലാറ്റിൻ കത്തോലിക്കർ	സിറിയൻ കത്തോലിക്കർ	
ഉദ്യോഗസ്ഥന്മാർ	ക	,,	ക	,,	,,	ക	,,	,,	൩
ക്ലാർക്കന്മാർ	ക൯	൨	,,	,,	,,	,,	൨	ക	൨൪
ശിപായിമാർ	൩	൯	,,	ക	ക	,,	,,	,,	ക൪

അനുബന്ധം ക൩ ബി.

൪൬ ക-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

വില്ലേജാസമേലദ്ധ്യക്ഷനെ ഉദ്യോഗപ്പെടുത്തി, വില്ലേജാസമേലദ്ധ്യക്ഷന്റെ ആഫീസിൽ ആളെ നിയമിച്ചു നോക്കുന്നവരുടെ ജാതി തിരിച്ചുള്ള പട്ടിക.

	ബ്രാഹ്മണർ	നായന്മാർ	വെള്ളാളർ	ആകെ
ഉദ്യോഗസ്ഥന്മാർ	ക	,,	,,	ക
ക്ലാർക്കന്മാർ	൨	ക	ക	൪
ശിപായിമാർ	,,	൨	,,	൨

പൊതുജന നന്മയെ സംബന്ധിക്കുന്നതായ സംഗതികളെക്കുറിച്ചുള്ള പ്രമേയങ്ങൾ.

ഉപാദ്ധ്യക്ഷൻ: അടുത്ത പ്രമേയം മിസ്റ്റർ തയ്യിൽ കുഞ്ഞിത്തൊമ്മൻറെയും അതു താഴെപറയുന്ന പ്രകാരവുമാകുന്നു:—

തേക്കുവൃക്ഷങ്ങൾക്കുള്ള കുടിവില.

"തേക്കു തടികൾക്കു കുടിവില ഇനത്തിൽ ൧൧൦൩ അവസാനം വരെ ഗവണ്മെൻറിൽ നിന്നും കുടികൾക്കു കൊടുത്തുതീർക്കാനുള്ള കുടിവില ൧൧൦൪ ചിങ്ങം ൧-ാം-ക്കു മുൻപു കൊടുത്തു തീർക്കണമെന്നു് ഈ യോഗം ഗവണ്മെൻറിനോടു ശുപാർശചെയ്യുന്നു"

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴ-തൊടുപുഴ): "തേക്കുതടികൾക്കു കുടിവില ഇനത്തിൽ ൧൧൦൩ അവസാനം വരെ ഗവണ്മെൻറിൽ നിന്നും കുടികൾക്കുകൊടുത്തു തീർക്കാനുള്ള കുടിവില ൧൧൦൪ ചിങ്ങം ൧-ാംനു കു കൊടുത്തു തീർക്കണമെന്നു ഈയോഗം ഗവണ്മെൻറിനോടു ശുപാർശചെയ്യുന്നു"

ഇതാണു ഇവിടെ അവതരിപ്പിക്കുന്ന പ്രമേയം. ജനങ്ങൾ കരംകൊടുത്തു അനുഭവിച്ചു വരുന്ന പുരയിടങ്ങളിൽ വളർന്നുവരുന്ന തേക്കുവൃക്ഷങ്ങൾ മററു കൃഷികൾക്കു തടസ്സം ഉണ്ടാകത്തക്ക വിധത്തിലാണു് അവയെ പരിരക്ഷിച്ചുകൊണ്ടുവരുന്നതു്. അതിനെ മുറിക്കുകയോ കൈവിട കൊടുക്കുകയോ ചെയ്യാൻ പാടില്ല. അങ്ങനെ മുറിക്കുന്നുവെങ്കിൽ ഫാറസ്റ്റു ഡിപ്പാർട്ടുമെൻറുകാർ വസ്തു ഉടമസ്ഥൻറെ മേൽ കേസെടുത്തു ശിക്ഷിപ്പിക്കും. ഇങ്ങിനെ വൃക്ഷങ്ങൾ വളർന്നു വന്നാൽ മററുകൃഷികൾക്കു് ഉപദ്രവമാണു്. എങ്കിലും നികുതി കൊടുക്കണം.

ഇപ്രകാരമുള്ള സ്ഥലങ്ങളിൽനിന്നും മുറിച്ചുകൊണ്ടു പോകുന്ന വൃക്ഷങ്ങളുടെ പകുതിവില കുടികൾക്കു കൊടുക്കുന്നു എന്നൊരു ആനുകൂല്യമുണ്ടു്. മററുവിധത്തിൽ ഉപദ്രവം അനുഭവിച്ചുകൊണ്ടിരുന്നാലും ഒടുവിൽ പകുതിവിലകിട്ടുമെന്നു കേട്ടാൽ ഒരു രക്ഷ ഉണ്ടെല്ലാ എന്നു സമാധാനിച്ചാണു കഴിച്ചുകൂട്ടുന്നതു്. വൃക്ഷങ്ങളുടെ വിലയിൽ പകുതിപ്പണം പറയുന്നതു് ഇപ്പോൾ കിട്ടുന്ന ശരിയായ വിലയുടെ എട്ടിലൊന്നുഭാഗം മാത്രമാണു്. അതുതന്നെയും കിട്ടുന്നതിനു പ്രയാസമായിരിക്കുന്നു. ഉടമസ്ഥന്മാർ തന്നെ പകുതിവില കൊടുത്തുകൊള്ളാമെന്നു പറഞ്ഞാലും അവരെ മുറിക്കാൻ സമ്മതിക്കുകയില്ല. തങ്ങൾക്കു സമീപത്തുള്ള ഡിപ്പോകളിൽ വിദേശികൾക്കു വിൽക്കുന്നതുകൊണ്ടു ഉചിതമായ വിലയാണു കിട്ടിവരുന്നതു്. ഈ തടികളെ ഡിപ്പോകളിൽ കൊണ്ടുപോകുന്നതിനുതന്നെ ഗവണ്മെൻറിനു വലിയ ചിലവുണ്ടു്. അതു കഴിച്ചാൽ ക്യൂബിക്കടിക്കു രണ്ടണയോ മൂന്നണയോ മാത്രമാണു കിട്ടുന്നതു്. ഇതിനെ സംബന്ധിച്ചു കൌൺസിലിൽ ചോദ്യം കൊടുത്തിട്ടുള്ള കണക്കുകൾ കൊണ്ടു വ്യക്തമാകുന്നുണ്ടു്. വസ്തു ഉടമസ്ഥന്മാർതന്നെ കൊടുക്കുകയാണെങ്കിൽ പകുതിവിലയും കിട്ടും. അതുകൊണ്ടു സ്വന്തമായി ഉപയോഗിക്കയും മററുള്ളവർക്കു വിൽക്കുകയും ചെയ്യാം. ഡിപ്പോകളിൽ കൊടുത്തുകൊണ്ടുപോകുന്നതിനുള്ള ചിലവു കഴിച്ചു ഉചിതമായ വിലയെ കിട്ടുകയുള്ളു. ഇവിടെ വിററാൽ കിട്ടുന്നതിൻെറ എട്ടിലൊന്നുഭാഗമേ ഡിപ്പോകളിലെ വിററാൽ കിട്ടുകയുള്ളു. വൃക്ഷങ്ങളെ മുറിച്ചുകൊണ്ടു പോയി പത്തും പതിനഞ്ചും വർഷങ്ങൾ കഴിഞ്ഞിട്ടായാലും ആ ഉചിതമായ കുടിവില പോലും കൊടുക്കുന്നില്ല. ഇങ്ങനെ കൊടുക്കാതെ സാധുക്കളായ കൃഷിക്കാരുടെ ആദേയക്ഷേമം ഗവണ്മെൻറു അധീനമാക്കി വച്ചുകൊണ്ടിരിക്കുന്നു. കുടികളിൽ ഒരാൾ മറെറാരാളിൻെറ പണം അപഹരിച്ചു വച്ചുകൊണ്ടിരുന്നാൽ നീതി നടത്തികൊടുക്കേണ്ട ഗവണ്മെൻറു സാധുകൃഷിക്കാരുടെ ഒരു വസ്തുവിനു ഇക്കഥസ്ഥമാക്കി വച്ചുകൊണ്ടിരിക്കുന്നു എന്നാണു് വന്നിരിക്കുന്നതു്. മററുള്ളവരുടെ പണം അപഹരിച്ചു വയ്ക്കണമെന്നുള്ളതുകൊണ്ടു ഗവണ്മെൻറിനു തീരെയില്ല എന്നറിയാം. എങ്കിലും അനുഭവത്തിൽ അങ്ങിനെയാണു കാണുന്നതു്. ആവക പണം കൊടുത്തു തീർക്കണമെന്നാണു് ഈ പ്രമേയം കൊണ്ടു് ഉദ്ദേശിക്കുന്നതു്. തേക്കുതടിയുടെ കാര്യം ഈ കൌൺസിലിൽ വന്നിട്ടു വളരെ കാലമായി. ഏഴെട്ടുകൊല്ലത്തിനു മുൻപു് ഇതിനെ സംബന്ധിച്ചു ഒരു പ്രമേയം കൊണ്ടുവരികയും അതിലേക്കു് ഒരു കമ്മിററിയെ ഏർപ്പെടുത്തുകയും ആ കമ്മിററി ഒരു റിപ്പോർട്ടു സമർപ്പിക്കയും ചെയ്തിട്ടുണ്ടു് എന്നാൽ ആ റിപ്പോർട്ടു ഗവണ്മെൻറു ഇനിയും വെളിയിൽ വിടുകയോ ഉണ്ടായിട്ടില്ല. അതു ചോദിച്ചിട്ടും ഈ കൌൺസിലിൽ ഒന്നും വെളിപ്പെടുത്തിട്ടില്ല. കൊച്ചു കൌൺസിലിൽ തേക്കു തടികളെ സംബന്ധിച്ചു ഒരു പ്രമേയം കൊണ്ടുവരികയും ഗവണ്മെൻറു തേക്കുതടികളിന്മേലുള്ള അവകാശം ജനങ്ങൾക്കുതന്നെ വിട്ടു കൊടുക്കയും ചെയ്തു. ബ്രിട്ടീഷിലും അങ്ങനെതന്നെയാണു്.

ഇപ്പോൾ ഈ രാജ്യത്തു എന്തുനടക്കുന്നു? ചെറിയതരം തേക്കുതടികളെക്കൂടി വെട്ടി കൊണ്ടിരിക്കയാണു്. അതിൽ പടർത്തിയിട്ടുള്ള മുളകുവള്ളികളെ മുറിച്ചു കളഞ്ഞു നാമാവശേഷമാക്കുകയാണു ഫാറസ്റ്റു ഡിപ്പാർട്ടുമെൻറുകാർ ചെയ്യുന്നതു്. ഉൾനാട്ടിൽ സാധുക്കളുടെ ഉപജീവനമാർഗ്ഗം പ്രധാനമായിട്ടുള്ളതു മുളകുകൃഷിയിൽനിന്നും കിട്ടുന്ന ആദായമാണു്. ഉൾനാട്ടിലെ ജനങ്ങളുടെ ദയനീയസ്ഥിതി ഈ സഭ ആലോചിച്ചു നോക്കണം. തേക്കുവൃക്ഷങ്ങളിൽ പടർന്നു കിടക്കുന്ന മുളകുവള്ളികളെ നിർദ്ദയം വെട്ടിമുറിച്ചു തീവെട്ടി അതിനു സമീപമുള്ള വാഴമുതലായ വിളവുകളെയും നശിപ്പിച്ചു ആനയെക്കൊണ്ടു പിടിപ്പിച്ചു സാധുകൃഷിക്കാരുടെ കല്ലുകയ്യാലകൾ എല്ലാം തകർത്താണു കൊണ്ടുപോകുന്നതു്.

മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): കുടികൾക്കു ഈ ഇനത്തിൽ ചെല്ലാനുള്ള പണത്തിനു പലിശകിട്ടുമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴ-തൊടുപുഴ): പലിശയുമില്ല, മുതലുമില്ല. കുറെ കഴിയുമ്പോൾ കാലഹരണദോഷംകൂടി ഉണ്ടെന്നുപറയും.

തേക്കുതടി മുളകുകൃഷിപടർത്താൻ പററിയ വൃക്ഷമാണു്. റാന്നി, കോന്നി, മണിമല മുതലായ പ്രദേശങ്ങളിൽ തേക്കുതടികളിൽ ധാരാളം മുളകുകൃഷി പടർത്തുന്നുണ്ടു്. നാലുദിവസം വേലചെയ്യാൻ സാധിക്കാത്ത ഒരു പാവപ്പെട്ടവൻ അക്കാലത്തു ഈ മുളകുകൃഷികൊണ്ടു ഉപജീവനം കഴിച്ചുകൂട്ടാമെന്നു വിചാരിക്കുന്നു. അങ്ങിനെയുള്ള മുളകുകൃഷികളെയാണു വെട്ടിമുറിക്കുന്നതു്. തേക്കുതടിയിൽ ഗവണ്മെൻറു കിട്ടുന്ന ലാഭത്തിൽ പകുതിക്കൂടി കൂടുതൽ തരാം, ആ തടി വസ്തു ഉടമസ്ഥനു വിട്ടേക്കണം, മുളകുകൃഷിയെ നശിപ്പിക്കരുതു്, എന്നുപറഞ്ഞാലും ഡിപ്പാർട്ടുമെൻറുകാർ കേൾക്കയില്ല.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ധനകാര്യദർശി): ഈ തേക്കുതടി വെട്ടണമെന്നു നിർബന്ധമുണ്ടോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): നിർബന്ധമുണ്ട്. തേക്കുതടി വെട്ടിക്കൊണ്ടുപോകുന്നു്, അതിലുള്ള മുളകൾകൊടി പറിച്ചുകളയുന്നു്, എന്നു അനേകം സാധുകൃഷിക്കാർ പറഞ്ഞിട്ടുപോലും കേൾക്കാതെ നിർദ്ദയം തടിവെട്ടിക്കൊണ്ടുപോകുന്നുണ്ട്. ഇതെല്ലാം കഴിഞ്ഞു തടി മുറിച്ചുകൊണ്ടുപോയാൽ ഒരു ഉച്ചതരമായ വില കൊടുക്കാമെന്നുപറയുന്നതുപോലും കൊടുക്കുന്നില്ല. ഇതിൽപരം വലിയ കഷ്ടമെന്താണുള്ളതു്.

ഈ ഇക കൊടുത്തുതീർത്താൽ കൃഷിക്കാർക്കു മോടുപാങ്ങിക്കു മുതലായ കൃഷിആവശ്യങ്ങളെങ്കിലും നിറവേററാമായിരുന്നു. നാട്ടിൻപുറത്തെ കൃഷിക്കാരുടെസ്ഥിതി സാധാരണ നാൾക്കുനാൾ ക്ഷയിച്ചു ദാരിദ്ര്യത്തിൽ ആണ്ടുകൊണ്ടിരിക്കുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): തടിയുടെ പകുതിവില വസ്തു ഉടമസ്ഥൻ കൊടുക്കാമെങ്കിലോ? അതു തടി ഉടമസ്ഥനുതന്നെ കൊടുക്കുമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഇല്ല. സമുദ്രതീരത്തുള്ള ഡിപ്പോവിൽ വിൽക്കുന്നതിനു കൊടുക്കയല്ലാതെ വസ്തുഉടമസ്ഥനു കൊടുക്കയില്ല. എന്നാൽ ഉൾനാടുകളിൽ വല്ലസ്ഥലത്തും വച്ചു വിൽക്കുമെന്നു അറിവില്ല. ഞാൻമുൻപുപറഞ്ഞതുപോലെ സമുദ്രതീരത്തുള്ള ഡിപ്പോവിൽ കൊണ്ടുചെന്നു വിററാൽ ശരാശരി ക്യൂബിക്കടിയൊന്നിനു ഗവണ്മെന്റിനു കിട്ടുന്ന ആദായം രണ്ടണയോ മൂന്നണയോ ആണ്.

മുളകൾകൊടി മുറിച്ചുകളയരുതെന്നു പറഞ്ഞാൽ അവർ വകവയ്ക്കയില്ല.

ഉപാദ്ധ്യക്ഷൻ: ഈ വിവരം കാണിച്ചു കൺസർവേററരെ രേഖാമൂലമായിഅറിയിച്ചിട്ടുണ്ടോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഈ വിവരം കൺസർവേററർക്കറിയാം. അദ്ദേഹം അതു നിഷേധിക്കുമെന്നു തോന്നുന്നില്ല.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): സർ, ഞാൻ അതിനെ ശക്തിമത്തായി നിഷേധിക്കുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): മുളകൾകൊടി മുറിപ്പിച്ചുകളയുന്നു എന്നറിയാമല്ലോ. എത്രപേർ ഈ വിവരം കൺസർവേററരെ അറിയിച്ചിട്ടുണ്ടെന്നു എനിക്കൊരു കണക്കെടുക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ എനിക്കതു ധാരാളമായി അറിയാം. മുളകൾകൊടിയുള്ള വൃക്ഷം മുറിക്കുന്നില്ലെന്നു അദ്ദേഹത്തിനു പറയുവാൻ കഴിയുകയില്ല.

ഉപാദ്ധ്യക്ഷൻ: ആരെങ്കിലും ഈ വിവരം കൺസർവേററരെ രേഖാമൂലമായി അറിയിച്ചിട്ടുണ്ടോ എന്നു് ചോദിക്കുന്നു്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): എനിക്ക് ഈ സംഗതി അനുഭവമുണ്ട്. അനേകം ആളുകൾ കൺസർവേററക്കു എഴുതിഅയച്ചിട്ടുള്ളതായും പറഞ്ഞിട്ടുണ്ട്. എനിക്ക് അവരുടെ വാക്കിനെ അവിശ്വസിക്കാൻ നിവൃത്തിയില്ലാതായിരിക്കുന്നു. എന്നെ തിരഞ്ഞെടുത്തയച്ചിരിക്കുന്ന ജനതതിയെ അവിശ്വസിക്കാൻ എനിക്കു നിവൃത്തിയില്ല.

ഉപാദ്ധ്യക്ഷൻ: ഈ പ്രമേയത്തിനും ഇതിനും തമ്മിൽ വലിയ ബന്ധമൊന്നുമില്ലാ. സങ്കടങ്ങളുടെ കൂട്ടത്തിൽ കൊണ്ടു ഇതൊക്കെ പറയുന്നു എന്നെ വിചാരിക്കുന്നുള്ളു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): എനിക്കു ഈ സംഗതി നല്ലവണ്ണം അറിയാം. ഉപദ്രവം അനുഭവിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾക്കു കിട്ടേണ്ടതായ ആ ഉച്ചതരമായ സംഖ്യമാത്രം കൊടുത്തു തീർക്കുന്നില്ല. അതുനിമിത്തം ജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകളെ വിവരിക്കയായിരുന്നു ഞാൻ ചെയ്തതു്. കുടിവില വേഗം കൊടുത്തുതീർക്കണമെന്നു മററു ചില സ്നേഹിതന്മാരും ഇതിനുമുൻപു പ്രമേയം അയച്ചിരുന്നു. അതൊന്നും ബാലട്ടിൽ കിട്ടിയില്ല. ഈ പ്രമേയംതന്നെ കഴിഞ്ഞ ഇരുമാസത്തിൽ അയച്ചിട്ടുള്ളതാണ്. ഇപ്പോഴെങ്കിലെങ്കിലും ബാലട്ടിൽ കിട്ടിട്ടുള്ളു.

മി: എസ്. പിറവിപെരുമാൾപിള്ള (കൃഷിയും വ്യവസായവും തെക്കൻ): കുടിവില ഇനത്തിൽ കുടുംബമേശം എത്രരൂപാ കൊടുക്കേണ്ടതായിട്ടുണ്ടെന്നു മെംബർ പറയുമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): സാധുജനങ്ങളുടെ കഷ്ടതയേയും ബുദ്ധിമുട്ടിനേയും കഴിവുന്നതുംവേഗത്തിൽ പരിഹരിക്കുന്നതിനുള്ള ഈ പ്രമേയത്തെ ഈ കൌൺസിലിലെ എല്ലാമെംബറന്മാരും ഏകയപൂർവ്വം പിൻതാങ്ങുമെന്നുള്ള വിശ്വാസത്തോടുകൂടി കൌൺസിലിന്റെ മുൻപാകെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): സർ, മി: കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെഞാൻവൈകാതെയിപ്പിൻതാങ്ങുന്നു. എനിക്ക് ഇതിനുസംബന്ധിച്ചു അധികമൊന്നും പ്രസ്താവിക്കാനില്ല. ഗവണ്മെന്റിൽനിന്നും കുടികൾക്കു കൊടുക്കാനുള്ള സംഖ്യക്ക് യാതൊരുവക പലിശയും ഗവണ്മെന്റിൽനിന്നും കൊടുക്കുന്നില്ല. എന്നാൽഗവണ്മെന്റിനു കിട്ടാനുള്ളതാണെങ്കിൽ ഒരു കൊച്ചുകാര്യമായാലും കുറയ്ക്കാതെ ഈടാക്കിക്കൊള്ളുകയും ചെയ്യും.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): കുടികൾക്കു കിട്ടാനുള്ള പണത്തിന്റെ തുക എത്രയാണെന്നു മെംബർക്ക് അറിയാമോ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): കുടികൾക്കു ഏതെങ്കിലും ഇക ഗവണ്മെന്റിൽനിന്നും കൊടുക്കാനുണ്ടോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): അതു് ഈ ചോദ്യത്തിനു് ഉത്തരമായില്ല. എന്തുകൊടുക്കാനുണ്ടെന്നു മെംബർക്കറിയാമോ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): കുടികൾക്കു പണം കൊടുക്കാനുണ്ടെന്നു എനിക്കറിയാം.

അതിനാൽ ഇനി എങ്കിലും ഗവണ്മെൻറിൽ നിന്നും കൊടുക്കാനുള്ളതു് ഉടനെ കുടികിടക്കാരെ കൊടുത്തുതീർക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ജനങ്ങൾക്കു കൊടുക്കാനുള്ള പണം വേഗം കൊടുത്തു തീർക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാനും യോജിക്കുന്നു.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): മെമ്പർക്കു കേക്കേടിയുടെ കുടിവില ഇനത്തിൽ എന്തെങ്കിലും കിട്ടാനുണ്ടോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കിട്ടാനുണ്ടു്.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): എത്ര കാലമായി കിട്ടാനുള്ളതാണു്.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പത്തു പന്ത്രണ്ടു കൊല്ലമായിട്ടു കിട്ടാനുണ്ടു്. പുരയിടമുടമസ്ഥന്മാരുടെ അവകാശത്തെ നിർണ്ണയിക്കുന്നതിനു റവന്യൂ ഉദ്യോഗസ്ഥന്മാർ ഒരു സർട്ടിഫിക്കററു കൊടുക്കേണ്ടതു വളരെ അത്യാവശ്യമാണു്. സർട്ടിഫിക്കററു കിട്ടുന്നതിനു തഹസീൽദാരുടെയും പാർവ്വത്യക്കാരുടെയും അടുക്കൽ ചെല്ലണം. ഇപ്രകാരം ഒരു സർട്ടിഫിക്കററു ഡിവിഷൻ ഫാറസ്റ്റ് ആഫീസരുടെ അടുത്തു ഹാജരാക്കാതെ പണം കിട്ടാൻ സാധിക്കയില്ല. പണം കൊടുക്കുന്നതിൽ ഡിവിഷൻ ഫാറസ്റ്റ് ആഫീസരും കൺസർവേററരും ചുമതലക്കാരാകയാൽ അവർ വേണ്ടവിധത്തിൽ സൂക്ഷിച്ചിട്ടേ പണം കൊടുക്കാറുള്ളു. ചിലപ്പോൾ ഇവർ പാർവ്വത്യക്കാരുടെ സർട്ടിഫിക്കററിനെ നിഷേധിക്കാറുണ്ടു്.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാടു): മെമ്പർ പാർവ്വത്യക്കാരുടെ സർട്ടിഫിക്കററു ഹാജരാക്കി അതു ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ നിഷേധിച്ചിട്ടുണ്ടോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഞാൻ സർട്ടിഫിക്കററു ഹാജരാക്കിട്ടുണ്ടു്. നക്കേയിച്ചിട്ടുണ്ടു്.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാടു): അതനുസരിച്ചു പണം കിട്ടീട്ടുണ്ടോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പണം കിട്ടിട്ടില്ല.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): മെമ്പർ പ്രാതിനിധ്യം വഹിക്കുന്ന താലൂക്കിൽ കുടിവില ഇനത്തിൽ എത്ര ആയിരം രൂപാ കൊടുക്കേണ്ടിവരും.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അൻപതിനായിരമോ അറുപതിനായിരമോ കാണും. ശരിയായ തുക എനിക്കു നിശ്ചയമില്ല. വസ്തുക്കളുടെ അവകാശത്തെ തീർച്ചപ്പെടുത്തുന്നതിനു എന്തെങ്കിലും പുതിയ ഏർപ്പാടു ഉണ്ടാക്കുന്നതിനു ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ വിഷമിക്കുന്നതായി ഉള്ളു.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): വസ്തുക്കളുടെ അവകാശം നിർണ്ണയിച്ചു പിന്നീടു കുടി മുറിച്ചാൽ പോരേ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അങ്ങിനെ ഏതെങ്കിലും ഒരു ചട്ടം ഉണ്ടായിരുന്നു എങ്കിൽ അതു മതിയായിരുന്നു. അതിലേയ്ക്കു ഏതെങ്കിലുമ മാർഗ്ഗം ഉണ്ടാക്കണമെന്നാണു് ഞാൻ ഇവിടെ പ്രസ്താവിക്കുന്നതു്.

മി: എ. വി. കുട്ടിമാക്കാൻ (തീനച്ചിൽ-മേവികുളം): മെമ്പർ പ്രമേയത്തെ അനുകൂലിക്കുന്നുവോ പ്രതിക്ഷേപിക്കുന്നുവോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പണം വേഗം കൊടുത്തുതീർക്കണമെന്നുള്ള അഭിപ്രായത്തെ ഞാൻ അനുകൂലിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. വനംവകുപ്പു ഡിപ്പാർട്ടുമെൻറുകാർ കുടികളുടെ പുരയിടങ്ങളിൽനിന്നും തേക്കുതടിയും മുറിക്കുമ്പോൾ ആളുമായി അവർ റവന്യൂ ഡിപ്പാർട്ടുമെൻറുകാരോടുകൂടി ഒരു മഹസർ തയ്യാറാക്കുകയും അപ്രകാരം തയ്യാറാക്കുന്ന മഹസർ കുടിവില കൊടുക്കുന്നതിനു ഉപകരിക്കുന്നതാണെന്നു അവർ ഇപ്പിപ്പെടുകയും ചെയ്യുമെങ്കിൽ വളരെ എളുപ്പമുണ്ടായിരുന്നു. പണം കൊടുക്കുന്നതിനു കാലതാമസം വരുത്തുന്നതിലേക്കാണു് തഹസീൽദാരുടെ സർട്ടിഫിക്കററു വേണമെന്നു പറയുന്നതു്. കഴിയുന്നിടത്തോളം കാലതാമസം വരുത്തണമെന്നാണു് ഗവണ്മെൻറുദ്ദേശിക്കുന്നതെന്നാണു് എനിക്കു തോന്നുന്നതു്. ബഡ്ജററിൽ ഏതാനും തുക കുടിവിലക്കായി നീക്കിവെച്ചിട്ടുണ്ടു്. അതിൽ കൂടുതലായ ഒരു തുക കൺസർവേററർക്കോ വനംവകുപ്പു ഡിപ്പാർട്ടുമെൻറുകാർക്കോ കൊടുക്കുന്നതിനു സാധിക്കയില്ല.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും മന്ത്രി): ഈ സഭയ്ക്കു ഒരു വലുതായ തുക അനുവദിക്കരുതോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ആവശ്യപ്പെടാതെ കൂടുതൽ പണം അനുവദിക്കുന്നതിനു മെംബറന്മാർക്കു നിവൃത്തിയില്ലാ. അതുകൊണ്ടു ആളുമായിട്ടു അതിൻെറ വീഴ്ച ഗവണ്മെൻറിൻേറതാണെന്നും വനം വകുപ്പിനെ വീഴ്ചക്കാരാക്കേണ്ട ആവശ്യമില്ലെന്നുമാണു് ഞാൻ പറയുന്നതു്. ഏതാനും കൊല്ലങ്ങൾക്കു മുൻപു, ഫാറസ്റ്റ് ആണെന്നു തോന്നുന്ന, എൻെറ പുരയിടത്തിൽനിന്നും ഏതാനും തേക്കുമരങ്ങൾ വെട്ടി മാററുകയുണ്ടായി. അവയെ വെട്ടിയിട്ടപ്പോൾ പകുതി വില പററിക്കൊണ്ടു അവയെ എനിക്കു തരണമെന്നു ഞാൻ ഡിവിഷനൽ ഫാറസ്റ്റ് ആഫീസരോടു ആവശ്യപ്പെടുകയും അതനുസരിച്ചു് അദ്ദേഹം തരികയും ചെയ്തു. കുറേ നാൾ കഴിഞ്ഞു് അദ്ദേഹത്തിനെ അവിടെ നിന്നും സ്ഥലം മാററുകയും വേറെ ഒരാൾ അവിടെ സ്ഥലം മാറി വരികയും ചെയ്തു. കൂത്തകക്കാർ തടി വെട്ടി എടുക്കുന്നപക്ഷം ആ തടികൾ കുടിയാന്മാർക്കു കൊടുത്തുകൂടാ എന്നു അദ്ദേഹം പറഞ്ഞു. ആളുടെ ഡിവിഷൻ ആഫീസർ പറഞ്ഞതനുസരിച്ചു പണം ഞാൻ താലൂക്കിൽ ഒടുക്കുകയും അതവിടെത്തന്നെ മൂന്നു കൊല്ലം ഇരിക്കയും ചെയ്തു. അത്രയുംകാലം കഴിഞ്ഞതിൽ പിന്നീടു ആ തുകകൾക്കു തടി ഡിപ്പോവിൽ നിന്നും എടുക്കുന്നതിനനുവദിച്ചു. എൻെറ പുരയിടത്തിൽനിന്നും മുവട്ടിക്കൊടുത്ത തടിയ്ക്കു എനിക്കു വരുവാനുള്ള പണം എനിക്കു തന്നുമില്ല. എൻെറ കാര്യത്തിൽ പ്രവൃത്തിക്കാർ റിപ്പോർട്ടു അയച്ചിട്ടു തഹസീൽദാർ എനിക്കു സർട്ടിഫിക്കററു ഇതേവരെ തന്നുമില്ല. കുടികൾ കഷ്ടപ്പെടുന്നതു് ഗവണ്മെ

ൻറിൻെറ വീഴ്ചകൊണ്ടാണെന്നും ഡിപ്പാർട്ടുമെൻറിൻെറ കുററംകൊണ്ടല്ലെന്നുമാണ് ഞാൻ പറയുന്നതു്. അതു കൊണ്ടു അടുത്ത ആണ്ടവസാനത്തിനുമുൻപായി കുടിവില കൊടുത്തുതീർക്കുകയുമാണെന്നു ഒരു ഭേദഗതി കൊണ്ടുവരാനുമെങ്കിൽ അതിനെ സ്വീകരിക്കണമെന്നു ഞാൻ മിസ്റ്റർ കുഞ്ഞിത്തൊമ്മനോടു പറയാം. ഇതേവരെ ഗവണ്മെൻറിൽനിന്നു യാതൊരു ഭേദഗതിയും കൊണ്ടുവരാത്തതുകൊണ്ടു പ്രമേയത്തിൽ ഭേദഗതി ചെയ്യണമെന്നു അപേക്ഷിക്കുന്നതിനു എനിക്കവകാശമില്ല. ഇത്രയുംപറഞ്ഞുകൊണ്ടു ഞാൻ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മിസ്റ്റർ എ. സി. കുര്യാക്കോസ് (മീനച്ചിൽ—ദേവികുളം): സർ, മി: കുഞ്ഞിത്തൊമ്മൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു എനിക്കും രണ്ടുവാക്കു പറയേണ്ടതായിരിക്കുന്നു. കുടിവിലകൾ ഗവണ്മെൻറിൽനിന്നും കൊടുക്കാമെന്നു തീർച്ചപ്പെടുത്തിയപ്പോൾ അതിൻെറ ശരിയായ ഗുണം പ്രജകൾ അനുഭവിക്കണമെന്നുള്ള വിചാരമായിരുന്നു ഗവണ്മെൻറിനുണ്ടായിരുന്നതെന്നുള്ളതു് തീർച്ചയാണ്. ഏറെ കൊല്ലത്തിലധികം പഴക്കമുള്ള കുടിവില കൊടുക്കാതെ താമസിപ്പിച്ചുകൊണ്ടിരിക്കത്തക്കവണ്ണം ഡിപ്പാർട്ടുമെൻറിനു ഈ വക കാര്യങ്ങളെ നിർണ്ണയിക്കുന്നതിനു സാധിക്കാത്തതായ ചില കുഴപ്പങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു എന്നാണ് ഇപ്പോഴത്തെ സാഹചര്യംകൊണ്ടു മനസ്സിലാക്കുന്നതു്. മററു ഡിപ്പാർട്ടുമെൻറുമായുള്ള ബന്ധം നിമിത്തം—ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും കിട്ടുന്ന പ്രമാണങ്ങളെ വിശ്വസിക്കാൻ വിശ്വാസയോഗ്യതക്കുറവു നിമിത്തം—അല്ലെങ്കിൽ വിശ്വസിക്കുന്നതിനുള്ള ശക്തിയില്ലായ്മനിമിത്തം ഡിപ്പാർട്ടുമെൻറു മേധാവികൾ ഈ വക കാര്യങ്ങളിൽ ശ്രദ്ധ വേണ്ടപോലെ പതിപ്പിക്കുന്നില്ലെന്നാണ് അതിൻെറ ഫലം പ്രത്യക്ഷമാക്കുന്നതു്. കാര്യം എങ്ങിനെ ആയാലും ജനങ്ങൾ സങ്കടം അനുഭവിക്കുന്നു എന്നുള്ളതു് പ്രത്യക്ഷം തന്നെ. ഗവണ്മെൻറു ജനങ്ങൾക്കു ന്യായമായി ഉണ്ടെന്നു സ്ഥാപിച്ചുകൊടുത്തതായ അവകാശം ഒരു ഡിപ്പാർട്ടുമെൻറിൻെറ അധീനതയിൽ ഇരിക്കുന്നതുകൊണ്ടു് ഏതുവിധത്തിൽ ജനങ്ങൾക്കു നൽകാൻ കഴിയാതിരിക്കുന്നു എന്നു കാണുന്നതു പരിഹരിക്കേണ്ടതാണ്. ഗവണ്മെൻറിലേക്കു കരം കൊടുത്തു അനുഭവിച്ചുവരുന്നതായ ഭൂമിയിൽ ഉടമസ്ഥന്മാർ സംരക്ഷിച്ചു പരുന്നതായ വൃക്ഷങ്ങളുടെ ചുമതലയില്ലാത്ത ചില ഉദ്യോഗസ്ഥന്മാർ ചെന്നു നമ്പരടിച്ചുകളഞ്ഞു എന്നകാരണത്തിന്മേൽ, ആ വൃക്ഷങ്ങളിൽ അനുഭവിക്കത്തക്കവണ്ണമുള്ള മുളകവള്ളികളെ മുറിച്ചുകളഞ്ഞു. ആ നടികളെ വെട്ടിക്കൊണ്ടുപോയി, ഒരു പന്ത്രണ്ടുകഴിഞ്ഞിട്ടും ന്യായമായി ചെല്ലാനുള്ള കുടിവില കൊടുക്കാതെ ഡിപ്പാർട്ടുമെൻറു മേധാവികൾ ഗവണ്മെൻറു മുതലിനെ സംരക്ഷിക്കുന്നു എന്നു പറയുന്നതിൽ ഒരർത്ഥവുമില്ല. ഇപ്രകാരം ഡിപ്പാർട്ടുമെൻറു മേധാവികൾ സാധുക്കളെ ക്ലേശിക്കുന്ന സ്വഭാവം പരിഹരിക്കപ്പെടണം. അതു മററു ഡിപ്പാർട്ടുമെൻറുമായിട്ടുള്ള ബന്ധംകൊണ്ടായാലും മററുഡിപ്പാർട്ടുമെൻറുകളുടെ സഹായക്കുറവുകൊണ്ടായാലും ഈ സംഗതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ ഗാഢമായി പതിയുകയും അതിനെ പരിഹരിക്കയും ചെയ്യേണ്ടതാണു്. ഈ സംഗതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാൻ ഈ റസല്യൂഷൻ വളരെ സഹായിക്കുന്നുണ്ടു്. അതിനാൽ മി. കുഞ്ഞിത്തൊമ്മൻെറ പ്രമേയത്തെ ഹൃദയപൂർവ്വം അനുകൂലിക്കുന്നു.

മിസ്റ്റർ ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): സർ, മിസ്റ്റർ കുഞ്ഞിത്തൊമ്മനാൽ അവതരിപ്പിക്കപ്പെട്ടതും മെസഴ്സ് ഇട്ടീച്ചൻ, കൊച്ചുതൊമ്മൻ, കുര്യാക്കോസ് ഇവരാൽ അനുകൂലിക്കപ്പെട്ടതുമായ പ്രമേയത്തിൽനിന്നും കുടിവിലകൾ അവസാനം പൊതുജനങ്ങൾക്കു ചെലുത്താനുള്ള കുടിവില പ്രത്യേകം വേഗത്തിൽ കൊടുത്തുതീർക്കേണ്ടതാണെന്നു തെളിവാകുന്നുണ്ടു്. ഇപ്പോൾ അണ്ടവസാനത്തിനു മൂന്നുമാസം മാത്രമേയുള്ളു. പ്രമേയം ഇപ്രകാരം സ്വീകരിച്ചാൽ തന്നെയും അതു ഗവണ്മെൻറിനും കൺസർവേററർക്കും കിട്ടുമ്പോൾ മൂന്നുമാസത്തിലധികമാകുന്നതാണ്. അതുകൊണ്ടു പ്രമേയത്തിൻെറ വ്യാപ്തിക്കനുസരണമായി പ്രവർത്തി നടത്തുന്നതു പ്രയാസം തന്നെ.

മിസ്റ്റർ ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഗവണ്മെൻറിനു പണംകൊടുത്തു തീർക്കുന്നതിൽ നേരിട്ടിരിക്കുന്ന വിഷമം പണം ഇല്ലാത്തതുകൊണ്ടാണോ അതോ മറെറവല്ല കാരണത്താലോ?

മിസ്റ്റർ ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): പണക്കുറവുകൊണ്ടല്ല. രാജ്യം ഒട്ടുക്കുള്ള ജനങ്ങളോടു ഉത്തരവാദിത്വമുള്ള ഈ സഭയെ പ്രമേയം ഇപ്രകാരം പാസാക്കുന്നപക്ഷം ബോധിക്കുന്ന ഒന്നാണ്, പ്രമേയം രാജകീയവൃക്ഷങ്ങളെ സംബന്ധിച്ചതാണെങ്കിൽ മി. കുഞ്ഞിത്തൊമ്മൻ അഭിപ്രായപ്പെട്ടതു പോലെ വളരെ പ്രാധാന്യമുള്ളതല്ല. മി. കുഞ്ഞിത്തൊമ്മൻെറ അഭിപ്രായത്തോടുകൂടി ഞാൻ പൂർണ്ണമായി യോജിക്കുന്നു. എന്നാൽ പ്രമേയം വളരെ നിസ്സാരമായിട്ടുള്ളതാണ്.

മിസ്റ്റർ മാത്തു മുരിക്കൻ (ദേവികുളം): 'നിസ്സാരം' എന്ന വാക്കിനു മെമ്പർ എന്തർത്ഥമാണ് കല്പിക്കുന്നതു്?

മിസ്റ്റർ ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): ആ ജോലി ഒരുവൻ ചെയ്തുതീർക്കുന്നതിനു മൂന്നുമാസം മാത്രമുള്ളതുകൊണ്ടു് അസാദ്ധ്യമാണെന്നാണ് ഞാൻ പറയുന്നതു്. അതിൽ ചില വിഷമതകൾ ഉണ്ടെന്നു എൻെറ സ്നേഹിതൻ മിസ്റ്റർ കൊച്ചുമതൊമ്മൻ പറയുന്നു.

മിസ്റ്റർ തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ആറുമാസത്തിനു മുമ്പായി അയച്ചിട്ടുള്ള ഒരു പ്രമേയമാണ് ഇതെന്നറിയാമോ?

മിസ്റ്റർ ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): ഈ കാര്യത്തിൻെറ ഗുണദോഷങ്ങളെ ഗവണ്മെൻറിനെയും കൺസർവേററരുടെയും ഒന്നിയിൽ കൊണ്ടുവരുന്നതിനു മാത്രം ഈ പ്രമേയത്തെ നമുക്കു അവതരിപ്പിക്കാം.

ഉപാദ്ധ്യക്ഷൻ: ഭേദഗതി ഹാജരാക്കുകയാണോ അതോ അഭിപ്രായം പുറപ്പെടുവിക്കുകയാണോ?

മിസ്റ്റർ ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): ഞാൻ പ്രമേയത്തെ അതേമാതിരിതന്നെ പിൻതാങ്ങിക്കൊള്ളുന്നു.

മിസ്റ്റർ എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ചെല്ലാനുള്ളതായ കുടിവില കൊടുത്തുതീർക്കുന്നതിനു എത്രകാലം വേണ്ടിവരുമെന്നു മെമ്പർ എങ്ങനെ അറിയിക്കാമോ?

മിസ്റ്റർ ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): അല്ല ഓരോ കേസിലേയും വാദത്തിന്റെ ഉപോല്പന്നമായിരിക്കുന്നതാണ്. എന്റെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞിത്തൊമ്മനും അദ്ദേഹത്തെ അനുകൂലിച്ചു വന്ന കാര്യം വ്യക്തമാക്കിയിട്ടില്ല. അപേക്ഷിതാക്കളുടേയോ പ്രവൃത്തിയാളുടേയോ പക്ഷൽ നിന്നും സർട്ടിഫിക്കറ്റുകൾ ചില മെമ്പറന്മാർക്ക് കിട്ടിയിട്ടില്ലെന്നും അതു വാങ്ങുന്നതിനു പ്രയാസമുണ്ടെന്നും ആണ് ഇവിടെ പറയപ്പെട്ടിരിക്കുന്നത്. അങ്ങിനെയിരിക്കെ ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റുകാരെ കുററപ്പെടുത്തേണ്ട ആവശ്യമില്ല. റവന്യൂ ഡിപ്പാർട്ടുമെന്റുകാരെയാണ് കുററപ്പെടുത്തേണ്ടത്. അതുകൊണ്ടു ഇവിടെ പറഞ്ഞതെല്ലാം പരസ്യവിരുദ്ധമായിട്ടാണ് ഇരിക്കുന്നത്. ഞാൻ ഒരു അനുദ്യോഗസ്ഥസാമാജികനെ അനുകൂലിച്ചു എങ്കിലും ആ പ്രമേയത്തെ പിൻവലിക്കണമെന്ന് ഞാൻ അദ്ദേഹത്തോട് അപേക്ഷിച്ചുകൊള്ളുന്നു.

ഉപാദ്ധ്യക്ഷൻ: നിങ്ങളുടെ അപേക്ഷ എന്താണ്?

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): പ്രമേയത്തെ പിൻവലിക്കണമെന്ന്.

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): സർ, ഇതൊരു പുതിയ കാര്യമല്ല, ബഹുമാന്യ നിയമസഭാംഗത്തിനെക്കണ്ടോളെല്ലാം ഈ സംഗതി വാദപ്രതിവാദത്തിനു വരാറുണ്ട്. കുടിവിലകൊടുത്തുതീർക്കുന്നതിനുള്ള കാലതാമസത്തെപ്പററി സഭയെ ഇതിനുമുൻപ് ധരിപ്പിച്ചിട്ടുണ്ട്—

മി: വി. ജെ. ഉത്തൻ (കുച്ചവടവും-വ്യവസായവും വകുക്കൻ): ഇതൊരു പുതിയ സംഗതിയല്ല എന്നു കൺസർവേററർ പറഞ്ഞല്ലോ? ആ സ്ഥിതിക്ക് ഇതിനു ഏതുമാത്രം പഴക്കമുണ്ടെന്നു പറയാമോ?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): എന്റെ പ്രസംഗത്തെ ശ്രദ്ധിച്ചാൽ അദ്ദേഹത്തിനു മനസ്സിലാക്കാൻ സാധിക്കും. കുടിവില കൊടുത്തുതീർക്കുന്നതിൽ ഉള്ള കാലതാമസത്തെപ്പററി ഇതിനുമുമ്പ് പലപ്പോഴും പ്രതിപാദിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ഗവണ്മെന്റു വേണ്ട നടപടികൾ നടത്തിട്ടുമുണ്ട്. എന്നാൽ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇതുവരെ പറഞ്ഞതിൽനിന്നും ഗവണ്മെന്റു ഇതേസംബന്ധിച്ചു യാതൊന്നും ചെയ്തിട്ടില്ലെന്നുള്ള ഒരു അഭിപ്രായമാണ് പരത്തിയിട്ടുള്ളത്.

(തൽസമയം അദ്ധ്യക്ഷൻ വരികയും ഇരിക്കയുംചെയ്തു.)

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): ഈ സഭയിലെ സാമാജികന്മാരുടെ അറിവിലേക്കായി ഈ കുടിവിലയുടെ ചരിത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളാം. കുടിവില ആദ്യമായി ഏർപ്പെടുത്തിയത് ക ൦ സ്വ-ൽ ഒന്നാമത്തെ ഫാറസ്റ്റ് റഗ്ലേഷൻ നടപ്പിൽ വന്നപ്പോളാണ്. അതിനെപ്പററി വിചാരണ ചെയ്യുന്നതിനായി ഒരു കമ്മിററി ഏർപ്പെടുത്തുകയും വസ്തുടമസ്ഥന്മാർക്കു തേക്കുതടി വിററുകിട്ടുന്ന ആദായത്തിൽ ൫ ശതമാനം കൊടുക്കണമെന്നു ഗവണ്മെന്റു നിശ്ചയിക്കയും അതിൻപ്രകാരം ഒരു വകുപ്പ് ക ൦ സ്വ-ലെ ഫാറസ്റ്റ്റഗ്ലേഷനിൽ കൂട്ടുകയും ചെയ്തു. എന്നാൽ പതിവിൻപടി അതിശയ നടപ്പിൽവരുത്താതെ ഇട്ടിരുന്നു. ആ കാലത്തു കുടിവില ആവശ്യപ്പെട്ടതായിട്ടോ കൊടുത്തതായിട്ടോ യാതൊരു പ്രമാണവും ഉണ്ടായിരുന്നില്ല. ക ൦ സ്വ-ൽ റഗ്ലേഷൻ പുതുക്കിയപ്പോൾ അപ്പോഴത്തെ കൺസർവേററരായിരുന്ന മിസ്റ്റർ രാമറാവു ൫ ശതമാനം വളരെ കുറഞ്ഞുപോയി എന്നു വിചാരിച്ചു ആദായത്തിന്റെ ൪ ൦ ശതമാനം കൊടുക്കണമെന്നു ഗവണ്മെന്റിലേക്കു ശിപാർശചെയ്തു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഓരോ പുരയിടത്തിൽനിന്നും അതു പതിവുള്ള പുരയിടമാണൊ അല്ലയോ എന്നു നോക്കിയാണൊ തടി മുറിച്ചുകൊണ്ടുപോകുന്നത്?

മി: ആർ. ധനുക്കോടിപ്പിള്ള (വനംകൺസർവേററർ): പതിവുനോക്കിതന്നെയാണ് മുറിക്കുന്നത്. മുറിക്കുമ്പോൾ പ്രവൃത്തിക്കാർക്കു ഉണ്ടായിരിക്കും.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഈ തടികൾ അളന്നാണൊ കൊണ്ടുപോകുന്നത്?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): അതെ.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അങ്ങിനെയാണെങ്കിൽ പിന്നെ പണം കൊടുക്കാനെന്താണ് താമസം?

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): എന്റെ മറുപടി മുഴുവൻ ശ്രദ്ധിച്ചുകേട്ടാൽ ഇങ്ങനെയുള്ള ചോദ്യം ചോദിക്കേണ്ട ആവശ്യംതന്നെ ഉണ്ടാകയില്ല.

എന്നാൽ വസ്തു ഉടമസ്ഥന്മാർക്കു കുടിവില ഇനത്തിൽ ആദായത്തിൽ ൪ ൦ ശതമാനം കൊടുക്കണമെന്നു ക ൦ സ്വ-ലെ റഗ്ലേഷനിൽ ഉൾപ്പെടുത്തിയിരുന്നു. ഏതുതരത്തിലൊ അക്കാലത്തു ധാരാളം തടി വെട്ടുകയും കുടിവില കൊടുക്കുന്നതിനു തക്കതായ തുക മാററിവയ്ക്കാതിരിക്കയും ചെയ്തു. ചില കേസുകളിൽ മഹസറുകൾ തയ്യാറാക്കുകയും മററുചിലതിൽ രസീതുകൾമാത്രം കൊടുക്കുകയും ചെയ്തുവന്നിരുന്നു. എന്നാൽ ഒട്ടുമിക്കവാറും കേസുകളിൽ രസീതുകൾ കൊടുത്തിട്ടില്ലായിരുന്നു. മിസ്റ്റർ സുബ്രഹ്മണ്യയ്യരുടെകാലത്തു ഈ സംഗതി പ്രകാശത്തിൽ പ്രതിപാദിക്കയും അന്നു കുടിവില ഇനത്തിൽ വളരെ അധികം കുടിശ്ശിക കൊടുത്തുതീർക്കാനുണ്ടെന്നു പ്രസ്താവിക്കയുംചെയ്തു. ഗവണ്മെന്റു നടപടിനടത്തി കുടിശ്ശിക കൊടുത്തുതീർക്കുന്നതിനു ശ്രമിച്ചു. നിർഭാഗ്യവശാൽ അപേക്ഷകന്മാർ അവരുടെ അവകാശങ്ങളെ സ്ഥാപിക്കുന്നതിനു വേണ്ടതായ പ്രമാണങ്ങളോ വേണ്ട തെളിവുകളോ ഉണ്ടായിരുന്നു. പഴയ അവകാശികൾ ധാരാളം വരികയും അതിൽ ഒരാൾക്കു പിശകായി ക ക ൦ ൦ ൦ രൂപാ കൊടുക്കുകയുംചെയ്തു.

അതോടുകൂടിതന്നെ ഒന്നുരണ്ടു കേസുകൾ ഉത്ഭവിക്കുകയും, അതിന്റെ തീരുമാനം ഉണ്ടാകുന്നതുവരെ പണം കൊടുക്കരുതെന്നു ഗവണ്മെന്റു ആജ്ഞാപിക്കുകയും ചെയ്തു. മിസ്റ്റർ സുബ്രഹ്മണ്യയ്യർ പോയപ്പോൾ ൪-ാ ലക്ഷം രൂപാവരെ കുടിശ്ശികവർദ്ധിച്ചിട്ടുണ്ടായിരുന്നു. പിന്നീടു കുടിവില കൊടുക്കുന്നതിനെ സംബന്ധിച്ചു പുതിയ ചട്ടങ്ങൾ ഏർപ്പെടുത്തുകയും അതനുസരിച്ചു പിന്നീടു കുടിവില കൊടുത്തുവരുന്നുമുണ്ട്. ഞാൻ ഡിപ്പാർട്ടുമെന്റുകാരണം കയ്യേററപ്പോൾ കുടിവില കൊടുത്തുതീർക്കേണ്ടതു ഇനത്തിൽ ൪-ാ ലക്ഷം രൂപാവരെ കൊടുത്തുതീർക്കേണ്ടതായുണ്ടായിരുന്നു. ഞങ്ങൾ പുതിയ നിയമങ്ങൾനടപ്പിൽവരുത്തുകയും വേഗം പണംകൊടുത്തുതീർക്കേണ്ടകാര്യത്തിൽ അക്കൌണ്ട് ആഫീസുമായി ആലോചിക്കയും അതിന്റെഫലമായി ൩ ലക്ഷത്തിൽ ചില്വാനം രൂപാ ഇതുവരെ കൊടുത്തുതീർത്തിട്ടുമുണ്ട്. ഞങ്ങളുടെ പ്രമാണങ്ങൾ നോക്കിയടത്തോളം ബാക്കി കൊടുത്തുതീർക്കേണ്ടതായിട്ടു ഏകദേശം ലക്ഷം രൂപായെ വരികയുള്ളു. അനുദ്യോഗസ്ഥസാമാജികന്മാർക്കു ഞങ്ങൾ

ക്കുള്ള വിഷമങ്ങൾ മനസ്സിലായിട്ടുള്ളവരാണ്. ഒരോന്നിന്റെ അവകാശം പുറപ്പെടുവിക്കുമ്പോൾ അയാളുടെ പക്ഷം ന്യായമെന്നു ഞങ്ങളെക്കൊണ്ടു വേറെ തക്കതായ തെളിവു കാണുകയില്ല. അയാളുടെ അവകാശം ഏകദേശം താഴെപറഞ്ഞതുതന്നെയാണ്, "ഇന്നയിന്ന സ്ഥലങ്ങളിലെന്നു ഇന്ന മരങ്ങൾ എന്റെ വകയുള്ളതായിന്ന സർവ്വേനമ്പരിൽന്നു മുറിച്ചിട്ടുള്ളതും അതിന്റെ കടിവിച എനിക്കു കിട്ടാനുള്ളതുമാകുന്നു." ഏതു മരങ്ങൾ വെട്ടിമാററി എന്നും, ഏതു വിറകു എന്നും, അവ ഏതു കിട്ടു നംബരെന്നും അയാൾക്കറിഞ്ഞുകൂടാ. അപ്രകാരമുള്ള കേസുകളിൽ ഞങ്ങൾ ചെയ്യുന്നതെന്തെന്നാൽ പഴയ റിക്കാർഡുകൾ തിരഞ്ഞെടുക്കുകയും അവയ്ക്കകത്തിൽ പറഞ്ഞിട്ടുള്ള സംഗതികൾ സത്യമാണോ എന്നു പരിശോധിക്കുകയും ചെയ്താൽ ആ വൃക്ഷങ്ങൾക്കു എന്തുവില കിട്ടി എന്നു പരിവു് സർട്ടിഫിക്കററിൽനിന്നും കണ്ടുപിടിക്കുകയും ചെയ്യുന്നു. വേറെ ഒരു വിഷമമുള്ളതു് അയാൾ ശരിയായ അവകാശിയാണോ, അല്ല ആ കടിവിചക്കു് ഒന്നിൽ കൂടുതൽ അവകാശികൾ ഉണ്ടോ എന്നുള്ളതാണ്. ഈ സംഗതി സാധാരണ തഹശീൽദാർക്കു എഴുതിഅയക്കുകയാണ് ചെയ്യുന്നതു്. അവർ ഒരു സ്ഥലത്തിന്റെ അവകാശത്തെപ്പററി വിചാരണചെയ്തു അയാൾ തന്നെയാണ് ശരിയായ അവകാശിയെന്നു ഞങ്ങൾക്കു സർട്ടിഫിക്കററുതരികയും ചെയ്യുന്നു. സർട്ടിഫിക്കററുവരുമ്പോൾ ഗവണ്മെന്റു കൊടുത്ത തുക അക്കൌണ്ടു് ആഫീസരുടെ അഥവാ കണക്കു ഉദ്യോഗസ്ഥന്റെയോ ബില്ലുകളിൽ ഉൾപ്പെടുത്തുകയും ആ തുക ഗവണ്മെന്റു കണക്കുകളിൽ ചെലവിട്ടതാണോ എന്നു പരിശോധിക്കണമെന്നു ഏതു ചട്ടത്തിൽ ഒട്ടിക്കണമെന്നു ആ ചട്ടത്തിലാക്കി എഴുതിഅയക്കുന്നു. ആ സർട്ടിഫിക്കററുകൾ കൊണ്ടു ചട്ടങ്ങൾ പരിശോധിച്ചു റിഫണ്ടു ബിൽ തയ്യാറാക്കുന്നു. ഇതു നടപ്പിലിയിൽ വരുമ്പോൾ പറയുന്നതുപോലെ അത്ര എളുപ്പമുള്ള കാര്യമല്ല. ഒരാൾ ഒരു അവകാശവുംകൊണ്ടു വരുമ്പോൾ വേറെ ചിലർ എതിരവകാശികൾ വരികയും അതിനെപ്പററി വീണ്ടും ഞങ്ങൾ നടപടി നടത്തേണ്ടതായിവരുന്നു. ഇതുകൂടാതെ കടിവിച അവകാശങ്ങൾ വിചയ്ക്കുവാങ്ങുന്ന കച്ചവടസമ്പ്രദായമുള്ള ആളുകൾ ധാരാളം ഉണ്ടു്. ഉദാഹരണമായിട്ടു ഒരാൾ ഓടിനടന്നു ചില്ലറ ആളുകൾ കടിവിച വിട്ടേണ്ടതു് വൊട്ടുക്കുകയും അവരുടെ പ്രമാണങ്ങൾ വാങ്ങിയുംകൊണ്ടു അവകാശങ്ങൾ അവർ വിചയ്ക്കു വാങ്ങിയിരിക്കുന്നതിനു പണം അവൻ കിട്ടേണ്ടതാണ് എന്നു ഞങ്ങളോടു അപേക്ഷിക്കുന്നു. ചിലപ്പോൾ അപ്രകാരമുള്ള പ്രമാണങ്ങൾ അൻപതോ, നൂറോ വരുന്നതും ഈ വിചയാധാരങ്ങളെ പരിശോധിക്കുന്നതിനു വളരെ കഷ്ടമായ ആവശ്യമുള്ളതുകൂടാതെ എന്തു് എന്നാരാൾ തന്റെ അവകാശത്തെ വേറെ ഒരാൾക്കു വിററിട്ടുണ്ടെങ്കിൽ അയാൾക്കു പ്രകാരം വില്ക്കുന്നതിനു അധികാരം ഉണ്ടോ എന്നു പരിശോധിക്കുന്നതിനു നിയമപാണ്ഡിത്യവും വേണം. പലപ്പോഴും വിചയാധാരം എഴുതിയ ഉടൻതന്നെ വേറെ ആളുകൾ വന്നു ആ കടിവിചയ്ക്കു ഞങ്ങൾക്കും അവകാശമുള്ളതാണെന്നും ഇന്ന ഇന്ന പ്രമാണങ്ങളിൽ അവർ കക്ഷികളല്ലെന്നു പറയാറുണ്ടു്. അപ്പോൾ സകലതും കുഴയുന്നു. ഇപ്പോൾ ഒരു കേസു വിചാരണയ്ക്കു വന്നതിൽ ഒന്നുകൊല്ലത്തിനകത്തു ആറു അവകാശികൾ ഉണ്ടാകുകയും അവർ തമ്മിൽ വളരെ വഴക്കുകൾ നടക്കുകയും ഇവരെ അവർ തമ്മിൽ തയ്യാറാക്കാതെ ഇരിക്കുകയുംചെയ്യുന്നു. ആർക്കെങ്കിലും ഒരാൾക്കു പണം കൊടുക്കുന്നതിനു അവർ സമ്മതിച്ചതായിട്ടു ഈയിടെ എന്നോടു പറയുകയുണ്ടായി. ചില കേസുകളിൽ തഹശീൽദാർ സർട്ടിഫിക്കററുകൾ വേറെത്തിൽ കൊടുക്കുമ്പോൾ തഹശീൽദാരുടെ സർട്ടിഫിക്കററുകൾ തെററായിട്ടുള്ളതാണെന്നു എതിരവകാശികൾ തർക്കിക്കുന്നു. അപ്രകാരമുള്ള കേസുകളിൽ അതിനെതിരെ ഹരജിക്കെണ്ടിവരുന്നു. ഒരു കേസിൽ തഹശീൽദാർക്കു അപ്രകാരം ഒരു തൊവരികയും തഹശീൽദാർ ആ തെററിനു സമ്മതിക്കയുംചെയ്തു. എന്തുകൊണ്ടു വരാതിരുന്നു എങ്കിൽ ഞങ്ങൾ പണംകൊടുത്തു പോകാനിടയുള്ളതും തൻമൂലം ഗവണ്മെന്റിനു ഭീമമായ നഷ്ടത്തിനു കാരണമാവുകയും ചെയ്യുമായിരുന്നു.

വേറെ ഒരു സംഗതി എന്തെന്നാൽ ഗവണ്മെന്റിനു പഴയ പ്രമാണങ്ങൾ വിചാരിക്കേണ്ടിയിരിക്കുന്നു എന്നുള്ളതാണ്. കുറെക്കാലം മുൻപു ന്യായമില്ലാതെ ഒരാൾക്കു പണം കൊടുത്തു എന്നു ഗവണ്മെന്ററിഞ്ഞപ്പോൾ അതിനു ചുമതലക്കാരായ ഉദ്യോഗസ്ഥന്മാർ ഉത്തരം പറയണമെന്നു ഗവണ്മെന്റു ആജ്ഞാപിച്ചു. പിന്നീടു ആ ഉത്തരവിനെ ഡിവിഷൻ ആഫീസന്മാരെ അറിയിച്ചു. അതിൽ പിന്നീടു അവർ പരിശോധിച്ചു തുടങ്ങിയതിനു ശേഷമല്ലാതെ രിക്കാർട്ടുകൾ അയക്കാറില്ല. ഇന്നു സംഗതിയുടെ കിടക്കുന്നതു അപ്രകാരമായിരിക്കുന്നു്. അവർ അമക്കുന്ന രിക്കാർട്ടുകൾ തൃപ്തികരമായ വിധത്തിൽ പരിശോധിച്ചതായി ഒന്നാണിരിക്കുന്നു്. ചിലപ്പോൾ ബില്ലുകൾ ശുദ്ധിയല്ല. ചില സന്ദർഭങ്ങളിൽ അൻപതു, അറുപതോ രൂപയ്ക്കു കാണുകയുമുള്ളു. എന്നാൽ മററു ചിലതിൽ, വിശേഷിച്ചു കടവിച വാങ്ങുന്നവരുടെ ബില്ലുകളിൽ അതേ കാര്യം ആയിരം രൂപ വരുന്നതാണ്. ഈ വക സംഗതികളെ കടിവിചകൊടുക്കുന്നതിൽ കാലതാമസം വരുത്തുന്നതു്. സായ്പന്മാരെ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം, ആ ഡിപ്പാർട്ടുമെന്റും ഗവണ്മെന്റും മിസ്റ്റർ കുഞ്ഞിരാമമേനോനെപോലെ കടിക്കുള്ളവരുടെ അനുകൂലവുള്ളവരാണെന്നു മിസ്റ്റർ കുഞ്ഞിരാമമേനോനെ ഉദ്ധരിച്ചു പറയാം. കഴിഞ്ഞ ഈ സംഗതി സഭയിൽ വാഗ്വാദം വാങ്ങിയ ഏടുത്തപ്പോൾ ഞാൻ ഇടയിൽ സിൽബന്ധികളെ ഡിപ്പാർട്ടുമെന്റിലെക്കു അയക്കണമെന്നു അഭിപ്രായപ്പെട്ടതിൽ നിന്നും മേൽപറഞ്ഞ കാര്യം തെളിയുന്നതാണ്. ഗവണ്മെന്റു ഇതിലേക്കു മാത്രമായി ഏതാനും ആളുകളെ അനുവദിച്ചു. അവരെ ആദ്യമായി ആറുമാസത്തേക്കാണു അയച്ചതെങ്കിലും അതു മുതൽ അവർ ഇവിടെയിൽ തന്നെയാണു് ഇരിക്കുന്നതു്. അടുത്തകൊല്ലത്തിലെ അവരെ വർദ്ധിപ്പിക്കാതിരിക്കുന്നതിനു അനുവദിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചിട്ടുണ്ടു്. ഇതുവരെ ഉദ്ദേശം ലക്ഷം രൂപാവരെ കൊടുത്തുതീർത്തിട്ടുണ്ടു്. പർ ഗവർണ്മെന്റു ഇനത്തിൽ ഇത്ര രൂപയ്ക്കാണു് വരുന്നതു്. കടിവിച തീർപ്പാക്കുന്നതിനു മാസാന്തം കണക്കു ഗവണ്മെന്റിൽനിന്നും ആവശ്യപ്പെട്ടുകൊണ്ടു ഇരിക്കുന്നു്. ഈയിടെ ഇതിനു ഒരിക്കൽ ഈ കണക്കയക്കണമെന്നു എന്നോടു ആവശ്യപ്പെട്ടിരിക്കുന്നു. ഇവരെ എന്റെ ആഫീസിൽ ക്ലർക്കുകളായി പരിശീലിപ്പിച്ചു നശിപ്പിക്കുന്നതു് ഗവണ്മെന്റിലേക്കു ഉപകരിക്കുന്നുണ്ടു്. ഇങ്ങിനെയൊക്കെ ആയാലും ഇതുകൊണ്ടു ഒരു അതിരുണ്ടു് എന്നാണു ഞാൻ പറയുന്നതു്. മിസ്റ്റർ കുഞ്ഞിരാമമേനോന്റെ ഭൂമിയും അപേക്ഷിച്ചു ഇന്ന ദിവസം ഏല്ലാം ഒന്നുമസത്തിനകം തീർക്കണമെന്നാണു് അർത്ഥമാകുന്നതു്. ഡിപ്പാർട്ടുമെന്റിനേയും ഗവണ്മെന്റിനേയും സംബന്ധിച്ചിടത്തോളം, മിസ്റ്റർ കേശവപിള്ള പറഞ്ഞതുപോലെ അതു് ഉദ്ദേശ്യത്തിനു സാധിക്കത്തക്കതല്ല. നാം ഗവണ്മെന്റു പണത്തെ കയ്യാളിക്കുന്നവരായതുകൊണ്ടു കൺസർവേറന്മാരുടേയോ, ഡിവിഷൻ ആഫീസരുടേയോ ഒ

പ്പണങ്ങളില്ലാതെ ഖജനാ ഉദ്യോഗസ്ഥൻ പണം കൊടുക്കുകയില്ല. ഈ നടപടി കുറെ വേഗത്തിൽ നടത്താവുന്നതാണെന്നു അറിവില്ലാത്തവർക്കു പറയാവുന്നതാണ്. എന്തെല്ലാം ചെയ്യാമോ അതെല്ലാം ഞങ്ങൾ ചെയ്തുവരുന്നുണ്ട്, എന്നാലേ അനേകക്കേസുകൾ കുടിശ്ശികയായി കിടക്കുന്നതിനെ അല്പകാലത്തിനകത്തിൽ ചെയ്തു തീർക്കണമെന്നു ആവശ്യപ്പെടുന്നതു് വളരെ പ്രയാസകരമായി ചെയ്തു തീർക്കണമെന്നു പറയുന്ന ഘട്ടത്തിലെത്തിയിട്ടുണ്ട്. എന്തായാലും വേഗത്തിൽ ഈജോലി ചെയ്തു തീർക്കുന്ന കാര്യത്തെപ്പററി ഡിപ്പാർട്ടുമെൻറും ഗവണ്മെൻറും ഒരുപോലെ ശ്രദ്ധിക്കുന്നതാണെന്നു ഞാൻ സഭയോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു.

തെററിദ്ധാരണയ്ക്കു് ഇടമാക്കിയേക്കാവുന്നതായ ഒന്നു രണ്ടു അഭിപ്രായങ്ങൾ ഇവിടെ പുറപ്പെടുവിക്കപ്പെട്ടതായി, തടി വട്ടന്ന സ്ഥലത്തുനിന്നും മാറി ദൂരെ സ്ഥലത്തുള്ള ഡിപ്പോകളിൽ ഗവണ്മെൻറിനു തീരെ ആളായ മില്ലാത്തതിനിടയിൽ വിൽക്കുന്നു, വെട്ടുന്ന സ്ഥലത്തുവച്ചു ജനങ്ങൾ ആവശ്യപ്പെട്ടാൽ കൊടുക്കുന്നില്ലെന്നും മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറയുന്നു. അങ്ങനെയല്ല. അവർക്കു പകുതിവിലയ്ക്കു കൊടുക്കാമെന്നു ഹാറ്റ്റ്റ

നടക്കുന്നുണ്ട്. ഇക്കൊല്ലം വെട്ടിയതടികളുടെ കുടിവില ഇക്കൊല്ലം തന്നെ കൊടുത്തു തീർക്കാൻ സാധിക്കയില്ല. എന്നാൽ അടുത്തവർഷം ക്രമേണ ഞങ്ങൾക്കു കൊടുത്തു തീർക്കാൻ സാധിക്കുന്നതാണ്.

കൊച്ചിരാജ്യത്തു രാജകീയ വൃക്ഷങ്ങൾക്കുള്ള കുടിവില നിർത്തിയതായി പറയുകയുണ്ടായി. ഇതിനിടയ്ക്കു ഞാൻ കൊച്ചിയിൽ പോവുകയും അവിടെ താമസിക്കുന്നസമയം ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി അടുത്തുള്ള ഒരു സ്നേഹിതന്റെ അടുക്കൽ ഞാൻ വിവരങ്ങളെല്ലാം ചോദിച്ചറിയുകയുമുണ്ടായി. കൊച്ചിയിൽ രാജകീയ വൃക്ഷങ്ങൾ ഇല്ലെന്നും കുടിവില നിർത്തൽ ചെയ്തുകൊണ്ടു ഒന്നോ രണ്ടോ നമ്പൂരിമാർക്കുമാത്രമേ ഉപയോഗമുള്ളു എന്നുമാണ് അദ്ദേഹം പറഞ്ഞത്. അവരുടെ സ്ഥലത്തുനിൽക്കുന്ന വൃക്ഷങ്ങളുടെയുക നാലുണ്ടുകളുടെ സംഖ്യയിൽ കൂടുതൽ വരികയില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (രാവേലിക്കര-കാർത്തികപ്പള്ളി): കുടികൾക്കു ഉപയോഗകരമായതുകൊണ്ടോ, അതൊ, കൊച്ചി ഗവണ്മെന്റിനു അതൊരു നിസ്സാരകാര്യമായതുകൊണ്ടോ എന്തുകൊണ്ടാണ് കൊച്ചിയിൽ രാജഭോഗം വേണ്ടെന്നുവച്ചതെന്നു മെംബർ വിചാരിക്കുന്നു?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറേറർ): അതൊരു നിസ്സാരകാര്യമായതുകൊണ്ടാണെന്നാണ് ഞാൻ വിചാരിക്കുന്നത്.

മി: എസ്. പിരിവിപ്പെരുമാൾപിള്ള (കുച്ചുവടവും വ്യവസായവും, തെക്ക): മെംബർ സംസാരിക്കുന്ന ആ നടപടിക്രമത്തിനു വിരുദ്ധമായിട്ടാണെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെയോ?

അധ്യക്ഷൻ. ആവാം, കൊച്ചിയിൽ എന്തുകൊണ്ടപ്രകാരം ചെയ്തു എന്നുള്ളതിനെപ്പററി ഒരു അഭിപ്രായം പുറപ്പെടുവിക്കുന്നതിനു ഇപ്പോൾ അവകാശം ഉണ്ടെന്നു തീർക്കുന്നതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (രാവേലിക്കര-കാർത്തികപ്പള്ളി): കൺസർവേറേറർ കൊച്ചിയെപ്പററി സംസാരിച്ചതുകൊണ്ടാണ് ഞാൻ അതിനെപ്പററി സംസാരിച്ചത്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ലൻഡ്രെവന്യൂ ഡിപ്പാർട്ടുമെന്റും, ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റും കൂടുതൽ താമസിച്ചിടയ്ക്കുന്നതു?

മി: ആർ. ധനുഷ്കോടിപ്പിള്ള (കൺസർവേറേറർ): സംബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളും യോജിക്കാത്തവർഷം ജോലിനടപ്പില്ല. അതു വരുന്നതുണ്ട്. എന്റെ അടുക്കൽ വരുമ്പോൾ അവകാശത്തെപ്പററി അന്വേഷണം നടത്തുന്നതിനു പുനിക്കല്ലും താമസിപ്പിക്കാതെ സാധിക്കയില്ല. ഒരുദ്യോഗസ്ഥന്റെ പേക്ക് എഴുതിച്ചോദിക്കുമ്പോൾ അദ്ദേഹവും ഉടനെ താമസിപ്പിക്കും.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): സാധാരണ തക്കമില്ലാത്ത കേസുകൾക്കു പണംകൊടുത്തു തീർക്കാൻ എന്തുതാമസം ഉണ്ടാകുന്നു?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറേറർ): പുതിയതും തക്കമില്ലാത്തതുമായ കേസുകളെല്ലാം മിക്കപ്പോഴും ക്ഷണം കൊടുത്തുതീർക്കും. പഴയകേസുകൾക്കാണ് താമസം നേരിടുന്നതു്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): പഴയകേസുകൾക്ക് ഗവണ്മെന്റു റിക്കാർഡുകൾ ഇല്ലേ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറേറർ): ഗവണ്മെന്റിലെ റിക്കാർഡുകൾ കാണുകയില്ല. ഫാറസ്റ്റുഡിപ്പാർട്ടുമെന്റിലെ കാണും.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക). അതു റിലയബിൾ അല്ലേ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറേറർ): ഏതായിരുന്നാലും തഹസീൽദാരുടെ സർട്ടിഫിക്കററുവേണം.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): തടിവെട്ടുമ്പോൾ ഇന്നയിന്ന ഭൂമിയിൽനിന്നും വെട്ടി എന്നുള്ളതിനു ഡിക്കാർഡ്വും ഇല്ലേ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറേറർ): എനിക്കുണ്ട്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതിൽ ഉടമസ്ഥന്മാരുടെ പേരില്ലേ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറേറർ): പേരില്ല. ചിലപ്പോൾ വസ്തുഉടമസ്ഥന്മാർ മാറിയിരിക്കും. അതിനെല്ലാം തഹശീൽദാരന്മാരുടെ സർട്ടിഫിക്കററുവന്നാൽ മാത്രമെ തീർച്ചപ്പെടുത്താൻ നിവൃത്തിയുള്ളു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ക്ഷ ക്ഷ നടപടിക്രമങ്ങളെപ്പററി മുറിച്ചുതടികൾ തക്കം തീർന്നിട്ടുള്ള കേസുകൾക്കെല്ലാം പണംകൊടുത്തുതീർക്കുണ്ടോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറേറർ): കഴിയുന്നിടത്തോളം കൊടുത്തിട്ടുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ക്ഷ ക്ഷ നടപടിവരെ തക്കമില്ലാത്തകേസുകളിൽ ഇനിഎന്തുമാത്രം കുടിവില കൊടുത്തുതീർപ്പാനുണ്ട്?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറേറർ): നിശ്ചയമായിട്ടു പറവാൻ സാധിക്കയില്ല. ക്ഷ ക്ഷ-ന്റെ ഗോറാകാണും.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അതിൽ തക്കമില്ലാത്തതു എത്ര ഉണ്ടായിരിക്കും?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറേറർ): അതറിഞ്ഞുകൂടാ.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അപ്പോൾ ക്ഷ ക്ഷ നടപടിവരെ തക്കമില്ലാത്തതു ഇനിയും കൊടുത്തുതീർക്കേണ്ടതല്ലേ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറേറർ) ഉണ്ടായിരിക്കാം.

സർ, ഗവണ്മെന്റും ഇതുപോലെ ഇതുകാര്യത്തിൽ അനുഭവമുള്ളവരാണ്. എന്നല്ലാതെ ഏതിക്കതിൽ കൂടുതൽ ഒന്നും പറവാനില്ല.

മി: മാത്യുമുതിക്കൻ (വൈക്കം): കൊടുത്തുതീർക്കാൻ എന്തുണ്ടെന്നുള്ളതിനെപ്പററി യാതൊരു വിവരവും അറിഞ്ഞുകൂടെന്നാണോ മെംബർ പറയുന്നത്?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): വസ്തുതകൾ കിട്ടേണ്ടവർക്കതന്നെ എന്തുണ്ടെന്നറിഞ്ഞുകൂടാ.

മി: മാത്യുമുതിക്കൻ (വൈക്കം): ഉദ്ദേശം എന്തുവരുമെന്നു പറവാൻ കഴിയുകയില്ലേയോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): പറയാം.

മി: മാത്യുമുതിക്കൻ (വൈക്കം): തുക്കമല്ലാത്ത വകയിൽ എല്ലാ ഗവർണ്മെന്റിത്തിട്ടുണ്ടോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): അങ്ങനെയല്ല. നാലുതരത്തിലുള്ളതിനുശേഷമേ അപ്രകാരം ചെയ്യാൻ തരമുള്ളു. അത് ഏകദേശം ക്ക 0,000 രൂപായ്ക്കുള്ളതു കൂടുതൽ വരുകയില്ല എന്നു ഞാൻ പറയാം. എന്നാൽ മിസ്റ്റർ കുഞ്ഞിരാമമേനോൻ പറയുന്നത് ആ ലക്ഷം രൂപവരുമെന്നാണ്.

മി: പി. എസ്. മഹമ്മദ് (നിമിത്തതാംഗം): സർ, മിസ്റ്റർ കുഞ്ഞിരാമമേനോന്റെ പ്രമേയം ഈ കൌൺസിലിൽ എല്ലാവരുടേയും ഹൃദയത്തെ ആകർഷിച്ചിരിക്കുന്നു എന്നാണ് എനിക്കുതോന്നുന്നത്. കുടികളുടെ വകചെലവു ഗവർണ്മെന്റു വഹിച്ചു രക്ഷിച്ചു് അടക്കം ചെയ്യേണ്ടതാണെന്നു ബുദ്ധിമുട്ടുന്നതു് പരമാർത്ഥത്തിൽ വളരെ സങ്കടമായിട്ടുള്ള ഒരു സംഗതിയാണ്. ആ മട്ടിലൊരു ആനുകൂല്യം എല്ലാ മേഖലയിൽ കൊടുത്തുതീർക്കാൻ സാധിക്കുമോ അത്രയും വേഗത്തിൽ കൊടുത്തുതീർക്കണം.

ഈ പ്രമേയം ഇപ്പോൾ ഇരിക്കുന്ന വിഷയത്തെ അതേപടിയിൽ പാസ്സാക്കുകയാണെങ്കിൽ അതു പ്രായോഗികമായതിലധികം വരുമോ എന്ന സംഗതിയിൽ എനിക്കു് ബലമായ സംശയമുണ്ട്. ഗവർണ്മെന്റു ജനങ്ങൾക്കു കിട്ടാനുള്ള എല്ലാസൌകര്യങ്ങൾ ഗവർണ്മെന്റു ചിലവാകത്തക്കവിധത്തിൽ കൊടുത്തുതീർക്കണമെന്നാണ് പ്രമേയം. അതിൽ ഉദ്ദേശിക്കുന്നതെന്തെന്നു വിവരിച്ചിട്ടുള്ളതും ചെലവു ചിലവിൽ സംഭവിക്കുന്ന വിവരം കാണുന്നുണ്ടുതും കാണാം.

ആ സ്ഥിതിക്കു് ഒരു ക്രമപ്രകാരമായ കണക്കുവിധിവരുത്തുന്നതായാൽ അതു് സാധിക്കാതെ വരുന്നതാണ്. ഏതു വിധത്തിലെങ്കിലും ഗവർണ്മെന്റു കൊടുക്കേണ്ടതു് കൊടുത്തുതീർക്കണമെന്നാണ് പറയുന്നതു്. അതിനെക്കുറിച്ചു് ഒരു തീർച്ച ഉണ്ടാക്കുന്നതിനുമുമ്പു് ഈ സംഖ്യ എങ്ങിനെയെങ്കിലും ഗവർണ്മെന്റു ഖജാവിൽ നിന്നും വെളിക്കാക്കണമെന്നാണ് വന്നുചേരുന്നതു്. അങ്ങിനെ കൊടുക്കുമ്പോൾ ആർക്കാണു് കൊടുക്കേണ്ടതു് എന്ന സംഗതി കണ്ടുപിടിക്കാൻ പ്രയാസമാണ്. ആയതുകൊണ്ടു ആ സംഖ്യ ഗവർണ്മെന്റു കൊടുത്തുതീർക്കണമെന്നു റസല്യൂഷൻ പാസ്സാക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. ആ സംഖ്യ ആർക്കു കിട്ടണമോ ആ ആൾക്കു കിട്ടത്തക്കവിധത്തിൽ കൊടുക്കണം. മിസ്റ്റർ രാമൻപിള്ള മുമ്പു പ്രസംഗത്തിൽ പറഞ്ഞതുപോലെ ഡിപ്പാർട്ടുമെന്റിന്റെ ഉദ്ദേശ്യങ്ങൾക്കല്ല ഇപ്രകാരം സംഭവിക്കുന്നതു്. ബഡ്ജററുതയ്യാറാക്കുമ്പോൾ ഇതുകൂടി രണ്ടുവിധത്തിൽ കൈകാര്യപ്പെടുത്തുകയില്ല.

ഇതിലേക്കുവേണ്ടി ബഡ്ജററു ഇനിയൊന്നു പുതുക്കാതെ സാധിക്കുകയില്ല. ഗവർണ്മെന്റു മുമ്പു കൊടുത്തുതീർക്കാനുള്ള ഒരു ബഡ്ജററു തയ്യാറാക്കുന്നതു പ്രയാസമാണ്. അതുകൊണ്ടു ഈ പ്രമേയം ഇതേസ്ഥിതിയിൽ യാതൊരു പ്രയോജനവുമില്ല. അതുകൊണ്ടു ഈ കുടിവിലചെലവു കഴിയുന്നതും വേഗത്തിൽ കൊടുത്തുതീർക്കണമെന്നായാൽ കൊള്ളാം.

മി: എ. എസ്. മാരമാദരൻ നായർ (മാവേലിക്കര-കാർത്തികപ്പള്ളി): ഹാരിസ്സിന്റെ ഡിപ്പാർട്ടുമെന്റിന്റെ കൈവശം സകലവിധമായ ഉപകരണങ്ങളും ഇപ്പോൾ ഉള്ളതുകൊണ്ടു ഈ സെഷൻസിൽ അതു വേണ്ടതായ കൂടുതൽ പണം ഇനുവദിക്കണമെന്നു മെമ്പറിനു തോന്നുന്നുവോ?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം): ഈ കൌൺസിലിൽ തന്നെ ഒരു സപ്ലിമെന്ററിഗ്രാന്റു കൊണ്ടുവരാൻ പ്രയാസമാണ്.

മി: എ. എസ്. മാരമാദരൻ നായർ (മാവേലിക്കര-കാർത്തികപ്പള്ളി): ബഡ്ജററിനു നടക്കുമ്പോൾ അപ്രകാരം ഒരു ഗ്രാന്റു സമ്പാദിക്കാൻ കഴിയും.

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം) അങ്ങനെ ഒരു ഡിമാന്റു കൂടി കൊണ്ടുവരണമെന്നാണ് ഞാൻ പറയാൻ പോകുന്നതു്.

മി: ആർ. രാമൻ പിള്ള (കോട്ടയം): അങ്ങിനെ ഒരു ഡിമാന്റു കൊണ്ടുവന്നിട്ടുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം): ഞാൻ അപ്രകാരം നിർദ്ദേശിച്ചതിനെ എന്റെ സ്നേഹിതനു സ്വീകരിക്കാമെങ്കിൽ സ്വീകരിക്കുക.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (കച്ചവടവും, വ്യവസായവും, തെക്ക്): മെമ്പർ ഡിമാന്റു കൊണ്ടുവരുവാൻ ഭാവമുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം): ഉണ്ട്.

മി: തയ്യത്ത് കുഞ്ഞിത്തൊമ്മൻ (കുവാററുപുഴ-തൊടുപുഴ): കഴിയുന്നതുംവേഗത്തിൽ കൊടുത്തുതീർക്കണമെന്നു ഇപ്പോൾതന്നെ വ്യവസ്ഥയുള്ള സ്ഥിതിക്കു അതിലേക്കു പ്രത്യേകം ഒരു ഡിമാന്റുകൊണ്ടുവന്നു പാസ്സാക്കണമെന്നുണ്ടോ? കഴിയുന്നതുംവേഗത്തിൽ കൊടുത്തുതീർക്കാൻ ഗവർണ്മെന്റു ചുമതലപ്പെട്ടിരിക്കുകയല്ലേ?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം): അങ്ങനെയുള്ള ചുമതലയെക്കൊണ്ടുവിധത്തിൽ ഗവർണ്മെന്റു ഗൌനിക്കണമെന്നു ഒന്നുകൂടി പ്രാർത്ഥിക്കുകയാണു ചെയ്യുന്നതു്.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഇപ്പോൾ മെമ്പർ ഡിമാന്റിഹാജരാക്കുകയാണോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റ് നിയമിച്ച മെമ്പർ): ഞാൻ ഒരു ഭേദഗതി ഹാജരാക്കുന്നു. ഫ്ലാറ്റ് അവസാനംവരെ തെക്കുതടിച്ചട്ടുടെ കടിവില ഇനത്തിൽ ജനങ്ങൾക്കു ചെല്ലാനുള്ള സംഖ്യ മുഴുവനും കഴിയുന്നത്രവേഗത്തിൽ കൊടുത്തു തീർക്കണമെന്നു ഈ സഭ ഗവണ്മെന്റിനോടു ശുപാർശചെയ്യുകൊള്ളുന്നു. ഈ ഭേദഗതിയെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും മന്ത്രി): ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഭേദഗതി ഹാജരാക്കുന്നതിനു മെമ്പറിനു അധ്യക്ഷൻ അനുവദിച്ചിട്ടുണ്ടോ?

മി: കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറി): അതൊരു ഭേദഗതിയാണെങ്കിൽ അധ്യക്ഷന്റെ അനുവാദം ആവശ്യമില്ല. രണ്ടുദിവസത്തിനകമു ഭേദഗതി ഹാജരാക്കുന്നതായി കരുതപ്പെടുത്തിയില്ല എന്നു ആരെക്കിലും ആക്ഷേപം ഉള്ളപക്ഷം അതിനെപ്പററി ഗൌനിക്കേണ്ടതാണ്.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഞാൻ ഈ ഭേദഗതിയെ സ്വീകരിക്കുന്നില്ല. അതിനെ എതിർക്കുന്നു. അവ്യവസ്ഥിതമായ ഒരു നിലയിൽ കഴിയുന്നതും വേഗത്തിൽ എന്നു പറഞ്ഞാൽ അതുകൊണ്ടു ഒരു പ്രയോജനവും ഉണ്ടാകാനില്ല. ഇന്നമാസം ഇന്നാംതീയതിക്കകം എന്നു ഒരു ക്ലിപ്തമുണ്ടായിരുന്നാൽ തരക്കേടില്ല. കഴിയുന്നതുംവേഗത്തിൽ കൊടുക്കാമെന്നു ഈ കൌൺസിലിൽ ആവർത്തിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നതു ഒന്നാണ്. എന്നിട്ടും വമ്പിച്ച തുകകൊടുത്തുതീർക്കാൻ കിടക്കുന്നതായുള്ളതു. ഫ്ലാറ്റുകൾ കൊടുത്തുതീർക്കാനുള്ള തുക ഇനിയും കൊടുത്തു തീർത്തിട്ടില്ല. "മനസ്സുണ്ടെങ്കിൽ വഴിയുമുണ്ട്" എന്ന പഴഞ്ചൊല്ലു ഏററവും അർത്ഥവത്താണ്.

മി: ഇട്ടൂപ്പു ഇട്ടിച്ചൻ (കുന്നത്തുനാട്): ഒരാണ്ടിനകത്തിനു കൊടുത്തുതീർക്കാമെന്നു പറയുന്നപക്ഷം മെമ്പർ ഈ പ്രമേയത്തെ പിൻവലിക്കാമോ?

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): ഒരു ക്ലിപ്തതീയതിക്കകം കൊടുത്തു തീർത്തുകൊള്ളാമെന്നു ഉറപ്പുപറഞ്ഞാൽ അതിനെപ്പററി ആലോചിക്കാം. അങ്ങിനെ ഖണ്ഡിതമായ ഒരു വ്യവസ്ഥ ഇല്ല തിരിക്കുന്നിടത്തോളംകാലം ഭേദഗതികൊണ്ടു പ്രയോജനം ഇല്ല. രണ്ടോ മൂന്നോ താലൂക്കുകളിലായിട്ടു മാത്രം ഒന്നരലക്ഷത്തോളം രൂപാ കൊടുക്കാനുണ്ട്. സമുദ്രതീരം സംബന്ധിച്ചുള്ള താലൂക്കിലും തെക്കൻ തിരുവിതാംകൂറിലും ഒന്നും കാണുകയില്ല.

കടിവില ലാൻഡ്ഹോൾഡുകാരെക്കൊണ്ടു കൊടുത്തുതീർപ്പിക്കാൻ ഏർപ്പാടുചെയ്യുന്നതു ഇപ്പോഴത്തെ ഏർപ്പാടിനെക്കാൾ സൌകര്യമുണ്ട്. കൺസർവേററക്ക് ഈ ജോലി കൂടി വഹിക്കാൻ യിക്ഷമമാണെന്നു ബോധ്യപ്പെട്ടുകഴിഞ്ഞു. ഈ ഭാരം മി: റാബിൻസനെ ഏൽപ്പിക്കയാണെങ്കിൽ അദ്ദേഹം സ്പെഷ്യലായിട്ടു ആളുകളെ നിയമിച്ചു എത്രയും വേഗത്തിൽ കടിവകപ്പണം കൊടുത്തുതീർക്കുമെന്നു ധൈര്യമായി പറയാം. വസ്തു ഉടമസ്ഥാവകാശം നിർണ്ണയിക്കുന്നതിനുള്ള സൌകര്യവും ലാൻഡ്ഹോൾഡുകാർക്കുണ്ട്. അതുകൊണ്ടുകടിവില പണം കൊടുക്കുന്നതിനു കുറേക്കൂടി സൌകര്യം റവന്യൂവകുപ്പുകാർക്കുണ്ട്. ഇപ്പോൾതന്നെ പുതുവൽഭൂമിയിലുള്ള തടികളുടെ വില വാങ്ങുന്നതിനുള്ള അവകാശം മുഴുവനും അവർക്കാണ്. മുമ്പു ഫാറസ്ററുകാർക്കായിരുന്നു.

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഫാറസ്ററുകാരല്ലേ തടി മുറിച്ചുകൊണ്ടു പോകുന്നതു?

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): തടി മുറിച്ചുകൊണ്ടു പോകുന്നതു ഫാറസ്ററുകാരാണെങ്കിലും റവന്യൂഡിപ്പാർട്ടുമെന്റിന്റെ സഹായം കൂടാതെ പണംകൊടുക്കാൻ സാധിക്കയില്ല.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): മററുള്ള ചുമതലയെല്ലാം ഫാറസ്ററുഡിപ്പാർട്ടുമെന്റുകാർക്കല്ലേ?

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ആ ഭാരവും റവന്യൂക്കാർ വഹിച്ചുകൊള്ളുമെല്ലോ. തരിശുഭൂമികളിലുള്ള സകല അധികാരങ്ങളും റവന്യൂകാർക്കാണല്ലോ. അതുപോലെ പതിവ്ഭൂമികളെസംബന്ധിച്ചുള്ള ഈ അധികാരം മുഴുവനും റവന്യൂഡിപ്പാർട്ടുമെന്റിന്തന്നെ കൊടുക്കുന്നപക്ഷം വസ്തുഅവകാശം അവർതന്നെ നിർണ്ണയിച്ചു രണ്ടോ മൂന്നോ മാസത്തിനകം പണം മുഴുവനും കൊടുത്തുതീർക്കും.

മി: ശ്രീവതിനാഥം രാമവർമ്മരാജാ (ഏഴുവക): കടിവില ബിൽ അക്കൌണ്ടാഫീസിലേക്കയച്ചാൽ അവിടെ വല്ല താമസവും ഉണ്ടോ?

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ആരുടെ താമസമായാലും അതിനെല്ലാം ചുമതലയുള്ളവർ ഉത്തരം പറയണം. വിശേഷിച്ചും പബ്ളിക്കിന്റെ പണത്തിനു അവർ കൂടുതൽ ഉത്തരവാദിയാണ്. ഓസീനതകൊണ്ടു ശിക്ഷിക്കത്തക്ക സംഗതിയുണ്ടാൽ അതിലേക്ക് അവരെ ശിക്ഷിക്കയും വേണം. ഗവണ്മെന്റിനു ചെല്ലേണ്ട പണമാണെങ്കിൽ ഒരു മിനിട്ടു താമസിക്കാൻ സമ്മതിക്കയില്ല. കടികളുടെ പണം ഫ്ലാറ്റ് ലക്ഷം രൂപായോളം പലിശയില്ലാതെ കിടക്കുന്നു.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റ് നിയമിച്ച മെമ്പർ): പ്രായോഗികത്തിൽകൊണ്ടുവരുന്നതിനു പ്രയാസമുണ്ടെന്നു തോന്നുന്ന ഈ പ്രമേയംകൊണ്ടു ഈ കൌൺസിലിനെ ബദ്ധപ്പെടുത്തണമെന്നുണ്ടോ?

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): പ്രയാസമാണെന്നു എനിക്ക് തോന്നുന്നില്ല. രണ്ടോ മൂന്നോ സ്പെഷ്യൽ ഉദ്യോഗസ്ഥന്മാരെ സ്വല്പകാലത്തേക്ക് നിയമിച്ചാൽ എളുപ്പം തീർക്കാം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതം ഉപാധ്യക്ഷൻ): ഈ ആണ്ടത്തെ ബഡ്ജററിൽ പണമില്ലല്ലോ?

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഒരു സപ്ലിമെന്ററിഗ്രാന്റുകൊണ്ടുവരുന്നതിന്റെ കുറിററിങ്ങ് വിളിച്ചുകൂട്ടാൻ വകയ്ക്കു ചിലവൊന്നുമില്ലല്ലോ. അഥവാ ചിലവുവന്നാലും സാധുജനങ്ങളുടെ കക്ഷയ അല്ലെ ഗവണ്മെന്റും ജനപ്രതിനിധികളും പ്രധാനമായി കരുതേണ്ടതു?

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): സ്പെഷ്യൽ മീററിങ്ങ് വിളിച്ചുള്ളതാണെന്നതെന്ന ഒരു സപ്ളിമെൻററിഗ്രാൻറ കൊണ്ടുവരാമെന്നറിയാമോ?

മി: തയ്യുകുഞ്ഞിത്താമ്മൻ (മൂവാററുപുഴ-തൊടുപുഴ): കൊണ്ടുവരാം. ചില റോഡുവെട്ടുന്നതിനു, മററും പണം ആവശ്യപ്പെടുമ്പോൾ റോഡു വെട്ടിത്തീർന്നതിനു ശേഷമാണ് സപ്ലിമെൻററിഗ്രാൻറ ചോദിക്കുന്നത്. അങ്ങിനെ ഇനിയും ആകരുതെ. സാധുക്കൾക്ക് കൊടുക്കേണ്ട പണം ഉടനെ കൊടുക്കണം. എനിക്ക ഒരു രൂപപോലും കിട്ടാനില്ല. എൻെറ ചാർട്ടുക്കാർക്കും കിട്ടാനില്ല. എൻെറ താലൂക്കിൻെറ വല്ലഭാഗത്തും വല്ലവർക്കും തുഛമായ സംഖ്യവല്ലതും കിട്ടാനുണ്ടായിരിക്കും അത്രയുള്ളു. ഇതു ഉൾനാട്ടിലെ ജനങ്ങളുടെപൊതുസങ്കടമാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): എന്തു കാരണത്താലാണ് ഇത്ര പണം കൊടുക്കാത്തത്?

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അതാണെല്ലാ അറിയേണ്ടത്. ഗവാണ്മെൻറോ ഗത്യന്തരമോ അതിനു സമാധാനം പറഞ്ഞിട്ടില്ല. ൧൧൦൫ വരെ ഉള്ളതു് ഇനിയും കൊടുത്തുതീർത്തിട്ടില്ലെന്നു പറയുന്നു. അതെന്തുകൊണ്ടെന്നു പറയുന്നില്ല. അവകാശത്തക്കമില്ലാത്തവയെങ്കിലും എടുപ്പും കൊടുത്തുതീർക്കുമോ? ഇതിൽനിന്നു ൧൦൦-ൽ ൧൫-ം അവകാശത്തക്കമില്ലാത്തവയാണ് എന്നാണു ഞാൻ അനുമാനിക്കുന്നത്. ൧൧൦൫ വരെയുള്ളതു എട്ടോ പത്തോ മാസത്തിനകം കൊടുത്തുകൊള്ളാമെന്നു ഉറപ്പുപറയുന്ന പക്ഷം ഈ പ്രമേയം വോട്ടിനിടാതെ കഴിക്കാം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): തക്കതുള്ളവ എല്ലാം ഗസററിൽ പ്രസിദ്ധപ്പെടുത്തിയാൽ മതിയാകുമോ?

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അവകാശത്തക്കമില്ലാത്തതിനുപോലും കൊടുത്തിട്ടില്ല. ൧൧൦൫-വുള്ളതു് ഇനിയും പരസ്യപ്പെടുത്തീട്ടില്ല.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവെററർ): ഗസററിൽ പരസ്യപ്പെടുത്തി തക്കതീർന്നതെല്ലാം കൊടുത്തിട്ടുണ്ട്.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): തക്കതുണ്ടോ, ഇല്ലയോ ൧൧൦൫-വുള്ളതു ഇനിയും ഗസററിൽ പരസ്യപ്പെടുത്തിയിട്ടില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ: (മാവേലിക്കര-കാർത്തികപ്പള്ളി): അവകാശത്തക്കമില്ലാത്തവ. ൧൦ മാസത്തിനകം കൊടുത്തുതീർക്കുമെന്നു പറഞ്ഞാൽ പ്രമേയം പിൻവലിക്കുമോ?

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അവകാശത്തക്കമില്ലാത്തതെല്ലാം ൧൦ മാസത്തിനകം കൊടുക്കാനുമെന്നും മററുള്ളതും അടുത്തകൊല്ലത്തിൽ കൊടുക്കാൻ ശ്രമിക്കാമെന്നും പറഞ്ഞാൽ പിൻവലിക്കാം.

മി: ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവെററർ): സർ. ഞാൻ വിചാരിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ. എനിക്കു നടപടിക്രമത്തെപ്പററി ഒന്നു പറയാനുണ്ട്. മി: കുഞ്ഞിത്തൊമ്മൻ ഭേദഗതിയെ എതിർക്കുകയായിരുന്നു. മെമ്പർ പ്രമേയത്തിനു ഉത്തരം പറയുകയായിരുന്നു എന്നു എനിക്കു മനസ്സിലായില്ല. 'ഭേദഗതി വോട്ടിനിടേണ്ടതാണ്'. അതിൽപിന്നീടാണ് ഉത്തരം വരുന്നതു്.

അദ്ധ്യക്ഷൻ: ഭേദഗതിയെ അനുകൂലിക്കുന്നവർ ദയവുചെയ്തു കൈകൾ ഉയർത്തണം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): ഭേദഗതി നടപടിക്രമത്തിനു അനുസരണമായിട്ടുള്ളതാണോ അല്ലയോ എന്നു എന്നെ അറിയിക്കുമോ?

അദ്ധ്യക്ഷൻ: ഭേദഗതി കൊണ്ടുവന്നപ്പോൾ ആരും എതിർത്തില്ല. അതു നടപടിക്രമത്തിന് വിപരീതമല്ല.

ഭേദഗതിപ്രകാരം പ്രമേയം വോട്ടിനിട്ടു പാസാക്കപ്പെട്ടു.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): പോൾ എടുക്കണം.

താഴെ കാണിച്ചിരിക്കുന്ന ഫലത്തോടുകൂടി ഒരു പോൾ എടുക്കപ്പെട്ടു.

അനുകൂലിച്ചവർ ൨൩.

൧ മിസ്സസ് എലിസബത്ത് കുരുവിള	൧൩ മിസ്റ്റർ കെ. ജാൻജ്
൨ മിസ്റ്റർ കെ. ഡി. കരുണാകരൻ	൧൪ ,, പി. ഗോമതിനായകംപിള്ള
൩ ,, താമരപ്പള്ളിൽ കൊച്ചുതൊമ്മൻ	൧൫ ,, പി. എൻ. കൃഷ്ണപിള്ള
൪ റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ	൧൬ റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൫ മിസ്റ്റർ എം. ഏ. ലാംപാർഡ്	൧൭ മിസ്റ്റർ കുഞ്ഞാലം പരമേശ്വരൻപിള്ള
൬ ,, പി. എസ്. മഹമ്മദ്	൧൮ ഡാക്ടർ കെ. രാമൻതമ്പി
൭ ,, മുരുവേലിൽ പാച്ചുപിള്ള	൧൯ മിസ്റ്റർ കെ. എൻ. രാമസുബ്ബയ്യർ
൮ ,, എസ്. പിറവിപ്പെരുമാൾ പിള്ള	൨൦ ,, ടി. പി. രാമസുബ്ബയ്യർ
൯ ,, ഭാവതിനാൾ രാമവർമ്മരാജാ	൨൧ റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ
൧൦ ,, വി. അരുണാചലം അയ്യർ	൨൨ മി. എസ്. സി. എച്ച്. റാബിൻസൺ
൧൧ ,, ഐ. സി. ചാക്കോ	൨൩ ,, ആർ. വൈദ്യലിംഗംപിള്ള
൧൨ ,, ആർ. ധനുക്കോടിപ്പിള്ള	

പ്രതിഷേധിച്ചവർ ൧൯.

൧	മിസ്റ്റർ	വി. ചെല്ലംപിള്ള	൧൦	മിസ്റ്റർ	വി. എസ്. കൃഷ്ണപിള്ള
൨	,,	എ. എസ്. ദാമോദരൻ ആശാൻ	൧൧	,,	തയ്യിൽ കുഞ്ഞിക്കണ്ണൻ
൩	,,	എ. ജി. മേനോൻ	൧൨	,,	എ. സി. കുഞ്ഞാക്കോസ്
൪	,,	ഇട്ടൂപ്പ് ഇട്ടീച്ചൻ	൧൩	,,	മാത്യു മുതിക്കൻ
൫	,,	ഡി. സി. ജോസഫ്	൧൪	,,	ജി. പി. നീലകണ്ഠപ്പിള്ള
൬	,,	കെ. എൻ. കേശവൻ നംപൂതിരിപ്പാട്	൧൫	,,	കെ. പി. നീലകണ്ഠപ്പിള്ള
൭	,,	ആർ. കേശവപിള്ള	൧൬	,,	വി. ജെ ഉത്തൻ
൮	,,	കെ. മാധവൻപിള്ള	൧൭	,,	കെ. പത്മനാഭപ്പണിക്കർ
൯	,,	എൻ. കെ. കൃഷ്ണപിള്ള	൧൮	,,	കെ. ജി. പരമേശ്വരൻപിള്ള
			൧൯	,,	എ. താണുപിള്ള

നിഷ്പക്ഷവാദികൾ ൪.

൧	മിസ്റ്റർ	ഡി. ഫ്രാൻസിസ്	൩	മിസ്റ്റർ	എൻ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ
൨	,,	ടി. സി. കേശവപിള്ള	൪	,,	ആർ. രാമൻപിള്ള
൩	,,	കെ. മാധവൻ			

ഭേദഗതിയോടുകൂടി പ്രമേയം പാസായതായി തീരുമാനിച്ചു.

അദ്ധ്യക്ഷൻ: മിസ്റ്റർ ഗോവിന്ദമേനോൻ അവതരിപ്പിക്കണമെന്നുദ്ദേശിച്ചതായബില്ലിനെപ്പററി മിസ്റ്റർ പിറവിപ്പെരുമാൾപിള്ള കൊണ്ടുവന്നതായ നടപടിക്രമത്തിനുള്ള അപേക്ഷയിന്മേലുള്ള തീരുമാനത്തെ പ്രസ്താവിക്കാനാണ് ഞാൻ പോകുന്നത്. സ്റ്റാൻഡിംഗ് ആർഡർ ൩ (ബി) പ്രകാരം സിലക്ടറി കമ്മിററിക്കയച്ചതായ വിഷയവിവരപ്പട്ടികയിൽ ആ വിഷയം ചേർന്നിരുന്നില്ല എന്നാണ് മി. പിറവിപ്പെരുമാൾപിള്ള ആക്ഷേപം പുറപ്പെടുവിച്ചിട്ടുള്ളത്. ഗസററിൽ പരസ്യംചെയ്തതിനുശേഷം ഏപ്പോഴെങ്കിലും മെമ്പറിനു ബിൽ അവതരിപ്പിക്കുന്നതിനു സ്റ്റാൻഡിംഗ് ആർഡർ ൩൫(൫)-ൻപ്രകാരം അർഹതയുണ്ടെന്നു സമാധാനം പറയുകയുണ്ടായി. ഇതിനെപ്പററി ഉപാദ്ധ്യക്ഷൻ തന്റെ സ്വതന്ത്രമായ സാമർത്ഥ്യത്തോടുകൂടി വ്യക്തമായി വാദിച്ചു. സ്റ്റാൻഡിംഗ് ആർഡർ ൩൫(൫), സ്റ്റാൻഡിംഗ് ൩ (ബി)യിൽ നിന്നു ഭിന്നമായിട്ടുള്ളതൊ കൂടുതൽ വ്യാപ്തിയുള്ളതൊ അല്ലെന്നും, സ്റ്റാൻഡിംഗ് ആർഡർ ൩൫(൫)ൻ പ്രകാരം അനുദ്യോഗസ്ഥരമെമ്പറിനുള്ള അവകാശത്തെ അനുവദിക്കുന്നതിനു; സ്റ്റാൻഡിംഗ് ആർഡർ ൩ (ബി) അനുസരിച്ചു സഭയിൽ ഹാജരാക്കുന്നതിനുള്ള വിഷയങ്ങളെ പ്രതിപാദിക്കുന്നതിനുള്ള പൊതുഭവനമുള്ള ചട്ടങ്ങളെ അനുസരിച്ചു വേണമെന്ന് അദ്ദേഹം സമർത്ഥിച്ചു. നടപടിക്രമത്തിനുപേക്ഷിച്ചു മെമ്പറും, ഉപാദ്ധ്യക്ഷനും സഭയുടെ അവകാശങ്ങളെ അടിസ്ഥാനപ്പെടുത്തി വാദപ്രതിവാദം നടത്തിയില്ലായിരുന്നു എങ്കിൽ ഞാൻ ഈ കാര്യത്തെപ്പററി ചുരുക്കിപ്പറയുന്നതിനു ഇത്രവളരെ സമയം വ്യയംചെയ്യുകയില്ലായിരുന്നു. സാധാരണയായിട്ടു അനുദ്യോഗസ്ഥ സാമാജികന്മാരും ഉദ്യോഗസ്ഥസാമാജികന്മാരും സഭയുടെ അവകാശങ്ങളെയും അധികാരങ്ങളെയും അവഗണിച്ചു യാതൊന്നുംതന്നെ പ്രവർത്തിച്ചു പോകാതെ സൂക്ഷിക്കേണ്ട കടമയുള്ളവരാണ്. ഒരു നിശ്ചിതദിവസം ഒരു പ്രത്യേക ബിൽ ഹാജരാക്കണം എന്നുള്ളതിനേക്കാൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണത്. പഴയ തീർച്ചകളെ നോക്കി തീരുമാനിക്കുന്നത നു കുറെക്കൂടി സമയം എടുക്കുകിട്ടിയാൽ നന്നായിരുന്നു. എന്നാൽ ഈ യോഗത്തിന്റെ അവസാനത്തോടുകൂടി ഈ തീരുമാനത്തിനുള്ള സന്ദർഭം അവസാനിക്കുന്നതുകൊണ്ടു തീർച്ച ഇപ്പോൾതന്നെ പറയേണ്ടതായും ഇരിക്കുന്നു.

ഇന്ത്യാഗവർണ്ണമെന്റു നിയമസഭയിൽ പൊതുജനരക്ഷാ (ഇൻഡ്യയിൽനിന്നും മാറുക) ബില്ലിനെ സംബന്ധിച്ചു ആ സഭയിലെ ഒരു മാന്യനായ മെമ്പർ അതിന്റെ പകർപ്പുകൾ മുൻകൂട്ടി സാമാജികന്മാർക്കു അയച്ചു കൊടുത്തിട്ടില്ലെന്നുള്ള കാരണത്താൽ ബിൽ ഹാജരാക്കത്തക്കതല്ലെന്നു ചൂണ്ടിക്കാണിച്ചു നടപടിക്രമത്തിനപേക്ഷിച്ചപ്പോൾ ഉണ്ടായതീർച്ചയെ ഇവിടെ ഉദാഹരണമായി മി. പിറവിപ്പെരുമാൾ പിള്ള ഉദ്ധരിക്കുകയുണ്ടായി. അവിടെ ബിൽ അവതരിപ്പിക്കത്തക്കതല്ലെന്നു അദ്ധ്യക്ഷൻ തീരുമാനിച്ചതായ കേസിനും ഇതിനും തമ്മിൽ വാസ്തവത്തിൽ യാതൊരു സാമ്യവും ഇല്ല. എന്തെന്നാൽ അസംബ്ലി തീരുമാനത്തിനു അടിസ്ഥാനമായ സ്റ്റാൻഡിംഗ് ആർഡർ ൩൫-ൽ ബില്ലിന്റെ പകർപ്പുകൾ എല്ലാ മെമ്പറന്മാർക്കും കൊടുത്തതിനു ശേഷമല്ലാതെ അതെ സംബന്ധിച്ചു യാതൊരു പ്രമേയവും ഹാജരാക്കത്തക്കതല്ലെന്നും അതിനെപ്പററി പുറപ്പെടുവിക്കുന്ന ആക്ഷേപങ്ങൾ എല്ലാം സാധുകരിക്കത്തക്കതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

വാദവിഷയമായ സ്റ്റാൻഡിംഗ് ആർഡറിൻപ്രകാരം ഒരു വകുപ്പില്ല. എന്തെന്നാൽ താൽക്കാലിക കാര്യപരിപാടിയിൽ ഉൾപ്പെടുത്താത്തതായ കാര്യങ്ങൾ നടപടിക്കു എടുത്തുകൂടാ എന്നു അതിൽ പറയുന്നില്ല. അതേ സമയത്തുതന്നെ, ഞാൻ മുൻപറഞ്ഞതുപോലെ സഭയുടെ അവകാശങ്ങളെ ന്യൂനതകൂടാതെ പരിരക്ഷിക്കേണ്ടിയിരിക്കുന്നു. അതിലേക്കായി മി. ഗോവിന്ദമേനോന്റെ പ്രമേയം അനുവദിക്കത്തക്കതല്ലെന്നു എനിക്കിപ്പോൾ തീരുമാനിക്കേണ്ടതായിരിക്കുന്നു. ഈ തീരുമാനം പ്രസ്താവിക്കുന്നതോടുകൂടി ഇതിനെ പരിശോധിച്ചു വ്യക്തമാക്കാവുന്നതായതുകൊണ്ട് ഇതു തൽക്കാലത്തേക്ക് സ്വീകരിച്ചാൽ മതിയാകുന്നതാണ്. മിസ്റ്റർ ഗോവിന്ദമേനവന്റെ ബില്ലിനെ സംബന്ധിച്ചിടത്തോളം ഈ തീരുമാനം ഒരു പ്രതിബന്ധമായി അദ്ദേഹവും അദ്ദേഹത്തെ അനുകൂലിച്ചവർക്കും തോന്നുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അതൊരു പ്രാധാന്യമേറിയ നിയമമായതുകൊണ്ട് യോഗം അവസാനിക്കുന്നതിനു മുൻപുള്ളതായ അല്പ സമയത്തിനുള്ളിൽ പ്രതിപാദിച്ചുതീർക്കുമാനിക്കാൻ സാധിക്കയില്ല. അടുത്ത യോഗത്തിലേക്കു ഈ ബിൽ മാററിവച്ചിരിക്കുന്നു എന്നു മാത്രമേ ഇതിനർത്ഥമുള്ളു.

മിസ്റ്റർ ആർ. രാമൻപിള്ള (കോട്ടയം): സർ, സഭയുടെ അനന്തരനടപടികളിൽ പ്രവേശിക്കുന്നതിനുമുൻപായി അദ്ധ്യക്ഷന്റെ അനുവാദസമേതം എനിക്ക് ഒരു അപേക്ഷ സമർപ്പിക്കേണ്ടതായിട്ടുണ്ട്. സഭയിൽ ഞാൻ ചെയ്യേണ്ടതായ ജോലി തൃപ്തികരമായി മററുവിധത്തിൽ നിർവ്വഹിക്കാൻ നിവൃത്തിയില്ലെന്നുള്ളതിച്ച് മലയാളം എന്റെ മാതൃഭാഷയായി സ്വീകരിച്ചു. വൃത്തികമാസത്തിൽ ഒരു പ്രമേയം ഹാജരാക്കുന്നതിനായി ഞാൻ ഒരുങ്ങിയപ്പോൾ കാര്യപരിപാടി അച്ചടിച്ചിരുന്നതുപോലെ ഞാൻ വായിക്കയുണ്ടായി. കാര്യപരിപാടിയിൽ അച്ചടിച്ചിരുന്ന പ്രമേയം വായിച്ചതിൽനിന്നും എനിക്ക് ഇംഗ്ലീഷ് സംസാരിക്കാനറിയാമെന്ന് അദ്ധ്യക്ഷൻ അനുമാനിക്കുമെന്നു ഞാൻ വിചാരിച്ചില്ല. എനിക്കു മലയാളത്തിൽ സംസാരിക്കുന്നതിനു തന്നിരുന്ന അനുവാദം പിൻവലിക്കയും, മേലാൽ ഇംഗ്ലീഷ് സംസാരിക്കണമെന്നു തീരുമാനിക്കയും ചെയ്തു. അന്നുമുതൽ സഭയിൽ ഞാൻ ചെയ്യേണ്ടതായ ജോലി തൃപ്തികരമായി ചെയ്യുന്നതിനു തരമില്ലാതെയാണു വന്നിരിക്കുന്നതു്. അതുകൊണ്ടു ആ തീരുമാനത്തെ റദ്ദുചെയ്യണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഗവഡ് സക്കാർവക്കീൽ): തന്റെ ജോലി തൃപ്തികരമായിട്ടു നിർവ്വഹിക്കാൻ നിവൃത്തിയില്ലെന്നു മിസ്റ്റർ രാമൻപിള്ള പറഞ്ഞതിനോടു ഞാൻ തീരെ യോജിക്കുന്നില്ല. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ സഭയ്ക്കു വളരെ ഉപകാരപ്രദമായിട്ടുള്ളതും അദ്ദേഹത്തിന്റെ ജോലി വളരെ സാമർത്ഥ്യത്തോടെ നിർവ്വഹിച്ചിട്ടുണ്ടെന്നും ആണു ഞാൻ വിചാരിക്കുന്നതു്. അദ്ദേഹം മററുള്ള പലരെക്കാൾ നന്നായിട്ടുള്ള ഇംഗ്ലീഷിൽ സംസാരിക്കുന്നുണ്ട്.

മിസ്റ്റർ ആർ. രാമൻപിള്ള (കോട്ടയം): എനിക്ക് പറയാനുള്ളതെല്ലാം ഇംഗ്ലീഷിൽ പറയുന്നതിനു എനിക്കു നിവൃത്തിയില്ലെന്നു ഞാൻ പറയുന്നു. എന്റെ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതിനു ശക്തനാണോ അല്ലയൊ എന്നുള്ള കാര്യം പറയേണ്ടതു ഞാനാണ്. (ചിരി) ഏതുപ്രകാരമോ ഞാൻ കുറെ തെററായ ഇംഗ്ലീഷൊ ബട്ട്ചർ ഇംഗ്ലീഷൊ പറഞ്ഞു. അതു കൌൺസിലിലെക്കു മതിയാകയില്ല. അതുകൊണ്ടു ആ തീരുമാനത്തെ റദ്ദ്ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

അദ്ധ്യക്ഷൻ. മി. രാമൻപിള്ളെ ലാകമെമ്പാടുമറിയപ്പോലെതന്നെ ഞാനും നിങ്ങൾ സംസാരിച്ചപ്പോൾ നിറങ്ങളുടെ ഉദ്ദേശം മനസ്സിലാക്കാതെയിരുന്നവരാരുമില്ലെന്നാണ് മനസ്സിലാക്കിയിരുന്നതു്. പാമ്പിന്റെ സുഖം ചെരുപ്പിൽ സ്ഥിതിചെയ്യുന്നതുപോലെ ഒരു മനുഷ്യന്റെ സുഖാവസ്ഥ അയാളിൽതന്നെ സ്ഥിതിചെയ്യുന്നു എന്നുഎനിക്കറിയാം. ഇംഗ്ലീഷിൽ സംസാരിക്കുന്നതിനെക്കാൾ മലയാളത്തിൽ സംസാരിക്കുന്നതാണ് നിങ്ങൾക്കു സൌകര്യമെന്നു തോന്നുന്നപക്ഷം നിങ്ങൾ അപ്രകാരം ചെയ്തുകൊള്ളണം. നിങ്ങൾ ഇംഗ്ലീഷിൽ സംസാരിക്കണമെന്നു പറഞ്ഞകാലത്തു എനിക്കറിയാമായിരുന്നതിൽ കൂടുതൽ മലയാളം ഞാൻ ഇപ്പോൾ പഠിച്ചിട്ടുണ്ട്. ആ ഉത്തരവിനെ റദ്ദ്ചെയ്യുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.

അടുത്ത പ്രമേയം മിസ്റ്റർ തയ്യിൽ കുഞ്ഞിത്തൊമ്മന്റെ പേരിൽ ഉള്ളതും താഴെ പറയുന്നപ്രകാരവും ആകുന്നു.

ഗ്രസ്വത്തു ജാമ്യബാങ്ക്.

"കൃഷിക്കാരുടെ ഉപയോഗത്തിലേക്കായി ഒരു ഗ്രസ്വത്തു ജാമ്യബാങ്ക് ഉടനടി തുടങ്ങണമെന്നു ഈ സഭ ഗവണ്മെന്റിനോടു ശുപാർശചെയ്തുകൊള്ളുന്നു".

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴ—തൊടുപുഴ): കൃഷിക്കാരുടെ ഉപയോഗത്തിനായി കാലതാമസമെന്യേ ഒരു ഗ്രസ്വത്തു ജാമ്യബാങ്കു ഏർപ്പെടുത്തണമെന്നു ഈ യോഗം ഗവണ്മെന്റിനോടു ശുപാർശ ചെയ്യുന്നു ഇതാണ് ഞാൻ അവതരിപ്പിക്കുന്ന പ്രമേയം.

മി: ആർ. കൈവല്യവിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ) അജൻഡാ പേപ്പറിൽ അങ്ങിനെയാണോ എഴുതിയിരിക്കുന്നതു്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴ—തൊടുപുഴ): മലയാളത്തിലാണ് ഞാൻ എഴുതി അയച്ചിട്ടുള്ളതു്. അതിൽ ഉടനടി എന്നതിനു സിദ്ധിക്കയില്ല.

കൃഷിക്കാരായ ജനങ്ങൾക്ക് പണസംബന്ധമായി വളരെ വിഷമങ്ങൾ ഉണ്ട്. അവർക്കു മൂലധനത്തിന്റെ കുറവുകൊണ്ടാണ് വൈഷമ്യമുണ്ടാകുന്നതു്. അതിനെ പരിഹരിക്കുന്നതിനു ഇങ്ങിനെ ഒരു ബാങ്ക് ഏർപ്പെടുത്തുന്നതുകൊണ്ടു് സാധിക്കുന്നതാണ്. കാലതാമസമെന്യേ ഈ ബാങ്ക് ഏർപ്പെടുത്തി ചുരുങ്ങിയ പലിശയ്ക്കു ദീർഘകാലാവധിക്കു കൃഷിക്കാരുടെ ആവശ്യങ്ങൾക്കായി കടം കൊടുക്കണമെന്നാണ് ഈ പ്രമേയംകൊണ്ടു വാദിക്കപ്പെടുന്നതു്. ഇതിനെസംബന്ധിച്ചു സംസാരിച്ചു കൂടുതൽസമയം കളയേണ്ട ആവശ്യമില്ലെന്നു വിചാരിക്കുന്നു. ഈ പ്രമേയത്തെ എല്ലാവരും പൂർണ്ണമായി അനുകൂലിക്കണമെന്നുള്ള അപേക്ഷയോടുകൂടി അവതരിപ്പിച്ചുകൊള്ളുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ധനകാര്യസെക്രട്ടറി): മിസ്റ്റർ കുഞ്ഞിത്തൊമ്മനോടു എനിക്കു ചില ചോദ്യങ്ങൾ ചോദിക്കുവാനുണ്ടായിരുന്നു.

അദ്ധ്യക്ഷൻ. അദ്ദേഹം ഇരുന്നു കഴിഞ്ഞു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നാമിനേറഡ് ഉപാധ്യക്ഷൻ); പ്രമേയം വാദപ്രതിവാദത്തിനെടുക്കുന്നു എങ്കിൽ ഉടനെ എന്നുള്ള വാക്ക് വെച്ചുംകൊണ്ടു വേണമെന്നാണോ നാം ഊഹിക്കേണ്ടതു്? ഉടനെ എന്നുള്ള വാക്ക് വേണ്ടെന്നുള്ള പക്ഷമാണ് പ്രമേയം ഹാജരാക്കിയ ആളിനുള്ളതെന്നു ഞാൻ അദ്ദേഹം പറഞ്ഞതിൽനിന്നു മനസ്സിലാക്കി. അദ്ദേഹം അതിനെ വിട്ടുകളയുന്നു. അതുകൊണ്ടു സഭയുടെ ആലോചനക്കെടുത്തിട്ടുള്ള വിഷയം എന്താണെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴ—തൊടുപുഴ): "ഉടനെ" എന്നു ഞാൻ പറയുന്നില്ല. ഞാൻ അയച്ചിട്ടുള്ളതു് മലയാളത്തിലാണ്. അതിൽ കഴിയുന്നതും വേഗത്തിൽ എന്നേ പറഞ്ഞിരിക്കയുള്ളു.

മി: വി. ചെല്ലപ്പപിള്ള (തോവാള): ഉടനെ എന്നു ആയതുകൊണ്ടു വല്ല ദോഷവുമുണ്ടോ?

മി: തയ്യിത്കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ—തൊടുപുഴ) മോഷണമുന്നമില്ല. ഉടനടി സാധിക്കാൻ വിഷമമാകുമെല്ലോ.

അദ്ധ്യക്ഷൻ. ഉടനെ എന്നുള്ള വാക്ക് മലയാളത്തിൽ അയച്ചതാണ് പ്രമേയത്തിൽ ഇല്ലായിരുന്നു എന്നും തങ്ങിമ ചെയ്യപ്പോൾ വിശദമായി വന്നുപോയിട്ടുള്ളതാണെന്നും പ്രമേയക്കാരൻ പറയുന്നു. ഇപ്പോൾ അദ്ദേഹം ഉടനെ എന്നുള്ള വാക്ക് എടുത്തുകളയണമെന്നു പറയുന്നു. അതിനെ എടുത്തുകളയാം.

മി: കെ. ജെ. പരമേശ്വരൻപിള്ള (കൊല്ലം): മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ ബലമായി അനുകൂലിക്കുന്നു. തിരുവിതാംകൂറിൽ അധിവസിക്കുന്ന ദരിദ്രന്മാരുടെ കഷ്ടം വർദ്ധിച്ചുവരുന്നു എന്നുള്ളതു് എല്ലാവർക്കും അറിയാവുന്നതാണ്. നമ്മുടെ രാജ്യത്തു ജായിന്റ സ്റ്റാക്ക് കമ്പനിയും പരസ്പരസഹായ ബാങ്കുകളും വർദ്ധിച്ചുവരുന്നു എങ്കിലും അവ കൃഷിക്കാരുടെ ആവശ്യങ്ങൾക്കു ഉപയോഗപ്പെടുന്നില്ല എന്നു എല്ലാവർക്കും അറിയാവുന്നതാണ്. ഈ ജായിന്റ സ്റ്റാക്ക് കമ്പനി വ്യവസായിക്കേയും കച്ചവടസംബന്ധമായും ഉള്ളവർക്ക് മാത്രമെ ഉപയോഗപ്പെടുന്നുള്ളു. പരസ്പരസഹായബാങ്കിൽ നിന്നും കുറഞ്ഞനിരക്കിൽ ചുരുങ്ങിയ കാലത്തേക്ക് ചെറിയ തുകകൾ മേടിക്കാനെ സാധിക്കയുള്ളു. അതുകൊണ്ടു കൃഷിക്കാരുടെ ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുകയില്ല. അതിനാൽ അവരുടെ ആവശ്യങ്ങളെ നിറവേറ്റുന്നതിനു ഒരു ഭൂസ്വത്തു് ജാമ്യബാങ്ക് സ്ഥാപിക്കേണ്ടതാണ്. ഇതിന്റെ ആവശ്യകതയെപ്പററി പരസ്പരസഹായ കാൺഫറൻസിൽ പല പ്രമേയങ്ങളും പാസ്സാക്കുകയും അവയെ കൌൺസിലിന്റെ ആലോചനയ്ക്കു വിഷയീഭവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ധനപരിപോഷണബോർഡിൽ ഇതിനെപ്പററി ആലോചിക്കുന്നതിനു ഒരു കമ്മററി ഏർപ്പെടുത്തുകയും അവരുടെ റിപ്പോർട്ട് ഗവർണ്ണമെന്റിലേക്കു അയക്കുകയും ചെയ്തിട്ടുണ്ട്. അതിനെപ്പററി ഗവർണ്ണമെന്റ് ഇതേവരെ യാതൊന്നും പ്രവൃത്തിച്ചിട്ടുള്ളതായി കാണുന്നില്ല. അതിനാൽ കൃഷിക്കാരുടെ ആവശ്യങ്ങളെ നിറവേററുന്നതിനു ഇരുപതു മുതൽ നാല്പതുവരെ ഉള്ള കാലാവധിക്കു കടം കൊടുക്കത്തക്കവണ്ണം ഒരു ബാങ്ക് സ്ഥാപിക്കേണ്ടതു് അത്യാവശ്യമാണ്. ഗവർണ്ണമെന്റു ഇതിലേക്കു വേണ്ടതു പ്രവർത്തിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു ധനകാര്യോദ്യോഗി): സർ, നിങ്ങളുടെ അനുവാദത്തോടുകൂടി മെംബറിനോടു എനിക്കു ഒന്നുരണ്ടു ചോദ്യങ്ങൾ ചോദിച്ചാൽ കൊള്ളാമെന്നു ആഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ.—അതു നിങ്ങൾക്കു അദ്ദേഹം ഇരിക്കുന്നതിനു മുൻപു് ആകാമായിരുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്ണമെന്റു ധനകാര്യോദ്യോഗി) എനിക്കു അല്പകാലം ചെയ്യുന്നതിനു അവസരം ലഭിച്ചില്ല. ഞാൻ പറഞ്ഞതിനെ മെംബർ സമ്മതിക്കുന്നപക്ഷം അദ്ദേഹം പറഞ്ഞതിനെ വ്യക്തപ്പെടുത്തുന്നതിനു ഏതാനും ചോദ്യങ്ങൾ ഞാൻ ചോദിക്കാം.

അദ്ധ്യക്ഷൻ. ചോദ്യങ്ങൾ ചോദിക്കുന്നതു പിന്നീടു മതിയാകുന്നതാണ്.

മിസ്റ്റർ. വി ചെല്ലംപിള്ള (തോവാള): മിസ്റ്റർ തയ്യിത് കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ അനുകൂലിക്കുന്നതിൽ എനിക്കവളരെ സന്തോഷമുണ്ട്. തിരുവിതാംകൂറിലെ കൃഷിക്കാരുടെ ഇടയിൽ കടം നാൾക്കുനാൾ വർദ്ധിച്ചു വരുന്നുണ്ടെന്നു നമുക്കെല്ലാവർക്കും അറിയാം. ഇപ്പോൾ തിരുവിതാംകൂറിൽ [illegible] പരസ്പരസഹായസംഘങ്ങൾ ജോലിനടത്തി വരുന്നുണ്ട്. എന്റെ സ്വദേശത്തുതന്നെ [illegible] സംഘങ്ങൾ ഉണ്ട്. ഇവയിൽ ഓരോന്നിലും ധാരാളം ആളുകൾ കടം വാങ്ങുന്നതിനു വരുന്നുണ്ട്. അവർക്ക് ആവശ്യമുള്ള വായ്പകൾ കിട്ടുന്നില്ല. വായ്പകൾ കൊടുത്താലും അവയുടെ കാലാവധി ഒരു കൊല്ലമാണ്. ആ കടമെല്ലാം ആ സമയത്തിനകത്തിൽ കൊടുത്തു തീർക്കുന്നതിനു അവർ വിഷമിക്കുന്നു. അതുകൊണ്ടുകൃഷിക്കാരുടെ കടം നാൾക്കുനാൾ വളരെ അധികമായിട്ടാണു വരുന്നതു. ജനങ്ങൾ അവരുടെ സ്ഥാവരവസ്തുക്കൾ ഈടു വച്ചു് വായ്പവാങ്ങുന്നതിനു സന്നദ്ധരായിവരുന്നു. മൂലധനത്തിന്റെ കുറവു് കൊണ്ടു് അവരുടെ ആവശ്യത്തെ നിറവേററുന്നതിനു ഞങ്ങൾക്കു സാധിക്കുന്നില്ല. തിരുവിതാംകൂറിലെ കൃഷിക്കാർ എല്ലായ്പ്പോഴും കൃഷികൊണ്ടു മാത്രമാണ് ഉപജീവനം കഴിക്കുന്നതു്. കൃഷിയിൽ നിന്നുംകിട്ടുന്ന ആദായത്തിൽനിന്നും ക്ലിപ്തസമയത്തിനു കടം വീട്ടുന്നതിനു അവർക്കു സാധിക്കുന്നില്ല. കൂടുതൽ കാലാവധിക്ക് അവർ തരുന്നതായ ജാമ്യത്തിന്മേൽ വായ്പകൊടുക്കുന്നതായാൽ കൃഷിക്കാർക്കു അതു ഉപകാരമായിരിക്കുന്നതാണ്. പിന്നീടു അവർ പലതവണകളിലായി തിരിച്ചുകൊടുത്തു കൊള്ളും. തിരുവിതാംകൂറിലെ പരസ്പരസഹായ പ്രസ്ഥാനം ഈ വിഷമതകൂടി മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഭൂസ്വത്തു ജാമ്യബാങ്ക് എങ്ങിനെയാണ് തുടങ്ങേണ്ടതു് എന്നു സെൻട്രൽ ബാങ്കുകാർ ആലോചിക്കുന്നുണ്ട്. അതു ഗവർണ്ണമെന്റിന്റെയും ആലോചനയ്ക്കു വിഷയീഭവിച്ചിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു്. എങ്ങിനെ ആയാലും നീണ്ടകാലാവധിക്കു സ്ഥാവരവസ്തുക്കളിന്മേൽ സ്ഥാപിച്ചു കടം കിട്ടാത്തതുകൊണ്ടു ജനങ്ങൾ കഷ്ടപ്പെടുന്നുണ്ട്. അങ്ങനെ ഒരു ബാങ്ക് സ്ഥാപിക്കുന്ന പക്ഷം തിരുവിതാംകൂറിലെ കൃഷിക്കാർക്കു വലിയ ഉപകാരമായിരിക്കും. ഇത്രയും പറഞ്ഞു കൊണ്ടു ഞാൻ പ്രമേയത്തെ പിന്താങ്ങിക്കൊള്ളുന്നു.

മി: ഇട്ടിച്ചൻ ഇട്ടിച്ചൻ (കുന്നത്തുനാടു) മി: കുഞ്ഞിത്തൊമ്മൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭൂസ്വത്തുജാമ്യബാങ്കിനെപ്പററിയുള്ള പ്രമേയത്തെ ഞാൻ ഹൃദയപൂർവ്വം പിന്താങ്ങിക്കൊള്ളുന്നു. തിരുവിതാംകൂറിലെ ജനങ്ങളുടെ സാമ്പത്തികാവസ്ഥ നാൾക്കുനാൾ ക്ഷയിച്ചു വളരെ പരിതാപകരമായ നിലയിലേക്കു പോയിക്കൊണ്ടിരിക്കുന്നു. എന്നാൽ ജനസംഖ്യയോ നാൾക്കുനാൾ വർദ്ധിച്ചു വർദ്ധിച്ചാണ് വരുന്നതു്. രാജ്യത്തെ ജനങ്ങളുടെ സാമ്പത്തികനിലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഗവർണ്ണമെന്റിന്റെ ഗതിതാമസിക്കുന്നതാണെന്നു തോന്നുന്നു. ഇതു ശരിക്കുതന്നെ നടപ്പിച്ചു കൊണ്ടുപോകുന്നപക്ഷം തിരുവിതാംകൂറിലെ ജനങ്ങളുടെ സ്ഥിതി, വളരെ പരിതാപകരമായ ഒരു നിലയിൽ എത്തുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. കൃഷിയെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് പണ്ഡിതശ്രേഷ്ഠനായ ഒരു കൃഷി ഡയറക്ടറെ ഇവിടെ നിയമിച്ചിട്ടുള്ളതു്. അദ്ദേഹത്തെ ഇതിൽ കുററം പറയാനില്ല. ഔഷധം വാങ്ങിക്കാൻ തുണിയില്ലാത്ത ഒരു രോഗിയുടെ അടുക്കൽ മഹാസമർത്ഥനായ ഒരു ഡാക്ടർചെന്നു ഇരുന്നു മരുന്നുവാങ്ങിക്കണമെന്നുപദേശിച്ചാൽ ആ രോഗി എന്തുചെയ്യും? ആ നിലയാണ് ഇന്നു കൃഷിക്കാർക്കുള്ളതു്. കൃഷിഡയറക്ടരുടെ ഉപദേശമനുസരിച്ചു് പ്രവർത്തിക്കാൻ ധനമില്ലായ്മ കർഷകനെ അനുവദിക്കുന്നില്ല. ആ സ്ഥിതിക്ക് ഗവർണ്ണമെന്റിനെതന്നെയാണു കുററംപറയേണ്ടതു്. അതുകൊണ്ടു കഴിയുന്നതും ചു.

ചെങ്ങന്നിയകാലംകൊണ്ടു ഒരു ഭൂസ്വത്തുജാമ്യബാങ്ക് ഇവിടെ ഏർപ്പെടുത്തി പ്രവർത്തിപ്പിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: ഉറുമ്പലിൽ പാച്ചുപിള്ള (ചേർത്തല): സർ, മി: കുഞ്ഞിത്തൊമ്മൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാനും ബലമായി പിൻതാങ്ങിക്കൊള്ളുന്നു. ഈ രാജ്യത്തു ഗവർണ്മെന്റിന്റെ സഹായത്തോടുകൂടി നടത്തുന്ന സ്റ്റേറ്റ് എയിഡഡ് ബാങ്കുകൾ സെൻട്രൽ കോഓപ്പറേറ്റീവ് ബാങ്കും മററനേകം പ്രൈവേററ ബാങ്കുകളും ഉണ്ട്. ഈ ബാങ്കുകളെല്ലാം ഉണ്ടെങ്കിലും ഈ രാജ്യത്തു ജാമ്യത്തിന്മേൽ കൂടുതൽ കടം കൊടുക്കുന്ന ബാങ്കുകൾ കുറവാണ്. ഈ ബാങ്കുകളുടെ കൂടുതൽ അവധി രണ്ടോ മൂന്നോ മാസമാണ്. ഈ രാജ്യത്തെ കൃഷിക്കാരുടെ സ്ഥിതി ദിനംപ്രതി ക്ഷയിച്ചുവരുന്നു എന്നതാണു പറയേണ്ടതിരിക്കുന്നു. ഇവിടെ രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങളുടെ സാമ്യം നോക്കുമ്പോൾ ആണ് എന്നുകാണാം. അതിൽ നിന്നു കുടുംബവും സ്ഥാവരവസ്തുക്കളിൽ സ്ഥാപിച്ചിട്ടുള്ള പ്രമാണങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നു കാണാം. ഈ ആധാരങ്ങളിൽ മൂന്നു നാലുഭാഗം ഒററി ആധാരവും രണ്ടു നാലുഭാഗം തീററാധാരവുമാണ്. കൃഷിക്കാരായ ആളുകൾ അവരുടെ സ്വന്തവസ്തുക്കളെ പണയപ്പെടുത്തിയും വിററും ചെലവാക്കുന്നുണ്ടെന്നു വ്യക്തമാകുന്നുണ്ട്. കൃഷിക്കാരുടെ അപ്പോഴപ്പോഴുണ്ടാകുന്ന ആവശ്യങ്ങളെ നിർവ്വഹിക്കുന്നതിനും പല്ലുകടിക്കും ഉണ്ടായിവരുന്നതു അവയെ തീർക്കുന്നതിനും ഒരുമാർഗ്ഗമായ വിധത്തിൽ പണം കിട്ടുന്നതിനുവേണ്ട ഏർപ്പാടുകൾ ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെയുള്ള പണയാധാരങ്ങളും തീറാധാരങ്ങളും രജിസ്റ്റർ ചെയ്തുവരുന്നത്. ഈ രാജ്യത്തെ കൃഷിക്കാരുടെ സ്ഥിതിനന്നാക്കുകയും അവരുടെ ആവശ്യങ്ങളെ നിർവ്വഹിക്കുന്നതിനുവേണ്ട ഒരുമാർഗ്ഗം ഉണ്ടാക്കി കൊടുക്കുകയും ചെയ്യേണ്ടതു് അതാകുന്നു രാജ്യത്തിലെ ഗവർണ്മെന്റിന്റെ ധർമ്മമാകുന്നു.

ഒരു ഭൂസ്വത്തു് ജാമ്യബാങ്കുസ്ഥാപിച്ചു കൊടുക്കണമെന്നുള്ള അപേക്ഷ ഇപ്പോൾ ആദ്യമായിട്ടുള്ളതല്ല. ശ്രീമാൻ പുതുസഭയിലും ഇതിനെപ്പററി വാദപ്രതിവാദം നടത്തുകയും പരസ്പരസഹായ സംഘങ്ങൾ നിത്യേന പാസ്സാക്കി അയക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ ഇവിടെ പ്രസ്താവിക്കുന്ന കാര്യങ്ങളുടെ കൂടെ ചേർക്കുകയുള്ളതായ പരസ്പരസഹായ സംഘങ്ങൾ പല്ലാംകുളി ഇങ്ങനെ ഒരു പ്രമേയം ഈ കൌൺസിലിൽ അവതരിപ്പിക്കുന്നുണ്ട്. അതിനെ നിങ്ങൾ ബലമായി പിൻതാങ്ങണമെന്ന് കാണിച്ചു് ഒരു നിവേദനം പാസ്സാക്കി എന്റെ പേർക്കു എഴുതി അയച്ചിട്ടുണ്ട്. അതനുസരിച്ചു് ഈ കൌൺസിലിലുള്ള എല്ലാവർക്കും ഈ പ്രമേയത്തെപ്പററി നിവേദനം കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു

ഏതായിരുന്നാലും ഇവിടെ ഒരു ഭൂസ്വത്തു ജാമ്യബാങ്ക് സ്ഥാപിക്കേണ്ടതു് എന്തായാലും അത്യാവശ്യമാണ്. ഇതിനെസംബന്ധിച്ചു് ഗവർണ്മെന്റിന്റെ ശ്രദ്ധ പ്രത്യേകം പതിയേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: എ. സി. കുര്യാക്കോസ് (മീനച്ചിൽ-തോടുകുളം): സർ, ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു എനിക്ക് അധികമായി ഒന്നും പറഞ്ഞാനില്ല. തിരുവിതാംകൂറിലെ കൃഷിക്കാരുടെ അഭിവൃദ്ധിക്ക് ഏററവും അത്യാവശ്യമായ ഒരു വിഷയമാണ് ഈ കൌൺസിലിന്റെ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നതെന്നു ഉറപ്പായിട്ടു വിശ്വസിക്കാൻ കഴിയും. മൂലധനമില്ലാത്തതുകൊണ്ടു കൃഷിക്കാർ ശരിയായവിധത്തിൽ കൃഷിചെയ്യുന്നതിനു പ്രാപ്തന്മാരല്ലാതെയിരിക്കുന്നു എന്നു നിസ്സംശയം പറയാം. ഒരു കർഷകരാജ്യമായ ഇവിടെ അതിദയനീയമായ അഭിവൃദ്ധി കൃഷിവിഷയത്തിൽ ഇല്ലാതിരിക്കുന്നതിനുള്ള കാരണം അന്വേഷിക്കുന്ന ഒരാളിന്റെ ദൃഷ്ടിയിൽ പ്രധാനമായും പ്രഥമമായും കാണുന്ന ന്യൂനത കൃഷിക്കാരുടെ മൂലധനക്കുറവാണ്. ഈ തിരുവിതാംകൂർരാജ്യത്തു അനേകം ബാങ്കുകൾ ഉണ്ടായിരിക്കെ, ഒരുമാതിരി വിധത്തിൽ കൃഷിക്കാർക്ക് ധനസഹായം ലഭിക്കാൻ മാർഗ്ഗം ഉണ്ടായിരിക്കെ, ഞാൻ ഇങ്ങനെ പറയുന്നതിൽ അർത്ഥമില്ലെന്നു ഒരു പക്ഷേ തോന്നാം. പററെ വ്യവസായങ്ങളിൽനിന്നു അപ്പോഴപ്പോൾ ആദായം ലഭിക്കത്തക്കതായ മൂലധനം കൃഷിക്കു ചെലവിടുമ്പോൾ കൃഷിക്കു പണം കടം വാങ്ങിച്ചു് പ്രവർത്തിക്കാൻ കഴിയും. എന്നാൽ കൃഷിയാകട്ടെ ദീർഘകാലംകൊണ്ടും മൂലധനം ചെലവിടുന്ന രീതിയനുസരിച്ചുമാണ് ആദായം കിട്ടുന്നതു്. അങ്ങനെയുള്ള കൃഷിക്കാർ അന്യന്മാരുടെ പലിശക്കു പണം വാങ്ങി കൃഷിനടത്തിയാൽ മൂലധനത്തിനു പലിശകൊടുക്കുന്നതിൽതന്നെ കൃഷിക്കാരന്റെ ആദായം നഷ്ടപ്പെടുന്നു. അല്ലെങ്കിൽ ഇല്ലായ്മയാവാൻ ഇടയാകുന്നു. തിരുവിതാംകൂറിൽ കർഷകവൃത്തിയിൽ ജീവിക്കുന്ന ആളുകൾ ഋണബദ്ധന്മാരായി വളരെ അധികം കുഴപ്പപ്പെടുകയും, മൂലധനം സുലഭമായി ലഭിക്കാൻ വഴിയില്ലാതെ ഉത്തമമായ കൃഷികൾ ചെയ്യാൻ പ്രാപ്തന്മാരല്ലാതെ ആയിതീരുകയും ചെയ്തുപോരുന്നു. ആ സ്ഥിതിക്ക് കർഷകരാജ്യമായ ഈ രാജ്യത്തു കൃഷിക്കാരെ വേണ്ടവിധത്തിൽ സഹായിക്കുന്നതിൽ ഗവർണ്മെന്റു ശ്രദ്ധപതിക്കേണ്ടതാണ്. ഇതിലേക്കു കുറഞ്ഞ പലിശയ്ക്കു ദീർഘകാലാവധിക്കു അവരുടെ സ്വത്തു ജാമ്യത്തിന്മേൽ പണം കൊടുക്കത്തക്കണ്ണം ഗവർണ്മെന്റിൽനിന്നും വ്യവസ്ഥചെയ്താൽ പലിശയും മുതലും ക്രമേണ ഗവർണ്മെന്റിനു ഈടാക്കാൻ സാധിക്കയും, അതിൽനിന്നും കിട്ടുന്ന ആദായംകൊണ്ടു് രാജ്യംതന്നെ അഭിവൃദ്ധിയിൽ എത്തുകയും ചെയ്യും. ഈ അഭിപ്രായത്തെ പ്രത്യക്ഷപ്പെടുത്തികൊണ്ടു ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കല്ലുമ്പുറം-വിളവംകോട്): പ്രമേയത്തിന്റെ പ്രാധാന്യത്തെപ്പററി അനേകസ്ഥാനങ്ങളിൽക്കൂടി സഭയെ അറിയിച്ചിട്ടുണ്ട്. തൊഴിലില്ലായ്മകണ്ടറി, ധനപരിപോഷണബോർഡ്, പല പരസ്പരസഹായ ഐക്യസംഘങ്ങൾ, പരസ്പരസഹായ കാൺഫറൻസ് ഇവയെല്ലാം ഭൂസ്വത്തു ജാമ്യബാങ്ക് ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പററി നിവേദനങ്ങൾ പാസാക്കി ഗവർണ്മെന്റിനു അയച്ചിട്ടുണ്ട്. ദീർഘകാലാവധിക്ക് വായ്പകൊടുക്കുന്നതായ ബാങ്കുകളുടെ അഭാവംനിമിത്തം തിരുവിതാംകൂറിലെ കർഷകന്മാർ വളരെ വലയുന്നുണ്ട്. ചില സ്ഥലങ്ങളിൽ വിശേഷിച്ചു തെക്കൻതിരുവിതാംകൂറിൽ അടിക്കടി ഉണ്ടാകുന്ന വിളവുനഷ്ടങ്ങൾ ജന്മിയെ ദരിദ്രനാക്കുകയും ഒററിയാകുന്നതോ വിലയാകുന്നതോ കച്ചവടക്കാരനൊ പണം പലിശക്കു കൊടുക്കുന്നവനൊ വസ്തുവിനെ കൊടുക്കയും തൻമൂലം ജന്മിക്കു വസ്തു കൈവശം ഇല്ലാതാകയും ചെയ്യുന്നു. വടക്കൻ തിരുവിതാംകൂറിലും ഇപ്പോൾ അതുതന്നെയാണ്. ഈ ന്യൂനതയെ പരിഹരിക്കുന്നതിനു മാത്രമായിട്ടു ഒററിപോ ചെയ്തതന്നെ വസ്തുവിന്റെ ജാമ്യമായി സ്വീകരിച്ചു് ദീർഘകാലാവധിക്കു വായ്പകൾ കൊടുക്കുന്നതിനു ഒരു ഭൂസ്വത്തു ജാമ്യബാങ്കു ഉണ്ടായിരുന്നാൽ നന്നായിരിക്കുന്നതാണ്.

ഗവർണ്മെന്റു തങ്ങളുടെ അധികഭാഗം പണത്തെയും പരസ്പരസഹായസംഘങ്ങളിൽനിന്നും മാററുകയാണ് ചെയ്യുന്നതു്. ഇപ്പോഴത്തെ കടംവാങ്ങി കൊടുക്കുന്നരീതി തീരെ അധികമായിട്ടു ദീർഘകാലാവധിക്ക് കടംകൊടു

ക്കുന്നസമ്പ്രദായം നടപ്പിൽവരുത്തണമെന്നാണ് പല ബഡ്ജററപ്രസംഗങ്ങളിൽ നമുക്കു മനസ്സിലാകാവുന്നതു്. ഗവണ്മെൻറുതന്നെ അതിന്റെ ആവശ്യകതയെ അറിഞ്ഞിട്ടുള്ളസ്ഥിതിക്കു അതിനെപ്പററി ഞാൻ അധികമായി ഒന്നുംതന്നെ പറയേണ്ടതായിട്ടില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഇങ്ങനെ ഒരു ബാങ്കുതുടങ്ങുന്നതിനു എത്രപക്ഷത്രുചാ വേണമെന്നറിയാമോ?

മി: ടി. സി. കേശവപിള്ള (കല്ലുമ്പുറം-വിളയംകോട്): തിരുവിതാംകൂർ ഗവണ്മെൻറിന്റെ വരവിന്റെ ഒട്ടേറെയാവും ഇപ്രകാരമുള്ള ഒരു ബാങ്കിനായി കൊടുക്കണം. അപ്രകാരം ഒരു സഹായം ചെയ്യുന്നതിനു നമ്മുടെ ഗവണ്മെൻറു മദ്രാസ്ഗവണ്മെൻറിനെക്കൂടി ഉത്സാഹിപ്പിക്കണം.

മി: രേവതിനാൾ രാമവർമ്മരാജ (എടവക): മെംബർക്കു ഇതിനുസംബന്ധിച്ചു് വല്ല ഉദ്ദേശമെങ്കിലും ഉണ്ടോ എന്നറിയാനാണ് ചോദിച്ചതു്?

മി: ടി. സി. കേശവപിള്ള (കല്ലുമ്പുറം-വിളയംകോട്): ഉദ്ദേശം ൪ കോടി രൂപാവരെയാളം വേണ്ടിവരും. പൊതുജനനന്മയ്ക്കുവേണ്ടി മഹാരാജാവിന്റെ സ്വന്തപണവും ബാങ്കിലേക്കു കൊടുക്കണം. മിസ്റ്റർ രാജഗോപാലിനു ഇക്കാര്യത്തിൽ വേണ്ട സഹായംചെയ്യാൻ കഴിയും.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ പിൻതാങ്ങികൊള്ളുന്നു. മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെപ്പററി അധികം ഒന്നും സംസാരിച്ചിട്ടില്ല. എന്തെന്നാൽ നമുക്കെല്ലാവർക്കും നല്ലതുപോലെ അറിയാവുന്ന കാര്യമായതുകൊണ്ടാണ്. സർ, തിരുവിതാംകൂർ ഒരു കർഷകരാജ്യവും മിസ്റ്റർ ചെല്ലപ്പിള്ള പറഞ്ഞതുപോലെ കൃഷിക്കാരുടെ കടങ്ങൾ വർദ്ധിച്ചുവരുന്ന രാജ്യവുമാണ്. കർഷകർക്കു ധനസഹായംചെയ്യാതെ പുതിയരീതിയിലുള്ള കൃഷിയെപ്പററി പ്രസംഗിച്ചുകൊണ്ടുമാത്രം ഫലമില്ല. സർ, ദീർഘകാലാവധിക്കു വസ്തുജാമ്യത്തിന്മേൽ പണം കടംകൊടുക്കുന്നതിനു ഭൂസ്വത്തുജാമ്യബാങ്ക് പരീക്ഷണാർത്ഥം ഏർപ്പെടുത്തി കർഷകന്മാരുടെ ധനാഗമമാർഗ്ഗത്തിനുള്ള വിഷമതയെ പരിഹരിക്കേണ്ടിയിരിക്കുന്നു. ഗൻപിചക്രത്തക്കാർ ഇപ്പോഴാണ് അതിന്റെ ആവശ്യം നേരിട്ടിരിക്കുന്നതു് എന്നാണ് എനിക്കു തോന്നുന്നതു്. പ്രത്യേകിച്ചു പുതിയ സാമുദായികനിയമനിർമ്മാണത്തിനുശേഷം, വിശേഷിച്ചുപുതിയ നായർ റഗ്ലേഷനുണ്ടായതിൽപിന്നെ പഴയതറവാടുകൾ ചെറിയഭാഗങ്ങളായി വിഭജിക്കപ്പെടുകയുംഅവയെ കൃഷിചെയ്യുന്നതിനൊ നന്നാക്കുന്നതിനൊ പണമില്ലാത്തതിനാൽഉടമസ്ഥന്മാർ സഹായവിലയ്ക്കു വിററുവരുന്നു. അതിന്റെ ഫലമായി ദരിദ്രന്മാരായ വസ്തുഉടമസ്ഥന്മാരെ നഷ്ടപ്പെടുത്തി പണക്കാർവർദ്ധിക്കുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ധനകാര്യദർശി): ജനങ്ങൾക്കു തങ്ങളുടെ ഭൂമികളെ കൃഷിചെയ്യുന്നതിനു ഭൂസ്വത്തു ജാമ്യബാങ്ക് ഉപകരിക്കുമെന്നാണൊ മെംബറിന്റെ അഭിപ്രായം?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ധനത്തെ സംബന്ധിച്ചിടത്തോളം അതുവർക്കു സഹായമായിരിക്കുന്നതാണ്. അതാണ് ആദ്യമായിആലോചിക്കേണ്ടതു്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ധനകാര്യദർശി): അതുവരെ കൃഷിചെയ്യുന്നതിനു സഹായിക്കുമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): കൃഷിക്കുപണം ആവശ്യമുണ്ട്.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): മെംബർ ഒരുചോദ്യത്തിനു സമാധാനം പറയുമോ? കൃഷിവായ്പറഗ്ലേഷൻ കൊണ്ടു ഈ വിഷമതയെ പരിഹരിക്കുന്നതാ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇല്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി): അതുകൊണ്ടല്ലേതാണ് പരിഹരിക്കാൻ പാടില്ലാത്തതു എന്നു മെംബർ പറയുമൊ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): കൃഷിവായ്പ കൊടുക്കുന്നതു് ഏതുവിധത്തിലാണെന്നുള്ളതിനെപ്പററി പലമെംബറന്മാരും കഴിഞ്ഞ ഒന്നു രണ്ടു കൊല്ലങ്ങൾക്കിടയിൽ ധാരാളം ചോദ്യങ്ങൾ ചെയ്തിട്ടുള്ളതായി നിയമസഭാ നടപടികൾ വായിച്ചുനോക്കിയാൽ കാണാവുന്നതാണെന്നു എനിക്കു തോന്നുന്നു. പാലുവത്തിൽ ആവശ്യമുള്ളവർക്കു കടം കിട്ടുന്നില്ല. കൃഷിവായ്പപണമുള്ളവർക്കേ വാങ്ങാൻ സാധിക്കയുള്ളു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): റഗ്ലേഷൻ ശരിയായ വിധത്തിൽ നടപ്പിൽ വരുത്തുന്ന പക്ഷം ഈ വിഷമത ഇല്ലാതാകുമൊ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): നിശ്ചയമായിട്ടും ഇല്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): കൃഷിവായ്പ റഗ്ലേഷൻ കൊണ്ടു സാധിക്കാൻ പാടില്ലെന്നു വിചാരിക്കുന്ന കാര്യം എങ്ങിനെയാണ് ബാങ്കുകൊണ്ടു സാധിക്കാൻ പോകുന്നതെന്നു മെംബർ പറയുമൊ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): കൃഷിവായ്പ ആവശ്യമുള്ള കർഷകന്മാർ, പല ഉദ്യോഗസ്ഥന്മാരെ കാണേണ്ടതായിട്ടും പലപ്പോഴും ചെല്ലുവിളികേൾക്കേണ്ടതായിട്ടും ഉണ്ട്. അതാണ് നാം സാധാരണയായിട്ടു കണ്ടുവരാറുള്ളതു്. മിക്കവാറും കൊടുക്കാറില്ല. കൊടുത്താലും വളരെതാമസിച്ചേ കൊടുക്കയുള്ളു. എന്തുകൊണ്ടെന്നാൽ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കു വേറെ പലജോലികൾ കൂടിഉണ്ട്. ബാങ്കു അപ്രകാരമുള്ളതല്ല.

മി: എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): വായ്പകൊടുക്കാത്തപക്ഷം ദിവാൻ പേഷ്കാരുടേയും മാൻഹററസ്യൂകമ്മീഷണരുടേയും അടുക്കൽ അപ്പീലില്ലയൊ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അതു കാലതാമസത്തിനിടയുള്ളതാണ്.

മി: എസ്. സി. എച്ച് റോബിൻസൺ, (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അയാൾക്കു വാസ്തവത്തിൽ ഒരു കൃഷിവായ്പവേണമെങ്കിൽ യുക്തമായ ജാമ്യം കൊടുത്താൽ വാങ്ങിക്കാൻ കഴിയുന്നതാണ്. കൃഷിവായ്പ കൊടുക്കാതിരുന്നാൽ അപ്പീൽ കൊടുക്കാവുന്നതാണെന്നു മെംബറിനറിയാമൊ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അതിനപ്പീൽ ഉണ്ടെന്നു എനിക്കറിയാം. എന്നാൽ കാലതാമസത്തിനിടയാകുന്നതായ അപ്പീലും പരിശോധനയും അത്യാവശ്യക്കാരനായ അപേക്ഷകന്റെ ഉദ്ദേശസാധ്യത്തിനു തടസ്ഥമായിവരുന്നു.

മി: ചെല്ലംചിള്ള (തൊടുപുഴ): കൃഷിവായ്പ ഏതാനും ചിലകാര്യങ്ങൾക്കുമാത്രമേ കൊടുക്കുകയുള്ളു എന്നറിയാമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അറിയാം.

മി: പി. ചെല്ലാപിള്ള (തൊടുപുഴ): അല്ല് വേറെ ഏതെങ്കിലും കാര്യത്തിനുപയോഗിക്കുമോ എന്നു പറയാമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): കൃഷിസംബന്ധമായ ആവശ്യങ്ങൾക്കല്ലാതെ വേറെയാതൊന്നിനും അതുപയോഗിച്ചുകൂടാ.

മി: എ. എസ്. മാരോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു സാധാരണക്കാരനായ കർഷകൻ ഒരു വായ്പക്കപേക്ഷിച്ചു, അപേക്ഷ കിട്ടുന്നതുപക്ഷം അപ്പീൽ കൊടുത്തു വായ്പ എടുക്കുന്നതിനു വളരെക്കാലം കഴിഞ്ഞിരുന്നുമെന്നു മെംബറിനറിയാമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ചിലപ്പോൾ വായ്പ അനുവദിക്കുന്നതിന് അങ്ങനെയൊക്കെ കുറേയൊക്കെ വേണ്ടിവരുന്നതാണ്.

മി: എ. എസ്. മാരോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മററനേകം ജോലികളുള്ള റവന്യൂ ഉദ്യോഗസ്ഥന്മാരാണ് കൃഷിവായ്പ കൊടുക്കുന്നതെന്നു മെംബറിനറിയാമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അതേ, അതു ശരിതന്നെ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടേറിയേറ്റ്): റഗുലേഷൻ ശരിയായ വിധത്തിൽ നടപ്പിൽ വരുത്തിയാൽ മെംബർ തൃപ്തിപ്പെടുമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അതിന്റെ നടത്തിപ്പിലാണ് വിഷമതയുള്ളത്.

മി: മാത്യു മുതിക്കൻ (വൈക്കം): ആവശ്യക്കാരായ അപേക്ഷകന്മാർക്ക് കൃഷിവായ്പ ഉപകരിക്കുന്നതായി മെംബറിനറിയാമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അറിവാൻപാടില്ലാ. മിക്കവാറും ഉപകരിക്കുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടേറിയേറ്റ്): റഗുലേഷന്റെ നടത്തിപ്പിനെപ്പററി പരാതി ഉണ്ടെങ്കിൽ അതു ശരിപ്പെടുത്താവുന്നതാണെന്നും അങ്ങനെയാണെങ്കിൽ ഈ പ്രമേയത്തിന്റെ ആവശ്യമില്ലെന്നും മെംബറിനു തോന്നുന്നില്ലേ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): എനിക്കങ്ങിനെ തോന്നുന്നില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): കൃഷിവായ്പ നൽകുന്ന തുറയിൽ ജോലി ചെയ്യുന്ന ആളുകളെ നേരെ ആക്കിയാൽ പോരേ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): പോരാ; അതുകൊണ്ടു പ്രയോജനമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൃഷിവായ്പ ഏർപ്പാടിനും, ഗ്രസ്വത്തു ജാമ്യഏർപ്പാടിനും തമ്മിൽ വല്ല താരതമ്യവുമുണ്ടോ എന്നു എനിക്കു പറഞ്ഞുതരാമോ?

മിസ്റ്റർ എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഒരു താരതമ്യവുമില്ല. ഗ്രസ്വത്തു ജാമ്യബാങ്കുകൾ ഉണ്ടെങ്കിൽ അത്യാവശ്യക്കാരനായ കർഷകന് തന്റെ ചെറിയ പുരയിടത്തെ ജാമ്യം കൊടുത്തു ആവശ്യമുള്ള പണം വാങ്ങിക്കാം. ഈ അവസരത്തിൽ ഈ രാജ്യത്തെ കൃഷിയുടെ അവസ്ഥയെപ്പററി നല്ലതുപോലെ അറിയാവുന്ന ആളും ധനപരിപോഷണ ബോർഡിന്റെ അധ്യക്ഷനുമായ ഡാക്ടർ കുഞ്ഞൻപിള്ള ഗ്രസ്വത്തു ജാമ്യബാങ്കിന്റെ കാര്യത്തെപ്പററി ശുപാർശ ചെയ്തതു എന്റെ ഓർമ്മയിൽ വരുന്നുണ്ട്. നമ്മുടെ അടുത്ത രാജ്യത്തു ഒരു ബാങ്ക് സ്ഥാപിച്ചതായി നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അപ്രകാരമിരിക്കെ ഈ പ്രമേയം വളരെ സ്തുത്യർഹമായിട്ടുള്ളതും ഉദ്യോഗസ്ഥസാമാജികന്മാരും, അനുദ്യോഗസ്ഥസാമാജികന്മാരും ഒരുപോലെ അനുകൂലിക്കേണ്ടതുമാണ്.

മി: ഡി. ഫ്രാൻസീസ് (ഗവണ്മെന്റ് നിയമനം): ഞാനും പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു. സാധുക്കളായ കർഷകന്മാരുടെ ഉപയോഗത്തിലേക്കായി ഗ്രസ്വത്ത് ജാമ്യബാങ്ക് തുടങ്ങേണ്ടതു് അത്യാവശ്യമാണ്. വസ്തുജാമ്യത്തിന്മേൽ അന്യായമായ പലിശയും കമ്മീഷനും കൊടുത്തു കർഷകന്മാർ ഹുണ്ടിയൽ വ്യാപാരികളുടെ പക്കൽ നിന്നും പണം കടം വാങ്ങുന്നതു് വളരെ നഷ്ടമാണ്. അവരുടെ സങ്കടനിവാരണത്തിനായി പരീക്ഷണാർത്ഥമെങ്കിൽ കുറഞ്ഞപലിശയ്ക്കു വായ്പ കൊടുക്കുന്നതിനായി ഗവണ്മെന്റ് അപ്രകാരം ഒരു ബാങ്ക് എങ്കിലും നടപ്പിൽ വരുത്തണം. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ പ്രമേയത്തെ ബലമായി പിന്താങ്ങികൊള്ളുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടം, വ്യവസായം തെക്കൻ): അനുദ്യോഗസ്ഥസാമാജികന്മാരെല്ലാവരും ഈ പ്രമേയത്തെ അനുകൂലിക്കണമെന്നു ഞാൻ പറയേണ്ട ആവശ്യമില്ല. ഓരോ മെംബർ കൃഷിവായ്പയേയും ഗ്രസ്വത്തു ജാമ്യവായ്പയേയും തമ്മിൽ കൂട്ടി കുഴക്കുകയായിരുന്നു എന്നു മാത്രമെ എനിക്കു ചൂണ്ടിക്കാണിക്കേണ്ടതായിട്ടുള്ളു. കൃഷിവായ്പകൊണ്ടു ഗ്രസ്വത്തുജാമ്യവായ്പകൊണ്ടു ആവശ്യങ്ങളെ നിറവേററാൻ സാധിക്കുമെന്നാണ് അദ്ദേഹം നമ്മെ പറഞ്ഞു മനസ്സിലാക്കിയതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടേറിയേറ്റ്): മെംബറിന്റെ അഭിപ്രായങ്ങൾ അറിയുന്നതിനായി ഞാൻ ഏതാനും ചോദ്യങ്ങൾ ചോദിച്ചു എന്നു മാത്രമേ എനിക്കു സമാധാനമായി പറയാനുള്ളു. സ്വാഭിപ്രായപ്രകടനത്തിനായി ഞാൻ ഉദ്ദേശിക്കയല്ലായിരുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കൻ): അദ്ദേഹത്തിന്റെ ഇഷ്ടംപോലെ തന്നെ മനസ്സിലാക്കാൻ അദ്ദേഹത്തിനു സാധിക്കയില്ല. പക്ഷെ അദ്ദേഹം ഒന്നു വിചാരിച്ചു മറെറാന്നു പറഞ്ഞു എന്നു വരുന്നേക്കാം. മനസ്സിലാക്കുന്നതിനുള്ള ത്രാണി അദ്ദേഹത്തിനു മാത്രമെയുള്ളു എന്നു വിചാരിച്ചേക്കരുതു് ഗ്രസ്വത്തുജാമ്യബാങ്കുകൊണ്ടു നിറവേററണ്ട കാര്യങ്ങൾ കൃഷിവായ്പകൊണ്ടു സാധിക്കയില്ല. അവ ഭൂമി

നന്നാക്കി കൃഷിചെയ്യുന്നതിലേക്കാണ് ഉദ്ദേശിച്ചിട്ടുള്ളത്. മറെറന്നിനുമല്ല; ഈ കാര്യം എല്ലാ സാമാജികന്മാരും അറിഞ്ഞിരിക്കേണ്ടതാണെന്നു മാത്രമെ എനിക്കു പറയാനുള്ളു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): ഭൂസ്വത്തു ജാമ്യബാങ്ക് എന്നുവച്ചാൽ എന്താണെന്നാണ് അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നതെന്നു പറയുമോ?

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കൻ): അതു വസ്തു ജാമ്യത്തിന്മേൽ പണം കടം കൊടുക്കുന്ന ബാങ്കാണ്.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): എന്തുപയോഗത്തിലേക്കായിട്ടു?

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കൻ): കർഷകന്മാരുടെ കടപ്പാടുകളെ കുറക്കുന്നതിനായിട്ട്.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): അതു് കച്ചവടത്തിനായിട്ടാണോ?

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കൻ): അല്ല.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): അത് കമ്പൽകച്ചവടത്തിന്റെ സൌകര്യത്തിനുവേണ്ടിയാണോ?

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കൻ): അല്ല.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): അതു് വ്യവസായത്തെ നന്നാക്കുന്നതിനാണോ?

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കൻ): അല്ല; ഈതിലേക്കു വ്യവസായവായ്പയുണ്ട്. കർഷകന്മാരുടെ കടപ്പാടിനെ കുറക്കുന്നതിനു ബാങ്കുകൾ അത്യാവശ്യമാണെന്നും കൃഷിവായ്പ ഏപ്പാടുകൊണ്ടു ഭൂസ്വത്തുജാമ്യബാങ്കിന്റെ ഉപയോഗം സിദ്ധിക്കുന്നില്ലെന്നും ലാമെംബറിനെ ധരിപ്പിക്കേണ്ടതായിട്ടുണ്ട്.

മി: താമരപ്പിള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തോടു ഞാനും യോജിച്ചുകൊള്ളുന്നു. നമ്മുടെ രാജ്യത്തു അനേകം ബാങ്കുകൾ ഉണ്ട്. അതെല്ലാം ചുരുങ്ങിയ കാലാവധിക്കോ പണം കടം കൊടുക്കയുള്ളു. ഇവിടെ അധികവും കൃഷിക്കാരാണുള്ളത്. ഉൾനാട്ടിലുള്ളവക്ക് പണം കുറഞ്ഞ പലിശയ്ക്കു വാങ്ങിക്കാൻ സാധിക്കയില്ല. ഈ തിരുവിതാംകൂറിൽ പ്രവ ഫ ജായിന്റെ സ്റ്റാക്ക് കമ്പനികൾ ഉണ്ട്. അതിൽ ഫ ഫൻ്ം ചിട്ടികൾയിട്ടുള്ള കമ്പനികളാണ്. അതിൽ അധികം ഭാഗവും തിരുവല്ലാത്തായ്ക്കിലും ശേഷം കോട്ടയത്തും ചങ്ങനാശ്ശേരിയിലുമാണ്. ഇതിൽനിന്നും തൽപ്രവർത്തകന്മാരുടെ ഉദ്ദേശം സ്വാർത്ഥം മാത്രമാണെന്നു വെളിവാകുന്നുണ്ട്. അല്ലാതെ അവർ കൃഷിക്കാരുടെ സൌകര്യത്തെ തീരെ ഗണിക്കുന്നില്ല. അതിനാൽ കൃഷിക്കാരുടെ സൌകര്യത്തിനുവേണ്ടി മി: കുഞ്ഞിത്തൊമ്മൻ പറയുന്നതുപോലെ ഒരു ലാൻഡ് മാർട്ഗേജ് ബാങ്ക് സ്ഥാപിക്കണമെന്ന് ഞാനും അഭിപ്രായപ്പെട്ടുകൊള്ളുന്നു.

അദ്ധ്യക്ഷൻ.—ഇപ്പോൾ സഭ പിരിയുന്നതും പിന്നീടു നാ മണിക്കു കൂടുകയും ചെയ്യുന്നതാണ്.

രണ്ടു മണിക്ക് ലഞ്ചുക്ഷോണത്തിനായി സഭ പിരിയുകയും മൂന്നുമണിക്കു വീണ്ടും കൂടുകയും ചെയ്തു.

മി: രാമൻപിള്ള (കോട്ടയം): സർ, ഇപ്പോൾ ഈ കൌൺസിലിന്റെ ആലോചനയിലിരിക്കുന്ന പ്രമേയം തിരുവിതാംകൂറിലെ കൃഷിക്കാരുടെ ജീണബന്ധത്തിനു നിവൃത്തി ഉണ്ടാക്കുന്നതിനു ഉപയോഗയോഗ്യമായ ഒരു ഭൂസ്വത്തുജാമ്യബാങ്ക് എന്നൊരു ബാങ്ക് ഏർപ്പെടുത്തണമെന്നുള്ളതാകുന്നു.

ജപ്പാൻരാജ്യത്തിൽ ഒരാൾക്ക് നാം സെൻറ ഭൂമിയിൽ കൃഷിചെയ്തുകിട്ടുന്ന ആദായംകൊണ്ടു ഉപജീവനം കഴിക്കുന്നതിനു മതിയാകുന്നതായികാണുന്നു. തിരുവിതാംകൂറിൽ ഇന്നേ ദിവസം എനിക്കുകിട്ടിയിട്ടുള്ള മറുപടിയിൽ നിന്നും ആറു ഒന്നിനു നാം സെൻറിൽപരം ഭൂമി ഉണ്ടെന്ന് ബോദ്ധ്യപ്പെടുന്നു. ഇങ്ങനെ നാം സെൻറ ഭൂമിയിൽനിന്നും ആദായം കിട്ടിക്കൊണ്ടിരുന്നിട്ടും തിരുവിതാംകൂർ ജനങ്ങൾക്കു വേണ്ടതായ ആഹാരസാധനങ്ങൾ കിട്ടുന്നില്ലെന്നുള്ളതു തീർച്ചയായ സംഗതിയാണ്. ഇതിനു എതിരഭിപ്രായമുണ്ടാകുമെന്നു തോന്നുന്നില്ല. നാട്ടുകൃഷിയിൽ നിന്നും കിട്ടുന്ന ആദായംകൊണ്ടു ഉപജീവനത്തിനുമതിയാകാതെ വരുന്നു. കടം വർദ്ധിച്ചു ശരിയായി ആഹാരം കഴിക്കാതില്ലാതെ ശരീരബലം ക്ഷയിച്ചു കാലക്രമം കൊണ്ടു ജനാവലി തീരെ നശിക്കത്തക്ക വിധത്തിൽ ആയിതീരുമെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

തിരുവിതാംകൂറിലെ കയററുമതി ഇറക്കുമതി ഇവകളുടെ കണക്കിനെ നോക്കുന്നപക്ഷം ഒരാണ്ടിൽ ഇവിടെ വരുത്തുന്ന സാധനങ്ങൾക്കു കൊടുക്കുന്നവിലയിൽ വളരെ കൂടുതലായ സംഖ്യ ഇവിടെനിന്നും പുറത്തുപോകുന്ന സാധനങ്ങളിൽ നിന്നു കിട്ടുന്നുണ്ടെന്നു അദ്ധ്യക്ഷൻ തന്നെ ഇതിനുമുമ്പു ഒരവസരത്തിൽ വെറെ ഒരു സഭയിൽ പ്രസ്താവിക്കയുണ്ടായിട്ടുണ്ട്. എന്നാൽ തിരുവിതാംകൂർകാർക്ക് കിട്ടുന്ന ആദായത്തിന്റെ കണക്കുമാത്രം നോക്കുന്നപക്ഷം ഇങ്ങനെ ഒരഭിപ്രായത്തിനിടവരികയില്ല. തേയില, റബ്ബർ, ഇവകളിൽനിന്നും കിട്ടുന്ന ആദായമാണ് അധികമുള്ളത്. തേയിലയിൽ നിന്നുള്ള ആദായത്തിന്റെ ൻ്ൻ്ു-ശതമാനവും റബ്ബറിൽനിന്നുകിട്ടുന്ന ആദായത്തിന്റെ ൻ്വു ശതമാനവും തിരുവിതാംകൂറിനുവെളിയിലാണ് പോകുന്നത്. ആ സംഖ്യയെ നീക്കുന്നപക്ഷം ഇവിടത്തെ ഉൽപന്നങ്ങളിൽ നിന്നും കിട്ടുന്നതുക ഇവിടെ ഇറക്കുമതിചെയ്യുന്ന സാധനങ്ങളുടെ വിലയോക്കാറും ഇലാം കുറവാണെന്നു പ്രത്യക്ഷത്തിൽ കാണാറാകും. അതിൽനിന്നും തിരുവിതാംകൂറിലെ ധനസ്ഥിതികുറഞ്ഞു കുറഞ്ഞു വരുന്നു എന്നു ഊഹിക്കുവുന്നതുണ്ട്. ധനസ്ഥിതി ക്ഷയിക്കുന്നുണ്ടെങ്കിൽ കടം ഉണ്ടെന്നു നിശ്ചയമാണ്. കടത്തിനെ പരിഹരിക്കുന്നതിനു തിരുവിതാംകൂറിൽ എന്തെല്ലാം മാർഗ്ഗങ്ങൾ ഇതുവരെ ഗവർണ്മെൻറിന്റെ സഹായത്തോടുകൂടിയും അല്ലാതേയും ഉണ്ടായിട്ടുണ്ടെന്നാണ് ഒന്നാമതായി ആലോചിക്കേണ്ടത്.

പഴയകാലത്തു ഉണ്ടിയൽകുടി എന്നൊരേർപ്പാടുണ്ടായിരുന്നു. അതു പരദേശത്തുനിന്നും ഈ സ്ഥലത്തുവന്നു പാർത്തിട്ടുള്ള പരദേശ ബ്രാഹ്മണരാൽ നടത്തപ്പെട്ടു വന്നിരുന്നതും അതിലെ ആദായം അവർതന്നെ കൊണ്ടു

പോയിക്കൊണ്ടിരുന്നതും ആകുന്നു. പത്തിനൊന്നു വട്ടവും നൂറിന്നു രണ്ടുപലിശയും ഇങ്ങനെ ക്ഷ ൦-നു ക്ഷ ൦ രൂപാ പലിശകൊടുക്കത്തക്കവണ്ണമുള്ള ഒരേർപ്പാടായിരുന്നു അതു്. അതുകഴിഞ്ഞു ജായിൻറ്സ്റ്റാക്ക് കമ്പനി എന്നു ഒരേർപ്പാടു ഉണ്ടായിട്ടു. അതിലേയ്ക്കു ഒന്നര പലിശകൊടുക്കണം. ഒരു മാസത്തേക്കു വങ്ങിക്കുകയാണെങ്കിൽ ൻ്റവ ക്ലിരൂപകിട്ടും, ഒരു മാസം കഴിഞ്ഞു ക്ഷ ൦ രൂപാകൊടുക്കണം. മൂന്നുമാസത്തേക്കാൾ കൂടുതൽ അവധിക്ക് ജായിൻറ്സ്റ്റാക്ക് കമ്പനിയിൽ നിന്നും പണം കിട്ടുകയില്ല. പിന്നീടു് പരസ്പരസഹായസംഘങ്ങളുണ്ടു്. അതിൽനിന്നും കടം കിട്ടാവുന്ന സംഖ്യ ഇലാം ചെ ൧ം ദീർഘകാലാവധിക്ക് കിട്ടാൻ വകയുമില്ലാത്തതുമാകുന്നു. എന്നാൽ അതിനിടയ്ക്കിടയ്ക്കു പലിശകൊടുത്തുകൊണ്ടിരിക്കണമെന്നു നിബന്ധമുണ്ടു്. അല്ലെങ്കിൽ സംഘത്തിനും ആദായമില്ല. ഇങ്ങനെയുള്ള സംഘത്തിൽ നിന്നും പണം വാങ്ങിച്ചു കൃഷിക്കാരുടെ കടത്തിനു ഒരു നിവാരണമുണ്ടാക്കാൻ ഒരിക്കലും സാധിക്കയില്ല.

പിന്നീടു കൃഷിക്കാർക്കു കടം കൊടുക്കുന്നതിനു ഗവർണ്മെൻറു വക പണത്തിൽ നിന്നും ഒരു അംശം നീക്കിവച്ചു അതിലേക്കു വേണ്ട വ്യവസ്ഥകളും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു മതിയാകയില്ലയോ. എന്നു ഗവർണ്മെൻറു പക്ഷത്തിൽ നിന്നും ചോദിച്ചേയ്ക്കാം. എന്നാൽ സാമാന്യജനങ്ങൾക്കു അതുകൊണ്ടു ഒരു പ്രയോജനവും ഉണ്ടാകുന്നില്ല; ഉണ്ടാകാൻ തരവുമില്ല. നമ്മുടെ പണ്ഡിതനായ ലാമേബ്ബൈ പൊക്കെയുള്ള മഹാന്മാർക്കു തഹശീൽദാരുടെ അടുക്കലൊ പേഷ്കാരുടെ അടുക്കലൊ പോയി പണം വാങ്ങിക്കാൻ ഒരു പ്രയാസവുമില്ല. പത്തിരുന്നൂറു രൂപാ ലോൺ കിട്ടണമെങ്കിൽ തഹശീൽദാരുടെ അടുക്കൽ പോകണം. ലോൺ വാങ്ങിക്കാൻ ഒരു ഹർജി കൊടുത്തവർ അവിടെനിന്നും അതു പകുതിക്കച്ചേരിക്കയക്കണമെങ്കിൽ അതിലേക്കു ക്ഷ ൦ രൂപാ ചിലവുചെയ്യണം. പകുതി ഉദ്യോഗസ്ഥൻറെ സർട്ടിഫിക്കററു ഇല്ലാതെ ലോൺവാങ്ങിക്കാൻ സാധിക്കയില്ലെല്ലാ. പാവപ്പെട്ടവരുടെ സർട്ടിഫിക്കററുകിട്ടണമെങ്കിലും അങ്ങിനെ തന്നെ. ഇത്രയും ഒക്കെ കഴിഞ്ഞിട്ടും ഈ സാധുക്കൾക്കു പണം കൊടുക്കത്തക്കവണ്ണം തഹശീൽദാരെ പ്രേരിപ്പിക്കാനുള്ള രൂപാ ശക്തിയും അവർക്കില്ല. എന്നാൽ തഹശീൽദാർ പണം ആർക്കും കൊടുക്കുന്നില്ലയോ? ഉണ്ടു്; സമ്പന്നന്മാർക്കു കൊടുക്കുന്നുണ്ടു്. അവർ കൃഷിയുടെ ആവശ്യത്തിനു വിനിയോഗിക്കുന്നുമില്ല. അവരുടെ മററാവശ്യങ്ങൾക്കു വേണ്ടി എന്തെങ്കിലും കൌശലം പറഞ്ഞു കൃഷിമുറയ്ക്കു നടക്കുന്നുണ്ടെന്നു ഒരു സർട്ടിഫിക്കററ് അയപ്പിക്കാനും പ്രയാസമില്ല. ആണ്ടിൽ ഒന്നൊ രണ്ടൊ പ്രാവശ്യമെ ഇതിൻെറ ആവശ്യമുള്ളു. ഈ വകയിലേണ്ടിൽ ക്ഷ ൦-ൽ ഒരംശം സാധുജനങ്ങൾക്കു കിട്ടുന്നുണ്ടെന്നു റവന്യൂകമ്മീഷണർ അവർകൾ ഈ കൌൺസിലിൽ അഭിപ്രായപ്പെടുകയാണെങ്കിൽ തീർച്ചയായിട്ടും ഗ്രസ്വത്തു ജാമ്യ ബാങ്കു ഇവിടെ ഉണ്ടെന്നു സമ്മതിക്കാൻ ഞാൻ തയ്യാറാണു്. ഒരു കൊല്ലം, ഒന്നരകൊല്ലം കൊണ്ടു അനേകം രൂപാ ലോൺ കൊടുത്തിട്ടുള്ളതായി പറയാൻ കഴിയും. എന്നാൽ അതു യഥാർത്ഥ ആവശ്യക്കാർക്കാണു് കൊടുത്തിട്ടുള്ളതെന്നു പറയാൻ സാധിക്കയില്ല. ഇതിലും വമ്പിച്ചതുകയാണെങ്കിൽ പെഷ്കാരുടെ അടുക്കൽവേണം പോകാൻ.

മി: ടി. സി. കൈശവപിള്ള (കൽക്കുളം വിളവംകോടു്): ഗ്രസ്വത്തു ജാമ്യബാങ്കിൽനിന്നും, ലാൻറു ഇമ്പ്രൂവുമെൻറു റഗ്ലുലേഷൻ പ്രകാരവും കൊടുക്കുന്ന വായ്പ ഒന്നാണെന്നു മെമ്പർ വിചാരിക്കുന്നുവൊ?

മി: ആർ. രാമൻപിള്ള (കോട്ടയം): പറയാം. പണ്ഡിതനായ മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ അവർകൾ ഈ സബ്ജക്ടിൽ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ചൊദ്യങ്ങൾ ചോദിക്കുന്നതു ഒടുവിൽ ആയിക്കൊള്ളണമെന്നു അദ്ദേഹം പറയുകയുണ്ടായി. ഈ വിഷയത്തിൽ ഞാൻ അദ്ദേഹത്തെ എൻെറ ഗുരുനാഥനായി സ്വീകരിച്ചിരിക്കുന്നു. (ചിരി)

പെഷ്കാരെ കാണാൻ സാധുക്കൾക്കു നിവൃത്തിയില്ല. പെഷ്കാർ മോട്ടാർകാറിലൊ മററൊ ഗതാഗതിയിൽ സവാരിചെയ്യുന്ന അവസരത്തിൽ കാണാമെന്നല്ലാതെ പെഷ്കാരുടെ അടുക്കലൊ വണ്ടിയുടെ അടുക്കലൊ സാധുക്കളായ കൃഷിക്കാർക്കു ചെല്ലാൻ സാധിക്കയില്ല. റവന്യൂകമ്മീഷണരെയൊ, ദിവാൻജിയെയൊ ഈ കൃഷിക്കാരിൽ ക്ഷ ൦-ൽ ഒരംശം ജനങ്ങൾക്കു കാണാൻ സാധിച്ചിട്ടുണ്ടോ എന്നു സംശയമാണു്. ലാൻറു റവന്യൂ കമ്മീഷണർ വരുന്നു എന്നു കേൾക്കുമ്പോൾ തന്നെ അവർ ഓടി കാട്ടിൽകയറും. പിന്നെ വല്ല ചന്തയിലൊ മറെറാ ചെന്നാൽ ഒരുപക്ഷെ കണ്ടു എന്നു വന്നേക്കാം. അതുകൊണ്ടു ഈ ആഗ്രികൾച്ചറൽ ലോൺകൊണ്ടു കൃഷിക്കാർക്കു ഒരു പ്രയോജനവുമില്ല. ജനങ്ങളുടെ ബുദ്ധിമുട്ടിനെ പരിഹരിക്കുന്നതിനും ജനങ്ങളുടെ സാമ്പത്തികാവസ്ഥയെ വർദ്ധിപ്പിച്ചു തദ്വാരാ ജനങ്ങളുടെ ശരീരശക്തി വർദ്ധിപ്പിക്കുന്നതിനുമായിട്ടു ഒരു ഗ്രസ്വത്തു ജാമ്യ ബാങ്കു് തീർച്ചയായിട്ടും നമ്മുടെ രാജ്യത്തു അത്യാവശ്യമാണു്.

അതിലെക്കു എന്താണു് വഴി എന്നൊരു ചൊദ്യം ഉണ്ടായേക്കാം. അതിന്നു എൻെറ അറിവിനു തക്കവണ്ണമുള്ള വഴിയെ ഞാൻ ഇവിടെ നിർദ്ദേശിക്കാം. ഈ ബാങ്കിൻെറ പ്രധാന ഉദ്ദേശം ഒന്നാമതു ജനങ്ങളുടെ നിലവും പുരയിടവും കടത്തിൽ നിന്നും നിവർത്തിപ്പിക്കയാണു്. രണ്ടാമതു കൃഷിയേയും കൃഷിയുടെ സ്വഭാവത്തേയും പരിഷ്കരിക്കുക. മൂന്നാമതു തനിക്കാവശ്യപ്പെട്ട കെട്ടിടങ്ങളും കൃഷിസാമഗ്രികളും ഉണ്ടാക്കുക. നാലാമതു പഴയകടം വീട്ടുക. അഞ്ചാമതായി നിലമില്ലാത്ത ആളുകൾക്കു കൃഷിചെയ്യുന്നതിനു കുറച്ചുസ്ഥലം വാങ്ങിക്കുക, എന്നിവയാണു്. പണം വാങ്ങിച്ചാൽ ക ൦ കൊല്ലത്തിൽ കുറയാതെയുള്ള കാലാവധി കിട്ടിയാൽ ആവസ്തുവിൽ നിന്നു കിട്ടുന്ന ഗുണയംകൊണ്ടൊ അവരുടെ പ്രയത്നത്തിൻെറ ഫലം കൊണ്ടൊ കാലാന്തരത്തിൽ ഈ വക കടം കൊടുത്തു തീർക്കാൻ സാധിക്കുന്നതാണു്. അതിലെക്കു എന്തുമാത്രം പണംവേണ്ടിവരും. ആ പണം എങ്ങിനെ ഉണ്ടാകും? എന്നുള്ള ചോദ്യങ്ങൾ ഗവർണ്മെൻറു ഭാഗത്തുനിന്നും ചോദിക്കാനിടയുണ്ടു്. ഇതിനു മുമ്പു ചോദിച്ചിട്ടുണ്ടെങ്കിൽ അതു് എനിക്കു കേൾക്കാൻ സാധിച്ചിട്ടില്ല. ചൊദ്യങ്ങൾ എല്ലാംപതുക്കെയെല്ലതായിരുന്നു. ഉറക്കെ ചോദിക്കാൻ പറഞ്ഞപ്പോൾ അതിനു വഴിപ്പെട്ടിട്ടില്ല.

ഈ ബാങ്കു് കുറഞ്ഞപക്ഷം ഒരുകോടി രൂപാകൊണ്ടു ആരംഭിക്കണം. പത്തുകൊല്ലംകൊണ്ടു പത്തുകോടിയിൽ കുറയാത്തതായ ഒരു മൂലധനം ഉണ്ടാകും. അതെങ്ങിനെ ഉണ്ടാകും? ഗവർണ്മെൻറു വജനാവിലുള്ള പണത്തെ ഇതിനായിട്ടു വിനിയോഗിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. ഗവർണ്മെൻറിൻെറ സഹായത്തോടുകൂടിയും ഗവർണ്മെൻറിൻെറ ഉറപ്പിന്മേലും ഡിബഞ്ചർ പത്രം ഏർപ്പെടുത്തി പണം ഉണ്ടാക്കണം. അതുകൂടുകൂടി ഗവ-

മെന്റെ നിസ്സാരമായ പലിശയ്ക്കും പലിശയില്ലാതെയും മററു ബാങ്കുകളിൽ കൊടുത്തിരിക്കുന്ന പണംകൂടി ഇതിൽ കൊണ്ടു നിക്ഷേപിക്കണം. ഇങ്ങിനെ ഗവണ്മെന്റിന്റെ സഹായവും ഉറപ്പുമുണ്ടെന്നു കണ്ടാൽ ധാരാളം നിക്ഷേപങ്ങൾ തിരുവിതാംകൂറിലെ ജനങ്ങളിൽ നിന്നു തന്നെയുണ്ടാകും. ഈ നിക്ഷേപം കൊണ്ടുതന്നെ പത്തുകോല്ലംകൊണ്ടു ൧ ൦ കൊടിയിലധികം രൂപായുണ്ടാക്കുന്നതിനു ഒരു പ്രയാസവുമില്ല. ജയിൻസ്റ്റാക്ക കമ്പനി റഗുലേഷൻ അനുസരിച്ച് നടത്തിപ്പോരുന്ന പല ബാങ്കുകളിലും ഇപ്രകാരം രൂപായും അതിനു മേലും നിക്ഷേപിച്ചുവരുന്നതായി കാണുന്നുണ്ട്. അതിനാൽ ഗവണ്മെന്റു മനസ്സുവച്ചു ഉത്സാഹിച്ചു ഇങ്ങനെ ഒരു ബാങ്കു നടത്തുകയാണെങ്കിൽ ധാരാളം നിക്ഷേപം ഉണ്ടാകുമെന്നുള്ളതിനു യാതൊരുസംശയവുമില്ല. വസ്തുജാമ്യത്തിന്മേൽ പണം കൊടുത്താൽ പണം കിട്ടാതെ വരികയില്ല. ഇങ്ങനെ പത്തു കൊല്ലം ഗവണ്മെന്റു നടത്തികൊണ്ടുവരിയാണെങ്കിൽ പിന്നീടു ഗവണ്മെന്റിന്റെ വലിയ സഹായം കൂടാതെതന്നെ ബാങ്കുഭംഗിയായിട്ടുനടക്കും. ഈ അഭിപ്രായത്തോടുകൂടി ഞാൻ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: മാത്യു മുരിക്കൻ (വൈക്കം): സർ, പ്രതിവാദ്യവിഷയമായ പ്രമേയത്തെ അനുകൂലിച്ചു രണ്ടുവാക്കു പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. മറുവശത്തുള്ള സ്നേഹിതന്മാരുടെ ചോദ്യത്തിനു മറുപടി ആദ്യമായി പറയേണ്ടതായിട്ടുണ്ട്. ചോദിക്കുന്നതു തന്നെ ഉത്തരം പറയേണ്ടതായ യുക്തിപൂർവ്വം ചോദിച്ച ഒരു ചോദ്യത്തിനു ഉത്തരം പറയേണ്ടതു എത്രയും അത്യാവശ്യമാണെന്നു എനിക്കതോന്നുന്നു. കൃഷിയും ഭൂമി നന്നാക്കലും സംബന്ധിച്ചു റഗുലേഷനുകൾ നടപ്പിലിരിക്കുന്ന തിരുവിതാംകൂറിൽ സ്വത്തു ജാമ്യബാങ്ക് ആവശ്യമുണ്ടോ എന്നൊരു ചോദ്യം ചോദിച്ചിരിക്കുന്നു. അതു നിശ്ചയമായിട്ടും യുക്തികരമായ ഒരു ചോദ്യമാണു. അതിനുത്തരം പറയാതെ പ്രമേയത്തെ അനുകൂലിക്കുന്നതിനു എനിക്കു അർഹതയില്ല. അതിനുത്തരം അറിയണമെന്നുള്ളവർ തിരുവിതാംകൂറിൽ നടപ്പിലിരിക്കുന്ന കൃഷി പായ്പ റഗുലേഷന്റെയും സ്വത്തു ജാമ്യ ബാങ്കിന്റെയും നീതിയിലുള്ള വ്യത്യാസത്തെപ്പററി ആലോചിക്കണം. പായ്പയ്ക്കു വരുന്നതായ എല്ലാ അപേക്ഷകളേയും അനുവദിക്കുന്നതിനു ഗവണ്മെന്റു തയ്യാറാകുന്നപക്ഷം ഈ വകുപ്പു പ്രയാസത്തിലായിത്തീരുന്നതാണ്. പായ്പക്കായി അനേകം അപേക്ഷകൾ വരുന്നതും അവയെല്ലാം ആവശ്യമുള്ളതാണെന്നും അർഹതയുള്ളതാണെന്നും തോന്നുന്നപക്ഷം ഗവണ്മെന്റു അനുവദിക്കതന്നെ വേണം. അപ്രകാരം ചെയ്യുന്നപക്ഷം സംസ്ഥാനത്തെ ഖജനാവിൽ പണം പോരാതെവരുന്നതാണ്. സ്വത്തു ജാമ്യബാങ്കിന്റെ കാര്യത്തിൽ അതുഗവണ്മെന്റിന്റെ മേൽ നോട്ടത്തിലും, നടത്തിപ്പിലും ഉറപ്പിലും, ചുമതലയിലും നടത്തുന്ന ഒരു തരം ബാങ്കായതുകൊണ്ടു എന്റെ സ്നേഹിതൻ രാമൻപിള്ള പറഞ്ഞതുപോലെ ബാങ്കുകൾ കൊടുക്കുന്നതിനു അധികാരമുള്ളതാണ്. ഈ മാതിരി ബാങ്കുകൾ കൊടുത്തുപണം ശേഖരിക്കുന്നതിനും അപേക്ഷഅശേഷിച്ചു പണം കൊടുക്കുന്നതിനും ബാങ്കിനു കഴിയുന്നതാണ്. വാദവിഷയമായ കൃഷിപായ്പറഗുലേഷനും സ്വത്തുജാമ്യബാങ്കിനും തമ്മിലുള്ള വ്യത്യാസത്തിന്റെ ചുരുക്കം ഇതാണ്. ഇതുകൂടാതെ ബാങ്കിന്റെ ഉദ്ദേശത്തെപ്പററി മിസ്ററർ രാമൻപിള്ള ചൂണ്ടികാണിച്ചു കഴിഞ്ഞു.

സ്വത്തു ജാമ്യബാങ്കിന്റെ ഉദ്ദേശത്തെക്കുറിച്ച് എന്റെ സ്നേഹിതനായ ഉദ്യോഗസ്ഥസാമൂഹികൻ വേറെ ഒരു ചോദ്യം ചോദിച്ചു. മറുഭാഗത്തുള്ള സ്നേഹിതന്മാർ അനുദ്യോഗസ്ഥ സാമൂഹിക സംഘത്തെ പരീക്ഷിക്കുന്നതിനു ശ്രമിക്കയായിരുന്നു. എന്റെ സ്നേഹിതൻ മി: രാമൻപിള്ള ചോദ്യത്തിന്റെ ആ ഭാഗത്തിനു വിവരണമായ ഒരു മറുപടി പറഞ്ഞില്ലെങ്കിലും സ്വത്തുജാമ്യബാങ്കിന്റെ ഉദ്ദേശത്തെക്കുറിച്ചു സംക്ഷിപ്തമായി പറഞ്ഞിട്ടുണ്ട്. എന്തുവശത്തുള്ള സ്നേഹിതന്മാർക്കു ബാങ്കിനെ നടപ്പിൽ വരുത്തുന്നതിനു ഒരു സംഘടനകാര്യപരിപാടി ആവശ്യപ്പെടുന്നുവോ എന്നു ഞാൻ സംശയിക്കുന്നു. അനുദ്യോഗസ്ഥ സാമൂഹികന്മാർ ഒരു പ്രവർത്തി പദ്ധതി ഹാജരാക്കിയില്ല എന്നൊരു കുററം അവരിൽ ഉദ്യോഗസ്ഥസാമൂഹികന്മാർ ആരോപിച്ചിരിക്കുന്നു. സ്വത്തു ജാമ്യബാങ്കിന്റെ നടത്തിപ്പിനു ഒരു പദ്ധതിതയ്യാറാക്കി ഗവണ്മെന്റിൽ സമർപ്പിക്കുന്നതിനു ഞാൻ തയ്യാറായിവന്നിട്ടില്ല. ഈ ഗ്രൂപ്പാർശയെ നടപ്പിലാക്കേണ്ട ആവശ്യകതയെപ്പററി ഏതാനും ചില അഭിപ്രായപ്രകടനംകൊണ്ടു എനിക്കുഗവണ്മെന്റിനെ സഹായിക്കാൻ കഴിയും.

ഒരു ബാങ്കുതുടങ്ങുന്നതിനു ഒരുകോടിരൂപാനമുക്കു ആവശ്യമുണ്ടെന്നു എന്റെ സ്നേഹിതൻ കേശവപിള്ള പറഞ്ഞു എന്നു എനിക്കു തോന്നുന്നു. നമുക്കു ഒരുകോടി രൂപാ ആവശ്യമുണ്ടെന്നു എനിക്കഭിപ്രായമില്ല. തിരുവിതാംകൂറിന്റെ സ്ഥിതിക്കു കുറഞ്ഞതു ൧ ൦ ലക്ഷം രൂപാകൊണ്ടു തുടങ്ങാമെന്നു എനിക്കുതോന്നുന്നു. ഗവണ്മെന്റു ഇത്രയുംതുക ബാങ്കിനു തരുമെങ്കിൽ ജാമ്യത്തിന്മേൽ വായ്പകൾ കൊടുക്കാം. പിന്നീടു ഗവണ്മെന്റു വായ്പകൾ കൊടുക്കുന്നതിനുള്ള ചുമതല ഏറെക്കുറവാകുമ്പോഴും അവർ അതിനു ഉറപ്പുകൊടുക്കുന്നതിനു തയ്യാറാകുമ്പോഴും ബാങ്കിൽനിന്നും വായ്പകൾ കൊടുക്കാവുന്നതാണ്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ധനകാര്യഉദ്യോഗസ്ഥൻ): മൂലധനം തിരിച്ചുകൊടുക്കണമെന്നു ഗവണ്മെന്റു ഉറപ്പുകൊടുക്കേണ്ടതായിട്ടുണ്ടോ? അതായതു ബാങ്കിന്റെ അസൽമുതലും പലിശയും?

മി: മാത്യുമുരിക്കൻ (വൈക്കം) അസൽ മുതലും പലിശയും; ആ വിഷയത്തിൽ ഞാനൊരു വിദഗ്ദ്ധനല്ല. ധനകാര്യഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അതിനെ വിപരീതമെന്നു വിശ്വസിക്കുന്നു. അസൽ മുതലും പലിശയും തവണകളിലായി എന്നാണ് ഞാൻ അതിനെ മനസ്സിലാക്കിയതു. അതുകൊണ്ടു ബാങ്കുകൊടുത്തു ബാങ്കിനു പണം ശേഖരിക്കാം.

ഖാൻബഹദൂർ മുഹമ്മദ്ദുണ്ണി റഗുലേഷന്റെ അസൌകര്യങ്ങൾ തെളിഞ്ഞുകാണാവുന്നതാണ്. നമ്മിൽ ചിലർ അഭിപ്രായപ്പെടുന്നതുപോലെ ഒരു അപേക്ഷ പലനടപടികളും കഴിഞ്ഞുവരുന്നതിനു അനേകം വർഷങ്ങൾ വേണ്ടിയിരിക്കുന്നതുകൊണ്ടു ഒരു അത്യാവശ്യക്കാരനു വായ്പകിട്ടാൻ വളരെ പ്രയാസമാണ്; എല്ലാ പരിതസ്ഥിതികളും ആലോചിച്ചുനോക്കിയതിൽ ഗവണ്മെന്റിൽ നിന്നും ഒരു വായ്പകിട്ടുന്ന കാര്യം പ്രയാസംതന്നെ. ഞാൻ ഒരുത്തരം പ്രത്യേകമായി കുററപ്പെടുത്തുന്നില്ല. ഗവണ്മെന്റു പല ആളുകൾ അടങ്ങിയ ഒരു യന്ത്രമായതുകൊണ്ടു അതിനു അതിന്റെ സ്വന്തവിഷമതകൾഉണ്ട്. ചിലപ്പോൾ വായ്പഅനുവദിക്കുന്ന സമയം അതാവശ്യമില്ലാത്ത ആളിനായിരിക്കുംകിട്ടുന്നതു. ഈ വിഷയത്തിൽ വേറെഒരു വിഷമതകൂടി പറയുകയുണ്ടായി.

കൃഷിവായ്പകളെ സംബന്ധിച്ചു അതു വാങ്ങുന്ന ആളിനു അതിനെ പല തവണകളിലായി തിരിച്ചടക്കാം. ഈ സൌകര്യം ബാങ്കിനുംഉണ്ട്.

ഞാൻ മുൻപുപറഞ്ഞതുപോലെ ഒരു പ്രവൃത്തിപദ്ധതി ഠാജരാക്കുന്നതിനു ഞാൻ തയ്യാറായിവന്നിട്ടില്ല. എന്നാൽ വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മിററിയെ നിയമിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇവിടെ നമുക്കു ധാരാളം വിദഗ്ദ്ധന്മാരുണ്ട്. കമ്മിററിയെ നിയമിക്കേണ്ടതു് ട്രസ്റ്റ്ജാമ്യബാങ്ക് ഏർപ്പെടുത്തേണ്ട ആവശ്യമുണ്ടോ എന്നു അന്വേഷിക്കുന്നതിനല്ല വിദഗ്ദ്ധന്മാരടങ്ങിയ കമ്മിററിയെ നിയമിക്കേണ്ടതു്. അപ്രകാരം ഒരു ബാങ്ക് അത്യാവശ്യമാണെന്നു നമുക്കെല്ലാവർക്കും മനസ്സിലായിക്കഴിഞ്ഞു. തിരുവിതാംകൂറിന്റെ പ്രത്യേകപരിതസ്ഥിതികളെ ആലോചിച്ചുനോക്കുന്നതായാൽ ഏതുരീതിയിലാണ് ബാങ്ക് നടത്തേണ്ടതെന്നന്വേഷിക്കേണ്ടതിലേക്കാണ് സമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മിററിയെ നിയമിക്കേണ്ടതു്.

ചുരുക്കത്തിൽ ആദ്യമായി ട്രസ്റ്റ്ജാമ്യബാങ്ക് സ്ഥാപിച്ചപ്പോൾ ജർമ്മനിയുടെ സ്ഥിതി എന്തായിരുന്നു എന്നുള്ളതിനെപ്പററി സഭയുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചു കൊള്ളുന്നു. ഈ സഭയിൽ മഹാനായ ഫ്രഡറിക്കിനെപ്പററി കേട്ടിട്ടില്ലാത്തവർ വളരെ ചുരുക്കമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ജർമ്മനിയിൽ നടന്നചരിത്രപ്രസിദ്ധമായ വലിയ യുദ്ധത്തിനുശേഷം ജർമ്മനി കടത്തിൽ മുങ്ങുകയും ദാരിദ്ര്യത്തിൽ അകപ്പെടുകയുംചെയ്തു. മഹാബുദ്ധിശാലിയായ ഫ്രഡറിക്ക് മററൊരു ജർമ്മൻകാരന്റെ അഭിപ്രായമനുസരിച്ചു അയാളുടെ ബാങ്കുസ്ഥാപിക്കണമെന്നുള്ള അഭിപ്രായത്തെ സ്വീകരിക്കയും അതിനെ നടപ്പിൽ വരുത്തുകയുംചെയ്തു. പ്രകൃത്യാതന്നെ മുൻകരുതലുള്ള വലിയരാജ്യതന്ത്രജ്ഞനായ ഫ്രഡറിക്ക് ആരുടെ അഭിപ്രായമനുസരിച്ചാണോ അയാൾ ജർമ്മനിയിൽ നടപ്പിൽവരുത്തിയതു്; ആ മനുഷ്യന്റെ പേരു ഞാൻ സൂക്ഷ്മമായി ഓർക്കുന്നില്ല. അയാൾ വളരെ വിജയപ്രദമായിട്ടാണ് കാണപ്പെട്ടതു്. ഈ ഏർപ്പാടായിരുന്നു ജർമ്മനിയെ അപകടനിലയിൽ നിന്നു രക്ഷിച്ചതു്. കോടികണക്കിനു രൂപാകൊടുക്കണോഎന്നു നമ്മുടെ ഗവണ്മെന്റു അതിന്റെ വരവനുസരിച്ചുള്ളതരപാദിത്വത്തിനുള്ള ഉറപ്പുകൊടുത്തോ ഏതാനും പണം മുൻപേറായി കൊടുത്തോ അപ്രകാരം ഒരു ബാങ്കു സ്ഥാപിച്ചു തിരുവിതാംകൂറിലെ സാധുക്കളായ കർഷകന്മാരെ സഹായിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഞാൻ മുൻപു് അഭിപ്രായപ്പെട്ടതുപോലെ ആവശ്യമുണ്ടെന്നുള്ളതു് മുൻപെതന്നെ തീർച്ചപ്പെട്ടസംഗതിയാകുന്നു. ബാങ്കിന്റെ ആവശ്യകതയെപ്പററി എനിക്ക് ഒരു സംഗതിമാത്രമെ പറയേണ്ടതായിട്ടുള്ളു. തിരുവിതാംകൂറിലെ കർഷകന്മാരുടെ നില പ്രത്യേകതരത്തിലാണ്, അതു എല്ലാവർക്കും അറിയാവുന്നതും ആകുന്നു. ഓരോ ബഡ്ജററുയോഗത്തിലും കൃഷിഡയറക്ടരെ കുററപ്പെടുത്തുന്നതുകൊണ്ടുഫലമില്ല. അഭിവൃദ്ധികരമായി ഒന്നും ചെയ്തില്ല; പുതിയമാതിരിവളങ്ങൾ നടപ്പിൽ വരുത്തിയില്ല. പുതിയ അഭിപ്രായങ്ങൾ പ്രചരിപ്പിച്ചില്ല എന്നും മററും സഭയിലുള്ള അനുദ്യോഗസ്ഥസാമാജികന്മാരിൽ ഓരോരുത്തരും കൃഷിഡയറക്ടരെ കുററംപറഞ്ഞു. ഞാനും അക്കൂട്ടത്തിൽ ഒരുപറപിയാണെന്നു വിചാരിക്കുന്നു. അദ്ദേഹത്തെ ദോഷാരോപണം ചെയ്തതുകൊണ്ടു് ഒരുഫലവും ഇല്ല. കഷ്ടതയ്ക്കുള്ള സ്ഥായിയായ കാരണം തിരുവിതാംകൂർ കർഷകന്മാരുടെ ദാരിദ്ര്യത്തിലാണ് സ്ഥിതിചെയ്യുന്നതു്. കർഷകനുചുരുങ്ങിയമൂലധനമെ കൈവശമുള്ളു. അയാൾ കൃഷിചെയ്യുന്നതിനു ആരംഭിക്കുന്നു. വല്ലപ്പോഴും കൃഷിപിഴക്കുമ്പോൾ അയാൾ പരുങ്ങലിലാകുന്നു. വീണ്ടും അയാൾ കുറെപണംമുടക്കി എന്നുവന്നേക്കാം. അയാളുടെപ്രയത്നത്തിന്റെ ഫലങ്ങൾ വളരെനാൾചെന്നു മാത്രമെകിട്ടുകയുള്ളു എന്നുവരാം. അതുകൊണ്ടു അയാൾക്കു തന്റെകടങ്ങളെവീട്ടുന്നതിനു സാധിക്കയില്ല. ഈ വിഷമതയാണ് തിരുവിതാംകൂർ കർഷകനുനേരിടുന്ന അസകല ദുരിതത്തിനും കാരണം. സ്ഥിരമായ ഈ കഷ്ടതയെ ഒഴിക്കുന്നതിനു ഈ മാതിരിഒരുസ്ഥാപനം കൊണ്ടുമാത്രമെ സാധിക്കയുള്ളു. എനിക്ക് പറയാനുള്ളതിനെ ഞാൻ വേണ്ടതുപോലെ വിശദപ്പെടുത്തിയിട്ടുണ്ടെന്നു വിശ്വസിക്കുന്നു. മറുപടിയായി ചോദിച്ചതായ സാരതരമായ ഏതാനും സംശയങ്ങൾക്കു ഞാൻ മറുപടി നൽകിയിട്ടുണ്ടെന്നു വിശ്വസിക്കുന്നു. ഇത്രയുംമാത്രം പറഞ്ഞുകൊണ്ടു ഞാൻ പ്രതിവാദ്യവിഷയമായ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: കെ. മാധവൻ (ഗവണ്മെന്റു നിയമിച്ച മെമ്പർ): സർ, മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ അഭിപ്രായത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. ഇവിടെ കടം വേണമെന്നുള്ള വിഷയത്തെപ്പററിയും, കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു കടം കൊടുക്കണമെന്നുള്ളതിനെപ്പററിയും ഈ കൌൺസിലിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. കർഷകന്മാർ വാസ്തവത്തിൽ കഷ്ടപ്പെടുന്നു. അതു ഞാനും പറഞ്ഞുകൊള്ളുന്നു. കൃഷിക്കാർക്ക് നല്ല കാര്യങ്ങൾക്കായി കടം കൊടുക്കേണ്ടതാണ്. ഞാൻ തെക്കൻ തിരുവിതാംകൂർകാരനാണ്. ഞാൻ ആ സ്ഥലത്തുള്ള കൃഷിക്കാരുടെ ബുദ്ധിമുട്ടുകളെപ്പററി പറയാം. ഒരു കർഷകൻ ഓരോ വർഷവും ഒരു പുതിയ കന്നുകാലിശയ വാങ്ങുന്നു. കന്നുകാലികൾക്കു മേയുന്നതിനു തക്കതായ സ്ഥലമില്ല. ഗവണ്മെന്റുവക മേച്ചിൽസ്ഥലങ്ങൾ ഉണ്ടെന്നു പറയുന്നുണ്ട്. കന്നുകാലികൾക്ക് അവിടെ ചെല്ലുന്നതിനു തരമില്ല. ഈ കാര്യത്തിൽ കൃഷിക്കാരൻ കന്നുകാലി വാങ്ങി നഷ്ടപ്പെടുന്നു. രണ്ടാമത്തെ കാര്യം വളമാണ്. ചില സ്ഥലങ്ങളിൽ കൃഷിക്കാർ കന്നുകാലികളെ മേടിച്ചു കൃഷിചെയ്യുന്നു. വളത്തിനു സൂക്ഷിക്കുന്നു. ഈ വളത്തെ കൃഷിക്കാർ കുറേശെ ഉപയോഗിക്കുന്നു. ഇതു ചാണകത്തിനെ ഒരു പതിനഞ്ചടി കുഴിച്ചു അതിൽ കൂട്ടിവച്ചു പിന്നീടു അതിനെ എടുത്തു് ഇടുന്നു. ചിലപ്പോൾ മഴപെയ്തു് ഇതു കലർന്നുപോകുന്നു. ഈ വിഷയത്തെപ്പററി തെക്കൻതിരുവിതാംകൂർ മെമ്പറന്മാരുടെ അടുക്കൽ ചോദിച്ചാൽ പറയുന്നതാണ്. കഴിഞ്ഞകൊല്ലം മഴയില്ലായിരുന്നു. കൃഷിയുമില്ലായിരുന്നു. എന്നാലും ഗവണ്മെന്റുവക കരത്തിനു് കുറവുമില്ല. ചില വർഷങ്ങളിൽ മഴയില്ല. അപ്പോൾ കൃഷി ചെയ്യുന്നതിനു കടം വാങ്ങേണ്ടതായിട്ടുണ്ട്. തെക്കൻതിരുവിതാംകൂറിൽ ഒരു മഹാൻ കടം കൊടുക്കുന്നു. റബ്ബർമരക്കാൽ ഒരു കോട്ടയാകുന്നു. ഇദ്ദേഹം ഈ റബ്ബർ മരക്കാലിന്റെയും മേൽഭാഗം തട്ടിക്കളഞ്ഞു കടംകൊടു

ക്കുന്നു. പിന്നീടു നിറച്ചു അളന്നുകൊടുക്കേണ്ടിയിരിക്കുന്നു. ജനങ്ങൾ നാം സഹായമായിട്ടാണ് വാങ്ങുന്നതെന്നു വിചാരിച്ചുകൊള്ളുന്നു. ൨ ൪ മരക്കാലിന്നു ൪-ം അല്ലെങ്കിൽ ൪-ം വാങ്ങിക്കുന്നവർ ചിലർ ഉണ്ട്. ഈ വിധത്തിൽ കടംവാങ്ങി കർഷകന്മാർ കൃഷിചെയ്യുന്നു. കൃഷി കുറവിനാൽ ചിലർ ആ കടത്തെ തവണമുറയ്ക്കു കൊടുക്കാൻ നിവൃത്തിയില്ലാതെ വലയുന്നു. ചിലർ ൨൦൦൦-ം൨൦൦൦-ം രൂപ വിലയുള്ള വസ്തുക്കളെ ൨൦൦-ം൩൦൦ രൂപായ്ക്കു ഒററിക്കു കൊടുത്തു കടംവീട്ടുന്നു. ചിലർ അവരുടെ സ്വത്തുക്കളെ തന്നെയും വിൽക്കുന്നു. ഈ വിധത്തിൽ കടംതീർത്തു കർഷകന്മാർ കഷ്ടപ്പെട്ടുകൊണ്ടു വരുന്നു. ഈ കൃഷിക്കാരുടെ കഷ്ടപ്പാടു നിവൃത്തിവരുത്തിയാൽ ഏററവും നന്നായിരിക്കും. രണ്ടാമത്തെ കാര്യം വളമാണ്. വളംതന്നെയാണ് നിലത്തിന്നു പ്രധാനം. അതിനാൽ നല്ലവളം ഉണ്ടാക്കുന്ന മാതൃകകളെ കർഷകന്മാർക്ക് ഉപദേശിച്ചാൽ ഏററവും ഉപകാരമായിരിക്കും. കർഷകന്മാർ കടം വാങ്ങി അവരുടെ സ്വത്തിനെ ക്ഷയിപ്പിക്കുന്നു എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. അതുകൂടാതെ മുൻപു പ്രസംഗിച്ചവർ പറഞ്ഞതുപോലെ കൃഷിവായ്പ വാങ്ങുന്നതു വളരെ പ്രയാസമാണെന്നു ഞാനും പറഞ്ഞുകൊള്ളുന്നു. അതിനു ഞങ്ങൾക്കു കടം വാങ്ങണമെങ്കിൽ ൩ മാസമോ ൪ മാസമെങ്കിലോ പ്രയാസപ്പെടേണ്ടിയിരിക്കുന്നു. അതിനാൽ ഞാനും മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ അഭിപ്രായത്തെ പിൻതാങ്ങി ഈ പാവപ്പെട്ട കൃഷിക്കാർക്ക് ഉപകാരംചെയ്യ അതായതു് ആവശ്യമുള്ള രൂപകൊടുത്തു തിയ്യിവാങ്ങിയാൽ ഏററവും ഉപകാരമായിരിക്കുമെന്നു വീണ്ടും അദ്ദേഹത്തിനും അഭിപ്രായത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫിനാൻഷ്യൽസിക്രട്ടറി): സർ, ഈ സഭയിൽ ഇപ്പോൾ സംഹാരമാക്കിയിരിക്കുന്ന ഉപക്ഷേപം വളരെ പ്രാധാന്യമുള്ള ഒന്നാണെന്നുള്ളതിന്നു സംശയമില്ല. ഇതിനെപ്പററി കുറച്ചുകാലമായി അതിന്റെ ആവശ്യകതയെ സംബന്ധിച്ചു ഗവണ്മെന്റിന്നു സാമാന്യമായവിധത്തിൽ ബോദ്ധ്യമായിട്ടുള്ളതുമാകുന്നു. അതായതു് ഇൻഡ്യയിലെ പലഭാഗങ്ങളിലും ഈ പ്രസ്ഥാനത്തിന്നു സിദ്ധിച്ചുകൊണ്ടിരിക്കുന്ന പുരോഗതിയെ ഗവണ്മെന്റു സശ്രദ്ധം വീക്ഷിച്ചുവരികയാണ്. ഈ വിഷയത്തെ സംബന്ധിച്ചു പരിപൂർണ്ണമായവിധത്തിൽ ചിന്തിക്കുകയും അതിന്റെ എല്ലാ അവസ്ഥകളെയുംപററി പരിശോധിക്കുകയും ചെയ്യാതെ നിശ്ചിതമായവിധത്തിൽ ഇതു പ്രാധാന്യതയെ അർഹിക്കുന്ന കാര്യത്തിൽ ഏതെങ്കിലും സംഗതി നിർവഹിക്കുന്നതിന്നു ഗവണ്മെന്റിന്നു സാധിക്കയില്ലെന്നുള്ളതു സാമാജികന്മാർക്ക് ബോദ്ധ്യമാകുന്നതാണ്. കുറഞ്ഞ ഒരു തുകകൊണ്ടു ഒരു ഭൂസ്വത്തു ജാമ്യബാങ്ക് സ്ഥാപിക്കുവാൻ സാധിക്കയില്ല. ഇവിടെ പ്രസംഗിച്ച സാമാജികന്മാരിൽ ചിലർ ഈ സംഗതി വിശദപ്പെടുത്തിട്ടുണ്ടല്ലോ. ഇപ്രകാരമുള്ള ഒരു ബാങ്ക് തുടങ്ങുന്നതിന് ൪ കോടിരൂപ വേണ്ടിവരുമെന്നു ഒരു മെമ്പർ പ്രസ്താവിച്ചു എന്നു ഞാൻ വിചാരിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): ഈ കൊല്ലത്തേക്കു് ആകെ ൪ കോടിരൂപ വേണ്ടിവരുമെന്നും താലൂക്കുകളിലായി ജനങ്ങൾക്ക് നൽകുന്നതിന്നു ൨൫ ലക്ഷംമുതൽ ൫൦ ലക്ഷംവരെ വിനിയോഗിക്കേണ്ടിവരുമെന്നുമാണ് ഞാൻ പ്രസ്താവിച്ചതു്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റുഫിനാൻഷ്യൽസിക്രട്ടറി): സർ, ഏങ്ങിനെയായാലും ഈ പദ്ധതിക്ക് വളരെ വമ്പിച്ച ഒരു തുക വേണ്ടിവരുമെന്നുള്ളത് സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇതിന്നു വേണ്ടപണം മുഴുവനും സ്വധനാഗമമാർഗ്ഗങ്ങളിലൂടെനിന്നും ഗവണ്മെന്റുതന്നെ ഉണ്ടാക്കണമെന്നാണെങ്കിൽ ഗവണ്മെന്റു കടം വാങ്ങണമെന്നോ ഏതാണ് മെമ്പർ ഉദ്ദേശിച്ചിരിക്കുന്നതു് എന്നുള്ളതറിയുന്നതിന്നു ഞാൻ കാത്തിരിക്കുകയായിരുന്നു. എന്നാൽ ഈ കാര്യത്തെപ്പററി ഉപക്ഷേപകർത്താവു വ്യക്തമായവിധത്തിൽ യാതൊന്നും സൂചിപ്പിച്ചിട്ടില്ല.

മി: എ. എസ്. ഗോമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അങ്ങനെയുണ്ട് ആഫീസരുടെ അഭിപ്രായത്തിൽ ഇക്കാര്യത്തിന് എന്തു തുകയാണ് ആവശ്യമുള്ളത്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫിനാൻഷ്യൽസിക്രട്ടറി): സർ, അതു പറയുന്നതിനുള്ള ഞാൻ തയ്യാറില്ല. ഇപ്രകാരമുള്ള ഒരു സംഗതിയിൽ തുക കൂട്ടുന്നതു് കൂടുതൽ ക്ഷേമകരമല്ലെ.

മി: മാത്തുമുതിക്കൻ (ഒവെക്കം): ആവശ്യമുള്ള തുകയെ സംബന്ധിച്ചു മെമ്പർ ഏതെങ്കിലും പയ്യോലോചന നടത്തിട്ടില്ലയോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫിനാൻഷ്യൽസിക്രട്ടറി): സർ, ആവശ്യമുള്ള തുക എന്തെന്നു പറയുന്നതിന് എനിക്കു സമ്മതമില്ലെന്നുള്ളതിൽനിന്നും അതിനെപ്പററി ഞാൻ വിചിന്തനം ചെയ്തിട്ടില്ലെന്നു അർത്ഥമാകുന്നുണ്ടോ?

മി: മാത്തുമുതിക്കൻ (ഒവെക്കം): അങ്ങനെയുണ്ട് ആഫീസർ പറഞ്ഞ മറുപടിയിൽ നിന്നും അപ്രകാരം അനുമാനിക്കേണ്ടിയിരിക്കുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റുഫിനാൻഷ്യൽസിക്രട്ടറി): സർ. ഞാൻ പ്രസംഗം തുടർന്നുകൊള്ളുന്നു. സർ, ഭൂസ്വത്തു ജാമ്യബാങ്ക് സ്ഥാപിക്കുന്നതിന്റെ ഉദ്ദേശം കൃഷിവായ്പകൾ നൽകിവരുന്ന സമ്പ്രദായംമൂലം നിറവേററുന്നതിന്നു ആയതു പര്യാപ്തമായിരിക്കയില്ല. ജനബാഹുല്യത്തിൽ നിന്നും ജനങ്ങളെ മോചിപ്പിക്കണമെന്നുള്ളതാണ് ഇതിന്റെ പ്രധാനഉദ്ദേശം. ഇവിടെ പ്രസംഗിച്ച സാമാജികന്മാരുടെ അഭിപ്രായങ്ങൾ സംബന്ധിച്ചു വിമർശനം ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ സാമാജികന്മാരിൽ ചിലർക്ക് ഈ വിഷയത്തെപ്പററി ശരിയായ ജ്ഞാനം ഇല്ലാതിരിക്കുന്നു. ചുരുങ്ങിയകാലത്തേക്കു വായ്പ നൽകുകയും ദീർഘകാല വായ്പകൾ നൽകുകയും ചെയ്യുന്നതിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കണമെന്നുള്ളതുമാത്രമാണ് എന്റെ ആഗ്രഹം. മറുകക്ഷിയിലുള്ള എന്റെ സ്നേഹിതന്മാരിൽ ചിലർ പ്രസംഗിച്ച അവസരത്തിൽ കൃഷിക്കുപയോഗപ്പെടുത്തിവരുന്ന സ്ഥലങ്ങൾക്കുള്ള പ്രാധാന്യതയേയും കാർഷികപ്രവൃത്തി നടത്തുന്നതിനേയും സംബന്ധിച്ചു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഒരു ഭൂസ്വത്തുജാമ്യബാങ്ക് സ്ഥാപിക്കുന്നതിനുള്ള ഉദ്ദേശങ്ങൾ ഇവയാണെന്നാണു അവരുടെ അഭിപ്രായം. ഇതു ശരിയല്ല. ഗവണ്മെന്റ് ഇപ്പോൾ ഏർപ്പെടുത്തിട്ടുള്ള പരസ്പരസഹായസംഘങ്ങളും കൃഷിവായ്പകൾ നൽകുന്നതിനുള്ള സമ്പ്രദായങ്ങളും മൂലം മേൽപറഞ്ഞ കാര്യങ്ങൾ നിർവഹിച്ചുവരുന്നുണ്ട്. ഭൂസ്വത്തുജാമ്യബാങ്ക് സ്ഥാപിക്കുന്നതിന്റെ പ്രധാനഉദ്ദേശം ഇതിൽനിന്നും ഭിന്നമായിരിക്കുന്നതാണ്.

മി: എൻ. ആർ. രാജരാജവർമ്മ കായിത്തമ്പുരാൻ (ചങ്ങനാശേരി, പിരമേട്ട്): ഭൂമി നന്നാക്കുക എന്നുപറയുന്നത് ഞാൻക്കാലികമായി ആണ്ടുതോറും നന്നാക്കുന്നത് (അതായ്ക്കു് വരമ്പുകെട്ടുകമുതലായ) ആവശ്യമല്ലേ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽസിക്രട്ടറി): അതാവശ്യമല്ലെന്നു ഞാൻ പറയുന്നില്ല. കൃഷിചെയ്യുന്ന ഭൂമികൾ നന്നാക്കുന്നതിന് മററുതരത്തിൽ മാർഗ്ഗങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഭൂമിനന്നാക്കുന്ന വിഷയത്തിൽ ജനങ്ങൾ കടത്തിനു അധീനരായേക്കാം. ഈ കടബാധ്യതകളെ വീട്ടുന്നതിന്നു കുറെ കാര്യങ്ങൾ ഉണ്ടാക്കുന്നത് എളുപ്പമുള്ള ഒരു കാര്യമല്ലെന്നാണു ഞാൻ പറയുന്നതു്. സർ, ദീർഘകാലത്തേക്ക് വിനിയോഗിക്കത്തക്കവിധത്തിൽ കുറഞ്ഞനിരക്കിൽ പണം ലഭിക്കുന്നതിനു സാധിക്കയില്ല. മേൽപറഞ്ഞ കാര്യത്തിൽ നേരിട്ടിരിക്കുന്ന പ്രധാനവിഷമത ഇതുതന്നേയാണ്. ഇത് വളരെ ഗൌരവത്തെ അർഹിക്കുന്ന ഒരു സംഗതിയാകുന്നു. കുറഞ്ഞനിരക്കിലുള്ള പലിശയ്ക്കു വളരെ വലിയ ഒരു തുക ഉണ്ടാക്കുന്നതിന് തിരുവിതാംകൂറിൽ എത്രമാത്രം സാധിക്കുമെന്നുള്ളതിനെപ്പററിയാണ് ചിന്തിക്കുവാനുള്ളത്. സർ, കാർഷികഋണബാധ്യതയിൽനിന്നും ജനങ്ങളെ മോചിപ്പിക്കുന്നതിനു നാലര ശതമാനക്കണക്കിനെങ്കിലും പണം ലഭിക്കുന്നതിനു സാധിക്കുന്നപക്ഷം ആയ്ക്കു വളരെ ഉപകാരപ്രദമായിരിക്കുമെന്നാണു എന്റെ സ്വന്ത അഭിപ്രായം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആലപ്പുഴയുള്ള സർക്കാർ സഹായധനബാങ്കിന്റെ അധികൃതമൂലധനം എത്രയാണെന്നു പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽസെക്രട്ടറി): അത് ഏകദേശം ഏഴു ലക്ഷം രൂപയാണെന്നു ഞാൻ വിചാരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അടച്ചുതീർത്തിട്ടുള്ള മൂലധനം എത്രയാണ്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽസെക്രട്ടറി): അത് ഒ ലക്ഷം രൂപയിൽ അല്പംകുറവാണ്.

മി: വി. ചെല്ലംപിള്ള (തോവാള): ഇപ്പോൾ ഉള്ള അതിന്റെ പ്രവർത്തനമൂലധനം എത്രയാണ്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽസെക്രട്ടറി): അത് മിക്കവാറും ഏഴു ലക്ഷം രൂപയ്ക്കും [illegible] ലക്ഷംരൂപ [illegible]മധ്യേ ആയിരിക്കും. സർ, എന്നാൽസഹായധനബാങ്കിന്റെ ഉദ്ദേശം ഇതിൽനിന്നും തീരെഭിന്നമായിട്ടുള്ളതാണു. കാർഷികഋണബാധ്യതയെ ഇല്ലാതാക്കുന്നകാര്യത്തിൽ അതിനു യാതൊന്നുംചെയ്യാൻസാധിക്കയില്ല. ദീർഘകാലത്തേക്കുള്ള വായ്പകൾ നല്കുന്നതിനും ബാങ്കിനു സാധിക്കയില്ല. കുറഞ്ഞനിരക്കിലുള്ള പലിശയിന്മേൽ പണം കടംകൊടുക്കുന്നതിനും അതിനു സാധിക്കയില്ല. ഇതിനെപ്പററിപ്രസ്താവിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് എന്റെ ശ്രദ്ധയെ മററു സംഗതികളിലേക്ക് ക്ഷണിക്കപ്പെട്ടത്. കുറഞ്ഞനിരക്കിലുള്ള പലിശക്ക് പണംനല്കാൻ കഴിയുന്നപക്ഷം അത്യധികമായവിധം കടത്തിൽ പെട്ടിരിക്കുന്ന കർഷകനായ്ക്കു് ആശ്വാസപ്രദമായിരിക്കുമല്ലോ. നാലര ശതമാനത്തിലുള്ള പലിശനിരക്കിന്മേൽ ദീർഘമായ ഒരു കാലഘട്ടത്തിനുശേഷം പണം തിരിയെ അടയ്ക്കുന്നതിന് അയാളെ അനുവദിക്കുന്നപക്ഷം നേരിട്ടിട്ടുള്ള കടം അത്രമൂലം വേഗത്തിൽ വീട്ടുന്നതിന് അയാൾക്ക് കഴിയുന്നതാണ്. ഇപ്രകാരം ചെയ്യുന്നതായാൽ ആയ്ക്കു് കൃഷിക്കാരന് ഗുണപ്രദമായിരിക്കുന്നതാണ്. ഈ നിരക്കിലുള്ള പലിശയ്ക്കു് പണംവെക്കാൻ സാധിക്കാതിരിക്കുന്നിടത്തോളം കാലം ഭൂസ്വത്തു ജാമ്യബാങ്ക്സ്ഥാപിക്കുന്നതിനെ സംബന്ധിച്ചു പ്രസംഗിച്ചുകൊണ്ടുയാതൊരു പ്രയോജനവും ഉണ്ടാകുകയില്ല. വളരെ ശ്രദ്ധയോടുകൂടി പര്യാലോചിക്കേണ്ട ഒരു വിഷയമാണിതു്. ഇക്കാര്യത്തിൽ ഗവണ്മെൻറു അനുഭാവത്തോടുകൂടി പ്രവർത്തിക്കുന്നില്ലെന്നോ ഉദാസീനത കാണിക്കുന്നു എന്നൊഅല്ല ഇതിന്റെ താല്പര്യം. നാളയൊ അടുത്തകാലത്തിലൊ സംസ്ഥാനംവകയായി ഒരു ഭൂസ്വത്തുജാമ്യബാങ്ക് സ്ഥാപിക്കുന്നതിനൊ മററുള്ളവർ സ്ഥാപിക്കുകാവുന്ന ഒരു ബാങ്കിനു ഇരുപതോ ഇരുപത്തഞ്ചൊ ലക്ഷം രൂപ സഹായധനമായ് നീക്കിവയ്ക്കണമെന്നു വാഗ്ദത്തം ചെയ്യുന്നതിനൊ ഉള്ള ഒരു നില നമുക്കില്ലാതിരിക്കുന്നു. ആ സ്ഥിതിക്ക് ഈവിഷയത്തെപ്പററി നിശ്ചിതമായവിധത്തിൽ എന്തെങ്കിലും പറയുന്നതിനുള്ള കാലമായിട്ടില്ല. സർ, ഈ സംഗതിയെപ്പററി ഗവണ്മെൻറു ഇപ്പോഴും ഗാഢമായവിധത്തിൽ ചിന്തിച്ചുവരികയാണു. ഇതേനിലയിൽ ഈ കാര്യത്തെ വച്ചുകൊണ്ടിരിക്കുന്നതിനുംപുറമെ കൃഷിചെയ്യുന്നതിനുള്ള ഭൂമികളുടെ ഉടമസ്ഥന്മാരുടെ രക്ഷയെ അനുഭാവത്തോടുകൂടി ഗണിച്ചും കരംകൊടുക്കുന്നവരുടെ സാമാന്യരക്ഷ കരുതിയും ഇക്കാര്യത്തിൽ വേണ്ടതു പ്രവർത്തിക്കുന്നതിനു ഗവണ്മെൻറിനെ ചുമതലപ്പെടുത്തുകയും ചെയ്യണമെന്നു ഉപക്ഷേപം കാംക്ഷിക്കുന്ന സാമാജികരോട് ഞാൻ മനഃപൂർവം അപേക്ഷിച്ചുകൊള്ളുന്നു. ഈ വിഷയത്തെപ്പററി കൂടുതലായി പ്രസ്താവിക്കണമെന്നു ഞാൻ വാസ്തവത്തിൽ വിചാരിക്കുന്നില്ല. കാർഷികഋണബാദ്ധ്യതയിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നകാര്യത്തിൽ ഗവണ്മെൻറിനു താല്പര്യമില്ലന്നല്ല അതിന്റെ അർത്ഥം. ഈ വിഷയത്തെപ്പററി ഗവണ്മെൻറു വളരെ ജാഗ്രതയോടുകൂടി പര്യാലോചിച്ചുവരികയാണു. വൻപിച്ച തോതിലുള്ള ഒരു പദ്ധതിയ്ക്കു ധനസഹായം ചെയ്യുന്നതിനുമുമ്പു പ്രസ്തുതകാര്യത്തെ സംബന്ധിച്ചു ഗവണ്മെൻറ് അവധാനപൂർവം ആലോചിക്കേണ്ടതാണ്. ഇതാണ് ബ്രിട്ടീഷിൻഡ്യയിൽ ഉള്ള അഭിപ്രായം. ചുരുങ്ങിയ കാലത്തേയ്ക്കു വായ്പകൾ നല്കുന്നതും പരസ്പരസഹായസംഘങ്ങൾ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതും ആയ സമ്പ്രദായം ഭേദപ്പെടുത്തേണ്ടതാണെന്നു ഒരു മെമ്പർസൂചിപ്പിക്കയുണ്ടായി ഇപ്രകാരമുള്ള ഒരു കാര്യത്തിൽ താൻ എതിരഭിപ്രായക്കാരനാണു. ഈ വിഷയത്തെപ്പററി ഗവണ്മെൻറു വളരെ ഗാഢമായി പര്യാലോചിച്ചുവരുന്നതും മേലിൽ പര്യാലോചിക്കുന്നതും ആകുന്നു ഈ സംഗതിയിൽ കഴിയുന്നത്രംവേഗത്തിൽ ന്യായമായ ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കാൻ സാധിക്കുമെന്നു ഗവണ്മെൻറു ആശിക്കുന്നു. ഈവിധം ഗവണ്മെൻറ് ഖണ്ഡിച്ചുപറയുന്നതിനെ പ്രമേയകർത്താവ് സ്വീകരിക്കുന്നപക്ഷം ഈ ഡിമാൻഡിൽ അന്തർഭവിച്ചിട്ടുള്ള തത്വത്തെപ്പററി സ്വീകരിക്കുന്നത് എനിക്ക് സന്തോഷമായിട്ടുള്ളതാകുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): സർക്കാർ സഹായധനബാങ്കിൽ സ്ഥിരനിക്ഷേപങ്ങൾക്കു നടപ്പുള്ള പലിശനിരക്കെന്താണ്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): അതു നൂറ്റി ശതമാനത്തിൽ അല്പം കൂടുതലാണ്.

മി: വി. ചെല്ലംപിള്ള (തോവാള): കമ്പോളത്തിൽ നടപ്പിലുള്ള നിരക്കെന്താണ്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): കമ്പോളത്തിൽ നടപ്പിലിരിക്കുന്ന പലിശനിരക്ക് ഏകദേശം ൯ ശതമാനം ആയിരിക്കും. ഇംപീരിയൽബാങ്കിലെ നിരക്കിനെപ്പററി താണോ നിങ്ങൾ പ്രസ്താവിക്കുന്നതു്?

മി: വി. ചെല്ലംപിള്ള (തോവാള): വെളിയിലുള്ള പണം കൊടുക്കൽവാങ്ങൽ ചെയ്തുവരുന്നതിനുള്ള കമ്പോളത്തെപ്പററിയാണു ഞാൻ പറയുന്നതു്.

അദ്ധ്യക്ഷൻ: ബാങ്ക്നിരക്ക് ഏഴുശതമാനമാണ്.

മി: വി. ചെല്ലംപിള്ള (തോവാള): കുടികൾ സർക്കാർ സഹായധനബാങ്കിൽ എത്രകാലത്തേക്കാണു പണം നിക്ഷേപിച്ചിട്ടുള്ളതു്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ൩ മാസത്തെ അവധി വച്ചുകിലും പണം നിക്ഷേപിച്ചിരിക്കണമെന്നു വിചാരിക്കേണ്ടതാണ്.

മി: വി. ചെല്ലംപിള്ള (തോവാള): ഇതിൽ കൂടുതലായ കാലത്തേക്കു ആരെങ്കിലും പണം നിക്ഷേപിച്ചിട്ടുണ്ടോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ബാങ്ക് തുടങ്ങിയ അവസരത്തിൽ ഗവണ്മെൻറ് അവരുടെവക പണം ൪ കൊല്ലക്കാലത്തേക്കാണു നിക്ഷേപിച്ചിട്ടുള്ളതു്.

മി: വി. ചെല്ലംപിള്ള (തോവാള): പലിശനിരക്ക് എന്താണ്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ആരംഭത്തിൽ പണം സൌജന്യനിരക്കിലുള്ള പലിശസമ്പേതാണു നല്കപ്പെട്ടിട്ടുള്ളതു്. മുടക്കിയിട്ടുള്ള പകുതി തുകക്ക് നാലു ശതമാനക്രമത്തിനാണു ഞങ്ങൾ പലിശ ചുമത്തിയിട്ടുള്ളതു്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): മൈസൂരിൽ ഒരു ഭൂസ്വത്തു ജാമ്യബാങ്ക് ഉണ്ടെന്നുള്ള വിവരം അദ്ദേഹത്തിനറിയാമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): അറിയാം.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കാർഷികഋണബാദ്ധ്യതയിൽനിന്നും ജനങ്ങൾക്കു മോചനം നൽകുന്നതിനു ഒരു ഭൂസ്വത്തു ജാമ്യബാങ്ക് സ്ഥാപിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നുള്ളതു് മെമ്പറിനറിയാമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): കാർഷികഋണബാദ്ധ്യതയിൽനിന്നും ജനങ്ങൾക്കു മോചനം നൽകുന്നതിന് അതു നിശ്ചയമായും വളരെ ഉപകരിക്കുന്നതാണ്. ഇതിനുംപുറമെ, ഇക്കാര്യം നിർവ്വഹിക്കുന്നതിനു ഒരുപക്ഷെ അതു് ഏററവും പര്യാപ്തമായ ഒരു മാർഗ്ഗവും ആയിരിക്കുന്നതാണ്. ഇതിനെപ്പററി യാതൊരു സംശയവുമില്ല. ഈ സംഗതി ഞാൻ ഇതിനുമുൻപുതന്നെ സമ്മതിച്ചിട്ടുള്ളതാണു്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കാര്യത്തിന്റെ സ്ഥിതി അപ്രകാരമാണെങ്കിൽ ഭൂസ്വത്തുജാമ്യബാങ്ക് സ്ഥാപിക്കണമെന്നുള്ള വിഷയത്തെ സംബന്ധിച്ചു ഗവണ്മെൻറ് എന്തിനാണു പര്യാലോചന നടത്തുന്നതു്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): സർ, പണത്തിനെപ്പററി.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഏതാനും കൊല്ലങ്ങൾ കഴിയുമ്പോൾ തന്റെ അധീനതയിൽ കൂടുതൽ പണം വന്നുചേരുമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): കരം കൊടുക്കുന്ന ആളുകളുടെ വകയായ വളരെ കൂടിയ ഒരു തുക നാം ചിലവാക്കുന്നതിനുമുമ്പു ഈ സംഗതിയെ സംബന്ധിച്ച സകല വിവരങ്ങളേയുംപററി നാം അവധാനപൂർവ്വം ചിന്തിക്കണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ വിവരങ്ങളെ സംബന്ധിച്ചുള്ള നിവൃത്തിമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിൽ മാത്രമാണോ മെമ്പറിനു വിഷമത നേരിട്ടിരിക്കുന്നതു്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): വിവരങ്ങളെ സംബന്ധിച്ചു നിവൃത്തിമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിലുള്ള ബുദ്ധിമുട്ടുമൂലം ചിലപ്പോൾ പ്രധാനവിഷയത്തിനും വിഷമത നേരിട്ടേക്കും.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇൻഡ്യാഗവണ്മെൻറുവക കടപത്രങ്ങളിൽ പണം നിക്ഷേപിച്ചിരിക്കുന്നതുമൂലം ജനങ്ങൾക്കു ലഭിക്കുന്ന ഗുണത്തേക്കാൾ കൂടുതൽ ഗുണം ഭൂസ്വത്തുജാമ്യബാങ്കു സ്ഥാപിക്കുന്നതുമൂലം ജനങ്ങൾക്കു സിദ്ധിക്കുമോ എന്നുള്ളതു പറയുമോ? ബാങ്കുകൾക്കു വായ്പയായി നൂറു ലക്ഷം രൂപയിൽ കൂടുതൽ നൽകിയിട്ടുണ്ടെന്നു സ്ഥിതിവിവരക്കണക്കിൽനിന്നും കാണുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): സർ, ഞങ്ങൾ ഇൻഡ്യാഗവണ്മെൻറിനു പണം വായ്പയായി നൽകിയിട്ടില്ല. മിച്ചം വരുന്ന തുകകൾ നിക്ഷേപിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞങ്ങൾ മാർക്കററിൽനിന്നും നോട്ടുകൾ വിലയ്ക്കു വാങ്ങിയിട്ടുണ്ട്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): മിച്ചം വരുന്ന തുകകൾ നിക്ഷേപിച്ചിരിക്കുന്നു. ഈ സ്ഥിതിക്കു ഈ തുക ഒരു ഭൂസ്വത്തുജാമ്യബാങ്കു സ്ഥാപിക്കുന്ന കാര്യത്തിൽ മുടക്കുന്നതു കൂടുതൽ ഗുണകരമായിരിക്കയില്ലേ എന്നുള്ളതു് അറിയുന്നതിനാണു ഞാൻ ആവശ്യപ്പെടുന്നതു്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): നിക്ഷേപിച്ചിട്ടുള്ള തുക മുഴുവനും ഗവണ്മെന്റിന്റെ വക പണമല്ല. ഈ പണത്തിൽ ഏറിയ ഭാഗവും ഏതെങ്കിലും അവസരത്തിൽ നമുക്ക് മടക്കിക്കൊടുക്കേണ്ടിവരുന്നതാണ്. ഈ പണം ഒരു ട്രസ്റ്റുജാമ്യബാങ്ക് സ്ഥാപിക്കുന്നതിനു മുടക്കുന്നപക്ഷം സേവിംഗ്സ് ബാങ്കുവക നിക്ഷേപങ്ങൾ മടക്കിക്കൊടുക്കുന്നതിനു മെമ്പറിനു ഏതു നിർദ്ദേശം ചെയ്യാൻ സാധിക്കുമെന്നു എനിക്ക് അറിയാൻ പാടില്ല.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കഴിഞ്ഞ നാലു കൊല്ലങ്ങളിൽ സേവിംഗ്സ്ബാങ്ക് സംബന്ധിച്ചുള്ള നിക്ഷേപത്തുകകൾ ക്രമേണ വർദ്ധിച്ചുവന്നിട്ടുണ്ടെന്നുള്ളതു് കണക്കുകൾ നോക്കിയിട്ടുള്ളപക്ഷം മെമ്പറിനു കാണാമായിരുന്നു. ജനങ്ങൾക്കു ഗവണ്മെന്റിൽ വിശ്വാസം ഇന്ന് ഉണ്ടായിരിക്കുകയും അവരുടെ പണം നിക്ഷേപിക്കുകയും ചെയ്യുന്നപക്ഷം അവർ ഇടയ്ക്കു പണം മടക്കിവാങ്ങുന്നതിന് അധികം ഇടയില്ലാത്തതാണ്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): അതു് ഒരു അഭിപ്രായം മാത്രമാണ്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളിയും): ഈ നോട്ടുകൾ വിലയ്ക്കു വാങ്ങുന്നതിനു സേവിംഗ്സ്ബാങ്കുകളിൽ ചെയ്തിട്ടുള്ള നിക്ഷേപങ്ങളല്ലേണോ ഉപയോഗപ്പെടുത്തിട്ടുള്ളതു്?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): അതും ഉപയോഗപ്പെടുത്തിട്ടുണ്ട്. അങ്ങിനെ ചെയ്യാത്തപക്ഷം നിക്ഷേപങ്ങൾക്കു പലിശ കൊടുക്കുന്നതു് എങ്ങിനെയാണ്?

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): സേവിംഗ്സ് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള പണം ഉടനടി മടക്കി കിട്ടുന്നതിനു ജനങ്ങൾ ആവശ്യപ്പെടുന്നപക്ഷം ഗവണ്മെന്റ് എന്തു ചെയ്യും? അവർ അവരെ വിളിക്കുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): നിശ്ചയമായും നമുക്കു അവരെ വിളിക്കേണ്ടിവരും. അനവധി ബാങ്കുകൾ അപ്രകാരം ചെയ്തുവരുന്നു. ബാങ്കുകൾ പണം സൂക്ഷിച്ചുവച്ചു വരുന്നതു ഇപ്രകാരമാണ്. കോടിക്കണക്കിനു പണം മിക്കവാറും ഈ വിധത്തിലാണു സൂക്ഷിച്ചുവച്ചുകൊണ്ടിരിക്കുന്നതു്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ട്രസ്റ്റുജാമ്യബാങ്കിൽ വേണ്ടിടത്തോളം പണം നിക്ഷേപിക്കുകയും അതിന്റെ പ്രവർത്തനം ശരിയായ വിധത്തിൽ നടത്തുകയുംചെയ്യുന്നപക്ഷം ഡിബഞ്ചുചർ ബാങ്കുകൾമൂലം സേവിംഗ്സ്ബാങ്കുവക നിക്ഷേപങ്ങൾ മടക്കിക്കൊടുക്കുന്നതിന്, പണം ലഭിക്കാൻ ഗവണ്മെന്റിനു സാധിക്കുമെന്നുള്ളതു് മെമ്പർ വിചാരിക്കുന്നില്ലയോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): സർ, ഈവിധം ചോദ്യം ചോദിക്കുന്നതുകൊണ്ടു എന്റെ നിലയ്ക്കു ഭംഗം സംഭവിക്കുന്നതാണ്. പ്രമേയത്തെ അനുകൂലിച്ചു അവസരത്തിൽ മെമ്പറിനോടു ചോദ്യങ്ങൾ ചോദിക്കുന്നതിന് എനിക്ക് അനുവാദം നൽകിയിരുന്നു എങ്കിൽ അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കു മറുപടി പറയുന്നതിനു എനിക്ക് ഇപ്പോൾ സാധിക്കുമായിരുന്നു.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ചില അവസരങ്ങളിൽ പ്രതികൂലമായ നിലക്കു മെമ്പർ അധീനമാകുന്നതാണ്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ഇതിന് എന്തിനാണു ഞാൻ വശംവദനാകുന്നതെന്ന് എനിക്ക് അറിയാൻ പാടില്ല. മെമ്പർ പ്രമേയത്തെ പിൻതാങ്ങിയ അവസരത്തിൽ അദ്ദേഹത്തിനോടു ചോദ്യങ്ങൾ ചോദിക്കുന്നതിനും കാര്യങ്ങൾ വിശദപ്പെടുത്തുന്നതിനുള്ള വിവരങ്ങൾ ഗ്രഹിക്കുന്നതിനും അദ്ദേഹം എന്നെ അനുവദിച്ചിരുന്നു എങ്കിൽ അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കു ഞാൻ ഇപ്പോൾ മറുപടി നൽകുമായിരുന്നു.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ കാര്യത്തിൽ ഗവണ്മെന്റുപക്ഷത്തുനിന്നു സ്വീകരിച്ചിട്ടുള്ള നില എന്താണെന്നുള്ളതു് എനിക്കു ബോദ്ധ്യമായിട്ടില്ലെന്നു മെമ്പർ ധരിക്കണം. ആ സ്ഥിതിക്ക് എനിക്കു സംസാരിക്കുന്നതിനു നിവൃത്തിയില്ലായിരുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): സർ, അങ്ങനെയല്ല. ഈ വിഷയത്തിൽ ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള നില എന്താണെന്നുള്ളതു ഞാൻ വിശദമായി പ്രസ്താവിച്ചിട്ടുണ്ട്. ഈ സംഗതിയിൽ ഗവണ്മെന്റിനു നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളേയും ചുമതലകളേയുംപററി ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുള്ളതാണ്. ഇതു ഞാൻ മുൻപു പറഞ്ഞിട്ടുള്ളതാകുന്നു. ഇതിനുപുറമെ ഈ കാര്യത്തിൽ ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കുന്നതിനു തങ്ങളാൽ കഴിയുന്നതെല്ലാം ഗവണ്മെന്റു ചെയ്യുന്നതാണ്. ഇതിനോടു കൂടിതന്നെ, സൂക്ഷ്മതയോടുകൂടി മാത്രമേ ഗവണ്മെന്റു ഈ സംഗതിയിൽ പ്രവർത്തിക്കുകയുള്ളു. അതിനാൽ കരം കൊടുക്കുന്ന ആളുകളുടെ ക്ഷേമത്തിനു ഏററവും പര്യാപ്തമല്ലാത്ത ഒരു പ്രവൃത്തിപദ്ധതി ദ്രുതഗതിയിൽ സ്വീകരിക്കുന്നതിനു ഗവണ്മെന്റിനെ പ്രേരിപ്പിക്കത്തക്കതെന്നു പ്രമേയകർത്താവിനോടു ഞാൻ അപേക്ഷിക്കുകയുള്ളുന്നു. ഈ സംഗതി ആലോചനയിൽനിന്നും മാററിവയ്ക്കുന്നതിനു ഞങ്ങൾ ആഗ്രഹിക്കുന്നു എന്നു ഇതിൽനിന്നും തീരെ അർത്ഥമാകുന്നില്ല. ഈ വിഷയത്തെപ്പററി ഹൃദയംഗമമായ വിധത്തിൽ ഞങ്ങൾ പ്രവർത്തിച്ചുവരികയാണ്.

മി: വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ല): മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. സ്റ്റേറ്റ് എയിഡഡ് ബാങ്ക്, സെൻട്രൽ കൊവാപ്പറേററീവ് ബാങ്ക്, കൃഷിവായ്പ ഫിർപ്പാട്, മററനേകം പ്രൈവേററുബാങ്കുകൾ ഇവകളുള്ളാം ഈ രാജ്യത്തു നടപ്പുണ്ടെങ്കിലും ഇവയാണും ട്രസ്റ്റുജാമ്യബാങ്കിന്റെ പ്രയോജനത്തെ ചെയ്യുകയില്ലെന്നു എന്റെ സ്നേഹിതന്റെ പ്രസംഗത്തിൽനിന്നും വെളിവായിട്ടുണ്ട്. എന്നുമാത്രമല്ല ഗവണ്മെന്റുഭാഗത്തുനിന്നും ഈ ബാങ്ക് ആവശ്യമാണെന്നും സമ്മതിച്ചുകഴിഞ്ഞു. അതിൽനിന്നും ഈ സ്ഥാപനം അവിതർക്കിതമാണെന്നു മനസ്സിലാകുന്നുണ്ട്. ആ സ്ഥിതിക്ക് ഇനിയും ഇതിന്റെ സ്ഥാപന-

ത്തിനു സമയം തീരേണ്ട ആവശ്യമില്ല. ഗവണ്മെന്റും സമ്മതിക്കുന്ന സ്ഥിതിക്ക് ഈ പ്രമേയം പിൻവലിക്കരുതാ എന്നൊരു ചോദ്യമുണ്ടായി. ഈ കൌൺസിലിൽ പാസ്സായ അനേകം പ്രമേയങ്ങൾതന്നെ നടപ്പിൽ വരുത്തുന്നതിനു സൌകര്യം കിട്ടാതെയിരിക്കുന്ന സ്ഥിതിക്ക് മുറപ്രകാരം പാസ്സാകാത്ത ഒരു പ്രമേയം ഏതു കാലത്താണ് ജനങ്ങൾക്കുപയോഗയോഗ്യമാവാതിരുന്നതെന്നു വളരെ സംശയിക്കേണ്ടിയിരിക്കുന്നു. (മിസ്റ്റർ എൻ. കെ. കൃഷ്ണപിള്ള (കേൾക്കുവിൻ, കേൾക്കുവിൻ.) അതുകൊണ്ട് ഈ ഭൂസ്വത്തുജാമ്യബാങ്ക് അത്യാവശ്യമാണെന്നും അതു കഴിയുന്നതും വേഗം നടപ്പിൽ വരുത്തണമെന്നും ഈ സഭ തീരുമാനിക്കണമെന്നാണ് എന്റെ അഭിപ്രായം

സ്റ്റേറ്റ് എയിഡഡ്ബാങ്കുകൊണ്ട് കച്ചവടക്കാർക്കും സ്വാധീനശക്തിയുള്ള ചില ധനവാന്മാർക്കും ഉപയോഗപ്പെടുമെന്നല്ലാതെ മററാർക്കും ഉപയോഗപ്പെടുകയില്ല. എന്നുമാത്രമല്ല കാലാവധിയും ചുരുക്കമാണ്. പണം വാങ്ങിക്കൊണ്ടുപോകുന്ന ആളിന്റെ പുറകെതന്നെ ബാങ്കിലെ ശിപായിയും ഓടുന്നുണ്ടായിരിക്കും: മൂന്നു മാസത്തെ കാലാവധിയുണ്ടെങ്കിലും അതുകൊണ്ടു കൃഷിക്കാർക്കു പ്രയോജനമില്ല. കൃഷിചെയ്തോ അല്ലെങ്കിൽ മററു പ്രകാരത്തിൽ ഭൂസ്വത്തിനു അഭിവൃദ്ധിപ്പെടുത്തുന്നതിനോ അല്ലാതെ അഗ്രികൾച്ചറൽ ലോൺ ഉപയോഗപ്പെടുത്താൻ പാടില്ലെന്ന് ഏർപ്പാടുണ്ട്. ആ സ്ഥിതിക്ക് കൃഷിക്കാർക്കു കടത്തിലായിരുന്നിന്നും ഒഴിയാൻ നിവൃത്തിയില്ല. കോവാപ്പറേറീവ് സെൻട്രൽ ബാങ്കിന്റെ പ്രയോജനം സ്റ്റേറ്റ് എയിഡഡ് ബാങ്കിന്റേതുപൊലെതന്നെ. മററു ബാങ്കുകളുടെ സ്ഥിതി ഇതിലും ഭയങ്കരമാണ്. ൧൦൦-ന് ൧ വുപലിശയും ചിലപ്പോൾ സന്ന പലിശയും കൊടുക്കണം. ഇങ്ങനെ ഓരോന്നും സൂക്ഷിച്ചുനോക്കുമ്പോൾ ഭൂസ്വത്തുജാമ്യബാങ്ക് അത്യാവശ്യമാണെന്നു ബോദ്ധ്യപ്പെടും. ഈ അഭിപ്രായത്തോടുകൂടി ഞാൻ മിസ്റ്റർ കുഞ്ഞിരാമന്റെ പ്രമേയത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

മിസ്റ്റർ ഡി. സി. ജോസഫ് (അഗസ്തീശ്വരം): സർ, ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ അനുകൂലിച്ചു ചില നിർദ്ദേശങ്ങൾ ചെയ്യുന്നതിനു ഞാൻ ഇപ്പോൾ ശ്രമിക്കുന്നതാണ്. തിരുവിതാംകൂറിന്റെ ഭാവി മിക്കവാറും ഈ സംസ്ഥാനത്തിലെ കാർഷികാഭിവൃദ്ധിയെ ആശ്രയിച്ചിരിക്കുന്നതാണ്. കൃഷിക്കാരുടെ സ്ഥിതി നാം നോക്കുന്നപക്ഷം ആശയറ്റ മോശമാണെന്നു പറയാതെ തരമില്ല. അതായതു് തിരുവിതാംകൂറിന്റെ സാമ്പത്തികസ്ഥിതി ക്രമേണ ക്ഷയോന്മുഖമായി തീർന്നുവരികയാണ്. ഈ വിഷയത്തെപ്പററി ഗാഢമായ വിധത്തിൽ നാം ചിന്തിക്കുന്നതായാൽ പണം ചെലവിക്കുന്നകാര്യത്തിൽ തിരുവിതാംകൂറിലെ കൃഷിക്കാർ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടെന്നു കാണുന്നതാണ്. തൃപ്തികരമായ വിധത്തിൽ കൃഷിക്കാരെ സഹായിക്കുന്നതിനു വേണ്ട പണം ഉണ്ടാക്കി, പ്രാധാന്യമുള്ള ഈ വിഷയത്തിൽ ഒരു പരിഹാരമാർഗ്ഗം സ്വീകരിക്കുന്നതിന് യാതൊരു ഗവർണ്മെന്റിനും കഴിയുന്നതല്ലാ. എന്നാൽ കഴിയുന്നത്ര തിരുവിതാംകൂറിലെ കൃഷിക്കാർക്കു എല്ലാ വിധത്തിലുമുള്ള സഹായങ്ങൾ ചെയ്യുന്നതിനു നമ്മുടെ ഗവണ്മെന്റു ശ്രമിക്കേണ്ടതാണ്. തിരുവിതാംകൂറിലെ കർഷകരുടെ സ്ഥിതി ഇപ്പോഴത്തതിൽ കൂടുതലായി നന്നാക്കാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈ സംസ്ഥാനത്തിൽനിന്നു വളരെ വർഷിച്ചു ഒരു ഇക അന്യരാജ്യങ്ങളിലേക്കു അയച്ചുവരുന്നു എന്നുള്ളതു് സ്ഥിതിവിവരക്കണക്കുകളിൽ നിന്നും കാണാവുന്നതാണ്. ഈ സംസ്ഥാനത്തിന്റെ സ്ഥിതി നന്നാക്കുന്നതിനു ഉത്തമമായ വ്യവസ്ഥകൾ സ്വീകരിക്കുന്നപക്ഷം വളരെ പണം നമുക്കു മിച്ചംവയ്ക്കാവുന്നതാണ്. സാമാനങ്ങൾ ഇറക്കുമതി ചെയ്യുന്ന വകയിൽ ഈ സംസ്ഥാനത്തുനിന്നും ൧,൯൯,൭൯൭ രൂപ വെളിയിലേക്കു അയച്ചുവരുന്നു. ചുമന്നുള്ളിയും ശീമുള്ളിയും ഇറക്കുമതിചെയ്യുന്നതിന് ൩,൦൧,൦൩൭ രൂപാ ചിലവായിവരുന്നു. ൯,൯൮,൧൭൮ രൂപാക്കു ഉഴുന്ന് ഈ രാജ്യത്തിൽ ഇറക്കുമതിചെയ്യുവരുന്നു. ഈ രാജ്യത്തിലെ വിളവു ഇവിടത്തെ ആവശ്യങ്ങൾക്കു മതിയാകുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈസംസ്ഥാനത്തിൽ൧൯,൭൧,൭൭൯ രൂപാക്ക് നെല്ലും ൨ ൪,൯൮,൯൧ രൂപയ്ക്ക് അരിയും ഇറക്കുമതിചെയ്യുവരുന്നു. ഈ പണമെല്ലാം സംസ്ഥാനത്തിൽനിന്നു വെളിയിൽപോകുന്നു. പഞ്ചസാരയെ സംബന്ധിച്ചിടത്തോളം അതുണ്ടാക്കുന്നതിനു ഗവണ്മെന്റിനു സാധിക്കുമെന്നു പറയുന്നതിനു എനിക്കു സന്തോഷമുണ്ട്. ഏകദേശം ൧ണ്ടരലക്ഷം രൂപാ ഇതിനു ഗവണ്മെന്റു ചെലവിട്ടിട്ടുണ്ട്. ഈ രാജ്യത്തിൽ ഏകദേശം ൧൩,൭൭,൦൦൦ രൂപാക്കു പഞ്ചസാര ഇറക്കുമതി ചെയ്യുവരുന്നു. ഈ പണം ഈ സംസ്ഥാനത്തിൽ വെളിയിൽപോകുന്നു. മരച്ചീനിയുടെ കയ്യത്തിൽ ൪ ലക്ഷം രൂപാ വെളിയിൽ പോകുന്നു. ഇപ്രകാരമുള്ള മാർഗ്ഗങ്ങളിൽ കൂടി സംസ്ഥാനത്തെ പണം വിദേശത്തിൽ ചെന്നുചേരുന്നു. മുളകുവാങ്ങുന്നതിനു ൧൩,൧൯,൧൯൧ രൂപാ വെളിയിലേക്കു അയച്ചുവരുന്നു. കൃഷിക്കാരുടെ സ്ഥിതി വളരെ മോശമാണെന്നും പണത്തിന്റെ അഭാവം മൂലം നന്നായി കൃഷിചെയ്യുന്നതിനു അവർക്കു സാധിക്കുന്നില്ലെന്നും ഉള്ളതു് മേൽപറഞ്ഞ എല്ലാ കാര്യങ്ങളിൽനിന്നും കാണാവുന്നതാണ്. ഈ രാജ്യത്തിലെ സ്വാഭാവികമായുള്ള ഉല്പാദനമാർഗ്ഗങ്ങൾക്കു അഭിവൃദ്ധിയുണ്ടായിരിക്കുന്നില്ല. അനാവശ്യ പണം വിദേശങ്ങളിലേക്കു അയച്ചുവരുന്നതിനെ തടയുകയും കർഷകരെ സഹായിക്കുന്നതിനു തങ്ങളാൽ കഴിയുന്ന എല്ലാ മാർഗ്ഗങ്ങളും മുഖേന പ്രവർത്തിക്കയും ചെയ്യേണ്ടതു് ഗവണ്മെന്റിന്റെ കർത്തവ്യമാകുന്നു. ഒരു ഭൂസ്വത്തു് ജാമ്യബാങ്ക് സ്ഥാപിക്കുന്നപക്ഷം അതുമൂലം കൃഷിക്കാർക്കു വളരെ പ്രയോജനം സിദ്ധിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ വി. ജെ. ഉമ്മൻ (കൃഷിയുടവും വ്യവസായവും വകുപ്പ്): സർ, മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. ജനസംഖ്യയിൽ ഭൂരിപക്ഷവും കൃഷിക്കാരായ ഈ തിരുവിതാംകൂർ രാജ്യത്തു് ഇങ്ങിനെയുള്ള ഒരു ബാങ്കിന്റെ ആവശ്യത്തെപ്പററി പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. അതിലേക്കാവശ്യമുള്ള മൂലധനമുണ്ടാക്കാൻ ഒരു വിഷമവുമില്ല. സേവിംഗ്സ്ബാങ്കിൽ ഡിപ്പാസിററായിട്ടു കിട്ടിക്കൊണ്ടിരിക്കുന്നതു് ൧ ൦൩-ലെ കണക്കു നോക്കുന്നപക്ഷം ൩ ൦ ലക്ഷം രൂപായോളം കാണും. ആവക പണം എടുത്തു് ഈ ആവശ്യത്തിനു ഉപയോഗിക്കാം. അങ്ങിനെ അതിനു സൌകര്യമില്ലെന്നു തോന്നുന്നപക്ഷം പ്രജാക്ഷേമത്തിനായിട്ടും രാജ്യത്തിന്റെ ഐശ്വര്യത്തിനായിട്ടും ബഡ്ജററിൽ ആണ്ടുതോറും നീക്കിയിരിപ്പുള്ള സംഖ്യയിൽ ഒരു ഭാഗം ആണ്ടുതോറും ഈ ബാങ്കിന്റെ മൂലധനത്തിനായിട്ടു ഉപയോഗിക്കാവുന്നതാണ്. ഇങ്ങിനെ ഒരു ബാങ്ക് സ്ഥാപിച്ചുകഴിഞ്ഞാൽ അതിൽനിന്നും സ്ഥാവരവസ്തു ഈടായി വാങ്ങി പണം കൊടുക്കാവുതാണ്.

സാധാരണ ബാങ്കുകളിൽനിന്നും സ്ഥാവരവസ്തു ജാമ്യംവാങ്ങി കുറഞ്ഞ അവധിക്ക് കൃഷിക്കാരെ പണം കൊടുക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. കൃഷി, വ്യവസായം, വാണിജ്യം എന്നിതുകളിൽ ഉന്നതിയെ പ്രാപിച്ചിട്ടുള്ള പാശ്ചാത്യരാജ്യങ്ങളിൽ പോലും ഭൂസ്വത്തു ജാമ്യബാങ്കുകൾ ഉണ്ട്. ജർമ്മനിയിലാണ് ഈ ബാങ്ക് ആദ്യമായി സ്ഥാപിച്ചതു്. പിന്നീടു ഫ്രാൻസിൽ ഇതു് നല്ല നിലയിൽ വന്നിട്ടുണ്ട്. ൨൪ വർഷം ൩൦ വർഷം ഇങ്ങനെയുള്ള അവധിക്കു പണം കൊടുത്തുവന്നിരുന്നു. ഇപ്പോൾ ൧൪ വർഷത്തെ അവധി വരെ പണം കൊടുക്കുന്നുണ്ട്.

കൃഷി പ്രധാനതൊഴിലായ തിരുവിതാംകൂർ രാജ്യത്തു മിക്കവാറും ആളുകൾ ഋണബാഹുല്യത്തിൽ മുങ്ങിക്കിടക്കുകയാണ്. ഇങ്ങനെയുള്ളവരെ ഭൂസ്വത്തുജാമ്യബാങ്ക് നടപ്പിൽവരുത്തി സഹായിക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ട്. അതിലേക്കു ഏതുവിധത്തിലും മൂലധനമുണ്ടാക്കാൻ മാർഗ്ഗം കണ്ടുപിടിച്ചു ജനങ്ങളെ സഹായിക്കത്തക്കവിധത്തിൽ ഈ ബാങ്ക് എത്രയും വേഗത്തിൽ നടപ്പിൽവരുത്തുന്നതിന് ശ്രമിക്കണമെന്നാണ് എന്റെ അഭിപ്രായം.

ഇതിനു സംബന്ധിച്ചു ഫിനാൻഷ്യൽ സെക്രട്ടറി പറഞ്ഞ സമാധാനം അശേഷം തൃപ്തികരമായിട്ടുള്ളതല്ല. ബാങ്കിൽ നിന്നും വസ്തു ജാമ്യംവാങ്ങിക്കൊണ്ടു പണംകൊടുക്കുകയും ഇത്രകാലത്തിനുള്ളിൽ ആണ്ടുതോറും ഇത്ര്യത്ര സംഖ്യവീതം അടച്ചുതീർക്കണമെന്ന് വ്യവസ്ഥപ്പെടുത്തുകയും അങ്ങിനെയുള്ള സംഖ്യ കൊടുത്തല്ലെങ്കിൽ ഗവണ്മെൻറിൽനിന്നു ആണ്ടുതോറും ഈടാക്കുന്നതിനു വ്യവസ്ഥചെയ്യുകയും ചെയ്യണം. ഇല്ലെങ്കിലും പ്രജാക്ഷേമത്തിനുതകുന്ന സാംഗത്യമായ ഗവണ്മെൻറു ഭാഗത്തുനിന്നു ഏതുക്കേണ്ട യാതൊരാവശ്യവുമില്ല. ഇതു് ഉദ്യോഗസ്ഥന്മാരുടെ കുററമല്ല. ഒരുദാഹരണം പറയാം. ഒരു കള്ളനെ ഓടിച്ചുകൊണ്ടു ഒരു പോലീസുകാരൻ ഓടി. കള്ളൻ ഒരു കാട്ടിൽകയറി ഒളിച്ചു. ഈ പോലീസ്സുകാരൻ ഒരു മരത്തെ കള്ളനാണെന്നു കെട്ടിപ്പിടിച്ചു. അതുപോലെ എല്ലാ വിഷയത്തിലും അനുദ്യോഗസ്ഥമെമ്പറന്മാർ എതിരായിട്ടു കൈകൊട്ടി കൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ ഈ വിഷയത്തിലും എതിർക്കുന്നു എന്നേ വിചാരിക്കുന്നുള്ളു. അതുകൊണ്ടു ഇങ്ങനെയുള്ള അപവാദത്തിനിടവരുത്താതെ ഉദ്യോഗസ്ഥമെമ്പറന്മാരും ഇതിനനുകൂലമായിട്ടു വോട്ടുചെയ്യണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ ജി. പി. നീലകണ്ഠപ്പിള്ള (കുന്നാഗപ്പള്ളി): ഒരു ബാങ്കിന്റെ ആവശ്യകതയെപ്പററി ഈ സഭയിലെ ഇരുകക്ഷികൾക്കും ബോദ്ധ്യമായിട്ടുള്ളതാണ്. ഈ വിഷയത്തെപ്പററി ഗൗരവമായി ചിന്തിച്ചുവരുന്നുണ്ടെന്നു് ഗവണ്മെൻറു ഖണ്ഡിച്ചു പറഞ്ഞിരിക്കുന്ന സ്ഥിതിക്കു പ്രമേയത്തെ പിൻവലിക്കണമെന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മനോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഇതാണ് അദ്ദേഹം ന്യായമായി ചെയ്യേണ്ടതു്. പ്രമേയത്തെപ്പററിയുള്ള അഭിപ്രായം രേഖപ്പെടുത്തി പാസ്സാക്കുന്നതിനു നിശ്ചയമായും സാധിച്ചേക്കാം. എന്നാൽ ഇതെല്ലാം ഇപ്പോഴത്തെ നിലയെ കടന്നുള്ള സംഗതിയത്രേ. ഇപ്പോൾ ഗവണ്മെൻറ് ഈ തത്വത്തെ സ്വീകരിച്ചിരിക്കുന്നു. നാം അതിനെ ബഹുമാനിച്ചു് പ്രമേയം പിൻവലിക്കേണ്ടതാണ്.

മിസ്റ്റർ ആർ. ദൈവത്വലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): പ്രമേയത്തിനെ അടിസ്ഥാനപ്പെടുത്തിയുള്ള വിഷയത്തിന്റെ ആവശ്യകതയെപ്പററി സാമാന്യമായ വിധത്തിൽ ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുള്ളതാണ്: പ്രമേയകർത്താവു ഈ സംഗതി സൂചിപ്പിച്ചിട്ടുണ്ടല്ലോ. അതിനാൽ ഗവണ്മെൻറു ഈ കാര്യത്തിൽ അനുഭാവം പ്രദർശിപ്പിക്കുന്നില്ലെന്നു ദുഃപക്ഷത്തിൽനിന്നും പ്രസ്താവിച്ചിട്ടുള്ളതു് അത്ഭുതംതന്നെ. ഈ വിഷയത്തെപ്പററി അല്പം പ്രസംഗിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഉപക്ഷേപത്തിനോടു ഗവണ്മെൻറിനു അനുഭാവമില്ലെന്നു പറയുന്നതു വാസ്തവമല്ല. കഴിഞ്ഞ അഞ്ചുകൊല്ലങ്ങളായി ഗവണ്മെൻറു ഈ സംഗതിയെപ്പററി പര്യാലോചിച്ചു വരികയാണ്. അതു പരമാർത്ഥമാണ്. മദ്രാസിൽ ഒരു ഭൂസ്വത്തു് ജാമ്യബാങ്ക് ആരംഭിക്കുന്നതിനെ സംബന്ധിച്ചു പദ്ധതി വർത്തമാനപ്പത്രങ്ങളിൽ പരസ്യംചെയ്ത അവസരത്തിൽതന്നെ അപ്രകാരമുള്ള ഒരു ബാങ്കു ഇവിടെ രൂപീകരിക്കുന്നതിന്റെ സാദ്ധ്യതയെപ്പററി ഗവണ്മെൻറു എന്റെ അഭിപ്രായം ചോദിക്കയുണ്ടായി. സർക്കാർസഹായധനബാങ്ക് രൂപീകരിക്കുന്നതിനെ സംബന്ധിച്ചു പദ്ധതിയെപ്പററി ആലോചിച്ചുവന്ന അവസരമായിരുന്നു അതു്. ഭൂസ്വത്തു് ജാമ്യബാങ്കുകളെ സംബന്ധിച്ചു സകല വിവരങ്ങളെയുംപററി എനിക്കു നല്ലതുപോലെ ബോദ്ധ്യമായിട്ടില്ലെന്നും സർക്കാർസഹായധനബാങ്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയെപ്പററി ആലോചിച്ചുവരുന്നു എന്നും ആണ് ഞാൻ അന്നു റിപ്പോർട്ടുചെയ്തിട്ടുള്ളതു്. ഈ രാജ്യത്തു് മറെറാരു ബാങ്ക് സ്ഥാപിക്കുന്നതിനെപ്പററി പര്യാലോചിക്കുന്നതിനു യോജിച്ച ഒരു അവസരം അല്ലായിരുന്നു അതു്. അതിനാൽ ഈ സംഗതി തൽക്കാലത്തേക്കു നിർത്തിവയ്ക്കുകയുണ്ടായി. എന്നാൽ ഈ കാര്യത്തെപ്പററി ഗവണ്മെൻറു ചിന്തിച്ചുവരികയും ചെയ്തു. എന്റെ ൧൯൨൯-മാണ്ടത്തെ ഭരണറിപ്പോർട്ടു റവ്യു ചെയ്ത അവസരത്തിൽ ഗവണ്മെൻറു താഴെപ്പറയുന്ന നിരീക്ഷണം ചെയ്തിട്ടുണ്ട്.

"കുറഞ്ഞ നിരക്കിൽ ദീർഘകാലവായ്പകൾ ലഭിക്കുന്നതിനു സാധിക്കുന്നതുവരെ മുൻകടങ്ങൾക്കുള്ളം നേരിടുന്ന ഉപദ്രവം ഈ പ്രസ്ഥാനത്തിനു തുടർന്നുകൊണ്ടിരിക്കുന്നതാണെന്നു രജിസ്ട്രാർ പറയുന്നു. താമസംവിനാ ഭൂസ്വത്തു ജാമ്യബാങ്കുകൾ സ്ഥാപിക്കുന്നതിനെപ്പററി പര്യാലോചിക്കുന്നതിനു സാധിക്കുമെന്നു ഗവണ്മെൻറു വിചാരിക്കുന്നു. മേൽപറഞ്ഞ ആവശ്യത്തെ ഈ ബാങ്കു എറെക്കുറെ നിറവേററുന്നതായിരിക്കും."

ഇതിനും പുറമെ ൧൯൨൧-മാണ്ടത്തെ ഭരണറിപ്പോർട്ടു പരിശോധിച്ച അവസരത്തിൽ ഗവണ്മെൻറു താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു.

"കാർഷിക ഋണബാഹുല്യത്തിനു ഇപ്പോഴും യാതൊരു പരിഹാരമാർഗ്ഗവും ഉണ്ടായിട്ടില്ല. ഭൂസ്വത്തു ജാമ്യബാങ്കുകൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചു സെൻട്രൽ ബാങ്കു ചിന്തിച്ചുവരികയാണ്. സെൻട്രൽബാങ്കുമായി ആലോചിച്ചതിന്റെ ശേഷം രജിസ്ട്രാർ ഈ വിഷയത്തെപ്പററി തന്നാണ്ടിൽ ഒരു പ്രത്യേകറിപ്പോർട്ടു സമർപ്പിക്കേണ്ടതാണ്."

ഗവണ്മെൻറിനേയും ഡിപ്പാർട്ടുമെൻറിനേയും സംബന്ധിച്ചിടത്തോളം കാര്യത്തിന്റെ നില ഇപ്രകാരമാണ്.

ഭൂസ്വത്തു ജാമ്യവായ്പകൾ നൽകുന്ന സമ്പ്രദായം ബിറാറിൽ ഉണ്ട്. അവിടെ ഉണ്ടായിട്ടുള്ള അനുഭവത്തെപ്പററി താഴെ പറഞ്ഞിരിക്കുന്നു. ക്ഷാമ കൊല്ലത്തേക്കു നടപ്പിലിരിക്കുന്ന ഡിബെഞ്ചുവർ പദ്ധതിയുടെ പ്രവർത്തനം അകോലസെൻട്രൽബാങ്കു പരിശോധിച്ചുനോക്കി. ക്ഷാമം മുതൽ ക്ഷാമവരെ ഒരു ഗ്രാമം ബന്ധാതുടെ കടം വീട്ടിയിട്ടുണ്ട്. ഒരു ശതമാനം പലിശ ക്രമത്തിനു വായ്പകൾ ക്ഷാമ കൊല്ലംകൊണ്ടു മടക്കി കൊടുക്കാവുന്നതാണ്. ആകെ ക്ഷ,ര ൪,൦൦൦ രൂപാ വായ്പയായി നൽകപ്പെട്ടിട്ടുണ്ട്. മേൽപറഞ്ഞ ക്ഷാമ വായ്പകളിൽ ര ക്ഷ വായ്പകൾ കാലാവധിക്കു മുൻപ് തിരിയെ അടച്ചുതീർത്തു. അന്വേഷണങ്ങൾ നടത്തിയപ്പോൾ ൧ മെമ്പർമാർ മാത്രമേ തങ്ങളുടെ വർഗ്ഗിക്കാരിൽനിന്നും പണം മടക്കിക്കൊടുക്കുന്നതിനു സാധിച്ചുള്ളു, എന്നു കാണുകയുണ്ടായി. മിക്കവാറും ചെറു വായ്പ ഇടുകകൾ ഭൂമികൾ വിററു വസ്തു പണയപ്പെടുത്തി വീണ്ടും പണം കടംവാങ്ങിയോ ആണ് തിരിയെ അടച്ചിട്ടുള്ളതെന്നു കാണപ്പെട്ടു.

ഈ വിഷയത്തെപ്പററി ഇൻഡ്യയിലെ കാർഷികകമ്മീഷൻ സമഗ്രമായ വിധത്തിൽ ചിന്തിച്ചിട്ടുണ്ട്. അവർ രേഖപ്പെടുത്തിട്ടുള്ള അഭിപ്രായം താഴെ ചേർത്തിരിക്കുന്നു:—

"ദീർഘകാലത്തേയ്ക്കുള്ള വായ്പകൾ ചെയ്യുന്നതു് ആവശ്യമായിരിക്കുന്നു. ഭൂസ്വത്തു ജാമ്യബാങ്കു് സ്ഥാപിക്കുന്നതുമൂലം മേൽപറഞ്ഞ സംഗതി നിറവേററുന്നതിനു സാധിക്കണം. എന്നാൽ വളരെ ഗാഢമായ വിധത്തിൽ പ്രാരംഭാന്വേഷണം നടത്തിയതിന്റെ ശേഷം മാത്രമേ ഇപ്രകാരമുള്ള ബാങ്കുകൾ സ്ഥാപിക്കാൻ പാടുള്ളു എന്നാണ് ഞങ്ങളുടെ ദൃഢമായ അഭിപ്രായം."

ഇളപോലെയുള്ള ഏതെങ്കിലും ഒരു സ്ഥാപനം ഗ്രാമത്തിൽ രൂപീകരിക്കപ്പെടുന്നതായാൽ ആവശ്യമുള്ളതല്ലാ ലആവശ്യങ്ങൾ നിറവേററുന്നതിനുമാത്രമെ ഉതകുകയുള്ളു. പ്രാരംഭഘട്ടങ്ങളിൽ ജനങ്ങൾ അതിന്റെ ഗുണത്തെപ്പററി അഭിനന്ദനം പ്രദർശിപ്പിച്ചേക്കാം. എന്നാൽ വർഷം പ്രതിമിച്ചം വയ്ക്കുന്ന തുകകൾ കൊണ്ടു് ബാങ്കിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ അടച്ചുതീർക്കുന്നതിനു ജനങ്ങൾക്കു സാധിക്കാത്തപക്ഷം ബാങ്കിന്റെ പ്രവർത്തനം വലിയ പരാജയത്തിൽ പരിണമിക്കുന്നതാണ്.

മിസ്റ്റർ ഒ. എസ്. ഖാദേഖാൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉടനടി മെമ്പർ ഒരു പ്രാരംഭാന്വേഷണം നടത്തുമോ?

മിസ്റ്റർ ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): അയ്യേ ഞങ്ങൾ ഇപ്പോൾ ചെയ്തുവരികയാണ്. ശരിയായ അന്വേഷണം നടത്താതേയും ശരിയായ മേൽനോട്ടത്തിനു വേണ്ട മാർഗ്ഗങ്ങൾ വളരെ സൂക്ഷ്മതയോടുകൂടി സ്വീകരിക്കയും ചെയ്യാതെ ഒരു ഭൂസ്വത്തു ജാമ്യബാങ്കു നടത്താൻ തുടങ്ങുന്നപക്ഷം തിരുവിതാംകൂറിലെ ഭൂസ്വത്തു ജാമ്യബാങ്കുകളുടെ പ്രവർത്തനത്തിനു വിപരീതമായ ഒരു കാലത്തുമാത്രമെ വിജയം സിദ്ധിക്കയുള്ളു. ആ കാരണത്താലാണ് ഈ കാര്യത്തിൽ സൂക്ഷ്മതയോടുകൂടി പ്രവർത്തിക്കേണ്ടതാണെന്ന് ഞാൻ നിർദ്ദേശിച്ചിട്ടുള്ളതു്. ഈ സംഗതിയെപ്പററി മറുകക്ഷിയിൽ ഉള്ള സാമാജികന്മാർ ഗൌനിക്കേണ്ടതാണ്.

മിസ്റ്റർ എ. എസ്. ഖാദേഖാൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതെല്ലാം സംഗതികളെപ്പററിയാണ് അന്വേഷണം നടത്തുന്നതു്?

മിസ്റ്റർ ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ); അപ്പർ ഇൻഡ്യയിൽ ഉള്ള ഭൂസ്വത്തു ജാമ്യബാങ്കിന്റെ പ്രവർത്തനത്തെപ്പററി മനസ്സിലാക്കി തിരുവനന്തപുരത്തുള്ള സെൻട്രൽബാങ്കുമായി ആലോചിച്ചു ഒരു റിപ്പോർട്ടുസമർപ്പിക്കുന്നതിനു ഗവർണ്ണമെന്റ് എന്നോടു ആജ്ഞാപിച്ചിട്ടുണ്ട്.

മിസ്റ്റർ എ. എസ്. ഖാദേഖാൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു ഭൂസ്വത്തു ജാമ്യബാങ്കു സ്ഥാപിക്കേണ്ടതാവശ്യമാണോ എന്നുള്ളതിനെപ്പററി അറിയുന്നതിനാണോ ഈ അന്വേഷണം നടത്തുന്നതു്?

മി: ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): ആവശ്യത്തെപ്പററിയല്ല. ബാങ്ക് സ്ഥാപിക്കേണ്ടതാവശ്യമാണെന്നു് ഗവർണ്ണമെന്റു സമ്മതിച്ചിട്ടുണ്ട്. പരസ്പരസഹായ സംഘ ഡിപ്പാർട്ടുമെന്റിലെ ഭരണ റിപ്പോർട്ടുകളിന്മേൽ ഉണ്ടായിട്ടുള്ളതും ഞാൻ ഇവിടെ വായിച്ചിട്ടുള്ളതുമായ ഗവർണ്ണമെന്റു ഉത്തരവുകളിൽ ഈ സംഗതി ഗവർണ്ണമെന്റ് അംഗീകരിച്ചിട്ടുള്ളതായി രേഖപ്പെടുത്തിട്ടുണ്ടെല്ലോ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ജനങ്ങൾ എടുത്തുവരുന്ന വായ്പകൾ തൃപ്തികരമായ വിധത്തിൽ അവർ അടച്ചു തീർത്തുവരുന്നുണ്ടോ എന്നുള്ളതു് പരസ്പരസഹായസംഘം രജിസ്ട്രാർ എന്നുള്ള നിലയിൽ ഉണ്ടായിട്ടുള്ള അനുഭവത്തിൽനിന്നും മെമ്പർ ദയവുചെയ്തു പറയുമോ?

മി: ആർ. വൈദ്യലിംഗപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): വേണ്ടതുപോലെ തൃപ്തികരമായ വിധത്തിൽ വായ്പകൾ മടക്കിക്കൊടുത്തുവരുന്നുണ്ടെന്നു പറയുന്നതിനു സാധിക്കയില്ല. പരസ്പരസഹായ സംഘങ്ങളിൽ നിന്നും നൽകിയിട്ടുള്ള വായ്പകൾ അടച്ചു തീർക്കുന്നതിലുള്ള കുടിശ്ശിഖയുടെ പരിമാണം കുറഞ്ഞുവരികയാണ്. ഇതു് സന്തോഷകരമായ ഒരു വസ്തുതയത്രെ. വായ്പകൾ കൃത്യസമയത്തു് അടച്ചു തീർക്കുന്നതിനുള്ള മനസ്ഥിതി മെമ്പർമാർക്കുണ്ടായിരിക്കുന്നു എന്നാണ് ഇതു സൂചിപ്പിക്കുന്നതു്. ഭൂസ്വത്തു ജാമ്യബാങ്കു സ്ഥാപിക്കുന്നതു മൂലം വായ്പകൾ വാങ്ങുന്ന ജനങ്ങൾക്കു പ്രയോജനം സിദ്ധിക്കണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. പ്രാരംഭത്തിൽ ഇളപോലെയുള്ള ഒരുസ്ഥാപനംമൂലം വളരെ ഗുണം സിദ്ധിക്കുമെന്നു തോന്നിയേക്കാം. എന്നാൽ പണം കടം വാങ്ങുന്ന ആളുകൾ കൃത്യസമയത്തു പണം തിരിയെ അടയ്ക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പററി മനസ്സിലാക്കാതേയും കൃഷിചിലവുകൾ കഴിച്ചുള്ള തുകയും മിച്ചം വയ്ക്കാതേയും ഇരിക്കുന്ന പക്ഷം ആയതു കാലക്രമത്തിൽ നാശത്തിനുമാത്രം കാരണമായിത്തീർന്നേക്കാം. മിസ്റ്റർ. കെ. പി. നീലകണ്ഠപ്പിള്ള ചോദിച്ച ചോദ്യത്തിനു മറുപടിയായി ഈ സംഗതി ഞാൻ പറഞ്ഞുകൊള്ളുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): വായ്പകൾ മടക്കി കൊടുക്കാതിരിക്കുന്നതു് കടം വാങ്ങിയിട്ടുള്ള ആളുകളുടെ ഉദാസീനതകൊണ്ടോ ദാരിദ്ര്യംകൊണ്ടോ എന്നു പറയുമോ?

മി: ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായ സംഘം രജിസ്ട്രാർ): അധികം ഉദാസീനതകൊണ്ടാണ് അപ്രകാരം സംഭവിക്കുന്നതു്. സാമാന്യമായ വിധത്തിൽ അങ്ങനെയാണ് ഞാൻ അറിഞ്ഞിരിക്കുന്നതു്. ദാരിദ്ര്യം ബാധിച്ചിട്ടുള്ളവരും തൻ മൂലം വായ്പകൾ അടച്ചു തീർക്കുന്നതിനു നിവൃത്തിയില്ലാത്തപക്ഷം

ആയ അനവധി ആളുകൾ ഈ സംസ്ഥാനത്തിലുണ്ട് എന്നാൽ വായ്പകൾ വാങ്ങുന്ന തിരുവിതാംകൂറിലെ ജനങ്ങൾ അവ. മടക്കി കൊടുക്കുന്ന കാര്യത്തിൽസാമാന്യമായ വിധത്തിൽ വൈമുഖ്യം കാണിക്കുന്നു എന്നുള്ളതു് പ്രസിദ്ധമാണ്. ഈ സംഗതിയിൽ ഗവണ്മെൻറ പക്ഷത്തിൽ നിന്നു സ്വീകരിച്ചിട്ടുള്ള നില എന്താണെന്നുള്ളതു് ഞാൻ പ്രസ്താവിച്ചിട്ടുള്ള സംഗതികളിൽ നിന്നു പ്രമേയ കർത്താവു നല്ലപോലെ മനസ്സിലാക്കുമെന്നും അദ്ദേഹം പ്രമേയം പിൻ വലിക്കുമെന്നും ഞാൻ വിചാരിക്കുന്നു.

മി: പി. എസ്സ്. മഹമ്മദ് (നിയമനം): സർ, ഭൂസ്വത്തു ജാമ്യബാങ്കിൻറെ ആവശ്യത്തെപ്പററി ഈ സമസ്സിൽ ഒന്നും തന്നെ പറയേണ്ട ആവശ്യമില്ല. ഉദ്യോഗസ്ഥഭാഗത്തുനിന്നും അനുദ്യോഗസ്ഥഭാഗത്തു നിന്നും ഇതിൻെറ ആവശ്യത്തെ സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. എന്നുമാത്രമല്ല അതിലേക്കു വേണ്ടുന്ന നടപടികൾ നടത്തി വരികയാണെന്നു ഗവണ്മെൻറഭാഗത്തുനിന്നും തമ്മുടെ മുമ്പാകെ പ്രസ്താവിക്കയും ചെയ്തു കഴിഞ്ഞു. അതിനും പുറമെ കഴിയുന്നതും വേഗത്തിൽ അതിനു സംബന്ധിച്ചു് എല്ലാ നടപടികളും നടത്താൻ സന്നദ്ധരാണെന്നും അതുകൊണ്ടു് ഈ പ്രമേയം പിൻവലിക്കണമെന്നും അവർ ആവശ്യപ്പെടുന്നു. മറ്റുവിധത്തിൽ പ്രവർത്തിച്ചു കൊള്ളാമെന്നു ഉത്തരവാദിത്വമുള്ള ഭാഗത്തുനിന്നും വാഗ്ദാനം ചെയ്യുന്ന അവസരത്തിൽ നാം അവരെ വിശ്വസിച്ചു് ഈ പ്രമേയം പിൻവലിക്കേണ്ടതാണ്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വകുപ്പ്): എല്ലാ സംഗതികളും ആലോചിച്ചു പ്രവർത്തിക്കാമെന്നു ഗവണ്മെൻറ് പറയുന്നതു് സാധാരണയാണെന്നു് അറിഞ്ഞു കൂടേ?

മി: പി. എസ്സ്. മഹമ്മദ് (നിയമനം): അങ്ങിനെ ഗവണ്മെൻറ പറഞ്ഞിട്ടുണ്ടെങ്കിൽ അതനുസരിച്ചു പ്രവർത്തിച്ചിട്ടും ഉണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴയും—തൊടുപുഴയും): ആ സ്ഥിതിക്ക് ഈ പ്രമേയം സ്വീകരിക്കുന്നതുകൊണ്ടു വല്ല ദോഷവും ഉണ്ടോ?

മി: പി. എസ്സ്. മഹമ്മദ് (നിയമനം): പ്രമേയം സ്വീകരിക്കണമെന്നില്ല. നമുക്കവരെ വിശ്വസിക്കാമല്ലോ. വിശ്വാസമില്ലെങ്കിലല്ലേ പ്രമേയത്തിൻറെ ആവശ്യമുള്ളതു്?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴയും—തൊടുപുഴയും): ജനപ്രതിനിധികൾ ഇവിടെ പാസ്സാക്കുന്ന പ്രമേയങ്ങളെല്ലാം ഗവണ്മെൻറിനെ അവിശ്വസിക്കുന്നു എന്നുള്ളതിനെ കാണിക്കുന്ന രേഖകളാണോ?

മി: പി. എസ്സ്. മഹമ്മദ് (നിയമനം): അവർ ചെയ്യാമെന്നു സമ്മതിച്ചു കഴിഞ്ഞാൽ പിന്നെയും ഈ പ്രമേയം പാസ്സാക്കി ഗവണ്മെൻറിൻെറ കൈകളെ ബന്ധിക്കേണ്ട ആവശ്യമുണ്ടോ?

മി: മുകവേലിൽ പാച്ചുപിള്ള (ചേർത്തല): ഒരു പ്രമേയം പാസ്സാക്കിയാൽ തന്നെയും അതു ഉടനടി പ്രവർത്തിക്കണമെന്നു നിർബന്ധമുണ്ടോ? ഈ പ്രമേയം തന്നെ ഒരു ശുപാർശയല്ലേ?

മി: പി. എസ്സ്. മഹമ്മദ് (നിയമനം): അതേ, ഈ പ്രമേയം തന്നെ ഒരു ശുപാർശയാണ്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും—വ്യവസായവും വകുപ്പ്): പിന്നെ എന്താണ് ഈ പ്രമേയം പാസ്സാക്കുന്നതിൽ മെമ്പർക്കിത്രവിരോധം? (ചിരി)

മി: പി. എസ്സ്. മഹമ്മദ് (നിയമനം): എനിക്ക് വിരോധമൊന്നും തന്നെയില്ല. എത്രയും പ്രധാനമായ ഒരുസംഗതി ന്യായമായ വിധത്തിൽ പ്രവർത്തിക്കാമെന്നു ഗവണ്മെൻറ് പറയുമ്പോൾ ആ വാഗ്ദാനത്തെ സ്വീകരിക്കാമെന്നുള്ളതാണ് ഉത്തരവാദിത്വമുള്ള മെമ്പർമാരുടെ ചുമതല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴയും-തൊടുപുഴയും): ജനപ്രതിനിധികൾകൊണ്ടു വരുന്ന പ്രമേയങ്ങളെല്ലാം ഗവണ്മെൻറിനോടു സവിനയം ചെയ്യുന്ന ഒരു ശുപാർശയല്ലാതെ ഗവണ്മെൻറിനെതിരായിട്ടോ അവിശ്വാസം രേഖപ്പെടുത്തത്തക്കവണ്ണമോ ഉള്ളവയല്ല എന്നു മെമ്പർക്കറിയാമോ?

മി: പി. എസ്. മഹമ്മദ് (നിയമനം): അതറിഞ്ഞു കൊണ്ടുതന്നെയാണ് ഞാൻ പറഞ്ഞതു്. ഗവണ്മെൻറ ചെയ്യേണ്ടതു ചെയ്യാമെന്നു ഉറപ്പുതരുന്നുണ്ട്. അതിനെ നമുക്കു വിശ്വസിക്കാം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴയും—തൊടുപുഴയും): ഗവണ്മെൻറിനോടുള്ള വിശ്വാസം കൊണ്ടാണ് ഇങ്ങനെ ശുപാർശ ചെയ്യുന്ന പ്രമേയങ്ങൾ അയക്കുന്നതു്. വിശ്വാസമില്ലെങ്കിൽ പ്രമേയം കൊണ്ടുവരുമോ?

മി: പി. എസ്. മഹമ്മദ് (നിയമനം): ആ സ്ഥിതിക്ക് അവരുടെ വാഗ്ദാനത്തെക്കൂടി വിശ്വസിക്കയല്ലേവേണ്ടതു്?

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): ഗവണ്മെൻറിൽ നിന്നു ഇതു ചെയ്തു കൊള്ളാമെന്നു വാഗ്ദാനം ചെയ്യുന്ന സ്ഥിതിക്ക് ഈ പ്രമേയംകൂടി ഇരിക്കുന്നതുകൊണ്ട് എന്താണുദോഷം?

മി: പി. എസ്. മഹമ്മദ് (നിയമനം): ചെയ്തുകൊള്ളാമെന്നു പറയുന്നതിനെ സ്വീകരിക്കുന്നതു കൊണ്ടെന്താണുദോഷം? ഗവണ്മെൻറിൽനിന്നും ചെയ്തു എന്നുള്ള കൃതാർത്ഥത അവർക്കുതന്നെ ഇരുന്നു കൊള്ളട്ടെ.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴയും-തൊടുപുഴയും): ജനപ്രതിനിധികളുടെ ശുപാർശയനുസരിച്ചു് ഗവണ്മെൻറ ഒന്നു പ്രവർത്തിക്കയാണെങ്കിൽ അതു ഗവണ്മെൻറിനു അഭിമാനകരമല്ലേ? ഈ പ്രമേയത്തിൻെറ തത്വത്തെ ഗവണ്മെൻറ സമ്മതിക്കുന്നു എന്നും അതു നടപ്പിലാക്കുന്ന കാര്യത്തെപ്പററി ഗാഢമായിട്ടു ആലോചിക്കാമെന്നും ഗവണ്മെൻറ ഭാഗത്തുനിന്നും പറയുന്നതു ആശ്ചര്യകരം തന്നെയാണ്. എന്നാൽ അതു നടപ്പിലാക്കണമെന്നു് പ്രത്യേകം ശുപാർശ ചെയ്യുന്ന ഒരു പ്രമേയമാണ് ഇതു്. ഗവണ്മെൻറ ഈ പ്രമേയത്തെ പൂർണ്ണമായിട്ടു സമ്മതിക്കുന്നു എന്നുപറയുകയാണെങ്കിൽ ഇതു വോട്ടിനിടണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ രാജ്യത്തെ ജനങ്ങളിൽ വലിയഭാഗവും കൃഷിക്കാരാണ്. അവരുടെ ക്ഷേമത്തെ വർദ്ധിപ്പിക്കുന്നതിനു ഗവണ്മെൻറ പലതും ചെയ്യുന്നുവെന്നാണ് വയ്പ്പ്. ഞാൻ കർഷകന്മാരുടെ ഒരു പ്രതിനിധിയാണ്. കർഷകന്മാരുടെ നന്മയെ മുൻനിർത്തി ഗവണ്മെൻറ സാമാന്യമായ ഒന്നും തന്നെ പ്രവർത്തിച്ചിട്ടില്ല. അല്ലെങ്കിൽ പ്രവർത്തിക്കുന്നില്ല എന്നുള്ള അഭിപ്രായമാണ് അവരുടെയിടയിലുള്ളതു്. ഈ രാജ്യത്തെ ജനങ്ങൾ കൃഷികൊണ്ടു് ഉപജീവനം കഴിക്കുന്നവരാണ്. വലിയ തുക മുടക്കി കച്ചവടം ചെയ്യാനുള്ള ശക്തി അവർക്കില്ല. എന്നാൽ ചുരുക്കം ചിലക

ച്ചുവടക്കാരുണ്ട്. അവർക്ക് വേണ്ട സൌകര്യങ്ങൾ ഗവൎണ്മെന്റ ചെയ്തു കൊടുക്കുന്നുണ്ട്. ഇപ്പോൾ ഗവൎണ്മെന്റ സ്ഥാപിച്ചിട്ടുള്ള സ്റ്റേറ്റ് എഗ്രിഡ്ഡ് ബാങ്ക് കച്ചവടക്കാൎക്ക് വളരെ പ്രയോജനകരമായിട്ടുള്ളതാണ്. എന്നാൽ കൃഷിക്കാരെ സഹായിക്കുന്നതിനുള്ള യാതൊരേർപ്പാടും ഇപ്പോഴില്ല. അഗ്രികൾച്ചറൽ ലോൺ കൊടുക്കുന്നു എന്നു പറയുമായിരിക്കാം. എന്നാൽ അതു വേണ്ടവൎക്ക് വേണ്ടകാലത്തു വേണ്ടപോലെ ലഭിക്കുന്നില്ല എന്നു പറയാതെ തരമില്ല. എന്നാൽ ഈ ലോൺ അനുസരിച്ചു വസ്തു ഇടകൾ കൊടുക്കുന്നതിനു വ്യവസ്ഥചെയ്താൽ അതു കൂടുതൽ ഗുണകരമല്ലേ എന്നൊരു ചോദ്യം ഉണ്ടാകാം. കൃഷിവായ്പകൊടുക്കുന്നതു റവന്യൂക്കാരാണ്. പുറമ്പോക്കു കേസുകൾ തീൎത്തുമാറ്റിക്കൊണ്ടു, ഭൂനികുതി പിരിക്കുക മുതലായി അവൎക്ക് പലജോലികളുണ്ടു. ആ ജോലികൾക്കു വിഘ്നവരുത്തിയാൽ അവരെ ശിക്ഷിക്കാം. എന്നാൽ ഈ ലോൺ കൊടുക്കുന്ന കാൎയ്യത്തിൽ അമാന്തം വരുത്തിയാൽ യാതൊരു ശിക്ഷയുമില്ല:

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സൎക്കാർവക്കീൽ): കൃഷിവായ്പകൾക്ക് കൂടുതൽ പണം ബഡ്ജററിൽ ചേൎത്താൽ മതിയൊ?

മി: തയ്യിൽ കുഞ്ഞിക്കണ്ണൻ (മുവാററുപുഴയും-തൊടുപുഴയും): അതുകൊണ്ടു എന്തുതന്നെ ഉദ്ദേശിച്ചു ചെയ്താലും ഇടനിലക്കാരുടെയിടയിൽ നിന്നും അഭിപ്രായം വന്നു കഴിഞ്ഞു. അതുകൊണ്ടു ഒരു പ്രയോജനവുമില്ല.

ഒരു കൃഷിക്കാരൻ കച്ചവടത്തിനും കൈത്തൊഴിലിനും വകയിൽ പണിക്കും ഒരുമിച്ചുപോകയാണെങ്കിൽ കാൎയ്യം നടക്കുകയില്ല. അതുപോലെ ലാൻഡ് റവന്യൂവകുപ്പിനെ മററു പലജോലികളുടെയിടയിൽ ഇതിലേക്കു ചുമതലപ്പെടുത്തിയാൽ ഒരു ജോലിയും നടക്കുകയില്ല.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവൎണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി): കൃഷിവായ്പ കൂടുതൽ പണം അനുവദിച്ചു കൊടുത്താൽ മതിയോ?

മി: തയ്യിൽ കുഞ്ഞിക്കണ്ണൻ (മുവാററുപുഴയും-തൊടുപുഴയും): അതു ഒരു ബാങ്കിന്റെ പ്രയോജനത്തെ ചെയ്യുകയില്ല.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവൎണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി): ഒരുവർ പറയുന്നതുപോലെ കൃഷിവായ്പ ലഭിക്കുന്നതിനു വേണ്ട സൌകര്യം കൊടുത്താൽ പോരേ?

മി: തയ്യിൽ കുഞ്ഞിക്കണ്ണൻ (മുവാററുപുഴയും-തൊടുപുഴയും): വസ്തുജാമ്യം വാങ്ങിക്കൊണ്ടു പണം കൊടുക്കുന്ന ഏൎപ്പാടുമാത്രം വച്ചുകൊണ്ടിരിക്കുന്ന ഒരുസ്ഥാപനം വേണം. അതിലേക്കുമാത്രം നിയുക്തന്മാരായിട്ടുള്ള ജോലിക്കാർ വേണം അതാണ് ബാങ്ക് എന്നു പറയുന്നതു്. അങ്ങിനെയുള്ള ബാങ്കുകൾ ഇന്നു പരിഷ്കൃത രീതിയിൽ നടക്കുന്നുണ്ട്: വ്യവസായവും കച്ചവടവും കൊണ്ടു ജനങ്ങളുടെ ക്ഷേമമന്തയും ഐശ്വൎയ്യത്തേയും വൎദ്ധിപ്പിച്ചു കൊണ്ടിരിക്കുന്ന യൂറോപ്പ്യൻ രാജ്യങ്ങളിലെ പോലും കൃഷിക്കാൎക്കായി ഈമാതിരിബാങ്കുകൾ ഉണ്ട്. ജൎമ്മനിയിലാണ് ഇതു ആദ്യം ആരംഭിച്ചതെങ്കിലും ഇപ്പോൾ യൂറോപ്പ്യൻരാജ്യങ്ങളിൽ പലസ്ഥലത്തും ലാൻഡ്മാർട്ട്ഗേജ്ബാങ്കു നടപ്പിലായിട്ടുണ്ട്. ജപ്പാൻ, ക്യാനഡാ, ആസ്ട്രേലിയാ മുതലായ രാജ്യങ്ങളിലും ഈ മാതിരി ബാങ്കുകൾ ഉണ്ട്. വ്യവസായവും കച്ചവടവും കൊണ്ടു ഐശ്വൎയ്യത്തെ പ്രാപിച്ചുവരുന്ന രാജ്യങ്ങളാണ് ഇതുകൾ. ആസ്ഥിതിക്ക് ഈ കൎഷകരാജ്യത്ത് ഒരു ഭൂസ്വത്തു ബാങ്കു ഒഴിച്ചു കൂടാത്ത ഒന്നാണ്. ഒരു കോടിരൂപായോ മറെറാ നീക്കിവച്ചാൽ വസ്തു ജാമ്യത്തിന്മേൽ പണം കൊടുത്തു കൃഷിക്കാരെ സഹായിക്കുന്നതിനു സാധിക്കും. ഈ രാജ്യത്തെ ഐശ്വൎയ്യം കൃഷിക്കാരുടെ ഐശ്വൎയ്യത്തെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടു അവരുടെ സമുദ്ധാരണത്തിനു വേണ്ടതു ചെയ്തുകൊടുക്കേണ്ടതു് ഈ ധൎമ്മരാജ്യ ഗവൎണ്മെന്റിന്റെ ഒഴിച്ചു കൂടാത്ത ഒരു ചുമതലയാണ്. ഇതു കഴിയുന്നതും വേഗത്തിൽ നടപ്പാക്കണമെന്നല്ലാതെ ഉടനടി നടപ്പാക്കണമെന്നു പറയുന്നില്ല. ഈ വിനീതമായ പ്രാൎത്ഥനയെ കൎഷകന്മാരുടെ ക്ഷേമത്തെ ഉദ്ദേശിച്ചു് ഗവൎണ്മെന്റ സ്വീകരിക്കയാണെങ്കിൽ ഈപ്രമേയം വോട്ടിനിടാതെ കഴിക്കാം. അതുകൊണ്ടു ഇതിനെ സ്വീകരിക്കണമെന്നു് അപേക്ഷിക്കുകയുമുണ്ടു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവൎണ്മെൻറ്ഫിനാൻഷ്യൽ സെക്രട്ടറി): സർ, ഈഅവസരത്തിൽ ഒന്നുണ്ടു വാക്കുമാത്രമെ എനിക്കു പറയുവാനുള്ളു. ഒരു ബാങ്ക് സ്ഥാപിക്കുന്നതുമൂലം നിൎവ്വഹിക്കാൻ സാധിക്കുന്ന ഉദ്ദേശങ്ങളെപ്പററി പ്രമേയകൎത്താവിനു ശരിയായ ജ്ഞാനം ഇല്ലാതിരിക്കുന്നുഎന്നു ഞാൻ വിചാരിക്കുന്നു. നിൎമ്മിതമായ വിധത്തിൽ ഒരു തരത്തിലൊ മറെറ തരത്തിലൊ അദ്ദേഹം ഈ സംഗതിയെപ്പററി പ്രസ്താവിക്കുന്നില്ല.

മി: മാത്തു മുരിക്കൻ (വൈക്കം): വാദപ്രതിവാദത്തിൽ നിന്നും ഭൂസ്വത്തു ജാമ്യബാങ്കിനെപ്പററി ഏതെങ്കിലും വിവരം അറിയുന്നതിനു സാധിച്ചിട്ടില്ലെയൊ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവൎണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ ഉദ്ദേശിക്കുന്നതു പറയുന്നതിന് എന്നെ സമ്മതിക്കണം.

മി: മാത്തു മുരിക്കൻ (വൈക്കം): വാദപ്രതിവാദാനന്തരം അധ്യക്ഷസ്ഥാനത്തിൽ ഈ സംഗതിയെ അടിസ്ഥാനപ്പെടുത്തിയുള്ള കാൎയ്യങ്ങളെപ്പററി പ്രതിവാദിക്കപ്പെട്ടിട്ടില്ലെന്നു പറയുന്നതു കഷ്ടമല്ലെ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവൎണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ഏതൊരാളിന്റെയും പ്രസ്താവനയെ സംബന്ധിച്ചു വിമൎശനം കഴിയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു ഭൂസ്വത്തു ജാമ്യബാങ്കു സ്ഥാപിക്കുന്നതിന്റെ ഉദ്ദേശം കൃത്യവും പൂൎണ്ണവും ആയ വിധത്തിൽ മനസ്സിലാക്കാതേയും ഈ വിഷയത്തിൽ ഗവൎണ്മെൻറ സ്വീകരിച്ചിട്ടുള്ള നിലയെപ്പററി ധരിക്കാതേയും ഒരു മെമ്പർ ഒരു പ്രമേയം ഈ സഭ സ്വീകരിക്കുന്നതിനു നിൎബന്ധിക്കുന്നു. ഈ സഭയിൽ ഈ സംഗതിമാത്രമെ എനിക്കു പ്രസ്താവിക്കുവാനുള്ളു. ഈ വിഷയത്തിൽ ഞാൻ സ്വീകരിച്ചിട്ടുള്ള നില ഇതു മാത്രമാണ്. ഈ കാൎയ്യത്തിൽ ഞങ്ങൾ കഴിയുന്നതു പ്രവൎത്തിച്ചു വരികയാണ്. മെമ്പരും മറെറ ചിലരും സൎക്കാർ സഹായധന ബാങ്കിനെപ്പററി പ്രസ്താവിക്കയുണ്ടായി. ഈ കാൎയ്യത്തിനു ജനങ്ങൾക്കു സഹായം നൎകുന്നതിനു ഗവൎണ്മെൻറ കഴിയുന്നിടത്തോളം പ്രവൎത്തിച്ചു വരികയാണ്. ഇതു് അവൎക്കു ബോദ്ധ്യമാകുന്നതാണെല്ലൊ. സമയം ചെലവിക്കുന്നതിനു വാദവിഷയത്തെ സംബന്ധിച്ചുള്ള തീരുമാനം മാററി വക്കുന്നതിനു ഞാൻ ഇനിയുകയാണെന്നു ഇതിൽ നിന്നും മനസ്സിലാക്കാൻ പാടില്ല. - ഈ വിഷ

ചെയ്തപ്പററി ഹൃദയംഗമമായ നിലയിലും അനുഭാവത്തോടുകൂടിയും പര്യാലോചിക്കുന്നതിനു ഗവണ്മെൻറിനു സമ്മതമത്രേ. ഗവണ്മെൻറിൽ നിന്നു നല്കുന്ന സാമാന്യമായ ഒരു ഉറപ്പെന്ന നിലയിൽ ഈ പ്രസ്താവനയെ സ്വീകരിക്കുന്നതിനു പ്രമേയകർത്താവു തയ്യാറല്ലെങ്കിൽ ഈ സംഗതിയെക്കുറിച്ച് അന്വേഷണം നടത്തി ഗവണ്മെൻറിന് ഉപദേശം നല്കുന്നതിന് ഒരു കമ്മിററിയെ നിയമിക്കുന്നതിന് എനിക്കു സമ്മതമാണ്. സർ, ഇപ്പോഴത്തെ സ്ഥിതിക്ക് ഈ കാര്യം ഗവണ്മെൻറിനെ ഏല്പിക്കുന്നതാണ് നല്ലത്. ഇപ്രകാരം ചെയ്യുന്നതിനു മെമ്പറിനു സമ്മതമില്ലാത്തപക്ഷം ഒരു കമ്മററിയെ നിയമിക്കുന്നതിൽ എനിക്ക് യാതൊരു വിരോധവുമില്ല. കമ്മററി ഈ വിഷയത്തെപ്പററി ചിന്തിക്കുകയും ഒരു ഭൂസ്വത്തു ജാമ്യബാങ്കു സ്ഥാപിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന് ഉപദേശം നല്കുകയും ചെയ്യുന്നതാണ്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴയും-തൊടുപുഴയും): കമ്മററി ഏർപ്പെടുത്തുന്നതുകൊണ്ടു വല്ല ഗുണവുമുണ്ടെന്നു വിചാരിക്കുന്നുണ്ടോ? ഇതിനു മുമ്പ് ഏർപ്പെടുത്തിയ കമ്മററികൾകൊണ്ട് ഒരു ഗുണവും ഉണ്ടായിട്ടില്ലെന്നറിയാമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): പല കമ്മററികൾകൊണ്ടും ഗുണമുണ്ടായിട്ടുണ്ട്. അവയിൽ ഒന്നു മലയാളം സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരകമ്മററിതന്നെ.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴയും-തൊടുപുഴയും): രാജകീയവൃക്ഷകമ്മററി, പ്രിപാസ്കമ്മററി, ജന്മികുടിയാൻ കമ്മററി ഇതിലെല്ലാം ഞാൻ മെമ്പറായിരുന്നു. ആകമ്മററികൾകൊണ്ടു ഒരുപ്രയോജനവുമുണ്ടായിട്ടില്ലെന്നു എനിക്കറിയാം.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): ഒരു കമ്മിററിയോയോ ഗവണ്മെൻറിന്റെ ഖണ്ഡിതമായ പ്രസ്താവനയോയോ സ്വീകരിക്കുന്നതിനു മെമ്പറിനു സമ്മതമില്ലാത്തപക്ഷം... ...

മി: മാത്തു മുതിക്കൻ (വൈക്കം): ബാങ്കിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനാണോ കമ്മിററിയെ നിയമിക്കുന്നതു?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): അവർ ഉപദേശം നല്കുകയാണല്ലോ. കമ്മററി എന്തഭിപ്രായം പറയുമെന്നു ഞങ്ങൾക്ക് അറിയാൻ പാടില്ല.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഒരു ബാങ്കുസ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി പരിശോധന നടത്തുകയും റിപ്പോർട്ടുചെയ്യുകയും ചെയ്യുന്നതിനാണോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): അതു് കമ്മിററിയെ ആശ്രയിച്ചിരിക്കും. അവർ എന്തു് അഭിപ്രായങ്ങൾ ചെയ്യുമെന്നു ഞങ്ങൾക്കു അറിയാൻ പാടില്ല. വ്യത്യസ്തമാനങ്ങൾക്കു മത്തിനു പണം ഉണ്ടാക്കാൻ സാധിക്കുമെന്നു അവർ വിചാരിച്ചേക്കാം. ഒരു ഭൂസ്വത്തു ജാമ്യബാങ്ക് സ്ഥാപിക്കുന്നതു ഗുണകരമാണോ എന്നുള്ളതിനെപ്പററി ചിന്തിക്കേണ്ടതു് ഗവണ്മെൻറാണ്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കമ്മററി നിർവ്വഹിക്കേണ്ട പ്രവൃത്തികളെ നാം ക്ലിപ്തപ്പെടുത്തേണ്ടതല്ലേ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): കമ്മററിയെ സംബന്ധിച്ചുള്ള ഏതെങ്കിലും വിവരങ്ങളെപ്പററി പറയുന്നതിനു എനിക്കു നിവൃത്തിയില്ല. ഈ സംഗതിയിൽ ഗവണ്മെൻറിന്റെ ഉദ്ദേശങ്ങളെപ്പററി ഞാൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചുവടവും വ്യവസായവും, തെക്ക്): ധനപരിപോഷണസമിതി ഇക്കാര്യത്തിൽ ഒരു ശുപാർശ ചെയ്തിട്ടില്ലയോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): ഖണ്ഡിതമായ വിധത്തിൽ ഗവണ്മെൻറു ചെയ്തിട്ടുള്ള പ്രസ്താവന സ്വീകരിക്കുന്നതിനു തയ്യാറില്ലെന്നു മെമ്പർ പറയുകയുണ്ടായി. അപ്രകാരം ചെയ്യുന്നതിനൊ ഒരു കമ്മിററിയുടെ നിയമനത്തെ സ്വീകരിക്കുന്നതിനൊ സമ്മതമില്ലാത്തപക്ഷം ഉപക്ഷേപം സ്വീകരിക്കുന്നതിനു അദ്ദേഹത്തിനു നിർബന്ധിക്കാവുന്നതാണ്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴയും തൊടുപുഴയും): ആറുകൊല്ലം മുമ്പു ഏർപ്പെടുത്തിയ റായൽട്ടി കമ്മിററിയുടെ സ്ഥിതിയെപ്പററി അറിയാമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): സർ, അറിയാൻ പാടില്ല. ഞാൻ ആ സഭയിലെ ഒരംഗം അല്ലായിരുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മുവാററുപുഴയും തൊടുപുഴയും): ഇതുപോലെ ഒരു പ്രമേയം കൊണ്ടു വന്നിട്ടാണ് ആ കമ്മിററിയെ ഏർപ്പെടുത്തിയതെന്നറിയാമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽസെക്രട്ടറി): പ്രധാന സംഗതിയെപ്പററിട്ടാണ് നാം പ്രസ്താവിക്കുന്നതു്.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കുച്ചുവടവും വ്യവസായവും, തെക്ക്): ധനപരിപോഷണസമിതി ഈ കാര്യത്തിൽ ഒരു ശുപാർശ ചെയ്തിട്ടില്ലെയോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): സർ, തിരുവിതാംകൂറിൽ ഒരു ഭൂസ്വത്തു ജാമ്യബാങ്ക് സ്ഥാപിക്കുന്ന കാര്യത്തിൽ പ്രവർത്തിക്കുന്നതിനു മറു കക്ഷിയിലെ ഏതെങ്കിലും സാമൂഹികന് ഉള്ളതിന് തുല്യമായ ഉൽകണ്ഠ സാമാന്യമായ വിധത്തിൽ ഗവണ്മെൻറിനും ഉള്ളതാകുന്നു. ഇതു ഞാൻ മുൻപു തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ വിഷയത്തെപ്പററി കൂടുതലായി എന്തെങ്കിലും എനിക്കു പറയുവാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): വാദപ്രതിവാദം മുഖ്യമായി ഒററവസ്തുക്കളും പാട്ടവസ്തുക്കളും മാരായപാട്ടങ്ങളും ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ളതായിരുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി). ഇതു കാര്യമുള്ള എല്ലാ വിവരങ്ങളും പ്രസ്താവിക്കുകയുണ്ടായില്ല. കടബാദ്ധ്യതയിൽ നിന്നും മോചനം വരുത്തുന്നതെന്നു മാത്രമെ പ്രസ്താവിക്കപ്പെട്ടിട്ടുള്ളു. ഈ വിവരങ്ങളെല്ലാം പറയുന്നതിനു എനിക്കു സാധിക്കയില്ല.

മി: തയ്യിതു കുഞ്ഞിക്കൊന്നൻ (മൂവാററുപുഴയും തൊടുപുഴയും): പ്രമേയം വോട്ടിനിടണമെന്ന് അപേക്ഷിക്കുന്നു.

പ്രമേയം വോട്ടിനിടുകയും സ്വീകരിക്കയും ചെയ്തു.

മി: തയ്യിതു കുഞ്ഞിക്കൊന്നൻ (മൂവാററുപുഴയും തൊടുപുഴയും): പോൾ എടുക്കണം.

ചോദ്യം ചോദിക്കയും പോൾ എടുക്കയും ചെയ്തു. പോൾ എടുത്തതിൽ താഴെ കാണുന്ന ഫലം കാണപ്പെട്ടു.

അനുകൂലകക്ഷികൾ ൩൦.

൧.	മി:	വി. ചെല്ലംപിള്ള	൧൩.	മി:	കെ. മാധവൻ
൨.	,,	എ. എസ്സ്. ഗാമേശരനാശാൻ	൧൪.	,,	കെ. മാധവൻപിള്ള
൩.	,,	ഡി. ഫ്രാൻസിസ്	൧൫.	,,	എച്ച്. ബി. മഹമ്മദ് റാവുത്തർ
൪.	,,	എ. ജി. മേനോൻ	൧൬.	,,	മാത്യുമൂരിക്കൻ
൫.	,,	ഇട്ടിപ്പ് ഇട്ടിയച്ചൻ	൧൭.	,,	ജി. പി. നീലകണ്ഠപ്പിള്ള
൬.	,,	ഡി. സി. ജോസഫ്	൧൮.	,,	കെ. പി. നീലകണ്ഠപ്പിള്ള
൭.	,,	കെ. സി. കരുണാകരൻ	൧൯.	,,	വി. ജെ. ഉത്തൻ
൮.	,,	കെ. എൻ. കേശവൻനംപൂരിപ്പാട്	൨൦.	,,	മുകമേലിൽ പാച്ചുപിള്ള
൯.	,,	ആർ. കേശവപിള്ള	൨൧.	,,	കെ. പരമനാഭപ്പണിക്കർ
൧൦.	,,	ടി. സി. കേശവപിള്ള	൨൨.	,,	കെ. ജി. പരമേശ്വരൻപിള്ള
൧൧.	,,	താമരപ്പള്ളിൽ കൊച്ചുതൊമ്മൻ	൨൩.	,,	എസ്സ്. പിറവിപ്പെരുമാൾപിള്ള
൧൨.	,,	എൻ. കെ. കൃഷ്ണപിള്ള	൨൪.	,,	എൻ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
൧൩.	,,	വി. എസ്സ്. കൃഷ്ണപിള്ള			
൧൪.	,,	പുളുകുഞ്ഞിത്തൊമ്മൻ	൨൫.	,,	ആർ. രാമൻപിള്ള
൧൫.	,,	എ. സി. കുര്യാക്കോസ്	൨൬.	,,	രേവതിനാൾ രാമവർമ്മരാജാ
			൨൭.	,,	എ. താണുപിള്ള

പ്രതികൂലകക്ഷികൾ ആരുമില്ല.

നിഷ്പക്ഷ കക്ഷികൾ ൧൯.

൧.		റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ	൯.	മി:	പി. എൻ. കൃഷ്ണപിള്ള
൨.	മി:	എൽ. എ. ലംബാർഡ്	൧൦.		റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൩.	,,	പി. എസ്സ്. മഹമ്മദ്	൧൧.	മി:	കുളാലം പരമേശ്വരൻപിള്ള
൪.	,,	ടി. ഭരതനാചാരിയർ	൧൨.		ഡാക്ടർ കെ. രാമൻതമ്പി
൫.	,,	എ. സി. ചാക്കോ	൧൩.	മി:	കെ. എൻ. രാമസുബ്ബയ്യർ
൬.	,,	ആർ. ധനുഷ്കോടിപ്പിള്ള	൧൪.	,,	ടി. പി. രാമസുബ്ബയ്യർ
൭.	,,	കെ. ജോർജ്ജ്	൧൫.		റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൮.	,,	പി. ഗോമതിനായകംപിള്ള	൧൬.	മി:	എസ്. സി. എച്ച്. റോബിൻസൺ
			൧൭;	,,	ആർ. വൈദ്യലിംഗംപിള്ള

൩൦ പേർ പ്രമേയത്തെ അനുകൂലിച്ചു. യാതൊരുത്തരും അതിന് പ്രതികൂലമല്ലായിരുന്നു. ൧൭ പേർ നിഷ്പക്ഷ നില അവലംബിച്ചു. പ്രമേയം പാസായതായി ഗണിക്കപ്പെട്ടു.

അദ്ധ്യക്ഷൻ: ഈ യോഗം ഇപ്പോൾ പിരിച്ചു വിടുകയും മിസ്റ്റർ എ. ജി. മേനോൻെറ കാണപ്പെട്ട ബിൽ ഹാജരാക്കുന്നതിന് ഇടവമാസത്തിലൊ മിഥുനമാസത്തിലൊ മറെറാരു യോഗം വീണ്ടും വിളിച്ചുകൂട്ടുകയും ചെയ്യുന്നതുമാണെന്നു കാണിച്ചു ഈ സഭയിലെ ൩൦ അനുദ്യോഗസ്ഥസാമാജികന്മാർ ഒപ്പു വച്ചിട്ടുള്ള ഒരു അപേക്ഷ എൻെറ മുൻപാകെ ബോധിപ്പിച്ചിരിക്കുന്നു. ഈ യോഗം നിർത്തിവയ്ക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. സഭയുടെ ഒരു യോഗം വിളിച്ചുകൂട്ടുന്നതിന് ദിവാൻ എല്ലാ അവസരത്തിലും അധികാരമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. നിങ്ങളുടെ അപേക്ഷയെപ്പററി ഞാൻ ഗാഢമായി പര്യാലോചിക്കുന്നതാണ്. ബഡ്ജററു സമ്മേളനത്തിന് മുൻപ് ഒരു യോഗം വിളിച്ചു കൂട്ടുന്നതു് ആവശ്യമാണെന്നോ യുക്തമാണെന്നോ കാണുന്നപക്ഷം നിശ്ചയമായും ഞാൻ അപ്രകാരം ചെയ്യുന്നതായിരിക്കും.

ഇപ്പോൾ, ഈ സമ്മേളനം നിർത്തിവച്ചിരിക്കുന്നു.

മി: കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, അടുത്ത സഭയുടെ സമ്മേളനത്തിൽ ഒരു പക്ഷെ മറെറാരു ദിവാൻ അദ്ധ്യക്ഷസ്ഥാനം വഹിച്ചേക്കുമെന്നു പറയുന്നതു് വാസ്തവമാണോ?

അദ്ധ്യക്ഷൻ: അതെ, സഭയിൽ മറെറാരു ദിവാൻ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നതാണ്, എന്തെന്നാൽ എൻെറ ഇപ്പോഴത്തെ ഉദ്യോഗകാലത്തിൻെറ അന്ത്യഘട്ടത്തിൽ ജോലിയിൽ നിന്നും പിരിഞ്ഞു കൊള്ളുന്നതിന് മഹാറാണി റീജൻറു തിരുമനസ്സുകൊണ്ടു ദയാപൂർവ്വം കല്പിച്ചു എനിക്കു അനുമതി നല്കിയിരിക്കുന്നു.

അദ്ധ്യക്ഷൻ കൌൺസിൽ മുറിവിട്ടുകയും അദ്ദേഹത്തിൻെറ ഇരിപ്പു മുറിയിൽ പ്രവേശിക്കയും ചെയ്തു. അനന്തരം ഉടൻതന്നെ ഉപാദ്ധ്യക്ഷന്മാരുടെയും ചില സാമാജികന്മാരുടേയും അപേക്ഷപ്രകാരം അദ്ദേഹം കൌൺസിൽ മുറിയിൽ പ്രവേശിച്ചു അദ്ധ്യക്ഷപദം സ്വീകരിച്ചു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സർ, മഹനീയവും ഉത്കൃഷ്ടവും ആയ ഈ സംസ്ഥാനത്തെ ദിവാൻ പദം ഒഴിയുന്നതിനു തീർമാനിച്ചിരിക്കുന്നു എന്ന് അവിടുന്നു ഇപ്പോൾ പ്രസ്താവിച്ചിട്ടുള്ളതു് വളരെ മനഃവ്യാകുലതയോടും നിരാശയോടും കൂടിയാണ് ഞങ്ങൾ ശ്രവിച്ചിട്ടുള്ളതു്. അതിനാൽ അവിടുന്ന് അദ്ധ്യക്ഷസ്ഥാനം വഹിക്കുന്ന ഒട്ടുവിചത്തെ യോഗമാണിതെന്നുള്ളതു് സ്വാഭാവികമായി ഇതിൽനിന്നും അനുമാനിക്കാവുന്നതാണല്ലൊ. സർ, ആധുനിക കാലങ്ങളിൽ ഭരണം നടത്തുന്നതു് ആളിന് വിവിധവിഷയങ്ങളിൽ പ്രവർത്തിക്കേണ്ട ഭാരം നേരിട്ടു കൊണ്ടിരിക്കുന്നു. തൻമൂലം കഠിനമായി ജോലി ചെയ്യേണ്ട

ത്യന്തസ്പൃഹണീയമത്രെ. അതിനാൽ നാലുകൊല്ലം ശ്രമപ്പെട്ടും ക്ലേശങ്ങൾ സഹിച്ചും ജോലികൾ നിർവ്വഹിച്ചതിന്റെ ശേഷം വിശ്രമം ലഭിക്കുന്നതിനാഗ്രഹിക്കുന്നതിൽ യാതൊരത്ഭുതത്തിനും അവകാശമില്ല. ഇപ്രകാരം ഭാരമേറിയ കൃത്യങ്ങൾ നിർവ്വഹിച്ചുമുഷ്ടം അവിടുത്തെ ആരോഗ്യത്തിന് ഹാനി തട്ടാതിരുന്നതിലാണ് അത്ഭുതം തോന്നുന്നത്. ഉൽകൃഷ്ടമായ അവിടുത്തെ ഉദ്യോഗപദത്തിൽ നിന്നു പൂർണ്ണമായ മാനസിക ശക്തിയോടും കായിക ശക്തിയോടും കൂടിയാണ് അവിടുന്നു പിരിയുന്നത് എന്നുള്ളതു ഞങ്ങൾക്കു സന്തോഷകരമത്രെ.

സർ, ഈ സഭയിൽ അനുഭാവ്യാഗ്രഹാംഗങ്ങളായ ഞങ്ങൾ ഗവർണ്ണമെന്റിന്റെ പ്രതിപക്ഷകക്ഷികളല്ല, ഗവർണ്ണമെന്റിന്റെ ന്യായമായ എല്ലാപ്രവൃത്തികളിലും ഗവർണ്ണമെന്റിനെ സഹായിക്കണമെന്നുള്ള ഒരു ഉദ്ദേശത്തോടുകൂടി മാത്രമാണ് ഞങ്ങൾ ഇവിടെ ഹാജരായിട്ടുള്ളത്. ഓരോ സംഗതിയുടെയും മെച്ചം കാണിച്ചുകൊടുക്കുന്നതിനും പുറമെ, ജനങ്ങളുടെ സ്വാതന്ത്ര്യത്തിനു നോക്കുന്നപക്ഷം, ഗവർണ്ണമെന്റു സ്വീകരിക്കുന്ന ചില വ്യവസ്ഥകളും ജനങ്ങൾക്കു എപ്രകാരം ബാധിക്കുന്നു എന്നുള്ളതിലേക്ക് ഗവർണ്ണമെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കുകയും ചെയ്യണമെന്നതാണ് ഞങ്ങളുടെ ഉദ്ദേശം. ഈ താത്പര്യത്തിൽകൂടിയുള്ള ഞങ്ങളുടെ ഉദ്യമങ്ങളിൽ അവിടുന്നു ഞങ്ങളെ വളരെ സഹായിക്കയും ഞങ്ങളുടെ കൃത്യനിർവ്വഹണം ലഘുപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നുള്ളതു് സമ്മതിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ വിഷയത്തിൽ ഞങ്ങൾ ചെയ്തിട്ടുള്ള പ്രവൃത്തികളെ സംബന്ധിച്ച് അവിടുന്ന് അഭിനന്ദനം പ്രദർശിപ്പിച്ചിട്ടുണ്ട്. സർ, ഭരണം കയ്യേറ്റ ഉടൻതന്നെ യാതൊരു ചാകരയും നേരിടാത്തവിധത്തിൽ, ശ്രദ്ധാർഹവും ഭരണശാസ്ത്രപരവുമായ സംഗതിയിലേക്കു അവിടുന്നു പ്രവേശിക്കയുണ്ടായി എന്നു ഞാൻ വിചാരിക്കുന്നു. വിഖ്യാതനായ രാജാവിന്റെ ശാസനത്തിനുശേഷം ഈ രാജ്യത്തു വാണിജ്യവ്യാപാരവിഷയങ്ങളിൽ ശ്രദ്ധിപൂർവ്വകമായും ശ്രദ്ധാപൂർവ്വമായും പ്രവൃത്തിച്ചിട്ടുള്ളതു ഒരിവാൻ അവിടുന്നുതന്നെയാണെന്നു പറയുന്നതിൽ യാതൊരു അതിശയോക്തിയും ഇല്ല. (കേൾപ്പിൻ! കേൾപ്പിൻ!) വളരെ നവീനമായ ഒരു നിലയെ സ്വീകരിച്ചുകൊണ്ടാണ് ഭരണസംബന്ധമായ സംഗതികളെപ്പററി അവിടുന്നു വീക്ഷിച്ചിട്ടുള്ളതു്. തൽഫലമായി വാണിജ്യവ്യാപാരവിഷയങ്ങളിൽ ജനങ്ങളുടെ ഇടയിൽ വളരെ ഉണർച്ചയുണ്ടായിട്ടുണ്ട്. കച്ചവടത്തിന്റെ പരിമാണം വളരെ അഭിവൃദ്ധിയെ പ്രാപിച്ചിരിക്കുന്നു. ഈ രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിയെ സുസ്ഥിരമാക്കുകയും അതിന്റെ അസ്ഥിവാരത്തിനു രക്ഷനൽകുകയും ചെയ്യണമെന്നുള്ളതായിരുന്നു അവിടുത്തെ പ്രധാന ഉദ്ദേശം. ഇന്നാണ്ടിൽ അവിടുന്നു നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികളിൽനിന്നു ഈ സംഗതി എനിക്കു കാണാവുന്നതാണ്. കൃഷി പലതരത്തിലുള്ള വ്യവസായങ്ങൾ, ചന്തകൾ, ശുചീകരണവും പൊതുജനരക്ഷയ്ക്കുമത്തിനുതകുന്ന മററു സംഗതികളും, ഈ വിഷയങ്ങളെ സംബന്ധിച്ചു പ്രാർത്ഥനകൾക്കു അവിടുന്ന് വലിയ ഉണർച്ച നല്കിയിട്ടുണ്ടെന്നു പറയുന്നതിനു എനിക്കു സന്തോഷമുണ്ട്. ഈ പസ്താവനയെപ്പററി എന്റെ പക്ഷത്തുള്ള സ്നേഹിതന്മാർ അഭിനന്ദനം പ്രദർശിപ്പിക്കുന്നതാണെന്നുള്ളതു.

സർ, ഇപ്രകാരമുള്ള പ്രവൃത്തികൾ വളരെ സാവധാനത്തിൽ ചെയ്യുന്നതിനെ നിവൃത്തിയുള്ളു. അവയുടെ ഫലങ്ങൾ ഉടനടി ലഭിക്കുന്നതിനു സാധിക്കയില്ല. അവ പൊതുജനങ്ങളിക്ക് ഗോചരീഭവിപ്പിക്കുന്നതിനു സാധിക്കത്തക്കതാ അല്ല. ഭാവികാലത്തിൽ ജനങ്ങൾക്ക് അവയുടെ ഫലം പൂർണ്ണമായി അനുഭവിക്കുന്നതിനു സാധിക്കും. ആ അവസരത്തിൽ ഈവിധത്തിൽ സിദ്ധിച്ചിട്ടുള്ള ഗുണങ്ങൾക്കു തങ്ങൾ ആരോടാണ് കടപ്പെട്ടിരിക്കുന്നതെന്നുള്ളതു് അറിയുന്നതിനു തിരുവിതാംകൂറിലെ ജനങ്ങൾക്കു ഇടയാകും. ഈ രാജ്യത്തെ സാമ്പത്തികനിലയെ പുനർജീവിപ്പിക്കുന്നതിന് അവിടുന്നു കഴിയുന്നത്ര പ്രയത്നിച്ചിട്ടുണ്ടെന്നുള്ള പൂർണ്ണ ബോദ്ധ്യത്തോടുകൂടി ഉദ്യോഗപദം ഒഴിയുന്നതിനുള്ള അവസരം സമാഗതമിക്കുന്നതാണ്.

സർ, മറെറാരു മാർഗ്ഗത്തിലും വളരെ ശ്ലാഘനീയതോടുകൂടി അവിടുന്നു പ്രവൃത്തിച്ചിട്ടുണ്ട്. ധനസംബന്ധമായും വ്യാപാരപരമായും രാജ്യതന്ത്രസംബന്ധമായും ഈ സംസ്ഥാനത്തെ അവകാശങ്ങളേയും അധികാരങ്ങളേയും ലോപംകൂടാതെ അവിടുന്നു സംരക്ഷിച്ചിട്ടുണ്ടെന്നുള്ളതാണ് ഈ സംഗതി. നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് ഇൻഡ്യയും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചിടത്തോളം ബട്ലർകമ്മീഷന് അവിടുന്നു അയച്ചിട്ടുള്ള റിപ്പോർട്ട് വളരെ പ്രാധാന്യത്തെ അർഹിക്കുന്ന ഒരു രേഖയാണെന്നുള്ളതു് എല്ലാവർക്കും അറിവുള്ളതാണല്ലോ (ഹസ്തതാഡനം)

സർ, സാമ്പത്തികവും രാജ്യതന്ത്രപരവും ആയ അവകാശങ്ങൾക്കും മററനേകം കാര്യങ്ങളെ സംബന്ധിച്ചു അവകാശങ്ങൾക്കും ആയി അവിടുന്ന് മദ്രാസിൽനിന്നുകൊണ്ടു വളരെ പ്രയത്നിച്ചിട്ടുണ്ട്. ഇവയും ഇപ്പോൾ ഒഴുക്കിക്കളഞ്ഞു ഗോചരീഭവിക്കയില്ല. ഇവയുടെ ഫലങ്ങൾ സിദ്ധിക്കുന്നതിനു ഇടയാകുന്ന കാലത്തു് തിരുവിതാംകൂറിലെ ആളുകൾക്ക് ഈ സംഗതി ബോദ്ധ്യമാകയും ഈ ക്ഷേമാഭിവൃദ്ധിക്കു കാരണഭൂതനായ മഹാനായ ഈ രാജ്യതന്ത്രജ്ഞനോടു അവർക്കുള്ള കടപ്പാടിനെപ്പററി അപ്പോൾ അവർക്കു അറിവുണ്ടാകയും ചെയ്യുന്നതാണ്.

സർ, ഈ സംസ്ഥാനത്തു പൊതുജനാരോഗ്യം നന്നാക്കുന്ന വിഷയത്തിൽ അവിടുന്നു വളരെ കാര്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. സർ, വിഷൂചികയും മലമ്പനിയും ഇവിടെ ഉണ്ടായിട്ടില്ലെന്നു ഭരണറിപ്പോർട്ടുകളിൽ പതിവായി രേഖപ്പെടുത്തിയിട്ടുണ്ടെല്ലോ. അതിനാൽ ഈ സംസ്ഥാനത്തെ പൊതുജനാരോഗ്യം വളരെ തൃപ്തികരമാണെന്നും റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സർ, നൂറു ശതമാനത്തിൽ മുട്ടുതൽ ജനങ്ങൾക്ക് കൊക്കപ്പുഴു എന്നു പറഞ്ഞു വരുന്ന ചെറിയ പുഴു മൂലം രോഗം ബാധിച്ചിട്ടുണ്ട്. ഇതിൽനിന്ന് മേൽപറഞ്ഞ പ്രസ്താവന വളരെ അബദ്ധമാണെന്ന് പ്രത്യക്ഷമാകുന്നുണ്ടല്ലോ. പ്രത്യേകവൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ഡോക്ടർ ഫെല്ലർ സ്ഥാപനപ്രതിനിധിയുടെ സഹായത്തോടുകൂടി ഈ രാജ്യത്തെ പൊതുജനാരോഗ്യസ്ഥിതി നന്നാക്കുന്നതിന് അവിടുന്നു കഴിയുന്ന എല്ലാ സംഗതികളും നിർവ്വഹിച്ചിട്ടുണ്ട്. അതിനാൽ ഈ വിഷയത്തിലും അവിടുന്നു ഞങ്ങളുടെ നന്ദിക്ക് പാത്രീഭൂതനായിരിക്കുന്നു. ചന്തകളെ സംബന്ധിച്ചും അവിടുന്നു ശ്രദ്ധിച്ചിട്ടുണ്ട്. ഈ സംസ്ഥാനത്തിലെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ചിടത്തോളം ചന്തകൾ വഹിക്കുന്ന സ്ഥാനം എന്താണെന്നുള്ളതും അവിടുന്നു ജനങ്ങളെ മനസ്സിലാക്കിയിട്ടുണ്ട്. ഈ രാജ്യത്തിനുള്ളിൽ നടക്കുന്ന വാണിജ്യവും വ്യാപാരവും എല്ലാവിധത്തിലും അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ട്, പരമാർത്ഥത്തിൽ ജനങ്ങളുടെ സാമ്പത്തികസ്ഥിതി മെച്ചമാക്കുന്നതിന് അവിടുന്നു ചെയ്തിട്ടുള്ള പ്രയത്നങ്ങളുടെ ഫലമായി ജനങ്ങളുടെ ഇടയിൽ ഒരു വിലിയ ഉണർച്ച ഇപ്പോൾ ഉണ്ടായിട്ടുണ്ട്.

സർ, ശരിയായ സ്ഥാനം നോക്കി അവിടുന്ന് പ്രവർത്തിച്ചിട്ടുണ്ടെന്നു പ്രാരംഭത്തിൽ ഞാൻ പറഞ്ഞുവല്ലോ. മാതൃകാരാജ്യമായ തിരുവിതാംകൂറിന്റെ ആവശ്യമായിരുന്നതു് സാമ്പത്തിക പുനർജീവനമായിരുന്നു. ഈ സംഗതി അവിടുന്നു മനസ്സിലാക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അവിടുന്നു ഞങ്ങളുടെ നന്ദിക്ക് എന്നും അർഹനായിത്തീർന്നിരിക്കുന്നു.

സർ, ഈ സ്ഥാനം മാത്രം പറയുന്നതു് എല്ലാ അവസരങ്ങളിലും [illegible] കൃത്യമാണ്. ഉൽകൃഷ്ടമായ ഒരു സ്ഥാനം ഒരാൾ [illegible] ചെയ്തു [illegible] ന്യായമായി സമ്പാദിക്കുന്ന വിശ്രമമെടുക്കുവാനുള്ള [illegible] ആശ്രയത്തിന് നിശ്ചയമായും [illegible] ഞാൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ പൂർണ്ണമായ ആരോഗ്യത്തോടും [illegible] കൂടിയാണ് അവിടുന്ന് ഉദ്യോഗം ഒഴിയുന്നതെങ്കിൽ [illegible] ഞാൻ സൂചിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഉപസംഹാരത്തിൽ അവിടുത്തേക്ക് സർവ്വവിധത്തിലുള്ള സർവ്വശ്രേയസ്സും തങ്ങൾ ആശംസിക്കുന്നുവെന്നു. (ഡോക്ടർ, ഡോക്ടർ ഇടയ്ക്ക് ചിയേഴ്സ് വിളി)

മി. ആർ. രാമൻപിള്ള (കോട്ടയം): എന്റെ മനസ്സ് ഉത്കണ്ഠിക്കുന്ന ഈ അവസരത്തിൽ രണ്ടു് വാക്ക് എനിക്കും പറയേണ്ടതു് ആവശ്യമായിട്ടു് തോന്നുന്നു. എന്റെ [illegible] ചെയ്ത അവസരത്തിൽ സംസ്കൃശീലരായ ചില പത്രപ്രവർത്തകന്മാർ [illegible] എന്നെ [illegible] ആക്ഷേപിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ [illegible] ഏതിയത്തിന്റെ [illegible] വന്നിട്ടുള്ളതല്ല. അപ്രകാരമുള്ളവരായി [illegible] മാത്രമായുള്ളു. അതു [illegible] ഒപ്പെടുത്തുന്നതിനാണ് എന്റെ രസനാബന്ധത്തെ ഒഴിച്ചു് പിടിച്ചതു്. ഞാൻ ഇന്ന് അദ്ധ്യക്ഷൻ അവർകളോടപേക്ഷിച്ചതു്. അദ്ദേഹം എന്റെ രസനാബന്ധത്തെ വിടുത്തിക്കരിക്കയും ചെയ്തു. [illegible] നിന്നും പ്രസ്തുത പത്രപ്രവർത്തകന്മാരുടെ അഭിപ്രായത്തിന് ഭേദംവന്നിരിക്കുമെന്നും വിശ്വസിക്കുന്നു. അനുദ്യോഗസ്ഥമെമ്പറന്മാരുടെ നായകൻ അഭിപ്രായപ്പെട്ടതുപോലെ ബട്ടർ കമ്മാറി ഉൻപാകെ അവിടുന്നു സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ മഹാറാണി റീജന്റ് തിരുമനസ്സിലെ [illegible] കാലത്തു എന്നന്നേക്കും ശോഭായമാനമാക്കി തീർക്കത്തക്കവണ്ണമുള്ളതും തിരുവിതാംകൂർ ജനതയ്ക്ക് ഗുണകരമായി [illegible] വന്നുകൂടാവുന്നതുമായ നിർദ്ദേശങ്ങൾ, പള്ളിവാസൽ-നേരിയമംഗലം റോഡ്, ഇവ വസ്തുത [illegible] ചെയ്തു നടത്തിച്ചതു് ഈ അദ്ധ്യക്ഷൻ അവർകളുടെ ഭരണകാലത്താണു. അതിന്റെ എല്ലാം ഫലം പിന്നീടു [illegible] നാട്ടുകാർ അനുഭവിച്ചു് അറിഞ്ഞുകൊള്ളുമെന്നു് അദ്ധ്യക്ഷൻ അവർകൾക്ക് തന്നെ [illegible] ആയുമുണ്ടെന്നാണ് കഴിഞ്ഞ ഒരവസരത്തിൽ എനിക്ക് ബോദ്ധ്യപ്പെട്ടതു്. നെൽകരം നിർത്തലും കഴുത്തു [illegible] ചെയ്തുവന്നിരുന്ന തിരുവിതാംകൂർ ജനതയെ അതിൽ നിന്നും ഒഴിപ്പിച്ചു് ഇവിടെ ദിവാൻജിയായിരുന്ന മഹാനായ വി. പി. മാധവറാവു അവർകൾക്ക് തിരുവിതാംകൂറിനെ പൊട്ടെന്നു് വിട്ടുപോകേണ്ടിവന്നിട്ടുണ്ട്. അദ്ദേഹം നെൽകരം നിർത്തിയകാലത്തു തിരുവിതാംകൂറിലെ ജനങ്ങളിൽ പലരും അദ്ദേഹം ദീർഘകാലം ഈ രാജ്യം ഭരിക്കണമെന്നു് വിചാരമുള്ളവരായിരുന്നു. പക്ഷെ ആ ആഗ്രഹം സാധിച്ചില്ല. അപ്രകാരം തന്നെ വിശാലഹൃദയനും രാജ്യഭക്തനും രാജ്യത്തിന്റെ അഭിവൃദ്ധിക്ക് വേണ്ടി ഇത്രയുംകാലം പ്രയത്നിച്ചുകൊണ്ടിരുന്ന മഹാനുഭാവനായ അങ്ങും കുറെക്കൂടി ഈ രാജ്യത്തെ ഭരിക്കണമെന്നു് ഈ രാജ്യവാസികളായ പലരുടെ ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ ആ ആഗ്രഹവും നിർഭാഗ്യവശാൽ സാധിക്കാതെവന്നു എന്നു പറയുന്നതിന് എനിക്ക് അത്യധികമായ മനസ്താപമുണ്ട്.

എനിക്ക് പ്രത്യേകിച്ചും ഈ അദ്ധ്യക്ഷൻ അവർകളിൽ നിന്നും യാതൊരു ലാഭവും ഉണ്ടായിട്ടില്ല ഇപ്രകാരം പറയുന്നതെന്നു് എല്ലാവർക്കും അറിയാവുന്നതാണ്. അതല്ല തവസ്തുത സ്തുതിപറയുകയാണെന്നു് ആരെങ്കിലും വിചാരിക്കുന്നുവെങ്കിൽ അതു അവരുടെ ബുദ്ധിശൂന്യതയുടെ ഫലമെന്നേ വിചാരിക്കാനുള്ളു. ഇതുകൂടാതെ രാജ്യക്ഷേമത്തോടുകൂടി പ്രവർത്തിച്ചിട്ടുള്ള ദിവാൻജിമാരിൽ ഈ അടുത്തകാലത്തു് വി. പി. മാധവറാവു അവർകളെ ഒഴിച്ചാൽ അവിടുന്നാണെന്നു് പറയുന്നതിന് എനിക്ക് അശേഷം സന്ദേഹിക്കാനില്ല. അങ്ങു് ഉദ്യോഗത്തിൽ നിന്നു് പിരിഞ്ഞുകഴിഞ്ഞാലും തിരുവിതാംകൂർ രാജ്യനിവാസികളുടെ ഗുണത്തിന് വേണ്ടി ജനങ്ങളോടു ചേർന്ന് ഇനിയും ദീർഘകാലം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന് വേണ്ടുവോളം ആയുസ്സും ശരീരസ്വാസ്ഥ്യവും ബുദ്ധിശക്തിയും അങ്ങേക്ക് തന്നരുളട്ടെ എന്നു ജഗദീശ്വരനോടു പ്രാർത്ഥിച്ചുകൊള്ളുന്നു. അങ്ങു് വേർപിരിയുന്ന സന്ദർഭത്തിൽ തിരുവിതാംകൂറിൽ ജനിച്ചു്വളരുന്ന എന്റെ അടുത്ത നാട്ടുകാരനും ഉത്തമനായ ഒരാളാണ് അടുത്ത ദിവാൻജിയായി വരുന്നതു് എന്നുള്ളതുകൊണ്ടു് തിരുവിതാംകൂർ രാജകുടുംബത്തോടു ഭക്തിയുള്ള ഈ രാജ്യവാസികളെ ഇതിലും കൂടുതലായി രാജഭക്തിയോടുകൂടി നിലനിച്ചുകൊണ്ടു് പോകുമെന്നു് ആശിക്കുന്നു.

മി. മുറ്റവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, ചേർത്തല നിയോജകമണ്ഡലത്തിലെ പ്രതിനിധിയായ ഞാൻ ഈ അവസരത്തിൽ രണ്ടു് വാക്ക് പറഞ്ഞില്ലെങ്കിൽ അതു് കൃത്യനിർവ്വഹണത്തിലുള്ള എന്റെ ഒരു തോൽവിയായി തീരുമെന്നു് ഞാൻ വിചാരിക്കുന്നു. അതിനാൽ ഞാൻ പറയുന്ന രണ്ടു് വാക്ക് ദയാപൂർവ്വം കേൾക്കണമെന്നു് അപേക്ഷിക്കുന്നു.

ഞങ്ങളെ ഇതരതാലൂക്കുകളുമായി സംബന്ധിപ്പിക്കുന്നതിനും മററു രാജ്യങ്ങളിലും അടുത്ത പ്രദേശങ്ങളിലും സഞ്ചരിക്കുന്നതിനുള്ള സൌകര്യം ഞങ്ങൾക്ക് കിട്ടുന്നതിനും ഭാഗ്യം സിദ്ധിച്ചതു് അവിടുന്നു ഭരണം ആരംഭിച്ചതിന് ശേഷമാണ്. ഈ മററു സംഗതി എന്റെ നിയോജകമണ്ഡലത്തിലുള്ള ആളുകൾക്കു വളരെ സന്തോഷത്തോടുകൂടി സ്മരിക്കുന്നതാണെന്നുള്ള സംഗതിയെ അറിയിച്ചുകൊണ്ടും അവിടത്തേക്ക് സർവ്വമംഗളങ്ങളുമുണ്ടാകട്ടെ എന്നു ആശംസിച്ചുകൊണ്ടും ഞാൻ ഈ അവസരത്തിൽ വിരമിക്കുകയാണു.

മി. തയ്യിൽ കുഞ്ഞിക്കാരൻ (മൂവാററുപുഴയും തൊടുപുഴയും): പ്രജാവത്സലയായ മഹാറാണി റീജന്റ് തിരുമനസ്സിലെ കാരുണ്യാതിരേകത്താൽ തിരുവിതാംകൂറിലെ മന്ത്രിപദത്തിൽ അത്യുത്തമനായ ഒരു സ്വദേശി ദിവാനെ നിയമിച്ചു് അദ്ദേഹത്തിന്റെ ഭരണതന്ത്രത്തിന്റേയും ബുദ്ധിവൈശിഷ്ട്യത്തിന്റേയും ഫലമായി രാജ്യത്തു് പലതരത്തിലുള്ള പരിഷ്കാരങ്ങളും നടപ്പിൽവരുത്തുകയും രാജ്യത്തെ കോശസ്ഥിതി പൂർവ്വാധികം—അതായതു അടുത്തകാലത്തോളം ഇപ്രകാരം വരുമെന്നു് പ്രജകൾ പ്രതീക്ഷിച്ചിട്ടില്ലാത്തവിധത്തിൽ—അഭിവൃദ്ധിപ്പെടുത്തുകയും ഗതാഗതസൌകര്യം, കച്ചവടം, വ്യവസായം മുതലായ വിഷയങ്ങളിൽ വളരെയായ അഭിവൃ-

ലി രാജ്യത്തുവരത്തുകയും ചെയ്തശേഷം ഈ മന്ത്രിപുംഗവൻ രാജ്യംവിടാൻ പോകുന്നതായ ഈ അവസരത്തിൽ അദ്ദേഹത്തിന്റെ വേർപാടിൽ ജനങ്ങൾക്ക്—വിശിഷ്ട അദ്ദേഹത്തിങ്കനിന്നും പല ഗുണങ്ങളും സിദ്ധിച്ചിട്ടുള്ള കൃതജ്ഞന്മാരായ ജനങ്ങൾക്ക്-സങ്കടമുണ്ടാകുന്നതുള്ളതു് സാധാരണമാണ്. രാജ്യത്തെ ദിവാൻജിയുടേയും നിയമസഭയിലെ പ്രമുഖ അംഗങ്ങളിന്റേയും നിലയിൽ, സർ, അവിടുന്നു അനുഭാവപൂർവ്വം പല നല്ല കാര്യങ്ങൾക്ക് വേണ്ടി ചെയ്തിട്ടുണ്ടെന്നുള്ള സംഗതി ഞങ്ങളെല്ലാവരും എന്നും സ്മരിക്കുന്നതാണ്. അവിടുന്നു ഞങ്ങളെ വിട്ടുപിരിയുന്ന ഈ അവസരത്തിൽ അവിടത്തേക്ക് സകലവിധമായ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു. (കേൾപ്പിൻ, കേൾപ്പിൻ) അവിടുന്നു ദീർഘായുഷ്മാനായിരിക്കയും അവിടത്തെ ഉൽകൃഷ്ടകൃത്യങ്ങളാൽ വർദ്ധമാനമായ കീർത്തിയെ ലോകത്തിൽ പരത്തുകയും ഇഹത്തിലും പരത്തിലും സകലവിധമായ സൗഭാഗ്യവും സുഖവും ഉണ്ടാകയും ചെയ്യണമെന്നും ഈശ്വരനെ പ്രാർത്ഥിക്കയും ചെയ്യുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമനം ഡെപ്യൂട്ടി പ്രസിഡണ്ട്): സർ, ഇന്നത്തെ യോഗനടപടികൾ അവസാനിപ്പിച്ച് സഭ പിരിച്ചു് വിട്ടതിന്റെശേഷം കൗൺസിൽ മുറിയിലേക്ക് തിരിച്ചു വരുന്നതിനുള്ള ഞങ്ങളുടെ അപേക്ഷയെ ദയാപൂർവ്വം സ്വീകരിച്ചതിൽ ആദ്യമായി ഞാൻ അവിടത്തേക്ക് നന്ദി പറഞ്ഞുകൊള്ളുന്നു.

സർ, അവിടത്തെ സംബന്ധിച്ചിടത്തോളം നിയമസഭാംഗങ്ങൾ ആചാരപരമായവിധം പുറത്തു പ്രദർശിപ്പിക്കുന്ന ഏതെങ്കിലും ബഹുമാനാദരണങ്ങൾക്ക് അവിടുന്നു യാതൊരു വിലയും കല്പിക്കയില്ലായിരിക്കും. എന്നാൽ ഏകദേശം നാലുകൊല്ലക്കാലം മഹനീയമായ വിധത്തിൽ ഉദ്യോഗം വഹിച്ചതിന്റെ ശേഷം ഈ സ്ഥാനം ഒഴിയുന്നതിന് മഹാറാണി റീജന്റ് തിരുമനസ്സുകൊണ്ടു ദയാപൂർവ്വം കല്പിച്ചു് അവിടത്തേക്ക് അനുമതി നൽകിയിരിക്കുന്നു എന്നു പ്രസ്താവിക്കുകയുണ്ടായി. ഈ പ്രസ്താവനക്ക് ശേഷം അവിടത്തെ സംബന്ധിച്ചു് ഞങ്ങൾക്കുള്ള അഭിനന്ദനവും സൌഹാർദ്ദവും ഭാവിജീവിതത്തിലേക്കുള്ള ആശീർവാദങ്ങളും പ്രത്യക്ഷപ്പെടുത്താതിരിക്കുന്നതായാൽ ആയതു ഞങ്ങളുടെ കൃത്യവിമുഖതയും സാരമായ അപമര്യാദയും ആയിരിക്കുമെന്നാണ് എനിക്കുതോന്നുന്നതു്. എന്റെ സ്നേഹിതൻ മി. മാധവൻപിള്ളയും മററുള്ളവരും ശക്തിയോടുകൂടി പ്രസ്താവിച്ച എല്ലാസംഗതികളിലും ഞാനും ഹൃദയപൂർവ്വം യോജിച്ചുകൊള്ളുന്നു—

സർ, മഹാറാണി റീജന്റ് തിരുമനസ്സിലെ മന്ത്രിയായി അവിടത്തെ നിയമിച്ചിരിക്കുന്നു എന്നുള്ള പ്രാരംഭപ്രഖ്യാപനം എന്റെ മനസ്സിൽ അത്ഭുതം ജനിപ്പിക്കയാണു ചെയ്തതു്. എന്തു അവിടന്നുതന്നെ അറിയിക്കുകയില്ലെന്നുള്ളതു നിശ്ചയമാണല്ലോ, അവിടുന്നു വളരെക്കാലമായി എന്നെ അറിഞ്ഞിട്ടുള്ളതാണ്. ഭരണം കയ്യേൽക്കുന്നതിനുള്ള പ്രത്യേകയോഗ്യത വളരെ കുറച്ചുകാലങ്ങൾക്കു മുമ്പുതന്നെ ജനനസ്ഥലമായ തിരുവിതാംകൂർ വിട്ടു മറുസ്ഥലങ്ങളിൽ പല ജോലികളിലും പ്രവൃത്തി ചെയ്തുകൊണ്ടിരുന്ന ഒരാൾക്കു തിരുവിതാംകൂറിൽ ജനിച്ചു എന്നുള്ള കാരണം കൊണ്ടുമാത്രം സിദ്ധിക്കുന്നതെങ്ങനെയാണെന്നുള്ളതിലാണ് എനിക്കു അത്ഭുതംതോന്നിയതു്. തിരുവിതാംകൂർകാരനായ ഒരാളെ ദിവാനായിപ്രഖ്യാപനം ചെയ്യുന്നതിലുള്ള പ്രാത്യക്ഷപ്രാധാന്യം താൻ ജനിച്ചിട്ടുള്ള രാജ്യത്തിൽ ധനപരമായും സാമ്പത്തികപരമായും ഉള്ളകാര്യങ്ങൾക്കു അഭിവൃദ്ധിയുണ്ടാകുന്നതിനു കഴിയുന്നതായ ബുദ്ധിയോടും ഹൃദയപൂർവ്വകമായും സത്യസന്ധതയോടുംകൂടി അദ്ദേഹം പ്രവർത്തിക്കുമെന്നുള്ള വേദ്യത്തെയാണ്. സർ, അവിടുന്നുമായി നേരിട്ടുപരിചയപ്പെടുന്നതിനുള്ള അനുമതിലഭിച്ചതിന്റെശേഷം--ഈ അനുമതിക്കു ഞാൻ വളരെ വിലകല്പിക്കുന്നു--അവിടത്തെ ജീവിതവിജയത്തിനും മരണവിജയത്തിനും കാരണമായിത്തീർന്ന മുഖ്യമായി രണ്ടു പ്രധാന സ്വഭാവവിശേഷങ്ങളാണെന്നു എനിക്കുതോന്നി, അവിടത്തെ അസാമാന്യമായ ബുദ്ധിശക്തിയും അസാധാരണമായ പ്രസരിപ്പും എന്റെ മനസ്സിൽനല്ലപോലെ പതിഞ്ഞിരിക്കുന്നു. ഗൂഢസ്വഭാവമായ നിയമസംബന്ധകാര്യങ്ങളിൽ ഏർപ്പെട്ട ജീവിതം നയിക്കുന്ന എനിക്കു ഒരു സ്തുതിപാഠകന്റെ ഭാഷാപ്രയോഗത്തിൽ പ്രവേശിക്കുന്നതു വിഷമമാണ്. അപ്രകാരം ശക്തിഹീനതയും ഞാൻ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അവിടുന്നു എന്നെ കുററക്കാരനാക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഈ രാജ്യത്തിലെ രക്ഷാപരമായ കാര്യങ്ങൾക്കു അഭിവൃദ്ധി നൽകുന്നതിനു അവിടത്തേക്ക് മനസ്സുള്ളപക്ഷം ആയതു നിർവഹിക്കുന്നതിനു അവിടത്തെ അസാമാന്യമായ ബുദ്ധിശക്തിയും ഉദ്ദേശസിദ്ധിയും അസാധാരണമായ പ്രസരിപ്പും അവിടത്തേക്ക് വളരെ സഹായമായി തീരുമെന്നു എനിക്കുതോന്നി. പ്രാരംഭകാലത്തു എനിക്കുണ്ടായിരുന്ന ആശകൾ അസ്ഥാനത്തിൽ പരിണമിച്ചിട്ടില്ല. സർ, ഈ ആശകൾ പ്രയോഗരൂപത്തിൽ വന്നിട്ടുണ്ടെന്നു ഞാൻപറഞ്ഞുകൊള്ളുന്നു. ഓരോ ഒരണംവട്ടത്തിലും ചില പ്രത്യേകവിശേഷങ്ങൾ ഉണ്ടായിട്ടുണ്ട്. ഓവർസീയർമാരുടെ ബുദ്ധിയിൽ പെട്ടിരിക്കുന്ന അവിടത്തെ ഭരണകാലത്തെപ്രത്യേകസംഗതികളെപ്പററി ചൂണ്ടിക്കാണിക്കുന്നതിനു എന്നോടാജ്ഞാപിക്കുന്നപക്ഷം അവ വ്യാപാരവ്യവസായകാര്യങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ അവിടുന്നു പ്രദർശിപ്പിച്ചിട്ടുള്ള അതിയായ താല്പര്യവും രാജ്യത്തു ആകമാനം ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാവശ്യമാണെന്നുള്ളതിൽ അവിടത്തേക്കുള്ള അപാരമായ വിശ്വാസവും ആണെന്നു ഞാൻ പ്രസ്താവിക്കുന്നതാണ്. കന്യാകുമാരിയിലെത്തിനു പാവൂരേക്കും കൊച്ചിയിലേക്കും മോട്ടാർവാഹനത്തിൽ കൂടി യാത്ര ചെയ്യുന്നതിലുള്ള സൌകര്യം അവിടുന്നു ഞങ്ങൾക്കു പ്രദാനം ചെയ്തിട്ടുണ്ട്. ഈ സംഗതി എന്റെ ജീവിതകാലത്തു സാധിതപ്രായമായി തീരുമെന്നു സ്വപ്നത്തിൽപോലും ഞാൻ വിചാരിച്ചിരുന്നില്ല. രഹസ്യമായ ഒരു വർത്തമാനം ഞാൻ പുറത്താക്കുകയല്ലെന്നുണ്ടെങ്കിൽ ഒരു സംഗതി ഞാൻ പ്രസ്താവിക്കാം. നിയമസഭയുടെ ഉപാദ്ധ്യക്ഷനായിരിക്കുന്നതിന് എന്നോടാവശ്യപ്പെടുകയുണ്ടായി. ആ അവസരത്തിൽ തദ്സ്ഥാനഗതിയിൽ കഴിയുന്നതു വേഗത്തിൽ പണിചേരുന്നതിനു സൌകര്യപ്പെടത്തക്കവണ്ണം ഹരിപ്പാട്--അമ്പലപ്പുഴ റോഡ് പൂർത്തിയാക്കി ആലപ്പുഴയും ഈ സംസ്ഥാനത്തെ മററുറോഡുകളുമായി സംയോജിപ്പിക്കണമെന്നുള്ള സംഗതിക്ക് അവിടത്തെ ഗൗരാമിയുടെയായി ഞാൻ ഒരു കർമ്മം ചെയ്തിരുന്നു. ഈ വാഗ്ദാനം നിറവേററുന്ന കുഞ്ഞിൽ എന്തെങ്കിലും പ്രയത്നിക്കുന്നതാണെന്നു എനിക്ക് അന്നു ഒരുപക്ഷേ തന്നിട്ടും ഉണ്ട്. എന്നാൽ ഒടുവിലത്തെസഭ പിരിച്ചുവിട്ടുകയും ഞാൻ ഉപാദ്ധ്യക്ഷനായിരുന്ന കാലം കഴിഞ്ഞതിനുശേഷവും ഞാൻ പൊതുമരാമത്തുഡിപ്പാർട്ടുമെന്റ് ഈ വക പണി പൂർത്തിയാക്കിട്ടുള്ളതു്. മോട്ടാർവണ്ടിയിൽ ഹരിപ്പാട്ടേക്ക് പോകുന്നതിനുള്ള സൌകര്യം

ഉണ്ടായതും അപ്പോൾ മാത്രമാണ്. അതിന്റെശേഷം വലിയമാററങ്ങൾ ഉണ്ടായിട്ടുണ്ട്. ചേത്തലതാലൂക്കിനെ തിരുവിതാംകൂറിന്റെ ഒരുഭാഗമായി ഗണിക്കപ്പെട്ടിരുന്നിരുന്നു പക്ഷെ പറയാവുന്നതാണ്, എന്നാൽ ഇപ്പോൾ ചേത്തലയും ഈ സംസ്ഥാനത്തെ പ്രധാനറോഡുകളും തമ്മിൽ സംയോജിക്കപ്പെട്ടിരിക്കുന്നു. തൽഫലമായി കൊച്ചി അണ്ണാന്തി വരെ യാത്രചെയ്യുന്നതിനു നമുക്ക് സാധിക്കുന്നതാണ്. ഗതാഗതസൌകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ അവിടുന്ന ധർമ്മബുദ്ധിയോടുകൂടി ധാരാളം പണം ചെലവു ചെയ്തിട്ടുണ്ട്. ഭാവികാലത്തിൽ ഈ രാജ്യത്തിനുണ്ടാകേണ്ട അഭിവൃദ്ധി രാജ്യത്തെ ഒരു ഭാഗത്തുനിന്നും മററൊരു ഭാഗത്തേക്ക് യാത്രചെയ്യുന്നതിനുള്ള സൌകര്യങ്ങളെ ആശ്രയിച്ചാണ് അധികമായി സ്ഥിതിചെയ്യുന്നതു് എന്നുള്ളതു് അവിടുന്ന മുൻകൂട്ടി കണ്ടറിഞ്ഞിരിക്കുന്നു. ഈ ദീർഘദർശിത്വം അവിടത്തെ ഭരണകാലത്തെ അതിപ്രാധാന്യം വഹിക്കുന്ന ഒരുസംഗതിയുടെ ലക്ഷണമത്രെ. സർ, ഈ രാജ്യത്തെ കച്ചവടവും വ്യവസായവും കൃഷിയും അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ ഗതാഗതസൌകര്യങ്ങൾ വളരെ സഹായിക്കുന്നതാണെന്നുള്ളതു ഞാൻ വളരെക്കാലമായി വിശ്വസിച്ചുവരുന്ന ഒരു സംഗതിയാണ്. ചുരുങ്ങിയ ഒരുകാലത്തിൽ ഇവ ഞങ്ങൾക്കു നിർവഹിച്ചുകിട്ടുന്നതിനു അവിടുന്ന കാരണഭൂതനായി തീർന്നിരിക്കുന്നു. സർ, നിയമസഭാദ്ധ്യക്ഷൻ എന്നു ഞങ്ങൾ കൃത്യമായി അഭിസംബോധനംചെയ്യുന്നപക്ഷം ഞങ്ങളുടെ പ്രവൃത്തി നടപടിക്രമവിഷയമാണെന്നു അവിടുന്ന പക്ഷേ തീരുമാനിച്ചേക്കാം. അവിടുന്ന സഭ പിരിച്ചുവിടുകയും പിന്നും ഇവിടെ പ്രവേശിക്കയും ചെയ്തിട്ടുള്ളതു ഞങ്ങൾക്ക് അനുകൂലമായ ഒരു സംഗതിയാണ്. എന്തെന്നാൽ അവിടത്തെ ഭരണകാലത്തു് അവിടുന്ന നിർവഹിച്ചിട്ടുള്ള മററു പ്രവൃത്തികളെപ്പററി ഞങ്ങളുടെ ബുദ്ധിയിൽ ഓർമ്മിയ്ക്കുവാനും തോന്നുന്നതുമായ കാര്യങ്ങൾ ഇപ്പോൾ ഞങ്ങൾക്കു പ്രസ്താവിക്കുന്നതിനു സാധിക്കുന്നതാണ്. ഈ സഭയിലെ അംഗമെന്ന നിലയിൽ അവിടത്തെക്കീഴിൽ ജോലിചെയ്യുന്നതിനു ചുരുങ്ങിയ എട്ടുമാസക്കാലം മാത്രമെ എനിക്ക് സാധിച്ചിട്ടുള്ളു. ഈ സമാംഗങ്ങളും അവിടുന്നും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചിടത്തോളം രണ്ടു സംഗതികൾ വളരെ മുഖ്യമായി എന്റെ മനസ്സിൽ പതിഞ്ഞിട്ടുള്ളതു് അവിടുന്ന പൊതുജനങ്ങളെ വളരെ മര്യാദയോടും തന്ത്രത്തോടുംകൂടിയാണ് പെരുമാറിക്കിട്ടുള്ളതെന്നു ഞാൻകണ്ടറിഞ്ഞിരിക്കുന്നു. ഏതെങ്കിലും ഉപക്ഷേപത്തെ സംബന്ധിച്ചു ഗവണ്മെന്റിനു പരാജയംസംഭവിക്കുന്ന അവസരത്തിൽ അത്യധികമായ ഭാവഭേദത്തിന് അവിടുന്ന വശംവദനായിരിന്നിട്ടില്ലെന്നു എന്റെബുദ്ധിയിൽ പതിഞ്ഞിട്ടുള്ള രണ്ടാമത്തെസംഗതി ഇതാണ്. വിനോദഭാഷണത്തിലാണു അങ്ങു അതിനെ സ്വീകരിച്ചിരിക്കുന്നതു്. എന്തൊക്കെ പറഞ്ഞാലും എന്റെ സ്നേഹിതൻ മി. മാധവൻപിള്ളപറഞ്ഞതുപോലെ ഭിന്നകക്ഷിരൂപത്തിൽ അണിനിരന്നല്ല നാം ഇവിടെ പ്രവർത്തിച്ചുവരുന്നതു്. പാശ്ചാത്യരാജ്യങ്ങളിൽ പ്രതിപക്ഷകക്ഷികൾ സ്വീകരിച്ചിട്ടുള്ളതായി അറിയപ്പെട്ടുവരുന്ന ഒരു നിലയല്ല ഇവിടത്തെ പ്രതിപക്ഷകക്ഷി സ്വീകരിച്ചിട്ടുള്ളതു്. ഈ രാജ്യത്തെ സാമൂഹ്യികവും സാമ്പത്തികവും ആയ കാര്യങ്ങൾക്ക് അഭിവൃദ്ധി നൽകുന്നതിനു ഈ സഭയിലെ ഇരുകക്ഷികളും ഏകോപിച്ചു പ്രവർത്തിക്കേണ്ടതാണ്. നാമംകൊണ്ടു പ്രതിപക്ഷകക്ഷിയാണെങ്കിലും മേൽപറഞ്ഞ സംഗതി നിർവഹിക്കുന്നതിനുതകത്തക്കവണ്ണം ഗവണ്മെന്റുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനാണു ഞങ്ങൾ ഇവിടെ ഹാജരായിട്ടുള്ളതു്. അതിനാൽ തൽക്കാലം രാജ്യത്തെ ഭരണാധികാരം പ്രയോഗിക്കുന്ന ആളുകളുടെ സ്ഥാനത്തെ പ്രാപിക്കുന്നതിനു അതിയായ ഉൽകണ്ഠയോടുകൂടി കാത്തിരിക്കുന്ന ഒരുസംഘം ചെയ്യുന്ന കുററാരോപണം എന്ന രൂപത്തിൽ ഗവണ്മെന്റിനു സംഭവിക്കുന്ന പരാജയത്തെ ഗണിയ്ക്കുന്നപക്ഷം ആയതു ന്യായമായിരിക്കുന്നതല്ല. സർ, ഏതെങ്കിലും തെററുധാരണയോ നിരാശതോ കൂടാതെ ന്യായമായവിധത്തിൽ ഞങ്ങളുടെ കൃത്യങ്ങൾ നിറവേററുന്ന വിഷയത്തിൽ അതു നിശ്ചയമായും വളരെ സഹായിക്കുന്നതാണ്. അതു അത്യന്താപേക്ഷിതമത്രെ. ഭരണസംഘടനപ്രകാരം നിയമസഭയുടെ അദ്ധ്യക്ഷൻ ഈ സംസ്ഥാനത്തെ ദിവാനാണ്. ഗീർഭാഗ്യവശാൽ ഇപ്രകാരം സംഭവിച്ചിരിക്കുന്നു. അദ്ധ്യക്ഷൻ എന്നുള്ള നിലയിലും ദിവാൻ എന്നുള്ള നിലയിലും അന്യോന്യം പ്രവർത്തികൾ നിർവഹിക്കുന്നതിൽ നിശ്ചയമായും വിഷമതകൾ നേരിടുന്നതാണ്. അപ്രകാരമുള്ള അവസരങ്ങൾ ഉണ്ടായിട്ടുണ്ടെന്നു എനിക്കറിയാം. സഭയുടെ ചിന്തയ്ക്കു വിഷയീഭവിക്കുന്ന ഭരണവിഷയങ്ങളെ സംബന്ധിച്ചു സ്വയമേവ അവിടുന്ന സ്വീകരിച്ചിട്ടുള്ള അഭിപ്രായങ്ങൾ ഏതുതന്നെ ആയിരുന്നാലും ഈ സംസ്ഥാനത്തെ ദിവാൻ എന്നനിലയിൽ ഏതെങ്കിലും സംഗതിയിൽ വിജയം സിദ്ധിക്കുന്നതിന് അദ്ദേഹത്തിനു ന്യായമല്ലാത്തതൊ ആയ യാതൊരുൽക്കണ്ഠയ്ക്കും അവിടുന്ന വശംവദനായിട്ടില്ല. ഒരു പരാജയത്തെ വിനീതഭാവത്തിൽ സ്വീകരിക്കുന്നതിനു അവിടുന്ന സന്നദ്ധനായിരുന്നു. സഭയുടെ പ്രവർത്തനം തൃപ്തികരമായ മാർഗ്ഗങ്ങളിൽക്കൂടി ഭാവിയിൽ നടത്തുന്നതിനു അതു നിശ്ചയമായും ഉപകരിക്കുന്നതാണ്.

സർ, അവിടത്തെ സമയത്തു ഞങ്ങൾ കൂടുതലായി ചെലവാക്കുന്നതു ന്യായമായിരിക്കയില്ലെന്നു എനിക്കു തോന്നുന്നു. അവിടത്തെ സംബന്ധിച്ചെടത്തോളം ഇപ്രകാരം അല്പമായി ഏതാനും വാക്കുകൾ പറയുകയും മുമ്പിലുള്ള ആദരവിനെ പ്രദർശിപ്പിക്കയും അവിടത്തെ ഭാവി ജീവിതവിജയത്തിനു ആശീർവാദങ്ങൾ ചെയ്യുകയും ചെയ്യേണ്ടതു ഞങ്ങളുടെ കർത്തവ്യമാണെന്നു ഞാൻ വിചാരിക്കുന്നു. എന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽതന്നെ അവിടത്തെ പ്രധാന സ്വഭാവഗുണങ്ങളെപ്പററി ഞാൻ സൂചിപ്പിച്ചിട്ടുണ്ടല്ലോ. മററു ഭാഗങ്ങളിൽ ഉപകാരപ്രദമായ അനവധി പ്രവൃത്തികൾ നിർവഹിക്കുന്നതിനു അവ രക്ഷാമാർഗ്ഗമായിരിക്കുന്നതാണ്. ഇതിനുംപുറമെ വളരെകാലം ജീവിച്ചിരുന്നു ക്ഷേമകരമായ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അവസരം അവിടത്തേക്ക് ഉണ്ടായിരിക്കുന്നതാണ്. അവിടത്തേക്ക് ക്ഷേമാശംസനം ചെയ്യുകയും അവിടത്തെ സംബന്ധിച്ചു ഞങ്ങൾക്കുള്ള ആദരവു പ്രദർശിപ്പിക്കയും ചെയ്യുന്നതിനു അവസരം നൽകിയതിൽ ഞങ്ങൾക്കുള്ള നന്ദിയെ വീണ്ടും പ്രകാശിപ്പിച്ചുകൊള്ളുന്നു.

ദിവാൻ പ്രസിഡണ്ട്: മി: കൃഷ്ണയ്യരേ, മഹാന്മാരായ നിയമസഭാംഗങ്ങളെ, പിന്നും ഇങ്ങോട്ടുവരുന്നതിനും എന്നെ സംബന്ധിച്ചു സന്തോഷകരമായ പല സംഗതികൾ പ്രസ്താവിക്കുന്നതിനും നിങ്ങളെപ്രേരിപ്പിച്ച സ്നേഹമനോഭാവത്തേയും മൈത്രിയേയും പററി ഞാൻ വളരെഅഭിനന്ദിക്കുന്നു. ഒരു സ്ഥാനത്തിരുന്നുകൊണ്ടു് അവനവന്റെ ഗുണങ്ങളെപ്പററി വാഴ്ത്തുന്നതു കേൾക്കുക എന്നതു ഏറെക്കുറെ അസ്വസ്ഥജനകമായ ഒരു സംഗതിയാണ്. നിങ്ങൾ ഇന്നു ചെയ്ത പ്രസ്താവനകൾ എന്റെ ഗുണങ്ങളെപ്പററിയുള്ള അഭിനന്ദനസൂചകമായ ഏറെക്കുറെ കവിഞ്ഞവിധത്തിലും നിഷ്കളങ്കമായ നിങ്ങളുടെ സ്നേഹമനോഭാവത്തെ പ്രദർശിപ്പിക്കുന്ന മട്ടി

ലും ഞാൻ സ്വീകരിച്ചിരിക്കുന്നു. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഈ സഭക്ക് അത്യധികമായവിധ യഥാർത്ഥത്തിൽ കളിക്കാവുന്നതാണെന്നു ഞാൻ വിചാരിക്കുന്നു. ഇൻഡ്യയിലെ സംസ്ഥാനങ്ങളിലുള്ള സഭകളും അസംബ്ലികളും വാസ്തവത്തിൽ പ്രയോജനശൂന്യവും ആഡംബരത്തിനായിക്കൂടി മാത്രം ഉള്ളതും ആണെന്നു പല പ്പോഴും പറഞ്ഞുവരാറുണ്ട്. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം കാര്യത്തിന്റെ സ്ഥിതി ഇപ്രകാരമല്ല. ഇവിടത്തെ നിയമസഭയ്ക്ക് ക്രമപ്രവൃദ്ധമായ വളർച്ച ഉണ്ടായിട്ടുണ്ട്. [illegible] കൊല്ലക്കാലം അതു നടപ്പിൽ ആയിട്ടുണ്ട്. ഇതിനിടയിൽ അതു മഹാത്ഭുതമുള്ളതും വിലയുള്ളതുമായ കാര്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. ഇവയുടെ ഗുണം രാജ്യത്തിൽ സാമാന്യതായ വിധത്തിൽ കാണുന്നുമുണ്ട്. വിദ്യാഭ്യാസവും ജനകീയഭരണത്തിലുള്ള [illegible] അസാമാന്യമായ തോതിലുള്ള ഇപ്രകാരം ഒരു സംസ്ഥാനത്തെ ഒരു കാര്യങ്ങളിൽ ജനങ്ങളെ ഭാഗഭാക്കുകളാക്കുന്നതു സാധിപ്രായമാണെന്നുള്ളതിന്നു [illegible] സുന്ദരമായ ഒരു ദൃഷ്ടാന്തമത്രേ. കഴിഞ്ഞ [illegible] കൊല്ലങ്ങളിലധികകാലത്തെ ഈ ഈ സംസ്ഥാനത്തുണ്ടായിട്ടുള്ള ഭരണഘടനയെ സംബന്ധിച്ചു സമ്പ്രദായത്തിന്റെ ഒരംശമാണു നിയമസഭ എന്നത് [illegible] ഇപ്പോൾ പരമാർത്ഥത്തിൽ പറയാവുന്നതാണ്. നമുക്കു ഇന്ന് പുറകോട്ടുപോകുന്നതിന്നു നിവൃത്തിയില്ലല്ലോ. ഓരിക്കലത്തിൽ ഈ സഭ സ്വീകരിക്കുന്ന ഏതെങ്കിലും പ്രസ്താവത്തിന്റെ ഉദ്ദേശം ഭരണവിഷയത്തിൽ ഗവൺമെൻറും ജനങ്ങളും തമ്മിലുള്ള ബന്ധത്തെ കൂടുതലായി ദൃഢീകരിക്കയും കൂടുതലായി പ്രസ്തുതബന്ധത്തെ സഫലകരമാക്കുകയും ചെയ്യണമെന്നുള്ളതായിരിക്കുമെന്നുള്ളതാണു. ഇതിൽ എനിക്കു യാതൊരു സംശയവുമില്ല. (കേൾപ്പിൻ, കേൾപ്പിൻ! ഹസ്തതാഡനം) ഈ സഭയിലെ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നതിന്നു മുമ്പു പ്രവർത്തനം നടത്തുന്നതു ഞാൻ സൂക്ഷിച്ചുഅറിഞ്ഞിട്ടുള്ളതോ ഹാജരായിട്ടുള്ളതോ ആയ സംഘടനപരമായിട്ടുള്ള മറ്റൊരുസംഘം "ഹൗസ്ആഫ് കാമൺസ്" സഭമാത്രമാകുന്നു. എന്തെന്നാൽ എന്തെങ്കിലും ചില കാരണങ്ങളാൽ മുമ്പാസിലേയോ ലെജിസ്ലേറ്റിവിലേയോ ഇൻഡ്യാഗവൺമെൻറിലേയോ നിയമസഭായോഗങ്ങളിൽ ഹാജരാകുന്ന കാര്യത്തിൽ ഞാൻ ഉദാസീനത പ്രദർശിപ്പിച്ചിരുന്നു. അതിനാൽ മാനഭംഗമായി സ്വീകരിക്കുന്നതിന്ന് എനിക്ക് ഒരു തോന്നൽ മാത്രമെ ഉണ്ടായിരുന്നുള്ളു.

ഈ സഭയിൽ എന്റെ ബുദ്ധിയിൽ സാരമായി പരിഞ്ഞിട്ടുള്ള രണ്ടുമൂന്നു സംഗതികളെപ്പററി പ്രസ്താവിക്കുന്നതിന്നു ഞാൻ ആഗ്രഹിക്കുന്നു. അനന്തരമായ സ്ഥാനത്തെ സംബന്ധിച്ചാണു ഞാൻ പ്രത്യേകമായി സൂചിപ്പിക്കുന്നത്. ഈ സഭ ന്യായാനുസൃതമായവിധത്തിൽ ഒരു സംഗതിയും പ്രവർത്തിച്ചിട്ടില്ല. ന്യായമായ ഏതെങ്കിലും സംഗതി അടിസ്ഥാനപ്പെടുത്തി ഗവൺമെൻറ് ഏതെങ്കിലും കാര്യങ്ങൾ സഭയിൽ ഹാജരാക്കുന്ന അവസരങ്ങളിൽ ഈ സഭ ഗവൺമെൻറിനെ പൂർണ്ണമായവിധത്തിൽ അനുകൂലിച്ചിട്ടുണ്ട്. ഗവൺമെൻറിന്റെ അംഗങ്ങളെ ബന്ധിക്കയും ഭരണാധികാരികളെ പരാജയപ്പെടുത്തി ശക്തിഹീനരാക്കുകയും ചെയ്യത്തക്കവിധത്തിൽ ഈ സഭ യാതൊരവസരത്തിലും പ്രവർത്തിച്ചിട്ടില്ല. ഇതുണ്ട് ഞാൻ കണ്ടറിഞ്ഞിട്ടുള്ള മറെറാരു സംഗതി. സഭയുടെ അഭിമാനത്തെ പ്രത്യക്ഷപ്പെടുത്തുന്ന മറെറാരു സ്വഭാവവിശേഷവും ഈ സഭയെ സംബന്ധിച്ചിടത്തോളം എനിക്കു അനുഭവമായിട്ടുള്ളതാണ്. വിനയസ്വരത്തോടുകൂടിയ ഭാഷയാണു എല്ലാ അവസരങ്ങളിലും സാമാജികന്മാർ ഉപയോഗിച്ചിട്ടുള്ളതു്. അവരുടെ ഉദ്ദേശകാര്യങ്ങൾ മററുള്ളവരെ ബോധ്യപ്പെടുത്തണമെന്നുള്ളതായിരുന്നു. യാതൊരവസരത്തിലും മററുള്ളവരുടെ മനസ്സിനെ അവർ വേദനപ്പെടുത്തീട്ടില്ല. ഈ സഭയെപ്പററി മറെറാരു കാര്യംകൂടി എനിക്ക് പ്രസ്താവിക്കുവാനുണ്ട്. എല്ലാ അവസരങ്ങളിലും തർക്കരഹിതമായവിധത്തിൽ സഭാധ്യക്ഷം വണങ്ങുകയും അങ്ങനെ ചെയ്യുന്നതിൽ സന്നദ്ധത പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ടുള്ളതാണ് മേൽ സൂചിപ്പിച്ച സംഗതി. അദ്ധ്യക്ഷൻ സംഘടനാപരമായ അധികാരത്തെ വഹിക്കുന്നു. അപ്രകാരമുള്ള അദ്ധ്യക്ഷന്റെ തീരുമാനങ്ങൾ സ്വീകരിക്കണമെന്നുള്ള നിയമാനുസൃതമായവിധത്തിൽ ഗവൺമെൻറുകാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ ഉണ്ടായിരിക്കേണ്ടതും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമായ പ്രഥമകാര്യമാകുന്നു. തിരുവിതാംകൂറിലെ നിയമസഭാംഗങ്ങൾക്കു ഇപ്രകാരം പ്രവർത്തിക്കുന്നതിന്നുള്ള പ്രാപ്തി ധാരാളം ഉണ്ടായിരിക്കുന്നു. സംഘടനാപരമായ വിധത്തിൽ ഭരണം നടത്തേണ്ടതാണെന്നുള്ള രഹസ്യം തിരുവിതാംകൂറിലെ ജനങ്ങളുടെ മനസ്സിൽ ജനനാൽതന്നെ കുടികൊണ്ടിട്ടുണ്ടെന്നുള്ള വസ്തുതയെയാണ് ഇതു പ്രതിബിംബിക്കുന്നതു്.

കഴിഞ്ഞ നാലുകൊല്ലങ്ങളിൽ ഇവിടത്തെ ദേവാൻ എന്നുള്ളനിലയിൽ നിയമസഭാംഗങ്ങൾ എനിക്കു ചെയ്തിട്ടുള്ള സഹായത്തിന്നു നിങ്ങൾ എല്ലാവരെയും സംബന്ധിച്ചു എനിക്കുള്ള നന്ദി ഞാൻ പ്രകാശിപ്പിച്ചുകൊള്ളുന്നു. ഈ സഭയിലെ അംഗങ്ങളോടു മാത്രമല്ല, ഇവിടെ ഇപ്പോൾ ഹാജരായിട്ടില്ലാത്ത കഴിഞ്ഞ സഭയിലെ അംഗങ്ങളോടും എനിക്കുള്ള നന്ദിയെ ഞാൻ സൂചിപ്പിച്ചുകൊള്ളുന്നു. ഗവൺമെൻറപക്ഷത്തുള്ള സാമാജികന്മാരോടും ഞാൻ കടപ്പെട്ടിരിക്കുന്നു. എന്റെ സ്ഥാനം സ്വീകരിക്കുകയും സമാനടപടികൾ അവസാനിപ്പിക്കയും ചെയ്യുന്നതിന്നുമുമ്പു അവരെ സംബന്ധിച്ചു എനിക്കുള്ള നന്ദി അവസാനമായി പ്രദർശിപ്പിച്ചുകൊള്ളുന്നു. ഏതെയംഗമായവിധത്തിൽ നിങ്ങൾക്കെല്ലാവർക്കും ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. (ഉച്ചത്തിലുള്ള ഹസ്തതാഡനം).

വൈകുന്നേരം [illegible] അടിച്ചു [illegible] മിണ്ടിട്ടായപ്പോൾ സഭ പിരിച്ചുവിട്ടു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാകാര്യസെക്രട്ടറി.

A True Translation.

T. Ramalingam Pillai,
Head Translator to Government.

TPB
STOCK VERIFIED
1995

Acc: 31857

തിരുവിതാംകൂർ ലജിസ്ലേറ്റീവ് കൗൺസിൽ നടപടികൾ. വാല്യം. 14

1 വൃശ്ചികം 18, 1104-പുതിയ മെംമ്പർമാർ
1 വൃശ്ചികം 18, 1104-പ്രശ്നങ്ങളും മറുപടികളും
10 അനുബന്ധം
12 വൃശ്ചികം 18, 1104-ഭൂനികുതി-ഉപധനാഭ്യർത്ഥനകൾ
17 വൃശ്ചികം 18, 1104-എക്സൈസ് ഡിപ്പാർട്ടുമെന്റ്-ഉപധനാഭ്യർത്ഥനകൾ
18 വൃശ്ചികം 18, 1104-വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ്-ഉപധനാഭ്യർത്ഥനകൾ
28 വൃശ്ചികം 18, 1104-നിയമനിർമ്മിതി
28 വൃശ്ചികം 18, 1104-പബ്ലിക് വർക്കേഴ്സ് ഡിപ്പാർട്ടുമെന്റ്-ഉപധനാഭ്യർത്ഥനകൾ
46 വൃശ്ചികം 18, 1104-തിരുവിതാംകൂർ അഡ്മിനിസ്ട്രേറ്റർ ജനറൽ ബിൽ
68 വൃശ്ചികം 18, 1104-തിരുവിതാങ്കോട്ടു നിയമസഭ-സ്റ്റാന്റിംഗ് ഫിനാൻസ് കമ്മിറ്റി 1104
71 വൃശ്ചികം 19, 1104-ചോദ്യങ്ങളും മറുപടികളും
82 അനുബന്ധം
107 വൃശ്ചികം 20, 1104-ചോദ്യങ്ങളും ഉത്തരങ്ങളും
114 അനുബന്ധം
123 വൃശ്ചികം 20, 1104-പ്രമേയങ്ങൾ
139 വൃശ്ചികം 20, 1104-പെത്തു വൃക്ഷങ്ങൾക്കു ലൈസൻസു കൊടുക്കുന്നതു സംബന്ധിച്ച പ്രമേയം
151 വൃശ്ചികം 20, 1104-വിദേശിയർക്ക് ഭൂമി പതിച്ചു കൊടുക്കുന്നതു സംബന്ധിച്ച പ്രമേയം
165 വൃശ്ചികം 21, 1104-ചോദ്യങ്ങളും ഉത്തരങ്ങളും
181 അനുബന്ധം
221 വൃശ്ചികം 22, 1104-ചോദ്യങ്ങളും ഉത്തരങ്ങളും
239 അനുബന്ധം
254 വൃശ്ചികം 22, 1104-ജന്മികുടിയാൻ ബിൽ
2-1 മേടം 12, 1104-പുതിയ മെമ്പർ
2-11 മേടം 12, 1104-കൊല്ലം ഡിവിഷനിലെ സ്പെഷ്യൽ ഇറിഗേഷൻ ആഫീസറുടെ പരിശോധനകൾ
2-15 അനുബന്ധം
2-24 മേടം 12, 1104-എക്സൈസ്-ധനാഭ്യർത്ഥനകൾ
2-28 മേടം 12, 1104-ജയിലുകൾ-സെൻട്രൽ ജയിൽ - ധനാഭ്യർത്ഥനകൾ
2-30 മേടം 12, 1104-വിദ്യാഭ്യാസം-ധനാഭ്യർത്ഥനകൾ
2-31 മേടം 12, 1104-നിയമനിർമ്മാണം
2-34 അനുബന്ധം
2-7 മേടം 12, 1104-ചോദ്യോത്തരങ്ങ ൾ
3-1 മേടം 13, 1104-ചോദ്യങ്ങളും ഉത്തരങ്ങളും
3-18 അനുബന്ധം
3-22 മേടം 13, 1104-മഹാരാജാവു തിരുമനസ്സിലെ നക്ഷത്രബംഗ്ലാവിലേക്കു വരുത്തേണ്ടുന്ന ജ്യോതിശാസ്ത്ര സാമാനങ്ങളുടേയും സാമഗ്രികളുടേയും ലിസ്റ്റ്
3-31 മേടം 13, 1104-നിയമനിർമ്മാണം
4-1 മേടം 14, 1104-ചോദ്യോത്തരങ്ങൾ
4-16 മേടം 14, 1104-ചാരായഷാപ്പുകൾ
4-18 മേടം 14, 1104-ഹോമിയോപ്പതി ചികിത്സ
4-21 മേടം 14, 1104-സംസ്ഥാനത്തിൽ പുതുതായി സബ് രജിസ്ട്രാർ ആഫീസുകൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച്
4-28 മേടം 14, 1104-മെഡിക്കൽ ഡിപ്പാർട്ടുമെന്റ് പരീക്ഷ
4-32 അനുബന്ധം
4-8 മേടം 14, 1104-ഉറവുളങ്ങളിലെ സിൽബന്തികൾ
5-1 മേടം 17, 1104-ചോദ്യങ്ങളും ഉത്തരങ്ങളും
5-10 മേടം 17, 1104-നാടാന്മാരും പബ്ലിക് സർവ്വീസും
5-11 മേടം 17, 1104-പുരാതന തത്ത്വശാസ്ത്ര വകുപ്പ് പരിഷ്കാരം
5-15 മേടം 17, 1104-ആയുർവ്വേദ വകുപ്പ്
5-16 മേടം 17, 1104-അഞ്ചൽ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുടെ ശമ്പള പരിഷ്കാരം
5-17 മേടം 17, 1104-സംസ്ഥാനത്തുള്ള ഓയിൽ മിൽ വ്യവസായം
5-18 അനുബന്ധം
5-6 മേടം 17, 1104-അധ:കൃത സമുദായോദ്ധാരണത്തിനു വേണ്ടിയുള്ള നടപടികൾ
5-8 മേടം 17, 1104-സർവ്വകലാശാലയുടേയും നിയമപാഠശാല കമ്മീഷന്റേയും റിപ്പോർട്ടുകൾ